VERIFIED
1995

തിരുവിതാംകൂർനിയമസഭ.

രണ്ടാമത്തെ സഭ.

൧൧൦൨-ൽ രണ്ടാമത്തെ യോഗം.

പ്രസിഡൻറ്.

മി: മോറിസ് ഈ. വാട്ട്സ്, ബി. എ., ബാരിസ്റ്റർ,

തിരുവിതാംകൂർ ദിവാൻ.

മെമ്പർമാർ.

൧. മി: ഐ. സി. ചാക്കോ, ബി. ഏ., ബി. എസ്. സി., (വ്യവസായ ഡയറക്റ്റർ):
൨. മി: പാറംഡാനിയൽ, എം. എ., എൽ. ടി., (ഗവണ്മെൻറ നിയമനം):
൩. മി: ആർ. ധനുഷ്കോടിപ്പിള്ള ബി. എ., (ഓക്സൻ) (വനം കൺസർവേറ്റർ):
൪. മി: കെ. ജാജ്ജ് ബി. എ., (ഗവണ്മെൻറ ചീഫ് സെക്രട്ടറി):
൫. മി: പി. ഹബീബ് മഹമ്മദ്, എം. എ., ബി. എൽ., (ഗവണ്മെൻറ നിയമനം):
൬. മി: എ. ജെ. ജാൺ, ബി. എ.; ബി. എൽ., (വൈക്കം-സാമാന്യഗ്രാമീണം):
൭. മി: കെ. ഐ. ജോസഫ്, എം. എ., ബി. എൽ., (മീനച്ചിലും ദേവികുളവും സാമാന്യഗ്രാമീണം):
൮. മി: എൻ. വി. ജോസഫ്, ബി. എ., ബി. എൽ., (പറവൂർ സാമാന്യഗ്രാമീണം):
൯. മി: സി. കേരളവർമ്മ കോയിൽതമ്പുരാൻ (ഇടവക ഇട്ടവകയും രാഷ്ട്രീയ പെൻഷൻകാരും):
൧൦. മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും സാമാന്യഗ്രാമീണം):
൧൧. മി: എൻ. കെ. കൃഷ്ണപിള്ള, ബി. എ.; ബി. എൽ., (നെയ്യാറ്റിങ്കര സാമാന്യഗ്രാമീണം):
൧൨. മി: പി. എൻ. കൃഷ്ണപിള്ള, ബി. എ., ബി. എൽ., (ഗവണ്മെൻറ സെക്രട്ടറി):
൧൩. മി: ആർ. കൃഷ്ണപിള്ള, ബി. എ., ബി. എൽ., (ആക്റ്റിങ്ങ് ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ):
൧൪. മി: എൻ. കുമാരൻ, ബി. എ., ബി. എൽ., (ഗവണ്മെൻറ നിയമനം):
൧൫. മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും സാമാന്യഗ്രാമീണം):
൧൬. ഡോക്ടർ എൻ. കുഞ്ഞൻപിള്ള, എം. എ. ബി. എസ്. സി., പി. എച്ച്. ഡി. (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ):
൧൭. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും സാമാന്യഗ്രാമീണം):
൧൮. മി: എൽ. എ. ലാംപാർഡ് (തോട്ടക്കാർ):
൧൯. മി: എക്സ്. ജി. ലോപ്പസ് (ഗവണ്മെൻറ നിയമനം):
൨൦. മി: കെ. മാധവൻ പിള്ള. എൽ. എം. എസ് (തിരുവനന്തപുരവും നെടുമങ്ങാടും സാമാന്യഗ്രാമീണം):
൨൧. മി: കെ. സി. മാമ്മൻമാപ്പിള, ബി. എ., (വ്യാപാരവും വ്യവസായവും വടക്ക):
൨൨. മി: ടി. ജെ. മാത്യു, ബി. എ., ബി. എൽ., (ചങ്ങനാശേരിയും പീരുമേടും സാമാന്യഗ്രാമീണം):
൨൩. മി: ജി. നാരായണപിള്ള, ബി. എ., ബി. എൽ., (തിരുവല്ലാ സാമാന്യഗ്രാമീണം):
൨൪. മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട സാമാന്യഗ്രാമീണം):
൨൫. മി: പി. കെ. നാരായണപിള്ള, ബി. എ., ബി. എൽ. (അമ്പലപ്പുഴ സാമാന്യഗ്രാമീണം):
൨൬. മി: കെ. പി. നീലകണ്ഠപ്പിള്ള, ബി. എ., ബി. എൽ., (ചിറയിൻകീഴ് സാമാന്യഗ്രാമീണം):
൨൭. മി: എം. എൻ. പിള്ള, (എൽ. എം. എസ്സ്. (ഹോമിയോ) (തിരുവനന്തപുരം സാമാന്യഗ്രാമീണം):
൨൮. മി: ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം):
൨൯. മി: കല്ലാലം പരമേശ്വരൻപിള്ള, ബി. എ., ബി. എൽ., (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ):
൩൦. മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക):
൩൧. മി: എ. കെ. പിള്ള, ബി. എ., (കരുനാഗപ്പള്ളി സാമാന്യഗ്രാമീണം):
൩൨. മി: ഡബിള്യൂ. എച്ച്. പിററ (പോലീസ് കമ്മീഷണർ):

G. P. T. 1646. 11-11-104.

൧൩. മിസ്സിസ് എം. പുന്നൻ ലൂക്കോസ്, ബി. എ., എം., ബി., ബി. എസ് (ലണ്ടൻ), എൽ. എം (ഡബ്ലിൻ) സ്ത്രീകളുടെ മെഡിക്കൽ സർവീസ് സീനിയർ സർജൻ മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് മെമ്പർ):

൧൪. മി: ജി. രാമൻമേനോൻ, എം. എ., ബി. എൽ. (മാവേലിക്കരയും കാർത്തികപ്പള്ളിയും സാമാന്യഗ്രാമീണം.

൧൫. മി: കാഞ്ഞിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം സാമാന്യഗ്രാമീണം):

൧൬. മി: കെ. പി. രാമസുബ്ബയ്യർ, ബി. എ., (ഗവൺമെന്റ സെക്രട്ടറി-നിയമസഭാ സെക്രട്ടറി):

൧൭. മി: കെ. എൻ. രാമസുബ്ബയ്യർ, ബി. എ., ബി. എൽ., (ഗവൺമെന്റ ഫൈനാൻഷ്യൽ സെക്രട്ടറി):

൧൮. റാവുബഹദൂർ മി: കെ. വി. രംഗസ്വാമിഅയ്യങ്കാർ, എം. എ. (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ-തിരുവനന്തപുരം):

൧൯. മി: കെ. ശിവരാമപ്പണിക്കർ, ബി. എ., എൽ. ടി., (ചേർത്തല സാമാന്യഗ്രാമീണം):

൨൰. മി: എം. ശിവതാണുപിള്ള (തോവാള സാമാന്യഗ്രാമീണം):

൨൧. മി: ജെ. സ്റ്റീഫൻസൺ, എ. ആർ. സി. എസ്സ്. സി., (വിദ്യാഭ്യാസ ഡയറക്ടർ):

൨൨. മി: വി. സുബ്ബയ്യർ, ബി. എ., ബി. എൽ., (ഗവൺമെന്റ നിയമനം-ഡെപ്യൂട്ടിപ്രസിഡന്റ):

൨൩. മി: എസ്സ്. സുബ്രഹ്മണ്യ കാമയ്യർ, ബി. എ., (പത്തനാപുരവും ചെങ്കോട്ടയും സാമാന്യഗ്രാമീണം):

൨൪. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം സാമാന്യഗ്രാമീണം):

൨൫. മി: സി. പി. തരകൻ (കുന്നത്തുനാട്ട സാമാന്യഗ്രാമീണം):

൨൬. മി: സി. പി. തോമസ്സ്, ബി. എ., എൽ. ടി., (ഗവൺമെന്റ നിയമനം):

൨൭. മി: കെ. കെ. തോമസ്, ബി. എ., ബി. എൽ. (കോട്ടയം സാമാന്യഗ്രാമീണം):

൨൮. മി: സി. എൻ. ഉണ്ണിനമ്പൂതിരി (ജന്മികം):

൨൯. മി: എ. ജെ. വാൻടാസ് (എക്സൈസ്സ് കമ്മീഷണർ):

൩൰. മി: എ. വെപ്പൻ, എം. ഐ. സി. ഇ., (ചീഫ് എഞ്ചിനിയർ):

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെസഭ.

൧൧൦൮-ൽ രണ്ടാമത്തെയോഗം.

അഫിഷ്യൽ റിപ്പോർട്ട്.

൧൧൦൮ കർക്കടകം ൧൩-ാംനു-ക്കു ൧൯൩൩ ജൂലായി ൨൮-ാംനു വെള്ളിയാഴ്ച.

സഭ ൧൧-൨൦ മണിക്കു വിക്ടോറിയാ ജൂബിലിടൌൺഹാളിൽ കൂടി. മി: എം. ഇ. വാട്ട്സ്, ബി. എ., ബാരിസ്റ്റർ, ദിവാൻ, അഗ്രാസനാധിപത്യം വഹിച്ചു. താഴെപറയുന്നവർ ഒഴിച്ചു ശേഷം എല്ലാമെംബർമാരും ഹാജരുണ്ടായിരുന്നു:—മി: ആർ. ധനുഷ്കോടിപ്പിള്ള, മി: പി. അബ്ദുൽമഹമ്മദ്, മി: എൻ. വി. ജോസഫ്, മി: മുസ്ലിംകഞ്ഞിത്തൊമ്മൻ, മി. കെ. സി. മമ്മൻമാപ്പിള, മി: ടി. ജെ. മാത്യു, മി: ജി. രാമൻമേനോൻ.

പുതിയമെംബർമാർ

താഴെപറയുന്ന പുതിയ മെംബർമാർ വിശ്വസ്തതാ പ്രതിജ്ഞചെയ്തു:—

൧. മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി)
൨. ,, കരങ്ങിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം)
൩. ,, എ. വൈപ്പൻ (ചീഫ്എൻജിനീയർ)
൪. ,, ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറുസെക്രട്ടറി)

ചോദ്യങ്ങളും ഉത്തരങ്ങളും.

കായംകുളം ആസ്പത്രിയിലെ ധാത്രി അച്ചാമ്മ.

൧. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) കായംകുളം ഡിസ്ട്രിക്ട് ആസ്പത്രിയിൽ അച്ചാമ്മ എന്ന പേരായി വിവാഹിതയായ ഒരു ധാത്രി ഇപ്പോഴും ഉണ്ടോ എന്നും,

(ബി) (എ) ഭാഗം ചോദ്യത്തിൻെറ മറുപടി ഉണ്ടെന്നാണെങ്കിൽ അവരെ സർവീസിൽ നിയമിച്ചതീയതിയും അവർ വിവാഹം ചെയ്തതീയതിയും,

(സി) ൧൯൨൦ ജൂലായി ൧൩-ാംനു ലത്തെ ഗവർമ്മെൻറുഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ചട്ടങ്ങളനുസരിച്ചു അവരോടു വിവാഹം ചെയ്കയില്ലെന്നു ഒരു ഉടമ്പടിവാങ്ങിട്ടുണ്ടോ എന്നും,

ഗവർമ്മെൻറു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): (എ) അച്ചാമ്മ എന്ന പേരുള്ള വിവാഹിതയായ ഒരു ധാത്രി ഇപ്പോഴുണ്ട്. എന്നാൽ അവർ ജോലിയിലിരിക്കുന്നതു തിരുവല്ലാ ഡിസ്ട്രിക്ട് ആസ്പത്രിയിലാണ്.

(ബി) സർവീസിൽ എടുത്തതു ൧൦൯൨ ഇടവം ൨൫-ാംനു-യും വിവാഹം ചെയ്തതു ആ തീയതിക്കു ശേഷവുമാണ്.

(സി) ഇല്ല. ഒന്നാമത്തെ പരസ്യപ്രകാരം ചട്ടങ്ങൾ സർക്കാർവേതനം വാങ്ങാത്ത വിദ്യാർത്ഥിനികൾക്കു ബാധകമല്ലായിരുന്നു. അച്ചാമ്മ സർക്കാർ വേതനം വാങ്ങാത്ത ഒരു വിദ്യാർത്ഥിനിയും ആയിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ധാത്രിമാരുടെ വിവാഹം വിരോധിച്ചതോ ഡർബാർ ഫിസിഷ്യൻെറ ജോലിനോക്കുന്ന ഉദ്യോഗസ്ഥൻ ധാത്രിമാരുടെ വിവാഹം വിരോധിച്ച ചട്ടം പ്രാബല്യത്തിൽ കൊണ്ടുവന്നതോ ഏതാണു ൧൦൯൨ ഇടവം ൨൫-ാംനു-ക്കുമുമ്പായി ചെയ്തതു എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): എനിക്കു ചോദ്യം മനസ്സിലാകുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ധാത്രിമാരുടെ വിവാഹം വിരോധിച്ചതോ ആ വിരോധം ഡർബാർഫിസിഷ്യൻെറ ജോലിനോക്കുന്ന ഉദ്യോഗസ്ഥൻ നടപ്പിൽവരുത്തിയതോ ഏതാണു ഇടവം ൨൫-ാംനു-ക്കുമുമ്പായി ചെയ്തതു എന്നു പറയുമോ?

മി: പി. എൻ കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): ഒരു വിരോധം ധാത്രിമാരെ സംബന്ധിച്ചിടത്തോളം അങ്ങനെതന്നെയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചട്ടം നടപ്പിൽവരുത്തിയതു അതിനുമുമ്പായിരുന്നോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): അതേ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ധാത്രിമാരെ വിവാഹംചെയ്വാൻ അനുവദിച്ചാൽ അവരുടെ ശരിയായജോലിനടത്തിപ്പിനു ഹാനികരമായിരിക്കുമെന്നു മുമ്പൊരിക്കൽ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞിട്ടുണ്ട്. ധാത്രിമാരുടെ വിവാഹമാണോ അവർ സർക്കാർവേതനം വാങ്ങി പഠിച്ചോ വേതനം വാങ്ങാതെപഠിച്ചോ എന്നുള്ളസംഗതിയാണോ ഏതാണു അവരുടെജോലിക്കു ഹാനികരമായിട്ടുള്ളതെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): ഈ കാര്യത്തിൽ രണ്ടു പരസ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഒന്നാമത്തെപരസ്യംകൊണ്ടു വേതനംവാങ്ങി പഠിച്ച ധാത്രിമാരുടെ വിവാഹമേ വിരോധിച്ചുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിവാഹമാണോ വേതനംവാങ്ങിയോ വാങ്ങിയില്ലയോ എന്നുള്ളതാണോ ഏതാണു ജോലിനിർവഹണത്തിനു ദൂഷ്യം വരുത്തുന്നതെന്നാകുന്നു എൻെറ ചോദ്യം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): അതു മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായത്തെ ആശ്രയിച്ചിരിക്കും. ചില പ്രത്യേക ധാത്രിമാരുടെ കാര്യത്തിൽ അവരെ നിയമിച്ചപ്പോഴുണ്ടായിരു

ള്ള വ്യവസ്ഥകളെ ആശ്രയിച്ചിരിക്കും. വാദവിഷയമായ ധാത്രിയുടെ കാര്യത്തിൽ അവരെ വിവാഹത്തിനു ശേഷവും തന്റെ ജോലിയിൽ കാര്യക്ഷമതയുള്ളവളായിട്ടാണു കണ്ടിട്ടുള്ളത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ധാത്രിമാർ വേതനംവാങ്ങി പഠിച്ചോ വേതനം വാങ്ങാതെപഠിച്ചോ എന്നുള്ളസംഗതിയെപ്പററി ചിന്തിക്കാതെ, ഇപ്പോഴത്തെസ്ഥിതിക്കു ധാത്രിമാർക്കു വിവാഹം അനുവദിക്കാമോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമെന്റുസെക്രട്ടറി): ഞാൻ മുമ്പു പറഞ്ഞപ്രകാരം ഈ കാര്യത്തെപ്പററി രണ്ടു പരസ്യങ്ങൾ ഉണ്ട്. ഒന്നാമത്തെപരസ്യപ്രകാരം വേതനം വാങ്ങിപഠിച്ച ധാത്രിമാരുടെ വിവാഹമേ വിരോധിച്ചിരുന്നുള്ളു. രണ്ടാമത്തെ പരസ്യത്തിൽ, ഈ സംഗതിയെപ്പററി സൂക്ഷ്മമായി ആലോചിച്ച ശേഷം ആയിരിക്കാം, രണ്ടുതരത്തിലുംപെട്ട ധാത്രിമാരുടെ വിവാഹം വിരോധിച്ചു. ധാത്രിമാർക്കു അവരുടെ ജോലിക്കു അയോഗ്യത ഉണ്ടാക്കുന്നതു വിവാഹമാണോ വേതനംവാങ്ങിച്ചതാണോ എന്നാകുന്നു മെമ്പർ ചോദിക്കുന്നത്. ഈ സംഗതിയെപ്പററി അന്വേഷണം നടത്തിയില്ല. അതിനെപ്പററി വിവരങ്ങൾ ആവശ്യപ്പെട്ടു വരുത്തിട്ടുമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു ഒരു ചോദ്യത്തിനു മറുപടി കിട്ടണം. വിവാഹം ഒരു അയോഗ്യതയാണെങ്കിൽ അതു ഇരുവർക്കും, വേതനം വാങ്ങി പഠിച്ചവർക്കും വേതനം വാങ്ങാതെ പഠിച്ചവർക്കും ഒരുപോലെ അയോഗ്യതയല്ലേ എന്നാകുന്നു എന്റെ ചോദ്യം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമെന്റു സെക്രട്ടറി): ഇപ്പോൾ ഇക്കാര്യത്തെക്കുറിച്ചുള്ള രണ്ടാമത്തെ പരസ്യപ്രകാരം രണ്ടു തരത്തിലുമുള്ള ധാത്രിമാർക്കും വിവാഹം അയോഗ്യതയാണ്.

മലബാർ ആഡ്വൊക്കേററിന്റെ മേൽനടപടി.

൨. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈസഭയുടെ ൧൧൦൩ നവംബർ ൨൪-ാം നു-ാത്തെ യോഗത്തിൽ ഞാൻ ചോദിച്ച ൩൦-ാം നമ്പർ ചോദ്യത്തെ സംബന്ധിച്ചു, മലബാർ ആഡ്വൊക്കേററ് പത്രത്തിൽ താഴെ ഉദ്ധരിക്കുന്ന വാചകം പ്രസിദ്ധം ചെയ്തതിനു ആ പത്രത്തിന്റെ മേൽ നടപടി നടത്തുന്ന കാര്യം ഗവർമെന്റു ആലോചിച്ചോ എന്നു ദയവായി പറയുമോ? "നാടുനീങ്ങിയ മഹാരാജാവിന്റെ മരണകാലത്തു കൊട്ടാരത്തിലെ ഒരു സേവകൻ ഉദ്യോഗങ്ങളും മററു ചിലതുകളും അധികം വിലകൊടുക്കുന്നവർക്കു വിററു വന്നു എന്നുള്ളതു കുപ്രസിദ്ധമായ ഒരു സംഗതിയാണ്. പണം കൊടുക്കാൻ ഒരുക്കമുള്ള യാതൊരുത്തനും, യോഗ്യതയുള്ളവനായിരുന്നാലും യോഗ്യത ഇല്ലാത്തവനായിരുന്നാലും, ഉദ്യോഗം കിട്ടാൻ പ്രയാസമില്ലായിരുന്നു"

മി: കെ. ജാജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): ഈ സംഗതിയെപ്പററി ഗവർമെന്റ് ആലോചിച്ചു ഗവർമെന്റിന്റെനിയമോപദേഷ്ടാക്കന്മാരുടെ അഭിപ്രായം അനുസരിച്ചുനടപടിനടത്തേണ്ടെന്നുതീർച്ചയാക്കി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ അഭിപ്രായം ലഭിച്ചപ്പോൾ ഗവർമെന്റിന്റെ നിയമോപദേഷ്ടാവു ആരായിരുന്നു എന്നു പറയുമോ?

മി: കെ. ജാജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): മിസ്റ്റർ പി. എസ്. സുബ്രഹ്മണ്യയ്യർ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മേൽ ഉദ്ധരിച്ച വാചകത്തെ സംബന്ധിച്ചു ഒരു വ്യവഹാരം നിലനില്ക്കയില്ലെന്നായിരുന്നോ അദ്ദേഹത്തിന്റെ അഭിപ്രായം?

മി: കെ. ജാജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): ഏതു റഗുലേഷൻപ്രകാരം?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്രറഗുലേഷൻ പ്രകാരം.

മി: കെ. ജാജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): അതെ, അതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ മരണത്തെ സംബന്ധിച്ചാണു ഈ വാചകം ഉപയോഗിച്ചിരുന്നതു എങ്കിൽ ഒരു വ്യവഹാരം നിലനില്ക്കുമോ എന്നു പറയുമോ?

മി: കെ. ജാജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): അതിനു മറുപടി പറയേണ്ടതു ഞാനല്ല. മെമ്പർക്കു ആവശ്യമുണ്ടെങ്കിൽ നിയമജ്ഞന്മാരോടു ചോദിച്ചറിയേണ്ടതാണ്.

കണ്ണൻദേവൻ മലപ്പതുവൽ.

൩. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനിക്കു പതിച്ചുകൊടുത്തിട്ടുള്ളതിനെ സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഗവർമെന്റു ദയവായി പറയുമോ?

(എ) കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനിക്കു പതിച്ചുകൊടുത്തിട്ടുള്ള ഭൂമിയുടെ ആകെ വിസ്തീർണ്ണം.

(ബി) തേയിലയോ, റബ്ബറോ, മററു വല്ലതുമോ കൃഷി ചെയ്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം.

(സി) കൃഷിചെയ്യാതെയോ വനമായിട്ടോ വിട്ടിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സെക്രട്ടറി):

(എ) ൧,൩൭,൬൩൧.൪൯ ഏക്കർ:

(ബി) ൩൪,൧൭൩.൩൨ ഏക്കർ

(സി) ൯൯,൩൧൪.൭൭ ഏക്കർ

രജിസ്ട്രേഷൻ ഡയറക്ടരുടെനിയമനങ്ങൾ.

൪. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൦൨ ചിങ്ങം ൧-ാംനു- മുതൽ ൧൧൦൨ കുംഭം ൧൫-ാംനു-വരെ രജിസ്ട്രേഷൻ ഡയറക്ടർ ചെയ്തിട്ടുള്ള നിയമനങ്ങളുടെയും കൊടുത്തിട്ടുള്ള സ്ഥലമാററങ്ങളുടെയും ഒരു പട്ടിക ഗവർമെന്റു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജാജ് (ഗവർമെന്റു ചീഫ് സെക്രട്ടറി):

ഉദ്യോഗനിയമനങ്ങളുടെ എണ്ണം— ൬൨

സ്ഥലമാററങ്ങളുടെ എണ്ണം—൨൭൫

തേയിലയും റബ്ബറും കൃഷിക്കു ഭൂമിപതിക്കൽ

൫. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) തേയിലയും റബറും കൃഷിക്കുകൊള്ളാവുന്ന ഭൂമികൾ പതിച്ചു കൊടുക്കുന്നതിനു കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ (൧൦൯൯-൧൧൦൧) കിട്ടീട്ടുള്ള അപേക്ഷകളുടെ ആകെയെണ്ണം.

(ബി) കഴിഞ്ഞമൂന്നു കൊല്ലങ്ങളിൽ (൧൦൯൯-൧൧൦൧) പതിച്ചുകൊടുത്തിട്ടുള്ള ഭൂമികളുടെ ആകെ വിസ്തീർണ്ണം.

(സി) ഭൂമികൾ രെജിസ്റ്റർ ചെയ്തുകൊടുത്തിട്ടുള്ള ആളുകളുടെ പേരുകളും ഓരോരുത്തർക്കു പതിച്ചു കൊടുത്തിട്ടുള്ള സ്ഥലങ്ങളുടെ വിസ്തീർണ്ണവും ഓരോന്നിന്റെയും ചേരും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ) ൧൨൦ അപേക്ഷകൾ.

(ബി)യും (സി)യും ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

പുതുവൽ ഭൂമികളുടെ പതിവു്.

൬. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന വിവരങ്ങളടങ്ങിയ ഒരു പട്ടികഗവണ്മെന്റു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

(എ) ൧൧൦൦-ലും ൧൧൦൧-ലും ൧൧൦൨-ൽ മീനം ൨൭-ാംനു വരെയും നൂറൊ അതിലധികമൊ ഏക്കർ വിസ്തീർണ്ണമുള്ള ഭൂമികൾ പതിച്ചു കൊടുത്തതിന്റെ എണ്ണം.

(ബി) ആ വക ഭൂമികൾ പതിച്ചു കൊടുത്ത ആളുകളുടെ പേരുകൾ.

(സി) അങ്ങനെ പതിച്ചു കൊടുത്ത ഭൂമികൾ ഉള്ള താലൂക്കുകളുടെയും പകുതികളുടെയും പേരുകൾ.

(ഡി) ഓരോരുത്തരുടെയും പേരിൽ പതിച്ചു കൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) മുതൽ (ഡി) വരെ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

നൂറും നൂറിലധികവും രൂപാ ശമ്പളമുള്ള ഉദ്യോഗങ്ങൾ.

൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായിപറയുമൊ?

(എ) ൧൧൦൦ ഇടവംമുതൽ ൧൧൦൨ മീനംവരെ നൂറൊ അതിലധികമൊ രൂപാ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ സ്ഥിരമായി ചെയ്തിട്ടുള്ള നിയമനങ്ങളുടെ എണ്ണവും പേരുകളും

(ബി) അങ്ങനെ നിയമിച്ച ആളുകളുടെ പേരുകൾ

മി: കെ. ജാര്‍ജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഏയും ബീയും. ഒരു പട്ടിക തയ്യാറാക്കുന്നതിനു വേണ്ടിവരുന്ന സമയവും അധ്വാനവും അതിന്റെ പ്രയോജനത്തിനു അനുരൂപമല്ലാത്തതിനാൽ ഈ വിവരങ്ങൾ വരുത്താൻ ഗവണ്മെന്റു വിചാരിക്കുന്നില്ല.

ഗവണ്മെന്റു ഗസററും വർത്തമാനപ്പത്രറഗുലേഷനും.

൮. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായിപറയുമൊ?

(എ) തിരുവിതാംകൂർഗവണ്മെന്റുഗസററ് ൧൧൦൧-ലെ ൩-ാംനമ്പർ വർത്തമാനപ്പത്രറഗുലേഷന്റെ ൨-ാംവകുപ്പിൽ ഉൾപ്പെടുമൊ? "വർത്തമാനപ്പത്രം എന്നുവച്ചാൽ പൊതുവർത്തമാനങ്ങൾ അടങ്ങിയതും ക്രമമായി ക്ലിപ്തസമയങ്ങളിൽ പ്രചരിപ്പിക്കുന്നതുമായ ഒരു പ്രസിദ്ധീകരണം എന്നാകുന്നുവെകില്ലാ" ആ റഗുലേഷൻപ്രകാരമുള്ള അർത്ഥം.

(ബി) ഗവണ്മെന്റുഗസററിന്റെ അച്ചടിക്കാരനും പ്രസാധകനുമായ ഗവണ്മെന്റു അച്ചുക്കൂടം സൂപ്രണ്ടു അതു അച്ചടിച്ചു പ്രസിദ്ധം ചെയ്യാൻ ലൈസൻസു് വാങ്ങീട്ടുണ്ടൊ?

മി: കെ. ജാര്‍ജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണു്.

(ബി) (എ) ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ചോദ്യത്തെ സംബന്ധിച്ചു ഗവണ്മെന്റു നിയമോപദേഷ്ടാവിന്റെ അഭിപ്രായം വരുത്തിയൊ എന്നു പറയുമൊ?

മി: കെ. ജാര്‍ജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉവ്വു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്രറഗുലേഷനിൽ കൊടുത്തിട്ടുള്ള വിവരണത്തിൽ ഗവണ്മെന്റുഗസററ ഉൾപ്പെടുകയില്ലന്നാണൊ അദ്ദേഹത്തിന്റെ അഭിപ്രായം? അതൊ റഗുലേഷനിൽ അതു ഉൾപ്പെടുത്താൻ ഗവണ്മെന്റിനു മനസ്സില്ലാഞ്ഞിട്ടൊ?

മി: കെ. ജാർജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): അതു വർത്തമാനപ്പത്രറഗുലേഷനിൽ ഉൾപ്പെടുകയില്ലന്നാണു ഗവണ്മെന്റു നിയമോപദേഷ്ടാവിന്റെ അഭിപ്രായം.

അഗസ്തീശ്വരത്തു ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ സ്ഥാപിക്കുന്ന കാര്യം.

൯. മി: എം. ശിവതാണുപിള്ള (തോവാള): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമൊ?

---

* അനുബന്ധം പുറം ൯. നോക്കുക.

* അനുബന്ധം പുറം ൧൦. നോക്കുക.

(എ) അഗസ്തീശ്വരത്തു ഒരു ഇംഗ്ലീഷ്മിഡിൽസ്കൂൾ സ്ഥാപിക്കുന്നതിന്റെ അഭിലഷണീയതയെപ്പറ്റി ശ്രീമൂലം പ്രജാസഭയുടെ ഇരുപത്തിരണ്ടാമത്തേയും ഇരുപത്തിമൂന്നാമത്തേയും യോഗങ്ങളിൽ അഗസ്തീശ്വരത്തെ മിസ്റ്റർ ശിവസുബ്രഹ്മണ്യനാടാർ ചെയ്ത നിവേദനങ്ങളെപ്പറ്റി ഗവർമ്മേന്റിനു അറിവുണ്ടോ? ഉണ്ടെങ്കിൽ അതിനെന്റെ ആവശ്യകതയെപ്പറ്റി വിദ്യാഭ്യാസഡയറക്ടരുടെ റിപ്പോർട്ടു കിട്ടിട്ടുണ്ടോ?

(ബി) മെസ്സേർസ് ജേംസ്ബ്രൈഡ്, ശ്രീനിവാസയ്യർ ശങ്കരരാമയ്യർ എന്നിവരുടെ ശിപാർശപ്രകാരം അങ്ങനെയൊരു സ്കൂൾ സ്ഥാപിക്കുന്നതിനു സ്ഥിരം ഡയറക്ടർ അനുവദിച്ചോ?

(സി) കെട്ടിടത്തിനുള്ള അടിസ്ഥാനം ൧൦൯൪-ൽ ഇട്ടുവോ എന്നും കെട്ടിടത്തിനുള്ള സാമാനങ്ങൾ ശേഖരിച്ചുവോ എന്നും സ്ഥാപിക്കാൻ നിശ്ചയിച്ച വിദ്യാലയത്തിന്റെ മാനേജരായ മിസ്റ്റർ എ. ഗുരുനാഥമാർത്താണ്ഡനാടാർ വിദ്യാഭ്യാസഡയറക്ടർ കല്പിച്ച നിബന്ധനകളെ സമ്മതിച്ചു ഉടമ്പടി എഴുതിക്കൊടുത്തോ എന്നും.

(ഡി) മുൻകല്പനയായ ആക്റ്റിംങ്ഡയറക്ടർ ദുർബലപ്പെടുത്തിയതു എന്തുകൊണ്ടാണെന്നും

മി: കെ. ജാർജ് (ഗവർമ്മേന്റു ചീഫ്സെക്രട്ടറി): (എ) ഉവ്വ്. ഈ വിഷയത്തെസംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടരുടെ റിപ്പോർട്ടു കിട്ടീട്ടുണ്ട്.

(ബി) ഉവ്വ്. സ്കൂൾപണിയാൻനിശ്ചയിച്ചസ്ഥലം അപേക്ഷകൻ പറഞ്ഞപ്രകാരം അപേക്ഷകന്റെ കുടുംബം ട്രസ്റ്റിയായിട്ടുള്ള സ്ഥലത്തെ വിനായകക്ഷേത്രം വകയാണെന്നുള്ള ഉറപ്പിന്മേലായിരുന്നു വിദ്യാഭ്യാസഡയറക്ടർ അനുവാദംകൊടുത്തതു.

(സി) ഉവ്വ്. സ്കൂളിനു അടിസ്ഥാനം ഇട്ടതു രജിസ്റ്റർചെയ്യാത്ത പൊറമ്പോക്കു ഭൂമിയിലായിരുന്നു. സ്കൂൾകെട്ടാനുള്ള സാമാനങ്ങളും ശേഖരിക്കയുണ്ടായി.

മിസ്റ്റർ നാടാർ ഡിപ്പാർട്ടുമെന്റിലേക്കു ഉടമ്പടി ഒന്നും എഴുതിക്കൊടുത്തിട്ടില്ല. സ്കൂളിന്റെ നടത്തിപ്പിനു സ്കൂൾ ഫീസായി വസൂലാകുന്ന സംഖ്യക്കു പുറമെ ആവശ്യംവന്നാൽ ആണ്ടുതോറും ൨൦൦ രൂപാ കയ്യിൽനിന്നു എടുത്തു ചെലവു ചെയ്തുകൊള്ളാമെന്നു സാധാരണയായി എല്ലാ സ്വകാര്യസ്കൂൾ മാനേജർമാരും എഴുതിക്കൊടുക്കേണ്ടതായ പണസംബന്ധമായ ഉറപ്പുമാത്രമേ അദ്ദേഹം കൊടുത്തിട്ടുള്ളു.

(ഡി) ഈ സംഗതിയിൽ മുൻകല്പനയെ ആക്റ്റിങ്ഡയറക്ടർ ദുർബലപ്പെടുത്തുകയല്ല ചെയ്തിട്ടുള്ളതു. അഗസ്തീശ്വരത്തു ഒരു ഇംഗ്ലീഷ്സ്കൂൾ അത്യാവശ്യമല്ലായ്കയാൽ പൊറമ്പോക്കുസ്ഥലത്തു സ്കൂൾപണിയാൻ അനുവദിക്കണമെന്നു മിസ്റ്റർ നാടാർ കൊണ്ടുവന്ന അപേക്ഷയെ നിഷേധിക്കമാത്രമാണ് ചെയ്തതു.

ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം

൧൦. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഹൈക്കോടതിജഡ്ജിമാർ മൂന്നിലൊന്നുവീതം മലയാളികളായിരിക്കണമെന്നു ഗവർമ്മേന്റു സർ പി. രാജഗോപാലാചാരിയാരുടെ കാലത്തു ഒരു ചട്ടമുണ്ടാക്കീട്ടുണ്ടോ എന്നു ഗവർമ്മേന്റു ദയവായി പറയുമോ?

മി: കെ. ജാർജ് (ഗവർമ്മേന്റു ചീഫ്സെക്രട്ടറി): മേൽപടി നിശ്ചയത്തിലുണ്ട്.

പുത്തളം ഉപ്പളം,

൧൧. മി: എസ്. സുബ്രഹ്മണ്യ അയ്യർ (പത്മനാഭപുരവും-ചെങ്കോട്ടയും): (൧) പുത്തളം ഉപ്പളത്തെ സംബന്ധിച്ചു താഴെപറയുന്ന വിവരങ്ങളടങ്ങിയ ഒരു പട്ടിക ഗവർമ്മേന്റു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

(എ) ആ അളം ആരംഭിച്ചതുമുതൽ ആ അളത്തിൽ ഓരോആണ്ടിലും എത്ര ഉപ്പു ഉണ്ടാക്കീട്ടുണ്ട്.

(ബി) ഗവർമ്മേന്റിനു അവിടെ നിന്നു ആണ്ടുതോറും വസൂലാകുന്ന സംഖ്യ

(൨) അവിടെ വിളയുന്ന ഉപ്പു ക്രമേണ കുറഞ്ഞു കുറഞ്ഞുവരുന്നതു എന്തുകൊണ്ടാണെന്നും ദയവായി പറയുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മേന്റു സെക്രട്ടറി): (൧) (എ) ഓരോ കൊല്ലത്തേയും എക്സൈസ് ഡിപ്പാർട്ടിന്റെയും ൧൯-ാം അനുബന്ധം മെംബർ വായിച്ചുനോക്കണം.

(ബി) കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി ആണ്ടുതോറും വസൂലായിട്ടുള്ള ശരാശരിസംഖ്യ ൫,൪൭൨ രൂപായാകുന്നു.

(൨) അവിടെ വിളയുന്ന ഉപ്പു കുറഞ്ഞുവരുന്നതു ലൈസൻസികൾ തങ്ങളുടെ ഇടയിലുള്ള ചരിത്രനിമിത്തം അളത്തെ ഉപേക്ഷിച്ചിട്ടിരിക്കകൊണ്ടും അതു നന്നാക്കുന്നതിനു യോജിച്ചു ഒന്നും ചെയ്യാൻ അവർക്കു കഴിയാത്തതുകൊണ്ടും ആകുന്നു.

ഉപ്പു ലൈസൻസികളുടെ കുടിശ്ശിക.

൧൨. മി: എസ്. സുബ്രഹ്മണ്യ അയ്യർ (പത്മനാഭപുരവും-ചെങ്കോട്ടയും): (൧) താമരക്കുളം അളങ്ങളിലെ ലൈസൻസികളിൽനിന്നു ൧൧൦൧-ാമാണ്ടവസാനംവരെ ഗവർമ്മേന്റിലേക്കു കിട്ടാനുള്ള ഉപ്പിന്റെ കുടിശ്ശിക കാണിക്കുന്ന ഒരു പട്ടിക ഗവർമ്മേന്റു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

(൨) കേപ്പ്കോമറിൻ കമ്പനി അളത്തിലെ ലൈസൻസികളും അവധാനിയാളുടെ അളത്തിലെ ലൈസൻസികളിൽ ചിലരും ഇയ്യാണ്ടത്തെ (൧൧൦൨) ജോലി നടക്കുന്ന രണ്ടു കാലങ്ങളിൽ ഉണ്ടാക്കുന്ന ഉപ്പു അവർ ഗവർമ്മേന്റിലേക്കു കൊടുക്കാനുള്ള ഉപ്പു കുടിശ്ശിക തീർക്കാതെ വിററുകൊള്ളുന്നതിനു എക്സൈസ് കമ്മീഷണർ അനുവാദംകൊടുത്ത സംഗതി ഗവർമ്മേന്റിനു അറിവുണ്ടോ?

(൩) മേൽപറഞ്ഞ രണ്ടു അളങ്ങളിൽനിന്നും ഗവർമ്മേന്റിലേക്കു കിട്ടാനുള്ള കുടിശ്ശിക ഉപ്പിന്റെ വില എന്തായിരിക്കും.

(൪) കമ്പനി അളത്തിലേയും അവധാനിയാളുടെ അളത്തിലേയും ലൈസൻസികളെ അവർ കൊടുക്കാനുള്ള കുടിശ്ശിക ഉപ്പു കൊടുക്കുന്നതിൽനിന്നു വിടുതൽ ചെയ്വാനോ കുടിശ്ശിക വളിക്കാൻ അനുവദിക്കാനോ എക്സൈസ് കമ്മീഷണർക്കു അധികാരമുണ്ടോ എന്നു ഗവർമ്മേന്റു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി):

(൧) അവധാനിയാളുടെ അളം	൮൭,൯൧൦	രൂ
കേപ്പ് കോമറിൻ ജെനറൽട്രാഫിക്ക് കമ്പനി	൧,൧൪,൭൭൨	,,
ശ്രീമുഖദോപാലനാഥൻ അളം	൯൪,൪൩൯	,,
ശ്രീമൂലകൃഷ്ണമണി അളം	൩൨,൩൩൯	,,
ശ്രീശങ്കര അളം	൧൭,൦൦൦	,,
ഡോക്ടർ ശങ്കരമൂർത്തിപ്പിള്ളയുടെ അളം	൨,൨൯൮	,,
കുമാരി അളം	൩,൯൭൪	,,
ആകെ	൩,൭൮,൭൪൨	,,

(൨) ൧൧൦൧-ാലെ വെള്ളപ്പൊക്കംകൊണ്ട കേപ്പ് കോമറിൻ ജെനറൽട്രാഫിക്ക് കമ്പനിക്കും അവധാനിയാളുടെ അളത്തിലെ ചില ലൈസൻസികൾക്കും പണത്തിനു ബുദ്ധിമുട്ടു നേരിട്ടതിനാൽ ൧൧൦൨ പുരട്ടാശി പണിയിലും തൈപ്പണിയിലും തങ്ങൾ ഉണ്ടാക്കിയ ഉപ്പിന്റെ ഒരു ഭാഗം വിററുകൊള്ളുന്നതിനു അവരെ അനുവദിച്ചു. ഉപ്പു വ്യവസായത്തിന്റെ ഗുണത്തിനുവേണ്ടി അങ്ങനെ ചെയ്യുന്നതു ആവശ്യമാണെന്നു കണ്ടു.

(൩) ൭൨,൩൧൦ ബ്രി. ത്രാ൦ ൪ അണാ.

(൪) ലൈസൻസികളിൽനിന്നു പിരിഞ്ഞുകിട്ടേണ്ടുന്ന കുടിശ്ശിക എക്സൈസ് കമ്മിഷണർ അവക്ക് ദാനംചെയ്തിട്ടില്ല. അവരും മററു ലൈസൻസികളും കുടിശ്ശിക വിട്ടുകൊടുക്കണമെന്നു അപേക്ഷകൾ അയച്ചതിന്മേൽ ഗവൺമെൻറ ഉത്തരവുപ്രകാരം കുടിശ്ശിക കൊടുക്കാനുള്ള അവധി നീട്ടിക്കൊടുക്കയാണ് ചെയ്തതു്.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അളങ്ങളിൽനിന്നു കിട്ടാനുള്ള കുടിശ്ശികകാണിക്കുന്ന പട്ടികയിൽ തന്നാണ്ടിൽ ഗവൺമെൻറിൽ ഏല്പിച്ച ഉപ്പു വരവായി ചേർത്തിട്ടുണ്ടെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): പട്ടികയിൽ കാണിച്ചിട്ടുള്ളതു ൧൧൦൧-ന്റെ അവസാനത്തിൽ ഉള്ള കുടിശ്ശികയാണു.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): തന്നാണ്ടിൽ ഗവൺമെൻറിൽ ഏല്പിച്ച ഉപ്പു വരവായി ചേർത്തിട്ടുണ്ടെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഉണ്ടായിരിക്കാം.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ലൈസൻസികളിൽനിന്നു കിട്ടാനുള്ള കുടിശ്ശികപട്ടികയിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ കുടിശ്ശികയിൽ കുറെഭാഗം തന്നാണ്ടിൽ ഗവൺമെൻറിൽ ഏല്പിച്ചിട്ടുണ്ട്. അതു വരവായി ചേർത്തിട്ടുണ്ടെന്നു തോന്നുന്നില്ല.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): അതിനെപ്പററിയുള്ള വിവരം വരുത്തിട്ടില്ല.

ഉപ്പു ഇളവുചെയ്തുകൊടുക്കൽ.

൧൩. മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): (൧) വിഷമസ്ഥിതിയായ ലൈസൻസികൾക്കു ഉപ്പു ഇളവുചെയ്തുകൊടുത്തു സഹായിക്കേണ്ടതാണെന്നു എക്സൈസ് കമ്മിഷണർ ഗവൺമെൻറിലേക്കു ശിപാർശചെയ്തിട്ടുണ്ടെന്നു പറയുന്നതു യഥാർത്ഥമാണോ?

(൨) അവധാനിയാളുടെ അളത്തെ സംബന്ധിച്ചു ഇങ്ങനെ ശിപാർശചെയ്തിട്ടുണ്ടെന്നു പറയുന്നതു സത്യമാണോ?

(൩) ഇങ്ങനെയുള്ള ആനുകൂല്യങ്ങൾ ബുദ്ധിമുട്ടു അനുഭവിക്കുന്ന എല്ലാ ഗവൺമെൻറ കൺട്രാക്ടർമാർക്കും ഗവൺമെൻറ ദയവായി ചെയ്തുകൊടുക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): (൧)-ഉം (൨)-ഉം (൩)-ഉം ഡിപ്പാർട്ടുമെൻറ മേലധികാരികൾ ഗവൺമെൻറിലേക്കു സമർപ്പിക്കുന്ന ശിപാർശകൾ ഗവൺമെൻറിന്റെ അറിവിനു മാത്രമാകയാൽ സാധാരണയായി അവയെ പ്രസിദ്ധപ്പെടുത്താൻ പാടില്ല.

തന്നാട്ടുപ്പു കടത്തിക്കൊണ്ടുപോകൽ.

൧൪. മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): (൧) അളങ്ങളിൽനിന്നു അവിടെ വിളയുന്ന ഉപ്പു കടത്തിക്കൊണ്ടുപോകുവാൻ ഏററിട്ടുള്ള കൺട്രാക്ടർ ശ്രീശങ്കര അളത്തിലെ ഗവൺമെൻറുപ്പു കടത്തിക്കൊണ്ടുപോകുവാൻ നിഷേധിച്ചതായി ഗവൺമെൻറിനു അറിവുണ്ടോ?

(൨) കൺട്രാക്ടർ ആ ഉപ്പു കടത്തിക്കൊണ്ടുപോകാൻ നിഷേധിച്ചതു എന്തുകൊണ്ടാണെന്നും ആ ഉപ്പു എന്തു ചെയ്തു എന്നും ഗവൺമെൻറ ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): (൧)-ഉം(൨)-ഉം. ശ്രീശങ്കര അളത്തിൽനിന്നു കടത്തിക്കൊണ്ടുപോരാൻ വെച്ചിരുന്ന ഉപ്പിൽ കുറെഭാഗം പൊടിഞ്ഞതും നനഞ്ഞതുമായി കണ്ടതിനാൽ തുകക്കുറവും നഷ്ടം സംഭവിച്ചേക്കുമെന്നു ഭയപ്പെട്ടു അതിനു പകരം വേറെ നല്ല അളത്തിൽനിന്നും ഉപ്പു കൊടുക്കണമെന്നു കൺട്രാക്ടർ എക്സൈസ് അധികാരസ്ഥന്മാരോടു അപേക്ഷിക്കയും അപേക്ഷപ്രകാരം അനുവദിക്കയും ചെയ്തു. ഉപ്പു താൻതന്നെ ചെലവാക്കിക്കൊള്ളണമെന്നും അതിനുപകരം നല്ല ഉപ്പു ഗവൺമെൻറിൽ ഏല്പിക്കണമെന്നും ലൈസൻസിയോടു ആജ്ഞാപിക്കയും ചെയ്തു.

ഉപ്പളം സർക്കിൾ അസിസ്റ്റൻറ എക്സൈസ് കമ്മീഷണരുടെ വാസസ്ഥലം.

൧൫. മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): (൧) ഉപ്പളം സർക്കിൾ അസിസ്റ്റൻറ എക്സൈസ് കമ്മീഷണർ സ്ഥിരമായി താമസിക്കുന്നതു നാഗരുകോവിലിലാണെന്നും സർക്കിളുകളിലല്ലെന്നും ഗവൺമെൻറിനു അറിവുണ്ടോ?

(ബി) നാഗരുകോവിലിൽ ആഫീസ് ചെയ്യാൻ ഗവണ്മെന്റ അദ്ദേഹത്തിന്ന അനുവാദം കൊടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ ആ അനുവാദം കൊടുത്തതു ആരാണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): (എ) ഇല്ല. ഉപ്പളംസർക്കിൾ അസിസ്റ്റന്റ എക്സൈസ് കമ്മീഷണരുടെ താമസം താമരക്കുളത്താണ്. അതാണ അദ്ദേഹത്തിന്റെ ഹെഡ്ക്വാർട്ടേർസ്. അദ്ദേഹത്തിന്റെ താമസം നാഗരുകോവിലിലല്ല.

(ബി) ഒന്നാം ഭാഗത്തിന്റെ മറുപടികൊണ്ടും ഈ ചോദ്യത്തിന്ന സംഗതിയില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): "ഉപ്പളംസർക്കിൾ അസിസ്റ്റന്റ എക്സൈസ്കമ്മീഷണരുടെ താമസം താമരക്കുളത്താണ, അതാണ അദ്ദേഹത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ്, അദ്ദേഹത്തിന്റെ താമസം നാഗരുകോവിലിൽ അല്ല." എന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നു.

അദ്ദേഹത്തിന്റെ കുടുംബം നാഗരുകോവിലിലാണോ സ്ഥിരതാമസം.—

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): അതു വേറൊരു ചോദ്യമാണ്; അതിനെപ്പറ്റി നോട്ടീസുകിട്ടണം.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അദ്ദേഹം നാഗരുകോവിലിൽ ഒരു വീടു കൂലിക്കെടുത്തിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): ആ ചോദ്യത്തിന്ന അവകാശമില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അദ്ദേഹത്തിന്ന താമരക്കുളത്തു ഒരു കെട്ടിടം ഉണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): ഗവണ്മെന്റിന്ന അതിനെപ്പറ്റി അറിവില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അദ്ദേഹം താമരക്കുളത്താണു താമസം എന്ന മറുപടിയിൽ പറഞ്ഞിട്ടുണ്ട്, താമരക്കുളത്തു അദ്ദേഹത്തിന്റെ കൈവശത്തിൽ ഒരു വീടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): ഗവണ്മെന്റിന്ന അറിവില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): എന്നാൽ അദ്ദേഹം നാഗരുകോവിലിലല്ല താമസിക്കുന്നതു എന്നും താമരക്കുളത്താണ താമസമെന്നും പറവാൻ ഗവണ്മെന്റിന്ന കഴിഞ്ഞതു എങ്ങനെയാണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): അദ്ദേഹത്തിന്ന താമരക്കുളത്തു ഒരു വീടുണ്ടോ ഇല്ലയോ എന്നുള്ള വിവരം ഗവണ്മെന്റ ആവശ്യപ്പെട്ടിട്ടില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ഗവണ്മെന്റ ദയവായി ഇതിനെപ്പറ്റി അന്വേഷണം കഴിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള അന്വേഷണം കൊണ്ടാവശ്യം ഇല്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ഒരാൾക്ക പാർക്കണമെങ്കിൽ ഒരു വീടു അത്യാവശ്യമാണെന്നു എനിക്കു തോന്നുന്നു. (ചിരി).

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): തീർച്ചയായിട്ടും, താമരക്കുളത്തു അനേകം വീടുകളുണ്ട്.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): എന്റെ അറിവിൽ പെട്ടിടത്തോളം താമരക്കുളത്തു അദ്ദേഹം ഒരു വീടു കൂലിക്കുപോലും എടുത്തിട്ടില്ല. അദ്ദേഹം താമരക്കുളത്തു സ്ഥിരമായി താമസിക്കുന്നുണ്ടോ എന്നു ഗവണ്മെന്റ ദയവായി അന്വേഷണം കഴിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): അതു മറുപടിയിൽ ഉണ്ട്.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അദ്ദേഹം അവിടെ യഥാർത്ഥമായി താമസിക്കുന്നുണ്ടോ എന്നാണ എനിക്കറിയേണ്ടത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): അതുതന്നെയാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളതു.

കേപ്പ്കോമറിൻ കമ്പനിയുമായുള്ള ഉടമ്പടി

൨൬. മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും). (എ) ഗവണ്മെന്റുമായുള്ള ഉടമ്പടിപ്രകാരം കേപ്പ്കോമറിൻകമ്പനിക്ക അളംസൈസൻസികൾ അവർ ഉണ്ടാക്കുന്ന ഉപ്പുമുഴുവനും മന്നിന്ന രണ്ടണ ഒമ്പതു പൈ വിലവച്ചു ഗവണ്മെന്റിൽ ഏല്പിക്കണമെന്നല്ലായിരുന്നോ ആദ്യ നിബന്ധന എന്നു ഗവണ്മെന്റ ദയവായി പറയുമോ?

(ബി) ആ ഉപ്പുവില്ക്കുന്നതിനാൽ ഗവണ്മെന്റ മന്നൊന്നിന്ന ഏഴണ മൂന്നു പൈ ലാഭം എടുത്തിരുന്നില്ലേ?

(സി) ആ അളംലൈസൻസികൾ രണ്ടണ ഒമ്പതു പൈ വിലവെച്ചു ൧൦൦൦൦ മന്നു ഉപ്പു ഗവണ്മെന്റിലേക്ക കൊടുത്താൽ മതിയെന്നും ബാക്കി ഉപ്പു ചുങ്കം തീർത്തു അവർതന്നെ വിററുകൊള്ളുന്നതിന്നും അനുവദിച്ച സംഗതിയോ എന്താണ്?

(ഡി) ഒരുകൊല്ലം ഗവണ്മെന്റിൽ അവർ ഏല്പിക്കേണ്ടതായ ഉപ്പു ൫൦൦൦൦ മന്നായി വീണ്ടും കുറച്ചുവോ, ഇങ്ങനെ കുറയ്ക്കുന്നതിനുള്ള സംഗതി എന്തു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): (എ) ഉവ്വ്:

(ബി) പ്രസ്താവിച്ചതിൽ പെട്ട ഏഴണ മൂന്നു പൈ മുഴുവനും ഉപ്പുവില്പനയാൽ ഗവണ്മെന്റിലേക്ക ലാഭമല്ല. സിൽബന്തികളുടേയും അളം സംബന്ധിച്ച തറചെലവും അതിൽനിന്നു കുറയ്ക്കേണ്ടതാണ്.

(സി) ഈ അളം പഴയാറിന്റെ മുഖത്തു കായലിന്റെ കരയോടടുത്ത അററത്തായതിനാൽ ഉപ്പുവെള്ളം കയറുന്ന സമുദ്രതീരത്തോടടുത്തുള്ള അളങ്ങളെ പോലെ ഉപ്പുവെള്ളം കിട്ടുന്നകാര്യത്തിൽ സൌകര്യമുള്ളതല്ല.

അതുകൊണ്ടു ആ അളത്തിൽ ഉപ്പിന്റെ വിളവു ആണ്ടുതോറും കുറഞ്ഞുകുറഞ്ഞു വരുന്നു. അളത്തിൽ നിന്നുള്ള ആദായം ഓഹരിക്കാൎക്കു ഒരു ഡിവിഡെണ്ടു കൊടുക്കാൻ മതിയാകയില്ല. അളത്തിൽ ഉപ്പുണ്ടാക്കുന്ന ജോലി നടത്തുകയും അതേ സമയംതന്നെ അളം നന്നാക്കാൻ എന്തെങ്കിലും ചെയ്യുകയും ചെയ്യാൻ കമ്പനിക്കു മുതൽ മുടക്കാൻ നിവൃത്തി ഉണ്ടായിരുന്നില്ല. അതുകൊണ്ടു അടുത്തുള്ള അളം ലൈസൻസികൾക്കുള്ളതുപോലെ അധികം ഉപ്പു സ്വകാര്യമായി വില്ക്കാനുള്ള അനുവാദം ഗവർണ്മെന്റു കൊടുത്തു. അവരോടു ഗവർണ്മെന്റിലേക്കു ആണ്ടുതോറും ഏല്പിക്കാൻ ആവശ്യപ്പെട്ടതു ൧൦,൦൦൦ മന്നല്ല ൧൫,൦൦൦ മന്നാകുന്നു.

(ഇ) ൧൧൦൦-ാമാണ്ടു മുതൽ ആണ്ടുതോറും ൧൫,൦൦൦ മന്നുപ്പു തരണമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നതു്. എന്നാൽ ൧൦൯൯-ാമാണ്ടത്തെ വെള്ളപ്പൊക്കം നിമിത്തവും ആവശ്യമുള്ളടത്തോളം നല്ല ഉപ്പുവെള്ളം കിട്ടാത്തതുകൊണ്ടും അവിടെ ഉണ്ടാക്കുന്ന ഉപ്പു വ്യവസ്ഥ ചെയ്ത ൧൫,൦൦൦ മന്നിലും വളരെ കുറവാണെന്നു കണ്ടു. ഇപ്പോൾ കിട്ടുന്ന ഉപ്പുവെള്ളത്തിന്റെ സ്ഥിതി ആലോചിച്ചിട്ടു അധികം ഉപ്പു വിളയാൻ ഇടയില്ലാത്തതുകൊണ്ടു തല്ക്കാലം ൫൦,൦൦൦ മന്നുപ്പുമാത്രം തന്നാൽ മതിയെന്നു അനുവദിച്ചു.

മി: ടി. വി. കൃഷ്ണയ്യരുടെ ഉപ്പളം.

൨൧. മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): (എ). മി: ടി. വി. കൃഷ്ണയ്യൎക്കു ഉപ്പുണ്ടാക്കുന്നതിനു ഗവർണ്മെന്റിൽ നിന്നും പതിച്ചു കൊടുത്തതു സർവ്വേ ൧൫ ഏക്കർ സ്ഥലം മാത്രമാണെന്നുള്ളതു ശരിയാണോ?

(ബി). അദ്ദേഹത്തിന്റെ സ്ഥലത്തിനു വിക്രയംകൊണ്ടോ പതിച്ചെടുത്തിട്ടോ വിസ്തീർണ്ണം കൂടീട്ടുണ്ടോ?

(സി). ആണ്ടുതോറും ൧൫,൦൦൦ മന്നുപ്പു ഗവർണ്മെന്റിലേക്കു ഏല്പിക്കണമെന്നും ഏർപ്പാടു ചെയ്തതു മേല്പറഞ്ഞ സർവ്വേ ൧൫ ഏക്കർ സ്ഥലത്തെ സംബന്ധിച്ചല്ലയോ? അങ്ങനെയാണെങ്കിൽ പുതുതായി പതിച്ചോ മേടിച്ചോ ചേർത്ത സ്ഥലത്തിനു കൂടുതലായി ഉപ്പും ഏല്പിക്കണമെന്നു നിബന്ധന ചെയ്യാത്തതു എന്തുകൊണ്ടു്?

(ഡി). കൂടുതലായി ചേർത്ത സ്ഥലത്തെ സംബന്ധിച്ചു മി: ടി. വി. കൃഷ്ണയ്യരോടു പ്രത്യേക ഉടമ്പടി വാങ്ങീട്ടുണ്ടോ എന്നു ഗവർണ്മെന്റു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്മെന്റു സെക്രട്ടറി): (എ)-യും (ബി)-യും, മറുപടി ഉവ്വ് എന്നാണ്.

(സി). ഉവ്വ്. ഈ ലൈസൻസിയും മേൽപ്പെടുത്തിയ മററു അളങ്ങളുടെ ലൈസൻസികളും എഴുതി തന്നിട്ടുള്ള ഉടമ്പടികളിൽ ഉപ്പുണ്ടാക്കുന്നതിനു അനുവദിച്ചിട്ടുള്ള സ്ഥലത്തിനു വിസ്തീർണ്ണം കൂടുന്നതു നിമിത്തം ഗവർണ്മെന്റിൽ ഏല്പിക്കേണ്ടതായ ഉപ്പിന്റെ തുകയും വർദ്ധിപ്പിക്കണമെന്നു വ്യവസ്ഥയില്ല. ഈ ലൈസൻസികൾ അവരുടെ അളങ്ങളിൽ അധികം മുതൽ മുടക്കിട്ടുണ്ട്. തിരുവനന്തപുരത്തും ആലപ്പുഴയും വില്പനയ്ക്കു ആവശ്യമുള്ള ഉപ്പു അവിടങ്ങളിൽ ശേഖരിച്ചു വെക്കണമെന്നുള്ള ഗവർണ്മെന്റുദ്ദേശനിവൃത്തിക്കു അത്യാവശ്യമല്ലാത്ത നിബന്ധനകൾ ഉണ്ടാക്കി അവൎക്കു വിഘ്നങ്ങൾ ഉണ്ടാക്കിത്തീർക്കണമെന്നു ഗവർണ്മെന്റിനു വിചാരമില്ല. ശ്രീമൂലഗോപാലനാഥൻ അളത്തിന്റെ സംഗതിയിലും അതിന്റെ വിസ്തീർണ്ണത്തോടു ൨൦ ഏക്കർ കൂട്ടിട്ടുണ്ടെങ്കിലും കൂടുതൽ ഉപ്പു ആവശ്യപ്പെട്ടിട്ടില്ല.

(ഡി). അളത്തിന്റെ വിസ്തീർണ്ണം കൂട്ടിയതു ലൈസൻസി മുമ്പുതന്നെ എഴുതി തന്നിട്ടുള്ള ഉടമ്പടി അനുസരിച്ചാകയാൽ പുതിയ ഉടമ്പടി ആവശ്യമില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): "ശ്രീമൂലഗോപാലനാഥൻ അളത്തിന്റെ സംഗതിയിലും അതിന്റെ വിസ്തീർണ്ണത്തോടു ഇരുപതു ഏക്കർ സ്ഥലം കൂട്ടിട്ടുണ്ടെങ്കിലും കൂടുതൽ ഉപ്പു ആവശ്യപ്പെട്ടിട്ടില്ല" എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. കൂടുതൽ ഉപ്പു ആവശ്യപ്പെടാത്തതിനുള്ള സംഗതി എന്താണെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്മെന്റു സെക്രട്ടറി): ഉടമ്പടിയിൽ അങ്ങനെ വ്യവസ്ഥ ചെയ്തിട്ടില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനംതിട്ടയും ചെങ്കോട്ടയും): അളത്തോടു ൨൦ ഏക്കർ സ്ഥലം പിന്നീടു കൂട്ടീട്ടുണ്ടെന്നും എങ്കിലും കൂടുതൽ ഉപ്പു ആവശ്യപ്പെട്ടിട്ടില്ലെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. കൂടുതൽ ഉപ്പു ആവശ്യപ്പെടാത്തതു എന്തു സംഗതിയാലാണെന്നു എനിക്കറിയണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്മെന്റു സെക്രട്ടറി): ഉപ്പു ആവശ്യപ്പെടുന്നതു ഉടമ്പടി അനുസരിച്ചാണു.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ആദ്യത്തെ ഉടമ്പടി ൧൫ ഏക്കറിനെ സംബന്ധിച്ചായിരുന്നു. അതിൽ പിന്നീടു അളത്തോടു ൨൦ ഏക്കർ കൂടെ ചേർത്തു. എന്നാൽ കൂടുതൽ ഉപ്പ് ആവശ്യപ്പെട്ടില്ല. കൂടുതൽ ഉപ്പ് ചോദിക്കാത്തതിനുള്ള സംഗതി എന്താണെന്നാണ് അറിയേണ്ടതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്മെന്റു സെക്രട്ടറി): ഇതിനെ സംബന്ധിച്ചുള്ള വിവരം വരുത്തിട്ടില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഇതിനെക്കുറിച്ചുള്ള വിവരം ഗവർണ്മെന്റു ദയവായി വരുത്തുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറ സെക്രട്ടറി): ഉണ്ട്. അതു കൂടിയേ കഴിയു എന്നു മെമ്പർ വിചാരിക്കുന്നുണ്ടെങ്കിൽ—

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): അതു കൂടിയേ കഴിയു എന്നുണ്ട്. കൂടുതലായി സ്ഥലം എടുത്തപ്പോഠം കൂടുതൽ ഉപ്പും ചോദിക്കാത്തതു എന്തുകൊണ്ടാണെന്നു എനിക്കറിയണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറ സെക്രട്ടറി): ഉടമ്പടിയിൽ അതിനു വ്യവസ്ഥ ചെയ്തിട്ടില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): പിന്നീടു കൂടുതലായി ചേർത്ത [illegible] ഏക്കർ സ്ഥലത്തെപ്പററി കൂടുതലായി ഒരു ഉടമ്പടിയും എഴുതിക്കൊടുത്തിട്ടുണ്ടെന്നു നിങ്ങഠം അറിഞ്ഞിരിക്കുന്നു. കൂടുതലായി ചേർത്ത സ്ഥലത്തെ സംബന്ധിച്ചു കൂടുതൽ ഉപ്പു കൊടുക്കണമെന്നു ആവശ്യപ്പെടാത്തതു എന്തുകൊണ്ടാണെന്നു എനിക്കു അറിയണം.

മി: എസ്. പിറവിപ്പെരുമാഠം പിള്ള (വ്യാപാരവും വ്യവസായവും തെക്ക്): നടപടി സംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളട്ടെ. മെമ്പർമാർ അഗ്രാസനരോടാണു സംസാരിക്കേണ്ടതു്.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): അല്ലത്തോട്ടു പിന്നീടു കൂടുതൽ സ്ഥലം ചേർത്തതിനു കൂടുതൽ ഉപ്പു ആവശ്യപ്പെടാതിരിക്കാനുള്ള സംഗതി എനിക്കറിയണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറ സെക്രട്ടറി): ആ വിവരം എഴുതി അയച്ചു വരുത്താം.

അനുബന്ധം ൧.

൫-ാം ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൦൯൯-ാമാണ്ടുമുതൽ ൧൧൦൧-ാമാണ്ടുവരെ തേയിലയും റബ്ബറും കൃഷിക്കു പതിച്ചുകൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണവും പതിച്ചുകിട്ടിയ ആളുകളുടെ പേരും ഓരോരുത്തർക്കും പതിച്ചുകൊടുത്തസ്ഥലത്തിന്റെ വിസ്തീർണ്ണവും കാണിക്കുന്നപട്ടിക.

നമ്പർ	പതിച്ചുകൊടുത്ത ആളിന്റെ പേരു	വിസ്തീർണ്ണം		റിമാർക്ക്
		ഏക്കർ	സെൻറ	
൧	മലങ്കര എസ്റ്റേറ്റ്	൫	൧൮	ഇവകളെല്ലാറ്റേയും കല്പനാവകാശം പ്രമാണിച്ച് പതിച്ചുകൊടുത്തതാണ്, അപേക്ഷപ്രകാരമല്ല.
൨	മാർത്തോമ്മാ എസ്റ്റേറ്റ്	൫	൫൧	
൩	മെസ്സേഴ്സ പീ. ജോണും ഡേവിയും	൬൯൭	൮൧	
൪	ട്രാവൻകൂർ ടീ എസ്റ്റേറ്റ് കമ്പനിക്ലിപ്തം	൧൧൦൦	൫൪	
൫	സതേർൺ ഇൻഡ്യടീഎസ്റ്റേറ്റ് കമ്പനി ക്ലിപ്തം	൩൦൪	൮൬	
൬	മിസ്സസ് ഏൻകഡ്ബെട്ട്ഹിഞ്ചൻ	൩൦൬	൫൪	
൭	മിസ്റ്റർ ആർ. പി. റോയിസ്റ്റിയർ	൮	൭൪	
൮	മെസ്സേഴ്സ ആർ. എച്ച്. ഗോർഡിയും ഡബ്ലിയു എച്ച്. ജീ. മീഫിയും.	൭൩	൩൧	
൯	മിസ്റ്റർ പി. സി. പോത്തൻ	൧൫൭	൯	
൧൦	ട്രോപ്പിക്കൽ പ്ലാന്റേഷൻസ്, ക്ലിപ്തം	൧൧൯	൩൦	
൧൧	മലങ്കര ഇൻഡസ്ട്രിയൽസ് ആൻഡ് മെർക്കൻറയിൽ കമ്പനി	൨൫	൬൨	
൧൨	മെസ്സേഴ്സ് ശങ്കരനാരായണയ്യരും കൃഷ്ണയ്യരും	൬൦	൫൯	
൧൩	മിസ്റ്റർ പി. ജെ. ജോൺ	൮൫	൫൪	
൧൪	മിസ്റ്റർ സി. എ. എ. മീരാറാവുത്തർ	൮	൧൦	
	ആകെ	൨൯൫൮	൭൩	

അനുബന്ധം ൨.

൬-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൧൦൦-ാമാണ്ടും ൧൧൦൧-ാമാണ്ടും ൧൧൨൨-ാമാണ്ട് മീനം ൨൫-ാംതീയതി വരെയും ൧൦൦ ഏക്കറിനു മേലധികവും ഭൂമിയിൽ പുതുവൽ പതിച്ചുകൊടുത്തതിന്റെ വിവരം കാണിക്കുന്ന പട്ടിക.

നമ്പർ	താലൂക്ക	പകുതി	പതിച്ചുകൊടുത്ത ആണ്ടു	പതിച്ചുകൊടുത്ത വിസ്തീർണ്ണം ഏക്കർ	പതിച്ചുകൊടുത്ത ആളിന്റെ പേരു.
൧	കല്ക്കുളം	കൊടനല്ലൂർ	൧൧൦൦	൧൫൩.൧൩	മുലച്ചിൽ പഴയവിളയിൽ നൽഗുണജ്ഞാൻ ജ്ഞാനമുത്തു
൨	അമ്പലപ്പുഴ	അമ്പലപ്പുഴ	൧൧൦൧	൧൩൪.൬൭	കൃഷ്ണപുരം കരവിളവീട്ടിൽ ഗബ്രിയെൽ ജോസഫ്
൩	ചെങ്കോട്ട	മേക്കര	൧൧൦൧	൩൩൮.൪൯	തെങ്കാശിയിൽ മെസ്സേർസ് എൻ. അബ്ദുൽറഹിമാനും എൻ. മഹമ്മദു റഹിബും
൪	മീനച്ചിൽ	രാമപുരം	൧൧൦൦	൧൮൪.൯൨	പാലാകയ്യാലക്കകത്തു വീട്ടിൽ ജോസഫ് തോമസ്
൫	ചങ്ങനാശ്ശേരി	കാഞ്ഞിരപ്പള്ളി തെക്ക്	൧൧൦൧	൫൦൦.൦൦	കാഞ്ഞിരപ്പള്ളി മറ്റകത്തു (മുഴിക്കൽ) വീട്ടിൽ രാമപ്പണിക്കർ വാസുദേവപ്പണിക്കർ
൬	ടി	മണിമല	൧൧൦൨	൧൩൬.൩൫	ചെറുവള്ളി എസ്റ്റേറ്റ് മാനേജർ
൭	ടി	കാഞ്ഞിരപ്പള്ളി തെക്ക്	൧൧൦൨	൧,൭൪൪.൦൦	കോട്ടയത്തു പാലാമ്പടം വീട്ടിൽ തോമസ തോമസ്
൮	പീരുമേട്ട്	പീരുമേട്	൧൧൦൦	൧൧൦.൫൦	കോട്ടയത്തു ഹൈക്കോർട്ട് വക്കീൽ എസ്. കൃഷ്ണയ്യർ

ജോലി നിറുത്തിവെയ്ക്കുന്നതിനുള്ള പ്രമേയം.

"പൊതുജനത്തിനു അടിയന്തിരവും സർവ്വപ്രധാനവുമായ ഒരു സംഗതിയെപ്പററി, അതായതു തിരുവിതാംകൂറിലെ അനേകം വിസ്തീർണ്ണമായ സ്ഥലങ്ങൾ തിരുവിതാംകൂർകാരല്ലാത്തവർക്കു പതിച്ചുകൊടുക്കുന്ന നാശകരമായ നയത്തെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനായി" മററുജോലികൾ നിറുത്തിവെക്കണമെന്നുള്ള രേഖാമൂലമായ അപേക്ഷ മിസ്റ്റർ കല്ലൂർ നാരായണപിള്ള പ്രസിഡെൻറിനു സമർപ്പിച്ചു.

പ്രസിഡെൻറ: മി: കല്ലൂർ നാരായണപിള്ള, ഏതു ചട്ടപ്രകാരമാണു നിങ്ങൾ ഈ പ്രമേയം ഹാജരാക്കുന്നതു എന്നു ദയവായിപറയുമോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട) പതിനെട്ടാംചട്ടം.

പ്രെസിഡെൻറ: പൊതുജനത്തിനു സർവ്വപ്രധാനവും അടിയന്തിരവുമായ ഒരുസംഗതിയെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനായി സഭയുടെ മററുജോലികൾ നിറുത്തിവെക്കണമെന്നു മിസ്റ്റർ കല്ലൂർ നാരായണപിള്ള ഹാജരാക്കിയ പ്രമേയം ഞാൻ ഇപ്പോഴാണു കണ്ടതു്. പ്രമേയത്തിനു സമാധാനമായി അദ്ദേഹം ഇങ്ങനെ പറയുന്നു.

തിരുവിതാംകൂറിലെ ജനങ്ങളുടെ ആവശ്യങ്ങളും ക്ഷേമവും ആലോചിക്കാതെ തിരുവിതാംകൂറിൽ വിസ്തീർണ്ണമായ സ്ഥലങ്ങൾ തിരുവിതാംകൂർകാരല്ലാത്തവർക്കു് പതിച്ചുകൊടുക്കുന്നനയം നാശകരമാകുന്നു. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ദേവികുളം ഡിവിഷനിൽ ൨൫൦൦൦ ഏക്കർ ഭൂമികൾ യൂറോപ്യന്മാർക്കോ മററു വിദേശിയർക്കോ ഗവൺമെൻറു പതിച്ചു കൊടുക്കയോ പതിച്ചുകൊടുക്കാൻ കല്പിക്കയോ ചെയ്തിട്ടുള്ളതു ഈ നയത്തിന്റെ തെളിവാകുന്നു. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ അധികാരത്തെ തടയുന്നതു് ആവശ്യമാകുന്നു.

മി: കല്ലൂർ നാരായണപിള്ള പ്രമേയം ഹാജരാക്കുന്നതു രണ്ടുകാരണങ്ങളുടെ മേലാണെന്നാകുന്നു പറയുന്നതു്. ഒന്നാമതു അതൊരു നിശ്ചിതസംഗതിയാണ്. രണ്ടാമതുസംഗതി അടിയന്തിരവും പൊതുജനത്തിനു സർവ്വപ്രധാനവുമാണ്. ഈ അപേക്ഷയുടെ അടിസ്ഥാനമായി പറയുന്ന കാരണം ദേവികുളം ഡിവിഷനിൽ ൨൫൦൦൦ ഏക്കർ ഭൂമി യൂറോപ്യന്മാർക്കോ മററുവിദേശിയർക്കോ ഗവൺമെൻറ പതിച്ചുകൊടുത്തിരിക്കുന്നു, പതിച്ചുകൊടുക്കാൻ കല്പിച്ചിരിക്കുന്നു അല്ലെങ്കിൽ പതിച്ചുകൊടുക്കാൻ പോകുന്നു. എന്നാണു. ഒന്നാമതായി ആ പ്രസ്താവം ശരിയല്ല. കഴിഞ്ഞരണ്ടുവർഷത്തിനുള്ളിൽ ദേവികുളം ഡിവിഷനിൽ യൂറോപ്യന്മാർക്കോ മററ വിദേശിയർക്കോ ആകട്ടെ മററവർക്കെങ്കിലുമാകട്ടെ ൨൫൦൦൦ ഏക്കർ ഭൂമിയാകട്ടെ അതിന്റെ ഒരംശംആകട്ടെ പതിച്ചുകൊടുത്തിട്ടില്ല. അതുകൊണ്ടു ഈ അപേക്ഷയുടെ അടിസ്ഥാനം ഒരു അവാസ്തവപ്രസ്താവമാണു. രണ്ടാമതു അദ്ദേഹത്തിന്റെ വാദപ്രകാരം തന്നെ ഇതുകഴിഞ്ഞുപോയ ഒരു സംഭവത്തെസംബന്ധിച്ചാണ്, അതുകൊണ്ടു അതു സർവ്വപ്രധാനമായ ഒരു അടിയന്തിരകാര്യമല്ല. മൂന്നാമതു അദ്ദേഹം പറയുന്നതു ഒരു അവ്യക്തസംഗതിയാണു അതിനാൽ നിശ്ചിതസംഗതിയല്ല, ഇക്കാരണങ്ങളാൽ പ്രമേയത്തെ ഉപേക്ഷിക്കയല്ലാതെ വേറെനിവൃത്തിയില്ല.

റീജൻറ മഹാറാണി തിരുമനസ്സുകൊണ്ടു
അനുവദിച്ചറെഗുലേഷൻ.

തിരുവിതാംകൂർ ചലന ചിത്രപ്രദർശനബില്ലിനു ൧൧൨൦ ഇടവം ൧൦-ാംനു-ക്ക ൧൯൪൫ മെയി ൨൩-ാം നു- റീജൻറ മഹാറാണി തിരുമനസ്സിലെ അനുമതി സിദ്ധിച്ചു എന്നു് നിയമസഭാ സെക്രട്ടറി പ്രസ്താവിച്ചു.

മേശപ്പുറത്തു വെച്ച സ്റ്റേററ്മെൻറ

മി: കെ. എൻ. രാമസ്വാമയ്യർ (ഗവൺമെൻറ ഫൈനാൻഷ്യൽസെക്രട്ടറി): സർ, ൧൦൯൭-ലെ രണ്ടാം നമ്പർ നിയമസഭാറെഗുലേഷൻ ൧൩ (൩)-ാംവകുപ്പനുസരിച്ചു ഗവൺമെൻറ അനുവദിച്ച ഒരു ചെലവുവിവരം പട്ടിക ൫൨-ാംനമ്പർ നിയമസഭാചട്ടപ്രകാരം ഞാൻ മേശപ്പുറത്തുവച്ചുകൊള്ളുന്നു.

ഇനം	സംഖ്യ			റിമാർക്ക്
	രു	ച.	കാ.	
ഡിമാണ്ട് ൨. വിദ്യാഭ്യാസം	൨,൯൩൧	൦	൦	തിരുവനന്തപുരം ട്രെയിനിങ്ങ് കാളേജ്‌വക കളിസ്ഥലത്തിനു എടുത്ത ൩൪ സെൻറ് സ്ഥലത്തിന്റെ പ്രതിഫലം കൊടുക്കാൻ
ടി ടി	൨൧	൧൪	൦	വെർണാക്കുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പള പരിഷ്കരണക്കമ്മിററിയുടെ ശുപാർശ അനുസരിച്ചു കൊടുക്കേണ്ടുന്ന വർദ്ധിച്ച മാസത്തെ ശമ്പളം.
ഡിമാണ്ട് ൭-എ എക്സൈസ് വകുപ്പ്	൬൨	൮	൦	൧൧൨൦ ഇടവം ൧൫-ാംനു-മുതൽ പാപ്പാത്തിപാറയിൽ ഒരു പുതിയ ചൌക്കസ്ഥാപിക്കുന്നതിനു.
ഡിമാണ്ട് ൧൩-സെൻട്രൽ ജയിൽ	൩,൦൦൦	൦	൦	മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കാവശ്യമുള്ള പ്രതിമകളും വസ്ത്രങ്ങളും നെയ്തു കൊടുക്കാൻ ആവശ്യമുള്ള നൂല് വാങ്ങുന്നതിനു.
ഡിമാണ്ട് ൧൭-മെഡിക്കൽവകുപ്പ്	൨,൪൪൪	൧൩	൧൦	ആണു ജന്തുപരിശോധനശാലയിലെ ഉപയോഗത്തിനു ലണ്ടനിൽ നിന്നു വരുത്തിയ സാമാനങ്ങളുടെ വില കൊടുക്കുന്നതിനു.

കോശസ്ഥിതിവിവരണം

മി: കെ. എൻ. രാമസ്വാമയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): സർ, ൧൧൦൩-ാമാണ്ടിലേക്കു തയ്യാറാക്കീട്ടുള്ള ആയവ്യയക്കണക്കുകൾ ഞാൻ സഭ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു. പതിവിൻപ്രകാരം ഈ ബഡ്ജറ്റ് എസ്റ്റിമേറ്റോടുകൂടെ കഴിഞ്ഞയാണ്ടത്തെ യഥാർത്ഥവരവു ചെലവു കണക്കുകളും നടപ്പാണ്ടത്തെ പുനഃശോധനചെയ്ത കണക്കുകളും ഹാജരാക്കീട്ടുണ്ട്. ബഡ്ജറ്റ എസ്റ്റിമേറ്റിലെ രസഹിതങ്ങളായ അക്കങ്ങൾ മെമ്പർമാർക്കു സുഗ്രാഹ്യം ആകത്തക്കവണ്ണം ഇപ്പോൾ സഭാമുമ്പാകെ ഹാജരാക്കിയ എസ്റ്റിമേററിൽ കാണിച്ചിട്ടുള്ള മൂന്നുവർഷത്തെ കണക്കുകളിൽ പ്രധാന വരവു ചെലവിനങ്ങളിലെ വ്യത്യാസങ്ങൾ താരതമ്യപ്പെടുത്തി കാണിക്കുന്നതിനു പട്ടണാരേഖകളും (ഗ്രാഫ്) തയ്യാറാക്കീട്ടുണ്ട്. ഇതിൽ താരതമ്യപ്പെടുത്തി നോക്കുന്നതിനുവേണ്ടി ഈ കണക്കിനു മുമ്പുള്ള ഒടുവിലത്തെ ആണ്ടിലെ, അതായതു ൧൦൯൯-ാമാണ്ടത്തെ, യഥാർത്ഥവരവു ചെലവു കണക്കുകളും ചേർത്തിട്ടുണ്ട്. ഓരോ ആണ്ടത്തെയും സംഖ്യകൾ ഓരോ നിറത്തിലാണ് കാണിച്ചിട്ടുള്ളതു. ചെലവുവിവരം രേഖകളിൽ താഴെപ്പറയുന്ന ചെലവുകൾ പ്രത്യേകം അടയാളപ്പെടുത്തി കാണിച്ചിട്ടുണ്ട്. (എ) ശമ്പളങ്ങളും സിൽബന്തിച്ചെലവുകളും, (ബി) സഞ്ചാരപ്പടി, (സി) ആഫീസ്‌വക തൻ ചെലവുകൾ, (ഡി) മററു ഇനങ്ങൾ. ഈ ഓരോ ഇനത്തിലെയും ചെലവുകളിൽ ഉണ്ടായിട്ടുള്ള വ്യത്യാസങ്ങൾ മെമ്പർമാർക്കു താരതമ്യപ്പെടുത്തി നോക്കാനുള്ള സൌകര്യത്തിനുവേണ്ടിയാണു ഇങ്ങനെ വിശദനം ചെയ്തിട്ടുള്ളതു.

൧൧൦൧ ലെ യഥാർത്ഥസംഖ്യകൾ.

൨. ൧൧൦൧ ലെ ആഡിററ് ചെയ്തു കഴിഞ്ഞതായ വരവും ചെലവും ൨൧൬൩ ലക്ഷം രൂപയും ൧൬൪.൪൭ ലക്ഷം രൂപയും ആകുന്നു. നികുതി വക പിരിവു കഴിഞ്ഞ വർഷം ഈ സമയത്തു നാം പ്രതീക്ഷിച്ചിരുന്നതിൽ ൪.൧൨ ലക്ഷം രൂപാ അധികം ആയിരുന്നു. ഈയാണ്ടു മുതൽ ഗവണ്മെന്റു ഭൂമികൾ വിററു കിട്ടുന്ന പണം ചെലവിനുള്ള പണമാക്കാതെ മൂലധനമായി കണക്കിൽ കാണിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതുകൊണ്ടു പിൻവരുന്ന ആണ്ടുകളിലെ കണക്കുകളുമായി ഒത്തുനോക്കാനുള്ള സൌകര്യത്തിനുവേണ്ടി ഈയാണ്ടത്തെ നികുതിവരവു കണക്കിൽ നിന്നു അങ്ങനെ ഭൂമി വിററു കിട്ടിയ പണം വിട്ടുകളഞ്ഞിരിക്കുന്നു. വരവിൽ അധികമുള്ളതിൽ ൧.൪ ലക്ഷം രൂപാ വനം ഡിപ്പാർട്ടുമെൻറിൽ നിന്നാണു. ഭൂനികുതിയിൽ ൧.൭ ലക്ഷം രൂപായും എക്സൈസിൽ നിന്നു .൪൪ ലക്ഷം രൂപായും ചുങ്കത്തിൽ നിന്നും ൪൪ ലക്ഷം രൂപായും അധികം കിട്ടിട്ടുണ്ട്. ചില ഇനങ്ങളിൽ പ്രതീക്ഷിച്ചതിൽ അല്പം കുറവായും വന്നിട്ടുള്ളതു. എന്നാൽ എല്ലാം കൂടിനോക്കിയാൽ മുൻ പ്രസ്താവിച്ചതുപോലെ വരവിൽ ൪.൧൨ ലക്ഷം രൂപാ അധികമായി ഉണ്ടായിട്ടുള്ളതു. ചെലവിൽ സാരമായ വ്യത്യാസം ഇല്ല. അതിൽ ചെലവു ചെയ്യാതെ ബാക്കിവന്നതു ഒരുലക്ഷത്തിൽ അല്പം കുറവാണു. കൂടുതൽ വരവിൽ ഗവണ്മെന്റു ഭൂമികൾ വിററു കിട്ടിയ പണവും ഉൾപ്പെട്ടിട്ടുണ്ടു, ഇതു ൨൩.൦൧ ലക്ഷം രൂപായാണു. ഇതുവരെ ഇത്ര വലിയസംഖ്യ ഉണ്ടായിട്ടില്ല. മൂലധന ഇനത്തിൽ ഗവണ്മെന്റു ഭൂമികൾ വിററു കിട്ടിയ പണം ൭.൨൪ ലക്ഷം രൂപായാണു, നാം പ്രതീക്ഷിച്ചിരുന്നതു ൪.൯൭ ലക്ഷംരൂപയാണു. ഈ ഇനത്തിൽ ചെലവു അല്പം കൂടുതലുണ്ടായിരുന്നു, ൩.൭൪ ലക്ഷംരൂപാ പ്രതീക്ഷിച്ചിരുന്നു എങ്കിലും യഥാർത്ഥത്തിൽ ൩.൪൪ ലക്ഷം രൂപയായി. ഇങ്ങനെ ആണ്ടവസാനത്തിൽ ഗവണ്മെന്റിന്റെ ബാക്കി മുതലോടു ചേർക്കാൻ ഉണ്ടായിരുന്നതു ൧൫.൧൯ ലക്ഷം രൂപായും ആകെബാക്കി മുതൽ ൧൦൩.൩൯ ലക്ഷം രൂപായും ആയിരുന്നു.

൧൧൦൨ ലെ പുതുക്കിയ എസ്റ്റിമേററുകൾ.

൩. കഴിഞ്ഞ ബഡ്ജററ് തയ്യാറാക്കിയപ്പോൾ വരവും ചെലവും പ്രതീക്ഷിച്ചിരുന്നതു ൨൧൧.൭൪ ലക്ഷം രൂപായും ൨൦൯.൩൬ ലക്ഷം രൂപായും ആയിരുന്നു. ഇപ്പോൾ പ്രതീക്ഷിക്കുന്ന സംഖ്യകൾ ൨൨൫.൭൨ ലക്ഷം രൂപായും ൨൦൭.൪൭ ലക്ഷം രൂപായും ആകുന്നു. ബഡ്ജററിൽ പ്രതീക്ഷിച്ചിരുന്ന ബാക്കി ൩.൩൨ ലക്ഷം രൂപായിൽ നിന്നു നടപ്പാണ്ടത്തെ പുനശ്ശോധന ചെയ്ത കണക്കിൻപ്രകാരം ൨൪.൦൯ ലക്ഷം രൂപായാക്കിട്ടുണ്ട്. ഇതു കഴിഞ്ഞയാണ്ടത്തേതിനെക്കാളും അധികമാണെന്നു കാണാവുന്നതാണു. എക്സൈസ്, ചുങ്കം, ഭൂനികുതി, സ്റ്റാമ്പ്, രെജിസ്ട്രേഷൻ, മരാമത്തു് ഈ എല്ലാ ഇനങ്ങളിലുമുള്ള കൂടുതൽ വരവാണു, ആകെ വരവിൽ കൂടുതലിനു കാരണം. എക്സൈസിൽ ഏകദേശം നാലു ലക്ഷവും, ചുങ്കം വകയിൽ രണ്ടരലക്ഷവും, ഭൂനികുതി, സ്റ്റാമ്പ്, റോഡ്ചുങ്കം ഇവ ഓരോന്നിലും ഏകദേശം ഓരോലക്ഷവും, രെജിസ്ട്രേഷൻ വകയിൽ ഏകദേശം അരലക്ഷവും രൂപാ കൂടുതൽ വരവുണ്ടു. നമ്മുടെ ചുങ്കം വരവിലുള്ള കൂടുതലിനെ സംബന്ധിച്ചു, തേയിലയ്ക്കു കയററുമതി ചുങ്കം ചുമത്തേണ്ടാ എന്നു ഇൻഡ്യാഗവണ്മെന്റു തീരുമാനം ചെയ്തിട്ടുള്ളതുകൊണ്ടു ബ്രിട്ടീഷ് ഇൻഡ്യൻ തുറമുഖങ്ങളിൽനിന്നും കയററി അയക്കുന്ന തിരുവിതാംകൂർ തേയിലയുടെ കയററുമതി ചുങ്കത്തിൽ പാതിമേലാൽ നാം അവർക്കു കൊടുക്കേണ്ടതില്ലെന്നു പറയേണ്ടിയിരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ ചെലവാകാനുള്ള തേയിലയ്ക്കു ഇതുവരെ നാം ചുങ്കം ചുമത്തിവസൂൽ ചെയ്തു വന്നിരുന്നില്ല. അതു നാം ഇപ്പോൾ ചുമത്തി വസൂൽ ചെയ്തുവരുന്നു. വിദേശങ്ങളിലേക്കു അയക്കുന്ന തേയിലയ്ക്കും ചുങ്കംചുമത്തുന്ന നിരക്കനുസരിച്ചു തന്നേ. ബ്രിട്ടീഷ് ഇൻഡ്യയിൽ ചെലവാകാനുള്ള തേയിലക്കും ചുങ്കം ചുമത്തേണ്ടിവന്നതു ബ്രിട്ടീഷ് ഇൻഡ്യയിൽ ചുങ്കം നിരത്തിയശേഷം തിരുവിതാംകൂറിൽ നിന്നു ബ്രിട്ടീഷ് തുറമുഖങ്ങളിൽ കൂടി കയററുമതി ചെയ്യുന്നതേയിലയ്ക്കു നമ്മുടെ തുറമുഖങ്ങളിൽ നിന്നു നേരിട്ടു കയററി അയയ്ക്കുന്ന തേയിലയെപ്പോലെ ഇൻഡ്യാ ഗവണ്മെന്റു ചുങ്കം വസൂൽ ചെയ്തു നമുക്കു തരുമെന്നു പ്രതീക്ഷിക്കാൻ സംഗതിയില്ലാത്തതുകൊണ്ടാകുന്നു. വരവിൽ ജാസ്തിവരാൻ വേറൊരു സംഗതിയും ഉണ്ട്. നാം അറുപതു ലക്ഷം രൂപായ്ക്കു ഇൻഡ്യാ ഗവണ്മെന്റു വക കടപ്പത്രങ്ങൾ വാങ്ങിച്ചു, അവയ്ക്കു കൊടുത്ത വിലയും അവയുടെ ആധാരവിലയും തമ്മിലുള്ള വ്യത്യാസം കണക്കിൽ വരവായിട്ടാണു കാണിച്ചിട്ടുള്ളതു. അവയുടെ ശരാശരി വില നൂററിനു ൯൪ക ൪ണ ആയിരുന്നതിനാൽ ഈ ഏർപ്പാടുകൊണ്ടുണ്ടായ ലാഭമായി കരുതേണ്ടിയ ഈ വ്യത്യാസം ഏകദേശം ആറര ലക്ഷം രൂപായോളം ഉണ്ടു. നമുക്കു കിട്ടിട്ടുള്ള ഗവണ്മെന്റു പ്രോമിസ്സറിനോട്ടുകൾ ഇൻഡ്യാ ഗവണ്മെന്റിലേക്കു ആദായ നികുതി കൊടുക്കേണ്ടാത്തതായ കടപ്പത്രങ്ങളായി മാററി വരുന്നു.

൪. ചെലവിൽ ൨·൫ ലക്ഷം രൂപാ കുറവുണ്ടു. ഇതു വിദ്യാഭ്യാസവകുപ്പുവക ൧·൨൯ ലക്ഷം രൂപായും പൊതുമരാമത്തുവക ·൫൭ ലക്ഷം രൂപായും ആകുന്നു. കൊട്ടാരംവക ചെലവിൽ ·൫൪ ലക്ഷം രൂപാ കൂടുതൽ ചെലവുണ്ടു. ഇതു മഹാരാജാവു തിരുമനസ്സിലെ തിരുമാടമ്പുസംബന്ധിച്ചുണ്ടായ കൂടുതൽ ചെലവാണ്.

൫. കണക്കിന്റെ മൂലമുതൽ വകുപ്പുനോക്കിയാൽ ഗവണ്മെന്റുദ്ദേശിക്കുന്ന റിക്കിട്ടുമെന്നു ബഡ്ജറ്റിൽ കാണിച്ചിരുന്ന ൪ ലക്ഷം രൂപായ്ക്കുപകരം ൪·൭൫ ലക്ഷം രൂപാ കിട്ടുമെന്നാണു ഇപ്പോൾ പ്രതീക്ഷ. അതിനെസംബന്ധിച്ചുള്ള ചെലവിൽ ·൩൫ ലക്ഷം രൂപാ കുറവുണ്ടാകുമെന്നും പ്രതീക്ഷിച്ചിരിക്കുന്നു. ഇങ്ങനെ നമ്മുടെ ഇരുപ്പുമുതലോടു ൨·൮൨ ലക്ഷം രൂപാ കൂട്ടാൻ കഴിയുമെന്നും ആണ്ടവസാനത്തിൽ നമ്മുടെ ഇരിപ്പുമുതൽ ൧൩൧·൫൭ ലക്ഷം രൂപാ ആയിരിക്കുമെന്നും പ്രതീക്ഷിക്കുന്നു.

൧൧൦൩-ലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്.

൬. ഇനി ഞാൻ വരുന്ന ആണ്ടേത്തേക്കുള്ള അടങ്കലുകളെപ്പറ്റി സംസാരിക്കാം. നമ്മുടെ മുതലെടുപ്പു ൨൨൩·൨൧ ലക്ഷം രൂപാ ആയിരിക്കുമെന്നാണു പ്രതീക്ഷ. ഇതിൽ ൨൨൧·൭൮ ലക്ഷം രൂപാ ചെലവു ചെയ്യാനാണ് ആലോചിക്കുന്നതു. ഇങ്ങനെ നമുക്കു കുറഞ്ഞ ഒരു ബാക്കി അതായതു ൧·൪൩ ലക്ഷം രൂപാ ഉണ്ടാകും. നമ്മുടെ മൂലമുതലിൽ ഉള്ള വരവു ൫·൫ ലക്ഷം രൂപാ ആയിരിക്കുമെന്നാണ് പ്രതീക്ഷ എന്നാൽ മൂലമുതലിൽനിന്നു ൨൧·൮൭ ലക്ഷം രൂപാ ചെലവുചെയ്യാൻ നിശ്ചയിച്ചിട്ടുണ്ടു. ഇതിന്റെ ഫലമായി നമ്മുടെ പൊതുവർഷത്തെ ചരതമുതലിൽനിന്നു ൧൪·൫൯ ലക്ഷം രൂപാ എടുക്കേണ്ടിവരും. എന്നാൽ ഇതു നമ്മുടെ ആദായകരജോലികൾക്കായിട്ടാകയാൽ ഇതു മൂലമുതലിൽനിന്നു ചെലവുചെയ്യുന്നു എന്നല്ല കടം വാങ്ങാതെ കഴിക്കയാണു എന്നാകുന്നു ശരിയായി പറയേണ്ടതു. ന്യായമായ ഒരു കരുതൽധനം ആവശ്യമാണു. എന്നാൽ ഈ ചെലവുചെയ്താലും നമ്മുടെ ബാക്കി ൧൧൬·൩൯ ലക്ഷം രൂപാ ആയിരിക്കുമെന്നുള്ളതുകൊണ്ടു നമ്മുടെ കയ്യിൽ മതിയായ ഒരു കരുതൽധനം ഉണ്ടായിരിക്കുന്നതാണു.

മുതലെടുപ്പു.

൭. വരുന്നയാണ്ടത്തെ മുതലെടുപ്പു ൨൨൩·൨൧ ലക്ഷം രൂപാ ആയിരിക്കുമെന്നു ഞാൻ പറഞ്ഞുവല്ലോ. എന്നാൽ നമ്മുടെ ഈയാണ്ടത്തെ വരവു ൨൨൯·൬൨ ലക്ഷം രൂപാ ആയിരിക്കുമെന്നാണു പ്രതീക്ഷ. അതുകൊണ്ടു വരുന്നയാണ്ടത്തെ മുതലെടുപ്പു ൬·൩൧ ലക്ഷം രൂപാ കുറവായിരിക്കും. ഈ കുറവുകൊണ്ടു അസ്വസ്ഥതയ്ക്കാവശ്യമില്ല. ഈയാണ്ടത്തെ പുതുക്കിയ എസ്റ്റിമേറ്റിനെപ്പറ്റി സംസാരിച്ചപ്പോൾ ഇൻഡ്യാഗവണ്മെന്റു കടപ്പത്രങ്ങൾ നാം കുറെ അധികം വാങ്ങിച്ചതായും തന്മൂലം ഈയാണ്ടത്തെ കണക്കിൽ ൬·൫ ലക്ഷം രൂപാ കൂടുതൽ വരവുകാണിച്ചിട്ടുണ്ടെന്നും ഞാൻ പ്രസ്താവിച്ചുവല്ലോ. ഇങ്ങനെ അധികസംഖ്യക്കുള്ള കടപ്പത്രങ്ങൾ ഈയാണ്ടിൽ വാങ്ങാൻ ആലോചിച്ചിട്ടില്ല. ഇപ്പോൾ കടപ്പത്രങ്ങൾ കൂടുതൽ ഉള്ളതുകൊണ്ടു പലിശവകയിൽ നമുക്കു ഈ ആണ്ടേത്തേക്കാൾ കൂടുതൽ വരവുണ്ടാകും. അതുകൊണ്ടു ഈ ആണ്ടത്തെ പുതുക്കിയ കണക്കുകളോടു ഒത്തുനോക്കുമ്പോൾ "പലിശയും ലാഭവും" ഇനത്തിൽ ൪·൧൮ ലക്ഷം രൂപാമാത്രമേ കുറവുണ്ടാകയുള്ളു. മറ്റുള്ള വ്യത്യാസങ്ങൾ താഴെ പറയുന്നവയാണ്.

	ബഡ്ജറ്റിൽ കൂടുതൽ	ബഡ്ജറ്റിൽ കുറവു
	ലക്ഷം രൂപാ	
ഭൂനികുതി	൦	·൫൪
ആദായനികുതി	·൫൪	൦
എക്സൈസ്	൦	൧·൮൫
ചുങ്കം	൦	൫൪
കമ്പട്ടം	·൫൩	൦

൮. ഭൂനികുതി. ഈയാണ്ടു മീനമാസംമുതൽ കണ്ടുകൃഷിനിലങ്ങളുടെ പാട്ടം നെല്ലായി കൊടുക്കുന്ന വ്യവസ്ഥ നിറുത്തലാക്കുകയും മുമ്പു കൊടുത്തുവന്നിരുന്ന പാട്ടനെല്ലിന്റെ വില പറ ഒന്നുക്കു ൨൪ ചക്രം വിലവെച്ചു പണമായി ഒടുക്കേണ്ടതാണെന്നു ഗവണ്മെന്റു കല്പിക്കുകയുംചെയ്തു. ഈ പരിഷ്കാരം ൧൦൮൨-ൽ നെല്ലളവു നിറുത്തലാക്കിയതിനെ തുടർന്നു ഉണ്ടാകേണ്ടതായിരുന്നു. അതു വളരെക്കാലംമുമ്പു നടപ്പിൽ വരേണ്ടതായിരുന്നു. വരുംകൊല്ലങ്ങളിൽ ഇതു കൃഷിക്കാർക്കു വലിയ ആശ്വാസം ആയിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. എന്നാൽ ചില ജന്മിഭോഗം, കരത്തിൽചിലവു മുതലായി നെല്ലായികൊടുക്കേണ്ടതായ ചില ചെലവുകൾക്കു വേണ്ടുന്ന നെല്ലിന്റെ അങ്ങാടിവിലയും പറ ഒന്നുക്കു ൨൪ ചക്രംവെച്ചു പുതിയനിരക്കും തമ്മിലുള്ള വ്യത്യാസം ഭൂനികുതിയിനത്തിൽ നമ്മുടെ വരവിൽ കുറവായിരിക്കും. ഈ മാറ്റംകൊണ്ടു നമ്മുടെ ചെലവിലും അല്പം കൂടുതൽ ഉണ്ടാകും. മുമ്പു കണ്ടുകൃഷിപ്പാട്ടനെല്ലിൽ നിന്നു എടുത്തുവന്നിരുന്ന അമറേത്തരി ഇപ്പോൾ വിലയ്ക്കുവാങ്ങണമല്ലോ.

ൻ, എക്സൈസ്. കള്ളും ചാരായവും ഇനത്തിൽ പൂർവ്വസ്ഥിതിസംരക്ഷണം അനുഗ്രഹിക്കുന്നുണ്ട്. ഈ എക്സൈസ് ഇനത്തിൽ ൧·൭൫ ലക്ഷം രൂപാ കുറച്ചാണു എസ്റ്റിമേറ്റുചെയ്തിട്ടുള്ളത്.

൧൦. ചുങ്കം. തേയിലയുടെ ചുങ്കത്തിൽ ഞാൻ മുൻ വിവരിച്ച ഭേദംകൊണ്ടു ചുങ്കം പിരിവിൽ കുറെ കൂടുതൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാമെങ്കിലും ·൫൪ ലക്ഷം രൂപാ കുറച്ചാണു എസ്റ്റിമേറ്റിൽ ചേർത്തിട്ടുള്ളതു. ഇതിനു കാരണം ഈയാണ്ടു വസാനിക്കാറായപ്പോൾ കൊപ്രാ, വെളിച്ചെണ്ണ, തേങ്ങാ ഇവയുടെ താരിപ്പുവില കുറച്ചതാണു. വില കുറച്ചതു താഴെ കാണിച്ചിരിക്കുന്നപ്രകാരമാണ്.

	താരിപ്പുവില		'ഏതു മുതൽ'
	മുമ്പ്	കുറച്ചതു	
	ബ്രി. രൂ.	ബ്രി. രൂ.	
തേങ്ങാ ൧൦൦൦-ന	൩൧/൮	൬൦/൧൦	൨൫-൮-൧൧൨൫ (തേങ്ങാ, കൊപ്രാ)
കൊപ്രാ ശതഘ്നുക്കത്തിനു	൨൨/൭	൧൭	
വെളിച്ചെണ്ണ ശതഘ്നുക്കത്തിനു	൧൭/൧൨	൧൫	മിഥുനം ൧-൦൦൭

ബോഡികനൂർ റെയിൽവേ നടപ്പിൽ വന്നതുകൊണ്ടു ഇപ്പോൾ നമ്മുടെ രാജ്യത്തേക്കു വരുന്ന ചരക്കുകൾ തൂത്തുക്കുടിയിലേക്കു തിരിഞ്ഞു പോകാൻ ഇടയുണ്ട്. ഇതു നിമിത്തം നമ്മുടെ കടൽ ചുങ്കം പിരിവിൽ സ്വല്പം കുറവുവന്നേക്കാം.

൧൧. ആദായനികുതി. വരുന്നയാണ്ടിൽ ആദായനികുതി ചുമത്തുന്നതിനും വസൂൽ ചെയ്യുന്നതിനും പുതിയ വ്യവസ്ഥ ഉണ്ടാക്കാൻ ആലോചിക്കുന്നതിനാൽ അപ്പോൾ വരവിൽ കുറെ കൂടുതൽ ഉണ്ടാകാൻ ഇടയുള്ളതുകൊണ്ടു ആദായ നികുതി വരവിൽ ഏകദേശം അരലക്ഷം രൂപാ കൂടുതൽ എസ്റ്റിമേറ്റിൽ കൊള്ളിച്ചിട്ടുണ്ട്. പുതിയവർഷത്തിൽ (കമ്മീഷണരുടെ കീഴിൽ) ഒരു പ്രത്യേകം ആദായനികുതി കലക്ടരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രധാന മുനിസിപ്പാലിറ്റികളിലുള്ള ആദായനികുതി കാര്യങ്ങളും ഈ സംസ്ഥാനത്തു വേലചെയ്തു നടത്തുന്ന കമ്പനികളുടെയും കച്ചവട സംഘങ്ങളുടെയും ആദായത്തിന്മേൽ നികുതി ചുമത്തുന്നതും അദ്ദേഹത്തിന്റെ ചുമതലയായിരിക്കും.

൧൨. കമ്മട്ടം. ഈ ഇനത്തിൽ അര ലക്ഷം രൂപാ കൂടുതൽ വരവു പ്രതീക്ഷിച്ചിട്ടുണ്ട്. നമ്മുടെ ഇപ്പോഴത്തെ രൂപത്തിലുള്ള വെള്ളിനാണയങ്ങൾ ആരംഭിച്ച ൧൦൭൯-ാമാണ്ടു മുതൽ താഴെ പറയുന്ന നാണയങ്ങൾ അടിച്ചിറക്കിട്ടുണ്ട്.

	വില ലക്ഷം രൂപാ
അരരൂപാ നാണയങ്ങൾ	൧·൦൦
കാൽരൂപാ നാണയങ്ങൾ	൧·൦൦
പണം	൩·൬൯

ഇത്രയും നാണയങ്ങൾ അടിച്ചിറക്കിയെങ്കിലും ഒടുവിൽ കിട്ടിയ കണക്കിൻപ്രകാരം നമ്മുടെ ഖജനാവുകളിൽ ഉള്ള ബാക്കി ·൦൧ ലക്ഷവും ,൦൧ ലക്ഷവും ·൬൨ ലക്ഷവും രൂപാ മാത്രമാണ്. അതുകൊണ്ടു വരുന്നയാണ്ടിൽ ഏകദേശം രണ്ടു ലക്ഷം രൂപാ വിലയ്ക്കുള്ള വെള്ളി നാണയങ്ങൾ അടിക്കണമെന്നാണു നിശ്ചയിച്ചിരിക്കുന്നതു. ഇതുനിമിത്തം നമുക്കു ലഭിക്കാവുന്ന ലാഭം എസ്റ്റിമേറ്റിൽ ചേർത്തിട്ടുണ്ട്. ചെമ്പു നാണയങ്ങൾ ആവശ്യത്തിനു വേണ്ടുന്നേടത്തോളം ഉണ്ട്. ആകെ അടിച്ചിറക്കിട്ടുള്ള ൨·൪൪ ലക്ഷം രൂപയുടെ ചെമ്പു നാണയത്തിൽ ൩൩൧ ലക്ഷം രൂപയ്ക്കുള്ള ചെമ്പു നാണയങ്ങൾ നമ്മുടെ ഖജനാവുകളിൽ ഇരിപ്പുണ്ടെന്നാണു ഒടുവിൽ കിട്ടിയകണക്കുകൾ കൊണ്ടു കാണുന്നതു്.

മുതലെടുപ്പിൽ നിന്നുള്ള ചെലവു.

൧൩. ഈ ബഡ്ജറ്റു അടങ്കൽ പ്രകാരം ഈയാണ്ടു ഉണ്ടാകാൻ ഇടയുള്ള ചെലവിനെക്കാൾ ൧൩·൩൩ ലക്ഷം രൂപാ അധികമാണു വരുന്നയാണ്ടത്തെ ചെലവു. അതായതു മുതലെടുപ്പിൽ നിന്നു ചെലവുചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള ആകെ സംഖ്യ ൨൨൧·൯൭ ലക്ഷം രൂപായാണു. ഈ അധികത്തിനു പ്രധാനകാരണമായ ഇനങ്ങളെ ചുരുക്കമായി വിവരിക്കാം.

൧൪. പൊതു മരാമത്തു ചെലവു. അടങ്കൽ സംഖ്യ ൩൪ ലക്ഷം രൂപായാകുന്നു. ഇതു ഇയ്യാണ്ടത്തെ സംഖ്യയെക്കാൾ ൬ ലക്ഷം രൂപാ അധികമാണ്. "കെട്ടിടം പണികൾ" എന്ന ഇനത്തിൽ ഏകദേശം ഒന്നര ലക്ഷം രൂപാ അധികമുണ്ട്. ഇതിൽ അധികഭാഗവും പണി നടന്നു വരുന്ന കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിനാണ്. വരുന്നയാണ്ടിൽ പുതുതായി തുടങ്ങുന്ന കെട്ടിടങ്ങളിൽ മാവേലിക്കര ഒരു പുതിയ പെൺപള്ളിക്കൂടവും കൊല്ലം-ച്ചൽ ഉപ്പളത്തിൽ ഒരു ജലാരോഹക യന്ത്രസ്ഥാപനവും താമരക്കുളത്തുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാർക്കു ആഫീസുകളും വാസ സ്ഥലങ്ങളും ഉൾപ്പെടും. ഒരു പുതിയ നിയമസഭാലയം പണിയുന്നതിനു പ്ലാനുകളും പടങ്ങളും തെയ്യാറാക്കുന്നതിനു ·൦൬ ലക്ഷം രൂപാ നീക്കി വെച്ചിട്ടുണ്ട്. തിരുവനന്തപുരത്തു ശ്രീശ്രവണക്കമ്പികൾ വയ്പിക്കുന്നതിനു ·൧൬ ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. "ഗതാഗതമാർഗ്ഗങ്ങൾ പണികൾ" എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള സംഖ്യ ൯.൬൩ ലക്ഷം രൂപായാണ്. ഇതു ഏകദേശം ഒരു ലക്ഷം രൂപാ കൂടുതലാണ്. ഈ അനുവദിച്ച ൯.൬൩ ലക്ഷം രൂപായിൽ ൬ ലക്ഷത്തിൽ കൂടുതൽ കോട്ടയവും ആലുവായും ഡിവിഷനിലേക്കാണു. പുതിയ പണികളിൽ പള്ളിവാസലിൽ നിന്നു നേരിയമംഗലത്തേക്കു ഒരു റോഡും അധഃകൃതവർഗ്ഗക്കാരുടെ ഉപയോഗത്തിന്നായി കക്കാട്ടു ഗ്രാമത്തിലേക്കു ഒരു ചെറിയ റോഡും അന്വേഷണം നടത്തിയ ശേഷം വെട്ടാൻ നിശ്ചയിച്ചിട്ടുള്ള ആലപ്പുഴ നിന്നു ചങ്ങനാശ്ശേരിക്കുള്ള ഒരു പുതിയ തോടും ഉൾപ്പെടുത്തിട്ടുണ്ട്. പലവക പൊതു പരിഷ്കാരങ്ങൾ ഉദ്ദേശിച്ചിട്ടുള്ള നിമിത്തമാണ് കൂടുതലിൽ ·൨.൪ ലക്ഷം രൂപാ. ഇതു പ്രധാനമായി ആലപ്പുഴ പുതിയ പാണ്ടിക ശാലകളും ചന്തകളിൽ ചില പരിഷ്കാരങ്ങളുമാണ്. സംരക്ഷണപ്രവൃത്തി വക ചെലവു ഒരു ലക്ഷം രൂപാ കൂടി ൧൫·൩൫ ലക്ഷം രൂപാ ആയിട്ടുണ്ട്. ഡെൽഹിയിലെ കൊട്ടാരം പണികൾ കഴിഞ്ഞ യാണ്ടത്തെ സംഖ്യതന്നെ (·൭ ലക്ഷം രൂപാ)യാണ് അനുവദിച്ചിട്ടുള്ളതു. വരുന്നയാണ്ടത്തേക്കു കരുതൽ ധനമായി അനുവദിച്ചിട്ടുള്ളതു ,൩൪ ലക്ഷം രൂപായാണ്. ആരംഭിച്ചിട്ടുള്ള പണികൾ നടത്തുന്നതിലേക്കു പണം ഒരുമിച്ചുമായി അനുവദിച്ചിരിക്കുന്നു.

൫൬. വിദ്യാഭ്യാസം. ഈ ഇനത്തിൽ അടങ്കൽ സംഖ്യ ൪൬,൩൭ ലക്ഷം രൂപയാണ്. ഇത് ഇക്കൊല്ലത്തെ പുതുക്കിയ എസ്റ്റിമേറ്റിനെക്കാൾ ൩൮ ലക്ഷം രൂപ കൂടുതലാണ്. ഈ കൂടുതലിൽ ൧൫ ലക്ഷം രൂപ പുതിയ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് വേണ്ടി മാറ്റിവെച്ചിട്ടുള്ള സംഖ്യയാണ്. ഈ സ്കൂൾ പുസ്തകങ്ങൾ വിറ്റുകിട്ടുന്ന തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടായിരുന്നു. മേലിൽ അവ വാങ്ങുന്നതിനുള്ള ചിലവ് ചെയ്യേണ്ടതില്ല. പാഠപുസ്തകങ്ങൾ വിറ്റ പണം ഈ പണം തിരികെ കിട്ടും. ഇക്കൊല്ലത്തെ സംഖ്യയിൽ നിന്നുള്ള യഥാർത്ഥ കൂടുതൽ ൨൩ ലക്ഷം രൂപ മാത്രമാണ്.

൫൭. കാളേജ് വിദ്യാഭ്യാസം. തിരുവനന്തപുരത്തുള്ള ഇന്റർമീഡിയറ്റ് കോളേജിൽ ഇന്റർമീഡിയറ്റ് പരീക്ഷയ്ക്ക് രണ്ടാം ഗ്രൂപ്പ് ഏർപ്പെടുത്തുന്നതിനും അതു ഒന്നാം ഗ്രേഡ് കാളേജായി ഉയർത്തുന്നതിനുമായി ൧൪ ലക്ഷം രൂപ മൊത്തമായി അനുവദിച്ചിരിക്കുന്നു. കൂടുതൽ സാമഗ്രികൾക്കും പ്രയോഗശാല വലുതാക്കിയതിൽ പരീക്ഷണങ്ങൾക്ക് വേണ്ടുന്ന സാമഗ്രികൾ ഉണ്ടാക്കി സ്ഥാപിക്കുന്നതിനുമായി സയൻസ് കാളേജിന് ൩൫ ലക്ഷം രൂപ കിട്ടുന്നതാണ്.

൫൮. ഇംഗ്ലീഷും മലയാളവും മധ്യവിദ്യാഭ്യാസം എന്നീ ഇനങ്ങളിൽ ൩൩ ലക്ഷവും ൭൫ ലക്ഷവും രൂപാ അധികം അനുവദിച്ചിട്ടുണ്ട്. പ്രാഥമികവിദ്യാഭ്യാസം സംബന്ധിച്ച ,൧൪ ലക്ഷം രൂപാ കൂടുതൽ ഉണ്ട്. ഇതിൽ അധികം ഭാഗവും കൂടുതൽ ക്ലാസ്സുകളും ഡിവിഷനും ഏർപ്പെടുത്തുന്നതിനാണ്. വെർണാക്കുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ഈയിടെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനെ പര്യാലോചന കഴിച്ചു ഉത്തരവു കല്പിക്കാൻ ഗവൺമെന്റിന് ഇതുവരെ അവകാശം ലഭിച്ചിട്ടില്ല.

വിദ്യാഭ്യാസംവക ഗ്രാന്റിനത്തിൽ ൭൫ ലക്ഷം രൂപാ കൂടുതൽ ഉണ്ട്.

൫൯. ഇനി കൂടുതൽ തുകകൾ അനുവദിച്ചിട്ടുള്ള പ്രധാന ഇനങ്ങൾ ഇവയാണ്. "ഉപ്പി"ൽ തിരുവിതാംകൂർ താമരക്കുളത്തുനിന്നു തിരുവനന്തപുരത്തും ആലപ്പുഴയും എത്തിക്കുന്നതിന് കൂടുതലായ സംഖ്യ അനുവദിക്കനിമിത്തം ൧൪ലക്ഷം രൂപാ, "വന"ത്തിൽ വനംവക പ്രവൃത്തികൾക്കു വൊക്കിങ് പ്ലാനുകൾ തയ്യാറാക്കുന്നതിനും ൭൬ ലക്ഷം രൂപാ; "പോലീസി"ൽ പോലീസുകാരുടെ എണ്ണം അനുവദിച്ചിട്ടുള്ളിടത്തോളം ആക്കുന്നതിനും വരുന്നയാണ്ടിൽ കൊടുക്കേണ്ടതായ പുതിയ ഉടുപ്പുകൾ കൊടുക്കുന്നതിനും മോട്ടോർ വകുപ്പിൽ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പ്രമാണിച്ചു ആളെ കൂടുതലായി വെക്കുന്നതിനും കൂടി ൩൫ലക്ഷം രൂപാ; "നീതിന്യായവകുപ്പിൽ" കുടിശ്ശിക തീർക്കുന്നതിന് രണ്ടു് രണ്ടാം ജഡ്ജിമാരുടെ കോടതികൾ സ്ഥാപിക്കുന്നതിനും ചെങ്ങന്നൂര് ഒരു പുതിയ മുനിസിപ്പൽ മജിസ്ട്രേട്ടുകോടതി ഏർപ്പെടുത്തുന്നതിനും വിചാരണയിൽ കിടക്കുന്ന തടവുകാർക്ക് ചില സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുമായി ൭൩ ലക്ഷം രൂപാ; "പെൻഷൻസിൽ" ചട്ടപ്രകാരം ജോലിയിൽനിന്നു പിരിഞ്ഞുപോകുന്ന ഉദ്യോഗസ്ഥന്മാർക്ക് പെൻഷൻ കൊടുക്കുന്നതിന് ൭൫ലക്ഷം രൂപാ; "ഭൂനികുതിവകുപ്പിൽ" പന്തകരം നന്നാക്കുന്നതിന് പാർവത്യകാരുടെ ശമ്പളം അല്പം കൂട്ടുന്നതിനായി ൧൪ ലക്ഷം രൂപാ.

൬൦. മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ ചില ഡിസ്പെൻസറികൾ പുതുതായിസ്ഥാപിക്കുന്നതിനും ജനറൽ ആശുപത്രിയിലും കൊല്ലം വിക്ടോറിയാ ആശുപത്രിയിലും കൂടുതലായി വൈദ്യന്മാരെ നിയമിക്കുന്നതിനും ഈ നഗരത്തിൽ മുറിവേററവരെ കൊണ്ടുപോകുന്നതിന് മുനിസിപ്പാലിററിയിൽനിന്നു കൊടുത്തിട്ടുള്ളതു ഒരു ഇരട്ടക്കാളവണ്ടിമാത്രമാകയാൽ ആ ആവശ്യത്തിനു ഒരു ആമ്പുലൻസ്കാർ വാങ്ങുന്നതിനും പണം അനുവദിച്ചിട്ടുണ്ട്. വൈദ്യസഹായത്തിനു ബഡ്ജററിൽ അനുവദിച്ചിട്ടുള്ള സംഖ്യ ൯൭൩ ലക്ഷം രൂപാ ആകുന്നു. എന്നാൽ അതു ഈയാണ്ടത്തേക്ക അനുവദിച്ചിട്ടുള്ള സംഖ്യയിൽ ൩൬ലക്ഷം രൂപാ കുറവാണ്. വൈദ്യസഹായത്തിൽ ചില പരിഷ്കാരങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും അനുവാദസംഖ്യയിൽ കുറവുവന്നതു യൂറോപ്യൻ ഔഷധങ്ങളുടെയും ശസ്ത്രസാമഗ്രികളുടെയും വിലയിൽ ഗണ്യമായ ലാഭം ഉണ്ടാകകൊണ്ടാണ്. ഈ ഇനത്തിൽ ഈയാണ്ടത്തെ സംഖ്യ ൫൦ ലക്ഷം രൂപായാണ്; എന്നാൽ വരുന്നയാണ്ടത്തേക്ക അനുവദിച്ചിട്ടുള്ളതു ൫.൪൮ലക്ഷം രൂപയാണ്. വരുന്നയാണ്ടത്തേക്ക ഔഷധം മുതലായ സാധനങ്ങൾ അധികമായി വരുത്തുന്നുണ്ട്. ഔഷധങ്ങൾ അധികമാണെങ്കിലും അവരുടെ വിലയിൽ ഈയാണ്ടത്തെ ചെലവിനെക്കാൾ ഏകദേശം അരലക്ഷം രൂപാ കുറവാണ്. ഇതിനു കാരണം ഇംഗ്ലണ്ടിലും ഇൻഡ്യയിലും പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തി മല്പാസകൾ വരുത്തി ഔഷധങ്ങൾ മുതലായവ ഉണ്ടാക്കുന്നവരോടും മൊത്തക്കച്ചവടക്കാരോടും നേരിട്ടുവാങ്ങാൻ നമുക്കു കഴിവുണ്ടായതാണ്.

൬൧. ബഡ്ജററ് അടങ്കലിൽ പ്രസ്താവയോഗ്യമായ സംഗതികൾ ഇനി ഉള്ളതു "ആദായനികുതിയിൽ" മുൻപ്രസ്താവിച്ച പ്രകാരം ഒരു കമ്മീഷണരുടെയും അദ്ദേഹത്തിന്റെ സിൽബന്തികളുടെയും നിയമനം; "എക്സൈസി ൽ" അത്രക്കറിയും പിറവവും ഡിവിഷനുകളിൽ മുമ്പുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ ക്ഷയിച്ചുപോയതിനാൽ കൂടുതൽ വ്യാജനിവാരണ ഉദ്യോഗസ്ഥന്മാരുടെ നിയമനം; "സാധാരണഭരണ"ത്തിൽ അത്യാവശ്യസംഗതിയായ ഡണ്ടിറെവന്യൂമാന്വൽ പരിഷ്കരണം; "കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെന്റിൽ" കൊട്ടാരക്കരെ ഒരു പുതിയ കൃഷിവിദ്യാലയത്തിന്റെയും ആലപ്പുഴ ഒരു മത്സ്യവ്യവസായത്തിന്റെയും സ്ഥാപനവും കൃഷിയും നാല്ക്കാലിയും ഇൻസ്പെക്ടർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും ശമ്പളപരിഷ്കരണം; ഇവയാകുന്നു, "വ്യവസായഡിപ്പാർട്ടുമെന്റിൽ" തുന്നുന്നതു ശരിയായി പഠിപ്പിക്കുന്നതിനു രണ്ടു അദ്ധ്യാപകന്മാരെ നിയമിക്കുന്നതാണ്. ആലപ്പുഴ കമേർഷ്യൽ സ്കൂളിൽ കണക്കു വെപ്പു ശീലിക്കുന്ന വിദ്യാർത്ഥികളെ യന്ത്രം കൊണ്ടു കണക്കു കൂട്ടാൻ പഠിപ്പിക്കുന്നതിനു രണ്ടു കൊംപ്ടോമീററർ യന്ത്രങ്ങൾ വാങ്ങാനും അനുവദിച്ചിട്ടുണ്ട്. "അഞ്ചൽ" വകുപ്പിൽ മുണ്ടക്കയത്തിനും കുമിളിക്കും മദ്ധ്യേയും കൊല്ലത്തിനും ആലപ്പുഴയ്ക്കും മദ്ധ്യേയും അഞ്ചൽ മോട്ടോർകാർ ഏർപ്പെടുത്തുന്നതിനും അഞ്ചൽ ശിപായിമാരുടെ എണ്ണവും ശമ്പളവും വർദ്ധിപ്പിക്കുന്നതിനും പണം അനുവദിച്ചിട്ടുണ്ട്.

൬൨. ഇൻഡ്യൻ സർവ്വസൈന്യാധിപന്റെ വരവുപ്രമാണിച്ചു "രാഷ്ട്രീയപരവക ചെലവു" എന്ന ഇനത്തിൽ ൩൧ലക്ഷം രൂപാ കൂടുതലായി അനുവദിച്ചിട്ടുണ്ടു. തിരുമാടമ്പു ആഘോഷങ്ങൾ ഈയാണ്ടത്തേക്ക പ്രത്യേകമായിരുന്നതിനാൽ "കൊട്ടാരം ചെലവു" എന്ന ഇനത്തിൽ കൂടുതൽ ചെലവുണ്ട്.

ചെങ്കോട്ട-തിരുവനന്തപുരം തീവണ്ടിപ്പാതയിലെ വാര്‍ഷിക ബാദ്ധ്യതയും ...

[illegible] ഇപ്പോള്‍ നടക്കുന്ന റെയില്‍വെ സര്‍വ്വേ ജോലികള്‍ തുടങ്ങി [illegible] തിരുവനന്തപുരത്തു [illegible] പുതുതായി സര്‍വെ ചെയ്യുന്നതിനും കൂടെ [illegible] ലക്ഷം രൂപായും തിരുവനന്തപുരത്തു ഒരു പുതിയ സെന്‍ട്രല്‍ സ്റ്റേഷന്‍ ഉള്‍പ്പടെ [illegible] തമ്പാനൂര്‍വരെ തീവണ്ടിപ്പാത നീട്ടുന്നതിന് [illegible] ലക്ഷം രൂപായും ബഡ്ജറ്റില്‍ അനുവദിച്ചിട്ടുണ്ട്. ചെങ്കോട്ട കൊല്ലം തീവണ്ടിപ്പാതയ്ക്ക് [illegible] ലക്ഷം ബ്രിട്ടീഷ് രൂപാ ആയിരുന്നു [illegible] മാര്‍ച്ച് [illegible] നമ്മുടെ ഉത്തരവാദിത്വം [illegible] ലക്ഷം ബ്രിട്ടീഷ് രൂപാ ആയിരുന്നു. [illegible] ഇന്‍ഡ്യാ സ്റ്റേറ്റ് സെക്രട്ടറി പ്രത്യേക കടപ്പത്രങ്ങള്‍ മുഖേന [illegible] ഈ പാതയ്ക്കുള്ള മൂലധനം ഉണ്ടാക്കുന്നതു [illegible] മൂലധനം മുഴുവനും [illegible] ബാലന്‍സില്‍ നിന്നും ആണ്. [illegible] ഈ ആണ്ടവസാനത്തില്‍ ഇതിന്റെ സംഖ്യ [illegible] നാം [illegible] സിങ്കിങ്ഫണ്ട് മുഖേന [illegible]. നമ്മുടെ സ്വന്തം പണം കൊണ്ട് ഉണ്ടാക്കിയ കൊല്ലം തിരുവനന്തപുരം [illegible] ലക്ഷം രൂപാ ആയിരിക്കും. [illegible] ലക്ഷം ബ്രിട്ടീഷ് രൂപാ ആയിരിക്കുമെന്നു [illegible] ചെലവു [illegible] മാര്‍ച്ച് [illegible] ഈ പാതയില്‍ ചില പുതിയ പണികള്‍ക്കായി [illegible] ലക്ഷം രൂപാ ചെലവു ചെയ്യുന്നതിനു ബഡ്ജറ്റില്‍ അനുവദിച്ചിട്ടുണ്ട്.

[illegible] ചെങ്കോട്ട-തിരുവനന്തപുരം തീവണ്ടിപ്പാത മുഴുവനിലുംനിന്നും [illegible] ചെലവു കഴിച്ചു [illegible] ആയിരുന്നു. [illegible] അതില്‍ ആ വരവു [illegible] ലക്ഷം രൂപാ ആയിരുന്നു. [illegible] മുന്നൂറു ലക്ഷം രൂപാ ആയിരുന്നു. സൌത്തിന്‍ഡ്യന്‍ റെയില്‍വെ കമ്പനിയുടെ പ്രധാന സ്ഥ[illegible] അടക്കല്‍ [illegible] ലക്ഷം രൂപായാണ്. [illegible] ഉദ്യോഗസ്ഥന്മാര്‍ ആ കമ്പനിയുടെ മേല്‍ ചുമത്തുന്ന ആദായനികുതി [illegible] നമ്മുടെ തീവണ്ടിപ്പാതയില്‍നിന്നുണ്ടാകുന്ന ആദായത്തിനും നികുതി ചുമത്തേണ്ടതോ എന്നൊരു വാദം [illegible] ഉണ്ടായി. [illegible] ആദായനികുതിയും മേലാദായനികുതിയും [illegible] രൂപാ ആയിരുന്നു. [illegible] നമുക്കു അനുകൂലമായി തീരുമാനിച്ചു എന്നു പറവാന്‍ എനിക്കു സന്തോഷമുണ്ട്.

[illegible] തിരുവനന്തപുരം നഗരത്തിലെ ജലവിതരണപദ്ധതി.

[illegible] തിരുവനന്തപുരം ജലവിതരണപദ്ധതി സംബന്ധിച്ച ചെലവിന്നായി നമ്മുടെ പുതിയ ബഡ്ജറ്റില്‍ [illegible] ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുവേണ്ടുന്ന അന്വേഷണങ്ങള്‍ [illegible] പ്രത്യേക ഉദ്യോഗസ്ഥന്മാര്‍ ഇപ്പോള്‍ ചെയ്തുവരുന്നു. ഇതിന്റെ ആകെയുള്ള ചിലവു [illegible] ലക്ഷം രൂപായില്‍ കൂടുതല്‍ ആകയില്ലെന്നാണ് പ്രതീക്ഷ. കരമനയാററില്‍ അരുവിക്കര നീര്‍ച്ചാട്ടത്തിനു മുകളില്‍ അണകെട്ടി [illegible] തടുത്തുനിര്‍ത്തി അവിടെനിന്നു വെള്ളംകൊണ്ടുവരണമെന്നാണു അഭിപ്രായം. [illegible] മേല്‍നോട്ടത്തിന്‍കീഴില്‍ [illegible] ചീഫ് എഞ്ചിനീയരായിരുന്ന മിസ്റ്റര്‍ എഫ്. ജെ. [illegible] ആയിരുന്നു. [illegible] മരിച്ചുപോയ അസിസ്റ്റന്‍റ എഞ്ചിനീയര്‍ മിസ്റ്റര്‍ [illegible] ആയിരുന്നു. അടങ്കല്‍ [illegible] ലക്ഷം രൂപ ആയിരുന്നു. അനന്തരം ഗവണ്മെന്‍റ മദ്രാസ് മുനിസിപ്പാലിററിയിലെ [illegible] എന്‍ജിനീയര്‍ മിസ്റ്റര്‍ ജി. ഡബ്ള്യു. മാടലിയെ വരുത്തി [illegible] കാര്യം ആലോചിച്ചു. മിസ്റ്റര്‍ മാടലിയുടെ അഭിപ്രായം അനുസരിച്ചു പദ്ധതിയില്‍ വരുത്തിയ ഭേദഗതികള്‍പ്രകാരം [illegible] ലക്ഷം രൂപാ ചെലവുവരുമെന്നാണു ഇപ്പോഴത്തെ പ്രതീക്ഷ.

[illegible] തിരുവനന്തപുരം വൈദ്യുതശക്തി വിതരണം.

തിരുവനന്തപുരം വൈദ്യുതശക്തി വിതരണപദ്ധതി സംബന്ധിച്ചു ബഡ്ജറ്റില്‍ [illegible] ലക്ഷം രൂപാ [illegible] അനുവദിച്ചിട്ടുണ്ട്. ജലവിതരണം സംബന്ധിച്ചു അരുവിക്കര ഉണ്ടാക്കാന്‍ വിചാരിച്ചിരിക്കുന്ന അണ[illegible] വൈദ്യുതശക്തി ജനിപ്പിക്കാന്‍ ഉപയോഗിക്കുന്ന കാര്യം സൂക്ഷ്മതയോടെ ആലോചി[illegible] നഗരത്തിലേക്കു വൈദ്യുതശക്തി ജനിപ്പിക്കാന്‍ ഉപയോഗിക്കുന്ന കാര്യം [illegible] ഒഴുകുന്ന മുഴുവന്‍വെള്ളവും കെട്ടിനിറുത്തുന്ന വെള്ളവും ഉപയോഗിച്ചാലും ജലചക്രങ്ങള്‍ [illegible] ദിവസം തിരിക്കാന്‍മാത്രമേ സാധിക്കയുള്ളു എന്നും ബാക്കി ദിവസത്തേക്കു [illegible] എണ്ണയന്ത്രമോ വേണ്ടിവരുമെന്നാണ് ഗവണ്മെന്‍റിനു കിട്ടിയ ഉപദേശം. അതുകൊണ്ടു ഇ[illegible] എണ്ണയന്ത്രങ്ങള്‍ സ്ഥാപിപ്പാനാണ് ഉദ്ദേശിക്കുന്നതു, അരുവിക്കര വെള്ളച്ചാട്ടം [illegible] ജലയന്ത്രങ്ങള്‍കൊണ്ടു വൈദ്യുതശക്തി ജനിപ്പിക്കത്തക്കവണ്ണം ആവശ്യംനേരിട്ടാ[illegible] ഉപയോഗിക്കുന്ന കാര്യം [illegible] ആലോചനാവിഷയമാക്കാവുന്നതാണ്. [illegible] നഗരത്തില്‍ ഇപ്പോള്‍ വൈദ്യുതശക്തി ഉണ്ടാക്കു[illegible] എണ്ണയന്ത്രങ്ങള്‍ ഉള്ള [illegible] പൊതുസ്ഥാപനങ്ങള്‍ ഉണ്ട്. ഇതിനു ആണ്ടില്‍ ഏകദേശം [illegible] ലക്ഷം രൂപാ ചെലവുണ്ടു. നഗരത്തിലെ വൈദ്യുതശക്തിക്കുള്ള സ്ഥാപനംകിട്ടിയാല്‍ വഴിവിളക്കു കത്തിക്കുന്നതിനും [illegible] പൊതുസ്ഥാപനങ്ങളില്‍ വിളക്കു കത്തിക്കുന്നതിനും വിശറി വീശുന്നതിനും ആ ശക്തി ഉപയോഗിക്കാവുന്നതാ[illegible]. ആരംഭത്തില്‍തന്നെ ഷാപ്പുകളിലും വേറെങ്ങളിലും കൂടി അതു ഉപയോഗപ്പെടുത്തുവാന്‍ ഇടയുണ്ടു. ഇതി[illegible] ആവശ്യമുള്ള സാധനങ്ങള്‍ക്കും യന്ത്രങ്ങള്‍ക്കും അടങ്കല്‍ തയ്യാറാക്കേണ്ടതുണ്ടു. ജലസൂത്രപദ്ധതിക്കു [illegible] ലക്ഷം രൂപാ ചെലവാകുമെന്നും എണ്ണയന്ത്രപദ്ധതിക്കു [illegible] ലക്ഷം രൂപാ ചെലവാകുമെന്നുമാണു അടങ്കല്‍.

[illegible] തിരുവിതാംകൂര്‍ ഗവണ്മെന്‍റ സഹായബാങ്ക്ലിമിറ്റഡ്.

ഈ ബാങ്ക് കഴിഞ്ഞകാലത്തില്‍ ജോലി ആരംഭിച്ചു ബാങ്കുമായുള്ള ഉടമ്പടിപ്രകാരം ഗവണ്മെന്‍റ [illegible] അഞ്ചുവര്‍ഷത്തേക്കു അഞ്ചുലക്ഷം ബ്രിട്ടീഷ് രൂപാ നിക്ഷേപിക്കണം. [illegible] നിക്ഷിപ്തസംഖ്യയില്‍ [illegible] പലിശ ഉണ്ടായിരിക്കയില്ല. [illegible] ആണ്ടില്‍ നൂററിനു നാലുവീതം പലിശ കിട്ടും. ബാങ്കില്‍ [illegible] ലക്ഷം ബ്രിട്ടീഷ് രൂപാ നിക്ഷേപിച്ചു കഴിഞ്ഞിരിക്കുന്നു. ബാക്കി സംഖ്യ നിക്ഷേപിക്കുന്നതിനു വേണ്ടുന്ന സംഖ്യ വരുന്ന ആണ്ടത്തെ ബഡ്ജറ്റില്‍ അനുവദിച്ചിട്ടുമുണ്ട്.

[illegible] കോശസ്ഥിതി—നമ്മുടെ കടവും ധനവും.

[illegible] ആണ്ടവസാനത്തിലും [illegible] ആണ്ടവസാനത്തിലും നമ്മുടെ കടവും ധനവും കാണിക്കുന്ന ഒരു പട്ടിക ബഡ്ജററ് എസ്റ്റിമേററിന്റെ [illegible] ചേര്‍ത്തിട്ടുണ്ട്. കഴിഞ്ഞ ആണ്ടവസാനത്തില്‍ നമ്മു[illegible]

[illegible] ബാങ്കുകൾക്കും [illegible] ലക്ഷം രൂപ [illegible] ൽ അഞ്ചു [illegible] ലക്ഷം രൂപ ആയിരിക്കുമെന്നു [illegible]. വരുന്നയാണ്ടത്തെ ബഡ്ജറ്റ് പ്രകാരം [illegible] ഉള്ളതിനു പുറമെ [illegible] നമ്മുടെ [illegible] ലക്ഷത്തോളം രൂപ [illegible] കൂടി [illegible] സിങ്കിംഗ്ഫണ്ട് [illegible] സംബന്ധിച്ചു [illegible] പ്രസ്താവിച്ചുവല്ലോ. [illegible] കടപ്പത്രങ്ങൾപ്രകാരമുള്ള കടംവീട്ടുന്നതിനായി [illegible] സിങ്കിംഗ്ഫണ്ടും ഉണ്ട്. ആ പത്രങ്ങൾപ്രകാരം [illegible] എടുത്തിട്ടുള്ള സംഖ്യ [illegible] ലക്ഷം [illegible] രൂപായാകുന്നു. [illegible] ആണ്ടവസാനത്തിൽ അതിനുള്ള സിങ്കിംഗ്ഫണ്ട് [illegible] ലക്ഷം രൂപായാണ്. ഈ സിങ്കിംഗ്ഫണ്ടുകൾ [illegible] നമുക്കു കിട്ടീട്ടുള്ള പത്രങ്ങൾ [illegible] പ്രത്യേകമായി നിക്ഷേപിച്ചിട്ടുള്ളതാണ്, അതുകൊണ്ട് നമ്മുടെ സാധാരണ ബാക്കിയിരിപ്പുകളിൽ [illegible].

[illegible]. നമ്മുടെ സേവിങ്സ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള സംഖ്യ കഴിഞ്ഞ ആണ്ടവസാനത്തിൽ [illegible] ലക്ഷം രൂപാ ആയിരുന്നു. അതു ഈ ആണ്ടവസാനത്തിൽ [illegible] ലക്ഷവും വരുന്നയാണ്ടവസാനത്തിൽ [illegible] ലക്ഷവും ആയിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ വർദ്ധന [illegible] ലക്ഷണമാകുന്നു. ഈ നിക്ഷേപസംഖ്യകൾക്കു കൊടുക്കേണ്ടുന്ന പലിശയിലും എത്രയോ അധികമാണ് [illegible] ഗവൺമെന്റ് സെക്യൂരിറ്റി ആയിട്ടും നമ്മുടെ ബാക്കി [illegible] നിക്ഷേപിച്ചിട്ടുള്ളതിൽ നമുക്കു കിട്ടുന്ന പലിശ.

[illegible]. വരുന്നയാണ്ടവസാനത്തിൽ [illegible] ലക്ഷം രൂപാ [illegible] ഉണ്ടായിരിക്കുമെന്നു ഞാൻ പറഞ്ഞുവല്ലോ. ഈ സംഖ്യ [illegible].

സമാപ്തി.

[illegible]. സഭാംഗങ്ങൾ [illegible] ബഡ്ജറ്റിനെപ്പറ്റി [illegible] അപേക്ഷിച്ചുകൊള്ളുന്നു.

നിയമനിർമ്മാണം.

വാടകവണ്ടി റെഗുലേഷൻ ഭേദഗതിബിൽ.

[illegible]. [illegible] പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): സർ, [illegible] ലെ [illegible] നമ്പർ വാടകവണ്ടി റെഗുലേഷനിൽ ചില ഭേദഗതികൾ വരുത്തുന്നതിനു ഞാൻ ഒരു ബിൽ ഹാജരാക്കിക്കൊള്ളുന്നു. ബിൽ ഉദ്ദേശകാരണ വിവരണത്തോടുകൂടി ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ബിൽ സഭയിൽ വായിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

[illegible] എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ഞാൻ അനുകൂലിക്കുന്നു.

[illegible] പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, വാടകവണ്ടികളെയും [illegible] വാടകയ്ക്ക് ഓടിക്കുന്ന വണ്ടിക്കാരെയും നിയന്ത്രണം ചെയ്യുന്നതിനും അവർക്കു ലൈസൻസ് കൊടുക്കുന്നതിനും ആയിട്ടാണ് വാടകവണ്ടി റെഗുലേഷൻ പാസ്സാക്കിയതു. ആ റെഗുലേഷൻപ്രകാരവും അതനുസരിച്ചുണ്ടാക്കിട്ടുള്ള ചട്ടങ്ങൾപ്രകാരവും ഒരു വാടകവണ്ടിക്കു ലൈസൻസു കൊടുക്കുമ്പോൾ വണ്ടിയുടെ രജിസ്റ്റർ നമ്പർ കാണിക്കുന്ന ഒരു സംഖ്യാ [illegible] ആ വണ്ടിയിന്മേൽ പതിക്കണം. അങ്ങനെതന്നെ ഒരു വണ്ടിക്കാരനു ലൈസൻസു കൊടുക്കുമ്പോൾ അവനു ഒരു മുദ്രയും കൊടുക്കണം. ഇതുകൂടാതെയും ചട്ടങ്ങൾപ്രകാരം, വണ്ടികൾ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു പോകുന്നതിനു അനുവദിച്ചിട്ടുള്ള ക്ലാസിനെ കാണിക്കുന്ന ഒരു ക്ലാസ് ടിക്കറ്റും വണ്ടികളിന്മേൽതന്നെ പതിക്കണം. ഈ മൂന്നു സാധനങ്ങളും, സംഖ്യാടിക്കറ്റ്, മുദ്രയും, ക്ലാസ്ടിക്കറ്റും ഉണ്ടാക്കുന്നതിനു ഗവൺമെന്റിലേക്കു ചെലവുണ്ട്. എന്നാൽ ഈ ടിക്കറ്റുകളുടെ വില വാടകവണ്ടി ഉടമസ്ഥന്മാരോടു [illegible] ടാക്കുന്നതിനു റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഓരോ ടിക്കറ്റിനും [illegible] ചുമത്തി [illegible] ഈ ടിക്കറ്റുകളുടെ വില [illegible] ഈടാക്കുന്നതിനോ അവരിൽനിന്നു വസൂൽ ചെയ്യാൻ ഗവൺമെന്റിനെ അധികാരപ്പെടുത്തുന്നതിനാണ് ഈ ബിൽ ഹാജരാക്കുന്നതു. ഇതാണ് ചുരുക്കത്തിൽ ഈ ബില്ലിന്റെ ഉദ്ദേശം.

ഇനി ചില സംഗതികൾ വിവരമായി പറയാം. റെഗുലേഷന്റെ [illegible] വകുപ്പു വാടകവണ്ടികൾക്കു നമ്പരിടുന്നതിനു അധികാരപ്പെടുത്തുന്നു. ആ വകുപ്പു സഭയുടെ അറിവിന്നായി വായിച്ചുകേൾപ്പിക്കാം.

"[illegible]. (എ) ഒരു വാടകവണ്ടി രജിസ്റ്റർ ചെയ്തശേഷം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ആ വാടകവണ്ടിയുടെ പ്രത്യക്ഷമായി കാണുന്ന ഒരു സ്ഥാനത്തു രജിസ്റ്ററിൽ [illegible] നമ്പരും ആ വണ്ടിയിൽ എത്ര ആളുകളെ കൊണ്ടുപോകാൻ അനുവദിച്ചിട്ടുണ്ടെന്നും എഴുതുകയോ ഒരു ടിക്കറ്റിൽ എഴുതിപതിക്കയോ ചെയ്യേണ്ടതാകുന്നു.

(ബി) ലൈസൻസിന്റെ അവധിക്കാലത്തിനുള്ളിൽ അങ്ങനെ എഴുതിയ വാക്കുകളോ അക്കങ്ങളോ മാഞ്ഞുപോയാൽ വണ്ടിയുടെ ഉടമസ്ഥന്മാർ ആ വണ്ടി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കി ആ വാക്കുകളോ അക്കങ്ങളോ പുതുക്കിക്കൊടുക്കുന്നതിനു അപേക്ഷിക്കേണ്ടതാകുന്നു. പതിച്ച ടിക്കറ്റ് [illegible] ഇല്ലാതെയോ മോഷ്ടിച്ചുപോകയോ ചെയ്തുപോയാൽ ഒരു പുതിയ ടിക്കറ്റ് പതിച്ചുകൊടുക്കുന്നതിനു വണ്ടിയുടെ ഉടമസ്ഥന്മാർ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനോടു അപേക്ഷിക്കേണ്ടതാകുന്നു. അങ്ങനെ പുതുക്കി എഴുതുന്നതിനോ പുതിയ ടിക്കറ്റ് പതിക്കുന്നതിനോ ഉള്ള ചെലവു [illegible] ചുമത്തിയിരിക്കാം."

ഈ വ്യവസ്ഥ ആദ്യം പതിക്കുന്നതിനും പിന്നീടു പതിച്ചുകൊടുക്കുന്ന ടിക്കറ്റുകൾക്കും സംബന്ധിച്ചതാണെന്നല്ലായിരുന്നോ ഉദ്ദേശം എന്നു എനിക്കു നിശ്ചയമില്ല. എന്തായാലും ടിക്കറ്റിന്റെ ചെലവു [illegible] ചുമത്താമായിരിക്കും. ഈ വകുപ്പിനു ഞാൻ ആലോചിക്കുന്ന ഭേദഗതി ഈ [illegible] ചുമത്തുന്നതു [illegible] ഉള്ള നിബന്ധന ആദ്യം പതിച്ചുകൊടുക്കുന്ന ടിക്കറ്റുകൾക്കും പിന്നീടു പതിച്ചുകൊടുക്കുന്ന ടിക്കറ്റുകൾക്കും ബാധകമായിരിക്കത്തക്കവണ്ണം രണ്ടാം ഉപവകുപ്പിന്റെ ഒടുവിലത്തെ വാചകം അവിടെനിന്നു എടുത്തു [illegible] പുതിയ ഉപവകുപ്പു ആക്കണമെന്നാകുന്നു.

വണ്ടിക്കാരുടെ മുദ്രകളെ സംബന്ധിച്ചു ൧൩-ാം വകുപ്പു ഇപ്രകാരമാണ്:—

(എ) ഒരു വാടകവണ്ടിയുടെ വണ്ടിക്കാരനു ലൈസൻസു കൊടുക്കുമ്പോൾ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അവന്റെ ലൈസൻസിന്റെ നമ്പർ കുഴിച്ചോ എഴുതിയോ അടയാളപ്പെടുത്തിട്ടുള്ള ഒരു ലോഹമുദ്രയും അവനു കൊടുക്കേണ്ടതാകുന്നു.

... ...

പിന്നീടു നാലാം ഉപവകുപ്പിൽ ഇങ്ങനെ പറയുന്നു.

(ഡി) ഏതെങ്കിലും മുദ്രയിന്മേലെ നമ്പർ ലൈസൻസിന്റെ കാലാവധിക്കുള്ളിൽ അസ്പഷ്ടമായിപ്പോകയോ മാഞ്ഞുപോകയോ ചെയ്താലും ഏതെങ്കിലും മുദ്ര കളഞ്ഞുപോകയോ മോഷ്ടിച്ചുപോകയോ ചെയ്യുമ്പോഴും ആ മുദ്രയെ സംബന്ധിച്ചു ലൈസൻസ് കിട്ടീട്ടുള്ള ആൾ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ആ മുദ്ര ഹാജരാക്കുകയോ അതു നഷ്ടമായിപ്പോയവിവരം അദ്ദേഹത്തെ അറിയിക്കുകയോ ചെയ്കയും ലൈസൻസു അദ്ദേഹത്തെ ഏല്പിക്കുകയും വേണം. അപ്പോൾ, ൧൭-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഫീസിന്റെ പാതിഫീസു കൊടുക്കുമ്പോൾ, ആ ആളിനു ഒരു പുതിയ ലൈസൻസും മുദ്രയും കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യുന്നതിന്റെ മുഴുവനും ആ ലൈസൻസു പ്രബലതയിൽ ഇരിക്കും.''

ഇവിടെയും വണ്ടിക്കാരനു കൊടുക്കുന്ന മുദ്രയുടെ വിലയെപ്പററിയാതൊന്നും പ്രസ്താവിച്ചിട്ടില്ല. റെഗുലേഷൻപ്രകാരം, മുദ്രകൊടുക്കുന്നതു ഗവൺമെന്റിന്റെ ചെലവിന്മേലാണോ അല്ലയോ എന്നു ഒരു സംശയം ഉണ്ടായിരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വണ്ടിക്കാരനു മുദ്രയുണ്ടായിരിക്കണമെന്നു നിർബ്ബന്ധമാണോ?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതേ, ഇല്ലെങ്കിൽ അവനെ ശിക്ഷിക്കാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വണ്ടിക്കാരനു വണ്ടിഓടിക്കാൻ സൌകര്യമില്ലാതെ വന്നിട്ടു യാത്രക്കാരിൽ ഒരുത്തൻ വണ്ടിഓടിക്കേണ്ടിവന്നാലോ?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): യാത്രക്കാർ വാടകവണ്ടി ഓടിക്കാൻപാടില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വണ്ടിക്കാരൻ മദ്യപിച്ചു സ്വബോധമില്ലാത്തവനായിപ്പോയി എന്നു വിചാരിക്കുക. അപ്പോൾ യാത്രക്കാരിൽ ഒരുവൻ അവന്റെ സ്ഥാനം വഹിക്കേണ്ടിവരുമല്ലോ?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അങ്ങനെയുള്ള അസാധാരണസംഭവങ്ങൾ ഉണ്ടാകുമ്പോൾ കോടതി ദയയോടെ പെരുമാറും.

പിന്നെ ൩൦-ാം വകുപ്പിൽ ഇങ്ങനെ പറയുന്നു.

"(എ) ഒരു വാടക വണ്ടിയുടെ ഉടമസ്ഥനോ വണ്ടിക്കാരനോ നമ്മുടെ ഗവൺമെന്റിന്റെ അനുവാദത്തോടുകൂടെ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ നിശ്ചയിച്ചു പ്രസിദ്ധപ്പെടുത്തുന്ന നിരക്കിൻപ്രകാരമുള്ള കൂലി വാങ്ങുകയും ചെയ്യാവുന്നതാകുന്നു.

എന്നാൽ അങ്ങനെ നിശ്ചയിക്കുന്ന കൂലിയിൽ കുറച്ചുവാങ്ങിക്കൊള്ളാമെന്നുള്ള വല്ല ഉടമ്പടിയും ഉണ്ടായാൽ അതു ബാധകമായിരിക്കും."

൧൭-ാം നമ്പർ ചട്ടത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"അങ്ങനെ നിശ്ചയിക്കുന്ന കൂലിനിരക്കു തകിടിന്മേൽ അച്ചടിച്ചു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവിൻപ്രകാരം ഒരു വണ്ടിക്കു ലൈസൻസ് കൊടുത്തശേഷം ആ വണ്ടിയുടെ പ്രത്യക്ഷമായി കാണാവുന്ന ഒരു സ്ഥാനത്തു പതിക്കേണ്ടതാകുന്നു.

ഇതിൽനിന്നു ഒരു വണ്ടിക്കു ലൈസൻസ് കൊടുത്താൽ അതിന്മേൽ ഒരു കൂലിനിരക്കു തകിടു പതിക്കണമെന്നു വരുന്നു. എന്നാൽ തകിടിന്റെ വിലയെപ്പററിയോ അതു ആരോടു വസൂലാക്കണമെന്നോ പറഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റു ഒരു കക്ഷിക്കുവേണ്ടി എന്തെങ്കിലും ജോലി ചെയ്തുകൊടുക്കണമെന്നു ആവശ്യപ്പെടുമ്പോൾ അതിനുള്ള ശരിയായ പ്രതിഫലം ഗവൺമെന്റിലേക്കു കിട്ടേണ്ടതു ന്യായവും ആണു. തകിടുണ്ടാക്കുന്നതിനു അല്പം ചെലവുണ്ടു; അതു ഉപേക്ഷിക്കാവുന്നതല്ല. അതുകൊണ്ടു ബില്ലിന്റെ തത്വം സഭ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): ഇതുനിമിത്തം ഗവൺമെന്റിന്നുണ്ടാകുന്ന വരവു എന്തായിരിക്കും?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു വരവെന്നു പറവാൻ പാടില്ല. തകിടിന്നും മുദ്രയ്ക്കും വില വസൂലാക്കാതിരുന്നാൽ ഗവൺമെന്റിന്നു ആണ്ടുതോറും ഏകദേശം ൫൦൦ രൂപാ നഷ്ടമുണ്ടാകും.

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): ഈ നിസ്സാര സംഖ്യക്കുവേണ്ടി ജനങ്ങളെ ഉപദ്രവപ്പെടുത്തണമോ?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഗവൺമെന്റിന്നു നഷ്ടം ഉണ്ടാകരുതെന്നുള്ളതു ന്യായമാണു.

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏർപ്പാടുക്രമം ഫീസ് കൊടുത്താൽ പിന്നെ മററെല്ലാകാര്യങ്ങളും ഗവൺമെന്റു ചെലവിന്മേൽ ചെയ്തുകൊടുക്കേണ്ടതാണെന്നു വിചാരിച്ചുകൂടയോ?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അക്ഷരപ്രകാരം വ്യാഖ്യാനിച്ചാൽ അതാകുന്നു അർത്ഥം.

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): ഇപ്പോഴത്തെ പതിവെന്താണ്?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): കുറച്ചുനാൾ മുമ്പുവരെ അവരോട്ട ലൈസൻസ് ഫീസും തകിടിന്റെ വിലയും വസൂലാക്കിവന്നു. എന്നാൽ വില വസൂലാക്കുന്നതു നിയമാനുസാരം അല്ലെന്നു ഗവർമ്മെന്റിനു തോന്നി. പിന്നീട ഈ തകിടുകൾ ഉണ്ടാക്കുന്നതിനു ഒരു കൺട്രാക്ടരെ ഏല്പിക്കയും വണ്ടി ഉടമസ്ഥന്മാരോട്ട തകിടുകൾ കൺട്രാക്ടരോട്ടവാങ്ങിക്കൊള്ളുവാൻ ആജ്ഞാപിക്കയും ചെയ്തുവന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വില വസൂലാക്കുന്നതിനു മുമ്പാണോ തകിടുകൾ അവക്കുകൊടുക്കുന്നത്?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): തകിടുകൾ യഥാർത്ഥത്തിൽ വില്ക്കുകയാണു ചെയ്തുവരുന്നത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): തകിടുകൾ അവക്കിപ്പോൾ വില്ക്കയാണു പതിവെങ്കിൽ ഒരു റെഗുലേഷന്റെ ആവശ്യം എന്താണു?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു നിയമാനുസാരം അല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പണം കൊടുക്കുന്നതിനു മുമ്പായി തകിടു പതിക്കണമെന്നു നിർബന്ധമുണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ബിൽ ഗവർമ്മെന്റ സ്വമേധയായി ഹാജരാക്കുന്നതാണോ അതോ നിയമം കുറെനാളത്തേക്ക നടപ്പാക്കിയ പരിചയത്തിൽനിന്നുണ്ടായ അനുഭവംകൊണ്ടു പൊലീസ് കമ്മിഷണർ ചെയ്ത ശിപാർശപ്രകാരമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അദ്ദേഹത്തിന്റെ ശിപാർശപ്രകാരമാണു ബിൽ തെയ്യാറാക്കീട്ടുള്ളതു.

പ്രെസിഡെന്റ: ബില്ലിന്റെ തത്വം സഭ സ്വീകരിക്കുന്നുഎന്നു സങ്കല്പിക്കാമോ?

പ്രമേയം സ്വീകരിക്കപ്പെട്ടു.

അനന്തരം നിയമസഭാസെക്രട്ടറി ബില്ലിന്റെ പേരുവായിച്ചു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ). മെസ്സേർസ് എം. എൻ. പിള്ള, കുറുങ്ങിപ്പള്ളിൽ ആർ. രാമൻപിള്ള, കെ. ഐ. ജോസഫ്, ഡബ്ലിയു. എച്ച്. പിററ്, കെ. കെ. തോമസ് ഇവരും ഞാനും അടങ്ങിയ ഒരു സിലെക്ട് കമ്മിററിയെ ബിൽ ഏല്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി). ഞാൻ അനുകൂലിക്കുന്നു.

പ്രമേയം സ്വീകരിക്കപ്പെട്ടു.

പ്രെസിഡെന്റ: മിസ്റ്റർ പിററ് സിലെക്ട് കമ്മിററിയുടെ അഗ്രാസനർ ആയിരിക്കും. കമ്മിററി അവരുടെ റിപ്പോർട്ട് ഒരുമാസത്തിനുള്ളിൽ സമർപ്പിക്കണം.

കൃഷിമരാമത്തു റെഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). ൧൦൯൨-ാമാണ്ടത്തെ ൩-ാം നമ്പർ കൃഷിമരാമത്തു റെഗുലേഷൻ ഭേദപ്പെടുത്തുന്നതിനുള്ള ഒരു റെഗുലേഷൻ ഞാൻ ഹാജരാക്കിക്കൊള്ളുന്നു. ബിൽ ഉദ്ദേശകാരണവിവരണത്തോടുകൂടെ ഗസററിൽ പ്രസിദ്ധംചെയ്തിട്ടുണ്ട. അതു സഭയിൽ വായിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി). ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). ബില്ലിന്റെ ഉദ്ദേശത്തെ ഞാൻ ഇപ്പോൾ ചുരുക്കമായി പ്രസ്താവിക്കാം. ഉദ്ദേശം ലഘുവാണു. എങ്കിലും അല്പം വിവരണം ആവശ്യമായിരിക്കാം. ൩-ാം വകുപ്പിന്റെ തന്നെ ഉദ്ദേശം എന്താണെന്നു വിവരിച്ചു ആരംഭിക്കാം. ആ വകുപ്പാണു ഇപ്പോൾ ഭേദപ്പെടുത്താൻ ആവശ്യപ്പെടുന്നതു. മററ പ്രദേശങ്ങളിലെന്നപോലെ തിരുവിതാംകൂറിലും കൃഷിചെയ്യാനുള്ള നിലങ്ങൾ സാധാരണയായി ഒന്നായിട്ടാണു കിടക്കുന്നതു. ഈ ഒന്നായികിടക്കുന്നനിലങ്ങൾ ഉടമസ്ഥന്മാർ കൂട്ടായി കൃഷിചെയ്തുവരുന്നു. ഇതു തിരുവിതാംകൂറിലെ നിലങ്ങളുടെ ഒരു സാധാരണ സ്വഭാവമാണു. കുട്ടനാട്ടെ പുഞ്ചനിലങ്ങളിലെ കൃഷിസമ്പ്രദായം ഇതിന്റെ ഒരു നല്ല ഉദാഹരണമാണു. ഈ നിലങ്ങൾ പ്രത്യക്ഷമായ അതിരുകളില്ലാതെ ഒന്നോടൊന്നു തൊട്ടുകിടക്കുന്നു. ഇവയുടെ കൃഷിക്കായി ചെയ്യേണ്ടുന്ന പ്രധാനപ്രവൃത്തികളിൽ രണ്ടു പുറവും വരമ്പിടുകയും നിലങ്ങളിലെ വെള്ളം വററിക്കയും ആകുന്നു. ഈ സഭയിലെ മെമ്പർമാർക്കെല്ലാവർക്കും പക്ഷേ അറിയാവുന്നതുപോലെ പുറം വരമ്പുണ്ടാക്കുന്നതു കൃഷിക്കാരെല്ലാവരുടെയും അദ്ധ്വാനം കൊണ്ടാണു അതിന്റെ ഗുണവും അവരെല്ലാവർക്കും സിദ്ധിക്കുന്നു. അദ്ധ്വാനവും ചെലവും എല്ലാവരുടെയും കൂടെയുള്ളതാണു. വെള്ളംവററിക്കുന്നതും ഉടമസ്ഥന്മാർ കൂട്ടായിട്ടാണു. ഒരു ഉടമസ്ഥൻ തന്റെ നിലത്തിനു വരമ്പിടുകയും തന്റെ നിലത്തിലെ വെള്ളം വററിച്ചുകൊള്ളുകയും ചെയ്യണമെന്നു പറയുന്നതു ന്യായമല്ല. അങ്ങനെ ചെയ്യുന്നതു താനും മററുള്ളവരും കൂട്ടായി ചെയ്യുന്നതിനെക്കാൾ എത്രയോ അധികമായിരിക്കും. അതുകൊണ്ടു ഈ ജോലികൾ കൂട്ടായിട്ടാണ് ചെയ്തുവരുന്നതു. അനേകം ഉടമസ്ഥന്മാർ ഉണ്ടായിരിക്കെ ഒരാൾക്ക വരമ്പിടുന്നതിനും വെള്ളം വററിക്കുന്നതിനും ഉള്ള ചെലവിൽ തന്റെ ഓഹരി എടുക്കാൻ മനസ്സില്ലാതെ മററുള്ളവർ ചെലവുചെയ്തു വരമ്പിടാനും വെള്ളം വററിക്കാനും വിട്ടേച്ചാൽ അയാളോട്ട ചെലവിന്റെ ഓഹരി വസൂലാക്കാൻ പാടില്ലയോ എന്ന ചോദ്യത്തിനു സംഗതിയുണ്ട. അവർ അവരവരുടെ നിലങ്ങൾക്ക പുറം വരമ്പുണ്ടാക്കിയാൽ മതിയല്ലോ എന്നു പറഞ്ഞേക്കാം. എന്നാൽ അതല്ല പതിവു. എന്നുമാത്രമല്ല അതിനുള്ള ചെലവു മനസ്സില്ലാത്ത ഉടമസ്ഥന്റെ നിലങ്ങൾ ഉൾപ്പെടുത്തിചെയ്യുന്നതിനെക്കാൾ അധികവുമായിരിക്കും. ഇങ്ങനെ മററുള്ളവർ വരമ്പിടുകയും വെള്ളംവററിക്കയും ചെയ്താൽ പ്രകൃത്യാതന്നെ അതിന്റെ ഗുണം മനസ്സില്ലാത്ത ഉടമസ്ഥന്റെ നിലത്തിനും സിദ്ധിക്കും. എന്നു പറഞ്ഞാൽ അവരുടെ അദ്ധ്വാനത്തിന്റെ ഫലം ചെലവുചെയ്വാൻ മനസ്സില്ലാത്ത ഉടമസ്ഥനും അനുഭവിക്കുന്നു. ഉടമസ്ഥന്മാരിൽ ആരെങ്കിലും കൂട്ടായിചെയ്യേണ്ടതോ കൂട്ടായി ചെലവുചെയ്യേണ്ടതാക

ണ്ടിവരുന്നതായ പ്രവൃത്തിയിൽ, തന്റെ ഓഹരി ചെയ്വാൻ വീഴ്ചചെയ്കയോ ഉപേക്ഷചെയ്കയോ ചെയ്കയും മററെ ഉടമസ്ഥന്മാർ വരമ്പേട്ടക്കാനോ വെള്ളം വററിക്കാനോ നിർബന്ധിതരാകയും ചെയ്യുമ്പോൾ ദിവാൻ പേഷ്കാരോ ഈ കാര്യത്തിൽ പ്രത്യേകം അധികാരപ്പെടുത്തപ്പെട്ട വേറെ ഉദ്യോഗസ്ഥനോ തനിക്കു യുക്തമെന്നു തോന്നുന്ന കല്പന കൊടുക്കാമെന്നു ൨൩-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നു. ദിവാൻ പേഷ്കാർതന്നെ ആ പ്രവൃത്തി ചെയ്യിച്ചിട്ടു അതിനുള്ള ചെലവു വസൂൽ ആക്കാമെന്നും ആ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു. വരമ്പേട്ടക്കുന്നതിനും വെള്ളം വററിക്കുന്നതിനും തമ്മിൽ ഒരു പ്രധാനവ്യത്യാസം ഉണ്ടെന്നു ൨൩-ാം വകുപ്പിൽനിന്നു കാണാവുന്നതാണ്. ൧൦൦൦൦ അടി വരമ്പേട്ടക്കാനുണ്ടെങ്കിൽ ഒരു ഉടമസ്ഥൻ ൨൦൦൦ അടിയും വേറൊരുവൻ ൫൦൦൦ അടിയും വേറൊരുവൻ ൩൦൦൦ അടിയും ഇങ്ങനെ വീതിച്ചു എടുക്കാം. എന്നാൽ വെള്ളം വററിക്കുന്ന കാര്യത്തിൽ ഒരു ഉടമസ്ഥൻ എത്ര വെള്ളം വററിക്കണമെന്നു പറയാൻ സാധിക്കയില്ല. ഈ വ്യത്യാസംനിമിത്തം ചെലവു എങ്ങനെ ഓഹരിചെയ്യണമെന്നേ പറയാൻ സാധിക്കയുള്ളു. അതുകൊണ്ടു രണ്ടുതരം വ്യവസ്ഥകൾ ആവശ്യമാണ്. മനസ്സില്ലാത്ത ഉടമസ്ഥൻ, ചെയ്യേണ്ടുന്ന ജോലിയിൽ ഒരു ക്ലിപ്തഓഹരി ചെയ്വാൻ വീഴ്ചചെയ്താൽ ആ ജോലി ഡിവിഷൻ പേഷ്കാരുടെ കല്പനപ്രകാരം ചെയ്യാമെന്നുമാത്രമേ ൨൩-ാം വകുപ്പിൽ പറയുന്നുള്ളു. മററകാര്യത്തിൽ മനസ്സില്ലാത്ത ഉടമസ്ഥൻ എന്തുകൊടുക്കണമെന്നു അതിൽ പറഞ്ഞിട്ടില്ല. വെള്ളം വററിക്കുന്നതിനു ൧൦൦൦൦ രൂപാ ചെലവുണ്ടായിരിക്കാം. ആ സംഖ്യയിൽ എത്രയാണ് ആ ഉടമസ്ഥൻ കൊടുക്കേണ്ടതു? വെള്ളം വററിക്കുന്നകാര്യത്തിൽ ചെലവു ഓഹരിചെയ്യുന്നതിനു ഡിവിഷൻ പേഷ്കാർക്കു ൨൩-ാം വകുപ്പുപ്രകാരം ഒരു കല്പനകൊടുക്കാമെന്നുള്ളതു സത്യംതന്നേ. എന്നാൽ ആ ഓഹരി സംഖ്യ ചെലവുചെയ്വാൻ മനസ്സില്ലാത്ത ഉടമസ്ഥനോടു എങ്ങനെയാണ് വസൂൽ ചെയ്യേണ്ടതെന്നു ആ വകുപ്പിൽ പറഞ്ഞിട്ടില്ല. അങ്ങനെയുള്ള സംഖ്യ മനസ്സില്ലാത്ത ഉടമസ്ഥനോടു കരകുടിശിക വസൂൽ റെഗുലേഷൻപ്രകാരം വസൂൽചെയ്യാമെന്നു വ്യക്തമാക്കുകയാണ് ഈ ഭേദഗതിയുടെ ഉദ്ദേശം. ഈ വിവരണം കൊണ്ടു, ഭേദപ്പെടുത്തിയപ്രകാരമുള്ള വകുപ്പു ഞാൻ അച്ചടിപ്പിച്ചു പരിവർത്തനം ചെയ്തിട്ടുള്ളതു മെമ്പർമാർ വായിച്ചുനോക്കിയാൽ ഈ ഭേദഗതിയുടെ ഉദ്ദേശം അവർക്കു മനസ്സിലാകും. ൨൩-ാം വകുപ്പു ഇങ്ങനെയാണ്.

"൨൩. കൃഷികാര്യത്തിനായിട്ടുള്ള വല്ലപണിയും, സ്ഥലത്തെ നടപ്പനുസരിച്ചു ആ പണിയാൽ ഗുണപ്പെടുന്നതായ ഭൂമികളുടെ ഉടമസ്ഥന്മാർ എല്ലാപേരും ഒന്നിച്ചുചേർന്നു വേലചെയ്തും അവർ എല്ലാപേരുടേയും ചെലവിന്മേലും നടത്തേണ്ടതായിരിക്കുമ്പോഴെല്ലാം, ആ വിധത്തിലുള്ള ഉടമസ്ഥന്മാരിൽ വല്ലയാളും ആയാളുടെ ഓഹരിക്കുള്ള പണി നടത്താതിരിക്കയോ പണിനടത്തിക്കുന്നതിൽ ഉപേക്ഷകാണിക്കുകയോ ആകട്ടെ, ആ പണിക്കുള്ള ചെലവിലൊ വേലയിലോ തന്റെ ഓഹരി കൊടുക്കാതിരിക്കയോ കൊടുക്കുന്നതിൽ ഉപേക്ഷകാണിക്കയൊ ആകട്ടെ ചെയ്താൽ, ആ പണിയിങ്കൽ താല്പര്യമുള്ളവരോ ആ വിധം വീഴ്ചയാലോ ഉപേക്ഷയാലോ ദോഷം തട്ടീട്ടുള്ളവരൊ ആയ വസ്തു ഉടമസ്ഥന്മാരിൽ ന്യായമായ എണ്ണം ആളുകളുടെ ഹർജിയിന്മേൽ ഡിവിഷൻ പേഷ്കാരോ ഈ കാര്യത്തിൽ പ്രത്യേകം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനൊ, ആ സംഗതിയെക്കുറിച്ചു അന്വേഷണംചെയ്തു തനിക്കു യുക്തമെന്നു തോന്നുന്ന ഉത്തരവു ചെയ്യാവുന്നതാകുന്നു". ഇത്യാദി.

ഇങ്ങനെ വകുപ്പിന്റെ ഒന്നാംഭാഗത്തിൽ രണ്ടുതരം പണികളാണ് പറഞ്ഞിട്ടുള്ളതു, എല്ലാവരും ഒന്നിച്ചുചേർന്നു ചെയ്യേണ്ടപണിയും എല്ലാവരുടെയും കൂട്ടുചിലവിന്മേൽ ചെയ്യേണ്ടപണിയും. വകുപ്പിന്റെ രണ്ടാംഭാഗം ഇങ്ങനെയാണ്.

"വീഴ്ചക്കാരനായ വസ്തു ഉടമസ്ഥൻ ആ പണിയിൽ ഒരുഭാഗം നടത്തിക്കേണ്ടതാണെന്നു ആ ഉത്തരവിൽ വിധിച്ചിരിക്കുന്നതായാൽ പണിയിൽ ഇന്നഭാഗം അയാൾ നടത്തിക്കണമെന്നും അതു ഇന്ന സമയത്തിനകം ചെയ്തുതീർക്കണമെന്നും ആ പണിക്കുള്ള ചെലവിനുള്ള അടങ്കലും വ്യക്തമായി ആ ഉത്തരവിൽ വിവരിച്ചിരിക്കേണ്ടതാകുന്നു. വീഴ്ചക്കാരനായ ഉടമസ്ഥൻ ഉത്തരവിൽ ക്ലിപ്തപ്പെടുത്തിയ കാലാവധിക്കകം പണിനടത്താതിരിക്കയൊ നടത്തുകയില്ലെന്നു പറകയൊ ചെയ്താൽ ആ പണിക്കുള്ള ചെലവിനെ ആ വീഴ്ചക്കാരങ്കൽനിന്നു കരകുടിശികപോലെ ഈടാക്കാവുന്നതും ആ പണിയെ ഡിവിഷൻ പേഷ്കാരുടെയോ മേൽപറഞ്ഞ മററു ഉദ്യോഗസ്ഥന്റെയോ ഉത്തരവുപോലെ നടത്തിക്കാവുന്നതും ആകുന്നു."

ഇതു പണിയെ ക്ലിപ്ത ഓഹരിപ്രകാരം ചെയ്യേണ്ടുന്ന കാര്യങ്ങളെ സംബന്ധിച്ചാണ്. പണിമുഴുവനായിചെയ്തു ചെലവു ഓഹരിചെയ്യേണ്ടുന്ന സംഗതികളെപ്പററി വകുപ്പിൽ ഒന്നും പറഞ്ഞിട്ടില്ല. വകുപ്പു അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ വരമ്പുകുത്തുന്നതിനെ സംബന്ധിക്കും. വെള്ളം വററിക്കുന്നതിനെ സംബന്ധിക്കയില്ല. അതുകൊണ്ടു വകുപ്പിന്റെ അവസാനത്തിൽ ആവശ്യപ്പെട്ട ഭേദഗതി വരുത്തിയിരിക്കുന്നു. വകുപ്പിന്റെ ഒന്നാംഭാഗത്തിന്റെ അവസാനത്തിൽ ഈ വാചകംകൂടി ചേർക്കേണ്ടതാകുന്നു.

"ആ ഉത്തരവിനാൽ വീഴ്ചക്കാരനായ വസ്തു ഉടമസ്ഥൻ പണിയുടെ ഏതെങ്കിലും ഒരു ഓഹരി ചെയ്യണമെന്നൊ ആ പണിയുടെ ചെലവിൽ ഒരു ഓഹരി കൊടുക്കണമെന്നോ കല്പിക്കാവുന്നതും ആകുന്നു"

രണ്ടാംഭാഗത്തിന്റെ ഒടുവിൽ താഴെകാണുന്ന വാചകവും ചേർക്കണം.

"ഈ വകുപ്പിലെ വ്യവസ്ഥകളിൻപ്രകാരം കൊടുക്കാൻ കല്പിക്കുന്ന ഏതൊരുസംഖ്യയും വീഴ്ചക്കാരനായ വസ്തു ഉടമസ്ഥന്മാരിൽനിന്നു കരകുടിശികപോലെ വസൂലാക്കാവുന്നതും വസൂലാകുന്ന സംഖ്യ അതിന്നവകാശമുള്ള ആളുകൾക്കു കൊടുക്കാവുന്നതും ആകുന്നു"

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കൃഷിഡിപ്പാർട്ടുമെന്റു ഉണ്ടായതു എന്നാണെന്നു പറയുമോ?

മി: കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): പതിനഞ്ചോ ഇരുപതോ വർഷം മുമ്പാണെന്നു തോന്നുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ റെഗുലേഷൻ അതിനുമുമ്പു പാസ്സാക്കിയതല്ലേ?

മി: കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതേ, ഒരർത്ഥത്തിൽ

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കൃഷി നന്നാക്കുന്ന കാര്യങ്ങളിൽ ഉത്തരവാദി കൃഷിവകുപ്പുകാർ അല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതേ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എന്നാൽ കൃഷിഡയറക്ടർ അല്ലാതെ പേഷ്കാർ ഈ അധികാരം നടത്തണമെന്നു ആവശ്യപ്പെടുന്നതു എന്തിനാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): പേഷ്കാരോ ഇക്കാര്യത്തിൽ പ്രത്യേകം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനോ എന്നാണ് നിയമത്തിൽ ഇപ്പോഴുള്ളത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): രാജ്യത്തിലെ കൃഷിയുടെ ക്ഷേമത്തിനു ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഈ ജോലി നിർവ്വഹിക്കയല്ലയോ ഉത്തമം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): പേഷ്കാരോ അക്കാര്യത്തിൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ അതു നിർവഹിക്കാമെന്നുള്ള സംഗതി മെമ്പറിന്റെ അറിവിൽ പെടുത്തികൊള്ളുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പേഷ്കാരുടെ പേരു എടുത്തുകളയാഞ്ഞതെന്താണ്? അദ്ദേഹത്തിനു എന്താണു അക്കാര്യത്തിൽ ഉത്തരവാദിത്വം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതിനെ സംബന്ധിച്ചുള്ള ഭേദഗതികൊണ്ടു വന്നിട്ടില്ലല്ലോ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അദ്ദേഹം ഒരു ഭേദഗതി ഇപ്പോൾ കൊണ്ടു വന്നിരിക്കുന്നു. കൃഷികാര്യങ്ങൾ നോക്കുന്നതിനു ഇപ്പോൾ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റുണ്ട്. എന്നാൽ ഭേദഗതി ബില്ലിൽ ആ അധികാരം കൃഷി ഡിപ്പാർട്ടുമെന്റിലേക്കു മാററിട്ടില്ല. റെവന്യൂ ഡിപ്പാർട്ടുമെന്റിന്റെയും കൃഷിഡിപ്പാർട്ടുമെന്റിന്റെയും ഉത്തരവാദിത്വം എത്രത്തോളമാണെന്നു ക്ലിപ്തപ്പെടുത്തുന്ന വല്ല ചട്ടവും ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ടെന്നു തോന്നുന്നു. ലാൻഡ്റെവന്യൂവും ആദായനികുതിയും കമ്മീഷണരുടെ അധികാരങ്ങളെ വിവരിക്കുന്ന ഗവണ്മെന്റുത്തരവു എന്റെ സ്നേഹിതൻ വായിച്ചു നോക്കിയാൽ അദ്ദേഹം ആവശ്യപ്പെടുന്നതു കാണും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നമുക്കിപ്പോൾ ഒരു കൃഷിഡിപ്പാർട്ടുമെന്റു ഉള്ളതുകൊണ്ടും ഒരു പ്രത്യേക മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റു വേണമെന്നു ക്ഷോഭം നടത്തിക്കൊണ്ടിരിക്കുന്നതുകൊണ്ടും കൃഷികാര്യങ്ങളെ സംബന്ധിച്ചുള്ള ഉത്തരവാദം ആരാണു വഹിക്കേണ്ടതാണെന്നാണ് ചോദ്യം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഡിവിഷൻ പേഷ്കാരെ ഒഴിച്ചു ഏതെങ്കിലും ഉദ്യോഗസ്ഥനാണ് അതു വഹിക്കേണ്ടതെന്നു കണ്ടു അതു ആവശ്യപ്പെടുന്നതെങ്കിൽ ഗവണ്മെന്റിനു അങ്ങനെ ചെയ്യാവുന്നതാകുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉത്തരവാദം വഹിക്കുന്നതു ആ അധികാരം പതിവായി നടത്തി വരുന്ന ഉദ്യോഗസ്ഥൻ, അതായതു പേഷ്കാർ ആയിരിക്കയാണ് ഉത്തമം എന്നു മിസ്റ്റർ പരമേശ്വരൻപിള്ള വിചാരിക്കുന്നില്ലയോ?

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം ഡിപ്യൂട്ടിപ്രെസിഡെന്റ): കൃഷിസേചനകാര്യങ്ങളിൽ കൃഷിഡയറക്ടർക്കു വല്ല കാര്യവും ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അദ്ദേഹത്തിനു യാതൊരു കാര്യവുമില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇതൊരു ന്യായവിചാരസംഗതി അല്ലയോ? അതുകൊണ്ട് ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥനല്ലയോ യോഗ്യൻ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): എന്റെ സ്നേഹിതൻ ഒരു നീതിന്യായകോടതിയെ സംബന്ധിച്ചാണ് പറയുന്നതെങ്കിൽ, അതു അധികം സമയവ്യയത്തിനും ചെലവിനും കാരണമാകും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): പേഷ്കാർ ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥൻ കൂടെ ആകയാൽ ആദ്ദേഹമല്ലേ യോഗ്യനായ ഉദ്യോഗസ്ഥൻ എന്നാണ് ഞാൻ ചോദിക്കുന്നതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർ വക്കീൽ): അതെ അദ്ദേഹമാണ് യോഗ്യൻ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരു അടങ്കൽ തെയ്യാറാക്കാനെങ്കിൽ ആരാണ് അതു ചെയ്വാൻ യോഗ്യൻ, എക്സിക്യൂട്ടീവ് എൻജിനീയരോ പേഷ്കാരോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു തെയ്യാറാക്കേണ്ടുന്നതു ടങ്കലിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ചെയ്യാനുള്ള പണിയുടെ സ്വഭാവം തീർച്ചയാക്കേണ്ടതു ആരാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): പേഷ്കാരായിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതു വേഗം ചെയ്യുന്നതിനു എക്സിക്യൂട്ടീവ് എൻജിനീയരെക്കൊണ്ട് ചെയ്യിക്കയല്ലയോ നല്ലതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ആയിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇന്നിയും, പണിചെയ്യുന്നതു വസ്തു ഉടമസ്ഥന്മാരിൽ ഒരു ന്യായമായ എണ്ണം വേണമെന്നു പറഞ്ഞിരിക്കുന്നു. "ന്യായമായ എണ്ണം" ഒരു ക്ലിപ്തമല്ലാത്ത സംഖ്യയാണ്. ഈ കാര്യത്തിനു അധികം ആളുകൾ എന്തിനാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ വകുപ്പു പുതുതായി ഉണ്ടാക്കുകയല്ല ചെയ്യുന്നതു്. ഞാൻ ചെയ്യാൻ വിചാരിക്കുന്നതു നിയമമാക്കിപ്പോയിട്ടുള്ള വകുപ്പിന്റെ ഉദ്ദേശം സ്പഷ്ടമാക്കാൻ മാത്രമാണു്. ശരിയായി പറഞ്ഞാൽ ഭേദഗതി വാക്കിൽ മാത്രമാണു്.

മി: കെ. കെ. താമസ് (കോട്ടയം): ഇക്കാര്യത്തിൽ പൊതുജനത്തിന്റെ അപേക്ഷയില്ലയോ?:

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരു പരാതിയുണ്ടായിരുന്നു. അതിനെപ്പററി ലാണ്ട്റവന്യൂ കമ്മിഷണർ ഗവണ്മെൻറിലേക്കു റിപ്പോർട്ടുചെയ്തു. അതു നിമിത്തമാണു് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

മി: കെ. കെ. താമസ് (കോട്ടയം): ദിവാൻപേഷ്കാരുടെ ഉത്തരവിന്മേൽ അപ്പീലുണ്ടോ:?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അപ്പീലുണ്ടെന്നു ഞാൻവിചാരിക്കുന്നു. ഒരു സമ്മറിനടപടിയാകയാൽ ഒരു സിവിൽ വ്യവഹാരം പാടുണ്ടെന്നാണു എനിക്കുതോന്നുന്നതു.

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ): ദിവാൻപേഷ്കാരുടെതീർപ്പിന്മേൽ ദിവാന്റെ അടുക്കൽ അപ്പീൽ ബോധിപ്പിക്കണമെന്നു വല്ലവ്യവസ്ഥയും ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആദ്യം തീർപ്പു കല്പിക്കുന്നതു് ദിവാൻപേഷ്കാരാണെങ്കിൽ ഗവണ്മെൻറിനു അധികാരമുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തഹശീൽദാരും ഇപ്പോൾ തീർപ്പുകല്പിക്കുന്ന ഉദ്യോഗസ്ഥൻ അല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതേ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ ദിവാൻ പേഷ്കാരുടെതീർപ്പിന്മേൽ രണ്ടാമപ്പീൽ ഉണ്ടാകയില്ലല്ലോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ); ഇല്ല, രണ്ടാമപ്പീൽ ഉണ്ടാകയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, കൃഷിക്കാരുടെ കാര്യത്തിൽ പ്രത്യേകമായികുട്ടനാട്ടിലെ കൃഷിക്കാരുടെ കാര്യത്തിൽഗവണ്മെൻറ പ്രദർശിപ്പിക്കുന്നതാല്പര്യത്തെ ഞാൻ അനുമോദിക്കുന്നതോടുകൂടെ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളഭേദഗതിപ്രമേയത്തിൽ ചില ന്യൂനതകൾ ഉണ്ടെന്നുള്ള സംഗതിയും പറയേണ്ടിയിരിക്കുന്നു. ഈ ഭേദഗതി ആരെ ഉദ്ദേശിച്ചു കൊണ്ടുവന്നിരിക്കുന്നുവോ അവരുടെ ആവശ്യ നിവൃത്തിക്കു അതു മതിയാകയില്ല. പുഞ്ചപ്പാടങ്ങളിലെ കൃഷികാര്യത്തിൽ ഉള്ള പ്രധാന പ്രയാസങ്ങൾ രണ്ടുസംഗതികളെ സംബന്ധിച്ചു അതായതു, ചുററും വരമ്പു കുത്തുന്നതിനേയും വെള്ളം വററിക്കുന്നതിനേയും സംബന്ധിച്ചാണെന്നു എന്റെസ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞതുശരിയാണു. പ്രയാസം യഥാർത്ഥമായ പ്രയാസം തന്നെയാണു. അക്കാര്യങ്ങളിൽ സിവിൽ കോടതിയെ അഭയം പ്രാപിക്കുന്നതുകൊണ്ടു് കക്ഷികൾക്കു സമയോചിതമായ യാതൊരു സഹായവും ലഭിക്കയില്ലെന്നുള്ള സംഗതി ആ പ്രയാസത്തെ വലുതാക്കുകയേയുള്ളു. അതുകൊണ്ടു് ഇക്കാര്യത്തിൽ സഹായത്തിനു ചോദിക്കേണ്ടതും ചോദിച്ചുവരുന്നതും റവന്യൂഅധികാരസ്ഥന്മാരോടാണു. ദിവാൻപേഷ്കാർക്കുമാത്രം അധികാരം കൊടുത്തതുകൊണ്ടു് മതിയാകയില്ലെന്നുള്ള സംഗതി ഗവണ്മെൻറിനു കുറെക്കാലം മുമ്പുതന്നെ അനുഭവമാകയാൽ അവർ ആ അധികാരം തഹശീൽദാരന്മാർക്കുംകൊടുത്തിരിക്കുന്നു, എന്നാൽ ആ വ്യവസ്ഥകൊണ്ടു് കക്ഷികൾക്കു സമയത്തിനു സഹായം ലഭിക്കുന്നതല്ലെന്നാണു് അനുഭവം. കൃഷിജോലികൾ ആരംഭിക്കാറാകുന്നതുവരെപ്രയാസം പ്രത്യക്ഷമാകയില്ല. വരമ്പുകുത്തുന്നജോലിയുംവെള്ളംവററിക്കുന്നജോലിയും സാധാരണയായി തുലാവർഷംകഴിഞ്ഞാലുടനെയാണു് ആരംഭിക്കേണ്ടതു്. ജോലികൾ യഥാർത്ഥത്തിൽ ഇടങ്ങുന്നതുവരെ ഭൂമി ഉടമസ്ഥന്മാർ തെയ്യാറാകുന്നതായും കാണിച്ചുകൊണ്ടിരിക്കും എന്നാൽ വൃശ്ചികത്തിന്റെ ആരംഭത്തിൽ ഒന്നോരണ്ടോപേർ സഹായിക്കയില്ല. അപ്പോഴാണു് വലിയപ്രയാസം നേരിടുന്നതു. ആ അവസരത്തിലാകുന്നു ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെസഹായംവേണ്ടതു. കൃഷിമരാമത്തു റെഗുലേഷൻ ഇപ്പോൾ ചില റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് അതിനാവശ്യമുള്ള അധികാരങ്ങൾ കൊടുക്കുന്നു. അവർ കാര്യത്തിൽ തൽക്ഷണം പ്രവേശിച്ചുവേണ്ടുന്നനടപടിനടത്തുമെന്നാണു് പ്രതീക്ഷ. എന്നാൽ നിർഭാഗ്യവശാൽഅതു സംഭവിക്കുന്നില്ല. ഇതു നിമിത്തം നിലം തരിശായികിടന്നു പോകുന്നു. ഒന്നോരണ്ടോപേരുടെ ഉപേക്ഷയുടേയോനിസ്സഹകരണത്തിന്റെയോഫലം കാലം അതിക്രമിച്ചശേഷമാണു മനസ്സിലാകുന്നതു്, ഒടുവിൽ കരംവിട്ടുകൊടുക്കണമെന്നു നിർബന്ധം വരുമ്പോഴാണു് ഗവണ്മെൻറിന്റെ കണ്ണുതുറക്കുന്നതു. ഗവണ്മെൻറിന്റെ പ്രവേശനത്തെപ്പററി നിയമങ്ങൾ ഉണ്ടാക്കീട്ടും വിഷയത്തിന്റെ ഈ ഭാഗത്തിൽ വേണ്ടശ്രദ്ധപതിഞ്ഞിട്ടില്ലെന്നു ഞാൻ ശങ്കിക്കുന്നു. അതുകൊണ്ടു ദിവാൻ പേഷ്കാർ അന്വേഷണം കഴിക്കണമെന്നും, ജോലി നിർവ്വഹിക്കാൻ കക്ഷിയോടു ആജ്ഞാപിക്കണമെന്നും അല്ലെങ്കിൽ ചെലവു വസൂലാക്കണമെന്നും ഉള്ള വ്യവസ്ഥ യഥാർത്ഥത്തിൽ നിഷ്പ്രയോജനമാണു. ചെയ്യേണ്ടപണി ദിവാൻപേഷ്കാർ തന്നെ ഗവണ്മെൻറു വക പണം കൊണ്ടു ചെയ്യിക്കയും ചെലവായ പണം പിന്നീടു കക്ഷികളോടു വസൂലാക്കിക്കൊള്ളുകയും ചെയ്യണമെന്നുള്ള ഒരു നിബന്ധനയെ പററി ആലോചിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു. പുഞ്ചകൃഷിക്കാരുടെ ഗുണത്തിനു ഇങ്ങനെയൊരു വ്യവസ്ഥ അത്യാവശ്യമാണു. ഇതാകുന്നു എനിക്കു പറയാനുള്ളഒന്നാമത്തെ സംഗതി.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ദിവാൻ പേഷ്കാർ തന്നെ വേല ചെയ്യിക്കുന്നതിനെപ്പററി വകുപ്പിൽ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ടല്ലോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ വ്യവസ്ഥ സ്പഷ്ടമാക്കുന്നതിനു എന്റെസ്നേഹിതനു വിരോധമുണ്ടായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

രണ്ടാമതായി, ഇനിയൊരു വ്യവസ്ഥ "ആ പണിയിൽ താല്പൎയ്യമുള്ളവരോ ആ വിധം വീഴ്ചയാലോ ഉപേക്ഷയാലോ ദോഷം തട്ടീട്ടുള്ളവരോ ആയ പസ്തു ഉടമസ്ഥന്മാരിൽ ന്യായമായ എണ്ണം ആളുകളുടെ ഹൎജിയിന്മേൽ ഡിവിഷൻ പേഷ്കാരോ ഇക്കാൎയ്യത്തിൽ പ്രത്യേകം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനോ ആ സംഗതിയെക്കുറിച്ചു അന്വേഷണം ചെയ്തു തനിക്കു യുക്തമെന്നു തോന്നുന്ന ഉത്തരവു ചെയ്യാവുന്നതാണ്" എന്നാകുന്നു. ഈ വകുപ്പു പ്രകാരം ഡിവിഷൻ പേഷ്കാൎക്കു അധികാരം ഉണ്ടാകുന്നതു പണിയിൽ താല്പൎയ്യം ഉള്ള ഉടമസ്ഥന്മാരിൽ ന്യായമായ എണ്ണം ആളുകൾ ഹൎജിബോധിപ്പിക്കുമ്പോഴാണു. ഇതു ആലോചനയിൽ എന്തോ കുഴപ്പം വന്നതിന്റെ ഫലമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഡിവിഷൻ പേഷ്കാരെ ഇക്കാൎയ്യത്തിൽ പ്രേരിപ്പിക്കേണ്ടതു അതിൽ താല്പൎയ്യമുള്ള ഉടമസ്ഥന്മാരുടെ എണ്ണമല്ല അതിൽ നിന്നുണ്ടാകാനുള്ള ഗുണത്തിന്റെ അളവാകുന്നു. ഒരു പാടത്തു ൫൦൦൦ പറനിലം ഒരു ഉടമസ്ഥന്റേതായിരിക്കാം, എന്നാൽ ശേഷം ഉടമസ്ഥന്മാർ അഞ്ചുമിഞ്ചും പറ്റിയ പറകണ്ടത്തിന്റെ ഉടമസ്ഥന്മാരായിരിക്കാം. ൫൦൦൦ പറനിലം ഉടമസ്ഥന്റെ കാൎയ്യത്തിൽ, അവൻ ഉടമസ്ഥന്മാരിൽ ന്യായമായ എണ്ണം അല്ലാത്തതിനാൽ അവന്റെ ഹൎജിപ്രകാരം ഒന്നും ചെയ്വാൻ പാടില്ല. എന്നാൽ അഞ്ചുപറ നിലം ഉടമസ്ഥന്മാർ ഒരു ന്യായമായ എണ്ണം ആകയാൽ എന്റെ സ്നേഹിതന്റെ വ്യാഖ്യാനപ്രകാരം അവരുടെ ഹൎജി ഡിവിഷൻ പേഷ്കാർ കേട്ടു തീരുമാനിക്കണം. കമ്പനികളിലെ നടപടി അറിയാവുന്ന നമുക്കു ഇതൊരു ന്യായമായ നടപടിയായി തോന്നുന്നില്ലെന്നു ഞാൻ ബോധിപ്പിക്കുന്നു. കമ്പനിയിൽ വിലയുള്ളതു ഒരുവൻ എടുത്തിട്ടുള്ള ഓഹരികളുടെ എണ്ണം ആകുന്നു, കമ്പനിയുടെ കാൎയ്യങ്ങളിൽ അവനുണ്ടാകുന്ന സ്വാധീനബലം, ഇപ്രകാരം തന്നെ ഇവിടെ ഉടമസ്ഥന്മാരുടെ നിലത്തിന്റെ വിസ്തീൎണ്ണമാകുന്നു അവരുടെ എണ്ണമല്ല, എന്റെ സ്നേഹിതൻ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കാൎയ്യമായി എടുക്കേണ്ടതു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ സ്നേഹിതൻ പറഞ്ഞ ൫൦൦൦ ഏക്കർ നിലം കൂട്ടുടമസ്ഥന്മാരുടെതാണെന്നും അവർ തമ്മിലുള്ള ശണ്ഠ നിമിത്തം അവർ കൃഷികാൎയ്യം നോക്കുന്നില്ലെന്നും ഇരിക്കട്ടെ. അവരുടെ ശണ്ഠനിമിത്തം ചില്ലറ ഉടമസ്ഥന്മാർ കഷ്ടത്തിലാകയില്ലയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ സ്നേഹിതന്റെ ചോദ്യത്തിനു മറുപടി പറയും മുമ്പെ, അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ വാചകത്തിൽ ഉള്ള ചില പ്രയാസങ്ങൾ അദ്ദേഹം തീൎത്തുതരേണം. ഒന്നാമതായി അദ്ദേഹം ൫൦൦൦ ഏക്കർ കൂട്ടുടമസ്ഥന്മാരുടെ താണെന്നു പറഞ്ഞു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഭാഗം കഴിഞ്ഞിട്ടില്ലാത്ത ഒരു മരുമക്കത്തായ തറവാട്ടു എന്നിരിക്കട്ടെ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കാരണവനാണ് യഥാൎത്ഥത്തിൽ കൈവശക്കാരനും ഉത്തരവാദിയും, ഒരൎത്ഥത്തിൽ ഉടമസ്ഥാവകാശം അവസാനത്തിൽ കൂട്ടായിട്ടാണെങ്കിലും, കാരണവനാണു ഉത്തരവാദി. അങ്ങനെയിരിക്കെ കാരണവനും മറ്റു ഉടമസ്ഥന്മാരും തമ്മിൽ വഴക്കുണ്ടാകാൻ സംഗതിയില്ല. ഇതു എന്റെ സ്നേഹിതനെ തൃപ്തിപ്പെടുത്തുന്നു എന്നു വിശ്വസിക്കുന്നു.

അതുകൊണ്ടു എന്റെ വാദം ഇതാണു, ഉടമസ്ഥന്മാരുടെ തല എണ്ണിനോക്കുന്നതിനുപകരം നാം നോക്കേണ്ടതു ഉടമസ്ഥന്മാരുടെ നിലത്തിന്റെ വിസ്തീൎണ്ണം ആകുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ളയുടെ ഉദാഹരണം അല്പം ഭേദപ്പെടുത്തി അതൊരു ഹിന്ദുകുടുംബമാണെന്നു വിചാരിക്കുക. കൂട്ടവകാശികൾ അന്യോന്യം വിരോധത്തിലായിരിക്കാം. അവിടെ വാദത്തിൽ പെട്ട വിസ്തീൎണ്ണം നോക്കി ഡിവിഷൻ പേഷ്കാരോ റെഗുലേഷനിൽ പറഞ്ഞ മറ്റുദ്യോഗസ്ഥനോ വേണ്ടപ്രകാരമുള്ള നിവൃത്തി ഉണ്ടാക്കിക്കൊടുക്കാവുന്നതാണ്. ഇപ്പോഴത്തെ വ്യവസ്ഥയുടെ യോഗ്യതയെപ്പറ്റി ഇതാകുന്നു എനിക്കു പറവാനുള്ള ഒരു ആക്ഷേപം.

ഇനിയും ഡിവിഷൻ പേഷ്കാരെ ഇക്കാൎയ്യത്തിൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള മറ്റു ഉദ്യോഗസ്ഥനെ ഉപേക്ഷക്കാരനായ വസ്തു ഉടമസ്ഥൻ പണിയുടെ "ഒരു ഭാഗം" നടത്തണമെന്നോ ആ പണിയുടെ ചെലവിൽ ഒരു ഭാഗം കൊടുക്കണമെന്നോ തന്റെ ഉത്തരവിനാൽ അവനോടു ആജ്ഞാപിക്കാവുന്നതാകുന്നു എന്നാണു മറ്റൊരു വ്യവസ്ഥ. ഇതും എത്രയും അസ്പഷ്ടമായ ഒരു വ്യവസ്ഥയാകുന്നു. ഇതു തന്നിഷ്ടപ്രകാരം ഒരു വിധി കല്പിപ്പാൻ ഡിവിഷൻ പേഷ്കാരെ അധികാരപ്പെടുത്തുന്നു. ചെലവിന്റെ തോതനുസരിച്ചുള്ള ഒരു ഭാഗം ഏതെങ്കിലും ഒരാൾ കൊടുക്കണമെന്നോ കൂട്ടുപണിയുടെ ഒരു ഭാഗം ചെയ്യണമെന്നോ ഇരിക്കട്ടെ. ൭-ാം വകുപ്പിൻപ്രകാരം ഡിവിഷൻ പേഷ്കാൎക്കു പണിയുടെ "ഒരു ഭാഗം" ചെയ്യണമെന്നു അവനോടു ആജ്ഞാപിപ്പാൻ അധികാരമുണ്ട്. ഇതിൽനിന്നുണ്ടാകുന്നതു ന്യായമായി അവൻ ചെയ്യേണ്ടതിൽ വളരെ അധികമൊ യഥാൎത്ഥമായി അവൻ ചെയ്യേണ്ടതിൽ വളരെ കുറച്ചോ അവൻ ചെയ്യണമെന്നു ഡിവിഷൻ പേഷ്കാൎക്കു ആജ്ഞാപിക്കാമെന്നാകുന്നു.

ഈ വാക്കുകൾ അതുകൊണ്ടു ഭേദപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതും ഞാൻ എന്റെ സ്നേഹിതന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. ആ വകുപ്പിൽ പിന്നെയും ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"വീഴ്ചക്കാരനായ ഉടമസ്ഥൻ ഉത്തരവിൽ ക്ലിപ്തപ്പെടുത്തിയ കാലാവധിക്കകം പണിനടത്താതിരിക്കയോ നടത്തുകയില്ലെന്നു പറകയോ ചെയ്താൽ ആ പണിക്കുള്ള ചെലവിനെ ആ വീഴ്ചക്കാരങ്കൽ നിന്നു കരക്കുടിശ്ശികപോലെ ഈടാക്കാവുന്നതും ആ പണിയെ ഡിവിഷൻ പേഷ്കാരുടെയോ മേൽപറഞ്ഞ മറ്റു ഉദ്യോഗസ്ഥന്റെയോ ഉത്തരവുപ്രകാരം നടത്താവുന്നതുമാകുന്നു".

ഇപ്പോഴത്തെ വകുപ്പിൽ ചെലവു കരക്കുടിശ്ശികപോലെ വസൂലാക്കാമെന്നുള്ള ഭാഗത്തെ സംബന്ധിച്ചു കുറെ പ്രയാസമുണ്ട്. അധികാരസ്ഥന്മാരുടെ മുമ്പാകെ വാദപ്രതിവാദം ചെയ്യപ്പെട്ടിട്ടുള്ള ഒരു കേസിൽ എനിക്കുതന്നെ അനുഭവമായ ഒരു പ്രയാസമാണു ഇതു. കൃഷിമരാമത്തുറെഗുലേഷൻപ്രകാരം തഹസീൽദാരോ അല്ലെങ്കിൽ ഡിവിഷൻ പേഷ്കാരോ ഉത്തരവു പാസ്സാക്കുന്നു. പിന്നെ ആ ഉത്തരവു നടത്തുന്നതിനായി റെവന്യൂ ഉദ്യോഗസ്ഥന്മാൎക്കു അയച്ചുകൊടുക്കുന്നു. കരം വസൂൽ റെഗുലേഷൻപ്രകാരം ആ ഉത്തരവു നടത്തിക്കൊണ്ടിരിക്കുമ്പോൾ പൊങ്ങുന്ന ചില അപ്രതീക്ഷിതസംഭവങ്ങൾ ഉണ്ടാകുന്നു. കൃഷിമരാമത്തുറെഗുലേഷൻ പ്രകാരം ഡിവിഷൻ പേഷ്കാ

രുടെ ഉത്തരവിന്മേൽ ദിവാനു രണ്ടാം അപ്പീൽ ഇല്ലെങ്കിലും കരംവസൂൽ റെഗുലേഷനിൽ റെവന്യൂകാര്യങ്ങളിൽ അവസാന അധികാരസ്ഥനെന്റെ നിലയിൽ തന്റെ കീഴുദ്യോഗസ്ഥന്മാരുടെ ഉത്തരവുകളെ റദ്ദാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യാൻ ദിവാനെ അധികാരപ്പെടുത്തുന്ന ചില വ്യവസ്ഥകൾ ഉണ്ട്. അതുകൊണ്ടു ഉത്തരവു കൃഷിമരാമത്തു റെഗുലേഷൻപ്രകാരം പാസാക്കിയതായാലും അതു നടത്തുന്നതു കരംവസൂൽ റെഗുലേഷൻപ്രകാരം ആകയാൽ ദിവാനു പ്രത്യേക അപ്പീലധികാരം ഇല്ലെങ്കിലും ഡിവിഷൻപേഷ്ക്കാരുടെ തീർപ്പുകൾ കരംവസൂൽ റെഗുലേഷൻപ്രകാരമുള്ള നടപടികൾ സംബന്ധിച്ചു തന്റെ മുമ്പാകെ വരുമ്പോൾ അദ്ദേഹത്തിനു അവയെ റദ്ദാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യാം. അതു അഭിലഷണീയമല്ല എന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഒരു കേസിൽ ഡിവിഷൻപേഷ്ക്കാരുടെ അവസാനതീർപ്പു നടത്തേണ്ടിവന്നപ്പോൾ ഹജൂർകച്ചേരിയിൽനിന്നു പ്രവേശിച്ചു ആ തീർപ്പിനെ അസ്ഥിരപ്പെടുത്തിക്കളഞ്ഞു. ഡിവിഷൻപേഷ്ക്കാരുടെ വിധി അനുകൂലമായിരുന്ന കക്ഷി വളരെ നഷ്ടം സഹിക്കേണ്ടിവന്നു ദിവാൻ കരംവസൂൽ റെഗുലേഷൻപ്രകാരം അവസാന അധികാരസ്ഥന്റെ നിലയിൽ തീർപ്പിനെ അസ്ഥിരപ്പെടുത്തിയപ്പോൾ സിവിൽവ്യവഹാരത്തിനുള്ള അവകാശം കാലഹരണപ്പെട്ടു പോയിരുന്നതിനാൽ ആ കക്ഷിക്കു യാതൊരു നിവൃത്തിമാർഗ്ഗവും ഇല്ലാതെയായിപ്പോയി. അതുകൊണ്ടു ഇക്കാര്യത്തിൽ എന്റെ അഭിപ്രായം ഇതാണ് മരാമത്തുറെഗുലേഷൻപ്രകാരം ഡിവിഷൻപേഷ്ക്കാരുടെ ഉത്തരവിനെ തടയാൻ ദിവാനുഅധികാരമില്ലെങ്കിൽ ആ ഉത്തരവു നടത്തുന്ന കാര്യത്തിലും ഡിവിഷൻ പേഷ്കാരുടെ ഉത്തരവിനെ ദിവാൻഅസ്ഥിരപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യാൻപാടില്ലെന്നു സ്പഷ്ടമായി നിയമത്തിൽ പറയേണ്ടതാകുന്നു. കൃഷിമരാമത്തു റെഗുലേഷൻപ്രകാരം ഒരു കക്ഷി സമ്പാദിക്കുന്ന തീർപ്പിന്റെ സംരക്ഷണത്തിനു അങ്ങനെയൊരു വ്യവസ്ഥ അത്യാവശ്യമാകുന്നു. അല്ലെങ്കിൽ ഒരു കൈകൊണ്ടു കൊടുക്കുന്നതു ഉത്തരവു നടത്താൻ ചെല്ലുമ്പോൾ മറ്റേകൈകൊണ്ടു പിടിച്ചുപറിച്ചു കളകയായിരിക്കും.

മി: വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം ഡിപ്യൂട്ടിപ്രെസിഡെന്റു): ദിവാനു ഉത്തരവിനെ അസ്ഥിരപ്പെടുത്താൻ കഴിയുമെന്നാണോ എന്റെ സ്നേഹിതൻ പറയുന്നതു്?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതായിരിക്കും അനുഭവം. കാലതാമസം ഈ സ്ഥിതിയെ പ്രാപിപ്പാൻ സഹായിച്ചിട്ടുണ്ട്. അല്ലെങ്കിൽ ദിവാന്റെ കല്പന ഒരു സിവിൽകോടതിയിൽ വാദവിഷയമാകുമായിരുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഡിവിഷൻ പേഷ്കാർക്കു അധികാരമില്ലെന്നുള്ള കാരണത്തിന്മേലാണോ ഉത്തരവു അസ്ഥിരപ്പെടുത്തിയതു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അല്ല, അതല്ലായിരുന്നു കാരണം. ഈ പ്രത്യേക റെഗുലേഷൻപ്രകാരമുള്ള ഒരു ഉത്തരവിനെ കരംവസൂൽ റെഗുലേഷൻപ്രകാരം നടത്തുമ്പോൾ ഒരു കേസിൽചെയ്തപ്രകാരം മററു കേസുകളിലും അസ്ഥിരപ്പെടുത്താൻ ഇടയുണ്ടെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പുഞ്ചനിലത്തിന്റെ ഉടമസ്ഥൻ പുറം വരമ്പുകുത്തുന്നതിനു പ്രത്യേകകാലം ഉണ്ടോ എന്നു പറയുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അയാൾ എപ്പോഴാണ് വീഴ്ചക്കാരൻ ആകുന്നതു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വീഴ്ചസംഭവിക്കുന്നതു ഏകദേശം വൃശ്ചികം ൧൫-ാംനു-ക്കു മുമ്പാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വീഴ്ചക്കാരനെക്കൊണ്ടു പണി നടത്തിക്കാൻ ഡിവിഷൻ പേഷ്കാർക്കു കഴിയുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിവിഷൻപേഷ്കാർക്കു തന്റെ ഉത്തരവിനെ നടപ്പിൽ വരുത്താൻ കുറെ പ്രയാസമാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചെയ്യാതെ വീഴ്ചയിലായിപ്പോയ പണി വീഴ്ചക്കാരനായ ഉടമസ്ഥനെക്കൊണ്ടു നിർബന്ധിച്ചു ചെയ്യിക്കാൻ ഡിവിഷൻ പേഷ്കാർക്കു കഴിയുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹത്തിനു ഉത്തരവു കല്പിക്കയും ഒടുവിൽ പണം വസൂലാക്കുകയും ചെയ്യാം. എങ്കിലും പണി നഷ്ടപ്പെടുകതന്നെ ചെയ്യും.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വീഴ്ചക്കാരനെക്കൊണ്ടു തന്റെ കല്പന അനുസരിപ്പിക്കയും പണി നടത്തിപ്പിക്കയും ചെയ്യാൻ അദ്ദേഹത്തിനു കഴിയുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇല്ല. ഒരു കുതിരയെ ആററിൽകൊണ്ടുപോയി അതിനെക്കൊണ്ടു വെള്ളം കുടിപ്പിക്കുന്നതുപോലെയാണു. ഡിവിഷൻപേഷ്കാർക്കു ഉത്തരവിടാനേ കഴിയൂ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): തക്ക സമയത്തു പണി നടത്തീട്ടു ചെലവു ഓഹരി ചെയ്യാൻ ബില്ലിൽ എന്തോ വ്യവസ്ഥയുണ്ടെന്നു ഞാൻ വിചാരിച്ചു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കാര്യം മുഴുവനും അങ്ങനെയല്ല, തക്കസമയത്തു പണി നടത്തുന്നകാര്യമാണ് ശ്രദ്ധാവിഷയം ആകേണ്ടതു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പണിയിൽ താൽപര്യം ഉള്ളവർക്കു അതു തക്ക സമയത്തു ചെയ്യാൻ പാടില്ലേ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചിലപ്പോൾ അവർക്കു കഴിയുമായിരിക്കും, ചിലപ്പോൾ അവർക്കു സാധിക്കാതെയും വരാം. അവർ പുള്ളികളിലെ പുഞ്ചനിലയുടമകളെപോലെ ദരിദ്രന്മാരായിരിക്കാം.

സർ, സഭയുടെ ദൃഷ്ടിയിൽ പ്രധാനമായി കൊണ്ടുവരാനുള്ള സംഗതികൾ ഇവയാണു. എന്റെ സ്നേഹിതന്റെ വിരോധം ഇല്ലെങ്കിൽ ഈ കാര്യം സിലക്ട് കമ്മിററിയിൽ ആലോചനയ്ക്കെടുക്കുമ്പോൾ എന്റെ പ്രസ്താവനകളും സ്മരണയിൽ ഉണ്ടായിരിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. ഈ അഭിപ്രായ പ്രകടനത്തോടുകൂ

ടെ, ഈ ബിൽ പുഞ്ചനിലങ്ങളുടെ കൃഷിയെപ്പററി പരിചയമുള്ള ആളുകളുടങ്ങിയ ഒരു സിലെക്ട് കമ്മിററിക്കു ഏല്പിക്കുന്നതിനു എനിക്കു യാതൊരു വിരോധവുമില്ലെന്നു പറഞ്ഞുകൊള്ളുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): സർ, ബഹു മെമ്പർ ഹാജരാക്കീട്ടുള്ള ഭേദഗതി ബില്ലിനെ ഞാൻ സന്തോഷത്തോടെ അനുകൂലിക്കുന്നു. ഈ ബില്ല് തങ്ങളുടെ നിലങ്ങളുടെ കൃഷിക്കു അത്യാവശ്യമാണെന്നു കണ്ടിട്ടു കുട്ടനാട്ടെ കൃഷിക്കാർ ചെയ്ത അപേക്ഷപ്രകാരം കൊണ്ടു വന്നിട്ടുള്ളതാണ്. ഇങ്ങനെ ഒരു വ്യവസ്ഥയില്ലാത്തിനാൽ വളരെ നിലങ്ങൾ വളരെക്കാലം തരിശായി കിടന്നു പോകയും ഉടമസ്ഥന്മാർ തമ്മിലുള്ള വഴക്കു വിട്ടുമാറാതെ പോകയും ചെയ്തിട്ടുള്ള ഉദാഹരണങ്ങൾ എനിക്കു തന്നെ അറിവുണ്ട്. അതിനാൽ ബഹു മെമ്പർ കൊണ്ടു വന്നിട്ടുള്ള ഈ ഭേദഗതി അത്യാവശ്യമാണ്. എന്നാൽ അതുകൊണ്ടു മതിയാകയില്ല. ഡിവിഷൻ പേഷ്കാർ ഒരു ക്ലിപ്തസമയത്തിനുള്ളിൽ ഉത്തരവു പാസ്സാക്കത്തക്കവണ്ണവും വ്യവസ്ഥ ഉണ്ടായിരിക്കണം. അതിനെ സംബന്ധിച്ചും ഭേദഗതി ആവശ്യമാണ്. ഇങ്ങനെയുള്ള പണികൾ സാധാരണയായി നടത്തിവരുന്ന ഡിവിഷൻ പേഷ്കാരന്മാർക്കും പൊതുമരാമത്തുദ്യോഗസ്ഥന്മാർക്കും ആ വശ്യമുള്ള അധികാരങ്ങളും കൊടുക്കേണ്ടതാണ്. ഈ അധികാരങ്ങൾ ഗവൺമെന്റുദ്യോഗസ്ഥന്മാർക്കു കൊടുക്കുന്നതിനു പകരം തെക്കൻ തിരുവിതാംകൂറിലെ പോലെ സ്ഥലത്തുള്ളവരാലോ അല്ലെങ്കിലോ അനുദ്യോഗസ്ഥന്മാരെ ചേർത്തു സമാജങ്ങൾ രൂപീകരിച്ചാൽ അവർക്കു ഉപദേശങ്ങൾ കൊടുക്കുന്നതിനും ഈ നിലങ്ങളെ കൂട്ടായി കൃഷി ചെയ്യിക്കുന്നതിനും സാധിക്കുമെന്നാണു എന്റെ അഭിപ്രായം. പ്രയോഗത്തിൽ ഈ നിലങ്ങൾ പരസ്പരസഹായതത്വങ്ങളനുസരിച്ചാണു കൃഷി ചെയ്യുന്നതെങ്കിലും—

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പർ ഭേദഗതിക്കു അനുകൂലിയായാണോ പ്രതികൂലിയായാണോ ചെയ്യുന്നതെന്നു പറയുമോ?

മി: കെ. കെ. തോമസ് (കോട്ടയം): ഈ ഭേദഗതിയോടുകൂടെ അനുകൂലിയായാണു ചെയ്യുന്നത്.

മി: എം. ശിവതാണുപിള്ള (തോവാള): തെക്കൻ തിരുവിതാംകൂറിലെ കൃഷിസമാജങ്ങളുടെ കാര്യത്തിൽ അവിടത്തെ ജനങ്ങളുടെ അനുഭവം എന്താണെന്നു അദ്ദേഹത്തിനറിയാമോ എന്നു പറയുമോ?

മി: കെ. കെ. തോമസ് (കോട്ടയം): ഉത്തരതിരുവിതാംകൂറിൽ അങ്ങനെ ആയിരിക്കണമെന്നില്ല. പരസ്പരസഹായതത്വങ്ങൾ അനുസരിച്ചു ജനങ്ങൾ വിസ്തീർണ്ണമുള്ള കായൽ സ്ഥലങ്ങൾ നികത്തി എടുക്കുന്നുണ്ട്. ഒന്നോ രണ്ടോ ഉടമസ്ഥന്മാർ തമ്മിൽ കലഹിച്ചു സ്ഥലം മുഴുവനിലും ഉള്ള കൃഷിക്കാർക്കു നഷ്ടവും അസൌകര്യങ്ങളും ചിലപ്പോൾ നാശവും വരുത്തി എന്നുവരാം. അതുകൊണ്ടു ഭേദഗതിയെ അനുകൂലിക്കുന്നതിനു എനിക്കു വളരെ സന്തോഷമുണ്ട്. അതുകൊണ്ടു മാത്രം മതിയാകാത്തതിനാൽ എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള അഭിപ്രായപ്പെട്ടപ്രകാരമുള്ള വ്യവസ്ഥകളും ഉണ്ടായിരിക്കണമെന്നേ എനിക്കൊരു അപേക്ഷയുള്ളു.

പ്രെസിഡെന്റ: ബില്ലിന്റെ തത്വം സഭ സ്വീകരിക്കുന്നു എന്നു സങ്കല്പിക്കാമോ?

പ്രമേയം സ്വീകരിക്കപ്പെട്ടു.

അനന്തരം സെക്രട്ടരി ബില്ലിന്റെ തലവാചകം വായിച്ചു കേൾപ്പിച്ചു.

മി: കല്ലൂർ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കിൽ): മെസ്സേഴ്സ് കെ. കെ. തോമസ്, പി. കെ. നാരായണപിള്ള, ടി. കുമാരപിള്ള, സി. കേരളവർമ്മ കോയിൽതമ്പുരാൻ, ആർ. കൃഷ്ണപിള്ള, ഡോക്ടർ എൻ. കുഞ്ഞൻപിള്ള, ഇവരും ഞാനും ഉൾപ്പെട്ട ഒരു സിലെക്ട് കമ്മിററിക്കു ഈ ബിൽ ഏല്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ മാമ്മൻ മാപ്പിള തന്നെ ഒരു കൃഷിക്കാരനാണ്.

മി: കല്ലൂർ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ആഹാ, ഈ ബില്ലിനെ സംബന്ധിച്ചു അധികം ജോലി ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. എന്നാൽ സിലെക്ട് കമ്മിററിയിലെ വാദങ്ങൾ റെഗുലേഷൻ ഭേദപ്പെടുത്താൻ എടുക്കുമ്പോൾ എനിക്കു ഉപയോഗമുള്ളതായിരിക്കാം. മിസ്റ്റർ മാമ്മൻ മാപ്പിളയെ സിലെക്ട് കമ്മിററിയിൽ ഒരു മെംബറായി ഉൾപ്പെടുത്തുന്നതിനു എനിക്കു യാതൊരു വിരോധവും ഇല്ല.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രെസിഡെന്റ: കമ്മിററിമെംബർമാരായി പറഞ്ഞ ആളുകളെ സഭ അംഗീകരിക്കുന്നു എന്നു സങ്കല്പിക്കാമോ?

പ്രമേയം സ്വീകരിക്കപ്പെട്ടു.

പ്രെസിഡെന്റ: മിസ്റ്റർ കല്ലൂർ പരമേശ്വരൻപിള്ള കമ്മിററിയുടെ അഗ്രാസനർ ആയിരിക്കും. രണ്ടുമാസത്തിനുള്ളിൽ കമ്മിററി അവരുടെ റിപ്പോർട്ടു സമർപ്പിക്കണം.

ബഡ്ജററ് വാദപ്രതിവാദത്തിന്റെ സമയ ക്ലിപ്തം.

പ്രെസിഡെന്റ: അടുത്തദിവസങ്ങളിൽ നടക്കാനുള്ള വാദപ്രതിവാദങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ബഡ്ജററിൽ സാധാരണ വിമർശനം ആഗസ്റ്റ് ൧൯-൨൦-ാം തിയതികളിൽ നടക്കും. ആഗസ്റ്റ് ൨൧-ാം മുതൽ ഏഴു ദിവസം ഓരോ അഭ്യർത്ഥനകളെപ്പററിയുള്ള വാദങ്ങളും വോട്ടിടലും നടക്കും. പൊതുമരാമത്തു, വിദ്യാഭ്യാസം, ലാന്റ് റെവന്യൂ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചു ഓരോ ദിവസം മുഴുവൻ വീതം അനുവദിച്ചിട്ടുണ്ട്. ശേഷം അഭ്യർത്ഥനകൾക്കു ഓരോന്നിനും അര ദിവസം വീതം അനുവദിച്ചിട്ടുണ്ട്. സാധാരണ വിമർശനത്തിനു ഫൈനാൻഷ്യൽ സെക്രട്ടറി ഒഴിച്ചുള്ള ശേഷം മെമ്പർമാർക്കു ഓരോരുത്തനു ൨൦ മിനിട്ടു വീതം അനുവദിച്ചിരിക്കുന്നു. അഭ്യർത്ഥനകളെപ്പററി വോട്ടു ചെയ്യുന്ന കാര്യത്തിൽ ഓരോ ഉപക്ഷേപകർത്താവിനും മറുപടി പറയാനുള്ള ഉദ്യോഗസ്ഥമെമ്പർക്കും ൧൫ മിനിട്ടു വീതവും ശേഷം ഓരോ മെമ്പറിനും ൫ മിനിട്ടു വീതവും സമയം അനുവദിക്കുന്നതാണ്. ബഡ്ജററിനെ സംബന്ധിച്ചുള്ള വാദപ്രതിവാദത്തിൽ ഈ ക്രമത്തിനു യാതൊരു ഭേദവും വരുത്തുകയില്ല. ഈ സമയക്ലിപ്തം അനുസരിച്ചു പ്രവൃത്തിക്കുന്നതിനു മെമ്പർമാർ സഹകരിക്കുമെന്നു വിശ്വസിക്കുന്നു. അവർക്കുതന്നെ അതു ഗുണപ്രദമായിരിക്കുമല്ലോ.

സഭ ഇപ്പോൾ പിരിയുകയും തിങ്കളാഴ്ച പകൽ പതിനൊന്നരമണിക്കു വീണ്ടും കൂടുകയും ചെയ്യും.

സഭ ഉച്ച തിരിഞ്ഞു ൧-൨൦ മണിക്കു പിരിഞ്ഞു.

ടി. പി. രാമസ്വാമയ്യർ (ഒപ്പ്)

അനുബന്ധം എ.

൧൦൯൬-ലെ ൩-ാംറെഗുലേഷനായ കൂലിവണ്ടിറെഗുലേഷനെ ഭേദപ്പെടുത്താനുള്ള ഒരു ബില്ല്.

൧൦൯൬-ലെ ൩-ാംറെഗുലേഷനായ കൂലിവണ്ടിറെഗുലേഷൻ താഴെ പറയുന്നതായ ആവശ്യങ്ങൾക്കായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ട്; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും. ൧. ഈ റെഗുലേഷൻ ൧൧൦൦-ലെ കൂലിവണ്ടി (ഭേദഗതി) റെഗുലേഷൻ എന്നു വിളിക്കപ്പെടാവുന്നതും അതു ഉടൻതന്നെ നടപ്പിൽ വരുന്നതുമാകുന്നു.

൧൮-ാം വകുപ്പിന്റെ ഭേദഗതി. ൨. ൧൦൯൬-ലെ ൩-ാംറെഗുലേഷനായ കൂലിവണ്ടിറെഗുലേഷൻ (ഇനിമേൽ മേല്പടി റെഗുലേഷൻ എന്നു പറയപ്പെടും) ൧൮-ാം വകുപ്പിൽ (൨)-ാം ഉപവകുപ്പിലെ ഒടുവിലത്തെ വാക്യത്തെ എടുത്തുകളയേണ്ടതും താഴെ പറയുന്നതിനെ (൩)-ാം ഉപവകുപ്പായി ചേർക്കേണ്ടതുമാകുന്നു. അതായതു:—

ചായമിട്ടെഴുതുന്നതിനോ തകിടിനോ ഉള്ള ചെലവ്. "(൩) (൧)-ാം ഉപവകുപ്പിൻപ്രകാരമോ (൨)-ാം ഉപവകുപ്പിൻപ്രകാരമോ ചായമിട്ടെഴുതുന്നതിനോ തകിടു കൊടുക്കുന്നതിനോ ഉള്ള ഫീസ് ഏഴുചക്രമായിരിക്കുന്നതും അതു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻവശം ഒടുക്കേണ്ടതുമാകുന്നു.

൨൩-ാംവകുപ്പിന്റെ ഭേദഗതി. ൩. മേല്പടിറെഗുലേഷൻ ൨൩-ാംവകുപ്പിൽ (൪)-ാംഉപവകുപ്പിനുശേഷം താഴെ പറയുന്നതിനെ (൫)-ാംഉപവകുപ്പായി ചേർക്കേണ്ടതാകുന്നു; അതായതു:—

ഓട്ടുന്ന ആളുടെ വില്ലയ്ക്കുള്ള ചെലവ്. "(൫)-ാം ഉപവകുപ്പിൻപ്രകാരമോ (൪)-ാം ഉപവകുപ്പിൻപ്രകാരമോ കൊടുക്കപ്പെടുന്ന ലോഹംകൊണ്ടുള്ള വില്ലയ്ക്കുള്ള ഫീസ് ഏഴുചക്രമായിരിക്കുന്നതും അതു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ വശം ഒടുക്കേണ്ടതാകുന്നു.

൩൨-ാംവകുപ്പിന്റെ ഭേദഗതി. ൪. മേല്പടി റെഗുലേഷൻ ൩൨-ാംവകുപ്പിൽ (൩)-ാം ഉപവകുപ്പിനുശേഷം താഴെപറയുന്ന ഉപവകുപ്പുകളെ ചേർക്കേണ്ടതാകുന്നു. അതായതു:—

കൂലിത്തകിടുകൾ. "(൪) (൧)-ാംഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കൂലിക്കളുടെ ഒരു ചുരുക്കം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ തയ്യാറാക്കിച്ചു കവിടിയിട്ട തകിടുകളിൽ അച്ചടിപ്പിക്കുകയും അപ്രകാരമുള്ള തകിടുകളെ ഓരോ തകിടിനും ഏഴുചക്രംവീതം ഫീസ് വാങ്ങിക്കൊണ്ട് അപേക്ഷകന്മാർക്കു കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

കൂലിത്തകിടുകൾ വണ്ടികളിന്മേൽ പതിച്ചിരിക്കണമെന്ന്. (൫) എല്ലാ കൂലിവണ്ടികളിന്മേലും അപ്രകാരമുള്ള ഒരു തകിടു എല്ലാവരും കാണത്തക്ക വല്ല ഭാഗത്തും രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്റെ നിർദ്ദേശമനുസരിച്ച്, പതിച്ചിരിക്കേണ്ടതും, അപ്രകാരമുള്ള ഏതെങ്കിലുമൊരു തകിടിലെ അച്ചടിയുടെ ഏതെങ്കിലുംഭാഗം അവ്യക്തമാകുകയോ തേഞ്ഞുപോകുകയോ ചെയ്യുന്ന ഗഡുവുകളിലെല്ലാം വീണ്ടും പതിക്കേണ്ടതും ആകുന്നു.

കൂലിത്തകിടുകൂടാതെ കൂലിക്കു ഓട്ടുന്നതിനുള്ള ശിക്ഷ. (൬) (൫)-ാം ഉപവകുപ്പിൽ ആവശ്യപ്പെട്ടിട്ടുള്ളപ്രകാരം അപ്രകാരമുള്ള ഒരു തകിടു പതിക്കാതേയോ വീണ്ടും പതിക്കാതേയോ ഏതെങ്കിലുമൊരു കൂലിവണ്ടി കൂലിക്കായി നിറുത്തുകയോ ഓട്ടുകയോ ചെയ്യുന്നതായാൽ ആ വണ്ടിയുടെ ഉടമസ്ഥനും അതിനെ ഓട്ടുന്നവനും ഇരുപതു രൂപയിൽ കവിയാത്ത പിഴശിക്ഷയ്ക്കു അർഹന്മാരായിരിക്കുന്നതാകുന്നു.

ഉദ്ദേശകാരണവിവരം.

കൂലിവണ്ടിറെഗുലേഷൻപ്രകാരം ഒരു കൂലിവണ്ടിക്കു ലൈസൻസുകൊടുക്കുമ്പോൾ ൧൮ (൧)-ാം വകുപ്പനുസരിച്ച്, ആ വണ്ടിയിന്മേൽ എല്ലാവരും കാണത്തക്ക വല്ല ഭാഗത്തോ വണ്ടിയിന്മേൽ എല്ലാവരും കാണത്തക്ക ഭാഗത്തു പതിച്ചിട്ടുള്ള ഒരു തകിടിന്മേലോ ആ വണ്ടിയുടെ രജിസ്റ്റർ നമ്പർ രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ ചായമിട്ടു എഴുതിക്കേണ്ടതായിട്ടുണ്ട്. ആ വ്യവസ്ഥപ്രകാരം ഈ തകിടു, രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ കൊടുക്കേണ്ടതായിരിക്കുകയും അങ്ങനെ കൊടുത്തുവരികയും ചെയ്യുന്നു. റെഗുലേഷൻ ൧൮ (൨)-ാം വകുപ്പനുസരിച്ചു ചായമിട്ടെഴുതുന്നതിനേയോ തകിടിനേയോ പുതുക്കുമ്പോൾ ഒരു ഫീസ് ചുമത്താവുന്നതാണെങ്കിലും (൧)-ാംഉപവകുപ്പനുസരിച്ചു ആദ്യമായി ചായമിട്ടെഴുതുമ്പോഴോ തകിടുകൊടുക്കുമ്പോഴോ മേൽപറഞ്ഞതരത്തിൽ ഒരു ഫീസ് ചുമത്താമോ എന്നു സംശയം തോന്നിയിട്ടുണ്ട്. എന്നുമാത്രമല്ല, ലൈസൻസുവണ്ടി ഓട്ടുന്നവർക്കു, റെഗുലേഷൻ ൨൩-ാം വകുപ്പു (൧)-ം (൪)-ം ഉപവകുപ്പുകളനുസരിച്ച്, ഓട്ടുന്നവരുടെ ലോഹംകൊണ്ടുള്ള വില്ലകൾ കൊടുക്കേണ്ടതായിട്ടുണ്ട്. അതിന്റെ ചെലവു ഈടാക്കുന്നതിനു റെഗുലേഷനിൽ പ്രത്യക്ഷമായി വ്യവസ്ഥയൊന്നുമില്ല. അതുപോലെതന്നെ, റെഗുലേഷനനുസരിച്ചു പാസാക്കീട്ടുള്ള ഉപചട്ടങ്ങളിലെ ൧൮-ാം ഉപചട്ടപ്രകാരം കൂലിവണ്ടികളിന്മേൽ പതിക്കുന്നതിനായി കൂലിത്തകിടുകൾ കൊടുക്കേണ്ടതായിട്ടുണ്ട്; അപ്രകാരമുള്ള തകിടുകളെ വണ്ടിയിന്മേൽ എല്ലാവരും കാണത്തക്കവല്ലഭാഗത്തും പതിക്കേണ്ടതു പൊതുജനനന്മയെ ഉദ്ദേശിച്ചു ആവശ്യവുമാണ്. പക്ഷേ, അപ്രകാരമുള്ള തകിടുകളുടെ ചെലവു ഈടാക്കുന്നതിനു അധികാരപ്പെടുത്തുന്നതായി യാതൊരു പ്രത്യക്ഷ വ്യവസ്ഥയുമില്ല.

൨. മേൽപറഞ്ഞ എല്ലാതരത്തിലുമുള്ള തകിടുകളും കൊടുക്കുന്നതിനുള്ള ചെലവു നിസ്സാരമല്ലാത്തതും തീർച്ചയായും ആണ്ടുതോറും വർദ്ധിക്കുമെന്നുള്ളതുമാകുന്നു. സംബന്ധപ്പെട്ട കക്ഷികളുടെപക്കൽനിന്നും ആ ചെലവു ഈടാക്കാൻ സാധിക്കുന്നതിലേക്കായി, റെഗുലേഷനിൽ അനുയോജ്യങ്ങളായ വകുപ്പുകളെ ഈ ബില്ലുമൂലം ചേർക്കപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

കല്ലാഴം പരമേശ്വരൻപിള്ള (ഒപ്പ്)

അനുബന്ധം ബി

൧൦൭൨-ാമാണ്ടത്തെ ൩-ാം നമ്പരായ കൃഷിമരാമത്തു റെഗുലേഷനെ വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബില്ല്.

൧൦൯൦-ാമാണ്ടത്തെ ൬-ാം റെഗുലേഷനാലും ൧൦൯൭-ാമാണ്ടത്തെ ൪-ാം റെഗുലേഷനാലും ഭേദപ്പെടുത്തപ്പെട്ട ൧൦൭൨-ാമാണ്ടത്തെ ൩-ാം നമ്പരായ കൃഷിമരാമത്തു റെഗുലേഷനെ താഴെപറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ട്; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും. ൧. ഈ റെഗുലേഷനെ ൧൧൦൦-ാമാണ്ടത്തെ കൃഷിമരാമത്തു (ഭേദഗതി) റെഗുലേഷൻ എന്നു വിളിക്കാവുന്നതും ഇതു ഉടൻതന്നെ നടപ്പിൽ വരുന്നതുമാകുന്നു.

൩-ാം വകുപ്പിന്റെ ഭേദഗതി. ൨. ൧൦൯൦-ാമാണ്ടത്തെ ൬-ാം റെഗുലേഷനാലും ൧൦൯൭-ാമാണ്ടത്തെ ൪-ാം റെഗുലേഷനാലും ഭേദപ്പെടുത്തപ്പെട്ട ൧൦൭൨-ാമാണ്ടത്തെ ൩-ാം നമ്പരായ കൃഷിമരാമത്തു റെഗുലേഷനിലെ ൩-ാം വകുപ്പിൽ—

(എ) ഒന്നാമത്തെ വാക്യത്തിന്റെ ഒടുവിൽ "ചെയ്യാവുന്നതാകുന്നു" എന്നതിനുപകരം താഴെപറയുന്നതു ചേർക്കണം.

"ചെയ്യാവുന്നതും, വീഴ്ചക്കാരനായ വസ്തുഉടമസ്ഥൻ ആ പണിയുടെ ഏതെങ്കിലുംഭാഗം നടത്തുകയോ ആ പണിക്കുള്ള ചെലവിന്റെ ഏതെങ്കിലും ഭാഗം കൊടുക്കുകയോ ചെയ്യണമെന്നു, അപ്രകാരമുള്ള ഉത്തരവിനാൽ, ആജ്ഞാപിക്കാവുന്നതുമാകുന്നു.

(ബി) മൂന്നാമത്തെ വാചകത്തിനുശേഷം താഴെ പറയുന്നതു ചേർക്കണം:—

"ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചു കൊടുക്കണമെന്നു ആജ്ഞാപിക്കപ്പെട്ടിട്ടുള്ള ഏതു തുകയും വീഴ്ചക്കാരനായ വസ്തുഉടമസ്ഥനിൽനിന്നു കരക്കുടിശ്ശികപോലെ ഈടാക്കാവുന്നതും അപ്രകാരം ഈടാക്കുന്ന തുക അതിനവകാശമുള്ള കക്ഷിക്കു കൊടുക്കാവുന്നതുമാകുന്നു"

ഉദ്ദേശകാരണവിവരം.

൧൦൭൨-ാമാണ്ടത്തെ കൃഷിമരാമത്തു റെഗുലേഷനിലെ ൩-ാം വകുപ്പിൽ "കൃഷികാര്യത്തിനായി ഉള്ള വല്ല പണിയും, സ്ഥലത്തെ നടപ്പനുസരിച്ചു, ആ പണിയാൽ ഗുണപ്പെടുന്നതായ ഭൂമികളുടെ ഉടമസ്ഥന്മാർ എല്ലാപേരും ഒന്നിച്ചുചേർന്നു വേലചെയ്തും അവർ എല്ലാവരുടേയും ചെലവിന്മേലും നടത്തേണ്ടതായിരിക്കുമ്പോളെല്ലാം, ആവിധ ഉടമസ്ഥന്മാരിൽ വല്ലയാളും അയാളുടെ ഓഹരിക്കുള്ള പണി നടത്താതിരിക്കയോ പണി നടത്തുന്നതിൽ ഉപേക്ഷകാണിക്കയോ ആകട്ടെ, ആ പണിക്കുള്ള ചെലവിലൊ വേലയിലൊ തന്റെ ഓഹരി കൊടുക്കാതിരിക്കയൊ കൊടുക്കുന്നതിൽ ഉപേക്ഷകാണിക്കയോ ആകട്ടെ ചെയ്താൽ" പേഷ്കാരൊ അതിലേക്കായി അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ആ സംഗതിയെക്കുറിച്ചു അന്വേഷണം ചെയ്തു തനിക്കു യുക്തമെന്നു തോന്നുന്ന ഉത്തരവു ചെയ്യാവുന്നതാണെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. വീഴ്ചക്കാരനായ ഒരു വസ്തുഉടമസ്ഥൻ ഏതെങ്കിലും പണിയുടെ ഒരു ഭാഗം നടത്തേണ്ടതാണെന്നു ആ ഉത്തരവിൽ ആജ്ഞാപിച്ചിരിക്കയും ആ വസ്തുഉടമസ്ഥൻ അതു നടത്താതിരിക്കയും ചെയ്താൽ അപ്രകാരം നടത്തണമെന്നു ആജ്ഞാപിക്കപ്പെട്ടിട്ടുള്ള പണിയുടെ അടങ്കലിൻപ്രകാരമുള്ള ചെലവു വീഴ്ചക്കാരനിൽനിന്നു കരക്കുടിശ്ശികപോലെ ഈടാക്കാവുന്നതാണെന്നും ആ വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ പേഷ്കാരൊ മറ്റുദ്യോഗസ്ഥനൊ ചെയ്യുന്ന ഉത്തരവു എല്ലായ്പോഴും ഒരു പണിയുടെ ഏതെങ്കിലും പ്രത്യേകഭാഗം നടത്തണമെന്നായിരിക്കണമെന്നില്ല. എല്ലാവരുടേയും ചെലവിന്മേൽ നടത്തേണ്ടതായ ഒരു പണിനടത്തിയതിനുള്ള ചെലവിന്റെ ഒരുഭാഗം കൊടുക്കുന്നതിനും ആജ്ഞാപിക്കാവുന്നതാണ്. അതു പലപ്പോഴും അങ്ങനെ ആയിരിക്കയും വേണം. ഉദാഹരണമായി, ഒരു പുഞ്ചപ്പാടത്തിന്റെ ഉടമസ്ഥന്മാരിൽ ഒരാളിനോടു, ആ പാടം മുട്ടുക്കുള്ള വെള്ളം വററിക്കുന്നതിനു മററുള്ളവർ വഹിച്ചിട്ടുള്ള ചെലവിന്റെ വീതപ്രകാരമുള്ള ഒരുഭാഗം കൊടുക്കണമെന്നു പേഷ്കാർ ആജ്ഞാപിക്കേണ്ടിവരാം. അങ്ങനെയുള്ള സംഗതികളിൽ, വീഴ്ചക്കാരനായ ഉടമസ്ഥൻ കൊടുക്കണമെന്നു പേഷ്കാരൊ മററുദ്യോഗസ്ഥനൊ ആജ്ഞാപിക്കുന്ന തുക ഈടാക്കുന്നതു എങ്ങനെയെന്നു ആ വകുപ്പിൽ പറഞ്ഞിട്ടില്ല. അതിനാൽ; ആ വകുപ്പിലെ വ്യവസ്ഥകളിൻപ്രകാരം കൊടുക്കണമെന്നു ആജ്ഞാപിക്കപ്പെടുന്ന ആ വക തുകകളും മററു തുകകളും കരംപിരിവിനുള്ള നടപടികൾ അനുസരിച്ചു ഈടാക്കാൻ അധികാരപ്പെടുത്തുന്നതിനു ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഒരു പണിനടത്തുന്നതിനുള്ള ചെലവിൽ ഏതെങ്കിലും ഭാഗം കൊടുക്കാൻ പേഷ്കാരൊ മററുദ്യോഗസ്ഥനൊ ആജ്ഞാപിക്കാവുന്നതാണെന്നുള്ള സംഗതി വിശദമാക്കുന്നതിനും ഈ സന്ദർഭത്തെ വിനിയോഗിച്ചിരിക്കുന്നു.

കണ്ണാചം പരമേശ്വരൻപിള്ള (ഒപ്പ്)

(A true translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകോട്ട നിയമസഭ.

രണ്ടാമത്തെ കൌൺസിൽ.

൧൧൨൧-ാമാണ്ടത്തെ രണ്ടാമത്തെ സെഷൻ.

(അഫിഷ്യൽറിപ്പോർട്ട്).

൧൧൨൧ കർക്കടകം ൨൮-ാം൹/൧൯൪൬ ആഗസ്റ്റ് ൧൨-ാം൹ തിങ്കളാഴ്ച.

സഭായോഗം ഉച്ചയ്ക്കുമുൻപ് പതിനൊന്നരമണിക്കു വിക്ടോറിയാ ജൂബിലിടൌൺഹാളിൽ കൂടി. മി വാൻജി എം. ഇ. വാട്ട്സ് എസ്ക്വയർ ബി. എ. ബാരിസ്റ്റർ അററ് ലാ അദ്ധ്യക്ഷം വഹിച്ചു. മെസ്സേഴ്സ് കെ. സി. മാമ്മൻമാപ്പിളയും എൻ. വി. ജോസപ്പും ഒഴികെയുള്ള എല്ലാ മെംബറന്മാരും ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും മറുപടിയും.

ആറാട്ടുപുഴ—തൊടിയൂർ ഇറിഗേഷൻ ചാനലിന്റെ പരിഷ്കരണം.

൧൮൭. മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും):

(എ) മാവേലിക്കര താലൂക്കിൽപെട്ട ഭരണിക്കാവു, നൂറനാട്ട, വള്ളിക്കുന്നം, പകുതികളിലും, കരുനാഗപ്പള്ളി താലൂക്കിൽപ്പെട്ട കൃഷ്ണപുരം, തഴവാ, തൊടിയൂർ പകുതികളിലും ഉള്ള വയലുകളുടെ ഉടമസ്ഥന്മാർ, മാവേലിക്കര ആററിൽ ആറാട്ടുപുഴ കടവിൽനിന്നും കരുനാഗപ്പള്ളി താലൂക്കിലുള്ള തൊടിയൂർ കായലിലേക്കു ശരിയായ ഇറിഗേഷൻ ചാനൽ ഇല്ലാത്തമൂലമുണ്ടാകുന്ന വിളവില്ലായ്മകൊണ്ടു വളരെനഷ്ടം അനുഭവിക്കുന്നുണ്ടെന്നു ഗവൺമെൻറിനു അറിവുണ്ടോ?

(ബി) ഇപ്പോൾ ആറാട്ടുപുഴയ്ക്കും തൊടിയൂരിനും ഇടയ്ക്കു സ്ഥിതിചെയ്യുന്നതും, എക്കൽ കേറിമൂടി കിടക്കുന്നതുമായ തോട് വിസ്താരംകൂട്ടി വൃത്തിയാക്കി, കുഴിപ്പിക്കുന്നതിനു ഗവൺമെൻറിനു ഭയവുണ്ടാകുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ്സെക്രട്ടറി) :

(എ) ഗവൺമെൻറിനു ഒരറിവും ഇല്ല.

(ബി) സംഗതി ചീഫ്എൻജിനീയരുടെ അന്വേഷണത്തിൽ ഇരിക്കുന്നതും അദ്ദേഹത്തിന്റെ റിപ്പോർട്ടു കിട്ടിയതിന്മേൽ വേണ്ട നടപടി നടത്തുന്നതുമാണ്.

പുള്ളിക്കണക്ക—കൃഷ്ണപുരം റോഡ്.

൧൮൮. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(എ) പുള്ളിക്കണക്ക—കൃഷ്ണപുരംറോഡു പുതുപ്പള്ളിപകുതിയിൽ കായംകുളം കായലിന്റെ തീരംവരെ പടിഞ്ഞാറോട്ടു നീട്ടുന്നതിന് കരുനാഗപ്പള്ളിയും മാവേലിക്കരയും താലൂക്കുകളിലുള്ള പുതുപ്പള്ളി കൃഷ്ണപുരം, ഭരണിക്കാവു, വള്ളിക്കുന്നം, പകുതികളിലെ ജനങ്ങളുടെ അടുത്തകാലത്തുണ്ടായ ഹർജികളിൽ എന്തുനടപടിനടത്തിയിട്ടുണ്ടെന്നു പറയുന്നതിനു ഗവൺമെൻറിനു ഭയവുണ്ടാകുമോ?

(ബി) ഈ ജോലി വളരെ അത്യാവശ്യമായ ഒന്നായി കരുതുന്നതിനും കഴിയുന്നവേഗത്തിൽ നടപ്പിൽവരുത്തുന്നതിനും ഗവൺമെൻറിനു ഭയവുണ്ടാകുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി) : (എ) യും (ബി) യും പ്രസ്തുതറോഡിൽനിന്നും ഉദ്ദേശം ഒരുഫർലോങ്ങിനു അകത്തുകൂടി പാച്ചിറമുതൽ ആയും പീടികവരെ ഒരുറോഡു പബ്ലിക്കുവർക്ക്സ ഡിപ്പാർട്ടുമെൻറ തുറക്കുന്നുണ്ടെന്നും, പുതുപ്പള്ളി മുതലായ സ്ഥലങ്ങളിലേക്കു ജനങ്ങൾക്കു പോകുന്നതിനു ഇപ്പോൾതന്നെ ഒരുവഴിയുണ്ടെന്നും, ചീഫ്എൻജിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു. അതുകൊണ്ടു ഈ ജോലി അത്യാവശ്യമെന്നോ അഥവാ ആവശ്യമെന്നോ ചീഫ്എൻജിനീയർ കരുതുന്നില്ല. അതിനാൽ ഈ സംഗതിയിൽ യാതൊരു മേൽനടനടപടിയും നടത്തുന്നതിനു ഗവൺമെൻറ വിചാരിക്കുന്നില്ല.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ പ്രവേശിപ്പിച്ചിട്ടുള്ള ഗ്രാഡ്യൂവേററുകളെ സംബന്ധിച്ചവിവരങ്ങൾ.

൧൯൦. മി. കെ. പി. നീലകണ്ഠപ്പിള്ള(ചിറയിൻകീഴ്) : ൧൧൦൧ ചിങ്ങം ൩൧-ാം൹ മുതൽ ൧൧൨൧ മിഥുനം ൩൧-ാം൹ വരെ രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ സ്വീകരിച്ചിട്ടുള്ള ഗ്രാഡ്യൂവേററുകളെ സംബന്ധിച്ചു താഴെ പറയുന്നവയ്ക്കു വേണ്ട അറിവുതരുന്നതിനു ഗവൺമെൻറിനു ഭയവുണ്ടാകുമോ?

(എ) അവരുടെ പേരുകളും,

(ബി അവരുടെ നിയമനതീയതിയും ആദ്യത്തെ ശമ്പളവും,

(സി). അവരുടെ ഇപ്പോഴത്തെ ശമ്പളവും ഡിപ്പാർട്ടുമെൻറിൽ അവർക്കുള്ളസ്ഥാനവും.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി) : മെംബർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ (൧-ാം അനുബന്ധം ൭൭-൭൮ പേജ്കൾ നോക്കുക) മേശമേൽ വച്ചിരിക്കുന്നു.

പ്രക്വാട്ടർ ചാനലിൽ മി. ടി. വി. കൃഷ്ണയ്യരുടെ പ്രവേശനം.

൧൯൧. മി. എസ്. സുബ്രഹ്മണ്യ അയ്യർ (പത്മനാഭപുരവും ചെങ്കോട്ടയും):

(എ) "മി. ററി വി. കൃഷ്ണയ്യർ പ്രക്വാട്ടർ ചാനലിൽ പ്രവേശിച്ചു അതിനെ അദ്ദേഹത്തിന്റെ അളത്തിന്റെ ഭാഗമാക്കി" എന്നുള്ള ൧൮൭-ാം നമ്പർ ചോദ്യം (ഡി) വിഭാഗത്തിന്റെ മറുപടിയെ ആസ്പദമാക്കി (കൌൺസിൽ പ്രൊസീഡിംഗ്സ് ൮-ാം വാല്യം ൭൬൭ മുതൽ ൭൬൯ വരെ വശങ്ങൾനോക്കുക) ആ പ്രവേശനത്തെ മാററുന്നതിനു ഗവൺമെൻറ എന്തെങ്കിലും നടപടികൾ ചെയ്തിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ ആ പ്രവേശനത്തെ ഉടനടി മാററാൻ ഉത്തരവുകൊടുക്കുന്നതിനു ഗവൺമെൻറിനു ഭയവുണ്ടാകുമോഎന്നും, ഗവൺമെൻറ സമയം പറയുമോ?

(ബി) മി. കൃഷ്ണയ്യരുടെ അളം ചേർന്നുള്ള ഇൻസ്പെക്ടരനാക്ക പല അവസരങ്ങളിലും പ്രവേശനത്തെ മാററുന്നതിനു എക്സൈസ്കമ്മീഷണർ ഉത്തരവുകൊടുത്തു എന്നുള്ളതു വാസ്തവമായ ഒരുസംഗതിയാണോ? ആ പ്രകാരമാണെങ്കിൽ എന്തുകൊണ്ടു ആ ഉത്തരവുകൾ നടത്തിയില്ല?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി):

(ക) "മി. കൃഷ്ണയ്യർ പഴയപ്രഷ്‌വാട്ടർ ചാനലിൽ പ്രവേശിക്കയും അതു അദ്ദേഹത്തിന്റെ അഭ്യുത്തിന്റെ ഭാഗമാക്കുകയും ചെയ്തു" എന്നു മെമ്പർ ചൂണ്ടിക്കാണിച്ചമാതിരിയിൽ പ്രസ്താവിച്ചിട്ടില്ല. തോടിനെ തന്റെ സ്വാതന്ത്ര്യമുള്ളതാക്കിക്കൊള്ളുന്നതിനു മി. കൃഷ്ണയ്യരെ അനുവദിച്ചിരുന്നു. അതുകൊണ്ടു ചോദ്യം ഉത്ഭവിക്കുന്നില്ല.

(ഖ) അപ്രകാരമുള്ള യാതൊരുത്തരവുകളും ഡ്രെയ്നേജ്‌കമ്മീഷണരാൽ നല്കപ്പെട്ടിട്ടില്ല.

ഗവർമ്മെന്റു പ്രസ്സിന്റെ നടത്തിപ്പിലുള്ള ചെലവുകൾ.

൨൨. മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): ഗവർമ്മെന്റു പ്രസ്സിൽ ജോലി തുടങ്ങിക്കാണുന്ന കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിൽ ഓരോന്നിലും (൧൦൯൧-൧൧൧൫) ഉണ്ടായിട്ടുള്ളതായ ലാഭത്തിന്റെയോ നഷ്ടത്തിന്റെയോ തുക എന്തെന്നു പറയുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് (ഗവർമ്മെന്റു ചീഫ്‌സെക്രട്ടറി): വിവരം അടങ്ങിയിട്ടുള്ളതായ ഒരു സ്റ്റേറ്റുമെന്റു (അനുബന്ധം II പേജ് ൩൭ നോക്കുക) മേശമേൽ വച്ചിരിക്കുന്നു.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): ഈ ലാഭം ഉണ്ടായപ്പോൾ കെട്ടിടങ്ങളുടെ വാടക, മുതലിന്റെ പലിശ, യന്ത്രോപകരണങ്ങളുടെ വിലനാശം ഇവകൾ കണക്കാക്കിയിട്ടുണ്ടോ എന്നു മെമ്പറിൽനിന്നു എനിക്കറിവാൻ സാധിക്കുമോ?

മി. കെ. ജാജ് (ഗവർമ്മെന്റു ചീഫ്‌സെക്രട്ടറി): യന്ത്രോപകരണങ്ങളുടെ വിലനാശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ വാടകയും മുതലിന്റെ പലിശയും ചേർത്തിട്ടില്ല.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): എങ്കിൽ, അതിനെ ഏപ്രകാരം ഒരു ലാഭമെന്നു പറയാൻകഴിയുമെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാജ് (ഗവർമ്മെന്റു ചീഫ്‌സെക്രട്ടറി): ഈ സ്റ്റേറ്റുമെന്റു ശരിയായ ഒരു ലാഭനഷ്ടസ്റ്റേറ്റുമെന്റാണെന്നു ഞാൻ പറയുന്നില്ല.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): ഈ സ്റ്റേറ്റുമെന്റിനെ ഒരു ലാഭനഷ്ടസ്റ്റേറ്റുമെന്റു എന്നു പറയാമോ?

മി. കെ. ജാജ് (ഗവർമ്മെന്റു ചീഫ്‌സെക്രട്ടറി): അതിനെ ശരിയായ ഒരു ലാഭനഷ്ടസ്റ്റേറ്റുമെന്റു എന്നു ഗവർമ്മെന്റു പറയുന്നില്ല.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): സ്റ്റേറ്റുമെന്റിന്റെ തലക്കെട്ടു "൧൦൯൫ വരെയുള്ള ആണ്ടുകളിൽ ഗവർമ്മെന്റുപ്രസ്സിന്റെ ലാഭനഷ്ടത്തെ കാണിക്കുന്ന സ്റ്റേറ്റുമെന്റു" എന്നാകുന്നു.

മി. കെ. ജാജ് (ഗവർമ്മെന്റു ചീഫ്‌സെക്രട്ടറി): അതേ. അതിൽ കാണിച്ചിരിക്കുന്നതു കൈവശമാക്കിയിട്ടുള്ള ഓരോ ഡിപ്പാർട്ടുമെന്റും കിട്ടിയിട്ടുള്ള വില എന്താകുന്നു എന്നു അവസാനകാലത്തിൽ മെമ്പർ കാണും.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): ഈ സ്റ്റേറ്റുമെന്റിനെ ഒരു ലാഭനഷ്ടസ്റ്റേറ്റുമെന്റു എന്നു പറയാമോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാജ് (ഗവർമ്മെന്റു ചീഫ്‌സെക്രട്ടറി): സ്വാഭാവികമായ ഒരു ലാഭനഷ്ടസ്റ്റേറ്റുമെന്റിനു നാം മുതലിന്റെ പലിശകൂടെ കണക്കാക്കേണ്ടതാണ്.

ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ യോഗ്യതയുള്ള ആഫീസറന്മാർ.

൨൩. മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): ഇപ്പോൾ സ്റ്റേറ്റുസർവീസ് ഉദ്യോഗത്തിലുള്ള ആളുകളിൽ ഇലക്ട്രിക് ഇൻജിനീയറിംഗിൽ യോഗ്യതയുള്ളവരുടെ പേരുകളും അവരിൽ ഓരോരുത്തർക്കും ൧൯൨൫ അക്ടോബർ ൩൧-നു ഉള്ളതായ പരീക്ഷായോഗ്യത, ഓരോരുത്തർക്കുമുള്ള ഉദ്യോഗം, ഓരോരുത്തർക്കും കിട്ടുന്ന ശമ്പളം, ഓരോരുത്തരുടെയും സർവീസ് ഇവയെ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു മേശമേൽ വയ്ക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അപ്രകാരം യോഗ്യതയുള്ള ആളുകളുടെ പേരുകൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു (അനുബന്ധം III പേജ് ൩൮ നോക്കുക) മേശമേൽവച്ചിരിക്കുന്നു. അവരുടെ സർവീസ്, ശമ്പളം മുതലായവയുടെ വിവരങ്ങൾക്കുള്ള അറിവിനായി മെമ്പർ സിവിൽലിസ്റ്റ് പരിശോധിക്കണം.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): സ്റ്റേറ്റുസർവീസിൽ ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്ന ആളുകളുടെ ഇലക്ട്രിക് എൻജിനീയറിംഗിലുള്ള യോഗ്യതകളെപ്പറ്റി മെമ്പറിൽനിന്നും എനിക്കറിവാൻ സാധിക്കുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അവരുടെ യോഗ്യതകൾ, ബി. എസ്സ്‌സി; ബി. ഇ. എം. ഇ; ബി. ഇ. എം. ഇ; എം. ഇ. ഇവയാകുന്നു.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): ഇവകളാണോ അവരുടെ യോഗ്യതകൾ എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): അതേ.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): ഓരോരുത്തർക്കും ഇലക്ട്രിക് എൻജിനീയറിംഗിലുള്ള യോഗ്യതകളും ഓരോരുത്തരും സമ്പാദിച്ചിട്ടുള്ള ബിരുദങ്ങളും ഏതെന്നു എനിക്കറിയണം.

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അതിൽ കാണിച്ചിട്ടുള്ള ഏതാനും ബിരുദങ്ങളിൽ ഇലക്ട്രിക് എൻജിനീയറിംഗിലുള്ള ട്രെയിനിംഗും ഉൾപ്പെട്ടിട്ടുണ്ട്.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): ഞാൻ ആവശ്യപ്പെട്ടതു അവർ ഇലക്ട്രിക് എൻജിനീയറിംഗിൽ സമ്പാദിച്ചിട്ടുള്ള ബിരുദങ്ങളാണ്.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അവർ ഇലക്ട്രിക്ക് എൻജിനീയറിംഗിൽമാത്രം സമ്പാദിച്ചിട്ടുള്ള പ്രത്യേക ബിരുദങ്ങളാണോ മെംബർ ആവശ്യപ്പെടുന്നതു്?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും—തെക്ക്): അതേ, സർ.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതു തിട്ടപ്പെടുത്തേണ്ടതാകുന്നു. മെംബർ ആവശ്യപ്പെട്ടിരുന്ന വിവരം കിട്ടിയിട്ടുള്ളതും എന്നാൽ മെംബർ കൂടുതൽ വിവരം ചോദിക്കുന്നതുകൊണ്ടു അതു ആവശ്യപ്പെടുന്നതുമാകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): സ്റ്റേറ്റമെന്റ വിപുലമായ ഒന്നാണോ എന്നു മെംബർ എന്നെ അറിയിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതു എപ്രകാരം വിപുലമായതല്ല എന്നു പറയേണ്ടതു മെംബറാകുന്നു

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): സർ, ഞാൻ നടപടിക്രമത്തെപ്പററി ഒരു കാര്യം ആവശ്യപ്പെടുന്നു. എനിക്കു വിവരം ചോദിക്കയല്ലാതെ അതു കൊടുക്കാൻ സാധിക്കയില്ല.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ആ സ്റ്റേറ്റമെന്റ വിപുലമാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): എന്നാൽ മിസ്റ്റർ എം. താണുപിള്ള എൽ. ഇ. ഇ. (ഓണേഴ്സ്) ന്റെ പേരു എന്തുകൊണ്ടു ഉൾപ്പെടുത്തിയിട്ടില്ലെന്നു മെംബർ എന്നെ അറിയിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതു തിട്ടപ്പെടുത്തേണ്ടതാകുന്നു.

ജുഡിഷ്യറിയിലേക്കുള്ള നിയമനവും വെള്ളാളരും.

൨൪. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): (൧) (എ) കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ (൧൦൯൬—൧൧൦൬) വക്കീലന്മാരിൽനിന്നു ഡിസ്ത്രിക്റ്റ്, സെഷൻസ്, മുൻസിഫ് ജഡ്ജിമാരായി നിയമിച്ചിട്ടുള്ളവരുടെ പേരുകളും,

(ബി) സർവീസിലേക്കു നിയമിക്കുന്ന ഓരോരുത്തർക്കും ബാറിൽ ഉണ്ടായിരുന്ന പ്രാക്ടീസിന്റെ കാലയളവും,

(സി) നിയമനത്തിനുമുൻപായി ഓരോരുത്തരും പ്രാക്ടീസുചെയ്തുകൊണ്ടിരുന്ന കോടതികളുടെ പേരുകളും,

കാണിക്കുന്ന ഒരു സ്റ്റേറ്റമെന്റ മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(൨) സംസ്ഥാനത്തിന്റെ വിവിധകോടതികളിൽ വ്യവഹരിച്ചുകൊണ്ടിരിക്കുന്ന വെള്ളാളവക്കീൽ ബിരുദധാരികളുടെ പേരുകളും അവരിൽ ഓരോരുത്തർക്കുമുള്ള പരിചയത്തിന്റെ ആണ്ടിന്റെ സംഖ്യയും പ്രസ്താവിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): (൧)-ഉം (൨)-ഉം ആവശ്യപ്പെട്ട വിവരം അടങ്ങിയ സ്റ്റേറ്റമെന്റ മേശമേൽ വച്ചിരിക്കുന്നു. (അനുബന്ധം IV എയും IV ബിയും ൯൧-ഉം ൯൨-ഉം പേജുകളിൽ നോക്കുക).

ഗോവധം സംബന്ധിച്ച നിയമനിർമ്മാണം.

൨൫. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): (എ) പാലിനും പാലിൽനിന്നും കിട്ടുന്ന പദാർത്ഥങ്ങൾക്കും ഈ രാജ്യത്തു വർദ്ധമാനമായ ദൌർല്ലഭ്യമുണ്ടെന്നു ഗവണ്മെന്റിനു അറിവുണ്ടോ എന്നും;

(ബി) പാലിന്റെയും പാൽ പദാർത്ഥങ്ങളുടെയും വില യാതൊരു ക്രമവുമില്ലാതെ വർദ്ധിച്ചിട്ടുണ്ടെന്നും, ദൈനംദിനം ശരിയായി വർദ്ധിച്ചുകൊണ്ടു ഇരിക്കുന്നുണ്ടോ എന്നും;

(സി) ൧൦൯൯-ലും ൧൧൦൦-ലും ൧൧൦൧-ലും കർക്കടകം അവസാനദിവസം രാജ്യത്തുള്ള പാൽ കന്നുകാലികളുടെ എണ്ണവും;

(ഡി) ൧൦൯൯-ലും ൧൧൦൦-ലും ൧൧൦൧-ലും കർക്കടകം അവസാനദിവസം രാജ്യത്തുള്ള പൂട്ടുകന്നുകാലികളുടെ എണ്ണവും,

(ഇ) ഒരു പശുവിൽനിന്നും ദിവസം കിട്ടുന്ന പാലിന്റെ ശരാശരി അളവും;

(എഫ്) ൧൦൯൯, ൧൧൦൦, ൧൧൦൧ ഈ ഓരോ കൊല്ലങ്ങളിലും സംസ്ഥാനത്തെ ഓരോ മുൻസിപ്പാലിററിയിലും കശാപ്പുചെയ്തിട്ടുള്ള കന്നുകാലികളുടെ സംഖ്യയും;

(ജി) ബറോഡായും, കാശ്മീരവും തുടങ്ങിയ അനവധി നാട്ടുരാജ്യങ്ങളും രാജപുട്ടാണയിലും സെൻട്രൽ ഇൻഡ്യയിലുമുള്ള ഹിന്ദുസംസ്ഥാനങ്ങളും ഹൈദ്രാബാദിലെ നൈസാം തിരുമനസ്സുകൊണ്ടും, കാബൂളിലെ അമീർ തിരുമനസ്സുകൊണ്ടും, നിയമംമൂലം ഗോവധം നിരോധിച്ചിട്ടുണ്ടു എന്നതു ഒരു വസ്തുതയാണോ എന്നും;

(എച്ച്) ഗോവധത്തെ നിരോധിക്കുന്നതിനു എന്തെങ്കിലും നിയമം പാസ്സാക്കുന്നതിനു ഗവണ്മെന്റ ഉദ്ദേശിക്കുന്നുണ്ടോ എന്നും,

(ഐ) സംസ്ഥാനത്തിൽ പാൽ കൂടുതലായി കിട്ടുന്നതിനും, അതുമൂലം വില കുറയ്ക്കുന്നതിനും ആയി വല്ല പരിഷ്കാരവും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏതെന്നും;

ഗവണ്മെന്റ സദയം പ്രസ്താവിക്കുമോ?

മി. പി. എസ്. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): (എ) ഗവണ്മെന്റിനു ഒരു അറിവുമില്ല.

(ബി) ഏറെക്കുറെ വിലകൂടിയിട്ടുണ്ട്. ദൈനംദിനം വില വർദ്ധിക്കുന്നു എന്നുള്ള പ്രസ്താവം സ്വീകരിക്കുന്നതിനു ഗവണ്മെന്റിനു നിവൃത്തിയില്ല.

(സി)യും (ഡി)യും വർഷംതോറും ഒരു കന്നുകാലി കാനേഷുമാരിക്കണക്കു എടുക്കുന്നില്ല. അതുമൂലം ആ വിവരം കിട്ടുവാൻ നിവൃത്തിയില്ല.

(ഇ) പ്രാഥിന്റെ അളവു പശുവിന്റെ ഇനം, തീററി, ശുശ്രൂഷ, ഇവയെ അനുസരിച്ചിരിക്കും.

(എഫ്) മൂന്നുകൊല്ലങ്ങൾക്കും യഥാക്രമമുള്ള സംഖ്യകൾ ഇവയാകുന്നു.—

ആട്ടും കോലാട്ടും ൨൯൨൦൧; ൨൫൯൬൧; ൨൯൮൨൧;

കാളകളും പശുക്കളും ൧൧൮൭൬; ൧൧൫൭൧; ൧൦൬൧൨.

(ജി) ഗവമ്മെന്റിനു ഒരു അറിവും ഇല്ല.

(എച്ച്) ഗവമ്മെന്റിനു ഇപ്പോൾ അപ്രകാരം ഒരു ഉദ്ദേശവുമില്ല.

(ഐ) നല്ല ഇനം പശുക്കളെ വളർത്തുന്നതും പൊതുജനങ്ങൾക്കു വളർത്താനായി പശുക്കുട്ടികളെ വിലയ്ക്കുകൊടുക്കുന്നതുമായ രണ്ടു കന്നുകാലിത്തൊഴുത്തുകൾ ഗവമ്മെന്റിൽനിന്നും സ്ഥാപിച്ചിട്ടുണ്ട്. പൊതുജനോപയോഗത്തിനായി വിത്തുകാളകളെ സൂക്ഷിക്കുന്നവർക്കു ഗ്രാൻറുകൾ കൊടുത്തു നല്ല വിത്തുകാളകളെ സൂക്ഷിക്കുന്നതിനു ഉത്സാഹിപ്പിക്കയും ചെയ്യുന്നുണ്ട്.

തൂക്കങ്ങളും അളവുകളും.

൨൬. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): (൧) സംസ്ഥാനത്തു ഉപയോഗപ്പെട്ടുവരുന്ന തൂക്കങ്ങളിലും അളവുകളിലും ഉള്ള ദോഷത്തെക്കുറിച്ചു ഗവമ്മെന്റിനു അറിവുണ്ടോ?

(൨) തിരുവിതാംകൂറിനു ആകമാനമായി തൂക്കങ്ങളും അളവുകളും ക്രമീകരിക്കുന്നതിനു വേണ്ട നടപടികൾ ചെയ്യാൻ ഗവമ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ?

മി. കെ. ജാർജ് (ഗവമ്മെന്റു ചീഫ്സെക്രട്ടറി): (൧) മറുപടി പ്രതികൂലമായിരിക്കുന്നു.

(൨) ൧൦൯൫-ലെ ആറാം റെഗുലേഷനായ തൂക്കങ്ങളും അളവുകളും റെഗുലേഷൻപ്രകാരം തിരുവിതാംകൂറിനു ആകമാനമായി തൂക്കങ്ങളും അളവുകളും ക്രമീകരിക്കപ്പെട്ടിട്ടുണ്ട്.

കൊല്ലം താലൂക്കിൽ പരവൂർ പകുതിയിലെ റോഡുകളുടെ സ്ഥിതി.

൨൭. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്കു): (൧) പരവൂർകമ്പോളത്തിൽനിന്നും പള്ളിക്കടവിലേക്കുള്ള റോഡു വളരെമോശമായിട്ടുള്ള സ്ഥിതിയിലാണെന്നു ഗവമ്മെന്റിനു അറിവുണ്ടോ?

(൨) മറുപടി പ്രതികൂലമായാണെങ്കിൽ ഗവമ്മെന്റു സ്വയം ആ വിഷയത്തിൽ അന്വേഷണം നടത്തുകയും ആവശ്യമുള്ള പ്രവൃത്തിക്കയും ചെയ്യുമോ?

(൩) (എ) മണിയംകുളം പാലത്തിൽനിന്നും ബോട്ടു ജട്ടിയിലേക്കുള്ള വില്ലേജ്റോഡു ഗതാഗതത്തിനു നിരുപയോഗ്യമായി തീർന്നിട്ടുണ്ടെന്നും;

(ബി) അഞ്ചൽ ആഫീസും എച്ച്. ജി. മലയാളംസ്കൂളും ഈ റോഡിൽ സ്ഥിതിചെയ്യുന്നതുമൂലം ഈ റോഡു മിക്കവാറും എല്ലാവരാലും ഉപയോഗപ്പെടുത്തുന്നുണ്ടെന്നും;

(സി) ഈ റോഡിൽ സ്ഥിതിചെയ്യുന്ന ജെട്ടിയിൽനിന്നും ആലപ്പുഴയ്ക്കും മററു സ്ഥലങ്ങളിലേക്കുമായി പത്തു വള്ളത്തിൽ കൂടുതൽ കൊപ്രായും കയറുസാമാനങ്ങളും ദിവസവും കയറ്റുമതി ചെയ്യുന്നുണ്ടെന്നും;

(ഡി) ഈ റോഡിന്റെ അഗന്യസ്ഥിതിമൂലം ജെട്ടിയിൽ സാമാനങ്ങൾ കൊണ്ടുപോകുന്നതിനു കച്ചവടക്കാർ അധികം അസൌകര്യവും ബുദ്ധിമുട്ടും അനുഭവിക്കുന്നുണ്ടെന്നും;

ഗവമ്മെന്റിനു അറിവുണ്ടോ?

(൪) മൂന്നാംവിഭാഗത്തിനുള്ള മറുപടി പ്രതികൂലമായാണെങ്കിൽ, ഗവമ്മെന്റു ആ വിഷയത്തിൽ അന്വേഷണം നടത്തുകയും വേണ്ടതു പ്രവൃത്തിക്കയും ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെന്റു സെക്രട്ടറി): (൧) മറുപടി പ്രതികൂലമായാണ്.

(൨) അതെ.

(൩) (എ) തോട്ടുവക്കു ഇടിഞ്ഞുവീണുപോകയും റോഡു വീതി കുറഞ്ഞുപോകയും ചെയ്തിരിക്കുന്നുവെന്നു റിപ്പോർട്ടുചെയ്തിരിക്കുന്നു.

(ബി) അതെ.

(സി)യും (ഡി)യും ഗവമ്മെന്റു വിവരം ശേഖരപ്പെടുത്തുന്നു.

(൪) റോഡിന്റെ അററകുററപ്പണി ശ്രദ്ധയ്ക്കു വിഷയമായിരിക്കുന്നു.

൨൮. മുൻസിഫ്പന്മാരെ തിരഞ്ഞെടുത്തു നിയമിക്കുക.

൨൮. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): (എ) ൧൧൦൫ ചിങ്ങം ൧-ാം-മുതൽ ഇതുവരെ മുൻസിഫ്പന്മാരായി നിയമിച്ചിട്ടുള്ള ആളുകളുടെ പേരുകളും;

(ബി) അവരെ മുൻസിഫ്പന്മാരായി നിയമിച്ചതായ തീയതികളും;

(സി) അവരിൽ ഓരോരുത്തരും ബി. എൽ. പരീക്ഷ പാസ്സായ ആണ്ടും;

(ഡി) ഓരോസംഗതിയിലും, അതു വക്കീൽസംഘത്തിൽനിന്നുമുള്ള നിയമനമായിരുന്നോ, അതല്ല ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിലെ മിനിസ്റ്റീരിയൽ സെക്ഷനിൽനിന്നും ആയിരുന്നോ എന്നും;

(ഇ) വക്കീൽസംഘത്തിൽനിന്നും നിയമിച്ചിട്ടുള്ള സംഗതിയിൽ നിയമനംനടത്തിയസമയം ബാറിൽ ഓരോരുത്തർക്കും എത്രകൊല്ലത്തെ തഴക്കമുണ്ടായിരുന്നുവെന്നും;

(എഫ്) ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽനിന്നും തിരഞ്ഞെടുത്തു നിയമിച്ചിട്ടുള്ള സംഗതിയിൽ നിയമനംചെയ്യുന്നസമയം ഓരോരുത്തർക്കും കിട്ടിക്കൊണ്ടിരുന്ന ശമ്പളം എത്രയെന്നും;

(ജി) പട്ടണത്തിനുപുറമെയുള്ള ബാറുകളിലും നിയമനംനടത്തുന്നതിനുമുമ്പു വ്യവഹരിച്ചുകൊണ്ടിരുന്നതുമായ സ്ഥലങ്ങളിലുംനിന്നു തിരഞ്ഞെടുത്തു നിയമിച്ചിട്ടുള്ള ആളുകളുടെ സംഖ്യയും;

അടങ്ങിയ ഒരു സ്റ്റേറ്റമെന്റു മേശമേൽവയ്ക്കുന്നതിനു ഗവമ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി):

(എ) മുതൽ (ജി) വരെ ആവശ്യപ്പെട്ടിട്ടുള്ളതായ വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു വച്ചിരിക്കുന്നു. (അനുബന്ധം V. പേജുകൾ ൩൫-൩൭ വരെ നോക്കുക).

പായിൻറവ്വോളി കാൺസ്റ്റബിൾമാക്കുള്ള സൌകര്യങ്ങൾ.

൨൯. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തേക്ക്): മോട്ടോർകാറുകൾക്കും, ബസ്സുകൾക്കും, ഡ്രൈവറന്മാക്കും ലൈസൻസുകൊടുക്കുന്നതിലും, പരിശോധനയിലും, പെർമിററുകൾ മുതലായവ കൊടുക്കുന്നതിലും, നിന്ന് ൧൦൯൯ ൧൧൦൦ ൧൧൦൧ ൧൧൦൨-ൽ ആദ്യത്തെ പകുതികളിലും ഇവയിൽ ഓരോ വർഷത്തിലും ശേഖരിച്ചിട്ടുള്ള തുകകളുടെയും;

(ബി) (എ) വിഭാഗത്തിൽ പ്രസ്താവിച്ചതായ തുക ചെലവാക്കിയതായ ഉപയോഗവും;

(സി) മദ്രാസിലും, ബോംബെയിലും, കൽക്കട്ടയിലും ട്രാഫിക്ക്‌വക്ക് നടത്തുന്നവരായ കാൺസ്റ്റബിൾമാർക്ക് അവരുടെ ബൽററിൽക്കൂടി ബന്ധിച്ചിരിക്കുന്നതായ കുടകളും, ഉഷ്ണമേഖലയിലെ ദുസ്സഹമായ ചൂടിൽനിന്നും അവരുടെ തലകളെ രക്ഷിക്കത്തക്കതായ തൊപ്പികളും നൽകപ്പെടുന്നുവെന്നുള്ളതു വാസ്തവമാണോ എന്നും;

(ഡി) ഇവിടെ ട്രാഫിക്ക് ജോലിചെയ്യുന്നവരായ കാൺസ്റ്റബിൾമാർ മരിക്കലും അവരുടെ പായിൻറുകളിൽ അല്ല, എന്നാൽ അവർ എപ്പോഴും അവർക്ക് സൂര്യൻെറ ചൂടിൽനിന്നും അഭയംലഭിക്കുന്നതായ റോഡിൻെറ ഒരു ഭാഗത്താണ് കാണപ്പെടുന്നതെന്നും ഉള്ളത് വാസ്തവമാണോ എന്നും;

(ഇ) മദ്രാസിലും, ബോംബെയിലും, കൽക്കട്ടായിലും ചെയ്യുവരാറുള്ളതുപോലെ ഇവിടെയും ട്രാഫിക്ക് ജോലിചെയ്യുന്ന കാൺസ്റ്റബിൾമാക്ക് വെയിൽകൊള്ളാതിരിക്കാൻ തൊപ്പികളും, കുടകളും നൽകപ്പെടണമെന്നുള്ള സംഗതിയെപ്പററി ഗവൺമെൻറ വിചിന്തനംചെയ്യുമോ എന്നും;

ഗവൺമെൻറ സദയം പ്രസ്താവിക്കുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി):

(എ)

ആണ്ട്		തുക.	ആണ്ട്		തുക
൧൦൯൯	രൂപാ	൬൩൭൮-൧൨-൧൮	൧൧൦൧	രൂപാ	൭൭൯൦൭ ൭-൭-൩
൧൧൦൦	,,	൧൮൮൧൨-൧-൪	൧൧൦൨ (ആദ്യത്തെപകുതി)		൧൭൯൩൪-൩-൧൧

(ബി) മോട്ടോർ വെഹിക്കിൾറെഗുലേഷൻപ്രകാരമുള്ള സകല വരവുകളും ഗവൺമെൻറിലേക്കു ഒടുക്കുകയാകുന്നു.

(സി) ഗവൺമെൻറിനു ഒരു അറിവുംഇല്ല.

(ഡി) മറുപടി പ്രതികൂലത്തിലാകുന്നു.

(ഇ) ട്രാഫിക്ക് ജോലിചെയ്യുന്നവരായ കാൺസ്റ്റബിൾമാരുടെ പാദങ്ങളെ രക്ഷിക്കുന്നതിനായി അവക്കു ചെരുപ്പുകൾ നൽകിയിട്ടുണ്ട്. കാക്കിത്തൊപ്പികളും സൂര്യക്കണ്ണാടികളും നൽകപ്പെടുന്നകാര്യം ആലോചനയ്ക്കു വിഷയമായിരിക്കുന്നു.

൧൦൯൯-മുതൽ ൧൧൦൨-വരെ കച്ചവടക്കാരിൽനിന്നും പിരിച്ചിട്ടുള്ള ആദായനികുതി.

൩൦. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തേക്ക്): ൧൦൯൯ ൧൧൦൦ ൧൧൦൧ ഈ ഓരോ കൊല്ലത്തിലും കച്ചവടക്കാരിൽനിന്നുമാത്രം പിരിച്ചിട്ടുള്ള ആദായനികുതിയുടെ തുക എന്തെന്നു ഗവൺമെൻറ സദയം പ്രസ്താവിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട വിവരം താഴെ കൊടുത്തിരിക്കുന്നു:—

ആണ്ട്.		തുക.	ആണ്ട്.		തുക.
൧൦൯൯	രൂപാ	൧൭൭൨൧൭൩	൧൧൦൧	രൂപാ	൧൮൭൭൦൭
൧൧൦൦	,,	൧൬൩൩൭൪			

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തേക്ക്): കച്ചവടക്കാരിൽനിന്നും പിരിച്ചതായ ആദായനികുതി ൧൧൦൧-ൽ കുറഞ്ഞുപോയിഎന്നു മറുപടിയിൽനിന്നും കാണുന്നു. ആ താഴ്ചയ്ക്കു ഇടയാക്കിയ കാരണങ്ങൾ എന്തെല്ലാമെന്നു അന്വേഷിക്കുന്നതിനു ഗവൺമെൻറ ശ്രമിച്ചിട്ടുണ്ടോ എന്നു മെംബർ എന്നെ അറിയിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): വിവരം ഇപ്പോൾ ഗവൺമെൻറിൻെറ മുമ്പിൽ ഇല്ല.

മത്സ്യത്തിനും പുന്നക്കഎണ്ണയ്ക്കും വെളിച്ചെണ്ണയ്ക്കുമുള്ള ലൈസൻസ്.

൩൧. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തേക്ക്): (൧) എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നു യാതൊരു ലൈസൻസും വാങ്ങാതെ മത്സ്യത്തിലും, പുന്നക്കഎണ്ണയിലും വെളിച്ചെണ്ണയിലും, കച്ചവടംചെയ്തുകൊള്ളുന്നതിനു ചെങ്കോട്ടയിലെ കച്ചവടക്കാരുടെ അപേക്ഷപ്രകാരം അന്നു തിരുവിതാംകൂർ ദിവാനായിരുന്ന ദിവാൻ ബഹദൂർ മിസ്റ്റർ എം. കൃഷ്ണൻനായർ ഉത്തരവുകൊടുത്തിട്ടുണ്ടെന്നു ഗവൺമെൻറിനു അറിവുണ്ടോ?

(൨) ആ ഉത്തരവുകൾ ഇപ്പോൾ നടത്തിപ്പോരുന്നുണ്ടോ എന്നു ഗവൺമെൻറ സദയം പ്രസ്താവിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി):

(൧) മറുപടി പ്രതികൂലത്തിലാകുന്നു.

(൨) (൧)-ാം വിഭാഗത്തിൻെറ മറുപടിയനുസരിച്ചു ഈ ചോദ്യത്തിനു കാരണമില്ല.

തിരുവിതാംകൂർ കൃഷിക്കാരുടെ കടവും കൃഷിവായ്പകൊടുപ്പും.

൩൨. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): (൧) തിരുവിതാംകൂറിലെ കൃഷിക്കാരുടെ കടം ഏതുപ്രകാരം മദ്രാസ് പ്രസിഡൻസിയിലെ ആളോഹരിയിലുള്ള കടവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന ഗവണ്മെൻറ സദയം പ്രസ്താവിക്കുമോ?

(൨) പരസ്പരസഹായസംഘങ്ങൾമുഖേന കൊടുക്കപ്പെടുന്ന കടങ്ങൾ അല്പകാലത്തേക്കുമാത്രമുള്ളവയായതിനാൽ കൃഷിവലന്മാരുടെ മുൻകടങ്ങൾ തീർക്കുക എന്ന ആവശ്യത്തിനു ഉതകുന്നില്ല എന്ന ഗവണ്മെൻറിനു അറിവുണ്ടോ?

(൩) കൃഷീവലന്മാരെ കർഷകഋണബാധ്യത്തിൽനിന്നും മുക്തമാക്കുന്നതിനു ഉതകുന്നതിലേക്കായി ബ്രിട്ടീഷ് ഇൻഡ്യയിലെ അനവധി പ്രാവിൻസുകളിലും ഇൻഡ്യൻസംസ്ഥാനങ്ങളിലും ഗവണ്മെൻറ ലാൻറുമോർട്ടുഗേജ ബാങ്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, സ്ഥാപിക്കുന്നുണ്ടെന്നും, ഗവണ്മെൻറിനു അറിവുണ്ടോ?

(൪) അതേ ആവശ്യത്തിലേക്കായി തിരുവിതാംകൂറിൽ ലാൻറുമോർട്ടുഗേജ് ബാങ്കുകൾ സ്ഥാപിക്കുന്നതിനു ഗവണ്മെൻറ അത്യാവശ്യനടപടികൾ ചെയ്യുമോ?

മി. പി. എൻ. കുഞ്ഞൻപിള്ള (ഗവണ്മെൻറുസെക്രട്ടറി):

(൧) ഗവണ്മെൻറിനു യാതൊരറിവും ഇല്ല.

(൨) നടപ്പിലിരിക്കുന്ന പരസ്പരസഹായസംഘങ്ങൾ കൃഷിക്കടങ്ങളെ ഇല്ലാതാക്കുന്നതിൽ സ്തുത്യർഹമായവിധം സഹായിക്കുന്നുണ്ടെന്നുഗവണ്മെൻറവിചാരിക്കുന്നു. ൧൧൦൧ അവസാനത്തിൽ ഉണ്ടായിരുന്ന ൧൨൮൦ സംഘങ്ങളിൽ ൧൦൩൧ വരെകൃഷിവായ്പസംഘങ്ങളാണെന്നു ൧൧൦൧-ലേക്കുള്ള കണക്കുകൾകാണിക്കുന്നു. കൂടാതെ തന്നാണ്ടിൽ നൽകപ്പെട്ടതായ വായ്പകളിൽ കാൽഭാഗത്തിൽ കൂടുതൽ മുൻകടങ്ങൾ തീർക്കുന്നതിനു ഉപയോഗപ്പെടുത്തിയതായ വായ്പകളായിരുന്നുവെന്നും അതിനുപുറമെ അധികംഋണകൾക്കും കൃഷിച്ചെലവിനും കന്നുകാലികളെവാങ്ങുക ഭൂമിയിൽ ശാശ്വതമായ ഭേദഗതികൾ ചെയ്യുക മുതലായ കൃഷിആവശ്യങ്ങൾക്കായും കൊടുത്തിട്ടുള്ളവയാകുന്നു. ഇപ്പോഴുള്ളതിൽ കൂടുതലായ കാലാവധികൾക്ക വായ്പകൾ നൽകുന്നതിനു യോജ്യമായഭേദഗതികൾ ചട്ടങ്ങളിൽവരുത്തുന്നതിൽ പരസ്പരസഹായസംഘങ്ങളെ തടയുന്നതായി യാതൊന്നും തന്നെ ഇല്ല.

(൩) പഞ്ചാബിലും മദ്രാസ്പ്രസിഡൻസിയിലും ഏതാനും ലാൻഡുമോർട്ടുഗേജ് ബാങ്കുകൾ സ്ഥാപിച്ചിട്ടുള്ളതായി ഗവണ്മെൻറ അറിയുന്നു.

(൪) ഈസംസ്ഥാനത്തിൽ ഒരു ലാൻഡുമോർട്ടുഗേജ് ബാങ്കു സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു മെമ്പർ ഉൾപ്പെട്ടിട്ടുണ്ടായിരുന്നതായ ൧൧൧-ാം നമ്പർ തിരുവിതാംകൂർ പരസ്പരസഹായ ഐക്യസംഘ(ക്ലിപ്തം)ത്തിൽ നിന്നും ഉണ്ടായ ഒരു ഡെപ്യൂട്ടേഷനെ ൧൧൦൧ ജൂൺ ൩-ാം-നു ദിവാൻജി സ്വീകരിച്ചു. പരസ്പരസഹായപദ്ധതിയിൽ പ്രവർത്തിക്കുന്നതായ ഇപ്പോൾ നടപ്പിലിരിക്കുന്ന സ്ഥാപനങ്ങൾ ആപത്തിയുടെ ഉത്സാഹികളാൽ ലാക്കാക്കപ്പെട്ടിട്ടുള്ള വഴികളിൽ പ്രവർത്തിക്കുന്നതിനു കഴിവില്ലാതിരിക്കുന്നുവെന്നു ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുന്നതിനു ഡെപ്യൂട്ടേഷൻ സാധ്യമായിരുന്നില്ല. അതുകൊണ്ടു ഉദ്യോഗസ്ഥന്മാരുടെ ഇരട്ടിപ്പു വരാതിരിക്കുന്നതിലേക്കു സാധിക്കുന്നതായ വഴികൾ കണ്ടുപിടിച്ചു ആവശ്യമുള്ളപക്ഷം ഈ പ്രശ്നത്തിൻെറ പുനരാലോചനയ്ക്കായി കൂടുതൽ വിവരങ്ങളോടുകൂടി പിന്നീടു ഗവണ്മെൻറിനെ കാണുന്നതിനും ഗവണ്മെൻറു അവരോടു ആവശ്യപ്പെട്ടിട്ടുണ്ട്.

പോലീസകാൺസ്റ്റബിൾമാരുടെ ശമ്പളക്കൂടുതൽ.

൩൩. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): (൧) പോലീസുജോലിയുടെ വൈഷമ്യമുള്ളതോടും പോലീസ്ഡിപ്പാർട്ടുമെൻറിലുള്ള മററാളുകളെക്കാൾ കാൺസ്റ്റബിൾമാരാണ വഹിക്കപ്പെടുന്നതെന്നുള്ളതു ഗവണ്മെൻറിനു അറിവുണ്ടോ?

(൨) മദ്രാസ്പ്രസിഡൻസിയിലുള്ള കാൺസ്റ്റബിൾമാർക്ക ലഭിക്കുന്ന ശമ്പളവും അയൽരാജ്യമായ കൊച്ചിയിൽ അവർക്ക ലഭിക്കുന്ന ശമ്പളവും എന്തെന്നു ഗവണ്മെൻറ സദയം പ്രസ്താവിക്കുമോ?

(൩) കാൺസ്റ്റബിൾമാർ മിക്കവാറും അന്യായമായ ആദായസ്വീകരണത്തിനു വഴിപ്പെടുന്നുവെന്നുള്ളതു വാസ്തവമാകുന്നോ?

(൪) മദ്രാസ് പ്രസിഡൻസിയിലെം കൊച്ചിയിലെ ലഭിക്കുന്ന രീതിയിൽ കൺസ്റ്റബിൾമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന സംഗതിയെപ്പററി ഗവണ്മെൻറ സദയം ആലോചിക്കുമോ?

മി. കെ. ജാൻ (ഗവണ്മെൻറചീഫ്സെക്രട്ടറി): (൧) മേൽജീവനക്കാർ ചുമതലവഹിക്കുന്നതിനു സാധിക്കുന്നതുവരെ ചില പ്രത്യേകസന്ദർഭങ്ങളിൽ ജോലിയുടെ വൈഷമ്യം കാൺസ്റ്റബിൾമാർ വഹിക്കേണ്ടിവന്നേക്കാം. കാൺസ്റ്റബിൾമാരുടെ ജോലി ഏറെക്കുറെ ശാരീരികമായിട്ടുള്ളതും പൊതുവെ അവർക്ക മാരോകാര്യങ്ങൾ തീരുമാനിക്കേണ്ട ഭാരം വഹിക്കേണ്ടതായിട്ടില്ലാത്തതും ആകുന്നു.

(൨) മദ്രാസ് പ്രസിഡൻസിയിൽ കാൺസ്റ്റബിൾമാരുടെ കുറഞ്ഞശമ്പളം. ൧൩ അര രൂപയും കൊച്ചിസംസ്ഥാനത്തു ഒരു കാൺസ്റ്റബിളിൻെറ കുറഞ്ഞശമ്പളം ൧൨ രൂപയും ആകുന്നുവെന്നും കൂടുതൽ ൧൭ രൂപയും ശരാശരി ൧൨ അര രൂപയും ആണെന്നും ഇവിടെ ഈയിടെ ലഭ്യമായിട്ടുള്ള കണക്കുകൾ കാണിക്കുന്നു.

(൩) ഗവണ്മെൻറിനു അറിവില്ല.

(൪) പ്രശ്നം പരിശോധിച്ചുവരുന്നു.

അഞ്ചൽവിതരണ ശിപായിമാരുടെ ശമ്പളക്കൂടുതൽ.

൩൪. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): (എ) ഡിവിഷൻആഫീസുകളിലെ വിതരണശിപായിമാരുടെ ജോലി സംസ്ഥാനത്തെ മററു ഡിപ്പാർട്ടുമെൻറുകളിലെ ശിപായിമാരുടേതിനെക്കാൾ വളരെ വിഷമമേറിയതാണെന്നു ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) മറുപടി അനുകൂലത്തിലാണെങ്കിൽ ഇവരുടെ ശമ്പളം ഇൻഡ്യൻ പോസ്റ്റൽ ഡിപ്പാർട്ടുമെൻറിലും കൊച്ചിസംസ്ഥാന സർവീസിലും ഇവരെപ്പോലുള്ള ശിപായിമാർക്ക ലഭിക്കുന്നശമ്പളംപോലെ വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറു ആലോചിക്കുമോഎന്നു അവർ സദയം പ്രസ്താവിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഏ-ഉം ബി-ം അക്കൽഡിപ്പാർട്ടുമെൻറിലെ വിതരണോദ്യോഗസ്ഥന്മാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനെപ്പററിയുള്ള അഭിപ്രായങ്ങളെ ഗവണ്മെൻറു വിചിന്തനംചെയ്കയും ൧൧൨൩-ലെ ബഡ്ജററിൽ അതിലേക്കു സൌകര്യംചെയ്യുകയും ചെയ്തിട്ടുണ്ടു.

അയിരൂർ അണ.

നം. ൩൫. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൨൨ ഏപ്രിൽ ൨൩-നു നടന്ന നിയമസഭായോഗത്തിൽ മറുപടിപറഞ്ഞതായ അയിരൂർഅണയെ സംബന്ധിച്ച എൻെറ ൨൨൯-ാംനമ്പർ ചോദ്യത്തിനെ പുരസ്കരിച്ചു ആവശ്യപ്പെട്ടിരുന്നതായ അടങ്കൽ കിട്ടിയിട്ടുണ്ടോഎന്നു ഗവണ്മെൻറു സദയം പ്രസ്താവിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അടങ്കൽ ചീഫ്എൻജിനീയരിൽ നിന്നുംകിട്ടീട്ടില്ല.

സയൻസ്കാളേജിൽ ൧൧൨൨-ൽ തിരുവിതാംകൂറുകാർ അല്ലാത്തവരുടെ പ്രവേശനം.

നം. ൩൬. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) വിദേശിയരായുള്ള വിദ്യാർത്ഥികൾക്കു ൧൧൨൨-ൽ സയൻസ്കാളേജിൽ പ്രവേശനം അനുവദിച്ചിട്ടുണ്ടോ എന്നും;

(ബി) (എ) വിഭാഗത്തിൻെറ മറുപടി അനുകൂലത്തിലാണെങ്കിൽ അപ്രകാരം എത്രപേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും നാട്ടുകാരേക്കാൾ അവർക്കു പ്രാധാന്യംകൊടുത്തതു എന്തുകൊണ്ടാണെന്നും,

ഗവണ്മെൻറു സദയം പറയുമോ?

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ)-ം (ബി)-ം ഒരേ ഒരു വിദ്യാർത്ഥിനിമാത്രം കഴിഞ്ഞവർഷം സ്ത്രീകൾക്കുള്ള കാളേജിൽ പഠിച്ചുകൊണ്ടിരിക്കെ കഴിഞ്ഞ ഇൻറർമീഡിയററ പരീക്ഷയിൽ ഒന്നാംക്ലാസിൽ പാസ്സാകുകയുംചെയ്തു ഈ വിദ്യാർത്ഥിനി സ്ത്രീകൾക്കുള്ള കാളേജിൽ ബി. എ. ക്ലാസില്ലാത്തതിനാൽ ഈ കാളേജിൽ ബി. എ. ഡിഗ്രി കോഴ്സിനു രണ്ടാംഗ്രൂപ്പു ഏയിൽ പ്രവേശിപ്പിക്കപ്പെട്ടു. ആ ഗ്രൂപ്പിലേക്കു ആവശ്യപ്പെട്ട യോഗ്യതയുള്ളവരായ തിരുവിതാംകൂർകാരായ സകല അപേക്ഷകന്മാരുടേയും ആവശ്യം തീർന്നതിനുശേഷം മാത്രം ആ പ്രവേശനം അനുവദിച്ചിട്ടുള്ളതാകുന്നു. ആ ഗ്രൂപ്പിൽ ഇനിയും രണ്ടു സ്ഥലങ്ങൾ ഒഴിഞ്ഞുകിടക്കുന്നു.

കേപ്പ റോഡിൻെറ ൪൯-ാം മൈലിൽനിന്നുമുള്ള ശാഖ റോഡ്.

നം. ൩൭. മി. പാൾഡാനിയൽ (നിയമിത): ചന്തയുടേയും അതിൻെറ അടുത്തുള്ള അനേകം ഗ്രാമങ്ങളുടേയും നന്മക്കായി ൧൧൦ കൊല്ലങ്ങൾക്കുമുമ്പു ഉണ്ടാക്കുന്നതിന് അഭിപ്രായപ്പെട്ടതും കേപ്പ റോഡിൽ ൪൯-ാം മൈലിൽനിന്നും അഗസ്തീശ്വരം റോഡിൻെറ മദ്ധ്യത്തേക്കു ൧൧൧൫-ൽ പ്ലാനും അടങ്കലും തയ്യാറാക്കപ്പെട്ടതുമായ റോഡ് അടുത്തകാലത്തു തുറക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ എന്നു ഗവണ്മെൻറു സദയം പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ആ റോഡിൻെറ ആവശ്യകത അന്വേഷണത്തിൽ ഇരിക്കുന്നു.

അനുബന്ധം I.

൨൦-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയോടുകൂടി.

൧൧൦൧-൧-൨൬ മുതൽ ൧൧൦൨-൧൧-൪ വരെ രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിൽ പ്രവേശിപ്പിച്ചിട്ടുള്ള ഗ്രാഡ്വേറ്റുകളുടെ സ്റ്റേറ്റുമെന്റ്.

നമ്പർ	പേര്	നിയമന തീയതി	ആദ്യത്തെ ശമ്പളം രൂപ	ഇപ്പോഴത്തെ ശമ്പളം രൂപ	ഇപ്പോഴത്തെ സ്ഥാനം
൧	സി. പി. ലക്ഷ്മണൻ	൧൬-൨-൧൧൦൧	൩൦	൬൦	രജിസ്ട്രാർ, നെയ്യാറ്റിൻകര
൨	വർക്കി എം. സാറാമ്മ	൧൬-൭-൧൧൦൧	൨൦	൨൦ + ൫	ക്ലാർക്ക്, ഡയറക്ടരാഫീസ്, ൨൫-൪൦ വരെ രൂപാ സ്കെയിലിൽ പ്രൊബേഷനർ അക്റ്റിംഗായിരിക്കുന്നു
൩	റി. ഡി. ചെറിയ	൨൫-൭-൧൧൦൧	൨൦	൨൦ + ൫	സബ് പ്രോട്ടം ക്ലാർക്ക്, ഡിസ്ട്രിക്ട് രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം
൪	പി. സി. ജോസഫ്	൨-൮-൧൧൦൧	൨൦	൩൦	പകരം ഹെഡ്ക്ലാർക്ക് സബ് രജിസ്ട്രാർ ആഫീസ്, കാഞ്ഞിരപ്പള്ളി
൫	നീലകണ്ഠപ്പിള്ള	൧൨-൮-൧൧൦൧	൨൦	൨൦	ആ. ക്ലാർക്ക്, ഡയറക്ടർ ആഫീസ്
൬	പിലിപ്പ ജോർജ്	൮-൧൦-൧൧൦൧	൨൦	൨൦ + ൫	൨൫-൪൦ രൂപ സ്കെയിലിൽ കൊല്ലം ഡിസ്ട്രിക്ട് രജിസ്ട്രാർ ആഫീസിൽ അക്റ്റിംഗ് ക്ലാർക്ക്
൭	സുബ്രഹ്മണ്യയ്യർ	൧൪-൧൦-൧൧൦൧	൩൦	൩൦ + ൧൬	താൽക്കാലിക സബ് രജിസ്ട്രാർ പാറശ്ശാല
൮	സി. എസ്. ജോസഫ്	൧൪-൧൧-൧൧൦൧	൨൦	൨൦	അക്റ്റിംഗ് ക്ലാർക്ക് ഡയറക്ടരാഫീസ്
൯	ചന്ദ്രശേഖരപിള്ള	൧൪-൨-൧൧൦൧	൨൦	൨൦	ഡയറക്ടരാഫീസിൽ പ്രൊബേഷൻ ക്ലാർക്ക്
൧൦	പി. കെ. കുരിയൻ	൧൨-൧൨-൧൧൦൧	൨൦	൨൦	ടി ടി
൧൧	ജ്ഞാനപ്പാവു നാടാർ	൧൩-൩-൧൧൦൨	൨൦	൨൦	പ്രൊബേഷനറി ക്ലാർക്ക് ഡിസ്ട്രിക്ട് രജിസ്ട്രാർ ആഫീസ്, കൊല്ലം
൧൨	പി. കെ. കേശവപിള്ള	൧-൪-൧൧൦൨	൨൦	൨൦	കമ്പേറിങ് ക്ലാർക്ക് ടി
൧൩	രാമവർമ്മ	൧-൪-൧൧൦൨	൩൦	൩൦ + ൧൬	അക്റ്റിംഗ് സബ് രജിസ്ട്രാർ മാവേലിക്കര
൧൪	കെ. ഏ. എബ്രഹാം	൧-൪-൧൧൦൨	൩൦	൩൦ + ൧൬	ടി ചവറ
൧൫	കെ. ജൂ. ജോസഫ്	൧-൪-൧൧൦൨	൩൦	൩൦ + ൧൬	ടി കാർത്തികപ്പള്ളി
൧൬	എൻ. കൃഷ്ണൻനായർ	൧൪-൭-൧൧൦൨	൨൦	൨൦	സബ് പ്രോട്ടം ക്ലാർക്ക് ഡയറക്ടരാഫീസ്
൧൭	കൃഷ്ണൻനായർ	൧൪-൭-൧൧൦൨	൩൦	൩൦	പ്രൊബേഷനറി ഹെഡ്ക്ലാർക്ക് തിരുവല്ലാ അഡിഷണൽ സബ് രജിസ്ട്രാരാഫീസ്
൧൮	എൻ. സുന്ദരം അയ്യർ	൧൪-൭-൧൧൦൨	൨൦	...	ഡയറക്ടരാഫീസിൽ നിന്നും ൧൭-൭-൧൧൦൨-ൽ പിരിച്ചുവിട്ടു
൧൯	ഒ. സി. ഏബ്രഹാം	൧൬-൭-൧൧൦൨	൨൦	൨൦	അക്റ്റിംഗ് ക്ലാർക്ക് ഡിസ്ട്രിക്ട് രജിസ്ട്രാർ ആഫീസ്, കോട്ടയം
൨൦	എം. ഐ. സാമുവൽ	൨-൮-൧൧൦൨	൨൦	൨൦	അക്റ്റിംഗ് ക്ലാർക്ക് ഡിസ്ട്രിക്ട് രജിസ്ട്രാരാഫീസ്, കൊല്ലം
൨൧	കെ. നാരായണൻ	൯-൯-൧൧൦൨	൨൦	...	കൊല്ലം ഡിസ്ട്രിക്ട് രജിസ്ട്രാരാഫീസിൽ അക്റ്റിംഗ് ക്ലാർക്കായിരിക്കുമ്പോൾ ൧൯-൧൦-൧൧൦൨-ൽ രാജികൊടുത്തു.
൨൨	കെ. രാഘവൻപിള്ള	൧൪-൯-൧൧൦൨	൨൦	൨൦	അക്റ്റിംഗ് ക്ലാർക്ക് ഡിസ്ട്രിക്ട് രജിസ്ട്രാരാഫീസ്, തിരുവനന്തപുരം
൨൩	ഏ. കെ. കേരളവർമ്മരാജാ	൧൭-൯-൧൧൦൨	൩൦	൩൦	അക്റ്റിംഗ് പ്രൊബേഷനറി സബ് രജിസ്ട്രാർ, കോട്ടയം
൨൪	എസ്. കൃഷ്ണറാവു	൨-൧൦-൧൧൦൨	൨൦	൨൦	അക്റ്റിംഗ് ക്ലാർക്ക് ഡയറക്ടരാഫീസ്
൨൫	എൻ. ഗോപാലൻനായർ	൪-൧൧-൧൧൦൨	൨൦	൨൦	അക്റ്റിംഗ് ക്ലാർക്ക് ടി

അനുബന്ധം II.

൨൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൦൯൭—൧൧൦൧ വരെയുള്ള ആണ്ടുകളിൽ ഗവർമ്മെന്റു പ്രസ്സിന്റെ ലാഭവും നഷ്ടവും കാണിക്കുന്ന സ്റ്റേറ്റുമെന്റു.

ആണ്ടു	വരവു (പരസ്യങ്ങളുടെ വരവുകളുൾപ്പെടെ)	ചെലവു	മിച്ചം	ചെലവാക്കിയ ഓരോ രൂപായ്ക്കും കിട്ടിയിട്ടുള്ള ആദായം	
	രൂപാ	രൂപാ	രൂപാ	രൂപാ	അണ
൧൦൯൭	൧൭൦൭൦൭	൧൧൯൦൮൨	൫൧൬൨൫	൧	൪
൧൦൯൮	൧൭൦൨൬൯	൧൦൩൯൫൮	൬൬൩൧൧	൧	൬
൧൦൯൯	൧൪൧൮൫൦	൧൦൧൯൩൨	൩൯൯൧൮	൧	൪
൧൧൦൦	൧൪൪൫൭൩	൧൦൪൩൬൩	൪൦൨൧൦	൧	൪
൧൧൦൧	൧൬൨൯൫൬	൧൦൫൧൪൬	൫൭൮൧൦	൧	൫

അനുബന്ധം III.

൨൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ യോഗ്യതയുള്ള ആഫീസറന്മാരുടെ പേരുകളും പരീക്ഷായോഗ്യതകളുടെ വിവരങ്ങളും അടങ്ങിയ സ്റ്റേറ്റുമെന്റു.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു.

൧. മിസ്റ്റർ പി. ജെ. തോമസ്, ബി. എസ്. സി. (ലണ്ടൻ).
൨. ,, കെ. രാജരാജവർമ്മ ബി. ഇ. എം. ഇ.
൩. ,, എസ്. രാമചന്ദ്ര ബി. ഇ., എം. ഇ.
൪. ,, എസ്. വരദരാജശർമ്മാ എം. ഇ.
} ട്രെയിനിംഗ് ഇൻ ഇലക്ട്രിക്കൽ എൻജിനീയറിംഗ്

വ്യവസായഡിപ്പാർട്ടുമെന്റു.

തിരുവനന്തപുരം ഇൻഡസ്ട്രിയൽ എൻജിനീയരും, ചീഫ് ബോയിലർ ഇൻസ്പെക്ടരുമായ മിസ്റ്റർ കെ. പി. പി. മേനോന്റെ പരീക്ഷായോഗ്യതകൾ.

സർവകലാശാല ട്രെയിനിംഗ് മുതലായവ.

൧. ൧൯൧൨ മദ്രാസ് സർവകലാശാലയിൽ ഫിസിക്കൽ സയൻസിൽ ബി. എ. ഡിഗ്രി പരീക്ഷ പാസായി.

൨. ൧൯൧൨ ജൂലായിമുതൽ ൧൯൧൫ മാർച്ചുവരെ ബാംഗ്ളൂരിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ആഫ് സയൻസിൽ ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ മൂന്നുകൊല്ലത്തെ കോഴ്സ് നടത്തി.

൩. ൧൯൧൭ അക്ടോബർമുതൽ ൧൯൧൯ ജൂലായിവരെ സിററി ആൻറ ഗിൽഡ്സ് എൻജിനീയറിംഗ് കാളേജിൽ രണ്ടുകൊല്ലത്തെ ഇലക്ട്രിക്കൽ എൻജിനീയറിംഗ് കോഴ്സ് നടത്തി. (ഇംപീരിയൽകാളേജ് ആഫ് സയൻസ് ആൻറ ടെക്നാളജി, ലണ്ടൻ) എ. സി. ജി. ഐ. എന്നുള്ള കാളേജ് ഡിപ്ലോമാ ലഭിച്ചു.

൪. ൧൯൧൯ അക്ടോബർ മുതൽ ൧൯൨൦ ജൂലായിവരെ മേൽപ്പറഞ്ഞ കാളേജിൽ ഒരുകൊല്ലത്തെ ഹൈഡ്രോഇലക്ട്രിക് എൻജിനീയറിംഗിൽ പോസ്റ്റ്ഗ്രാഡുവേററ കോഴ്സ് നടത്തി. ഹൈഡ്രോളിക്സിലും അഡ്വാൻസ് ഇലക്ട്രിക്കൽ എൻജിനീയറിംഗിലും ഡി. ഐ. സി. എന്നുള്ള പോസ്റ്റ്ഗ്രാഡുവേററ ഡിപ്ലോമാ കിട്ടി.

൫. മെക്കാനിക്കലും ഇലക്ട്രിക്കൽ എൻജിനീയറിംഗിലും ലണ്ടൻസർവകലാശാലയിലെ ബി. എസ്. സി. (ഓണേഴ്സ്) ഡിഗ്രിപരീക്ഷ പാസ്സായി.

പ്രായോഗിക ട്രെയിനിംഗും പരിചയവും.

൧. ൧൯൧൪ മാർച്ചുമുതൽ ജൂൺവരെ മൈസൂർ ശിവസമുദ്രം പവർസ്റ്റേഷനിൽ അപ്രന്റിസ്.

൨. ൧൯൧൫ ഏപ്രിൽമുതൽ ൧൯൧൭ ജൂലായിവരെ ഡെക്കാനിൽ, ഹൈദ്രബാദിൽ, നൈസാം തിരുമനസ്സിലെ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റൻറ എൻജിനീയർ.

൩. ൧൯൧൮ ആഗസ്റ്റുമുതൽ അക്ടോബർവരെ, ൧൯൧൯ ജൂലായിമുതൽ അക്ടോബർവരെ മാൻചെസ്റ്റർ മെട്രോപൊളിറ്റൻ വിക്കേഴ്സ് ഇലക്ട്രിക്കൽ കമ്പനിയുടെ ടെസ്റ്റിംഗ് ഡിപ്പാർട്ടുമെന്റിൽ അപ്രന്റിസ്.

൪. ൧൯൨൦ സെപ്തംബർ മുതൽ ൧൯൨൨ ഫെബ്രുവരിവരെ ലണ്ടനിലും ന്യൂകാസിലിലും ഉള്ള സർ ഡബ്ലിയു. ജി. ആംസ്ട്രാങ് വിററ്വർത്തു ആൻറ കമ്പനിയുടെ ഹൈഡ്രോഇലക്ട്രിക് ഡിപ്പാർട്ടുമെന്റിൽ ജൂനിയർ എൻജിനീയർ.

മററു യോഗ്യതകൾ.

അസോഷിയേററ് മെംബർ ആഫ് ദി ഇൻസ്റ്റിറ്റ്യൂട്ട് ആഫ് എൻജിനീയേഴ്സ്, ഇൻഡ്യാ.
അസോഷിയേററ് മെംബർ ആഫ് ദി ഇൻസ്റ്റിറ്റ്യൂട്ട് ആഫ് മെക്കാനിക്കൽ എൻജിനീയേഴ്സ്, ലണ്ടൻ.
ഗ്രാഡുവേററ മെംബർ ആഫ് ദി ഇൻസ്റ്റിറ്റ്യൂട്ട് ആഫ് ഇലക്ട്രിക്കൽ എൻജിനീയേഴ്സ്, ലണ്ടൻ.

അനുബന്ധം IV ഏ.

[illegible]-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയോടുകൂടി.

[illegible] മുതൽ [illegible] വരെ ഡിസ്ട്രിക്റ്റ്, സെഷൻസ്, പ്യൂണിജഡ്ജിമാരായി വക്കീലന്മാരിൽ നിന്നും തിരഞ്ഞെടുത്തിട്ടുള്ള ആളുകളുടെ പേരുകൾ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

ജഡ്ജിമാരുടെ പേരുകൾ	ഹൈക്കോടതിയിൽ ചേർന്നിട്ടുള്ള തിയതികൾ	നിയമനതീയതികൾ	എവിടെ പ്രാക്ടീസ് ചെയ്തിരുന്നുവെന്ന്
പ്യൂണിജഡ്ജിമാർ.			
ജസ്റ്റിസ് കൊച്ചുകൃഷ്ണമാരാർ	[illegible]	[illegible]	ഹൈക്കോടതി, തിരുവനന്തപുരം
,, കെ. ജി. ശേഷയ്യർ	[illegible]	[illegible]	ടി
,, ജോസഫ് തളിയത്ത്	[illegible]	[illegible]	ടി
ഡിസ്ട്രിക്ട്ജഡ്ജിമാർ			
ജസ്റ്റിസ് ഏ. വെങ്കിട്ടരാമഅയ്യർ	[illegible]	[illegible]	ടി
,, എം. ഭാസ്കരമേനോൻ	[illegible]	[illegible]	ടി
,, സി. രാമൻതമ്പി	[illegible]	[illegible]	കൊല്ലം ജില്ലാക്കോടതി
രണ്ടാംജഡ്ജിമാർ.			
ജസ്റ്റിസ് കെ. ജി. പരമേശ്വരമേനോൻ	[illegible]	[illegible]	ഹൈക്കോടതി, തിരുവനന്തപുരം
,, കെ. കെ. ചാക്കോ	[illegible]	[illegible]	ടി
,, വി. ശിവശങ്കരപ്പിള്ള	[illegible]	[illegible]	നാഗർകോവിൽ ജില്ലാക്കോടതി
,, ഏ. ഫിലിപ്പോസ്	[illegible]	[illegible]	കോട്ടയം ജില്ലാക്കോടതി

അനുബന്ധം IV ബി.

൨൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

വിവിധകോടതികളിൽ പ്രാക്റ്റീസ്ചെയ്യുന്ന വെള്ളാള ഗ്രാഡ്വേറ്റുകളുടെലിസ്റ്റ്.

കോടതി	വക്കീലിന്റെ പേര്	എത്രകൊല്ലത്തെ തഴക്കമുണ്ടെന്ന്
പറവൂർജില്ലാക്കോടതി	...	...
കോട്ടയം ടി	സി. എസ്. ലക്ഷ്മണൻപിള്ള	൩ വർഷം (൧൧൦൧ മിഥുനത്തിൽ ഹൈക്കോടതിയിൽ വക്കീലായി രജിസ്റ്റർചെയ്തു)
ആലപ്പുഴ ടി	എം. ചോക്കലിംഗംപിള്ള	൨ വർഷം ൪ മാസം
കൊല്ലം ടി	(൧) സി. ശിവരാമപിള്ള	൧ വർഷം ൩ മാസം
	(൨) കെ. സുബ്ബയ്യാപിള്ള	൧ വർഷം ൯ മാസം ഇപ്പോൾ ചെങ്കോട്ടമുൻസിഫ്കോടതിയിൽ പ്രാക്റ്റീസ്ചെയ്യുന്നു
തിരുവനന്തപുരം ടി	(൧) എസ്. നടരാജപിള്ള	൩ വർഷം (൧൧൦൨ വൃശ്ചികം ൨൩-ൽ ഹൈക്കോടതിയിൽ വക്കീലായി രജിസ്റ്റർചെയ്തു)
	(൨) എസ്. മധുരനായകംപിള്ള	൧൧൦൧ തുലാം ൨൭-ൽ ചേർന്നു
നാഗർകോവിൽ ടി	(൧) പി. ചിദംബരംപിള്ള	൧൨ വർഷം
	(൨) പി. സ്വാമിനാഥപിള്ള	൯ വർഷം
	(൩) എ. അഴകപ്പാപിള്ള	൧൧ വർഷം (ഹൈക്കോടതിവക്കീൽ)
	(൪) എ. ശിവസുബ്രഹ്മണ്യപിള്ള	൩ മാസം

അനുബന്ധം V.

൨൮-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൦൮൭-൧-൧ മുതൽ തിരഞ്ഞെടുത്തു നിയമിച്ചിട്ടുള്ള മുൻസിഫന്മാരുടെ സ്റ്റേറ്റുമെന്റ്.

നമ്പർ	പേര്	നിയമനതീയതി	ബി. എൽ. ഡിഗ്രിപരീക്ഷപാസായ ആണ്ട്	ബാറിൽനിന്നോ സർവീസിൽനിന്നോ തിരഞ്ഞെടുത്തതെന്ന്	ബാറിൽനിന്നും നിയമിച്ചിട്ടുള്ളപക്ഷം അവിടയുണ്ടായിരുന്ന തഴക്കത്തിന്റെ ആണ്ട്	സർവീസിൽ നിന്നും നിയമിച്ചിട്ടുള്ളപക്ഷം അവിടയുണ്ടായിരുന്ന ശമ്പളം	അവർ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്ന സ്ഥലവും മുഫസിൽബാറിൽനിന്നു തിരഞ്ഞെടുത്തതാണെന്നും	റിമാർക്കുകൾ
൧	എ. ജ്ഞാനശിഖാമണി	൨൩-൭-൧൦൮൭	വിവരംകിട്ടിയിട്ടില്ല	സർവീസിൽനിന്നു	...	ഹൈക്കോടതിയിൽ റെക്കാർഡ് കീപ്പർ (൭൦-൧൦൦ രൂപാവരെ ഗ്രേഡിൽ)	...	അതിനുശേഷം സർവീസിൽനിന്നുംപെൻഷൻപറ്റി പിരിഞ്ഞു
൨	എ. ഡി. അരുമനായകം	൨൩-൧-൧൦൮൭	൧൯൦൩	ബാറിൽനിന്നും (ഹൈക്കോടതി)	അഞ്ചു	...	...	
൩	കെ. രാമകൃഷ്ണപിള്ള	൨൨-൭-൧൦൮൭	ടി	ടി	ആറു	...	...	
൪	എം. സത്യദാസ്	൨൯-൧൦-൧൦൮൭	൧൯൦൭	സർവീസിൽനിന്നും	...	൧൭ രൂപാ ഹൈക്കോടതിയിൽ ഹെഡ്‌ക്ലാർക്കും നാസിരും	...	
൫	എം. ഗോവിന്ദവാര്യർ	൬-൧൨-൧൦൮൮	൧൯൦൨	ബാറിൽനിന്നും (ഹൈക്കോടതി)	ഒൻപതു	...	...	
൬	എസ്. എം. അസറിയ	൧൩-൧൨-൧൦൮൮	൧൯൦൮	സർവീസിൽനിന്നും	....	ഹെഡ്‌ക്ലാർക്കും നാസിരും ഹൈക്കോടതി രൂപാ ൮൭	...	
൭	എം. പി. ജോസഫ്	൨൦-൧൧-൧൦൮൯	ടി	ബാറിൽനിന്നും (ഹൈക്കോടതി)	ആറു	...	...	
൮	എസ്. നീലകണ്ഠൻ	൬-൬-൧൦൯൦	൧൦൮൪	സർവീസിൽനിന്നും	...	ബഞ്ചുക്ലാർക്ക് ഹൈക്കോടതി രൂപാ ൬൦	...	
൯	എ. കൃഷ്ണസ്വാമിഅയ്യർ	൩-൧൦-൧൦൯൧	൧൯൧൦	ബാറിൽനിന്നും (ഹൈക്കോടതി)	൪ മുക്കാൽവർഷം	...	...	
൧൦	എ. റ്റി. എബ്രഹാം	൨൧-൬-൧൦൯൨	൧൯൧൨	സർവീസിൽനിന്നും	....	ശിരസ്തദാർ, ജില്ലാക്കോടതി കോട്ടയം രൂപാ ൧൦	...	
൧൧	കെ. രാമക്കുറുപ്പ്	൨-൭-൧൦൯൨	൧൯൦൯	(ബാറിൽനിന്നും) (ഹൈക്കോടതി)	൬ വർഷം	...	...	
൧൨	എസ്. സുബ്രഹ്മണ്യഅയ്യർ	൬-൪-൧൦൯൩	൧൯൦൯	സർവീസിൽനിന്നും	...	രൂപാ ൮൭ ഇൻഡക്സർ ആൻഡ് റിപ്പോർട്ടർ, ഹൈക്കോടതി	...	

അനുബന്ധം V. (തുടർച്ച)

നമ്പർ	പേര്	നിയമന തീയതി	ബി. എൽ. ഡിഗ്രി പരീക്ഷ പാസായ ആണ്ട്	ബാറിലോ സർവീസിലോ നിന്നു തിരഞ്ഞെടുത്തതെന്നു	ബാറിൽനിന്നും നിയമിച്ചിട്ടുള്ള പക്ഷം അവിടെയുണ്ടായിരുന്ന തഴക്കത്തിന്റെ ആണ്ട്	സർവീസിൽനിന്നും നിയമിച്ചിട്ടുള്ള പക്ഷം അവിടെയുണ്ടായിരുന്ന ശമ്പളം	അവർ പ്രാക്റ്റീസ് ചെയ്തുകൊണ്ടിരുന്ന കേസിൽ ബാറിലോ സർവ്വീസിലോ നിന്നും പ്രാക്റ്റീസ് ചെയ്തതെന്നു	റിമാർക്ക്
൧൩	സി. ഓ. മാധവൻ	൨൪–൩–൧൦൮൩	൧൦൬൭	ഹൈക്കോടതി ബാർ	൩ അര വർഷം	...	...	
൧൪	ആർ. നാണുപിള്ള	൧൪–൧൦–൧൦൮൩	൧൦൭൪	സർവീസിൽനിന്നും	...	രൂപാ ൭൫ ക്ലാർക്ക് ഹൈക്കോടതി	...	
൧൫	ജെ. ഈപ്പൻ	൨൯–൧൧–൧൦൮൩	൧൦൭൦	ഹൈക്കോടതി ബാർ	൭ അരവർഷം	...	...	
൧൬	എ. എസ്. സുബ്രഹ്മണ്യ അയ്യർ	൨൫–൧൧–൧൦൮൩	൧൦൭൨	സർവീസിൽനിന്നും	...	രൂ ൭൦ ശിരസ്തദാർ ജില്ലാക്കോടതി	...	
൧൭	എൻ. ഗോവിന്ദൻ പലോല	൨൦–൧൧–൧൦൮൩	൧൦൧൦	ഹൈക്കോടതി ബാർ	൧ വർഷം൨ മാസം	...	...	
൧൮	സി. നാരായണപിള്ള	൩൦–൨–൧൦൮൪	൧൦൧൭	സർവീസിൽനിന്നും	...	രൂ. ൭൦ ശിരസ്തദാർ ജില്ലാക്കോടതി	...	
൧൯	കെ. വേലുപ്പിള്ള	൧൧–൧൨–൧൦൮൫	൧൦൫൩	ടി	...	രൂ. ൨൦൦ ഡിപ്യൂട്ടി രജിസ്ട്രാർ ഹൈക്കോടതി	...	
൨൦	ജോർജ് വർഗീസ്	൧–൧൧–൧൦൮൬	൧൦൧൩	ടി	...	രൂ. ൧൨൦ സ്റ്റേഷനറി മജിസ്ട്രേട്ട്	...	
൨൧	ഒറി. കേശവപിള്ള	൩–൧൦–൧൦൮൬	൧൦൧൩	ഹൈക്കോടതി ബാറിൽനിന്നും	൩ അരവർഷം	...	...	മുനിസിപ്പാലി നിയമിച്ചപ്പോൾ ഹൈക്കോടതി വക്കീലായി ഡെപ്യൂട്ടി തഹശീൽദാർ ഉദ്യോഗത്തിൽ ൭൦ രൂപാ ശമ്പളത്തിൽനിന്നും അവധിയിൽ പ്രാക്റ്റീസ് ചെയ്തുവരികയായിരുന്നു.
൨൨	വി. രാമസ്വാമി അയ്യർ	൩–൧൦–൧൦൮൬	൧൦൧൧	ഹൈക്കോടതി ബാർ	൯ വർഷം	...	...	തദനന്തരം മരിച്ചു
൨൩	എൻ. പരമേശ്വരൻ ഉണ്ണി	൧൨–൧൧–൧൦൮൬	൧൦൧൦	സർവീസിൽനിന്നും	...	രൂ. ൭൦ ശിരസ്തദാർ ജില്ലാക്കോടതി	...	
൨൪	എസ്. കുഞ്ഞുരാമൻ	൩ ൧–൧ ൦൮൩	൧൦൧൬	ഹൈക്കോടതി ബാറിൽനിന്നും	൬ വർഷം	...	...	
൨൫	ഈ. ഒറി. കയ്യൻ	൧൨–൩–൧൦൮൩	൧൦൧൨	ടി	൫ വർഷം	....	...	
൨൬	എം. രാമമേനോൻ	൩–൧൧–൧൦൮൩	൧൦൮൨	സർവീസിൽനിന്നും	...	രൂ. ൩൦. ക്ലാർക്ക് ഹൈക്കോടതി	...	

അനുബന്ധം V (തുടർച്ച)

നമ്പർ	പേര്	നിയമന തീയതി	ബി. എൽ. ഡിഗ്രി പരീക്ഷ പാസായ ആണ്ട്	ബാറിലോ സർവീസിലോ നിന്നും തിരഞ്ഞെടുത്തതെന്ന്	ബാറിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള പക്ഷം അവിടെ ഉണ്ടായിരുന്ന കാലത്തിന്റെ ആണ്ട്	സർവീസിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള പക്ഷം അവിടെയുണ്ടായിരുന്ന ശമ്പളം	അവർ പ്രാക്ടീസു ചെയ്തുകൊണ്ടിരുന്ന മറ്റു സിൽ ബാറിലോ സ്റ്റേഷനിലോ നിന്നും നിയമിച്ചതെന്ന്	റിമാർക്കുകൾ
൨൭	ബി. കൃഷ്ണയ്യർ	൨-൧-൧൦൯൮	൧൯൧൪	ഹൈക്കോടതിബാറിൽനിന്നു	൮ വർഷം	...		
൨൮	വി. നീലകണ്ഠയ്യർ	൯-൨-൧൦൯൮	൧൯൧൧	സർവീസിൽനിന്നും	...	രൂപ ൭൫ ക്ലാർക്ക് ഹൈക്കോടതി		
൨൯	എൻ. പത്മനാഭപിള്ള	൧൦-൪-൧൦൯൮	൧൯൧൬	ഹൈക്കോടതിബാറിൽനിന്നു	൭ വർഷം ൩ മാസം	...		
൩൦	പി. രാമൻപിള്ള	൨൬-൬-൧൦൯൮	൧൯൨൧	സർവീസിൽനിന്നും	...	രൂപ ൭൫ ക്ലാർക്ക് ഹൈക്കോടതി		
൩൧	ഏ. ചെറിയാൻ	൨൬-൬-൧൦൯൮	൧൯൧൬	ഹൈക്കോടതിബാറിൽനിന്നു	൭ വർഷം	...		
൩൨	കെ. സി. രാജരാജവർമ്മ	൧൯-൨-൧൦൯൯	൧൯൧൭	ടി	൫ വർഷവും ൮ മാസവും	...		
൩൩	എൻ. ഹരിഹരയ്യർ	൭-൭-൧൧൦൦	൧൦൯൨	സർവീസിൽനിന്നും	...	രൂപ ൩൦൦ ശിരസ്തദാർ ജില്ലാക്കോടതി		
൩൪	കെ. എസ്. ഗോപാലയ്യർ	൨൬-൧൦-൧൧൦൦	൧൯൧൩	ഹൈക്കോടതിബാറിൽനിന്നു	൧൦ വർഷം	...		
൩൫	കെ. പരമേശ്വരൻപിള്ള (ശങ്കരവേലി)	൨൭-൧൧-൧൧൦൦	൧൯൧൭	ബാറിൽനിന്നും	൭ വർഷവും ൧൦ മാസവും	...	...	മുൻസിഫായി നിയമിച്ചപ്പോൾ കോട്ടയത്തു പ്രാക്ടീസു ചെയ്യുന്ന ഒരു ഹൈക്കോടതി വക്കീൽ ആയിരുന്നു
൩൬	പി. കുട്ടികൃഷ്ണമേനോൻ	൧൨-൨-൧൧൦൧	൧൯൧൯	സർവീസിൽനിന്നും	...	രൂപ ൮൫ ക്ലാർക്ക് ഹൈക്കോടതി		
൩൭	കെ. എൻ. ഗോവിന്ദപിള്ള	൨൨-൧൧-൧൧൦൧	൧൯൧൯	ടി	...	രൂപ ൩൫൦ ശിരസ്തദാർ ജില്ലാക്കോടതി		
൩൮	എസ്. സുബ്രഹ്മണ്യപിള്ള	൧൪-൧൧-൧൧൦൧	൧൯൧൮	ഹൈക്കോടതി ബാറിൽ നിന്നു	൧൦ വർഷം	...		
൩൯	പി. എസ്. കുപ്പുസ്വാമി അയ്യർ	*൧-൧൨-൧൧൦൧	൧൯൧൬	സർവീസിൽനിന്നും	...	രൂപ ൧൭൦ ഡെപ്യൂട്ടി രജിസ്ട്രാർ ഹൈക്കോടതി		*അദ്ദേഹം ജോലിയിൽ പ്രവേശിച്ചു ചാർജെടുത്ത തീയതി
൪൦	എൻ. പരമേശ്വരൻപിള്ള	൧൬-൨-൧൧൦൨	വിവരം കിട്ടുന്നില്ല	ടി	...	രൂപ ൩൦൦ ശിരസ്തദാർ ജില്ലാക്കോടതി		
൪൧	ടി. ചാണ്ടി	൧൬-൨-൧൧൦൨	൧൯൧൬	ഹൈക്കോടതിബാറിൽനിന്നു	൯ വർഷം	...		
൪൨	എസ്. ദേവശിഖാമണി	൪-൬-൧൧൦൨	വിവരം കിട്ടുന്നില്ല	സർവീസിൽനിന്നും	...	രൂപ ൯൫ ക്ലാർക്ക് ഹൈക്കോടതി		

ബഡ്ജററിനെപ്പററിയുള്ള വാദപ്രതിവാദം.

പ്രസിഡൻറ: ഇനി നമുക്ക ബഡ്ജററിൻെറ വാദപ്രതിവാദത്തിലേക്ക പ്രവേശിക്കാം.

മി. വി. സുബ്ബയ്യർ (നിയമിത) (ഡെപ്യൂട്ടിപ്രസിഡൻറ): സർ, ഇപ്പോഴത്തെ ഭരണമണ്ഡലത്തെ അതിൻെറ രണ്ടാമത്തെ സർപ്ലസ് ബഡ്ജററിലും, ധനകാര്യമന്ത്രിയെ ഞാൻ പറയുന്നപോലെ അദ്ദേഹത്തിൻെറ സുഭിക്ഷബഡ്ജററിലും അനുമോദിക്കുന്നതിന എനിക്ക അനുവാദംതരണം. തൻെറ സാമർത്ഥ്യവും, ശക്തിയും, വിപുലമായ പരിചയവുംകൊണ്ട ഒരു സ്ഥായിയായ ധനകാര്യമൂലനം ശരിയാക്കുക മുതലായ സംഗതികളിൽ ഗവമെണ്ടിനെ ഉപദേശിക്കുന്നതിന് അദ്ദേഹത്തിന സാധിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു. ഒരു സാരമായ വർദ്ധനവ് വരവിലും, നിശ്ചയമായും അഭിനന്ദിക്കേണ്ടതായ ഒരു കുറവ് ചെലവിലും ഉണ്ട എന്ന് ഞാൻ കണക്കുകളിൽനിന്നു കാണുന്നു. രാവിലത്തേയും വൈകുന്നേരത്തേയും ഗണ്ടുകൾ നിറുത്തുന്നതിൽനിന്നുള്ള മിച്ചംകൂടി ആ കുറവിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന ഞാൻ ഉദ്ദേശിക്കുന്നു. സർ, ഈ രണ്ട ഗണ്ടുകളും ധാർമ്മികവും മതീയവും ഒരുപോലെ വളരെ ഉപകാരപ്രദങ്ങളായിരുന്നു. അവ രണ്ടും ഒരുമിച്ചു നിറുത്തണമെന്ന ഗവമെണ്ട ആശിക്കുന്നുവെന്ന ഞാൻ വിചാരിക്കുന്നില്ല. ഈ രണ്ട ഗണ്ടുകളും നിറുത്തുന്നതിന ഭരണകർത്താക്കളെ പ്രോത്സാഹിപ്പിച്ചത എന്തു കാരണമാണെന്ന് എനിക്ക ശരിയായി അറിവാൻ പാടില്ല. ഓരോ പാവപ്പെട്ടവനും അവനു കാലത്തും വൈകുന്നേരവും ഉള്ള ജോലിയെ അതാതു സമയങ്ങളിലുള്ള ഗണ്ട അനുസരിച്ചു ക്രമീകരിക്കുന്നു. വളരെ അധികം ശതാബ്ദങ്ങളായി നടന്നുവന്നിരുന്ന ഈ പ്രകാരമുള്ള ഒരു സംഗതി അവനു ഇല്ലാതാകുന്നുവെന്നതു് പരമാർത്ഥത്തിൽ ഒരു പരിതാപകരമായ സ്ഥിതിഗതിയാണ്.

പ്രസിഡൻറ: മി. സുബ്ബയ്യർ, നിങ്ങളുടെ സങ്കടം തീർക്കുന്നതിന എന്നെ അനുവദിക്കുക, വെടിമരുന്നു കൂടാതെ ഗണ്ടിടുന്നതിന കഴികയില്ല.

മി. വി. സുബ്ബയ്യർ (നിയമിത) (ഡെപ്യൂട്ടിപ്രസിഡൻറ): നാട്ടുകാർ അതിനെപ്പററി അറിവില്ല. നിർഭാഗ്യവശാൽ അതു ഇപ്പോഴത്തെ കമ്മററിയുടെ വരവോട യോജിച്ചു സംഭവിച്ച ഒരു പരിഷ്കാരം ആകുന്നു. അതുകൊണ്ട അതു അദ്ദേഹത്താൽ നടപ്പാക്കപ്പെട്ട ഒരു പരിഷ്കാരമായിരുന്നുവെന്ന നാട്ടുകാർ വിചാരിക്കുന്നു. അവർക്കു ശരിയായ കാരണം അറിഞ്ഞുകൂടാ. എനിക്ക മിനിയാന്ന മാത്രമാണ് അതു സംബന്ധിച്ചു ഏതാണ്ട അറിവുണ്ടായതു്.

മി. കെ. ജാജ് (ഗവമെണ്ട ചീഫ് സെക്രട്ടറി): സർ, ഗണ്ട നിറുത്തിയദിവസം അതേവിഷയത്തെപ്പററി കൊടുത്തിരുന്നതായ പ്രസ്സ്നോട്ട ഞാൻ മെംബരുടെ ശ്രദ്ധയ്ക്കു വിഷയമാക്കട്ടയോ?

മി. വി. സുബ്ബയ്യർ (നിയമിത) (ഡെപ്യൂട്ടിപ്രസിഡൻറ): ആ സമയത്തു ഞാൻ ഇവിടെ ഉണ്ടായിരുന്നില്ല. അതുകൊണ്ട ഞാൻ അതു അറിഞ്ഞിരുന്നില്ല. അതുപോലെയുള്ള വളരെ അധികംപേർ അറിഞ്ഞില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ): സർ, ഇതു സൈന്യസംബന്ധമായ ഒരു വിഷയം അല്ലയോഎന്നും, ആക്ടനുസരിച്ചു നിയമസഭയിൽ വാദപ്രതിവാദം ചെയ്യുന്നതിന അനുവദിക്കാൻ പാടില്ലാത്തതായ ഒന്നല്ലയോഎന്നും എന്നെ അറിയിക്കുമോ?

മി. വി. സുബ്ബയ്യർ (നിയമിത) (ഡെപ്യൂട്ടിപ്രസിഡൻറ): എൻെറ സ്നേഹിതൻ ആരംഭത്തിൽതന്നെ ഈ തടസ്സം പുറപ്പെടുവിച്ചിരുന്നുവെങ്കിൽ, പ്രസിഡൻറ അപ്രകാരം ഉത്തരവുചെയ്യുന്നപക്ഷം, അതിനെപ്പററി പ്രസ്താവിക്കാതെ കഴിച്ചുകൂട്ടാമായിരുന്നു. സർ, വരവും ചെലവും സംബന്ധിച്ചിടത്തോളം, വരവിനെ കുറവായി കണക്കാക്കുന്നതാണ് എല്ലായ്പോഴും നല്ലതു എങ്കിലും എസ്റ്റിമേററുകൾ ശരിക്കു വളരെ അടുത്തിരിക്കുന്നതാണ് എപ്പോഴും കൂടുതൽ നല്ലതു എന്നു ഞാൻ വിശ്വസിക്കുന്നു. നാം അറിയുന്നപ്രകാരം വ്യത്യാസം [illegible] ലക്ഷം രൂപ ആകയാണെന്നു കാണുന്നതും, അതു നാം മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ അതിൻെറ ഒരു നല്ല അംശം പൊതുജനങ്ങളുടെ ഗുണത്തിനായി ഉപയോഗപ്പെടുത്താവുന്നതും ആയിരുന്നു. അതുകൊണ്ട എസ്റ്റിമേററിലുള്ള അമാതിരി വ്യത്യാസങ്ങൾക്ക സമാധാനം പറയേണ്ടതായിട്ടുണ്ടെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. നിശ്ചയമായും ഞാൻ ഒരു ധനകാര്യവിദഗ്ദ്ധനല്ല; ധനകാര്യമന്ത്രി അതിനു സമാധാനം പറയുന്നതിനു തയ്യാറായിരിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

ചെലവുകളുടെ വിവിധമുഖങ്ങളിൽകൂടി തരണംചെയ്യുമ്പോൾ, ബഡ്ജററിൽ ശ്രദ്ധാർഹങ്ങളായ വളരെ അധികം പദ്ധതികൾക്ക സൌകര്യം നല്കിയിട്ടുണ്ടെന്നുള്ളതു അഭിനന്ദനാർഹമായ ഒരു സംഗതിയാണ്. ജലസഞ്ജീകരണപദ്ധതിയെ സംബന്ധിച്ചിടത്തോളം, ജലസഞ്ജീകരണവും അതു സംബന്ധിച്ചുള്ള കരം നിർണ്ണയപ്പെടുത്തലും ശരിയാക്കുന്നതിനുവേണ്ടി, വളരെ മുമ്പു [illegible]-ാമാണ്ടുതന്നെ നാം നിയമം പാസ്സാക്കിയെങ്കിലും, ഈ പദ്ധതി ഇപ്പോഴെങ്കിലും എടുത്തിരിക്കുന്നുവെന്നുള്ളതു അഭിനന്ദനാർഹമായ ഒരു സംഗതിയാകുന്നു. ഇതു സംബന്ധിച്ച ആദ്യത്തെ എസ്റ്റിമേററ [illegible] ലക്ഷം രൂപ ആയിരുന്നുവെന്നും, ഇപ്പോൾ അതു [illegible] ലക്ഷമായി കുറച്ചിരിക്കുന്നുവെന്നും, നമുക്ക ശരിയായ ജലസഞ്ജീകരണമുണ്ടാകുമെന്ന് നാം ആശിക്കുന്നുവെന്നും, പറയപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ പ്രസ്താവിക്കാം. ഈ പൊതുമരാമത്തു ഭരണാധികാരികൾ ഈവക സംഗതികളിൽ അവരുടെ എസ്റ്റിമേററിനോട യോജിച്ചുനില്ക്കുന്നില്ലഎന്ന എനിക്കറിവുള്ളിടത്തോളം ഈമാതിരി വലിയ പദ്ധതികൾക്കുള്ള പ്രാരംഭഎസ്റ്റിമേററുകളിൽ എനിക്ക വളരെ വിശ്വാസമില്ല. അങ്ങിനെ പറയുന്നതിനു മിസ്റ്റർ വൈപ്പൻ എനിക്ക മാപ്പുതരുമെന്ന ഞാൻ വിശ്വസിക്കുന്നു. ഈ പദ്ധതി പൂർത്തിയാകുമ്പോൾ പരിഷ്കരിക്കപ്പെട്ട എസ്റ്റിമേററ ഒരു പ്രകാരത്തിലും മിസ്റ്റർ ബാനർജിയുടെ ആദ്യത്തെ എസ്റ്റിമേററായ [illegible] ലക്ഷംരൂപയിൽ കവിഞ്ഞുപോകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. നമുക്ക ലഭിക്കാൻപോകുന്ന ജലത്തിൻെറ സ്ഥിതിയെപ്പററി ഗവമെണ്ട ശരിയായി തൃപ്തിപ്പെട്ടിരിക്കണമെന്നുകൂടി ഞങ്ങൾ അവരെ അറിയിച്ചുകൊള്ളുന്നു. മദ്രാസ് കാർപ്പറേഷൻെറ അനുഭവമനുസരിച്ചു നാം പ്രവർത്തിക്കയും വെള്ളം ശുദ്ധമല്ലെന്ന് പത്രങ്ങളിൽ പരസ്യം ചെയ്തിരിക്കുന്നതിനെ നാം വിശ്വസിക്കുകയും ചെയ്യുകയാണെങ്കിൽ, ഈ വലിയ ചെലവുചെയ്തു അപ്രകാരമുള്ള ജലസഞ്ജീകരണത്തിനു ഒരുങ്ങുന്നതിനെക്കാൾ അതു ഇല്ലാതിരിക്കുന്നതാണ് ഉത്തമമെന്ന് എനിക്കുതോന്നുന്നു. അതുകൊണ്ട, പട്ടണത്തിലേക്ക നല്കുവാൻപോകുന്ന ജലം ശുദ്ധമാണെന്ന് ഗവമെണ്ട തന്നെത്താൻ തൃപ്തിപ്പെടണമെന്നാണ് ഞാൻ അവരോട ആദ്യമായി അപേക്ഷിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ജലസജ്ജീകരണസംബന്ധമായി ഒരു കമ്മിക്കൽ എക്സാമിനർ ആവശ്യമാണെന്നു മി. മാധവൻതന്നെ പ്രസ്താവിച്ച സംഗതി മെമ്പർക്കു അറിവുണ്ടോ?

മി. വി. സുബ്ബയ്യർ (നിയമിത) (ഡെപ്യൂട്ടിപ്രസിഡന്റ): ഞാൻ റിപ്പോർട്ടു വായിച്ചിട്ടില്ല. അതു ഇപ്പോൾമാത്രം മേശമേൽ വച്ചിരിക്കുന്നതും, അതുകൊണ്ടു മി. മാധവൻ പറഞ്ഞിട്ടുള്ളതിനെപ്പറ്റി എനിക്കു ഒന്നുമറിവാൻ പാടില്ലാത്തതും ആകുന്നു. ഫിനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ള ഇലക്ട്രിക്കു സ്കീമിനെപ്പറ്റിയുള്ള ചർച്ചയിൽ, ഉടനടിതന്നെ പ്രൈവറ്റു താമസസ്ഥലങ്ങളിലേക്കു വെളിച്ചം കൊടുക്കുന്നതിനു സാധിക്കയില്ലെന്നു ഞാൻ വിചാരിച്ചു. അതിനുവേണ്ടി പണംകൊടുക്കാൻ സാധിക്കുന്നവർക്കും അതു ആവശ്യമുള്ളവർക്കും അതു കിട്ടുന്നതിനു സാധിക്കയില്ല എന്നുള്ളതു ഒരു ധർമ്മസങ്കടമാണ്. പക്ഷേ വെളിച്ചത്തിന്റെ പൂർണ്ണതയും "ബ്രിട്ടീഷ് ഇൻഡ്യയിലുള്ള പട്ടണങ്ങൾക്കു അസൂയജനകമായിട്ടുള്ള ഒരു വഴിയായിത്തീരും" എന്നു മൈസൂരിൽവച്ചു വൈസ്രോയി അവർകൾ പ്രസ്താവിച്ചതുപോലെ വരുന്നതിനു വളരെക്കാലം വേണ്ടിയിരിക്കും. പക്ഷെ, അപ്രകാരമുള്ള ഒരു മാതൃകയിൽ എത്തുന്നതിനു നമുക്കു സാധിക്കയില്ലായിരിക്കാം. സർ, എങ്കിലും പ്രൈവറ്റു താമസസ്ഥലങ്ങളിലേക്കുകൂടി വെളിച്ചംകൂടി നൽകുന്നതിനു നമുക്കു സാധിക്കുമെങ്കിൽ അതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

അടുത്തതു ഞാൻ വിചിന്തനം ചെയ്യുന്നതു റെയിൽവെ നീട്ടുന്നതു സംബന്ധിച്ചാണ്. അതിൽ ഉദ്ദേശം ൧൨൫ ലക്ഷം രൂപ ചിലവാകുമെന്നു പറയപ്പെട്ടിരിക്കുന്നു. നിശ്ചയമായും, പൊന്നുംവില ചിലവു എന്നുള്ള ഒരു പ്രത്യേകസംഗതിയെപ്പറ്റി അതിൽ എന്തുചിലവാകുമെന്നു നമുക്കു ഒരിക്കലും മുൻകൂട്ടി അറിവാൻ നിവൃത്തിയുള്ളതല്ല. പൊന്നുംവില ചെലവു ഹൈക്കോടതി തീർച്ചചെയ്യുന്നതുവരെ നിർണ്ണയിക്കാവുന്നതല്ലാത്തതും, അതു വളരെ കൂടുതലാകാൻ ഇടയുള്ളതും ആകുന്നു. പക്ഷെ, വില വളരെ കൂടുതലായിരിക്കാം; എന്നാൽ, ആവശ്യമുള്ള ഒരു സംഗതിയാകയാൽ അപ്രകാരമുള്ള ഒരു പദ്ധതി എടുത്തിരിക്കുന്നതെന്നു നമുക്കു സമാധാനിക്കാം.

കൌൺസിൽ ചേമ്പർ സംബന്ധിച്ചുള്ള ഡിസൈനുകൾക്കായി ൫൦൦൦ രൂപ നീക്കിവച്ചിട്ടുള്ളതാണു അടുത്തുകാണുന്നതു. സർ, പക്ഷെ അതുസംബന്ധിച്ചു ഗവണ്മെന്റു ചെയ്തിട്ടുള്ള വാഗ്ദാനത്തെപ്പറ്റി ഓർമ്മയില്ലായിരിക്കാം അല്ലെങ്കിൽ നിങ്ങളെ അറിയിച്ചിട്ടില്ലായിരിക്കാം. ഈ കൌൺസിലിൽ ഇപ്പോൾ കൂടിയിരിക്കുന്ന അധികം അംഗങ്ങളും ആ അവസരത്തിൽ ഹാജരില്ലായിരുന്നു. അതു ൧൧൨൫ ഫെബ്രുവരി ൧൧-നു ഈ കൌൺസിലിൽ ഒരു പ്രമേയരൂപത്തിൽ പാസ്സാക്കപ്പെട്ടതും, ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ളതായതുമായിരുന്നു. ആ പ്രമേയം പാസ്സാക്കിയതു ഏകദേശം രണ്ടുകൊല്ലങ്ങൾക്കു മുമ്പാണ്. അതു എന്താണെന്നു ഞാൻ പ്രസ്താവിക്കാം. എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള പ്രമേയം അവതരിപ്പിക്കയും ഒടുവിൽ ഗവണ്മെന്റിനുവേണ്ടി ചീഫ് സെക്രട്ടറി സ്വീകരിക്കയും ചെയ്തു. അദ്ദേഹം ഇപ്രകാരം പറകയുണ്ടായി:—

സർ, നാടുനീങ്ങിയ പൊന്നുതമ്പുരാൻ തിരുമനസ്സിലെ സുദീർഘവും പ്രശസ്തവുമായ ഭരണത്തെയും, ആ തിരുമനസ്സിലെ ബഹുമാന്യമായ സ്മരണയെ പ്രത്യക്ഷവും സുസ്ഥിരവും ആയി നിലനിറുത്തുന്നതിന്റെ ആവശ്യകതയെയും ആസ്പദമാക്കി ഈ കൌൺസിലിലെ മറുഭാഗത്തുള്ള അംഗങ്ങൾ പ്രസ്താവിച്ചിട്ടുള്ള അഭിപ്രായത്തോടു കൂടി ഗവണ്മെന്റിനുവേണ്ടി അവയോടു പൂർണ്ണമായി യോജിക്കുന്നതിനു എനിക്കു വളരെ സന്തോഷമുണ്ട്. മെമ്മോറിയൽ ഒരു കൌൺസിൽ ചേമ്പറും തിരുമനസ്സിലെ ഒരു ഛായാകാരപ്രതിമയും ആയിരിക്കണമെന്നുള്ളതിലും ഞാൻ യോജിക്കുന്നു. എന്നാൽ പ്രതിമ കൌൺസിൽചേമ്പറിന്റെ ഒരു ഭിത്തിയിലേക്കാൾ പട്ടണത്തിൽ ഒരു ആകർഷണീയമായ സ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നു എനിക്കു തോന്നുന്നു. അതുകൊണ്ടു പ്രമേയത്തിൽ ഞാൻ അല്പമൊരു ഭേദഗതി ആവശ്യപ്പെടുന്നു. ഞാൻ അതിനെ താഴെപ്പറയുംപ്രകാരം ആക്കുന്നു:—

"തിരുവിതാംകൂറിലെ മഹാരാജാവായിരുന്ന നാടുനീങ്ങിയ ശ്രീമൂലം തിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ സുദീർഘവും, അഭിവൃദ്ധികരവും, പ്രശസ്തവുമായിരുന്ന ഭരണത്തിന്റെ സ്മരണയെ നിലനിറുത്തുന്നതിനു അനുയോജ്യമായ ഒരു സ്മാരകമായി നിയമസഭയ്ക്കു ഒരു ചേമ്പറും തിരുമനസ്സിലെ ഒരു ഛായാകാരപ്രതിമയും ഉണ്ടാക്കുന്നതിനു വേണ്ടതായ നടപടികൾ നടത്തണമെന്നു ഈ കൌൺസിൽ ഗവണ്മെന്റിനോടു ശുപാർശ ചെയ്യുന്നു".

മേൽപ്രകാരം ഭേദഗതിചെയ്യപ്പെട്ട പ്രമേയം പാസ്സാക്കപ്പെട്ടു.

സർ, അപ്രകാരം മെമ്മോറിയലിൽ ഒരു കൌൺസിൽ ചേമ്പറും ഒരു പ്രതിമയും എന്നു രണ്ടു വിഭാഗങ്ങൾ ഉണ്ട്. അതിന്റെ രണ്ടാമത്തെ വിഭാഗത്തിനു ഇനി ഒട്ടും താമസം ആവശ്യമില്ല. ഇപ്പോൾ അതു ഉദ്ദേശം രണ്ടരക്കൊല്ലങ്ങളായിട്ടുള്ളതും, നമുക്കു ബഡ്ജറ്റിൽ വലിയ മിച്ചമുള്ളകാലത്തും ഈമാതിരി സംഗതികൾ മാററിവയ്ക്കുന്നതു പരമാർത്ഥത്തിൽ വളരെ പരിതാപകരവും ആകുന്നു. അതുകൊണ്ടു ഈ സംഗതി ഏററവും കഴിയുന്നവേഗത്തിൽ നിറവേററുന്നതിനു ഗവണ്മെന്റു ശ്രദ്ധിക്കുന്നതിനു ദയവുണ്ടാകണമെന്നു ഈ സഭയ്ക്കുവേണ്ടി ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു. മറേറകാര്യം സംബന്ധിച്ചു ഡിസൈനുകൾക്കായി ൫൦൦൦ രൂപ നീക്കിവച്ചിട്ടുണ്ടല്ലോ. അതു എത്ര കാലംകൊണ്ടാണു നടക്കാൻപോകുന്നതെന്നും, ആ സംഗതി എത്രകാലം കഴിഞ്ഞാണു എടുക്കാൻപോകുന്നതെന്നും എനിക്കറിഞ്ഞുകൂടാ. ഏതുപ്രകാരമെങ്കിലും കെട്ടിടം മിസ്റ്റർ ദേവപ്പമേനോൻ കാലത്തു ശരിയാകുമെന്നും, നമ്മളിൽ ചിലർക്കെല്ലാമതിലിരിപ്പാൻ സാധിക്കുമെന്നും ഞാൻ ആശിക്കുന്നു. നിയമസഭയാൽ പാസ്സാക്കപ്പെട്ടുവെങ്കിലും, ശരിയായി പ്രവർത്തിക്കാത്തതുമൂലം ഏതുപ്രകാരത്തിൽ അവസാനിക്കുന്നുവെന്നു നമുക്കു അറിവാൻ കഴിയാതെപോകുന്ന സംഗതികളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെടുകയില്ലെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ജില്ലാക്കോടതിക്കെട്ടിടം വളരെ പരിതാപകരമായ നിലയിലാണെന്നും, ഏതെങ്കിലും ഒരു സ്ഥാനത്തു പുതിയകെട്ടിടങ്ങൾ കെട്ടുന്നതിലേക്കു വല്ലതും പ്രവർത്തിക്കണമെന്നും, പരിഷ്കരിക്കപ്പെട്ടതായ ഈ കൌൺസിലിന്റെ പ്രഥമയോഗത്തിൽ ൧൧൨൪-ാമാണ്ടു മിസ്റ്റർ ജി. പരമേശ്വരൻപിള്ള ഗവണ്മെന്റിന്റെ വീക്ഷണത്തിനു വിഷയമാക്കിയിട്ടുള്ള സംഗതിയിൽ ഈ സന്ദർഭത്തിൽ ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ബാലികാമഠത്തിന്റെ വടക്കുവശമുള്ള സ്ഥലം ഇതേ ആവശ്യത്തിനായി തിരഞ്ഞെടുത്തിട്ടുള്ളതാണെന്നും, എന്നാൽ അതു ഉപയോഗപ്പെടുത്താതെ വളരെക്കാലമായി കിടക്കുന്നുവെന്നും, അതിന്മേലുള്ള പലിശ നിശ്ചയമായും ഒരു നഷ്ടംതന്നെയെന്നും എനിക്കു പറയുവാനുണ്ട്, അതു ഇപ്പോഴത്തെ സ്ഥാനത്തോ വേറെഏതെങ്കിലും സ്ഥാനത്തോ

സ്ഥാപിക്കണമെന്നായാലും, അതു ഒരു ക്രിസ്ത്യാനിപ്പള്ളിയിലെ മീററിംഗിൽ പാസാക്കപ്പെട്ട പ്രമേയംപോലെ നിശ്ചയമായും വരാൻപാടില്ല. പള്ളിക്കു ഒരു പുതിയ കെട്ടിടം ഉണ്ടാക്കണമെന്നുള്ളതാണു അതിലെ ഒന്നാമത്തെ പ്രമേയം. അതു പഴയപള്ളിയുടെ സ്ഥാനത്തായിരിക്കണമെന്നായിരുന്നു രണ്ടാമത്തെ പ്രമേയം. പുതിയ പള്ളി പണിതീരുന്നതുവരെ പഴയതു മാററാൻപാടില്ല എന്നായിരുന്നു മൂന്നാമത്തേതു. നിശ്ചയമായും കുറേക്കൂടെ കാര്യശേഷമായി എടുക്കുന്നതിനു സാധിക്കാത്ത എന്തെങ്കിലും ഒരു വഴി കിട്ടുന്നതായ ഒരു പദ്ധതി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഈ സംഗതിയിൽ എന്തെങ്കിലും പ്രവർത്തിക്കണം. ൮൦൯൯-ലെ ബഡ്ജററിൽ ൫൦,൦൦൦ രൂപാ ഇതിലേക്കായി നീക്കിവെച്ചിരുന്നു എനിക്കു തോന്നുന്നു. അതിനു എന്തുസംഭവിച്ചുവെന്നു നമുക്കു അറിയില്ല. ഒന്നുംതന്നെ ചെയ്തിട്ടില്ലെന്നു കാര്യംകൊണ്ടു പ്രത്യക്ഷപ്പെടുന്നു. ഈ വർഷത്തിലും ൫൦,൦൦൦ രൂപാ നീക്കിവച്ചിരുന്നു, ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. ഇപ്രകാരം ഈ ഇനങ്ങൾക്കായി പിടിച്ചാലും ബഡ്ജററു പാസാക്കണമെന്നും അതുസംബന്ധമായി യാതൊന്നും പ്രവർത്തിച്ചുകാണുന്നില്ലെന്നും നമുക്കു മനസ്സിലാകുന്നു. ഇപ്പോഴത്തെ കെട്ടിടം പകൽസമയം പത്തുമണിക്കു അടച്ചിടുന്നതായ കൊണ്ടുപോകയുള്ള ഒരു സ്ഥലമാണെന്നും ഇതിനു മററു കച്ചേരികളിൽനിന്നുള്ള വ്യത്യാസം ഇതിൽ പകൽസമയം മനുഷ്യർക്കുകൂടെ അടച്ചു പൂട്ടുന്നുവെന്നുള്ളതുമാത്രമാണെന്നും മനസ്സിലാക്കുന്നതിനു ഈ നടപ്പുതന്നെ കഴിവുള്ളതാണ്. അതിന്റെ ചുററുപാടും സംബന്ധിച്ചിടത്തോളം രാത്രികാലങ്ങളിൽ അതിന്റെ പറമ്പു ഒരു പബ്ലിക്കക്കൂസായി മനുഷ്യർ ഉപയോഗിക്കുന്നു. എന്തുകൊണ്ടെന്നാൽ അതു രാത്രികാലങ്ങളിൽ എല്ലാത്തരത്തിലുമുള്ള ജനങ്ങൾ കയറുന്ന ഒരു സ്ഥലമാകയാലും അവിടെ കയറുന്നതിനു തടയുന്നതിനു യാതൊന്നും ഇല്ലാത്തതിനാലും ആകുന്നു. അതുകൊണ്ടു അതു ഊഹിക്കാവുന്നിടത്തോളം ദുസ്സഹവും നീചവും ആയ ഒരു സ്ഥിതിയിലിരിക്കുന്നതുകൊണ്ടാണ് വൈഷമ്യം. ഇപ്പോൾ അതിനെ ഒരു കോടതിമന്ദിരമായി ആരുംതന്നെ കരുതുകയില്ല. സർ, ബഹുമാന്യനായ പബ്ലിക് വർക്സ് ചീഫ് എഞ്ചിനീയർ അടുത്തുതന്നെ തിരുവനന്തപുരം സന്ദർശിക്കുന്നതും പൊതുസ്ഥാപനങ്ങൾ കാണുന്ന കൂട്ടത്തിൽ ജില്ലാക്കോടതിയുടെ അദ്ദേഹം കാര്യപരിപാടിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ സംസ്ഥാനത്തിന്റെ തലസ്ഥാനത്തു ഒരു കോടതിമന്ദിരമായി എത്രത്തോളം മോശമായ ഒന്നാണു നമുക്കുള്ളതെന്നു അദ്ദേഹം മനസ്സിലാക്കുന്നതുമാകുന്നു. സർ, അതു വളരെ സൂക്ഷിക്കേണ്ടതായ ഒരു കാര്യമാണ്. തിരുവനന്തപുരത്തെ മെയിൻറോഡിൽ എല്ലാസ്ഥലത്തും ടൌൺ പ്ലാനിംഗ് നടത്തുമ്പോൾ ഈമാതിരി ഒരു കാര്യം തുടർന്നുകാണുന്നതിനു അനുവദിക്കണമെന്നു കരുതാതെ തള്ളിക്കളയേണ്ടതായ ഒരു സംഗതിയല്ലയെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു കെട്ടിടവും ഓലമേയുവാൻ പാടില്ല. ഓടുകൊണ്ടു മേഞ്ഞിരിക്കണം. അതായതു, അഗ്നിബാധയില്ലാത്ത സാമാനങ്ങൾകൊണ്ടു മൂടിയിരിക്കണമെന്നു നിർബന്ധിക്കുന്നതിനു മുൻസിപ്പൽ റഗുലേഷൻ നഗരസഭയ്ക്കു അധികാരം കൊടുക്കുന്നു. കെട്ടിടങ്ങളുടെ നിർമ്മാണത്തിലും നഗരസഭയ്ക്കു അഭിപ്രായം പറവാൻ അവകാശമുണ്ട്. എന്തായാലും ഗവണ്മെൻറുവക കെട്ടിടങ്ങളുടെ സംഗതിയിൽ വ്യത്യാസം ചെയ്തിട്ടുണ്ട്. അതിന്റെ ഉദ്ദേശം ഗവണ്മെൻറുവക കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം പരാതിപ്പെടുന്നതിനു യാതൊന്നുമില്ലാത്തതായിരിക്കത്തക്കവിധം ഗവണ്മെൻറു പ്രവർത്തിക്കണമെന്നാകുന്നു. അതു അപ്രകാരമെങ്കിൽ തിരുവനന്തപുരം ജില്ലാക്കോടതിക്കെട്ടിടം ഗവണ്മെൻറുവകവച്ചിട്ടില്ല. ഇതുകൂടാതെ ഒരു പുതിയകെട്ടിടത്തിന്റെ നിർമ്മാണം വളരെ അത്യാവശ്യമാക്കുന്നതായ മറെറാരു സംഗതി കൂടിയുണ്ട്. കരുനാഗപ്പള്ളി മുൻസിപ്പുകോടതിക്കു തീപിടിച്ചു എല്ലാതാനും റിക്കാർഡുകൾ വെന്തുപോയിയെന്നു ഗവണ്മെൻറിനു ഞാൻ പറയാതെതന്നെ അറിവുള്ളതാണല്ലോ. ഭാഗ്യവശാൽ വെന്തുപോയതു സ്റ്റാമ്പു രസീസ് റിക്കാർഡുകളുടെ ഒരു ഭാഗംമാത്രമായിരുന്നു. കോർട്ടുഫീസ് ഇനത്തിൽ ഉദ്ദേശം ൫൭ ലക്ഷം രൂപാ നാം കൊടുക്കുന്നു. തിരുവനന്തപുരം ജില്ലാക്കോടതിയിലും വളരെ ഗണ്യമായ വരവുണ്ട്. സംഗതികൾ ഇപ്രകാരമിരിക്കെ, ഓരോ വ്യവഹാരക്കാരന്റെ വസ്തുക്കളെ സംബന്ധിക്കുന്ന സകല റിക്കാർഡുകളും കോടതിയിലേൽപ്പിക്കയും ആ റിക്കാർഡുകൾ ന്യായമായി സൂക്ഷിക്കാതിരിക്കുകയും ചെയ്യുമ്പോഴും പരമാർത്ഥത്തിൽ, കീഴ്ക്കോടതികളിൽതന്നെ ഒരു ശതാബ്ദത്തിൽ കൂടുതൽകാലം നിലനില്ക്കയെന്നുള്ളതു സാധാരണ പതിവായിരിക്കുമ്പോഴും ഈ റിക്കാർട്ടുകളെല്ലാം വളരെ ക്രമമായി സൂക്ഷിക്കണമെന്നും അവ നാശമുണ്ടാകയെന്നുള്ളതു സംഭവിക്കരുതെന്നും ഗവണ്മെൻറു കരുതേണ്ടതു വളരെ അത്യാവശ്യമാകുന്നു. ആ പറമ്പിൽ രാത്രികാലങ്ങളിൽ പ്രവേശിക്കുന്ന വീടും കുടിയുമില്ലാത്തവരായ ആളുകളിൽ ഒരുത്തൻ ഒരു സിഗററു വലിക്കുകയും അവൻ ഉപേക്ഷിക്കുന്നതായ അതിന്റെ ശേഷിപ്പു മേൽപുരയിൽ വീഴുന്നതിനു ഇടയാകുകയും ചെയ്യുന്നപക്ഷം മുഴുവൻ കെട്ടിടവും തീപിടിക്കുന്നതും അതു അസംഖ്യമായ ഒരു നഷ്ടമായി തീരുന്നതുമാകുന്നു. ഇതു സംഭവിക്കാതെ തടയേണ്ടതാകുന്നു. കരുനാഗപ്പള്ളി മുൻസിഫ്കോർട്ടിൽ ഉണ്ടായ അഗ്നിബാധയിൽ നിന്നും ഗവണ്മെൻറ് ഒരു പാഠം മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഗവണ്മെൻറു വേണ്ടമുൻകരുതൽ ചെയ്യുന്നില്ലെങ്കിൽ ഗവണ്മെൻറിനെ അക്ഷന്തവ്യമായ ഉപേക്ഷയ്ക്കു കുററപ്പെടുത്തേണ്ടിവരും. തിരുവനന്തപുരം ജില്ലാക്കോടതി സംസ്ഥാനത്തിന്റെ തലസ്ഥാനത്തിനു ഒരു അവമാനമാണെന്നു ഞാൻ പറയുന്നു. അതു ഇടിഞ്ഞുപോകുന്ന വക ജീർണ്ണമന്ദിരമാണ്. അതു പൊതുജനാരോഗ്യത്തിനു ഒരു ശാപവുമാണ്. ഗവണ്മെൻറു ഈ സംഗതി വളരെ ഗൗരവമായി കരുതുകയും അതിന്റെ നിർമ്മാണത്തിലേക്കായി ഒരു അഡിഷനൽ ബഡ്ജററു ഈ സഭയിൽ ഹാജരാക്കുകയും ചെയ്യേണ്ടതാണെന്നു കഴിയുന്നതുംവേഗത്തിൽ ഞാൻ അപേക്ഷിക്കുന്നു. പുതിയ ചീഫ് എൻജിനീയരുടെ വരവോടുകൂടി ജില്ലാക്കോടതികൾക്കു ഒരു ആശാസ്യമായ ഭാവിയുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. കെട്ടിടം ഇത്ര അസൌകര്യവും ജീർണ്ണവുമാണെങ്കിൽ അതു വ്യവഹാരക്കാരെമാത്രമല്ല ന്യായാധിപന്മാരെക്കൂടി ക്ലേശിപ്പിക്കുമെന്നും, ആ കോടതിയിലെ ജഡ്ജിയെ അന്യായമായ തീരുമാനത്തിനു ചാർജ്ചെയ്യുന്ന പക്ഷം അദ്ദേഹം വളരെ ഗൌരവമായി താഴെ പറയും പ്രകാരം വാദിച്ചേക്കാനിടയുണ്ടെന്നും (അതുമരിക്കലും സംഭവിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു) ഈ സന്ദർഭത്തിൽ ഞാൻ പറയുന്നു.

"സർ, ഞാൻ ശ്വസിക്കുന്ന വായുവിനെപോലും ദുഷിപ്പിക്കുന്ന ഈ ഹാളിൽ നിങ്ങൾ എന്നെ ഇരുത്തിയിരിക്കുന്നു. എന്റെ രക്തം മുഴുവനും ദുഷിച്ചു അശുദ്ധമായിരിക്കുന്നു; കാര്യമിപ്രകാരമിരിക്കുമ്പോൾ ഞാൻ നടത്തുന്ന നീതിന്യായത്തെയും എത്രത്തോളം ശുദ്ധമായിരിക്കുമെന്നു നിങ്ങൾക്കു പ്രതീക്ഷിക്കാൻ പാടില്ല" സർ ആതുരായിരിക്കെ

സ്ഥിതി. കഴിയുന്നതുംവേഗം ഇക്കാര്യത്തിൽ ഗവൺമെന്റ ഗൌരവമായി പ്രവർത്തിക്കണമെന്ന ഞാൻ അപേക്ഷിക്കുന്നു. ഉപയോഗമില്ലാത്തതായി തീരുകയില്ലെന്ന ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ശരിയായ കണക്കുകളില്ലാതെ ഒരു സാമ്പത്തിക വ്യവസ്ഥാപരിഷ്കരണം നടത്തുന്നതിന യാതൊരു ഗവണ്മെന്റിനും സാധിക്കുന്നതല്ല. ജനങ്ങളുടെ വരവിനെപ്പറ്റി ശരിയായ അറിവില്ലാതെ അവരിൽനിന്നും കൂടുതൽ കരം വസൂൽ ചെയ്യുക എന്ന നയം നിശ്ചയമായും അവരുടെ നന്മയ്ക്കു നാശഹേതുകമാകുന്നു. ൧൦൨൭-ൽ ൧൫൭ ലക്ഷം രൂപ വരവുണ്ടായിരുന്നത് ൧൧൨൮-ൽ ൨൨൫ ലക്ഷം രൂപയായി, അതായത്, ൨ വർഷംകൊണ്ടു വരവിൽ ൬൮ ലക്ഷം രൂപ കൂടുതലായി വർദ്ധിച്ചിരിക്കുന്നതായി ബഡ്ജറ്റിൽനിന്നും കാണുന്നു. തിരുവിതാംകൂറിൽ ഒരു വ്യക്തിയ്ക്കു ശരാശരി ൭൨ രൂപാ വരുമാനമുണ്ടെന്നു സാമാന്യമായി കണക്കുകൂട്ടിയാൽ കിട്ടുന്നുണ്ട്. എന്നാൽ രാജ്യത്തിൽ ഓരോരുത്തരുടെയും ധനവും വ്യക്തികളുടെ ശരാശരി വരവും കാണിക്കുന്നതായ കണക്കുകൾ നമ്മുടെ മുമ്പിൽ വയ്ക്കുന്നതിന ഫിനാൻസ് സെക്രട്ടറിയ്ക്കു സാധിച്ചിട്ടില്ല. ഇതുകൊണ്ടു കരം ഓരോ വ്യക്തിയുടെയും ധനത്തോടു ന്യായമായ സംബന്ധമുള്ളതാണോ എന്നു നിർണ്ണയിക്കുന്നതിന കഴിവില്ല. രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയെപ്പറ്റി പഠിക്കുന്നതിനും ശാശ്വതമായ ഒരു സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ ഏർപ്പെടുത്തണമെന്നും ൧൯൫൧-ലെ സെൻസസ് റിപ്പോർട്ടിൽ സെൻസസ് കമ്മീഷണർ പ്രസ്താവിച്ചിട്ടുണ്ട്. സെൻസസ്സിൽ സർവ്വപ്രധാനമായ ജനങ്ങളുടെ സാമ്പത്തികനിലയെപ്പറ്റിയുള്ള സെൻസസ് എന്ന ഭാഗം ഇനിയും എടുക്കേണ്ടതായിട്ടാണിരിക്കുന്നതു എന്ന അദ്ദേഹം പറഞ്ഞിരിക്കുന്നു. ഈ സെൻസസ് മറ്റു സെൻസസ്സിനോടുകൂടി തൃപ്തികരമാകാവണ്ണം എടുക്കുന്നതിന നിവൃത്തിയില്ലാത്തതും, പിന്നീട് അതു സൌകര്യമായി മറ്റു സമയങ്ങളിൽ ചെയ്യേണ്ടതും ആകുന്നു. വേറൊരു സ്ഥലത്തു അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഏറ്റവും പരിഷ്കൃതമായ ഒരു സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ വളരെ ആവശ്യമായിത്തീർന്നിരിക്കുന്നതും ശാശ്വതമായിട്ടുള്ള സെൻസസ് ജോലികൾ അതിന്റെ അധികാരത്തിൽ ആയിരിക്കേണ്ടതും ആകുന്നു. ഇടയ്ക്കു ഒഴിവു വരുന്നസമയത്തു അതു ഏതാനും ചെറുകിട ഗ്രാമങ്ങളുടെ ഒരു സാമ്പത്തിക സർവ്വേ നടത്തേണ്ടതും അപ്രകാരം സംസ്ഥാനത്തെ കൃഷിസംബന്ധമായും, വ്യവസായപരമായും, വാണിജ്യവിഷയമായും മററു മനുഷ്യജീവിതോപകരണങ്ങളുടെ എല്ലാപ്രകാരത്തിലുമുള്ള സ്റ്റാററിസ്റ്റിക്സ്കളും ശേഖരിച്ചു ആണ്ടുതോറും പരസ്യപ്പെടുത്തേണ്ടതും ആകുന്നു."

ജനങ്ങളുടെ പൊതുവായുള്ള സ്വത്തിനെ നിർണ്ണയപ്പെടുത്തുന്നതിലേക്ക വേണ്ട നടപടികൾ ഉടൻതന്നെ ചെയ്യേണ്ട ആവശ്യകതയെ ഞാൻ ഈ സംഗതിയിൽ ഇടവിടാതെ ഗവണ്മെന്റിന്റെ ദൃഷ്ടിയ്ക്കു വിഷയീഭവിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഇതേവരെ യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്ന വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എനിക്ക ഈ ജോലിയുടെ വൈഷമ്യം മനസ്സിലാകാഞ്ഞിട്ടല്ല, എന്നാൽ ജനങ്ങളുടെ സമ്പത്തു എന്താണെന്നുള്ള ശരിയായ ഒരു വിവരം കരം നിർണ്ണയപ്പെടുത്തുന്ന തത്വത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നായതുകൊണ്ട് അതു ശരിപ്പെടുത്തേണ്ടതായിരിക്കുന്നു. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പലതരത്തിലുള്ള സ്വത്തുക്കളേയും കരം ചുമത്തപ്പെടുന്നവയായ സ്വത്തുക്കളുടെ വിലയേയുംപററി ഒരു സൂക്ഷ്മവും അപഗ്രഥനരീതിയിലുള്ളതുമായ പഠനം നടത്തുന്നതിന വേണ്ട ശക്തിമത്തായ ഒരു പദ്ധതിയുടെ പ്രയോഗംമൂലം സംസ്ഥാനത്തെ സാമ്പത്തികനിലയുടേയും സ്വത്തിന്റേയും ന്യായമായ ഒരു കണക്ക ലഭിക്കുന്നതിനവേണ്ടതായ ഒരുക്കങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.

സർ, തിരുവിതാംകൂറിലെ ഇന്നത്തെ അത്യന്താപത്കരമായ ആലോചനാവിഷയം തൊഴിലില്ലായ്മ എന്നവിഷയമാണെന്ന ഞാൻ വിശ്വസിക്കുന്നു. മാഗ്രാഡുവേററുകൾ, കലാശാലകളിലും സയൻസുകളിലുമുള്ള ഗ്രാഡുവേററുകൾ, അണ്ടർഗ്രാഡുവേററുകൾ, ഹയർസ്കൂൾലീവിംഗും സർട്ടിഫിക്കററുകാർ, സാങ്കേതിക പരിശീലനം ലഭിച്ചവർ, മുതലായി പലവിധത്തിലുള്ള ഡിപ്ലോമയുള്ളവർ എന്നിങ്ങനെ അനേകം വിദ്യാസമ്പന്നന്മാരായ യുവാക്കന്മാർ ഉപജീവനത്തിന എന്തെങ്കിലും ഉദ്യോഗത്തിനായി മുമ്പോട്ടും പുറകോട്ടും അലഞ്ഞുനടക്കുന്നതു കാണപ്പെടുന്നു. രാജ്യത്തിന്റെ ഭാവൈശ്വര്യനിദാനങ്ങളായ ഈ യുവാക്കന്മാർ ഒന്നുകിൽ പൂർണ്ണമായ നിരാശയോടുകൂടി ചുററി നടക്കുകയോ അല്ലാത്തപക്ഷം, അവരെ അഭയം കൊടുക്കണമെന്ന അവർ കരുതുന്നവരായ ഉദ്യോഗസ്ഥന്മാരുടേയും നിയമസഭാംഗങ്ങളുടേയും വാതിലുകളിൽ ഫലമില്ലാതെ കാത്തുനിൽക്കുകയോ ചെയ്യുന്നു. ഈ വൈഷമ്യമേറിയ സംഗതിയുടെ തടസ്സംമൂലം തൊഴിലില്ലായ്മയ്ക്കുള്ള കാരണങ്ങളെ ആരാഞ്ഞറിയുന്നതിനും അതിന്റെ നിവാരണത്തിന വഴികളും ഉപായങ്ങളും കണ്ടുപിടിക്കുന്നതിനുമായി ഗവണ്മെന്റ ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. ഈ രാജ്യത്തെ ജനതതിയിൽ പുഷ്പങ്ങളായ നമ്മുടെ യുവാക്കന്മാരുടെ ശക്തിയെ പെട്ടെന്നു നശിപ്പിക്കുന്നതായ ഈ ധനാഭാവത്തിനുള്ള പ്രധാന നിവാരണമാർഗ്ഗം രാജ്യത്തിലെ കൃഷിയും വ്യവസായവും പെട്ടെന്നു അഭിവൃദ്ധിയാക്കുക എന്നുള്ളതാണെന്ന കമ്മിററി ഇതുവരെയും ശേഖരിച്ചിട്ടുള്ള തെളിവുകളുടെ സ്വഭാവത്തിലും ഈ കൌൺസിലിലെ മെംബറന്മാർ പ്രസ്താവിച്ച അഭിപ്രായങ്ങളിലും നിന്നു വെളിവാകുന്നുണ്ട്. അതുകൊണ്ടു നമ്മുടെ സംസ്ഥാനത്തിൽ കൃഷിയും വ്യവസായവും ഇപ്പോൾ ഏതുനിലയിൽ ഇരിക്കുന്നുവെന്നുള്ളതിനെ സംബന്ധിച്ചു ഒരു ശരിയായ വിവരം ലഭിക്കുന്നതിനും, അവയുടെ അഭിവൃദ്ധിക്കായി ഗവണ്മെന്റ ഏതുവിധമുള്ള സഹായം ചെയ്യണമെന്ന മനസ്സിലാക്കുന്നതിനും ആയിരിക്കണം നമ്മുടെ ശ്രദ്ധ ഉടനെ പതിയേണ്ടത്.

കൃഷിസംബന്ധമായി സെൻസസ് കമ്മീഷണർ ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

"ഈ രാജ്യത്തു കൃഷിചെയ്യുന്ന നെല്ലിന്റെയും മററു ആഹാരസാധനങ്ങളുടേയും കണക്കുകൾ ശേഖരിക്കുന്നതിനും അവ ഉപയോഗപ്പെടുത്തുന്ന ജനങ്ങളുടെ കണക്ക എടുക്കുന്നതിനും മുൻപു ആരുംതന്നെ ശരിയായി ശ്രമിച്ചിട്ടില്ലായിരുന്നു. കഴിഞ്ഞ കണെഷുമാരിനു നെല്ലുകൃഷിചെയ്യുന്ന സ്ഥലങ്ങളെ നിർണ്ണയപ്പെടുത്തുകയും തെങ്ങ്, പ്ലാവ്, മുതലായ വൃക്ഷങ്ങളുടെ കണക്കുകൾ എടുക്കുകയും ചെയ്തതിനുശേഷം അടുത്തകാലംവരെ നിശ്ചിതോദ്ദേശമുള്ള പരിശോധന നടത്തുന്നതിനൊ, കൃഷിചെയ്യുന്നതായ സ്ഥലം, കൃഷിചെയ്ത ധാന്യം, അവയുടെ വിളവു മുതലായവയെ കാണിക്കുന്ന റിക്കാർട്ടുകൾ സൂക്ഷിക്കുന്നതിനൊ സാധിച്ചിട്ടില്ല. ഇപ്രകാരമുള്ള കണക്കുകളുടെ അഭാവത്തിൽ നെല്ലുകൃഷിയിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ ശരിയായി കണക്കാക്കുന്നതിനൊ ജനസംഖ്യയിൽ അതുകൊണ്ടു ആവശ്യം സാധിക്കുന്നവരുടെ കണക്കറിയുന്നതിനൊ ശരിയായ മാർഗ്ഗങ്ങൾ ഒന്നുമില്ല."

സ്റ്റാറ്റിസ്റ്റിക്സ് മുഖേന തിരുവിതാംകൂറിലെ കൃഷിയുടെ ഇപ്പോഴത്തെനില മനസ്സിലാക്കുന്നതിനു നമുക്കു സാധ്യമല്ലെന്നുള്ളതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ രാജ്യത്തിലെ പ്രധാന ആഹാരസാധനങ്ങൾ ധാരാളമായി കൃഷിചെയ്യുന്നില്ലെന്നും, രാജ്യത്തിലെ ആവശ്യങ്ങൾക്കു ഇവിടത്തെ വിളവുകൾ തീരെ മതിയാകുന്നില്ലെന്നും നമുക്കു പരമാർത്ഥമായി അറിയാം. ഇറിഗേഷനിലുള്ള സൗകര്യക്കുറവുകൊണ്ടും, ആവശ്യമുള്ള വളത്തിന്റെ കുറവുകൊണ്ടും, പരിഷ്കൃതമായ കർഷകസമ്പ്രദായങ്ങളുടെ അഭാവത്താലും കൊല്ലങ്ങൾ കഴിയുന്തോറും നെൽകൃഷി ക്ഷയിച്ചുവരികയാണ് ചെയ്യുന്നത്. ഉഴുന്നതിലും വളമിടുന്നതിലും ആധുനികസമ്പ്രദായങ്ങൾ സ്വീകരിച്ചു നിലങ്ങളിലെ ആദായം വർദ്ധിപ്പിക്കുന്നതിനു കൃഷിക്കാരെ ഉപദേശിക്കുന്നതിൽ കൃഷി ഡിപ്പാർട്ടുമെന്റു വളരെ ശ്രമിച്ചുവരുന്നുണ്ട്. എന്നാൽ കൃഷിക്കാർക്കു ആമാതിരി കാര്യങ്ങളിൽ പണം മുടക്കുന്നതിനു അധികം നിവൃത്തിയില്ലാത്തതിനാൽ ആ ഉപദേശംമൂലം അവർക്കു യാതൊരു ഗുണവും ലഭിക്കുന്നില്ല. കൃഷിവായ്പ കൊടുക്കുന്നതിനുള്ള അധികാരം കൃഷിക്കാരുമായി നേരിട്ട് അറിവുള്ള കൃഷിഡിപ്പാർട്ടുമെന്റിന്റെ സീമയ്ക്കു വെളിയിലായതുകൊണ്ടു ആമാതിരി ഗ്രാന്റു ഏർപ്പാടു അവരെ സഹായിക്കുന്നില്ല. ഈ കടം വായ്പകൾ എല്ലാ വസ്തു ഉടമസ്ഥന്മാർക്കും ഒരുപോലെ എളുപ്പത്തിൽ ലഭിക്കാവുന്നതല്ല. വസ്തുക്കളെ അവയുടെ മുൻബാദ്ധ്യതകളിൽനിന്നും മോചിപ്പിക്കുന്നതിനു അവ തീരെ ലഭിക്കുന്നില്ല. കൃഷിവായ്പകൾ കൊടുക്കുന്നതിലുള്ള അധികാരമില്ലാത്തതിനാൽ ഈ വക വായ്പകൾ കൃഷിസംബന്ധമായ കാര്യങ്ങൾക്കുമാത്രം ചെലവുചെയ്യപ്പെടുന്നോ എന്നു പരിശോധിക്കുന്നതിനു തക്കതായ യാതൊന്നും കൃഷിഡിപ്പാർട്ടുമെന്റിനു തോന്നുമെന്നു വിചാരിക്കാൻ പാടുള്ളതല്ല. ൧൧൧൦-ൽ കൃഷിവായ്പയായി വിതരണംചെയ്ത തുകയായ ൪൮ ലക്ഷം രൂപാ ആ ആവശ്യത്തിനു വളരെ ചെറുതാണ്. കൃഷിക്കാർ വലുതായ കടത്തിൽ മുഴുകിയ സ്ഥിതിയിലായിരിക്കുന്നതും, നിസ്സാരവും ദീർഘകാലത്തേക്കുള്ളതുമായ കടംവായ്പകൾ കൊടുക്കുന്നതിനു ഒരു ലാൻഡുമോർട്ടുഗേജ്ബാങ്കു സ്ഥാപിച്ചാൽ അവരെ അതിൽനിന്നും മുക്തമാക്കുന്നതിനു ഗവണ്മെന്റിനു സാധിക്കുന്നതുമാകുന്നു.

നെൽകൃഷിക്കു പുതിയ സ്ഥലങ്ങൾ തുറക്കുന്നസംഗതിയിൽ ഗവണ്മെന്റു പതിനായിരം ഏക്കർ ചതുപ്പുനിലം തിരിച്ചുവച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള ഏതെങ്കിലും സ്ഥലങ്ങൾ ആർക്കെങ്കിലും കൊടുത്തിട്ടുള്ളതായി എനിക്കറിവില്ല. അതുപ്രകാരംതന്നെ ഗവണ്മെന്റു ഒരു കാർഷികാധിനിവേശ പദ്ധതി അനുവദിച്ചിട്ടുണ്ട്. അതും ന്യായമായി പ്രായോഗികനിലയിൽ കൊണ്ടുവരപ്പെട്ടിട്ടില്ല.

സംസ്ഥാനത്തിലെ വ്യാവസായിക മാർഗ്ഗങ്ങളുടെ പരിപോഷണത്തിൽ വ്യവസായഡിപ്പാർട്ടുമെന്റു അതിന്റെ ജോലി തൃപ്തികരമായി നിർവഹിച്ചിട്ടില്ലെന്നു പറയുന്നതിനു അനുവദിക്കണമെന്നു തോന്നുന്നു. ഡിപ്പാർട്ടുമെന്റൽ വിദഗ്ദ്ധന്മാർ നടത്തിയിട്ടുള്ള അന്വേഷണങ്ങളിൽ മിക്കവയും, ഒന്നുകിൽ മാറ്റിവച്ചു നിറുത്തുകയോ അല്ലെങ്കിൽ പരാജയത്തിൽ കലാശിക്കയോ ആണു ചെയ്തിട്ടുള്ളത്. ഗവണ്മെന്റു ചിലവിന്മേൽ വിദേശീയ ട്രെയിനിംഗ് ലഭിച്ചിട്ടുള്ളതിൽ ഏതാനും വിദഗ്ദ്ധന്മാർ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ പ്രവേശിക്കേണ്ടതായിവന്നു. ഷെല്ലാക്ക് വിദഗ്ദ്ധൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകനായി; എണ്ണവിദഗ്ദ്ധൻ കൃഷിഡിപ്പാർട്ടുമെന്റിൽ എടുക്കപ്പെട്ടു; തേനീച്ചവിദഗ്ദ്ധൻ ഇപ്പോൾ അങ്ങിനെ ഒന്നുള്ളപക്ഷം, തേൻ ഉണ്ടാക്കുന്നതായി കാണപ്പെടുന്നുമില്ല. കുടിൽവ്യവസായത്തെ സംബന്ധിച്ചു ൧൧൧൦-ൽ നടത്തിയ അന്വേഷണംപോലും ഡയറക്ടർ പ്രസ്താവിക്കുംപോലെ ധാരാളം സാമാനങ്ങൾ ഉണ്ടാക്കി കമ്പോളങ്ങളിൽ കൊടുക്കുന്നതിനു വേണ്ടതായ സൗകര്യങ്ങൾ ഇല്ലാ. അതിനാൽ വിജയകരമോ ലാഭപ്രദമോ അല്ലാത്തതായിതീർന്നു

ഈ സന്ദർഭത്തിൽ ധനപരിപോഷണ ബോർഡിനെപ്പറ്റിയുള്ള ഒരു വാക്കു അസ്ഥാനത്തിലാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. വ്യവസായപരമായും, കൃഷിസംബന്ധമായും, മറ്റും സംസ്ഥാനത്തെ അഭിവൃദ്ധിയുണ്ടാകുന്നതായ മാർഗ്ഗങ്ങൾക്കായി ജനങ്ങളിൽനിന്നു ഉണ്ടായ പ്രക്ഷോഭണത്തിന്റെ ഫലമായി, വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവരായ വിദഗ്ദ്ധന്മാരും, വ്യവസായങ്ങളുടെ സാരതരങ്ങളായ വളർച്ചയും നടത്തിപ്പുംസംബന്ധിച്ചു ഗുരുതരങ്ങളായ ഉപദേശങ്ങൾ നൽകുന്നതിനു സമർത്ഥന്മാരായ നാട്ടുകാരും അടങ്ങിയ ഈ ബോർഡിനെ രൂപീകരിക്കുവാൻ ഗവണ്മെന്റിനു കാരുണ്യമുണ്ടായി. എല്ലാ ആണ്ടുകളിലും മീറ്റിംഗുകൾകൂടുകയും ഈ സംസ്ഥാനത്തിലെ ധനാഗമമാർഗ്ഗങ്ങളെ വിവിധമാർഗ്ഗങ്ങളിൽക്കൂടി പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള വഴികളും സമ്പ്രദായങ്ങളും ചൂണ്ടിക്കാണിച്ചു അവർ ഗവണ്മെന്റിനു റിപ്പോർട്ടുകൾ സമർപ്പിക്കുകയുംചെയ്യുന്നുണ്ട്. "അക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു. ആ സംഗതി ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാർക്കു അയച്ചിരിക്കുകയും അവരുടെ മറുപടിയ്ക്കായി കാത്തിരിക്കയുംചെയ്യുന്നു" എന്നും മറ്റുമുള്ള മറുപടികൾകൊണ്ടു ഗവണ്മെന്റു വളരെ തൃപ്തിപ്പെടുന്നുണ്ടു എന്നു രാജ്യഭരണ റിപ്പോർട്ടിൽനിന്നും കാണാൻകഴിയും. കഴിഞ്ഞ നാലുകൊല്ലങ്ങളിൽ ഈ ബോർഡിന്റെ ചിലവ് ൨൩൨൮ രൂപായാണെന്നു കാണുന്നു. എന്നാൽ ചിലവായ തുകയോടു തുല്യമായിട്ടുപോലും അതിൽനിന്നും ഗുണംസിദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

സർ, അതുകൊണ്ടു കൃഷിയിലും വ്യവസായത്തിലും അഭിവൃദ്ധമായ രീതികൾ ജനങ്ങൾക്കു ഉപദേശിക്കപ്പെടുത്തുന്നതിനു ഉതകുന്നതായ കൂടുതൽ വ്യവസ്ഥകൾ ഏർപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. കൃഷിയും വ്യവസായവും ഡിപ്പാർട്ടുമെന്റുകൾ ഇപ്പോഴത്തെനിലയിൽ നടക്കുന്നിടത്തോളം തിരുവിതാംകൂറിലെ ജനങ്ങൾക്കു പറയത്തക്ക പ്രയോജനംസിദ്ധിക്കുവാൻകഴിവില്ല. കൃഷി, വ്യവസായം ഇവയുടെ പരിഷ്കരണത്തിനു സഹായിക്കുന്നതായ വലിയപദ്ധതികൾ തയ്യാറാക്കുകയും ആ മാതിരി പദ്ധതികൾമൂലം അവരുടെ പരസ്പരഗുണത്തിനും ജനങ്ങളുടെ പൊതുനന്മയ്ക്കുമായി ഈ ഡിപ്പാർട്ടുമെന്റുകൾ യോജിച്ചു ജോലിചെയ്യത്തക്കവണ്ണം ആക്കിത്തീർക്കുകയുംവേണം. ഡിപ്പാർട്ടുമെന്റു വിദഗ്ദ്ധന്മാരാൽ അഭിപ്രായപ്പെടുന്നതായ ആധുനികങ്ങളായ വഴികൾ അനുസരിച്ചു കൃഷിയും വ്യവസായവും നടത്തുന്നതിനു ആളുകൾക്കു കൂടുതൽ പ്രോത്സാഹനം നൽകുന്നതിനു മതിയാകുന്ന ഫണ്ടു രണ്ടുഡിപ്പാർട്ടുമെന്റുകൾക്കും കൊടുക്കേണ്ടതാകുന്നു. ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതായ തുകകൾ, അതായതു ൧൩ ലക്ഷം രൂപാ കൃഷിഡിപ്പാർട്ടുമെന്റിനും, ൯ ലക്ഷം രൂപാ വ്യവസായഡിപ്പാർട്ടുമെന്റിനും മേൽപ്രസ്താവിച്ചവിധത്തിലുണ്ടാകാവുന്ന ആവശ്യങ്ങൾ സാധിക്കുന്നതിനു വളരെ കുറവാകുന്നു.

സർ; ൧൧൨൭-ാമാണ്ടു അവസാനിക്കാൻപോകുന്നതു ൧൧ ലക്ഷം രൂപാ മിച്ചത്തോടുകൂടിയാണെന്നു ബഡ്ജററിൽനിന്നും കാണുന്നു. അതുകൊണ്ടു ജനങ്ങളിൽനിന്നും വസൂൽചെയ്യുന്ന റോഡുകരം, ബോട്ടുകരം, ചന്തക്കരം, മുതലായ നിസ്സാരവരവുകൾ ഇല്ലാതാക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകണമെന്നു ഞാൻ അപേക്ഷിക്കുന്നു. റോഡുടോൾ ഈ കൌൺസിലിന്റെ ഒരു മുൻയോഗത്തിൽ വാദവിഷയമാകുകയും, അതു നിറുത്തുന്നതിനായി ഒരു പ്രമേയം പാസാക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. ബോട്ടുടോൾസംബന്ധിച്ചുള്ള സങ്കടങ്ങളെ കുട്ടനാട്ടിലെ ജനങ്ങൾ മി. ഫ്രാൻസിസിന്റെ ആ സ്ഥലത്തെ അടുത്തുകഴിഞ്ഞതായ സന്ദർശനകാലത്തു ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. ചന്തക്കരം സാധുക്കളായ ജനങ്ങൾക്കു വല്ലാത്ത ഒരു ഭാരംതന്നെയാണ്. ഈ നാട്ടിൽ വളരെ അധികം ... പുരയിട സമ്പ്രദായത്തിൽ ... ചെയ്തുവരുന്നു. ഒന്നാമതായി തറപിരിവ എന്ന സമ്പ്രദായത്തിൽ ഭൂമിക്കു പിരിക്കുന്ന കരം. പിന്നീടു ആണ്ടുതോറും ... കൊടുക്കണം. അതിനുപുറമെ വൃക്ഷങ്ങൾക്കു നികുതി കൊടുക്കണം. ഒടുവിൽ കരം കൊടുത്തു കഴിഞ്ഞതായ ഭൂമിയിലും വൃക്ഷങ്ങളിലുംനിന്നു ലഭിക്കുന്ന വിളവുകൾക്കുകൂടി ഒരു ... കൊടുക്കേണ്ടതായിട്ടുണ്ട് എന്നതു പരമാർത്ഥത്തിൽ സങ്കടകരംതന്നെ. എങ്ങനെയായാലും, ൧൧൨൬-ാമാണ്ടു ഈ ഇനത്തിൽ ചിലവു കഴിച്ചുള്ള വരവു നിസ്സാരമായ ൩൧ ൧൫ ന. രൂപാ മാത്രമാണെന്നു കാണുന്നു. ഈ ഏർപ്പാടിന്റെ ... ങ്ങളോടുകൂടി അംഗീകരിക്കപ്പെട്ടിട്ടുള്ള നിരക്കുകൾ അനുസരിച്ചുതന്നെ ... കാൺട്രാക്ടർമാർക്കു സാധിക്കുന്നതാകുന്നു. എന്നാൽ അവർ നാട്ടിലെ പാവപ്പെട്ട ജനങ്ങളിൽനിന്നും വസൂൽ ചെയ്യുന്ന പണത്തെപ്പററി വിവരിക്കുന്നതിനെക്കാൾ അതിനെപ്പററി ചിന്തിക്കുകയാകുന്നു നല്ലതു.

അവസാനിപ്പിക്കുന്നതിനുമുമ്പായി, ആയുർവേദ ഡിപ്പാർട്ടുമെൻറിന്റെ നടപടിയെസംബന്ധിച്ചു ചില നിരീക്ഷണങ്ങൾ നടത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ ഗവണ്മെൻറ ആയുർവേദത്തിന്റെ പ്രാധാന്യത്തെ ശരിയായി അംഗീകരിക്കുകയും, ഈ പുരാതനശാസ്ത്രത്തിന്റെ ഉദ്ധാരണത്തിനായി ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ സ്ഥാപിക്കുകയുംചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ ഡയറക്ടറുടെ ചരടുവലിയോടുകൂടി ആയുർവേദ പഠനത്തിനോടുകൂടിത്തന്നെ അലോപ്പതിക് ഏർപ്പാടിൽ വളരെ ഉപയോഗമുള്ളവയായ ചില ... പഠിപ്പിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു നിശ്ചയമായും ശരിയായ ഒരു നിയന്ത്രണംതന്നെ. എന്നാൽ ആയുർവേദകാളേജിലെ വിദ്യാർത്ഥികൾക്കു ശരീരശാസ്ത്രവും പ്രാണപ്രകൃതിശാസ്ത്രവുംസംബന്ധമായ വ്യവച്ഛേദനം പ്രായോഗികമായി പഠിപ്പിക്കുന്നതിനു മതിയാകുന്ന സൌകര്യങ്ങൾ നൽകപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ഈ വിഷയം ഗവണ്മെൻറ ആലോചനയിൽ ഇരിക്കയാണെന്നു ൧൧൨൦-ലെയും ൧൧൨൧-ലെയും ഡിപ്പാർട്ടുമെൻറിന്റെ റിപ്പോർട്ടുകളിൽ ഉള്ള ഗവണ്മെൻറ പ്രൊസീഡിംഗ്സിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, ഈ വിഷയത്തിൽ വിദ്യാർത്ഥികൾക്കു സൌകര്യം നൽകുന്നതിനു ഗവണ്മെൻറ ശ്രമിക്കുന്നുണ്ടോ എന്നു ൧൧൨൭-ാമാണ്ടത്തെ ബഡ്ജററിൽനിന്നു വ്യക്തമാകുന്നില്ല.

അപ്രകാരംതന്നെ, നഗരസഭാപ്രദേശങ്ങളിൽ വൈദ്യശാലകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതികൂടി ഗവണ്മെൻറിന്റെ ശ്രദ്ധക്കു വിഷയമായിരിക്കുന്നുവെന്നു മേൽപ്പറഞ്ഞ പ്രൊസീഡിംഗ്സിൽനിന്നും കാണുന്നു. ആ പദ്ധതി നിശ്ചയമായും ഒരു നല്ല സംഗതിതന്നെ; എങ്കിലും അതു നടപ്പിൽ വരുത്തുന്നതിനുള്ള താമസത്തിന്റെ കാരണം കണ്ടറിയേണ്ടതാണ്.

പത്തുകൊല്ലങ്ങൾക്കുമുമ്പാണു സംസ്ഥാനത്തിലെ പ്രഥമവും തന്മാത്രവുമായ ആയുർവേദ ആശുപത്രി തിരുവനന്തപുരത്തു തുറക്കപ്പെട്ടതെങ്കിലും, ഇതുവരെയും ആ സ്ഥാപനം പറയത്തക്ക യാതൊരു അഭിവൃദ്ധിയും പ്രാപിച്ചിട്ടുള്ളതായി കാണുന്നില്ല. അതു സ്ഥാപിച്ചിരിക്കുന്ന കെട്ടിടത്തിൽ സ്ഥലം കുറവായിരിക്കുന്നതു, ആരോഗ്യസംബന്ധമായി നോക്കുന്നതായാൽ അതു ഒരു ആശുപത്രിക്കു തീരെ യോജിച്ചതല്ലാത്തതും ആകുന്നു. ഇതു ഗവണ്മെൻറ ഉടനെതന്നെ മനഃപൂർവമായി ശ്രദ്ധിക്കേണ്ട ഒരു കാര്യമാകുന്നു. നൂതനമായ ആയുർവേദ ആശുപത്രികളും ഔഷധാലയങ്ങളും സംസ്ഥാനത്തിലെ മററു പ്രധാന കേന്ദ്രങ്ങളിൽ കൂടി തുറക്കേണ്ടതാണെന്നു ഈ സന്ദർഭത്തിൽ ഞാൻ അഭിപ്രായപ്പെടുന്നു.

ആയുർവേദകാളേജിൽ വിഷവൈദ്യവും കണ്ണുചികിത്സയും പഠിപ്പിക്കുന്നതിനു രണ്ടു അദ്ധ്യാപകന്മാരെ നിയമിക്കുന്നതിലേക്കു ൧൧൨൫-ലെയും ൧൧൨൬-ലെയും ബഡ്ജററുകളിൽ വ്യവസ്ഥചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അതനുസരിച്ചു യാതൊരു നിയമനവും ചെയ്തിട്ടില്ല. ഈ രാജ്യത്തു വിഷവൈദ്യന്മാരുടെയും കണ്ണുവൈദ്യന്മാരുടെയും പാരമ്പര്യമായുള്ള കുടുംബങ്ങൾ വളരെ വേഗത്തിൽ അസ്തമിച്ചുവരുന്നുവെന്നുള്ള സംഗതികൊണ്ടുതന്നെ പ്രധാനമായി, തിരുവിതാംകൂർപോലെയുള്ള ഒരു രാജ്യത്തിൽ ആയുർവേദത്തിന്റെ ഈ രണ്ടു ശാഖകളും പഠിപ്പിക്കുന്നതിനുള്ള അത്യാവശ്യം എത്രത്തോളമുണ്ടെന്നു അനുമാനിക്കാവുന്നതാകുന്നു. അതുകൊണ്ടു ആയുർവേദകാളേജിൽ യോഗ്യന്മാരായ ആളുകളുടെ നിയമനം മൂലം ഈ രണ്ടു വൈദ്യശാഖകളുടെയും അദ്ധ്യയനം ഏർപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവൻകോടും): അടുത്തകാലങ്ങളിൽ രാജ്യത്തിന്റെ വരവും ചിലവുംകഴിച്ചുള്ള നീക്കിയിരിപ്പും വർദ്ധിച്ചുവരുന്നു. ൧൦൯൭-ൽ ൧൭ ലക്ഷം രൂപാവരവുണ്ടായിരുന്നതു ൧൧൧൯-ൽ എത്തിയപ്പോൾ ൧൯൫ ലക്ഷം രൂപായായി വർദ്ധിക്കുന്നതിനിടയായി. ആ കാലത്തു ഫിനാൻഷ്യൽ സെക്രട്ടറി അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു, രാജ്യത്തിന്റെ വരവു സ്വാഭാവികമായ നിലയിൽ മേലാൽ വളരെ ക്രമേണയായി വർദ്ധിച്ചുവരുമെന്നു വിചാരിക്കാൻ അവകാശമില്ലാത്തതാണ് എന്നിരുന്നിട്ടും ൧൧൨൫ അവസാനത്തിൽ എത്തിയപ്പോൾ രാജ്യത്തിന്റെ വരവു ... ലക്ഷം രൂപാ യായി വർദ്ധിക്കുന്നതിനും ആ ആണ്ടിൽതന്നെ ൯൦ ലക്ഷത്തിൽ പരം രൂപാ നീക്കിയിരിപ്പുവരുന്നതിനും ഇടയായി. അതിനെതുടർന്നു ൧൧൨൬-ൽ ൭൭ ലക്ഷത്തിൽപരം രൂപാ നീക്കിയിരിപ്പുവരുമെന്നു കാണുന്നു. ... ലക്ഷത്തോളം രൂപാ നീക്കിയിരിപ്പു വരുമെന്നു പ്രതീക്ഷിച്ചിരിക്കുന്നു. അതിന്റെ വാസ്തവം ആണ്ടവസാനത്തിൽതന്നെ അറിയാൻ സാധിക്കുകയുള്ളു. ൧൧൨൦ മുതൽ ൧൧൨൬ അവസാനം വരെ ൭ വർഷങ്ങളിൽ രാജ്യത്തിന്റെ വരവിൽനിന്നു ചിലവുകഴിച്ചു ൭൩ ലക്ഷത്തിൽപരം രൂപാ നീക്കിയിരിപ്പു വച്ചിരിക്കുന്നു. മററുരാജ്യങ്ങളിൽ അപ്രതീക്ഷിതങ്ങളായി വന്നുചേരുന്ന ചിലവുകളെ താങ്ങുന്നതിനു

വിടത്തെ ചിലവുകഴിച്ചു ഒരു തുക നീക്കിവെയ്ക്കേണ്ടതാണെന്നു ഞാൻ ആദരിക്കുന്നു. എന്നിരുന്നാലും അതു് എത്രത്തോളം ഇത്രവലുതായ തുകകൾ നീക്കിവച്ചു ഖജനാവിൽ സൂക്ഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. രാജ്യത്തിലെ ജനങ്ങൾക്കും അത്യാവശ്യമായി നില്ക്കുന്ന ചിലവുകളെ നിർവഹിച്ചിട്ടാണോ ഈ നീക്കിയിരിപ്പുകൾ വച്ചിട്ടുള്ളതെന്നു പരിശോധിക്കുന്നതായാൽ അവിടെ ഇച്ഛാഭംഗത്തിനാണ് ഇടയുള്ളതു്. ജനങ്ങൾക്കുവേണ്ടി ഗവണ്മെന്റിൽനിന്നും ചിലവാക്കേണ്ട സംഗതിയിൽ ഏററവും പ്രധാനമായിനില്ക്കുന്നതു കൃഷിയ്ക്കു അത്യാവശ്യമായ ചെറുതരം കൃഷിസേചനവേലകളെ ചെയ്തുകൊടുക്കുകയും സൌകര്യമുള്ള സ്ഥലങ്ങളിലെല്ലാം തോടുവഴി കൃഷിസേചനം ഉണ്ടാക്കിക്കൊടുക്കുകയുമാണ്. അടുത്തപ്രധാനമായി നില്ക്കുന്നതു ജനങ്ങൾക്കു സഞ്ചാരസൌകര്യത്തിനുപകരിക്കുന്ന റോഡുകളെ ഉണ്ടാക്കിക്കൊടുക്കുകയാണ്. ചെറുതരം കൃഷിസേചനവേലകളെപ്പററി നോക്കുന്നതായാൽ ൧൧൦൧-ൽ കൊല്ലംഡിവിഷനിലേക്കു ൩൩,൮൯൭ രൂപായും, തിരുവനന്തപുരം ഡിവിഷനിലേക്കു ൩൨,൩൬൮ രൂപായും, കോതയാർ പ്രാജക്റ്റ് ഡിവിഷനിലേക്കു ൭,൩൮൦ രൂപായുമാണ് ചിലവാക്കിട്ടുള്ളതു്. എത്രയോ പ്രയോജനമുളള ഈ സംഗതിയ്ക്കു ഈ തുകകൾ ഒരിക്കലും മതിയാകുന്നതല്ല. ചെറുതരം കൃഷിസേചനവേലകൾക്കു ഇങ്ങിനെയുള്ള ലഘുവായ തുകകൾ അനുവദിച്ചുകൊണ്ടിരിക്കുന്നപക്ഷം അനേകകാലമായി യാതൊരുവേലകളും ചെയ്യാതെ ഉപേക്ഷിച്ചിട്ടുള്ള കുളങ്ങളെ അടുത്തകാലങ്ങളിലെങ്ങും നന്നാക്കിത്തീർക്കാനോ നെൽകൃഷിക്കു ഉപകരിക്കാനോ സാധിക്കുന്നതല്ല. ആഹാരസാധനങ്ങളിലുള്ള രാജ്യത്തിന്റെ ഇന്നത്തെ പരാശ്രയനിലയ്ക്കു കഴിയുംവിധം കുറവുണ്ടാക്കേണ്ടതു ഗവണ്മെന്റിന്റെ പ്രധാനകടമയാകുന്നു. ജനങ്ങളിൽനിന്നും പണംവാങ്ങി അവരുടെ ഗുണത്തിനായി വേണ്ടപോലെ ആ പണം ചിലവാക്കാതെ ഖജനാവിൽ വലുതായ ഒരു തുക കെട്ടിവയ്ക്കുന്നതിനെക്കാൾ ആയതിനെ ജനങ്ങളുടെ ധനാഭിവൃദ്ധിയ്ക്കുപകരിക്കുന്നതായ കൃഷിസേചനവേലകൾക്കും പ്രത്യുൽപാദനവേലകൾക്കും ചിലവാക്കുന്നതു ഏററവും ഉചിതമായ പ്രവൃത്തിയായി തീരുന്നതാണ്.

തോടുവഴിയുള്ള കൃഷിസേചനത്തെപ്പററി പറയുന്നതായാൽ കോതയാർ പ്രാജക്റ്റ്പോലെ രാജ്യത്തിൽ പല ഭാഗങ്ങളിലും ഈ തരം കൃഷിസേചനം നല്കുന്നതിനു സാധിക്കുന്നതാണ്. പിറവംകോട്ടയംതാലൂക്കിലെ വല്ലാംപാറ അതിരപ്പള്ളി സക്കീം, ഇവകൾ നടപ്പിൽ വരുന്നതായാൽ രാജ്യത്തിൽ വലുതായ ഒരു ഭാഗം ഭൂമി നെൽകൃഷിക്കു ഉപകരിക്കുന്നതാണ്. കോതയാർ പ്രാജക്റ്റിനെപ്പററി പറയുന്നതായാൽ ആ പ്രാജക്റ്റിൽ ഉൾപ്പെട്ടതും കോതയാർവെള്ളം ഉപയോഗപ്പെടുമെന്നുള്ളതുമായ സ്ഥലങ്ങളിൽ ഇനിയും ൭൫൦൦ ഏക്കർ സ്ഥലം നിലം തിരുത്തേണ്ടതായുണ്ടു. ഇതിലേക്കു കൃഷിക്കാർ തയാറാകാതിരിക്കുന്നതിനുള്ള കാരണങ്ങളെ ഗവണ്മെന്റു അന്വേഷിക്കുകയോ, അവക്കു അതിലുള്ള പ്രതിബന്ധങ്ങളെ നീക്കിക്കൊടുക്കുകയോ ചെയ്യുന്നില്ല. കോതയാർപ്രാജക്റ്റിന്റെ ഉൽഭവകാലം മുതൽക്കുതന്നെ അതിൽ ഉൾപ്പെടുത്തിട്ടുള്ള പല തോടുകളുംവെട്ടിത്തീർക്കാത്തതിനാൽ കോതയാർ പ്രാജക്റ്റിൽനിന്നും ഗവണ്മെന്റിനു കിട്ടേണ്ടതായ ആദായത്തിനു് വലുതായനഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നു. കോതയാർ പ്രാജക്റ്റിൽ ഉൾപ്പെട്ടതായ, പട്ടണംകാൽ, തിക്കണംകോട്ടുകാൽ, ഇവയെ വെട്ടിച്ചുതരണമെന്നു ജനങ്ങൾ ആവശ്യപ്പെടുമ്പോൾ കാൽ വെട്ടുന്നതിനുള്ള സ്ഥലം പൊന്നുംവിലയും കൂടാതെ വിട്ടുതരണമെന്നാണ് ഗവണ്മെന്റു ആവശ്യപ്പെടുന്നതു്. പ്രത്യുൽപാദകവേലകൾ നടത്തുമ്പോൾ ജനങ്ങളുടെ ഈ സൌജന്യം എന്തിലേക്കാണെന്നും അതു ജനങ്ങൾക്കു എങ്ങിനെ സാധിക്കുമെന്നും അറിയുന്നില്ല.

ഉൾനാട്ടിലെ ജനങ്ങൾക്കു പ്രാഥമികവിദ്യാഭ്യാസം വേണമെങ്കിൽ അവർസ്ഥലവും വിദ്യാലയവും അതിലേക്കാവശ്യമുള്ള സാമാനങ്ങളും ഗവണ്മെന്റിനെ ഏല്പിക്കണം. ഉൾനാട്ടിലെ ജനങ്ങൾക്കു അവരുടെ സഞ്ചാരസൌകര്യങ്ങൾക്കു റോഡുകൾ വേണമെങ്കിൽ പൊന്നുംവിലയും കൂടാതെ സ്ഥലംകൊടുക്കുന്നതിനു പുറമെ റോഡുകൾ വെട്ടിഏല്പിക്കുകയും വേണം. ഉൾനാട്ടിലെ ജനങ്ങൾക്കു കൃഷിതോടുകൾ വഴിയായുള്ള ജലസേചനം വേണമെങ്കിൽ തോടുകൾ വെട്ടാനുള്ള സ്ഥലം പൊന്നുംവിലയും കൂടാതെ വിട്ടുകൊടുക്കണം. ഈ തരം ഭരണനയങ്ങളാണ് ഗവണ്മെന്റു സ്വീകരിച്ചുനടത്തിപ്പോരുന്നതെങ്കിൽ ഖജനാവിൽ കെട്ടിവയ്ക്കുന്നതിനായി ജനങ്ങളിൽ നിന്നും കൂടുതൽപണം വാങ്ങുന്നതു കഷ്ടമായിട്ടുള്ളതാണ്.

അടുത്തതായി എനിക്കു പറയാനുള്ളതു ഈ രാജ്യത്തിൽ ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പണം ചിലവാക്കണമെന്നുള്ളതാണ്. രാജ്യത്തിൽ ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട ആവശ്യത്തെ ഗവണ്മെന്റുതന്നെ പൂർണ്ണമായി സമ്മതിച്ചിട്ടുള്ള സംഗതിയിൽ ഗവണ്മെന്റു എങ്ങിനെ പണം ചിലവാക്കിവരുന്നു എന്നു പരിശോധിക്കാം.

൧൦൭൮-ൽ ൧൮൭ ലക്ഷത്തിൽപരം രൂപാ രാജ്യത്തിൽ വരവുണ്ടായിരുന്നകാലത്തു ഗതാഗതസൌകര്യത്തിനായുള്ള പുതുവേലകൾക്കു ൭,൧൭,൩൪൦ രൂപാ ചിലവാക്കിയിരിക്കുന്നു.

൧൦൯൭-ൽ ൧൭൨ ലക്ഷത്തിൽപരം രൂപാ വരവുണ്ടായിരുന്നപ്പോൾ ൪,൮൩,൭൭൨ രൂപാ ചിലവാക്കിയിരിക്കുന്നു.

൧൧൦൧-ൽ ൨൨൧ ലക്ഷത്തിൽപരം രൂപാ വരവുണ്ടായിരുന്നപ്പോൾ ൭,൮൦,൦൦൪ രൂപാ ചിലവാക്കിയിരിക്കുന്നു.

ജനങ്ങളുടെ ഐശ്വര്യാഭിവൃദ്ധിയ്ക്കു ഏററവും സഹായിക്കുന്നതായ ഗതാഗതസൌകര്യങ്ങൾക്കു ഗവണ്മെന്റു ചിലവാക്കിവരുന്ന തുകയുടെ സ്ഥിതി ഇങ്ങിനെയാണ് നില്ക്കുന്നതു. രാജ്യത്തിന്റെ വരവുകൊണ്ടു ചിലവുസാധിക്കാൻ പ്രയാസപ്പെടുന്ന അവസരങ്ങളിലും കൂടുതൽ നീക്കിയിരിപ്പുവയ്ക്കണമെന്നു വിചാരിക്കുന്ന അവസരങ്ങളിലും എൻജിനിയർവകുപ്പിലെ തുകയെ വെട്ടിക്കുറയ്ക്കുന്നതു ഇവിടത്തെ ഭരണത്തിൽ സാധാരണകണ്ടുവരുന്ന ഒരു നയമാണ്. ഇങ്ങിനെ തുടർന്നുകൊണ്ടിരിക്കാതെ ഈ സംഗതിയിൽ ഒരു സ്ഥിരമായ നയം സ്വീകരിച്ചു പ്രവർത്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. എൻജിനിയർവകുപ്പിലേക്കും ധനാഭിവൃദ്ധിപരങ്ങളായവകുപ്പുകളിലേക്കും രാജ്യത്തിന്റെ വരവിൽനിന്നും ഒരു സ്ഥിരമായശതമാനം നീക്കിവയ്ക്കേണ്ടതും ആയതു ചിലവാക്കേണ്ടതും ആവശ്യമായിരിക്കുന്നു. അങ്ങനെ നീക്കിവയ്ക്കുന്ന തുകയിൽനിന്നും തന്നാണ്ടിൽ ചിലവായതു നീക്കി ആണ്ടവസാനത്തിൽ വരുന്ന ബാക്കിതുക പൊതുമുതലിനോടു ചേരാതിരിക്കുന്നതിനു വേണ്ടി ഓരോ പ്രത്യേക ഫണ്ടുകൾ ഏർപ്പെടുത്തേണ്ടതാണ്. ആ ഫണ്ടിൽനിന്നും ആണ്ടവസാനംവരെ ചിലവായതു നീക്കിയുള്ള തുക ആ ഫ

ങ്ങളിൽ തന്നെ കിടക്കണം. അടുത്തകൊല്ലത്തെ അൻപതുലക്ഷം രൂപാ ഈ ഫണ്ടോടു കൂട്ടിച്ചേർത്തു ചിലവാക്കേണ്ടതാണ്. ഈ ഫണ്ടിലെ തുക ഒരു കാരണവശാലും പൊതു മുതലോടുകൂടി തിരിയെ ചേരാൻ പാടില്ലാത്തതാണ്.

എൻജിനീയർവകുപ്പിലേക്ക ഇങ്ങിനെയൊരു ഫണ്ട് ഏർപ്പെടുത്തുന്നപക്ഷം കൃഷിക്കു അത്യാവശ്യമായ ചെറുതരം കൃഷിമരാമത്തു വേലകൾക്കും ഗതാഗതസൗകര്യങ്ങൾക്കും പ്രത്യേകം തുകകൾ നിശ്ചയിക്കാവുന്നതും അവ തൃപ്തികരമായി നടന്നുപോരുന്നതുമാകുന്നു. ജനങ്ങളുടെ ഐശ്വര്യാഭിവൃദ്ധിക്കും അവരുടെ പരിഷ്കാരത്തിനും അവരുടെ ധനാദായവർദ്ധനയ്ക്കും ഉപകരിക്കുന്നതായ റോഡുകളുടെ കുറവു ഈ രാജ്യത്തിൽ ജനങ്ങൾ ധാരാളം അനുഭവിച്ചുവരുന്നു. ഉൾനാടുകളിൽ സഞ്ചാരസൗകര്യത്തിനനുരൂപമായ റോഡുകൾ ഉണ്ടാക്കിക്കൊടുക്കുന്നപക്ഷം ഗതാഗതത്തിനു കാലാനുസരണമായ മോട്ടോർവാഹനങ്ങൾ നടപ്പിൽ വരുത്തുന്നതിനു ജനങ്ങൾ തയ്യാറായിരിക്കുന്നു. ഈ രാജ്യത്തു സൗകര്യമായ റോഡുകൾ ഉള്ളതായ പല ഭാഗങ്ങളിലും മോട്ടോർ വാഹനങ്ങൾ നടപ്പിൽ വന്നുകഴിഞ്ഞിരിക്കുന്നു. മോട്ടോർവാഹനങ്ങളെ ഗവൺമെന്റിൽനിന്നും ശരിയായ വിധം നിയന്ത്രിക്കയും അവയ്ക്കു ന്യായമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നതായാൽ ആ പരിശ്രമം ജനങ്ങൾക്ക ആദായകരമായും സൗകര്യപ്രദമായും തീരുന്നതാണ്.

ഈ രാജ്യത്തിലെ ജനങ്ങൾക്ക അത്യാവശ്യം വേണ്ടതായ റോഡുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു മുൻപ് ഇവിടെ റെയിൽവേ ലയിൻ ഉണ്ടാക്കുന്നതു് രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിക്കു ഗുണകരമായി തീരുന്നതല്ലാ. നമ്മുടെ രാജ്യത്തു പല ഭാഗങ്ങളിലും റെയിൽവണ്ടികളെക്കൊണ്ടു നിറയുന്നതായാൽ കൊള്ളാം, ഒരഭിമാനകരമായി വിചാരിക്കാമെന്നിരുന്നാലും അതിനെ നമ്മുടെ രാജ്യത്തിന്റെ കോശസ്ഥിതിക്കു താങ്ങാൻ ശക്തിയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ ഗവൺമെന്റു നിശ്ചയിച്ചിട്ടുള്ള റെയിൽവേ പ്രോഗ്രാം അനുസരിച്ചു നടത്തുന്നതായാൽ അതിലേക്ക ഭീമമായ തുകകൾ കടംവാങ്ങാതെ സാധിക്കാവുന്നതല്ല. അങ്ങിനെ കടം വാങ്ങാനായി നിശ്ചയിക്കുമ്പോൾ അതിലേക്ക ആണ്ടുതോറും കൊടുത്തുതീർക്കാനുള്ള പലിശയുടെ വലിപ്പം, ആയതു മുടങ്ങാതെകൊടുത്തുതീർക്കാനുള്ള വഴികളും, ക്ലിപ്തകാലത്തിനകം മുതൽ കൊടുത്തു തീർക്കാനുള്ള നിശ്ചയങ്ങൾ, ഇതുകളെല്ലാം സാധിച്ചുകിട്ടാനുള്ള രാജ്യത്തിന്റെ കോശസ്ഥിതി, അതിലേക്കുള്ള ജനങ്ങളുടെ ധനാദായനില ഈ കാര്യങ്ങളെല്ലാം ഗൌരവമായി ആലോചിക്കേണ്ടതാണ്. ഈ സംഗതിയിൽ വേണ്ടതുപോലെ ആലോചിക്കാതേയും ധൃതഗതിയായും പ്രവർത്തിക്കുന്നതായാൽ അതിന്റെ ദുരിതഫലങ്ങൾ പിന്നീടുള്ള കാലങ്ങളിൽ രാജ്യവും ജനങ്ങളും അനുഭവിക്കേണ്ടതായി വരുമെന്നുള്ളതിനും സംശയമില്ലാത്തതാണ്.

അടുത്തതായി എനിക്ക പറയാനുള്ളതു് അടുത്തആണ്ടിൽ സർക്കാർ ഭൂമികൾ പതിച്ചുകൊടുക്കുന്നതിൽ ൪൦ ലക്ഷം രൂപ കിട്ടുമെന്നു ആശിച്ചിട്ടുള്ള നയത്തെപ്പററിയാണ്. ൧൦൯൨ മുതൽ ഒരേ ആളിനു കൂടുതലായ ഏക്കർ അടങ്ങിയ സ്ഥലം പുതുവൽപതിച്ചുകൊടുക്കുന്ന നയം ഗുണകരമല്ലെന്നു ഗവൺമെന്റിനു ബോദ്ധ്യമാകുകയും സർക്കാർ ഭൂമികളെ ചെറിയ ബ്ലോക്കുകളായി തിരിച്ചു പുതുവൽ പതിച്ചുകൊടുക്കുന്ന നയത്തെ ഗവൺമെന്റ സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഫലമായി ൧൦൯൬-ൽ ൩,൭൦,൯൬൭ രൂപായും, ൧൦൯൭-ൽ ൩,൭൧,൧൦൪ രൂപായും, ൧൦൯൮-ൽ ൪,൦൦,൧൧൩ രൂപായും, ൧൦൯൯-ൽ ൩,൫൦,൦൬൭ രൂപായും, കിട്ടാനിടയായി, ൧൧൦൦-ാമാണ്ടുമുതൽ ഈ ഇനത്തിലെ വരവു വർദ്ധിച്ചുതുടങ്ങി. അതായതു ൧൧൦൦-ൽ ൪,൨൭,൯൨൬ രൂപായായും ൧൧൦൧-ൽ ൭,൨൮,൨൩൨ രൂപായായും, ൧൧൦൨-ൽ ൪,൭൪,൦൦൦ രൂപായും കിട്ടാനിടയായി. ൧൧൦൩-ൽ ൪൦ ലക്ഷം രൂപാ കിട്ടുമെന്നു നിശ്ചയിച്ചിരിക്കയും ചെയ്യുന്നു. ചെറിയബ്ലോക്കുകളായി തിരിച്ചു സ്വദേശികൾക്ക കൃഷിക്കായി കൊടുക്കുന്ന നയം ഗവൺമെന്റു തുടർന്നുകൊണ്ടിരിക്കുന്നപക്ഷം ഈ ഇനത്തിലെ വരവു ആണ്ടുതോറും വർദ്ധിച്ചുവരാൻ മാർഗ്ഗമുണ്ടെന്നു തോന്നുന്നില്ല. രാജ്യത്തിലെ പുതുവൽഭൂമികളെ എങ്ങിനെഎങ്കിലും വിററു പണം ഉണ്ടാക്കുന്ന സംഗതിയിൽ ഗവൺമെന്റു ബദ്ധപ്പെടേണ്ട ആവശ്യമില്ലാത്തതാണ്. വിശേഷിച്ചും അടുത്തകാലങ്ങളിൽ ഓരോ ആണ്ടിലും ഇവിടെ ധാരാളം നീക്കിയിരിപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിക്ക രാജ്യത്തേക്ക അത്യാവശ്യങ്ങൾ നേരിടുന്ന കാലത്തേക്ക ഈ പുതുവൽ ഭൂമികളിലുള്ള വരവിനെ ഉപയോഗിക്കുന്നതിനായി അവയെ നീക്കിവയ്ക്കാവുന്നതാണ്. എന്നുതന്നെയല്ല ഇവിടത്തെ പുതുവൽ ഭൂമികൾ കിടക്കുംതോറും ജനസംഖ്യവർദ്ധിച്ചുവരുന്നതായ ഈ രാജ്യത്തെ സ്വദേശികൾതന്നെ ആ ഭൂമികളെ കൂടുതൽ വിലകൊടുത്തു വാങ്ങുമെന്നുള്ളതാണ്. അടുത്തകാലത്തുതന്നെ വിളവംകോട്ട താലൂക്കിൽ ഒരു വലുതായ ഭൂവിഭാഗത്തെ വിദേശീയനായ ഒരാൾക്ക പുതുവൽ പതിച്ചുകൊടുത്തിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പതിച്ചുകൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം എത്രവരും?

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ൩൦൦ ഏക്കറോളം വരുമെന്നാണ് എന്റെ അറിവ്. ഈ സ്ഥലത്തെ ആ താലൂക്ക നിവാസികളിൽ പലരും കൂടുതൽവിലയ്ക്കു പതിച്ചുവാങ്ങാൻ തയ്യാറുണ്ടായിരുന്നതായി എനിക്കറിയാം. ആ താലൂക്ക നിവാസികൾക്ക ആ സ്ഥലം പതിച്ചുകൊടുക്കാതെ ഒരു വിദേശിയനു കൊടുത്ത നയം ആക്ഷേപാർഹമായിട്ടുള്ളതാണ്. ഇങ്ങിനെ ഓരോ വലിയ ബ്ലോക്കുകളായ ഭൂമികളെ വിദേശികൾക്ക പതിച്ചുകൊടുക്കുന്നതായാൽ ഈ രാജ്യത്തിലെ സന്താനങ്ങൾക്ക കൃഷിസ്ഥലങ്ങൾ കിട്ടാതെ അവർ സങ്കടം അനുഭവിക്കുമെന്നുള്ളതിനു സംശയമില്ലാത്തതാണ്. എത്രയോ ഗൌരവമായ ഈ സംഗതിയിൽ ഗവൺമെന്റിന്റേയും നിയമസഭാംഗങ്ങളുടേയും ഗാഢമായ ശ്രദ്ധ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

അടുത്തതായി എനിക്ക പറയാനുള്ളതു കൃഷിവായ്പകൾ കൊടുത്തുവരുന്ന നയത്തെപ്പററിയാണ്.

൧൦൯൬-ൽ ൬൩,൨൬൩ രൂപയും, ൧൦൯൮-ൽ ൬൨,൭൩൮ രൂപയും, ൧൦൯൯-ൽ ൧൨,൯൮൯ രൂപയും, ൧൧൦൦-ൽ ൨,൮൭,൬൩൯ രൂപയും, ൧൧൦൧-ൽ ൩൬,൬൭൬ രൂപയും കൊടുത്തിരിക്കുന്നു. ഇതിൽ ൧൦൯൯-ൽ അസാധാരണമായ വെള്ളപ്പൊക്കത്താൽ ഉണ്ടായിട്ടുള്ള ജനങ്ങളുടെ ദുരിതത്തെ പരിഹരിക്കുന്നതിനായി ൧൧൦൦-ാമാണ്ടിൽ ൨,൮൭,൬൩൯ രൂപ കടം കൊടുത്തിട്ടുള്ളതാണ്. ആ ആണ്ടിനെ ഒഴിച്ചു നോക്കുന്നതായാൽ രാജ്യത്തിന്റെ വരവു വർദ്ധിച്ചുവരുന്തോറും കൃഷിവായ്പകൾക്കുള്ള തുക കുറഞ്ഞുവരികയാണ് ചെയ്യുന്നതു. കൃഷിവായ്പകൾ കൊടുത്തുവരുന്ന രീതിക്ക പലേ ആക്ഷേപങ്ങളും പറയാതിരിക്കാൻ നിവൃത്തിയില്ല.

൪-ാമതു കൃഷിവകുപ്പായിത്തന്നെ ഈ വകുപ്പണം വിനിയോഗിക്കുന്ന കൃഷിക്കാർക്ക് കൃഷിവായ്പകൾ കിട്ടുവാൻ സാധ്യമില്ലാതിരിക്കുന്നു.

൫-ാമതു ഓരോ ആണ്ടിലും കൃഷിവായ്പകൾ വാങ്ങുന്നവർ കൃഷിവകുപ്പായിത്തന്നെ ആ വകുപ്പണം വിനിയോഗിക്കുന്നുണ്ടോ എന്നുള്ള പരിശോധന തീരെ തൃപ്തികരമായിട്ടല്ല കണ്ടുവരുന്നതു.

൬-ാമതു കൃഷിവായ്പകൊടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ സാധാരണ കൃഷിക്കാർക്ക് സാധിക്കാത്തവിധമാണ് നിൽക്കുന്നതു.

ഈ കാരണങ്ങളാൽ കൃഷിവായ്പകൾ കൊടുത്തു കൃഷിയെ വർദ്ധിപ്പിക്കാനുള്ള പ്രോത്സാഹിപ്പിക്കാനുള്ള ഗവണ്മെന്റിന്റെ ഉദ്ദേശങ്ങൾ സാധിച്ചുകിട്ടാതെവരുന്നു. എത്രയോ പ്രയോജനകരമായ ഈ ആനുകൂല്യത്തെ കൃഷിക്കാർക്ക യഥേഷ്ടം ഉപയോഗിക്കത്തക്ക സൗകര്യങ്ങളും വ്യവസ്ഥകളും ചെയ്യേണ്ടതായിരിക്കുന്നു. കൃഷിവായ്പകൾ കൊടുക്കുന്നതിനായി ആണ്ടുതോറും ഒരു വലിയ തുക ബഡ്ജറ്റിൽ വയ്ക്കുകയും ആയതു കൃഷിക്കാർക്ക കൊടുക്കുകയും ചെയ്യണം. ഈ സംഗതിയിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. പാൾ ഡാനിയൽ (നിയമിത): ബഡ്ജറ്റിനെസംബന്ധിച്ചു ഏതാനും വാക്കുകൾ സംസാരിക്കുന്നതിനു മുൻപായി ഫിനാൻഷ്യൽസെക്രട്ടറിയേയും ഗവണ്മെന്റിനേയും അവർ ഈ കൌൺസിലിന്റെ മുൻപാകെ സമർപ്പിച്ചിരിക്കുന്ന അഭിവൃദ്ധമായ ബഡ്ജറ്റിൽ ഞാൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു. വെള്ളിയാഴ്ച എന്റെ കൈവശം എത്തിയ റിപ്പോർട്ടിനെ ഞാൻ പരിശോധിച്ചപ്പോൾ അനേകസംഗതികൾ എന്റെ ശ്രദ്ധയെ ആകർഷിച്ചു. അവയിൽ ചിലതിനെപ്പറ്റി ഏതാനുംസംഗതികൾ പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ ചിലവുകഴിച്ചു മിച്ചംവച്ച തുകയിലുള്ള ശരിയായ വർദ്ധനയിലും അതുപോലെതന്നെ ഈ മൂന്നുകൊല്ലങ്ങളിലെ ഒരുമിച്ചുള്ള മിച്ചത്തിന്റെ സ്ഥായിയായ വർദ്ധനയിലും ആണ് എന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു. ൧൧൦൦-ലെ മിച്ചം പത്തു ലക്ഷം രൂപയിൽ കൂടുതലും, ൧൧൦൧-ലേതു ഏകദേശം പതിനേഴുകോടി ലക്ഷവും ൧൧൦൨-ലേതു ഇരുപത്തിനാലുലക്ഷത്തിൽ കൂടുതലും ആകുന്നു. അപ്രകാരം മിക്കിയിരിപ്പു തീർച്ചയായും അതേക്രമത്തിൽതന്നെ വർദ്ധിച്ചിട്ടുണ്ട്. അടുത്ത കൊല്ലത്തേക്കു, ചിലവുകളുടെ പ്രോഗ്രാമിലുള്ള അസാധാരണ വർദ്ധനയ്ക്കിടയിലും, ഒരു ചെറിയ മിച്ചം ബഡ്ജറ്റിൽ വരുത്തിയിട്ടുണ്ട്. ഏതായാലും അതു അല്പമല്ല, ഒരു ലക്ഷം രൂപയിൽ കുറച്ചുകൂടുതലാണ്; എന്നാൽ എസ്റ്റിമേറ്റിൽ ചേർത്തിട്ടുള്ളതിൽ വളരെ കൂടുതലായ ഒരു തുക വരുമെന്നു നമുക്ക ശരിയായി ആശിക്കാമെന്നു മുൻ പരിചയത്തിൽനിന്നും ഞാൻ വിശ്വസിക്കുന്നു.

സംസ്ഥാനത്തിലെ കടംതീർക്കുന്നതിനുള്ള ഫണ്ട് പെട്ടെന്നു വർദ്ധിച്ചുവരുന്നവെന്നുള്ളതാണ് അടുത്തതായ എന്റെ ശ്രദ്ധയെ ആകർഷിച്ച സംഗതി. ഇവിടെ രണ്ടു സിങ്കിംഗ്ഫണ്ടുകൾ ഉണ്ടു. അതിൽ ഒന്നു കൊല്ലം—ചെങ്കോട്ട റയിൽവെ സംബന്ധിച്ചു സംസ്ഥാനത്തിന്റെ കടംതീർക്കുന്നതിനു ആവശ്യമുള്ളതുക കൊടുക്കുന്നതിനും വേറൊന്നു ൧൦൯൭-ൽ രാജ്യത്തിൽചെയ്തിട്ടുള്ള ഡിബഞ്ചർ കടത്തിനും ആകുന്നു. ഇവയിൽ ഓരോന്നിനും ആവശ്യമുള്ള തുകയിൽ മുന്നിൽ ഒരുഭാഗംവീതം കൊടുത്തുതീർക്കുന്നതിനു തുകമാറ്റിവച്ചിട്ടുണ്ടെന്നു ബഡ്ജറ്റിൽനിന്നും വ്യക്തമാകുന്നുണ്ടു. മൂന്നാമതായി ഞാൻ പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നതു തിരുവനന്തപുരം—ചെങ്കോട്ട റയിൽവേയിൽനിന്നും ചിലവു നീക്കി മിച്ചമുള്ള വരവിന്റെ തുടർച്ചയായ വർദ്ധനയെക്കുറിച്ചാണു. ഈ വർദ്ധന വളരെ സന്തോഷാവഹമാകുന്നു. ൧൧൦൧-ൽ അതു ഉദ്ദേശം ഒന്നരലക്ഷം രൂപയായിരുന്നു; ൧൧൦൨-ൽ അതു ൨-ാൻ ലക്ഷമായി വർദ്ധിച്ചു; ൧൧൦൩-ൽ അതു മൂന്നു ലക്ഷമായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതു നമുക്ക അത്യധികം ചാരിതാർത്ഥ്യപ്രദമായ ഒരു കാര്യമാകുന്നു. ചിലവുകളുടെ കൂട്ടത്തിൽ ൧൧൫ ൧൫ ലക്ഷം രൂപയുടെ കൂടുതൽ ചെലവുകൾക്ക സൗകര്യംചെയ്തിരിക്കുന്നതായി കാണുന്നു. ഇതു അനേകം ഡിപ്പാർട്ടുമെന്റുകളിലേക്ക, പ്രത്യേകിച്ചും പൊതുമരാമത്തും വിദ്യാഭ്യാസവും ഡിപ്പാർട്ടുമെന്റുകളിലേക്ക വിതരണം ചെയ്തിരിക്കുന്നു. ഒരു ലക്ഷം രൂപയോളം കൂടുതൽതുക ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കു നീക്കിവെച്ചിട്ടുള്ളതായി കാണുന്നു. സംസ്ഥാനത്തിലെ ഗതാഗതത്തിന്റെ വലിയ ആവശ്യത്തെപ്പറ്റി ചിന്തിച്ചുനോക്കുന്നപക്ഷം ഇതു ഒരു ചെറുതും മതിയാകാത്തതുമായ തുകയാണെങ്കിലും അത്രത്തോളം നന്നായി എന്നു പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസവിഷയത്തിൽ മുന്നേമുക്കാൽലക്ഷംരൂപ കൂടുതൽതുക നീക്കിവച്ചിട്ടുണ്ടു. ഇതിൽനിന്നും സഹായധനംവകയ്ക്കു അൻപതിനായിരം രൂപയും അതിൽ ഏറിയഭാഗവും ഔദാര്യപൂർവം പെൺപള്ളിക്കൂടങ്ങൾക്കുമാണ് അനുവദിച്ചിട്ടുള്ളത്. അവസാനവും എന്നാൽ ഒട്ടും അപ്രധാനമല്ലാത്തതുമായ ഒരു കാര്യം കക്കാട്ടിലേക്ക ഒരു ചെറിയ റോഡു പണിയിക്കുന്നതിലേയ്ക്കു കരുതൽ ചെയ്തിട്ടുണ്ടെന്നുള്ളതാണ്. ഇതു കക്കാട്ടിലെ സാധുജനങ്ങളും അവരുടെ രക്ഷിതാക്കന്മാരും ഒരു അരശതവർഷകാലമായി ഗവണ്മെന്റിന്റെ അടുക്കൽ ഇരന്നുകിട്ടുവാൻ ശിർബന്ധിച്ചിട്ടുള്ള ഒരു ചരിത്രപ്രധാനമായ റോഡാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മെംബർ പണം അനുവദിച്ചതിനെ പിൻതാങ്ങുകയാണോ ന്യൂനതയാണോ ഞാൻ ധരിക്കേണ്ടതു്?

മി. പാൾ ഡാനിയൽ (നിയമിത): തീർച്ചയായിട്ടും, പിന്നെ മരാമത്തുഡിപ്പാർട്ടുമെന്റു ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകകളും എന്റെ അഭിപ്രായത്തിൽ മതിയാകാത്തതാണ്. ദക്ഷിണ തിരുവിതാംകൂറിലെ ഗതാഗതത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള തുകയെപ്പറ്റി ഞാൻ പ്രത്യേകിച്ചും പറയുന്നുണ്ട്, തിരുവിതാംകൂറിൽ ഒട്ടനവധി റോഡുകൾ ഉണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അവ അധികവും പട്ടണങ്ങൾക്കാണ് ഉപകരിക്കുന്നതു്.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു ഗ്രാമത്തിനു ഒന്നിലധികം പ്രവേശനറോഡു ഉണ്ടാക്കിക്കൊടുക്കുന്നപക്ഷം മെംബർ തൃപ്തിപ്പെടുമെന്നു ഞാൻ മനസ്സിലാക്കട്ടെയോ?

മി. പാൾ ഡാനിയൽ (നിയമിത): അതു ആവശ്യത്തിലധികമാണ്. ആവശ്യം നിർവഹിച്ചുകഴിഞ്ഞാൽപിന്നെ ഒരു ഗ്രാമത്തിലേക്ക കൂടുതൽ റോഡുകൾ വേണമെന്നു ഞാൻ ഒരിക്കലും പറയുകയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): കക്കാട്ടു ഗ്രാമത്തിലേക്ക ഇപ്പോൾ ഒരു പ്രവേശനറോഡു ഉള്ളതായി അദ്ദേഹത്തിനു അറിവുണ്ടോ?

മി. പാറം ഡാനിയൽ (നിയമിത): ഒരു റോഡുണ്ട്. എന്നാൽ അതു ജനങ്ങൾക്കു സ്വാതന്ത്ര്യമായി ഉപയോഗിക്കുവാൻ നിവൃത്തിയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ജനങ്ങൾക്കു വേറൊരു റോഡുകിട്ടുവാൻ നിർബന്ധിക്കുന്നതിനെക്കാൾ നല്ലതു ആ റോഡു തുറന്നുകിട്ടുവാൻ നിർബന്ധിക്കുന്നതല്ലയോ?

മി. പാറം ഡാനിയൽ (നിയമിത): ഞാൻ മുമ്പൊരവസരത്തിൽ പറഞ്ഞതുപോലെ റോഡിനുവേണ്ടി പ്രാർത്ഥിക്കുന്നതായ കക്കാട്ടിലെ സാധുജനങ്ങൾക്കു വേറൊരു റോഡുണ്ടാക്കിക്കൊടുക്കണമെന്നുള്ള പക്ഷക്കാരനാണു ഞാൻ. അതു എങ്ങിനെയാണു തീർപ്പെടുത്തേണ്ടതെന്നുള്ളതു് ഞാൻ ഗവർമെന്റിന്റെ ബുദ്ധിപൂർവമായ ആലോചനക്കു വിടുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ജനങ്ങൾക്കു യഥാർത്ഥത്തിൽ ഇപ്പോഴത്തെ റോഡു തുറന്നുകിട്ടിയാൽ മതിയെന്നുള്ളപ്പോൾ വേറൊരു റോഡു കിട്ടണമെന്നു ആവശ്യപ്പെടുവാനുള്ള ചുമതല മെംബർക്കു സ്വയം സ്വീകരിക്കത്തക്കതാണോ?

മി. പാറം ഡാനിയൽ (നിയമിത): ഞാൻ മുമ്പൊരവസരത്തിൽ പറഞ്ഞതുപോലെ ഒരു റോഡിന്റെ ആവശ്യമുണ്ട്. അവകാശങ്ങൾക്കുവേണ്ടി മല്ലിട്ടു തീരുന്നതുവരെ സഞ്ചാരസൗകര്യമില്ലാത്ത ആ ഗ്രാമത്തിലെ സാധുജനങ്ങൾക്കു പുറത്തിറങ്ങാതെ അടച്ചുപൂട്ടികിടക്കുവാൻ നിവൃത്തിയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): മെംബർ അവകാശമാണോ സൗകര്യമാണോ കൂടുതൽ കാര്യമായി ഗണിച്ചിട്ടുള്ളതു് എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. പാറം ഡാനിയൽ (നിയമിത). സുഗമമാർഗ്ഗം എന്നതിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ കാര്യമാണു്

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കക്കാട്ടുറോഡിന്റെ പൂർവചരിത്രം മെംബർക്കു അറിയാമോ?

മി. പാറം ഡാനിയൽ (നിയമിത): ഞാൻ അതു അറിയേണ്ടതാണു, അറിഞ്ഞിട്ടുമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ജനങ്ങൾക്കു ഇപ്പോഴത്തെ റോഡുകൂടാതെ വേറൊരു റോഡു വേണമെന്നുള്ള കാര്യത്തിൽ മെംബർ അധികാരപൂർവമാണോ സംസാരിക്കുന്നതു എന്നു അറിഞ്ഞാൽകൊള്ളാം.

മി. പാറം ഡാനിയൽ (നിയമിത): ഒരു റോഡിന്റെ ആവശ്യംപോലും അവർ ബുദ്ധിമുട്ടിവരികയായിരുന്നു എന്നും ഇപ്പോഴത്തെ റോഡു തുറന്നുകിട്ടുന്നതിനു അവർ അവരുടെ രക്ഷിതാക്കന്മാർ മുഖാന്തിരം ഗവർമെന്റിനെ നിർബന്ധിച്ചുകൊണ്ടിരുന്നു എന്നും എനിക്കു അധികാരപൂർവം പറയുവാൻ കഴിയും.

മി. എം. ശിവതാണുപിള്ള (തോവാള): ഈ പുതിയ റോഡു ആവശ്യപ്പെടുന്നകാര്യത്തിൽ അവിടത്തെ ജനങ്ങളിൽ നിന്നു സിദ്ധിച്ചിട്ടുള്ള അധികാരത്തോടുകൂടിയാണോ സംസാരിക്കുന്നതു എന്നു അറിഞ്ഞാൽ കൊള്ളാം.

മി. പാറം ഡാനിയൽ (നിയമിത): അതെ, ഞാൻ അധികാരപൂർവമാണു സംസാരിക്കുന്നതു്. തങ്ങൾക്കു റോഡുകൾ വേണമെന്നുകാണിച്ചു സ്ഥലത്തെ ആളുകളുടെ കള്ളഒപ്പുഇട്ടിട്ടുള്ള ഹർജികൾ ഗവർമെന്റിലേക്കു അയച്ചിട്ടുള്ളതായി ഞാൻ കേട്ടു. എന്നാൽ ഒപ്പുകൾ വ്യാജമായി ഇടുവിച്ചിട്ടുള്ളതായി തെളിയിക്കപ്പെട്ടു. എങ്കിലും ഇതുവരെ ഗവർമെന്റു ഒന്നുംതന്നെ ചെയ്തിട്ടില്ല. തന്നിമിത്തം ജനങ്ങളുടെ കഷ്ടതകൾ അതുപോലെ തന്നെ ഇരിക്കുന്നു. തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി മല്ലിടുന്ന ഒട്ടനവധി ആളുകൾ അവിടെയുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): മുൻ ഹർജി കള്ളമാണെന്നു പറയുന്ന ജനങ്ങളുടെ മറുഹർജിക്കകത്തു ആക്ഷേപം ഇടുവാൻ കഴിയുന്നവിധത്തിൽ നാലുവരമാത്രം ഉള്ള കള്ള ഒപ്പുകൾ ഇല്ലയോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. പാറം ഡാനിയൽ (നിയമിത): എനിക്കു അറിവില്ല.

മി. ശിവതാണുപിള്ള (തോവാള): ആ ഹർജിയിൽ കുറച്ചു ഒപ്പുകൾമാത്രമേ ഉള്ളോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. പാറം ഡാനിയൽ (നിയമിത): എനിക്കു നിശ്ചയമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): എന്നാൽപിന്നെ അദ്ദേഹത്തിനു എങ്ങിനെയാണു ജനങ്ങളുടെ ഹിതത്തെപ്പറ്റി തീർച്ചമാനിക്കുവാൻ കഴിഞ്ഞതു്?

മി. പാറം ഡാനിയൽ (നിയമിത): ജനങ്ങൾതന്നെ ആ വിഷയത്തെപ്പറ്റി എന്നോടു സംസാരിച്ചിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): കുറഞ്ഞപക്ഷം ഒരുഭാഗം ജനങ്ങളെങ്കിലും പ്രത്യേകിച്ചു ഈ റോഡു ആവശ്യമില്ല എന്നു പറയുന്നതായി മെംബർ ദയവുചെയ്തു സമ്മതിക്കുമോ?

മി. പാറം ഡാനിയൽ (നിയമിത): അങ്ങിനെ ഒരു ഭാഗം ജനങ്ങൾ ഉള്ളതായി എനിക്കു നിശ്ചയമില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കക്കാട്ടുഗ്രാമത്തിൽ സാംബവർ മാത്രമല്ല മറ്റുള്ളവരും താമസിക്കുന്നുണ്ട് എന്നുള്ളതു് മെംബർക്കു അറിയാമോ?

മി. പാറം ഡാനിയൽ (നിയമിത): അവിടെ സാംബവരാണു മുഖ്യമായി താമസിക്കുന്നതു്. മറുജാതിക്കാരായ ഏതാനംപേരും കാണുമായിരിക്കാം. എന്നാൽ എന്റെ അറിവു അവിടെ സാംബവരാണു അധികമായി നിവസിക്കുന്നതെന്നാകുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സാംബവരല്ലാതെയുള്ള ജാതിയിൽപെട്ടവർക്കു ഒരു പ്രത്യേക റോഡു ആവശ്യമില്ലെന്നു മെംബർക്കു അറിയാമോ?

മി. പാറം ഡാനിയൽ (നിയമിത): അവർ സാംബവരെപ്പോലെയുള്ള ബുദ്ധിമുട്ടു അനുഭവിക്കുന്നില്ലായിരിക്കാം. സാംബവർ ഉപയോഗിക്കുവാൻ പാടില്ലെന്നു നിരസിച്ചിരിക്കുന്ന മററു റോഡുകൾ അവർക്കു ഉപയോഗിക്കുവാൻ അനുവാദമുണ്ടായിരിക്കാം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സവർണ്ണഹിന്ദുക്കൾ വണ്ടികൾകൊണ്ടുപോകുന്ന ഒരു റോഡു ഉള്ളതായി മെംബർക്കു അറിയാമോ?

മി. പാറം ഡാനിയൽ (നിയമിത): എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയോ ഈ സഭയിലെ വേറെ ഏതോ അംഗമോ അവിടെ ഒരു റോഡു ഉള്ളതായും അവിടെക്കൂടി സാംബവർക്കു വണ്ടികൊണ്ടുപോക

കണമെങ്കിൽ അവർ ചെയ്യേണ്ടതായിട്ടുള്ളത് ഒരു ദിക്കിൽ ഇറങ്ങി വഞ്ചി സവർണ്ണരാരെയെങ്കിലും അടിക്കുവാൻ ഏല്പിച്ചിട്ട ഒരു വള്ളത്തെവഴിയെക്കൂടി നടന്നു മറ്റൊരുദിക്കിൽചെന്നു വഞ്ചി വീണ്ടും ഏറ്റുകൊണ്ടുപോകേണ്ടതായും പറഞ്ഞതായി ഞാൻ വിചാരിക്കുന്നു. അതു കേൾക്കുമ്പോൾ വളരെ എളുപ്പമായ ഒരു കാര്യമാകുന്നു. എന്നാൽ അതു എന്റെ അഭിപ്രായത്തിൽ മിക്കവാറും അസാദ്ധ്യമായ ഒരു സംഗതിയാണ്.

മി. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മെമ്പറുടെ അടുക്കൽനിന്നും ഞാൻ അറിയുവാൻ ആഗ്രഹപ്പെട്ടുള്ള അവിടെ ഒരു വഞ്ചിപോകുന്ന വഴി ഉണ്ടോ എന്നുള്ളതാണ്.

മി. പാൾഡാനിയൽ (നിയമിത): എന്നാൽ സാംബവർ ആ റോഡു ഉപയോഗിക്കുവാൻ അനുവദിക്കപ്പെട്ടിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): പതിനായിരംരൂപ ഒരു പുതിയറോഡിനുവേണ്ടി അധികച്ചെലവുചെയ്യുന്നതിനെക്കാൾ നല്ലതു നല്ലശമ്പളത്തിന്മേൽ മറുഭാഗത്തേക്കു വഞ്ചി നീക്കിക്കൊടുക്കുന്നതിനു ഒന്നോ രണ്ടോ വഞ്ചിക്കാരെ നിയമിക്കുവാൻ നിർബന്ധിക്കുന്നതല്ലയോ എന്നു ഞാൻ മെമ്പറുടെ അടുക്കൽ ചോദിച്ചുകൊള്ളട്ടെയോ?

മി. പാൾഡാനിയൽ (നിയമിത): അങ്ങനെയുള്ള ഏർപ്പാട നടന്നുപോകയില്ലെന്നു എനിക്കു ഭയമുണ്ട്.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മിഷണർ): ഇങ്ങനെ വഞ്ചിക്കാരെ നിയമിക്കുന്നതു വെള്ളാളർക്കു ജോലികിട്ടുന്നകാര്യത്തിൽ ഗുണകരമായിരിക്കുകയില്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): വെള്ളാളന്മാർ ഇല്ലാത്തപക്ഷം നല്ലശമ്പളത്തിന്മേൽ യൂറോപ്യൻവഞ്ചിക്കാരെ ഈ വഞ്ചികൾ അടിക്കുന്നതിനു നിയമിക്കുവാൻ ഗവമ്മെന്റിനോടു നിർബന്ധിക്കുന്നതു കൂടുതൽ സൌകര്യപ്രദവും ബുദ്ധിപൂർവവുമായിരിക്കുമെന്നു മെമ്പർ വിചാരിക്കുന്നില്ലയോ?

മി. പാൾ ഡാനിയൽ (നിയമിത): എനിക്കു ഉത്തരംപറയുവാൻ നിവൃത്തിയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹം ഈ ജനങ്ങളുടെ ഉപകാരികളും രക്ഷിതാക്കളുമെന്നു സൂചിപ്പിച്ചിട്ടുള്ളതു ആരെയാണെന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. പാൾ ഡാനിയൽ (നിയമിത): അവരെ അരശതവർഷകാലമായി സഹായിച്ചുകൊണ്ടിരുന്നതും അവരുടെ ബുദ്ധിമുട്ടുകണ്ടു അവരുടെ പക്ഷത്തിനുവേണ്ടി വാദംചെയ്യുന്നവരുമായ രക്ഷാസൈന്യം, എൽ. എം. എസ്. മിഷൻ എന്നീ ക്രിസ്തുമതസംഘക്കാരെയാണ് ഞാൻ അവരുടെ ഉപകാരികളെന്നും രക്ഷിതാക്കളെന്നും ഉദ്ദേശിച്ചിട്ടുള്ളതു.

പണത്തിന്റെ പോരായ്മയെപ്പററി വീണ്ടും തുടരുന്നപക്ഷം ദക്ഷിണതിരുവിതാംകൂറിലേയ്ക്കു അനുവദിച്ചിട്ടുള്ള തുകകളുടെ ചുരുക്കം വളരെ പ്രത്യക്ഷമായിട്ടുള്ള ഒന്നാണെന്നു എനിക്കു ബോധിപ്പിക്കേണ്ടിയിരിക്കുന്നു. ദക്ഷിണതിരുവിതാംകൂറിൽ അനവധിറോഡുകൾ ഉണ്ടെങ്കിലും അവയുടെ കിടപ്പിന്റെ ന്യൂനതനിമിത്തം ഗതാഗതസൗകര്യമില്ലാതെ ഗ്രാമ്യജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾ വളരെയാണ്. അതുകൊണ്ടു പ്രധാനപ്പെട്ട മെയിൻറോഡുകളുമായി യാതൊരുബന്ധവുമില്ലാതെ അകന്നുകിടക്കുന്ന ഗ്രാമങ്ങളും ഗ്രാമക്കൂട്ടങ്ങളും ഏതാണെന്നു കണ്ടുപിടിക്കുന്നതിനു അവയും അവയുടെ ചരക്കുകളെ മെയിൻറോഡുകളിൽ എത്തിക്കുന്നതിനുവേണ്ട ഗതാഗതമാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും ഞാൻ ഗവമ്മെന്റിനോടു അപേക്ഷിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഗ്രാമങ്ങളിലേയ്ക്കു പുതിയറോഡുകൾ പണിയിക്കുന്നകാര്യത്തിൽ കക്കാട്ടുഗ്രാമത്തിലേയ്ക്കുള്ള റോഡിനു അദ്ദേഹം പ്രാധാന്യംകൊടുക്കുമോ?

മി. പാൾഡാനിയൽ (നിയമിത): കക്കാട്ടുഗ്രാമത്തിനു ഞാൻ പ്രാധാന്യം കല്പിക്കുന്നു. എന്തെന്നാൽ അവരുടെ ബുദ്ധിമുട്ടുകൾ മറ്റുള്ള ഗ്രാമക്കാരുടെതിനെക്കാൾ വലുതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): കക്കാട്ടുഗ്രാമത്തിലേയ്ക്കു റോഡു ആവശ്യമാണെന്നു തീരുമാനിക്കുന്നകാര്യത്തിൽ രക്ഷിതാക്കന്മാരും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളതുകൊണ്ടാണോ അദ്ദേഹവും അതിനെ പിൻതാങ്ങുന്നതിനു കാരണമായതു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. പാൾ ഡാനിയൽ (നിയമിത): അല്ല.

പിന്നീട കൃഷിയെ സഹായിക്കുന്നതിനും ബലപ്പെടുത്തുന്നതിനും ഒന്നുംതന്നെ ചെയ്തിട്ടില്ലെന്നു എനിക്കു ബോധിപ്പിക്കേണ്ടിയിരിക്കുന്നു. ഇതു ഒരു അതിശയകരമായ പ്രസ്താവനയായിട്ട തോന്നിയേക്കാം, എന്നാൽ അതു ശരിയാണെന്നു എനിക്കു തോന്നുന്നു. കുളത്തിന്റെകരകൾ വിററിട്ടുള്ളതു ആലോചനക്കൂടാതെ നിശ്ചയിച്ച മോശമായി നടത്തിയിട്ടുള്ള ഒരു അബദ്ധനയമാണു. പഴമൊഴിയിൽ പറയുംപോലെ അപ്പം ഭക്ഷണത്തിനുവേണ്ടി നാഞ്ചിനാട്ടുകാരുടെ ജന്മാവകാശം അവരാൽ മാത്രമല്ല അവരുടെ രക്ഷകർത്താക്കന്മാരാലും വിൽക്കപ്പെട്ടുപോയി. ഇതു ദക്ഷിണതിരുവിതാംകൂറിലെയും പ്രത്യേകിച്ചു നാഞ്ചിനാട്ടിലേയും കൃഷിയെ ഗൗരവതരമായി ബാധിച്ചിട്ടുണ്ട്. ചിത്രമാസത്തിലെ പുഴമഴയിൽനിന്നും ജലംസംഭരിക്കുന്നതു അസാദ്ധ്യമാണു. തന്നിമിത്തം കൃഷിക്കാർക്കു പേച്ചിപ്പാറഅണ തുറക്കുന്നതുവരെ കാത്തിരിക്കേണ്ടതായിവരുന്നു. അണ വളരെ താമസിച്ചാണു തുറക്കുന്നതും. ഇതിന്റെഫലമായി കൃഷി വളരെ താമസിച്ചുപോകയും കൃഷി താമസിച്ചുപോകുമ്പോൾ കൃഷിക്കാർക്കു നല്ലപോലെ അറിയാവുന്നതുപോലെ വിളവു മോശമായിപ്പോകയുംചെയ്യുന്നു. ഇതാണ്എല്ലായിടത്തേയുംസ്ഥിതി, പക്ഷെ ഉത്തരതിരുവിതാംകൂറിലെ സ്ഥിതി ദക്ഷിണതിരുവിതാംകൂറിലേപ്പോലെതന്നെ അല്ലായിരിക്കാം, മറ്റൊരുകാര്യം ഈ ദോഷം ജനങ്ങളെമാത്രമല്ല ഗവമ്മെന്റിനെയുംബാധിക്കുന്നുണ്ടെന്നുള്ളതാണ്. ഈ ചെറിയജലസംഭരണമാർഗ്ഗങ്ങൾ ഇല്ലെങ്കിൽ കാലത്തോടെവെള്ളപ്പൊക്കവും അണക്കെട്ടുകൾക്കു തകരാറുകൾ ഭവിക്കുവാനും സംഭവിക്കുമെന്നുള്ളതു നിശ്ചയമാണ്. ഇപ്രകാരംപൊട്ടുന്ന അണയുടെതകരാറു തീർക്കുന്നതിനുതന്നെ കൂടക്കൂടെ വേണ്ടിവരുന്ന ചെലവു സംസ്ഥാനത്തിലെ ഖജനാവിനു വഹിക്കുവാൻ നിവൃത്തിയില്ലാത്തതുകകൾ ആയിട്ടുണ്ട്. ഇങ്ങനെ അധികം ഉണ്ടാകാതെ ഇരിക്കുന്നതു ധാരാളം കുളങ്ങൾ മഴവെള്ളം ശേഖരിച്ചുവയ്ക്കുന്നതുകൊണ്ടാണ്. കുളക്കരകൾ വിററുപോയതുകൊണ്ടുള്ള മറ്റൊരുദോഷം മേച്ചിൽസ്ഥലങ്ങൾ നഷ്ടപ്പെട്ടുപോയി എന്നുള്ളതാണ്. വണ്ടികൾവലിക്കുന്നതിനു കാളകളെ വാങ്ങിക്കുന്നതിലേക്കായി നമ്മുടെനാട്ടിൽനിന്നും തിരുനൽവേലിമുതലായ

അയൽഡിസ്ട്രിക്ടുകളിലേയ്ക്കു പൊയ്ക്കൊണ്ടിരിയ്ക്കുന്ന വൻതുകകളെപ്പററി ഗവണ്മെൻറു അറിഞ്ഞിരിയ്ക്കുമോ എന്നു ഞാൻ അതിശയിയ്ക്കുന്നു. നമ്മുടെ വണ്ടിക്കാളകളെല്ലാം അന്യദിക്കുകളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടിയിരിയ്ക്കുന്നു. അതു വലിയ ചിലവാണ്. ഈ കാളകൾക്കായി തിരുവിതാംകൂറുകാരുടെ പണം രാജ്യത്തിനു പുറത്തു ചിലവാക്കേണ്ടിയിരിയ്ക്കുന്നു. വണ്ടികൾ വലിയ്ക്കുന്നതിനുള്ള വലിയ കാളകളെമാത്രം കൊണ്ടുവന്നാൽ മതിയായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോഴാകട്ടെ ഉഴവുകാളകൾപോലും നാട്ടിൽ ഉണ്ടാകുന്നില്ല എന്നു കാണുന്നു. ഉഴവുകാളകളേയും വലിയവിലകൊടുത്തു രാജ്യത്തിലേയ്ക്കു കൊണ്ടുവരേണ്ടിയിരിക്കുന്നു. രാജ്യത്തിൽ കൊണ്ടുവന്നാൽതന്നെയും ഫലമെന്താണ്? അവ ക്രമേണ ക്ഷയിച്ചുവരികയും ഏതാനും വർഷങ്ങൾക്കുശേഷം ഉപയോഗശൂന്യമായിത്തീരുകയും ചെയ്യുന്നു. ഇതിനു പ്രധാനമായ കാരണം അവയ്ക്കു മേച്ചിലില്ലാത്തകാലത്തു പുല്ലുതിന്നുവാൻ നിവൃത്തിയില്ലാതെ കഴിക്കേണ്ടിയിരിയ്ക്കുന്നു എന്നുള്ളതാണ്. തിരുവിതാംകൂർ അവിടത്തെ കന്നുകാലികളുടെ ക്ഷയത്തിനു പഴമൊഴിയായി തീർന്നിട്ടുണ്ടു. ഈ അവസ്ഥകൾ അവിടത്തെ കന്നുകാലികളുടെ ക്ഷയത്തെ വർദ്ധിപ്പിയ്ക്കുന്നതേയുള്ളു. അതുകൊണ്ടു ഗവണ്മെൻറു ഒരിക്കൽ വിററുപോയ കുളക്കരയിലെ കൊള്ളുന്നോരം തിരിച്ചുവാങ്ങിക്കയോ അല്ലെങ്കിൽ കന്നുകാലികളുടെ മേച്ചിലിനു മററന്തെങ്കിലും സൗകര്യം ഉണ്ടാക്കയോ ചെയ്യുമെന്നുള്ള ഒരു നയം നിശ്ചയം ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഇൻകതി ഡിപ്പാർട്ടുമെൻറിൽ പ്രവൃത്തിക്കാരന്മാരുടെ ശമ്പളം കൂട്ടുവാൻ പോകുന്നതു ഒരു നല്ലകാര്യം തന്നെ. എനിയ്ക്കു അതിൽ സന്തോഷമുണ്ടു. അതു സാധുജനോപദ്രവത്തിനു കുറവുണ്ടാക്കിയേക്കാം. ഈ സന്ദർഭത്തിൽ ഞാൻ ഒരുകാര്യത്തിനുവേണ്ടി വാദിയ്ക്കുന്നു. തമിഴ്‌താലൂക്കുകളിലും കച്ചാത്തു അല്ലെങ്കിൽ നികുതിരസീതു മലയാളത്തിലാണ് എഴുതിവരുന്നതു. തന്നിമിത്തം പ്രവൃത്തിക്കാരന്മാർ ആവശ്യപ്പെടുന്ന പണം പകുതി കച്ചേരികളിൽ അടച്ചുവരുന്ന സാധുജനങ്ങൾ മലയാളത്തിൽ എഴുതിയിരിക്കുന്നതുകൊണ്ടു തങ്ങൾക്കു മനസ്സിലാകാതെ എന്തോ ചിലതാണ് കയ്യിൽ തിരിച്ചുകൊണ്ടുപോകുന്നതു. മലയാളം വായിയ്ക്കുവാൻ ഈ മനുഷ്യർക്കു അറിഞ്ഞുകൂടാ. ഇതു എൻറെ അഭിപ്രായത്തിൽ ജനോപദ്രവത്തിനു അടിസ്ഥാനമായിട്ടുള്ളതാണു. ഗവണ്മെൻറു തമിഴ് താലൂക്കുകളിൽ കച്ചാത്തെങ്കിലും തമിഴിൽ എഴുതണമെന്നു ഉത്തരവയയ്ക്കുമെങ്കിൽ അതു ഒരു വലിയ ഉപകാരമായിരിയ്ക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പല മലയാളമൊഴികളിൽ രസീതുകളും കണക്കുകളും തമിഴിൽ ആണെന്നു മെമ്പർക്കു അറിയാമോ?

മി. പോൾഡാനിയൽ (നിയമിത): എന്നാൽ അപേക്ഷ നേരെ മറിച്ചായിരിക്കണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാടു): എഴുത്തറിയുവാൻ പാടില്ലാത്ത നികുതിദായകന്മാരെപ്പററി അദ്ദേഹം എന്തുപറയുന്നു?

മി. പോൾഡാനിയൽ (നിയമിത): തമിഴിലാണ് പണം വരവുവെച്ചിരിക്കുന്നതെങ്കിൽ അവർക്കു അടുത്തുള്ള ആളുകളോടു അതു വായിക്കുവാൻ പറയാം. എന്നാൽ അതു മലയാളത്തിലാണെങ്കിൽ ആ ഭാഷ അറിയാവുന്ന ഒരാളെ കണ്ടെത്തുവാൻ വളരെ പ്രയാസമായിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): കക്ഷികളിൽ മലയാളം അറിയാവുന്ന ഒരാളെങ്കിലും ഉണ്ടോ?

മി. പോൾഡാനിയൽ (നിയമിത): ഞാൻ അതിനെപ്പററി ഒരന്വേഷണവും ചെയ്തിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തമിഴ്ഡിസ്ട്രിക്ടുകളിലെ കോടതികളിലെ വിധികളും ഇംഗ്ലീഷിനുപകരം തമിഴിൽ എഴുതണമെന്നു മെമ്പർ നിർബന്ധിക്കുമോ?

മി. പോൾ ഡാനിയൽ (നിയമിത): ഇല്ല. ഞാൻ നിർബന്ധിക്കയില്ല. അതെല്ലാം മലയാളത്തിലായിരുന്നുവെങ്കിൽ ഞാൻ അങ്ങനെ നിർബന്ധിക്കുമായിരുന്നു

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തമിഴ്ഡിസ്ട്രിക്ടുകളിലെ മാതൃഭാഷ വിദ്യാലയങ്ങളിൽ തമിഴ്ഭാഷയാണ് പഠിപ്പിച്ചുവരുന്നതെന്നുള്ളതു മെമ്പർക്കു അറിയാമോ?

മി. പോൾഡാനിയൽ (നിയമിത): അതു പല്ലാസ്കൂളുകളിലും ഇനിയും ആയിട്ടില്ല. ആ സമ്പ്രദായം തുടർന്നുകൊണ്ടിരിയ്ക്കുന്നു.

ഒരു സംഗതികൂടി പറഞ്ഞുകൊണ്ടു ഞാൻ നിറുത്താം. കീഴിലുള്ള ഈ ഉദ്യോഗസ്ഥന്മാരെ എപ്പോഴും സൂക്ഷിക്കയും പരിശോധിക്കയും ചെയ്യേണ്ടിയിരിക്കുന്നു. (മി. ഏ. കെ. പിള്ള കേൾക്കുവിൻ കേൾക്കുവിൻ) മേലുദ്യോഗസ്ഥന്മാരിൽനിന്നും ഉത്തരവുകൾ ചുട്ടുപഴുപ്പിച്ച രീതിയിലാണ് കൊടുത്തുവരുന്നതു. എന്നാൽ അതു ഇടയ്ക്കുള്ള ഉദ്യോഗസ്ഥന്മാരെക്കടന്നു പ്രവൃത്തിക്കാരന്മാരായ ഉദ്യോഗസ്ഥന്മാരുടെ അടുത്തു ചെല്ലുമ്പോൾ മഞ്ഞുകട്ടിപോലെ തണുത്തുപോകയും അനേകകാലത്തേയ്ക്കു അതു അവിടെ അങ്ങനെ കിടക്കയും ചെയ്യുന്നു. തീർച്ചയായിട്ടും ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം കൂടുതൽ ഉദ്യോഗങ്ങൾ കാര്യനിർവ്വഹണശക്തിയെ ആണു കാണിക്കുന്നതു. എന്നാൽ ഒരു കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം അതു കാലതാമസത്തെയാണു കുറിക്കുന്നതു. ഇതു ഞാൻ എൻറെ സ്വന്തഅനുഭവത്തിൽനിന്നാണു പറയുന്നതു. അതുകൊണ്ടു ശീഘ്രമായി ജോലികൾ നിർവ്വഹിച്ചുകൊണ്ടിരിക്കുവാൻ മേലുദ്യോഗസ്ഥന്മാർ ആവശ്യപ്പെടണമെന്നു ഗവണ്മെൻറു അവരോടു പറയുന്നതു നന്നായിരിക്കും.

വിദ്യാഭ്യാസഇനത്തിൽ ആൺപള്ളിക്കൂടങ്ങൾക്കു സഹായധനത്തിനു കൂടുതൽ പണം നീക്കിവെച്ചിട്ടില്ല. ഫീസ് ഇളവുകളെ സംബന്ധിച്ചുള്ള മുഴുവൻ ചുമതല ഗവണ്മെൻറു ഏൽക്കുവാൻ പോകുന്നോ എന്നു എനിക്കു അറിഞ്ഞുകൂടാ. മുമ്പൊരവസരത്തിൽ അതു ചൂണ്ടിക്കാണിക്കയും ആക്റ്റിംഗ് ഡയറക്ടർ അതിൻെറ സാധുത്വത്തെ സ്വീകരിക്കയും അതനുസരിച്ചു പ്രൈവററ സ്കൂൾ മാനേജന്മാർക്കു ഫീസ് സൗജന്യം സംബന്ധിച്ചു ഉണ്ടാകുന്ന നഷ്ടത്തെ പൂർണ്ണമായി പരിഹരിക്കുവാൻ വേണ്ട അനുവാദം ഗവണ്മെൻറിൽനിന്നും വാങ്ങിക്കൊടുക്കാമെന്നു അദ്ദേഹം തിരുവാക്കാൽ വാഗ്ദത്തം ചെയ്കയും ചെയ്തിട്ടുണ്ട്. ഇരുപതിനായിരം രൂപയാണു കൂടുതലായി അനുവദിച്ചിട്ടുള്ളതെന്നു കാണുന്നു. അതു ഈ പ്രത്യേകഉദ്ദേശത്തിലേക്കാണോ എന്നു എനിക്കറിഞ്ഞുകൂടാ. എങ്ങനെയായാലും ഇക ഫീസ് മതിയാകയില്ലെന്നു തോന്നുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): സർ, ഫൈനാൻഷ്യൽ സിക്രട്ടറി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ആയവ്യയക്കണക്കു വളരെ പ്രോത്സാഹജനകമായിരിക്കുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ ധനകാര്യങ്ങളെ സംബന്ധിച്ചിടത്തോളം നാം അത്യന്തം ഭാഗ്യവാന്മാരായിരുന്നു. നീക്കിയിരിപ്പുകൾ എല്ലാം ഒരുപോലെ നമ്മുടെ ആയവ്യയനിർദ്ദേശങ്ങളെ കവിഞ്ഞാണു ഇരിക്കുന്നതു്. ഇതു അധികവും സംസ്ഥാനത്തിലെ ആദായമാർഗ്ഗങ്ങളെ ശ്രദ്ധയോടും സാമർത്ഥ്യത്തോടും കൂടി പരിപാലിച്ചതുകൊണ്ടും ജനങ്ങൾക്കു ഉപദ്രവം തട്ടാത്ത വിധത്തിൽ ഞെരിട്ടില്ലാത്തതയുള്ള പുതിയ നികുതിമാർഗ്ഗങ്ങളെ ഉപയോഗപ്പെടുത്തിയതുകൊണ്ടും ആകുന്നു. ഗവർമ്മെന്റിനേയും ഫൈനാൻഷ്യൽ സിക്രട്ടറിയേയും അവരുടെ ഈ വിജയത്തിൽ ഞങ്ങൾ അനുമോദിക്കുന്നു.

ഇതു ഈ കൌൺസിലിലെ അവസാന ബഡ്ജറ്റുയോഗമാകകൊണ്ടും നമ്മിൽ പലരും അടുത്ത ബഡ്ജറ്റുയോഗത്തിൽ ഇവിടെ ഉണ്ടാകാതിരുന്നേക്കാമെന്നുള്ളതുകൊണ്ടും കഴിഞ്ഞ മൂന്നുകൊല്ലത്തെ നമ്മുടെ വിജയങ്ങളുടെ ഒരു ചുരുക്കമായ വിവരണത്തിനു ഞാൻ ഇവിടെ ഉദ്യമിക്കുന്നെങ്കിൽ അതു അപ്രകൃത്യമായിരിക്കയില്ലല്ലോ. ൧൧൨൦ കർക്കടകത്തിൽ നാം ഏകദേശം ൨ കോടിരൂപ റവന്യൂവോടു കൂടിയാണു തുടങ്ങിയതു്. ൧൧൨൦-ലെ കണക്കുകൾ ആ കൊല്ലത്തിൽ റവന്യൂ ൨൧൩,൩ ലക്ഷമായി തീർന്നു എന്നു കാണിക്കുന്നു. ൧൧൨൧-ൽ നാം ഉദ്ദേശക്കണക്കായ ൨൧൫ ലക്ഷത്തോടുകൂടി ആരംഭിച്ചുവെങ്കിലും പുതുക്കിയ കണക്കുപ്രകാരം ൨൨൯ ലക്ഷമാണു ഉള്ളതു്. ൧൧൨൨-ൽ ഉദ്ദേശക്കണക്കായ ൨൨൩ ലക്ഷം രൂപയോടുകൂടി നാം ആരംഭിക്കുന്നു. എന്നാൽ നമുക്കു മിക്കവാറും ൨൪൦ ലക്ഷം വരുന്ന ഒരു തുക പ്രതീക്ഷിക്കാം. നമ്മുടെ പണത്തുകയിലുള്ള മിച്ചവും വർദ്ധിച്ചാണു വന്നിരിക്കുന്നതു്. ഇത്രയും സാധിച്ചിട്ടുള്ളതു വിദ്യാഭ്യാസം, മരാമത്തു, വൈദ്യവകുപ്പു മുതലായ വകുപ്പുകളിലുള്ള ചിലവുകൾക്കു ബാധകമാകാതെയാണ്. രാജ്യത്തിന്റെ അഭിവൃദ്ധിക്കു ശാശ്വതമായ നന്മ ചെയ്യുന്ന എന്തിലും ചെയ്യുവാനുള്ള സമയം അല്ലെങ്കിൽ അവസരം ഇതാണ്. ജനപ്രതിനിധികളുടെ ചില ആവശ്യങ്ങളെ തൃപ്തിപ്പെടുത്തിക്കഴിഞ്ഞു. അവയിൽ പ്രധാനമായതു് കണ്ടുകൃഷിവസ്തുക്കളിലെ കരം പണമാക്കണമെന്നുള്ളതും തേങ്ങ, എണ്ണ, കൊപ്ര എന്നിവയിലുള്ള തറിപ്പുവിലു കുറക്കണമെന്നുള്ളതും കൂടുതൽ റോഡുകൾ തുറക്കണമെന്നുള്ളതും ഏതാനും ആശുപത്രികൾകൂടി സ്ഥാപിക്കണമെന്നുള്ളതും ആയിരുന്നല്ലോ. ഇതിന്റെ ഫലങ്ങൾ പ്രത്യക്ഷമായി കാണാവുന്നവയും അവ ഇപ്പോഴത്തെ ഭരണാധിപന്മാരുടെ ധൈര്യത്തെയും ദീർഘദർശിത്വത്തെയും നിരുപയി പ്രശംസിക്കുന്നവയും ആകുന്നു.

കൂടിയ ചിലവിനത്തിൽ കൂടുതൽ ഭാഗവും അതായതു ൧൫൩൧ ലക്ഷവും തിരുവനന്തപുരത്തുതന്നെ ചാക്ക-തമ്പാനൂർ റെയിൽവെ തീട്ടുന്നവകക്കു ചിലവാക്കേണ്ടതാണ്. ഈ നീട്ടലിനെ വിപരീതിക്കുകയല്ല ഞാൻ. എന്നാൽ പ്രസ്തുതലൈനിന്റെ നീളം ൨൧ മൈൽ മാത്രമാകയാൽ ആ ലൈനിനെ ഒരു വ്യത്യസ്തമായികരുതി ഇത്ര വളരെ പണം അതിലേക്കു ചിലവാക്കുന്നതെന്തിനെന്നു ഞാൻ അത്ഭുതപ്പെടുന്നു. തിരുവനന്തപുരം ജലവിതരണവേലകളും വിദ്യുച്ഛക്തിയും ൫൫ ലക്ഷം രൂപയോളംവരുന്നു. മുനിസിപ്പാലിറ്റി അല്ലെങ്കിൽ നഗരസഭകൾ ഉള്ളയിടത്തു നഗരസഭകൾ ജലവിതരണം, വിദ്യുച്ഛക്തി എന്നിവകളുടെ ചിലവു സഹിക്കണമെന്നുള്ളതാണു ഗവർമ്മെന്റ പ്രസ്താവിതനയമായി കണ്ടിട്ടുള്ളതു്. (മി. പി. കെ നാരായണപിള്ള, കേൾക്കുവിൻ, കേൾക്കുവിൻ) മുനിസിപ്പാലിറ്റികൾക്കു അവക്കു വേണ്ട ധനമില്ലെങ്കിൽ ആവശ്യമുള്ള പണം അവർക്കു കടമായി കൊടുക്കയോ അല്ലാത്തപക്ഷം ഗവർമ്മെന്റ അവരോടു ഒരു അംശം ചിലവു വഹിക്കുവാൻ ആവശ്യപ്പെടുകയോ ചെയ്യേണ്ടതാണ്. ഒരു നഗരത്തിലെ സൌകര്യം വർദ്ധിപ്പിക്കുന്നതിലേക്കു സാധാരണ നികുതിദായകനു ബുദ്ധിമുട്ടിച്ചിട്ടാവശ്യമില്ല.

സർ, തിരുവിതാംകൂറിലെ ബുദ്ധിമുട്ടു കൂടുതൽ സാമ്പത്തികമായിട്ടുള്ളതാണ്. കഴിഞ്ഞ രണ്ടു സമ്മേളനങ്ങളിലും ഞാൻ ഒരു സാമ്പത്തികാന്വേഷണം രാജ്യത്തിൽ നടത്തേണ്ടതിലേക്കു നിർബന്ധിക്കയായിരുന്നു. കാര്യവിവരങ്ങളെ സംബന്ധിച്ചിടത്തോളം നാം അന്ധകാരാവസ്ഥയിൽ തപ്പിനടക്കേണ്ടിരിക്കയാണ്. പഴയകാലങ്ങളിൽ ജീവിതമത്സരം ഇത്ര ശക്തിമത്തായിരിക്കയോ വ്യക്തിപരമായ ആശയങ്ങൾ ഇത്ര സർവ്വപ്രധാനമായിത്തീരുകയോ ചെയ്തിട്ടില്ലായിരുന്നു. നാം ആലസ്യത്തിലും സുഖസൌകര്യത്തിലും ജീവിതം കഴിച്ചു. വ്യക്തിയുടെ അദ്ധ്വാനത്തിൽ പോരാത്തതു കുടുംബവും, സമുദായവും, ഗ്രാമവും പരിഹരിച്ചുവന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ നികുതിവർദ്ധനയിലുള്ള അഭിവൃദ്ധിയേയും സാധുകൃഷിക്കാരുടെ തൽക്കാലാവസ്ഥയേയും എങ്ങിനെയാണു കൂട്ടി യോജിപ്പിക്കുന്നതു്?

മി. കെ. കെ. തോമസ് (കോട്ടയം): നികുതി അഭിവൃദ്ധിപ്പെട്ടിരുന്നു. എന്തെന്നാൽ പുതിയമാർഗ്ഗങ്ങൾ കണ്ടുപിടിക്കപ്പെട്ടു.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം അവരണ്ടും എങ്ങിനെ യോജിപ്പിക്കുന്നു?

മി. കെ. കെ. തോമസ് (കോട്ടയം): ഞാൻ ഇവരണ്ടും യോജിപ്പിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): നികുതിവർദ്ധനയിൽ ക്രമപ്രവൃദ്ധമായ അഭിവൃദ്ധി ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്കു ലക്ഷ്യമാണ്. അതുപോലെതന്നെ ആയവ്യയങ്ങടങ്കലിൽ നീക്കിയിരിപ്പു ഉണ്ടാകുന്നതും രാജ്യത്തിന്റെ അഭിവൃദ്ധിക്കു ലക്ഷ്യമാണ്.

മി. കെ. കെ. തോമസ് (കോട്ടയം): അതു അഭിപ്രായമനുസരിച്ചുള്ള ഒരു കാര്യമാണു. ആ സംഗതിയെക്കുറിച്ചു വാദിക്കുവാനുള്ളസമയമല്ല ഇതു്.

ഇപ്പോൾ സ്ഥിതികൾ മാറിയിരിക്കുന്നു. കൃഷിക്കാരുടെ കഠിനമായ ദാരിദ്ര്യത്തിന്റേയും കടപ്പെട്ട അവസ്ഥയുടേയും കൂടെ ഉണ്ടിയൽ കടക്കാരുടേയും ധൈര്യവാന്മാരും സാഹസികന്മാരുമായ തോട്ടക്കാരുടേയും നിരവധിയാണു നാം കുറച്ചു കൊല്ലങ്ങളായി വർദ്ധിച്ചുകാണുന്നതു്. നമ്മുടെയിടയിൽ അങ്ങിനെയുള്ളവരുടെ സാന്നിദ്ധ്യം പല ചെറുപ്പക്കാരനായ സാഹസികന്റേയും ഉൽക്കർഷേച്ഛയെ മന്ദിപ്പിച്ചിട്ടുണ്ട്. അവൻ എവിടെയാണ് ആവശ്യമുള്ള സ്ഥലവും മൂലധനവും കാണുന്നതു്. സ്ഥലങ്ങൾ നമുക്കു ധാരാളമായി ഉണ്ട്. എന്നാൽ ലാഭം ഇച്ഛിച്ചുകൊണ്ടു കൃഷിചെയ്യാവുന്നതും ഉപയോഗപ്രദവുമായ സ്ഥലങ്ങളുടെ മിക്കഭാഗങ്ങളും റിസർവുകളാണ്. അവ അവസ്ഥപ്പെറ്റുള്ള കൃഷിക്കു ഉപയുക്തമായി കിടക്കുന്ന എല്ലാ സ്ഥലങ്ങളുടേയും വിസ്തീർണ്ണത്തിനു തുല്യമായതും ൨൪൦൦ ചതുരശ്രമൈൽ വരുന്നതും ആകുന്നു. തിരുവിതാംകൂറിന്റെ മൊത്ത

മലകളുടെ മദ്ധ്യേ കിടക്കുന്ന ഈ സ്ഥലങ്ങളെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു വരുന്നതിനാണു കിടക്കുന്നതു്. നാം എങ്ങിനെയാണു ഇവയെ അഭിവൃദ്ധിപ്പെടുത്തേണ്ടതു്? ഗവർമ്മെന്റ് അറിഞ്ഞോ അറിയാതെയോ നമുക്കു കൃഷിക്കു ആവശ്യമായ സ്ഥലം സമ്പാദിക്കുന്ന കാര്യത്തിൽ പല പ്രതിബന്ധങ്ങളും വച്ചിട്ടുണ്ട്. ഈ സ്ഥലങ്ങൾക്കുള്ള തറവില ഒരേക്കറിനു [illegible] രൂപയിൽനിന്നും [illegible] രൂപവരെയും [illegible] രൂപവരെയും കൂട്ടിയിരിക്കുന്നു. ഇവയിലുള്ള തടിവില മിതമായ കണക്കുപ്രകാരംതന്നെ കൂട്ടിയാലും മേൽപ്പറഞ്ഞ തുകയെ ഇരട്ടിയായി വർദ്ധിപ്പിക്കുന്നതാണ്. ആ വ്യവസ്ഥകളിന്മേൽ മേൽപ്പറഞ്ഞ സ്ഥലങ്ങൾ എടുക്കുന്നതിനു വളരെ ചുരുക്കം ഇൻഡ്യാക്കാർ മാത്രമേ കാണുകയുള്ളൂ. അവർ എടുക്കുന്നെങ്കിൽതന്നെയും ആ ഉദ്യമം ഒരു ഫലപ്രാപ്തിയുള്ള ജോലിയായിത്തീരുകയില്ല. അതിന്റെ ഫലമെന്താണ്? വിദ്യാഭ്യാസം ചെയ്തവരുടെ ഇടയ്ക്കുള്ള തൊഴിലില്ലായ്മ നിമിത്തം നമ്മളിൽ പലരും പുതിയ ഉപജീവനമാർഗ്ഗവും സ്ഥലവും തേടി രാജ്യം വിട്ടുപോകുന്നു. ഇതു കുറെക്കാലമായി തുടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ പുറത്തുള്ള രാജ്യങ്ങളിലും അവിടത്തെ ഗ്രാമീണവും പ്രാദേശികവുമായ പ്രതിഷേധങ്ങൾ നിമിത്തം ഉപജീവനമാർഗ്ഗങ്ങൾ കുറഞ്ഞുവരുന്നു. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി നമ്മുടെ പരിശ്രമികളായ പലരും തിരുവിതാംകൂർ വിട്ടു കോയമ്പത്തൂർ, മലബാർ, കുടകു എന്നീ അയൽഡിസ്ട്രിക്ടുകളിൽ പോയി വസ്തു സമ്പാദിച്ചിട്ടുണ്ടെന്നും ഇപ്പോൾ അവർ പതിനായിരം ഏക്കറോളം വസ്തുക്കൾക്കു ഉടമസ്ഥരാണെന്നും ഉള്ള വസ്തുതകൾ ഇവിടെയുള്ള പലർക്കും രസകരമായ വാർത്തയായിരിക്കും. ഇതുകൊണ്ടു ജന്മഭൂമിയിലുള്ള സ്ഥിതിഗതികൾ അത്ര അനാകർഷണീയവും അതൃപ്തികരവുമായിരിക്കുന്നു. അടുത്ത രണ്ടുമൂന്നു കൊല്ലങ്ങൾക്കകം കുറെപ്പേർകൂടി അവരെ അനുഗമിക്കുവാനും അങ്ങിനെ താമസിയാതെ തിരുവിതാംകൂർ ജനസംഖ്യയിലെ കായശക്തിയും, പരിശ്രമശീലവും, തന്റേടവുമുള്ളവരും മേൽപ്പറഞ്ഞ സ്ഥലങ്ങൾക്കു അഭിവൃദ്ധിയും ധനപുഷ്ടിയും ഉണ്ടാക്കുവാൻ കഴിയുന്നവരും ആയ ഒരു വിഭാഗം രാജ്യത്തിനു നഷ്ടമാകുവാനും മാർഗ്ഗമുണ്ട്. ഉദ്യോഗങ്ങൾക്കുവേണ്ടിപ്പോകുന്ന വിദ്യാഭ്യാസം ചെയ്തവർ തിരിച്ചുവന്നേക്കാം. എന്നാൽ ഈ കൃഷിക്കാർ അവരുടെ കൃഷിസ്ഥലത്തു അധിവാസം ഉറപ്പിക്കയും നമുക്കു ശാശ്വതമായി നഷ്ടപ്പെട്ടുപോകയും ചെയ്യും. ഗവർമ്മെന്റ് ഈ ഘട്ടത്തിന്റെ കാര്യഗൗരവം മനസ്സിലാക്കുകയും വനങ്ങൾ റിസർവ് ചെയ്യുന്നതിനെക്കുറിച്ചും തറവിലനിരക്കിനെക്കുറിച്ചും അവശ്യമായ നിയമഭേദഗതികൾ ഉണ്ടാക്കുകയും തിരുവിതാംകൂർ സ്വദേശികൾക്കു കുറച്ചു സൗജന്യങ്ങൾ കാണിച്ചും നമ്മുടെ ആളുകളെ നമ്മുടെ സ്വന്തം ഭൂമിയെ അഭിവൃദ്ധിപ്പെടുത്തുവാൻ അനുവദിക്കയും ചെയ്യേണ്ടതു ആവശ്യമായിരിക്കുന്നു.

സർ, എന്റെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവിതാംകൂർ കൃഷിക്കാരുടെ നിർദ്ധനാവസ്ഥയെപ്പറ്റി ഞാൻ സൂചിപ്പിക്കയായിരുന്നല്ലോ. അതു കൂടുതൽ ഗൗരവതരമായി വരുന്നു എന്നു വിചാരിക്കുവാൻ നമുക്കു ന്യായമുണ്ട്. രാജ്യത്തിന്റെ നട്ടെല്ലായിരിക്കുന്ന പരിശ്രമികളായ കൃഷിവലന്മാർ ഓരോ കൊല്ലം ചെല്ലുന്തോറും ദരിദ്രീകരിക്കപ്പെട്ടുവരുന്നതു്, അതു അവരുടെ കുറ്റം കൊണ്ടൊന്നുമല്ല. വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധി ജീവിതരീതിയെ മാറിയിരിക്കുന്നു. രാജ്യത്തിൽ ധനവാന്മാരുടെ സാന്നിദ്ധ്യം അവർക്കു സുഖസൗകര്യാദികളെക്കുറിച്ചുള്ള ഉയർന്ന ധാരണകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ആരാണ്?

മി. കെ. കെ. തോമസ് (കോട്ടയം): എന്റെ സ്നേഹിതൻ അവരിൽ ഒരാളായിരിക്കാം.

രാജ്യത്തിലെ പലിശനിരക്ക ഉയർന്ന ഇപ്പോൾ [illegible] ശതമാനത്തിനും [illegible] ശതമാനത്തിനും മദ്ധ്യേയിൽ ആകുന്നു. പലിശനിരക്ക ഇത്രകൂടിയിരിക്കയും വ്യവസായം നടത്തുവാനുള്ള മൂലധനം കടംവാങ്ങിക്കയും ചെയ്യുന്ന ഒരു രാജ്യത്തു വ്യവസായമോ കൃഷിയോ ആദായകരമായിരിക്കുവാൻ നിവൃത്തിയില്ല. നമ്മുടെ നെൽകൃഷിയിൽതന്നെ കൃഷിച്ചിലവു നീക്കിയാൽ പിന്നെ മിച്ചം വളരെ കുറച്ചുമാത്രമേ കാണുകയുള്ളൂ. ശരാശരി വിളവിന്റെ നിരക്ക ഏഴുമേനി മാത്രമാണ്. കൃഷിച്ചിലവും പണത്തിന്റെ പലിശയും ഏകദേശം അത്രത്തോളംതന്നെ വരുന്നു. നാട്ടിൽ നാം കാണുന്ന ബാഹ്യമായ ഐശ്വര്യം യഥാർത്ഥമല്ല. നെൽകൃഷിക്കാരും താണനിലങ്ങളെ കൃഷിക്കുപയുക്തമാക്കിക്കൊണ്ടുവരുന്നവരും, സൂക്ഷ്മപരിശോധന ചെയ്യുന്നപക്ഷം, പണവും നെല്ലും പലിശയ്ക്കു കൊടുക്കുന്നവരുടെ പിടികളിലാണു കിടക്കുന്നതെന്നു കാണാവുന്നതാണ്. അവരെ നാശത്തിൽനിന്നു രക്ഷിക്കുന്നതിനുള്ള ഏകമാർഗ്ഗം നെല്ലിന്റെ പലിശ കുറയ്ക്കുവാൻ ഉപായം കാണുന്നതിലാണ്. നാം ഇപ്പോൾ നമ്മുടെ നീക്കിയിരിപ്പുകൾ എല്ലാം കുറഞ്ഞ പലിശ കിട്ടുന്ന പൃച്ചുപിടിപ്പിച്ചിട്ടുള്ള ഈടുപ്രമാണങ്ങളിൽ മാത്രം നിക്ഷേപിക്കുന്നതുകൊണ്ടു അതിന്റെ പത്തിലൊരംശമോ അല്ലാത്തപക്ഷം പത്തുലക്ഷം രൂപയെങ്കിലുമോ കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ലാ, അമ്പലപ്പുഴ എന്നീ താലൂക്കുകളുടെ പശ്ചിമഭാഗങ്ങളിൽ നെല്ലുബാങ്കുകൾ സ്ഥാപിക്കുവാൻ നീക്കിവച്ചിരുന്നെങ്കിൽ രാജ്യത്തിനു കുറെക്കൂടി ക്ഷേമകരമായിരിക്കും. ഇതു ചെയ്യാത്തപക്ഷം നാട്ടിലെ സാധാരണന്മാരായ കൃഷിക്കാരും സന്തുഷ്ടരായ കൃഷിവേലക്കാരും താമസിയാതെ ഇല്ലാതെയായിത്തീരും.

ഈ ഘട്ടത്തിൽ ജന്മികുടിയാൻ ഭേദഗതിയെപ്പറ്റിയും ഞാൻ ഒരു വാക്കു പറയുന്നു. ഇതിനെപ്പറ്റി വളരെയധികം പറഞ്ഞുകഴിഞ്ഞിട്ടുണ്ടെങ്കിലും ഗവർമ്മെന്റ് അവയെ ഗൗരവമായി സ്വീകരിക്കുന്നില്ലെന്നു തോന്നുന്നു. മേൽപ്പറഞ്ഞ താലൂക്കുകളിലെ ഭൂരിപക്ഷം ആയക്കെട്ടുവസ്തുക്കളും ജന്മവസ്തുക്കളാണ്. ഇപ്പോൾ കൃഷിയിൽനിന്നുള്ള ആദായങ്ങൾ കുറഞ്ഞുവരുന്നതുകൊണ്ടു കുടിയാനവന്മാർക്കു ആ വസ്തുക്കളിലുള്ള ഭോഗങ്ങൾ കൊടുക്കുന്നതു പ്രയാസമായിരിക്കുന്നു. ഇതിന്റെ ഫലം ജന്മിക്കും കുടിയാനവനും നഷ്ടംവരുന്ന ചിലവേറിയതും ദീർഘവുമായ വ്യവഹാരം മാത്രമാണ്. അതിൽ എന്തെങ്കിലും ലാഭം കിട്ടുന്നെങ്കിൽ അതു കാര്യസ്ഥനും വക്കീലിനുമാണു പോകുന്നതു്. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടതു വളരെ അത്യാവശ്യമായിരിക്കുന്നു.

വിദ്യാഭ്യാസവിഷയത്തിൽ നാം വളരെയധികം ചിലവാക്കിവരികയായിരുന്നല്ലോ. വിദ്യാഭ്യാസച്ചിലവു ക്രമാതീതമായി വർദ്ധിച്ചുപോകുന്നതുകൊണ്ടു അതിനു ഒരു കുറവു ചെയ്യേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. നാം നമ്മുടെ ആകെയുള്ള നികുതിവരവിൽ [illegible] ശതമാനവും ജനസംഖ്യയിൽ ആളൊന്നുക്കു ഒരു രൂപയോളവും ഇതിലേക്കു ചിലവാക്കുന്നുണ്ട്. നമ്മുടെ രാജ്യത്തിലെ അവസ്ഥകൾ അറിഞ്ഞുകൂടാത്തവരുടെ അഭിപ്രായത്തിൽ നമ്മെ ഉയർത്തുവാൻ ഈ കണക്കുകൾ സഹായിച്ചേക്കുമായിരിക്കാം. നാം കൊടുക്കുന്ന വിദ്യാഭ്യാസം ആ വിദ്യാഭ്യാസം സിദ്ധിച്ചവരെ മിടുക്കന്മാരും കൂടുതൽ പ്രാപ്തിമാന്മാരും ആയ ജോലിക്കാരാക്കുവാൻ സഹായിച്ചെങ്കിൽ മാത്രമേ

ങ്ങിനെയുള്ള ക്രമാതീതമായ വിദ്യാഭ്യാസച്ചിലവു സാധൂകരിക്കുവാൻ നിവൃത്തിയുള്ളു. ഇവിടെനേരമെറിച്ചു ഒരു വിദ്യാഭ്യാസം ചെയ്കയാലും സാഹിത്യശാഖയിൽ ഗവമെൻറ ജീവനക്കാരും, വക്കീലന്മാരും ക്ലാർക്കന്മാരും ആയിട്ടല്ലാതെ ജോലിചെയ്യുവരുന്നില്ല. ഈകാര്യത്തിൽ കൂടുതൽ ചിലവു നിറുത്തേണ്ടതാണ്. ഗവമെൻറു ഒന്നോ രണ്ടോ മാതൃകാസ്ഥാപനങ്ങൾ തലസ്ഥാനത്തുവെടത്തിക്കൊണ്ടുഹൈസ്കൂളുകളും മിഡിൽസ്കൂളുകളും കഴിവുള്ളിടത്തോളം സ്വകാര്യ സംഘങ്ങൾക്ക വിട്ടുകൊടുക്കേണ്ടതാണ്. ഈ ജോലി ഏൽക്കുന്നതിന മനസ്സും കഴിവും ഉള്ളപൊതുജനസംഘങ്ങൾ കാണുവാൻ പ്രയാസമുള്ളതല്ല.

സർ, നമ്മുടെ ഉയരസ്ഥമായ സ്ഥലങ്ങളിലെ ഉൾദേശങ്ങളിൽപോലും വൈദ്യസഹായം കിട്ടത്തക്കവിധത്തിൽ കൂടുതൽ ആസ്പത്രികൾ ഉറക്കുന്നതിൽ നിങ്ങൾ കാണിച്ചിട്ടുള്ള ശുഷ്കാന്തിയ്ക്കും കാരുണ്യത്തിനും ഞങ്ങൾ ഏററം കൃതജ്ഞതയുള്ളവരായിരിക്കുന്നു. തിരുവിതാംകൂറിന്റെ പലയിടത്തും ക്ഷയം പരന്നിട്ടുണ്ടെന്നും മദനപ്പള്ളിയിലെ സാനിട്ടോറിയത്തിലുള്ള രോഗികളിൽ മിക്കവരും തിരുവിതാംകൂറുകാരാണെന്നുള്ളതും പ്രസിദ്ധമാണ്. ഈ സാനിട്ടോറിയത്തിൽ പ്രവേശനം ഇപ്പോൾ കൂടുതൽ പ്രയാസകരമായിവരുന്നു എന്നുമാത്രമല്ല ആ സ്ഥലത്തിന്റെ ഗുണവും ഉപയോഗവും ശീതോഷ്ണാവസ്ഥയിലുള്ള എന്തോമാററങ്ങൾ നിമിത്തം ഇല്ലാതായി തീരുകയും ചെയ്യുന്നു. നമുക്ക ഈകാര്യത്തിന അതിവിശേഷമായി യോജിച്ച ഒരുസ്ഥലം കന്യാകുമാരിക്കടുത്തുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): അതുകോട്ടയത്തേ ഏതെങ്കിലും കുന്നുമ്പുറങ്ങളിൽ ആക്കുന്നതിൽ മെംബർക്ക എന്തെങ്കിലും വിസമ്മതമുണ്ടോ?

മി. കെ. കെ. തോമസ് (കോട്ടയം): അതുതെക്കൻതിരുവിതാംകൂറിൽ മാത്രമെപാടുള്ളു, (ചിരി) ഈസംഗതിയ്ക്കന്നിലധികം പ്രാവശ്യം ഈ കൗൺസിലിൽ നിർബന്ധിച്ചിട്ടുള്ളതാണ്. അവിടെ ഒരുക്ഷയരോഗചികിത്സാപത്രിഗവമെൻറ നേരിട്ടോ അല്ലെങ്കിൽ ഏതെങ്കിലും മെഡിക്കൽ സംഘത്തിന്റെ സഹായത്തോടുകൂടിയോ സ്ഥാപിക്കുന്ന പക്ഷം അതു തിരുവിതാംകൂറിന്റെ ക്ഷേമത്തിന കാരണമായിരിക്കും. അടുത്തകാലങ്ങളിൽ ഉത്തര തിരുവിതാംകൂറിലെ ഗതാഗതസൗകര്യവിഷയത്തിൽ കാണിച്ചിട്ടുള്ള ശ്രദ്ധക്ക ഞങ്ങൾ ഗവമെൻറിനോട് നന്ദിയുള്ളവരായിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നമുക്കസമർപ്പിച്ചിട്ടുള്ള ബഡ്ജററ അടുത്തകാലംകൊണ്ടു സൗകര്യം കോട്ടയം, ആലുവ എന്നീഡിവിഷനുകളിലും ഉണ്ടാക്കുന്നതിനവേണ്ട കരുതൽചെയ്തിട്ടില്ലയോ?

മി. കെ. കെ. തോമസ് (കോട്ടയം): അതുപോരഎന്നു ഞാൻപറയുന്നു,

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്); കോട്ടയത്തിനു കിട്ടേണ്ട സൗകര്യത്തിന്റെ അംശം എന്താണ്?

മി. കെ. കെ. തോമസ് (കോട്ടയം): അതുജനസംഖ്യക്രമത്തിന കണക്കാക്കേണ്ടതായ ഒരുസംഗതിയല്ല. ഞാൻപറയുന്നതു വളരെഇനിയും ചെയ്യേണ്ടതായിരിക്കുന്നുഎന്നാണ്. എന്നാൽ ഇപ്പോൾ ചെയ്തുകഴിഞ്ഞിരിക്കുന്നവെല ചെയ്യുവാനിരിക്കുന്നതിനോടു താരതമ്യപ്പെടുത്തിയാൽ നിസ്സാരമാണ്. മദ്ധ്യതിരുവിതാംകൂറിലെയും ഉത്തരതിരുവിതാംകൂറിലെയും ജനങ്ങളുടെ മനഃപൂർവ്വമായ സഹകരണം ഗവമെൻറിനു ആശിക്കാമെന്നു കാണുന്നതിനാൽ ഗതാഗതവിഷയത്തിലുള്ള ചിലവു പകുതി കുറക്കാവുന്നതാണ്.

ഉത്തരതിരുവിതാംകൂറിൽ കൂടുതൽ ജലസേചനക്രിയകൾ നടത്തുന്നതിന ഞാൻ നിർബന്ധിച്ചുകൊണ്ടിരിക്കയായിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഉത്തരതിരുവിതാംകൂറിന്റെ ഏതുഭാഗത്തിനാണു ജലസേചനക്രിയകൾ അവശ്യമായിരിക്കുന്നതെന്നു എനിക്ക അറിഞ്ഞാൽകൊള്ളാം.

മി. കെ. കെ. തോമസ് (കോട്ടയം): പലഭാഗത്തിനും.

മി. എം. ശിവതാണുപിള്ള (തോവാള): ചില പ്രത്യേകഭാഗങ്ങൾ?

മി. കെ. കെ. തോമസ് (കോട്ടയം): കോട്ടയം, ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ജലസേചനമെന്നാൽ ജലം കയററിവിടുകയും പുറത്തുകളകയും ചെയ്ക എന്നർത്ഥമാകണം.

മി. എം. ശിവതാണുപിള്ള (തോവാള): വെള്ളം പുറത്തുവിടുന്നതു് ജലവിസർജ്ജനം (ഡ്രെയിനേജ്) ആകുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ഗവമെൻറ വലിയ തുകകൾ ചിലവാക്കിയിട്ടുള്ള പലവേലകളും ഉണ്ട്. അവയെ പിൻതുടരുവാൻ ആളുകൾ ഇല്ലാത്തതുകൊണ്ടു ഉപയോഗശൂന്യമോ ഉപയോഗം കുറഞ്ഞവയോ ആയിട്ടാണു ഇപ്പോൾ ഇരിക്കുന്നതു്. അതിനു ഒരു ഉദാഹരണം നാല്പതു കൊല്ലംമുമ്പ് വെട്ടിയിട്ടുള്ള കനാലാണ്. അതിന്റെ രണ്ടോ മൂന്നോ അടിമൂടി അകത്തിക്കുഴിക്കുകയാണെങ്കിൽ അതിനു വടക്കുംതെക്കുമുള്ള പുഞ്ചകൃഷിനിലങ്ങൾ ഏറെയും അതു അഭിവൃദ്ധിപ്പെടുത്തുന്നതാണ്. എന്നാൽ വടക്കുള്ള നിലങ്ങൾ വററിക്കുന്നതിനും മററാവശ്യങ്ങൾക്കവേണ്ട എക്കൽകൊടുക്കുന്നതിനും സാധിക്കും. ഈ കൃത്യത്തിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാർ ശ്രദ്ധിക്കണമെന്നു ഞാൻ നിർബന്ധിക്കുന്നു. ഈഘട്ടത്തിൽ കൊട്ടാരക്കര-ആലുവാ റെയിൽവെ ലൈൻ എളുപ്പം പണിതീർക്കേണ്ടതിന്റെ ആവശ്യത്തെപ്പററി ഞാൻ ഗവമെൻറിനോടു നിർബന്ധപൂർവ്വം അപേക്ഷിക്കുന്നു.

മി. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): നമുക്ക റെയിൽവെ പ്രോഗ്രാമിനെപ്പററി സംസാരിക്കാമോ?

മി. കെ. കെ. തോമസ് (കോട്ടയം): നമ്മൾ നയത്തെസംബന്ധിച്ചു വാദിക്കയല്ല. ഈ വിഷയം പലവർഷങ്ങളായി തുടർച്ചയായി ഗവമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ചുരുങ്ങിയ യാത്രക്കൂലിയ്ക്കല്ലാതെ ഇപ്പോഴത്തെ ബസ് സർവീസ് നിരന്തരവും സുഖകരവുമായിരിക്കുമെന്നു ആശിക്കുവാൻ നിവൃത്തിയില്ലാത്തതാണ്. കഠിനമായ മത്സരംകൊണ്ടും പോലീസ് സിൽബന്ധികളുടെ പിഴകൊണ്ടും അവയിൽ പലതും നഷ്ടത്തിലാണ് ഓടിക്കൊണ്ടിരിക്കുന്നതു്. ഈ വിഷയത്തിൽ പൊതുജനാഭിപ്രായം എപ്പോഴും വളരെ ശക്തിമത്തായിട്ടാണ് കണ്ടിട്ടുള്ളതു്. അതുകൊണ്ടു നമ്മുടെ റെയിൽവെ ആലുവാവരെ നീട്ടുകയും ആവശ്യംപോലെ അവയെ പോഷിപ്പിക്കുവാൻവേണ്ട റോഡുകളും തോടുകളും ഉണ്ടാക്കുകയും ചെയ്യാത്തപക്ഷം നാം പണിതിട്ടുള്ള ലൈനിൽകൂടെ ആദായം ഉണ്ടാകുന്നതല്ല. അടുത്ത ഭാവിയിൽതന്നെ നമുക്ക റെയിൽവെ ഉണ്ടാകുവാൻപോകുന്നോ എന്നുള്ള കാര്യത്തിൽ വലിയ ഉൽക്കണ്ഠ ജനങ്ങൾക്കുണ്ട്.

ഈ അവസരത്തിൽ ഞാൻ ടോൾഗേറ്റുകളുടെ കാര്യത്തെപ്പറ്റിക്കൂടി പ്രസ്താവിക്കാം. കഴിഞ്ഞ കൊല്ലത്തിലെ ബഡ്ജറ്റ്സെഷനിൽ പെരുവഴികളിലും തോടുകളിലും നിന്നു വസൂൽചെയ്യുന്ന ടോളുകൾക്കു വിപരീതമായി നാം ഒരു പ്രമേയം പാസ്സാക്കി. ഞാൻ നിർബന്ധിച്ചത് സകല ടോളുകളും നിറുത്തൽ ചെയ്യണമെന്നല്ല. എന്നാൽ നാട്ടിലെ ഭാരവണ്ടികൾ എല്ലാം ടോൾകൊടുക്കുന്നതിൽനിന്നും ആകമാനം ഒഴിവാക്കണമെന്നും, ബസ്സുകൾ ൨൪ മണിക്കൂറിൽ ഒരു തവണയിൽ ഒരു ടോൾമാത്രം കൊടുക്കേണ്ടതായിരിക്കണമെന്നും ആയിരുന്നു. ഇതുസംബന്ധമായി സാരമായ യാതൊന്നുംതന്നെ ചെയ്തിട്ടില്ലെന്നുള്ളതു വളരെ പരിതാപകരമാണ്. ഒരിക്കൽക്കൂടി ഈ സംഗതി ഞാൻ ഗവർമെന്റിന്റെ ദയവായ ആലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു. അതു കച്ചവടത്തിനും വ്യാപാരത്തിനും സാധുക്കളിൽ പലപ്രകാരത്തിൽ സങ്കടങ്ങൾ പ്രദാനംചെയ്യുന്നതും ആയ ഒരു കരമാകുന്നു.

മി. കൊച്ചുപിള്ളയിൽ ആർ. രാമൻപിള്ള (കൊല്ലം): സർ, ഫൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ ബഡ്ജറ്റിലെ മുഷിപ്പിക്കുന്ന കണക്കുകളെ വിശദീകരിക്കുന്നതിനു ഗ്രാഫ് വരച്ചിരിക്കുന്നതായി പറഞ്ഞിരിക്കുന്നു. എന്നാൽ ഇത് ആരുടെ സൌകര്യത്തിനാണെന്ന അദ്ദേഹംതന്നെ പറഞ്ഞുമനസ്സിലാക്കിത്തരേണ്ടിയിരിക്കുന്നു. നിശ്ചയമായിട്ടും അതു നിയമസഭാംഗങ്ങളുടെ സൌകര്യത്തിനായിട്ടല്ല. സഭാംഗങ്ങൾക്കു അതു ഉപകരിക്കണമെങ്കിൽ അതിന്റെ ഓരോ പ്രതികൾ സെക്രട്ടറി അവരിൽ ഓരോരുത്തർക്കും നൽകേണ്ടതായിരുന്നു. വിവിധവർണ്ണങ്ങൾകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള ആ ഗ്രാഫ് ഇപ്പോൾ കൌൺസിൽഹാളിന്റെ ചുമരുകൾ അലങ്കരിക്കുവാൻമാത്രമേ ഉപയോഗപ്പെടുന്നുള്ളു. കൌൺസിൽഹാളിൽപോയി സൌകര്യംപോലെ അതു നോക്കി മനസ്സിലാക്കാമെന്നു വിചാരിക്കുന്നവർക്കുപോലും, കഴിഞ്ഞ രണ്ടു ദിവസമായി ഹാൾ പൂട്ടിയിട്ടിരുന്നതുകൊണ്ടു അതിനു സാധിച്ചിട്ടില്ല. ബഡ്ജറ്റിന്റെ പൊതുനിരൂപണത്തിനു അതു ഉപകരിച്ചിട്ടില്ലെന്ന് പ്രസ്താവിക്കാതെ തരമില്ല.

പുതിയ ബഡ്ജറ്റിലെ പ്രതീക്ഷ ൧൧൦൩–ൽ മുതലെടുപ്പ് ൨൨൯ ലക്ഷം രൂപായും ചിലവ് ൨൨൧ ലക്ഷം രൂപായും ആയിരുന്നേയ്ക്കുമെന്നാണ്. ൧൧൦൧–ലെ കണക്കനുസരിച്ച വരവ് ൨൨൧ ലക്ഷം രൂപായും ചിലവ് ൨൧൯ ലക്ഷം രൂപായുമാണ്. തന്നാണ്ടത്തെ പുതുക്കിയ കണക്കിൻപ്രകാരം വരവ് ൨൩൪ ലക്ഷം രൂപായും ചിലവ് ൨൦൭ ലക്ഷം രൂപായുമാകുന്നു. ഈ കണക്കുകൾ കണ്ടാൽ പ്രഥമദൃഷ്ടിയിൽ ഇതു ഒരു തൃപ്തികരമായ കോശസ്ഥിതികാണിക്കുന്ന ബഡ്ജറ്റാണെന്ന് തോന്നിപ്പോകും. യഥാർത്ഥത്തിൽ ഈ അഭിപ്രായം ശരിയാണെന്നു എനിക്കു തോന്നുന്നില്ല. ജനങ്ങളുടെ അത്യാവശ്യങ്ങൾക്കു വേണ്ടതുപോലെ ചിലവാക്കി ജനങ്ങളുടെ ഭാരങ്ങൾ കഴിയുന്നിടത്തോളം കുറച്ച്, മിച്ചംവരുത്തുവാൻ ശ്രമപ്രയത്നം ചെയ്യാതെയും, എന്നാൽ വരവിലധികം ചിലവാക്കാതെയും ഇരിക്കുന്ന ഒരു ബഡ്ജറ്റിനെമാത്രമേ തൃപ്തികരമായ ബഡ്ജറ്റെന്നു പറയാവൂ. ഈ തോതനുസരിച്ചു പുതിയ ബഡ്ജറ്റ് പരിശോധിക്കുന്നപക്ഷം അതു തൃപ്തികരമായ ഒരു ബഡ്ജറ്റാണെന്നു പറയുവാൻ നിവൃത്തിയില്ലാതാണിരിക്കുന്നത്. ഇത് തെളിയിക്കുന്നതിനു ഈ സഭ്യേ ബഡ്ജറ്റിനെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതിനും അതു അനുവദിച്ചുകൊടുക്കുന്നതിനും ഒരുവിധം ശരിയായ അധികാരം ലഭിച്ചു എന്നു പറയുന്ന ൯൭ മുതൽ നാളതുവരെയുള്ള ഗവർമെന്റിന്റെ പ്രവൃത്തികൾ സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

൯൭–ൽ പൊതുജനങ്ങൾ അനുഭവിച്ചിരുന്ന പല സങ്കടങ്ങളും പരിഹരിക്കുവാൻ ഗവർമെന്റു പണമുതൽ ചിലവാക്കി ക്രമേണ ശ്രമിച്ചിരുന്നുവെങ്കിൽ അവർക്കു ഇപ്രകാരമുള്ള ഒരു സർപ്ലസ് ബഡ്ജറ്റു രൂപീകരിക്കുവാൻ സാധിക്കുകയില്ലായിരുന്നുവെന്നാണു എന്റെ അഭിപ്രായം. ൯൭–ൽ പൊതുജനങ്ങൾ അസഹ്യമായ പലവിധ സങ്കടങ്ങളും അനുഭവിച്ചുവന്നിരുന്നു. അസഹ്യമായ കരഭാരം, നിഷ്പ്രയോജനവും ഉപദ്രവകരവും ആരോഗ്യകരവുമായ സാഹിത്യവിദ്യാഭ്യാസം, തന്മൂലമുണ്ടാകുന്ന തൊഴിലില്ലായ്മ, കർഷകരുടെ അഭിവൃദ്ധിക്കു വിഘാതമായി നിൽക്കുന്ന സംഗതികൾ, ഗതാഗതമാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള അസൌകര്യങ്ങൾ, കുടിയാന്മാർ ജന്മികളിൽനിന്നു അനുഭവിച്ചുവരുന്ന സങ്കടങ്ങൾ, വിദേശികളുടെ ആക്രമണം, ആഹാരസാധനങ്ങൾക്കു ഇവിടത്തെ ജനങ്ങൾ അന്യദേശങ്ങളെ ആശ്രയിച്ചിരിക്കുന്ന സ്ഥിതി, വ്യവസായത്തിൽ ഈ നാട്ടുകാരുടെ പിന്നോക്കമുള്ളനില, ജനങ്ങൾക്കു താങ്ങുവാൻ പാടില്ലാത്തവിധത്തിലുള്ള പബ്ലിക്ക്സർവീസിലെ അധികച്ചിലവു, ഗവർമെന്റുദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതക്കുറവും അക്രമങ്ങളും അഴിമതികളും, ജനകീയഭരണത്തിനു തടസ്സമായി നിൽക്കുന്ന സംഗതികൾ, അധഃകൃതരുടെ ശോച്യാവസ്ഥ, വർദ്ധിച്ചുവരുന്ന മദ്യാസക്തി, മന്ത്, ക്ഷയം, കുഷ്ഠം ആദിയായ മഹാരോഗങ്ങളുടെയും ശിശുമരണങ്ങളുടെയും വർദ്ധന, ഇത്യാദി പല സങ്കടങ്ങളും അനുഭവിച്ചുവന്നു. അതിൽപിന്നെ ഗവർമെന്റു ന്യായമായവിധത്തിൽ പൊതുമുതൽ വിനിയോഗിച്ചു പരിഹാരം വരുത്തിട്ടുണ്ടോ എന്നു നോക്കുന്നപക്ഷം ഇല്ലെന്നുതന്നെയല്ല അവയിൽ പലതും പൂർവ്വാധികം വർദ്ധിച്ചിട്ടുണ്ടെന്നും പറയേണ്ടതായിവരും.

ദിവാൻ മിസ്റ്റർ രാഘവയ്യായുടെ പലതരത്തിലുള്ള കരംകൂട്ടുന്ന നയത്തിൽനിന്നു ജനങ്ങൾ പലവിധത്തിലുള്ള സങ്കടങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ആണ്ടായിരുന്നു ൯൭. അന്നത്തെ കോശത്തിന്റെ തൃപ്തികരമല്ലാത്ത സ്ഥിതിയും കാലാനുസൃതമായ ഭരണപരിഷ്കാരത്തിന്റെ ആവശ്യകതയുമാണ് അന്നു ഈ കരംകൂട്ടലിനു ന്യായങ്ങളായി ഗവർമെന്റു പറഞ്ഞിരുന്നതു. തിരുവിതാംകൂറിലെ രാഷ്ട്രീയഭാഷയിൽ ഭരണപരിഷ്കാരത്തിന്റെ അർത്ഥം ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു പണംപിടുങ്ങി വലിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുകയും വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളംകൂട്ടുകയുംചെയ്യുക എന്നുള്ളതാണു. ഇപ്പോഴത്തെ ഗവർമെന്റും ആ നയത്തിൽനിന്നു വേണ്ടിടത്തോളം വ്യതിചലിച്ചിട്ടില്ലെന്നുള്ളതിനു കരമൊഴിവുചുങ്കംവർദ്ധന, പുകയിലനികുതിവർദ്ധന, റയിൽവെ എൻജിനീയരുടെ സൃഷ്ടി ആദിയായവ ദൃഷ്ടാന്തങ്ങളാണു. ൯൭ മുതൽ ൧൧൦൧ വരെ ഗവർമെന്റിനു ചിലവുകഴിച്ചു മിച്ചംവരുത്തുവാൻ സാധിച്ചിട്ടുള്ള തുക നൂറുലക്ഷം രൂപയാണു. ഇതു ഗവർമെന്റിന്റെ ഭരണസാമർത്ഥ്യത്താൽ വന്നതാണെന്നു ചിലർ പറഞ്ഞേക്കാം. എന്നാൽ അതു ശരിയാണെന്നു എനിക്കഭിപ്രായമില്ല. ഈ വലിയ തുക മിച്ചംവരുത്തിയതു മി. രാഘവയ്യായുടെ പുതിയ കരംകൂട്ടലിനെ കുറച്ചിട്ടായിരുന്നുവെങ്കിൽ ഗവർമെന്റിനെ അഭിനന്ദിക്കാമായിരുന്നു. എന്നാൽ അതിനു നേരെമറിച്ചായിട്ടാണു അവർ മിച്ചംവരുത്തിയിട്ടുള്ളത്. ചന്തക്കരം, ടോൾസ്, കുട്ടനാട്ടിലെ വെള്ളക്കരം ആദിയായി സാധുജനങ്ങൾക്കു അതിസങ്കടകരമായി

ത്തിന്നിട്ടുള്ള പല കരങ്ങൾമൂലം അവർ ഇന്നും ഗവണ്മെൻറിനെ ശപിക്കുകയാണുചെയ്യുന്നതു. അന്തിച്ചന്തക്കരം മാത്രം നിറുത്തിയതുകൊണ്ടു പ്രയോജനമില്ല. ചന്തക്കരം പാടെ ഉൽമൂലനംചെയ്യേണ്ടതാണു. പുതിയ ബഡ്ജററു ആകമാനം നോക്കിയതിൽ ഈ സർപ്ലസിനു അനുസരണമായിട്ടുള്ള ഒരു നികുതിക്കുറവു വരുത്തിയിട്ടുള്ളതായി ഒരു സ്ഥലത്തും പ്രസ്താവിച്ചുകാണുന്നില്ല. ൧൯൩൯-ലെ ൫൯൫ ലക്ഷം രൂപ വരവിൽ ൪൨ ലക്ഷം ഭൂനികുതിയും ൫൭ ലക്ഷം ഉപ്പുനികുതിയും ൪൪ ലക്ഷം എക്സൈസ്നികുതിയും ൨൪ ലക്ഷം സ്റ്റാമ്പുനികുതിയും ആയിരുന്നു കാണുന്നതു. ൧൯൫൦-൫൧-ലെ ൨൨൫ ലക്ഷം രൂപ വരവിൽ ൪൭ ലക്ഷം ഭൂനികുതിയും ൫൬ ലക്ഷം ഉപ്പുനികുതിയും ൪൮ ലക്ഷം എക്സൈസ്നികുതിയും ൨൩ ലക്ഷം സ്റ്റാമ്പുനികുതിയുമാകുന്നു. ഇങ്ങനെ ജനങ്ങളുടെ ആവശ്യസാധനങ്ങളായ ഭൂമിയിലും ഉപ്പിലും കരംചുമത്തിയും, അവരെ മദ്യപാനത്തിലും ദ്രവ്യവഹാരത്തിലും പ്രേരിപ്പിച്ചുമാണു ഗവണ്മെൻറു അവരുടെ മുതലെടുപ്പിൽ പകുതിയിലധികംഭാഗവും അന്നും ഇന്നും ഉണ്ടാക്കിയിട്ടുള്ളതു. ൧൯൫൦-ലെ പുതുക്കിയ കണക്കിൽ എക്സൈസ്നികുതി ൭൨ ലക്ഷമായി വർദ്ധിച്ചിരിക്കുന്നു. ഇതിൽ പുകയിലനികുതിയുംകൂടിയുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അബ്കാരിയും കറുപ്പും സംബന്ധിച്ച നികുതിമാത്രം എടുത്തുനോക്കിയാൽതന്നെയും അതു ൧൯-ലെ ൨൫ ലക്ഷം രൂപയിൽനിന്നു ൧൯൫൦-ലെ പുതുക്കിയ കണക്കിൽ ൩൫ ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നു കാണാവുന്നതാണു. ഇതു ഗവണ്മെൻറിനു തെല്ലും അഭിമാനകരമല്ല. മദ്യവർജ്ജനപ്രസ്ഥാനത്തോടു ഗവണ്മെൻറിനുള്ള അനുകമ്പ എത്രമാത്രമുണ്ടെന്നു വ്യക്തമാകുന്നില്ല.

മേൽപ്പറഞ്ഞ രണ്ടു കൊല്ലങ്ങളിലെയും ചിലവിനങ്ങളെ പരിശോധിക്കുകയാണെങ്കിൽ ജനങ്ങളുടെ ശ്രേയസ്സിനു അവശ്യം വേണ്ടതായ പോഷകവകുപ്പുകൾക്കു ഗവണ്മെൻറു വേണ്ടതുപോലെ ചിലവാക്കുന്നില്ലെന്നു കാണാവുന്നതാണു. ഗതാഗതമാർഗ്ഗങ്ങൾക്കു ൧൯-ൽ ൫൩ ലക്ഷം രൂപ ചിലവാക്കുകയുണ്ടായി. ൧൯൫൦-ൽ അതു ൫൭ ലക്ഷമായി കുറയുകയാണുചെയ്തതു. പ്രൊഡക്റ്റീവ് ഇറിഗേഷൻവേലകൾക്കു ൧൯-ലെ ൩൨,൦൦൦ രൂപ ൧൯൫൦-ൽ രണ്ടുലക്ഷമായി വർദ്ധിച്ചുവെങ്കിലും ഈ വർദ്ധന ലേശവും തൃപ്തികരമല്ലെന്നേ ഈ രാജ്യത്തിലെ സ്ഥിതികൾ സൂക്ഷ്മമായി അറിയുന്നവർ പറകയുള്ളു.

ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു കരം വസൂലാക്കുന്നതുകൂടാതെ അന്യ ഗവണ്മെൻറുകളിൽനിന്നു നമുക്കു ലഭിക്കേണ്ട തുകകളെ ഈടാക്കുന്നതിൽ ഗവണ്മെൻറു അലസത പ്രകടിപ്പിക്കുന്നുണ്ടു്. വിരുദനഗർ-തെങ്കാശി റെയിൽവേ മൂലമുണ്ടാകുന്ന തിരുവിതാംകൂറിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ വേണ്ട മാർഗ്ഗങ്ങളെപ്പററി താൻ എസ്. ഐ. ആർ. കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സുമായി ആലോചിച്ചു എന്നു ദിവാൻജി അവർകൾ ൨൨-ാമത്തെ പ്രജാസഭാപ്രസംഗത്തിൽ പറഞ്ഞിരുന്നു. ഈ റെയിൽവേ തുറന്നിട്ടു ഇപ്പോൾ കുറെ മാസങ്ങൾകഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഇതിൽനിന്നുണ്ടാകുന്ന നഷ്ടപരിഹാരമാർഗ്ഗങ്ങളെപ്പററി ഒരക്ഷരംപോലും ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞുകാണുന്നില്ല. ഈ മൌനം അർത്ഥവത്താണു്. ൧൯൧൯-ലെ ബഡ്ജററിൽ രണ്ടു ലക്ഷം രൂപ റെയിൽവേയിൽനിന്നു കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നു. ഇങ്ങിനെ ചെയ്തതു വിരുദനഗർ-തെങ്കാശി റെയിൽവേയുടെ കാര്യത്തെപ്പററി ജനങ്ങളുടെ കണ്ണിൽ മണ്ണിടാനല്ലെങ്കിൽ മറെറന്തിനുവേണ്ടിയാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

തിരുവനന്തപുരം ടൌണിലേക്കുള്ള റെയിൽവേനീട്ടൽ, ആ ടൌണിലെ ജലസംഭരണപദ്ധതി, ഇലക്ട്രിക് ശക്തിവിതരണപദ്ധതി, ഇത്യാദി ഭാവിതലമുറകൾക്കുംകൂടി ഉപകാരപ്രദമായിത്തീരുന്ന പോഷകപദ്ധതികൾക്കു ഇന്നത്തെ ആളുകളെ ഞെക്കിപ്പിഴിഞ്ഞെടുത്തിട്ടുള്ള മിച്ചത്തെ വിനിയോഗിക്കുന്ന നയത്തെ എനിക്കു എൻെറ സർവ്വശക്തികളും ഉപയോഗിച്ചു ആക്ഷേപിക്കാതെ ഗത്യന്തരമില്ല. ഭാവിതലമുറകളും ഭാരംവഹിക്കേണ്ടിവരുന്ന ലോൺസ് (കടം) കൊണ്ടുവേണം ഇത്തരം പോഷകപദ്ധതികൾ വേണമെങ്കിൽ ഉണ്ടാക്കേണ്ടതു. കൂടാതെ നാട്ടുമ്പുറത്തുകാരുടെ കൃഷിസൌകര്യം മുതലായ പല ആവശ്യകാര്യങ്ങൾക്കും പണം ചിലവാക്കാതെ, തലസ്ഥാനനഗരവാസികളുടെ സുഖജീവിതത്തിനായി വമ്പിച്ച തുകകൾ പൊതുമുതലിൽനിന്നും ചിലവാക്കുന്നതു ഒട്ടുംതന്നെ നന്നല്ലെന്നാണു് എനിക്കു തോന്നുന്നതു്.

൧൯-ൽ കോളേജ്, സെക്കണ്ടറി എന്നീ ഇംഗ്ലീഷ് വിദ്യാഭ്യാസവകുപ്പുകളിലേക്കായി ൭ ലക്ഷം രൂപാ ഗവണ്മെൻറു ചിലവാക്കി. ൧൯൫൦-ലെ ബഡ്ജററിൽ അവർ ഇതിനെ ൫൫ ലക്ഷം രൂപായായി വർദ്ധിപ്പിച്ചിരിക്കുന്നു. മലയാളം സ്കൂൾവിദ്യാഭ്യാസത്തിനു അവർ ൧൯-ൽ ൫൪ ലക്ഷം രൂപായും ൧൯൫൦-ലെ ബഡ്ജററിൽ ൫൭ ലക്ഷം രൂപായും ആണു് വിനിയോഗിച്ചിട്ടുള്ളതു്. കോളേജ് വിദ്യാഭ്യാസത്തിനും സെക്കണ്ടറി വിദ്യാഭ്യാസത്തിനുമായി ചിലവാക്കിയിട്ടുള്ള സംഖ്യക്കനുസരണമായ ഗുണം പൊതുജനങ്ങൾക്കു ഉണ്ടായിട്ടുണ്ടോ എന്നു നോക്കുമ്പോൾ, അതുണ്ടായിട്ടില്ലെന്നുമാത്രമല്ല, അതുമൂലം ഗുണത്തിലധികം ദോഷമാണുണ്ടായിട്ടുള്ളതെന്നു കാണാവുന്നതാണു്. ഈ ഉയർന്ന വിദ്യാഭ്യാസംനിമിത്തം തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്നു. തൊഴിലില്ലായ്മക്കമ്മിററിയുടെ ചിലവും ഇതുനിമിത്തമുണ്ടായിട്ടുള്ള ഒരു പാഴ്ചിലവാണു്. ജാതിസ്പർദ്ധയുടെ വർദ്ധന, ഉദ്യോഗമത്സരബാഹുല്യം, കൃഷിക്കും വ്യവസായത്തിനും തട്ടിയിട്ടുള്ള കേടുകൾ, ചെറുപ്പക്കാരുടെ ആരോഗ്യമില്ലായ്മ, അവരുടെ ഉയർന്നതരത്തിലുള്ള സുഖജീവിതരീതി, അതിവ്യയശീലം, ധനികന്മാരുടെ വർദ്ധനയും തൻമൂലം അവരുടെ ഇടയിൽ ഉണ്ടാകുന്ന തൊഴിൽസംബന്ധമായ ഉന്തടപ്പും, വ്യവഹാരവർദ്ധന, ഇത്യാദിപലദോഷങ്ങളും ഈ നാട്ടിൽ ഈ വിദ്യാഭ്യാസം ഉണ്ടാക്കിത്തീർത്തിരിക്കുന്നു. ഇതെല്ലാം അറിഞ്ഞുംകൊണ്ടു ഈതരത്തിലുള്ള വിദ്യാഭ്യാസത്തിനു പ്രത്യേകിച്ചു് ഗേൾസ്കാളേജിലെയും സയൻസ്കാളേജിലെയും ചില പുതിയവേലകൾക്കായി കൂടുതൽ പണം അനുവദിക്കണമെന്നു പുതിയ ബഡ്ജററിൽ ഗവണ്മെൻറു ആവശ്യപ്പെട്ടിരിക്കുന്നതു കണ്ടാൽ കഷ്ടതരമെന്നേ പറയാവൂ. ജനങ്ങൾക്കു ആവശ്യംവേണ്ടതായ പ്രാഥമികവിദ്യാഭ്യാസത്തിനോടു ഗവണ്മെൻറു അനാദരവു പ്രകടിപ്പിക്കുന്നതു ഒരു പരിഷ്കൃതഗവണ്മെൻറിനു യോജിച്ചതല്ല. പ്രാഥമിക അദ്ധ്യാപകന്മാരുടെ ശമ്പളക്കൂടുതലിനെപ്പററിയുള്ള റിപ്പോർട്ടുപരിശോധിച്ചു അവർക്കു ശമ്പളം കൂട്ടിക്കൊടുക്കാതെയിരിക്കുന്നതും പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ട പണം ചിലവാക്കാതെയിരിക്കുന്നതും ഈവിഷയത്തിൽ ഗവണ്മെൻറു കാണിക്കുന്ന ശിക്ഷാർഹമായ ഉപേക്ഷയ്ക്കു ദൃഷ്ടാന്തങ്ങളാണെന്നുമാത്രമേ തൽക്കാലം ഞാൻ പറയുന്നുള്ളു.

തിരുവിതാംകൂറിലെ ജനങ്ങളുടെ ആഹാരസാധനങ്ങളും ധനസ്ഥിതിയും വർദ്ധിപ്പിക്കുന്നതിനു പുതിയബഡ്ജററിൽ ഗവണ്മെൻറു ഒരുപദ്ധതിയും രൂപീകരിച്ചുകാണുന്നില്ല. വിദേശങ്ങളിൽ, ഇവിടെ ഇറക്കുമതിചെയ്യുന്ന

അരിയുടേയും നെല്ലിന്റേയും അളവു നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഈ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളുടേയും ജീവനോപാധിയും തൻമൂലം രാജ്യത്തിന്റെ ശരിയായ അഭിവൃദ്ധിക്കും അത്യാവശ്യമായിത്തീർന്നിരിക്കുന്ന ഒരു സ്ഥാപനമാണ് ഒരു ലാൻഡ് മോർട്ടുഗേജ് ബാങ്ക്. ഇതു സ്ഥാപിക്കണമെന്നു ഒരു പൊതുജന ഡെപ്യൂട്ടേഷൻ ദിവാൻജിയെ സന്ദർശിച്ചു ആവശ്യപ്പെട്ടുഎന്നും അവർക്കു ലഭിച്ചമറുപടി നിരാശാജനകമാണെന്നും കേൾക്കുകയുണ്ടായി. ഇതു വാസ്തവമാണെങ്കിൽ ഗവണ്മെന്റിന്റെ ഈനിലയെ ഞാൻ കഠിനകഠിനം ആക്ഷേപിക്കുകയാണ് ചെയ്യുന്നതു്.

വിദേശികൾക്കു ധാരാളമായി ഭൂമിപതിച്ചുകൊടുക്കുന്ന നയം നാട്ടിന്റെ ശ്രേയസിനെ സാരമായവിധത്തിൽ തടസ്സപ്പെടുത്തുന്നതാണ്. അനേകലക്ഷം ഏക്കർ സ്ഥലം ബ്രൂക്ക്ബോണ്ടുകമ്പനിക്കു പതിച്ചുകൊടുക്കുന്നതിനായി നടപടിയെടുത്തിരുന്നതിനെപ്പററിപൊതുജനങ്ങൾനേരിട്ടും അവരുടെ പ്രതിനിധികൾമുഖേന ഈ സഭയിലും പ്രജാസഭയിലുംവെച്ചു പ്രതിഷേധംപുറപ്പെടുവിച്ചിട്ടും, അവയെ ഒന്നും ഗണ്യമാക്കാതെ കമ്പനിക്കു വേണ്ടതുപറഞ്ഞുകൊണ്ടേത്രേ ഗവണ്മെന്റു ആ നശിച്ച പദ്ധതിയെ നിരാകരിച്ചതും ഗവണ്മെന്റിനും ജനങ്ങൾക്കും ഒന്നുപോലെ ആക്ഷേപകരമാണ്. തിരുവിതാംകൂർ ഗവർണ്മെന്റിനെക്കാൾ കമ്പനിക്കാണ് ഇവിടത്തെ ജനങ്ങളോടു അനുകമ്പയുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ ചില്ലറയായി അനേകായിരം ഏക്കർ ഭൂമി വിദേശികൾക്കു പതിച്ചുകൊടുത്തിട്ടുണ്ടെന്നു കേൾക്കുന്നതു വാസ്തവമാണെങ്കിൽ ഗവർണ്മെന്റിനെ കഠിനമായി ആക്ഷേപിക്കാതെഗത്യന്തരമില്ല. ദേവികുളംതാലൂക്കിൽ സ്വദേശികൾക്കു ഭൂമി പതിച്ചുകിട്ടുന്നതിനു പലതടസ്സങ്ങളും ഉണ്ടെന്നുംകേൾക്കുന്നു. വിദേശികൾക്കു ഒരിഞ്ചുസ്ഥലംപോലും സാധാരണമായി പതിച്ചുകൊടുക്കുകയില്ലെന്നുള്ള നിയമം വരേണ്ടകാലം അത്യാസന്നമായിരിക്കുന്നു എന്നാണ് എന്റെ ബലമായ അഭിപ്രായം.

ഇനി എനിക്കു പറയാനുള്ളതു ഈ രാജ്യത്തെ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഗവർണ്മെന്റു വേണ്ടതരത്തിൽ ഒന്നുംപ്രവൃത്തിക്കുന്നില്ല എന്നാണ്. അലങ്കാരത്തിനായിട്ടുമാത്രം വ്യവസായ ഡിപ്പാർട്ടുമെന്റു, കൃഷിഡിപ്പാർട്ടുമെന്റു ഇങ്ങിനെ രണ്ടുഡിപ്പാർട്ടുമെന്റുകൾ ഉണ്ടെന്നുള്ളതു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ആ ഡിപ്പാർട്ടുമെന്റിലെ അദ്ധ്യക്ഷന്മാരുടെ ശേഷിക്കുറവുകൊണ്ടോ, അതല്ല ഡിപ്പാർട്ടുമെന്റിലേക്കാവശ്യമുള്ള പണം അനുവദിച്ചുകൊടുക്കാതിരുന്നിട്ടോ ജനങ്ങളുടെ ആവശ്യത്തിനനുസരണമായ വേലകൾ ചെയ്യുന്നില്ലെന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. കൃഷിവ്യവസായത്തിനുവേണ്ട ന്യായമായ പ്രോത്സാഹനങ്ങൾ ഒന്നുംതന്നെ ഗവണ്മെന്റു ചെയ്യുന്നില്ല.

ഇനി എനിക്കു പറയാനുള്ളതു പബ്ലിക്സർവീസിലെ പുതിയ ഉദ്യോഗങ്ങളുടെ സൃഷ്ടിയെപ്പററിയാണ്. ഇപ്പോഴത്തെ ബഡ്ജററിൽനിന്നും ഒരു ഇൻകംടാക്സ് കമ്മീഷണരെ നിയമിക്കാൻപോകുന്നുവെന്നുകാണുന്നു. ഇതു രാജ്യത്തിൽ മുതലെടുപ്പുവർദ്ധിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണ്. എന്നാൽ ഇതിനെസംബന്ധിച്ചു ഒന്നുരണ്ടു കാര്യങ്ങൾകൂടി ചെയ്യാനുണ്ട്. അതായതു അനാവശ്യമായ പേഷ്കാരുദ്യോഗംനിർത്തണം. പണ്ടത്തെ പേഷ്കരല്ല ഇപ്പോഴത്തെ പേഷ്കാർ. പണ്ടു പേഷ്കാരന്മാർക്കു പലജോലികളും ഉണ്ടായിരുന്നു. ഇപ്പോൾ ഇൻകംടാക്സ് ജോലിയും അവരിൽനിന്നും വിടുന്നതുകൊണ്ടു ഇവരുടെ ആവശ്യമില്ല. ഡിവിഷൻ അസിസ്റ്റന്റന്മാരെ അസിസ്റ്റന്റുകമ്മീഷണർ എന്നോ മററു പേരുകൊടുത്തു നിയമിച്ചാൽ മതി. ഇങ്ങനെ ജൂഡിഷ്യറിയും എക്സിക്യൂട്ടീവും വേർതിരിക്കണം. തഹശീൽദാരന്മാരെ ജുഡിഷ്യറിയിൽനിന്നും സ്റ്റേഷനറിമജിസ്ട്രേട്ടുമാരുടെ നിയമനത്തോടുകൂടി വേർതിരിച്ചിട്ടുണ്ടു. ആ നയം വലിയ ഉദ്യോഗങ്ങളിലും കാണിച്ചാൽ മതി.

കോടതികളിൽ കുടിശ്ശികകൾ വരുന്നതിനെ പരിഹരിക്കാൻ ടെമ്പററി ജഡ്ജിമാരെയും മുൻസിഫന്മാരെയും നിയമിക്കുന്നനയം വളരെ ആക്ഷേപകരമാണ്. ഇങ്ങനെ കുടിശ്ശികതീർക്കുന്നതിനു ടെമ്പററി ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്തോറും കുടിശ്ശികയും വർദ്ധിച്ചുതന്നെ വരുകയാണെന്ന് എനിക്കുതോന്നുന്നു. ഇപ്പോൾ എല്ലാ പബ്ലിക്കു ആഫീസിലും കുടിശ്ശികകൾ ധാരാളമുണ്ട്. ഹജൂർ ആഫീസ്, ഹൈക്കോർട്ടുമുതലായ കീഴിലുള്ള എല്ലാ ആഫീസുകളിലും കുടിശ്ശികകൾ ഉണ്ട്. ഇനിഹജൂർആഫീസിലെ കുടിശ്ശികതീർക്കാൻ രണ്ടുദിവാൻജിമാർ വേണമെന്നു പറഞ്ഞേക്കാം. അതുകൊണ്ടു മേലുദ്യോഗസ്ഥന്മാരുടെസംഖ്യ വർദ്ധിപ്പിക്കേണ്ടതായിട്ടുതന്നെവരും. ഈ നയം ഉടനെമാററണം. കൂടുതലായിട്ടുജോലിചെയ്യുന്ന ക്രമംഅനുസരിച്ചു അവർക്കുപ്രമോഷൻ കൊടുക്കുന്നപക്ഷം കുടിശ്ശിക തീർച്ചയായിട്ടും കുറഞ്ഞുവരും.

മുൻസിപ്പാലിററികളെല്ലാം ഇപ്പോൾ വലിയ ഫെയിലിയർ ആണ്. മിക്ക മുൻസിപ്പാലിററികളും വലിയകുഴപ്പങ്ങളിലായി കഴിക്കയാണ്. അതിനുകാരണം എന്താണ് എന്നു ഗവണ്മെന്റു അന്വേഷിക്കണം. പണ്ടേയുള്ളകോടതി ശരിയായിട്ടു ജോലിചെയ്യാത്തതിനുള്ള കാരണത്തെപ്പററി അന്വേഷിക്കാൻ ഒരു കമ്മററിയെ ഏർപ്പെടുത്തണം. ഇവിടെ മോട്ടോർ വാഹനങ്ങളുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നതുകൊണ്ടു എല്ലാസ്ഥലത്തും റയിൽവെ നീട്ടണമെന്നു പറയുന്നതിൽ അർത്ഥമില്ല. അതിലേക്കായി പണംചിലവാക്കുന്നതുനന്നല്ല.

ഇനിഎനിക്കു പൊലീസ്ഡിപ്പാർട്ടുമെന്റിനെപ്പററി രണ്ടുവാക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇപ്പോഴത്തെ പൊലീസ്ഡിപ്പാർട്ടുമെന്റിലെ ഭരണം ശരിയായിട്ടു നടത്തിവരുന്നുണ്ടു. എന്നാൽ പൊതുജനമദ്ധ്യേ കുഴപ്പമായിട്ടു പെരുമാറുന്നവർ ഹെഡ്കാൺസ്റ്റേബിൾമാരും കാൺസ്റ്റേബിൾമാരുമാണ്. അവരുടെഇടയിൽ മദ്യപാനം കലശലായിട്ടു വർദ്ധിച്ചുവരുന്നുണ്ട്. ഇനിമേലാൽ കാൺസ്റ്റേബിൾമാരായിട്ടു നിയമിക്കപ്പെടുന്നവർ മദ്യപാനം ചെയ്യരുതു് എന്നു നിഷ്കർഷചെയ്യണം. പല കൊലക്കേസുകൾക്കും കാരണം ഇവരുടെ മദ്യപാനമാണ്. അതുകൊണ്ടു ഈ ഡിപ്പാർട്ടുമെന്റു വലിയ ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ള സകലഉദ്യോഗസ്ഥന്മാരും മദ്യപാനം ചെയ്യരുതു് എന്നു നിർബന്ധിക്കണം. അസിസ്റ്റന്റു പൊലീസ്സൂപ്രണ്ടെന്ന ഉദ്യോഗം നിറുത്തൽചെയ്യണം. ആ പണംകൊണ്ടു കാൺസ്റ്റേബിൾമാർക്കു ശമ്പളംകൂട്ടണം. ഇവർക്കുമാസംകിട്ടുന്ന ശമ്പളം ആഹാരത്തിനു മതിയാകാത്തതുകൊണ്ടാണ് ഇവർ ജനങ്ങളെ ഉപദ്രവിക്കുന്നതു്. ഈ അസിസ്റ്റന്റുസൂപ്രണ്ടുദ്യോഗം ഇവിടെ ആവശ്യമില്ല. സാധാരണജനങ്ങളാണ് ഇന്ന ഉദ്യോഗം സൃഷ്ടിക്കണമെന്നു ആവശ്യപ്പെടേണ്ടതു്. ഇവിടെ ഗവണ്മെന്റു നിർബന്ധിച്ചിട്ടാണ് ഉദ്യോഗം സൃഷ്ടിക്കുന്നതു്. അതുമല്ല. ആളുകൾക്കുവേണ്ടിയാണ് ഇപ്പോൾ ഉദ്യോഗംസൃഷ്ടിക്കുന്നതു്

മി. എം. ശിവതാണുപിള്ള (തോവാള) : ആളുകൾക്കുവേണ്ടി ഉദ്യോഗം സൃഷ്ടിക്കാറില്ലേ?

മി. തങ്കശ്ശേരിപ്പള്ളിയിൽ ആർ. രാമൻപിള്ള (കൊല്ലം) : ആളുകൾക്കുവേണ്ടി ഉദ്യോഗം സൃഷ്ടിക്കയാകുന്നു എന്നു എനിക്കൊന്നും പറവാനില്ല.

കൃഷിവായ്പാഗ്രഹിക്കുന്നവർ അനുസരിച്ചുള്ള കൃഷിവായ്പ യഥാർത്ഥ കൃഷി ആവശ്യത്തിനു ഉപയോഗപ്പെടുന്നില്ല. ഇപ്പോഴത്തെ കൃഷിവായ്പ കെട്ടിടം പണിയിക്കുന്നതിനോ മററുവല്ല ആവശ്യങ്ങൾക്കോ ആണു ഉപയോഗിക്കുന്നതു്. അതുകൊണ്ടു കൃഷിവായ്പ കൊടുപ്പാനുള്ള അധികാരം കൃഷിഡിപ്പാർട്ടുമെൻറിനു കൊടുത്താൽ ശരിയായിട്ടു നടക്കുമെന്നാണു എനിക്കുതോന്നുന്നതു്. കൃഷിവായ്പ കൃഷിആവശ്യങ്ങൾക്കു തന്നെയോ വിനിയോഗിക്കുന്നതെന്നു കൃഷിഡിപ്പാർട്ടുമെൻറുകാർക്കു നോക്കുന്നതിനും സൌകര്യമുണ്ടു്.

കൃഷിയെ ബാധിക്കുന്നതായി നാം കാണുന്നസംഗതി കന്നുകാലികളുടെ ശോച്യാവസ്ഥയാണു്. കന്നുകാലികൾക്കു മേയാനുള്ള സ്ഥലം ഒരു ദിക്കിലും ഇല്ല. ഇപ്പോൾ ഇവിടെ വിദേശത്തുള്ള കന്നുകാലികളെയാണു ഉപയോഗിക്കുന്നതു്. ഇവിടെയുള്ള കന്നുകാലികളെ നന്നാക്കുകയാണു വേണ്ടതു്. അതിലേക്കു വേണ്ടമേച്ചിൽസ്ഥലങ്ങൾ ഓരോ പ്രദേശത്തിലും കൃഷിക്കാരുടെ സൌകര്യത്തിനായി ഉണ്ടാക്കിവയ്ക്കണം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും) : സർ, ഈ വരുന്നകൊല്ലത്തിൽ നടപ്പിൽവരുത്താൻപോകുന്നതിനു ഉദ്ദേശിച്ചിരിക്കുന്ന പുതിയപദ്ധതികളിൽ ഗവൺമെൻറിനെ അനുമോദിക്കുകയോ മററുപ്രകാരമോ ചെയ്യുന്നതിനു എനിക്കുള്ളസമയം എന്നെ അനുവദിക്കുന്നില്ല.

ബഡ്ജററിന്റെ പൊതുവാദപ്രതിവാദത്തിനായി എനിക്കു അനുവദിച്ചിട്ടുള്ള പത്തുമിനിട്ടുകളിൽ, ബഡ്ജററിൽ അടങ്ങിയിരിക്കുന്നതും സാധാരണയായി ജനങ്ങളോടും അവരുടെ പ്രതിനിധികളോടും ഗവൺമെൻറിനുള്ള ഏർപ്പാടുകളിൽ ഉൾപ്പെട്ടതും ആയ ഒരു പ്രധാനതത്വത്തിന്റെ പര്യാലോചന മാത്രമേ എനിക്കു ചെയ്വാൻ സാധിക്കയുള്ളു. കഴിഞ്ഞ അനേകം കൊല്ലങ്ങളായി ജനങ്ങളുടെ അനവധി പ്രതിനിധികൾ ലജിസ്ലേറ്റിവ്കൌൺസിലും മററും മുഖേന, ഈ സംസ്ഥാനത്തിലെ ജനങ്ങൾക്കു ന്യായമായും ഗുണകരമായും ലഭിക്കേണ്ട അവകാശങ്ങളുടെ വഴികളിലും പ്രവൃത്തികളിലും ഗവൺമെൻറിനെ നയിക്കുന്നതിനു ശാന്തമായ ഉപദേശംമൂലം ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ ആ അപേക്ഷകൾ ഫലമുള്ളവയായി തീർന്നുവെന്നു കാണുന്നില്ല. അതുകൊണ്ടു ഗവൺമെൻറു ജനപ്രതിനിധികളുടെ അവധാനപൂർവമായ തീർച്ചകളെസംബന്ധിച്ചു കാണിക്കുന്ന മതിയായ ശ്രദ്ധയില്ലായ്മയെക്കുറിച്ചു അവരുടെ ശക്തിയായ അതൃപ്തിയെ രേഖപ്പെടുത്തുന്നതിലേക്കുള്ള കാലം അതിക്രമിച്ചിരിക്കുന്നുവെന്നു എനിക്കു തോന്നുന്നു. ഗവൺമെൻറിന്റെ നടപടികൾകൊണ്ടു ജനപ്രതിനിധികൾ വളരെ വളരെ അസംതൃപ്തരായിരിക്കുന്നു. ഇതു ഈ കൌൺസിലിന്റെ അനുദ്യോഗസ്ഥാംഗങ്ങളിൽ അധികം പേരുടെയും പൊതുചോദ്യങ്ങളിലുള്ള പ്രസംഗങ്ങളിൽനിന്നും വ്യക്തമാകുന്നു. പ്രധാനസംഗതികളിൽ ഗവൺമെൻറിന്റെ നയങ്ങളെപ്പററി ജനപ്രതിനിധികൾക്കുള്ള അസംതൃപ്തിയെ ന്യായമായി വഴിയെ രേഖപ്പെടുത്തുന്നതിനു ഏററവും യോജിച്ച അവസരം കൌൺസിലിന്റെ ബഡ്ജററു സെഷനാകുന്നുവെന്നു എനിക്കുതോന്നുന്നു. ഇപ്പോൾ ഗവൺമെൻറിനാൽ നടത്താൻപോകുന്നതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ചിലവിനങ്ങളെ സംബന്ധിച്ചു വാദപ്രതിവാദം നടത്തുന്നതിനും വോട്ടുചെയ്യുന്നതിനും ജനപ്രതിനിധികളോടു ആവശ്യപ്പെട്ടിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഞാൻ നടപടിക്രമത്തെപ്പററി ഒരുകാര്യംപറയാൻ എഴുന്നേൾക്കുന്നു.

ഈ കൌൺസിലിൽ പാർട്ടി പ്രോഗ്രാം വാദപ്രതിവാദം ചെയ്യാവുന്നതാണോ? എന്റെ സ്നേഹിതൻ ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങൾ സ്വീകരിക്കുന്ന പ്രത്യേക പ്രോഗ്രാമിനെ വാദപ്രതിവാദം ചെയ്യുകയാകുന്നു. ഈ കൌൺസിലിൽ പാർട്ടി പ്രോഗ്രാം വാദപ്രതിവാദം ചെയ്യാവുന്നതാണോ എന്നു ഞാൻ നടപടിക്രമത്തെ സംബന്ധിച്ചു ഒരു ചോദ്യം ചോദിക്കുന്നു. (ചിരി).

പ്രസിഡൻറ: വാദപ്രതിവാദം ബഡ്ജററിൽനിന്നും നേരെ ഉത്ഭവിക്കുന്ന സംഗതികൾക്കുമാത്രമായിരിക്കണമെന്നു എനിക്കു തോന്നുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവൺമെൻറു ഈ സംഗതി വേണ്ടിടത്തോളം ഗൌരവമായി കരുതുന്നില്ലെന്നുകാണുന്നതിൽ ഞാൻ സങ്കടപ്പെടുന്നു. ഇപ്പോൾ ജനപ്രതിനിധികളുടെ അഭിപ്രായങ്ങളെ ഏതോ ഒരു നേരമ്പോക്കായി കരുതി അവക്കു പെരുമാറാൻകഴിയും. ഗവൺമെൻറിനു ജനപ്രതിനിധികളുടെ അവധാനപൂർവ്വമായ തീർച്ചകളെ വളരെ നിസ്സാരമായ രീതിയിൽ തീർച്ചചെയ്യുന്നതിനു കഴിയാവുന്നതും അപ്രകാരം അവർ പ്രവർത്തിക്കുന്നതും ആകുന്നു. ഇതു ജനങ്ങളോടും അവരുടെ പ്രതിനിധികളോടും ചെയ്തിട്ടുള്ള അന്യായത്തിൽ അവമാനംകൂടി ചേർക്കുകയാണുചെയ്യുന്നതു്. ഞാൻ ഒരു സംഭവത്തെപ്പററി പ്രസ്താവിക്കാം. ഈ കൌൺസിലിന്റെ കഴിഞ്ഞ ബഡ്ജററുയോഗത്തിൽ, പൊതുഫണ്ടുകൊണ്ടു പുലർത്തിവരുന്ന റോഡുകളിൽ കൂടിപോകുന്ന വാഹനങ്ങളിൽനിന്നു ടോൾ വസൂൽചെയ്യുന്ന ഏർപ്പാടു നിറുത്തൽചെയ്യുന്നതിന്റെ അത്യാവശ്യകതയെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഈ കൌൺസിലിലെ ഒരു വലിയ ഭൂരിപക്ഷത്താൽ ഒരു മനഃപൂർവ്വപക്ഷപ്രമേയം പാസ്സാക്കപ്പെട്ടു. ഇക്കഴിഞ്ഞകൊല്ലങ്ങളിൽ ഗവൺമെൻറു ധനസ്ഥിതി വളരെനല്ല സമ്പത്തിനുയോജ്യമായ നിലയിലായിരുന്നു. ഇതിനു വിപരീതമായി പതിവനുസരിച്ചു ഇക്കൊല്ലത്തിലും ഗവൺമെൻറു ടോൾഗേററുകൾ ലേലംചെയ്തിട്ടുണ്ടെന്നും, അവർ പുതുതായ ഒരു ടോൾഗേററെങ്കിലും കൂടുതലായി ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു. ഗവൺമെൻറിന്റെ ഉദ്ദേശങ്ങളോടു ഔദാര്യമായി പെരുമാറണമെന്നുള്ള എന്റെ ശക്തിമത്തായ ആഗ്രഹത്തിൽപോലും, ഇതു ഗവൺമെൻറിന്റെ ഭാഗത്തു അത്ര മനഃപൂർവമായിട്ടുള്ളതല്ല എന്നിരുന്നാലും, ജനങ്ങളുടേയും അവരുടെ പ്രതിനിധികളുടേയുംനേർക്കു കാണിക്കുന്ന ഒരു വലുതായ അവമാനമല്ല എന്നു വിചാരിക്കാൻ എനിക്കു സാധിക്കയില്ല. ഈമാതിരി അപമാനങ്ങൾ പ്രതിനിധികൾ സഹിക്കണമെന്നുവരുന്നതു ഗവൺമെൻറിനോ ജനങ്ങൾക്കോ പ്രയോജനകരമായിട്ടുള്ളതല്ല എന്നു എനിക്കു തോന്നുന്നു. ഈപ്രകാരമുള്ള ഗവൺമെൻറിന്റെ പ്രവൃത്തികളെ നമ്മുടെ ന്യായമായ സർവശക്തികളേയും പ്രയോഗിച്ചു നാം പ്രതിഷേധിക്കേണ്ടതാണു്. പൊതുവിൽ ജനങ്ങളുടേയും രാജ്യത്തിന്റെയും ശരിയായ സ്ഥിതിയെപ്പററി

വളരെ അടുത്ത അറിവു ഈ കൌൺസിലിലെ ജനപ്രതിനിധികളിൽ ഭൂരിപക്ഷംപേരും ഉടമസ്ഥരും [illegible] ഉദ്യോഗസ്ഥന്മാർക്കുപോലും വിസ്മരിക്കാൻ സാധിക്കയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. സർ, നാട്ടിൽ ഭൂരിപക്ഷവും വളരെ വലിയ ധനസംബന്ധമായ ഞെരുക്കങ്ങളിൽ പെട്ടിരിക്കുന്നുവെന്ന [illegible] ഞങ്ങൾ ഉറപ്പുപറയുന്നു. ഞാൻ [illegible] ചെയ്യുന്ന ജനപ്രതിനിധികളിൽ [illegible] അടങ്ങിയിരിക്കുന്ന സംഗതികളെ അടിസ്ഥാനപ്പെടുത്തിയാകുന്നു. [illegible] വർദ്ധിക്കയും മനുഷ്യർ നശിക്കയുംചെയ്യുന്ന സ്ഥലമുള്ള [illegible] യായിത്തീരുകയുംചെയ്യുന്നു." കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി [illegible] മായി ഭയങ്കരമായവിധത്തിൽ കീഴോട്ടുപോയിക്കൊണ്ടിരിക്കുന്നതായി [illegible] അഭിവൃദ്ധിപ്പെട്ടുവെന്നുള്ളതു ബലമായി തെളിയിക്കാൻ [illegible] അധികകാലത്തേക്കു നിലനിൽക്കാൻ സാധിക്കയില്ല. ഗവണ്മെന്റു [illegible] കരത്തെ കുറയ്ക്കുകയും സാധാരണ ജനങ്ങൾക്കു [illegible] ന വേണ്ട സൌകര്യം നൽകുന്നതിനും, പരമാർത്ഥമായ [illegible] ധനത്തെ വിനിയോഗിക്കയും ചെയ്യാതെ [illegible] ഭവിക്കാം. ഇവിടത്തെ [illegible] പരമാർത്ഥമായ മനസ്സിലാക്കി [illegible] സാമ്പത്തികവും ആയ [illegible] അധികാരമുള്ളവർ മുൻകൂട്ടി [illegible] വുമായ സംഗതികളിൽ പെട്ടെന്നുള്ള മാറ്റങ്ങൾ [illegible] വിൽ ജനസമുദായത്തിനും [illegible] രിക്കുന്നവർ ജനപ്രതിനിധികളുടെ അവധാനപൂർവ്വമായ അഭിപ്രായങ്ങ[illegible] വിപുലപ്പെടുത്തി കാലത്തിന്റെ ആവശ്യാനുസരണം [illegible] ടാൻ പാടില്ലാത്തതാ[illegible] അത്യാവശ്യമായി [illegible]

രാജ്യത്തിന്റെ [illegible] ജനപ്രതിനിധികൾ [illegible] അതിക്രമി[illegible] പാടില്ലാത്ത [illegible] കിൽ ജനപ്രതിനിധികളിൽ [illegible] ഗവണ്മെന്റിന്റെ [illegible] ശാന്തമായ [illegible] രാജി[illegible] ന്യായമായ [illegible] ന്നു. എന്നാൽ [illegible] ക്കാൻ പാടില്ല. അധികാരസ്ഥന്മാർ ജനപ്രതിനിധികളുടെ അവധാനപൂർവ്വമായ [illegible] തിരിക്കുന്നപക്ഷം, ജനപ്രതിനിധികളോടുള്ള ഗവണ്മെന്റിന്റെ [illegible] ക്തിപ്പെടുത്തുമായ പ്രഹസനമായിത്തീരുന്നു. [illegible] സ്ഥിതിയിലുള്ള പരമാർത്ഥ [illegible] ന്യായമായ അപേക്ഷകൾ വഴിയായി തടഞ്ഞു അവരുടെ പ്രതിഷേധം [illegible] അതു ജനാവലിയുടെ ദൃഷ്ടിയിൽ ഇനി ഒട്ടുംതന്നെ ഭക്തിയുളവാക്കുമല്ല; ഒരു അപഹാസ്യമായി തീർന്നിരിക്കുന്നു.

ഗവണ്മെന്റു ഇപ്പോൾ ജനപ്രതിനിധികളുടെ മുമ്പിൽ വരികയും [illegible] അവരുടെ സകലപ്രവൃത്തികളിലും അവർക്കു ജനപ്രതിനിധികളുടെ പിൻതാങ്ങലുണ്ടെന്നു [illegible] മാക്കാൻ ശ്രമിക്കുകയുംചെയ്യുന്നു. ഇപ്പോഴത്തെ ഭരണനയത്തിൽ അടങ്ങിയിരിക്കുന്ന [illegible] തിക്കൂല്യമാണു ജനപ്രതിനിധികൾക്കുള്ളതെന്നു ഓരോ സംഗതിയിലും കാണിക്കണമെങ്കിൽ അവരുടെ [illegible] ചിലവുകൾ സംബന്ധിച്ചുള്ള ആവശ്യപ്പാടുകളെ ന്യായമായ വസ്തുതകളും പൊരുത്തങ്ങളും [illegible] കഴിവുള്ളടത്തോളം അവർ എതിർക്കുകയും തടയുകയുംവേണം. [illegible] സംബന്ധമായും, [illegible] കാർഡുകളുടെയും കമ്മീഷന്റെയും ചിലവുസംബന്ധമായും, സംസ്ഥാനത്തിലെ നീതിന്യായവും [illegible]സംബന്ധവും ആയി തൃപ്തികരമല്ലാത്ത ഭരണസംബന്ധമായും, പൊതുജനങ്ങൾക്കു വിവിധ വിഭാഗങ്ങളിലുള്ള ന്യായമായ അവകാശങ്ങളെ ഗണിക്കാതെയുള്ള തൃപ്തികരമല്ലാത്ത നടപടിസംബന്ധമായും, ഈ കൌൺസിലിന്റെ അവധാനപൂർവ്വമായ തീരുമാനങ്ങളുടെ അവഗണനയെപ്പറ്റിയും ജനപ്രതിനിധികളാൽ ആവശ്യപ്പെടാവുന്ന മററു പ്രധാനസംഗതികളെക്കുറിച്ചും ഉള്ള പ്രവർത്തനത്തിൽ ഗവണ്മെന്റു തൃപ്തികരമായ സമാധാനം [illegible] അനൌദ്യോഗസ്ഥാംഗങ്ങൾ എല്ലാവരും ഒരുമിച്ചു ഗവണ്മെന്റിന്റെ ഏതാനും ആവശ്യപ്പാടുകളെങ്കിലും ഒരു പ്രതിഷേധഭാവമായി പ്രതികൂലിച്ചു വോട്ടുചെയ്യേണ്ടതാകുന്നു. മേല്പറഞ്ഞ സംഗതികൾക്കു ഗവണ്മെന്റു തൃപ്തികരമായ സമാധാനം തരാതിരിക്കുന്നപക്ഷം ജനപ്രതിനിധികളിൽ കഴിവുള്ളടത്തോളം ആളുകൾ ഗവണ്മെന്റു ജനങ്ങളുടെമേൽ കാണിച്ചിട്ടുള്ള [illegible] ജനപ്രതിനിധികളോടു [illegible] ന്യായമായി യോജിക്കാത്തതായ ഇപ്പോഴത്തെ ഗവണ്മെന്റിന്റെ നയത്തിനേറെയും പ്രതിഷേധമായി അവർ ഗവണ്മെന്റിന്റെ സകല ആവശ്യപ്പാടുകളെയും പ്രതികൂലിച്ചു വോട്ടുചെയ്യേണ്ടതാണെന്നാകുന്നു എന്റെ സ്വന്തമായ അഭിപ്രായം. എന്റെ പ്രതിഷേധം ഗവണ്മെന്റിലെ അംഗങ്ങളായ വ്യക്തികളെ സംബന്ധിച്ചുള്ളതല്ലെന്നും എന്നാൽ ഇപ്പോഴത്തെ ഗവണ്മെന്റിന്റെ നടപടികളിലായ [illegible] വിപരീതമായിട്ടാണു എന്റെ പ്രതിഷേധമെന്നും വളരെ വ്യക്തമാക്കുന്നതിനു ഞാൻ ആശിക്കുന്നു. ഇപ്പോഴത്തെ നിലയിൽ ജനപ്രതിനിധികളുടെ ഭാഗത്തു ഇപ്രകാരമുള്ള ഒരു പ്രതിഷേധം വളരെ മിതവും ന്യായവുമായ ഒരു നടപടിയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഈ കൌൺസിലിലെ അനൌദ്യോഗസ്ഥാംഗങ്ങളിൽ അധികംപേരും അങ്ങിനെ ശാന്തമായ ഒരു പ്രസ്ഥാനമാണു എന്നു വിചാരിക്കുന്നപക്ഷം അവരുടെ അഭിപ്രായങ്ങളെപ്പറ്റി വിചിന്തനം ചെയ്യുന്നതിനും അപ്രകാരം ചെയ്യുന്നതു ഉചിതമെന്നു കാണുന്നപക്ഷം അതനുസരിച്ചു പ്രവർത്തിക്കുന്നതിനും ഞാൻ വളരെ ഒരുക്കമാണ്. (ചിരി) മനുഷ്യസാധാരണമായ സംഗതികളുടെ സാമാന്യ[illegible]വും ജനപ[illegible]കവുമായ ഭരണത്തിൽ ഉള്ള തത്വങ്ങൾക്കു ക്ഷതമുണ്ടാകാത്തവിധം രക്ഷിക്കപ്പെടുന്നതിനു ഞാൻ തയ്യാറാകുന്നു.

സർ, കഴിഞ്ഞ രണ്ടുമാസക്കാലം ഞാൻ മലയാളപ്രദേശങ്ങളിൽ സഞ്ചരിക്കുകയും അവിടത്തെ ഗവണ്മെൻറ പൊതുജനങ്ങൾക്കുവേണ്ടി സൌകര്യാർത്ഥം എന്തെല്ലാം പ്രവർത്തിക്കുന്നുവെന്ന കാണുകയും ചെയ്തിട്ടുണ്ട്. മലയാ പരിഷ്കാരത്തിൽ തിരുവിതാംകൂറിനെക്കാൾ പിന്നോക്കമായാണ കണക്കാക്കപ്പെട്ടുവരുന്നത്. എന്നാൽ മലയായിലെ പബ്ലിക്ക റോഡുകളുടെയും, റോഡുകളുടെയും, റയിൽവെ മുതലായ മറ്റ് ഗതാഗതസംബന്ധമായ വ്യവസ്ഥകളുടെയും, സ്ഥിതിയെ തിരുവിതാംകൂറിലുള്ളവയുമായി താരതമ്യപ്പെടുത്തുന്നപക്ഷം മലയാ പിൻപ്രസ്താവിച്ചതിൽനിന്നും എത്രയോ മുൻപിൽ ആണെന്ന പ്രസ്താവിക്കേണ്ടതായിട്ടിരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ ചില [illegible] ഞാൻ സമ്മതിക്കുന്നു. എന്നാൽ സഞ്ചാരസൌകര്യത്തിലും പബ്ലിക്ക റോഡുകളിലും, റയിൽവെയിലും കൂടിയുള്ള ഗതാഗതസൌകര്യത്തിലും തിരുവിതാംകൂറിൽ ലഭിക്കുന്ന അപമാനകരമായ സൌകര്യങ്ങൾ തിരുവിതാംകൂറിലെ ജനങ്ങൾ [illegible] സമ്മതിക്കുന്നില്ല. (മിസ്റ്റർ പി. കെ. നാരായണപിള്ള: കേൾക്കുക, കേൾക്കുക.) മലയാ തിരുവിതാംകൂറിനെക്കാൾ ഇടപാടുകളുള്ള ഒരു അധീനമായ ഒരു രാജ്യമാണ്. മിക്കവാറും എല്ലാ [illegible] ആ രാജ്യത്തിൻെറ മിക്കഭാഗങ്ങളിലും മഴയുണ്ട്. തിരുവിതാംകൂറിൽ ആണ്ടിൻെറ പല മാസങ്ങളിലും ഒരു മഴയും ഇല്ല. അതുകൊണ്ട തിരുവിതാംകൂറിലെ റോഡുകളുടെയും ഗതാഗതത്തിൻെറയും അപമാനകരമായ സ്ഥിതിക്ക തിരുവിതാംകൂറിലെ മഴ പ്രധാന കാരണമെന്ന പറഞ്ഞുകൂടാവുന്നതല്ല. തിരുവിതാംകൂർ ഗവണ്മെൻറിൻെറ ഫിനാൻഷ്യൽ മെമ്പർ [illegible] തൃപ്തികരമല്ല എന്നുള്ളതാകുന്നു ശരിയായ കാരണം. റബ്ബറിൻെറ വിലയിലുള്ള അസാധാരണമായ താഴ്ചയെ തടയുന്നതിനായി ഗവണ്മെൻറുകൾ ഏകമതിയിൽ [illegible] ചെയ്യുന്നതോടുകൂടിയും, മലയാ ഗവണ്മെൻറുകളുടെ റബ്ബർവ്യവസായം [illegible] വരുത്തുന്നു. അവിടെ, ഇപ്പോഴത്തെ ജനങ്ങളുടെ [illegible] ഏറ്റവും അഭിവൃദ്ധിയിലിരിക്കുന്ന റബ്ബർകൃഷിക്കാർ [illegible] വസൂൽചെയ്യാതെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു, വ്യവസായം [illegible] നശിപ്പിക്കുന്ന [illegible] കൃഷിക്കാർ [illegible] കൃഷിക്കുള്ള കച്ചവടസാധനങ്ങളുടെ ഏറ്റക്കുറച്ചിലുകളും മൂലം [illegible] ചെയ്യുന്നു. തിരുവിതാംകൂറിൽ ഗതാഗതത്തിനും പൊതുമരാമത്ത ഡിപ്പാർട്ടുമെൻറിലെ നടത്തിപ്പിനും ഉള്ള വ്യവസ്ഥകളെ മലയായിൽ [illegible] താരതമ്യപ്പെടുത്തുന്നപക്ഷം [illegible] മലയായിൽ, നാട്ടിൻപുറങ്ങളിലുള്ള പബ്ലിക്ക റോഡുകൾകൂടി നിരപ്പായതും [illegible] ടാർ ചെയ്തു [illegible] ചെയ്തിട്ടുണ്ട്. അവിടെയുള്ള എല്ലാ റോഡുകളിലും വഴിവിളക്കുകളും [illegible] പരിഷ്കൃതരീതിയിൽ [illegible] സൌകര്യങ്ങളും ഉണ്ടാക്കീട്ടുണ്ട്. [illegible] നടക്കാവുന്നതാണ്. ഈ സംഗതിയിൽ തിരുവിതാംകൂറിൻെറ സ്ഥിതി എന്താണ എന്നറിയാമല്ലോ. തിരുവിതാംകൂർ ഗവണ്മെൻറ അവർക്ക ധാരാളം ഫണ്ട് ഉണ്ടെങ്കിലും, ജനങ്ങൾക്ക കൃഷിയും മററുവ്യവസായങ്ങളും ശരിയായവിധത്തിൽ നടത്തുന്നതിനുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന ന്യായമായി ചിലവുചെയ്യുന്നില്ല എന്ന കൂറ താൽപര്യം പ്രകടമാക്കപ്പെട്ടിട്ടുണ്ട്. സമയച്ചുരുക്കംകൊണ്ട ഞാൻ താരതമ്യത്തിൽനിന്ന പിൻമാറുന്നു. ചുരുക്കിപ്പറയുന്നപക്ഷം, ഉദ്യോഗസ്ഥന്മാർ, പബ്ലിക്കിനുവേണ്ടി അവരുടെ ജോലികൾ ചെയ്യുന്നകാര്യത്തിൽ അവരുടെ സമയവും പണവും നൽകാതെ തിരുവിതാംകൂറിലെങ്ങും വളരെക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന ഞാൻ മനസ്സിലാക്കി. തിരുവിതാംകൂറിൽ, ഉദ്യോഗസ്ഥന്മാർ, പ്രത്യേകിച്ചും, താഴ്ന്ന ഉദ്യോഗത്തിലുള്ളവർ, അവരുടെ കൃത്യനിർവഹണത്തിലുള്ള ശ്രദ്ധയെക്കാൾ അവർക്ക വാങ്ങുന്നതിലും അവരുടെ അധികാരത്തെ നിർവഹിക്കുന്നതിലും പൊതുജനങ്ങൾക്ക അസൌകര്യങ്ങൾ വരുത്തുന്നതിലും ആണ പൊതുവെ അധികവും പ്രവർത്തിക്കുന്നത്. എൻെറ സ്വന്തം അനുഭവത്തിൽനിന്നും എനിക്ക ഉദാഹരണപ്പെടുത്താൻ സാധിക്കും. സമയച്ചുരുക്കത്താൽ ഞാൻ അതിൽനിന്നും പിൻമാറുന്നു. തിരുവിതാംകൂറിൽ ലഭ്യമാകുന്ന ഭരണവ്യവസ്ഥ ജനങ്ങൾക്ക ന്യായമായിട്ടുള്ളതല്ലെന്നും, ശരിയായ ഏതൊരു പരിഷ്കൃതസംസ്ഥാനത്തുനിന്നും ന്യായമായി ആശിക്കാവുന്നതും ആ സ്ഥാനത്തുനിന്നും ലഭിക്കേണ്ടതും ആയ ജീവിതോപകരണങ്ങൾക്ക അത്യാവശ്യമായിട്ടുള്ള നീതിന്യായനടപടികളും മററുസൌകര്യങ്ങളും ജനങ്ങൾക്ക ലഭിക്കുന്നതിന ഇവിടെ സാധിക്കുന്നില്ലെന്നും, എനിക്ക പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. ജനങ്ങളുടെ മേലുള്ള കരമായ ഗവണ്മെൻറിൻെറ ചുമതലകൾ തിരുവിതാംകൂറിൽ കഴിഞ്ഞ അൻപതുകൊല്ലങ്ങളായി ഏകദേശം നാലിരട്ടി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ സാമാനങ്ങളുടെയും വസ്തുക്കളുടെയും വാഹനത്തിനും ഗതാഗതത്തിനും, റോഡുകൾ, നല്ലവഴികൾ, പാലങ്ങൾ, കലുങ്കുകൾ, മുതലായവ വഴിയായിട്ടുള്ള സൌകര്യങ്ങളും, ഇറിഗേഷൻമുതലായി നാട്ടിൻപുറങ്ങളിൽ പലസ്ഥലത്തും കൃഷിക്കുള്ള മററു സൌകര്യങ്ങളും മിതമായ രീതിയിൽ വർദ്ധിപ്പിച്ചിട്ടില്ല. കിട്ടിയിട്ടുള്ള റവന്യൂവിൽ അധികവും ഗവണ്മെൻറ ജീവനക്കാർക്ക ശമ്പളം കൊടുക്കുന്നതിനും, ചുരുക്കം ചിലർക്ക ധനാഢ്യന്മാരാകുന്നതിനും, വർദ്ധനയില്ലാത്തതും അന്ധവിശ്വാസപരവും ആയ ചിലവുകൾ ചെയ്യുന്നതിനും ആയാണ ചിലവുചെയ്തിട്ടുള്ളത്. എന്നാൽ ചില പട്ടണങ്ങൾ, തെക്കൻതിരുവിതാംകൂറിലെ ഏതാനുംഭാഗങ്ങൾ, ഹൈറേഞ്ച്, യൂറോപ്യൻ തോട്ടക്കാർ താമസിക്കുന്ന മററു ചില സ്ഥലങ്ങൾ എന്നിവയായി താരതമ്യേന ചെറിയ ചിലസ്ഥലങ്ങൾ മററു അധികം സ്ഥലങ്ങളോട അന്യായമായി പരിഗണിക്കപ്പെട്ടിട്ടുണ്ട്. ഗവണ്മെൻറ റവന്യൂവിൻെറ വലിയഭാഗം ലഭിക്കുന്ന സ്ഥലങ്ങൾ വെറുതെ വിട്ടിരിക്കുകയാണ്. മേൽപ്രസ്താവിച്ചതായ ഗതാഗതം, കൃഷിമുതലായവയ്ക്കു സൌകര്യങ്ങൾ, നാട്ടിൻപുറങ്ങളിലെ പലേടത്തും മുൻകാലങ്ങളിലേതിൽ നിന്നും പരമാർത്ഥത്തിൽ കുറഞ്ഞുപോയിട്ടുണ്ട്. പൊതുജനത്തിൻെറ വളരെ അന്യായവും വിഷമഹേതുകവുമായ ഭരണരീതിയിൽ ഗവണ്മെൻറിൽനിന്നും ഒരു സമാധാനം ഞാൻ താഴ്മയോടുകൂടി ആവശ്യപ്പെടുന്നു.

ഈ നിലയിൽ, അനുദ്യോഗസ്ഥാംഗങ്ങൾക്ക മുന്നവസരങ്ങളെക്കാൾ ഇപ്പോൾ കുറെക്കൂടി ശക്തിയായി നിൽക്കേണ്ട ആവശ്യമുണ്ടെന്ന ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സഭ [illegible] ഉച്ചഭക്ഷണത്തിനായി പിരിയുകയും വീണ്ടും [illegible] കൂടി.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സർ, തിരുവിതാംകൂറിലെ പ്രജകളിൽ, ഈ രാജ്യത്തെ പൊതുമുതലും, ആപൽഘട്ടത്തിൽ പതിപ്പിച്ചേക്കുമോ എന്നു ഈ രാജ്യനിവാസികളുടെ ... തിരുവനന്തപുരം മുതലായ ... ഉൾപ്പെട്ട ശോചനം ചെയ്യുന്നതിനു കാരണമാക്കിയ ഒരു പുതിയ പുരോഗതിയെ ഏറ്റവും നിഷ്പക്ഷമെങ്കിലും പിൻവലിക്കുവാൻ കരുണതോന്നിയ ഗവണ്മെന്റിനോടു തിരുവിതാംകൂറിലെ ജനങ്ങൾക്കു വേണ്ടി അവർക്കുള്ള അഭിനന്ദനത്തെ ഞാൻ അവരുടെ പ്രതിനിധിയെന്ന നിലയിൽ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു.

അവിടത്തെ ഭരണകാലത്തു തിരുവിതാംകൂറിലെ പൊതുമുതലെടുപ്പു വർദ്ധിച്ചുവരുന്ന ... ആഹ്ലാദകരമായിത്തന്നെ കരുതാവുന്നതാണ്.

ഈ നയംതന്നെയാണു മുൻകാലങ്ങളിലും അനുവർത്തിച്ചുവന്നിട്ടുള്ളതു ... രാജ്യത്തെ ... ഇപ്പോഴത്തെ ആവശ്യങ്ങൾക്കുമുള്ള വ്യക്തമാകുന്നുണ്ട്. എന്നാൽ ... തിന്റെ ഉത്തമസ്ഥാനങ്ങളെയുംപറ്റി വേണ്ടവിധം ചിന്തിക്കുന്ന ഒരു ... ഖേദകരമാണ്.

ഞങ്ങളുടെ നാട്ടുകാരനെന്നുള്ള അഭിമാനത്തിനു കാരണഭൂതനായിരിക്കുന്ന അങ്ങയുടെ ... ഞങ്ങൾ ഹൃദയപൂർവ്വം നിർദ്ദേശങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ചു തക്കവണ്ണം അനുവർത്തിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ആദ്യമായി എനിക്കു പറയാനുള്ളതു നമ്മുടെ പൊതു മുതലെടുപ്പു സമ്പ്രദായം, ... സ്വീകരിക്കുന്നില്ല. അതുകൊണ്ടു നമ്മുടെ മുതലെടുപ്പു സമ്പ്രദായം ... ഇൻഡ്യൻ ലെജിസ്‌ലേറ്റീവ് അസംബ്ലിയിൽവച്ചു ബഹുമാനപ്പെട്ട മിസ്റ്റർ ജിന്‍ ... പ്രസ്താവിച്ചിരുന്ന ... യിരിക്കുന്നു. അദ്ദേഹം ഇപ്രകാരമാണു പ്രസ്താവിച്ചതു്.

"ബഡ്ജറ്റിന്റെ രത്നച്ചുരുക്കം തയാർചെയ്യുന്ന അവസരത്തിൽ, ... ബഹുമാനപ്പെട്ട ... മെംബരുടെ ആഫീസിൽ നടക്കുന്നതെന്താണെന്നു എനിക്കു നല്ലവണ്ണം ഊഹിക്കാൻ കഴിയും. അദ്ദേഹം അദ്ദേഹത്തിന്റെ കസേരയിൽ ഇരിക്കുന്നു. സാധാരണയായി അദ്ദേഹത്തോടു ... മൂന്നുപേർ ഉണ്ടായിരിക്കും. അദ്ദേഹത്തിന്റെ വലതുവശത്തു ... മിസ്റ്റർ ... ആകുന്നു. അദ്ദേഹത്തിന്റെ ഇടതുവശത്തു മിസ്റ്റർ അത്തരം, അദ്ദേഹത്തിന്റെ മുൻവശത്തു മിസ്റ്റർ സീം ആകുന്നു."

"ഈ ആളുകൾക്കു എന്തു ആവശ്യമുണ്ട്?" എന്നു അദ്ദേഹം ചോദിച്ചു. "ഓ, ... നികുതിയിൽ നിന്നും ൯൦ കോടി രൂപാമാത്രം അവർക്കു മതിയാകും" എന്നു അവർ പറയുന്നു. "എത്രയാണു? കഴിഞ്ഞകൊല്ലം അവർക്കു എന്തുണ്ടായിരുന്നു? ൯൫ കോടി." "കൊള്ളാം, എനിക്കു ടാരിഫ്ഫു ആക്ടിന്റെ ഒരു പ്രതിയും, ഇൻകംടാക്സ് ആക്ടിന്റെ ഒരു പ്രതിയും, ഓപ്പിയവും സാൾട്ടും ആക്ട്സിന്റെ ഒരു പ്രതിയും ഒരു പെൻസിലും തരിക. അദ്ദേഹം പെൻസിൽ എടുത്തുകൊണ്ട്, "ഇവിടെ ഇതിൽ ... ശതമാനം; അല്ല, ഞാൻ ... ശതമാനം ഇടും; അതു നമുക്കു രണ്ടുകോടിതരും; മിസ്റ്റർ ..., അതു ശരിയല്ലേ?" എന്നു പറയുന്നു. "അതേ, ഏകദേശം അതുതന്നെ." "ഇതുവരെ ഏതാനും കൊല്ലങ്ങളിൽ ആദായനികുതി മിക്കവാറും ഫലവത്തല്ലായിരുന്നു. നമുക്കു ഏതിലെങ്കിലും അല്പം കൂടുതൽ നികുതി ശ്രമിച്ചുനോക്കാം," എന്നു മിസ്റ്റർ സീം പറയുന്നു. അദ്ദേഹം പിന്നെ കൂടുതൽ നികുതിയിൽ കുറിച്ചുകൊള്ളുന്നു. അനന്തരം അദ്ദേഹം ഓപ്പിയം ആന്റ് സാൾട്ട് ആക്ട്സിൽ കുറി തിരഞ്ഞുചെയ്യുന്നു. ഈ കൂടുതൽ ... കോടി ലഭിക്കുമെന്നു അദ്ദേഹത്തിനു തോന്നുന്നതുവരെ ഇതേരീതി തുടർന്നുകൊണ്ടേ ഇരിക്കുന്നു.

ഇപ്രകാരമാണു ഇവിടെയും മുതലെടുപ്പു വർദ്ധിപ്പിക്കുന്നതു്. ... ധനകാര്യമന്ത്രിയും, അസിസ്റ്റന്റന്മാരുംകൂടിയിരുന്നു അവിടെ പ്രയോഗിക്കുന്നതിനു പകരം ദിവാൻജിയും ഡിപ്പാർട്ടുമെന്റ് ... ക്ഷന്മാരും ഇവിടെ ഈ ഭാരം വഹിക്കുന്നു.

ഇവിടെ ഓരോ ദിവാൻജിയും ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷന്മാരും ... മുതൽ വർദ്ധിപ്പിച്ചു ... മോഹിക്കുന്നതു്. ഈ ആഗ്രഹസാഫല്യത്തിനു രാജ്യത്തിന്റെ സാമ്പത്തിക ശക്തിയെ പോഷിപ്പിച്ചു; ജനങ്ങളുടെ ... ശക്തിയെ പുഷ്ടിപ്പെടുത്തി തന്നിമിത്തം ജനങ്ങൾക്കു നികുതിഭാരം താങ്ങാനുള്ള ത്രാണിയുണ്ടാക്കി, പൊതുജനസമ്മതപ്രകാരം, മുതലെടുപ്പു വർദ്ധിപ്പിച്ചിരുന്നുവെങ്കിൽ അതു ഏററവും ... ഭരണക്രമമാണെന്നു അഭിനന്ദിക്കാമായിരുന്നു. അപ്പഴപ്പോൾ ജനങ്ങളിൽ നികുതിഭാരം ചുമത്തുമ്പോൾ അവരുടെ ധനാഗമമാർഗ്ഗങ്ങളെ പരിശോധിക്കയും അവരുടെ ധനശക്തിക്കനുസരണമായി മുതലെടുപ്പു ക്രമപ്പെടുത്തുകയും ആണു ചെയ്യേണ്ടതു്. ഇപ്രകാരമുള്ള ഒരു പരിശോധനാപദ്ധം നമ്മുടെ ഭരണനിഘണ്ടുവിൽ സ്ഥലം പിടിച്ചിട്ടില്ല.

ഉദാഹരണമായി ൧൦൮൦-ാമാണ്ടു ... ,൮൯,൮൧൦ രൂപാ ആയിരുന്ന ഭൂനികുതി ൧൦൯൯-ൽ ...,൩൮,൬൦൫ രൂപയായും ൧൧൦൮-ൽ ൪൧ ലക്ഷം രൂപയായും വർദ്ധിച്ചുകാണുന്നു. ... കൊല്ലംകൊണ്ടു ... ലക്ഷം രൂപാ മാത്രം കൂടിയിരിക്കെ ... കൊല്ലംകൊണ്ടു ൧൪ ലക്ഷം രൂപ വർദ്ധിച്ചിട്ടുണ്ട്.

൧൦൯൯-ാമാണ്ടു ൭,൪൯,൨൬൦ ഏക്കർ സ്ഥലം നെൽകൃഷിക്കുപയോഗപ്പെട്ടിരുന്നു. ൧൧൦൮-ൽ ഇതു ൭,൪൯,൭൮൫ ഏക്കറായി വർദ്ധിച്ചിരിക്കുന്നു. ഭൂനികുതിയിൽ ൧൪ ലക്ഷം രൂപായ്ക്കുമേൽ വർദ്ധനയുണ്ടായപ്പോൾ ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ നെൽകൃഷിക്കു ഒരുലക്ഷം ഏക്കർസ്ഥലം മാത്രമേ കൂടുതൽ ലഭിച്ചിട്ടുള്ളു. ഇതു ഏററവും പരിതാപകരമായ അവസ്ഥയാണ്.

മററു രാജ്യങ്ങളിൽ ഭൂനികുതിയുടെ സ്ഥാനം കുറഞ്ഞു ധനാഢ്യന്മാരെ ബാധിക്കുന്ന ആദായനികുതി മുതലായ കരം വർദ്ധിച്ചുവരുന്നതുപോലെ ഇവിടെ ഉണ്ടായിക്കാണുന്നില്ല.

൧൦൯൯-ൽ ൭൩ ലക്ഷം രൂപാ ആകെ മുതലെടുപ്പു കണ്ടപ്പോൾ ഭൂനികുതി ൨൭ ലക്ഷം രൂപാ മാത്രമായിരുന്നു. ൧൧൦൮-ൽ ആകെ മുതലെടുപ്പു ഒരു കോടി ൬൫ ലക്ഷമായപ്പോൾ ഭൂനികുതി ൪൧ ലക്ഷം രൂപായായിട്ടുണ്ട്. ബ്രിട്ടീഷ്ഇൻഡ്യയിൽ ൯൦ കൊല്ലംകൊണ്ടു ഭൂനികുതി ഒന്നര മടങ്ങു വർദ്ധിച്ചിരിക്കെ തിരുവിതാംകൂറിൽ അതേകാലത്തു മൂന്നു മടങ്ങായി അധികരിച്ചിരിക്കുന്നു.

നെൽകൃഷി വർദ്ധനയിൽ തിരുവിതാംകൂർ ബ്രിട്ടീഷിൻഡ്യയുടെ പിന്നണിയിലേ നിൽക്കുന്നുള്ളു. ൧൦൯൯-മുതൽ ൧൧൦൮-വരെ ൧൦ കൊല്ലംകൊണ്ടു ഒരു ലക്ഷത്തിൽ ചില്വാനം ഏക്കർ സ്ഥലംമാത്രം നെൽകൃഷിക്കു കൂടുതലായി ലഭിച്ചിരിക്കെ ബ്രിട്ടീഷിൻഡ്യയിൽ ൧൯൦൧ മുതൽ ൩ കോടി ഏക്കർ ഈ ഇനത്തിൽ കൂടുതലായി ൧൯൨൦-ൽ ൮ കോടിയായി തീർന്നിട്ടുണ്ട്.

ഈ കണക്കുകൾകൊണ്ടു ഭൂനികുതി വർദ്ധിച്ചുവരവേ നാട്ടിൽ നെൽകൃഷി തന്നെയാരംഭം വർദ്ധിച്ചുവരുന്നില്ലെന്നു കാണാവുന്നതാണ്. ഇതു നമ്മുടെ ഭൂനികുതിഭരണത്തിൽ ഭീമമായ ഒരു ന്യൂനതയാണ്.

ഇതിനുള്ള പരിഹാരമാർഗ്ഗം എന്താണെന്നു നാം നോക്കണം. ജനാവലി നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. തൊഴിലില്ലായ്മയും വർദ്ധിച്ചുവരികയാണ്. ജനങ്ങൾ ഈ നാട്ടിന്റെ സ്ഥിതിക്കു കൃഷികൊണ്ടു മാത്രം ഉപജീവനം ചെയ്യേണ്ടവരാണ്. കൃഷിതൊഴിലിനെമാത്രം ആധാരമാക്കി ഉപജീവനം ചെയ്യുന്നവർക്കു തീരാപ്രയാസമായ ഒരു "റിസർവ്" ചെയ്യുവാനുള്ള ഗവർമ്മെന്റിന്റെ ഉദ്ദേശങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ്.

ഈ വിഷയത്തെപ്പറ്റി ഗാഢമായി ആലോചിക്കുമ്പോൾ ഈ സംസ്ഥാനത്തെ റവന്യൂഭരണത്തെക്കുറിച്ചു പരിവേദനംചെയ്യുന്ന ഒരു ദേശാഭിമാനിക്കു ഇപ്പോഴത്തെ ഗവർമ്മെന്റു പുതുവൽപതിവുസംബന്ധിച്ചു അനുഷ്ഠിച്ചുപോരുന്ന നയം അത്യാശ്ചര്യമായ ആപൽശങ്കയ്ക്കും നൈരാശ്യത്തിനും കാരണമാകുന്നുണ്ട്.

ഈ രാജ്യത്തു തൊഴിലില്ലായ്മ എന്ന മഹാവ്യാധി കന്യാകുമാരി മുതൽ ഗോകർണ്ണംവരെ വ്യാപിച്ചു തുടങ്ങിയിരിക്കുന്ന ഈ കാലത്തു നാട്ടുകാരുടെ രക്ഷയ്ക്കായി പുതുവൽസ്ഥലങ്ങൾ സംരക്ഷിക്കേണ്ടതും ആവശ്യവും ഔചിത്യവും നോക്കി യഥായോഗ്യം അത്തരം ഭൂമികൾ വിനിയോഗിക്കേണ്ടതും അത്യാവശ്യമാകുന്നു.

(Self Protection) സ്വയംസംരക്ഷണം എന്ന പ്രമാണം ഈ രാജ്യത്തിന്റെയും ധനശാസ്ത്രത്തിന്റെയും അടിസ്ഥാനമെന്നവണ്ണം സാരമായ ഒന്നാകുന്നു. ഈ നാട്ടുകാരുടെ ഇപ്പോഴത്തെയും അനന്തരകാലത്തിന്റെയും ആവശ്യമനുസരിച്ചു ഭൂസ്വത്തു വിനിയമനം ചെയ്യാത്തപക്ഷം ഇപ്പോഴത്തെ ഭരണകർത്താക്കൾ സ്വരാജ്യസ്നേഹമോ സ്വജനസ്നേഹമോ ഇല്ലാത്ത ഒരു തരം വിദേശീയഭരണകർത്താക്കളാണെന്നു പ്രജാസമൂഹം തീരുമാനിക്കുന്നതാണ്. ഒരു ലക്ഷം ഏക്കർ സ്ഥലം ഒരു വിദേശീയകമ്പനിക്കു പാട്ടത്തിനു കൊടുക്കുന്നതിനു തയ്യാറായ ഗവർമ്മെന്റു ഈ നാട്ടുകാരുടെ ഗുണത്തെ അഭിലഷിക്കുന്നു എന്നല്ലെന്നു ജനങ്ങൾ വിശ്വസിക്കുന്നതിൽ അവരെ കുറ്റപ്പെടുത്താൻ പാടില്ല. ഭാഗ്യംകൊണ്ടു കമ്പനി പിൻമാറിയതുകൊണ്ടു ഒരു ലക്ഷത്തിലധികം ഏക്കർ സ്ഥലം തീറെഴുതിക്കൊടുക്കാൻ സാധിച്ചില്ലെന്നല്ലാതെ ഈ രാജ്യത്തെ പ്രജാസമൂഹത്തിന്റെ അഭിപ്രായത്തെ ആദരിച്ചും ഗുണത്തെ ഉദ്ദേശിച്ചും ആ ഏർപ്പാടു നിർത്തിവച്ചു എന്നു ഗവർമ്മെന്റിന്റെ പ്രസ്സ് കമ്മ്യൂണിക്കേകൊണ്ടു കാണുന്നില്ലാ. ആ കമ്പനിക്കാർക്കു ഏതൊരു പ്രസ്ഥാനത്തോടു യോജിക്കുവാൻ സമ്മതമില്ലെന്നു പറകയാൽ ഗവർമ്മെന്റു മേൽനടപടി നിർത്തിവച്ചതായിട്ടാണു കാണുന്നതു്. പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി പുതുവൽ പതിക്കുന്നതിനു അപേക്ഷ സാധിക്കുമെങ്കിൽ മററുള്ളപ്രേരണകളില്ലാത്ത ഒരു പ്രസ്ഥാനത്തെ സ്വീകരിക്കുന്നതു് ആവശ്യമുള്ളതല്ലല്ലോ. ഇപ്പോൾതന്നെ ആ കമ്പനിവക പീരുമേട്ടിലുള്ള ആനക്കൽതോട്ടത്തിനു സമീപം ൩൦൦൦ ഏക്കർ സ്ഥലം ഗവർമ്മെന്റു പതിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നതായി ഞാൻ സൂക്ഷ്മമായി അറിയുന്നു.

ഇപ്രകാരം പുതുവൽ സ്ഥലങ്ങൾ വിദേശകമ്പനിക്കാർക്കു പതിച്ചുകൊടുക്കുന്നതിനു ഇന്നത്തെ ഗവർമ്മെന്റു വളരെ ഔത്സുക്യം പ്രദർശിപ്പിക്കുന്നതായി കാണുന്നതിൽ ദേശാഭിമാനിയായ ഏതു തിരുവിതാംകൂർകാരന്റെയും രക്തം തിളക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല.

മൈസൂർ രാജ്യത്തു ഈമാതിരി വിദേശീയവ്യാപാരികൾക്കു സ്ഥലംകൊടുക്കാതിരിപ്പാൻ അനുദ്യോഗസ്ഥ പൌരാവലി മാത്രമല്ലാ അവിടത്തെ നാട്ടുകാരായ ഉദ്യോഗസ്ഥന്മാർപോലും ഗവർമ്മെന്റിനെ നിർബന്ധപൂർവം ഉപദേശിച്ചുപോരുന്നുവെന്നുള്ള സംഗതി ഓർക്കുമ്പോൾ തിരുവിതാംകൂർ ഗവർമ്മെന്റുദ്യോഗസ്ഥന്മാരുടെ നടപടികളെ ഞാൻ പ്രത്യേകം ഓർക്കേണ്ടതായി വരുന്നു.

റിസർവുവനങ്ങൾ തുറന്നുകൊടുപ്പാൻ പാടില്ലാ എന്നും, അതു തിരുവിതാംകൂറിലെ ഭാവി പൌരന്മാരുടെ രക്ഷയ്ക്കു യോജിച്ചതല്ലെന്നും, ൧൦൦൦-മാണ്ടു വാഴിച്ച കൺസർവേറർ ൧൦൦൮-മാണ്ടു ആയപ്പോൾ ലക്ഷക്കണക്കിനു വിദേശകമ്പനിക്കു കൊടുപ്പാൻ വിരോധമില്ലെന്നു അഭിപ്രായപ്പെടുകയും ആ അഭിപ്രായത്തെ പിൻതാങ്ങാൻ ഒരു ധനംപരിപോഷണക്കമ്മിററിയുണ്ടാവുകയുംചെയ്തു. ഇതനെന്താശ്ചര്യം, ഇപ്രകാരം അസ്ഥിരമായ അഭിപ്രായവും ആവശ്യംപോലെ അഭിപ്രായം പറയാനുള്ള സന്നദ്ധതയും ഒരു രാജ്യക്ഷേമകാംക്ഷിയായ ഗവർമ്മെന്റുദ്യോഗസ്ഥനു ഭൂഷണമാണെന്നു തോന്നുന്നില്ലാ. ഈമാതിരി വിഷയങ്ങളിൽ സ്ഥിരമായ ഒരു നയം ഗവർമ്മെന്റു തുടർന്നുപോരാതെ രാജ്യത്തിനു ഗുണമുണ്ടാകയില്ല. അതാതുകാലത്തെ ദിവാൻജിയുടെ അഭിലാഷം സാധിക്കുന്നതിനുവേണ്ടി ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ അഭിപ്രായങ്ങളെ അപ്പോഴപ്പോൾ മാററംചെയ്യുന്നതു അവർക്കും അവരെ പൊതുജനദാസന്മാരാക്കി അഭിഷേകംചെയ്യുന്ന പ്രജാവലിക്കും അഭിമാനകരമല്ലാ. ഇങ്ങനെയുള്ള മാർഗ്ഗങ്ങളിൽകൂടി സംസ്ഥാനത്തെ പുതുവൽസ്ഥലം മുഴുവൻ വിദേശിയർക്കു തീറെഴുതുകയും സ്വദേശികളെ ബഹിഷ്ക്കാരരാക്കുകയുംചെയ്യുന്നതു ആശാസ്യമായ ഒരു നയമല്ലാ.

ഇന്നത്തെ രാജ്യസ്ഥിതിയ്ക്കു തൊഴിലില്ലാത്തവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുവാനുള്ള ഏകവിചാരമേ ഗവർമ്മെന്റിനുണ്ടായിരിക്കാൻ പാടൊള്ളു. ധനാഗമമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു ജനങ്ങൾക്കു പ്രയോഗപ്പെടുന്ന രീതിയിൽ പ്രായോഗികമായ പദ്ധതികൾ നിർണ്ണയിക്കണം. ഏറ്റവും പ്രധാനമായ ഈ സംഗതി നിർവഹിക്കുവാൻ അശക്തരാണെന്നു തോന്നുന്നുവെങ്കിൽ ഇപ്പോൾ രാജ്യഭരണത്തിൽ ചുമതലപ്പെട്ടവർ അവരുടെ സ്ഥാനം ഉടൻ വിട്ടൊഴിയുകയാണു ഉചിതം. ഈ രാജ്യത്തെ സ്നേഹിക്കാത്തതാന്താങ്ങളുടെ കാര്യംസാധിക്കുവാൻവേണ്ടി മാത്രം ഉദ്യോഗം ഭരിക്കുന്നമാന്യന്മാർ ഉടൻ അവരവരുടെ സ്ഥാനത്തു നിന്നും യാത്രപറയുകയാണുവേണ്ടതു്.

ഇവർക്കു ചുമതലയുള്ള ഉദ്യോഗം വഹിക്കുവാൻ അർഹതയില്ലെന്നു ഈ സഭാഹാളിൽവച്ചു് നിശ്ചയംചെയ്യുവാനുള്ള അധികാരം നമുക്കു സിദ്ധിച്ചിട്ടില്ലല്ലോ എന്നു് ഞാൻ വ്യസനിക്കുന്നു.

ഏതായാലും വിദേശിയർക്ക് തിരുവിതാംകൂറിലെ ഭൂമി [illegible] കൈക്കലാക്കുവാൻ ഗവണ്മെന്റ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയം ആശാസ്യമല്ലെന്നു ഞാൻ ഗവണ്മെന്റിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ഈ നയത്തെ [illegible] ഗവണ്മെന്റ് ആലോചിക്കേണ്ടതാണ്. [illegible] ഇവർ [illegible] സർക്കാരിനു യഥേഷ്ടം വിനിയോഗിക്കാവുന്നതും ആണെന്നുള്ള നിയമം [illegible] ഭൂമി സർക്കാർ വകയാണെന്നുള്ള [illegible] അവകാശവും [illegible] ഇന്ത്യയിൽ [illegible] [illegible] അവകാശം തിരുവിതാംകൂറിനില്ല. [illegible] അനന്തരം [illegible] ബ്രിട്ടീഷ്കാർക്കും [illegible] [illegible] ബോംബെ ഹൈക്കോടതിയിലും [illegible] സർ [illegible] വിൻസൺ എന്നിവരും അഭിപ്രായപ്പെട്ടിരിക്കുന്നു. [illegible] ഈ സംസ്ഥാനത്തുതന്നെ ബ്രഹ്മസ്വം, ദേവസ്വം, [illegible] (വെ [illegible]) [illegible] അന്യന്റെ വസ്തുക്കളും [illegible] ആയിരുന്നു. കാലാന്തരത്തിൽ ഈ വക ഇനങ്ങളിൽപെട്ട വസ്തുക്കൾ പലതും സർക്കാർ അധീനതയിൽ [illegible] പണ്ടാരവകയായി തീർന്നു എന്നു അനുമാനിക്കുന്നതല്ല. [illegible] പണ്ടാരവക എന്നു [illegible] വസ്തുക്കളെ വിക്രയം ചെയ്യുന്ന വിഷയത്തിൽ [illegible] ഓർക്കേണ്ടതാണ്.

നമുക്ക് പ്രധാനമായ ഒരു പ്രശ്നം [illegible] വിക്രയവിഷയത്തിലും [illegible] നിയമനിർമ്മാണത്തിന്റെ അഭാവമാണ്. ഈ ലെജിസ്ലേറ്റീവ് കൗൺസിലിനാൽ [illegible] അഭിപ്രായമനുസരിച്ചല്ലാതെ [illegible] ഏക്കറിൽ കവിയുന്ന വിസ്തീർണ്ണമുള്ള ഭൂമി [illegible] ഒരു സെന്റ് ഭൂമിയെങ്കിലും വിദേശിയർക്ക് കൊടുക്കുകയോ [illegible] അവർക്ക് [illegible] ചെയ്യാൻ പാടില്ലാത്തതാണെന്ന ഒരു നിയമനം നടപ്പിൽ വരുത്തുന്നതിൽ മാത്രമേ [illegible] വഴിയുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനും എല്ലാ വിധ അസ്വസ്ഥതകൾക്കും പരിഹാരമുണ്ടാകുന്നതിനും മാർഗ്ഗമൊള്ളു.

തിരുവിതാംകൂറിലെ ജന്മിമാരെപ്പറ്റിയും അല്പം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. ഒന്നും രണ്ടും [illegible] [illegible] പുരയിടവും ഉള്ള [illegible] ഗവണ്മെന്റിലേക്കു [illegible] അളവില്ലാത്ത വസ്തുക്കൾ കൈവശംവെച്ചനുഭവിച്ചും, ആദായമെടുപ്പും രാജ്യത്തിലെ സകല [illegible] സൗകര്യങ്ങളും അനുഭവിച്ചു ജീവിക്കുന്ന ധനാഢ്യന്മാരായ ജന്മിമാരെ നികുതിഭാരത്തിൽ നിന്നും ഒഴിച്ചിരിക്കുന്നതു [illegible]. ബ്രിട്ടീഷ് ഇൻഡ്യയിലെ [illegible] ഇവിടെ വസിക്കുന്ന നമ്മുടെ ജന്മിമാർക്ക് [illegible] ക്കാൾ കൂടുതലായ ഒരവകാശത്തിനും അർഹതയില്ല. ജന്മിമാരുടെ [illegible] കൈവശമുള്ള ജന്മ വസ്തുക്കൾക്കു നികുതി ചുമത്താതിരിക്കുന്ന ഗവണ്മെന്റ് ആ വസ്തുക്കളെ [illegible] വനയോടുകൂടി എഴുതിവാങ്ങി അനുഭവിച്ചു തുടങ്ങുമ്പോൾ മാത്രം നികുതി ചുമത്തുന്ന നയം സ്വീകരിച്ചിരിക്കുന്നതു കേവലം യുക്തിഹീനവും ഉപദ്രവകരവും ആണെന്നു ഗവണ്മെന്റ് ധരിക്കേണ്ടതാണ്. ആകയാൽ ജന്മികളുടെ വസ്തുക്കളിന്മേൽ ബ്രിട്ടീഷ് ഇൻഡ്യയിലുള്ള തോതിൽ നികുതി ചുമത്തേണ്ട കാര്യം ഈ സഭയുടെ [illegible] ആലോചനയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

[illegible] രൂപായ്ക്കു താഴെയുള്ള ആദായത്തിനു ഇപ്പോൾ നികുതി ചുമത്താതിരിക്കുന്ന ഒരു സൗജന്യമാണ് ഗവണ്മെന്റിൽനിന്നും ചെയ്തുവരുന്നതു. അതുപോലെ ഒരു [illegible], [illegible], [illegible] കാലയാപനം ചെയ്യുന്നവർക്കും ചെയ്തുകൊടുക്കേണ്ടതു കേവലം നീതിയാണ്. നികുതിയേപ്പോലും [illegible] കൊടുക്കുന്നതിനു അശക്തന്മാരായി നിരവധി ജനം ഈ സംസ്ഥാനത്തുതന്നെയുണ്ട് ഡിമാൻഡ് നോട്ടീസിന്റെ [illegible] ത്തിൽ ഒരു വൻപിച്ച തുക സർക്കാരിലേക്ക് ഈടാക്കപ്പെടുന്നതുകൊണ്ടു അനുമാനിക്കാവുന്നതാണ്. അതുകൊണ്ടു ഇക്കാര്യവും ഭരണകർത്താക്കളുടെ ഗൌരവമേറിയ വിചിന്തനയ്ക്കു വിഷയമാക്കേണ്ടതാണ്.

ഇനിയും നമ്മുടെ ഗവണ്മെന്റിൽനിന്നും ഈടാക്കിവരുന്ന നികൃഷ്ടമായ ഒരാദായത്തെപ്പറ്റി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അബ്കാരിദൂതവകുപ്പിന്റെ നികൃഷ്ടതയെപ്പറ്റി മുമ്പൊരവസരത്തിലും ബഡ്ജറ്റ് പ്രസംഗത്തിൽ സമഷ്ടിയായി ഞാൻ പ്രതിവാദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ [illegible] ജനങ്ങൾക്കു മാഹാത്മ്യം [illegible] അഭിപ്രായപ്പെട്ട [illegible] കമ്മിറ്റിയുടെ [illegible] ഗവണ്മെന്റു അംഗീകരിക്കാൻ ഇടയില്ലാത്താണെങ്കിലും [illegible] അല്പം പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു. ഒരു വിദേശ ഗവണ്മെന്റായ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള സ്ഥലങ്ങളെ അപേക്ഷിച്ചു തിരുവിതാംകൂറിൽ അബ്കാരിഷാപ്പുകൾ വളരെ കൂടുതലാണ്. [illegible] താലൂക്കിൽ ഒരു സ്ക്വയർ മൈലിനു [illegible] വിസ്തീർണ്ണത്തിൽ ഓരോ കള്ളുഷാപ്പുള്ളതായി കാണുന്നു. തിരുവനന്തപുരം ടൌൺ, നെയ്യാറ്റിൻകര, [illegible], [illegible], ഇടങ്ങിയ [illegible] താലൂക്കുകളിലും [illegible] മൈലിനകമായി ഓരോ ഷാപ്പുണ്ട്. സംസ്ഥാനമൊട്ടുക്ക് ശരാശരി നോക്കുമ്പോൾ [illegible] സ്ക്വയർ മൈലിനു ഒരു കള്ളുഷാപ്പും [illegible] സ്ക്വയർ മൈലിനു ഒരു ചാരായഷാപ്പും ഉള്ളതായി കാണുന്നു. തിരുവിതാംകൂറിനോടു തൊട്ടുകിടക്കുന്ന മദ്രാസ് പ്രസിഡൻസിയിൽ [illegible] സ്ക്വയർ മൈലിന് ഒരു കള്ളുഷാപ്പും [illegible] സ്ക്വയർ മൈലിനു ഒരു ചാരായഷാപ്പും സ്ഥാപിച്ചിരിക്കുന്നു. ഇതുപോലെതന്നെ ഷാപ്പുകളുടെ സംഖ്യ ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോഴും തിരുവിതാംകൂറിന്റെ സ്ഥിതി ഭയങ്കരമായിട്ടാണു കാണുന്നതു. ബോംബെയിൽ ചാരായഷാപ്പ് [illegible] സ്ക്വയർ മൈലിനു ഒന്നും സിൻഡിൽ [illegible] സ്ക്വയർ മൈലിനു ഒന്നും, ബങ്കാളിൽ [illegible] സ്ക്വയർ മൈലിന് ഒന്നും, ബർമ്മയിൽ [illegible] സ്ക്വയർ മൈലിനു ഒന്നും, വീതമേ ഷാപ്പുകൾ ഉള്ളു. ജനസംഖ്യയും വിസ്തീർണ്ണവും നോക്കുമ്പോൾ മദ്യപാനത്തിൽ, തിരുവിതാംകൂർ വിദ്യാഭ്യാസത്തിലെന്നപോലെ, ബ്രിട്ടീഷ് ഇൻഡ്യയെ പിന്നാക്കമാക്കിയിരിക്കുന്നു. വിദ്യാഭ്യാസവിഷയവും, മദ്യപാനമത്തതയും ഒന്നിച്ചുചേർന്നു സമ്മേളിക്കുന്നതിന്റെ രഹസ്യം [illegible] കാലം ഏറ്റവും സന്നിഹിതമായിരിക്കുന്നു.

അബ്കാരി ഭരണത്തിനു ഇപ്പോൾ കണ്ടുവരുന്ന [illegible] വലിയ ന്യൂനത ഇന്നത്തെ [illegible] ണ്. ജനങ്ങളിൽ മദ്യാസക്തി വർദ്ധിപ്പിച്ചു അവരുടെ ധനശക്തിയെ നശിപ്പിക്കുന്നതിലേക്ക ഇപ്പോഴത്തെ

മേലധ്യക്ഷന്മാരായും എത്രത്തോളം സഹായിച്ചിട്ടുണ്ടെന്നുള്ളതിലേക്ക കണക്കാക്കുന്നില്ല. ഇൻഡ്യൻടാക്സേഷൻ കമ്മറ്റിക്കാർ ബോംബെഎക്സ്പെൻസ് കമ്മിറ്റിക്കാർ തുടങ്ങിയ അധികൃതസ്ഥാനങ്ങൾ ഈ സ്ഥിതിയെ ചൂണ്ടിക്കാണിച്ചിട്ടുണ്ട് എന്നും ആക്ഷേപിക്കയാണ് ചെയ്തിരിക്കുന്നത്.

ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ പരിരക്ഷിക്കേണ്ട ഗവൺമെൻറ ഒരു കൊല്ലത്തിലേയ്ക്ക് മാത്രം ൫൦൦ രൂപ ചിലവുള്ള ആശുപത്രി കുറവു ചെയ്താമെന്നുള്ള നയം അംഗീകാരിക്കപ്പെട്ടതിനെ ന്യായീകരിക്കാനും പ്രയാസമല്ല.

പൊതുമരാമത്തുവകുപ്പിന്റെ ചിലവു സ്വീകാര്യമായും ജനക്ഷേമകരമായും ഉള്ള പന്ഥാവിൽക്കൂടി ആയിരിക്കണം. ഈ തത്വം ഇവിടെ നിശ്ശേഷം വിസ്മരിക്കപ്പെട്ടുവരികയാണ്.

ഒന്നാമതായി നമ്മുടെ ചിലവിൽ കണ്ടുവരുന്ന ഒട്ടും അപൂർവമായ ഒരു വൈകല്യമല്ലാ ഇത്. ഒരു രാജ്യത്തിന്റെ മരാമത്തുവകുപ്പിൽ ചെലവിടുന്ന തുക മുഴുവനും പ്രയോജനമുള്ളതായിരിക്കേണ്ടതു സാമാന്യമാണ്.

രണ്ടാമത്തെ ദൃഷ്ടാന്തം ഉയർന്ന ഉദ്യോഗസ്ഥന്മാർക്കുള്ള ശമ്പളക്കൂടുതലും താഴ്ന്ന ജീവനക്കാർക്കുള്ള ശോച്യമായ മാസപ്പടിയുമാണ്. മനുഷ്യാവശ്യങ്ങൾക്ക വ്യത്യാസം അന്തരമില്ലെന്നുള്ള തത്വം സ്മരിക്കുമ്പോൾ ഈ വമ്പിച്ച വ്യത്യാസത്തിന്റെ ഭീമത്വം വെളിപ്പെടുന്നതാണ്.

മൂന്നാമത്തെ ദൃഷ്ടാന്തം മരാമത്തുവകുപ്പിന്റെ ശൂന്യമായ ഒരംശം ചിലവുചെയ്തു തൊഴിലില്ലാത്ത അനേകം യുവജനങ്ങളെ അസംതൃപ്തരാക്കപ്പെടുന്നവരാക്കുന്നതാണ്. പ്രായോഗികജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത ഇന്നത്തെ വിദ്യാഭ്യാസരീതി ശൂന്യമായ ഒരു തുകയെ പൊതുമരാമത്തുവകുപ്പിൽനിന്നും അപഹരിക്കുന്നതിനു പുറമേ നാട്ടിൽ സമുദായക്ഷോഭവും ദാരിദ്ര്യവും തൊഴിലില്ലായ്മയും വളർത്തുന്നു. സാഹിത്യപരമായ വിദ്യാഭ്യാസമാതൃകയിലും ജാതീയമായുള്ള ശിക്ഷാക്രമ പാഠശാലകളിലും അനാവശ്യമായി ചിലവിടുന്നതുതന്നെയും സൂക്ഷിച്ചും ആവശ്യം അനുസരിച്ചും ആവേണ്ടതാണ്.

ഈ അവസരത്തിൽ തിരുവിതാംകൂറിലെ ട്രെയിനിങ്ങ്കാളേജ് ട്രെയിനിങ്ങ്സ്കൂൾ ഇവയെപ്പറ്റി അല്പം പ്രസ്താവിക്കണമെന്ന വിചാരിക്കുന്നു. ഏകദേശം ൧ ലക്ഷം രൂപയാണ് ഈ വകകളിലായി അദ്ധ്യാപകന്മാരുടെ പരിശീലനാവശ്യത്തിനു കൊല്ലംതോറും ചിലവുചെയ്യുന്നതു. ട്രെയിനിങ്ങ്കാളേജിലേക്ക ൨൦,൦൦൦ രൂപയും ട്രെയിനിങ്ങ്സ്കൂളുകളിലേക്ക ൨൫,൦൦൦ രൂപയും അദ്ധ്യാപികമാർക്ക ൪,൦൦൦ രൂപയും ഗ്രാൻറ സ്കൂൾവകയ്ക്കു ൨൩,൦൦൦ രൂപയും ഉൾപ്പെടെ ൭൨,൦൦൦ രൂപ സ്റ്റൈപ്പൻറ ഇനത്തിൽ ഇപ്പോൾ ചിലവുചെയ്തുവരുന്നു.

ട്രെയിനിങ്ങ്കാളേജിൽ എസ്റ്റാബ്ലിഷ്മെൻറ ചിലവിലേക്ക ൪൧,൦൦൦ വും, ട്രെയിനിങ്ങ്സ്കൂളുകളിലേക്ക ൪൦,൦൦൦ വും ഉൾപ്പെടെ ൮൦,൦൦൦ രൂപ ആ വകയിലും ചിലവുചെയ്യുന്നുണ്ട്. ഇതിന്റെ ഫലമായി കൊല്ലംതോറും ൬൦ ഗ്രാഡ്വേററുകളേയും ൫൦ അണ്ടർഗ്രാഡ്വേററുകളേയും ൧൫൦ എലിമെൻററി ടീച്ചേഴ്സിനേയും ആണ് ട്രെയിനിങ്ങ് നടത്തി പുറത്തേക്കാക്കിടുന്നത്. ഈ ക്രമത്തിനു ൨൫൦ അദ്ധ്യാപകന്മാരെ പരിശീലനം ചെയ്തു പുറത്തുവരുത്തുന്നതിനു അദ്ധ്യാപകൻ ഒന്നിനു ൭൫൦ രൂപാവീതം ചിലവുചെയ്യുന്നു.

ഈ ചിലവിനെ നിരുത്തൽചെയ്യാവുന്നതാണ്. കേവലം അലങ്കാരത്തിനായിമാത്രം നാം ചിലവുചെയ്യേണ്ടആവശ്യമില്ല. ഗ്രാഡ്വേററ ടീച്ചേഴ്സിനേയും അണ്ടർഗ്രാഡ്വേററ ടീച്ചേഴ്സിനേയും ട്രെയിനിങ്ങിനായി എടുക്കുമ്പോൾ അവരുടെ ശമ്പളം സ്റ്റൈപ്പൻറായി കൊടുക്കുന്നു. ഗ്രാൻറ ഇൻ എയിഡ്സ്കൂളുകളിൽനിന്നും എടുക്കുന്ന അദ്ധ്യാപകന്മാർക്കും ഈ ക്രമത്തിൽതന്നെയാണ് സ്റ്റൈപ്പൻറ അനുവദിച്ചിട്ടുള്ളത്. ആ ഗ്രാൻറ ഇൻ എയിഡ്സ്കൂളുകളിലെ മാനേജരന്മാർക്ക ഒരു ലാഭമായിത്തീരുന്നതുകൂടി മാർഗ്ഗമായി തീർന്നിട്ടുണ്ടെന്നാണ് എന്റെ അറിവു. ഈ ഏർപ്പാടിനെ പാടെ നിർത്തലാക്കേണ്ടതാണ്.

മൈസൂർ ഇതിൽപ്പെടുകയിലും ബ്രിട്ടീഷ് ഇൻഡ്യയിൽ മററു സ്ഥലങ്ങളിലുമുള്ള ഇതുപോലെയുള്ള ട്രെയിനിങ്ങിനു എം. എ. പാസായിട്ടുള്ളവർക്ക ൨൫ രൂപയും ബി. എ. പാസായിട്ടുള്ളവർക്ക ൧൫ രൂപയും അണ്ടർഗ്രാഡ്വേററിന് ൧൦ രൂപയും മാത്രമേ സ്റ്റൈപ്പൻറ നൽകിവരുന്നുള്ളു.

ഇതരഡിപ്പാർട്ടുമെൻറുകളിൽ ഡിപ്പാർട്ടുമെൻറൽ പരീക്ഷകൾ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ ട്രെയിനിങ്ങ് പരീക്ഷ പാസായിട്ടുള്ളവർക്ക എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറൽ സ്ഥിരപ്രവേശനം അനുവദിക്കയുള്ളു എന്നു നിശ്ചയിക്കയും പ്രവേശനം സിദ്ധിച്ചവർക്ക മൈസൂർ മുതലായ കാളേജ്കളിലെപ്പോലെ സ്റ്റൈപ്പൻറു കൊടുക്കുന്നതിനു അനുവദിക്കുകയും ചെയ്യുന്നപക്ഷം ആ ഇനത്തിൽമാത്രം വലിയ ഒരു സംഖ്യ ലാഭമാക്കാവുന്നതാണ്. നാൺസ്റ്റൈപ്പൻഡിയറിസ്റ്റുകൾ സ്ഥാപിക്കുന്നപക്ഷം ഇപ്പോൾ ഈ കാളേജിൽ പ്രവേശനത്തിനായി തിക്കിക്കയറുന്നതുപോലെ അനവധി വിദ്യാർത്ഥികളെ കിട്ടുന്നതുമാണ്.

നാലാമത്തെ ദൃഷ്ടാന്തം നിശ്ചിതമായ ഒരു ഉദ്ദേശ്യമില്ലാതെ ഉദ്യോഗസ്ഥന്മാരായ പുതിയ ചട്ടങ്ങൾക്ക ഏർപ്പെടുത്തി പൊതുമുതലിനെ ദുർവ്യയം ചെയ്യുന്നതാണ്. ഇവിടെ ഒരു സർവകലാശാല സ്ഥാപിക്കുന്നതു സാദ്ധ്യമാണോ എന്നാലോചിക്കുന്നതിനു ഗവൺമെൻറ ഒരു കമ്മററിയെ നിശ്ചയിച്ചു പണം ദുർവ്യയംചെയ്തു. ആ കമ്മററിയുടെ റിപ്പോർട്ടു ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആലപ്പുഴമുതൽ ചേർത്തലവരെ ഒരു തോടുവെട്ടുന്നതിനായി ആ സംഖ്യയിൽ പണം വ്യയംചെയ്തു. ഫലസിദ്ധിയുണ്ടായില്ല. ഒടുവിൽ വേണ്ടന്നുവെച്ചു. ആവശ്യമില്ലാതെ അസിസ്റ്റൻറ ഹോമിൽ ദിവാൻമാരുടെ ഉദ്യോഗം സൃഷ്ടിച്ചു. അതിനെ നിരുത്തൽചെയ്യുന്നതിലേക്ക ഒരു കമ്മററി ഏർപ്പെടുത്തി അതിലേക്കും പൊതുമുതൽ ദുർവ്യയം ചെയ്യപ്പെട്ടിരിക്കുന്നു.

അഞ്ചാമതായിട്ടുള്ള ദൃഷ്ടാന്തം അനാവശ്യമായി സർക്കാർ കെട്ടിടങ്ങളിലേക്കായും ചിലവാക്കുന്നതാണ്. ഉൾനാടുകളിലെ ജനങ്ങൾക്ക ശരിയായ ഗതാഗതമാർഗ്ഗങ്ങൾപോലും ഇല്ലാതിരിക്കുമ്പോൾ തലസ്ഥാന നഗരിയിൽ ഉന്നതസൗധങ്ങൾ ഉണ്ടാക്കുന്നതിലേക്ക പണം വ്യയംചെയ്യുന്നതു ഭയങ്കരമാണ്.

മേല്പറഞ്ഞകാരണങ്ങളാൽ നമ്മുടെ നികുതിയുടെ ഉൽപാദനസ്ഥാനങ്ങളേയും വ്യയനിയന്ത്രണമാർഗ്ഗങ്ങളേയും പരിശോധിക്കേണ്ടതു അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. നാട്ടിലെങ്ങും അസംതൃപ്തി വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു ജനങ്ങളുടെ നികുതിഭാരത്തെ ലഘൂകരിക്കുന്നതു ശ്രേഷ്ഠമായ ഒരു ഭരണകുശലതയായിരിക്കും. അതുകൊണ്ടു എന്റെ ഈ അഭിപ്രായങ്ങൾ ഈ സഭയുടെ ആലോചനയ്ക്കു വിഷയമായിത്തീരുമെന്നു വിശ്വസിക്കുന്നു.

പി. ജി. നാരായണപിള്ള (തിരുവല്ല): സർ, വാർഷിക ബഡ്ജറ്റിനെപ്പറ്റി [illegible] ചില സംഗതികൾ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ഈ ആണ്ടിന്റെ അവസാനത്തോടുകൂടി ഏകദേശം [illegible] ലക്ഷം ഉറുപ്പിക [illegible] സർപ്ലസ് പ്രതീക്ഷിക്കുന്നു. എന്നാൽ [illegible]-ലെ യഥാർത്ഥ വരവു ചെലവുകളും ഇതുവരെയുള്ള [illegible] റിവൈസ്ഡ് എസ്റ്റിമേറ്റുകളും ബഡ്ജറ്റിലെ [illegible] [illegible] ഈ വിധ പ്രസ്താവനയ്ക്കു കാരണം ഉൾക്കൊള്ളുന്നതായിത്തീരുന്നു. [illegible] ഏകദേശം [illegible] ലക്ഷം ഉറുപ്പിക [illegible] ഉണ്ടായിട്ടുള്ളതായി ആശിക്കപ്പെടുന്നതും ഈ [illegible] എസ്റ്റിമേറ്റിൽനിന്നും ഏകദേശം [illegible] ലക്ഷം ഉറുപ്പിക കൂടുതലായി [illegible] [illegible] യഥാർത്ഥത്തിൽ [illegible] നീക്കിയിരിപ്പുള്ളതായ ഒരു ബഡ്ജറ്റിനെ എങ്ങനെങ്കിലും [illegible] [illegible]. എന്നാൽ ഒരു ഗവണ്മെന്റിന്റെ സാമാന്യ ചെലവുകൾ വരവിന്റെ [illegible] [illegible] അടിസ്ഥാനപ്പെടുത്തി ക്രമീകരിക്കപ്പെട്ടിരിക്കേണ്ടതാണെന്ന് [illegible].

[illegible] റവന്യൂവിനെ ഒരു [illegible] ബഡ്ജറ്റിന്റെ [illegible] നിന്നും ഉപേക്ഷിക്കേണ്ടിയിരിക്കുന്നു; എന്നിരിക്കിലും, [illegible] യഥാർത്ഥവരവ്, [illegible] ബഡ്ജറ്റ് എസ്റ്റിമേറ്റ്, ഈ രണ്ടിനും തമ്മിൽ വർദ്ധിച്ചിട്ടുള്ളതെന്ന് ആശിക്കപ്പെട്ടിട്ടുള്ള [illegible] ഈ [illegible] മാർഗ്ഗത്തിലൂടെയുള്ള റവന്യൂവിനെ ഇനിയും ഒരു വർദ്ധനവുണ്ടാകണമെങ്കിൽ അതു [illegible] [illegible], ഇപ്പോൾ [illegible] [illegible] ഉയർന്നവയും, കുറെ ഏറെ ക്രൂരമായവയുമുണ്ടാകുന്നു; ഗവണ്മെന്റിന്റെ [illegible] [illegible] റവന്യൂമാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കേണ്ട കാലമായിരിക്കുന്നു.

കഴിഞ്ഞ രണ്ടുകൊല്ലങ്ങളിൽ സ്വാതന്ത്ര്യവും ജനാധിപത്യവും [illegible] [illegible]. [illegible] വേഷനും ഈഴവ [illegible] മുതലായ [illegible] [illegible] [illegible] ഉള്ളതാണ്; [illegible] ഇതുകൊണ്ടു, ഈ അസാധാരണമായുള്ള അവസ്ഥയെ [illegible] [illegible] [illegible] യഥാർത്ഥമായ ഒരു റവന്യൂമാർഗ്ഗമായിരിക്കുമെന്നും [illegible] ബുദ്ധിപൂർവ്വം [illegible] [illegible]. [illegible] [illegible] [illegible] തങ്ങൾക്കായി [illegible] സംഖ്യയിൽ ഗവണ്മെന്റ് [illegible] [illegible] ഒന്നാണ്. ഇനി ബ്രേക്കിനേയും [illegible] ഒരു [illegible] പറ്റി [illegible] നന്നായിരിക്കും. ഉപയോഗപ്രദമായ സംഗതികൾക്ക് [illegible] [illegible] [illegible] [illegible] [illegible] ഈയാണ്ടിനിടയിൽ ഉണ്ടായിട്ടുള്ളതും അടുത്ത [illegible] ഉണ്ടാകുമെന്നു ആശിക്കപ്പെട്ടിട്ടുള്ളതുമായ ആദായങ്ങളും മിച്ചങ്ങളും ഒരു ബുദ്ധിപൂർവ്വമായ നയത്തെയല്ല കാണിക്കുന്നത്; [illegible] [illegible], [illegible] തരുന്നതിനെ ഇടക്കുകൊണ്ടു എടുത്തുകളയുന്നതിനു [illegible], [illegible] [illegible] അനുവദിക്കാൻ കഴിവുള്ളതെങ്കിൽ അതു ചെയ്യേണ്ടതാണ്; അനുവദിക്കപ്പെടുന്നതായ തുക യഥാർത്ഥമായിട്ടു [illegible] [illegible] ങ്ങളുടേയും ഉപയോഗാർത്ഥം ചെലവുചെയ്യപ്പെടുന്നതായി നോക്കേണ്ടതാകുന്നു.

[illegible] ഇനത്തിലുള്ള റവന്യൂ മിക്കവാറും ഏറ്റവും [illegible] [illegible]; [illegible] [illegible] ഫോറസ്റ്റ് റവന്യൂവിൽ വലിയ വർദ്ധനയുണ്ടാകുമെന്നു [illegible] നിവൃത്തിയില്ല.

[illegible], പിന്നെ ബാക്കിയുള്ള രണ്ടുമാർഗ്ഗങ്ങൾ ചുങ്കവും നികുതിയും ആണ്; നമ്മുടെ [illegible] ങ്ങളും കച്ചവടവും അഭിവൃദ്ധിപ്പെടുത്തുന്നതിലേയ്ക്കു കൂടുതൽ ശ്രദ്ധ [illegible] [illegible] നമ്മുടെ [illegible] ധനസമ്പാദനത്തിനുള്ള ത്രാണിയെ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കേണ്ടതിന്റെയും [illegible] [illegible] ഈ രണ്ടു മാർഗ്ഗങ്ങളും [illegible] [illegible] ചെയ്യുന്നു. ഈ രാജ്യത്തിന്റെ ഒരു സാമ്പത്തിക സർവേ, നമ്മുടെ വ്യവസായങ്ങളുടെ അഭിവൃദ്ധി, ഒരു [illegible] [illegible] രൂപീകരണം—എന്നീ സംഗതികളെപ്പറ്റിയുള്ള സംസാരം കേട്ടുതുടങ്ങിയിട്ടു ഏറെക്കാലമായി; എന്നാൽ [illegible] [illegible] [illegible] യാതൊരു രൂപവും ഗ്രഹിച്ചിട്ടില്ല; ഇതുവരെയായിട്ടും ആശിച്ചപ്രകാരം യാതൊന്നുംതന്നെ പ്രവൃത്തിയിൽ വരുത്തിയിട്ടുമില്ല. അതുകൊണ്ടു ഈ സംഗതിയിൽ ഗവണ്മെന്റ് ഉണർന്നു പ്രവർത്തിക്കേണ്ടതും കൂടുതൽ [illegible] [illegible] എന്തെങ്കിലും പ്രവൃത്തിയിൽ വരുത്തേണ്ടതും വളരെ അത്യാവശ്യമായിരിക്കുന്നു.

അടുത്തതായി ഗവണ്മെന്റ് ഭൂമി വില്പനയിൽനിന്നുള്ള ആദായത്തെപ്പറ്റിയും അടുത്ത കൊല്ലത്തിൽ ആശിക്കപ്പെട്ടിരിക്കുന്നതായ വർദ്ധനയെപ്പറ്റിയും നോക്കുന്നതായാൽ, ഈ [illegible] [illegible] സംഗതിയിൽ ഗവണ്മെന്റ് [illegible] ഒരു അഭിപ്രായം ഞാൻ പറയണമെന്നുദ്ദേശിക്കുന്നു.

നമ്മുടെ [illegible] വിദ്യാഭ്യാസവർദ്ധനയോടുകൂടി [illegible] [illegible] [illegible] വളരെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു സർവസമ്മതമായ ഒരു സംഗതിയാണ്; ഈ വിഷമമേറിയ സംഗതിക്കു ഒരു [illegible] കണ്ടുപിടിക്കുന്നതിലേക്കായി നിയമിച്ചിട്ടുള്ള കമ്മിറ്റിക്കാർ [illegible] [illegible] ഇതുവരെ അവസാനിപ്പിച്ചിട്ടുമില്ല. "തിരിയെ ഭൂമിയിലേയ്ക്കു" എന്നുള്ള മുറവിളിയാണ് [illegible] മുഴങ്ങിക്കൊണ്ടിരിക്കുന്നതു; [illegible] കൃഷിവർദ്ധനമൂലം മാത്രമേ [illegible] ഈ വിഷമമേറിയ സംഗതിക്കു എന്തെങ്കിലും ഒരു പരിഹാരം കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

വളരെക്കൊല്ലങ്ങളായി ഇവിടെ പല ജാതികളിലുമുള്ള ആളുകളും യോജിച്ചുള്ള കുടുംബസംഘങ്ങളായി താമസിച്ചുവരികയായിരുന്നു. എന്നാൽ പുതിയ ചട്ടങ്ങളും സ്ഥിതിഭേദങ്ങളും നിമിത്തമായിട്ടു കുടുംബങ്ങൾ ക്രമേണ ഭിന്നിക്കാനും അതോടുകൂടി അധിവാസത്തിനായുള്ള ഭൂമിക്കു ആവശ്യം വർദ്ധിക്കാനും തുടങ്ങിയിട്ടുണ്ട്. നിർദ്ധനരും ഭൂമിയില്ലാത്തവരുമായ കൂലിവേലക്കാർ ധനസമ്പാദനത്തിനും സ്വന്തഭൂമിയിൽ താമസിക്കാനും തുടങ്ങിയിരിക്കുന്നു. അവിടവിടെയുള്ള ധനവാന്മാർ റബ്ബറും തേയിലയും കൂടുതലായി കൃഷിചെയ്യുന്നതിലേക്കായി ഭൂമി അന്വേഷിച്ചു മുന്നോട്ടുവന്നു തുടങ്ങിയിരിക്കുന്നു. രാജ്യത്തിലെ ജനസംഖ്യയും ഓരോ ആണ്ടു കഴിയുംതോറും വർദ്ധിച്ചുവരുന്നു; അധിവാസസൗകര്യങ്ങൾക്കായി കൂടുതൽ ഭൂമിക്കുള്ള ആവശ്യം സദാ [illegible] യിരിക്കുന്നു.

ഈ രാജ്യത്തെ ജനങ്ങളിൽ അധികംപേരുടേയും അവരുടെ പ്രതിനിധികളുടേയും ശ്രദ്ധ കഴിയുന്നതു ഇതിൽ പതിപ്പിക്കുന്നതിലും കഴിയുന്നതു ഗവൺമെന്റുദ്യോഗം കരസ്ഥമാക്കുന്നതിലും ആണെന്നു ഈ രാജ്യത്തെ പത്രങ്ങളിൽനിന്നും പ്രജാസഭയിലെ പ്രസംഗങ്ങളിൽനിന്നും കൗൺസിലിലെ പ്രശ്നങ്ങൾ, തീരുമാനങ്ങൾ എന്നിവകളിൽനിന്നും കാണുന്നു. ഇവയിൽ ഒന്നു വക്രമാൎഗ്ഗത്തിലും മറ്റൊന്നു നേരേയും തൊഴിലില്ലായ്മപ്രശ്നത്തെ സ്പർശിക്കുന്നു. ഭൂമിസംബന്ധമായ പ്രശ്നത്തെപ്പറ്റിയുള്ളതായ ഉൾകണ്ഠ ഈ വിഷമമേറിയ പ്രശ്നത്തിനു പരിഹാരമായി അവസാനത്തിൽ കൃഷിമാത്രമേ പര്യാപ്തമായി ഭവിക്കുകയുള്ളു എന്നുള്ളതായ പൊതുബോധത്തെ കാണിക്കുന്നതായ ഒരു ഉത്തമചിഹ്നമാണ്. നമുക്കു കുടിയേറിപ്പാർക്കുന്നതിനായി കോളണികൾ ഇല്ല; നമ്മുടെ ആവശ്യങ്ങൾക്കായിട്ടു, പതിച്ചുകൊടുത്തിട്ടില്ലാത്തതായ ഗവൺമെന്റുഭൂമികൾ മാത്രമേ ഇനിയുള്ളു. സംഗതികൾ ഇപ്രകാരമിരിക്കെ വലിയ ഭൂവിഭാഗങ്ങൾ നാട്ടിനു വെളിയിലുള്ളവൎക്കു പതിച്ചുകൊടുക്കുന്നതു ന്യായ്യമൊ, ബുദ്ധിപൂൎവകമൊ അല്ല; നമ്മുടെ നാട്ടിൽതന്നെ വൎദ്ധിച്ചുവരുന്നതായ ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതിലേക്കായി കഴിയുന്നതു ഭൂമിയെ സൂക്ഷിക്കുന്നതിനു തക്കതായ മുൻകരുതലുകൾ ചെയ്യേണ്ട കാലമായിരിക്കുന്നു. ഈ മനോബോധമായിരുന്നു ക്രൂക്കബാണ്ടപദ്ധതിക്കു എതിരായിട്ടുണ്ടായ ബഹളത്തിനുള്ള കാരണങ്ങളിൽ ഒന്നു. അവസാനമായി, പൊതുബോധത്തെ ആസ്പദമാക്കി ആ സ്കീം ഉപേക്ഷിച്ചതിൽ ഗവൺമെന്റു യഥാൎത്ഥമായും അഭിനന്ദിക്കപ്പെടേണ്ടവരാണ്.

ഇനി ബഡ്ജറ്റിലെ ചെലവുകളെപ്പറ്റി നോക്കുന്നതായാൽ നാം ചാർട്ടുകൾ നോക്കണമെന്നും ബഡ്ജറ്റിലെ ഇനങ്ങൾ [illegible]-ലേഖയുമായി തുലനംചെയ്തുനോക്കണമെന്നും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ആ ഇനങ്ങളുടെ വരവുകളും ചെലവുകളും വെറും സാധാരണമായിട്ടുള്ളതായിരുന്നോ എന്നു എനിക്കറിവില്ല. ഏതായാലും, ഫിനാൻഷ്യൽസെക്രട്ടറിയുടെ വിശദമായുള്ള പ്രസംഗം, ബഡ്ജറ്റു ശരിയായി മനസ്സിലാക്കുന്നതിനു എന്നെ അതിയായി സഹായിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ശമ്പളക്കൂടുതലുള്ള ഉദ്യോഗങ്ങളുടെ സംഖ്യയും ശമ്പളവും കുറെ കുറവുചെയ്യണമെന്നു ആണ്ടുതോറും വാദിച്ചിട്ടു യാതൊരു ഫലവുമുണ്ടാകാതിരിക്കുന്നതു അതിയായ നിരാശയ്ക്കും ക്ഷീണത്തിനും കാരണമാകയാൽ ആ വിഷയത്തിൽ മുന്നാണ്ടുകളിൽ തുടരെത്തുടരെ ഉണ്ടായിട്ടുള്ളതായ സങ്കടബോധത്തെപ്പറ്റി ഗവൺമെന്റിനെ ഓൎമ്മപ്പെടുത്തിക്കൊണ്ടു ആ വിഷയം ഞാൻ വിടുന്നതാകുന്നു. ഏതായാലും ചെറുശമ്പളക്കാരായ ജോലിക്കാരുടെ അവസ്ഥ നന്നാക്കുന്നതിലേക്കായി എന്തോ ചെയ്‌വാൻ നിശ്ചയിച്ചിരിക്കുന്നതു സന്തോഷപ്രദംതന്നെ. എന്നാൽ അക്കൗണ്ടന്മാരെ അവരുടെ തൽക്കാലസ്ഥിതിയിൽതന്നെ ഇരുത്തുന്നതും, മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളം കൂട്ടുന്നതിനായുള്ള കമ്മറ്റിയുടെ ശുപാർശകളെ അനുകരിച്ചു യാതൊരേർപ്പാടും ചെയ്യപ്പെടാത്തതും വളരെ കഷ്ടമാണ്. അടുത്തഭാവിയിലെങ്ങാനും കമ്മറ്റിയുടെ ശുപാർശകളെ ഗവൺമെന്റു അനുകൂലിക്കുന്നപക്ഷം ബഡ്ജറ്റിലുള്ള നീക്കിയിരിപ്പു തന്നാവശ്യത്തിനു മതിയാകയില്ല എന്നുള്ള കാരണത്തിന്മേൽ വളരെക്കാലമായി ആശിച്ചുകൊണ്ടിരിക്കുന്നതായ ഈ ഗുണകരമായ മാറ്റം അവഗണിക്കപ്പെടുകയില്ലെന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു.

വിവിധ ഇനങ്ങളിലായുണ്ടായിട്ടുള്ളതായ പല ചെലവുകളെപ്പറ്റി നോക്കുന്നതായാൽ അവയെപ്പറ്റിയുള്ളതായ വിസ്താരമായ വാദപ്രതിവാദം സൂക്ഷ്മവിചാരണാൎത്ഥം പിന്നാലെയുണ്ടാകുമെന്നുള്ളതിനാൽ ഞാൻ അതിനായി തുനിയുന്നില്ല. എന്നാൽ ഇതിനെപ്പറ്റി ഇത്രയും പറയുന്ന അവസരത്തിൽ സെക്കണ്ടറി എഡ്യുക്കേഷൻ മാതൃഭാഷയിലാക്കിയാലുള്ള പ്രയോജനങ്ങളെപ്പറ്റി പര്യാലോചന ചെയ്യുന്നതിലുള്ള ഔചിത്യത്തെപ്പറ്റിയും നമ്മുടെ സ്കൂളുകളിൽ വ്യവസായപരമായ എന്തെങ്കിലും പരിശീലനംകൂടി കൊടുക്കുന്നതിനു കഴിയുന്നതു എളുപ്പത്തിൽ ഏൎപ്പാടു ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഞാൻ ബലമായി ഗവൺമെന്റിനെ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു. ഉൾനാട്ടിലെ ശുചീകരണത്തെ സംബന്ധിച്ചു കൂടുതൽ ശ്രദ്ധ പതിക്കേണ്ടതും, ചേൎത്തലയുള്ള മണ്ണ്, മലമ്പ്രദേശങ്ങളിലെ മലേറിയാ മുതലായ നീണ്ടുനിൽക്കുന്ന സുഖക്കേടുകളെ തടയുന്നതിനായി തക്കതായ ഒരു ഏജൻസി ഏൎപ്പെടുത്തേണ്ടതും ആകുന്നു. മദ്ധ്യതിരുവിതാംകൂറിൽ ചെറുതരം കൃഷിസേചനജോലികൾക്കായിട്ടു അനുവദിച്ചിട്ടുള്ള സംഖ്യ മതിയാകയില്ലെന്നു സങ്കടപ്പെടാതെ നിവൃത്തിയില്ല. കൃഷിക്കാവശ്യത്തിനായുള്ള തോടുകൾക്കായി അനുവദിച്ചിട്ടുള്ള സംഖ്യ ഈയാണ്ടിൽതന്നെ ഉപയോഗപ്പെടുത്തണമെന്നുള്ളതു ഏറ്റവും അത്യാവശ്യമാകുന്നെന്നു പറയേണ്ടതു എന്റെ കടമയായി ഞാൻ കരുതുകയുംചെയ്യുന്നു. ഗവൺമെന്റു സഹായബാങ്കിന്റെ ആരംഭവും, തലസ്ഥാനത്തു ജലവിതരണം, വൈദ്യുതദീപവിതരണം എന്നീ പദ്ധതികളും, അഭിനന്ദനീയങ്ങളാണ്. പരസ്പരസഹായതത്വത്തിന്മേൽ ഒരു ലാൻഡുമാർട്ട്ഗേജ് ബാങ്കു സ്ഥാപിക്കണമെന്നു തീർച്ചചെയ്തിട്ടുള്ളതനുസരിച്ച് ഗവൺമെന്റു താമസംകൂടാതെ അപ്രകാരംചെയ്യുമെന്നു ആശിക്കപ്പെടുന്നുണ്ട്. ഉൾനാടുകളിലെ ചന്തസ്ഥലങ്ങളുടെ സ്ഥിതിയെ നന്നാക്കുന്നതിലേക്കു അവസാനമായിട്ടു ഗവൺമെന്റു മനഃപൂൎവമായി ഉത്സാഹിച്ചു തുടങ്ങിയിട്ടുണ്ടെന്നു കാണുന്നതു സന്തോഷപ്രദംതന്നെ. ഇക്കാര്യത്തിലേക്കായി വരുന്നകൊല്ലങ്ങളിൽ കൂടുതൽസംഖ്യ അനുവദിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുകയുംചെയ്യുന്നു.

ഈ വിവിധാഭിപ്രായങ്ങൾ പറയുന്നതിനിടയിൽ, എന്റെ മനസ്സിൽ ഏറ്റവും ഉച്ചസ്ഥമായിരിക്കുന്നതായ ഒരു അഭിപ്രായത്തെ പുറപ്പെടുവിക്കുന്നതിനു ഞാൻ ഉത്സുകനായിത്തീരുന്നു. ആയതെന്തെന്നാൽ, ചെലവുകളെ ക്രമീകരിക്കുന്നതിനു ഈ കൗൺസിലിനുള്ളതായ ശക്തി തീരെ പര്യാപ്തമല്ലല്ലോ എന്നും, വിവിധ വെട്ടുമാൎഗ്ഗങ്ങളെ ക്ലിപ്തപ്പെടുത്തുന്നതിനു ഈ കൗൺസിലിനു യാതൊരു അധികാരവുമില്ലല്ലോ എന്നും ഉള്ളതായ മനോബോധമാണ്. ഈ സഭയിൽ തീർച്ചചെയ്തിട്ടുള്ള തീരുമാനങ്ങൾ ചിലപ്പോൾ നിഷ്പ്രയോജകങ്ങളായി ഭവിച്ചിട്ടുണ്ട്. പലപ്പോഴും ചട്ടങ്ങൾതന്നെയും അവഗണിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റുസെഷനിലവതരിപ്പിക്കപ്പെട്ടതായ ചുങ്കംനിരത്തലിനെപ്പറ്റി ഭൂതഗതിയിൽ പര്യാലോചിക്കപ്പെട്ടിട്ടെയുള്ളു, അങ്ങനെ നിരക്കുകളെസംബന്ധിച്ചു ഗവൺമെന്റു എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നോ എന്നു നാം ഇതുവരെ അറിഞ്ഞിട്ടുമില്ല. വളരെ വാദപ്രതിവാദത്തിനിടയായിട്ടുള്ളതായ പത്രറഗുലേഷൻ ഇനിയും സ്റ്റാറ്റ്യൂട്ടുബുക്കിൽ ആണു. നിഷ്പ്രയോജകവും [illegible]ആയി തള്ളപ്പെട്ടിരിക്കുന്നതായ ചേക്കാട്ടുറോഡിന്റെ ആവശ്യകതയെപ്പറ്റി ഇപ്പോഴത്തെ ബഡ്ജറ്റിൽ ആവൎത്തിച്ചുപറഞ്ഞുകാണുകയും ചെയ്യുന്നു. ഈ കൗൺസിൽ യഥാൎത്ഥമായിട്ടു പ്രയോജകവും തൃപ്തികരവും ആയിരിക്കണമെന്നുണ്ടെങ്കിൽ സംഗതികളുടെ ഇപ്പോഴത്തെ അവസ്ഥ ഭേദപ്പെടണം.

സർ, ജനപ്രതിനിധികളുടെ ഗവൺമെൻറ ഇപ്പോഴത്തെക്കാൾ കൂടുതലായി വിശ്വസിക്കുകയും അങ്ങേക്ക് ഈ കൌൺസിലുമായുള്ള സന്തോഷസമ്മേളനത്തെപ്പററിയുള്ള സ്മരണയെ എന്നേക്കും പുലർത്തുന്നതിനു ഉതകത്തക്ക വിധത്തിൽ ഈ കൌൺസിലിൻെറ അധികാരബലങ്ങളെ വർദ്ധിപ്പിക്കുകയും ചെയ്യുകാണുന്നതിനുള്ള ആശയോടുകൂടി ഞങ്ങൾ ഉപവിഅങ്ങയിൽനിന്നും പ്രതീക്ഷിച്ചുകൊള്ളുന്നു.

മി. പി. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഏററവും സുഗ്രാഹ്യമായും വിശദമായും 'ഫിനാൻഷ്യൽസ്റ്റേറമെൻറ' ഇവിടെ അവതരിപ്പിക്കപ്പെട്ടതിൽ എൻെറ നന്ദിപൂർവമായ അഭിനന്ദനത്തെ പ്രകടിപ്പിച്ചുകൊള്ളട്ടെ. ഞാൻ അതു കൃതജ്ഞതാപൂർവം സമ്മതിക്കുന്നതു ഇപ്പോഴത്തെ ബഡ്ജററ് എനിക്കു മുൻ ബഡ്ജററുകളെ അപേക്ഷിച്ചു വിഷയാസം പഠിക്കാൻ സാധിച്ചതുകൊണ്ടാണ്. പ്രഥമദൃഷ്ടിയിൽതന്നെ നമ്മുടെനില എവിടെഎന്നു അറിയത്തക്ക തരത്തിലാണ് ഫിനാൻഷ്യൽസെക്രട്ടറി കണക്കുകൾ ക്രമപ്പെടുത്തി ഗണിച്ചിരിക്കുന്നതു. രാജ്യത്തിൻേറയും ബഡ്ജററിൻെറയും ധനസ്ഥിതി തമ്മിൽ ഞാൻ ഒരു വ്യത്യാസം കാണുന്നു. അടുത്തകൊല്ലം അവസാനത്തോടുകൂടി ... ലക്ഷം രൂപ മിച്ചംവരുമെന്നു ഫിനാൻഷ്യൽസെക്രട്ടറിയുടെ സംഖ്യ അദ്ദേഹം പ്രസ്താവിക്കുന്നു. എന്നാൽ അദ്ദേഹത്തിനു എങ്ങനെ ആ കണക്കുകിട്ടി? പക്ഷെ ഈ ബഡ്ജററ് ഒരു നഷ്ടപ്പെട്ടവസായിയാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. എന്തെന്നാൽ നമ്മുടെ ... വരുമാനവും എക്സൈസിൽനിന്നു മാത്രമാണ് എന്നുള്ള ഏക കാരണംകൊണ്ടാണ്. ഗവൺമെൻറ അവയുടെ നയമാണെന്നു പറയുന്നതായ നിരോധനനയം നാം സ്വീകരിക്കുന്നുഎന്നു വിചാരിക്കുക, നമ്മുടെ നില അപ്പോൾ എവിടെ ആയിരിക്കും? നാം നിരോധനം സ്വീകരിക്കുയാണെങ്കിൽ അവശ്യം വേണ്ട വരുന്ന ... നീക്കി നോക്കുകയാണെങ്കിൽ മിച്ചംവരുന്ന ഒരു ബഡ്ജററിനു പില്ലാനംമുഖേ അതു ... ഒരു തുകയായി വിചാരിക്കാൻ പാടില്ല. ഗവൺമെൻറിനു നിരോധനനയം സ്വീകരിച്ചിട്ടില്ലാഎന്നുള്ളതു ഗവൺമെൻറിൻെറ പൂർവീകസ്ഥിതിയെ വിശദമാക്കുകയാണ് ചെയ്യുന്നതു. ഗവൺമെൻറിൻെറ ജോലി എന്തെന്നു നമുക്കു ചിന്തിക്കാം. ഒരു കമ്പനിയിലെ മാനേജിംഗ് ഡയറക്ടർ ബോർഡ് ഓഫ് ഡയറക്ടേഴ്സിനു നൽകുന്ന ഒരു ബാലൻസ് ഷീററിൻെറ സ്വഭാവത്തിലായിരുന്നു അതെങ്കിൽ ഞാൻ ഫിനാൻഷ്യൽ സെക്രട്ടറിയെ വളരെ അനുമോദിക്കുമായിരുന്നു. മിച്ചം, ആദായം, ലാഭവീതം, ഷെയർ ... ബന്ധിക്കുന്ന ഒരു ജോയിൻറസ്റ്റോക്ക് കമ്പനിയാണോ രാജ്യം? പ്രതിവർഷം കൂടുതൽ കൂടുതൽ മിച്ചമുണ്ടെന്നു കാണിക്കയാണോ ഒരു ഗവൺമെൻറിൻെറ പ്രവൃത്തി. ഗവൺമെൻറിൻെറ ഡിവിഡൻഡ് എവിടെയാണ്? അതു മി. ജി. രാമൻമേനോൻ സദൃഷ്ടികം കാണിച്ചതുപോലെ ജനങ്ങളുടെ ഐശ്വര്യത്തിലാണ് സ്ഥിതിചെയ്യുന്നതു്. മി. രാമൻമേനോൻെറ ഈ ഗൌരവതരമായ വാദത്തോടു ഞാൻ പൂർത്തിയായി യോജിക്കുന്നു. ധനം വർദ്ധിച്ചും ആളുകൾ നശിച്ചും വരുന്നതായ ഒരു രാജ്യം അധഃപതിക്കുന്നതാണ് ചെയ്യുന്നതെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. കഴിഞ്ഞകൊല്ലവും ഈക്കൊല്ലവും നാം ആലോചിച്ചിരുന്നതിനേക്കാൾ, ഗവൺമെൻറിൻെറ അത്യധികമായ ആശയങ്ങൾ, കൂടുതലായ മിച്ചം കാണുന്നുണ്ടു. പക്ഷെ ഈ രണ്ടുകൊല്ലവും, കഴിഞ്ഞകൊല്ലവും, ഈക്കൊല്ലവും, ജനങ്ങൾക്കു ധനസംബന്ധമായി വളരെ കഷ്ടപ്പാടുകൾ ഉണ്ടായിട്ടുള്ള ആണ്ടുകളാണ്. സർ, ഞാൻ എൻെറ ... നല്ല പോലെ അച്ചടിച്ച വൃത്തിയായി ബയിൻഡുചെയ്തു തയാറാക്കപ്പെട്ടിട്ടുള്ള ഗവൺമെൻറിൻെറ റിപ്പോർട്ടുവായിക്കുന്ന അവസരത്തിൽ നമ്മുടെ ഉൽഗമനത്തിൽ എനിക്കു വളരെ സന്തോഷവും സുഖവും തോന്നുന്നുണ്ടു. പക്ഷെ ഞാൻ എൻെറ സ്വന്ത ഗ്രാമത്തിലേക്കു പോകുമ്പോൾ എനിക്കു വളരെ മനസ്താപം തോന്നുന്നുണ്ടു. ഗവൺമെൻറിൻേറയും, ജനങ്ങളുടെയും ധനസ്ഥിതി തമ്മിൽ യാതൊരു ബന്ധവും ഉള്ളതായി തോന്നുന്നില്ല. ഇതു എങ്ങനെയാണ്? ജനങ്ങളോടുകൂടി യോജിച്ച ഒരു ഗവൺമെൻറ ഉണ്ടായിരുന്നുഎങ്കിൽ, അല്ലെങ്കിൽ ഗവൺമെൻറ ഭരണത്തിൽ ജനങ്ങളുംകൂടി പങ്കുകാരാക്കിയിരുന്നെങ്കിൽ കാര്യങ്ങളുടെ നില വ്യത്യസ്തപ്പെട്ടിരുന്നേനെ എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഗവൺമെൻറിനെ ജനങ്ങളുടെ ഏജൻെറന്നോ, ഭൃത്യനെന്നോ വിചാരിക്കുന്നപക്ഷം, ഇവിടെ ജനങ്ങളുടെ ഏജൻെറാ, ഭൃത്യനോ, അവരെക്കാൾ ധനികനായിരിക്കുന്ന ഒരു അവസ്ഥയാണ് ഉള്ളതു. യജമാനനെക്കാളും കൂടുതൽ ഐശ്വര്യത്തിലിരിക്കുന്ന ഒരു ഏജൻറിൻെറയോ, ഭൃത്യൻെറയോ നിലയാണ് ഇവിടെ വന്നിരിക്കുന്നതു. നമ്മുടെ ഇന്നത്തെ അവസ്ഥ ഇതാണ്. അതുകൊണ്ടു നമുക്കു ഒന്നാമതായി അടിസ്ഥാനകാരണംമുതൽ തുടങ്ങാം. രാജ്യംഎന്നാൽ എന്താണ്? രാജ്യത്തിൽ സമാധാനം, ഓഡർ മുതലായവ പരിപാലിച്ചുപോന്ന ഒരു പുരാതനഗവൺമെൻറ ഉണ്ടായതുകൊണ്ടു നാം തൃപ്തരാകുന്നുണ്ടോ? അതോ, ജനങ്ങളുടെ ഐശ്വര്യാഭിവൃദ്ധിയിൽ സാമുദായികമായ ഏതൊരു പ്രവൃത്തനത്തിലും കൈകടത്തുന്ന പരിഷ്കൃതസമുദായങ്ങളെ നമുക്കു പിൻതുടരണമോ? ഇതാണ് നമ്മുടെ ചിന്തയ്ക്കു വിഷയമായിട്ടുള്ളതു? ഇവിടെ ഏററവും പുരാതനമായ ഒരു ധനസമ്പാദനോൽസുകബഡ്ജററാണ് ഉള്ളതു. ഇവിടെ ഒരു ധനികനു അഭിനന്ദിക്കാവുന്ന ഒരു ധനികൻെറ ബഡ്ജററ് ആണ് കാണുന്നതു. പക്ഷെ പാവപ്പെട്ട മനുഷ്യനെ സംബന്ധിച്ചിടത്തോളം അയാൾക്കു ഗൌരവം നോക്കേണ്ട ഒരു ബഡ്ജററാണ് ഇതു്. എന്തെന്നാൽ അയാൾ വെറും നിസ്സഹായനാണ്.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേയ്ക്കു ഇത്തവണ കൂടുതൽ പണം തിരിച്ചുവച്ചിട്ടുണ്ടെന്നു ഫിനാൻഷ്യൽ സെക്രട്ടറി പ്രത്യേകം ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ കെട്ടിടംപണിക്കുമാത്രം ചിലവാക്കാൻ ഉദ്ദേശിക്കുന്ന തുക വളരെ വലുതായിട്ടാണ് ഇരിക്കുന്നതു.

വിദ്യാഭ്യാസത്തെ സംബന്ധിടത്തോളം, കാളേജ് വിദ്യാഭ്യാസം, ഇംഗ്ലീഷ് വിദ്യാഭ്യാസം ഇവയ്ക്കുവേണ്ടിമാത്രം ... ലക്ഷംരൂപ ചിലവാക്കുന്നുണ്ടു. എന്നാൽ പ്രാഥമികവിദ്യാഭ്യാസത്തിനായിട്ടു എട്ടുലക്ഷം രൂപയെയുള്ളു. നിങ്ങൾ വിദ്യാഭ്യാസത്തിനുള്ള സൌകര്യം കൂട്ടുന്നു. പക്ഷെ ആർക്കാണ് ഇതുകൊണ്ടു ഗുണം ഉണ്ടാകുന്നതു? ധനികൻ മാത്രമെ അയാളുടെ പുത്രനെ കാളേജിൽ അയക്കുന്നുള്ളു. ഹൈസ്കൂളിലെ ഫീസു ആകെയും വിദ്യാഭ്യാസത്തിനു തടസ്സമാകത്തക്ക തരത്തിലാണ് ഇരിക്കുന്നതു. കാളേജിലെ കഥ പറയാനും ഇല്ല. ഒരു സാധുമനുഷ്യൻെറ പുത്രനു ഹൈസ്കൂളിൽപോകാൻ ആശിക്കായേവേണ്ട. പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ ചിലവു കുറക്കുന്നു. ഇപ്പോഴുള്ള ചിലവിനെപ്പററിതന്നെ പരാതിപ്പെടുന്നു. ഗവൺമെൻറ പ്രാഥമികവിദ്യാഭ്യാസത്തിനായിട്ടു കുറേക്കൂടി കൂടുതൽ ചിലവാക്കുന്നുഎന്നു വിചാരിക്കുക. എന്നാൽതന്നെ

യും നാം എന്താണ് കാണുന്നതു? പാവപ്പെട്ട മനുഷ്യനു അയാളുടെ കുട്ടിയെ സ്കൂളിൽ അയക്കത്തക്കവണ്ണം പണം ഇല്ല, അയാളുടെ കുട്ടിയുടെ വസ്ത്രധാരണത്തിനും ആഹാരത്തിനും വേണ്ടിവരുന്ന പണം അയാൾക്കില്ല എന്നാണ് ഇതിന്റെ അർത്ഥം. നാം ഇവിടെ ധനികന്മാരെപ്പററി മാത്രമല്ലേ ഉദ്ദേശിക്കുന്നതു: സർ, ഇതിനെക്കാൾ കുറെക്കൂടി ശാന്തവും എന്നാൽ കുറെക്കൂടി വാസ്തവവും ആയ ഒരു വാക്കു ഉപയോഗിക്കാൻ എന്നെ അനുവദിക്കയാണെങ്കിൽ നാം ചെയ്യുന്നതു ശരിയായ ജോലിയാകാതെ ഇരട്ടത്താപ്പുതന്നെയാണ്. അവരുടെ ഹൃദയത്തിൽ നിന്നു രക്തം എങ്ങനെ പ്രവഹിക്കുന്നുഎന്നു കാണാൻ നമുക്കു ഹൃദയമില്ല. നാം ഒരു ധനികനെ അയാൾക്കു ഐശ്വര്യംവരാൻ പോകുന്നുഎന്നു കരുതിക്കാൻമാത്രമേ ഒരുങ്ങുന്നുള്ളു. മോട്ടോറിനെതന്നെ എടുക്കുക. അതു തന്നെ എല്ലാ തരത്തിലുള്ള ആളുകൾക്കും, കാളവണ്ടി, കൃഷിചെയ്തുകിട്ടുന്ന സാമാനങ്ങൾ, മോട്ടോർ മുതലായ വസ്തുക്കൾ യാതൊരു വ്യത്യാസവുമില്ലാതെ വച്ചിരിക്കുന്ന ഒരു ഭേദഗതിയല്ലേ. ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം പറഞ്ഞ എന്റെ ഭാഗം വിശദമാക്കാനുണ്ട്, ക്രമാതീതമായ ഒരു കരം ചുമത്തലിനും ഞാൻ തടസ്സപ്പെടുന്നില്ല. നമുക്കു മിച്ചംഉണ്ടെങ്കിൽ കരം കുറയ്ക്കണംഎന്നു അഭിപ്രായപ്പെടുന്ന ഒരാളല്ല ഞാൻ. കരം എത്രയോ കൂടുതലാക്കിക്കൊള്ളട്ടെ. ഞാൻ അതിനെപ്പററി വിചാരിക്കുന്നതേ ഇല്ല. എന്നാൽ കരം, ധനികനെ ഒരു പാവപ്പെട്ടവന്റെ നിലയിലേയ്ക്കു കൊണ്ടുവരത്തക്കതായിരിക്കട്ടെ. (ചിരി). കരത്തിന്റെ ക്രമം ന്യായമായും സാരമായും ഇരിക്കട്ടെ. നമുക്കു പിരിച്ചെടുക്കാവുന്നിടത്തോളം പിരിച്ചെടുക്കണം. ആ തുക സാധുക്കൾക്കു വേണ്ടി വിനിയോഗിക്കുക. ഒരിക്കലും ആളുകളെ അർദ്ധപട്ടിണിയായിട്ടും മററുമുള്ളവരെ ചെയർമാന്മാരായിട്ടും വിചാരിച്ചിട്ടു പ്രയോജനമില്ല. സർ, ഞാൻ ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗം വായിച്ച അവസരം നാം പുരാതനതരമായ സ്വാർത്ഥയിലായിരുന്നു എന്നു എനിക്കു മിക്കവാറും തോന്നിപ്പോയി. തിരുവനന്തപുരം പട്ടണത്തിനു വേണ്ടിമാത്രം ൩൦ ലക്ഷംരൂപ ചിലവാക്കാനായി നാം ഉദ്ദേശിക്കുന്നു. ഉദ്യോഗസ്ഥന്മാരായും, ധനികന്മാരായും തിരുവനന്തപുരത്തുള്ള സകല ആളുകൾക്കും കുഗ്രാമങ്ങളിലുള്ള ആളുകൾക്കെന്നപോലെ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. വളരെദൂരത്തിൽ ഒരു കുഗ്രാമത്തിലുള്ള ഒരു മനുഷ്യന്റെ കാര്യം ഗവണ്മെന്റു വിചാരിച്ചിട്ടുണ്ടോ? ഇല്ല. ആ കാര്യത്തിൽ അവർ വളരെ പിശുക്ക് കാണിച്ചിരിക്കുന്നു. ജനങ്ങൾ തന്നത്താനെ തന്നെ സഹായിക്കുന്നതായിട്ടു എനിക്കു അറിയാം. പക്ഷെ ഗവണ്മെന്റു അവരെ സഹായിക്കുന്നതായിട്ടു തോന്നുന്നില്ല. കരുനാഗപ്പള്ളിയിലുള്ള ജനങ്ങൾ ഒരു റോഡിനുവേണ്ടി ഒന്നിനുപിറകിൽ ഒന്നായിട്ടു പല ഹർജികളും കൊടുത്തതായിട്ടു എനിക്കു ഓർമ്മയുണ്ട്. അവർ റോഡിന്റെ അഞ്ചിൽ നാലുഭാഗവും തീർത്തുകഴിഞ്ഞു. ഇനി ഒരുഭാഗമേ തീർക്കേണ്ടതായിട്ടുള്ളു. എന്നാൽ ഗവണ്മെന്റു ചോദിക്കുന്നതു നിങ്ങൾ ആസ്ഥലം വിട്ടുതരുമോ, റോഡുമുഴുവൻ തീർക്കുമോ അങ്ങനെയാണെങ്കിൽ മാത്രമേ ഇനിമേലാൽ സൂക്ഷിക്കയുള്ളു എന്നാണ്. ഗവണ്മെന്റിന്റെനയം എപ്പോഴും തന്നത്താൻ സഹായിക്കുന്ന ആളുകളെ സഹായിക്കുക എന്നുള്ളതാണ്. എന്നാൽ ഇവിടെ മടിയന്മാരെ സഹായിക്കാനായിട്ടാണ് ഗവണ്മെന്റു ഒരുങ്ങുന്നതു. ഇല്ലാത്ത എല്ലാവരും അവരവരുടെ ജോലി നോക്കുന്നുണ്ടെങ്കിൽ അവരെ സഹായിക്കാനായിട്ടല്ല. തലസ്ഥാനനഗരിയിൽ ഒരു കാറിനുവേണ്ടി ചിലവാക്കിയ രൂപ ൮൦൦൦-ത്തെപ്പററി ആലോചിച്ചുനോക്കുക. എല്ലാ വിദേശ്യന്മാരും ഒരുമിച്ചു താമസിക്കുന്ന ഈ തലസ്ഥാനത്തു ആരാണ് ഇതുകൊണ്ടു ഗുണം അനുഭവിക്കാൻപോകുന്നതു. തീർച്ചയായും കോട്ടയത്തോ കാർത്തികപ്പള്ളിയിലോ, അല്ലെങ്കിൽ അതിലും അകലെ തൊടുപുഴയോ, മൂവാററുപുഴയോ ഉള്ള ഒരു മനുഷ്യനല്ല.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): തിരുവനന്തപുരത്തു ഒരു പാവപ്പെട്ട മനുഷ്യനും ഇല്ലഎന്നു മെമ്പറിൽനിന്നു അറിഞ്ഞതിൽ സന്തോഷിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ പറയുന്നതു എന്തെന്നാൽ ഒരു പാവപ്പെട്ട മനുഷ്യനെ ആംബുലൻസ്കാറിൽ ചാർജ്ജുകൂടാതെ കൊണ്ടുപോകാറില്ല എന്നുള്ളതാണ്. അവനു അതിനു കൂലികൊടുക്കേണ്ടിവരുന്നു. അതു ധാരാളം സൌകര്യംഉള്ള ആളുകളുടെ സൌകര്യത്തെ ഒന്നുകൂടി വർദ്ധിപ്പിക്കുന്നതേ ഉള്ളു. കാളേജ്വിദ്യാഭ്യാസത്തെ സംബന്ധിച്ചും, വലിയ കെട്ടിടങ്ങളെ സംബന്ധിച്ചുമുള്ള സ്കീം ആലോചിക്കാൻ നിങ്ങൾ എപ്പോഴും തയാറായിരിക്കുന്നു. മാവേലിക്കരെ ഒരു രജിസ്ത്രാഫീസുകെട്ടിടം ഉണ്ടാക്കുന്നതിനു ൪൦,൦൦൦ രൂപാ അനുവദിച്ചിരിക്കുന്നു. ആ കെട്ടിടത്തിന്റെ മുകളിൽ നൃത്തംചെയ്യുന്ന നമ്മുടെ സഹോദരിമാരെപ്പററി ആലോചിക്കുന്നതിൽ എനിക്കു വളരെ സുഖം തോന്നുന്നു. പക്ഷെ അതു നിങ്ങൾക്കു ആവശ്യമുണ്ടോ? പാവപ്പെട്ട ആളുകളുടെ വിദ്യാഭ്യാസത്തിനു നിങ്ങൾ സഹായിക്കയാണോ? ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗം ഞാൻ വളരെ ശ്രദ്ധിച്ചുകേട്ടു, ഞാൻ എനിക്കു എന്തെങ്കിലും തെററു പററിയിട്ടുണ്ടോ എന്നു അറിയുന്നതിനും, ഗവണ്മെന്റ പാവപ്പെട്ട ആളുകളെസംബന്ധിച്ചു എന്തുചെയ്തിട്ടുണ്ടെന്നു അറിയുന്നതിനുമായിട്ടു ഞാൻ അതു വാചകംപ്രതി വായിച്ചുനോക്കി. അവർക്കു വേണ്ടിയിട്ടുള്ള യാതൊരുപദ്ധതിയും അതിലില്ല. ജനങ്ങളുടെ മാനസികമായും കായികമായുമുള്ള അഭിവൃദ്ധിക്കുവേണ്ടി എന്തെങ്കിലും ഗവണ്മെന്റിനോടു ചോദിച്ചാൽ ഗവണ്മെന്റിനു അതിൽ യാതൊന്നും ചെയ്യാനില്ല. ലാൻഡ് മോർട്ടുഗേജ് ബാങ്കുകളും കോവാപ്പറേറ്റിവു ബാങ്കുകളും രണ്ട് എണ്ണമുണ്ട്. കോവാപ്പറേറ്റിവ് ബാങ്കിനുവേണ്ടി അവർ ൩൦,൦൦൦ രൂപയെ ഉദ്ദേശിക്കുന്നുള്ളു. ഇവിടെ ഇതാ ധനം ധാരാളമുള്ളതും ഐശ്വര്യത്തിലിരിക്കുന്നതുമായ ഒരു ഗവണ്മെന്റിനെ കാണുന്നു. എന്നാൽ അവർ എന്താണ് ചെയ്യുന്നതു? ഇതിനുവേണ്ടി അവർ ൩൦൦൦ രൂപയാണ് ഉദ്ദേശിക്കുന്നതു. എന്നാൽ ചാക്കയിൽനിന്നും തമ്പാനൂർവരെ അരമയിൽ നീളത്തിൽ റെയിൽപാത നീട്ടുന്നതിനും തലസ്ഥാനനഗരിയിൽ ഒരു സെൻട്രൽസ്റ്റേഷൻ പണികഴിപ്പിക്കുന്നതിനുമായിട്ടു അവർ ൧൫ ലക്ഷം രൂപ ചിലവാക്കാൻ തയാറാണ്. ഒരു ഞങ്ങൾക്കു വളരെ അഭിമാനം തോന്നുന്നുണ്ട്. പക്ഷേ ഈ ഗവണ്മെന്റിനെ ഒരു അനുകമ്പയുള്ള ഗവണ്മെന്റ' എന്നു നാം വിളിക്കുന്നതു ശരിയാണോ? ഗവണ്മെന്റിനെപ്പററി ഒരു നിരൂപണം ചെയ്യുന്നതിൽ എനിക്കു വളരെ മടിയുണ്ട്. എന്തെന്നാൽ അവർക്കു പ്രയാസങ്ങൾ ധാരാളമുണ്ട്.

മി. എം. ശിവതാണുപിള്ള (കോന്നക, കോന്നക) എനിക്കു ഗവണ്മെന്റിനോടു അനുകമ്പ തോന്നുന്നു. അതുകൊണ്ടാണ് ഗവണ്മെന്റ ജനങ്ങളെക്കൂടി തങ്ങളുടെ വിശ്വസ്തതയിൽ സ്വീകരിക്കണമെന്നും, അവരു

ടെ പ്രതിനിധികളെ ഇത്രമാത്രം വലിയ ഭാരവാഹിത്വത്തിൽ ഭാഗഭാക്കുകളായി എടുക്കണമെന്നും ഞാൻ പറയുന്നത്. സർ, അപ്പോൾമാത്രമേ ഞങ്ങൾക്ക ഗവണ്മെന്റിന്റെ പ്ലാനുകൾ അറിയാനും, എവിടെ ചിലവുകുറയ്ക്കാമെന്നും, എവിടെ പുതിയമാർഗ്ഗം സ്വീകരിക്കാമെന്നും തീരുമാനിക്കാനും സാധിക്കയുള്ളു. പക്ഷേ ഗവണ്മെന്റ ഒരുമുറിയിലും നാം മറെറാരുമുറിയിലുമാണ്. അതുകൊണ്ട നമ്മുടെ വിഷയങ്ങൾ നമുക്ക പരസ്പരം അറിഞ്ഞുകൂടാ. അതുകൊണ്ട ഞങ്ങൾക്ക അന്ധാളിക്കപ്പെടാൻ തക്കതായ കാരണവുമുണ്ട്. ചുമതലയുള്ള ഒരു ഗവണ്മെന്റ അവിടെയാണ കാണുന്നത്. ഗവണ്മെന്റിനെ ഉത്തരവാദിത്വബോധമുള്ളതാക്കുക. ഗവണ്മെന്റിനെ പ്രത്യേകം ബാധിക്കുന്ന കാര്യങ്ങളിലും അതിലുംഅതിനെ ചുമതലബോധമുള്ളതാക്കുക. അപ്പോൾ ഗവണ്മെന്റിന്റെനില എവിടെയാണെന്ന് എനിക്ക അറിയാൻകഴിയും. എന്റേയും ഗവണ്മെന്റിന്റേയും നില എവിടെഎന്നും അപ്പോൾ എനിക്ക അറിയാൻ സാധിക്കും. നമുക്ക തുണികണ്ടിരിക്കേണ്ടത് കോട്ടിന്റെ സ്വഭാവം അനുസരിച്ചാണ്. പക്ഷേ തുണിമുറിക്കേണ്ട ആളിന്റെ കൈവശമല്ല തുണി. തുണി വേറൊരാളിന്റെ കൈവശമാണ്. അവർ രണ്ടുപേരും തമ്മിൽ ഏറ്റുപിടിക്കേണ്ടതായിട്ടുണ്ട്. ഒരു ഉത്തരവാദിത്വബോധമുള്ള ഗവണ്മെന്റ് ഉണ്ടായിരുന്നുഎങ്കിൽ നമുക്ക പലകാര്യങ്ങളിലും സമയം കളയാതെ ചിലവഴിക്കാതെ കഴിയുമായിരുന്നു. നവംനവങ്ങളായ ഭൗതികങ്ങൾ കണ്ടുപിടിച്ച പുതിയവ ഏർപ്പെടുത്തുന്നതിനുള്ള സ്കീം തയ്യാറാക്കുന്നതിനും നമുക്ക സാധിക്കും. എന്നാൽ ഇവിടെ നമുക്ക ആദ്യമായിട്ട ഗവണ്മെന്റിനോട പോരാടേണ്ടതായിട്ടും പിന്നീട മററുസംഗതികളിലേക്ക പ്രവേശിക്കേണ്ടതുമായിട്ടാണ് ഇരിക്കുന്നത്.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനുവേണ്ടി ഗവണ്മെന്റ അടുത്തകൊല്ലം ൨൭ ലക്ഷം രൂപ ചിലവാക്കണമെന്നു ഉദ്ദേശിക്കുന്നു. എന്നാൽ ജലസേചനത്തിനുവേണ്ടി അവർ നാലുലക്ഷംമാത്രമേ ചിലവാക്കണമെന്നു വിചാരിക്കുന്നുള്ളു. അതുതന്നെ നോക്കുക. കെട്ടിടങ്ങൾക്കുവേണ്ടി നാലുലക്ഷത്തിൽചില്വാനവും എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി പിന്നൊരു അഞ്ചുലക്ഷവും ചിലവാക്കാനായിട്ട അവർ തയാറാണ്. അതേസമയത്തുതന്നെ കോവാപ്പറേററീവ് ഡിപ്പാർട്ടുമെണ്ടിനുവേണ്ടി അൻപതിനായിരം രൂപയെ ചിലവാക്കാൻ ഉദ്ദേശിക്കുന്നുള്ളു. സർ, ഫിനാൻഷ്യൽസെക്രട്ടറി ആണ്ടുതോറും മിച്ചംവരുന്നതുകകൾ ഗവണ്മെന്റ ആഫ് ഇൻഡ്യാ സെക്യൂരിട്ടിയിൽ നിക്ഷേപിക്കുന്നുണ്ടെന്നു പ്രസ്താവിച്ചുകഴിഞ്ഞു. എന്നാൽ ജനങ്ങളുടെ ഐശ്വര്യാഭിവൃദ്ധിക്ക വേണ്ടിവരുന്ന ഏതെങ്കിലും ഒരു സ്കീമിൽ ഗവണ്മെന്റ ആ പണം നിക്ഷേപിക്കാത്തതു എന്തുകൊണ്ടാണ്? നികുതിപ്പണം ജനങ്ങളിൽനിന്നുതന്നെ സ്വീകരിക്കുന്നു. ജനങ്ങൾ ഇപ്പോഴത്തേക്കാൾ ധനികരാകട്ടെ. അപ്പോൾ ഗവണ്മെന്റിനു ആളുകളിൽനിന്നു കൂടുതൽപണം എടുക്കാൻസാധിക്കും. ലാൻഡ്മോർട്ട്ഗേജ് ബാങ്കിന്റെ ഉത്ഭവത്തെപ്പററി ഞങ്ങൾ അഭിപ്രായപ്പെട്ടിരുന്നു. ആ വകയ്ക്കുവേണ്ടി പണം മുൻകൂറ എടുക്കുന്നതിനു സാദ്ധ്യമല്ല എന്നാണ് ഗവണ്മെന്റിന്റെ നില. ഒരുകോടിരൂപയിൽ കൂടുതലായി ഇപ്പോൾ മിച്ചം വന്നിട്ടുള്ള തുക മുഴുവനും ഗവണ്മെന്റ ആഫ് ഇൻഡ്യാ സെക്യൂരിററിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്നു ഞങ്ങൾ അറിയുന്നു. അതു ഞാൻ മുൻപു പറഞ്ഞതുപോലെ ജനങ്ങളുടെ ഐശ്വര്യാഭിവൃദ്ധിക്കവേണ്ട വല്ല സ്കീമിലും ഗവണ്മെന്റ നിക്ഷേപിക്കാത്തതെന്തുകൊണ്ട്? അതിൽ യാതൊരുവിഷമങ്ങളും തോന്നേണ്ട ആവശ്യമില്ല. ഗവണ്മെന്റ ജനങ്ങളെ തങ്ങളുടെ വിശ്വസ്തരായി സ്വീകരിക്കുന്നതിനു തയാറാകണങ്കിൽ ഗവണ്മെന്റിനു ലാഭമില്ലാത്തതായ ഒരു കൊല്ലത്തെപ്പററി ഭയപ്പെടേണ്ട ആവശ്യമുണ്ടാകയില്ല. ജനങ്ങൾ ധനികന്മാരാണെങ്കിൽ അവർക്ക വേണ്ടുന്ന സാമാനങ്ങൾ അവർതന്നെ സംഭരിച്ചുകൊള്ളും. ആകപ്പാടെ ഗവണ്മെന്റ എന്നുവച്ചാൽ എന്താണ്? അതു ജനങ്ങളുടെ ട്രസ്റ്റിയോ, ഏജന്റോ, മാനേജരോ, ഭൃത്യനോ ആരോ ആയിട്ട വരുവല്ലോ. ഗവണ്മെന്റ എന്തിനു മിച്ചത്തിനുവേണ്ടിക്ലേശിക്കുന്നു. അതു ഞാൻഏററവും ആദിമകാലത്തുള്ള ഒരുഗവണ്മെന്റിന്റെ അടയാളമായിട്ടാണ് വിചാരിക്കുന്നത്. മിച്ചംവയ്ക്കുന്നതിൽ ഉള്ള ഗുണം ഒരു സീമവരെയുള്ളു എന്ന് എനിക്ക പറയാതെ നിവൃത്തിയില്ല. നമ്മുടെ ധനസംബന്ധമായ നിലയിൽ പെട്ടെന്നുണ്ടാകുന്ന താഴ്ചയെ നികത്തുന്നതിനായി എന്തെങ്കിലും ഒരുമാർഗ്ഗം നമുക്ക കരസ്ഥമായിരിക്കണം. അതിനുവേണ്ടി ൫൦ ലക്ഷം രൂപയോ അല്ലെങ്കിൽ ഒരു കോടി രൂപയോ ഉണ്ടായിരിക്കട്ടെ. എന്നാൽ നാം ഇങ്ങനെ മിച്ചംതന്നെ അധികരിപ്പിക്കുന്നതെന്തിന്? നമുക്ക ആലോചിച്ചിരിക്കാതെ പെട്ടെന്നു കുറെ പണം ഉണ്ടായി എന്നു ആർക്കും ചിന്തിക്കാവുന്നതുതന്നെ. എന്തെങ്കിലും ഒരു ആദായനികുതിയോ അല്ലെങ്കിൽ ഒരു റയിൽവേലാഭമോ നമ്മുടെ ഗുണത്തിനായി സംഭവിച്ചു എന്നും അതിൽനിന്ന് നമുക്ക ഉദ്ദേശം പത്തുലക്ഷം രൂപ കിട്ടിയെന്നുംഇരിക്കട്ടെ. ഗവണ്മെന്റ് ആ പണം ഉടനെ കളയണം എന്നു ഞാൻ പറയുന്നില്ല. അവർക്ക അതുകൊണ്ട് നികുതിയിലുള്ള വല്ല അന്യായമാർഗ്ഗവും നിവൃത്തിക്കുടയോ എന്നു ആലോചിക്കണമെന്നു മാത്രമേ എനിക്ക പക്ഷമുള്ളു. ഉദാഹരണത്തിന് നിരോധനസ്കീം തന്നെ എടുക്കുക. ഒരുകോടി രൂപ മിച്ചമുണ്ട്. അതുകൊണ്ട് ജനങ്ങളെ കുറേക്കൂടി ആരോഗ്യവാന്മാരായും, വൃത്തിയുള്ളവരായും, ഐശ്വര്യവാന്മാരായും തീരുന്നതിന് ശ്രമിച്ചാൽ എന്താണ്? ജനങ്ങളുടെ അവസ്ഥ ഈ തരത്തിൽ ആണെങ്കിൽ നഷ്ടപര്യവസായിയാകുന്ന ഏതെങ്കിലും കാര്യത്തെപ്പററി ഗവണ്മെന്റിന് ഭയപ്പെട്ടിട്ട് ആവശ്യമുണ്ടോ? തീർച്ചയായും ഇല്ല. എങ്കിലും എന്തിനാ ഗവണ്മെന്റ ഒരു മിച്ചമില്ലാത്ത ആണ്ടിനെപ്പററി വിചാരിക്കാൻതന്നെ പോകുന്നത്. ആ അവസരത്തിൽ ഗവണ്മെന്റിനെ സഹായിക്കാൻ ജനങ്ങൾ തയാറാകും. ഈ തരത്തിലാണ് വലിയ യുദ്ധങ്ങളുംമററും നടക്കുന്നത്. ഗവണ്മെന്റിനു റിസർവ് ഫോറസ്റ്റ് അപകടാവസരങ്ങളിൽ സഹായിക്കാനായിട്ടുണ്ടെങ്കിൽ ഒരു വലിയ യുദ്ധം തുടങ്ങുമ്പോൾ ജനങ്ങളെല്ലാം ഈ ഗവണ്മെന്റിനെ നമുക്ക സഹായിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ട് പണംവാരിച്ചൊരിഞ്ഞ് ഗവണ്മെന്റിനെ സഹായിക്കാൻ തയാറാകും. പക്ഷേ ഇപ്പോഴത്തെ സ്ഥിതി നോക്കുകയാണെങ്കിൽ ഗ്രാമവാസികളായ ആളുകളുടെ ആവശ്യങ്ങളെ ഗവണ്മെന്റ് അവഗണിക്കുകയാണ ചെയ്തിരിക്കുന്നത്. നാം ധനികന്മാരേയും, ജനസ്വാധീനമുള്ളവരേയുംപററി മാത്രമേ ആലോചിക്കുന്നുള്ളു. ഞാൻ ഈ വലിയ ബഡ്ജററ വാല്യം നോക്കുകയായിരുന്നു. രാജ്യത്തിലെ പി. ഡബ്ലിയു. ഡി.-യിലേയ്ക്ക് തിരിച്ചിട്ടുള്ള പണത്തിൽ ൨/൩ ഭാഗവും കോട്ടയം, ആലുവാ ഈ ഡിവിഷനിൽ ഗതാഗതമാർഗ്ഗങ്ങൾക്കുവേണ്ടിമാത്രം ചിലവാക്കാനാണ്.

മി. കെ. കെ. തോമസ് (കോട്ടയം): മെമ്പർക്ക് ഈ രഹസ്യം എങ്ങനെ മനസ്സിലായി?

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): ദേവികുളം, പീരുമേട് ഈ താലൂക്കുകളിൽ നമുക്ക കൂട്ടക്കൻ റോഡുകളുണ്ട്. അതിനുവേണ്ട സൌകര്യം നാം ചെയ്യുംവരുന്നു. ക്ലിഷ്ടവ്യവസ്ഥക്കാരമാത്രമേ എസ്റ്റേററിലേക്ക കൊണ്ടുപോകേണ്ട ആവശ്യമുള്ളൂ. എന്നാൽ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, ചേർത്തല (മി. കെ. പി. നീലകണ്ഠപ്പിള്ള: ചിറയിൻകീഴ്) ചിറയിൻകീഴ് ഈ സ്ഥലങ്ങളിൽ ജനങ്ങൾ ഗവന്മെൻറിലേയ്ക്ക് നികുതി കൊടുക്കുന്നു എങ്കിലും അവർ പട്ടിണികിടക്കുന്നു. അവക്ക് അവരുടെ സാമാനങ്ങൾ ഒരുസ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേയ്ക്കു കൊണ്ടുപോകാൻ പാടില്ല. എന്റെ താലൂക്കായ കാർത്തികപ്പള്ളിയിൽ കൊല്ലത്തുനിന്നുള്ള വഴിയറോഡ് ഉൾപ്പെടെ ആകെ ൩൭ മൈൽ റോഡുള്ളൂ. എന്റെ ഇഷ്ടൻ മിസ്റ്റർ പണിക്കർക്ക് ൩൬൦ മൈൽ റോഡുള്ളൂ. എന്നാലും ഗവന്മെൻറ റവന്യൂവിന് ഭൂരിപക്ഷവും പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിനായിട്ട് തിരിച്ചുവയ്ക്കുന്നു. ചിലവിനുള്ള തുക ശരിപ്പെടുത്തുമ്പോൾ ഞങ്ങളെപ്പററി ആലോചിക്കാറെ ഇല്ല. നികുതിപിരിക്കുന്ന അവസരത്തിൽ പാവങ്ങളെപ്പററി നല്ലപോലെ ഓർക്കാറുണ്ടെങ്കിലും അതിനു ചിലവു നിശ്ചയിക്കുന്ന അവസരത്തിൽ പാവങ്ങളുടെ സംഖ്യ അശേഷം മറന്നുപോകുന്നു. റവന്യൂപിരിവുസമയം അവൻ റവന്യൂ ഉദ്യോഗസ്ഥന്റെ അധികാരസീമയിൽപെട്ട വരുന്നു. റവന്യൂ ഉദ്യോഗസ്ഥൻ അവന്റെ അടുത്തുചെന്ന് അയാൾ കൊടുക്കാനുള്ള തുകയെപ്പററി ഓർമ്മപ്പെടുത്തുന്നു. ഈ അവസരത്തിൽമാത്രമേ സാധുമനുഷ്യനെപ്പററി ഓർക്കാറുള്ളൂ. ധർമ്മയാണെങ്കിൽ അയാളുടെ അവകാശവും അപ്പോൾ ഉദിക്കുന്നുണ്ട്. മനസ്സാക്ഷിയോടുകൂടിയാണെങ്കിലും ഞാൻ മിസ്റ്റർ ജി. രാമൻമേനോന്റെ അഭിപ്രായത്തോട് വളരെയോജിക്കുന്നുണ്ട്. ജനങ്ങളുടെ ആവശ്യം എന്താണെന്നു അറിയുന്നതിന് ഉത്തരവാദിത്വബോധമുള്ള ഒരു ഗവന്മെൻറ ഉണ്ടാകട്ടെ!

മി. ആർ. പത്മനാഭൻ (നിയമിത): ൧൧൦൬-ലെ ബഡ്ജററിൽ മിച്ചം കാണിക്കത്തക്കവണ്ണം ഫിനാൻഷ്യൽ സെക്രട്ടറിക്ക ഇദംപ്രഥമമായി സിദ്ധിച്ച വിജയത്തിൽ ഞാൻ അദ്ദേഹത്തെ സസന്തോഷം അഭിനന്ദിക്കുന്നു. ഈ ബഡ്ജററ് അനുസരിച്ച ഈക്കൊല്ലം വരാവുന്ന ചിലവുകളെല്ലാം കഴിച്ച് ൧൩ ൧/൩ ലക്ഷം രൂപ മിച്ചമുണ്ടെന്നു കാണുന്നു. ഈക്കൊല്ലത്തേയും, കഴിഞ്ഞ കൊല്ലങ്ങളിലേയും സ്ഥിതികൊണ്ട് ആലോചിച്ചുനോക്കിയാൽ മിച്ചം വരുമെന്നുള്ളതിൽ ഏകദേശം ൩൦ ലക്ഷം രൂപയ്ക്ക് പരമാർത്ഥസ്ഥിതിയുമായിട്ട് യാതൊരു താരതമ്യവും കാണുന്നില്ല. എന്തെന്നാൽ ഗവന്മെൻറ വസ്തുക്കളുടെ വില്പനയിൽനിന്നു കിട്ടിയ ആദായംകൂടെ സാധാരണ നികുതിഇനത്തിൽ ഉൾപ്പെടുത്താതിരുന്നെങ്കിൽ ൧൧൦൬-ലെ ബഡ്ജററ് ഒരു നഷ്ടപര്യവസായിയായ ബഡ്ജററ് ആയിരുന്നേനേ. എങ്കിലും പരമാർത്ഥത്തിൽ ൧൯ ലക്ഷം രൂപ മിച്ചമുണ്ടായിരുന്നു. അതുപോലെ ൧൧൦൫-ലെ ബഡ്ജററ എസ്റ്റിമേററ അനുസരിച്ചു ആദ്യം ൩൦ ലക്ഷം രൂപായെ മിച്ചം ഉദ്ദേശിച്ചുള്ളൂ. എന്നാൽ അത് വീണ്ടും തയാറാക്കിയ അവസരത്തിൽ മിച്ചം ൩൦-ൽ ൫൭ ആയിട്ട വർദ്ധിച്ചു. ഈ മിച്ചം കഴിഞ്ഞ എല്ലാ റിക്കാർഡുകളെ അപേക്ഷിച്ചു വളരെ കൂടിയിരിക്കുന്നു. ഈ സംഗതി അന്നത്തെ രാജ്യഭരണത്തിന് ചുമതലപ്പെട്ടിരുന്ന ആളുകൾക്ക ഒരു അഭിമാനജനകമാണ്. എന്നാൽ റവന്യൂയിൽകാണുന്ന ഈ വർദ്ധനവ്, രാജ്യത്തിന്റെ ധനസ്ഥിതിയുടെ സ്ഥിരതയേയും, ക്രമേണയുള്ള വളർച്ചയേയും ആണോ കുറിക്കുന്നതെന്നുള്ള ചോദ്യം ഈ കൌൺസിലിൽതന്നെ പലതവണയും വാദത്തിന് വിഷയീഭവിച്ചിട്ടുള്ളതാണ്. ഇതുവരെ കണ്ടിട്ടില്ലാത്ത ഈ ആണ്ടത്തെ എക്സൈസ് നികുതിയുടെ ക്രമാതീതമായ വർദ്ധനവ് ഫിനാൻഷ്യൽസെക്രട്ടറിയുടെ അതിമനോഹരമായ വിവരണംകൂടാതെതന്നെ വളരെ സ്പഷ്ടമാകുന്നുണ്ട്. ഫിനാൻഷ്യൽ സെക്രട്ടറി ഈ ബഡ്ജററ എസ്റ്റിമേററിൽ ഈ ആണ്ടത്തെ റിവൈസ്ഡ് എസ്റ്റിമേററിലുള്ളതിനെക്കാൾ എക്സൈസ് നികുതിയിൽ ൧ ൭/൮ ലക്ഷം രൂപ കുറവു കാണുന്നെന്നു പറയുന്നു. കള്ള്, ചാരായം മുതലായ ലഹരിപദാർത്ഥങ്ങളിൽ നികുതി ചുമത്തുന്നതിൽ ഗവന്മെൻറിന്റെ ഔദാര്യത്തെ കാണിക്കാനൊ എന്നു തോന്നുമാറ് അവർ അതിൽ ഒരു യഥാസ്ഥിതികത്വം അനുകരിച്ചതുകൊണ്ടാണ് എക്സൈസിൽ ഉണ്ടായിട്ടുള്ള നികുതിയുടെ കുറവു എന്നാണ് പറയുന്നത്. ഇൻഡ്യയ്ക്കു വെളിയിലുള്ള പല പരിഷ്കൃതരാജ്യങ്ങളിലും ഇൻഡ്യയിൽതന്നെയുള്ള പല സ്വദേശരാജ്യങ്ങളിലും മദ്യപാനനിരോധനത്തിനായി ഏതെങ്കിലുംതരത്തിൽ നിയന്ത്രണംചെയ്യുകതന്നെ നല്ലതെന്നുകണ്ട് അങ്ങനെ ചെയ്യുകയും, തൻമൂലം വന്നിട്ടുള്ള നികുതിക്കുറവിനു മറുമാർഗ്ഗങ്ങൾ കണ്ടുപിടിക്കയും ചെയ്യുമാറായിരിക്കുന്ന ഈ കാലത്തും തിരുവിതാംകൂർ ഗവന്മെൻറ് ഏററവും പുരാതനമായ മാർഗ്ഗത്തിൽകൂടി വളരെ നിർബന്ധപൂർവം സഞ്ചരിക്കുന്നു.

ബഡ്ജററിലെ ചിലവിനെപ്പററി ആലോചിക്കുമ്പോൾ ഇക്കൊല്ലത്തെ റിവൈസ്ഡ് എസ്റ്റിമേററിൻപടിയുള്ള വർദ്ധനയായ ൧൩ ൧/൩ ലക്ഷത്തിൽ ഏറിയകൂറും പബ്ലിക്ക്‌വർക്ക്സ്, വിദ്യാഭ്യാസം ഇവയ്ക്കായി വിനിയോഗിച്ചിരിക്കയാണെങ്കിലും, ധാരാളം സൌകര്യം വർദ്ധിപ്പിക്കാനായും, ഇംഗ്ലീഷ്, വെർണാക്യുലർ വിദ്യാഭ്യാസത്തിനായുമുള്ളതായി നീക്കിവയ്ക്കപ്പെട്ടിട്ടുള്ള തുകകൾ വളരെ പോരാതെയാണ് ഇരിക്കുന്നത്. വെർണാക്യുലർസ്കൂൾ അദ്ധ്യാപകന്മാരുടെ സങ്കടനിവൃത്തി വരുത്തുന്നതിനായിട്ട ഗവന്മെൻറിന് സമയമില്ലെങ്കിലും അവരുടെ ന്യായമായിട്ടുള്ള ആവശ്യങ്ങൾ ഒരുപോലും വേണ്ടതുക അനുവദിക്കാതിരിക്കുന്നതു തീർച്ചയായും സങ്കടകരമാണ്.

൧൧൦൬-ലെ മെഡിക്കൽറിലീഫിനു ബഡ്ജററ് അനുസരിച്ചു ചെയ്തിട്ടുള്ള വ്യവസ്ഥകൾ ഇക്കൊല്ലത്തേക്കാൾ കാവോമെങ്കിലും അങ്ങനെവച്ചിട്ടുള്ള വ്യവസ്ഥകളുടെ എണ്ണവും വണ്ണവും താരതമ്യനക്കുടിയാണ് ഇരിക്കുന്നത്. ഇതുപ്രഥമദൃഷ്ടിയിൽ തന്നെ യൂറോപ്യൻമരുന്നുകൾ, ശസ്ത്രക്രിയക്കുള്ള ആയുധങ്ങൾ ഇവവാങ്ങിക്കുന്നതിൽ വരുത്തിയിട്ടുള്ള സ്ഥിരമായ ലാഭംകൊണ്ടുതന്നെയാണ്. ഇതും, ഇതുപോലെയുള്ള മററുഗുണങ്ങളും മെഡിക്കൽബോർഡിന്റെ സംപ്രാപ്തമായ ഭരണത്തെ നല്ലപോലെ തെളിയിക്കുന്നു. ഈ അവസരത്തിൽ ആയുർവേദഡിപ്പാർട്ടുമെൻറിനെ അതുപലതവണ ഓരോ ആവശ്യങ്ങൾ അറിയിച്ചുകൊണ്ടിരുന്നിട്ടും അശേഷം വിഗണിച്ചിരിക്കുന്നുഎന്നു പറയാതെ എനിക്കുമാർഗ്ഗമില്ല. തൽക്കാലത്തേക്ക നമുക്ക മെഡിക്കൽഡിപ്പാർട്ടുമെൻറ് തലസമമെന്ന്യ പാശ്ചാത്യ പൌരസ്ത്യ ഔഷധങ്ങളിൽ ഒരുപോലെ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ഒരാളിന്റെ മേൽനോട്ടത്തിലാകുമെന്ന് ആശിക്കട്ടെ.

ഈ കൂട്ടത്തിൽ ഒരുമാതിരി പറയാൻ സാധിച്ചിട്ടുള്ള മറെറാരുഡിപ്പാർട്ടുമെൻറ പോലീസ് ആണ്. മോട്ടോർ വക്ഷൻ ബന്ധപ്പെട്ട ഞാൻ നിശ്ചയിച്ചിട്ടുള്ള തുകയെസംബന്ധിച്ച എസ്റ്റിമേററിനെപ്പററി രണ്ടുവാക്ക പറയേണ്ടതായിട്ടുണ്ട്. രാജ്യത്തിൽ സമാധാനപരിപാലനത്തിന ചുമതലപ്പെട്ടിട്ടുള്ള ആളുകൾ കലഹം ഉൽപ്പാദിക്കുന്നതിന ഇടയാകത്തക്കതരത്തിൽ പെരുമാറുകയാണെങ്കിൽ അതുവളരെ കഷ്ടംതന്നെയാണ്. കൂലിക്കുവേണ്ടി ഓടി

[illegible]പ്പെടുന്ന മോട്ടോർവണ്ടികളിൽ സഞ്ചരിക്കാൻ ഇടയായിട്ടുള്ള [illegible] വണ്ടികളിൽ കൂടുതൽ [illegible] കയറുന്നതിനു പ്രധാനകാരണം പോലീസുകാർതന്നെയാണെന്നാണ്. [illegible] പോലീസുകാരുടെ ഈ മാതിരി ആക്ഷേപകരമായ പ്രവൃത്തി ഇപ്രകാരത്തെ വ്യവസ്ഥയല്ലാത്തതിലും ഇല്ലായ്മ ചെയ്യുമോ എന്നു ഞാൻ വളരെ സംശയിക്കുന്നു.

ജലസംഭരണവും വിദ്യുച്ഛക്തിസംഭരണംവക പദ്ധതികളെ സംബന്ധിച്ചിടത്തോളം [illegible] അനേകാവികളായ [illegible] ആയിരുന്നാലും, ആ [illegible] ഒഴിച്ചുകൂടാത്തതായിത്തീർന്നിട്ടുണ്ടെന്ന് ഈ ഹൌസിൽ ഞാൻ പറയേണ്ട ആവശ്യമേ ഉണ്ടെന്നു വിചാരിക്കുന്നില്ല. മദ്രാസിൽ ഇപ്പോൾ നടന്നുവരുന്ന ജലസംഭരണം മൂലം അവിടെ [illegible] വിചാരിക്കുന്നതു [illegible] അനുഭവിച്ചുവരുന്ന [illegible] ആലോചിച്ചാൽ [illegible] അതില്ലാതിരിക്കുന്നതു [illegible] മനോവിചാരിക്കേണ്ടതുള്ളൂ.

ഇതുകൊണ്ടു വർദ്ധിക്കുന്ന [illegible] കൃഷി വ്യവസായം ഈ രണ്ടു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന് [illegible] വകുപ്പുകൾ [illegible] തന്നെയാണ്. കൃഷിഗ്രാമവാസികളുടെ [illegible] ഉന്നമനത്തിൻെറ ആവശ്യകതയെപ്പററി ഇതിനുമുമ്പു പലതവണയും ഗവണ്മെൻറിനെ അറിയിച്ചിട്ടുള്ളതുമാണ്. [illegible] കൃഷി ചെയ്യാൻ [illegible] ഇപ്രകാരം [illegible] കൃഷിഡിപ്പാർട്ടുമെൻറിന് [illegible] സൃഷ്ടിക്കുന്നതു മാത്രമല്ല ഗ്രാമവാസികളായ കൃഷിക്കാരോടു ഇടപെട്ടു ചെന്നു ആ കൃഷിയെ [illegible] സാമർത്ഥ്യവും സിദ്ധിച്ചിട്ടുള്ള [illegible] ഗവണ്മെൻറ് [illegible] അതല്ലെങ്കിൽ [illegible] സംവിധാനങ്ങളോ ഏററവും പുരാതനാചാരങ്ങളും അനുസരിച്ചു കൃഷിനടത്തി [illegible] പുതിയകൃഷിസമ്പ്രദായങ്ങൾ സ്വീകരിക്കാൻ ശക്തിയും [illegible] ഇല്ല. [illegible] പുതിയതരത്തിലുള്ള കൃഷിസമ്പ്രദായം അനുസരിച്ചു കൃഷിചെയ്യുന്നതുകൊണ്ട് കൂടുതൽ വിളവുകിട്ടുന്നതാണെന്നു [illegible] കൂടുതൽ [illegible] ബോധ്യപ്പെടുത്തേണ്ടതാണ്.

[illegible] നന്നാക്കുന്നതിനായിട്ടുള്ള യാതൊരുമാർഗ്ഗവും ബഡ്ജററിൽ കാണുന്നില്ല. കുടിവെള്ളം [illegible] ഞാൻ [illegible] വ്യക്തമായി ഉദ്ദേശിക്കുന്നത്. [illegible] തങ്ങളുടെ ജീവിതാധാരത്തിനു [illegible] കൂലിവേല എടുക്കുന്നവരും [illegible] ചെയ്യുന്ന [illegible] ധനികന്മാരുടെ [illegible] സകല [illegible] കടപ്പെട്ടിരിക്കുന്ന [illegible] പാവപ്പെട്ട ആളുകളെ സംബന്ധിച്ചാണ്.

വാണിജ്യസംബന്ധമായും ജനങ്ങളുടെ സഹായത്തിനുള്ള രാജ്യത്തിൻെറ [illegible] ഒന്നാണ്. കൃഷി, വ്യവസായം ഇവമൂലമായി ജനങ്ങൾക്കു കിട്ടുന്നതോ അവർക്കു [illegible] സാമാനങ്ങൾക്കു [illegible] ഉണ്ടാക്കുകയും, വിദേശീയ [illegible] ജനങ്ങൾക്കു വൈഷമ്യങ്ങൾ നേരിടാതെ [illegible] ചെയ്യേണ്ടതു ഗവണ്മെൻറിൻെറ ചുമതലയാണ്. ഇപ്രകാരമേ ജനങ്ങൾക്കു അവരുടെ [illegible] വർദ്ധിക്കുമാറുള്ളൂ. ജനങ്ങളുടെ ധനസമ്പാദനത്തിനു [illegible] അവരെ [illegible] സഹായിക്കേണ്ടതു [illegible] ഉത്തമരാജ്യമായി വിചാരിക്കുന്നില്ല. ഉദാഹരണമായി, [illegible] തന്നെ ആലോചിക്കുക. സഹായം അത്യാവശ്യമെന്നു തോന്നുന്ന ജനങ്ങളുടെ [illegible] വ്യവസായത്തിലും [illegible] അവരെ സഹായിക്കയും [illegible] യൂറോപ്പിലെ ഏററവും [illegible] ഉത്പാദനങ്ങളും [illegible] ചെയ്യുന്നുണ്ട്. അതുകൊണ്ടു നമ്മുടെ [illegible] ഡിപ്പാർട്ടുമെൻറ്, രാജ്യത്തിലെ കൃഷിക്കാരും വ്യവസായികളും ആയ ആളുകളുടെ ആവശ്യങ്ങൾ [illegible] പറയുന്നതിനുതകുന്നതായിരിക്കണമെന്നാണു എൻെറ അഭിപ്രായം.

[illegible] (വേട്ടക്കാരൻ), സർ, [illegible] ഉദ്ദേശിക്കുന്ന [illegible] ഉണ്ടെങ്കിലും [illegible] മരണത്തിൻെറ [illegible] ഇപ്പോൾ [illegible] വിന്താവിഷയമായിരിക്കുന്ന ബഡ്ജററിലും [illegible] ചിലതു [illegible] പര്യാലോചിക്കപ്പെടേണ്ടതായുണ്ട്. [illegible] വിദ്യുച്ഛക്തിസംഭരണം [illegible] അവയെപ്പററി [illegible] ക്രമപ്പെടുത്തിയിട്ടുണ്ടെങ്കിലും [illegible] ആയിരിക്കുന്നു. [illegible] നിവാസികൾക്ക് ഇപ്പോൾ ഗവണ്മെൻറിൽനിന്നും ഉദ്ദേശിക്കാവുന്ന സഹായങ്ങളെ [illegible] റോഡുകൾ [illegible] സൌകര്യങ്ങൾ ഉള്ളതായി [illegible] കൃഷി, വ്യവസായം ഇവയിൽനിന്നും ഗവണ്മെൻറിനു [illegible] കൂടാതെ [illegible] റോഡു, റയിൽവെ, കപ്പൽമാർഗ്ഗം എന്നിവകൾ [illegible] മാർഗ്ഗങ്ങൾ ഗവണ്മെൻറു നിർദ്ദേശിക്കേണ്ടതു അത്യാവശ്യമാണ്.

ഫിനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽ (എനിക്കു മനസ്സിലാകാത്തതും ചെയ്യാവുന്നതും) [illegible] രണ്ടു സംഗതികളുണ്ട്. ഒന്നു [illegible] സംബന്ധിച്ചാണ്. [illegible] സംഗതിയിൽ എനിക്കു [illegible] ഇല്ല. അതു [illegible] ഒരു [illegible] ആയിത്തീർന്നിരിക്കുന്നതിനാൽ അതിനെപ്പററി അധികം പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. സെക്യൂരിറ്റീസ് [illegible] എടുത്തിട്ടുള്ള [illegible] സംബന്ധിച്ച [illegible] കൂടിയുണ്ട്. ഇവിടെ [illegible], ഗവണ്മെൻറ, ഇൻഡ്യാ ഗവണ്മെൻറിൽനിന്നും [illegible] രൂപായ്ക്കു [illegible] സെക്യൂരിറ്റീസ് വാങ്ങിയിട്ടുണ്ടെന്നും, അതിൽ [illegible] രൂപാ [illegible] ആയ [illegible] തമ്മിലുള്ള വ്യത്യാസം [illegible] എടുത്തിട്ടുണ്ടെന്നും കാണുന്നു. ഈ ബോണ്ടുകൾ [illegible] രൂപാവെച്ചു [illegible]. ഗവണ്മെൻറു [illegible] ഈ ബോണ്ടുകൾ എഴുതുകയും, [illegible] ചെയ്തിരിക്കുന്നു. അവരുടെ ചില [illegible] ശരിയായ [illegible] ഗവണ്മെൻറു ഈ ബോണ്ടുകൾ [illegible] അവർക്കു [illegible] നേരിടേണ്ടതുള്ളൂ എളുപ്പം മനസ്സിലാക്കാവുന്നതായ ഒരു സംഗതിയാണ്. അതുകൊണ്ട്, [illegible]

കയും റവന്യൂ ആയിട്ടു കണക്കാക്കുന്നതു ബുദ്ധിപൂർവ്വമാണോ എന്നാണ് എന്റെ സംശയം. സർ, ആകെ നോക്കുന്നതായാൽ ബഡ്ജറ്റ വളരെ തൃപ്തികരവും സ്വീകാര്യവും ആണെന്നു എനിക്കു തോന്നുന്നു.

പി. എം. സുബ്രഹ്മണ്യപിള്ള (അനന്തീശ്വരം): സർ, ഫിനാൻഷ്യൽ സെക്രട്ടറി ഈ കൊല്ലത്തെ ബഡ്ജറ്റ എസ്റ്റിമേറ്റ്സ് ഈ സഭയിൽ ഒരു വ്യക്തമായ സ്റ്റേറ്റുമെന്റുസഹിതം അവതരിപ്പിക്കുകയും, [illegible] ഓരോ ഡിപ്പാർട്ടുമെന്റിലേയും വിവിധയിനങ്ങളിലുണ്ടായിട്ടുള്ള വരവു ചിലവുകളുടെ വ്യതിയാനങ്ങളെ ചൂണ്ടിക്കാണിക്കുകയും, ഈ വ്യതിയാനങ്ങൾക്കുള്ള കാരണങ്ങളെ വിശദമായി പ്രതിപാദിക്കുകയും ചെയ്യുകയുണ്ടായി. ആ സ്റ്റേറ്റുമെന്റു വളരെ വ്യക്തവും ആഡംബരരഹിതവുമായിരുന്നു. സ്റ്റേറ്റുമെന്റുമൂലം മാത്രമല്ല ഈ സംസ്ഥാനത്തെ യഥാർത്ഥധനസ്ഥിതി നമ്മുടെ മനസ്സിലാക്കുന്നതിനുവേണ്ടി അദ്ദേഹംതന്നെ പണിപ്പെട്ടിട്ടുള്ളതും എന്നെപ്പോലുള്ള സാധാരണക്കാർ ഇവ രണ്ടിനേയും വളരെ വിലമതിക്കുന്നു. അദ്ദേഹം ഈ കൌൺസിലിൽ ആദ്യമായി അവതരിപ്പിക്കുന്നതായ ഈ ബഡ്ജറ്റ വളരെ സ്വാഗതാർഹമായിരിക്കുന്നതിനെപ്പറ്റിയും ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചുകൊള്ളുന്നു.

അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റിൽനിന്നും, ബഡ്ജറ്റിൽനിന്നും, ഇപ്പോഴത്തെ ഭരണകാലത്തിൽ ഇടപ്രധാനമായിട്ടു തിരുവനന്തപുരം പട്ടണത്തിൽ ജലസംഭരണപദ്ധതി, ഇലക്ട്രിക് ദീപവിതരണപദ്ധതി, നഗരാന്തർഭാഗത്തേക്കുള്ള റയിൽവേ വണ്ടികൾ, [illegible] അടുത്തകാലത്തു ഗവൺമെന്റു ഏർപ്പെടാൻ വിചാരിക്കുന്നതായി നാം കാണുന്നു. ഈ ജോലികളുടെ നിർവഹണവും വളരെ പണം ചിലവുള്ളതുകൊണ്ടും ഇവ നടപ്പിൽ വരുത്തിയശേഷം എത്രമാത്രം ആദായമായിരിക്കുമെന്നു ഗവൺമെന്റു തീർച്ചയായും ഒന്നു എസ്റ്റിമേറ്റു ചെയ്തുകാണുമെന്നുള്ളതിനാൽ, നടപ്പിൽ വന്നതിനുശേഷം ഇതിൽ ഓരോ പ്രവൃത്തിയിൽനിന്നും അതിനു വേണ്ടി വരുന്ന മുതലിനു എത്ര ശതമാനം പലിശ ഗവൺമെന്റിനു കിട്ടുമെന്നും ഉണ്ടാകാവുന്ന വ്യത്യാസങ്ങൾ ഉൾപ്പെടെയുള്ള ഒരു വിശദമായ വിവരണം ഈ സഭയിൽ അവതരിപ്പിക്കണമെന്നു ഫിനാൻഷ്യൽ സെക്രട്ടറിയോട് അപേക്ഷിച്ചുകൊള്ളുന്നു. തിരുവനന്തപുരം മുനിസിപ്പാലിറ്റിക്ക് ഈ പദ്ധതികളിൽ ഏതിനെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ചെലവുണ്ടായിട്ടുണ്ടോ എന്നും, ഈ പദ്ധതികളുടെ പ്രവർത്തനത്തിനുവേണ്ടി പ്രത്യേകിച്ചും പട്ടണത്തിൽ ഇലക്ട്രിക് ദീപവിതരണ പദ്ധതിയിലേക്കു (ആ പ്രവൃത്തിമൂലം മുനിസിപ്പാലിറ്റിക്കു അവർ ഇപ്പോൾ ദീപവിതരണാർത്ഥം ചെലവുചെയ്യുന്ന തുക മിച്ചംവെക്കാൻ സാധിക്കുമെന്നുള്ളതിനാൽ), എന്തെങ്കിലും സംഭാവന ചെയ്യാമെന്നു മുനിസിപ്പാലിറ്റി ഏറ്റിട്ടുണ്ടോ എന്നും ഈ സ്റ്റേറ്റുമെന്റിൽ യാതൊന്നും പറഞ്ഞുകാണുന്നില്ല. നഗരത്തിലെ ദീപവിതരണവും ജലസംഭരണവും മുനിസിപ്പാലിറ്റിയുടെ പ്രധാനമായ രണ്ടു പ്രവൃത്തികളായിരിക്കെ, ഈ രണ്ടു പദ്ധതികളിലുമുള്ള നിശ്ചിതജോലിയിൽ തിരുവനന്തപുരം മുനിസിപ്പാലിറ്റിക്കുള്ള ഉത്തരവാദിത്വത്തെപ്പറ്റി ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റിൽ യാതൊന്നും പറഞ്ഞുകാണാത്തതിനാൽ ഈ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റു അപൂർണ്ണമായിക്കരുതേണ്ടിയിരിക്കുന്നു.

സർ, [illegible] ഒരാൾ നമ്മുടെ ബഡ്ജറ്റ എസ്റ്റിമേറ്റു വായിക്കുകയാണെങ്കിൽ അയാൾ ആദ്യമായി നോട്ടുചെയ്യുന്നതു, എന്റെ സ്നേഹിതൻ മിസ്റ്റർ ജാർജ് പറയുംപ്രകാരം, 'വിദ്യാഭ്യാസത്തിലേക്കു ചിലവിട്ടുള്ള നമ്മുടെ ഭീമമായ ചെലവാണ്'. സർ, ഇതിലുള്ള [illegible] അനാവശ്യമാണെന്നു വിചാരിക്കുന്നതിൽ ഞാൻ മി. ജാർജിനോടു യോജിക്കുന്നു. [illegible] നമ്മുടെ സംസ്ഥാനത്തു ആകെയുള്ള വരവിൽ ൨൦ ശതമാനത്തിൽ കൂടുതൽ തുക ഈ ഒരു വിഷയത്തിൽമാത്രം ചെലവാക്കപ്പെടുന്നതായി നാം കാണുന്നു. കൂടാതെ വിദ്യാഭ്യാസവിഷയത്തിൽ പലവിധത്തിൽ പ്രവൃത്തിചെയ്യുന്ന പല ഡിപ്പാർട്ടുമെന്റുകളും ഉണ്ട്: ഉദാഹരണം :— കൃഷിഡിപ്പാർട്ടുമെന്റ; മത്സ്യഡിപ്പാർട്ടുമെന്റ; ആയുർവേദഡിപ്പാർട്ടുമെന്റ; മെഡിക്കൽഡിപ്പാർട്ടുമെന്റ. ഈ ഡിപ്പാർട്ടുമെന്റുകളിൽ ഓരോന്നും അതിന്റെ ഉദ്ദേശിച്ച വിദ്യാഭ്യാസത്തിലേക്കായി വമ്പിച്ച തുകകൾ ചെലവുചെയ്തു വരുന്നുണ്ട്. ഈ പ്രകാരങ്ങളിലുള്ള തുകകൾ എല്ലാം കൂടി ഒരു ലക്ഷം രൂപായോളം വരുമെന്ന് എനിക്കു തോന്നുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾക്കായി [illegible] ഡിപ്പാർട്ടുമെന്റു പ്രതിവർഷം വേറെ ഒരു ലക്ഷവും അറുപതിനായിരവും രൂപായോളം ചെലവുചെയ്യുന്നു. ചിലവുകളെല്ലാംകൂടി കൂട്ടിനോക്കുമ്പോൾ വിദ്യാഭ്യാസത്തിലേക്കുള്ള ആകെ ചെലവു നിശ്ചയമായും സംസ്ഥാനത്തെ ആകെയുള്ള വരവിന്റെ ൨൦ ശതമാനത്തോടു വളരെ അടുത്തു നിൽക്കും. സർ, [illegible] നോക്കുന്നപക്ഷം ഇതു ഗൌരവമായ ആലോചനയ്ക്കു വിഷയമാക്കേണ്ടതായ ഒരു സംഗതിയാണ്. ഇതിനു അറുതിവരുത്തുന്നതിനു ഒരു നിവൃത്തി ഉണ്ടാകുമെന്നു ആശിക്കാൻ യാതൊരു ലക്ഷ്യവും കാണുന്നില്ല. കോളേജുകളും സെക്കണ്ടറിസ്കൂളുകളും മുഖേനയുള്ള വിദ്യാഭ്യാസത്തിലേയ്ക്കായിട്ടുള്ള ചെലവു മേലിൽ വളരെ വേഗം വർദ്ധിക്കുമെന്നുള്ളതിനു ലക്ഷ്യങ്ങൾ കാണുന്നുണ്ട്. [illegible] വിഷയം വാസ്തവത്തിൽ എത്തിയിരിക്കുന്നു. പ്രൈമറി എഡ്യൂക്കേഷൻ ഫ്രീയായി നടപ്പാക്കപ്പെടുന്നതിനും [illegible] നിർബന്ധിതമാക്കിക്കിട്ടണമെന്നുള്ള ഒരു അഭിലാഷം ചില ഭാഗങ്ങളിൽനിന്നു ശക്തമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനുപുറമെ വ്യവസായപരവും സാങ്കേതികവും ആയ വിദ്യാഭ്യാസത്തിലേയ്ക്കായി കൂടുതൽ പണം ചെലവുചെയ്യേണ്ടതാണെന്നു പറയുന്നവരായും ധാരാളം ആളുകൾ ഉണ്ട്. സർ, എന്നാൽ ഇതിനുപുറമെ എന്നെപ്പോലുള്ള [illegible] ആളുകളുടെ അഭിപ്രായം [illegible] വിദ്യാഭ്യാസം മാത്രം മതിയെങ്കിലും ഒരു അഭിവൃദ്ധികരണത്തിന്റെ ഉദ്ദേശമോ [illegible] ആകുന്നു. [illegible] ഗവൺമെന്റു നിർവഹിക്കേണ്ടതായിട്ടുള്ള [illegible] സംഗതികളുണ്ട്; അവയ്ക്കു തക്കതായ ധനവും ആവശ്യമുണ്ട്. അതുകൊണ്ടു വിദ്യാഭ്യാസത്തിനായുള്ള ചെലവിന്റെ ഈ "ഭീമമായ വളർച്ചയെ" [illegible] പ്രകാരം നിയന്ത്രിച്ചുകൊണ്ടുപോകുന്നതിനും കുട്ടികൾക്കു പ്രാദേശികമായി [illegible] വിദ്യാഭ്യാസം നൽകുന്നതിലുള്ള ചുമതലയിൽ ഒരംശം സംസ്ഥാനത്തു അവിടവിടെയുള്ള പ്രാദേശിക സംഘങ്ങൾക്കു വഹിക്കാൻ കഴിയുമോ എന്നു അറിയുന്നതിനു ഗവൺമെന്റു ഉടനടി യത്നിക്കേണ്ടതാണെന്നാണു എന്റെ അഭിപ്രായം.

സർ, വിദ്യാഭ്യാസവിഷയത്തിലുള്ള ചോദ്യം അവസാനിപ്പിക്കുന്നതിനു മുമ്പായി എൻജിനീയറിംഗ് സംബന്ധിച്ചുള്ള വിദ്യാഭ്യാസവിഷയത്തിൽ തിരുവിതാംകൂറിലെ സന്താനങ്ങൾക്കു ഉൽഗതിക്കു നാശകരമായിട്ടു ഈയി

ടെ ഉൽകൃഷ്ടമായിട്ടുള്ളതെന്ന കേട്ടതായ ഒരു ഗൗരവതരമായ സംഗതിയെ നിങ്ങളുടെ മുമ്പാകെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഈ പ്രസിഡൻസിയിലെ ഏക എഞ്ചിനീയറിംഗ് കാളേജായ മദ്രാസ് എഞ്ചിനീയറിംഗ് കാളേജ് തന്നിലേക്കു പ്രവേശിപ്പിക്കുന്നതിലേക്കായി എന്തെങ്കിലും സംഭാവന ചെയ്യുന്നതിന്ന തിരുവിതാംകൂർ ഗവണ്മെന്റ വിസമ്മതം കാണിക്കുന്നതിനാൽ തിരുവിതാംകൂർകാരായ വിദ്യാർത്ഥികൾക്ക ആ കാളേജിൽ പ്രവേശനം നൽകുന്നില്ലെന്ന കേൾക്കുന്നുണ്ടായി. സർ, ഇതു വളരെ ഗൗരവമേറിയ ഒരു സംഗതിയാണ്. എന്തെന്നാൽ തിരുവിതാംകൂറിലെ എഞ്ചിനീയറിംഗ് ഇപ്രകാരം പരാശ്രയത്തിൽ കഴിഞ്ഞുകൂടുന്നതിന്ന എന്നും സാധിക്കുകയില്ല. ഏവംവിധങ്ങളായ സംഗതികളുടെ നിലയെപ്പററി ഗൗരവമായി ആലോചിക്കുന്നതിനും തക്കതായ ഒരു തുക സംഭാവന ചെയ്തിട്ട ആണ്ടുതോറും തിരുവിതാംകൂർകാരായ വിദ്യാർത്ഥികളുടെ ഒരു നിശ്ചിതസംഖ്യക്ക മദ്രാസ് എഞ്ചിനീയറിംഗ് കാളേജിൽ പ്രവേശനം നൽകുന്നതിന ഒരു തീരുമാനം ഉണ്ടാക്കാൻ ശ്രമിക്കുന്നതിനും ഞാൻ ഗവണ്മെന്റിനോട അപേക്ഷിച്ചുകൊള്ളുന്നു.

സർ, അടുത്തതായി മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെപ്പററി രണ്ടുവാക്ക പറയണമെന്ന ഞാൻ വിചാരിക്കുന്നു. മററുള്ള മിക്ക ഡിപ്പാർട്ടുമെന്റുകളും എന്നപോലെ ഈ ഡിപ്പാർട്ടുമെന്റും വളർന്നുവരുന്നതായിട്ടാണ കാണപ്പെടുന്നത്. ഈ സംസ്ഥാനത്തു ആശുപത്രികളും ഔഷധാലയങ്ങളും ഒരുമാതിരി ധർമ്മസ്ഥാപനങ്ങളാണ്. ഈ സാധുക്കൾക്കും ധനികന്മാർക്കും ഒന്നുപോലെ അഥവാ സാധുക്കൾക്കു കൂടുതലായിട്ട ധനികന്മാർക്ക യാതൊരു വ്യവസ്ഥയും കൂടാതെ ധർമ്മമായിട്ട മരുന്നുകൊടുക്കയും ചികിത്സിക്കയും ചെയ്യുന്നു; സർ, മഹാരാജാവു തിരുമനസ്സിലെ പ്രജകൾക്ക ധർമ്മമായിട്ട മരുന്നുകൊടുക്കുകയും ചികിത്സിക്കുകയും ചെയ്യുന്ന ഏർപ്പാട ആദ്യകാലത്തു വിദേശീയമരുന്നുകളും വിദേശീയ ചികിത്സാസമ്പ്രദായങ്ങളും ജനങ്ങൾക്ക പരിചയപ്പെട്ടിട്ടില്ലാതിരുന്ന അവസരത്തിൽ അവയെ ജനാവലിക്കു സമ്മതിച്ചിതമാക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ നടപ്പിൽ വരുത്തിയതായിരിക്കണം. പക്ഷെ അക്കാലം കഴിഞ്ഞിട്ട കാലം ഏറെയായി. ഇപ്പോൾ നമുക്ക പൂർണ്ണസജ്ജമായ പല ആശുപത്രികളും ഔഷധാലയങ്ങളും നാട്ടിലുണ്ട്; പക്ഷെ അവയിലെല്ലാം എപ്പോഴും ഗവണ്മെന്റുമായിട്ട മല്ലിടേണ്ടിവരികയും ആയതിൽ അധികഭാഗവും രോഗവിചാരണകയും ആണ് പതിവ്. ചികിത്സാപദ്ധതിയിൽ പ്രാക്ടീസ് ചെയ്യുന്നതിന വേണ്ടവണ്ണം പഠിത്തം സിദ്ധിച്ചിട്ടുള്ള നമ്മുടെ ചെറുപ്പക്കാരിൽ വളരെപ്പേർ അവർക്ക ഗവണ്മെന്റിന്റെ എതിർമത്സരം ഉണ്ടാകുന്ന അസൌകര്യത്താൽ പ്രാക്ടീസ് ചെയ്യാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നു; അതിനാൽ ഇത്തരത്തിലുള്ള ആളുകളുടെ തൊഴിലില്ലായ്മക്കുള്ള മുഖ്യകാരണം ഗവണ്മെന്റാണ്. സർ, ഇപ്രകാരം പറയുന്നുകൊണ്ട ഗവണ്മെന്റ ഇപ്പോഴത്തെ രീതി നിറുത്തൽ ചെയ്യണമെന്ന ഞാൻ അഭിപ്രായപ്പെടുന്നതായി വിചാരിക്കരുത്. സാധുക്കളും പണംതരാൻ അശക്തരുമായ ആളുകൾക്ക ഇപ്രകാരംതന്നെ തുടർന്ന സഹായം നൽകിക്കൊണ്ടിരിക്കട്ടെ. യഥാർത്ഥധർമ്മസ്ഥാപനങ്ങൾ നടത്തുന്നതുകൊണ്ട ഗവണ്മെന്റ തൃപ്തിപ്പെടുകയും കഴിയുന്നതും എളുപ്പത്തിൽ ഈ ധർമ്മദുർവ്വിനിയോഗത്തെ നിറുത്തൽചെയ്യുകയും ചെയ്യേണ്ടതാണ്. പണംകൊടുക്കാൻ കഴിവുള്ളവർ അപ്രകാരം ചെയ്യുന്നതാവണം. നമ്മുടെ സംസ്ഥാനത്തുള്ള ധർമ്മസ്ഥാപനങ്ങളിൽവച്ച ചിററവും മഹത്തരമായവകളായ ഊട്ടുപുരകളിന്മേൽ നാംമുമ്പേതന്നെ നമ്മുടെ അതിവാൾ അർപ്പിച്ചിട്ടുള്ളതും അപ്രകാരം ചെയ്തതിനാൽ നാം അവയെ ശുദ്ധീകരിക്കമാത്രം ചെയ്തിട്ടുള്ളതും ആകുന്നു. അതേപ്രകാരംതന്നെ, നമ്മുടെ ഔഷധാലയങ്ങളേയും ആശുപത്രികളേയും യഥാർത്ഥധർമ്മസ്ഥാപനങ്ങളാക്കിത്തീർക്കുന്നതിനാൽ നാം അവയെ ശുദ്ധീകരിക്കുന്നതായിരിക്കും. ഈ പ്രകാരമുള്ള ഒരു പരിഷ്ക്കാരംമൂലം നമുക്ക മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ബഡ്ജററ വെട്ടിക്കുറയ്ക്കാൻ കഴിയുമെന്നുമാത്രമല്ല, ഒരുപക്ഷെ, അടുത്ത ഭാവിയിൽ മെഡിക്കൽ ഡിപ്പാർട്ടുമെന്റും സാനിട്ടറിഡിപ്പാർട്ടുമെന്റും രണ്ടുംകൂടി ഒന്നായി സംയോജിപ്പിക്കുന്നതിനും സാധിച്ചേക്കും.

ഇപ്പോൾ നടപ്പിലിരിക്കുന്ന കൃഷിവായ്പ കടംകൊടുക്കുന്ന ഏർപ്പാട വളരെ ആക്ഷേപാർഹമാണെന്നുള്ളതിൽ ഞാൻ എന്റെ സ്നേഹിതന്മാരായ മററനേകം അംഗങ്ങളോട യോജിച്ചുകൊള്ളുന്നു. ഇപ്പോഴത്തെ ഏർപ്പാട വളരെ ഭാരമേറിയതും ബുദ്ധിമുട്ടുള്ളതും ആയിരിക്കുന്നതിനാൽ സാധാരണക്കാരായ കൃഷിക്കാർ വളരെ അപൂർവമായിട്ടെ അതിനു പോകുന്നുള്ളു. പൊതുജനങ്ങൾക്ക കൂടുതൽ സൌകര്യപ്രദവും ഉപയോഗയോഗ്യവും ആയിരിക്കുന്നതിനുവേണ്ടി, കുറെക്കൂടി സ്വതന്ത്രവും വിശാലവുമായ കൃഷി കടംവായ്പ ഏർപ്പാട ഉണ്ടാക്കേണ്ടതും രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ദീർഘകാലത്തേക്കുള്ള ലാൻഡുമോർട്ട്ഗേജ് ബാങ്കുകൾ സ്ഥാപിക്കേണ്ടതും ആകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഭാഗത്തുള്ള എല്ലാ അംഗങ്ങളും സംസാരിച്ചുകഴിഞ്ഞതിനുശേഷമെ മറുഭാഗത്തുള്ള അംഗങ്ങൾ സംസാരിക്കയുള്ളു എന്നതു ഈ കൌൺസിലിൽ സ്വീകരിച്ചിട്ടുള്ള ഒരു നയമാണോ എന്ന അറിഞ്ഞാൽകൊള്ളാം.

പ്രസിഡന്റ: അതെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അനൗദ്യോഗസ്ഥാംഗങ്ങൾ എല്ലാവരും ഇന്നു സംസാരിക്കണമെന്നുണ്ടോ?

പ്രസിഡന്റ: അനൗദ്യോഗസ്ഥാംഗത്തു സംസാരിക്കാൻ ആരുമില്ലാത്തപക്ഷം, ഗവണ്മെന്റ മെംബരന്മാർ സംസാരിക്കുന്നതായിരിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഞങ്ങളിൽ എല്ലാവരും ഇന്നു സംസാരിക്കാൻ തയ്യാറായി വന്നിട്ടില്ല.

പ്രസിഡന്റ: ഞങ്ങൾക്ക അതിനായി കാത്തിരിക്കാൻ സാധിക്കുകയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഞങ്ങൾ ഇന്നു സംസാരിക്കുന്നില്ലാത്തപക്ഷം, ഞങ്ങൾക്ക നാളെ സംസാരിക്കാൻ അവകാശമില്ലേ?

മി. കല്ലുവെട്ടം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സാധാരണയായിട്ട വാദപ്രതിവാദം അഞ്ചു മണിവരെ ഉണ്ടായിരിക്കും. പക്ഷെ, അവർ ഇന്നു സംസാരിക്കാതെ യോഗം ഇപ്പോൾ മാററിവയ്ക്കുകയും ചെയ്യുന്നപക്ഷം, അവർക്ക നാളെ സമയം നീട്ടിക്കിട്ടാൻ അവകാശമില്ല.

പ്രസിഡന്റ: ഞാൻ നിങ്ങൾക്ക സംസാരിക്കുന്നതിന തക്കതായ സമയം അനുവദിക്കാം. വാദപ്രതിവാദം ഇന്നു തീരാത്തപക്ഷം, അനൗദ്യോഗസ്ഥാംഗങ്ങൾക്ക നാളെയും സംസാരിക്കാം. എന്നാൽ, അനൗദ്യോ

സ്ഥലഭാഗത്തുള്ള വാദപ്രതിവാദംതീന്നാൽ, ഗവൺമെൻറുഭാഗത്തുനിന്നും സംസാരിക്കും. അനദ്യോഗസ്ഥഭാഗം സംസാരിച്ചുതീന്നാൽ ഉദ്യോഗസ്ഥഭാഗം തുടരുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇനി ആരും സംസാരിക്കുന്നതിനായി മുന്നോട്ടു വരാതിരിക്കുന്നതിനാൽ, എൻെറ പ്രസംഗത്തിനായി ഞാൻ എഴുന്നേൽക്കുന്നു.

സർ, "ചാൻസലർ ആഫ് എക്സ്ചെക്കർ എന്നു പറയുന്നതു മിച്ചംകാണിക്കേണ്ടതായ ഒരു ജന്തുവാണ്," എന്നു ആരോ പറഞ്ഞിട്ടുണ്ട്. അതു, മി. "ലോവ്" ആണെന്നു എനിക്കു തോന്നുന്നു. ആ തോന്നിൻപ്രകാരം നോക്കുകയാണെങ്കിൽ നമ്മുടെ മാന്യസ്നേഹിതനായ ഫിനാൻഷ്യൽ സെക്രിട്ടറി, മനുഷ്യസാധാരണമായ നിലയിൽനിന്നും വളരെയധികം കീഴ്പെതിച്ചിട്ടുണ്ടെന്നുതന്നെ നമുക്കു കരുതേണ്ടിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ഇവിടെ അദ്ദേഹം കാണിക്കുന്നതായ മിച്ചം ശൂന്യമായതാണ്. ഇവിടെ അവതരിപ്പിച്ചതായ ബഡ്ജറ്റിൻെറ സ്ഫുടത്വവും സുഗ്രാഹ്യതയും ആയിക്കൊണ്ടു നമ്മുടെ സ്നേഹിതനായ ഫിനാൻഷ്യൽ സെക്രിട്ടറിയെ അഭിനന്ദിക്കുന്നതിൽ അനദ്യോഗസ്ഥസാമാജികന്മാരായ മററ മാന്യന്മാരോടു ഞാനും വളരെ സന്തോഷപൂർവ്വം യോജിച്ചുകൊള്ളുന്നു. സാധാരണയായി ഒരു മിച്ചംകാണിക്കുന്ന ബഡ്ജറ്റ താഴെ പറയുന്ന രണ്ടിലേതെങ്കിലും ഒന്നിനെ കാണിക്കുന്നതായിരിക്കും. ഒന്നുകിൽ ചെലവു വെട്ടിക്കുറച്ചിട്ടു സംസ്ഥാനത്തിൻെറ അത്യന്താപേക്ഷിതങ്ങളായ ആവശ്യങ്ങളെ മററിവയ്ക്കുക. അല്ലെങ്കിൽ അനാവശ്യമായും അകാരണമായും അകാലങ്ങളിൽ കൂടുതൽ കരം ചുമത്തുക. പ്രസ്തുതസംഗതിയിൽവാസ്തവമെന്താണെന്നു തീരുമാനിക്കാൻ നമുക്കു വിഷമമായിരിക്കുന്നു. ഏതായാലും നമ്മുടെ ബഡ്ജററു തയ്യാറാക്കുന്ന രീതി ഇംഗ്ലീഷ്‌രീതിയിൽനിന്നും വ്യത്യസ്തമായിട്ടാണു ഇരിക്കുന്നതു; അവിടെ, ആദ്യമായി ആവശ്യമുള്ള തുക തിട്ടപ്പെടുത്തുകയും പിന്നീടു നികുതിപിരിക്കുകയുമാണ് പതിവു്. മുൻപറഞ്ഞതുപോലെ, ആപൽഘട്ടങ്ങളെ നേരിടുന്നതിനവേണ്ടി, 'ചാൻസലർ ആഫ് എക്സ്ചെക്കർ'ക്കു എപ്പോഴും ഒരു മിച്ചം ഉണ്ടായിരിക്കേണമെന്നുണ്ട്. എന്നാൽ, നിർഭാഗ്യവശാൽ, നമ്മുടെ രീതി ഇപ്രകാരമല്ല; നാം മുൻപേതന്നെ നികുതികൾ ക്ലിപ്തപ്പെടുത്തിവച്ചിട്ടുള്ളതിനാൽ, നികുതിക്കനുസരണമായിട്ടു നമ്മുടെ ആവശ്യങ്ങളെ ക്രമീകരിക്കേണ്ടിയിരിക്കുന്നു. നമുക്കു ഒരു മിച്ചമുള്ള ബഡ്ജററ ഉണ്ടോ എന്നുതന്നെ എൻെറ സ്നേഹിതൻ, മിസ്റ്റർ എ. കെ. പിള്ള സംശയിക്കുകയുണ്ടായി. സർപ്ലസ് ബഡ്ജററിനെപ്പററി അദ്ദേഹം ഒരു പന്ഥാവിൽകൂടി എതിർക്കുകയുണ്ടായി; എന്നാൽ ഞാൻ മറെറാരു മാർഗ്ഗത്തിൽകൂടി അതിനെ എതിർക്കുകയാണ്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള എസ്റ്റിമേററുകളിൽനിന്നും നാം ആദ്യമായി കാണുന്നതു്, ഗവൺമെൻറ ആഫ് ഇൻഡ്യാ സെക്യൂരിറ്റീസ് വാങ്ങിയതിനാലുള്ള ആറു ലക്ഷംരൂപാ പ്രെമിയംഉൾപ്പെടെ ആകെ ൨൨൨൫ ലക്ഷം രൂപാ നികുതി ഇനത്തിൽ വരവുണ്ടെന്നാണ്. റവന്യൂവരവായി വിചാരിക്കപ്പെട്ടിരിക്കുന്ന ഈ ആറുലക്ഷം രൂപായും ഒരു മായമായിട്ടാണു ഞാൻ കരുതുന്നതു്. ഗവൺമെൻറിനു ഈ സെക്യൂരിററി ഉപേക്ഷിക്കേണ്ടതായി വന്നേക്കുമെന്നു തോട്ടങ്ങളുടെ പ്രതിനിധി മുൻപേതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങിനെ സംഭവിക്കാതിരുന്നാൽതന്നെയും ഈ സെക്യൂരിററി മുഴുവൻ തുകയും ഈടാക്കുന്നതിന അവകാശപ്പെട്ടന്നതിന തന്നെ വളരെക്കൊല്ലം കഴിയേണ്ടിയിരിക്കുന്നു. എന്നാൽ ഇതിനിടയ്ക്കുവച്ചു നമുക്കു ഈ സെക്യൂരിററികൾ വിടേണ്ടതായി വരുന്നപക്ഷം, നാം അവയ്ക്കുവേണ്ടി കൊടുത്തിട്ടുള്ള പണത്തിൻെറ ൫.൯ ശതമാനത്തിൽ കൂടുതൽ നമുക്കു കിട്ടുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു ഈ സെക്യൂരിററികൾ വാങ്ങിയിട്ടുള്ള ൬ ലക്ഷം രൂപാ റവന്യൂവരവാണെന്നു പറയാമെന്നു തോന്നുന്നില്ല. ആയതിനെ റവന്യൂഇനത്തിലുള്ളവയായിക്കരുതുന്നതു അതു ശരിയാണെന്നു എനിക്കുതോന്നുന്നില്ല.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ഫിനാൻഷ്യൽസെക്രിട്ടറി): സർ, അതു സാധാരണവരവു ആണെന്നു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "സാധാരണ" എന്നു പ്രസംഗത്തിൽ കാണുന്നില്ല.

മി. കെ. എൻ. രാമസുബ്ബയ്യർ. (ഗവൺമെൻറ ഫിനാൻഷ്യൽ സെക്രിട്ടറി): പ്രസംഗത്തിൽ അങ്ങിനെയുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രണ്ടാംപേജിൽ താഴെപറയുംപ്രകാരം കാണുന്നു,

"നാം ഇൻഡ്യാഗവൺമെൻറിൽനിന്നും അറുപതുലക്ഷം രൂപായ്ക്കു നാലു ശതമാനം പലിശയുള്ള ൧൯൬൦ സെക്യൂരിററികൾ വാങ്ങിയിട്ടുള്ളതും, കണക്കിൽ നമ്മുടെ മിച്ചം അവയുടെ മുഖവില ആയിട്ടു കാണിച്ചിട്ടുള്ളതിനാൽ ഈ തുകയും യഥാർത്ഥമായ വിലയും തമ്മിലുള്ള വ്യത്യാസം ഒരു വരവായിട്ടു നമ്മുടെ കണക്കിൽ കാണുന്നതും ആകുന്നു. ശരാശരിവില ബ്രിട്ടീഷ് രൂപാ ൯൯-൧൫ ശതമാനം ആയിരുന്നതിനാൽ വാങ്ങിയ വിലയിൽ പ്രെമിയം ആയിട്ടുള്ള വ്യത്യാസം ഏകദേശം ആറര ലക്ഷത്തോളം രൂപാ ഉണ്ടായിരുന്നു".

ഈ ഭാഗത്തെയാണു ഞാൻ തെളിവാക്കുന്നതു.

മി. കെ. എൻ. രാമസുബ്ബയ്യർ(ഗവൺമെൻറ ഫിനാൻഷ്യൽ സെക്രിട്ടറി): ഞാൻ പ്രസംഗത്തിൽനിന്നും വായിച്ചു കേൾപ്പിക്കാം.

"ശേഷമുള്ളസംഗതി റവന്യൂവിൽ ഒരു "സാധാരണ" വർദ്ധന വരുത്തിയിട്ടുണ്ട്."

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു മറെറാരു ഭാഗമാണ്. ഞാൻ ഒരു ഭാഗത്തെ കണക്കാക്കുന്നു. ആയതു ശരിയല്ലാത്തപക്ഷം എൻെറ സ്നേഹിതൻ പറയുന്നതു സമ്മതിക്കാം. എന്നാൽ എൻെറ സ്നേഹിതൻ അദ്ദേഹത്തിൻെറ തെററ സമ്മതിച്ചു ഞാൻ പറഞ്ഞതിനെ വിലവയ്ക്കാത്തപക്ഷം അദ്ദേഹത്തിനു എന്നോടു എതിരിടാൻ കഴിയുന്നതല്ല. അല്ലാത്തപക്ഷം തന്നെയും അദ്ദേഹം പറഞ്ഞതു ശരിയല്ല. എന്തുകൊണ്ടെന്നാൽ തങ്ങൾക്കു സർവസ്വാതന്ത്ര്യത്തോടുകൂടിയ ജന്മിമാരാണെന്നു ഗവൺമെൻറു കരുതിക്കൊണ്ടിരുന്നതായ ഭൂമിയെപ്പററി ഒടുവിൽ ഗവൺമെൻറിനു യാതൊരു അധികാരവും ഇല്ലാത്തതായി കോടതികളിൽനിന്നും വിധിപ്രസ്താവം ഉണ്ടായിട്ടുള്ളതായി ചില കേസുകൾ എനിക്കറിയാം. കോടതികൾ ഇപ്രകാരം വിധിച്ചിട്ടുണ്ട്. ഉദാഹരണമായിട്ടു, പതിനാറുകൊല്ലത്തിനു മുമ്പു കോട്ടയം ജില്ലാക്കോടതിയിൽ ൧൧൦-ലെ ഒ. എസ്. നമ്പർ ഒന്നു ആയുള്ള ഒരു കേസിൽ നൂറു ഏക്കർ ഭൂമിക്കു ഗവൺമെൻറിൽനിന്നും കൊടുത്തതായ ഒരു പാട്ടത്തെ വകവയ്ക്കാതെ ആ വസ്തു ഗവൺമെൻറിൻെറതല്ലെന്നു വിധി

കയുണ്ടായിട്ടുണ്ട്. കഴിഞ്ഞ കൊല്ലത്തിൽപോലും തോൽവി പററിയകക്ഷിയുടെ, അതായതു, ഭൂമി പതിച്ചുകൊടുക്കപ്പെട്ട കക്ഷിയുടെ സങ്കടസമർപ്പണങ്ങളെ വകവയ്ക്കാതെ പട്ടം ഉണ്ടെന്നുള്ള നിലയിൽ ഗവണ്മെൻറു നികുതി പററുകയുണ്ടായി എന്നു എനിക്കറിയാം. ഈ കൊല്ലങ്ങളിലെല്ലാം ഗവണ്മെൻറു അനീതിയായി നികുതി പററുകയാണു ചെയ്തിട്ടുള്ളതു. ഇതു നിഷ്ഠുരമായ ഒരു കേസാണെന്നാണു ഞാൻ പറയുന്നതു്. ഈ കേസ് പേഷ്കാർ വരെ പോയിട്ടുണ്ട്. ഇതിനെപ്പററി രജിസ്ട്രാരന്മാരുടെ പക്കൽനിന്നും അന്വേഷിച്ചറിയുന്നതിനായി തഹശീൽദാരെ ഏർപ്പെടുത്തുകയും ചെയ്യുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ അദ്ദേഹമാണു ഏററവും വിരുതൻ. ഇതേപ്രകാരംതന്നെ ൧൦൮൫-ലെ പേരാറകേസ്സിൽ ൫൦൦൦ ഏക്കർ ഭൂമി കൊടുത്തിട്ടുണ്ടായിരുന്നിരിക്കെ ൨൦൦൦ ഏക്കർ ഗവണ്മെൻറിന്റേതല്ലെന്നു അവസാനത്തിൽ ഒരു അധികാരമുള്ള കോടതി വിധിക്കയുണ്ടായി. എന്നാൽ ഇതിനിടയ്ക്കു യാതൊന്നും സംഭവിച്ചില്ലെന്നമട്ടിൽ ഗവണ്മെൻറു നികുതി വാങ്ങുകയും ചെയ്തുവരികയായിരുന്നു. സംഗതികളുടെ യഥാർത്ഥ സ്ഥിതിയെപ്പററി ഗവണ്മെൻറിനെ ഗ്രഹിപ്പിക്കുന്നതിലേയ്ക്കു, ഇനിയും ഒരു കേസ് ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നു. അതിനാൽ റവന്യൂ ഉദ്യോഗസ്ഥന്മാർ പറയുംപോലെ പട്ടയം തിരുത്തൽ ആവശ്യമുള്ളതായിട്ടു ഇങ്ങിനെ എത്ര കേസുകൾ ഉണ്ടെന്നുള്ളതു നമുക്കു ഇപ്പോൾ തീർച്ചപ്പെടുത്താൻ കഴികയില്ല. പതിനഞ്ചു കൊല്ലത്തിനുമുമ്പു തീരുമാനിച്ചിട്ടുള്ളതായ പട്ടയം തിരുത്തലിനെ സംബന്ധിച്ചതായ കേസുകളിൽ റവന്യൂ ഉദ്യോഗസ്ഥന്മാർ കാണിച്ചിട്ടുള്ള നിഷ്ഠുരമനസ്ഥിതി വളരെ ഗൗരവമായ ഒരു സംഗതിയാകുന്നുവെന്നാണ് എന്റെ അഭിപ്രായം. ഈ അവസ്ഥകളിൽ റവന്യൂവരവിനേയും വരവുകളേയുംപററി ശരിയായി നിർണ്ണയിക്കുന്നതു വിഷമമേറിയ ഒരു സംഗതിയാണ്. എന്നെ സംബന്ധിച്ചിടത്തോളം ഫിനാൻഷ്യൽ സെക്രട്ടറി തന്ന കണക്കുകൾ ഞാൻ ഒരിക്കലും ഒരു ദൃഢമായ അടിസ്ഥാനമായിട്ടു കരുതുകയില്ല. നാം നല്ല ധനസ്ഥിതിയിലാണെന്നും നമ്മുടെ സാമ്പത്തിക നിലനില്പു വളരെ സുഭദ്രമാണെന്നുമാണു ഫിനാൻഷ്യൽ സെക്രട്ടറിയുടെ വാദം. ഇതിൽനിന്നും ചില ന്യായമായ ചോദ്യങ്ങൾ ഉത്ഭവിക്കുന്നു. നാം ഇത്ര സമ്പൽ സമൃദ്ധമായ ഒരു നിലയിൽ ആകുകയും ഫിനാൻഷ്യൽ സെക്രട്ടറി പറഞ്ഞ പരിധിയിൽ എത്തിച്ചേരുകയും ചെയ്തിട്ടുള്ളപക്ഷം എന്തുകൊണ്ടാണു ഭൂമി വില കൊടുത്തിട്ടു അഞ്ചുലക്ഷത്തിൽപരം രൂപാ വാങ്ങണമെന്നു നിങ്ങൾ ഉദ്ദേശിക്കുന്നതു. ഒരു സംഗതി സ്പഷ്ടമാണ്. എന്തെന്നാൽ മഹാറാണിതിരുമനസ്സിലെ പ്രജകൾ ഭൂമികിട്ടാനായിത്തന്നെ കഷ്ടപ്പെടുന്നുണ്ട്. ആഹാരം തേടിയും കൃഷിചെയ്യുന്നതിനുള്ള ഭൂമിക്കായി അവർ ഈ സംസ്ഥാനത്തു നിന്നു വെളിയിലേക്കു പോകുകകൂടി ചെയ്യുന്നുണ്ട്. ഇവിടെ ഭൂമികിട്ടുന്നതിനായുള്ള ശ്രമത്തിൽ അവർ മിക്കവാറും തോററു നിരാശപ്പെടുകയാണു ചെയ്യുന്നതു്. ഈ സംഗതികൾ മിക്കവാറും സ്പഷ്ടമാണ്. ഭൂമി പരസ്യമായി ലേലത്തിലിടുന്നപക്ഷം അവരുടെ എതിരാളികളുമായി മത്സരിക്കുന്നതിനുള്ള ശക്തി അവർക്കില്ല. എന്നാൽ ഈ ഭൂവിഭാഗങ്ങൾ രഹസ്യമായുള്ള നിബന്ധനയിന്മേൽ ആരുമറിയാതെ രജിസ്റ്റർചെയ്തു നൽകപ്പെടുകയാണുണ്ടാകുന്നതു്. സംഗതികളിപ്രകാരമിരിക്കെ, ഭൂമി വിലകൊടുത്താൽ കിട്ടുമെന്നുദ്ദേശിക്കുന്നതായ പണത്തിന്മേലുള്ള ആശ വെടിഞ്ഞിട്ടു, ഈ ഭൂമി അവയിൽ പ്രവേശിച്ചു ജോലിചെയ്യുന്നതിനു ഒരുക്കമുള്ളതായ ഈ സംസ്ഥാനത്തെ സാധുജനങ്ങൾക്കായിട്ടു കൊടുക്കുകയോ, അല്ലാത്തപക്ഷം തൊഴിലാളികളായിട്ടുള്ള ആളുകൾക്കു കൊടുത്തു അവരെ അവരുടെ തൊഴിലിൽ പ്രോത്സാഹിപ്പിക്കുകയോ, ചെയ്യുന്നതിനുള്ള സന്മനസ്സു ഗവണ്മെൻറിനുണ്ടാകാത്തതെന്താണ്?

ഈ ബഡ്ജററു യഥാർത്ഥമായിട്ടു ഒരു അഭിവൃദ്ധമായ ബഡ്ജററു ആണെന്നുവരികിൽ, ഇവിടെ അവതരിപ്പിച്ചിട്ടുള്ളതായ മദ്യപാന നിരോധനത്തെപ്പററിയുള്ള ചോദ്യം ചിന്താവിഷയമാകാത്തതെന്താണു, എന്നു ഇവിടെ ചോദിക്കയുണ്ടായ ചോദ്യം ഏററവും അനുയോജ്യവിഷയമായിരിക്കുന്നു. നമുക്കു എവിടെയെങ്കിലും ഒരിടത്തു തുടങ്ങേണ്ടിയിരിക്കുന്നു. നിരോധന പ്രശ്നത്തെപ്പററി ഓരോരുത്തരും എന്തെങ്കിലും വിധത്തിലുള്ള ഒഴികഴിവുപറഞ്ഞു വരികയാണു ചെയ്യുന്നതു്. കഴിഞ്ഞ മൂന്നുകൊല്ലങ്ങളിലായി നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നതായ ഒരു ബഡ്ജററു ഉണ്ടായിരുന്നസ്ഥിതിക്കു, നമുക്കു പ്രവർത്തിക്കുന്നതിനു തക്കതായ ഉറപ്പുള്ളതായി ഏകദേശമായ ഒരു അടിസ്ഥാനം ഉണ്ടായിരുന്നു. ഈ സൌകര്യം ഉണ്ടായിരിക്കെ, നിരോധന സംഗതിയിൽ ശരിയായ ഒരു ആരംഭമെങ്കിലും ഉണ്ടാകാത്തതെന്താണ്? മററുസ്ഥലങ്ങളിൽ ആളുകൾ ഇതിലേക്കായി ശ്രമിക്കുന്നുണ്ട്. അതിനാൽ, നമ്മുടെ ബഡ്ജററു യഥാർത്ഥമായും സമൃദ്ധമായ ഒന്നാണെന്നു വരികിൽ, നമുക്കു തീർച്ചയായും ഈ അവസരത്തെ ഉപയോഗിക്കാവുന്നതാകുന്നു. എന്നാൽ ഇപ്രകാരം യാതൊന്നുംതന്നെ ചെയ്യപ്പെടുന്നില്ല. നേരെമറിച്ചു നമ്മുടെ കൈവശമുണ്ടായിരുന്നതായ മിച്ചങ്ങൾ പരിശോധനാർഹമായ ഒരുവിധത്തിൽ ചെലവാക്കപ്പെടുവാൻ പോകയാണ്. ഒന്നാമതായി, റവന്യൂവരവിൽനിന്നുമുള്ള ചിലവിനത്തിൽ, ഒരുവമ്പിച്ച തുകയായ ൫൦ ലക്ഷം രൂപാ, വിദ്യാഭ്യാസത്തിനായി ചെലവാക്കപ്പെടുന്നു. ഇതു ഒരുവിശേഷപ്പെട്ട സംഗതിയാണ്. തിരുവിതാംകൂർ സംസ്ഥാനത്തു ഇന്നുലഭിക്കുന്നതായ രീതിയിലുള്ള വിദ്യാഭ്യാസം തൊഴിലില്ലായ്മയെ വളർപ്പിക്കുന്നതെയുള്ളുവെന്നു മിക്കവാറും എല്ലാവരും സമ്മതിക്കുന്നുണ്ട്. അതു, ഈ. എസ്. എൽ. സി. ക്കാരുടേയും വി. എസ്. എൽ. സി. ക്കാരുടേയും സംഖ്യ കൂട്ടുകമാത്രം ചെയ്യുന്നു. അവരോരോരുത്തരും ഡിപ്പാർട്ടുമെൻറിന്റേയും വാതലിൽ മുട്ടിവിളിച്ചിട്ടു പ്രവേശനം ലഭിക്കാതെ നിരാശപ്പെട്ടു, അനാശാസ്യമായ പ്രവൃത്തികൾക്കു മുതിരുകയോ, ഗത്യന്തരമില്ലാതെ മലയാളപത്രങ്ങളിൽ എഴുതുന്നതിനും മററും ഏർപ്പെട്ടിട്ടു കഴിയുന്നത്ര ബഹളമുണ്ടാക്കാൻ ശ്രമിക്കയും (ചിരി) ഒടുവിൽ അതിൽ നിന്നു രക്ഷപ്പെടാൻ ബുദ്ധിമുട്ടുകയും ചെയ്യുന്നു. സർ, മലയാളപത്രങ്ങളെ നിയന്ത്രിക്കേണ്ടതാണെന്നു മുൻപൊരവസരത്തിൽ ഈ സഭ അഭിപ്രായപ്പെടുകയുണ്ടായി, എന്നാൽ എന്റെ അഭിപ്രായം അതിനു വിപരീതമായിരുന്നു. തിരുവിതാംകൂർ ഗവണ്മെൻറു അതിനെ നിയന്ത്രിച്ചതു ഇന്നത്തെ വിദ്യാഭ്യാസരീതി മൂലമാണെന്നാണു എനിക്കു തോന്നുന്നതു്. ഇതാണു ഇക്കാര്യത്തിൽ മുഖ്യമായ ഒരു സംഗതി. മററുസ്ഥലങ്ങളിൽ, ഈ വിദ്യാഭ്യാസരീതിയുടെ നിരുപയോഗത പൂർണ്ണമായി സമ്മതിക്കപ്പെട്ടിരിക്കുന്നു. സഹോദരസംസ്ഥാനമായ കൊച്ചിയിൽ ദേശീയവിദ്യാഭ്യാസം കർഷക ജീവിതാവശ്യങ്ങൾക്കനുയോജ്യമാക്കിത്തീർക്കുന്നതിലേക്കു, യഥാർത്ഥമായ ശ്രമം ചെയ്തുവരുന്നതായി നാം കാണുന്നു. ലജിസ്ലേറ്റിവ് കൌൺസിലിന്റെ കഴിഞ്ഞസെഷനിൽ അവരുടെ ഫിനാൻഷ്യൽ സെക്രട്ടറിയുടെ റിപ്പോർട്ടു ഞാൻ വായിക്കയുണ്ടായി. മദ്രാസ് പ്രസിഡൻസിയിൽ അവർ ഒരു പ്രത്യേകഉദ്യോഗസ്ഥനെ നിയമിക്കയും, (അദ്ദേഹത്തിന്റെ പേരു മിസ്റ്റർ. സ്റ്റാതം എന്നാണെന്നു തോന്നുന്നു). ഈ പ്രവിധ

ൻസിയിലെ വിദ്യാഭ്യാസപദ്ധതിയെ പരിഷ്കരിക്കേണ്ടതു ഏതു രീതിയിൽ വേണമെന്നു നിർണ്ണയിക്കുന്നതിലേക്കായി അദ്ദേഹത്തിന്റെ റിപ്പോർട്ട് ഈ പ്രസിഡൻസി മുഴുവൻ സർക്കുലേറ്റു ചെയ്യുകയും ഉണ്ടായിട്ടുണ്ട്. ഇങ്ങിനെ ഇന്ത്യാക്കാരുടെ വിദ്യാഭ്യാസം എന്ന ഈ അസാമാന്യവിഷയത്തെ സംബന്ധിച്ചു മററുള്ളവരെല്ലാം കഴിയുന്നത്ര ശ്രമങ്ങൾ ചെയ്യുമ്പോൾ നാം തിരുവിതാംകൂറിൽ, പണ്ടത്തെ കാളവണ്ടിക്കാലവും കെട്ടുവള്ളക്കാലവും വിട്ടു മുൻഗമിച്ചിട്ടില്ല. മററുള്ളിടങ്ങളിലുള്ള അഭിവൃദ്ധിയെക്കാണുന്ന ശേഷം, നാം അത്രവളരെ പിന്നോക്കമാണെന്നു തോന്നുന്നതാണ്.

ഉയർന്നതരം വിദ്യാഭ്യാസത്തെ സംബന്ധിച്ചു നോക്കുമ്പോൾ, തിരുവിതാംകൂറിൽ സ്ത്രീകൾക്കായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായ ഒന്നാംഗ്രേഡ് കാളേജിന്റെ അംഗീകരണം മദ്രാസ് സർവ്വകലാശാലക്കാർ പിൻവലിച്ചിരിക്കുന്നു എന്നുള്ളതാണു ഏററവും മർമ്മഭേദകമായിരിക്കുന്നതു. തീരുമാനത്തിന്റെ കാര്യകാരണത്തെപ്പററി നമുക്കു അന്വേഷിക്കാൻ പാടില്ലാത്ത തരത്തിലുള്ള സംഗതികളുടെ കൂട്ടത്തിൽ ഒന്നാണു ഇതു. സർ, എന്നാൽ, രസതന്ത്രവും ഭൌതികശാസ്ത്രവും പഠിപ്പിക്കുന്നതിനുള്ള സാധനസാമഗ്രികളുടെയും, സൌകര്യത്തിന്റെയും കുറവിനാലാണു ഈ അംഗീകരണം നിഷേധിക്കപ്പെട്ടതു എന്നാണു ഞാൻ അറിയുന്നതു. ഇവിടെ പരിശോധിച്ചു റിപ്പോർട്ട് അയയ്ക്കുന്നതിനു സർവ്വകലാശാലയിൽ നിന്നും ചുമതലപ്പെടുത്തപ്പെട്ട മാന്യന്മാർ, ഇവിടെ ഈ വക സൌകര്യങ്ങളുടെ ശേഖരം തീരെ തൃപ്തികരമല്ലെന്നു റിപ്പോർട്ടു ചെയ്തു എന്നാണു കേട്ടതു. അതായതു രണ്ടാംഗ്രൂപ്പായ രസതന്ത്രത്തിനും ഭൌതികശാസ്ത്രത്തിനും തിരുവിതാംകൂറിലെ വിദ്യാഭ്യാസഡിപ്പാർട്ട്മെന്റിന്റെ മേലധികാരി നമ്മുടെ സ്നേഹിതൻ മി. സ്റ്റീഫൻസനെപ്പോലുള്ള ഒരു ശാസ്ത്രജ്ഞൻ ആയിരിക്കെ ഇപ്രകാരം സംഭവിച്ചതു വളരെ കഷ്ടംതന്നെ. കെട്ടിടം പണിയിക്കുകയും, അനന്തര പരിഷ്കാരങ്ങൾക്കു പദ്ധതി തയാറാക്കുകയും ചെയ്തതായ അവസരത്തിൽ ഈ സംഗതി തിരുവിതാംകൂർ വിദ്യാഭ്യാസഡയറക്ടരുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്നു വരുന്നതു ഏററവും നിർഭാഗ്യമായ ഒരവസ്ഥയാണെന്നു പറയേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം, ഏവംവിധമായ ഒരു നിരൂപണത്തിനു തീരെ അവസരമുണ്ടാകുമായിരുന്നില്ല. ഈ കാളേജിന്റെ അഭിവൃദ്ധിക്കാവശ്യമായ സൌകര്യങ്ങൾ ഉള്ളതായി നമുക്കു അറിയാമെങ്കിലും തൽക്കാലം നമുക്കു വേദാന്തികളെപ്പോലെ നമ്മുടെ വിധിയോർത്തു തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. സർവ്വകലാശാല കമ്മിററിക്കാരുടെ പരിശോധനകാലത്തു നിശ്ചിത കെട്ടിടം ബീജത്തിലായിരുന്നതേയുള്ളു; പക്ഷെ ഇവിടെ തീർച്ചപ്പെടുത്തിയിരിക്കുന്നതായ അനന്തരപദ്ധതി അവരെ പറഞ്ഞു ധരിപ്പിച്ചിട്ടുണ്ടായിരിക്കണം. പക്ഷെ അവർക്കു ഈ നിശ്ചിതപദ്ധതിയും മററും ആകപ്പാടെ ഒവദപ്പായിരിക്കണം. മുൻതീർച്ചചെയ്തിരുന്നതായ പദ്ധതി ഉടൻ കെട്ടിടം പണിയിക്കുന്നതിലേക്കായി ഒരു വമ്പിച്ചതുക ആവശ്യമുണ്ടെന്നു പറയുന്നതു എന്തുകൊണ്ടാണെന്നു എനിക്കു തീരെ മനസ്സിലാകുന്നില്ല. അതുകൊണ്ടു ഈ പദ്ധതിയിൽ എന്തെങ്കിലും മാററം ഉണ്ടായിട്ടില്ലാത്തപക്ഷം അനാവശ്യമായും നിരുപയോഗമായും ചെലവാക്കുന്നതിനായി പണം അനുവദിക്കണമെന്നു ഈ കൌൺസിലിനോടു ആവശ്യപ്പെടാൻ പാടില്ലാത്തതാകുന്നു. എന്തുകൊണ്ടെന്നാൽ കെട്ടിടം പണിതീർന്നാൽതന്നെയും മുൻപ്രസ്താവിച്ച കാരണത്തിന്മേൽ സർവ്വകലാശാലക്കാർ അംഗീകരണം നൽകാതിരുന്നേക്കാൻ ഇടയുള്ളതാകുന്നു. സർ, അതുകൊണ്ടു (ഈ സംസ്ഥാനത്തിൽ സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണമെന്നുള്ള അഭിപ്രായത്തോടു എനിക്കു തീരെ പ്രാതികൂല്യമില്ല) ഗവർമ്മെന്റ് ഇപ്പോഴത്തെ പ്ലാൻ മാററാത്തപക്ഷം പഴയ പദ്ധതിയിൽകൂടിത്തന്നെ വീണ്ടും ഇടർന്നുകൊണ്ടുപോകുന്നതിലേക്കായിട്ടു എത്രതന്നെ പണം ഈ ബഡ്ജററിൽ കൊള്ളിക്കുന്നതായാലും അതു തീരെ നിഷ്പ്രയോജനമായിത്തീരുന്നതാണെന്നു പറയേണ്ടിയിരിക്കുന്നു. സംഗതികളുടെ നിലയെന്താണെന്നു ശരിയായി മനസ്സിലാക്കാതെ നാം ഇത്രത്തോളം മുന്നോട്ടു വന്നു പോയതിനെപ്പററി എനിക്കു പ്രത്യേകമായ വ്യസനമുണ്ട്.

ഇനി വിദ്യാഭ്യാസ വിഷയത്തിലുള്ള പുതിയ പരിഷ്കാരങ്ങളെ സംബന്ധിച്ചു തിരുവിതാംകൂറിൽ യാതൊരു വിധത്തിലുള്ള ഉണർച്ചയും ഉണ്ടായിട്ടില്ല. ഒരു പക്ഷെ തന്മാർഗ്ഗത്തിൽ ഫലപ്രദമായി എന്തെങ്കിലും ചെയ്യുന്നതിനു ഡയറക്ടിംഗ് ഏജൻസിക്കു ബുദ്ധിമുട്ടായതുകൊണ്ടായിരിക്കാം. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ വിദ്യാഭ്യാസഡയറക്ടർക്കു ദൈനംദിനജോലി വലുതായ ഒരു ഭാരമായിത്തീർന്നിരിക്കുന്നുവെന്നാണു അറിയുന്നതു. എന്നാൽ അദ്ദേഹത്തിനു ഒരു പെഴ്സണൽ അസിസ്റ്റന്റ് ഉണ്ടായിരിക്കുന്നപക്ഷം ഈ ദൈനംദിനജോലികൾ ആയാളിനു വളരെ സൌകര്യമായി ചെയ്യാൻ കഴിയുന്നതും, സ്കൂളുകൾക്കു വേണ്ടതായ നിർദ്ദേശങ്ങൾ നൽകുക, അവയെയൊക്കെ ആവശ്യങ്ങൾക്കനുയോജ്യമായി നിയന്ത്രിക്കുക മുതലായ ജോലികൾ അദ്ദേഹത്തിനു ചെയ്യാതെ കഴിക്കാവുന്നതും ആകുന്നു. അപ്രകാരം ചെയ്യുകയാണെന്നുവരികിൽ (ഇതു എന്റെ സ്വന്തം അഭിപ്രായമാണു) ഡയറക്ടർക്കു വളരെ സൌകര്യമായി ജോലിചെയ്യാവുന്നതാണ്. ഇപ്പോൾ ഗ്രാന്റുകൾ ഭാഗിച്ചുനൽകുക, ഒട്ടേറെ എഴുത്തുകൾക്കു മറുപടി അയക്കുക, വിവിധ ഇനത്തിലായിട്ടു ഒട്ടേറെ സംഗതികളിൽ മേൽനോട്ടം നടത്തുക—ഇങ്ങിനെ വളരെ ജോലികൾ ഡയറക്ടർക്കു ചെയ്യേണ്ടതായിട്ടുണ്ടെന്നാണു എന്റെ അറിവ്. ഈ ചെറിയ ദൈനംദിനകൃത്യങ്ങൾ എല്ലാം കൂടി വിദ്യാഭ്യാസഡയറക്ടരുടെ മേൽ ഒരു വലിയ ഭാരമായിത്തീർന്നിട്ടുണ്ട്. അദ്ദേഹമോ, ഒരു ശക്തനും ആരോഗിയും ആയിരുന്നിട്ടുകൂടി, ആ ഭാരത്തിൻ കീഴിൽ ഞെരുങ്ങിപ്പോകയും വിദ്യാഭ്യാസപദ്ധതിയിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനു അശക്തനായി ഭവിക്കുകയും ചെയ്യുന്നു. അതുകൊണ്ടു, നിർദ്ദേശങ്ങൾ നൽകുന്ന ജോലി ഈ ദൈനംദിനജോലിയിൽ നിന്നും വേർതിരിക്കേണ്ടതു വളരെ അത്യാവശ്യമായിരിക്കുന്നു. ഒരിക്കൽ പരിശോധനാർത്ഥം ഒരു ഡെപ്യൂട്ടി ഡയറക്ടരെ നിയമിക്കയുണ്ടായിട്ടുണ്ട്. പക്ഷെ, തദനന്തരം സ്ഥിതികൾ വളരെ ഭേദപ്പെട്ടിട്ടുണ്ട്.

പ്രസിഡന്റ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ സമയം കഴിഞ്ഞിരിക്കുന്നു എന്നുവരികിലും, എനിക്കു അല്പംകൂടി പറയാനുള്ളതു തിരുവനന്തപുരം പട്ടണത്തിൽ ജലസംഭരണപദ്ധതി വൈദ്യുതശക്തിവിതരണപദ്ധതി, റെയിൽവേനീട്ടൽ എന്നീ പദ്ധതികൾ ഒന്നുകൂടി പരിശോധിക്കപ്പെടേണ്ടവയാണെന്നും അതിനുശേഷമെ നമുക്ക—

പ്രസിഡന്റ്: നിങ്ങൾക്കു കൂടുതൽ സമയം അനുവദിക്കുന്നതിനു നിവൃത്തിയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു ഇനി ഒന്നും പറയേണ്ടതായിട്ടില്ല. ഇത്രയും സംഗതികൾ മാത്രമേ എനിക്കു പറയേണ്ടതായിട്ടുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സർ, നാം ഇവിടെ സന്നിഹിതരായിരിക്കുന്നതു നമ്മുടെ വീട്ടുകാര്യങ്ങളെപ്പററി പര്യാലോചിക്കുന്നതിലേക്കാണ്. അല്ലാതെ, സാമുദായികമോ, കക്ഷിസംബന്ധമോ ആയ സംഗതികളെപ്പററി വാദപ്രതിവാദം നടത്താനല്ല എന്നു ഇവിടെ നടന്നിട്ടുള്ളതായ വാദപ്രതിവാദങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നതാകുന്നു. നാം നമ്മുടെ ഗാർഹസ്ഥ്യകാര്യാലോചനയ്ക്കായിട്ടാണ് ഇവിടെ കൂടിയിരിക്കുന്നതു എങ്കിലും നമ്മുടെ അടുത്തിരിക്കുന്നവരിൽ അതിന്റെ നിഴൽ ശയ്യയെങ്കിലും പതിക്കുന്നതിനിടയാകുമ്പോൾ ഈ സഭയുടെ ഈ ഭാഗത്തുള്ള നാലു പേർ പെട്ടെന്നു നിരാലംബിതരായിത്തീരുന്നു. എങ്കിലും ഈ ഹാളിന്റെ വടക്കുഭാഗത്തു ആസനസ്ഥരായിരിക്കുന്ന മാന്യരെ കാണുമ്പോൾ ഒരുകൂട്ടം നമ്മുടെ ആളുകളാൽ തന്നെ നടത്തിവരുന്നുവെന്നും വിമോചനം വടക്കുനിന്നും വന്നുവെന്നുള്ള പഴമൊഴിയും നമ്മുടെ ഓർമ്മയിൽ വരുന്നു. സർ, കൂടാതെ നമ്മുടെ അയൽക്കാരെ ശക്തിയോടും സാമർത്ഥ്യത്തോടും കൂടി തടഞ്ഞിട്ടാണ് ഇപ്പോൾ നമ്മുടെ കാര്യങ്ങൾ നടത്തിവരുന്നതു എന്നു രാജ്യത്തിൽ ഒരു സംസ്ഥാപിതമായ വിശ്വാസമുണ്ട്. അതു യഥാർത്ഥാഭിനന്ദനത്തിനു അർഹതയുള്ളതായ ഒരു സംഗതിയാണ്. ഒരു മേധാവിയുടെകീഴിൽ ഈ സർവ്വപ്രധാനമായ പ്രതിനിധിസംഘം നടത്തപ്പെടുന്നതിൽവച്ചു നിരവധി ദോഷങ്ങൾ ഉണ്ടെങ്കിലും ഡിപ്പാർട്ടുമെന്റ മേലധ്യക്ഷന്മാരുടെ നയങ്ങളേയും നടപടികളേയും സംബന്ധിച്ചു ജനപ്രതിനിധികൾക്കുള്ള അഭിപ്രായം അവരുടെ ഇടയിൽവച്ചു പ്രസ്താവിച്ചു അദ്ദേഹത്തിനു ധരിക്കുന്നതിനും, ഡിപ്പാർട്ടുമെന്റുകാർ വിമർശിക്കപ്പെടുന്നതിൽ വരുന്ന പടങ്ങളുടെ ശരിയായുള്ള സ്വഭാവം മനസ്സിലാക്കുന്നതിനും അതിനു പരിഹാരമായി ജനങ്ങളുടെ മതപ്രകാരമുള്ള പ്രതിനിധികളുടെ പരിഷ്കാരസൂചനകൾ അറിയുന്നതിനും, ഡിപ്പാർട്ടുമെന്റുകാരുടെ അക്രമങ്ങളെപ്പററി ധരിക്കുന്നതിനും, അതു സംബന്ധമായ വിമർശനങ്ങളിൽ പരിചയപ്പെടുന്നതിനും, തൽപരിഹാരാർത്ഥം വേണ്ട നടപടികൾ ശരിപ്പെടുത്തുന്നതിനും മററും സൗകര്യപ്പെടുന്നുണ്ട് എന്നുള്ള ഒരു വലിയ ഗുണം ഇതിനുണ്ട്. രാജ്യത്തിലെ വരവിൽനിന്നും ചിലവുചെയ്യുന്നതിനായുള്ള ബഡ്ജററിന്റെ സൂക്ഷ്മമായ പരിശോധനയിൽ ആവശ്യമായിട്ടുള്ളതു രാജ്യത്തിന്റെ പ്രായോഗികഭരണത്തിൽ ചുമതലപ്പെട്ടിരിക്കുന്നവരും, വലിയ ഭാരം വഹിക്കുന്നതുമായ ജീവനക്കാർ വാദപ്രതിവാദങ്ങളിൽ ക്ഷമയോടും ശ്രദ്ധയോടും കൂടി ശ്രവണം ചെയ്യണം എന്നുള്ളതാണ്. ഈ സംഗതികൾ പ്രസ്താവിക്കുന്നതിനു എന്നെ പ്രേരിപ്പിച്ചതു ഈ കൌൺസിലിൽ നടന്ന ബഡ്ജററിന്റെ ഒരു മുൻവാദപ്രതിവാദത്തിൽ ഗവൺമെന്റ ഭാഗത്തുനിന്നും ഒരു മെമ്പർ പ്രസ്താവിച്ച ചില അഭിപ്രായങ്ങളാണ്. ആ അവസരത്തിൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി.

“എനിക്കു ഒരദ്ധ്യാപകനെന്ന നിലയിൽ ഏറിയകാലത്തെ പരിചയം സിദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ ക്ലാസ് (തൽക്കാലം അങ്ങിനെ പറയാമെങ്കിൽ) ഇന്നത്തെ പ്രസംഗങ്ങൾ കേട്ടു തന്നെ മുഷിഞ്ഞിട്ടില്ലെന്നു എനിക്കു തന്നെ സംശയമുണ്ട്. ഈ ക്ലാസിന്റെ ധാരണാശക്തി മിക്കവാറും മന്ദമായ നിലയിലായിരിക്കുന്നു”.

സർ, ഈ കൌൺസിലിന്റെ ഒരു പ്രധാന സെഷനിൽ രണ്ടുദിവസം പോലും കഴിയുന്നതിനുമുമ്പായി അംഗങ്ങളുടെ ശ്രദ്ധാശക്തി നശിക്കുന്നുവെന്നും, പ്രവർത്തനാശക്തി ക്ഷയിക്കുന്നുവെന്നും, ധാരണാശക്തി മന്ദീഭവിക്കുന്നുവെന്നും, വിവിധചിന്താഗതികളുടെ ഉരസലത്താൽ മനം സ്തബ്ധീകൃതമാകുന്നുവെന്നും, ഉന്നതമായ ഗവൺമെന്റ വൃത്തങ്ങളിൽനിന്നും കേൾക്കാനിടയായതിൽ ഞാൻ അത്ഭുതപ്പെട്ടുപോയി. ഈ രാജ്യത്തിന്റെ പ്രായോഗികഭരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മാനസികശക്തി ഒന്നരദിവസത്തെ മാത്രം വാദപ്രതിവാദം ശ്രദ്ധിക്കുമ്പോൾ ഉണ്ടാകുന്നതായ മുഷിവുനിമിത്തം തകർന്നുപോകുമോയെന്നു പേടിക്കത്തക്കവിധത്തിൽ അത്രബലഹീനമായ സാധനംകൊണ്ടു ഉണ്ടാക്കപ്പെട്ടതാണെന്നുള്ള വസ്തുത ഞങ്ങൾക്കു ഭയജനകമായ ഒരു നൂതനപ്രസ്താവം ആയിട്ടാണു ലഭിച്ചിരിക്കുന്നതു.

സർ, ബഡ്ജററിനെ സംബന്ധിച്ചു നോക്കുന്നതായാൽ ഇപ്പോഴത്തെ ഗവൺമെന്റ ധനസ്ഥിതിയിലും ധനസംബന്ധമായ അറിവിലും പ്രത്യേകമായി പ്രബലമാണെന്നുള്ള വസ്തുതയും ഈ കൌൺസിലിനു ബോദ്ധ്യമായിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ധനപരമായ ഭരണസാമർത്ഥ്യത്തിൽ ബഡ്ജററിനു എത്രത്തോളം യോഗ്യതയുണ്ടെന്നുള്ള സംഗതി ബഡ്ജററിലെ വിവിധ ഇനങ്ങളിൽ അടങ്ങിയിട്ടുള്ള വിവിധ ഗ്രാന്റുകളെപ്പററിയുണ്ടാകുന്നതായ വാദപ്രതിവാദത്തിൽനിന്നും വെളിവാകുന്നതാണ്. അടുത്തകാലത്തിൽ ൨൨ ലക്ഷം രൂപ റവന്യൂ പിരിക്കാൻ തീരുമാനിച്ചിരിക്കുന്നതായും കേൾക്കയുണ്ടായി. ഈ സംഗതിയിൽ പ്രധാനമായിട്ടുവേണ്ടതു നികുതി സംബന്ധമായി നമ്മുടെ നില എവിടെയെന്നും, എപ്രകാരമെന്നും പരിശോധിക്കുകയാകുന്നു. സർ, നികുതി ബംഗാൾപ്രോവിൻസിൽ ൩ രൂപയിൽ കുറവും യുണൈറഡ് ആൻഡു സെൻട്രൽപ്രോവിൻസുകളിൽ ൪ രൂപയിൽ കുറവും മദ്രാസിൽ ഏകദേശം ൬ രൂപയും ബ്രിട്ടീഷ് ഇൻഡ്യയിൽ മുഴുവൻ ൪ രൂപ ൯ അണ ൯ പൈസയും ആണ്. എന്നാൽ തിരുവിതാംകൂറിൽ നികുതി ൪ രൂപ ൧൧ അണ ൮ പൈസയാണ്. ഭൂനികുതിഒഴിച്ചാൽ (അതു ഒരുകരം അല്ലെങ്കിൽ വാടകആകയാൽ), ബ്രിട്ടീഷിൻഡ്യയിൽ ആളൊന്നിനു നികുതി ൪ രൂപ ൨ അണ ൯ പൈസയാണ്. തിരുവിതാംകൂറിൽ ഭൂനികുതിഒഴിച്ചാൽ നികുതി ൪ രൂപ ൧൧ അണ ൧൧ പൈസയോളമുണ്ട്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഭൂനികുതിഭാരം ൧ രൂപ ൭ അണയാണ് എന്നാൽ, തിരുവിതാംകൂറിൽ ആളൊന്നിനു ഭൂനികുതിഭാരം ൧ രൂപ ൩ അണ ൧ പൈസയേയുള്ളു. ഭൂനികുതിസംബന്ധിച്ചടത്തോളം ബ്രിട്ടീഷ് ഇൻഡ്യയിൽ ഉള്ളതിൽനിന്നും കുറവായിട്ടു നാം നികുതി ചുമത്തപ്പെട്ടിരിക്കയാണെന്നു തോന്നിയേക്കാം. എന്നാൽ വാസ്തവം മറിച്ചാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ ൧ രൂപ ൭ അണ ഭൂനികുതിഭാരമുള്ളതു ൧൨ സെന്റ ഭൂമിക്കായിരിക്കെ നാം ൧ രൂപ ൩ അണ ൧ പൈസ ഭൂനികുതിഭാരമുള്ളതു ൬൭ സെന്റ ഭൂമിക്കാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ ൬൭ സെന്റഭൂമിക്കു നികുതി ൧൫ അണയും തിരുവിതാംകൂറിൽ ൧൨ സെന്റ ഭൂമിക്കു നികുതി ൧ രൂപ ൧൦ അണ ൧ പൈസയും ആണ്. ആയതിനാൽ നികുതിക്കൂടുതൽകൊണ്ടു മുറവിളികൂട്ടുന്നതായ ബ്രിട്ടീഷ് ഇൻഡ്യയിലേക്കാൾ വളരെ കൂടുതലാണ് തിരുവിതാംകൂറിലെ നികുതി.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ ഫിനാൻഷ്യൽ സെക്രട്ടറി). മെമ്പർ ആധാരമാക്കിയിട്ടുള്ള സംഗതി എന്താണെന്നു ദയവുചെയ്തു പറഞ്ഞാൽ കൊള്ളാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇൻഡ്യാഗവൺമെൻറു പരസ്യംചെയ്തിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സിന്റെ വാല്യങ്ങളേയാണ് ഞാൻ കണക്കാക്കുന്നതു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറു ഫിനാൻഷ്യൽസെക്രട്ടറി): പ്രാദേശിക നികുതിചുമത്തലിനെപ്പററി അതിലെ കണക്കുകളിൽ പറയുന്നുണ്ടോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ പ്രശ്നത്തെപ്പററി പഠിച്ചിട്ടെന്നോടുവന്നു സംസാരിക്കണം. അദ്ദേഹം ഗവൺമെൻറു ഫിനാൻഷ്യൽസെക്രട്ടറി ആകയാൽ എനിക്കു തെററുവന്നപക്ഷം അദ്ദേഹത്തിന്റെ മറുപടിയിൽ എന്നെ തിരുത്താവുന്നതാണു.

സർ, നികുതിയെസംബന്ധിച്ചിടത്തോളം ഏററവും പ്രധാനമായിട്ടുള്ളതെന്തെന്നാൽ അതിലടങ്ങിയിരിക്കുന്ന തത്വംതന്നെയാണ്. നമ്മുടെ പാണ്ഡിത്യമേറിയ ഫിനാൻഷ്യൽസെക്രട്ടറി ഇപ്പോൾ എന്നോടു ഒരു ചോദ്യം ചോദിച്ചു. സ്ഥിതിക്കു ധനതത്വത്തിന്റെ ഏതുതത്വസിദ്ധാന്തത്തിന്മേലാണ് അദ്ദേഹം ബഡ്ജററു രൂപീകരിച്ചിട്ടുള്ളതെന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഫിനാൻഷ്യൽസെക്രട്ടറി എന്തെങ്കിലുമൊ എല്ലാമൊ അറിഞ്ഞെന്നുവന്നേക്കാം; എന്നാൽ നികുതിമാർഗ്ഗമായി അദ്ദേഹം പണം പിരിക്കുന്നതായ ജനങ്ങളെ അദ്ദേഹം അടുത്തുപരിചയിച്ചും സൂക്ഷ്മമായും അറിഞ്ഞിരിക്കേണ്ടതാണ്. അദ്ദേഹം അവരെ അറിയുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം? തിരുവിതാംകൂറിലെ കൃഷിക്കാരുടെ ഋണബാധ്യതയെപ്പററി ഏകദേശമായിട്ടെങ്കിലും വെളിപ്പെടുത്തുന്നതിനു ഗവൺമെൻറിനു കഴിയുമോയെന്നു ഈ കൌൺസിലിൽ ഞാൻ ചോദിക്കയുണ്ടായ ഒരു പ്രശ്നത്തിനു ഉത്തരമായിട്ടു പ്രശ്നങ്ങൾക്കു ഈ കൌൺസിലിൽനിന്നു കിട്ടാറുള്ള മറുപടികൾക്കു സഹജഗുണങ്ങളെന്നു പ്രഖ്യാതമായിത്തീർന്നിട്ടുള്ള ആ അനുകരണീയമല്ലാത്ത ധാർഷ്ട്യത്തോടും അധികാരപ്രമത്തതയോടും കൂടിയതായ പ്രാതികൂല്യമറുപടി, ഈ സഭാതലത്തിലേക്കു വലിച്ചെറിയപ്പെടുകയാണുണ്ടായതു്. തെങ്ങിൽനിന്നുള്ള ചരക്കുകൾക്കു ഇടക്കിടക്കു വില കുറഞ്ഞുപോകുന്നതിനുള്ള കാരണമെന്തെന്നു ഗവൺമെൻറിനു അറിവുണ്ടോഎന്നുള്ള ചോദ്യം ആദ്യം ഞാനും പിന്നീടു വേറെ ചിലരും ചോദിക്കയുണ്ടായി. ഈ ചോദ്യത്തിനുണ്ടായ മറുപടിയുടെ ഭാഷ്യകാരത്തിൽനിന്നു വെളിവായതു്, ഈ സംഗതിയിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനുള്ള അവരുടെ ധാരണാശക്തിക്കുറവും, ഇതിന്റെ കാരണങ്ങളെ കണ്ടുപിടിക്കുന്നതിനൊ അതല്ല അന്വേഷിക്കുന്നതിനുപോലുമൊ അവർക്കുള്ള മാനസീകശക്തിക്കുറവും ആയിരുന്നു. ജന്മികുടിയാൻവസ്തുക്കൾ വളരെ ചെറിയ ചെറിയ ഭാഗങ്ങളായി വിഭജിക്കപ്പെടുന്നുഎന്നുള്ള വസ്തുത ഗവൺമെൻറിനു അറിവുണ്ടോഎന്നും, ഈ സ്ഥിതിഗതി രാജ്യത്തിലെ കർഷകവൃത്തിയെ ബാധിക്കുകയില്ലയോഎന്നും ഈ സംഗതിയിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനു ഗവൺമെൻറു ഉദ്ദേശിച്ചിട്ടുണ്ടോഎന്നും ഞാൻ പിന്നീടു ചോദിക്കയുണ്ടായി. ഇതിനുണ്ടായ മറുപടി കുടിയാൻവസ്തുക്കൾ ചെറുശകലങ്ങളായി വിഭജിക്കപ്പെടുന്നുവെന്നോ അപ്രകാരം വിഭജിക്കപ്പെട്ടാൽ കർഷകവൃത്തി ബാധിക്കപ്പെടുമെന്നോ അവർക്കു അറിവില്ല എന്നായിരുന്നു. ഈ സംഗതിയിൽ യാതൊരുവിധത്തിലുള്ള അന്വേഷണവും നടത്തുകയില്ല എന്നുള്ള അവരുടെ നിശ്ചയം ദൃഢപ്രതിഷ്ഠിതമായിരുന്നു. നെൽകൃഷിസ്ഥലങ്ങൾ തോട്ടങ്ങളായിട്ടു മാററപ്പെടുന്നില്ലയോഎന്നു ഗവൺമെൻറിനു അറിവുണ്ടോഎന്നും അപ്രകാരമുള്ള മാററങ്ങൾക്കു കാരണമെന്താണെന്നും ഞാൻ പിന്നീടു ചോദിക്കയുണ്ടായി. ഗവൺമെൻറിനു അറിവില്ലെന്നായിരുന്നു മറുപടി. ജനങ്ങളുടെ ധനസ്ഥിതിയെക്കുറിച്ചും അവരെസംബന്ധിച്ചുള്ള മററു പ്രധാനസംഗതികൾ സകലതിനെക്കുറിച്ചും ഗവൺമെൻറിനു യാതൊരു അറിവുംഇല്ലാതെയാണു കാണപ്പെട്ടതു. നികുതിശേഖരപദ്ധതിമൂലമായി മാത്രമേ അവർ ജനങ്ങളെ അറിയുന്നുള്ളു. സർ, ജനങ്ങൾ ശരിയായനിലയിൽ ഗണിക്കപ്പെടുന്നില്ലഎന്നു പറയേണ്ടിയിരിക്കുന്നു. അവരുടെസംഗതി ആർക്കും ഗണ്യമല്ല. ഇതിനുദാഹരണമായിട്ടു, മൂന്നുകൊല്ലത്തിനുമുമ്പു, ൧൧൦൦-ൽ, അനിവാര്യമായ വെള്ളപ്പൊക്കത്താലുണ്ടായതായ അത്യാപത്തിൽപ്പെട്ടു ഈ രാജ്യം കഷ്ടപ്പെടുകയും ആഫിഷ്യൽ റിപ്പോർട്ടു അനുസരിച്ചു ഏകദേശം ൩൮ മനുഷ്യരും, ഉദ്ദേശം ൨൧,൦൦൦ മൃഗങ്ങളും, ൨൪,൦൦൦ വീടും നാശപ്പെടുകയും, ഏകദേശം ൧,൧൨,൦൦൦ ഏക്കർസ്ഥലത്തെ നെൽകൃഷി ഇല്ലായ്മപ്പെടുകയും ചെയ്ത അവസരത്തിൽ സംഭവിച്ചതെന്താണെന്നു നിങ്ങളോടു പറയാം. രാജ്യത്തിൽ അത്യാപത്തുണ്ടായതായ ആ അവസരത്തിൽ എക്സൈസ് കമ്മിഷണർ ചെങ്കോട്ടത്താലൂക്കിൽ ഉപ്പിന്റെവില മന്നിനു ൨ രൂപാ ൨ അണയിൽനിന്നും ൨ രൂപാ ൮ അണയായിട്ടു കൂട്ടിയതായിട്ടാണ് കാണുന്നതു്; ഇതിനുള്ളകാരണം കുറച്ചുകാലത്തേക്കു ചെങ്കോട്ട-കൊല്ലംറയിൽപ്പാത മുടക്കപ്പെട്ടുപോയി എന്നുള്ളതാണ്. അതേസമയംതന്നെ അദ്ദേഹം അബ്കാരി കൺട്രാക്ടർക്കു, വെള്ളപ്പൊക്കത്താലുള്ള ഉപദ്രവംമൂലം അവർക്കു വലുതായനഷ്ടമുണ്ടായി എന്ന കാരണത്തിന്മേൽ ഏകദേശം ൩൨,൦൦൦ രൂപാ ഇളവുചെയ്തുകൊടുത്തതായിക്കാണുന്നു; യഥാർത്ഥത്തിൽ അക്കൊല്ലത്തിലെ കണക്കിൽനിന്നും കാണപ്പെട്ടതു്, ആ വർഷത്തിൽ കരപ്പം കഞ്ചാവുംവില്പന വളരെ വർദ്ധിക്കയുണ്ടായിഎന്നാണ്. ഞാൻ ഈ സംഗതിയെപ്പററിപ്പറയുന്നതു്, ൧,൧൨,൦൦൦ ഏക്കറോളം നെൽകൃഷി നഷ്ടപ്പെട്ടവരായ സാധുകൃഷിക്കാർക്കു കോട്ടയം ഡിവിഷനിലേക്കും കൊല്ലം ഡിവിഷനിലേക്കുംകൂടി ൭൨,൦൦൦ രൂപാമാത്രമേ ഇളവുചെയ്യപ്പെട്ടുള്ളു എന്നു കാണിക്കുന്നതിനാണ്; ആ ൭൨,൦൦൦ രൂപായുണ്ടായിരുന്നതിൽനിന്ന് ൮൦൦൦ രൂപാമാത്രം കൊല്ലംഡിവിഷനിലേക്കു വച്ചിട്ടു ബാക്കി ൬൪,൦൦൦-ൽപരം രൂപായും കോട്ടയം ദിവാൻപേഷ്കാർ തട്ടിക്കൊണ്ടുപോകുകയാണ് ചെയ്തതു. ഇപ്രകാരമാണ് ഗവൺമെൻറു ജനങ്ങളോടു പെരുമാറുന്നതു്. ഈ സംഗതികൾ മുന്നിൽവച്ചുകൊണ്ടു, എന്റെ പണ്ഡിതനായ സ്നേഹിതൻ, ഫിനാൻഷ്യൽസെക്രട്ടറിയോടു ഞാൻ ചോദിക്കുന്നതു്, എന്തടിസ്ഥാനത്തിന്മേലാണ് ബഡ്ജററു രൂപീകരിക്കാൻ അദ്ദേഹം നിശ്ചയിച്ചിട്ടുള്ളതു്. എന്നാണ്? ജനങ്ങളുടെ ധനസ്ഥിതിയെപ്പററി അദ്ദേഹത്തിനു എന്തെങ്കിലും അറിയാമോ? നികുതി അടയ്ക്കുന്നതിനു അവർ എത്രത്തോളം പ്രാപ്തന്മാരാണ് എന്നു അദ്ദേഹത്തിനു അറിവുണ്ടോ? തിരുവിതാംകൂറിലെ കർഷകന്മാരുടെ ഋണബാധ്യതയെപ്പററി ഞാൻ ഒരു ചോദ്യം ചോദിക്കയുണ്ടായി. സർ, കടംവീട്ടുന്നതിനു തീരെ നിവൃത്തിയില്ലാതിരുന്നതുമൂലം, കഴിഞ്ഞകൊല്ലത്തിൽ കൃഷിക്കാർ ൨,൬൩,൩൩,൧൭൪-ഓളംരൂപായ്ക്കു ഭൂമി വിൽക്കയുണ്ടായി. കഴിഞ്ഞകൊല്ലത്തിൽ മാത്രമായിട്ടു, അവർ ൪,൩൪,൬൭,൧൪൧-നോളം രൂപാ ഈട്ടുകടപ്പത്രങ്ങൾമൂലമെ വാങ്ങുകയും ൧൬ലക്ഷത്തോളംരൂപാ പരസ്പരസഹായസംഘങ്ങളിൽനിന്നു കടംവാങ്ങുകയും ചെയ്തിട്ടുണ്ടു. മററുസ്ഥലങ്ങളിലുള്ള കണക്കുകളിൽനിന്നുംകാണുന്നതു്, ഏതൊരു ഡിസ്ട്രിക്ടിലെയും രാജ്യത്തെയും

ജ്ഞണപ്പെടുന്നതിന്റെ മൂന്നിലൊരുഭാഗം ആഭരണങ്ങളോ പണയംവെച്ചു എടുത്തിട്ടുള്ളതായിട്ടാണ്, സർ, എഫ്. നികോൾസന്റെയും ബ്രിട്ടീഷ് ഇൻഡ്യയിലുള്ള മററചിലരുടേയും കണക്കുകളിൽനിന്നും കാണുന്നതു. കൃഷിവലന്മാരുടെ കടം ഭൂനികുതിയുടെ ൧൭ ഇരട്ടിയാണെന്നാണ്; ഏതു കണക്കിൻപ്രകാരം ഇവിടത്തെയും സ്ഥിതി ഇപ്രകാരംതന്നെയാണ്. ഈ രാജ്യത്തിലെ വ്യക്തിപരമായ വരവിനെപ്പററി നമുക്കു യാതൊരു കണക്കുകളുമില്ല. ജനങ്ങളുടെ ആകെയുള്ള വരവിനെപ്പററിയും നമുക്കു യാതൊരു രൂപവുമില്ല. നമ്മുടെ സ്ഥിതിവിവരക്കണക്കുകൾ ജനസാമാന്യബോധത്തിനു പ്രതികൂലമാണ്, സർ, ഈ സംഗതികളെല്ലാംവെച്ചുകൊണ്ടു, ഫിനാൻസ് സെക്രട്ടറിയോടു, അദ്ദേഹം എങ്ങനെയാണ് ഈ ബഡ്ജററ് രൂപീകരിച്ചിട്ടുള്ളതു, എന്തു തത്വത്തിന്മേലാണ്? എന്നു ഞാൻ വീണ്ടും ചോദിച്ചുകൊള്ളുന്നു.

ഇനി, വരവുബഡ്ജററിലുള്ള വരവുകളെപ്പററി നോക്കുന്നതായാൽ, ഏകദേശം ൩൦ ലക്ഷംരൂപാ നമ്മുടെ കയററുമതിച്ചുങ്കങ്ങളിന്മേൽനിന്നും ഈടാക്കപ്പെട്ടുവരുന്നതായിട്ടാണ് കാണുന്നത്. ഈ ഗവൺമെന്റിന്റെ ധനപരമായിട്ടുള്ള നയം ലോകത്തുള്ള സകല പരിഷ്കൃത ഗവൺമെന്റുകളുടേയും സാമ്പത്തിക നയങ്ങളിൽനിന്നു വളരെ വ്യത്യസ്തമായിട്ടാണ് എനിക്കു തോന്നുന്നതു. വേറൊരുരാജ്യത്തും കയററുമതിച്ചുങ്കങ്ങളിൽ യാതൊരുനികുതിയും ചുമത്തപ്പെടുന്നില്ല. ചൈനായിലോ ജപ്പാനിലോ യാതൊരു രാജ്യത്തും ഏതെങ്കിലുമായി നിലനില്ക്കുന്നില്ല. ഈ കയററുമതിച്ചുങ്കം ഏർപ്പെടുത്തിയിരിക്കുന്നതു സംസ്ഥാനത്തെ വരവിനെ ഉദ്ദേശിച്ചാണ്, അല്ലാതെ ജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചോ അവരുടെവ്യവസായത്തെ ഉദ്ദേശിച്ചോ അല്ല. ബ്രിട്ടീഷ് ഭരണത്തിനുമുമ്പുള്ള ഇൻഡ്യാരാജ്യത്തിലെ പ്രധാനസംഗതി കയററുമതിച്ചുങ്കമായിരുന്നു. അവ കാലപ്പഴക്കംകൊണ്ടു സാമ്പത്തികോദ്ധാരണ പ്രഹരങ്ങൾ അത്യന്തമായി ഭവിച്ചിരിക്കുന്നു. തിരുവിതാംകൂർഗവൺമെന്റ് അതിനെവെച്ചു വാഴ്ത്തിക്കൊണ്ടിരിക്കുന്നതു എന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല.

നികുതിമാർഗ്ഗങ്ങളിൽ അടുത്തതായ അബ്കാരി വകുപ്പിനെ സംബന്ധിച്ചുനോക്കുകയാണെങ്കിൽ, ഉപയോഗക്കുറവും ആദായവർദ്ധനയും എന്നതാണ് ഡിപ്പാർട്ടുമെന്റുകാരുടെ പരസ്യമായനയം എന്നുവരികിലും, യഥാർത്ഥവസ്തുത നേരെമറിച്ചാണ്. ചാരായം, കറുപ്പു, കള്ളു, കഞ്ചാവു എന്നിവകളുടെ ഉപയോഗം ക്രമമായി ഇടവിടാതെ വർദ്ധിച്ചിട്ടുള്ളതായിട്ടാണ് കാണുന്നതു. ഇവകളുടെ ഉപയോഗത്തിനു ഒട്ടുംകുറവു വന്നിട്ടില്ല. ആണ്ടൊന്നുക്കു ശരാശരി ൨൨ ഗാലൺചാരായം വില്ക്കുന്നതിലേക്ക് വല്ലതായുക്കിൽ ൨൨ ഷാപ്പുകളാണ് എക്സൈസ് കമ്മീഷണർ നടത്തിവരുന്നതു. ദിനംപ്രതി ൧/൨ കുപ്പിചാരായം വില്ക്കുന്നതിനു അദ്ദേഹം ഷാപ്പുകൾ നടത്തിക്കുന്നു. നമുക്കു ൧൨൦൦ പരസ്പരസഹായസംഘങ്ങളുണ്ട്, എന്നാൽ, ഈ സംസ്ഥാനത്തുള്ള ൨൭൦൦-ത്തിൽപരം മദ്യഷാപ്പുകൾനിമിത്തമായി അവയിലെ മെമ്പർമാർ വിഷമിച്ചുകൊണ്ടിരിക്കുന്നു. ഈ സംസ്ഥാനത്തു മൂന്നുസ്കൂളിനു രണ്ടുവീതം മദ്യഷാപ്പുകളുണ്ട്. മധുരഡിസ്ട്രിക്ടിൽ ൩൦൦ മാത്രവും, തിരുനെൽവേലിയിൽ, ൭൦൦ ഓളംമാത്രവും ബോംബെയിൽ ൧൪൦൦ മാത്രവും ബർമ്മായിൽ ൧൨൦൦-ം മദ്യഷാപ്പുകൾ ഉണ്ടായിരിക്കെ, നമ്മുടെ ഈ ചെറിയസംസ്ഥാനത്തു ൨൦൦൦-ത്തിൽപരം മദ്യഷാപ്പുകളുണ്ട്. റവന്യൂവിൽ ഒരുഭാഗം ജനങ്ങളുടെ സന്മാർഗ്ഗവിഭ്രംശംമൂലമാണ് ഈടാക്കപ്പെടുന്നതു.

അടുത്തതായി ഭൂനികുതിയെപ്പററിനോക്കാം. ഈ സംസ്ഥാനത്തെ ഭൂനികുതിയെ സംബന്ധിച്ചിടത്തോളം, ഭൂനികുതിയിൽ ൫൦ ശതമാനം നിർബന്ധിതനടപടികളിൽ വസൂലാക്കപ്പെടുകയാണെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നു ഞാൻവിചാരിക്കുന്നു. ഭൂനികുതിവീഴ്ചകൾമൂലമായുണ്ടാകുന്ന സ്ഥാവരവസ്തുവില്പനയും ഓരോആണ്ടുകഴിയുംതോറും വർദ്ധിക്കുകയാണ്ചെയ്യുന്നതു. ഭൂനികുതി കുടിശ്ശികകൾക്കായിട്ടുള്ള സ്ഥാവരവസ്തുവില്പനയ്ക്കു കഴിഞ്ഞകാലത്തിൽ ഒരുവർദ്ധനവുണ്ടായിരുന്നു. മിസ്റ്റർ റാബിൻസൺ കുറെബഹളം കാണിക്കുകയും ഭൂനികുതികുടിശ്ശികമൂലമുണ്ടാകുന്ന സ്ഥാവരവസ്തുവില്പനയുടെ വർദ്ധനവിനുള്ള കാരണങ്ങളെ കാണിക്കുന്നതായ ഒരു റിപ്പോർട്ടു ആവശ്യപ്പെടുകയുംചെയ്തു. ആ സംഗതിയെപ്പററി അന്വേഷണം നടത്തുകയും റിപ്പോർട്ടു ഈ കൌൺസിലിൽ ഹാജരാക്കുകയും ഉണ്ടായി. ഈ വർദ്ധനയ്ക്കുള്ള കാരണം ജനങ്ങളുടെ നിർദ്ധനത്വമല്ലെന്നും നേരെമറിച്ചു ചട്ടങ്ങളുടെ കണിശമായുള്ള പ്രവർത്തനം മാത്രമാണെന്നും ആയിരുന്നു അതിൽ കാണുന്നതു. സർ, ഈക്കൊല്ലത്തിൽ വേറൊരു കഥയാണ് കേൾക്കുന്നതു. കഴിഞ്ഞകൊല്ലങ്ങളിൽ ഭൂമി വില്ക്കപ്പെട്ടിട്ടില്ലെന്നും അതിനുള്ളകാരണം ൧൧൦൦-ലെ വെള്ളപ്പൊക്കത്താൽ ഉണ്ടായനഷ്ടത്തിനു പരിഹാരം ജനങ്ങൾക്കു സിദ്ധിച്ചിട്ടില്ലെന്നുള്ളതാണ് എന്നുംആണ് കൊല്ലംപേഷ്കാർ പറയുന്നതു. സർ, രണ്ടുസംഗതികളും പരസ്പരവിരുദ്ധമാണ്. ഭൂനികുതിയടയ്ക്കുന്നതിനു ജനങ്ങൾക്കു കഴിവില്ലാതെ വരാനുള്ള കാരണങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു ദിവാൻപേഷ്കാർ നിയുക്തനായപ്പോഴും രണ്ടുവ്യത്യസ്തമായിട്ടുള്ള സ്റ്റേറ്റുമെന്റുകൾ ഈ കൌൺസിലിൽ ഹാജരാക്കപ്പെടുകയാണുണ്ടായതു. ഒന്നു, ചട്ടങ്ങളുടെ കണിശമായുള്ള പ്രവർത്തനമാണ്, മറെറാന്ന്, കൃഷിവലന്മാരുടെ നിർദ്ധനത്വവും. ദിവാൻപേഷ്കാർ കൊല്ലത്തിൽ എത്രദിവസം ഹെഡ്ക്വാർട്ടേഴ്സിനു വെളിയിൽ ക്യാമ്പിൽതാമസിക്കയുണ്ടായി എന്ന്, കഴിഞ്ഞകൊല്ലത്തിൽ പ്രസംഗമദ്ധ്യേ ഞാൻ ചോദിക്കയുണ്ടായി. ആ പ്രശ്നത്തിനു മറുപടിയായി, കൊല്ലത്തിൽ ൩൦ ദിവസം പേഷ്കാർ ഹെഡ്ക്വാർട്ടേഴ്സ് വിട്ടുതാമസിക്കയുണ്ടായി എന്നു പറയപ്പെട്ടു. യാത്രച്ചെലവു എന്നുപറഞ്ഞു അദ്ദേഹംവാങ്ങിയതുക എന്താണെന്ന് എനിക്കറിവില്ല, മിക്കവാറും ൨൦൦൦ രൂപയിൽ പരമായിരിക്കും. സർ, കഴിഞ്ഞുപോയ ദിവാൻ മിസ്റ്റർ രാഘവയ്യരാൽ ആദ്യമായിട്ടു നടപ്പിൽവരുത്തപ്പെട്ടതും അതിനുശേഷം മററു ദിവാൻജിമാരാൽ ആവർത്തിക്കപ്പെട്ടിട്ടുള്ളതും ആയ ഒരുപഴയ സർക്കുലർ ഈ അവസരത്തിൽ എന്റെ ഓർമ്മയിൽ വരുന്നു. ഒരുദിവാൻപേഷ്കാർ ഒരുഗ്രാമത്തിൽ പോകുന്നപക്ഷം അദ്ദേഹം രണ്ടുദിവസം അവിടെതാമസിക്കേണ്ടതാണെന്നും ആ ഗ്രാമത്തിലുള്ള കർഷകന്മാരെക്കണ്ടു അവരുടെ സ്ഥിതിയെപ്പററിയും മററു സങ്കടങ്ങളും ചോദിച്ചറിഞ്ഞു ആയതിന്റെസംഗ്രഹം ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നും ആകുന്നു അതിൽപറഞ്ഞിട്ടുള്ളതു. ഇപ്പോൾ, ദിവാൻ പേഷ്കാരന്മാർ ജനങ്ങളുടെ സ്ഥിതിയെപ്പററി അന്വേഷിക്കുന്നില്ല. അവർക്കതിനെപ്പററി യാതൊന്നും അറിവില്ല. ഒരുപ്രശ്നത്തിനു മറുപടിയായി, പ്രധാന ഇറിഗേഷൻ ആഫീസർ ആയ, തിരുവനന്തപുരം തഹശീൽദാർ ഒരുകൊല്ലത്തിനിടയിൽ ഒരാററോടോ, ഇറിഗേഷൻചാനലോ, കുളമോ പരിശോധിക്കയുണ്ടായില്ല, എന്നു ഗവൺമെന്റു പറകയുണ്ടായി. അദ്ദേഹംവളരെദിവസം സർക്കീട്ടുചെയ്യുന്നുണ്ടായിരുന്നു. പക്ഷേ, ശരിയായി ഹെഡ്

ക്വാർട്ടേഴ്സിനു വെളിയിലായിട്ടു അദ്ദേഹം കൊല്ലത്തിൽ രണ്ടുദിവസം മാത്രമേ താമസിക്കയുണ്ടായുള്ളു. ഉദ്യോഗസ്ഥന്മാർക്കു ജനങ്ങളുടെ യഥാസ്ഥിതിയെപ്പററി യാതൊന്നും അറിവില്ല എന്നാണ് ഇതിൽനിന്നും കാണുന്നതു. ഈ അറിവുകൂടാതെ, ബഡ്ജറ്റുരൂപീകരിക്കയും ബ്രിട്ടീഷ്ഇൻഡ്യയിലേക്കാൾ കൂടുതലായി നികുതിചുമത്തുകയും മററും ചെയ്യുന്നതു അസാധാരണവും അവിവേകപൂർണ്ണവുമാണെന്നാണ് എന്റെ അഭിപ്രായം.

ഇനി, ചെലവുസംബന്ധമായി രണ്ടുവാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. വിവിധഡിപ്പാർട്ടുമെന്റുകളിലേക്കുള്ള ധനസംഖ്യനിശ്ചയിക്കുന്നതിൽ, രാജ്യത്തിലെ ആവശ്യങ്ങളെപ്പററി ശരിയായ നിഷ്കർഷ ഉണ്ടായിട്ടില്ലെന്ന് എനിക്കുതോന്നുന്നു. റവന്യൂഡിപ്പാർട്ടുമെന്റിലേക്കു ൧൧ ലക്ഷം രൂപ അനുവദിക്കയുണ്ടായി, പരസ്യസഹായ ഡിപ്പാർട്ടുമെന്റിലേക്കു അരലക്ഷംമാത്രം. ഈ രണ്ടാമത്തേതിനെ ഫോട്ടോഗ്രാഫി, അബ്സർവേററി മുതലായ ഡിപ്പാർട്ടുമെന്റുകളുടെ കൂട്ടത്തിലാക്കിയിരിക്കയാണ്. അതു, ഇപ്രകാരമുള്ളതായ മിശ്രഡിപ്പാർട്ടുമെന്റുകളുടെ കൂട്ടത്തിൽപ്പെട്ടുപോയിരിക്കയാണ്. ഇതുകൂടാതെ, വ്യവസായഡിപ്പാർട്ടുമെന്റിനു ഏകദേശം ൧ അര ലക്ഷംരൂപയും കൃഷിഡിപ്പാർട്ടുമെന്റിനു ഏകദേശം ൨ ലക്ഷംരൂപയും മാത്രമേ കിട്ടുന്നുള്ളു, പോലീസ്ഡിപ്പാർട്ടുമെന്റിന് (ധനോൽപത്തിയിലും അതിനെരക്ഷിക്കുന്നതിലും സഹായിക്കുമെങ്കിലും പോലീസു ഡിപ്പാർട്ടുമെന്റിനെ പരിപോഷണ ഡിപ്പാർട്ടുമെന്റുകളിൽ ഒന്നായി ഞാൻ കരുതുന്നു) ൯ ലക്ഷംരൂപ മാത്രമേ കിട്ടുന്നുള്ളു, നേരെമറിച്ചു, റവന്യൂഡിപ്പാർട്ടുമെന്റിനു ൧൧ ലക്ഷം രൂപ കിട്ടുന്നു. ൪ രൂപ ശേഖരിക്കുന്ന വകയ്ക്കു ആരും ൧ രൂപാശമ്പളം കൊടുക്കുമെന്നു എനിക്കുതോന്നുന്നില്ല. എന്നാൽ ൪൦ ലക്ഷംരൂപാ ശേഖരിക്കുന്നതിലേക്കു ൧൧ ലക്ഷം രൂപാശമ്പളം കൊടുക്കാൻ ഇവിടത്തെ ഗവൺമെന്റു തയ്യാറാണ്. ഇതു തികച്ചും ന്യായമല്ലാത്തവിധത്തിലുള്ള ധാരാളിത്തത്തിന്റെ ദുർവ്യയമായിട്ടാണ് ഞാൻ കരുതുന്നതു.

പ്രസിഡന്റ്: സഭ ഇപ്പോൾ പിരിഞ്ഞു നാളെരാവിലെ ൧൧ മണിക്കു വീണ്ടും കൂടുന്നതായിരിക്കും.

വൈകിട്ടു ൪-൧൫-നു സഭപിരിഞ്ഞു,

ററി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGOM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭാ

രണ്ടാമത്തെ യോഗം ൧൧൦൨.

(അഫിഷ്യൽറിപ്പോർട്ട്)

൧൧൦൨ കർക്കടകം ൧൭-നു
൧൯൨൭ ആഗസ്റ്റ് ൨-നു ചൊവ്വാഴ്ച.

൧൧-൩൦-നു സഭ കൂടി. ദിവാൻ എം. ഇ. വാട്ട്സ് എസ്ക്വയർ ബി. ഏ. ബാരിസ്റ്റർ അററ് ലാ ആദ്ധ്യക്ഷ്യം വഹിച്ചു. മിസ്റ്റർ എൻ. വി. ജോസഫും കെ. സി. മാമ്മൻ മാപ്പിളയും ഒഴിച്ചുള്ള എല്ലാ അംഗങ്ങളും ഹാജരുണ്ടായിരുന്നു.

ചോദ്യോത്തരങ്ങൾ

പെരുമ്പാവൂരിൽ കിണറുകൾ കുഴിപ്പിക്കുന്നതിനെപ്പററി.

൩൮. മി: സി. പി. തരകൻ (കുന്നത്തുനാട്ട്): ൧൯൨൬ നവംബർ മാസത്തിൽ കൂടിയ സഭായോഗത്തിൽവച്ചു എന്റെ ൨൩-ാം നമ്പർ പ്രശ്നത്തിനു നല്കിയ മറുപടി അനുസരിച്ചു ൧൧൦൩-ാമാണ്ടത്തെ വേനലിൽ പെരുമ്പാവൂരിൽ കിണറുകൾ കുഴിപ്പിക്കാൻ സാധിക്കുമോ എന്നു ഗവമെന്റു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമെന്റു സിക്രട്ടറി): ൧൧൦൩-ൽ പ്രസ്താവസ്ഥലത്തു രണ്ടു കിണറുകൾ കുഴിപ്പിക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്നു.

എരിഞ്ചി ചന്ത.

൩൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എരിഞ്ചി ചന്തയിൽനിന്നു ൧൧൦൧-ൽ പിരിഞ്ഞിട്ടായ നികുതി എത്രയാണെന്നും ചന്തയുടെ അഭിവൃദ്ധിക്കുവേണ്ടി എത്ര രൂപാ ആണ്ടിൽ ചിലവാക്കീട്ടുണ്ടെന്നും ഗവമെന്റിൽനിന്നും സദയം പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവമെന്റു സിക്രട്ടറി): ൧൧൦൧-ൽഎരിഞ്ചിചന്തയിൽനിന്നും ൧൮൦ രൂപാ നികുതിവകയിൽ പിരിഞ്ഞിട്ടായി. ചന്തയുടെ അഭിവൃദ്ധിക്കായിട്ടു ആയാണ്ടിൽ ഒന്നും ചെലവു ചെയ്തില്ല.

എം. സി. റോഡും പോത്തൻകോട്ടു റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്.

൪൦. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) മെയിൻസെൻട്രൽറോഡിനെ ൬-ം ൭-ം മൈലുകൾ മദ്ധ്യേ വച്ചു പോത്തൻകോട്ടു റോഡുമായി സംബന്ധിപ്പിക്കുന്നതിനു ഒരു ചെറുറോഡുവെട്ടാൻ കുറെക്കാലം മുമ്പേ പണം അനുവദിച്ചിരുന്നോ എന്നും.

(ബി) ഉണ്ടെങ്കിൽ ആ റോഡു വെട്ടുന്നതിനു ഉണ്ടായ താമസത്തിനു കാരണം എന്തെന്നും, ഗവമെന്റിൽനിന്നും സദയം പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവമെന്റു സിക്രട്ടറി):

(എ) ഉണ്ട്.

(ബി) രണ്ടു മയിൽ നീളമുള്ള ഈ ചെറുറോഡിനു അടങ്കൽ കണ്ട തുക വളരെ ക്കൂടുതലായിരുന്നതിനാൽ ആവശ്യമുള്ളപണം അതിലേക്കായി നീക്കി വയ്ക്കാൻ സാധിച്ചില്ല.

ഇതിലേക്കു വേണ്ടഭൂമികൾ പൊന്നുംവില കൊടുത്തു എടുക്കാൻ തന്നെ ൯൯-ലെ നിരക്കുവിലയനുസരിച്ചു ൧൧൯൦ രൂപാ വേണ്ടിയിരുന്നു. ഇപ്പോൾ അതിലും കൂടുതൽ വിലയുണ്ടാകാൻ ഇടയുണ്ട്. അതിനാൽ അത്യാവശ്യമായ മററു വേലകളെ പരിഗണിച്ചു ഈ വേലമാററിവയ്ക്കേണ്ടിവന്നു.

മംഗലാപുരത്തെ കുടികളുടെ സങ്കടങ്ങൾ.

൪൧. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) ൧൧൦൨-മിഥുനം-നിയമസഭാ മെംബർ മിസ്റ്റർ കെ. മാധവൻപിള്ളയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം താലൂക്കിൽ തോന്നക്കൽ അധികാരത്തിൽ മംഗലപുരം എന്ന സ്ഥലത്തുവച്ചു കൂടിയ പൊതുജനയോഗത്തിൽ പാസ്സാക്കിയ നിശ്ചയങ്ങളുടെ പകർപ്പുകൾ ചീഫ്എൻജിനീയർക്കും വിദ്യാഭ്യാസമേലധ്യക്ഷനും കിട്ടിയിട്ടുണ്ടോ എന്നും,

(ബി) ആ സ്ഥലത്തെ ജനങ്ങളുടെ സങ്കടങ്ങളേയും ആവശ്യങ്ങളേയും സംബന്ധിച്ചു പ്രസ്തുതനിശ്ചയങ്ങളിൽ വിവരിച്ചിട്ടുള്ള സംഗതികളെ അടിസ്ഥാനമാക്കി ഈ ഉദ്യോഗസ്ഥന്മാർ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോഎന്നും,

ഗവമെന്റിൽനിന്നും സദയം പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവമെന്റു സിക്രട്ടറി):

എ. ഉണ്ട്,

ബി. ൩-ം, ൪-ം, ൫-ം, ൬-ം, നമ്പർ നിശ്ചയങ്ങളിൽ പറയുന്ന വേലകളെപ്പററി അന്വേഷണങ്ങൾ നടത്തുന്നുണ്ട്. ൬-ാം നമ്പർ നിശ്ചയം ആനത്താഴച്ചിറയുടെ അററകുററപ്പണി സംബന്ധിച്ചതാണ്. അതു ഒരു മൈനർ ജലസേചനവേലയാണ്. ഈ വേലകൊണ്ടുള്ള ഗുണം അനുഭവിക്കുന്ന ആളുകളിൽനിന്നും വേലപൂർത്തിയാക്കുമ്പോൾ ഈടാക്കത്തക്കതായിരിക്കുന്ന പകുതിച്ചിലവു അവർ കൊടുക്കേണ്ടതുണ്ട്. എന്നാൽ അവർക്കു അതുകൊടുക്കാൻ മനസ്സില്ലാത്തതുകൊണ്ട് വേല തുടങ്ങിയിട്ടില്ലെന്നു ചീഫ് എൻജിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

രണ്ടാമത്തെ നിശ്ചയത്തിൽ പറഞ്ഞിട്ടുള്ളതു മംഗലപുരം പ്രാഥമികവിദ്യാലയത്തിലെ സ്റ്റാൻഡാർഡ് വർദ്ധിപ്പിക്കണമെന്നുള്ളതാകുന്നു. ഈ സംഗതി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ അന്വേഷണത്തിൽ ഇരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ബി ഭാഗത്തിൽ പറയുന്ന മറുപടിയെ സംബന്ധിച്ചു എനിക്കു ഒന്നു പറയാനുള്ളതു ആനത്താഴച്ചിറയിലെ വെള്ളം നൂറു ഏക്കറിനു മേൽ നിലങ്ങളെ സേചനം ചെയ്യുന്നില്ലയോ എന്നു ഗവമെന്റിൽനിന്നും സദയം ഒരു റിപ്പോർട്ടു ആവശ്യപ്പെടുമോ എന്നാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സിക്രട്ടറി): ആവാം.

പരസ്പരസഹായസംഘങ്ങൾ സമുദായഭേദങ്ങളെ അടിസ്ഥാനമാക്കി ഏർപ്പെടുത്തുന്നതിനെപ്പററി.

൪൨. മി: ഏ. ജെ. ജാൺ (വയ്ക്കം): സമുദായഭേദത്തെ അടിസ്ഥാനമാക്കി പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തുന്നതിനെപ്പററി താഴെ ചോദിക്കുന്ന വിവരങ്ങൾ ഗവണ്മെൻറിൽനിന്നും പറയുമോ?

(എ) അടിയിൽ പറയുന്ന ഓരോ സമുദായത്തിൽനിന്നും ൧൦൯൯-൧൧൦൦-൧൧൦൧-൧൧൦൨ ഈ ആണ്ടുകളിൽ കിട്ടിയിട്ടുള്ള അപേക്ഷകളുടെ സംഖ്യ.

൧. നായന്മാർ
൨. കത്തോലിക്കർ (സുറിയാനികളും ലത്തീൻകാരും ഉൾപ്പെടും)
൩. യാക്കോബായർ
൪. മററു ക്രിസ്ത്യാനികൾ
൫. ഈഴവർ
൬. മഹമ്മദീയർ

(ബി) ഈ ഓരോ സമുദായത്തിനും ഓരോ ആണ്ടിലും അനുവദിച്ച അപേക്ഷകളുടെ സംഖ്യ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): (എ) കണക്കുകൾ ലഭ്യമല്ലെന്നു രജിസ്ത്രാർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ബി) ആവശ്യപ്പെട്ട വിവരങ്ങൾ താഴെപ്പറയുന്ന പട്ടികയിൽ കൊടുത്തിട്ടുണ്ട്.

ആണ്ടു	നായർ	ക്രിസ്ത്യാനികൾ *	ഈഴവർ	മഹമ്മദീയർ
൧൦൯൯	൩൭	൨൩	൪൫	...
൧൧൦൦	൨൪	൧൭	൧൬	൫
൧൧൦൧	൧൨	൧൫	൧൨	൩
൧൧൦൨	൨	൬	൬	...

മി: ഏ. ജെ. ജാൺ (വൈക്കം): പ്രശ്നത്തിൻെറ ഏ ഭാഗത്തെ സംബന്ധിച്ചിടത്തോളം രജിസ്ത്രാരുടെ ആഫീസിൽ വരുന്ന അപേക്ഷകൾക്കു യാതൊരു രജിസ്റ്ററും വയ്ക്കുന്നില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കിട്ടാൻ പ്രയാസമാണെന്നു പരസ്പരസഹായസംഘങ്ങളുടെ രജിസ്ത്രാർ പറഞ്ഞിരിക്കുന്നു. അദ്ദേഹം രജിസ്റ്റർ വയ്ക്കുന്നില്ലാ എന്നു പറഞ്ഞിട്ടില്ല. മെമ്പർ കൊടുത്തിരിക്കുന്ന സമുദായവിഭാഗം അനുസരിച്ചു ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കാൻ അദ്ദേഹം ശക്തനല്ല.

മി: എ. ജെ. ജാൺ (വയ്ക്കം): അങ്ങിനെയാണെങ്കിൽ ബി. ഭാഗത്തെപ്പററിയുള്ള വിവരങ്ങൾ തരുന്നതിനു അദ്ദേഹം എങ്ങിനെ ശക്തനായി?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): അതിനെസംബന്ധിച്ചുള്ള വിവരങ്ങൾ അദ്ദേഹത്തിൻെറ പക്കൽ ഉണ്ടു്.

മി: എ. ജെ. ജാൺ (വയ്ക്കം): അദ്ദേഹം വാസ്തവത്തിൽ രജിസ്റ്റർ വയ്ക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): ഉണ്ടു്.

മി: എ. ജെ. ജാൺ (വയ്ക്കം): അപ്രകാരമാണെങ്കിൽ അദ്ദേഹത്തിനു വിവരങ്ങൾ ശേഖരിക്കാൻ പ്രയാസമായി വന്നതു എങ്ങനെ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): മെമ്പർ കൊടുത്തിട്ടുള്ള സമുദായ വിഭാഗം അനുസരിച്ചുള്ള വിവരങ്ങൾ കിട്ടുന്നതാണു അദ്ദേഹത്തിനു കഴിയാഞ്ഞതു.

മി: എ. ജെ. ജാൺ (വയ്ക്കം): വിവരം കിട്ടാൻ സാധിക്കാത്തതു എന്തും കൊണ്ടാണോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): എന്തുംകൊണ്ടല്ലാ വിഭാഗംകൊണ്ടാണു്.

മി: എ. ജെ. ജാൺ (വയ്ക്കം): അപേക്ഷകൾ ഓരോ പ്രത്യേകസമുദായത്തിൻെറയും ക്രമം അനുസരിച്ചിരിക്കുമല്ലൊ. അങ്ങിനെയാകുമ്പോൾ പ്രയാസമെങ്ങിനെയാണുണ്ടാകുന്നതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): ക്രിസ്ത്യാനികളുടെ ഓരോ വിഭാഗവും പിരിച്ചല്ലാ രജിസ്റ്റർ വയ്ക്കുന്നതു.

മി: എ. ജെ. ജാൺ (വയ്ക്കം): അപേക്ഷകളിൽതന്നെ ഈ വിഭാഗങ്ങൾ പറഞ്ഞിട്ടുള്ളതുകൊണ്ടു അതിനു എന്താണു പ്രയാസമുള്ളതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): അപേക്ഷയിൽ ഇന്ന പ്രത്യേകവിഭാഗം എന്നു പറഞ്ഞിരിക്കയില്ല.

മി: എ. ജെ. ജാൺ (വയ്ക്കം): എ ഭാഗത്തിനുള്ള ഉത്തരമായി പറഞ്ഞിരിക്കുന്നതു 'ആവശ്യപ്പെട്ടിരിക്ക

* ക്രിസ്ത്യാനികളെ കത്തോലിക്കർ എന്നും, യാക്കോബായർ എന്നും മററു ക്രിസ്ത്യാനികൾ എന്നും തരം തിരിക്കുന്നതിനു രിക്കാർഡുകൾ ഇല്ല.

ന്ന കണക്കുകൾ ലഭ്യമല്ലെന്ന പരസ്പരസഹായസംഘങ്ങളുടെ രജിസ്ട്രാർ പറയുന്ന' എന്നാണ്. രജിസ്റ്ററിൽനിന്നു വിവരങ്ങൾ ഗ്രഹിക്കാൻ സാധിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): ഓരോ അപേക്ഷയിലും ക്രിസ്ത്യാനികളുടെ ഇന്നവിഭാഗം എന്നു പറഞ്ഞിരിക്കയില്ല. ഓരോ വിഭാഗം അനുസരിച്ചു രജിസ്റ്ററും വച്ചിട്ടില്ല. ആ സ്ഥിതിക്കു വിവരങ്ങൾ ശേഖരിക്കാൻ സാദ്ധ്യമല്ല.

മി: എ. ജെ. ജാൺ (വയ്ക്കം): അങ്ങിനെയാണെങ്കിൽ ഏതു ഭാഗത്തെ സംബന്ധിച്ചും ആവിധം മറുപടി പറയരുതോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസിക്രട്ടറി): അതിലും പറഞ്ഞിരിക്കുന്നതു ക്രിസ്ത്യാനികളുടെ ഓരോ വിഭാഗം അനുസരിച്ചു വിവരങ്ങൾ ശേഖരിക്കാൻ സാദ്ധ്യമല്ലെന്നും പൊതുവിലുള്ള കണക്കാണ് എടുത്തിട്ടുള്ളതു എന്നും ആണ്.

മി: എ. ജെ. ജാൺ (വയ്ക്കം): ഏതു ഭാഗത്തിനെസംബന്ധിച്ചും ഈ മറുപടി തരാവുന്നതല്ലയോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): തരാവുന്നതാണ്.

മി: എ. ജെ. ജാൺ (വയ്ക്കം): എന്നാൽ അപ്രകാരമുള്ള ഒരു സ്റ്റേറ്റുമെൻറ് ഏതു ഭാഗത്തെ സംബന്ധിച്ചു കിട്ടിയിട്ടില്ല.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): അപ്രകാരമുള്ള വിവരങ്ങൾ ശേഖരിക്കാൻ സാദ്ധ്യമല്ലെന്നു രജിസ്ട്രാർ പറയുന്നു.

മി: എ. ജെ. ജാൺ (വയ്ക്കം): ഈ സംഗതിയിൽ എന്താണ് പ്രയാസമുള്ളത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): പ്രയാസമെന്താണെന്നു രജിസ്ട്രാരോടു ചോദിക്കാം.

വ്യവസായസംബന്ധമായ വേലകളിൽ ഏർപ്പെടുത്തിയിരുന്ന സെൻട്രൽജയിലിലെ തടവുപുള്ളികൾ.

൨൩. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (എ) ൧൧൦൮-ൽ സെൻട്രൽ ജയിലിൽ വ്യവസായ സംബന്ധമായ ജോലികൾക്കു ഏർപ്പെടുത്തിയിരുന്ന തടവുപുള്ളികളുടെ ശരാശരി ദൈനംദിനസംഖ്യയും ഒട്ടുക്കുള്ള സംഖ്യയും എത്രയാണെന്നു ഗവൺമെൻറിൽനിന്നും സദയം പറയുമോ?

(ബി) ഈ വക പുള്ളികളിൽ വ്യവസായങ്ങളിൽ പ്രായോഗികജ്ഞാനം സിദ്ധിച്ചശേഷം ജയിൽവിട്ടുപോയവരുടെ സംഖ്യ എത്ര? ജയിലിൽനിന്നും വിട്ടശേഷം വ്യവസായങ്ങളിൽ എത്രപേർ ഏർപ്പെട്ടിട്ടുണ്ട്?

(സി) സെൻട്രൽ ജയിലിൽ തടവുപുള്ളികളെ തയ്യൽവേല അഭ്യസിപ്പിക്കുന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): (എ) ൧൧൦൮-ൽ സെൻട്രൽ ജയിലിലെ അച്ചുക്കൂടത്തിലും തൊഴിൽശാലയിലും ജോലിയിൽ ഏർപ്പെട്ടിരുന്ന തടവുപുള്ളികളുടെ ഒട്ടുക്കുള്ള സംഖ്യ ൭൨൫ ആയിരുന്നു. ശരാശരിയുള്ള ദൈനംദിനസംഖ്യ ൧൭൯ ആയിരുന്നു.

(ബി) ദീർഘകാലത്തേക്കുള്ള തടവുപുള്ളികളിൽ അധികംപേരും ജയിൽവിട്ടുപോയ സമയത്തു അവർ ഏർപ്പെട്ടിരുന്ന വ്യവസായങ്ങളിൽ സാമാന്യമായ പ്രായോഗികജ്ഞാനം സമ്പാദിച്ചിരുന്നു. എന്നാൽ ജയിൽവാസം കഴിഞ്ഞുപോയശേഷം അവരിൽ എത്രപേർ ആകെ വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്നു എന്നുള്ളതിലേക്കു യാതൊരറിവും ഇല്ല.

(സി) സെൻട്രൽജയിലിൽ എതാനും ചില തടവുപുള്ളികളെ തയ്യൽവേല പഠിപ്പിക്കുന്നുണ്ട്.

വിഷൂചികനിവാരണം.

൨൪. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൧൧൦൮ മേടം ൧൯-ാം-൧-ലെ സഭായോഗത്തിൽ വിഷൂചികാ നിവാരണത്തെ സംബന്ധിച്ചുണ്ടായ ൧൭൦-ാം നമ്പ്ര പ്രശ്നത്തിനു കൊടുത്തിട്ടുള്ള മറുപടിയനുസരിച്ചു കാളറാഡ്യൂട്ടിയിൽനിയമിച്ചിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗപ്പേരും പരീക്ഷായോഗ്യതകളും സർവീസിന്റെ ദൈർഘ്യവും കാണിക്കുന്നതായ ഒരു ലിസ്റ്റ് ഗവൺമെൻറിൽനിന്നും സദയം തരുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശമേൽ വച്ചിട്ടുണ്ട്.

വിഷൂചികാസംബന്ധിച്ചുള്ള ചട്ടങ്ങളുടെ പുതുക്കൽ.

൨൫. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കാളറാചട്ടങ്ങളെ പരിശോധിച്ചു അവയെ പുതുക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചു സംബന്ധിച്ചു വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ എന്നു ഗവൺമെൻറിൽനിന്നും സദയം പറയുമോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറുചീഫ്സെക്രട്ടറി): കാളറാചട്ടങ്ങളെ പുതുക്കുന്നസംഗതി ഗവൺമെൻറിന്റെ ശ്രദ്ധയെ വിഷയീഭവിച്ചിട്ടുണ്ട് എന്നു മാത്രമല്ല അതിനെസംബന്ധിച്ചു തിരുവനന്തപുരം നഗരസഭയുടെ അഭിപ്രായം അറിയുന്നതിനായി നഗരസഭാദ്ധ്യക്ഷനു എഴുതിഅയച്ചിട്ടുള്ളതുമാകുന്നു.

മെഡിക്കൽസ്ഥാപനങ്ങളിലെ പേ വാർഡുകളെ സംബന്ധിച്ച വിവരങ്ങൾ.

൨൬. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): താഴെപറയുന്ന വിവരങ്ങൾ ഗവൺമെൻറിൽനിന്നും സദയം പറയുമോ?

(എ) ഈയാണ്ടിൽ (൧൧൦൮) ഗവൺമെൻറുവക മെഡിക്കൽ സ്ഥാപനങ്ങളിലെ പേ-വാർഡുകളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു എത്ര ബെഡ്ഡുകൾ ഉണ്ടായിരുന്നു എന്നു

(ബി) ഈയാണ്ടു (൧൧൦൮) മിഥുനം ൧൫-ാം-വരെ ഉപയോഗിച്ചിട്ടുള്ള ബെഡ്ഡുകളുടെ ശരാശരി സംഖ്യ എത്ര എന്നു.

(സി) പേ-വാർഡുകൾ തുറന്നിട്ടുള്ള മെഡിക്കൽ സ്ഥാപനങ്ങൾ ഏതെല്ലാമെന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസിക്രട്ടറി): എ-ബി-സി. ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു മേശമേൽ വച്ചിട്ടുണ്ട്.

സയൻസ്‌കാളേജിൽ ജൂനിയർ ബി-എ ക്ലാസിലെ പ്രവേശനം.

൪൭. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്):

(എ) ഇൻറർ മീഡിയെററ പരീക്ഷ ജയിക്കാൻ രണ്ടു വർഷത്തിനുമേൽ വേണ്ടിവന്ന അപേക്ഷകൎക്കു ആ കാരണത്തിന്മേൽ ജൂനിയർ ബി-എ ക്ലാസിൽ പ്രവേശനം കൊടുത്തില്ലാ എന്നുള്ളതു വാസ്തവമാണോ എന്നും,

(ബി) വാസ്തവമാണെങ്കിൽ എത്ര ആളുകൾക്കു ഇപ്രകാരം പ്രവേശനം സിദ്ധിക്കാതിരുന്നു എന്നും ഗവൺമെൻറിൽ നിന്നും സദയം പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ് സിക്രട്ടറി):

(എ) വാസ്തവമല്ലാ.

(ബി) എ ഭാഗത്തിനുള്ള ഉത്തരത്തിനു ശേഷം ഈ ചോദ്യത്തിനു ആവശ്യം കാണുന്നില്ലാ.

ജയിൽ റെഗുലേഷൻ.

൪൮. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും):

(എ) ഇപ്പോഴത്തെ ജയിൽ റെഗുലേഷൻ എപ്പോൾ മുതൽ നടപ്പിൽ വരുത്തിയതു എന്നും,

(ബി) സെൻട്രൽ ജയിലിലെ മെഡിക്കൽ ഉദ്യോഗസ്ഥൻ അവിടത്തെ സൂപ്രണ്ടും കൂടിയായിരിക്കണമെന്നു ആ റെഗുലേഷനിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടോ എന്നും,

(സി) സെൻട്രൽ ജയിലിലെ മെഡിക്കൽ ഉദ്യോഗസ്ഥന്മാർ ചുരുങ്ങിയ കാലത്തേക്ക സൂപ്രണ്ടായിട്ടു ആക്ട്ചെയ്യാൻ നിയമിച്ചിട്ടുള്ളതായി വല്ല ഉദാഹരണവും ഉണ്ടോ എന്നും,

(ഡി) സെൻട്രൽ ജയിലിലെ മെഡിക്കൽ ആഫീസ്സർ ജയിലർ ഇവർ ഓരോരുത്തരുടെയും ഇപ്പോഴുള്ള (൨-൭-൧൧൦൨) ശമ്പളം എന്താണെന്നും,

ഗവൺമെൻറിൽ നിന്നും സദയം പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ് സിക്രട്ടറി):

(എ) ൧൦൭൧ മേടം ൧-ാംനു

(ബി) ഉണ്ടു.

(സി) ഇല്ലാ.

(ഡി) മെഡിക്കൽ ഉദ്യോഗസ്ഥൻ ൧൮൦-൨൫-൨൦൦ സ്കെയിലിൽ ഏററവും കൂടുതൽ ശമ്പളം വാങ്ങുന്നുണ്ടു. ജയിലർ സ്കെയിലിൻ പ്രകാരമുള്ള ൧൪൦-൧൦-൨൦൦ രൂപായിൽ ഇപ്പോൾ ൧൬൦ രൂപാ ശമ്പളം ഉണ്ട്.

തിരുവനന്തപുരം ഡിവാൻ പേഷ്കാരുടെ സർക്യൂട്ടുജോലി.

൪൯. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും):

(എ) തിരുവനന്തപുരം ഡിവാൻ പേഷ്കാർ ൧൧൦൧-ൽ തിരുവനന്തപുരത്തിനുപുറത്തു എത്ര രാത്രികൾ താമസിച്ചിട്ടുണ്ടെന്നും,

(ബി) ഉണ്ടെങ്കിൽ അദ്ദേഹം ൨൪ മണിക്കൂറിനുമേൽ സർക്യൂട്ടിൽ താമസിച്ച സ്ഥലങ്ങൾ ഏതെല്ലാമെന്നും ഗവൺമെൻറിൽ നിന്നും സദയം പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറ സിക്രട്ടറി):

(എ)- ൭ -ൽ

(ബി) നാഗർകോവിൽ, വക്കം, കഴിത്തുറ, തോവാള, ഭൂതപ്പാണ്ടി, കന്യാകുമാരി, ആറാങ്കൽ, ശുചീന്ദ്രം എന്നീസ്ഥലങ്ങൾ.

തെങ്ങിന്റെ ഉൽപ്പന്നങ്ങളുടെ വില ഇടിവു.

൫൦. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും):

തെങ്ങിൽ നിന്നും ഉള്ള ഉൽപ്പന്നങ്ങളുടെ വില ഇടിവു കൊണ്ടു ജനങ്ങളുടെ സാമ്പത്തിക സ്ഥിതിക്കു എത്രമാത്രം ഹാനി തട്ടിയിട്ടുണ്ടെന്നു ഗവൺമെൻറ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ എന്നു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സിക്രട്ടറി): ഗവൺമെൻറിൽ നിന്നും ഒരു അന്വേഷണവും നടത്തിയിട്ടില്ലാ.

കന്നുകാലികൾക്കു വിഷം കൊടുക്കൽ.

൫൧. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കന്നുകാലികൾക്കു വിഷം കൊടുക്കുന്നതിനെപ്പററി ൧൧൦൧-ൽ പൊലീസുകാരുടെ അടുക്കൽ പരാതികൾ കിട്ടിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ വല്ല അന്വേഷണവും നടത്തിട്ടുണ്ടോ എന്നും ഗവൺമെൻറിൽ നിന്നും സദയം പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി): ഉണ്ടു. ൧൧൦൧-ൽ ൩൨ കേസുകൾ ഉണ്ടായതായി റിപ്പോർട്ടുവന്നിട്ടുണ്ടു. അതിൽ നാലെണ്ണം ചാർജ്ജ് ചെയ്യുകയും രണ്ടെണ്ണം കളവാണെന്നുകണ്ടു റിഫർ ചെയ്യുകയും ചെയ്തു. ചാർജ്ജ് ചെയ്ത ൪ കേസിൽ ൩ എണ്ണത്തിൽ പ്രതികളെ ശിക്ഷിച്ചു. ഒന്നു വിചാരണയിൽ കിടക്കുന്നു.

മോട്ടാർ അപകടങ്ങൾ.

൫൨. മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ):

(എ) ൧൧൦൧ ആദ്യം മുതൽ ൧൧൦൨ മിഥുനം ൧-ാംനു വരെ സംസ്ഥാനത്തിലെ പല ക്രിമിനാൽ കോടതികളിലും ഫയലായിട്ടുള്ളതും തീർപ്പുചെയ്തിട്ടുള്ളതും ആയ മോട്ടാർ അപകടങ്ങളുടെ സംഖ്യ എത്രയാണെന്നു ഗവൺമെൻറിൽ നിന്നും സദയം പറയുമോ?

(ബി) അതിൽ ശിക്ഷയിൽ വന്നിട്ടുള്ള കേസുകൾ എത്ര? ശിക്ഷിക്കപ്പെട്ട ഡ്രൈവർമാരുടെ സംഖ്യ എത്ര?

(൩) ഈ അപകടങ്ങൾ മിക്കവാറും ഡ്രൈവർമാരുടെ സൂക്ഷ്മക്കുറവോടെ ഉദാസീനതയോ നിമിത്തം ഉണ്ടായതാണെന്നു കണ്ടിട്ടുണ്ടോ?

(൪) ഇപ്രകാരമുള്ള അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു എന്തു ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി):

(൧)-ഉം (൨)-ഉം ൧൧൦൧ ചിങ്ങം ൧-ാം തീയതി മുതൽ ൧൧൦൭ മേടം ൧-ാം തീയതി വരെയുള്ള വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് മേശമേൽ വച്ചിട്ടുണ്ട്. അതിൽ പിന്നീടുള്ള കണക്കുകൾ കിട്ടിയില്ല.

(൩) കണ്ടിട്ടുണ്ട്.

(൪) മോട്ടോർ അപകടങ്ങളെ തടയുന്നതിനു വേണ്ടി താഴെപ്പറയുന്ന ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

൧. വണ്ടികൾ തമ്മിൽ മത്സരിച്ചു ഓടിക്കാതിരിപ്പാൻ വേണ്ടി വണ്ടികൾ വിടുന്നതും വന്നുചേരുന്നതും ആയ സമയങ്ങൾ ക്ലിപ്തപ്പെടുത്തുക.

൨. ബസ്സുകൾ സുരക്ഷിതമായ സ്ഥിതിയിൽ വച്ചുകൊള്ളാൻ വേണ്ടി നിയതകാലങ്ങളിൽ അവയെ പരിശോധിക്കുക.

൩. മണിക്കൂർ ഒന്നിനു ഇത്ര മൈൽ ഓടിക്കാവൂ എന്നു അവയുടെ വേഗം ക്ലിപ്തപ്പെടുത്തുക.

൪. കൊണ്ടുപോകാവുന്ന ഭാരത്തിന്റെ തൂക്കം ക്ലിപ്തപ്പെടുത്തുക.

൫. ഡ്രൈവർമാർക്കു ലൈസൻസു കൊടുക്കുന്നതിനു മുമ്പിൽ അവരുടെ നൈപുണ്യത്തെ പരിശോധിക്കയും അവർ മദ്യപാനികളാണോ നല്ല നടത്തക്കാരാണോ എന്നു കൂടി അന്വേഷിച്ചറിയുകയും ചെയ്യുക.

൬. മോട്ടോർ വണ്ടികളുടെ ഗതാഗതത്തെ നിയന്ത്രിക്കുന്നതിനു ട്രാഫിക് ഇൻസ്പെക്ടർമാരെ നിയമിക്കുക.

൭. ലൈസൻസിലെ വ്യവസ്ഥകൾ അനുസരിച്ചു ശരിയായി നടത്തുന്നതിനു വേണ്ടി ധാരാളം പോലീസ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുക.

൮. കുറ്റങ്ങൾ ചെയ്താൽ ഉടനെ പ്രാസിക്യൂഷൻ നടത്തുക.

൯. കുറ്റം ചെയ്യുന്നവരുടെ ലൈസൻസുകൾ തീരെ റദ്ദു ചെയ്യുകയോ തല്ക്കാലത്തേക്കു നിറുത്തിവയ്ക്കുകയോ ചെയ്യുക.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ):

ലൈസൻസുകളിലെ വ്യവസ്ഥകൾ നിർബ്ബന്ധപൂർവ്വമായി നടത്തിക്കുന്നതിനു നിയമിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗറാങ്ക് എന്താണ് എന്നു സദയം പറയുമോ? അദ്ദേഹത്തിന്റെ മറുപടിയുടെ ൪-ാം ഭാഗം ൭-ാം പിരിവിനെ സംബന്ധിച്ചതാണ്.

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): എനിക്കു അത്ര നല്ല നിശ്ചയമില്ല. കുറെ ഹെഡ് കാൺസ്റ്റബിൾമാരും കൺസ്റ്റബിൾമാരും ആണെന്നു തോന്നുന്നു. അധികവും കൺസ്റ്റബിൾമാരാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര - കുന്നത്തൂർ): കുറ്റങ്ങൾ ചെയ്യുന്നവരുടെ ലൈസൻസുകൾ റദ്ദു ചെയ്യുന്നതും ലൈസൻസു നിറുത്തി വയ്ക്കുന്നതും ഏതെല്ലാം സംഗതികളിൽ ആരാൽ ചെയ്യപ്പെടുന്നു?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): ലൈസൻസുകൾ റദ്ദു ചെയ്യുന്നതിനു പോലീസ് കമീഷണർ ഗവണ്മെന്റിലേക്കു ശിപാർശ ചെയ്യുന്നു. ലൈസൻസുകൾ തല്ക്കാലത്തേക്കു നിറുത്തി വയ്ക്കുന്നതു കമീഷണർ തന്നെയാണ്. എന്നാൽ അതിനെ സ്ഥിരപ്പെടുത്തുന്നതു ഗവണ്മെന്റാണ്. റദ്ദു ചെയ്യുന്നതിനുള്ള സംഗതികൾ ഏതെല്ലാമാണെന്നു ചട്ടങ്ങളിൽ പറഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): കുറ്റങ്ങളെപ്പറ്റി അറിവു കൊടുക്കപ്പെട്ട വല്ല മജിസ്ട്രേട്ടന്മാരും ലൈസൻസു റദ്ദു ചെയ്കയോ നിറുത്തിവയ്ക്കയോ ചെയ്തതായി വല്ല ഉദാഹരണവും മെമ്പർ ചൂണ്ടിക്കാണിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): ഈ ചോദ്യത്തിനു മുൻകൂട്ടി നോട്ടീസ് കിട്ടിയിട്ടില്ല.

അഞ്ചുക്കറിയിൽ ചില മുഹമ്മദീയരെ ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം ചെയ്തിരിക്കുന്നതിനെപ്പറ്റി പോലീസ് കമ്മീഷണർ അയച്ച റിപ്പോർട്ട്.

൬൩. മി: പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): (൧) മഹമ്മദീയരെ നിർബ്ബന്ധിച്ചു ക്രിസ്തുമതത്തിൽ ചേർത്തതിനെപ്പറ്റി ൧൧൦൭ വൃശ്ചികം ൧൦-നു-യിലെ സഭയിൽ വച്ചു ഗവണ്മെന്റു കൊടുത്ത മറുപടിയെ സംബന്ധിച്ചു പോലീസ് കമ്മീഷണരിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളുടെ റിപ്പോർട്ടു സമർപ്പിക്കാൻ കമ്മീഷണരോടു എഴുതി ചോദിച്ചിട്ടുണ്ടോ എന്നു സദയം പറയുമോ?

(൨) അപ്രകാരം റിപ്പോർട്ടു വന്നിട്ടുണ്ടെങ്കിൽ അതിനെ സദയം മേശമേൽ വയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): (൧) ഉണ്ട്.

(൨) കമീഷണരിൽ നിന്നു കിട്ടിയിട്ടുള്ള റിപ്പോർട്ടിന്റെ ഒരു പ്രതി മേശമേൽ വച്ചിട്ടുണ്ട്.

ബ്രൂക്ക് ബോണ്ഡ് പുഴവൽ പതിവ്.

൬൪. മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): (൧) ബ്രൂക്ക്ബോണ്ഡ് പദ്ധതിയെ സംബന്ധിച്ച 'അവസാന തീരുമാനം ജനപ്രതിനിധികളിൽ ഇരിക്കുന്നു' എന്നു കഴിഞ്ഞ ശ്രീമൂലം പ്രജാസഭായോഗത്തിൽ വച്ചു ദിവാൻജി അവർകൾ പ്രഖ്യാപനം ചെയ്തിട്ടുണ്ടോ?

(൨) പ്രസ്തുത പദ്ധതിയെ പ്രതിഷേധിച്ചുകൊണ്ടു സംസ്ഥാനത്തിൽ പലേ സ്ഥലത്തും കൂടിയ പൊതുജനയോഗങ്ങളിൽ പാസ്സാക്കിയ നിശ്ചയങ്ങൾ ഗവണ്മെന്റിൽ കിട്ടിയിട്ടുണ്ടോ?

(൩) പദ്ധതിയെ പ്രതിഷേധിച്ചു മധ്യതിരുവിതാംകൂറിലെ വിവിധ പകുതികളിലെയും ഭൂനികുതി കൊടുക്കുന്നവരായ പൌരന്മാർ സമർപ്പിച്ചിട്ടുള്ള മെമ്മോറിയലുകൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

(൪) ൧൧൦൭ മേടം ൭-നു ചെങ്ങന്നൂരിൽ വച്ചു കൂടിയ സമസ്ത തിരുവിതാംകൂർ സമ്മേളനത്തിൽ നിന്നും, അതുപോലെ തന്നെ കഴിഞ്ഞ (൧൧൦൭) ഇടവം ൧൦-നു കോട്ടയത്തു വച്ചു കൂടിയ പ്ലാന്റർമാരുടെ സമ്മേളനത്തിൽ നിന്നും, പ്രസ്തുത പദ്ധതിയെ പ്രതിഷേധിച്ചു പാസ്സാക്കിയിട്ടുള്ള നിശ്ചയങ്ങൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

(ഇ) മേല്പറഞ്ഞ പ്രതിഷേധങ്ങൾ ജനങ്ങളിൽ നിന്നോ അവരുടെ പ്രതിനിധികളിൽ നിന്നോ വരുന്നതാണെന്ന ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ?

(സ) പദ്ധതിയെ സംബന്ധിച്ച ഗവണ്മെന്റിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്സ് കമ്മ്യൂണിക്ക പദ്ധതിയിന്മേലുള്ള അവസാന തീരുമാനമാണോ എന്ന ഗവണ്മെന്റ സദയം പറയുമോ?

(റ) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച മേലിൽ നടപടി ആവശ്യമില്ലെന്ന തെളിയിച്ചിട്ടുള്ളതായ ബ്രൂക്ക്ബോൺഡ് കമ്പനിക്കാരുടെ കത്തോ കമ്പിയോ വല്ലതും സഭാസമക്ഷം ഗവണ്മെന്റിൽനിന്നും സദയം വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): (ഗ) മുതൽ (ഘ) വരെ കിട്ടിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(സ) അതെ.

(റ) പദ്ധതിയെ സംബന്ധിച്ചുള്ള എഴുത്തുകുത്തുകളുടെ പകർപ്പുകൾ മേശപ്പുറത്തുവച്ചിട്ടുണ്ട്.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ജനങ്ങളുടെ അഭിപ്രായത്തെക്കൂടി പരിഗണിച്ചിട്ടാണോ ബ്രൂക്ക്ബോണ്ട് പുതുതായി പദ്ധതി പിൻവലിച്ചത്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): ജനങ്ങളുടെ മെമ്മോറിയലും പ്രമേയവും ഗവണ്മെന്റിന്റെ മുമ്പാകെ ഉണ്ടായിരുന്നു.

മി: കല്ലൂർ, നാരായണപിള്ള (പത്തനംതിട്ട): അതു കൂടി ആലോചിച്ചതിൽ പിന്നീടാണോ ഈ പദ്ധതി പിൻവലിച്ചത്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): അതെ.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അങ്ങിനെയാണെങ്കിൽ എന്തുകൊണ്ടു ആ വിവരം പ്രസ്സ് കമ്മ്യൂണിക്കിൽ പ്രസ്താവിച്ചില്ലാ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): പ്രസ്സ് കമ്മ്യൂണിക്കിൽ അങ്ങിനെ പ്രസ്താവിക്കേണ്ട ആവശ്യം ഇല്ലായിരുന്നു.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അങ്ങിനെ പ്രസ്താവിച്ചിരുന്നു എങ്കിൽ ജനങ്ങൾക്ക ഗവണ്മെന്റിനോട്ട അഭിനന്ദനത്തിനും ഇപ്പോഴത്തെ ഭരണരീതിയെക്കുറിച്ചുള്ള വിശ്വാസത്തിനും കാരണമാകയില്ലായിരുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): അതു ഒരഭിപ്രായമാണ്.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ബ്രൂക്ക്ബോണ്ട് കമ്പനി പരസ്പരസഹായസംഘത്തിന്മേൽ സ്ഥലം വേണ്ട എന്ന നിശ്ചയിച്ചതല്ലാതെ വേറെ തരത്തിൽ വേണ്ട എന്നു വച്ചോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): അറിവില്ലാ.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ആനക്കാൽ തോട്ടം ബ്രൂക്ക്ബോണ്ട് കമ്പനിക്കാരുടെ ഏജന്റിന്റെ വകയാണെന്നു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): അറിഞ്ഞുകൂടാ.

മി: കല്ലൂർ, നാരായണപിള്ള (പത്തനംതിട്ട): അതിനടുത്തുള്ള മൂവായിരം ഏക്കർ സ്ഥലം പതിച്ചു കിട്ടുന്നതിന ഊർജ്ജിതമായ നടപടി നടത്തുന്നതായി അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): അപേക്ഷ കൊടുത്തിട്ടുണ്ടെന്ന അറിയാം.

ബ്രൂക്ക്ബോണ്ട് പദ്ധതിയെപ്പററിയുള്ള എഴുത്തുകുത്തുകൾ.

൬൬. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബ്രൂക്ക്ബോണ്ട് പുതുവൽ പതിവു സംബന്ധിച്ചു ലണ്ടൻ ബ്രൂക്ക്ബോണ്ട് കമ്പനി ലിമിറ്റഡും ഗവണ്മെന്റും തമ്മിൽ ഉണ്ടായിട്ടുള്ള സകല എഴുത്തുകുത്തുകളുമോ അതല്ലെങ്കിൽ ബ്രൂക്ക്ബോണ്ട് പദ്ധതിയെ ഉപേക്ഷിച്ചിരിക്കുന്നതായി ൧൧൨൦ മിഥുനം ൨൦-നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്സ് നോട്ടിൽ പറയുന്നതും ലണ്ടൻ ബ്രൂക്ക്ബോണ്ട് കമ്പനി ലിമിറ്റഡിൽ നിന്നും ഒടുവിൽ കിട്ടിയതുമായ എഴുത്തെങ്കിലുമൊ മേശമേൽ വയ്ക്കുന്നതിന ഗവണ്മെന്റിന ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): മിസ്റ്റർ കല്ലൂർ നാരായണപിള്ളയുടെ ചോദ്യം ൭-ാം ഭാഗത്തിന കൊടുത്തിട്ടുള്ള മറുപടിയെ മെമ്പറിനെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബ്രൂക്ക്ബോണ്ട് കമ്പനി ലിമിറ്റഡിൽ നിന്ന അവസാനമായി കിട്ടിയ കത്തിനെ അടിസ്ഥാനമാക്കിയാണോ ൧൧൨൦ മിഥുനം ൨൦-നു-ലെ പ്രസ്സ് കമ്മ്യൂണിക്ക് പുറപ്പെടുവിച്ചിട്ടുള്ളതു എന്ന സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): അതിനേയും അടിസ്ഥാനമാക്കിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസ്കമ്മ്യൂണിക്ക് പ്രസിദ്ധപ്പെടുത്തിയപ്പോൾ ബ്രൂക്ക്ബോണ്ട്കമ്പനിക്കാർ അയച്ച ലററിലെ താഴെപറയുന്ന ഭാഗം ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചോ എന്ന സദയം പറയുമോ?

''റോഡുകളുടെയും റോഡുണ്ടാക്കുന്നതിന്റെയും കാര്യം വലിയ വിഷമതകൾക്ക ഇടയാക്കുന്നതാണെന്ന തോന്നുന്നു. വേറൊരുസംഗതി പറയാനുള്ളതും ഞങ്ങളുടെ അഭിപ്രായത്തിൽ ഏററവും ഗൌരവമേറിയതാണ്. അതായതു തിരുവിതാംകൂറിലെ വർത്തമാനപ്പത്രങ്ങളുടെ ഏററവും വിരോധഭാവത്തിലുള്ള നിലയാകുന്നു''

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): ഗവണ്മെന്റിൽനിന്നും മുഴുവൻ കത്തും വായിച്ചിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന വാചകത്തെ സംബന്ധിച്ചും ഗവണ്മെന്റിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടൊ എന്നു അറിഞ്ഞാൽകൊള്ളാം.

''അനാരോഗ്യകരമായി ഭവിക്കാവുന്ന ഒരു പ്രദേശത്തു റോഡുവെട്ടുന്നതിൽ സ്വാഭാവികമായുള്ളവിഷമതകളുണ്ടെങ്കിലും അവയെ പരിഹരിക്കാവുന്നതാണ്. എന്നാൽ തിരുവിതാംകൂർകാരിൽനിന്നുതന്നെ- ബുദ്ധിഹീനരാ

യ ഒരു അപ്പേക്ഷകരിൽനിന്നുതന്നെയാകട്ടെ, ഉണ്ടാകാവുന്ന ഔൽസുക്യപൂർണ്ണമായ വിരോധഭാവം പദ്ധതിക്കു അമംഗളമായ ഒരു പ്രതിബന്ധമാകാവുന്നതാണ്. എന്തെന്നാൽ പദ്ധതിയുടെ വിജയം മുഴുവനും തിരുവിതാംകൂർകാരുടെ ഉത്സാഹപൂർവമായ സഹകരണത്തിൽ സ്ഥിതിചെയ്യേണ്ടതാകുന്നു.

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സിക്രട്ടറി): ഞാൻ മുമ്പു പറഞ്ഞ മറുപടിയിൽ ഇതിനുള്ള ഉത്തരവും അടങ്ങിയിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഇപ്പോൾ വായിച്ചു കേൾപ്പിച്ച ഭാഗങ്ങൾ നോക്കുമ്പോൾ തിരുവിതാംകൂറിലെ ജനങ്ങളുടെ ഇടയിലുള്ള ക്ഷോഭം നിമിത്തമാണു ബ്രൂക്ക്ബോണ്ട് കമ്പനിക്കാർ പ്രസ്തുത പദ്ധതി ഉപേക്ഷിച്ചതെന്നു ഗവർമ്മെന്റു സമ്മതിക്കുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സിക്രട്ടറി): ഗവർമ്മെന്റിനെ സംബന്ധിച്ചിടത്തോളം കമ്പനിയുടെ കത്തു അവരുടെ കൈവശമുണ്ട്. കമ്പനിക്കാരുടെ മനസ്സിൽ ഇരുന്നതു എന്താണെന്നു പറയാൻ പ്രയാസമാണു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ക്ഷോഭം കൊണ്ടാണു പദ്ധതി ഉപേക്ഷിച്ചതു എന്നു നമുക്കു അനുമാനിക്കരുതോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): മെമ്പറിനു എന്തെങ്കിലും അനുമാനിക്കാൻ സ്വാതന്ത്ര്യം ഉണ്ടല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പറിനു അനുമാനിക്കാൻ പാടില്ലെന്നുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): സംഗതി പ്രത്യക്ഷത്തിൽതന്നെ സ്പഷ്ടമായിരിക്കുന്നതുകൊണ്ടു എനിക്കു ഒരു അനുമാനവും ഉണ്ടാക്കണമെന്നു തോന്നുന്നില്ല.

മഹമ്മദീയാദ്ധ്യാപകന്മാരും മഹമ്മദീയരുടെ പ്രത്യേക ഒഴിവുദിവസങ്ങളും.

൬൩. മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): (എ) ഗവർമ്മെന്റിൽനിന്നും മഹമ്മദീയർക്കു പ്രത്യേകം അനുവദിച്ചിട്ടുള്ള ഒഴിവുദിവസങ്ങൾ സ്കൂളുകളിലെ മഹമ്മദീയ ജീവനക്കാർ ഉപയോഗിക്കണമെങ്കിൽ ആ ദിവസങ്ങളിൽ അവർ കാഷ്വൽ അവധി എടുത്തു കൊള്ളണമെന്നു ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർ എൻ.ഒ.-ൽ ഒരു സർക്കുലർ അയച്ചിട്ടുള്ളതു വാസ്തവമാണോ എന്നും,

(ബി) മഹമ്മദീയർക്കുള്ള പ്രത്യേക ഒഴിവുദിവസങ്ങൾ കാഷ്വൽ അവധികൂടാതെ ഉപയോഗിക്കുന്നതിനു മഹമ്മദീയാദ്ധ്യാപകന്മാരെ ചില ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്റർമാർ അനുവദിക്കുന്നില്ലെന്നുള്ള വിവരം ഗവർമ്മെന്റിനു അറിയാമോ എന്നും,

ഗവർമ്മെന്റിൽനിന്നും സദയം പറയുമോ?

മി: കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): (എ) വാസ്തവമാണ്.

(സി) മഹമ്മദീയസ്കൂളുകൾ ഒഴിച്ചു മററുള്ള സ്കൂളുകളിലെ മഹമ്മദീയാദ്ധ്യാപകന്മാർ മഹമ്മദീയ ഒഴിവുദിവസങ്ങൾ കാഷ്വൽ അവധിയിന്മേൽ ഉപയോഗിക്കുന്നതാണ് പതിവെന്നു ഡയറക്ടർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

മി: ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഈ സർക്കുലറിനെ ഗവർമ്മെന്റു അഭിനന്ദിക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): ഗവർമ്മെന്റിന്റെ അഭിനന്ദനത്തെയോ അഭിനന്ദനക്കേടിനേയോ പററി ഇവിടെ ചോദ്യം ഇല്ല.

മി: പി. ഹബീബ് മഹമ്മത് (ഗവർമ്മെന്റു നിയമിച്ച മെമ്പർ): ഇപ്പോൾ ഇരിക്കുന്ന ക്രമത്തിനു സർക്കുലറിനെ ഗവർമ്മെന്റു അഭിനന്ദിക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): അതു സാവധാനമായി ആലോചിക്കേണ്ടതാണ്.

മി: പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഈ പതിവു വേറെ വല്ല ഡിപ്പാർട്ടുമെന്റിലും ഉണ്ടോ?

മി: കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): ഇപ്പോൾ എനിക്കു പറയാൻ നിവൃത്തിയില്ല. ആദ്യപ്രശ്നത്തിൽ ഇതിനെപ്പററി ഒന്നും ആവശ്യപ്പെട്ടിട്ടില്ല. ഗവർമ്മെന്റു സ്കൂളുകളിലെ മഹമ്മദീയജീവനക്കാരെ പററി മാത്രമാണ് മെമ്പർ ചോദിച്ചതു. ഈ പതിവു മററു ഡിപ്പാർട്ടുമെന്റുകളിൽ ഉണ്ടോ എന്നുള്ളതിനെക്കു അന്വേഷിച്ചറിയേണ്ട ആവശ്യമുണ്ട്.

മി: പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): മഹമ്മദീയർക്കുള്ള പ്രത്യേക ഒഴിവുദിവസങ്ങൾ കാഷ്വൽ അവധികൂടാതെ ഗവർമ്മെന്റു സ്കൂളുകളിലെ ജീവനക്കാർ ഉപയോഗിക്കുന്നതിൽ ഗവർമ്മെന്റിനു വല്ല തടസ്സവും ഉണ്ടോ?

മി: കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): അതു ആലോചിക്കേണ്ട കാര്യമാണ്.

മി: പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഒരു പ്രഖ്യാപനത്തിന്മേൽ കൊടുത്ത ഒരു സ്വാതന്ത്ര്യത്തെ അവർ വാസ്തവത്തിൽ തിരിച്ചെടുത്തിരിക്കുകയാകുന്നു എന്നു ഗവർമ്മെന്റു അറിയുന്നുണ്ടോ?

മി: കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി) ഇതു മറുപടിപറയേണ്ട ഒരു ചോദ്യമല്ല.

അനുബന്ധം ൧.

൪൪-ാം നമ്പർ ചോദ്യത്തിനു നൽകിയ മറുപടി നോക്കുക.

വിഷൂചികാചികിത്സാർത്ഥം നിയോഗിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ആഫീസറന്മാരുടെ പേരുവിവരം കാണിക്കുന്ന പട്ടിക.

നമ്പർ	പേര്	ഉദ്യോഗപ്പേര്	പരീക്ഷായോഗ്യത	൧൧൦൦-ൽ ഉണ്ടായിരുന്ന സർവീസ്	
				ആണ്ട്	മാസം
൧	സി. വി. പത്മനാഭപിള്ള (ഇരണിയൽ കാളറാഡ്യൂട്ടി)	സബ് അസിസ്റ്റൻറ് സർജൻ	എൽ.എം.പി. (മദ്രാസ്)	൧	൧൦
൨	പി. എ. നീലകണ്ഠപ്പിള്ള (മൈലാടി കാളറാഡ്യൂട്ടി).	ടി	ടി	൪	൭
൩	എസ്. ശങ്കരനാരായണയ്യർ (താമരക്കുളം കാളറാഡ്യൂട്ടി).	ടി	ടി	൭	൩
൪	കെ. എ. ആറുമുഖംപിള്ള (കുമിളി കാളറാഡ്യൂട്ടി).	ടി	ടി	൬	൧൦

അനുബന്ധം ൨.

൪൬-ാം നമ്പർ ചോദ്യത്തിനു നൽകിയ മറുപടി നോക്കുക.

മെഡിക്കൽ സ്ഥാപനങ്ങളിലെ പേവാർഡുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ.

സ്ഥാപനത്തിൻെറ പേര്	൧൧൦൨-ൽ ഗവണ്മെൻറ് മെഡിക്കൽ സ്ഥാപനങ്ങളിലെ പേ വാർഡുകളിൽ ഒട്ടുക്ക ഉണ്ടായിരുന്ന ബെഡ്ഡുകളുടെ എണ്ണം.	൧൧൦൨ മിഥുനം ൧൫ വരെ ഉപയോഗത്തിൽ ഇരുന്ന ബെഡ്ഡുകളുടെ ശരാശരി എണ്ണം
ജനറൽ ആശുപത്രി.	൯. ബെഡ്ഡുകൾ	൩-൪൮
സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ആയുള്ള ആശുപത്രി.	൭. ബെഡ്ഡുകൾ	൩-൨
പാറശാല ഡിസ്ട്രിക്റ്റ് ആശുപത്രി.	ഇവിടെ നാലു ബെഡ്ഡുകൾ ഉണ്ട്. ഇതു ൧൧൦൨-മേടത്തിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്.	൦-൯
ആലപ്പുഴ ഡിസ്ട്രിക്റ്റ് ആശുപത്രി.	കട്ടിൽ മുതലായ സാമാനങ്ങൾ ഇല്ലാത്തതുകൊണ്ട്, പേവാർഡിനായി പണികഴിപ്പിച്ചിട്ടുള്ള ൩-മുറികളും ഇതേവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.	

അനുബന്ധം ൩.

൫൨-ാം നമ്പർ ചോദ്യത്തിനു നൽകിയ മറുപടി നോക്കുക.

൧൧൦൧-ന്റെ ആരംഭംമുതൽ ൧൧൦൨ മേടം ൧൦-ാം-വരെ ഈ സംസ്ഥാനത്തെ പലേ ക്രിമിനൽ കോടതികളിലുമായി ഫയിൽ ചെയ്തിട്ടുള്ളതും വിധിപറഞ്ഞിട്ടുള്ളതുമായ മോട്ടോർ അപകടങ്ങൾ സംബന്ധിച്ചുള്ള കേസുകളുടെ എണ്ണം കാണിക്കുന്നപട്ടിക.

കോടതികളിൽ ഫയൽ ചെയ്തിട്ടുള്ളവയുടെ എണ്ണം.	കോടതികൾ വിധിപറഞ്ഞതീർത്തവയുടെ എണ്ണം.	ശിക്ഷയിൽ അവസാനിച്ച കേസുകളുടെ എണ്ണം.	ശിക്ഷിക്കപ്പെട്ട ഡ്രൈവർമാരുടെ എണ്ണം.	ഡിസ്ട്രിക്ററുകൾ.
൨൬	൧൪	൮	൮	തിരുവനന്തപുരം ഡിസ്ട്രിക്ററ്
൨൦	൧൧	൫	൫	കൊല്ലം ഡിസ്ട്രിക്ററ്.
൪൦	൩൭	൧൧	൧൧	കോട്ടയം ഡിസ്ട്രിക്ററ്
൮൬	൬൨	൨൪	൨൪	

അനുബന്ധം ൪.

൫൩-ാം നമ്പർ ചോദ്യത്തിനു ഉള്ള മറുപടിനോക്കുക ആർ. ഒ. സി. നമ്പർ ൫൩൮/൨൬ ജനറൽ

പോലീസ്സ് കമ്മീഷണരാഫീസ്സ്.

തിരുവനന്തപുരം.

൧൯൨൭ ഏപ്രിൽ ൨൬-നു- തിരുവിതാംകൂർ പോലീസ്സ് കമ്മീഷണർ

ഡബ്ലിയു-എച്ച്. പിററ് എസ്ക്വയറിൽനിന്നും ഗവമെന്റ് ചീഫ് സിക്രട്ടറിയുടെ പേർക്കു

വിഷയം.—മഹമ്മദീയരെ ക്രിസ്ത്യാനികളായി മതപരിവർത്തനം ചെയ്തതായി പറയുന്നസംഗതി

മുൻ എഴുത്തുകുത്തു വിവരം.—ഗവമെന്റ്വക

ആർ. ഒ. സി. ൨൬൯൬/൨൭/ജുഡിഷ്യൽ

൧൩-൪-൧൯൨൭.

സർ,

നിയമസഭാ പ്രൊസിഡിംഗ്സ് ൪-ാം നമ്പർ ൧൦-ാം വാല്യം ൩൦൦-൩൦൧-ം വശങ്ങളിൽ റിപ്പോർ

ട്ട് ചെയ്തിട്ടുള്ള ൧൦൮-ാം നമ്പർ ചോദ്യത്തെ സംബന്ധിച്ചും, മഹമ്മദീയരെ ക്രിസ്ത്യാനികളായി മതപര

വർത്തനം ചെയ്തു.എന്നുപറയുന്ന സംഗതിക്കു വിഷയമായതും ആയ മി: പി. ഹബീബ് മഹമ്മദിന്റെ ഉപചോ

ദ്യത്തിനെപ്പററി ഞാൻ താഴെപ്പറയുന്ന റിപ്പോർട്ടു അയച്ചുകൊള്ളുന്നു:—

മി: പി. ഹബീബ് മഹമ്മദ് എം. എൽ. സി പെട്ടിട്ടുള്ളതായി ഉദ്ദേശിച്ചിട്ടുള്ളതും വിചാരണമദ്ധ്യത്തിൽ

ഹാജരാക്കിയിട്ടുള്ളതും ആയകത്തു ആക്ടിംഗ് പൊലീസ്സ് കമ്മീഷണരായിരുന്ന മി: ആർ. കെ. കൃഷ്ണപിള്ള ക

ണ്ടതായി അദ്ദേഹം പറയുന്നു. അതിന്റെ ഉൽപ്പത്തിസ്ഥാനത്തെപ്പററി അദ്ദേഹത്തിനോ ആർക്കുംതന്നെയോ കി

ട്ടിയ ആർക്കൊ സംശയം ഉണ്ടായില്ല. കത്തിനെ അതിന്റെ ഉടമസ്ഥനെ ഏൽപ്പിച്ചു. എന്നാൽ അയാളുടെ

പേരുറിക്കാർഡിൽ ഇല്ലാ. മി: പി. ഹബീബ് എം. എൽ. സി. ഒരു ഉപചോദ്യം ചോദിക്കുന്നതുപത്തിൽ,

താൻ അപ്രകാരം ഒരുകത്തു എഴുതിയിട്ടില്ലെന്നു നിഷേധിക്കുന്ന സ്ഥിതിക്കു കത്തു അദ്ദേഹത്തിന്റെപേർവച്ചു വേ

റെവല്ലവരും എഴുതിയതായിരിക്കണമെല്ലെ, ആ സ്ഥിതിക്കു അതിനെപ്പററി പ്രസ്താവമുണ്ടായതുതന്നെ കഷ്ടമാണ്.

കത്തിനെപ്പററി ഇനി വല്ലഅന്വേഷണവും ചെയ്യുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുമെന്നു ഞാൻ

വിചാരിക്കുന്നില്ലാ. അതു ഇനി കണ്ടുകിട്ടാനും സാദ്ധ്യമല്ലാ. മി: പി. ഹബീബ് അതിനെ നിഷേധിക്കുന്നതു

കൊണ്ടുതന്നെ അദ്ദേഹം അതുഎഴുതിഎന്നു പറയുന്നവാദം പൂർണ്ണമായി അസ്തമാകുന്നു.

൨. റിപ്പോർട്ടിൽപറയുന്നവയല്ലാതെ പ്രതിഷേധയോഗങ്ങൾകൂടിയ സ്ഥലങ്ങളുടെ പേരുകൾ കാണു

എന്ന്.

ന്നില്ല.

ഡബ്ലിയു എച്ച്. പിററ്

പോലീസ്സ് കമ്മീഷണർ.

(തുടർച്ച)

ബഡ്ജററിനെസംബന്ധിച്ചുള്ള സാമാന്യ നിരൂപണം

അദ്ധ്യക്ഷൻ:—ഇപ്പോൾമുതൽ തുടങ്ങി ഉപസംഹരണത്തിനായി പിരിയുന്നതുവരെയുള്ള സമയംമുഴുവനും

അനുദ്യോഗസ്ഥന്മാർക്കു സാമാന്യ നിരൂപണത്തിനായി വിനിയോഗിക്കാവുന്നതാണ്. ഉപസംഹരണത്തിനുശേഷ

മുള്ളസമയം ഗവമെന്റു ഭാഗത്തുനിന്നും വിനിയോഗിക്കപ്പെടും.

മി: കെ. ഐ. ജോസഫ്. (മീനച്ചൽ-ദേവികുളം). ഉദ്യോഗസ്ഥന്മാരിൽ ചിലർ സംസാരിച്ചതിനുശേ

ഷം അനുദ്യോഗസ്ഥന്മാർക്കു സംസാരിക്കാമോഎന്നു അറിഞ്ഞാൽ കൊള്ളാം. ഉദ്യോഗസ്ഥന്മാർക്കു ശേഷമായി അനു

ദ്യോഗസ്ഥന്മാർക്കു സംസാരിച്ചുകൂടയോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ). ഈ സഭയുടെകീഴ് നടപ്പ് അങ്ങിനെയല്ല. അനൌദ്യോഗസ്ഥന്മാരുടെ പ്രസംഗങ്ങൾ ആദ്യം ഇടണം. അതുകഴിഞ്ഞു ഉദ്യോഗസ്ഥന്മാർ സംസാരിക്കും. അതിലേക്കുള്ള കാരണം, എല്ലാ അനൌദ്യോഗസ്ഥന്മാരുടെയും നിരൂപണങ്ങളെപ്പററി അതിനുശേഷമേ ഉദ്യോഗസ്ഥന്മാർക്കു മറുപടി പറയാൻ സാധിക്കയുള്ളു എന്നുള്ളതാകുന്നു. ഒരു ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജുവഹിക്കുന്ന മെംബർ സംസാരിച്ചുകഴിഞ്ഞതിനുശേഷം ഏതെങ്കിലും ഒരു അനൌദ്യോഗസ്ഥ മെംബർ ഡിപ്പാർട്ടുമെന്റിനെ പററി എഴുന്നേററു സംസാരിക്കുന്നതായാൽ അതിലേക്കു മറുപടി കൊടുക്കാൻ എങ്ങിനെയാണു അദ്ദേഹത്തിനു സാധിക്കുന്നതു്?

മി: ഐ. ജെ. ജോസഫ് (മീനച്ചൽ-ദേവികുളം): സംസാരിക്കുന്നതിനുള്ള അവകാശം പ്രസിഡണ്ടിനും ഉണ്ടല്ലോ.

മി: കല്ലാലം പരമേശ്വരൻപിള്ള: (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ).

ഉണ്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). പ്രമെമ്പറിനു ഇപ്പോൾ മറുപടിപറയാൻ അവകാശം ഉണ്ടോ?

അദ്ധ്യക്ഷൻ:—സഭ ഇപ്പോൾ അദ്ദേഹത്തിന്റെ അധീനതയിൽ ആണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉദ്യോഗസ്ഥമെംബർമാരുടെ നിരൂപണങ്ങൾക്കു മറുപടി പറയാൻ അനൌദ്യോഗസ്ഥമെംബർമാർക്കു അധികാരമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

അദ്ധ്യക്ഷൻ:—അതാണ് സഭയിലെ കീഴ്പതിവു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഭയിലെ കീഴ്പതിവു എന്നു മി: പരമേശ്വരൻപിള്ള പറഞ്ഞതു ശരിതന്നെ. എന്നാൽ ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന നിരൂപണങ്ങൾക്കു മറുപടി പറയാൻ അനൌദ്യോഗസ്ഥന്മാർക്കു ഒരു അവസരം കൊടുക്കേണ്ടതാണെന്നുള്ളതിനെ പ്രതി, ആ കീഴ്പതിവിനെ മാററിക്കൂടയോ എന്നാണ് ഞാൻ ചോദിക്കുന്നതു. ഞാൻ ചോദിക്കുന്നചോദ്യം അതാണ്.

അദ്ധ്യക്ഷൻ:—ഇതു കേവലം സമയത്തെ അവലംബിക്കുന്നസംഗതിയാണ്. അനൌദ്യോഗസ്ഥന്മാർക്കു ഒന്നരദിവസം കൊടുത്തിട്ടുണ്ടു. ആസ്ഥിതിക്കു ഉദ്യോഗസ്ഥന്മാർക്കു അരദിവസം എങ്കിലും അനുവദിക്കേണ്ടതാണു. ഈ സംഗതിയേയും ആലോചനക്കു വിഷയമാക്കേണ്ട മററു സംഗതികളേയും പററി നമുക്കു ആലോചിക്കാവുന്നതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ധനകാര്യദർശിയുടെ വൈദഗ്ദ്ധ്യമേറിയതും പ്രസ്പഷ്ടവും ആയ സ്റ്റേറ്റുമെന്റിൽ കാണിച്ചിരിക്കുന്ന ൧൧൨൦-ലെ ആയവ്യയഗണനപത്രികയിൽ നിന്നും ഉന്നതനിലയിൽ പതിവില്ലാത്തതായ ഒരു അവസ്ഥ തന്നാണ്ടിൽ വന്നിട്ടുണ്ടെന്നു കാണുന്നുണ്ടു്. കഴിഞ്ഞയാണ്ടിൽ തന്നെ [illegible] ലക്ഷം രൂപാ നീക്കിയിരിപ്പുണ്ടു്. ഈയ്യാണ്ടത്തെ നീക്കിഇരിപ്പു അതിലും കൂടുതലാണ്. അതായതു [illegible] ലക്ഷം രൂപായാകുന്നു. ഇതു വളരെ തൃപ്തികരമായ അവസ്ഥയാകുന്നു എന്നുമാത്രമല്ലാ മിസ്റ്റർ [illegible]ന്റെ വാക്കിൽ പറകയാണെങ്കിൽ അതു ധനസ്ഥിരതയുടെ പ്രഥമഫലവും കൂടിയാകുന്നു. നമ്മുടെ നിർധനസ്ഥിതിയിൽനിന്നും നാം രക്ഷപ്പെട്ടു എന്നു നമുക്കു ധൈര്യമായിപ്പറയാം. അതിലേക്കായിട്ടു ഗവണ്മെന്റിനെയും ധനകാര്യദർശിയേയും നാം അനുമോദിക്കേണ്ടതാണ്. ധനകാര്യദർശി തയ്യാറാക്കി കൌൺസിൽ ഹാളിന്റെ ഭിത്തിമേൽ പതിച്ചിട്ടുള്ള ചാർട്ട് ഒരു നവീനസമ്പ്രദായമാകുന്നു. അതിൽനിന്നും കഴിഞ്ഞ മൂന്നാണ്ടുകളിലേയും ബഡ്ജററ് എസ്റ്റിമേററുകളെ മനസ്സിലാക്കാൻ സാധിക്കുന്നതുകൂടാതെ യുദ്ധത്തിനു മുമ്പിലത്തെ ആണ്ടിലെ വരവുചിലവുമായി താരതമ്യപ്പെടുത്തുന്നതിനു അതു സഹായമായിരിക്കയും ചെയ്യുന്നു.

എന്നാൽ രാജ്യത്തിലെ ക്ഷേമസൂചകമായ ആയവ്യയപത്രിക രാജ്യവാസികളുടെ ക്ഷേമത്തെ സൂചിപ്പിക്കുന്നില്ലാ. തന്നാണ്ടിൽ തീരുവ ഇനത്തിൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. അതുപോലെ കൂടുതൽ ഉൽപ്പന്നങ്ങളുടെയും കൂടുതലായ കച്ചവടവർദ്ധനയുടേയും ഫലമായിട്ടാണ് ഇതു ഉത്ഭവിച്ചിട്ടുള്ളതെങ്കിൽ രാജ്യക്ഷേമവും രാജ്യവാസികളുടെ ക്ഷേമവും തമ്മിൽ അന്തരം വരികയില്ല. പരിപോഷണവകുപ്പുകളിൽനിന്നും ഉണ്ടാകുന്ന വരവു തീർച്ചയായും ദേശീയധനസ്ഥിതിയുടെ സൂചകം ആകുന്നു. പക്ഷേ ഈ വക വകുപ്പുകളിലെ വരുമാനം കഴിഞ്ഞ അനേക വർഷങ്ങളായി ഒരേനിലയിൽ നില്ക്കുന്നതേയുള്ളു. ഇതിൽനിന്നും മനസ്സിലാക്കേണ്ടതു രാജ്യത്തിലെ ധനാഗമമാർഗ്ഗങ്ങൾ പരിപോഷിപ്പിച്ചിട്ടില്ലെന്നും ഈ വിഷയത്തിൽ ഇനിയും പലതും ചെയ്യാനുണ്ടെന്നും ആകുന്നു. വനം വകുപ്പിനെത്തന്നെ നമുക്കു ദൃഷ്ടാന്തമായെടുക്കാം. ഈ വകുപ്പിലെ വരവിനു ഒരു അഭിവൃദ്ധി ലക്ഷണവും കാണുന്നില്ലാ. ഈ സംഗതിയിലേക്കു ആണ്ടുതോറും ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടു. എന്നാലും പഴയ അവസ്ഥതന്നെയാണ് അനുവർത്തിച്ചുവരുന്നതു്. യുദ്ധംമൂലം ഉണ്ടായ സ്ഥിതിഭേദങ്ങൾ നിമിത്തമായി യൂറോപ്യൻ മാർക്കററുകളിൽ തടിവില്പനക്കു സാധിച്ചിട്ടില്ലെന്നു ഒരു അവസരത്തിൽ പറകയുണ്ടായി. എന്നാൽ ആ അവസ്ഥകൾ ഇപ്പോൾ ഭേദപ്പെട്ടിട്ടുണ്ടെങ്കിലും വനം വകുപ്പിന്റെ അവസ്ഥയിൽ മാററം ഒന്നും വന്നുകാണുന്നില്ലാ.

എക്സൈസ് വകുപ്പിനെപ്പററി പറയുന്നതായാൽ ഉപ്പിൽനിന്നും ഉള്ള വരവു അത്ര ആശാജനകമല്ലാ. സ്വദേശത്തെ ഉപ്പു വ്യവസായത്തിൽ വലുതായ അഭിവൃദ്ധിവരുത്താനുണ്ടു്. കുളച്ചൽ ഒരു ഇലക്ട്രോൽക്ഷേപണയന്ത്രം സ്ഥാപിക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്നതിൽനിന്നും ഈ വിഷയത്തിൽ ഒരു ചുമതല ബോധം ഉണ്ടായിട്ടുള്ളതായി തോന്നുന്നു.

പരിപോഷണ വകുപ്പുകൾ എന്നു പറയപ്പെടുന്ന ചില ഡിപ്പാർട്ടുമെന്റുകളിൽനിന്നും അവയുടെ സ്ഥാപനത്തെ നീതീകരിക്കത്തക്കവിധത്തിൽ യാതൊരു ജോലിയും ചെയ്തുവരുന്നില്ലാ. വ്യവസായഡിപ്പാർട്ടുമെന്റിൽനിന്നും എന്താണ് ഗുണം ഉണ്ടാകാൻപോകുന്നതു എന്നു ജനങ്ങൾ ഇതിന്മേൽ അറിയേണ്ടതായിരിക്കുന്നു.

കൃഷിമത്സ്യഡിപ്പാർട്ടുമെന്റുകൊണ്ടുള്ള ഗുണങ്ങൾ മനസ്സിലാക്കിക്കൊടുപ്പാൻ അവർ ശ്രമിക്കുന്നുണ്ടെങ്കിലും ഇതുവരെ സാധിച്ചിട്ടുള്ള ഫലങ്ങൾ സ്വല്പങ്ങളാണ്. തെങ്ങുരോഗത്തിനു ഇതുവരെ ഒരു ശമനവും ഉണ്ടാ

യിട്ടില്ല. ആ രോഗത്തിനു ഒരു ഉപശാന്തിയും കണ്ടുപിടിച്ചില്ലെന്നു പറയുമ്പോൾ ജനങ്ങൾക്കു ഒരു സമാധാനവും ഉണ്ടാവുകയില്ല. തൽഫലമായി തെങ്ങിന്റെ ഉല്പന്നങ്ങൾ കുറഞ്ഞുവരുന്നു എന്നുമാത്രമല്ല ഉൽപ്പന്നങ്ങളുടെ വിലയും ഇടിഞ്ഞുകാണുന്നു. കൊപ്രായുടെയും കയറിന്റെയും ഇപ്പോഴത്തെ സ്ഥിതി ഇതിലേക്കു ഉദാഹരണമാണല്ലോ. നമ്മുടെ ഉൽപ്പന്നങ്ങൾക്കു ശരിയായ കമ്പോളങ്ങൾ കണ്ടുപിടിക്കുന്ന വിഷയത്തിലും പരിപോഷണഡിപ്പാർട്ടുമെന്റുകളുടെ ശ്രദ്ധ പൂർവ്വാധികം പതിയേണ്ടതാണ്. വെംബ്ലിപ്രദർശനത്തിൽ നമ്മളും പങ്കുകൊണ്ടിരുന്നതിൽനിന്നു നമ്മുടെ ഉല്പന്നങ്ങൾക്കു കൂടുതൽ പ്രസിദ്ധീകരണവും കൂടുതൽ കമ്പോളങ്ങളും കിട്ടുമെന്നു നാം ആശിച്ചിരുന്നു എന്നു വരികിലും അതിൽവച്ചു പ്രായോഗികമായ ഒരു ഫലവും ഉണ്ടായിട്ടില്ല. വെംബ്ലിയിലെ സമ്പർക്കത്തെ നാം പിന്നീട്ട് ഉപയോഗപ്പെടുത്തിയില്ല. യൂറോപ്യൻ തോട്ടക്കാരുടെ അധീനതയിൽ ഇരിക്കുന്ന റബ്ബർ, തേയില എന്നീ ഉൽപ്പന്നങ്ങളുടെ വിഷയത്തിൽ കമ്പോളങ്ങൾ സ്വാധീനമായും വിലകൾ ലോകമൊട്ടുക്കും ഐകരൂപ്യമായും ഇരിക്കുന്നു. എന്നാൽ നാട്ടുകാരുടെ കാർഷികോൽപ്പന്നങ്ങളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിലെ വിലകളും പുറദേശങ്ങളിലെ വിലകളും തമ്മിൽ വലുതായ അന്തരം ഉണ്ട്. ഉൽപ്പന്നങ്ങൾക്കുള്ള കമ്പോളസ്ഥലങ്ങളിൽ ഒരു കച്ചവട ഏജൻറിനെ നിയമിക്കുന്നതായാൽ നമ്മുടെ ഉൽപ്പന്നങ്ങൾക്കു കൂടുതൽ വില കിട്ടാൻ സാധിക്കുന്നതിനു പുറമേ കമ്പോളം പൂരക്ഷിതമാക്കി വയ്ക്കുന്നതിനും സാധിക്കുന്നതാണ്. ഏതുകാലത്തേയും രാജ്യത്തിന്റെ നട്ടെല്ല് കൃഷിക്കാരനാകുന്നു. അവന്റെ ക്ഷേമം ഉണ്ടെങ്കിൽ രാജ്യത്തിനും ക്ഷേമം ഉണ്ടാകും. അവൻ പട്ടിണികിടന്നാൽ രാജ്യം ദരിദ്രമാകാൻ ഇടയാകും. കൃഷിക്കാരൻ കടത്തിൽ മുങ്ങിക്കിടക്കുന്നു. ഇതിൽനിന്നും അവനെ രക്ഷിക്കുന്നതിനായി ചെയ്യുന്ന ഏതു വ്യവസ്ഥയും രാജ്യക്ഷേമത്തിനു പ്രത്യക്ഷമായ ഗുണത്തെ നല്കുന്നതാണ്. ഒരു ഭൂസ്വത്തു ബാങ്കു സ്ഥാപിക്കുന്നതിനുണ്ടായിരിക്കുന്ന ആലോചന നടപ്പിൽ വരുത്തുന്നതു അവസരോചിതമായിരിക്കും. രാജ്യത്തിലെ മത്സ്യവ്യാപാരം ബ്ലോക്കുകളുടെ കയ്യിൽ ആകുന്നടത്തോളം കാലം അതിനു വലുതായ അഭിവൃദ്ധിയുണ്ടാകുന്നതല്ല. മുക്കുവരെക്കൊണ്ടു പരസ്പരസഹായ സംഘങ്ങൾ ഏർപ്പെടുത്തിച്ചു ഈ വ്യാപാരം അവരിൽ തന്നെ പുനഃസ്ഥാപിക്കുന്നതിനായി ഡിപ്പാർട്ടുമെന്റിൽനിന്നും ചെയ്യുന്ന ശ്രമം സ്തുത്യർഹമാകുന്നു. വടക്കൻ തിരുവിതാംകൂറിലെ വായ്പമേഖല ഇതു ഒരു വാസ്തവസങ്കടമായി ഭവിച്ചിട്ടുണ്ട്. അവരുടെ ഈ സങ്കടത്തെ പരിഹരിക്കുന്നതിനു ഗവൺമെന്റിൽനിന്നും വേണ്ടതെല്ലാം ചെയ്യുമെന്നു ആശിക്കുന്നു.

ഈ ഡിപ്പാർട്ടുമെന്റുകളും അതേതരത്തിൽ ഉൾപ്പെടുന്ന മറ്റു ഡിപ്പാർട്ടുമെന്റുകളും ഈയ്യാണ്ടത്തെ ബഡ്ജറ്റിലെ വലുതായ നീക്കിയിരിപ്പിനു വേണ്ടവണ്ണം ഭാഗഭാക്കുകളായിട്ടില്ലാത്തതുകൊണ്ടു ജനങ്ങൾ വേണ്ടിടത്തോളം ക്ഷേമം അനുഭവിക്കുന്നു എന്നു പറയാൻപാടുള്ളതല്ല. നേരേമറിച്ചു വലുതായ നികുതിവരുമാനം നിമിത്തം ജനങ്ങളുടെ നാശത്തിനുമാത്രം ഉതകുന്നതായ ധനാഗമമാർഗ്ഗങ്ങളിലെ നിപുണതരമായ നികുതി പിരിവു മൂലം ഈ നീക്കിയിരിപ്പു വർദ്ധനക്കു ഇടയായതായും വരാവുന്നതാണ്. എക്സൈസ് നികുതിയെ സംബന്ധിച്ചിടത്തോളം ഇതു വാസ്തവമാണെന്നു കാണുന്നുണ്ട്. ഈ ഉഷിച്ചനികുതിയുടെ പിരിവിൽ കാണിച്ചിട്ടുള്ള പ്രത്യേക ശ്രദ്ധകൊണ്ടാണ് ഈ ഫലം ഉണ്ടായിട്ടുള്ളതു എന്നു സംശയമില്ല. ഇതിനെപ്പറ്റി കഴിഞ്ഞാണ്ടു ഈ സമയത്തു മി: വാൻറാസ്സ് കൗൺസിലിൽ നിന്നും ഒരു ദിവസത്തെ അവധി എടുക്കുകകൂടി ചെയ്തിട്ടുണ്ട്. മദ്യനിരോധനം ചെയ്യേണ്ടതിനെപ്പറ്റി ഈ സഭയിൽനിന്നും പാസാക്കിയിട്ടുള്ള നിശ്ചയങ്ങളും കമ്മിറ്റിയുടെ ശിപാർശകളും ഗവൺമെന്റിന്റെ വാഗ്ദാനങ്ങളും എല്ലാം ഉണ്ടായിട്ടും ഒരു ഒറ്റ സംഗതിയിൽ ജനങ്ങൾക്കു അഭിവൃദ്ധി ഉണ്ടായിട്ടുള്ളതു കള്ളുകുടിയിലും അതിനെ സംബന്ധിച്ച ദോഷങ്ങളിലും ആണ്. ഈ സംഗതിയിൽ കുറെ ശക്തിമത്തായി സംസാരിക്കുന്നതിനു ഞാൻ നിർബ്ബന്ധിതനായിരിക്കുന്നു. എന്തെന്നാൽ ഞാൻ ഈ സഭയിൽ പ്രതിനിധീകരിക്കുന്ന താലൂക്ക് മദ്യപ്പിശാചിയുടെ ഹെഡ്ക്വാർട്ടേഴ്സായി വച്ചിരിക്കുന്നുവോ എന്നു തോന്നുന്നുണ്ട്. സംസ്ഥാനം മുഴുവനിലേയും കണക്കെടുത്താൽ അഞ്ചു മൈലിനു ഒരു കള്ളുഷാപ്പുവീതമേയുള്ളു. എന്നാൽ എന്റെ നിയോജകമണ്ഡലത്തിൽ മൈൽ ഒന്നിനു ഒരു ഷാപ്പുവീതം ഉണ്ട്.

അതിനാൽ ഇയ്യാണ്ടത്തെ ഐശ്വര്യസൂചകമായ ബഡ്ജറ്റു ജനങ്ങളുടെ ഐശ്വര്യത്തെ സൂചിപ്പിക്കുന്നില്ലെന്നു ഞാൻ പറയുമ്പോൾ അത് ഒട്ടും വ്യാജമാകുന്നതല്ല. ഒരാൾ രാജ്യത്തിൽ ചുററി സഞ്ചരിക്കുന്നതായാൽ രാജ്യത്തിന്റെ മിക്കഭാഗങ്ങളിലും ബാധിച്ചിരിക്കുന്ന ദാരിദ്ര്യവും ക്ഷാമവും കഷ്ടതകളും കാണാൻ കഴിയുന്നതാണ്. ഈ വസ്തുതയെപ്പററി വേണ്ടവണ്ണം ശക്തിയോടുകൂടി പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ പുറമെ കാണുന്ന ഈ പകിട്ടു നിമിത്തം ജനങ്ങളുടെ സാക്ഷാൽ ക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനു ചുമതലക്കാരായ ഗവൺമെന്റുദ്യോഗസ്ഥന്മാർ അതിലേക്കുള്ള അവരുടെ ശ്രമം കുറയ്ക്കുന്നതിനു പ്രലോഭിതരാകാൻ ഇടയുണ്ട്. ജനങ്ങൾ വാസ്തവത്തിൽ ദാരിദ്ര്യം അനുഭവിക്കുമ്പോൾ അവരെ സഹായിക്കേണ്ടതു ആവശ്യമാണെന്നു ഗവൺമെന്റിനു തോന്നും. എന്നാൽ ക്ഷേമം അനുഭവിക്കുന്നു എന്നു പുറമെ തോന്നിയാൽ അപ്രകാരം സഹായിക്കേണ്ട ആവശ്യമില്ലെന്നും ഗവൺമെന്റു വിചാരിക്കും. ക്ഷേമസൂചകമായ ഒരു ബഡ്ജറ്റിൽനിന്നുണ്ടാകുന്ന ആപത്തു ഇതാണ്.

ഇയ്യാണ്ടിലും അത്യുഗ്രമായി വാദപ്രതിവാദം നടത്തുന്നതു എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെയും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെയും ഗ്രാൻറുകളെ സംബന്ധിച്ചാണെന്നു കാണുന്നതിൽ ഞങ്ങൾക്കു വാസ്തവമായ സന്തോഷം ഉണ്ട്. എൻജിനീയർ ഡിപ്പാർട്ടുമെന്റിന്റെ ബഡ്ജറ്റിനെക്കാൾ ജനപ്രതിനിധികളുടെ കൂടുതൽ ശ്രദ്ധയെ വേറെ ഒന്നും ആവശ്യപ്പെടുന്നില്ല. സംസ്ഥാനത്തിലെ ചിലവുകളിൽ ചുരുക്കാൻ സാധിക്കുന്ന ഒരു ഇനം ആണ് അത്. പ്രജാസഭയിലും നിയമസഭയിലും തുടരെത്തുടരെയുള്ള നിവേദനങ്ങളുടെയും മുറവിളികളുടെയും ഫലമായിട്ടാണ ഏതെങ്കിലും ഒരു റോഡിനോ, തോടിനോ, വേറെവല്ല ഗതാഗതമാർഗ്ഗങ്ങൾക്കോ പണം അനുവദിക്കുന്നതു്. ഇപ്രകാരം വളരെ ബുദ്ധിമുട്ടുകൾ കഴിച്ച ശേഷം അനുവദിച്ചു കിട്ടുന്ന സംഖ്യ അതിലേക്കുള്ള ആവശ്യങ്ങൾക്കായി അതാതു സമയം ചെലവാക്കാതെ ലാപ്സാകാൻ എൻജിനീയർ ഡിപ്പാർട്ടുമെന്റുകാരുടെ ഉപേക്ഷ നിമിത്തം ഇടയാകുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന സങ്കടവും മനസ്താപവും എന്താണെന്നു ആലോചിച്ചു നോക്കേണ്ടതാണ്. ധനകാര്യദർശിയുടെ ബഡ്ജറ്റുപ്രസംഗത്തിൽനിന്നും കഴിഞ്ഞയാണ്ടിൽ ൭൦൦൦ രൂപാ ലാപ്സായി എന്നു കാണുന്നുണ്ട്. പുതിയ ചീഫ് എൻജിനീയരുടെ ആഗമനത്തോടുകൂടി ഈ അവസ്ഥകൾക്കു ഒരു മാററം ഉണ്ടാകുമെന്നു ആശിക്കാം. എന്തെന്നാൽ അദ്ദേഹം ജനങ്ങളുമായി സഹകരിക്കുന്നതിനും ജനങ്ങളോടു അനുഭാവം കാണിക്കുന്നതിനും സദാ ജാഗരൂകനായിരിക്കുന്നുണ്ട്.

എന്റെ നിയോജകമണ്ഡലമാകുന്ന ചേർത്തല താലൂക്ക് റോഡുകളുടെയും മററു ഗതാഗതസൌകര്യങ്ങളുടെയും അഭാവത്താൽ കഷ്ടപ്പെടുന്ന ഒരു സ്ഥലമാണ്. ഈ കഷ്ടതയെ പരിഗണിച്ചാണ കഴിഞ്ഞ കൊല്ലത്തിൽ ആ താലൂക്കിലേക്ക ഒരു ഉദാരമായ തുക അനുവദിക്കാൻ ഇടയായതു്; എത്രയോ മുമ്പേ തന്നെ ചെയ്യേണ്ടതായിരുന്ന ഈ ന്യായകൃത്യത്തിനായി ഗവർമ്മെന്റിനോട ഞങ്ങൾ കൃതജ്ഞന്മാരാണ്. ഈ സന്ദർഭത്തിൽ, കഴിഞ്ഞ പ്രജാസഭയിൽ ദിവാൻജി അവർകൾ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്നും താഴെപ്പറയുന്ന ഭാഗം ഞാൻ ഓർമ്മയിൽ കൊണ്ടുവന്നുകൊള്ളട്ടെ:—

"പണി പൂർത്തിയാക്കുന്നതിനായി പ്രത്യേകം ശ്രമം ചെയ്തുവരുന്ന വേറൊരു റോഡു ആലപ്പുഴ, ചേർത്തല, അരൂർ റോഡാണ്. ഈ റോഡു പണിക്കായി തന്നാണ്ടിൽ [illegible] രൂപാവരെ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ തെക്കെ അറ്റത്തിയായ ആരുവാമൊഴിമുതൽ വടക്ക കൊച്ചി അതൃത്തിവരെ അവിച്ഛിന്നമായ ഗതാഗതസൌകര്യം ഉണ്ടാകാൻ വേണ്ടി ഈ പണി അതിവേഗത്തിൽ നീങ്ങിവരുന്നു. അതിൽ ചേർത്തല വരെയുള്ള റോഡു ഈയാണ്ടു അവസാനംകൊണ്ടും അവിടംമുതൽ കൊച്ചി അതൃത്തിവരെയുള്ളതു അടുത്തയാണ്ടിലും തീരത്തക്ക വിധത്തിലാണ പണി നടത്തുന്നതു്."

ഈ വാക്കുകൾ സംസ്ഥാനത്തിലെ മന്ത്രിസത്തമന്റെ മുഖത്തുനിന്നും ഉൽഭൂതമായിരിക്കുന്ന സ്ഥിതിക്ക് അതു അക്ഷരംപ്രതി അനുവർത്തിക്കുമെന്നാണല്ലോ ഉദ്ദേശിക്കേണ്ടതു. എന്നാൽ ചേർത്തല അരൂർ റോഡിന്റെ പണിക്കായി തന്നാണ്ടിൽ അനുവദിച്ചിട്ടുള്ള തുക അടുത്തയാണ്ടിൽ റോഡു പൂർത്തിയാക്കുന്നതിനു പര്യാപ്തമാകയില്ലെന്നു കാണുന്നതിൽ ഞങ്ങൾക്ക വലിയ ഉൽക്കണ്ഠയും ഉണ്ട്. ഇതു വല്ല ദുർഘടംകൊണ്ടും നിമിത്തം വന്നതാണെങ്കിൽ ഡിപ്പാർട്ടുമെന്റിലെ അത്യാവശ്യപ്പണികൾക്കായി നീക്കിവച്ചിട്ടുള്ള റിസർവ്വു കൂടി ഇതിന്റെ പൂർത്തീകരണത്തിനായി വിനിയോഗിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസവിഷയമായ ചെലവിൽ കാളേജ് വകുപ്പിനെ സംബന്ധിച്ചുള്ള വർദ്ധനവും ഭയജനകമായിരിക്കുന്നു; ആണ്ടോടാണ്ടു സയൻസ കാളേജിന്റെ ഡിമാൻഡു ക്രമാതീതമായി വർദ്ധിച്ചുവരുന്നു. പഴയ കാളേജിനെ രണ്ടായി പിരിച്ചതിന്റെ ഉദ്ദേശംതന്നെ കാളേജിൽ പ്രവേശനത്തിനു ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾക്കു കൂടുതൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനാണല്ലോ. എന്നാൽ സയൻസു കാളേജിൽ പല വിദ്യാർത്ഥികൾക്കും പ്രവേശനം നല്കിയിട്ടില്ലാ എന്നു മാത്രമല്ല, പല ക്ലാസുകളിലേയും സീററുകൾ ഒട്ടധികം കുറവു ചെയ്യുകയും ചെയ്തിരിക്കുന്നു. മുപ്പത്താറു ഭൂതക്കണ്ണാടികൾ വരുത്തിവച്ചിട്ടുണ്ട്. എന്നാൽ അവയെ ഉപയോഗിക്കുന്നതിനു മുപ്പതു വിദ്യാർത്ഥികളെയുള്ളു, സയൻസു കാളേജിന്റെ അതിവ്യയം ഒരു സംഭാഷണവിഷയമായി കലാശിച്ചിട്ടുണ്ട്, ഇപ്പോൾ അവിടെ ആവശ്യത്തിൽ അധികം ജോലിക്കാർ ഉണ്ട്. എന്നാൽ ഇനിയും കൂടുതൽ അസിസ്റ്റന്റു പ്രൊഫസർമാരും ഡെമൊൺസ്റ്റ്രേറ്റർമാരും വേണമെന്നു അവർ ആവശ്യപ്പെടുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം, പ്രൈവററു ഉദ്യമങ്ങളെ തടയുന്ന നയം കേവലം ആത്മഹത്യക്കു സമമാണെന്നു പലപ്പോഴും ഞങ്ങൾ പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം സംബന്ധമായുള്ള ഗവർമ്മെന്റിന്റെ ചിലവുകൾ കുറയ്ക്കേണ്ടതു പ്രൈവററു ഉദ്യമങ്ങൾ മൂലമാണ്. എന്നാൽ പ്രൈവററു എഡ്യൂക്കേഷനൽ ഏജൻസികളുടെ മേൽ പ്രയോഗിച്ചുവരുന്ന പ്രതിരോധനങ്ങൾ അവയ്ക്കു ഹാനികരങ്ങളായി പരിണമിക്കാവുന്ന തരമുള്ള. വിദ്യാഭ്യാസകോഡിനാൽ ആവശ്യപ്പെട്ടിരിക്കുന്ന സംഗതികളും അവയെ പ്രയോഗിച്ചുവരുന്ന അവസ്ഥകളും പരസ്പരവിരുദ്ധങ്ങളായിരിക്കുന്നു. ഇംഗ്ലീഷുവിദ്യാഭ്യാസമാതൃകയെ അനുകരിച്ചു ഇംഗ്ലണ്ടിലെ കാലദേശാവസ്ഥകൾക്കല്ലാതെ ഇൻഡ്യക്കു തീരെ യോജിക്കാത്ത സാമഗ്രികൾ മുതലായതു വേണമെന്നു നിർബ്ബന്ധിച്ചുവരുന്നു. ഗ്രാൻറു വേണമെന്നു ആവശ്യപ്പെടുന്നതുകൊണ്ടു ഗ്രാൻറിൽ കവിഞ്ഞ തുക ചെലവു ചെയ്യാൻ വഴിപ്പെടുകയാണെന്നു ഏവരും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു പലരും ഗ്രാൻറു ചോദിക്കാതെ തന്നെ കഴിക്കുന്നു. ദാനധർമ്മം തുടങ്ങുന്നതു ഗൃഹത്തിൽ ആണെന്നുള്ള തത്വത്തിനു വിപരീതമായിട്ടാണ് ഇവിടത്തെ പ്രവൃത്തി. ഗവർമ്മെന്റു സ്കൂളുകളിൽ അനുവർത്തിക്കാത്ത ആദർശങ്ങൾ പ്രൈവററു സ്കൂളുകളിൽ വേണമെന്നു നിർബന്ധിച്ചു വരികയും ചെയ്യുന്നു.

സ്കൂൾ ഫൈനൽ പരീക്ഷാഫലങ്ങളെ സംബന്ധിച്ച് എനിക്ക് ഒന്നുരണ്ടു വാക്കുകൾ പറയാനുണ്ട്. ഈയാണ്ടിലും ഒട്ടുവളരെ കുട്ടികൾ തോററിട്ടുണ്ട്. ഇങ്ങനെ തോല്പിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ സങ്കടങ്ങളോ ഉണ്ടല്ലോ. എന്നാൽ അതിനുപുറമെ ഈ തോൽവിനിമിത്തം ഗവർമ്മെന്റിനു ഉണ്ടാകുന്ന നഷ്ടങ്ങളെപ്പററി ആരുംതന്നെ ഗൌനിക്കുന്നില്ല. ഓരോ കുട്ടികളുടെയും വിദ്യാഭ്യാസസംബന്ധിച്ച് ഗവർമ്മെന്റിന് ഒരു ക്ലിപ്തതുക ചിലവാകുന്നുണ്ട്. ആ സ്ഥിതിക്കു തോററു കിടക്കുന്ന ഒരു കുട്ടിയെ വീണ്ടും പഠിപ്പിക്കുന്നതിനുള്ള ചിലവും ഗവർമ്മെന്റുതന്നെ വഹിക്കേണ്ടിവരുന്നു. സ്ഥാപനങ്ങൾ തമ്മിലുള്ള ആശാസ്യമല്ലാത്ത മത്സരങ്ങൾനിമിത്തമാണ് ഈ തോൽവികൾ ഉണ്ടാകുന്നതെന്നു നാം അറിയുമ്പോൾ നമ്മുടെ ഖേദത്തിനു അതൃത്തിയുണ്ടാകുന്നില്ലാ.

കാളേജുകളിലെ വിദ്യാർത്ഥികൾ എത്ര വേഗത്തിൽ വർദ്ധിച്ചുവരുന്നോ അത്രയുംവേഗത്തിൽ തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നു. ഇവ രണ്ടുംതമ്മിൽ പരസ്പരബന്ധമുള്ളതായും കാണപ്പെടുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം തൊഴിലില്ലായ്മയെ സൃഷ്ടിക്കുകയും നാം ആവഴിയെതന്നെ പിന്നെ ചാടുകയും ചെയ്യുന്നു. വിദ്യാഭ്യാസത്തിന്റെ പുനഃസംഘടനയെപ്പററി മൂലംകഷമായി ഒരു അന്വേഷണം നടത്തുന്നതിന് ഒരു വ്യാപകമായ കമ്മിററി ഏർപ്പെടുത്തിയാൽ ആ കമ്മിററിക്കു ധാരാളം ജോലിക്കു വകയുണ്ടാകും.

ഞാൻ നീക്കിയിരിപ്പിനെപ്പററിയാണല്ലോ ആദ്യമായി സംസാരിച്ചതു്. അതിനെപ്പററിത്തന്നെ പറഞ്ഞവസാനിപ്പിക്കയും ചെയ്യാം. ഈ നീക്കിയിരിപ്പു വളരെ ക്ഷേമമായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന മുറക്കു അതു ഒരു സ്ഥിരമായ അവസ്ഥയായി കരുതുന്നതിൽ അധികം അപായമുണ്ടെന്നു തോന്നുന്നില്ല. റബ്ബർ വ്യാപാരത്തിന് ഇതുവരെ നികുതി ചുമത്തിയിട്ടില്ല. ആ വഴിയിൽ കൂടി ഒരു നല്ല പണം ഉണ്ടാകാൻ ഇടയുള്ളതാണ്. മറ്റുംപുറത്ത പാവപ്പെട്ട കൃഷിക്കാരൻ കരംവിഷയമായ ഭാരവിശേഷം പണം കൊടുക്കുന്നുണ്ട്. എന്നാൽ മലകളിലെ സമ്പന്നനായ തോട്ടക്കാരന് ആ വിഷയത്തിൽ യാതൊരു ബാദ്ധ്യതയും ഇല്ലാതെയാണിരിക്കുന്നതു്. റബ്ബറിന് ഒരു നികുതി വയ്ക്കുന്നതായാൽ നമ്മുടെ നീക്കിയിരിപ്പ് വർദ്ധിക്കുന്നതിനുപുറമെ ആ വകുപ്പിൽ കൂടുതൽ സ്ഥിരമായിയും വരാനും ഇടയുണ്ട്. അതിനാൽ ഇനി നീക്കിയിരിപ്പിനെ ജനങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കേണ്ടതു

ഗ്ഗങ്ങൾ നമുക്കു ആലോചിച്ചുനോക്കാം. രാജ്യത്തിലെ വരുമാനത്തിൽ ചെലവുകഴിച്ചു നീക്കിയിരിപ്പു വരുമ്പോൾ ധനസ്ഥിതിയുണ്ടെന്നു പുറമെ തോന്നുന്നതല്ലാതെ നീക്കിയിരിപ്പുകൊണ്ടുള്ള അവസ്ഥമാത്രം ഒരു അമിത്രമായ ഗുണമാവുകയില്ല. ആദായമില്ലാതെ ഗവർമ്മെന്റിന്റെ കൈവശം ഇരിക്കുന്നപണങ്ങൾ കുടികൾക്കു ലഭിക്കുന്നതായാൽ അതു വളരെ പ്രയോജനകരമായി ഭവിക്കുന്നതാണ്. ഒരു സമ്പന്നനു കുട്ടയായി ഒരു രൂപാ ലഭിക്കുന്നതു അത്ര ഉപയോഗമുള്ളതാകയില്ല. നേരേമറിച്ചു ഒരു ദരിദ്രനു അതു വളരെ ഉപയോഗപ്രദമാകുന്നു. അതുകൊണ്ടു ഗവർമ്മെന്റിന്റെ കൈവശം ഇരിക്കുന്ന നീക്കിയിരിപ്പുപണം കുടികളുടെ കൈവശം ലഭിക്കുന്നതായാൽ അതു പല പ്രകാരത്തിലും ഉപയോഗകരമാകുമെന്നും പറയേണ്ടതില്ലല്ലോ. ഗവർമ്മെന്റിന്റെ പന്ഥാവു ആ സ്ഥിതിക്കു സ്പഷ്ടമായിരിക്കുന്നു. ഈ നീക്കിയിരിപ്പിനെ പ്രഥമവും പ്രധാനവുമായി ഉപയോഗിക്കേണ്ടതു് സാധുക്കളെ ക്രമാതീതം കഷ്ടിപ്പിക്കുന്ന നികുതിഭാരത്തിൽ നിന്നും മോചിപ്പിക്കുന്നതാകുന്നു. ഈ സംഗതി ഈ സഭയിൽ വീണ്ടും വീണ്ടും വാദിച്ചിട്ടുള്ള ഒന്നാണല്ലോ. രാജ്യത്തിലെ അസഹ്യങ്ങളായ ചുങ്കങ്ങളും നികുതികളും വർദ്ധിച്ചിരിക്കുന്നു. നീക്കിയിരിപ്പു വളരെ കുറവുവരാത്ത വിധത്തിൽ ഈവക ചുങ്കങ്ങളിൽ ചിലതു നിറുത്തുന്നതു ജനങ്ങൾക്കു അമിതമായ ഗുണത്തെ ചെയ്യുന്നതായിരിക്കും

തൊഴിലില്ലായ്മനിമിത്തം ഉണ്ടായിട്ടുള്ള ദോഷങ്ങളെ നിവാരണംചെയ്യുന്നതിനായി നീക്കിയിരിപ്പിൽ ഏതാനുംഭാഗം വിനിയോഗിക്കാവുന്നതാണ്. ഇപ്പോൾ ഇതിന്റെ ഉപശാന്തിക്കായി ഒരു തൊഴിലില്ലായ്മക്കമ്മിറ്റി ഏർപ്പെടുത്തുകമാത്രമേ ചെയ്തിട്ടുള്ളു. കമ്മിറ്റിക്കാർ കഴിഞ്ഞ ഒരു സംവത്സരമായി വേലചെയ്യുന്നുണ്ട്. എന്നാൽ ഇതുവരെയും അവരുടെ ജോലി അവസാനിക്കാറായിട്ടില്ല. രാജ്യത്തിൽനിന്നും തൊഴിലില്ലായ്മയെ ആട്ടിയോടിക്കുന്നതിനുവേണ്ടി നീക്കിയിരിപ്പിനെ ഇതിലുംനല്ലമാർഗ്ഗത്തിൽ ഉപയോഗിക്കാം. അദ്ധ്യക്ഷൻ അദ്ദേഹത്തിന്റെ റെയിൽവേ, വൈദ്യുതദീപം, ജലസംഭരണം എന്നീപദ്ധതികളുടെ നിർവ്വഹണത്തിനായി ചെയ്തപ്രസംഗത്തിൽ തൊഴിലില്ലായ്മക്കു ശമനം ഉണ്ടാക്കേണ്ട ആവശ്യത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. റയിൽവേ സംബന്ധമായി, ഒട്ടനവധി എൻജിനീയർമാരും അക്കൌണ്ടന്റുമാരും, ക്ലാർക്കുകളും, മെക്കാനിക്കുകളും ആവശ്യമുണ്ടാകും. ജലവിതരണപദ്ധതി സംബന്ധിച്ചും ഇതേവിധംതന്നെ എൻജിനീയർമാരുടെയും, പ്ലംബർമാരുടെയും, മററു ഭരണ ഉദ്യോഗസ്ഥന്മാരുടെയും ആവശ്യം നേരിടും. വൈദ്യുതദീപപദ്ധതിയുടെ വിഷയത്തിൽ കുറേ എലക്ട്രീഷന്മാരുടെയും മെക്കാനിക്കുകളുടെയും ആവശ്യം വരുന്നതാണ്. ഇതുകൾക്കെല്ലാം നാം മുൻകൂട്ടി തയ്യാറായിരുന്നില്ലെങ്കിൽ ഈ ജോലികൾക്കായി നമുക്ക് വിദേശിയരെ വരുത്തേണ്ടതായിവരും. അതുകൊണ്ടു ഇപ്പോൾതന്നെ ഗവർമ്മെന്റ് സ്കാളർഷിപ്പുകൾ കൊടുത്തു തിരുവിതാംകൂർ കുമാരന്മാരെ വിദേശങ്ങളിൽ അയച്ചു പരിശീലിപ്പിക്കുന്നതിനു ഒരു പദ്ധതി നമുക്ക് രൂപീകരിക്കാവുന്നതാണ്.

നമ്മുടെ സമൃദ്ധമായ നീക്കിയിരിപ്പിനെ വിനിയോഗിക്കുന്നതിനുള്ള മൂന്നാമത്തെ ഒരു മാർഗ്ഗം രോഗചികിത്സക്കുള്ള സ്ഥാപനങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളതാകുന്നു. ഗവർമ്മെന്റിൽനിന്നും കൂട്ടമായി ഏഴു ആശുപത്രികൾ ഉണ്ടാക്കാൻ നിശ്ചയിച്ചിരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷം ഉണ്ട്. എന്നാൽ ഇതുമാത്രംകൊണ്ടു തീരെ മതിയാകുന്നതല്ലാ. ഗവർമ്മെന്റിൽനിന്നും ഡാക്ടർമാരെ നിയമിച്ചും ആശുപത്രികൾ സ്ഥാപിച്ചും രോഗനിവാരണമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുക അധികമായ ധനവ്യയമുള്ള സംഗതിയാകുന്നു. മദ്രാസിലെപ്പോലെ അതാതു സ്ഥലങ്ങളിൽ ചികിത്സകന്മാർക്ക്, ധനസഹായം ചെയ്യുന്ന ഏർപ്പാട് ഇവിടെയും നടപ്പാക്കണം. ഈ പ്രകാരം ചെയ്താൽ ജോലിക്കായി ദീർഘകാലമായി കാത്തുനില്ക്കുന്ന ഡാക്ടർമാരുടെ സംഖ്യ കുറയാൻ ഇടയുണ്ട്. രാജധാനിക്കു പുറമെയുള്ള സ്ഥലങ്ങളിൽ ഡിസ്പെൻസറിചാർജ്ജുതന്നെയും കൊടുത്തു അവരെ നിയമിക്കുന്നതു ഒരുവിധം ധനസഹായമാകുന്നതാണ്.

ഒരു കാര്യത്തിൽ നാം വളരെ പിന്നോക്കമാണ്. വൃദ്ധന്മാർക്കും, ബലഹീനന്മാർക്കും, മുടവന്മാർക്കും അംഗവിഹീനന്മാർക്കും, അഗതികൾക്കും ദരിദ്രർക്കും വേണ്ടി നാം വേണ്ടവിധം ധനവ്യയം ചെയ്യുന്നില്ല. ദേവാലയങ്ങളിലെ ധർമ്മങ്ങളും കുടികളുടെ വക ധർമ്മങ്ങളും കുറഞ്ഞുവരുന്നു; എന്നാൽ ദരിദ്രന്മാർ സംഖ്യയിൽ വർദ്ധിച്ചുവരുന്നു. ഇവരെ സംബന്ധിച്ചു എന്തെങ്കിലും ചുമതല ഗവർമ്മെന്റു കൈക്കൊള്ളുന്നതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു.

നീക്കിയിരിപ്പുമുതലിനെ ഉപയോഗപ്രദങ്ങളായ വലിയതോതിലുള്ള പണികൾക്കായി ഗവർമ്മെന്റു ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നതിലും ഞങ്ങൾക്കു സന്തോഷം ഉണ്ട്.

അതായതു വൈദ്യുതദീപപദ്ധതിയിലും ജലസംഭരണപദ്ധതിയിലും ഉള്ള ചിലവുകളാകുന്നു. ഇവ, തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം ഏററവും ഗൌരവവും അത്യാവശ്യവും ആയ സംഗതികൾ ആകുന്നു. ഇവയിൽനിന്നും ശരിയായ ആദായം ഉണ്ടാകുമെന്നും ആശിക്കാവുന്നതാണ്. എന്നാൽ ദരിദ്രന്മാരും പട്ടിണിക്കാരും ആയ നാട്ടുഭാഷാ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ കാര്യം ഗവർമ്മെന്റു മറക്കയില്ലെന്നു വിശ്വസിക്കുന്നു. ഇവരുടെ സ്ഥിതിയെ അഭിവൃദ്ധിയാക്കുന്നതിനുവേണ്ടി ഗവർമ്മെന്റു നിയമിച്ചിട്ടുള്ളതും ഞാൻകൂടി ഒരു അംഗമായിരിക്കുന്നതും ആയ കമ്മററിയിൽനിന്നും ഇതിലേക്കു ശിപാർശകൾ സമർപ്പിച്ചിട്ടുള്ളതാകുന്നു. കമ്മിററിയുടെ ശിപാർശകളെ ഗവർമ്മെന്റു കഴിയുന്നതും വേഗത്തിൽ പ്രവൃത്തിപഥത്തിൽ വരുത്തുകയും അടുത്ത ചിങ്ങം ആരംഭം മുതല്ക്കെങ്കിലും വർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കയും ചെയ്യേണ്ടതാകുന്നു.

അവസാനമായി എനിക്കു പറയാനുള്ളതു എന്റെ ഈ വിമർശനങ്ങൾ ഉത്തമവിശ്വാസത്തിൽ ഞാൻ ചെയ്തിട്ടുള്ളതാണെന്നും അവയെപ്പററി ഗവർമ്മെന്റു വേണ്ടവിധം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു എന്നും ആകുന്നു. നിർഭാഗ്യവശാൽ സഭയിലെ വേറെ ചില അംഗങ്ങൾ പ്രസ്താവിച്ചതുപോലെ, ഈ സഭയിൽനിന്നും ചെയ്യുന്ന നിവേദനങ്ങളും തീർപ്പുകളും സംസ്ഥാനത്തിലെ നിയമത്താൽ നൽകപ്പെട്ടിരിക്കുന്ന ആദരവിനെ വിഷയീഭവിച്ചുകാണുന്നില്ലാ. ജനങ്ങളുടെ അഭിപ്രായത്തെ ഗവർമ്മെന്റു ആരായുകയും അവയെ പ്രയോഗക്ഷമമാക്കുകയും ചെയ്യുന്നതായാൽ ഗവർമ്മെന്റും ജനങ്ങളും തമ്മിൽ കൂടുതൽ സൌഹാർദ്ദം ഉണ്ടാകുന്നതിനു അതു ഉതകുന്നതായിരിക്കും. സഭ മുമ്പാകെ ഇരിക്കുന്ന ബഡ്ജററിനെ സംബന്ധിച്ചുള്ള നമ്മുടെ വാദപ്രതിവാദങ്ങൾ മൂലം രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമത്തിനു സർവപ്രകാരം ഉതകുന്നതായ ഒരു ധനകാര്യപദ്ധതി സിദ്ധമാകുമെന്നു ഞാൻ പൂർണ്ണമായി ആശിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഫൈനാൻസ് മെമ്പർക്കുള്ള ആയവ്യയഗണന പത്രികയുടെ സമർപ്പണം മുന്നാണ്ടുകളെ അപേക്ഷിച്ച് അതിൻെറ രൂപത്തിൽതന്നെ വ്യത്യസ്തമായിരിക്കുന്നുണ്ട്. അതു സുവ്യക്തവും സുഗ്രാഹ്യവും ആകുന്നു. ആ കാരണത്താൽ അതു മുന്നാണ്ടുകളെ അപേക്ഷിച്ച് അതിൻെറ ഫലത്തിൽ കൂടുതൽ ദോഷയുതവും ആകുന്നു. ബഡ്ജററിനെ സംബന്ധിച്ച് ഗവൺമെൻറിൻെറ ധനകാര്യദർശിയെ അനുമോദിക്കുന്നതിനു ഞാൻ ഏററവും മോഹിതനാകുന്നു എന്നു സമ്മതിക്കാതെ തരമില്ല. പക്ഷെ അതു വെറും കീഴ്‌നടപ്പിനെ അടിസ്ഥാനമാക്കിയല്ലാ എന്നാൽ ധനകാര്യത്തിൽ അസാമാന്യമായും നൈപുണ്യവിശേഷമായും അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ളതും അദ്ദേഹത്തിൻെറ തന്മയത്വത്തെ പ്രകാശിപ്പിക്കുന്നതും ആയ അഗാധമായപരിജ്ഞാനത്തെക്കുറിച്ചാണ്.

ബഡ്ജററിനെ പരിശോധിച്ചു നോക്കുമ്പോൾ എനിക്കു നിരാശയും സങ്കടവും ആണ് ഉണ്ടാകുന്നത്. നാട്ടു എതിർക്കുള്ള ശേഷിക്കുറവുകൊണ്ടോ അല്ലെങ്കിൽ തിരുവിതാംകൂർ ബഡ്ജററുകളെ ആകമാനം ബാധിക്കുന്നതായ അന്തർലീനമായ ഉദ്ദേശം ഹേതുവായിട്ടോ, ഉണ്ടാകുന്നതായിരിക്കാം. ഒടുത്ത ആണ്ടിലും തന്നാണ്ടിലെയും മുന്നാണ്ടത്തെയോ പോലെ അത്ര വ്യക്തമായതല്ലെങ്കിലും ഒരു നീക്കിയിരിപ്പു ഉണ്ടാകുമെന്നുള്ളതു വാസ്തവം തന്നെ. നീക്കിയിരിപ്പു തിരുവിതാംകൂറിൽ ഒരു സ്ഥിരമായ സ്ഥാനം പിടിക്കാൻ പോകുന്നുണ്ട്. കൈപ്പുള്ള ഗുളികയ്ക്കുമേൽ പഞ്ചസാര പൊതിയുന്നതാണ് ഇതിൻെറ ഫലം, ഇതിനെ സംബന്ധിച്ചു ഒരു പ്രസിദ്ധപദ്യം ഇംഗ്ലീഷിലുണ്ട്. ഇവിടെ എടുത്തു പറയുന്നതിനു വിരോധമില്ലെങ്കിൽ ഞാൻ പറയാം. അതിനെ എടുത്തു പറയാതെ എനിക്കു നിവൃത്തിയില്ലാ. അതായതു ചിത്രവിസ്തരിക്കുന്ന ഒരു നികുതി പിരിവു സമ്പ്രദായം നിലംപെട്ടു വീഴുന്ന മഴക്കാറിൽനിന്നും വ്യത്യാസമില്ലെന്നുള്ളതാകുന്നു. ഈ ബഡ്ജററ് സമ്പന്നർക്കു സുഖാനുഭവത്തിനുവേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നുള്ളതിനു സംശയമില്ലാ എന്നാൽ പട്ടിണിക്കാരെ വീണ്ടും പട്ടിണിയിടുകയാണ് ചെയ്യുന്നതു. ജലസംഭരണപദ്ധതി വൈദ്യുതദീപം റെയിൽവേനീട്ടൽ റെയിൽവെ അവസാനിക്കുന്നസ്ഥലത്തു ഒരു മാതൃകാസ്റ്റേഷൻ കെട്ടുക, എന്നീ സംഗതികൾക്കു ബഡ്ജററിൽ വ്യവസ്ഥയുണ്ട്. ഇതുകൾ എല്ലാം തിരുവനന്തപുരം പട്ടണത്തെ മോടിപിടിപ്പിക്കുന്നതാണെന്നുള്ളതിനു സംശയമില്ല. ഈ പദ്ധതികൾ എല്ലാം ഭാരിച്ചതും സാമ്രാജ്യസംബന്ധികൾ എന്നു ഉച്ചത്തിൽ പ്രതിധ്വനിക്കുന്നതും ആണ്. പക്ഷെ ഈ നിർവ്വഹണച്ചെലവെല്ലാം സാധാരണ നികുതിദായകൻെറ കീശയിൽനിന്നും വരേണ്ടിയിരിക്കുന്നു. രാജധാനിയെ സാമ്രാജ്യങ്ങളിൽ മോടിപിടിപ്പിച്ചു അതിനു നാഗരീകത്വപരിഷ്കാരങ്ങൾ വരുത്തേണ്ടതും, സാമ്രാജ്യതലസ്ഥാനമായ ഡില്ലി നഗരത്തോടുള്ള ബന്ധത്തിനുതക്കതായ യോഗ്യതയുണ്ടാക്കി കൊടുക്കേണ്ടതും ആണെന്നു പറയപ്പെട്ടിരിക്കുന്നു. നമ്മുടെ ബഡ്ജററിൽ ചിലവു കഴിച്ചു മിച്ചം ഉണ്ട്. ആ മിച്ചത്തെ രാജധാനിയെ മോടിപിടിപ്പിക്കാൻവേണ്ടി ചിലവാക്കാൻ പാടില്ലാത്തതെന്തു കൊണ്ട് ആണ്എന്നാണ് ചോദ്യം.

വരവിൽ കൂടുതൽ ചെലവുകാണിക്കുന്ന ബഡ്ജററ് ഒരു രാജ്യത്തിൻെറ വർദ്ധനയെ സൂചിപ്പിക്കുന്നതാണെന്നു മഹാന്മാരായ ധനകാര്യവിദഗ്ദ്ധന്മാർ പറഞ്ഞിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ട്. ഇതിൽവല്ല വാസ്തവവും ഉണ്ടെങ്കിൽ നമ്മുടെ നീക്കിഇരിപ്പു രാജ്യത്തിൻെറ പ്രതിലോമഗതിയെ സൂചിപ്പിക്കേണ്ടതാണല്ലൊ. പക്ഷെ നീക്കിയിരിപ്പോ അധികച്ചിലവോ രണ്ടുംതന്നെ വർദ്ധനയെയോ വർദ്ധനക്കേടിനെയോ സൂചിപ്പിക്കുന്നതല്ലായിരിക്കാം. ഇതു ഒരു കച്ചവട രഹസ്യമായിരിക്കാനും മതിയാകും. ആ സ്ഥിതിക്കു ഈ ബഡ്ജററ് സമർപ്പണത്താൽ നമുക്കു ഏതുവിധത്തിലാണ് പ്രബോധനം ഉണ്ടാകുന്നതു എന്നു ഞാൻചോദിച്ചുകൊള്ളട്ടെ. ഈപുറംപൂച്ചിനെ ഒരാണ്ടുകൂടി വച്ചുകൊണ്ടിരിക്കാൻ സാധിക്കുമെന്നല്ലാതെ ബഡ്ജററുകൊണ്ടു വേറൊന്നും സാധിക്കാൻ കഴിയുന്നില്ലാ. ബഡ്ജററിൽ കാണിച്ചിരിക്കുന്ന ചെലവുകൾക്കു നമുക്കു ശക്തിയുണ്ടോ? രാജ്യത്തിനു ആ ഭാരം വഹിക്കാൻ കഴിയുമോ? നിരുപയോഗവും ദോഷയുക്തവും ആയ വിദ്യാഭ്യാസവിഷയത്തിൽ ചെയ്തു വരുന്ന ചെലവു മനസ്സിനെ വല്ലാതെ പരിഭ്രമിപ്പിക്കുന്നു. അതു കള്ളുകൊണ്ടാണ് ഉപജീവിക്കുന്നതു. അതായതു മദ്യനികുതികൊണ്ടാണ് ഈ ചിലവു നിർവഹിക്കുന്നതു. പബ്ലിക്‌സർവീസ്, സേവകന്മാരുടെയും സ്കൂൾ പാഠകന്മാരുടെയും നായാട്ടു രംഗമായി ഭവിച്ചിരിക്കുന്നു. ചിലവു മാർഗ്ഗങ്ങൾ ക്രമേണ ഉയരത്തെ പ്രാപിച്ചു വരുന്നു. എന്നാൽ വരവു മാർഗ്ഗങ്ങൾ അസ്ഥിരങ്ങളായും ഇരിക്കുന്നു. ഞാൻ ഒരു ചോദ്യം ഗൗരവമായി ചോദിച്ചുകൊള്ളട്ടെ. അതായതു നാം മുമ്പോട്ടുപോകുന്നോ പുറകോട്ടു ചരിക്കുന്നോ എന്നാണ്. നമുക്കു വല്ല അഭിവൃദ്ധിയും ഉണ്ടെങ്കിൽ അതു ഒരു ധൂർത്തൻെറ അഭിവൃദ്ധിയല്ലയോ! നമ്മുടെ ധനസ്ഥിതി സുസ്ഥിരമാണെന്നു പറയാമോ? നാം നമ്മുടെ മൂലധനം കൊണ്ടു ജീവിക്കയല്ലയോ? ഈ വിഷമതയെ എങ്ങിനെ പരിഹരിക്കുമെന്നാണ് ഞാൻ ചോദിക്കുന്നതു? എൻെറ ഈ വാദത്തിനു എന്തുവാദം ഉണ്ടാകുമെന്നു എനിക്കു അറിയാം. ഒരു രാജ്യത്തിൻെറ ഉത്തമത്വം ആ രാജ്യത്തിനകത്തു നിന്നും അതിനു കടം കിട്ടുന്നതിനുള്ള ശക്തിയെ അവലംബിച്ചിരിക്കുന്നു, എന്നു ഞാൻ അദ്ധ്യക്ഷനവർകളോടു പറഞ്ഞുകൊള്ളട്ടെ. ഗവൺമെൻറിൽനിന്നും ക്ഷേമകരമായോ മററൊ ഉള്ള വല്ല ഉദ്യമവും തുടങ്ങുന്നപക്ഷം അതിലേക്കു ആവശ്യമുള്ള ദ്രവ്യം രാജ്യാതിർത്തികളിൽനിന്നും കടം വാങ്ങാൻ സാധിക്കുമെന്നു അദ്ധ്യക്ഷൻ അവർകൾ വിചാരിക്കുന്നുണ്ടോ? മററുരാജ്യക്കാർക്കു ഈവിധം വല്ല കടവും ആവശ്യപ്പെട്ടാൽ ഒരു നിമിഷംകൊണ്ടുതന്നെ അവർ ചോദിക്കുന്നതിലധികം സംഖ്യ പിരിഞ്ഞുകിട്ടുന്നുണ്ടെന്നു നാം കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഇവിടെ എന്താണ സംഭവിക്കുന്നതു? തിരുവനന്തപുരം—കൊല്ലം റെയിൽവേക്കു ആവശ്യപ്പെട്ട ൫൰ ലക്ഷം രൂപാ ഡിബഞ്ചർപത്രപ്രകാരം പിരിക്കുന്നതിനു എത്രബുദ്ധിമുട്ടാണുണ്ടായതു? മതിയായ ജാമ്യമായിട്ടാണു പൊതുജനങ്ങളോടു ഈ കടം ആവശ്യപ്പെട്ടതു. എന്നാൽ അതിലേക്കുള്ള ഡിബഞ്ചർ പത്രങ്ങൾ വിററുതീർക്കുന്നതിനു ഒരു വർഷത്തിനുമേൽ വേണ്ടിവന്നു എന്നു മാത്രമല്ലാ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സകല ശക്തികളും അനുനയങ്ങളും പ്രായോഗിക്കേണ്ടതായും വന്നു. ഈ ഡിബഞ്ചർ പത്രങ്ങൾ വില്ക്കുന്നതായാൽ മുഴുവൻ തുക കിട്ടുകയും ഇല്ലാ. അതായതു മുഖവിലയിൽ കുറച്ചു വില്ക്കേണ്ടതായിവരുന്നു. ഇതിൽ വല്ല തെററും ഉണ്ടെങ്കിൽ അതു സമ്മതിക്കാൻ ഞാൻ തയ്യാറാണ്, ഈ പത്രങ്ങൾക്കു അവയുടെ സാക്ഷാലുള്ള വിലയുടെ ൭൰ ഓ. അഥവാ ൮൰ വരെയൊ ശതമാനം വിലമാത്രമേ ഇപ്പോൾ കിട്ടുന്നുള്ളു. ഈ പത്രങ്ങൾക്കു ഒരു മാന്യവുമില്ല. പൂജ്യതയും ഇല്ല. ഇതിൽനിന്നും രാജ്യത്തിലെ ധനസ്ഥിതി മനസ്സിലാക്കാമല്ലോ. രാജ്യത്തിലെ ധനാഗമമാർഗ്ഗങ്ങളിൽ ജനങ്ങൾക്കു ഒരു വിശ്വാസവും ഇല്ലാ. നികുതിചുമ-

ആവുന്ന എല്ലാസംഗതികൾക്കും നികുതിചുമത്തിക്കഴിഞ്ഞിരിക്കുന്നു. ഗവണ്മെൻറ നിലനില്പിന്റെ അതൃത്തിയെ പ്രാപിച്ചുവരുന്നു. ഇതിൽനിന്നു വല്ല ജ്ഞാനപാഠവും പഠിക്കുന്നുണ്ടോ? ഈ അവസ്ഥകൾക്കു ഒരു പരിഹാരം ഉണ്ടാക്കുന്നതിലാണ് നമ്മുടെ രക്ഷയും മുക്തിയും ഇരിക്കുന്നതു്. ധനകാര്യനിർവ്വഹണഉദ്യോഗസ്ഥന്മാർ വക്രീകൃതദൃഷ്ടിയോടു നമ്മെ നോക്കുന്നു. നമ്മെ പ്രതികൂലിക്കുന്നതിനാണു അവരുടെ ഭാവം. തങ്ങൾക്കു എന്തോ പ്രത്യേക അവകാശമുണ്ടെന്നാണ് അവരുടെ വിചാരം. തങ്ങളും പ്രജാവർഗ്ഗത്തിൽപ്പെട്ടവരാണെന്നുള്ള കാര്യവും അവർ വിസ്മരിക്കുന്നു. അവർക്കു ഉപജീവനം നല്കുന്നതു ഗ്രാമപ്രദേശങ്ങളാണ്. എന്നാൽ അവയെപ്പറ്റി ഇവർക്കു ഒരു ചിന്തയുമില്ല. ഇല്ലാത്തജോലിവർദ്ധനയെ ചൂണ്ടിക്കാണിച്ചും അതിനെ പരിഹരിക്കുന്നതിനു സാധാരണ ജീവനക്കാരെയും സ്വസ്ഥ്യജീവനക്കാരെയും വർദ്ധിപ്പിക്കുന്നതിനും അവർ കണക്കുകളും ന്യായവാദങ്ങളും കൊണ്ടുവരുന്നു. നിർവ്യാജമായ പൊതുജനാഭിപ്രായത്തെ അവർ എതിർക്കുന്നു. ചിലപ്പോൾ പൊതുജനങ്ങളെ അപേക്ഷിക്കയുംചെയ്യുന്നു. ഇതിനുള്ള ദൃഷ്ടാന്തമായി കക്കാട്ടു അപ്രോച്ച്റോഡിന്റെ കഥയും ചുങ്കം ചുമത്തലും അഞ്ചൽക്കൂലി കുറയ്ക്കുന്നവിഷയവും ചൂണ്ടിപ്പറയാം. മദ്യപാനനിരോധനവിഷയത്തെ അപഹസിക്കുന്നതും ഇതിനുനല്ല ഉദാഹരണമാണ്. പരിവേദനത്തിനുപുറമേ പരിഹാസവുംകൂടി ഉണ്ടാക്കുന്നതിനായി, മിസ്റ്റർ പാൻറാസ്സ് താൻ തിരുവിതാംകൂറിലെ പുസ്സി ഫൂട്ട് ആണെന്നു വിശ്വസിച്ചുകൊള്ളാൻ നമ്മോടു ഗൗരവമായി ആവശ്യപ്പെടുകയും ചെയ്യുന്നു. കക്കാട്ടിലെ അധ്യക്ഷന്മാരുടെനേർക്കു ചീഫ് സെക്രട്ടറി അതിയായ കാരുണ്യം പ്രദർശിപ്പിക്കുന്നു. അവരുടെ ഗുണകാംക്ഷിയായ മിസ്റ്റർ പാം ഡാനിയൽ സ്തുതിപാടുകയും ചെയ്യുന്നു. വിദേശിയർ സ്വാർത്ഥലാഭത്തിനുവേണ്ടി രാജ്യത്തിൽതുടങ്ങുന്ന വ്യവസായോദ്യമങ്ങൾ തൊഴിലില്ലാതെ വലയുന്നവരെയും പട്ടിണികിടക്കുന്ന നിർധനന്മാരെയും സഹായിക്കാനായിചെയ്യുന്ന ആത്മത്യാഗമാണെന്നും അവരുടെ കൃത്യം ഒരു നല്ല സമരിയാക്കാരന്റെ പ്രവൃത്തിയാണെന്നും നമ്മെ പറഞ്ഞു ധരിപ്പിക്കുന്നു.

ഞാൻ ഇനി മറുഭാഗം പറയാതെകൊള്ളട്ടെ. അതായതു പൊതുജനാഭിപ്രായത്തെപ്പറ്റി പറഞ്ഞുകൊള്ളട്ടെ. അതു ദോഷസംക്രമംകൊണ്ടു ദുഷിച്ചുനാറിത്തുടങ്ങിയിരിക്കുന്നു. പൊതുജനാഭിപ്രായം ഗുരുതരങ്ങളായ കാര്യങ്ങളിൽ ഏകാഗ്രീകരിക്കുന്നതിനുപകരം ഉദ്യോഗലാഭത്തിനും അധികാരലാഭത്തിനും വേണ്ടിയുള്ള സാമുദായികമത്സരത്തിൽ പ്രവേശിക്കയും [illegible]-ലെ റീറെഗുലേഷൻ നടപ്പാക്കുന്നതിനുമുമ്പുണ്ടായ സംഗതികളെപ്പറ്റി പ്രതിഷേധിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

കൃഷിവിഷയത്തിൽ ആശിച്ചിരുന്നപ്രകാരമുള്ള വളർച്ചയുണ്ടായിട്ടില്ല. മൈസൂരിൽ ജലസേചനത്തിനുള്ള കുളം മരാമത്തു ഏർപ്പാടു നടപ്പിൽ ഇരിക്കുന്നുണ്ടെങ്കിലും രാജ്യത്തിനു ആവശ്യമുള്ള നെല്ലിന്റെയും അരിയുടെയും പകുതിഭാഗത്തിനു പുറദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നതു ലജ്ജാവഹമാകുന്നു എന്നു അവിടത്തെ സാമ്പത്തികസമ്മേളനത്തിൽവച്ചുദിവാൻ മിസ്റ്റർ മെഴ്സ് ഇസ്മെയിൽ ഒരുപ്രസംഗമദ്ധ്യത്തിൽ പ്രസ്താവിക്കയുണ്ടായി. ഈ രാജ്യത്തെപ്പറ്റിപ്പറയുന്നതായാൽ ഇവിടെ ഇതുപകുതിഭാഗത്തിനുമാത്രമല്ലാ അതിൽ കൂടുതലിനുതന്നെയും വിദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. എന്നാൽ തെക്കൻ തിരുവിതാംകൂറിലെ കുളം ഏർപ്പാടിനെ ബുദ്ധിഹീനമായകുളം ലേലവും പുഴുവൽ പതിവുംമൂലം നാശമാക്കിയിരിക്കുന്നു. ഇതിൽ ഒക്കെയിലും കഷ്ടതരമായിട്ടുള്ളതു കുളങ്ങളുടെ സംരക്ഷണത്തിനു അനുവദിക്കുന്ന നിസ്സാരമായ തുകകൾതന്നെയും ചിലവുചെയ്യാതെ നീക്കിഇരുപ്പു വരുത്തുന്നതാകുന്നു. കോതയാർ പ്രോജക്റ്റ്ഡിവിഷനിൽനിന്നും ഈയാണ്ടിൽ ഒട്ടധികം പണം ചിലവാക്കാതെ ബാക്കിവരുത്താൻപോകുന്നു എന്നു കേൾക്കുന്നതു വാസ്തവമാണെങ്കിൽ അതു നിശ്ചയമായും ലജ്ജാവഹംതന്നെയാണ്.

നാഞ്ചിനാട്ടിലെ കാനൽകൃഷിക്കു ഉരമിടുന്നതിനായി പാണ്ടിയിൽനിന്നും ആട്ടുംപറ്റങ്ങൾ അപ്പഴപ്പോൾ കൊണ്ടുവന്നിരുന്ന ഏർപ്പാടു സഞ്ചായംഡിപ്പാർട്ടുമെൻറിൽനിന്നും ഏർപ്പെടുത്തിയ അസഹനീയമായ നികുതിമൂലം നിന്നുപോയിരിക്കുന്നു. നാഞ്ചിനാട്ടിനെ സംബന്ധിച്ചു എനിക്കു പറയാനുള്ളതു അവിടത്തെ ഭൂമിയുടെ വിളവുശക്തി ക്ഷയിച്ചുവരുന്നു എന്നും മൈസൂരിൽ കോലാർഡിസ്ട്രിക്റ്റിലും നടത്താൻപോകുന്നതായി മിസ്റ്റർ മെഴ്സാ ഇസ്മെയിലിന്റെ മുൻപറഞ്ഞ പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെപ്പറ്റി ഇവിടെയും ഒരു അന്വേഷണം നടത്തേണ്ടതു അത്യാവശ്യമായിരിക്കുന്നു എന്നും ആണ്. മൈസൂരിൽ അവർ അങ്ങിനെ ചെയ്യുന്നുണ്ട്. എന്നാൽ ഇവിടെയാകട്ടെ നെല്ലുവിളവിനെപ്പറ്റി ആർക്കും ഒരു താല്പര്യവുമില്ല.

നമ്മുടെ സകല ശ്രദ്ധയും പണം വന്നുചേരുന്നതായ റബ്ബർ-തേയില എന്നീ കൃഷികളിൽ പതിഞ്ഞിരിക്കുന്നു. പണം ഉണ്ടാകുന്ന ആലോചനകളിലാണു നമ്മുടെ സകല ഉദ്യമവും പതിഞ്ഞിരിക്കുന്നതു. ഇതിനെപ്പറ്റിപ്പറയുമ്പോൾ എന്റെ മനസ്സിൽ ഉദിതമാകുന്നതു തെക്കൻതിരുവിതാംകൂറിൽ പണ്ടുണ്ടായിരുന്ന കാപ്പിത്തോട്ടങ്ങളുടെയും തോട്ടക്കാർക്കു ഒടുവിൽ വന്നുപറ്റിയ സമസ്തനാശത്തിന്റെയും ഓർമ്മയാകുന്നു. എല്ലാററിനെക്കാൾ അത്ഭുതമായിരിക്കുന്നതു റബ്ബർ കൃഷിക്കു കരം ചുമത്തിയിട്ടില്ലെന്നുള്ളതാകുന്നു. നേരെമറിച്ചു നെൽകൃഷി ചെയ്യുന്ന ഭൂമികൾക്കു ഭാരമേറിയ കരങ്ങൾ ചുമത്തിയിരിക്കുകയും അതിൽ വച്ചു ജനങ്ങൾ വളരെ കഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ അതിഭാരം നീക്കിക്കിട്ടുമെന്നു യാതൊരു ആൾക്കും വകയില്ലാതെയും ഇരിക്കുന്നു.

നമ്മുടെ വ്യയ നിർവ്വഹണത്തിനുള്ള പ്രധാനമാർഗ്ഗം എക്സൈസ് ആകുന്നു. പരിഷ്കാരസോപാനത്തിന്റെ ഉന്നത പടങ്ങളിൽ പ്രവേശിച്ചിട്ടുള്ള രാജ്യങ്ങൾ മദ്യനിരോധന ഏർപ്പാടുകൾ ചെയ്യുമ്പോൾ നമ്മുടെ അഭിവൃദ്ധി മദ്യം കറുപ്പ് കഞ്ചാവ് പുകയില ഈ വഴികളിലുംകൂടിയാകുന്നു. നിരോധന വിഷയമായി ഒന്നുംതന്നെ ചെയ്തിട്ടില്ല. വല്ലതും ചെയ്തിട്ടുണ്ടെന്നു പറയാനുണ്ടെങ്കിൽ അതു ഷാപ്പുകളുടെ എണ്ണത്തിൽ പൂർണ്ണതൃപ്തിയോടും സ്വയമായും വരുത്തിയിട്ടുള്ള കുറവു ഒന്നുമാത്രം ആകുന്നു. സംസ്ഥാനത്തിന്റെ ഭരണം മുഴുവനും മദ്യത്തെ അവലംബിച്ചിരിക്കുന്നു എന്നു ഒരാൾക്കു ഏതാണ്ടു ധൈര്യമായിപറയാം. നമ്മുടെ സ്കൂളുകളും കാളേജുകളും മദ്യനികുതികൊണ്ടാണ് ഇന്നു എല്ലാം നടത്തിവരുന്നതു. പരിഷ്കൃതഗവണ്മെൻറിലെ പൗരന്മാർ എന്നനിലയിൽ ഈ വിഷമതരമായ വിഷയത്തെ വ്യക്തിപരമായ ദൃഷ്ടിയോടുകൂടി നാം അവലോകിക്കേണ്ടതാകുന്നു.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം സെൻസസ് റിപ്പോർട്ടിൽ തിരുവിതാംകൂർകാരുടെ ശരാശരി അക്ഷരജ്ഞാനത്തെ പ്രദർശിപ്പിക്കാൻ വേണ്ടി മാത്രം ഉദ്ദേശിച്ചിട്ടുള്ളതാകുന്നു. ഈ വഴിയിൽ നാം പ്രസിദ്ധി സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ മററെല്ലാവിധത്തിലും നമുക്കു നേരിട്ടിരിക്കുന്ന വിഷമത, ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്കു ജോലിയുണ്ടാക്കിക്കൊടുക്കുന്നതു എങ്ങനെയെന്നുള്ളതാകുന്നു. ഇവരെക്കൊണ്ടു നാടെല്ലാം നിറഞ്ഞിരിക്കുന്നു. ഈ ചരക്കു തീരെ വിലപ്പോകുന്നില്ല. എന്നാൽ പൂർവന്മാരുടെ തൊഴിലുകളിൽ പ്രവേശിക്കുന്നതിനു ഇവർക്കു ഒരു വിമുഖതയും വന്നു വശായിട്ടുണ്ട്. ഇവർക്കു ഒരു ഒററത്തൊഴിൽ ഉണ്ടായിരുന്നതു സർക്കാർ സർവീസായിരുന്നു. എന്നാൽ അതിന്റെ വാതിലുകൾ മുമ്പേതന്നെ അടച്ചുപൂട്ടിക്കഴിഞ്ഞിരിക്കുന്നു.

രാജ്യത്തിൽ ഏററവും പ്രധാനപ്പെട്ടവരും അത്യധികം ബുദ്ധിയുള്ളവരും ആയ ഒരു സമുദായത്തിന് കച്ചവടം എന്നതു ശാപത്തിനൊപ്പം വെറുപ്പായിരുന്നു. ദാരിദ്ര്യം ആളുകളുടെ അവകാശമായിരിക്കുന്നു. അതിനുള്ള പരിഹാരമാർഗ്ഗം ആരുംതന്നെ ആലോചിക്കുന്നില്ല. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ നിർത്തിവയ്ക്കണമെന്നു നിലവിളിക്കുന്നതിനു അതിവ്യക്തമായ ഈ സ്ഥാപനത്തെ ഏതുവിധം വിനിയോഗിക്കണമെന്നു ആലോചിക്കുന്നതിനും ഉള്ള സമയം അതിക്രമിച്ചിരിക്കുന്നു. അതിനെതിരെ ഉദ്ബോധനം ചെയ്യുന്നതിനും എനിക്കു വിരോധമില്ല.

ഉന്നതവിദ്യാഭ്യാസത്തിനുള്ള സകലശ്രമവും, ഞാൻ മുമ്പു പറഞ്ഞതുപോലെ സർക്കാർ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നതിനാകുന്നു. സർക്കാർജീവനം അധികാരവും അന്തസ്സും ജീവിതസുഖങ്ങളും നൽകുന്നതിനു പുറമെ ഏററവും ലഘുവായ ജോലിചെയ്തു ഏററവും വലുതായ ആദായം ലഭിക്കാൻ പര്യാപ്തമായതും ആകുന്നു. അതിനോടുള്ള പ്രതിപത്തിക്കുള്ള കാരണം ഇതുതന്നെയാകുന്നു. നമ്മുടെ പ്രൊഫസ്സർമാർക്കും ഹെഡ്മാസ്റ്റർമാർക്കും അതിവിശിഷ്ടമായ മസ്തിഷ്കം ഉണ്ടെന്നു അവർ ശഠിക്കും. തന്നിമിത്തം അവർ വളരെ കുറച്ചുനേരം മാത്രമേ ജോലിചെയ്യുന്നുള്ളു. തൽഫലമായി അസിസ്റ്റൻറ് പ്രൊഫസർമാരുടെയും ഡെപ്യൂട്ടിഹെഡ് മാസ്റ്റർമാരുടെയും ആവശ്യം നേരിട്ടിരിക്കുന്നതു അനിവാര്യമായ സംഗതിയാണല്ലോ. അവർക്കു സ്വന്തം ശമ്പളത്തുകയും ജോലിക്കാറും വേണം. എന്നാൽ അത്രസമയത്തു പണിയെടുക്കാൻ അവർ തയ്യാറും ഇല്ല. ഈ ഗവൺമെൻറ്സർവീസ്സാണു മുതലെടുപ്പിന്റെ ഒരു വലിയ ഭാഗം തിന്നൊഴിക്കുന്നതു. ഇതിനെക്കാളും ഗൗരവമായ ഒരു സംഗതി, അതു സാമുദായിക കലഹങ്ങൾക്കു ഇടയാക്കുന്നു എന്നുള്ളതാകുന്നു. ഗവൺമെൻറ് സർവീസ്, അങ്ങനെ ആവശ്യപ്പെടുന്നു. വ്യക്തിക്കു നല്ലതാണ്. എന്നാൽ സമുദായത്തിനു അതു അത്രമാത്രം ഗുണകരമല്ല. ഞാൻ ഒരു പ്രധാന സമുദായത്തെപ്പററി മുമ്പു പറഞ്ഞതു നായന്മാരെ ഉദ്ദേശിച്ചാണ്. നായന്മാർ അവരുടെ വിശേഷബുദ്ധിശക്തികളെ വ്യവസായ വിഷയമായും വാണിജ്യ വിഷയമായും ഉപയോഗിക്കുന്നതായാൽ പാഴ്സികളെയോ മറെറാ പോലെ അവർ ഇൻഡ്യയിലെ പ്രധാന സമുദായങ്ങളിൽ ഒന്നായിത്തീരുമെന്നുള്ളതിനു സംശയം ഇല്ല. (മി. പി. കെ. നാരായണപിള്ള: കേൾക്കുവിൻ! കേൾക്കുവിൻ!) ഈ അവസരത്തിൽ എനിക്കു വേറൊരു സംഗതി പറവാനുള്ളതു നായന്മാരെപ്പോലെതന്നെ പ്രാധാന്യമുള്ള വേറൊരുസമുദായമായ ക്രിസ്ത്യാനികൾ തങ്ങൾക്കു വാണിജ്യത്തിലും വ്യവസായത്തിലും സഹജമായുണ്ടായിരുന്ന വാസനയും വൈദഗ്ദ്ധ്യവും ഉപേക്ഷിച്ചു ഗവൺമെൻറ് സർവീസിൽ പ്രവേശിക്കുന്നതിനുള്ള മത്സരം എന്നു തുടങ്ങിയോ അന്നു അവരുടെ അഭിവൃദ്ധിയുടെ പരമകാഷ്ഠയെ പ്രാപിച്ചു കഴിഞ്ഞു എന്നാണ്. ഇതിന്റെ രസികത്വം വേറൊന്നാകുന്നു. അതായതു ഈ രണ്ടു സമുദായങ്ങളും തമ്മിൽ മല്ലുപിടിച്ചുകൊണ്ടിരിക്കുന്ന അവസരം നോക്കി വേറൊരു സമുദായം ഗുണങ്ങളെല്ലാം അനുഭവിച്ചുകൊണ്ടുപോകുന്നു എന്നുള്ളതാകുന്നു. അതായതു ബ്രാഹ്മണരാകുന്നു. ക്രിസ്ത്യാനിയും നായന്മാരും തമ്മിൽ ഒരു ഒററ ഉദ്യോഗത്തിനു മല്ലുപിടിക്കുമ്പോൾ, ബ്രാഹ്മണൻ ഒരു ബഹളവും കൂടാതെ രണ്ടു ഉദ്യോഗം തട്ടിക്കൊണ്ടുപോകുന്നു. എന്നു മാത്രമല്ല അതു എങ്ങിനെ സംഭവിച്ചു എന്നു ആരും അറിയുന്നും ഇല്ല. ഗവൺമെൻറ് സർവീസിന്റെ പ്രലോഭനങ്ങൾക്കു തമിഴൻ വശഗതനാകുന്നു എങ്കിൽ അതു അവന്റെ ദോഷത്തിനാണെന്നേ ഞാൻ വിചാരിക്കുകയുള്ളു.

രാജ്യത്തിന്റെ വിപുലതരമായ ക്ഷേമത്തെ കരുതി, സങ്കുചിതമായ സാമുദായികമത്സരങ്ങളെ ഉപേക്ഷിക്കയും, നമ്മുടെ കൃതവിദ്യരായ യുവാക്കന്മാർക്കു നേരിട്ടിരിക്കുന്ന കഷ്ടപ്പാടുകളിൽനിന്നും അവരെ മോചിപ്പിക്കുന്നതിനു മാർഗ്ഗങ്ങളും ഉപായങ്ങളും ആരാഞ്ഞറിയുകയും, നമ്മുടെ രാജ്യഭരണത്തിന്റെ അതിവ്യയത്തെ കുറയ്ക്കുകയും തലോഭാനികുതിഭാരം കൊണ്ടു വലയുന്ന കുടിയാനവനെ അതിൽ നിന്നും സ്വസ്ഥനാക്കിത്തീർക്കയും ചെയ്യണമെന്നുള്ള എന്റെ അത്യാശനിമിത്തമാണ് ഞാൻ ഈ സംഗതികൾ സഭാസമക്ഷം സമർപ്പിച്ചിട്ടുള്ളതു.

മേൽ പ്രകാരത്തിൽ ഞാൻ ധനകാര്യദർശിയെ അദ്ദേഹത്തിന്റെ വിശിഷ്ടമായ ആയവ്യയ ഗണനപത്രികാസമർപ്പണത്തിനായും അദ്ദേഹം വാഗ്ദാനം ചെയ്തിരിക്കുന്ന നീക്കി ഇരിപ്പിനായും അനുമോദിച്ചു കൊള്ളുന്നു. എന്നാൽ അദ്ദേഹത്തിന്റെ ബഡ്ജററിൽ പല സംഗതികളും എനിക്കു അഗ്രാഹ്യമായിരിക്കുന്നുണ്ട്. നീക്കിയിരിപ്പുണ്ടാകുമെന്നു കാണുന്നതു അതിനികുതിഭാരം അനുഭവിക്കുന്ന നാഞ്ചനാട്ടുകാർക്കു ആശ്വാസമാണ്, എന്നാൽ നീക്കിയിരിപ്പു വരുത്തത്തക്ക വിധത്തിൽ നാഞ്ചനാട്ടുകാരന്റെ മേൽ നികുതിഭാരം ചുമത്തുന്നതു എന്തിനാണെന്നുള്ള അവരുടെ ചോദ്യത്തിനു അതു ഒരു മറുപടിയായി ഭവിക്കയില്ലാ.

മി: എസ്സ്. പിറവില്ലപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, ദക്ഷിണം): ധനകാര്യദർശിയുടെ ബഡ്ജററ് പ്രസംഗത്തിന്റെ ഒടുവിൽ ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ചു സഭാസമക്ഷം ഇരിക്കുന്ന ബഡ്ജററിന്മേൽ വേണ്ടവിധം ഞാൻ ശ്രദ്ധ പതിപ്പിച്ചു. ൧൧൦൭-ലെ നീക്കി ഇരിപ്പു തുക കണക്കിൻപ്രകാരം ൨൫ ലക്ഷം രൂപായാകുന്നു. അതു ഇതുവരെയുണ്ടായിട്ടുള്ളതിൽ ഏററവും കൂടുതലായ ഒരു നീക്കിയിരിപ്പാണ്. ഒരു രാജ്യം ഒരു ജായിൻറ്സ്റ്റാക്ക് കമ്പനിയോ ഒരു ഗൃഹകൃത്യമോ അല്ലാ. ആ സ്ഥിതിക്കു അതുതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന നീക്കിയിരിപ്പു, രാജ്യത്തിന്റെ പൊതുക്ഷേമത്തിൽ ക്ഷേമകരമല്ലെന്നുള്ളതു നിസ്സംശയമാണ്. നമ്മുടെ അദ്ധ്യാപകന്മാരുടെ ശമ്പളം ഇപ്പോഴും ഇതരമായിരിക്കുന്നു. പോലീസ്സുകാൻസ്റ്റബിൾമാരും അഞ്ചൽശിപായിമാരും ശരിയായ ശമ്പളമില്ലാത്തതു കൊണ്ടു പട്ടിണികിടക്കുന്നു. നമ്മുടെ പരിഭാഷണ ഡിപ്പാർട്ടുമെൻറുകൾ ഉത്തമം അനുഷ്ഠിക്കുന്നു. ഈ നീക്കിയിരിപ്പു അന്യായവും അവിഹിതവും ആകുന്നു. ഇപ്രകാരം ഒട്ടുവളരെ നീക്കിയിരിപ്പു മുതൽ ഉരുക്കൂട്ടി വയ്ക്കുന്നതു ബുദ്ധിശൂന്യമാണെന്നു കൂടി പറയാൻ ഞാൻ തയ്യാറാണ്. ചുങ്കങ്ങളും അധികനികുതികളും ഇപ്പോഴും പിരിച്ചു വരുന്നില്ലേ? പുറമ്പോക്കു സ്ഥലം വില്പനയും, പുതുവൽ പതിവുകളും ഇ

പ്പോഴും നടക്കുന്നില്ലേ? ആദായനികുതിയുടെ വിഷയത്തിൽ നികുതി ചുമത്തപ്പെടുന്നവരുടെ വാദമുഖങ്ങൾ കേൾക്കാതല്ലേ നികുതി ചുമത്തുന്നതു? ഇതെല്ലാം വിചാരിക്കുമ്പോൾ വർദ്ധിച്ചുവരുന്ന ഒരു നീക്കി ഇരിപ്പു നമുക്കു അധീനമായുണ്ടെന്നു പറയുന്നതിനെക്കാൾ, നീക്കിഇരിപ്പു നമ്മെ അധീനമാക്കിയിരിക്കുന്നു എന്നു പറയുന്നതാണു കുറേക്കൂടി ശരിയായിരിക്കുന്നതു. ൧൯൨൮ ആഗസ്റ്റ് ൧൭-ാം ഞാൻ ചെയ്തിട്ടുള്ള ബഡ്ജററ് പ്രസംഗത്തിൽ താഴെക്കാണുംപ്രകാരം പറഞ്ഞിട്ടുണ്ട്: (കൌൺസിൽ പ്രൊസീഡിംഗ്സ് ൭-ാം വാല്യം ൮൫-ാം വശം നോക്കുക).

"ഈ അവസരത്തിൽ രണ്ടു പ്രധാനസംഗതികളാണ് ഞാൻ നിർദ്ദേശിക്കാൻ ഇച്ഛിക്കുന്നതു, അതിൽ (൧) അതിവ്യയം ഉണ്ടാക്കുന്നതായ ഉൽപ്പാദകവേലകൾക്കു കടം വാങ്ങി ചെലവു ചെയ്യണമെന്നും (൨) പ്രാദേശികമായുള്ള ഉദ്യമങ്ങൾക്കു വേണ്ടിവരുന്ന ചെലവിൽ ഒരു ന്യായമായ അംശം പ്രാദേശിക സംഘങ്ങൾ നിർവഹിക്കണമെന്നു ഗവൺമെൻറ ആവശ്യപ്പെടണമെന്നും ആകുന്നു."

ഞാൻ നിർദ്ദേശിച്ച രണ്ടു സംഗതികളും ഗവൺമെൻറിൻറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടില്ലെന്നു കാണുന്നതിൽ എനിക്കു വലിയ മനസ്താപം ഉണ്ട്. തിരുവനന്തപുരത്തെ ജലവിതരണത്തിനും വൈദ്യുതദീപത്തിനും നമ്മുടെ ഉരുക്കൂട്ടിവച്ചിരിക്കുന്ന നീക്കി ഇരിപ്പിൽ നിന്നും ചിലവു ചെയ്യുന്നതിൻറ ന്യായം എനിക്കു മനസ്സിലാകുന്നില്ല. ഈ രണ്ടു പദ്ധതികളും സംസ്ഥാനത്തിലെ രണ്ടു അത്യാവശ്യ സംഗതികളാണെന്നും ഇതുകൾ ഇതിനുമുമ്പേ തന്നെ സാധിക്കേണ്ടതായിരുന്നു എന്നും ഞാൻ സമ്മതിക്കുന്നുണ്ട്. ഇവ രണ്ടും വാണിജ്യസംബന്ധമായ ഉദ്യമങ്ങളാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ വാണിജ്യോദ്യമങ്ങൾ ലാഭോദ്ദേശത്തിൽ പ്രതിഷ്ഠാപിതമാണ്. ഇവരണ്ടും ലാഭത്തെ ഉദ്ദേശിച്ചു തുടങ്ങുന്നവയാണോ എന്നു അറിഞ്ഞാൽ കൊള്ളാമായിരുന്നു. അപ്രകാരമാണെങ്കിൽ ഞാൻ അതിനെ ബലമായി പ്രതിരോധിക്കുന്നു. ഒരു കൃത്യബോധമുള്ള കച്ചവടക്കാരനും ഒരു നിപുണമായ നീതിന്യായവകുപ്പും ഉണ്ടെങ്കിൽ ഈ ഉദ്യമങ്ങളെ ഒരു ഇൻജക്ഷൻ ഉത്തരവുമൂലം തടസ്സം ചെയ്യാവുന്നതാണ്. അപ്രകാരം ഒരാൾ ചെയ്താൽ എനിക്കു അതിൽ ഒട്ടും ആശ്ചര്യം തോന്നുകയില്ല. അതു ഒരു വാണിജ്യവിഷയമാണെന്നു പറയുന്നതെങ്കിലും ഭാഗ്യവശാൽ അപ്രകാരമുള്ളതല്ല. ഈ വക വേലകൾ ആദായകരങ്ങൾ അല്ലെന്നു മാത്രമല്ല അതിവ്യയം ഉണ്ടാക്കുന്നതും ആകുന്നു. ആ സ്ഥിതിക്കു അവശ്യമായി പണം കടം വാങ്ങിക്കയും കടം വാങ്ങിയ മുതൽ കൊണ്ടു തന്നെ പണി നടത്തുകയും ചെയ്യുകയല്ലാതെ സംസ്ഥാനത്തിലെ പൊതുവക നീക്കിയിരിപ്പിൽ നിന്നും അവശ്യമായി ചെലവു ചെയ്യാൻ പാടുള്ളതല്ല. ഞാൻ രണ്ടാമതു പറഞ്ഞ സംഗതിയെപ്പററി, അതായതു പ്രാദേശിക കാര്യങ്ങൾക്കുള്ള ചിലവുകളിൽ പ്രാദേശിക സംഘങ്ങൾകൂടി ഭാഗഭാക്കുകളാകണമെന്നുള്ള സംഗതിയെപ്പററി, എനിക്കു പറയാനുള്ളതു, വില്ലേജ് പഞ്ചായത്തു റെഗുലേഷൻ ൧൧൦൧-ാമാണ്ടു പാസ്സാക്കി എങ്കിലും അതു ഇപ്പോഴും നടപ്പിൽ വരുത്തിയിട്ടില്ലെന്നും പ്രാദേശികസംഘങ്ങളുടെ അധികാരങ്ങളെ വർദ്ധിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നും ഉള്ളതാകുന്നു. ഈ അവസരത്തിൽ റയിൽവേയെ സംബന്ധിച്ചു എനിക്കു ഒന്നു രണ്ടു വാക്കുകൾ പറയാനുണ്ട്. തിരുവനന്തപുരം ടൌണിലേക്കു റെയിൽവേ നീട്ടുന്നതു വളരെ നല്ലതും അതു ഇതിനു മുമ്പു തന്നെ ചെയ്യേണ്ടിയിരുന്നതും ആകുന്നു. എന്നാൽ റയിൽവേ കൊണ്ടുള്ള ആദായത്തെ സംബന്ധിച്ചിടത്തോളം എനിക്കു വളരെ നിരാശയാണുള്ളതു. എന്തെന്നാൽ മററു സംഗതികൾക്കു പുറമെ വിരുദുപട്ടി, തെങ്കാശി ലയിൻ തുറക്കുന്നതായാൽ അതു ഭാവിയിൽ ഒരു ധനസംഹരണയന്ത്രമായി പരിണമിക്കാമെന്നുള്ളതും, ദിവാൻജി അവർകളുടെ ൧൧൦൧-ലെ ബഡ്ജററ് പ്രസംഗത്തിൽ പ്രതീക്ഷിച്ചിട്ടുള്ള പ്രകാരം അതിൽവച്ചുണ്ടാകാവുന്ന നഷ്ടം എത്രമാത്രം ആണെന്നു നിർണ്ണയിക്കാൻ പാടില്ലാതെ വരുമെന്നുള്ളതും ആകുന്നു.

തമിഴ് താലൂക്കുകളിൽ കരമൊടുക്കു പരശ്ശീട്ടികൾ തമിഴിൽ തന്നെ കൊടുക്കണമെന്നുള്ള സംഗതിയെപ്പററി എനിക്കു സ്വല്പം പറയാനുണ്ട്. തമിഴ് താലൂക്കുകളിൽനിന്നും പത്തുലക്ഷം ദ്രവ്യംവരെ ഭൂനികുതിവകയിൽ പിരിയുകയും അതിലേക്കു തമിഴിൽ തന്നെ പരശ്ശീട്ടി കിട്ടണമെന്നു അവർ ആവശ്യപ്പെടുകയും ചെയ്യുമ്പോൾ അവരുടെ അപേക്ഷയെ നിരസിക്കുന്നതു ബുദ്ധിപൂർവ്വമായ പ്രവൃത്തിയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുനൽവേലി ഡിസ്ട്രിക്ടിൽ തമിഴിലും, മലബാർ ഡിസ്ട്രിക്ടിൽ മലയാളത്തിലും, ഗഞ്ചാം ഡിസ്ട്രിക്ടിൽ തെലുങ്കിലുമാണു കരമൊടുക്കു പരശ്ശീട്ടികൾ കൊടുക്കുന്നതു എന്നു ഞാൻ അറിയുന്നു. ഇതു ഒരു നിസ്സാരമായ സംഗതിയാകുന്നു. ഒരു ചെറു തമിഴ് താലൂക്കുകാരുടെ അപേക്ഷ കേവലം വനരോദനമായി പരിണമിക്കുന്നു എങ്കിൽ അതു കഷ്ടാൽകഷ്ടതരമായി ഭവിക്കുന്നതാണ്. അതു കേവലം ഭാഷയെ സംബന്ധിച്ച കാര്യമല്ല. അതു ഒരു ന്യായവും യുക്തിയുക്തവും ആയ ഒരു വാദമാകുന്നു. ഞാൻ വീണ്ടും ഉപവിഷ്ടനാകും മുമ്പേ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. അതായതു ഈയാണ്ടും കഴിഞ്ഞയാണ്ടും കച്ചവടത്തിനു വളരെ മട്ടപ്പുള്ള കാലങ്ങളായിരുന്നു എന്നും തന്നിമിത്തം കച്ചവടക്കാർ അസഹനീയമായ വിഷമതകൾ അനുഭവിക്കേണ്ടിവന്നിട്ടുള്ളതു കൂടാതെ പണത്തിൻറ ദാരിദ്ര്യവും ധാരാളം ഉണ്ടായിട്ടുണ്ട് എന്നും ഉള്ളതാകുന്നു. വ്യവസായ ഡിപ്പാർട്ടുമെൻറിനും പരസ്പരസഹായ ഡിപ്പാർട്ടുമെൻറിനും, ഗവൺമെൻറിൽ നിന്നും മതിയായ സഹായം ചെയ്തിരുന്നു എന്നുവരികിൽ അതു ഈ അവസരത്തിൽ വളരെ ഗുണപ്രദമായിരുന്നനേ. പക്ഷെ അതിനെപ്പററി ഇനി മനസ്താപപ്പെട്ടിട്ടു കാര്യമില്ലല്ലോ.

മി: എസ്സ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം-ചെങ്കോട്ട): തിരുവള്ളുവനായനാരുടെ കുറളിൽനിന്നും രണ്ടുവരികൾ ഇവിടെ എടുത്തുപറയുന്നതു അസ്ഥാനത്തിലാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ നമ്മുടെ വരവുചെലവു ബഡ്ജററ് തയ്യാറാക്കുന്നതിൽ ഈ രണ്ടു വരികളിലും അടങ്ങിയിരിക്കുന്ന അമൂല്യമായ തത്വത്തെ അനുവർത്തിക്കുന്നതായാൽ നമുക്കു ഒരിക്കലും തെററുവരാൻ ഇടയാവുകയില്ല. സഭയിലെ എല്ലാ മെമ്പർമാരും മാന്യനായ പ്രസിഡൻറും തമിഴ് അറിയുന്നവരായിരുന്നെങ്കിൽ, ഞാൻ എടുത്തുപറയുന്ന കുറൾഭാഗം തീർച്ചയായും അവർ വിലമതിക്കുമെന്നുള്ളതാണ്. എന്നാൽ ഞാൻ ആ ഭാഗത്തെ മലയാളത്തിലും ഇംഗ്ലീഷിലും കൂടി പരിഭാഷപ്പെടുത്തിപ്പറയാം. കുറൾ ഇപ്രകാരം പറയുന്നു: —

"செய்தக்கவல்ல செயக்கெடும்
செய்தக்க செய்யாமை யானுங்கெடும்."

ശുദ്ധ തമിഴിൽ പറയുമ്പോൾ അതിന്റെ അർത്ഥം താഴെപ്പറയുന്നതായിരിക്കും:—

“செய்யக்கூடாதத ஒன்றை செய்தால் அநேக தோஷங்கள் உண்டாகும் செய்ய வேண்டியவற்றை செய்யாவிட்டால அதிலும் தோஷம் உண்டாகும்.”

മലയാളത്തിൽ താഴെപ്പറയുംപ്രകാരം പരിഭാഷപ്പെടുത്താം:—

വഹിക്കാൻപാടില്ലാത്ത വിഷയങ്ങളെ വഹിച്ചാൽ അതിൽനിന്നും ലഭിക്കുന്നതു ദോഷമേയുള്ളു. വഹിക്കാനുള്ളതു വഹിച്ചില്ലെങ്കിൽ ദോഷമേലഭിക്കൂ.

ബഡ്ജറ്റ് എഴുതി ഉണ്ടാക്കുമ്പോൾ ഈ തത്വത്തെ നാം അനുവർത്തിക്കുന്നതായാൽ, അതു ഒരു കുഡുംബത്തിൽ കാരണവൻ ഉണ്ടാക്കുന്ന ബഡ്ജറ്റോ അഥവാ ഗവൺമെന്റ ബഡ്ജറ്റോ ആയിക്കൊള്ളട്ടെ, ഏതുവിധമായാലും, നമ്മുടെ മുമ്പിൽ ഇരിക്കുന്ന ബഡ്ജറ്റിനെ പരിചിന്തിക്കുമ്പോൾ, ആയ വ്യയം എന്നീ ഇനങ്ങളിൽ പല ഭാഗങ്ങളും വെട്ടിക്കുറക്കേണ്ടതായും അതിലും കൂടുതൽ ചിലതെല്ലാം ചേർക്കേണ്ടതായും വരും. ഞാൻ നിർദ്ദേശിക്കുന്നപ്രകാരമുള്ള ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതിനുള്ള വിവേചനം സമയക്കുറവുനിമിത്തം സഭയും ഗവൺമെന്റും ഉപയോഗിക്കുന്നതിനായി വിട്ടിരിക്കുന്നു.

എന്റെ പ്രസംഗം തുടരുന്നതിനു മുമ്പായി ഒരു സംഗതി സഭമുമ്പിൽ സമർപ്പിക്കട്ടെ. അതെന്തെന്നാൽ, സഭ പതിനൊന്നു ദിവസങ്ങളിലേ കൂടുന്നുള്ളു. എന്നാൽ സഭാമെംബർമാർ ൨൨ ദിവസം തിരുവനന്തപുരത്തു താമസിക്കേണ്ടിവരുന്നു എന്നുള്ളതാണ്. ഞങ്ങളിൽ ചിലരെ സംബന്ധിച്ചിടത്തോളം എങ്കിലും ഈ ദീർഘമായ താമസംനിമിത്തം ഞങ്ങളുടെ സ്വകാര്യജോലികൾക്ക തടസ്സം നേരിടുന്നു എന്നുമാത്രമല്ല അതിനു തക്കവണ്ണം ഞങ്ങൾക്ക പരിഹാരം ലഭിക്കുന്നും ഇല്ലാ. കൂടാതെയും മെംബർമാരുടെ പടിവകയിൽ ൨൦൦൦ രൂപായിൽ കുറയാതെ അനാവശ്യച്ചെലവുവരുന്നുണ്ട്.

നികുതിഭാരം വർദ്ധിപ്പിക്കാതെയും ചെലവുകൾ ഉദാരമായി ചെയ്യുന്നതിനു വ്യവസ്ഥചെയ്തും, ഒരു തൃപ്തികരമായ നീക്കിയിരിപ്പു ബഡ്ജറ്റ് അടുത്തയാണ്ടത്തെ വകക്ക സമർപ്പിച്ചിരിക്കുന്നതിനെപ്പററി ഞാൻ ധനകാര്യദർശിയെ അഭിനന്ദിച്ചുകൊള്ളുന്നു. സർക്കാർ ഭൂമികൾ വില്പന നടത്തുന്നതുമൂലം ലഭിക്കുന്ന ൭ ലക്ഷം രൂപാക്കൂടി പ്രധാനവരവിനത്തിൽ കൊള്ളിക്കുന്നതിനാൽ അടുത്തയാണ്ടിൽ ൧൪·൩ ലക്ഷം രൂപാ നീക്കിയിരിപ്പു ഉണ്ടാകുന്നുണ്ട്. ഒരു ചെറിയ നീക്കിയിരിപ്പു ആശാസ്യമാണെന്നിരുന്നാലും, നീക്കിയിരിപ്പു പ്രതിവർഷം ഉണ്ടാക്കി ഒരു ഭാരമേറിയ തുക ഉരുക്കൂട്ടിവയ്ക്കുന്നതു ജനങ്ങൾക്ക നാശകരമാകുന്നു. ഇപ്പോഴത്തെ ആകെയുള്ള നീക്കിയിരിപ്പു ൧൩൦ ലക്ഷം രൂപായാണ്. അതിൽ ൧൦൦ ലക്ഷവും കഴിഞ്ഞ പത്തു വർഷങ്ങളിലെ ചിലവു കഴിച്ചുള്ള മിച്ചമാകുന്നു. ൧൧൦൧-ാമാണ്ടത്തെ ബഡ്ജറ്റിൽ ൩·൭ ലക്ഷം രൂപായുടെ നീക്കിയിരിപ്പാണ് പ്രതീക്ഷിച്ചിരുന്നതു. എന്നാൽ വാസ്തവത്തിൽ ൨൩·൦൧ രൂപ നീക്കിയിരിപ്പുവന്നു. അതായതു ൨൦ ലക്ഷം രൂപാക്കൂടി കൂടുതൽ ഉണ്ടായി. തന്നാണ്ടിൽ ൩·൩ ലക്ഷം രൂപാ നീക്കിയിരിപ്പുണ്ടാകുമെന്നേ ആദ്യം പരീക്ഷിച്ചിരുന്നുള്ളു. എന്നാൽ പുതുക്കിയ ബഡ്ജറ്റനുസരിച്ചു ൨൪·൦൭ ലക്ഷം രൂപാ നീക്കിയിരിപ്പു വരുമെന്നു കാണുന്നുണ്ട്. ഇതുകളോടു സർക്കാർ ഭൂമികൾ വിററവകയിലുള്ള തുകകൂടി ചേർക്കുമ്പോൾ ആകെയുള്ള നീക്കിയിരിപ്പു ൨൭ ലക്ഷം രൂപായോളം വരുന്നുണ്ട്. ഒരു ചെറിയ കരുതൽധനം ആവശ്യമാണെന്നു ധനകാര്യദർശി പറഞ്ഞതു ശരിയാണ്. എന്നാൽ ആണ്ടുതോറും നീക്കിയിരിപ്പു വരുത്തി ഒരു വലുതായ തുക ഉരുക്കൂട്ടിവയ്ക്കുന്നതു അഭിനന്ദനീയമല്ലാ. മുന്നാണ്ടുകളിലെ ബഡ്ജറ്റുകളിൽ ആദ്യം പ്രതീക്ഷിച്ചിരുന്നതിനെക്കാൾ എത്രയോ കൂടുതലായ തുക നീക്കിയിരിപ്പു ഉണ്ടായതു നോക്കുമ്പോൾ തന്നാണ്ടവസാനത്തിൽ നീക്കിയിരിപ്പു വരുമെന്നു ഇപ്പോൾ പ്രതീക്ഷിച്ചിരിക്കുന്ന ഒന്നരണ്ടു ലക്ഷം രൂപാ പത്തു ലക്ഷമായി കലാശിക്കാൻ ഇടയുണ്ട്, എന്നു ധൈര്യസമേതം പറയാം. നമ്മുടെ പൊതുവേയുള്ള ധനസ്ഥിതി നോക്കുമ്പോൾ ആവശ്യത്തിലധികമായ നികുതികൾ പിരിക്കുന്നതു അനാവശ്യമാണെന്നാണ് എന്റെ ദൃഢമായ അഭിപ്രായം.

ജനങ്ങളുടെ സാമാന്യസാമ്പത്തികസ്ഥിതിയെയും നികുതിഭാരം വഹിക്കുന്നതിനുള്ള അവരുടെ ശേഷിക്കുറവിനെയും പററി നിരൂപിക്കുമ്പോൾ, അവരിൽനിന്നും പ്രതിവർഷം ൨൨൩ ലക്ഷം രൂപാ പിരിച്ചെടുക്കുന്നതു നീതീകരിക്കത്തക്കതായിരിക്കുന്നില്ലാ. മദ്രാസ് പ്രസിഡൻസിയിലെ നികുതിഭാരക്രമവും തിരുവിതാംകൂറിലെ നികുതിഭാരക്രമവും കൂടി നോക്കിയാൽ തിരുവിതാംകൂർ താരതമ്യേന കൂടുതൽ നികുതിഭാരം വഹിക്കുന്നുണ്ട്. തിരുവിതാംകൂർകാർ ഉപയോഗിക്കുന്ന സാമാനങ്ങൾ മദ്രാസ്സ്പ്രസിഡൻസിവഴി ഇറക്കുമതിചെയ്യുമ്പോൾ അതിനു ഒരു തീരുവ കൊടുക്കേണ്ടിവരുന്നതിനെ തള്ളിനോക്കിയാൽതന്നെയും തിരുവിതാംകൂറിൽ ഒരാൾ ശരാശരി ൭·൩ രൂപാ കരം കൊടുക്കുന്നുണ്ട്. എന്നാൽ മദ്രാസിൽ ഇതു ൩·൯ രൂപായും ബംഗാളിൽ ൨·൩ രൂപാകം ആകുന്നു. ആ സ്ഥിതിക്ക ജനങ്ങളുടെ നികുതി ഭാരം കുറക്കുകയും അവരുടെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിയാക്കുകയും ചെയ്യുന്ന സംഗതിയെപ്പററി ഗവൺമെന്റ ഗാഢമായി ആലോചിക്കേണ്ടതാണെന്നു ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു.

വലിയ തോതുകളിലുള്ള ചിലവുകളെ സംബന്ധിച്ചു ബഡ്ജറ്റിലുള്ള വ്യവസ്ഥകളെപ്പററിയാണ് ഞാൻ ഇനി പ്രതിവാദിക്കാൻപോകുന്നതു. ബഡ്ജറ്റിൽ പറയുന്ന മൂന്നു പ്രധാനവേലകൾ (൧) ചാക്ക മുതൽ തമ്പാനൂർവരെ റെയിൽവേ നീട്ടുകയും അവിടെ ഒരു സെൻട്രൽ സ്റ്റേഷൻ പണികഴിപ്പിക്കയും (൨) തിരുവനന്തപുരത്തെ ജലസംഭരണപദ്ധതി, (൩) തിരുവനന്തപുരത്തെ വിദ്യുഛക്തി സംഭരണപദ്ധതി ഇവയാകുന്നു. റെയിൽവെയെ സംബന്ധിച്ചു ൧൨·൮ ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്. ജലസംഭരണത്തിനു ൩·൭ ലക്ഷവും വിദ്യുഛക്തിസംഭരണത്തിനു ൧·൭ ലക്ഷവും ചിലവുചെയ്യാൻ നിശ്ചയിച്ചിട്ടുണ്ട്. ഈ മൂന്നു പദ്ധതികളെയും കുറിച്ചു അവയുടെ അത്യാവശ്യകത, അവയുടെ പ്രാധാന്യം, അവയുടെ പ്രത്യുൽപ്പാദകശക്തി എന്നീ അവസ്ഥകളിൽ ആലോചിക്കാനുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ ശുചീകരണവും ജനാരോഗ്യവും സംബന്ധിച്ച സ്ഥിതികളെയും അതിനെ രമ്യതരമാക്കിത്തീർക്കണമെന്നുള്ള മുറവിളികളെയും പരിഗണിക്കുമ്പോൾ പട്ടണത്തിൽ ജലസംഭരണവും വിദ്യുച്ഛക്തിസംഭരണവും ഏർപ്പെടുത്തേണ്ടതിന്റെ അത്യാവശ്യകതയെപ്പററി അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നു വിചാരിപ്പാൻ കാരണം ഇല്ലാ. ഈ രണ്ടു പദ്ധതികളും ഉടനടി ആദായകരങ്ങളായി തീരുമെന്നുള്ളതിനും സംശയം ഇല്ലാ. ഈ പദ്ധതികൾ രണ്ടും ഇ

തിനു മുമ്പെതന്നെ നടപ്പിൽ വരുത്തേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ആ സ്ഥിതിക്കു ഈ പദ്ധതികൾ കഴിയുന്നതുംവേഗത്തിൽ പ്രവൎത്തിപഥത്തിൽ കൊണ്ടുവരുന്നതിനായി ധാരാളം പണം അതിനുവേണ്ടി ചെലവുചെയ്യേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ജലസംഭരണപദ്ധതിക്കു ൨൭ ലക്ഷവും വൈദ്യുതദീപത്തിനു ൨൨൩ ലക്ഷവും രൂപയാണു അടങ്കൽ കണ്ടിട്ടുള്ളതു്. വിദ്യുച്ഛക്തിസംഭരണത്തിനു ൨൨൩ ലക്ഷംരൂപ അടങ്കൽ കണ്ടിട്ടുണ്ടെങ്കിലും ൧൧൨൨-ാമാണ്ടത്തെ ബഡ്ജറ്റിൽ അതിനു ൧൦ ലക്ഷം രൂപമാത്രമെ നീക്കിവച്ചിട്ടുള്ളു. ഈ പദ്ധതി ഒരുകൊല്ലംകൊണ്ടു നടപ്പിൽ വരുത്തുന്നതിനെ അതിലേക്കു അടങ്കൽ കണ്ടു മുഴുവൻതുകയും ഉടനടി ചെലവുചെയ്യുന്നതിനു പാടില്ലാത്തതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ പദ്ധതിയിൽ ഇപ്പോൾ നിൎദ്ദേശിച്ചിരിക്കുന്ന ക്രമത്തിനു ഒരു ആയിൽയന്ത്രം സ്ഥാപിക്കുന്ന കാൎയ്യമാണു മുഖ്യമായി അടങ്ങിയിരിക്കുന്നതു്. ഇതിനു ആറുമാസം മതിയാകുമെന്നുള്ളതും അതു സ്ഥാപിതമാകുന്നതുമുതൽ ആദായകരമായി ഭവിക്കുമെന്നുള്ളതും ആകുന്നു. ഈ സംഗതികളാൽ പദ്ധതിക്കു അടങ്കൽ കണ്ടിട്ടുള്ള മുഴുവൻതുകയും അതായതു ൨൨൩ ലക്ഷംരൂപായും ബഡ്ജറ്റിൽ കൊള്ളിക്കേണ്ടതാണെന്നു ഞാൻ പ്രബലമായി വാദിക്കുന്നു. ജലസംഭരണപദ്ധതിക്കു അടങ്കൽ കണ്ടിട്ടുള്ള ചിലവിൽ ആറുലക്ഷം രൂപാമാത്രമെ പ്രസ്തുതബഡ്ജറ്റിൽകൊള്ളിച്ചിട്ടുള്ളു. അതിൽനിന്നും ഊഹിക്കേണ്ടതു മുഴുവൻ പദ്ധതിയും നടപ്പിൽവരുത്തുന്നതിനു നാലുവൎഷമൊ കുറഞ്ഞപക്ഷം രണ്ടുവത്സരമൊ വേണ്ടിവരും എന്നാകുന്നു. തിരുവനന്തപുരത്തു ചെള്ളുമുതലായ രോഗങ്ങൾ അതിശീഘ്രം വൎദ്ധിച്ചുവരുന്നു. ആ സ്ഥിതിക്കു ഈ പദ്ധതി കഴിയുന്നിടത്തോളംവേഗത്തിൽ നടപ്പാക്കേണ്ടതു ഗവൺമെന്റിന്റെ ചുമതലയാകുന്നു. ഈ പദ്ധതി മുഴുവനും ൧൧൨൩-ാമാണ്ടു അവസാനിക്കുന്നതിനു മുമ്പായിതന്നെ നിൎവഹിക്കയും അടങ്കൽതുകയുടെ ൭൦ ശതമാനമെങ്കിലും ഈ ബഡ്ജറ്റിൽ കൊള്ളിക്കയും ചെയ്യേണ്ടതാണെന്നാകുന്നു എന്റെ അഭിപ്രായം. വലുതായ പണച്ചിലവുണ്ടാകുന്നതും പണം ചിലവുചെയ്താൽ ആദായകരമായി ഭവിക്കുമെന്നുള്ളതുമായ വേലകൾ പണം സുലഭമാകുമെങ്കിൽ അതിവേഗം നിൎവഹിക്കേണ്ടതാണെന്നുള്ള എന്റെ അഭിപ്രായത്തിൽ ധനകാൎയ്യദൎശിയും യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വകക്കുള്ള പണം എപ്രകാരം ഉണ്ടാക്കാമെന്നാണ് ആലോചിക്കാനുള്ളതു്. ഇതിലേക്കു മറുപടി പറയുന്നതിനുമുമ്പായി എനിക്കു റയിൽവെ നീട്ടുന്നതിനെപ്പററി സ്വല്പം പ്രതിവാദിക്കാനുണ്ടു്. ആ പദ്ധതിയെ ഞാൻ വിവിധമുഖങ്ങളിലും പരിശോധിച്ചതിൽ അതു ഒരു അത്യാവശ്യ വേല അല്ലെന്നാണ എനിക്കു തോന്നിയിട്ടുള്ളതു്. അതിനു വാസ്തവത്തിൽ ആവശ്യമില്ല. അതു ആദായകരവും അല്ല. അതിലേക്കുള്ള ചിലവു ഭാരമേറിയതും ചിലവു ചെയ്യുന്നതുകൊണ്ടു ആദായം ലഭിക്കാത്തതുമാകുന്നു. ഇപ്പോഴുള്ള റയിൽവെ ലയിൻകൊണ്ടു തിരുവനന്തപുരത്തിനുവേണ്ട സൌകൎയ്യങ്ങൾ എല്ലാം ലഭിക്കുന്നുണ്ടു്. മോട്ടാർവാഹനങ്ങളുടെ വൎദ്ധനമൂലം റയിൽവേസ്റ്റേഷനിൽ ചെന്നു ചേരുന്നതിനുള്ള ദൂരം കുറഞ്ഞിരിക്കുന്നു. റയിൽവേ ലയിനിനെ പട്ടണത്തിന്റെ കേന്ദ്രത്തിലേക്കു നീട്ടുന്നതിൽവച്ചു പട്ടണത്തിലെ ശുചീകരണത്തിനു ഹാനികരമായ പല ദോഷങ്ങളും സംഭവിക്കാൻ ഇടയുണ്ടു്. സെൻട്രൽസ്റ്റേഷൻ സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ളതു തമ്പാനൂരിലാണ്. ഈ സ്ഥലം താണനിരപ്പിലും വെള്ളം കെട്ടിയും കിടക്കുന്ന ഒരു പ്രദേശമാണല്ലോ. ആ സ്ഥിതിക്കു അവിടെ സ്റ്റേഷൻ സ്ഥാപിക്കുന്നതു തിരുവനന്തപുരത്തിന്റെ പൊതുജനാരോഗ്യത്തിനു ഹാനികരമായിഭവിക്കാൻ ഇടയാകുന്നതാണ്. നിൎദ്ദേശിക്കപ്പെട്ടിരിക്കുന്ന റയിൽവേ എക്സ്റ്റൻഷൻ കൊണ്ടു പട്ടണത്തിലെ വാണിജ്യവൎദ്ധനക്കൊ വാണിജ്യോല്പന്നങ്ങളുടെ പ്രേരണക്കൊ കാരണമാകുന്നതല്ല. തിരുവനന്തപുരത്തു ഇപ്പോൾ ഉള്ള വാണിജ്യംമുഴുവനും ജലമാൎഗ്ഗമായുള്ളതാണു. അതിനാൽ റയിൽവേ എക്സ്റ്റൻഷൻ കൊണ്ടു കച്ചവടത്തിനു അഭിവൃദ്ധിയുണ്ടാകയില്ല. ഈ ലയിൻ പണിയുന്നതിനുള്ള ചിലവും അതിഭാരമായതാണ്. അതായതു മൈലൊന്നിനു ആറുലക്ഷംരൂപായാകുന്നു എന്നാൽ കൊല്ലം തിരുവനന്തപുരം ലയിനിന്റെ മൈലൊന്നിനുള്ള ശരാശരി ചിലവു ഒന്നര ലക്ഷംരൂപാ മാത്രമായിരുന്നുള്ളു. അതിനാൽ അശേഷം ആദായകരമല്ലാത്തതായ ഒരു പദ്ധതിയിന്മേൽ ൧൨൦ ലക്ഷംരൂപാ ചിലവുചെയ്യുന്നതു രാജ്യത്തിന്റെ ഗുണത്തിനാണൊ എന്നു ഗവൺമെൻറുതന്നെ ആലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ കാരണങ്ങളാൽ റയിൽവെ എക്സ്റ്റൻഷൻ പദ്ധതിയെ വിട്ടുംവച്ചു അതിലേക്കുദ്ദേശിക്കുന്ന ചിലവിനെക്കൂടി അത്യാവശ്യമായിരിക്കുന്ന ജലസംഭരണവും വൈദ്യുതശക്തി സംഭരണവും പദ്ധതികൾക്കായിട്ടു വിനിയോഗിക്കണമെന്നും ആ വക വേലകൾ താമസംകൂടാതെ നടത്തണമെന്നും ഞാൻ നിൎദ്ദേശിക്കുന്നു.

ഗവൺമെൻറിന്റെ എക്സൈസ്നയം അനിയതവും അവ്യക്തവും ആകുന്നു. ലഹരിയുള്ള പാനീയസാധനങ്ങൾ ഉപയോഗിക്കുന്നവൎക്കു അതു മേൽക്കുമേൽ അപ്രാപ്യമാക്കിത്തീൎക്കുന്നതാണ് ഗവൺമെൻറുനയമെന്നു പറയപ്പെട്ടിരിക്കുന്നു. മദ്യനിരോധനം സാദ്ധ്യമാക്കിത്തീൎക്കണമെന്നുള്ളതായിരിക്കണം ഗവൺമെൻറിന്റെ നയം. കള്ളുകുടികുറക്കുന്നതിനൊ കള്ളുഷാപ്പുകളുടെ സംഖ്യതന്നെ കുറക്കുന്നതിനൊ ഗവൺമെൻറിൽനിന്നും യാതൊരു ശ്രമവും ചെയ്തുവരുന്നില്ല. ചാരായഷാപ്പുകളുടെ ആകെയുള്ള സംഖ്യയിൽ കുറവുചെയ്തതു ഒരെണ്ണമാകുന്നു. കള്ളുകുടി നാൾക്കുനാൾ വൎദ്ധിച്ചുവരുന്നു. ൧൧൨൦-ാമാണ്ടിലെക്കാൾ ൧൧൨൧-ൽ-൨൩൫൭ ഗാലൻ ചാരായവും ൭൨൩൦ ഗാലൻ വിദേശമദ്യങ്ങളും കൂടുതൽ ചിലവു വന്നിട്ടുണ്ട്. സൌകൎയ്യമായ ഏതെങ്കിലും ഒരു പ്രദേശത്തൊ താലൂക്കിലൊ മദ്യനിരോധനം നടപ്പിൽ വരുത്തുന്നതിനു പ്രായോഗികമായ പരീക്ഷണം ഗവൺമെൻറു അചിരേണ നടത്തേണ്ടതാകുന്നു. തെക്കേകിടക്കുന്ന ബ്രിട്ടീഷു താലൂക്കായ തെങ്കാശിയിൽ മദ്യനിരോധനം നടപ്പിൽ വന്നിരിക്കുന്ന അവസ്ഥയിൽ ചെങ്കോട്ട താലൂക്കിൽ മദ്യവില്പന തുടൎന്നുകൊണ്ടിരിക്കുന്നതു് ന്യായമായിരിക്കുന്നില്ല. കള്ളും ചാരായവും ഇനങ്ങളിലുള്ള നികുതി നിൎണ്ണയിക്കുന്നതിൽ ഗവൺമെൻറു മിതത്വം അവലംബിക്കേണ്ടതാണെന്നു ധനകാൎയ്യദൎശി പറഞ്ഞിരിക്കുന്നതിനെപ്പററി ഞങ്ങൾ കൃതജ്ഞരാണ്. എന്നാൽ വാസ്തവത്തിൽ ഈ വകയിലുള്ള നികുതി പിരിക്കുന്നതിലും ഈ മനഃസ്ഥിതി പ്രദൎശിപ്പിച്ചാൽ നന്നായിരിക്കുമായിരുന്നു. പക്ഷെ ഈ വക ഇനങ്ങളിലുള്ള നികുതികൾ പിരിക്കുന്ന വിഷയത്തിൽ എക്സൈസ ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അത്യുത്സാഹം കാണുമ്പോൾ അതു മനസ്സിനെ വല്ലാതെ വേദനപ്പെടുത്തുന്നുണ്ട്.

സംസ്ഥാനത്തിലെ സ്വദേശ ഉപ്പു വ്യവസായം ഇപ്പോഴും ശൈശവാവസ്ഥയിൽ ഇരിക്കുന്നതെയുള്ളു; എന്നിരുന്നാലും ഉപ്പുഇനങ്ങളെ സംബന്ധിച്ചുള്ള ഗവൺമെൻറിന്റെ നയം ഈ വ്യവസായത്തിൽ നാശകരമായിട്ടാണു തീൎന്നിരിക്കുന്നതു്. സംസ്ഥാനത്തിലേക്കു ആവശ്യമുള്ള ഉപ്പു മുഴുവനും ഇവിടെത്തന്നെ വിളയിക്കത്തക്കവിധം

ത്തിൽ ലൈസൻസുകാർക്ക പ്രോത്സാഹനം നൽകുന്നതായിരിക്കണം ഗവൺമെൻറിൻെറ നയം. എന്നാൽ ഉപ്പു വ്യവസായത്തിനെ ശൈശവത്തിൽ തന്നെ അതു ക്ഷയലക്ഷണങ്ങൾ കാണിച്ചുവരുന്നുണ്ട്. ഒരു വ്യവസായം വളർച്ചയിൽ വരുന്നതിനു അതിനു ഒരു വിധം സംരക്ഷണം ആവശ്യമാണ്. ഇതിലേക്ക ഒന്നാമതായി ചെയ്യേണ്ടതു് ഗവൺമെൻറിൻെറ അംശത്തിനുവരുന്ന ഉപ്പുകളെ ഗവൺമെൻറ തന്നെ വില്പന നടത്തുന്ന ഏർപ്പാടിനെ നിറുത്തിക്കളയുക എന്നുള്ളതാകുന്നു. ഒരേ വിധം ദോഷങ്ങളാൽ ബാധിതരാകുന്ന ഉപ്പു ലൈസൻസികളോടു ഒരേ വിധമായ നയത്തിൽതന്നെ പെരുമാറണം. ലൈസൻസികളോടുള്ള പെരുമാററത്തിൽ ഗവൺമെൻറ ഒരു പ്രത്യേകതയും കാണിക്കാൻ പാടില്ല. പണ്ടകശാലകളിൽ ശേഖരിച്ചിട്ടുന്ന ഉപ്പുകൾ വില്ക്കുന്നതിൽ ഒരു കച്ചവടക്കാരൻെറ നില ഗവൺമെൻറ അവലംബിക്കുന്നതു യാതൊരു പരിഷ്കൃത ഗവൺമെൻറിനും അഭിമതമാകാത്ത ഒരു ദൂഷിച്ച കീഴ് പതിവാകുന്നു. ഉപ്പിൻെറ ചുമട്ടുകൂലി, വണ്ടിക്കൂലി, എന്നി ഇനങ്ങളിൽ ൫൫,൦൦൦ രൂപാ ബഡ്ജററിൽ കൊള്ളിച്ചുകാണുന്നതു ക്രമാതീതവും ഒരു വിധവും നീതീകരിക്കത്തക്കതല്ലാത്തതും ആകുന്നു. തന്നാണ്ടേയ്ക്ക അനുവദിച്ച തുക ൩൦,൦൦൦ രൂപായേ ആയിരുന്നുള്ളു.

എക്സിക്യൂട്ടിവ് ഡിപ്പാർട്ടുമെൻറുകളിലേക്ക ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽനിന്നും ആളുകളെ നിയമിക്കുന്ന നയം അഭിനന്ദനീയം അല്ല. ഈ നയം തീരെ ഉപേക്ഷിക്കേണ്ടതാകുന്നു.

കൃഷിവായ്പകൾക്കായിട്ടു ൫൦,൦൦൦ രൂപായും വ്യവസായ വായ്പകൾക്കായി ൨൫,൦൦൦ രൂപായും അനുവദിച്ചു കാണുന്നതു തീരെ കൃപണമാണ് എന്നുമാത്രമല്ല, ഈ തുകകൾ തന്നെയും ശരിയായി ചെലവഴിക്കുന്നുമില്ല. ഈ രണ്ടു ഇനങ്ങളിലും കുറെക്കൂടി ഉദാരമായ വിധത്തിൽ പണങ്ങൾ അനുവദിക്കേണ്ടതാകുന്നു. അതു കൂടാതെ വായ്പകൾ കൊടുക്കുന്നതിനുള്ള ചട്ടങ്ങളും കുറെക്കൂടി ഉദാരമായവിധത്തിൽ അനുവർത്തിക്കേണ്ടതായുണ്ട്. കൃഷിക്കാരുടെ കടപ്പാടും ജോലിയില്ലായ്മയും ഉടനടി പരിഹരിക്കേണ്ടതായ രണ്ടു ഗൌരവതരമായ സംഗതികൾ ആകുന്നു. ദീർഘകാലത്തേയ്ക്കുള്ള വായ്പകൾ കൃഷിക്കാർക്ക ലഭ്യമാക്കുന്നതിനുവേണ്ടി ഭൂപണയ ബാങ്കുകൾ ഏർപ്പെടുത്തുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യണം.

രോഗചികിത്സക്കായി ൯൭ ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു തൃപ്തികരമായിരിക്കുന്നില്ല. രോഗചികിത്സക്കുള്ള സൌകര്യങ്ങൾ നാട്ടുപുറങ്ങളിലേക്ക കൂടി വ്യാപ്തമാക്കേണ്ടതും അതിലേക്ക ഉദാരമായി പണം അനുവദിക്കേണ്ടതും ആകുന്നു. ഗ്രാമസഭകൾ ഗവൺമെൻറിൻെറ സഹായം കൂടാതെ ജോലി നടക്കത്തക്ക വിധത്തിൽ അത്രത്തോളം അഭിവൃദ്ധമായിട്ടില്ല. കുറെകാലങ്ങൾകൂടി നഗരസഭകൾക്ക പര്യാപ്തമായ വിധത്തിൽ ധനസഹായം ചെയ്യുന്നതിനു ഉദാരമായ വ്യവസ്ഥ ഉണ്ടായിരിക്കണം.

മലയാളം പാഠപുസ്തകങ്ങൾ ഗവൺമെൻറിൽനിന്നും അച്ചടിപ്പിച്ചു വില്ക്കുന്നതിനുള്ള നിശ്ചയം ബുദ്ധിപൂർവമായതല്ല. ഗവൺമെൻറ വാണിജ്യവിഷയങ്ങളിൽ ഏർപ്പെടുന്നതു ന്യായമല്ല. പ്രൈവററ ഏജൻസികൾ ഉണ്ടാകുമ്പോൾ ഈ വക വ്യാപാരങ്ങളിൽ നിന്നും ഗവൺമെൻറ പിൻവലിയേണ്ടതാണ്.

പബ്ലിക്ക റോഡുകളിൽക്കൂടി ഗതാഗതം ചെയ്യുന്ന വാഹനങ്ങൾക്ക ചുങ്കം ചുമത്തുന്നനയം പല പരിഷ്കൃതരാജ്യങ്ങളിലും നിഷിദ്ധമാക്കിയിട്ടുള്ളതാകുന്നു. ഈ പിരിവു യാത്രക്കാർക്കും ദേശസഞ്ചാരികൾക്കും ഒരു വാസ്തവമായ അസഹ്യതയാണ്. ഇതു ഉടനടി നിറുത്തൽചെയ്യേണ്ടതാകുന്നു. ഗതാഗതവിഷയങ്ങൾക്കായി ൭൩ ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിൽ ൫ ലക്ഷത്തിലധികം കോട്ടയവും ആലപ്പുഴയും ഡിവിഷനുകളിലേക്കായി കൊടുത്തിരിക്കുന്നു. അനുവാദത്തുക കുറെക്കൂടി ന്യായമായ വിധത്തിൽ വിതരണം ചെയ്യേണ്ടതാണ്. മദ്ധ്യതിരുവിതാംകൂറിലെ റോഡുകളുടെ സ്ഥിതികളെ തെക്കൻ തിരുവിതാംകൂറിലേയും വടക്കൻ തിരുവിതാംകൂറിലേയും റോഡുകളുടെ സ്ഥിതികളുമായി താരതമ്യപ്പെടുത്തുമ്പോൾ അവ വളരെ മോശമായിരിക്കുന്നു. പല പ്രധാന റോഡുകളും മെററൽ ചെയ്കപോലും ചെയ്തിട്ടില്ല. തിരുവനന്തപുരം-കൊല്ലം എന്നി ഡിവിഷനുകളിൽ കൂടുതൽ റോഡുകൾ തുറക്കുന്നതിനും, ഇപ്പോൾ ഉള്ള റോഡുകൾ സംരക്ഷിക്കുന്നതിനും കൂടുതൽ പണം അനുവദിക്കേണ്ടതാണ്. തിരുവനന്തപുരം-ചെങ്കോട്ട റോഡു മുഴുവൻ ഭാഗവും മെററൽ ചെയ്യണം.

നിയമസഭാമെംബർമാർക്ക ചോദ്യങ്ങൾ ചോദിക്കുന്നതിനു കൊടുത്തിട്ടുള്ള അധികാരങ്ങൾ, ഗവൺമെൻറ മെമ്പർമാരുടെ അസ്പഷ്ടവും അവ്യക്തവും ആയ ഉത്തരങ്ങൾ മൂലം വളരെ കുറഞ്ഞുപോകയും ചിലപ്പോൾ ഇല്ലാതാകയും ചെയ്തിട്ടുണ്ട്. ചിലപ്പോൾ ഇവർകൊടുത്തിട്ടുള്ള മറുപടികൾ അതേ ചോദ്യത്തിനുതന്നെ മുൻപു കൊടുത്തിട്ടുള്ള മറുപടികൾക്ക വിരുദ്ധമായും ഇരുന്നിട്ടുണ്ട്. ഡിപ്പാർട്ടുമെൻറ മേലധികാരികൾ ഉദ്യോഗസ്ഥമെംബർമാരായിരിക്കുമ്പോൾ അവരുടെ ഡിപ്പാർട്ടുമെൻറ സംബന്ധിച്ച ചോദ്യങ്ങൾക്ക അവർതന്നെ മറുപടി കൊടുക്കേണ്ടതാണെന്നു ഞാൻ നിർദ്ദേശിക്കുന്നു.

ഭൂനികുതി ൯൩-ാം ഇനത്തിൽ ഉൾപ്പെട്ടതായ കെട്ടിട വില്പനവക പണങ്ങളെ ക്യാപ്പിററൽ ഇനത്തിൽ ഉൾപ്പെടുത്താതെ ഭൂനികുതി ഇനത്തിൽ ഉൾപ്പെടുത്തിക്കാണുന്നു. ഇപ്രകാരം ചെയ്തതിൻെറ കാരണം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

മി: സി. പി. തോമസ് (ഗവൺമെൻറ നിയമിച്ച മെംബർ): ധനകാര്യദർശിക്ക സഭയിൽ ഹാജരാക്കാൻ സാധിച്ചിട്ടുള്ള ക്ഷേമകരമായ ബഡ്ജററിനായിട്ടു ഞാൻ ഗവൺമെൻറിനേയും ധനകാര്യദർശിയേയും അനുമോദിച്ചു കൊള്ളുന്നു. ഒരു ക്ഷേമകരമായ ബഡ്ജററ് രാജ്യത്തിൻെറ പൊതുക്ഷേമത്തെ സൂചിപ്പിക്കണമെന്നില്ലാ. എന്നാൽ രാജ്യജനതയുടെ ക്ഷേമത്തിനു വേണ്ടി ഉപയോഗിക്കാൻ ഗവൺമെൻറിൻെറ കൈവശം ധാരാളംപണം ഇരിപ്പുണ്ടെന്നുള്ളതു സംതൃപ്തിവഹമാണ്. തന്നാണ്ടിൽ ഒരു നല്ല തുക നീക്കിയിരിപ്പു വന്നതു സന്തോഷിക്കത്തക്കതാണെങ്കിലും രാജ്യത്തിലെ പരിഷ്ക്കാരക വകുപ്പുകൾക്കായി അനുവദിച്ചിട്ടുള്ള തുകകളെ സംബന്ധിച്ചിടത്തോളം വലിയ സന്തോഷത്തിനു വകയില്ലാ. ഇത്ര വലിയ ഒരു നീക്കിയിരിപ്പിൽനിന്നും, കൃഷിയും വ്യവസായവും ഡിപ്പാർട്ടുമെൻറുകൾക്ക ഒന്നും തന്നെ ചിലവാക്കാൻ നിശ്ചയിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഈ ഡിപ്പാർട്ടുമെൻറുകൾ ശമ്പളവും തൻചെലവും വകയിൽ ധാരാളം പണം ചിലവാക്കുന്നുണ്ടെന്നു ഞങ്ങൾ മുമ്പേതന്നെ വഴക്ക പറയുന്നുണ്ട്. എന്നാൽ ഞങ്ങൾ ആഗ്രഹിക്കുന്നതു കൃഷിയും വ്യവസായവും സംബന്ധിച്ചു ജനങ്ങളുടെ ഇടയിൽ പ്രായോഗികജ്ഞാനം വ്യാപ്തമാക്കിയും അവരെ പ്രോത്സാഹിപ്പിച്ചും ഉദ്ദേശപൂർണ്ണമായ പരീക്ഷണങ്ങളും മാതൃക

കളും സ്വീകരിക്കുന്നതിനെ അവരെ പ്രേരിപ്പിക്കണം. എന്നുള്ളതാകുന്നു ഈ വക കാര്യങ്ങൾക്കു ഇപ്പോഴും വേണ്ടുവോളം പണം അനുവദിച്ചിട്ടില്ലെന്നാണ് എന്റെ സംശയം. കൂടാതെയും ഈ വകയ്ക്കായി ഡിപ്പാർട്ടുമെന്റ് മേലധികാരികൾ അയക്കുന്ന പദ്ധതികളെ പണം ഇല്ലെന്നുള്ള കാരണം പറഞ്ഞു തിരിച്ചു അയച്ചു വരുന്നതായും തോന്നുന്നുണ്ട്. ഇപ്പോൾ നമുക്കു ധാരാളമായ നീക്കിയിരിപ്പു ഉള്ളതിനെ ഓർത്തെങ്കിലും ഞാൻ ചൂണ്ടിക്കാണിച്ച വിധത്തിൽ കൂടുതൽ പണം ചെലവു ചെയ്യുമെന്നു വിശ്വസിക്കുന്നു.

തിരുവിതാംകൂറിൽ ഒരു ക്ഷയരോഗചികിത്സാസ്ഥലം ഉണ്ടാക്കേണ്ട ആവശ്യകതയെപ്പറ്റി ഗവണ്മെന്റിന്റെ ശ്രദ്ധയെ ഈ സഭയിലും മററു സ്ഥലങ്ങളിലുംവച്ചു ആകർഷിച്ചിട്ടുള്ളതാണല്ലോ. എന്നാൽ ഈ സംഗതി കുറെക്കാലമായി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ട് എന്നു പറകിലും പ്രായോഗികമായ യാതൊരു വ്യവസ്ഥയും അതിനെപ്പററി ചെയ്തിട്ടില്ലെന്നു വ്യസനിക്കാതെ നിവൃത്തിയില്ല. ഈ സംഗതിയിൽ പ്രാരംഭവേലകൾ നടത്തുന്നതിനു വേണ്ട അന്വേഷണങ്ങൾക്കായിത്തന്നെയും, ബഡ്ജററിൽ വ്യവസ്ഥ ചെയ്തു കാണുന്നില്ല. ഈ നാട്ടിലുള്ള അനവധി ആളുകൾ മദനപ്പള്ളിയിൽ ചികിത്സക്കുപോകയും അവിടെ ചെല്ലുമ്പോൾ പ്രവേശനം കിട്ടാതെ വിഷമിക്കയും തന്നിമിത്തം അവർക്കു പല കഷ്ടപ്പാടുകളും മഹാറാണി വീജൻറ തിരുമനസ്സിലെ പ്രജകളിൽ പലർക്കും ജീവഹാനിയും ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യുന്നതിനെ ഓർത്തു രോഗാതുരരായ സാധുക്കളുടെ വകക്കായി ഒരു ചികിത്സാസ്ഥലം ഏർപ്പെടുത്തുന്നതിനു വേഗത്തിൽ വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാകുന്നു.

മി: പി. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകൂറിൽ ക്ഷയരോഗബാധിതരായുള്ളവരുടെ ഒരു ഉദ്ദേശമായ ശതമാനം മെംബർ സദയം പറയുമോ.

മി: സി. പി. താമസ് (നിയമിക്കപ്പെട്ട മെംബർ): ക്ഷയരോഗബാധിതരായ ജനങ്ങളുടെ ശതമാനത്തെപ്പററി പറയുന്നതിനു എനിക്കു നിവൃത്തിയില്ല.

നീക്കിയിരിപ്പു തുകയിൽ നിന്നും എൻജിനിയറിംഗ് ഡിപ്പാർട്ടുമെന്റിലേക്കും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കും കൂടുതൽ പണങ്ങൾ കൊടുക്കുന്നതിനു ബഡ്ജററിൽ വ്യവസ്ഥയുണ്ട്. എൻജിനീയർ ഡിപ്പാർട്ടുമെന്റിലേക്കു ൫ ലക്ഷം രൂപാ കൊടുക്കുന്നതിൽ ഒരു ലക്ഷം രൂപായെ ഗതാഗതങ്ങൾക്കായി വിനിയോഗിക്കുന്നുള്ളു. കെട്ടിടം പണിമുതലായ ജോലികളെ അപേക്ഷിച്ചു ഗവണ്മെന്റിന്റെ ശ്രദ്ധ കൂടുതൽ പതിയേണ്ടതു ഗതാഗതങ്ങളിലാണ്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ധനകാര്യദർശി): ഗതാഗതം വകക്കു ഒരു ലക്ഷം രൂപാ കൂടുതൽ അനുവദിച്ചിട്ടുണ്ട്.

മി: സി. പി. താമസ് (നിയമിക്കപ്പെട്ട മെംബർ): ഞാൻ പറഞ്ഞതു നീക്കിയിരിപ്പു മുതലിൽനിന്നും അഞ്ചുലക്ഷം രൂപാ എൻജിനിയർ ഡിപ്പാർട്ടുമെന്റിലേക്കു കൊടുക്കുന്നതിൽ ഒരു ലക്ഷം മാത്രമേ ഗതാഗതങ്ങൾക്കായി വിനിയോഗിക്കുന്നുള്ളു എന്നും അതു എന്റെ അഭിപ്രായത്തിൽ തീരെ കുറഞ്ഞ തുകയാണെന്നും ആകുന്നു. ജനങ്ങളുടെ ചിലവിന്മേൽ വെട്ടിയിട്ടുള്ള കട്ടവക റോഡുകൾ ഗവണ്മെന്റിൽനിന്നും എടുക്കുന്ന വകക്കായി ബഡ്ജററിൽ ഒരു വ്യവസ്ഥയും ഇല്ലാ. മദ്ധ്യതിരുവിതാംകൂറിൽ കൃഷിവക ജലസേചന വേലകൾക്കായി ഒരു വ്യവസ്ഥയും ചെയ്തു കാണുന്നില്ല. ഗതാഗതത്തിനായി നീക്കി വച്ചിട്ടുള്ള തുക സംസ്ഥാനത്തിലെ വിവിധഭാഗങ്ങളിലേക്കും സമനീതിയിൽ വിതരണം ചെയ്തിട്ടില്ലെന്നു ഒരു പരാതിയുണ്ട്. റോഡുകളെയും മററു പൊതുമരാമത്തു കാര്യങ്ങളെയും സംബന്ധിച്ചു രാജ്യത്തിലെ വിവിധഭാഗങ്ങളിലെയും താരതമ്യനയുള്ള ആവശ്യങ്ങളെക്കുറിച്ചു ഡിപ്പാർട്ടുമെന്റിനെ ഉപദേശിക്കുന്നതിനു ഒരു സഭ ഉണ്ടായിരിക്കണമെന്നു പലപ്പോഴും ഈ സഭയിൽ പ്രതിവദിച്ചിട്ടുള്ളതാണ്. കഴിഞ്ഞയാണ്ടിൽ ഈ സമയത്തു ബഡ്ജററിനെപ്പററി വാദപ്രതിവാദങ്ങൾ നടന്നപ്പോൾ ഈ പ്രകാരമൊരു സഭയുണ്ടായിരിക്കുന്നതു നന്നാണെന്നു ചീഫ് എൻജിനിയർ അനുകൂലിച്ചു പറഞ്ഞു. പക്ഷെ ഇപ്പോൾ വാസ്തവമായി സംഭവിച്ചിരിക്കുന്നതു എന്തെന്നാൽ പണമോ പ്രാബല്യമോ, അല്ലെങ്കിൽ ഉറക്കെ നിലവിളിക്കാനുള്ള ശക്തിയോ ഉള്ളവർക്കു റോഡുകൾ ലഭ്യമായിട്ടുണ്ടെന്നും എന്നാൽ മുറവിളി കൂട്ടാൻ അറിയാൻ പാടില്ലാത്ത സാധുക്കൾക്കു അവർ എത്രതന്നെ ശ്രമിച്ചതിലും റോഡുകൾ ഒന്നും ലഭിച്ചിട്ടില്ലെന്നും ആകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ഇനത്തിൽ തെക്കൻ തിരുവിതാംകൂർകാരെക്കൂടി മെംബർ ഉൾപ്പെടുത്തുന്നുണ്ടോ എന്നു സദയം പറയുമോ?

മി: സി. പി. താമസ് (നിയമിക്കപ്പെട്ട മെംബർ): ഇപ്രകാരം അനവധി ജനങ്ങൾ തെക്കൻ തിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലും ഉണ്ടെന്നാണ് എനിക്കു തോന്നുന്നതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റിൽനിന്നും ന്യായരഹിതമായി വല്ലറോഡും കൊടുത്തിട്ടുള്ളതായ ഒരു ഒററ ഉദാഹരണം മെംബർ ചൂണ്ടിക്കാണിക്കുമോ?

മി: സി. പി. താമസ് (നിയമിക്കപ്പെട്ട മെംബർ): പ്രത്യക്ഷമായ ഉദാഹരണം ഇപ്പോൾ തരുന്നതിനു നിവൃത്തിയില്ല.

ഈ സങ്കടം തീരണമെങ്കിൽ ജനപ്രതിനിധികൾ അടങ്ങിയിട്ടുള്ള ഒരു സഭ, ഈ സംഗതിയിൽ ഉപദേശിക്കുന്നതിനായിട്ടു, ഉണ്ടായിരിക്കേണ്ടതു ആവശ്യമാണ്.

രണ്ടാമതായി, ഈ നീക്കിയിരിപ്പിൽ നിന്നും വിദ്യാഭ്യാസം ഇനത്തിൽ നം. ൭൩ ലക്ഷം രൂപാ ചിലവു ചെയ്യുന്നതിനു വ്യവസ്ഥചെയ്തിരിക്കുന്നു. വിദ്യാഭ്യാസനയത്തെ സംബന്ധിച്ചിടത്തോളം, സംസ്ഥാനത്തിലെ വിദ്യാഭ്യാസരീതിയിൽ ഒരു പരിഷ്കാരം അത്യാവശ്യമാണെന്നുള്ള സംഗതിയിൽ ഗവണ്മെന്റിന്റെ ശ്രദ്ധവേണ്ടവണ്ണം പതിയുന്നില്ലെന്നും ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തിനുവേണ്ടി ചിലവാക്കുന്ന ദ്രവ്യത്തിനൊക്കവണ്ണം അതിൽനിന്നും പ്രയോജനമുണ്ടാകുന്നില്ലെന്നും ഈ സഭയിൽ പലപ്പോഴും പ്രതിപാദിച്ചിട്ടുള്ളതാണെല്ലോ. ഈ സംഗതി ഈ സഭയിൽ മാത്രമല്ലാ മററുസഭകളിലും പ്രസംഗമുറികളിലും വർത്തമാനപത്രങ്ങളിലും ധാരാളം പ്രതിപാദിച്ചിട്ടുള്ളതാകുന്നു. എന്നാൽ സംസ്ഥാനത്തിലെ വിദ്യാഭ്യാസപരിഷ്കാരത്തെ സംബന്ധിച്ചു ആലോചിക്കാമെന്നു ഈ സഭയിലും പ്രജാസഭയിലും നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ ഉണ്ടെങ്കിലും ആ വിഷയമായി യാതൊരു പ്രാരംഭപ്രവൃത്തിയും തുടങ്ങിയിട്ടില്ലെന്നു വ്യസനിക്കാതെതരമില്ല. രാജ്യത്തിലെ വിദ്യാഭ്യാസരീതി രാജ്യത്തിലെ

ആവശ്യത്തിനു അനുരൂപമായി പരിഷ്കരിക്കുന്നതിനു വേണ്ട നടപടികൾ അചിരേണ നടത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

വിദ്യാഭ്യാസബഡ്ജററിനെപ്പററി വേറൊരു സംഗതി പറയാനുള്ളതു പ്രൈവററുസ്ഥാപനങ്ങളോടുള്ള പെരുമാററത്തെപ്പററിയാണ്. ഒട്ടുക്ക ൨൭,൬൫ ലക്ഷം രൂപാ കൂടുതലായി വിദ്യാഭ്യാസ വകക്ക് അനുവദിച്ചിട്ടുള്ളതിൽ ൨൫ ലക്ഷം മാത്രമേ എല്ലാതരത്തിലും ഉള്ള സഹായധനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളു. പ്രൈവററുസ്ഥാപനങ്ങൾ ചെയ്തുവരുന്ന വിദ്യാഭ്യാസജോലിയേയും അതിൻെറ ഗുണാഗുണങ്ങളെയും സക്കാർ സ്ഥാപനങ്ങളിലെ ജോലിയോടും അതിൻെറ ഗുണാഗുണങ്ങളോടും താരതമ്യപ്പെടുത്തുമ്പോൾ, ഈ തുക താരതമ്യേന ചെറുതായ ഒരു തുകമാത്രം പ്രൈവററ്സ്ഥാപനങ്ങൾക്ക അനുവദിക്കുന്നതിൻെറ അനീതി പ്രത്യക്ഷപ്പെടുന്നതാണ്. ബഡ്ജററുവാദങ്ങളുടെ ന്യായരഹിതമായി പരിഷ്ടിപ്പിക്കുന്നു എന്നു കാണിക്കാൻ എനിക്ക ചില കണക്കുകൾ ഉണ്ട്.

ഇംഗ്ലീഷുസ്കൂളുകളെപ്പററി പറയുന്നതായാൽ, ൧൧൦൭-ാമാണ്ടിൽ പ്രൈവററ് സ്കൂളുകൾക്ക അനുവദിച്ച ബിൽഡിംഗ്ഗ്രാൻറ് ൧,൪൦൧ രൂപായും സാധനസാമഗ്രികളുടെ ഗ്രാൻറു ൪൭൫ രൂപായും ഫർണിച്ചർ ഗ്രാൻറു ൭൬൯ രൂപായും ആണ്. എന്നാൽ അതേ ആണ്ടിൽ ഗവണ്മെൻറുസ്കൂളുകൾക്ക പുസ്തകങ്ങൾ വാങ്ങാൻ ചിലവാക്കിയ സംഖ്യ ൪൨൩൪ രൂപായും സാധനസാമഗ്രികൾക്ക ചിലവാക്കിയതു ൭,൩൪൭ രൂപായും ഫർണിച്ചർവകക്ക ചിലവാക്കിയതു ൨,൪൯൫ രൂപായും ആകുന്നു. സ്ഥാപനങ്ങളുടെ എണ്ണം നോക്കുന്നതായാൽ പ്രൈവററ്സ്ഥാപനങ്ങളായി ൩൧ ഹൈസ്കൂളുകളും ൧൧൪ മിഡിൽസ്കൂളുകളും ഉള്ളതുകൂടാതെ അവയിൽ ആകമാനം ൩൯,൭൩൪ കുട്ടികളും ഉണ്ട്. എന്നാൽ ഗവണ്മെൻറുസ്ഥാപനങ്ങളായി ൨൦ ഹൈസ്കൂളുകളും ൧൨ മിഡിൽസ്കൂളുകളും മാത്രമേയുള്ളു. ഇവയിലുള്ള കുട്ടികളുടെ ആകെയുള്ള സംഖ്യ ൧൫,൭൩൪ ആകുന്നു. മേൽ പറഞ്ഞ കണക്കിൽനിന്നും പ്രൈവററ് സ്കൂളുകൾക്ക കൊടുക്കുന്ന ഗ്രാൻറിൻെറ താരതമ്യേനയുള്ള കുറവു പ്രത്യക്ഷപ്പെടുന്നതാണല്ലോ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): സഹായധനം കൊടുക്കുന്നതിനെ സംബന്ധിച്ചു ചട്ടങ്ങൾ ഒന്നും ഇല്ലയോ?

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ടമെംബർ): സഹായധനം ഗവണ്മെൻറുസ്ഥാപനങ്ങൾക്കും പ്രൈവററുസ്ഥാപനങ്ങൾക്കും വിഭജനംചെയ്യുന്നതിനെ നിയമിക്കുന്നതായ ചട്ടം ഒന്നും ഇല്ലാ. ഞാൻ പറയുന്നതു ഇതാണ്. അതായതു പ്രൈവററുസ്ഥാപനങ്ങളുടെ സംഖ്യയേയും അവയിലെ കുട്ടികളുടെ എണ്ണത്തെയും ഗവണ്മെൻറു സ്ഥാപനങ്ങളിലുള്ളവയോടു താരതമ്യപ്പെടുത്തുമ്പോൾ പ്രൈവററുസ്ഥാപനങ്ങൾക്ക കൊടുക്കുന്ന ഗ്രാൻറുകൾ തീരെ അപര്യാപ്തമായിരിക്കുന്നു എന്നാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): യാതൊരുചട്ടവും ഇല്ലയോ? അഥവാ ഉണ്ടെങ്കിൽതന്നെയും, അതിൽനിന്നു വല്ല വിചലനവും ഉണ്ടോ?

മി: സി. പി. തോമസ്സ (നിയമിക്കപ്പെട്ടമെംബർ): വിചലനം ഉണ്ടെന്നു ഞാൻ പറഞ്ഞില്ലാ. ഞാൻ പറയുന്നതു ഇപ്പോഴുള്ളതിനെക്കാൾ ഉത്തമങ്ങളായ ചട്ടങ്ങളുണ്ടാകണമെന്നാണ്. ഗവണ്മെൻറുസ്കൂളുകളിൽ ഓരോ വിദ്യാർത്ഥിക്കും ശരാശരി ചിലവു ൭൫ രൂപായാണ്. എന്നാൽ പ്രൈവററ് സ്കൂളുകളിൽ ഇതു മൂന്നോ നാലോ രൂപായാകുന്നു. ഗവണ്മെൻറുസ്കൂളിലെയും പ്രൈവററുസ്കൂളിലെയും ഓരോ വിദ്യാർത്ഥിയേയും സംബന്ധിച്ചു ചിലവിനെപ്പററി ഒരു റിപ്പോർട്ടിൽ പറയുക പതിവുണ്ടായിരുന്നു. എന്നാൽ ഈ വിവരങ്ങൾകഴിഞ്ഞതാണ്ടത്തെ റിപ്പോർട്ടിൽ സൌകര്യപൂർവ്വം വിട്ടുകളഞ്ഞിരിക്കുന്നു. ഞാൻ പറയുന്നതു എന്തെന്നാൽ ചെയ്യുന്നജോലിയുടെ കൂടുതൽകുറവും ഗുണവും അനുസരിച്ചു ഗവണ്മെൻറ്സ്ഥാപനങ്ങൾക്കായി ചിലവുചെയ്യുന്ന പണങ്ങളും പ്രൈവററ് സ്ഥാപനങ്ങൾക്കവേണ്ടി ചിലവുചെയ്യുന്ന പണങ്ങളും തമ്മിൽ ഒരു അംശക്രമം സംരക്ഷിച്ചുപോരേണ്ടതു ആവശ്യമാണെന്നാണ്. ഗവണ്മെൻറുകൊടുക്കുന്ന ഗ്രാൻറുകൾ വളരെ കുറവാണെങ്കിലും വിദ്യാഭ്യാസസംഗതിയിൽ ഗവണ്മെൻറിനെ സഹായിപ്പാൻ മാനേജരന്മാർ തയ്യാറായിരിക്കുന്നുണ്ട് എന്നുള്ളതു വാസ്തവമാണ്. എന്നാൽ വാസ്തവത്തിൽ നടക്കുന്നതു ഇതാകുന്നു. അതായതു കെട്ടിടം സാധനസാമഗ്രികൾ, അകസാമാനങ്ങൾ എന്നീസംഗതികളിൽ എഡ്യൂക്കേഷൻകോഡിലെ വ്യവസ്ഥകളെ മാനേജർമാർ ശരിയായി അനുവർത്തിക്കുന്നുണ്ടെങ്കിലും പാവപ്പെട്ട അദ്ധ്യാപകന്മാരുടെ ശമ്പളം അവർ കുറച്ചുകൊടുക്കുന്നു എന്നുള്ളതാണ്. ഈ പ്രകാരമാണ് ഗവണ്മെൻറിനോടു അവർ കാണിക്കുന്ന സഹകരണം. വാദ്ധ്യാന്മാർക്ക ശമ്പളം മുഴുവൻ കൊടുക്കുന്നുണ്ടോ എന്ന സംഗതിയെപ്പററി ഗവണ്മെൻറിനു ഒരു ചിന്തയും ഇല്ലാ. അവർക്കു നിർബന്ധമുള്ളതു കെട്ടിടവും സാമഗ്രികളും ശരിയായിരിക്കണമെന്നാണ്. ഈ വിഷയങ്ങളിൽ പ്രൈവററ് സ്കൂൾ മാനേജർമാർ കോഡനുസരിച്ചു നടന്നില്ലെങ്കിൽ അവരുടെ ഗ്രാൻറു നിറുത്തിക്കളയുന്നു. ഇതിൻെറ ഫലമായി വന്നിരിക്കുന്നതു എന്തെന്നാൽ, നല്ല കെട്ടിടങ്ങളും സാമഗ്രികളും ധാരാളം ഉണ്ടെങ്കിലും അവയിൽ ഒന്നിലുംതന്നേ വാസ്തവമായ ജോലിക്ക പ്രോത്സാഹനം ഇല്ലാതിരിക്കുന്നു എന്നുള്ളതാണ്. എന്നാൽ പുറമേക്കൊരംഗിയായിരിക്കയും ചെയ്യുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രൈവററ്സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവിഷയത്തിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനു വല്ല നിയന്ത്രണാധികാരവും വേണ്ടതാണെന്നു മെംബർ വിചാരിക്കുന്നുണ്ടോ?

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ടമെംബർ): മാനേജർമാർക്ക ദോഷമില്ലാത്തവിധത്തിൽ അങ്ങിനെ വല്ല പദ്ധതിയും ഉണ്ടാകുന്നതിൽ എനിക്ക ഒരു വിരോധവും ഇല്ലാ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ധ്യാപകന്മാരുടെ ശമ്പളംകൂടി ഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിലായാൽ ഡിപ്പാർട്ടുമെൻറിനു നിങ്ങൾ കൂടുതൽ വശംവദരാവുകയില്ലയോ?

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ടമെംബർ): അതു ആവശ്യം അപ്രകാരം ഇരുന്നേ തീരൂ എന്നില്ല. അതു പദ്ധതിയുടെ ഗുണദോഷങ്ങൾ അനുസരിച്ചിരിക്കും. ഞാൻ ഒരു ക്ലിപ്തമായപദ്ധതിയുണ്ടാക്കിവച്ചിട്ടില്ല. അദ്ധ്യാപകന്മാരുടെ ശമ്പളവിഷയത്തിൽ ഡിപ്പാർട്ടുമെൻറിൽനിന്നു നിയന്ത്രണാധികാരം വേണമെന്നു ഞാൻ നിർബന്ധമായിപ്പറയുന്നില്ല, ഞാൻ പറയുന്നതു ഇത്രയേയുള്ളു. അതായതു ഗവണ്മെൻറ് ആവശ്യമെന്നു വിചാരിക്കുന്നപക്ഷം, മാനേജർമാരുമായി ആലോചിച്ചു ഒരു പദ്ധതി രൂപീകരിക്കണം എന്നാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെയും സർക്കാർസ്കൂൾ അദ്ധ്യാപകന്മാരുടെയും ശമ്പളങ്ങൾ തമ്മിൽ വ്യത്യാസം പാടില്ലെന്നാണോ മെമ്പരുടെ അഭിപ്രായം?

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെമ്പർ): യാതൊരു വ്യത്യാസവും പാടില്ലെന്നു ഞാൻ പറയുന്നില്ല. അത്ര അധികമായ വ്യത്യാസം പാടില്ലെന്നു പറയുന്നുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെമ്പരുടെ അഭിപ്രായത്തിൽ എന്തുവ്യത്യാസം ആകാമെന്നാണ്?

മി: സി. പി. തോമസ്സ (നിയമിക്കപ്പെട്ട മെമ്പർ). വലിയവ്യത്യാസം പാടില്ലെന്നേ ഞാൻ പറയുന്നുള്ളു. കാലക്രമത്തിൽ ശമ്പളങ്ങൾ തമ്മിൽ അടുത്തുവരികയും ചെയ്യണം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്റെ ശമ്പളം സക്കാർസ്കൂൾ അദ്ധ്യാപകന്റെ ശമ്പളത്തോടു അടുത്തിരിക്കണമെങ്കിൽ, ഈ സ്ഥാപനങ്ങൾ പ്രൈവറ്റ് ഏജൻസിക്കു വിട്ടുകൊടുക്കുന്നതു എന്തിനാണ്? അവയെക്കൂടി ഗവണ്മെന്റിനു ഏറ്റെടുത്തുനടത്തരുതോ?

മി: സി. പി. തോമസ്സ (നിയമിക്കപ്പെട്ട മെമ്പർ): വിദ്യാഭ്യാസത്തിന്റെ ഗുണത്തിനു പ്രൈവറ്റ് സ്കൂൾ കളെയും ഗവണ്മെന്റ ഭരണത്തിലും ഗവണ്മെന്റ് നിയന്ത്രണത്തിലും എടുക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെന്റ വിചാരിക്കുന്നപക്ഷം അപ്രകാരം ചെയ്യുന്നതിൽ യാതൊരു വിരോധവും ഇല്ല. പ്രൈവറ്റ്സ്കൂൾ വാദ്ധ്യാന്മാരുടെ ശമ്പളം ഗവണ്മെന്റ കൂട്ടിവച്ചു സക്കാർസ്കൂൾ വാദ്ധ്യാന്മാരുടെ ശമ്പളത്തോടു ഒപ്പമാക്കണമെന്നു ഞാൻ പറയുന്നില്ല. പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഒരു ന്യായമായ വിധത്തിൽ കൂട്ടിവച്ചാൽതന്നെയും, പ്രൈവറ്റ് സ്കൂളുകളും ഗവണ്മെന്റ സ്കൂളുകളും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ പ്രൈവറ്റ് സ്കൂളുകൾ ഗവണ്മെന്റിനു വളരെ ലാഭകരമാണെന്നാണ് ഞാൻ പറയുന്നതിന്റെ സാരം. ഈ രണ്ടുഇനം സ്കൂളുകളിലെയും അദ്ധ്യാപകന്മാരുടെ ശമ്പളങ്ങൾ തമ്മിൽ സ്വല്പവ്യത്യാസം ഉണ്ടായിരിക്കണമെന്നു ഞാൻ സമ്മതിക്കാൻ തയ്യാറാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വ്യത്യാസം വേണ്ടതു എന്തിനായിട്ടാണ്?

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ടമെമ്പർ): വ്യത്യാസത്തിനു അവശ്യമില്ല. എന്നാൽ വ്യത്യാസത്തെ പരിഹരിക്കുന്നതിനു നമുക്കു പണം ഇല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശമ്പളങ്ങൾ സമീകരിക്കുന്നതിനു വേണ്ടപണം ഇപ്പോൾ ഉണ്ടെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെമ്പർ): ഞാൻ പറയുന്നതു രണ്ടുതരം വാദ്ധ്യാന്മാരുടെയും ജോലി ഒന്നായിരിക്കുന്ന മുറക്കു നമുക്കുള്ളടത്തോളം പണത്തെ കുറെക്കൂടി പക്ഷപാതം കൂടാതെ അംശിച്ചുകൊടുക്കണം എന്നാണു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രണ്ടുതരം പള്ളിക്കൂടങ്ങളിലെയും വാദ്ധ്യാന്മാരുടെ ശമ്പളങ്ങൾതമ്മിൽ വ്യത്യാസം ഉണ്ടായിരിക്കുന്നതു നീതിയാണോ?

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെമ്പർ): നീതിയല്ല, പക്ഷെ അതു ഇപ്പോഴത്തെ അവസ്ഥക്കു സാദ്ധ്യം വേണ്ടിയിരിക്കുന്നു.

സ്കൂളുകളോടു ചേർന്ന ബോർഡിംഗ് ശാലകളും ഹോസ്റ്റലുകളും വേണ്ടതാണെന്നുള്ള അഭിപ്രായത്തിനു പ്രാധാന്യം കൊടുത്തുവരുന്ന ഇപ്പോഴത്തെ അവസ്ഥക്കു ഇവിടെ ആൺകുട്ടികളുടെ ഇംഗ്ലീഷ് സ്കൂളുകൾക്കു ൨-ും പെൺകുട്ടികളുടെ സ്കൂളുകൾക്കു ൯-ും വർണ്ണാക്കുലർ സ്കൂളുകൾക്കു ൫-ും ബോർഡിംഗ് ശാലകൾ ഉണ്ടായിരുന്നിട്ടും അവക്കു ഗ്രാൻറുകൊടുക്കുന്നതിനു യാതൊരു വ്യവസ്ഥയും ഇല്ലാതിരിക്കുന്നു എന്നുള്ളതു പ്രത്യേകം ഗണ്യമാണ്. പ്രൈവററ് ഏജൻസികൾ നടത്തിവരുന്ന ബോർഡിംഗ് ശാലകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട ഒരു പദ്ധതിയുണ്ടാകേണ്ടതു അത്യാവശ്യമാകുന്നു.

ഇനി എനിക്കു ട്രെയിനിംഗ് കാളേജിനെപ്പററി സ്വല്പംപറയാനുണ്ട്. ട്രെയിനിംഗ് കാളേജു അതിപ്രിയം ഉള്ള ഒരു സ്ഥാപനം ആണല്ലൊ. ഈ അതിപ്രിയം ഉണ്ടാകുന്നതു മിക്കവാറും ട്രെയിനിംഗിനു എടുക്കുന്ന വാദ്ധ്യാന്മാർക്കു കൊടുക്കുന്ന സ്റ്റൈപ്പെൻഡു മൂലമാകുന്നു. സ്റ്റൈപ്പെൻഡ് സംബന്ധിച്ചുണ്ടാകുന്ന ചിലവു കുറക്കത്തക്ക വിധം ഒരു പദ്ധതിരൂപീകരിക്കാൻ കഴിയുന്നതാണ്. ഗവണ്മെന്റസ്കൂളുകളിലെയും പ്രൈവററ് സ്കൂളുകളിലെയും എല്ലാ വാദ്ധ്യാന്മാരെയും ട്രെയിൻ ചെയ്യുന്നതുവരെ സ്റ്റൈപ്പെൻഡ് ഇല്ലാത്ത വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിച്ചുകൂടാ എന്നു ഒരു റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതു ഒരു തെററായ ചട്ടമാണ്. എന്തെന്നാൽ ആണ്ടുതോറും പുതിയ വാദ്ധ്യാന്മാരെ നിയമിച്ചുകൊണ്ടിരിക്കും. ഇവർ ട്രെയിനിംഗ് സിദ്ധിച്ചിട്ടില്ലാത്തവരും ആയിരിക്കും. ആസ്ഥിതിക്കു ഇവരെ എല്ലാം പരിശീലിപ്പിച്ചുകഴിഞ്ഞശേഷം സ്റ്റൈപ്പെൻഡ് ഇല്ലാത്ത വിദ്യാർത്ഥികളെ ചേർക്കാൻ സാധിക്കുന്നതല്ലാ. ഇപ്പോൾ വാദ്ധ്യാർ ഉദ്യോഗം കിട്ടുന്നതിനു ബി എക്കാരുടെ ഇടയിൽ ധാരാളം മത്സരമുണ്ട്. ആസ്ഥിതിക്കു വിദ്യാഭ്യാസവകുപ്പിൽ പ്രവേശനം കിട്ടണമെങ്കിൽ അവർ തങ്ങളുടെ തൊഴിലിൽ പരിശീലിതരായിരിക്കണമെന്നു ഗവണ്മെന്റിനു നിർബ്ബന്ധം വയ്ക്കാവുന്നതാണു. പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത ഇപ്പോഴത്തെ വാദ്ധ്യാന്മാർക്കു ബുദ്ധിമുട്ടു ഉണ്ടാകത്തക്കവിധത്തിൽ ഒരു ഭേദഗതി ചെയ്യണമെന്നു ഞാൻ പറയുന്നില്ല. വിദ്യാഭ്യാസവകുപ്പിൽ ബി. എക്കാർക്കു പ്രവേശനം ലഭിക്കുന്നതിനു ട്രെയിനിംഗ് ആവശ്യമാണെന്നു അവർ മനസ്സിലാക്കേണ്ട ഒരു കാലം അചിരേണ അതായതു പത്തുവർഷത്തിനകം ഉണ്ടാകാവുന്നതാണ്.

അദ്ധ്യക്ഷൻ— നിങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു.

മി: പി. ഹബീബ്ബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഫൈനാൻഷ്യൽ സിക്രട്ടറിയുടെ പ്രസംഗം അതിന്റെ സുഗമതയിലും വ്യക്തതയിലും, അനുപമമായ വൈശിഷ്ട്യത്തെ പ്രദർശിപ്പിക്കുന്നുണ്ടു. ചിത്രങ്ങളും പടങ്ങളുംകൊണ്ടു സംഗതികൾ വ്യക്തതരമാക്കിയും തീർത്തിട്ടുണ്ടു. ബഡ്ജററിന്റെ വിവിധമുഖങ്ങളെയും പററി

എന്റെ മുൻഗാമികൾ പ്രസംഗിച്ചുകഴിഞ്ഞിരിക്കുന്ന മുറക്ക അതേസംഗതിയെത്തന്നെ ചർവ്വിതചർവ്വണം ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. രണ്ടുവിഷമമായ ചില സംഗതികളെപ്പററിമാത്രമെ ഞാൻ പറയാൻ ഇച്ഛിക്കുന്നുള്ളു.

കഴിഞ്ഞ കുറേ വർഷങ്ങളിലെ ആയവ്യയങ്ങളുടെ ഒരു സാമാന്യപരിശോധനകൊണ്ടു, ഭരണവിഷയമായി ഗൌരവമായ യാതൊരു നയഭേദവും ഉണ്ടായിട്ടില്ലെന്നു നമുക്കു കാണ്മാൻ കഴിയുന്നതാണ്. വരവു ചിലവു ഇനങ്ങളിൽ അല്പാല്പമായ കൂട്ടൽകുറവുകൾ ഉണ്ടായിട്ടുള്ളതു കഴിച്ചാൽ നമ്മുടെ ശ്രദ്ധ മുഴുവനും നമ്മുടെ ദൈനംദിനവൃത്തിയിൽ ആണു വിനിയോഗിച്ചിട്ടുള്ളതു. അല്ലാതെ അതിനെ അഭിവൃദ്ധിയാക്കുന്നതിനൊ സമഗ്രതരമാക്കുന്നതിനൊ വേണ്ടി നാം ഒന്നും തന്നെ ആലോചിക്കുന്നില്ല. (മി: പി. കെ. നാരായണപിള്ള കുറച്ചുകൂടി ഉറച്ചു സംസാരിക്കാൻ ദയവുണ്ടാകണം) ഇതു അത്ര സുഖമായ ഒരു സംഗതിയല്ല. എന്നാൽ നമ്മുടെ ക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനു നാം കഴിയുന്നത്ര ശ്രമിക്കേണ്ടതു രാജ്യത്തിന്റെ രക്ഷാധികാരികൾ എന്ന നിലയിൽ നമ്മുടെ ധർമ്മമാണല്ലൊ. കഴിഞ്ഞ അനേകവർഷങ്ങളായി നാം ഒരു നീക്കിയിരിപ്പു ബഡ്ജറ്റിനാൽ പാലിതരായിരിക്കുകയാകുന്നുഎന്നു പറയുന്നതു വെറും ഭോഷ്കല്ലാ. നീക്കിയിരിപ്പു ബഡ്ജറ്റിന്റെ ഗുണാഗുണങ്ങളെപ്പററി ഞാൻ ഇവിടെ പ്രതിവാദിക്കാൻ പോകുന്നില്ല. അവയെപ്പററി നമുക്കു പൂർണ്ണബോധമുള്ളതുകൊണ്ടു വിസ്താരമായി പ്രതിവാദങ്ങൾ നടത്തേണ്ട ആവശ്യവും കാണുന്നില്ല. എന്നാൽ നീക്കിയിരിപ്പു ബഡ്ജറ്റുകൊണ്ടു ഒരു പ്രയോജനം ഉണ്ട്. അതായതു നമ്മുടെ കാര്യങ്ങളെ ക്രമീകരിക്കുന്നതിനും നമ്മുടെ ജീവിതത്തെ ക്ഷേമതരമാക്കിത്തീർക്കുന്നതിനും നമുക്കു സാധിക്കുമെന്നുള്ളതാകുന്നു. നമ്മുടെ ആവശ്യങ്ങൾ എല്ലാം നിർവ്വഹിക്കുന്നതിനു നമ്മുടെ വരുമാനത്തെ ഏതുവിധവും പര്യാപ്തമാക്കിത്തീർക്കാമെന്നുള്ള നിലക്കു വഴികളും ഉപായങ്ങളും ആലോചിക്കുന്നതിനു ഇപ്പോൾ നമുക്കു ദാരിദ്ര്യവശാൽ ആവശ്യം നേരിടുന്നില്ല. നമുക്കു തന്നാട്ടിൽ നിന്നോ, തന്നാട്ടിലും മറുനാട്ടിലും നിന്നോ പണം കടംവാങ്ങേണ്ട ആവശ്യവും ഉണ്ടാകുന്നില്ല. രാജ്യത്തിലെ പ്രജകളുടെ ധനാഗമമാർഗ്ഗങ്ങളിൽ പ്രവേശിച്ചു അവയെ കയ്യേലാക്കുന്നതിനും നാം നിർബന്ധിതരാകുന്നില്ല. ഒരു ധനകാര്യവിദഗ്ദ്ധന്റെ നിലയിൽ ഇതെല്ലാം വളരെ തൃപ്തികരമായിരിക്കുന്നുണ്ട്. എന്നാൽ നമ്മുടെ ദേശീയക്ഷേമത്തെ അഭിവൃദ്ധിയാക്കുന്നതിനുള്ള ആലോചനകൾ നടത്തുന്നതിനുള്ള ഏററവും അനുരൂപമായ സമയം ആണെന്നു ഞാൻ ബലമായി പ്രതിവാദിച്ചുകൊള്ളുന്നു. ചിലവുകഴിച്ചു നമ്മുടെ മുതൽകെട്ടിപ്പിൽ മിച്ചം വരുന്നതു പ്രജാക്ഷേമത്തെ സൂചിപ്പിക്കുന്നതാണോ? തന്നാണ്ടിൽ വ ലക്ഷം രൂപാകൂടി നീക്കിയിരിപ്പിൽ കൊള്ളിക്കാൻ സാധിച്ചതുകൊണ്ടു അതു ജനങ്ങളുടെ സാമ്പത്തികവും സന്മാർഗ്ഗികവും ആയ ക്ഷേമത്തെ സൂചിപ്പിക്കുന്നുണ്ടോ? ഇല്ലെന്നു കാണുന്നതിൽ എനിക്കു വളരെ മനസ്താപം ഉണ്ട്. ക്ഷേമത്തിനു പകരം നാം കാണുന്നതു കൂടുതൽ ദാരിദ്ര്യവും കൂടുതൽ കഷ്ടപ്പാടുകളും കൂടുതലായ അസന്തുഷ്ടിയും ആകുന്നു. ഇതിലേക്കുള്ള പ്രധാനതെളിവു എക്സയിസ് ഡിപ്പാർട്ടുമെന്റും ആ ഡിപ്പാർട്ടുമെന്റിലെ വരുമാനവും ആകുന്നു. ദാരിദ്ര്യം കൂടുംതോറും ആണ് മദ്യപാനദോഷവും കൂടി വരുന്നതു. രണ്ടും സഹവാസികളാണെന്നു തന്നെപറയാം. ജനങ്ങളുടെ ഇടയിലുള്ള ഈ ദോഷത്തെ ദൂരീകരിക്കുന്നതിനായി പല ഇടത്തും പല ശ്രമങ്ങളും ചെയ്തുവരുന്നുണ്ടെങ്കിലും അതിനു ഇതുവരെ ഒരു ഭേദഗതിയും ഉണ്ടായില്ല. ഇക്കൊല്ലത്തെ എക്സൈസ് നികുതി കഴിഞ്ഞയാണ്ടിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ നാലുലക്ഷം രൂപാ കൂടുതലാണ്. കള്ളും ചാരായവും ഇനത്തിലുള്ള നികുതി വർദ്ധിപ്പിക്കുന്നതിനുള്ള ആശയാൽ ൧൧൦൯-ാമാണ്ടത്തെ ബഡ്ജറ്റിൽ [illegible] ലക്ഷം രൂപാ കുറച്ചാണ് ധനകാര്യദർശി എക്സൈസ് റവന്യു കണക്കാക്കിയിട്ടുള്ളതു. ഇതു ഒരു ധർമ്മപരമായ ആഗ്രഹം ആണെങ്കിലും ഇതു എത്രമാത്രം സാദ്ധ്യമാകുമെന്നു പരിശോധനയായിത്തന്നെ ഇരിക്കുന്നു. പക്ഷെ ഈ ആഗ്രഹം തന്നെ ആയിരിക്കാം കഴിഞ്ഞയാണ്ടത്തെ എക്സൈസ് റവന്യൂ, ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ, നാലു ലക്ഷം കൂടി കൂടിവരാൻ ഇടയാക്കിയതു. ഈ സംഗതിയാൽ കുടികളുടെ ഉദ്യമങ്ങൾ ഒന്നും ഫലവത്തായി ഭവിക്കാൻ ഇടയില്ലാത്തതുകൊണ്ടു ഗവണ്മെന്റു തന്നെ വല്ലപ്രകാരവും പ്രവൃത്തിയും തുടങ്ങണമെന്നാണ് എന്റെ ആഗ്രഹം. അതു ഒരു ആത്മത്യാഗപരമായ പ്രവൃത്തിയായിരിക്കുമെങ്കിലും അതു തുടങ്ങാൻ യോഗ്യമായ ഒന്നാണ്. കള്ളുകുടിയുടെ ശമനത്തിനു വേണ്ടി ഗവണ്മെന്റിനു സാരമായ വിധത്തിൽ സഹായിക്കാൻ സാധിക്കും. ജനനിബിഡിതമായിരിക്കുന്ന സ്ഥലങ്ങളിലും നഗരങ്ങളിലും കള്ളുഷാപ്പുകൾ ഉണ്ടാകുന്നതിനു ലൈസൻസുകൊടുക്കാതിരിക്കുന്നതു ഗുണകരമായിരിക്കുമെന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്. രാജധാനിയിലുള്ള കള്ളുഷാപ്പുകളുടെ സംഖ്യ എത്രയാണെന്നു ഈ സഭയിലെ എല്ലാമെമ്പർമാർക്കും അറിവുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഈ സഭാഹാളിൽനിന്നും ഒരു ഫർലാംഗിനു അകത്തും പബ്ലിക് കച്ചേരികൾക്കു ഏകദേശം അഭിമുഖവും ആയി ഒരു ഷാപ്പുകുറച്ചുമുമ്പേ തുറന്നുകണ്ടപ്പോൾ എനിക്കു അത്യധികം ആശ്ചര്യവും നടുക്കവും ഉണ്ടായി. രാജധാനിക്കകത്തും അതുപോലെതന്നെ നമ്മുടെ മററു പട്ടണങ്ങളുടെ ജനനിബിഡിതമായസ്ഥലങ്ങളിലും ഉള്ള ഷാപ്പുകൾ നിറുത്തിക്കളയുന്നതു വളരെ ഗുണകരമായിരിക്കുമെന്നാണ് എനിക്കുതോന്നുന്നതു. ഈ ഷാപ്പുകൾ കള്ളുകുടിയന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനു പുറമെ കള്ളുകുടിക്കാത്തവർക്കു ഒരു പ്രലോഭനവുമായിരിക്കുന്നതാണ്. ഈ സംഗതി ഗവണ്മെന്റിന്റെ ഗൌരവമായ ആലോചനക്കു വിഷയീഭവിക്കേണ്ടതാകുന്നു.

ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയെപ്പററി പരിചിന്തിക്കുമ്പോൾ ജനക്ഷേമം വർദ്ധിപ്പിക്കുന്നതിനു നമ്മുടെ പരിപോഷണഡിപ്പാർട്ടുമെന്റുകൾക്കു പലതും ചെയ്വാൻ കഴിയുമെന്നു എനിക്കു തോന്നുന്നു. നമ്മൾ, പ്രധാനമായും, കർഷകജനങ്ങളാകുന്നു. എന്നാൽ നമ്മുടെ കൃഷിക്കാർ പഴയ പേരേടിൽ പതിഞ്ഞമട്ടിലാണ് അവരുടെ കൃഷിക്കാര്യം നോക്കിവരുന്നതു. അവരുടെ പൂർവ്വന്മാരുടെ സമ്പ്രദായത്തെ വെടിഞ്ഞു പരിഷ്കൃത സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനു അവരെ പറഞ്ഞു സമ്മതിപ്പിക്കാമല്ലോ? നമ്മുടെ കൃഷിക്കാർ മാമൂലിനെ അക്ഷരംപ്രതി അനുവർത്തിക്കുന്നവരാണെന്നും അവരുടെ പൂർവിക സമ്പ്രദായങ്ങൾ മാററുന്നതിനു തീരെ വിമുഖന്മാരാണെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ പ്രജാക്ഷേമതല്പരരായ ഒരു ഗവണ്മെന്റിനു അവരുടെ വാസ്തവമായ അനുഭാവം മൂലവും ദൃഷ്ടാന്തപ്രദർശനയുള്ള പാഠങ്ങൾ കൊടുത്തും, ചെറിയ ചെറിയ വായ്പകൾകൊണ്ടു അവരെ സഹായിച്ചും, പരിഷ്കൃതമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും വിളവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നതാണ്. ഇതെല്ലാം സാദ്ധ്യമാക്കുന്നതിനു നിപുണന്മാരും പ്രാപ്തരുമായ ഉദ്യോഗസ്ഥന്മാർ ആവശ്യമുള്ളതും അവർ എല്ലാസ്ഥലത്തും ചുററിനടന്നും, തങ്ങളുടെ അനുഭാവവും സഹായം ചെയ്യണമെന്നുള്ള മനഃസ്ഥിതിയും കൊണ്ടു നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ വച്ചുണ്ടാകുന്ന ഗുണങ്ങളെ ജനങ്ങൾക്കു ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതും ആകുന്നു.

നമ്മുടെ വ്യവസായങ്ങളെപ്പററി പറയുന്നതായാൽ അവയും പ്രായേണ കൃഷിസംബന്ധിച്ചവയാകുന്നു. ഈ വ്യവസായങ്ങൾ തൃപ്തികരമായ നിലയിൽ ഇരിക്കുന്നില്ല. ദൌർഭാഗ്യവശാൽ ജനങ്ങൾക്ക വ്യവസായങ്ങൾ നടത്തുന്നതിന ആവശ്യമായ ധനമോ അതിലേക്കുള്ള ഉത്സാഹശക്തിയോ ഇല്ലാതിരിക്കുന്നുണ്ട്. നമ്മുടെ കൃതവിദ്യരായ യുവജനങ്ങൾക്ക ചെറുതരം വ്യവസായങ്ങൾ തുടങ്ങുന്നതിന ധനസഹായങ്ങൾ ചെയ്തും മററു സൌകര്യങ്ങൾ കൊടുത്തും പ്രോത്സാഹിപ്പിക്കുന്നതു തൊഴിലില്ലായ്മയെ നിവാരണം ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗമായി തീരുമെന്നുള്ളതാണ്. ഇതേപ്രകാരംതന്നെ ഗുണകരമായിത്തീരുമെന്നുള്ള വേറൊരു വ്യവസ്ഥ ഒഴിച്ചിടപ്പെട്ടിട്ടുള്ള ഭാഗങ്ങളിലെ നിലം കരമൊഴിവായി കാടുവെട്ടിഎടുത്തു കൃഷിചെയ്യുന്നതിനായിട്ട കൃഷിക്കാർക്ക കൊടുക്ക എന്നുള്ളതാകുന്നു. പൊതുമരാമത്തുഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചേടത്തോളം പൊതുമരാമത്തുവേലകൾ തൃപ്തികരമായി ചെയ്തുവരുന്നില്ലെന്നു പറയാതിരിപ്പാൻ എനിക്ക നിവൃത്തിയില്ല. വൈദ്യുതപദ്ധതിക്കുള്ള പണികളും റെയിൽവേസംബന്ധിച്ച പണികളും പോലെതന്നെ പ്രധാനമായവയാണ നാട്ടുപുറങ്ങളിൽ റോഡുകളും തോടുകളും വെട്ടുക എന്നുള്ളതും. സംസ്ഥാനത്തിലെ മുതലെടുപ്പിനെ സാരമായവിധത്തിൽ സഹായിക്കുന്ന ചില താലൂക്കുകളിൽ റോഡുകൾ വളരെ കുറവാണെന്നുള്ളതു പരക്കെ അറിയാമെന്നുള്ള സംഗതിയാകുന്നു. തിരുവിതാംകൂറിൽ അധികം പണവും തലസ്ഥാനനഗരത്തിനവേണ്ടിയാണ ചിലവാകുന്നതു എന്നാകുന്നു ജനങ്ങളുടെ ഇടയിലുള്ള ബോധം. ഈ ബോധത്തെ ഇല്ലായ്മചെയ്യേണ്ടതു ഗവണ്മെൻറിൻെറ ചുമതലയാകുന്നു. ഞാൻ പറഞ്ഞ പണികൾക്ക അത്ര അധികം പണം ചെലവില്ല. എന്നാൽ അതു ജനങ്ങൾക്ക വളരെ സന്തുഷ്ടിയെയും സൌകര്യത്തെയും നൽകുകയും ചെയ്യും. നഗരജീവിതത്തിൽ പരിചിതരല്ലാത്ത ഒരാൾക്ക വൈദ്യുതവിളക്കുകൾ ഒരു സുഖസാധനമായി തോന്നുകയേ ഉള്ളു. മണ്ണെണ്ണ റോഡും തോടും അത്യാവശ്യമാണെന്നും അവർക്കറിയാം. റോഡുകളുടെ സംരക്ഷണപ്പണിയെ സംബന്ധിച്ച എനിക്ക പറയാനുള്ളതു അതു വളരെ അതൃപ്തികരമായിരിക്കുന്നു എന്നാകുന്നു. തിരുവനന്തപുരത്തെ മെയിൽറോഡ് മുഴുവനും കുണ്ടുംകുഴിയുംകൊണ്ട നിറഞ്ഞിരിക്കുന്നതിനാൽ മഴക്കാലത്തു അതിൽക്കൂടി നടപ്പാൻ പ്രയാസമാകുന്നുണ്ട്.

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായങ്ങളും സാരമായ ആലോചനയ്ക്ക പാത്രീഭവിക്കേണ്ടതാണ്. ചില പ്രത്യേക സ്ഥലങ്ങൾ തിരഞ്ഞെടുത്തു അവിടെ എങ്കിലും നിർബന്ധിതമായ പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തേണ്ടതാണ്. സാമാന്യവിദ്യാഭ്യാസവിഷയത്തിൽ നാം താരതമ്യേന മുന്നണിയിൽ നിൽക്കുന്നുണ്ടെങ്കിലും ഇനിയും പലതും സാധിക്കേണ്ടതായുണ്ട്. പ്രാഥമികവിദ്യാലയങ്ങൾ വേണ്ടുവോളം ഇല്ലാത്തതായ താലൂക്കുകൾ വളരെയുണ്ട്. ഹൈസ്കൂളുകളുടെ കാര്യമോ പറയാനില്ലല്ലോ. സ്ത്രീവിദ്യാഭ്യാസത്തെ സംബന്ധിച്ച കൂടുതൽ ശ്രദ്ധ പതിയേണ്ടതായിരിക്കുന്നു. ആൺകുട്ടികൾക്ക ദൂരസ്ഥലങ്ങളിൽ നടന്നു പോകാമെന്നുള്ളതാണ്. എന്നാൽ പെൺകുട്ടികൾക്ക സമീപസ്ഥലങ്ങളിൽ സ്കൂളുകൾ വേണ്ടതു ആവശ്യമാകുന്നു.

സാങ്കേതികവും വ്യാവസായികവും ആയ വിദ്യാഭ്യാസം അഭിവൃദ്ധിയാക്കേണ്ടതുണ്ട്. ആശാരിപ്പണിക്കും നെൽനെയ്ത്തിനും മററുവ്യവസായങ്ങൾക്കും ഉള്ള സ്കൂളുകൾ ഇനിയും ധാരാളം ഉണ്ടാക്കേണ്ടതായിരിക്കുന്നു. ഈ സ്കൂളുകൾ മൂലം തൊഴിലില്ലായ്മക്ക ഒരുവിധം ശമനം ഉണ്ടായേക്കാം. സംസ്ഥാനം മുഴുവനിലേക്കും കൂടി ഒന്നോ രണ്ടോ സ്കൂളുകൾ ഉണ്ടായിരിക്കുന്നതുകൊണ്ട കരണറിപ്പോർട്ടിലെ വശങ്ങൾ കൂട്ടാമെന്നല്ലാതെ വേറൊരു വിശേഷഗുണവും ഉണ്ടാകുന്നതല്ല. ആലപ്പുഴയിലെ വാണിജ്യവിദ്യാലയം പോലെ കുറേക്കൂടി വാണിജ്യവിദ്യാലയങ്ങൾ തുറക്കുന്നതിനും ആവശ്യം ഉണ്ട്. ഈ സ്കൂളുകളിൽനിന്നും കിട്ടുന്ന സർട്ടിഫിക്കേററുകൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചേടത്തോളം വളരെ പ്രയോജനകരമായി ഭവിച്ചില്ലെങ്കിലും ഉദ്യോഗാർത്ഥികളായ യുവജനങ്ങൾക്ക വിദേശങ്ങളിൽ ജോലികിട്ടാൻ അവ ഉപയോഗപ്രദമായി ഭവിക്കാവുന്നതാണ്.

വരുന്ന ആണ്ടിൽ കൂടുതലായി ആയുർവേദഡിസ്പെൻസറികൾ തുറക്കുന്നതിന വ്യവസ്ഥചെയ്തിരിക്കുന്നതിൽ എനിക്ക വളരെ സന്തോഷം ഉണ്ട്. നാട്ടുസമ്പ്രദായത്തിലുള്ള ചികിത്സകന്മാർക്ക കുറച്ചുകൂടി പ്രോത്സാഹനം നൽകിയരുന്നുഎങ്കിൽ അതു എനിക്കകുറേക്കൂടി സന്തോഷാവഹമായിരിക്കും. ആശുപത്രികൾ ധനവാന്മാർക്കാകുന്നു. എന്നാൽ പാവപ്പെട്ടവരുടെ ചികിത്സക്ക വൈദ്യശാലകളാണ ഉത്തമമായതു. പലേതരം ചികിത്സാസമ്പ്രദായങ്ങളുടെയും ഗുണാഗുണങ്ങളെപ്പററി ഞാൻ ഇവിടെ പ്രതിപാദിക്കാൻ പോകുന്നില്ല. എന്നാൽ ഇംഗ്ലീഷ് വൈദ്യന്മാരെക്കാളും നാട്ടുവൈദ്യന്മാരാണ അധികം ജനങ്ങളെ ചികിത്സിക്കുന്നതിന ഉപയോഗപ്പെടുന്നതു എന്നുള്ളതു സർവ്വരും സമ്മതിക്കുമല്ലോ. കൂടാതെയും നാട്ടുവൈദ്യന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന വച്ചു രാജ്യത്തിലെ ജനങ്ങളിൽ ചിലക്ക ഉപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നതിനും ഗവണ്മെൻറിന സാധിക്കുന്നതാണ്. നാട്ടുവൈദ്യശാലകളെ സംബന്ധിച്ചുള്ള ചിലവു താരതമ്യേന കുറവാണെങ്കിലും ജനോപകാരത്തിനും ജനങ്ങളുടെ തൃപ്തിക്കും അതു ഏററവും ഫലവത്താകുന്നതാകുന്നു.

അഞ്ചൽശിപായിമാരുടെ ശമ്പളം കൂട്ടുന്നതിന ഗവണ്മെൻറ ആലോചിക്കുന്നതായി അറിയുന്നതു സന്തോഷാവഹമാണ്. എന്നാൽ വർണാക്കുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ കമ്മററിക്കാർ അയച്ച റിപ്പോർട്ടിനെപ്പററി ചിന്തിക്കുന്നതിന സമയം ഉണ്ടാകാത്തതു സങ്കടംതന്നെ.

മഹാരാജാവുതിരുമനസിലെ പ്രജകളിൽ ഒട്ടധികംപേരും സങ്കടകരമായിരിക്കുന്ന ഒരു നികുതിയാണ പൊതുമരാമത്തിൽനിന്നും ഏർപ്പെടുത്തിട്ടുള്ള വാഹനച്ചുങ്കങ്ങൾ. ഈ നികുതിയെ നിറുത്തണമെന്നു ഈ സഭക്കാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ഗവണ്മെൻറിൽനിന്നും അവരുടെ പക്വമായ അഭിപ്രായത്തെ ഗൌനിച്ചിട്ടില്ലെന്നുള്ളതു ആശ്ചര്യജനകമായിരുന്നു. ഈ വകയിലുള്ള വരുമാനം നിസ്സാരവും എന്നാൽ അതിൽനിന്നും ഉണ്ടാകുന്ന കഷ്ടപ്പാടും ബുദ്ധിമുട്ടും അപരിമിതവും ആകുന്നു. പാവപ്പെട്ട മരച്ചീനി കച്ചവടക്കാരും മലകളിൽനിന്നും വിറകുവെട്ടി കാലക്ഷേപംചെയ്യുന്ന ജനങ്ങളുംകൂടി ഈ നികുതി ചൊടുക്കേണ്ടതായിരിക്കുന്നുണ്ട്. ഈ നികുതി എത്രയുംവേഗത്തിൽ തീരെ നിറുത്തിക്കളയുന്നതു ഒരു വലിയ അനുഗ്രഹവും ധർമ്മവും ആയിരിക്കും.

സാധുക്കളായ ജനങ്ങളെ പീഡിപ്പിക്കാതെയും ധാരാളമായ വരുമാനം ഉണ്ടാക്കത്തക്കവിധത്തിലും മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനുള്ള വേറൊരുമാർഗ്ഗം റബ്ബറിന ഒരു നികുതി ഏർപ്പെടുത്തുക എന്നുള്ളതാകുന്നു. യാതൊരുതരം നികുതി ചുമത്തലും അനുക്രമികം ആയിരിക്കേണ്ടതാകുന്നു. റബ്ബർ നികുതി അപ്രകാരമുള്ള ഒന്നാകുന്നു.

അവസാനമായി എനിക്കു പറയാനുള്ളതു രാജ്യത്തിന്റെ വിപുലതരമായ ക്ഷേമത്തെപ്പററി ഗവണ്മെന്റു വിസ്മരിച്ചുകൂടാ എന്നുള്ളതാകുന്നു. അതായതു ഭൂരിഭാഗം ജനങ്ങളുടെയും സാമ്പത്തികവും സാമൂഹ്യവുമായ സ്ഥിതികളെ അഭിവൃദ്ധിയാക്കുക എന്നുള്ളതാകുന്നു. മേലാലെങ്കിലും രാജ്യത്തിലെ ആയവ്യയ ഗണനപത്രിക തയ്യാറാക്കുമ്പോൾ, ഈ ഏററവും പ്രധാനമായ സംഗതിയിൽ അവർ കാലാനുസൃതമായ വിധത്തിൽ വേണ്ട ശ്രദ്ധ പതിക്കുമെന്നു നമുക്കു ആശിക്കാം.

മി: എൻ. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): അടുത്തയാണ്ടത്തേക്കുള്ള ബഡ്ജററ് നിർദ്ദേശങ്ങളെ സുവ്യക്തമായും അസ്പഷ്ടമായും വിവരിച്ചു എഴുതിക്കാണിച്ചിട്ടുള്ളതിലേക്കു ഞാൻ ധനകാര്യദർശിയെ ആദ്യമായി തന്നെ അനുമോദിച്ചുകൊള്ളട്ടെ. ഇതു അദ്ദേഹത്തിന്റെ ഒന്നാമത്തെ ബഡ്ജററു പ്രസംഗം ആയിരിക്കുന്നതുകൊണ്ടു അദ്ദേഹത്തെ പ്രത്യേകിച്ചു അഭിനന്ദിച്ചുകൊള്ളുന്നു. മുതലെടുപ്പിലും ചിലവു വിഷയത്തിലും അന്യൂനമായ തുകകളെപ്പററി പ്രതിപാദിക്കുന്നതായ ഒരു ബഡ്ജററാണ് പുതിയ ധനകാര്യദർശിയുടെ ആദ്യമായ ബഡ്ജററു എന്നു കാണുന്നതു ശുഭസൂചകമായ ലക്ഷണമാണ്. പ്രസ്തുത ബഡ്ജററിൽ പ്രത്യക്ഷമായി ന്യൂനത, സംസ്ഥാനത്തിലെ മുതലെടുപ്പിനെ പരിരക്ഷിക്കുന്നതും സംരക്ഷിക്കുകയും ചെയ്യുന്ന വിഷയത്തിലും അതിനെ ധൈര്യസമേതം പൊതുജനോപയോഗമായ പദ്ധതികളിൽ വിനിയോഗിക്കുന്നതിലും കാണിച്ചിട്ടുള്ള ഗവണ്മെന്റിന്റെ ഏററവും ഉൽസുകമായ കർത്തവ്യബോധമാകുന്നു. വിശേഷിച്ചും അത്യുഷ്ണവർഷങ്ങളുടെ പൂർണ്ണചുമതലയിൽനിന്നൊഴിഞ്ഞിരുന്നതായ കഴിഞ്ഞ രണ്ടു വർഷത്തെ ഭരണത്തിലാണ് ഏററവും കൂടുതലായ മുതലെടുപ്പും അതുപോലെ തന്നെ ഭരണസംബന്ധമായി ഏററവും കൂടുതലായ ചിലവും ഉണ്ടായതെന്നുള്ളതും സ്മരണീയമാണ്. ഇതൊക്കെയാണെങ്കിലും കൂടി അവസാനിക്കുന്ന മൂന്നു സംവത്സരങ്ങൾക്കിടയിൽ സംസ്ഥാനത്തിലെ നികുതിയിരിപ്പു ന്യായമായ വിധത്തിൽ കുറയാതെയാകുമെന്നുള്ളതും അതായതു [illegible] ശതമാനം വർദ്ധനവു കാണിക്കുന്നതും ആകുന്നു. ഈ ഹേമഘട്ടത്തിൽ കൂടുതൽ നികുതിഭാരം ചുമത്താതെയും ചിലവുകളിൽ യാതൊരു ലോപവും വരുത്താതെയും ആണ് സാധിച്ചിരിക്കുന്നതു. ബ്രിട്ടീഷ് ഇൻഡ്യയിൽ തേയിലസ്സുകളെ കയററുമതിച്ചുങ്കം നിറുത്തൽ ചെയ്തതു നമുക്കു ഒരു അനുഗ്രഹമായി ഭവിച്ചിട്ടുള്ളതു കൂടാതെ മേലാൽ ആണ്ടുതോറും നമ്മുടെ 'തീരുവ' ഇനത്തിലുള്ള നികുതി വർദ്ധിപ്പിക്കുന്നതിനു കാരണമാകുന്നതും ആകുന്നു. ഗവണ്മെന്റിൽ നിന്നും അറുപതു ലക്ഷം രൂപായുടെ ഇൻഡ്യാ ഗവണ്മെന്റു പ്രാമിസ്സറി നോട്ടുകൾ അവയുടെ പ്രത്യക്ഷവിലയിൽ കുറച്ചു വിലക്കു വാങ്ങുകയും അതിൻ വഴിയുണ്ടായ ലാഭം മുഴുവൻ ആ വർഷത്തെ രൂപക്കൂടിയ മുതലിൽ കൂട്ടുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ഇപ്രകാരം കാണിച്ചിട്ടുള്ള മുതലെടുപ്പു പ്രത്യക്ഷത്തിൽ തന്നെ ഒരു പിഴയാകുന്നു. ഈ പ്രാമിസ്സറി നോട്ടുകളുടെ കാലാവധി കഴിഞ്ഞു അവയുടെ പ്രത്യക്ഷവിലക്കുള്ള പണം തന്നു അവയെ ആ ഇൻഡ്യാ ഗവണ്മെന്റു വീണ്ടെടുക്കുന്ന കാലം വരെയും ഇതിനെ കണക്കിൽ കൊള്ളിക്കാതിരിക്കുന്നതു ഉചിതമായിരിക്കുമായിരുന്നു. നമ്മുടെ ധനത്തിന്റെ തുകയെ ഇതു അനാവശ്യമായി വർദ്ധിപ്പിച്ചു കാണിച്ചിരിക്കുന്നു എന്നു മാത്രമല്ല, വല്ല കാരണവശാലും കാലാവധിക്കു മുമ്പായി പ്രത്യക്ഷ വിലയിൽ കുറച്ചു വില്ക്കേണ്ടതായി വരുമ്പോൾ നമ്മുടെ ആസ്തിയെ നാം കുറയ്ക്കേണ്ടതായി വരികയും ചെയ്യുന്നു.

മുമ്പറഞ്ഞ രണ്ടു യാദൃച്ഛികമായ സംഗതികളെയും വിട്ടുകളകയാണെങ്കിൽ, ഗവണ്മെന്റിനു ഒരംശിനെ കൂടുതൽ നികുതി കാണിക്കാൻ സാധിക്കുകയില്ലായിരുന്നു. നമ്മുടെ നികുതി ചുമത്തൽ സമ്പ്രദായം ഓരോ ആണ്ടത്തെയും ആവശ്യം അനുസരിച്ചു ആണ്ടുതോറും നിശ്ചയിക്കുന്ന ഒരു കരം ചുമത്തൽ അല്ല. എന്നാൽ മുതലെടുപ്പു ആണ്ടുതോറും വർദ്ധിച്ചു വരുമ്പോൾ, ആണ്ടുതോറും നീക്കിയിരിപ്പു വരത്തക്ക വിധത്തിൽ നികുതി പിരിക്കുന്നതു ശരിയാണോ എന്നു നോക്കേണ്ടതു ഗവണ്മെന്റിന്റെ കർത്തവ്യമാകുന്നു. യാതൊരു പരിഷ്കൃതരാജ്യത്തിലും നികുതിഭാരം വർദ്ധിപ്പിക്കുന്നതു ജനങ്ങളുടെ ക്ഷേമം അനുസരിച്ചു ഇരിക്കേണ്ടതാണ്. നമ്മുടെ മുതലെടുപ്പിനു ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉന്നതതരമായ വർദ്ധന ജനങ്ങളുടെ ക്ഷേമാഭിവൃദ്ധിക്രമം അനുസരിച്ചാണെന്നു അർത്ഥമാകുന്നുണ്ടോ? നമ്മുടെ കയററുമതി സാധനങ്ങളുടെ വിലയ്ക്കു വിദേശങ്ങളിൽ ഉണ്ടായിരിക്കുന്ന ക്രമാതീതമായ അധഃപതനം നിമിത്തം ആ വക സാധനങ്ങൾ ഉൽപ്പാദിപ്പിക്കയും വിതരണം ചെയ്യുകയും ചെയ്യുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അനവധി ജനങ്ങൾ അത്യധികം കഷ്ടപ്പെടുന്നു എന്നു കാണിക്കാൻ ധാരാളം തെളിവുകൾ ഉണ്ട്. തൽഫലമായി തെങ്ങുകൃഷിക്കാരുടെയും, കയറു പിരിപ്പുകാരുടെയും, കയററു സാമാനങ്ങൾ ഉണ്ടാക്കുന്നവരുടെയും, മററു കുടിൽ വ്യവസായക്കാരുടെയും ഇടയിൽ അപാരമായ ക്ലേശങ്ങൾ ഉണ്ടായിട്ടുണ്ട്. നാട്ടിലെ കച്ചവടക്കാരും വിദേശങ്ങളിലേക്കു കയററുമതി ചെയ്യുന്ന വ്യാപാരികളും തങ്ങളുടെ സാമാനങ്ങളെ ആദായകരമായ വിധത്തിൽ കച്ചവടം ചെയ്യുന്നതിനു ഒട്ടധികം വിഷമിക്കുന്നു. ഇവരെ സഹായിക്കുന്നതിനു ഗവണ്മെന്റു ഒന്നും തന്നെ ചെയ്യുന്നില്ല. ഈ കാരണങ്ങളാൽ ഗവണ്മെന്റിന്റെ മുതലെടുപ്പു വർദ്ധനയിൽ നിന്നും ആ വർദ്ധനക്കു തക്കവണ്ണം നാം ക്ഷേമം അനുഭവിക്കുന്നു എന്നു പറയുന്നതു അബദ്ധമായിരിക്കും. അസഹ്യമായ ചില നികുതികൾ ഇളവു ചെയ്തുകൊടുത്തു ഗവണ്മെന്റു ജനങ്ങളെ സഹായിക്കേണ്ടതായിരുന്നു. അഞ്ചൽക്കൂലി നിരക്കുകൾ കുറയ്ക്കുന്നതിനെ സംബന്ധിച്ചു മിസ്റ്റർ ശിവതാണുപിള്ള ഹാജരാക്കിയ പ്രമേയത്തെ ഗവണ്മെന്റിൽ നിന്നും എതിർത്തതിനു യാതൊരു ന്യായവും കാണുന്നില്ല. അതിൽ വച്ചു ഗവണ്മെന്റിനുണ്ടാകുന്ന നഷ്ടം കുറെ ആയിരം രൂപാമാത്രം ആയിരിക്കും. എന്നാൽ ഗവണ്മെന്റിന്റെ കൈവശം വർദ്ധിച്ചു കൊണ്ടു വരുന്ന ഒരു വലിയ നീക്കിയിരിപ്പുണ്ടല്ലോ.

ബഡ്ജററിലെ ചിലവു ഇനങ്ങളെപ്പററി പരിചിന്തിക്കുമ്പോൾ തന്നാണ്ടത്തെ പുതുക്കിയ ബഡ്ജററിനെക്കാൾ കൂടുതലായി [illegible]-ാമാണ്ടു ക്രമാതീതമായ ചിലവു വർദ്ധനയുണ്ടാകുമെന്നു കാണുന്നതിൽ എനിക്കു വല്ലതായ സംഭ്രമം ഉണ്ടെന്നു പറയാതെ നിവൃത്തിയില്ല. [illegible] ലക്ഷം രൂപായുടെ കൂടുതൽ ചിലവു പെരുത്തതാകുന്നുണ്ട്. ഒരു ഒററയാണ്ടിൽ ഇത്രയത്തോളം ചിലവു വർദ്ധനയുണ്ടാകുന്നതു ക്രമാതീതമാണെന്നു ഞാൻ വിചാരിക്കുന്നു. നികുതി പിരിവിൽ വർദ്ധന ഉണ്ടാകുന്നതു അനിവാര്യമാണ്. എന്നാൽ ചിലവു നമുക്കു പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയും. ഒരു സാധാരണയാണ്ടിൽ സാധാരണയുള്ള നികുതി വർദ്ധനയിൽ കവിഞ്ഞതായ ചിലവു വർദ്ധനയുണ്ടാക്കാൻ പാടുള്ളതല്ലാ. കൂടാതെയും ഈ കൂടുതൽ ചിലവിൽ മൂന്നിൽ രണ്ടു ഭാഗത്തിനുമേ വിദ്യാഭ്യാസം പൊതുമരാമത്തു എന്നീ ഇനങ്ങളിലാണ്. വിദ്യാഭ്യാസ ഇനത്തിലുള്ള ചിലവിനെപ്പററി

വിശേഷിച്ചും കാളേജ് വിദ്യാഭ്യാസത്തിലും സെക്കണ്ടറിവിദ്യാഭ്യാസത്തിലും ഉള്ള ചിലവിനെപ്പററി ഈ സഭയിൽനിന്നും മററു സ്ഥലങ്ങളിൽനിന്നും, ഗവൺമെൻറിന്റെ ശ്രദ്ധയെ ശക്തിമത്തായി ആകർഷിച്ചിട്ടുള്ളതാകുന്നു. ഇതിനുമുമ്പു നാം തുടങ്ങിപ്പോയ ഉദ്യമങ്ങളെസംബന്ധിച്ചു കൂടുതൽചിലവു ചെയ്യേണ്ടതായി വന്നിരിക്കുന്നു എന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ അത്യാവശ്യമോ അനിവാര്യമോ അല്ലാത്ത പുതിയ ഉദ്യമങ്ങൾ തുടങ്ങുന്നതു ശരിയാണെന്നു തോന്നുന്നില്ലാ. പൊതുമരാമത്തു വകുപ്പുവകക്കു അഞ്ചു ലക്ഷം രൂപാ കൂടി ചിലവാക്കാനായി നിശ്ചയിച്ചിരിക്കുന്നതു ഗൌരവമായ പരിശോധനക്കു വിധേയമാക്കേണ്ടതാണ്. ഇപ്രകാരം കൂടുതൽ ചിലവാക്കാൻ നിശ്ചയിച്ചിരിക്കുന്ന ഏഴര ലക്ഷം രൂപായിൽ ഭൂരിഭാഗവും ആവർത്തിക്കുന്ന ചിലവാകുന്നു എന്നുമാത്രമല്ലാ അടുത്തുവരുന്ന കൊല്ലങ്ങളിൽ കൂടുതൽ തുക നീക്കിവെക്കേണ്ടതായി വരുമെന്നുള്ളതും ആകുന്നു.

മുതലെടുപ്പിൽ കൊള്ളിക്കാത്ത മൂലധനച്ചെലവു ഗവൺമെൻറു ചെയ്യുന്നതിനെപ്പററി എനിക്കു ഒന്നു രണ്ടു വാക്കുകൾ പറയാനുണ്ട്. കൊല്ലം തിരുവനന്തപുരം റെയിൽപ്പാതയെ തിരുവനന്തപുരം ടൌണിലേക്കു നീട്ടുന്നതു ചിലവിനു തക്കവണ്ണം പ്രയോജനമില്ലാത്ത ഒരു ഉദ്യമം ആകുന്നു. തിരുവനന്തപുരം ടൌണിലെ 'ജലസംഭരണവും വൈദ്യുത ശക്തി സംഭരണവും' പദ്ധതികൾക്കായി ഒട്ടനവധി സർക്കാർ പണം ചിലവുചെയ്യുന്നതിനുള്ള ആലോചന ഒരു പ്രത്യേകസ്ഥിതിയിൽ ഉള്ളതാകുന്നു. ഒന്നാമതായിട്ടു, ഈ രണ്ടു പദ്ധതികളും പ്രത്യുൽപ്പാദകപദ്ധതികളാകുന്നു. ഇപ്രകാരമുള്ള പദ്ധതികൾ നിർവ്വഹിക്കുന്നതിനെ സംബന്ധിച്ചുള്ള സുവിദിതമായ പ്രമാണം, അവയ്ക്കു ആവശ്യമുള്ള പണം കടം വാങ്ങി ചിലവാക്കണമെന്നും, അതല്ലാതെ സാധാരണ ചിലവുകൾക്കായി കുടികളിൽനിന്നും പിരിക്കുന്ന നികുതികളിൽനിന്നും ചിലവുചെയ്തുകൂടാ എന്നും ആകുന്നു. ഭാവിയിലുണ്ടാകുന്ന പ്രജകളുടെ ഗുണത്തിനായി ഇപ്പോഴുള്ള പ്രജകളുടെമേൽ നികുതിഭാരം ചുമത്തിക്കൂടാ. രണ്ടാമതായിട്ടു, തിരുവനന്തപുരം നഗരവാസികളുടെ സുഖങ്ങളും സൌകര്യങ്ങളും വർദ്ധിപ്പിക്കാൻവേണ്ടി സംസ്ഥാനം ഒട്ടുക്കുള്ള ജനങ്ങളിൽ നിന്നും പിരിക്കുന്ന നികുതികളെ ചിലവഴിക്കുന്നതു അശേഷം ന്യായമായതല്ലാ. നഗരസഭകളെപ്പോലുള്ള പ്രാദേശിക സഭകൾ ഗവൺമെൻറിൽനിന്നു സൃഷ്ടിച്ചതോടുകൂടി ഈ തത്വം അവർ നിയമമൂലേണ അംഗീകരിച്ചിരിക്കുന്നു. ഈ വക സഭകൾ പൊതുക്കാര്യത്തിനായി നികുതികൾ പിരിച്ചുകൊള്ളാൻ അവർക്കു അധികാരം കൊടുത്തിട്ടുണ്ട്. അതുകൂടാതെ വലുതായ മരാമത്തുകൾ തുടങ്ങുന്നതിനു ഈ വക മുതൽകൊണ്ടു മതിയാകാതെ വരുമ്പോൾ പണം വാങ്ങുന്നതിനുള്ള അധികാരം അവർക്കു നല്കിയിട്ടുണ്ട്. തിരുവനന്തപുരം മുനിസിപ്പാലിററിക്കാർ തങ്ങൾക്കു ന്യായമായും ചട്ടത്താലും, സിദ്ധിച്ചിട്ടുള്ള ചുമതലകളെയും കൃത്യങ്ങളെയും നികുതിദായകന്മാരുടെ ഗുണത്തിനായി വിനിയോഗിക്കാതിരിക്കുന്നതിന്റെ കാരണം മനസ്സിലാകുന്നില്ലാ. ഗവൺമെൻറു അവരുടെ കാര്യങ്ങളിൽ പ്രവേശിച്ചു അവരെ തീരെ ചുമതലയില്ലാത്തവർ ആക്കിത്തീർത്തിരിക്കുന്നു. തിരുവനന്തപുരം നഗരവാസികളുടെ ഗുണത്തിനെ ഉദ്ദേശിച്ചു ഇത്രത്തോളം വലുതായ ഒരു തുക പൊതുമുതലിൽനിന്നും എടുത്തു ചിലവാക്കുന്നതു പൊതുനികുതിദായകന്മാരോടു ഗവൺമെൻറു കാണിക്കുന്ന ഒരു അനീതിയാകുന്നു. ഈ രണ്ടു സംഗതികളിലും നഗരസഭയുടെ അധികാരത്തെ ഗവൺമെൻറിൽനിന്നും എടുത്തു ഉപയോഗിക്കുന്നതിനുണ്ടായ വിശേഷസംഗതികൾ എന്താണെന്നു ഗവൺമെൻറു നമ്മളോടു പറഞ്ഞിട്ടില്ലാ. തിരുവനന്തപുരം നമ്മുടെ തലസ്ഥാനനഗരമാണെന്നുള്ളതിനെ ഓർത്തു, ഈ രണ്ടു പദ്ധതികളും നിർവഹിക്കുന്നതിനുവേണ്ടി നഗരസഭക്കു ഒരു ഉദാരമായ ഗ്രാൻറ് അനുവദിച്ചു കൊടുക്കയും ഗവൺമെൻറിന്റെ വിദഗ്ദ്ധജീവനക്കാരെ അവർക്കായിട്ടു വിട്ടുകൊടുക്കയും ചെയ്യാം. കൂടാതെയും ഈ പദ്ധതികളെപ്പററി കൂടുതൽ വിവരങ്ങൾ നമുക്കു അറിയേണ്ടതായിരുന്നു. ഈ പദ്ധതികൾ മുഖാന്തിരം നഗരവാസികൾക്കു കിട്ടുന്ന ജലത്തിനും വൈദ്യുതശക്തിക്കും അവർ വല്ലതും കൊടുക്കേണ്ടതുണ്ടോ? അപ്രകാരം കൊടുക്കണമെങ്കിൽ അതു മുനിസിപ്പാലിററിക്കു കൊടുക്കണമോ ഗവൺമെൻറിനു കൊടുക്കണമോ? ഈ രണ്ടു സംഗതികളെ സംബന്ധിച്ചു ഈ സഭയിലെ അനുദ്യോഗസ്ഥമെമ്പർമാർക്കു ധനകാര്യദർശി വ്യക്തമായ അറിവുകൊടുക്കേണ്ടതാണ്. നികുതിയെസംബന്ധിച്ചിടത്തോളം ഗവൺമെൻറും മുനിസിപ്പാലിററിയും തമ്മിൽ അത്ര എളുപ്പത്തിൽ യോജിക്കുമോ എന്നും ഞാൻ സംശയിക്കുന്നു. തിരുവിതാംകൂറിൽ വേറെയും മുനിസിപ്പാലിററികൾ ഉണ്ടെന്നും അവയും ഇത്രത്തോളം വലിയ തോതിലുള്ളതല്ലെങ്കിലും ഇതേ മാതിരിയുള്ള പദ്ധതികൾ ഗവൺമെൻറിൽനിന്നും ചുമതലപ്പെട്ടു നടത്തണമെന്നു ആവശ്യപ്പെടാൻ ഇടയുണ്ടെന്നും ഞാൻ ഓർമ്മിച്ചുകൊള്ളട്ടെ.

ഒരു കാര്യം ആലോചിച്ചാൽ നമ്മുടെ നീക്കിയിരിപ്പു ബഡ്ജററിന്റെ വാസ്തവമായ സ്വഭാവത്തെപ്പററി മി: എ. കെ. പിള്ള ഇന്നലെ പറഞ്ഞ നിരൂപണങ്ങൾ അത്യന്തം നീതീകരിക്കത്തക്കവയായിരിക്കുന്നുണ്ട്. ഇതു ഒരു ക്ഷേമകരമായ ബഡ്ജററാണെങ്കിൽ അതു പൊതുജനക്ഷേമത്തെ സൂചിപ്പിക്കേണ്ടതല്ലയോ? ഗവൺമെൻറിനു ധാരാളം നീക്കിയിരിപ്പുണ്ടെന്നു കാണുന്ന മുറക്കു അവർ സംസ്ഥാനത്തിൽ പ്രത്യേകം തിരഞ്ഞെടുക്കുന്ന ചില സ്ഥലങ്ങളിലെങ്കിലും നിർബന്ധിതമായ പ്രാഥമിക വിദ്യാഭ്യാസം വകക്കു അതിന്റെ വല്ല അംശവും ചിലവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങിനെ ചെയ്യുന്നെങ്കിൽ അതു സാധുക്കൾക്കു ഉപകാരപ്രദമാകുമായിരുന്നു, സ്വത്തുള്ളവന്റെ കുട്ടികൾഎല്ലാം വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. ആ സ്ഥിതിക്കു നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പാക്കുന്നതിനുള്ള ഗവൺമെൻറിന്റെ വിമുഖത അവരെ ബാധിക്കുകയില്ല. നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസംമൂലം രാജ്യത്തുള്ള സാധുക്കളുടെ ഗൃഹത്തിൽനിന്നും അജ്ഞാനവും അക്ഷരവിഹീനതയും ദൂരീകരിക്കാൻ സാധിക്കുമല്ലോ. ഗവൺമെൻറിനു അഭിനന്ദനീയമായി തോന്നാത്തതിനുള്ള കാരണം ഇതുതന്നേയാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ഭരണ റിപ്പോർട്ടു നോക്കിയാൽ നാനാജാതിക്കാർക്കു പ്രവേശനം ഇല്ലാത്തതായി ഇനിയും ൧൭ വിദ്യാലയങ്ങൾ ഉള്ളതായി കാണുന്നുണ്ട്. ഇപ്രകാരം ഒരു സംഗതിയുണ്ടെന്നു സമ്മതിക്കുന്നതിനു ഗവൺമെൻറിനും ഡിപ്പാർട്ടുമെൻറിനും ലജ്ജയാകേണ്ടതാണ്. പിന്നോക്കം നില്ക്കുന്നവരും അധഃകൃതരും ആയ ജാതിക്കാരെമാത്രം സംബന്ധിക്കുന്ന ഈ സംഗതിയിൽ ഗവൺമെൻറ് കാണിക്കുന്ന അനപേക്ഷ പ്രത്യക്ഷമാകുന്നുണ്ടു. എല്ലാ വിദ്യാലയങ്ങളും എല്ലാ ജാതിക്കാർക്കും തുറന്നിടപ്പെടണമെന്നുള്ള ജനപ്രക്ഷോഭം തുടങ്ങിയിട്ടു ഇപ്പോൾ മുപ്പതോ നാല്പതോ സംവത്സരത്തിനു മേൽ ആയിട്ടുണ്ടു. ഈ പതിനേഴു സ്കൂളുകളും പതിനേഴു ദിവസംകൊണ്ടു വേണമെങ്കിൽ തുറന്നിടാം. അല്ലെങ്കിൽ ൧൭ മാസംകൊണ്ടു ഇവയെ

സൌകര്യപ്രദമായ സ്ഥലങ്ങളിലേക്ക മാററി പ്രതിഷ്ഠിക്കാമായിരുന്നു. എന്നാൽ ഇതിനെപ്പററിയുള്ള അന്വേഷണങ്ങളും റിപ്പോർട്ടുകളും ഉടങ്ങിയതിൻ ശേഷം ഇപ്പോൾ എത്ര മാസങ്ങളാണ് കഴിഞ്ഞിരിക്കുന്നത്? ഗവൺമെൻറിനു കുറെ പണം ചില വാക്കിത്തന്നെ സ്കൂളുകൾ തുറക്കാമായിരുന്നു. ഒരു വിധത്തിലും സാധൂകരിക്കത്തക്കതല്ലാത്ത ഈ വക ഏർപ്പാടുകളെ യാതൊരു പരിഷ്കൃതരാജ്യത്തിലും സമ്മതിക്കുമെന്നു തോന്നുന്നില്ല. ഡിപ്പാർട്ടുമെൻറിൽ നിന്നും വേണ്ട ശ്രമങ്ങൾ ഒരു തെററുമുഴുവൻ ചെയ്യുന്നതിൻെറ ശേഷവും ഈ വക വിദ്യാലയങ്ങൾ പൂർവ്വ സ്ഥിതിയിൽ തന്നെ ഇരിക്കുന്നു എങ്കിൽ അതിൽ വച്ചു എനിക്ക ഒട്ടും തന്നെ ആശ്ചര്യം തോന്നുന്നതല്ലാ. എന്നു മാത്രമല്ലാ ഈ സഭയിലെ പണ്ഡിതനായ ഡെപ്യൂട്ടി പ്രെസിഡൻറിനെപ്പോലുള്ള [illegible] മെമ്പർമാർ [illegible] സംബന്ധിച്ച ഉദാഹരണങ്ങൾ എടുത്തു പറയുന്നതിൽ എനിക്ക അത്ഭുതം തോന്നുന്നതല്ലാ. രാജ്യത്തേയും രാജ്യത്തിലെ സാമാന്യജനങ്ങളുടേയും സ്വാതന്ത്ര്യത്തിനായി [illegible] വിനിയോഗിക്കണം എന്നു മി: എ. കെ. പിള്ള പറയുന്നതു വാസ്തവമായിരിക്കും. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടത്തുന്ന കാൺഗ്രസ്സ് പ്രസ്ഥാനത്തെപ്പോലും [illegible] സ്വാതന്ത്ര്യത്തിനുള്ള ഒരു സ്ഥാപനമായിപ്പറയുന്നുണ്ടല്ലോ. ഗവൺമെൻറു [illegible] രാജ്യത്തെ വിനിയോഗിക്കുന്ന ഒരു ഉദ്യമമാണെങ്കിൽ, ഗവൺമെൻറിനെയും [illegible] തങ്ങളുടെ സ്വകാര്യത്തിനു വേണ്ടി വിനിയോഗിക്കുന്ന വരാണ് ഗവൺമെൻറ ഉദ്യോഗസ്ഥന്മാർ. ഇവർ [illegible] വിധവും സ്വാർത്ഥലാഭം [illegible]. എന്നാൽ ഈ വിധം സ്വാർത്ഥലാഭമോദ്ദേശ്യമാ [illegible] ഈ ഉദ്യോഗസ്ഥന്മാർ ചില പ്രത്യേക അവകാശങ്ങൾ അനുഭവിക്കുന്ന ചില പ്രത്യേക വർഗ്ഗത്തിൽ [illegible] ഒരു [illegible] മാകുന്നു. ഗവൺമെൻറിൻെറ സ്വാർത്ഥപരോദ്ദേശ്യത്തിൽ മി: എ. കെ. പിള്ളക്ക [illegible]. പക്ഷെ ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ സ്വാർത്ഥലാഭോദ്ദേശ്യത്തിൽ അദ്ദേഹത്തിനു വിരോധം ഇല്ലല്ലോ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ അതിനെ പ്രതിഷേധിക്കുന്നു. ഇതു വാസ്തവമല്ല.

മി: എ. കാദർ (നിയമിക്കപ്പെട്ട മെമ്പർ): മി: എ. കെ. പിള്ളയുടെ [illegible] എനിക്ക സന്തോഷമുണ്ട്. രാജ്യത്തിലെ മുതലെടുപ്പിൽ എൺപതു ലക്ഷം രൂപാവരെയും രാജ്യത്തിലെ [illegible] ഒന്നോ സമുദായക്കാർ മാത്രം [illegible] ഭക്ഷിച്ചു [illegible] ഇടയാക്കുന്ന അവസ്ഥയെപ്പററി അദ്ദേഹത്തിനു വേറെപ്പാ നട്ടക്കേട് ഇല്ലാ. സർക്കാർ സർവ്വീസിൽ പ്രവേശനം [illegible] ചില സമുദായക്കാർക്ക മാത്രമായി പ്രായോഗികമായി വച്ചു [illegible] നിമിത്തമാണ്, സാധുക്കളും പ്രതിഷ്ഠാ [illegible] പ്രകാരങ്ങൾ ഇല്ലാത്തവരും ആയ സമുദായക്കാരെ മററുള്ളവർ സ്വാർത്ഥലാഭത്തിനായി വിനിയോഗിക്കാൻ ഇടയാകുന്നതു. ഉദ്യോഗസ്ഥന്മാരും സാധുക്കളായ ഗ്രാമീണന്മാരും തമ്മിലുള്ള [illegible] എത്രത്തോളം [illegible] വോ അത്രത്തോളം ഈ ജനങ്ങളെ പല വിധത്തിലും കൊള്ളയിടുന്നതിനു ഗവൺമെൻറുദ്യോഗസ്ഥന്മാർക്ക സാധിക്കുന്നതാണ്. അതിനാൽ ഈ വസ്തുത ഗവൺമെൻറ് ഓർമ്മയിൽ വച്ചു കൊള്ളുകയും ഈ ക്രൂരമായ സ്വാർത്ഥലാഭോദ്ദേശ്യത്തിൽ നിന്നും വിമുക്തിനേടുവാൻ ഉതകുന്നതായ ഒരു [illegible] ഉണ്ടാക്കാൻ ശ്രമിക്കയും ചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): രാജ്യത്തിൻെറ ആവശ്യങ്ങളെക്കുറിച്ചു ആലോചിക്കുമ്പോൾ രണ്ടു പ്രധാന സംഗതികളാണ് എൻെറ മനസ്സിൽ വരുന്നതു. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും പ്രജകളുടെ എല്ലാ വിഭാഗങ്ങളിൽ നിന്നും [illegible] എല്ലാ ഭാഗങ്ങളിലെ ആവശ്യങ്ങൾക്കും പ്രജാവിഭാഗങ്ങളുടെ [illegible] അവശ്യം ചെയ്യേണ്ടതാണെന്നും രാജ്യത്തിലെ മുതലെടുപ്പിൽ വലിയ ഭാഗം നല്കുന്നവരും കൃഷിക്കാരും ആയ നാട്ടിൻ പുറത്തെ കൃഷിവലന്മാരുടെ ആവശ്യത്തെ പ്രധാനമായി കരുതി ചിലവു ചെയ്യണമെന്നാണ്. രാജ്യത്തിലെ മുതലെടുപ്പു വർദ്ധിച്ചുവരുന്നു എന്നും ജനങ്ങൾക്ക അത്യാവശ്യമായ ഗതാഗതസൌകര്യവും വിദ്യാഭ്യാസ സൌകര്യവും ഇവ വർദ്ധിപ്പിക്കുന്നതിനു കൂടുതൽ തുക ബഡ്ജററിൽ ചേർത്തിട്ടുണ്ടെന്നും കാണുന്നതു എത്രയും സന്തോഷാവഹമായകാര്യമാണ്. [illegible] ലക്ഷം രൂപാ വിദ്യാഭ്യാസം വകുപ്പിനും [illegible] ലക്ഷത്തിലധികം രൂപാ ഗതാഗതസൌകര്യം വകുപ്പിനും കഴിഞ്ഞകൊല്ലത്തെക്കാൾ കൂടുതൽ ചിലവു ചെയ്യാൻ ബഡ്ജററിൽ ചേർത്തിട്ടുള്ളതു വളരെ ആശ്വാസകരം തന്നെ. എന്നാൽ മുമ്പറഞ്ഞ തത്വം അനുസരിച്ചു ഈ തുകയെ വിനിയോഗിക്കണമെന്നാണ് എനിക്കു ഇവിടെ പ്രസ്താവിക്കാനുള്ളതു.

മൊത്തത്തിൽ രാജ്യത്തിൻെറ ഉൾഭാഗങ്ങൾ ഗതാഗതസൌകര്യമില്ലാതെയും വിദ്യാഭ്യാസസൌകര്യം ഇല്ലാതെയും കിടക്കുന്നു. പ്രത്യേകിച്ചും വടക്കൻ തിരുവിതാംകൂറിലുള്ള ഭാഗങ്ങൾ വളരെ ശോച്യമായ നിലയിലാണു കിടക്കുന്നതു. ഗതാഗത സൌകര്യം വകക്ക ഗവൺമെൻറ പണം അധികം ചിലവാക്കിയിട്ടുള്ളതു തെക്കൻ തിരുവിതാംകൂറിലാണ്. തെക്കൻ തിരുവിതാംകൂറിൽ ഒരു ചതുരശ്രമയിൽ വിസ്താരത്തിനു ഒരു മൈയിൽ റോഡുവീതം ഉണ്ടെന്നും ഉത്തരതിരുവിതാംകൂറിൽ റോഡുകൾ വളരെ കുറവായതുകൊണ്ടു റോഡുകൾ വർദ്ധിപ്പിക്കുന്നതിനു ഗവൺമെൻറ പ്രത്യേകം ശ്രമങ്ങൾ ചെയ്തു വരുന്നു എന്നും ഗവൺമെൻറ ഡയറക്ടറിയിൽ പ്രസ്താവിച്ചിട്ടുണ്ടു. എന്നാൽ ബഡ്ജററ് നോക്കുന്ന പക്ഷം അതനുസരിച്ചു പ്രവർത്തിച്ചിട്ടില്ലെന്നു കാണാം. ഒരു ലക്ഷത്തി എൺപ്പത്തയ്യായിരം രൂപാ പുതിയ റോഡുകൾക്കായി ബഡ്ജററിൽ ചേർത്തിട്ടുണ്ട്. ഇതിൽ ൨൭,൦൦൦ രൂപാ മൂവാററുപുഴ നിന്നും നേര്യമംഗലം വഴി പള്ളിവാസൽ തോട്ടത്തിലേക്ക ഒരു റോഡുവെട്ടുന്നതിനു ചേർത്തിട്ടുള്ളതല്ലാതെ മൂവാററുപുഴ സബ്ഡിവിഷനിലേക്ക ഒന്നുമില്ല. ഇതു തോട്ടക്കാരുടെ ഉപയോഗത്തിനല്ലാതെ ആ താലൂക്ക നിവാസികൾക്കായുള്ളതല്ല. മൂവാററുപുഴ, തൊടുപുഴ ഈ താലൂക്കുകളിൽ എവിടെ എങ്കിലും പുതിയ റോഡുകൾ ഒരിഞ്ചെങ്കിലും വെട്ടുന്നതിനു പണം ബഡ്ജററിൽ ചേർക്കാത്തതു പരിതാപകരം തന്നെ. പുതിയ ചീഫ് എഞ്ചിനീയർ അവർകൾ അവിടെ സന്ദർശിച്ചുവന്നപ്പോൾ ഞാൻ അദ്ദേഹത്തെ അവിടത്തെ അസൌകര്യങ്ങളെയെല്ലാം പറഞ്ഞു മനസ്സിലാക്കുകയും അദ്ദേഹം മര്യാദയോടെ ഞങ്ങളുടെ ആവശ്യങ്ങളെ മനസ്സിലാക്കുന്നതിനും സാധിച്ചതന്നതിനും സന്നദ്ധത പ്രദർശിപ്പിക്കുകയും ബഡ്ജററിൽ ചില പുതിയ വേലകൾക്ക കുറേ പണം അടുത്ത ആണ്ടത്തെ ബഡ്ജററിൽ ഇതിലേക്കായി കൂടുതൽ തുക ചേർക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. അദ്ദേഹത്തിൻെറ വാഗ്ദാനം അനുസരിച്ചു പണം ചേർത്തു കാണുന്നില്ല. പ്രജാസഭയിലും നിയമസഭയിലും തുടർന്നു പറഞ്ഞതിൻെറ ഫലമായി ഇതിനു മുമ്പിലത്തെ ചീഫ് എഞ്ചിനീയർ പല റോഡുകൾക്കും എസ്റ്റിമേററ് തയ്യാറാക്കാൻ കീഴുദ്യോഗ

സ്ഥന്മാൎക്കു ഉത്തരവു കൊടുത്തു. എന്നാൽ അവർ എസ്റ്റിമേററ് തയ്യാറാക്കാതെ ബഡ്ജററിൽ ചേൎക്കാൻ ഇപ്പോഴത്തെ ചീഫ് ഇഞ്ചിനീയൎക്കു സാധിക്കയില്ലല്ലോ—അതുകൊണ്ടായിരിക്കാം ചീഫ് എഞ്ചിനീയൎക്കു ബഡ്ജററിൽ പണം ചേൎക്കാൻ സാധിക്കാതെവന്നതു്. ചീഫ് എഞ്ചിനീയർക്ക് ഞങ്ങളോട് അനുഭാവമില്ലാത്തതുകൊണ്ടാണെന്നു തോന്നുന്നില്ല. അല്ലാതെ കീഴുദ്യോഗസ്ഥന്മാരുടെ ഉദാസീനതയെപ്പററി ഗൌനിക്കണം. ഈ കൊല്ലത്തിൽ പുത്തനായിട്ടുള്ളവേലകൾക്കു പണം ചേൎത്തിട്ടില്ലാഎന്നു മാത്രമല്ല കഴിഞ്ഞകൊല്ലത്തിൽ ചേൎത്തിരുന്നതുകലാപ്സായിപ്പോകയും ചെയ്തിരിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ലാപ്സാകാൻ കാരണമെന്താണ്?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതിലേക്കു കാരണമെന്താണെന്നു ഗവണ്മെൻറിനോടു ചോദിച്ചു മറുപടിവരുത്തണം. ഞാൻ ഇതിനെപ്പററി ചോദ്യം ചോദിച്ചിട്ടുണ്ട്. അതിനുമറുപടിപറയുമ്പോൾ അറിയാം. കീഴുദ്യോഗസ്ഥന്മാരുടെ ഉദാസീനതയാണെന്നുതന്നെയാണ് എന്റെ വിശ്വാസം.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇപ്പോൾ അവിടെ ഒരു റോഡിലും വണ്ടിയും ആളുകളും കാണുന്നില്ലല്ലോ; അതിനു കാരണമെന്താണ്?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇപ്പോൾ നോക്കിയാൽ അറിഞ്ഞുകൂടാ, അവിടെ ചെന്നുനോക്കിയാൽ അറിയാം.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അവിടെ പോയി നോക്കിയിട്ടും കണ്ടില്ല.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): വണ്ടിയും ആളുകളും പോകാത്തസമയത്തോ സമയങ്ങളിലോ ആയിരിക്കാം നോക്കിയിട്ടുള്ളതു്. ചില റോഡുകൾ കുറേദൂരം നന്നായിട്ടും കുറേദൂരം അധികം താഴ്ചയുള്ള ചെളിനിറഞ്ഞ കുഴികളായിട്ടും കിടക്കുകയാണ്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ വണ്ടികൾ പോകാറില്ല. മൂവാററുപുഴനിന്നും എറണാകുളംവരെയുള്ള റോഡ് വളരെ മോശമായിക്കിടക്കുന്നു. കഴുത്തിനു താഴ്ചയുള്ള കുഴികൾ ഈ റോഡുകളിൽ ഉണ്ട്. ഈ റോഡിനെ നന്നാക്കേണ്ടതു എത്രയും അത്യാവശ്യമാണ്. ഈവഴിക്കു ഇപ്പോൾ വണ്ടിപോകാൻപാടില്ല.

വിദ്യാഭ്യാസവിഷയത്തിലും കൂടുതൽ തുക ഉത്തരതിരുവിതാംകൂറിലേക്കായി ചിലവുചെയ്യേണ്ടതാണ്. മൂവാററുപുഴ, തൊടുപുഴ മുതലായ താലൂക്കുകളിൽ വിദ്യാഭ്യാസവിഷയത്തിനായി പറയത്തക്ക ചിലവൊന്നും ഗവണ്മെൻറ് ഇതേവരെ ചെയ്തിട്ടില്ല. ഇപ്പോഴും അവിടത്തേക്കു ചിലവുചെയ്യാൻ ബഡ്ജററിൽ വേണ്ട സംഖ്യ ചേൎത്തുകാണുന്നില്ല. ആകപ്പാടെ ൩൫൦൦ൻ സ്കൂളുകൾ ഈരാജ്യത്തുള്ളതിൽ മൂവാററുപുഴതാലൂക്കിൽ ൧൪ സ്കൂളുകളും തൊടുപുഴതാലൂക്കിൽ ൨൬ സ്കൂളുകളും മാത്രമേഉള്ളു. എന്നാൽ തിരുവല്ലാതാലൂക്കിൽ ൩൪൦ സ്കൂളുകൾ ഉണ്ട്. കോട്ടയത്തു ൨൦൭-ം, തിരുവനന്തപുരത്തു ൨൯൪-ം, നെയ്യാററിൻകര ൨൩൭-ം സ്കൂളുകൾ ആണ് ഉള്ളതു്. മൂവാററുപുഴയും തൊടുപുഴയുംകൂടി ൪൦൦ സ്കൂളുകൾ മാത്രം.

മി: കല്ലൂർനാരായണപിള്ള (പത്തനംതിട്ട): തിരുവല്ലായിലെ സ്കൂളുകൾ ജനങ്ങൾ കെട്ടിക്കൊടുത്തതാണെന്നു മെമ്പൎക്കു അറിയാമോ?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ധാരാളം സ്കൂളുകൾ ഗവണ്മെൻറിൽനിന്നും ആദ്യം നൽകി ജനങ്ങൾക്കു വിദ്യാഭ്യാസമുണ്ടായതിനുശേഷമാണ് അവർ സ്വയം സ്കൂളുകൾ കെട്ടുന്നതിനുതുടങ്ങിയതു്. ഞങ്ങൾക്കും അതുപോലെ ചെയ്താൽ ഞങ്ങളും സ്കൂളുകൾ കെട്ടിക്കൊടുപ്പാൻ സന്നദ്ധരാകും. ഇപ്പോൾതന്നെ മൂവാററുപുഴയും-തൊടുപുഴയും ഉള്ള സ്കൂളുകൾ മിക്കതും ഞങ്ങൾതന്നെ കെട്ടിയതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ തോവാളതാലൂക്കിനെപ്പററി എന്തുകൊണ്ടു പറഞ്ഞില്ല?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഞാൻ എന്തെല്ലാംപറയുന്നു എന്ന് എന്റെ പ്രസംഗം തീരുമ്പോഴേ അറിയാവൂ.

മി: എം. ശിവതാണുപിള്ള (തോവാള): തോവാളതാലൂക്കിലെ സ്കൂളുകളുടെ എണ്ണം അറിയാമോ?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതിനെല്ലാം എന്റെകയ്യിൽ റിക്കാൎഡുകൾ ഉണ്ട്. എന്നാൽ എല്ലാതാലൂക്കിലേയും കാൎയ്യം പറയാൻ സമയമില്ല.

വിദ്യാഭ്യാസത്തിലും ഗതാഗതവിഷയത്തിലും ഉത്തരതിരുവിതാംകൂറിലെ—വിശേഷിച്ചു മൂവാററുപുഴ തൊടുപുഴ മുതലായ ഉൾനാടുകളിലെ—സ്ഥിതി ഏററവും പരിതാപകരമാണ്. ആ വിഷയത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ ഗാഢമായി പതിയണം. അതിലേക്കു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരെ നിഷ്കർഷയായി ചുമതലപ്പെടുത്തുകയും അവരെക്കൊണ്ടു വേണ്ടതു നടത്തിക്കുകയും വേണം. ഞങ്ങളുടെ നില ഈവിധത്തിലാണല്ലോ എന്നു ഞങ്ങൾക്കു വളരെ സങ്കടമുണ്ട്. സഹപൌരന്മാർ സൌഖ്യം അനുഭവിക്കുന്നതിൽ ഞങ്ങൾക്കു സ്പർദ്ധയില്ല. വിദ്യാഭ്യാസം, ഗതാഗതസൌകൎയ്യം ഇവകൾ ഇല്ലാതെ ഒരു ദേശത്തിനും അഭിവൃദ്ധി ഉണ്ടാകുന്നതല്ലല്ലോ.

കൃഷിസേചനവിഷയത്തിലും ഞങ്ങൾക്കു പറയത്തക്കതൊന്നും ഗവണ്മെൻറു ചെയ്തിട്ടില്ല. ചേതേയാർ ഇറിഗേഷൻവേലകൾക്കു കോടിക്കണക്കിനു പണം ചിലവുചെയ്തിട്ടുണ്ടെന്നു മാത്രമല്ല ഇപ്പോഴും വലിയതുകകൾ ചിലവാക്കിവരുന്നുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള): അഗസ്തീശ്വരം, തോവാള ഈ താലൂക്കുകളിലെ ജനങ്ങൾ കൂടുതൽ കരം കൊടുക്കുന്നവരാണെന്നു മെമ്പൎക്കു അറിയാമോ?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കൃഷിക്കു കൂടുതൽസൌകൎയ്യം ഉണ്ടാക്കിത്തന്നാൽ ഞങ്ങൾക്കും കൂടുതൽ നികുതികൊടുക്കാൻ സന്തോഷമുണ്ട്. നികുതി സന്തോഷത്തോടുകൂടി കൊടുക്കുന്നതല്ലാതെ നികുതി കുറക്കണമെന്നു ഞങ്ങൾ പറയാറില്ല. ഇറിഗേഷൻവേലകൾക്കു ഞങ്ങൾക്കു വേണ്ടസഹായം ലഭിക്കുന്നതിനർഹതയുണ്ട്. കല്ലും മണ്ണും വീണു നികന്നുകിടന്ന കുളങ്ങളെ താഴ്ത്തി കൃഷിക്കുപയുക്തമാക്കിത്തരണം. ജനസംഖ്യ വൎദ്ധിച്ചുവരുന്നതുകൊണ്ടു കൃഷിയെ അഭിവൃദ്ധിപ്പെടുത്താഞ്ഞാൽ ദാരിദ്ര്യം വൎദ്ധിക്കും. കൃഷിസ്ഥലം വൎദ്ധിക്കുന്നതിനു പടിഞ്ഞാറുചെന്നാൽ അറബിക്കടലും കിഴക്കു റിസൎവ്വ് ബൌണ്ടറിയും രാജ്യനിവാസികളെ തടയുന്നു.

റിസർവുവനങ്ങളെ കുറെ ഒഴിച്ച് കൃഷിക്കു സൗകര്യപ്പെടുത്തിക്കൊടുക്കണം. ബഡ്ജറ്റിൽ കൂടുതൽ തുക കാണുന്നതുകൊണ്ടു ജനൈശ്വര്യം വർദ്ധിച്ചുവരുന്നു എന്ന് വിചാരിക്കാൻ നിവൃത്തിയില്ലാ. രാജ്യത്തെ പ്രധാനജനവിഭാഗം കൃഷിക്കാരാണ്. ഇതു് കർഷകന്മാരുടെ രാജ്യമാകുന്നു. കൃഷിക്കാരെ വിസ്മരിച്ചു യാതൊരഭിവൃദ്ധിയും രാജ്യത്തിനു വരുത്താൻ സാദ്ധ്യമല്ല. ഡിപ്പാർട്ടുമെൻറുകാരും കൃഷിക്കാരുടെ അഭിവൃദ്ധിയെ ലാക്കാക്കി പ്രവർത്തിക്കണം. രാജ്യത്ത് എന്തെങ്കിലും ഇപ്പോൾ സങ്കടമുണ്ടെങ്കിൽ അതു് അധികവും കൃഷിക്കാർക്കാണ്. കൈക്കൂലിതുടങ്ങിയുള്ള ഉദ്യോഗസ്ഥ അഴിമതികളുടെ ഫലം അധികവും അനുഭവിക്കുന്നതു് നാട്ടിൻപുറത്തെ കൃഷിക്കാരാണ്. വിദ്യകുറഞ്ഞ കൃഷിക്കാർ കല്ലിലും മുള്ളിലും ചേറിലും നടന്നു വേലചെയ്തു, വെയിലും മഞ്ഞുമേററ്, കഷ്ടതയനുഭവിച്ച് വഴിയെല്ലാ നികുതിയുംകൊടുത്തു് എല്ലാവരുടേയും ക്ഷേമത്തെ പരിപാലിച്ചുകൊണ്ടുപോകുന്ന ഇവരെയാണ് സാധാരണ ഉദ്യോഗസ്ഥന്മാർ ചവുട്ടി മർദ്ദിച്ചുകൊണ്ടിരിക്കുന്നതു്. ഉൾനാടുകളിലുള്ള താണതരം ഉദ്യോഗസ്ഥന്മാർപോലും സാധുകൃഷിക്കാരെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. അതും അധികാരി ഗൗനിക്കുന്നില്ലാ. അവർ എവിടെ ചെന്നു സങ്കടം പറയും? കഷ്ടം അവരുടെ സ്ഥിതി എത്ര പരിതാപകരം! ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലി വർഗ്ഗീയപക്ഷപാതം ഇവകൊണ്ടു കർഷകന്മാർക്കാണു അധികം ബുദ്ധിമുട്ടുള്ളതു. ഈ കാരണത്താലാണു കൃഷി ഒരു മാന്യമായ തൊഴിൽ അല്ലെന്നു ജനങ്ങളുടെയിടയിൽ ഒരു വിചാരം അങ്കുരിച്ചുതുടങ്ങിയിരിക്കുന്നതു.

കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനു കൃഷിഡയറക്ടർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും സാരമായ അഭിവൃദ്ധിയുണ്ടായിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. കൃഷിസ്ഥലം വർദ്ധിപ്പിക്കാതെ കൃഷിക്കു അഭിവൃദ്ധിയുണ്ടാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. രാജ്യത്തിലെ മൂന്നിലൊരുഭാഗം റിസർവ് വനമായിക്കിടക്കുന്നു. അവയിൽ ജനവാസസ്ഥലങ്ങളോട് അടുത്തസ്ഥലങ്ങളെ ഒഴിച്ച് ഒരേക്കർവീതം അധഃകൃതർക്കു തറവിലകൂടാതെ പതിച്ചുകൊടുക്കണം. അവർക്കു അടുത്തകാലത്താണ് സ്വാതന്ത്ര്യം കൊടുത്തിട്ടുള്ളതു്. അവർ ഉണർന്നുവന്നപ്പോൾ അവർക്കു ഭൂമിയുമില്ല, വിദ്യാഭ്യാസവുമില്ല. അതുകൊണ്ടു് അവർക്കു ഗവണ്മെൻറു തരിശുഭൂമികളിൽനിന്നും ഓരോ ഏക്കർവീതം പതിച്ചുകൊടുക്കുകതന്നെവേണം. പിന്നെ എല്ലാവർഗ്ഗങ്ങളിലും ഭൂസ്വത്തില്ലാത്തവർക്കു അഞ്ചേക്കർവീതം അതാതുതാലൂക്കിലെ 'മിനിമം' തറവിലക്കു പതിച്ചുകൊടുക്കണം. ബാക്കിയുള്ളസ്ഥലം പത്തോ പതിനഞ്ചോ ഏക്കർ അടങ്ങിയ ബ്ളോക്കുകളായി തിരിച്ചു ലേലം ചെയ്യണം. ഇങ്ങിനെ റിസർവിൽനിന്നും തരിശുഭൂമികളെ ഒഴിപ്പിച്ചു കൃഷിക്കായിട്ട് കൊടുക്കാതിരുന്നാൽ രാജ്യത്തിന്റെ ഭാവിസ്ഥിതി വളരെ പരിതാപകരമായിരിക്കും. ജനസംഖ്യ വർദ്ധിച്ചുവരുന്നതനുസരിച്ച് ആളൊന്നിന് കൃഷിസ്ഥലം കുറഞ്ഞുവരുന്നു, കൃഷിയല്ലാതെ തൊഴിലുമില്ല. കൃഷിസ്ഥലം വർദ്ധിപ്പിക്കാതെ വനം വർദ്ധിപ്പിച്ചുകൊണ്ടുവന്നാൽ ജനങ്ങൾ പട്ടിണികിടക്കേയുള്ളു

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വകസ്ഥലം കൃഷിക്കായിട്ടു കൊടുത്താൽ മതിയോ അതല്ല ക്രയവിക്രയാധികാരംകൂടി കൊടുക്കണമോ?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പറയർ, പുലയർ തുടങ്ങിയുള്ളവർക്കു കുറഞ്ഞതു ഒരു ൨൦ കൊല്ലത്തേക്കെങ്കിലും ക്രയവിക്രയസ്വാതന്ത്ര്യംകൊടുക്കാൻ പാടില്ല. അവർ രാജ്യമാകുന്ന ഭവനത്തിലെ മൈനർകളാണ്.

റിസർവു വനങ്ങൾ കുറെ ഒഴിക്കുന്നതുകൊണ്ടു രാജ്യത്തിനു ഒരു ദോഷവും വരികയില്ല.

റിസർവ് വനങ്ങൾ ഒഴിക്കുന്നതുകൊണ്ട് മഴ ഉണ്ടാകാതെ പോകും എന്നു പറയുന്നതു് അർത്ഥമില്ലാത്തതാണ്. ഇതുപ്രകാരം ചിലസ്ഥലങ്ങൾ ഒഴിച്ച് തോട്ടങ്ങൾ വച്ചിട്ടുണ്ട്. എന്നിട്ടും മഴയ്ക്കു കുറവൊന്നുമില്ല. പടിഞ്ഞാറെ കടലിലെ നീരാവിപോയി പർവതം തടയുമ്പോൾ അവിടെ തണുത്താണ് മഴപെയ്യുന്നതു് എന്നാൽ പർവതത്തിനു അപ്പുറമുള്ള തിരുനെൽവേലി ജില്ലയിൽ മഴപെയ്യാത്തതിനുള്ള കാരണമെന്തു്? കിഴക്കുനിന്നും നീരാവി വരാത്തതു തന്നെ. കാടുകൊണ്ടാണെങ്കിൽ തിരുനെൽവേലി മുതലായസ്ഥലങ്ങളിൽ കുറെ കാടുകൾ നട്ടുനനച്ചുണ്ടാക്കി മഴപെയ്യിക്കരുതോ? നിശ്ചയമായിട്ടും നനച്ചു കാടു വളർത്തി എന്നാലും മഴ ഉണ്ടാകയില്ല. അതുകൊണ്ടു് മഴക്കാര്യം പറഞ്ഞു ഈ റിസർവ് വനങ്ങൾ എല്ലാം ഇങ്ങനെ വച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല. തടിയും മരവുമല്ല ജനങ്ങൾക്കാവശ്യമുള്ളതു്. അവർക്കാവശ്യമുള്ളതു് ആഹാരസാധനങ്ങളാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലേക്കുള്ള അധികാരസീമവർദ്ധിപ്പിക്കാൻ കൺസർവേറ്റർ പറയും. അതിനെ കണ്ണുമടച്ചു അതുവിധം സ്വീകരിക്കരുതു്. റിസർവു വനത്തിനകത്തുതന്നെ പുരാതനകാലങ്ങളിൽ കൃഷിചെയ്തുവന്നിരുന്നതായി അനവധിലക്ഷ്യങ്ങളുണ്ട്. മൂവാററുപുഴ താലൂക്കിൽ 'സ്വാമ്പി ഏറിയാക്കമ്മററി'യിലെ മെമ്പർഎന്ന നിലയിൽ വനത്തിലെ ചതുപ്പു നിലങ്ങളെ ഞാൻ പുഴുക്കൾ കടിച്ചു രക്തം ഒലിച്ചും പ്രാകൃതവേഷധാരിയായും കഷ്ടപ്പെട്ടു പരിശോധിച്ചു റിപ്പോർട്ടും സമർപ്പിച്ചു. റിപ്പോർട്ടിൽ ൧൦൦-ൽ പരം ഏക്കറാണ് പതിച്ചുകൊടുക്കാൻ ശുപാർശചെയ്തിരുന്നതു്. എന്നാൽ അതിൽ ൧൦ ഏക്കറാണ് പതിച്ചു കൊടുക്കാൻ അനുവദിച്ചിട്ടുള്ളതു്. കഷ്ടപ്പാടും ബുദ്ധിമുട്ടും മാത്രംമിച്ചം.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സ്ഥലങ്ങളിൽ ജനങ്ങൾ കടന്നു ദേഹണ്ഡം ചെയ്ത സ്ഥലങ്ങൾ ഉണ്ടോ?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ചില താലൂക്കുകളിലെ വനങ്ങളിൽ പത്തുപതിനഞ്ച് വർഷത്തിനുമേൽ പഴക്കമുള്ള കൃഷിസ്ഥലങ്ങൾ ഉണ്ട്. എന്നാൽ ദേഹണ്ഡക്കാരെയെല്ലാം ഒഴിപ്പിക്കാൻ നടപടി നടത്തുന്നതായി കേൾക്കുന്നു. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ് ധാരാളം കീഴുദ്യോഗസ്ഥന്മാരുള്ള ഒരു വകുപ്പാണ്. പ്രവേശനകാലത്തു കേസ്സാക്കി ജനങ്ങളെ ഒഴിപ്പിക്കാതെ ആറും ഏഴും വർഷമായിട്ട് കൃഷിചെയ്തു ആദായമെടുക്കുന്ന കാലത്തു് ഒഴിയണം എന്നു പറയുന്നതു വളരെ പരിതാപകരമായ സംഗതിയാണ്. പക്ഷികൾക്കു വൃക്ഷങ്ങളിൽ കൂടുകെട്ടി കിടക്കാം. ജന്തുക്കൾക്കു കാടുകളിൽ ഉള്ള ഗുഹകളിൽ കിടക്കാം. ഈ സാധുക്കൾ കുടിയിറങ്ങിയാൽ എവിടെ പോകും? അതുകൊണ്ട് റിസർവിൽ രണ്ടോ മൂന്നോ കൊല്ലത്തിന് മുമ്പ് ചെയ്തിട്ടുള്ള കൃഷി ഒഴിപ്പിക്കരുതു് ഇതു് ഗവണ്മെൻറിന്റെ സ്മരണയിലിരിക്കണം. അറിയാതെയാണു പ്രവേശനങ്ങൾ ബൌണ്ടറി തെളിയിച്ചിട്ട് ഗാർഡുകൾ തടയാത്തതു കൊണ്ടല്ലേ പ്രവേശിച്ചതു്?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): കുടിപാർപ്പു തുടങ്ങി മേഹണ്ഡം ചെയ്താൽ ആ സ്ഥലം മേഹണ്ഡക്കാർക്ക് പതിച്ചു കൊടുക്കണമെന്നു ചട്ടമില്ലേ?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങിനെ ചട്ടം ഉണ്ട്. അതനുസരിച്ച് കൊടുക്കുന്നില്ല. അതു കൊടുക്കേണ്ട കാര്യത്തെപ്പററിയും ഞാൻ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. അധഃകൃതന്മാരുടെ അവകാശം ഒന്നാമതായി ഗണിക്കണം. കൃഷിക്കാരുടെ ഐശ്വര്യത്തിനു അവരാണ് കാരണക്കാർ അവർക്കു സ്വാതന്ത്ര്യം കിട്ടിയതു ഇപ്പോഴാണ്. ഭൂമിമാത്രം കൊടുത്താൻ പോരാ, വിദ്യാഭ്യാസത്തിനും കൂടുതൽ സൌകര്യമുണ്ടാക്കിക്കൊടുക്കണം. വിദ്യാഭ്യാസത്തിനു ആകപ്പാടെ ചിലവു ചെയ്യുന്ന തുകയിൽ ജനസംഖ്യ അനുസരിച്ച് അവർക്കു ന്യായമായി കിട്ടേണ്ട അവകാശത്തിന്റെ പത്തിൽ ഒരംശംപോലും അവർക്കു ലഭിക്കുന്നില്ല അതുകൊണ്ട് ന്യായമായി അവർക്കു കിട്ടാനുള്ളതു കൊടുക്കണം. സ്കൂളുകളിൽ പഠിക്കുന്നവർക്കു ആഹാരമായിട്ടും വസ്ത്രങ്ങളായിട്ടും പുസ്തകമായിട്ടും കൊടുക്കണമെന്നേ ഉള്ളു. എന്നാലും കൊടുക്കാനുള്ളതല്ലാതെ കൂടുതൽ കൊടുക്കേണ്ടിവരികയില്ല. ൧൭ ലക്ഷം രൂപായെ മലയാളവിദ്യാഭ്യാസത്തിനായിട്ടുള്ളു. അതുകൂട്ടണം. കൂട്ടുന്നതിൽ ഒരു വലിയഭാഗം അധഃകൃതരുടെ വിദ്യാഭ്യാസത്തിനായിട്ടു വ്യയം ചെയ്യണം. അവർക്കു പുസ്തകം മുതലായതു വെറുതെ കൊടുക്കണമെന്ന് ഞാൻ ഒരു പ്രമേയം ഇവിടെകൊണ്ടുവന്നു. എന്നാൽ എന്റെ സഹപ്രവർത്തകന്മാരായ പലർക്കും അഭിപ്രായവ്യത്യാസമുണ്ടായിരുന്നതിനാൽ പാസ്സാക്കാൻ സാധിച്ചില്ല.

ഇനി എനിക്കു പറയാനുള്ളതു് ആശുപത്രികളെ കുറിച്ചാണ്. ഞാൻ പലപ്പോഴും ഡാക്ടർമാർക്കു കൊടുക്കേണ്ട പടിയെ ക്ലിപ്തപ്പെടുത്തി ജനങ്ങളെ അറിയിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് ആ വകക്കു ഗവൺമെൻറിൻറിനും ഒരു ചിലവുമില്ല. എല്ലാ ആശുപത്രിയുടേയും ഭിത്തിയിൽ ഡാക്ടർമാർക്കു മൈലിനു ഇത്ര രൂപാ പടി കൊടുക്കണമെന്നെഴുതിവയ്ക്കണം. ഗതാഗതസൌകര്യമില്ലാത്ത ഉൾനാടുകളിൽ രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകാൻ പലപ്രയാസങ്ങളും ഉണ്ട്. രോഗിയെ എടുത്തു ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ ആ ബുദ്ധിമുട്ടുകൊണ്ടുതന്നെ അയാൾ മരിച്ചുപോയി എന്നുംവരും. ഇപ്പോൾ ഡാക്ടർമാർക്കുഎന്തു കൊടുത്താലും അതെല്ലാം പടിയാണ്. ഇങ്ങനെ ഒരു ബോർഡു ആശുപത്രികളിൽ വച്ചാൽ ജനങ്ങൾക്കു കാര്യമറിഞ്ഞു് ചെയ്യാമല്ലോ. ചിലഡാക്ടർമാർ എന്തുതന്നെയായാലും കൂടുതൽ പണം വാങ്ങിക്കുമായിരിക്കും. എങ്കിലും ജനങ്ങൾക്കു സമാധാനമുണ്ട്. ഈ പടിയെല്ലാം ഗവൺമെൻറിൽനിന്നും വാങ്ങി ഡാക്ടർമാർക്കു ശമ്പളം കൂട്ടികൊടുത്താൽ ജനങ്ങൾക്കു അധികം ഗുണം ഉണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ അങ്ങിനെ നടക്കുന്നു. വാസസ്ഥലത്തു പോയിരജിസ്റ്റർ ചെയ്യാനുള്ള പടി ഗവൺമെൻറ വാങ്ങിക്കുന്നു. അവർക്കു ശമ്പളം മാത്രം കൊടുക്കുന്നു.

ആശുപത്രി ചിലപ്രദേശങ്ങളിൽ വളരെ കുറവാണ് തൊടുപുഴ തുടങ്ങിയുള്ള ചിലതാലൂക്കുകളിൽ ഓരോ ആശുപത്രിയേ ഉള്ളു. ചിലതാലൂക്കുകളിൽ നാലും അഞ്ചും ഉണ്ട്. തൊടുപുഴയിൽ കരിമണ്ണൂരും അറക്കുളത്തും ഓരോ ഡിസ്പൻസറി സ്ഥാപിച്ചു തരണം. ഉൾനാടുകളിലെ കൃഷിവലന്മാർക്കു കൂടുതൽപ്രയോജനകരമാംവിധം ചെയ്യണമെന്നു വീണ്ടും പ്രസ്താവിച്ചുകൊണ്ട് എന്റെ പ്രസംഗത്തെ അവസാനിപ്പിക്കുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): സർ, ഈ പ്രാവശ്യത്തെ ബഡ്ജററു പലകാരണങ്ങളാൽ പ്രശംസനീയവും ഫിനാൻഷ്യൽ സിക്രട്ടറി അവർകളുടെ ബഡ്ജററു സ്റ്റേററുമെൻറ് വളരെവിശേഷവുമായിരിക്കുന്നതിൽ ഗവൺമെൻറിനേയും ഫിനാൻസ് കമ്മിററിയേയും ഫിനാൻഷ്യൽ സിക്രട്ടറിയേയും പ്രത്യേകം അഭിനന്ദിച്ചു കൊള്ളുന്നു. എങ്കിലും അതോടുകൂടിത്തന്നെ ഫിനാൻഷ്യൽ സിക്രട്ടറി അവർകൾ ഇതു സംബന്ധിച്ചു ചിലചെപ്പടിവിദ്യകൾ പ്രയോഗിച്ചിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കുവാൻ നിവൃത്തിയില്ലാ. കരുതൽ ധനത്തിൽ നിന്നു പോലും ഒരു വലിയസംഖ്യ ചിലവുചെയ്തു തിരുവനന്തപുരം തീവണ്ടി ജലസംഭരണപദ്ധതി വൈദ്യുതപദ്ധതി മുതലായവ ഉടനെ പണി ആരംഭിക്കുന്നതിനും നിയമസഭാ മന്ദിരം പണി സംബന്ധിച്ചു ആവശ്യമുള്ള പ്രാരംഭനടപടികൾ നടത്തുന്നതിനും ജനോപകാരപ്രദങ്ങളായ എല്ലാഡിപ്പാർട്ടുമെൻറുകൾക്കും കൂടുതൽ പണം അനുവദിക്കുന്നതിനും ഗവൺമെൻറ പ്രദർശിപ്പിച്ചിട്ടുള്ള സന്നദ്ധത ശ്ലാഘനീയംതന്നെ. കാലംചെന്ന മഹാരാജാവു തിരുമനസ്സിലെ ഓർമ്മയെ നിലനിർത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ഉടൻ ചെയ്യാമെന്ന് ഗവൺമെൻറ് ഈ സഭയോടു ചെയ്ത വാഗ്ദാനത്തെ നിറവേററുന്നതിൽ വരുത്തിയിട്ടുള്ള കാലതാമസം ക്ഷന്തവ്യമല്ലെന്നുള്ള മിസ്റ്റർ സുബ്ബയ്യരുടെ അഭിപ്രായത്തോടു ഞാനും യോജിക്കയും ഗവൺമെൻറ ആ കാര്യത്തിൽ കൂടുതൽ ഉത്സാഹം പ്രദർശിപ്പിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

മെഡിക്കൽ കാൺട്രാക്ററ് ഇനത്തിൽ വലിയ ഒരു തുക ആദായമുണ്ടാക്കുന്നതിനു ഗവൺമെൻറ ചെയ്തിട്ടുള്ള ശ്രമങ്ങളെ അഭിനന്ദിക്കുന്നതോടുകൂടി തന്നെ സ്റ്റേഷനറിയുടെ കാര്യത്തിലും ഇതു പോലെ ഒരു ശ്രമം ചെയ്യുന്നപക്ഷം ഇതിനേക്കാൾ കൂടുതൽ ആദായമുണ്ടാക്കുവാൻ സാധിക്കുമെന്നുള്ള എന്റെ വിശ്വാസത്തെ ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ.

ബഡ്ജററ് പലകാരണങ്ങളാൽ ശ്ലാഘാർഹമാണെങ്കിലും അതു കേവലം ദോഷരഹിതമാണെന്നോ പ്രശംസയെ മാത്രമേ അർഹിക്കുന്നുള്ളു എന്നോ പറയുവാൻ നിവൃത്തിയില്ലാ. ൧൧൨൨-ലെ വരവിനത്തിൽ ൩൭ ലക്ഷം രൂപാ ഗവൺമെൻറ് ആഫ് ഇൻഡ്യാ പ്രാമിസറിനോട്ടു വാങ്ങിയ വക ലാഭമുള്ളതായി വരവു കാണിച്ചിരിക്കുന്നതു നേരംപോക്കുതന്നെ. വല്ല പൊളിഞ്ഞ കമ്പനിയുടേയും ഓഹരികുറെകുറഞ്ഞവിലക്കു വാങ്ങിച്ചാൽ ഗവൺമെൻറിന്റെ കരുതൽ ധനം വളരെ കൂടുതൽ ആണെന്നു ജനസാമാന്യത്തെ ധരിപ്പിക്കാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. ൧൧൨൧-ൽ ൮൯ ലക്ഷവും ൧൧൨൨-ൽ ൮൪ ലക്ഷവും ഗവൺമെൻറിനു മിച്ചം ഉണ്ടായിരിക്കുന്നു. ഇതു തിരുവിതാംകൂർ ജനതയുടെ നേരെ കാണിച്ചിട്ടുള്ള മഹാപരാധങ്ങളിൽ ഒന്നാണ്. ഈ സംഖ്യകൾ ജനോപകാരപ്രദങ്ങളായ മാർഗ്ഗങ്ങളിൽ ചിലവഴിക്കാമായിരുന്ന അവസരത്തെ ഗവൺമെൻറു നഷ്ടപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതു. ൧൧൨൩-ൽ ൩ ലക്ഷം രൂപാമാത്രം മിച്ചം വരുമെന്നു കണക്കാക്കിയിരിക്കുന്നതു് ചില ചെപ്പടിവിദ്യകൾ പ്രയോഗിച്ചതിനു ശേഷമാണ്. അഞ്ചൽ ഇറിഗേഷൻ എന്നീ ഡിപ്പാർട്ടുമെൻറുകളുടെ ചെലവു കഴിച്ചുള്ള വരവു മാത്രമേ വരവിനത്തിൽ ചേർത്തിട്ടുള്ളു. എന്നാൽ മലയാളം പാഠപുസ്തകങ്ങളുടെ അച്ചടി വകക്കു രണ്ടുലക്ഷത്തിപതിനായിരം രൂപാ ചിലവിൽ കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. അഞ്ചൽ മുതലായ ഇനങ്ങളിലെതുപോലെ തന്നെ അതാതാണ്ടിൽ പാഠപുസ്തകങ്ങളുടെ വില്പനയിൽനിന്നും ഉണ്ടാകുന്ന ആദായം

മാത്രം വരവിനത്തിൽ ചേക്കും. ഒന്നാണ്ടേ ചിലവിനത്തിൽ നഷ്ടമുണ്ടെങ്കിൽ അതുമാത്രം കൊള്ളിക്കയും ആണു് ന്യായമായി ചെയ്യേണ്ടതു. ഈ സംഖ്യകൂടി കണക്കാക്കുന്നപക്ഷം ൧൦൮൬-ലെ മിച്ചം ലക്ഷമായി വർദ്ധിക്കുന്നതാകുന്നു. മഹാരാജാവുതിരുമനസ്സിലെ യാത്രച്ചിലവു വകക്കു ഒരു ലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു. ഇതേവരെയുള്ള അനുഭവം വിചാരിച്ചാൽ അമ്പതിനായിരം രൂപായിലധികം ഈ ഇനത്തിൽ ചിലവു വരുമെന്നു വിചാരിക്കാൻ ന്യായമില്ലാ. കള്ളുചാരായം എന്നീ ഇനങ്ങളിൽ ൨൭ ലക്ഷം രൂപാ വരവുണ്ടാകുമെന്നാണു പ്രതീക്ഷിച്ചിരിക്കുന്നതു. ഈ ഇനങ്ങളിൽ ൧൦൮൫-ലെ അസൽ വരവു ൨൯ ലക്ഷം ആണു. ൧൦൮൭-ൽ-൩൩ ലക്ഷം ഉണ്ടാകുമെന്നു എസ്റ്റിമേറ്റ് ചെയ്യുന്നുഎങ്കിലും അതു ൩൦ ലക്ഷമായി വർദ്ധിക്കുമെന്നാണു് ഇപ്പോഴത്തെ പ്രതീക്ഷ. ആണ്ടു അവസാനത്തിൽ അസൽ കണക്കു വരുമ്പോൾ അതുകുറെക്കൂടി വർദ്ധിക്കുമെന്നുള്ളതിനു എനിക്കു യാതൊരു സംശയവും ഇല്ലാ. എങ്കിലും ഇപ്പോഴത്തെ എക്സൈസ് എസ്റ്റിമേറ്റ് ശരിയാണെന്നു നമുക്കു സ്വീകരിക്കാം. എന്നാൽതന്നെയും ഗവർമ്മെന്റ് ഇപ്പോഴത്തെ എക്സൈസ് നയം മാറ്റപ്പെടുത്താതിരിക്കുന്നപക്ഷം ൧൦൮൮-ൽ ൨൮-ലക്ഷം രൂപാ ആ ഇനത്തിൽ വരവുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതിൽ വലിയ അസാംഗത്യം ഉണ്ടെന്നു തോന്നുന്നില്ലാ. അതു ഇപ്പോൾ കാണിച്ചിരിക്കുന്നതുകയെക്കാൾ മൂന്നുലക്ഷം രൂപാ കൂടുതലായിരിക്കും. ഇനിയും തെയിലച്ചുങ്കം ഇനത്തിൽ ബ്രിട്ടിഷ്ഗവർമ്മെന്റിനു യാതൊന്നും കൊടുക്കേണ്ട ആവശ്യമില്ലാ എന്നു വന്നതിനു ശേഷവും കസ്റ്റംസ് ഇനത്തിൽ ൧൦൮൮-ലെ വരവു ഏകദേശം അമ്പതിനായിരം ഉറുപ്പിക ഈയാണ്ടത്തേക്കാൾ കുറവായിരിക്കുമെന്നു് പ്രതീക്ഷിച്ചിരിക്കുന്നതു വളരെ കുറവാണു്. എങ്ങിനെയും ഈ ഇനത്തിൽ ഒരു ലക്ഷം രൂപായെങ്കിലും കൂടുതലായി വരവുണ്ടാകുമെന്നു ന്യായമായി ആശിക്കാം. ഇങ്ങിനെ നമുക്കു പ്രത്യക്ഷമായി കാണാവുന്ന ഇനങ്ങളിൽതന്നെ ചുരുങ്ങിയതു പതിനാറുലക്ഷം രൂപായോടടുത്ത ഒരു സംഖ്യ ൧൦൮൮-ൽ ആദായമുണ്ടാകുമെന്നുള്ളതാണു്. ൧൦൮൭-അവസാനത്തിൽ കണക്കുകൾ പരിശോധിക്കുമ്പോൾ ഈ കൊല്ലത്തെപ്പോലെതന്നെ ൨൭-ലക്ഷമൊ അതിൽ കൂടുതലൊ മിച്ചം ഉണ്ടാകുന്നപക്ഷം ഞാൻ ഒട്ടുംതന്നെ അത്ഭുതപ്പെടുന്നതല്ല. ഏകദേശം ആ രീതിയിലാണു് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നതു. ഈ നിലയിൽ അത്യാവശ്യങ്ങളായ പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തുന്നകാര്യത്തിൽ ഗവർമ്മെന്റ് വിമുഖത പ്രദർശിപ്പിക്കുന്നതു ഒരിക്കലും ശരിയല്ലാ. എന്റെ മാന്യസ്നേഹിതന്മാരായ മിസ്റ്റർ എ. കെ. പിള്ളയും മിസ്റ്റർ പി. കെ. നാരായണപിള്ളയും പ്രസ്താപിച്ചതുപോലെ, മദ്യവ്യാപാരം നിറുത്തൽ ചെയ്യുന്നതിനു ഗവർമ്മെന്റ് ഊർജ്ജിതമായ നടപടികൾ ഉടനെ ആരംഭിക്കേണ്ടതാണു്. ഇപ്പോഴത്തെ നമ്മുടെ ഭണ്ഡാരത്തിന്റെ പുഷ്ടിയെ ഉപയോഗിച്ചു മദ്യവ്യാപാരത്തെ തടയുവാൻ ഗവർമ്മെന്റ് ശ്രമിക്കുന്നപക്ഷം തന്നിമിത്തം ജനങ്ങളുടെ ക്ഷേമസ്ഥിതി നന്നാകുകയും സാധുക്കളായ അനേകം ആളുകൾ ആദായകരങ്ങളായ തൊഴിലുകളിൽ പ്രവേശിക്കയും മററിനങ്ങളിൽ ഗവർമ്മെന്റിനു വരവുവർദ്ധിക്കയും പോലീസ്സു വകുപ്പ് സംബന്ധിച്ചുള്ള ചിലവു കാര്യമായി കുറയ്ക്കുവാൻ സാധിക്കയും ചെയ്യുന്നതായിരിക്കും.

ഗവർമ്മെന്റിന്റെ ദൃഷ്ടി പതിയേണ്ടതായ മറെറാരു വിഷയം നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസമാണു്. ഇതു സംബന്ധിച്ചു ഒരു ബിൽ ഞാൻ ഗവർമ്മെന്റിൽ സമർപ്പിച്ചിട്ടുണ്ടു. ഏകദേശം രണ്ടുസംവത്സരമായി എങ്കിലും അതു അനുവദിച്ചോ നിഷേധിച്ചോ ഒരു മറുപടി തരാതിരിക്കുന്നതു എന്തുകൊണ്ടാണെന്നു അറിയുന്നില്ല;

ഇങ്ങനെയുള്ള സംഗതികളിൽ ഗവർമ്മെന്റിനെ ഹേമിക്കുവാൻ ഈ ഭാഗത്തെ സാമാജികന്മാർക്കു സ്വാതന്ത്ര്യമില്ലാത്തതിൽ ദുഃഖിക്കയല്ലാതെ എന്തുചെയ്യട്ടെ. തിരുവിതാംകൂറിലെ ആളുകളെ വിദ്യാഭ്യാസ വിഷയത്തിൽ ആരും പ്രേരിപ്പിക്കേണ്ടതായ ആവശ്യം ഇല്ലെന്നും ആവശ്യമുള്ളവരെല്ലാം താനെതന്നെ സ്കൂളിൽ ചെന്നുകൊള്ളുമെന്നും നാം സ്കൂൾ ഉണ്ടാക്കി കൊടുക്കമാത്രം ചെയ്താൽ മതിഎന്നും ചില ആളുകൾക്കു അഭിപ്രായമുള്ളതായി എനിക്കു അറിയാം. ഉയർന്നജാതിക്കാരെ സംബന്ധിച്ചു ഈ അഭിപ്രായം എത്രതന്നെ വാസ്തവമായിരുന്നാലും, താണജാതിക്കാരുടെ ഇടയിൽ വിദ്യാ പ്രചാരമുണ്ടാകുന്നതിനു നിർബന്ധം കൊണ്ടുമാത്രമല്ലാതെ ഒരിക്കലും സാധിക്കുന്നതല്ലാ. പ്രാഥമിക വിദ്യാഭ്യാസവും ആ വിഷയത്തിൽ നിർബന്ധവും ആണു താണജാതിക്കാർക്കു ആവശ്യമായുള്ളതു എന്നാൽ നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് ഉൽകൃഷ്ടവിദ്യാഭ്യാസത്തിലാണു് കൂടുതലായ ശ്രദ്ധ പതിച്ചുകാണുന്നതു. ബറോഡയിൽ വിദ്യാഭ്യാസവിഷയമായി ൨൦-ലക്ഷം രൂപാ ചിലവുചെയ്യുന്നതിൽ ൧൨-ലക്ഷം പ്രാഥമിക വിദ്യാഭ്യാസത്തിനാണു്. എന്നാൽ ഇവിടെയാകട്ടെ വിദ്യാഭ്യാസത്തിന്റെ മൊത്തം ചിലവു ൨൭-ലക്ഷമായിരിക്കെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ചിലവു ൭½ ലക്ഷം മാത്രമാണു്. ഇതു എത്രയോ ശോചനീയമായിരിക്കുന്നു. പ്രാഥമിക പാഠശാലകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതിന്റെ അത്യാവശ്യകതയെ സംബന്ധിച്ചു ഈ സഭ ഏകാഭിപ്രായം പുറപ്പെടുവിക്കയും അതനുസരിച്ചു, നിയമിച്ച കമ്മിററിക്കാർ ഗവർമ്മെന്റിൽ റിപ്പോർട്ടു സമർപ്പിക്കയും ചെയ്തുകഴിഞ്ഞതിനുശേഷവും ഈയാണ്ടത്തെ ബഡ്ജറ്റിൽ ആ വകയ്ക്കു യാതൊരു തുകയും കൊള്ളിക്കാതിരിക്കുന്നതു വളരെ കഷ്ടമാണു്. കഴിയുന്ന വേഗത്തിൽ ഗവർമ്മെന്റ് പ്രസ്തുതറിപ്പോർട്ടു പരിശോധിച്ചു ഉത്തരവു പാസ്സാക്കയും അടുത്ത സഭായോഗത്തിൽ സപ്ലിമെന്ററി ഗ്രാന്റ് ആവശ്യപ്പെടുകയും ചെയ്യുമെന്നു് വിശ്വസിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ചിലവിലേക്കു അനുവദിച്ചിരുന്നതുകയിൽ ഒരുലക്ഷത്തിൽ ഇരുപത്തിഒമ്പതിനായിരം രൂപാ മിച്ചം വരുമെന്നു കണക്കാക്കിയിരിക്കുന്നു. ഇതിനുള്ള കാരണം എന്തെന്നോ ഉത്തരവാദി ആരെന്നോ ഫൈനാൻഷ്യൽ സിക്രട്ടറിയുടെ പ്രസംഗത്തിൽ പ്രസ്താപിച്ചുകാണുന്നില്ലാ. നമ്മുടെ വിദ്യാഭ്യാസ ഭരണചക്രത്തിന്റെ ആണികൾ അയഞ്ഞുതുടങ്ങിയിട്ടുണ്ടെന്നു പറയേണ്ടിവന്നതിലേക്കു വളരെ മനസ്താപമുണ്ടു. ഇതിനെസംബന്ധിച്ചു ഇന്നലെ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞ അഭിപ്രായങ്ങൾ അക്ഷരം പ്രതി ശരിയായിട്ടുള്ളതാണു്. കൊച്ചി, മൈസൂർ മുതലായ അയൽ രാജ്യങ്ങളിലെ വിദ്യാഭ്യാസ ഭരണാധികാരികൾ പരിഷ്കാരങ്ങളുമായി കുതിച്ചുപായവേ നമ്മുടെ വിദ്യാഭ്യാസഡയറക്ടർ ആഫീസ്സുമുറിയുടെ ചുമരുകൾക്കുള്ളിൽ ഒതുങ്ങി ഉറങ്ങുകയും കേവലം ഒരു ആഫീസ്സ് മാനേജരുടെ ജോലികൾമാത്രം ചെയ്തു തൃപ്തിയടയുകയും ചെയ്യുന്ന കാഴ്ചയാണ് നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നതു. സ്വാഭാവികമായ ശക്തികൊണ്ടു നമ്മുടെ വിദ്യാഭ്യാസച്ചെടി സ്വതന്ത്രമായിത്തന്നെ തഴച്ചു വളരുവാൻ പരിശ്രമിക്കുന്നുണ്ടെങ്കിലും നൂതനവിഷയങ്ങളിൽ പ്രവേശിക്കുന്നതിനു ഡയറക്ടരാപ്പീസിൽ പ്രത്യക്ഷപ്പെടുന്ന മാന്ദ്യവും അശക്തിയും നിമിത്തം പ്രസ്തുതചെടിയുടെ വളർച്ചക്കു പലപ്പോഴും തടസ്സം നേരിടുന്നുണ്ടു. ഡയറക്ടർ

സ്ഥാനത്തു നിന്നുള്ള അലസവും അശക്തവും ആയ ഭരണത്തിന്റെ ദോഷഫലങ്ങൾ നാം അനുഭവിക്കാൻ തുടങ്ങിയിട്ടുള്ളതെയുള്ളു. ഈ സ്ഥിതിയിൽ കുറേനാൾകൂടി മുന്നോട്ടുപോയാൽ നമ്മുടെ വിദ്യാഭ്യാസചക്രം തിരിയാൻ ശക്തിയില്ലാതെ നിന്നുപോകുമെന്നു വിചാരിക്കാൻ പലലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ടു. കൊച്ചി വിദ്യാഭ്യാസ ഡയറക്ടർ ഒരു വൎഷത്തിൽ ൨൦൩ ദിവസം ബറോഡാ എഡ്യൂക്കേഷൻ കമ്മീഷണർ ഒരുവൎഷത്തിൽ ൩൨൧ ദിവസവും സൎക്കീട്ടുചെയ്തിരിക്കെ നമ്മുടെ വിദ്യാഭ്യാസഡയറക്ടർ സൎക്യൂട്ടുചെയ്തിട്ടുള്ള ദിവസങ്ങളുടെ സംഖ്യ പറയുവാൻ എനിക്കു ലജ്ജതോന്നുന്നു. ഒരു വിഷയത്തിൽ മാത്രം ശ്രദ്ധപതിച്ചു സങ്കുചിതഹൃദയരായിത്തീൎന്നിട്ടുള്ള പ്രൊഫസർമാരെ ഭരണമേധാവികളായി പ്രതിഷ്ഠിക്കുന്ന നയത്തിന്റെ ദോഷഫലങ്ങളാണ് നാം അനുഭവിക്കുന്നതു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ ഭരണവൈകല്യങ്ങളുടെ പലകാൎയ്യങ്ങളെപ്പറ്റി എനിക്കു വളരെ പറയാനുണ്ടെങ്കിലും അതിനുള്ള അവസരം ഇല്ലാത്തതിനാൽ അതിനെക്കുറിച്ചു തുനിയുന്നില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനുള്ള ആവശ്യങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്യുന്ന അവസരത്തിൽ അതേപ്പറ്റി ഞാൻ കൂടുതലായി പ്രസ്താവിച്ചുകൊള്ളാം. ഈ ഡിപ്പാർട്ടുമെന്റിന്റെ ചിലവിലേക്കു ആണ്ടുതോറും അനുവദിക്കുന്നതു അതാതാണ്ടിൽ തന്നേ ചിലവിടാൻ ശക്തമാകത്തക്ക വിധത്തിൽ ഈ ഡിപ്പാർട്ടുമെന്റിനെ പരിഷ്കരിക്കേണ്ടതാണ്. വിദ്യാഭ്യാസ വിഷയമായ കാൎയ്യങ്ങളെപ്പറ്റി ആലോചിക്കാൻ ഒരു കമ്മിറ്റി ഏൎപ്പെടുത്താൻ ഭാവിക്കുന്നതായി രണ്ടു സംവത്സരം മുമ്പു ഗവൺമെന്റിൽ നിന്നും പ്രസ്താവിക്കയുണ്ടായി. ഇതുവരെ ഗവൺമെന്റു ആ വിഷയത്തിൽ ഒന്നും തന്നെ പ്രവൎത്തിച്ചു കാണാത്തതു എന്തു കൊണ്ടാണെന്നു മനസ്സിലാകുന്നില്ല. നമ്മുടെ വിദ്യാഭ്യാസകാൎയ്യങ്ങളെപ്പറ്റി അന്വേഷണം നടത്തി പരിഷ്കാരങ്ങൾ നിൎദ്ദേശിക്കുവാൻ ശക്തിയുള്ള ഒരു കമ്മിറ്റി ഏൎപ്പെടുത്തുകയോ ആഫീസ്സുമുറിയിൽ നിന്നും പുറത്തിറങ്ങി ലോകത്തിൽ പുറമേ നടക്കുന്ന സംഗതികൾ കണ്ടറികയും സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ സഞ്ചരിച്ചു ജനങ്ങളോടും വിദ്യാഭ്യാസ സ്ഥാപനങ്ങളോടും ഇടപഴകി വിദ്യാഭ്യാസത്തിന്റെ വിസ്താരമായ കാൎയ്യങ്ങളെപ്പറ്റി ചിന്തിക്കുവാനും പുതിയ പുതിയ പ്രസ്ഥാനങ്ങൾ ചെയ്യുന്നതോടുകൂടി നടപ്പിൽ വരുത്താനും ശക്തിയുള്ള ഒരു ഉദ്യോഗസ്ഥനെ വിദ്യാഭ്യാസവകുപ്പിന്റെ മേലന്വേഷണത്തിനു നിയമിക്കയോ മിസ്റ്റർ. പി. കെ. നാരായണപിള്ള അഭിപ്രായപ്പെട്ടതുപോലെ ഉത്സാഹവും ത്രാണിയുമുള്ള ഒരു ഡെപ്യൂട്ടിഡയറക്ടരെ ശരിയായ അധികാരങ്ങളോടുകൂടി നിയമിച്ചു പരീക്ഷിച്ചു നോക്കുകയോ മലയാള വിദ്യാഭ്യാസത്തെ പ്രത്യേകമാക്കി വേൎതിരിച്ചു ഡയറക്ടരുടെ ജോലികൾക്കു ലഘുത്വം വരുത്തിക്കൊടുക്കുകയോ ചെയ്യാത്തപക്ഷം വിദ്യാഭ്യാസവകുപ്പിന്റെ ഭാരത്തിനടിയിൽ പെട്ടു ഡയറക്ടരും തൽഫലമായി നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റും ഞെരിഞ്ഞു ഉടഞ്ഞു പോകുന്നതായിരിക്കും. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു ശ്രേഷ്ഠമായ വിധം ഭരിക്കുവാൻ ശക്തിയുള്ള ഒന്നിലധികം ആളുകൾ ഈ ഹാളിൽ തന്നേ ഉദ്യോഗസ്ഥഭാഗത്തു ഉണ്ടെന്നാണ് എന്റെ വിശ്വാസം. മൈസൂരിലെപ്പോലെ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരെ മൂന്നു കൊല്ലത്തിൽ ഒരിക്കലോ മറ്റോ മാറി മാറി നിയമിക്കുന്നതു പ്രയോജനകരമായിരിക്കുമോ എന്നുള്ളതു നമ്മുടെ ചിന്തക്കു വിഷയമാകേണ്ട ഒരു സംഗതിയാണ്. ഇവിടെയുള്ളവരുടെ ശക്തികളെപ്പറ്റി ഗവൺമെന്റിനു വിശ്വാസം ഇല്ലാത്തപക്ഷം സമൎത്ഥനും സമ്മതനും ആയ ഒരാളെ പുറത്തു നിന്നു വരുത്തുന്നതിനു പോലും എനിക്കു വിരോധമില്ല. എങ്ങിനെയും നമ്മുടെ വിദ്യാഭ്യാസവകുപ്പിനു ഒരു ജീവനും ഉണൎച്ചയും കൊടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

൧൦൯൬-ൽ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലേക്കു അനുവദിച്ചിരുന്നതിൽ അരലക്ഷം രൂപയോളം മിച്ചം വരുമെന്നു കാണുന്നതു പരിതാപകരം തന്നെ. എങ്കിലും ചീഫ്എൻജിനീയർ ഉദ്യോഗം കുറേക്കാലം ഒഴിഞ്ഞു ഗൂഢലോകത്തു മാത്രം സ്ഥിതി ചെയ്തിരുന്നതിനാൽ ഈ ഫലത്തെപ്പറ്റി അതിശയിക്കേണ്ടതില്ല. മിസ്റ്റർ വൈപ്പന്റെ ഭരണത്തിൽ ഈ മാതിരി അനിഷ്ടസംഭവങ്ങൾ മേലിൽ ഉണ്ടാകയില്ലെന്നും തന്നെ ഏല്പിക്കുന്ന സംഖ്യ മുഴുവൻ ജനസാമാന്യത്തിനു പ്രയോജനകരമായി ചിലവിടുന്ന വിഷയത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധവെയ്ക്കുമെന്നും വിശ്വസിക്കുന്നു. പതിവുപോലെ ഈയ്യാണ്ടിലും ഉത്തരതിരുവിതാംകൂറിലെ ഗതാഗതങ്ങളുടെ കാൎയ്യം ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടെന്നു കാണുന്നതു സന്തോഷകരം തന്നെ. എങ്കിലും വളരെക്കാലമായി ഞങ്ങൾ ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന ആലുവാപ്പാലം, അതിരപ്പള്ളി അണ എന്നീ സംഗതികളിൽ ഒന്നും തന്നെ ഗവൺമെന്റു ൧൦൯൭-ൽ നടത്തുവാൻ ഉദ്ദേശിക്കുന്നില്ലെന്നു കാണുന്നതിൽ ദുഃഖിക്കുന്നു. മേല്പറഞ്ഞ രണ്ടു സംഗതികളിലും മിസ്റ്റർ വൈപ്പനും ഗവൺമെന്റും ഉടനെ ദൃഷ്ടിപതിക്കയും ഊൎജ്ജിതമായ നടപടികൾ നടത്തുകയും ചെയ്യുമെന്നു ആശിക്കുന്നു. കൊല്ലം എറണാകുളം തീവണ്ടിക്കാൎയ്യത്തിൽ ഗവൺമെന്റു ഉത്സാഹത്തോടുകൂടി പ്രവൎത്തിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നതോടുകൂടിത്തന്നേ ആ സംഗതിയുടെ നടത്തിപ്പിലേക്കു വേണ്ടിവരുന്ന ഭീമമായ സംഖ്യ കടം വാങ്ങിക്കുന്നതു വളരെ ആലോചിച്ചതിനുശേഷം വേണ്ടതാണെന്നു കരുതൽ ഉപദേശിച്ച എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കുമാരപിള്ളയുടെ അഭിപ്രായങ്ങൾ കേട്ടു ഗവൺമെന്റു ഭയപ്പെടേണ്ടതായ ആവശ്യം ഇല്ലെന്നും റിപ്രൊഡക്റ്റിവ് വൎക്സിനു ആവശ്യമുള്ള സംഖ്യകൾ കടം വാങ്ങിക്കുവാൻ ഭയപ്പെടത്തക്കവിധത്തിൽ നമ്മുടെ കോശസ്ഥിതി അത്ര മോശമല്ലെന്നും പ്രത്യുത ഇങ്ങനെയുള്ള സംഗതികളിൽ ധൈൎയ്യപൂൎവ്വം മുന്നോട്ടുപോകുന്നതു മൂലം ഗുണമല്ലാതെ ഒരിക്കലും ദോഷമുണ്ടാകുന്നതല്ലെന്നും ഗവൺമെന്റിനെ ധരിപ്പിച്ചു കൊള്ളുന്നു. ഗതാഗത സൌകൎയ്യങ്ങളുടെ കാൎയ്യം അവസാനിക്കുന്നതിനു മുമ്പു കക്കാട്ടു റോഡിനെപ്പറ്റി രണ്ടു വാക്കു പറഞ്ഞു കൊള്ളട്ടെ. അനേക ആളുകളുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന ഒരു മഹാകാൎയ്യമാണ്. ഇങ്ങനെയുള്ള സംഗതികളിൽ ധൈൎയ്യപൂൎവ്വം പ്രവൎത്തിക്കയും ശക്തിഹീനരുടെ വശത്തു നിന്നു നീതിയും ന്യായവും പരിപാലിക്കാൻ ശ്രമിക്കുകയും രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും സമാധാനവും സംതൃപ്തിയും ഉണ്ടാക്കത്തക്കവിധത്തിൽ ന്യായയുക്തമായ വിധം പ്രവൎത്തിക്കുവാൻ ഗവൺമെന്റിന്റെ സകലശക്തികളും പ്രയോഗിക്കുവാൻ സന്നദ്ധമായിരിക്കയും ചെയ്യേണ്ടതാണ് ഗവൺമെന്റിന്റെ ചുമതല. അതിനു പകരം ഗവൺമെന്റു കേവലം ഭീരുക്കളെപ്പോലെ ഒളിച്ചു കളിക്കുന്നതു ഒരിക്കലും ശരിയല്ല. ന്യായമായ ഏതു കാൎയ്യത്തിലും ഉറച്ചു നില്ക്കുന്നതിനു നമ്മുടെ ഗവൺമെന്റിനു ശക്തിയില്ലായ്കയില്ല. മനസ്സു മാത്രമുണ്ടായാൽ മതിയാകുന്നതാണ്. ശക്തിഹീനരായിട്ടുള്ളവരുടെ ന്യായമായ എല്ലാ അവകാശങ്ങളെയും സംരക്ഷിക്കുന്നതിനുള്ള സന്നദ്ധതയോടുകൂടിയാണ് നമ്മുടെ ഗുണവതിയായ മഹാറാണി തിരുമനസ്സുകൊണ്ടു രാജ്യഭാരം കയ്യേറ്റിട്ടുള്ളതു. തിരുമനസ്സിലെ വിശാലഹൃദയത്തിന്റെയും മനഃശക്തിയുടെയും ഫലങ്ങൾ വൈക്കം സത്യാഗ്രഹം തുടങ്ങിയ പല സംഗതികളിലും നമുക്കനു

ങ്ങളെപ്പെട്ടിട്ടുള്ളതാണ്. ഈ സംഗതിയിൽ മാത്രമേ തിരുമനസ്സിലെ മനശ്ശക്തി തിരുമേനിയെ ഉപേക്ഷിക്കുമെന്നു വിചാരിക്കാൻ നിവൃത്തിയില്ലാ. ശരിയായ വിധം ഉപദേശിക്കപ്പെട്ടാൽ കക്കാട്ടുഗ്രാമത്തിലുള്ള സാധുക്കളുടെ ആത്മാഭിമാനത്തിനു നേരിട്ടിരിക്കുന്ന മുറിവിനെ തിരുമനസ്സുകൊണ്ടു മായ്ച്ചുകളയുന്നതായിരിക്കും. സ്വാർത്ഥപരന്മാരും ദുരഭിമാനികളും ആയ ഏതാനും ആളുകളുടെ ന്യായരഹിതങ്ങളായ ആഗ്രഹങ്ങൾക്കു വഴിപ്പെട്ടു ഗവണ്മെന്റു പതിനായിരം രൂപാ വെള്ളത്തിൽ കളയാതെ ഇപ്പോൾ അവിടെയുള്ളതായ റോഡ് എല്ലാജാതിക്കാർക്കും ഉപയോഗിക്കത്തക്കവിധത്തിൽ തുറന്നു കൊടുക്കേണ്ടതാണ്. അതിലേക്ക് വേണ്ടിവരുന്ന എല്ലാ പ്രയാസങ്ങളും സഹിക്കുവാൻ നീതിബോധമുള്ള ഒരു ഗവണ്മെന്റ എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്. കക്കാട്ടുഗ്രാമത്തിലുള്ള എല്ലാ ആളുകളും ജാതിഭേദമന്യേ അവിടെ ഇപ്പോൾ ഉള്ള റോഡിൽ കൂടി സമാധാനപൂർവ്വം സൈ്വരമായി സഞ്ചരിക്കുന്നതു താമസം വിനാ കാണ്മാൻ ഇടയാകുമെന്നു വിശ്വസിക്കുന്നു.

ലഘുഭക്ഷണത്തിനായി സഭ ഉച്ചക്കുമേൽ ൧-൩൦-ന് പിരിഞ്ഞു.

൨-൪൫-ന് സഭ വീണ്ടുംകൂടി.

അദ്ധ്യക്ഷൻ:‌ അനുദ്യോഗസ്ഥ മെമ്പർമാരിൽ ഇനിയും ഒന്നു രണ്ടു പേർക്ക് സംസാരിപ്പാൻ ആഗ്രഹമുള്ളതായിട്ട് അറിയുന്നു. ഉദ്യോഗസ്ഥമെമ്പർമാർക്ക് ഉച്ചക്കുമേലുള്ള മുഴുവൻസമയവും വേണമെന്നും പറയുന്നുണ്ട്.

മി: എ. ജേ. ജാൺ (വൈക്കം) നമ്മുടെ രാജ്യത്തിലെ മുതലെടുപ്പു ആണ്ടുതോറും വർദ്ധിച്ചുവരുന്നുണ്ട്. നികുതിചുമത്തലിന്റെ ഒരു പ്രധാനതത്വം, ജനങ്ങൾക്കു അവരുടെ ജീവിതാവശ്യങ്ങൾക്കു ഭംഗംവരാത്ത കരം കൊടുപ്പാൻ പ്രാപ്തിയുണ്ടായിരിക്കണമെന്നുള്ളതാകുന്നു. മിക്ക പരിഷ്കൃതരാജ്യങ്ങളിലും രാജ്യത്തിലെ മുതലെടുപ്പും ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയും തമ്മിൽ ഒരു ദൃഢബന്ധമുണ്ട്. മുതലെടുപ്പ് വർദ്ധിക്കുന്നതിനു അനുരൂപമായവിധത്തിൽ ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയും വർദ്ധിച്ചിരുന്നു എങ്കിൽ അതുവളരെ സന്തോഷാവഹമായിരുന്നേനെ. തിരുവിതാംകോട്ടു ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ ഗണിക്കുന്നതിനുള്ള സ്ഥിതിവിവരക്കണക്കുകൾ ഒന്നും ഇല്ലാ. ആ സ്ഥിതിക്കു അവരുടെ സാമ്പത്തികസ്ഥിതി അറിയുന്നതിനു നിവൃത്തിയും ഇല്ല. എന്നാൽ ലഭ്യമായിട്ടുള്ളടത്തോളം വിവരങ്ങൾ കൊണ്ടു ജനങ്ങളുടെ സാമ്പത്തികസ്ഥിതിക്കു ഗണ്യമായ യാതൊരുവർദ്ധനയും ഉണ്ടായിട്ടുണ്ടെന്നു കാണുന്നില്ല.

തിരുവിതാംകൂർ ഒരു കർഷകരാജ്യമാകുന്നു എന്നുമാത്രമല്ലാ ജനങ്ങളിൽ ഒരു വലിയ ഭൂരിഭാഗവും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരും ആകുന്നു. ബ്രിട്ടീഷ് ദ്വീപുകളും ജപ്പാൻമുതലായ ചില രാജ്യങ്ങളും അവയുടെ ഭൂസ്ഥിതികൊണ്ടും ജനങ്ങളുടെ സാങ്കേതിക വിദ്യാഭ്യാസവിദഗ്ദ്ധതമൂലവും കൈത്തൊഴിൽകൊണ്ടു ഉപജീവിക്കാൻ ശക്തരായി എന്നു വരാം. എന്നാൽ തിരുവിതാംകൂറിനു അടുത്തഭാവിയിലെങ്ങും ആ വിധമുള്ള ഒരു സ്ഥാനലബ്ധിയെ ആശിക്കാൻപോലും സാദ്ധ്യമല്ലാ. ആ സ്ഥിതിക്കു ഭൂമിയിൽ ഇപ്പോഴുള്ളതിൽ കൂടുതലായ വിളവുകളും കൂടുതൽ വിലയുള്ള വിളവുകളും ഉണ്ടാകേണ്ടതു അത്യാവശ്യമാകുന്നു. ഈ ഉദ്ദേശം സാധിക്കുന്നതിനു ഇപ്പോഴുള്ളതിൽ കൂടുതൽസ്ഥലങ്ങൾ കൃഷിക്കായിട്ടു ഉപയോഗപ്പെടുത്തേണ്ടതുകൂടാതെ ധനവർദ്ധനക്ക് ഉതകുന്നതും ശാസ്ത്രീയവുമായ സമ്പ്രദായങ്ങൾ അവലംബിക്കേണ്ടതും ആയിരിക്കുന്നു.

കൂടാതെയും, രാജ്യത്തിലെ ജനസംഖ്യ ആണ്ടുതോറും വർദ്ധിച്ചുവരുന്നു. കഴിഞ്ഞ സെൻസസ്സ്പ്രകാരം ഒട്ടുക്കുള്ള ജനസംഖ്യ, ൬,൦,൭൦,൦൧൮ ആണ്. എന്നാൽ ൧൧൦൧-ൽ കൃഷിക്ക് ഉപയോഗപ്പെടുത്തിയിരുന്ന ഭൂമിയുടെ ആകെയുള്ള വിസ്തീർണ്ണം ൨൨൮൧൭൯൨ ഏക്കർമാത്രം ആകുന്നു. നമുക്ക്ലഭ്യമായിരിക്കുന്ന കണക്കുകൾകൊണ്ടു കഴിഞ്ഞ ആണ്ടിൽതന്നെയും ഏകദേശം രണ്ടുകോടി രൂപാവിലയുള്ള നെല്ലും അരിയും സംസ്ഥാനത്തെ തുറമുഖങ്ങൾവഴി ഇവിടെ ഇറക്കുമതിചെയ്തിട്ടുണ്ടെന്നു കാണുന്നുണ്ട്. അതുകൊണ്ടു ജനങ്ങളുടെ വർദ്ധനക്കുതക്കവണ്ണം കൂടുതൽ ഭൂമികൾ കൃഷിക്കായി ഉപയോഗപ്പെടുത്തേണ്ടതു അത്യാവശ്യമാകുന്നു.

ഇതിനുപുറമെ, പതിച്ചുകൊടുത്തിട്ടില്ലാത്ത ഭൂമിയിൽനിന്നും ഒരു ക്രമമായതോ ശരിയായതോ, ആയ നികുതി ഗവണ്മെന്റിനു ലഭിക്കുന്നില്ല. സംസ്ഥാനത്തിന്റെ ഏകദേശം മൂന്നിൽ ഒരു ഭാഗവും ഒഴിച്ചിടപ്പെട്ട വനാമാകുന്നു. ഇതിൽനിന്നും സർക്കാരിലേക്കു ചിലവുകഴിച്ചുള്ള വരുമാനംകഴിഞ്ഞ അഞ്ചാണ്ടത്തെ ശരാശരി കണക്കിൻപ്രകാരം ചതുരശ്രമൈൽ ഒന്നിനു ൨൨൭-രൂപായാകുന്നു. എന്നാൽ കുടികളുടെ കൈവശമിരിക്കുന്ന ഭൂമിയിൽനിന്നും ചിലവുകഴിഞ്ഞുള്ള വരുമാനം ൧൧൦൨-ൽ ൩൧ ലക്ഷം രൂപയായിരുന്നു.

ഈ കാരണങ്ങളാൽ, നെൽകൃഷിക്കു ഉപപന്നമായ ഭൂമികൾ സർക്കാർ റിസർവ്വിൽ നിന്നും തിരിച്ചിടേണ്ട ആവശ്യകതയെപ്പററി ജനപ്രതിനിധികൾ ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതാകുന്നു. ഗവണ്മെന്റു ഇതു ന്യായമാണെന്നു സമ്മതിച്ചിട്ടുണ്ടെന്നുള്ളിടത്തോളം പ്രജാസഭയിൽവച്ചു ദിവാൻജിചെയ്ത പ്രസംഗത്തിൽ നിന്നും കാണുന്നുണ്ട്. പ്രജാസഭയുടെ ൨൧-മത്തെ യോഗത്തിൽവച്ചു ദിവാൻജി പ്രകാരം പറകയുണ്ടായി:—

നെൽകൃഷിക്കുള്ള സ്ഥലങ്ങൾ, വർദ്ധിപ്പിക്കണമെന്നുദ്ദേശിച്ച ഒഴിച്ചിടപ്പെട്ട വനങ്ങളിൽനിന്നും വനസംരക്ഷണത്തിനു ഹാനിവരാത്ത വിധത്തിൽ നെൽകൃഷിക്കു ഉപപന്നമായുള്ള ചതുപ്പുനിലങ്ങളും മററും കൃഷിക്കായി വിട്ടുകൊടുക്കണമെന്നു ആജ്ഞാപിച്ചിരിക്കുന്നതായി പതിനാമ്പതാമത്തെ പ്രജാസഭാ യോഗത്തിൽ വച്ചുള്ള എന്റെ പ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്" ൨൩-ാമത്തെ പ്രജാസഭായോഗത്തിൽ വച്ച് ദിവാൻ ഇപ്രകാരം പറഞ്ഞു:—

"വനങ്ങളിൽനിന്നും കൃഷിക്കായി സ്ഥലങ്ങൾ ഒഴിച്ചുകൊടുക്കണമെന്നു ജനങ്ങൾ ആവശ്യപ്പെടുന്നു. എന്നാൽ ഡിപ്പാർട്ടുമെൻറുകാർ സൂക്ഷ്മാലുക്കളായ സംരക്ഷകന്മാരായിരിക്കുന്നു. ഏതായാലും കുടിപാർപ്പുസ്ഥലങ്ങളിലെ ജനനിബിഡതകുറയ്ക്കേണ്ടതിനു നിവൃത്തിയുള്ളടത്തെല്ലാം ശ്രമംചെയ്യേണ്ടതു ആവശ്യമാകുന്നു എന്നു മാത്രമല്ലാ അപ്രകാരമുള്ള ശ്രേയമായ ജനവിതരണത്തെ ഉദ്ദേശിച്ചു തുടങ്ങിയിട്ടുള്ള വിവേകപൂർവ്വമായ വനംതെളിപ്പുനയം മേലും തുടർന്നുകൊണ്ടിരിക്കുന്നതും ആകുന്നു"

വനങ്ങളിൽനിന്നും ഏതാനുംഏക്കർ സ്ഥലങ്ങൾ ഒഴിച്ചെടുത്തിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നിരുന്നാലും സംസ്ഥാനത്തിലെ ആകെയുള്ള വനങ്ങളുടെവിസ്തീർണ്ണം പൂർവ്വാധികം വർദ്ധിക്കുകയാണ്ചെയ്തിട്ടുള്ളത്. ൧൦൮൯-ൽ ൨൪൫൩- ചതുരശ്രമൈൽ വനങ്ങൾ ഉണ്ടായിരുന്നു. ഇത് ൧൦൯൭-ൽ ൨൪൪൪-ചതുരശ്രമൈലായികുറഞ്ഞു. എന്നാൽ ൧൦൯൯-ൽ ഈ വിസ്തീർണ്ണം ൨൪൪൯-൦, ൧൧൦൦-ൽ ൨൪൫൩-൦,

൧൧൦൧-ൽ ൨൭൪൦-൦ ചതുരശ്രമൈലായി വൎദ്ധിച്ചു. അതായതു നാലുസംവത്സരംകൊണ്ടു ൭൭- ചതുരശ്രമൈൽകൂടി. ഈ വൎദ്ധന ജനങ്ങളുടെ അപേക്ഷക്കു പ്രത്യക്ഷവിരുദ്ധമാണല്ലൊ. ഈ സംഗതിയിൽ ഗവൎമ്മെന്റു ഉദാരമായ ഒരു നയം അനുവൎത്തിക്കേണ്ടതു ആവശ്യമാണ്.

കൂടാതെയും വനങ്ങളിൽനിന്നു സ്ഥലങ്ങൾ ഒഴിച്ചുകൊടുക്കുന്നതുകൊണ്ടുമാത്രം മതിയാകയില്ല. അവയെ ജനങ്ങളുടെ പേരിൽ ചില വ്യവസ്ഥയിന്മേൽ പതിച്ചുകൊടുക്കണം. അതായതു ഇത്രയേക്കർവീതമേ പതിക്കയുള്ളു എന്നും ഇന്നപ്പോൾ ചെയ്യണമെന്നും ഇന്നപ്രകാരമെ അന്യാധീനം ചെയ്വാൻ പാടുള്ളു എന്നും മറ്റുംകൂടി വ്യവസ്ഥ ചെയ്യണം. അല്ലെങ്കിൽ വലിയമുതലാളിമാർ ഈ ഭൂമികളെ തങ്ങളുടെ പേരിൽ പതിപ്പിക്കുന്നതിനൊ അല്ലെങ്കിൽ പതിച്ചുഭൂമികളെ വിലക്കുവാങ്ങി എടുക്കുന്നതിനൊ ഇടയാകുമെന്നുള്ളതാണ്.

നെല്ലുവിളവു വൎദ്ധിപ്പിക്കുന്നതിനു ഏറ്റവും പ്രധാനമായ സംഗതി, ജലസേചന വേലകൾ അഭിവൃദ്ധിയാക്കയും അവയെ ശരിയായി സംരക്ഷിക്കയും ചെയ്യുന്നതാണ്. ജനങ്ങൾ വല്ലകാൎയ്യത്തിലും ഗവൎമ്മെന്റിനോടു പ്രത്യേകം നന്ദിയുള്ളവരായിരിക്കുമെങ്കിൽ അതു ഇടത്തരം ജലസേചന വേലകൾ അഭിവൃദ്ധിപ്പെടുത്തിക്കൊടുക്കുന്ന സംഗതിയിലാകുന്നു. ഈ വകവേലകൾ വളരെക്കാലമായി അനാഥസ്ഥിതിയിൽ കിടക്കുന്നു എന്നു ഗവൎമ്മെന്റുതന്നെ സമ്മതിക്കുന്നുണ്ടു. ഇവയെ അഭിവൃദ്ധിയാക്കേണ്ട അത്യാവശ്യകതയേയും അവയുടെ അനാഥസ്ഥിതിയേയുംപറ്റി പൎയ്യാലോചിക്കുമ്പോൾ അടുത്തയാണ്ടത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള ൨,൩൫,൫൬൧-രൂപായെ കുറവാണെന്നു പറയാതെ നിവൃത്തിയില്ല.

ഈ ആണ്ടിൽ ൩൪൧൦ ലക്ഷംരൂപാ നീക്കിയിരിപ്പുവരുമെന്നേ പ്രതീക്ഷിച്ചിരുന്നുള്ളു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൻപ്രകാരം ൨൭·൦൬ ലക്ഷം രൂപ നീക്കിഇരിപ്പുവരുന്നതാണ്. ആ സ്ഥിതിക്കു ഈ നീക്കിയിരിപ്പിൽ ഭൂരിഭാഗവും ഈ അതിപ്രധാനമായ വേലക്കായി വിനിയോഗിക്കേണ്ടതായിരുന്നു. വിശേഷിച്ചും ജലസേചന വിഷയത്തിലുള്ള ചെലവു ആവശ്യം അനുസരിച്ചു ചെയ്യേണ്ടതാകുന്നു. ഗതാഗതസൌകൎയ്യങ്ങൾക്കു എന്നപോലെ ഇതിൽ ഭൂരിഭാഗവും തെക്കൻതിരുവിതാംകൂറിലേക്കാണു ചെലവുചെയ്യുന്നതു. വടക്കൻതിരുവിതാംകൂറിൽ ജലസേചനത്തോടുകൾക്കും മറ്റുപണികൾക്കും ആവശ്യം ഉണ്ടെങ്കിലും ആലുവാ കോട്ടയം ഈ ഡിവിഷനുകൾക്കു ഈ വകയിൽ നീക്കിവച്ചിട്ടുള്ള തുക ൨൯൫൦ രൂപയാകുന്നു. പുതുതായുള്ള ജലസേചനവേലകൾക്കായി ഒട്ടുക്കു അനുവദിച്ചിട്ടുള്ള ൬൫൫൭ രൂപയിൽനിന്നും ആലുവായും കോട്ടയവും ഡിവിഷനുകൾക്കു കൊടുക്കുന്നതു ൨൬൧൦൦ രൂപയാണ്. അതിനാൽ മേലാലുള്ള അവസരങ്ങളിൽ എങ്കിലും വടക്കൻതിരുവിതാംകൂറിന്റെ വകക്കു ഈ വിഷയത്തിൽ കൂടുതൽപണം ചിലവാക്കേണ്ടതാകുന്നു. ജലസേചനകാൎയ്യത്തിലും സംബന്ധിക്കുന്ന ജനങ്ങളോടു ഡിപ്പാൎട്ടുമെന്റു വാസ്തവമായി ഒരു ആലോചനയും നടത്തുന്നില്ല. അതിനാൽ ആലോചനക്കായി താലൂക്കുകമ്മറ്റിയോ പകുതിക്കമ്മറ്റിയോ ഏൎപ്പെടുത്തേണ്ടതു ആവശ്യമാണ്.

പുതിയറോഡുകളും മറ്റു ഗതാഗതസൌകൎയ്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതു കൃഷിക്കാരെ സംബന്ധിച്ചടത്തോളം വളരെ പ്രധാനമായതാണ്. എന്തന്നാൽ കച്ചവടത്തേയും വ്യവസായത്തേയും അഭിവൃദ്ധിയാക്കുന്നതിനു അവയാണല്ലൊ മാൎഗ്ഗങ്ങളാകുന്നതു. ഈ വിഷയത്തിൽ ഗവൎമ്മെന്റു പൂൎവ്വാധികം ശ്രദ്ധവയ്ക്കുന്നു എന്നുകാണുന്നതിൽ ഞങ്ങൾക്കു വളരെ കൃതജ്ഞതയുണ്ടു. എന്തെന്നാൽ മുന്നാണ്ടത്തേക്കാൾ ഈ ആണ്ടിൽ ഒരുലക്ഷം രൂപായോളം ഈ സംഗതിയിൽ കൂടുതൽ അനുവദിച്ചിട്ടുണ്ടു. എന്നാൽ പൊതുമരാമത്തു ഡിപ്പാൎട്ടുമെന്റിലെ വിവരബഡ്ജറ്റു പരിശോധിക്കുമ്പോൾ ഓരോ താലൂക്കിലേക്കും മാറ്റിച്ചിരിക്കുന്ന സംഖ്യകൾ തമ്മിൽ വളരെ അന്തരമുണ്ടെന്നൊ അല്ലെങ്കിൽ ഓരോ താലൂക്കിൽനിന്നും പിരിയുന്ന നികുതിയോടോ അഥവാ ഓരോ താലൂക്കിലേയും ജനസംഖ്യയോടോ വേലയുടെ അത്യാവശ്യകതയോടോ അതിനു യാതൊരു താരതമ്യവും ഇല്ലെന്നൊ വെളിവാകുന്നതാണ്. എല്ലാ വൎദ്ധമാനമായ ഗവൎമ്മെന്റുകളും നിവൃത്തിയുള്ളടത്തോളം റയിൽപാതകൾ തുറക്കുന്നതിനു ശ്രമിച്ചുവരുന്നു. ഇവിടുത്തെ ഗവൎമ്മെന്റും അവരുടെ ഇപ്പോഴത്തെ നയത്തെ അതിനുതക്കവണ്ണം രൂപീകരിക്കയും കൊല്ലംമുതൽ എറണാകുളംവരെ ഒരു റയിൽതുടങ്ങുന്നതിനു നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടു. ഈ റയിൽപ്പാതയെപ്പറ്റി കേൾക്കുമ്പോൾതന്നെ ചിലയാളുകൾക്കു മനോവേദനയുണ്ടാകുന്നതുകൂടാതെ അതിനെപ്പറ്റി പല അനാവശ്യമായ തൎക്കങ്ങൾ അവർ പുറപ്പെടുവിക്കയും ചെയ്യുന്നതാണ്. ഇവരുടെ വാദങ്ങളെ ഗവൎമ്മെന്റു വകവയ്ക്കാതെ ഉടൻതന്നെ ഈ പാത പണിതുടങ്ങേണ്ടതാകുന്നു.

ഇനി ഒരു സംഗതി എനിക്കു ഗവൎമ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ളതു ഒരു ഭൂപണയബാങ്കു തുറക്കുന്ന കാൎയ്യം ആകുന്നു. ഇപ്രകാരമുള്ള സ്ഥാപനത്തിനു വേണ്ടവിധം പണം ഉണ്ടാകുമൊ എന്നു ഗവൎമ്മെണ്ടു സംശയിക്കുന്നുണ്ടു. സംസ്ഥാനത്തിനു വെളിയിൽ ഉള്ള ബാങ്കുകളിൽ ഇട്ടിട്ടുള്ള ക്യാഷ്ഡിപ്പാസിറ്റുകൾ ഈ വകക്കായി ഉപയോഗപ്പെടുത്താമെങ്കിൽ വലിയ വിഷമംകൂടാതെ ബാങ്കു തുടങ്ങാമെന്നാണ് എനിക്കു തോന്നുന്നതു. ഈ ബാങ്കു രാജ്യത്തിലെ ജനങ്ങൾക്കു വാസ്തവമായ ഗുണത്തെ ചെയ്യുന്നതാണ്. ധനകാൎയ്യമെമ്പറുടെ പ്രസംഗത്തിൽ നിന്നും ഈ ആണ്ടിൽ ഇൻഡ്യാഗവൎമ്മെന്റുവക നൂറ്റിനു നാലുപലിശയുള്ളതും ൧൯൬൦-ൽ തീരുന്ന ആണ്ടുകൾക്കുള്ളതുമായ ൩൦ ലക്ഷംരൂപായുടെ കടപ്പത്രങ്ങൾ ഈ ആണ്ടിൽ നമ്മൾ വിലക്കു വാങ്ങിയതായി കാണുന്നുണ്ടു. ഈ ഇടപാടു സാമ്പത്തിക സാധുത ഉള്ളതാണൊ എന്നെനിക്കറിവാൻ പാടില്ല. ഈ കടപ്പത്രങ്ങളുടെ പ്രത്യക്ഷവില ൧൦൦ രൂപായാണെങ്കിലും അതുവാങ്ങിയതു ൭൯ രൂപ ൭ അണ ൬ പൈ വിലക്കാണു. ഇതിന്റെ ഭാവിയിലുള്ള വില എന്തായിരിക്കുമെന്നു നമുക്കു ഇപ്പോൾ അറിവാൻ നിവൃത്തിയില്ല. ഈ പണം പ്രസ്തുതബാങ്കിന്റെ വകക്കു ഉപയോഗപ്പെടുത്താമായിരുന്നു.

തിരുവിതാംകൂറിൽ നീതീകരിക്കത്തക്കതല്ലാത്തതായ ചില നികുതികൾ ഉണ്ടു. ഇവയിൽ ഒന്നു ചന്തക്കരം ആകുന്നു. ഈ ഇനത്തിൽ അടുത്ത ആണ്ടുകിട്ടുമെന്നു പ്രതീക്ഷിച്ചിരിക്കുന്ന സംഖ്യ ൭൦൦൦൦ രൂപയാണ്. ഈ തുക ൧൭൭ സൎക്കാർ ചന്തകളിലും ഏതാനും ചില കുടിവക ചന്തകളിലും നിന്നു പിരിക്കുന്നതാകുന്നു. ഈ കരം മുഴുവനും പാവപ്പെട്ട ജനങ്ങളുടെ ആഹാരാദിസാധനങ്ങളിൽ ചുമത്തുന്നതാണ് ഈ നികുതിയുടെ നിരക്കു തുലോം ലഘുവായതാണെങ്കിലും അതിലേക്കുള്ള കുത്തകക്കാർ എത്രയോ കൂടുതൽ തുക പിരിച്ചെടുക്കുകയും അതിൽനിന്നും ഒരു നല്ലലാഭം എടുക്കയും ചെയ്യുന്നു. ഈ കരം വാങ്ങുന്നതു അത്യന്തം അസൌകൎയ്യങ്ങൾക്കു ഇടയാകുന്നുണ്ടു. ഈ സംഗതികളാൽ പാവപ്പെട്ട ജനങ്ങൾക്കു വളരെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. അതിനാൽ ഈ വക കരത്തെ നിറുത്തിക്കളയേണ്ടതു ആവശ്യമാകുന്നു.

സക്കാർതോട്ടങ്ങളുടേയും സക്കാർ കടത്തുകളുടേയും വകക്കുള്ള റഗുലേഷൻെറ പ്രവത്തനംമൂലവും ജനങ്ങൾ വളരെ കഷ്ടപ്പെടുന്നുണ്ട്. റഗുലേഷൻപ്രകാരം കൂലിക്കൊ വാടകക്കൊ വിടുന്ന ജലയാനങ്ങൾ മാത്രമെ രജിസ്റ്റർ ചെയ്യേണ്ടതായിട്ടുള്ളു. എന്നാൽ എല്ലാത്തരം ജലയാനങ്ങളും രജിസ്റ്റർചെയ്യണമെന്നു അധികൃതന്മാർ നിർബന്ധിക്കയും അതിലേക്കുള്ള ഫീസുവാങ്ങിക്കയും ചെയ്യുന്നു. കുട്ടനാട്ടിനെപ്പോലുള്ള ചില സ്ഥലങ്ങളിൽ സാധാരണയായി വള്ളങ്ങൾ കൂടാതെ കഴിക്കാൻ നിവൃത്തിയില്ല. ആ സ്ഥലത്തു റോട്ടുകൾ ഒന്നുംതന്നെ ഇല്ല. ജനങ്ങൾക്ക പുറത്തു സഞ്ചരിക്കുന്നതിനു വള്ളങ്ങൾ അത്യാവശ്യമാണ്. ഈ സ്ഥലത്തു റോട്ടുകളോ മററു ഗതാഗതമാർഗ്ഗങ്ങളോ ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെൻറ ഒന്നും ചിലവാക്കുന്നില്ല. ആ സ്ഥിതിക്ക കൂലിക്കായിട്ടല്ലാതെ കൊണ്ടുപോകുന്ന വള്ളങ്ങൾക്ക ഫീസ്സു ചുമത്തുന്നതു നീതീകരിക്കത്തക്കതായിരിക്കുന്നില്ല. അതിനാൽ ഈ സംഗതിയിലും ഗവൺമെൻറിൻെറ ശ്രദ്ധ ആവശ്യമാണ്.

ഈ സംഗതികളിൽ മുതലെടുപ്പുമാർഗ്ഗങ്ങളെ ധനകാര്യമെമ്പർ പരിശോധിക്കയും നീതീകരിക്കത്തക്കതല്ലാത്തതും അസഹ്യമായുള്ളതുമായ നികുതികളെ നിരത്തുന്നതിനു ഉടനടി വേണ്ട ഉപായങ്ങൾ കണ്ടുപിടിക്കുകയും ചെയ്യേണ്ടതാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം):

ധനകാര്യമെമ്പർ സമർപ്പിച്ചിട്ടുള്ള ആയവ്യയഗണനപത്രിക ഗവൺമെൻറ മുതലെടുപ്പിനെ സംബന്ധിച്ചിടത്തോളം വാസ്തവത്തിൽ തൃപ്തികരംതന്നെ. കഴിഞ്ഞ കുറെ സംവത്സരങ്ങളായി ഗവൺമെൻറമുതലെടുപ്പു വർദ്ധിച്ചിട്ടുള്ളതുകൂടാതെ അതനുസരിച്ചു ചിലവുചെയ്യുന്നതിനും ഗവൺമെൻറ തയ്യാറായിരിക്കുന്നുണ്ട്. എന്നാൽ ജനങ്ങളുടെ നിലയിൽനിന്നും നോക്കുമ്പോൾ ആയവ്യയഗണനപത്രികയിൽ വരവും ചെലവും ശരിയായി പരിഗണിച്ചിട്ടുണ്ടൊ എന്നു സംശയമാകുന്നു. ഒന്നാമതായിട്ടു വരവിനങ്ങളെപ്പററി പരിശോധിക്കുമ്പോൾ വരവുമാർഗ്ഗങ്ങളെപ്പററി പ്രത്യേകം പരിചിന്തിക്കേണ്ടതുണ്ട്. ബഡ്ജററ് ഇനങ്ങളെ സൂക്ഷ്മമായി പരിശോധിച്ചു നോക്കുമ്പോൾ, ഉൽപ്പാദക മാർഗ്ഗങ്ങളിൽ നിന്നുള്ള വരവു ആകെയുള്ള മുതലെടുപ്പിൻെറ പകുതിതന്നെയും വരുന്നില്ലെന്നു കാണുന്നുണ്ട്. ഉൽപ്പാദക മാർഗ്ഗങ്ങൾ എന്നതിൽ ഞാൻ അർത്ഥമാക്കിയിട്ടുള്ളതു രാജ്യത്തിലെ ധനത്തെ വർദ്ധിപ്പിക്കുന്ന ഇനങ്ങൾ എന്നാകുന്നു. അതായതു കൃഷി, വാണിജ്യം, വനം, പൊതുമരാമത്തു ഇവയാണ്. ഈ വക ഇനങ്ങളിൽ ഉള്ള മുതലെടുപ്പ് വർദ്ധിക്കുന്നെങ്കിൽ ഗവൺമെൻറിനെ അനുമോദിക്കേണ്ടതാകുന്നു. എന്നാൽ ഞാൻ മുമ്പു പറഞ്ഞതുപോലെ, ഈ വക ഇനങ്ങളിൽനിന്നും മുതലെടുപ്പിൻെറ ഒന്നുപകുതിപോലും ലഭിക്കുന്നില്ല. മുതലെടുപ്പിൻെറ ഭൂരിഭാഗവും വരുന്നതു ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങളിൽ ചുമത്തുന്നകരങ്ങളിൽനിന്നും, ജനങ്ങൾക്ക ഗവൺമെൻറിൽനിന്നു ചെയ്തുകൊടുക്കുന്ന സർവീസുകൾക്കുവേണ്ടി അവരിൽനിന്നും പിരിക്കുന്ന നികുതികളിൽനിന്നും ആകുന്നു. ഇതിൽ തന്നെയും ഒരു പ്രധാന ഭാഗം വരുന്നതു അനിഷ്ടകരവും വർജ്ജ്യവും ആയിട്ടുള്ള ചില ഇനങ്ങളിൽനിന്നാണ്. ഞാൻ മുഖ്യമായി എക്സൈസ് നികുതിയെ ചൂണ്ടിപ്പറയുകയാണ്. ഈ ഇനത്തിലുള്ള മുതലെടുപ്പിനെ നിരത്തണമെന്നു ജനങ്ങൾ ഈ സഭയിലും മററു സ്ഥലങ്ങളിലും വച്ചു പലപ്പോഴും പരാതിപറഞ്ഞിട്ടുണ്ട്. ഈ സംഗതിയെ, അടുത്ത ആണ്ടത്തെ ബഡ്ജററിൽ സ്ഥിതിസംരക്ഷകതത്വേന അവലോകനം ചെയ്തിരിക്കുന്നു എന്നു ധനകാര്യമെമ്പർ പറയുകയുണ്ടായി. ഈ വക നികുതിയെ കുറയ്ക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ എടുത്തിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞിരുന്നു എങ്കിൽ ജനങ്ങൾക്ക അതു ഒരുവിധം തൃപ്തികരമായി ഭവിക്കുമായിരുന്നു. അപ്രകാരം ചെയ്യാതെ ഗവൺമെൻറ് ഒരു സ്ഥിതിസംരക്ഷക നയമാണു അവലംബിച്ചിരിക്കുന്നതു് എന്നു അദ്ദേഹം പറയുന്നു. പ്രസ്തുത സംഗതിയിലുള്ള ജനങ്ങളുടെ ആഗ്രഹത്തെ ഗവൺമെൻറ എത്രത്തോളം അവഗണിക്കുന്നു എന്നു ഇതിൽനിന്നും സ്പഷ്ടമാകുന്നു. മുതലെടുപ്പിനു കുറവുവരരുതെന്നു ഒരു ഉദ്ദേശം മാത്രമെ ഗവൺമെൻറിനു ഉള്ളതായി തോന്നുന്നുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എക്സൈസ് നികുതി ഉൽപ്പാദക ധനാഗമ മാർഗ്ഗങ്ങളിൽ ഉൾപ്പെട്ടതല്ലയോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഞാൻ അതിലെ അബ്കാരി ഇനത്തെപ്പററിയാണു പറയുന്നതു്. അതല്ലാതെ മററു സംഗതികളെപ്പററി അല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തെങ്ങിലും പനയിലും നിന്നും സിദ്ധിക്കുന്ന നികുതി ഉൽപ്പാദക ഇനത്തിൽ ഉൾപ്പെടുകയില്ലയോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഈ വൃക്ഷങ്ങൾ ഉൽപ്പാദകങ്ങൾതന്നെ. എന്നാൽ അവയിൽനിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങൾ മനുഷ്യൻെറ ഉപയോഗത്തിനുള്ള സാധനങ്ങളാണ്. ഈ വകസാധനങ്ങൾ വീണ്ടും ഉൽപ്പാദകങ്ങളായി ഭവിക്കയില്ല. ഇങ്ങനെയുള്ള മുതലെടുപ്പു മാർഗ്ഗങ്ങൾ നിഷിദ്ധവും അനുല്പാദകവും ആണെന്നാണ് ഞാൻ പറയുന്നതു. ഇവയെക്കൂടാതെ വേറെയുള്ള നികുതിവരവുമാർഗ്ഗങ്ങൾ ചിലതു ഗവൺമെൻറ് ചെയ്തുകൊടുക്കുന്ന സർവീസിനു ലഭിക്കുന്ന പ്രതിഫലങ്ങളും ചിലതു ഉപയോഗസാധനങ്ങൾക്ക ചുമത്തുന്ന നികുതികളും ആകുന്നു. ഈ സംഗതികളാൽ ഗവൺമെൻറ അവരുടെ ആയവ്യയപത്രിക തയ്യാറാക്കുന്നതിൽ ഒരു ക്ലിപ്തമായ നയമോ തത്വമോ അനുവത്തിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. സാധാരണ ഗൃഹചരിജോലികൾ നടത്തുന്നതുപോലത്തിൽ ബഡ്ജററ് അവർ തയ്യാറാക്കുന്നു എന്നേയുള്ളു. ഗവൺമെൻറ ഭാവിയിൽ കുറെക്കൂടി തൃപ്തികരമായ ഒരു നയം അവലംബിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു.

നികുതിപിരിക്കുന്ന സമ്പ്രദായത്തെയും അതിലേക്കു ഏർപ്പെടുത്തിട്ടുള്ള ജീവനക്കാരെയും പററി എനിക്ക അല്പം പറയാനുണ്ട്. ആദായനികുതി റെഗുലേഷൻെറ പ്രവത്തനവും ചുങ്കം പിരിവുകളും മൂലം ജനങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങളെപ്പററി ഞങ്ങളിൽ പലരും പ്രസ്താവിച്ചിട്ടുണ്ടല്ലോ; എന്നാൽ ഞങ്ങളുടെ ഈ നിവേദനങ്ങൾ അനുസരിച്ചു ഈ നിഷിദ്ധമാർഗ്ഗങ്ങളെ പരിഹരിക്കുന്നതിനും വേറെ മാർഗ്ഗങ്ങൾ അനുവത്തിക്കുന്നതിനു ഗവൺമെൻറ ഒന്നും തന്നെ ചെയ്തിട്ടില്ല. ചുങ്കങ്ങൾ നിരത്തിക്കളയേണ്ടതിനെപ്പററി ഒരു പ്രമേയം പാസ്സാക്കി എങ്കിലും ഗവൺമെൻറ അതിനെ ഗൗരവമായി ഗണിച്ചിട്ടില്ല എന്നു മാത്രമല്ല ഈയാണ്ടിലും മിക്ക ടോൾഗേററുകളും അവർ കുത്തകകൊടുക്കയും ചെയ്തു. ഇതിനു പുറമെ ഈയാണ്ടിൽ ഒരു പുതിയ ടോൾഗേററുകൂടി ഏർപ്പെടുത്തിയതായും അറിയുന്നുണ്ട്.

ചിലവു ഇനങ്ങളിൽ പ്രവേശിക്കുന്നതായാൽ, മുതലെടുപ്പിൽ പകുതിയിലധികവും ഭരണനിർവഹണത്തിനായി ശമ്പളങ്ങൾ മുതലായ ഇനത്തിൽ ചിലവാക്കിവരുന്നു. ഒട്ടുക്കുള്ള മുതലെടുപ്പിന്റെ അഞ്ചിൽ ഒരു ഭാഗത്തിലധികവും വിദ്യാഭ്യാസത്തിനായി വിനിയോഗിച്ചിരിക്കുന്നു. വിദ്യാഭ്യാസ വിഷയമായി നൂതനമായ യാതൊരു പദ്ധതികളും ജനങ്ങളോടാലോചിക്കാതെ തുടങ്ങുന്നതല്ലെന്നു മുതലെടുപ്പസരത്തിൽ ഗവർമ്മെന്റു ഖണ്ഡിതമായി പറകയുണ്ടായിട്ടുണ്ട്. എന്നാൽ ആ വാഗ്ദാനത്തെ പാലിക്കാതെ കൂടുതൽ പദ്ധതികൾ ഉണ്ടാക്കി ദ്രവ്യവ്യയം ചെയ്യാൻ അവർ പോകുന്നു. സ്ത്രീകൾക്കുള്ള കാളേജിനെ ഒരു ഫസ്റ്റ്ഗ്രേഡ് കാളേജാക്കുന്നതിനും സയൻസ്‌കാളേജ് ലാബൊറട്ടറിക്കു എക്സ്റ്റൻഷൻ ഉണ്ടാക്കുന്നതിനും ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുള്ളതായിക്കാണുന്നു. ഗവർമ്മെന്റു ഇപ്പോൾ നടപ്പാക്കിവരുന്ന വിദ്യാഭ്യാസനയം ആധുനികസ്ഥിതികൾക്കനുരൂപമല്ല. വിദ്യാഭ്യാസംകൊണ്ടു സാധിക്കേണ്ടതു സാമ്പത്തികവും സാമൂഹ്യവുമായ അഭിവൃദ്ധിയാകുന്നു. എന്നാൽ തിരുവിതാംകൂറിൽ സാമ്പത്തികമായോ സാമൂഹ്യമായോ ഉള്ള അഭിവൃദ്ധിക്കു ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായം യാതൊരു ഉപകാരമായിരിക്കുന്നില്ല. സാമ്പത്തികമായിയാതൊരു ഗുണവും ഉണ്ടാകുന്നില്ലെന്നു എനിക്കു എടുത്തുപറയാതെ നിവൃത്തിയില്ല. എന്തെന്നാൽ രാജ്യത്തിലെ ഉയർന്ന സ്ഥാനങ്ങളിൽ ഭൂരിഭാഗവും, അതായതു സംസ്ഥാനത്തിലെ പ്രധാനസ്ഥാനങ്ങളിൽ എത്തുന്നതിനു ആഗ്രഹിക്കുന്നവരും ബുദ്ധിപൂർവ്വരും ആയ ജനങ്ങൾ കാളേജു വിദ്യാഭ്യാസത്തിനായി പോകയും അവിടെനിന്നു പുറത്തുവരുമ്പോൾ ഹതാശന്മാരായിത്തീരുകയും ചെയ്യുന്നു. ആ സ്ഥിതിക്കു ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ പരിഷ്കരിക്കേണ്ടതു അത്യാവശ്യമായിരിക്കുന്നു. അതിനുശേഷം മാത്രമേ കൂടുതൽ പണങ്ങൾ ആ ഇനത്തിൽ ചിലവു ചെയ്വാൻ പാടുള്ളു.

ബഡ്ജറ്റിൽനിന്നു വെളിവാകുന്ന വേറൊരുസംഗതി, പ്രാഥമികവിദ്യാഭ്യാസത്തെ അപേക്ഷിച്ചു കാളേജ് വിദ്യാഭ്യാസത്തിനും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും വേണ്ടി ക്രമാതീതമായ ദ്രവ്യവ്യയം ചെയ്യുന്നു എന്നുള്ളതാകുന്നു. കാളേജ് വിദ്യാഭ്യാസം ഒരു വ്യവസായമാകുന്നു എന്നുമാത്രമല്ല, ആ വകക്കുള്ള പ്രൈവറ്റ സ്ഥാപനങ്ങളും അനേകം ഉണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസത്തെപ്പറ്റിപ്പറയുന്നതായാൽ ആ വകക്കും അനവധി വിദ്യാലയങ്ങൾ ഉണ്ട്. ആ സ്ഥിതിക്കു അതിലേക്കു വേണ്ടിയും ഗവർമ്മെന്റു അധികം ദ്രവ്യം ചെലവു ചെയ്യേണ്ട ആവശ്യം ഇല്ല. ഇപ്പോഴത്തെ വിദ്യാഭ്യാസക്രമത്തിൽ രണ്ടുതരം പള്ളിക്കൂടങ്ങൾ ഉണ്ടു. അതായതു ഇംഗ്ലീഷ്‌സ്കൂളുകളും നാട്ടുഭാഷാവിദ്യാലയങ്ങളും ആകുന്നു. ഈ പ്രകാരം രണ്ടിനം പള്ളിക്കൂടങ്ങൾ ആവശ്യം ഇല്ല. ആ സ്ഥിതിക്കു ഈവക രണ്ടിനംസ്കൂളുകളെയും ഒന്നാക്കുന്നതിനുള്ള ആലോചന നടത്തുന്നതിനു കാലം അധികരിച്ചിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നതു്. ഇപ്പോഴത്തെ രീതിയിൽ അഭിവൃദ്ധി സമ്പാദിക്കുന്നതിനുള്ള പുതിയ പദ്ധതികൾ തുടങ്ങുന്നതിനുമുമ്പായി ഈ പ്രധാനകാര്യങ്ങളെ ഗവർമ്മെന്റു പരിചിന്തിക്കേണ്ടതാകുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ ഈ സംഗതിയിൽ വേണ്ട ഉപദേശങ്ങൾ നല്കുവാൻ ശക്തനല്ലാതെവരാം. എന്നാൽ പ്രസ്തുതസംഗതിയിൽ ഗവർമ്മെന്റിനെ ഉപദേശിക്കാൻ പ്രാപ്തന്മാരായ ജനപ്രതിനിധികളുമായി ഗവർമ്മെന്റിനു ആലോചിക്കാവുന്നതാണ്. വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ ഡിപ്പാർട്ടുമെന്റുഭരണസംബന്ധിച്ചുള്ള ദിനചരി ജോലികളിൽ ഏർപ്പെട്ടു ആഫീസ്സു മുറിക്കകത്തുതന്നെ ഇരുന്നു കാലംകഴിക്കുന്ന ആളാണ്. ആ സ്ഥിതിക്കു നൂതനപദ്ധതികളും നിർദ്ദേശങ്ങളും നല്കുന്നതിനു വേണ്ട കാര്യജ്ഞാനമോ കല്പനാശക്തിയോ അദ്ദേഹത്തിനു ഇല്ലെന്നു വന്നേക്കാം. അതിനാൽ ഞാൻ പറയുന്നതു എന്തെന്നാൽ ഗവർമ്മെന്റു വേണ്ട ആലോചനകൾ നടത്തി ഇപ്പോഴത്തെ വിദ്യാഭ്യാസനയവും വിദ്യാഭ്യാസ ക്രമവും പരിഷ്കരിക്കുന്നതുവരെക്കും ഇപ്പോഴത്തെ രീതിയനുസരിച്ചുള്ള നവീനപദ്ധതികളിൽ ധനവ്യയം ചെയ്തുകൂടാ എന്നുള്ളതാകുന്നു.

ജനക്ഷേമത്തെ ബാധിക്കുന്നതായ വേറൊരുസംഗതി, കൃഷിഡിപ്പാർട്ടുമെന്റിന്റെയും വ്യവസായഡിപ്പാർട്ടുമെന്റിന്റെയും പ്രവർത്തനമാണ്. വല്ല പ്രത്യേക ആളിന്റെയും ശ്രമങ്ങളെ ശ്ലാഘിക്കണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ലെന്നു ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. എന്നാൽ ഈ ഡിപ്പാർട്ടുമെന്റുകളുടെ ഇപ്പോഴത്തെ പ്രവർത്തനരീതി തൃപ്തികരമല്ലെന്നു എനിക്കു പറയാതെതരമില്ല. ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളും ദീർഘകാലമായി പ്രവൃത്തി നടത്തുന്നുണ്ടെങ്കിലും ജനങ്ങൾക്കു അവയിൽനിന്നും വലിയ ഗുണങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. ഈ ഡിപ്പാർട്ടുമെന്റുകളിൽനിന്നു ജനങ്ങൾക്കു ഗുണം ലഭിക്കത്തക്കവിധത്തിൽ ഗവർമ്മെന്റിൽനിന്നും വേണ്ട പരിഷ്കാരങ്ങൾ ചെയ്യേണ്ടതാകുന്നു. പരിഷ്കൃതരീതിയിലുള്ള കൃഷിസമ്പ്രദായം തുടങ്ങുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കണമെങ്കിൽ താലൂക്കുതോറുമെങ്കിലും ഓരോ മാതൃകാ കൃഷിത്തോട്ടം ഉണ്ടായിരിക്കേണ്ടതു ആവശ്യമാണ്. അങ്ങിങ്ങു ഓരോ കൃഷിത്തോട്ടങ്ങൾ ഉണ്ടായിരിക്കുന്നതുകൊണ്ടു മതിയാകുന്നതല്ലാ. പരീക്ഷണ കൃഷിത്തോട്ടങ്ങൾ ജനങ്ങൾക്കു ലാഭമോ നഷ്ടമോ കാണിക്കത്തക്ക വിധത്തിൽ ജോലി നടത്തുന്നില്ലാ. പരിഷ്കൃത രീതികൾ ജനങ്ങൾ സ്വീകരിക്കണമെങ്കിൽ അവയിൽനിന്നുണ്ടാകുന്ന ഗുണങ്ങൾ അവരെ മനസ്സിലാക്കേണ്ടതു ആവശ്യമാണ്. മാതൃകാ കൃഷിത്തോട്ടങ്ങൾ രാജ്യത്തിലെ നാനാഭാഗങ്ങളിലും ഉണ്ടാക്കിയാൽ പരിഷ്കൃത രീതിയിൽ കൃഷി നടത്തുന്നതിനു അവർ പ്രേരിതരാകുന്നതാണ്. ഈ ജോലി ഗവർമ്മെന്റിനു സ്വയം നടത്താൻ സാധിക്കയില്ലെങ്കിൽ കൃഷികൾക്കു വേണ്ട ദ്രവ്യസഹായം ചെയ്തുകൊടുത്തു അവരെ പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു.

വേറൊരു സംഗതിയെപ്പറ്റി എനിക്കു പറയാനുള്ളതു ധാരാളം ഭൂമികൾ ലഭ്യമാക്കിത്തീർക്കണമെന്നതാകുന്നു. മിസ്റ്റർ കുഞ്ഞിത്തൊമ്മനും മി: ജോണും പറഞ്ഞതുപോലെ വനം ഡിപ്പാർട്ടുമെന്റുകാർ രാജ്യത്തിലെ മൂന്നിൽ ഒരുഭാഗം സ്ഥലത്തെ കൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ടു സംസ്ഥാനത്തിലെ ജനങ്ങൾ അന്യരാജ്യങ്ങളിൽപോലും സ്ഥലം അന്വേഷിച്ചുപോകുന്നു. ഇപ്പോഴുള്ള സ്ഥലങ്ങളിൽനിന്നുതന്നെ വേണ്ടവിധം സമൃദ്ധിയായി വിളവുകൾ ഉൽപ്പാദിപ്പിക്കാൻ കഴിയാത്തപക്ഷം കൂടുതൽ സ്ഥലങ്ങൾ കൃഷിക്കായിട്ടു ഒഴിച്ചുകൊടുക്കേണ്ടതാകുന്നു. ആയതുതന്നെ അധിക വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ കൃഷിക്കായി കൊടുത്തുകൂടാ എന്നും എന്നാൽ കുറെ ഏക്കർകൾ മാത്രമെ കൊടുക്കാവു എന്നും മി: കുഞ്ഞിത്തൊമ്മൻ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ലാ. ഞാൻ പറയുന്നതു എന്തെന്നാൽ, ഒരാളിന്റെ പേരിൽ പതിച്ചുകൊടുക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം അതിനെ കൃഷിചെയ്യുന്നതിനുള്ള അവന്റെ ശക്തിയനുസരിച്ചിരിക്കണമെന്നാകുന്നു. ആവശ്യമുള്ളപക്ഷം, ഭൂമികൾ പതിച്ചുകൊടുക്കുമ്പോൾ, അതിനെ ഒരു ക്ലിപ്തകാലത്തിനുള്ളിൽ കൃഷിചെയ്യണമെന്നും അതിനുമുമ്പായി അതിനെ അ

ന്യാധീനപ്പെടുത്താൻ പാടില്ലെന്നും ഒരു വ്യവസ്ഥകൂടി വയ്ക്കാവുന്നതാണ്. ഇതിനെ പുരസ്കരിച്ചു ഓരോ ആളിനും കൊടുക്കേണ്ട ഭൂമിയുടെ റിസ്റ്റിന്നും ഒന്നോ രണ്ടോ ഏക്കർ എന്ന ക്ലിപ്തം വയ്ക്കാതെ അവന്റെ ധനശക്തിയെ ഗണിച്ചു പതിച്ചുകൊടുക്കേണ്ടതാകുന്നു.

ഇനിയും ഒരു സംഗതി എനിക്കു പറയാനുള്ളതു പൊതുമരാമത്തു വകുപ്പിനെപ്പററിയാണ്. സംസ്ഥാനത്തിലെ നാനാഭാഗങ്ങളിലേയും ഗതാഗതസൌകര്യങ്ങളെപ്പററി അറിയുന്നതിനു പുതിയ ചീഫ് എൻജിനീയർക്കു മതിയായ സമയം ഉണ്ടായിട്ടില്ലല്ലോ. താമസംവിനാ അദ്ദേഹം രാജ്യത്തിലെ വിവിധഭാഗങ്ങളിലും സഞ്ചരിച്ചു അതാതു സ്ഥലത്തെ ഗതാഗതമാർഗ്ഗങ്ങളുടെ സ്ഥിതിയെപ്പററി മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കോട്ടയം ഡിവിഷനു പ്രത്യേക സൌജന്യം ചെയ്തുകൊടുത്തിരിക്കുന്നു എന്നു പറയുന്നുണ്ടെങ്കിലും മീനച്ചൽ താലൂക്കിനെ സംബന്ധിച്ചിടത്തോളം യാതൊരു പുതിയ വേലകൾക്കും പണം നീക്കിവച്ചു കാണുന്നില്ല. അനേകം റോഡുകളും അനേകം പാലങ്ങളും തീരാനുണ്ട്. ഈ പാലങ്ങളിൽ ഈരാററുപേട്ട കാഞ്ഞിരപ്പള്ളി റോഡിലേയും ഈരാററുപേട്ട [illegible] റോഡിലേയും പാലങ്ങളെപ്പററി പ്രധാനമായി പറയാനുണ്ട്. ഇപ്പോഴുള്ള റോഡുകളുടെ സ്ഥിതിതന്നെയും വളരെ മോശമായിരിക്കുന്നു. ഈ റോഡുകൾ ചീഫ് എൻജിനിയർ പോയി കണ്ടു വേണ്ടതു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പായി ബഡ്ജററിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികളെയും നിയമനങ്ങളെയുംപററി എനിക്കു സ്വല്പം പറയാനുണ്ട്. ജലസേചനവും വൈദ്യുതശക്തി സംഭരണവും പദ്ധതികളെപ്പററി എനിക്കു പറയാനുള്ളതു അവ സംസ്ഥാനത്തിലെ ജനങ്ങളിലെ ഒരംശത്തിനുമാത്രമേ ഗുണപ്രദമായിരിക്കുന്നുള്ളു എന്നും ആ സ്ഥിതിക്കു അതുകൊണ്ടു ഗുണം സിദ്ധിക്കുന്ന ജനങ്ങൾതന്നെ അതിന്റെ ചിലവുകൾ ഭൂരിഭാഗവും വഹിക്കണമെന്നും ആകുന്നു. ചില മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ ചുമതല തിരുവനന്തപുരം നഗരസഭയെ ഏൽപ്പിക്കയും ഗവണ്മെന്റ് അവർക്കു പണം കടംകൊടുക്കയും ചെയ്യാവുന്നതാണ്. അതല്ലാതെ ഈ സംഗതിയിൽ സാമാന്യനികുതിദായകന്മാരെ നഷ്ടം വരുത്തുന്നതു ശരിയല്ലാത്തതാകുന്നു. എന്റെ അഭിപ്രായത്തിൽ അതു ന്യായവും ആയിരിക്കുന്നില്ല.

പുതിയ നിയമനസൃഷ്ടികളെപ്പററിപ്പറയുമ്പോൾ, പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചുകൂടെന്നും ഇപ്പോഴുള്ള ഉദ്യോഗനിയമനങ്ങളുടെ വിഷയത്തിൽതന്നെയും അവയുടെ ശമ്പളവും വർദ്ധനവും ഒഴിവുന്നതും കുറയ്ക്കണമെന്നും ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കയാകുന്നു. എന്നാൽ അതിനു വിപരീതമായി ഒരു ആദായനികുതി കളക്ടർ, ഒരു റവന്യൂമാനുവൽ എഴുതുന്നതിനു ഒരു സ്പെഷ്യൽ ആഫീസർ, താല്ക്കാലിക ജഡ്ജിമാർ ആദിയായ ഉദ്യോഗങ്ങൾക്കു ബഡ്ജററിൽ പണം നീക്കി വച്ചിട്ടുള്ളതായി കാണുന്നു. ജനങ്ങളുടെ ആഗ്രഹത്തിനു വിപരീതമായി പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനു ഗവണ്മെന്റു വിചാരിക്കുന്നതിന്റെ ഉദ്ദേശം എനിക്കു മനസ്സിലാകുന്നില്ല. പുതിയ പദ്ധതികൾ നടപ്പിൽ വരുന്നതിനു മുമ്പായി ഈ സംഗതികൾ ഗവണ്മെന്റു പുനരാലോചന ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ആയവ്യയപത്രികയുടെ പരിശോധനകൊണ്ടു പ്രത്യക്ഷമാകുന്നതു എന്തെന്നാൽ, ഗവണ്മെന്റിനു ധാരാളമായും വർദ്ധമാനമായും മുതലെടുപ്പു ഉണ്ടെങ്കിലും ജനങ്ങളുടെ സാമ്പത്തികവും, സന്മാർഗ്ഗികവും, കായികവും ആയ അഭിവൃദ്ധിയിൽ അവർ വേണ്ടപോലെ ശ്രദ്ധിച്ചുവരുന്നില്ല എന്നാകുന്നു. തിരുവിതാംകൂറിലെ വ്യയങ്ങളെപ്പററി ചിന്തിക്കുന്നതിനു മുമ്പായി നികുതികൾ നിശ്ചയിക്കുന്നതു പതിവാണ്. പബ്ലിക്കു മുതലെടുപ്പു വിഷയങ്ങളിൽ സാധാരണ അനുവർത്തിക്കുന്നതു, വരാൻപോകുന്ന ആണ്ടത്തേക്കു വേണ്ട നയങ്ങളും പദ്ധതികളും ആദ്യമായി നിർണ്ണയിക്കയും, ആ നയങ്ങളുടെയും പദ്ധതികളുടെയും നിർവഹണത്തിനുവേണ്ടി വരുന്ന ചിലവുകൾ നിശ്ചയിക്കയും ആണെന്നു ഞാൻ പറയേണ്ടതില്ലല്ലോ. ഉദ്ദേശം എന്തു ചിലവു വരുമെന്നു കണക്കാക്കിയതിൽപ്പിന്നെ ആ ചിലവു നിർവഹിക്കാനുള്ള ധനങ്ങൾ കണ്ടുപിടിക്കാൻ ആലോചന നടത്തുന്നു. അത്യാവശ്യമുള്ളതിൽ കൂടുതൽ ധനം ജനങ്ങളിൽനിന്നും പിരിക്കുന്നതു ശരികേടെന്നു മാത്രമല്ല, ന്യായരഹിതമാണെന്നു കൂടിയാണെന്നു സർവ്വസമ്മതമായി സ്വീകരിച്ചിരിക്കുന്നതു. പ്രസ്തുത ബഡ്ജററിനെ ഈ തത്വപ്രകാരം അവലോകനം ചെയ്യുമ്പോൾ അതിനെ നീതികരിക്കാൻ മാർഗ്ഗം കാണുന്നില്ല. ജനങ്ങളുടെ സാമ്പത്തികവും സന്മാർഗ്ഗികവും കായികവും ആയ അവസ്ഥകളെ ബന്ധിക്കുന്നതായ എന്തെല്ലാം ഉദ്യമങ്ങൾ തുടങ്ങാൻ പോകുന്നു എന്നും ആ ഉദ്യമങ്ങളെ മേല്പറഞ്ഞ അവസ്ഥകളുടെ അഭിവൃദ്ധിക്കായി ഏതുവിധം തങ്ങൾ വിനിയോഗിക്കാൻ പോകുന്നു എന്നും ഗവണ്മെന്റു ആദ്യമായി നമ്മോടു പറയേണ്ടതായിരുന്നു. തിരുവിതാംകൂർ ഒരു കർഷകരാജ്യമായിരിക്കുന്ന മുറയ്ക്കു ജനങ്ങളുടെ കാർഷികസ്ഥിതിയെ അഭിവൃദ്ധിയാക്കുന്ന വിഷയത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയേണ്ടതാണ്. കൃഷിയുടെ വ്യാപ്തി, ജലസേചനം, കൃഷിക്കാരുടെ കടപ്പാടു ആദിയായ സംഗതികളിൽ ഔൽസുക്യപൂർവ്വമായ ശ്രദ്ധ പതിയേണ്ടതാകുന്നു. ഈ സംഗതികളിൽ കൂടുതലായി യാതൊരു ശ്രദ്ധയും പതിച്ചിട്ടില്ലെന്നു ബഡ്ജററുകൊണ്ടു കാണുന്നുണ്ട്. സക്കാർ ഭൂമികൾ പതിച്ചുകൊടുക്കുന്ന നയം ജനങ്ങളുടെ ക്ഷേമത്തെ സാരമായ വിധത്തിൽ ബാധിക്കുന്ന സംഗതിയാണ്. എന്തെന്നാൽ ജനസംഖ്യ വർദ്ധിച്ചു വരികയും തന്നിമിത്തം ഉണ്ടാകുന്ന തൊഴിലില്ലായ്മ കൂടിക്കൂടി വരികയും ചെയ്യുന്നു. നാട്ടുകാർക്കു പുതുവൽ പതിച്ചുകൊടുക്കുന്ന വിഷയത്തിൽ ഗവണ്മെന്റിനു അനുഭാവമില്ലെന്നും എന്നാൽ യൂറോപ്യൻതോട്ടക്കാരെയും യൂറോപ്യൻ കമ്പനികളെയും സഹായിക്കുന്നതിനു അവർ അത്യുൽകണ്ഠയോടു കൂടി ഇരിക്കുന്നു എന്നും ഉള്ള പരാതി സാർവ്വത്രികമായിരിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ, ഗവണ്മെന്റിൽനിന്നും ഫലപുഷ്ടിയുള്ളതായ പതിനായിരം ഏക്കറിനുമേൽ സ്ഥലങ്ങൾ ഈ വിധം പതിച്ചുകൊടുക്കയോ പതിച്ചുകൊടുക്കാൻ ആജ്ഞാപിക്കയോ ചെയ്തിട്ടുണ്ട്. സഭയുടെ നടപടി നിറുത്തിവയ്ക്കണമെന്നുള്ള മി: കല്ലൂർ നാരായണപിള്ളയുടെ ഉപക്ഷേപത്തിനു ഇപ്രകാരം യാതൊരു ഭൂമിയും പതിച്ചു കൊടുത്തിട്ടില്ല എന്നു ഗവണ്മെന്റു ലഘുചിത്തതയോടു കൂടി മറുപടി പറകയുണ്ടായി. എന്നാൽ സഭയുടെ അറിവിനായി ഗവണ്മെന്റിൽനിന്നും ഇയ്യാണ്ടിൽ ഭൂമിപതിച്ചുകൊടുത്തയൂറോപ്യൻ കമ്പനികളുടെപേരുകൾ ഞാൻ പറഞ്ഞുകൊള്ളുന്നു.

യഥാർത്ഥത്തിൽ പതിച്ചുകൊടുത്തിട്ടുള്ള ഭൂമികൾ.

	ഏക്കർ.
തിരുവിതാംകൂർ ടീ. എസ്റ്റേററു കമ്പനി	[illegible]
പീരുമേടു ടീ. കമ്പനി	[illegible]

അരണക്കൽ ടീ. എസ്റ്റേററ് ൨൫.൦.൪൮
ഇൻഡസ്ട്രിയൽ ആൻഡ് മർക്കൻറയിൽ കമ്പനി ൪൨൫.൪൯

താഴെപ്പറയുന്ന ഭൂമികൾ പതിച്ചു കൊടുക്കാൻ ആജ്ഞാപിച്ചിട്ടുണ്ട്. എന്നാൽ പതിവു പൂർത്തിയായിട്ടില്ല.

	ഏക്കർ.
പത്രക്കോലകമ്പനിക്കുവേണ്ടി	
മി: റിച്ചാർഡ് സൺ	൫,൦൦൦
വാഗ്മൺ എസ്റ്റേററിനുവേണ്ടി	
മി: റിച്ചാർഡ് സൺ	൨,൦൦൦
വാഗമൺ എസ്റ്റേററ്	൪൦൦
മി: ബിസററ്	൫൦൦
മി: വിൻസൻറ്	൨൦൦
അക്കണൽ എസ്റ്റേററിനുവേണ്ടി	
മി: മാക്ക്മുള്ളിൻ	൫,൦൦൦
പത്രകോളകമ്പനിക്കുവേണ്ടി	
മധുരകമ്പനിക്ക്	൫,൦൦൦
അക്കണൽ എസ്റ്റേററിനുവേണ്ടി	
മി: മാക്ക്മുള്ളിൻ	൩,൦൦൦

വാസ്തവം ഇതായിരിക്കെ, യാതൊരു ഭൂമിയും പതിച്ചു കൊടുത്തിട്ടില്ലെന്നു നിർദ്ദോഷിയുടെ വഴിവിൽ മറുപടി പറയപ്പെട്ടു. ഇപ്രകാരമുള്ള പ്രതിജ്ഞകളിലും നിഷേധോക്തികളിലും ജനങ്ങൾക്കു എപ്രകാരമാണ്. വിശ്വാസം ഉണ്ടാകുന്നതു? ഈ നാശകരമായ നയത്തിനു ഒരു അറുതി ഉണ്ടാകേണ്ടതു് ആവശ്യമാണ്. തിരുവിതാംകൂറിലെ യാതൊരു ഭൂമിയും വല്ല വിദേശികൾക്കും പതിച്ചു കൊടുക്കയോ വല്ല വിദേശിയും സമ്പാദിക്കയോ ചെയ്യുന്നതിനു ഈ സഭയുടെ അനുവാദം വേണ്ടതാണെന്നു ജനങ്ങൾ ആവശ്യപ്പെടുന്നു. തിരുവിതാംകൂറിന്റെ യോഗക്ഷേമത്തെ ഗവർമ്മെൻറു കണ്ണുകെട്ടുമെന്നുള്ള നമ്മുടെ വിശ്വാസം അസ്തമായിരിക്കുന്നു.

ജനങ്ങളുടെ ക്ഷേമത്തെ സാരമായി ബാധിക്കുന്ന വേറൊരു വകുപ്പു പൊതുജനാരോഗ്യമാണ്. ബ്രിട്ടീഷ് ഇൻഡ്യയിലും മററു രാജ്യങ്ങളിലും ചെയ്തുവരുന്ന കാര്യങ്ങൾ ഓർക്കുമ്പോൾ തിരുവിതാംകൂറിൽ ഒന്നും തന്നെ ചെയ്യുന്നില്ല. ഈ വിഷയത്തിൽ കൂടുതൽ പണം അനുവദിച്ചിട്ടില്ല എന്നുമാത്രമല്ല യാതൊരു നൂതന നിർദ്ദേശങ്ങളും ചെയ്തിട്ടും ഇല്ല. ഇനി വിദ്യാഭ്യാസത്തെപ്പററി നോക്കാം. സാഹിത്യപരമായുള്ള ഇപ്പോഴത്തെ വിദ്യാഭ്യാസരീതി അശേഷം ഉപപന്നമല്ലെന്നും രാജ്യത്തിലെ തൊഴിലില്ലായ്മക്കുള്ള യഥാർത്ഥകാരണം അതാണെന്നും ജനങ്ങൾ മുറവിളി കൂട്ടിക്കൊണ്ടിരിക്കയും അതിനെ പരിഷ്കരിക്കുന്നതിനു തന്നാൽ കഴിയുന്നതു ചെയ്യാമെന്നും ദിവാൻ തന്നെ സമ്മതിച്ചു വാഗ്ദാനം ചെയ്കയും ചെയ്തിരുന്നിട്ടും അടുത്തകാലത്തിൽ ഈ വിഷയത്തിൽ യാതൊന്നും തന്നെ ചെയ്വാൻ നിശ്ചയിച്ചിട്ടില്ലെന്നു കാണുന്നതു ഇച്ഛാഭംഗമല്ലയോ? നേരെ മറിച്ചു അടുത്തകാലങ്ങളിൽ ഇപ്പോഴത്തെ ഉന്നത വിദ്യാഭ്യാസത്തിനായി താരതമ്യേന കൂടുതൽ ധനം ചെലവു ചെയ്വാനും അവർ നിശ്ചയിച്ചിരിക്കുന്നു.

രാജ്യത്തിലെ ഭരണവിഷയവും രാഷ്ട്രീയവിഷയവുമായ അഭിവൃദ്ധിയെ പരിചിന്തിക്കാം. ജനങ്ങളുടെ അധികാരങ്ങളും അവകാശങ്ങളും സ്ഥിരീകരിക്കുന്നതിനും വ്യാപ്തമാക്കുന്നതിനും വേണ്ടിവല്ല പരിശ്രമവും ഉണ്ടായിട്ടുണ്ടോ? നഗരസഭ സംബന്ധമായ കാര്യങ്ങളിൽ തന്നേയും ജനങ്ങളുടെ അധികാരങ്ങളെ അംഗീകരിക്കുന്നതിനു ഗവണ്മെൻറു വൈമനസ്യം കാണിക്കുന്നതായി തോന്നുന്നു. തിരുവനന്തപുരം നഗരസഭയിൽ, സഭക്കാരുടെ ഹിതത്തിനു വിപരീതമായി, ഒരു ഉദ്യോഗസ്ഥ പ്രസിഡൻറിനെ നിയമിച്ചിരിക്കുന്നതു കൊണ്ടുതന്നെ ഗവണ്മെൻറിന്റെ പുറമെയുള്ള ഭാവനമിഥ്യയാണെന്നു തെളിയുന്നുണ്ട്. ഗവണ്മെൻറിനെ പൊതുജനസമ്മതിയുന്മേൽ പ്രതിഷ്ഠാപിതമാക്കണമെന്നുള്ള മുറവിളി കേവലം വനരോദനമായിത്തന്നേ ഇരിക്കുന്നു. ഈ സഭയിലെ നിശ്ചയങ്ങളെ അവഗണിക്കുന്നു എന്നു മാത്രമല്ലാ ഗവണ്മെൻറു അവരുടെ അനിയന്ത്രിതശാസനം നടത്തിക്കൊണ്ടുപോകയും കൂടി ചെയ്യുന്നു. സാരമായവയാണെങ്കിലും അസൗകര്യമെന്നു തോന്നുന്ന ചോദ്യങ്ങൾ അനുവദിക്കുന്നില്ല. അനുവദിക്കുന്ന ചോദ്യങ്ങളിൽ തന്നെയും ഏതാനും ചിലതിനു മാത്രമെ മറുപടി കൊടുക്കുന്നുള്ളു. നിയമസഭായോഗങ്ങൾ കീഴ്പതിവു പോലെ അത്ര അടിക്കടി ഇപ്പോൾ നടത്തുന്നില്ലാ. വർത്തമാനപ്പത്ര റഗുലേഷൻ നിയമപുസ്തകത്തെ ഇന്നും വികൃതമാക്കുന്നു. ജനാഭിപ്രായത്തെ ആദരിക്കുന്നതിനു ഗവണ്മെൻറു വിമുഖരായിരിക്കുന്നു.

പൊതുജനക്ഷേമത്തോടു സംബന്ധമുള്ള സർക്കാർ സർവ്വീസിലേക്കു പ്രവേശിക്കാം. അനാവശ്യമായ ഉദ്യോഗങ്ങൾ നിർമ്മിക്കുന്നതു കൂടാതെ ഒരിക്കൽ തുടങ്ങിയ ഉദ്യോഗത്തെ സ്ഥിരമായി വച്ചുകൊള്ളുകയും ചെയ്യുന്നു. റെയിൽവെ സർവ്വേക്കായിട്ടു ഒരു റെയിൽവേ എൻജിനിയരെ നിയമിച്ചിരിക്കുന്നതു ഇതിലേക്കു ഒരു ദൃഷ്ടാന്തമാകുന്നു. റെയിൽവേപ്പണി ഉടനടി നടത്തുന്നതിന്റെ സാദ്ധ്യതയേയോ ആവശ്യകതയേയോ നിരൂപിക്കാതെ റെയിൽവെ സർവ്വേക്കായിട്ടു പണം ചിലവു ചെയ്തുകൊണ്ടിരിക്കുന്നു. ഇതു ഒരു ദുർവ്യയം അല്ലയോ? കൈക്കൂലിയും കൊള്ളയും വർദ്ധിച്ചു വരുന്നു. വലിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ അവർ കൈക്കൂലിവാങ്ങിക്കുന്നു എന്നുള്ള ഉത്കണ്ഠസ്വരമായ പരാതികളെപ്പററി ഗൌനിക്കുന്നില്ലാ.

അദ്ധ്യക്ഷൻ: കൂടുതലായി അനുവദിച്ച അരമണിക്കൂർ കഴിഞ്ഞിരിക്കുന്ന മുറക്കു നിങ്ങൾ നിറുത്തേണ്ടതാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉദ്യോഗസ്ഥപക്ഷത്തിലേക്കുള്ള സമയം മുഴുവനും അവർ ഉപയോഗപ്പെടുത്താത്ത പക്ഷം ഈ വശത്തുള്ള മെംബർമാർക്കു സംസാരിക്കാമോ?

അദ്ധ്യക്ഷൻ: അനുദ്യോഗസ്ഥന്മാർ തന്നെ മുഴുവൻ സമയവും ഉപയോഗപ്പെടുത്തുക എന്നു വന്നാൽ ഉദ്യോഗസ്ഥന്മാർക്കു അഞ്ചു മണി കഴിഞ്ഞു സംസാരിക്കാൻ നിവൃത്തിയുണ്ടാവുകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചട്ടങ്ങൾ അനുസരിച്ചു മറുപടി പറയുന്നതിനുള്ള സാമാന്യാധികാരം ധനകാര്യമന്ത്രിക്കാണല്ലോ? ആ സ്ഥിതിക്കു ഈ പക്ഷത്തിലുള്ള മെമ്പർമാർക്കു പറയാനുള്ളതു പറയാൻ അവസരം കൊടുക്കുന്നതു ന്യായമല്ലയൊ?

അദ്ധ്യക്ഷൻ: അനുദ്യോഗസ്ഥപക്ഷത്തിലെ പ്രസംഗങ്ങൾക്കു ശേഷം ഡിപ്പാർട്ടുമെന്റു മേലധികാരികൾ സംസാരിക്കണമെന്നുള്ളതു സഭയുടെ കീഴ്നടപ്പനുസരിച്ചു ന്യായമാകുന്നു. ഉദ്യോഗസ്ഥപക്ഷത്തിലെ മെമ്പർമാർക്കു അവരുടെ പ്രവൃത്തിയെ സാധൂകരിക്കുന്നതിനു കേവലന്യായമായ ഏതേതനുള്ള പ്രതിവാദാവകാശം ഉണ്ടായിരിക്കേണ്ടതാണ്. അവരുടെ ഈ അവകാശം നാളതുപര്യന്തം അംഗീകരിക്കപ്പെട്ടിട്ടുള്ളതും അതിനു ഭംഗം വരുത്തുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ലാത്തതും ആകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ചെങ്ങന്നൂർ): കീഴ്നടപ്പിനെപ്പറ്റി ചിന്തിക്കേണ്ടുന്ന കാര്യം ഇതിൽ കാണുന്നില്ലാ. സംശയഗ്രഹമായിട്ടാണ് ഈ ചോദ്യം ഉണ്ടായതു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ ചോദ്യം മുമ്പേയും ഉണ്ടായി. എന്നു മാത്രമല്ലാ അനുദ്യോഗസ്ഥമെമ്പർമാർ സംസാരിച്ചതിനു ശേഷം ഡിപ്പാർട്ടുമെന്റു മേലധികാരികൾ സംസാരിക്കണമെന്നു റൂൾ ചെയ്യുകയും ചെയ്തു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): സംസ്ഥാനത്തിലെ മുതലെടുപ്പിൽ ഏറ്റവും ഒരു വലിയ ഭാഗം വിദ്യാഭ്യാസം വകക്കായി ചിലവാക്കുന്ന സ്ഥിതിക്കു, ബഡ്ജറ്റിനെ സംബന്ധിച്ചുള്ള സംവാദപ്രതിവാദത്തിൽ വിദ്യാഭ്യാസ നയത്തിന്റെയും വിദ്യാഭ്യാസ ഭരണത്തിന്റെയും വിമർശനത്തിനായി ഒട്ടധികം സമയം വിനിയോഗിക്കുന്നതു സ്വാഭാവികമാണല്ലോ. എനിക്കു അനുവദിച്ചിട്ടുള്ള മുപ്പതു മിനിട്ടിനകത്തു വിദ്യാഭ്യാസ നയത്തെയും വിദ്യാഭ്യാസ ഭരണത്തെയും സാധൂകരിക്കുന്നതിനു ഞാൻ കഴിയുന്നിടത്തോളം ശ്രമിക്കുന്നതാണ്. എന്നാൽ സഭയിൽ പ്രതിപാദിക്കപ്പെട്ട എല്ലാ സംഗതികളെപ്പറ്റിയും വിമർശനം ചെയ്വാൻ എനിക്കു സാധിക്കുന്നതല്ലാ. പക്ഷെ ഇതിൽ ചില സംഗതികൾ, അടുത്ത ശനിയാഴ്ച, വിദ്യാഭ്യാസത്തിനുള്ള ഡിമാൻഡിനെപ്പറ്റിയുള്ള വാദപ്രതിവാദമദ്ധ്യത്തിൽ വീണ്ടും ആലോചനാവിഷയമാകുന്നതാണ്. ആ സമയത്തു അവയെപ്പറ്റി എനിക്കു പറയാനുള്ളതു പറയാമെന്നു ഞാൻ വിശ്വസിച്ചുകൊള്ളുന്നു. ഡിപ്പാർട്ടുമെന്റു ഭരണത്തിൽ കുറവുകൾ ഉണ്ടെന്നു സമ്മതിക്കാൻ ഞാൻ തയ്യാറാണ്. ഇപ്പോൾ അനുവർത്തിച്ചു വരുന്ന നയത്തെ പരിശോധിക്കയും പുനരാലോചിക്കയും ചെയ്യുന്നതു എപ്പോഴും ആവശ്യമായിരിക്കയും ചെയ്യും. എന്നെ സംബന്ധിച്ചു പറകയാണെങ്കിൽ, വിദ്യാഭ്യാസഭരണത്തിലെയോ വിദ്യാഭ്യാസനയത്തിലെയോ ഉള്ള പരിഹാര്യമായ ഏതൊരു ന്യൂനതയും കാണിച്ചുതരുന്ന എല്ലാ വിമർശനങ്ങളും ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നതാണ്. വിദ്യാഭ്യാസവിഷയത്തിൽ അഭിവൃദ്ധിയുണ്ടാകേണ്ട പല മാറ്റങ്ങളും എനിക്കു തന്നെ അറിയാം. എന്നാൽ ഒട്ടധികം സംഗതിയിലും അഭിവൃദ്ധിക്കുള്ള ഏതൊരു പദ്ധതിയുടെയും ഒരു സ്ഥായിയായ മഹത്തായ വിഷമതക്കു കാരണമാകുന്നതാണ് അതായതു ഈ പദ്ധതികൾ എല്ലാം ചിലവു വർദ്ധിപ്പിക്കുന്നതാകുന്നു. അതിലേക്കുള്ള പണം നമുക്കു എവിടെ നിന്നും ഉണ്ടാകും എന്നുള്ള ചോദ്യമാണ് അപ്പോൾ ഉൽഭൂതമാകുന്നതു്. ഈയാണ്ടിൽ കൂടുതൽ പണം ലഭ്യമായിട്ടുള്ളതുകൊണ്ടു വിദ്യാഭ്യാസത്തിനായി കൂടുതൽ പണം നീക്കിവച്ചിട്ടുണ്ട്. എന്നാൽ ഈ കൂടുതൽ കൊണ്ടു വലുതായ പദ്ധതികൾ ഉത്ഭവിക്കുന്നതിനൊ വലുതായ മാറ്റങ്ങൾ വരുത്തുന്നതിനൊ സാധിക്കുന്നതല്ലാ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം രാജ്യത്തിനു ഉപയോഗശൂന്യമാണെന്നു പറഞ്ഞപ്പോൾ അതു അനുദ്യോഗസ്ഥാംഗങ്ങളുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമാണെന്നു വിദ്യാഭ്യാസമേലദ്ധ്യക്ഷനു തൃപ്തിയായിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അനുദ്യോഗസ്ഥപക്ഷത്തുനിന്നും പുറപ്പെടുവിച്ച അഭിപ്രായങ്ങൾ ഐകകണ്ഠ്യേനയുള്ളതല്ലെന്നുള്ളതു നിശ്ചയംതന്നെ. പല അഭിപ്രായങ്ങളും പരസ്പരവിരുദ്ധങ്ങളായിരുന്നു. ചിലർ അനുകൂലിച്ചും ചിലർ പ്രതികൂലിച്ചും പറഞ്ഞു.

വിദ്യാഭ്യാസബഡ്ജറ്റിനെപ്പറ്റിയുള്ള വാദപ്രതിവാദം കഴിഞ്ഞപ്പോൾ, വിദ്യാഭ്യാസപരിപോഷണങ്ങൾക്കു ബാധകമായിനിൽക്കുന്ന ധനപ്രശ്നത്തെക്കൂടി മെമ്പർമാർ അനുവദിച്ചുകൊടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇംഗ്ലണ്ടിലേയും ഇവിടത്തെയും അവസ്ഥകൾ ചൂണ്ടിക്കാണിച്ചു പ്രയോജനകരമായ വല്ലസാദൃശ്യവും സാധിക്കുമെന്നു നിർദ്ദേശിക്കാതെയും രണ്ടിടത്തേയും ഉദ്ദേശം ഉത്തമമായ വിദ്യാഭ്യാസമാതൃകയാണെന്നു മാത്രം പറഞ്ഞുകൊണ്ടും, ലണ്ടൻ കൌണ്ടികൌൺസിലിനു കീഴിലുള്ള വിദ്യാഭ്യാസത്തെപ്പറ്റി ചിലകണക്കുകൾ ഞാൻ ഇവിടെ എടുത്തു കാണിച്ചുകൊള്ളുന്നു. ലണ്ടൻ കൌണ്ടികൌൺസിലിന്റെ വിദ്യാഭ്യാസാധികാരത്തിൽപ്പെട്ട ജനങ്ങളുടെ സംഖ്യയും തിരുവിതാംകൂറിലെ ജനസംഖ്യയും ഏകദേശം തുല്യമാണ്. അതായതു ൪൦ ലക്ഷം ആകുന്നു. അവിടെ കരം പിരിവിലും നികുതി പിരിവിലുംനിന്നു വിദ്യാഭ്യാസത്തിനു ചിലവാകുന്നധനം ൧൭,൦൦൦,൦൦൦ പവൻ (പതിനേഴുകോടി രൂപ) ആണ്, അതായതു തിരുവിതാംകൂറിലെ വിദ്യാഭ്യാസച്ചിലവിന്റെ നാല്പതുമടങ്ങും തിരുവിതാംകൂറിലെ ആകെയുള്ള മുതലെടുപ്പിന്റെ എട്ടുമടങ്ങും ആകുന്നു. വേറെ വിധം പറയുന്നതായാൽ തിരുവിതാംകൂറിൽ പൊതുനികുതിയിൽനിന്നും വിദ്യാഭ്യാസം വകക്കു ആളൊന്നിനു ആണ്ടിൽ ഒരു രൂപായും ലണ്ടനിൽ ൪൦ രൂപായും ചിലവാകുന്നു. ലണ്ടനിൽ പല തരത്തിലുള്ള വിദ്യാഭ്യാസം ഉണ്ടെന്നുപറയപ്പെടാം. എന്നാൽ അതിനെപ്പറ്റിയും ഞാൻ പറയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതു കൌണ്ടികൌൺസിലന്റെ മുഴുവൻ ചിലവാണൊ അതല്ലാ ഒരു അംശമെങ്കിലും ഗവണ്മെന്റിൽനിന്നും കൊടുക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഗവണ്മെന്റിൽനിന്നും ചെയ്യുന്ന ചിലവിനെ അല്ലാ ഞാൻ സഭയിൽ നിവേദിച്ചിട്ടുള്ളതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവിടെ കുടിയാനവന്മാരിൽനിന്നും വലുതായ ദ്രവ്യഗ്രഹണങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഡയറക്ടർക്കു അറിയാമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എനിക്കറിയാം.

മി: കെ. ഐ. ജോസഫ് (മീനച്ചൽ മേടികുളം): കാളേജ് വിദ്യാഭ്യാസത്തിനുള്ള ചിലവിന്റെ ശതമാനം എന്തണ്?

മി: സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ലണ്ടനിൽ പലേതരത്തിലുള്ള വിദ്യാഭ്യാസം ഉണ്ടെന്നു പറയാവുന്നതാണ്. എന്നാൽ വിദ്യാഭ്യാസം വകക്കു ചിലവാക്കുന്ന ഒരു കോടിമുപ്പതുലക്ഷം പവനിൽനിന്നും ഒരു പെനിപോലും ഈ നാട്ടിൽ നാം കണ്ടുവരുന്ന ക്രമത്തിലുള്ള കാളേജ് വിദ്യാഭ്യാസത്തിനായി ചിലവാക്കുന്നില്ലെന്നും, അതിൽ ഒരുകോടി അഞ്ചുലക്ഷം പവൻ പ്രാഥമികവിദ്യാഭ്യാസം വകയ്ക്കായും അതിൽതന്നെയും അറുപതു ലക്ഷം പവൻ പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വകയ്ക്കായും ചിലവാക്കുന്നു എന്നും ഞാൻ നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ. ലണ്ടനിൽ പ്രാഥമികവിദ്യാലയങ്ങളുടെ വകക്കു ക്രമാതീതമായ അധികച്ചിലവില്ലെന്നുള്ളതും തീട്ടമാണ്. ലണ്ടനിലെ വിദ്യാഭ്യാസത്തെയും ആക്ഷേപിക്കാതിരിക്കുന്നില്ലാ. ആളൊന്നിനു ൪൦ രൂപാ ചിലവാക്കുന്ന ലണ്ടനിലെ വിദ്യാഭ്യാസാധികാരികളെയും ആക്ഷേപിക്കുന്നുണ്ടെങ്കിൽ ആളൊന്നിനു ഒരു രൂപാ ചിലവാക്കുന്ന തിരുവിതാംകൂറിലെ വിദ്യാഭ്യാസാധികാരികളും ആക്ഷേപത്തിൽനിന്നും വിമുക്തരല്ലാ. ലഭ്യമാകുന്ന ധനങ്ങളെ ബുദ്ധിപൂർവം ചിലവാക്കുന്നതു ഗവണ്മെന്റിന്റെയും ഡിപ്പാർട്ടുമെന്റിന്റെയും ചുമതലയാണ്. അതിനെപ്പറ്റിപ്പറയുന്ന ആക്ഷേപങ്ങൾക്കു അവക്കു വിരോധവും ഇല്ല.

ധനകാര്യത്തെപ്പറ്റി പറയുമ്പോൾ, മിസ്റ്റർ എ. കെ. പിള്ളയുടെ പ്രസംഗത്തിൽനിന്നും സഭക്കുണ്ടായേക്കാമെന്നുള്ള ഒരു തെറ്റിദ്ധാരണയെ തീർക്കേണ്ടതുണ്ടെന്നു എനിക്കു തോന്നുന്നു. അദ്ദേഹത്തിന്റെ പ്രധാനആക്ഷേപം പ്രസ്തുതബഡ്ജറ്റ് ഒരു സമ്പന്നന്റെ ബഡ്ജറ്റാണെന്നും അതായതു പാവപ്പെട്ടവനെ ദ്രോഹിച്ചു ധനികനെ സഹായിക്കുന്നബഡ്ജറ്റാണെന്നും വിദ്യാഭ്യാസംവകക്കു നീക്കിവച്ചിട്ടുള്ള ധനത്തെ സംബന്ധിച്ചിടത്തോളം അതു വാസ്തവമാണെന്നും ആകുന്നു. ൧൧൦൭-ാമാണ്ടത്തേക്കു ബഡ്ജറ്റ് ചെയ്തിട്ടുള്ള ൪൭ ലക്ഷം രൂപായിൽ ൨ ലക്ഷം മാത്രമേ പ്രാഥമികവിദ്യാഭ്യാസത്തിനായി വച്ചിട്ടുള്ളു എന്നു മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതായിട്ടു തോന്നുന്നു. അങ്ങിനെ പറഞ്ഞതായിട്ടാണ് എന്റെ വിശ്വാസം അദ്ദേഹം പറഞ്ഞതിനെ ഞാൻ തെറ്റിദ്ധരിപ്പിക്കുകയല്ല ചെയ്യുന്നതു. ഈ കണക്കുകൾ ബഡ്ജറ്റിന്റെ ൯൨-ാം വശത്തുനിന്നും എടുത്തതാണെന്നു തോന്നുന്നു. ആ പേജിൽ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പ്രാഥമിക വിദ്യാഭ്യാസം വകക്കു ൨·൭൩ ലക്ഷം രൂപാബഡ്ജറ്റ് ചെയ്തിട്ടുള്ളതായി പറയുന്നുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കാളേജ് വിദ്യാഭ്യാസം വകക്കു ചിലവാക്കുന്ന ഭീമമായ തുകയുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ പ്രാഥമികവിദ്യാഭ്യാസത്തിനു വേണ്ടി ചിലവാക്കുന്ന തുക പര്യാപ്തമാണെന്നു ഡയറക്ടർ വിചാരിക്കുന്നുണ്ടോ എന്നു ഞാൻ ചോദിച്ചു കൊള്ളട്ടെയോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ കണക്കുകളെപ്പറ്റി പ്രതിവാദിക്കുമ്പോൾ ഈ സംഗതിയെപ്പറ്റിയും പറയുന്നതാണ്. കാളേജ് വിദ്യാഭ്യാസത്തിനായിട്ടു, ആകെയുള്ള തുകയുടെ എത്ര അംശമാണ് ചിലവാക്കുന്നതു എന്നും അതു ശരിയായതാണെന്നും എന്റെ സ്നേഹിതനു അറിയാമെന്നു ഞാൻ വിചാരിക്കുന്നു.

൯൨-ാം വശത്തുതന്നെ പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ളകണക്കുകൾക്കു ഉടൻ മുകളിലായി വർണാക്കുലർ ഹൈസ്കൂളുകളുടെയും മിഡിൽസ്കൂളുകളുടെയും വകക്കുള്ള ൧·൭൭ ലക്ഷം രൂപായുടെ ഒരു കണക്കു പറയുന്നുണ്ട്. ഈ പള്ളിക്കൂടങ്ങളിൽ ഒരു വലിയ ഭൂരിഭാഗവും പ്രാഥമിക ക്ലാസുകൾ ആകുന്നു. ൧൦൦-ാം വശത്തു സഹായധനം വകക്കു ൧൯ ലക്ഷം രൂപായുടെ ഒരു കണക്കുണ്ട്. ഇതിൽ ൧·൪൭ ലക്ഷവും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള പ്രാഥമികവർണാക്കുലർ സ്കൂളുകളുടെ വകക്കുള്ളതാണ്.

പ്രാഥമികവിദ്യാഭ്യാസം വകക്കുള്ള ചിലവുകൾ തുല്യമായി കണക്കാക്കാൻ പ്രയാസമാണ്: എന്നാൽ ഏകദേശം ൨൪ ലക്ഷം രൂപാ വർണാക്കുലർ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുണ്ടെന്നു കാണാം. ൧൧൦൬-ൽ വർണാക്കുലർ സ്കൂളുകളിൽ ൯൨·൭ ശതമാനം കുട്ടികളും പ്രാഥമികക്ലാസുകളിലുള്ളവരായിരുന്നു. ൧൧൦൫-ാമാണ്ടത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടു ൧൩-ാംവശത്തു നോക്കിയാൽ ആയാണ്ടിൽ വർണാക്കുലർസ്കൂളുകളുടെ വകക്കു ൨൨ ലക്ഷം രൂപാ ചിലവായി എന്നു കാണാവുന്നതാണ്. എന്നാൽ ഈ വകയിൽനിന്നും ഉള്ള വരുമാനം ൧·൩൭ ലക്ഷം രൂപയായിരുന്നു.

അംഗീകാരം സിദ്ധിച്ചിട്ടുള്ള വിദ്യാലയങ്ങളിൽനിന്നും വിദ്യാഭ്യാസാനുഗ്രഹം സിദ്ധിക്കുന്നതിനു സാധിക്കാത്തവരായ കുട്ടികൾ ഇനിയും ഉണ്ടെങ്കിൽ അതു അവരുടെ ദാരിദ്ര്യംനിമിത്തം ആയിരിക്കാവുന്നതാണ്. ഇപ്രകാരം വരാതിരിക്കുന്നതിനുവേണ്ടി ഗവണ്മെന്റു വളരെ എല്ലാം ചെയ്യുന്നുണ്ട്. ഡിപ്പാർട്ടുമെന്റൽസ്കൂളുകളിലും പ്രൈവറ്റ്സ്കൂളുകളിൽ ഒട്ടുമിക്കതിലും ഫീസ്സുവാങ്ങാതെ പ്രാഥമികവിദ്യാഭ്യാസം നല്കുന്നുണ്ട്. ഉന്നതക്ലാസുകളിൽ വർണാക്കുലർസ്കൂളുകളിലും ഇംഗ്ലീഷ്സ്കൂളുകളിലും ഫീസ്സ ഇളവു ഉദാരമായ തോതിൽ ചെയ്തുകൊടുക്കുന്നുണ്ടെന്നു മാത്രമല്ല, ഫീസ്സ ഇളവുകൊടുക്കുന്നതിനുള്ള പ്രധാനകാരണം ദാരിദ്ര്യം ആണെന്നുംവച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റൽസ്കൂളുകളിലെ ഫീസ്സ ഇളവുനിമിത്തം ഉണ്ടാകുന്ന നഷ്ടം ഇത്രയാണെന്നു ബഡ്ജറ്റുകണക്കുകളിൽ കാണാൻ കഴിയുന്നില്ല. എന്നാൽ അംഗീകാരം സിദ്ധിച്ചിട്ടുള്ള സ്കൂളുകളിൽ മാനേജർമാർക്ക് ഉണ്ടാകുന്ന നഷ്ടത്തിൽ നാലിൽ മൂന്നുഭാഗം പരിഹരിക്കുന്നതിനായി ൩൫,൦൦൦ രൂപാ ഗ്രാന്റുകൊടുക്കുന്നുണ്ടെന്നു ൧൦൪-ാംവശത്തുനിന്നു കാണാൻ കഴിയും. ഇതുകൂടാതെ വിദ്യാർത്ഥിവേതനത്തിനായി ഒരു ഉദാരമായ തുക നീക്കിവച്ചിട്ടുണ്ടെന്നു ൧൦൪-ാംവശത്തും കാണിച്ചിട്ടുണ്ട്. ഇതിൽ ചിലതെല്ലാം പിന്നോക്കംനില്ക്കുന്നജാതിയിലുൾപ്പെട്ട കുട്ടികൾക്കായി പ്രത്യേകം വച്ചിരിക്കുന്നതും ആണ്. വിദ്യാലയങ്ങളിൽ കൊടുത്തുവരുന്ന വിദ്യാഭ്യാസത്തിന്റെ സ്വഭാവത്തെപ്പറ്റിപ്പറയുന്നതിനും അതിന്മേൽ വേണ്ട നിരൂപണങ്ങൾ ചെയ്യുന്നതിനും വിദ്യാഭ്യാസബഡ്ജറ്റ് വാദപ്രതിവാദത്തിനു വരുമ്പോൾ എനിക്കു അവസരം ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സ്ത്രീകൾക്കുള്ള കാളേജിനെ സർവ്വകലാശാലയോടു സംഘടിപ്പിക്കുന്നതിനുള്ള അപേക്ഷയെ നിരസിച്ചതിനെപ്പറ്റി മിസ്റ്റർ പി. കെ. നാരായണപിള്ള ചിലവിമർശനങ്ങൾ ചെയ്തിട്ടുള്ളതിനെക്കുറിച്ചു സ്വല്പം സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ അപേക്ഷയനുസരിച്ചു സ്ത്രീകളുടെ കാളേജിനെ പരിശോധിച്ച കമ്മീഷൻകാർ സിൻഡിക്കേറ്റിനുസമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ ഒരു പ്രതി സർവ്വകലാശാലക്കാർ സ്വയം അയച്ചുത

ന്നിട്ടുണ്ട്. അതിനെപ്പററി സവിസ്തരം പ്രതിപാദിക്കുന്നതിനു ഞാൻ ഇപ്പോൾ തുനിയുന്നില്ല. എന്തെന്നാൽ ചില സംഗതികളെക്കുറിച്ചു ഇനിയും സർവ്വകലാശാലക്കു എഴുതിഅയക്കേണ്ടതായിരിക്കുന്നുണ്ട്. അതുമുഴുമി കഴിയുന്നതുവരെ ഇപ്രകാരമുള്ള ഒരു പൊതുജനപ്രതിനിധി സഭയിൽ അതിനെപ്പററി വാദപ്രതിവാദം നടത്തുന്നതു ശരിയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവകലാശാലയിൽനിന്നും അപേക്ഷയെ അനുവദിക്കാഞ്ഞതു അധികവും സ്ഥലക്കുറവിനെ അടിസ്ഥാനമാക്കിയല്ലയോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതിനെപ്പററി ഞാൻ പിന്നാലെ പറയുന്നുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ സഭമുമ്പിൽ സമർപ്പിച്ചതിൽ വാസ്തവത്തിൽനിന്നും തെററിയിട്ടുള്ള വല്ല സംഗതിയും ഉണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എനിക്കു മനസ്സിലാകുന്നില്ല. വാസ്തവസ്ഥിതികൾ തെററിദ്ധരിപ്പിച്ചിട്ടുണ്ടെന്നാണോ മി: പി. കെ. നാരായണപിള്ള പറയുന്നതു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ വാസ്തവത്തിനു വിരോധമായി വല്ലതും പറഞ്ഞുപോയിട്ടുണ്ടോ എന്നാണ്.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതിനെപ്പററിയും പറയാൻ പോകുന്നുണ്ട്.

അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങളെപ്പററി മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞിട്ടുള്ളതിൽ ചിലതെല്ലാം ശരിയാണെന്നു ഞാൻ സമ്മതിക്കുന്നു. ഇപ്പോൾ ഉള്ള സ്ഥലസൌകര്യം മതിയായതല്ലെന്നാണ് പരിശോധനക്കമ്മീഷൻകാർ കണ്ടതു. എന്നാൽ കൂട്ടമായി പണികഴിപ്പാൻ നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ പ്ലാനുകൾ മൂന്നുമാസത്തിൽ തയ്യാറാകുമെന്നു ഞാൻ ധരിച്ചുപോയി. സയൻസുവിഷയങ്ങൾക്കുള്ള സ്ഥലസൌകര്യത്തെ സംബന്ധിച്ചു സർവ്വകലാശാലക്കാർക്കു അംഗീകാര്യമല്ലാത്ത നിർദ്ദേശങ്ങൾ എന്നിൽനിന്നും ഉണ്ടായതു ആക്ഷേപാർഹമായിരിക്കുന്നു എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള സൂചിപ്പിച്ചു പറകയുണ്ടായി. കാളേജിനെ തൽക്കാലം യൂനിവെഴ്സിററിയോടു സംഘടിപ്പിക്കുന്നതിനു സിൻഡിക്കേററുകാർ അനുവദിക്കാതിരുന്നതു ഞാൻ മുമ്പു പറഞ്ഞതുപോലെ സ്ഥലസൌകര്യത്തെപ്പററിയുള്ള ഞങ്ങളുടെ നിർദ്ദേശം അവർ തെററിദ്ധരിച്ചതുമൂലം ആയിരിക്കാം. എന്നാൽ സ്ഥലസൌകര്യത്തെയും മററുസംഗതികളേയും സംബന്ധിച്ചുള്ള ഞങ്ങളുടെ നിർദ്ദേശങ്ങൾ കമ്മീഷൻകാർക്കു അഭിമതമായിരുന്നില്ലെങ്കിൽ ആയതു നമ്മുടെ ഉദ്ദേശ്യങ്ങൾകൊണ്ടു അവർ നോക്കാതിരുന്നതിനാലൊ അല്ലെങ്കിൽ ഇവിടത്തെ സ്ഥിതികളെ അവർ പൂർണ്ണമായി മനസ്സിലാക്കാത്തതിനാലൊ ആയിരിക്കാമെന്നാണ് ഞാൻ വിചാരിക്കുന്നതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡയറക്ടർ കമ്മീഷനിൽ മെമ്പറല്ലായിരുന്നോ? അദ്ദേഹം സംഗതികൾ കമ്മീഷൻകാരെ വിവരമായി പറഞ്ഞു മനസ്സിലാക്കിയില്ലേ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതെ. ഞാൻ സംഗതികൾ കമ്മീഷൻകാരെ പറഞ്ഞു മനസ്സിലാക്കി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവ്വകലാശാലയുമായി സംഘടിപ്പിക്കുന്നതിനു അവർ വിസമ്മതിച്ചതു കമ്മീഷൻകാർക്കു വാസ്തവസംഗതി ഗ്രഹിക്കാൻ സാധിക്കാതിരുന്നതുകൊണ്ടാണോ അതല്ല അവരെ പറഞ്ഞു ധരിപ്പിക്കുന്നതിനു അധികൃതന്മാർക്കു സാധിക്കാതിരുന്നതുകൊണ്ടാണോ? ഏതുപ്രകാരമാണെന്നു സദയം പറഞ്ഞാൽ കൊള്ളാം.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ ഈ സംഗതി പറഞ്ഞു എന്നു രേഖപ്പെടുത്തിയിട്ടുള്ളതുകൂടാതെ എന്റെ മുമ്പാകെവച്ചു പറകയും ചെയ്തു.

ഒട്ടധികം പുരുഷവിദ്യാർത്ഥികളോടൊന്നിച്ചു ബി-എ ക്ലാസ്സുകളിൽ പഠിക്കുന്നതായി [illegible] ഒടുവിൽ സയിൻസുകാളേജിൽ [illegible]-ം ആർട്സ്കാളേജിൽ [illegible]-ം സ്ത്രീകൾ ഉണ്ടായിരുന്നതായി രജിസ്ട്രാർക്കു അയച്ച അപേക്ഷയിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു.

ഈ സംഗതികൾകൊണ്ടു അപേക്ഷ അയക്കുന്നതു വിഹിതമാണെന്നു ഗവണ്മെന്റു വിചാരിച്ചു. അപേക്ഷ അനുവദിച്ചിരുന്നു എങ്കിൽ ഇന്റർമീഡിയററ്കോഴ്സിനു നാച്ചുറൽ സയൻസ്സ് എടുത്തു പഠിക്കുന്ന മുഴുവനുമോ, ഭൂരിഭാഗമോ ആയ വിദ്യാർത്ഥികളെയും അതുപോലെതന്നെ ബി-എ വിദ്യാർത്ഥികളേയും രണ്ടുകൊല്ലത്തിനുള്ളിൽ സ്ത്രീകൾക്കുള്ള കാളേജിൽ പ്രവേശിപ്പിക്കുന്നതിനു സാധിക്കുമായിരുന്നു. ഈ അവസ്ഥകൾ സിൻഡിക്കേററിന്റെ പ്രത്യേകശ്രദ്ധക്കു വിഷയീഭവിക്കുമെന്നു പ്രതീക്ഷിച്ചിരുന്നു. വിശേഷിച്ചും സ്ത്രീകൾക്കുള്ള കാളേജിലെ സ്റ്റാഫ് കഴിയുന്നതും സ്ത്രീകളായിരിക്കണമെന്നു സർവ്വകലാശാലക്കാർ നിർബന്ധിച്ചുകൊണ്ടിരിക്കയും ആണല്ലോ.

രണ്ടുസെററിലുള്ള വിദ്യാർത്ഥികളെയും പഠിപ്പിക്കുന്നതിനു ശരിയായ വ്യവസ്ഥ ചെയ്തുകൊള്ളാമെന്നും സകല ആവശ്യങ്ങളും നിറവേററുന്നതിനു ഈ വ്യവസ്ഥയെ ഒന്നുരണ്ടുകൊല്ലത്തിനുള്ളിൽ അഭിവൃദ്ധിയാക്കാമെന്നും എനിക്കു ബോദ്ധ്യവും ഉണ്ടായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ത്രീകൾക്കുള്ള കാളേജിലെ ഇപ്പോഴത്തെ സ്റ്റാഫ് തൃപ്തികരമാണെന്നു കമ്മീഷൻകാർക്കു തോന്നിയിരുന്നോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഇപ്പോഴത്തെ സ്റ്റാഫിനെപ്പററി വലുതായ അതൃപ്തി ഒന്നും അവർ പ്രദർശിപ്പിച്ചിട്ടില്ല. റിപ്പോർട്ടിനെപ്പററി വാദപ്രതിവാദം നടത്തുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): യൂനിവെഴ്സിററിറിപ്പോർട്ടിന്റെ ഒരു പകർപ്പു ഡയറക്ടർ സദയം മേശപ്പുറത്തുവയ്ക്കുമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഈ സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുണ്ട്.

മി: കെ. കെ. തോമസ് പറഞ്ഞ ഒരു സാമാന്യസംഗതിയെപ്പററി എനിക്കു സ്വല്പം പറയാനുണ്ട്. അതാവതു വിദ്യാഭ്യാസകാര്യം പ്രൈവററ ഏജൻസികൾക്ക വിട്ടുകൊടുക്കുകയും ഡിപ്പാർട്ടുമെൻറിൽനിന്നും ചില മാതൃകാസ്ഥാപനങ്ങൾമാത്രം നേരിട്ടുള്ള നിയന്ത്രണത്തിൽ വച്ചുകൊള്ളുകയും ചെയ്യണമെന്നുള്ളതാകുന്നു.

ഇതുതന്നെയാണ് ഗവർമ്മെൻറിൻെറ സാമാന്യനയം എന്നാൽ വിദ്യാഭ്യാസകാര്യം മുഴുവൻ പ്രൈവററ് ഏജൻസികൾക്ക വിട്ടുകൊടുക്കുന്നതിൽ ചില മുൻകരുതലുകൾ ആവശ്യമാണെന്ന എനിക്ക തോന്നുന്നതുകൂടാതെ എൻെറ അഭിപ്രായത്തിൽ പല മെമ്പർമാരും യോജിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. പുതിയ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഈ നയത്തെ കഴിഞ്ഞ അനേകവർഷങ്ങളായി ക്രമേണ അനുവർത്തിച്ചുവരുന്നും ഉണ്ട്. ഏതെങ്കിലും ഒരു ഗവർമ്മെൻറു സ്ഥാപനം പ്രൈവററ് ഏജൻസികൾക്ക വിട്ടുകൊടുക്കുന്നതിനു മുമ്പിലായി അവക്ക ആ സ്കൂളുകളെ ശരിയായി നടത്താൻ സാധിക്കുമോ എന്ന സൂക്ഷിക്കേണ്ടതു ആവശ്യമാണ്. ൧൦൯൬-ലെ ഡിപ്പാർട്ടുമെൻറു റിപ്പോർട്ടിൽനിന്നും ഒട്ടുക്കുള്ള പള്ളിക്കൂടം വിദ്യാർത്ഥികളിൽ ഏകദേശം അതായതു മൂന്നിൽ രണ്ടുഭാഗവും ഡിപ്പാർട്ടുമെൻറിൽ സ്കൂളുകളിലും ൯൬,൦൦൦ പ്രൈവററ സ്ഥാപനങ്ങളിലും ആയിരുന്നു എന്ന കാണുന്നുണ്ട്.

മി: കെ. കെ. തോമസ് (കോട്ടയം). ഡിപ്പാർട്ടുമെൻറൽ സ്ഥാപനങ്ങൾ ആണ്ടുതോറും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നില്ലയോ എന്ന ഡയറക്ടർ സദയം പറയുമോ?

ഉണ്ടെന്ന എനിക്ക തോന്നുന്നില്ല. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങൾക്കിടയിൽ ഗവർമ്മെൻറു സ്ഥാപനങ്ങളുടെ സംഖ്യ കുറകയോ അല്ലെങ്കിൽ ഒരേ സ്ഥിതിയിൽ നില്ക്കയോ ചെയ്തിരുന്നു. നേരെമറിച്ചു പ്രൈവററ് സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിക്കയും ചെയ്തിട്ടുണ്ട്.

൧൧൦൧-ൽ ആകെയുള്ള വിദ്യാർത്ഥികളുടെ സംഖ്യ നാലുലക്ഷത്തി എൺപതിനായിരം ആയിരുന്നു. അതിൽ ൨ ൧/൩ ലക്ഷത്തിൽ ചില്വാനമാണ് ഡിപ്പാർട്ടുമെൻറു സ്കൂളുകളിൽ പഠിച്ചിരുന്നതു. എന്നാൽ പ്രൈവററ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സംഖ്യ രണ്ടരലക്ഷത്തിൽ പരം ആയിരുന്നു. അതായതു ൧൦൯൬-ൽ ഡിപ്പാർട്ടുമെൻറൽ സ്ഥാപനങ്ങളിലും പ്രൈവററ സ്ഥാപനങ്ങളിലും കൂടിയുണ്ടായിരുന്നതിൽ അധികം വിദ്യാർത്ഥികൾ ൧൧൦൧-ൽ പ്രൈവററ് സ്കൂളുകളിൽ ഉണ്ടായിരുന്നു. ഈ കണക്കുകൊണ്ടു മിസ്റ്റർ തോമസ്സ് നിർദ്ദേശിച്ചവിധത്തിൽ വലുതായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നു കാണാവുന്നതാണ്. ഗവർമ്മെൻറിൻെറ ധനസഹായത്തോടുകൂടി പ്രൈവററ് ഏജൻസികൾ സർവ്വസാധാരണവിദ്യാഭ്യാസം എത്രത്തോളം വർദ്ധിപ്പിച്ചുവരുന്നു എന്നുള്ളതും സഭക്ക അറിയാമെന്നുള്ളതാകുന്നു.

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെമ്പർ); ഈ കണക്കനുസരിച്ചു പ്രൈവററ് സ്കൂളുകൾക്കുള്ള ധനസഹായവും വർദ്ധിച്ചിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഈ കണക്കനുസരിച്ചു വർദ്ധിക്കാൻ ഇടയില്ല. അതിൻെറ വർദ്ധന സ്കൂളുകളുടെ വർദ്ധന അനുസരിച്ചിരിക്കും. കണക്കുകൾ കയ്യിലില്ലാതെ അതിനെപ്പററി തിട്ടമായി പറയാൻ സാധിക്കുന്നതല്ല.

പ്രൈവററു സ്കൂളുകളിലെ കെട്ടിടം സാധനസാമഗ്രി മുതലായതിനെപ്പററി ഡിപ്പാർട്ടുമെൻറിനു വളരെ നിഷ്കർഷയുണ്ടെങ്കിലും പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാരുടെ ക്ഷേമവിഷയമായി അവക്ക യാതൊരു ശ്രദ്ധയും ഇല്ലെന്നു മിസ്റ്റർ സി. പി. തോമസ്സ് പറകയുണ്ടായല്ലോ. എന്നാൽ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാരുടെ വിഷയത്തിൽ ഡിപ്പാർട്ടുമെൻറു വളരെ ഉത്സുകരായിരിക്കുന്നുണ്ടെന്നു ഞാൻ മി: തോമസ്സിനോടു ഉറപ്പായി പറഞ്ഞുകൊള്ളുന്നതുകൂടാതെ, ഈ വിഷയത്തിൽ ഡിപ്പാർട്ടുമെൻറിനുള്ള ഔത്സുക്യം, മാനേജർമാർക്കുണ്ടെന്നുവരികിൽ പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാരുടെ ക്ഷേമത്തിനു വർദ്ധനയുണ്ടാകുമെന്നുള്ളതു നിസ്സംശയവും ആകുന്നു.

ഇംഗ്ലീഷ് സ്കൂളുകളെ സംബന്ധിച്ചാണല്ലോ മിസ്റ്റർ തോമസ്സ് പറകയുണ്ടായതു. ഇവക സ്കൂളുകൾ നടത്തുന്നതിൽ ഉണ്ടാകുന്ന അധികച്ചിലവിൽ ഏകദേശം ഒന്നുപകുതിയോളക ഗ്രാൻറായി കൊടുക്കുന്നുണ്ട്. പല സ്കൂളുകളും ആദായകരമായി നടത്തുന്നതുകൊണ്ടു അവ ഗ്രാൻറിനു ആവശ്യപ്പെടുന്നില്ല. ഈ സംഗതികളിൽ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിവയ്ക്കുന്നതിനു മാനേജർമാർക്ക സാദ്ധ്യമാകുന്നതാണ്. ഒരുസ്കൂളിനു ഗ്രാൻറിനു അവകാശം ഉണ്ടായിരുന്നാൽ, ആസ്കൂളിലെ മാനേജർ കൊടുക്കുന്ന ശമ്പളക്കൂടുതലിൻെറ ഒന്നുപകുതി ഗവർമ്മെൻറിൽനിന്നു ചട്ടപ്രകാരം കൊടുക്കുമെന്നുള്ളതാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഗവർമ്മെൻറ് ഇംഗ്ലീഷ് സ്കൂളുകളുടെ സംഗതിയിൽ വിദ്യാഭ്യാസ കോഡിലെ വ്യവസ്ഥകൾ എല്ലാം നിഷ്കർഷയായി അനുവർത്തിക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): അത്രവളരെ നിർബ്ബന്ധിക്കുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇംഗ്ലീഷ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഒട്ടുക്കുള്ള സംഖ്യയെ സംബന്ധിച്ചിടത്തോളം കോഡിൽ പറയുന്നസംഖ്യയിൽ കവിഞ്ഞുകൂടെന്ന പ്രൈവററ് സ്കൂൾ മാനേജർമാരെ നിർബ്ബന്ധിക്കുന്നില്ലേ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഇങ്ങനെയുള്ള സംഗതികളിൽ പ്രൈവററ് സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കോഡിൽ പറയുന്നപ്രകാരം രണ്ടുമാസത്തിൽ കവിഞ്ഞകാലത്തേക്ക ഒഴിവാക്കിയിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു എനിക്ക ക്ലിപ്തമായിപ്പറയാൻ നിവൃത്തിയില്ല. എന്നാൽ ആണ്ടുമദ്ധ്യത്തിൽ ഒഴിവാക്കിയാൽ അതു ആണ്ടവസാനംവരെ ഉണ്ടായിരിക്കും എന്നാണ് എൻെറ ബോധം;

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രൈവററ്സ്കൂൾ മാനേജർമാർ കോഡിലെ വ്യവസ്ഥകൾ നിഷ്കർഷയായി അനുവർത്തിക്കണമെന്നും ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിൽ നിഷ്കർഷ ആവശ്യമില്ലെന്നും വയ്ക്കുന്നതു കഷ്ടമാണെന്ന മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ചോദ്യത്തിൻെറ അവസാനഭാഗം എനിക്ക നല്ലപോലെ മനസ്സിലായില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചട്ടങ്ങളുടെ അനുവർത്തനത്തിൽ ഡിപ്പാർട്ടുമെന്റൽ സ്കൂളുകളും പ്രൈവറ്റ് സ്കൂളുകളും തമ്മിൽ ഭേദഗതിയുണ്ടെന്നു അദ്ദേഹം സമ്മതിക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എനിക്കു തീർച്ചയായി പറയാൻ നിവൃത്തിയില്ലാ. എന്നാൽ ഡിപ്പാർട്ടുമെന്റൽ സ്കൂളുകളുടെ വിഷയത്തിൽ അതു നിർബന്ധം കാണിക്കുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ നിർബന്ധക്കുറവു പ്രൈവറ്റ് സ്കൂളുകളുടെ [illegible] വ്യാപ്തമാകുന്നുണ്ടോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): പ്രൈവറ്റ് സ്കൂളുകളുടെ വിഷയത്തിൽ [illegible] വ്യാപിക്കണമെന്നു ഞാൻ മുമ്പേ പറഞ്ഞുവല്ലോ. പ്രൈവറ്റ സ്കൂളുകൾ [illegible] അദ്ധ്യാപകന്മാർക്കു കൊടുക്കാതെയിരിക്കയും ചെയ്യുമ്പോൾ, [illegible] ഡിപ്പാർട്ടുമെന്റിനെ ബാധിക്കുന്നതല്ലാ.

മി: സി. പി. തോമസ്സ് (നിയമിക്കപ്പെട്ടമെമ്പർ) [illegible] പറഞ്ഞതു [illegible] യിട്ടുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം. കെട്ടിടങ്ങൾക്കും ഉപകരണങ്ങൾക്കും ഗ്രാൻറുകൾ [illegible] ടുക്കുന്നതിൽ ഡിപ്പാർട്ടുമെന്റു ഉദാരമായിരിക്കണമെന്നും [illegible] മാനേജർമാർ [illegible] ചിലവാക്കേണ്ടിവരികയും തന്നിമിത്തം അദ്ധ്യാപകന്മാർക്കു [illegible] അസംതൃപ്തരായിരിക്കയും ചെയ്യുന്നുഎന്നാണ് ഞാൻ പറഞ്ഞതു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): പ്രൈവറ്റസ്കൂളുകൾ നടത്തുന്നവർക്കു നഷ്ടം ഉണ്ടെന്ന [illegible] ല്ലാതെ ഗവമ്മെന്റുവക പണം അവർക്കു കൊടുത്തുകൂടാത്തതാകുന്നു. വരവിൽ കൂടുതൽ ചിലവു [illegible] പ്രൈവറ്റസ്കൂൾ മാനേജർക്കു ആവശ്യമാണെന്നു തോന്നുന്ന ചിലവുകൾ ചെയ്വാൻ [illegible] മാണ്.

മി: സി. പി. തോമസ് (നിയമിക്കപ്പെട്ടമെമ്പർ): വരവിൽ കൂടുതൽ ചിലവുള്ള യഥാർത്ഥസംഗതിയിലും ഗ്രാൻറു അനുവദിക്കാതിരുന്നിട്ടില്ലെന്നു ഡയറക്ടർക്കു അറിയാമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): വരവിൽകൂടുതൽ ചിലവുണ്ടെന്നു [illegible] കോഡിലും ഗവമ്മെന്റുഉത്തരവുകളിലും പറയുന്ന ചില തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് വരവിൽ കൂടുതൽ ചിലവു കണക്കാക്കുന്നതു എങ്ങിനെയാണെന്നു മാനേജർമാർക്കു നല്ലപോലെ അറിയാൻ പാടില്ലെന്നുവരാം. ഈ സംഗതിയിൽ വല്ല മാനേജർമാരും വല്ല സംശയം ഉണ്ടെങ്കിൽ ആവശ്യപ്പെടുന്ന അറിവു ഞാൻ കൊടുക്കാൻ തയ്യാറുണ്ട്.

മി: സി. പി. തോമസ് (നിയമിക്കപ്പെട്ട മെമ്പർ): ഉത്തരവുകളും ചട്ടങ്ങളും മാനേജർമാർക്കു പ്രതികൂലമായും അദ്ധ്യാപകന്മാർക്കു അനുകൂലമായും പ്രവർത്തിക്കുന്നില്ലെന്നു ഡയറക്ടർക്കു നിശ്ചയമുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ) മാനേജർമാർക്കു എന്തു കിട്ടാൻ അർഹതയുണ്ടെന്നാണ് ഇവിടെ ചോദ്യമാകുന്നതു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സ്കൂളുകൾ പ്രൈവറ്റ് ഏജൻസികൾ നടത്തുന്നതുകൊണ്ടു ഗവമ്മെന്റിനു ലാഭമല്ലേ ഉണ്ടാകുന്നതു്.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഗവമ്മെന്റിനു ലാഭമുണ്ടാകുമെന്നു ഞാൻ പറയുകയില്ല. ഒരു പ്രൈവറ്റസ്കൂൾ ഗവമ്മെന്റു സ്കൂളിനേക്കാൾ നല്ലതാണെങ്കിൽ ജനങ്ങൾക്കാണ് അതിൽവച്ചു ലാഭം ഉണ്ടാകുന്നതു ഗവമ്മെന്റിനു നഷ്ടമുണ്ടാവുകയുമില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): വിദ്യാഭ്യാസകോഡിന്റെ പ്രയോഗത്തിൽ ഗവമ്മെന്റുസ്കൂളും പ്രൈവറ്റുസ്കൂളും തമ്മിൽ യാതൊരുവ്യത്യാസവും അനുവദിക്കുന്നില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഡിപ്പാർട്ടുമെന്റുസ്കൂളുകളും പ്രൈവറ്റുസ്കൂളുകളും തമ്മിൽ വ്യത്യാസമുണ്ട്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അധികൃതന്മാരുടെ പ്രവൃത്തിയിൽ പ്രൈവറ്റും ഡിപ്പാർട്ടുമെന്റും സ്കൂളുകൾ തമ്മിൽ വ്യത്യാസമുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): പ്രൈവറ്റസ്കൂളുകളെ പ്രൈവറ്റ സ്കൂളുകളായും ഗവമ്മെന്റുസ്കൂളുകളെ ഗവമ്മെന്റു സ്കൂളുകളായും അവർ ഗണിക്കുന്നുണ്ട് (ചിരി).

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രൈവറ്റസ്കൂളുകളെ സംബന്ധിച്ചുവരുമ്പോൾ ഒരു ഔദാസീന്യഭാവവും കാണിക്കുന്നില്ലയോ എന്നാണു അറിയേണ്ടതു്.

മി: ജെ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ): അപ്രകാരം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.
മാനേജർമാരാൽ നടത്തപ്പെടുന്ന സ്കൂളുകളുടെ വിഷയത്തിൽ സ്കൂൾ നടത്തുന്നതു ലാഭകരമായിരിക്കയും അദ്ധ്യാപകന്മാർക്കു അവർ ശമ്പളം കൂടുതൽ കൊടുക്കാതിരിക്കയും ചെയ്താൽ അതു ഡിപ്പാർട്ടുമെന്റിന്റെ തെററാ[illegible]യിവരികയില്ലെന്നു ഞാൻ മുമ്പെ പറഞ്ഞുവല്ലോ. പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാർക്കു ശരിയായി ശമ്പളം കൊടുക്കുന്നില്ലെങ്കിൽ അതിലേക്കുള്ള ഉത്തരവാദിത്വം വഹിക്കേണ്ടവർ മാനേജർമാർ ആകുന്നു.

മി: [illegible] (ചീഫ് എഞ്ചിനീയർ). ഗതാഗതങ്ങളുടെ വിഷയത്തിൽ കൂടുതൽ അഭിവൃദ്ധിയുണ്ടാകണമെന്നു പല മെമ്പർമാരും പ്രതിപാദിച്ചുവല്ലോ. ഞാൻ ഡിപ്പാർട്ടുമെന്റുഭരണം കയ്യേററശേഷം സംസ്ഥാനത്തിൽ പലഭാഗങ്ങളിലും സഞ്ചരിച്ചു എന്നുമാത്രമല്ല എന്റെ സഞ്ചാരമദ്ധ്യേ കൂടുതൽ അഭിവൃദ്ധി വേണ്ടതാണെന്നു കണ്ടു മനസ്സിലാക്കുകയും ചെയ്തു. പ്രസ്തുതവിഷയത്തിൽ വ്യാപകമായ പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി ഏതെല്ലാം റോഡുകളാണു വെട്ടാനുള്ളതെന്നും അതിൽ ഏതെല്ലാം ആദ്യമായി തുടങ്ങണമെന്നും പരിശോധിക്കുന്നതിലേക്കു ഒരു റോഡു ബോർഡു ഏർപ്പെടുത്തേണ്ടതാണെന്നുള്ള ഒരു നിർദ്ദേശം ഗവമ്മെന്റു മുമ്പിൽ ഇപ്പോൾ ഇരിപ്പുണ്ട്. അങ്ങിനെ ഒരു ബോർഡ് ഉത്ഭവിച്ചു അതിന്റെ ജോലി തുടങ്ങുമ്പോൾ റോഡുപണിയുടെ കാര്യം വ്യവസ്ഥിതമായ രീതിയിൽ നടത്താൻ സാദ്ധ്യമാകുമെന്നു മാത്രമല്ല ഗതാഗതവിഷയങ്ങളിൽ കൂടുതൽ പണം ചിലവാക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കയും ചെയ്യുന്നു.

രാജ്യത്തിലെ ഗതാഗതച്ചെലവു ൧൦൯൬-ൽ ൧൮ ലക്ഷം രൂപ ആയിരുന്നതു ൧൧൦൦ ൽ ൨൮ ലക്ഷം രൂപയിൽപ്പരമായി വർദ്ധിച്ചു എങ്കിലും ഗതാഗതങ്ങൾക്കുള്ള ചിലവു മുമ്പത്തേതുപോലെ ൭-ഓ ൮-ഓ ലക്ഷംരൂപായായിത്തന്നെ നിൽക്കുന്നു എന്നു ഒരു മെമ്പർ കണക്കുകൾ ഉദ്ധരിച്ചു പറകയുണ്ടായി. ഈ അവസരത്തിൽ പൊതുമരാമത്തുവകുപ്പിന്റെ ൧൧൦൧-ാമാണ്ടത്തെ വാർഷികറിപ്പോർട്ടു ൩൦-ാം ൩൧-ാം വകുപ്പുകളിൽ അടങ്ങിയിരിക്കുന്ന സ്റ്റേറ്റുമെന്റിലേക്കു സഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ആ സ്റ്റേറ്റുമെന്റിൽ ൧൦൯൮-മുതൽ ൧൧൦൧ വരെയുള്ള ഓരോ കൊല്ലത്തേയും മരാമത്തുചിലവുകൾ തരംതിരിച്ചു കാണിച്ചിട്ടുണ്ട്. ആ സ്റ്റേറ്റുമെന്റിൽനിന്നും കാണുന്നതു എന്തെന്നാൽ ഗതാഗതമാർഗ്ഗങ്ങൾക്കുള്ള ചിലവു (പണിയും സംരക്ഷണവും ഉൾപ്പെടെയുള്ള ചിലവു) ൧൦൯൮-ൽ ൪,൦൮,൦൦൦ രൂപ ആയിരുന്നതു ൧൧൦൧ ൽ ൧൭,൭൮,൦൦൦ ആയി വർദ്ധിച്ചിട്ടുണ്ടെന്നാകുന്നു. ൧൧൦൨-ാമാണ്ടേക്കു നിർദ്ദേശിച്ചിരിക്കുന്ന ചിലവു ൧൭,൩൩,൦൦൦ രൂപയാണ്. ഇതു ൧൧൦൧-ലേക്കാൾ ൨,൮൫,൦൦൦ കൂടുതൽ ആണല്ലൊ. ഗതാഗതമാർഗ്ഗങ്ങളുടെ പണിവകക്കു ൧൦൯൮-ൽ ചിലവായതു ൫½ ലക്ഷം രൂപയായിരുന്നു. ഇതു ൧൧൦൧-ൽ ൮½ ലക്ഷം ആയി വർദ്ധിച്ചിട്ടുണ്ട്. സംരക്ഷണച്ചിലവു ൧൦൯൮-ൽ ൭ ലക്ഷം ആയിരുന്നതു ൧൧൦൧-ൽ ൯ ലക്ഷംവരെ ആയിട്ടുണ്ട്. ൧൧൦൨-ാമാണ്ടത്തെ ബഡ്ജറ്റിൽ ൧൧ ലക്ഷം രൂപാ കൂടുതൽ കാണിക്കുന്നു. മേല്പറഞ്ഞ കണക്കുകളിൽനിന്നും ഗതാഗതവകക്കു കൂടുതൽ പണം അനുവദിക്കുന്ന കാര്യത്തിൽ അനാസ്ഥ ഉപേക്ഷ കാണിക്കുന്നില്ലെന്നു മനസ്സിലാക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു.

ഗതാഗതവകക്കു ആകെയുള്ള അനുവാദത്തുകയിൽ ഭൂരിഭാഗവും കോട്ടയം ആലുവാ ഡിവിഷനുകളിലേക്കായി കൊടുത്തിരിക്കുന്നു എന്നും അതിൽതന്നെയും ഭൂരിഭാഗവും പീരുമേട്ടിലേയും ഹൈറേഞ്ചിലേയും റോഡുകൾക്കു ചിലവാക്കാൻപോകുന്നു എന്നും വേറൊരു മെമ്പർ പറകയുണ്ടായി. ൧൧൦൨-ാമാണ്ടത്തെ കണക്കുകൾ ഞാൻ നോക്കിയതിൽ ഗതാഗതങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ ആലുവാഡിവിഷനിലേതിൽ മൂന്നിൽ ഒരു ഭാഗവും കോട്ടയം ഡിവിഷനിലേതിൽ ഏഴിൽ ഒരു ഭാഗവും മാത്രമെ ഹൈറേഞ്ചും പീരുമേടും റോഡുകൾക്കായി നീക്കിവച്ചിട്ടുള്ളു എന്നു കാണുന്നുണ്ട്.

ആലുവാഡിവിഷനിലെ വക ഇത്രയുംതന്നെ ചിലവാകയില്ലായിരുന്നു. എന്തെന്നാൽ ഇപ്പോൾ ഉടമ്പടിയിൽ ഇരിക്കുന്ന ഉടമ്പടിപ്രകാരം കാലാകാലങ്ങളിൽ വെട്ടിത്തീർത്തിട്ടുള്ള മേൽകൂടും പെരിക്കുന്നതിൽ റോഡിന്റെവകക്കു ഏകദേശം ൩,൦൦,൦൦൦ രൂപ നാം കൊടുക്കണ്ടേണ്ട്.

മി: ജി. നാരായണപിള്ള പറഞ്ഞ കുടിവക റോഡുകളുടെ വിഷയത്തിൽ അതു സംബന്ധിച്ച ഭൂമികൾ സർവ്വേചെയ്യും അതിർത്തിതിരിച്ചും പുറമ്പോക്കിനത്തിലേക്കു മാറേണ്ടതായിരിക്കുന്നതിനാൽ, സംഗതി താമസിച്ചുപോയിട്ടുള്ളതാകുന്നു. ഇപ്രകാരം താമസംവന്നിട്ടുള്ളതിനെ കരുതിയും സംരക്ഷണമില്ലായ്മനിമിത്തം ഹേതുവായി റോഡുകൾ അറ്റകുറ്റപ്പെട്ടു കിടക്കുന്നതിനെ ഓർത്തും ൧൦൯൮-ൽ മുമ്പേ വെട്ടിച്ച റോഡുകൾ സർവ്വേയും ഡിമാർക്കേഷനും ചെയ്തു പുറമ്പോക്കിനത്തിൽ ചേർക്കുമെന്നുള്ള പ്രതീക്ഷയിന്മേൽ സംരക്ഷണത്തിനു ഏടുക്കണമെന്നു എന്റെ മുൻഗാമി ഗവണ്മെന്റിലേക്കു എഴുതി അയച്ചിരുന്നു. ഈ അഭിപ്രായത്തെ ഗവണ്മെന്റു സ്വീകരിച്ചിരിക്കുന്നു. ൧൧൦൨-ാമാണ്ടുമുതൽ ഇടങ്ങി ൧൦൪ മൈൽനീളം റോഡു പൊതുമരാമത്തിന്റെ സംരക്ഷണയിൽ എടുത്തിട്ടുണ്ട്.

കുടിവക റോഡുകളെ സംബന്ധിച്ചു എന്റെ മുൻഗാമി സമർപ്പിച്ചിട്ടുള്ള പുതുക്കിയ കരടു ചട്ടങ്ങൾ, ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നുള്ള വിവരവും ഈ അവസരത്തിൽ ഞാൻ പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ചട്ടങ്ങൾ ക്രമാതീതം കട്ടിപ്പുള്ളതായി കാണപ്പെടുകയാൽ, അവയെ പുതുക്കേണ്ടിയിരുന്നതും അപ്രകാരം ചെയ്യണമെന്നു ഈ സമയിൽനിന്നുതന്നെ നിർബ്ബന്ധിച്ചിട്ടുള്ളതും ആകുന്നു.

റോഡ് ചുങ്കങ്ങൾ നിറുത്തണമെന്നു പല മെമ്പർമാരും നിർബ്ബന്ധപൂർവ്വം പറകയുണ്ടായി.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വാണിജ്യവും, ക്ഷേമം): ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ഒന്നിലധികം സ്ഥലത്തു ചുങ്കം ഈടാക്കുന്നതായി വല്ല ഏതെങ്കിലും ഒരു രാജ്യമുള്ളതായി ചീഫ് എൻജിനീയർക്കു അറിയാമോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): എനിക്കു പറയാൻനിവൃത്തിയില്ല. ഈ സംഗതി ആലോചനയിൽ ഇരിക്കുന്നുണ്ട്. ഈയിടെ അഞ്ചു ചുങ്കസ്ഥലങ്ങൾ നിറുത്തൽചെയ്തു. എന്നാൽ കൃഷ്ണപുരത്തു മാത്രം ഒരു ചുങ്കസ്ഥലം ൧൧൦൨-ൽ പുതുതായി ഏർപ്പെടുത്തുന്നുണ്ട്.

മി: കെ. കെ. താമസ്സ് (കോട്ടയം): ഈ അഞ്ചു ചുങ്കസ്ഥലങ്ങളിലും കൂടി എത്ര രൂപായാണ് പിരിയുന്നതു എന്നു പറയാമോ?

മി: എ. വൈപ്പൻ (ചീഫ് എൻജിനീയർ): ൧൩,൦൦൦ രൂപായാണെന്നു തോന്നുന്നു.

മലയായിലെ റോഡുകളുമായി താരതമ്യപ്പെടുത്തുമ്പോൾ തിരുവിതാംകോട്ടെ റോഡുകൾ അപമാനകരമായ സ്ഥിതിയിൽ ഇരിക്കുന്നു എന്നു മി: ജി. രാമൻമേനോൻ പറകയുണ്ടായി.

ഇവിടത്തെ റോഡുകളുടെ സ്ഥിതി അപമാനകരം എന്നു പറയുന്നതു കുറെ കടുത്ത പ്രയോഗമാണെന്നു പറയാതെ നിവൃത്തിയില്ല; മലയായിലെ റോഡുകളുമായി അദ്ദേഹം പ്രതികൂലമായിട്ടാണ് ഉപമിച്ചത്. മലയായിലെമെയിൻറോഡുകളോടൊ പ്രധാന റോഡുകളോടൊ ആണൊ അദ്ദേഹം ഉപമിച്ചതു എന്നു എനിക്കു അറിയാൻപാടില്ല, എന്തെന്നാൽ അവിടത്തെ റോഡുകൾ മെറ്റൽചെയ്യുകയും ആസ്ഫാൾട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞു.

മലയാ ഗവണ്മെന്റു ഒരു ഒററ റോഡുമാത്രമെ സംരക്ഷിച്ചുവരുന്നുള്ളു. അതു മെയിൻസെൻട്രൽ റോഡാണ്. ബ്രാഞ്ചു റോഡുകളെ ഗവണ്മെന്റു അപഗണിക്കയാണ് ചെയ്യുന്നതു. തോട്ടക്കാരുടെ റോഡുകളുടെ സ്ഥിതിയെപ്പററി അവർ എപ്പോഴും പരാതിപറയുന്നുണ്ട്. കോലാലംപൂർ, ഇപ്പൊ തൈപ്പിംഗ് ആദിയായ പ്രധാന സ്ഥലങ്ങളിൽ റോഡുകൾ സംരക്ഷിക്കുന്നുണ്ടെങ്കിലും രാജ്യത്തിലെ സുൽത്താൻ കൊടുക്കുന്ന ഗ്രാൻറുകൊണ്ടാണ് അപ്രകാരം ചെയ്യുന്നതു.

കെട്ടിടങ്ങൾ പണിക്കായി അധികംപണം ചെലവു ചെയ്യുന്നു എന്നു മി: എ. കെ. പിള്ള പറഞ്ഞു. വിദ്യാഭ്യാസം മെഡിക്കൽ, ജുഡിഷ്യൽ, എക്സൈസ്, റവന്യൂ ആദിയായ ഡിപ്പാർട്ടുമെൻറുകൾക്ക് കൂടുതൽ കെട്ടിടങ്ങൾ വേണമെന്ന് അവർ ശുപാർശചെയ്യുന്നു. ൧൯൫൭ മുതൽ ൧൯൬൧ വരെയുള്ള അഞ്ചു സംവത്സരങ്ങളിലെ ശരാശരി ചെലവു ൨,൬൫,൦൦൦ രൂപായാണ്. എന്നാൽ ൧൯൬൩-ം ൧൯൬൪-ം ആണ്ടുകളിലെ ശരാശരി ചെലവു ൭,൩൬,൦൯൭ രൂപായായിരുന്നു. മറ്റുള്ള ഡിപ്പാർട്ടുമെൻറുകളുടെ ആവശ്യങ്ങൾ ഇനിയും നീക്കിവയ്ക്കാൻ പാടുള്ളതല്ല. അതിനാൽ രാജ്യത്തിലെ നികുതിവരുമാനത്തെക്കൂടി കരുതി, ൧൯൬൫-ാമാണ്ടിലേക്ക ൪,൧൧,൯൭൩ രൂപാ ബഡ്ജററിൽ നീക്കിവച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ സംരക്ഷണാവശ്യങ്ങൾക്കുള്ള തുകയും വർദ്ധിപ്പിക്കേണ്ടതായിവന്നു. എന്തെന്നാൽ അതതു ഡിപ്പാർട്ടുമെൻറുകളുടെ സംരക്ഷണത്തിൽ ഇരുന്നിരുന്ന അനവധി കെട്ടിടങ്ങൾ ഇപ്പോൾ പൊതുമരാമത്തു വകുപ്പിലെ സംരക്ഷണത്തിനു വിട്ടിരിക്കുകയാകുന്നു.

തിരുവനന്തപുരം ഡിസ്ട്രിക്ട്കോർട്ടിൻെറ വകക്ക ഒരു യോഗ്യതയുള്ള കെട്ടിടം കെട്ടേണ്ട ആവശ്യത്തെപ്പററി ഡെപ്യൂട്ടിപ്രസിഡൻറ പറഞ്ഞതു ഗവമെൻറിൻെറ ശ്രദ്ധക്കു വിഷയീഭവിച്ചുവരുന്നതാണ്.

ജലസേചനവിഷയത്തെ സംബന്ധിച്ചിടത്തോളം സംരക്ഷണജലസേചനത്തിൻെറ വകക്ക നീക്കിവച്ചിട്ടുള്ള തുക കുറവാണെന്നു ചില മെമ്പർമാർ പറകയുണ്ടായല്ലോ. എന്നാൽ സംരക്ഷണ ജലസേചനത്തിനുള്ള ചിലവു ആണ്ടുതോറും വർദ്ധിച്ചുവരികയാണ്. ൧൯൬൩-ൽ ഈ വകക്ക ൩൧,൪൯൨ രൂപായാണ് ചിലവാക്കിയിരുന്നതു. അതു ൧൯൬൪-ൽ ൨,൪൭,൩൬൭ രൂപാ ആയി വർദ്ധിച്ചിട്ടുണ്ട്. ൧൯൬൫-ാമാണ്ടത്തേക്ക ൧,൬൪,൩൭൪ രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൯൬൪-ൽ ജലസേചനംവകക്ക ചിലവാക്കിയ തുക എത്രയാണ്?

മി: എ. തെവപ്പൻ (ചീഫ് എൻജിനീയർ): എത്രയാണെന്നു കണക്കുനോക്കാതെ പറയാൻ നിവൃത്തിയില്ലാ.

സംരക്ഷണ ജലസേചനപ്പണികൾ അററകുററം തീർക്കുന്നതിൻെറ ആവശ്യം ഗവമെൻറ അംഗീകരിച്ചിട്ടുണ്ടെന്നു നാൾക്കുനാൾ കൂടിവരുന്ന ചെലവുകൊണ്ടും അതിനെപ്പററിയുള്ള അന്വേഷണങ്ങൾക്ക ടെംപററി സൂപ്പർവൈസർമാരെ നിയമിച്ചിട്ടുള്ളതുകൊണ്ടും സ്പഷ്ടമാകുന്നതാണ്. കൊല്ലം, കോട്ടയം, ആലുവാ എന്നീ ഡിവിഷനുകളിലെ അന്വേഷണങ്ങളുടെ ഫലങ്ങൾ ഇപ്പോൾ വന്നുതുടങ്ങിയിട്ടുണ്ട്. ഈ വിഷയത്തിൽ ഉദാരമായവിധത്തിൽ ചെലവുചെയ്യുകയില്ലെന്നുള്ള ഭയത്തിനു അവകാശം ഇല്ലാ. ചെറുതരം ജലസേചനവേലകളുടെ വിഷയത്തിൽ ജലസേചന റെഗുലേഷൻ ൯ മുതൽ ൧൧ വരെ വകുപ്പുകളിൽ നിബന്ധന ചെയ്തിട്ടുള്ള നടപടികൾ നടത്തേണ്ടതായുള്ളതും അതിലേക്ക കാലതാമസം ഉണ്ടാകുന്നതും ആകയാൽ പ്രാരംഭക്രിയകൾ എല്ലാം തീർപ്പെടുകയും ഉടനടി വേലനടത്തുന്നതിനു തയ്യാറാകുകയും ചെയ്യുന്നതുവരെക്കും അധികം തുകകൾ നീക്കിവയ്ക്കുന്നതു ബുദ്ധിപൂർവകമായിരിക്കുന്നതല്ലല്ലോ. മേൽത്തരം സംരക്ഷണ ജലസേചനവേലകളുടെ വിഷയത്തിൽ കോതയാർ പദ്ധതിയിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിൽ, ജലവരിയുടെകാര്യം മുൻകൂട്ടി റവന്യൂഡിപ്പാർട്ടുമെൻറുമായി ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതു ഏതായാലും ജലസേചനവിഷയത്തിൽ കൂടുതൽപണം ചെലവുചെയ്യേണ്ടതാണെന്നുള്ള മെമ്പർമാരുടെ ആഗ്രഹത്തെ എപ്പോഴും ഓർത്തുകൊള്ളുന്നതാകുന്നു.

ആദായകരമായുള്ള ജലസേചനവേലകളിലും പട്ടണംകാൽ, തിക്കണംകോട്ടുകാൽ ആദിയായ കാലുകളുടെ വകക്കു കൂടുതൽപണം ചെലവുചെയ്യണമെന്നും വള്ളിയാറു പദ്ധതി തുടങ്ങണമെന്നും മി: കുമാരപിള്ള പറഞ്ഞു ഈ സംഗതികളെപ്പററി ഞാൻ പരിശോധിക്കയും അവ എത്രത്തോളം സാദ്ധ്യമാകുമെന്നു ആലോചിക്കയും ചെയ്യാം.

സംരക്ഷണ ജലസേചന പദ്ധതിക്ക നീക്കിവച്ചിട്ടുള്ള തുകയും അതിലേക്കുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തുകയും ആയി താരതമ്യം ഇല്ലെന്നു മി: എ. കെ. പിള്ള പറകയുണ്ടായി. ഈ തുക അഞ്ചുലക്ഷം രൂപയാണ്. അദ്ദേഹം പറഞ്ഞതു എനിക്ക നല്ലപോലെ മനസ്സിലായില്ലാ. എന്നാൽ ബഡ്ജററ് ൧൧൭-ം പുറത്തിലേക്ക അദ്ദേഹത്തിൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ജീവനക്കാരുടെ വകക്കുള്ള മൊത്തമുള്ള ചിലവിൽ നിന്നും സംരക്ഷണ ജലസേചനം വകക്കുള്ള ജീവനക്കാരുടെ ചിലവു ൩൧,൨൦൦ രൂപായെ ആകുന്നുള്ളു. അതായതു ൧൦ ശതമാനം മാത്രമേയുള്ളു.

കുളങ്ങൾ ലേലം ഇടുന്നതു ദീർഘദൃഷ്ടിരഹിതമായ നയമാണെന്നും അവയുടെ അഭാവത്താൽ കുടക്കുടെ മടകളും ഉടപ്പുകളും ഉണ്ടാകുന്നുണ്ടെന്നും മി: പാദ്മനാഭയ്യവും മി: ശിവതാണുപിള്ളയും പറഞ്ഞു കൂടാതെ കുളങ്ങളെ വീണ്ടും പൊന്നുംവിലകൊടുത്തു എടുത്തു അവയെ കൻകാലിമേച്ചിൽ സ്ഥലങ്ങളായി ഒഴിച്ചിടണമെന്നു അഭിപ്രായപ്പെടുകയും ചെയ്തു. ഏലാകളിൽ ജലസംഭരണം ചെയ്തു നിറുത്തുന്നതിനു ഉപയുക്തങ്ങളായ കുളങ്ങൾ അതെ സ്ഥിതിയിൽ സംരക്ഷിക്കുന്നതു പദ്ധതിയുടെ ശരിയായ പ്രവർത്തനത്തിനു ഏററവും ആവശ്യമാണെന്നു ഗവമെൻറ പൂർണ്ണമായി സമ്മതിക്കുന്നു. പദ്ധതി ഹേതുവാൽ ഉപയോഗശൂന്യമായി വന്നിട്ടുള്ള ചെറുതരം കുളങ്ങൾ മാത്രമെ ലേലത്തിൽ വിററിട്ടുള്ളു. ഈ കുളപ്പുറമ്പുകളിലുള്ള ആയക്കെട്ടു ഭൂമികൾ കോതയാർ കാലുകളാൽ സേചനം ചെയ്യപ്പെടുന്നുണ്ട്.

ഇനി തിരുവനന്തപുരത്തെ ജലസംഭരണ പദ്ധതിയെയും തിരുവനന്തപുരത്തെ വൈദ്യുത ശക്തിസംഭരണ പദ്ധതിയെയും പററി എനിക്ക സ്വല്പം പറയാനുണ്ടു. ഇതിൽ ജലസംഭരണ പദ്ധതിയെ സംബന്ധിച്ചു മിസ്റ്റർ എഫ്. ജെ. ജേക്കബ്ബ് ആദ്യം അടങ്കൽ കണ്ടിട്ടുള്ള ൧൫ ലക്ഷം രൂപായിൽ കൂടുതൽ ചിലവു വരുമെന്നു ഡെപ്യൂട്ടി പ്രസിഡൻറ് മി: സുബ്ബയ്യർ പറകയുണ്ടായി. പദ്ധതിയുടെ ചിലവു ഇതിനു സമീപത്തു തന്നെയും വരുന്നതല്ലെന്നു ഇടയില്ലെന്നു അദ്ദേഹത്തോട് ഉറപ്പു പറഞ്ഞുകൊള്ളുന്നു. ൨൫ ലക്ഷം രൂപാ അടങ്കൽ കണ്ടിട്ടുള്ളതു ഏകദേശം വരുന്ന ചിലവാകുന്നു. അതു കൃത്യമായ ഉദ്ദേശത്തുകയാണെന്നും തോന്നുന്നുണ്ടു. സവിസ്തരവും സൂക്ഷ്മവും ആയ ഒരു അടങ്കൽ എടുക്കുന്നതിനു ഒരു പ്രത്യേകസ്റ്റാഫ് ഇപ്പോൾ ജോലിചെയ്തുവരുന്നു.

വെള്ളത്തിൻെറ നിർമ്മലതയെ സംബന്ധിച്ചിടത്തോളം ഇതു വരെ കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾ അനുകൂലമാകുന്നു.

വൈദ്യുതശക്തി പദ്ധതിയെ സംബന്ധിച്ച് എനിക്ക് പറയാനുള്ളതു അതു റോഡുകളിൽ വിളക്കു വയ്പിനു മറ്റുമാണിച്ചുള്ള ഗവണ്മെന്റ സ്ഥാപനങ്ങളിലെ ആവശ്യങ്ങൾക്കും മതിയാകുന്നതു കൂടാതെ കുടികളുടെ ആവശ്യത്തിനും ബാക്കിയെല്ലാം ഉപയോഗപ്പെടുത്താമെന്നുള്ളതാണ്. കുടികളുടെ ആവശ്യങ്ങൾക്ക് അതു ധാരാളം മതിയാകാം. എന്തെന്നാൽ അതിലേക്കുള്ള യന്ത്രങ്ങൾ ഇരട്ടിക്കണമെന്നു മാത്രമെയുള്ളൂ. യന്ത്രം സ്ഥാപിക്കുന്നസ്ഥലം പിന്നീട വ്യാപ്തമാക്കത്തക്ക വിധത്തിൽ ശരിയായും അവധാനപൂർവ്വവും തിരഞ്ഞെടുക്കുന്നതാണ്.

മി: ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തല-അരൂർ റോഡു അടുത്തയാണ്ടിൽ പണിപൂർത്തിയാക്കാൻ നിശ്ചയിച്ചിട്ടുണ്ടോ?

മി: എ. വൈപ്പൻ (ചീഫ് എഞ്ചിനീയർ): ഉണ്ട്.

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): വെള്ളപ്പൊക്കം നിമിത്തം ജനങ്ങൾ കഷ്ടപ്പെട്ടുകൊണ്ടിരുന്നപ്പോൾ ചെങ്കോട്ടയിൽ ഉപ്പിന്റെ വില ഞാൻ മണ്ണൊന്നിനു ഏഴണാവീതം കൂട്ടിക്കളഞ്ഞു എന്നു മി: മാധവൻപിള്ള പറഞ്ഞുവല്ലോ. അദ്ദേഹം പറഞ്ഞതു കേട്ടാൽ ഞാൻ ഒരു വലിയ ദുഷ്ടനാണെന്നു തോന്നിപ്പോകും. എന്നാൽ ചെങ്കോട്ടത്താലൂക്ക് വെള്ളപ്പൊക്കത്തിന്റെ ഉപദ്രവം ഉണ്ടായിട്ടില്ലാത്ത താലൂക്കുകളിൽ ഒന്നാണെന്നു ഞാൻ ആദ്യമേതന്നെ പറഞ്ഞുകൊള്ളട്ടെ.

(ദയവായി ഉറക്കെപ്പറയുമോ?)

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഡാൻഡ്‌വെന്റ കമ്മീഷണരുടെ റിപ്പോർട്ട് അദ്ദേഹം വായിച്ചിട്ടുണ്ടോ?

മി: വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഉണ്ട്. ഞാൻ വായിച്ചിട്ടുണ്ട്. രണ്ടാമതായിട്ട്, ഡിപ്പാർട്ടുമെന്റിൽ നിന്നും ഉപ്പു വിൽപന നടത്തുന്നതു ഒരു വാണിജ്യസംഗതിയാണ്. ആ സ്ഥിതിക്കു നഷ്ടം വരാതെ വില്പന നടത്തേണ്ടതു ആവശ്യമാകുന്നു. തെന്മലക്കും ചെങ്കോട്ടക്കും മദ്ധ്യേ റെയിൽവേ ലയിനിൽ ഉണ്ടായ ഉടവു നിമിത്തം നാന്തൂറ ചാക്കു ഉപ്പു തലച്ചുമടായും വണ്ടിവഴിയായും കൊണ്ടുപോകേണ്ടിവന്നു. അതുകൊണ്ടു മണ്ണൊന്നിനു ൧ അണ വീതം കൂട്ടി വിററതു റെയിൽ റോഡിനുണ്ടായ അററകുററം നിമിത്തം കൂടുതൽ ചിലവു വന്ന ചുമട്ടുകൂലി ഉൾപ്പെടുത്തിയാകുന്നു. ഈ നാന്തൂറ ചാക്കുകൾ മാത്രമെ കൂടുതൽ വിലക്കു വിററിട്ടുള്ളൂ എന്നുള്ളതും ഓർക്കേണ്ടതായുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഈ ലയിനിൽ തടസ്ഥം ഉണ്ടായിരുന്നതു എത്ര കാലത്തേക്കായിരുന്നു?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ) ഈ നാന്തൂറ ചാക്കും കൊണ്ടുപോകേണ്ടിയിരുന്നകാലം മുഴുവനും ലയിനിനു തടസ്ഥം ഉണ്ടായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഡിപ്പോവിൽ അപ്പോൾ ഉണ്ടായിരുന്ന നീക്കിയിരിപ്പ് എത്രയായിരുന്നു?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): നീക്കിയിരിപ്പ് ഇല്ലായിരുന്നു. അതുകൊണ്ടാണ തലച്ചുമടായും വണ്ടിവഴിയായും ഉപ്പു കൊണ്ടുപോകേണ്ടിവന്നതു.

മി: സി. പി. തരകൻ (കുന്നത്തുനാട്): റയിൽ റോഡിനു തടസ്ഥം ഉണ്ടായകാരണം എന്താണ്?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): അധിവൃഷ്ടി നിമിത്തം റെയിൽ റോഡു ഇടിഞ്ഞുപോയി. എന്നാൽ അധിവൃഷ്ടി നിമിത്തം ചെങ്കോട്ട താലൂക്കിനു ഒരു ഉപദ്രവവും ഉണ്ടായില്ല. ചെങ്കോട്ടയിലെ കൃഷിക്കൊ കച്ചവടത്തിനൊ വെള്ളപ്പൊക്കം നിമിത്തം ഉപദ്രവം ഉണ്ടായില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഏതെല്ലാം താലൂക്കുകൾക്കാണ് വെള്ളപ്പൊക്കം നിമിത്തം ഉപദ്രവം ഉണ്ടായതു എന്നു മെമ്പർ പറയാമോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ആ വിവരം പറഞ്ഞുതരാൻ എനിക്കു ഇപ്പോൾ നിവൃത്തിയില്ല. ഞാൻ പറയുന്നതു ചെങ്കോട്ടത്താലൂക്കുകാർക്ക് വെള്ളപ്പൊക്കം നിമിത്തം ദോഷം ഒന്നും ഉണ്ടായില്ലെന്നാണ്. അവർക്കു കരം കുറവു ചെയ്തിട്ടില്ല. അവരുടെ വിളവുകൾക്കു ഒരു ദോഷവും മനരിട്ടില്ല. അവർക്കു ഒരു നഷ്ടമുണ്ടായതും ഇല്ല. മി: മാധവൻപിള്ള പറഞ്ഞതു കേട്ടപ്പോൾ ഞാനൊരു നിർദ്ദയനാണെന്നു എനിക്കു തോന്നിപ്പോയി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഞാനും അപ്രകാരം തന്നെ വിചാരിച്ചു. ആ സമയത്തു നിങ്ങൾ അങ്ങനെ ചെയ്തതുകൊണ്ടു ഞാൻ ഇപ്പോഴും അപ്രകാരം തന്നെ വിചാരിക്കുന്നു.

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): നിങ്ങൾ അപ്രകാരം വിചാരിക്കുന്നെങ്കിൽ നിങ്ങളുടെ മനസ്ഥിതിയെപ്പററി എനിക്കു വ്യസനിക്കാതെ നിവൃത്തിയുള്ളൂ. ഞാൻ മുമ്പെ പറഞ്ഞതുപോലെ ഞങ്ങൾ കച്ചവടസംബന്ധമായ പ്രവൃത്തിനടത്തുകയായിരുന്നു. അതുകൊണ്ടു നഷ്ടപ്പെടാൻ നിവൃത്തിയില്ലായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ജനങ്ങൾ സങ്കടം അനുഭവിച്ചിരുന്ന ആ അവസരത്തിൽ ഡിപ്പാർട്ടുമെന്റ് ലാഭം ഉണ്ടാക്കിക്കൂടായിരുന്നു.

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഞങ്ങൾ ലാഭം ഒന്നും ഉണ്ടാക്കിയില്ല. റെയിൽ റോഡിനു ഉടവു ഉണ്ടായതുനിമിത്തം വന്നുചേർന്ന ചുമട്ടുകൂലിയെ നികത്തുന്നതിനു വേണ്ടിയാണ് ഏഴണാ വീതം കൂട്ടി വിററതു.

എക്സൈസ് ഡിപ്പാർട്ടുമെന്റുകാർ, മിസ്റ്റർ മാധവൻപിള്ള കാണിക്കാൻ ശ്രമിച്ചിട്ടുള്ളതുപോലെ, അത്ര നിർദ്ദയന്മാരല്ലായിരുന്നു എന്നു ഞാൻ തെളിയിച്ചുതരാം. വെള്ളപ്പൊക്കം നിമിത്തം കഷ്ടപ്പെട്ട ആളുകൾക്കു ൨൫,൦൦൦ രൂപാവരെ ഇളവുചെയ്തുകൊടുത്തിട്ടുണ്ട്. വെള്ളപ്പൊക്കത്താൽ കഷ്ടപ്പെട്ടസ്ഥലങ്ങളിലെ കച്ചവടക്കാർക്കു ഞങ്ങൾ ഒരു തവണ ഇളവുചെയ്തുകൊടുത്തു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ൧൧൦൦-ൽ വിററ കറുപ്പിലൊ, കഞ്ചാവിലൊ, കള്ളിലൊ, ചാരായത്തിലൊ വല്ല കുറവും ഉണ്ടായിരുന്നോ? കണ്ട്രാക്ടർമാർ ൨൫,൦൦൦ രൂപാ

ഇളവുചെയ്തുകൊടുത്തു എന്നു മി: വാൻറോസ്സ് പറഞ്ഞു. കൂട്ടായി കള്ളുള്ള സാമാനങ്ങൾ വില്ക്കാൻ ഇടയായപ്പോൾ അവക്കു നഷ്ടമുണ്ടായതു എങ്ങനെയാണ്?

മി: എ. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): ഈ പ്രത്യേക ഷാപ്പുകൾ കൂട്ടമായി വില്പന നടത്തി എന്നു ഡാക്ടർ ശ്രദ്ധവെച്ചു കാണിച്ചുതന്നാൽ എനിക്കു സന്തോഷമാകുമായിരുന്നു. വെള്ളപ്പൊക്കം നിമിത്തം ദോഷം നേരിടാത്ത സ്ഥലങ്ങളിൽ അനവധി ഷാപ്പുകൾ ഉണ്ട്. എന്നാൽ വെള്ളപ്പൊക്കത്താൽ ദോഷം നേരിട്ട സ്ഥലങ്ങളിൽ മാത്രമേ ഞങ്ങൾ നികുതി ഇളവുചെയ്തിട്ടുള്ളു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഈ ഷാപ്പുകളെ സംബന്ധിച്ചുള്ള കണക്കുകൾ എക്സൈസ് കമ്മീഷണർ കാണിച്ചിട്ടില്ല. ഒട്ടുക്കുള്ള വില്പന മുന്നാണ്ടത്തെ ഏറ്റവും കൂടുതലായിരുന്നു എന്നു മാത്രമേ ഞാൻ കണക്കുകൊണ്ടു കാണുന്നുള്ളു.

മി: എ. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): ഒട്ടുക്കുള്ള വില്പന കൂടുതലാണ്. എന്നാൽ അതു കൂടുതൽ വെള്ളപ്പൊക്കത്താൽ കഷ്ടപ്പെടാത്ത സ്ഥലങ്ങളിലായിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): നികുതി ഇളവുചെയ്തു കൊടുക്കപ്പെട്ട കൺട്രാക്ടർമാരുടെ പേരുകളും അവരുടെ ഷാപ്പുകൾ സ്ഥാപിച്ചിരുന്ന സ്ഥലങ്ങളും എക്സൈസ് കമ്മീഷണർ പറഞ്ഞുതരുമോ?

മി: എ. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): ഈ വക വിവരങ്ങൾ ഭരണറിപ്പോർട്ടിൽനിന്നും മെമ്പറിനു കിട്ടുന്നതാണ്. അതിൽ നികുതി ഇളവുചെയ്തുകൊടുത്ത ഗ്രൂപ്പുകളുടെ പേരുകൾ ഉണ്ട്.

മി: മാധവൻപിള്ള ലേലം ചെയ്യുന്ന സമ്പ്രദായത്തെപ്പററി പറകയുണ്ടായി. ലേലം ചെയ്യുന്ന സമ്പ്രദായത്തിൽ ചില ന്യൂനതകൾ ഉണ്ടെന്നു പറയാതെ നിവൃത്തിയില്ല. എന്നാൽ ഷാപ്പുകൾ വില്ക്കുന്നതിനുള്ള മററു എല്ലാ ഏർപ്പാടുകളെക്കാളും ലേലം ഏർപ്പെട്ട ഏററവും ഉത്തമമായി കാണപ്പെട്ടിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഞാൻ ലേലഏർപ്പാടിനെപ്പററി ഒന്നും തന്നെ പറഞ്ഞില്ല.

മി: എ. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): അദ്ദേഹം അതിനെപ്പററി പറഞ്ഞു എന്നാണു ഞാൻ വിചാരിച്ചതു്. അദ്ദേഹം പറഞ്ഞില്ലെങ്കിൽ ഞാൻ വ്യസനിക്കുന്നു.

മി: പി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ്): ആരോ അതിനെപ്പററി പറകയുണ്ടായി.

മി: എ. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): മി: മാധവൻപിള്ളയുടെ പേരിനു എതിരായിട്ടാണ് ഞാൻ അതു നോട്ടുചെയ്തിരുന്നതു്. പക്ഷേ വേറെ വല്ലവരും പറഞ്ഞതായിരിക്കാം. അദ്ദേഹം പറഞ്ഞില്ലെങ്കിൽ ഞാൻ മനസ്താപപ്പെടുന്നു. ഈ ഏർപ്പാടു കള്ളുകുടിയെ പ്രോത്സാഹിപ്പിക്കുന്നതാണെന്നും മററും ആരോ പറഞ്ഞു. എന്നാൽ ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ ഏർപ്പാടിലും വെച്ചു ഉത്തമമായതു അതാണ്. ഇൻഡ്യാഗവണ്മെൻറിൻെറ അഭിപ്രായവും ഇതാണ്.

"ഷാപ്പുകൾ കുത്തക കൊടുക്കുന്നതിനു ഏററവും ഉത്തമമായ ഏർപ്പാടു അതാണെന്നും, സ്ഥിരാവകാശങ്ങൾ വളർന്നുവരാതിരിക്കുന്നതിനു അതു ഏററവും ഗുണകരമാണെന്നും, അതു കള്ളുകുടിയെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും ഷാപ്പിൻെറ ശരിയായ വില നിർണ്ണയിക്കുന്നതിനുള്ള ഒരു ഏകമായ ഏർപ്പാടു അതാണെന്നും, മററു ഓരോ ഏർപ്പാടും ശേകക്കേടുകൾക്കും കളവുകൾക്കും ഇടയാകുന്നതാണെന്നും അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്."

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ നോക്കിവായിക്കുന്ന പുസ്തകം ഏതാണെന്നു പറയുമോ?

മി: എ. ജെ. വാൻറോസ്സ് (എക്സൈസ് കമ്മീഷണർ): എക്സൈസിനെപ്പററി മി: സ്റ്റാത്തി എഴുതിയിട്ടുള്ള പുസ്തകം ആകുന്നു.

ഗവണ്മെൻറിൽനിന്നും നിയമിച്ച എക്സൈസ് കമ്മിററിക്കാരും, പല സ്ഥലങ്ങളിലും ശ്രമിച്ചുനോക്കിയിട്ടുള്ള പല ഏർപ്പാടുകളെയും പര്യാലോചിച്ചശേഷം ഒടുവിൽ ഈ അഭിപ്രായത്തിൽ തന്നെ വന്നുചേർന്നിട്ടുണ്ട്.

കയററുമതിച്ചുങ്കത്തെ സംബന്ധിച്ചിടത്തോളം, ഈ രാജ്യത്തിൽ മാത്രമേ ജനങ്ങളിൽനിന്നും ഇപ്രകാരം ഒരു ചുങ്കം പിരിച്ചു വരുന്നുള്ളു എന്നു മി: മാധവൻപിള്ള പറഞ്ഞു. ഈ വിഷയത്തിൽ തിരുവിതാംകൂർ ഒരു പ്രത്യേകനിലയിൽ ഇരിക്കുന്നു എന്നു ഞാൻ സമ്മതിക്കുന്നു. തിരുവരുമാനത്തിലുള്ള നമ്മുടെ നികുതി ഒട്ടേറെ കയററുമതിച്ചുങ്കത്തെ ആശ്രയിച്ചിരിക്കുന്നുണ്ട്. തിരുവിതാംകൂറിൽ ഒട്ടനവധി അസംസ്കൃതസാധനങ്ങൾ ഉള്ളതും അവയ്ക്കു പുറദേശങ്ങളിൽ നല്ല വിലകിട്ടിവരുന്നതും ആകുന്നു. ദൃഷ്ടാന്തമായിട്ടു, നമ്മുടെ കൊപ്രാ സിലോൺ കൊപ്രായെക്കാളും മെച്ചവും തന്നിമിത്തം അതിനു ധാരാളം ആവശ്യം ഉണ്ടായിക്കൊണ്ടിരിക്കുന്നതും ആകുന്നു. കുരുമുളകിൻെറ സ്ഥിതിയും ഇതേ പ്രകാരം തന്നെ. ഈ വക ഉൽപ്പന്നങ്ങൾക്കു ഒരു കയററുമതിച്ചുങ്കം ചുമത്തുന്നതു അത്ര ഭാരമേറിയതായിരിക്കയില്ല. കൂടാതെയും ഈ കയററുമതിച്ചുങ്കം പണ്ടിനാലെ പിരിച്ചുവരുന്നതും ആകുന്നു.

മി: ററി. കെ. തോമസ്സ് (കോട്ടയം): അക്കാലങ്ങളിൽ വിദേശങ്ങളിൽനിന്നും ഇത്രത്തോളം വ്യാപാര മത്സരം ഉണ്ടായിരുന്നോ?

കലാൽ ഏർപ്പാട് സംബന്ധിച്ചുള്ള നമ്മുടെ നയം മദ്യവർജ്ജനമാണെന്നു നാം പുറമേ പറയുന്നുണ്ടെങ്കിലും, അതിൻെറ ഫലങ്ങൾ അതിനു വിപരീതമായിരിക്കുന്നു എന്നും മി: മാധവൻപിള്ള പറയുകയുണ്ടായി. ഈ സംഗതിയിൽ അദ്ദേഹത്തോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ലെന്നു പറയേണ്ടതായിരിക്കുന്നു. ഒരാണ്ടത്തെ കള്ളുചിലവിനെ വേറൊരാണ്ടത്തെ ചിലവുമായി താരതമ്യപ്പെടുത്തി നാം സംഗതികൾ നിശ്ചയിച്ചുകൂടാത്തതുമാകുന്നു. എന്തെന്നാൽ കള്ളുചിലവിനു പലേകാരണങ്ങളും ഉണ്ട്. എന്നാൽ ഒട്ടനവധി ആണ്ടുകളിലെ കണക്കുകൾ നോക്കി ഒരു തീരുമാനം കല്പിക്കുന്നതായാൽ അതു ന്യായമായിരിക്കും. ൧൦൯൭-ൽ ഒട്ടുക്കു ചിലവായ ചാരായത്തിന്റെ തുക ൧൩൦,൦൦൦ ഗാലനാണ്. എന്നാൽ കഴിഞ്ഞാണ്ടിൽ ൧൧൪,൦൦൦ ഗാലനേ ചിലവായിട്ടുള്ളു. അതായതു ൨൬,൦൦൦ ഗാലൻ കുറവുണ്ട്. കുററക്രമത്തിനു പറയുന്നതായാൽ മൂന്നുലക്ഷം ക

പ്പിയുടെ കറവുണ്ടായി. ഈ കണക്കുകൾകൊണ്ടു ഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യുന്ന മദ്യവർജ്ജനജോലിയുടെ പരിമാണം മനസ്സിലാക്കാവുന്നതാണ്. (മി: ഡബ്ലി. എച്ച്. ചിറഫ്. (കേൾപ്പിൻ) (കേൾപ്പീൻ)

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കള്ളചിലവു കൂടുതലുണ്ടായിട്ടില്ലയോ?

മി: വാൻറാസ്സ് (എക്സൈസ്കമ്മീഷണർ): അതു ഞാൻ പറയാൻപോകുന്നു.

മി: എം. ശിവതാണപിള്ള (തോവാള): മദ്യവർജ്ജനവും മദ്യനിരോധനവും തമ്മിൽ കമ്മീഷണർ വ്യത്യാസപ്പെടുത്തുന്ന എന്നാണോ മനസ്സിലാക്കേണ്ടത്.

മി: എ. ജെ. വാൻറാസ്സ്: (എക്സൈസ്കമ്മീഷണർ): അതെ, ഞാൻ വ്യത്യാസപ്പെടുത്തുന്നുണ്ട്. ഞാൻ തിരുവിതാംകൂറേ പുസ്സിഫുട്ട് ആണെന്നു ഭാവിക്കുന്നു എന്നു മി: ശിവതാണപിള്ള പറകയുണ്ടായി. പുസ്സിഫുട്ടാണെന്നു ഞാൻ നടിക്കുന്നില്ലാ അങ്ങിനെ ചെയ്താൽകൊള്ളാമെന്നു എനിക്കാഗ്രഹമുണ്ട്. എന്നാൽ മദ്യവർജ്ജനപ്രവർത്തകനാണെന്നു ഞാൻ സ്വയം അഭിമാനിക്കുന്നു.

മി: എം. ശിവതാണപിള്ള (തോവാള): മദ്യവർജ്ജനത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ ഡിപ്പാർട്ടുമെൻറിൻെറ നില എന്താണ്?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): അതു വേറൊരു സംഗതിയാണ്. അതിനെപ്പററി ഞാൻ പറയാൻപോകുന്നുണ്ട്.

മദ്യവർജ്ജനത്തെസംബന്ധിച്ചു എനിക്കു പറയാനുള്ളത് ഡിപ്പാർട്ടുമെൻറ എപ്പോഴും മദ്യവർജ്ജന പ്രവർത്തനമാണ് ചെയ്തുകൊണ്ടിരിക്കുന്നതു എന്നാകുന്നു. മി: ശിവതാണപിള്ളയുടെ അപഹാസത്തിനു ഞങ്ങൾ പാത്രീഭവിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തിലെ ഏററവും ഉത്തമന്മാരായ മദ്യവർജ്ജനപ്രവർത്തകന്മാർ ഞങ്ങളാണെന്നു ഞങ്ങൾക്കു അഭിമാനം ഉണ്ട്.

മി: എം. ശിവതാണപിള്ള (തോവാള): ഡിപ്പാർട്ടുമെൻറ മദ്യനിരോധനത്തിനു വിരോധികളല്ലെ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ്കമ്മീഷണർ): മദ്യവർജ്ജനവും മദ്യനിരോധനവും തമ്മിൽ ഇട്ടുകുഴക്കരുതു എന്ന് ഞാൻ മെമ്പറിനോടു അപേക്ഷിച്ചുകൊള്ളുന്നു. മദ്യനിരോധനത്തെപ്പററി ഞാൻ ഉടനെ തന്നേ പറയാൻപോകുന്നുണ്ട്.

മി: എം. ശിവതാണപിള്ള (തോവാള): മദ്യവർജ്ജനത്തിൻെറയൊ മദ്യനിരോധനത്തിൻെറയോ ഏററവും ഉത്തമന്മാരായ പ്രതിപാലകന്മാർ ഡിപ്പാർട്ടുമെൻറുകൾ ആണെന്നു മെമ്പർ മുമ്പൊരിക്കൽ പറഞ്ഞിട്ടില്ലേ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ്കമ്മീഷണർ): മദ്യനിരോധനം എന്നു ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. മദ്യവർജ്ജനത്തേയും മദ്യപാനദോഷത്തേയും പററി സദാ പ്രസംഗിച്ചുകൊണ്ടിരിക്കുന്നവരായ പല മെമ്പർമാരേയും എനിക്കറിയാം. എന്നാൽ അവരുടെ വാസ്തവമായ ധർമ്മം രാജ്യത്തിൽ നാനാഭാഗത്തും സഞ്ചരിച്ചു മദ്യപാനദോഷത്തെപ്പററിപറഞ്ഞുമനസ്സിലാക്കി മദ്യപന്മാരെ അതിൽനിന്നും വിരമിപ്പിക്കുന്നതിനുവേണ്ട അനുനയങ്ങളും മറ്റും മററ പ്രചരണവേലകൾ നടത്തുകയും ചെയ്യുന്നതാണ്. ഈ സഭയിലൊ പ്രസംഗമണ്ഡപങ്ങളിലൊ നിന്നു മദ്യവർജ്ജനത്തേയൊ മദ്യനിരോധനത്തേയൊപററി സംസാരിക്കുന്നതുകൊണ്ടു യാതൊരു ഫലവും ഉണ്ടാകുന്നതല്ലാ.

മി: കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഡിപ്പാർട്ടുമെൻറ് ഇപ്രകാരം വല്ലജോലിയും ചെയ്തിട്ടുണ്ടൊ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ്കമ്മീഷണർ): നിശ്ചയമായും ചെയ്തിട്ടുണ്ട്. ഞങ്ങൾ ദിവസേന ചെയ്യുന്നുണ്ട് (ചിരി). കള്ളുകുടിക്കരുതെന്നു ഞങ്ങൾ ജനങ്ങളോടു പ്രതിദിനം ഉപദേശിക്കുന്നുണ്ട്. ഞങ്ങൾ വൃക്ഷക്കരവും മദ്യനികുതിയും വർദ്ധിപ്പിച്ചും ഷാപ്പുകളുടെ എണ്ണം കുറച്ചും മദ്യപാനികൾക്കു എല്ലാവിധ പ്രതിബന്ധങ്ങളും ഉണ്ടാക്കിത്തീർക്കുന്നു. ഈ സഭയിൽനിന്നും കൊണ്ടുമെമ്പർമാർക്കു പ്രസംഗിക്കാനും അപഹസിക്കാനും വളരെ എളുപ്പമുണ്ട്.

മി: സി. പി. തരകൻ (കുന്നത്തുനാട്): ചങ്ങനാശേരിയിൽ ഒരു കോഓപ്പറേറ്റീവ് ഇൻസ്പെക്ടർ മദ്യപാനത്തെ വിരോധിച്ചു പ്രസംഗിച്ചതിനെ സംബന്ധിച്ച് അസി: എക്സൈസ് കമ്മീഷണർ അദ്ദേഹത്തെ ശാസിച്ച് എഴുതിഅയച്ചതായി അറിയാമോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ്കമ്മീഷണർ) അത് ശുദ്ധഅബദ്ധമാണ്. ഈ സംഗതിയെസംബന്ധിച്ചുണ്ടായ ഒരു പ്രശ്നത്തിനു മറുപടികൊടുത്തിട്ടുണ്ട്. ആകയാൽ മെമ്പർ വീണ്ടും കൊണ്ടുവരുന്നതിനെപ്പററി എനിക്കു മനസ്താപമുണ്ട്.

മി: സി. പി. തരകൻ (കുന്നത്തുനാട്): അന്നു അതിനെപ്പററി പറഞ്ഞപ്പോൾ കോ-ഓപ്പറേറ്റീവ് രജിസ്ട്രാർമുഖാന്തരം അന്വേഷണം നടത്തണമെന്നു പറഞ്ഞു. അന്വേഷിച്ചിട്ടുണ്ടോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ്കമ്മീഷണർ): മെമ്പറിൻെറ അറിവിനായി വാസ്തവത്തിൽ നടന്നസംഗതി ഞാൻ പറയാം. മദ്യപാനികളായ ചിലർക്ക് കടംകൊടുക്കുകയില്ലെന്ന് കോഓപ്പറേറ്റീവ് ഇൻസ്പെക്ടർ തടഞ്ഞു. ജനങ്ങളെ ആ വിധത്തിൽ ഭയപ്പെടുത്തുകയും ശാസിക്കയും ചെയ്തുകൂടാ എന്നു അസിസ്റ്റൻറ് കമ്മീഷണർ പറഞ്ഞു.

മി: എം. ശിവതാണപിള്ള (തോവാള): മെസ്സേഴ്സ് എ. കെ. പിള്ള കെ. ഐ. ജോസഫ്. എം. ശിവതാണപിള്ള മുതലായ പ്രശസ്തരായ മെമ്പർമാർ മദ്യനിരോധനത്തിനുവേണ്ടി അവരവരുടെ സ്ഥലങ്ങളിൽ ശക്തിമത്തായി പ്രയത്നിക്കുന്നു എന്നു കമ്മീഷണർക്കു അറിയാമോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ്കമ്മീഷണർ): നിങ്ങളുടെ പ്രവർത്തിയെപ്പററി എനിക്കു ഒരു തടസം ഉള്ളത് നിങ്ങൾ ജനങ്ങളെ പറഞ്ഞുമനസ്സിലാക്കുന്നതിനുപകരം അവരോടുബലം പ്രയോഗിക്കുന്നു എന്നാണ് ബലാൽക്കാരംകൊണ്ടു പ്രയോജനം ഇല്ലാ. മദ്യപാനദോഷത്തെപ്പററി അനുനയമായി ജനങ്ങളെ ഉപദേശിച്ച് അവരെക്കൊണ്ട് മദ്യവർജ്ജനം ചെയ്യിക്കണം. അതാണ് വേണ്ടത്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ): മി: വാൻറാസ് പറയുന്നത് കേൾക്കാൻ പാടില്ലാ.

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): മെംബർ പറയുന്ന മദ്യനിരോധനം അനായാസമായ പ്രവൃത്തിയേക്കാൾ അധികവും ബുദ്ധിമുട്ടുള്ളതായിരിക്കുമെന്ന എന്നാണ് ഞാൻ പറഞ്ഞത്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ): മി: വാൻറാസ് അപ്രകാരം പറയാനുണ്ടായ കാരണം എന്തെന്ന സദയം പറയുമോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): കാരണങ്ങളെപ്പറ്റിപ്പറയാൻ എനിക്കു നിവൃത്തിയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെംബർമാർ ആരും ഈ വിധത്തിൽ ഒന്നും പ്രവർത്തിക്കുന്നില്ലെന്ന മിസ്റ്റർ വാൻറോസ്സിനു നിശ്ചയം ഉണ്ടോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഇല്ലെന്ന ഞാൻ പറയുന്നില്ലാ.

മദ്യനിരോധനത്തെ സംബന്ധിച്ച് എനിക്കു പറയാനുള്ളത്, ജനങ്ങളുടെ ഹിതത്തിനു വിരോധമായും ജനങ്ങൾ അതിനു തയ്യാറില്ലാതെയും ഇരിക്കുമ്പോൾ അതിനെപ്പറ്റി ഒരു നിയമം ഉണ്ടാക്കുന്നതു ഒരു ശരിയായ തത്വമല്ലാ. ജനങ്ങൾ തന്നെ മദ്യനിരോധനത്തിനു തയ്യാറാകുമ്പോൾ നിയമത്തിനു ആവശ്യവും ഉണ്ടാകയില്ലാ. എന്തെന്നാൽ നിയമം കൂടാതെ തന്നെ ജനങ്ങൾ മദ്യവിവർജ്ജനം ചെയ്യും.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ വാൻറാസ്സ് അമേരിക്കയിലെ ഗവമ്മെൻറിനെ കുറപ്പെടുത്തുന്നുണ്ടോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): എൻെറ അറിവിൽപ്പെട്ടടത്തോളം അമേരിക്കയുടെ പ്രവൃത്തി അഭിനന്ദനീയമല്ലാ. അപ്രകാരമാണ് ഈ സംഗതിയിൽ മദ്രാസ് ഗവണ്മെൻറ പറയുന്നതു.

മി: പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായം ദക്ഷിണം): മെമ്പർ വത്തമാനപ്പത്രത്തിൽ നിന്നും ഉദ്ധരിക്കുന്നതു ക്രമമാണെന്നു തോന്നുന്നില്ലാ.

അദ്ധ്യക്ഷൻ: (അദ്ദേഹം വായിക്കുകയാകുന്നു).

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വത്തമാനപ്പത്രങ്ങളിൽ നിന്നു കിട്ടുന്ന വിവരങ്ങൾ സ്വീകാര്യമല്ലെന്നു മുമ്പൊരു റൂളിംഗ് ഉണ്ട്.

അദ്ധ്യക്ഷൻ: അതിൻെറ വാസ്തവത്തെപ്പറ്റി മെമ്പർ ഉറപ്പു തരുന്നിടത്തോളം കാലം അതു വായിക്കുന്നതിൽ വിരോധം ഇല്ലാ.

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതു വായിക്കുന്നതു സഭയ്ക്കു വിരോധം ആണെങ്കിൽ ഞാൻ വായിക്കുന്നില്ലാ. വായിക്കാതെ തന്നെ അതിൻെറ ചുരുക്കം പറയാം.

മി: കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഈ വിഷയത്തിൽ മദ്രാസ് മെയിൽ പ്രമാണമാകുമോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): മദ്രാസ് മെയിലിൽ ഒരു ബുദ്ധിപൂർവ്വകമായ ഉപന്യാസം ഉണ്ട്. അതു ഞാൻ വായിക്കാം. ഈ സംഗതിയിൽ പ്രസംഗമണ്ഡപങ്ങളിൽ നിന്നു ചെയ്യുന്ന പ്രസംഗങ്ങൾ കൊണ്ടു ഒരു പ്രയോജനവും ഇല്ലെന്നാണ് ഞാൻ പറയുന്നതു. നിങ്ങൾക്കു ജനങ്ങളെക്കുറിച്ചു വാസ്തവമായ സ്നേഹമുണ്ടെങ്കിൽ അവരുടെ ഇടയിൽ ചെന്നു പ്രചരണ വേല നടത്തണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എക്സൈസ് വകുപ്പിലേക്കു നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും പ്രചരണ വേലക്കായി ആളുകളെ നിയമിക്കുന്നതിനുള്ള ഒരു പദ്ധതിയുണ്ടാക്കാൻ മിസ്റ്റർ വാൻറാസ് ശിപാർശചെയ്യുമോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): നിങ്ങൾ എല്ലാവരും രാജ്യത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ ആദായം വാങ്ങാതെ തന്നെ സ്വയം പ്രചരണ വേല നടത്തണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ട്): എങ്കിൽ ഇരുപത്തിരണ്ടു ഗ്യാലൻ ചാരായം വില്ക്കുന്നതിനു അദ്ദേഹം എന്തിനാണ് ഒരു ഷാപ്പു വച്ചു കൊണ്ടിരിക്കുന്നതു എന്നു പറയുമോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ഒരു സംഗതി ചോദിക്കട്ടയോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഞാൻ ആദ്യമായി മിസ്റ്റർ മാധവൻപിള്ളയുടെ ചോദ്യത്തിനു ഉത്തരം പറഞ്ഞുകൊള്ളട്ടെ. ചേർത്തലയിലെ ചില ഷാപ്പുകളിൽ വില്ക്കുന്ന ചാരായം വളരെ കുറവുതന്നെ. എന്നാൽ ഷാപ്പുകളെ നിറുത്തിക്കളഞ്ഞാൽ വ്യാജവാററു നടത്താൻ ഇടയുണ്ട്. അവിടെ ധാരാളമായി വ്യാജവാററു നടത്തുന്നുണ്ട്, എന്തെന്നാൽ അവിടെ റോഡില്ലാത്തതു കൊണ്ടു പോലീസിൻെറ ജോലി ശരിയായി നടത്താൻ വിഷമമാണ്. അതിനാൽ വ്യാജമായ വാററിനു ഇടകൊടുക്കാതിരിപ്പാൻവേണ്ടി ഈ ഷാപ്പുകൾ വച്ചുകൊണ്ടിരിക്കയാണ്. റോഡുപണി പൂർത്തിയായി എക്സൈസ് ജീവനക്കാർ ധാരാളം റോന്തു ചുററുമ്പോൾ ചാരായച്ചിലവു കൂടാൻ ഇടയുണ്ടാകും. എന്തെന്നാൽ അപ്പോൾ വ്യാജച്ചാരായങ്ങൾക്കു പകരം നിയമപ്രകാരമുള്ള ചാരായം ധാരാളം സ്ഥലം പിടിക്കുമെന്നുള്ളതാണല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചാരായഷാപ്പു റോഡിനു പകരമായി വച്ചു കൊണ്ടിരിക്കുന്നു എന്നാണോ കമ്മീഷണരുടെ വാദം?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): മെമ്പർ തെററിദ്ധരിക്കുന്നു എന്നു വ്യസനിക്കേണ്ടിയിരിക്കുന്നു. വിസ്തരിച്ചു പറയാൻ എനിക്കു ഇപ്പോൾ സമയമില്ലാ.

മി: എം. ശിവതാണുപിള്ള (തോവാള): ജനങ്ങൾക്കു ആവശ്യമില്ലാത്തിടത്തു ഷാപ്പുകൾ വച്ചുകൊണ്ടിരിക്കുന്നു എന്നല്ലേ അതിൻെറ അർത്ഥം?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): അങ്ങിനെയല്ലാ.

മി: എം. ശിവതാണുപിള്ള (തോവാള): ചില ഷാപ്പുകൾ മാററിക്കൊടുക്കണമെന്നു ജനങ്ങളുടെ പരാതികൾ വന്നിട്ടില്ലേ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അങ്ങിനെ പരാതിവരികയും അതു വാസ്തവമെന്നു തോന്നിയിട്ടുണ്ടെങ്കിൽ മാററിക്കൊടുക്കയും ചെയ്തിട്ടുണ്ട്.

മി: എം. ശിവതാണപിള്ള (തോവാള): അപ്രകാരമുള്ള പരാതികൾ വന്നിട്ടുണ്ടോ എന്നാണ് അറിയേണ്ടത്.

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): പരാതികൾ വരികയും അതിന്മേൽവേണ്ടതു പ്രവൃത്തിക്കയുംചെയ്തിട്ടുണ്ട്.

മി: എം. ശിവതാണപിള്ള (തോവാള): ചില പരാതികളെപ്പററി ഗൌനിക്കാതിരുന്നതു എന്തെന്നു പറയുമോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ്കമ്മീഷണർ): പരാതികൾ ഉത്തമവിശ്വാസമുള്ളതു അല്ലെന്നു കണ്ടുകൊണ്ടായിരിക്കണം.

മി: എം. ശിവതാണപിള്ള (തോവാള): ഉത്തമവിശ്വാസമുള്ളതല്ലെന്നു എങ്ങിനെകണ്ടു?

മി: എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): എന്തെന്നാൽ ഈ അപേക്ഷകൾ ഉണ്ടായിരുന്നിട്ടും സമീപസ്ഥലങ്ങളിൽ വ്യാജമായ വാററും വ്യാജമായ വില്പനയും നടന്നു കൊണ്ടിരുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വ്യാജവില്പനസംബന്ധിച്ചു വല്ല ക്രിമിനാൽ കേസും കൊടുത്തോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): തീർച്ചയായിട്ടും കൊടുത്തിട്ടുണ്ട്. എവിടെയെല്ലാം വ്യാജവില്പനനടത്തിട്ടുണ്ടോ അവിടെയൊക്കയും കേസുകളും കൊടുത്തിട്ടുണ്ട്.

മി: എം. ശിവതാണപിള്ള (തോവാള): വ്യാജവില്പന ഉണ്ടായിരുന്നതു കൊണ്ടാണോ ഹർജികൾ ഉത്തമവിശ്വാസം ഇല്ലാത്തവയായി ഗണിക്കപ്പെട്ടതു?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഡിപ്പാർട്ടുമെൻറിന അതിൻെറ ജോലി അറിയാമെന്നു നമ്മൾ വിശ്വസിക്കേണ്ടതാണെന്നാണ് എനിക്കുതോന്നുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ക്ഷേത്രങ്ങളിലെ ഉത്സവകാലങ്ങളിൽ ഷാപ്പുകൾ ക്ഷേത്രങ്ങൾക്ക സമീപമായി മാററുന്ന പതിവുണ്ടു എന്നു അറിയാമോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): കഴിഞ്ഞ മൂന്നു വർഷക്കാലമായി അപ്രകാരം ചെയ്യുന്നില്ല.

മി: ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തലയിൽവല്ല പ്രചരണവേലയും നടത്തിട്ടുണ്ടോ?

മി: എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഉണ്ടു അപ്രകാരം നടത്തി അതാണ് കഴിഞ്ഞ പൂരക്കാലത്തു കള്ളുകുടിക്ക കസൌകര്യം കൊടുക്കാതിരുന്നതു്.

മി: ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തലയിലുള്ള ഷാപ്പുകളുടെ എണ്ണം എത്രയാണെന്നു ഇപ്പോൾ പറയാൻ കഴിയുമോ?

മി: എ. ജെ. വാൻറാസ്സ് എക്സൈസ് കമ്മീഷണർ): ഭരണറിപ്പോർട്ടു നോക്കിയാൽ മെംബർക്കു മനസ്സിലാകും.

മി: ശിവരാമപ്പണിക്കർ (ചേർത്തല): ഷാപ്പുകളുടെ എണ്ണം മുന്നാണ്ടത്തെക്കാൾ കുറവാണോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഉണ്ട് മുന്നാണ്ടത്തെതിൽ വളരെ കുറച്ചിട്ടുണ്ട്. തെങ്ങുകൾ ചെത്താൻ കുത്തക കൊടുത്തപ്പോൾ ഷാപ്പുകൾ ധാരാളം ഉണ്ടായിരുന്നു. അതിൽനിന്നു കുറവു ചെയ്തു. പിന്നീടു ഷാപ്പു ലേലം ചെയ്തപ്പോഴും ൫ ശതമാനം കുറച്ചു. ഓരോ ലേലംതോറും ഇനിയും കുറയ്ക്കുന്നതാണ്.

മി: ശിവരാമപ്പണിക്കർ (ചേർത്തല): പ്രചരണവേലയുടെ ഫലമായി മദ്യനികുതിയിൽ കുറവു വന്നിട്ടുണ്ടോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഉണ്ട് ഈയിടെ അനേകം ഷാപ്പുകൾ വളരെ നഷ്ടത്തിന്മേൽ വില്ക്കേണ്ടിവന്നു. അതുമുഴുവൻ മദ്യവർജ്ജനയോഗംകൊണ്ടല്ലം, അതു സ്ഥലത്തെ ജനങ്ങളുടെ ഇടയിലുള്ള പണദാരിദ്ര്യം കൊണ്ടു കൂടിയാണ്. കച്ചവടം വർദ്ധിക്കയും ജനങ്ങൾക്ക പണം ഉണ്ടാവുകയും ചെയ്യുമ്പോൾ ഇനിയും കുടിവർദ്ധിക്കുമെന്നാണ് എനിക്ക തോന്നുന്നതു.

മി: സി. പി. കൊച്ചുകുഞ്ഞുപ്പിള്ള (കൊട്ടാരക്കര കുന്നത്തൂർ): സംസ്ഥാനത്തെ ഏതേതു താലൂക്കിലാണ് മദ്യപാനം അധികം ഉള്ളതു എന്നു പറയാമോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഭരണറിപ്പോർട്ടു നോക്കിയാൽ ഓരോ താലൂക്കിലും ചിലവായ മദ്യത്തിൻെറ കണക്കു ലഭിക്കുന്നതാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഈ താലൂക്കുകളിൽ മുന്നാണ്ടത്തെക്കാറ്റം കൂടുതൽ കള്ളു വില്ക്കുന്നുണ്ടോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഇല്ല.

മി: എം. ശിവതാണപിള്ള (തോവാള): ധനദാരിദ്ര്യവും കള്ളുകുടിയും തമ്മിൽ വല്ല ബന്ധവുമുണ്ടോ എന്നു സദയം പറയുമോ.

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഉണ്ട്.

മി: എം. ശിവതാണപിള്ള (തോവാള): കള്ളുകുടിയന്മാരെപ്പററിവല്ലവിചാരവും ഉണ്ടാകുമോ?

മി: എ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മീഷണർ): ഉണ്ടാകും. അല്ലെങ്കിൽ അവനു ജയിലിൽ പോകേണ്ടിവരും.

മിസ്റ്റർ മാധവൻപിള്ള ചൂണ്ടിക്കാണിച്ച ഒരു സംഗതിയെപ്പററി എനിക്കു സ്വല്പം പറയാനുണ്ടു. അതു ചുരുക്കുള്ള കൊപ്രയുടെ വിലക്കുറവിനെപ്പററിയാണ്. ഈ സംഗതിയെപ്പററി ഗവർമെൻറു വല്ല അന്വേഷണം നടത്തുമോ എന്നു മിസ്റ്റർ മാധവൻപിള്ള ചോദിച്ചു. പഴയകണക്കുകൾ നോക്കുന്നതായാൽ യുദ്ധകാലത്തും യുദ്ധം കഴിഞ്ഞ ഉടനേയും കൊപ്രായുടെ വില ക്രമാതീതം കൂടിയിരുന്നു എന്നു കാണാൻ കഴിയും. അക്കാലത്തു നമ്മൾ കൂലിയും കൂട്ടി വച്ചു അതു കഴിഞ്ഞു പഴയ രീതികൾ വീണ്ടും യൂറോപ്പിൽ ഉണ്ടായിത്തുടങ്ങിയപ്പോൾ കൂലിയും

ത്ര്യം അവർക്ക് കുറവുവന്നില്ലാ. തന്മൂലം വിലകൾക്ക് ഇടിവുവന്നു എന്നാൽ യുദ്ധത്തിനു മുമ്പുണ്ടായിരുന്ന വിലയിൽനിന്നും വലിയ കുറവുവരാതിരുന്നതുകൊണ്ട് ഗവണ്മെന്റിനു അതിന്മേൽ വലിയ വിരോധോപേഗം ഉണ്ടായില്ലാ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ കെട്ടുപ്രാക്കളൊട്ടും ആവശ്യക്കാർ ഉണ്ടായില്ലാ എന്നുള്ള സംഗതി കമ്മിഷണർക്കു അറിയാമോ?

മി: ഏ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മിഷണർ): അക്കാലത്താണ് വില ഇടിയാൻ ഇടങ്ങിയതു.

മി: എം. ശിവതാണുപിള്ള (തോവാള): ബ്രിട്ടീഷ് ഗവണ്മെന്റ്, തെങ്കാശിത്താലൂക്കിലെ ചാരായഷാപ്പ് നികുതികളഞ്ഞ വിവരം കമ്മിഷണർക്കു അറിയാമോ.

മി: ഏ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മിഷണർ): അറിയാം. ആ പരീക്ഷണത്തെ ഞാൻ ഔൽസുക്യപൂർവം നിരീക്ഷിച്ചു കൊണ്ടിരിക്കയാണ്. അതിന്റെ ഫലം കണ്ടു അറിഞ്ഞു വേണ്ടതു ചെയ്യാമെല്ലോ?

മി: എം. ശിവതാണുപിള്ള (തോവാള): അതിന്റെഫലമായിട്ടു ചെങ്കോട്ടത്താലൂക്കിൽ കൂടുതൽ ചാരായം ചിലവു വരുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കിക്കൊള്ളട്ടെയോ?

മി: ഏ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മിഷണർ): അതല്ലാ ഞാൻ പറഞ്ഞതിന്റെ അർത്ഥം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അന്യതാലൂക്കുകളിൽ മദ്യം വില്പന ചുരുക്കിയിരിക്കുന്നതായിപ്പറയുന്ന മദ്രാസ് എക്സൈസ് രിപ്പോർട്ടു അദ്ദേഹം വായിച്ചോ?

മി: ഏ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മിഷണർ): വായിച്ചു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാടു): വ്യാജച്ചാരായം കടത്തി വിടുന്നു എന്നു അതിൽ കാണിച്ചിട്ടില്ലയോ?

മി: ഏ. ജെ. വാൻറാസ്സ് (എക്സൈസ് കമ്മിഷണർ): എന്റെ അറിവിൽപ്പെട്ടിടത്തോളം ഒരു കേസും തെളിയിക്കാൻ അവർക്കു സാദ്ധ്യമായിട്ടില്ലാ.

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സഭയിൽ വാദപ്രതിവാദം നടന്ന സാമാന്യ സംഗതികളിന്മേൽ ഒന്നു രണ്ടു വിമർശനങ്ങൾ എനിക്കു ചെയ്യാനുണ്ട്. സഭയിൽ ഹാജരാക്കിയിരിക്കുന്ന ബഡ്ജറ്റ് ഒരു സമ്പന്നന്റെ ബഡ്ജറ്റാണെന്നു മിസ്റ്റർ എ. കെ. പിള്ള പറഞ്ഞു. ഈ അഭിപ്രായത്തെ മിസ്റ്റർ ശിവതാണുപിള്ള അനുവർത്തിച്ചു എന്നും തോന്നുന്നു. ഈ ദോഷാരോപണം വാസ്തവമാണെങ്കിൽ അതു ഗൌരവമേറിയതാണ്. എന്നാൽ ഈ ദോഷാരോപണത്തെ ഞാൻ ബലമായി നിരാകരിക്കുന്നു. എന്തെന്നാൽ ബഡ്ജറ്റിനെ ആദ്യാവസാനം പരിശോധിക്കുന്നതായാൽ ഇതിനു മുമ്പിൽ ഈ സഭയിൽ ഹാജരാക്കിയിട്ടുള്ള എല്ലാബഡ്ജറ്റിനെക്കാളും ഈ ബഡ്ജറ്റ് പാവപ്പെട്ട ജനങ്ങളുടെ ആവശ്യങ്ങളെ പ്രത്യേകം പരിഗണിച്ചിട്ടുണ്ടെന്നുള്ളതിലേക്കു വ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ട്. ജനങ്ങളുടെ സാന്മാർഗ്ഗികവും സാമ്പത്തികവും ആയ അഭിവൃദ്ധിക്കു ഉതകുന്ന ഡിപ്പാർട്ടുമെന്റുകളെപ്പററി ഗവണ്മെന്റിന്റെ പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളതാകുന്നു. ഉദാഹരണമായിട്ടു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുതന്നെ എടുക്കാം സംസ്ഥാനത്തിലെ പിന്നോക്കം നില്ക്കുന്ന താലൂക്കുകളിലെ അക്ഷരജ്ഞാനവിഹീനതയെ പരിഹരിക്കുന്നതിനു ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുള്ളതിനെപ്പററി മിസ്റ്റർ സ്റ്റീഫൻസൻ വ്യക്തമായി പ്രസ്താവിച്ചുവല്ലൊ. പ്രാഥമികവിദ്യാലയങ്ങളുടെ വകക്കു വിദ്യാഭ്യാസബഡ്ജറ്റിൽ കൂടുതൽ പണം അനുവദിച്ചിട്ടുള്ളതുകൂടാതെ സാഹായികധനം വകയിലും കൂടുതൽപണം നീക്കിവച്ചിട്ടുണ്ട്. ഇതെല്ലാം വിദ്യാഭ്യാസാഭിവൃദ്ധിക്കുവേണ്ടിയാകുന്നു. ഇതിൽ ഭൂരിഭാഗവും വിശിഷ്യ പ്രാഥമികവിദ്യാഭ്യാസത്തിനും പിന്നോക്കം നില്ക്കുന്നസ്ഥലങ്ങളിലെ വിദ്യാഭ്യാസത്തിനും വച്ചിട്ടുള്ള പണങ്ങൾ പാവപ്പെട്ട ജനങ്ങളുടെ ഗുണത്തിനുതകുന്നതാണെല്ലൊ. ഇതുകൂടാതെ സംഗതിയുടെ സാരാംശത്തിൽ ചേരുന്നതായ വേറെ ചില വസ്തുതകളും എനിക്കു ചൂണ്ടിപ്പറയാനുണ്ട്. മെഡിക്കൽബഡ്ജററ് എടുത്തുനോക്കാം. അതിൽ ഏഴു പുതിയഡിസ്പെൻസറികൾ തുറക്കുന്നതിനു വ്യവസ്ഥചെയ്തിരിക്കുന്നു. ഇതുതന്നാണിലെ ഗണനീയമായ ഒരു സംഗതിയാകുന്നു. ഇതിനുമുമ്പിൽ ഒരാണ്ടിലുംതന്നെ ഇത്ര അധികം പുതിയഡിസ്പെൻസറികൾ അനുവദിച്ചിട്ടില്ല. ഈ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുതന്നെയും ഇപ്പോൾ വൈദ്യസഹായം ലഭിക്കാതിരിക്കുന്ന സ്ഥലങ്ങളിലാകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ഡിസ്പെൻസറികൾ തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്നു പറയാമൊ അതു ബഡ്ജറ്റിൽ കാണിച്ചിട്ടുണ്ടൊ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉണ്ട് ഈ ഡിസ്പെൻസറികൾ ഏതെല്ലാം സ്ഥലത്താണു തുറക്കാൻപോകുന്നതെന്നു ബഡ്ജറ്റിൽതന്നെ പറഞ്ഞിട്ടുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള): ഡിസ്പെൻസറികൾക്കു ആവശ്യമുള്ള കെട്ടിടങ്ങൾ അതാതു സ്ഥലത്തെ ജനങ്ങൾ തന്നെ കെട്ടിക്കണമെന്നു ഗവണ്മെന്റു പ്രതീക്ഷിക്കുന്നുണ്ടൊ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഓരോ സ്ഥലങ്ങളിലെ ജനങ്ങൾക്കുള്ള അത്യാശനിമിത്തം അവർതന്നെ പലപ്പോഴും കെട്ടിടങ്ങളും അകസാമാനങ്ങളും ഉണ്ടാക്കാമെന്നു ഏററിട്ടുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള): ഈവക ചിലവുകൾ ഗവണ്മെന്റിനുതന്നെ വഹിക്കാൻ പാടില്ലയൊ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി) സ്ഥലത്തെ ജനങ്ങൾതന്നെ വിശേഷിച്ചു സ്വത്തുള്ള ജനങ്ങൾ പണംകൊടുക്കാൻ തയ്യാറായി വരുമ്പോൾ ഗവണ്മെന്റു എന്തിനാണ് പണം ചിലവാക്കുന്നത്

മി: എം. ശിവതാണുപിള്ള (തോവാള): ഒരു സ്ഥലത്തു പാവപ്പെട്ട ജനങ്ങൾ മാത്രമെ ഉള്ളു എന്നും അവർക്കുകെട്ടിടംകെട്ടിക്കാൻ സാധിക്കയില്ലെന്നും വന്നാലൊ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അങ്ങിനെ ഒരു സംഗതി ഞാൻ കേട്ടിട്ടില്ല. ജനങ്ങൾ കെട്ടിടമുണ്ടാക്കിക്കൊടുക്കാത്തതുകൊണ്ടു ഡിസ്പെൻസറി അനുവദിക്കാതിരുന്ന ഒരു സ്ഥലവും എന്റെ അറിവിൽ പെട്ടിട്ടില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): വൈദ്യസഹായത്തിനായി ചെയ്തിട്ടുള്ള വ്യവസ്ഥകൾ സാധുക്കൾക്ക ലഭ്യമാകുമെന്ന ഗവൎമ്മെൻറിന്ന തൃപ്തി വന്നിട്ടുണ്ടൊ?

മി: കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): നിശ്ചയമായും അവക്ക ലഭ്യമാകുമെന്ന ഞാൻ വിചാരിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഡിസ്പെൻസറികൾ സമ്പന്നന്മാൎക്കമാത്രമെ ഉതകുന്നുള്ളു എന്നും പണം കൊടുക്കുന്ന രോഗികളേമാത്രമെ ഡാക്ടൎമാർ ചികിത്സിക്കുന്നുള്ളു എന്നും ഇന്ന കാലത്തു മിസ്റ്റർ ഹബീബ് മഹമ്മദ് പറഞ്ഞ ആക്ഷേപങ്ങൾ മിസ്റ്റർ ജാൎജ് കേട്ടില്ലയൊ.

മി: കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): അതു ശരിയല്ല ഡിസ്പെൻസറികൾ പാവപ്പെട്ടവൎക്ക ഉതകുന്ന എന്നുള്ളതു നമ്മിൽ പലൎക്കും നേരിട്ടു അറിവുള്ളതാകുന്നു.

ഗവൎമ്മെൻറ പാവപ്പെട്ട ജനങ്ങളുടെ കാൎയ്യത്തെപ്പററി പൂൎവാധികം താല്പൎയ്യമായി ശ്രദ്ധിക്കുന്നു എന്നുള്ളതിലേക്ക ഇതുതന്നെ ദൃഷ്ടാന്തമാകുന്നു.

ഇനി പൊതുജനാരോഗ്യത്തെപ്പററിനോക്കാം, ഏട്ടു പുതിയ സാനിറററി സ്റ്റേഷനുകൾ അവയ്ക്കു ആവശ്യപ്പെട്ടതും ഇപ്പോഴത്തെ സ്ഥിതികളാൽ അത്യാവശ്യമായിരിക്കുന്നതും ആയ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതായ വേറൊരാണ്ടു ഇതുപോലെ മുമ്പു ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ജലസംഭരണപദ്ധതിയും വൈദ്യുതദീപപദ്ധതിയും ആയി താരതമ്യപ്പെടുത്തുമ്പോൾ പ്രാഥമികവിദ്യാഭ്യാസത്തിനുള്ള കൂടുതൽ ചിലവിന്റെയും കൂടുതൽ സാനിട്ടറി സ്റ്റേഷനുകളും ഡിസ്പെൻസറികളും സ്ഥാപിക്കുന്ന ചിലവിന്റെയും താരതമ്യം എന്താണെന്നു പറയുമൊ?

മി: കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): ജലസംഭരണം പട്ടണത്തിലെ ആരോഗ്യത്തിനും ശുചീകരണത്തിനും വേണ്ടിയാകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): വൈദ്യുതദീപപദ്ധതിയുടെ കാൎയ്യമൊ

മി: കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): പട്ടണത്തിൽ വൈദ്യുതദീപം ഉണ്ടാകുന്നതു എല്ലാതരം ആളുകൾക്കും ഗുണകരമാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ടെലിഫോൺ നടപ്പാക്കുന്നതൊ

മി: കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): കച്ചവടക്കാൎക്കും ഗവൎമ്മെൻറാഫീസുകൾക്കും ഗുണകരമായിരിക്കും എന്തെന്നാൽ അവക്ക വേഗത്തിൽ ജോലിനടത്താൻ സാധിക്കുന്നതാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു ഏൎപ്പാടുകൾ എല്ലാം പാവപ്പെട്ടവൎക്ക ഗുണകരമാണെന്നാണൊ വിചാരിക്കുന്നതു.

മി: കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): അതെ, ബഡ്ജററ് സമ്പന്നന്റെ ബഡ്ജററാണെന്നാക്ഷേപിക്കപ്പെട്ട എന്ന ഞാൻ പറഞ്ഞുവല്ലൊ. പക്ഷെ ഈയാണ്ടിലെ ബഡ്ജററ് എല്ലാ ആണ്ടുകളേയും അപേക്ഷിച്ചു പാവപ്പെട്ടവന്റെ ബഡ്ജററാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മുന്നാണ്ടുകളുമായി നോക്കുമ്പോൾ ഈയാണ്ടിൽ പാവപ്പെട്ടവരുടെ വകക്ക കൂടുതൽ വ്യവസ്ഥയുണ്ടെന്നാണ ചീഫ്സെക്രട്ടറിയുടെ വാദം എന്നുള്ളതായി ഞാൻ മനസ്സിലാക്കുന്നു.

മി: കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): ഞങ്ങളുടെ കൈവശമുള്ള ധനത്തിന്റെ സ്ഥിതിയനുസരിച്ചു പാവപ്പെട്ട ജനങ്ങൾക്കവേണ്ടി ധാരാളം പണം ചിലവാകുന്നുണ്ട്. ശുചീകരണത്തെപ്പററി പറയുമ്പോൾ കിണറുകൾ കുഴിപ്പിക്കുന്നതിനായി ധാരാളം പണം നീക്കിവച്ചിട്ടുണ്ടെന്നുകൂടി പറയേണ്ടിയിരിക്കുന്നു. സാധുക്കളുടെ വകക്കമാത്രം ൩൦൦൦ രൂപാ നീക്കിവച്ചിട്ടുണ്ട്. നാട്ടുംപുറങ്ങളിൽ കിണറുകൾ കുഴിക്കുന്നതിന നീക്കിവച്ചിരിക്കുന്ന തുക ൫൦൦൦ രൂപയാണ്. ഒരു ഇനത്തിൽ ചിലവാക്കാൻപോകുന്ന ആകെയുള്ള തുക ൧൩,൦൦൦ രൂപയാകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): കക്കാട്ട റോഡിന്റെവകക്ക ഇതിൽ വല്ല വ്യവസ്ഥയും ഉണ്ടൊ?

മി: കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി). ആ സംഗതിയെപ്പററിയുള്ള വാദപ്രതിവാദത്തിന എനിക്ക വിസമ്മതമാണ്. അതിനെപ്പററി വാദപ്രതിവാദം നടത്തുന്നതിന് വേറെ സമയം ഉണ്ട്.

പൊതുമരാമത്തു പണികളെപ്പററി പറയുന്നതായാൽ, ഗതാഗതമാൎഗ്ഗങ്ങളുടെ വിഷയത്തിൽ ഗവൎമ്മെൻറ വൎദ്ധമാനമായ ഒരുനയത്തെ സ്വീകരിച്ചിരിക്കുന്നു എന്നു ചീഫ് എൻജിനിയർ പ്രസ്താവിച്ചുവല്ലൊ. ജനങ്ങളുടെ ആവശ്യങ്ങളെപ്പററി മുന്നാണ്ടുകളെ അപേക്ഷിച്ചു ഈയാണ്ടിൽ പ്രത്യേക താല്പൎയ്യം പ്രദൎശിപ്പിച്ചിട്ടുള്ള അവസ്ഥയിൽ, ഗവൎമ്മെൻറ നിൎദ്ദയമായിരിക്കുന്നു എന്നും മററും പറയുന്നതു അന്യായമാകുന്നു എന്നു പറയാതെ നിവൃത്തിയില്ലാ.

ഗവൎമ്മെൻറ പലേസംഗതികളിലും ജനപ്രതിനിധികളുടെ അഭിപ്രായത്തെ ഗൌനിക്കുന്നില്ലെന്നു എന്റെ സ്നേഹിതൻ മി: രാമൻ മേനോൻ ചെയ്തിട്ടുള്ള ദോഷാരോപണത്തെക്കുറിച്ചു എനിക്ക സ്വല്പം പറയാനുണ്ട്. ഇതിലേക്ക ഉദാഹരണമായി, ചുങ്കങ്ങൾ നിറുത്തുന്നതിനെയും അബ്കാരിക്കടകൾ കുറയ്ക്കുന്നതിനെയും സംബന്ധിച്ചുള്ള നിശ്ചയത്തെ അദ്ദേഹം ചൂണ്ടിപ്പറയുന്നു. ഈ സംഗതിയെപ്പററി അധികമൊന്നും ഞാൻ പറയുന്നില്ലാ. എന്നാൽ അവയെ തീരെ വിസ്മരിക്കയൊ നിരാകരിക്കയൊ ചെയ്തിട്ടില്ലെന്നു ഞാൻ മെമ്പരോടു ഉറപ്പു പറഞ്ഞുകൊള്ളുന്നു. ജനപ്രതിനിധികളുടെ നിവേദനങ്ങളെ ഗവൎമ്മെൻറ ഗൌനിക്കാതിരിക്കുന്നില്ലാ. സഭയിൽ നടന്ന വാദപ്രതിവാദങ്ങളിൽനിന്നു, റേഡുകൾ ഉപയോഗിക്കുന്നവൎക്ക സങ്കടമുളവാൻ പണം ചിലവുചെയ്യുന്നതിൽ സഭക്ക വിരോധം ഇല്ലെന്നു വെളിവാകുന്നുണ്ടു. റോഡുകൾ സംരക്ഷിക്കുന്നതിന ഗവൎമ്മെൻറിന്നു ഒട്ടധികം പണം ചിലവാകുന്നുണ്ട്. ഇതിനുള്ള പണം പ്രധാനമായും പൊതുജനങ്ങളിൽനിന്നും പിരിക്കുന്ന കരത്തിൽനിന്നും എടുക്കുന്നതാണ്, റോഡുകൾ ഉപയോഗപ്പെടുത്തുന്നവർ അതിന്റെ സംരക്ഷണത്തിന

വല്ലതും ചിലവുചെയ്യുന്നതെന്നുള്ളതു ഒരു നവീനതത്വം അല്ലാ. അതുകൊണ്ടാണ് ചുങ്കങ്ങൾ പിരിക്കുന്നതു. ചക്കടാവണ്ടി ഓടിക്കുന്നവനും കരംകൊടുക്കേണ്ടവനാണെന്നും അതു വളരെ സങ്കടകരമാണെന്നും ഉള്ള ഒരു പ്രധാന ആക്ഷേപമേയുള്ളു എന്നാണ് ഞാൻ നോക്കിയേടത്തോളം മനസ്സിലാകുന്നതു. ഈ സംഗതിയെ ഗവൺമെൻറു തീരെ തള്ളിക്കളഞ്ഞിട്ടില്ലെന്നു ഞാൻ സഭയോടു ഉറപ്പു പറഞ്ഞുകൊള്ളുന്നു. മുൻപറഞ്ഞ നിശ്ചയത്തിൻെറ ഉദ്ദേശത്തെ ഫലപ്പെടുത്തുന്നതിനു വേണ്ടമാറ്റങ്ങളും പരമാവധികളും ആലോചിക്കുന്നതിനായി ഗവൺമെൻറു ചീഫ് എൻജിനിയർക്കും പോലീസ് കമ്മീഷണർക്കും എഴുതിഅയച്ചിട്ടുണ്ടു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). കുട്ടനാട്ടിലെ വള്ളങ്ങൾക്കു ചുമത്തിവരുന്ന നികുതിയെപ്പററി എന്തു പറയുന്നു?

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി). ആ സംഗതിയും ഗവൺമെൻറിൻെറ ദൃഷ്ടിയിൽ ഇയ്യിടെയാണ് കൊണ്ടുവരപ്പെട്ടതു. അതിനെപ്പററി ഗാഢമായി ആലോചിക്കാമെന്നു എനിക്കു ഉറപ്പുപറയാം. ഇനി അഞ്ചൽ കാഡുകളുടെയും അഞ്ചൽ സ്റ്റാമ്പുകളുടെയും വിലകുറയ്ക്കണമെന്നുള്ള ഒരു നിശ്ചയം ഉണ്ടു. അതു തീരെ നിരാകരിച്ചിട്ടില്ലാ. അതും ഗവൺമെൻറിൻെറ ഗാഢമായ ആലോചനക്കു വിഷയീഭവിച്ചിട്ടുണ്ടു. അതിനാൽ സഭയിലെ ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ ഗവൺമെൻറു ഗൌനിക്കുന്നില്ലെന്നുള്ളതു അടിസ്ഥാനരഹിതമാകുന്നു. ഈവക സംഗതികൾ ആലോചിച്ചു തീർച്ചയാക്കുന്നതിനു കുറെ സമയം വേണ്ടിവരും. എന്തായാലും ഈ സഭയിലെ മെംബർമാരുടെ നിവേദനങ്ങളെ ഗവൺമെൻറു ഗൌനിക്കുന്നില്ലെന്നുള്ള ഒരു കുററം ഗവൺമെൻറിനെപ്പററി പറയാൻ പാടുള്ളതല്ലാ.

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം). ചന്തക്കരം നിറുത്തലാക്കാനും ഗവൺമെൻറിൻെറ ധനസ്ഥിതി നന്നായിട്ടുണ്ടോ?

ഗവൺമെൻറിൻെറ ധനസ്ഥിതി നല്ലതുതന്നെ. ചന്തക്കരം നിറുത്തുന്നതിനു ഗവൺമെൻറിൻെറ ധനസ്ഥിതിയെപ്പററി ആലോചിക്കാനില്ലാ.

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം). എന്തുകൊണ്ടു ചന്തക്കരം നിറുത്തിയില്ല,

മി: കെ. ജാർജ് (ഗവൺമെൻറു ചീഫ് സിക്രട്ടറി). അതിനെപ്പററി ആലോചിക്കണ്ടേ?

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം). ചന്തക്കരം സാധുക്കളിൽനിന്നും ഈടാക്കുന്നതാണെന്നറിയാമോ?

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി). ചന്തയിൽ പോകുന്ന സാധുക്കളും ധനവാന്മാരും എല്ലാവരും കരം കൊടുക്കണം.

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം). കാലത്തു നടത്തുന്ന ചന്തകളും അന്തിച്ചന്തകളെപ്പോലെ ആണെന്നു ഗവൺമെൻറിനു അറിയാമോ?

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി). അറിഞ്ഞുകൂടാ. ഇനി എനിക്കു പറയാനുള്ളതു, പ്രത്യുൽപാദകവേലകൾ, പണം കടംവാങ്ങിമാത്രമേ നടത്താൻ പാടുള്ളു എന്നു ഒരു രണ്ടു മെംബർമാർ പറഞ്ഞതു ശരിയല്ലെന്നുള്ളതിനെപ്പററിയാണ്. ആ അഭിപ്രായം പ്രമാണരൂപമായി പറയാവുന്നതാണോ എന്നു ഞാൻ സംശയിക്കുന്നു. അവരുടെ വാദം താഴെപ്പറയുന്നതാണ്. ഇനി വരാൻപോകുന്ന തലമുറക്കാർക്കും ഭാവിയിലുണ്ടാകുന്ന തലമുറക്കാർക്കും ലഭ്യമാകുന്ന ഒരു ഗുണത്തിനായി ഇപ്പോഴുള്ളവർ എന്തിനാണു പണം ചിലവാക്കുന്നതു? ഈ വാദത്തിൽ ഒരു സുപ്രസിദ്ധമായ ഹേത്വാഭാസം ഉണ്ടെന്നാണ് എനിക്കു തോന്നുന്നതു. കടംവാങ്ങുന്നതു ഒരു സ്ഥിരമായ അടിസ്ഥാനത്തിന്മേൽ, അതായതു, ഒരു സ്ഥിരവായ്പയായോ അല്ലെങ്കിൽ അറുപതോ എഴുപതോ സംവത്സരത്തേക്കുള്ള ഒരു ദീർഘകാലവായ്പയായോ ഇരുന്നില്ലെങ്കിൽ ആ കടം വീട്ടേണ്ടവർ ഇപ്പോഴത്തെ തലമുറക്കാർ തന്നെ. എന്തെന്നാൽ പലിശകൊടുക്കേണ്ടതും ഋണമോചന ധനശേഖരത്തിനു പണം കൊടുക്കേണ്ടതും അവരാണല്ലോ. കടം രണ്ടോ മൂന്നോ തലമുറയോളം നിലനില്ക്കത്തക്കതായിരുന്നാൽ കടം വീട്ടേണ്ടിവരുന്നതും ഇപ്പോഴത്തെ തലമുറക്കാർ ആകുന്നു. കൂടാതെയും, ഇപ്പോൾ നമ്മുടെ സ്വന്തകാര്യത്തിനായി നാം ചിലവാക്കുന്ന ധനം നമ്മുടെതാണോ? അതു നമുക്കു മുൻപുള്ള തലമുറക്കാർ ഉരുക്കൂട്ടിവച്ചിട്ടുള്ള ധനമാണെന്നാണ് ഞാൻ വിചാരിക്കുന്നതു. അതിനാൽ ഞാൻ പറയുന്നതു ഈ വാദത്തിൽ ഒരു വിരോധാഭാസം അടങ്ങിയിരിക്കുന്നു എന്നാണ്.

മി: എസ്സ് പിറവിപ്പെരുമാൾപിള്ള (വ്യവസായവും വാണിജ്യവും ദക്ഷിണം): ഈ ധനം എപ്പോൾമുതൽക്കു ഉരുക്കൂട്ടിതുടങ്ങി എന്നു ചീഫ്സിക്രിട്ടറിക്കു അറിയാമോ?

മി: കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അതു പല തലമുറമുതൽ തുടങ്ങിയതാണ്. അതിൻെറ പുറമെ നമുക്കു ധാരാളം നിക്ഷിപ്തമായ ഉണ്ടായിരിക്കയും നാം അതിനെ പുറരാജ്യത്തു അതായതു ബ്രിട്ടീഷ് ഇൻഡ്യയിൽ പലിശക്കു ഇടുകയും അവർ അതിനെ ഉപയോഗിച്ചു റയിൽവെയും ജലസേചനവും പണികൾ നടത്തുകയും ചെയ്യുമ്പോൾ, നമ്മുടെ സ്വന്ത ആവശ്യങ്ങൾക്കു നാം അന്യായപലിശക്കു കടംവാങ്ങി ചിലവു ചെയ്യണമെന്നു പറയുന്നതു സമ്പത്തികവിഷയമായി ക്ഷേമകരമായ അഭിപ്രായമാണെന്നു എനിക്കു തോന്നുന്നില്ലാ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വാണിജ്യവും ദക്ഷിണം): ബ്രിട്ടീഷ് ഇൻഡ്യയിലെ ഉറപ്പുപത്രത്തിന്മേൽ കൊടുത്തിരിക്കുന്ന പണങ്ങൾ ഈതേവകക്കായി ഇവിടത്തെ നഗരസഭകൾക്കു കടംകൊടുക്കാൻപാടില്ലയോ എന്നു ചീഫ്സിക്രട്ടറി സമയം പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അതുവേറൊരുസംഗതിയാണ്. നമ്മുടെകൈവശം പണമുള്ളപ്പോൾ പ്രത്യുൽപാദകവേലകൾക്കു നാം പണം കടംവാങ്ങണമെന്നു പറയുന്നസംഗതിയെപ്പററിയാണ് ഇപ്പോൾ ഞാൻ പറയുന്നതു. അതിൻെറ അർത്ഥം നമുക്കുതന്നെ കൈവശം പണം ഉള്ളതിനെ ബാങ്കുകൾക്കൊ സാമ്രാജ്യഗവൺമെൻറിനൊ ചുരുങ്ങിയപലിശക്കു കൊടുത്തുംവച്ചു നാം കൂടുതൽപലിശനിരക്കിനു പണം കടംവാങ്ങിക്കണം എന്നുള്ളതാണല്ലോ.

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): ആരുടെ അപേക്ഷപ്രകാരം ആണ് ഇങ്ങനെ പണം മുടക്കിയതു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു ക്രമമായ നടപടിയാണോ എന്നു ഞാൻ സംശയിക്കുന്നു. മെംബർ അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ ഇല്ലാ.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): പ്രസ്തുത പദ്ധതിവകകൾക്കു പണം കടംവാങ്ങണമെന്നുള്ളതിന്റെ സ്ഥിതി ഇതാകുന്നു. എന്നാൽ ഒരു ഭാഗത്തിൽ ഞാൻ, ഈ അഭിപ്രായത്തിൽ യോജിക്കുന്നുണ്ട്, അതായതു നമ്മുടെ ഗതാഗതധനങ്ങൾ എല്ലാം വിപുലങ്ങളായ പദ്ധതികളിൽ ചിലവഴിച്ചുകൂടാ എന്നുള്ളതാണ്. എന്തെന്നാൽ അപ്രകാരം വിപുലങ്ങളായ പദ്ധതികളിൽ നമ്മുടെ പണം മുഴുവൻ ഇട്ടുപോയാൽ നമ്മുടെ ക്രമമായ അഭിവൃദ്ധിക്കു ചിലവാക്കാൻ പണം ഇല്ലെന്നുവരും.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ജലസംഭരണപദ്ധതിയും വെള്ളംതീർപ്പു പദ്ധതിയും സംബന്ധിച്ചു ഉണ്ടാകുന്ന ചിലവിന്റെ പലിശ തരാമെന്നു തിരുവനന്തപുരം മുനിസിപ്പാലിറ്റി ഉറപ്പുതന്നിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇതുവരേ ഇല്ലാ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുൻസിപ്പാലിറ്റിയോടു അതിനെപ്പററി ആലോചിക്കയുണ്ടായോ?

മി: കെ. ജാർജ്ജു (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ജലസംഭരണപദ്ധതിയെപ്പററി കുറച്ചു മുമ്പേ ആലോചിച്ചു എന്നാണ് തോന്നുന്നതു.

മി: കെ. കെ. താമസ് (കോട്ടയം): കോതയാർപദ്ധതിക്കു ഗവണ്മെന്റ് ധനങ്ങൾ ഉപയോഗിച്ചിട്ടില്ലേ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഉണ്ട്. ഗവണ്മെന്റ്വക നീക്കിയിരിപ്പുമുതലുകൾ ഉപയോഗിച്ചു.

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): വെളിയിൽ പണംമുടക്ക് ധാരാളം ഉള്ളപ്പോൾ കൊല്ലം-തിരുവനന്തപുരം റയിൽവേക്കു കടം വാങ്ങിച്ചതിന്റെ കാരണം എന്തു?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു വളരെ സംവത്സരം മുമ്പാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൊല്ലം-ചെങ്കോട്ട റയിൽവേയുടെ വിഷയത്തിൽ ഗവണ്മെന്റ എന്താണ് ചെയ്തതു?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിലേക്കു ഞങ്ങൾ കടംവാങ്ങിച്ചില്ല. അതു വളരെക്കാലം മുമ്പുള്ള കാര്യമാണ്.

എനിക്കു ഇനി ഒരു സംഗതികൂടി പറയാനുണ്ട്. അതു ഒരു ചില്ലറകാര്യമാണ്. മെഡിക്കൽകൺട്രാക്ടിന്റെവകക്കു ഗവണ്മെന്റിൽനിന്നും ടെൻഡർ വിളിച്ചതിനെപ്പററി മിസ്റ്റർ സി. പി. തരകൻ ഗവണ്മെന്റിനെ അഭിനന്ദിച്ചു.

മി: സി. പി. താമസ് (നിയമിക്കപ്പെട്ട മെംബർ): ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന രണ്ടു പദ്ധതികൾ സംബന്ധിച്ചു ചിലവുകളുടെയും ഒരംശമെങ്കിലും തിരുവനന്തപുരം നഗരസഭയിൽനിന്നും കൊടുക്കണമെന്നു ഗവണ്മെന്റ് ആവശ്യപ്പെടാത്തതു എന്താണെന്നു ചീഫ്സെക്രട്ടറി പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): തിരുവനന്തപുരം നഗരസഭയ്ക്കു ഒരു ചിലവുകൾ ഒട്ടും വഹിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതിന്റെ നീക്കിയിരിപ്പു ധനം തുലോം സ്വല്പമാണ്.

മി: എം. ശിവതാണുപിള്ള (തോവാള): തിരുവനന്തപുരം മുനിസിപ്പാലിറ്റിക്കുവേണ്ടി ജലസംഭരണപദ്ധതി ഗവണ്മെന്റ ഏറ്റെടുക്കു നാഗർകോവിൽ മുനിസിപ്പാലിറ്റിയിലേക്കുവേണ്ടിയും ആ ജോലി ഗവണ്മെന്റ കയ്യേൽക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സിക്രട്ടറി): നാഗർകോവിൽ മുൻസിപ്പാലിറ്റിക്കാർ ആ ജോലി തന്നത്താൻ ഏറെറടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം.

മി: എം. ശിവതാണുപിള്ള (തോവാള): തിരുവനന്തപുരം മുൻസിപ്പാലിററിക്കാരോടു വേല കയ്യേൽക്കാമോ എന്നു ചോദിച്ചിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): തിരുവനന്തപുരം മുൻസിപ്പാലിററിയുടെ സ്ഥിതി വ്യത്യസ്തമായതാണെന്നാണ് എന്റെ അഭിപ്രായം.

മി: എം. ശിവതാണുപിള്ള (തോവാള): തിരുവനന്തപുരം മുൻസിപ്പാലിററിയോടു ഒരു ജോലി കയ്യേൽക്കാൻ തയ്യാറുണ്ടോ എന്നു ചോദിച്ചിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ജോലി കയ്യേൽക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അവർക്കുവേണ്ടി ആ ജോലി ഗവണ്മെന്റ് ചെയ്യണമോ എന്നു ചോദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ലാ.

മി: എം. ശിവതാണുപിള്ള (തോവാള): തിരുവനന്തപുരം മുൻസിപ്പാലിററിയോടു ഒരു ജോലി കയ്യേൽക്കുമോ എന്നു ഗവണ്മെന്റ ചോദിച്ചിട്ടുണ്ടോ എന്നാണ് എനിക്കറിയേണ്ടതു.

മി: കെ. ജാർജ്ജ (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അതിനെപ്പററിയുള്ള എഴുത്തുകുത്തുകൾ ഇപ്പോൾ എന്റെ കൈവശം ഇല്ലാ. നേരേമറിച്ചാണെന്നാണ് എന്റെ ബോദ്ധ്യം.

മി: സി. പി. താമസ് (നിയമിക്കപ്പെട്ട മെംബർ): ഈ ജോലിസംബന്ധിച്ചു വല്ല ചിലവും മുൻസിപ്പാലിററിക്കാർ ചെയ്യണമെന്നു ഗവണ്മെന്റ് ചോദിക്കാൻ ഉദ്ദേശിക്കുന്നില്ലയോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): സംഗതി മുഴുവനും അവസാനമായി ആലോചിച്ചു തീർച്ചയാക്കിയിട്ടില്ലാ.

മി: എം. ശിവതാണുപിള്ള (തോവാള): നാഗർകോവിൽ മുൻസിപ്പാലിററി ജോലി സ്വയം ചെയ്യാമെന്നു ഏററിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഉണ്ടെന്നാണ് എന്റെ ഓർമ്മ.

മി: എ. ജെ. ജോൺ (വൈക്കം): ആലപ്പുഴയിലെ വെള്ളം തിരുവനന്തപുരം വെള്ളത്തെക്കാൾ നല്ലതാണോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സിക്രട്ടറി): എനിക്കു പറവാൻ നിവൃത്തിയില്ല. ആലപ്പുഴയിലും തിരുവനന്തപുരത്തും പാർത്തിട്ടുള്ള മെംബർമാർക്കു ഈ സംഗതിയിൽ കൂടുതൽ അറിവിനു മാർഗ്ഗമുണ്ട്.

മി: എ. ജെ. ജാൺ (വൈക്കം): ആലപ്പുഴയിലെ ജലസംഭരണത്തെപ്പററി എന്തുപറയുന്നു?

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സിക്രട്ടറി): നമുക്കു ഒരുസമയത്തു ഒരു കാര്യംമാത്രം ചെയ്യാൻ തുടങ്ങാം.

മി: എ. ജെ. ജാൺ (വൈക്കം): ആലപ്പുഴയിലെ വെള്ളം തിരുവനന്തപുരത്തേക്കാൾ ചീത്ത അല്ലയോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): ആലപ്പുഴയിൽ ജലസംഭരണ പദ്ധതി തുടങ്ങുന്നതിനു സൌകര്യങ്ങൾ ഉണ്ടെന്നു തോന്നുന്നില്ല. തിരുവനന്തപുരം അതിൽ എത്രയോ വലിയ നഗരവും രാജധാനിയും കൂടിയാണല്ലോ.

മി: എ. ജെ. ജാൺ (വൈക്കം): ആലപ്പുഴവച്ചു ഒരു ഡെപ്യൂട്ടേഷൻ മുഖേന ഈ സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ലയോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): എനിക്കു പറയാൻ നിവൃത്തിയില്ല.

മി: എ. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, ദക്ഷിണ): നികുതി ആരുവാങ്ങും ഗവൺമെൻറാ മുനിസിപ്പാലിററിയോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): അതു തീർച്ചപ്പെടുത്തേണ്ടതാകുന്നു. മരുന്നു ശേഖരിച്ചിരുന്നതിനു ടെൻഡർ വിളിച്ചതിനെപ്പററി മി: തമ്പാൻ ഗവൺമെൻറിനെ അറിയിക്കുകയും സ്റ്റേഷനറി സാമാനങ്ങളുടെ വകക്കും അപ്രകാരം ചെയ്യണമെന്നു ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി എന്നു ഞാൻ പറയാൻ ഭാവിക്കയായിരുന്നു. സ്റ്റേഷനറിയുടെ വകക്കും ടെൻഡർ വിളിച്ചിട്ടുണ്ടെന്നും ഇംഗ്ലണ്ടിലും ഇൻഡ്യയിലും ടെൻഡർകൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഞാൻ സമേമ്പിൽ പറഞ്ഞുകൊള്ളട്ടെ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): തിരുവനന്തപുരത്തു സുലഭമായുള്ള ചില സാധനങ്ങൾക്കുകൂടി ഗവൺമെൻറ് ആർഡർ കൊടുത്തിട്ടില്ലേ? അതായതു, തിരുവനന്തപുരത്തു എളുപ്പത്തിൽ ലഭിക്കുന്ന ചില സാധനങ്ങൾക്കു വെളിയിലുള്ള ഏജൻസികൾക്കു ആർഡർ കൊടുത്തിട്ടില്ലേ?

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): സ്റ്റേഷനറി സപ്ലൈസംബന്ധിച്ചു വെളിയിൽ ഏജൻസികൾക്കു ഇതുവരെ ആർഡർ കൊടുത്തിട്ടില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ സ്റ്റേഷനറി സാമാനങ്ങളെപ്പററിയല്ല പറയുന്നതു. മരുന്നുസാമാനങ്ങളെപ്പററിയാണ് പറയുന്നത്. ചുക്കു മുതലായി തിരുവനന്തപുരത്തു എളുപ്പത്തിൽ കിട്ടുന്ന സാധനങ്ങൾക്കുകൂടി ഗവൺമെൻറ് ആർഡർ കൊടുത്തിട്ടില്ലയോ എന്നാണ് എനിക്കു അറിയേണ്ടതു്.

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഉണ്ട്. സ്ഥലത്തു കിട്ടുന്നതിനെക്കാൾ കുറഞ്ഞ വിലക്കു ടിംക്ചറുകൾ പുറമേനിന്നും കിട്ടുമെന്നുള്ളതാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ടിംക്ചറിനെപ്പററിയല്ലാ പറഞ്ഞതു. ഞാൻ പറഞ്ഞതു ജിംജർ (ഇഞ്ചി) എന്നാണ്.

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): മെമ്പർ പറഞ്ഞതു ഇഞ്ചിയെന്നാണോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതെ.

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഇഞ്ചിക്കു ആർഡർ കൊടുത്തിട്ടില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇഞ്ചികൂടി ഒരു മെഡിസിൻ പേരുകൊടുത്തു ലിസ്റ്റിൽ കൊള്ളിച്ചിട്ടുണ്ട്. ആക്കാപ്പ്ലൂറാ എന്ന പേരു കൊടുത്തു പച്ചവെള്ളംകൂടി ലിസ്റ്റിൽ കൊള്ളിക്കുമെന്നാണ്.

അദ്ധ്യക്ഷൻ: മി: എ. കെ. പിള്ള! നിങ്ങൾ പറഞ്ഞതു എനിക്കു മനസ്സിലാകുന്നില്ല. നിങ്ങൾ ഇഞ്ചിയെപ്പററിയോ അതല്ലാ ഇഞ്ചിസത്തിനെപ്പററിയോ ഏതിനെ ഉദ്ദേശിച്ചാണ് പറയുന്നത്. നിങ്ങൾ പറയുന്നതിനെ വ്യക്തമാക്കിയാൽകൊള്ളാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആലത്തിൻ പേരിൻെറ അർത്ഥം എന്താണെന്നു ഞാൻ ഡിക്ഷ്ണറി നോക്കിയതിൽ അതിൻെറ അർത്ഥം സാധാരണ ഇഞ്ചിയാണെന്നു കണ്ടതുകൂടാതെ അതിനെക്കൂടി ലിസ്റ്റിൽ കൊള്ളിച്ചിട്ടുണ്ടെന്നും കാണുകയുണ്ടായി.

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഞങ്ങൾ പച്ച ഇഞ്ചി ആർഡർ ചെയ്തിട്ടില്ല. ഞങ്ങൾ ആർഡർ ചെയ്തതു ഇഞ്ചിസത്താണ്. മെഡിക്കൽ ഡിപ്പാർട്ടുമെൻറുകാർ പച്ച ഇഞ്ചി ഉപയോഗിക്കുമെന്നു തോന്നുന്നില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): നാട്ടുപുറങ്ങളിൽ പ്രാഥമികമായി നടത്തേണ്ടതും അത്യാവശ്യമായതും ആയ ജോലികളെ തന്നെയും പണം ഇല്ലെന്നുള്ള കാരണം പറഞ്ഞു ഗവൺമെൻറു മാററിവച്ചു വരുന്നില്ലയോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അപ്രകാരം ചെയ്തുവരുന്നതായി എനിക്കു തോന്നുന്നില്ല. നേരെമറിച്ചു നാട്ടുംപുറങ്ങളെ നന്നാക്കുന്നതിനുവേണ്ടി ഗവൺമെൻറു, നിവൃത്തിയുള്ളിടത്തോളം പണം അനുവദിക്കുന്നതിനു തൽപ്പരമായിരിക്കുന്നുണ്ട്.

മി: കെ. എൻ. രാമനുണ്ണിയുർ (ഗവൺമെൻറു ധനകാര്യദർശി): ബഡ്ജററിനെപ്പററിയുള്ള ഏററവും അവധാനപൂർവ്വമായ ആക്ഷേപം എൻെറ സ്നേഹിതൻ മി: മാധവൻപിള്ളയിൽ നിന്നുമാണ് വന്നിട്ടുള്ളതു. അദ്ദേഹത്തിൻെറ പ്രസംഗം വളരെ ആലോചനാപൂർവ്വമായതും ആലോചനക്കു ഇടയാകുന്നതും ആകുന്നു. അദ്ദേഹം എന്നോടു പല ചോദ്യങ്ങളും ചോദിച്ചു "നിങ്ങൾ എന്തു അടിസ്ഥാന തത്വത്തിന്മേലാണ് ബഡ്ജററ് രൂപീകരിച്ചത്? നിങ്ങൾക്കു തിരുവിതാംകൂർ ജനങ്ങളെ അറിയാമോ? ഈ ബഡ്ജററുമൂലം ഉണ്ടാകാവുന്ന നികുതിഭാരം വഹിക്കുന്നതിനു അവർക്കു സാദ്ധ്യമാകുമെന്നു നിങ്ങൾക്കു അറിയാമോ? എന്നിങ്ങനെ പലെ ചോദ്യങ്ങളും അദ്ദേഹം ചോദിച്ചു ഈ പ്രത്യേക സംഗതിയെസംബന്ധിച്ചു തിരുവിതാംകൂർ ജനങ്ങളെപ്പററി എനിക്കു വേണ്ട

പരിചയം ഉണ്ടോ എന്നുള്ള ചോദ്യത്തിനു മറുപടി കൊടുക്കാൻവേണ്ടി ഞാൻ ഇന്നലെ രാത്രിമുഴുവനും ആലോചിച്ചു. ഞാൻ തിരുവിതാംകൂറിൽ ജനിച്ചുവളൎന്നവനാണ്—

അദ്ധ്യക്ഷൻ: അദ്ദേഹം നിങ്ങളെമാത്രം പ്രത്യേകം ചൂണ്ടിപ്പറഞ്ഞതല്ലാ. രാജ്യരക്ഷണത്തെയും ഉദ്യോഗസ്ഥന്മാരെ ആകമാനവും ചൂണ്ടിപറഞ്ഞതാണ്.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് ധനകാര്യദൎശി): ഞാൻ ആ കാര്യത്തെപ്പററി കൂടുതലായി ഒന്നും പറയുന്നില്ല. ബഡ്ജററിനെസംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു അതിലെ വരവിനത്തിൽ യാതൊരു നൂതനനികുതിയും ചുമത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ലെന്നും സംസ്ഥാനത്തിൽ നടപ്പിൽ ഇരിക്കുന്ന നിയമങ്ങൾപ്രകാരം ഗവൺമെന്റിനു സിദ്ധമാകാവുന്ന ആദായങ്ങളെ അടിസ്ഥാനമാക്കിയാണു ബഡ്ജററ് രൂപീകരിച്ചിരിക്കുന്നതു എന്നും ആകുന്നു. ചിലവു ഇനത്തെപ്പററി പറയുമ്പോൾ അതിന്റെ സകല വിവരങ്ങളും പ്രസംഗത്തിലും ബഡ്ജററിലും എടുത്തുപറഞ്ഞിട്ടുള്ളതുകൂടാതെ അതിനെസംബന്ധിച്ചുണ്ടായ കൂടുതൽ പ്രസംഗങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു ഗവൺമെന്റിന്റെ കൈവശമുള്ള പണങ്ങളെ നിവൃത്തിയുള്ളെടത്തോളം, നാനാഡിപ്പാർട്ടുമെന്റിന്റേയും ആവശ്യങ്ങൾക്കായും വിശിഷ്യ ജനങ്ങളെ സാരമായി സ്പൎശിക്കുന്ന വിദ്യാഭ്യാസം പൊതുമരാമത്തു എന്നീ വകുപ്പുകൾക്കായും വിനിയോഗിച്ചിട്ടുണ്ടെന്നു വ്യക്തമാകുന്നതാണ്. ഈ പണത്തുകകളുടെ വിവരങ്ങളും സഭമുമ്പിൽ ഉണ്ടല്ലോ. കൂടാതെയും വിദ്യാഭ്യാസത്തിന്റെ വിവിധശാഖകളിലും പൊതുമരാമത്തു വകുപ്പിലും ഉള്ള ചിലവു വിവരങ്ങളെ സംബന്ധിച്ചു വ്യക്തമായ സമാധാനങ്ങളും പറഞ്ഞിട്ടുണ്ടല്ലോ.

എന്നാൽ ഒരു സംഗതിയെ സംബന്ധിച്ചു എന്റെ സ്നേഹിതന്റെ അനുമതിയോടുകൂടി ഒരു ചെറിയ നിരൂപണം എനിക്കു ചെയ്യാനുണ്ട്. അതായതു ഇന്നലെ അദ്ദേഹം പറഞ്ഞിട്ടുള്ള കണക്കുകളെ സംബന്ധിച്ചാകുന്നു. നികുതിഭാരത്തെപ്പററി സംസാരിച്ചപ്പോൾ മി: മാധവൻപിള്ള, ബ്രിട്ടീഷ് ഇൻഡ്യയിലെ നികുതിഭാരത്തെപ്പററി സമഷ്ടിയായും അവിടത്തേതിനെക്കാൾ തിരുവിതാംകൂറിൽ ആളൊന്നിനുള്ള നികുതിഭാരം കൂടുതലാണെന്നു പറകയുണ്ടായി. ഇതു വാസ്തവമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ കണക്കുകളെ ഞാൻ തന്നെ പരിശോധിച്ചുനോക്കി. ബ്രിട്ടീഷ് ഇൻഡ്യായിൽ ആളൊന്നിനു ൩ രൂപാ ൯ അണ ൯ പൈസാ വീതമാണെന്നു മി: മാധവൻ പറഞ്ഞതു ശരിതന്നെ. എന്നാൽ തിരുവിതാംകൂറിൽ ആളൊന്നിനുള്ള നികുതിഭാരം അഞ്ചു രൂപായിൽ കുറഞ്ഞിരിക്കുന്നതേയുള്ളു. അതായതു ൨ രൂപാ ൯ അണയാണ്. പ്രാദേശികനികുതികളുടെ ഭാരംകൂടി രണ്ടു വശത്തും ചേൎക്കുന്നതായാൽ (അതു ബ്രിട്ടീഷ് ഇൻഡ്യയിൽ കൂടുതലാണു) ആളൊന്നിനുള്ള നികുതിഭാരം ബ്രിട്ടീഷ് ഇൻഡ്യയിൽ ൪ അണവീതം കൂടുതലാണ്. എന്നാൽ തിരുവിതാംകൂറിൽ അതിന്റെ കൂടുതൽ ·൦൧ രൂപായെ ആകുന്നുള്ളു.

അടുത്തതായി എനിക്കു പറയാനുള്ളതു നാം വിലക്കു വാങ്ങിച്ചതും കണക്കുകളിൽ ലാഭരൂപത്തിൽ കൊള്ളിച്ചിരിക്കുന്നതും ആയ ൧൯൩൦·൧൦. ആണ്ടുകളിലേക്കുള്ള അരപ്പതുലക്ഷം രൂപായുടെ കടപ്പത്രം വകയിലുള്ള ലാഭത്തെപ്പററിയാണ്. ഒന്നാമതായി ഈ മുതൽ കൂടുതൽ അപ്രകാരമായി കണക്കുകളിൽ കൊള്ളിക്കുക മാത്രമെ ചെയ്തിട്ടുള്ളു എന്നു എന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. ഇതിനെപ്പററി പ്രത്യേകം പറയുന്നതിനു എനിക്ക് ഒരു കാരണം ഉണ്ട്. എന്തെന്നാൽ കണക്കുകളിൽ ഒരു ചെപ്പടിവിദ്യകാണിച്ചിരിക്കുന്നു, എന്നു ഒരു മെമ്പർ എങ്കിലും പറയുകയുണ്ടായല്ലോ. അങ്ങിനെ ഒരു അനുമാനം സഭക്കുണ്ടാകാതെ ഇരിപ്പാൻ വേണ്ടി ഞാൻ ബദ്ധശ്രദ്ധനായിരുന്നു. കടപ്പത്രങ്ങൾ നൂററിനു ൪൯ രൂപാ, ൨ ണ. ൧ പൈ. വീതമുള്ള വില കൊണ്ടു നാം വാങ്ങിച്ചതു എന്നുള്ളതു സംശയമില്ല. ഈ കടപ്പത്രങ്ങളിലെ തുക ഈടാകുന്ന കാലത്തു അതിനുള്ള പ്രത്യക്ഷവിലയും നാം കൊടുത്ത വിലയും തമ്മിലുള്ള വ്യത്യാസം, സംസ്ഥാനത്തു വളരെക്കാലമായി നടന്നു വരുന്ന പതിവനുസരിച്ചു, മുതൽ കൂടുതലായി കണക്കിൽ കൊള്ളിച്ചിട്ടുള്ളതാണ്. ഈ കടപ്പത്രങ്ങളെ വില്ക്കയാണെങ്കിൽ അതു ഏതുവിധം ഇരിക്കുമെന്നു മി: ലാമ്പാർഡ് ഇന്നലെ ഒരു ചോദ്യം ചോദിക്കയുണ്ടായി. പിടിക്കംവിലയിലൊ നിരക്കുവിലയിലൊ കൂടുതലായി വില കൊടുത്തു വാങ്ങിച്ച കടപ്പത്രങ്ങളെ ഗുണദോഷങ്ങളുടെ വകക്കുള്ള ഒരു സ്റ്റേറ്റുമെന്റിൽ നമുക്കു ഏതു വിധം കാണിക്കാൻ കഴിയും? മി: ലാമ്പാർഡു പറഞ്ഞതിലും അദ്ദേഹം സൂചിപ്പിച്ചതിലും ഒട്ടധികം കാര്യം അടങ്ങിയിട്ടുണ്ട്. എന്നാൽ രാജ്യത്തിലെ ചിലവു മിച്ചക്കണക്കു ഒരു കമ്പനിയിലെ ചിലവുമിച്ചക്കണക്കിൽനിന്നും വ്യത്യാസമാണ്. വാസ്തവം പറകയാണെങ്കിൽ സാരമായ വ്യത്യാസം ഉണ്ടു. ഒരു രാജ്യത്തിലെ നീക്കിഇരുപ്പു കണക്കിൽ എല്ലാ മുതലുകളും എടുത്തു ചൂണ്ടിക്കാണിച്ചിരിക്കയില്ല. തിരുവനന്തപുരം-കൊല്ലം തീവണ്ടിപ്പാതവകക്കുള്ള ചെലവിനെ എവിടെയാണു പറഞ്ഞിരിക്കുന്നതു്. നീക്കി ഇരിപ്പു കണക്കിൽ നിങ്ങൾ അതു കാണുകയില്ല. നമ്മുടെ സ്വന്തധനാഗമമാൎഗ്ഗങ്ങളിൽനിന്നും ഈ ചിലവു ചെയ്യുന്നതിനാണു നാം നിശ്ചയിച്ചതു്. എന്നാൽ അവ കണക്കിൽ കാണുകയില്ല. അതുപോലെതന്നെ കോതയാർ ജലസേചനപദ്ധതിക്കുവേണ്ടി ചിലവാക്കിയ പണം മുഴുവനും ഈ കണക്കിൽ കാണുകയില്ല.

ഈ സംഗതികൾ കുറെക്കൂടി വിസ്തരിച്ചു പറഞ്ഞു സഭയെ മുഷിപ്പിക്കണമെന്നു എനിക്കു ആഗ്രഹം ഇല്ലെങ്കിലും നമ്മുടെ ഋണമോചനധനം വകക്കു വേറൊരുതരം ഉറപ്പുപത്രങ്ങൾ കൂടി ഉണ്ടെന്നു കാണിക്കണമെന്നു മാത്രമെ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഈ ഉറപ്പുപത്രങ്ങൾക്കു കൊടുത്തിട്ടുള്ള വിലയിൽ ഒരിക്കലും കുറവു വരികയില്ല. സ്വല്പമെങ്കിലും കൂടുതൽ വില കിട്ടുകയേ ഉള്ളു. കൊല്ലം ചെങ്കോട്ട റെയിൽവെ ലയിൻ സംബന്ധിച്ചുണ്ടായിട്ടുള്ള കടം വീട്ടിത്തീൎക്കേണ്ടതിലേക്കു, ഈ ഉറപ്പുപത്രങ്ങൾ ഉപയോഗപ്പെടുത്തേണ്ട കാലം വരുമ്പോൾ നാം ഇപ്പോൾ വിലക്കു വാങ്ങിച്ചിട്ടുള്ള ഈ പത്രങ്ങൾ ധാരാളം വില കൂടുതലുള്ളതായിത്തീരുമെന്നും ഇപ്പോഴുള്ള വ്യത്യാസം അന്നു യാതൊരു മനോവേദനക്കും ഇടയാക്കയില്ലാ എന്നും നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. ഇപ്പോഴത്തെ നടപ്പിനെ നീതീകരിക്കാൻ വേണ്ടി ഞാൻ ഇതെല്ലാം പറയുന്നതല്ല. ഈ വിവരങ്ങൾ സഭയുടെ അറിവിനായി മാത്രം സമൎപ്പിച്ചുകൊള്ളുന്നു.

ജലസംഭരണം മുതലായ വേലകൾ വാണിജ്യപരമായതോ പ്രത്യുൽപ്പാദകരമായതോ ആണെന്നു എങ്ങിനെ പറയാമെന്നു മെംബർമാർ ചോദിക്കയുണ്ടായല്ലോ. സാമാന്യനികുതിദായകനു വല്ല ആദായവും പകരം സിദ്ധിക്കത്തക്കവിധത്തിൽ ഞാൻ എന്തെല്ലാം ഉറപ്പുകൾ ചെയ്തിട്ടുണ്ടെന്നു മെംബർമാർ ചോദിക്കുന്നുണ്ട്. ഈ ചിലവിന്റെ സ്ഥിതിതന്നെ ചില പ്രത്യേക കാര്യങ്ങൾക്കായി പൊതു മുതലിൽനിന്നു പണം മുമ്പേ അഡ്വാൻസു ചെയ്യുന്ന സമ്പ്രദായത്തിലുള്ളതാണ്. ഋണമോചനമുതലിന്റെയും പലിശയുടെയും വകക്കു പര്യാപ്തമായ നിബന്ധനകൾ ചെയ്യുന്നതു കൂടാതെ അനുരൂപമായ നികുതികൾ പിരിച്ചോ മററു വിധമായോ കടം തീർക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യുന്ന സ്ഥിതിക്കു ഈ വക പണം തിരിയെ ഈടാകുമെന്നുള്ളതു സംശയമില്ലാത്തതും, ആ വിവരം മെംബർമാർ ധരിച്ചിരുന്നു എങ്കിൽ, ചിലർ പുറപ്പെടുവിച്ച ആക്ഷേപങ്ങൾതന്നെ ഉണ്ടാകയില്ലായിരുന്നു എന്നുള്ളതു നിശ്ചയവും ആകുന്നു. ബഡ്ജററിൽ ഈ വക ചിലവുകൾ മൊത്തസംഖ്യയായി കാണിച്ചിട്ടേ ഉള്ളു. അതിലേക്കു ആവശ്യമുള്ള പ്ലാനുകളും എസ്റ്റിമേററുകളും തയ്യാറാക്കുന്നതിനുള്ള സമയവും ഇപ്പോൾമാത്രമെ വന്നിട്ടുള്ളു. പ്രസ്തുത ജോലികൾ തുടങ്ങുമ്പോൾ തിരുവനന്തപുരം പട്ടണത്തിന്റെ പ്രത്യേക ഗുണത്തിനായി പൊതു മുതലിൽനിന്നു അഡ്വാൻസ് ചെയ്യുന്ന ചിലവുകൾമൂലം പൊതുനികുതിദായകനു നഷ്ടം വരാതിരിപ്പാൻ വേണ്ട മാർഗ്ഗങ്ങൾ നോക്കാതിരിക്കയില്ല.

ഇനി എനിക്കു ഒരു സംഗതി പറയാനുള്ളതു ഭൂസ്വത്തു ജാമ്യബാങ്കിനെപ്പററിയുള്ളതാണ്. പൊതുജനങ്ങളുമായി അടുത്തു സമ്പർക്കമുള്ള മെമ്പറന്മാർക്കു കർഷകന്മാർ കടത്തിൽ മുങ്ങിക്കിടക്കുന്ന അവസ്ഥയേയും അതിന്റെ പരിതാപകരമായ സ്ഥിതിയേയും പററി അതിയായ മനസ്താപമുണ്ടാകുന്നതു സഹജമാണല്ലോ. അതിനാൽ, അവർ, കടത്തിൽ മുങ്ങിക്കിടക്കുന്ന സാധുജനങ്ങളുടെ സ്ഥിതിയെ വിശിഷ്യാ കർഷകന്മാരുടെ സ്ഥിതിയെ അഭിവൃദ്ധിയാക്കുന്നതിനു വല്ല മാർഗ്ഗവും ഉണ്ടാകണമെന്നു വാദിക്കുന്നതു സ്വാഭാവികമായതാണ്. ഇൻഡ്യയിൽ ഭൂസ്വത്തു ജാമ്യബാങ്കു ഏർപ്പാടു പരീക്ഷണനിലയിൽ ഇരിക്കുന്നതേയുള്ളു. ഗവമെന്റു ഈ സംഗതിയെപ്പററി ഗാഢമായി ആലോചിക്കുന്നുണ്ട്. ഇതിന്റെ വിവരങ്ങൾ മുഴുവൻ ഗവമെന്റു മനസ്സിലാക്കിവരുന്നു. എന്നാൽ ബാങ്കുകൾ ഇന്നപ്പോൾ ഏർപ്പെടുത്താൻ സാദ്ധ്യമായിവരുമെന്നു പറയത്തക്ക നിലയിൽ എത്തിയിട്ടില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദീർഘകാലത്തേക്കുള്ള കടങ്ങൾ ലഭിക്കുന്നതിനു കർഷകന്മാർക്കു സാധിക്കുമെന്നു ഗവമെന്റു പ്രതീക്ഷിക്കുന്നുണ്ടോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവമെന്റ് ധനകാര്യദർശി): അതിനെപ്പററിയാണ് ഞാൻ പറയാൻ പോകുന്നതു്. ഈ സംഗതിയിൽ പരസ്പരസഹായസംഘങ്ങൾ മുന്നിട്ടു പണ്ട് ദീർഘകാലത്തെ കടങ്ങൾ കൊടുക്കുമെങ്കിൽ ഗവമെന്റു ആ കാര്യത്തെപ്പററി ആലോചിക്കുന്നതാണ്.

കൃഷിവായ്പുകൾക്കുവേണ്ടി കൊടുത്തിട്ടുള്ള ധനങ്ങളുടെ സംഖ്യ അടുത്തയാണ്ടു അവസാനത്തോടുകൂടി അഞ്ചുലക്ഷമായി പരിണമിക്കുന്നതു കൂടാതെ, ഇപ്പോൾ തുടങ്ങിയിട്ടുള്ള 'സ്റ്റേററ് എയിഡഡ്' ബാങ്കു പകുത്തു അഞ്ചുലക്ഷം രൂപാ അഡ്വാൻസ് ചെയ്തിട്ടുള്ള വിവരവും മെമ്പർമാർ ഗ്രഹിച്ചിരിക്കുമെന്നു ഞാൻ പറയാൻ ഭാവിക്കുകയായിരുന്നു. ആ സ്ഥിതിക്കു അടുത്തയാണ്ടു അവസാനത്തോടുകൂടി ബാങ്കുകൾക്കും കൃഷിക്കാരുടെ പ്രത്യേകഗുണത്തെ ഉദ്ദേശിച്ചുള്ള കാര്യങ്ങൾക്കും വേണ്ടി ഗവമെന്റിൽനിന്നു കൊടുത്തിട്ടുള്ള ധനങ്ങളുടെ തുക [illegible] ലക്ഷം രൂപായോളം വരുന്നതാണ്. ഇത്രയും വിവരങ്ങൾ പറഞ്ഞതുകൊണ്ടു കർഷകജനങ്ങളുടെ ആവശ്യങ്ങൾക്കു ഈ തുക മതിയാകുമെന്നു ഞാൻ ശഠിക്കുകയില്ല. ബഡ്ജററിൽ പറഞ്ഞിട്ടുള്ളടത്തോളം വിവരങ്ങൾ മെമ്പർമാരെ ധരിപ്പിച്ചുകൊള്ളുക മാത്രമേ ചെയ്യുന്നുള്ളു.

ഇനി ഒരു ഒററ സംഗതികൂടി പറയാനുണ്ട്, അതു ഒരു ചെറിയകാര്യമാണ്. മണി ഇപ്പോൾ അഞ്ചു ആയിരിക്കുന്ന സ്ഥിതിക്കു അധികം പറഞ്ഞു സമയം നീട്ടുന്നതിനു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറയുന്നതു മെഡിക്കൽഡിപ്പാർട്ടുമെന്റിനെ പററിയാണ്. ധനവാന്മാർക്കു മരുന്നുകൊടുക്കുന്നതിനു അവരോടു വില വാങ്ങിക്കൂടയോ എന്നു ഒരു മെമ്പർ ചോദിക്കയുണ്ടായി. മെഡിക്കൽ സ്ഥാപനങ്ങൾ തുറക്കാൻ യോഗ്യതയുള്ളതും, മിതമായ പ്രതിഫലത്തിന്മേൽ ഉൽസുകന്മാരായ ഡാക്ടർമാർ വേലചെയ്യാൻ തയ്യാറുള്ളതും ആയ സ്ഥലങ്ങളിൽ ആശുപത്രികൾക്കും ഡിസ്പൻസറികൾക്കും ധനസഹായം കൊടുക്കേണ്ടതിനെപ്പററി മെഡിക്കൽബോർഡിൽനിന്നും ഒരു പദ്ധതി സമർപ്പിച്ചിട്ടുള്ളതു ഇപ്പോൾ ഗവമെന്റിന്റെ മുമ്പിൽ ഇരിക്കുന്നുണ്ട്. ഈ പദ്ധതിയെപ്പററി ഗവമെന്റു വേണ്ട ആലോചനകൾ നടത്തുകയും ചെയ്യുന്നുണ്ട്.

ഡാക്ടർമാർ രോഗികളെ അവരുടെ ഗൃഹങ്ങളിൽപ്പോയി സന്ദർശിക്കുന്നതിനു ഒരു ഫീസ്സു നിരക്കു ഏർപ്പെടുത്തണമെന്നുള്ള കാര്യവും സഭയിൽ പറകയുണ്ടായി. ആ സംഗതിയും ഉടനടി തീർച്ചചെയ്യുന്നതാണ്. എന്തെന്നാൽ മുൻപറഞ്ഞ പദ്ധതിപ്രകാരം വരുത്തുന്ന ഡാക്ടർമാരുടെ വകക്കു അപ്രകാരം ഒരു തീരുമാനം ആവശ്യമായിരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പട്ടയങ്ങൾ കൊടുക്കുന്നതിനേയും പട്ടയങ്ങൾ ശരിയാക്കിക്കൊടുക്കുന്നതിനെയും പററിയുള്ള സിവിൾകോർട്ടു വിധികളെ സംബന്ധിച്ചു ഞാൻ ചെയ്ത ചോദ്യത്തിനു മെമ്പർ ആസനസ്ഥനാകുന്നതിനു മുൻപു ഒരു മറുപടി തരുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവമെന്റു ധനകാര്യദർശി): അതിനെ ഞാൻ ഗാഢമായി നോട്ടു ചെയ്തിട്ടുണ്ട്. ഈ സംഗതിയെപ്പററി അവധാനപൂർവം ആലോചിക്കുന്നതാണെന്നും ഞാൻ ഉറപ്പുതന്നുകൊള്ളുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൃഷിപാട്ടങ്ങൾ പിരിഞ്ഞുകിട്ടുന്നതിനെ സംബന്ധിച്ചു വല്ല വിഷമവും നേരിടുന്നുണ്ടോ എന്നു സദയം പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവമെന്റു ധനകാര്യദർശി): ഭൂമിനന്നാക്കലും കൃഷിവായ്പയും റെഗുലേഷനെപ്പററി പ്രവൃത്തിനടത്തുന്നതു് ലാൻഡ്‌റവന്യൂകമ്മീഷണർ ആകയാൽ ഈ ചോദ്യത്തിനു അദ്ദേഹം ഉത്തരം പറയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്): ആളൊന്നുക്കുള്ള ശരാശരി നികുതി ഭാരം [illegible] രൂപായാണെന്നു എങ്ങനെയാണ് കണക്കാക്കിയതു?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവൎമ്മെൻറ ധനകാൎയ്യദൎശി): മി: മാധവൻപിള്ള പറഞ്ഞതായ് ബ്രിട്ടീഷുഇൻഡ്യയിലെ കണക്കു ക്രമംതന്നെയാണ് ഞാൻ അവലംബിച്ചതും. അപ്രകാരമാണെന്നു അദ്ദേഹത്തോടു ഞാൻ ഉറപ്പുപറയുന്നു.

അദ്ധ്യക്ഷൻ: നമുക്കു ഇപ്പോൾ പിരിയാം. വെള്ളിയാഴ്ച പകൽ ൧൧ മണിക്കു വീണ്ടും കൂടാം.

സഭ വൈകീട്ടു ൫-മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസിക്രട്ടറി.

(A true translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

൧൧൦൬-ലെ രണ്ടാമത്തെയോഗം.

(അഫിഷ്യൽ റിപ്പോർട്ട്.)

൧൯൩൧-ആഗസ്റ്റ് ൧൫ ൹ ശനിയാഴ്ച.
൧൧൦൬-കർക്കടകം ൩൧

തിരുവനന്തപുരം ജൂബിലിഹാൾഹാളിൽ ൧൧-൩൦-ന്, ദിവാൻ എം. ഇ. വാട്ട്സ് എസ്ക്വയർ് ബി. എ. ബാർ-അററ്-ലായുടെ അദ്ധ്യക്ഷതയിൽ സമ്മേളി. താഴെപറയുന്നവരൊഴികെയുള്ള എല്ലാമെമ്പരന്മാരും ഹാജരുണ്ടായിരുന്നു, മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള, മിസ്റ്റർ എൻ. വി. ജോസഫ്.

ചോദ്യോത്തരങ്ങൾ.

വൈക്കം—വെച്ചൂർ റോഡ്.

൧൭. മി: ഏ. ജെ. ജോൺ (വൈക്കം): (ഏ) വൈക്കം-വെച്ചൂർ റോഡ് നിർമ്മിതി തുടങ്ങിയ തീയതിയും, (ബി) ജോലിയുടെ ഇപ്പോഴത്തെ നിലയും, (സി) പാലങ്ങൾ പൂർത്തിയാക്കപ്പെട്ടോ എന്ന വിവരവും പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (ഏ) ആകെ ആറു മൈലുള്ളതിൽ അഞ്ചുഭാഗമായ മൂന്നു മൈൽ ൬ ഫർലാങ് ൩൦ അടി റോഡിന്റെ ജോലി ൧൧൦൧ ധനുവിൽ തുടങ്ങി. റോഡിന്റെ ബാക്കിഭാഗം സംബന്ധിച്ചുള്ള അടങ്കൽ ആവശ്യപ്പെട്ടിരിക്കുന്നു.

(ബി) ഒന്നാമത്തെസെക്ഷനിൽ ചരലിടുന്ന ജോലി നടന്നുവരുന്നു.

(സി) ഒന്നാമത്തെ സെക്ഷനിലുള്ള അന്തരത്തോട്ടിലെ പാലം വണ്ടികൾക്കു കടന്നുപോകത്തക്കവിധം പണിയിക്കുന്നതിനുള്ള അടങ്കൽ ചീഫ്എഞ്ചിനീയരുടെ പരിശോധനയിൽ ഇരിക്കുകയാണ്. മാരാൻവീട്ടിൽ തോട്ടിൽ മുമ്പേതന്നെ ഒരു നടപ്പാലം ഉണ്ട്. അതിലും പ്രസ്തുത റോഡ് കടന്നുപോകുന്ന വാളയിൽതോട്ടിലും വണ്ടിപോകത്തക്കവിധത്തിലുള്ള പാലങ്ങൾ പണിയിക്കുന്ന സംഗതിയെപ്പററി ബാക്കിറോഡ് പരിഷ്കരിക്കുമ്പോൾ ചിന്തിക്കുന്നതാണ്.

മി: ഏ. ജെ. ജോൺ (വൈക്കം): ബീ വകുപ്പിന്റെ മറുപടിയെ പുരസ്കരിച്ച്, എത്ര ദൂരം ചരലിട്ടിട്ടുണ്ടെന്ന് എന്നെ അറിയിക്കുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു പറവാൻ എനിക്കു കഴികയില്ല.

മി: ഏ. ജെ. ജോൺ (വൈക്കം): ഈ റോഡിന്റെ ചെലവിലേക്കായി കണക്കാക്കപ്പെട്ടിട്ടുള്ള ആകെത്തുക എന്തെന്നു എന്നെ അറിയിക്കാമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): രൂപാ ൯,൪൩൦

വൈക്കം താലൂക്കിലെ നൂതന ഗതാഗതമാർഗ്ഗങ്ങൾക്കുള്ള ചെലവ്.

൧൮. മി: ഏ. ജെ. ജോൺ (വൈക്കം): താഴെപറയുന്ന സംഗതികളെപ്പററിയുള്ള വിവരങ്ങൾ നല്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിൽ (൧൦൯൬-൧൧൦൬) വൈക്കം താലൂക്കിൽ അനുവദിക്കപ്പെട്ടിട്ടുള്ള നൂതനഗതാഗതമാർഗ്ഗങ്ങൾ;

(ബി) അവയ്ക്കു ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക.

(സി) ഓരോജോലിക്കും വേണ്ടി ചെലവാക്കിയിട്ടുള്ള തുക.

(ഡി) കഴിഞ്ഞപത്തുവർഷങ്ങൾ (൧൦൯൬-൧൧൦൬) ക്കുള്ളിൽ പണി പൂർത്തിയാക്കപ്പെട്ടിട്ടുള്ള നൂതനഗതാഗതമാർഗ്ഗങ്ങളുടെ പേരുകൾ.

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) (ബി) (സി) (ഡി) ഈ ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു *പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

മി: ഏ. ജെ. ജോൺ (വൈക്കം): (ഏ) ഭാഗം ചോദ്യത്തിന്റെ മറുപടിയെ പുരസ്കരിച്ച്, നല്കപ്പെട്ടിട്ടുള്ള പട്ടിക ൧൦൯൭ മുതൽക്കുള്ളതാണ്. എന്നാൽ ൧൦൯൬ മുതലുള്ള വിവരമാണ് ഞാനാവശ്യപ്പെട്ടിരുന്നത്. അതു പിഴവന്നുപോയതാണോ എന്നറിവാൻ ഞാനാഗ്രഹിക്കുന്നു.

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടതു കഴിഞ്ഞ പത്തു കൊല്ലത്തെ കണക്കുകളാണ്. ൧൦൯൭ മുതൽ ൧൧൦൧ വരെയാണ് പത്തു കൊല്ലങ്ങൾ.

മി: ഏ. ജെ. ജോൺ (വൈക്കം): ഞാൻ ൧൦൯൬ മുതൽ ൧൧൦൬ വരെയുള്ള കണക്കുകളാണ് പ്രത്യേകം ആവശ്യപ്പെട്ടിരുന്നത്.

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ൧൦൯൭-ലെ കണക്കുകൾ കിട്ടിയിട്ടില്ലാതിരുന്നതുകൊണ്ട് അക്കൊല്ലത്തെ കണക്കുകൾ ഞങ്ങൾ എടുത്തിട്ടില്ല.

മി: ഏ. ജെ. ജോൺ (വൈക്കം): ൧൦൯൬ മുതലേ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളു.

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അങ്ങനെയാണെങ്കിൽ ൧൦൯൭-ലെ കണക്കുകൾ തള്ളിക്കളയാം.

മി: ഏ. ജെ. ജോൺ (വൈക്കം): പട്ടികയിൽ ൧൨-ാമതിനത്തിൽ പറയുന്നതു വൈക്കം താലൂക്കിലെ ജോലിയിൽ ഉൾപ്പെടുന്നതാണോ എന്നു മെമ്പർ അറിയിക്കുമോ?

---

* അനുബന്ധം നോക്കുക

G. P. T. 2377. 1 29-3-1105

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): അത് ചീഫ് എഞ്ചിനീയരുടെ പട്ടികയിൽ ഉൾപ്പെട്ടുകാണുന്നതുകൊണ്ട് ഒരു വേള അതിൻെറ ഒരു ഭാഗം വൈക്കം താലൂക്കിൽ ആരംഭിക്കാം.

കരുന്തറ ആറു മുതൽ ചിറട്ടക്കടവുവരെയുള്ള ജലസേചനത്തോട്ടിൻെറ പരിഷ്കരണം.

൯൯. മി: ഏ. ജെ. ജോൺ (വൈക്കം): കരുന്തറ ആററിൽ നിന്നും ചിറട്ടക്കടവിലേക്ക്, തലയോലപ്പറമ്പിലെ ഏഴാം മൂലപ്പാടങ്ങളിൽ കൂടി പ്പോകുന്ന ജലസേചനത്തോടിൻെറ സ്ഥിതിവളരെ അതൃപ്തികരമായിരിക്കുന്നുവെന്നു ഗവൺമെൻറിനറിയാമോ? അങ്ങനെയാണെങ്കിൽ, ഉടൻ തന്നെ അതിനെ പരിഷ്കരിച്ചു ശരിയാക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): ചോദ്യത്തിൻെറ പ്രഥമഭാഗത്തിനുള്ള ഉത്തരം നിഷേധരൂപത്തിലാണ്. എന്നിരുന്നാലും, വർഷകാലം കഴിഞ്ഞു പ്രസ്തുതസംഗതിയെപ്പററി അന്വേഷിക്കുന്നതാണ്.

തിരുവനന്തപുരം ഡിവിഷനിൽ ജലസേചനാർത്ഥമുള്ള ചിറകളേയും മററും പററിയുള്ള പരിശോധന.

൱. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെ പറയുന്ന സംഗതികളെപ്പററി അറിയിക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) തിരുവനന്തപുരം ഡിവിഷൻപേഷ്കാരുടെ ൧൧൦൭-ാമാണ്ടത്തെ പരിശോധനക്കുറിപ്പുകളിൽ ജലസേചനാർത്ഥമുള്ള ചാലുകൾ, തോടുകൾ, കുളങ്ങൾ എന്നിവയേയോ, നിലങ്ങൾ തോട്ടങ്ങളായി മാററിയിട്ടുള്ളതിനേയോ, വസ്തുക്കളുടെ ഖണ്ഡം ഖണ്ഡമായുള്ള വിഭാഗങ്ങളേയോ സംബന്ധിച്ചു എന്തെങ്കിലും വിവരം കാട്ടിയിട്ടുണ്ടോ?

(ബി) അപ്രകാരം ഉണ്ടെങ്കിൽ, അദ്ദേഹത്തിൻെറ നിരീക്ഷണക്കുറിപ്പുകളുടെ സംക്ഷേപം ദയചെയ്തു പ്രസിദ്ധപ്പെടുത്തുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി):

(എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി) ഏ ഭാഗത്തിൻെറ മറുപടിയിൽ നിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

തിരുവനന്തപുരം തഹശീൽദാരുടെ സഞ്ചാരയോഗി.

൱൧. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവൺമെൻറിന് അറിയിക്കുവാൻ ദയവുണ്ടാകുമോ?

(എ) ൧൧൦൬-ാണ്ടു ഇരുപത്തിനാലുമണിക്കൂറിൽ കൂടുതൽ തിരുവനന്തപുരം തഹശീൽദാർ ക്യാമ്പിൽ താമസിച്ചിട്ടുള്ള സ്ഥലങ്ങൾ?

(ബി) അതേ കൊല്ലം തന്നെ കച്ചേരി സ്ഥലം വിട്ടു തഹശീൽദാർ ക്യാമ്പിൽ എത്ര രാത്രി കഴിച്ചുകൂട്ടിയിട്ടുണ്ട്?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി):

(എ) ൧. മടത്തുവിളാകം
൨. ആററിപ്ര
൩. രണ്ടാമട
൪. ഉള്ളിയാഴ്ത്തുറ
൫. പള്ളിപ്പുറം
൬. കീഴ്തോന്നക്കൽ
൭. കഠിനംകുളം
൮. അണ്ടൂർക്കോണം
൯. അഞ്ചാമട
൧൦. പാങ്ങപ്പാറ
൧൧. അയിരൂപ്പാറ

(ബി) പതിനേഴ്.

നെയ്ത്തുപാഠശാല.

൱൨. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂര്): താഴെ പറയുന്ന സംഗതികളെപ്പററി അറിയിക്കാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) നെയ്ത്തുശാല അഥവാ സ്ഥാപനം എന്നാണ് ഏർപ്പെടുത്തിയതു്.

(ബി) ആ സ്കൂളിൽ എത്ര വിദ്യാർത്ഥികൾ എന്തെല്ലാം തൊഴിലുകൾ പരിശീലിച്ചിട്ടുണ്ട്.

(സി) അവരിൽ എത്രപേർ സർക്കാർ ജീവനത്തിൽ പ്രവേശിച്ചിട്ടുണ്ട്; അല്ലെങ്കിൽ സ്വതന്ത്രമായ തൊഴിൽ സ്വീകരിച്ചിട്ടുണ്ട്.

(ഡി) എത്ര വിദ്യാർത്ഥിനികൾ ഇന്നൽ പരിശീലനം സമ്പാദിച്ചിട്ടുണ്ട്? എത്രപേർ ഈ സ്കൂളുകളിൽ ജോലിനോക്കിയിട്ടുണ്ട്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സിക്രട്ടറി):

(എ) തിരുവനന്തപുരം സെൻട്രൽ ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ൧൦൮൯ ഇടവത്തിൽ തുടങ്ങി.

(ബി) ൧൭ വിദ്യാർത്ഥികൾ; ൯ പേർ നെയ്ത്തിൽ, ൬ പേർ ചായവേലയിൽ, ൯ പേർ തുന്നൽപണിയിൽ.

(സി) ഗവൺമെൻറ സർവീസിൽ ആരെയും എടുത്തിട്ടില്ല. ചിലർ പ്രൈവററ് വിദ്യാലയങ്ങളിൽ ജോലിനോക്കിവരുന്നുണ്ട്. മററുള്ളവർ അവർ അഭ്യസിച്ച തൊഴിലുകൾ നടത്തിവരുന്നതായി വിശ്വസിക്കപ്പെടുന്നു.

(ഡി) ഉന്നൽപ്പണിയിൽ നാലു സ്ത്രീകൾ പരിശീലനം സമ്പാദിച്ചു. ഒരാളെ തിരുവനന്തപുരം ഹോം ഫോർ ദി നീഡ്, സൊസൈററിയിലും, മറെറാരാളെ തിരുവല്ലാ നിക്കോൾസൺസ് ഗേൾസ് ഹൈസ്കൂളിലും ന്യമിച്ചു.

ആറാം ഫാറം വിദ്യാർത്ഥികളിൽ നിന്നുള്ള ഫീസ്സ് പിരിക്കൽ.

൮൩. മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അടുത്ത സ്കൂൾ വർഷം മുതൽക്ക് ആറാം ഫാറം വിദ്യാർത്ഥികളുടെ ഫീസ് ഒമ്പതു തവണ എന്നതിനു പകരം എട്ടു തവണയായി പിരിക്കേണ്ടതു ആവശ്യമാണെന്നു തോന്നുവാൻ കാരണമെന്തെന്നു പറവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): പ്രിപ്പാറെററി ക്ലാസിലും, ഒന്നാം ഫാറംമുതൽ അഞ്ചാം ഫാറം വരെയുള്ള ക്ലാസുകളിലും എട്ടു തവണയായും, ആറാംഫാറത്തിൽ മാത്രം ഒമ്പതു തവണയായും ആണു ഫീസ് പിരിച്ചു വന്നതു്. ഐകരൂപ്യത്തിനുവേണ്ടി ആറാം ഫാറത്തിലും ഫീസിന്റെ തവണകളുടെ സംഖ്യ ഒമ്പതിൽ നിന്നും എട്ടാക്കി കുറവു ചെയ്തു് അവയേയും മററു ക്ലാസ്സുകളിലേപ്പോലെ ആക്കി തീക്കുന്നതു നന്നായിരിക്കുമെന്നു തോന്നി.

അടൂർ മുൻസിഫ്കോർട്ടു കെട്ടിടം.

൮൪. മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കുന്നത്തൂർ താലൂക്കിലെ അടൂർ മുൻസിഫ് കോർട്ടിനായുള്ള പുതിയ കെട്ടിടത്തിന്റെ പണിപൂർത്തിയാക്കുവാൻ ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ എന്നേക്കെന്നും, താമസത്തിനു കാരണമെന്തെന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഉണ്ടു്. ജോലി കഴിയുന്നതും വേഗം നടത്തിപ്പൂർത്തിയാക്കുന്നതാണ്. ൧൧൨൫-ാമാണ്ടത്തെ പി. ഡബ്ലിയു. ഡി. ബഡ്ജററ് ബഡ്ജററിൽ ആ ജോലിക്കായി ൫,൦൦൦ രൂപാ കൊള്ളിച്ചിട്ടുണ്ടു്. ജോലി വേഗം നടത്തുവാൻ സാധിക്കാത്തതു് പണച്ചുരുക്കം കൊണ്ടാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര- കുന്നത്തൂർ): കെട്ടിടം പണിക്കുള്ള അടങ്കലിന്റെ ആകത്തുക എന്താണെന്നു അറിയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ൩൯,൭൪൦ രൂപായുടെ ഒരു പുതുക്കിയ അടങ്കൽ ഉണ്ടായിരുന്നു. എന്നാൽ അതു് ഉദ്ദേശം ൨൭൦൦൦ രൂപായായി കുറച്ചിരിക്കുന്നു എന്ന് എനിക്കു തോന്നുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അടുത്തകൊല്ലത്തിന്റെ ആദ്യകാലങ്ങളിൽ കെട്ടിടം പണി പൂർത്തിയാകുമെന്ന് ഞങ്ങൾക്കാശിക്കാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതെത്തിക്ക പറയാൻ കഴികയില്ല. എന്നാൽ ജോലികഴിയുന്നതും വേഗം നടത്തപ്പെടുന്നതാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂര്): കച്ചേരി ഇനിയും ഒരു ഓലകെട്ടിടത്തിലാണ് നടത്തപ്പെടുന്നതു് എന്ന സംഗതി ഗവണ്മെൻറിനറിവുണ്ടോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഞാൻ അങ്ങിനെ വിശ്വസിക്കുന്നു. പുത്തൻകെട്ടിടം കുറവുതീരുന്നതുവരെ അതു ഇപ്പോഴത്തേപ്പോലെതന്നെ ഇടതരുന്നതാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂര്): ഓലപ്പുരകൾ സുരക്ഷിതങ്ങളല്ലെന്നുള്ള വസ്തുതയെ വിവരിച്ചു കെട്ടിടംപണി അടുത്തകൊല്ലം കെട്ടിടംപണി പൂർത്തിയാക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഒരു ക്ലിപ്തതീയതിപറവാൻ ഗവണ്മെൻറിനു കഴികയില്ല. ജോലി കഴിയുന്നതുംവേഗം പൂർത്തിയാക്കണമെന്നു ചീഫ് ഇഞ്ചിനീയരോടു ആവശ്യപ്പെടുവാൻമാത്രമേ ഗവണ്മെൻറിനു കഴികയുള്ളു.

സെക്രട്ടറിയേററിലും അക്കൌണ്ടൻറാഫീസിലും ഉള്ള പുതിയ ഒഴിവുകൾ പൂർത്തിയാക്കുക.

൮൫. മി: പി. ഹബീബ്മഹമ്മദ് (നിയമിതസാമാജികൻ): (എ) സെക്രട്ടറിയേററിലും അക്കൌണ്ടൻറാഫീസിലും ഒഴിവുകളുണ്ടാകുമ്പോൾ, കൂടുതൽകാലം പകരത്തിനു ജോലിനോക്കീട്ടുള്ളവർക്ക് മററുള്ളവരെ അപേക്ഷിച്ചു വിശേഷത കല്പിക്കപ്പെടണമെന്നും, മുമ്പേ ജോലിനോക്കീട്ടുള്ള കാലദൈർഘ്യത്തെ അനുസരിച്ചുമാത്രമേ അപേക്ഷകന്മാർക്ക് നിയമനം നൽകപ്പെടാൻ പാടുള്ളു എന്നും ഗവണ്മെൻറിൽനിന്നു ചട്ടം ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള സംഗതി വാസ്തവമാണൊ എന്ന് അറിയിക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ബി) വിദ്യാഭ്യാസവിഷയത്തിൽ പിന്നോക്കം നില്ക്കുന്ന ഈഴവർ, മഹമ്മദീയർ എന്നിവരെപോലുള്ള സമുദായങ്ങൾക്കു ഈ നിയമം വളരെ പ്രതികൂലമായി തീർന്നിട്ടുണ്ടെന്ന് ഗവണ്മെൻറിനു അറിയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) പകരത്തിനുള്ള നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു പൊതുനിയമമാണ്, സ്ഥിരനിയമനങ്ങൾക്കു പകരത്തിനു ജോലിനോക്കിയിട്ടുള്ള കാലത്തിന്റെ ദൈർഘ്യത്തെമാത്രം നിശ്ചിതതോതായി ഗണിക്കാതെ, തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നുണ്ട്.

(ബി) ഈ നിയമം ഈഴവസമുദായത്തേയും മഹമ്മദീയസമുദായത്തേയും, പ്രതിബന്ധമായ രീതിയിൽ ബാധിച്ചിട്ടുള്ളതായി ഗവണ്മെൻറ് വിചാരിക്കുന്നില്ല.

മി: പി. ഹബീബ് മഹമ്മദ് (നിയമിത): ഒന്നാംവിഭാഗത്തിന്റെ മട്ടുപടിയെ പുരസ്കരിച്ച്, പകരത്തിനുള്ള നിയമനങ്ങളെ സംബന്ധിച്ചടത്തോളം ഈ പൊതുനിയമത്തിനു വല്ല വ്യതിയാനവും ഉണ്ടോഎന്നു ഞാനറിയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഏതു് ആഫീസിൽ?

മി: പി. ഹബീബ് മഹമ്മദ് (നിയമിതസാമാജികൻ): അക്കൌണ്ടൻറാഫീസിലോ സെക്രട്ടറിയേററിലോ

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഞാനോക്കുന്നില്ല.

മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): പകരത്തിനുള്ള ഒഴിവുകൾ പൂർത്തിയാക്കുന്നതിനെപ്പറ്റിയുള്ള വിചാരണ ഉണ്ടാകുമ്പോൾ, പകരം ജോലി നോക്കിയിട്ടുള്ളവരുടെ അവകാശങ്ങളെപ്പറ്റി ഗവൺമെൻറ ഗണിക്കയില്ലേ എന്നു ഞാനറിയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അവരുടെ അവകാശങ്ങളെ ഗണിക്കുന്നതാണ്.

മി: പി. ഹബീബ് മഹമ്മദ് (നിയമിത). കാര്യക്ഷമത, പരിക്ഷായോഗ്യത മുതലായവയെപ്പറ്റി നിർണ്ണയിക്കുന്നതിനുള്ള നിശ്ചിതസംഗതികൾ എന്തെല്ലാമാണ്?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): കേവലം ഗുൻസർവീസ് ഒന്നുമാത്രമല്ല നിശ്ചിതമായ് എന്നത്രേ മറുപടിയിൽ പറയുന്നത്. കാര്യക്ഷമത, പരിക്ഷായോഗ്യത എന്നിവയെപ്പോലെ മററനേകം സംഗതികളുണ്ട്.

മി: പി. ഹബീബ് മഹമ്മദ് (നിയമിത): പകരത്തിനുള്ള ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്നതിനെപ്പററി വിചാരണ ഉണ്ടാകുമ്പോൾ, കാര്യനൈപുണ്യമോ, ജാതിയോ ഏതിനെപ്പററിയാണ് ചിന്തിക്കുന്നതെന്നു പറവാൻ മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അവിടെയും ഒരാൾ കാര്യക്ഷമതയില്ലാത്തവനാണെന്നു കണ്ടാൽ, അയാളെ പിന്നീടു നിയമിക്കുന്നതല്ല.

മി: പി. ഹബീബ് മഹമ്മദ് (സാമാജികൻ): ചോദ്യത്തിൻെറ രണ്ടാമത്തെ വിഭാഗത്തിനു നല്കപ്പെട്ടിട്ടുള്ള ഉത്തരത്തെ പുരസ്കരിച്ച്, പുതിയ അപേക്ഷകന്മാരാണെന്നു സംഗതികൊണ്ടു ഈഴവസമുദായത്തിലും മഹമ്മദീയസമുദായത്തിലും പെട്ട പരീക്ഷായോഗ്യതയുള്ള അപേക്ഷകന്മാർ പുതിയ അപേക്ഷകന്മാരാണെന്ന കാരണത്താൽ പ്രവേശനം സിദ്ധിക്കാതെ പലപ്പോഴും നിരസിക്കപ്പെടുന്നതായി ഗവണ്മെൻറിനറിയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അങ്ങനെ ആയിരിക്കാം. സാമാന്യസിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയാണ് അപ്രകാരം ചെയ്യുന്നത്.

മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): സ്ഥിരനിയമനങ്ങളുടെ വിഷയത്തിലും പകരത്തിനു ജോലിനോക്കുന്നവർ ഉണ്ടെന്ന കാരണത്താൽ അവർ ഉപേക്ഷിക്കപ്പെടുന്നുണ്ടെന്ന സംഗതി ഗവണ്മെൻറിന് അറിയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): പകരം ജോലി നോക്കുന്നവർ നൈപുണ്യമുള്ളവരാണെങ്കിൽ അവരുടെ അവകാശങ്ങളെപ്പററി ചിന്തിക്കുന്നതാണ്.

മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): പകരത്തിനുള്ള ഒഴിവുകൾ ഉണ്ടാകുമ്പോൾ അവരുടെ അവകാശങ്ങളെപ്പററി ചിന്തിക്കുകയും മററുള്ളവരുടെ അവകാശങ്ങളെപ്പററി ചിന്തിക്കാതിരിക്കുകയും ചെയ്യുമോ എന്ന് എന്നെ അറിയിക്കാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): സ്ഥിരമായ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുമ്പോൾ എല്ലായ്പോഴും പകരത്തിനു ജോലിനോക്കുന്നവരുടെ അവകാശങ്ങളെപ്പററി നിശ്ചയമായും ആലോചിക്കുന്നതാണ്.

മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): അപ്രകാരം പകരത്തിനു ജോലി നോക്കുന്നവരുടെ അവകാശങ്ങളെപ്പററി ചിന്തിക്കുന്നതായാൽ പുതിയതായി പരീക്ഷായോഗ്യത സിദ്ധിക്കുന്ന ആളുകൾക്കു എപ്പോഴെങ്കിലും അവസരം ലഭിക്കുന്നതാണോ എന്നു ചീഫ് സെക്രട്ടറിയിൽ നിന്നും മനസ്സിലാക്കുവാൻ ഞാനാശിക്കുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): മുമ്പേതന്നെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ആളുകളുടെ സർവീസിനെ നിശ്ചയമായും ഗണിക്കപ്പെടുന്നതാണ്. മററുള്ളവരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവർ കുറേക്കൂടി ക്ഷമിച്ചിരിക്കണം.

മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു മററുള്ളവരെ അപേക്ഷിച്ചു മുന്നവകാശം നൽകേണ്ടതാണെന്ന തത്വത്തെ ഗവണ്മെൻറ അംഗീകരിക്കുന്നുണ്ടോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആദ്യനിയമനാവസരങ്ങളിൽ അതിനെപ്പററി ചിന്തിക്കുന്നതാണ്.

മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): പകരത്തിനുള്ള നിയമനങ്ങളുടെ സംഗതിയിലും അതിനെപ്പററി ചിന്തിക്കുമോ എന്നു ഞാനറിയാമോ?

മി: കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): പ്രാരംഭനിയമനത്തിൽ അതിനെപ്പററി ചിന്തിക്കുന്നുണ്ട്.

മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): അപ്രകാരമുള്ള സമുദായങ്ങളുടെ അവകാശങ്ങളെ ചിലപ്പോഴെല്ലാം ചില ഉദ്യോഗസ്ഥന്മാർ കഠിനമായി അവഗണിക്കുന്നുണ്ടെന്ന സംഗതി ചീഫ്സെക്രട്ടറിക്കു അറിവുണ്ടോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു.

മി. കെ. ജോർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ. മെമ്പർ കൃത്യമായി പ്രസ്താവിക്കുന്നപക്ഷം ഞാൻ അന്വേഷിക്കുന്നതാണ്.

മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): മറെറാരവസരത്തിൽ ഞാൻ കൃത്യമായി പ്രസ്താവിക്കുന്നതാണ്.

വക്കലെ ഒരു ആശുപത്രി സ്ഥാപിക്കുക.

വുന്യ. മി: പി. ഹബീബ് മഹമ്മദ് (നിയമിത സാമാജികൻ): (എ) അനവധി വർഷങ്ങൾക്കുമുമ്പ് വക്കലെ ഒരു ആശുപത്രി തുറക്കുവാൻ ഗവണ്മെൻറിൽനിന്നു അനുവദിക്കയുണ്ടായി എന്നകാര്യം വാസ്തവമാണോ എന്നു പറവാൻ ഗവണ്മെൻറിനു ദയയുണ്ടാകുമോ?

(ബി) അതിലേക്കു ആവശ്യമുള്ള സ്ഥലും ഗവണ്മെൻറിൽനിന്നും എടുത്തിട്ടു അഞ്ചു വർഷത്തിലധികമായി എന്നുള്ളതു വാസ്തവമാണോ?

(൩) അപ്രകാരമാണെങ്കിൽ, ആശുപത്രി ഇതേവരെ എന്തുകൊണ്ടു് തുറക്കപ്പെട്ടില്ല എന്നു പറവാൻ ഗവൺമെന്റിനു ദയയുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): (൧)-ഉം ൨-ഉം ആ സ്ഥലത്തേക്കു ആശുപത്രി അനുവദിച്ചിട്ടില്ല. എന്നാൽ അവിടെ ഒരു ഡിസ്പെൻസറി തുറക്കണമെന്നുദ്ദേശത്തോടുകൂടി ഒരു സ്ഥലം വിലയ്ക്കെടുത്തു എടുത്തു.

(൩) ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇരിക്കയാണു്. ൧൧൦൩ ചിങ്ങം ഒന്നാംതീയതി മുതൽ ഒരു ഡിസ്പെൻസറി തുറക്കുവാൻ ഗവൺമെന്റ ഇപ്പോൾ ആലോചിക്കുന്നു.

നഗരൂർ-വാമനപുരംപാത; മടവൂർ-കിളിമാനൂർപാത.

൮൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവൺമെന്റിനു പറയാൻ ദയവുണ്ടാകുമോ?

(എ) ചിറയിൻകീഴ്താലൂക്കിലുള്ള നഗരൂർ-വാമനപുരം പാതയുടേയും മടവൂർ-കിളിമാനൂർ പാതയുടേയും ഇപ്പോഴത്തെ സ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുണ്ടോ?

(ബി) അങ്ങനെയാണെങ്കിൽ, ഈ പാതകളുടെ ഇപ്പോഴത്തെ സ്ഥിതിയെന്തു്?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): (എ)-യും (ബി)-യും ഇല്ല മടവൂർ-കിളിമാനൂർ പാതയെ സംബന്ധിച്ചിടത്തോളം, ചീഫ് ഇഞ്ചിനീയരുടെ ശിപാർശപ്രകാരം ഉദ്ദേശം ൩,൩൦൦ രൂപാ ചിലവാക്കി അതിനെ ഒരു വണ്ടിപോകത്തക്ക റോഡായി രൂപാന്തരപ്പെടുത്തുവാൻ ഗവൺമെന്റ അനുമതി നൽകിയിട്ടുണ്ടു്. ൧൧൦൩-ലെ ബഡ്ജറ്റിൽ ൧൦൦൦ രൂപാകൂടി അതിലേക്കു ഉൾപ്പെടുത്തിയിട്ടുണ്ടു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാമനപുരം-നഗരൂർറോഡിന്റെ സ്ഥിതിയെപ്പറ്റി ഇപ്പോൾ ഗവൺമെന്റിനു എന്തെങ്കിലും അറിവുണ്ടോ എന്നു എന്നെ അറിയിക്കാമോ?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ഇപ്പോൾ യാതൊരു വിവരവും അറിവില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ ചോദ്യത്തിൽ രണ്ടു റോഡുകൾ ഉൾപ്പെടുന്നുണ്ടു് ഒന്നു കിളിമാനൂർ-മടവൂർ പാതയും മറ്റേതു് വാമനപുരം-നഗരൂർപാതയും ആകുന്നു. നൽകിയിട്ടുള്ള ഉത്തരം ഒന്നിനെമാത്രമേ സംബന്ധിക്കുന്നുള്ളു അതുകൊണ്ടു നഗരൂർ-വാമനപുരം പാതയുടെ തൽക്കാലസ്ഥിതിയെപ്പറ്റി എന്തെങ്കിലും അറിവുണ്ടോ എന്നാണു് എന്റെ ചോദ്യം.

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): മറുപടിയിൽ അതും ഉൾപ്പെടുന്നുണ്ടു. ചോദ്യത്തിൽ പറയുന്നതെന്തെന്നാൽ ഗവൺമെന്റിന്റെ ശ്രദ്ധ അതിലേക്കു വിഷയീഭവിപ്പിച്ചിട്ടുണ്ടോ എന്നാണു്. രണ്ടാമത്തെ പാതയെ സംബന്ധിച്ചിടത്തോളം അതു ഗവൺമെന്റിന്റെ ശ്രദ്ധക്കു വിഷയീഭവിപ്പിച്ചിട്ടില്ല എന്നു പറയുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറ്റേപാതയുടെ സ്ഥിതിയെപ്പറ്റി ഗവൺമെന്റിനു അറിവുണ്ടോ എന്നു എന്നെ അറിയിക്കാമോ?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): മറുപടിയുടെ ആദ്യഭാഗം ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടില്ല എന്നു പറയുന്നു. രണ്ടാമത്തെ ഭാഗത്തിൽ, ഗവൺമെന്റ് ആ വിഷയത്തിൽ എന്തു ചെയ്തു എന്നു പറയുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നഗരൂർ വാമനപുരം പാതയുടെ സ്ഥിതിയെപ്പറ്റി അന്വേഷിക്കുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സിക്രട്ടറി): അന്വേഷിക്കാം.

നിലയ്ക്കാമുക്ക് കായിക്കരറോഡ്;

൮൮. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴ് താലൂക്കിൽ നിലയ്ക്കാമുക്കിൽ നിന്നും കായിക്കരയ്ക്കു ഒരു ചെറിയറോഡ് വെട്ടുന്നതിനെപ്പറ്റി എന്തെങ്കിലും നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആ നിവേദനത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കയുണ്ടായോ എന്നും പറയുവാൻ ദയവുണ്ടാകുമോ?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): ഉണ്ടു് ശരിയായ പര്യാലോചനക്കു ശേഷം പ്രസ്തുതറോഡ് ആവശ്യമില്ലെന്നു ഗവൺമെന്റ് തീർച്ചപ്പെടുത്തുകയുണ്ടായി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കായിക്കരക്കടവുമാർഗ്ഗമായി ദിവസംപ്രതി അങ്ങോട്ടും ഇങ്ങോട്ടും കടന്നു പോകുന്ന ആളുകളുടെ സംഖ്യയെപ്പറ്റി ഗവൺമെന്റിനു എന്തെങ്കിലും അറിവുണ്ടോ എന്നു് എന്നെ അറിയിക്കാമോ?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): അതിന്റെ കണക്കു എടുക്കപ്പെട്ടിട്ടില്ല. എന്നാൽ ക്യനാലിന്റെയും റയിൽവേയുടെയും സ്ഥിതി ആലോചിച്ചു നോക്കുമ്പോൾ ഈ റോഡ് അധികമാണെന്നാണു് ഗവൺമെന്റ് വിചാരിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ കായിക്കരക്കടവിൽ എതിർവശത്തു് ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ ഉള്ള വിവരം ഗവൺമെന്റിനു അറിവുണ്ടോ എന്നു എന്നെ അറിയിക്കാമോ?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): ഉണ്ടായിരിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കായൽ സംബന്ധിച്ച പ്രദേശത്തിനായുള്ള ചന്തകടവിന്റെ ഈ വശത്താണെന്നു മെമ്പറിനു അറിയാമോ?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): ആ അറിവും നോട്ട്ചെയ്യുന്നതാണു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ചെറിയറോഡ് തുറക്കുന്നതിനെപ്പറ്റി എന്റെ താലൂക്കിലുള്ള ഏതെങ്കിലും പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥനോടു് അഭിപ്രായം ചോദിച്ചിട്ടുണ്ടോ എന്നു് മെമ്പറിൽനിന്നു എനിക്കു അറിയാമോ?

മി: റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): ഗവൺമെന്റ് ഒരു അന്വേഷണം നടത്തുകയുണ്ടായി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിവിഷൻ ആഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ താല്പര്യം എന്തായിരുന്നു.

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): ഗവൺമെൻറിലേക്ക ചീഫ് ഇഞ്ചിനീയരുടെ റിപ്പോർട്ട് കിട്ടുകയുണ്ടായി. സമീപസ്ഥിതമായ റെയിൽവേ ലൈനിൻേറയും, രണ്ടു കായലുകളുടേയും, അവയെ സംഘടിപ്പിക്കുന്ന ക്യാനലിൻേറയും സ്ഥിതിയെപ്പററി നോക്കുമ്പോൾ മെമ്പർ സൂചിപ്പിക്കുന്ന റോഡ് ആവശ്യമില്ലെന്നാണു വിചാരിക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): കായിക്കരക്കടവിൻെറ മറുവശത്തേക്ക മററു ഗതാഗത മാർഗ്ഗമില്ലെന്ന മെമ്പറിനറിയാമോ? റെയിൽവേയിൽ തിരുവനന്തപുരത്തു നിന്നും കൊല്ലത്തേക്കാണ് പോകുന്നത്. കായിക്കരയുടെ മറു വശത്തേക്കല്ല.

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): അതാലോചിക്കാവുന്നതാണ്.

നിലക്കാമുക്ക് കായിക്കരറോഡ്.

മി: പി. ഹബീബ് മുഹമ്മദ് (നിയമിതം): (എ) ഗവൺമെൻറിന അറിയാമോ [illegible]

(എ) ചിറയൻകീഴ് താലൂക്കിലെ വക്കം ദേശവാസികൾ നിലക്കാമുക്കിൽ നിന്ന കായിക്കരക്കടവിലേക്ക ഒരു റോഡ് ഉണ്ടാക്കേണ്ടതിൻെറ ആവശ്യത്തെ സംബന്ധിച്ച പല നിവേദനവും ഗവൺമെൻറിലേക്ക അയച്ചിട്ടുണ്ടോ?

(ബി) അവയെ സംബന്ധിച്ച എന്ത് നടപടിയാണ് നടത്തിയിട്ടുള്ളത്?

(സി) സ്ഥലത്തിൻെറ വാണിജ്യപരമായ പ്രാധാന്യത്തെ കരുതി ഈ റോഡിൻെറ ആവശ്യം പൂർവ്വത്തേതിനേക്കാൾ കൂടുതലായിരിക്കുന്നു എന്ന വിവരം ഗവൺമെൻറിന അറിയാമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): (എ)-ഉം (സി)-ഉം മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ [illegible]-ാം നമ്പർ ചോദ്യത്തിന നല്കിയിട്ടുള്ള മറുപടിയിലേക്ക മെമ്പറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

വെള്ളാള ഗ്രൂപ്പ്, നായർ ഗ്രൂപ്പ്, ഈഴവാ ഗ്രൂപ്പ് എന്നിവകളിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക കഷ്ടങ്ങൾ.

൯൦. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തിരുവിതാംകൂറിൽ [illegible] എന്നീ പരീക്ഷകളിലെ പരാജയങ്ങളിൽ [illegible] ഗ്രൂപ്പുകാർ, നായർ ഗ്രൂപ്പുകാർ, ഈഴവ ഗ്രൂപ്പുകാർ എന്നീ സമുദായങ്ങളുടെ പ്രത്യേക പ്രധാന സമുദായങ്ങളുടെ ധനസ്ഥിതിയെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്നതിനെപ്പററി എന്തെങ്കിലും ഉണ്ടെങ്കിൽ അതിനെപ്പററി പ്രസ്താവിക്കാൻ ഗവൺമെൻറിന ദയവുണ്ടാകുമോ?

മി: കെ. ജോർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): മറുപടി നിഷേധരൂപത്തിലാണ്.

൯൧. നിയമസഭയിലും പ്രജാസഭയിലും മെമ്പറന്മാരുടെ ഉപയോഗത്തിലേക്ക കെട്ടിടം

വാടകക്കെടുക്കൽ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നിയമസഭയുടേയും പ്രജാസഭയുടേയും സമ്മേളനങ്ങൾ സംബന്ധിച്ച താൽക്കാലിക ഷെഡ്ഡുകൾ കെട്ടുന്നതിന [illegible]-ൽ വേണ്ടിവന്ന [illegible] രൂപ [illegible]-ൽ [illegible] രൂപയായി വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത ആലോചിച്ചുനോക്കുമ്പോൾ നിയമനിർമ്മാണസഭയിലെയും ശ്രീമൂലംപ്രജാസഭയിലേയും മെമ്പറന്മാരുടെ ഉപയോഗത്തിന വിക്ടോറിയാ ജൂബിലി ടൗൺ ഹാളിന ഏററവും സമീപിച്ച ഒരു യോഗ്യമായ കെട്ടിടം വാടകയ്ക്കെടുക്കുന്നതിൽ എന്ത് ആക്ഷേപമാണ് ഉള്ളതെന്നു പറയുവാൻ ഗവൺമെൻറിന ദയവുണ്ടാകുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): നിയമനിർമ്മാണസഭയുടേയും ശ്രീമൂലംപ്രജാസഭയുടേയും ഉപയോഗത്തിനുവേണ്ടി വിക്ടോറിയാ ജൂബിലി ടൗൺ ഹാളിൻെറ വളപ്പിൽ സ്ഥിരമായ ഷെഡ്ഡുകൾ കെട്ടിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ട മെമ്പറന്മാരുടെ ഉപയോഗത്തിന ടൗൺ ഹാളിന സമീപം ഒരു കെട്ടിടം വാടകയ്ക്കെടുക്കേണ്ട ആവശ്യം ഉണ്ടായിരിക്കയില്ല. [illegible]-ലെ പ്രാരംഭ ബഡ്ജററിൽ ഈ ജോലിക്കായി ൭൦൦൦ രൂപ വരുന്ന ഒരു സംഖ്യ ഉൾപ്പെടുത്തിയിട്ടുണ്ട്.

൯൨. ക്ഷയരോഗികൾക്കുള്ള സുഖവാസസ്ഥലം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) തിരുവിതാംകൂറിൽ ക്ഷയരോഗികൾക്കായി ഒരു സുഖവാസസ്ഥലം ഏർപ്പെടുത്തുന്നതിനുള്ള ശിപാർശയെ അംഗീകരിച്ച ഗവൺമെൻറിൽനിന്ന ഉത്തരവു പുറപ്പെടുവിച്ചതു എന്നാണ്?

(ബി) അതിലേക്ക ഡർബാർഫിസിഷ്യനാൽ വല്ല സ്ഥലവും തിരഞ്ഞെടുത്തോ? തിരഞ്ഞെടുത്തു എങ്കിൽ അതെവിടെ? എപ്പോൾ?

(സി) സ്ഥലം തിരഞ്ഞെടുത്തു എങ്കിൽ അതു ഗവൺമെൻറ് അംഗീകരിച്ചോ?

(ഡി) ഗവൺമെൻറിൽനിന്നും ആ സ്ഥലം അംഗീകരിച്ചിട്ടില്ലെങ്കിൽ അതിൻെറ കാരണം എന്തെന്നു പറയാൻ ഗവൺമെൻറിന ദയവുണ്ടാകുമോ?

(ഇ) ഗവൺമെൻറിൽനിന്ന് ആ സ്ഥലം അംഗീകരിക്കപ്പെട്ടെങ്കിൽ ജോലി ആരംഭിക്കുന്നതിനുള്ള താമസത്തിൻെറ കാരണം എന്താണെന്നു പറവാൻ ഗവൺമെൻറിന ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): (എ) തിരുവിതാംകൂറിൽ ക്ഷയരോഗികൾക്കായി ഒരു സുഖവാസസ്ഥലം ഏർപ്പെടുത്തണമെന്നുള്ള ശിപാർശയെ അംഗീകരിച്ച ഉത്തരവു പുറപ്പെടുവിച്ചിട്ടില്ല.

(ബി) അക്കാര്യത്തിലേക്കായി [illegible] നാഗർകോവിൽ കേപ്പ്റോഡ് ഒന്നാമത്തെ മൈലിൽ ഒരു സ്ഥലം ഡർബാർഫിസിഷ്യൻ തിരഞ്ഞെടുത്തു.

(സി) ഇല്ല.

(ഡി) താഴെപറയുന്ന കാരണങ്ങൾകൊണ്ട തിരഞ്ഞെടുക്കപ്പെട്ട സ്ഥലം ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല.

(എ) അഭിപ്രായപ്പെട്ട സ്ഥലത്തിന്റെ മൂന്നുവശങ്ങളിലും സമുദ്രത്തിന്റെ അരികായ സാമീപ്യംമൂലമുള്ള ദുർനിമിത്തം പ്രസ്തുതസ്ഥലത്തെ വായുമണ്ഡലം ലവണസ്പർശമുള്ളതും കനത്തതുമായ നീരാവികൊണ്ടു നിറയപ്പെട്ടിരിക്കുന്നു.

(ബി) ആ സ്ഥലത്തിനു വളരെ അടുപ്പിച്ചു കോതയാർ അണ മുഖാന്തിരമായി ധാരാളം നഞ്ചുകൃഷിയുണ്ട്. കൂടാതെ പരിസരപ്രദേശങ്ങളിൽ അവിടവിടെയായി വെള്ളംകെട്ടികിടക്കുന്നകുളങ്ങളും ചിറകളുമുണ്ട്.

(സി) സ്ഥലത്തിന്റെ പൊക്കം വളരെ കുറവാണ്.

(ഡി) വായുമണ്ഡലത്തിന്റെ ശൈത്യത്തേയും ഘനമാനത്തേയും സംബന്ധിച്ചും കാലത്തോറുമുള്ള കാറ്റിന്റെ ഗതിയേയും ശക്തിയേയും കുറിച്ചും അനവധി വർഷങ്ങളായി ചുരുക്കപ്പെട്ടിട്ടുള്ള കണക്കുകൾ ഉതകുന്നതായിരിക്കുന്നില്ല.

(ഇ) മൂന്നും നാലും ഭാഗങ്ങളുടെ മറുപടി അനുസരിച്ചു ഈ ചോദ്യത്തിനു അവകാശമില്ല. എങ്കിലും മെഡിക്കൽസർവീസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡിനോടു ഇതിനെപ്പറ്റി വീണ്ടും റിപ്പോർട്ടു ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മറുപടിയിൽ പറഞ്ഞിട്ടുള്ള പുറ സ്വീകരിച്ചു സ്ഥലം തെരഞ്ഞെടുത്ത ഡർബാർ ഫിസിഷ്യന്റെ പേർ പറവാൻ പബ്ലിക് ഹെൽത്ത് ഡയറക്ടർ സാധിക്കുമോ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): എന്റെ ഓർമ്മ ശരിയാണെങ്കിൽ അതു ഡാക്ടർ പെർകിൻസ് ആയിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അഭിപ്രായത്തിന്റെ രൂപത്തെ സംബന്ധിച്ചു വളരെ ഗൗരവമേറിയ ആരോപണങ്ങൾ മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞിട്ടുണ്ട് എന്നതിനെ നോക്കി ശീഘ്രമായോടെ അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ റിപ്പോർട്ടു ആവശ്യപ്പെടുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആവശ്യപ്പെടാം.

മൂവാററുപുഴ, തൊടുപുഴ ഈ താലൂക്കുകളിൽ കൃഷി മരാമത്തു പണികൾക്കായി ചിലവാക്കിയിട്ടുള്ള തുക.

൯൨. മി: തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

(എ) കഴിഞ്ഞ പതിനഞ്ചു കൊല്ലങ്ങളായി ([illegible]) മൂവാററുപുഴ തൊടുപുഴ എന്നീ താലൂക്കുകളിൽ കൃഷി മരാമത്തു പണികൾക്കായി എന്തെങ്കിലും തുക ചിലവാക്കിയിട്ടുണ്ടോ?

(ബി) ചിലവാക്കിയിട്ടുണ്ടെങ്കിൽ, ആ തുക എത്ര? ഏതു ജോലികൾക്കു വേണ്ടി?

(സി) കൃഷിക്കായി മുമ്പേ വെള്ളം കെട്ടി നിറുത്തുവാൻ ഉപയോഗിച്ചു വന്നിരുന്നതും, എന്നാൽ ഇപ്പോൾ മണൽ കൊണ്ടു മൂടപ്പെട്ടുപോയതായും ഉള്ള ഈ താലൂക്കുകളിലെ പല ചിറകളും കൃഷിയുടെ അഭിവൃദ്ധ്യർത്ഥം ഗവണ്മെന്റിൽ നിന്നു കുഴിപ്പിക്കുമോ?

(ഡി) കൃഷി സൗകര്യത്തിനായി, പല കൃഷിക്കാരുടെയും ആവശ്യത്തിനുവെള്ളം കെട്ടി നിറുത്തുവാൻ ജനങ്ങൾ ഒരിക്കൽ ഉപയോഗിച്ചുവന്നിരുന്നതും, എന്നാൽ ഇപ്പോൾ മിക്കവാറും തറനിരപ്പുവരെ മൂടപ്പെട്ടുപോയതുമായ, ആരക്കുഴ പകുതിയിൽ സർവ്വേ നമ്പർ ൩൫-ാം നമ്പരിലുള്ള പുറമ്പോക്കു ചിറയെ അതിനു മുമ്പുണ്ടായിരുന്ന താഴ്ചവരെ ഗവണ്മെന്റു പുനരുദ്ധാരണം ചെയ്യുമോ?

(ഇ) മുളവൂർ പകുതിയിൽ, മുളവൂർ മഹമ്മദീയപള്ളിക്കു സമീപം സർവ്വേ ൧൧൩൭ ൧-ാം നമ്പരിൽ ഉൾപ്പെടുന്ന തോട്ടിൽ കുറെക്കൂ അനേകകൊല്ലങ്ങൾക്കു മുമ്പു കെട്ടപ്പെട്ടിട്ടുള്ള അണ ഗവണ്മെന്റിൽ നിന്നു ഉടൻതന്നെ നന്നാക്കുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) (ബി) അന്വേഷിക്കുന്നുണ്ട്.

(സി) യും (ഡി) യും (ഇ) യും, ആലുവാ ഡിവിഷനിൽ ജോലിനടത്തിവരുന്ന ടെമ്പററി ഇറിഗേഷൻ സൂപ്പർവൈസരോടു ഈ ചിറകളും അണയും പരിശോധിക്കുന്നതിനു ഏർപ്പാടു ചെയ്യുന്നതാണ്,

കൃഷിയോഗ്യമായ ഭൂമിയുടെ ദൗർല്ലഭ്യം.

൯൩. മി: തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) സംസ്ഥാനത്തിൽ ആളൊന്നുക്കു കൃഷിയോഗ്യമായ ഭൂമി ശരാശരി എത്ര സെന്റു ഉണ്ടെന്നു പറവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) സംസ്ഥാനത്തിലെ ജനങ്ങളുടെ മുഖ്യ തൊഴിൽ കൃഷി ആയതുകൊണ്ടും, ജനസംഖ്യ വർദ്ധിക്കുന്നതോടു കൂടി ആളൊന്നുക്കു ലഭിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു വരുന്നതുകൊണ്ടും കൃഷിക്കായി ഭൂമി കിട്ടുവാൻ ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നുണ്ട് എന്ന സംഗതി ഗവണ്മെന്റിനറിയാമോ?

(സി) പല സ്ഥലങ്ങളിലും വാസഭൂമിയോടു അനുബന്ധിച്ചു കിടക്കുന്ന സംരക്ഷിത വന വിഭാഗങ്ങൾ വെട്ടിത്തെളിച്ചു ചെറിയ ചെറിയ ഖണ്ഡങ്ങളാക്കി അധഃകൃതവർഗ്ഗങ്ങളിൽ പെട്ട തറയില്ലാത്ത ആളുകൾക്കു ആനുകൂല്യംവണ്ണം തറവില കൂടാതെയും, തറയില്ലാത്തവരായ എല്ലാ സമുദായങ്ങളിലേയും അംഗങ്ങൾക്കു കുറഞ്ഞ തറവിലക്കും നൽകി കൃഷി സ്ഥലങ്ങളുടെ ദൗർല്ലഭ്യത്തെ ഇല്ലാതാക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) കഴിഞ്ഞ സെൻസസ്സുപ്രകാരം ഏകദേശം ആളൊന്നുക്കു ൭൫ സെന്റ് ഉണ്ട്.

(ബി) ഉത്തരം നിഷേധരൂപത്തിലാണ്.

(സി) വന വിഭാഗംസമ്മത സമിതിയുടെ റിപ്പോർട്ടിൻപ്രകാരം കഴിയുന്ന സ്ഥലങ്ങളിലെല്ലാം കൃഷിക്കവേണ്ടി പ്രധാനം വക സ്ഥലങ്ങൾ മാററി വരികയാണ്. അധഃകൃതവർഗ്ഗങ്ങളിൽപെട്ട ആളുകൾക്കും, സാധുക്കളും വസ്തുവകയായതൊന്നും ഇല്ലാത്തവരും ആയുള്ള മററു വർഗ്ഗക്കാർക്കും പ്രത്യേകത അനുവദിച്ചു പതിച്ചു കൊടുക്കുവാൻ ആവശ്യമുള്ള വകുപ്പുകൾ പുതുവൽ ചട്ടങ്ങളിൽ പറയപ്പെടുന്നുണ്ട്. മെമ്പർ അഭിപ്രായപ്പെട്ടപോലെ അപ്രകാരമുള്ള സ്ഥലങ്ങൾ നല്കുന്നതിനെ ക്രമീകരിക്കത്തക്കവണ്ണം ഖണ്ഡിതമായി യാതൊരു നിയമവും ഉണ്ടാക്കാവുന്നതല്ല.

അനുബന്ധം

(൭൮-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

൧൦൯൨ മുതൽ ൧൧൦൧ വരെ വൈക്കം താലൂക്കിലേക്കു അനുവദിക്കപ്പെട്ടിട്ടുള്ള നാനാഗതാഗതമാർഗ്ഗങ്ങളേയും അവയ്ക്കായിട്ടനുവദിച്ചിട്ടുള്ള തുക ചിലവാക്കിയിട്ടുള്ളതുമായ തുകകളേയും കാണിക്കുന്ന പട്ടിക.

നമ്പർ	ജോലിയുടെപേർ	അനുവദിച്ചിട്ടുള്ള തുക	ഇതേവരെ ചിലവാക്കിയിട്ടുള്ള തുക	ജോലിപൂർത്തിയായോ എന്നു	റിമാർക്സ്
	൧൦൯൨	രൂപാ	രൂപാ		
൧	തലയോലപ്പറമ്പിൽനിന്നും കുത്താട്ടുകുളത്തേക്കു ഒരു റോഡു് വെട്ടിക്കുന്നതിനു	൯൦,൭൦൦	൮൧,൧൦൦ ൭൪൩		മിക്കവാറും പൂർത്തിയായി.
൨	തിരുമണിവെങ്കിടപുരം റോഡിൽ ഒരു കൽപാലം കെട്ടുന്നതിനു	൫,൦൫൦	൫,൩൪൧	പൂർത്തിയായി	പൂർത്തീകരണറിപ്പോർട്ട അയച്ചു
൩	ഏറ്റുമാനൂർ വൈക്കം റോഡിൽ ൧൫-ാം മയിലിൽ വടയാർ പാലം കെട്ടുന്നതിനു	൨൩,൯൦൦	൨൮,൪൪൪	പൂർത്തിയായി	ടി
൪	വാല്യനപ്പുഴ വെച്ചൂർറോഡിൽ നാലാം മയിലിൽ മാരിൻ വീട്ടിൽ തോട്ടിനു കുറുകേ ഒരു ഫുട്ട്ബ്രിഡ്ജ് കെട്ടുന്നതിനു	൨,൨൩൦	൨,൯൭൨	പൂർത്തിയായി	ടി
	൧൦൯൩				
൫	വയ്ക്കത്തു തെരണ്ടകർ മെൽകാൺമെന്റിലേക്കു ഒരു വഴിയുണ്ടാക്കുവാൻ	൩൩൦	൨൫൦	പൂർത്തിയായി	ടി
	൧൦൯൯				
൬	കണിയാൻതോടു് കുഴിച്ചു വീതി കൂട്ടുന്നതിനും അതിൽ കലുങ്കിനു പകരമായി ഒരു പാലം കെട്ടുന്നതിനു	൪,൨൮൦	൭൩൨	...	സ്ഥലസമ്പാദനത്തിൽ നിലവിലിരിക്കുന്നു
	൧൧൦൦				
൭	വൈയ്ക്കത്തെ സത്യാഗ്രഹത്തിന്റെ സ്ഥിതിയെ സംബന്ധിച്ചുള്ള നിർമ്മാണങ്ങൾക്കു	൮൯൦	൨൨൯	...	ടി
	൧൧൦൧				
		*൧,൭൨൦	൪൦	...	ജോലി ആരംഭിച്ചു
൮	വൈയ്ക്കം താലൂക്കിലുള്ള വാളയിൽ തോടു പരിഷ്കരിക്കുന്നതിനു		൧,൦൪൪		
൯	വൈയ്ക്കംവെച്ചൂർ റോഡു്, വാളയിൽ തോടുവരെയുള്ള ആദ്യഭാഗം പരിഷ്കരിക്കുന്നതിനു	൯,൭൩൦	൩,൨൮൩	...	ജോലി നടന്നുവരുന്നു
൧൦	അഞ്ചുമന്നത്തോടു കുഴിച്ചു ശരിയാക്കുന്നതിനു	൨,൦൪൦	൧,൫൩൯	പൂർത്തിയായി	
൧൧	മുറിഞ്ഞപുഴ കടത്തിന്റെ വീതി കുറയ്ക്കുന്നതിനു വൈക്കം ഉദയംപേരൂർറോഡിൽ ആറാമത്തെ മൈലിനു മൂന്നാമത്തെ ഫർലാങ്ങിൽ മുറിഞ്ഞപ്പുഴ എ. താനം ജോലി കടം നടത്തുന്നതിനു	൨,൪൦൦	... ൨൮൩	... ...	സ്ഥലസമ്പാദനത്തിലേക്കായി നിലവിലിരിക്കുന്നു
൧൨	ചേർത്തല അരൂക്കുറ്റിറോഡ് ആറു മുതൽ ൮ മൈൽ വരെ ചരലിടുന്നതിനു	൩,൫൦൦	൩,൦൩൩		ടി

സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നുള്ള അടിയന്തിരപ്രമേയം.

മി: എം. ശിവതാണുപിള്ള (തോവാള): സർ, പ്രാധാന്യമേറിയ ഒരത്യാവശ്യപൊതുകാര്യത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനായി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നപേക്ഷിക്കുന്നു. മിസ്റ്റർ ശിവതാണുപിള്ള എഴുതിക്കൊണ്ടുവന്ന ഒരു സ്റ്റേറ്റുമെൻറ അദ്ധ്യക്ഷനെ ഏല്പിച്ചു;

അദ്ധ്യക്ഷൻ; തിരുവിതാംകൂർ നിയമസഭ മാനുവൽ മുപ്പത്തെട്ടാം ഖണ്ഡികപ്രകാരം സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു കാണിച്ചു ഒരു ഉപക്ഷേപം മിസ്റ്റർ ശിവതാണുപിള്ളയിൽനിന്നു എനിക്കു ലഭിച്ചിരിക്കുന്നു. മിസ്റ്റർ ശിവതാണുപിള്ള എഴുതിട്ടുള്ള ഈ സ്റ്റേറ്റുമെൻറിൽ ഇപ്രകാരമാണു പറയുന്നത്.

"മുമ്പൊരുസന്ദർഭത്തിൽ സഭ അനുകൂലമായ തീർപ്പ് കല്പിച്ചുവെങ്കിലും പൊതുവകധനം വ്യയംചെയ്തു രക്ഷിച്ചുവരുന്ന ശുചീന്ദ്രത്തെ പബ്ലിക്കുറോഡുകൾ ഉപയോഗിക്കുന്നതിനു അധഃകൃതവർഗ്ഗക്കാർക്കുള്ള അവകാശത്തെപ്പററി പ്രതിപാദിക്കുന്ന വിഷയത്തിൽ ശരിയായി വാദപ്രതിവാദം നടത്തുവാൻ സമയക്കുറവുകൊണ്ട് ഇന്നലെ സഭക്കു സൌകര്യം ലഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

കക്കാട്ട് ഗ്രാമത്തിലേക്ക് മെയിൻറോഡിൻെറ സമീപത്തുകൂടിത്തന്നെ ഒരു പുതിയ റോഡ് ഉണ്ടാക്കുവാൻ ൧൧൦൩-ലെ ബഡ്ജററിൽ കൊള്ളിച്ചു കാണുന്നതിനാൽ പ്രസ്തുതവിഷയത്തെപ്പററി രണ്ടാമതൊരുതവണ കൂടി സഭയുടെ അഭിപ്രായം അറിവാൻ ഗവർമ്മെൻറു അതിയായി ആശിക്കുന്നുണ്ടെന്നുവരുന്നു. ശുചീന്ദ്രം ഗ്രാമത്തിൽ കൂടിയുള്ള ഇപ്പോഴത്തെ റോഡ് സകലവർഗ്ഗക്കാർക്കും തുറന്നുകൊടുക്കുന്നപക്ഷം ഈ പുതിയറോഡ് അധികമായി തീരുന്നതാണ്. സംഗതി ഏററവും പ്രാധാന്യമേറിയ ഒന്നാകയാൽ സഭക്കു സ്വാഭിപ്രായം രേഖപ്പെടുത്തുവാൻ സൌകര്യം നൾകേണ്ടതു ഉചിതവും അത്യാവശ്യവുമാകുന്നു.

(൧) വേണ്ടിവരുന്ന ചിലവു ൧൦൦൦൦ രൂപായ്ക്കുമേൽ ആകുന്നു.

(൨) പൊതുമുതൽകൊണ്ടു സംരക്ഷിച്ചുവരുന്ന പബ്ലിക്കുറോഡുകൾ വ്യത്യാസമെന്നിയെ സർവ്വസമുദായങ്ങൾക്കും ഉപയോഗിക്കുവാൻ അനുവദിക്കണമെന്നുള്ള പ്രാഥമികാവശ്യത്തെപ്പോലെ ഏററവും പ്രാധാന്യമർഹിക്കുന്ന ഈ വിഷയത്തെപ്പററി സ്വാഭിപ്രായം രേഖപ്പെടുത്തുവാൻ യോഗത്തിനു അനുമതി നൾകണമെന്നതു ഏററവും നിഷ്കർഷകമാകുന്നു.

(൩) അപ്രകാരം ചെയ്യാതിരിക്കുന്നതു സഭയുടെ അന്തസ്സിനും സ്ഥിതിക്കും ബുദ്ധിവികാസത്തിനും ഹാനികരമാകുന്നു.

(൪) പ്രസ്തുതവിഷയത്തെപ്പററി വാദംനടത്താതിരിക്കുന്നതുകൊണ്ടു നികുതിദായകന്മാരുടെ ധനത്തിൻെറ ഒരു ശൂന്യമായ ദുർവ്യയം ചെയ്യേണ്ടതിനിടയാകുന്നതിനാൽ ഇതു ഏററവും അത്യാവശ്യമാകുന്നു.

(൫) ഇന്നലെത്തുടർച്ചമാത്രമെ സൌകര്യം ഉണ്ടായിട്ടുള്ള എന്നതുകൊണ്ടു ഇതു പൊടുന്നനവെ ഉണ്ടായിട്ടുള്ള ഒരു സംഭവമാകുന്നു.

സ്റ്റേറ്റുമെൻറിൽനിന്നു എനിക്കു മനസ്സിലാക്കാൻ കഴിയുന്നതു അതിൽ രണ്ടു പ്രത്യേകസംഗതികൾ കൂട്ടിക്കലർത്തിയിട്ടുണ്ടെന്നാണ്. പ്രത്യക്ഷത്തിൽതന്നെ പ്രമേയത്തിൻെറ ഏകോദ്ദേശമായിട്ടുള്ള സംഗതി സ്റ്റേറ്റുമെൻറിൽ രണ്ടുസ്ഥലത്തു കാണപ്പെടുന്നുണ്ട്. അതായതു ശുചീന്ദ്രത്തെ പബ്ലിക്കുറോഡുകൾ ഉപയോഗിക്കുന്നതിനു അധഃകൃതവർഗ്ഗങ്ങൾക്കുള്ള അവകാശം മറെറതു, സകലറോഡുകളും വ്യത്യാസമെന്നിയെ സർവ്വസമുദായങ്ങൾക്കും ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രാഥമികാവകാശം സാമാന്യവിഷയത്തെ സംബന്ധിച്ചിടത്തോളം ഒന്ന് സംസ്ഥാനത്തിനും രക്ഷിക്കപ്പെട്ടുപോരുന്ന എല്ലാറോഡുകളും ഉപയോഗപ്പെടുത്തുവാനുള്ള പ്രാഥമിക പൌരാവകാശവും മറെറതു പൊതുധനം ചിലവുചെയ്തു രക്ഷിക്കപ്പെട്ടുപോരുന്ന ശുചീന്ദ്രം റോഡു സർവ്വസമുദായങ്ങൾക്കും ഉപയോഗപ്പെടുത്തുന്നതിനുള്ള അവകാശവുമാകുന്നു. സംഭാവ്യമായി ഇതിൽ ഉൾപ്പെടുത്തിട്ടുള്ള വേറൊരുസംഗതികൂടിയുണ്ടെന്നു തോന്നുന്നു. അതായതു സഭ ഇന്നലെ അനുവദിച്ച കക്കാട്ടു റോഡിൻെറ സംഗതി കൌൺസിലിൽ ഒരിക്കൽ അനുവദിച്ചതിനെ എൻെറ നിലയെ സംബന്ധിച്ചിടത്തോളം വീണ്ടും അനുവദിക്കുന്നതിനായി അവതരിപ്പിക്കുന്നില്ലെങ്കിൽ അസാധുവാക്കുവാൻ കഴിയുന്നതല്ല.

ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളം രണ്ടു പൊതുവർഷങ്ങളാണെല്ലാം ഉള്ളത്. ഒന്ന് സകലറോഡുകളും സകലസമുദായക്കാർക്കും ഉപയോഗപ്പെടുത്തുവാനുള്ള അവകാശം മറെറതു ശുചീന്ദ്രംറോഡു ഉപയോഗപ്പെടുത്തുവാനുള്ള അധഃകൃതവർഗ്ഗക്കാരുടെ അവകാശം ഈ രണ്ടു കാര്യങ്ങളും ഗവർമ്മെൻറിൻെറയും പൊതുജനങ്ങളുടേയും അവയിൽ താൽപര്യമുള്ള പ്രത്യേകസമുദായ വിഭാഗത്തിൻേറയും ശ്രദ്ധയെ രണ്ടിലധികം കൊല്ലങ്ങളായി ആകർഷിച്ചുകൊണ്ടു വരികയാണ്. സംഗതികളുടെ നില ഇപ്രകാരമായതുകൊണ്ടു മിസ്റ്റർ ശിവതാണുപിള്ള പ്രസ്താവിക്കുന്നതുപോലെ അതു അത്യന്തം പൊതു പ്രാധാന്യമുള്ള ഒരു കാര്യമാണെന്നു ഗണിക്കുവാൻ യാതൊരുപ്രകാരത്തിലും എനിക്കു സാധിക്കുന്നില്ല. സഭയുടെ സാമാന്യനടപടികൾ നിറുത്തിവച്ചു വാദം നടത്തത്തക്കവണ്ണം ഉള്ള അത്യാവശ്യകത ഇതിനില്ല.

മി: വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): ഇക്കാര്യത്തിലേക്കായി ഒരു പ്രമേയം ഹാജരാക്കാവുന്നതാണ്.

അദ്ധ്യക്ഷൻ: ഞാനും അതിനെപ്പററി പറവാൻ തുടങ്ങുകയാകുന്നു. മിസ്റ്റർ ശിവതാണുപിള്ള ഇക്കാര്യത്തിൽ ഒരു പ്രമേയം കൊണ്ടുവരാൻ ആശിക്കുന്നെങ്കിൽ അദ്ദേഹത്തിനു അപ്രകാരം ചെയ്യാവുന്നതാണ്. എന്തെന്നാൽ അദ്ദേഹത്തിൻെറ ആഗ്രഹങ്ങളെ രേഖപ്പെടുത്തുവാനുള്ള ഏററവും ഉത്തമമായ മാർഗ്ഗം അതു ആകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): നാം ഇപ്പോൾതന്നെ ഇതിനെപ്പററി ചിന്തിക്കുന്നതായാൽ പതിനായിരത്തിൽപരം രൂപയുടെ ചിലവു നമുക്കു ഇല്ലാതാക്കാവുന്നതാണ്.

അദ്ധ്യക്ഷൻ: അതു പ്രസ്തുതകാര്യത്തോടു യാതൊരു സംബന്ധവുമില്ലാത്തതാകുന്നു. ഒരു അടിയന്തിരപ്രമേയത്തിൽ തന്നെ രണ്ടു വിഷയങ്ങൾ കൂട്ടിച്ചേർക്കാവുന്നതല്ല. ശുചീന്ദ്രംറോഡ് സംഗതിക്കു കക്കാട്ടു റോഡിനോടു യാതൊരുസംബന്ധവുമില്ലെന്നു ഗവർമ്മെൻറിൽനിന്നു ദൃഢനിശ്ചയമായി താങ്കൾ സ്വീകരിച്ചുകൊള്ളാം. അതു സംസ്ഥാനത്തെ ജനങ്ങളിൽ ചിലർക്കു സഞ്ചാരസൌകര്യം ഉണ്ടാക്കി കൊടുക്കുവാൻ മാത്രമാകുന്നു. ഞാൻ മുമ്പെ പറഞ്ഞതുപോലെ, രണ്ടു സംഗതികൾ ഒരേ പ്രമേയത്തിൽ ഉൾപ്പെടുത്താൻ പാടില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഗ്രാൻറ് കൌൺസിലിൽ നിന്നും ഒരിക്കൽ തള്ളപ്പെട്ടില്ലയോ എന്നു ഞാനറിയാമോ,

അദ്ധ്യക്ഷൻ: രണ്ടാമതു തവണവോടും കൂടാതെ പാസ്സാക്കപ്പെടുകയും ചെയ്തു. അതനുസരിച്ച്, രണ്ടു സംഗതികളും ഒരേ അഭ്യന്തിരപ്രമേയത്തിൽ വരാമെന്നു വിചാരിക്കുന്ന പക്ഷവും, സാമാന്യസിദ്ധാന്തങ്ങളേയോ പ്രത്യേകസന്ദർഭത്തേയോ നോക്കുന്നപക്ഷവും ഇക്കാര്യം സഭാനടപടികളെ വിഷമപ്പെടുത്തുകവണ്ണം അത്ര അത്യാവശ്യമെന്നു ഞാൻ പറയുന്നില്ല.

ധനാഭ്യർത്ഥനകൾ (തുടർച്ച).

അഭ്യർത്ഥന II (വിദ്യാഭ്യാസം).

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, വിദ്യാഭ്യാസവകുപ്പിലേക്കായുള്ള ബഡ്ജറ്റ്
ത്തിൽ പ്രകാരം നാല്പത്തൊന്നുലക്ഷത്തിപ്പതിനാറായിരം രൂപയിൽ കൂടാത്ത ഒരു ഗ്രാൻറിനായി ഞാനാവശ്യപ്പെടുന്നു.

ഉപക്ഷേപം ൪൧.

മി: സി. പി. തരകൻ (കുന്നത്തുനാട്): സർ, ഞാൻ താഴെ പറയുന്ന പ്രമേയം ഹാജരാക്കാൻ അനുമതി അപേക്ഷിക്കുന്നു.

സഞ്ചാരപ്പടിക്കു നീക്കിവച്ചിട്ടുള്ള ൧൨൦൦ രൂപയിൽനിന്നും ൩൦൦ രൂപ കുറയ്ക്കുന്നതിന്—

സഞ്ചാരപ്പടിക്കു നീക്കിവച്ചിട്ടുള്ള... ഞാൻ ഈ മോഷൻ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.
വളരെ വൈമനസ്യത്തോടുകൂടിയാണ് ഞാൻ ഈ മോഷൻ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.

വളരെ വൈമനസ്യത്തോടുകൂടിയാണ് ... വെട്ടിക്കുറക്കണമെന്നു മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള അ-
ഇന്നലെ ചീഫ് എഞ്ചിനീയരുടെ ട്രാവലിംഗ് അലവൻസ് വെട്ടിക്കുറക്കണമെന്നു മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള അ-
ഭിപ്രായപ്പെട്ടസമയം അതു കുറക്കാൻ പാടില്ലാ എന്നും ചീഫ് എഞ്ചിനീയർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും
സഞ്ചരിച്ചു ജനങ്ങളുടെ അത്യാവശ്യങ്ങളെ മനസ്സിലാക്കേണ്ടതു് ആവശ്യമാണെന്നും, അതിനാൽ ട്രാവലിംഗ് അ-
ലവൻസ് കൂട്ടുകയല്ലാതെ ഒരിക്കലും കുറക്കാൻ പാടില്ലാ എന്നും ഈ സഭ മുമ്പാകെ ആദ്യമായി പ്രസ്താവിച്ചതു
ഞാനാണ്. ആ സ്ഥിതിക്ക്, അതുപോലെ തന്നെ ഉത്തരവാദിത്വം ജനങ്ങളോട് ഇടപ്പെട്ട് അവരുടെ ആവ-
ശ്യങ്ങളെ നേരിട്ടറിയുന്നതിനു ചുമതലയുമുള്ള ഉദ്യോഗസ്ഥനായ എഡ്യൂക്കേഷൻ ഡയറക്ടരുടെ ട്രാവലിംഗ് അല-
വൻസ് കുറയ്ക്കണം എന്നുപറയുന്നതു് പ്രഥമദൃഷ്ടിയിൽ ന്യായമല്ലെന്നു തോന്നിയേക്കാം. എന്നാൽ ഈ ഇന-
ത്തിൽ ൧൧൦൧-ൽ ൩൨൨ രൂപായും, ൧൧൦൨-ൽ ൧൦൦൦ രൂപായും മാത്രം ചിലവാക്കിയിട്ടുള്ളതായിട്ടാ-
ണ് ബഡ്ജറ്റിൽ കാണുന്നതു്. വരുന്ന ആണ്ടത്തേക്ക് ൧൨൦൦ രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നു.
ഇതുവരെയുള്ള അനുഭവം വിചാരിച്ചുനോക്കിയാൽ മേലും ഈ സംഖ്യ മുഴുവൻ ചിലവാകാൻ ന്യായമുണ്ടെന്നു
തോന്നുന്നില്ല. നേരെമറിച്ചു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ശരിയായി സഞ്ചരിച്ച്, നാനാവർഗ്ഗങ്ങളുടേയും
ആവശ്യങ്ങളെ മനസ്സിലാക്കേണ്ടതു് ആവശ്യമാണെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു അതനുസരിച്ചു പ്രവർത്തിക്ക-
വാൻ സന്നദ്ധനാകുകയും, അടുത്ത കൊല്ലത്തെ സർക്യൂട്ടിൽ അതനുസരിച്ചു പ്രവർത്തിക്കാമെന്നു ഏല്ക്കുകയും
ചെയ്യുമെങ്കിൽ ഞാനദ്ദേഹത്തിനു സ്വാഗതം പറഞ്ഞുകൊള്ളുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഡയറക്ഷൻ ഇനത്തിലുള്ള സഞ്ചാരപ്പടി ആ-
യിരത്തി അരുനൂറ് ഉറുപ്പികയിൽനിന്നും ആയിരം ഉറുപ്പികയാക്കി കുറയ്ക്കണമെന്നാണ് ഉപക്ഷേപം. ആയിര-
ത്തിഅരുനൂറ് രൂപാ അനുവദിക്കുന്നപക്ഷം അതു താഴെകാണും പ്രകാരം വിഭജിക്കപ്പെടാവുന്നതാണ്:—

വിദ്യാഭ്യാസഡയറക്ടരുടെ സഞ്ചാരത്തിനു വേണ്ടി ആയിരം ഉറുപ്പിക.

കെട്ടിടങ്ങളുടെ പണിനോക്കിപ്പരിശോധിക്കുന്നതിനും ഗ്രാൻറ് നൽകുന്നതിനും മററുമായി സ്റ്റാഫിൽ ഉള്ള
ഒരംഗമായ ഓവർസീയരുടെ സഞ്ചാരത്തിനു വേണ്ടി നാനൂറു ഉറുപ്പിക.

വിദ്യാഭ്യാസഡയറക്ടരോടൊന്നിച്ചു സഞ്ചരിക്കുന്ന ക്ലാർക്കന്മാർക്കും ശിപായിമാർക്കും, ഓവർസീയരോടൊന്നിച്ചു
സഞ്ചരിക്കുന്ന ഒരു പ്യൂണിനും കൂടി ൨൦൦ രൂപാ.

ഓവർസീയർ അയാളുടെ ജോലി ചെയ്യുന്നതിനെപ്പററി പരാതിയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതു-
കൊണ്ടു അയാൾക്കു ൪൦൦ രൂപായും നൽകാമായിരിക്കാം. പിന്നീടു ക്ലാർക്കന്മാർക്കും ശിപായിമാർക്കും ൨൦൦
രൂപായും കൂടി അനുവദിക്കുന്നതായാൽ ബാക്കി ൧൦൦൦ രൂപാമാത്രമേ ശേഷിപ്പുള്ളൂ. പ്രമേയത്തിൽ അഭിപ്രാ-
യപ്പെടുന്നപോലെ ആ അംശത്തിൽനിന്നും ൩൦൦ രൂപാ വെട്ടിക്കുറക്കുന്നതായാൽ ഡയറക്ടർക്ക് ൪൦൦ രൂപാ
മാത്രമേ ശേഷിക്കുകയുള്ളൂ. ഡയറക്ടർ ൪൦൦ ഉറുപ്പികയ്ക്കു് വേണ്ടിമാത്രമേ സഞ്ചരിക്കാവൂ എന്നാണോ മിസ്റ്റർ
തരകന്റെ വാദം എന്നു എനിക്കറിയാൻ പാടില്ല. എന്നാൽ ഡയറക്ടർ ധാരാളമായി സഞ്ചരിക്കുന്നില്ല എന്നാ-
ണു പരാതിയെന്നു ഞാൻ വിശ്വസിക്കുന്നു. ഞാനും അതോടു യോജിക്കുന്നു. ഡയറക്ടർ എത്രാമതും തലസ്ഥാ-
നത്തു എത്രാമതും സഞ്ചാരത്തിലും ചിലവാകണമെന്നു നിശ്ചയിക്കുന്നത് ഏററവും നല്ലതരുകാര്യംതന്നെ എന്നാൽ
അതു് തല്ക്കാലികസന്ദർഭങ്ങളെനോക്കി മാത്രമേ നിശ്ചയിക്കാൻ കഴികയുള്ളൂ. കഴിഞ്ഞകൊല്ലമോ ഇക്കൊല്ലമോ
എനിക്കു സഞ്ചരിക്കാൻ കഴിഞ്ഞിട്ടുള്ള ദിവസങ്ങളുടെ സംഖ്യ എനിക്കുതന്നെ തൃപ്തികരമല്ല. ഞാനഭിപ്രായപ്പെ-
ട്ടിട്ടുള്ള ഏതാനും മാററങ്ങൾ ചെയ്യപ്പെടുമ്പോൾ ഡയറക്ടർക്ക് കൂടുതൽ സഞ്ചരിക്കുവാൻ സാധിക്കുന്നതാണെന്നു
ഞാൻ ആശിക്കുന്നു. എന്റെ ഒമ്പതു മാസത്തെ അവധികാലത്തിൽ ഈവക സംഗതികളെപ്പററി ചിന്തിക്കു-
വാൻ എനിക്കു സമയമുണ്ടായിരുന്നു ഡയറക്ടർ മാസത്തിൽ ഒരാഴ്ച എല്ലായ്പോഴും സഞ്ചരിക്കുന്നതു നന്നായിരി-
ക്കുമെന്നാണ് ഞാൻ ഒടുവിൽ തീർച്ചയാക്കിയതെന്നും ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നു. അതൊരു നല്ലരീതിയാ-
യിരിക്കും. അപ്രകാരം ചെയ്യുന്നതിനു ഞാൻ ശ്രമിക്കും. എന്റെ പ്രത്യേകമായ ശ്രദ്ധപതിയേണ്ട പല സം-
ഗതികളും ഇക്കൊല്ലം ഉണ്ടായതുകൊണ്ടാണ് ഇതേവരെ അനുസരിച്ചു പ്രവർത്തിക്കുവാൻ എനിക്കു കഴിയാ-
ഞ്ഞതു് അടുത്തവർഷം അപ്രകാരമുള്ള സംഗതികളൊന്നും ഇല്ലെങ്കിലും ഈ തുക അനുവദിച്ചുതരുന്നപക്ഷവും
അതു മുഴുവനും ചിലവാക്കുവാൻ ഞാൻ യത്നിക്കുന്നതാണ്.

മി: കെ. ഐ ജോസഫ് (മീനച്ചിലും ദേവികുളവും): അടുത്തകൊല്ലം എത്ര ദിവസം സഞ്ചരിക്കാമെന്നു് ഡയറക്ടർ ഉദ്ദേശിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഓരോമാസവും ഉദ്ദേശം ഒരാഴ്ച സഞ്ചരിക്കാമെന്നാശിക്കുന്നു. ഇവിടം ഞാനേപ്പോഴാണെല്ലാ സഭയിൽ അറിയിച്ചതു് കൌൺസിൽ യോഗങ്ങൾ കൂടുന്ന മാസങ്ങളിൽ സഞ്ചരിക്കുന്നതിനു എനിക്കു സാധിച്ചില്ലെന്നവരാം.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): എത്ര മൈൽ സഞ്ചരിക്കാമെന്നാണു ഡയറക്ടർ ഉദ്ദേശിക്കുന്നത്?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): മൈലൊന്നിന് എട്ടണനിരക്കിന് രണ്ടായിരം മൈൽ ആയിരിക്കും. എന്നാൽ സഞ്ചാരപ്പടിയിൽ 'ബാററാ' കൂടി ഉൾപ്പെടുന്നതുകൊണ്ടു അതിൽനിന്നു സ്വല്പം കുറഞ്ഞിരിക്കും.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഇപ്പോൾ നിക്കിവച്ചിട്ടുള്ള തുകകൊണ്ടു അത്രത്തോളം സഞ്ചരിക്കുവാൻ കഴിയുമെന്നു ഡയറക്ടർ വിശ്വസിക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു സഞ്ചരിക്കുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. സന്ദർശിക്കപ്പെടുന്ന സ്ഥാപനങ്ങളുടെ സംഖ്യയാണു ഇവിടെ വിഷയം.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): തിരുവിതാംകൂറിലുള്ള പ്രധാനപ്പെട്ട എല്ലാ സ്ഥാപനങ്ങളും പരിശോധിക്കാമെന്നു ഡയറക്ടർ ഉദ്ദേശിക്കുന്നുവോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതേ.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഇക്കാര്യത്തിലേക്കു ൧൫൦൦ രൂപ മതിയാകുമെന്നു ഡയറക്ടർ ഉദ്ദേശിക്കുന്നുവോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ആ ചോദ്യത്തിനു ശരിയായ മറുപടി പറവാൻ എനിക്കു കഴികയില്ല. അതു ചോദ്യം കാണുന്നപക്ഷം അതു വർദ്ധിപ്പിക്കപ്പെടേണ്ടതാണ്.

മി: കെ. ഐ. ജോസഫ് (ദേവികുളം, മീനച്ചൽ): ഡയറക്ടരുടെ അഭിപ്രായത്തിൽ ഈ തുക മതിയാകുമോ എന്നുമാത്രമേ ഞാൻ ചോദിച്ചുള്ളു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു എനിക്കു പറവാൻ സാധിക്കയില്ല.

മി: കെ. കെ. തോമസ് (കോട്ടയം): കൂടുതൽ സഞ്ചരിക്കുന്ന വിഷയത്തിൽ ഡയറക്ടർ ഉദ്ദേശിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു സഭയെ ധരിപ്പിക്കുവാൻ മെമ്പറിനു ദയവുണ്ടാകുമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ആഫീസ് മാനേജ്മെൻറിൻെറ കാര്യത്തിൽ ചില ഏർപ്പാടുകൾ നിർദ്ദേശിച്ചിട്ടുണ്ട്. അവ അനുവദിക്കുന്നപക്ഷം ഡയറക്ടർക്കു സഞ്ചാരത്തിൽനിന്നു മുക്തി കിട്ടുന്നതാണ്.

മി: കെ. കെ. തോമസ് (കോട്ടയം): ആഫീസ്കാര്യങ്ങൾ നോക്കുന്നതിനു ഒരു മാനേജർ ഇല്ലേ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾ ആഫീസിൽ ഒരു മാനേജരും ഒരു പേർസണൽ അസിസ്റ്റൻറും ഉണ്ട്. എന്നാൽ ഒരു ഹെഡ്ക്ലാർക്കുകൂടി ഉണ്ടായിരിക്കേണ്ടതാണ്.

മി: കെ. കെ. തോമസ് (കോട്ടയം): പേർസണൽ അസിസ്റ്റൻറിൻെറയും മാനേജരുടേയും സഹായത്തോടുകൂടി ഡയറക്ടർക്കു ആഫീസ്കാര്യങ്ങളിൽനിന്നു ഒഴിവു കിട്ടുന്നില്ലെങ്കിൽ ഒരു ഹെഡ്ക്ലാർക്കുകൂടി ഉണ്ടായിരുന്നാൽ എങ്ങനെയാണ് അദ്ദേഹത്തിനു അതു സാധിക്കുന്നത്?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഒരു ഹെഡ്ക്ലാർക്കിനെ നിയമിക്കുന്നതോടുകൂടി ജോലി ഇപ്പോഴത്തേക്കാൾ നന്നായിട്ടും വേഗത്തിലും നടത്താവുന്നതാണ്.

മി: കെ. കെ. തോമസ് (കോട്ടയം): ഡയറക്ടരുടെ കൂടുതലായുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു ഹെഡ്ക്ലാർക്കു അദ്ദേഹത്തെ ആഫീസ് ജോലികളിൽനിന്നു വിമുക്തനാക്കുന്നതെങ്ങനെയാണെന്നും ഡയറക്ടരിൽനിന്നും അറിവാൻ ഞാനാശിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഹെഡ്ക്ലാർക്കിൻെറ നിയമനം ആഫീസ് ജോലികളുടെ പ്രവൃത്തനത്തെമാത്രമേ ബാധിക്കയുള്ളു. ഇപ്പോൾ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്ന ഡയറക്ടർ ആഫീസരുടെ പദ്ധതികളും ഉണ്ട്. അവയെപ്പററി ഉത്തരവു ചെയ്യുമ്പോൾ, ആഫീസ് സംബന്ധമായ അധികഭാഗം ജോലിയിൽനിന്നും എനിക്കു സ്വാതന്ത്ര്യം കിട്ടുമെന്നാണു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ൧൧൦൧-ലെ ഭരണറിപ്പോർട്ടിൽ ൧൯-ാം പുറത്തു ൪-ാമത്തെ ഖണ്ഡികയിൽ കാണപ്പെടുന്ന സ്റ്റേററ്മെൻറു ഡയറക്ടരുടെ സഞ്ചാരത്തിനിടയിൽ നടത്തപ്പെട്ടതാണോ എന്നു അദ്ദേഹത്തിൽനിന്നറിവാൻ ഞാനാശിക്കുന്നു. സ്റ്റേററ്മെൻറു ഞാൻ വായിക്കാം:—

"മി: സ്റ്റീഫൻസൺ രണ്ടു യോഗങ്ങളിൽ ടി ആദ്ധ്യക്ഷം വഹിച്ചു. അവയിൽ ഒന്നു നാഗർകോവിൽ സ്കാട്ട ക്രിസ്ത്യൻ കാളേജിൽവച്ച്, അവിടത്തെ പ്രിൻസിപ്പാളായിരുന്ന റവ്. ജി. പാക്കർ, എം. എ., ബി. ഡി. യുടെ ഇരുപത്തഞ്ചുകൊല്ലത്തെ സർവീസ് പൂർത്തിയായതു സംബന്ധിച്ചു നടത്തിയ ആഘോഷത്തേയും, മറേറതു ൧൧൦൧ മകരമാസത്തിൽ തിരുവല്ലാ താലൂക്കിൽവച്ചു നടത്തിയ വിദ്യാഭ്യാസപ്രദർശനത്തേയും സംബന്ധിച്ചും ആയിരുന്നു."

നാഗർകോവിൽ കാളേജിൽ മി: സ്റ്റീഫൻസൺെറ അദ്ധ്യക്ഷതയിൽ നടത്തിയതായി പറയപ്പെടുന്ന ഒന്നാമത്തെ വിഷയം, ഡയറക്ടർ എന്ന നിലയിലുള്ള അദ്ദേഹത്തിൽ ന്യായാനുസൃതമായ സഞ്ചാരജോലിയുടെ ഒരു ഭാഗമായിത്തീരുന്നുണ്ടോ എന്നറിവാൻ ഞാനാശിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): മെമ്പർ വിവക്ഷിക്കുന്നതു എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ആ സന്ദർഭത്തിനു എനിക്കു സഞ്ചാരപ്പടി കിട്ടിയോ എന്നാണു മെമ്പറിൻെറ വിഷയമെങ്കിൽ മറുപടി അതേ എന്നുതന്നെ.

മി: ജി. രാമൻ മേനോൻ (മാവേലിക്കര, കാർത്തികപ്പള്ളി): ഉദ്യോഗികസാമാജികന്മാരുടെ മറുപടിക്കുശേഷം മററ സാമാജികന്മാർക്കു സംസാരിക്കാമോ?

അദ്ധ്യക്ഷൻ: സംസാരിക്കാം.

മി: കെ. കെ. തോമസ് (കോട്ടയം): സർ, ഡയറക്ടരുടെ ജോലികൾ ശരിയായി നടത്തിക്കൊണ്ടുപോകുന്ന വിഷയത്തിൽ ഡയറക്ടർക്കുണ്ടാകുന്ന പ്രയാസങ്ങളെപ്പററി അദ്ദേഹം ആണ്ടുതോറും ഈ സഭയിൽ പ്രസ്താവിക്കാറുണ്ട്. ആഫീസ് സംബന്ധമായ ജോലി കൂടുതൽ നിമിത്തം ഡയറക്ടർ വളരെ കഷ്ടപ്പെട്ടാണ് ദിവസങ്ങ

ൾ കഴിച്ചുകൂട്ടിയിട്ടുള്ളതെന്നും, ഡയറക്ടർക്ക് ചെയ്യാനുള്ള കൃത്യത്തിന്റെ സ്വഭാവം ഏതാണ്ട് 'നായ്ക്കളുടെ ജോലി' പോലെയാണെന്നും കഴിഞ്ഞപ്രാവശ്യം അപ്പോഴത്തെ ഡയറക്ടർ നമ്മോട് പറയുക ഉണ്ടായി. എനിക്കും ഡയറക്ടരോട് സഹാനുഭൂതിയാണുണ്ടായത്. ആഫീസ് നടത്തിക്കൊണ്ടുപോകുന്ന വിഷയത്തിൽ അദ്ദേഹത്തിനു ചെയ്യാനുള്ള ജോലിയുടെ കൂടുതലിനെപ്പററി ഞാൻ പ്രശംസിച്ചു പറയുകയും ചെയ്തു. ഡയറക്ടർക്ക് അദ്ദേഹത്തിന്റെ ന്യായമായ ജോലിയിൽ തൃപ്തികരമായവിധം കൂടുതൽ ശ്രദ്ധപതിപ്പിക്കത്തക്കവണ്ണം ഇപ്പോഴത്തെ നിലയെ മാററുന്നതിനു അദ്ദേഹം എന്താണഭിപ്രായപ്പെടുന്നതെന്നു ഡയറക്ടറിൽ നിന്നും മനസ്സിലാക്കുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു. ഒരു ഹെഡ് ക്ലാർക്കിനെ നിയമിക്കണമെന്നഭിപ്രായപ്പെടുന്നതായിട്ടാണ് വിചാരിക്കുന്നത്. എന്നാൽ ഒരു ഹെഡ് ക്ലാർക്കിനെ കൂടുതലായി നിയമിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് ആഫീസ് സംബന്ധമായ അദ്ദേഹത്തിന്റെ കൃത്യങ്ങളിൽനിന്ന് എപ്രകാരം ഒഴിവു കിട്ടുമെന്നും, സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിക്കുന്നതിനു അദ്ദേഹത്തിനു അതു എങ്ങനെ സഹായകമായിത്തീരുമെന്നും മനസ്സിലാക്കുവാൻ എനിക്കു കഴിയുന്നില്ല. ഡെവലപ്പ്മെൻ ആഫീസർ ഇനിയും അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെന്നാണ് ഞാൻ അറിയുന്നത്.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): റവല്യൂഷൺ ആഫീസർ പണ്ടുതന്നെ അദ്ദേഹത്തിന്റെ റിപ്പോർട്ട് ബോധിപ്പിച്ചിട്ടുണ്ടെന്നും, അതു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണെന്നും ഞാൻ മെമ്പറെ അറിയിച്ചുകൊള്ളട്ടെ.

മി: കെ. കെ. തോമസ് (കോട്ടയം): എന്നാൽ അദ്ദേഹത്തിന്റെ ശിപാർശ ഗവണ്മെന്റിൽനിന്നു എപ്രകാരം പരിഗണിക്കപ്പെടുമെന്നും നമുക്കറിവാൻ പാടില്ല. ഡയറക്ടർ രാജ്യത്തിന്റെ ഒരററത്തുനിന്നും മറെറഅററം വരെപോയി, ഡിപ്പാർട്ടുമെന്റലായും അല്ലാത്തതായും ഉള്ള വിദ്യാലയങ്ങളിൽ എപ്രകാരം ജോലി നടത്തപ്പെടുന്നുണ്ടെന്നു നോക്കുന്നതായി നാമെല്ലാം ആശിക്കുന്നു. കാര്യാലയങ്ങൾക്കു മുമ്പെ ശരിയായ പരിശോധനയുടെ അഭാവത്താൽ, ഈ വക വിദ്യാലയങ്ങളുടെ ഭരണത്തിൽ പല വൈപരീത്യങ്ങളും കുറവുകളും നേരിട്ടിട്ടുണ്ട്. ആയതിനാൽ ഡയറക്ടർക്ക് അദ്ദേഹത്തിന്റെ കൃത്യങ്ങളിൽ നിന്നു കുറേക്കൂടെ ഒഴിവുകിട്ടത്തക്കവണ്ണം ഡയറക്ടർതന്നെയോ, ഗവർമ്മെണ്ടിൽ നിന്നോ എന്തെങ്കിലും ഉപായങ്ങൾ ഉണ്ടാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. പ്രഭാതംമുതൽ സായാഹ്നം വരെ ആഫീസ് സംബന്ധമായി ദിവസംപ്രതിയുള്ള കൃത്യങ്ങൾ ഡയറക്ടരുടെ ജോലിയിൽ കൂടുതൽ ഭാഗമപഹരിക്കുന്നതുകൊണ്ട്, അതേസമയത്തുതന്നെ പലെടത്തും സഞ്ചരിച്ചു കീഴുദ്യോഗസ്ഥന്മാരെ പരിശോധിക്കയെന്നത് എത്ര പ്രയാസമേറിയ ഒന്നാണെന്നു കഴിഞ്ഞകൊല്ലം മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ നമ്മോടു പറയുക ഉണ്ടായി. ഡയറക്ടരുടെ പ്രധാനപ്പെട്ട ജോലിയിൽ ഏതാനും ഭാഗം അദ്ദേഹത്തിനു ഒരേല്പിക്കത്തക്കവണ്ണമുള്ള ഒരാളെ കൂടുതലായി സഹായത്തിനു നിയമിക്കുന്നപക്ഷം, വിദ്യാഭ്യാസഡയറക്ടരുടെ സ്ഥിതിയിലുള്ള ഒരാളിന്റെ സഞ്ചാരത്തിനുവേണ്ടി ഫ്രസ്റ്റ ൦ ൦ രൂപ ആവശ്യമാണെന്നു എനിക്കുതോന്നുന്നതുകൊണ്ട് എനിക്കതിൽ യാതൊരു വിരോധവുമില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യാലയങ്ങൾക്ക് ഇൻസ്പെക്ടർ എന്നും ഇൻസ്പെക്ട്രസ് എന്നും ഉള്ള സഞ്ചാര ഉദ്യോഗസ്ഥന്മാർ ഉണ്ടെന്ന് മെമ്പർക്കറിവുണ്ടോ എന്നു അദ്ദേഹം എന്നെ അറിയിക്കാമോ?

മി: കെ. കെ. തോമസ് (കോട്ടയം): അപ്പോൾപിന്നെ ഡയറക്ടർ സഞ്ചരിക്കേണ്ടതില്ലെന്നോ? ശരിയാണ്. ... ഇവരൊക്കെ എന്തിനാണാവശ്യപ്പെടുന്നത്?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അത് എന്റെ ചോദ്യത്തിനു ഉത്തരമാകുന്നില്ല. ഇൻസ്പെക്ടരുടെയും ഇൻസ്പെക്ട്രസിന്റെയും ജോലികളിൽ നിന്നു വ്യത്യസ്തമായി ഡയറക്ടർക്ക് അദ്ദേഹത്തിന്റെ സർക്കീട്ടിൽ ചെയ്യാനുള്ള ജോലിയുടെ സ്വഭാവം എന്തായിരിക്കുമെന്നുമെമ്പർ എന്നോടു പറവാൻ ദയവുണ്ടായാൽ കൊള്ളാം

മി: കെ. കെ. തോമസ് (കോട്ടയം): അദ്ദേഹത്തിന് ഇൻസ്പെക്ടറന്മാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ ശരിയാണോ എന്നു നോക്കുകയും, ആവശ്യമെന്നുതോന്നുന്ന ഡയറക്ഷൻസ് നൽകുകയും ചെയ്യേണ്ടതായിട്ടുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പള്ളിക്കൂടം ഇൻസ്പെക്ടന്മാർ നടത്തുന്ന ജോലിയുടെ സ്വഭാവത്തെപ്പററി മെമ്പർക്കറിയാമോ?

മി: കെ. കെ. തോമസ് (കോട്ടയം): അവരുടെ ജോലിയുടെ ശരിയായ രീതി എനിക്കറിയാൻപാടില്ല. എന്നാൽ അതിനെപ്പററി ചെറുതായ്ബോധം എനിക്കുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡയറക്ടർ ചെയ്യണമെന്നു മെമ്പർ ആവശ്യപ്പെടുന്ന സംഗതി ഇപ്പോൾ വിദ്യാലയ ഇൻസ്പെക്ടറന്മാർ സാധാരണയായി ചെയ്തു വരുന്നതിൽ നിന്നും അധികം വ്യത്യസ്തമല്ലെന്നു ഞാൻ മെമ്പറെ മനസ്സിലാക്കാമോ?

മി: കെ. കെ. തോമസ് (കോട്ടയം): അതു അപ്രകാരമാണെന്നു ഞാൻ കരുതുന്നില്ല. മെമ്പർ അറിവുതരേണ്ടതില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, വിദ്യാഭ്യാസഡയറക്ടരുടെ പരിശോധനാജോലിയെ സംബന്ധിച്ചിടത്തോളം, ഗവർമ്മെന്റ് വളരെയെല്ലാം പരിശോധനാജോലി ഡയറക്ടരുടെ മേൽ ചുമത്തുന്നതെന്നാണു എനിക്കുതോന്നുന്നത്. എന്തെന്നാൽ ഡയറക്ടരുടെ പ്രധാനജോലി വിദ്യാഭ്യാസനയങ്ങളും പദ്ധതികളും രൂപീകരിക്കുന്നതിലും, എഡ്യൂക്കേഷൻ കോട്ട് ഇൻസ്പെക്ഷൻകോഡ്, കീഴുദ്യോഗസ്ഥന്മാരുടെ ജോലിയെ താൽക്കാലികനിലയിൽ ക്രമീകരിക്കുന്ന മററു നിയമങ്ങൾ എന്നിവ ശരിയായി സൂക്ഷിക്കുന്നതിലും ആയിരിക്കേണ്ടതാണ്. ഈ വക കാര്യങ്ങൾ, ആയതിലേക്കു നിയമിക്കപ്പെടുന്ന ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥന്മാരേയോ മറെറാരാൾ അധികം കൃത്യമായി ഡയറക്ടർക്കു സാധാരണ കാര്യങ്ങൾക്കിടക്കുതന്നെ അപ്പപ്പോൾ ചെയ്യാമെന്നാണ് എനിക്കുതോന്നുന്നത്. വിദ്യാലയങ്ങൾക്കു പരിശോധന ഉദ്യോഗസ്ഥന്മാരുണ്ട് അവർ പരിശോധനാകൃത്യത്തിനു യോഗ്യമായിരിക്കും. മററുസംസ്ഥാനങ്ങളിൽ വിദ്യാഭ്യാസവകുപ്പിന്റെ മുഴുവൻജോലിയും നിർവഹിക്കുന്നതിനു ഒരു ഇൻസ്പെക്ടർജനറൽ മതിയെന്നായിട്ടാണു കാണപ്പെടുന്നത്. ഇവിടെ നാട്ടുഭാഷാവിദ്യ

മയങ്ങൾക്കും, പെൺപള്ളിക്കൂടങ്ങൾക്കും, ഇംഗ്ലീഷ് സ്കൂളുകൾക്കും പ്രത്യേകം പരിശോധനോദ്യോഗസ്ഥന്മാരുണ്ട്. കാര്യങ്ങളിപ്രകാരമിരിക്കവേ ഡയറക്ടരോടു സഹാനുഭൂതിയാണെനിക്കുള്ളത്. ആഫീസ് നടത്തിക്കൊണ്ടുപോകുന്ന വിഷയത്തിൽ അദ്ദേഹത്തിനു ചെയ്യാനുള്ള ജോലിയുടെ കൂടുതലിനെപ്പററി ഞാൻ പ്രസംഗിച്ചു പറയുകയുംചെയ്തു. ഡയറക്ടർക്ക് അദ്ദേഹത്തിന്റെ ന്യായമായ ജോലിയിൽ തൃപ്തികരമാകുംവിധം കൂടുതൽ ശ്രദ്ധപതിപ്പിക്കത്തക്കവണ്ണം ഇപ്പോഴത്തെ നിലയെ മാററുന്നതിനു അദ്ദേഹം എന്താണുദ്ദേശിക്കുന്നതെന്നു ഡയറക്ടറിൽനിന്നും മനസ്സിലാക്കുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു. ഒരു ഹെഡ്ക്ലാർക്കിനെ നിയമിക്കണമെന്നഭിപ്രായപ്പെടുന്നതായിട്ടാണ് വിചാരിക്കുന്നത്. എന്നാൽ ഒരു ഹെഡ്ക്ലാർക്കിനെ കൂടുതലായി നിയമിക്കുന്നതുകൊണ്ട് അദ്ദേഹത്തിനു ആഫീസ് സംബന്ധമായ അദ്ദേഹത്തിന്റെ കൃത്യങ്ങളിൽനിന്ന് എപ്രകാരം ഒഴിവുകിട്ടുമെന്നും, സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിക്കുന്നതിലും അദ്ദേഹത്തിനു അതു എങ്ങനെ സഹായമായിത്തീരുമെന്നും മനസ്സിലാക്കുവാൻ എനിക്കു കഴിയുന്നില്ല. ഡെവലപ്പ്മെൻറ് ആഫീസർ ഇനിയും അദ്ദേഹത്തിന്റെ റിപ്പോർട്ടു സമർപ്പിച്ചിട്ടില്ലെന്നാണ് ഞാനറിയുന്നത്. വിദ്യാഭ്യാസകോഡും, സർക്കുലറുകളും പരിശോധിക്കുന്നതിനു പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കുക എന്ന ഏർപ്പാടിനെയെങ്കിലും കുറഞ്ഞപക്ഷം ഗവണ്മെൻറിൽനിന്നും ഇല്ലാതാക്കണമെന്നാണ് ഞാൻ പറയുന്നത്. അപ്രകാരമുള്ള എല്ലാ ജോലികളും വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽതന്നെ നടത്തപ്പെടണം. വാസ്തവത്തിലുള്ള ഭരണജോലിയെ നോക്കുന്നതിനും, ആസൂത്രണം ചെയ്യേണ്ടുന്ന വിദ്യാഭ്യാസസംബന്ധമായ നൂതനപദ്ധതികൾ, നയങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെ നടപ്പിൽവരുത്തുന്നതിനും വളരെ ഇച്ഛരമായ സമയം മാത്രം ലഭിക്കത്തക്കവണ്ണം പ്രസ്തുത ഡിപ്പാർട്ടുമെൻറിലെ മേലാവിൽ നോക്കുന്ന ഉദ്യോഗസ്ഥന്മാരിൽ ചെറിയതും ആവശ്യമില്ലാത്തതുമായ ജോലികൾ ചുമത്തിയിരിക്കുന്നതായി കാണുന്നു. വിദ്യാഭ്യാസഡയറക്ടരെ സംബന്ധിച്ചിടത്തോളമെങ്കിലും, അദ്ദേഹത്തിൽ അധികമായ പരിശോധന അനാവശ്യമെന്നാണ് ഞാൻ വിചാരിക്കുന്നത്. കൂടിയപക്ഷം കാളേജുകളെ മാത്രം പരിശോധിക്കുവാനേ അദ്ദേഹത്തിനോടു ആവശ്യപ്പെടാവൂ. കാളേജുകൾ സർവ്വകലാശാലാധികൃതന്മാരാൽ പരിശോധിക്കപ്പെടുന്നതാണെങ്കിലും ഡയറക്ടർക്കും പരിശോധിക്കാവുന്നതാണ്. വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം, പ്രത്യേകമായ സന്ദർഭങ്ങളിലല്ലാതെ സാധാരണ നടപടികളിൽ ഡയറക്ടർ പരിശോധിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. വിദ്യാഭ്യാസഡയറക്ടർ പരിശോധനാജോലിയെക്കാൾ വിദ്യാഭ്യാസനയങ്ങൾ രൂപീകരിക്കുക, ഡിപ്പാർട്ടുമെൻറുജോലിക്കായുള്ള ചട്ടങ്ങളും കോഡുകളും നിർമ്മിക്കുക എന്നീ വക കാര്യങ്ങളിൽ കൂടുതലായി സംബന്ധിക്കേണ്ടതാണെന്നത്രെ എനിക്കു തോന്നുന്നതെന്നു എല്ലാംകൂടി സംഗ്രഹിച്ചു പറയാവുന്നതാണ്.

മി: സി. പി. തോമസ് (നിയമിതസാമാജികൻ): സർ, പുരാതനമേറിയ ഇൻസ്പെക്ടറന്മാരും ഇൻസ്പെക്ട്രസുകളും പരിശോധിക്കുന്ന സ്ഥാപനങ്ങൾ വീണ്ടും ഡയറക്ടർ പരിശോധിക്കണമെന്നു കല്പിക്കുന്നതുകൊണ്ടു വലിയ പ്രയോജനം ഇല്ലെന്നുള്ള അഭിപ്രായംതന്നെയാണ് ഞാനും പുറപ്പെടുവിക്കാൻ ഇച്ഛിക്കുന്നത്. ഈ ഉദ്യോഗസ്ഥന്മാരാൽ നടത്തപ്പെട്ട പരിശോധനാകൃത്യം ശരിയാണോ എന്നു നോക്കേണ്ട ആവശ്യമില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ അപ്രകാരമുള്ള പരിശോധന നടപ്പാക്കാൻ സഞ്ചരിച്ചുതന്നെ വേണമെന്നില്ല. അങ്ങുമിങ്ങുമുള്ള സ്ഥാപനങ്ങൾ പരിശോധിച്ചു അറിവുകൾ ശേഖരിച്ചു അവയെ ഈ ഉദ്യോഗസ്ഥന്മാർ നല്കിയിട്ടുള്ള സംഗതികളുമായി താരതമ്യവിവേചനം ചെയ്യാവുന്നതാണ്. അപ്രകാരം ഇൻസ്പെക്ടറന്മാർ ചെയ്തിട്ടുള്ള പരിശോധനാകൃത്യം ശരിയാണോ എന്നു നിശ്ചയിക്കാവുന്നതാണ്. എന്റെ സ്നേഹിതൻ മി: രാമൻമേനോൻ ചൂണ്ടിക്കാണിക്കയുണ്ടായപോലെയും എന്റെ സ്നേഹിതൻ മി: ശിവരാമപ്പണിക്കർ പ്രസ്താവിച്ചപോലെയും വിദ്യാഭ്യാസഡയറക്ടരുടെ ജോലിയിൽ അധികഭാഗവും സംസ്ഥാനത്തെ വിദ്യാഭ്യാസകാര്യസംബന്ധമായ നയങ്ങൾ രൂപവൽക്കരിക്കുന്നതിനാണു അടങ്ങിയിരിക്കുന്നതു. നേരിട്ടു വിദ്യാഭ്യാസജോലിയിൽ യത്നിക്കുന്നവരും, വിദ്യാഭ്യാസകൃത്യത്തിൽ താല്പര്യമുള്ളവരും ആയ ഉദ്യോഗസ്ഥരുദ്യോഗസ്ഥന്മാരിൽനിന്നും പൊതുജനാഭിപ്രായങ്ങൾ ശേഖരിക്കുന്നതിനു അപ്പപ്പോൾ സംഘങ്ങൾ കൂടുവാൻ അദ്ദേഹത്തിനു സമയം കിട്ടണം. സംസ്ഥാനത്തിൽ വിദ്യാഭ്യാസസംബന്ധമായി ഓരോ സ്ഥലവാസികൾക്കുമുള്ള ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനു ഡയറക്ടർക്കു സ്വന്തം സമയം വ്യയം ചെയ്യാം. ഇതിൽ വിദ്യാഭ്യാസഡയറക്ടരുടെ ജോലി, ആഫീസിലുള്ള ദൈനികകൃത്യഭാരത്തിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കണമെന്നു വീണ്ടും വീണ്ടും വാദിക്കുന്നവരാൽ നയിക്കപ്പെടേണ്ടതാണു. അതു അദ്ദേഹം കൂടുതൽ സഞ്ചരിക്കണമെന്നുള്ള അഭിപ്രായത്തിലല്ല. പിന്നെയോ, വിദ്യാഭ്യാസപദ്ധതിയിലും അമ്മാതിരിയുള്ള മററുകാര്യങ്ങളിലും വേണ്ട പരിഷ്കാരങ്ങൾ വരുത്തി വിദ്യാഭ്യാസനയത്തെ സംബന്ധിച്ചുള്ള വിഷയങ്ങൾക്കു വേണ്ട സമയം ചിലവാക്കുന്നതിനു അദ്ദേഹത്തിനു സൌകര്യം നൽകുന്നതിനുവേണ്ടിയാണ്.

കാളേജുകളെ സംബന്ധിച്ചിടത്തോളം, അവയുടെ പരിശോധനക്കുവേണ്ടി ഡയറക്ടർ കൂടുതൽ സമയം വ്യയം ചെയ്യേണ്ടതായിട്ടില്ലെന്നാണ് എന്റെ ബലമായ അഭിപ്രായം. ആ ജോലി നടത്തുവാൻ സർവ്വകലാശാലയുണ്ടെന്നുള്ളതു വാസ്തവംതന്നെ, എന്നാൽ വളരെ അപൂർവ്വമായി മാത്രമേ യൂണിവേഴ്സിററി കമ്മീഷണർമാർ പരിശോധനക്കു വരാറുള്ളു. അവർ പരിശോധനക്കു വരുമ്പോൾ നമ്മുടെ കാളേജുസ്ഥാപനങ്ങളിൽ അവർ കുററങ്ങൾ കണ്ടുപിടിക്കുവാൻ ഇടവരുന്നതും വളരെ കഷ്ടമാണ്. വിദ്യാഭ്യാസഡയറക്ടർ നേരത്തെകൂട്ടി കണ്ടുപിടിച്ചു അവയെ പരിഹരിക്കേണ്ടതായിരിക്കും. അതുകൊണ്ടു അമ്മാതിരി സ്ഥാപനങ്ങളുടെ വിഷയത്തിൽ, വിദ്യാഭ്യാസഡയറക്ടർക്കു ഇപ്പോഴത്തെക്കാൾ കൂടുതലായി തന്റെ ശ്രദ്ധയെ വിനിയോഗിക്കപ്പെടാവുന്നതാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ആ ജോലി നിർവ്വഹിക്കുവാൻ പ്രിൻസിപ്പാൾമാർ സമർത്ഥന്മാരല്ലേ?

മി: സി. പി. തോമസ് (നിയമിത): സർ, അവർ അവരുടെ പ്രത്യേകസ്ഥാപനത്തെ സംബന്ധിച്ചു മാത്രമുള്ള അധികാരികളേ ആകുന്നുള്ളു. അപ്രകാരമുള്ള അനേകം സ്ഥാപനങ്ങൾ ഉള്ളതുകൊണ്ടു വിദ്യാഭ്യാസഡയറക്ടർ അവയെ പരിശോധിക്കേണ്ട ആവശ്യമുണ്ടെന്നാണു എനിക്കു തോന്നുന്നത്. അങ്ങനെയാണെങ്കിൽ

ഹൈസ്കൂളുകളിൽ ചുമതല ബോധ്യമുള്ള ഹെഡ്മാസ്റ്റർമാർ ഉണ്ടല്ലൊ; ആ സ്ഥിതിക്കു ഇൻസ്പെക്ടറന്മാർ ആവശ്യമില്ലെന്നു ഞാൻ പറയും.

൧. മി: കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): പള്ളിക്കൂടം ഹെഡ്മാസ്റ്ററന്മാരുടേയും കാളേജു പ്രിൻസിപ്പാളന്മാരുടേയും നില ഒന്നുപോലെയാണെന്നു മി: തോമസ് വിചാരിക്കുന്നുണ്ടോ?

മി: സി. പി. തോമസ് (നിയമിത): അതൊന്നുപോലെതന്നെ എന്നാണു ഞാൻ വിചാരിക്കുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): പള്ളിക്കൂടം ഹെഡ്മാസ്റ്ററന്മാരെയും കാളേജു പ്രിൻസിപ്പാളന്മാരെയും ഒരേ നിലയിൽ വെക്കപ്പെടാമെന്നു മി: തോമസ് കരുതുന്നുവൊ?

മി: സി. പി. തോമസ് (നിയമിത): ഹൈസ്കൂൾ ഹെഡ്മാസ്റ്ററന്മാരുടെ ജോലിയും കാളേജുപ്രിൻസിപ്പാളന്മാരുടെ ജോലിയും ഒന്നുപോലെയാണെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): സർ, ഡയറക്ടരുടെ സഞ്ചാരച്ചിലവിലേക്കു നീക്കിവെക്കപ്പെട്ടിട്ടുള്ള ൫൬൦൦ രൂപയിൽ നിന്നും ഏതെങ്കിലും തുക കുറയ്ക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നില്ല. വിദ്യാഭ്യാസഡയറക്ടർ രാജ്യത്തിന്റെ പല ഭാഗങ്ങളിലും അപ്പഴപ്പോൾ സഞ്ചരിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ എനിക്കു വ്യത്യസ്താഭിപ്രായമുള്ള ഏക സംഗതി ഡയറക്ടർ തന്റെ സഞ്ചാരത്തിനുള്ളിൽ ശ്രദ്ധിക്കേണ്ട ജോലി ഇൻസ്പെക്ടറന്മാർ സാധാരണ നടത്തിവരാറുള്ള ജോലിയിൽനിന്നും വ്യത്യാസപ്പെട്ടതായിരിക്കണം എന്നുള്ളതാകുന്നു. ഡയറക്ടരോടു ഞാനൊരു ചോദ്യം ചോദിച്ചപ്പോൾ ഞാൻ ഉദ്ധരിക്കയുണ്ടായ ൫൭൦൫-ലെ ഭരണറിപ്പോർട്ടിൽനിന്നും, ഞാൻ മനസ്സിലാക്കുന്നതു് അദ്ദേഹം സഞ്ചാരത്തിനിടയിൽ നടത്തപ്പെട്ടിട്ടുള്ള സംഗതി ഡയറക്ടരിൽനിന്നും ആവശ്യപ്പെടേണ്ടതിയിട്ടുള്ള ഒന്നല്ലെന്നാകുന്നു. ഒരവസരത്തിൽ ഒരു കാളേജ്പ്രിൻസിപ്പാളുടെ ഇരുപത്തഞ്ചുകൊല്ലത്തെ സർവീസ് പൂർത്തിയായതു സംബന്ധിച്ചു നടത്തപ്പെട്ട ഒരു യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുവാനായി അദ്ദേഹം പോയിരുന്നു. മററു രണ്ടു സന്ദർഭങ്ങളിൽ സ്ഥലസൗകര്യം നിശ്ചയിക്കുന്നതിനായി ചെങ്ങന്നൂർ ഇംഗ്ലീഷ്ഹൈസ്കൂളിന്റെയും ചെങ്ങന്നൂർ പ്രാഥമിക വിദ്യാലയത്തിന്റെയും പഴയ കെട്ടിടങ്ങൾ സന്ദർശിക്കയുണ്ടായി. എനിക്കു തോന്നുന്നതു് ഒരു പ്രത്യേക കെട്ടിടം പാർപ്പിടസൗകര്യമാണോ അല്ലയോ എന്നു നിശ്ചയിക്കുന്നജോലി ഇൻസ്പെക്ടരുടെ തീരുമാനത്തിലേക്കു വിട്ടുകൊടുക്കാവുന്നതാണ്. ചുമതല ബോധ്യമുള്ള ഒരു ഉദ്യോഗസ്ഥനായ ഇൻസ്പെക്ടർ അപ്രകാരമുള്ള ജോലി ശരിയായി നിർവഹിക്കുന്നതാണ്. വാദവിഷയമായിട്ടുള്ളതു് കെട്ടിടത്തിന്റെ രക്ഷയാണെന്നുവരികിൽ അതിനെപ്പററി ഒരു അഭിപ്രായം പുറപ്പെടുവിക്കാനുള്ള മനുഷ്യൻ ഡയറക്ടർതന്നെയല്ല. അപ്രകാരമുള്ള സന്ദർഭങ്ങളിൽ ഏതാനും പബ്ലിക്‌വർക്ക്സ്ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരെ ആ വക കാര്യങ്ങളിലേക്കായി ചുമതലപ്പെടുത്താവുന്നതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കെട്ടിടങ്ങളുടെ രക്ഷാവസ്ഥയെ ശ്രദ്ധിക്കുന്നതിനായി മുമ്പേതന്നെ ഒരു ഡിപ്പാർട്ടുമെന്റൽ ഓവർസീയർ ഉണ്ടെന്നുള്ള വിവരം മെമ്പർക്കറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഡയറക്ടർ സ്വയമേവ അതിൽ ശ്രദ്ധിക്കത്തക്ക നിലയല്ല എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളു. അക്കൊല്ലം അദ്ദേഹത്തിന്റെ സഞ്ചാരത്തിനിടയിൽ സ്വല്പം പ്രയോജനകരമായ ഒരു കൃത്യം അദ്ദേഹം ചെയ്തിട്ടുണ്ടെന്നുവരികിൽ അതു് തിരുവല്ലായിൽ വച്ചു നടത്തപ്പെട്ട വിദ്യാഭ്യാസസംബന്ധമായ പ്രദർശനത്തിൽ അദ്ദേഹം ആദ്ധ്യക്ഷം വഹിച്ചു എന്നുള്ളതൊന്നുമാത്രമാണെന്നത്രേ ഞാൻ വിചാരിക്കുന്നതു്.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ചെങ്ങന്നൂർ ഇംഗ്ലീഷ്സ്കൂൾ സൈററിനെ സംബന്ധിച്ചു ഇൻസ്പെക്ടർക്കും ഇൻസ്പെക്ട്രസിനും തമ്മിൽ അഭിപ്രായവ്യത്യാസമുള്ളതായി അറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഡയറക്ടർ തന്നെത്താൻ സ്ഥലപരിശോധന നടത്തേണ്ടതായ സന്ദർഭങ്ങൾ ഞാൻ പ്രസ്താവിക്കാം. സാധാരണനിലയിലുള്ള പരിശോധനാജോലി ഇൻസ്പെക്ടറന്മാർ ചെയ്യുമെന്നാണ് ഞാൻ പറയുന്നതിന്റെ താല്പര്യം. എന്നാൽ ആയതിലേക്കു പരാതികൾ ഉണ്ടാകുമ്പോൾ ഇത്യാദി പ്രത്യേകസന്ദർഭങ്ങളിൽ സ്ഥലപരിശോധന നടത്തേണ്ടതു ഡയറക്ടരുടെ ജോലിയാണ്. അതുകൊണ്ടു മേലാൽ ഡയറക്ടർ തന്റെ സഞ്ചാരത്തിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെയും വിദ്യാഭ്യാസനയത്തിന്റെയും കാര്യത്തിൽ വിസ്തൃതമായ ഒരു ദൃഷ്ടിയോടെവേണം നോക്കുവാൻ എന്നും നിസ്സാരസംഗതികളിൽ സ്വയമേവ ഉൾപ്പെടേണ്ട ആവശ്യമില്ലെന്നു മാത്രമേ ഞാനഭിപ്രായപ്പെടുന്നുള്ളു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡയറക്ടരുടെ ജോലിയുടെ സ്വഭാവത്തെപ്പററി മെമ്പർ ആലോചിക്കുന്നതെന്താണെന്നു പറവാൻ ദയവുണ്ടാകുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇൻസ്പെക്ടറന്മാരെപ്പററി ഏതെങ്കിലും പരാതി ഉണ്ടെങ്കിൽ ഡയറക്ടർ അതു് അന്വേഷിക്കണമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ഉദാഹരണമായി ഒരു സ്കൂളിനു അംഗീകാരം നൽകുന്നവിഷയത്തിൽ ഇൻസ്പെക്ടരുടെ റിപ്പോർട്ടിനു വിപരീതമായി ജനങ്ങൾ ആവലാതിപ്പെടുകയാണെങ്കിൽ, ഡയറക്ടർ തന്നെത്താൻ പരിശോധിക്കേണ്ടതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ കാരണംകൊണ്ടു ഇടക്കിടെയുള്ള സഞ്ചാരം അത്യന്താപേക്ഷിതമാണെന്നു മെമ്പർ നിർബന്ധിക്കുന്നുവോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഞാനപ്രകാരം പറയുന്നില്ല. ആവശ്യമുള്ള അവസരങ്ങളിൽ മാത്രമേ ഡയറക്ടർ സഞ്ചാരം ചെയ്യേണ്ട ആവശ്യമുള്ളു എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. സാധാരണമായ ദൈനിക പരിശോധനാജോലികൾ ഇൻസ്പെക്ടറന്മാർക്കായി വിട്ടുകൊടുക്കാവുന്നതാണ്, അതാണ് എന്റെ അഭിപ്രായം.

മി: സി. പി. തൊമ്മൻ (കുന്നത്തുനാട്): സർ, ഡയറക്ടരുടെ സർക്കീട്ടിനെസംബന്ധിച്ചു ഇതുവരെയുള്ള അനുഭവം ദുഷ്പ്രേരകമല്ലെന്നു അദ്ദേഹം സമ്മതിച്ചസ്ഥിതിക്കു ഇതേപ്പററി അധികം പറയേണ്ടതായ ആവശ്യംവരുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ ഈ ഭാഗത്തെ സാമാജികന്മാരിൽ ചിലർ ഡയറക്ടർ സർക്കീട്ടുചെയ്യേണ്ട ആവശ്യമില്ലെന്നു അഭിപ്രായപ്പെട്ടതിനാൽ അതിനെപ്പററി എനിക്കും രണ്ടുവാക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. സാധാരണ ഉദ്യോഗസ്ഥന്മാരുടെ സർക്കീട്ടിനും ഡയറക്ടരുടെ സർക്കീട്ടിനും വളരെ വ്യത്യാസം ഉണ്ട്. കള്ളുഷാപ്പു

കളെ പരിശോധിക്കുവാൻ എക്സൈസ് പ്രൊഹിബിഷൻ ഓഫീസർമാരും അവരെ പരിശോധിക്കുവാൻ ഇൻസ്പെക്ടർമാരും അസിസ്റ്റൻറ കമ്മീഷണർമാരും ഉള്ളതുകൊണ്ടുപിന്നെ എക്സൈസ് കമ്മീഷണർ എന്തിനു സക്കീട്ടുചെയ്യുന്നു എന്നു ചോദിച്ചാൽ അതിനു സമാധാനം ഇല്ല.

മി: ശിവതാണുപിള്ള (തോവാള): എക്സൈസ് കമ്മീഷണരുടെ സക്കീട്ട കള്ളഷാപ്പ് പരിശോധിക്കുവാനാണോ?

മി. സി. പി. തോമസ് (നിയമിത): ഡയറക്ടർക്കു കള്ളഷാപ്പ് പരിശോധിക്കേണ്ട ആവശ്യമുണ്ടോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): ഡയറക്ടർ അവർകൾ കള്ളഷാപ്പിൽ പോകണമെന്നു ഞാൻ പറഞ്ഞില്ല. സംസ്ഥാനത്തുള്ള എല്ലാഡിപ്പാർട്ടുമെൻറിലും പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്. അവർ സക്കീട്ടുചെയ്തു് അവരുടെ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചകാര്യങ്ങൾ ശരിയായി നടക്കുന്നുണ്ടോ എന്നു അന്വേഷിക്കുന്നുണ്ട്. അതുകൊണ്ട് സംസ്ഥാനം ഒട്ടുക്കുള്ള അധികാരം വഹിക്കുന്നആളും, എല്ലാകാര്യങ്ങളിലും മനസ്സിരുത്തി പ്രവർത്തിക്കുന്ന ആളുമായ ദിവാൻജി അവർകൾ സക്കീട്ടുചെയ്യേണ്ട എന്നു ആരെങ്കിലും പറയുകയാണെങ്കിൽ അതു വലിയ ഒരു അക്രമമാണെന്നേ എനിക്കു പറയുവാനുള്ളു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ വിസ്തൃതമായയോഗത്തെപ്പററി അന്വേഷിക്കുവാനാണ് ഡയറക്ടർ സക്കീട്ടുചെയ്യേണ്ടതു്. സ്കൂളുകളുടെ നിലയെപ്പററി ശരിയായി മനസ്സിലാക്കണമെങ്കിൽ ഡയറക്ടർ അവർകൾ ആ സ്ഥലങ്ങളിലേക്കു പോവുകതന്നെവേണം. ഏതേതു സ്ഥലങ്ങളിൽ ഏതുനിലയിലുള്ള വിദ്യാഭ്യാസമാണുവേണ്ടതെന്നും, ഏതുസ്ഥലങ്ങളിലാണു സ്കൂളുകളുടെ ആവശ്യമുള്ളതെന്നും അന്വേഷിച്ചറിയേണ്ടതു് ഡയറക്ടരുടെ ചുമതലയാണ്. അങ്ങനെ സക്കീട്ടുചെയ്യേണ്ട ആവശ്യമില്ലെങ്കിൽ സിക്രട്ടറിയേററിൽ ഇപ്പോഴുള്ള ഒരു സെക്രട്ടറി മാത്രം മതിയാകും. അങ്ങനെ ആയിരുന്നാൽ ഈ രാജ്യത്തിൽ വിദ്യാഭ്യാസസംബന്ധമായ യാതൊരു അഭിവൃദ്ധിയും ഉണ്ടാകുന്നതല്ല. ബറോഡ, മൈസൂർ കൊച്ചി മുതലായ സംസ്ഥാനങ്ങളിലുള്ള വിദ്യാഭ്യാസ ഡയറക്ടർമാർ ധാരാളമായി സക്കീട്ടുചെയ്യുകയും, അവരുടെ വിദ്യാഭ്യാസത്തിനു ഗണ്യമായ ഉന്നമനം ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യുന്നു എന്നുള്ളതു് അവിടത്തെ രാജ്യഭരണറിപ്പോർട്ടുകൾ വായിച്ചാൽ മനസ്സിലാകുന്നതാണ്. നമ്മുടെ വിദ്യാഭ്യാസ ഡയറക്ടരായിരുന്നവരിൽ ഒരാൾക്ക്, മാധവരായർ സ്റ്റാച്യൂ എവിടെയെന്നും ജനറൽ ആശുപത്രി എവിടെയെന്നും, കിഴക്കേതെന്നും തെക്കേതെന്നും അറിയാൻവയ്യ എന്നു കേട്ടിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥൻ സക്കീട്ട ചെയ്യാതിരുന്നാൽ അതിൽനിന്നുണ്ടാകുന്ന ഫലം എന്താണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അതിനാൽ ശരിയായവിധം സക്കീട്ടുചെയ്യണമെന്നു ശക്തിയോടുകൂടി പറയുകയും, അപ്രകാരം ചെയ്തു ജനങ്ങൾക്കു ആവശ്യമുള്ള കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ എടുക്കാമെന്നു മി: സ്റ്റീഫൻസൺ തന്നെ സമ്മതിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം [illegible].

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

ഡയറക്ടർ ഇനത്തിലേയ്ക്കു നീക്കിവയ്ക്കപ്പെട്ടിട്ടുള്ള [illegible] രൂപായിൽ നിന്നും [illegible] രൂപാകുറയ്ക്കുന്നതിന്:—

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ഡയറക്ടരെസംബന്ധിച്ച ഒരു ഖണ്ഡനം കൊണ്ടുവരുമ്പോൾ ഞാൻ— വഹിക്കുന്നതായ സ്ഥാനത്തിന്റെ ഗുരുത്വത്തെപ്പററി ഞാൻ നല്ലതുപോലെ മനസ്സിലാക്കുന്നുണ്ട്. സർ, നമ്മുടെ വിദ്യാഭ്യാസഡയറക്ടർ തിരുവിതാംകൂർ കോർട്ടിൽ വെച്ചിടത്തോളം അറിവും പാണ്ഡിത്യവും പരിപൂർണ്ണമായിസമ്പാദിച്ചിട്ടുള്ള ഒരാളാണെന്നു ഞാൻ സമ്മതിക്കാം. എന്നാൽ ആ ഡിപ്പാർട്ടുമെൻറ് കേവലം നിയമങ്ങളാൽ ഭരിക്കപ്പെടുന്ന ഗവണ്മെൻറ ഡിപ്പാർട്ടുമെൻറുകളുടെ രീതിയിലുള്ള ഒന്നായി ഗണിക്കപ്പെടാൻ എനിക്കുമനസ്സില്ല. അതിനെ കേവലം പ്രത്യേകമായ ഒന്നായി കരുതേണ്ടതാണ്. പൌരാവകാശങ്ങളെ വിലമതിക്കയും പരിഷ്കാരത്തെ അതിന്റെ യഥാർത്ഥമായ അർത്ഥത്തിൽ പ്രശംസിക്കയും ചെയ്യുന്നരാജ്യങ്ങളിൽ ഡിപ്പാർട്ടുമെൻറുകളുടെകൂട്ടിൽ അല്ല വിദ്യാഭ്യാസം ബന്ധിക്കപ്പെട്ടിരിക്കുന്നതു്. ഗവണ്മെൻറിനാൽതന്നെ വിദ്യാഭ്യാസം നിയന്ത്രിക്കപ്പെടണമെന്നുള്ളതു് നിയമവിരോധമായ ഒന്നാകുന്നു. ഗവണ്മെൻറ് എല്ലായ്പോഴും പഴയകാര്യങ്ങളെപിടിച്ചുകൊണ്ടിരിക്കുന്നതു്. കാര്യങ്ങൾ അതേനിലയിൽതന്നെ നിലനിറുത്തുന്നതിന് അവർ എല്ലായ്പ്പോഴും ആശിക്കുന്നു. അതാകുന്നതു് ഏതു ഗവണ്മെൻറിന്റെയും ശരിയായനയം പ്രത്യുത, വിദ്യാഭ്യാസം അതിന്റെ ശരിയായ ഉദ്ദേശത്തോടെ അഭിവൃദ്ധിയെ പ്രാപിക്കുന്നതിനുമുമ്പേ ഉള്ള തടസ്സങ്ങളെ ഇല്ലാതാക്കി അഭിവൃദ്ധിക്കായി മാർഗ്ഗംതെളിച്ചിടേണ്ടതു് എല്ലായ്പ്പോഴും അത്യാവശ്യമാകുന്നു. പൂർവ്വനിയമങ്ങളെ അതേസ്ഥിതിയിൽതന്നെ നിലനിറുത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനം അഭിവൃദ്ധികാംക്ഷയുള്ള ഒരു കാര്യാലയത്തെ നിയന്ത്രിക്കുന്നതു്. ക്രമവിരോധമായ ഒന്നാകുന്നു എന്നു ഞാൻ എല്ലായ്പ്പോഴും വിചാരിക്കുന്നുണ്ട്; പ്രസ്തുതവിഷയത്തിന്റെ ഗുരുത്വത്തെ ഞാൻ മനസ്സിലാക്കുന്നതുപോലെ ഡയറക്ടരെസംബന്ധിച്ചു് ഒരു ഖണ്ഡനം കൊണ്ടുവരുന്നതിനും എനിക്കു വളരെ സങ്കോചമുണ്ട്.

ഡിപ്പാർട്ടുമെൻറ സംബന്ധമായകാര്യങ്ങളെസംബന്ധിച്ചിടത്തോളമാണെങ്കിൽ നമ്മുടെ ഇപ്പോഴത്തെഡയറക്ടർക്കു അതുകൊണ്ടുതന്നെ നമ്മുടെ എല്ലാ ഡയറക്ടർമാർക്കും വളരെ കൂടുതൽ ജോലിചെയ്യേണ്ടതായിട്ടുണ്ടെന്നും എനിക്കു ബോധ്യമുണ്ട്. എന്നാൽ ഡയറക്ടർമാരെപ്പോഴും ചെയ്യപ്പെടുന്നതു് ആഫീസ്മാനേജർമാരെപ്പോലെയാണ് അവർ ജോലിചെയ്യുന്നതു്. അവർ ഡയറക്ടർജോലിഒഴിച്ചു് മറെറല്ലാജോലിയും ചെയ്യുന്നു. സർ, ഞാൻ ഇതു് നിന്ദ്യമായസ്ഥലത്തിലല്ല പറയുന്നതു്. അവരുടെ ബുദ്ധിമുട്ടുകൾ എനിക്കറിയാം. ഇവിടെ [illegible] ഇതിനു മുമ്പിലത്തെ ബഡ്ജറ്റ്ഘോഷണസംബന്ധിച്ചു് [illegible] മുമ്പുനടന്ന സെഷനുകളിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുപോലെ, ഡയറക്ടർ ദൈനികമായരീതിയിലുള്ള അപ്രധാനമായജോലികൊണ്ടു് ബന്ധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന് ഇൻസ്പെക്ടർമാർ [illegible] ഇൻസ്പെക്ടർമാർ എന്നു ഹെഡ്മാസ്റ്റർമാരെ പലവിധം നയിക്കേണ്ടതായിട്ടുണ്ട്. നയങ്ങൾ സൃഷ്ടിക്കുന്നതിനോ പ്രവർത്തകൾ ക്രമീകരിക്കുന്നതിനോ വിദ്യാഭ്യാസനിലയെ വീണ്ടും പരിശോധിക്കുന്നതിനോ അല്പംപോലും സമയം ലഭിക്കുന്നില്ല. നല്ല [illegible] സമയമല്ലെന്നുതന്നെ പറയാം. വിദ്യാഭ്യാസം ജീവനുള്ള ഒരു ശക്തിയായിരിക്കണം. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുണ്ടായിരിക്കുന്നതുകൊണ്ടുമാത്രം പോരാ. യ

ഥാർത്ഥത്തിൽ അവ ജീവനോടുകൂടിയിരിക്കണം. നയങ്ങൾ രൂപീകരിച്ചും പലപ്രകാരത്തിലുമുള്ള രീതികളെ പരിശോധിച്ചും ഓരോരീതിയും പരിതഃസ്ഥിതികൾക്ക് യോജിച്ചിരിക്കുന്നുണ്ടോ എന്നു നോക്കിയും അവയുടെ സാന്നിദ്ധ്യത്തെ ന്യായീകരിക്കണം. വിദ്യാഭ്യാസഡയറക്ടറുടെ അധീനതയിലുള്ള വിവിധ വിദ്യാലയങ്ങളും ട്രെയിനിംഗ് പരിശീലനശാലകൾ ഉണ്ടായിരിക്കണം. അവിടെ വിദ്യാഭ്യാസനയങ്ങൾ ഏതുപ്രകാരം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നുവെന്നും ജോലികൾ എങ്ങനെ നടക്കുന്നുവെന്നും അദ്ദേഹത്തിന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ആ നിലയിൽ കൂടിയാണ് ഞാൻ പരിശോധനയെ വിലമതിക്കുന്നത്. ആരാണ് ഇവിടെ പക്ഷപാതമായി നിർദ്ദേശിച്ചപ്രകാരം എഡ്യൂക്കേഷൻ കമ്മീഷണർ എന്നെങ്കിലും കാററം കണ്ടുപിടിക്കുവാൻ പോകുന്നതുപോലെയല്ല ഡയറക്ടർ അവിടെ പോകുന്നത്. അദ്ദേഹം സഹായിക്കുവാനായിട്ടാണ് പോകുന്നത്. അദ്ദേഹം അവിടെ പ്രത്യക്ഷത്തിൽതന്നെ പോയി ഏതാണ്ടു ചിലതു് അവരോടു നിർദ്ദേശിക്കുകയോ ചിലതു ചെയ്യുകയോ ചെയ്യുന്നു. അവിടെ അദ്ദേഹം പോകുന്നതു് പല്ലാൻ എന്നാണ് നടക്കേണ്ടതെന്നും വിദ്യാഭ്യാസനയം ഏതുപ്രകാരം അഭിവൃദ്ധിപ്പെടുത്തണമെന്നും എവിടെയാണ് ന്യൂനസ്ഥലങ്ങളും പുനഃപരിഷ്കാരങ്ങളും ആവശ്യമുള്ളതു് എന്നും മനസ്സിലാക്കുന്നതിനു ആകുന്നു. അതിനായി ഡയറക്ടറെ ഉദ്യോഗസ്ഥന്മാരുടെ തന്ത്രങ്ങളോടുകൂടി ഒഴിച്ചുവിടേണ്ടതാണ്. അദ്ദേഹം സ്വതന്ത്രനായ ഒരു ഉദ്യോഗസ്ഥനായിരിക്കണം. അദ്ദേഹത്തിന് സഞ്ചരിക്കുവാൻ ധാരാളം സമയം വേണം. ഗവൺമെൻറിൻെറ നിയമിതചട്ടങ്ങളിൽനിന്നും അദ്ദേഹത്തെ വിമുക്തനാക്കണം. എന്നാൽ നാം ഇതുപോലെ സംഗതികളെപ്പററി പരിശോധിക്കുമ്പോൾ ഇവിടെ കൃത്യമായി നടക്കുന്ന സംഗതികൾ എന്തെന്ന് നാം കണ്ടുപിടിക്കുവാൻ ശ്രമിക്കുമ്പോൾ — നമുക്ക് നിരാശപ്പെടേണ്ടി വരുന്നു. ഇക്കാര്യത്തിൽ ഞാൻ ഡയറക്ടറെ കുറ്റപ്പെടുത്തുന്നില്ല. അതിനെല്ലാം കാരണം ഗവൺമെൻറിനെ തന്നെയാണ്. സർവീസ്കൊണ്ടു പ്രമോഷൻ കിട്ടിവന്നിട്ടുള്ള ഒരാൾമാത്രമായിരിക്കുന്നു ഒരു ഡയറക്ടർ. ആദ്യം അസിസ്റ്റൻറു പ്രൊഫസറും പിന്നീട് പ്രൊഫസറും അടുത്തതായി ആക്ടിംഗ് പ്രിൻസിപ്പാളും അനന്തരം സ്ഥിരം പ്രിൻസിപ്പാളും അടുത്തതായി ആക്ടിംഗ് ഡയറക്ടറും ഒടുവിൽ സ്ഥിരം ഡയറക്ടറും ആയിത്തീർന്നിട്ടുള്ള ഒരാൾ ആയിരിക്കാൻ പാടില്ല ഡയറക്ടർ. ഒരു ഡയറക്ടറായി നാം ആശിക്കുന്നതു ജീവിതം മുഴുവൻ വിദ്യാഭ്യാസം പഠിച്ചുകൊണ്ടിരിക്കുന്ന ഒരാളെയാണ്. സാമ്പത്തികശാസ്ത്രത്തിലോ, സാഹിത്യത്തിലോ പ്രകൃതിശാസ്ത്രത്തിലോ ഗണിതശാസ്ത്രത്തിലോ ചരിത്രത്തിലോ അല്ല അദ്ദേഹം പണ്ഡിതനായിരിക്കേണ്ടത്. അതിനുപുറമേ അദ്ദേഹം ഇരുന്ന ബുദ്ധിമുട്ടികളിൽ ചുറ്റുപാടും വിവിധരാജ്യങ്ങളിലും സഞ്ചരിച്ച് പരമ്പരയായുള്ള വിദ്യാഭ്യാസസമ്പ്രദായങ്ങളും മനസ്സിലാക്കി വിദ്യാഭ്യാസവിഷയങ്ങൾ അഭ്യസിച്ചുകൊണ്ടിരിക്കുന്ന ഒരാളായിരിക്കുവാനാണ് അദ്ദേഹത്തെ നാം ആശിക്കുന്നത്. എങ്ങിനെയായാലും ഇവിടത്തെസ്ഥിതി അതല്ല. ആ നിലയ്ക്ക് വിദ്യാഭ്യാസഡയറക്ടറാൽ ന്യായം നടത്തപ്പെടുന്നുവെന്ന് അവകാശപ്പെടുവാൻ നമുക്ക് നിവൃത്തിയുണ്ടോ? ഗവൺമെൻറ്തലത്തിൽ തിരുവിതാംകൂറിൽ വിദ്യാഭ്യാസം ഏതാണ്ട് ഒരു നൂററാണ്ടിനുമുമ്പ് എങ്ങനെയായിരുന്നുവോ ആ നിലയിൽ തന്നെയാണ് ഇപ്പോഴും നടന്നുപോകുന്നത്. പരരാജ്യങ്ങളും മുമ്പിട്ട് ഗമിക്കുന്നു. പ്രത്യേകിച്ചും യുദ്ധാനന്തരം നൂതനമായി പരിഷ്കാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. എന്നാൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പഴയ കാളവണ്ടിക്കാലത്തെപ്പോലെയാണ് കാര്യങ്ങൾ ഇപ്പോഴും നടന്നുപോകുന്നത്. യഥാർത്ഥത്തിൽ വിദ്യാഭ്യാസം എന്നാൽ എന്താണെന്ന് മനസ്സിലാക്കുന്നവനും വിദ്യാഭ്യാസവിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ധാരാളസമയം ഉള്ളവനും ആയ ഒരാളെ നമുക്ക് ആവശ്യമുണ്ട്. സർ, വിഷയത്തെ സാദ്ധ്യമാവുന്നതും വിസ്തൃതമായും ഉള്ള സ്വരൂപത്തിൽ ഞാൻ അവതരിപ്പിച്ചുകഴിഞ്ഞു. എനിക്കായി അനുവദിക്കപ്പെട്ടിട്ടുള്ള സമയം വളരെ വളരെ തുച്ഛമായതുകൊണ്ട് ഞാൻ ഇപ്പോൾ വിരമിച്ചുകൊള്ളുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളവും): ഡിപ്പാർട്ടുമെൻറിൻെറ ഭരണരീതിയെ സംബന്ധിച്ചുള്ള ഡയറക്ടറെ ശ്രമിക്കുന്നതിന് ആരെങ്കിലും ഉണ്ടായിരിക്കേണ്ടതല്ലേ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ പദ്ധതിയുടെ ഭരണസംബന്ധമായ കാര്യത്തെപ്പററി പ്രസ്താവിക്കുന്നതിന് പ്രത്യേകമായ ഒരു ഉപക്ഷേപം ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ആ ഉപക്ഷേപം ഹാജരാക്കുമ്പോൾ ഈ ചോദ്യത്തിനുത്തരം പറയാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യാഭ്യാസ സംബന്ധമായ പുനഃസംഘടനയെ സംബന്ധിച്ച് മെമ്പർ എന്താണു പറയുന്നത്?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ മുൻപേതന്നെ വിസ്തൃതമായരൂപത്തിൽ അതിനെപ്പററിയുള്ള എൻെറ നിലയെ വ്യക്തമാക്കിക്കഴിഞ്ഞു. എന്നുമാത്രമല്ല, എല്ലാ സംഗതികളെയും വേണ്ടുംവണ്ണം പ്രസ്താവിക്കുവാൻ എനിക്ക് അനുവദിച്ചിട്ടുള്ള സമയം വളരെ വളരെ ചുരുക്കമാകുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മിസ്റ്റർ ഏ. കെ. പിള്ള എന്താണ്—

അദ്ധ്യക്ഷൻ. മെമ്പർ ഇരുന്നു കഴിഞ്ഞിരിക്കുന്നു.

മി: സി. പി. തോമസ് (നിയമിത): ഞാൻ ഏ. കെ. പിള്ളയുടെ പ്രമേയത്തോട് അനുകൂലിക്കുന്നു. വിദ്യാഭ്യാസഡയറക്ടർ അപ്രധാനങ്ങളായ നാനാവിധകൃത്യങ്ങളെക്കൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുന്നു. പത്തുകൊല്ലങ്ങൾക്കു മുൻപ് രൂപീകരിച്ചിട്ടുള്ള പഠനപദ്ധതിതന്നെയാണ് മിക്കവാറും യാതൊരു വ്യത്യാസവും കൂടാതെ ഇപ്പോഴും വച്ചിരിക്കുന്നത്. വിദ്യാർത്ഥികളുടെ സൌകര്യത്തിനും ലാഭത്തിനും ഈ പഠനപദ്ധതി എത്രമാത്രം പ്രയോജകീഭവിക്കുന്നുണ്ടെന്ന് മനസ്സിലാക്കുവാൻ അനന്തരകാലത്തെ വിദ്യാഭ്യാസഡയറക്ടർമാരിൽ ആരെങ്കിലും ഗണ്യമായ യത്നം ചെയ്തിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല. എൻെറ അറിവിൽ പെട്ടിടത്തോളം പഠനപദ്ധതിയിലുള്ള ന്യൂനതകളെ കണ്ടുപിടിക്കുന്നതിനും ഫലപ്രാപ്തിക്ക് യോജ്യമായ പരിഷ്കാരങ്ങൾ ചെയ്യുന്നതിനുമായി ഈ പഠനപദ്ധതിപ്രകാരം ജോലി ചെയ്തുകൊണ്ടിരിക്കുന്നവരുടെ ഒരു കോൺഫെറൻസ് രൂപീകരിക്കുന്നതിന് യാതൊരു ശ്രമവും ചെയ്തിട്ടുള്ളതായി തോന്നുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പഠനപദ്ധതിയുടെ പ്രവർത്തനത്തിൽ ഏതെങ്കിലും തെററ് മെമ്പർക്ക് അനുഭവപ്പെട്ടിട്ടുണ്ടോ?

മി: സി. പി. തോമസ് (നിയമിത): വിസ്തൃതമായി വാദം നടത്തുവാൻ എനിക്ക് സമയമില്ല. എങ്കിലും ന്യൂനതകൾ ധാരാളമുണ്ടെന്ന് എനിക്കറിയാം.

ഏകദേശം ഇരുപതു കൊല്ലങ്ങൾക്കു മുമ്പാണ് ഡയറക്ട് മെത്തേഡിൽ (Direct method) ഇംഗ്ലീഷ് അഭ്യസിപ്പിക്കുവാൻ ആരംഭിച്ചതു്. എൻെറ അറിവിൽപെട്ടിടത്തോളം ഈ അഭ്യസനരീതി എത്രത്തോളം വിജയപ്രദമാണെന്നു കണ്ടുപിടിക്കുന്നതിനോ, അതിൽ വല്ല ഭേദഗതികളും ചെയ്യുവാൻ ആവശ്യം ഉണ്ടോ, അതോ ആ സമ്പ്രദായം ഉപേക്ഷിക്കണമോ എന്നു കണ്ടുപിടിക്കുന്നതിനും യാതൊരു യത്നവും ചെയ്തിട്ടില്ല. പിന്നീട് പറവാനുള്ളതു് ഇംഗ്ലീഷ്സ്കൂളുകളിൽ താഴ്ന്ന ക്ലാസ്സുകളിൽ അഭ്യസനരീതിക്കുള്ള ഉപാധിയായി നാട്ടുഭാഷയെ സ്വീകരിക്കണമെന്നുള്ള വിഷയത്തെ സംബന്ധിച്ചാകുന്നു. ഈ സംഗതിയെ സംബന്ധിച്ചും, പല പ്രതിനിധി സംഘങ്ങളുടേയും ഹെഡ്മാസ്റ്റർമാരുടെ സമ്മേളനങ്ങളുടേയും ചിന്തയ്ക്കു് വിഷയീഭവിച്ചിട്ടുണ്ടെന്നുവരികിലും, എൻെറ അറിവിൽ പെട്ടിടത്തോളം വിദ്യാഭ്യാസഡയറക്ടരുടെ നിരന്തരമായ ശ്രദ്ധയ്ക്ക് അതു് കാരണമായിത്തീർന്നിട്ടുണ്ടെന്നു തോന്നുന്നില്ല. അതിനെ സംബന്ധിച്ചു് ഇനിയും തീരുമാനം കല്പിക്കേണ്ടിയിരിക്കുന്നു.

അടുത്തതായി, ഹൈസ്കൂളുകളിൽ സാമാന്യജ്ഞാനം വേണ്ടതായ വിഷയങ്ങളെ സംബന്ധിച്ചു് ആണ് പറവാനുള്ളതു്. സംസ്ഥാനത്തുള്ള ഉന്നത വിദ്യാഭ്യാസാധികൃതന്മാരാൽ ഈ വിഷയം ശരിയായി പരിചിന്തിക്കപ്പെട്ടിട്ടില്ലെന്നുള്ള വാസ്തവത്തെ ഞാൻ പ്രസ്താവിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ മേലധികാരി എന്നനിലയിൽ വിദ്യാഭ്യാസഡയറക്ടരുടെ ശ്രദ്ധ പതിയേണ്ടതായ വിഷയങ്ങളിലേക്ക് അദ്ദേഹത്തിന് ശരിയായി ശ്രദ്ധ കൊടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതിന്, ഇതിനെപ്പററി യാതൊരു തീരുമാനവും കല്പിക്കാതിരിക്കുന്നതു് മതിയായ തെളിവാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ എ. കെ. പിള്ളയുടെ ഉപക്ഷേപത്തോടു് പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹത്തോടു ചോദിച്ച ഒരു ചോദ്യത്തിൽനിന്നു, നമുക്കിപ്പോഴുള്ള വിദ്യാഭ്യാസരീതിയെ പൂർണ്ണമായി ഒന്നു പുനഃ പരിശോധിക്കണമെന്നുള്ളതാണു് അദ്ദേഹത്തിൻെറ അഭിപ്രായമെന്നു് ഞാൻ മനസ്സിലാക്കി. ആ വിഷയത്തിൽ ഞാൻ അദ്ദേഹത്തോടു് പൂർണ്ണമായി യോജിക്കുന്നു. സർ, തൊഴിലില്ലായ്മ അതിഭയങ്കരമായി ബാധിച്ചിരിക്കുന്നകാലത്തു് നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതിയിൽ ചില മാററങ്ങൾ വരുത്തുന്നതിന് നാം ശ്രമിക്കേണ്ടകാലം വളരെ അതിക്രമിച്ചിരിക്കുന്നു. എങ്ങനെ ആയാലും നാം അതിനെപ്പററി ചിന്തിക്കുമ്പോൾ എന്തെങ്കിലും മാററം വരുത്തുന്നതു് വളരെ പ്രയാസമാണെന്നു് നമുക്കു കാണാം. എന്തെന്നാൽ ഇക്കാര്യത്തിൽ ഇന്നത്തെ വിദ്യാഭ്യാസ സംബന്ധമായി ഒരു മാററം ചെയ്യുന്നതിന് നമുക്ക് പൂർണ്ണമായി സ്വാതന്ത്ര്യം ഇല്ല. മദ്രാസ് യൂനിവേഴ്സിററിയിൽ നടത്തപ്പെടുന്ന വിദ്യാഭ്യാസരീതിയുടെ മാതൃകകളോടു് അതിന് യോജിപ്പുണ്ടാകാൻ വേണ്ടി അക്കാര്യത്തിൽ ആ യൂനിവേഴ്സിററിയും സമ്മതിക്കേണ്ടതാണ്. എങ്കിലും വിദ്യാഭ്യാസനയത്തിൽ നമുക്ക് വിസ്തൃതവും ഉപകാരപ്രദവും ആയ ഒരു മാതൃകയുണ്ടായിരിക്കേണ്ടതാണ്. ആയതിലേക്കായി വിദ്യാഭ്യാസ ഡയറക്ടർക്ക് സഞ്ചാരം ആവശ്യമാണ്. അപ്രകാരമുള്ള സഞ്ചാരത്താൽ പ്രാദേശിക സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനും പ്രത്യേകിച്ച് മി: എ. കെ. പിള്ള പറയുന്നതുപോലെ പാഠശാലകളുടെ മാതൃകകളെപ്പററി മനസ്സിലാക്കുന്നതിനും അന്യരാജ്യങ്ങളിൽ നടപ്പിലിരിക്കുന്ന സ്ഥിതികളെ കണ്ടുപിടിക്കുന്നതിനും നമ്മുടെ സംസ്ഥാനത്തു ഈ സ്ഥാപനങ്ങൾ എപ്രകാരം ആധുനികസ്ഥിതിക്കനുയോജ്യമാംവണ്ണം സ്ഥാപിക്കാമെന്നു പരിശോധിക്കുന്നതിനും സാധിക്കുന്നതാണ്. സംഗതികൾ ഇപ്രകാരമെല്ലാമിരിക്കുന്നതുകൊണ്ടു വിദ്യാഭ്യാസസംബന്ധമായ ഒരു ഉടച്ചുവാർപ്പു് ഏററവും അത്യാവശ്യമാകുന്നു. രണ്ടുമൂന്നുകൊല്ലക്കാലത്തിനുമുമ്പു വിദ്യാഭ്യാസപദ്ധതിയിൽ എന്തെങ്കിലും ചില മാററങ്ങൾ വരുത്തുന്നതിനെ സംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിലേക്കായി ഒരു അന്വേഷണക്കമ്മററിയെ രൂപീകരിക്കാമെന്നു വാഗ്ദത്തം ചെയ്തതായി ഞാൻ ഓർക്കുന്നു. എന്നാൽ ഇന്നേവരെ ആ വഴിക്കു ഗണ്യമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു. ഈ സമയം ഗവൺമെൻറും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറും പൊതുജനക്ഷേമകരമാംവണ്ണം ചില ഭേദഗതികൾ നടപ്പിലാക്കാൻ ഗാഢമായി ചിന്തിച്ചു ശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): സർ, എൻെറ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ളയുടെ ഉപക്ഷേപത്തോടു ഞാൻ വളരെ സന്തോഷപൂർവ്വം യോജിക്കുന്നു. വിദ്യാഭ്യാസം എന്നുള്ളതു ഏററവും പ്രധാനമായ ഒരു സംഗതിയാണ്. ഒരു രാജ്യത്തിലുള്ള ജനങ്ങളുടെ ശ്രേയസ്സിനും നന്മയ്ക്കും നിദാനമായിട്ടുള്ളതുമാകുന്നു. അതിനെ ശരിയായ ചാലിൽക്കൂടി നയിപ്പിക്കാത്തപക്ഷം ഗുണത്തിനുപകരം ദോഷംചെയ്യുമെന്നും വന്നേക്കാം. നമ്മുടെരാജ്യത്തിലെ വിദ്യാഭ്യാസംവകയ്ക്കു ആണ്ടുതോറും കൂടുതൽപണം അനുവദിച്ചുവരുന്നുണ്ട്. അതുകൂടാതെ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കന്മാരും ഈ വകയ്ക്കു അധികംപണം ചിലവിടുന്നുണ്ട്.

എല്ലാംകൂടിചേർത്താൽ ഒരുകോടിരൂപായ്ക്കുമേൽ വിദ്യാഭ്യാസത്തിനായി ഈ രാജ്യത്തിൽ ആണ്ടുതോറും ചെലവുചെയ്യുന്നതായി കാണാം. ഇത്രയും ഒരു വലിയതുക ചെലവുചെയ്വാൻ നമ്മുടെ രാജ്യത്തിനു ശക്തിയില്ല എങ്കിലും വിദ്യാഭ്യാസം എന്നതിൻെറ ആവശ്യത്തിനായതുകൊണ്ട് നമുക്കു ചിലവാക്കേണ്ടതായിട്ടുതന്നെ ഇരിക്കുന്നു. ഇതിൽ ആക്ഷേപം സങ്കടവുമില്ല. എന്നാൽ വിദ്യാഭ്യാസസമ്പ്രദായം ശരിയായരീതിയിൽ തന്നെയാണോ നടത്തുന്നതു് എന്നു സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുന്നതു ഏററവും പ്രധാനമായ സംഗതിയാണ്. ഇംഗ്ലണ്ട് മുതലായ പരിഷ്കൃതരാജ്യങ്ങളിൽ വിദ്യാഭ്യാസസമ്പ്രദായങ്ങളെ അപ്പോഴപ്പോൾ പരിശോധിക്കുന്നതിനു ഓരോ കമ്മീഷൻ ഏർപ്പെടുത്താറുണ്ട്. നമ്മുടെ രാജ്യത്തുമാകട്ടെ എത്രയോ കാലത്തിനുമുമ്പു നടത്തിവന്ന ഒരു പതിവനുസരിച്ചു ഇപ്പോൾ നടത്തിക്കൊണ്ടുപോകുന്നു എന്നല്ലാതെ വിദ്യാഭ്യാസം കാലാനുസൃതമായിരിക്കുന്നുണ്ടോ എന്ന സംഗതി അപ്പോഴപ്പോൾ പരിശോധിക്കുന്നില്ല. ഇതു ഒരു വലിയ പിശകാണ്. ഈ പണം ഇങ്ങനെ ചെലവിടുന്നതിനെപ്പററി ആലോചിക്കുമ്പോൾ ഇതു ഒരു വെറും പാഴ്ചെലവല്ലയോ എന്നുംകൂടി സംശയിക്കേണ്ടതായിരിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസത്തിനുള്ള ന്യൂനതകളെയെല്ലാം എടുത്തുപറവാൻ എനിക്കു ഇവിടെ സമയമില്ല. എങ്കിലും പ്രധാനമായ ഒന്നു രണ്ടു സംഗതികളെപ്പററിമാത്രം പറയണമെന്നു വിചാരിക്കുന്നു.

വിദ്യാഭ്യാസംകൊണ്ടു കുട്ടികൾക്കു പ്രധാനമായി കിട്ടേണ്ടതു മനഃസംസ്കാരമാണ്. വിദ്യാഭ്യാസം പൂർത്തിയാകുമ്പോൾ ഈശ്വരഭക്തി രാജഭക്തി ഗുരുത്വം വണക്കം നല്ലനടപ്പു് ആരോഗ്യം ഇത്യാദിഗുണങ്ങൾ കുട്ടികളിൽ തെളിഞ്ഞുകാണണം. ഇതാണു വിദ്യാഭ്യാസം കൊണ്ടുണ്ടാകേണ്ട ഫലം. (കേൾക്കുക കേൾക്കുക) നമ്മുടെ

ഇപ്പോഴത്തെ വിദ്യാഭ്യാസംകൊണ്ട് ഇതൊന്നും കിട്ടുന്നില്ല. പണ്ട് നമ്മുടെ പൂർവികന്മാർ വിദ്യാഭ്യാസവിഷയത്തിന്നു ഇത്രയൊന്നും പണം ചെലവാക്കിവന്നിരുന്നില്ലെങ്കിലും കുട്ടികൾക്ക മേൽപറഞ്ഞ ഗുണങ്ങൾ ഉണ്ടാകുന്നതിന്നു സഹായിച്ചുകൊണ്ടിരുന്ന ഒരു വിദ്യാഭ്യാസപദ്ധതിയെയാണ് അവർ നടത്തിവന്നിരുന്നതു. പണ്ടുള്ളവർ കുറച്ചു സംസാരിച്ചു പലതരം കാര്യങ്ങൾ നടപ്പിൽ വരുത്തി ഇന്നാകട്ടെ നാം ധാരാളം സംസാരിക്കുന്നു. കുറച്ചു കാര്യങ്ങൾ നടത്തുന്നു. എല്ലാ സംഗതിയിലും അന്നും ഇന്നും ഉള്ള വ്യത്യാസമിതാണ്. അന്നു സംസാരം കുറവു, കാര്യനടപ്പധികം. ഇന്നു സംസാരം അധികം കാര്യനടപ്പു കുറവു. പണവും ഇന്നു ധാരാളം ചിലവാകുന്നു. കയ്യിലുള്ള പണംകൊടുത്തു കടിക്കുന്ന പട്ടിയെ വാങ്ങിക്കുന്നതുപോലെയാണ ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതിക്കു പണം ചെലവാക്കുന്നതു. മാതാപിതാക്കന്മാരൊക്കെ കയ്യിലുള്ള പണവുംപോയി കുട്ടികൾ [illegible] വീട്ടിൽ വരുമ്പോൾ വലിയ ഉപദ്രവവുമായി ഈ രീതിയെ മുഴുവനും മാററി നമ്മുടെ നാട്ടുനടപ്പിന്നും സമുദായത്തിന്നും ആചാരത്തിന്നും ഭാവിശ്രേയസ്സിന്നും ആവശ്യമായ ഒരു വിദ്യാഭ്യാസപദ്ധതിയെ സ്വീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

രണ്ടാമതായി എനിക്കു പറയാനുള്ളതു നാട്ടുഭാഷകളെ തീരെ നിസ്സാരമായി തള്ളിക്കളയുന്നതിനെ കുറിച്ചാണു. നാട്ടുഭാഷകളെ ചവിട്ടിത്തേച്ചുകൊണ്ടാണു ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയുടെ പുറപ്പാട്. ഇങ്ങനെയുള്ള ഒരു രീതി ഇവിടെ വെച്ചുകൊണ്ടുതന്നെ പോകുമാകുന്നതിൽ നാട്ടുഭാഷകൾ [illegible] എങ്ങിനെ അഭിവൃദ്ധിയുണ്ടാകും? ഇവിടെ അധഃകൃതവർഗ്ഗക്കാർ (Depressed classes) എന്ന ഒരു തരം ആളുകളെ നാം ധാരാളം കണ്ടുവരുന്നുണ്ട്. അവരുടെ ഉന്നമനത്തിനുവേണ്ടി പലരും ശ്രമിക്കുന്നുമുണ്ട്. എന്നാൽ അതുപോലെ പാശ്ചാത്യ പരിഷ്കാരം ചെയ്തു അധഃകൃതമാക്കിയിട്ടിരിക്കുന്ന മാതൃഭാഷകളെ ഉയർത്തണമെന്നു ആരും വിചാരിക്കാത്തതു വളരെവളരെ പരിതാപകരംതന്നെ. മി: എ. കെ. പിള്ള ([illegible]) നമ്മുടെ നാട്ടുഭാഷകളെ ''അധഃകൃതഭാഷകൾ'' എന്നുതന്നെയാണ ഞാൻ വിളിക്കുന്നതു. (ചിരി). ഡിപ്രസ്സ്ഡ് ക്ലാസസിലുൾപ്പെട്ട ജനങ്ങളുടെ തീണ്ടലിനു ഒരു താരതമ്യം കല്പിച്ചിട്ടുണ്ട്. അതായതു [illegible] അടി ദൂരം, [illegible] അടി ദൂരം, [illegible] അടി ദൂരം, നൂറ അടി ദൂരം ഇങ്ങനെയാണ്. എന്നാൽ ഈ നയവും നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുകാർ അനുകരിച്ചുകാണുന്നു. അതുപ്രകാരംതന്നെ സംസ്കൃതത്തിന്ന [illegible] അടിദൂരം (ചിരി) പൌരസ്ത്യഭാഷകൾക്ക അതിൽക്കൂടുതൽ ദൂരത്തിൽ മലയാളത്തിന്ന നൂറ അടിയും തീണ്ടൽ വച്ചിട്ടുണ്ട്. (ചിരി) വിശേഷം തന്നെ ''പശ്യതി പശ്യതി പരദോഷാണി ആത്മദോഷം ന പശ്യതി'' സവർണ്ണർ അവർണ്ണർക്ക തീണ്ടൽ വച്ചിരിക്കുന്നതിനെ ഗവണ്മെന്റിൽ നിന്നും പുച്ഛരിക്കുന്നു. അതേ സമയം തന്നെ അവർ നാട്ടുഭാഷകൾക്ക തീണ്ടൽ നിശ്ചയിച്ചിരിക്കുന്നു. സർ, നാട്ടുഭാഷകളെ തീരെ പുച്ഛരിച്ചുംകൊണ്ടു ഏർപ്പെടുത്തിട്ടുള്ള ആ വിദ്യാഭ്യാസ രീതികൊണ്ടു ഏതു രാജ്യത്തിന്ന ഈ ഭൂമിയിൽ ഗുണം കിട്ടിയിട്ടുണ്ട്? ആർക്കെങ്കിലും അറിയാമെങ്കിൽ പറഞ്ഞാൽ കൊള്ളാമായിരുന്നു. ഏതു ചരിത്രത്തിൽ കാണും;

നമ്മുടെ നാട്ടിൽ സകലകാര്യങ്ങളിലും നാട്ടുഭാഷകൾക്ക താഴ്ന്ന സ്ഥാനമാണ് കല്പിച്ചിട്ടുള്ളതു. കോളേജുകളിൽ മലയാളത്തിന്ന നൂറ അടി ദൂരം തികച്ചുണ്ട്. സംസ്കൃതത്തിന്ന കുറച്ചുഭേദം, സംസ്കൃതം ആപ്ഷനൽ എടുത്തുപഠിച്ചു ഉന്നതപരീക്ഷ പാസ്സായ ഒരാളിന്ന പണ്ഡിററ് എന്ന ഒരു പേരു കൊടുത്തു കോളേജിൽ ആക്കുന്നു. ശമ്പളവും കുറവാണ്, എന്നാൽ വേറെ വല്ലതും ആപ്ഷനൽ എടുത്തു പഠിച്ച ആളാണെങ്കിൽ ഉടനെ അസിസ്റ്റന്റ പ്രൊഫസറോ മറെറാ ആക്കുന്നു. ശമ്പളവും മുന്തിയ [illegible] കൊടുക്കും. ഇതിന്നു കാരണം തീണ്ടൽ കല്പിച്ച ഭാഷ പഠിക്കുന്നതു കൊണ്ടു മാത്രമാകുന്നു (ചിരി) ഇപ്പോൾ ആർട്ട്സ് കോളേജിൽ വളരെ യോഗ്യനും ബുദ്ധിമാനും സമർത്ഥനും ആയ ഒരാളാണ് സംസ്കൃത ഭാഷയുടെ അദ്ധ്യക്ഷൻ. അദ്ദേഹത്തെപ്പോലെ യോഗ്യതയുള്ളവർ ഈ നാട്ടിൽ വളരെ ദുർല്ലഭമാണ്. യൂണിവേഴ്സിററിയും അദ്ദേഹത്തിനെ ബഹുമാനിച്ചിട്ടുണ്ട്. അദ്ദേഹത്തിനെപ്പോലെ അത്ര സർവീസുള്ളവരും നമ്മുടെ കോളേജുകളിൽ വേറെ അനേകമില്ലയെന്നോ എന്നുള്ള കാര്യവും സംശയമാണ്, എന്നിരുന്നിട്ടും അദ്ദേഹത്തിനെ ഗവണ്മെന്റിൽ നിന്നും യാതൊരു വിധത്തിലും പ്രോത്സാഹിപ്പിക്കുന്നില്ല. ശമ്പളക്കൂടുതലില്ല. പ്രൊഫസർ സ്ഥാനം ഇല്ല. അസിസ്റ്റന്റ പ്രൊഫസർ സ്ഥാനം പോലുമില്ല. ഇതെന്തു കഷ്ടം. അദ്ദേഹം സംസ്കൃതമല്ലാതെ വേറെ ഒരു ഭാഷയെടുത്തു പഠിച്ചു ഡിഗ്രി എടുത്തിരുന്നുവെങ്കിൽ ഇപ്പോൾ ചീഫ് പ്രൊഫസറായി എഴുന്നൂററി അമ്പതു രൂപാ ശമ്പളം വാങ്ങുമായിരുന്നു. തീണ്ടലുള്ള ഭാഷ എടുത്തു പഠിച്ചതുമാത്രമാണ് അദ്ദേഹത്തിന്റെ അപരാധം.

ഇനി മറെറാരു ദിക്കിൽ നോക്കുവിൻ. സംസ്കൃതം ട്രാൻസ്ലേറററും, മലയാളം ട്രാൻസ്ലേറററും തമ്മിലുള്ള ശോചനീയമായ അന്തരം, രണ്ടുപേർക്കും ജോലി സമം. രണ്ട് ജോലികൊണ്ടും ഉള്ള പ്രയോജനം സമം. എന്നിട്ടും ശമ്പളവും സ്റ്റാററസും വലിയ വ്യത്യാസം, ഈ ആഫീസുകളിലുള്ള പണ്ഡിതന്മാർക്കും ക്ലാർക്കുമാർക്കും ഇങ്ങേയററം ശിപായിമാർക്കുപോലും വ്യത്യസ്തമായ ഏർപ്പാടുകൾ വച്ചിട്ടുണ്ട്. [illegible] അടി തീണ്ടും നൂറ അടി തീണ്ടും ഇവിടെയും കാണുന്നുണ്ട്. (ചിരി) ഈ നയം ഗവണ്മെന്റിൽ നിന്നു ഉടനെ ഉപേക്ഷിക്കണം. അവർണ്ണർക്കു നാക്കുണ്ട്, അവരുടെ സങ്കടങ്ങളെ വിളിച്ചു പറയാം. ഇപ്പോൾ അവർ ധാരാളം മുറവിളികൂട്ടുന്നുമുണ്ട്. അതിന്റെ ഫലമായി അവരുടെ തീണ്ടൽ ഇല്ലാതായി തുടങ്ങിയിരിക്കുന്നു. നേരെ മറിച്ചു നാട്ടുഭാഷകൾക്ക നാക്കില്ല. വിളിച്ചു പറവാൻ വയ്യ. സർ, എന്നാൽ തുഞ്ചൻ, കുഞ്ചൻ, ഉണ്ണായിവാര്യർ ഇടങ്ങിയുള്ള മഹാന്മാരുടെ ഭൂതങ്ങൾ [illegible] കരഞ്ഞു ആവലാതി പറയുന്നുണ്ട്. പ്രത്യേകിച്ചും ഹജൂർ കച്ചേരിയുടെ മുകളിലും ഡയറക്ടരാഫീസിന്റെ മുകളിലും ആണ് അധികമായി ഞാൻ അവരെ കണ്ടിട്ടുള്ളതു. ഞാൻ നേരമ്പോക്ക പറയുകയാണെന്നു നിങ്ങൾ ആരെങ്കിലും സംശയിക്കുന്നുണ്ടോ, ഹൊയ്! ഒരിക്കലും അങ്ങിനെയല്ല, നേരമ്പോക്കല്ലിതു. നമ്മുടെ പരേതന്മാരായ മഹാകവികളും ഭാഷാഭിമാനികളും വാവിട്ടു കരഞ്ഞുകൊണ്ടു നിൽക്കുന്നതു മുൻപറഞ്ഞ സ്ഥലങ്ങളിൽ നിങ്ങൾ ആരു നോക്കിയാലും കാണാം. പക്ഷേ ആ കാഴ്ച കാണണമെങ്കിൽ നോക്കുന്നവർ നാട്ടുഭാഷാഭിമാനികളായിരിക്കണം, നാട്ടുഭാഷാഭിമാനിയല്ലാത്ത ഒരുവന്റെ ദൃഷ്ടിക്കു യാതൊന്നും കാണുകയില്ല. സർ, ഈ തിരുവിതാംകൂറിലും മററും മലയാളത്തിന്ന തക്ക സ്ഥാനമില്ലെങ്കിൽ, അതിന്ന ഈ ലോകത്തു എവിടെ സ്ഥലം കിട്ടും. ആക്സ്ഫോർഡിലോ, കേംബ്രിഡ്ജിലോ, ജർമ്മനിയിലോ, അമേരിക്കയിലോ നിങ്ങൾ പോയി, ഞങ്ങളുടെ മാതൃഭാഷയായ മലയാളത്തിന്ന് ഒരു ചെയർ ഏർപ്പെടുത്തി അതി

ന്ന പ്രോത്സാഹിപ്പിക്കണമെന്ന സങ്കടം പറയട്ടേ. അപ്രകാരം ചെയ്താൽ മേലാലും ആ സങ്കടത്തിൽ ശ്രദ്ധിക്കുവാൻ ആരാണുള്ളത്? സർ, ഇതിൽ പരം ശോചനീയമായ ഒരവസ്ഥ ഇല്ലെന്ന അറിയേണ്ടതാണ്. ചുരുക്കത്തിൽ നാട്ടുഭാഷകളിൽ വൈദഗ്ദ്ധ്യം കൂടി ഉള്ള ഒരാളെത്തന്നെ എപ്പോഴും ഡയറക്ടരായി നിയമിക്കണം. അതു കടമെ സാദ്ധ്യമല്ലെങ്കിൽ ഡയറക്ടരെ സഹായിക്കുന്നതിന നാട്ടുഭാഷാ പ്രവീണന്മാരായ രണ്ടോ മൂന്നോ മെംബർമാരടങ്ങിയ ഒരു ഉപദേശക സംഘം നിശ്ചയിച്ച ഇവരുടെ കൂടിയാലോചനയുടെ ഫലം അനുസരിച്ച ഒരു വിദ്യാഭ്യാസരീതി നാട്ടിൽ നടപ്പു വരുത്തണമെന്നാണ് എന്റെ താഴ്മയായ അഭിപ്രായം.

മി: സി. എൻ. കുപ്പൻനമ്പൂതിരി (ജന്മിവർഗം): സർ, മിസ്റ്റർ എ. കെ. പിള്ളയുടെ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ എനിക്കു പരിചയം സിദ്ധിച്ചിട്ടില്ലെങ്കിലും അതിന്റെ നടത്തിപ്പ് ഏറ്റവും ഗുണകരമല്ല എന്നാണ് എന്റെ അഭിപ്രായം. ഒന്നാമത് ഈ രാജ്യം ഒരു മലയാളരാജ്യമാണ്. ഈ രാജ്യത്തു ഇംഗ്ലീഷും മലയാളവും പഠിച്ചിട്ടുള്ളവരായ ആളുകളുടെ നിലനോക്കുന്നപക്ഷം ഇന്ന നൂറിനു തൊണ്ണൂറ്റെട്ടു ശതമാനവും ഇംഗ്ലീഷ്ഭാഷ അറിവാൻ പാടില്ലാത്തവർ എന്നാണ് വിചാരിക്കേണ്ടത്. എന്നാൽ, ഇങ്ങനെയിരിക്കുന്നതായ ഈ രാജ്യത്തു മലയാളഭാഷയെ പോഷിപ്പിക്കണമെന്നുള്ള വിചാരത്തോടുകൂടി ഗവർമ്മെന്റിൽ നിന്നും ക്ലിപ്തമായി യാതൊരു ഏർപ്പാടും ചെയ്തു വരുന്നതായി കാണുന്നില്ല. ചെലവു മാമൂലനുസരിച്ചു മലയാളഭാഷാ വിദ്യാഭ്യാസത്തിലേക്കു കുറെ തുക ബഡ്ജറ്റിൽ അനുവദിക്കുന്നുവെന്നേ ഉള്ളൂ. നേരേമറിച്ചു, കോളേജുകളിലേക്ക് വേണ്ടതിലധികം ചെലവു ചെയ്യുന്നുണ്ട്. ഇതുകൊണ്ട് രാജ്യത്തിലെ ജനങ്ങൾക്കു വളരെ ദോഷത്തിനു കാരണമാകുന്നു എന്ന പറയാതിരിക്കുവാൻ നിവൃത്തിയില്ല. കോളേജ് വിദ്യാഭ്യാസം ചെയ്തു ഉയർന്ന പരീക്ഷയിൽ പാസ്സായി ഒരു സർട്ടിഫിക്കറ്റു കൊണ്ടുവരുന്ന ആളുടെ വിദ്യാഭ്യാസത്തെപ്പറ്റി വിചാരിക്കുക. ആ ആൾ സയൻസിൽ ഒന്നാമനായിട്ടു പാസ്സായിട്ടും ഉണ്ട്. ഇനി എന്താണ് അയാൾക്കുള്ള ഒരു ഉപജീവനമാർഗ്ഗം. അപ്പോൾ ദേവസ്വം ഗുമസ്തപ്പണിയോ അതുപോലുള്ള മററുവല്ല ഉദ്യോഗമോ ഒഴിവുണ്ടെന്നുകണ്ട് അപേക്ഷ അയച്ചുംകൊണ്ടു നടക്കുന്നു. എന്നാൽ താൻ വളരെ സംഖ്യയും ബുദ്ധിയും ചിലവു ചെയ്തു പാസ്സായ ആ സയൻസും ഈ ദേവസ്വത്തിലുള്ള ജോലിയും തമ്മിൽ യാതൊരു സാമീപ്യവും ഉള്ളതല്ല. പിന്നെ അയാൾ അത്രയെല്ലാം ബുദ്ധിമുട്ടി ഈ സയൻസിൽ ഒന്നാമതായി വിജയം സമ്പാദിച്ചതുകൊണ്ട് എന്താണ് പ്രയോജനം അല്ല വേണ്ട എന്നാൽ താൻ പഠിച്ച വിദ്യകൊണ്ട് എന്തെങ്കിലും തൊഴിൽ ചെയ്തു കാലയാപനം ചെയ്യാമെന്ന വിചാരിക്കുകയാണെങ്കിൽ അതിനും ഇടയാകുന്നതല്ല. ഈ നിലയിലുള്ള ഒരു വിദ്യാഭ്യാസപദ്ധതിമേലും തുടർന്നു കൊണ്ടുപോവുകയാണെങ്കിൽ വളരെ പേർ തൊഴിലില്ലാതെയായി തീരുന്നതുകൂടാതെ ജനസാമാന്യത്തിനിടയിൽ അതിയായ ദാരിദ്ര്യവും ഉണ്ടാകുന്നതാണ്. വിദ്യാഭ്യാസം ഈ നിലയിൽ തുടരുന്നിടത്തോളംകാലം എത്ര തൊഴിലില്ലായ്മ കമ്മററി ഏർപ്പെടുത്തിയാലും ജനങ്ങൾക്കു ഉപജീവനമാർഗ്ഗം നൽകാൻ സാധിക്കുന്നതല്ല. ഇപ്പോൾതന്നെ നമ്മുടെ രാജ്യം വിദേശികളെ ശരണം പ്രാപിച്ചാണ സ്ഥിതി ചെയ്യുന്നത്. അവരുടെ സഹായം ഒരു കാലത്തു കുറയുന്നതിനോ തടസ്സം നേരിടുന്നതിനോ ഇടയായാൽ നമ്മുടെ രാജ്യത്തുള്ള ജനങ്ങളുടെ നില എന്തായിരിക്കുമെന്ന് നാം ആലോചിച്ചു നോക്കുക. ഇങ്ങനെ ഗവർമ്മെന്റ് കുറെക്കാലംകൂടി ഇപ്പോഴത്തെ നയംതന്നെ അനുവർത്തിക്കുകയാണെങ്കിൽ തൊഴിലില്ലാത്ത ജനങ്ങളെക്കൊണ്ടു ഈ രാജ്യം നിറയുന്നതാണ്. അപ്പോഴത്തെ രാജ്യത്തിന്റെ ഭയങ്കരാവസ്ഥ എന്തായിരിക്കുമെന്ന് ആലോചിച്ചുനോക്കാൻ വയ്യ. അതുകൊണ്ട് ഏതു നിലയിലും ഇന്നത്തെ വിദ്യാഭ്യാസരീതിയെ ഭേദപ്പെടുത്തി ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമായ മലയാളവിദ്യാഭ്യാസത്തിലേക്ക് ഗവർമ്മെന്റിന്റെ കൂടുതൽ ശ്രദ്ധ പതിയേണ്ടതാണെന്നുള്ള എന്റെ അഭിപ്രായത്തെ ഇവിടെ പ്രസ്താവിച്ചുകൊണ്ട് മിസ്റ്റർ എ. കെ. പിള്ളയുടെ പ്രമേയത്തെ ഞാൻ അനുകൂലിച്ചു കൊള്ളുന്നു.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തോട് ഞാൻ അനുകൂലിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ എന്തോ വലുതായ തകരാറുകൾ ഉണ്ടെന്ന് പ്രജാസഭയിലും നിയമസഭയിലും ജനപ്രതിനിധികൾ കാര്യകാരണസഹിതം പ്രതിപാദിച്ചു വരുന്നുണ്ടെങ്കിലും അതിനെ ഗുണപ്രദമായ വിധത്തിൽ വേണ്ട ഭേദഗതികൾ വരുത്തി ശരിപ്പെടുത്താൻ ഇതുവരെ സാധിച്ചിട്ടില്ല. ന്യൂനതയുണ്ടെന്ന് എല്ലാവരും സമ്മതിച്ചിട്ടുണ്ട്. ഏതു വിധത്തിൽ അതിനെ പരിഹരിക്കാമെന്ന് ഇനിയും വ്യക്തമാക്കിയിട്ടില്ല. ഒരു രോഗമുണ്ടെങ്കിൽ അത് എന്തു രോഗമാണ് ഏതുനിലയിൽ ഭേദപ്പെടുത്താം. എന്ന നോക്കേണ്ടതാണല്ലോ?

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): വൈദ്യന്റെ ശേഷിക്കുറവുകൊണ്ടാണ് രോഗം കണ്ടുപിടിക്കാത്തതെന്നാണോ പറയുന്നത്?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ശേഷിക്കുറവുകൊണ്ടോ രോഗത്തിന്റെ സ്വഭാവം കൊണ്ടോ എന്ന വ്യക്തമല്ല.

ഇവിടത്തെ ജനങ്ങളിൽ ഭൂരിപക്ഷവും കൃഷിക്കാരാണല്ലോ. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരിൽ അവരിലെ ഒരു വലിയ ഭാഗക്കാരും വിദ്യാഭ്യാസം സിദ്ധിച്ചശേഷം തങ്ങളുടെ പൂർവികന്മാർ ചെയ്തുവന്ന തൊഴിലിൽ വൈമുഖ്യം കാണിക്കുകയാണ ചെയ്യുന്നത്. എന്നാൽ വേറെ വല്ല തൊഴിലും ഉണ്ടോ? സർക്കാരുദ്യോഗം, വക്കീൽപണി മുതലായി ചില തൊഴിലുകൾ ഉണ്ട്. എന്നാൽ അത് എല്ലാവർക്കും കിട്ടുകയില്ല. എന്നാൽ കൃഷി ഇവിടത്തെ പ്രധാനതൊഴിലായതുകൊണ്ട് ഭൂരിപക്ഷം ജനങ്ങൾ അതിൽ ഏർപ്പെട്ടിരിക്കുന്നു. എന്നാൽ അവരുടെ സന്താനങ്ങളും വിദ്യാഭ്യാസം കഴിഞ്ഞതിൽ പിന്നീടു ആ തൊഴിലിൽ പ്രവേശിച്ചാൽ മാത്രമേ ആ രാജ്യത്തിന് അഭിവൃദ്ധിയുണ്ടാവുകയുള്ളൂ.

മി: എൻ. കുമാരൻ (നിയമിതസാമാജികൻ): പൂർവികന്മാരുടെ തൊഴിലിൽ ഏർപ്പെടാനുള്ള വൈമുഖ്യംകൊണ്ട് കൃഷിചെയ്യാത്ത ഭൂമികൾ വെറുതെ കിടക്കുന്നുണ്ടോ?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൃഷി ചെയ്യാതെ വെറുതെ കിടക്കുന്ന ഭൂമികളുമുണ്ട്. ഏതുതൊഴിലിനും അഭിവൃദ്ധിയുണ്ടാകണമെങ്കിൽ വിദ്യാഭ്യാസം സിദ്ധിച്ചവർകൂടി ആ തൊഴിലിൽ പ്രവേശിക്കണം. എന്നാൽ വിദ്യാഭ്യാസം സിദ്ധിച്ചവർ കൃഷിതൊഴിലിൽ ഏർപ്പെടാൻ വൈമുഖ്യം പ്രകടിപ്പിക്കുന്ന സ്ഥിതിക്കു ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതികൊണ്ട് പ്രയോജനത്തിലധികം ദോഷമല്ലേ ഉണ്ടാകു

ന്നതു് എന്നു ശങ്കിക്കുന്നു. ബാല്യം മുതൽക്കേ വിദ്യാഭ്യാസസമയത്തു കുട്ടികളെ കൃഷിക്കു അഭിരുചിയുണ്ടാക്കിത്തീർക്കത്തക്കവണ്ണമുള്ള പുസ്തകങ്ങളെ പഠിപ്പിക്കണം.

മി: സി. എൻ. ഇട്ടുൻ നമ്പൂതിരി (ജന്മികൾ): ബാല്യത്തിലേ കൃഷി അഭ്യസിക്കണമെന്നു പറയുന്നതു് ഏതു വിദ്യാഭ്യാസം ചെയ്തിട്ടാണെന്നു പറയുന്നതു്?

മി: തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ ഇനിയും പറഞ്ഞു വരുമ്പോൾ അതു് ഏറെക്കുറെ വ്യക്തമാകും. വാണിജ്യം വ്യവസായം മുതലായ വിഷയങ്ങൾ കുട്ടികൾക്കു മനസ്സിലാക്കത്തക്കവിധത്തിലുള്ള പുസ്തകങ്ങൾ അവർ പഠിക്കണം. എന്നാൽ പോലും കൃഷിയും മററു വ്യവസായവും പ്രധാനമായുള്ള പാശ്ചാത്യരാജ്യങ്ങളിലെ രീതിയനുസരിച്ചുള്ള വിദ്യാഭ്യാസം ഇവിടത്തേക്കു പൂർണ്ണമായി പററില്ല. പ്രത്യേകിച്ചു കാർഷികവൃത്തികളും വേണം. മലയാളം വിദ്യാലയങ്ങളോടു ചേർത്തു് ഒന്നോ രണ്ടോ ഏക്കർ സ്ഥലം കൊടുക്കുന്നതിനു്, അല്ലെങ്കിൽ ഗവൺമെൻറിൽനിന്നു പണം വിലയ്ക്കു കൊടുക്കുകയാണെങ്കിൽ, എന്നിട്ടു് ആവശ്യമുള്ള ഉപകരണങ്ങൾ സംഭരിപ്പിച്ചുവയ്ക്കണം. അതിൽ ഒഴിവുസമയങ്ങളിൽ കുട്ടികളെക്കൊണ്ടു് ഓരോ ധാന്യങ്ങളും ചെടികളും നട്ടുപിടിപ്പിച്ചു അവയുടെ വളർച്ച മുതലായവയെ അവരെ മനസ്സിലാക്കി അതിൽ അവർക്കു് താല്പര്യമുണ്ടാക്കേണം. (മി: എം. ശിവതാണുപിള്ള - കോൺഗ്രസ്സുകാർ) അങ്ങിനെ പരിശീലിച്ച കുട്ടികൾ പഠിച്ചുകഴിഞ്ഞുവരുമ്പോൾ ഇപ്പോൾ പള്ളിക്കൂടത്തിൽനിന്നു പുറത്തുവരുന്ന ചിലരെപ്പോലെ കൃഷിക്കു കൊള്ളാത്തവരായിത്തീരുകയില്ല. പഠിത്തം കഴിഞ്ഞുവരുമ്പോൾ പഠിച്ചവരെല്ലാം ഇതുപോലെ വരുമല്ലോ. അപ്പോഴാണു് ഓരോ തൊഴിലുകളിൽ പ്രവേശിക്കേണ്ടതു്. അതിനു് പകുന്നതായിരിക്കണം വിദ്യാഭ്യാസപദ്ധതി.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): വിദ്യാഭ്യാസമുള്ളവർ മുഴുവനും കൃഷിയിൽ പ്രവേശിക്കുന്നതുകൊണ്ടു് ഇപ്പോഴത്തെ കൃഷിക്കാർ മുഴുവനും നിരക്ഷരകുക്ഷികളും കൊള്ളരുതാത്തവരുമാണെന്നോ?

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൊള്ളരുതാത്തവരല്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയല്ലല്ലോ ധരിച്ചതു്.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെ ധരിക്കേണ്ടതില്ല. വിദ്യാഭ്യാസം സിദ്ധിച്ചവർക്കു കൃഷിയിൽ ആസക്തിയില്ലാത്തതുകൊണ്ടു ബുദ്ധിപൂർവം പ്രവർത്തിച്ചു് കൃഷിയിൽനിന്നും കൂടുതൽ ആദായമെടുക്കാനുള്ള മാർഗ്ഗങ്ങൾ പ്രയോഗത്തിൽ വരുത്തുന്നില്ല. അമേരിക്കയിലെ വിദ്യാലയങ്ങളോടു ചേർത്തു കൃഷിപാഠശാലയും വ്യവസായശാലയും ഉണ്ടു്. അമേരിക്കയിലെ ബുക്കർടി വാഷിംഗ്ടൺ എന്ന പ്രസിദ്ധൻ ബാലികാബാലന്മാർക്കു് കൃഷി കൈത്തൊഴിലുകളിൽ പരിശീലനം വിദ്യാഭ്യാസകാലത്തുതന്നെ കൊടുക്കത്തക്ക സ്ഥാപനങ്ങൾ ഉണ്ടാക്കി നടപ്പിൽ വരുത്തിയിട്ടുണ്ടു്. അപ്രകാരം ഈ രാജ്യത്തും വ്യവസായവും പ്രത്യേകിച്ചു് കൃഷിയും പരിശീലിക്കുന്നതിനു് പാഠശാലയോടു് ഓരോ തോട്ടവും ചേർത്തു ചില വ്യവസായശാലകളും ഏർപ്പെടുത്തി കുട്ടികൾക്കു് പരിശീലനം നൽകണം.

മലയാള വിദ്യാഭ്യാസത്തിനു കൂടുതൽ പ്രാധാന്യം നൽകണം. ജനങ്ങളിൽ ഭൂരിപക്ഷത്തിനും മലയാളമല്ലാതെ ഇംഗ്ലീഷു പഠിക്കാൻ സാധിക്കയില്ല. രാജ്യത്തുള്ള സകല ജനങ്ങൾക്കും എഴുതാനും വായിക്കാനും കഴിവുണ്ടാക്കണം. അധഃകൃതവർഗ്ഗത്തെ സംബന്ധിച്ചു കൂടുതൽ ആനുകൂല്യങ്ങൾ വിദ്യാഭ്യാസ വിഷയത്തിൽ ഗവൺമെൻറ് ചെയ്തുകൊടുക്കണം. അവർക്കു വിദ്യാഭ്യാസകാലത്തു പുസ്തകങ്ങളും ഭക്ഷണവും വെറുതെ കൊടുക്കണം. വളരെക്കാലം നമ്മുടെ അടിമകളായി വേല ചെയ്തുവരുടെ സന്താനങ്ങളല്ലേ അവർ. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ പ്രമേയത്തെ ബലമായി അനുകൂലിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ നില ഏതാണ്ടു് യുദ്ധത്തിനുമുമ്പുള്ള ടർക്കിയുടെ സ്ഥിതിപോലെയാണു്. യുദ്ധാനന്തരം ടർക്കിയുടെ യൂറോപ്പിലെ "രോഗി" എന്ന അഭിധാനം തീരെ അനുയോജ്യമായിരുന്നില്ലെങ്കിലും വളരെ കാലമായി യൂറോപ്യൻരാജ്യങ്ങളുടെ ഇടയിൽ ടർക്കിയെ അപ്രകാരമാണു വിളിച്ചുവന്നതു്. സംസ്ഥാനത്തിലെ ഡിപ്പാർട്ടുമെൻറുകളുടെ കൂട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനും അതേ നില തന്നെയാണു നൽകപ്പെട്ടിരിക്കുന്നതു്. ശരിയായ പ്രയോജനം ഒന്നും ഉണ്ടാകാത്ത നിലയിലുള്ള ഒരു ഡിപ്പാർട്ടുമെൻറായിട്ടാണു് വളരെക്കാലമായി അതു് അറിയപ്പെടുന്നതു്. തിരുവിതാംകൂറിൽ ഭരണകർത്തൃത്വം വഹിച്ചിരുന്ന എല്ലാ ഭരണാധികാരികളും ഈ സ്ഥിതിയെ ശരിയായി മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ ഏതുപ്രകാരത്തിലോ ഏന്തോ തിരുവിതാംകൂറിലെ അഭ്യസന രീതിയെ ഒന്നു മെച്ചപ്പെടുത്തുന്നതിനു് ആരുംതന്നെ യാതൊന്നും ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. സംഗതിയുടെ ഈ ഭാഗത്തെ ശരിയായി മനസ്സിലാക്കിക്കൊണ്ടു് ഏതെങ്കിലും വിദ്യാഭ്യാസഡയറക്ടറെ പ്രത്യേകമായി കുററപ്പെടുത്തുവാൻ നിർവാഹമില്ല. അവരവരുടെ നിലയിൽ സമർത്ഥന്മാരായിട്ടുള്ള അനവധി ഡയറക്ടർമാർ നമുക്കു് ഇവിടെ ഉണ്ടായിരുന്നിട്ടുണ്ടു്. എന്നാൽ ഫലത്തെ സംബന്ധിച്ചിടത്തോളം ഗണ്യമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ലാ എന്ന സംഗതിയിൽ മിക്കവാറും അവർ എല്ലാവരും യോജിക്കുന്നുണ്ടു്. വിദ്യാഭ്യാസഡയറക്ടറുടെ നിലയിൽ സ്വല്പം മുമ്പേ ഈ ഖണ്ഡന പ്രമേയത്തിൻെറ അവതാരകൻതന്നെ ഒന്നു താരതമ്യപ്പെടുത്തുകയുണ്ടായി. ഞാൻ അതിനെ മനസ്സിലാക്കിയവ്യക്തമാക്കാം. ഡയറക്ടറിൽ വൈദ്യൻെറ മാത്രമല്ല, രസതന്ത്രജ്ഞൻെറയും ജോലി ഉൾപ്പെടുന്നുണ്ടു്. പുതിയതെന്നകൾ മനസ്സിലാക്കി കണ്ടുപിടിക്കേണ്ടതു് രസതന്ത്രജ്ഞൻെറ കൃത്യമാണു്. ആ മരുന്നുകളുടെ പ്രയോഗം ഡാക്ടരുടെ അഥവാ വൈദ്യൻെറ ജോലിയായി പരിണമിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ ആകെ കൂടിയുള്ള ഭരണം വിജയപ്രദമായി തീരുന്നതിനു് ഈ രണ്ടു കൃത്യങ്ങളും ഡയറക്ടറിൽ യോജിച്ചു വിളങ്ങണം എന്നാണു് ഈ സന്ദർഭത്തിൽ എനിക്കു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ, വിദ്യാഭ്യാസപദ്ധതിയിൽ നൂതന സിദ്ധാന്തങ്ങളോ നയങ്ങളോ ഡയറക്ടർ ഏർപ്പെടുത്തുകയാണെങ്കിൽ അവ വേണ്ടവണ്ണം ഉപയോഗപ്പെടുത്തുന്ന എന്ന അദ്ദേഹത്തിനുതന്നെ തൃപ്തിയുണ്ടാകാത്തപക്ഷം കാര്യമെല്ലാം അവതാളത്തിൽ പരിണമിക്കുവാൻ ഇടയുണ്ടു്. ആ സ്ഥിതിക്കു് കാലാകാലങ്ങളിൽ ഉള്ള പരിശോധനകൾകൊണ്ടു് നിരീക്ഷണങ്ങൾകൊണ്ടും വിദ്യാഭ്യാസ പദ്ധതിയിൽതാൻ അവതരിപ്പിക്കപ്പെട്ട ഓരോ പ്രത്യേകസിദ്ധാന്തങ്ങളും ശരിയായി നടക്കുന്നുണ്ടോ എന്നു ഡയറക്ടർ സൂക്ഷിച്ചറിയേണ്ടതാണു്. പൊതുജനങ്ങൾ വിദ്യാഭ്യാസപദ്ധതി പ്രയോജനകരമായിരിക്കത്തക്കവണ്ണം എന്താണു്

ചെയ്യുന്നതെന്നും നോക്കി മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുതവിഷയത്തെ സംബന്ധിച്ചുള്ള എൻെറ വിനീതമായ അഭിപ്രായം ഡയറക്ടർ അദ്ദേഹത്തിൻെറ ആഫീസിൽ വരുന്നകടലാസ്സുകൾ മാത്രം പരിശോധിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നാണ്. അദ്ദേഹം സംസ്ഥാനത്തിലുള്ള വിദ്യാലയങ്ങളെ സന്ദർശിച്ച്, വിദ്യാഭ്യാസ സംബന്ധമായി വേണ്ട അനുജ്ഞകൾ കൊടുക്കേണ്ടതാണ്. കൂടാതെ എല്ലാവിദ്യാലയങ്ങളും കാലാകാലങ്ങളിൽ ശരിയായി പരിശോധിച്ചിട്ടുണ്ടോ എന്നും, അദ്ധ്യാപനം വഴിയാംവണ്ണം നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്നും സ്വന്തം പരിശോധനകൾകൊണ്ട് അദ്ദേഹത്തിനു മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): പരിശോധനാറിപ്പോർട്ടുകൾ ഡയറക്ടർ നോക്കേണ്ടതു് ആവശ്യമാണെന്നു മെമ്പർ വിചാരിക്കുന്നില്ലേ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡയറക്ടർ പരിശോധനാറിപ്പോർട്ടുകൾ നോക്കണമെന്നു മാത്രമല്ല, പരിശോധനയുടെ രീതിയെത്തന്നെയും പരിശോധിക്കണമെന്നത്രെ ഞാൻ പറയുന്നതു്. സർ, ഈ സംസ്ഥാനത്തുള്ള ഏതെങ്കിലും വിദ്യാലയങ്ങൾ പരിശോധിക്കുവാൻ എന്നെ അനുവദിച്ചിരുന്നെങ്കിൽ ആ വിദ്യാലയങ്ങളെ സംബന്ധിച്ച നടത്തപ്പെട്ടിട്ടുള്ള കാലംതോറുമുള്ള പരിശോധനകളെ ശൂന്യമാക്കാതെ അനവധി ഒന്നിനും കൊള്ളാത്ത വാദ്ധ്യാന്മാരെ ഞാൻ തെരഞ്ഞെടുക്കാം എന്നു് എനിക്കു നല്ല വിശ്വാസമുണ്ട്. ഇപ്പോൾ ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിൽ ജോലിചെയ്തുവരുന്ന അനവധി അദ്ധ്യാപകന്മാർ അദ്ധ്യാപനകൃത്യത്തിനു ത്രാണിയില്ലാത്തവരാണെന്നു അധികൃതന്മാർക്കു തൃപ്തികരമാംവണ്ണം ഞാൻ ചൂണ്ടിക്കാണിക്കാം. ഞാൻ മുമ്പേതന്നെ അറിയിക്കയുണ്ടായതുപോലെ ഇതു പരിശോധനയിലുള്ള ന്യൂനതകൊണ്ടാകുന്നു. പല വിദ്യാലയങ്ങളും അപ്പോഴപ്പോൾ പരിശോധന നടത്തുന്നതിനായി ഒരു ഇൻസ്പെക്ടർ ഉണ്ടെന്നുള്ളതുകൊണ്ടുപോരാ. ഇൻസ്പെക്ടർ നടത്തപ്പെടുന്ന പരിശോധനകൾ ഡയറക്ടർ പരിശോധിക്കേണ്ടതാണ്.

ഞാനൊരുപടികൂടി മുമ്പോട്ടുപോകാം സർ, പിന്നീട് വിദ്യാഭ്യാസം മോക്ഷസമ്പാദനത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. അടുത്ത ജന്മത്തിൽ വിജയം ലഭിക്കണമെന്നും അതുകൊണ്ടു കരുതപ്പെടുന്നില്ല. ഈ ലോകത്തിൽതന്നെ പ്രായോഗികമായി വിജയം സിദ്ധിക്കണമെന്നാണ് അതുകൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. വിദ്യാഭ്യാസം അന്ത്യമായി ഏതെങ്കിലും ഒരു ലക്ഷ്യത്തെ ലാക്കാക്കിവേണം നടത്തപ്പെടുവാൻ. കാളേജുകളിലും സ്കൂളുകളിലും ഇപ്പോൾ നടന്നുവരുന്ന വിദ്യാഭ്യാസത്തിൻെറ രീതിയെ സംബന്ധിച്ചിടത്തോളം ഈ ലക്ഷ്യം തീരെ സാധിതപ്രായമാകുന്നില്ല. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളമുള്ള എൻെറ വിനീതമായ അഭിപ്രായം ഇതാകുന്നു. ഇംഗ്ലീഷ്സ്കൂളുകളിലും കാളേജുകളിലും നിന്നും പുറമെവരുന്നവരിൽ ചിലർ നല്ലപോലെ ഇംഗ്ലീഷ് സംസാരിക്കുന്നതിനും എഴുതുന്നതിനും കഴിവുള്ളവരാകുന്നു എന്ന സംഗതി നിസ്സംശയമാകുന്നു. എന്നാൽ, മററു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം രസതന്ത്രശാസ്ത്രം, കണക്കുശാസ്ത്രം ഇടങ്ങിയ മററു വിഷയങ്ങളിലും അവർ പഠനം നടത്തിയിട്ടുണ്ടെങ്കിലും അഭ്യസനശാലകളിൽ നിന്നും സമ്പാദിച്ചിട്ടുള്ള അറിവിനെ അവർ തീരെ പ്രയോജകീഭവിപ്പിക്കുന്നില്ല. ആധുനിക വിദ്യാഭ്യാസരീതിയുടെ ഫലം ഇതാണ്. സർക്കാരുദ്യോഗത്തിനായി ശ്രമിക്കുന്നു. വക്കീലന്മാരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. നമ്മുടെ നൈരാശ്യങ്ങളുടെ കൂട്ടത്തിൽ മുഖ്യങ്ങളായ ഈ രണ്ടു സംഗതികളും ഉൾപ്പെടുന്നു. മലയാളത്തിൽ പ്രസംഗിക്കയുണ്ടായ ചില മാന്യന്മാരാൽ ഈ സംഗതി വളരെ കൃത്യമായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വിദ്യാശാലകളിൽ അവർക്കു ലഭിച്ചിട്ടുള്ള അറിവു ഉണ്ടായിരുന്നിട്ടും വിജയികൾ എന്നതു കേവലം അലങ്കാരപരമായിട്ടേ കലാശിക്കുന്നുള്ളൂ. സർ, ഉദാഹരണത്തിനു ഞാനൊരു കെമിസ്ട്രിഗ്രാഡ്വേററ് ആണ്. കഴിഞ്ഞ അനേകവർഷങ്ങളായി എനിക്കു കെമിസ്ട്രിയുമായി യാതൊരു പരിചയത്തിനും ഇടവരാതെയും തീരെ വ്യത്യസ്തമായ ഒരു മാർഗ്ഗത്തിൽ ഞാൻ ഇടപെട്ടതുകൊണ്ടും എനിക്ക് ഇപ്പോൾ രസതന്ത്രശാസ്ത്രം അറിയാമെന്ന് ആരെങ്കിലും സമ്മതിക്കുമോ എന്നു എനിക്കു അറിഞ്ഞുകൂടാ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): എന്നാൽ അതു നിങ്ങളുടെ ബുദ്ധിയെ സംസ്കരിച്ചിട്ടില്ലേ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ബുദ്ധിയുടെ പരിശീലനത്തിനു മാത്രമാണെന്നുവരികിൽ ശരിയായവിധം അഭ്യസിപ്പിക്കപ്പെടുന്ന ഏതൊരു ജ്ഞാനമാർഗ്ഗവും ധാരാളം മതിയാകുന്നതാണ്.

പിന്നീട് വിദ്യാഭ്യാസംകൊണ്ടു സിദ്ധിക്കേണ്ടഫലം സിദ്ധിക്കുന്നതിന് വിദ്യാഭ്യാസഡയറക്ടർ സംസ്ഥാനത്തെ ജനതതിയുമായി ഏററവും അടുത്തു പെരുമാറണം. വെറും ഉദ്യോഗപരമായ നിയത കൃത്യങ്ങൾ രാജ്യത്തിൻെറ ആവശ്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ യാതൊരറിവും അദ്ദേഹത്തിനു നൽകുന്നതല്ല. അതുകൊണ്ടു ഒരാൾ അയാളുടെ ഡയറക്ടർസ്ഥാനം വിജയകരമാക്കിത്തീർക്കുന്നതിനുമുമ്പ്, അയാൾ അവശ്യം രാജ്യത്തിൻെറ ആവശ്യങ്ങളെ മനസ്സിലാക്കിയിരിക്കണമെന്നും അതിലേക്കു ജനങ്ങളോട് ഇടപെട്ടു പെരുമാറണമെന്നും ആണു ഞാൻ ചൂണ്ടിക്കാണിക്കുന്നതു്. ഡയറക്ടർ ജനങ്ങളുടെ ആവശ്യങ്ങളെ അറിയുകയും വിദ്യാഭ്യാസപദ്ധതി അവർക്കു യോജ്യമായിരിക്കയും ചെയ്യണം. ജനങ്ങൾക്കായി ഒരു വിദ്യാഭ്യാസരീതി ക്രമപ്പെടുത്തുവാൻ പുറപ്പെടുന്നതിനുമുമ്പ് അവരുടെ സ്ഥിതി, ദാരിദ്ര്യൈശ്വര്യങ്ങൾ എന്നീ വക സംഗതികളെല്ലാം അദ്ദേഹം ശരിയായി മനസ്സിലാക്കിയിരിക്കണം. അധഃകൃതവർഗ്ഗത്തിൽപെട്ട ഒരു സാധുമനുഷ്യൻെറ കുടിയോട് പ്രതിമാസം അമ്പതു ഉറുപ്പിക വിലയുള്ള ഒരു വിദ്യാഭ്യാസപദ്ധതിയെ സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നതു് കേവലം നിഷ്പ്രയോജനമാണ്. വിദ്യാഭ്യാസം സംസ്ഥാനത്തെ ജനതതിയുടെ ശക്തിക്കൊത്തതും അവർക്ക് ഉപയോഗപ്രദമായവിധത്തിലുള്ളതും ആയിരിക്കണം. ഡിപ്പാർട്ടുമെൻറും ജനങ്ങളും തമ്മിൽ ഏതാണ്ടൊരു അനുകമ്പ ഉണ്ടായിരിക്കേണ്ടതാണ്. അല്ലാതെ അവരോടു നിയമനിബന്ധിതമായ ഒരു ഉദ്യോഗമല്ല വേണ്ടതു്. സർ, ഈ പ്രകാരം ചിന്തിച്ചുനോക്കുമ്പോൾ, ജനങ്ങളുമായി ഇടപെട്ടു പെരുമാറുന്ന, ഒരാളിൽനിന്നും നാം പ്രതീക്ഷിക്കുന്ന മാതിരിയിലുള്ള ഔൽസുക്യം, ജനങ്ങളുടെ സ്ഥിതിയെപ്പററി അല്പം ഏതാണ്ടുമാത്രം അറിയുന്ന ഒരു യൂറോപ്യൻ ഉദ്യോഗസ്ഥനിൽ കാണ്മാൻ സാധിക്കുമോ എന്നു എനിക്കു വളരെ സംശയമുണ്ട്. ജനങ്ങളുമായി ഇടപെടുന്ന ഒരാളിനു അവരുടെ ആവശ്യങ്ങളെയും സ്ഥിതികളെയുംപററി മനസ്സിലാക്കുന്നതിനും അവർക്കു യോജ്യമായ വിധം വിദ്യാഭ്യാസത്തെ തിരിച്ചുവിടുന്നതിനും സാധിക്കുന്നതാണ്. ഈ വക കൃത്യങ്ങളെല്ലാം ഡിപ്പാർട്ടുമെൻറ മേലധികാരം വഹിക്കുന്ന ഒരു യൂറോപ്യൻ ഉദ്യോഗസ്ഥനു വിജയകരമാംവണ്ണം നടത്താൻ കഴിയുന്നതല്ല. (കേൾക്കുക കേൾക്കുക

അവരിൽ ചിലർ അവരുടെ സ്വന്തം അദ്ധ്യാപനകാര്യത്തിൽ വളരെ സമർത്ഥന്മാരാണെന്ന സംഗതി നിർവ്വിവാദമാണ്. ഡോറോത്തി ഹാറസ്സ് കാളേജിലെ ഒരു വിദ്യാർത്ഥി ചില വൃക്ഷങ്ങളുടെ മനോഹാരിതയും ഐശ്വര്യത്തോടുകൂടിയും ഉള്ള വളർച്ചയെ കണ്ടു തന്നത്താൻ ചിരിക്കുന്ന ഒരു "ഫാറെഹെട്രിക് ചാർ" അറിയപ്പെട്ടതായി ഒരവസരത്തിൽ എന്നോടു പറയുക ഉണ്ടായി. ചില മാന്യപുരുഷന്മാരിൽ അവരുടെ അദ്ധ്യാപനകാര്യത്തെ സംബന്ധിച്ചിടത്തോളം അപ്രകാരമുള്ള ഔൽസുക്യം നിശ്ചയമായും കാണപ്പെട്ടേക്കാം. എന്നാൽ അതുകൊണ്ടു മതിയാകുന്നില്ല. അവരുടെ ഔൽസുക്യത്തെ ജനങ്ങൾക്കു അനുകൂലമായ വിധം തിരിച്ചുവിടുന്നതിനാണു നാമാഗ്രഹിക്കുന്നതു. ഡയറക്ടർ ജനങ്ങളുടെ പ്രയാസങ്ങളെ മനസ്സിലാക്കി വിദ്യാഭ്യാസപദ്ധതിയെ അവരുടെ ആവശ്യങ്ങൾക്ക് ഒക്കെയും ക്രമീകരിക്കേണ്ടതാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ആവശ്യത്തിനനുസരണമായി വേണം പ്രവർത്തിക്കാൻ. സർ, ഞാനിതന്നെയാണു ആധുനികയാഥാർത്ഥ്യം അതൃപ്തിയുള്ളതു. അപ്രകാരമുള്ള ഒരു വിദ്യാഭ്യാസപദ്ധതിയായി ചിലപ്പോൾ ഒരു വലിയ തുകയും ജനങ്ങൾക്കു ഉപകാരപ്രദമായി പരിണമിക്കുന്നതും, അതു അവരുടെ ശക്തിക്കൊത്ത വിധം ആയിരിക്കുന്നതും ആണ്. ഡയറക്ടർ സംസ്ഥാനത്തെ ഒന്നാം നിലയിൽ ആക്കിത്തീർക്കേണ്ടതാണ്. സർ, അദ്ദേഹത്തിന്റെ അധികാരകാലത്തു അപ്രകാരമുള്ള സ്ഥിതി വരുത്താൻ അദ്ദേഹം സാധിക്കുമെങ്കിൽ, സംസ്ഥാനത്തിന്റെ പുരോഗമനത്തിനു വളരെ സഹായം ഉണ്ടായിരിക്കുന്നതാണ്. ബെസ്റ്ററിന്റെ സാമാന്യവാദത്തിനിടയിൽ ഞാൻ സൂചിപ്പിച്ചതുപോലെ വിദ്യാഭ്യാസവിഷയത്തിലേക്കു തിരിച്ചുവയ്ക്കപ്പെട്ടിരിക്കുന്ന ഭീമമായ തുകയും, മലയാളത്തിലും ഇംഗ്ലീഷിലും ശരിയായി എഴുതാനും സംസാരിക്കാനും കഴിയുന്ന ഒരു കൂട്ടം ആളുകളെ സൃഷ്ടിച്ചുവിടുന്നതല്ലാതെ, രാജ്യത്തെ ജനതതിക്കു യാതൊരു പ്രകാരത്തിലും ഉപകാരപ്രദമായി തീരുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മി: പി. കെ. നാരായണപിള്ളയിൽ നിന്നും ...

അദ്ധ്യക്ഷൻ: അദ്ദേഹം ഇരുന്നുകഴിഞ്ഞിരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വളരെ അത്യാവശ്യമാണെന്നുവരികിൽ, ഞാനെഴുന്നേല്ക്കാൻ തയ്യാറാണു, സർ. (ചിരി)

മി: എൽ. എ. ലാമ്പാർഡ് (പ്ലാൻറേഴ്സ്): സർ, അനേകവർഷങ്ങൾക്കുമുമ്പു പഠിത്തം മതിയാക്കിയ ചെറുപ്പക്കാരിൽനിന്നു അസംഖ്യം അപേക്ഷകൾ ഒരാൾക്കു അയാളുടെ പ്രവൃത്തിവേളയിൽ കിട്ടിക്കൊണ്ടിരിക്കുന്നുവെന്നുള്ളതൊഴികെ ഞാൻ എന്തെങ്കിലും സംസാരിക്കണമെന്നു പ്രതീക്ഷിക്കാവുന്ന ഒരു വിഷയമല്ല വിദ്യാഭ്യാസം. ഈ അപേക്ഷകളിലെല്ലാം പ്രധാനമായുള്ളതു അപേക്ഷകൻ ഒരു സ്കൂൾലീവിംഗ് സർട്ടിഫിക്കററുകാരനാണെന്നോ അല്ലെങ്കിൽ ഗ്രാഡ്വേററാണെന്നോ ഉള്ളതു ആകുന്നു. സാങ്കേതികരീതിയിലുള്ള പരിചയം, പരിശീലനം ഇത്യാദിയായുള്ള മററു യാതൊരു യോഗ്യതകളും സാധാരണ പറഞ്ഞുകാണാറില്ല. ഉദ്യോഗത്തിനു ആളുകളെ തിരഞ്ഞെടുക്കുന്നതിൽ ഇതു വളരെ പ്രയാസമാകുന്നു, ജോലിയെ സംബന്ധിച്ചിടത്തോളം ഉള്ള കാര്യത്തെപ്പററിയാണു ഞാൻ പ്രസ്താവിക്കുന്നതു. അനേകം അപേക്ഷകന്മാരിൽ നിന്നും ഈ നിലക്കു ഒരാളിനെ തെരഞ്ഞെടുക്കുക ലഘുസാദ്ധ്യമല്ല. അപേക്ഷകൻ ഒരു ഗ്രാഡ്വേററ് ആണെന്നോ, അല്ലെങ്കിൽ സ്കൂൾഫൈനൽ സർട്ടിഫിക്കററുകാരനാണെന്നോ ഉള്ള വസ്തുത ഒരു 'എസ്റ്റേററി'ലൊ ഒരു തൊഴിൽശാലയിലൊ ഒരു സ്ഥാനത്തിനു തക്ക യോഗ്യത ആകുന്നില്ല. നിർഭാഗ്യവശാൽ, ഇക്കാര്യങ്ങളെപ്പററി കൂടുതൽ ഗാഢമായി ചിന്തിക്കുകയും അവരോടു ആലോചിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾ നിർദ്ദേശിക്കുന്ന ജോലിയുടെ സ്വഭാവം എന്തുതന്നെ ആയിരുന്നാലും, അവർ എല്ലായ്പോഴും ഒരു ക്ലാർക്കിന്റെ സ്ഥിതിയിൽ ആയിത്തീരുന്നു. എന്റെ അനുഭവത്തിൽ തന്നെ അനവധി സന്ദർഭങ്ങളിൽ, 'സാമില്ലു'കളിലും 'എഞ്ചിനീയറിംഗ്' മററുതരം ജോലികളിലും പരിശീലിക്കുവാൻ ആളുകളെ ഞങ്ങൾ ഏർപ്പെടുത്തിയതിൽ ഈ യുവാക്കന്മാർ ഏതെങ്കിലും പ്രകാരത്തിലുള്ള ദേഹാദ്ധ്വാനം ചെയ്യുവാൻ മടിക്കുന്നതായിട്ടാണു മിക്കവാറും കണ്ടുവന്നിട്ടുള്ളതു. അതു ജാതിയെയൊ മതത്തെയോ സംബന്ധിച്ചുള്ള ഒരു സംഗതിയാണോ എന്നു എനിക്കറിവാൻ പാടില്ല, എന്നാൽ ഇംഗ്ലണ്ടിലെ തൊഴിൽ ജീവിതത്തിൽ ഏർപ്പെടുന്ന എല്ലാ യുവാക്കന്മാരും ചെയ്യാൻ ഒരുക്കമുള്ള കാര്യങ്ങളാണു അവർ ഉപേക്ഷിക്കുന്നതു. അതുകൊണ്ടു നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതി ഈ രാജ്യത്തിലെ ഇപ്പോഴത്തെ നിലയ്ക്കു തീരെ യോജ്യമായിരിക്കുന്നില്ലെന്നു എനിക്കു തോന്നുന്നു. വിദ്യാഭ്യാസത്തിൽ ഇന്ത്യാ വളരെ ഔന്നത്യം പ്രാപിച്ചിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നുണ്ടു. ഉദ്ദേശം അഞ്ഞൂറു വർഷങ്ങൾക്കു മുമ്പു ആളുകൾ പഠിത്തം ഒഴികെ മററു യാതൊന്നും ചെയ്തില്ലെങ്കിലും അതുകൊണ്ടു തരക്കേടില്ലായിരുന്നു. എന്നാൽ ഇക്കാലത്തു ഒരാളുടെ പഠിപ്പു അയാൾ പ്രയോഗത്തിൽ വരുത്തേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ ജനതതിക്കു ഇപ്പോൾ നല്കിവരുന്ന വിദ്യാഭ്യാസരീതി രാജ്യത്തിന്റെ സ്ഥിതിഗതികൾക്കു ഒട്ടുംതന്നെ യോജിച്ചതായി തോന്നുന്നില്ല.

മി: ററി. കുമാരപിള്ള (കല്ക്കുളവും വിളവംകോടും): ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിൽ പല ന്യൂനതകളും ഉണ്ടെന്നുള്ളതു എല്ലാ പ്രജാസഭകളിലും നിയമസഭകളുടെ ബഡ്ജററ് യോഗങ്ങളിലും എല്ലാവരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുള്ള ഒരു സംഗതിയാണ്. അതുപോലെതന്നെ പൊതുജനങ്ങളുടെ ഇടയിലും ഈ സംഗതിയിൽ ഇതേ അഭിപ്രായംതന്നെയാണുള്ളതു. ഈ ന്യൂനതകളെ പരിഹരിക്കാനുള്ള വഴികളെ ആലോചിച്ചു നിശ്ചയിക്കുവാൻ ആളില്ലാത്ത ഒരു ക്ഷേമമാണ് നമുക്കു ഇപ്പോൾ വന്നിരിക്കുന്നതു. അതിലേക്കു നമ്മുടെ ഡയറക്ടർ ഉണ്ടെന്നു സമാധാനം പറയുമായിരിക്കാം, എന്നാൽ നമ്മുടെ ഡയറക്ടർ നമ്മിൽ ഒരുവനായ പദ്ധതിയനുസരിച്ചുള്ള ഒരു വിഷയത്തിൽ പരീക്ഷ ജയിച്ചുവന്നിരിക്കുന്ന ഒരാളാണ്. അദ്ദേഹം കാളേജ് വിദ്യാഭ്യാസം കഴിഞ്ഞു ഉദ്യോഗം സമ്പാദിച്ചതു ഒരു കാളേജിലാണ്. അതിനാൽ അവിടത്തെ കാര്യങ്ങളെപ്പററിമാത്രമേ അദ്ദേഹത്തിനു പഠിക്കാൻ സാധിച്ചിട്ടുള്ളു. ഏതാനും കാലം ആ ഉദ്യോഗത്തിൽ ഇരുന്നപ്പോൾ ഒരു ദിവസം രാവിലത്തു അദ്ദേഹത്തിനു ഡയറക്ടർ ഉദ്യോഗവും കിട്ടാനിടയായി. അദ്ദേഹം ഇരുന്നിരുന്നതായ കാളേജിലെ കസ്സേരയിൽനിന്നും ഡയറക്ടർ ആഫീസിലുള്ള ഒരു കസ്സേരയിൽ കയറി, എന്നു മാത്രമേയുള്ളു. ഇങ്ങനെയുള്ള ഒരാളിന് ഏററവും പ്രധാനമായ ഈ ന്യൂനതയെ പ

രിഹരിക്കുവാൻ സാധിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. അതിലേക്ക് പലവിധമായുള്ള അറിവുകൾ പുറമേനിന്നും സമ്പാദിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. ഞാൻ ചൂണ്ടിക്കാണിച്ച ന്യൂനത ഇവിടത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ മേലധ്യക്ഷനായി വരുന്ന ആളിന് നാട്ടുഭാഷയെക്കുറിച്ചു യാതൊരറിവും ഇല്ലെന്നുള്ളതാണ്. ഇങ്ങനെയുള്ളവർ ഡയറക്ടരായി വരുമ്പോൾ നാട്ടുഭാഷയ്ക്കു ഒരു കീഴ്സ്ഥാനമാണ് കൊടുക്കുന്നതു. ഇവിടെ അങ്ങനെ കൊടുത്തിട്ടുണ്ടോ എന്നുള്ളതിന് ഈ ഡിപ്പാർട്ടുമെൻറിൽനിന്നും നാട്ടുഭാഷയുടെ അഭിവൃദ്ധിക്കു എന്തെല്ലാം ചെയ്തുവരുന്നുവെന്നു നോക്കുമ്പോൾ ഈ സംഗതി നിഷ്പക്ഷപാതമായി എല്ലാവർക്കും മനസ്സിലാകുന്നതാണ്. ദൃഷ്ടാന്തമായ നാട്ടുഭാഷാ സ്ക്രിപ്റ്റുകളെ പരിശോധിക്കുന്നതിനു നാട്ടുഭാഷയുടെ യാതൊരു ബോധവുമില്ലാത്ത ഒരാളെയാണ് നിയമിച്ചിട്ടുള്ളതു. ഇതിൽനിന്നു ഡയറക്ടർക്കു നാട്ടുഭാഷാവിദ്യാഭ്യാസത്തിനോടുള്ള അനുഭാവത്തിന്റെ ഉത്സാഹവും എത്രത്തോളമുണ്ടെന്നു നിശ്ചയമായിട്ടും നമുക്കു മനസ്സിലാക്കാവുന്നതാണ്. എന്റെ ഒരു പെൺകുട്ടി ഒരു പള്ളിക്കൂടത്തിൽ പഠിക്കുന്നുണ്ട്. ആ പള്ളിക്കൂടത്തിൽ ഇൻസ്പെക്ട്രസ് വന്നു പരിശോധിച്ചതിന്റെ ഫലങ്ങളെപ്പററി ആ പെൺകുട്ടിതന്നെ എന്നോടു പറഞ്ഞിട്ടുണ്ട്. അതു കേട്ടപ്പോൾ ഈ വിദ്യാലയത്തിൽ അയക്കാതെ വീട്ടിൽ വാദ്ധ്യാരെവച്ചു പഠിപ്പിച്ചാൽ ശുദ്ധമായ നാട്ടുഭാഷ പഠിപ്പിക്കാമെന്നു എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. ഇതുപോലെ ഈ നാട്ടിലുള്ള പലർക്കും തോന്നാൻ ഇടയുണ്ട്. നാട്ടുഭാഷയെപ്പററി സ്നേഹിക്കുന്ന ഒരു ഡയറക്ടർ ഉണ്ടെങ്കിൽ നാട്ടുഭാഷയെ നല്ലതുപോലെ അഭിവൃദ്ധിപ്പെടുത്തുമായിരുന്നു. അതിനാൽ നാട്ടുഭാഷ അറിയുകയും അതിനെ സ്നേഹിക്കുകയും ചെയ്യുന്ന ഒരാളെയാണ് ഇതിലെ മേലധ്യക്ഷനായി നിയമിക്കേണ്ടതു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ നാട്ടുഭാഷയെന്നു മെംബർ പറയുന്നതു ഏതിനെ ഉദ്ദേശിച്ചാണ്?

മി: ററി. കുമാരപിള്ള (കല്ലുകുളവും വിളവംകോടും). ആ പദം ഏതിനെ സംബന്ധിക്കുന്നതാണെന്നു വളരെ ആലോചിച്ചും സൂക്ഷിച്ചും ഞാൻ പ്രയോഗിച്ചിട്ടുള്ളതു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഏകവചനത്തിൽ പറഞ്ഞതുകൊണ്ടാണ് ചോദിച്ചതു.

മി: ററി. കുമാരപിള്ള (കല്ലുകുളവും വിളവംകോടും): ഇതിനു മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലുള്ള ന്യൂനതകളെ കണ്ടുപിടിക്കുന്നതിനുതന്നെ ഡയറക്ടർക്കു സമയവും സൌകര്യവും ഉണ്ടെന്നു തോന്നുന്നില്ല. മുമ്പ് എന്റെ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ ആഫീസ് മാനേജരെ ചുമതലപ്പെടുത്തി ചെയ്യിക്കേണ്ടതായ ജോലികളാണ് ഇന്നു ഡയറക്ടർ നടത്തിവരുന്നതു. പോരെങ്കിൽ വേറെ ഒരു വിഷമവുംകൂടി വന്നുചേർന്നിട്ടുണ്ട്. കെമിസ്ട്രി ജയിച്ച ഡയറക്ടരാണെങ്കിൽ ഹിസ്റ്ററിയിൽ പരിചയമില്ല. അതുപോലെ ഹിസ്റ്ററിയിൽ ജയിച്ച ഡയറക്ടരാണെങ്കിൽ മാത്തമെററിക്സിൽ പരിചയമില്ല. അതിന്റെ ഫലമായി മററ ഐച്ഛികവിഷയങ്ങളെ വെറുക്കുകയും അവയോട് അനുകമ്പ ഇല്ലാതിരിക്കുകയും ചെയ്യുന്നു. ഇതാണ് സാധാരണയായിട്ടു കണ്ടുവരുന്നതു. ഇവരെല്ലാവരുമായി ആലോചിച്ചു വിദ്യാഭ്യാസപദ്ധതിയെ പരിഷ്കരിക്കുവാൻ അവർക്കു സൌകര്യവും സമയവും ഇല്ലാതെയാണു വന്നിരിക്കുന്നതു. ഗവൺമെൻറ് ഇതിനെ സംബന്ധിച്ചു വളരെ ഗൌരവമായി ആലോചിക്കേണ്ടതാണ്. ഇപ്പോഴത്തെ തൊഴിലില്ലായ്മക്കമ്മററിയിൽ ഞാനും ഒരു മെമ്പറാണ്. എനിക്കു പല ആളുകളുടേയും അഭിപ്രായം അറിയുവാൻ ഇടയായിട്ടുണ്ട്. പലസ്ഥലങ്ങളിലും കമ്മിററിറിപ്പോർട്ടു വായിക്കാനും ഇടയായിട്ടുണ്ട്. ഇന്നത്തെ വിദ്യാഭ്യാസം ഇതേനിലയിൽ ഇരുന്നുകൊണ്ടിരിക്കുന്നതായാൽ ഇന്നത്തെ ന്യൂനതകൾ അപരിമിതമായി വർദ്ധിച്ചുവരുന്നതിനും തന്നിമിത്തം രാജ്യത്തിൽ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നതിനും ഇടയാകുന്നതാണ്. ഈ സംഗതിയിൽ ഗവൺമെൻറ് വേണ്ടപോലെ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

മി: കുരങ്ങിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിലുള്ള ചില ന്യൂനതകളെപ്പററിയാണ് എനിക്കു രണ്ടുവാക്കു പറയാനുള്ളതു. തൊഴിലില്ലായ്മയെ പരിഹരിക്കാനായി ഗവൺമെൻറിൽനിന്നും വളരെ പണം ചിലവാക്കി ഒരു തൊഴിലില്ലായ്മക്കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ട്. എന്റെ അഭിപ്രായം വേറെ തൊഴിലില്ലാത്തതുകൊണ്ടായിരിക്കാം ഈ കമ്മിററിയെ ഏർപ്പെടുത്തിയതെന്നാണ്. ഇവർക്കു ശമ്പളവും പടിയും കൊടുക്കുന്നതിനു അനുസരണമായ ഗുണം ആ കമ്മിററി കൊണ്ടുണ്ടാകുമെന്നു എനിക്കു അഭിപ്രായമില്ല.

മി: എൻ. കുമാരൻ (നിയമിതസാമാജികൻ): ഇങ്ങനെ ഒരു കമ്മിററി ഏർപ്പെടുത്തിയതു ഈ കൌൺസിലിന്റെ നിശ്ചയപ്രകാരമാണെന്നറിയാമോ?

മി: കുരങ്ങിപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): ആയിരിക്കാം.

മി: ററി. കുമാരപിള്ള (കല്ലുകുളവും വിളവംകോടും): ഈ കൌൺസിലിൽനിന്നും പാസ്സാക്കിയ ഒരു നിശ്ചയത്തെ മെമ്പറിനു ആക്ഷേപിക്കാമോ?

മി: കുരങ്ങിപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): ആക്ഷേപിക്കുന്നില്ലല്ലോ.

മി: തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ കൌൺസിലിൽതന്നെ പലരും ഇതാവശ്യമില്ലെന്നു പറഞ്ഞതായിട്ടറിയാമോ?

മി: കുരങ്ങിപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): അറിഞ്ഞുകൂടാ.

ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ ഫലമാണ് ഇങ്ങനെ ഒരു തൊഴിലില്ലായ്മക്കമ്മിററിയുടെ ആവശ്യം നേരിടുന്നതു.

മി: ശിവരാമപ്പണിക്കർ (ചേർത്തല): ഈ കമ്മിററി ഇവിടെ മാത്രമല്ല, മററു പലസ്ഥലങ്ങളിലും ഉണ്ടെന്നറിയാമോ?

മി: കുരങ്ങിപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): മററു പലസ്ഥലങ്ങളിൽ ഉള്ളതുകൊണ്ടു ഇവിടെയും വേണമെന്നില്ല.

മി: ററി. കുമാരപിള്ള (കല്ലുകുളവും-വിളവങ്കോടും): അതിൽ ഏതെങ്കിലും ഒരു കമ്മിററിയുടെ റിപ്പോർട്ട് വായിച്ചിട്ടുണ്ടോ?

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): അതു വായിക്കേണ്ട ആവശ്യമില്ല.

മി: ററി. കുമാരപിള്ള (കല്ലുകുളവും വിളവങ്കോടും): അതുകൊണ്ടാണ് ഈ അഭിപ്രായം പറയാൻ ഇടയായതു്.

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): മററു രാജ്യങ്ങളെ ചുവടെ പകർത്തുന്ന സമ്പ്രദായമാണെങ്കിൽ ഇവിടെയും വേണം എന്നല്ലാതെ ഈ രാജ്യത്തിന്റെ സ്ഥിതിക്കു് ഇങ്ങനെ ഒരു കമ്മററിയുടെ ആവശ്യമില്ല.

രാജ്യത്തെ യുവാക്കന്മാരുടെ ആരോഗ്യത്തെ ക്ഷയിപ്പിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ്. ഇപ്പോൾ വിദ്യാഭ്യാസം ചെയ്യുന്ന യുവാക്കന്മാരിൽ കണ്ണാടി വയ്ക്കാത്തവർ വളരെ ചുരുക്കമെന്ന് എന്നമാത്രമല്ല, ഈ ചെറുപ്പക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ പോയാൽ ഒരു ആശുപത്രിയാണെന്നു തോന്നിപ്പോകും. ഇവരുടെ ഇടയിൽ ധാരാളം രോഗികളെ കാണും. അവർക്കില്ലാത്ത ഒരു രോഗവുമില്ല. അതിനുള്ള കാരണം ഇപ്പോഴത്തെ വിദ്യാഭ്യാസമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല.

ഈ വിദ്യാഭ്യാസരീതിയുടെ ന്യൂനതനിമിത്തം കൃഷിയും വ്യവസായവും ഇപ്പോൾ നശിച്ചു വരികയാണ് അതിനെ സംബന്ധിച്ച് അനേകം മെമ്പറന്മാർ പറഞ്ഞതുകൊണ്ടു ഞാനൊന്നും പറയുന്നില്ല.

വക്കീലന്മാരുടെ സംഖ്യ ക്രമത്തിലധികം വർദ്ധിച്ചിരിക്കുന്നതിനു കാരണവും ഇന്നത്തെ വിദ്യാഭ്യാസരീതിതന്നെ. ശരാശരി ദിവസം ഒന്നിന് ഒരു കൂലിക്കാരനു കിട്ടുന്ന എട്ടണ പോലും ബി. എൽ. പാസ്സായവരായ വക്കീലന്മാർക്കു കിട്ടുന്നില്ല. വക്കീലന്മാരുടെ സംഖ്യ അത്രവളരെയുണ്ട്. പിന്നീട് എനിക്കു പറയാനുള്ളതു വിദ്യാഭ്യാസം സിദ്ധിച്ച ഇപ്പോഴത്തെ ചെറുപ്പക്കാരുടെ ചിലവിനെപ്പററിയാണ് അതായതു വിദ്യാഭ്യാസം കഴിഞ്ഞാൽ പിന്നീടുള്ള അവരുടെ ആഹാരത്തിന്റെ രീതിയും വസ്ത്രധാരണരീതിയും വളരെ കൂടിയ നിലയിലാണ്. അതിന്റെ ഫലമായിട്ട് ഇവിടെ യാതൊരു തൊഴിലും കിട്ടാതെ അവർ വിദേശങ്ങളെ ആശ്രയിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി തന്നെ മേലും ഇടന്നുകൊണ്ടുപോയാൽ ചെറുപ്പക്കാരാരും ഈ രാജ്യത്തു കാണുകയില്ല. മിക്കവാറും ആളുകളും മലയാ മുതലായ സ്ഥലങ്ങളിലേക്കു പോകും.

മി: എൻ. കുമാരൻ (നിയമിതസാമാജികൻ): മെമ്പറിന്റെ അഭിപ്രായം ചെറുപ്പക്കാർ ഇവിടെ പട്ടിണികിടക്കണമെന്നാണോ?

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): ഇപ്പോഴത്തെ വിദ്യാഭ്യാസംകൊണ്ട് ഇവിടെ ജീവിക്കാൻ നിവൃത്തിയില്ലാതെയാണ് ഇവിടത്തെ യുവാക്കന്മാർ അന്യദേശങ്ങളിലേക്കു പോകുന്നതു്.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): വക്കീലന്മാർക്ക് എട്ടണക്കൂലി കിട്ടുന്നില്ലെന്നു പറഞ്ഞതും വിദ്യാഭ്യാസത്തിന്റെ ദോഷംകൊണ്ടാണെന്നാണോ?

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): അതേ. ഇനി ഡയറക്ടരുടെ നയത്തെപ്പററിയാണ് എനിക്കു പറവാനുള്ളതു്. കാളേജു പ്രൊഫെസർ മാരെയും പ്രിൻസിപ്പാളിനേയും ആണ് ഡയറക്ടറായി നിയമിക്കുന്നതു്. തന്നിമിത്തം കാളേജുകളിലേക്കു കൂടുതൽ പണം ചിലവാക്കുന്നതിനും, അതിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഡയറക്ടർ ശ്രമിക്കുന്നു. മി: പി. കെ. നാരായണപിള്ള പറഞ്ഞതുപോലെ തമിഴ്, മലയാളം ഈ രണ്ടുഭാഷകളും പരിചയമില്ലാത്ത ഒരാളിനെ മലയാള വിദ്യാഭ്യാസത്തിന്റെ ഡയറക്ടരാക്കുന്നതു് തെററാണ്. അങ്ങനെയാണെങ്കിൽ ചീഫ് എഞ്ചിനീയർക്കു ഇഞ്ചിനീയറിങ്ങ് യോഗ്യതയില്ലാത്ത ഒരാളെ നിയമിക്കാം. ഈ ന്യൂനതയെല്ലാം അറിഞ്ഞിരുന്നിട്ടും, ഈ സംഗതിയിൽ ഗവണ്മെൻറ് യാതൊന്നും പ്രവർത്തിക്കുന്നില്ല. അതു വലിയ കഷ്ടമാണ്.

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വാദവിഷയമായിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ ഈ വശത്തുള്ള എന്റെ സ്നേഹിതന്മാർ ആധുനികവിദ്യാഭ്യാസപദ്ധതിയിലുള്ള ന്യൂനതകളെ സൂചിപ്പിക്കയുണ്ടായി. അവർ പ്രസ്താവിച്ച എല്ലാസംഗതികളോടും ഞാനും യോജിക്കുന്നു. എന്നാൽ വിദ്യാഭ്യാസരീതി ഇപ്പോൾ ഇരിക്കുന്ന നിലയിൽതന്നെ ശരിയായി നിർവഹിക്കപ്പെടുന്നുണ്ടോ എന്ന കാര്യത്തെപ്പററി ഒന്നു പരിശോധിക്കുവാൻ ഞാനാശിക്കുന്നു. അപ്രകാരം ചെയ്യുന്നതിൽ, നമ്മുടെ ഇംഗ്ലീഷ് സ്കൂളുകളിൽ വിശേഷിച്ചു ഡിപ്പാർട്ടുമെൻറിൽ സ്കൂളുകളിൽ ശോചനീയമായ പരീക്ഷാഫലങ്ങൾക്കു് ഇടയാക്കിത്തീർക്കുംവണ്ണം അദ്ധ്യാപനത്തിലും ശിക്ഷാക്രമത്തിലും വന്നുകൂടിയിട്ടുള്ള ന്യൂനതകളെപ്പററി സൂക്ഷ്മമായി അവലോകനംചെയ്യാൻ എനിക്കാഗ്രഹമുണ്ട്. ശിക്ഷാക്രമപരിപാലനം, ഡാം എല്ലാവരും അറിയുംപോലെ ഉത്തമമായ അദ്ധ്യാപനത്തിനു മാർഗ്ഗദർശകമായി ഭവിക്കുന്നു. നല്ലമാതിരിയിലുള്ള പരീക്ഷാഫലങ്ങളും നിശ്ചയമായും അതിനെ പിൻതുടരുന്നതാണ്. അതിനാൽ, ശോചനീയമായ പരീക്ഷാഫലങ്ങൾക്കു കാരണമെന്താണെന്നു പിന്നോക്കം തിരഞ്ഞുനോക്കുമ്പോൾ, ശിക്ഷാക്രമത്തിലുള്ള ന്യൂനതകളാണെന്നു നമുക്കു മനസ്സിലാകുന്നു. വിദ്യാർത്ഥികളുടെ ഭാഗത്തുള്ള വലുതായ സ്വേച്ഛാധിപത്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഒട്ടും അപൂർവമല്ല. ചില സന്ദർഭങ്ങളിൽ ഇതു് ചില അദ്ധ്യാപകന്മാരെ മനഃപൂർവമായി ദേഹോപദ്രവം ചെയ്ക എന്ന നിലയിൽപോലും വ്യാപിച്ചിട്ടുണ്ട്. മിക്ക വിദ്യാഭ്യാസങ്ങളുടെയും സാന്മാർഗ്ഗികസ്ഥിതി വളരെ മോശമാണ്. അദ്ധ്യാപകന്മാരുടെ നയമില്ലായ്മയും പാണ്ഡിത്യക്കുറവുമാണ്, ഇതിനു കാരണങ്ങൾ എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ഓർമ്മയിൽ, നല്ല അദ്ധ്യാപകന്മാർ ഏററവും സ്വഭാവഗുണമുള്ളവരും, അപാരമായ പാണ്ഡിത്യത്തോടുകൂടിയവരുമായിട്ടാണ് കാണപ്പെടുന്നതെന്നു എനിക്കു ഉറപ്പായിപ്പറവാൻ കഴിയും. അദ്ധ്യാപകന്റെ പ്രത്യേകമായ ആകൃതി, അയാളുടെ സാമാന്യമായ സ്വഭാവനടപടികൾ, ശ്രേഷ്ഠമായ പെരുമാററങ്ങൾ, സ്നേഹസ്വഭാവം, വ്യാപകമായുള്ള അറിവ് ഇവയെല്ലാം വിദ്യാർത്ഥികളുടെ മനസ്സിൽ ബലമായ ഒരു അഭിപ്രായത്തെ ഉണ്ടാക്കുവാൻതക്ക നിലയിലായിരിക്കണം. ഈ തോതുകൾ അനുസരിച്ചു നിരൂപിച്ചുനോക്കുമ്പോൾ, ഇന്നത്തെ നമ്മുടെ മിക്ക അദ്ധ്യാപകന്മാരും അദ്ധ്യാപനത്തെ ആഹാരസമ്പാദനത്തിനുള്ള ഒരു തൊഴിലായിമാത്രം കരുതിപ്പോരുന്നതുകൊണ്ട് വളരെതാ

ഴ്ന്നപടിയിലെ എത്തുന്നുള്ളു. കുട്ടികൾ എല്ലാക്കാലത്തും എല്ലായിടത്തും കുട്ടികൾതന്നെയാണ്. അദ്ധ്യാപകൻ കുട്ടികളോടു അലക്ഷ്യമായും നിന്ദ്യമായും പെരുമാറുന്നുവെങ്കിൽ, കുട്ടികളും അതേപ്രകാരത്തിൽതന്നെ അങ്ങോട്ടും പ്രവർത്തിക്കുമെന്നുള്ളതു് ഒട്ടും അസ്വാഭാവികമായ ഒന്നല്ല. വിദ്യാർത്ഥികൾ നിഷ്പ്രയാസം വാദ്ധ്യാന്മാരുടെ വില കണ്ടുപിടിക്കുകയും, വിദ്യാലയചട്ടങ്ങളെ പാടേ മറിക്കത്തക്കവണ്ണം ഓരോ ചാപല്യങ്ങളും കുചേഷ്ടിതങ്ങളുംവഴി അവരെ കളിയാക്കാൻതുടങ്ങുകയും ചെയ്യുന്നു.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ പലേസമർത്ഥന്മാരായ അദ്ധ്യാപകന്മാർ ഉണ്ടെന്നുള്ളസംഗതിയും എനിക്കു നല്ലബോദ്ധ്യമുണ്ടു്. എന്നാൽ നിർഭാഗ്യവശാൽ സമർത്ഥന്മാരായഅദ്ധ്യാപകന്മാരെഎല്ലാവരേയും പലപ്പോഴുംഒരേ സ്കൂളിൽതന്നെ നിയമിക്കയും, ഒട്ടും തഴക്കമില്ലാത്തവരും അല്പസ്വല്പം പരിചയം സമ്പാദിച്ചിട്ടുള്ളവരുമായ അദ്ധ്യാപകന്മാരെ അധികം വിദ്യാലയങ്ങളിലും നിയമിക്കയും ചെയ്ക സാധാരണയായി നടന്നുവരുന്നു. തന്നിമിത്തം അധികം വിദ്യാശാലകളിലേയും ശിക്ഷാക്രമപരിപാലനം പ്രയാസമേറിയ ഒരു ജോലിയായി തീർന്നിട്ടുള്ളതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. അതുകൊണ്ടു സമർത്ഥന്മാരും കാര്യക്ഷമതയുള്ളവരുമായ അദ്ധ്യാപകന്മാരുടെ ഒരു ശരിയായഭാഗം എല്ലാസ്കൂളുകൾക്കും കിട്ടത്തക്കവണ്ണം പലേ വിദ്യാലയങ്ങളിലേയും സിൽബന്ധികളെ ശ്രദ്ധയോടുകൂടി വീണ്ടും നിയമിക്കണമെന്നു ഞാൻ ഡയറക്ടരോടു അപേക്ഷിക്കുന്നു.

അദ്ധ്യാപകന്മാരെപ്പററി പ്രസ്താവിക്കുമ്പോൾ, ഞാൻ ഹെഡ്മാസ്റ്ററന്മാരുടെ സംഗതി വിസ്മരിക്കുന്നില്ല. ഒരു നല്ല അദ്ധ്യാപകനു ആവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതിന്റെ നൂറുമടങ്ങു ഒരു ഹെഡ്മാസ്റ്റർക്കു ഉണ്ടായിരിക്കേണ്ടതാണ്. വിദ്യാലയചക്രത്തെ നടത്തുവാനുള്ള പ്രവർത്തകശക്തിയാകുന്നു ഹെഡ്മാസ്റ്റർ. അദ്ദേഹത്തിന്റെ സ്വഭാവവും യോഗ്യതകളും വളരെ ഉൽകൃഷ്ടരീതിയിലുള്ളതായിരിക്കണം. ഒരാളെ ഒരു വിദ്യാലയമേലദ്ധ്യക്ഷപദത്തിൽ ആരോഹണംചെയ്യിക്കുവാൻ മാനദണ്ഡമായിരിക്കുന്ന പ്രമാണം സർവീസിലുള്ള വെറും സീനിയാറിററിമാത്രം ആയിരിക്കരുതു്. അപ്രകാരം ഭാരമേറിയതും പ്രാധാന്യമുള്ളതുമായ ഒരു സ്ഥാനത്തിനു അവകാശിയായിത്തീരുന്നതിനു ബുദ്ധിയും മനസ്സും യോജിച്ചുള്ളതായ പലേഗുണങ്ങളും ഒരാളിനുണ്ടായിരിക്കേണ്ടതാണ്. ഇന്നത്തെ ഹെഡ്മാസ്റ്ററന്മാരിൽ അധികവും ഈ തോതിൽ ഉൾപ്പെടുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അനേകസന്ദർഭങ്ങളിൽ ശ്രേഷ്ഠവും പാവനവുമായ അവരുടെ കൃത്യങ്ങൾക്കു അവർ കൊള്ളരുതാത്തവരായിട്ടാണു സാധാരണകാണുന്നതു്. സർ, ഹെഡ്മാസ്റ്ററന്മാരെ അവരുടെ സ്വന്തംവിദ്യാർത്ഥികളും, അസിസ്റ്റൻറു അദ്ധ്യാപകന്മാരും, മററു അപരിചിതന്മാർതന്നെയും ദേഹോപദ്രവം ഏല്പിച്ചതായി ചിലപ്പോഴെല്ലാം നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതു ഈ സ്ഥിതിക്കു ഒട്ടും അത്ഭുതമല്ല.

അതിനാൽ, സർവീസിനെയും, സീനിയാറിററിയേയും മററുകാര്യങ്ങളേയും പററിയുള്ള ചിന്തകളാൽ പ്രേരിതനാകാതെ, ഹെഡ്മാസ്റ്ററന്മാരെ തെരഞ്ഞെടുക്കുന്നവിഷയത്തിൽ ഡയറക്ടർ ശരിയായി യത്നിക്കണമെന്നു ഞാൻഅദ്ദേഹത്തോടു ഏററവും താല്പര്യമായി അപേക്ഷിക്കുന്നു.

മി: പാൾ ഡാനിയൽ (നിയമിതസാമാജികൻ): നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ രണ്ടു സംഗതികൾ സാധാരണയായി നമ്മുടെ ദൃഷ്ടിയിൽ പതിയുന്നുണ്ടു. അതിൽ ഒന്നാമത്തേതു ഇൻഡ്യയിലുള്ള പലേ സംസ്ഥാനങ്ങളേയും ഡിസ്ട്രിക്ടുകളേയും അപേക്ഷിച്ചു വിസ്താരത്തിലും സാമാന്യവിദ്യാഭ്യാസത്തിലും നമ്മുടെ സംസ്ഥാനം മുന്നണിയിൽ നിൽക്കുന്നു എന്നതാണ്. അതുഎല്ലായ്പോഴും നമ്മുടെ സംസ്ഥാനത്തിനു ഒരു അഭിമാനമായും ഗണിച്ചുവരുന്നു. അതേനിമിഷത്തിൽതന്നെ ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയെപ്പററി എല്ലാവരും മുറവിളികൂട്ടുകയും ചെയ്യുന്നു. ഈ രണ്ടു സംഗതികളും അത്ര അന്യോന്യയോജ്യതയുള്ളതായി എനിക്കുതോന്നുന്നില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ന്യൂനതകളുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ അതു തിരുവിതാംകൂറിൽ മാത്രം നടപ്പുള്ള വിദ്യാഭ്യാസത്തെമാത്രമല്ല സംബന്ധിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ പലേന്യൂനതകളും ഓരോരുത്തർ ചൂണ്ടിക്കാണിക്കയുണ്ടായി. ചിലതെല്ലാം അന്യോന്യവിരുദ്ധവുമാണ്, നാട്ടുഭാഷകളുടെകാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതുകൊണ്ടു ന്യൂനതകൾക്കു പരിഹാരമുണ്ടാകുന്നതാണോ? ചില മാന്യന്മാരുടെ മനസ്സിനു കുടികൊള്ളുന്ന വിശ്വാസം അതാണെന്നു തോന്നുന്നു. പിന്നൊരുകൂട്ടർ പറയുന്നതു വിദ്യാഭ്യാസം കൂടുതൽ ശാസ്ത്രീയമായിരിക്കണമെന്നു സാങ്കേതികവിഷയങ്ങൾ പാഠശാലകളിൽ പഠിപ്പിക്കണമെന്നുമാണു ഇതുവരെ ഇന്നത്തെ വിദ്യാഭ്യാസം സാഹിത്യപ്രധാനം ആയിപ്പോയി എന്നഭിപ്രായപ്പെടുന്നവരുടെകൂട്ടത്തിൽ ചേർക്കാം. നിശ്ചയമായും വാസ്തവത്തിലുള്ള ന്യൂനതകളും ഇവയായിരിക്കാം. എന്നാൽ പ്രസ്തുതവിഷയത്തിൽ ഡിപ്പാർട്ടുമെൻറിന്റെയും ഗവണ്മെൻറിന്റെയും സന്നിധിയിലുള്ള ജോലി വളരെ ഭീമമാണ്. മുമ്പിരുന്ന ദിവാൻ സംസ്ഥാനത്തെ വിദ്യാഭ്യാസപരിഷ്കരണവിഷയത്തെപ്പററി വേണ്ടതു ചിന്തിക്കുവാനായി വളരെ ജനസ്വാധീനതയും ശക്തിയും ഉള്ള ഒരു കമ്മററിയെ നിയമിക്കയുണ്ടായി. ഇതു സഭാംഗങ്ങളിൽ മിക്കവക്കും അറിവുണ്ടായിരിക്കാം. ദിവാൻതന്നെ ആ കമ്മററിയുടെ അദ്ധ്യക്ഷം വഹിക്കുകയും ഈ വിഷയത്തെപ്പററി ചിന്തിക്കുന്നതിനു ധാരാളം സമയവും ശ്രദ്ധയും നൽകുകയും ചെയ്തു. എന്നാൽ ഗണ്യമായ യാതൊരുഫലവും തന്മൂലമുണ്ടായില്ല. ന്യൂനതകൾ എന്നു വിളിക്കപ്പെടുന്ന കാര്യങ്ങൾ എന്നിട്ടും നടപ്പിലിരിക്കുന്ന വിദ്യാഭ്യാസത്തിൽ കാണപ്പെടുന്നുണ്ടു. അതുതന്നിലവിളിതന്നെ അവിടേയും ഇവിടേയുമായി നാടെങ്ങും കേൾപ്പാനുണ്ടു. എന്നാൽ മോശമെന്നുപറഞ്ഞു വിളിക്കുന്ന വിദ്യാഭ്യാസം ലഭിക്കുന്നതിനു വിദ്യാലയങ്ങളിൽ പ്രവേശനം സിദ്ധിപ്പാനുള്ള അത്യാർത്തി ഇന്നും ശമിച്ചിട്ടില്ലായെന്നു മാത്രമല്ല വർഷംപ്രതി വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ എല്ലായിടത്തും ആക്ഷേപിച്ചു തള്ളപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസത്തിനുവേണ്ടി വിദ്യാലയങ്ങളിലേക്കു അയയ്ക്കപ്പെടുന്ന വിദ്യാർത്ഥികളുടെ സംഖ്യ ഓരോവർഷംചെല്ലുന്തോറും വർദ്ധിച്ചുവരുന്നു എന്ന സംഗതി നമുക്കെല്ലാം അറിവുള്ളതാണ്. എല്ലാസ്ഥലങ്ങളിലും പുതിയതായി ഇംഗ്ലീഷ്വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേക്കു അപേക്ഷകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും ഇംഗ്ലീഷുസ്കൂൾ സ്ഥാപിക്കുമ്പോൾ പ്രോത്സാഹിപ്പിക്കുന്നില്ല എന്നുപറഞ്ഞു ഡയറക്ടരേയും ഇൻസ്പെക്ടറന്മാരേയും പലപ്പോഴും കുററപ്പെടുത്താറുമുണ്ടു്. ഈ ഇംഗ്ലീഷ്സ്കൂൾസ് എന്തിനായി

ട്ടാണു സ്ഥാപിക്കുന്നതു്? എല്ലാവരുടേയും ആക്ഷേപത്തിനു പാത്രമായിത്തീർന്നിരിക്കുന്ന ഈ വിദ്യാഭ്യാസത്തെ വ്യാപിപ്പിക്കുന്നതിനുമാത്രമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അതിൽനിന്നു ജനങ്ങൾ ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയെ അനുകൂലിക്കുന്നുണ്ടെന്നു അർത്ഥമാകുന്നുണ്ടോ?

മി: പാറ ഡാനിയൽ (നിയമിതസാമാജികൻ): ഇപ്പോഴത്തെ വിദ്യാഭ്യാസരീതികൊണ്ടുണ്ടാകുന്ന ഫലത്തെ എടുക്കുവാൻ അവർ വളരെ ആശയുള്ളവരാണ്. അതു വിസമ്മതിക്കാവുന്നതല്ലെന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂറിൽമാത്രമല്ല, സമീപദേശങ്ങളിലും, ഇൻഡ്യ ഒട്ടുക്കും, ഒരുവേള ലോകംമുഴുവനും നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതിയിൽ ഈവക ദോഷങ്ങൾ സഹജമാണെന്നുള്ള സംഗതി ഞാനിവിടെ ചൂണ്ടിക്കാണിച്ചു കൊള്ളട്ടെ. ചില ചെറിയ വ്യത്യാസങ്ങൾ ചെയ്യാം. എന്നാൽ ഈ ദോഷങ്ങൾ നമ്മുടെ സംസ്ഥാനത്തിൽ പല പ്രകാരത്തിലുള്ള സ്ഥിതിഗതികൾ നിമിത്തം ബലവത്തരമായി തീർന്നിട്ടില്ലേ? അതു കൊണ്ടു ഈവക ന്യൂനതകൾ—മിസ്റ്റർ കുമാരപിള്ള ചൂണ്ടിക്കാണിക്കയുണ്ടായ പോലെ അവ ന്യൂനതകൾ തന്നെ, സംശയമില്ല—തൊഴിലില്ലായ്മക്കും, ജനങ്ങളുടെ ഇടയിൽ അതിയായ ദാരിദ്ര്യത്തിനും ഹേതുഭൂതമായി തീരുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൊഴിൽ സംബന്ധമായി ക്ലാസുകളും വിദ്യാലയങ്ങളും ഏർപ്പെടുത്തുകയും, സാഹിത്യ പ്രധാനമായ നമ്മുടെ പാഠശാലകളിൽ സാങ്കേതികവിഷയങ്ങൾ അഭ്യസിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കയും ചെയ്യു. ആ വഴിയെ വല്ലതും യത്നിക്കുന്ന പക്ഷം ഈ ന്യൂനതകൾ ഏറെക്കുറെ പരിഹരിക്കാവുന്നതാണ്. ബഡ്ജറ്റു വായിച്ചപ്പോൾ, ചില പാഠശാലകളിലെങ്കിലും നെയ്ത്തു പരിശീലനം നടത്തുന്നതിനു വേണ്ടി ഇക്കൊല്ലം കൂടുതലായ ഗ്രാൻറു ഒട്ടുംതന്നെ ഒഴിച്ചുവച്ചിട്ടില്ലെന്നു ഞാൻ മനസ്സിലാക്കുകയുണ്ടായി. ഇതു ഗവർമെൻറിൻെറ ശ്രദ്ധ പതിയേണ്ട ഒരു കാര്യമാണെന്നു എനിക്കു തോന്നുന്നു. നമ്മുടെ സംസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള സാഹിത്യ പ്രധാനമായ വിദ്യാലയങ്ങളിൽ നടപ്പിൽ വരുത്താവുന്ന ഇമ്മാതിരി തൊഴിൽ വിഷയങ്ങൾ വേറെയും ഉണ്ടായിരിക്കാം.

മി: സി. പി. തോമസ് (നിയമിത സാമാജികൻ): ഞാനൊരു ചോദ്യം ചോദിക്കാനാശിക്കുന്നു.

അദ്ധ്യക്ഷൻ: മെമ്പർ ഇരുന്നു കഴിഞ്ഞിരിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): സർ, ന്യായമായും വെളിവായും ഈ പ്രമേയത്തെപ്പററി വാദിക്കുവാനിടയായതിൽ ഞാൻ വളരെ പ്രശംസിക്കുന്നു. ആവശ്യമുള്ള കാര്യങ്ങളെപ്പററി ഇവിടെ പ്രസ്താവിച്ചതിൽ അനേക സംഗതികൾ ഞാൻ സമ്മതിക്കുകയും ചെയ്യുന്നു. എന്നാൽ, ബഡ്ജററിനെപ്പററിയുള്ള എൻെറ സാമാന്യനിരൂപണത്തിൽ, ഞാൻ സൂചിപ്പിച്ചപോലെ, ആവശ്യമുള്ളതിനെ നിവൃത്തിക്കണം. നമുക്കു പരിഷ്കാരങ്ങളും വേണ്ടതായിട്ടുണ്ട്. മിസ്റ്റർ ഏ. കെ. പിള്ളയുടെ സൂചനകളെപ്പററി നോക്കുമ്പോൾ അവ മുഴുവനായി സ്വീകാര്യയോഗ്യമാണെന്നത്രേ എനിക്കു തോന്നുന്നതു. ഒരു ഉദ്യോഗസ്ഥൻ ചെയ്യണമെന്നു മിസ്റ്റർ ഏ. കെ. പിള്ള ആവശ്യപ്പെടുന്ന എല്ലാ സംഗതികളും ഒരു ഉദ്യോഗസ്ഥൻ ചെയ്യണമെന്നു സംസ്ഥാനവും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറും ആവശ്യപ്പെടുന്നു. എന്നാൽ ഇപ്പോൾ നടത്തപ്പെടുന്ന കാര്യങ്ങളും നിർവ്വഹിക്കപ്പെടണമെന്നും അവ മിസ്റ്റർ ഏ. കെ. പിള്ള സൂചിപ്പിക്കുന്ന ഉദ്യോഗസ്ഥനാൽ ചെയ്യപ്പെടാൻ കഴികയില്ലെന്നുമുള്ള സംഗതിയിൽ അദ്ദേഹവും എന്നോടു യോജിക്കണം. ഡയറക്ഷൻ സംബന്ധിച്ചു ന്യൂനതകൾ ഉണ്ടായിരിക്കാം. എന്നാൽ ഡയറക്ഷൻ സംബന്ധിച്ചുള്ള ഈ വക ദോഷങ്ങൾ, കൂടുതൽ ധനവും കൂടുതൽ ഉദ്യോഗസ്ഥന്മാരും ലഭിച്ചാൽ മാത്രമേ പരിഹരിക്കാൻ സാധിക്കുകയുള്ളു. കാര്യം മുഴുവൻ അതിലാണ് ആശ്രയിച്ചിരിക്കുന്നതു്. യഥാർത്ഥത്തിൽ മിസ്റ്റർ ഏ. കെ. പിള്ള ആവശ്യപ്പെടുന്നജോലികൾ മുഴുവൻ നിർവഹിക്കുവാൻ അഞ്ചു പേർ ആവശ്യമുണ്ട്. ഭരണകാര്യത്തെ സംബന്ധിച്ചിടത്തോളം ഉള്ള ജോലികൾ എനിക്കു ചെയ്യാൻ കഴിഞ്ഞേക്കാം. എന്നാൽ വിദ്യാഭ്യാസപരമായ ജോലികളെ സംബന്ധിച്ചിടത്തോളം കൂടുതൽ പണം ആവശ്യമുണ്ട്. മൈസൂരിൻെറ നിലയിലുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം എന്താണെന്നു അവിടത്തെ കണക്കുകൾ കാണിച്ചു ഞാൻ ഇവിടെ ദൃഷ്ടാന്തപ്പെടുത്താം. അവിടത്തെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും നമുക്കു പത്രങ്ങൾ മുഖേന മനസ്സിലാക്കാവുന്നതാണ്. അവിടെ പലേപ്രകാരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സർവ്വകലാശാല വിദ്യാഭ്യാസാർത്ഥം ചെലവാക്കപ്പെടുന്ന തുകയും, ഡിസ്ട്രിക്ട് ബോർഡിൽ നിന്നു നൽകപ്പെടുന്ന തുക മുതലായതും കഴിച്ചു സാമാന്യവിദ്യാഭ്യാസത്തിനായി ചിലവാക്കപ്പെടുന്ന തുക ഇവിടെ ചെലവഴിക്കുന്നതിനോടു ഏകദേശം തുല്യമാണെന്നു ബഡ്ജററിൽ നിന്നും മനസ്സിലാക്കാം.

മി: സി. എൻ. കുപ്പൻ നമ്പൂരി (ജന്മികൾ): ഇന്നത്തെ കാളേജിൽ നിന്നും പുറത്തുവരുന്ന വിദ്യാർത്ഥികളുടെ ഭാവി എന്തെന്നു ഡയറക്ടർ ചിന്തിച്ചിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഞാൻ അതിനെപ്പററി പലപ്പോഴും ചിന്തിക്കാറുണ്ടു. പ്രത്യേകിച്ചും തൊഴിലില്ലായ്മക്കമ്മിററിയാൽ ആ വിഷയം എൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. മൈസൂരിൽ വിദ്യാഭ്യാസത്തിനു വേണ്ടി ചെലവാക്കുന്ന തുക ഇവിടെ നാം ചെലവാക്കുന്നതിനു തുല്യമാണെന്നാണല്ലോ ഞാൻ പറയുകയുണ്ടായതു്. അവിടെ ഡയറക്ഷനു വേണ്ടി ചെലവാക്കുന്നതു് ഇവിടെ ചെലവാക്കുന്നതിൻെറ രണ്ടു മടങ്ങിൽ സ്വല്പം കൂടുതലാണ്. അതിനാൽ ഇവിടത്തെ ഡയറക്ഷനെപ്പററി വിമർശനം ചെയ്യുയാണെങ്കിൽ ചെലവാക്കപ്പെടുന്ന തുകയെ ആസ്പദമാക്കി വേണം അപ്രകാരം ചെയ്യുവാൻ.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ആ സ്ഥിതിക്കു എന്തു കൊണ്ടാണ് ഡയറക്ടർ കൂടുതൽ പണത്തിനു ആവശ്യപ്പെടാത്തതു്.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഡയറക്ടർ കൂടുതൽ പണത്തിനു ആവശ്യപ്പെട്ടിട്ടില്ലെന്നു മെമ്പർ എങ്ങനെ അറിയുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ആവശ്യപ്പെട്ടിട്ടില്ലെന്നു ബഡ്ജററിൽ നിന്നു ഞാൻ മനസ്സിലാക്കുന്നു. അതു മാത്രമാണ് ഞങ്ങൾക്കു അറിവാനുള്ള ഏകമാർഗ്ഗം.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഡയറക്ടർ ഒന്നു; ഗവർമെൻറു മറെറാന്നു. ഗവർമെൻറിനു വേണ്ടിയാണ് ഇപ്പോൾ ഞാൻ സംസാരിക്കുന്നതു്. ഇപ്പോഴത്തെ വാദത്തിനിടയിൽ ഡയറക്ടറുടെ

ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചിട്ടുള്ളതായ രീതിയിലുള്ള ജോലിയിൽ നിന്നും അദ്ദേഹത്തിനെ ഏതുപ്രകാരം മുക്തനാക്കാമെന്ന ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഈ വാദപ്രതിവാദത്തിനിടയിൽ സൂചിപ്പിക്കപ്പെട്ട പ്രധാന സംഗതികളിൽ അടുത്ത കൊല്ലം കൂടുതൽ ശ്രദ്ധപതിക്കുവാൻ കഴിയുമെന്ന എനിക്കു നിശ്ചയമുണ്ട്. ചില വിമർശനങ്ങൾ എനിക്കു സ്വീകരിക്കാൻ നിവൃത്തിയില്ല. മുപ്പതു കൊല്ലങ്ങൾക്കുമുമ്പ് അവതരിപ്പിക്കപ്പെട്ട പാഠപദ്ധതികൾ ഇപ്പോഴും അതേ രീതിയിൽ തന്നെയിരിക്കുന്നുവെന്ന മിസ്റ്റർ സി. പി. തോമസ് പ്രസ്താവിക്കുകയുണ്ടായി. ആ കരിക്കുലത്തിനു എന്തു ദോഷങ്ങളാണുള്ളതെന്നു, മിസ്റ്റർ പി. കെ. നാരായണപിള്ള ആവശ്യപ്പെട്ടിട്ടുപോലും, അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായില്ല. എന്തെങ്കിലും ചില ദോഷങ്ങൾ പ്രത്യക്ഷമാകാതിരുന്നാൽ ഒന്ന പുനരാവർത്തനം ചെയ്യേണ്ട ആവശ്യമില്ലെന്നുള്ള എന്റെ അഭിപ്രായത്തോട് സഭയും യോജിക്കുമെന്ന ഞാൻ ആശിക്കുന്നു. അതെതു വിധമായാലും, കഴിഞ്ഞ ഇരുപതു കൊല്ലങ്ങൾക്കകം 'സിലബസ്'കൾ പുനഃപരിശോധന നടത്തിയിട്ടുണ്ടെന്നു ഞാൻ അറിയിച്ചു കൊള്ളുന്നു. ഗൃഹഭരണശാസ്ത്രത്തിലും, അമ്മാതിരി മററു വിഷയങ്ങളിലും പെൺകുട്ടികൾക്കു പരിശീലനം നൽകുന്നതിനുവേണ്ടി ബാലികാ പാഠശാലകളിൽ ൫, ൬, ൭, എന്നീ ഫാറങ്ങളിലേക്ക് ഒരു പ്രത്യേക സിലബസ്സ് രൂപീകരിക്കുകയുണ്ടായി. പെൺകുട്ടികൾക്കായുള്ള പ്രാഥമികപാഠശാലകളിലെ സിലബസ് പുനഃപരിശോധന നടത്തി. ഇതുപോലെ തന്നെ ആൺകുട്ടികൾക്കായുള്ള നാട്ടുഭാഷാ വിദ്യാലയങ്ങളെ സംബന്ധിച്ച്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). എഡ്യുക്കേഷൻ കോഡിന്റെ ൮൬-ാമത്തെ റൂളിൽ "നാട്ടുഭാഷാ വിദ്യാലയങ്ങളിലേയും ഇംഗ്ലീഷ് സ്കൂളുകളിലേയും ആദ്യസന്നദ്ധി ഗവൺമെൻറിന്റെ അധികാരത്തിൽ ഡയറക്ടറാൽ പബ്ലിഷ് ചെയ്യപ്പെടുന്ന കരിക്കുലത്തെ അടിസ്ഥാനമാക്കിയായിരിക്കും" എന്നു പറയപ്പെട്ടിരിക്കുന്നു ഡയറക്ടരുടെ കൃത്യം അതുപ്രസിദ്ധീകരിക്കുകമാത്രമാണോ അതോ അവ തിരഞ്ഞെടുക്കുന്ന ജോലിയും അദ്ദേഹത്തിൽതന്നെയാണോ എന്ന് എനിക്ക് ഡയറക്ടറിൽനിന്ന് അറിഞ്ഞാൽകൊള്ളാം.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ). സിലബസ് ഗവൺമെൻറിൽനിന്ന് അംഗീകരിക്കേണ്ടതായിട്ടുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). തിരഞ്ഞെടുക്കുന്നതു ഗവൺമെൻറിൽനിന്നാണോ, അതോ ഡയറക്ടർ തന്നെയാണോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ). അവസാനതീരുമാനം ഗവർമ്മൻറിനാണ്

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). തെരഞ്ഞെടുക്കുന്ന വിഷയത്തിൽ ഡയറക്ടർക്ക് എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ). ഉണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). നാട്ടുഭാഷാ വിദ്യാലയങ്ങളുടെ കരിക്കുലത്തെ സംബന്ധിച്ചിടത്തോളം ഡയറക്ടർക്ക് എന്തു ചെയ്യാനുണ്ട്?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ). ഡയറക്ടർ ഒരു അന്വേഷണം നടത്തി ഗവർമ്മൻറിലേക്ക് അഭിപ്രായം എഴുതിഅയക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). എന്റെ ചോദ്യം നാട്ടുഭാഷാ വിദ്യാലയങ്ങളിലെ പാഠപദ്ധതികളെ സംബന്ധിച്ച് ഡയറക്ടർക്ക് നേരിട്ട് എന്തെങ്കിലും പ്രവർത്തിക്കാനുണ്ടോഎന്നാണ്.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ). അതിനെസംബന്ധിച്ച് അദ്ദേഹത്തിന് പ്രവർത്തിക്കേണ്ടതായിട്ടു ധാരാളമുണ്ട്.

പിന്നീട് മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ പ്രസംഗത്തിലുള്ള ഒരു വിഷയത്തെക്കുറിച്ചു എനിക്കു സ്വല്പം പറയാനുണ്ട്. ഡയറക്ടർ ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ച് വിദ്യാഭ്യാസപരമായി അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ മനസ്സിലാക്കുന്നെങ്കിൽ അതു ഏററവും ഉത്തമമായിരിക്കും എന്നുള്ള അഭിപ്രായത്തെ ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. എന്റെ പ്രധാനമായ ബുദ്ധിമുട്ട്, വാസ്തവത്തിൽ, വിദ്യാഭ്യാസപരമായി ജനങ്ങൾക്കുള്ള വൈഷമ്യങ്ങളെ കണ്ടുപിടിക്കുന്നതിലല്ലാ. ആ വൈഷമ്യങ്ങളെ എപ്രകാരം പരിഹരിക്കാമെന്നു കണ്ടുപിടിക്കുന്നതാണ് എനിക്ക് ഏററവും പ്രയാസമായിട്ടുള്ളതു. വൈഷമ്യം ധാരാളം എനിക്കറിയാം. അവയെ ഞാൻ വ്യക്തമായി ദർശിക്കുന്നുമുണ്ട്. വിദ്യാലയങ്ങളിൽനിന്ന പുറത്തുവരുന്ന ആളുകൾ യന്ത്രസംബന്ധമായി ജോലിചെയ്യുവാൻ മടിക്കുന്നുഎന്നാണ്, പിന്നീട് മിസ്റ്റർ. ലാമ്പേർഡ് പറയുന്നതു. അതായതു ആദ്യംമുതൽതന്നെ തൊഴിൽശാലയിൽ ജോലിചെയ്യുന്നതിനും കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളയുവാക്കന്മാർക്ക് ഇംഗ്ലണ്ടിൽ യാതൊരുമടിയുമില്ലെന്നാണ്. ഇവിടെ നമ്മുടെ വിദ്യാലയങ്ങളിൽ നൽകപ്പെടുന്ന വിദ്യാഭ്യാസരീതിയുടെ സ്ഥിതിവ്യത്യാസത്തെ ഞാനാരോപിക്കുന്നില്ല. ഇവിടെ വിതരണം ചെയ്യപ്പെട്ടുവരുന്ന വിദ്യാഭ്യാസരീതി ഇംഗ്ലണ്ടിൽ നല്കപ്പെടുന്നതിനു തുല്യംതന്നെ പക്ഷേ നിലയിൽ കാണുന്ന വ്യത്യാസം അവിടത്തെ ജനങ്ങളുടെ ഭാഗത്തുള്ള കൂടുതൽ അനുയോജ്യതകൊണ്ടായിരിക്കണം. എന്നാൽ നിലയിലുള്ള വ്യത്യാസത്തിനു കാരണം എന്തുതന്നെ ആയിരുന്നാലും, അതു വിദ്യാഭ്യാസരീതിയിലുള്ള വ്യത്യാസംകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്). 'ഡബ്ൾ- ഷിഫ്ററ് സിസ്റ്റം' എന്തുകൊണ്ടാണ് ജനങ്ങൾക്കു പ്രിയമുള്ളതല്ലായി വരുന്നതെന്നു ഡയറക്ടർ ദയവായി പറയുമോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ). ചോദ്യം എനിക്കു മനസ്സിലാകുന്നുണ്ട്. എന്നാൽ അതു ഒന്നുകൂടി വ്യക്തമായി മനസ്സിലാക്കുവാൻ ഞാനാശിക്കുന്നു. അതായതു ആ സിസ്റ്റം ജനങ്ങളുടെ ഇടയിലോ, അതോ ഡിപ്പാർട്ടുമെൻറ് സംബന്ധമായോ സമ്മതി കുറഞ്ഞുവരുന്നതെന്ന് മനസ്സിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്). ജനങ്ങൾക്കോ ഡിപ്പാർട്ടുമെൻറിനോ അതിൽ പ്രിയം കുറഞ്ഞുവരുന്നതു,

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ). ജനങ്ങൾക്കാണ് അതിൽ സമ്മതികുറവുകാണുന്നതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്). ഇപ്പോഴത്തെ മലയാളം സ്കൂൾ ഇൻസ്പെക്ടർ ആ സിസ്റ്റം അവതരിപ്പിക്കുന്നതിനുഅനുകൂലി ആയിരുന്നോ?.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ). ഇപ്പോഴത്തെ ഇൻസ്പെക്ടർ ഉദ്യോഗത്തിൽ നിയമി തനാകുന്നതിനു മുമ്പാണ് പ്രസ്തുതരീതി ആരംഭിക്കപ്പെട്ടിട്ടുള്ളത് മിസ്റ്റർ സുബ്രഹ്മണ്യശാസ്ത്രി ഇൻസ്പെക്ടർ ആയിരിക്കുമ്പോഴാണ് അപ്രകാരം നടന്നിട്ടുള്ളത്. അദ്ദേഹം ശിപാശ് ചെയ്യുകയുണ്ടായി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്). മിസ്റ്റർ സുബ്രഹ്മണ്യശാസ്ത്രി അതിനോടു അനുകൂലിച്ചോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ). അനുകൂലിച്ചു. അത് പരീക്ഷണാർത്ഥം ഞാൻ ഗവർമ്മെൻറിനോടു അഭിപ്രായപ്പെട്ട ഒരു സിസ്റ്റം ആയിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്). അതിപ്പോൾ എങ്ങനെ നടക്കുന്നു.?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ). അതിനെസംബന്ധിച്ചുള്ള അവസാനറിപ്പോർട്ടിൽനിന്ന് അതിന്റെ പ്രവർത്തനം വളരെ മോശമാണെന്നു കാണുന്നു. എവിടെയും ശരിയാംവണ്ണം നടത്താവുന്ന ഒരു രീതി നമുക്ക് ആശിക്കാൻ കഴികയില്ല.

മിസ്റ്റർ. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): എയിഡഡ് പ്രൈമറിസ്കൂളുകളിൽ ഒന്നാം ക്ലാസ്സിലെവിദ്യാർത്ഥികളുടെ സംഖ്യ ൨൯,൦൯൯-ൽനിന്നു ൨൦,൦൦൦ ആയികുറഞ്ഞു പോകുന്നതിനും നേരമറിച്ച ഡിപ്പാർമെൻറിൽ സ്കൂളുകളിൽ അപ്രകാരം അല്ലാതിരിക്കുകയും ചെയ്യുന്നതിനുള്ള കാരണം എന്താണെന്നു എന്നെ അറിയിക്കാമോ? ആയതിലേക്ക് ഷിഫ്റ്റ്സിസ്റ്റവുമായി എന്തെങ്കിലും സംബന്ധം ഉണ്ടോഎന്നറിവാൻ ഞാനാശിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാസഡയറക്ടർ) കാര്യം എനിക്കു ശരിയായി മനസ്സിലായില്ല. ഷിഫ്റ്റ് സിസ്റ്റം ഒന്നും രണ്ടും ക്ലാസ്സുകളിലേക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്, ആ ക്ലാസ്സുകളിലെ സംഖ്യയാണൊ ഇത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) എപ്രകാരമായാലും ജനങ്ങൾക്ക് അതിൽ പ്രിയം കുറവാണെങ്കിൽ ഒന്നാംക്ലാസ്സിലെ സംഖ്യകുറയണം പ്രത്യുത, നാലാംക്ലാസ്സിലെ സംഖ്യഗണ്യമായി കുറഞ്ഞിട്ടുണ്ട്.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ) ഇതു സംസ്ഥാനം മുഴുക്കെയുള്ള സംഖ്യയാണ്. ഉദ്ദേശം ൩൦ സ്കൂളുകളിൽ മാത്രമേ ഈ സിസ്റ്റം ആരംഭിച്ചിട്ടുള്ളുഎന്നു ഞാൻ വിശ്വസിക്കുന്നു. ആ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ള സംഖ്യ ഏകദേശം ൨൦൦൦ ആയിരിക്കും. അതു ഇപ്പോൾ ൩൦ സ്കൂളുകളിൽ ശക്തിയായിത്തന്നെയിരിക്കുന്നുമുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) ഡബ്ൾഷിഫ്റ്റ്സിസ്റ്റം ജനങ്ങൾക്കു വളരെ അനാദരണീയമാണെങ്കിൽ ഒന്നാംക്ലാസ്സിലെ വിദ്യാർത്ഥികളുടെ സംഖ്യയിൽ ഒരു കുറവ് ഉണ്ടായിരിക്കണം എന്നാൽ നാലാം ക്ലാസ്സിലെ സംഖ്യയാണ് ഗണ്യമായി കുറഞ്ഞുകാണുന്നത്.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഇതിൽ അനേക സംഗതികളുണ്ട്. വിദ്യാർത്ഥികൾക്കല്ല ഈ രീതി അനിഷ്ടമായിട്ടുള്ളത്, അവരുടെ രക്ഷാകർത്താക്കൾക്കാണ്എന്തെന്നാൽ ഡബ്ൾഷിഫ്റ്റ്സിസ്റ്റത്തിൽ മൂന്നു മണിക്കൂർകൊണ്ടു നൽകപ്പെടുന്ന അഭ്യാസനത്തിനുതുല്യമായിരിക്കയില്ലെന്നാണ് അവർ പറയുന്നത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) ഇത് രക്ഷാകർത്താക്കളുടെ അഭിപ്രായമാണോ അതോ അദ്ധ്യാപകന്മാരുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയുള്ളതാണോ?.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ) എനിക്കുപറവാൻ കഴികയില്ല, ശരിയായ അന്വേഷണത്തിനുശേഷം, പണ്ണാകുഴർ സ്കൂൾ ഇൻസ്പെക്ടർ റിപ്പോർട്ട് അയച്ചുവെന്നാണ് ഞാൻ ഊഹിക്കുന്നത്. അദ്ധ്യാപകന്മാർ വിസമ്മതിക്കുന്നതായി ഞാൻ വിചാരിക്കുന്നില്ല. അവർക്ക പ്രത്യേകം പടിനൽകുന്നുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) അതു കാര്യംവേറെയാണ്. ഡിപ്പാർട്ടുമെൻറു സ്കൂളുകളെ സംബന്ധിച്ചിടത്തോളമുള്ള സംഖ്യ എന്തുകൊണ്ടാണ് ഇത്ര കുറവെന്നും എനിക്ക് അറിഞ്ഞാൽ കൊള്ളാം. എയിഡഡ് സ്കൂളുകളിലെ കുറവു ൨൯,൦൦൦ ത്തിൽ നിന്നു ൨൦൦൦ ആയിരിക്കെ, മറേറതിലേയ്ക്ക് ൩൨൦൦൦ ത്തിൽ നിന്ന് ൩൯൦൦൦ ആകുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ) ഇത് റിപ്പോർട്ടിൽഉള്ളതാണോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരംനെടുമങ്ങാട്) അതേ.

മി ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ എത്രാംവാരത്താണെന്നു എന്നെ മനസ്സിലാക്കാമോ?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) എന്റെ കൈവശം കുറിപ്പുമാത്രമേയുള്ളു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ) റിപ്പോർട്ട് എന്റെ കൈവശംഇല്ല സംഖ്യകൾ തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നുള്ളതാകുന്നു കാര്യം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) വിദ്യാർത്ഥികളുടെ സംഖ്യാന്യൂനതയിലുള്ള വ്യത്യാസത്തെപ്പററി ഡയറക്ടർക്ക് ഒരു സമാധാനം നൽകാൻ കഴിയുമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ) ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ ശരിയായവിധം ഭരിക്കപ്പെടുന്നുവെന്നും ജനങ്ങളുടെ ആദരവിന് പാത്രീഭവിക്കുന്നുവെന്നും ഞാൻ വിചാരിക്കുന്നു. പ്രൈവററ് സ്കൂളുകളിൽ നിന്നു പിൻവാങ്ങുന്ന വിദ്യാർത്ഥികളുടെ നിരക്ക് ഡിപ്പാർട്ടുമെൻറിൽ സ്കൂളുകളിലേക്കാൾ വളരെ ചുരുക്കമാണെന്ന് മിസ്റ്റർ സി. പി. താമസ് പ്രസ്താവിക്കയുണ്ടായി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) ഒട്ടവളരെ വിദ്യാർത്ഥികളെ ഗ്രാൻറിനുവേണ്ടി മാത്രം ചേർത്തുകൊണ്ടാണ് അപ്രകാരം സംഭവിക്കുന്നതെന്നു വരുന്നുണ്ടയൊ? ആ വ്യാഖ്യാനവും ശരിയല്ലോ.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ) അതും ആയിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) പണ്ണാകുഴർ സ്കൂളുകളെ സംബന്ധിച്ചിടത്തോ

ളം പന്ത്രണ്ട് ശതമാനം കുറവായും ൧൯൫൦-ൽ ൩൨ ജയിച്ച അതൃപ്തികരമായ ഒരു നിലയാണോ?

മി: ജേ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ) ഡയറക്ടർ ആഫീസിൽ എന്തെങ്കിലും തീരുമാനം കല്പിച്ചിട്ടുണ്ടോ എന്നു എനിക്കു പറവാൻകഴികയില്ല. ഈ സംഗതികൾ അവയുമായി പ്രധാനമായി ഇടപെടുന്ന പരിശോധനാഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ളതാണു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരംനെടുമങ്ങാട്ട്): അതിന്നത്ര കൊല്ലക്കാരായ ഏഴാംക്ലാസു വിദ്യാർത്ഥികളിൽ പന്ത്രണ്ടുശതമാനം മാത്രം പരീക്ഷയിൽ പാസായിയെന്നും പറഞ്ഞുകാണുന്നു. ഇതും തൃപ്തികരമായനിലയാണോ?

മി: ജേ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ) ഉടൻ തന്നെ ശ്രദ്ധപതിയത്തക്കവണ്ണം ഇതു ഏറെറവും അതൃപ്തികരമായനിലയാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം) ഡബ്ൾഷിഫ്റ്റ്സിസ്റ്റത്തെ സംബന്ധിച്ച ഗവണ്മെൻറിൻെറ ഇപ്പോഴത്തെ നിലഎന്താണ് അതിനെസംബന്ധിച്ച ഗവണ്മെൻറു അവസാനതീർപ്പ് കല്പിക്കയുണ്ടായോ?

മി: ജേ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ) എൻെറഓർമ്മ ശരിയാണെങ്കിൽ, അതു ഇനിയും ആലോചനയിലിരിക്കയാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം) അപ്രകാരമാണെങ്കിൽ പ്രസ്തുതരീതി ആരംഭിക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളുടെ സംഖ്യ എന്തുകൊണ്ടാണ് ഗവണ്മെൻറിൽനിന്ന് കുറവ്ചെയ്തിട്ടുള്ളതു?

മി: ജേ. സ്റ്റീഫൻസൻ (വിദ്യാഭ്യാസഡയറക്ടർ) ആ സിസ്റ്റത്തെ സംബന്ധിച്ചുള്ള നയത്തിൽ യാതൊരു വ്യത്യാസവുമില്ല. അതു ക്ലാസുകൾക്കു ഡിവിഷൻ ആവശ്യപ്പെട്ടിട്ടുള്ള സ്ക്കൂളുകളിൽ അദ്ധ്യാപകന്മാരുടെ സംഖ്യ വർദ്ധിപ്പിക്കാതെ അദ്ധ്യാപനം നടത്തുന്നതിനുവേണ്ടിമാത്രമേ ചിലവിദ്യാലയങ്ങളിൽ ആരംഭിച്ചിട്ടുള്ളു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ,ദേവികുളം) എൻെറ ചോദ്യം പ്രസ്തുത സിസ്റ്റം ആരംഭിക്കപ്പെട്ട വിദ്യാലയങ്ങളുടെ സംഖ്യ കുറവ്ചെയ്യുവാൻ കാരണമെന്താണ്.

മി: ജേ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ഡബ്ൾഷിഫ്റ്റ്സിസ്റ്റം ആരംഭിക്കപ്പെട്ട വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാർ ലഭിച്ചതുകൊണ്ടായിരിക്കണം. അതുകൊണ്ട് മുമ്പത്തെരീതിയിലേക്കു മടങ്ങുകയാണുണ്ടായതു്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): എന്നാൽ റിപ്പോട്ടിൽ അപ്രകാരം പറയുന്നില്ല.

"൧൯൨൮-൨൯ സ്കൂൾ വർഷത്തിൽ ഡിപ്പാർട്ടുമെൻറിൽ വർണ്ണാക്കുലർ സ്കൂളുകളിൽ പരീക്ഷണാർത്ഥം ആരംഭിക്കപ്പെട്ട ഡബ്ൾഷിഫ്റ്റ്സിസ്റ്റം, ആ രീതിയിൽ നടത്തപ്പെട്ട ക്ലാസ്സുകളിൽ കുട്ടികൾ കുറഞ്ഞതുകൊണ്ട്, ൧൯൩൦-ൽ ൭൦ വിദ്യാലയങ്ങളിൽ നിറുത്തൽ ചെയ്തു. ഇപ്രകാരം ൧൯൩൦ അവസാനത്തിൽ, പ്രസ്തുത രീതി ൧൩൮ വിദ്യാലയങ്ങളിൽ മാത്രമേ അനുഷ്ഠിക്കുന്നുണ്ടായിരുന്നുള്ളു. ആ രീതിയിൽ ജനങ്ങൾക്കു പ്രിയമില്ലെന്നു പരിചയംകൊണ്ടു് വെളിപ്പെട്ടതിനാൽ, ൧൯൩൧-ൽ അതു ഒരു സ്കൂളിലും ആരംഭിക്കയുണ്ടായില്ല. നേരേമറിച്ചു, ൬൫ പാഠശാലകളിൽ അതു നിറുത്തൽ ചെയ്കയുണ്ടായി. ഇപ്രകാരം ൧൯൩൧ അവസാനത്തിൽ ഈ സിസ്റ്റപ്രകാരം നടത്തപ്പെടുന്ന വിദ്യാലയങ്ങളുടെ സംഖ്യ ൭൩ മാത്രമായിരുന്നു."

ഡബ്ൾഷിഫ്റ്റ്സിസ്റ്റം ആരംഭിക്കപ്പെട്ട വിദ്യാലയങ്ങളുടെ എണ്ണം കുറവു ചെയ്തതു് ഡയറക്ടർക്കോ ഗവണ്മെൻറിനോ അതു പരാജയകരമാണെന്നുതോന്നിയതുകൊണ്ടോ അതോ ഇനിയും അതു ഗവണ്മെൻറിൻെറ വിചാരണയിൽ ഇരിക്കുന്നതുകൊണ്ടോ?

മി: ജേ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): കാര്യം എനിക്കു ശരിയായി മനസ്സിലായില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അതു ജനങ്ങൾക്കു പ്രിയം ഇല്ലാത്തതാണെന്നു ഗവണ്മെൻറ് എപ്രകാരം മനസ്സിലാക്കി? ഞാൻ ആവശ്യപ്പെടുന്ന വിഷയം ഒന്നു കൂടി വ്യക്തമാക്കാം. പ്രസ്താവിതമായസിസ്റ്റം അന്വേഷണത്തിലായിരുന്നല്ലോ. എന്നാൽ ഭരണറിപ്പോർട്ടിൽ അതു് ജനസമ്മതി കുറഞ്ഞതായി കാണപ്പെട്ടുവെന്നു പറഞ്ഞുകാണുന്നു. അതു് എപ്രകാരം ഗവണ്മെൻറ് അറിഞ്ഞു എന്നാണ് ഞാൻ ചോദിക്കുന്നതു്.

മി: ജേ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): പരിശോധനാഉദ്യോഗസ്ഥന്മാരുടെ റിപ്പോട്ടിൽനിന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അതു പരിശോധനാ ഉദ്യോഗസ്ഥന്മാരുടെ റിപ്പോട്ടിനെ മാത്രം അവലംബിച്ചുള്ളതാണോ, അതോ ഡയറക്ടർ നേരിട്ടുതന്നെ എന്തെങ്കിലും അന്വേഷണം നടത്തിയോ?

മി: ജേ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): മി: കൃഷ്ണസ്വാമി അയ്യരുടെ കാലത്താണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹത്തിനു വേണ്ടി സമാധാനം പറവാൻ എനിക്കു സാധിക്കയില്ല.

മി: കെ. ഐ. ജോസഫ് (ദേവികുളം-മീനച്ചൽ): കാര്യം ശരിയായ വിധം അന്വേഷിച്ചതായി ഡയറക്ടർ വിചാരിക്കുന്നുണ്ടോ?

മി: ജേ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ഉവ്വ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്): കൊച്ചിയിൽ പ്രസ്തുതസിസ്റ്റം വിജയകരമായിട്ടാണു കാണപ്പെടുന്നതെന്നു് ഡയറക്ടർക്കു് അറിയാമോ?

മി: ജേ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): എനിക്കു അറിഞ്ഞുകൂടാ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്): ഭാവായി അന്വേഷിക്കുമോ അതിനെപ്പററി?

മി: ജേ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): അന്വേഷിക്കാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രസ്തുതസിസ്റ്റം, തൽസംബന്ധമായ അദ്ധ്യാപകന്മാക്കും, ഹെഡ്മാസ്റ്റരന്മാക്കും നല്ല ശമ്പളം നൽകപ്പെടുന്നപക്ഷം കറെ കൂടി നന്നായിട്ടു നടക്കുകയില്ലെന്നു ഡയറക്ടക്കു അഭിപ്രായമുണ്ടോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): അദ്ധ്യാപകന്മാക്കു നല്ല ശമ്പളം കൊടുക്കമെങ്കിൽ നല്ലപോലെ ജോലിചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡബിൾഷിഫ്റ്റ്സിസ്റ്റം നടത്തപ്പെട്ടുപോരുന്ന വിദ്യാലയങ്ങളിലെ ഹെഡ് മാസ്റ്റരന്മാക്കു യാതൊരു കൂടുതൽ അലവൻസും നൽകപ്പെടുന്നില്ലെന്നുള്ള സംഗതി അദ്ദേഹത്തിനറിവുണ്ടോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): എനിക്കു അതു അറിയാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ സിസ്റ്റം ആരംഭിക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റരന്മാക്കു കാലത്തു എട്ടു മണി മുതൽ വയ്യിട്ടു നാലരമണി വരെ സ്കൂൾ നടത്തേണ്ടതായിട്ടുണ്ടെന്ന സംഗതി ഡയറക്ടക്കു അറിയാമോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): അറിയാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അപ്രകാരമിരിക്കെ, അവക്കു പ്രത്യേകമായി എന്തെങ്കിലും കിട്ടാൻ അവകാശമില്ലേ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ഉണ്ടു്, നിശ്ചയമായും ഉണ്ടു്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഹെഡ് മാസ്റ്റരന്മാക്കു യാതൊന്നും പ്രത്യേകമായി നൽകപ്പെടുന്നില്ലെന്നുള്ളതും ഡയറക്ടക്കു അറിഞ്ഞുകൂടേ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): അറിയാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഹെഡ്മാസ്റ്റരന്മാക്കു പ്രത്യേകം ശമ്പളം കൂടി കൊടുത്തിരുന്നെങ്കിൽ, അവർ കൂടുതൽ നന്നായിട്ടു ജോലി ചെയ്കയില്ലേ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): അതു് അപ്രകാരം വേണമെന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അക്കാര്യത്തിലേക്കു വേണ്ടി ഡയറക്ടർ കൂടുതൽ തുക ബഡ്ജറ്റിൽ ചേർത്തു ആവശ്യപ്പെടാത്തതെന്തുകൊണ്ടാണെന്നു് എന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ കൂടുതൽ പണം ആവശ്യപ്പെട്ടിട്ടില്ലെന്നു മെമ്പർ എങ്ങനെ അറിയുന്നു?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു്): അദ്ധ്യാപകന്മാക്കു കൂടുതൽ ശമ്പളം നൽകുന്നപക്ഷം, പ്രസ്തുതസിസ്റ്റം അഭിവൃദ്ധിപ്പെടുമെന്നു ഡയറക്ടക്കു തന്നെ അറിയാമോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): നിശ്ചയമായിട്ടും അതു അഭിവൃദ്ധിപ്പെടും.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഡയറക്ടക്കു ഏതു വരെ സംസാരിക്കുവാൻ അനുവദിക്കുമെന്നു അദ്ധ്യക്ഷനിൽ നിന്നു അറിവാൻ ഞാനാശിക്കുന്നു.

അദ്ധ്യക്ഷൻ:—അദ്ദേഹത്തിന്റെ സമയം കഴിഞ്ഞിരിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): തുക കുറയ്ക്കുന്നതിനുള്ള എന്റെ ഉപക്ഷേപത്തെ സംബന്ധിച്ചു് ഡയറക്ടരുടെ ശരിയായ നില എന്താണെന്നു് അദ്ദേഹം എന്നെ അറിയിക്കുമോ? ഇപ്പോഴത്തെ വിദ്യാഭ്യാസരീതി സർവ്വസമ്പൂർണ്ണമാണെന്നു് അദ്ദേഹം വിചാരിക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ അതിനെപ്പററി അഭിപ്രായം തന്നെ പ്രസ്താവിച്ചു കഴിഞ്ഞു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ദേഹം പറഞ്ഞതെന്താണെന്നു കേൾക്കുവാൻ ഈ അവസരത്തിലിരുന്നു എന്നെക്കൊണ്ടു സാധിച്ചില്ലെന്നു ഞാൻ സമ്മതിക്കണം.

മി: സി. പി. തോമസ് (നിയമിതസാമാജികൻ): പരിഷ്കാരങ്ങൾ ആരംഭിക്കുന്നതിനെപ്പററി ചിന്തിക്കുന്നതിനു കാലമായിട്ടുണ്ടോ എന്നു പറവാൻ ഡയറക്ടക്കു ദയവുണ്ടാകുമോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): പരിഷ്കാരങ്ങൾ ഏതു സമയത്തും നടത്താവുന്നതാണു്, കഴിഞ്ഞ ഇരുപതു, മുപ്പതു കൊല്ലങ്ങൾക്കുള്ളിൽ ഡയറക്ടർ പരിഷ്കാരങ്ങളെപ്പററി സൂചിപ്പിക്കാതെയുന്നുള്ള ഒരു സമയവും തന്നെയില്ല. കൂടുതലായ ധനം കൂടാതെ പരിഷ്കാരങ്ങൾ ആരംഭിക്കുന്നതു് എങ്ങിനെയാണെന്നുള്ളതാകുന്നു പ്രധാനമായ കുഴപ്പം.

മി: സി. പി. തോമസ് (നിയമിതസാമാജികൻ): പ്രസ്തുതവിഷയത്തെ സംബന്ധിച്ചു വിചാരണചെയ്തു എന്തെങ്കിലും തീർച്ചയുണ്ടാക്കുവാൻ ശ്രമിക്കാതെ എങ്ങനെയാണു് അതു ആരംഭിക്കുന്നതു്.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ശ്രമിക്കാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പരിഷ്കരണം ആവശ്യമില്ലെന്നാണോ ഡയറക്ടരുടെ ഭാവം.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): അതു ഏതു സമയത്തും സാധിക്കാവുന്നതാണു്. കൂടുതൽ പണം ഉള്ളപക്ഷം ഒരു റിപ്പോർട്ടു തയ്യാറാക്കി പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ ഏതു സമയത്തും കഴിയും.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഉപക്ഷേപത്തെ ഡയറക്ടർ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ പ്രമേയത്തെ എതിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): മിസ്റ്റർ എ. കെ. പിള്ളയുടെ വാദമുഖത്തെ സംബന്ധിച്ചുള്ള ഡയറക്ടരുടെ സമ്മതത്തെ അസ്പഷ്ടമാക്കി നോക്കുമ്പോൾ, ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ അതൃപ്തികരമായ നിലയെ കുറിക്കുന്ന ഈ ഉപക്ഷേപത്തെ സ്വീകരിക്കുന്നതിൽ അദ്ദേഹത്തിനു എന്തു വിസമ്മതമാണുള്ളതു്.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഒരുകൂട്ടം ആളുകളെ എടുത്തു കളയുന്നതുകൊണ്ട് ഉപക്ഷേപത്തെ സ്വീകരിക്കുന്നതു് ശരിയാണെന്നു ഞാൻ കരുതുന്നില്ല.

മി: സി. എൻ. കുഞ്ഞൻനമ്പൂതിരി (ജന്മികൾ): മലയാളം സ്കൂളുകളും സംസ്കൃതസ്കൂളുകളും ഡയറക്ടറുടെ കീഴിൽനിന്നും എടുത്തു വേറെ ഒരാളിന്റെ അധീനതയിൽ ആക്കുന്നതു് നന്നായിരിക്കുമെന്നു ഡയറക്ടർ വിചാരിക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ). അതു് ആലോചിക്കേണ്ടതായ ഒരു വിഷയമാണെന്നു ഞാൻ വിചാരിക്കുന്നു. ഡയറക്ടർക്കു ശരിയായ വിധം യോഗ്യതയുണ്ടെന്നു ഞാൻ കരുതുന്നില്ല.

മി: സി. എൻ. കുഞ്ഞൻനമ്പൂതിരി (ജന്മികൾ): വിദ്യാഭ്യാസഡയറക്ടർ നാട്ടുഭാഷകൂടി അറിഞ്ഞിരിക്കുന്നതു് നന്നായിരിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാനതു സമ്മതിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഉപക്ഷേപത്തെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ നിലവ്യക്തമാക്കുവാൻ ഗവണ്മെന്റിൽനിന്നു എനിക്കു പ്രതീക്ഷിക്കാമോ.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ ഗവണ്മെന്റിന്റെ നിലയെ പ്രതിനിധീകരിക്കയാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യാഭ്യാസഡയറക്ടർക്കു് സംസ്ഥാനത്തുള്ള നാട്ടുഭാഷകളുടെമേൽ യാതൊരു അധികാരവും ഉണ്ടായിരിക്കേണ്ടയെന്നാണോ അദ്ദേഹത്തിന്റെ അഭിപ്രായം?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): നാട്ടുഭാഷകളേയോ, നാട്ടുഭാഷാപാഠശാലകളേയോപറ്റി ചോദിക്കുന്നതു്?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): നാട്ടുഭാഷാപാഠശാലകൾ.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എന്നാൽ എന്റെ മറുപടി ഉണ്ടായിരിക്കണംഎന്നാണു.

രണ്ടു് അഞ്ചിനു കൌൺസിൽ ലഘുഭക്ഷണത്തിനായി പിരിയുകയും ര-ഊ ര-നു് വീണ്ടും കൂടുകയും ചെയ്തു.

മി: ജി. രാമൻ മേനോൻ (മാവേലിക്കര, കാർത്തികപ്പള്ളി): സർ, ഈ പ്രമേയത്തെ കുറിച്ചുള്ള വാദത്തിനിടയിൽ വിദ്യാഭ്യാസപരമായ അനേകം പ്രധാനപ്പെട്ട വിഷയങ്ങൾ പ്രസ്താവിക്കയുണ്ടായി. അതുകൊണ്ടു പ്രമേയം സ്വീകാര്യരൂപത്തിൽ ഭേദപ്പെടുത്തേണ്ടതു ആവശ്യമാണു്. ഇന്നലെ മിസ്റ്റർ സുബ്ബയ്യർ ഭേദഗതിയെപ്പററി പറഞ്ഞതു് ഞാൻ നല്ലതുപോലെ ഗ്രഹിച്ചിട്ടുണ്ടു്. എന്നാൽ എനിക്കു ഒരുകാര്യത്തിൽ അദ്ദേഹത്തോടു യോജിക്കാൻ നിവൃത്തിയില്ല. അതു ഇതാകുന്നു. മെമ്പറന്മാർ സംസാരിക്കുമ്പോൾ അവർ പല വിഷയങ്ങളേയും പററി പ്രസ്താവിച്ചേക്കാം. എന്നാൽ അവർ വോട്ടു ചെയ്യുമ്പോൾ അവതാരകൻ ഹാജരാക്കിയ പ്രമേയത്തിനുവേണ്ടിയാണു് വോട്ടു നല്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ഈ വിഷയം അവതാരകൻ ഭേദപ്പെടുത്തുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഈ പ്രമേയത്തെ സംബന്ധിച്ചു ഈ സഭയുടെ സമ്മതത്തിനു ഏതു ഭാഗമാണു് അവതാരകൻ ഭേദപ്പെടുത്തേണ്ടതെന്നു വ്യക്തമാക്കാൻ ഞാനാശിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി വളരെ ന്യൂനതകളുള്ള ഒന്നാണെന്നു എല്ലാവരും സമ്മതിക്കയുണ്ടായി. ശാസ്ത്രീയദൃഷ്ട്യാ വിദ്യാഭ്യാസം സാമാന്യജീവിതത്തിനായുള്ള പരിശീലനമാകുന്നു. നമ്മുടെ രാജ്യത്തു പ്രചാരത്തിലിരിക്കുന്ന വിദ്യാഭ്യാസരീതിയെപ്പററി നാം ചിന്തിച്ചു നോക്കുകയാണെങ്കിൽ, അതു പൌരന്മാരുടെ സാമാന്യജീവിതത്തിൽനിന്നും വളരെ വിഭിന്നമായിട്ടിരിക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയുടെ പ്രധാനദോഷം അതാകുന്നു. അതു എപ്രകാരം പരിഹരിക്കാൻ കഴിയുമെന്നതാണു് വാദവിഷയം. ദോഷകരമായ വിദ്യാഭ്യാസരീതികൊണ്ടുള്ള വിവിധഫലങ്ങളെ എന്റെ സ്നേഹിതന്മാർ മലയാളത്തിലും ഇംഗ്ലീഷിലും വേണ്ടപോലെ കഴിയുന്നതും ചൂണ്ടിക്കാണിക്കയുണ്ടായി. കാര്യങ്ങളുടെ ഇപ്രകാരമുള്ള നിലയെ പരിഷ്കരിക്കുന്നതിനു നാം എന്താണു് പ്രവർത്തിക്കേണ്ടതെന്ന വിഷയത്തെപ്പററിമാത്രം ഞാൻ പറയാം. ഞാൻ മുമ്പുതന്നെ ചൂണ്ടിക്കാണിച്ചതുപോലെ പ്രധാനമായ വൈഷമ്യം നമ്മുടെ വിദ്യാഭ്യാസരീതി ജനങ്ങളുടെ സാമാന്യജീവിതത്തിൽനിന്നും തെററിപ്പോയിരിക്കുന്നുവെന്നുള്ളതാണു്. സാമാന്യജനങ്ങളുടെ അഥവാ സാമാന്യജനങ്ങളുടെ പ്രതിനിധികളുടെ സഹകരണത്തോടുകൂടി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ നയത്തെ രൂപീകരിച്ചാൽ മാത്രമേ ഈ വൈഷമ്യം ഇല്ലാതാക്കാൻ കഴികയുള്ളു. ലോകത്തിലെ ഉത്തമമായ ഉദ്ദേശങ്ങളോടുകൂടിയുള്ള സ്വേച്ഛാപ്രഭുത്വപരമായ അവരുടെ ഏതാനും കാലത്തെ ജോലിയുടെശേഷം അവർ അവരുടെ രീതിയിൽ നിലഉറച്ചു പോകുന്നു. ജനങ്ങളുടെ ആവശ്യങ്ങളെ നിർവഹിക്കാൻ അവർക്കു സാദ്ധ്യമല്ല. ജനങ്ങളുടെ ആവശ്യങ്ങളെ മനസ്സിലാക്കാനും അവർക്കു് കഴികയില്ല. ഉദ്യോഗം ലഭിച്ചു അധികകാലം കഴിയുന്നതിനുമുമ്പും അനേകകാലത്തെ സർവീസിനുശേഷവും ഉദ്യോഗസ്ഥന്മാരായിരിക്കുന്ന എന്റെ പല സ്നേഹിതന്മാരോടും ഞാൻ സംസാരിച്ചുനോക്കിയിട്ടുണ്ടു്. അവരുടെ സ്ഥിതിയിൽ വലിയ അന്തരം കാണുന്നതിനു എനിക്കു സംഗതിയായി. അതുകൊണ്ടു്, പ്രസ്തുത ഡിപ്പാർട്ടുമെന്റിന്റെ വിദ്യാഭ്യാസനയരൂപീകരണം ജനപ്രതിനിധികളെ ഏല്പിക്കുന്നതാകുന്നു ഏററവും ഉത്തമമായ മാർഗ്ഗം നിശ്ചയമായും. വിദ്യാഭ്യാസത്തിനു് അനവദ്യമായ ജ്ഞാനം ആവശ്യമാണു്. എന്നാൽ രാജ്യത്തെ സാമാന്യജീവിതത്തെക്കുറിച്ചുള്ള അറിവുമായ ജ്ഞാനമാകുന്നു ഇവിടെ ആവശ്യമായുള്ളതു്. അനേകവർഷങ്ങൾക്കു് മുമ്പു ഇംഗ്ലണ്ടിലും വിദ്യാഭ്യാസവും സാമാന്യജീവിതവും തമ്മിൽ വലിയ അന്തരം ഉണ്ടായിരുന്നുവെന്നു് ഹെർബെർട്ടു് സ്പെൻസർ അക്കാലത്തു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അവിടെ അവർ അതിനെ നിവാരണം ചെയ്വാൻ വിജയപൂർവം ശ്രമിക്കയായിരുന്നു. നാം പിന്നിൽ കിടക്കുന്നതേയുള്ളു. കഴിഞ്ഞകാലത്തിന്റെ പോരായ്മതീർത്തു മുമ്പോട്ടു നമ്മുടെ വിദ്യാഭ്യാസരീതിയെ പരിഷ്കരിക്കണം. ആയതിലേക്കു ഏററവും ഉത്തമമായ മാർഗ്ഗം സംസ്ഥാനത്തെ വിദ്യാഭ്യാസഭരണത്തേയും മുഴുവൻ നയത്തേയും നിയന്ത്രിക്കുന്നതിനു ഒരു വിദ്യാഭ്യാസബോർഡു് ഏർപ്പെടുത്തണം. വിദ്യാഭ്യാസഡയറക്ടർക്കു പകരം ആ സ്ഥാനത്തു ഒരു എഡ്യൂക്കേഷൻബോർഡു് ഉണ്ടായിരിക്കണം. എന്റെ അഭിപ്രായത്തിൽ അതിലെ ഭൂരിപക്ഷവും ജനപ്രതിനിധികളായിരിക്കേണ്ടതാണു്. അപ്പോൾ സ്വേച്ഛാപ്രഭുക്കളായ ഉദ്യോഗസ്ഥന്മാരുടെ ഇന്നത്തെ

രീതിയിൽ വിദ്യാലയങ്ങളോടുള്ള നിർഭയമായ പെരുമാററവും, യഥാർത്ഥമായ വിദ്യാഭ്യാസാവശ്യങ്ങളെക്കാറം റൂളിനേയും നിയമത്തേയും കൂടുതൽ മുറുകെപ്പിടിച്ചുകൊണ്ടുള്ള ഇന്നത്തെ നിലയും വിട്ടുമാറുന്നതാണ്. ഉദ്യോഗസ്ഥന്മാരുടെ എണ്ണം അല്ല വിദ്യാഭ്യാസത്തെ ഫലവത്താക്കിത്തീർക്കുന്നത്. വിദ്യാഭ്യാസം ഔന്നത്യം പ്രാപിക്കണമെങ്കിൽ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണം; അദ്ധ്യാപകന്മാരുടെ നില പരിഷ്കരിക്കണം. അവരുടെ സ്വഭാവം അഭിവൃദ്ധമാക്കണം. വിദ്യാഭ്യാസത്തിനുവേണ്ടി അഞ്ചുലക്ഷംരൂപാ കൂടുതലായി ചിലവാക്കുന്നതായി ഞാൻ കാണുന്നു. എന്നാൽ താഴ്ന്നതരം അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനായി യാതൊന്നും ചെയ്യുന്നില്ല. വിദ്യാഭ്യാസം ജനപ്രതിനിധികളുടെ ഭരണത്തിൻകീഴിൽ കൊണ്ടുവന്നാൽ മാത്രമേ ഇക്കാര്യങ്ങളെല്ലാം ശരിപ്പെടുത്താനും ഈ ന്യൂനതകളെല്ലാം പരിഹരിക്കാനും സാധിക്കയുള്ളു. അതിനാൽ ഞാൻ പ്രമേയത്തോടു അനുകൂലിക്കുകയും, വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ മുഴുവൻ മേൽനോട്ടത്തെയും ഭരണത്തേയും നിയന്ത്രിക്കുന്നതിനു ജനപ്രതിനിധികളടങ്ങിയ ഒരു എഡ്യുക്കേഷൻ ബോർഡ് ഏർപ്പെടുത്തണമെന്നു അവതാരകൻ ഈ സഭയിൽ ബലമായി അഭിപ്രായപ്പെടണമെന്നു പ്രേരിപ്പിക്കയും ചെയ്യുന്നു.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, സഭയുടെ തീരുമാനത്തിനു ഞാൻ പ്രമേയത്തെ ഹാജരാക്കുന്നു. അതിന്നിടയിൽ ഒന്നുരണ്ടു വാക്കുകൾ പറയുന്നതിനൊഴികെ കൌൺസിലിന്റെ സമയത്തെ ചിലവാക്കുവാൻ ഞാനാശിക്കുന്നില്ല. എതിർഭാഗത്തുനിന്നും ഒരു നിശ്ചയം ലഭിക്കുന്നതിൽ ഞാൻ അത്യാഗ്രഹത്തോടെ കാത്തിരിക്കുകയായിരുന്നു. എന്നാൽ ആശാസ്യമായ യാതൊരു മറുപടിയും നൽകുവാൻ മിസ്റ്റർ സ്റ്റീഫൺസനു കഴിവുണ്ടായില്ല. ഞാൻ പ്രമേയത്തെ പൂർണ്ണമായ യാതൊരു രീതിയേയും ആശ്രയിച്ചു ഹാജരാക്കുന്നില്ല. ഇപ്പോഴത്തെ രീതി ആകപ്പാടെ ഒന്നു ഉടച്ചുവാർക്കേണ്ടതാണെന്നുള്ള ഈ ഭാഗത്തുള്ള അഭിപ്രായത്തെ എല്ലാവരും ഒന്നുപോലെ സമ്മതിച്ചിട്ടുള്ളതുകൊണ്ടു അതിനെയാണ് ഇവിടെ പ്രത്യേകമായി എടുക്കുന്നത്. അതിനാൽ ഞാൻ പ്രമേയത്തെ വോട്ടിനിടുന്നതിനു ഹാജരാക്കുന്നു.

അദ്ധ്യക്ഷൻ: ഈ വിഷയത്തിൽ ഗവൺമെന്റിന്റെ നിലയെപ്പററിയുള്ള സാമാന്യമായ അറിവു നല്കുന്നതിനു വാദപ്രതിവാദം അവസാനിപ്പിക്കുന്നതിനല്ലാ ഞാൻ ആഗ്രഹിക്കുന്നത്. ശരിപ്രകാരമാകുന്നു. ഡയറക്ടർതന്നെ അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ സൂചിപ്പിക്കയുണ്ടായപോലെ, ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതി ഉത്തമമല്ലെന്നുള്ള അസുഖമായ ഒരു ചിന്ത ജനസാമാന്യത്തെക്കാൾ ഒട്ടും കുറവില്ലാതെ ഗവൺമെന്റിനുമുണ്ട്. കൂടുതലായി അടുത്തകൊല്ലത്തെ വിദ്യാഭ്യാസാവശ്യത്തിനുവേണ്ടി ൫ ം ലക്ഷം രൂപാ വരുന്ന ഒരു വലിയതുക ആവശ്യമുണ്ടെന്നു കമ്മിററി വാദത്തിൽ കൌൺസിൽ മുമ്പാകെ ഹാജരാക്കിയപ്പോൾ, ഇതു ഈ സഭയുടെ വലിപ്പം കൌൺസിലിന്റെയും തിരുവിതാംകൂർ ജനസാമാന്യത്തിന്റെയും ഗാഢമായ ശ്രദ്ധയ്ക്കു ഉടൻതന്നെ വിഷയീഭവിക്കുമെന്നും, വർത്തമാനപ്പത്രങ്ങളിലും ഇവിടെ വാദമദ്ധ്യേ മെമ്പറന്മാരുടെ പ്രസംഗങ്ങളിലും അവരവരുടെ അഭിപ്രായഗതികളനുസരിച്ചു പ്രത്യേകമായ ലക്ഷ്യങ്ങളും അഭിപ്രായങ്ങളും കൊണ്ടുവരുമെന്നും ഞാൻ ബലമായി വിചാരിച്ചു. അപ്രകാരമുള്ള അഭിപ്രായങ്ങൾ വെളിവാകുമല്ലോ എന്നുള്ള ആശയോടുകൂടിയാണ് വളരെ ശ്രദ്ധാപൂർവ്വം ഇന്നത്തെ വാദം ഞാൻ കേൾക്കുകയുണ്ടായത്. എന്നാൽ നിർഭാഗ്യവശാൽ നിശ്ചിതപദ്ധതികളെപ്പററിയുള്ള സൂചനകൾ കൊണ്ടുവന്നിട്ടുള്ളതായി അധികമൊന്നും എനിക്കു കാണ്മാൻ കഴിഞ്ഞില്ല. അതു വിഷയത്തിന്റെ സ്വഭാവംകൊണ്ടാണെന്നുള്ളതിനും സംശയമില്ല. ബഡ്ജററ്വാദത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്വല്പസമയത്തിനുള്ളിൽ പരാമർശിക്കപ്പെടുവാൻ അസാദ്ധ്യമാകുംവണ്ണം അതു അത്ര വിസ്തൃതവും വ്യാപകവും ഒരുവേള വലിയ പരിവർത്തനങ്ങൾക്കുതന്നെ ഇടയാകുന്നതും ആയ ഒന്നാകുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും വളരെ വ്യക്തമായ ചില സൂചനകളും ഇല്ലെന്നില്ല. കഴിഞ്ഞ രണ്ടുകൊല്ലത്തെ സംഭവങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചതിനുശേഷം വിദ്യാഭ്യാസപദ്ധതിയെ, മിസ്റ്റർ ഏ. കെ. പിള്ള പറയുന്നപോലെ, അടിമുതൽ മുടിവരെ ഉടച്ചുവാർക്കേണ്ടതുണ്ടെന്നു ഗവൺമെന്റിനു പൂർണ്ണമായി മനസ്സിലായിട്ടുണ്ടെന്നും, അക്കാര്യം കാലതാമസമെന്യേ ചിന്തിക്കുന്നതാണെന്നും ഗവൺമെന്റുഭാഗത്തേക്കുവേണ്ടി ഞാൻ ഉറപ്പുപറയുന്നു.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സഭയുടെ നിശ്ചയം രേഖപ്പെടുത്തുന്നതു ഏറെ നന്നായിരിക്കയില്ലേ?

അദ്ധ്യക്ഷൻ: എന്തിനെപ്പററി?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ പ്രമേയത്തെ ഗവൺമെന്റു സമ്മതിച്ചു എന്ന സംഗതിയെപ്പററി.

അദ്ധ്യക്ഷൻ: സഭയുടെ വോട്ടിനിടത്തക്കവണ്ണം നിശ്ചിതമായി യാതൊന്നും ഞാൻ ഉപക്ഷേപത്തിൽ കാണുകയുണ്ടായില്ല.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): പറയുന്നതെന്തെന്നു എനിക്കു മനസ്സിലാകുന്നില്ല.

അദ്ധ്യക്ഷൻ: പല വിഷയങ്ങളേയും വിവരിച്ചുള്ള നിങ്ങളുടെ പ്രസംഗത്തിൽ നിശ്ചിതമായി യാതൊന്നും പറയുന്നില്ലെന്നാണ് ഞാൻ പറയുന്നത്.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): നമ്മുടെ വിദ്യാഭ്യാസത്തിലുള്ള ന്യൂനതകൾ തീർത്തു അതിനെ പരിഷ്കരിക്കേണ്ടതാവശ്യമാണെന്നു ഞാനതിനെ വ്യക്തപ്പെടുത്തുന്നു.

അദ്ധ്യക്ഷൻ: അതു വ്യക്തമായ ഒരു അഭിപ്രായംതന്നെ.

മി: കെ. കെ. തോമസ് (കോട്ടയം): അതു ഗവൺമെന്റു സമ്മതിച്ചു.

അദ്ധ്യക്ഷൻ: അതേ ഇനി നിങ്ങൾ പ്രമേയത്തെ ഹാജരാക്കാൻ ആശിക്കുന്നോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല. ഞാൻ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിപ്രകാരം പ്രമേയം പിൻവലിച്ചു.

ഉപക്ഷേപം ൪൯.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-മേവികുളം): സർ, താഴെപറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

രൻ, ഡയറക്ഷൻ ഇനത്തിലേക്കുള്ള ൧൫൯൨൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ഒട്ടുംതന്നെ തൃപ്തികരമല്ലെന്ന മുൻപ്രമേയത്തെ കുറിച്ചുള്ള വാദത്തിനിടയിൽതന്നെ പ്രതിവാദിക്കയുണ്ടായി. ഈ നില ഗവണ്മെന്റും ഒരു പ്രകാരത്തിൽ സമ്മതിക്കുന്നുണ്ട്. അതുകൊണ്ട് ഇപ്പോഴത്തെ രീതിയിലുള്ള ദോഷങ്ങളെപ്പറ്റി അധികമൊന്നും വിവരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ കഴിഞ്ഞ പ്രമേയത്തെക്കുറിച്ചുള്ള വാദത്തിനിടയിൽ നിർമ്മാണകാര്യപദ്ധതിയെപ്പറ്റി യാതൊന്നുംതന്നെ പ്രസ്താവിക്കയുണ്ടായില്ല. നമുക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പത്തുമിനിട്ട സമയത്തിനുള്ളിൽ കാര്യപദ്ധതിയെ കുറിച്ച് പ്രതിപാദിക്കാൻ സാധിയാത്തതുകൊണ്ടും അത് അത്ര വിപുലമായ ഒരു വിഷയമാണെന്നുള്ളതുകൊണ്ടും ഞാൻ പൂർണ്ണമായി സമ്മതിക്കുന്നുണ്ട്. അതിനാൽ, ഗവണ്മെന്റിന്റെ ശ്രദ്ധപതിയേണ്ട സാമാന്യ മാർഗ്ഗങ്ങളെപ്പറ്റി ഞാൻ സൂചിപ്പിക്കാം. ഇപ്പോൾ ഡയറക്ടർ മൂന്നുമാതിരി ജോലികളിലാണ ഉൾപ്പെട്ടിരിക്കുന്നത്. ഒന്ന് വിദ്യാഭ്യാസനയങ്ങളെ ക്രമീകരിക്ക, രണ്ട് വിദ്യാഭ്യാസഭരണം, മൂന്ന് പരിശോധനാകൃത്യം. മുമ്പത്തെ പ്രമേയത്തെ കുറിച്ചുള്ള വിചാരണയ്ക്കിടയിൽതന്നെ ഡയറക്ടരുടെ പരിശോധനാകൃത്യം ആവശ്യത്തിലധികമാണെന്ന ഞാൻ ചൂണ്ടിക്കാണിക്കയുണ്ടായി. പരിശോധനയ്ക്കു പട്ടവളരെ ഇൻസ്പെക്ടറന്മാരും, അസിസ്റ്റന്റ് ഇൻസ്പെക്ടറന്മാരും ഉണ്ട്. ഇത്രവളരെ തരത്തിലുള്ള പരിശോധന ഉദ്യോഗസ്ഥന്മാരെ ലാൻഡ്റവന്യൂ, എക്സൈസ്, പോലീസ് എന്നല്ലാ മറ്റൊരു തുറയിലും നാം കാണുന്നില്ല.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ബ്രിട്ടീഷ്ഇൻഡ്യയിലും മറ്റെല്ലായിടത്തും ഇതുക്ക് ഇവിടെയുള്ളപോലെ ഇൻസ്പെക്ടറന്മാർ ഉണ്ടെന്ന സംഗതി ഞാൻ മെമ്പറെ അറിയിച്ചുകൊള്ളട്ടെ.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ബ്രിട്ടീഷ്ഇൻഡ്യയിലെ കാര്യങ്ങളെപ്പറ്റിയല്ല ഞാൻ പറയുന്നത്. തിരുവിതാംകൂറിലെ മറ്റു ഡിപ്പാർട്ടുമെന്റുകളുമായി, ഈ ഡിപ്പാർട്ടുമെന്റിലെ പരിശോധനാ ഉദ്യോഗസ്ഥന്മാരെ ഞാൻ താരതമ്യവിവേചനം ചെയ്യുകയാകുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ പല പടികളിലായി ഒട്ടധികം പരിശോധനാ ഉദ്യോഗസ്ഥന്മാരുണ്ട്. അതിനാൽ ഡയറക്ടർതന്നെ പരിശോധനാ ഉദ്യോഗസ്ഥന്മാരുടെ ജോലി നിർവഹിക്കേണ്ടതായി സാധാരണ വരുന്നതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഉദ്ദേശം നൂറു വിദ്യാലയങ്ങൾ വരെ പരിശോധിക്കപ്പെടാതെ വിട്ടിട്ടുണ്ടെന്ന സംഗതി മെമ്പർക്ക് അറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അതാണ് ഞാൻ പറയുന്നത്. ഇൻസ്പെക്ടറന്മാർ അവരുടെ കൃത്യം ശരിയായി നിർവ്വഹിക്കാതിരുന്നെങ്കിൽ അവരെ മാറ്റിക്കളയുക. ഇപ്പോഴുള്ള ഇൻസ്പെക്ടറന്മാരുടെ സംഖ്യ വിദ്യാലയകാര്യങ്ങളുടെ മേൽനോട്ടം നടത്തുന്നതിനു മതിയാകുന്നില്ലെന്നുണ്ടെങ്കിൽ, കൂടുതലായി ആളുകളെ നിയമിക്കണം. ഞാൻ പറയുന്നതിന്റെ ചുരുക്കം ഇൻസ്പെക്ടറന്മാരുടെ ജോലിയെ ഒതുക്കനാക്കി പരിശോധിക്കുവാനായി ഡയറക്ടർതന്നെ അവിടെയും ഇവിടെയും ഓടിനടക്കേണ്ടയെന്നാണ്. ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെന്റിൽ, ഒരു ഡിവിഷൻ ഒട്ടുക്കുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്ന ദിവാൻപേഷ്കാരന്മാർക്കു മുകളിലായി ലാൻഡ്റവന്യൂകമ്മീഷണർ മാത്രമേയുള്ളു. അദ്ദേഹത്തിനുമുകളിലായി ആരുംതന്നെയില്ല. എന്നാൽ വിദ്യാഭ്യാസവകുപ്പിലാകട്ടെ, അസിസ്റ്റന്റ ഇൻസ്പെക്ടറന്മാരുണ്ട്, അവരുടെ ജോലിയെ മേൽനോട്ടം വഹിക്കുവാൻ ചീഫ് ഇൻസ്പെക്ടർ ഉണ്ട്. ആ സ്ഥിതിയ്ക്കു ചീഫ്ഇൻസ്പെക്ടരെ പരിശോധിക്കാൻ ഒരു ഡയറക്ടർ എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. സമർത്ഥനും പ്രാപ്തിയുമുള്ളവനും ആയ ഒരു ചീഫ്ഇൻസ്പെക്ടരെ നിയമിക്കുകയും പരിശോധനാകൃത്യം പൂർണ്ണമായി അദ്ദേഹത്തിന്റെ കയ്യിൽ ഏല്പിച്ച് ഡയറക്ടർക്ക് പരിശോധനാജോലിയിൽ നിന്നും ഒഴിയുകയും ചെയ്യാമെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദിവാൻ വിദ്യാലയങ്ങൾ പരിശോധിക്കുന്നതിനെ മെമ്പർ വിരോധിക്കുന്നോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ആവശ്യമുള്ള സന്ദർഭങ്ങളിൽ ദിവാനോ മറ്റൊ ഏതെങ്കിലും ഉദ്യോഗസ്ഥനോ സ്കൂളുകൾ പരിശോധിച്ചുകൊള്ളട്ടെ. ആവശ്യമുണ്ടാകുമ്പോഴെല്ലാം എല്ലാഡിപ്പാർട്ടുമെന്റു സംബന്ധമായും സ്ഥലപരിശോധനകൾ നടത്തുന്നതിനു ദിവാന് അവകാശമുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ചീഫ്ഇൻചിനീയർ സ്കൂളുകൾ പരിശോധിക്കണമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ആവശ്യമുള്ള സന്ദർഭങ്ങളിൽ അദ്ദേഹത്തിനു പരിശോധിക്കാം.

പരിശോധനാകൃത്യത്തിനു വേണ്ടി ചീഫ്ഇൻസ്പെക്ടർക്കു മുകളിൽ ഒരാൾ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യമെന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. ഡയറക്ടരെ പരിശോധനാകൃത്യത്തിൽനിന്നും ഒഴിവാക്കുന്നപക്ഷം അദ്ദേഹത്തിന്റെ ജോലിക്കു ഗണ്യമായ കുറവുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം, നെടുമങ്ങാട്): ചീഫ്ഇൻസ്പെക്ടരുടെ ജോലി മേൽനോട്ടത്തിൻകീഴിൽ ആയിരിക്കാൻ പാടില്ലെന്നാണോ നിങ്ങൾ പറയുന്നത് അല്ലേ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): പ്രത്യേക സന്ദർഭങ്ങളിൽ ഗവണ്മെന്റോ ഡയറക്ടരോ അദ്ദേഹത്തിന്റെ ജോലി പരിശോധിക്കാം. എന്നാൽ സാധാരണ സന്ദർഭങ്ങളിൽ, അതായത് ഒരു സ്കൂൾകെട്ടിടം ഇരുകുട്ടികൾക്ക ഉപയോഗപ്പെടുത്തുവാൻ കൊള്ളാം എന്നും മറ്റും നിശ്ചയിക്കേണ്ടിവരുമ്പോൾ ഡയറക്ടരുടെ പരിശോധന ആവശ്യമില്ല. ഡയറക്ടർ ഇപ്പോൾ നിർവഹിച്ചുവരുന്ന ജോലികളിൽ ഏറ്റവും പ്രധാനപ്പെട്ടതും നിയമിതമായ ഭരണകൃത്യമാകുന്നു. ആഫീസു സംബന്ധമായ നിയമിതജോലികൾ നിമിത്തം ഡയറക്ടർക്ക് അധികം സഞ്ചരിക്കുവാൻ സാധിക്കുന്നില്ലെന്ന അദ്ദേഹംതന്നെ ആവലാതിപ്പെടുന്നുണ്ട്. അപ്രകാരമുള്ള ആഫീസു ജോലി ആഫീസുകാര്യങ്ങളിൽ പരിചയമുള്ള ഒരു

തരം ഉദ്യോഗസ്ഥനെക്കൊണ്ടു വളരെ ഭംഗിയായി നടത്തുവാൻ കഴിയുന്നതാണ്. അയതിലേക്കുവേണ്ടി ഇപ്രകാരം ഉയർന്നശമ്പളമുള്ള ഒരു ഉദ്യോഗസ്ഥൻ ആവശ്യമില്ല. ഡയറക്ടർ പ്രധാനമായി ശ്രദ്ധിക്കേണ്ടജോലി വിദ്യാഭ്യാസനയത്തെ ഡയറക്ടർ ചെയ്യേണ്ടതാണ്. അതായിരിക്കണം അദ്ദേഹത്തിന്റെ പ്രധാനജോലി. എന്നാൽ ഇപ്പോഴത്തെ നിലക്ക്, അതു ഒരുവ്യക്തിയെ—രാജ്യത്തെ നാട്ടുഭാഷകളുമായി പരിചയമില്ലാത്ത ഒരു ആളെ ഭരമേല്പിക്കുന്നതു യുക്തമായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഈ സംസ്ഥാനത്തിൽ വിദ്യാഭ്യാസ ജോലി അധികഭാഗവും പ്രൈവറ്റ് ഏജൻസികളാണ് നടത്തുന്നതു്. ഇക്കാര്യത്തിൽ അവർ ഗവണ്മെന്റിനേക്കാൾ ഗണ്യമായ ഒരു സഹായമാണു ചെയ്യുന്നതു്. കാര്യങ്ങളുടെ സ്ഥിതിഗതികൾ അപ്രകാരമിരിക്കുന്നതുകൊണ്ടു, സംസ്ഥാനത്തെ വിദ്യാഭ്യാസനയരൂപീകരണത്തിൽ അവർക്കും ഒരു സ്ഥാനം ഉണ്ടായിരിക്കേണ്ടതു ആവശ്യമാണ്. അതുകൊണ്ടു ഒരു വ്യക്തിയുടെ സ്ഥാനത്തു, ഗവണ്മെന്റു പ്രതിനിധികളും, പ്രൈവറ്റ് സ്ഥാപനങ്ങളുടേയും ബോഡികളുടേയും പ്രതിനിധികളും ഉൾപ്പെട്ട ഒരു ബോർഡ് നിയമിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അപ്രകാരം ഒരു ബോർഡ് ഏർപ്പെടുത്തുന്നതായാൽ പ്രൈവറ്റ് സ്ഥാപനങ്ങളുടേയും ജനസാമാന്യത്തിന്റെയും അഭിപ്രായഗതികൾ മനസ്സിലാക്കുന്നതിനും ഗവണ്മെന്റിനു സാധിക്കുന്നതാണ്. അങ്ങിനെയില്ലാത്തപക്ഷം കീഴുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിൻ പ്രകാരം നടത്തപ്പെടാൻ പലപ്പോഴും ഡയറക്ടർ പ്രേരിതനാകും. ഉദാഹരണമായി, ഏററവും പ്രധാനപ്പെട്ട ഡബിൾഷിഫ്ററ് സിസ്റ്റത്തിന്റെ വിഷയത്തിൽ, ഇൻസ്പെക്ടരുടെ റിപ്പോർട്ട് എനിക്കു തികച്ചും തൃപ്തികരമായി ബോദ്ധ്യപ്പെട്ടു എന്നു ഡയറക്ടർ പറയുകയുണ്ടായി. ഒരു ബോർഡ് ഉണ്ടായിരുന്നുവെങ്കിൽ, പ്രസ്തുതസിസ്റ്റം തൃപ്തികരമായി നടക്കുന്നുണ്ടോ എന്നും, ജനങ്ങൾ അതിനെ ആഗ്രഹിക്കുന്നുണ്ടോ എന്നും അദ്ദേഹം അറിയുമായിരുന്നു. അതുകൊണ്ടു വിദ്യാഭ്യാസനയനിർവഹണാർത്ഥം, കൃഷിഡയറക്ടർ, വ്യവസായഡയറക്ടർ, വിദ്യാഭ്യാസഡയറക്ടർ ഇത്യാദിയായ ഉദ്യോഗസ്ഥന്മാരും, പ്രൈവറ്റ് വിദ്യാലയങ്ങളുടേയും ജനസാമാന്യത്തിന്റെയും പ്രതിനിധികളുമായ ഏതാനും അനുദ്യോഗസ്ഥന്മാരും ഉൾപ്പെട്ട ഒരു ബോർഡ് ഏർപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസം പ്രായോഗികമല്ലെന്നുള്ളതാണ് അതിനെക്കുറിച്ചുള്ള പ്രധാനപരാതി. അതുകൊണ്ടാണു കൃഷിഡയറക്ടരുടേയും, വ്യവസായ ഡയറക്ടരുടേയും സേവനങ്ങൾ കൂടി ഞാൻ ചേർത്തു സൂചിപ്പിച്ചതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്). അതൊരു ഉപദേശകസംഘമായിട്ടാണോ ഇരിക്കേണ്ടതു്?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). സംസ്ഥാനത്തെ വിദ്യാഭ്യാസനയനിർവഹണത്തിനായുള്ള ഒരു ബോർഡെന്നാണു ഞാൻ അർത്ഥമാക്കുന്നതു്. വിദ്യാഭ്യാസകാര്യങ്ങളിൽ പരിചയം സിദ്ധിച്ചിട്ടുള്ള ഒരാളും ഉണ്ടായിരിക്കണം. പ്രത്യേകമായി ആരെയുംകുറിച്ചു ഞാനിപ്പോൾ പറയുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). എനിക്കു ഒരു സംശയനിവൃത്തിവരുത്തുവാനുണ്ട്. വിദ്യാഭ്യാസഡയറക്ടരും അദ്ദേഹത്തിനുമുകളിലായി ഡയറക്ടിംഗ് ബോർഡും വേണമെന്നാണോ?

മി: കെ. ഐ. ജോസഫ് (ദേവികുളം മീനച്ചൽ). വിദ്യാഭ്യാസപരമായ സകല കാര്യങ്ങളേയുംപററി ചിന്തിക്കുന്നതിന് ഒരു എഡ്യൂക്കേഷൻ ബോർഡു് ഉണ്ടായിരിക്കണമെന്നാണു ഞാൻ പറയുന്നതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ഡയറക്ടരെ അപ്പടി ദൂരീകരിക്കപ്പെടണമെന്നു മെമ്പർ അഭിപ്രായപ്പെടുന്നോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). ഡയറക്ടരുടെജോലി മുന്നായി വിഭജിക്കപ്പെടാമെന്നു ഞാൻ പറയുന്നു. ഒരു ഭാഗം ചീഫ് ഇൻസ്പെക്ടരേയും ഒന്നു ആഫീസ്മാനേജരേയും മറെറാന്നു ഡയറക്ടറന്മാരുടെ ഒരു സംഘത്തേയും ഏല്പിക്കാം. ഞാൻ അഭിപ്രായപ്പെടുന്നതു ഇത്രമാത്രമാണ്. എപ്രകാരമായാലും, പ്രസ്തുതപദ്ധതിയെപ്പററി വിസ്തൃതമായി ചിന്തിക്കുവാൻ ഏതാനും മിനിട്ടുകൾ കൊണ്ടു നിവൃത്തിയില്ലാത്തതിനാൽ സാമാന്യരീതിയിൽമാത്രമാണ് ഈവക സംഗതികളെപ്പററി ഞാൻ സൂചിപ്പിച്ചിട്ടുള്ളതെന്നുംകൂടി പ്രസ്താവിച്ചുകൊള്ളുന്നു. വിദ്യാഭ്യാസപരമായ എല്ലാകാര്യങ്ങളേയുംപററി ആലോചിക്കുന്നതിനു ഗവണ്മെന്റിൽനിന്നും നിപുണന്മാരായ ആളുകളുടെ ഒരു യോഗം വിളിച്ചുകൂട്ടി അവരുടെ അഭിപ്രായം എന്താണെന്നു അന്വേഷിക്കണമെന്നാണ് ഞാൻ പറയുന്നതു്. അല്ലാത്തപക്ഷം ഈവകസംഗതികളെപ്പററി അന്വേഷണം ചെയ്വാൻ ഒരു കമ്മിററിയെ ഏർപ്പെടുത്താം. കമ്മിററിയുടെ കോൺഫറൻസ് കഴിയുന്നത്രവേഗം, അതായതു മൂന്നുമാസം എന്നതിന്നകം നടക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല). ഡയറക്ടരുടെ ഭരണസംബന്ധമായ ജോലിയെക്കുറിച്ചു മെമ്പറിന്റെ അഭിപ്രായം വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് ജോലി മുഴുവൻ ഒരു ആഫീസ് മാനേജരേയോ സെക്രട്ടറിയേയോ ഏല്പിക്കാമെന്നാണോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). പേരു നിങ്ങൾക്കു ഇഷ്ടപ്പെടുന്ന എന്തെങ്കിലും കൊടുത്തുകൊള്ളാം. ഭരണസംബന്ധമായ കാര്യങ്ങൾ ഒരു മാനേജരേയോ അപ്രകാരമുള്ള മറെറാരെങ്കിലും ഉദ്യോഗസ്ഥനേയോ ഏല്പിക്കാമെന്നാണ് ഞാൻ പറയുന്നതിന്റെ സാരം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല). സിക്രട്ടറിക്ക് ഇൻസ്പെക്ടറന്മാരേയും, കാളേജ് പ്രിൻസിപ്പാളന്മാരേയും മേൽ അധികാരം പ്രയോഗിക്കേണ്ടതായി വരുമെന്നു എനിക്കു തോന്നുന്നില്ലേ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം) പരിശോധനജോലിയെപ്പററി ശ്രദ്ധിക്കുന്നതിനു ഇൻസ്പെക്ടർ ഉണ്ടു. നിയമിതഭരണകാര്യങ്ങൾ മാത്രമേ സെക്രട്ടറിക്കു നോക്കേണ്ടതുള്ളു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) അതിനിടയ്ക്കു്, എന്തെങ്കിലും സംബന്ധമായ കാര്യങ്ങളിൽ അധികാരം പ്രയോഗിക്കേണ്ടതായി വരികയില്ലേ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ഗവണ്മെന്റിന്റെ മേൽനോട്ടത്തിൽ കീഴിൽ നിശ്ചയമായും അയാൾക്കു അധികാരം ഉണ്ടായിരിക്കാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) ഈ ഉദ്യോഗസ്ഥന്റെ നിലയും ശമ്പളനിരക്കും എന്തായിരിക്കണമെന്നു മെമ്പർ പറയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): സാധാരണ ഒരു സെക്രട്ടറിയുടെ നിലയും ശമ്പളവും ആയിരിക്കണം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യാഭ്യാസപരമായ കാര്യങ്ങളെപ്പററി നോക്കുന്നതിനു മുമ്പേതന്നെ സെക്രട്ടറിയേററിൽ ഒരു സെക്രട്ടറിയുണ്ടെന്നുള്ള സംഗതി മെമ്പർക്ക് അറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): അദ്ദേഹത്തെത്തന്നെ പ്രസ്തുത ജോലി ഏല്പിക്കുന്നതുകൊണ്ടു വിരോധമില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ജോലി ആ സെക്രട്ടറിയെ ഏല്പിക്കുന്നതുകൊണ്ടു മെമ്പർ തൃപ്തിപ്പെടുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ധാരാളം ധാരാളം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരുടെമേൽ അധികാരം വഹിക്കുവാൻ അദ്ദേഹം പ്രാപ്തനാണോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഇപ്പോൾ ആഫീസിൽ ഇരിക്കുന്ന ആളോ പ്രാപ്തനല്ലെങ്കിൽ വേറെ സമർത്ഥനായ ഒരാളെ നിയമിക്കാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ വ്യക്തിയെപ്പററിയല്ല പറയുന്നത് ആഫീസിനെപ്പററിയാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): സ്പഷ്ടമായ പരിചയം സിദ്ധിച്ചിട്ടുള്ള ഒരാളെ വേണം ആ ജോലിയിൽ ഏർപ്പെടുത്തുവാൻ എന്നു ഞാൻ ആദ്യമായിത്തന്നെ പറഞ്ഞുകഴിഞ്ഞു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): താഴ്ന്നനിലയിലുള്ള ഉദ്യോഗസ്ഥനാൽ നിയന്ത്രിക്കപ്പെടണം എന്നു അദ്ദേഹത്തിൻെറ അഭിപ്രായം മിസ്റ്റർ ജോസഫ് തന്നെ ഇഷ്ടപ്പെടുന്നുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): എനിക്കു ചോദ്യം മനസ്സിലാകുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹത്തെക്കാൾ സ്ഥാനംകുറഞ്ഞ ഒരാളാൽ നിയന്ത്രിക്കപ്പെടണമെന്ന അഭിപ്രായം അദ്ദേഹംതന്നെ അതുപോലെയുള്ള ഒരു സ്ഥാനത്തു നില്ക്കുമ്പോൾ അദ്ദേഹത്തിനു ഇഷ്ടമായിരിക്കുമോ എന്നാണ് എൻെറ ചോദ്യം.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഒരു വിദ്യാലയത്തിൻെറ മാനേജ്മെൻറ് സംബന്ധമായ കഷ്ടങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്ന ഒരാളാണ് ഞാനെന്നു വിചാരിക്കുക. ആനിലയിൽ സെക്രട്ടറിയുടെ തീരുമാനങ്ങൾ അനുസരിച്ചു പ്രവർത്തിക്കുവാൻ ഞാനേറെയും സന്തോഷമുള്ളവനായിരിക്കും.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു മാനേജരെ സംബന്ധിച്ചുള്ള ഒരു വിഷയമല്ലാ ഇൻസ്പെക്ടർമാരെയും കാളേജ് പ്രിൻസിപ്പാളന്മാരെയും കുറിച്ചുള്ളതാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ ഉത്തരവുകൾ അനുസരിച്ചു സെക്രട്ടറി ജോലി ചെയ്യേണ്ടതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കടലാസിൽ ഒപ്പുവയ്ക്കുന്ന കാര്യംമാത്രമല്ല അതെന്നു മെമ്പറിനു അറിവുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): അതു കേവലം ഡിപ്പാർട്ടുമെൻറുഭരണകാര്യമാണെന്നത്രേ ഞാൻ പറയുന്നത്.

മി: സി. പി. തോമസ് (നിയമിതസാമാജികൻ): സെക്രട്ടറിബോർഡിൻെറ കീഴിലായിരിക്കണമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): അദ്ദേഹം ഗവണ്മെൻറിൻെറ നേരിട്ടുള്ള അധികാരത്തിൻകീഴായിരിക്കണം. ഇക്കാര്യങ്ങളെപ്പററി സാമാന്യരീതിയിൽ മാത്രമേ ഞാൻ പ്രസ്താവിക്കുന്നുള്ളുവെന്ന് ആദ്യംതന്നെ പറയുകയുണ്ടായി. ഞാൻ പറയുന്നതിൻെറ സാരം ഈവക കാര്യങ്ങളെപ്പററി ചിന്തിക്കുന്നതിനു ഒരു കാൺഫറൻസു വിളിച്ചുകൂട്ടുകയോ ഒരു കമ്മററിയെ ഏർപ്പെടുത്തുകയോ ചെയ്യണമെന്നാണ്. അവ വേണം പാസാക്കണമെന്നും എൻെറ അഭിപ്രായങ്ങളെ അതേപടിതന്നെ സ്വീകരിക്കണമെന്നു ഞാൻ പറയുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ അഭിപ്രായപ്പെട്ട ഈ പദ്ധതിയിൽ ബോർഡിൻെറ ആലോചനകളെ ശരിയായവിധം അന്വേഷിക്കുന്നുണ്ടോ എന്നു ആരാണ് പരിശോധിക്കേണ്ടതെന്നു ഒരു സംശയം തോന്നുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ചീഫ് ഇൻസ്പെക്ടർ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്പോൾ, ഒരു പുതിയ ആഫീസ് ഉണ്ടാക്കണം.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഇന്നത്തെ ഇൻസ്പെക്ടർമാരിൽ ഒരാളെ ചീഫ് ഇൻസ്പെക്ടറാക്കാം. എനിക്കു അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ പ്രധാനപ്പെട്ട പല സംഗതികളെയും ഞാൻ സ്പർശിക്കമാത്രം ചെയ്തിട്ടുള്ളു. അപ്രധാനമായി എനിക്കു പറയാനുള്ളത് ഒരു കാൺഫറൻസു കൂട്ടിയോ ഒരു കമ്മിററി ഏർപ്പെടുത്തിയോ ഈവകകാര്യങ്ങളെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തണമെന്നാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ പ്രമേയത്തെ പിൻതാങ്ങുന്നതോടുകൂടി വർണ്ണാക്യുലർ സ്കൂൾ ചീഫ് ഇൻസ്പെക്ടരുടെ അഴിമതികളെ ഗവണ്മെൻറിൻെറയും പൊതുജനങ്ങളുടെയും ശ്രദ്ധയിൽ വിശേഷിച്ചു പ്രസ്താവിപ്പിക്കുന്നതിനു ഈ അവസരത്തെ ഉപയോഗിക്കുവാൻ ഞാനുദ്ദേശിക്കുന്നു. സർ,—

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ആ കാര്യം ഡയറക്ഷനിൽ ഉൾപ്പെടുന്നുണ്ടോ എന്നു അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എൻെറ സ്നേഹിതൻ ഇതിനെ വിരോധിക്കുന്നതെന്തുകൊണ്ടാണെന്നു അറിവാൻ ഞാനാശിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ അതൃപ്തികരമായ ഭരണനിലകളെപ്പററി വാദിക്കണമെന്നുള്ള ആശയത്തോടുകൂടിയാണ് ഈ പ്രമേയം എന്നു അതിൽ വിവരിച്ചിട്ടുള്ളതുകൊണ്ടു ഞാൻ നിയമത്തിൽനിന്നു ഒട്ടുംതന്നെ വ്യതിചലിച്ചിട്ടില്ല

മി: വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): ആയതിലേക്കുവേണ്ടി മിസ്റ്റർ നീലകണ്ഠപ്പിള്ളതന്നെ സമർപ്പിച്ചിട്ടുള്ള ഒരു പ്രത്യേക പ്രമേയം ഉണ്ട്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) അതു അവതരിപ്പിക്കുന്നതിനോ അവതരിപ്പിക്കാതിരിക്കുന്നതിനോ ഉള്ള അവകാശം എനിക്കാണ് സ്ഥിതിചെയ്യുന്നതു് സർ, എനിക്ക് എപ്പോൾവേണമെങ്കിലും സംസാരിക്കാം. ആ പ്രത്യേകപ്രമേയം അവതരിപ്പിക്കുന്നതിനു എന്നെ നിർബന്ധിക്കാൻപാടില്ല.

അദ്ധ്യക്ഷൻ (മറേറ ഉപക്ഷേപത്തിന്റെ നമ്പർ എത്രയാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) അതു മൂന്നാം നമ്പർ ഉപക്ഷേപമാണ് സർ, അതു ഇന്നത്തെ വാദത്തിൽ വരിക പതിവില്ലായിരിക്കാം. (ചിരി)

അദ്ധ്യക്ഷൻ: മാന്യമെംബർ എന്താണ് പറയുന്നതെന്ന് ഗ്രഹിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) ഡിപ്പാർട്ടുമെന്റിന്റെ ഭരണസംബന്ധമായ കാര്യങ്ങളെപ്പററി ചിന്തിക്കുന്നതിനു എന്റെ സ്നേഹിതൻ ആവശ്യപ്പെട്ടെന്നെങ്കിൽ ഡിപ്പാർട്ടുമെന്റിലെ ചില ഉദ്യോഗസ്ഥന്മാരുടെ മേൽ ഭരണാധികാരത്തിനു ന്യൂനതയുണ്ടെന്നു പറയുന്നതിൽ നിന്നും എന്നെ വിരോധിക്കുന്നതു് എന്തു സംഗതിയാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: കല്ലാലം പരമേശ്വരൻപ്പിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) വാദത്തിലിരിക്കുന്ന പ്രമേയം ഡയറക്ഷനു കൊടുക്കുന്ന ഗ്രാന്റിനെ സംബന്ധിച്ചുള്ളതാണ്. ഇൻസ്പെക്ടർ, ഡയറക്ഷന്റെ കീഴിലല്ല, കൺട്രോളിംഗ് ഏജൻസികളുടെ കൂട്ടത്തിലാണ് ഉൾപ്പെടുന്നതെന്നു കാണുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) ഞാൻ പറയാനുദ്ദേശിക്കുന്നതെന്തെന്നാൽ, ശരിയായ ഡയറക്ഷൻ ഇല്ലെന്നും, ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാരുടെമേൽ ശരിയായി ഭരണാധികാരം ഇല്ലെന്നുമാണ്. ഈ രണ്ടുപ്രമേയങ്ങളെ ഒന്നിച്ചു യോജിപ്പിക്കുന്നതിനു യാതൊരു നിയമവുമില്ല. ഇന്നലെയും ഇന്നും ഉടായ്ക്കൻ ശോഷണത്തെപ്പററി വാദിക്കുകയുണ്ടായപ്പോൾ, പലപ്രകാരത്തിലുള്ള അനുചിത കാര്യങ്ങളും വാദിക്കുന്നതിനു അനുവദിക്കുകയുണ്ടായി. ഞാൻ എഴുന്നേററപ്പോൾ എന്റെ സ്നേഹിതൻ ഒരു പ്രത്യേക തടസ്സവും ഉണ്ടാക്കി. ഇതു അനുചിതമായ ഒരു കാര്യമല്ലെന്നും ഏതെങ്കിലും ഒരു തലക്കെട്ടിൽ ഇതു് ഉൾപ്പെടുന്നുണ്ടെങ്കിൽ ഇതിലല്ലാതെ മറെറാന്നിലുമല്ലെന്നും ഞാൻ പറയുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ബഡ്ജററിന്റെ 9-ാം വകുപ്പ് ഈ ഉപക്ഷേപത്താൽ കുറവുചെയ്യപ്പെടാൻ ആവശ്യപ്പെടുന്ന 1 രൂപാ ഡയറക്ഷൻ ഇനത്തിൽ വോട്ടിടുവാനുള്ള തുകയാണെന്നു കാണുന്നു. അതു കൊണ്ടു, ഈ പ്രമേയം ഡയറക്ഷൻ ഇനത്തിലുള്ള തുകയെ സംബന്ധിച്ചുള്ളതാണ്. അതിന്റെ വിവരണങ്ങൾ ബഡ്ജററിന്റെ മറെറാരുവശത്തു കാണപ്പെടും. ഇൻസ്പെക്ടർ ഡയറക്ഷൻ ഇനത്തിൽ ഉൾപ്പെടുന്നതേ ഇല്ലെന്നു ആ വശത്തു തന്നെ ബഡ്ജററിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭാഗത്തിൽ നിന്നു കാണാം.

അദ്ധ്യക്ഷൻ: ബഡ്ജററിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള തലക്കെട്ടിൽ തന്നെ പ്രമേയങ്ങൾ വരണമെന്നുള്ളതല്ലേ സഭയിലെനടപ്പ്?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) അതേ.

അദ്ധ്യക്ഷൻ: മി: കെ. പി. നീലകണ്ഠപിള്ള, പ്രമേയങ്ങൾ ബഡ്ജററിൽ നിശ്ചിതമായിരിക്കുന്ന തലക്കെട്ടിൻപ്രകാരം തന്നെ തുടരേണ്ടതാണെന്നാണ സഭയിലെ നിയമവും നടപ്പും എന്നു എന്നെ ഉപദേശിക്കുന്നു. അതു അപ്രകാരമാണെന്നു നിങ്ങൾക്കു പ്രത്യക്ഷത്തിൽ തന്നെ ബോധവുമുണ്ടല്ലോ. അതുകൊണ്ടു നിങ്ങൾ ഇപ്പോൾ ഏതുപ്രമേയത്തെപ്പററി സംസാരിക്കാൻ പോകുന്നുവോ ആ പ്രമേയം പെണ്ണുങ്ങളുടെ സ്ക്കൂൾ എഡ്യൂക്കേഷൻ എന്നപേരിൽ ഫ ൦ ബിയിൽ ഉൾപ്പെടുന്ന നിങ്ങളുടെ പ്രമേയത്തിനു പുറമേയാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) സർ, എനിക്ക് തോന്നുന്നതു മാന്യമെംബർക്കു സംഗതി വ്യക്തമായി മനസ്സിലായില്ലെന്നാണു. ഞാൻ എന്റെപ്രമേയത്തെ അവതരിപ്പിക്കുകയല്ലചെയ്യുന്നതു. ഞാൻ വാദിച്ചു ഒരു പ്രമേയത്തെ അനുകൂലിക്കുകയാണു. ഇപ്രകാരമുള്ള തടസ്സങ്ങൾ ഉണ്ടാകുന്നപക്ഷം, ഈ സഭയിൽ ഒരു മെംബറിനും യാതൊന്നും പ്രവർത്തിക്കുവാൻ സാധിക്കുന്നതല്ല.

അദ്ധ്യക്ഷൻ: ഈ സഭയിലെ നിയമങ്ങളുടേയും നടപ്പിന്റേയും സീമയ്ക്കുള്ളിൽ, മെംബറന്മാർക്കു കഴിയുന്നത്ര അവസരം നൽകുവാൻ ഞങ്ങൾ ഒരുക്കമാണ്. ഇകാര്യത്തിൽ ഉപാദ്ധ്യക്ഷനായ മി: സുബ്ബയ്യരുടെ അഭിപ്രായം അറിവാൻ ഞാനാശിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിതഉപാദ്ധ്യക്ഷൻ) പ്രമേയത്തിൽ നിന്നും ഏററവും വ്യത്യസ്തമായ ഒരു വിഷയത്തെപററി സഭയിൽ സംസാരിക്കുവാൻ മിസ്റ്റർ നീലകണ്ഠപിള്ള ആശിക്കുന്നു. അദ്ദേഹം ഒരു പ്രമേയം അവതരിപ്പിക്കുകയല്ലെന്നാണു പറയുന്നതു. അതു കൊണ്ടു പ്രസംഗം വിഷയത്തിനു ഉചിതമാണോ എന്നു ആലോചനയിലിരിക്കുന്ന സംഗതിയോടു യോചിക്കുന്നതാണോ എന്നും ആണ് ഇവിടെ നോക്കുവാനുള്ളതു്. കൺട്രോളിംഗ് ഏജൻസി എന്നു വ്യത്യസ്തമായ ഒരു തലക്കെട്ടിൽ ഉൾപ്പെടുന്ന ഒരു സംഗതി എപ്രകാരം ഇവിടെ കൊണ്ടുവരാമെന്നു എനിക്കു മനസിലാകുന്നില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) സർ, എല്ലാവരും ഈ വിഷയത്തിൽ കുഴങ്ങിയിരിക്കുന്നതായി തോന്നുന്നു. വിദ്യാഭ്യാസം ഡയറക്ടരുടെ അധീനത്തിലുള്ള ഒരു കീഴ്ഉദ്യോഗസ്ഥന്റെ പ്രവൃത്തികളിലേക്ക് ഗവണ്മെന്റിന്റെ ശ്രദ്ധയെ കൊണ്ടുവരുവാൻ ഞാനൊരുമ്പെടുമ്പോൾ, വാസ്തവത്തിൽ ഡയറക്ടർ അദ്ദേഹത്തിന്റെ കീഴിലുള്ളവരുടെ പ്രവൃത്തികളിൽ ശരിയായ മേൽനോട്ടം വഹിക്കാത്തതുകൊണ്ടു ഞാൻ അദ്ദേഹത്തെ എതിർക്കുകയാകുന്നു. അതു വിരോധിക്കുന്നതു എന്തുകൊണ്ടാണെന്നു എനിക്ക് മനസിലാകുന്നില്ല. അതുകൾ ധാരാളം തടസ്സങ്ങളും ഉണ്ടാക്കുന്നതായി ഞാൻ കാണുന്നു. ഈ അവസരത്തിൽ ഞാൻ പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നതു ഡയറക്ടർ ശരിയായമേൽനോട്ടം നടത്തുന്നില്ലെന്നാണു. അതു കൊണ്ടു ഈ പ്രമേയത്തെപ്പററി സംസാരിക്കുവാൻ എനിക്കു അവകാശമുണ്ടു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): പ്രസംഗം ആവശ്യമായിരിക്കണം.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ ജോസഫ് ഈ ഖണ്ഡനപ്രമേയം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് ഡയറക്ഷന്റെ ഗുണത്തെപ്പറ്റി വാദിക്കുവാനാണെന്നും വ്യക്തിപരമായ വാദത്തിനല്ലെന്നും അദ്ധ്യക്ഷനെ അറിയിച്ചുകൊള്ളട്ടെ ആ സംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): മിസ്റ്റർ നീലകണ്ഠപിള്ള പൂർണ്ണമായി അദ്ദേഹത്തിന്റെ അധികാരത്തിലായിരിക്കണമെന്നാണ് എനിക്കു തോന്നുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ പ്രസംഗത്തെ തടയുവാൻ അദ്ദേഹത്തിനു അവകാശമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അദ്ദേഹം ഇടപെടേണ്ടതാണെന്നു ഞാൻ പറയുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ, ദേവികുളം): ഇവിടെ ഉത്ഭൂതമായ ന്യായവിചാരത്തെപ്പററിയാണ് ഞാൻ സംസാരിക്കുന്നത്. ഇതാണ് എന്റെ നില. ഡയറക്ഷൻ നടത്തുന്നതിലുള്ള ഉദാസീനതയെപ്പററി മാത്രമാണ് മിസ്റ്റർ നീലകണ്ഠപ്പിള്ള പരാമർശിക്കുന്നതെങ്കിൽ അദ്ദേഹം സാധിഗാരനീമയ്ക്കുള്ളിൽതന്നെ ആയിരിക്കും. എന്നാൽ ഡയറക്ടർ ഈക്കാര്യത്തിൽ ഉദാസീനനായിരിക്കുന്നു എന്നു അദ്ദേഹം പറയുന്നില്ലെങ്കിൽ കീഴുദ്യോഗസ്ഥന്മാരുടെ ജോലിയെസംബന്ധിച്ചുള്ള നിസ്സാരസംഗതികളിലേക്ക് പോകുവാൻ അദ്ദേഹത്തെ അനുവദിക്കുവാൻ പാടില്ല.

അദ്ധ്യക്ഷൻ: മിസ്റ്റർ ജോസഫ് നിങ്ങൾ ഞാൻ പറവാനാരംഭിച്ചതിനെ മുൻകൂട്ടി പറയുകയായിരുന്നു. ഇക്കാര്യത്തിൽ മിസ്റ്റർ നീലകണ്ഠപ്പിള്ളയ്ക്കു ഡയറക്ടരുടെ കുററങ്ങളും കുറവുകളും മററും വാദിക്കാവുന്നതാണെന്നും എന്നാൽ ഡയറക്ടറുടെ അധികാരത്തിൻകീഴിലുള്ള വ്യക്തികളെപ്പററിയുള്ള—അതായത് ബഡ്ജററിൽ പ്രത്യേകം അങ്ങനെ നീക്കിവെക്കപ്പെട്ടിട്ടുള്ള വ്യക്തികളെപ്പററിയുള്ള—വിവരണങ്ങളിലേക്കു അദ്ദേഹം പോകാൻപാടില്ലെന്നും ഞാൻ പറവാൻ ആരംഭിക്കുകയായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ൧൧൦൭-ൽ മദ്ധ്യവേനൽ ഒഴിവുസംബന്ധിച്ചു നാട്ടുഭാഷാ വിദ്യാലയങ്ങൾ അടച്ചപ്പോൾ പിരിച്ചുവിട്ട അദ്ധ്യാപകന്മാരെ തിരികെ നിയമിക്കുവാൻ അവകാശപ്പെട്ടിരുന്നെങ്കിലും ഡിപ്പാർട്ടുമെന്റിൽ തിരികെ നിയമിക്കുകയുണ്ടായിട്ടില്ലെന്നു അവരുടെ ഇടയിൽ വലുതായ പരാതിയുള്ളതായി തോന്നുന്നു. ഗവൺമെന്റിന്റെ അനുമതിപ്രകാരമാണ് ചീഫ് ഇൻസ്പെക്ടർ എല്ലാ അങ്ങിംഗ് അദ്ധ്യാപകന്മാരേയും പിരിച്ചു വിട്ടതെന്നു ഞാനറിയുന്നു. അവരുടെ സംഖ്യയും ഗണ്യമായിരിക്കുന്നുണ്ട്. അവരിൽ പലരും സ്ഥിരം ഒഴിവുകളിലും മിക്കവരും പിന്നെയും അവസാനിച്ചിട്ടില്ലാതിരുന്ന ദീർഘമായ ഒഴിവുകളിലും ജോലിനോക്കുന്നവരായിരുന്നു. ഇപ്രകാരം പിരിച്ചുവിട്ടവരിൽ അധികംപേരേയും അവർ പകരം ജോലിനോക്കിയിട്ടുള്ള കാലത്തിന്റെ കൂടുതൽ കുറവനുസരിച്ചു വിദ്യാലയങ്ങൾ തുറക്കുമ്പോൾ നിയമിക്കുന്നതാണെന്നും പ്രസ്താവിച്ചിട്ടുണ്ടായിരുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): സംഖ്യ എന്തെന്നു അറിയിക്കാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ ഏതു ചോദ്യത്തിനും ഞാൻ മറുപടി പറയുന്നതായിരിക്കും. സ്ഥിരഒഴിവ്, ദീർഘകാലത്തെ ഒഴിവ്, ചുരുങ്ങിയകാലത്തെ ഒഴിവ് എന്നിങ്ങനെ ഒഴിവുകളുടെ ഒരു പട്ടിക തയ്യാറാക്കുവാൻ ഇൻസ്പെക്ടർക്കു സമയം കിട്ടിയാൽമാത്രം മതിയാകുമെന്നും ആ ഒഴിവുകളിൽ പകരം ജോലിനോക്കിയിട്ടുള്ള കാലത്തിന്റെ ദൈർഘ്യം അനുസരിച്ചു ആളുകളെ നിയമിക്കുന്നതാണെന്നുംകൂടി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഇതിനെപ്പററി സംസ്ഥാനത്തെ പല വർത്തമാനപ്പത്രങ്ങളും തട്ടത്തു പറയുകയുണ്ടായെങ്കിലും പൊതുജനങ്ങൾ അത്യാശയോടെ എന്താണ് ചെയ്യാൻപോകുന്നതെന്നു നോക്കിക്കൊണ്ടിരിക്കയായിരുന്നു. എന്നാൽ പള്ളിക്കൂടംതുറന്നു നിയമനങ്ങൾ നടത്തിയപ്പോൾ പല കൊല്ലത്തെ സർവീസുള്ള അനവധി ആളുകളുടെ അവകാശങ്ങളെ അവഗണിച്ച് കുറഞ്ഞകാലത്തെ സർവീസുള്ളവരും ഒട്ടുംതന്നെ സർവ്വീസിൽ പ്രവേശിച്ചിട്ടില്ലാത്തവരുമായ ആളുകളെ തെരഞ്ഞെടുത്തു നിയമിച്ചതായി കാണപ്പെട്ടു. പലഭാഗങ്ങളിലുമുള്ള ശരിയായസംഖ്യ ഇപ്പോൾ എന്റെ കൈവശമില്ല. ഇവയെപ്പററി വേണ്ട അറിവു ലഭിക്കുന്നതിനായി ഞാൻ കഴിഞ്ഞ കൌൺസിലിലും ഈ കൌൺസിലിലും ചോദ്യങ്ങൾ പുറപ്പെടുവിക്കയുണ്ടായെങ്കിലും ഇതേവരെ യാതൊരുമറുപടിയും തന്നിട്ടില്ല. ദുഃഖിതരായ ഈ ആളുകളുടെ സംഖ്യ നൂറിൽ കുറവല്ലെന്നു എനിക്കു ബലമായി പറയാമെന്നു തോന്നുന്നു. എപ്രകാരമായാലും അവരുടെസംഖ്യ നിസ്സാരമായ ഒന്നല്ല. അവകാശങ്ങളെ നിരസിക്കപ്പെട്ടവരിൽ ചിലരുടേയും പുതിയതായി നിയമിക്കപ്പെട്ട ചിലരുടേയും പേരുകൾ എന്റെ കൈവശമുണ്ട്. തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടാമെന്നു കരുതി ജീവിതത്തിന്റെ ശ്രേഷ്ഠമായ ഭാഗത്തിൽ നാലഞ്ചുകൊല്ലം ഒരു പ്രത്യാശയിൽ കഴിച്ചുകൂട്ടി ഏതുകാലം സ്ഥിരമെന്ന് ആശിക്കുവാൻതക്ക നിലയിൽ എത്തിച്ചേർന്നിരുന്ന ഇവരുടെ ദയനീയമായനിലയെപ്പററി അധികം വർണ്ണിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. അതു ഏററവും പരിതാപകരമായ ഒന്നാണെന്നുമാത്രമേ എനിക്കു പറവാൻ കഴികയുള്ളു. ഈ അനീതിമൂലം ഉണ്ടായിട്ടുള്ള ആക്ഷേപം നാടെങ്ങും പരന്നിട്ടുണ്ട്. അപ്രകാരം നവമായി നിയമിക്കപ്പെട്ടിട്ടുള്ളവരിൽ നായന്മാർ, തമിഴർ, ബ്രാഹ്മണർ, ഈഴവർ ആദിയായി എല്ലാവരും ഉൾപ്പെടുന്നുണ്ട്. അതിനാൽ ഇൻസ്പെക്ടർ സാധാരണമായ വർഗ്ഗീയപക്ഷപാതംമൂലം ഇപ്രകാരം വർത്തിച്ചുവെന്നു സൂക്ഷ്മത്തിൽ പറവാൻ ആർക്കും കഴിയുന്നതല്ല. ഈ നിയമനങ്ങളിലുള്ള അക്രമങ്ങളെ പല തലക്കെട്ടുകളിലായി ഉൾപ്പെടുത്താം. (൧) ഒരു കൊല്ലംമുതൽ നാലുകൊല്ലംവരെ പകരത്തിനു ജോലിനോക്കിയിട്ടുള്ളവരുടെ സ്ഥാനത്തു് മുമ്പു ഒട്ടുംതന്നെ ആക്ററ്ചെയ്തിട്ടില്ലാത്ത ആളുകളെ തിരഞ്ഞെടുത്തു. (൨) കൂടുതൽകാലം ജോലിനോക്കിയിട്ടുള്ളവരുടെ അവകാശങ്ങളെ അവഗണിച്ചു അല്പകാലം പകരത്തിനിരുന്നിട്ടുള്ളവരെ തിരഞ്ഞെടുക്കുകയുണ്ടായി. (൩) മിഷ്യൻസ്കൂളുകളിൽ പകരത്തിനു ജോലിനോക്കിയിട്ടുള്ളവരെ ഡിപ്പാർട്ടുമെന്റൽ സ്കൂളുകളിൽ പകരത്തിനു ജോലിനോക്കിയിട്ടുള്ളവരേക്കാൾ കൂടുതൽ പ്രത്യേകത അനുവദിച്ചു തിരഞ്ഞെടുത്തു. (൪) കൂടുതൽ പരീക്ഷായോഗ്യതയുള്ളവരുള്ളപ്പോൾ കുറഞ്ഞ പരീക്ഷായോഗ്യതയുള്ളവരെ തെരഞ്ഞെടുത്തു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): വിദ്യാഭ്യാസഡയറക്ടർ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയില്ലെന്നു മിസ്റ്റർ നീലകണ്ഠപ്പിള്ള പറയുന്നോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ആക്ഷേപത്തെപ്പററി ഗവണ്മെന്റ് അറിഞ്ഞു കാണണമെന്നു എനിക്കു നല്ല നിശ്ചയമുണ്ട്. എന്നാൽ കഠിനമായ ഈ അനീതിക്കു പരിഹാരം നടത്തുവാൻ ഗവണ്മെന്റു എന്താണു ചെയ്യുന്നതെന്നു ചീഫ് ഇൻസ്പെക്ടരുടെ ഭാഗത്തുള്ള സംശയകരമായ ഈ സ്വഭാവത്തെ ഗവണ്മെന്റു ഇനിയും സഹിക്കുന്നതിനു കാരണമെന്തായിരിക്കുമെന്നു അറിയുവാൻ ഗവണ്മെന്റു ഇച്ഛിക്കുന്നുണ്ടോ എന്ന സംഗതിയെപ്പററി പൊതുജനങ്ങൾക്കു യാതൊന്നും അറിവാൻ നിവൃത്തിയില്ല.

വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടരെപ്പററിയുള്ള മറെറാരു ദൂഷണം പാഠപുസ്തകങ്ങളെ സംബന്ധിച്ചുള്ള കാര്യത്തിലാകുന്നു. ഏതെങ്കിലും പ്രത്യേകവിഷയത്തെ സംബന്ധിച്ചു ഇഷ്ടംപോലെ തെരഞ്ഞെടുക്കാവുന്ന ഒന്നിലധികം പാഠപുസ്തകങ്ങൾ അനുവദിക്കപ്പെട്ടിരിക്കുമ്പോൾ ചില അവസരങ്ങളിൽ മററു ബുക്കുകളെ അപേക്ഷിച്ചു ഇൻസ്പെക്ടർ ഏതെങ്കിലും ഒരു ബുക്കു തിരഞ്ഞെടുക്കുകയും അസിസ്റ്റന്റ് ഇൻസ്പെക്ടർമാരോട് ആ പുസ്തകം അവരുടെ ഡിസ്ട്രിക്ടിൽ ചിലവാക്കുന്നതിനു ആവശ്യപ്പെടുകയും ചെയ്യുന്നു. കൊട്ടാരം സ്പെഷ്യൽ ആഫീസർ മിസ്റ്റർ ആർ. കളത്തുഅയ്യരുടെ ചരിത്രം ഇപ്രകാരം പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണ്.

സഹായധനം നൽകുന്നതിലും സാമാനങ്ങൾക്കായി ഗ്രാന്റുകൾ നൽകുന്നതിലും ഇവയെ സംബന്ധിച്ചും വിതരണക്രമത്തെ സംബന്ധിച്ചും വളരെ ക്രമക്കേടുകൾ ഉണ്ട്. ചില സ്കൂളുകളിലേക്ക് ഇൻസ്പെക്ടർ സാമാനപരിശോധനനടത്താതെ ഗ്രാന്റ് നൽകിയിട്ടുണ്ട്.

ലൈബ്രറികൾക്കായി അംഗീകരിക്കപ്പെട്ടിട്ടുള്ളതും 2 രൂപ എട്ടണ വിലപിടിക്കുന്നതുമായ അമരപദാർത്ഥനിഘണ്ടു അദ്ധ്യാപകന്മാർ വാങ്ങിക്കണമെന്നാവശ്യപ്പെട്ട് എല്ലാസ്കൂളുകളിലും അയക്കുകയുണ്ടായി. ടെക്സ്റ്റ് ബുക്ക്കമ്മിററിയുടെ അറിവുകൂടാതെ, (എന്നല്ല വിദ്യാഭ്യാസഡയറക്ടരുടേയും അനുമതികൂടാതെയാണെന്നു എനിക്കു തോന്നുന്നു) മിസ്റ്റർ നെല്ലിയപ്പാ അയ്യരുടെ കേരളഭൂപടം. 2000 രൂപാ മൊത്തത്തുക വരത്തക്കവരെ, എല്ലാസ്കൂളിലും വാങ്ങിക്കുന്നതിനു ആജ്ഞാപിച്ചു.

ഇൻസ്പെക്ടർക്കു വിപരീതമായുള്ള പൊതുജനപ്രസ്താവനകൾ ഇങ്ങനെ പലതുമുണ്ട്. അവ വളരെ ഗൗരവമേറിയവയുമാകുന്നു. അവയെല്ലാം ഞാൻ ഇവിടെ പ്രസ്താവിക്കുന്നില്ല. സർ, എന്നാൽ കാര്യമെഴുവൻ ശ്രദ്ധയായി ആലോചിക്കണമെന്നുമാത്രമേ ഞാൻ ഗവണ്മെന്റിനെ അറിയിക്കുന്നുള്ളു. ചുമതലപ്പെട്ടസ്ഥാനങ്ങളെ വഹിക്കുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരുടെനേർക്കു അനവരതം ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാതികളെപ്പററി അന്വേഷിക്കുകയും, അവസരോചിതമായി വേണ്ടതു പ്രവർത്തിക്കുകയും ചെയ്യേണ്ടതു്, ഭരണശുദ്ധിയെ സംരക്ഷിക്കുന്നതിനു, ഗവണ്മെന്റിന്റെ പ്രധാനമായ ധർമ്മമാകുന്നു.

സഭമുമ്പാകെയുള്ള ഉപക്ഷേപവുമായി എന്റെ പ്രസംഗത്തെ അനുയോജിപ്പിക്കുന്നതിനു്, പൊതുജനങ്ങൾ ഇത്രയെല്ലാം ബഹളങ്ങൾ ഉണ്ടാക്കിയിട്ടും, എന്നല്ല ഡയറക്ടരോടു പരാതിപ്പെട്ടിട്ടുപോലും അദ്ദേഹം ഇക്കാലമെല്ലാം ഇതിനെസംബന്ധിച്ചു ചെയ്തിട്ടുള്ളതുവളരെ രഹസ്യമായിവച്ചിരിക്കുന്നുവെന്നും ഞങ്ങൾക്കു അറിയുന്നതിനു യാതൊരു മാർഗ്ഗവുമില്ലെന്നും ഞാൻ പറയേണ്ടിയിരിക്കുന്നു. ഉത്തരവാദിത്വമുള്ള ഒരു സ്ഥാനത്തെ വഹിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെപേരിൽ അപ്രകാരമുള്ള പരാതികൾ ഉണ്ടാകുമ്പോൾ, ഡയറക്ടർ അദ്ദേഹത്തിന്റെ മനസ്സാക്ഷിക്കു തൃപ്തിവരുവാൻ വേണ്ടിയെങ്കിലും അക്കാര്യത്തെപ്പററി അന്വേഷിക്കുകയും, സംഗതി ഇന്നനിലയിലാണ് ഇരിക്കുന്നതെന്നു ജനങ്ങളെ വിശ്വസിപ്പിക്കുകയും ചെയ്യേണ്ടതു് ഡയറക്ടരുടെ കർത്തവ്യമാകുന്നു. ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽ എന്തെങ്കിലും അന്യായം പ്രവർത്തിച്ചിട്ടുണ്ടെന്നു പറഞ്ഞു വലിയ ബഹളം ഉണ്ടാകുമ്പോൾ ജനങ്ങളുടെ ഔൽസുക്യത്തെ തൃപ്തിപ്പെടുത്തേണ്ടതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഡയറക്ടർ അതിനെപ്പററി യാതൊന്നും അന്വേഷിക്കാതിരുന്നതു് യാതൊരു തെളിവും ഇല്ലാത്തതുകൊണ്ടാണെന്നു വന്നുകൂടയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഡയറക്ടർ അതിനെപ്പററി അന്വേഷിച്ചോ എന്നും, അതിനെപ്പററി നടപടി എടുക്കുവാൻ യാതൊരു തെളിവും ഇല്ലായിരുന്നോ എന്നും പറയേണ്ടതു ഡയറക്ടരാണ്. ഇപ്പോൾ എന്നോടു ചോദിക്കുന്ന ഏതുചോദ്യത്തിനും മറുപടിപറവാൻ ഞാൻ തയ്യാറാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) വെർണാക്കുലർസ്കൂൾ ഇൻസ്പെക്ടരുടെനേർക്കുള്ള ഈ ദോഷാരോപണങ്ങൾ തെളിവുകളെ ആസ്പദമാക്കിയാണോ, അതോ വെറും കേട്ടുകേൾവിയെ ആസ്പദമാക്കിയാണോ, എന്നു മെമ്പർക്കു പറയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഒരുപ്രകാരത്തിൽ അല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ എന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള സംഗതികളെ ആസ്പദമാക്കിയാണ് എന്റെ പ്രസംഗം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) മെമ്പർ പ്രസംഗമദ്ധ്യേ, അദ്ദേഹത്തിന്റെ അഭിപ്രായത്തെ സ്ഥാപിക്കുവാൻവേണ്ട കണക്കുകൾ തന്റെകൈവശമില്ലെന്നു പറയുകയുണ്ടായില്ലേ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) എല്ലാസംഗതികളും എന്റെ കൈവശമില്ലെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളു. എനിക്കു ലഭിച്ചിട്ടുള്ളതെളിവുകൾ ഇപ്പോൾ എന്റെ കയ്യിലുണ്ട്. മെമ്പർ നോക്കുവാൻ ആവശ്യപ്പെടുന്നെങ്കിൽ ഞാൻതരാം.

മി: എസ്. പെരുമാൾപിള്ള (വാണിജ്യവും, വ്യവസായം, തെക്ക്) ഈ സംഗതികൾ മെമ്പർ എപ്പോഴെങ്കിലും ഡയറക്ടരുടെ അറിവിൽപ്പെടുത്തിയിട്ടുണ്ടോ എന്നു് മെമ്പർക്കു എന്നെ അറിയിക്കാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അവ അദ്ദേഹത്തിനെ അറിയിക്കുന്നതിനുള്ള ആദ്യസന്ദർഭമാണ്. ഈസന്ദർഭത്തിൽ ഡയറക്ടരുടെമാത്രമല്ല, ഗവണ്മെന്റിന്റെയും പൊതുജനങ്ങളുടെയും ശ്രദ്ധയിൽ വിഷയീഭവിപ്പിക്കുവാൻ ഞാൻ ഇച്ഛിക്കുകയായിരുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ഇക്കാര്യത്തിൽ ഡയറക്ടർ ഉദാസീനനായിരുന്നെന്നു മെമ്പർ വിചാരിക്കുന്നോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) നിശ്ചയമായിട്ടു് അദ്ദേഹം ഉദാസീനത കാണിച്ചിരിക്കണം.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ഡയറക്ടർ വാസ്തവത്തിൽ ഉദാസീനനായിരുന്നുവെന്നു മെമ്പർ പറയുന്നോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) എ. എ. ഒ. എ. ലെ ഉരന്നറിപ്പോർട്ടിൽ ചീഫ് ഇൻസ്പെക്ടറെപ്പറ്റിയുള്ള പരാതിയെക്കുറിച്ച് യാതൊന്നും പ്രസ്താവിക്കുന്നില്ല, ഡയറക്ടർ അക്കാര്യത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടായിരുന്നെങ്കിൽ പരാതിയുടെ നീതിയെപ്പറ്റി വല്ലതും റിപ്പോർട്ടിൽ പറയേണ്ടതായിരുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ഡയറക്ടർ അക്കാര്യത്തിൽ ഉദാസീനനായിരുന്നെന്നു മെമ്പർ പറയുമന്നാഎന്നാണ് എന്റെ ചോദ്യം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഡയറക്ടർ ഉദാസീനനല്ലായിരുന്നെങ്കിൽ, ഡയറക്ടർ മുമ്പോട്ടുവന്ന് അദ്ദേഹം അക്കാര്യത്തെപ്പറ്റി എന്താണു ചെയ്തിട്ടുള്ളതെന്നു വെളിവായി പറയട്ടെ.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) മെമ്പർ ശരിയായി യാതൊന്നും പ്രസ്താവിക്കാതിരിക്കെ അദ്ദേഹത്തിന്റെ പ്രസംഗം ഉചിതമാണോഎന്നു അറിവാൻ ഞാനാശിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അനേകം ആക്ടിംഗ് അദ്ധ്യാപകന്മാരെ പിരിച്ചുവിടുകയും, തൽസ്ഥാനത്ത്, മുമ്പിരുന്നവരെ നിയമിക്കാതെ പുതിയ ആളുകളെ നിയമിക്കുകയും ചെയ്യുന്ന എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. ആസംഗതികളെല്ലാം വ്യക്തമായുള്ളതാണ്, കുഴപ്പമായുള്ളതല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) കഴിഞ്ഞ കൌൺസിലിൽ ഈ ഇൻസ്പെക്ടറെപ്പറ്റി സ്തുതിവചനം ചെയ്യുകയുണ്ടായിഎന്ന സംഗതി മെമ്പർക്ക് അറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അപ്രശംസകളെല്ലാം എത്രമാത്രം വിലവയ്ക്കണമെന്നു എനിക്കറിയാം.

മി: പിറവിപെരുമാൾ പിള്ള (വ്യവസായം, വാണിജ്യം, തെക്ക്) സർ, ഇവിടെ ഈ പ്രസ്താവനകൾ കൊണ്ടുവരുന്നതിനുമുമ്പേ, ഡയറക്ടറുമായി ആലോചിച്ചു അതിനെപ്പറ്റിയുള്ള വാസ്തവം മനസ്സിലാക്കുന്നതിനു മെമ്പർ ശ്രമിച്ചിട്ടുണ്ടോഎന്നു എന്നെ അറിയിക്കുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉദ്യോഗസ്ഥന്മാരുമായി എന്തെങ്കിലും സ്വകാര്യാലോചനകൾ നടത്തുക എന്റെ സ്വഭാവം അല്ല. എന്റെ തൊഴിൽ സംബന്ധമായ കാര്യത്തിലല്ലാതെ ഈ സഭക്കു വെളിയിൽ അവരുമായി യാതൊന്നും ചെയ്യേണ്ടതായിട്ടു എനിക്കില്ല.

മി. കെ. കെ. തോമസ് (കോട്ടയം): സഭമുമ്പാകെയുള്ള പ്രമേയത്തോടു സംബന്ധമില്ലാത്തകാര്യങ്ങളെപ്പറ്റിയുള്ള വാദം അനുവദിക്കപ്പെട്ടോ എന്നു തോന്നിയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അദ്ധ്യക്ഷൻ അതു സ്വീകരിച്ചു മെമ്പർ അതു സംബന്ധമില്ലാത്തതു എന്നു പറയുന്നു. അതു നിയമസഭ വിരുദ്ധമാകുന്നു. ആ പ്രസ്താവനയെ അദ്ദേഹം പിൻവലിക്കേണ്ടതാണ്.

മി: കെ. കെ. തോമസ് (കോട്ടയം): അദ്ധ്യക്ഷനിൽനിന്നും അതിനെപ്പറ്റിയുള്ള നിയമം അറിവാൻ ഞാനാശിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റൂളിന്റെ ആവശ്യമില്ല. ഞാൻ പറഞ്ഞതു സംബന്ധമില്ലാത്തതാണെന്നു പറയുക എന്നതു സഭയിലെ മററാംഗത്തെ അവമതിക്കയാണെന്നു ഞാൻ പറയുന്നു.

അദ്ധ്യക്ഷൻ: മിസ്റ്റർ തോമസ് നിങ്ങൾ അതു സംബന്ധമില്ലാത്തതാണെന്നു പറയുന്നതിനു മുമ്പായി അതിനു സംബന്ധമില്ലെന്നു കാണിക്കേണ്ടതാണ്.

മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): വിദ്യാഭ്യാസവകുപ്പിലെ ഭരണനയത്തെപ്പററി വിമർശിക്കുന്നതിനുള്ളതായ ഈ ഉപക്ഷേപത്തിൽ എനിക്കും രണ്ടു വാക്കു പറവാനുണ്ട്. രാജ്യത്തിലുള്ള എല്ലാഭാഗങ്ങളിലും എല്ലാവർഗ്ഗക്കാർക്കും വിദ്യാഭ്യാസസൌകര്യം ലഭിക്കുന്നതിനു പര്യാപ്തമായിട്ടു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റോ അതിന്റെ മേലുദ്യോഗസ്ഥനോ പ്രവർത്തിക്കുന്നില്ല. കഴിയുന്നതും യോഗ്യതാനുസരണം എല്ലാവർഗ്ഗങ്ങളിൽനിന്നും വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽ ആളുകളെ നിയമിക്കണം. ഇതിനു വ്യത്യസ്തമായിട്ടാണു ഈ വകുപ്പു നയിക്കപ്പെടുന്നതു്. എന്റെ ബഡ്ജററു പൊതു വിമർശനത്തിൽ പ്രസ്താവിച്ചതുപോലെ രാജ്യത്തിന്റെ വടക്കു കിഴക്കെ അററത്തു വിദ്യാലയങ്ങൾ വളരെ കുറവായിരിക്കുന്നു. ഈ സംഗതി അനേക പ്രജാസഭായോഗങ്ങളിലും നിയമസഭായോഗങ്ങളിലും തുടർച്ചയായിട്ടു വാദിച്ചുവരുന്ന ഒന്നാണ്. അതുപോലെതന്നെ ഈ വകുപ്പിലെ ഉദ്യോഗസ്ഥന്മാരും എപ്പോഴും ചില വർഗ്ഗങ്ങളിൽനിന്നു തന്നെയാണു നിയമിച്ചുകൊണ്ടിരിക്കുന്നതു. ജനസംഖ്യയിൽ ധാരാളമുള്ള ഈഴവർ, മഹമ്മദീയർ, കത്തോലിക്കർ ഇവരിൽനിന്നും ഇംഗ്ലീഷ്‌വകുപ്പിൽ ഉദ്യോഗസ്ഥന്മാരായി ആളുകളെ നിയമിക്കുന്നില്ല. മലയാളംവകുപ്പിലെ സ്ഥിതിയും ഇതുതന്നെ. ഈ ഡിപ്പാർട്ടുമെന്റും റവന്യൂവകുപ്പുപോലെ മററുള്ളവരെ പ്രവേശിപ്പിക്കാതെ സവർണ്ണർക്കായി സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. "ഓരോ ഡിപ്പാർട്ടുമെന്റിലും പ്രാതിനിദ്ധ്യം കുറഞ്ഞ വർഗ്ഗക്കാരെ അതാതു ഡിപ്പാർട്ടുമെണ്ടിൽ നിയമിക്കണം. അവരുടെ അവകാശത്തെ വിസ്മരിക്കരുതു്" എന്നെല്ലാം ഗവണ്മെണ്ടിൽനിന്നും പലതു ഉത്തരവു കൊടുത്തിട്ടുണ്ടെന്നു എനിക്കറിയാം. എന്നാൽ മിക്കവാറും നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ ഈ ഉത്തരവിനെ വിസ്മരിച്ചു തങ്ങളുടെ വർഗ്ഗത്തിൽപെട്ടവരേയും പ്രത്യേകം അവർക്കു ചാർച്ചയും വേഴ്ചയും ഉള്ളവരേയും നിയമിക്കുന്ന നയമാണു തുടർന്നുകൊണ്ടിരിക്കുന്നതു്. ഗവണ്മെണ്ടിന്റെ ആജ്ഞയെ അനുസരിച്ചു വിവിധവർഗ്ഗങ്ങളുടെ അവകാശത്തെ മാനിച്ചു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ പ്രോത്സാഹിപ്പിക്കുകയും ജനാവകാശത്തേയും ഗവണ്മെണ്ടുത്തരവിനേയും ലംഘിച്ചു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുകയും ചെയ്യണം. ഈ വിഷയത്തെപ്പററി എത്രമാത്രം പറഞ്ഞാലും ഫലമില്ലാതെയാണു ഇപ്പോൾ ഇരിക്കുന്നതു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇപ്പോഴത്തെ ഡയറക്ടർ അദ്ദേഹത്തിന്റെ വർഗ്ഗത്തിൽ പെട്ടവരെ നിയമിക്കുന്നു എന്നാണോ പറയുന്നതു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഡയറക്ടറെപ്പററിയല്ല പറയുന്നതു്. കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ പററി പറയുകയാണ്. ചെയ്യേണ്ടവർ ശരിയായിട്ടു ചെയ്കയും ചെയ്യിക്കേണ്ടവർ ചെയ്യിക്കുകയും ചെയ്യണം. ഈ വിഷയത്തിൽ ഡയറക്ടരും വീഴ്ചക്കാരനാണു.

വിദ്യാലയങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഗവൺമെന്റു പ്രത്യേകം ശ്രദ്ധിക്കണം. ഈ ഡിപ്പാർട്ടുമെണ്ടിൽ വേണ്ടപോലെ പ്രവേശനം സിദ്ധിച്ചിട്ടില്ലാത്ത വർഗ്ഗങ്ങളിൽ ഉള്ള ആളുകളെ അദ്ധ്യാപകന്മാരായും ഇൻസ്പെക്ടർമാരായും നിയമിക്കണം. അതിലേക്ക് ഡയറക്ടരേയും നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരേയും ഗവൺമെന്റു പ്രത്യേകമായി ചട്ടം കെട്ടണം. വകവയ്ക്കാതെ പ്രവർത്തിക്കുന്നവരെ ശിക്ഷിക്കണം. ഇതാണു എനിക്കു ഈ അവസരത്തിൽ പ്രസ്താവിക്കാനുള്ളത്.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, മിസ്റ്റർ ജോസഫിന്റെ ഈ പ്രമേയത്തെ ആസ്പദമാക്കി പ്രമാണമായി പ്രസ്താവിച്ചിട്ടുള്ള സംഗതികളെ പറ്റിയാണു ഞാൻ ആദ്യമായി പറവാൻ പോകുന്നത്. (മിസ്റ്റർ കുമാരപിള്ള മയവുചെയ്തു ഉറക്കെ പറയുക) അഭിപ്രായപ്രകടനങ്ങൾ ഏതാണെന്നു സ്പഷ്ടമായി മനസ്സിലാകുന്നതിൽ എനിക്കു കുറെ പ്രയാസം നേരിട്ടുവെന്നു ആദ്യമായി പറഞ്ഞുകൊള്ളട്ടെ.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഡയറക്ടർ അപ്പോൾതന്നെ ചോദിച്ചിരുന്നെങ്കിൽ ഞാൻ വിവരിച്ചു വ്യക്തമാക്കി തരുമായിരുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ അപ്രകാരം ചെയ്തില്ല. ഇരിക്കട്ടെ. ആദ്യമായി രണ്ടാം ഒരു ബോർഡു മുഖാന്തരം ഭരിക്കപ്പെടുന്നപക്ഷം ഡയറക്ടർ നടത്തുന്ന ഭരണകാര്യങ്ങൾ നന്നായിരിക്കുമെന്നു ഒന്നു സൂചിപ്പിക്കുകയുണ്ടായി. അഭിപ്രായം ഒന്നുകൂടി സ്വീകരിച്ചപ്പോൾ ബോർഡിൽ അനദ്യോഗസ്ഥാംഗങ്ങളും കൃഷിഡയറക്ടരും വ്യവസായഡയറക്ടരും ഉണ്ടായിരിക്കണമെന്നായി. കൃഷിഡയറക്ടരും വ്യവസായഡയറക്ടരും അവരുടെ കാര്യം നോക്കുമ്പോൾ വിദ്യാഭ്യാസം എന്തു ചെയ്തിരിക്കും? എനിക്കു അറിയാൻ പാടില്ല. അതു വ്യക്തമാക്കി പറയുകയുണ്ടായില്ല. ഡയറക്ടർ ആയാലും ബോർഡു ആയാലും ഒരു തുടർച്ചയുള്ള ഭരണകർത്തൃസ്ഥാനം ഉണ്ടായിരിക്കണം. അതു തുടർച്ചയായി ജോലിയിൽതന്നെ ഇരിക്കുകയും വേണം. ഒരു ബോർഡാണെങ്കിൽ ഒരാഴ്ചയോ ഒരു പക്ഷത്തിലൊ ഒരു മാസത്തിലൊ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ കാര്യം നോക്കുകയും പിന്നീടു ഈ ജോലി ഉപേക്ഷിച്ചു മററു കാര്യങ്ങൾക്കു പോകുകയും ചെയ്യുന്ന ആളുകൾ അംഗങ്ങളായിരിക്കാൻ പാടില്ല.

ആ അഭിപ്രായം അംഗീകരിക്കപ്പെട്ടെങ്കിൽ അവസ്ഥ അതായിരുന്നേനേ. പിന്നീടു പ്രമേയകർത്താവുതന്നെ ആ അഭിപ്രായത്തെ ഉപേക്ഷിക്കുവാൻ തുടങ്ങിയതായി എനിക്കു തോന്നുന്നു. അടുത്തതായി ഒരു കമ്മററി ഏർപ്പെടുത്തണമെന്നാണു അദ്ദേഹം പറയുകയുണ്ടായതു്. ഭരണസംബന്ധമായ കാര്യങ്ങൾ ഗവൺമെന്റിന്റെയാ ആലോചനയ്ക്ക് വിഷയീഭവിക്കുമെന്നു അദ്ധ്യക്ഷൻ മുമ്പുതന്നെ പറയുകയുണ്ടായി. ഒരു അന്വേഷണക്കമ്മററിയെ നിയമിക്കണമെന്നാണു ഈ നിർദ്ദേശം എന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെ ആണെങ്കിൽ അതും ഗവൺമെന്റിന്റെ ആലോചനയ്ക്കു വിഷയീഭവിക്കുമെന്നു എനിക്കു നല്ല നിശ്ചയമുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): എത്ര കാലത്തിനുള്ളിൽ കമ്മററിയെ നിയമിക്കും?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനമുണ്ടാകുവാൻ കാലം കുറെ ചെല്ലും. ഞാൻ ഈ അഭിപ്രായം ഇപ്പോൾ ആദ്യമാണ് കേൾക്കുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അപ്രകാരം ഉള്ള ഒരു അഭിപ്രായം എന്നല്ല ഒരു മുൻനിശ്ചയംതന്നെ രണ്ടുകൊല്ലത്തേക്കു മുമ്പു ചെയ്തിട്ടുണ്ടായി എന്ന സംഗതി ഡയറക്ടർക്കു അറിവില്ലേ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഒരു വാഗ്ദത്തം ചെയ്തിട്ടുള്ളതായി എനിക്കു തോന്നുന്നു. എന്നാൽ അതു ഹെഡ്മാസ്റ്റരന്മാരുടെ ഒരു കമ്മിററിയെപ്പററി ആയിരുന്നു. ഇപ്പോൾ അഭിപ്രായപ്പെട്ടിട്ടുള്ള കമ്മിററി അപ്രകാരമുള്ള ഒന്നല്ലെന്നു ഞാൻ കരുതുന്നു.

ഡിപ്പാർട്ടുമെന്റിന്റെ ചില ശാഖകളിൽ ചില സംഗതികൾ നടന്നുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് ഞാൻ ശ്രദ്ധിക്കുന്നില്ലെന്നും അവയെ ഇല്ലാതാക്കുന്നതിനു എന്നെക്കൊണ്ടു സാധിക്കുന്നില്ലെന്നും മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതിനെസംബന്ധിച്ച് അദ്ദേഹം പ്രസ്താവിച്ചതായ സംഗതികൾ ഗവൺമെന്റിന്റെയും എന്റെയും അറിവിൽപെട്ടിട്ടുണ്ടെന്നും, അതിനെപ്പററി ഒരു അന്വേഷണം നടത്തുകയുണ്ടായെന്നും ഞാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയോടു് ഉറപ്പുപറഞ്ഞുകൊള്ളുന്നു. അക്കാര്യം ഇപ്പോൾ വിചാരണയിലിരിക്കയാണ്. അതിനെസംബന്ധിച്ചു കൂടുതലായി എനിക്കു യാതൊന്നും പറവാനില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ പ്രസംഗത്തിൽ പ്രസ്താവിക്കയുണ്ടായ സംഗതികൾ ഏറെക്കുറെ ശരിയാണോ എന്നു വിദ്യാഭ്യാസ ഡയറക്ടരിൽ നിന്നു എനിക്കു അറിയാമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു എനിക്കു പറവാൻകഴികയില്ല. നീലകണ്ഠപ്പിള്ളയുടെ പ്രസംഗത്തിൽ നാലുകാര്യങ്ങൾ പ്രസ്താവിക്കയുണ്ടായിട്ടുണ്ട്. അവയിൽ ഒന്നു നിയമനങ്ങളെസംബന്ധിച്ചുള്ളതാകുന്നു. ആ നിയമനങ്ങളെപ്പററി അന്വേഷിക്കയുണ്ടായി. അക്കാര്യം, ഞാൻ പറഞ്ഞപോലെ ആലോചനയിലിരിക്കയാണ്. മിസ്റ്റർ നീലകണ്ഠപ്പിള്ള പ്രസ്താവിച്ച മററു സംഗതികൾ ടെക്സ്റ്റുബുക്കുകൾ ഗ്രാൻറുകൾ, കെട്ടിടങ്ങൾ ഇവയെകുറിച്ചാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ പ്രസംഗത്തിൽ സൂചിപ്പിക്കയുണ്ടായ സംഗതികളെ അടിസ്ഥാനമാക്കി ഈ ദോഷാരോപണങ്ങളെപ്പററി അന്വേഷിക്കുവാൻ ഡയറക്ടർക്കു ദയവുണ്ടാകുമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): പറഞ്ഞതിനെ അടിസ്ഥാനമാക്കി അതു പാടില്ല. എന്നാൽ മിസ്റ്റർ നീലകണ്ഠപ്പിള്ള അദ്ദേഹം പ്രസ്താവിച്ചതായ ആക്ഷേപങ്ങളെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങളോടു് എനിക്കു അറിവു തരുന്നപക്ഷം, ആവശ്യമുള്ള അന്വേഷണങ്ങൾ ഞാൻ നടത്തുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ ആർ. കുളത്തുഅയ്യരുടെ പുസ്തകം തിരഞ്ഞെടുക്കപ്പെടണമെന്നു് ചീഫ് ഇൻസ്പെക്ടർ ഒരു സർക്കുലർ അയച്ചിട്ടുണ്ടോ എന്നു എന്നെ അറിയിക്കാമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ആദ്യമായി ഇൻസ്പെക്ടർ ചെയ്തതു് തെററാണെന്നു തെളിയിക്കണം. മിസ്റ്റർ ആർ. കുളത്തുഅയ്യരുടെ ബുക്കു തമിഴിലേയ്ക്കുള്ളതാണെന്നും അതിനുപകരമായി ആ ഭാഷയിൽ വേറെ ബുക്കില്ലായിരുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ ആർ. കുളത്തുഅയ്യരുടെ ചരിത്രപുസ്തകത്തെ സംബന്ധിച്ചാണ് ഞാൻ പറയുന്നതു്. അംഗീകരിക്കപ്പെട്ട മററൊരു ബുക്കുംകൂടിയുണ്ട്.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ആദ്യമായി ഇൻസ്പെക്ടരുടെ പ്രവൃത്തിയിൽ എന്തെങ്കിലും തെററുണ്ടോ എന്നു നമുക്കു നോക്കേണ്ടതായുണ്ട്. അദ്ദേഹംചെയ്തതു പൂർണ്ണമായനിലയിൽ ശരിയാണെന്നുള്ളപക്ഷം യാതൊരു അന്വേഷണവും ആവശ്യമില്ല. മിസ്റ്റർ നീലകണ്ഠപ്പിള്ള ഇപ്പോൾ പറയുന്ന സംഗതിയെപ്പററി ഞാൻ നോട്ടുചെയ്തുകൊള്ളാം. ഒരുവേള അന്വേഷണത്തിനു വേറെയും വല്ല സന്ദർഭവും ലഭിക്കുകയാണെങ്കിൽ ഇക്കാര്യവും അന്വേഷിക്കാം.

മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡയറക്ടർനടത്തിയ അന്വേഷണം എന്തെങ്കിലും കാര്യനിലയെ പ്രാപിച്ചോ എന്ന് അദ്ദേഹത്തിൽനിന്നു ഞാൻ അറിയാമോ? ഈ പ്രസ്താവങ്ങളെയോ അല്ലെങ്കിൽ ഡയറക്ടർക്ക് അറിവു സിദ്ധിച്ചിട്ടുള്ള മറെറതെങ്കിലും പ്രസ്താവങ്ങളെയോ കുറിച്ചുള്ള അദ്ദേഹത്തിന്റെ അന്വേഷണം എന്തെങ്കിലും വിധത്തിൽ ഫലവത്തായി തീർന്നിട്ടുണ്ടോ എന്ന് അറിവാൻ ഞാനാഗ്രഹിക്കുന്നു.

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ ഇപ്പോൾ ഗവണ്മെന്റിനുവേണ്ടിയാണു സംസാരിക്കുന്നത്. വിദ്യാഭ്യാസഡയറക്ടർ എന്ന നിലയിൽ മിസ്റ്റർ നീലകണ്ഠപ്പിള്ള എന്നോടു ചോദ്യങ്ങൾ ചോദിക്കുന്നപക്ഷം എനിക്കു ഉത്തരം പറവാൻ കഴികയില്ലെന്നു വ്യസനസമേതം പറയുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അന്വേഷണത്തിന്റെ ഫലം സ്വകാര്യനിലയിലുള്ള ഒന്നാണോ എന്ന് എന്നെ അറിയിക്കാമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): റിപ്പോർട്ടിനെസംബന്ധിച്ചുള്ള അറിവ് അവയെക്കുറിച്ചു എന്തെങ്കിലും ഉത്തരവുണ്ടാകുന്നതുവരെ ഈ സഭയിലെ അംഗങ്ങളോട് പ്രസ്താവിക്കുവാൻ പാടില്ലെന്നുള്ള നിലയിൽ അതു സ്വകാര്യമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഇക്കാര്യങ്ങളെല്ലാം ശരിയായി ആലോചിച്ചു തീർച്ചപ്പെടുത്തുവാൻ കാലം കുറെ അധികം ചെല്ലുമോ എന്നു എന്നെ അറിയിക്കാമോ?

മി: ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): കുറെകാലം ചെല്ലുന്നതാം. അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും ഞാൻ പറയാം.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സർ, മിസ്റ്റർ ജോസഫിന്റെ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ ഇപ്പോഴത്തെ ഭരണനയത്തെ കുറിച്ചു അല്പം പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു.

ഉയർന്നതരം വിദ്യാഭ്യാസത്തിനായിട്ടു തിരുവിതാംകൂർ ഗവണ്മെന്റു ധാരാളം പണം വ്യയംചെയ്യുന്നുണ്ട്. ൧൦൯൯-ൽ കാളേജിനെ സയൻസ്കാളേജായിട്ടും ആർട്ട്സ്കാളേജായിട്ടും വേർതിരിച്ചു. ഈ രണ്ടു കാളേജും തിരുവിതാംകൂറിലെ പ്രജാവലിയുടെ ഉപയോഗത്തിനായി ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്പോഴത്തെ ഡയറക്ടർ ആർട്ട്സ്കാളേജിനോടും സയൻസ്കാളേജിനോടും ഭിന്നമായ നിലയിലാണ് പെരുമാറിവരുന്നത് എന്നു പ്രസ്താവിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഈ രണ്ടു കാളേജും തിരുവിതാംകൂറിലെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനു സ്ഥാപിച്ചതായതുകൊണ്ട് രണ്ടു കാളേജിനോടും സമഭാവനയോടെ പെരുമാറണമെന്നു ഡയറക്ടർ വിചാരിക്കുന്നില്ല. നേററീവ്ഫണ്ട് ജെഡ്ജസ്സ് ക്ലാസ്സിനു കൂടുതൽ അക്കാമോഡേഷൻ ആർട്ട്സ്കാളേജിലേക്കു വേണമെന്നാവശ്യപ്പെട്ടപ്പോൾ അതു കൊടുത്തു. അതിൽപിന്നീടു ഫിലാസഫിസെക്ഷൻ ആർട്ട്സ്കാളേജിൽ സ്ഥാപിച്ചപ്പോഴും കൂടുതൽ അക്കാമൊഡേഷൻ വേണമെന്നു യൂണിവേർസിററികൗൺസിൽതന്നെ അഭിപ്രായപ്പെട്ടു എന്നിട്ടും യാതൊരു സൌകര്യവും ചെയ്തുകൊടുത്തില്ല. എന്നാൽ ഇതിലേക്കു വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനു പകരം അങ്ങനെ ചെയ്യാതെ വിമെൻസ്കാളേജിനെ ഒന്നാംഗ്രേഡാക്കി ഉയർത്തുന്നതിനു ൯൦൦൦൦ രൂപാ അടുത്തകൊല്ലത്തെ ബഡ്ജററ് എസ്റ്റിമേററിൽ ചേർത്തിരിക്കുന്നു. പുതുതായിട്ടു ഒന്നുണ്ടാക്കാൻ നോക്കുകയല്ലാതെ നടപ്പിൽഇരിക്കുന്നതിനെ അഭിവൃദ്ധിപ്പെടുത്തുവാൻ ഡയറക്ടർ ശ്രമിച്ചില്ല. ഇപ്രകാരം ആർട്ട്സ്കാളേജിനെ സംബന്ധിച്ചിടത്തോളം ഒരു വ്യത്യസ്തനയമാണ് ഡയറക്ടർക്കുള്ളത്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡയറക്ടരുടെ വ്യത്യാസമായ പെരുമാററംകൊണ്ടു ഏതു കാളേജിനാണുഗുണം.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സയൻസ്കാളേജിനാണുഗുണം.

നാട്ടുഭാഷകൾക്ക് ക്ലാസ് ആർട്ട്സ്കാളേജിൽ തുറന്നപ്പോൾ അതിലേക്കു കൂടുതൽ പ്രൊഫസറെ നിയമിച്ചില്ല. നേരേമറിച്ചു സയൻസ്കാളേജിലേക്കു കൂടുതൽ പ്രൊഫസർമാർ വേണമെന്ന് ആവശ്യപ്പെടുന്നുണ്ട്. ഈ വ്യത്യസ്തനയത്തിനു കാരണം ഇപ്പോഴത്തെ ഡയറക്ടർ സയൻസിൽ വിദഗ്ദ്ധനായ ഒരു ആളായതുതന്നെയാണ്. അതുകൊണ്ടു അദ്ദേഹത്തിനു സയൻസ്കാളേജിനോടു് വലിയതാല്പര്യം ഉണ്ട്. അതിനു അദ്ദേഹത്തെ കുററപ്പെടുത്താനില്ല. ആർട്ട്സ്കാളേജിൽ മലയാളം ഓഫ്ഷനൽ ഇപ്പോൾ വേണ്ടെന്നുവച്ചു എന്നു കേൾക്കുന്നു.

ഇനിയും ഒന്നുകൂടി ചൂണ്ടിക്കാണിക്കാനുണ്ട്. ഇംഗ്ലീഷ്സ്കൂൾലീവിംഗ് എക്സാമിനേഷൻ ബോർഡിൽ ആർട്ട്സ്കാളേജിൽനിന്നും ആരെയും എടുത്തിട്ടില്ല. ആ മെംബറന്മാരെല്ലാം സയൻസ്കാളേജിൽ ഉള്ളവരാണ്. തന്നിമിത്തം ഹിസ്റ്ററിഎടുത്ത വിദ്യാർത്ഥികളിൽ അധികം പാസ്സാകുന്നില്ല. ഈ ബോർഡിൽ ആർട്ട്സ്കാളേജിൽ ലാവണം ഉള്ള പ്രൊഫസറന്മാരും ഉണ്ടല്ലോ എന്നു പറയുമായിരിക്കും. എന്നാൽ അവരുടെ ലാവണം ആർട്ട്സ്കാളേജിലാണെങ്കിലും സർവീസ് വേറെ ഒരു സ്ഥലത്താകയാൽ പറയത്തക്കപ്രയോജനമൊന്നുമില്ല. ഈ പ്രകാരം ഹിസ്റ്ററിവിദ്യാർത്ഥികളുടെ തോല്‌വിക്കു കാരണം ആർട്ട്സ്കാളേജിൽ കൂടുതൽ കൂടുതൽ വിദ്യാർത്ഥികൾ വരുന്നതിനെ തടയണമെന്ന ഉദ്ദേശമല്ലേ എന്നു ചിലർ സംശയിക്കുന്നുണ്ട്. അതുകൊണ്ടു മേലാൽ അങ്ങനെയുള്ള സംശയത്തിനിടവരുത്താതിരിക്കണം.

നമ്മുടെ ഡയറക്ടർ സെനററിൽ ഒരു മെംബറാണ്. മൂന്നുകൊല്ലത്തിനിടയ്ക്കു ഇതുവരെ അദ്ദേഹം അവിടെ അറെറൻറുചെയ്തിട്ടില്ല. അദ്ദേഹം ശരിയായി അറെറൻറുചെയ്തിരുന്നുവെങ്കിൽ ഇത്രകാലതാമസത്തിനിടവരാതെയും മി: സത്യമൂർത്തിമുതലായവരുടെ സഹായം അപേക്ഷിക്കാതെയും ഇവിടത്തെവിമെൻസ്കാളേജിനെ ഒന്നാംഗ്രേഡാക്കുവാൻ സാധിക്കുമായിരുന്നു. അതുകൊണ്ടു ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ പ്രത്യേകശ്രദ്ധ ഉണ്ടായിരിക്കണമെന്ന അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): സാർ, ഇതിനെ സംബന്ധിച്ചു എനിക്കും ചിലതു പറവാനുണ്ട്. ആദ്യം ഈ വാദത്തിൽ ഒരു പ്രകാരത്തിലും പങ്കുകൊള്ളുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല; എന്നാൽ വാദത്തിനിടയിൽ ഡയറക്ടരുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനെപ്പററി മി: കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചസംഗതികളിലേക്കു എൻെറ ശ്രദ്ധപതിഞ്ഞു. വർണ്ണാക്കുലർസ്കൂൾ ഇൻസ്പെക്ടരുടെ പേരിൽ മി: കെ. പി. നീലകണ്ഠപ്പിള്ള ചെയ്തതായ ആദ്യത്തെ ആക്ഷേപം ഉദ്യോഗസ്ഥനിയമനകാര്യത്തിലാകുന്നു. എന്നെസംബന്ധിച്ചിടത്തോളം ഒരു കാര്യം ഓർമ്മയിൽ വരുന്നു. അതായതു വളരെക്കാലമായി ദക്ഷിണ തിരുവിതാംകൂറിലെ തമിഴന്മാരുടെ ആവശ്യങ്ങളെപ്പററി യാതൊരു ശ്രദ്ധയും നല്കാതെ ഇട്ടിരിക്കുകയായിരുന്നു. ദക്ഷിണതിരുവിതാംകൂറിലെ തമിഴർക്ക്, ആശിക്കപ്പെട്ടപോലെയും ജനങ്ങൾ മുറവിളികൂട്ടിയപോലെയും തമിഴ്‌വിദ്യാഭ്യാസം നല്കുന്നതിൽ ശരിയായശ്രദ്ധപതിച്ചിരുന്നില്ല. മുമ്പിലത്തെ ചീഫ് ഇൻസ്പെക്ടരുടെകാലത്തു ഞാൻ അന്നൊരു വിദ്യാർത്ഥിയായിരുന്നുവെന്നു തോന്നുന്നു എന്നല്ല, ഇപ്പോൾ ഞാൻ നിങ്ങളുടെ മുമ്പിൽ നില്ക്കുന്നതു എൻെറ സ്വദേശത്തു അന്നു ലഭിച്ചിട്ടുള്ള വിച്ഛിന്നവിദ്യാഭ്യാസത്തിൻെറ ഫലമായിട്ടാകുന്നു. ഞാൻ ജന്മനാൽ ഒരു തമിഴനായിരുന്നുവെങ്കിലും തമിഴ് വിദ്യാലയം ഒന്നും ഇല്ലാതിരുന്നതുകൊണ്ടു എന്നെ ഒരു മലയാളവിദ്യാലയത്തിൽ ചേർത്തു. ഇപ്പോൾ, സമീപത്തു തമിഴ് സ്കൂൾ ഇല്ലാതെയുള്ള ആ വിദ്യാഭ്യാസപദ്ധതിയുടെ ഫലമായി, ഞാൻ ആ മഹൽ സ്ഥാപനത്തിൻെറ ഒരു ഫലമെന്ന നിലയിൽ തന്നെയാണു നിങ്ങളുടെ മുമ്പിൽ നില്ക്കുന്നതു. തമിഴോ മലയാളമോ ഇംഗ്ലീഷിനെക്കാൾ ഉച്ചതരമായി എനിക്കറിയാവൂ. ഒടുവിൽ ഇപ്പോഴത്തെ ഇൻസ്പെക്ടർ നാട്ടുഭാഷാ വിഭാഗത്തിൻെറ ചാർജ്ജേററതിനുശേഷം തൽസംബന്ധമായ കാര്യങ്ങളെപ്പററി ആലോചിക്കുന്നതിനുള്ള ഭാരം ഞാൻ സ്വയം കയ്യേല്ക്കുകയും എൻെറ അഭിപ്രായങ്ങൾ ഞാൻ അദ്ദേഹത്തെ മനസ്സിലാക്കുകയും ചെയ്തു. അതായതു തമിഴ് വിദ്യാലയങ്ങളിൽ, തമിഴിൽ സർട്ടിഫിക്കററ് ലഭിച്ചിട്ടുള്ള തമിഴറിയാവുന്ന അദ്ധ്യാപകന്മാരെ കൊണ്ടു തന്നെയാണു തമിഴ് പഠിപ്പിക്കേണ്ടതെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചു അതു ഏററവും അത്യാവശ്യമാണെന്നു അദ്ദേഹത്തെ നിർബന്ധിച്ചു. ഇപ്പോഴത്തെ ഇൻസ്പെക്ടർ ഉടൻ തന്നെ എൻെറ അഭിപ്രായങ്ങളെ അംഗീകരിക്കുകയും, സ്വല്പം കാലം ക്ഷമയോടെ കാത്തിരുന്നു ഫലങ്ങൾ മനോക്കികണ്ടു അറിഞ്ഞുകൊള്ളുവാൻ ആവശ്യപ്പെടുകയും ചെയ്തു. അതിൽ പിന്നീടു, തമിഴ് സ്കൂളുകളിൽ ഏഴാംക്ലാസ്സും ഒൻപതാംക്ലാസ്സും പാസ്സായി സർട്ടിഫിക്കററ് ലഭിച്ചിട്ടുള്ള ആളുകളെ നിയമിക്കുന്നതായും എനിക്കു കാണുവാൻ സാധിച്ചു. ഈ നിയമനങ്ങളുടെ ഫലമായി, തമിഴ്‌യോഗ്യതയ്ക്കു യാതൊരു സർട്ടിഫിക്കററും ഇല്ലാത്ത ചില മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാർ അവരുടെ സ്ഥാനങ്ങൾ തമിഴ് അറിയാവുന്നവർക്കായിട്ടു കൊടുത്തിട്ടുപോരേണ്ടതായിവന്നു. തമിഴിൽ യോഗ്യതയില്ലാത്ത ഈ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ചില ബുദ്ധിമുട്ടുകൾക്കു കാരണമാകും എന്ന സംഗതി വാസ്തവം തന്നെ. എന്നാൽ തത്വം ആലോചിച്ചുനോക്കുമ്പോൾ അതു ഏററവും ശരിയാകുന്നു.

മി: നീലകണ്ഠപ്പിള്ള ചില സർക്കുലർകളുടെ കാര്യം പ്രസ്താവിച്ചതു ഏതിനെ ഉദ്ദേശിച്ചാണെന്നു എനിക്കു മനസ്സിലാകുന്നില്ല. പാഠപുസ്തകങ്ങളുടെ പേരുകളെ സംബന്ധിച്ചു, മി: നെല്ലിയപ്പാഅയ്യർ ഒരു തമിഴ് ബ്രാഹ്മണൻ ആണെന്നും അദ്ദേഹം ഒരു തമിഴ് പണ്ഡിതനാണെന്നും അകുന്നു. മി: കുളത്തൂഅയ്യരും ആ കൂട്ടത്തിൽതന്നെയാണ്. മി: നെല്ലിയപ്പഅയ്യർ ചില പുസ്തകങ്ങളെല്ലാം എഴുതീട്ടുള്ളവിവരം എനിക്കറിയാം. ഡിപ്പാർട്ടുമെൻറിൽനിന്നും നിർണ്ണയിച്ചിട്ടുള്ളതു ഏതു പുസ്തകം ആണെന്നു എനിക്കു അറിയാൻ പാടില്ല. എന്നാൽ ഡയറക്ടർതന്നെ ഉദ്ദേശിക്കുന്നപോലെ ഇവ തമിഴ്‌പുസ്തകങ്ങളായതുകൊണ്ടു തമിഴ് ഡിസ്ത്രിക്ടിലുള്ള സ്ഥാപനങ്ങളിൽ മാത്രമേ ഉപയോഗപ്പെടുത്തുവാൻ സാധിക്കയുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). നെല്ലിപ്പാഅയ്യരെക്കുറിച്ചുള്ള എൻെറ പ്രസ്താവം, അദ്ദേഹം എഴുതിയിട്ടുള്ള ടെക്സ്ററ് ബുക്കുകളെ കുറിച്ചല്ല, അദ്ദേഹംതന്നെ വരച്ചിട്ടുള്ള ഒരു ചുവർ പടത്തെ കുറിച്ചാണ്.

മി: ശിവതാണുപിള്ള (തോവാള): മി: നെല്ലിയപ്പഅയ്യർക്കു തമിഴിൽ മാത്രമേ വൈദഗ്ദ്ധ്യം ഉള്ളൂ. മലയാളത്തിലോ, ഇംഗ്ലീഷിലോ ഇല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള ഉദ്ധരിക്കുകയുണ്ടായ മററു ദോഷാരോപണങ്ങളെ കുറിച്ചു, അവ എത്രത്തോളം വാസ്തവമാണെന്നു എനിക്കു അറിവാൻ പാടില്ല. ഇപ്പോഴത്തെ ഇൻസ്പെക്ടർ പ്രത്യേകമായി തമിഴ് ഡിസ്ത്രിക്ടിനു ചെയ്തിട്ടുള്ള ഗുണങ്ങൾ വ്യക്തമാക്കുവാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ ഞാൻ എൻെറ ധർമ്മത്തിനു വിലോപം വരുത്തുകയാകുന്നു. വർണ്ണാക്കുലർസ്കൂൾ ഡിപ്പാർട്ടുമെൻറിൻെറ തമിഴ് ബ്രാഞ്ചിനു ഇപ്പോഴത്തെ ഇൻസ്പെക്ടർ വളരെ പ്രോത്സാഹനം നല്കിയിട്ടുണ്ടെന്നു എനിക്കു സംശയലേശമെന്നിയെ പറവാൻ കഴിയും.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, മി: കെ. ഐ. ജോസഫ് അദ്ദേഹത്തിൻെറ പ്രമേയം അവതരിപ്പിക്കുമ്പോൾ, തിരുവിതാംകൂറിൽ നടത്തപ്പെടേണ്ട വിദ്യാഭ്യാസനയത്തെപ്പററി ഈ സഭയിൽ വാദിക്കണമെന്നുള്ള ആശയത്തോടുകൂടിയാണു അദ്ദേഹം അതു അവതരിപ്പിക്കുന്നതെന്നു വ്യക്തമായി പ്രസ്താവിക്കയുണ്ടായി. ഡിപ്പാർട്ടുമെൻറിൽ ഭരണം കാര്യസംബന്ധമായി വരുത്തേണ്ട ചില പരിഷ്കാരങ്ങളെ കുറിച്ചും ചിന്തിക്കേണ്ടതാണെന്നു അദ്ദേഹം ആവശ്യപ്പെടുന്നതായും അദ്ദേഹം തന്നെ പറയുകയുണ്ടായി. മി: കെ. പി. നീലകണ്ഠപ്പിള്ള ഏതു പ്രകാരമെങ്കിലും വിഷയത്തിൻെറ മറെറാരു ഭാഗവും അവതരിപ്പിച്ചു. അദ്ദേഹം അദ്ദേഹത്തിൻെറ പ്രസംഗമദ്ധ്യേ ഇപ്പോഴത്തെ ഇൻസ്പെക്ടർ നടത്തിയിട്ടുള്ള ചില അനീതികളെപ്പററി ചൂണ്ടിക്കാട്ടുകയുണ്ടായി. അതിൽ ചില ഭാഗങ്ങളെല്ലാം ശരിയാണോ, സ്വയം നിർമ്മിതങ്ങളല്ലയോ, എന്നു ഞാൻ സംശയിക്കുന്നു. നിർഭാഗ്യവശാൽ വിവരമായുള്ള കാര്യങ്ങളെല്ലാം, നമുക്കു ലഭിച്ചിട്ടില്ല. ഈ ദോഷാരോപണങ്ങൾ എത്രമാത്രം യഥാർത്ഥമാണെന്നു മനസ്സിലാക്കുന്നതിനും നമുക്കു നിവൃത്തിയില്ല. അതേസമയംതന്നെ, ചില ദോഷാരോപണങ്ങൾ സഭയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥിതിക്കു ആ പ്രത്യേക ഇൻസ്പെക്ടരുടെ ഡിപ്പാർട്ടുമെൻറു പ്രവർത്തനത്തെപ്പററിയുള്ള എൻെറ അറിവു നൽകാതിരിക്കുന്നതു എൻെറ കർത്തവ്യലോപം തന്നെയാകുമെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിപ്പാർട്ടുമെന്റ ജോലിയെ കുറിച്ചുള്ള മെമ്പറിന്റെ അഭിപ്രായം പിന്നെ എങ്ങനെയാണ് ഉചിതമായി തീരുന്നതു്. സർ, സഭയിൽ തെളിവുകൾ യാതൊന്നും കൊണ്ടുവരുന്നില്ലെന്നു അദ്ദേഹം തന്നെ പറയുന്നു.

മി: സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സഭ മുമ്പാകെ യാതൊരു തെളിവും ഹാജരാക്കുന്നില്ല. അതു് എപ്രകാരം ബാധകമായിതീരുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്ഥിതി അപ്രകാരമായിരിക്കെ, മെമ്പർ എന്തിനാണ് തന്റെ അഭിപ്രായത്തെ പ്രകടിപ്പിക്കുന്നതു്?

അദ്ധ്യക്ഷൻ: കാര്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ ഒരു അഭിപ്രായത്തെ നിശ്ചയമായും ഉളവാക്കുമെന്നു ഞാൻ വിചാരിക്കുന്നു (ചിരി)

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തമിഴ് താലൂക്കുകളിലെ വർണ്ണാക്കുലർ സ്കൂളുകൾ തമിഴ് സ്കൂളുകളായി രൂപീകരിക്കപ്പെട്ടെങ്കിലും, ആ വക വിദ്യാലയങ്ങൾ പിന്നെയും മലയാളത്തിൽ മാത്രം യോഗ്യതയുള്ള ആളുകളെക്കൊണ്ടു നടത്തിക്കൊണ്ടുപോകുന്നതിനാൽ ഈ താലൂക്കുകളിൽ വലിയ പരാതിയുണ്ടെന്നു ഞാൻ, ൧൧൦൦-ലെ എന്റെ ബഡ്ജറ്റു പ്രസംഗത്തിൽ, വ്യക്തമായി പ്രസ്താവിക്കയുണ്ടായി. ഈ ആവലാതി വളരെക്കാലമായി ഗവർമ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഈ അടുത്തകാലംവരെ യാതൊരു ആശ്വാസവും ലഭിക്കയുമുണ്ടായിട്ടില്ല. സർ, ഇപ്പോൾ തമിഴ് വിദ്യാലയങ്ങൾക്കു ഇപ്പോഴത്തെ ഇൻസ്പെക്ടർ ഗണ്യമായ ഒരു ആശ്വാസം നൽകിയിട്ടുണ്ടെന്നു പറയുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. തമിഴ് ഡിസ്ട്രിക്ടിൽ, മലയാളത്തിൽ മാത്രം യോഗ്യതസമ്പാദിച്ചിട്ടുണ്ടായിരുന്നവരെ മററു ഡിസ്ട്രിക്ടുകളിലേക്കു മാററുകയും, തമിഴിൽ ശരിയായ യോഗ്യതയുള്ള ആളുകളെ അവരുടെ സ്ഥാനങ്ങളിൽ നിയമിക്കുകയും ചെയ്തു. തമിഴ് ഡിസ്ട്രിക്ടിലെ തമിഴരോടു ചെയ്തിട്ടുള്ള ഇതു് സമഭാവ നീതിയുടെ ഒരു അംശം മാത്രമാകുന്നു. ഇൻസ്പെക്ടരുടെ ഈ പ്രവൃത്തിയെ മിസ്റ്റർ നീലകണ്ഠപിള്ളയുടെ ദോഷാരോപപ്രസ്താവങ്ങളുമായി സംബന്ധിപ്പിച്ചു നോക്കുമ്പോൾ അവ ഒരു പ്രകാരത്തിലും വാസ്തവമായി ഗണിക്കാൻ നിവൃത്തിയില്ല. വർണ്ണാക്കുലർ സ്കൂൾ ഇൻസ്പെക്ടർ തമിഴ് ഡിസ്ട്രിക്ടിലെ ആളുകളോടു ചെയ്തിട്ടുള്ളതു് ന്യായം മാത്രമാണ്. ആയതിലേക്കു അദ്ദേഹത്തെ അഭിനന്ദിക്കേണ്ടതുമാകുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയൻകീഴ്): തമിഴ് അദ്ധ്യാപകന്മാരെ മാററിയതു കൊണ്ടോ ആക്ടിംഗ് സർവ്വീസിൽ ഇരുന്ന അനേകം തമിഴ് അദ്ധ്യാപകന്മാരുടെ അവകാശങ്ങളെ അവഗണിച്ചതു കൊണ്ടോ മെമ്പർ ഇൻസ്പെക്ടരോടു നന്ദിയുള്ളവനായിരിക്കുന്നതു എന്ന് എന്നെ അറിയിക്കുമോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തമിഴ് അദ്ധ്യാപകന്മാരെ സംബന്ധിച്ചുള്ള നിയമനത്തെപ്പററിയടത്തോളം ഇൻസ്പെക്ടർക്കു വിപരീതമായി എനിക്കു യാതൊന്നും പറവാനില്ല. വല്ലതും അദ്ദേഹം ചെയ്തിട്ടുള്ളതിനു അദ്ദേഹം കൃതജ്ഞതാർഹനാകുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയൻകീഴ്): അതുകൊണ്ട് നിങ്ങൾ ഒരു അനീതിയോടനുകൂലിക്കുമോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇല്ല. മററു ആക്ഷേപങ്ങളെ സംബന്ധിച്ചു എനിക്കു യാതൊരു അറിവും ഇല്ലാത്തതുകൊണ്ട് എനിക്കു ഒന്നുംതന്നെ പറവാനില്ല. എന്നാൽ ദക്ഷിണതിരുവിതാംകൂറിൽ തമിഴ് ഡിസ്ട്രിക്ടിനുവേണ്ടി വർണ്ണാക്കുലർ സ്കൂൾ ഇൻസ്പെക്ടർ ചെയ്തിട്ടുള്ള നന്മയ്ക്കായി തമിഴ് ഡിസ്ട്രിക്ടിലെ ജനങ്ങൾ അദ്ദേഹത്തോടു വളരെ നന്ദിയുള്ളവരായിരിക്കുമെന്നു എനിക്കു പറവാൻ കഴിയും.

മി: കരുണാകരപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ഭരണനയത്തെപ്പററി പറയുന്നതോടുകൂടി ഇംഗ്ലീഷ് സ്കൂളുകളിൽ ഫീസ് പിരിക്കുന്ന നയത്തെപ്പററി എനിക്കു ചിലതു പറവാനുണ്ട്. ഇപ്പോൾ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഫീസ് പിരിക്കുന്നതു് പന്ത്രണ്ടുമാസത്തെ ഫീസ് എട്ടു തവണയായിട്ടാണ്. ഓരോ തവണയും പത്താംതീയതിക്കകം ഫീസ് കൊടുക്കാത്തപക്ഷം പിന്നീടു ഇരുപതാംതീയതിമാത്രമേ ഫീസ് വാങ്ങിക്കയുള്ളു. ഇരുപതാം തീയതി ഫീസ് കൊടുക്കുമ്പോൾ നാലുചക്രവും മുപ്പതാംതീയതിക്കകം കൊടുക്കുകയാണെങ്കിൽ പന്ത്രണ്ടു ചക്രവും പിഴ കൊടുക്കണം. എന്നു മാത്രമല്ല. ഫീസ് കൊടുക്കാത്തവരെ ക്ലാസിൽ ഇരുത്തുകയുമില്ല. മുപ്പതാം തീയതിക്കകം ഫീസ് കൊടുക്കാത്തവരെ രജിസ്റ്ററിൽനിന്നു നീക്കം ചെയ്യുകയും ചെയ്യും. ഭൂനികുതി കൊടുക്കുന്നവിഷയത്തിൽ പണ്ടു നടത്തിവന്നിരുന്നതിലും വളരെ കർക്കശമായ ഒരു ചട്ടമാണ്. ഇതെന്നു വ്യസനസമേതം പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ ഫീസ് പിരിച്ചു ഖജനാവിൽ ഒടുക്കണമെന്നു മാത്രമേയുള്ളു. അതിനാൽ ഈ സംഗതി ഗവർമ്മെന്റിന്റേയും, വിദ്യാഭ്യാസഡയറക്ടരുടേയും ഈ സഭയുടേയും ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു.

സാധുക്കളായകുട്ടികൾക്ക് ഇപ്രകാരമുള്ള സമ്പ്രദായം വളരെ കഷ്ടപ്പാടിനും ബുദ്ധിമുട്ടിനും ഇടയാകുന്നു. ഈ ഫൈൻ ഇത്ര വലുതായി വച്ചിരിക്കുന്നതു് വലിയ അക്രമമാണ്. അഥവാ ഫൈൻ വേണമെങ്കിൽ തന്നെയും ഒരു ചെറിയ സംഖ്യമാത്രമേ ഈടാക്കാവൂ. അതാതു മാസം പതിനഞ്ചാം തീയതി കഴിഞ്ഞാൽ ഒരു ചക്രം ഫൈനും ഇരുപത്തഞ്ചാം തീയതി കഴിഞ്ഞാൽ രണ്ടു ചക്രം ഫൈനും ആക്കണം.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഈ വാദപ്രതിവാദത്തിൽ ഈ മോഷനെ സംബന്ധിച്ചു പങ്കെടുക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും എന്റെ സ്നേഹിതൻ മിസ്റ്റർ നീലകണ്ഠപിള്ളയുടെ അഭിപ്രായത്തെ കുറിച്ചു എനിക്കും രണ്ടു വാക്കുപറയാതിരിക്കുവാൻ നിവൃത്തിയില്ല. മലയാളവിദ്യാഭ്യാസഡിപ്പാർട്ടുമെന്റു സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും ഉള്ള അനേകായിരം അദ്ധ്യാപകന്മാരുമായി നേരിട്ടു ഇടപെട്ടു നടത്തേണ്ട ഒരു ഡിപ്പാർട്ടുമെന്റാണ്. ഇതിന്റെ മേധാവികളായി പല ആളുകളും ഇതിനുമുമ്പു ഇരുന്നിട്ടുണ്ട്. മിസ്റ്റർ ചെറിയാൻ ഇതിന്റെ മേലദ്ധ്യക്ഷനായതിൽപിന്നെ അതിലുള്ള കുഴപ്പങ്ങളെ ശരിപ്പെടുത്തുന്നതിൽ ധൈര്യമായി പ്രവർത്തിച്ചതു മൂലം ഇപ്പോൾ പല ആളുകളും കരച്ചിലും പല്ലുകടിക്കലുമായി നടക്കുകയാണ്. തന്നിമിത്തം ഒന്നോ രണ്ടോ വർത്തമാനപത്രങ്ങളിൽ അദ്ദേഹത്തെപ്പററി ആക്ഷേപസൂചകങ്ങളായ പലപ്രസ്താവനകളും ഈ അടുത്ത കാലത്തു ഉണ്ടായിട്ടുണ്ട്. അതിനെക്കുറിച്ചു ഗൗരവമുള്ള പത്രങ്ങൾ പ്രസ്താവിച്ച അഭിപ്രായം എന്താണെന്നു ഈ സഭയിലെ സാമാജികന്മാരിൽ അനേകംപേർക്കും അറിയാവുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിന്റെ പ്രവൃത്തികളെപ്പറ്റി പത്രങ്ങളിൽ സ്തുതിച്ചും പറഞ്ഞിരുന്നതായി മെമ്പർക്ക് അറിയാമോ?

മി: സി. പി. തരകൻ (കുന്നത്തുനാട്): ധാരാളം ഉണ്ട്. കാര്യബോധമുള്ള പത്രങ്ങൾ അദ്ദേഹത്തിന്റെ പ്രവൃത്തികളെ സ്തുതിക്കയല്ലാതെ ഒരിക്കലും ദുഷിച്ചിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ നടത്തയെ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ ഫലമായി ഡയറക്ടർ അവർകൾ ഗവണ്മെന്റിലേക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് എന്നും അതു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നതാണെന്നും ഡയറക്ടർ അവർകൾ പ്രസ്താവിച്ചു. ആ റിപ്പോർട്ടിനെ സംബന്ധിച്ച് ഗവണ്മെന്റ് ആലോചിക്കുന്ന അവസരത്തിൽ കേവലം സങ്കുചിതബുദ്ധിയോടുകൂടി ഈ ഒരു കാര്യത്തിൽ മാത്രം മനസ്സിരുത്തി നോക്കാതെ വിദ്യാഭ്യാസത്തിന്റെ വിസ്താരമായ വശങ്ങളെപ്പറ്റി അന്വേഷിക്കയും വിദ്യാഭ്യാസത്തിന്റെ നന്മക്കുതകുന്ന സകല കാര്യങ്ങളും പ്രവർത്തിക്കാൻ ചുമതലയുള്ള ഒരാളാണ് ഈ സംഗതികൾ പ്രവർത്തിച്ചതെന്നുള്ള ബോധത്തോടുകൂടി ആലോചിക്കയും ചെയ്യേണ്ടതു അത്യാവശ്യമാണ്. അതിനെ സംബന്ധിച്ച് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കേണ്ട ചില തത്വങ്ങളെ ഞാൻ ധരിപ്പിച്ചുകൊള്ളുന്നു.

ഒന്നാമതായിട്ടുള്ളതു ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും വിദ്യാഭ്യാസത്തിനു ശരിയായ പ്രചാരം സിദ്ധിച്ചിട്ടില്ല എന്നുള്ളതാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ കൂടുതൽ സ്കൂളുകൾ സ്ഥാപിക്കയും അവിടെ വിദ്യാഭ്യാസത്തെ കൂടുതൽ പ്രചാരപ്പെടുത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്യേണ്ടതു മലയാളം വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്റെ ചുമതലയാണ്. അവിടെ പുതുതായിട്ടു സ്കൂളുകൾ കെട്ടുകുന്നതിനു അവിടങ്ങളിലെ ആളുകളുടെ സഹായസഹകരണങ്ങൾ അത്യാവശ്യം വേണ്ടതാണ്. അങ്ങനെ പുതുതായി കെട്ടുന്ന സ്കൂളുകളിൽ ആ സ്ഥലത്തുള്ള ഒന്നോ രണ്ടോ ആളുകൾക്കു ആ സ്കൂളിൽതന്നെ ഉദ്യോഗം കൊടുക്കേണ്ടതായി ചിലപ്പോൾ വന്നേക്കാം. ഇങ്ങനെയുള്ള സംഗതികൾ ഡിപ്പാർട്ടുമെന്റിന്റെ ശരിയായ നടത്തിപ്പിനു അത്യാവശ്യമാണ്.

മറ്റൊരു സംഗതി ഈ നിയമസഭയിലും പ്രജാസഭയിലും വലിയ പരാതിയായിട്ടു കിടക്കുന്നതു മലയാളം സ്കൂൾ അദ്ധ്യാപകന്മാരെ സ്വദേശത്തേക്കു സ്ഥലംമാറ്റുന്നില്ല എന്നുള്ളതാണ്. ഈ പരാതിയുടെ നിവാരണത്തെ അവസാനമായി നീക്കണമെങ്കിൽ അതു അത്ര എളുപ്പം സാധിക്കാവുന്നതല്ല. ദൃഷ്ടാന്തമായി തിരുവല്ലാ താലൂക്കിൽ നൂറു അദ്ധ്യാപകന്മാർ ആവശ്യമുണ്ടെങ്കിൽ ചുരുങ്ങിയപക്ഷം മുന്നൂറോ നാനൂറോ ആളുകൾ തിരുവല്ലാക്കാരായിട്ടുതന്നെ ഉണ്ടായിരിക്കും. അതുപോലെ വേറെ ചില താലൂക്കുകളിൽ കൂടിയുണ്ട്. അതുകൊണ്ടു ഈ സങ്കടകാര്യമായി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്ന നയം ശരിയായവിധം പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ഇൻസ്പെക്ടർക്കു സാധിക്കാതെ വന്നിട്ടുണ്ട്.

തിരുവല്ലാ സ്വദേശികളായ അദ്ധ്യാപകന്മാർ മൂവാറ്റുപുഴ, കുന്നത്തുനാട്, ചങ്ങനാശ്ശേരി, തിരുവനന്തപുരം ഇങ്ങനെ എല്ലാ താലൂക്കിലും ഉണ്ട്. തിരുവല്ലാ താലൂക്കിൽ ഒരു ഒഴിവുവന്നാൽ ആ സ്ഥാനത്തേക്കു ദൂരെ ദിക്കിൽ എവിടെയെങ്കിലുമുള്ള തിരുവല്ലാക്കാരനായ അദ്ധ്യാപകനെ സ്ഥലംമാറ്റിയശേഷം ആ താലൂക്കിൽ പുതുതായി ഒഴിവുവരുന്നേടത്തു ആ താലൂക്കുകാരനായ ഒരാളെ അവിടെ നിയമിക്കേണ്ടതു ആവശ്യമായിവരും. കുറേനാൾ ഈ നയം ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ സ്ഥിരമായി പാലിച്ചാൽ മാത്രമേ ഇതിനു അവസാനമായ ഒരു തീരുമാനം ഉണ്ടാവുകയുള്ളു. അതിനുവേണ്ടി ചീഫ് ഇൻസ്പെക്ടർ പ്രവർത്തിച്ച സംഗതികൾ എല്ലാം ഗവണ്മെന്റിന്റെ ഓർമ്മയിൽ ഇരിക്കണം.

മറ്റൊരു സംഗതി ഗവണ്മെന്റിനെ ധരിപ്പിക്കുവാനുള്ളതു കഴിഞ്ഞുപോയ ഇൻസ്പെക്ടർ ഇരുന്നകാലത്തു നടത്തിയ അനീതികളെയും അക്രമങ്ങളെയും വച്ചു പരിപാലിച്ചുകൊണ്ടുപോകേണ്ട ജോലി ഇൻസ്പെക്ടർക്കു ഇല്ലെന്നുള്ളതാണ്. മുമ്പിലത്തെ ഇൻസ്പെക്ടർ ഏതെങ്കിലും പ്രത്യേകവർഗ്ഗത്തിൽപെട്ട ആളുകളെ കൂടുതൽ നിയമിക്കുകയും മറ്റു ജാതിക്കാരെ വിസ്മരിച്ചു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിനു പരിഹാരം ഉണ്ടാക്കേണ്ട ചുമതല ഇപ്പോഴത്തെ ഇൻസ്പെക്ടർക്ക് ഉണ്ട്. എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിരാമൻ പറഞ്ഞതുപോലെ പ്രജകളുടെ എല്ലാ വിഭാഗങ്ങളുടെയും രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങളുടെയും ആവശ്യങ്ങളെ കണ്ടറിഞ്ഞു അതിനു നിവാരണം വരുത്തേണ്ട ചുമതലയും അധികാരവും ഉള്ള ഒരു ഉദ്യോഗസ്ഥനാണ് വർണ്ണാക്കുലർ സ്കൂൾ ഡിപ്പാർട്ടുമെന്റു ഇൻസ്പെക്ടരെന്നും ആ അധികാരം ഉപയോഗിച്ചു രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലുമുള്ളവർക്കും എല്ലാജാതിക്കാർക്കും സമാവകാശം കിട്ടത്തക്കവിധത്തിൽ അദ്ദേഹം നിയമനം നടത്തീട്ടുണ്ടെങ്കിൽ അതിലേക്കു അദ്ദേഹത്തെ അനുമോദിക്കേണ്ടതാണെന്നും ഞാൻ ഗവണ്മെന്റിനെ അറിയിച്ചുകൊള്ളുന്നു. ഇങ്ങനെ വിദ്യാഭ്യാസത്തിന്റെ ശ്രേയസ്സിനും അഭിവൃദ്ധിക്കും ആവശ്യമുള്ള നാനാമുഖങ്ങളായ തത്വങ്ങളെ പുരസ്കരിച്ചു ഡിപ്പാർട്ടുമെന്റദ്ധ്യക്ഷൻ പ്രവർത്തിച്ച എല്ലാസംഗതികളെയും ഗവണ്മെന്റു കേവലം സങ്കുചിതബുദ്ധിയിൽമാത്രം നോക്കാതെ വിസ്താരമായി ആലോചിച്ചു അതിനെപ്പറ്റി ഒരു തീർച്ച കല്പിക്കാൻ സന്നദ്ധമായിരിക്കും എന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, അന്തരീക്ഷം ധൂമവ്യാപിതമായി മങ്ങിക്കാണപ്പെടുന്നു എന്നു സമ്മതിക്കേണ്ടിവരും. വാദമുഖങ്ങൾ വ്യക്തമല്ലാതിരിക്കുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ ജോസഫ് ഈ ഖണ്ഡന പ്രമേയം അവതരിപ്പിച്ചു. അദ്ദേഹം വിമർശിച്ചവിഷയം ഡിപ്പാർട്ടുമെന്റു കാര്യങ്ങൾ ശരിയായവണ്ണം നടക്കാത്തവിധത്തിൽ അതു ഏതുപ്രകാരം ദുഷിതമാക്കപ്പെട്ടു എന്നുള്ളതായിരുന്നു. വസ്തുതകളെ അന്വേഷണം കൂടാതെ ഈ മഹത്തായ വിഷയത്തെപ്പറ്റി യാതൊന്നും പ്രതിപാദിക്കുവാൻ കഴിയുന്നതല്ലെന്ന് അദ്ദേഹം സമ്മതിക്കുകയുണ്ടായി. ഇവിടെ കൂടിയിരിക്കുന്ന സാമാജികന്മാർ ആ നിലയെ അംഗീകരിക്കേണ്ടതാണെന്നും ഞാൻ വിചാരിക്കുന്നു. ഡിപ്പാർട്ടുമെന്റു ഭരണത്തിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്നു മാത്രമേ അദ്ദേഹം ബലപ്പെടുത്തുകയുണ്ടായുള്ളു. അതു അദ്ദേഹം സാമാന്യരീതിയിൽ സൂചിപ്പിക്കയും ചെയ്തു. എന്റെ പ്രസംഗം കഴിഞ്ഞ പ്രമേയത്തോടു അനുബന്ധിച്ചു ഉപക്രമിക്കുന്നതോടുകൂടി, പ്രസ്തുത വിഷയത്തിന്റെ ആ ഭാഗത്തെ സംബന്ധിച്ചു കൃത്യമായി എന്റെ മനസ്സിൽ എന്തായിരുന്നുവെന്നു അറിയിക്കുവാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നു. ഡയറക്ടർ ഇന്നു മൂന്നു കൃത്യങ്ങൾ വഹിക്കുന്നുണ്ട്. ഒന്നാമതു എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മാർഗ്ഗദർശനം ചെയ്തു അതിനു യാതൊരു ന്യൂനതയും പറ്റാതെ വേണ്ട ഉണർവിനെ ഉണ്ടാക്കിത്തീർക്കുക എന്നു

 മറ്റ് ഗവൺമെൻറും യൂണിവേർസിററിയും തമ്മിൽ കാളേജ്സംബന്ധമായ കാര്യങ്ങളിലും മററും മദ്ധ്യസ്ഥംവഹിക്കുക എന്നത് മൂന്നാമതായി മുഴുവൻ ഡിപ്പാർട്ടുമെൻറിൻേറയും സാമാന്യമായ മേൽനോട്ടവും ഭരണവും ഈ മൂന്നുജോലികളും ഇന്ന് ഒന്നിച്ച് വിദ്യാഭ്യാസഡയറക്ടരിൽ ചുമത്തിയിരിക്കുകയാണ് ചെയ്യുന്നത്. ഈ മൂന്നു ജോലികളേയും യോജിപ്പിച്ച് കൂടുതൽ വിജയകരമായും കാര്യനടപ്പോടുകൂടിയും മറെറാരു പ്രകാരത്തിൽ എങ്ങനെയാണ് നിർവ്വഹിക്കുന്നത്? ഇതാകുന്നു എൻെറ സ്നേഹിതൻെറ ചോദ്യം. ഇപ്പോഴത്തെ ഡയറക്ടറേററ് ഇല്ലാതാക്കി ആ സ്ഥാനത്തു ഒരു എഡ്യൂക്കേഷനൽബോർഡ് ഏർപ്പെടുത്തണം എന്നാകുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അദ്ദേഹം സ്വാഭിപ്രായം സംബന്ധിച്ച് ചില ആഫീസുകൾ സൂചിപ്പിച്ചത് സ്ഥൂലരീതിയിൽ മാത്രമായിരുന്നു. മിസ്റ്റർ സ്റ്റീഫൺസൺ ചൂണ്ടിക്കാണിച്ചതുപോലെ കൃഷിഡയറക്ടരും വ്യവസായഡയറക്ടരും ബോർഡിൽ ഉണ്ടായിരിക്കുന്നതും, വിദ്യാഭ്യാസകാര്യങ്ങൾക്കു ഒരു സെക്രട്ടറിമാത്രം മതിയെന്നുള്ളതും ഒരുവേള യുക്തിവിരുദ്ധമായിരുന്നേക്കാം. ഇപ്പോൾ ഈ സാമാന്യസൂചനകളെ അടിസ്ഥാനമാക്കിയാണ് നമുക്കു ചിന്തിക്കുവാനുള്ളത്. കഴിഞ്ഞ കൊല്ലം ഈ സമയത്തു അഭിപ്രായപ്പെട്ടപോലെ, ഗവൺമെൻറും യൂണിവേർസിററിയും തമ്മിലും, ഡിപ്പാർട്ടുമെൻറിലെ പല കൺട്രോളിംഗ് ഏജൻസികൾ തമ്മിലും മദ്ധ്യസ്ഥം വഹിച്ചുള്ള ഇടപാടു ജോലികൾ ഹജൂരിലെ ഒരു സിക്രട്ടറിക്കായി വിട്ടുകൊടുക്കുന്നതു ധാരാളം മതിയാകും. സംഗതികളുടെ പൂർണ്ണമായ അറിവോടുകൂടിയല്ലെങ്കിലും എക്സൈസ്ഡിപ്പാർട്ടുമെൻറിലും മററ പല ഡിപ്പാർട്ടുമെൻറിലും അപ്രകാരം ഒരു കൃത്യം നടത്തപ്പെടുന്നുണ്ടെന്നു ഞാൻ ഊഹിക്കുന്നു. ഹജൂരിലെ അസിസ്റ്റൻറു സെക്രട്ടറിയുടെ സ്ഥിതിയിലുള്ള ഒരു ഉദ്യോഗസ്ഥൻ മററ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചുള്ള ഈ ജോലി ചെയ്യുന്നുണ്ടെന്നാണു എനിക്കു തോന്നുന്നത്. ഇൻസ്പെക്ടർക്കും പ്രിൻസിപ്പാളിനും, അവരുടെ ഹർജികളിൽ തങ്ങളേക്കാൾ താഴ്ന്നനിലയിലും ഒരുവേള താഴ്ന്നശമ്പളത്തിലും ഉള്ള ഒരു ഉദ്യോഗസ്ഥൻ റിമാർക്ക ചെയ്യുന്നത് പോരായ്മയായിരിക്കുകയില്ലയോ എന്നു ഏതോ ഒരു മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ആ രീതിയിലുള്ള ഒന്നും ഇല്ല ഡിപ്പാർട്ടുമെൻറിനെ എത്രത്തോളം വ്യാപരിപ്പിക്കാം എന്നു മാത്രമേ നമുക്കു നോക്കേണ്ടതായുള്ളു ബാക്കി ജോലിയെസംബന്ധിച്ച് അതു ഹജൂരിലെ സെക്രട്ടറി ചെയ്യുമോ അതോ മററുവല്ല ഏജൻസിയും ആവശ്യമുണ്ടോ എന്നു നമുക്കു നോക്കേണ്ടതായുണ്ട്. സാമാന്യരീതികൾ സഭാസമക്ഷം ഹാജരാക്കിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. പ്രസ്തുതകാര്യത്തെപ്പററി വിസ്തൃതമായ രീതിയിൽ അന്വേഷിക്കുന്നതിനു ശരിയായ ഒരു കമ്മിററി ഏർപ്പെടുത്തുമ്പോൾ, ഈ വിവരങ്ങളെപ്പററി ചിന്തിക്കാവുന്നതാണ്. എപ്രകാരമായാലും, ഡിപ്പാർട്ടുമെൻറു തൃപ്തികരമാംവണ്ണം ജോലി ചെയ്യുന്നു എന്നു നമുക്കുതന്നെ നിശ്ചയം വരത്തക്കവിധം ശരിയായ ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടതു ആവശ്യമാകുന്നു.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു ഭരണത്തെസംബന്ധിച്ച് ഞാൻ ഒരു സ്കീം താഴെയുള്ള മോഷൻ ഷീററിൽ സൂചിപ്പിച്ചിട്ടുണ്ട്. എൻെറ ആ പ്രമേയം ഇന്നു വരുമോ എന്നു എനിക്കു നിശ്ചയമില്ല. അതുകൊണ്ടു ഞാൻ എൻെറ പ്ലാൻ ഇവിടെ ഒന്നു സൂചിപ്പിക്കുകമാത്രം ചെയ്യാം. അതായത്,

"ലോവർസെക്കൻഡറിസ്കൂളുകളും എലിമെൻററിസ്കൂളുകളും ഒന്നു ചേർത്ത് അവയെ എലിമെൻററിസ്കൂളുകൾ എന്നു വിളിക്കണം. ഈ സ്കൂളുകളിൽ അദ്ധ്യയനം വർണ്ണാക്കുലർ വഴി ആയിരിക്കണം. അവ ഇൻസ്പെക്ടരുടെ കീഴിൽ ആയിരിക്കണം. അപ്രകാരം ഒരു ഇൻസ്പെക്ടർമാത്രം മതിയാകും".

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു മിനിട്ടുകൂടി മാത്രം സർ, ഹയർഗ്രേഡ്സെക്കൻഡറിസ്കൂളുകൾ ഉടൻതന്നെ ഡയറക്ടരുടെ കീഴിലായിരിക്കണം.

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി: സി. പി. തോമസ് (നിയമിത സാമാജികൻ): സർ, എൻെറ സ്നേഹിതൻ മിസ്റ്റർ ജോസഫ് കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ അനുകൂലിക്കുന്നതിൽ, അദ്ദേഹം പ്രസ്താവിച്ച സാമാന്യാഭിപ്രായങ്ങളോട് അതായത് വിദ്യാഭ്യാസത്തിൻെറ പൊതുവേയുള്ള ഭരണത്തോടു അനദ്യോഗസ്ഥജനങ്ങൾ സഹകരിക്കേണ്ട ആവശ്യമുണ്ട് എന്നതിനോട്, എനിക്കുള്ള പൂർണ്ണസമ്മതത്തെ വെളിവാക്കേണ്ടതായിട്ടേ എനിക്കുള്ളു. വിദ്യാഭ്യാസവിഷയ സംബന്ധമായ എല്ലാ സംഗതികളിലും ഗവൺമെൻറിൻെറ ശ്രദ്ധ പതിയുന്നതാണെന്നും ആ വക കാര്യങ്ങളെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിററി വേഗംതന്നെ രൂപീകരിക്കാമെന്നും ഗവൺമെൻറിൽനിന്നു തന്നെ വാഗ്ദത്തം ചെയ്തിട്ടുള്ളതുകൊണ്ട് ആ സംഗതി വീണ്ടും ബലപ്പെടുത്തണമെന്നു ഇപ്പോൾ ഞാൻ വിചാരിക്കുന്നില്ല.

വർണ്ണാക്കുലർസ്കൂൾ ഡിപ്പാർട്ടുമെൻറു ഭരണത്തെ സംബന്ധിച്ച്, ഈ സഭയിലെ ഒരു മെമ്പർ അനിർദ്ദിഷ്ടമായി ചെയ്തിട്ടുള്ള ദോഷാരോപണങ്ങളെപ്പററി ഏതാനും ചിലതു പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. വർണ്ണാക്കുലർസ്കൂൾ ഇൻസ്പെക്ടർ നടത്തിയ നിയമനങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപം ഡിപ്പാർട്ടുമെൻറിൽ പകരത്തിനു ജോലിനോക്കിവന്ന ആളുകളെ അവരുടെ അവകാശങ്ങൾ അനുസരിച്ചു നിയമിച്ചില്ല എന്നുള്ളതാണ്. സർ, ഒന്നാമതായി, കാര്യക്ഷമത, അദ്ധ്യാപനപടുത്വം ഇത്യാദി മററുകാര്യഭാഗങ്ങളുള്ളപ്പോൾ, നിയമനാധികാരമുള്ള ഒരു ഉദ്യോഗസ്ഥൻ, അപേക്ഷകന്മാർ എത്രകാലം പകരത്തിനു ജോലിനോക്കിയിട്ടുണ്ട് എന്നതിനെ അടിസ്ഥാനമാക്കിമാത്രം പ്രവർത്തിക്കണമെന്നു എല്ലായ്പോഴും ഉപദേശിക്കാവുന്നതല്ല. സംസ്ഥാനത്തിലെ യാതൊരു ഗ്രേഡിലും അപ്രകാരം ചെയ്യുന്നില്ലെന്നും ഞാൻ ചൂണ്ടിക്കാണിക്കാം. ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ, അതിൽ പകരം ജോലിനോക്കിയിട്ടുള്ള ആളുകളുടെ ആക്ടിംഗ്കാലത്തിൻെറ ശരിയായ ഒരു റിക്കാർഡ് ഉണ്ടോ എന്ന് എനിക്കറിയാൻപാടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇന്നേവരെ തിരുവിതാംകൂറിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൻെറ ചരിത്രത്തിൽ, ഏതാണ്ട് നൂറോളം ആളുകളെ പെട്ടെന്ന് അവരുടെ സ്ഥാനങ്ങളിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളതായി മെമ്പർ കേട്ടിട്ടുണ്ടോ എന്നു എന്നെ അറിയിക്കാമോ?

മി: സി. പി. തോമസ് (നിയമിതസാമാജികൻ) അപ്രകാരം പിരിച്ചുവിടുവാൻ തക്കവണ്ണം അത്രവളരെ കീഴുദ്യോഗസ്ഥന്മാരുള്ള മററു ഇടങ്ങൾ സംസ്ഥാനത്തു ഇല്ലെന്നാണ് എനിക്കുപറവാനുള്ളത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) സെക്കൻഡറിസ്കൂൾ ഡിപ്പാർട്ടുമെൻറിലുള്ള അദ്ധ്യാപകന്മാരുടെ സംഖ്യ എത്രയാണെന്നു എന്നെ അറിയിക്കാമോ?

മി. സി. പി. തോമസ് (നിയമിതസാമാജികൻ) കണക്ക ഇപ്പോറം എന്റെ കൈവശമില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) മെമ്പർ സങ്കല്പമേ പ്രസംഗിക്കുകയാണോ?

മി: സി. പി. തോമസ് (നിയമിതസാമാജികൻ) അത്രവളരെ കീഴുദ്യോഗസ്ഥന്മാരുള്ള ഡിപ്പാർട്ടുമെന്റുവേറെയാതൊന്നും ഇല്ലാത്തതുകൊണ്ട്, അത്ര വളരെ സംഖ്യവരുന്ന കീഴുദ്യോഗസ്ഥന്മാരെ പിരിച്ചുവിടേണ്ടയായിട്ട വേറെയാതൊരു ഡിപ്പാർട്ടുമെന്റിലും അവസരം വരുന്നതല്ല. സർ, ചില അദ്ധ്യാപികമാരുടെ നിയമനങ്ങളെപ്പറ്റി ഇൻസ്പെക്ട്രസിനോട് സംസാരിക്കേണ്ട ഒരു സന്ദർഭം എനിക്കുണ്ടായിരുന്നു. അപ്പോറം നിയമനങ്ങറം, ആക്റ്റിംഗ് കാലത്തിന്റെ ദൈർഘ്യമനുസരിച്ചല്ലേ നടത്തുകയുണ്ടായതെന്ന ഞാൻ ചോദിച്ചു. അപ്രകാരം ചെയ്‌വാൻ അവർ ഒരിക്കലും വിചാരിച്ചിട്ടില്ലെന്ന ആ ഉദ്യോഗസ്ഥ എന്നോട് പറഞ്ഞു. ആക്റ്റിംഗ് പീരിയഡിന്റെ ഏറ്റക്കുറവിനെ അനുസരിച്ച കൃത്യമായി നിയമനങ്ങറം നടത്തുക എന്നത് പ്രായോഗികമോ, ആശാസ്യമോ അല്ലെന്ന അവർ പ്രസ്താവിച്ചു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) ഈ അദ്ധ്യാപകന്മാരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടത് കാര്യക്ഷമതയേയോ കാര്യക്ഷമതയില്ലായ്മയേയോ ആസ്പദമാക്കിയാണോ എന്ന് ഞാൻ അറിയുമോ?

മി: സി. പി. തോമസ് (നിയമിത) എല്ലായ്പോഴും ഉദ്യോഗനിയമനങ്ങറം, പകരം പണിനോക്കിയിട്ടുള്ള കാലദൈർഘ്യത്തിന്റെ താരതമ്യത്തെനോക്കിമാത്രം ചെയ്‌വാൻ ഒരുമ്പെടുന്നത് നന്നല്ലെന്നമാത്രമേ ഞാൻ പറയുന്നുള്ളു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) കാര്യക്ഷമതയെ നോക്കിയാണെങ്കിൽ പോലും ഇപ്രകാരം പിരിച്ചുവിട്ട അദ്ധ്യാപകന്മാർ എല്ലാം കാര്യക്ഷമതയില്ലാത്തവരാണെന്ന പറവാൻ കഴിയുമോ എന്ന എനിക്ക് അറിയിക്കാമോ?

മി: സി. പി. തോമസ് (നിയമിത) എനിക്ക അറിഞ്ഞുകൂടാ അതിനെപ്പറ്റിയാതൊരു പ്രതിനിധ്യവും എനിക്കില്ല.

മുന്നവസരങ്ങളിൽ ചില അദ്ധ്യാപകന്മാരോട പ്രവർത്തിച്ചിരുന്ന അനീതികളെ തീർത്ത ശരിപ്പെടുന്നതിനും അതു ആവശ്യമായിരുന്നിരിക്കാം എന്നും എനിക്കു ചൂണ്ടിക്കാണിക്കാനുണ്ട്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) ഇപ്രകാരം പ്രവൃത്തിക്കയാണെങ്കിൽ സർവീസിൽ പ്രവേശിക്കുന്ന സമുദായങ്ങറംക്ക എന്തെങ്കിലും രക്ഷയുണ്ടോ എന്ന ഞാൻ ചോദിക്കട്ടെ?

മി: സി. പി. തോമസ് (നിയമിത) പബ്ലിക്ക്സർവീസിനെ ബാധിക്കാതിരിക്കുന്നിടത്തോളം അപ്രകാരമുള്ള അനീതികറം ശരിപ്പെടുത്താം.

സർ, വർണ്ണാക്കുലർസ്കൂറം ഇൻസ്പെക്റ്ററുടെ ഈ പ്രവൃത്തി, പ്രാതിനിധ്യം കുറഞ്ഞതും പ്രാതിനിധ്യം ഇല്ലാത്തതും ആയ സമുദായങ്ങളിൽ നിന്ന് കൂടുതൽ ആളുകളെ എടുക്കുന്നതിന അത്യാവശ്യമായിത്തീർന്നിരിക്കാം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) സർവീസിൽ നിന്ന പിരിച്ചു വിടുന്ന ഒരാളും പുതിയതായി സർവീസിൽ പ്രവേശിക്കുന്ന ഒരാളും തമ്മിൽ ആരാണ് സാമർത്ഥ്യമുള്ളവൻ എന്നും ആരാണ സാമർത്ഥ്യമില്ലാത്തവറം എന്നും മെമ്പർക്ക പറയാൻ കഴിയുമോ?

മി: സി. പി. തോമസ് (നിയമിത) അപേക്ഷകറം എന്റെ മുമ്പിലല്ല കൊണ്ടുവരപ്പെട്ടിട്ടുള്ളത്. വ്യക്തികളെ സംബന്ധിച്ചുള്ള സന്ദർഭങ്ങളിൽ ഏതെങ്കിലും അഭിപ്രായം പറയത്തക്കനിലയിലല്ല ഞാൻ ദോഷാരോപണങ്ങളെപ്പറ്റി പൊതുവായി ഞാൻ പറയുന്നുവെന്നേയുള്ളു.

അതുകൊണ്ട്, ഈ ഉദ്യോഗസ്ഥൻ നടത്തിയിട്ടുള്ള നിയമനങ്ങളെപ്പറ്റി ഞാൻ സഭയേയും ഗവണ്മെന്റിനേയും ധരിപ്പിക്കുന്നതെന്തെന്നാൽ ആ വിഷയത്തിന്റെ പലഭാഗങ്ങളെപ്പറ്റിയും ചിന്തിക്കണമെന്നാണ്.

മി: കെ. കെ. തോമസ് (കോട്ടയം) സർ, മി: ജോസഫ് ഹാജരാക്കിയിട്ടുള്ള ഈ പ്രമേയത്തോട സാമാന്യമായി ഞാൻ അനുകൂലിക്കുന്നു. അദ്ദേഹത്തിന്റെ പ്രമേയത്തിന്റെ പ്രധാന ഉദ്ദേശം അനദ്യോഗസ്ഥന്മാരും, കൃഷിഡയറക്റ്റർ വ്യവസായഡയറക്റ്റർ, ആദിയായ ചില ഉദ്യോഗസ്ഥപ്രതിനിധികളും ഉറംപ്പെട്ട ഒരു ബോർഡ് സ്ഥാപിക്കുന്നതിന്റെ അത്യാവശ്യകതയെ സഭയെ അറിയിക്കണമെന്നുള്ളതാകുന്നു. ശരിയായ നിലയിൽ അതു ന്യായമായ ഒരു അവതരണമാണെന്ന ഞാൻ വിചാരിക്കുന്നു. ഡിപ്പാർട്ടുമെന്റ, വളരെക്കാലമായി ഇതിന്റെയും നിയമനത്തിന്റെയും മുമ്പിൽ നിൽക്കുന്നു എന്ന പ്രസ്താവവും ഇല്ലാതാകുന്നതാണ്. ഡിപ്പാർട്ടുമെന്റു പ്രവൃത്തികറംക്കും നവമായ ഒരു ഉണർച്ചയുണ്ടാകും.

സർ, പിന്നീട എന്റെ സ്നേഹിതൻ മി: കെ. പി. നീലകണ്ഠപിള്ള പ്രത്യേകമായ ഉദ്ദേശത്തോടെ പ്രസ്താവിച്ച വിഷയത്തെപ്പറ്റി കഴിഞ്ഞ കൊല്ലം ബഡ്ജറ്റ് യോഗത്തിൽ വിദ്യാഭ്യാസഡയറക്റ്റർ സ്തുതിവർഷം ചെയ്തത നാം കേട്ടിട്ടുണ്ട് എന്ന സംഗതി ഞാൻ ചൂണ്ടികാണിച്ചുകൊള്ളട്ടെ. അതേവരെ ഡിപ്പാർട്ടുമെന്റ മുട്ടാകെ ഒരുമാതിരി കുഴങ്ങിക്കിടക്കുകയായിരുന്നുവെന്നും ഇപ്പോഴത്തെ വർണാക്കുലർസ്കൂറം ഇൻസ്പെക്റ്ററുടെ ഗൗരവപ്രയത്നംകൊണ്ടുമാത്രമാണ് ഒരുവിധം ക്രമപ്പെടുത്തുവാൻ സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു. വാസ്തവത്തിൽ വർണ്ണാക്കുലർസ്കൂളുകളിൽ പണിയെടുത്തുവരുന്ന അദ്ധ്യാപകന്മാരുടെ സംഖ്യയെപ്പറ്റി ആലോചിക്കുമ്പോറം പ്രസ്തുതഡിപ്പാർട്ടുമെന്റ് ശരിയായവിധം ഭരിച്ചുകൊണ്ടുപോവുകയും, അതേസമയം തന്നെ പകരത്തിനു പണിയെടുത്തുവരുന്ന ആളുകളുടെ നിലയെ താരതമ്യവിവേചനം ചെയ്തുകാണിക്കുന്ന യാതൊരുപട്ടികയും കൂടാതെ പലക്കും ജോലിനറംകുകയും ചെയ്ക എത്രപ്രയാസമേറിയ ഒന്നാണെന്ന് ആക്കും നിഷ്പ്രയാസം ഊഹിക്കാം. വർണ്ണാക്കുലർ സ്കൂറം ഇൻസ്പെക്റ്റർ ഈ പകരക്കാരുടെ ഒരുപട്ടികതയ്യാറാക്കിയത് വളരെ പണിപ്പെട്ടാണ്. ഇതായിരുന്ന കഴിഞ്ഞ കൊല്ലം ഡയറക്റ്റർ നമ്മോടുപറയുകയുണ്ടായത്. വർഗ്ഗീയപ്രാതിനിധ്യത്തെ പറ്റിയുള്ള ഈ സഭയുടെ വ്യക്തമായ അഭിപ്രായത്തെ കാണിക്കുന്ന അനേകം സർക്കുലറുകളും ഗവണ്മെന്റിൽനിന്നും ഡിപ്പാർട്ടുമെന്റിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇൻസ്പെക്റ്റർക്ക് ഈ സർക്കുലറുകളേയും മാനിക്കേണ്ട ചുമതലയുണ്ടായിരുന്നു. കൂടാതെ, എന്റെ തമിഴ് സ്നേഹിതന്മാർ ചൂണ്ടിക്കാണിച്ചതു പോലെ അദ്ദേഹത്തിന തമിഴറിയാവുന്ന അദ്ധ്യാപകന്മാരെ തമിഴ് ഡിസ്ട്രിക്റ്റുകളിലേക്ക മാറേണ്ടിയും ഉണ്ടായിരുന്നു. ഇവ ഏതാനും ആക്റ്റിംഗ്കാരെ പിരിച്ചു വിടുന്നതിനും ആവശ്യമായിത്തീർന്നിരിക്കാം. പ്രാതിനിധ്യമില്ലാത്ത

വർഗ്ഗങ്ങളിൽ നിന്നും കൂടുതൽ ആളുകളെ നിയമിക്കേണ്ടതുമായ ഇൻസ്പെക്ടറുകൾ ഉണ്ടായിരുന്നിരിക്കാം. മററൊരു ഡിപ്പാർട്ടുമെൻറിലും നിയമനവിഷയത്തിൽ ക്രമമായ ഒരു രീതിയില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) എന്നെ അറിയിക്കുമോ?

മി: കെ. കെ. തോമാസ് (കോട്ടയം) ഇപ്പോൾ അദ്ദേഹത്തിൻെറ ചോദ്യത്തിനുത്തരം പറവാൻ ഞാൻ തയ്യാറില്ല.

മററു ഡിപ്പാർട്ടുമെൻറുകളിലെ നിയമനങ്ങളെ സംബന്ധിച്ച് അവയിൽ യാതൊന്നിനെപ്പററിയും യാതൊരു വിധത്തിലും ഉള്ള ക്രമീകൃതമായ പദ്ധതി അശേഷമില്ലെന്ന് എനിക്കു നല്ലപോലെ അറിയാം. അപ്രകാരമുള്ള യാതൊരു തത്വവും എക്സൈസ് ഡിപ്പാർട്ടുമെൻറിലൊ, റവന്യൂ ഡിപ്പാർട്ടുമെൻറിലോ, മററു ഏതെങ്കിലും ഡിപ്പാർട്ടുമെൻറിലൊ അനുഷ്ഠിച്ചു വരുന്നില്ല. അവർ ഈ ആക്ടിംഗ് അവകാശത്തെ ബഹുമാനിക്കപോലും ചെയ്യുന്നില്ല. രണ്ടോ അതിലധികമൊ മാസം ആക്ററു ചെയ്തിട്ടുള്ള ഒരുവൻ ഉദ്യോഗസ്ഥൻെറ അടുത്തു ചെന്നു അയാളുടെ ആക്ടിംഗ് അവകാശത്തെപ്പററി പ്രസ്താവിക്കുമ്പോൾ അദ്ദേഹം പറയുന്നതു "ഞാൻ ഇപ്പോൾ കാര്യക്ഷമതയെ ആണ് അവലംബിക്കുന്നതു" എന്നാകുന്നു. എന്നാൽ കാര്യക്ഷമതയുടെ പരിശോധനമാർഗ്ഗം എന്താണ്: മിക്കവാറും സംഗതികളിൽ അതു ഏററവും കുറഞ്ഞ പരീക്ഷായോഗ്യത അല്ലാതെ മററൊന്നും അല്ല. അങ്ങനെയിരിക്കെ, പ്രാതിനിധ്യമില്ലാത്ത വർഗ്ഗങ്ങൾക്കു തൃപ്തികരമാംവണ്ണം പ്രാതിനിധ്യം നൽകുന്നതു സംബന്ധിച്ച ഗവണ്മെൻറും ഡിപ്പാർട്ടുമെൻറു മേലധികാരിയും പാസ്സാക്കിയിട്ടുള്ള ഉത്തരവുകളെപ്പററി ഏതാണ്ടൊരു ബഹുമാനം കാണിക്കുന്നതിനു ഒരു ഉദ്യോഗസ്ഥൻ ശ്രമിക്കയാണെങ്കിൽ ആ ഉദ്യോഗസ്ഥനെ ശ്ലാഘിക്കയും അദ്ദേഹത്തിൻെറ ജോലിയിൽ വേണ്ട പ്രോത്സാഹനം നൽകയും ചെയ്യേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. വാസ്തവമായ ന്യായം ചെയ്യുന്നതിനു ശ്രമിക്കുന്നവരെ അപമാനിക്കയും, ഉപദ്രവിക്കയും, നിഷ്ഠുരമാംവണ്ണം പീഡിപ്പിക്കയും ചെയ്ക എന്നതു ദൈവവിധിയാണ്. സംസ്ഥാനത്തിലെ ഒരു ഉദ്യോഗസ്ഥൻ അദ്ദേഹത്തിൻെറ ധർമ്മം യഥോചിതമായി ചെയ്യുന്നുവെങ്കിൽ ഏതാനും പേർ അദ്ദേഹത്തെ അപമാനിക്കുന്നതു തിരുവിതാംകൂറിൻെറ ഇപ്പോഴത്തെ സ്ഥിതിയിൽ സ്വാഭാവികമായതു തന്നെ. ഒരു ക്രമാനുസാരമായ ഉപക്ഷേപത്തിൻെറ രൂപത്തിൽ യാതൊരു അടിസ്ഥാനവും ഇല്ലാതെ അദ്ദേഹത്തെപ്പററി ദോഷാരോപണം ചെയ്യുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നെ അറിയിക്കുമൊ.

മി: കെ. കെ. തോമസ് (കോട്ടയം): അദ്ദേഹത്തിൻെറ ചോദ്യത്തിനു ഇപ്പോൾ മറുപടി പറയുകയില്ലെന്നു ഞാൻ പറഞ്ഞു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ദോഷാരോപണം ചെയ്യുന്നതിനു മുമ്പു ഈ സഭയെ മററു പ്രകാരത്തിൽ ബോദ്ധ്യപ്പെടുത്തുന്നതിനു അദ്ദേഹത്തിനു കഴിയുമൊ എന്നു എന്നെ അറിയിക്കുമൊ.

മി: കെ. കെ. തോമസ്സ് (കോട്ടയം): ഇപ്പോൾ അദ്ദേഹത്തിൻെറ ചോദ്യത്തിനു ഉത്തരം പറയാൻ ഞാൻ തയാറില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രണ്ടു മെമ്പറന്മാർ തമ്മിൽ ഒരു സംഭാഷണം തുടരാമോ:

മി: കെ. കെ. തോമസ്സ് (കോട്ടയം): ഞാൻ വ്യസനിക്കുന്നു.

നിർഭയമായി കർത്തവ്യമനുഷ്ഠിക്കുന്ന ഒരുദ്യോഗസ്ഥൻ പലപ്പോഴും നിന്ദക്കും അപമാനത്തിനും പാത്രമായിത്തീരുന്ന തിരുവിതാംകൂറിലെ പൊതുജനജീവിതം ആ നിലയിലാണ് ഇപ്പോൾ സംക്രമിച്ചിരിക്കുന്നതു്.

പിന്നീടു ഉദ്യോഗ നിയമനങ്ങളെ സംബന്ധിച്ച് അവ ഏതാണ്ടു മൂന്നക്കങ്ങളുള്ള ഒരു സംഖ്യയാണെന്നു എൻെറ സ്നേഹിതൻ പറകയുണ്ടായി. എൻെറ അറിവിൽ പെട്ടിടത്തോളം അതു നൂറോളമേ വരുന്നുള്ളു. ആറായിരത്തിനു മേൽ അദ്ധ്യാപകന്മാരുള്ളതും ഗവണ്മെൻറ സർക്കുലർ കളുടെ ബാഹുല്യം കൊണ്ടും ഈ സഭയുടെ അഭിപ്രായത്തെ ലക്ഷ്യമാക്കിയും ക്രമാനുസാരമായശ്രദ്ധ തിരിച്ചുള്ള നിയമനങ്ങൾക്കു സാദ്ധ്യമല്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിൽ അങ്ങുമിങ്ങും ചില പരാതികൾ, വിശേഷിച്ചു ആ ഉദ്യോഗസ്ഥൻ തൻെറ കൃത്യം ഭയം കൂടാതെ ചെയ്യുമ്പോൾ ഉണ്ടാവുകയെന്നതു സ്വാഭാവികമാണ്. അസംഖ്യങ്ങളായ ആക്ടിംഗ് അദ്ധ്യാപകന്മാരുടേയും അവകാശങ്ങളെ പരിഗണിച്ചില്ലെങ്കിൽ ഡിപ്പാർട്ടുമെൻറിൻേറയും പൊതുവിൽ രാജ്യത്തിൻേറയും നന്മയെ ലക്ഷ്യമാക്കി പ്രവൃത്തിക്കുന്നതെന്നുള്ള പക്ഷം ആ പ്രത്യേക ഉദ്യോഗസ്ഥനെ നാം അപരാധിയാക്കുന്നതു ന്യായമായിരിക്കയില്ലാ. ഈ ഉദ്യോഗസ്ഥനെ രാജ്യത്തു എല്ലായിടത്തും ശ്ലാഘിക്കയാണ് ചെയ്യാറുള്ളതെന്നു എൻെറ അറിവിൽപ്പെട്ടിടത്തോളം എനിക്കു തോന്നുന്നു. രാജ്യത്തിൻെറ ഒരററം മുതൽ മറേറ അററംവരെ സഞ്ചരിച്ചിട്ടുള്ളവർക്കെല്ലാം ഇതു വ്യക്തമായി അറിയാവുന്നതാണ്. മലയാളം സ്കൂൾ ഇൻസ്പെക്ടരെപ്പോലെ ഇത്ര പ്രശംസാർഹനായ ഒരുദ്യോഗസ്ഥൻ വേറെ ഉണ്ടെന്നു തോന്നുന്നില്ലാ. ഈ രാജ്യത്തെ നാട്ടുഭാഷാഭിവൃദ്ധി പ്രധാനമായി ഈ ഉദ്യോഗസ്ഥൻമൂലവും, മുമ്പത്തെ ഡിപ്യൂട്ടി ഡയറക്ടർ മിസ്റ്റർ. രാമസ്വാമി അയ്യർ മൂലവുമാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാർ, ഞാൻ പ്രമേയത്തെ എതിർക്കുന്നു. പ്രയോക്താവായ മിസ്റ്റർ ജോസഫ് തന്നെയും അദ്ദേഹത്തിനു ഒരു അഭിപ്രായം മാത്രമേ സമർപ്പിക്കാനുള്ളുവെന്നും അതു വ്യക്തമായ ഒരു പദ്ധതി അല്ലെന്നും പറഞ്ഞുകൊണ്ടാണ് പ്രസംഗം അവസാനിപ്പിച്ചതു്.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ, ദേവികുളം): ഈ പ്രമേയം ഹാജരാക്കുന്നതിൽ എൻെറ പ്രധാനമായ ഉദ്ദേശം ഇപ്പോഴത്തെ ഭരണരീതിയുടെ അതൃപ്തികരമായ രീതിയെ ചൂണ്ടിക്കാണിക്കണമെന്നും, അവകാശങ്ങളേയും പററി ചിന്തിക്കുന്നതിനു ഒരു കമ്മിററി ഏർപ്പെടുത്തുകയോ, ഒരു കാൺഫെറൻസ് വിളിച്ചു കൂട്ടുകയോ ചെയ്യണമെന്നും ഉള്ളതാണെന്നു മെമ്പർക്കു മനസ്സിലായോ എന്നു എന്നെ അറിയിക്കുമോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മനസ്സിവായി മെമ്പർ പ്രസ്താവിച്ചതു ഒരു അഭിപ്രായം മാത്രമാണെന്നും പൂർണ്ണമായ ഒരു സ്കീം അല്ലെന്നും ഞാൻ പറഞ്ഞതു അതാണ്. എനിക്കു തെററിപ്പോയെങ്കിൽ ഞാൻ അദ്ദേഹത്തിനോടു മാപ്പുചോദിക്കുന്നു. ഏതു വിധമായാലും ഞാൻ പ്രമേയത്തെ എതിർക്കുകതന്നെ ചെയ്യുന്നു.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ ജോസഫ് ഒരു സ്കീം ഹാജരാക്കുന്ന ജോലി വഹി
ച്ചിട്ടില്ലെന്ന സംഗതി മെമ്പർക്ക് ബോധ്യമുണ്ടോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഭ മുമ്പാകെ ഒരു സ്കീം ഇല്ലെങ്കിൽ പ്രമേയത്തെ
മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഭ മുമ്പാകെ ഒരു സ്കീം ഇല്ലെങ്കിൽ പ്രമേയത്തെ അദ്ദേഹം ഒരു സ്കീമോ അ
പിൻ താങ്ങുവാൻ എനിക്കു കഴികയില്ല. അതാണ് എന്റെ നില. (ചിരി) അദ്ദേഹം ഒരു സ്കീമോ അ
ല്ലെങ്കിൽ ഒരു അഭിപ്രായമോ അതുമല്ലെങ്കിൽ ഒരു അഭിപ്രായത്തിന്റെ ഛായയോ ഹാജരാക്കണമെന്നു ഒരു പ്ര
കാരത്തിലും എനിക്കു ആഗ്രഹമില്ല. അതെല്ലാം പൂർണ്ണമായി അദ്ദേഹത്തിനു വിട്ടിരിക്കുന്നു. അതു പോലെ ത
ന്നെ പ്രമേയത്തെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്വാനുള്ള അവകാശം എനിക്കുണ്ട് സ്ഥാപിച്ചി
രിക്കുന്നത്.

അപ്പോൾ അതാണ് പ്രമേയം. എന്നാൽ മോഷൻ അവിടെ അവസാനിച്ചില്ല. അതിനു ഒരു മംഗ്ഗ
ളാശംസ സംഭവിച്ചു. വാസ്തവത്തിൽ, ശാഖയാണ് തായ്ത്തടിയെക്കാൾ വലുതായി തീർന്നു. ജങ്കിൻസ് ഇയർയു
ദ്ധം ബ്രിട്ടീഷ് ചരിത്രത്തിൽ എന്നപോലെ പ്രസ്തുത മോഷൻ വഞ്ചിനാടർസ്റ്റേറ്റ് കോൺഗ്രസ്സുകാരുടെ മോഷനായിസ്ഥാ
നമാനം ചെയ്യപ്പെട്ടു. (ചിരി) ജങ്കിൻസിന്റെ ചെവികൾ മൂലം ഇംഗ്ലീഷ് ജനത യുദ്ധത്തിനു പോകാൻ പ്രേ
രിതമായി തീർന്നു. ഈ വിഷയാന്തരപ്രാപ്തിയെ പുരസ്കരിച്ചു എനിക്കു ഒന്നു ഗാഢമായി അപേക്ഷിക്കണം ചെയ്യേണ്ടതാ
യുണ്ട്. എല്ലാക്കാര്യവും ഗവണ്മെന്റിന്റെ ആലോചനയിലിരിക്കയാണെന്നു പണ്ഡിതനായ ഡയറക്ടർ പ്രസ്താവി
ച്ചതിനുശേഷം പ്രകൃത സംഗതി ഈ സഭയിൽ വാദിക്കപ്പെടുന്നതിനു യോഗ്യമല്ലെന്നാണ് ഞാൻ വിചാരിച്ചത്.
ഒരു കോർട്ടുമുമ്പാകെ ഒരു കേസ് നടന്നുകൊണ്ടിരിക്കുമ്പോൾ
അതു തീർച്ചപ്പെടാത്ത ഒരു കേസ് പോലെയാണ്. ഒരു കോർട്ടുമുമ്പാകെ ഒരു കേസ് നടന്നുകൊണ്ടിരിക്കുമ്പോ
ൾ, നമ്മുടെ പത്രലേഖകന്മാർ പോലും തൽ സംബന്ധമായ വ്യാഖ്യാനത്തിൽ നിന്നും തടയപ്പെട്ടിരിക്കുന്നു.
എന്തെന്നാൽ ശരിയായ തീരുമാനം ന്യായാസനത്തിൽ നിന്നുണ്ടാകുന്നതിനുമുമ്പേ ഒരു കേസിനെ അനുകൂലിച്ചോ
പ്രതികൂലിച്ചോ വിമർശിക്കുന്നതു് അനാവശ്യമായിരിക്കും. എന്നാൽ ഈ സംഗതിയെ വിസ്മരിച്ചു സഭ ഇവ
ശം കൊണ്ടു രണ്ടു കക്ഷിയായി തിരിഞ്ഞ്, ഒന്നു മിസ്റ്റർ ചെറിയാനെ എതിർക്കുവാനും മറ്റൊന്നു പിൻ താങ്ങുവാ
നും ഉന്നിഞ്ഞിരിക്കുന്ന പോലെ തോന്നുന്നു. അതു വളരെ പരിതാപകരമായ ഒരു വിഷയാന്തര പ്രാപ്തിയാകുന്നു.
ഈ സഭയുടേയും അതിലെ മെമ്പറന്മാരുടേയും കൃത്യം ഓരോ ഡിപ്പാർട്ടുമെന്റിലുമുള്ള കീഴുദ്യോഗസ്ഥന്മാരുടെ പ്ര
വൃത്തികളെക്കുറിച്ചു ന്യായാന്യായവിവേചനം ചെയ്കയല്ലെന്നും, ഗവണ്മെന്റിന്റെ പ്രവൃത്തിയേയും രീതിയേയും
പററി വിമർശനം ചെയ്കയുമാണെന്നും പ്രസ്താവിക്കേണ്ടിവന്നതിൽ എനിക്കു അതിയായ മനസ്താപമുണ്ട്. മി
സ്റ്റർ ഏ. കെ. പിള്ള (കേൾക്കുക, കേൾക്കുക) അതു ഈ സഭയിൽ തീർച്ചപ്പെടുത്തിയിരിക്കുന്ന ഒരു കേസിനെപ്പററി
നിയമവിദഗ്ദ്ധന്മാർ വന്നു അവരുടെ വാദങ്ങൾ സമർപ്പിക്കുന്നപോലെയാകുന്നു. അപ്രകാരമുള്ള വാദത്തിൽ
പങ്കുകൊള്ളുന്നതു് ഏററവും ദോഷഹേതുകമായ ഒന്നാകുന്നു. ഈ സഭയിലെ സാമാജികന്മാരായ നാം ഗവ
ണ്മെന്റിന്റെ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവിധഭാഗങ്ങളേയും വിചിന്തനം ചെയ്യുന്നതിനാണ് ഉദ്ദേശി
ക്കപ്പെട്ടിരിക്കുന്നതു്. വഞ്ചിനാടർ സ്റ്റേറ്റ് കോൺഗ്രസ്സുകാരെ അന്യായമായി ശിക്ഷിക്കുകയോ ന്യായവിചാരമെന്യേ
വിട്ടുകയോ ചെയ്തിരുന്നെങ്കിൽ, ഗവണ്മെന്റിന്റെ ഏതാശയമായ പ്രവൃത്തിയെപ്പററി വാദപ്രതിവാദം നടത്തുന്ന
തു് യുക്തമായിരുന്നേനേ. അപ്രകാരം ചെയ്യുന്നതിനുപകരം, നിർഭാഗ്യവശാൽ കാര്യമൊന്നും കൂടാതെയുള്ള ഒരു
വലിയവാദം നമുക്കു കേൾക്കുന്നതിനിടയായി. വാദത്തിൽ ഇരു കക്ഷികളും പ്രസ്താവിച്ച സംഗതികൾ യാ
തൊരു തെളിവും കൂടാതെയാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ. സി. പി. തോമസ്, ന്യായം നടത്തുന്നതിനാ
യി സർവീസിലുള്ള സീനിയോരിററിയെ വിഗണിക്കേണ്ടതായും അവസരങ്ങൾ ഉണ്ടായേക്കാം എന്നു പറയുകയു
ണ്ടായി. അപ്രകാരം ഏതെങ്കിലും അവസരം ഉണ്ടായോ എന്നാണ് ഇവിടെ വിഷയം. പൊതുവായും, അ
വ്യക്തമായും അവാസ്തവമായും ഉള്ള വിഷയങ്ങളെ കുറിച്ചായിരുന്നു വാദം നടന്നതു്. ഈ വാദം കൊണ്ടുള്ള
പ്രയോജനം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. മിസ്റ്റർ. ചെറിയാനെ കുറിച്ചുള്ള ജനാഭിപ്രായം എ
ന്താണെന്നും ഗവണ്മെന്റു അതു എപ്രകാരം ഗണിച്ചിരിക്കുന്നു എന്നും നമുക്കറിയാമെന്നുള്ളതാണ്. പൊതുജനാ
ഭിപ്രായം രൂപീകരിക്കുവാൻ സാധിക്കുന്നിടത്തോളം അതു ഗവണ്മെന്റിന്റെ സന്നിധിയിലുണ്ട്. മി: ചെറിയാന്റെ
സംഗതിയെപ്പററിയുള്ള ഗവണ്മെന്റു വിധിയെ സംബന്ധിച്ചു ചിന്തിക്കുന്നതിനുള്ള അവകാശം നമുക്കു നൽകുന്ന
താണെന്നും എനിക്കു നല്ല നിശ്ചയമുണ്ട്. അതിനുപരിയായി, നടക്കുന്ന ഒരു കാര്യത്തെക്കുറിച്ചു വാദിക്കുവാൻ
മുതിരുന്നതു നിയമവിരുദ്ധമാണെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു.

മി: സി. പി. തോമസ്സ് (നിയമിത) സഭാകാര്യപരിപാടിയിൽ നിന്നും പ്രസ്തുത സംഗതി എടുത്തു കള
യാൻ മെമ്പർ ശിപാർശ ചെയ്യുന്നോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ധ്യക്ഷൻ അനുവദിക്കുമെങ്കിൽ നിശ്ചയമായും അ
തിനു ശിപാർശ ചെയ്യുവാൻ ഞാനൊരുക്കമാണ്. അദ്ധ്യക്ഷനു അതു എടുത്തുകളവാൻ അധികാരമുണ്ടെങ്കി
ൽ ഞാൻ അദ്ദേഹത്തോടു വിനീതമായി അപേക്ഷിക്കാം. അദ്ധ്യക്ഷനു അതിനു അധികാരമില്ലെങ്കിൽ അക്കാ
ര്യം കാര്യപരിപാടിയിൽ തന്നെയുണ്ടായിരിക്കും.

മി: വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): ഇക്കാര്യത്തിൽ എനിക്കും ചിലതു പറയേണ്ടിവന്നതി
ൽ വളരെ മനസ്താപിക്കുന്നു. ഇന്നു ഇവിടെ അവതരിപ്പിച്ച സംഗതികളെപ്പോലെയുള്ള കാര്യങ്ങൾ ഈ സഭ
യിൽ വാദിക്കുന്ന പക്ഷം സർക്കാർ ഉദ്യോഗം കൊള്ളരുതാത്ത ഒന്നാകുന്നു. എന്തെന്നാൽ നാം ഇവിടെ കൂടി
യിരിക്കുന്നതു ഒരു ഉദ്യോഗസ്ഥന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തെ ആക്ഷേപിക്കയാനാകുന്നു. അപ്രകാരമു
ള്ള അവസരങ്ങളിൽ ഡയറക്ടരോട് പരാതി പറയുകയും അദ്ദേഹം അതിനു ഉപശാന്തി ഉണ്ടാക്കിയില്ലെങ്കിൽ
ഗവണ്മെന്റിനോടു സങ്കടം ബോധിപ്പിക്കുകയും ആകുന്നു ഏററവും ഉത്തമമായ മാർഗ്ഗം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ യോഗത്തിൽ ഇതേ ഉദ്യോഗസ്ഥനെപ്പററി
പ്രസംഗാവസരം ചോദിച്ചപ്പോൾ പണ്ഡിതനായ ഉപാദ്ധ്യക്ഷൻ ഇവിടെ ഉണ്ടായിരുന്നോ എന്നു അദ്ദേഹം എ
ന്നെ അറിയിക്കുമോ.

മി: വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): ഉണ്ടായിരുന്നു, സർ, ഞാൻ പറയുന്നതെന്തെന്നാൽ ഇ
ങ്ങനെയുള്ള കാര്യങ്ങളിൽ മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞപോലെ കീഴുദ്യോഗസ്ഥന്മാരെപ്പററിയുള്ള
സംഗതികളിലേക്കു നാം പോകാൻ പാടില്ല. ഡയറക്ടരുടെ നയത്തെപ്പററിയാണു നമുക്കു നോക്കുവാനുള്ളതു്.

മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തെ വിഷയവുമായി യോജിപ്പിക്കുന്നതിനുവേണ്ടി ഡയറക്ടർ അദ്ദേഹത്തിന്റെ കർത്തവ്യം അനുഷ്ഠിക്കുന്നില്ല എന്നു പറയുകയുണ്ടായി. സർ, അതിനെപ്പററിയുള്ള വാദം അനുവദിക്കുന്ന പക്ഷം ഇരുവശത്തും ഇരുപത്തഞ്ചു അംഗങ്ങൾവീതം പ്രസംഗിക്കുവാൻ കാണും. ഫലം സഭയുടെ സമയം നഷ്ടപ്പെടുത്താമെന്നല്ലാതെ മറെറാന്നുമില്ല. ഒരു ഉദ്യോഗസ്ഥന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തെപ്പററി വാദിക്കുന്നതിനു ഇനിയുന്നതു് ഉചിതമല്ലെന്നാണ് എനിക്കു ചുരുക്കത്തിൽ പറവാനുള്ളതു്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ഡയറക്ടറേററിനെ രണ്ടു പ്രത്യേക ഡിവിഷനായി വിഭജിച്ചാണ് മിസ്റ്റർ കെ. ഐ. ജോസഫ് ഈ പ്രമേയം അവതരിപ്പിച്ചതു്. ഒന്നു ഭരണജോലി, മറേറതു് ഡിപ്പാർട്ടുമെന്റു നയരൂപീകരണം. ഇവയിൽ ആദ്യത്തേതു് ഒരു സെക്രട്ടറിയെ ഏല്പിക്കണമെന്നും, രണ്ടാമത്തേതു് ഒരു ബോർഡിന്റെ അധികാരത്തിൻ കീഴിലായിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രസംഗമദ്ധ്യേ ഡിപ്പാർട്ടുമെന്റു നയത്തെ ഡയറക്ട് ചെയ്യുന്നതിന് ഒരു ഡയറക്ടർക്കു പകരം മൂന്നു ഡയറക്ടർമാർ ഉൾപ്പെട്ട ഒരു ബോർഡുണ്ടായിരിക്കണമെന്നും അവയിൽ അനുദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തണമെന്നും മററും കൂടി അദ്ദേഹം പ്രസ്താവിച്ചപോലെ തോന്നുന്നു. നിശ്ചയമായും ഇതു ഒരു കുഴങ്ങിയ നിലയാണ്. അതിനാൽ അദ്ദേഹം ഇവിടെ പ്രതിപാദിച്ച വിവരങ്ങളോടു എനിക്കു യോജിക്കുവാൻ കഴികയില്ല. എന്നാൽ ഡിപ്പാർട്ടുമെന്റു ഭരണത്തിലും നയത്തിലും പൂർണ്ണമായ ചില വ്യത്യാസങ്ങൾ വരുത്തേണ്ടതായുണ്ടെന്ന സംഗതി ആരും വിസമ്മതിക്കുകയില്ല. ഭാവിയിൽ ചില വ്യതിയാനങ്ങൾ വരുത്തുന്നതാണെന്നു ഡയറക്ടർ ഉറപ്പു പറയുകയും ചെയ്തു. അതുകൊണ്ടു് അതിനെപ്പററിയുള്ള ഉപരിവാദം ആവശ്യമില്ല. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഒരു ഉദ്യോഗസ്ഥന്റെ മേൽ ആരോപിച്ച ആക്ഷേപങ്ങളെപ്പററിയാണെങ്കിൽ അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ നമ്മുടെ മുമ്പിൽ ഹാജരാക്കിയിട്ടില്ലാത്തതുകൊണ്ടു എനിക്കു പൂർണ്ണമായി യാതൊന്നും പറവാൻ കഴികയില്ല. പൂർണ്ണമായ തെളിവുകളുടെ അഭാവത്തിൽ ഒരു ഉദ്യോഗസ്ഥനെപ്പററി ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ പറവാൻ നമുക്കു കഴികയില്ല. ഏതുവിധമായാലും കഴിഞ്ഞയോഗത്തിൽ ചില മെമ്പറന്മാർ അദ്ദേഹത്തെ പ്രശംസാവർഷംകൊണ്ടു് അഭിഷേകം ചെയ്തപ്പോൾ ആ ഉദ്യോഗസ്ഥനെപ്പററി നമുക്കു ഏതാണ്ടും അറിവു ലഭിക്കുന്നതിനു ഇടയായി. ആ സംഭവം നടന്നിട്ടു് ഒരു കൊല്ലംതന്നെ കഴിഞ്ഞിട്ടില്ല. ഇപ്പോൾ അതേ ഉദ്യോഗസ്ഥനെത്തന്നെ ചിലർ പ്രശംസിക്കുകയും മററു ചിലർ അധിക്ഷേപിക്കുകയും ചെയ്യുന്നു. മിസ്റ്റർ സുബ്ബയ്യരും മിസ്റ്റർ പി. കെ. നാരായണപിള്ളയും ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഉദ്യോഗസ്ഥനെപ്പററി അദ്ദേഹത്തിനു മറുപടി പറവാൻ നിവൃത്തിയില്ലാത്ത നിലയിലായിരിക്കുമ്പോൾ എന്തെങ്കിലും പറയുന്നതു് ഉചിതമല്ല. മലയാളം സ്കൂൾ അദ്ധ്യാപക പരിഷ്ക്കരണക്കമ്മററിമൂലം എനിക്ക് മിസ്റ്റർ ചെറിയാനുമായി ഈ അടുത്തകാലത്തു വളരെ പരിചയപ്പെടുന്നതിനിടയായിട്ടുണ്ടു. എന്നാൽ എനിക്ക് ആ മാന്യപുരുഷനെപ്പററി അറിവാൻ കഴിഞ്ഞേടത്തോളം അപ്രകാരമുള്ള കാര്യങ്ങൾ അദ്ദേഹത്തെപ്പററി ഉണ്ടാകാൻ നിവൃത്തിയില്ലെന്നത്രെ എനിക്ക് പറവാനുള്ളതു്. അദ്ദേഹത്തെ സംബന്ധിച്ചു അപ്രകാരം സംഭവിക്കുന്നതിനു ഇടയില്ല. മലയാളംസ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചുള്ള എല്ലാ കുഴപ്പങ്ങളിലും അദ്ദേഹം സാമർത്ഥ്യത്തോടെ പൊരുതി നിൽക്കുകയാണു ചെയ്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ ആഫീസിൽ ചെന്നുനോക്കുക. അവിടെ എത്ര ക്രമമായും, അടുക്കായും ജോലി നോക്കുന്നുവെന്നു നിങ്ങൾക്കു കാണാം. എതെങ്കിലും അദ്ധ്യാപകനെ സംബന്ധിച്ചു അദ്ദേഹത്തോടു ചോദിക്കുക. അയാളെ കുറിച്ചുള്ള മുഴുവൻ ചരിത്രവും അദ്ദേഹം പറഞ്ഞുതരും. ഏതെങ്കിലും ഒരു സ്കൂളിനെപ്പററി ചോദിച്ചാൽ അതിനെപ്പററിയുള്ള സകലവിവരവും അദ്ദേഹത്തിനു പറവാൻ കഴിയും. ഞാൻ അദ്ദേഹത്തിന്റെ ആഫീസിൽനിന്നും നാട്ടുഭാഷാപഠനത്തെപ്പററിയുള്ള പല സംഗതികളും മനസ്സിലാക്കിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഭരണം ഏററവും തൃപ്തികരമാണ്. ഇപ്പോൾ വാദവിഷയമായിട്ടുള്ള നിയമനങ്ങളെപ്പററി എനിക്ക് യാതൊന്നും പറവാൻ കഴികയില്ല. എന്തെന്നാൽ അതിനെപ്പററിയുള്ള പൂർണ്ണ വിവരങ്ങൾ നമുക്കറിവാൻ പാടില്ല. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചപോലെ അന്യരുടെ അവകാശങ്ങളെ അവഗണിച്ചു അദ്ദേഹം ചിലരെ നിയമിച്ചിട്ടുണ്ടെങ്കിൽ നിശ്ചയമായും അതു ന്യായീകരിക്കുവാൻ നിവൃത്തിയില്ല. എന്നാൽ അപ്രകാരം എത്ര ആക്ടിംഗ്കാർ ഉണ്ടായിരുന്നുവെന്നും, ഒഴിവുകൾ എത്ര ഉണ്ടായിരുന്നു അവരെ എല്ലാം നിയമിക്കുവാൻ ഏതെങ്കിലുംപ്രകാരത്തിൽ കഴിയുമായിരുന്നോ എന്നു ആക്ടിംഗ്കാരിൽ ആരെയും അദ്ദേഹം നിയമിച്ചിട്ടില്ലയൊ എന്നും നമുക്കു നോക്കേണ്ടതായുണ്ട്. ഈ സംഗതികളെ എല്ലാംപററി വിചിന്തനംചെയ്തു്, എന്തെങ്കിലും അനീതി ഉണ്ടെന്നു കാണുന്നപക്ഷം അതിനെ ത്യാജ്യകോടിയിൽ തള്ളുവാൻ പാടില്ല. എന്നാൽ എന്റെ നേരിട്ടുള്ള പരിചയത്താൽ മിസ്റ്റർ ചെറിയാൻ അപ്രകാരമുള്ള കാര്യങ്ങൾ ചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ആ ഉദ്യോഗസ്ഥനെപ്പററി എന്തെങ്കിലും പറയുന്നതു് ഉത്തമമാകയില്ലെന്നു ഞാൻ പറയുന്നു.

മി: റ്റി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേടു): നമുക്കു നൽകിയിട്ടുള്ള അച്ചടിച്ച ലിസ്റ്റിൻപ്രകാരം അറുപത്തൊമ്പതോ എഴുപതോ പ്രമേയങ്ങൾ ഇന്നത്തെ വാദത്തിനായി വച്ചിരിക്കുന്നു എന്നു ഞാൻ കാണുന്നു. എന്നാൽ ഈ ഖണ്ഡന പ്രമേയങ്ങളിൽനിന്നു ഒന്നു രണ്ടു എണ്ണം മാത്രമെ നമുക്കു വിചാരണചെയ്യാൻ കഴിഞ്ഞുള്ളു എന്നതു വളരെ പരിതാപകരമായ ഒന്നാകുന്നു. എല്ലാമെമ്പറന്മാരും അവർക്ക് ആവശ്യമുള്ളതെല്ലാം ആദ്യത്തെയോ രണ്ടാമത്തെയോ പ്രമേയത്തിൽതന്നെ പറയുന്നതായിട്ടാണു കാണുന്നതു് ഏതെങ്കിലും പ്രമേയത്തെ കുറിച്ചു പൂർണ്ണമായ യാതൊരു തീർച്ചയും ഉണ്ടാകുന്നതുമില്ല. ഇപ്പോൾ വാദത്തിലിരിക്കുന്ന വിഷയം അതായതു മിസ്റ്റർ ജോസഫ് പ്രസ്താവിച്ച വിഷയം വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റുഭരണം എന്നതാകുന്നു. ഞാനും വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലെ ഭരണത്തെയും മററു ചില കാര്യങ്ങളെപ്പററി പറയുന്നതിനു ചില പ്രമേയങ്ങൾ കൊണ്ടുവരികയുണ്ടായി. എന്നാൽ മണി നോക്കിയപ്പോൾ എനിക്കു പറവാനുള്ളതു സാദ്ധ്യമാവുകയില്ലെന്നു കാണുന്നു. അതുകൊണ്ടു ഞാനും എന്റെ സ്നേഹിതന്മാരെ ഇടന്ന് എനിക്കു പറവാനുള്ളതും പല്ലവിധവും പ്രമേയത്തോടു ബന്ധിപ്പിച്ചു ഇവിടെ പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. എനിക്കു പറവാനുള്ളതു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു പ്രൈവററ് സ്ഥാപനങ്ങളോടു കാണിച്ചുവരുന്ന അനാസ്ഥയെപ്പററിയാണ് സർ. വളരെക്കാലമായി അതായതു,

ദിവാൻ മിസ്റ്റർ രാമയ്യങ്കാരുടെ കാലംതൊട്ട് ഗവമ്മെണ്ടിന്റെ നയം പ്രൈവററ് സ്ഥാപനങ്ങൾക്കു കൂടുതൽ പ്രോത്സാഹനം നൾകണമെന്നുള്ളതായിരുന്നു. ഇക്കൊല്ലം നാല്പത്തലക്ഷത്തി പതിനാറായിരം രൂപയാണല്ലോ വിദ്യാഭ്യാസത്തിനായി ബഡ്ജററിൽ നീക്കിവച്ചിരിക്കുന്നത്. ഇതു കഴിഞ്ഞ കൊല്ലത്തേക്കാളും കൂടുതലുമാണ്. സർ, അങ്ങ് ൧൧൨൧-ലെ രണ്ടറിപ്പോർട്ടിൽ വിദ്യാഭ്യാസാർത്ഥം ഇപ്പോൾ ൩൭ അര ലക്ഷം രൂപ പ്രതിവർഷം ചിലവാക്കുകയാണെന്നും അതിനെക്കാൾ കൂടുതൽ ചിലവാക്കുവാൻ ഒട്ടുംതന്നെ നിവൃത്തിയില്ലെന്നും കാണപക്ഷം ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളമെങ്കിലും പ്രൈവററ് സ്ഥാപനങ്ങൾക്ക് പ്രോൽസാഹനങ്ങൾ നൾകുന്നതാണ് ഉത്തമമെന്നും പറയുന്നു. ൧൧൧൧-ൽ വിദ്യാഭ്യാസവ്യവസ്ഥയെപ്പററി ചിന്തിക്കുവാൻ ഒരു കമ്മിററി ഏർപ്പെടുത്തുകയും പ്രൈവററുസ്ഥാപനങ്ങൾക്കു പ്രോത്സാഹനങ്ങൾ നൾകണമെന്ന് ആ കമ്മിററി ഗവമ്മെൻറിലേക്കു റിപ്പോർട്ടുചെയ്കയും ചെയ്തു. അപ്പോഴുണ്ടായിരുന്ന പതിനാറു ഇംഗ്ലീഷ്‌സ്കൂളുകളിൽ ആറെണ്ണം മാത്രം ഗവമ്മെൻറു കൈവശം വച്ചിരുന്നാൽ മതിയെന്നും ശേഷമുള്ള പത്തും പ്രൈവററ് സംഘങ്ങളെ ഏല്പിക്കണമെന്നും കൂടി അവർ ശിപാർശചെയ്കയുണ്ടായി ഗവമ്മെണ്ട് യാതൊരു തടസ്സവും കൂടാതെ ആ ശിപാർശയുടെ ഒന്നാമത്തെ ഭാഗം സ്വീകരിക്കുകയും ചെയ്തു. എന്നാൽ രണ്ടാമത്തേതിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നടപ്പിലിരിക്കുന്നതായ വിദ്യാലയങ്ങൾ കാര്യക്ഷമതക്ക് ന്യൂനത വരികയില്ലെന്നു ഗവമ്മെണ്ടിൽ വിശ്വാസംവന്നാൽമാത്രമെ 'പ്രൈവററ് ഏജൻസി'കളെ ഏല്പിക്കുകയുള്ളുവെന്നും ഓരോ അവസരത്തിലും അതാതിന്റെ ഗുണദോഷങ്ങളെ ആസ്പദമാക്കി കാര്യം തീരുമാനിക്കപ്പെടുന്നതാണെന്നും പറഞ്ഞിട്ട് അതിനെ ഒന്നു മേലെപ്പെടുത്തുകയാണു ഗവമ്മെണ്ടു ചെയ്തതു്.

ഈ നയം അനേകവർഷങ്ങൾക്കു മുമ്പുതന്നെ പ്രഖ്യാപനം ചെയ്കയുണ്ടായെങ്കിലും, ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ അതിലേക്കു തുലോം ഉചിതമായ പ്രോത്സാഹനമൊന്നുംകൊടുക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവമ്മെൻറ് ഈ നയത്തെ വീണ്ടുംവീണ്ടും ആവർത്തനം ചെയ്യുന്നുണ്ടെന്നുള്ളതും നിസ്തക്കമാണ്. പക്ഷേ ഡയറക്ടരോ അദ്ദേഹത്തിന്റെ കീഴിലുള്ളവരോ അക്കാര്യത്തിൽ ശ്രദ്ധമായി യാതൊരു ശ്രദ്ധയും കാണിച്ചിട്ടുള്ളതായി തോന്നുന്നില്ല. പ്രത്യുത, പൊതുജനസംരംഭങ്ങളെ നശിപ്പിക്കുവാൻ വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഉദ്യമിച്ചു വരുന്നതായും ഞാനറിയുന്നുണ്ട്. ഇപ്പോഴുള്ളതായ പ്രൈവററ് സ്കൂളുകൾ എത്രയോ പണ്ടോ എണ്ണം മുടക്കിവെച്ചു വരുകയും അവയ്ക്കു നൾകിട്ടുള്ള അനുവാദം പിൻവലിക്കുകയും ചെയ്യണമെന്ന് ഗവമ്മെൻറിനോടോ ഡയറക്ടരോടോ ശിപാർശ ചെയ്തിട്ടുള്ളതായും എനിക്കറിയാം. ഇപ്രകാരം ശിപാർശചെയ്യാനുള്ള കാരണമെന്താണെന്നു ചോദ്യങ്ങളുമുണ്ടായിട്ടുണ്ട്. എന്നാൽ അവയ്ക്കു മറുപടിപറഞ്ഞിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രൈവററ് സ്കൂളുകളുടെ പ്രവർത്തനം യോഗ്യമല്ലെന്നുവരികിൽ ഞാൻ പരാതിപ്പെടുന്നില്ല: ശരിയായി എന്തെങ്കിലും പ്രവർത്തിക്കേണ്ടതു് ആവശ്യംതന്നെയാണ്. എന്നാൽ ആ സ്ഥാപനങ്ങളുടെ അംഗീകരണം ഒന്നിച്ചെടുത്തുകളയാതെ തെററുകളെ ചൂണ്ടിക്കാണിച്ച് അവയെ പരിഹരിക്കുവാൻ ആവശ്യപ്പെടുന്നതായാൽ അതു് ആ വക സ്ഥാപനങ്ങളോട് സാനുകമ്പം പെരുമാറുന്നതായി ഗണിക്കപ്പെടാം. അല്ലാതെ അവയെല്ലാം നശിപ്പിക്കുവാനുദ്ദേശിക്കുന്നതു് അത്യന്തം വ്യസനകരമായ ഒന്നാണ്. അതു് അവർ ഗവമ്മെൻറിന്റെ നയത്തെ മനഃപൂർവം ധിക്കരിക്കയാകുന്നു. മാവേലിക്കര താലൂക്കിൽ മുട്ടംമേഖലയിലുള്ളതായ ഒരു സ്കൂളിന്റെ അംഗീകരണം പിൻവലിക്കണമെന്ന് കാണിച്ചു ഡയറക്ടരോടു ഒരവസരത്തിൽ ശിപാശ ചെയ്തിട്ടുള്ളതായി എനിക്കറിയാം. കാരണം കാണിച്ചിരിക്കുന്നതു് പാഠശാല ഒരു ക്രിസ്തീയ ദേവാലയത്തിന്റെ നിഴലിലാണെന്നും, പാഠശാലയുടെ വരാന്തയ്ക്കു് നാലരയടി മാത്രമേ വീതിയുള്ളുവെന്നുമായിരുന്നു. ശുദ്ധനായ ഡയറക്ടർ സംഗതിവാസ്തവം എന്നു വിശ്വസിച്ചു യാതൊരു വിചിന്തനയും കൂടാതെ ആ വിദ്യാലയത്തിന്റെ അംഗീകരണം പിൻവലിക്കണമെന്ന് ഗവമ്മെൻറിലേയ്ക്കു ശിപാശചെയ്കയും ചെയ്തു. ഗവമ്മെൻറ് അന്വേഷണം നടത്തിയപ്പോൾ വിദ്യാലയം പള്ളിയിൽനിന്നും ഇരുന്നൂറു ഗജം ദൂരെയാണെന്നും വരാന്തയ്ക്കു് അഞ്ചരയടി വീതിയുണ്ടെന്നും കാണുകയുണ്ടായി. പൊതുജനോദ്യമങ്ങളെ അടിച്ചുടയ്ക്കണമെന്നില്ലെങ്കിൽ എന്തിനായിട്ടിപ്രകാരം മനഃപൂർവം തെററിദ്ധാരണ ഉളവാക്കുവാൻ ഒരുമ്പെട്ടുവെന്ന് എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല.

മി: ഏ. ജെ. ജോൺ (വൈക്കം): സഹായധനം നൾകപ്പെടുന്ന വിദ്യാലയങ്ങളോടുള്ള വിദ്യാഭ്യാസവകുപ്പിന്റെ ഭാവനയെപ്പററി ഏതാനും ചിലതു് പ്രസ്താവിക്കാനാണ് ഞാൻ ഇച്ഛിക്കുന്നതു്. ആയിരത്തി ഒരു നൂററിഒന്നാമാണ്ടത്തെ ഭരണറിപ്പോർട്ടിൽനിന്നും, ൧൩,൭൩൩ വിദ്യാർത്ഥികൾ ഉള്ളതായ ൪൨ ഗവമ്മെൻറു സ്കൂളുകളും, ൨൯,൩൫൪ വിദ്യാർത്ഥികൾ ഉള്ളതായ ൧൫൪ പ്രൈവററ്സ്കൂളുകളും ൨൧൧ ഉൾപ്പെടെ ആംഗ്ലേയപാഠശാലകൾ സംസ്ഥാനത്തിൽ ഉള്ളതായി നാം മനസ്സിലാക്കുന്നു. ഗവമ്മെൻറു ഇംഗ്ലീഷ്സ്കൂളുകൾക്കായുള്ള ആകെച്ചിലവ് ൨,൨൨,൦൨൪ രൂപായും, ഇംഗ്ലീഷ്സ്കൂളുകൾക്ക് ആകെ കൊടുക്കുന്ന ഗ്രാൻറ് ൧൦൯,൧൪൧ രൂപായുമാകുന്നു. സക്കാർ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം കെട്ടിടങ്ങളുംകൂടി ഗവമ്മെൻറിൽനിന്നും പണികഴിപ്പിക്കേണ്ടതായിട്ടുണ്ട്. വഞ്ചിയൂർ സ്കൂൾപോലെയുള്ള ചിലസ്കൂളുകളുടെ വിഷയത്തിൽ ഗവമ്മെൻറിലേക്ക് അഞ്ചുലക്ഷത്തിൽ പരം രൂപാ ചിലവുള്ളതായും വരാം. പ്രൈവററ് സ്കൂളുകളുടെ കാര്യത്തിൽ, കെട്ടിടങ്ങൾ സാധാരണയായി മാനേജരന്മാർതന്നെയാണ് പണികഴിപ്പിച്ചുവരുന്നതു്. ൧൧൨൧-ൽ പ്രൈവററ് സ്കൂൾകെട്ടിടങ്ങൾക്കായി അനുവദിച്ചഗ്രാൻറ് ൧൪൧൦ രൂപമാത്രമാണ്. ചിലവു വർദ്ധിച്ചതു നിമിത്തം ൧൧൧൧-ൽ വിദ്യാഭ്യാസപരമായ ചിലവുകളെപ്പററി അന്വേഷണം നടത്തുവാൻ ഒരു കമ്മററി ഏർപ്പെടുത്തുകയും, ആ കമ്മററിയുടെ റിപ്പോർട്ടിന്റെ ഫലമായി, ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പൊതുജനോദ്യമങ്ങളെ കൂടുതൽ കൂടുതലായി സഹായിക്കുക എന്ന നയത്തെയാണ് ഗവമ്മെൻറ് അംഗീകരിക്കുന്നതെന്ന് ആർഡർ പാസ്സാക്കുകയും ചെയ്തു.

൧൧൨൧-ലെ പ്രസ്തുതഡിപ്പാർട്ടുമെൻറ് ഭരണറിപ്പോർട്ടിൽ ഗവമ്മെൻറ് ഇപ്രകാരം പ്രസ്താവിക്കുന്നു:

"ഗവമ്മെൻറ് ഇപ്പോൾ ൩൭ 1/2 ലക്ഷം രൂപാ അതായതു് സംസ്ഥാനത്തിലെ മുതലെടുപ്പിന്റെ ൧൭ ശതമാനത്തോളം വിദ്യാഭ്യാസത്തിനുവേണ്ടി ചിലവാക്കുന്നുണ്ട്. പൊതുമുതലെടുപ്പിൽനിന്നും ഇപ്പോൾ ചിലവാക്കി വരുന്നതിൽ കൂടുതൽ ചിലവാക്കുവാൻ സാധിക്കാത്തതുകൊണ്ടു രാജ്യത്തിൽ കൂടുതലായവിദ്യാഭ്യാസാഭിവൃ

ലിമിക്കവാനും പൊതുജനോല്പന്നങ്ങളെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നത്. ആയതിലേക്ക ഗവണ്മെൻറിൽനിന്നും ശരിയായഗ്രാൻറ് നൽകി സഹായിക്കുന്നുമുണ്ട്.

ഗവണ്മെൻറിൽനിന്നും പ്രസ്താവിക്കപ്പെട്ട നയം ഇതാണ്. എന്നാൽ ഗ്രാൻറ് സ്കൂളുകളോടുഡിപ്പാർട്ടുമെൻറിൻെറ വിശേഷിച്ചും ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടരുടെ നയം എന്താണ് കഴിഞ്ഞ ചോദ്യോത്തരവേളയിൽ മിസ്റ്റർ സ്റ്റീഫൻസൺ നൽകിയ മറുപടിയിൽനിന്നും ഗ്രാൻറ സ്കൂളുകൾക്കാണ് വിദ്യാഭ്യാസകോഡ് കൃത്യമായി ഉപയോഗപ്പെടുത്തിവരുന്നതെന്നും, ഗവണ്മെൻറ സ്കൂളുകളെ സംബന്ധിച്ചിടത്തോളം അത്രത്തോളം ഇല്ലെന്നും ഊഹിക്കാവുന്നതാണ്. പണ്ടേതന്നെ സ്കൂൾനടത്തിപ്പോരുന്ന മാനേജരന്മാരെ ഇപ്പോഴത്തെ ഇൻസ്പെക്ടർ ഇടിച്ചുചവിട്ടുകയാണെന്നും കൂടുതൽ സ്കൂളുകൾ തുറക്കുന്നതിന്ന സൌകര്യം നൽകാതെ പലപ്രകാരത്തിലുമുള്ള തടസ്സങ്ങൾ ഉണ്ടാക്കുകയാണ പതിവെന്നും ഞാൻ അറിയുന്നുണ്ട്. ഗ്രാൻറ സ്കൂളുകൾക്ക ഫീകൺസെഷൻ ഗ്രാൻറനുവദിക്കുന്നതിലും മററും അദ്ദേഹം പലപ്രകാരത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാക്കുകയും ഗ്രാമങ്ങളിൽപോലും സാമുദായികമത്സരങ്ങൾ ജനിപ്പിക്കുകയും, മാനേജരന്മാരെ ശമ്പളംപററി ജോലിചെയ്യുന്ന ദാസന്മാരെ പോലെ കരുതിവരികയും ചെയ്യുന്ന ഇംഗ്ലീഷ് സ്കൂൾഇൻസ്പെക്ടരുടെ നിർദ്ദയമായ ഈ ഭരണനിമിത്തം മിക്കവാറും എല്ലാമാനേജരന്മാരും കഷ്ടപ്പെട്ടുവരുന്നു. ഡയറക്ടരുടെ ശ്രദ്ധക്ക വിഷയീഭവിപ്പിക്കാൻ മാനേജരന്മാർ ഒരുമ്പെട്ടാൽ അദ്ദേഹത്തിന് അതിനെപ്പററി എന്തെങ്കിലും പ്രവർത്തിക്കാൻ കഴിയുന്നതല്ല. മനേജരന്മാർ ചെലവിനേയും ഉപദ്രവത്തേയും എന്നല്ല ഇൻസ്പെക്ടർ ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ ഗ്രാൻേറാ അംഗീകരണം തന്നെയും ഭയന്നു, ഇപ്രകാരമുള്ള ഇൻസ്പെക്ടരുടെ നിർദ്ദയമായ പെരുമാററത്തിന്ന യാതൊരു തരത്തിലുള്ള എതിർവാദവും പുറപ്പെടുവിക്കാതെ കീഴ്പ്പെടുകയാണ് ചെയ്യാറുള്ളത്.

ഇപ്പോഴത്തെ ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടരുടെ ഭരണത്തിൽനിന്നും മാനേജരന്മാർ അനുഭവിക്കുന്ന കഷ്ടതകളെപ്പററി ഗവണ്മെൻറ ശരിയായി അന്വേഷിക്കുന്ന പക്ഷം അപ്പോൾ സംഗതികളുടെ വാസ്തവം ഗവണ്മെൻറിലേക്ക ബോദ്ധ്യപ്പെടുന്നതാണ്.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): മെംബർക്ക മേവുചെയ്യു ചില പ്രത്യേകസന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയുമോ?

മി: എ; ജെ. ജാൺ (വൈക്കം): എൻെറ സ്നേഹിതൻ, മി: മാത്യു ചില സന്ദർഭങ്ങൾ ചൂണ്ടിക്കാണിച്ചിട്ടില്ലേ?

മി: കെ. ശിവരാമപണിക്കർ (ചേർത്തല): എന്നാൽ മെംബർക്ക ഏതെങ്കിലും സന്ദർഭം പ്രത്യേകം എടുത്തു കാണിക്കുവാൻ സാധിക്കുമോ?

മി: എ. ജെ. ജാൺ (വൈക്കം): മെംബർ അതിനെപ്പററി ഇത്ര വളരെ കൃത്യമായി അറിയണമെന്നു ഇച്ഛിക്കുന്നുണ്ടെങ്കിൽ കൗൺസിലിന്ന വെളിയിൽവച്ചു ഞാൻ വേണ്ട അറിവു നൽകുവാൻ തയ്യാറാണ്. കൗൺസിലിൽ വച്ചു അസാദ്ധ്യമാണ്.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): മെംബർ നൽകുവാൻ പോകുന്ന സംഗതി കൌൺസിലിൽവച്ചു പാടില്ലാത്തവിധം രഹസ്യമല്ലെന്നു ഞാൻ കരുതുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): സർ, ഈ പ്രമേയം അവതരിപ്പിച്ചപ്പോൾ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ ഭരണത്തേയും നയത്തേയും സംബന്ധിച്ചു ഞാൻ ഏതാനും പൊതു സൂചനകൾ നൽകുകയുണ്ടായി. എന്നാൽ, സന്ദർഭത്തിനുചിതമായാലും, അനുചിതമായാലും മററുചില വകുപ്പുകളും സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിരിക്കുന്നു. വർണാക്യുലർ സ്കൂൾ ഇൻസ്പെക്ടർ നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചായിരുന്നു നമ്മുടെ പ്രധാനമായ വാദമുഖം, നിയമനങ്ങളെ സംബന്ധിച്ചുള്ള ചോദ്യം വാസ്തവത്തിൽ കുഴപ്പമേറിയ ഒന്നുതന്നെ. മി: ഹബീബ് മഹമ്മദിൻെറ ഒരു ചോദ്യത്തിന്ന മറുപടിയായി ചീഫ് സെക്രട്ടറി, സെക്രട്ടറിയേററിലും അക്കൌണ്ടാഫീസിലും നടന്ന നിയമനങ്ങളെപ്പററി ക്ലാർക്കുകളുടെ അക്ടിംഗ് സർവീസിൻെറ കാലദൈർഘ്യത്തെ കൃത്യമായി അവലംബിച്ചു പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലെന്നു ഇന്നു കാലത്തു പറയുകയുണ്ടായി. ഉദ്യോഗനിയമനങ്ങളുടെ സംഖ്യ വളരെ സംക്ഷിപ്തമായിരിക്കുന്ന ഈ രണ്ടു ആഫീസുകളിൽ പോലും ആക്ടിംഗുകാരുടെ അവകാശങ്ങളെ ഗണിക്കുവാൻ സാധിക്കുകയില്ലെങ്കിൽ അയ്യായിരത്തിൽപരം ആളുകളുള്ള ഒരു സംഘവുമായി പെരുമാറേണ്ട ഒരു ഉദ്യോഗസ്ഥൻെറ നിലയെപ്പററി നമുക്കു എളുപ്പം മനസ്സിലാക്കാവുന്നതാണല്ലോ.

മൂന്നക്കത്തോളം സംഖ്യ വരുന്ന നിയമനങ്ങളുടെ കാര്യത്തിൽ ആക്ടിംഗ്കാരുടെ അവകാശങ്ങളെ അവഗണിച്ചതായി മി: നീലകണ്ഠപിള്ള പറഞ്ഞു. മൂന്നക്കം വരുന്ന ഒരു സംഖ്യ നൂറോ അതിൽ അല്പം കൂടുതലോ ആകാം. നൂറും മൂന്നു സ്ഥാനമുള്ള ഒരു സംഖ്യയാണെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): മെംബർ എന്നോടു ഉത്തരം പറയുകയാണോ എന്ന് എന്നെ അറിയിക്കുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): അല്ല. പ്രകൃതവിഷയത്തെ അധികരിച്ചു എനിക്കു പറവാനുള്ളതിനെ പറയുകമാത്രമാണ്. കൌൺസിൽ മെമ്പറന്മാരും, വെളിക്കുള്ള ആളുകളും പിന്നോക്കം നില്ക്കുന്ന സമുദായങ്ങളുടെ അവകാശങ്ങളെപററി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയായിരുന്നു. അവരുടെ അവകാശങ്ങളെപ്പററി ആലോചിക്കുന്നതിൽ ചില ആക്ടിംഗ്കാരുടെ അവകാശങ്ങളെ അവഗണിച്ചു എന്നു വരുന്നതാകാം. ഇപ്പോഴത്തെ വർണ്ണാക്യുലർ സ്കൂൾ ഇൻസ്പെക്ടർ ചാർജ്ജ് എടുത്തപ്പോൾ സ്ഥിതികളെല്ലാം വളരെ മോശമായിരുന്നു. അപ്പോൾ പത്തു കൊല്ലത്തിന്ന കൂടുതൽ ആക്ടിംഗ്സർവീസിൽ ഇരുന്നിട്ടുള്ളവരിൽ തന്നെ, സ്ഥിരം ജോലി കിട്ടാത്തവരുണ്ടായിരുന്നു. അപ്രകാരമുള്ള അവസ്ഥയിൽ, എല്ലാവരുടേയും അവകാശങ്ങളെ ന്യായമായി ആലോചിച്ചു നടത്തുവാൻ അദ്ദേഹം കഴിയുന്നത്ര യത്നിച്ചു. ഒരു വലിയ ഭാഗം ആളുകളുടെ സങ്കടത്തെ നിവാരണം ചെയ്യുന്നതിനും അദ്ദേഹത്തിന്ന കഴിഞ്ഞു. ഇപ്പോഴത്തെ വാദത്തിന്ന വിഷയീഭവിച്ചിരിക്കുന്നതു ക്ലിപ്തമായ ഒരു സംഖ്യയെപ്പററി മാത്രമാണ്. നിയമസഭയിലേയും, പ്രജാസഭയിലേയും അഭിപ്രായങ്ങളനുസരിച്ചു ഇൻസ്പെക്ടർ നിയമനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടെങ്കിൽ അതു പൂർണ്ണമായി അദ്ദേഹത്തിൻെറ അധികാരസീമയ്ക്കുള്ളിലാകുന്നു. ഈ വിഷയത്തെ സംബന്ധിച്ചു എനിക്കു ഇത്ര മാത്രമേ പറവാനുള്ളു.

പിന്നീട്ട മററകാര്യങ്ങളെപ്പററി ചിന്തിക്കാം. ഞാൻ പൂർണ്ണമായ ഒരു സ്കീം ഹാജരാക്കിയില്ല എന്നു പറഞ്ഞു മി: പി. കെ. നാരായണപിള്ള എൻെറ പ്രമേയത്തെ എതിർത്തതല്ലാതെ മററൊരും എൻെറ പ്രമേയത്തിനു വിപരീതമായി യാതൊന്നും പറയുകയുണ്ടായില്ല. മി: പി. കെ. നാരായണപിള്ള പൂർണ്ണമായ സ്കീം ആവശ്യപ്പെട്ടന്നെങ്കിൽ ഞാൻ അപ്രകാരം ചെയ്യുന്നു. എന്നാൽ ഈ പ്രമേയം കൊണ്ടുവരുന്നതിൽ എൻെറ പ്രധാന ഉദ്ദേശം, വിദ്യാഭ്യാസ കാര്യങ്ങളെപ്പററി ആലോചിന്തനം ചെയ്യുന്നതിനു ഒരു കമ്മിററിയെ നിയമിക്കുകയോ സമർത്ഥന്മാരായ ആളുകളടങ്ങിയ ഒരു കാൺഫെറൻസ് വിളിച്ചു കൂട്ടുകയോ ചെയ്യണമെന്ന സംഗതിയിലേക്ക ഗവൺമെൻറിൻെറ ശ്രദ്ധയെ ക്ഷണിക്കണമെന്നുള്ളതാണ്. വിദ്യാഭ്യാസഡയറക്ടർ ഇതിനു പൂർണ്ണമായ യാതൊരു മറുപടിയും തന്നില്ല. കാര്യം ആലോചിക്കുന്നതാണ് എന്നു മാത്രമേ അദ്ദേഹം പറഞ്ഞുള്ളു. ഇപ്പോൾ ഇക്കാര്യങ്ങളെപ്പററി ആലോചിക്കണമെന്ന വാസ്തവമായ ആഗ്രഹവും ഡയറക്ടർക്കുണ്ടായിരിക്കാം. എന്നാൽ കൗൺസിൽ കഴിഞ്ഞാൽ പിന്നീട്, മററു കാര്യങ്ങൾക്കായി ഈ ആലോചനകളെ നീക്കം ചെയ്യുവാൻ എളുപ്പമാണ്. അദ്ദേഹം ഇൻസ്പെക്ടരുടെ ഒരു റിപ്പോർട്ട് ആവശ്യപ്പെടുകയും, അതിനെ അദ്ദേഹത്തിൻെറ അഭിപ്രായം അവലംബമായി കരുതുകയും ചെയ്യുമായിരിക്കാം. കാര്യം അടുത്തുതന്നെ, അതായത് ഉദ്ദേശം ആറുമാസത്തിനുള്ളിൽ ആലോചിക്കാമെന്നു ഡയറക്ടർ പറയുന്ന പക്ഷം ഞാൻ പ്രമേയം പിൻവലിച്ചുകളയാം. അല്ലെങ്കിൽ, എനിക്ക പ്രമേയത്തെ കൗൺസിലിൻെറ വോട്ടിനായി കൊണ്ടു വരേണ്ടിയിരിക്കുന്നു.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, കഴിഞ്ഞ പ്രമേയത്തെപ്പററി അദ്ധ്യക്ഷൻ നൽകിയ നിശ്ചയം ഹേതുവായിട്ട ഈ പ്രമേയം ബഹുമാനപ്പെട്ടത്തുവാൻ പാടില്ലെന്നു ഞാൻ പറയുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം) ഈ പ്രമേയം തീരെ വ്യത്യസ്തമായ ഒന്നാണ്. ഒരു കമ്മിററി ഏർപ്പെടുത്തുകയോ, ഒരു കാൺഫെറൻസ് വിളിച്ചുകൂട്ടുകയോ ചെയ്യണമെന്നതാണ് എൻെറ വിഷയം.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ) കഴിഞ്ഞ പ്രമേയത്തെസംബന്ധിച്ചുണ്ടായ ചോദ്യങ്ങളെ അസ്പഷ്ടമാക്കി അദ്ധ്യക്ഷൻ, ഗവൺമെൻറിനുവേണ്ടി, ഈ കാര്യം ആലോചിക്കാമെന്നു പറഞ്ഞു. ഗവൺമെൻറ് ഒരു കമ്മിററിയെ ഏർപ്പെടുത്തുമോ ഇല്ലയോ എന്നാണ് പിന്നീട്ട നിശ്ചയിക്കുവാനുള്ളത്. അതു എനിക്ക പറവാൻ കഴികയില്ല. ഗവൺമെൻറ് ഇപ്പോൾതന്നെ ഒരു കമ്മിററിയെ നിയമിക്കുമോ എന്നാണ് ഈ പ്രമേയത്തിൻെറ സ്വീകരണം കൊണ്ട് അർത്ഥമാക്കുന്നതെങ്കിൽ, ഞാൻ അതിനെ എതിർക്കുകതന്നെ ചെയ്യും. പ്രധാനഭാഗത്തെപ്പററി എനിക്ക കൂടുതലായി ഒന്നുംതന്നെ പറവാനില്ല.

മി: പി. കെ. നാരായണപിള്ള സൂചിപ്പിച്ചപോലെ, വലുതായിപൊട്ടിപ്പുറപ്പെട്ട ഉപശാഖയെപ്പററി എനിക്ക, ഒന്നുംതന്നെ പറയാനില്ല. മററൊരു വിഷയത്തെസംബന്ധിച്ചു സമയമുണ്ടെങ്കിൽ എനിക്ക ഒരുകാര്യം പറഞ്ഞാൽകൊള്ളാമെന്നുണ്ട്. മി: കല്ലൂർ നാരായണപിള്ള പറഞ്ഞകാര്യത്തെപ്പററിയാണ് ഞാൻ സൂചിപ്പിക്കുന്നത്. പലകാളേജുകളോടുമുള്ള എൻെറ ബന്ധത്തെപ്പററി അതായത് ഞാൻ ഒരു കാളേജിനെക്കാൾ മററൊരു കാളേജിനോട്ട പ്രത്യേകത കാണിക്കുന്നുവെന്ന് അദ്ദേഹം പറയുകയുണ്ടായി. അതിനെസംബന്ധിച്ച്, എന്നെ സംബന്ധിക്കുന്ന ഒരു കാര്യമായതുകൊണ്ട്, അറിഞ്ഞോ അറിയാതേയോ ഞാൻ ഒരു കാളേജിനോടും യാതൊരു വിശേഷതയും കാണിക്കുന്നില്ലെന്നു എനിക്ക പറവാൻകഴിയും.

ഒരു കാളേജിനെ സംബന്ധിച്ച് മി: കല്ലൂർ നാരായണപിള്ള മൂന്നോനാലോ കാര്യങ്ങൾ പ്രസ്താവിച്ചു. എന്നാൽ ഒന്നിനെകുറിച്ചുമാത്രം ഞാൻ സ്വല്പം പറയാം. ഇംഗ്ലീഷ് സ്ക്രീനിംഗ് പരീക്ഷ, ഒരു കാളേജിന് ഹാനിവരത്തക്കവിധം നടത്തുകയുണ്ടായി എന്നതാണ് ആ പ്രസ്താവം. അപ്രകാരമുള്ള ഏതാനുംചില പ്രസ്താവനകൾ ബഡ്ജററ് പൊതുനിരൂപണത്തിലും പുറപ്പെടുവിച്ചു. ഒരു കാളേജിലെ ഒരു പ്രൊഫെസർ ആണ് പരീക്ഷകക്കോഡിൻെറ ചെയർമാൻ അദ്ദേഹം ഒരു പരീക്ഷകനുമാകുന്നു. ഏതോപ്രകാരത്തിൽ അദ്ദേഹം മററ കാളേജിന് ദോഷം വരത്തക്കവിധം സ്വാധികാരത്തെ ഉപയോഗിച്ചു എന്നതാണ് സൂചന. ഞാൻ ഒന്നുകൂടെ വ്യക്തമാക്കാം. എനിക്ക വെളിപ്പെടുത്തുവാൻ കഴിയുന്നിടത്തോളം കാര്യം മി: ചന്ദ്രശേഖരനും മി: രംഗസ്വാമി അയ്യങ്കാരും തമ്മിലാണുള്ളത്. മി: ചന്ദ്രശേഖരൻ പരീക്ഷകസംഘത്തിൻെറ അദ്ധ്യക്ഷനാണ്. ഇംഗ്ലീഷ് സ്ക്രീനിംഗ് പരീക്ഷയുടെ ചരിത്രം കഴിഞ്ഞ ക്ലാസ്സും അദ്ദേഹത്തിനായിരുന്നു.

മി: ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ) ഞാൻ ഒരു നിയമം ചോദിക്കുന്നു. മെമ്പർ അദ്ദേഹത്തിൻെറ സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ഞാൻ വിചാരിക്കുന്നു. അദ്ദേഹത്തിന് കൂടുതൽ എത്രമിനിട്ട് ഉണ്ടെന്ന് എനിക്ക് അറിഞ്ഞാൽകൊള്ളാം.

അദ്ധ്യക്ഷൻ ഏകദേശം മൂന്നുമിനിട്ടുണ്ട്.

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ) വിദ്യാർത്ഥികൾക്ക് ദോഷംവരത്തക്കവിധം മിസ്റ്റർ ചന്ദ്രശേഖരൻ ഏതോപ്രകാരത്തിൽ ചില വഞ്ചനകൾ—(അല്ലാ വഞ്ചനകൾ എന്നു എനിക്ക പറവാൻ കഴികയില്ല) ചെയ്തുവെന്നാണ് പ്രസ്താവം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) ഒരു സപ്ലിമെൻററി ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നു സൂചിപ്പിച്ചു് ഡയറക്ടർ സർവകലാശാലയോട്ട ശിപാർശചെയ്തോഎന്ന് അദ്ദേഹത്തിൽനിന്ന് എനിക്ക അറിയാമോ? സർവകലാശാലാ കാര്യത്തിൽ അദ്ദേഹത്തിനു സ്വതന്ത്രമായ ഒരു സ്ഥാനം ഉള്ളപ്പോൾ അദ്ദേഹം എന്തുകൊണ്ട് സ്വന്തം ശിപാർശ്ശ ബലം നൽകുവാൻ പ്രയത്നമായില്ലെന്നു എന്നെ അറിയിക്കുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) സർ, മി: സ്റ്റീഫൺസൻെറ പ്രസംഗവിഷയത്തിൽ ആക്ഷേപം ഉണ്ടാകുന്നില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സയൻസ്കാളേജിൽ, ഈക്കൊല്ലത്തേയും കഴിഞ്ഞകൊല്ലത്തേയും ബഡ്ജററിൽ ചില ഡമോൺസ്ട്രേററന്മാർ ഉള്ളതായി പറഞ്ഞിരിക്കെ, കഴിഞ്ഞ സിവിൽലിസ്റ്റിൻ പ്രകാരം ഏഴു ഡിമാൺസ്ട്രേററന്മാരേ ഉള്ളതായി പ്രസ്താവിക്കുന്നുള്ളു. ഈ വ്യത്യാസം എപ്രകാരം ഉണ്ടായി എന്നു എന്നെ അറിയിക്കുമോ?

മി: ജെ. സ്റ്റീഫൺസൺ (വിദ്യാഭ്യാസഡയറക്ടർ): ഇതിനെപ്പററിയുള്ള അറിവു ഇവിടെ എൻെറ പക്കലില്ല.

മി: റ്റി. ജെ. മാത്തൂ (മീനച്ചൽ, ദേവികുളം): ഞാൻ ഡയറക്ടരുടെ പേരിൽ ആരോപിച്ച കുററത്തിനു അദ്ദേഹത്തിനു എന്തെങ്കിലും പറവാനുണ്ടോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ എൻെറ ചോദ്യം അവസാനിപ്പിച്ചില്ല. ഇപ്പോൾ മറുപടിപറവാൻ അദ്ദേഹത്തിനിഷ്ടമില്ലെങ്കിൽ ഈ സംഗതി അദ്ദേഹം നോട്ടുചെയ്യുമോ? കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ വ അസിസ്റ്റൻറ് പ്രൊഫസറന്മാരുടെ കാര്യമുണ്ടായിരുന്നു. എന്നാൽ ബഡ്ജററിൽ അസിസ്റ്റൻറു പ്രൊഫസറന്മാർക്ക് പണം നീക്കിവച്ചിരിക്കുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): സർ, സമയമായിരിക്കുന്നു.

അദ്ധ്യക്ഷൻ: രണ്ടാമത്തെ അഭ്യർത്ഥനയ്ക്ക് നിശ്ചയിക്കപ്പെട്ടിരുന്ന സമയം കഴിഞ്ഞിരിക്കുന്നു. മി: ജോസഫ്, നിങ്ങൾ നിങ്ങളുടെ പ്രമേയത്തെ ബലപ്പെടുത്തുന്നുവോ?

മി: കെ. ഐ. ജോസഫ് (ദേവികുളം, മീനച്ചൽ): ഗവണ്മെൻറ്, ഒരു കമ്മററിയെ നിയമിക്കുന്നതിനോ, ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നതിനൊ സമ്മതിക്കുന്നില്ലെങ്കിൽ ഞാൻ പ്രമേയത്തെ ബലപ്പെടുത്തുന്നതാണ്.

അദ്ധ്യക്ഷൻ: തിരുവിതാംകൂറിലെ വിദ്യാഭ്യാസപദ്ധതിയെപ്പററി ആലോചിക്കുന്നതിന് ഗവണ്മെൻറു ഒരു കമ്മിററിയെയോ അല്ലെങ്കിൽ മറെറന്തെങ്കിലും ഏജൻസിയെയോ നിയമിക്കുന്നതാണ് എന്ന് ദിവാനെന്നനിലയിൽ ജനപ്രതിനിധികളോടു ഞാൻ വ്യക്തമായി പ്രസ്താവിച്ചതാകുന്നു എന്ന സംഗതി മി: ജോസഫ് ഓർക്കേണ്ടതാണ്. ഞാൻ ഓർമ്മിക്കുന്നിടത്തോളം ഇപ്രകാരമാണ് ഞാൻ പറഞ്ഞത്, അതു തന്നെ ഞാൻ വീണ്ടും പറയുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഒരു കമ്മിററിയോ, മറെറന്തെങ്കിലും ഏജൻസിയോ രൂപീകരിക്കുമെന്നുള്ള നിശ്ചയത്താൽ, കഴിയുന്നത്ര വേഗം അതു അപ്രകാരം ചെയ്യുമെന്നുള്ള വിശ്വാസത്തോടെ, ഞാൻ പ്രമേയത്തെ പിൻവലിക്കുന്നു.

സഭയുടെ അനുമതി പ്രകാരം പ്രമേയം പിൻവലിച്ചു.

൩൦ –മുതൽ ൧൧൨ വരെയുള്ള പ്രമേയങ്ങൾ.

സമയക്കുറവു നിമിത്തം താഴെ പറയുന്ന പ്രമേയങ്ങൾ തള്ളപ്പെട്ടു.

മി: ഏ. ജെ. ജോൺ:

൩൦. ഡയറക്ഷൻ ഇനത്തിലേക്കായി നീക്കിവച്ചിട്ടുള്ള ൧൭,൯൮൦ രൂപായിൽ നിന്നും ൧൦൦ രൂപാ കുറക്കുന്നതിന്;

മി: കെ. പി. നീലകണ്ഠപിള്ള:

൩൧. ഇൻസ്പെക്ടേർസ് എസ്റ്റാബ്ലിഷ്മെൻറിലെ രണ്ട് ഡിപ്പോ ക്ലാർക്കന്മാർക്കായി തിരിക്കപ്പെട്ടിട്ടുള്ള ൨൨൦ രൂപകുറയ്ക്കുന്നതിന്.

മി: റ്റി. ജെ. മാത്തൂ:

൩൨. എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി നീക്കിവച്ചിട്ടുള്ള ൬൨൮൧൧ രൂപായിൽനിന്നും ൧ രൂപകുറയ്ക്കുന്നതിന്;

മി: ഏ. ജെ. ജോൺ:

൩൩. ട്രാവലിംഗ് അലവൻസിനുവേണ്ടി നീക്കിവച്ചിട്ടുള്ള ൧൩,൬൧൨ രൂപായിൽനിന്നും ൧൦൦൦ രൂപകുറയ്ക്കുവാൻ;

മി: റ്റി. ജെ. മാത്തൂ:

൩൪. ട്രാവലിംഗ് അലവൻസിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ൧൩,൬൧൨ രൂപയിൽ നിന്നും ൩൫൦ രൂപകുറയ്ക്കുന്നതിന്;

മി: കെ. ഐ. ജോസഫ്:

൩൫. ഇൻസ്പെക്ടറന്മാർക്കായി നീക്കിവച്ചിട്ടുള്ള ൭൨,൬൧൬ രൂപായിൽനിന്നും ൧൦൦ രൂപകുറയ്ക്കുന്നതിനു;

മി: കല്ലൂർ നാരായണപിള്ള:

൩൬. ഇൻസ്പെക്ട്രസ് എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി അനുവദിച്ചിട്ടുള്ള ൯൪,൬൦ രൂപായിൽ നിന്നും ൧൦൦ രൂപകുറയ്ക്കുവാൻ;

മി: കെ. ഐ. ജോസഫ്:

൩൭. വാടകയ്ക്കായി മാറ്റിവച്ചിട്ടുള്ള ൯൬൦ രൂപായിൽനിന്നും ൧൦ രൂപകുറയ്ക്കുന്നതിന്;

മി: കല്ലൂർ നാരായണപിള്ള:

൩൮. ഇൻസ്പെക്ട്രസ്സുകൾക്കായുള്ള ൧൮,൧൦൦ രൂപായിൽ നിന്നും ൧൦൦ രൂപകുറയ്ക്കുവാൻ;

മി: കെ. ഐ. ജോസഫ്:

൩൯. ഇൻസ്പെക്ട്രസ്സുകൾക്കായുള്ള രൂപാ ൧൮,൧൦൦-ൽനിന്നും ൧൦൦ രൂപകുറയ്ക്കുവാൻ;

മി: കെ. പി. നീലകണ്ഠപിള്ള:

൪൦. കൺട്രോളിംഗ് ഏജൻസികളുടെ ൧,൧൮,൬൯൬-ൽനിന്നും ൧൦൦ രൂപകുറയ്ക്കുവാൻ,

മി: സി. പി. തോമസ്:

൪൧. കൺട്രോളിംഗ് ഏജൻസികൾക്കായി അനുവദിക്കപ്പെട്ടിട്ടുള്ള ൧,൧൮,൬൯൬ രൂപായിൽനിന്നും ൧൦൦ രൂപകുറയ്ക്കുന്നതിനു;

മി: കല്ലൂർ നാരായണപിള്ള:

൪൨. കൺട്രോളിംഗ് ഏജൻസികൾക്കായി വിഭജിക്കപ്പെട്ടിട്ടുള്ള ൧,൧൮,൬൯൬ രൂപായിൽനിന്നും ൧൦൦ രൂപകുറയ്ക്കുന്നതിന്;

മി: ഏ. കെ. പിള്ള.

൩൩. കൺട്രോളിംഗ് ഏജൻസികൾക്കായി അംശിക്കപ്പെട്ടിട്ടുള്ള ൧൧൨൩൯൩ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കുവാൻ.

മി: കെ. ഐ. ജോസഫ്:

൩൪. ലാബർട്ടറി ചാർജിനായി തിരിച്ചിട്ടുള്ള ൩൨൫൦൦ രൂപായിൽ നിന്നും ൧൦൦൦൦ രൂപ കുറയ്ക്കുന്നതിന്.

മി: ഏ. ജെ. ജോൺ:

൩൫. സമ്മാനങ്ങൾ വാങ്ങിക്കുന്നതിനും നന്നാക്കുന്നതിനുമായി അംശിച്ചിട്ടുള്ള ൧൯൦൦൦ രൂപായിൽനിന്നും ൧൨൦൦൦ രൂപ കുറയ്ക്കുന്നതിനു.

മി: ജി. നാരായണപിള്ള:

൩൬. ആർട്ട്സ് കാളേജിനായി അംശിച്ചിട്ടുള്ള ൧൯൧൨൧ രൂപായിൽനിന്നും ൧൦ രൂപ കുറയ്ക്കുന്നതിനു,

മി: കെ. ശിവരാമപ്പണിക്കർ:

൩൭. ആർട്ട്സ് കാളേജിനായി അംശിച്ചിട്ടുള്ള ൧൯,൧൨൧ രൂപായിൽ നിന്നും ൧൦ രൂപ കുറയ്ക്കുവാൻ.

മി: കുരഞ്ഞിപ്പള്ളി ആർ. രാമൻപിള്ള:

൩൮. കാളേജ് വിദ്യാഭ്യാസത്തിനായി തിരിച്ചിട്ടുള്ള ൧൩൭൪൨൦ രൂപായിൽനിന്നും ൧൦ രൂപ കുറയ്ക്കുവാൻ.

മിസ്റ്റർ കെ. ശിവരാമപ്പണിക്കർ.

൩൯ കാളേജ് വിദ്യാഭ്യാസത്തിനായി അംശിച്ചിട്ടുള്ള ൧,൩൭,൪൨൦ രൂപായിൽനിന്നും ൧൦ രൂപ കുറയ്ക്കുവാൻ.

മിസ്റ്റർ ഏ. ജെ. ജോൺ.

൧൦ കാളേജ് വിദ്യാഭ്യാസത്തിനായി അംശിച്ചിട്ടുള്ള ൧,൩൭,൪൨൦ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കുന്നതിനു.

മിസ്റ്റർ ഏ. കെ. പിള്ള.

൧൧ കാളേജ് വിദ്യാഭ്യാസത്തിനായി വിജെിച്ചിട്ടുള്ള ൧,൩൭,൪൨൦ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കുന്നതിനു.

മിസ്റ്റർ കെ. ഐ. ജോസഫ്.

൧൨ കാളേജു വിദ്യാഭ്യാസത്തിനായുള്ള ൧,൩൭,൪൨൦ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കുന്നതിനു.

മിസ്റ്റർ ഏ. ജെ. ജോൺ.

൧൩ ആൺകുട്ടികൾക്കായുള്ള ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കായി അംശിച്ചിട്ടുള്ള ൨,൧൩,൩൯൭ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കുന്നതിനു.

മിസ്റ്റർ കെ. ഐ. ജോസഫ്.

൧൪ ആൺകുട്ടികൾക്കായുള്ള ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കായി അംശിച്ചിട്ടുള്ള ൨,൧൩,൩൯൭ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കുന്നതിന്.

മിസ്റ്റർ കല്ലൂർ നാരായണപിള്ള.

൧൫ ആൺകുട്ടികളുടെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ബോർഡിംഗ് ചാർജിനായി അംശിച്ചിട്ടുള്ള ൩,൫൦൦ രൂപാ ഒഴിവാക്കുന്നതിന്.

മിസ്റ്റർ കെ. ശിവരാമപ്പണിക്കർ.

൧൬ ടെമ്പററി അദ്ധ്യാപകന്മാർക്കായി അംശിക്കപ്പെട്ടിട്ടുള്ള ൭,൨൦൦ രൂപായിൽനിന്നു ൧,൯൫൦ രൂപാ കുറയ്ക്കുന്നതിന്:

മിസ്റ്റർ ജി. നാരായണപിള്ള.

൧൭ ടെമ്പററി അദ്ധ്യാപകന്മാർക്കായി അംശിക്കപ്പെട്ടിട്ടുള്ള ൭,൨൦൦ രൂപായിൽനിന്നു ൧,൯൫൦ രൂപാ കുറയ്ക്കുന്നതിനു.

മിസ്റ്റർ ഏ. ജെ. ജോൺ.

൧൮ ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാർക്കായി ഭാഗിച്ചിട്ടുള്ള ൨,൧൧,൫൭൧ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ റി. ജെ. മാത്യു.

൧൯ ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസത്തിനായി അംശിക്കപ്പെട്ടിട്ടുള്ള ൫,൪൫,൫൨൦ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ കുരഞ്ഞിപ്പള്ളി ആർ. രാമൻപിള്ള.

൨൦ ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസത്തിനായി അംശിച്ചിട്ടുള്ള ൫,൪൫,൫൨൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള.

൨൧ ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസത്തിനായി അംശിച്ചിട്ടുള്ള ൫,൪൫,൫൨൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ കെ. പി. നീലകണ്ഠപിള്ള

൨൨ ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസത്തിനായി ഭാഗിച്ചിട്ടുള്ള ൫,൪൫,൫൨൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ സി. പി. തോമസ്.

൮൩ ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസത്തിനായി അംശിച്ചിട്ടുള്ള ൫,൪൫,൫൮൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ കെ. ഐ. ജോസഫ്.

൮൪ ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള ൫,൪൫൫൮൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള.

൮൫ പെൺകുട്ടികൾക്കായുള്ള വർണ്ണാക്യുലർപ്രൈമറിസ്കൂൾസിനുവേണ്ടി അംശിച്ചിട്ടുള്ള ൨,൦൭,൩൦൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള.

൮൬ മൊത്തമായി നീക്കിവച്ചിട്ടുള്ള ൪൦,൫൦൦ രൂപായിൽനിന്നും ൩൨,൦൦൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ കല്ലൂർ നാരായണപിള്ള.

൮൭ ആൺകുട്ടികൾക്കായുള്ള വർണ്ണാക്യുലർസ്കൂളിൽ കൂടുതലായി അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനു മറ്റുമായി അംശിച്ചിട്ടുള്ള ൩൨,൦൦൦ രൂപാ ഒഴിവാക്കുന്നതിന്.

മിസ്റ്റർ കരുണാപ്പള്ളി ആർ. രാമൻപിള്ള.

൮൮ വർണ്ണാക്യുലർസ്കൂൾ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുള്ള ൧൬,൯൮,൭൬൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള.

൮൯ വർണ്ണാക്യുലർ സ്കൂൾ വിദ്യാഭ്യാസാർത്ഥം നീക്കിവച്ചിട്ടുള്ള ൧൬,൯൮,൭൬൦ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ ജി. നാരായണപിള്ള.

൯൦ വർണ്ണാക്യുലർസ്കൂൾ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുള്ള ൧൬,൯൮,൭൬൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മിസ്റ്റർ കെ. ശിവരാമപ്പണിക്കർ.

൯൧ വർണ്ണാക്യുലർസ്കൂൾ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുള്ള ൧൬,൯൮,൭൬൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മി: കല്ലൂർ. നാരായണപിള്ള.

൯൨. വർണ്ണാക്യുലർ സ്കൂൾ വിദ്യാഭ്യാസത്തിനായി നീക്കി വച്ചിട്ടുള്ള ൧൬,൯൮,൭൬൦ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

മി: കെ. ഐ. ജോസഫ്.

൯൩. വർണ്ണാക്യുലർസ്കൂൾ വിദ്യാഭ്യാസത്തിനായി നീക്കി വച്ചിട്ടുള്ള ൧൬,൯൮,൭൬൦ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

മി: എ. ജെ. ജോൺ.

൯൪. വർണ്ണാക്യുലർസ്കൂൾ വിദ്യാഭ്യാസത്തിനായി അംശിച്ചിട്ടുള്ള ൧൬,൯൮,൭൬൦ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

മി: കല്ലൂർ. നാരായണപിള്ള.

൯൫. സംസ്കൃതകാളേജിനായി നീക്കിവച്ചിട്ടുള്ള ൧൯,൩൦൦ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കാൻ

മി: കെ. പി. നീലകണ്ഠപ്പിള്ള.

൯൬. മലയാളബ്രാഹ്മിൻസിനായുള്ള സ്പെഷ്യൽ സ്കൂളിനു വേണ്ടി അംശിച്ചിട്ടുള്ള ൭൯൦൦ രൂപാ ഒഴിവാക്കുന്നതിന്.

മി: എ. കെ. പിള്ള.

൯൭. സ്പെഷ്യൽസ്കൂൾ വിദ്യാഭ്യാസത്തിനായി നീക്കി വച്ചിട്ടുള്ള ൩൫,൩൪൦ രൂപായിൽ നിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മി: കെ. ഐ. ജോസഫ്.

൯൮. ഹോസ്റ്റൽസിനായി നീക്കി വച്ചിട്ടുള്ള ൧൭,൮൦൮ രൂപായിൽ നിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മി: എ. ജെ. ജോൺ.

൯൯. ഹോസ്റ്റൽസിനായി നീക്കി വച്ചിട്ടുള്ള ൧൭,൮൦൮ രൂപായിൽ നിന്നും ൧൦ രൂപാ കുറയ്ക്കുന്നതിന്.

മി: കരുണാപ്പള്ളി ആർ. രാമൻപിള്ള.

൧൦൦. ഗ്രാൻറ് ഇൻ എയിഡിനായി അംശിച്ചിട്ടുള്ള ൧൦,൦൦,൦൦൦ രൂപായിൽ നിന്നും ൧,൦൦,൦൦൦ രൂപാ കുറയ്ക്കുന്നതിന്.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൧൦൧. ഗ്രാൻറ് ഇൻഎയിഡിനായി അംശിച്ചിട്ടുള്ള ൧൦,൦൦,൦൦൦ രൂപായിൽ ൫൦,൦൦൦ രൂപാ കുറയ്ക്കുന്നതിന്.

മി: റി. ജെ. മാത്യു.

൧൦൨. ഗ്രാന്റ് ഇൻ എയിഡിനായി അംശിച്ചിട്ടുള്ള ൧൦,൦൦,൦൦൦ രൂപായിൽ നിന്നും ൫ രൂപാ കുറയ്ക്കുന്നതിന്.

മി: എ. ജെ. ജോൺ

൧൦൩. ഗ്രാന്റ് ഇൻ എയിഡിനായി അംശിച്ചിട്ടുള്ള ൧൦,൦൦,൦൦൦ രൂപായിൽ നിന്നും ൫ രൂപാ കുറയ്ക്കുന്നതിന്.

മി: കെ. ഐ. ജോസഫ്.

൧൦൪. ഗ്രാന്റ് ഇൻ എയിഡിനായി അംശിച്ചിട്ടുള്ള ൧൦,൦൦,൦൦൦ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കുവാൻ.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൧൦൫. മലയാളം പാഠപുസ്തകങ്ങളും കാപ്പി ബുക്കുകളും വില്ക്കുന്നതിനായിട്ടുള്ള സ്ഥാപനങ്ങൾക്കായി ഭാഗിച്ചിട്ടുള്ള ൧,൮൯൭ രൂപായിൽ നിന്നും ൫൫ രൂപാ കുറയ്ക്കുന്നതിന്.

മി: ജി. നാരായണപിള്ള.

൧൦൬. മലയാളം പാഠപുസ്തകങ്ങളും കാപ്പി ബുക്കുകളും വില്ക്കുന്നതിനായി ൬,൪൦൦ രൂപായിൽ നിന്നും ൫ രൂപാകുറയ്ക്കുന്നതിന്.

മി: കെ. ഐ. ജോസഫ്.

൧൦൭. മലയാളം പാഠപുസ്തകങ്ങളും കാപ്പി ബുക്കുകളും വില്ക്കുന്നതിനായി അംശിച്ചിട്ടുള്ള ൬,൪൦൦ രൂപായിൽ നിന്നും ൫ രൂപാ കുറയ്ക്കുന്നതിന്.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൧൦൮. പലവകയ്ക്കായുള്ള ൧൪,൨൦,൧൦൮ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിന്.

മി: റി. ജെ. മാത്യു.

൧൦൯. രണ്ടാം അഭ്യർത്ഥനയിലുള്ള ആകെ അംശം രൂപാ ൪൦ ലക്ഷത്തിപതിനാറായിരത്തിൽ നിന്നും ഒരു രൂപാകുറയ്ക്കുന്നതിന്.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൧൧൦. രണ്ടാം അഭ്യർത്ഥനയിലുള്ള ആകെ രൂപാ ൪൦ ലക്ഷത്തിപതിനാറായിരത്തിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കുവാൻ.

മി: സി. പി. തോമസ്.

൧൧൧. രണ്ടാം അഭ്യർത്ഥനയിലുള്ള മൊത്തം അംശം രൂപാ ൪൦ ലക്ഷത്തിപതിനാറായിരത്തിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കുന്നതിനു.

മി: സി. പി. തരകൻ.

൧൧൨. രണ്ടാം അഭ്യർത്ഥനയിലുള്ള മൊത്തഭാഗം ൪൦ ലക്ഷത്തിൽപതിനാറായിരത്തിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കാൻ.

മി: കല്ലൂർ. നാരായണപിള്ള.

൧൧൩. രണ്ടാം അഭ്യർത്ഥനയിലുള്ള മൊത്തഭാഗം രൂപാ ൪൦ ലക്ഷത്തിപതിനാറായിരത്തിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കാൻ.

മി: എ. കെ. പിള്ള.

൧൧൪. രണ്ടാം അഭ്യർത്ഥനയിലുള്ള മൊത്തഭാഗം രൂപാ ൪൦.൧൬ ലക്ഷത്തിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കാൻ.

വിദ്യാഭ്യാസത്തിനായി രണ്ടാം അഭ്യർത്ഥനപ്രകാരം ൪൦.൧൬ ലക്ഷം രൂപാ അനുവദിക്കണമെന്ന് വോട്ടിട്ട് പാസ്സാക്കപ്പെട്ടു.

വൈകുന്നേരം അഞ്ചടിച്ചു പതിനെട്ടു മിനിട്ടായപ്പോൾ സഭ പിരിഞ്ഞു.

റി. പി. രാമസ്വാമയ്യർ,
നിയമസഭാസിക്രട്ടറി.

(A true translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭ.

രണ്ടാമത്തെ സെഷൻ ൧൧൦൭.

(ഉദ്യോഗസ്ഥ റിപ്പോർട്ട്)

൧൧൦൭ കർക്കടകം ൨൮-ാം/൧൯൩൨ ആഗസ്റ്റ് ൧൨-ാം.

ദിവാൻ, എം. ഇ. വാട്ട്സ് എസ്ക്വയർ ബി. എ. ബാരിസ്റ്റർ അററ്‌ലായുടെ അദ്ധ്യക്ഷതയിൽ ൧൧ അടിച്ചു ൩൦ മിനിട്ടായപ്പോൾ സഭകൂടി. മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള ഒഴികെയുള്ള എല്ലാ മെമ്പർമാരും ഹാജരുണ്ടായിരുന്നു.

അദ്ധ്യക്ഷൻ: ഫൈനാൻസ് കമ്മററിയിൽ ൧൧൦൮-ലേക്കു മൂന്നു അനുദ്യോഗസ്ഥമെമ്പർമാരെയും മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ ഒഴിവിൽ തൊഴിലില്ലായ്മക്കമ്മററിയിലേക്കു ഒരു അനുദ്യോഗസ്ഥമെമ്പരേയും ഈ സഭയിൽനിന്നു് തെരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. നാളെ ഉച്ചതിരിഞ്ഞു അഞ്ചുമണിക്കുമേൽ ഡെപ്യൂട്ടിപ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ഈ കൌൺസിലെ അംഗങ്ങൾ ദയവുചെയ്തു തെരഞ്ഞെടുപ്പു നടത്തുമോ?

ചോദ്യങ്ങളും ഉത്തരങ്ങളും.

സംരക്ഷിതവനങ്ങളിൽനിന്നു ൧൦൦ ഏക്കറിൽ കൂടുതൽസ്ഥലം പതിവ്.

൧൧൭. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): (എ) സംരക്ഷിതവനങ്ങളിൽനിന്നു ൧൦൦ ഏക്കറിൽ കൂടുതൽസ്ഥലം കൃഷിചെയ്യുന്നതിലേക്കായിട്ടു പതിച്ചുകിട്ടണമെന്നു കാണിച്ചു ഇവിടത്തെ സ്വദേശികളിൽ ആരെങ്കിലും ൧൧൦൦-നുശേഷം നാളിതുവരെ (൯-൭-൧൧൦൭) അപേക്ഷ അയച്ചിട്ടുണ്ടോ എന്നും?

(ബി) ഓരോ കൊല്ലവും കിട്ടിയിട്ടുള്ള അപേക്ഷകൾ എത്രവീതമെന്നും?

(സി) അപേക്ഷകളനുസരിച്ചു അപ്രകാരമുള്ള സ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അവയിൽ ഓരോന്നിന്റെയും വിസ്തീർണ്ണം, പതിവുകാരന്റെപേരു, ഓരോ പതിവിന്റെ തറവില, ഓരോ പതിവും ഏതു താലൂക്കിലും റിസർവിലും പെട്ടതാണെന്നുള്ള വിവരം ഇവയും പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) ൧൧൦൧-ൽ ൪-ം ൧൧൦൨-ൽ ൫-ം ൧൧൦൭ ഇടവം അവസാനംവരെ ൯-ം അപേക്ഷകൾ.

(സി) മീനച്ചൽ താലൂക്കിൽ കൊണ്ടൂർപകുതിയിൽ കയക്കെട്ടി റിസർവിൽ (൧൪൫-ൽ ചില്വാനം ഏക്കർ വിസ്തീർണ്ണമുള്ള) നിന്നു തിരിച്ചു ഒരു പ്ലാട്ടുമാത്രം അപ്രകാരം പതിച്ചുകൊടുത്തിട്ടുണ്ടു. പതിച്ചുകൊടുത്തതു കാഞ്ഞിരപ്പള്ളി മിസ്റ്റർ കെ. വി. ജോസഫിന്റെ പേരിലാണ്. തറവിലയുടെ റേറു ഏക്കർ ഒന്നിനു ൨൫൦ രൂപാവീതമാണ്.

നിയമസഭാചോദ്യങ്ങൾക്കു ഉത്തരംപറയുവാൻ എടുത്തിട്ടുള്ള സമയം.

൧൧൮. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കഴിഞ്ഞ രണ്ടു നിയമസഭായോഗങ്ങളിൽ (൧൧൦൭ കുംഭത്തിലും മേടത്തിലും) ചോദ്യങ്ങൾക്കു ഉത്തരംപറയുവാൻവേണ്ടി ഓരോദിവസവും എത്രസമയംവീതം എടുത്തുഎന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഓരോ ദിവസവും ചോദ്യങ്ങൾക്കു ഉത്തരംപറയുന്നതിനു, നിയമസഭാ സ്റ്റാൻഡിംഗ് ആർഡർ ൯-ാംനമ്പരിലെ വ്യവസ്ഥപ്രകാരം അനുവദിച്ചിട്ടുള്ള സമയമാണ് ഉപയോഗിച്ചിട്ടുള്ളത്. ആ ആർഡറിലെ വ്യവസ്ഥയനുസരിച്ചുതന്നെ ഇപ്പോഴും നടന്നുവരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ചോദ്യങ്ങൾക്കു ഉത്തരംപറയുന്നതിനു ഓരോദിവസവും എടുത്തിട്ടുള്ള ശരാശരിസമയം എത്രയാണെന്നു ദയവുണ്ടായി എന്നെ അറിയിക്കുമോ? ഞാൻ ഉദ്ദേശിച്ചതു അതായിരുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ചോദ്യങ്ങൾക്കു ഉത്തരംപറയുന്നതിനു ഓരോ ദിവസവും സഭ ചിലവാക്കിയ സൂക്ഷ്മമായ സമയം എത്രയെന്നറിയുന്നതിനു റിക്കാർട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഉത്തരത്തിൽ അതു പറയാമായിരുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): എല്ലാചോദ്യങ്ങൾക്കും ഉത്തരംപറയുന്നതിനു എടുത്തിട്ടുള്ള സമയത്തെപ്പററിയാണ് ചോദ്യമെന്നു വിചാരിച്ചുപോയി.

അനന്തവിക്ടോറിയാതോടിന്റെ വിലങ്ങെയുള്ള പാലങ്ങൾ.

൧൧൯. മി. എസ്സ്. ജി. ലോപ്പസ്സ് (ഗവണ്മെന്റു നിയമനം): (എ) വള്ളവിളമുതൽ തേങ്ങാപട്ടണംവരെ കടൽതീരത്തു താമസിക്കുന്നവർക്കു ഉൾഭാഗങ്ങളിലേക്കു പോകുന്നതിനു അനന്തവിക്ടോറിയ മാർത്താണ്ഡം തോടു കടക്കേണ്ടതായിട്ടുണ്ടെന്നും,

(ബി) ആണ്ടിൽ മിക്കമാസങ്ങളിലും വെള്ളപ്പൊക്കം ഉണ്ടാകുകയും തന്നിമിത്തം ഇറങ്ങികടക്കുവാൻ പാടില്ലാതായി തീരുകയും ചെയ്യുന്നുണ്ടെന്നും ഉള്ളവിവരങ്ങൾ ഗവണ്മെന്റിനറിയാമോ?

൨. താഴെപറയുന്നചോദ്യങ്ങൾക്കു മറുപടിപറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) പ്രസ്തുത തോടിനു വള്ളവിളയിൽനിന്നു തേങ്ങാപട്ടണംവരെ പാലങ്ങൾ ഉണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ എത്ര, ഏതെല്ലാംസ്ഥലങ്ങളിൽ?

(ബി) ആ പാലങ്ങൾ ഇപ്പോഴുമുണ്ടോ?

ഇല്ലെങ്കിൽ എന്നു എന്തുകാരണത്താൽമാററി?

൩. പാലങ്ങളുടെ അഭാവംനിമിത്തം, പൊതുജനങ്ങൾ; പ്രത്യേകിച്ചും ചന്തയിൽപോകുന്ന സ്ത്രീകളും പള്ളിക്കൂടത്തിൽ പോകുന്ന കുട്ടികളും, അനുഭവിച്ചുവരുന്ന സങ്കടങ്ങൾ എത്രയെന്നു ഗവണ്മെന്റിനറിയാമോ?

൪. ഈ മേൽവിവരിച്ചസങ്കടത്തെപ്പററി ൧൦൮൪-ാമാണ്ടിനുശേഷം, ഗവണ്മെന്റിനു എത്രഹർജികൾകിട്ടിയിട്ടുണ്ടെന്നും അവയ്ക്കു എന്തുനടപടി നടത്തിഎന്നും പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

൫. പാലങ്ങൾകഴിയുന്നത്ര വേഗത്തിൽവീണ്ടും പണികഴിപ്പിക്കുന്നതിന് ഗവണ്മെന്റിനുദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി) :

(൧) (എ) അറിയാം.

(ബി) ആണ്ടിൽ ചിലമാസങ്ങളിൽ തോട്ടിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നുണ്ടു.

(൨) (എ) അനന്തവിക്ടോറിയ മാർത്താണ്ഡൻതോട്ടിൽ താഴെപറയുന്ന സ്ഥലങ്ങളിലായി ആറു നടപ്പാലങ്ങൾ ഉണ്ടായിരുന്നു.

൧. ൧൯-ാമത്തെമൈൽ, കൊല്ലങ്കോട്
൨. ൨൦-ാമത്തെമൈൽ, മാർത്താണ്ഡൻതുറ
൩. ൨൧-ാമത്തെമൈൽ; വള്ളവിള
൪. ൨൨-ാമത്തെമൈൽ, അടിച്ചൻതുറ
൫. ൨൩-ാമത്തെമൈൽ, തട്ടൂർ
൬. ൨൪-ാമത്തെമൈൽ, പൂത്തുറ

(ബി) ഇപ്പോൾ ൧൯-ാമത്തെയും ൨൦-ാമത്തെയും മൈൽകുററികളിലുള്ള പാലങ്ങൾമാത്രമെയുള്ളു. മററുള്ളവയെപ്പററി കടൽകാററിന്റെ ശക്തിനിമിത്തം വളരെക്കാലത്തിനുമുൻപുതന്നെ ദ്രവിച്ചു ഇല്ലാതെയായി എന്നു റിപ്പോർട്ടുകിട്ടിയിരിക്കുന്നു.

(൩)-ഉം (൪)-ഉം അനന്തവിക്ടോറിയ മാർത്താണ്ഡൻതോട്ടിൽ ൨൧-ാമത്തെ മൈൽക്കററിയിൽ വള്ളവിളഎന്നസ്ഥലത്ത് ഒരുപാലം പണികഴിപ്പിക്കുന്നതിനെപ്പററിഹർജികൾ കിട്ടിയിട്ടുണ്ടു. കഴിഞ്ഞ ൧൮ കൊല്ലങ്ങളിലായി അതിനെസംബന്ധിച്ചു കിട്ടിയിട്ടുള്ള ഹർജികളുടെ സൂക്ഷ്മമായ എണ്ണംഅറിയുവാൻകഴികയില്ല.

(൫) ൨൧-ഉം ൨൪-ഉം മൈൽകുററികളിൽ ഓരോപാലം പണികഴിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള അടങ്കൽ അയക്കുന്നതിനു ചീഫ്എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കയാണു.

എക്സൈസ് കമ്മററി റിപ്പോർട്ടു.

൧൨൦. മി. ജി. നാരായണപിള്ള (തിരുവല്ല) :

(എ) ൧൧൦൧-ലെ എക്സൈസ്ഡിപ്പാർട്ടുമെന്റു ഭരണറിപ്പോർട്ടിന്റെ റിവ്യൂവിൽ പ്രസ്താപിച്ചിട്ടുള്ള എക്സൈസ്കമ്മററിയുടെ ശുപാർശയിൽ ഗവണ്മെന്റു അവസാനഉത്തരവു പാസാക്കിയോഎന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) പാസ്സാക്കിയില്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിലുള്ള താമസംഎന്തു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി) (എ)യും (ബി)യും എക്സൈസ് കമ്മററിയുടെ ശുപാർശകളിൽ പലതും ഗവണ്മെന്റുത്തരവനുസരിച്ചു നടപ്പിലാക്കിവരുന്നു. ഉദാഹരണമായി പറയുകയാണെങ്കിൽ

(൧) വിദേശിയമദ്യം ചില്ലറയായി വിൽക്കുന്നതിനുള്ള ലൈസൻസ്ഫീസ് ൧൫൦ രൂപായിൽ നിന്നു ൨൦൦ രൂപായാക്കി വർദ്ധിപ്പിച്ചു.

(൨) വലിയപട്ടണങ്ങളിൽ വിദേശിയമദ്യം മൊത്തമായി വിൽക്കുന്നഷാപ്പുകളുടെ എണ്ണംഒന്നായിട്ടും മററുസ്ഥലങ്ങളിൽ ഒന്നുംഇല്ലാതെയും കുറവുചെയ്യണമെന്നുള്ളതു നടപ്പിൽവരുത്തി,

(൩) രണ്ടുകൊല്ലത്തിൽഒരിക്കൽ കൺട്രാക്ട് പുതുക്കികൊടുക്കുമ്പോൾ ചാരായഷാപ്പുകളും കള്ളുഷാപ്പുകളും ൫ ശതമാനംവീതം കുറക്കണമെന്നുള്ളതു നടപ്പിൽവരുത്തി.

(൪) പൊതുസ്ഥലങ്ങളിൽ നിന്നു ൨ ഫർലാംഗ് അകലത്തിൽ ഷാപ്പുസ്ഥാപിക്കണമെന്നുള്ളതു കഴിയുന്നതുനിർബന്ധമാക്കിതന്നെ വരുന്നു.

(൫) ചാരായഷാപ്പുകളിലും കള്ളുഷാപ്പുകളിലും രാത്രി ൯ മണിവരെമാത്രമെ വില്പനനടത്തുവാൻ പാടുള്ളുഎന്നചട്ടം ഊർജ്ജിതത്തിൽവരുത്തി

(൬) മദ്യത്തിനുള്ള ചുങ്കം അതായതു ചാരായത്തിന്റെ ചുങ്കവും തെങ്ങിന്റെ കരവും, കഴിഞ്ഞതവണ, കൺട്രാക്ട് പുതുക്കി കൊടുത്തപ്പോൾ വർദ്ധിപ്പിച്ചു.

(൭) ചന്തകളിലും ഉത്സവസ്ഥലങ്ങളിലും മദ്യം വിൽക്കുന്നതിന് അപ്പോഴപ്പോൾ ലൈസൻസ് കൊടുത്തുവന്നിരുന്ന പതിവിനെ നിറുത്തൽചെയ്തു.

കമ്മററിക്കാരുടെ മററു ശുപാർശകളെ സംബന്ധിച്ചു ഗവണ്മെന്റു അവധാനപൂർവ്വം ആലോചിച്ചുവരുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ല): ൨-ാം ൩-ാം ഭാഗത്തിന്റെ ഉത്തരത്തിൽനിന്ന്, കഴിഞ്ഞ അഞ്ചു കൊല്ലമായി മദ്യത്തിന്റെ ചിലവ് വർദ്ധിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റു മനസ്സിലാക്കിയോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): വർദ്ധിച്ചുവരികയല്ല, ഏററക്കുറച്ചൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ല): ചിലവാകുന്ന മദ്യത്തിന്റെ അളവു് കൂടുകയല്ലേ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ചിലപ്പോൾ അതു കൂടും; ചിലപ്പോൾ അതു കുറയും.

മി. ജി. നാരായണപിള്ള (തിരുവല്ല): മദ്യഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതോടുകൂടിത്തന്നെ ചിലവാകുന്ന മദ്യത്തിന്റെ അളവുംകൂടി കുറയ്ക്കുന്നതിനു ഗവണ്മെന്റ് വേണ്ടതു ചെയ്യുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അതിനെസംബന്ധിച്ചു ആലോചിക്കുന്നതായിരിക്കും.

എക്സൈസ് കമ്മിററിയുടെ റിപ്പോർട്ട്.

൫൨൫. മി. എൻ. കുമാരൻ (നിയമനം): എക്സൈസ് കമ്മററി തയാറാക്കിയ റിപ്പോർട്ടു കമ്മററിക്കാർ ഏതു തീയതിൽ ഗവണ്മെന്റിൽ സമർപ്പിച്ചു എന്നും ഇതേവരെ അതുസംബന്ധിച്ചു അവസാനഉത്തരവു് പാസ്സാക്കാത്തതിനുള്ള കാരണം എന്താണെന്നും പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): എക്സൈസ് കമ്മററിക്കാർ ൧൧൨൫ ഡിസംബർ മാസത്തിൽ അവരുടെ റിപ്പോർട്ടു ഗവണ്മെന്റിൽ സമർപ്പിച്ചു.

മിസ്റ്റർ ജി. നാരായണപിള്ള ചോദിച്ച ൫൨൨-ാംനമ്പർ ചോദ്യത്തിനു നൽകിയ മറുപടിയിലേക്കു മെമ്പരിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മോണോസൈററു് കുഴിച്ചെടുക്കുന്ന സ്ഥലങ്ങളുടെ കുത്തകപ്പാട്ടം.

൫൨൬. മി. ജി. നാരായണപിള്ള (തിരുവല്ല): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) തിരുവിതാംകൂർസംസ്ഥാനത്തു ഏതെങ്കിലും ഒരേത്തു മോണോസൈററു കുഴിച്ചെടുക്കുന്നതിനവേണ്ടി സ്ഥലത്തിനു പുത്തനായി കുത്തകപ്പാട്ടം കൊടുക്കുവാൻ ആലോചിക്കുകയോ കൊടുക്കുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ആർക്ക്?

(ബി) കുത്തകപ്പാട്ടത്തിനു എടുത്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണവും കുത്തകപ്പാട്ടം അനുവദിച്ചതിന്റെയോ അല്ലെങ്കിൽ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നതിന്റെയോ വ്യവസ്ഥകൾ.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) ഉത്തരം നിഷേധരൂപത്തിലാണ്.

(ബി) (എ)-ക്കു നൽകിയ മറുപടിയിൽനിന്നു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

വർത്തമാനപത്രാസ്സോസിയേഷൻ.

൫൨൭. മി. ജി. നാരായണപിള്ള (തിരുവല്ല): വർത്തമാനപത്രാസ്സോസിയേഷൻ അംഗസ്ഥാനപ്പെടുത്തി ഇതേവരെ ആരെഎങ്കിലും പ്രോസിക്യൂട്ടു ചെയ്തിട്ടുണ്ടോ എന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉത്തരം നിഷേധരൂപത്തിലാണ്.

മിസ്റ്റർ എ. വെങ്കിട്ടറാവുവിനെ ഹെഡ്സർക്കാർ വക്കീലായി നിയമിച്ചു എന്നുള്ള മലയാളമനോരമയിലെ പ്രഖ്യാപനം.

൫൨൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ വിവരിക്കുന്ന സംഗതികൾക്കു മറുപടി തരുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) ൧൯൫൦ ജൂൺ ൨൭-നു-ക്കു ശരിയായ ൧൧൨൫ മിഥുനമാസം ൧൩-നു-യിലെ മലയാളമനോരമയിൽ താഴെ വിവരിക്കുന്ന വർത്തമാനം പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെട്ടോ?

കമ്പിവാർത്തകൾ
(സ്വന്തംലേഖകൻ)
തിരുവനന്തപുരം,
൨൬-൬-൫൦.

നിയമനങ്ങൾ.

"ഹൈക്കോടതി ജഡ്ജിയായി നിയമിച്ചിരിക്കുന്ന മിസ്റ്റർ വി. എസ്സ്. സുബ്രഹ്മണ്യയ്യർക്കുപകരം ഹെഡ് സർക്കാർവക്കീലായി മിസ്റ്റർ എ. വെങ്കിട്ടറാവുവിനെ നിയമിച്ചിരിക്കുന്നു."

(ബി) (എ)-യുടെ ഉത്തരം അനുസരണരൂപത്തിലാണെങ്കിൽ ൧൯൫൦ ജൂൺ ൨൬-നു- മിസ്റ്റർ വെങ്കിട്ടറാവുവിനെ ഹെഡ്സർക്കാർ വക്കീലായി നിയമിച്ചോ?

(സി) (ബി)-യുടെ ഉത്തരം നിഷേധരൂപത്തിലാണെങ്കിൽ വർത്തമാനപത്രാസ്സോസിയേഷൻ അനുസരിച്ചു ആ പത്രത്തിന്റെപേരിലോ സ്വന്തംലേഖകന്റെപേരിലൊ ഗവണ്മെന്റു വല്ല നടപടിയും നടത്തിയോ, അല്ലെങ്കിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുവോ?

(ഡി) ഈ സ്വന്തംലേഖകൻ ആരാണെന്നു ഗവണ്മെന്റു അന്വേഷിച്ചു ഈ സഭയെ അറിയിക്കുമോ?

മി. കെ. ജാജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) പ്രസ്തുത വർത്തമാനക്കുറിപ്പു ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ട്.

(ബി) ൧൯൫൦ ജൂലൈ ൧൫-നു-യിലെ ജുഡിഷ്യൽ ജി. ഒ. ഡി. ഡിസ്സ്. ൧൪൬൦/൫൦ ൭-൫൦ നമ്പർ അനുസരിച്ചാണ് മിസ്റ്റർ വെങ്കിട്ടറാവുവിനെ ആക്ടിംഗ് ഹെഡ്സർക്കാർ വക്കീലായി നിയമിച്ചതു്.

(സി) അപ്രകാരം ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

(ഡി) അപ്രകാരം ചെയ്യുവാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെ സംബന്ധിച്ചു നിയമവകുപ്പിലെ അഭിപ്രായം അറിഞ്ഞോ എന്നറിഞ്ഞാൽ കൊള്ളാം?

മി. കെ. ജാജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തന്നിമിത്തം വർത്തമാനപത്രറഗുലേഷനിലെ അതു സംബന്ധിച്ച വകുപ്പിനെ ഇതു ലംഘിച്ചില്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഇടയ്ക്കിടയ്ക്കു വ്യാജപ്രസ്താവന പരത്തിക്കൊണ്ടിരിക്കയായിരുന്നെങ്കിൽ അതു ഒരു കുററമാകുമായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്രകാരമുള്ള ഒരു നിയമനം ഗവൺമെൻറ നടത്താതിരുന്നപ്പോൾ ആ നിയമനത്തെപ്പററി ആ പത്രം എങ്ങിനെ അറിഞ്ഞുവെന്നു എന്നെ അറിയിച്ചാൽ കൊള്ളാം.

മി. കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): എനിക്കു പറയുവാൻ കഴികയില്ല. അതിനെ സംബന്ധിച്ച പത്രം എങ്ങിനെ അറിഞ്ഞുവെന്നു എനിക്കറിഞ്ഞുകൂട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാസ്തവത്തിൽ, അതിൻപ്രകാരം അതു ഒരു വ്യാജപ്രസ്താവനയല്ലയോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): പതിവായി വ്യാജപ്രസ്താവന പരത്തുന്ന ഒരു ഉദാഹരണമല്ല ഇത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഒരു വ്യാജപ്രസ്താവന ആയിരുന്നില്ലയോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതെ, ആ സമയത്തു അതു വ്യാജമായിരുന്നു.

കുടിവക റോഡുകളെ സംബന്ധിച്ച പരിഷ്കാര ചട്ടങ്ങൾ.

൧൨൩. മി. സി. പി. തോമസ്സ് (ഗവൺമെൻറ നിയമനം):

(എ) കുടിവക റോഡുകളെ സംബന്ധിച്ച പരിഷ്കരിച്ച ചട്ടങ്ങളുടെ നക്കൽ ചീഫ്എഞ്ചിനീയരുടെ പക്കൽനിന്നു ഗവൺമെൻറിനു കിട്ടിയതെന്നാണ്?

(ബി) ഇതുവരെ ഗവൺമെൻറ അതിന്മേൽ യാതൊരുത്തരവും ചെയ്യാതിരുന്നതെന്താണ്?

(സി) അതിനെ സംബന്ധിച്ചുള്ള അനുദ്യോഗസ്ഥസാമാജികന്മാരുടെ അഭിപ്രായാനുസരണം നക്കലിൽ എന്തുമാത്രം ഭേദഗതി വരുത്തിയിട്ടുണ്ട്?

(ഡി) ഗവൺമെൻറ അവസാനമായി ചട്ടമാക്കുന്നതിനുമുൻപു നക്കൽ ചട്ടങ്ങളെ സംബന്ധിച്ച അഭിപ്രായം പുറപ്പെടുവിക്കുന്നതിനു ഈ സഭക്കു അവസരം നൽകുമോ?

ഈ ചോദ്യങ്ങൾക്കുത്തരം പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറ സെക്രട്ടറി):

(എ) ൧൧൦൯ സെപ്റ്റംബർ മാസത്തിൽ.

(ബി) (സി) അവ ഗവൺമെൻറിൻെറ പരിശോധനയിൽ ഇരിക്കയാണ്.

(ഡി) അവസാന ഉത്തരവു ചെയ്യുന്നതിനുമുൻപായി പൊതുജനങ്ങളുടെ നിരൂപണത്തിനായി നക്കൽ ചട്ടങ്ങൾ ഗവൺമെൻറ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

നാവിഗേഷൻ സ്പെഷ്യൽ ആഫീസരുടെ റിപ്പോർട്ട്.

൧൨൪. മി. സി. പി. തോമസ്സ് (ഗവൺമെൻറ നിയമനം):

(എ) നാവിഗേഷൻ സ്പെഷ്യൽ ആഫീസരുടെ റിപ്പോർട്ട് ഗവൺമെൻറിൽ സമർപ്പിച്ചതെന്നാണ്?

(ബി) അതിനെ സംബന്ധിച്ച എടുത്തിട്ടുള്ള നടപടി.

(സി) പ്രസ്തുത ഉദ്യോഗസ്ഥൻെറ റിപ്പോർട്ടിൻപ്രകാരം പമ്പയും മണിമലയും നദികളെ സംബന്ധിച്ച എന്തെങ്കിലും പ്രായോഗികമായ ജോലികൾ ൧൧൧൦-ൽ നടത്തുമോ?

ഈ ചോദ്യങ്ങൾക്കുത്തരം പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറ സെക്രട്ടറി):

(എ) ൧൧൦൯ ജൂലൈ മാസത്തിൽ

(ബി) റവന്യൂഡിപ്പാർട്ടുമെൻറിൻെറയും മററുഡിപ്പാർട്ടുമെൻറുകളുടെയും അഭിപ്രായത്തിനായി അയക്കുന്നതിനു റിപ്പോർട്ടിൽ അതിനെ സംബന്ധിച്ചുള്ള അഭിപ്രായം അച്ചടിച്ചു തയാറാക്കിവരുന്നു.

(സി) അതിനെ സംബന്ധിച്ച ഇപ്പോൾ യാതൊരഭിപ്രായവും പറയാൻ നിവൃത്തിയില്ല.

വില്ലേജ് പഞ്ചായത്തു റഗുലേഷൻ.

൧൨൫. മി. സി. പി. തോമസ്സ് (ഗവൺമെൻറ നിയമനം):

(എ) വില്ലേജ് പഞ്ചായത്തു ബിൽ കൌൺസിലിൽ പാസ്സായതു എന്നാണ്?

(ബി) തിരുവിതാംകൂർ സംസ്ഥാനത്തിൻെറ ഏതെങ്കിലും ഒരു ഭാഗത്തു അതു ഇതുവരെ നടപ്പിൽ വരുത്താതിരുന്നതെന്ത്?

(സി) പ്രസ്തുത റഗുലേഷൻ നടപ്പിൽ വരുത്തുന്നതു സംബന്ധിച്ചുള്ള ഗവൺമെൻറിൻെറ അഭിപ്രായം മാറിയോ?

ഈ ചോദ്യങ്ങൾക്കുത്തരം പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ൧൯൨൫ ഫെബ്രുവരി ൨൩-നു ശരിയായ ൧൧൦൦ കുംഭം ൧൧-നു കൂടിയ നിയമസഭയിൽ വച്ചു വില്ലേജ്പഞ്ചായത്തു ബിൽ പാസ്സാകുകയും, ൧൧൦൧ മിഥുനം ൧൨-നു മുതൽ അതു ചട്ടമാകുകയും ചെയ്തു. (ബി)-ം (സി)-ം റഗുലേഷൻ നടപ്പിൽ വരുത്തുന്നതിനു മുൻപു റഗുലേഷൻെറ ൩൨-ാം വകുപ്പനുസരിച്ചു ആദ്യമായി ചട്ടങ്ങൾ ഉണ്ടാക്കണം. അഡീഷനൽഹെഡ്സർക്കാർ വക്കീൽ തയാറാക്കിയ നക്കൽ ചട്ടങ്ങൾ ഗവൺമെൻറിൽ കിട്ടി. അവയെ പരിശോധിച്ചുവരുന്നു.

കുഷ്ഠരോഗികൾ മുതലായവരെ രക്ഷിക്കുന്നതിനെ സംബന്ധിച്ച ഏർപ്പാട്.

൧൨൬. മി. സി. പി. താമസ് (ഗവൺമെൻറ നിയമനം): കുഷ്ഠരോഗികൾ, തിരാവ്യാധിപിടിപെട്ടവർ, അംഗഭംഗം ഭവിച്ചവർ, സംസ്ഥാനത്തിലെ ജനസംഖ്യയിൽ ഏററവും ദാരിദ്ര്യദുഃഖം അനുഭവിച്ചുവരുന്നവർ എന്നിവരെ കൂടുതൽ തൃപ്തികരമായവിധത്തിൽ രക്ഷിക്കുന്നതിനു എത്രയുംവേഗത്തിൽ വേണ്ട നടപടികൾ നടത്തുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി): ഇതിനെ സംബന്ധിച്ച അന്വേഷണം നടത്തുന്നതായിരിക്കും.

വാദപ്രതിവാദങ്ങൾ മാറ്റിവയ്ക്കുന്നതിലേക്കുള്ള അപേക്ഷ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ സംഗതി മാറ്റിവയ്ക്കുന്നതിലേക്കായിട്ട് എനിക്കൊരപേക്ഷയുണ്ട്.

പ്രസിഡണ്ട്: തീർച്ചപ്പെടുത്തിയതും ജനസാമാന്യത്തിനു പ്രാധാന്യമുള്ളതും ആയ ഒരു [illegible] ഉടനെ ചർച്ചചെയ്യുന്നതിലേക്ക് സഭാനടപടികൾ നിറുത്തിവയ്ക്കുന്നതിനനുമതി വേണമെന്നപേക്ഷിക്കുന്ന എന്നുള്ള മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഒരു കുറിപ്പ് എനിക്കു കിട്ടിയിരിക്കുന്നു. ഇന്നലെ വൈകുന്നേരം [illegible] വിഷയത്തെപ്പറ്റിയുള്ള വാദപ്രതിവാദം [illegible] പ്രസംഗത്തിൽ തിരുവിതാംകൂറിലുള്ള [illegible] വർഷിക്കുകയും [illegible] ഗവൺമെന്റിന്റെ [illegible] ജനങ്ങളുടെ [illegible] സംസാരിക്കയും ചെയ്തിട്ടുള്ള [illegible] വിവാദവിഷയം.

ഒന്നാമതായി പറയുന്നതുപോലെ വിശേഷവിധിയായി [illegible] ഇല്ല. രണ്ടാമതായി, പ്രസ്തുത പ്രസ്താവന [illegible] ആകുന്നു. മൂന്നാമതായി [illegible] നടപടികൾ നിറുത്തിവയ്ക്കുന്നതിനു അനുവദിക്കുന്നതിനുള്ള ചട്ടത്തിൽ ഇതുൾപ്പെട്ടിട്ടില്ല. [illegible] ഈ വാദപ്രതിവാദത്തിനു അനുവദിക്കാൻ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, [illegible] ജനസാമാന്യത്തിനു പ്രാധാന്യമേറിയ ഒന്നായി [illegible]?

പ്രസിഡണ്ട്: അതെല്ലാം ആ സംഗതിയുടെ അപ്രസക്തഭാഗമായ ഇരിക്കട്ടെ.

ധനാഭ്യർത്ഥനകളെ സംബന്ധിച്ച വോട്ടിംഗ് (തുടർച്ച).

ഡിമാൻഡ് ൪—ആദായനികുതി—[illegible] രൂപ.

മി. ആർ. കൃഷ്ണപിള്ള (ആക്ടിംഗ് ചാർജ്ജ്-ഡ്-അഫേഴ്സ് ഇൻകംടാക്സ് കമ്മീഷണർ): സർ, ഡിമാൻഡ് ൪—ആദായനികുതി എന്നതിനെ [illegible] അനുവദിച്ചു തരണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

അഭ്യർത്ഥന ൪൭൬.

മി. ടി. കുമാരപിള്ള (കൺകുളം-വിളവംകോട്): താഴെ വിവരിക്കുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൪൭൬. സ്പെഷ്യൽ ഇൻകംടാക്സ് കമ്മീഷണരുടെ ആഫീസ് സിൽബന്തികൾക്കു നീക്കിവച്ചിട്ടുള്ള [illegible] രൂപയിൽനിന്നു നൂറു രൂപ കുറയ്ക്കണമെന്നു.

ഇതിൽ ഒരു പിശക് കാണുന്നുണ്ട്. അതു ഞാൻ ഏതുവിധത്തിൽ ഉള്ളതാണോ എന്നു എനിക്കു സംശയമുണ്ട്. [illegible] എന്നുള്ളതു [illegible] ആണ് ഞാൻ ഉദ്ദേശിച്ചതു.

മി. പി. [illegible] (ഗവൺമെന്റു നിയമനം) (ഡെപ്യൂട്ടി പ്രസിഡണ്ടു): ഞാൻ ഇവിടെ ഒരു തടസ്സം ഉന്നയിക്കുന്നു. ഇവിടെ [illegible] കുറയ്ക്കണമെന്നുള്ള [illegible] ഹാജരാക്കേണ്ടതെന്നു ഞാൻ വിചാരിക്കുന്നു. ൪൭൬-ാം നമ്പർ ഉപക്ഷേപം, [illegible] എസ്റ്റാബ്ലിഷ്മെന്റിനെ കുറയ്ക്കുന്നതിലേക്കു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നു തോന്നുന്നു. [illegible] രൂപ കുറയ്ക്കുന്നതിലേക്കുള്ള അഭ്യർത്ഥന [illegible] ഹാജരാക്കേണ്ടതാണെന്നു ഞാൻ വിശ്വസിക്കുന്നു. അതു അംഗീകരിക്കപ്പെടുന്നുഎങ്കിൽ ഇതിനെ ഹാജരാക്കുവാനേ [illegible].

പ്രസിഡണ്ട്: [illegible] സംബന്ധിച്ചുള്ളതു എടുക്കുന്നതിനുമുമ്പു എസ്റ്റാബ്ലിഷ്മെന്റിനെ സംബന്ധിച്ചുള്ളതാണ് ആദ്യമായിവരേണ്ടതു.

മി. ടി. കുമാരപിള്ള (കൺകുളം-വിളവംകോട്): ശരി. ഞാൻ കാത്തിരിക്കാം.

അഭ്യർത്ഥന ൪൭൯.

മെമ്പർ ഹാജരില്ലാതിരുന്നതുനിമിത്തം താഴെ വിവരിക്കുന്ന അഭ്യർത്ഥന ഹാജരാക്കിയതായി ഗണിച്ചില്ല.

മി. ഏ. ജെ. ജോൺ

൪൭൯. സ്പെഷ്യൽ ഇൻകംടാക്സ് കമ്മീഷണരുടെ സിൽബന്തിച്ചിലവിലേക്കുള്ള [illegible] രൂപ കുറയ്ക്കണം.

അഭ്യർത്ഥന ൪൬൦.

താഴെവിവരിക്കുന്ന അഭ്യർത്ഥന ഹാജരാക്കിയില്ല.

മി കല്ലൂർ നാരായണപിള്ള

൪൬൦. സ്പെഷ്യൽ ഇൻകംടാക്സ് കമ്മീഷണരുടെ സിൽബന്തിച്ചിലവിലേക്കുള്ള [illegible] രൂപ കുറയ്ക്കണം.

അഭ്യർത്ഥന ൪൬൪.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): സർ, താഴെ വിവരിക്കുന്ന അഭ്യർത്ഥന ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൪൬൪. സ്പെഷ്യൽ ഇൻകംടാക്സ് കമ്മീഷണരുടെ സിൽബന്തിച്ചിലവിലേക്കുള്ള [illegible] രൂപ കുറയ്ക്കണം.

സർ, ഈ പ്രമേയം ഹാജരാക്കുന്നതിലുള്ള എന്റെ ഉദ്ദേശം ഈ പുതിയ ഉദ്യോഗസ്ഥനെ നിയമിക്കേണ്ട ആവശ്യമില്ലെന്നു അഭിപ്രായപ്പെടുന്നതിനാണ്. (മിസ്റ്റർ കെ. ജെ. ദയവുചെയ്തു ഉറക്കെ സംസാരിക്കണം) ഞാൻ ഈ പ്രമേയം ഹാജരാക്കിയിട്ടുള്ളത് ഈ പുതിയ ഉദ്യോഗസ്ഥനെ നിയമിക്കേണ്ട ആവശ്യമില്ലെന്നു കാണിക്കുന്നതിലേക്കു വേണ്ടിയിട്ടാണ്. പ്രസ്തുതഡിപ്പാർട്ടുമെന്റിലെ കഴിഞ്ഞകൊല്ലത്തിലെ അഡ്മിനിസ്ട്രേഷൻറിപ്പോർട്ട് ഞാൻ വായിച്ചുനോക്കി. എന്നാൽ ഇപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥന്റെ അഭാവംനിമിത്തം ഡിപ്പാർട്ടുമെന്റു ജോലി അതൃപ്തികരമായിട്ടാണ് ചെയ്തുവരുന്നതെന്നഭിപ്രായപ്പെടുവാൻ ഞാൻ അതിലൊന്നും കണ്ടില്ല. തന്നിമിത്തം ഇപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥന്റെ ആവശ്യമില്ലെന്നു തീരുമാനിക്കുവാൻ അതുതന്നെ പ്രേരിപ്പിച്ചു. തൽക്കാലം ഇത്രയുംഹിമക്കു മതിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കു കൂടുതൽ പറയാനുള്ളതു ഇതിനെസംബന്ധിച്ചുള്ള ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണരുടെ സമാധാനംകേട്ടതിനുമേൽ ആയിക്കൊള്ളാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അതനുവദനീയമാണോ? പ്രമേയകർത്താവു തനിക്കു പറയുവാനുള്ള കാരണങ്ങൾ പറഞ്ഞാലല്ലാതെ ഉദ്യോഗസ്ഥസാമാജികൻ എങ്ങനെ ഉത്തരംപറയും?

മി. കെ. ഐ. ജോസഫ് (മീനച്ചൽ തെക്കുംഭാഗം): പ്രധാനപ്പെട്ടകാരണം ഞാൻ പറഞ്ഞു. അതു മിസ്റ്റർ നാരായണപിള്ളക്കും മനസ്സിലായിഎന്നു ഞാൻ വിശ്വസിക്കുന്നു.

മി. ആർ. കൃഷ്ണപിള്ള (ആ. ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ): സർ, ൧൦൯൯-ലെ ൫-ാംനമ്പർ ഇൻകംടാക്സ്റെഗുലേഷൻ നടപ്പിൽവന്നതിനുശേഷം ആദായനികുതി ഇനത്തിലുള്ള വരവുകുറിയും കാണിച്ചുതന്നിരിക്കുന്നു. വരവു ൧൦൯൯-ൽ ൪,൫൭,൯൭൦ രൂപായിൽനിന്നു ൧൧൦൦-ൽ ൭,൪൯,൨൭൨ രൂപായായി വർദ്ധിച്ചിരിക്കെ ൧൧൦൧-ൽ വളരെ കുറഞ്ഞുപോയി. അക്കൊല്ലത്തെവരവു ൨,൧൦,൫൦൦ രൂപാ മാത്രമാണ്. അക്കാലത്തിലുണ്ടായ ചില പ്രത്യേകകാരണങ്ങളാലാണ് വരവിനത്തിൽ ഇത്രകുറവുണ്ടായതെങ്കിലും ഏറെക്കുറെ ഡിവിഷൻഅസിസ്റ്റൻറന്മാരുടെയും ദിവാൻപേഷ്കാരന്മാരുടെയും ജോലിക്കൂടുതലുംകൂടി അതിലേക്കു ഒരു കാരണമായിതീർന്നിട്ടുണ്ട്. ഈ ഉദ്യോഗസ്ഥന്മാരുടെ അധികാരാതിർത്തിയിൽ ഉൾപ്പെട്ടവരിൽനിന്നുമാണ് അധികഭാഗം ആദായവും പിരിയാനുള്ളത്. ഇവർക്കു റവന്യൂ, നീതിന്യായം പലവക മുതലായ ജോലികൾക്കിടയിൽ ആദായനികുതി സംബന്ധിച്ച ജോലികൾചെയ്യുന്നതിനു തക്കസമയമോ സൗകര്യമോ കിട്ടുന്നില്ല. കരം ഒടുക്കുന്നവരുടെ കണക്കുപുസ്തകങ്ങൾ ഈ ഉദ്യോഗസ്ഥന്മാരുടെമേൽനോട്ടത്തിൽ താഴ്ന്നതരം ശമ്പളക്കാരാണ് ഇപ്പോൾ പരിശോധിച്ചുപോരുന്നത്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ തെക്കുംഭാഗം): സ്പെഷ്യൽ ആദായനികുതി ഉദ്യോഗസ്ഥൻ കണക്കുപുസ്തകങ്ങളിലുള്ള എല്ലാഇനങ്ങളും തന്നത്താൻ പരിശോധിക്കുമോ?

മി. ആർ. കൃഷ്ണപിള്ള (ആക്റ്റിംഗ് ലാൻഡ്റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മീഷണർ): പരിശോധനകും. എന്നാൽ ഇപ്പോൾ ഉദ്യോഗസ്ഥന്മാർക്കു സൂക്ഷിച്ചുപരിശോധിക്കുന്നതിനുവേണ്ടസമയം കിട്ടുന്നില്ല. ഗവണ്മെന്റിന്റെയും നികുതികൊടുക്കുന്നവരുടെയും പൊതുഗുണത്തെവേണ്ടി ഈ ജോലി പരിശോധിക്കുന്നതിനു പ്രത്യേകം ആൾ നിയമിക്കേണ്ടതു അത്യാവശ്യമാണ്. മൈസൂർരാജ്യത്തു മൈസൂർ, ബാംഗ്ലൂർ മുതലായ പട്ടണങ്ങളിൽ ആദായനികുതി നിശ്ചയിക്കുന്നജോലി നിറവേറ്റുന്നതു ഡപ്യൂട്ടി കമ്മീഷണരുടെ നിലയിലുള്ള ഒരു പ്രത്യേകഉദ്യോഗസ്ഥനും ആവശ്യമുള്ള കീഴ്ജീവനക്കാരുംകൂടിയാണ്. ബ്രിട്ടീഷ്ഇൻഡ്യയിൽ ചിലഡിസ്ട്രിക്ടുകളിൽ ആദായനികുതി ഡിപ്പാർട്ടുമെന്റു ഭൂനികുതി ഡിപ്പാർട്ടുമെന്റിൽനിന്നും പരിശോധനാർത്ഥം വേർതിരിക്കയും കളക്ടരന്മാരല്ലാത്ത ഒരുതരം ഉദ്യോഗസ്ഥന്മാരെ മേൽനോട്ടത്തിനായി പ്രത്യേകം നിയമിക്കയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂറിലും ആദ്യമായി ആദായനികുതിറെഗുലേഷൻ നടപ്പിൽവന്നകാലത്തു നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ചങ്ങനാശേരി, മുതലായ മുൻസിപ്പാലിററികളിൽ താമസിക്കുന്നവരുടെമേൽ നികുതിനിശ്ചയിക്കുന്നതിനു പ്രത്യേകം ആദായനികുതിഉദ്യോഗസ്ഥനെ നിയമിക്കണമെന്നു ആലോചനയുണ്ടായിരുന്നു. എന്നാൽ നടപ്പിൽഇരിക്കുന്ന ഏർപ്പാടിന്റെ ഗുണദോഷംഅറിഞ്ഞതിനു ശേഷമാകാമെന്നുദ്ദേശിച്ചു ഈ ആലോചനമാററിവയ്ക്കുകയാണുണ്ടായതു. മുൻസിപ്പാലിററിപട്ടണങ്ങളിലുള്ള ആളുകളുടെ ആദായനികുതി നിശ്ചയിക്കുന്നതിനു പ്രത്യേകം ആളുകളെ നിയമിക്കേണ്ടതിനുള്ള കാലം ആയിട്ടുണ്ടെന്നു ഗവണ്മെന്റിനിപ്പോൾ തോന്നുന്നുണ്ട്. കണക്കുകൾ പരിശോധിക്കുന്നതിനുവേണ്ട അഭിരുചിയും തഴക്കവും ഉള്ള രണ്ടോ മൂന്നോ സ്പെഷ്യൽഅസിസ്റ്റൻറന്മാരെ ആദായനികുതി കമ്മീഷണരെ സഹായിക്കുന്നതിനു നിയമിക്കേണ്ടതാണെന്നുള്ള അഭിപ്രായം നിയമസഭയിൽതന്നെ ഉണ്ടായിട്ടുണ്ട്.

ആളുകൾക്കുതൽ-ഏറ്റവും ഒരുകൊല്ലത്തേക്കു ൫൦൦ രൂപാശമ്പളത്തിൽ നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ചങ്ങനാശേരി മുതലായപട്ടണങ്ങൾ അധികാരാതിർത്തിയിൽ ഉൾപ്പെട്ടതിലേക്കു സ്പെഷ്യൽ ആദായനികുതി ഉദ്യോഗസ്ഥനെ നിയമിക്കണമെന്നു ആലോചിക്കുന്നു. ഈ പട്ടണങ്ങളിലെ ദിവാൻപേഷ്കാരന്മാരുടെയും അവരുടെ അസിസ്റ്റൻറന്മാരുടേയും കരംചുമത്തുന്നജോലി സ്പെഷ്യൽ ആഫീസർക്കു കൊടുക്കുന്നതാണ്. വിദേശിയരാലും നാട്ടുകാരാലും തിരുവിതാംകൂറിൽ നടത്തപ്പെട്ടുപോരുന്ന എല്ലാകമ്പനികളിലെയും വ്യാപാരസ്ഥാപനങ്ങളിലെയും ആദായനികുതി നിർണ്ണയിക്കുന്ന ജോലി ഈ ഉദ്യോഗസ്ഥനുണ്ടായിരിക്കുന്നതാണ. ൧൧൦൧-ലെ കണക്കനുസരിച്ചു സ്പെഷ്യൽഇൻകംടാക്സ് കൊടുക്കുന്ന പട്ടേദാരന്മാർ ൧൦൫൦-ം (൩൦ കമ്പനികളും ൧൦൨൦ ആളുകളും) ആദായനികുതിയുടെ ആകെത്തുക ൭൧൮൫൦൭ രൂപയും ആണ്. ൧൧൦൧-ൽ രാജ്യമൊട്ടുക്കുള്ള പട്ടേദാരന്മാരുടെ എണ്ണം ൨൨൫൦-ം ആദായനികുതിത്തുക ൭൮൫൩൨൧ രൂപയും ആകുന്നു. സ്പെഷ്യൽആഫീസരുടെ തീർച്ചയിന്മേലുള്ള അപ്പീൽ ഇൻകംടാക്സ് കമ്മീഷണർക്കായിരിക്കും. ഡിവിഷൻ അസിസ്റ്റൻറന്മാരും തഹസിൽദാരന്മാരും സ്പെഷ്യൽ ആഫീസരെ അപേക്ഷിച്ചു സ്വന്തനിലയിൽ ജോലിനിർവഹിക്കയും അവരുടെ തീർച്ചയിന്മേലുള്ള അപ്പീൽ ഇപ്പോഴത്തെപ്പോലെ ഡിവിഷൻ അസിസ്റ്റൻറന്മാരാലും ഡിവിഷൻപേഷ്കാരന്മാരാലും തീരുമാനിക്കപ്പെടുകയും ചെയ്യുന്നതുമാണ്.

൬൭൨. സ്പെഷ്യൽ ആഫീസർക്ക് താഴെകാണുന്നപ്രകാരമുള്ള സിൽബന്തികളെ അനുവദിക്കണമെന്നു വിചാരിക്കുന്നു.

൨ ആഡിറ്റർ ൨൦൦ ൭/൨ ൨൨൭ രൂപ
൨ ഹെഡ്ക്ലാർക്ക് ൧൭ ൪/൨ ൨൦൦ രൂ
൩ ക്ലാർക്കന്മാർ ൪൦ ൭/൨ ൧൦ രൂപവീതം
൨ ടൈപ്പിസ്റ്റ് ൨൦ ൩/൨ ൩൭ രൂപ
൨ ഡഫേദാർ ൨൨ രൂപ
൭ ശിപായിമാർ ൻ ൨/൩ ൨൨ രൂപവീതം

നിയമസഭയുടെ ഇക്കഴിഞ്ഞ ബഡ്ജററു യോഗത്തിൽ തിരുവനന്തപുരത്തും ആലപ്പുഴയുമുള്ള ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ആഫീസുകളിലേക്ക ൪൦ ൭/൨ ൧൦ വരെ രൂപ ശമ്പളത്തിൽ രണ്ടു ക്ലാർക്കന്മാരെ അനുവദിച്ചിട്ടുണ്ട്. ഇവരെ സ്പെഷ്യൽ ആഫീസരുടെ കീഴിൽ വിട്ടുകൊടുക്കുന്നതും കൂടുതലായി നാലുപേരെമാത്രം ആഫീസ് കയിലിൽ നിയമിക്കുന്നതും ആകുന്നു.

ഇതിലേയ്ക്കു കണ്ടിൻജൻസി സഞ്ചാരപ്പടി മുതലായവ കൂടാതെ ആണ്ടിൽ ശരാശരി ൨൨൨൦൩ രൂപ വേണ്ടി വരുന്നതാണ്.

ഈ പരിഷ്കാരം മുൻപറഞ്ഞതുപോലെ തൽക്കാലം രണ്ടുകൊല്ലത്തേക്ക അനുവദിക്കുന്നതും ൨൨൦൨ ചിങ്ങം ൨-൩-മുതൽ നടപ്പിൽ വരുന്നതുമാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഇതിലേക്കു ഡിവിഷൻ അസിസ്റ്റൻറിന്റെ സ്ഥാനവും ശമ്പളവുമുള്ള ഒരുകളക്കരെ നിയമിച്ചാൽ പോരയോ?

മി. ആർ. കൃഷ്ണപിള്ള (ആക്ടിംഗ് ലാൻഡ് റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മീഷണർ): അതുപോരാ, ൭൦൦ രൂപ ശമ്പളമുള്ള ഒരുദ്യോഗസ്ഥൻ തന്നെവേണം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഈ നിയമനത്തോടുകൂടി മററ ആഫീസുകളിൽ ഈ ജോലി ചെയ്യുന്ന ക്ലാർക്കന്മാരെ പിരിച്ചുവിടുകയില്ലയോ?

മി. ആർ. കൃഷ്ണപിള്ള (ആക്ടിംഗ് ലാൻഡ് റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മീഷണർ): ആകെ മൂന്നുക്ലാർക്കന്മാർ മാത്രമെയുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഇവരെപിരിച്ചുവിടരുതോ?

മി. ആർ. കൃഷ്ണപിള്ള (ആക്ടിംഗ് ലാൻഡ് റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മീഷണർ): അവരെപിരിച്ചുവിടാൻപാടില്ല.

മി. വി. സബ്ബയ്യർ (ഗവണ്മെൻറുനിയമിച്ച) (ഉപാദ്ധ്യക്ഷൻ): ആദായനികുതി കേസുകളെ സംബന്ധിച്ചു ഡിവിഷൻ അസിസ്റ്റൻറന്മാർക്ക് എന്തുമാത്രം അധികാരംഉണ്ട്?

മി. ആർ. കൃഷ്ണപിള്ള (ആക്ടിംഗ് ലാൻഡ് റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മീഷണർ): മൂവായിരം രൂപ മുതൽ പതിനായിരംവരെ.

മി. എൽ. ഏ. ലാംപാർഡ് (തോട്ടക്കാർ): ഞാൻ ഈ പ്രമേയത്തെ പ്രതിക്ഷേധിക്കയും ഗവണ്മെൻറുഭാഗത്തെ അനുകൂലിക്കയും ചെയ്യുന്നു. രാജ്യത്തിലുള്ള മിക്കവാറും ആളുകളും എല്ലാകമ്പനിക്കാരും സ്പെഷ്യൽ ഇൻകംടാക്സ് ആഫീസർവേണമെന്ന അഭിപ്രായമുള്ളവരായിരിക്കുമെന്ന ഞാൻ ഉറപ്പായി പറയാം. ലാൻഡുറവന്യൂ കമ്മീഷണർക്ക് ഇപ്പോൾതന്നെ ഈ ജോലിവളരെ കൂടുതലാണ്. ഇൻകംടാക്സ് ആക്ട് വളരെ കുഴപ്പമേറിയവിഷയമാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ തിരുവിതാംകൂറിൽ നടപ്പുള്ളതിനെക്കാൾ വേഗത്തിൽ ഇൻകംടാക്സ് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിച്ചു പോരുന്നുണ്ടെന്നു ഇവിടത്തെ ഉദ്യോഗസ്ഥന്മാരെ കുററപ്പെടുത്താതെതന്നെ ഞാൻപറയാം. നമ്മുടെ ചോദ്യങ്ങൾക്ക ഉടനടിമറുപടി തരുന്നതിനും ജോലിചെയ്യുന്നതിനും തയ്യാറുള്ളവരുമായ പ്രത്യേകആദായനികുതി ഉദ്യോഗസ്ഥന്മാർ ബ്രിട്ടീഷ്ഇൻഡ്യയിൽഉണ്ട് എന്നുള്ളതാണ് ഇതിന്റെകാരണം.

നടപ്പിച്ചിരിക്കുന്ന ഏർപ്പാടിനെ തരക്കേടാണെന്നില്ലെന്നുള്ള മിസ്റ്റർ ജോസഫിന്റെ അഭിപ്രായത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു ഇവിടെരണ്ടുകൊല്ലം കഴിഞ്ഞിട്ടും തീർച്ചപ്പെടാത്ത ഒരുകേസ് എനിക്കറിയാമെന്നുമാത്രമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ആ കേസിന്റെ സ്വഭാവം എന്താണ്? അതു കണക്ക പരിശോധനസംബന്ധിച്ചതാണോ?

മി. എൽ. ഏ. ലാംപാർഡ് (തോട്ടക്കാർ): അതു തെററായ അടിസ്ഥാനപ്പെടുത്തിയ ഒരു സംഗതിയാണ്. അതു വിഷക്കറവുസംബന്ധിച്ചുള്ള ഒരു കാര്യമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): അതു സ്പെഷ്യൽ ആഫീസരുടെ ജോലിയിൽ ഉൾപ്പെടുന്നതാണോ?

മി. എൽ. ഏ. ലാംപാർഡ് (തോട്ടക്കാർ): അതു സ്പെഷ്യൽ ആഫീസരുടെ ജോലിയിൽ ഉൾപ്പെട്ടതുതന്നെ. ഇപ്പോൾ അതു ലാൻഡുറവന്യൂ കമ്മീഷണരുടെ അധികാരത്തിലാണ്.

തീരുമാനിച്ചിട്ടില്ലാത്ത പ്രധാനപ്പെട്ട മററുപല കേസുകളും ഉണ്ട്. അവയെ തീരുമാനിക്കുന്നതിനു ഒരു വിദഗ്ധൻതന്നെ വേണം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഇപ്പോൾ ആലോചിച്ചിരിക്കുന്നപ്രകാരമായാൽതന്നെയും ലാൻഡുറവന്യൂ കമ്മീഷണരുടെ ശ്രദ്ധ അതായിലും പതിയേണ്ടതായിട്ടാണിരിക്കുന്നതു.

മി. എൽ. ഏ. ലാംപാർഡ് (തോട്ടക്കാർ): ഒരു പ്രത്യേക കളക്ടരുണ്ടായിരുന്നാൽ ഈവക കാര്യം നിഷ്പ്രയാസം തീർപ്പുചെയ്യുന്നതാണെന്നു എനിക്കു തോന്നുന്നു. ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി. വി. സബ്ബയ്യർ (ഗവണ്മെൻറ് നിയമിച്ച ഡെപ്യൂട്ടി പ്രസിഡൻറ): ഇൻകംടാക്സ് റഗുലേഷൻ സാധാരണക്കാർക്ക മനസിലാക്കാൻപാടില്ലാത്തവിധത്തിൽ കാഠിന്യമേറിയ ഒരു റഗുലേഷൻ ആയതുകൊണ്ടു ഒരു വിദഗ്ധനെ നിയമിക്കാതെയിരുന്നാൽ അയാൾക്ക ഇന്നതു അനുവദിക്കാം ഇന്നതു പാടില്ലാ എന്നറിയാൻ പോലും

സാധിക്കയില്ല. അതുകൊണ്ടു ഞാനും ഈ പ്രമേയത്തെ എതിർക്കുന്നു. ലാൻഡുറവന്യൂ കമ്മീഷണർ പറഞ്ഞതുപോലെ ദിവാൻപേഷ്കാരന്മാർക്കുമുള്ള മിക്കവരും കളക്ടരന്മാർക്കു ഈമാതിരി കേസ്സുകൾ തീർമാനിക്കുന്നതിനോ ഇൻകംടാക്സ് റഗുലേഷൻപ്രകാരമായി പരിശോധിക്കുന്നതിനോ ആവശ്യമുള്ള സമയം കിട്ടുന്നില്ല. ഈ കാര്യത്തിൽ [illegible] പരിചയവുമുള്ള ഒരു പ്രത്യേക ഉദ്യോഗസ്ഥനായിരുന്നാൽ [illegible] സംബന്ധിച്ചിടത്തോളം അതു ഒരു വലിയ ഉപകാരമായിരിക്കും. അവരുടെ കണക്കുകൾ ശരിയായി പരിശോധിച്ചിട്ടില്ല എന്നു പല പ്രധാനപ്പെട്ട വ്യാപാരസ്ഥാപനങ്ങൾക്കു പരാതിയുള്ളതായിട്ട് വാസ്തവത്തിൽ [illegible] കമ്മീഷണർ [illegible] ഈ ജോലി [illegible] ചെയ്യുന്നതു കൊണ്ടു [illegible] തൃപ്തികരമല്ലാതെയിരിക്കയും ചെയ്യുന്നു. [illegible] ഇതിലേക്കു ഒരു സ്പെഷ്യൽ ആഫീസർ വേണമെന്നു ഞാൻ പറയുന്നതു.

ഒരു ഡിവിഷൻ അസിസ്റ്റൻറിന്റെ സ്ഥാനമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിപ്പാൻ മതിയെന്നു മി. കെ. ഐ. ജോസഫ് അഭിപ്രായപ്പെട്ടു. ഡിവിഷൻ അസിസ്റ്റൻറന്മാർ [illegible] അധികാരമെയുള്ളു. പതിനായിരം രൂപയിൽ കൂടുതൽ [illegible] ഡിവിഷൻ [illegible] ഡിവിഷൻപേഷ്കാരന്മാർ [illegible] ദിവാൻപേഷ്കാരന്മാരുടെ ജോലികൾ കുറയുന്നില്ല. സ്പെഷ്യൽ ആഫീസറുടെ [illegible] ആവശ്യമില്ലെന്നും അദ്ദേഹം നിയമസംബന്ധമായ [illegible] ഞാൻ പറയുന്നതു. അതിനാൽ ഈ സഭയിൽ [illegible] പ്രമേയത്തെ [illegible] ഞാൻ എതിർക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം [illegible]): ഞാനും മി. [illegible] പ്രമേയത്തെ എതിർക്കുന്നു. [illegible] ഈ സഭയിൽ [illegible] ശരിയായിട്ട [illegible] നടപ്പിലാക്കുന്നതു [illegible] ഉപദ്രവം [illegible] തൃപ്തികരമായിരിക്കുന്നില്ല. ഇൻകംടാക്സ് [illegible] ഇതിനെപ്പറ്റിയുള്ള [illegible] എന്നു ഞാൻ [illegible]. [illegible] നമുക്കറിയാം. [illegible] അവസ്ഥയെപ്പറ്റി [illegible]. [illegible] ഒരു ശ്രദ്ധയും [illegible] ഇല്ല. വിവരമായ കണക്കുകളെസംബന്ധിച്ചും [illegible] പല പ്രധാനപ്പെട്ട [illegible] തൃപ്തികരമായിട്ടുള്ളതല്ല. [illegible] തന്നെ [illegible] ഉണ്ടായ [illegible] നടത്തിയിട്ടില്ല. [illegible] ഇനി [illegible] തീരാനുണ്ട്.

ഇതിനെല്ലാം [illegible] പ്രയാസങ്ങൾ [illegible] വല്ലവരേയും ഏല്പിക്കേണ്ടത് [illegible]. അതുകൊണ്ടു ഞാനും ഈ പ്രമേയത്തെ എതിർക്കുന്നു.

മി. സി. പി. [illegible] ([illegible]): ഞാനും ഈ പ്രമേയത്തെ എതിർക്കുന്നു. ഈ റഗുലേഷൻ [illegible] നിയമസഭയിൽ അവതരിപ്പിച്ച [illegible] ഈ റഗുലേഷൻ [illegible] വകുപ്പുകളുടെയും അർത്ഥം [illegible] എന്നു എനിക്കറിയാം. ദിവാൻപേഷ്കാരന്മാർപോലും [illegible] വകുപ്പുകളുടെയും അർത്ഥം ചോദിച്ചു മനസ്സിലാക്കേണ്ടതായിട്ടുണ്ടെന്നു എനിക്കറിയാം. ഇൻകംടാക്സ് [illegible] ഉദ്യോഗസ്ഥന്മാർ [illegible] പല സംഗതികളും ചോദിച്ചു മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

വക്കീലന്മാർക്കുപോലും മനസ്സിലാക്കാൻ വിഷമമാണെന്നു പറഞ്ഞപ്പോൾ [illegible] വ്യാഖ്യാനത്തിന്റെ രീതിയെപ്പറ്റി നമുക്ക് ഏറക്കുറെ ഊഹിക്കാവുന്നതാണ്. [illegible] ഈ റഗുലേഷനിലെ പല വകുപ്പുകളും വ്യാഖ്യാനിക്കേണ്ടിവന്നാൽ പ്രയാസപ്പെടുമെന്നു ഞാൻ പറയാതെ അറിയാമല്ലോ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-[illegible]). ആവശ്യപ്പെട്ടാൽ [illegible] അഭിപ്രായം ചോദിക്കണമെന്നു ചട്ടമില്ലയോ?

മി. സി. പി. [illegible]പിള്ള (കൊട്ടാരക്കര-കുന്നത്തൂർ): [illegible] വേണ്ടിവരുന്നതുകൊണ്ടും മേലുദ്യോഗസ്ഥന്മാരോടു ചോദിക്കുന്നതു [illegible] അഭിമാനക്കുറവാണെന്നു കീഴുദ്യോഗസ്ഥന്മാർ വിചാരിക്കാനിടയുള്ളതുകൊണ്ടും അതിൽ വേറെയും പല വിഷമങ്ങളും ഉള്ളതുകൊണ്ടും അപ്രകാരം ചെയ്യുയില്ല. ഈ രാജ്യത്തുള്ള ജനങ്ങളുടെ ഇടവിടാതെയുള്ള [illegible] ഈ റഗുലേഷൻ [illegible] ഉണ്ടായത്. അതിനു അനുമതി നൽകുന്നതിനു അപ്പോൾ നമ്മെ പ്രേരിപ്പിച്ച കാരണങ്ങളെപ്പറ്റി വിചിന്തനം ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ റഗുലേഷൻ [illegible] ആണ്. ഈ ഇനത്തിൽ [illegible] വരവു വളരെ കുറവാണെന്നു ലാൻഡുറവന്യൂ കമ്മീഷണർ ഇപ്പോൾ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഹൈക്കോർട്ടു ഫുൾബെഞ്ചിൽ അടുത്തകാലത്തുണ്ടായ ഒരു വിധിയാണു കുറവിനു കാരണമെന്നറിയാമോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഞാൻ കാരണം പറയാൻ ഭാവിക്കുകയാണ്. പ്രസ്തുത ഡിപ്പാർട്ടുമെൻ്റിൻ്റെ മേൽനോട്ടത്തെപ്പറ്റി വേണ്ട അറിവു സമ്പാദിക്കുന്നതിനു ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കേണ്ടതിൻ്റെയും പ്രത്യേകമായി ജോലി നടത്തിക്കേണ്ടതിൻ്റെയും ആവശ്യമുണ്ടെന്നു പക്ഷെ കണ്ടിരിക്കാം. ബഡ്ജറ്റിൽ ഈ ജോലിക്കു മറ്റുള്ളവരെ ഒരു കൊല്ലത്തേക്കു മാത്രം നിയമിക്കുന്നതിനു വകയിരുത്തിയിരിക്കുന്നതിൽനിന്നു ഈ ഡിപ്പാർട്ടുമെൻ്റു വേർതിരിക്കണമെന്നുള്ളതിൻ്റെ പ്രാരംഭഘട്ടമാണ്. പക്ഷെ ഗവർമ്മെൻ്റു മേൽനോട്ടത്തെപ്പറ്റി പരിശോധിക്കേണ്ടതായിരിക്കാം. സ്പെഷ്യൽ ആഫീസറെ നിയമിക്കുന്നതുകൊണ്ടു പ്രത്യേക ഗുണമുണ്ടോ എന്നു കണ്ടറിയണം. ദിവാൻപേഷ്കാരന്മാർക്കു ജോലി കൂടുതലാണെന്നു പറയുകയുണ്ടായി. ഇതിനെപ്പറ്റി മിസ്റ്റർ മാധവൻപിള്ളയും സംസാരിക്കുകയുണ്ടായല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലാൻറ്റു റവന്യൂ കമ്മീഷണറെ നിയമിക്കണമെന്നുള്ള കാരണങ്ങളെ കാണിച്ചിട്ടുള്ള ഒരു പ്രഖ്യാപനം ൧൧൨൫-ലെ ഗവർമ്മെൻ്റു ഗസറ്റിൽ ഉള്ളതായി മെമ്പറിനു അറിയാമോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അങ്ങനെ ഒരു പ്രഖ്യാപനം ഉള്ളതായിട്ടു എനിക്കു തീരെ അറിഞ്ഞുകൂട. ഇൻകംടാക്സ് കമ്മീഷണർ എന്നുകൂടി വിളിക്കപ്പെടുന്ന ഒരു ലാൻറ്റു റവന്യൂ കമ്മീഷണരെ നിയമിച്ചതായിട്ടു എനിക്കറിയാം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഡിവിഷൻപേഷ്കാരന്മാർക്കു തക്കജോലി ഇല്ലെന്നുള്ളതുകൊണ്ടു അവരുടെ ഉദ്യോഗം നിറുത്തൽ ചെയ്യണമെന്നും ഈ സഭയിലുള്ള ചിലർക്കു അഭിപ്രായമുള്ളതായി മെമ്പറിനറിയാമോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): എനിക്കു വേറെയും ചില കാര്യങ്ങൾ അറിയാം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഇതറിയാമോ എന്നാണ് ചോദിച്ചതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): ദിവാൻപേഷ്കാരന്മാർക്കു ഇപ്പോഴുള്ള ജോലികൾതന്നെ നിർവഹിക്കുന്നതിനുവേണ്ട സമയം കിട്ടുന്നില്ല എന്നുള്ള സംഗതികൂടി എനിക്കറിയാം. മി. മാധവൻപിള്ള പറഞ്ഞതിൽനിന്നും രാജ്യഭരണറിപ്പോർട്ടിൽ കാണുന്നതിൽനിന്നും ജലസേചനം, ചന്ത മുതലായവയുടെ ജോലികളിൽ ദിവാൻപേഷ്കാരന്മാർക്കു പറയത്തക്കവിധത്തിലുള്ള അഭിവൃദ്ധി കാണിക്കുവാൻ സാധിച്ചിട്ടില്ലെന്നു അറിയാവുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ദിവാൻപേഷ്കാരന്മാരുടെ ഉദ്യോഗം നിറുത്തലാക്കണമെന്നു മി. കല്ലൂർ നാരായണപിള്ള ഒരു പ്രമേയം ഹാജരാക്കിയതായിട്ടറിവില്ലയോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): അതിനെപ്പറ്റിയാണ് പറയാനുള്ളതു. ദിവാൻപേഷ്കാരന്മാരുടെ ജോലി ഓരോന്നായിട്ടു കുറച്ചിട്ടു ഒടുവിൽ തക്കതായ കാരണങ്ങൾകൊണ്ടു രാജ്യത്തിനു ആവശ്യമില്ലെന്നുവരുത്തണമെന്നുള്ളതായിരിക്കണം നമ്മുടെ ഉദ്ദേശം.

മി. എം. ശിവതാണുപിള്ള (തോവാള): ദിവാൻപേഷ്കാരന്മാർക്കു ജോലി ക്രമത്തിലധികമായതുകൊണ്ടു ആലോചനയ്ക്കു വിഷയമായിരിക്കുന്ന നിയമനം ആവശ്യമാണെന്നാണോ മെമ്പറിൻ്റെ വാദം?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): പ്രമേയത്തെ എതിർക്കുന്നതിനു എനിക്കുള്ള കാരണം അതല്ല. ഇപ്പോൾ എന്നോടു ചോദിച്ചതുകൊണ്ടു ഞാൻ അതിനെപ്പറ്റി സംസാരിച്ചു എന്നേയുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം പറയുന്ന കാരണങ്ങളിൽനിന്ന് പ്രത്യേക സിൽബന്തികളെ നിയമിക്കണമെന്നു തെളിയുന്നുണ്ടോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): അതു ബഡ്ജറ്റിൻ്റെ അടിയിൽ കൊടുത്തിട്ടുള്ള കുറിപ്പിൽനിന്നു കാണാവുന്നതാണ്. മുൻസിപ്പാലിറ്റികളിലുള്ള ചില സ്ഥാപനങ്ങളിൽനിന്നും കച്ചവടക്കാരുകൾ, കമ്പനികൾ, തൊഴിൽശാലകൾ മുതലായവകളിൽനിന്നും മറ്റും റവന്യൂ ഡിപ്പാർട്ടുമെൻ്റുകാർക്കു നികുതി പിരിക്കുന്നതു പ്രയാസമാണെന്നു പറയുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് നികുതിപിരിക്കുന്നതിനോ അതിനെപ്പറ്റി പ്രത്യേകഅന്വേഷണം നടത്തുന്നതിനോ ഇപ്പോഴുള്ളവർക്കു സമയമോ സൌകര്യമോ ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): മുൻപറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് മുൻസിപ്പാലിറ്റിക്കു തൊഴിൽകരം കൊടുക്കുന്നുണ്ടെന്നു മെമ്പറിനറിയാമോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): അതു പ്രാധാന്യമേറിയ വിഷയമല്ല. ഞാൻ ഒരു നഗരസഭാസാമാജികനല്ലാത്തതുകൊണ്ടു അതിൻ്റെ നടത്തിപ്പിനെപ്പറ്റി വിവരമായിട്ടു അറിഞ്ഞുകൂട.

മി. എം. ശിവതാണുപിള്ള (തോവാള): മുൻകൂട്ടി വേണ്ട അറിവു മെമ്പറിനു കിട്ടിയിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): അതിനെപ്പറ്റി മെമ്പറിനു അറിയാവുന്നതെല്ലാം പ്രസംഗത്തിൽനിന്നു മനസ്സിലാക്കിയാൽ മതിയാകുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹത്തിനു മുൻകൂട്ടി വേണ്ട വിവരങ്ങൾ കിട്ടിയിട്ടില്ലയോ? ഏതെങ്കിലും ഒന്നു തീരുമാനിക്കുന്നതിനു മുമ്പായി അതിനുവേണ്ട കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതു ആവശ്യമല്ലയോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): ഞാൻ ഒരു നഗരസഭാസാമാജികനല്ലാത്തതുകൊണ്ടു എൻ്റെ സ്വദേശത്തു നഗരസഭ ഇല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ നിയമനം നടക്കാൻപോകുന്നതുകൊണ്ടു എന്നും വലിയ നഗരസഭകളിൽനിന്ന് ആദായനികുതി പിരിക്കാൻ ഭാവമുണ്ടെന്നും മെമ്പറിനു അറിയാമെന്നു തോന്നുന്നു, ഇതുവും അറിയാമെന്നു എനിക്കു തോന്നുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (മാവേലിക്കര, കുന്നത്തൂർ): ഇതെല്ലാം അപ്രധാനങ്ങളായിട്ടുള്ള വയാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പുതിയ ആഫീസ് സ്ഥാപിക്കേണ്ടിവരുന്നതു എത്രത്തോളമുണ്ട് എന്ന മെമ്പറിനറിയാമോ. എന്നിട്ടും ആ പ്രമേയത്തെ ഇത്രമാത്രം താങ്ങുവാനുള്ള കാരണം എന്തുണ്ടോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (മാവേലിക്കര, കുന്നത്തൂർ): അതെല്ലാം ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പറയുവാൻ നിവൃത്തിയില്ല.

മി. കെ. എ. ജോസഫ് (മീനച്ചിൽ, തൊടുപുഴ): ലാൻഡ് റെവന്യൂ കമ്മീഷണറുടെ പ്രസംഗം കേട്ടില്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഹെഡനാൻഷ്യൽ സിക്രട്ടറിയുടെ പ്രസംഗത്തിൽ ഇതിനെപ്പററി പറഞ്ഞതിനെ വായിച്ചു മനസ്സിലാക്കിയിട്ടുണ്ടോ?

"ലാൻഡ് റെവന്യൂ കമ്മീഷണരുടെ കീഴിൽ നഗരസഭകളിലും, മിശ്രവിഭാഗങ്ങളിലും കമ്പനികളും, വ്യവസായശാലകളും, മുതലായവയിൽനിന്ന് നികുതി പിരിക്കുന്നതിനു ഒരു പ്രത്യേക ആദായനികുതി ഉദ്യോഗസ്ഥനെ നിയമിക്കണമെന്നാണ് നാം ഉദ്ദേശിക്കുന്നത്".

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (മാവേലിക്കര, കുന്നത്തൂർ): അതിൽനിന്ന് ആ ഉദ്യോഗസ്ഥൻ നഗരസഭകൾ ഉൾപ്പെട്ട സ്ഥലങ്ങളിൽനിന്ന് കരം പിരിക്കാൻ മാത്രമേയുള്ളു എന്ന് അർത്ഥമാകാമെന്ന എനിക്കു തോന്നുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തിരുവിതാംകൂർ വർത്തകസംഘത്തിൽ അംഗങ്ങളായ മിസ്റ്റർ ജോസഫിന്റെ പ്രമേയം ഞാൻ എതിർക്കുന്നു. ഇൻകംടാക്സ് വകുപ്പ് പ്രത്യേകമായി വേർപെടുത്തേണ്ട സാങ്കേതികമായ ഒരു വിഷയമാണ്. ആദായനികുതി തിരുവിതാംകൂറിൽ ഏർപ്പെടുത്തിയതിനുശേഷം അതിനെ വർദ്ധിപ്പിക്കുന്നതിനായിട്ട് നാം വല്ല പ്രയത്നവും ചെയ്തിട്ടുണ്ടോ എന്ന ഞാൻ സംശയിക്കുന്നു. ... ആദായനികുതി ഈ രാജ്യത്തിന്റെ ... വരുമാനത്തിൽ ... ആദായനികുതിയെപ്പററി ആരും ... ന്യായമില്ല. ഇംഗ്ലണ്ടിൽ ഇത് ഗവൺമെൻറിന്റെ ഒരു പ്രധാനഭാഗമാണ്. അതു ധനികന്മാരെ ബാധിക്കുന്ന ... അവർ ... യത്നിക്കാറുണ്ട്. ആദായനികുതിയിൽനിന്ന ഒഴിയേണ്ടുന്നവിധം കണ്ടുപിടിക്കുന്നതു തങ്ങളുടെ പ്രധാനപ്പെട്ട ജോലികളിൽ ഒന്നാക്കി അതിലേക്കു ധനാഢ്യന്മാർ തങ്ങളുടെ ബുദ്ധികൌശലത്തെ വിനിയോഗിക്കാറുണ്ട്. നാം ഇതുവരെയും ... ചില ... അതിന്റെ ആവശ്യം നേരിട്ടിരിക്കുന്നതിനാൽ നമുക്കു അതിനെപ്പററി പര്യാലോചിക്കേണ്ടിയിരിക്കുന്നു. അതൊരു സാങ്കേതിക വിഷയമാണ്.

മി. എം. ശിവതാണുപിള്ള (തോവാള): വ്യാപാരവിഷയത്തിൽ നമ്മുടെ രാജ്യവും ഇംഗ്ലണ്ടുമായി താരതമ്യപ്പെടുത്താമെന്ന മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരിക്കലും പാടില്ല.

മി. ഡബ്ലിയു. എച്ച് പിററ് (പോലീസ് കമ്മീഷണർ): ആദായനികുതിയിൽനിന്ന ഒഴിയാൻ ശ്രമിക്കുന്നു എന്ന പറഞ്ഞഭാഗം ഇംഗ്ലണ്ടിലുള്ള സാധാരണക്കാരെ സംബന്ധിക്കുന്നതാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "ആദായനികുതിയിൽനിന്ന ഒഴിയുന്നതെങ്ങിനെ" എന്നൊരു പുസ്തകം ഞാൻ വായിച്ചിട്ടുണ്ട്.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): ഇംഗ്ലണ്ടിൽ സാധാരണക്കാർ ആദായനികുതിയിൽനിന്ന ഒഴിയുന്നുണ്ടെന്നാണോ അർത്ഥമാക്കിയതു. ആ പുസ്തകം എഴുതിയതു ഒരു വക്കീലായിരിക്കാം

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എല്ലാവരും അതിൽനിന്ന ഒഴിയുന്നതായി കാണുകയില്ലായിരിക്കാം, ചിലർ അപ്രകാരം ചെയ്യുന്നവരായിരിക്കാം, അല്ലെങ്കിൽ ഇങ്ങിനെ ഒരു പുസ്തകത്തിന്റെ ആവശ്യം ഇല്ലാതിരിക്കുമായിരുന്നു.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): അങ്ങിനെയാണെങ്കിൽ "സാധാരണയായിട്ട്" എന്ന മെമ്പറിനു പറയാൻ പാടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "സാധാരണയായിട്ട്" എന്ന ഞാൻ പറഞ്ഞില്ല. ആദായനികുതികൊടുക്കാതെ തന്നൊഴിക്കുന്നവരായി ചിലർ ഉണ്ടായിരിക്കാം. അല്ലാത്തപക്ഷം ഇങ്ങിനെ ഒരു പുസ്തകം നിർമ്മിക്കയില്ലായിരുന്നു.

സാങ്കേതികവിഷയമായതുകൊണ്ടും നീതിന്യായവകുപ്പിനോടു സംബന്ധിച്ചതായതുകൊണ്ടും ഇതിനെ ഭൂനികുതിഡിപ്പാർട്ടുമെൻറിനോടു ഇതുവരെയും യോജിപ്പിച്ചുവെച്ചിരുന്നതു എങ്ങിനെയാണെന്ന എനിക്കു മനസ്സിലാകുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഏതുവിധത്തിലാണ് അതൊരു സാങ്കേതികവിഷയമാകുന്നതെന്ന എനിക്കു മനസ്സിലാക്കിത്തരാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആദായമാർഗ്ഗം കണ്ടുപിടിക്കുന്നതിനു വകുപ്പുകൾ സദാ ഉപയോഗിച്ചുകൊണ്ടിരിക്കണം. മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനു ഓരോരുത്തരുടേയും സമ്പാദ്യത്തെ സൂക്ഷ്മമായി അറിഞ്ഞുകൊണ്ടിരിക്കണം. അതാണ് നികുതിയുടെ അടിസ്ഥാനം. അതിൽ കൂടുതൽ കുറവുവരാവുന്നതുകൊണ്ടു പൊതുജനങ്ങളെ കബളിപ്പിക്കാൻ തരമില്ല. അതുകൊണ്ടു അതൊരു സാങ്കേതികവിഷയംതന്നെയാണ്. ഭൂനികുതി പട്ടയപ്രകാരം നിർണ്ണയിച്ചിട്ടുള്ളതാകയാൽ സകലവിവരങ്ങളും അതിൽനിന്ന അറിയാം. മറേറതു അങ്ങിനെയല്ല. ഗവൺമെൻറു രജിസ്റ്ററുകളിൽനിന്ന ഭൂനികുതി എത്രയെന്നറിയാം എന്നാൽ ആദായനികുതി കൂടുതൽ കുറവിനു ഇടയുള്ള വരവിനെ അടിസ്ഥാനപ്പെടുത്തിയതായതുകൊണ്ടു നിർണ്ണയിക്കാൻ പ്രയാസമാണെന്നു തന്നെയല്ല അറിഞ്ഞില്ലെന്നുതന്നെവരാം.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): അതിലേക്ക് പ്രത്യേകപരിചയമുള്ള ഒരാളിനെ നിയമിക്കണമെന്നാകുന്നു മെംബറടെ അഭിപ്രായം?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വേണമെന്നുതന്നെയാണ്. അതുകൊണ്ട് [illegible] യെപ്പററി ഒരു ഇൻകംടാക്സ് കമ്മീഷണർ [illegible] പരിജ്ഞാനമുള്ള ഒരാളെക്കൊണ്ട് [illegible] നടത്തപ്പിച്ചെങ്കിൽ അതു ഗുണമായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ബ്യൂറോയിൽ [illegible] ട്ടതിനിട്ടുള്ള [illegible] ആദായനികുതി [illegible] സ്ക്രീന്റിൽ ബ്രിട്ടീഷ് ഇന്ത്യയിൽ ഇൻകംടാക്സ് ആപ്പീസിൽ കൂടെ [illegible] തിരുവിതാംകൂറിൽ [illegible] ങ്ങളുടെ ഭാഗത്തുനിന്നും [illegible] ഞാൻ [illegible].

മി. ശിവതാണുപിള്ള (തോവാള): ഇപ്പോഴത്തെ ഇൻസ്പെക്ടർമാരെ [illegible] പരിശീലിപ്പിച്ചാൽ മതിയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുപോരാ, ധനികന്മാർ [illegible] കാര്യമായതുകൊണ്ട് സ്പെഷ്യൽ ആഫീസർ [illegible] ഒരാളെ [illegible]. അയാൾ മാന്യതയുള്ള ഉദ്യോഗസ്ഥനായിരിക്കണം. അയാളുടെ ജോലിയിൽ ധനികന്മാരോടു ഇടപെടേണ്ടതായിരിക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്കു അയാളുടെ നടപടികളിൽ വിശ്വാസമുണ്ടായിരിക്കണം. [illegible] ഈ പരീക്ഷണാർത്ഥമായിട്ടാണ് ഉദ്ദേശിച്ചിരിക്കുന്നതു. [illegible] യായ അഭിപ്രായം, വിശേഷിച്ചു നികുതിദായകന്മാർ [illegible] ളിലുള്ള [illegible] സാരമായ കുറവുവരുന്നതിനുള്ള [illegible] ൾ കണ്ടുപിടിക്കുന്നതു ഗവണ്മെന്റിന്റെ ജോലിയാണ്, അത് [illegible] ആദായനികുതിയാണ്. മി. ജോസഫ് [illegible] അഭിപ്രായമുള്ളയാളാണ്. അങ്ങനെ [illegible] ആദായനികുതി വർദ്ധിപ്പിക്കുന്നതിനു [illegible] ഏർപ്പാടാകുമെന്നോ.

മി. എം. ശിവതാണുപിള്ള (തോവാള): ആരെക്കൊണ്ടു ആദായനികുതി വർദ്ധിക്കുന്നില്ലെന്നാണോ മെംബർ പറയുന്നതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ [illegible] അതും എന്റെ വാദം തന്നെയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മുൻകൊല്ലങ്ങളിലെ കണക്കുകൾ പറയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കണക്കുകൾ എന്റെ കൈവശം ഇപ്പോഴില്ല. വേണമെങ്കിൽ കൊണ്ടുവരാം.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): ആദായനികുതിയിൽ നിന്നുള്ള വരവു കുറയുമെന്നു ഞാൻ പറഞ്ഞില്ല, വാസ്തവത്തിൽ അതു വർദ്ധിച്ചുകാണണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു. സ്പെഷ്യൽ ആഫീസർക്കു ഉദ്ദേശിച്ചിട്ടുള്ള ശമ്പളം കുറയ്ക്കണമെന്നു ഞാൻ പറഞ്ഞതിനുള്ള കാരണം ഇതുതന്നെയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു അതുകേൾക്കുന്നതിനു വളരെ സന്തോഷമുണ്ട്. അതുകൊണ്ടു ഈ ഉദ്യോഗത്തിൽ ആദായം വർദ്ധിപ്പിക്കുന്നതിനു ഉത്തമമായ ഏററവും യോഗ്യതയുള്ള ഒരാളെ ആ ജോലിക്കു നിയമിക്കുക എന്നുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ബഡ്ജററിൽ കാണിച്ചിരിക്കുന്നതിൽ നിന്നും കൂടുതലാണ് [illegible] ൽ ആദായനികുതിയിൽ നിന്നുള്ളവരവു എന്നറിയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു മുൻകൂട്ടി അറിയാമായിരുന്നെങ്കിൽ ഈ ചോദ്യം ചോദിച്ചതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ നടപ്പിലിരിക്കുന്ന ഏർപ്പാടിന്റെ ന്യൂനതയാണ് ഈ കൂടുതലിനു കാരണമായിട്ടുള്ളതെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ജോലിയുടെ നടത്തിപ്പിൽ ന്യൂനതയുണ്ടെന്നു പറയാൻ പാടില്ല. അതിനു മുൻപായിട്ടു ആദായനികുതി എത്രത്തോളം പിരിക്കാം എന്നറിയണം. അതറിയാൻ നിവൃത്തിയില്ല. ആ കണക്കു ആഫീസരുടെ മുൻപിൽ ഉണ്ടെങ്കിൽ അയാൾക്കു മുഴുവൻ തുകയും നികുതിയായി പിരിക്കാൻ സാധിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): മുൻകൂട്ടി ന്യൂനത ഉണ്ടോ ഇല്ലയോ എന്നു മനസ്സിലാക്കാതെ ഒരു ഉദ്യോഗസ്ഥൻ ആ ജോലിചെയ്യുന്നതിൽ തരക്കേടില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ജോലിനടത്തിപ്പിൽ ന്യൂനതയുണ്ടെന്നു സംശയിക്കാൻ കാരണമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ആ കാരണമെന്തെന്നു പറയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കാരണം എന്തെന്നാൽ ചിലർ ആദായനികുതി കൊടുക്കാതെ കഴിച്ചുകൂട്ടുന്നുണ്ടെന്നു നാം സാധാരണ അറിയാറുണ്ട്. പക്ഷെ അതൊരു കോടതിമുഖാന്തിരം തെളിയിക്കാൻ നിവൃത്തിയില്ല. ചിലർ കരം ശരിയായിട്ടു ചുമത്താറില്ല. അവരുടെ വരവു എത്രത്തോളം ഉണ്ടെന്നു കണക്കാക്കുന്നില്ല. കണക്കുപുസ്തകങ്ങൾ സൂക്ഷിച്ചു പരിശോധിക്കാറില്ല. ഇതൊക്കെയാണ് ആദായനികുതി ഇനത്തിൽ നിക്കുപോക്കുകളും പിശകുകളും ഉണ്ടെന്നു ഊഹിക്കുന്നതിനുള്ള കാരണങ്ങൾ. ഈ കാരണങ്ങളെ കോടതികളിൽ തെളിയിക്കാവുന്നതുപോലെ ആരും അറിയാറില്ല. അതുകൊണ്ടാണ് ഈ കാര്യം പരീക്ഷണാർത്ഥമായിട്ടു തുടങ്ങുന്നതു. സ്പെഷ്യൽ ആഫീസരെ നിയമിക്കുന്നതിൽ ഗവണ്മെന്റിന്റെ ഉദ്ദേശം ഒരു ഉത്തമമായ മാർഗ്ഗമാണ്. മിസ്റ്റർ ജോസഫിന്റെ അഭിപ്രായം തീരെ സ്വീകാരയോഗ്യമല്ല.

മി. എസ്. പിറവില്ലെത്തമാറൻപിള്ള (കച്ചവടം-കൈത്തൊഴിൽ തരക്കാർ): ഇൻകംടാക്സ് ഭരണത്തിൽ ന്യൂനതയുണ്ടെന്നു പറഞ്ഞു മിസ്റ്റർ ശിവതാണുപിള്ളയെ മനസ്സിലാക്കുന്നതിനു മിസ്റ്റർ പി. കെ. നാരായണപിള്ളക്കു സാധിച്ചില്ല. മിസ്റ്റർ റാബിൻസൺ പറഞ്ഞിട്ടുള്ളതിനെ ഞാൻ വായിക്കാം:—

"കച്ചവടക്കാരൊക്കെ പ്രയാസമുള്ളവരാണ്. കച്ചവടക്കണക്കെഴുതുന്നതിനു പരിചയമില്ലാത്ത ആളുകൾക്കു അതു പരിശോധിക്കുന്നതിനു സാധിക്കയില്ല".

അദ്ദേഹം തുടർന്നു പറഞ്ഞു.

"ഈ ജോലി ഇപ്പോൾ കണ്ടമാനമായിട്ടാണ് ചെയ്യുന്നതു. അതുകൊണ്ടു ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്നതു നിവൃത്തിയില്ല".

അദ്ദേഹം ഇതുകൂടെ പറഞ്ഞു.

"നമുക്കു വലിയ ഉദ്യോഗസ്ഥന്മാരല്ല ചെറിയ കച്ചവടസ്ഥാപനങ്ങളുടേയും കണക്കുകൾ പരിശോധിക്കുന്നതിനു തക്കതായുള്ള ആളുകളെ ഓരോ ആഫീസുകളിലും ആവശ്യമുണ്ട്. ഇതൊന്നും ചെയ്യാതെങ്കിൽ അതു ഗവണ്മെന്റിനും അവരെക്കൊണ്ടു ചിലർക്കു വളരെ ഉപദ്രവകരമായ ഫലമായ നഷ്ടമാകുന്നതാണ്. കണക്കുപുസ്തകങ്ങൾ ഡിവിഷൻ ഉദ്യോഗസ്ഥന്മാരുടെ ആഫീസിൽ വളരെക്കാലം ഇട്ടിരിക്കുന്നതായി കച്ചവടക്കാരുടേയും മററു പലരുടേയും പരാതികൾ പലതാണ്. ഇപ്പോൾ ഈ ജോലി ചെയ്യുന്നവർ ജോലി കൂടുതൽകൊണ്ടു കഷ്ടപ്പെടുന്നവരാണ്. അതു മാത്രമല്ല, നമുക്കു പരിചയമുള്ള ആളുകൾ വേണം".

മി. എം. ശിവതാണുപിള്ള (തോവാള): ഇൻകംടാക്സ് ഇൻസ്പെക്ടറന്മാരെ കച്ചവടക്കണക്കു മുതലായവ പരിശീലിപ്പിച്ചു വരുന്നതുകൊണ്ടു ഗവണ്മെന്റിനു നഷ്ടപ്പെടുകയില്ലയോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-കൈത്തൊഴിൽ തെക്കൻ): അതിനു തരക്കേടില്ല. പക്ഷെ അതിനു കാലതാമസം വേണ്ടിവരും. ന്യായം നടത്തുന്നതിനു കാലതാമസമുണ്ടാകുന്നതു ന്യായമില്ലെന്നുള്ള അർത്ഥംതന്നെ.

മി. എം. ശിവതാണുപിള്ള (തോവാള): നഗരസഭകൾക്കുമാത്രം പ്രത്യേകം ആളുകളെ നിയമിക്കേണ്ട ആവശ്യമുണ്ടെന്നു മെംബർ എങ്ങിനെയാണ് സമർത്ഥിക്കാൻ പോകുന്നതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം തെക്കൻ): ഞാൻ നഗരസഭകൾക്കുമാത്രം വേണ്ടിയാണെന്നു പറയുന്നില്ല. ഈ രാജ്യത്തു വ്യാപാരംചെയ്യുന്ന എല്ലാ സ്ഥാപനങ്ങളുടേയും കമ്പനികളുടേയും കച്ചവടത്തിൽനിന്നുള്ള ആദായത്തിന്മേൽ നികുതിചുമത്തുന്ന ജോലിയാണ് ആ സ്ഥാനത്തിൽ സ്പെഷ്യൽ ആഫീസർ ചെയ്യേണ്ടതു.

മി. എം. ശിവതാണുപിള്ള (തോവാള): നഗരസഭകളിൽ ജോലിക്കാർ ഉണ്ടെന്നുള്ള വിവരം മെംബർക്കറിയാമോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-വ്യവസായം തെക്കൻ): അറിയാം. അവർക്കിവിടെ ജോലിയുള്ളതുകൊണ്ടാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ റാബിൻസൺ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വലിയ വ്യാപാരശാലകളെപ്പററി മാത്രമല്ല ചെറുതിനെപ്പററിയും പറഞ്ഞു. നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥനു വലിയ വ്യാപാരശാലകളിൽനിന്നും ചെറുതിലേക്കു പോകരുതോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം, വ്യവസായം തെക്കൻ). പോകാം.

മി. എം. ശിവതാണുപിള്ള (തോവാള). വലിയനഗരസഭകളിൽ തൊഴിൽകരം പിരിക്കുന്നുണ്ടെന്നു മെംബറിനറിയാമോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ). ഞാൻ നടപടിക്രമത്തിനായിട്ടെഴുന്നേൽക്കുന്നു. മെമ്പറന്മാർ തമ്മിൽ തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം വ്യവസായം തെക്കൻ). ഓരോ കാര്യങ്ങൾ അറിയുന്നതിന് മെമ്പറന്മാർക്കു ചോദ്യംചോദിക്കുന്നതിന് അവകാശമുണ്ട്. ഞങ്ങളുടെ അഭിപ്രായപ്രകടനം അദ്ധ്യക്ഷൻമുഖാന്തിരമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം) അവർക്കു മുഖത്തോടുമുഖം നോക്കിക്കൂടെ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം വ്യവസായം തെക്കൻ). അതുതന്നെ; മെമ്പറന്മാർതമ്മിൽ നോക്കിയിരിക്കുന്നതിനു മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളക്കു എന്താണ് വിരോധം എന്നു എനിക്കു മനസ്സിലാകുന്നില്ല. മുൻപു പറഞ്ഞതുപോലെ കച്ചവടക്കാരും മററുള്ളവരും ഇതിനെപ്പററി പല പരാതികളും പുറപ്പെടുവിച്ചിട്ടുണ്ട്. ആദായനികുതി ചുമത്തുന്നതു കണ്ടമാനമാണെന്നും അതു ജനങ്ങൾക്കു ഉപദ്രവകരമായരീതിയിൽ ആണെന്നും പലപ്പോഴും പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. കച്ചവടസംബന്ധമായ വിഷയങ്ങളിൽ പരിജ്ഞാനമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതു കച്ചവടക്കാർക്കും മററും വളരെ ഉപകാരപ്രദമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു മിസ്റ്റർ ജോസഫിന്റെ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി. തയ്യിൽ കുഞ്ഞുതൊമ്മൻ (മൂവാററുപുഴ തൊടുപുഴ). ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും പെൻഷനുമായി രാജ്യത്തിലെ മുതലെടുപ്പിൽ പകുതിയോളം വരുന്നുണ്ടെന്നു ചിലവാദിക്കാറുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അനാവശ്യങ്ങളായ ഉദ്യോഗങ്ങളും കുറയ്ക്കണമെന്നും ഉദ്യോഗങ്ങളെ പുനഃസൃഷ്ടിക്കരുതെന്നും ഉള്ള വാദങ്ങൾ നിയമസഭയുടെ ബഡ്ജററുയോഗങ്ങളിലും മററു പലയോഗങ്ങളിലും നടക്കുന്നുണ്ട്. പ്രജാസഭയിലും ഇതേസംഗതിതന്നെ ആവർത്തിച്ചു ഓരോ മന്ത്രിമാർ പറയാറുണ്ട്. പത്രങ്ങളും ഇതേ അഭിപ്രായംതന്നെ പുറപ്പെടുവിക്കുന്നു. പൊതുജനങ്ങളുടെ അഭിപ്രായം പുതുതായി ഉദ്യോഗം സൃഷ്ടിക്കാതെ കഴിക്കണമെന്നും ഉള്ളവരുടെ ശമ്പളംതന്നെ കുറയ്ക്കണമെന്നും ആണ് എന്നും ഇതിനെന്നിന്നു മനസ്സിലാകുന്നുണ്ട്. അങ്ങിനെ ഇത്രയൊക്കെ ആവശ്യമില്ലാതെയുള്ള ഈ ഉദ്യോഗസൃഷ്ടിയെ ശക്തിയോടുകൂടി എതിർക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ആളുകൾക്കുവേണ്ടി ഉദ്യോഗം സൃഷ്ടിക്കുന്നതും ആക്ഷേപയോഗ്യമാണെന്നു ഈ സഭയിൽ പറയാറുള്ള ചില മാന്യന്മാർതന്നെ ഇപ്പോൾ ഈ ഉദ്യോഗസൃഷ്ടിയെ അനുകൂലിച്ചു സംസാരിച്ചിരിക്കുന്നു. മനുഷ്യർ ഏറെക്കുറെ സാഹചര്യങ്ങളാൽ ബാധിതരാണല്ലോ. റവന്യൂഡിപ്പാർട്ടുമെന്റുകാർക്കുതന്നെ ആദായനികുതി സംബന്ധിച്ച ജോലികൾ വഹിക്കാൻ വളരെ സാധിക്കും. റവന്യൂദേവസ്വം വിഭജനംകഴിച്ചു ഒരു റവന്യൂകമ്മീഷണരെ നിയമിക്കുന്നതിനു മുൻപു പേഷ്കാരന്മാർ ഇപ്പോഴത്തെ

ഏജാഷിക്കുംപുറമെ ദേവസ്വംവകുപ്പിലെ ജോലികൂടി നോക്കിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ ദേവസ്വംവകുപ്പു സംബന്ധിച്ചജോലി പേഷ്കാരന്മാരിൽനിന്നും നിശ്ശേഷം ഒഴിവാക്കിയിരിക്കുന്നു. അതുപോലെ തഹശീൽദാരന്മാർക്കും, പണ്ടു ദേവസ്വം, മജിസ്ത്രേറിയൽ, ഈ വകുപ്പുകളിലെ ജോലി ഉണ്ടായിരുന്നതു് ഇപ്പോൾ അവയിൽനിന്നും വിടുർത്തിയിട്ടുണ്ടു്. ഇതുകൊണ്ടു ഇൻകംടാക്സ് ജോലി റവന്യൂവകുപ്പുകാർ നോക്കുന്നതിനു ധാരാളം സൌകര്യമുണ്ടു്. മനസ്സുണ്ടെങ്കിൽ യാതൊരു പ്രയാസവുമില്ല. തഹശീൽദാരന്മാർക്കു പുറമെ പല്ലണങ്ങളിലാണെങ്കിൽ ആദായനികുതി ഇൻസ്പെക്ടർമാരും ഉണ്ടു്. അവരുടെ മേൽനോട്ടംചെയ്യാൻ പേഷ്കാർ റവന്യൂകമ്മീഷണർ തുടങ്ങിയ ഉദ്യോഗസ്ഥന്മാർക്കു കഴിയും. പൊതുജനങ്ങളിൽനിന്നും പിരിക്കുന്നപണം അവർക്കു ആവശ്യമായ റോഡു, സ്കൂൾ, ആശുപത്രി മുതലായവയ്ക്കു വേണ്ടി വലിയഭാഗവും ചിലവുചെയ്യാതെ അനാവശ്യമായ ഉദ്യോഗങ്ങൾ സൃഷ്ടിച്ചും ശമ്പളം വർദ്ധിപ്പിച്ചും ചിലവാക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം. ജനങ്ങൾക്കുപയുക്തമായ റയിൽവേ തുടങ്ങുന്നതിനുതന്നെ ഒരു വലിയതുക വേണ്ടിയിരിക്കുന്നു. ഇങ്ങിനെയുള്ള കാര്യങ്ങൾക്കു വേണ്ടി ചിലവുചെയ്യുവാൻ പണമില്ല. പൊതുജനങ്ങളിൽനിന്നും നികുതിരൂപേണ പിരിക്കുന്ന പണത്തിൽ ഒരു വലിയപങ്കും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, പടി ഈ വകയ്ക്കായിട്ടു ചിലവാക്കുകയാണു്. അതു് ഇനിയും കൂട്ടുവാൻ പാടില്ല. അതുകൊണ്ടു ഞാൻ ഈ പുതിയ ഉദ്യോഗസൃഷ്ടിയെ എതിർക്കുന്നു. എന്റെ സഹകാരികളും ഇതിൽ യോജിക്കേണ്ടതാണു്. ഒരുപക്ഷേ ഇതു് ഈ സഭയിൽ പാസ്സാകയില്ലായിരിക്കാം. എങ്കിലും എന്റെ കൃത്യം ഞാൻ ചെയ്തിരിക്കുന്നു. ഈ പുതിയ ഉദ്യോഗസ്ഥന്മാർക്കു ഒരു തുകയും അനുവദിക്കാൻ പാടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ ജോസഫിന്റെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇതിനെ എതിർക്കുന്നതിൽ മെംബറന്മാർ കൊണ്ടുവന്നിട്ടുള്ള ന്യായങ്ങൾ രണ്ടായി വിഭജിക്കാം. ഒന്നു ഈ നിയമനം പരീക്ഷണാർത്ഥമായിട്ടുള്ളതാണെന്നുള്ളതാണു്. ആദായനികുതിയിനത്തിൽ മുഴുവൻ തുക കിട്ടുന്നില്ലെന്നും ആ ന്യൂനത പരിഹരിക്കേണ്ടതാണെന്നും ആ ഇനത്തിൽ കിട്ടാവുന്നിടത്തോളം ആദായം പിരിച്ചെടുക്കേണ്ടതാണെന്നും അതുദ്ദേശ്യമുള്ളപക്ഷം പ്രത്യേക ഉദ്യോഗങ്ങൾ സൃഷ്ടിക്കേണ്ടതാണെന്നുമാണു് മറ്റൊരു കാരണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ബ്രിട്ടീഷ് ഇൻഡ്യയിൽ ആളൊന്നിനു എത്രണയും ഇവിടെ എത്രണയും മാത്രമേയുള്ളു എന്നറിയാമോ? അതിൽനിന്നു മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനു മററു മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതാവശ്യമാണെന്നുവരുന്നില്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): ഇവിടെയുള്ള ആളുകൾക്കുള്ളതിൽ കൂടുതൽ വരവു ബ്രിട്ടീഷ്ഇൻഡ്യയിലുള്ളവർക്കു കിട്ടുന്നുവെന്നു ഇതിനുത്തരമായി മുൻപു ഒരവസരത്തിൽ പറയുകയുണ്ടായി. ഇതു രണ്ടുംകൂടി നോക്കുമ്പോൾ വ്യത്യാസം ഒന്നുമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ഇതു മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനു മററൊരുവഴിയാണു എന്നു മെംബറിനറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): അറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവിടെ വളരെ കോടീശ്വരന്മാരുണ്ടെന്നു മെംബറിനറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): അറിയാം. നമ്മുടെ രാജ്യത്തിൽ കൃഷിയാണു് പ്രധാനമായിട്ടുള്ളതു്. കച്ചവടസംബന്ധമായ ജോലികൾ ചുരുക്കമാണു്. ഇതൊരു പരീക്ഷണംമാത്രമാണെന്നാണു് എതിർവാദക്കാരുടെ ഒന്നാമത്തെ വാദം. അവരുടെ വാദങ്ങളെ മനസ്സിലാക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടു സാധിച്ചില്ല. പരീക്ഷണാർത്ഥമെന്നുള്ള വാദം മിഥ്യാവാദമാണെന്നു എനിക്കു തോന്നുന്നു. രണ്ടാമത്തേതു ഗവൺമെൻറു—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ റാബിൻസണ്ണിന്റെ പ്രസംഗത്തിൽ ഒന്നാംഭാഗം മിസ്റ്റർ പി. വി. പപ്പുതമ്പിപ്പിള്ള ഇവിടെ ഉദ്ധരിച്ചല്ലോ. അതിനെപ്പററി മെംബർ എന്തു പറയുന്നു?

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ അതിനെപ്പററി പിന്നീടു പറയാം. ഏതാനും കൊല്ലങ്ങൾക്കുമുൻപു ആദ്യമായി ഇൻകംടാക്സ് ഇൻസ്പെക്ടറന്മാരെ നിയമിച്ചപ്പോൾ ആകെ ഏഴുപേർ ഉണ്ടായിരുന്നു. ഞാൻ പറഞ്ഞതിനെ തിരുത്തിക്കൊള്ളാം. അപ്പോൾ അവരുടെ എണ്ണം മൂന്നായി കുറക്കണമെന്നു ഗവൺമെൻറിനു തോന്നി. പ്രഥമദൃഷ്ടിയിൽതന്നെ ഇതിൽനിന്നും മൂന്നുപേരെക്കൊണ്ടു ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറുജോലി നിർവ്വഹിക്കാമെന്നു തെളിയുന്നു. വേറെ ഒരു കാരണം,

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇൻസ്പെക്ടറന്മാരുടെ എണ്ണം പിന്നീടു കൂട്ടിയില്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): ആദ്യമുണ്ടായിരുന്നിടത്തോളം വർദ്ധിപ്പിച്ചില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എത്രയെങ്കിലുമാവട്ടെ, കൂട്ടിയോ?

മി. എം. ശിവതാണുപിള്ള (തോവാള): കൂട്ടി. ഈ ഇൻസ്പെക്ടറന്മാർക്കു സാങ്കേതികപരിജ്ഞാനമില്ലെന്നാണു് കുറവു എന്നുവരികിൽ ഗവൺമെൻറു അവരെ മാററിയിട്ടു യോഗ്യതയുള്ള മററാളുകളെ നിയമിക്കണം. അതുകൊണ്ടു ഈ ന്യായം മേലാൽ കൊണ്ടുവരത്തക്കതല്ല.

മി. വി. സുബ്ബയ്യർ (ഗവൺമെൻറു നിയമനം) (ഉപാദ്ധ്യക്ഷൻ) ഇൻകംടാക്സ് ഇൻസ്പെക്ടറന്മാർ കേസു വിചാരണചെയ്യുന്നുണ്ടോ, അതോ അതിനെപ്പററിയുള്ള അറിവു കൊടുക്കുന്നതേയുള്ളോ?

മി. എം. ശിവതാണുപിള്ള (തോവാള): സാങ്കേതിക യോഗ്യതകൾ ഉണ്ടെന്നു വിചാരിച്ചുപോരുന്നതായ ആളുകൾ തയ്യാറാക്കുന്ന റിക്കാർട്ടുകൾ വച്ചുകൊണ്ടാണു് മേലധികാരികൾ ആദായനികുതി ചുമത്തുന്നതു്. അവർ അതിലേക്കുള്ള തുകകൾമാത്രമെ കൊടുക്കുന്നുള്ളു.

മി. എസ്. പി. പി. പെരുമാൾപിള്ള (കച്ചവടം വ്യവസായം, തെക്കൻ): നികുതി നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്മാർ തന്നെയാണു് കണക്കുകളും പരിശോധിക്കുന്നതു, അല്ലാതെ ഇൻസ്പെക്ടറന്മാരല്ല എന്നുള്ളതറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): പിന്നെ ഇൻസ്പെക്ടറന്മാരുടെ ജോലി എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. പക്ഷെ കണക്കു പുസ്തകങ്ങൾ കച്ചവടശാലകളിൽ കൊണ്ടുപോയി കൊടുക്കുന്ന ജോലിയായിരിക്കാം. അങ്ങിനെയാണെങ്കിൽ ആ ജോലി വേറെ ഒരുത്തനിൽ തന്നെ നിറുത്തലാക്കാം. പിന്നീടു എനിക്കു പറവാനുള്ള

ഈ ഉദ്യോഗസ്ഥന്മാരുടെ മാന്യതയെപ്പററിയാണ്, ശമ്പളമാണ് മാന്യതയെ സൂചിപ്പിക്കുന്നതു എന്നാണ് മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ അഭിപ്രായം. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശമ്പളത്തിനും മാന്യതയ്ക്കുംതമ്മിൽ എന്തുബന്ധംഎങ്കിലും ഉണ്ടോ?

മി. എം. ശിവതാണപിള്ള (തോവാള): എന്റെ സ്നേഹിതൻ മാന്യതയ്ക്കു ഈ അർത്ഥം കല്പിച്ചതുകൊണ്ടാണെന്നു എനിക്കറിഞ്ഞുകൂടാ.

ഈ പ്രമേയത്തെ എതിർത്ത മെമ്പറന്മാർക്കു നഗരസഭകളിൽ തൊഴിൽകരം ഏർപ്പെടുത്തിയിട്ടുള്ള വിവരം അറിയാമോ എന്നു അവരിൽനിന്നും മനസ്സിലാക്കുന്നതിനു ശ്രമിച്ചു. നഗരസഭകളിൽ തൊഴിൽകരംകൊടുക്കുന്നവരോടു അതിനെ അടിസ്ഥാനപ്പെടുത്തി ആദായനികുതി പിരിക്കുന്നതിനു എളുപ്പമുണ്ട്. മുൻസിപ്പാലിററികളിൽ താമസിക്കുന്ന ആളുകളുടെ സ്ഥിതികളെപ്പററി അറിയാവുന്നവരായ അനേകം യോഗ്യന്മാർ നഗരസഭകളിൽ മെമ്പറന്മാരായിട്ടുണ്ട്. അവർക്കു അവരുടെ കച്ചവടംമുതലായ തൊഴിലുകളേയും അതിൽനിന്നുള്ള ആദായത്തെയുംപററി അറിയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നഗരസഭകളുടെ കണക്കുകൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാരാരാണ്?

മി. എം. ശിവതാണപിള്ള (തോവാള): എങ്ങിനെഎങ്കിലും അവർ കണക്കുകൾ പരിശോധിക്കുന്നുണ്ട്, അതിന്റെ പ്രവർത്തനം തരക്കേടില്ല.

മി. വി. സുബ്ബയ്യർ (ഗവൎമ്മെന്റു നിയമനം) (ഉപാദ്ധ്യക്ഷൻ): തൊഴിൽകരം ചുമത്തപ്പെട്ടവരിൽ ആദായനികുതി ചുമത്താമോ?

മി. എം. ശിവതാണപിള്ള (തോവാള): ഇതിൽനിന്നും ആദായനികുതി ചുമത്താവുന്നതായിട്ട ആളുകൾ എത്രയുണ്ടെന്നു നിർണ്ണയിക്കാൻ എളുപ്പമുണ്ടെന്നു തെളിയിക്കുന്നതിനാണ് ഞാൻ ശ്രമിക്കുന്നത്. ഇത്രനേരം ക്ഷമിച്ചതുപോലെ അല്പംകൂടി ഉപാദ്ധ്യക്ഷൻ ക്ഷമിക്കുമെങ്കിൽ ഇത് എങ്ങിനെ സാധ്യമാകുമെന്നു അദ്ദേഹത്തിനു മനസ്സിലാകുമെന്നു എനിക്കു തോന്നുന്നു. തൊഴിൽകരം കൊടുക്കുന്ന ആളുകൾ എത്രയെന്ന് ആദായനികുതി ഉദ്യോഗസ്ഥന്മാർക്കു കണ്ടുപിടിക്കാൻ എളുപ്പമുണ്ട്. ഒരു മുൻസിപ്പാലിററിയിൽ ൧൦ പേരിൽനിന്നും തൊഴിൽകരം ഈടാക്കുന്നുണ്ടെന്നു വിചാരിക്കുക. അപ്പോൾ ആദായനികുതി കൊടുക്കേണ്ടിവരുന്നവരായിട്ട അൻപതുപേരിൽ കൂടുകയില്ല എന്നു ഗവൎമ്മെന്റിനു ബോദ്ധ്യമാകും. ഈ അൻപതുപേരിൽനിന്നും എത്രപേരാണ് ആദായനികുതി കൊടുക്കേണ്ടതായിട്ടുള്ളത് എന്നു ഇൻസ്പെക്ടറന്മാർക്കു കണ്ടുപിടിക്കാൻ സാധിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുൻസിപ്പാലിററിവക കണക്കുകൾ പരിശോധിക്കുന്നുണ്ടോ ഇല്ലയോ എന്നു എനിക്കു പറഞ്ഞുതരുമോ?

മി. എം. ശിവതാണപിള്ള (തോവാള): ഉണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആരാണ് പരിശോധിക്കുന്നത്?

മി. എം. ശിവതാണപിള്ള (തോവാള): മുൻസിപ്പാലിററിയിൽനിന്നും നിയമിക്കപ്പെട്ട ഒരു ചെറിയ കമ്മിററിയാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കൻ): നാഗരുകോവിൽ നഗരസഭയുടെ കണക്കുകളെപ്പററി ഏതെങ്കിലും ചോദ്യങ്ങൾ നിയമസഭയിൽ മെമ്പർ ചോദിച്ചിട്ടുണ്ടോ?

മി. എം. ശിവതാണപിള്ള (തോവാള): ഇനികാര്യം ഗവൎമ്മെന്റിനെ ധരിപ്പിക്കേണമോ വേണ്ടയോ എന്നു തീർച്ചയാക്കേണ്ടതു ഞാനാണ്. മുൻസിപ്പൽ അതൃത്തിക്കുള്ളിൽ ആദായനികുതി ചുമത്തുന്നതിനു ഈ ഉദ്യോഗസ്ഥന്മാർ ആവശ്യമില്ല. മുൻസിപ്പാലിററികളിൽ തൊഴിൽകരം കൊടുക്കുന്നവരുടെ ലിസ്റ്റിൽനിന്നും ആദായനികുതി ചുമത്തപ്പെടാവുന്നവർ എത്രയെന്നു ഗവൎമ്മെന്റിനു നിർണ്ണയിക്കാൻ സാധിക്കും. എനിക്കു പറവാനുള്ളത് ഇത്രമാത്രമാണ്. തൊഴിൽകരം ചുമത്താവുന്ന ആളുകൾ എത്രയുണ്ടോ അത്രയും ആളുകളേയും ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത് നഗരസഭയുടെ ചുമതലയാണ്. ഇതിൽനിന്നും ആദായനികുതി ഇൻസ്പെക്ടറന്മാർക്കു ഒരാളിൽനിന്നും ആദായനികുതി പിരിക്കാമോ പാടില്ലയോ എന്നു മനസ്സിലാക്കാം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കൻ): നാഗരുകോവിൽ നഗരസഭയിലുള്ള കണക്കുകളിൽനിന്നും ആരെല്ലാമാണ് ആദായനികുതിയിൽ ഉൾപ്പെടുത്താവുന്നത് എന്നു നിങ്ങൾക്കു കണ്ടുപിടിക്കാമോ?

മി. എം. ശിവതാണപിള്ള (തോവാള): ഏതെല്ലാം കണക്കുകളാണ് പരിശോധിക്കേണ്ടതായിട്ടുള്ളത്? കച്ചവടക്കാരുടെ നാൾവഴിയും പേരേടുമാണ്. ഇതിൽ തെററുണ്ടെങ്കിൽ തിരുത്തിവയ്ക്കേണ്ടത് കച്ചവടക്കാരുടെ ചുമതലയാണ്. ഈ ന്യൂനത ഒരു കാരണമാകുമെന്നു പ്രമേയത്തെ എതിർത്തവർ വാദിച്ചിട്ടില്ല. ഇപ്പോഴത്തെ കണക്കുപുസ്തകങ്ങളിൽ തെററുണ്ടെന്നു അവർ പറയുന്നില്ല. തന്നാണ്ടത്തെ [illegible] തുക എന്താണ്? ബഡ്ജററിൽ ൭൬,൦൦൦ രൂപാ കൊള്ളിച്ചിട്ടുള്ളതായി കാണാം. ഞാൻ പറയുന്നതിനെ തിരുത്തിക്കൊള്ളാം. ഇതിൽ കൂടുമെന്നു എനിക്കു തോന്നുന്നില്ല

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കൻ): കച്ചവടക്കാരിൽനിന്നും ആദായനികുതി ഇനത്തിൽ ൧൧൦൦-ൽ പിരിച്ചിട്ടുള്ളതിൽനിന്നും കുറവാണ് ൧൧൦൧-ൽ പിരിഞ്ഞത് എന്നു മെമ്പർക്കു അറിയാമോ? ൧൧൦൧-ൽ കുറവാണ് ഉണ്ടായിട്ടുള്ളത്.

മി. എം. ശിവതാണപിള്ള (തോവാള): അതിനു കാരണം ഇതാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കച്ചവടം കുറവായിരുന്നതുകൊണ്ടാണ് അങ്ങിനെ സംഭവിച്ചതു.

മി. എം. ശിവതാണപിള്ള (തോവാള): അതുതന്നെയാണ് പറയുന്നതു അതു ഉദ്യോഗസ്ഥന്മാരുടെ കുററമല്ല, വേറെ ഏതോ കാരണത്താലാണ്. ചുരുക്കത്തിൽ എന്റെ വാദമിതാണ്. വലിയ നഗരങ്ങളിൽ പ്രത്യേകസിൽബന്തികൾ ആവശ്യമില്ല. അങ്ങിനെ ആവശ്യമുണ്ടെന്നു ഗവൎമ്മെന്റിനെ ധരിപ്പിച്ചിട്ടുമില്ല. ആ-

വശ്യമുണ്ടെന്നു തെളിയിച്ചിട്ടുമില്ല. ഇങ്ങിനെ ഒരു ഉദ്യോഗസ്ഥനാവശ്യമില്ലെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഞാൻ മിസ്റ്റർ ജോസഫിന്റെ അഭിപ്രായത്തെ അനുകൂലിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): മി. ജോസഫിന്റെ പ്രമേയത്തെ അനുകൂലിക്കുന്നതു എന്റെ ധർമ്മമാണെന്നു ഞാൻ വിചാരിക്കുന്നു. പുതിയ ഉദ്യോഗസൃഷ്ടിക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള കാരണങ്ങൾ നിസ്സാരമായിട്ടുള്ളവയാണെന്നാണ് ഞാൻ വിചാരിക്കുന്നതു. ആദായനികുതി വർദ്ധിപ്പിക്കുന്നതു നന്നായിരിക്കുമെന്നു മി. പി. കെ. നാരായണപിള്ള പറയുകയുണ്ടായി. എന്റെ മുൻപിൽ ഇരിക്കുന്നവയും മറ്റുമായ ഔദ്യോഗിക കണക്കുകളിൽ നിന്നും ആദായനികുതി കൊല്ലംതോറും വർദ്ധിച്ചുവന്നതായിട്ടാണ് കാണുന്നതു. എന്റെ ഓർമ്മ ശരിയാണെങ്കിൽ ആദായനികുതി ന്യായമായിട്ടു വർദ്ധിക്കുന്നുണ്ടു. അല്പകാലത്തെ പ്രവർത്തനത്തിൽ ഒരു ലക്ഷം രൂപയോളം വരവുണ്ടായിരുന്നുള്ള ... ആറു ലക്ഷത്തിൽ കൂടുതലായിരിക്കുമെന്നു കാണുന്നു. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ന്യായമായ വർദ്ധന ഉണ്ടായിട്ടുണ്ടു. ആ കാരണം വകവെക്കത്തക്കതല്ല.

എന്റെ സ്നേഹിതനായ മി. മാധവൻപിള്ള വേറൊരു കാരണം പറയുകയുണ്ടായി. റവന്യൂ ഇറയുടെ ജോലി തൃപ്തികരമല്ലെന്നും അതുകൊണ്ടു റവന്യൂ ഉദ്യോഗസ്ഥന്മാരുടെ ജോലി കുറയ്ക്കുന്നതു നന്നായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതും വകവെക്കത്തക്കതല്ല. റവന്യൂ ഇറയുടെ മാത്രമല്ല മററെല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും ഭരണം തൃപ്തികരമല്ല. അതിനു കാരണം ജോലി ചെയ്യുന്നതിനു ആളില്ലാഞ്ഞിട്ടല്ല, ഉദ്യോഗസ്ഥന്മാർ ജനങ്ങളോടു ഉത്തരവാദിത്വമുള്ളവരായിരിക്കണമെന്നു നിർബന്ധമില്ലാത്തതുകൊണ്ടാണ് (മി. ശിവരാമപിള്ള കേൾപ്പിൻ, കേൾപ്പിൻ) അതിനെപ്പററി എന്റെ സ്നേഹിതന്മാർ ഒരു പ്രമേയം കൊണ്ടുവന്നിരുന്നു എങ്കിൽ ഞാൻ അതിനെ അനുകൂലിക്കുമായിരുന്നു. എന്നാൽ അതിനുപകരം ചില അനുദ്യോഗസ്ഥ പ്രമാണികന്മാർ ഉദ്യോഗസ്ഥന്മാരുടെ വഴിയിൽ അകപ്പെട്ടു ശമ്പളക്കൂടുതലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂട്ടുന്നതിനു അനുകൂലിച്ചു. ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നതിനുള്ള മറെറാരു കാരണം ഇതാണ്.

പുതുതായി സൃഷ്ടിക്കാൻപോകുന്ന ഉദ്യോഗസ്ഥനു റവന്യൂഡിപ്പാർട്ടുമെന്റിൽ ഇൻകംടാക്സ് ജോലി പരിശോധിക്കുന്നതിനു സാധിക്കയില്ലെന്നുള്ളതാണ് വേറൊരു കാരണം. വാസ്തവത്തിൽ ഗവർമ്മെന്റുജോലി നടത്തുന്നതു എങ്ങിനെ എന്നു എനിക്കറിയാം. റവന്യൂഡിപ്പാർട്ടുമെന്റിൽ ജോലി നിർവഹിക്കുന്നതു പ്രവൃത്തികരന്മാരാണ്. ഇൻകംടാക്സ് കളക്ടരെ നിയമിക്കുകയാണെങ്കിൽ തന്നെയും ഈ ജോലി പ്രവൃത്തികാരന്മാർ ചെയ്യേണ്ടതായിട്ടുവരും. ഇൻകംടാക്സ് ജോലിക്കു പുതിയ പ്രവൃത്തികാരന്മാരെ നിയമിക്കുന്നതിനായിരുന്നു ആലോചനയെങ്കിൽ അതു നന്നായിരിക്കുമായിരുന്നു. ഇപ്പോഴത്തെ ആലോചന അതല്ല. ശമ്പളക്കൂടുതലുള്ള ഒരു വലിയ ഉദ്യോഗസ്ഥനെ നിയമിക്കണമെന്നാണ് ഇപ്പോൾ ഉദ്ദേശിക്കുന്നതു. മനുഷ്യന്റെ മനസ്സിന്റെ പ്രവൃത്തികളെ നിരീക്ഷണം ചെയ്യുന്ന ഒരുവനു ഒരു പ്രത്യേക വിധത്തിൽ പ്രവൃത്തിക്കുന്നതായികാണാം. ഇവിടെ ഇതേപ്പററിയുണ്ടായ വാദപ്രതിവാദങ്ങളിൽനിന്നും ഏററവും വലുതായ ആശാഭംഗം ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു കടമപ്പെട്ടവനാണ്. പൊതുജനങ്ങളെ രക്ഷിക്കുന്നതിനു കടമയുള്ള പൊതുജനപ്രതിനിധികൾ അതിനെ നിസ്സാരമാക്കിക്കളയരുതെന്നുള്ള എന്റെ അഭിപ്രായത്തെ ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. മി. എം. കെ. പിള്ള (കേൾപ്പിൻ, കേൾപ്പിൻ) വലിയ ഉദ്യോഗങ്ങളും അതിനുള്ള ശമ്പളങ്ങളും വർദ്ധിപ്പിക്കുന്നതിനു ഉദ്യോഗസ്ഥന്മാരും ഗവർമ്മെന്റും ചെയ്യുന്നതായ ഉദ്യമങ്ങൾ തടയേണ്ടതു ജനങ്ങളുടെ ചുമതലയാണ്. പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനു കൊണ്ടുവന്നിട്ടുള്ളതായ ന്യായങ്ങൾ സ്വീകരിക്കത്തക്കതല്ലാത്തതിനാലും ഉത്തരവാദിത്വമില്ലാത്ത ഗവർമ്മെന്റിന്റെ പുതിയ നിയമനങ്ങൾ ... തടയേണ്ടതു പൊതുജനപ്രതിനിധികളുടെ ചുമതലയാണെന്നു രാജ്യഭരണതത്വങ്ങളിൽനിന്നും അനുമാനിക്കാവുന്നതുകൊണ്ടും ഞാൻ മി. കെ. ഐ. ജോസഫിന്റെ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാനും മി. കെ. ഐ. ജോസഫിന്റെ പ്രമേയത്തെ അനുകൂലിക്കുന്നു. ലാൻഡ്റവന്യൂകമ്മീഷണരുടെ പ്രസംഗത്തിൽനിന്നും ലാൻഡ്‌റവന്യൂകമ്മീഷണർ ഉദ്യോഗം സൃഷ്ടിക്കുന്ന അവസരത്തിലുള്ള വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ അദ്ദേഹം ചിട്ടകളോടുകൂടി ... തന്നെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ആ നിയമനസൃഷ്ടിക്കുവേണ്ടി അർപ്പിക്കപ്പെട്ട ജോലി ... അദ്ദേഹത്തിന്റെ ജോലികളിൽ ലാൻഡ്റവന്യൂകമ്മീഷണർക്കായിരിക്കുമെന്നു ഒരു കാരണം പറഞ്ഞിരുന്നു. ... സ്പെഷ്യൽ ഇൻകംടാക്സ് കളക്ടർക്ക് വിട്ടുകൊടുക്കുമെങ്കിൽ ലാൻഡ്റവന്യൂകമ്മീഷണർ ആവശ്യം ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവർമ്മെന്റുനിയമിച്ച (ഉപാധ്യക്ഷൻ): അദ്ദേഹത്തിന്റെ ജോലിയിൽ കുറവു വരുത്തുന്നുണ്ടോ എന്നു എനിക്കു പറഞ്ഞുതരുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ പറയാം. ആ ഉദ്യോഗത്തിന്റെ ... യോഗ്യതയെപ്പററി പറയാൻ ഭാവിക്കയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്പീൽ കേസുവിചാരണയ്ക്കുള്ള അധികാരം സ്പെഷ്യൽ ഇൻകംടാക്സ് കളക്ടർക്ക് ഉണ്ടായിരിക്കുമെന്നു എന്റെ സ്നേഹിതൻ വിചാരിക്കുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇൻകംടാക്സ് കമ്മീഷണരുടെമേൽ അധികാരമുണ്ടെന്നല്ലോ പറഞ്ഞതു്. അതു് എന്റെ വാദത്തെ അനുകൂലിക്കുന്നു. ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റു ഭരണത്തിൽ ചില ന്യൂനതകളെ പരിഹരിക്കുന്നതിനു ഒരു വലിയ ഉദ്യോഗം സൃഷ്ടിക്കുന്നതിനാണ് ഇപ്പോൾ ഗവർമ്മെന്റു ... ഹൈക്കോടതിയിൽ അടുത്തകാലത്തു ഒരു വിധി ഉണ്ടായിട്ടുള്ളതുകൊണ്ടു ആദായനികുതി ഇനത്തിൽ ... ലക്ഷം രൂപായോളം മുതലെടുപ്പിൽ കുറവുണ്ടായിട്ടുണ്ടു എന്നു ഗവർമ്മെന്റു സമ്മതിക്കുന്നതാണ്. ഗവർമ്മെന്റു മുതലെടുപ്പു വർദ്ധിക്കണമെന്നു ആഗ്രഹിക്കുന്നു എങ്കിൽ ഇൻകംടാക്സ് റെഗുലേഷൻ പുതുക്കുന്നതിനു ... ബില്ലിൽ ഹാജരാക്കി ... പാസാക്കി ഇരുന്നുഎങ്കിൽ ഗവർമ്മെന്റിനു പ്രതിവർഷം ... ലക്ഷം രൂപാ കരസ്ഥമാക്കാമായിരുന്നു. ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിൽ ചില ന്യൂനതകൾ ഉള്ളതുകൊണ്ടു ഒരു പുതിയ ഉദ്യോഗം സൃഷ്ടി

ക്കുന്ന ജനങ്ങളുടെ അപേക്ഷയ്ക്കനുസരണമായിരിക്കയില്ല. അതുകൊണ്ടു നമ്മുടെ കോശസ്ഥിതി സുരക്ഷിതമായിരിക്ക അതു വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശം മാത്രമാണ് പുതിയ ഉദ്യോഗസൃഷ്ടിക്കുണ്ടായ കാരണമെന്നാണ് എനിക്കു തോന്നുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഹൈക്കോർട്ടുവിധിയിൽ എന്താണ് പ്രസ്താവിച്ചിട്ടുള്ളതു് എന്നു മെമ്പർ ഈ സഭയെ ധരിപ്പിക്കാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റബ്ബറും ഇടവകഭൂമികളും കരം പതിക്കത്തക്കതല്ല എന്നാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റബ്ബറിനു എന്തുകൊണ്ടു കരംചുമത്തിക്കൂടാ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദായം കൃഷിയിൽനിന്നും ഉണ്ടാകുന്നതാണെന്നുള്ളതുകൊണ്ടു അതിന്മേൽ കരംചുമത്താൻ പാടുള്ളതല്ല എന്നാണ് ഹൈക്കോടതി വ്യാഖ്യാനിച്ചിട്ടുള്ളതു്. അതു വ്യവസായത്തിൽനിന്നും ഉളവാകുന്നതാണെന്നു വ്യാഖ്യാനിച്ചിരുന്നുഎങ്കിൽ ഗവൺമെന്റിനു രണ്ടുലക്ഷം രൂപാ കിട്ടുമായിരുന്നു. ഇതു് ഒരു ഭേദഗതി ബില്ലുകൊണ്ടു ചെയ്യാവുന്നതായിരുന്നു. റബ്ബർ കൃഷിചെയ്യുന്ന ഒരേക്കർഭൂമിയേയും നെല്ലുകൃഷിചെയ്യുന്ന ഒരേക്കർ ഭൂമിയേയും താരതമ്യപ്പെടുത്തി നോക്കുന്നതായാൽ നെൽകൃഷിചെയ്യുന്നവർ കൂടുതൽകരം കൊടുക്കുന്നതായും. റബ്ബർവ്യാപാരി കുറഞ്ഞകരം കൊടുക്കുന്നതുകൊണ്ടു പെട്ടെന്നു ധനികനാകുന്നതായും കാണാവുന്നതാണ്. നെല്ലിനും റബ്ബറിനുമുള്ള കരത്തിന്റെ കൂടുതൽകുറവുകൊണ്ടു നെൽകൃഷിക്കാരൻ കഷ്ടത അനുഭവിക്കുന്നു. ഗവൺമെന്റിനു ആവശ്യമുണ്ടായിരുന്നു എങ്കിൽ ഒരു ബില്ല് കൊണ്ടുവരാമായിരുന്നു. അതുകൊണ്ടു ഞാനും മിസ്റ്റർ ജോസപ്പിന്റെ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആദായനികുതി മുതലെടുപ്പിനുതകുന്നതാണെന്നാണ് വിചാരിച്ചുപോരുന്നതു്. ഈ ഡിപ്പാർട്ടുമെന്റിൽ കരണവൈകല്യങ്ങൾ ഉണ്ടെന്നു എനിക്കു തോന്നുന്നു. ഇതു റിപ്പോർട്ടുകളിൽനിന്നും തെളിയുന്നുണ്ടു്. ആദായനികുതി ആണ്ടോടാണ്ടു കൂടിയും കുറഞ്ഞുമാണ് ഇരിക്കുന്നതു്. കരം ചുമത്തുന്ന അവസരത്തിൽ കമ്പനികളുടെയും വ്യക്തികളുടെയും കണക്കുകൾ ആണ്ടുതോറും ശരിയായിട്ടു പരിശോധിക്കേണ്ടകാര്യം അത്യാവശ്യമാണ്. ഇതിനു സ്പെഷ്യൽ ആഫീസർക്കും സിൽബന്തികൾക്കും സാങ്കേതിക പരിജ്ഞാനം ആവശ്യമാണ്. പ്രത്യേക സാങ്കേതിക പരിജ്ഞാനം ഇതിലേക്കു ഒഴിക്കാൻ പാടില്ലാത്ത ഒരു കാര്യമാണ്.

മി. കെ. എ. ജോസഫ് (മീനച്ചൽ-മൂവാറ്റുപുഴ): ഇപ്പോൾ കണക്കുകൾ പരിശോധിക്കുന്നില്ലയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇതു് പരിശോധിക്കാറുണ്ട്. പരിശോധിക്കുന്നതിൽ ന്യൂനതകളുമുണ്ട്. കഴിഞ്ഞകാലത്തു ൧൦൦ ൽ പേരുടെ വ്യത്യാസമുള്ളതായി നാം കാണുകയുണ്ടായി.

മി. എസ്. പരമേശ്വരൻപിള്ള (കച്ചവടം വ്യവസായം തൊഴിൽ): പരാതികൾ ഉള്ളവിവരം മെമ്പർക്കു അറിയാമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പരാതികൾ ഉള്ളവിവരം അറിയാം. കരംചുമത്തുന്നതിൽ പരാതികൾ ഉണ്ടെന്നുള്ള എന്റെ സ്നേഹിതന്റെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. മേലാൽ പരാതി ഉണ്ടാകാതിരിക്കുന്നതിനു ഈ ജോലിക്കുമാത്രമായിട്ടു ഒരു പ്രത്യേകം ഉദ്യോഗസ്ഥൻ വേണം. അയാളുടെ അധികാരങ്ങളുത്തരികൾ വച്ചിയ നഗരസഭകൾ മാത്രമായിരിക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. മറ്റുസ്ഥലങ്ങളിലും അയാൾക്കു അധികാരം ഉണ്ടായിരിക്കണം. ധനികന്മാരെ ബാധിക്കുന്നതായതുകൊണ്ടു ആദായനികുതി നിർദ്ദാക്ഷിണ്യമായി ഗവൺമെന്റു പിരിക്കേണ്ടതാണ്. അതുകൊണ്ടു ധനികന്മാർക്കു പരാതിക്കവകാശമില്ല. ഞാൻ മിസ്റ്റർ ജോസഫിന്റെ പ്രമേയത്തെ പ്രതികൂലിക്കയും എതൃവാദികളെ അനുകൂലിക്കയും ചെയ്യുന്നു.

മി. സി. പി. തോമസ് (ഗവൺമെന്റു നിയമനം): അനാവശ്യമായി ഗവൺമെന്റു ശമ്പളക്കൂടുതലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു ശ്രമിച്ചിരുന്നുഎങ്കിൽ ഞാനും ഈ പ്രമേയത്തെ പ്രതികൂലിക്കുമായിരുന്നു. ഇന്ന് ഈസഭയിലെ നടപടികളിൽനിന്നും ഒരു സ്പെഷ്യൽ ഇൻകംടാക്സ് ആഫീസരുടെ ആവശ്യമുണ്ടെന്നുപ്രത്യക്ഷത്തിൽ കാണാവുന്നതാണ്. ആദായനികുതി ന്യായമായിട്ടു കിട്ടാവുന്നിടത്തോളം പിരിക്കേണ്ടതാണ്. ഇപ്പോൾ ഒരു സ്പെഷ്യൽ ഇൻകംടാക്സ് ആഫീസരെ നിയമിക്കുന്നതായാൽ ഒടുവിൽ അതിനിമിത്തം മുതലെടുപ്പുവർദ്ധിക്കാൻ എളുപ്പമുണ്ടെന്നു പ്രതീക്ഷിക്കാവുന്നതാണ്. പൊതുജനങ്ങൾക്കും കരംകൊടുക്കുന്നവർക്കും വാസ്തവത്തിൽ അതിനാൽ നഷ്ടം ഉണ്ടാകുന്നതല്ല. ഈ നിയമനം ഒരുകൊല്ലത്തേക്കു പരീക്ഷണാർത്ഥമായിട്ടാണെന്നു ഗവൺമെന്റു പറയുന്നുമുണ്ട്. ആ കൊല്ലത്തിന്റെ അവസാനത്തിൽ പരീക്ഷണം ഫലവത്തായോഎന്നു പറയുന്നതിനു നമുക്കു അവകാശമുണ്ടെന്നു എനിക്കു തോന്നുന്നു. ആ അവസാനത്തിൽ നിഷ്ഫലമായി പരിണമിച്ചാൽതന്നെയും ഈ നിയമനം പരീക്ഷണാർത്ഥമായി വെച്ചുകൊണ്ടിരിക്കയില്ല എന്നു ഞാൻ വിശ്വസിക്കുന്നു. പരീക്ഷണം ഫലവത്താക്കുന്നതിനു നാം ശ്രമിക്കണം. ഗവൺമെന്റു നിയമനത്തിന്റെ കാലാവധി നീട്ടുന്നതിനു കഴിയുന്നിടത്തോളം ആവശ്യപ്പെടാതിരിക്കണമെന്നാണ് ഞാൻ പറയുന്നതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ജോലി തൃപ്തികരമാകുന്നെങ്കിൽ കാലാവധി നീട്ടിക്കൊടുക്കുമോ?

മി. സി. പി. തോമസ് (ഗവൺമെന്റുനിയമനം): തൃപ്തികരമാണെങ്കിൽ കാലാവധി നീട്ടേണ്ടആവശ്യമില്ല. അയാളെ സ്ഥിരമായിട്ടുതന്നെ നിയമിക്കാമല്ലോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതേവരെ നടത്തിയിട്ടുള്ള പരീക്ഷണങ്ങൾ ഫലവത്തായിട്ടുള്ളതായി അറിയാമോ?

മി. സി. പി. തോമസ് (ഗവൺമെന്റുനിയമനം): ചിലതൊന്നും ഫലിച്ചിട്ടില്ല എന്നു എനിക്കറിയാം.

മി. എം. ശിവതാണുപിള്ള (തോവാള): അങ്ങിനെ ഒരു പരീക്ഷണം നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നുണ്ടോ?

മി. സി. പി. തോമസ് (ഗവൎമ്മെൻറു നിയമനം): ആവശ്യമുണ്ടെന്നു പലരുടെയും പ്രസംഗംകൊണ്ടറിയാം. ആദായനികുതിയിനത്തിൽ പിരിക്കാവുന്നിടത്തോളം ആദായം പിരിക്കുന്നില്ലെന്നു പറയുകയുണ്ടായി. ഈ ജോലി നടത്തുന്നതിനു വലിയ ഉദ്യോഗസ്ഥനെ നിയമിച്ചാൽ അയാൾ ആ ജോലിചെയ്യാതെ മേൽഭരണം മാത്രം നടത്തുകയും കീഴ്ജീവനക്കാർ ആ ജോലി യഥാൎത്ഥത്തിൽ നടത്തുകയുമാണ് ചെയ്യുക എന്നാണ് ഞാൻ പറയുന്നതു. ഇപ്രകാരമാണ് നടപ്പ് എന്നു നമുക്കറിയാം. ജോലി മുഴുവൻ നടത്തുന്നതു കീഴ്ജീവനക്കാരാണ്. നിയമിതരാകുന്നവർ യോഗ്യന്മാരായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇവിടെ പ്രസ്താവിച്ചിട്ടുള്ളതെല്ലാം പരമാൎത്ഥമാണെന്നു നാം വിചാരിക്കുന്നു എങ്കിൽ അതിൽനിന്നുമുള്ള അനുമാനങ്ങളും ശരിയായിരിക്കണമെന്നു വിചാരിക്കാൻ ന്യായമുണ്ട്. ആദായനികുതി വൎദ്ധിപ്പിക്കുന്നതിനു ധാരാളം മാൎഗ്ഗങ്ങളുണ്ടെന്നും ആ വകുപ്പിൻെറ ഭരണം വളരെ അവ്യവസ്ഥയിലാണെന്നും മി. പി. കെ. നാരായണപിള്ള മുതൽപേർ പറഞ്ഞതിനെ ഞാൻ സമ്മതിക്കുന്നു. ആദായനികുതിവകുപ്പിൻെറ ജോലിക്കുള്ള ശേഷിക്കുറവിനെ ആസ്പദമാക്കി കൂടുതൽ നിയമനങ്ങൾ നടത്തുന്നതിനു നാം അനുകൂലിക്കുന്നപക്ഷം നാം മേലാലും മററുതരത്തിലുള്ള എല്ലാ ശേഷിക്കുറവുകൾക്കും അനുകൂലിക്കേണ്ടതായിട്ടു വരുന്നതാണ്. (മി. ശിവതാണുപിള്ള: കേൾപ്പിൻ കേൾപ്പിൻ) മി. പിറവിപ്പെരുമാൾപിള്ള മി. റാബിൻസൻെറ പ്രസംഗത്തിൽ ഏതാനും ഭാഗം ഉദ്ധരിക്കയുണ്ടായി. അതു താഴെ പറയുന്നതാണ്.

"ഓരോ ഡിവിഷൻകച്ചേരികളിലും ജോലി പരിചയമുള്ള ഓരോ ക്ലാൎക്കന്മാരെ കൂടുതലായി നിയമിക്കണമെന്നു അനുദ്യോഗസ്ഥസാമാജികന്മാർതന്നെ പറയുകയുണ്ടായി. ഡിപ്പാൎട്ടുമെൻറു പരിഷ്കരിച്ചതിൽപിന്നീടു പേഷ്കാരന്മാൎക്കും, ദേവികുളം കമ്മീഷണൎക്കും, ഇൻകംടാക്സ് ആപ്പീസരന്മാൎക്കും തൽക്കാലം ഓരോ ക്ലാൎക്കന്മാർവീതം കൊടുക്കുന്നതിനെ സാധിച്ചിട്ടുള്ളു. ഇവൎക്കു രജിസ്റ്ററുകൾ എഴുതുന്ന ജോലിക്കു പുറമെ ഇൻകംടാക്സ് റഗുലേഷൻപ്രകാരം നോട്ടീസുകൾ എഴുതുക, ആദായനികുതിപ്പട്ടിക അയക്കുന്നതിനു നോട്ടീസുകൊടുക്കുക, കണക്കുപുസ്തകങ്ങൾ ഹാജരാക്കുന്നതിനു നോട്ടീസുകൊടുക്കുക മററു എഴുത്തുകുത്തുകൾനടത്തുക മുതലായ ജോലികൾ ധാരാളമായിട്ടുണ്ട്".

അതിൽനിന്നും ഇൻകംടാക്സ് ഉദ്യോഗസ്ഥനല്ല ക്ലാൎക്കന്മാരെയാണ് ആവശ്യം എന്നു കാണാം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം, വ്യവസായം-തെക്കു): അന്നു സ്പെഷ്യൽ ആഫീസരെ നിയമിക്കണമെന്നു ആലോചനയുള്ളതായിട്ടറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അറിഞ്ഞുകൂടാ. ഓരോ ഡിവിഷൻകച്ചേരികളിലേക്കും ഏതാനും ഗുമസ്തന്മാർ ആവശ്യമുണ്ടെന്നാണ് മി. റാബിൻസൺ പറഞ്ഞതു. ഇപ്പോൾ ഗുമസ്തന്മാർ മാത്രമല്ല ഒരു വലിയ ഉദ്യോഗസ്ഥനെക്കൂടി ആവശ്യമുണ്ടെന്നു പറയുന്നു. അന്നു ഏതാനും ഗുമസ്തന്മാരെ ആവശ്യപ്പെട്ടിട്ടുണ്ട് എന്നുള്ള കാരണത്തിന്മേൽ ഇപ്പോൾ ഒരു വലിയ ഉദ്യോഗസ്ഥനെയും ധാരാളം ക്ലാൎക്കന്മാരെയും വേണമെന്നു പറയുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അന്നു മി. റാബിൻസൺ ഗുമസ്തന്മാരെ എന്തിനാണ് ആവശ്യപ്പെട്ടതു എന്നു പറയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അറിയാം; താഴെപറയുന്ന വാചകത്തിൽനിന്നും അതു തെളിയുന്നതാണ്.

"ഈ ഡിപ്പാൎട്ടുമെൻറിലുള്ള സിൽബന്തികൾക്കു രജിസ്റ്ററുകൾ എഴുതുന്ന ജോലിക്കുപുറമെ എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള ചുമതലകൾകൂടെ ഉണ്ടു. ഇതുതന്നെ വളരെ കൂടുതലാണ്. ഇൻകംടാക്സ് റഗുലേഷൻപ്രകാരം നോട്ടീസുകൾ അയക്കുക ആദായനികുതി പിരിക്കേണ്ടവരുടെ പേരുവിവരപ്പട്ടിക വരുത്തുന്നതിനുള്ള നോട്ടീസയക്കുക ഇതെല്ലാം ഇവരുടെ ജോലിയാണ്".

ഇൻകംടാക്സ് ജോലി നോക്കുന്നതിനു ഓരോ ഡിവിഷൻകച്ചേരികളിലും ഓരോ ക്ലാൎക്കന്മാരെങ്കിലുംകൂടി വേണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. ക്ലാൎക്കന്മാർമാത്രം മതിയോ അതോ ശമ്പളക്കൂടുതലുള്ള ഒരു സ്പെഷ്യൽ ആഫീസർകൂടി വേണമോ എന്നാണ് എനിക്കിപ്പോൾ അനുദ്യോഗസ്ഥസാമാജികന്മാരിൽനിന്നും അറിയാനുള്ളതു. നിയമിക്കാനുദ്ദേശിക്കുന്നതായ സ്പെഷ്യൽ ആഫീസർ ഇൻകംടാക്സ് കളക്ടരുടെ ജോലി നോക്കുന്നതിനാണ്. ൧൦൯൭-ൽ ലാൻറുറവന്യൂവും ഇൻകംടാക്സ് കളക്ടരെ നിയമിച്ചപ്പോൾ ആ ഉദ്യോഗം ആദായനികുതി പിരിക്കുന്നതിനു പേഷ്കാരന്മാൎക്കുള്ള ജോലി കുറക്കുന്നതിനാണെന്നാണ് ഞങ്ങളെ പറഞ്ഞുമനസ്സിലാക്കിയതു. ഇപ്പോൾ അവർ ഈ ജോലിക്കു പ്രാപ്തന്മാരല്ലാ എന്നുള്ള കാരണത്താൽ ഒരു വലിയ ഉദ്യോഗസ്ഥനെയും കുറെ സിൽബന്തികളെയും വേണമെന്നു പറയുന്നു. അതായതു അവർ ജോലിചെയ്യുന്നതിനു ത്രാണിയുള്ളവരല്ലെന്നാണ്. ഞാൻ പറഞ്ഞതുപോലെ ജോലിക്കുള്ള ശേഷിക്കുറവിനുവേണ്ടി നാം അനുകൂലിക്കുകയാണ് എന്നുവരുകിൽ എല്ലാ ഡിപ്പാൎട്ടുമെൻറിനെസംബന്ധിച്ചും നാം അതു ചെയ്യേണ്ടതായിട്ടു വരുന്നതാണ്. ഈ ചോദ്യംതന്നെയാണ് ഞാൻ എൻെറ സ്നേഹിതന്മാരോടു ചോദിച്ചതും. ഉദ്യോഗസ്ഥസാമാജികനായ മി. കൃഷ്ണപിള്ള മൈസൂരിൽ ഒരു സ്പെഷ്യൽ ആഫീസർ ഉണ്ട് എന്നു പറഞ്ഞു. അവരുടെ വാദത്തെ സ്ഥാപിക്കുന്നതിനുള്ള കാൎയ്യങ്ങൾമാത്രമേ അവർ പറയുന്നുള്ളു. ജപ്പാനിൽ വിദേശകാൎയ്യങ്ങൾകൂടി അന്വേഷിക്കേണ്ട ചുമതലയുള്ള മന്ത്രിയുടെ ശമ്പളം ൧൫൦൦ രൂപയാണെന്നു ഞാൻ അദ്ദേഹത്തെ അറിയിക്കട്ടെയോ?

മി. എം. ശിവതാണുപിള്ള (തോവാള): ആ രാജ്യം തന്നത്താൻ ഭരിക്കപ്പെടുന്ന ഒന്നല്ലയോ എന്നു എൻെറ സ്നേഹിതനോടു ചോദിച്ചുകൊള്ളട്ടെയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതേ; ഉദ്യോഗസ്ഥസാമാജികന്മാർ സമയോചിതംപോലെ ഓരോന്നും ഉദ്ധരിക്കുന്നു. അതിനെയാണ് ഞാൻ നിഷേധിക്കുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേൎത്തല). ആദായനികുതി ആദ്യമായി ഏൎപ്പെടുത്തിയതു എന്നാണെന്നു ഞാൻ മി. എ. കെ. പിള്ളയോടു ചോദിച്ചുകൊള്ളട്ടെ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ൧൦൯൬-ൽ ആണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ൧൦൮൯-ൽ ഉണ്ടായിരുന്നതിൽനിന്നും ഇപ്പോൾ ആദായനികുതി വർദ്ധിച്ചിട്ടില്ലയോ?

മി. എൻ. കെ. പിള്ള (കരുനാഗപ്പള്ളി): ഉണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അത്രകാലത്തുണ്ടായിരുന്ന ജോലിക്കാർതന്നെ മതിയെന്നാണോ അഭിപ്രായം?

മി. എൻ. കെ. പിള്ള (കരുനാഗപ്പള്ളി): കീഴ്ജീവനക്കാരെ വർദ്ധിപ്പിക്കാം. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന കാരണസഹിതം ഗവണ്മെന്റിനു ആവശ്യപ്പെടാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൂടുതൽ ജീവനക്കാർ വേണമെന്നു ആവശ്യപ്പെട്ടാൽ മെമ്പർ അനുവദിക്കുമോ?

മി. എൻ. കെ. പിള്ള (കരുനാഗപ്പള്ളി): ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം അനുവദിക്കും. എവിടെഎങ്കിലും ഒരു ക്ലാർക്കിനെ വേണമെന്നുപറയുന്നതും ഒരു വലിയ ഉദ്യോഗസ്ഥനെ വേണമെന്നുപറയുന്നതും ഒരുപോലെയല്ല. ഇപ്പോൾതന്നെ മുതൽപെട്ടപ്പ് വളരെക്കൂടുതലാണ്. കഴിഞ്ഞകൊല്ലം അവർ ൨൨ ലക്ഷംരൂപ നികുതിയിനത്തിൽ പിരിക്കയും ൧൧ ലക്ഷംരൂപ ചിലവാക്കുകയും ചെയ്തിട്ടുണ്ട്. ഗവണ്മെന്റിനോളം ഉത്തരവാദിത്വമോ രാജ്യസ്നേഹമോ ഇല്ലാത്തതായ കച്ചവടസ്ഥാപനങ്ങളുടെ മാതൃകയെ അനുകരിക്കുന്നപക്ഷം അവർ ൧൦ ശതമാനംമാത്രം ചിലവാക്കുന്നതായി കാണാവുന്നതാണ്. ഇവിടെ മുതൽപെട്ടപ്പ് പിരിച്ചെടുക്കുന്നതിനുമാത്രം ൫൦ ശതമാനം ചെലവാക്കുന്നുണ്ട്. കച്ചവടസ്ഥാപനങ്ങളെ സംബന്ധിച്ചു ഉപമയെ തുടരുന്നപക്ഷം ഇതു ആദായം പിരിക്കുന്നതിനു പ്രതിപുരുഷന്മാരെ അയക്കുന്നതുപോലെയാണ് ഇരിക്കുന്നതു. റവന്യൂഡിപ്പാർട്ടുമെന്റിന്റെ ചിലവു ഒരു ശോചനീയാവസ്ഥയെ തെളിയിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്പെഷ്യൽ ആഫീസർ ആദായനികുതിയിനത്തിൽ പിരിയാനുള്ളതു മുഴുവൻ പിരിക്കുന്നതിനു സമർത്ഥനാണെങ്കിൽ ആ നിയമനത്തിന്റെ ആവശ്യകതയുണ്ടെന്നു മെമ്പർ സമ്മതിക്കുമോ;

മി. എൻ. കെ. പിള്ള (കരുനാഗപ്പള്ളി): ഒന്നിനുപകരം മറ്റൊന്ന് എന്നുള്ളനിലയിൽ സമ്മതിക്കാൻ ഞാൻ തയ്യാറില്ല. എനിക്കു ഈ വിഷയത്തെപ്പറ്റി കുറെക്കൂടി പര്യാലോചിക്കേണ്ടതായിട്ടുണ്ട്. നിങ്ങൾ ശക്തിമത്തായി പ്രവർത്തിക്കുന്നതിനു തയ്യാറുണ്ടോ? നിങ്ങൾ ശേഷിയോടും പുഷ്ടിയോടും പ്രവൃത്തിക്കുന്നതിനു തയ്യാറുണ്ടോ? നിങ്ങൾ അതിനെ അനുകൂലിക്കുന്നപക്ഷം ഈ നിയമനം അനുവദിക്കത്തക്കതല്ല എന്നു എനിക്കു തോന്നുന്നു.

നാം തങ്ങളുടെ ജോലിചെയ്യുന്നതിൽ തൃപ്തിവേണമെന്നാണ് ഞാൻപറയുന്നതു, അവർ അപ്രകാരംചെയ്യാത്തപക്ഷം അവരെപിരിച്ചുവിടണമെന്നാണ് ഞാൻപറയുന്നതു. പിരിച്ചെടുക്കുന്നതിനുമാത്രം ൫൦ ശതമാനം ചിലവാക്കുന്നതെന്നുള്ള കാര്യംഓർമ്മിക്കേണ്ടതായിട്ടുള്ള ഒരുസംഗതിയാണ്. അതുകൊണ്ടു തത്വത്തെ അടിസ്ഥാനമാക്കി ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

ഒ. റ. മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. പുത്തനായിട്ടു ഏതെങ്കിലും ഉദ്യോഗം സൃഷ്ടിക്കുമ്പോൾ അതിലേക്കു തക്കതായ ആവശ്യം ഉണ്ടോ ഇല്ലയോ എന്നാലോചിക്കേണ്ടതാണ്. ഇപ്പോൾ നൂതനമായി സൃഷ്ടിക്കാൻ വിചാരിക്കുന്ന ഉദ്യോഗം ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഉദ്യോഗം പുതുതായി സൃഷ്ടിക്കുന്നതു ആവശ്യമാണെന്നു കാണുമ്പോൾ സൃഷ്ടിക്കയും ആവശ്യമില്ലെന്നു കാണുമ്പോൾ റദ്ദുചെയ്യുകയും ചെയ്യുന്ന നയം ഗവണ്മെന്റു സ്വീകരിച്ചിരുന്നു എങ്കിൽ വിരോധമില്ലായിരുന്നു. ഒരിക്കൽ ഒരു ഉദ്യോഗം സൃഷ്ടിച്ചുപോയാൽപിന്നെ ആവശ്യമില്ലെന്നു തോന്നിയാൽ തന്നെയും നിറുത്തുന്ന പതിവില്ല. എന്നു മാത്രമല്ല പുത്തനായ ഒരു ഉദ്യോഗം സൃഷ്ടിക്കണമെന്നു നിർദ്ദേശിക്കയാണെങ്കിൽ അതിനുള്ള കാരണവും സ്പഷ്ടമായിട്ടു കാണിക്കണം. റവന്യൂഡിപ്പാർട്ടുമെന്റുകാരെക്കൊണ്ടു ആദായനികുതി ശരിയായിട്ടു ഇപ്പോൾ പിരിച്ചുകിട്ടുന്നില്ലെന്നു തോന്നുന്നപക്ഷം കുറേക്കൂടി നിഷ്കർഷിച്ചു അവരെക്കൊണ്ടു ആ ജോലി നിർവഹിപ്പിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയാണു വേണ്ടതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇടവകയിൽനിന്നും ആദായനികുതി കൊടുക്കുന്നുണ്ടോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ഇപ്പോൾ പിരിച്ചുവരുന്നുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനു വല്ല തർക്കവുമുണ്ടോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): വളരെ വളരെ തർക്കമുണ്ട്. അതു ഇവിടെത്തന്നെ പലപ്പോഴും പറഞ്ഞിട്ടുമുണ്ട്. എന്നാൽ അതുകൊണ്ടു ഒരു ഫലവും ഉണ്ടാകാത്തതുകൊണ്ടു ഈയിടെ പറയാറില്ല. ഇപ്പോഴും എനിക്കു പറഞ്ഞാൽകൊള്ളാമെന്നു വളരെ മോഹമുണ്ട്. പക്ഷേ ഫലമില്ലല്ലോ എന്നു വിചാരിച്ചു അടങ്ങുന്നു.

അതുകൊണ്ടു ഈ ആദായനികുതി പിരിക്കുന്ന ജോലി റവന്യൂഡിപ്പാർട്ടുമെന്റുകാരെക്കൊണ്ടുതന്നെ നിഷ്കർഷിച്ചു വഹിപ്പിക്കണം. അതിലേക്കു ധാരാളം കാരണങ്ങളുണ്ട്. പണ്ടു റവന്യൂഡിപ്പാർട്ടുമെന്റുകാർക്കു വളരെ ജോലി ഉണ്ടായിരുന്നു. എന്നാൽ മിസ്റ്റർ കുഞ്ഞിരാമമേനോൻ പറഞ്ഞതുപോലെ റവന്യൂ ദേവസ്വം വിഭജനം കഴിഞ്ഞതിൽപിന്നീടു റവന്യൂഡിപ്പാർട്ടുമെന്റുകാരുടെ ജോലിക്കു വളരെ കുറവുവന്നിട്ടുണ്ട്. മജിസ്ട്രേറിയൽ ജോലിയിൽനിന്നും പല തഹശീൽദാരന്മാരേയും ഒഴിച്ചിട്ടുമുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ജോലി വളരെ കുറവായിട്ടും റവന്യൂഡിപ്പാർട്ടുമെന്റിൽ കുടിശ്ശികയില്ലേ?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): കുടിശ്ശിക ധാരാളമുണ്ട്. പോക്കുവരവുകേസുകളും മറ്റും ധാരാളം കുടിശ്ശികയായിട്ടു കിടക്കുന്നുണ്ടെന്നു എനിക്കറിയാം. എന്നാൽ ആ കുടിശ്ശിക വന്നതു ആദായനികുതിവകുപ്പിലെ ജോലികൂടി വഹിക്കുന്നതുകൊണ്ടാണെന്നു തെളിയിച്ചാൽ മാത്രമേ ആ വകുപ്പു റവന്യൂവിൽനിന്നും എടുക്കേണ്ട ആവശ്യമുള്ളു.

മി. എം. ശിവതാണുപിള്ള (കോമ്പപ്പിൻ കോമ്പപ്പിൻ).

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ മൂന്നു പേഷ്കാർമാർ ഉള്ളതിൽ ഒരു പേഷ്കാർ മററു രണ്ടു പേഷ്കാർമാരെക്കാൾ കൂടുതൽ ജോലി ചെയ്യുന്നുണ്ടെന്നു മെമ്പർ റിപ്പോർട്ടിൽ കണ്ടിട്ടുണ്ടോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ആകാര്യം ഞാൻ അത്ര നോക്കീട്ടില്ല.

ഇനി ഈ പുതിയ ഉദ്യോഗസൃഷ്ടിയിൽ ചെറുതായ വേറൊരു തടസ്സംകൂടിഉണ്ട്. അതായതു ഇപ്പോഴുള്ള ഉദ്യോഗങ്ങൾക്കുതന്നെ ധാരാളം വഴക്കുള്ള സ്ഥിതിക്കു ഈ പുതിയ ഉദ്യോഗംകൂടി സൃഷ്ടിക്കുമ്പോൾ കുറേക്കൂടി വഴക്കിനു ഇടയാകയില്ലേ എന്നുള്ളതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ധാരാളം ഉദ്യോഗമുള്ള വർഗ്ഗക്കാർക്കുതന്നെ കൊടുത്താൽ വഴക്കിനിടയുണ്ടോ?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): എന്നാലും വഴക്കുവന്നുകൊണ്ടിരിക്കും. ഏതായാലും ഈ വഴക്കിനെ വേരോടെ നശിപ്പിക്കണം. ഇതു വളരെ നിസ്സാരമായ സംഗതിയാണെങ്കിലും അതിനെ വളരെ വലുതാക്കി ഓരോരുത്തരും റ.ഷിച്ചുവരുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): വഴക്കുണ്ടാകുമെന്നുള്ള പേടികൊണ്ടാണോ മെമ്പറും ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു.

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക). അതു മാത്രമല്ല. എതിർക്കുന്നതിൽ പേടിക്കാനൊന്നുമില്ല. എന്റെ പ്രധാനകാരണങ്ങൾ മുൻപിൽ പറഞ്ഞല്ലോ. അതായതു, അനാവശ്യമായ ചിലവു രാജ്യത്തു വരുത്താൻ പാടില്ലെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം). സർ, ഇൻകംടാക്സ് റഗുലേഷൻ നടപ്പിൽ വരുന്നതിനുമുൻപു കരംപിരിക്കുന്ന ജോലി മൂന്നു ഡിവിഷൻപേഷ്കാരന്മാരും ദേവികുളം കമ്മീഷണരും കൂടിയാണു നിർവഹിച്ചുപോന്നതു. റെവന്യൂഡിപ്പാർട്ടുമെന്റിനു പൊതുവിൽ ഒരു മേധാവി വേണമെന്നു അന്നു തോന്നിയിരുന്നില്ല. ഇൻകംടാക്സ് റഗുലേഷൻ നടപ്പിൽ വരുത്തി ആദായനികുതി പിരിക്കുന്നതു തുടങ്ങിയപ്പോഴാണു പേഷ്കാരന്മാരുടെയും ദേവികുളം കമ്മീഷണരുടെയും ജോലികളുടെ മേൽനോട്ടം വഹിക്കുന്നതിനു പൊതുവിൽ ഒരു മേലധികാരി വേണമെന്നു തോന്നിയതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ കാര്യങ്ങൾ എല്ലാം മററുള്ള മെമ്പറന്മാർക്കറിയാമെന്നു ഞാൻ മെമ്പറിനെ ധരിപ്പിക്കട്ടെയോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): എനിക്കറിയാൻ പാടില്ലായിരുന്നു. പേഷ്കാരന്മാർ ഇൻകംടാക്സ് റഗുലേഷനെ പല പ്രകാരം വ്യാഖ്യാനിക്കാതിരിക്കുന്നതിനു പൊതുവിൽ ഒരു മേലധികാരിയെ അന്നു നിയമിച്ചു എന്നാണ് ഞാൻ പറഞ്ഞുകൊണ്ടുവരുന്നതു. ഇപ്പോൾ ഗവർണ്മെന്റു ഒരു സ്പെഷ്യൽ ആഫീസരെ നിയമിക്കാൻ പോകുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു റെവന്യൂകമ്മീഷണരുടെ ചുമതലയും ജോലി സ്പെഷ്യൽ ആഫീസർക്കു കൊടുക്കുന്നതാണ്. തിരുവിതാംകൂറിൽ ആദായനികുതിയെ സംബന്ധിച്ച ജോലി ഉൾനാടുകളിൽ ഉള്ളതിനെക്കാൾ നഗരസമീപമുള്ള സ്ഥലങ്ങളിലാണ് അധികമുള്ളതു. അതുകൊണ്ടു പട്ടണമുള്ള സ്ഥലങ്ങളിൽ ആദായനികുതിസംബന്ധിച്ച ജോലി ഇല്ലെന്നുതന്നെ പറയാം. അപ്രകാരമിരിക്കെ ഒരു ഡിപ്പാർട്ടുമെന്റു മേലധികാരിയായ ഒരു ഉദ്യോഗസ്ഥനെ നാം നിയമിക്കാൻപോകുന്നു. അതുകൊണ്ടു റെവന്യൂ കമ്മീഷണർ ഉദ്യോഗം ആവശ്യമില്ലെന്നു പക്ഷമെന്നു ഞാൻ ഊഹിക്കുന്നു. മേൽപറഞ്ഞ കാരണങ്ങളാൽ ഡിവിഷൻ റെവന്യൂ കമ്മീഷണരെക്കൂടാതെ ഒരു പുതിയ ഉദ്യോഗസ്ഥൻ ആവശ്യമില്ലെന്നു എനിക്കു തോന്നുന്നതുകൊണ്ടു മിസ്റ്റർ ജോസഫിന്റെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഈ സംഗതി വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): അതിനെ ഞാൻ പിൻതാങ്ങുന്നു. വോട്ടിനിടുകയും അതു പാസ്സാകുകയുംചെയ്തു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): അനൌദ്യോഗസ്ഥസാമാജികന്മാരുടെ വാദപ്രതിവാദങ്ങളേയും ഇൻകംടാക്സ് കമ്മീഷണരുടെ മറുപടിയേയും ഞാൻ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കയായിരുന്നു. ഡിവിഷൻപേഷ്കാരന്മാർക്കും ഡിവിഷൻഅസിസ്റ്റൻറന്മാർക്കും ജോലി കൂടുതലാണെന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രധാനവാദമെന്നു എനിക്കു തോന്നുന്നു. അതാണ് കാരണമെന്നു സ്ഥാപിക്കുന്നതിനു അദ്ദേഹത്തിനോ അദ്ദേഹത്തിനോടു അനുകൂലിച്ച മിസ്റ്റർ സുബ്രഹ്മണ്യപിള്ളയ്ക്കോ സാധിച്ചില്ല. അവർക്കു മജിസ്റ്റീരിയൽ ജോലികൂടി നിർവഹിക്കേണ്ടതായിട്ടുണ്ട് എന്നുള്ള സംഗതിമാത്രമേ പ്രസ്താവിച്ചിട്ടുള്ളു. റെവന്യൂജോലിക്കു ഇതൊരു തടസ്സമാണെന്നു തോന്നുന്നുഎങ്കിൽ സ്പെഷ്യൽ ഇൻകംടാക്സ്കളക്ടരെ നിയമിക്കുന്നതിനെക്കാൾ നല്ലതു അവരുടെ മജിസ്റ്റീരിയൽജോലി എടുത്തുകളയുകയാണ്. മജിസ്റ്റീരിയൽ ജോലി വേർതിരിക്കേണ്ടതാണെന്നുള്ള സംഗതി ഗവണ്മെന്റിനെ ഇതിനുമുൻപു പലപ്പോഴും ധരിപ്പിച്ചിട്ടുള്ള സംഗതികളിൽ ഒന്നാണ്. അതിനെ സംബന്ധിച്ചു വേണ്ടതുപോലെ ഗവണ്മെന്റു പ്രവൃത്തിച്ചിട്ടില്ല. ഈ പ്രമേയത്തിനു പ്രധാനമായിട്ടുള്ള എതിർവാദം ഇതാണെങ്കിൽ അതിനെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം അവരിൽനിന്നും മജിസ്റ്റീരിയൽ ജോലി എടുത്തുകളയുന്നതു നന്നായിരിക്കുംഎന്നാണ് എന്റെ അഭിപ്രായം. വേറെ പറയത്തക്കതായ വാദങ്ങൾ ഒന്നും ഈ പ്രമേയത്തിനെതിരായിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. മിസ്റ്റർ പി. കെ. നാരായണപിള്ള സ്വാഭാവികമായ രസികത്വത്തോടുകൂടി ചിലതെല്ലാം പറയുകയുണ്ടായി. കോഴകൾക്കു അടിമപ്പെടാത്തവിധത്തിൽ കൂടുതൽ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥനെവേണം നിയമിക്കാൻഎന്നുള്ള സംഗതിയല്ലാതെ വേറെയൊന്നും അതിൽ ശ്രദ്ധേയമായിട്ടില്ല. കൈക്കൂലിമപ്പെടുമോ ഇല്ലയോ എന്നുള്ളതു ഉദ്യോഗസ്ഥനെയല്ലാം ആളിന്റെ സ്വഭാവത്തെ ആശ്രയിച്ചാണ് ഇരിക്കുന്നതു.

മി. ഡബ്ള്യൂ. എച്ച്. പിററ്, (പോലിസകമ്മീഷണർ): ൧൦൦ രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരെല്ലാം സാധാരണയായി സത്യവാന്മാരല്ലെന്നല്ലേ മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞതു?

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): അങ്ങിനെ മെമ്പർ പറഞ്ഞതു ഞാൻ കേട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ പിററ് പറഞ്ഞതുപോലെ ഒരു അഭിപ്രായം മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞിട്ടുണ്ടോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞങ്ങൾക്കു ചോദ്യത്തെ ഉത്തരമേ മനസ്സിലാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അദ്ദേഹം പറഞ്ഞതു ഞാൻ ശ്രദ്ധിച്ചില്ല. അതുകൊണ്ടു അദ്ദേഹത്തിന്റെ ചോദ്യത്തിനു ഉത്തരം പറയുന്നതിനു നിവൃത്തിയില്ല. അദ്ദേഹത്തിന്റെ വാദങ്ങളിൽ ശ്രദ്ധേയങ്ങളായിട്ടു വല്ലതും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഞാൻ പ്രമേയത്തെ അവതരിപ്പിച്ചതു വളരെ സംശയത്തോടുകൂടിയാണ് എന്നു പറയാം. ഇതിനെ സംബന്ധിച്ചുതന്നെ മിസ്റ്റർ ചക്കോർ നാരായണപിള്ള എഴുതി അയച്ചിട്ടുണ്ടായിരുന്നു എങ്കിലും അതിനെ അദ്ദേഹം അവതരിപ്പിച്ചില്ല എന്നു കണ്ടപ്പോൾ അദ്ദേഹത്തിനും വേറെ ചിലർക്കും അതിനെ സംബന്ധിച്ചുള്ള അഭിപ്രായം, എഴുതി അയച്ചതിൽപിന്നീടു മാറിയിരിക്കാം, എന്നു ഞാൻ ആദ്യമായിട്ടു വിചാരിച്ചു. എന്റെ അഭിപ്രായത്തോടു യോജിക്കുന്നവരായിട്ടു വേറെയും ചിലർ ഉണ്ടെന്നു കാണുന്നതിൽ എനിക്കു വലിയ ചാരിതാർത്ഥ്യമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ചക്കോട്ടു റോഡിനെപ്പററിയുള്ള മിസ്റ്റർ തങ്കന്റെ ഉപേക്ഷ അദ്ദേഹം ഹാജരാക്കിയില്ല എന്നു മെമ്പർക്കറിയാമോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): സർ, ഞാൻ ഓർക്കുന്നില്ല. ആ മാതിരിയുള്ള കാര്യങ്ങളിൽ തീർപ്പുബുദ്ധിയോടുകൂടി പെരുമാറണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഒരു ഉദ്യോഗസ്ഥനെ ആവശ്യമുണ്ടെങ്കിൽതന്നെയും ശമ്പളംകൂടുതലുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്നില്ല. ഒരു ഡിവിഷൻ അസിസ്റ്റന്റിന്റെ സ്ഥാനമുള്ള ഒരു ഉദ്യോഗസ്ഥൻ ധാരാളം മതിയെന്നാണ് എനിക്കു തോന്നുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): അയാൾ പ്രത്യേകം യോഗ്യതകൾ ഉള്ള ആളായിരിക്കേണ്ടയോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): വിശേഷാൽ യോഗ്യതകൾ ഇല്ലെങ്കിലും ഇപ്പോൾ ഉള്ളവർ ജോലി നിർവഹിച്ചുപോരുന്നുണ്ടു എന്നാണ് എനിക്കു തോന്നുന്നതു. ഇപ്പോൾ നിയമിക്കാൻ പോകുന്ന ആളിനും പ്രത്യേക യോഗ്യതകൾ ആവശ്യമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം, നെടുമങ്ങാടു): ജോലി ശരിയായി നടത്തുന്നില്ല എന്നുള്ളതു ഒരു കാരണമല്ലയോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ജോലി ശരിയായി നിർവഹിക്കുന്നില്ലെന്നു വാദിച്ചതായി ഞാൻ ഓർക്കുന്നില്ല. ദിവാൻപേഷ്കാരന്മാരെ ഡിവിഷൻ അസിസ്റ്റന്റന്മാരെ ജോലി കൂടുതലാണെന്നു അറിയിച്ചിട്ടില്ലെന്നു കമ്മീഷണർ അദ്ദേഹത്തിന്റെ മറുപടിയിൽ സമ്മതിച്ചു എന്നുകൂടി എനിക്കു പറവാനുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): കൂടുതൽ ശ്രദ്ധയോ സാങ്കേതിക പരീക്ഷായോഗ്യതയോ ഇല്ലാത്തതുനിമിത്തമാണ് പ്രസ്തുത ജോലി ശരിയായി നടത്താത്തതെന്നാണോ മെമ്പർ പറഞ്ഞതിൽനിന്നു ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഒരാളെ നിയമിക്കുന്നു എങ്കിൽ അയാൾ പരീക്ഷായോഗ്യതകൾ ഉള്ള ആളായിരിക്കണം; പ്രത്യേക യോഗ്യതകൾ ഉണ്ടായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രമേയം അവതരിപ്പിക്കുന്നതിൽ മെമ്പർ വീണ്ടും നിർബന്ധിക്കുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): അതിനെതിരായി കൊണ്ടുവന്നിട്ടുള്ള ന്യായങ്ങൾ തൃപ്തികരമായിട്ടുള്ളവയല്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. അതിന്റെ അർത്ഥം എന്താണ്?

മി. ആർ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, സ്പെഷ്യൽ ആഫീസരുടെ ആവശ്യകതയെപ്പററി ഇതിനുമുമ്പു പറഞ്ഞതിൽ കൂടുതലായി എനിക്കൊന്നും പറവാനില്ല. സ്പെഷ്യൽ ആഫീസരുടെ ജോലിയുടെ സ്വഭാവത്തെപ്പററി ചില മെമ്പർമാർക്കുള്ള രണ്ടു തെററിദ്ധാരണ മാററിയാൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ടു. സ്പെഷ്യൽ ആഫീസരെ നിയമിക്കുന്നപക്ഷം ഇൻകംടാക്സ് കമ്മീഷണരുടെ ആവശ്യമില്ലെന്നു ചിലർ പറഞ്ഞു, ഇവരുടെ രണ്ടുപേരുടേയും ജോലി വ്യത്യസ്തപ്പെട്ടവയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലാൻഡ്റവന്യൂ കമ്മീഷണരുടെ ജോലി വളരെ കുറയുകയില്ലയോ?

മി. ആർ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇല്ല, തീർച്ചയായിട്ടും ഇല്ല. നേരെമറിച്ചു സ്പെഷ്യൽ ആഫീസരുടെ തീർച്ചകൾമേലുള്ള അപ്പീൽ ഇൻകംടാക്സ് കമ്മീഷണർക്കായതുകൊണ്ടു ജോലി വർദ്ധിക്കുകയേയുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പേഷ്കാരന്മാരുടെ ജോലികൾക്കു വല്ലതും കുറവുണ്ടാകുമോ?

മി. ആർ. കൃഷ്ണപിള്ള (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അല്പം കുറവുണ്ടാകും.

ഏതായാലും ഇൻസ്പെക്ടന്മാരുള്ളപ്പോൾ ഒരു സ്പെഷ്യൽആഫീസരുടെ ആവശ്യമില്ലെന്നു മിസ്റ്റർ ശിവതാണുപിള്ള പറയുകയുണ്ടായി. ഈ രണ്ടു ഉദ്യോഗസ്ഥന്മാരുടേയും ജോലികൾക്കു തമ്മിൽ വ്യത്യാസമുണ്ട്, ഇൻകംടാക്സ് ഇൻസ്പെക്ടർ കാര്യങ്ങൾ അന്വേഷിച്ചു അറിയുന്ന ഉദ്യോഗസ്ഥനാണ്. അങ്ങനെയാണെങ്കിൽ പോലീസ് ഇൻസ്പെക്ടരന്മാരെയും മജിസ്ട്രേട്ടുമാരെയും നിയമിക്കേണ്ട ആവശ്യമില്ലെന്നു പറയാം. കളക്ടർ നീതിന്യായം നടത്തുന്ന ഉദ്യോഗസ്ഥനും ഇൻസ്പെക്ടർ ഒരു പരിശോധനാ ഉദ്യോഗസ്ഥനുമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): കളക്ടർക്കും ഇൻസ്പെക്ടരന്മാർക്കും തമ്മിലുള്ള ബന്ധം മജിസ്ട്രേട്ടന്മാർക്കും പോലീസുകാർക്കും തമ്മിൽ ഉള്ളതുപോലെയുള്ളതാണോ എന്നു എനിക്കു പറഞ്ഞുതരുമോ?

മി. ആർ. കൃഷ്ണപിള്ള (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഏകദേശം അതുപോലെയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): കളക്ടർക്ക അപ്പീൽ തീർച്ചചെയ്യുന്നതിനുള്ള അധികാരങ്ങൾകൂടെയുണ്ടോ?

മി. ആർ. കൃഷ്ണപിള്ള (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ആദ്യവിചാരണയ്ക്കുള്ള അധികാരംമാത്രമെയുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം, നെടുമങ്ങാട്ട): ഇപ്പോൾ സൃഷ്ടിക്കാൻപോകുന്ന ഉദ്യോഗത്തിനു വേണ്ട യോഗ്യത ദിവാൻപേഷ്കാരന്മാർക്കുണ്ടോ എന്നു കമ്മീഷണർക്ക പറയാമോ?

മി. ആർ. കൃഷ്ണപിള്ള (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതു ഗവൺമെൻറ നിശ്ചയിക്കേണ്ടതാണ്.

ആ ഉപക്ഷേപം വോട്ടിനിടുകയും തള്ളപ്പെടുകയുംചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനു ഒരു പോൾ എടുക്കേണ്ടതാണെന്നു ഞാൻ ആവശ്യപ്പെടുന്നു.

അദ്ധ്യക്ഷൻ. ഉപക്ഷേപത്തെ അനുകൂലിക്കുന്നവർ എഴുന്നേററു നിൽക്കാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഇതിൻെറ നടപടിക്രമത്തിൻെറ സാധുതയെപ്പററി ചോദിച്ചുകൊള്ളട്ടെ. വോട്ടിനിട്ടപ്പോൾ മി. സി. പി. തോമസ് ഇവിടെയില്ലായിരുന്നു. വോട്ടെടുക്കുന്നസമയം ഹാജരില്ലാത്തവർക്ക വോട്ടിനു അവകാശമില്ലെന്നു മുമ്പു ഉപാദ്ധ്യക്ഷൻ പറയുകയുണ്ടായി. എന്നാൽ അദ്ദേഹത്തെ പോളിനു അനുവദിക്കാമൊ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഉപാദ്ധ്യക്ഷൻ): വോട്ടു തീരുമാനിച്ചതിനുശേഷം വോട്ടിനാവശ്യപ്പെട്ട ഒരു മെമ്പറിനോടാണ് അങ്ങനെ പറഞ്ഞതു എന്നു ഞാൻ വിചാരിക്കുന്നു.

അനുകൂലിച്ചവർ—൧൨.

൧.	മിസ്റ്റർ	സി. കേരളവർമ്മ കോയിത്തമ്പുരാൻ	൭.	മിസ്റ്റർ	ടി. കെ. തോമസ്
൨.	,,	കെ. ഐ. ജോസഫ്	൮.	,,	സി. പി. തരകൻ
൩.	,,	തയ്യൂർ കുഞ്ഞുതൊമ്മൻ	൯.	,,	ഏ. കെ. പിള്ള
൪.	,,	എക്സ്. ജി. ഫെർണ്ണാണ്ടസ്	൧൦.	,,	എം. ശിവതാണുപിള്ള
൫.	,,	ജി. രാമൻമേനോൻ	൧൧.	,,	എം. സുബ്രഹ്മണ്യപിള്ള
൬.	,,	കെ. പി. നീലകണ്ഠപ്പിള്ള	൧൨.	,,	എസ്. സുബ്രഹ്മണ്യകരയാളർ

പ്രതികൂലിച്ചവർ—൨൮.

൧.	മിസ്റ്റർ	സി. പി. കൊച്ചുകുഞ്ഞുപിള്ള	൧൬.	മിസ്റ്റർ	കെ. ജോർജ്
൨.	,,	എൻ. വി. ജോസഫ്	൧൭.	,,	പി. എൻ. കൃഷ്ണപിള്ള
൩.	,,	എൻ. കുമാരൻ	൧൮.	മിസ്റ്റർ	ആർ. കൃഷ്ണപിള്ള
൪.	,,	ടി. കുമാരപിള്ള	൧൯.	,,	ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൫.	,,	കരിങ്ങാംപള്ളിൽ ആർ. രാമൻപിള്ള	൨൦.	,,	കയ്യാലക്കൽ പരമേശ്വരൻപിള്ള
൬.	,,	എസ്. പിറവിപ്പെരുമാൾപിള്ള	൨൧.	,,	ഡബ്ലിയു. എച്ച്. പിററ്
൭.	,,	കെ. ശിവരാമപ്പണിക്കർ	൨൨.	മിസ്സസ്	എം. പുന്നൻ ലൂക്കോസ്
൮.	,,	എൻ. ഏ. ലാംപാർഡ്	൨൩.	മിസ്റ്റർ	ടി. പി. രാമസുബ്ബയ്യർ
൯.	,,	കെ. മാധവൻപിള്ള	൨൪.	,,	കെ. എൻ. രാമസുബ്ബയ്യർ
൧൦.	,,	വി. സുബ്ബയ്യർ	൨൫.	റാവുബഹദൂർ	മി. കെ. വി. രംഗസ്വാമി അയ്യങ്കാർ
൧൧.	,,	പി. കെ. നാരായണപിള്ള			
൧൨.	,,	എം. എൻ. പിള്ള	൨൬.	മിസ്റ്റർ	ജെ. സ്റ്റീഫൻസൺ
൧൩.	,,	സി. പി. തോമസ്	൨൭.	,,	ഏ. ജെ. വാൻഡാസ്റ്റ്
൧൪.	,,	ഐ. സി. ചാക്കോ	൨൮.	,,	ഏ. വെല്ലപ്പൻ
൧൫.	,,	ആർ. ധനുക്കോടിപ്പിള്ള			

നിഷ്പക്ഷവാദികൾ ൪.

൧.	മിസ്റ്റർ	പോൾ ഡാനിയേൽ	൩.	മിസ്റ്റർ	ആർ. പത്മനാഭൻ
൨.	,,	പി. ഹബീബ് മഹമ്മദ്	൪.	,,	കല്ലൂർ നാരായണപിള്ള

ഉപക്ഷേപം തള്ളപ്പെട്ടു.

ഉപക്ഷേപങ്ങൾ ൧൮൨൦-൧൮൩൦.

ഇതേപ്രകാരമുള്ള താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. ടി. കെ. മാത്യു.

൧൮൨. സ്പെഷ്യൽ ആഫീസരുടെ ആഫീസിനുവേണ്ടി നീക്കിവച്ചിട്ടുള്ള ൫൪൧൨ രൂപാ കുറയ്ക്കണം.

മിസ്റ്റർ ജി. നാരായണപിള്ള.

൧൮൩. സ്പെഷ്യൽ ആഫീസരുടെ ആഫീസിനുവേണ്ടി നീക്കിവച്ചിട്ടുള്ള ൫൪൧൨ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൭൮.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ട): സർ, താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

൧൭൮. സ്പെഷ്യൽ ഇൻകംടാക്സ് കളക്ടരുടെ ആഫീസ് സിൽബന്തികളുടെ ചിലവിലേക്ക ൫൪൧൨ രൂപ അനുവദിച്ചിട്ടുള്ളതിൽ ൭൬൦ രൂപ കുറവുചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഇൻകംടാക്സ് കളക്ടരുടെ ആഫീസിലേക്ക ഒരു ഹെഡ്ക്ലാർക്കും നാലുക്ലാർക്കന്മാരും ആവശ്യമുണ്ടെന്നാണ് നിർദ്ദേശിച്ചിരുന്നത്. ഇതിൽ ആറുക്ലാർക്കന്മാർക്ക ൪൦ രൂപാമുതൽ ൭൦ രൂപാവരെ ശമ്പളം നിശ്ചയിച്ചിരിക്കുന്നു.

ആളു വളരെ കൂടുതലാണ്. ഡിവിഷൻകച്ചേരികളിലും, റവന്യൂകമ്മീഷണർ ആഫീസിലും ഉള്ള ക്ലാർക്കന്മാരെക്കാറം ഉപരിയായിട്ടാണ് ഈ ശമ്പളം നിശ്ചയിച്ചിരിക്കുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്); നാലുപേക്കും ജോലിയില്ലായിരുന്നാലോ?

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ട): അങ്ങിനെ കുറയ്ക്കണമെന്നല്ല പറയുന്നതു്. അവക്ക നിശ്ചയിച്ചിട്ടുള്ള ശമ്പളം കുറയ്ക്കണമെന്നാണ് ഞാൻ പറയുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ശമ്പളംകുറച്ചാൽ സ്റ്റാറസ് കുറയുകയില്ലയോ?

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ട): എന്റെ പ്രസംഗം മുഴുവനും കേൾക്കുമ്പോൾ മനസ്സിലാകും. ധൃതിവെച്ചാൽ നിവൃത്തിയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി). നടപടിക്രമത്തെപ്പററി ഒരു കാര്യം ഞാൻ ചോദിച്ചുകൊള്ളുന്നു. ചോദ്യോത്തരങ്ങൾ പ്രസംഗത്തിൽ ഉൾപ്പെടുന്നതാണോ? അതോ പ്രസംഗത്തെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ ചോദ്യോത്തരങ്ങളേയും ബന്ധിക്കുന്നതാണോ?

അദ്ധ്യക്ഷൻ. ആരുടെ ചോദ്യം?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു മെമ്പർ മറെറാരു മെമ്പരോടു ചോദിക്കുന്നതു്.

അദ്ധ്യക്ഷൻ. കാര്യങ്ങൾ അറിയുന്നതിലായി പരസ്പരം ന്യായമായി ചോദ്യം ചോദിക്കുന്നതിനു വിരോധമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഉപയോഗിക്കുന്ന ഭാഷയെപ്പററിയാണ് പറയുന്നതു്. നാം ഒരു പ്രത്യേക ഭാഷയിൽ സംസാരിക്കണമെന്നാണ് വച്ചിട്ടുള്ളതു്.

അദ്ധ്യക്ഷൻ. ഒരു മെമ്പർ ഒരു പ്രത്യേകഭാഷയിൽ സംസാരിക്കണമെന്നു വിചാരിക്കുന്നു എങ്കിൽ ആദ്യംമുതൽ അവസാനംവരെ ആ ഭാഷയിൽതന്നെ സംസാരിക്കണമെന്നാണ് സാധാരണയുള്ള ഒരു ചട്ടം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ആ ചട്ടം ചോദ്യോത്തരങ്ങളേയും ബന്ധിക്കുന്നതാണോ?

അദ്ധ്യക്ഷൻ. ഏതുവിധത്തിൽ എങ്കിലും സഭയെ മനസിലാക്കണമെന്നേയുള്ളു. ഒരു മെമ്പർ ഇംഗ്ലീഷിൽ സംസാരിക്കുന്നപക്ഷം അയാൾ എപ്പോഴും ആ ഭാഷയിൽതന്നെ സംസാരിക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം); ഇംഗ്ലീഷ് അറിയാൻപാടില്ലാത്ത മെമ്പറോടു ഇംഗ്ലീഷിൽതന്നെ ചോദിക്കണമോ?

അദ്ധ്യക്ഷൻ. വേണം.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ട): ചോദ്യംചോദിക്കാൻ ഏതു മെമ്പർക്കും അവകാശമുണ്ടെന്നല്ലാതെ ഉത്തരംപറയിക്കാനുള്ള അധികാരമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ആ ക്ലാർക്കന്മാരെ നിയമിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതു ൨ പേക്ക ൨൦ രൂപാമുതൽ ൩൦ രൂപാവരെയും, ൨ പേക്ക ൪൦ രൂപാമുതൽ ൭൦ രൂപാവരെയും ശമ്പളംനിശ്ചയിച്ചു നിയമിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ആർ. കൃഷ്ണപിള്ള (ആക്ടിംഗ് ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, ഞാൻ മി. ടി. കുമാരപിള്ളയുടെ അഭിപ്രായത്തെ സമ്മതിച്ചിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ട): ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൮൪.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയതായി ഗണിച്ചില്ല:

മി. ടി. ജെ. മാത്യു ൧൮൪ സ്പെഷ്യൽ ഇൻകംടാക്സ് കളക്ടരുടെ ആഫീസിലെ ചിലവിനു നീക്കിവച്ചിട്ടുള്ള ൭൪൧൮ രൂപയിൽ ഒരു രൂപ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഉപക്ഷേപം ൧൮൫.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. പി. ഹബീബ് മഹമ്മദ്:

൧൮൫ സ്പെഷ്യൽ ഇൻകംടാക്സ് കളക്ടരുടെ ആഫീസിലേയ്ക്കു നീക്കിവച്ചിട്ടുള്ള ൭൪൧൮ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൮൬.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കൊല്ലം കൊട്ടാരക്കര-ചെങ്ങന്നൂർ):

സർ, താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

൧൮൬ കോടതിചിലവിലേയ്ക്കു വച്ചിട്ടുള്ള ൧൦൦ രൂപ കുറയ്ക്കണം.

ഈ ചിലവു അനുവദിക്കത്തക്കതല്ലെന്നു ഞാൻ തത്വത്തെ ആസ്പദമാക്കിയാണ് പറയുന്നതു. ഇൻകംടാക്സ് കേസുകൾക്ക വക്കീലന്മാരെ ഏർപ്പെടുത്തുകയും അവക്ക ഫീസുകൊടുക്കയും ചെയ്യുക്കൂട എന്നുള്ള വിഷയത്തെപ്പററി ഈ സഭയിൽ മുലങ്കഷമായി പരിചിന്തനംചെയ്യുകയും അവക്ക ഫീസനുവദിച്ചുകൂടെന്നു ഗവമെന്റു തീരുമാനിക്കയും ചെയ്തിട്ടുണ്ട്. ൧൧൦൦-ൽ വക്കീൽഫീസിലേയ്ക്കു ൧൦൦൦ രൂപ ബഡ്ജററിൽ ചേത്തിരുന്നു. എന്നാൽ അതു സഭ അനുവദിച്ചില്ല. ൧൧൦൧-ൽ മിസ്റ്റർ റാബിൻസൺ കേസുനടത്തിയ രണ്ടു വക്കീലന്മാക്ക കൊടുക്കുന്നതിനു ൧൦൦ രൂപ വേണമെന്നപേക്ഷിച്ചിട്ടു അതിനും നിയമസഭ അനുമതിനൾകിയില്ല. ൧൧൦൭-ലെ ബഡ്ജററ് ഫൈനാൻസ്കമ്മിററിയിൽ നിരൂപണത്തിനായിട്ടു വന്നപ്പോൾ ഇതെപ്പററി വാദപ്രതിവാദം ഉണ്ടായി. അതിനെ സംബന്ധിച്ചുള്ള മിന്നിട്ട്സ് താഴെ പറയുംപ്രകാരമാണ്:—

"അടുത്ത നിർദ്ദേശം ഗവമെന്റ ഉത്തരവനുസരിച്ചു ഇൻകംടാക്സ് കമ്മീഷണരുടെ മുൻപാകെ വന്നിട്ടുണ്ടായിരുന്ന കാഠിന്യമേറിയ രണ്ടു പ്രധാനപ്പെട്ട കേസുകൾ നടത്തിയതിനു രണ്ടു അസിസ്റ്റന്റു ഹെഡ് സർക്കാ

ർവക്കീലന്മാർക്കു കൊടുക്കുന്നതിനു ൫൦൦ രൂപ ബഡ്ജറ്റിൽ കൊള്ളിക്കണം എന്നായിരുന്നു. ഇതിനുമുമ്പിൽ നിയമസഭ ഈ വകയ്ക്കു പണം അനുവദിച്ചിട്ടുണ്ടെന്നു തീരുമാനിച്ചിട്ടുണ്ടെന്നുള്ള കാരണത്തിന്മേൽ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെന്നു മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പ്രസ്താവിച്ചു. മേലാൽ ഈ ജോലിക്കു പണം അനുവദിക്കാൻ പാടില്ലാ എന്നുള്ള നയം ഗവണ്മെന്റ അംഗീകരിച്ചിട്ടുണ്ടെന്നും, ഇപ്പോൾ ആവശ്യപ്പെട്ട തുക കൊടുക്കേണ്ട ബാദ്ധ്യത ഗവണ്മെന്റിനു ഉണ്ടെന്നും മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയെ ധരിപ്പിച്ചപ്പോൾ അദ്ദേഹം തന്റെ വാദത്തെ പിൻവലിച്ചു".

ഗവണ്മെന്റ ആ നയം അംഗീകരിച്ചിട്ടുള്ള സ്ഥിതിക്കു ഈ തുക ഇപ്പോൾ ബഡ്ജറ്റിൽ കൊള്ളിച്ചതിനുള്ള കാരണം മനസ്സിലാകുന്നില്ല.

മി. ആർ. കൃഷ്ണപിള്ള (ആ. ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഈ തുക വക്കീൽഫീസു കൊടുക്കുന്നതിനല്ല. ഇൻകംടാക്സ് റെഗുലേഷൻ ൩൦-ാം വകുപ്പനുസരിച്ചു ഹൈക്കോടതിയുടെ വിധിയിന്മേൽ ഉണ്ടാകുന്ന ചിലവിലേയ്ക്കു മാത്രമായിട്ടാണ് ഈ ചെറിയതുക ആവശ്യപ്പെട്ടിട്ടുള്ളതു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഉദ്ദേശിച്ചിരിക്കുന്ന ചിലവിന്റെ സ്വഭാവം എന്താണെന്നു പറയാമോ?

മി. ആർ. കൃഷ്ണപിള്ള (ആ. ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഹൈക്കോടതി ഗവണ്മെന്റിൽനിന്നും ചിലവുകൊടുക്കണമെന്നു വിധിക്കുമ്പോൾ ആ തുക കൊടുക്കുന്നതിലേയ്ക്കാണ്.

൫൫൦-ൽ ഏഴും, ൫൫൦-ൽ ഒന്നും കേസുകൾ ഹൈക്കോർട്ടിന്റെ അഭിപ്രായത്തിനയക്കുകയുണ്ടായി. ഇതുവരെപ്പററി ഹൈക്കോർട്ടിന്റെ അഭിപ്രായം ഇതുവരെ വന്നില്ല. ഹൈക്കോർട്ടിൽനിന്നും കൊടുക്കണമെന്നു പറയേണ്ടിവരുന്ന ചിലവു കൊടുക്കുന്നതിലേക്കാണ് ഈ ചെറിയതുക അനുവദിക്കണമെന്നു പറയുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): കോടതിച്ചിലവിലേയ്ക്കാണ് ഈ തുക ആവശ്യപ്പെടുന്നതെങ്കിൽ അതിലേയ്ക്കു ൫൦൦ രൂപ മതിയാകുമെന്നു ലാൻഡ് റവന്യൂ കമ്മീഷണർ വിചാരിക്കുന്നുവോ?

മി. ആർ. കൃഷ്ണപിള്ള (ആ. ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എത്രകൊടുക്കേണ്ടതായി വരുമോ എന്നും, നാം കൊടുക്കേണ്ടതായിട്ടു വരുമോ എന്നും സൂക്ഷ്മമായിട്ടു അറിയാൻ പാടില്ല. വേണ്ടിവന്നാൽ കൊടുക്കുന്നതിനു സ്വല്പം പണം വേണമെന്നാണ് പറയുന്നതു്, അത്രയുമുള്ളൂ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ലുവട്ടം തെക്കുതാഴിൽ തെക്കൻ): അതിനെപ്പററി ഒരു വിവരണം താഴെ കൊടുത്തിരുന്നെങ്കിൽ ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുകയില്ലായിരുന്നു. വക്കീൽഫീസ് കൊടുക്കുന്നതിനല്ല പണം ആവശ്യപ്പെട്ടതെന്നു ലാൻഡ് റവന്യൂ കമ്മീഷണർ പറഞ്ഞതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൫൨൧.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. കെ. ഐ. ജോസഫ്.

൫൨൧ അഭ്യർത്ഥന ൪-ാംവകുപ്പിൽ 'ഫ. ന. ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതിൽനിന്നു ൫൦൦൦൦ രൂ. കുറയ്ക്കണമെന്ന്.

ഉപക്ഷേപം ൫൨൨.

മെമ്പർ ഹാജരില്ലാത്തതിനാൽ താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയതായി വിചാരിച്ചില്ല.

മി. ടി. ജെ. മാത്യു.

൫൨൨ അഭ്യർത്ഥന ൪-ാം വകുപ്പിൽ 'ഫ. ന. ലക്ഷംരൂപ നീക്കിവച്ചിട്ടുള്ളതിൽനിന്ന് ൫ രൂപ കുറക്കണമെന്ന്.

ഉപക്ഷേപം ൫൨൩

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൫൨൩ അഭ്യർത്ഥന ൪-ാംവകുപ്പിൽ 'ഫ. ന. ലക്ഷംരൂപ നീക്കിവച്ചിട്ടുള്ളതിൽനിന്നു ൫൩ രൂപ കുറക്കണമെന്ന്.

ഉപക്ഷേപം ൫൩൦.

മി. എസ്. സുബ്രഹ്മണ്യ കരയാളർ (പത്മനാഭപുരം-കൽക്കുളം):

൫൩൦ അഭ്യർത്ഥന ൪-ാംവകുപ്പിൽ 'ഫ. ന. ലക്ഷംരൂപ നീക്കിവച്ചിട്ടുള്ളതിൽനിന്നു ൫൦൦ രൂപ കുറക്കണമെന്ന്.

ആദായനികുതി നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ അതൃപ്തികരമായ ജോലി നിർവഹണത്തെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. കരം ചുമത്തുന്ന നടപടികളെ സംബന്ധിച്ചിടത്തോളം ആദായനികുതി ഉദ്യോഗസ്ഥന്മാർ ന്യായാധിപന്മാരെപ്പോലെ പെരുമാറണമെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നതു്. എന്നാൽ അവർ ന്യായാധിപന്മാരെപ്പോലെ വാസ്തവത്തിൽ പെരുമാറുന്നില്ല. നീതിന്യായവകുപ്പിന്റെ സാധാരണതത്വങ്ങൾക്കു വിരോധമായിട്ടും, തോന്നിയതുപോലെയുമാണ് അവർ ആദായനികുതി നിശ്ചയിക്കുന്നതു്. ഉദാഹരണമായിട്ടു രേഖാമൂലം തെളിക്കാത്തതും, കക്ഷികളാൽ സമ്മതിക്കപ്പെടാത്തതുമായ ആദായമാർഗ്ഗങ്ങൾ ഉണ്ടെന്നുള്ള വെറും ധാരണയിന്മേൽ ആ ധാരണകളെ പരിഹരിക്കുന്നതിനു വേണ്ട തെളിവുകൾ കൊടുക്കുന്നതിനുള്ള സൌകര്യംപോലും അനുവദിക്കാതെ ധാരാളമായി ആദായനികുതി ചുമത്തുന്നുണ്ടെന്നു എനിക്കറിയാം. സർ, ഇതൊരു വലിയ ശോച്യാവസ്ഥയാണ്. ഇതിനു നിവാരണം ചെയ്യേണ്ടിയിരിക്കുന്നു.

ആദായനികുതി ഉദ്യോഗസ്ഥന്മാർ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുകയെക്കാൾ കൂടുതൽ കാണിക്കുന്നതിനുവേണ്ടി കണ്ടമാനം കരം ചുമത്തുന്നതിനു മടിക്കുന്നില്ല. ഒരാളിൽ ആദായനികുതി ചുമത്തുന്നതിനു എന്തെങ്കിലും ഒരു കാരണമുണ്ടെങ്കിൽ മതിയെന്നു ഒരു ആദായനികുതി ഉദ്യോഗസ്ഥൻ എന്നോടു പറയുകയുണ്ടായി. സർ, ഒരു ഇൻകംടാക്സ് ആഫീസർക്കുണ്ടായിരിക്കേണ്ടതായ മനസ്ഥിതി ഇതല്ല.

അതുകൂടാതെ ആദായനികുതി ഉദ്യോഗസ്ഥന്മാർ, ആദായമാർഗ്ഗമോ, നികുതിചുമത്തേണ്ടതായ വരവോ ഉണ്ടോ എന്നു അന്വേഷിക്കാതെയും കണക്കുകൾ പരിശോധിക്കാതെയും ആളുകൾക്കു 'ഡി. ഫാറം' നോട്ടീസുകൾ അയക്കാറുണ്ട്. നികുതിചുമത്തത്തക്കവരവോ, കച്ചവടസംബന്ധമായ ജോലികളോ ഇല്ലാത്തവരായ ഒട്ടധികം ജനങ്ങൾ കണ്ണീരൊഴുക്കുന്നുണ്ടെന്നുള്ള വിവരം ഗവർന്മെന്റിനു അറിയാമെന്നു തോന്നുന്നു. ആദായനികുതി ഉദ്യോഗസ്ഥന്റെ കണക്കു ഹാജരാക്കിയില്ലെന്നുള്ളതുതന്നെയാണു കരം ചുമത്തുന്നതിനുള്ള കാരണം. ഇപ്രകാരമുള്ള ആദായനികുതി ചുമത്തുന്ന ഏർപ്പാടു ആദായമാർഗ്ഗമില്ലാത്തവരായ പലരെയും വിഷമിപ്പിക്കുന്നുണ്ട്.

ബ്രിട്ടീഷ് ഇൻഡ്യയിലുള്ള വസ്തുക്കളിൽനിന്നോ, മററിനങ്ങളിൽനിന്നോ ആദായം തിരുവിതാംകൂറിൽ കൊണ്ടുവന്നു ചിലവാക്കുന്നുണ്ടെന്നുള്ള ധാരണയിന്മേൽ ആദായനികുതി ചുമത്താറുണ്ടെന്നുള്ള വേറൊരു സംഗതിയാണു് അവസാനമായിട്ടു ഗവർന്മെന്റിനെ ധരിപ്പിക്കാനുള്ളതു്. അപ്രകാരമുള്ള ആദായത്തിന്മേൽ നികുതി ചുമത്തത്തക്കതല്ലെന്നല്ല എന്റെ വാദം. അതു തിരുവിതാംകൂറിൽ കൊണ്ടുവന്നാലല്ലാതെ നികുതി ചുമത്താൻപാടുള്ളു എന്നാണു് ഞാൻ പറയുന്നതു്. ഇൻകംടാക്സ് ഉദ്യോഗസ്ഥന്മാർ ആ വക ആദായം തിരുവിതാംകൂറിൽ വന്നോ, വന്നില്ലയോ എന്നു അന്വേഷിക്കാതെ ആദായനികുതി പിരിക്കുന്നതിനു ഉത്സാഹപ്പെട്ടുതുടങ്ങുന്നുണ്ട്. ബ്രിട്ടീഷ് ഇൻഡ്യയോടു ചേർന്നുകിടക്കുന്ന എന്റെ നിയോജകമണ്ഡലത്തിൽ ഈ സമ്പ്രദായം ആളുകളെ വളരെ വിഷമിപ്പിക്കുന്നുണ്ട്. ഗവർന്മെന്റ ഇതിനെപ്പററി പര്യാലോചിച്ചു പരിഹാരമാർഗ്ഗം ഉണ്ടാക്കിത്തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. ആർ. കൃഷ്ണപിള്ള (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, മിസ്റ്റർ കരയാളർ ആദായനികുതി ഉദ്യോഗസ്ഥന്മാരുടെ മേൽ ആരോപിച്ചിട്ടുള്ള കുററങ്ങൾ വ്യക്തമാകുന്നില്ല. അതുകൊണ്ടു പ്രസ്തുതത്തെ പറയുന്നതിനു തരമില്ല. ആദായനികുതിയിൽ ൧൫ ശതമാനം വരവിന്റെ ചുമതലയോടുകൂടി ഒരു സ്പെഷ്യൽ ഇൻകംടാക്സ് കളക്ടരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അയാൾ ജോലിയിൽ പ്രവേശിക്കുമ്പോൾ മി. കരയാളർ ചൂണ്ടിക്കാണിച്ചതായ ന്യൂനതകൾ കിടയാകുന്നതല്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട). ഇൻകംടാക്സ് കമ്മീഷണർ ഉറപ്പുപറയുന്നതുകൊണ്ടു ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചിരിക്കുന്നു.

അനുമതിപ്രകാരം ഉപക്ഷേപത്തെ പിൻവലിച്ചു.

ഉപക്ഷേപം ൭൯൭.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. എസ്. പി. വിപ്പ്ലവുമാൾപിള്ള ൪-ാം ഡിമാന്റിൻപ്രകാരം ൨൩ ലക്ഷം രൂപായിൽ നിന്നും ൭൦൦ രൂപാ കുറയ്ക്കണം.

അദ്ധ്യക്ഷൻ. മി. കുമാരപിള്ളയുടെ ഉപക്ഷേപമനുസരിച്ചു ൨൩ ലക്ഷത്തിൽ ൧൭൦ രൂപാ ആദായനികുതിയിനത്തിൽ കുറച്ചു ൪-ാം ഡിമാന്റ് അനുവദിക്കേണ്ടതാണെന്നും വോട്ടിനിടുന്നതിനു ഞാൻ സമ്മതിച്ചിരിക്കുന്നു.

ആ തുക അനുവദിച്ചു.

ഡിമാന്റ് ൫ എക്സൈസ് ഡിപ്പാർട്ടുമെന്റ ൩൭.൭൪ ലക്ഷം രൂപ.

മി. ഡി. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): എക്സൈസ് ഡിപ്പാർട്ടുമെന്റിലേക്കു ൫-ാം ഡിമാന്റിൻപ്രകാരം ൩൭.൭൪ ലക്ഷം രൂപ അനുവദിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഉപക്ഷേപം ൭൯൨.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): താഴെപറയുന്നപ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

൭൯൨ ഇൻസ്പെക്ടന്മാരുടെ ചിലവിനു വച്ചിട്ടുള്ള ൩൭൨൫൬ രൂപയിൽനിന്നു ൨൧൦൦ രൂപാ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഉപ്പളങ്ങളിൽ നിയമിച്ചിട്ടുള്ള ൭ ഇൻസ്പെക്ടന്മാരിൽ ൩ പേരെ കുറയ്ക്കണമെന്നാണു് ഈ ഉപക്ഷേപത്തിന്റെ താല്പര്യം. ഉപ്പളങ്ങളിലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു എനിക്കു കഴിഞ്ഞ ൧൫ കൊല്ലക്കാലമായിട്ടുള്ള അറിവുണ്ട്. അതിൽനിന്നും മൂന്നു ഇൻസ്പെക്ടന്മാരാവശ്യമില്ലെന്നു ഞാൻ ധൈര്യംപറയാം. പതിന്നാലു ഉപ്പളങ്ങൾ ഉള്ളതിൽ രാജാക്കമംഗലത്തു രണ്ടും കുളച്ചലിൽ ഒന്നും ഉപയോഗശൂന്യമായിരിക്കയാണ്. ഭൂമിശാസ്ത്രത്തിന്റെ ഈറലുള്ളതുകൊണ്ടു ഇവ ഉപയോഗമില്ലാത്തവയായി തീർന്നിരിക്കുന്നു. മിസ്റ്റർ വാൻറാസ് എക്സൈസ് കമ്മീഷണരായതിൽപിന്നീടു രാജാക്കമംഗലത്തും കുളച്ചലിലും ഉള്ള പഴയഅളങ്ങൾ നന്നാക്കുന്നതിനു ധാരാളം പണം ചിലവാക്കിയിട്ടുണ്ടെങ്കിലും അതിൽനിന്നും ഉപ്പുവിളയിച്ചെടുക്കുന്നതിനു എക്സൈസ് കമ്മീഷണർക്കു സാധിച്ചിട്ടില്ല. ഈ അളങ്ങളിൽ ഉപ്പുണ്ടാകുന്നില്ലെങ്കിലും അവിടെയുള്ള രണ്ടുഇൻസ്പെക്ടർമാർക്കും സിൽബന്തികൾക്കും ശമ്പളംകൊടുക്കുന്നതിനുള്ള തുക അനുവദിപ്പിക്കാറുണ്ട്. ഗവർന്മെന്റിനു ആദായമില്ലാതിരിക്കെ ഇപ്രകാരം ധനവ്യയം ചെയ്തിട്ടുള്ളതിനെ സഭ്യേതരമെന്നു നിയമസഭയ്ക്കു എക്സൈസ് കമ്മീഷണരോടു ആവശ്യപ്പെടുന്നതിനു അവകാശമുണ്ട്. പ്രസാദിക്കാത്ത മച്ചിപ്പശുക്കളെരക്ഷിക്കുന്നതിനു ന്യായമുണ്ട്. എന്നാൽ ആദായമില്ലാത്ത അളങ്ങളെ സംരക്ഷിക്കേണ്ട ആവശ്യം ഉണ്ടോ എന്നു സംശയിക്കുന്നു. ഈ അളങ്ങളിലുള്ള രണ്ടു ഇൻസ്പെക്ടർമാരെ കുറക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

താമരക്കുളത്തു് നോക്കുന്നതായാൽ, മണക്കുടികായലിന്റെ കിഴക്കുവശം ആറും പടിഞ്ഞാറുവശം നാലും അളങ്ങളുണ്ട്. കിഴക്കുവശത്തു ൫൦൦ ഏക്കർ വിസ്താരമുള്ള അറളങ്ങളിലുംകൂടി ചാർജ്ജ്വഹിക്കുന്നത് രണ്ടു ഇൻസ്പെക്ടന്മാരാണു. എന്നാൽ പടിഞ്ഞാറുവശത്തു ൩൧൦ ഏക്കർമാത്രം വിസ്തീർണ്ണമുള്ളനിലങ്ങ

ക്കിൽ ചാർജ്ജ് വഹിക്കുന്ന [illegible] ഇൻസ്പെക്ടർമാരുണ്ട്. മൂന്നുപേരുള്ളതിൽ ഒരാളെ കുറവുചെയ്യുന്നതെന്നും [illegible] എന്റെ അഭിപ്രായം. പുന്നപ്രയിൽ ലൈസൻസുപിടിച്ചിട്ടുള്ളവർ വില്ക്കുന്നതാ [illegible] ഗവണ്മെന്റിനെ ഏല്പിക്കുന്നതിനു ചുമതലപ്പെട്ടവരാകകൊണ്ട് [illegible]. ശ്രീരങ്കരനല്ലൂരും ഷ്ക്കി [illegible] ഇൻസ്പെക്ടറുടെ ചാർജ്ജിൽ വിട്ടുകൊടുക്കുന്നപക്ഷം അയാൾക്ക് സൗകര്യമായി ജോലിനടത്തുന്നതിനുസാ ധിക്കും. എസ്. [illegible] അതുപോലെതന്നെ എസ്. എം. [illegible] എം. അതുപോലെതന്നെ ചാർജ്ജ് [illegible] ഈ ഇൻസ്പെക്ടർ [illegible] കൊടുക്കാം. [illegible] പരിശോധന [illegible] ഇൻസ്പെക്ടർമാർ മതി എന്നാണ് എന്റെ അഭിപ്രായം. [illegible] ഇൻസ്പെക്ടർമാരെ [illegible] ഇത് [illegible] ആവശ്യമാണ്. [illegible] ഇൻസ്പെക്ടർ [illegible] ശമ്പളമുണ്ടെന്നു വിചാരിക്കുന്നപക്ഷം [illegible] ൧൭൦൦ രൂപാ [illegible]. ഇപ്രകാരം ഞാൻ എന്റെ [illegible] വിവരിച്ചുകൊള്ളുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ) : [illegible] സംബന്ധിച്ച—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : എക്സൈസ് കമ്മീഷണർ ഈ [illegible] കുറവിനെ [illegible] എതിർവാദംചെയ്യാൻ പോവുകയാണോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ) : എനിക്ക് എതിർവാദമുണ്ട്.

[illegible] ഇൻസ്പെക്ടർമാർക്ക് [illegible] സംബന്ധിച്ചുള്ള [illegible] ചുമതലയില്ലെങ്കിൽ ജോലി [illegible] ഉണ്ട് കടലാസുപണിയും [illegible] ഇൻസ്പെക്ടറെ ആവശ്യമുണ്ട്. ഗവണ്മെന്റിലേക്കു രാജ്യഭോഗം കിട്ടുന്നതും വളരെ മുതലെടുപ്പുള്ളതുമായ സ്ഥലങ്ങളാണ്, ഇതിനെ [illegible] ഈ [illegible] ജോലി കൊല്ലത്തിൽ [illegible]. അതിൽ ജോലിയുണ്ടെങ്കിലും ഇല്ലെങ്കിലും ഇൻസ്പെക്ടർ എപ്പോഴും അവിടെ ഉണ്ടായിരിക്കേണ്ടതാണ്.

മി. ടി. കുമാരപിള്ള (കഴക്കൂട്ടം-വിളവങ്കോട്) : ഈ ജോലി [illegible] എത്രമാസത്തേക്കുണ്ടായിരിക്കും?

മി. എ. ജെ. വാൻറാസ് [illegible] കൊല്ലത്തിൽ [illegible] ഒഴിച്ചു ബാക്കി എല്ലാസമയവും [illegible] ജോലിയുണ്ടായിരിക്കും.

[illegible]

[illegible]

മി. [illegible]

[illegible]

മി. [illegible]

[illegible] എക്സൈസ് കമ്മീഷണർ [illegible]?

മി. [illegible]

[illegible]

മി. [illegible]

[illegible]

മി. എസ്. സുബ്രഹ്മണ്യ [illegible] (പദ്മനാഭപുരം-ചെങ്കോട്ട) [illegible]

[illegible]

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ) [illegible]

[illegible]

മി. എസ്. സുബ്രഹ്മണ്യ [illegible] (പദ്മനാഭപുരം-ചെങ്കോട്ട) [illegible] ഉപയോഗിക്കുന്ന [illegible] ഇല്ലയോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): [illegible] എന്ന [illegible] ചീഫ് എഞ്ചിനീയർ [illegible] ഏർപ്പെടുത്തുന്നതായിരിക്കും.

മി. എസ്. സുബ്രഹ്മണ്യ [illegible] (പദ്മനാഭപുരം ചെങ്കോട്ട): ഈ സമ്പ്രദായംതന്നെ കന്യാകുമാരിയിലു പരീക്ഷിച്ചുനോക്കുകയായിരുന്നുവോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): എനിക്കറിഞ്ഞുകൂട. ഇതിലേക്ക [illegible] കവെള്ളം ചാമ്പുന്ന യന്ത്രം ഉപയോഗിക്കാറുണ്ട്.

യന്ത്രം സ്ഥാപിച്ചതിനാൽ [illegible] അളവിൽ ഉപ്പു ഉണ്ടാക്കുന്നതിനു ആരംഭിക്കുന്നതാണ്.

മി. സുബ്രഹ്മണ്യ [illegible] (പദ്മനാഭപുരം ചെങ്കോട്ട): ശുദ്ധജലത്തിന്റെ ഉറവു എങ്ങിനെ നിറുത്തുമെന്നാണ് ഉദ്ദേശിക്കുന്നത്?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): അതിനു പ്രത്യേകംവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): ശുദ്ധജലത്തിന്റെ ഉറവില്ലെങ്കിൽ അവിടെ എന്തുകൊണ്ടു ഉപ്പ് ഉണ്ടാകുന്നില്ല.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മിഷണർ): ഉപ്പുവെള്ളംകിട്ടുന്നതിനു വഴിയില്ല. ഉപ്പുവെള്ളം കയറുന്നതില്ല.

രാജാക്കമംഗലത്തു ഉപ്പ് ഉണ്ടാക്കുന്നതിനു കുറച്ചു വിഷമം ഇതുവരെ ഉണ്ടായിരുന്നു. പുറത്തെതടത്തിൽ ഉപ്പുവെള്ളം കയറുമ്പോൾ മേൽഭാഗത്തുള്ള ഓടകളിൽക്കൂടി ശുദ്ധജലംകയറി വെള്ളത്തിലുള്ള ഉപ്പുരസത്തെ കുറയ്ക്കുന്നു. ഈ വിഷമത്തെ പരിഹരിക്കുന്നതിനു മിസ്റ്റർ കെ. വി. നടേശയ്യരുടെകാലത്തു ചെങ്ങറ പ്രോവിഡന്റ് [illegible] അതുകൊണ്ടു മേൽഭാഗത്തുനിന്നും വരുന്ന പച്ചവെള്ളം കടലിലേക്ക് ഒഴുകുന്ന ഒരു തോട്ടിലേയ്ക്കു വെട്ടിവിടാൻ ആലോചിക്കുന്നുണ്ട്. അപ്പോൾ ഉപ്പുവെള്ളം നിൽക്കുന്നതടങ്ങളിൽ ശുദ്ധജലം കയറുകയില്ല. [illegible] ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഭൂമികൾ തിരിച്ചുപാട്ടത്തിനുകൊടുത്തിട്ടുള്ള [illegible] ഭൂമി [illegible] അതു പണി പൂർത്തിയായാൽ രാജാക്കമംഗലത്തു ഉപ്പുണ്ടാക്കുന്നതിനു ആരംഭിക്കാവുന്നതാണ്.

മി. [illegible] (കരുനാഗപ്പള്ളി [illegible]): അവിടെ [illegible] ചാനൽ വെട്ടിയിട്ടുണ്ടോ?

എൻറെ ബഹുമാനപ്പെട്ട സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള [illegible] ഗവൺമെൻറ തിരുവിതാംകൂറിലെ ഉപ്പുകൃഷിയെ കുറച്ചു നാളായിട്ടു [illegible] പ്രോത്സാഹിപ്പിക്കുക ചെയ്യുന്നതായി കാണാവുന്നതാണ്. [illegible] ചെയ്യുന്നതിൽ ഉൽസുകന്മാരാണെന്നാണ് പൊതുജനങ്ങൾ ധരിച്ചിരിക്കുന്നത്. [illegible] നടപടി ഇതിനെ തെളിയിക്കുന്നു. ഗവൺമെൻറിൽ [illegible] വിതാംകൂറിലെ ഉപ്പുകൃഷിയെ അഭിവൃദ്ധിപ്പെടുത്തി [illegible] മദ്ധ്യതിരുവിതാംകൂർ മുഴുവൻ ഇതിനുവേണ്ടി [illegible] ഞാൻ ഈ അവസരത്തിൽ [illegible] തിരുവിതാംകൂർ [illegible] മുമ്പ് [illegible] അനുഭവിക്കുന്ന ഒരു ഭാഗമായിരുന്നു. മഴയുടെ കുറവും [illegible] താംകൂർ [illegible] ആയിരിക്കുന്നു. മുമ്പ് അവിടെ ഉണ്ടായിരുന്നതായ ഉപ്പു [illegible] പിക്കുന്നതു നന്നായിരിക്കുന്നതാണ്. [illegible] ഉപ്പു [illegible] തിനു കൊള്ളുകയില്ലെന്നു അഭിപ്രായപ്പെടാൻ ഇടയുണ്ട്. ഇതു ഞാൻ പറഞ്ഞുകൊള്ളട്ടെ. [illegible] എങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ ശാസ്ത്രീയ അഭിവൃദ്ധിയിൽ [illegible] പരിഹരിക്കപ്പെടാവുന്നതാണ്. ഈ കാരണങ്ങളാൽ ഗവൺമെൻറ [illegible] ഉപ്പു [illegible] ഉപ്പുകൃഷി ചെയ്യിക്കുന്നതിനും, പുതിയ [illegible] തിനും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിൽ [illegible] [illegible] ഉപ്പുപാത്തികൾ [illegible] ഉപ്പുകൃഷി [illegible] ബോധ്യമായ [illegible] വളരെ [illegible] [illegible] അങ്ങനെ [illegible] [illegible] അഭിപ്രായമായിട്ടാണ് [illegible]. [illegible] തെക്കൻ തിരുവിതാംകൂർ [illegible] തിരുവിതാംകൂറിനെക്കാൾ ശക്തിയായിട്ടാണ്. മദ്ധ്യതിരുവിതാംകൂറിൽ ഉപ്പുകൃഷി നടപ്പിൽവരുത്തേണ്ടതിനു [illegible] കാരണമാണ്. ഈ അഭിപ്രായത്തെ [illegible] ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എൻറെ സ്നേഹിതന്മാരുടെ [illegible] മനസ്സിലാക്കുന്നതിനു എനിക്കു കഴിയാത്തതിൽ ഞാൻ [illegible] ഒരു [illegible] ആവശ്യമുള്ള ഒരു സാധനമാണെന്നു എല്ലാവരും സമ്മതിക്കുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-തൊടുപുഴ): [illegible] ഉപ്പു [illegible] തന്നെ വരുത്തേണ്ടിവരുന്നില്ലയോ? (ചിരി)

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതല്ലേ ഉദ്യോഗസ്ഥന്മാർ കൂടുതൽ ഉപ്പ് ഉണ്ടാക്കുന്നതിനാവശ്യപ്പെടുന്നതിനെക്കാൾ ഉപ്പിൻെറ വില കുറയുന്നതിനും [illegible] എന്നു ഞാൻ വിചാരിച്ചു. അപ്രകാരമുള്ള ഒരു മുറവിളി ഉണ്ടാകുമെന്നു വിചാരിച്ചു ഞാൻ [illegible] യിരുന്നു. എല്ലാ മെമ്പറന്മാരും ലൈസൻസികളുടെ സങ്കടങ്ങളെപ്പററി പറയുമെന്നു [illegible] ണ്ടായിരുന്നുള്ളു. ഈ ലൈസൻസ് സംബന്ധിച്ചകാര്യം [illegible] അതിനു ലൈസൻസികളും ഗവൺമെൻറും തീരുമാനിക്കേണ്ടതാണെന്നാണ് ഞാൻ വിചാരിച്ചത്. ന്യായമുണ്ടെങ്കിലും ഇല്ലെങ്കിലും ലൈസൻസികളുടെ മാത്രമായ സങ്കടങ്ങളെപ്പററി പ്രസംഗിക്കുന്നതിൽ സഭയുടെ സമയം വ്യയം ചെയ്യുന്നതിനു പാടില്ലായിരുന്നു എന്നു എനിക്കു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ലൈസൻസികളാണ് ഉപ്പുണ്ടാക്കുന്നതിനു ഉത്തരവാദികളായുള്ളവർ എന്നു മെമ്പററിയാമോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതു ശരിതന്നെ.

മി. എം. ശിവതാണുപിള്ള (തോവാള): അങ്ങനെയിരിക്കെ ഉപ്പു കൂടുതലായിട്ടു ഉണ്ടാകുന്നതിനു വേണ്ട സൌകര്യം ലൈസൻസികൾക്കു കൊടുക്കാതെ എങ്ങനെ ഉപ്പു കൂടുതലായിട്ടുണ്ടാകും?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതെനിക്കറിയാം. അവർ എല്ലാവരേക്കാളും കൂടുതൽ സൌകര്യം വേണമെന്നാവശ്യപ്പെട്ടുകൊണ്ടുതന്നെയിരിക്കുമെന്നുള്ളതും എനിക്കറിയാം. ഓരോ ലൈസൻസികളുടെ

ദാരേയുള്ള പ്രത്യേകരീതിയിലുള്ള പെരുമാററത്തെപ്പററിയാണ് ഇവിടെ പ്രസംഗിച്ചത്. അല്ലാതെ ലൈസൻസികൾക്കു പൊതുവെയുള്ള സങ്കടങ്ങളെപ്പററിയല്ല. ഇത്രയുംമാത്രം പ്രസംഗങ്ങളിൽനിന്നും എനിക്കു മനസ്സിലായി.

മി. എം. ശിവതാണുപിള്ള (തോവാള): അവരുടെ മടിശീലയിൽ കുറവുവന്നാൽ അതിന്റെ ഫലമായി ഉപ്പുകൃഷിക്കും സാരമായ കുറവുതട്ടുകയില്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എല്ലാമാതിരി കച്ചവടങ്ങളിലും ഒരാൾക്കു നഷ്ടവും മററൊരാൾക്കു ലാഭവും ഉണ്ടാകുന്നതാണ്. അതുകൊണ്ട് ഒരു വിചാരണനടത്തേണ്ട ആവശ്യമുണ്ട് എന്നു പറയാൻ പാടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സാധാരണ കൺട്രാക്ടറന്മാരേയും ലൈസൻസികളേയും ഒന്നുപോലെയാണോ വിചാരിക്കുന്നതു എന്നു മെമ്പർ പറഞ്ഞുതരുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ അഭിപ്രായം അതാണ് എന്നു ഞാൻ സമ്മതിക്കുന്നു. ഇവിടെ നടന്ന പ്രസംഗങ്ങളിൽനിന്നും ആ വിഷയത്തെ സംബന്ധിച്ചു എനിക്കുണ്ടായിട്ടുള്ള അഭിപ്രായത്തിൽ വേറെ ധാരാളം ലൈസൻസികൾ ഉണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു. എന്നാൽ അവരോടു പ്രത്യേകരീതിയിൽ പെരുമാറി എന്നാണ് പരാതി. അവരുടെ പരാതി കോടതിമുഖാന്തിരമൊ ഗവണ്മെന്റുമുഖാന്തിരമൊ തീക്കാവുന്നതാണ്. ആ സഭയിൽ ഇതു പ്രമാദമാക്കി കാണിക്കേണ്ട കാര്യം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റ അവരുടെ സങ്കടനിവാരണം ചെയ്യുന്ന എന്നു വിചാരിക്കുക. അതു കൌൺസിലിൽ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുകതന്നെയല്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കൊണ്ടുവരുന്നതുകൂടാ എന്നില്ല. അതു സഭയുടെ ജോലിയാണ് എന്നു ഞാൻ വിചാരിക്കുന്നില്ല. നിയമസഭമുമ്പാകെ കൊണ്ടുവരുന്നതായ സംഗതികൾ പൊതുജനങ്ങളെ സംബന്ധിക്കുന്നവയായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഉപ്പുകൃഷി പൊതുവെ പ്രാധാന്യമുള്ള ഒരു വിഷയമല്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു പൊതുവിൽ പ്രാധാന്യമുള്ള ഒരു വിഷയംതന്നെ. ഉപ്പുകൃഷിയുടെ പ്രാധാന്യത്തെ നോക്കുന്നതിനെപ്പററി ഒരു മെമ്പരും സംസാരിച്ചതായി എനിക്കു തോന്നുന്നില്ല. ഉപ്പുകൃഷിയുടെ പ്രാധാന്യത്തെപ്പററിയോ, അതു നന്നാക്കുന്ന വിധത്തെപ്പററിയോ ഏതെങ്കിലും മെമ്പർ സംസാരിക്കുമോ എന്നു വിചാരിച്ചു അക്ഷമനായികാത്തുകൊണ്ടിരിക്കയായിരുന്നു എന്നതാദ്യംതന്നെ പറഞ്ഞുകൊള്ളട്ടെ. എന്നാൽ നേരമറിച്ചു എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള ഉപ്പുകൃഷിയിൽ അഭിവൃദ്ധി ഉണ്ടാകേണ്ടതാണ്ടു് കുറഞ്ഞാണ കാണുന്നതെന്നു തെളിയിക്കുന്നതിനു വേണ്ട കണക്കുകൾകാണിച്ചു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. അദ്ദേഹം പിന്നീട് അതിനെപ്പററി എന്തു് പറയുമെന്നു ഞാൻ നിരീക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹം പിന്നീടു കൺട്രാക്ടറന്മാരുടെ സങ്കടങ്ങളെപ്പററി പറഞ്ഞു. എന്റെ സ്നേഹിതൻ മിസ്റ്റർ ശിവതാണുപിള്ളയും ഉപ്പുകൃഷിയുടെ അഭിവൃദ്ധിക്കുറവിനെപ്പററി സംസാരിച്ചു. അതുകഴിഞ്ഞു് അദ്ദേഹം മറെറാരു വിഷയത്തിലേക്കു കടക്കുന്നു പ്രവേശിച്ചു. അസിസ്റ്റൻറ കമ്മീഷണർ താമരക്കുളത്തു താമസിക്കുന്നില്ലെന്നുള്ളതിനെപ്പററി അദ്ദേഹം സംസാരിച്ചു. അസിസ്റ്റൻറ കമ്മീഷണർ നാഗർകോവിലിലോ താമരക്കുളത്തോ താമസിക്കുന്നതും ഉപ്പുകൃഷിക്കും തമ്മിലുള്ളബന്ധം എന്താണെന്നു ചോദിച്ചുകൊണ്ടു അദ്ദേഹം ഇതിനെപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ തടസ്സപ്പെടുത്തി.

മി. എം. ശിവതാണുപിള്ള (തോവാള): പുത്തൻ പതിച്ചുകൊടുത്തതുകൊണ്ടു ഉപ്പുവെള്ളം ധാരാളമായി കിട്ടുന്നില്ലെന്നു എക്സൈസ് കമ്മീഷണർ അല്പംമുമ്പിൽ പറഞ്ഞതായി മെമ്പർ ഓർമ്മിക്കുന്നുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു അസിസ്റ്റൻറ കമ്മീഷണറുടെ താമരക്കുളത്തെ താമസത്തിനു ഏങ്ങനെയാണ് പ്രതിബന്ധമായിത്തീരുന്നതു്?

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ സംസാരിക്കുന്നതിനുമുമ്പു് പ്രസംഗിച്ചവർ ഈസംഗതിയെ സംബന്ധിച്ചു പൂർണ്ണമായ വിവരങ്ങൾ മെമ്പറിനെ ധരിപ്പിച്ചിട്ടില്ലാ എന്നുള്ളതാണോ മെമ്പർ പറഞ്ഞുകൊണ്ടുവരുന്നതു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതുതന്നെയാണ് എന്റെ പരാതി.

മി. എം. ശിവതാണുപിള്ള (തോവാള): സംസാരിക്കുന്നതിനുമുമ്പായി മെമ്പർതന്നെ അതേസംബന്ധിച്ചുള്ള റിക്കാർഡുകൾ വായിച്ചുനോക്കുന്നതല്ലേ നന്നു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതു നിയമസഭയുടെ വിചാരണയ്ക്കു എടുക്കത്തക്ക ഒരു കാര്യമാണെന്നു എന്റെ സ്നേഹിതന്മാർ തെളിയിച്ചിട്ടില്ല എന്നാണ് ഞാൻ പറയുന്നതു്. ഈ സങ്കടങ്ങൾക്കു പരിഹാരം കോടതിമുഖാന്തിരം നേടാവുന്നതാണു്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോടു): ഈ വിഷയത്തെപ്പററി സംസാരിച്ച ആളുകൾ അതിനെസംബന്ധിച്ചു ശക്തിയോടുകൂടി സംസാരിച്ചതിനെ മനസ്സിലാക്കാൻ മെമ്പർക്കു സാധിക്കാതെവന്ന അബദ്ധമാണ് ഇതു് എന്നു മനസ്സിലായിട്ടുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്റെ സ്നേഹിതന്മാരുടെ വാദത്തിന്റെ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലാക്കാൻ കഴിയാഞ്ഞതുകൊണ്ടു അവരോടു ക്ഷമായാചനംചെയ്തുകൊള്ളുന്നു എന്നു എന്റെ പ്രസംഗത്തിന്റെ മുഖവുരയിൽ പറഞ്ഞതുതന്നെ അതുകൊണ്ടാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം, വിളവങ്കോടു): എന്നാൽ ഇങ്ങനെ ശരിയായിട്ടു ശക്തിയായിട്ടും വാദിച്ചിട്ടുള്ളവരെ സംബന്ധിച്ചു അഭിപ്രായം പറയാതെ കഴിച്ചുകൊള്ളാമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അഭിപ്രായംപറയുന്നില്ല. എനിക്കു മനസ്സിലാക്കാൻകഴിഞ്ഞതു എന്താണെന്നു പറയണമെന്നു ഞാൻ വിചാരിക്കുന്നു. പാമരനായ ഒരുവനുണ്ടായേക്കാവുന്ന വിഷമതകളെ മുൻകൂട്ടി അറിഞ്ഞു അദ്ദേഹത്തിനു പറയാനുള്ള കാരണങ്ങളെ എന്റെ സ്നേഹിതൻ പറഞ്ഞമായിരുന്നു. മേ

M

ചാൽ പ്രസംഗിക്കാൻപോകുന്നതായ സ്നേഹിതന്മാർക്ക് ഇതിനെസംബന്ധിച്ച കൂടുതൽ അറിവു എനിക്കു തരുവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നു. ഞാൻ മനസ്സിലാക്കിയിടത്തോളം ഇവിടെ പ്രതിവാദിച്ചവിഷയം ശുദ്ധ മേ സാങ്കേതികമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം, വിളവംകോട്): ഉപ്പളത്തിൽ ലൈസൻസികളുടെ ഇടയിൽതന്നെ പലതരിതി സിസ്റ്റം ഉണ്ടെന്നറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളം, വിളവംകോട്): ഓരോ സിസ്റ്റത്തിലും ഉൾപ്പെട്ട ലൈസൻസികൾ തമ്മിൽ ചിലവിലും ലാഭത്തിലും പല വ്യത്യാസങ്ങളും ഉണ്ടെന്നറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനും ഇതിനും തമ്മിൽ എന്താണ് ബന്ധം?

മി. ടി. കുമാരപിള്ള (കൽക്കുളം, വിളവംകോട്): അതു മനസ്സിലാക്കീട്ടു മെമ്പർ സംസാരിക്കേണ്ടതാണ് എന്റെ അഭിപ്രായം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എല്ലാ കണക്കുകളും വസ്തുതകളും മനസ്സിലാക്കി കൊണ്ടുവരേണ്ടതായിട്ടില്ല എന്നുള്ളതു നിയമശാസ്ത്രത്തിന്റെ സാധാരണ തത്വങ്ങളിൽ ഒന്നാണെന്നു എന്റെ സ്നേഹിതന്മാരെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. നിങ്ങളോ കേസു പുറപ്പെടുവിക്കുമ്പോൾ അതിനെസംബന്ധിച്ചുള്ള സകല വിവരങ്ങളും നിങ്ങൾ തന്നെ തയാറാക്കിക്കൊടുക്കണം. എല്ലാ കക്ഷികളും വിവരങ്ങൾ മനസ്സിലാക്കുമെന്നു വിശ്വസിക്കാൻ തരമില്ല; എനിക്കു മനസ്സിലാക്കുവാനുള്ള ശക്തിക്കുറവല്ല; പിന്നെയോ പൂർത്തിയായി വിവരങ്ങൾ ധരിപ്പിക്കാത്തതാണ് ന്യൂനത.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ അഭിപ്രായം ഈ ഉപക്ഷേപത്തെപ്പററി സംസാരിച്ചിട്ടുള്ളവരെ എല്ലാം ഒരുപോലെ ബാധിക്കുന്നതാണോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല, സ്വന്തകാര്യങ്ങളെ പ്രതിപാദിക്കുന്നതിനു കൊണ്ടുവന്ന ചില മെമ്പറന്മാരെപ്പററിമാത്രമേ ഞാൻ പറയുന്നുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): മററുള്ളവരോടു സഹായത്തിനു അപേക്ഷിക്കുന്നതിനു മുമ്പായി അന്യോന്യം സഹായിക്കേണ്ടതാണെന്നു മെമ്പർ സമ്മതിക്കുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല. എല്ലാവാദികളും വസ്തുത മനസ്സിലാക്കിക്കൊണ്ടുവരുമെന്നു വിശ്വസിക്കാൻ തരമില്ലെന്നുള്ളതു നിയമശാസ്ത്രത്തിൽ ഒരു സാധാരണ തത്വമാണ്. തെളിവുഭാരം വാദിഭാഗത്തേക്കാണ്. നിങ്ങളുടെ വാദവിഷയം എന്താണെന്നു സൂക്ഷ്മമായിട്ടു ജൂറിയെ മനസ്സിലാക്കിക്കൊടുക്കണം. നിങ്ങളുടെ വാദം എന്താണെന്നു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഏതോ ഒരു സങ്കടത്തെ പരിഹരിക്കേണ്ടതായിട്ടുണ്ടെന്നു എനിക്കു മനസ്സിലായി. ആ സങ്കടപരിഹാരം കോടതിമുഖാന്തിരം നേടാവുന്നതാണെന്നു എനിക്കു തോന്നുന്നു. ഇമ്മാതിരിയുള്ള പരാതികൾ നിയമസഭയിൽ കൊണ്ടുവരേണ്ട ആവശ്യം എന്താണ്?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): അളങ്ങളിൽ നടക്കുന്ന ജോലികളുടെ മേൽനോട്ടം ശരിയായവിധത്തിൽ വഹിക്കുന്നതിനു താമരക്കുളത്തു അസിസ്റ്റന്റു കമ്മീഷണരുടെ താമസം അത്യന്താപേക്ഷിതമാണെന്നു മെമ്പർക്കറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നിശ്ചയമായിട്ടു അത്യാവശ്യമാണ്. ഡിപ്പാർട്ടുമെന്റിന്റെ ഒരു ഉള്ളപ്പറത്തെപ്പററി പറയുകയാണെങ്കിൽ ഞാൻ നിങ്ങളോടു പൂർണ്ണമായി യോജിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): അങ്ങനെയാണെങ്കിൽ വാദപ്രതിവാദത്തിൽ ഇരിക്കുന്ന വിഷയത്തിനും അസിസ്റ്റന്റു കമ്മീഷണർ താമരക്കുളത്തു താമസിക്കുന്നില്ലെന്നുള്ളതിനും തമ്മിൽ ബന്ധമുണ്ടോ ഇല്ലയോ എന്നു മെമ്പർ പറയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല. അതിനും പ്രതിപാദിക്കപ്പെട്ട വിഷയമായ ഉപ്പുകൃഷിക്കും തമ്മിൽ ബന്ധമില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്പുകുളം, പൈങ്ങോട്ടിൽ, തോവാള): ഇൻസ്പെക്ടറന്മാരുടെ കാര്യത്തെപ്പററി സംസാരിച്ചപ്പോൾ ഉപ്പു കൃഷിചെയ്യുന്നതിനു ഇൻസ്പെക്ടറന്മാരാവശ്യമാണെന്നു സമ്മതിച്ചതിനെ മെമ്പർ ഓർക്കുന്നുണ്ടോ എന്നു പറയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഓർക്കുന്നുണ്ട്. മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ നിമിഷംതോറും അവിടെ ഹാജരുണ്ടായിരിക്കുന്നതിനു അവിടെ നിമിഷംപ്രതി ഉപ്പുണ്ടാകുന്നുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉപ്പളങ്ങളിലുള്ള എല്ലാ ഇൻസ്പെക്ടറന്മാരെയുംപററി മെമ്പർക്ക് തൃപ്തിയാണോ?

മി. വി. സ്വച്ഛേശ്വർ (നിയമനം) (ഉപാദ്ധ്യക്ഷൻ): ഞാൻ നടപടിക്രമത്തെസംബന്ധിച്ച ഒരു ചോദ്യം ചോദിച്ചുകൊള്ളുന്നു. ഇതു ഒരു സാക്ഷിയെ ക്രാസുചെയ്യുകയാണോ അതോ ഒരു മെമ്പറിന്റെ പ്രസംഗമാണോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇവിടെ സ്നേഹിതന്മാർ എന്നെ ചോദ്യംചോദിച്ചു മടക്കാമെന്നു വിചാരിക്കയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): എന്നെസംബന്ധിച്ചിടത്തോളം ഞാൻ അപ്രകാരം ഒന്നും ഉദ്ദേശിച്ചില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രതിപാദിക്കുന്നതായ വിഷയം ഉപ്പുകൃഷിയെയോ ഉപ്പിന്റെ വില താഴ്ത്തുന്നതിനെയോ സംബന്ധിച്ചുള്ള ഒന്നാണെന്നുവരികിൽ ഞാൻ അവരോടു പൂർണ്ണമായി യോജിക്കുന്നു. അതല്ലാതെ അതു പ്രത്യേകം ഒരാളുടെ സങ്കടമാണെന്നുവരികിൽ ഞാൻ അവരോടു സഹതപിക്കുന്നു, എന്നാൽ സങ്കടപരിഹാരം കോടതിമുഖാന്തിരം നേടേണ്ടതാണെന്നു ഉപദേശിച്ചുകൊള്ളുന്നു എന്നുമാണ് എനിക്കവരോടു പറയാനുള്ളത്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, മിസ്റ്റർ സുബ്രഹ്മണ്യപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടുകൂടി ജാതിമതഭേദമന്യേ സകലർക്കും ഭക്ഷണത്തിനാവശ്യമുള്ള ഉപ്പ് എന്ന പദാർത്ഥം കൃഷിചെയ്യുന്നതുപോലെ എല്ലാ വർഗ്ഗക്കാർക്കും ഒരുപോലെ പ്രാധാന്യമേറിയതും കൂടുതൽ പ്രയോജനമുള്ളതുമായ മറെറാരു തൊഴിൽ ഉള്ളതായി എനിക്കു തോന്നുന്നില്ല എന്നുകൂടി പറയേണ്ടിയിരിക്കുന്നു. എന്നാൽ കൃഷിചെയ്തു കിട്ടുന്നതായ ഉപ്പ് ആവശ്യക്കാർക്കു കൊടുക്കാൻ മതിയാകുന്നില്ല എന്നുള്ളതു വളരെ പരിതാപകരമായിട്ടുള്ളതാണ്. ഇക്കൊല്ലം അല്പം കൂടുതൽ ഉണ്ടെന്നു പറയാതെ തരമില്ല. ൧൦൯൬-ൽ പിന്നീടുള്ള കാലത്തോടു ഇപ്പോഴത്തെ കൂടുതലിനെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒന്നുമില്ല. ആ കൊല്ലം ൫,൨൨,൦൦൦ മണങ്ങു ഉണ്ടായിരുന്നു എന്നു കണക്കുകൊണ്ടു കാണാം. ഇക്കൊല്ലം ൨,൭൮,൦൦൦-ൽ ചില്വാനം മണങ്ങു മാത്രമേയുള്ളു. കഴിഞ്ഞകൊല്ലം അല്പം കൂടുതലുള്ളതായി നാം കണ്ടു എങ്കിലും ആകപ്പാടെ സാരമായ കുറവു ഉണ്ടെന്നു തെളിയുന്നു. എന്നാൽ ചില തകരാറുകൾ ഉണ്ട്. ന്യൂനത എന്താണെന്നറിഞ്ഞു നമുക്കു പരിഹാരമുണ്ടാക്കണം. താമരക്കുളം, കുമ്പളം മുതലായ അളങ്ങളിൽ ഉള്ളതുപോലെ ചില അളങ്ങളിൽ പ്രകൃത്യാതന്നെ ചില ന്യൂനതകൾ ഉണ്ടെന്നു എക്സൈസ് കമ്മീഷണർ നമ്മോടു പറകയുണ്ടായി.

ഇവയെല്ലാം ശരിയായി വേണ്ടതുപോലെ പരിഹരിക്കണം. അതിനു നിവൃത്തിയില്ലെങ്കിൽ നമുക്കു മറ്റുള്ള അളങ്ങളിൽ ജോലി ഇപ്പോഴത്തെ വിധത്തിൽ നടത്താമോ എന്നറിയുന്നതിനുവേണ്ടി ഇവയെ ഉപേക്ഷിക്കാം. ലൈസൻസികളുടെ ഉപേക്ഷനിമിത്തം ൩൧൫-ൽ ചിദംബരം ഏക്കർ സ്ഥലത്തു ഉപ്പുപാടങ്ങൾ ഉള്ളതിൽ ൧൫൭ ഏക്കറിൽ കൃഷി നടന്നില്ല എന്നു റിപ്പോർട്ടിൽനിന്നും കാണുന്നു. സർ, ഒരു ഗവണ്മെന്റിൽനിന്നും അന്വേഷിക്കേണ്ട ഒരു സംഗതിയാണ്. ഡിപ്പാർട്ടുമെന്റിൽനിന്നും ലൈസൻസികളെ നിർബന്ധിച്ചു ജോലി നടത്തി കൂടുതൽ ഉപ്പുണ്ടാക്കുന്നതിനു ശ്രമിക്കേണ്ടതായിരുന്നു. ജനങ്ങൾക്കു ഏറ്റവും ആവശ്യമുള്ള ഒരു വസ്തുവായതുകൊണ്ടു ഒരു അഭിവൃദ്ധിയിൽ കൊണ്ടുവരേണ്ടതാണെന്നാണ് ഞാൻ പറയുന്നത്. മിസ്റ്റർ വാൻറാസ് ഇന്നുപറഞ്ഞതിൽനിന്നും ഈ രാജ്യത്തുള്ള ജനങ്ങൾക്കാവശ്യമുള്ളിടത്തോളം ഉപ്പ് അളങ്ങളെ അഭിവൃദ്ധിപ്പെടുത്തിയാൽ ഉണ്ടാക്കാവുന്നതാണെന്നാണ് എനിക്കു തോന്നുന്നത്. അങ്ങിനെ ഇരിക്കെ ഇതുവരെ അതിനുവേണ്ടി യത്നിക്കാതെയിരുന്നത് എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഗവണ്മെന്റും എക്സൈസ് കമ്മീഷണരും അതിലേക്കു വേണ്ടതു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിഷയത്തെപ്പററി ക്ലിപ്തമായ അന്വേഷണങ്ങൾ നടത്തുന്നതിനു ഒരു കമ്മിററി നിയമിക്കേണ്ടതാണെന്നുള്ള മി. സുബ്രഹ്മണ്യപിള്ളയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിച്ചുകൊള്ളുന്നു. ഈ ഡിപ്പാർട്ടുമെന്റിലെ ജോലി നടത്തുന്നതിനു എക്സൈസ് കമ്മീഷണർക്കു പ്രയാസമാണെങ്കിൽ അതു എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും വേർതിരിക്കണമെന്നു അഭിപ്രായപ്പെടുന്നതിൽ എനിക്കു വിരോധമില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും ബ്രിട്ടീഷ് ഇൻഡ്യയിലും മററു സ്ഥലങ്ങളിലും ഈ ഡിപ്പാർട്ടുമെന്റു എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും വേർതിരിച്ചതായി നമുക്കു മനസ്സിലായി. ഈ ഡിപ്പാർട്ടുമെന്റു ഭരിച്ചുകൊണ്ടു അതിനെ അഭിവൃദ്ധിപ്പെടുത്താൻ കഴിയുന്നതാണോ എന്നു എനിക്കു മനസ്സിലാകുന്നില്ല. ഏതുവിധത്തിലെങ്കിലും വേർപാടു ഉണ്ടാകണമെന്നു തോന്നുന്നപക്ഷം ഞാൻ അതിനുവേണ്ടി നിശ്ചയമായി ശിപാർശചെയ്യുന്നതാണ്. കമ്മിററിക്കു പ്രയോജനകരമായ വിധത്തിൽ വല്ലതും പ്രവൃത്തിക്കാൻ കഴിയുമെങ്കിൽ എല്ലാംകൊണ്ടും അപ്രകാരമിരിക്കട്ടെ. ഞാൻ പറയാൻ ആഗ്രഹിക്കുന്നതെന്തെന്നാൽ നമ്മുടെ രാജ്യത്താവശ്യമുള്ള ഉപ്പ് നാം തന്നെ ഉണ്ടാക്കണമെന്നാണ്.

മി. കെ. എം. ജോസഫ് (മീനച്ചൽ-ദേവികുളം): ഉപ്പിനെ സംബന്ധിച്ചു ധാരാളം സമയം വ്യയം ചെയ്തുപോയതുകൊണ്ടു കള്ളിനെപ്പററി സംസാരിക്കുന്നതിനു സമയമില്ലാതെ വന്നേക്കുമെന്നു ഞാൻ സംശയിക്കുന്നു. അതിനെപ്പററി ഇപ്പോൾ ചോദിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അതിനെ പിന്താങ്ങുന്നു.

അവസാനിപ്പിക്കണമെന്ന ഉപക്ഷേപം കൊണ്ടുവരികയും സ്വീകരിക്കയും ചെയ്തു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, എക്സൈസ് കമ്മീഷണർ അദ്ദേഹത്തിന്റെ മറുപടിയിൽ അളങ്ങളിലുള്ള പലമാതിരി ലൈസൻസികളെ തരംതിരിക്കുന്നതിനെപ്പററി അദ്ദേഹത്തിന്റെ റിപ്പോർട്ടിനെ ഗവണ്മെന്റിൽനിന്നും അനുവദിച്ചു എന്നു പറഞ്ഞു. ലൈസൻസികൾ വളരെ ക്ഷാമമായി അനുഭവിച്ചുവന്നിരുന്നതും ഞാൻ കേട്ടുവന്നിട്ടുള്ളതുമായ ഒരു പരാതിയിൽനിന്നു അവർ വിമുക്തരായി എന്നു ഞാൻ വിചാരിക്കുന്നു. രണ്ടാമതായി ബ്രൈനിൽകൊണ്ടുവരുന്നതിനു വേണ്ടിവരുന്ന സ്ഥലങ്ങൾ എക്സൈസ് കമ്മീഷണരും ചീഫ് എഞ്ചിനീയരുമായി യോജിച്ചു നടപ്പിൽവരുത്താൻ പോകുന്നുണ്ട്. രണ്ടുകൊല്ലങ്ങൾക്കു മുമ്പിൽ അതായതു ൧൧൦൫-ലെ ബഡ്ജറ്റ് നിരൂപണം നടന്ന സമയത്താണെന്നു തോന്നുന്നു, ഇപ്രകാരംതന്നെ പറയുകയുണ്ടായി. ഈ നിസ്സാരമായജോലി എളുപ്പത്തിൽ നടത്തുമെന്നു വിശ്വസിക്കുന്നു.

പിന്നീട്, കഞ്ചുച്ചാൽ അളത്തിൽ എണ്ണയന്ത്രം സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ളതിനെപ്പററി അതെങ്ങിനെ ഉപ്പുകൃഷിയെ അഭിവൃദ്ധിയിൽ കൊണ്ടുവരുമെന്നു നമുക്കു പരീക്ഷിക്കേണ്ടതായിട്ടുണ്ട്. പ്രസംഗത്തിനിടയിൽ എക്സൈസ് കമ്മീഷണർ ഞാൻതന്നെ ഒരു ലൈസൻസി എന്ന നിലയിൽ സംസാരിക്കയുണ്ടായി. ഞാൻ ഒരു ലൈസൻസി എന്നുള്ള നില വിട്ടിട്ടു ഏകദേശം രണ്ടുമൂന്നുമാസത്തിനുമേലായി എന്നറിയിക്കേണ്ടിയിരിക്കുന്നു.

മി. ഡബ്ലിയു. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഞാൻ ക്ഷമായാചനം ചെയ്തുകൊള്ളുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ലൈസൻസ് കൈമാററം ചെയ്തില്ലെങ്കിലും അതുകൊണ്ടു സംബന്ധിച്ചുള്ള സകല അവകാശങ്ങളും കൊടുത്തുകഴിഞ്ഞു. വാദവിഷയം 'സബ്ജുഡിസ്സിൽ' ഇരിക്കുന്നതുകൊണ്ടു എനിക്കു പറയാനുള്ളതെല്ലാം സഭയെ ധരിപ്പിക്കാനിടയായില്ല എന്നുള്ള പ്രധാനകാരണത്താൽ ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കണമെന്നാഗ്രഹിക്കുന്നു. എന്റെ സ്നേഹിതന്മാരായ മി. കുമാരപിള്ളയും, മി. ശിവതാണുപിള്ളയും ഈ കാരണംകൊണ്ടുതന്നെ എല്ലാം പറയുന്നതിനു സാധിച്ചില്ല. അതുകൊണ്ടു അതിനെപ്പററി ഒരു തീരുമാനമുണ്ടാക്കണമെന്നു സഭയോടു ആവശ്യപ്പെടുവാൻ എനിക്കു ന്യായമില്ല. സഭയുടെ അനുവാദത്തോടുകൂടി ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

ഉപക്ഷേപം അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൪൬.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം-ചെങ്കോട്ട): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

൧൪൬. തിരുവനന്തപുരം പോർട്ട്സാൾട്ട് ഡിപ്പോവിലെ തൽക്കാല ജീവനക്കാർക്ക വച്ചിട്ടുള്ള ൭൦൦-ക്രൂപാ കുറക്കണം.

തിരുവനന്തപുരം പോർട്ട്സാൾട്ട ഡിപ്പോ നിറുത്തൽചെയ്യേണ്ട ആവശ്യകതയെ ഗവൺമെൻറിനെ ധരിപ്പിക്കണമെന്നാഗ്രഹിച്ചാണ് ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളത്. തിരുവനന്തപുരത്തു ആവശ്യമുള്ളതായ ഉപ്പുകൊണ്ടുവരുന്നവരായ കച്ചവടക്കാർ ഉപ്പുവാങ്ങുന്നത് തിരുവനന്തപുരം പോർട്ടസാൾട്ട ഡിപ്പോവിൽനിന്നല്ലാ താമരക്കുളം അളങ്ങളിൽ നിന്നുമാണ്. തിരുവനന്തപുരത്ത് ആകെ ആവശ്യമുള്ളതിൻെറ ഏറ്റവും ചെറിയ അംശംമാത്രമെ പോർട്ട സാൾട്ട ഡിപ്പോവിൽ നിന്നും ചിലവാകുന്നുള്ളു. ആണ്ടൊന്നുക്ക ൨,൦൦൦ മണ ഉപ്പു മാത്രമെ ഡിപ്പോവിൽനിന്നും ചിലവാകുള്ളു. അതുകൊണ്ടു ഡിപ്പോ ഇതിലേക്കായി വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ലെന്നുള്ള എൻെറ അഭിപ്രായത്തോട്ട നിയമസഭ യോജിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഡിപ്പോ നിറുത്തൽചെയ്യണമെന്നുള്ളതിനു രണ്ടാമത്തെ കാരണം തിരുവനന്തപുരത്തു ആവശ്യമുള്ള ഉപ്പു ലൈസൻസികളുടെ പക്കൽനിന്നും വാങ്ങുന്നതിനു സൌകര്യമുണ്ടാകണം എന്നുള്ളതാണ്. ലൈസൻസികൾക്ക അവരോട ഉപ്പു വിൽക്കുന്നതിനു ഒരു വാണിജ്യമണ്ഡലം ആവശ്യമുണ്ട്. അവർക്ക ഉപ്പു വിൽക്കുന്നതിനു ന്യായമായിട്ട വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതല ഗവൺമെൻറിനുണ്ടു. ഗവൺമെൻറ ലൈസൻസികളോട്ട മത്സരിക്കുന്നതിൽ ധൃായമില്ല, അതു ഉപ്പുകൃഷിക്ക സാരമായ നഷ്ടം ഉണ്ടാക്കുന്നതാണ്. മററു ഡിവിഷനുകളിൽ ഉപ്പു വിൽപ്പനയ്ക്കുള്ള അവകാശം ഗവൺമെൻറധീനത്തിൽ ഇരിക്കുന്നതുകൊണ്ടു തിരുവനന്തപുരം ഡിവിഷനിൽമാത്രമെ ലൈസൻസികളുടെ ഉപ്പു വിൽക്കുന്നതിനു സൌകര്യമുള്ളു. ഡിപ്പോ നിറുത്തൽചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇത്രയുംപറഞ്ഞുകൊണ്ടു ഞാൻ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): സർ, ഈ ഡിപ്പൊ ൧൦൯൩-ൽ നിറുത്തൽ ചെയ്കയും വീണ്ടും ൧൦൯൫-ലെ പഴയ കൌൺസിലിൽ മിസ്റ്റർ ആലംസേട്ടിൻെറ ചോദ്യത്തെ അടിസ്ഥാനപ്പെടുത്തി സ്ഥാപിക്കയും ചെയ്തു. ഡിപ്പോ നിറുത്തിയതുകാരണം താമരക്കുളത്തുനിന്നും ഉപ്പുകൊണ്ടുവരുന്ന വണ്ടിക്കാരും സ്ഥലത്തുള്ള കച്ചവടക്കാരും ഉപ്പിൻെറ വില അക്രമമായിട്ട പരാതി ഉണ്ടാകത്തക്കനിലയിൽ വർദ്ധിപ്പിക്കുന്നു എന്നു ഒരു കാരണം അന്നു പറയുകയുണ്ടായി. ഞങ്ങൾ അന്വേഷണം നടത്തുകയും മീൻ ഉണക്കുന്നതിനു ഉപ്പു ഉപയോഗിക്കുന്ന മുക്കുവന്മാർക്കും ഇതെപ്പററി പരാതിയുള്ളതായി അറിഞ്ഞു. അവർക്കാവശ്യമുള്ള ഉപ്പിനു വളരെ വിലകൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. തിരുവനന്തപുരംപോലെയുള്ള പ്രധാനപട്ടണത്തിൽ ഈ ദുഷ്യത്തെ പരിഹരിക്കുന്നതിനാൽ ഡിപ്പൊ പുനർസ്ഥാപിക്കപ്പെട്ടു. ധാരാളം ഉപ്പു വിൽക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല, ഉപ്പിൻെറ വില ടൌണിൽ കുറയ്ക്കുന്നതിനായിട്ടാണ് സ്ഥാപിച്ചത്. ഡിപ്പൊ ഉണ്ടെങ്കിൽ നിരക്കുവിലയ്ക്കു ജനങ്ങൾക്ക ഉപ്പു വിലയ്ക്കുകൊടുക്കുന്നതിനു കഴിയുന്നതാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): കച്ചവടക്കാർ എന്തുകൊണ്ടു ഉപ്പിനായിട്ട ഡിപ്പോവിൽ പോകാത്തതു എന്നറിയിക്കാമോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): കച്ചവടക്കാർ പോകുന്നുണ്ടു. ഞങ്ങൾ അവർക്കും ധാരാളം ഉപ്പു വിലയ്ക്കുകൊടുക്കുന്നുണ്ടു. അവർ ധാരാളം ഉപ്പു അളങ്ങളിൽനിന്നും വാങ്ങുന്നുണ്ടെന്നും ഞാൻ സമ്മതിക്കാം.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): ഡിപ്പോവിലുള്ള ഉപ്പു നല്ലതാണെങ്കിൽ അവർ അളങ്ങളിൽ എന്തിനുപോകുന്നു?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഡിപ്പോവിൽനിന്നും ഉപ്പു വാങ്ങണമെങ്കിൽ അവർ കടപ്പുറംവരെ പോകേണ്ടിയിരിക്കുന്നതുകൊണ്ടും വണ്ടിക്കാർ ഉപ്പു അവരുടെ വാതുക്കൽ കൊടുക്കുന്നതുകൊണ്ടുമാണ്. ഉപ്പു ഡിപ്പോവിൽ ഉള്ളമാതിരിയാകുന്നു. ഡിപ്പോവിൽനിന്നും ഉപ്പു വാങ്ങണമെങ്കിൽ ഖജനാവിൽ പണം ഒടുക്കി ചെല്ലാൻകൂലി കൊണ്ടുപോയി കൊടുക്കേണ്ടതായിട്ടുണ്ട്. ഡിപ്പൊ നിറുത്തുന്നപക്ഷം തിരുവനന്തപുരത്തു നിശ്ചയമായിട്ട ഉപ്പിനു വില കൂടുന്നതാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): ബ്രിട്ടീഷ് ഇൻഡ്യയിൽ ഗവൺമെൻറിൽനിന്നും ഡിപ്പൊകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നു എനിക്ക പറഞ്ഞുതരുമോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ബ്രിട്ടീഷ് ഇൻഡ്യയിൽ സാമാനങ്ങൾ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും ധാരാളം സൌകര്യമുണ്ട്. അതു താമരക്കുളത്തില്ല. തീവണ്ടിപ്പാത നടപ്പിൽവരുന്നകാലത്തു ഡിപ്പോകൾ നമുക്ക വേണ്ടെന്നുവയ്ക്കാം.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): ഞാൻ എൻെറ ഉപക്ഷേപത്തെ പിൻവലിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൪൭.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

൧൪൭. ഉപ്പു കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനുമായി ൧,൧൯,൨൫൦ ക്രൂപാ നീക്കിവച്ചിട്ടുള്ളതിൽ ൧൦,൦൦൦ ക്രൂപാ കുറയ്ക്കണം.

൧൧൯,൨൫൦ ക്രൂപാ ഉപ്പു കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനുമായി നീക്കിവച്ചിരിക്കുന്നതു വാസ്തവത്തിൽ ആവശ്യമുള്ളതിൽ കൂടുതലായ ഒരു തുകയാണ്. ഒന്നാമതായി ൧൧൦൧-ലും ൧൧൦൨-ലും ഈ ഇനത്തിൽ അനുവദിച്ചതായ തുകയും ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതായ തുകയുംകൂടി നോക്കിയാൽ ഞാൻ പറയുന്നതു ശരിയാണെന്നു കാണാം. ൧൧൦൨-ലേക്ക ബഡ്ജററ അനുവാദം ൯൦,൦൦൦ ക്രൂപയും

യും ൧൧൦൯-ൽ ചിലവായ തുക ൧൬൧൬ രൂപായും ആണ്. എന്നാൽ ൧൧൦൩-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക ൧൧൯,൨൫൦ രൂപാ ആകുന്നു. ഈ തുക എന്തിനെ അടിസ്ഥാനപ്പെടുത്തി കിട്ടിയിട്ടുള്ളതാണെന്നു മനസ്സിലാകുന്നില്ല. ൧൧൦൧-ലും ൧൧൦൨-ലും അനുവദിച്ച തുകകളിൽ നിന്നും ൧൧൦൩-ൽ ഇത്ര ആവശ്യമുണ്ടെന്നു തെളിയുന്നില്ല. കഴിഞ്ഞ കൊല്ലത്തേക്കാൾ ഈ കൊല്ലം ഉപരിയായ ഒരു നിലയെ പ്രാപിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. ഈ കൊല്ലത്തെ സ്ഥിതി മെച്ചമാണെന്നോ അല്ലെങ്കിൽ തീരെ മോശമാക്കിയിട്ടുണ്ടെന്നോ ഞാൻ സധൈര്യം പറയാം. എക്സൈസ് കമ്മീഷണർ പ്രത്യേക വ്യവസ്ഥകളനുസരിച്ചു ധാരാളം ഉപ്പു ഭൂനാമമായി കുറവുചെയ്തു കൊടുത്തിട്ടുണ്ട്. ഗവൺമെന്റിൽനിന്നും കഴിഞ്ഞ നാലുകൊല്ലങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ഉത്തരവുകൾക്കു വിരോധമായി ഗവൺമെന്റിനു കിട്ടേണ്ടതായ ഏകദേശം ഒരുലക്ഷം മന്നു ഉപ്പോളം രണ്ടു അളങ്ങളിലുള്ള ലൈസൻസികൾക്കായി ഇളവുചെയ്തു കൊടുത്തിട്ടുണ്ട്.

രണ്ടാമതായി ഗവൺമെന്റിന്റെ കൈവശമുള്ള ഉപ്പു കൂട്ടങ്ങളെന്നു വിട്ടുംവെച്ചതിനെ അടിസ്ഥാനപ്പെടുത്തിയല്ല ഉപ്പു കൊണ്ടുപോകുന്നതിനുള്ള കൂലി, എക്സൈസ് കമ്മീഷണർ കണക്കാക്കിയിട്ടുള്ളതു എന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. ൧൦൦ മന്നിനു ൨൫ രൂപാവച്ചു കണക്കാക്കിയാലും ൧൧൯,൨൫൦ രൂപാ ഒരു വലിയ തുകയാണ്. ആ ൫൦,൦൦൦ മന്നുപ്പിൽ കുറയാതെ കൊണ്ടുപോകുന്നതിനുള്ള കൂലിക്കു മതിയാകുന്നതാണ്. അദ്ദേഹത്തിന്റെ കൈവശം ൭ ലക്ഷം മന്നു ഉപ്പു ഉണ്ടെന്നും അതു താമരക്കുളത്തുനിന്നും മാററാൻ നിശ്ചയിച്ചിട്ടുണ്ടെന്നും ധൈര്യമായി പറയുന്നതിനു എക്സൈസ് കമ്മീഷണർ ഇനിയുമെന്നു എനിക്കു തോന്നുന്നില്ല.

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് ഒരു ലക്ഷം രൂപായ്ക്കു ൭ ലക്ഷം മന്നുപ്പു കൊണ്ടുപോകാമെന്നു അദ്ദേഹം കണക്കാക്കിയതു എന്നു പറയുമോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): ആറു മന്നിനു ൨ രൂപാ നിരക്കുവച്ച്.

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതു ആരു ഏല്ക്കുമോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): കൊല്ലത്തേക്ക്, സർ, ആണ്ടൊന്നുക്കു ഗവൺമെന്റിന്റെ ഷെഹരിയും ലൈസൻസികളുടെ ഷെഹരിയും ഉൾപ്പെടെ ആകെ അളങ്ങളിൽ ഉണ്ടാകുന്ന ഉപ്പു ൮ ലക്ഷം മന്നിൽ കുറവാണ്. എക്സൈസ് കമ്മീഷണർ കണക്കാക്കിയിട്ടുള്ളതു കൈവശം ഇരിപ്പുള്ള ഉപ്പിനെ അടിസ്ഥാനപ്പെടുത്തിയല്ല. തന്നാണ്ടിൽ ഉണ്ടാകാവുന്നതിന്റെ കണക്കാക്കിയായിരിക്കണം. അപ്രകാരമാണെങ്കിൽ തൊഴിലാളികൾ എന്നനിലയിൽ മേലിൽ ഉണ്ടാകാവുന്നതും ഉണ്ടാകാൻ പാടില്ലാത്തതിനും പണം അനുവദിച്ചുകൊടുക്കുവാൻ പാടില്ല. ഗവൺമെന്റിന്റെ കൈവശത്തിലുള്ള ഉപ്പിനുമാത്രമേ പണം അനുവദിക്കാൻ പാടുള്ളൂ. ഇനിമേൽ ഉണ്ടാകുവാനുള്ള ഉപ്പിനു അതുണ്ടാകുന്നസമയം എക്സൈസ് കമ്മീഷണർ കൂടുതൽ പണം വേണമെന്നു ആവശ്യപ്പെട്ടുകൊള്ളണമെന്ന അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഇപ്രകാരമിരിക്കെ എക്സൈസ് കമ്മീഷണർ എന്തിനാണ് ൧൧൯,൨൫൦ രൂപാ ആവശ്യപ്പെട്ടതു എന്നു എനിക്കു മനസ്സിലാകുന്നില്ല. എന്റെ ഉപക്ഷേപം അനുസരിച്ചു ൩൯,൨൫൦ രൂപ ഉപ്പുകൊണ്ടു പോകുന്ന കൂലിവകക്കു മതിയാകുന്നതാണ്. തന്നാണ്ടത്തേക്കു അനുവദിച്ചിട്ടുള്ളതിൽ നിന്നും ൭൯,൨൫൦ രൂപാ കൂടുതലാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ എന്റെ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഈ കാര്യത്തിൽ ഇത്രവളരെ ബദ്ധപ്പെട്ടതു എന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഈ ഉപ്പുകൊണ്ടുപോകുന്നവരുടെ ഹെഡ് ഇനത്തിൽ ഉൾപ്പെട്ട ചിലവാണ്. അതുപിന്നീടു ഉപ്പുവിൽക്കുന്നസമയം തിരിച്ചു കിട്ടാവുന്നതുമാകുന്നു. അതുകൊണ്ടു അതൊരു ചിലവല്ല. ഉപ്പുകൊണ്ടുപോകുന്നവർക്കു മുൻപേറായി കുറെപണം വേണമെന്നേ ഞാൻ ആവശ്യപ്പെടുന്നുള്ളൂ.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം-ചെങ്കോട്ട): ഇത്രവളരെ പണം അനുവദിപ്പിക്കുന്നതിൽ മെമ്പർ ഇത്ര ഉത്സുകനായിരിക്കുന്നതെന്താണെന്നു പറയുമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): എക്സൈസ് കമ്മീഷണരുടെ ജോലിനടത്തിപ്പിലുള്ള പരിജ്ഞാനത്തെയും ഡിപ്പാർട്ടുമെന്റു ഭരണത്തിലുള്ള ഉത്തരവാദിത്വത്തെയും മെമ്പർ വകവച്ചുകൊടുക്കേണ്ടതാണ്. ഈ കാര്യത്തെപ്പററി സൂക്ഷ്മമായി പര്യാലോചിച്ചു ഉപ്പുകൊണ്ടുപോകുന്നതിനു ആവശ്യമുള്ള തുകയെ ആവശ്യപ്പെടുകയുള്ളൂ എന്നാണു ഉദ്ദേശിക്കേണ്ടത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അനുദ്യോഗസ്ഥസാമാജികന്മാർ അതിനെപ്പററി അന്വേഷിക്കേണ്ടതല്ലയോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അന്വേഷിക്കേണ്ടതാണ്, അവർ അന്വേഷിച്ചുകൊള്ളട്ടെ. എന്നാൽ മെമ്പറന്മാർക്കു വിഷയത്തെപ്പററി പൂർത്തിയായ അറിവുണ്ടായിരിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): ഉപ്പുകൊണ്ടുപോകുന്ന കൂലിവകക്കു ഇത്രവളരെ തുക നീക്കിവച്ചിരിക്കുന്നതിനെപ്പററി എക്സൈസ് കമ്മീഷണർക്കു എന്താണു പറയാനുള്ളതു എന്നു എന്നെ അറിയിക്കാമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഞാൻ അതിനെപ്പററി സംസാരിക്കാൻ ഭാവിക്കയായിരുന്നു. എന്നെ ഇടയ്ക്കു തടസ്സപ്പെടുത്താതെ സംസാരിക്കുന്നതിനു അനുവദിക്കുമെങ്കിൽ നമുക്കു വേഗത്തിൽ പറഞ്ഞവസാനിപ്പിക്കാം.

എല്ലാ അളങ്ങളിൽനിന്നും എക്സൈസ് കമ്മീഷണർ ഉപ്പിനെസംബന്ധിച്ചുള്ള വിവരപ്പട്ടിക മുൻകൂട്ടിവരുത്തുന്നുണ്ട്. ഓരോ അളത്തിലും എത്ര ഉപ്പുണ്ടെന്നു അദ്ദേഹം തിട്ടപ്പെടുത്തും. കൊണ്ടുപോകുന്നതിനു എത്ര ഉപ്പുണ്ടാകുമെന്നു അദ്ദേഹം കണക്കാക്കിയതിനു പിന്നീടു അതിനുള്ള കൂലിവകക്കുള്ള ചിലവു മേലുദ്ദേശംവച്ചു കണക്കാക്കുന്നു.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരം ചെങ്കോട്ട): താമരക്കുളം അളങ്ങളിൽനിന്നും എത്രമാത്രം ഉപ്പുകൊണ്ടുപോകാനുണ്ടെന്നു എന്നെ അറിയിക്കാമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഇവയെല്ലാം ഡിപ്പാർട്ടുമെന്റു ഏർപ്പാടുകളാണ്. ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക എന്തിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്നുള്ളതിനെപ്പററി എല്ലാവിവരങ്ങളും പറയുന്നതിനു എനിക്കു സമ്മതമില്ല. മെമ്പർ നിയമസഭാസാമാജികനായിട്ടു മാത്രമേ സംസാരിക്കുകയല്ല

എന്നുള്ളതാണ് പ്രതിപാദിക്കപ്പെടുന്ന വിഷയത്തിനെപ്പററി എനിക്കു സംസാരിക്കുന്നതിനുള്ള തടസ്സം. അദ്ദേഹം ചെയ്സൻ സി എന്നുള്ളനിലയിലും സംസാരിക്കുന്നുണ്ട്. ഇതാണു ഈ കാര്യത്തിലുള്ള വൈഷമ്യം.

മി. എം. ശിവതാണുപിള്ള (തോവാള): നടപടിക്രമത്തെസംബന്ധിച്ച ഒരു ചോദ്യം ചോദിച്ചുകൊള്ളുന്നു. നിയമസഭാസാമാജികന്മാരെ മറേറതെങ്കിലും തരത്തിൽ കരുതാവുന്നതാണോ എന്നു എനിക്കു പറഞ്ഞുതരുമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): നിർഭാഗ്യവശാൽ പ്രസ്തുതവിഷയത്തിൽ നേരിട്ടിരിക്കുന്ന വൈഷമ്യം വാസ്തവത്തിൽ അതുതന്നെയാണു. മിസ്റ്റർ ചരയാറ്റൂർ മെമ്പർ എന്നുള്ളനിലയിൽ മാത്രം ചെയ്സൻസി എന്നുള്ളനിലയെ ത്യജിച്ചു സംസാരിക്കുന്നപക്ഷം ഈ വൈഷമ്യം നേരിടുകയില്ലായിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): കഴിഞ്ഞകൊല്ലത്തേക്കാറം ഈക്കൊല്ലം കൂടുതൽ ഉപ്പു അനുവദിച്ചിരിക്കുന്നതെന്താണെന്നു എനിക്കു പറഞ്ഞുതരുമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): മൂന്നുലക്ഷംമന്നുപ്പു ഞാൻ ആലപ്പുഴക്കാം തിരുവനന്തപുരത്തേക്കും കൊണ്ടുപോകണമെന്നുദ്ദേശിക്കുന്നു. ആലപ്പുഴക്കു ൧൫൦൦ മന്നിനു സംത്രൂപ ആയിട്ടും തിരുവനന്തപുരത്തേക്കു രണ്ടായിരത്തി രൂപ ആയിട്ടുമാണു ചിലവു കണക്കാക്കിയിരിക്കുന്നതു. ഇതു കഴിഞ്ഞകൊല്ലത്തെ കണക്കാണു. ഈ കണക്കുകളിൽനിന്നും ശേഷംബാക്കി തന്നെ അനുമാനിക്കുവാൻ കഴിയുന്നതാണു. ഈക്കൊല്ലം സൂക്ഷ്മമായിട്ടു എന്താകുമെന്നു അറിയണമെങ്കിൽ കണക്കുതീർപ്പെടുത്തിയാൽ മാത്രമേ തരമുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ആലപ്പുഴക്കോ തിരുവനന്തപുരത്തിനോ എന്നു എനിക്കു പറഞ്ഞുതരുമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): രണ്ടായിരം രൂപ തിരുവനന്തപുരത്തേക്കും ബാക്കി ആലപ്പുഴക്കുമാണ്.

മി. കെ. കെ. തോമസ് (കോട്ടയം): ൧൧൨൦-ലെയും ഇതുമുഖമായുള്ള ഇതിലേയും ചിലവാക്കിയതു എങ്ങിനെയാണു?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ഉണ്ടായ ഉപ്പു വളരെ കുറവായിരുന്നതിനാലാണ്; കൊണ്ടുപോകുന്നതിനു വേണ്ട ഉപ്പു ഉണ്ടായിരുന്നില്ല. ൧൧൨൦-ൽ നമ്മുടെ വിളവു നന്നായിരുന്നു. നാലുലക്ഷം ഉപ്പു കൊണ്ടുപോകേണ്ടതായിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ൧൧൨൦-ൽ താമരക്കുളത്തുള്ള എല്ലാ അളങ്ങളിലുംകൂടി ആകെ എത്ര ഉപ്പുണ്ടായിരുന്നു എന്നു എന്നെ അറിയിക്കുമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): കഴിഞ്ഞകൊല്ലം ബഡ്ജററിൽ അനുവദിച്ചിട്ടുണ്ടായിരുന്നതിൽ കൂടുതൽ ഈ ഇനത്തിൽ ചിലവു ചെയ്യേണ്ടതായിട്ടു വന്നു.

മി. എം. ശിവതാണുപിള്ള (തോവാള): കഴിഞ്ഞകൊല്ലം കൊണ്ടുപോയ ഉപ്പു എത്രയാണെന്നാണ് എനിക്കറിയേണ്ടതു്?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): അതിനെസംബന്ധിച്ചുള്ള കണക്കു എന്റെ കൈവശമില്ല. കൊല്ലത്തേയ്ക്കു ൧൨൦൦൦ മന്നുപ്പു കൊണ്ടുപോയി എന്നു എനിക്കുതോന്നുന്നു. മഴയുടെ ശല്യം കൊണ്ടു തിരുവനന്തപുരത്തു ഉപ്പു ഇറക്കണമെന്നു വിചാരിച്ചിട്ടു സാധിച്ചില്ല. അതുകൊണ്ടു തിരുവനന്തപുരത്തേക്കു കൊണ്ടുവന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ആലപ്പുഴക്കു എത്ര ഉപ്പു കൊണ്ടുപോയി എന്നു എനിക്കു പറഞ്ഞുതരുമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ഒട്ടും കൊണ്ടുപോകയില്ല. അതിനുവേണ്ട ഉപ്പ് ഇല്ലായിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): താമരക്കുളത്തു ഇപ്പോഴും എത്ര ഉപ്പ് ഉണ്ടെന്നു അറിയിക്കുമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ഏകദേശം മൂന്നുലക്ഷം മന്ന് ഉപ്പ് ആലപ്പുഴയ്ക്കു കൊണ്ടുപോകുന്നതിനുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): അവിടെ ആകെ എത്ര ഉപ്പ് വരുമെന്നാണ് എനിക്കറിയേണ്ടത്.

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ). സൂക്ഷ്മമായ കണക്കു എന്റെ കൈവശമില്ല.

സർ, അതിനെപ്പററിയാതൊരു വിഷമവും ഞാൻ കാണുന്നില്ല. ഞാൻ ഉപ്പ് കൊണ്ടുപോകുന്നപക്ഷം അതിനു കൂലികൊടുക്കുന്നു. അപ്രകാരം ചെയ്യാത്തപക്ഷം ബഡ്ജററു പണമുള്ളതു ഞാൻ ഉപയോഗിക്കുന്നമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഡിപ്പാർട്ടുമെന്റു മുഖാന്തിരം ഓരോ സ്ഥലങ്ങളിലേയ്ക്കു എത്ര ഉപ്പ് അയക്കുന്നുണ്ടെന്നും അതു ആവശ്യമുണ്ടോ എന്നും മതിയാകുമോ എന്നും അന്വേഷിക്കുന്നതിനു ഞങ്ങൾക്കവകാശമില്ലയോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): അവകാശമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള : മെമ്പർ താമരക്കുളത്തു എത്ര ഉപ്പു ഉണ്ടെന്നു ഞങ്ങളോടു പറഞ്ഞില്ല. മൂന്നുലക്ഷംമന്ന് ഉപ്പ് കയററുമതി ചെയ്യുന്നതിനു ഉണ്ടായിരിക്കുമെന്നു എങ്ങനെ തീരുമാനിച്ചു എന്നു പറഞ്ഞുതരുമോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ : അതെല്ലാം ഡിപ്പാർട്ടുമെന്റുരഹസ്യങ്ങളാണ്. അതു ഇവിടെ പരസ്യമാക്കുവാൻ നിവൃത്തിയില്ല. മൂന്നുലക്ഷം മന്നുപ്പ് കയററുമതി ചെയ്യുന്നതിനുണ്ട്" എന്ന് ഞാൻ സഭയോടു ഉറപ്പു പറഞ്ഞുകൊള്ളുന്നു.

അദ്ധ്യക്ഷൻ. കൈവശം എത്രയുണ്ടെന്നു മുൻകൂട്ടി പരസ്യപ്പെടുത്തിയാൽ കച്ചവടതൊഴിലിൽ വില കൂടുതൽ കുറവാകാനിടയുണ്ടെന്നു മിസ്റ്റർ ശിവതാണുപിള്ളയ്ക്കു അറിഞ്ഞുകൂടയോ?

മി. എസ്. സുബ്രഹ്മണ്യകൈമയാളർ (പത്തനാപുരം ചെങ്കോട്ട). ഉപക്ഷേപം വോട്ടിനിടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

വോട്ടിനിട്ടു തള്ളപ്പെട്ടു.

മി. എസ്. സുബ്രഹ്മണ്യകൈമയാളർ (പത്തനാപുരം ചെങ്കോട്ട). ഇതിനു ഒരു പോൾ എടുക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

പോൾ എടുക്കുകയും താഴെവിവരിക്കുന്നപ്രകാരം കാണപ്പെടുകയുംചെയ്തു.

അനുകൂലിച്ചവർ ൧൨.

൧. മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള
൨. ,, ടി. കുമാരപിള്ള
൩. ,, കെ. സി. മാമ്മൻമാപ്പിള
൪. ,, പി. കെ. നാരായണപിള്ള
൫. ,, കെ. പി. നീലകണ്ഠപ്പിള്ള
൬. ,, എം. എൻ പിള്ള
൭. മിസ്റ്റർ എസ്. പരമേശ്വരൻപിള്ള
൮. ,, ജി. രാമൻമേനോൻ
൯. ,, ആർ. രാമൻപിള്ള
൧൦. ,, എം. ശിവതാണുപിള്ള
൧൧. ,, എസ്. സുബ്രഹ്മണ്യ കൈമയാളർ
൧൨. ,, എം. സുബ്രഹ്മണ്യപിള്ള

പ്രതികൂലിച്ചവർ ൨൩.

൧. മിസ്റ്റർ ഐ. സി. ചാക്കോ
൨. ,, പാറംഡാനിയൽ
൩. ,, ആർ. ധനക്കോടിപ്പിള്ള
൪. ,, കെ. ജോർജ്
൫. ,, പി. എൻ. കൃഷ്ണപിള്ള
൬. ,, ആർ. കൃഷ്ണപിള്ള
൭. ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൮. മിസ്റ്റർ തയ്ക്കൂട്ടു കുഞ്ഞിരാമൻ
൯. ,, എൽ. എ. ലാംപാർഡ്
൧൦. ,, എസ്. ജി. ലോപ്പസ്
൧൧. ,, ടി. ജെ. മാത്യു
൧൨. ,, കല്യാണം പരമേശ്വരൻപിള്ള
൧൩. മിസ്റ്റർ ഡബ്ലിയു. എച്ച്. പിററ്
൧൪. മിസ്സസ് എം. പുന്നൻ ലൂക്കോസ്
൧൫. മിസ്റ്റർ ടി. പി. രാമസ്വാമി അയ്യർ
൧൬. ,, കെ. എൻ. രാമസുബ്ബയ്യർ
൧൭. റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
൧൮. മിസ്റ്റർ ജെ. സ്റ്റീഫൻസൺ
൧൯. ,, വി. സുബ്ബയ്യർ
൨൦. ,, സി. പി. തൈകൻ
൨൧. ,, കെ. കെ. തോമസ്
൨൨. ,, ഏ. ജെ. വാൻറാസ്
൨൩. ,, ഏ. തേവപ്പൻ

നിഷ്പക്ഷനിലയെ അവലംബിച്ചവർ—൧൦.

൧. മിസ്റ്റർ ഏ. ജെ. ജാൺ
൨. ,, കെ. ഐ. ജോസഫ്
൩. ,, സി. കേരളവർമ്മകോയിത്തമ്പുരാൻ
൪. ,, എൻ. കുമാരൻ
൫. ,, ജി. നാരായണപിള്ള
൬. മിസ്റ്റർ കല്ലൂർനാരായണപിള്ള
൭. ,, ആർ. പത്മനാഭൻ
൮. ,, ഏ. കെ. പിള്ള
൯. ,, കെ. ശിവരാമപ്പണിക്കർ
൧൦. ,, സി. എൻ. ഉപ്പൻനമ്പൂതിരി

ഉപക്ഷേപം തള്ളപ്പെട്ടു.

താഴെപറയപ്പെടുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മിസ്റ്റർ ടി. കുമാരപിള്ള

൧൮൭. സാൾട്ടു ഡിപ്പാർട്ടുമെന്റിലേക്ക ൧൫൨൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള

൧൮൯. സാൾട്ടു ഡിപ്പാർട്ടുമെന്റിലേക്ക ൧൫൨൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽ ൧൦൦ രൂപാ കുറയ്ക്കണം

മി. കല്ലൂർ നാരായണപിള്ള

൨൦൦. സാൾട്ടുഡിപ്പാർട്ടുമെന്റിലേക്ക ൧൫൨൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽ ൧൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൨൦൧.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

൨൦൧. അബ്കാരികളുടെ ശമ്പളച്ചിലവിലേക്ക ൧൪൭൧൮ രൂപ നീക്കിവച്ചിട്ടുള്ളതിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

ഇതു് ഒരു ഖണ്ഡ്യോപക്ഷേപമാണ്. മദ്യവിക്രയനിരോധനത്തിനു എടുത്തിട്ടുള്ള നടപടികളുടെ അപര്യാപ്തതയെ ഗവൺമെന്റിനെ ധരിപ്പിക്കുന്നതിനു വേണ്ടിയിട്ടാണ് ഈ പ്രമേയം ഹാജരാക്കുന്നതു്. ഇക്കാലം ഒരു ചില ഷാപ്പുകൾ നീക്കിഇരിപ്പുണ്ടെന്നു കാണുന്നതിൽ നമുക്കു സന്തോഷമാണുള്ളതു്. എന്നാൽ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും നിരോധനം നടപ്പിൽവരുത്തുന്നതിനുള്ള പ്രാരംഭവേലകൾപോലും നടത്തിയിട്ടില്ലെന്നു കാണുന്നതിൽ നാം വ്യസനിക്കേണ്ടിയിരിക്കുന്നു. ഇതിനെസംബന്ധിച്ചു വല്ലതും ചെയ്യണമെന്നു ഗവൺമെന്റിനോടു അപേക്ഷിക്കയും ധാരാളം ആളുകൾ ഇതിനെപ്പററി നിയമസഭയിൽ അഭിപ്രായപ്രകടനം ചെയ്കയും ചെയ്തതായി ഞാൻ ഓർമ്മിക്കുന്നു. ഇക്കാലം അതാരംഭിക്കുന്നതിനു വളരെ നല്ലതായിരുന്നു. അതു് എല്ലായിടത്തും വേണമെന്നു ഞാൻ പറയുന്നില്ല. നമുക്കു ആദ്യം ചെറുതായിട്ടു തുടങ്ങണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. അടുത്തകൊല്ലത്തിനുമുൻപു വല്ലതും നടത്താമായിരുന്നു. ഇതു് ചെയ്തില്ലല്ലോ എന്നു ഞാൻ മനസ്താപിക്കുന്നു. അ

പ്രകാരം ചെയ്യാതിരുന്നതു നന്നായില്ലഎന്നു ഗവണ്മെന്റിനെ ധരിപ്പിക്കുന്നതിനാണു ഈപ്രമേയം ഹാജരാക്കിയിട്ടുള്ളതു്. ഇപ്പോൾ പറഞ്ഞതായ അഭിപ്രായത്തോടു ഗവണ്മെന്റ അനുകൂലിക്കുന്നപക്ഷം മദ്യപാനംകൊണ്ടു വലുതായ ദോഷങ്ങൾ സംഭവിച്ചിട്ടുള്ള ഏതെങ്കിലും ഒരുസ്ഥലത്തു തുടങ്ങാമെന്നാണ് എന്റെ താഴ്മയായ അഭിപ്രായം. മദ്യപാനംകൊണ്ടു ദോഷങ്ങൾ എവിടെയാണ് അധികമുള്ളതു് എന്നു പൊലീസ് ഡിപ്പാർട്ടുമെന്റകാർക്കു അറിവുള്ളതുകൊണ്ടു അവർക്കു ഗവണ്മെന്റിനു വേണ്ടഅറിവു തരുന്നതിനു സാധിക്കുമെന്നു ഞാൻ ഉറപ്പായി വിചാരിക്കുന്നു. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ചാരായം അധികമായി ഉപയോഗിക്കുന്നതിനെ തടയുന്നതിനു ഗവണ്മെന്റ വല്ലതും ചെയ്യേണ്ടതാണ്. ഇതു് ഒരു ലക്ഷ്യോപക്ഷേപമായി ഈസഭയിൽ പൊതുവെ അവതരിപ്പിച്ചിട്ടുള്ളതു്, നിരോധനത്തെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റ വിപരീതമായിട്ടുള്ള ഒരുനയം അനുകരിക്കുന്നതുകൊണ്ടാണ്. അതല്ലാതെ യാതൊന്നുമല്ല. ഇത്രയും പറഞ്ഞുകൊണ്ടു സഭയുടെ അംഗീകാരത്തിനായിക്കൊണ്ടു ഞാൻ ഈവിഷയത്തെ സമർപ്പിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): സർ, പൊതുവെ ഗവണ്മെന്റിൽനിന്നും മദ്യപാനനിരോധനനയം സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നില്ലെങ്കിലും അബ്കാരിഭരണത്തെ സംബന്ധിച്ചിടത്തോളം ദേശീയ അഭിപ്രായത്തെ അനുവദിക്കുന്നനയം സ്വീകരിച്ചാൽ നന്നായിരിക്കുമെന്നു എനിക്കു അഭിപ്രായമുണ്ടു. ഈ അഭിപ്രായംതന്നെ ഇതിനുമുമ്പു പലഅവസരങ്ങളിലും ഗവണ്മെന്റിനെ ധരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടു കൂടുതലായിട്ടു അഭിപ്രായങ്ങൾ ഒന്നും സമയം അതിക്രമിച്ചുകൊണ്ടു പറയണമെന്നു വിചാരിക്കുന്നില്ല. കഴിഞ്ഞകൊല്ലം ഈ വിഷയത്തെപ്പറ്റി വാദപ്രതിവാദം നടന്നുകൊണ്ടിരുന്നപ്പോൾ ഇതിനെപ്പറ്റി എക്സൈസ് കമ്മിഷണരുടെ തീരുമാനം അറിയണമെന്നു ആവശ്യപ്പെട്ടപ്പോൾപോലും ഡിപ്പാർട്ടുമെന്റ 'പ്രാദേശികവികല്പം' എന്നതത്വത്തെ അംഗീകരിച്ചുകൊള്ളാമെന്നു ഉറപ്പുപറയുന്നതിനു തയ്യാറുണ്ടായിരുന്നില്ല. മേലാൽഎങ്കിലും ഗവണ്മെന്റ ഈ വിഷയത്തെപ്പറ്റി ഗൌരവമായിട്ടു ആലോചിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. എല്ലായിടത്തും ഒന്നുപോലെ നിരോധനനയം സ്വീകരിക്കണമെന്നുള്ള മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നില്ലെങ്കിലും ഗവണ്മെന്റിനു ഈവിഷയത്തെപ്പറ്റി ആലോചിക്കുന്നതിനുള്ള പ്രതിജ്ഞയോടുകൂടെ കണ്ടിട്ടു ഈ ഉപക്ഷേപത്തെ അനുകൂലിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മി. എൻ. കുമാരൻ (ഗവണ്മെന്റനിയമനം): എക്സൈസ് കമ്മിററിയുടെ റിപ്പോർട്ടിന്മേൽ ഒരു അവസാനതീർപ്പു ചെയ്യുന്നതിനു ഇതേവരെ ഗവണ്മെന്റിനു സാധിച്ചിട്ടില്ലെന്നുള്ളസംഗതി വളരെ പരിതാപകരമായിട്ടുള്ളതുതന്നെ. ആരോ ഒന്നാരണ്ടോ ചോദ്യങ്ങൾ ചോദിച്ചതിനു റിപ്പോർട്ടു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു എന്നാണു മറുപടിപറഞ്ഞതു്. ഉദ്യോഗസ്ഥസാമാജികനും എക്സൈസ്കമ്മിററിയുടെ റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ ഉത്തരവിൻപ്രകാരം നടപ്പിൽവരുത്താൻ പോകുന്നതായി മറുപടിപറഞ്ഞു. (ഉച്ചത്തിൽ പറയണം) എക്സൈസ്കമ്മിററിയുടെ റിപ്പോർട്ടു എൻ.... -ൽ ആണ് സമർപ്പിച്ചതു്. ഇത്രയും വളരെക്കാലമായിട്ടു അതു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു. ഗവണ്മെന്റിൽനിന്നും ഇതുവരെ ഈസംഗതിക്കു ഒരു തീരുമാനം ഉണ്ടാക്കാത്തതു വളരെകഷ്ടംതന്നെ.

ഇപ്പോൾതന്നെയോ പിന്നീടു ഒരുഘട്ടത്തിലോ നിരോധനം എല്ലായിടത്തും നടപ്പിൽവരുത്തുന്നതിനെപ്പറ്റി പറകയാണെങ്കിൽ ഗവണ്മെന്റിനു ഏതാനും ചിലസ്ഥലങ്ങളിലെങ്കിലും പ്രാദേശികവികല്പം നടപ്പിൽവരുത്താമായിരുന്നു. ആദ്യമായിട്ടു നഗരസഭകളുടെ അതിർത്തിക്കുള്ളിൽ നടപ്പിൽവരുത്താൻ കഴിയും. തിരുവിതാംകൂറിലെ മിക്കവാറും നഗരസഭകളിൽ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): നഗരസഭകളുടെ അതിർത്തിക്കുള്ളിൽമാത്രം മതിഎന്നു പറഞ്ഞതു് എന്തുകൊണ്ടെന്നു എനിക്കു പറഞ്ഞുതരാമോ?

മി. എൻ. കുമാരൻ (ഗവണ്മെന്റനിയമനം): നഗരസഭകളുടെ അതിർത്തികൾക്കുള്ളിൽ മാത്രമെ പാടുള്ളു എന്നു ഞാൻ പറയുന്നില്ല. നഗരസഭകൾക്കുള്ളിൽ തുടങ്ങുന്നതിനായിട്ടെങ്കിലും ഗവണ്മെന്റിനെ ഉത്സാഹിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. അവിടെ നടപ്പിൽവരുത്തി പരീക്ഷിച്ചുനോക്കിയതിനുശേഷം മററുസ്ഥലങ്ങളിൽ നടപ്പിൽവരുത്തുന്നതു നന്നെന്നുതോന്നുന്നുഎങ്കിൽ അവക്കുപ്രകാരം ചെയ്യാവുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): നാട്ടുംപുറങ്ങളിൽ ഇതു ശരിയായിട്ടു നടപ്പിൽ വരാതിരിക്കുമെന്നു തോന്നുന്നുണ്ടോ?

മി. എൻ. കുമാരൻ (ഗവണ്മെന്റനിയമനം): അതിനെപ്പററി യാതൊരു അഭിപ്രായവും പറയുന്നതിനു എനിക്കു നിവൃത്തിയില്ല.

സിലോൺമുതലായ പലസ്ഥലങ്ങളിലും ഈ സമ്പ്രദായം നടപ്പിൽവന്നിട്ടുള്ളതായി എനിക്കറിയാം. തിരുവിതാംകൂറിൽ അതു വിജയകരമായി എന്തുകൊണ്ടുനടത്താൻ പാടില്ലാത്തതാകുന്നതിനു യാതൊരുകാരണവും ഞാൻ കാണുന്നില്ല. മദ്യപാനനിരോധനം പൊതുവെനടപ്പിൽവരുത്തുന്നതിലേക്കായി ദേശീയാഭിപ്രായസമ്പ്രദായം എത്രയുംവേഗത്തിൽ നടപ്പിൽവരുത്തേണ്ട വിഷയത്തെപ്പററി ഗവണ്മെന്റ ഗൌരവമായി ആലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഉദ്യോഗത്തിനു മറുപടിയായിട്ടു എക്സൈസ്കമ്മിററിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിൽ 9 നിർദ്ദേശങ്ങൾ ഗവണ്മെന്റിൽനിന്നും അംഗീകരിച്ചിട്ടുണ്ടെന്നും ആയതിനെ ഡിപ്പാർട്ടുമെന്റമുഖാന്തിരം നടപ്പിൽവരുത്താൻപോകുന്നുവെന്നും മറുപടിപറഞ്ഞു. മദ്യപാനനിരോധനം നടപ്പിൽവരുത്തുന്നതിനു ഗവണ്മെന്റിൽനിന്നും തുടരുന്ന മാർഗ്ഗങ്ങളിൽ പലതും അത്രനന്നല്ലെന്നാണ് നാം കാണുന്നതു്. ലൈസൻസികളുടെ അബ്കാരികൺട്രാക്ടരന്മാരുടെ ദുർവൃത്തികൾ ഡിപ്പാർട്ടുമെന്റുകാർ തടയുന്നതിൽ പലമാർഗ്ഗങ്ങളും ഉണ്ടെന്നുവരികിലും വാസ്തവത്തിൽ അപ്രകാരം തടയുന്നില്ല. ഈ വസ്തുത ഗവണ്മെന്റിനേയും എക്സൈസ്കമ്മീഷണരേയും ധരിപ്പിച്ചിട്ടുള്ളതുകൊണ്ടു ഡിപ്പാർട്ടുമെന്റ ചട്ടങ്ങൾ കർശനമായി അനുസരിക്കണമെന്നു വിചാരിക്കപ്പെട്ടുവരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇനിഎത്രമിനിട്ടു കൂടുതൽ ഉണ്ടു് സർ?

അദ്ധ്യക്ഷൻ. ഇരുപതുമിനിട്ടു കൂടെയുണ്ടു്.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമിച്ച (ഉപാധ്യക്ഷൻ): ഈ അഭ്യർത്ഥനക്ക ൫ മണിവരെ സമയമുള്ള.

അധ്യക്ഷൻ. അതെ, ഈ അഭ്യർത്ഥനക്ക അഞ്ചുമണിവരെ സമയമുള്ള.

മി. എൻ. കമാരൻ (ഗവണ്മെന്റുനിയമിച്ച): ഗവണ്മെന്റിൽനിന്നും അംഗീകരിച്ചിട്ടുള്ള വിസ്തൃതമായ എക്സൈസ്നയം കഴിയുന്നിടത്തോളം നടപ്പിൽവരുത്തണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. എക്സൈസ്കമ്മിററി ചാരായക്കടകളുടെ എണ്ണം വേണ്ടമെന്ന പറഞ്ഞു—

മി. എസ്. പിറവിറപ്പരമാനംപിള്ള (കച്ചവടം കൈത്തൊഴിൽ തൊഴിലാളികൾ): ഞാൻ നടപടിക്രമത്തെപ്പററി ഒരുകാര്യം പറഞ്ഞുകൊള്ളുന്നു. സഭയിൽ ഹാജരാക്കിയിട്ടില്ലാത്ത ഒരു റിപ്പോർട്ടിനെപ്പററിയാണ് മെംബർ സംസാരിക്കുന്നതു. എക്സൈസ്കമ്മിററിയുടെ റിപ്പോർട്ട സഭയിൽ ഹാജരാക്കിയിട്ടില്ല.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): അതു ഗസററിൽ പരസ്യം ചെയ്തുകഴിഞ്ഞു. അതുകൊണ്ട അതു പരസ്യമായിട്ടുള്ളതാണ്.

അധ്യക്ഷൻ: അതു ഗസററിൽ പരസ്യംചെയ്തിട്ടുണ്ട്. അതുകൊണ്ട അതിനെപ്പററി സംസാരിക്കുന്നതിൽ വിരോധമില്ല.

മി. എൻ. കമാരൻ (ഗവണ്മെന്റുനിയമിച്ചമെംബർ): ഞാൻ ചോദ്യോത്തരങ്ങളെപ്പററിയാണ്, എക്സൈസ്കമ്മിററിയുടെ റിപ്പോർട്ടിനെപ്പററിയല്ല സംസാരിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): മെംബർക്ക അനുവദിച്ചിട്ടുള്ള സമയത്തിന്റെ, സർ, (ചിരി)

മി. എൻ. കമാരൻ (ഗവണ്മെന്റുനിയമിച്ച): സമയത്തിന്റെ എന്ന പറയേണ്ടതു അധ്യക്ഷനാണ മെംബറന്മാരല്ല.

മി. എം. ശിവതാണുപിള്ള (തോവാള): എനിക്കു അധ്യക്ഷനെ ധരിപ്പിക്കണമെന്നുണ്ടായിരുന്നു. അത്രേയുള്ള.

മി. എൻ. കമാരൻ (ഗവണ്മെന്റുനിയമിച്ച): എന്റെ സമയം അവസാനിച്ചു എങ്കിൽ ഞാൻ ഇരുന്നുകൊള്ളാം.

അധ്യക്ഷൻ: നിങ്ങൾ തുടങ്ങിയതിനുശേഷം ഇപ്പോൾ കൃത്യം ൫ മിനിട്ടായി. നിങ്ങൾ ൪.൪൫-നു തുടങ്ങി. ഇപ്പോൾ ൪-൫൦-ആയി.

മി. എൻ. കമാരൻ (ഗവണ്മെന്റുനിയമിച്ച): പട്ടണങ്ങളിൽ എങ്കിലും മദ്യപാനനിരോധനം നടപ്പിൽ വരുത്തണമെന്ന ഞാൻ ഗവണ്മെന്റിനോടപേക്ഷിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): അദ്ദേഹം പ്രാദേശികവികല്പം നടപ്പിൽവരുത്തുന്നതിനു അനുകൂലിയാണോ?

മി. എൻ. കമാരൻ (ഗവണ്മെന്റുനിയമിച്ച): അതേ ആദ്യമായിട്ട ചിലസ്ഥലങ്ങളിലെങ്കിലും പ്രാദേശികവികല്പം ഗവണ്മെന്റ പരീക്ഷിച്ചുനോക്കേണ്ടതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഉദ്യോഗസ്ഥമെംബർക്ക മറുപടിപറയുന്നതിന് മാത്രം സമയം ഉണ്ട്.

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ഞാൻ മി. പി. കെ. നാരായണപിള്ള പറയുന്നതിനെ ശ്രദ്ധിക്കുന്നതിനും അദ്ദേഹം എന്താണ് ആവശ്യപ്പെടുന്നതു എന്ന മനസ്സിലാക്കുന്നതിനും ശ്രമിക്കയായിരുന്നു. അദ്ദേഹം പറഞ്ഞതു എന്താണെന്ന എനിക്ക മനസ്സിലായില്ല. എന്തോ ചില പരീക്ഷണം നടത്തണമെന്നാണ് അദ്ദേഹം പറഞ്ഞതു. മദ്യപാനം കൂടുതലുള്ള സ്ഥലത്തോ താലൂക്കിലോ ആണ് അതു പരീക്ഷിക്കേണ്ടതു എന്നും പറഞ്ഞു. എന്നാൽ ഏതുതാലൂക്കിൽ അല്ലെങ്കിൽ ഏതുസ്ഥലത്തു എന്ന പറഞ്ഞില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹത്തിനവേണ്ട വിവരങ്ങൾ അതിനെപ്പററി അറിവുള്ള വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റുകളിൽനിന്നും അറിയാൻ കഴിയുന്നതാണ്. ഉദാഹരണമായി ക്രിമിനൽകേസുകളെപ്പററി അന്വേഷണങ്ങൾ നടത്തുന്ന പൊലീസ്ഡിപ്പാർട്ടുമെന്റിനു തരാൻ സാധിക്കും. മി. വാൻറാസിന് അതിനെപ്പററിയുള്ള വിവരങ്ങളെല്ലാം അവരിൽനിന്നും ഗ്രഹിക്കാൻ കഴിയും.

മി. എം. ശിവതാണുപിള്ള (തോവാള): നഗരസഭകളുടെ അതിർത്തികൾക്കുള്ളിൽ പ്രാദേശികവികല്പം നടപ്പിൽവരുത്തുന്നതിനെപ്പററി എന്താണ് പറയാനുള്ളതു?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): അതു ഇപ്പോൾ ഉണ്ടായിട്ടുള്ള ഒരു പുതിയ ചോദ്യമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): എക്സൈസ് കമ്മിററിയുടെ റിപ്പോർട്ട എന്തായി?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): എക്സൈസ്കമ്മിററിയുടെ റിപ്പോർട്ട ഗവണ്മെന്റിന്റെ ആലോചനക്ക വിഷയീഭവിച്ചിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): കമ്മററി എന്നാണ് നിയമിച്ചതു?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): അതു ൧൧൧൫-ൽ ആണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇത്രയും കാലമായിട്ട അതിനെ സംബന്ധിച്ച ഒന്നും ചെയ്തില്ലേ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ): ആ കമ്മററിയുടെ റിപ്പോർട്ടിനെ പരിശോധിച്ചിട്ട പുതിയകമ്മററിയെ നിയമിക്കണോ അതോ പഴയകമ്മററിയുടെ റിപ്പോർട്ടിനെപ്പററി ആലോചിക്കണോ എന്നുള്ളതാണ ഇപ്പോഴത്തെ സംശയം. റിപ്പോർട്ട ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണെന്ന ഞാൻ പറയാം. ഗവണ്മെന്റ അതിനെ തീരുമാനിക്കുന്നതിനു എടുക്കുമ്പോൾ മി. പി. കെ. നാരായണപിള്ളയുടെ ഉപദേശത്തെപ്പററി ഓർമ്മിക്കുന്നതാണ്. അത്രയും മാത്രമെ ഞാൻ പറയുന്നുള്ള.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) : അതിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിൻെറ നിലയെന്താണ്?

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ) : എനിക്കതിനെപ്പറ്റി ഇപ്പോളൊന്നും പറയാൻപാടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിൽ വരുത്തണമെന്ന് ഗവമെൻറ ഉദ്ദേശിക്കുന്നുണ്ടോ?

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ) : അതു സംബന്ധിച്ച് ഗവമെൻറ യാതൊരു തീരുമാനവും ചെയ്തിട്ടില്ല, അങ്ങിനെയിരിക്കുമ്പോൾ റിപ്പോർട്ടിനെ സംബന്ധിച്ചിട്ടുള്ള ഗുണദോഷങ്ങളെപ്പറ്റി എനിക്ക് എന്തുപറയാൻ കഴിയും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) : മദ്യപാനം കൂടുതലുള്ള സ്ഥലങ്ങളിൽ തൊഴിലും വർദ്ധിക്കുമെന്നാണോ മെംബറിൻെറ അഭിപ്രായം.

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ) : അത് സ്ഥലത്തിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഇതിലേയ്ക്ക് എന്താണ് ചെയ്യേണ്ടത് എന്ന തീരുമാനിക്കുന്നതിനുള്ള ചുമതല ഗവമെൻറിലേക്ക ഞാൻ വിട്ടുകളഞ്ഞിരിക്കുന്നു. എനിക്കതിനെപ്പറ്റി ഒരു വാക്കുമാത്രമേ സംസാരിക്കാൻ പാടുള്ളു. ഇതിലേക്ക വേണ്ടഏർപ്പാടുകൾ ഗവമെൻറ ചെയ്യണമെന്നു ഞാൻ അനുഗ്രഹിക്കുന്നു. അതുകൊണ്ടു ഞാൻ കൂടുതലായിട്ട ഒന്നും പറയാതെ എൻെറ ഉപക്ഷേപത്തെ വോട്ടിനിടണമെന്നപേക്ഷിക്കുന്നു.

മി. ഏ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ) : റിപ്പോർട്ട ഗവമെൻറിൻെറ കൈവശമാണെന്നും അവർ നിങ്ങളുടെ അഭിപ്രായത്തെ വകവയ്ക്കുന്നതാണെന്നും ഞാൻ പറഞ്ഞുവല്ലോ.

അദ്ധ്യക്ഷൻ. വാസ്തവത്തിൽ ഇപ്പോൾ എക്സൈസ് കമ്മീഷണർ നിങ്ങളോട പറഞ്ഞതുപോലെ ഈ സംഗതി ഗവമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു. താമസിയാതെ അതു നടപ്പിൽ വരുത്തണമെന്നു ഞങ്ങൾ വിചാരിക്കുന്നു. നിരോധനം എന്നവാക്കിനു പകരമായി വർജ്ജനം എന്നുള്ളവാക്ക ഉപയോഗിക്കുന്നപക്ഷം ഈ ഉപക്ഷേപം അംഗീകരിക്കുന്നതിനു ഗവമെൻറിനു വിരോധമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഗവമെൻറ അതു നടപ്പിൽ വരുത്തുന്നതിനു ഒരുമ്പെടുന്നപക്ഷം അപ്രകാരം വാക്കുകൾ മാററി ഉപയോഗിക്കുന്നതിനു വിരോധമില്ല.

ഒരു ശരിയായമാർഗ്ഗം തുടരുന്നതിനു ഈ ഉപക്ഷേപം ഗവമെൻറിനു സഹായമായിരിക്കുന്നതാണ്.

അദ്ധ്യക്ഷൻ. നഗരസഭയുടെ അതിർത്തികൾക്കുള്ളിലും നാട്ടിൻപുറങ്ങളിലും പ്രാദേശികവികല്പം എന്ന വിഷയത്തെപ്പററി ആലോചിച്ചുവരുന്നുണ്ട്. അത് സ്വതന്ത്രമായി ഒരു പ്രത്യേകസ്ഥലത്തു പരീക്ഷിക്കുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : പ്രാദേശിയ വികല്പത്തെപ്പററി ഗവമെൻറ ആലോചിക്കുന്നതിനു ആരംഭിച്ചിട്ടുണ്ടോ?

അദ്ധ്യക്ഷൻ. അതിനെപ്പററിയാണ് ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : പ്രാദേശിക വികല്പത്തെയാണ് ഞാൻ നിർദ്ദേശിച്ചിട്ടുള്ളത് എന്നുകൂടി ഞാൻ സമ്മതിക്കുന്നു.

അദ്ധ്യക്ഷൻ. അതുതന്നെയാണ് ഞങ്ങൾ ആലോചിക്കുന്നത്. ഷാപ്പുകളുടെ എണ്ണം സ്ഥലം മുതലായവയെ നിർണ്ണയിക്കുന്നതിനു കുറെ ആളുകൾ എക്സൈസ് ഡിപ്പാർട്ടുമെൻറിനോടു യോജിച്ചു പ്രവൃത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) : പ്രാദേശിക വികല്പം ഗവമെൻറ അംഗീകരിച്ചുകഴിഞ്ഞുവോ?

അദ്ധ്യക്ഷൻ. അത് ഗവമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു. ഇപ്പോൾ ഈ സഭ ആരംഭിച്ചിട്ടില്ലായിരുന്നു എങ്കിൽ ഏതാണ്ടു ജോലികൾ തീരുമായിരുന്നു. ഒരു ഭാഗസമായിട്ട ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ഈ ഉപക്ഷേപം വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പ്രാദേശിക വികല്പമെങ്കിലും തുടങ്ങിയാൽ മതിഎന്നു ഞാൻ സമ്മതിക്കുന്നു.

അദ്ധ്യക്ഷൻ. ഗവമെൻറ അതിനെ അംഗീകരിച്ചിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) . അടുത്തകൊല്ലംതന്നെ ഇതു ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ. കഴിയുന്നതുംനേരത്തെ തുടങ്ങുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഉപക്ഷേപം ഗവമെൻറ അംഗീകരിച്ചത്കൊണ്ടു അത് വോട്ടിനിടാതെ പിൻവലിക്കണമെന്നു ഞാൻ അനുഗ്രഹിക്കുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

സമയം അതിക്രമിച്ചതുകൊണ്ടു താഴെപ്പറയുന്ന ഉപക്ഷേപം അഭിപ്രായത്തിനെടുത്തില്ല.

ഉപക്ഷേപങ്ങൾ ൨൦൨-൨൭ വരെ.

൪. ഏ. കമ്മീഷണർ-മൊത്തം ഭരണവാരം.

മി. കെ. മാധവൻപിള്ള

൨൦൨ കമീഷണക്ക് അനുവദിച്ച ൭൦൪൨൫ രൂപയിൽ ൧൦൦൦ രൂപ കുറക്കണം.

മി. ഏ ജെ. ജാൺ.

൨൦൩ കമ്മീഷണക്ക് അനുവദിച്ചിട്ടുള്ള ൭൦൪൨൫ രൂപയിൽ ൫ രൂപ കുറക്കണം.

മി. കെ. ഐ. ജോസഫ്.

൨൦൭ കമ്മീഷനക്ക് അനുവദിച്ച ൭൦൭൨൭ രൂപയിൽനിന്നും ൫൦ രൂപ കുറക്കണം.

മി. കുരഞ്ഞിപ്പുള്ളിൽ ആർ. രാമൻപിള്ള.

൨൦൮. കമ്മീഷനക്ക് അനുവദിച്ച ൭൦൭൨൮ രൂപയിൽ ൫൦ രൂപ കുറക്കണം.

മി. ജി. രാമൻമേനോൻ.

൨൦൯. കമ്മീഷനക്ക് അനുവദിച്ച ൭൦൭൨൮ രൂപയിൽ ൫൦ രൂപ കുറക്കണം.

൭. ബി. എക്സൈസ് ഡിവിഷൻ ആഫീസുകൾ മൊത്തം അനുവാദം.

മി. കുരഞ്ഞിപ്പുള്ളിൽ ആർ. രാമൻപിള്ള.

൨൧൦. ഡിവിഷൻ ആഫീസുകൾക്ക് ൭൬൫൩൭ രൂപ അനുവദിച്ചിട്ടുള്ളതിൽ ൫൦൦൦ രൂപ കുറക്കണം.

മി. കെ. മാധവൻപിള്ള.

൨൧൧. ഡിവിഷൻ ആഫീസുകളിലേക്ക ൭൬൫൩൭ രൂപ അനുവദിച്ചിട്ടുള്ളതിൽ ൫൦൦ രൂപ കുറക്കണം.

൭. സി. എക്സൈസ്റേഞ്ചുകൾ.

എസ്റ്റാബ്ലിഷ്മെന്റ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ.

൨൧൨. ജീവനക്കാരുടെ ശമ്പളംവിഷയത്തിലേക്ക ൫൬൫൪൬ രൂപ അനുവദിച്ചിട്ടുള്ളതിൽ ൫൦൦൦ രൂപ കുറക്കണം.

൭. ഡി. എക്സൈസ് പുകയില പണ്ടകശാലകൾ മൊത്തം അനുവാദം.

മി. ജി. രാമൻമേനോൻ.

൨൧൩ പുകയില പണ്ടകശാലകൾക്ക ൯൩൦൦ രൂപ അനുവദിച്ചിട്ടുള്ളതിൽ ൫൦ രൂപ കുറക്കണം.

൭. എക്സൈസ് മൊത്തം അനുവാദം.

മി. എം. എൻ. പിള്ള.

൨൧൪. എക്സൈസ്ഡിപ്പാർട്ടുമെന്റിലേക്ക ൩൭൭൩൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽ ൫൦ രൂപാ കുറയ്ക്കണം.

മി. പി. ഹബീബ്മുഹമ്മദ്.

൨൧൫. എക്സൈസ്ഡിപ്പാർട്ടുമെന്റിലേക്ക ൩൭൭൩൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽ ൫൦ രൂപാ കുറയ്ക്കണം.

മി. ജി. നാരായണപിള്ള.

൨൧൬. എക്സൈസ്ഡിപ്പാർട്ടുമെന്റിലേക്ക ൩൭൭൩൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽ ൫൦ രൂപാ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൨൧൭. എക്സൈസ്ഡിപ്പാർട്ടുമെന്റിലേക്ക അനുവദിച്ചിട്ടുള്ള ൩൭൭൩൦൦ രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണമെന്ന.

മി. കല്ലൂർ നാരായണപിള്ള.

൨൧൮. എക്സൈസ്ഡിപ്പാർട്ടുമെന്റിലേക്ക ൩൭൭൩൦൦ രൂപാ അനുവദിച്ചതിൽ ൫൦൦ രൂപാ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൨൧൯. എക്സൈസ്ഡിപ്പാർട്ടുമെന്റിലേക്ക ൩൭൭൩൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽ ൫൦൦ രൂപാ കുറയ്ക്കണം.

൮. കസ്റ്റംസ് മൊത്തം അനുവാദം.

മി. കെ. പി. നീലകണ്ഠപിള്ള.

൨൨൧. കസ്റ്റംസ്ഇനത്തിൽ ൪൦൯൦൦ രൂപായുള്ളതിൽ ൫൪൦൦ രൂപാ കുറയ്ക്കണം.

൨൨. മി. ജി. രാമൻമേനോൻ.

൨൨൩. കസ്റ്റംസ് ഇനത്തിൽ ൪൦൯൦൦ രൂപാ ഉള്ളതിൽ ൫൦ രൂപാ കുറയ്ക്കണം.

അഞ്ചാമത്തെ അഭ്യർത്ഥനയിൽ മൊത്തം അനുവദിച്ചതിൽ കുറവുചെയ്യുന്നതിനുള്ള ഉപക്ഷേപം.

മി. എ. കെ. പിള്ള.

൨൨൪. അഞ്ചാമത്തെ അഭ്യർത്ഥനയിൽ ൩൬൪൪ ലക്ഷം രൂപാ അനുവദിച്ചതിൽ ൫൦ രൂപാ കുറക്കണം.

അദ്ധ്യക്ഷൻ. അഞ്ചാമത്തെ അഭ്യർത്ഥനപ്രകാരം എക്സൈസ്ഡിപ്പാർട്ടുമെന്റിലേക്ക ൩൬൪൪ ലക്ഷം രൂപയിൽ ൫൦൦ രൂപ കുറച്ചു അനുവദിക്കണമെന്നുള്ള അഭിപ്രായം ഞാൻ വോട്ടിനിടുന്നു.

അഭ്യർത്ഥന അംഗീകരിച്ചതായി വിചാരിക്കുന്നു.

അനുവദിച്ചു.

അഭ്യർത്ഥന ൬. [illegible] രൂപാ ൪൫൯ ലക്ഷം.

മി ആർ. [illegible]പിള്ള (കൺസർവേറ്റർ): [illegible] അഭ്യർത്ഥനപ്രകാരം ൪൫൯ ലക്ഷം അനുവദിക്കണമെന്ന ഞാൻ അഭിപ്രായപ്പെടുന്നു.

ഉപക്ഷേപം ൨൨൦.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ തൊടുപുഴ):

൨൨൦. ഗവണ്മെന്റുമുഖാന്തിരം തടിയും മറ്റുള്ളവയും [illegible] ൭൬൪൭൦൦ രൂപാ അനുവദിച്ചിട്ടുള്ളതിൽ ൫൦൦ രൂപാ കുറക്കണം.

കുടികളുടെ വസ്തുക്കളിലെ രാജകീയവൃക്ഷങ്ങളെ ഫാറസ്റ്റുകാർ മുറിച്ചു കടത്തിക്കൊണ്ടുപോകുന്ന വിഷയത്തിൽ ജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടെ പരിഹാരത്തിനായി പ്രസ്തുതവൃക്ഷങ്ങളെ വിലവാങ്ങി ഉടമസ്ഥർക്ക് വിട്ടുകൊടുക്കുകയും ഗവണ്മെന്റിനും ജനങ്ങൾക്കും ദോഷരഹിതമായ ഒരു നയത്തെ സ്വീകരിക്കയും ചെയ്യേണ്ട ആവശ്യകതയെ വ്യക്തിപ്പെടുത്തി സ്ഥാപിക്കാനാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ഗവണ്മെന്റു രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചു കുടികളുടെ പുരയിടങ്ങളിൽ വരുന്നവയ്ക്കു പകുതിഅവകാശത്തെ നിയമത്താൽതന്നെ കുടികൾക്കു വിട്ടുകൊടുത്തിട്ടുണ്ട്. എന്നാൽ ഡിപ്പാർട്ടുമെന്റിൽനിന്നും അവയെ യഥേഷ്ടം മുറിച്ചുകൊണ്ടുപോകുകയും കുടികൾക്കു പകുതി അവകാശത്തിനുള്ള പണം മിക്കപ്പോഴും കൊടുക്കാതിരിക്കയും ചെയ്യുന്നതാണ് ഇപ്പോഴത്തെ പതിവ്. കുടികൾക്കു ഈ ഇനത്തിൽ എത്രരൂപാ കൊടുത്തുതീർക്കേണ്ടതുണ്ടെന്ന് ഈ കൗൺസിലിൽ തന്നെ ഞാൻ ചോദ്യം ചോദിച്ചതിനു ഇനം ഒന്നരലക്ഷത്തോളം രൂപാ കൊടുക്കാനുണ്ടെന്നു ഉത്തരം കിട്ടിയിരിക്കുന്നു. സാധുക്കളായ അനേകം കുടികൾക്കു കിട്ടുവാനുള്ള തുക കൊടുക്കാതെ ഈ വിധം വളരെ കാലമായി ഇട്ടിരിക്കുന്നതു ഗവണ്മെന്റിനു വളരെ പോരായ്മയും സാധുജനങ്ങൾക്കു വളരെ കഷ്ടതയെ ഉണ്ടാക്കുന്നതുമാണ്. ഈ രീതിയെ ഗവണ്മെന്റു ഭേദപ്പെടുത്തണം. കുടികൾക്കു കൊടുക്കാനുള്ള തുക യഥാസമയത്തു കൊടുക്കാതിരിക്കുന്ന ഈ ഏർപ്പാട്ട് നീതികരിക്കത്തക്കതല്ല. ഗവണ്മെന്റിനു യാതൊരു കോട്ടവുമില്ലാത്ത വിധത്തിൽ പൊതുജനങ്ങളുടെ കാര്യം ശരിപ്പെടുത്താൻ കഴിയും. കുടികളുടെ വസ്തുക്കളിൽ ഇപ്പോൾ നിൽക്കുന്ന [illegible] ക്ലിപ്തമായ ഒരു വില നിശ്ചയിച്ചു കുടികളെക്കൊണ്ടു കെട്ടിവെപ്പിച്ചു ആ വൃക്ഷങ്ങളെ അവർക്കായി വിട്ടുകൊടുക്കുകയും മേലിൽ ഉണ്ടാകുന്ന വൃക്ഷങ്ങൾ എല്ലാം കുടികളുടേതാണെന്നു സമ്മതിച്ചു വിട്ടുകൊടുക്കുകയും ചെയ്യണം. വൃക്ഷവില നിശ്ചയിക്കേണ്ടതു കഴിഞ്ഞ 20 വർഷത്തിൽ ഗവണ്മെന്റു ഡിപ്പോവിൽ ശേഖരിച്ചുവിററ തടികളുടെവിലയിൽ ശേഖരിപ്പുചിലവു കഴിച്ചു ബാക്കിയുള്ള ശുദ്ധആദായത്തെ ആധാരമാക്കിവേണ്ടതാണ്. ആ വിധത്തിൽ ഗവണ്മെന്റിന്റെ പ്രകൃതിധനം കുടികളിൽനിന്നു വാങ്ങിക്കൊണ്ടു വൃക്ഷങ്ങളെ വിട്ടുകൊടുക്കണം. അങ്ങനെ ചെയ്യുന്നതുകൊണ്ടു ഗവണ്മെന്റിനു യാതൊരു നഷ്ടവുമില്ല. [illegible] വലിയ ആദായവും ഉണ്ടാകുകയും ചെയ്യും. ഇപ്പോഴത്തെ നയം ഇടതന്നുപക്ഷം എട്ടോ പത്തോ വർഷംകൊണ്ടു ഈ വൃക്ഷങ്ങൾ കുടികളുടെ വസ്തുക്കളിൽ തീരെ ഇല്ലാതെയാകും. റിസർവ്വിലുള്ളതിനേക്കാൾ അധികം വൃക്ഷങ്ങൾ ഉള്ളതു കുടികളുടെ പുരയിടങ്ങളിലാണ്. തേക്കുവൃക്ഷങ്ങൾ ഡിപ്പാർട്ടുമെന്റിൽനിന്നും യഥേഷ്ടം മുറിക്കുന്നതുകൊണ്ടു അതിൽ പടർത്തിട്ടുള്ള മുളകുകൊടികൾ നഷ്ടപ്പെടുന്നതിനും കല്ലു കയ്യാലകൾ മുതലായവ പോകുന്നതിനും മറവിളവുകൾ നശിക്കുന്നതിനും ഇടയാകുന്നുണ്ടു. രാജകീയവൃക്ഷങ്ങളെ കുടികൾക്കു കൊടുത്താൽ അവർക്കു സൌകര്യംപോലെ വൃക്ഷങ്ങളെ വളർത്തി ഉപയോഗിക്കാവുന്നതാണ്. എന്നാൽ തേക്കുതടികൾ അധികവും ഇപ്പോഴത്തെപോലെ വിദേശങ്ങളിലേക്കു കയററുമതി ചെയ്യാനാണിടയുള്ളത്. ഇപ്രകാരം വിദേശങ്ങളിലേക്കു കൊണ്ടുപോകുന്ന തടികൾക്കു ഒരു തീരുവ ചുമത്തിയാൽ ഗവണ്മെന്റിനു ആദായം എന്നും കിട്ടും. ഭവനം പണിയുന്നതിനു തേക്കിനെക്കാൾ വിലകുറഞ്ഞ ഇരുമുള്ള്, തേമ്പാവ്, ആഞ്ഞിലി ഈ വക വൃക്ഷങ്ങളാണ് ജനങ്ങൾ അധികമായി ഉപയോഗിക്കുന്നത്. സാധുക്കൾ അതുകൊണ്ടു ഭവനം പണിനടത്തിക്കൊള്ളും. ഒരു കണ്ടിതേക്കുതടിവിററാൽ ആ വിലകൊണ്ടു രണ്ടുകണ്ടി മററുതടികൾ മേടിക്കാവുന്നതാണ്. അതിനാൽ തേക്കുതടികൾ വിദേശത്തു പോകുകയാണെങ്കിൽ അതിനു തീരുവ ചുമത്തുന്നതിനു ജനങ്ങൾക്കു ദോഷമില്ലെന്നുമാത്രമല്ല ഗവണ്മെന്റിനു ഒരു നല്ല ആദായം കിട്ടുന്നതുമാണ്. കുരുമുളകിന്റെ കാര്യത്തിൽ പണ്ടു [illegible] ആയിരുന്നു. മുളകുമടിശ്ശീല എന്നൊരു ഏർപ്പാടുണ്ടായിരുന്നു, കുരുമുളകു ആരു കൃഷിചെയ്താലും ഗവണ്മെന്റിൽ ഏല്പിക്കണം. മുളകിനു ഗവണ്മെന്റുവിലവാങ്ങിക്കൊടുക്കുകയാണെന്നു നിശ്ചയിച്ചിരുന്നു. [illegible] തുകൊണ്ടുജനങ്ങൾ ആ കൃഷിയിൽ വിമുഖരായിത്തീർന്നു. ഗവണ്മെന്റിനു ആദായവും കുറഞ്ഞു. സർ. ടി. മാധവരാവു ദിവാന്റെ കാലത്തു അതു [illegible] യഥേഷ്ടം കൃഷിചെയ്തു ആദായം എടുക്കാമെന്നും വിദേശങ്ങളിലേക്കു കയററുമതി ചെയ്യുമ്പോൾ അതിനു തീരുവ ഏർപ്പെടുത്തിയാൽ മതിയെന്നും വ്യവസ്ഥചെയ്തു. അതുനിമിത്തം കുടികൾ ഉത്സാഹത്തോടുകൂടികൃഷി ചെയ്യുകയും ഗവണ്മെന്റിനു കൂടുതലായി ആദായംകിട്ടിവരികയും ചെയ്യുന്നു. അതുപോലെ തന്നെ ഏലകൃഷിയും ജനങ്ങൾക്കു സ്വാതന്ത്ര്യമായി ചെയ്യാൻ പാടില്ലെന്നു തടസ്സംചെയ്തിരുന്നു. വി. പി. മാധവരാവു ദിവാന്റെ കാലത്തു ഏലകൃഷിക്കുള്ള ഭൂമികൾക്കു [illegible] കുടികൾക്കു സ്വാതന്ത്ര്യമായി കൃഷിചെയ്തു എടുത്തുകൊള്ളുന്നതിനു അനുവദിച്ചു വ്യവസ്ഥയുണ്ടാക്കി. അനേകം ജനങ്ങൾ തിരുവിതാംകൂറിലെ മലകളിൽ ഏലംകൃഷിചെയ്യുന്നു. ജനങ്ങൾക്കും സർക്കാരിനും ആദായം കിട്ടുന്നു. അതുപോലെ തേക്കുതടികളുടെകാര്യത്തിലും ജനങ്ങൾക്കു സ്വാതന്ത്ര്യം നൽകണം. ഇനിമേൽ [illegible] വളർന്നുണ്ടാകുന്നതുമായ വൃക്ഷങ്ങളെ ജനങ്ങൾക്കുതന്നെ വിട്ടുകൊടുക്കണം. അല്ലാത്തപക്ഷം കാലക്രമത്തിൽ ഈ വൃക്ഷങ്ങൾ നശിക്കയും ഗവണ്മെന്റിനു ഒരു പൈസപോലും കിട്ടാതാവുകയും ചെയ്യും. ഡിപ്പാർട്ടുമെന്റിൽനിന്നും മുറിച്ചാൽ കൃഷിക്കു എത്രനഷ്ടം വന്നാലും ആരും ചോദിക്കാനില്ല. വിലയും കിട്ടുന്നില്ല. ഉടമസ്ഥൻ കൃഷിയുടെ രക്ഷയ്ക്കു ഒരു വൃക്ഷത്തിന്റെ ഒരു കൊമ്പുമുറിച്ചാൽ കേസുണ്ടാക്കി ശിക്ഷിക്കും. അതിനാൽ ഇങ്ങിനെയുള്ള വൃക്ഷങ്ങളെ കുടികൾ അവരുടെ പുരയിടത്തിൽ വളരാൻ എങ്ങിനെ സമ്മതിക്കും? രാജകീയവൃക്ഷം എന്നതിനും ഗവണ്മെന്റു വച്ചിരിക്കുന്നതുകൊണ്ടു ഒരു ഗുണവുമില്ല. ഗവണ്മെന്റിനുകിട്ടുന്ന ശുദ്ധആദായക്രമത്തിനു വിലവാങ്ങിച്ചു ജനങ്ങൾക്കു വിട്ടുകൊടുക്കതന്നെ ചെയ്യണം. വില കുടികളെക്കൊണ്ടു കെട്ടിവയ്പിക്കുന്നതിനു ഒരു അവധികൊടുക്കണം. തരിശുഭൂമികൾ പതിച്ചുകൊടുക്കുമ്പോൾ അഞ്ഞൂറുരൂപയിൽ കൂടുതലുള്ള സംഖ്യകൾ അഞ്ചു വർഷംകൊണ്ടു കെട്ടിവച്ചാൽ മതിഎന്നു ഒരു നിബന്ധന ഉള്ളതുപോലെ ഇതും അഞ്ചോ ആറോ തവണകൊണ്ടു ഈടാക്കണം. പണംമുഴുവൻ കെട്ടുതീർന്നശേഷംമാത്രമേ വൃക്ഷംമുറിക്കാവൂഎന്നു വ്യവസ്ഥചെയ്യുന്നതിനു വിരോധമില്ല. ജനങ്ങൾക്കു ഈ അവകാശം പൂർണ്ണമായിട്ടു വിട്ടുകൊടുക്കണമെന്നുള്ള സംഗതി ഈ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഉപക്ഷേപത്തെ അവതരിപ്പിച്ചത്. അതിനാൽ ഗവണ്മെന്റിനും ജനങ്ങൾക്കും ഒന്നുപോലെ ഗുണകരമായ ഇതിനെ എല്ലാവരും പൂർണ്ണമായി അനുകൂലിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

പി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇപ്പോൾനിൽക്കുന്ന വൃക്ഷങ്ങൾക്കുതന്നെ വിലവാങ്ങിക്കണമെന്നു നിർബന്ധമുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഗവണ്മെൻറിനു നഷ്ടം നേരിടാതെതന്നെ ജനങ്ങൾക്കു സൌകര്യം കിട്ടിയാൽമതി. ഗവണ്മെൻറിനു ലഭിക്കുന്ന ആദായം ജനക്ഷേമത്തിനു ഉപയോഗിക്കേണ്ടതാണല്ലോ. അതിനു ഭംഗം വരാതെ ചെയ്താൽ മതി എന്നുമാത്രമേ ഞാൻ ഉപക്ഷേപംകൊണ്ടുദ്ദേശിച്ചിട്ടുള്ളൂ.

മി. ആർ. ധനക്കോടിപ്പിള്ള (കൺസർവേറററ്): നിയമസഭയിലും പ്രജാസഭയിലും രാജകീയവൃക്ഷങ്ങളെപ്പററിയുള്ള വിഷയം ഇതിനുമുമ്പു പലപ്പോഴും വാദപ്രതിവാദത്തിനു എടുത്തിട്ടുണ്ട്. അതിൻെറഫലമായി മി. കുഞ്ഞിത്തൊമ്മൻ ഉൾപ്പെടെ നാലു നിയമസാമാജികന്മാരെ ഗവണ്മെൻറു ഒരു കമ്മിററിയായി നിയമിച്ചു. കമ്മിററിക്കു പല മീററിംഗുകൾ ഉണ്ടാവുകയും ഇപ്പോൾ അവർ റിപ്പോർട്ടു ഗവണ്മെൻറിലേക്കു സമർപ്പിക്കയും അതിപ്പോൾ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയുമാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കഴിഞ്ഞ കൌൺസിലിൽ ഏർപ്പെടുത്തിയ കമ്മിററിയിലെ റിപ്പോർട്ടു ആ കൌൺസിൽ അവസാനിക്കുന്നതിനുമുമ്പുതന്നെ തയ്യാറാക്കികൊടുക്കാൻ അവസരം ഉണ്ടായിരുന്നില്ലേ? പിന്നെ എന്തുകൊണ്ടങ്ങിനെ ചെയ്തില്ലാ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറററ്): ഗവണ്മെൻറിൽനിന്നും നിയമിച്ച ഉദ്യോഗസ്ഥാസാമാജികന്മാരിൽ ഒരാൾ മരിക്കയും അതിനുപകരം ആൾ നിയമിക്കുന്നതിനു താമസപ്പെടാതെ വരികയും അസംഗതി എഴുത്തുകുത്തിൽ ഇരുന്നതിനാലുമാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഈ കമ്മിററിയേർപ്പെടുത്തി നാലുവർഷത്തിലധികമായില്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): ഏതുകൊല്ലം കമ്മിററിയുടെ നടപടികൾ മി. കുഞ്ഞിത്തൊമ്മനയച്ചിട്ട് അദ്ദേഹത്തിൻെറ അഭിപ്രായം നിശ്ചിതസമയത്തിനുള്ളിൽ അയച്ചുതന്നില്ല

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഒരു മെംബർ മരിച്ചുപോയിഎന്നു പ്രസ്താവിച്ചതു ഉദ്യോഗസ്ഥമെംബരല്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): അതേ. കമ്മിററിറിപ്പോർട്ടു നേരത്തെ സമർപ്പിക്കയും അതു ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കയുമാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മരിച്ചുപോയ മെംബർക്കുപകരം ഒരു മെംബറെ തിരഞ്ഞെടുക്കുന്നതിനു പ്രയാസമുണ്ടായിരുന്നോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): ഉണ്ടായിരുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കമ്മിററി ഏർപ്പെടുത്തിയതിനുശേഷം വല്ലതേക്കും മുറിച്ചുകൊണ്ടുപോയിട്ടില്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): കമ്മിററിയുടെ നിയമനം അതിനെ തടഞ്ഞിട്ടില്ലായിരുന്നു.

രാജകീയവൃക്ഷങ്ങളിൽനിന്നും രാജഭോഗം പിരിക്കുന്നതിനെപ്പററി കമ്മിററിയിലെ അംഗങ്ങൾ എല്ലാവരും സമ്മതിച്ചിട്ടുണ്ട്. തേക്കു, ഈട്ടി മുതലായവയെ ഇനിയും രാജകീയവൃക്ഷങ്ങളായി വെച്ചുകൊണ്ടിരിക്കുന്നതു നന്നല്ലെന്നു അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെപ്പററി സൂക്ഷ്മമായി പ്രതിപാദിക്കയും മി. കുഞ്ഞിത്തൊമ്മൻെറ വാദങ്ങളെ സക്കൂലമായി പരിശോധിക്കുകയും ചെയ്തു. രാജകീയവൃക്ഷങ്ങൾ പാട്ടത്തെ ഇല്ലായിരുന്നുവെങ്കിലും ഇല്ലാത്തതുകൊണ്ടു കമ്മിററി അവയുള്ള സ്ഥലങ്ങളെ മൂന്നായി വിഭജിക്കണമെന്നു അഭിപ്രായപ്പെട്ടു. പടിഞ്ഞാറെഭാഗത്തു രാജകീയവൃക്ഷങ്ങൾ മൂന്നുകൊല്ലങ്ങൾകൊണ്ടു വെട്ടിനീക്കിക്കളയാവുന്നതുകൊണ്ടു അവയുടെ അതിൻെറ കാര്യത്തെപ്പററി അത്യല്പകാലംമാത്രമേ ഉണ്ടായിരിക്കയുള്ളൂ. മദ്ധ്യഭാഗത്തു രാജകീയവൃക്ഷങ്ങളുടെ കാര്യത്തെപ്പററി ഒരുകൊല്ലത്തേക്കുമാത്രം ആലോചിച്ചാൽ മതിയാകുന്നതാണ്. കിഴക്കേഭാഗത്തു വടക്കേററത്തു ധാരാളം മരങ്ങൾ ഉള്ളതുകൊണ്ടു രാജഭോഗത്തെ പണ്ടുകൊല്ലംകൊണ്ടു നിറുത്തൽ ചെയ്യാമെന്നു കമ്മിററി അഭിപ്രായപ്പെട്ടു.

മി. കെ. കെ. തോമസ് (കോട്ടയം): പടിഞ്ഞാറുവശത്തു വൃക്ഷങ്ങൾ കുറവാണെങ്കിൽ എന്തിനാണ് മൂന്നുകൊല്ലം വച്ചിരിക്കുന്നതു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): വൃക്ഷങ്ങൾ പറമ്പുകളിലും മൂന്നുകൊല്ലംകൊണ്ടുമാത്രമേ മുറിച്ചുതീരുകയുള്ളൂ. കൂട്ടാതെ ആ സ്ഥലം കന്യാകുമാരിമുതൽ ചേർത്തലവരെ നീണ്ടുകിടക്കുന്നതാണ്.

മി. കെ. കെ. തോമസ് (കോട്ടയം): കൺസർവേറററുടെ സമാധാനംകൊണ്ടു ഞാൻ തൃപ്തനായില്ല. എന്തിനാണു മൂന്നുകൊല്ലം കാലാവധി വെച്ചിരിക്കുന്നത്?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറററ്): അങ്ങിനെയാണ് കമ്മററി തീരുമാനിച്ചിരിക്കുന്നത്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): തടി മുറിച്ചുകൊണ്ടു പോകുന്നതിനു മൂന്നുവർഷമെന്നും പത്തു വർഷമെന്നും ഓരോ സ്ഥലത്തെപ്പററി കാലാവധി പറയുന്നു. മുറിച്ചുകൊണ്ടു പോകാതെതന്നെ ഡിപ്പാർട്ടുമെൻറിനു കിട്ടേണ്ട ആദായം വിലശ്രുപേണ കഴികൾ തരുമെങ്കിൽ തടികളെന്നു മുറിച്ചുകൊണ്ടു പോകണമെന്നു കൺസർവേറററ് നിർബന്ധിക്കുന്നതിൻെറ കാരണമെന്താണ്? വിലകിട്ടിയാൽ പോരേ

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കമ്മററി ഗവണ്മെൻറിലേക്കു റിപ്പോർട്ടു സമർപ്പിച്ചു കഴിഞ്ഞോ എന്നു എനിക്കു പറഞ്ഞുതരാമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറററ്): കഴിഞ്ഞു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ കടലാസുകൾ നിയമസഭയിൽ ഉണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറററ്): ഇല്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കമ്മററിറിപ്പോർട്ടു ഗവണ്മെൻറിലേക്കു കൊടുത്തുകഴിഞ്ഞോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറററ്): കൊടുത്തു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഗവണ്മെൻറിലേയ്ക്കു റിപ്പോർട്ട് സമർപ്പിക്കാൻ കാലമായിട്ടില്ലല്ലോ. മൈനോറിട്ടി റിപ്പോർട്ട് ഏതാനും മെമ്പറന്മാർ എഴുതുന്നതല്ലേ ഉള്ളൂ. എൻെറ ചോദ്യത്തിനുത്തരം മലയാളത്തിൽ കിട്ടിയാൽ കൊള്ളാം.

അദ്ധ്യക്ഷൻ: മി. കുഞ്ഞിത്തൊമ്മൻ മെമ്പർക്കു മലയാളത്തിൽ സംസാരിക്കാൻ പാടില്ല.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): മി. കുഞ്ഞിത്തൊമ്മൻ അയച്ച റിപ്പോർട്ടിൽ മൈനോറിട്ടി റിപ്പോർട്ട് ഒന്നും കണ്ടില്ല. അതുകൊണ്ടു അദ്ദേഹത്തോടു നേരിട്ടു സംസാരിക്കാമെന്നു ഞാൻ ഉദ്ദേശിച്ചു. ഇതേപ്പററി ഗവണ്മെൻറിനെ ധരിപ്പിച്ചിട്ടുണ്ട്. മിസ്റ്റർ കുഞ്ഞിത്തൊമ്മനു മൈനോറിട്ടി റിപ്പോർട്ട് വേണമെങ്കിൽ അയക്കാം.

കുടിപ്പിഴയെപ്പററി ഈ സഭയിൽ പലപ്പോഴും പ്രതിവാദിച്ചിട്ടുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): റിപ്പോർട്ട് ഒപ്പിട്ടയയ്ക്കുന്നതിനു അയച്ചപ്പോൾ ഞാൻ മൈനോറിട്ടി റിപ്പോർട്ട് എഴുതുന്നു എന്നു കൺസർവേററോടു പറഞ്ഞിട്ടില്ലേ?

മി. വി. സുബ്ബയ്യർ (ഗവണ്മെൻറു നിയമിച്ച) (ഉപാദ്ധ്യക്ഷൻ): കമ്മററി അംഗങ്ങളുടെ ഇടയിൽ നടന്ന കാര്യങ്ങളെപ്പററി നാം ആലോചിച്ചിട്ടു ആവശ്യമുണ്ടോ?

അദ്ധ്യക്ഷൻ: അതിനെപ്പററി പ്രതിവാദിച്ചിട്ട ആവശ്യമില്ല.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): കടവില ഇനത്തിൽ ഒന്നര ലക്ഷം രൂപാ കൊടുത്തുതീർക്കാനുണ്ട്. ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്. ഇക്കാര്യം ഗവണ്മെൻറിനെ ധരിപ്പിക്കയും അതു വേഗം കൊടുത്തുതീർക്കുന്നതിനു ഏതാനും ആളുകളെ നിയമിക്കുന്നതിനു അനുവാദിക്കയും ചെയ്തു. കഴിഞ്ഞകൊല്ലം ൧.൨ ലക്ഷം രൂപായേ കൊടുത്തുതീർക്കുന്നതിനു സാധിച്ചുള്ളൂ. ഒന്നു രണ്ടു കൊല്ലംകൊണ്ടു കുടിശ്ശിക കൊടുത്തുതീർക്കാമെന്നു വിചാരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഞാൻ നടപടിക്രമത്തെ സംബന്ധിച്ചു ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഗവണ്മെൻറിൽനിന്നും ഉത്തരവുകൾ ചെയ്തിട്ടില്ലാത്ത കമ്മററിയുടെ റിപ്പോർട്ടിലുള്ള വിവരങ്ങളെ വെളിപ്പെടുത്തിയതു ശരിയായില്ല എന്നു എനിക്കു തോന്നുന്നു.

അദ്ധ്യക്ഷൻ: അദ്ദേഹത്തിനറിവുള്ള സംഗതികളെ വെളിവാക്കുന്നതിനു ഗവണ്മെൻറു അനുവാദം വാങ്ങിയിട്ടുണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): നമുക്കു അതിനെപ്പററി നാളെ പ്രതിവാദിക്കാം.

അദ്ധ്യക്ഷൻ: ഈ അഭ്യർത്ഥനക്കു നിങ്ങൾക്കു രണ്ടു മണിക്കൂർ എടുക്കുന്നതിനവകാശമുണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): വാദപ്രതിവാദം തൽക്കാലം അവസാനിപ്പിക്കാം.

അദ്ധ്യക്ഷൻ: ഞാൻ രണ്ടരമണിക്കൂർ നിങ്ങൾക്കു അനുവദിക്കേണ്ടതായിട്ടാണു ഇരിക്കുന്നതു.

മി. കെ. കെ. തോമസ് (കോട്ടയം): തനതു പുരയിടങ്ങളിൽ നിൽക്കുന്ന രാജകീയവൃക്ഷങ്ങളിൽ ഗവണ്മെൻറു വച്ചുകൊണ്ടിരിക്കുന്ന ഉടമസ്ഥാവകാശത്തെപ്പററി നാട്ടുംപുറങ്ങളിലുള്ള ജനങ്ങൾക്കുള്ള അസംതൃപ്തി ഗവണ്മെൻറിനെ ധരിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുമായി യാതൊരു ഇടപാടുമില്ലാതെയിരുന്നാൽ നന്നായിരിക്കുമെന്നു അവർ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ എപ്പോഴെങ്കിലും ഒരാളിനു ഒരു രാജകീയവൃക്ഷം മുറിക്കണമെന്നു തോന്നിയാൽ ഗവണ്മെൻറനുവാദം വാങ്ങേണ്ടിയിരിക്കുന്നു. അപ്രകാരം അനുവാദം കിട്ടുന്നതിനു വളരെ മാസങ്ങൾ വേണ്ടിയിരിക്കുന്നു എന്നവർ പറയുന്നു. സ്വന്ത അവകാശങ്ങളെ തടയുന്ന ഒരു ഏർപ്പാടാണ് ഇതു എന്നവർക്കു തോന്നിത്തുടങ്ങിയിരിക്കുന്നു എന്നു സഭയെ ധരിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുവക ചട്ടങ്ങൾ വിരോധിക്കുന്നതുകൊണ്ടു രാജകീയവൃക്ഷങ്ങൾ അവർക്കു ഉപയോഗിക്കാൻ നിവൃത്തിയില്ല. ഒരു കൊമ്പു മുറിച്ചാൽപോലും അവരെ ശിക്ഷിക്കുന്നതാണ്.

മി. എം. ശിവശങ്കരപിള്ള (തോവാള): ചട്ടങ്ങൾക്കു ഭേദഗതികൾ ഹാജരാക്കുന്നതല്ലയോ നല്ലതു?

മി. കെ. കെ. തോമസ് (കോട്ടയം): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ നിയമസഭയെ ധരിപ്പിച്ചതുപോലെ സ്വന്തം പുരയിടങ്ങളിൽ നിൽക്കുന്ന രാജകീയവൃക്ഷങ്ങളെപ്പററി ഗവണ്മെൻറിൽനിന്നും അനുവദിച്ചു അവയുടെ വില റവന്യൂഡിപ്പാർട്ടുമെൻറുമുഖാന്തിരം കൊടുപ്പിച്ചു കൈവശപ്പെടുത്തുന്നതിനു ഏർപ്പാടു ചെയ്താൽ നന്നായിരിക്കുന്നതാണ്. വൃക്ഷങ്ങളുടെ ലിസ്റ്റ് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ എടുത്തിട്ടുള്ളതുകൊണ്ടു അവയുടെ വില താലൂക്കുഖജനാവിൽ ഒടുക്കുന്നതിനു ബുദ്ധിമുട്ടുള്ളതും അല്ലല്ലോ എന്നു എനിക്കു തോന്നുന്നു. മററു രാജ്യങ്ങളിലേക്കു വിലവാങ്ങി കൊണ്ടുപോകുന്ന തടികൾക്കു ചുങ്കം ഏർപ്പെടുത്തുന്നതു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അഭിപ്രായപ്പെട്ടതുപോലെ പരാതികൾക്കു ഇടയാക്കുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. ഏലം, കുരുമുളക് ഇവയിൽ ഗവണ്മെൻറിനുള്ള അവകാശങ്ങളെ വിട്ടൊഴിഞ്ഞിരിക്കുന്നു. കുടികളുടെ പുരയിടങ്ങളിലുള്ള ഉടമസ്ഥാവകാശത്തെ തടയുന്ന ഈ ഒരു ഏർപ്പാടുമാത്രം നടപ്പിൽ ഇരിക്കുന്നു. അപ്രകാരമിരിക്കെ രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചു ഏതെങ്കിലും ഒരു ഭേദഗതി വരുത്തിയാൽ കൊള്ളാമെന്നു ഞാൻ അപേക്ഷിക്കുന്നു. ഉടമസ്ഥന്മാർക്കു തനതു പുരയിടങ്ങളിലുള്ള രാജകീയവൃക്ഷങ്ങളെ ഒരു ക്ലിപ്തകാലാവധിക്കുള്ളിൽ മുറിച്ചുമാററുന്നതിനു ഒരു അനുവാദംകൊടുത്താൽ നന്നായിരിക്കും. ഇതു ഒരു പുതിയ ഏർപ്പാടല്ല. പുതുവൽ ഉടമസ്ഥന്മാർക്കു പതിച്ചുകൊടുത്ത സംബന്ധിച്ച ചട്ടങ്ങൾപ്രകാരം വൃക്ഷങ്ങൾ മുറിക്കുന്നതിനു അനുവാദം ഉണ്ട്. ഞാൻ തന്നെ അപ്രകാരം ചെയ്തിട്ടുണ്ട്. രാജകീയവൃക്ഷങ്ങൾ തീരെ ഇല്ലാത്തതായ രാജ്യത്തിൻെറ പടിഞ്ഞാറേഭാഗത്തുള്ളവയെ മുറിക്കുന്നതിനു ഗവണ്മെൻറുകല്പനയും മദ്ധ്യഭാഗത്തുള്ളവയെ മുറിക്കുന്നതിനു ആരുടെ കല്പനയും വേണ്ടാ എന്നു രാജകീയവൃക്ഷക്കമ്മിററിക്കാർ അഭിപ്രായപ്പെട്ടിട്ടുള്ളതായി കൺസർവേററർ പറഞ്ഞു. സംഗതികൾ ഇപ്രകാരം ഇരിക്കുന്നതുകൊണ്ടു ഞാൻ മിസ്റ്റർ കുഞ്ഞിത്തൊമ്മൻെറ അഭിപ്രായത്തോടു യോജിക്കയും നിയമസഭ അതിനെപ്പററി പര്യാലോചിക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്യു.

അദ്ധ്യക്ഷൻ: നാളെ ൧൧ മണിക്കു വീണ്ടും കൂടുന്നതിനായി തല്ക്കാലം പിരിയാം.

പിന്നിട്ടു [illegible] സഭ പിരിഞ്ഞു.

എൻ. ശിവകണ്ണപ്പിള്ള,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government

തിരുവിതാംകൂർനിയമസഭ.

രണ്ടാമത്തേതു.

രണ്ടാംസമ്മേളനം ൧൧൧൪.

(ഔദ്യോഗികറിപ്പോർട്ട്).

൧൯൩൯ ആഗസ്റ്റ് ൧൬-ാം ബുധനാഴ്ച/൧൧൧൪ കർക്കടകം ൩൧-ാം.

സഭ ൧൧ മണികഴിഞ്ഞു ൩൦ മിനിട്ടായപ്പോൾ ദിവാൻ എം. ഇ. വാട്ട്സ് എസ്ക്വയർ ബി. എ. ബാരിസ്റ്റർ അവറുകളുടെ അദ്ധ്യക്ഷതയിൽ കൂടി. മി. കെ. സി. മാമ്മൻമാപ്പിളയും മി. ചെങ്ങന്നൂർ നാരായണപിള്ളയും ഒഴികെ മറ്റുള്ള സഭാംഗങ്ങൾ എല്ലാവരും ഹാജരുണ്ടായിരുന്നു.

പ്രശ്നോത്തരങ്ങൾ.

ഹോസ്റ്റലുകൾ.

൧൨൫. മി. പി. രാമൻമേനവൻ (ദേവികുളംപീരുമേട് കാർത്തികപ്പള്ളി): ഗവണ്മെന്റിൽനിന്നോ ഗവണ്മെന്റിന്റെ സഹായത്തോടുകൂടി നടത്തുന്നതോ ആയ ഹോസ്റ്റലുകളിൽ ൧൧൧൪ ധനുമാസം ൧-ാം തീയതി താമസിച്ചിരുന്ന വിദ്യാർത്ഥികളെസംബന്ധിച്ച താഴെപ്പറയുന്നവിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ ഗവണ്മെന്റിൽനിന്നു മേശമേൽ വയ്ക്കുമോ?

(എ) ഹോസ്റ്റലുകളിൽ താമസിച്ചിരുന്നതും മലയാളബ്രാഹ്മണർ, മറ്റുബ്രാഹ്മണർ, ക്രിസ്ത്യാനികൾ, മുഹമ്മദീയർ, നായന്മാർ, മറ്റ അബ്രാഹ്മണസവർണ്ണഹിന്തുക്കൾ, ഈഴവർ, മറ്റുഅവർണ്ണഹിന്തുക്കൾ പ്രത്യേകമായിപ്പറയത്തക്കവർഗ്ഗക്കാർ ഈ വർഗ്ഗങ്ങളിൽ ഉൾപ്പെട്ട ഓരോന്നിലുമായ വിദ്യാർത്ഥികളുടെ എണ്ണം എത്ര?

(ബി) ഈ ഹോസ്റ്റലുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ ഓരോവർഗ്ഗത്തിലും ആകെയുള്ള വിദ്യാർത്ഥികളെ കണക്കാക്കി ഹോസ്റ്റലിൽ നിവസിക്കുന്ന മേൽപ്പറഞ്ഞ ഓരോവർഗ്ഗത്തിലും ഉൾപ്പെട്ട വിദ്യാർത്ഥികളുടെ ശതമാനമെന്ത്,

മി. കെ. ജാർജ് (ഗവണ്മെന്റചീഫ്സെക്രട്ടറി): (എ)—യും (ബി)-യും മെംബർ ആവശ്യപ്പെട്ട സ്റ്റേറ്റ്മെന്റ മേശമേൽ വച്ചിരിക്കുന്നു. സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നതു ട്രെയിനിംഗ്സ്കൂളുകളേയും അതിനു ഉപയുക്തമായ ഹോസ്റ്റലുകളേയും ഒഴിച്ചുള്ള കാളേജ്കളെ സംബന്ധിച്ചുള്ളതാണ്.

ഗവണ്മെന്റ അച്ചുക്കൂടത്തിൽ കൂടുതൽസമയം ജോലിചെയ്യുന്നതിനുള്ള ശമ്പളം.

൧൨൬. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) സാലറിസ്കമ്മറ്റിക്കാരുടെ ശുപാർശകൾക്കുമുമ്പു ഗവണ്മെന്റ അച്ചുക്കൂടത്തിലെ ജോലിക്കാർക്കു കൂടുതൽസമയം ജോലിചെയ്യുന്നതിനു അവരുടെ ശമ്പളത്തിനു അനുസരണമായി അലവൻസ് കൊടുക്കുന്നുണ്ടായിരുന്നോ എന്നും,

(ബി) ഈ ക്രമത്തെ ഭേദപ്പെടുത്തിട്ടുണ്ടോ എന്നും പറയുമോ? ഉണ്ടെങ്കിൽ ഏതിനെ ആധാരമാക്കിയാണ് ഭേദപ്പെടുത്തിയതെന്നും, ഇപ്പോഴത്തെ അലവൻസ് ഏതു പ്രകാരം അനുസരിച്ചാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നതു എന്നും,

(സി) സാലറിസ്കമ്മറ്റിയുടെ ശുപാർശകൾക്കുമുമ്പു കിട്ടിക്കൊണ്ടിരുന്ന കൂടുതൽപണിക്കുള്ള ശമ്പളക്രമം അച്ചുക്കൂടക്കമ്മറ്റി ശുപാർശചെയ്തിട്ടുണ്ടോ എന്നും പറയുമോ? ഉണ്ടെങ്കിൽ, ആ ശുപാർശയിന്മേൽ പാസ്സാക്കിട്ടുള്ള ഉത്തരവുകൾ എന്തെല്ലാം.

(ഡി) ജോലിക്കാരോടു കൂടുതൽജോലിചെയ്യുന്നതിനു ആവശ്യപ്പെടുന്നതു കുടിശ്ശികകൾ തീർക്കുന്നതിനാണോ അതോ ഗവണ്മെന്റിന്റെ അത്യാവശ്യജോലികൾ നിറവേറ്റുന്നതിനാണോ എന്നും,

(ഇ) ഇപ്രകാരം ഇതരഗവണ്മെന്റസ്ഥാപനങ്ങളിൽ കൂടുതൽജോലിചെയ്യുന്നതിനു കൊടുക്കുന്ന ശമ്പളനിരക്കു എന്താണെന്നും,

ഗവണ്മെന്റ ദയവായി പറയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റചീഫ്സെക്രട്ടറി): (എ) ഉണ്ടു എന്നാണ് മറുപടി.

(ബി) ഉണ്ട് (മേശമേൽവച്ചിരിക്കുന്ന ൧൯൩൮ ഏപ്രിൽ ൨൨-ാംയിലെ ഗവണ്മെന്റഉത്തരവു ഫയൽ നമ്പ്ര ൧൧൫൩/നമ്പരിൽ നിന്നുള്ള ഭാഗം നോക്കുക†) ഇപ്പോഴും നടപ്പിൽ ഇരിക്കുന്നനിരക്കു അതുതന്നെയാണ്.

(സി) ഉണ്ടു; എന്നാൽ ഈ ശുപാർശയെ ഗവണ്മെന്റ അംഗീകരിച്ചില്ല.

(ഡി) ഗവണ്മെന്റിന്റെ അത്യാവശ്യങ്ങളെ നിറവേറ്റുന്നതിനു.

(ഇ) മറ്റുസ്ഥലങ്ങളിൽകൊടുക്കുന്നനിരക്കിനെപ്പറ്റി ഗവണ്മെന്റിനു യാതൊരറിവുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അച്ചുക്കൂടത്തിന്റെ ഭരണത്തിനുശേഷം ശമ്പളത്തെ സംബന്ധിച്ചിടത്തോളം, ഏറെപ്പണിക്കുള്ളശമ്പളം അനുവദിക്കുന്നഏർപ്പാടു നടപ്പിൽ ഇരുന്നോ എന്നു ദയവായിപ്പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റചീഫ്സെക്രട്ടറി): കുറേക്കാലത്തേക്കു നടപ്പിൽ ഇരിക്കുന്നു എന്നല്ലാതെ ഇതിനെസംബന്ധിച്ച എനിക്കു യാതൊരറിവുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു എത്രകാലം നടപ്പിൽഇരുന്നുവെന്നു മെംബറിനു പറയാൻ സാധിക്കയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. കെ. ജാർജ് (ഗവണ്മെന്റചീഫ്സെക്രട്ടറി): അല്ല.

† അനുബന്ധം II നോക്കുക.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൂടുതൽജോലി ചെയ്യുന്നതിനുള്ള ശമ്പളം ക്ലിപ്തപ്പെടുത്തിയപ്പോൾ ഇതുമാതിരി ഗവന്മെന്റുസ്ഥാപനങ്ങളുടെ സ്ഥിതിയെപ്പററി ശരിയായി ആലോചിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): ഇതിനു എനിക്കു മറുപടി പറയാൻ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബി ഭാഗത്തിനുള്ള മറുപടിയെസംബന്ധിച്ചിടത്തോളം, സാലറീസ്കമ്മററി ഇപ്രകാരം തീർച്ചചെയ്തപ്പോൾ ഏതെങ്കിലും അംഗീകരണം സിദ്ധിച്ചപ്രമാണത്തെ ആസ്പദമാക്കിയാണോ ഇങ്ങനെ തീർച്ചചെയ്തതു അതോ കുറവുചെയ്യുന്നതിനെപ്പററിയുള്ള സംഗതിയാണോ ആലോചനാവിഷയമായിരുന്നതു് എന്നു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): നിശ്ചയമായും കുറവുചെയ്യുന്നതിനെപ്പററിയുള്ള സംഗതിയാണ് പ്രധാനചിന്താവിഷയമായിരുന്നതു്, ഡിപ്പാർട്ടുമെന്റിലെ ആവശ്യകതയെപ്പററിയും അവർ പരിഗണിച്ചിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (സി) ഭാഗത്തെസംബന്ധിടത്തോളം, ഉപകാർശകളെ പരിത്യജിക്കുന്നതിനുള്ള കാരണങ്ങൾ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): ഒരു അനുബന്ധമായി ചേർപ്പുചേർത്തിട്ടുള്ള ധനകാര്യസംബന്ധമായ ഗവന്മെന്റുത്തരവുമൂലം നടപ്പിൽ വരുത്തിട്ടുള്ള നിരക്കുകൾ തൃപ്തികരമായിരുന്നുഎന്നു ഗവന്മെന്റു വിചാരിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയികീഴ്): കൂടുതൽപണിയും കൂടുതൽപണിക്കുള്ള ശമ്പളം ഏർപ്പെടുത്താതെ, സർക്കാർഅച്ചുക്കൂടത്തിലെ ജോലി ചെയ്യുന്നതിനു സാധിക്കുമോഎന്നു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): അതു് സാദ്ധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഭാഗത്തിന്റെമറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള അത്യാവശ്യങ്ങൾ എന്താണെന്നു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): ഉദാഹരണമായി നിയമസഭാനടപടികളുടെ പ്രസിദ്ധീകരണം അച്ചടിക്കുന്നതു ഒരു തിടുക്കമുള്ള ആവശ്യമാണ്; പ്രശ്നങ്ങളുടെ മറുപടി അച്ചടിക്കുന്നതു് ധൃതിയിൽ നടക്കേണ്ട ഒരു സംഗതിയാണ്.

മി. കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവന്മെന്റിന്റെ തിടുക്കമുള്ള ആവശ്യങ്ങൾക്കു ഗവന്മെന്റുഅച്ചുക്കൂടത്തിലെജോലിക്കാർ ഉത്തരവാദികൾ ആണോ എന്നു ദയവായിപ്പറയുമോ?

മി. കെ. ജോർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): അവർ ഉത്തരവാദികളല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പിന്നെ എന്തിനാണു് അവർ കഷ്ടപ്പെടുന്നതു?

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): അവർ കഷ്ടപ്പെടുന്നില്ല. കൂടുതൽപണിക്കു അവർക്കു ശമ്പളം കൊടുക്കുന്നുണ്ടു. അതിന്റെ നിരക്കിനെക്കുറിച്ചുമാത്രമാണ് മെംബർ പറയുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്), ഇപ്പോഴുള്ള കൂടുതൽജോലി എത്രതന്നെ ആയിരുന്നാലും അവർക്കു അവരുടെ ശമ്പളത്തിൽകൂടുതൽ വാങ്ങിക്കാൻ സാധിക്കയില്ല.

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): അവർക്കു അവരുടെ ശമ്പളത്തിന്റെ ൫൦ ശതമാനത്തിൽ കൂടുതൽവാങ്ങാൻപാടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു തൃപ്തികരമായ പ്രതിഫലം ആണെന്നാണോ ഗവന്മെന്റിന്റെ അഭിപ്രായം?

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): ഗവന്മെന്റിൽനിന്നും ഉത്തരവുകൊടുത്തപ്പോൾ അതു തൃപ്തികരമായ പ്രതിഫലമായിട്ടു ഗവന്മെന്റു വിചാരിച്ചു.

ഗവന്മെന്റുഅച്ചുക്കൂടത്തിലെ കൂടുതൽജോലി.

൧൩൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ജോലിത്തിരക്കുള്ള അവസരങ്ങളിൽ ഒരു ദിവസം ൧൨ മണിക്കൂറിൽകൂടുതൽ ഗവന്മെന്റുഅച്ചുക്കൂടത്തിലെജോലിക്കാരോടു വേലചെയ്‌വാൻ ആജ്ഞാപിക്കാറുണ്ടോ എന്നും;

(ബി) ൧൧൦൭-ൽ അച്ചുക്കൂടത്തിൽ രാത്രി ൯ മണിക്കുശേഷം എത്രദിവസം ജോലിചെയ്തിട്ടുണ്ടെന്നും രാത്രികാലങ്ങളിൽ ആ സ്ഥാപനത്തിൽ ഏതുതരത്തിലുള്ള ജോലിയാണ്ചെയ്തിട്ടുള്ളതെന്നും;

(സി) അപ്രകാരമുള്ള ജോലിക്കു നൽകുന്ന അലവൻസിനുപുറമേ, എന്തെങ്കിലും കൂടുതൽ പ്രതിഫലം വേലക്കാർക്കു നൽകിയിട്ടുണ്ടോഎന്നും, ഉണ്ടെങ്കിൽ ൧൧൦൭-ലെ ബഡ്ജററുയോഗക്കാലത്തു ആ ജോലി ചെയ്തതിന് സിബ്ബന്ദികൾക്കു കൊടുത്തിട്ടുള്ളതുക എന്താണെന്നും,

(ഡി) ഒരു വ്യവസായശാലയിലെ ജോലിക്കാരെക്കൊണ്ടു വ്യവസായശാല ചട്ടം അനുസരിച്ചു തുടർച്ചയായി എത്രമണിക്കൂർ ജോലി ചെയ്യിക്കാമെന്നും;

ഗവന്മെന്റു സദയം പറയുമോ?

മി. കെ. ജാർജ് (ഗവന്മെന്റുചീഫ്സെക്രട്ടറി): (എ) ആജ്ഞാപിക്കാറുണ്ട്, എന്നാൽ തുടർച്ചയായിട്ടല്ല. ഓരോ ആറുമണിക്കൂർ കഴിയുമ്പോഴും അവർക്കു അരമണിക്കൂർനേരത്തെ വിശ്രമം അനുവദിച്ചിട്ടുണ്ടു, കൂടാതെ അവരുടെ ആവശ്യങ്ങൾ തിടുക്കമുള്ളതായിരുന്നാൽ അവർ ആവശ്യപ്പെടുന്നപക്ഷം പുറത്തേക്കുപോകുന്നതിനു അനുവാദവും നൽകുന്നുണ്ടു. ഇതുംകൂടാതെ ജോലിക്കാർക്കു അവരുടെ ഭാഗം ജോലിതീർന്നാലുടനെ ഓരോരുത്തർക്കായി പോകത്തക്കവിധത്തിൽ കൂടുതൽജോലി ഭാഗിച്ചുകൊടുക്കുന്നഏർപ്പാടും നടപ്പിൽഉണ്ടു്.

(ബി) നിയമസഭസംബന്ധിച്ചജോലിക്കായിട്ടും, സിവിൽലിസ്റ്റ്, രേണറിപ്പോർട്ട് സഭാനടപടികൾ, വിവരണക്കണക്കുകൾ, അസാധാരണഗസററുകൾ, മുതലായവ അച്ചടിക്കുന്നതിനായിട്ടും ൪൩ ദിവസം.

(സി) അപ്രകാരമുള്ള കൂടുതൽജോലിക്കുള്ള ശമ്പളംകൂടാതെ കൂടുതൽ പ്രതിഫലവും അവർക്കു നൽകിയിട്ടില്ല.

(ഡി) ൧൧൨൪-ലെ ൭-ാംനമ്പർ റഗുലേഷനായ വ്യവസായശാലാറഗുലേഷൻ ൨൩-ാം ൨൪-ാം ൨൫-ാം വകുപ്പുകളിലേക്ക മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതിൽ ഒരു കുട്ടിയെക്കൊണ്ടു ൭ മണിക്കൂറും, ഒരു സ്ത്രീയെക്കൊണ്ടു ൧൦ മണിക്കൂറും ജോലിചെയ്യിക്കാവുന്ന ഏററവും കൂടുതൽസമയമായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു. എന്നാൽ നെയ്ത്തുശാലകളിൽ ൧൨ മണിക്കൂർ വേല ചെയ്യിക്കാമെന്നു നിശ്ചയിച്ചിട്ടുള്ളതുകൂടാതെ ഒരുവനെക്കൊണ്ട് ജോലിചെയ്യിക്കാവുന്ന ഏററവുംകൂടുതൽസമയം ഇത്രയെന്നു ക്ലിപ്തപ്പെടുത്തിയിട്ടില്ല.

മുൻസിപ്പാലിററി മുതലുകളിൽനിന്നുള്ള ചിലവു.

൧൩൨. മി. എം. ശിവതാണുപിള്ള (തോവാള): (൧) (എ) പത്മനാഭപുരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേററ്കോർട്ടിൽ ൧൧൧൯-ലെ ൧൩൭-ാംനമ്പർ ക്രിമിനൽകേസ്സിലേക്ക നാഗർകോവിൽ നഗരസഭയിൽ നിന്നു എത്ര ചിലവായിട്ടുണ്ടെന്നും;

(ബി) പ്രസിഡന്റു അന്യായക്കാരനോടു ക്ഷമായാചനം ചെയ്യുന്നതിനുമുമ്പായി സഭാംഗങ്ങളോടു ആലോചിച്ചോ എന്നും;

(സി) ആ കേസ്സിലേക്ക ഒന്നിൽക്കൂടുതൽ വക്കീലന്മാരെ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നോ എന്നും, ഉണ്ടെങ്കിൽ അവരുടെ പേരും അവക്ക ഓരോരുത്തർക്കും കൊടുത്ത പ്രതിഫലം എന്തെന്നും;

(ഡി) മി. വി. എസ്സ്. രാമസ്വാമി അദ്ദേഹത്തിന്റെ ഫീസ് ആവശ്യപ്പെട്ടുകൊണ്ടു കേസ്സുകൊടുക്കുന്നതിനായി പ്രസിഡന്റിനു ഒരു നോട്ടീസ് അയച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ, ആ സംഗതികൾ എങ്ങിനെതീന്നു എന്നും;

(ഇ) നാഗർകോവിൽ ഡിസ്ട്രിക്ട്കോർട്ടിൽ ൧൧൧൯-ൽ ൩൯-ാംനമ്പർ ആദ്യവ്യവഹാരത്തിനും ൧൧൨൦-ൽ ൨൫-ാംനമ്പർ ആദ്യവ്യവഹാരത്തിനും ആയി ഇതുവരെ എന്തു ചിലവായിട്ടുണ്ടെന്നും;

(എഫ്) പ്രസിഡന്റിന്റെ സഹോദരനും ഒരു സഭാംഗവുമായ മി. അരുണാചലം ൧൧൨൦-ലെ ൨൫-ാംനമ്പർ ആദ്യവ്യവഹാരത്തിൽ ഏർപ്പെട്ടിരുന്നോ എന്നും;

ഗവൺമെന്റ് ദയവായി പറയുമോ?

(൨) മുൻസിപ്പൽ മുതലുകളിൽനിന്നും ഒഴുകിനശ്ശേരികിണററിനുവേണ്ടി ആകെ എന്തു ചിലവായിട്ടുണ്ട്? ആവശ്യത്തിനു വിപരീതമായി നഗരവാസികളിൽനിന്നും എന്തെങ്കിലും പ്രതിഷേധം ഉണ്ടായിട്ടുണ്ടോ? പഴയാർനദിയിൽനിന്നും കിണർ എത്രദൂരെയാണ്? അതിലെ വെള്ളം കുടിക്കുന്നതിനായിട്ടാണോ ഉപയോഗിച്ചുവരുന്നതു?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): ഗവൺമെന്റിനു യാതൊരറിവുമില്ല; ഇതു അന്വേഷിച്ചറിയേണ്ടതായ ആവശ്യവും കാണുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അതിലെ അംഗങ്ങളിൽനിന്നും ഗവൺമെന്റിലേക്ക യാതൊരു പ്രസ്താവനകളും വന്നിട്ടില്ലെന്നാണോ ഞാൻ മനസിലാക്കേണ്ടതു?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): ഈ ഉപചോദ്യം ചോദിക്കുന്നതു ഈ ചോദ്യത്തിന്റെ ഏതുഭാഗത്തെ സംബന്ധിച്ചാണെന്നു പറയുമോ?

മി. എം. ശിവതാണുപിള്ള (തോവാള): നാഗർകോവിൽ മുൻസിപ്പാലിററിയുടെ ചിലവിനെ സംബന്ധിച്ച സംഗതികൾ തൃപ്തികരമായവിധത്തിലാണെന്നാണോ ഗവൺമെന്റു വിചാരിക്കുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): സർ, മുൻപുപറഞ്ഞ മറുപടിഅനുസരിച്ച് ഈ ചോദ്യത്തിനു ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അതിലെ അംഗങ്ങൾ ഗവൺമെന്റിലേക്ക എന്തെങ്കിലും പ്രസ്താവനകൾ അയച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): മുൻപറഞ്ഞ മറുപടി അനുസരിച്ച് ഈ ചോദ്യത്തിനു ആവശ്യമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): മുൻപുപറഞ്ഞ മറുപടി ഗവൺമെന്റിനു യാതൊരറിവുമില്ലെന്നാണ് ഗവൺമെന്റിലേക്ക എന്തെങ്കിലും പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടോ എന്നാണ് എനിക്കറിയേണ്ടതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): അതിന്റെ വിവരങ്ങൾ അറിയേണ്ട ആവശ്യം ഗവൺമെന്റു കാണുന്നില്ലെന്നു ആ മറുപടിയുടെ രണ്ടാംഭാഗത്തു പറഞ്ഞിട്ടുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): അതിലുൾപ്പെട്ട അംഗങ്ങളിൽനിന്നും എന്തെങ്കിലും പ്രസ്താവനകൾ ഗവൺമെന്റിലേക്ക അയച്ചിട്ടില്ലയോ എന്നുള്ളതു എനിക്കറിയണം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): ചോദ്യത്തിന്റെ ഏതുഭാഗത്തെ സംബന്ധിച്ചാണ് ഈ ഉപചോദ്യം ചോദിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): ഗവൺമെന്റിനു യാതൊരറിവുമില്ലെന്നും അതേപ്പററി അന്വേഷിക്കേണ്ട ആവശ്യം കാണുന്നില്ലെന്നും മാത്രമാണ് മറുപടിപറഞ്ഞിട്ടുള്ളതു. നഗരസഭാംഗങ്ങളിൽനിന്നും ഗവൺമെന്റിലേക്ക് എന്തെങ്കിലും പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി: ആ പ്രസ്താവനയുടെ തീയതിയേയും അതു ഏതംഗമാണ് കൊണ്ടുവന്നിട്ടുള്ളതു എന്നുള്ളതിനേയുംപററി കൂടുതൽ വിവരങ്ങൾ മെമ്പർ പറയുകയാണെങ്കിൽ അതേപ്പററി പരിശോധിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): ആ കേസ്സ് സഭയുടെ അറിവുകൂടാതെയാണ് രാജിയായതെന്നു ഗവൺമെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): മറുപടിയിൽ ഗവൺമെന്റിനു യാതൊരറിവുമില്ലെന്നു പറഞ്ഞതുകൊണ്ടു ആ ചോദ്യം ഇവിടെ യോജിച്ചതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): എന്താണ് ആ വിവരങ്ങൾ ആവശ്യപ്പെടാതിരുന്നതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): മുൻസിപ്പൽ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളാകയാൽ അവയുടെ നടത്തിപ്പിൽ ഗവൺമെന്റ് ഇടപെടേണ്ട ആവശ്യമില്ലെന്ന് വിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അവരുടെ ജോലി ശരിയായി നിർവഹിക്കുന്നില്ലെങ്കിൽ ആ സംഗതിയെപ്പറ്റി പരിയാലോചിക്കേണ്ടതായിട്ടുണ്ട്. മുൻസിപ്പാലിറ്റി ഒരു സ്വയംഭരണസ്ഥാപനമാണെന്നും മറ്റും കൊണ്ട് മുൻസിപ്പാലിറ്റിയെ സംബന്ധിച്ച സംഗതികളെപ്പറ്റി അന്വേഷിക്കുന്നതിനു ഗവൺമെന്റിനു അധികാരമില്ലെന്നും ആണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): [illegible] സാധാരണ ചോദ്യങ്ങൾ ചോദിച്ചു വിവരങ്ങൾ അറിയാം. ഈ സംഗതികളെല്ലാം നഗരസഭാംഗങ്ങൾ ശരിയായി [illegible] അഭിപ്രായഭേദങ്ങളെ സംബന്ധിച്ചവയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): നിയമസഭയിലേ അന്വേഷിക്കുന്നതിനുള്ള അധികാരത്തെ അതു ഇല്ലായ്മ ചെയ്യുന്നുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): മെമ്പറിനു അതിനെപ്പറ്റി ഗവൺമെന്റിനോട് ചോദിക്കാം. അവയെക്കുറിച്ചു അറിയേണ്ട ആവശ്യമുണ്ടെന്നില്ലെന്നു ഗവൺമെന്റ് മറുപടിയും പറഞ്ഞിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള ചിലവിനങ്ങളിലേക്കു മുതലുകളെ ചിലവാക്കുന്നതിനു മുൻസിപ്പാലിറ്റിയിൽനിന്നും ഗവൺമെന്റിലേക്കു എന്തെങ്കിലും റിപ്പോർട്ടുകൾ വന്നിട്ടുണ്ടോ? മി. വി. എസ്. രാമസ്വാമി മെമ്പർ [illegible] ഏർപ്പെട്ടതായിരുന്ന വകുപ്പിന്റെ പ്രതിഫലം കൊടുക്കേണ്ടതിനെ സംബന്ധിച്ചു നഗരസഭയിൽനിന്നും എന്തെങ്കിലും ശുപാർശകൾ ചെയ്തിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): അതു പുതിയ ചോദ്യമാണ്. അതിനെപ്പറ്റിയുള്ള വിവരം അറിഞ്ഞിട്ടില്ല. അതിനെപ്പറ്റിയുള്ള വിവരങ്ങൾ മെമ്പർ പറയുമെങ്കിൽ അവ അന്വേഷിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): അപ്രകാരം മുൻസിപ്പൽ മുതലുകളെ ചിലവാക്കുന്നതിനുമുൻപായി അവർക്കു ഗവൺമെന്റിന്റെ അനുമതി വാങ്ങേണ്ടതല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): വേണം.

മി. എം. ശിവതാണുപിള്ള (തോവാള): ഈ കേസിൽ അപ്രകാരം ഒരു ശുപാർശ ചെയ്തിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): ചെയ്തിട്ടുള്ളതായി എനിക്കറിയാം.

മി. എം. ശിവതാണുപിള്ള (തോവാള): സഭ ഇടപെട്ടിട്ടുള്ളതായ കേസ്സുകളിൽ സഭാംഗങ്ങൾ വ്യവഹാരക്കാരിൽനിന്നും ഏൾക്കാൻ പാടില്ലെന്നു നഗരസഭാചട്ടത്തിൽ ഒരു വകുപ്പുള്ളതായി ഗവൺമെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): ആ വിവരം ഞാൻ ഓർക്കപ്പെടുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): നഗരസഭാ ചട്ടത്തിലെ വകുപ്പുകളെ ഉറപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതു ഗവൺമെന്റിന്റെ കടമയല്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): അതെ.

മി. എം. ശിവതാണുപിള്ള (തോവാള): സഭയുടെ ചിലവിൽ ഒരു പ്രത്യേകക്കിണറു ഒഴുകിനശ്ശേരിയിൽ കുഴിച്ചതായി ഗവൺമെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): മറുപടിപറയുന്നതിനായി ഞാൻ അതിന്റെ വിവരത്തെപ്പറ്റി അന്വേഷിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): ചോദ്യത്തിന്റെ (എ) ഭാഗത്തെപ്പറ്റിയുള്ള വിവരങ്ങൾ ഗവൺമെന്റ് മറുപടിയായി ആവശ്യപ്പെടുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): മെമ്പർ ഒരുവചെയ്ത ചോദ്യം ഒന്നുകൂടി പ്രത്യേകം പറയുമോ?

മി. എം. ശിവതാണുപിള്ള (തോവാള): ഒഴുകിനശ്ശേരിയിലെ കിണറിനു മുൻസിപ്പൽ മുതലുകളിൽനിന്നും ആകെ എന്തു ചിലവായിട്ടുണ്ടു? ഈ ചിലവിനെ സംബന്ധിച്ചു അവിടത്തെ പൗരന്മാരിൽനിന്നും എന്തെങ്കിലും പ്രതിഷേധം ഉണ്ടായിട്ടുണ്ടോ? പഴയാർനദിയിൽ നിന്നും ഹെഡ്മാസ്റ്റർ സമാധാനത്തിന്റെ വീട്ടിൽനിന്നും ഈ കിണർ എത്രദൂരെയാണ് സ്ഥിതിചെയ്യുന്നതു അതിലെ ജലം കുടിക്കുന്നതിനുപയോഗത്തിനായി ഉപയോഗപ്പെടുത്തിവരുന്നുണ്ടോ എന്നുള്ളതാണ് ചോദ്യം. പൊതുജനങ്ങൾക്കു യാതൊരു പ്രയോജനവും ഇല്ലാത്തതരത്തിൽ മുൻസിപ്പൽ മുതലുകളെ ചിലവിനങ്ങളിലേക്കായി നഗരസഭ വിനിയോഗിച്ചിട്ടുണ്ടെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു? ഇതിനെ സംബന്ധിച്ചു ഒരു മറുപടി ലഭിക്കുന്നതിനാണ് ആ ചോദ്യം ചോദിച്ചിട്ടുള്ളതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): ചോദ്യത്തിന്റെ രണ്ടാംഭാഗം മെമ്പർ പറയുകമാത്രമാകുന്നെങ്കിൽ, അതിനു മുൻപുതന്നെ മറുപടിപറഞ്ഞു കഴിഞ്ഞിട്ടുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): അതെപ്പറ്റി ഗവൺമെന്റ് അന്വേഷിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): ഗവൺമെന്റ് അതിനു മുൻപുതന്നെ മറുപടിപറഞ്ഞിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): മുൻപുതന്നെ ഉദ്ദേശിച്ചിരുന്നതുപോലെ, നാഗർകോവിൽ പൗരന്മാരുടെ ഉദ്ദേശത്തിനു വിപരീതമായി, ഈ കിണറു കുഴിക്കുന്നതിനെ സംബന്ധിച്ചു ഒരു പ്രതിഷേധം ഉണ്ടായിട്ടുണ്ടെന്നു ഗവൺമെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അന്വേഷിക്കേണ്ട വിവരങ്ങളെക്കുറിച്ചു മെംബർ വിവരമായി പറയാത്തപക്ഷം എനിക്കതിനു മറുപടി പറയാൻ അസാദ്ധ്യമാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റിലേക്കു ഏതെങ്കിലും ഹർജി അയച്ചിട്ടില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഹർജിയെ സംബന്ധിച്ചുള്ള വിവരങ്ങൾ മെംബർ പറയുകയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കുന്നതായിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): അതു ചോദ്യത്തിൽനിന്നു വെളിവാകുന്നുണ്ട്. ഗവണ്മെന്റിലേയ്ക്കു ഏതെങ്കിലും പ്രതിഷേധഹർജി അയച്ചിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു പരിശോധിച്ചറിയാം.

നാഗർകോവിൽ നഗരസഭാംഗം മിസ്റ്റർ കുമാരസ്വാമിപ്പിള്ളയുടെ പ്രശ്നങ്ങളും പ്രമേയങ്ങളും.

മി. എം. ശിവതാണുപിള്ള (തോവാള): (എ) പുതിയ നഗരസഭയുടെ രൂപീകരണത്തിനുശേഷം സഭാംഗമായ പി. സി. വി. കുമാരസ്വാമിപ്പിള്ള അയച്ചിട്ടുള്ള പ്രമേയങ്ങളുടെ എണ്ണവും അവ അയച്ച തീയതികളും അവ സഭമുമ്പാകെ സമർപ്പിച്ച തീയതികളും,

(ബി) അദ്ദേഹത്തിന്റെ പ്രശ്നങ്ങളുടെ എണ്ണവും അവ ആഫീസിൽ സ്വീകരിച്ച തീയതികളും അവയ്ക്കു സഭയിൽ മറുപടിപറഞ്ഞ തീയതികളും ഗവണ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഗവണ്മെന്റിനു യാതൊരറിവുമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അതിന്റെ വിവരങ്ങളെക്കുറിച്ചു ഗവണ്മെന്റു അന്വേഷിക്കാത്തതു എന്താണെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഞാൻ ഒന്നാംനമ്പർ ചോദ്യത്തിനു പറഞ്ഞ മറുപടി ഇതിനും യോജിക്കുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): പ്രമേയങ്ങളും പ്രശ്നങ്ങളും നഗരസഭയുടെമുമ്പിൽ സമർപ്പിക്കാത്തപക്ഷം അംഗങ്ങൾ എന്താണു ചെയ്യേണ്ടതെന്നു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതിനുള്ള മാർഗ്ഗങ്ങളെല്ലാം ചട്ടത്തിലുണ്ട്. ചട്ടങ്ങളനുസരിച്ചുള്ള നടപടികൾ നടത്തണം.

മി. എം. ശിവതാണുപിള്ള (തോവാള): ആ സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരിക എന്നുള്ള ഏകമാർഗ്ഗമേ ആ അംഗത്തിനുള്ളു എന്നുള്ളതു മെംബറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു ചെയ്യാമായിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റിലേയ്ക്കു ആ തരത്തിലുള്ള ഏതെങ്കിലും പ്രസ്താവന അയച്ചിട്ടില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഇതൊരു പുതിയ ചോദ്യമാണ്; ഈ ചോദ്യത്തിൽനിന്നും ഉൽഭൂതമാകുന്ന ഒരു ഉപചോദ്യമല്ല ഇതു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന വിഷയത്തെസംബന്ധിച്ചു നഗരസഭാദ്ധ്യക്ഷനോടു ഗവണ്മെന്റിൽനിന്നും ഒരു സമാധാനത്തിനു ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഈ ചോദ്യത്തിന്റെ മറുപടിയെസംബന്ധിച്ചിടത്തോളം യാതൊരു വിവരത്തിനും ആവശ്യപ്പെട്ടിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ വിഷയത്തെക്കുറിച്ചുള്ള ഏതെങ്കിലും വിവരങ്ങൾക്കാവശ്യപ്പെടുമ്പോൾ നഗരസഭയിൽനിന്നും ആ വിവരങ്ങൾ നൽകുമെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള അവകാശത്തെ സംബന്ധിച്ച ചട്ടങ്ങൾ ഇപ്പോൾ ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റിൽനിന്നും ആ വിവരങ്ങൾ ആവശ്യപ്പെടുന്നതു തടയുന്നതിനു ഏതെങ്കിലും ചട്ടം ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആ വിവരങ്ങൾ ആവശ്യപ്പെടുന്നതിനു ഗവണ്മെന്റിന്റെ അധികാരത്തെസംബന്ധിച്ചുള്ള നിയമാനുസാരമായ ചോദ്യം യോജിക്കുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): സർ, നഗരസഭയെസംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഈ സഭയിൽ അനുവദനീയമാണോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം. അവ അനുവദിക്കാമെങ്കിൽ എന്തുകൊണ്ടാണ് മറുപടിപറയാതിരുന്നതു?

അദ്ധ്യക്ഷൻ: വിവരങ്ങൾ അറിയുന്നതിനായി ഗവണ്മെന്റിനോടു ചോദിക്കാം. എന്നാൽ ചില സന്ദർഭങ്ങളിൽ അവക്കു ആ വിവരങ്ങൾ അറിയാൻപാടില്ലാത്തപക്ഷം മെംബറന്മാർക്കു അവ നഗരസഭയിൽനിന്നു തന്നെ അറിയാമെന്നിരിക്കെ ഗവണ്മെന്റിനു അവ ആരാഞ്ഞു അറിഞ്ഞു ശേഖരിക്കേണ്ട ആവശ്യമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആ വിവരങ്ങൾ അറിഞ്ഞു ശേഖരിക്കുന്നതിനു ഒരുനിയമസഭാമെംബറിനു ഗവണ്മെന്റിനോടു ആവശ്യപ്പെടാമോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

അദ്ധ്യക്ഷൻ. ഗവണ്മെന്റിനു അറിയാവുന്ന വിവരങ്ങൾ പറയുന്നതിനു ഒരു മെംബറിനു ആവശ്യപ്പെടാം. ഒരു സ്വയംഭരണസംഘത്തിൽനിന്നും ആവശ്യമുള്ള വിവരങ്ങൾ അറിഞ്ഞു ശേഖരിച്ചു പറയുന്നതിനു ഗവണ്മെന്റിനോടു പറയാൻപാടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): നഗരസഭകൾ ഗവണ്മെന്റധികാരത്തിൻകീഴിലാണോ?

അദ്ധ്യക്ഷൻ. അതു ആകപ്പാടെ ഒരു പ്രത്യേകസംഗതിയാണ്. നിങ്ങൾ എന്നോടൊരു തീർച്ചക്കു ആവശ്യപ്പെട്ടു; ഞാൻ അതു നൽകുകയുംചെയ്തു.

മോട്ടാർ അപകടങ്ങൾ.

൧൩൨൮. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്):

(എ) നെയ്യാറ്റിൻകരയ്ക്കടുത്തു ൧൧൦൬-ാം മകരമാസം മൈൽസ്ഥലത്തുവച്ചു ലക്ഷ്മിവിലാസം മോട്ടോർബസ്സ് കമ്പനിക്കാരുടെവക ഒരു ബസ്സ് നാഗർകോവിലിൽനിന്നും യാത്രക്കാരെയുംകൊണ്ടുവരുന്നവഴിക്കു ഒരു ഇറക്കം ഇറങ്ങുമ്പോൾ ബ്രേക്കുകൾ ശരിയായി പിടിക്കാഞ്ഞതുനിമിത്തം കീഴ്ക്കാംതൂക്കായിട്ടുള്ള ഒരു സ്ഥലത്തു വീണ് അനേകം യാത്രക്കാർ മരിക്കയും എല്ലാവർക്കും പരുക്കുകൾപറ്റുകയും ചെയ്ത സംഗതി വാസ്തവമാണോ?

(ബി) (൧) ൧൧൦൬-ാമാണ്ടുമുതൽ മോട്ടോർബസ്സുകളിൽ യാത്രചെയ്യുമ്പോൾ ജീവനാശംവന്ന ആളുകളുടെ എണ്ണം;

(൨) ൧൧൦൬-ൽ മേല്പടി മോട്ടോർ അപകടങ്ങൾ നിമിത്തം ജീവനാശം വന്ന ആളുകളുടെ എണ്ണം;

(൩) ബസ്സുകളുടെ കേടുകൾനിമിത്തമോ മറ്റുപ്രകാരത്തിലോ ഉണ്ടായിട്ടുള്ള മോട്ടോർ അപകടങ്ങൾ മൂലം ൧൧൦൬-ൽ ദേഹം പരുക്കുകൾ പറ്റിട്ടുള്ള മോട്ടോർബസ്സ് യാത്രക്കാരുടെ എണ്ണം എത്രയെന്നു പറയുമോ?

(സി) (i) മോട്ടോർബസ്സ് യാത്രക്കാരുടെ എല്ലാപ്രകാരത്തിലുമുള്ള ജീവരക്ഷയ്ക്കുതകുന്നതായ എന്തെങ്കിലും ഉപായങ്ങൾ നടപ്പിൽവരുത്തുകയോ നടപ്പാക്കുന്നതിനായി ആലോചിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ ആ ഉപായങ്ങൾ എന്തെല്ലാം;

(ii) മോട്ടോർബസ്സുകളുടെ കേടുകൾനിമിത്തം ഉണ്ടാകുന്ന അപകടങ്ങളെ ഒഴിവാക്കുന്നതിനായി മോട്ടോർ എൻജിനിയറിങ്ങിൽ തക്ക പരീക്ഷായോഗ്യതയും പ്രായോഗിക ജ്ഞാനവും പരിചയവും സിദ്ധിച്ചിട്ടുള്ള എൻജിനിയറന്മാരെ ട്രാഫിക് ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിനു ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ?

എന്നു ഈ സംഗതികൾ ഗവണ്മെന്റിൽനിന്നും ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ) വാസ്തവമാണ്;

(ബി) (൧) ഒൻപതു.

(൨) മുപ്പത്തിമൂന്ന്.

(൩) തൊണ്ണൂറ്റിനാലു.

(സി) (൧) ആറു മാസത്തിലൊരിക്കൽ അംഗീകരണം സിദ്ധിച്ചിട്ടുള്ള ഒരു മോട്ടാർബസ്സ് പരിശോധകൻ എല്ലാ ബസ്സുകളും പരിശോധിക്കും; അങ്ങനെ പരിശോധിച്ചിട്ടില്ലാത്ത യാതൊരു ബസ്സുകളും ഓടിക്കാൻ അനുവദിക്കുന്നതല്ല. അവിവേകമായി ഓടിക്കുന്നതിനെയും കൂടുതൽ ആളുകളെ കയറ്റുന്നതിനെയും തടയുന്നതിനു പോലീസ് ഉദ്യോഗസ്ഥന്മാർ കൂടെക്കൂടെ ബസ്സുകൾ പരിശോധിക്കുന്നുണ്ട്. കൂടാതെ യാത്രക്കാരുടെ രക്ഷയും സൌകര്യവും പരിഗണിച്ചിട്ടാണ് ഓരോ ബസ്സും ഇത്ര ആളുകളെ കൊണ്ടുപോകാവുന്നതാണെന്നും ഇത്രത്തോളമെന്നും നിർണ്ണയിച്ചിട്ടുള്ളതു.

(൨) മി. ജി. തങ്കപ്പൻപിള്ളയെയും മി. ഹെർമൻ ചേപ്പസ്സിനെയും കൂടുതൽ ട്രാഫിക് ഇൻസ്പെക്ടർമാരായി നിയമിച്ചിട്ടുണ്ട്. അവർക്കു മോട്ടോർയന്ത്രപ്രവർത്തനത്തിൽ മതിയായ ജ്ഞാനവും പരിചയവുമുണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്): ചോദ്യത്തിന്റെ (എ) ഭാഗത്തെസംബന്ധിച്ചിടത്തോളം, മറുപടി 'അതെ' എന്നാണ്. ആ സ്ഥലത്തുവച്ചു മരിച്ച യാത്രക്കാരുടെ എണ്ണം എത്രയാണെന്നു മെംബർ ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഏഴ്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്): പരുക്കുകൾപറ്റിയ യാത്രക്കാരുടെ എണ്ണം എത്ര?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഒൻപതു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ആകെ ആ ബസ്സിൽ സഞ്ചരിച്ച യാത്രക്കാരുടെ എണ്ണം എത്ര?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): എനിക്കു യാതൊരറിവുമില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ബ്രേക്കുകൾ പിടിക്കാതിരുന്നതു എന്തുകൊണ്ടാണെന്നു ഗവണ്മെന്റു അന്വേഷിച്ചു നിർണ്ണയിച്ചോ എന്നു മെംബർ പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ബ്രേക്കുകൾ അതിനെ നേരെയായിട്ടുള്ള സ്ഥിതിയിൽ അല്ലായിരുന്നിരിക്കണം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): ബ്രേക്കുകൾ അപകടങ്ങൾ തടയുന്നതിനു അത്യന്താപേക്ഷിതമായിട്ടുള്ള സ്ഥിതിക്കു ബ്രേക്കുകൾ അവയുടെ ശരിയായനിലയിൽ അല്ലാതുള്ള ഒരു ബസ്സ് ഓടിക്കുന്നതിനു അനുവദിച്ചതു എങ്ങിനെയാണെന്നു മെംബർപറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): അതു ഓടിക്കാൻ അനുവദിച്ചതിനു ശേഷമായിരിക്കണം അതിനു കേടുകൾ പറ്റിയതു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): ആ ബസ്സ് പരിശോധിച്ചതു എന്നാണ്?

മി. കെ. ജോർജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): എനിക്കറിയാൻപാടില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): (എ) ഭാഗത്തിന്റെ "മറുപടി അതെ" എന്നാണു. ഇതു ഒരു ഗൌരവമേറിയ സംഗതി ആയതുകൊണ്ടു ഗവണ്മെന്റു എല്ലാവിവരങ്ങളും ശേഖരിക്കേണ്ടതായിരുന്നു.

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): മെംബർ ആദ്യമേ ചോദിച്ചകാര്യങ്ങൾക്കു വേണ്ടവിവരങ്ങൾ ഗവണ്മെന്റു ശേഖരിച്ചിരുന്നു, എന്നാൽ ഇപ്പോൾ ചോദിച്ചകാര്യങ്ങളെക്കുറിച്ചു അന്വേഷിച്ചിട്ടില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ബ്രേക്കുകൾ പിടിക്കാതിരുന്നതു എന്തുകൊണ്ടാണെന്നാണു എന്റെ ചോദ്യം.

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഞാൻ അതിനു മറുപടി പറഞ്ഞുകഴിഞ്ഞു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ബ്രേക്കുകൾ പിടിക്കുന്നില്ലായിരുന്നു എന്നു മറുപടിയിൽ ഗവണ്മെന്റ സമ്മതിക്കുന്നുണ്ട്.

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): പിടിക്കുന്നില്ലായിരുന്നിരിക്കാം. പക്ഷേ ആ ആൾ അതു ഉപയോഗിച്ചില്ലായിരിക്കാം. ഈ രണ്ടുപ്രകാരത്തിലുമായിരുന്നിരിക്കാം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ആരാണ് ബസ്സു പരിശോധിച്ചതെന്നു മെംബർ പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): എനിക്കറിയാൻപാടില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഈ അപകടം ഉണ്ടായതീയതി എന്നാണെന്നു മെംബർ പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഫ ഠ ൻ ൧ —ൽ.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഈ അപകടം ഉണ്ടായതീയതിയാണു എനിക്കറിയേണ്ടതു.

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി). ഞാൻ അന്വേഷിച്ചുപറയാം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): (സി) ഭാഗത്തെ സംബന്ധിച്ചിടത്തോളം ബസ്സുകൾ എല്ലാം ആറുമാസത്തിൽ ഒരിക്കൽ പരിശോധിക്കപ്പെടുന്നുണ്ടെന്നാണു മറുപടി. ആറുമാസത്തിൽ ഒരിക്കൽ പരിശോധിക്കുന്നതുകൊണ്ടു മതിയാകുമെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ എന്നു ഞാൻ ഗവണ്മെന്റിനോടു ചോദിക്കട്ടെയോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അപ്രകാരമാണു ഇപ്പോൾ പ്രവർത്തിച്ചുവരുന്നതു. അതു മതിയാകയില്ലെന്നു മെംബർ വിചാരിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്കു അതിനെപ്പറ്റി പറയാവുന്നതാണു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): സർ, ഞാൻ ഒരു തീർച്ചയല്ല ആവശ്യപ്പെടുന്നതു. ഞാൻ വിവരം ഗ്രഹിക്കുന്നതിനുവേണ്ടിയാണു ചോദിക്കുന്നതു. ഞാൻ വിവരങ്ങൾ ധരിപ്പിക്കുകയല്ല.

അദ്ധ്യക്ഷൻ: നിങ്ങൾ ഒരു അഭിപ്രായപ്രകടനമാണ് ആവശ്യപ്പെടുന്നതു. അല്ലാതെ വിവരം ഗ്രഹിക്കുന്നതിനല്ല.

ദീർഘകാലമായ ആറുമാസത്തിലൊരിക്കൽ ബസ്സുകൾ പരിശോധിക്കുന്നതുകൊണ്ടു മതിയാകയില്ലെന്നു ഗവണ്മെന്റിനു അറിയാൻപാടില്ലയോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ആറുമാസത്തിലൊരിക്കൽ ബസ്സുകൾ പരിശോധിക്കുന്നതുകൊണ്ടു മതിയാകയില്ലെന്നുള്ള വസ്തുത ഇതുവരെ ഒരിക്കലും ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): സമാധാനപരികൾ ൧ ൨-ാം പത്തിലുള്ള പോലീസുകമ്മീഷന്നരുടെ അഭിപ്രായത്തെ ഞാൻ മെംബറിന്റെ ശ്രദ്ധയിൽ പാത്രീഭവിപ്പിക്കുന്നു. "അപ്രകാരം ബസ്സുകളുടെ പരിശോധന തൃപ്തികരമല്ല."

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): "അപ്രകാരം" എന്നാൽ എന്താണ്? മെംബർ അതു മുഴുവൻ വായിച്ചാൽ കൊള്ളാം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): "ആറുമാസത്തിലൊരിക്കൽ പരിശോധന നടത്തുന്ന ഏർപ്പാടു നിലവിലുണ്ട് — അപ്രകാരമുള്ള പരിശോധന തൃപ്തികരമല്ല"

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഞാൻ ഏതുപ്രകാരം സൂക്ഷ്മമായി പറയണമെന്നാണു മെംബർ വിചാരിക്കുന്നതെന്ന് എന്നെ ധരിപ്പിച്ചാൽ കൊള്ളാം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ദീർഘകാലമായ ആറുമാസത്തിൽ ഒരിക്കലുള്ള ഈ പരിശോധന തൃപ്തികരമല്ലെന്നു ഗവണ്മെന്റിനു അറിയാൻപാടില്ലയോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): പോലീസ് ഉദ്യോഗസ്ഥന്മാർ നടത്തുന്ന അനൌപചാരികമായ പരിശോധനകളും ഉണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ബസ്സുകൾ പരിശോധിച്ച പോലീസ് ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണ്?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇപ്പോൾ കമ്മീഷണർമുതൽ താഴോട്ടുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും പരിശോധിക്കുന്നുണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ആ ഉദ്യോഗസ്ഥന്മാർക്ക് മോട്ടോർയന്ത്രനടത്തിപ്പിനെക്കുറിച്ചു ഏതാണ്ടൊരു സാമാന്യ ജ്ഞാനമെങ്കിലും ഉണ്ടോ എന്നു മെംബർ പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഉണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): (സി) ഭാഗം ൨-ാംവിഭാഗത്തെ സംബന്ധിച്ചിടത്തോളം കൂട്ടമായി നിയമിച്ചിട്ടുള്ള രണ്ടു ട്രാഫിക്ക ഇൻസ്പെക്ടർമാർക്കുള്ള യോഗ്യതകൾ മെംബർ പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അവരുടെ യോഗ്യതകളെക്കുറിച്ചുള്ള ഒരു പട്ടിക എന്റെ പക്കൽ ഉണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): യന്ത്രനടത്തിപ്പിനെക്കുറിച്ചും ശില്പശാസ്ത്രത്തെക്കുറിച്ചും അവർക്കു മതിയായ അറിവുണ്ടോ? അവർക്കു അപ്രകാരമുള്ള ഏതെങ്കിലും യോഗ്യതകൾ ഉണ്ടോ?

മി. കെ. ജോര്‍ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അവരുടെ മതിയായ യോഗ്യതകളുടെ പട്ടികയില്‍നിന്നും ഞാന്‍ വായിക്കാം.

മി. ഹെര്‍മന്‍ലോപ്പസ്സ്—സാധാരണയോഗ്യത, സ്കൂള്‍ഫൈനല്‍ജയിച്ചിട്ടുണ്ട്. സാങ്കേതികയോഗ്യതകഠം, ബാംഗ്ളൂരിലുള്ള മൈസൂര്‍ ഗവണ്മെന്റ എഞ്ചിനീയറിംഗ്സ്കൂളിലെ മെക്കാനിക്കല്‍ എന്‍ജിനിയറിംഗ് പരീക്ഷയില്‍ ജയിച്ചിട്ടുണ്ട്, ഡിപ്ലോമയ്ക്കു അര്‍ഹനാണ്, ആ സ്ഥാപനത്തില്‍ രണ്ടുകൊല്ലം പഠിച്ചിട്ടുണ്ട്. തെക്കേ ഇന്ത്യന്‍ റെയില്‍വേയില്‍ തൊഴില്‍ അഭ്യസിക്കുന്ന സിഗ്നല്‍ ഇന്‍സ്പെക്ടറായി ഒരു കൊല്ലത്തെ പ്രായോഗികജ്ഞാനം സിദ്ധിച്ചിട്ടുണ്ട്. ആ പരിചയത്തിന്റെ ഒരു വിഭാഗമായ റിപ്പര്‍ എന്‍ജിനിയറിംഗിലും മോട്ടാര്‍ എന്‍ജിനീയറിംഗിലും പ്രത്യേകവൈദഗ്ദ്ധ്യം അദ്ദേഹം സമ്പാദിച്ചിട്ടുണ്ട്; മുന്‍ പരിചയങ്ങള്‍— ൧൯൫൪-ല്‍ മൂന്നു മാസത്തേക്കു എക്സ്ട്രാ ഇന്‍സ്പെക്ടറായി നാഗര്‍കോവിലില്‍ വാറന് യന്ത്രശാലയില്‍ യന്ത്രങ്ങളുടെ മേല്‍നോട്ടം വഹിച്ചിട്ടുണ്ട്.

മി. ടി. താണുപിള്ള—സാമാന്യയോഗ്യതകഠം. മദ്രാസ് സര്‍വ്വകലാശാലയിലെ ഇന്റര്‍മീഡിയറ്റ് പരീക്ഷജയിച്ചിട്ടുണ്ട്. സാങ്കേതികയോഗ്യതകഠം—മദ്രാസിലെ ചില പ്രസിദ്ധപ്പെട്ട സ്ഥാപനങ്ങളില്‍നിന്നും മോട്ടാറും വൈദ്യുതയന്ത്രങ്ങളും നടത്തുന്നതിനു മൂന്നുംകൊല്ലത്തെ പ്രായോഗികപരിചയം സിദ്ധിച്ചിട്ടുണ്ട്. ൧൯൫൫ സെപ്റ്റംബര്‍ മുതല്‍ ൧൯൫൬ ആഗസ്റ്റ് വരെ മദ്രാസിലെ ക്രോംപ്ടണ്‍ എന്‍ജിനീയറിംഗ് കമ്പനിയില്‍ അദ്ദേഹം ജോലിനോക്കിയിട്ടുണ്ട്. അദ്ദേഹത്തിന് വളരെനല്ല സാക്ഷ്യപത്രങ്ങഠം ലഭിച്ചിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): പ്രായോഗികപരിചയം അല്ലാതെ വേറെ യോഗ്യതകഠം ഒന്നും ഇല്ലെന്നാകണോ ഞാന്‍ മനസ്സിലാക്കേണ്ടത്?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): മി. ലോപ്പസ്സിനെ ഉദ്ദേശിച്ചാണോ ചോദിക്കുന്നത്?

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): അതെ.

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അദ്ദേഹത്തിന് മോട്ടാര്‍കാറുകളും മോട്ടാര്‍ യന്ത്രങ്ങളിലും സംബന്ധിച്ചുള്ള പ്രായോഗികപരിചയവും ശാസ്ത്രീയജ്ഞാനവും ഉണ്ട്.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഈ ഇന്‍സ്പെക്ടര്‍മാരെ നിയമിച്ചപ്പോഠം തക്കതായ യോഗ്യതയുള്ള ഇന്‍സ്പെക്ടര്‍മാരെ നിയമിക്കും എന്നുള്ളതായിരുന്നോ ഗവണ്മെന്റിന്റെ ഉദ്ദേശം എന്ന്, മെമ്പര്‍ പറയുമോ?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അവര്‍ തക്കതായ യോഗ്യതയുള്ള ഇന്‍സ്പെക്ടര്‍മാരെ നിയമിച്ചിട്ടുണ്ട്.

മി. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ശരിയായ യോഗ്യതയുള്ള ആളുകളില്‍നിന്നും അപേക്ഷകഠം ഇല്ലായിരുന്നോ?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇവരും ശരിയായ യോഗ്യതയുള്ളവരാണ്.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): മോട്ടാര്‍ബസ്സുകഠം പരിശോധിച്ചിരുന്ന ഏര്‍പ്പാട് തൃപ്തികരമല്ലെന്ന് കണ്ടുകൊണ്ടാണ്, പുതിയ ട്രാഫിക്ക് ഇന്‍സ്പെക്ടര്‍ഉദ്യോഗം സൃഷ്ടിച്ചതെന്ന് ഗവണ്മെന്റിന് അറിയാമോ?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതു അങ്ങിനെ ആയിരിക്കാം.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): എന്‍ജിനീയറിംഗ് ഡിപ്പാര്‍ട്ടുമെന്റില്‍നിന്നും ഉള്ള ആളുകഠം അപ്പോഠം മോട്ടാര്‍ബസ്സുകഠം പരിശോധിക്കുന്നുണ്ടായിരുന്നോ?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): മോട്ടാര്‍ബസ്സുകഠം പരിശോധിക്കുന്നതിനായി അവരെ എല്ലാ അവസരങ്ങളിലും ലഭിക്കുന്നതാണ്.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഇപ്പോഠം ഈ ഇന്‍സ്പെക്ടര്‍മാര്‍ മോട്ടാര്‍ബസ്സുകഠം പരിശോധിക്കുന്നുണ്ടോ എന്ന പറയുമോ?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനു അവര്‍ പരിശീലിക്കുകയാണ്.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): അവര്‍ മോട്ടാര്‍ബസ്സുകഠം പരിശോധിക്കുന്നതിന് പരിശീലിക്കുകയാണോ?

അദ്ധ്യക്ഷന്‍: മിസ്റ്റര്‍ പിറവിപ്പെരുമാഠംപിള്ള! ഉപചോദ്യം ചോദിക്കുന്നതിനുള്ള സമയം നിങ്ങഠം വളരെ മുന്‍പുതന്നെ അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. നിങ്ങഠം ആ അതിരു കടന്നിട്ടു ഇപ്പോഠം എതൃവിസ്താരം ചെയ്യുകയാണ്.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഉപചോദ്യങ്ങഠം ചോദിക്കുന്നതിന് ഒരു സമയക്ളിപ്തം ഉണ്ടെന്ന് പറയുകയാണോ?

അദ്ധ്യക്ഷന്‍: സമയക്ളിപ്തമില്ല. സാധാരണയായി ഉപചോദ്യം ചോദിക്കുന്നതു പ്രധാനവിഷയത്തെക്കുറിച്ച് കൂടുതല്‍ വിവരങ്ങഠം ലഭിക്കുന്നതിനാണ്, അല്ലാതെ ഒരു പരമ്പരയായ എതൃവിസ്താരമല്ല.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): സര്‍, എനിക്കു ഒരു വാക്കുകൂടി ചോദിക്കാമോ? ആളുകളുടെ ജീവനാശംവരുത്തിയ ഒരു സംഭവത്തെക്കുറിച്ചുള്ള വിവരങ്ങളാണ് ഞാനാവശ്യപ്പെട്ടത്.

അദ്ധ്യക്ഷന്‍: പന്ത്രണ്ട് ചോദ്യങ്ങഠംകഴിഞ്ഞു.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (കച്ചവടവും വ്യവസായവും, തെക്ക): അനേകം ആളുകളുടെ ജീവഹാനിവരുത്തിയ ഒരു സംഭവം മിനിയാന്നും ഉണ്ടായി. ശരിയായി യോഗ്യതയുള്ള ആളുകളെ മോട്ടാര്‍ബസ്സുകഠം പരിശോധിക്കുന്നതിന് നിയമിക്കാതിരുന്നാല്‍ ആളുകഠംക്ക് അപായം നേരിടുന്നതിന് ഇടയുണ്ടെന്ന് കാണിക്കുന്നതിനാണ് ഞാന്‍ ഉപചോദ്യങ്ങഠം ചോദിച്ചത്. ഞാന്‍ ഉപചോദ്യം ചോദിക്കരുത് എന്നാണ് അദ്ധ്യക്ഷന്റെ ആജ്ഞഎങ്കില്‍ ഞാന്‍ ചോദിക്കുന്നില്ല.

അദ്ധ്യക്ഷൻ: നിങ്ങൾ ചോദിച്ച ഉപചോദ്യങ്ങൾക്ക്, ഗവണ്മെന്റിൽനിന്നും നിയമിച്ചിട്ടുള്ള ആളുകൾ ശരിയായി യോഗ്യതയുള്ളവരാണെന്ന് ഗവണ്മെന്റിന്റെ ബോദ്ധ്യമുണ്ടെന്നുള്ള മറുപടി നിങ്ങൾക്കു ലഭിച്ചു.

തിരുവനന്തപുരം നഗരസഭയിൽനിന്നും പിരിച്ചുവരുന്ന നികുതികളും ചുങ്കങ്ങളും.

നം. ൮൦. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക):

എ. ൧൧൨൩, ൧൧൨൪, ൧൧൨൫ ഈ ഓരോ ആണ്ടുകളിലും മുൻസിപ്പൽ മാർക്കറ്റുകളിൽനിന്നും തിരുവനന്തപുരം നഗരസഭയിലേയ്ക്കു ലഭിച്ചിട്ടുള്ള തുകയും;

ബി. (എ) ഭാഗത്തിൽ പറഞ്ഞ തുക എന്തെല്ലാം സംഗതികൾക്കായി ഉപയോഗപ്പെട്ടത്തിയെന്നും;

സി. ൧൧൨൩, ൧൧൨൪, ൧൧൨൫ ഈ ഓരോ ആണ്ടുകളിൽനിന്നും, കരം ചുമത്തിട്ടുള്ള മോട്ടോർ വാഹനങ്ങളിൽനിന്നും വാഹനനികുതിയെന്നനിലയിൽ തിരുവനന്തപുരം നഗരസഭ പിരിച്ചിട്ടുള്ള തുകയും;

ഡി. (സി) ഭാഗത്തിൽ പറഞ്ഞതായ സംഖ്യകൾ എന്തിനെല്ലാം ഉപയോഗപ്പെട്ടത്തിയെന്നും ഉള്ള വിവരങ്ങളും;

ഇ. ൧൧൨൩, ൧൧൨൪, ൧൧൨൫ ഈ ഓരോ ആണ്ടുകളിലും കച്ചവടക്കാരിൽനിന്നും നികുതി രൂപത്തിൽ മെഴുകുതിരി, തീപ്പെട്ടി, മണ്ണെണ്ണ മുതലായവ വിൽക്കുന്നതിനും, തൊഴിൽനികുതിയായും തിരുവനന്തപുരം നഗരസഭ പിരിച്ചിട്ടുള്ള നികുതിയുടെ ആകെ തുകയും;

എഫ്. ൧൧൨൩, ൧൧൨൪, ൧൧൨൫ ഈ ഓരോ ആണ്ടുകളിലും തിരുവനന്തപുരം നഗരസഭ വാണിജ്യത്തിൽ ഏർപ്പെട്ടിരുന്നവർക്ക ചെയ്തിട്ടുള്ള പ്രത്യേകഗുണങ്ങളും;

ജി. (ഇ) ഭാഗത്തിൽ പറഞ്ഞ സംഖ്യ എന്തിനെല്ലാം ഉപയോഗപ്പെട്ടത്തിയെന്നും;

ഗവണ്മെന്റ ദയവായി പറയുമോ?

മി. സി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഗവണ്മെന്റിന അറിയാൻ പാടില്ല.

മുൻസിപ്പാലിററികളിൽനിന്നും, ൧൧൨൩ മുതൽ ൧൧൨൫ വരെ പിരിച്ചിട്ടുള്ള നികുതികൾ.

നം. ൮൧. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): മെഴുകുതിരി, തീപ്പെട്ടി, മണ്ണെണ്ണ മുതലായവ വിൽക്കുന്നതിനായും, കച്ചവടക്കാരിൽനിന്നുമാത്രം തൊഴിൽനികുതിയായും, ൧൧൨൩, ൧൧൨൪, ൧൧൨൫ ഈ ഓരോ ആണ്ടുകളിലും എല്ലാ നഗരസഭകളും പിരിച്ചിട്ടുള്ള എല്ലാ നികുതിയുടേയും ആകെ തുക ഗവണ്മെന്റിൽനിന്നും ദയവായി പറയുമോ?

മി. സി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട സകല വിവരങ്ങളും അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ * മേശമേൽ വച്ചിരിക്കുന്നു.

൧൧൨൩ മുതൽ ൧൧൨൫ വരെയുള്ള ആണ്ടുകളിൽ കച്ചവടക്കാരിൽനിന്നും
ചെങ്കോട്ട നഗരസഭ പിരിച്ചിട്ടുള്ള നികുതികൾ.

നം. ൮൨. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക):

എ. മെഴുകുതിരി, തീപ്പെട്ടി മുതലായവ വിൽക്കുന്നതിനായും കച്ചവടക്കാരിൽനിന്നും തൊഴിൽനികുതിയായും, ൧൧൨൩, ൧൧൨൪, ൧൧൨൫ ഈ ഓരോ ആണ്ടുകളിലും ചെങ്കോട്ട നഗരസഭ പിരിച്ചിട്ടുള്ള നികുതിയുടെ തുകയും;

ബി. ഈ ആണ്ടുകളിൽ വാണിജ്യസമുദായക്കാർക്കുവേണ്ടി നഗരസഭ ചെയ്തിട്ടുള്ള പ്രത്യേകഗുണങ്ങളും ഗവണ്മെന്റിൽനിന്നും ദയവായി പറയുമോ?

മി. സി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി):

എ. രാജ്യത്തുള്ള എല്ലാ നഗരസഭകളും പിരിച്ചിട്ടുള്ള നികുതികളുടെ തുകയെക്കാണിക്കുന്ന മെമ്പറിന്റെ ൮൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ബി. ഗവണ്മെന്റിനറിയാൻ പാടില്ല.

കൊട്ടാരക്കര സ്റ്റേഷനറി മജിസ്ട്രേട്ടുകോർട്ടിൽ ഫയൽചെയ്തിട്ടുള്ള കേസുകളുടെ
മഹസ്സർ തയ്യാറാക്കൽ.

നം. ൮൩. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): താഴെപറയുന്ന സംഗതികളെക്കുറിച്ചുള്ള വിവരങ്ങൾ ഗവണ്മെന്റിൽനിന്നും ദയവായി പറയുമോ?

എ. ൧൧൨൪, ൧൧൨൫, ൧൧൨൬ ഈ ആണ്ടുകളിൽ കൊട്ടാരക്കര സ്റ്റേഷനറി മജിസ്ട്രേട്ടുകോർട്ടിൽ ഫയൽചെയ്തിട്ടുള്ള കേസുകളെ സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥന്മാരല്ലാതെ മററാളുകൾ തയ്യാറാക്കുന്നതിന് ആജ്ഞാപിച്ചിട്ടുള്ള മഹസ്സറുകളുടെ എണ്ണം;

ബി. അങ്ങനെയുള്ള ആളുകളുടെ പേരുകളും സ്ഥാനങ്ങളും അവർക്ക ഓരോരുത്തർക്കും കൊടുത്തിട്ടുള്ള ഉത്തരവുകളുടെ നമ്പരുകളും;

സി. ൧൧൨൪, ൧൧൨൫, ൧൧൨൬ ഈ ആണ്ടുകളിൽ കൊട്ടാരക്കര മജിസ്ട്രേട്ടുകോർട്ടിൽനിന്നും കേസ്സുകൾ മാററികിട്ടുന്നതിനുള്ള അപേക്ഷകളുടെ എണ്ണം;

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ-യും ബി-യും) മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ § മേശമേൽ വച്ചിരിക്കുന്നു.

സി. ൧൧൨൪, ൧൧൨൫, ൧൧൨൬ (മിഥുനം അവസാനംവരെ) ഈ ഓരോ ആണ്ടുകളിലും കൊട്ടാരക്കര സ്റ്റേഷനറി മജിസ്ട്രേട്ടുകോർട്ടിൽനിന്നും കേസ്സുകൾ മാററിക്കിട്ടുന്നതിനുള്ള അപേക്ഷകളുടെ എണ്ണം ൨൨-ം ൨൫-ം ൧൭-ം വീതം ആകുന്നു.

---

* അനുബന്ധം III നോക്കുക.

§ അനുബന്ധം IV നോക്കുക.

തിരുവനന്തപുരം നഗരസഭയിലേക്ക ഒരു റവന്യൂ ഉദ്യോഗസ്ഥന്റെ നിയമനം.

൧൩൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) തിരുവനന്തപുരം നഗരസഭയിലേക്ക ഒരു റവന്യൂ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന ഗവൺമെന്റ അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, ഏതെങ്കിലും മെമ്പർ തിരുവനന്തപുരം നഗരസഭയിലേക്ക ഒരു റവന്യൂ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനെസംബന്ധിച്ച, നഗരസഭയിൽ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആ പ്രമേയം അവതരിപ്പിച്ച തീയതിയും,

(ബി). സെക്രട്ടേറിയററിൽനിന്നും ആരെയെങ്കിലും തിരുവനന്തപുരം നഗരസഭയിൽ ഒരു റവന്യൂ ഉദ്യോഗസ്ഥനായി നിയമിക്കുന്നതിന ഗവൺമെന്റ ഉദ്ദേശിച്ചിട്ടുണ്ടോ എന്നും;

ഗവൺമെന്റ ദയവായി പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): (എ) ചോദ്യത്തിന്റെ ആദ്യഭാഗത്തെസംബന്ധിച്ചെടത്തോളം, മറുപടി ഇല്ലാ എന്നാണ്. അതിനാൽ ചോദ്യത്തിന്റെ രണ്ടാംഭാഗം ആവശ്യമില്ലാത്തതാണ്,

(ബി) ഇപ്പോൾ ഗവൺമെന്റിന അങ്ങനെ യാതൊരു ഉദ്ദേശവുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറുപടിയിൽ ചോദ്യത്തിന്റെ ആദ്യഭാഗം എന്നു പറഞ്ഞിരിക്കുന്നത്, എന്തുദ്ദേശിച്ചാണെന്ന പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): "തിരുവനന്തപുരം നഗരസഭയിൽ ഒരു റവന്യൂ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന ഗവൺമെന്റ അനുവദിച്ചിട്ടുണ്ടോ" എന്നുള്ള ചോദ്യത്തെസംബന്ധിച്ചെടത്തോളം, മറുപടി 'ഇല്ലാ' എന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവൺമെന്റ അനുവദിച്ചിട്ടില്ല എന്നാണ് അതിന്റെ അർത്ഥം.

മി. റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): അല്ല, ഗവൺമെന്റ നിയമിച്ചിട്ടില്ല,

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം നഗരസഭയിൽ ഒരു റവന്യൂ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനെപ്പററി നഗരസഭാസമക്ഷം ഒരു പ്രമേയം അവതരിപ്പിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): മറുപടി അതിലുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ നിയമനത്തെസംബന്ധിച്ച ഒരു പ്രമേയം നഗരസഭാസമക്ഷം കൊണ്ടുവന്നിട്ടുണ്ടോ എന്ന എനിക്കറിയണം.

മി. റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): നഗരസഭയുടെ പ്രമേയം എന്നൊന്നും ഇല്ല. തിരുവനന്തപുരം നഗരസഭയിൽ ഒരു റവന്യൂ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന ഗവൺമെന്റ അനുവദിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ, ആ നിയമനത്തെസംബന്ധിച്ച എന്തെങ്കിലും പ്രമേയം നഗരസഭയിൽ അവതരിപ്പിച്ചിട്ടുണ്ടോ എന്നും ആയിരുന്നു മെമ്പറുടെ ചോദ്യം; അതിന മറുപടി 'ഇല്ലാ' എന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുകൂടാതെ ഒരു റവന്യൂ ഉദ്യോഗസ്ഥന്റെ നിയമനത്തെക്കുറിച്ച എന്തെങ്കിലും പ്രമേയം നഗരസഭയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്ന എനിക്കറിയണം.

മി. റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): അത എനിക്കറിയാൻ പാടില്ല.

ഭൂനികുതിക്കമ്മിറ്റിക്കുള്ള പടിയം.

൧൪൦. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൧൨൮-ൽ തിരുവനന്തപുരം ഡിവിഷനൽ ഭൂനികുതി കമ്മിറ്റിക്കുള്ള പടിയുടെ തുകകൾ എന്താണെന്ന ഗവൺമെന്റ ദയവായി പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ൯൩൪ രൂപാ ൧൨ ചക്രം ൧൧ കാശ്.

കള്ളിൽ കൂട്ടിചേർക്കുന്ന കേസുകളെ തെളിയിക്കൽ.

൧൪൧. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ജനങ്ങൾക്ക വില്ക്കുന്ന മദ്യത്തിൽ ലഹരിസാധനങ്ങൾ ചേർത്ത കേസുകളെ ൧൧൨൮-ലും, ൧൧൨൯-ലും എക്സൈസ് ഡിപ്പാർട്ടുമെന്റുകാർ കണ്ടുപിടിച്ച തെളിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര കേസുകൾ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി): മറുപടി 'ഇല്ല' എന്നാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വില്പനക്ക വച്ചിരിക്കുന്ന കള്ളിന്റെ മാതിരിയെസംബന്ധിച്ച രസതന്ത്ര പരിശോധന നടത്താറുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി): എന്തെങ്കിലും കൂട്ടിചേർക്കുമെന്നുള്ള സംശയം ഗവൺമെന്റിനില്ല. അതുകൊണ്ട പരിശോധന നടത്തുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കള്ളുഷാപ്പുകൾ മുന്നറിവുകൊടുക്കാതെ ചെന്ന നോക്കുകയും, അവിടെയുള്ള കള്ളിന്റെ മാതിരികളെ ശേഖരിച്ച രസതന്ത്ര പരിശോധനക്കായി അയച്ചുകൊടുക്കയും ചെയ്യുന്നതിന എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ജോലിക്കാർക്ക ഗവൺമെന്റിൽനിന്നും വേണ്ട ഉപദേശങ്ങൾ കൊടുക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി): ഈ സംഗതി രേഖപ്പെടുത്തുന്നതായിരിക്കും.

ദേവികുളം, പീരുമേട് ഈ താലൂക്കുകളിൽനിന്നും ഭൂമി പതിക്കുന്നതിനുള്ള അപേക്ഷകന്മാരുടെ പട്ടിക.

൧൪൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പീരുമേടും ദേവികുളവും താലൂക്കുകളിൽ കഴിഞ്ഞ രണ്ടുകൊല്ലങ്ങളിൽ (൧൧൨൭-൧൧൨൮) അഞ്ചേക്കറോ അതിൽ കൂടുതലോ ഏക്കർ ഭൂമി പതിപ്പിക്കുന്നതിന അപേക്ഷിച്ചിട്ടുള്ള ആളുകളുടെ പേരും, അവർ ഓരോരുത്തരും അപേക്ഷിച്ചിട്ടുള്ള വസ്തുവിന്റെ വിസ്തീർണ്ണവും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ ഗവൺമെന്റിൽ നിന്നും ദയവായി മേശമേൽ വയ്ക്കുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): പീരുമേട്ടു താലൂക്കിനെ സംബന്ധിച്ചേടത്തോളം, ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു † മേശമേൽ വച്ചിരിക്കുന്നു. ഈ കാലത്തു ദേവികുളം താലൂക്കിൽ അപ്രകാരമുള്ള അപേക്ഷകൾ ഇല്ലായിരുന്നു.

സഭാംഗങ്ങളും കൃഷിവായ്പകളും.

൧൮൩. മി. തയ്യിൽ കുഞ്ഞിരാമൻ (വടക്കേപ്പുറവും കൊട്ടാരക്കരയും): (എ) ഇപ്പോഴുള്ള നിയമസഭാംഗങ്ങളിൽ ആരെങ്കിലും ഗവർമ്മെന്റിൽനിന്നും കൃഷിവായ്പക്ക് അപേക്ഷിച്ചിട്ടുണ്ടോ എന്നും;

(ബി) ഉണ്ടെങ്കിൽ, അങ്ങിനെയുള്ള അംഗങ്ങൾ ആരെല്ലാമെന്നും ഗവർമ്മെന്റു ദയവായി പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) മി. സി. പി. കൊച്ചുകുഞ്ഞുപിള്ളയും, ഡാക്ടർ എം. എൻ. പിള്ളയും, മി. പി. ഹബീബുമുഹമ്മദും വേറെ രണ്ടുപേരും, അതായതു മഹമ്മദമെതീനും മറിയംബീവിയും.

൧൧൨൩—മിഥുനം ൭-ൽ നടന്ന തിരുവനന്തപുരം നഗരസഭായോഗത്തിന്റെ നടപടികൾ.

൧൮൪. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അധ്യക്ഷനിലുള്ള അവിശ്വാസത്തെ കാണിക്കുന്ന പ്രമേയത്തിന്റെ വാദപ്രതിവാദത്തെസംബന്ധിച്ച ൧൧൨൩ മിഥുനം പതിമൂന്നാംതിയതി നടന്നതും, ൧൧൨൨-ലെ ഇടവം ൩൦-നു നടന്ന തിരുവനന്തപുരം നഗരസഭായോഗത്തിന്റെ മുഴുവൻ നടപടികളും മേശമേൽ വയ്ക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ൧൧൨൩ മിഥുനം ൧൩-നു നടന്ന തിരുവനന്തപുരം നഗരസഭായോഗത്തിന്റെ മുഴുവൻ നടപടികളും വാങ്ങി മേശമേൽ വയ്ക്കുന്നതിനു ഗവർമ്മെന്റു ഉദ്ദേശിക്കുന്നില്ല. സാധാരണയായി നഗരസഭായോഗങ്ങളുടെ നടപടികളുടെ ചുരുക്കം ഗവർമ്മെന്റു ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നഗരസഭയുമായി ഇടപെടുന്നതിനു ഗവർമ്മെന്റിനുള്ള വൈമനസ്യംകൊണ്ടാണോ ഈ പ്രത്യേകവിവരങ്ങൾ ആവശ്യപ്പെടാത്തതെന്നു പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഇതേ ചോദ്യംതന്നെ വേറൊരു മെമ്പർ ചോദിക്കയും ഞാൻ അതിനു വിവരമായി മറുപടി പറകയും ചെയ്തിട്ടുണ്ട്. പ്രസിഡണ്ട് ഒരു റൂളിങ്ങ് ഇതിനെസംബന്ധിച്ചു നൽകുകയുംചെയ്തു. മെമ്പറിനു അതു നോക്കാം. അതേ മറുപടി ഇതിനും ചേരുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം നഗരസഭാധ്യക്ഷൻ ഉദ്യോഗസ്ഥനോ അനുദ്യോഗസ്ഥനോ എന്നു പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അദ്ദേഹം ഒരു ഉദ്യോഗസ്ഥനാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൨൩ മിഥുനം ൧൩-നു നടന്ന സഭായോഗത്തിന്റെ നടപടികൾ ചുരുക്കമായിട്ടെങ്കിലും ഗവർമ്മെന്റു ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഞാനതറിയാനാഗ്രഹിക്കുന്നു. നഗരസഭായോഗങ്ങളുടെ നടപടികൾ സാധാരണയായി ഗവർമ്മെന്റു ഗസറ്റിൽ പ്രസിദ്ധംചെയ്യാറുണ്ട്. ൧൧൨൩ മിഥുനം ൧൩-നു നടന്ന യോഗത്തിന്റെ നടപടികളും പ്രസിദ്ധംചെയ്തിട്ടുണ്ടോ എന്നു പറവാൻ എനിക്കു നിവൃത്തിയില്ല. ആ സംഗതി അന്വേഷിച്ചറിയേണ്ടതായിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നഗരസഭായോഗങ്ങളുടെ നടപടികൾ ഗവർമ്മെന്റു ഗസറ്റിൽ പ്രസിദ്ധംചെയ്യാറുണ്ടെന്നു ഗവർമ്മെന്റു പറയുമ്പോൾ, ൧൧൨൩ മിഥുനം ൧൩-നു യിലെ യോഗനടപടികളുടെ ചുരുക്കം ഗസറ്റിൽ ഉണ്ടോ എന്നു ചോദിക്കുന്നതിനു എനിക്കവകാശമില്ലയോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അവിടെ പറഞ്ഞ മറുപടി പൊതുവേയുള്ള ഒന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർമ്മെന്റു മെമ്പർ പറഞ്ഞ മറുപടികൊണ്ടു എനിക്കു എന്തെങ്കിലും വിശേഷാൽ അറിവു സിദ്ധിക്കുന്നുണ്ടോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഒരു പ്രത്യേകയോഗത്തിന്റെ നടപടികൾ ഗവർമ്മെന്റു ഗസറ്റിൽ പ്രസിദ്ധംചെയ്തിട്ടുണ്ടോ എന്നു നിർബന്ധമായി മെംബറിനറിയണമെങ്കിൽ, ഞാൻ വിവരം അറിഞ്ഞുപറയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുകൂടാതെ സ്വയംഭരണസ്ഥാപനങ്ങളുമായി ഗവർമ്മെന്റു ഇടപെടരുതെന്നുള്ളതു അവർ സ്വീകരിച്ചിട്ടുള്ള ഒരു നയമാണോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അതിനു അധ്യക്ഷൻതന്നെ മറുപടി പറഞ്ഞുകഴിഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു ആ ചോദ്യത്തിൽ സംശയമുണ്ടായിരുന്നതുകൊണ്ടു അധ്യക്ഷൻ പറഞ്ഞതു എന്താണെന്നു ഞാൻ സൂക്ഷ്മമായി ഗ്രഹിക്കുന്നില്ല.

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അതു സഭാസമക്ഷം പ്രസിഡണ്ടുതന്നെ പറഞ്ഞിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ ചോദ്യത്തിനു ഒരു മറുപടികിട്ടുവാൻ സാധിക്കുമോ. അതോ യാതൊരു മറുപടിയും ലഭിക്കയില്ല എന്നുവിചാരിച്ചു ഞാൻ എന്റെ പൂർവസ്ഥാനത്തെ പ്രാപിക്കട്ടെയോ.

മി. റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): നഗരസഭാധ്യക്ഷന്റെ അടുക്കൽനിന്നു പൗരന്മാർക്കു എന്തെങ്കിലും വിവരങ്ങൾ അറിയണമെന്നാഗ്രഹിക്കുന്നതായാൽ, അതിനായി നിർമ്മിച്ചിട്ടുള്ള നഗരസഭാ ചട്ടത്തിലെ നടപടിയനുസരിച്ചു അറിയാൻ സാധിക്കും. അതാണ് അധ്യക്ഷന്റെ മറുപടിയുടെ സാരം. എന്നാൽ ഈ പ്രത്യേകസംഗതിയിൽ നഗരസഭാഭരണകാര്യങ്ങളിൽ ഇടപെടുന്നതിനും വേണ്ട വിവരങ്ങൾ ആവശ്യപ്പെടുന്നതിനും ഗവർമ്മെന്റു ഉദ്ദേശിച്ചിട്ടില്ല.

---

† അനുബന്ധം V. നോക്കുക.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : [illegible] സാമാന്യനികുതി ദായകന് നഗരസഭയോട് ചോദ്യം [illegible] ആവശ്യമുള്ള വിവരങ്ങൾ അറിയാൻ സാധിക്കുമോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി) : ഒരു നികുതിദായകന് ഒരു പാർട്ടിയെന്ന നിലയിൽ [illegible] വിവരങ്ങൾ അറിയാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : ആ സംഗതിയെ ആശ്രയിക്കാതെ മറ്റേതെങ്കിലും പ്രകാരത്തിൽ വിവരമറിയാൻ സാധിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : ഒരു സാമാന്യ നികുതിദായകനു നഗരസഭാദ്ധ്യക്ഷനോടു വിവരങ്ങൾ ആവശ്യപ്പെടാം.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : ഒരു സാമാന്യ നികുതിദായകനു ആവശ്യമുള്ള വിവരങ്ങൾ നൽകുന്നതിനു ഒരു നഗരസഭാപ്രസിഡണ്ട് നിർബന്ധിതനാണോ എന്നുപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : അദ്ദേഹം വേണ്ടവിവരങ്ങൾ നൽകിയേക്കാം.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : അങ്ങിനെയുള്ള എന്തെങ്കിലും ഗവണ്മെന്റുത്തരവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസിക്രട്ടറി) : അങ്ങിനെ ഒരുത്തരവു ഇതുവരെ കൊടുത്തിട്ടില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : ഒരു സാമാന്യ നികുതിദായകനു നഗരസഭാപ്രസിഡണ്ടു ആവശ്യമുള്ളവിവരങ്ങൾ നൽകിയേക്കാം എന്നുള്ളത്, മറുപടിപറയുന്ന മെംബറിന്റെ ഒരു ഊഹംമാത്രമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : ഒരു നഗരസഭാപ്രസിഡണ്ടു എന്നനിലയിൽ അദ്ദേഹത്തിനു ചില ചുമതലകളും ധർമ്മങ്ങളും ഉണ്ട്. ഒരു നികുതിദായകൻ ചിലവിവരങ്ങൾ ആവശ്യപ്പെട്ടാൽ അദ്ദേഹം ആ വിവരങ്ങൾ നൽകിയേക്കാം.

മി. എസ്സ്. പി. രവി [illegible]പിള്ള (കരുവാറ്റയും [illegible]) : സർ, ഞാൻ തിരുവനന്തപുരം നഗരസഭാദ്ധ്യക്ഷനോടു അടുത്തു ചിലവിവരങ്ങൾ ആവശ്യപ്പെട്ടിട്ടു അദ്ദേഹം അവ നൽകിയിട്ടില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : തിരുവനന്തപുരം നഗരസഭായോഗത്തിൽ ഒരു "അവിശ്വാസപ്രസ്താവന"യെപ്പറ്റി വാദപ്രതിവാദം നടന്നോ എന്നു സൂക്ഷ്മമായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : മറുപടിയിൽ ഉള്ളതിൽക്കൂടുതലായി പറയുന്നതിനു എനിക്കു സാധിക്കയില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : എന്റെ ചോദ്യം, [illegible] ജൂൺ [illegible]-ാംതീയതി നടന്ന തിരുവനന്തപുരം നഗരസഭായോഗത്തിൽ പ്രസിഡണ്ടിന്റെ നേർക്കുള്ള അവിശ്വാസപ്രസ്താവനയെ സംബന്ധിച്ച വാദപ്രതിവാദത്തിന്റെ മുഴുവൻ നടപടികളും ഗവണ്മെന്റിൽനിന്നും [illegible] എന്നുള്ളതായിരുന്നു. സർ, ചോദ്യത്തെസംബന്ധിച്ചു, എനിക്കു മനസ്സിലാകാവുന്നതായി, മറുപടിയിൽ യാതൊന്നുമില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : യോഗത്തിന്റെ നടപടികൾ വായിക്കുന്നതായാൽ മെംബറിനു മനസ്സിലാകും.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : എന്റെ പ്രശ്നം അയച്ചതിനുശേഷം ഗവണ്മെന്റിൽനിന്നും ഈ സംഗതിയെക്കുറിച്ച് തിരുവനന്തപുരം നഗരസഭാപ്രസിഡണ്ടിനു എഴുതിഅയച്ച വിവരങ്ങൾ അറിയുമോ എന്നുപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) സർ, ഞാൻ ആ ചോദ്യത്തിനു മറുപടി പറയണമോ?

അദ്ധ്യക്ഷൻ 'ഉണ്ട്' എന്നോ 'ഇല്ല' എന്നോ നിങ്ങൾക്കു മറുപടിപറയാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : ഇല്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : പിന്നെ ഇപ്രകാരം മറുപടിപറയുന്നതിനു ഗവണ്മെന്റിനു എങ്ങിനെസാധിച്ചു എന്നുപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : തിരുവനന്തപുരം നഗരസഭായോഗത്തിന്റെ മുഴുവൻനടപടികളും വരുത്തി മേശമേൽവയ്ക്കുന്നതിനു ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ല. എന്നു പറയുന്നതിനു നഗരസഭാപ്രസിഡണ്ടിനോടു യാതൊന്നും ചോദിക്കേണ്ട ആവശ്യമില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : തിരുവനന്തപുരം നഗരസഭയിൽ ഒരു 'അവിശ്വാസപ്രസ്താവന'യെപ്പറ്റി വാദപ്രതിവാദം നടന്നോ എന്നുപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : മെംബറിന്റെ ആദ്യചോദ്യം അതല്ലായിരുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : എന്തെങ്കിലും ഉത്തരവോ ചട്ടമോ അനുസരിച്ചു തിരുവനന്തപുരം നഗരസഭാപ്രസിഡണ്ടു യോഗനടപടികൾ ഗവണ്മെന്റിനു അയക്കുന്നതിനു നിർബന്ധിതനാണോ എന്നുപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) : അതെ, മുനിസിപ്പൽചട്ടമനുസരിച്ചു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : ഇപ്പോഴും അദ്ധ്യക്ഷന്റെ പക്കൽനിന്നു അവിശ്വാസപ്രസ്താവനാ വാദപ്രതിവാദത്തിന്റെ എന്തെങ്കിലും നടപടികൾ ഗവണ്മെന്റിനു കിട്ടിട്ടുണ്ടോ എന്നുപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി) : അതൊയ്ക്ക ഇപ്പോൾ പറയാൻ സാധിക്കയില്ല.

മി. കെ. പി. ശിവശങ്കരപ്പിള്ള (ചിറയിൻകീഴ്): ഗവൎമ്മെന്റുസെക്രട്ടറിയുടെ ഫയലിനെ സംബന്ധിച്ചിടത്തോളം അതു ഒരു മറുപടി പറയാൻ സാധിക്കയില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി) : അതു പിന്നീട് കിട്ടിയിരിക്കാം. അതിനിപ്പോൾ മറുപടിപറയുന്നതിനു എനിക്കു സാധ്യമല്ല.

നാഗമ്പടത്തുവെച്ചുള്ള പുതിയ പള്ളിക്കൂടം കെട്ടിടത്തിന്റെ കല്ലുകെട്ടുവേല.

൧൪൭. മി. എം. ശിവതാണുപിള്ള (തോവാള)

എ. നാഗർകോവിലിൽ പുതിയ ഇംഗ്ലീഷുപള്ളിക്കൂടം കെട്ടിടത്തിന്റെ കല്ലുകെട്ടുവേല പൂർത്തിയായോ എന്നും,

ബി. എപ്പോഴാണു ആ ഏൎപ്പാടവസാനിക്കുന്നതെന്നും,

സി. ആ ജോലി പൂർത്തിയാക്കുന്നതിനു ഏൎപ്പെടുത്തിയിരുന്നകാലം കഴിയുന്നതിനുമുമ്പു കല്ലുകെട്ടുജോലി തീർക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ, അതിനുള്ളകാരണം എന്തെന്നും, അതിനോടുസംബന്ധിച്ചു ഡിവിഷനാഫീസർ ആരാണെന്നും,

ഡി. അതിലേക്കു കരാറുകാരനു നോട്ടീസ് കൊടുത്തിട്ടുണ്ടോ എന്നും,

ഇ. അപ്രകാരം പുതുതായി ആവശ്യപ്പെടുന്നതിനു മുമ്പും കരാറുകാരൻ ചെയ്തുതീർത്തിരുന്ന പണിയുടെ അളവെടുത്തിട്ടുണ്ടോ എന്നും,

എഫ്. മുൻപറഞ്ഞവേല ടെൻഡർ സ്വീകരിച്ചതിനുശേഷം പിന്നീടുവന്ന കരാറുകാരൻ നടത്തുന്നതിനു അനുവദിച്ചിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും,

ജി. ഇപ്പോൾ കല്ലുകെട്ടുജോലിചെയ്യുന്ന കരാറുകാരൻ ആരാണെന്നും, ആ കരാറുകാരൻ കല്ലുകെട്ടുജോലിയിൽ എത്രമാത്രം ജോലി ചെയ്തിട്ടുണ്ടെന്നും ഗവണ്മെന്റിൽനിന്നും മറുപടിയായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി)

എ. മറുപടി ഇല്ല എന്നാണ്.

ബി. ൧൧൦൨ കർക്കടകം അവസാനത്തോടുകൂടി.

(സിയും-ഡിയും) ജോലിചെയ്യിക്കുന്നതിനു ഏൎപ്പെടുത്തിയിരുന്ന കരാറുകാരൻ മി. എ. എം. ശരവണപ്പെരുമാൾപിള്ള നോട്ടീസ് കൊടുത്തിട്ടും പണി ഊൎജ്ജിതമായി നടത്താതിരുന്നതിനാൽ ഡിവിഷൻ ആഫീസർ മി. എസ്. എസ്. കുഞ്ഞുകൃഷ്ണൻ കരാറുകാരൻ വീണ്ടും ശ്രദ്ധയായിരിക്കുന്നപക്ഷം വേറെ ആളുകളെക്കൊണ്ടു ജോലിചെയ്യിക്കുന്നതിനായി പുതിയ ടെൻഡറിനു ആവശ്യപ്പെട്ടു.

ഇ. ഉണ്ട്.

എഫ്. ആദ്യത്തെ കരാറുകാരൻ ൧൧൦൨ മേടത്തിനു മുമ്പു പണിപൂർത്തിയാക്കാമെന്നു വാഗ്ദാനംചെയ്തതിനാൽ വേറെ ആളുകളെക്കൊണ്ടു ജോലി തുടങ്ങിച്ചില്ല.

ജി. അയാളുടെ പണക്കാരും ഇടപാടുകാരും കൊണ്ടു ആ വേലക്കു ഇപ്പോഴും കരാറുകാരൻ മി. എ. എം. ശരവണപ്പെരുമാൾപിള്ളതന്നെയാണ്. എന്നാൽ ഇപ്പോൾ യാതൊരു ജോലിയും ചെയ്യിക്കാത്തതുകൊണ്ടു, അയാളുടെ കരാർ നിർത്തിക്കളയുന്നതായി അയാൾക്കു അവസാനനോട്ടീസ് കൊടുത്തിട്ടുണ്ട്.

കല്ലുകെട്ടുജോലിയുടെ ഏകദേശം ൯൦ ശതമാനം ആ കൺട്രാക്ടർ തീർത്തിട്ടുണ്ട്.

റാന്നിപകുതിയുടെ ഉപവിഭാഗം.

൧൪൮. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട) എ. റാന്നി പകുതിയിലെ അഞ്ചുതരമുള്ള ആദായം ആയക്കെട്ടു കണക്കനുസരിച്ചു മുപ്പത്തീരായിരം രൂപയും, മറ്റിനങ്ങളിൽ മുപ്പതിനായിരം രൂപായും ആകുന്നില്ലേ?

(ബി) കണ്ടെഴുത്തുകാലത്തു ആയക്കെട്ടുകണക്കനുസരിച്ചു നാലായിരം രൂപാ മാത്രമേ ഈടാക്കേണ്ടതായിട്ടു ഉണ്ടായിരുന്നുള്ളു എന്നു ഗവണ്മെന്റിനറിയാമോ,

(സി) തണ്ടപ്പേരുകാരുടെ സംഖ്യ കണ്ടെഴുത്തുകാലത്തു, ൨൪൦൦ ആയിരുന്നതു ഇപ്പോൾ ഏകദേശം ൩൦൦൦ ആയി വൎദ്ധിച്ചിട്ടില്ലയോ?

(ഡി) ഈ പകുതിയുടെ ആകെ വിസ്തീർണ്ണം ൩൭൫ ചതുരശ്രമൈൽ ഉണ്ടെന്നുള്ളതു ഗവണ്മെന്റിനറിയാമോ?

(ഇ) നികുതിപിരിക്കുന്നതിനും മറ്റുള്ളനടപടികൾക്കും സൗകൎയ്യപ്പെടുത്തുന്നതിനായി ഈ പകുതിയെ രണ്ടായിഭാഗിക്കുന്നകാൎയ്യം ഗവണ്മെന്റു ആലോചിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി) :

(എ) ഇല്ല. ദേവസ്വത്തിലുള്ള സംഖ്യ ൫൯൩൭ രൂപയും ൨൪൫൯ രൂപയും വീതമാണ്

(ബി) കണ്ടെഴുത്തുകാലത്തു ആയക്കെട്ടുപ്രകാരം ഈടാക്കേണ്ടസംഖ്യ ൧൯൪൩ രൂപയായിരുന്നു

(സി) തണ്ടപ്പേരുകാരുടെ സംഖ്യ ൨൫൦൦-ൽനിന്നും, ൭൫൩൦ ആയി വൎദ്ധിച്ചിട്ടുണ്ട്.

(ഡി) അറിയാം.

(ഇ) അടുത്തകണ്ടെഴുത്തിനുമുമ്പു ആ പകുതി രണ്ടായിഭാഗിക്കുന്നതു സാധ്യമല്ല.

ചേർത്തലയിലെ പുതിയറോഡുകൾ.

൧൪൯. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല)

(എ) ചേർത്തലയിൽ അത്യാവശ്യമുള്ള കുറച്ചുമൈൽ ദൂരം പുതിയറോഡുകളെക്കുറിച്ചു പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റിലേക്കു എന്തെങ്കിലും അറിവുകൾ കിട്ടിട്ടുണ്ടോ എന്നും,

(ബി) ഇതിനെപ്പറ്റി അവർ എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ എന്നും, ഗവണ്മെന്റിനറിയാമോ എന്നും ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി)

(എ) മി. കെ. ശിവരാമപ്പണിക്കർ, എം. ഏ. സി. യുടെയും വേറെ ചില ആളുകളുടെയും ൧൧൦൨ മേടം ൧൭-ാംതീയതിയിലെ ഒരു ഹർജി ചീഫ് എൻജിനീയർക്കു കിട്ടീട്ടുണ്ട്.

(ബി) ചീഫ് എൻജിനീയർ, ൧൯൨൭ ജൂലൈയിലെ, അദ്ദേഹത്തിന്റെ വെക്കേഷൻ സർക്കീട്ടിൽ അതിനെപ്പറ്റി മി. ശിവരാമപ്പണിക്കരോടു പ്രതിപക്ഷികളും, അന്നത്തെ തീരുമാനം അനുസരിച്ചു വേണ്ടുന്ന അന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

ചെങ്കോട്ടത്താലൂക്കിലെ പകുതി ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ള വിവരങ്ങൾ.

൧൪൮. മി. എസ്സ്. സുബ്രഹ്മണ്യയ്യർ (പത്മനാഭപുരവും ചെങ്കോട്ടയും)

(൧) ചെങ്കോട്ടത്താലൂക്കിലെ പാർവത്യകാരന്മാരുടെ ജാതി തിരിച്ചുള്ളതും, ഈ താലൂക്കിൽ ഉൾപ്പെട്ടുള്ള ഉദ്യോഗസ്ഥന്മാർ ജോലിയിലായിട്ടുള്ള കാലവും കാണിക്കുന്നതുമായ ഒരു സ്റ്റേറ്റുമെന്റു ഗവണ്മെന്റിൽനിന്നും ദയവായി മേശമേൽ വയ്ക്കുമോ?

(൨) ചെങ്കോട്ടത്താലൂക്കിലെ പാർവത്യകാരന്മാരെപ്പറ്റി ധാരാളം പരാതികൾ ഗവണ്മെന്റിൽ കിട്ടിട്ടുണ്ടെന്നുള്ളതു വാസ്തവമാണോ?

(൩) പാർവത്യകാരന്മാരെയും പകുതികണക്കപ്പിള്ളമാരെയും മറ്റെ താലൂക്കുകളിൽ തുടർച്ചയായി ഒരു കൊല്ലത്തേക്കു വച്ചുകൊണ്ടിരുന്നിട്ടുണ്ടോ എന്നുള്ളതു ഗവണ്മെന്റു ദയവായി പറയുമോ?

(൪) പാർവത്യകാരന്മാരെയും പകുതി കണക്കപ്പിള്ളമാരെയും ചെങ്കോട്ടത്താലൂക്കിൽനിന്നും മറ്റുതാലൂക്കുകളിലേക്കു കൂടക്കൂടെ സ്ഥലംമാറ്റുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ഗവണ്മെന്റു ദയവായി ആലോചിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി)

(൧) ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെന്റു * മേശമേൽ വച്ചിരിക്കുന്നു.

(൨) മറുപടി ഇല്ല എന്നാണ്.

(൩) മറുപടി ഉണ്ട് എന്നാണ്.

(൪) ആ വിഷയത്തെ സംബന്ധിച്ചു നിർബന്ധമായ ഒരു ചട്ടം ഏർപ്പെടുത്തുവാൻ സാധിക്കയില്ല.

അനുബന്ധം 1.

൧൨൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയോടുകൂടി.

(എ) ൧൧൦൨ ധനു ൧-൬- വിവിധവർഗ്ഗങ്ങളിൽപെട്ടവരും ഹോസ്റ്റലുകളിൽ (ഗവണ്മെന്റ് സഹായധനം വാങ്ങുന്നവയും) താമസിച്ചിരുന്നവരുമായ (ലാകാളേജ് ഒഴിച്ചു) കാളേജ് വിദ്യാർത്ഥികളുടെ എണ്ണവും

(ബി) ലാകാളേജ് ഒഴിച്ചും മറ്റുള്ള കാളേജുകളിൽ ഉള്ള മേല്പറഞ്ഞ ഹോസ്റ്റലുകളിൽ താമസിച്ചിരുന്ന വിവിധവർഗ്ഗത്തിൽപെട്ട ആകെയുള്ള വിദ്യാർത്ഥികളുടെ എണ്ണവും കണക്കാക്കി ഓരോ വർഗ്ഗത്തിലുമുള്ള വിദ്യാർത്ഥികളുടെ ശതമാനക്കണക്കു കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

നമ്പർ	വർഗ്ഗങ്ങൾ	ഹോസ്റ്റലുകളിൽ താമസിക്കുന്ന കാളേജ് വിദ്യാർത്ഥികളുടെ ആകെ ഉള്ള എണ്ണം	ഓരോ ഹോസ്റ്റലുകളിലും താമസിക്കുന്ന കാളേജ് വിദ്യാർത്ഥികളുടെ [illegible] ഉള്ള എണ്ണം	ശതമാനം
൧	മലയാളബ്രാഹ്മണർ	൨൪	൪	൧൬·൫
൨	മറ്റുബ്രാഹ്മണർ	൩൮൧	൪൮	൧൨·൬
൩	ക്രിസ്ത്യാനികൾ	൧൦൩൦	൪൯൪	൪൮·൫
൪	മഹമ്മദീയർ	൩൫	൮	൨൨·൯
൫	നായന്മാർ	൮൩൨	൧൨൮	൧൫·൪
൬	മറ്റു അബ്രാഹ്മണ സവർണ്ണഹിന്ദുക്കൾ	൧൭൬	൧൭	൯·൭
൭	ഈഴവർ	൧൫൦	൧൧	൭·൩
൮	മറ്റു അവർണ്ണഹിന്ദുക്കൾ	൮	ഇല്ല	ഇല്ല
൯	കൃത്യമായി പറഞ്ഞിട്ടില്ലാത്ത മറ്റുള്ളവർ	൨	ഇല്ല	ഇല്ല
	ആകെ	൨൬൩൮	൭൧൦	൨൬·൯

* അനുബന്ധം (V1) നോക്കുക.

* സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു സഹായധനം നൽകുന്ന ഹോസ്റ്റലുകൾ ഇല്ല. എന്നാൽ സഹായധനം നൽകുന്ന ചില ഹോസ്റ്റലുകളിൽ സ്കൂൾ വിദ്യാർത്ഥികൾ ഉണ്ട്. മാവേലിക്കരയും കുന്നത്തൂരും ഉള്ള സ്പെഷ്യൽ സ്കൂളുകളോട് സംബന്ധിച്ച ഹോസ്റ്റലുകളിൽ ഉള്ളവരെ ഒഴിച്ചു ഗവർമ്മെന്റ ഹോസ്റ്റലുകളിലും ഒന്നായ സഹായധനംവാങ്ങുന്ന ഹോസ്റ്റലുകളിലുമായി ൫ അപ്രകാരമുള്ള വിദ്യാർത്ഥികൾ ഉണ്ട്. മററുള്ള ഹോസ്റ്റലുകളുടെ ഗ്രാന്റ കാളേജ്‌വിദ്യാർത്ഥികളുടെ എണ്ണത്തെ ആശ്രയിച്ചാണിരിക്കുന്നത്.

അനുബന്ധം II.

൧൧൦-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

തിരുവനന്തപുരം ൧൦൮൩ ഏപ്രിൽ ൨൨-ാം തീയതിയിലെ ഗവർമ്മെന്റ നടപടികൾ ൮൪൨-ാം നമ്പർ ഫയലിൽനിന്നും എടുത്തത്.

കൂടുതൽസമയം ജോലിചെയ്യുന്നതിനു അലവൻസ്.

൩. ഇപ്പോൾ ശമ്പളമുള്ള ജോലിക്കാർക്കുവേണ്ടി കൂടുതൽ ജോലിചെയ്യുന്നതിനുള്ള അലവൻസ് എന്നതിലേയ്ക്ക് ആണ്ടുതോറും ധാരാളം പണം ചിലവാകുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും വർദ്ധിച്ച ശമ്പളമുള്ള മേലുദ്യോഗസ്ഥന്മാർക്കാണ് ലഭിക്കുന്നത്. അതുകൂടാതെ അതിനടുത്ത ഗവർമ്മെന്റിനോ വാടകയില്ലാതെ ഒരു സ്ഥലം ഒരു ഉദ്യോഗസ്ഥനു കൊടുക്കാമെങ്കിൽ ഈ ഇനത്തിലുള്ള ചെലവു കുറയ്ക്കാമെന്ന സാലറീസ് കമ്മറ്റിക്കാർ പ്രസ്താവിച്ചിട്ടുണ്ട്. ഈ ഏർപ്പാട് അനുവദിച്ചിട്ടുണ്ട്. ഇതിനടുത്തുള്ള സമീപമായ ഒരു താമസസ്ഥലം പണികഴിപ്പിക്കുന്നതുവരെ മാസം ൨൦ രൂപയിൽ കൂടാതെ വാടകയുള്ള സൌകര്യമുള്ള ഒരു കെട്ടിടം അതുകൂടാതെതിനടുത്തു തല്ക്കാലത്തേക്കു വാടകയ്ക്കെടുക്കുന്നതിനു ഗവർമ്മെന്റ അനുവാദം സ്വല്പദിനേന കൊടുത്തിട്ടുണ്ട്.

൪. കൂടാതെ ഇപ്പോൾ അനുവദിച്ചിട്ടുള്ള ശമ്പളക്കൂടുതൽകൊണ്ടു കൂടുതൽ ജോലിചെയ്യുന്നതിനുള്ള അലവൻസിന്റെ ഇപ്പോഴത്തെ നിരക്കു കുറയ്ക്കാൻ സാധിക്കുമെന്നു ഗവർമ്മെന്റ വിചാരിക്കുന്നു. ഇപ്പോൾ വേല ചെയ്യുന്ന വകുപ്പുകളിലുള്ള ജോലിക്കാർക്കു ഓരോ മണിക്കൂർനേരത്തെ കൂടുതൽജോലിക്കും ഒരുദിവസത്തെ ശമ്പളമാണ് അലവൻസായി കൊടുക്കുന്നത്.

	പകൽ ഒരു മണിക്കൂറിനുള്ള നിരക്ക്.	രാത്രി ഒരുമണിക്കൂറിനുള്ള നിരക്ക്.
പതിനഞ്ചുരൂപ വരെ ശമ്പളമുള്ള ജോലിക്കാർ	൧ ച.	൧½ ച.
൧൫ രൂപയ്ക്കുമേൽ ൨൫ രൂപവരെ	൧½ ച.	൨ ച.
൨൫ രൂപയ്ക്കുമേൽ ൩൫ രൂപവരെ	൨ ച.	൨½ ച.
൩൫ രൂപയ്ക്കുമേൽ ൫൦ രൂപവരെ	൨½ ച.	൩ ച.

൫൦ രൂപയ്ക്കുമേൽ ശമ്പളം വാങ്ങുന്നവർ മേൽപറഞ്ഞ അലവൻസിനു അർഹന്മാരല്ല.

അലവൻസു കൊടുക്കുന്നതു താഴെപ്പറയുന്ന നിബന്ധനകൾ അനുസരിച്ചിരിക്കും.

൧. കൂടുതൽജോലിക്കുള്ള അലവൻസു കണക്കാക്കുന്നതു ജോലിക്കാർ യഥാർത്ഥത്തിൽ വാങ്ങിക്കുന്ന ശമ്പളത്തെമാത്രം ആശ്രയിച്ചിരിക്കും.

൨. ഒരു മാസത്തിൽ ഏതെങ്കിലും ജോലിക്കാരനു കൊടുക്കുന്ന കൂടുതൽ ജോലിക്കുള്ള അലവൻസു അയാളുടെ ശമ്പളത്തിന്റെ ൫൦ ശതമാനത്തിൽ കൂടാൻപാടില്ല.

൩. ഒരു സമയത്തു ഒരു മണിക്കൂറിൽ കുറവായുള്ള സമയം കൂടുതൽജോലി ചെയ്യുന്നപക്ഷം അതിനു അലവൻസു നൽകുന്നതല്ല.

അനുബന്ധം III.

൧൩൬-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

തൊഴിൽനികുതിയും ലൈസൻസുഫീസും ആയി ൧൦൯൯ മുതൽ ൧൧൦൧ വരെ നഗരസഭകളിൽനിന്നും പിരിച്ചിട്ടുള്ള നികുതികൾ.

നമ്പർ	നഗരസഭയുടെ പേര്	ലൈസൻസു ഫീസ്			കച്ചവടക്കാരിൽനിന്നും തൊഴിൽനികുതി			റിമാർക്ക്
		൧൦൯൯	൧൧൦൦	൧൧൦൧	൧൦൯൯	൧൧൦൦	൧൧൦൧	
		രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	
൧	കുഴിത്തുറ	× ൬൭	× ൭൫	× ൬൦	൪൦	൩൮	൪൬	× മണ്ണെണ്ണക്കട [illegible]
൨	നെയ്യാറ്റിൻകര	൮൪	൯൭	൯൮	൧൯	൨൨	൨൫	
൩	ചങ്ങനാശ്ശേരി	൨൧൧	൧൦൨	൩൧൭	൭൪	൨൧൨	൨൩൯	
൪	മാവേലിക്കര	× ൪൪	× ൪൪	× ൭൮	൧	൪	൫൪	× മണ്ണെണ്ണയും ഉള്ള ലൈസൻസു ഫീസ്
൫	വൈക്കം	൧൦൯	൯൨	൧൨൪	൪൦	൪൨	൨൧	
൬	ആറ്റിങ്ങൽ			൫൬	൪൦	൪൦	൪൦	
൭	കുളച്ചൽ	× ൪൨	× ൪൦	× ൪൯	൨൨	൨൦	൬൪	× മണ്ണെണ്ണയും
൮	കായംകുളം	× ൧൯൬	× ൨൩൯	× ൪൬൪	൨൫൨	൧൫൫	൧൫൬	മണ്ണെണ്ണക്കും പെട്രോളിനും
൯	ഹരിപ്പാട്	× ൧൪൦	× ൧൪൩	× ൧൪൮	൨൧	൨൭	൨൫	
൧൦	കോട്ടയം	൬൫൬	൭൩൯	൮൭൯	൧൧൩	൨൭൮	൨൦൨	മണ്ണെണ്ണയും
൧൧	ആലുവാ	൨൬൦	൩൧൫	൩൩൪	൧൧൬	൯൮	൧൨൧	
൧൨	നാഗർകോവിൽ	× ൧൪൧	× ൧൫൦	× ൧൪൬				× മണ്ണെണ്ണക്കും പെട്രോളിനും
൧൩	കൊല്ലം	൪൫൮	൨൫൮	൫൧൧	൧൩൭൭	൨൧൫൦	൧൩൨൪	
൧൪	തിരുവല്ല	× ൨൨	× ൨൪	× ൫൦				മണ്ണെണ്ണക്കും പെട്രോളിനും
൧൫	ആലപ്പുഴ	൬൨൧൯	൫൬൫൦	൬൭൯൩	൩൧൬൦	൩൦൯൦	൩൨൩൫	
൧൬	പത്മനാഭപുരം	൩൨൭	൩൧൮	൩൧൫	൩൪	൩൬	൩൩	
൧൭	പറവൂർ				൨൩	൨൯	൨൪	
൧൮	ചെങ്കോട്ട	൬൩	൮൫	൧൩൪	൯൧	൯൫	൧൫൨	
൧൯	തിരുവനന്തപുരം	൮൧൮൩	൭൧൦൧	൧൦൮൩൩	൧൭൧൭	൧൪൨൩	൧൪൫൦	

അനുബന്ധം IV.

൧൩൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൦, ൧൧൦൧, ൧൧൦൨ ഈ ആണ്ടുകളിൽ കൊട്ടാരക്കര സ്റ്റേഷനറി മജിസ്ട്രേട്ടുകോർട്ടിൽ ഫയലായിട്ടുള്ള കേസ്സുകളെ സംബന്ധിച്ചു പോലീസ് ഉദ്യോഗസ്ഥരല്ലാതെ മററാളുകളെക്കൊണ്ടു തയാറാക്കിച്ചിട്ടുള്ള മഹസ്സറുകളുടെ എണ്ണവും, അങ്ങിനെയുള്ള ആളുകളുടെ പേരും ഉദ്യോഗപ്പേരും അവക്ക് ഓരോരുത്തക്കും കൊടുത്തിട്ടുള്ള ഉത്തരവുകളുടെ എണ്ണവും കാണിക്കുന്ന സ്റ്റേറ്റുമെന്റ.

നമ്പർ	പേര്	ഉദ്യോഗപ്പേര്	ഓരോരുത്തക്കും ആണ്ടുതോറും കൊടുത്തിട്ടുള്ള ഉത്തരവുകളുടെ നമ്പർ			ആകെ	റിമാർക്ക്
			൧൧൦൦	൧൧൦൧	൧൧൦൨		
൧	ജി. വി. അച്യുതൻപിള്ള	ഹെഡ്ക്ലാക്ക്	൧൭	൮	൧൨	൩൭	
൨	സി. പരമേശ്വരൻ ആചാരി	ക്ലാക്ക്	൧	൨൦	൪	൨൫	
൩	കെ. എസ്സ്. പാച്ചൻപിള്ള	ടി	൧൯	...	...	൧൯	സ്ഥലംമാറി
൪	എസ്സ്. മാധവൻപിള്ള	ആക്ടിംഗ് ക്ലാക്ക്	...	...	൧	൧	
൫	എം. ജി. കൃഷ്ണൻനായർ	”	...	...	൧൦	൧൦	
൬	കെ. എൻ. ഗോപാലപിള്ള	കാപ്പിസ്റ്റ്	൧൧	൧൧	൧൬	൩൮	
൭	..സ്സ്. നാരായണയ്യർ	ആക്ടിംഗ് കാപ്പിസ്റ്റ്	൧൧	൨൧	൧൭	൪൯	
൮	സി. എ. നീലകണ്ഠപ്പിള്ള	കാപ്പിസ്റ്റ്	൬	...	...	൬	ടി
൯	എൻ. എ. വേലായുധൻ	”	൧	...	...	൧	ടി
൧൦	ചിദംബരയ്യർ	ക്രിമിനൽകോർട്ടുവക്കീൽ	...	...	൧	൧	
൧൧	എം. കുമാരപിള്ള	ടി	...	...	൧	൧	
൧൨	എസ്സ്. ഗോവിന്ദപ്പിള്ള	മുൻസിപ്പുകോർട്ടുവക്കീൽ	...	...	൧	൧	
൧൩	പരമേശ്വരൻ ഉണ്ണിത്താൻ	പാർവത്യകാർ, വെട്ടിക്കവല പകുതി	൧	...	...	൧	
൧൪	പപ്പുപിള്ള	സ്പെഷ്യൽ അക്കൌണ്ടന്റ, കൊട്ടാരക്കര	൧	....	...	൧	
൧൫	ജി. കേശവപിള്ള	പുഴവൽ സർവെ അക്കൌണ്ടന്റ കൊട്ടാരക്കര	...	൧	...	൧	
൧൬	ശങ്കരപ്പണിക്കർ	പാർവത്യകാർ വെളിനല്ലൂർ	...	൧	...	൧	
൧൭	പി. കെ. മാധവക്കുറുപ്പ്	ആക്ടിംഗ് ടി അത്രർ	...	൧	...	൧	
൧൮	ഗോവിന്ദപ്പിള്ള	പാർവത്യകാർ ടി	...	൧	...	൧	
൧൯	കൃഷ്ണപിള്ള	ടി എഴുകോൺ	...	...	൧	൧	
൨൦	മി. എം. ജി. സാമുവൽ	റവന്യൂ സൂപ്രവൈസർ കൊട്ടാരക്കര	...	...	൨	൨	
൨൧	...	പാർവത്യകാർ അട്ടൂർ	...	...	൨	* ൨	
		ആകെ	൬൮	൬൪	൬൮	൨൦൦	

* ഈ രണ്ടുകേസുകളും വിചാരണയിൽ ഇരിക്കുന്നു എന്നു റിപ്പോർട്ടുചെയ്തു. അട്ടൂർ പാർവത്യകാർ മുഖാന്തിരം മഹസ്സർ തയാറാക്കുന്നതിനു ഏർപ്പാടുചെയ്യണമെന്നു മജിസ്ട്രേട്ടു തഹശീൽദാരോടു ആവശ്യപ്പെട്ടു. അതു കിട്ടിട്ടില്ലാത്തതുകൊണ്ടു പാർവത്യകാരുടെ പേരു കൊടുത്തിട്ടില്ല.

അനുബന്ധം V.

൧൪൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

പീരുമേട്ടതാലൂക്കിൽ ൧൧൦൦-ലും ൧൧൦൧-ലും ൫൦൦ അല്ലെങ്കിൽ അതിൽകൂടുതലും ഏക്കർ സ്ഥലത്തിനുള്ള അപേക്ഷകളെ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

നമ്പർ	അപേക്ഷകന്റെ പേര്	അപേക്ഷിച്ചിട്ടുള്ള വസ്തുവിന്റെ വിസ്തീർണ്ണം (ഏക്കറായിട്ട്)
൧	ഡൊമിനിക്ക് മത്തായിയും ചാക്കോയും	൫൦൦
൨	ജെ. എ. റിച്ചാർഡ്സൺ	൧,൦൦൦
൩	ജെ. ആർ. വിൻസെന്റ്	൧,൦൦൦
൪	കുഞ്ഞാക്കോ കുഞ്ഞാക്കോ, കാഞ്ഞിരപ്പള്ളി	൧,൦൦൦
൫	ജെ. എ. റിച്ചാർഡ്സൺ	൨,൦൦൦
൬	പി. തോമസ് ഈപ്പൻ	൭൦൦
൭	ചെറിയളമാപ്പിള, ചെറിയതുമാപ്പിള	൫൦൦
൮	പി. വി. വർഗ്ഗീസ്, വാഴൂർ	൫൦൦
൯	ജെ. എ. റിച്ചാർഡ്സൺ	൮൬൩൨·൮൪
൧൦	ആർ. കൊച്ചുണ്ണികത്താവു	൫൦൦
൧൧	കെ. കെ. ലൂക്കോസ്, കെ. കെ. തോമസ് മുതലായവർ	൫൦൦
൧൨	മാനേജർ, അർനാക്കൽ എസ്റ്റേറ്റ്	൨,൦൦൦
൧൩	ആർ. ഹാമൻഡ് വാഷ്മൻ	൧,൨൦൦
൧൪	മാത്യു കുരുമ്പൽ	൫൦൦
൧൫	എസ്. രാമനാഥപിള്ള	൫൦൦
൧൬	ആർ. ജെ. മാക്ക്ഡല്ലിൻ, അർനാക്കൽ	൩,൦൦൦
൧൭	കെ. സി. തൊമ്മി, കാഞ്ഞിരപ്പള്ളി	൫൦൦

അനുബന്ധം VI.

൧൪൮-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ചെങ്കോട്ട താലൂക്കിലെ പാർവത്യകാരന്മാരുടെയും പകുതി അക്കൗണ്ടന്മാരുടെയും ജാതി തിരിച്ചുള്ളതും ആ താലൂക്കിലുള്ള അവരുടെ സർവീസു കാണിക്കുന്നതുമായ പട്ടിക.

നമ്പർ	ഉദ്യോഗപ്പേര്	ഉദ്യോഗസ്ഥന്റെ പേര്	ജാതി	താലൂക്കിലുള്ള ആകെ സർവീസ്		
				ആണ്ടുകൾ	മാസങ്ങൾ	ദിവസങ്ങൾ
൧	പാർവത്യകാർ	ചൊക്കലിംഗംപിള്ള	വെള്ളാളൻ	൩൮	൮	...
൨	ടി	ശങ്കരനാരായണംപിള്ള	ടി	൨൭	...	൧൦
൩	ടി	പുതുകവലിംഗംപിള്ള	ടി	൩൫	൯	...
൪	ടി	അമയപ്പപിള്ള	ടി	൧൫	൧൧	...
൫	ടി	ശെവന്തമുത്തുപിള്ള (സസ്പെൻഷനിൽ)	ടി	൧൬	൬	൧൫
൬	ടി	ആറുമുഖംപിള്ള	ടി	൨൫	൧൦	...
൭	ടി	ശങ്കരകുററാലംപിള്ള	ടി	൨൧	൩	...
൮	ടി	രാമയ്യാപിള്ള	ടി	൩൫	൮	൪
൯	ടി	പത്മനാഭയ്യൻ	തമിഴ്ബ്രാഹ്മണൻ	൩൦	൭	...
൧൦	ടി	വെങ്കിടാചലമയ്യൻ	ടി	...	൭	൬
൧൧	അക്കൗണ്ടന്റ	അയ്യംപെരുമാൾപിള്ള	വെള്ളാളൻ	൧൦	൬	...
൧൨	ടി	ഉലകനാഥപ്പിള്ള	ടി	൩	൩	...
൧൩	ടി	മുത്തുസ്വാമിപ്പിള്ള (വേറെ ജോലി) ജി. മത്തായി (ആക്ടിംഗ്)	യാക്കോബക്രിസ്ത്യാനി	...	൮	...
൧൪	ടി	കെ. സുബ്രഹ്മണ്യയ്യൻ (ജോലിയിൽ പ്രവേശിച്ചില്ല) ററി. ചൊക്കലിംഗംപിള്ള (ആക്ടിംഗ്)	വെള്ളാളൻ	൪	൬	൫
൧൫	ടി	മുത്തയ്യാപിള്ള	ടി	൧൦	൬	...
൧൬	ടി	കൃഷ്ണസ്വാമിപ്പിള്ള	ടി	൧	൪	...
൧൭	ടി	വെങ്കിടാചലംപിള്ള	ടി	൪	൧൦	...
൧൮	ടി	ശങ്കരനാരായണയ്യൻ	തമിഴ്ബ്രാഹ്മണൻ	൧൧	൪	...

പണം അനുവദിക്കുന്നതിനുള്ള ഡിമാൻഡുകൾ (തുടർച്ച)

ഡിമാൻഡു VI. വനം (തുടർച്ച)

ഉപക്ഷേപം ൨൨൦ (തുടർച്ച)

മി. തയ്യൂർ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): രാജകീയവൃക്ഷങ്ങളുടെ അവകാശത്തെ കുടികൾക്കു പൂർണ്ണമായി വിട്ടുകൊടുക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ എതിർത്തു എന്റെ സഹപ്രവർത്തകന്മാർ ആരുംതന്നെ പ്രസ്താവിച്ചിട്ടില്ല. എന്നാൽ കൺസർവേറ്ററ്മാത്രം ചില വിരുദ്ധാഭിപ്രായങ്ങൾ പറകയുണ്ടായി. കൺസർവേറ്ററ് ഏതാനും വർഷങ്ങൾക്കകം ഈ അവകാശം കുടികൾക്കു വിട്ടുകൊടുക്കാമെന്ന രൂപത്തിൽ ഒരു റിപ്പോർട്ടു ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. അതായതു പത്തു വർഷം കഴിഞ്ഞതിനുശേഷം മാത്രമേ ഈ അവകാശം കുടികൾക്കു വിട്ടുകൊടുക്കാവു എന്നും; അതിനു മുൻപായി കൊടുക്കുന്നതു ശരിയല്ലെന്നുമാണ്. എന്നാൽ പത്തു വർഷം കാത്തിരിക്കാതെ ഈ അവകാശം ഇപ്പോൾതന്നെ ജനങ്ങൾക്കു വിട്ടുകൊടുക്കുന്നപക്ഷം ഗവൺമെന്റിനു നഷ്ടം ഉണ്ടാവുകയില്ലെന്നുമാത്രമല്ല ലാഭം ഉണ്ടാവുമെന്നും അതിനാൽ കുടികൾക്കും ഗവൺമെന്റിനും ഒരുപോലെ ലാഭകരമായ ഈ സംഗതി ഉടൻതന്നെ നടപ്പിൽ വരുത്താം എന്നുമാണ് ഞാൻ വാദിച്ചത്. പത്തുവർഷത്തിനു മുമ്പു വിട്ടുകൊടുത്താൽ ഗവൺമെന്റിനു നഷ്ടം വരുമെന്നു കൺസർവേറ്ററ് പറയുന്നുകാണുന്നില്ല. ഇതൊരു പഴയ ഏർപ്പാടാണു. അതു അങ്ങിനെ കുറെക്കാലംകൂടി നടത്തിക്കൊണ്ടു പോകണമെന്നാണു കൺസർവേറ്ററ് അഭിപ്രായപ്പെട്ടതു. പഴയ കാലത്തെ പലസംഗതികളും കാലാനുസരണം പരിഷ്കരിച്ചിട്ടുണ്ടു. ഞാൻ ആദ്യം പ്രസ്താവിച്ചതുപോലെ കുരുമുളകിന്റെ കാര്യം തന്നെ എടുക്കാം. കുരുമുളകു ജനങ്ങൾ കൃഷിചെയ്യുന്നതും ഗവൺമെന്റിലേക്കു ഏല്പിക്കണമെന്നായിരുന്നു അന്നത്തെ ഏർപ്പാടു. അതു നീക്കി അതുപോലെ ഏലം സ്വാതന്ത്ര്യമായി ജനങ്ങൾക്കു കൃഷിചെയ്യുവാൻ പാടില്ലാതെ ഇരുന്നു. ദിവാൻ മിസ്റ്റർ വി. പി. മാധവരായരുടെ കാലത്താണ് ഇതിനെ ഭേദപ്പെടുത്തിയതു. അതുപോലെ കുടിവിലയുടെ കാര്യവും ഇപ്പോൾതന്നെ ഭേദപ്പെടുത്തണം.

അഞ്ചു കൊല്ലത്തിനുമുമ്പു ഈ സംഗതി ഒരു പ്രമേയ രൂപേണ ഞാൻതന്നെ ഈ കൌൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. അപ്പോൾ ഈ വിഷയത്തെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു കമ്മററി ഏർപ്പെടുത്തിയാൽ പ്രമേയം പിൻവലിക്കുമോ എന്നു മി. ററി. കെ. വേലുപ്പിള്ള എന്നോടു ചോദിക്കയും, കമ്മിററി ഏർപ്പെടുത്താമെന്നു ഗവൎമ്മെന്റു സമ്മതിച്ചതുകൊണ്ടു, പ്രമേയം പിൻവലിക്കയുംചെയ്തു. ആ കമ്മററിയുടെ റിപ്പോർട്ടു ഗവൎമ്മെന്റിൽ സമർപ്പിക്കാതെ കാലതാമസം വരുത്തുന്നതിന്റെ കാരണത്തെപ്പററി ഞാൻ തുടർച്ചയായി കൌൺസിലിൽ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ഇപ്പോൾ റിപ്പോർട്ടുകൊടുത്തു കഴിഞ്ഞു എന്നു കൺസർവേറ്റർ പറയുന്നുണ്ട്. കഴിഞ്ഞ കൌൺസിലിലാണ് ഈ കമ്മററിയെ ഏർപ്പെടുത്തിയതു്. ആ കൌൺസിലിന്റെ കാലാവധികഴിഞ്ഞു, രണ്ടാമത്തെ കൌൺസിലിന്റേയും കാലാവധി കഴിയാറായിരിക്കുന്നു. ഒടുവിലത്തെ ബഡ്ജററുയോഗമാണിതു. ഇതുവരെ റിപ്പോർട്ടു സമർപ്പിച്ചിട്ടില്ല. കൺസർവേറററ് കൺവീനർ എന്ന നിലയിൽ ഈ കുടിവില അവകാശം ജനങ്ങൾക്കു വിട്ടുകൊടുക്കണമെന്നുള്ള ഉദ്ദേശം ഉണ്ടായിരുന്നു എന്നുവരികിൽ ഇതിനുമുൻപുതന്നെ ഈ കമ്മററി റിപ്പോർട്ടുസമർപ്പിക്കുമായിരുന്നു. നാട്ടിൽ എന്തു നടക്കുന്നു എന്നുള്ളതിനെപ്പററി ജനപ്രതിനിധികളായ ഞങ്ങൾ പറയുമ്പോൾ ഗവൎമ്മെന്റു അതിനെപ്പററി ആലോചിക്കേണ്ടതാണ്.

തേക്കുതടി റിസർവിൽ ഉള്ളതിനെക്കാളും അധികം നാട്ടിൻപുറത്തു കുടികളുടെ പുരയിടങ്ങളിൽ ഉണ്ടായിരുന്നു ഇപ്പോൾ കുടികൾ ഇതിൽനിന്നും ഉണ്ടാകുന്ന ഉപദ്രവം നിമിത്തം മിക്കവാറും മുളയിലെ നശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ജനങ്ങൾ കല്ലുകയ്യാലകൾവച്ചു കൃഷിചെയ്തിട്ടുള്ള പുരയിടങ്ങളുടെ മദ്ധ്യേനിൽക്കുന്നതും കുരുമുളകു പടർത്തിട്ടുള്ളതുമായ തേക്കുവൃക്ഷങ്ങളെ കേരളത്തിലെ കല്പകവല്ലികൾ എന്നുപറയുന്ന കുരുമുളകിനെ ആണ്ടുതോറും ഒരു നല്ല ആദായം നൽകുന്ന ആ വള്ളികളെ തീരെ ഗണിക്കാതെ, മാതാവിന്റെ പാർശ്വത്തിലിരിക്കുന്ന കുഞ്ഞിനെ പിടിച്ചെറിയുന്നതുപോലെ, നിഷ്ഠുരമാംവണ്ണം ഈ വള്ളികളെ വേർപെടുത്തി ചതിയെമുറിച്ചു ആനയെക്കൊണ്ടു വലിപ്പിച്ചു ഉറ പിളവുകളേയും കയ്യാലയേയും നശിപ്പിച്ചുകൊണ്ടുപോകുന്നതു ഉത്സാഹമായ ഒരു കാഴ്ചയാണ് ഇങ്ങനെ കൊണ്ടുപോകുമ്പോൾ ഒരു സാധുവായ കർഷകന്റെ കുടുംബത്തിൽ ഉണ്ടായിരിക്കാണിരിക്കുന്ന വിലാപസ്വരം എന്റെ ശ്രവണങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു ഇതിൽപരം ഹൃദയവേദനയുള്ള മറെറാരു കാഴ്ചയുണ്ടോ? ഇതു പ്രതിനിമിഷം നടക്കുന്ന സംഭവമാണ് നാട്ടിൻപുറങ്ങളിൽ സഞ്ചരിച്ചാൽ ധാരാളം കാണാം. എന്നാൽ ഭൂഭോഗാദായം കണക്കാക്കി പകുതിവില വാങ്ങി കുടികൾക്കു വിട്ടുകൊടുക്കുന്നതിനെക്കാൾ ഇങ്ങിനെ മുറിച്ചുകൊണ്ടുപോകുന്നതിൽ വല്ല ആദായവും ഗവൎമ്മെന്റിനു കൂടുതലായി ഉണ്ടോ? ഇല്ല; നഷ്ടമേയുള്ളു ഞാൻ നിർദ്ദേശിച്ചപ്രകാരം ചെയ്യുകയാണെങ്കിൽ ഗവൎമ്മെന്റിന് ആദായം ശാശ്വതമായി കിട്ടിക്കൊണ്ടിരിക്കും.

ഈ തടി സർക്കാർ ഡിപ്പോവിൽ ശേഖരിച്ചുവിൽക്കുമ്പോൾ, ശേഖരിപ്പു ചിലവുമുതലായതു കഴിച്ചു ബാക്കി ക്ലിപ്തികരി ഒന്നുക്കു എന്തുവില ഭൂഭോഗായമായി ലഭിക്കുന്നുവോ അതു ഏതാനും വർഷത്തേക്കു കണക്കാക്കി ഒരു തിരക്കേർപ്പെടുത്തിയാൽ, തരാൻ ഞങ്ങൾ തയ്യാറാണ്; ഞങ്ങളുടെ ക്ഷേമത്തിനും സൌകര്യത്തിനുമായിട്ടു സംഘടിപ്പിച്ചിരിക്കുന്ന ഫാറസ്റ്റു ഡിപ്പാർട്ടുമെണ്ടിൽനിന്നും ഞങ്ങൾക്കുണ്ടാകുന്ന കഷ്ടതക്കു പരിഹാരമുണ്ടാക്കിത്തരണേ. ഈ കാര്യത്തിൽ ഗവൎമ്മെന്റു നഷ്ടം സഹിക്കേണ്ടാ. ഞങ്ങളുടെ പിളവുകളേയും കയ്യാലകളേയും നശിപ്പിക്കരുതേ. ഗവൎമ്മെന്റിനു ലഭിക്കേണ്ട ലാഭത്തോടുകൂടി ഞങ്ങൾക്കു നൽകേണ്ട സൌകര്യംകൂടെ ഗണിച്ചാൽമതി. ഗവൎമ്മെന്റു ഒരിക്കലും നഷ്ടംസഹിക്കേണ്ടാ. ഗവൎമ്മെന്റിനു ഇതുകൊണ്ടു ലാഭമേയുള്ളു ഇതാണ് സാധുക്കളായ കൃഷിക്കാർ നിലവിളിച്ചുപറയുന്നതു്. ഒരു ക്ലിപ്തമായ വിലയായി ഗവൎമ്മെന്റു വാങ്ങിക്കൊണ്ടു തടികളെ കുടികൾക്കു വിട്ടുകൊടുക്കണം. അവർ സ്വന്ത ഉപയോഗത്തിനു എടുക്കയോ വിൽക്കയോ ചെയ്തുകൊള്ളട്ടെ. കുടികൾക്കു ഈ അവകാശം കൊടുത്താലും തേക്കുതടിയിൽ ഒരു വലിയഭാഗവും വിദേശങ്ങളിലേക്കു പോവുകതന്നെ ചെയ്യും. അതുകൊണ്ടു അതിലേക്കു കരുപ്പളകിന്റെ കാര്യം പറഞ്ഞതുപോലെ ഒരു തീരുമാനത്തിലെത്തിയാൽ, എന്നും ആദായം കിട്ടിക്കൊണ്ടിരിക്കും ഇപ്പോഴത്തെനിലക്കു പത്തുവർഷം കഴിയുമ്പോൾ തേക്കുതടി നാമാവശേഷമാകും. കുടികളുടെ പുരയിടത്തിൽ ഇവ ഇല്ലാതെയാക്കിത്തീർത്തിട്ടു ഇല്ലാത്ത സാധനം ഗവൎമ്മെന്റിന്റേതാണെന്നു പറഞ്ഞതുകൊണ്ടു എന്താണ വിശേഷം? ഞാൻ റായൽട്ടി കമ്മററി സംബന്ധിച്ചു സഞ്ചരിച്ചപ്പോൾ രാജ്യത്തിന്റെ പലഭാഗങ്ങളും സന്ദർശിക്കയുണ്ടായി കുടികളുടെ പുരയിടങ്ങളിൽ ആഞ്ഞിലിവൃക്ഷം ധാരാളം കാണാനിടയായി. എന്നാൽ ആഞ്ഞിലിവൃക്ഷം വളരെ വണ്ണംവച്ചാലും കുറച്ചുമാത്രമേ കാതൽ കാണുകയുള്ളു. തേക്കുതടി അങ്ങിനെയല്ല ചെറിയതടി ആയിരുന്നാലും കാതൽ ധാരാളമുണ്ടായിരിക്കും, തൊലിക്കട്ടിയുള്ളതുകൊണ്ടും, ഇലകളെല്ലാം വേനൽക്കാലത്തു പൊഴിയുന്നതുകൊണ്ടു വെയിൽ തട്ടുവാൻ ഇടയുള്ളതുകൊണ്ടും, തേക്കുതഴയിൽ കുരുമുളകു പടർത്തിയാൽ നല്ല വണ്ണം കായ്ക്കും. ആഞ്ഞിലി മുതലായിട്ടുള്ള വൃക്ഷങ്ങളിൽ ഇത്രഗുണം കിട്ടുകയില്ല. കമ്മിററിമെമ്പറായി ഞാൻ സഞ്ചരിച്ചപ്പോൾ ഇതെല്ലാം കണ്ടിട്ടുണ്ടു.

ഇപ്പോൾ അഞ്ചുലക്ഷത്തോളം രൂപായാണ് ഫാറസ്റ്റുഡിപ്പാർട്ടുമെന്റിൽനിന്നും ചിലവുകഴിച്ചു കിട്ടിവരുന്ന ആദായം, കുടികളുടെ പുരയിടങ്ങളിലെ റായൽട്ടിയിൽനിന്നുമാണ് ഇതിൽ അധികഭാഗവും ലഭിക്കുന്നതു്. മുളയിലേ തേക്കുവൃക്ഷങ്ങളെ നശിപ്പിക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം കുടികൾ തുടർന്നാൽ മേലിൽ ഒന്നുംകിട്ടുകയില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈട്ടി തേക്കു മുതലായവൃക്ഷങ്ങൾ കുടികളുടെ പുരയിടത്തിൽനിന്നും പറിച്ചുകൊണ്ടുപോകുന്നതിന്റെ വില എത്രവർഷങ്ങൾകൊണ്ടാണ് കിട്ടുന്നതു്?

മി. തയ്യിലുകണ്ടത്തിൽ തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും); പതിനഞ്ചുവർഷങ്ങളിട്ടും കൊടുക്കാതെ വച്ചിരിക്കുന്നു. ഒന്നരലക്ഷംരൂപായോളം ആ ഇനത്തിൽ കൊടുക്കാനുണ്ട്. രണ്ടോ നാലോ വൃക്ഷം ഒരു സാധുവിന്റെ പുരയിടത്തിൽനിന്നും മുറിച്ചതിനു വിലകൊടുത്തിരുന്നു എങ്കിൽ അതിനെ അവരുടെ ആവശ്യങ്ങൾക്കു അവരുടെ കൃഷി ആയുധങ്ങൾ മുതലായവ വാങ്ങുന്നതിനു ഉപയോഗിക്കാമായിരുന്നു. അനേകം ആളുകൾ ഇതിനെപ്പററ ചോദിക്കാൻ എഴുതിഅയച്ചതിന്റെ ഫലമായിട്ടാണ് ഞാൻ കുടിവിലകൊടുക്കേണ്ടകാര്യം കൌൺസിലിൽ ആവർത്തിച്ചു ചോദിക്കുന്നതു്

മി. എം. എൻ. പിള്ള (തിരുവനന്തപുരം): തേക്കുവൃക്ഷങ്ങളെസംബന്ധിച്ചു മി. തയ്യിലുകണ്ടത്തിൽ തൊമ്മൻ പറയുന്നതു എന്താണ്?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും); ഇതിയും ചോദ്യങ്ങളെല്ലാം ഒറവിൽ ചോദിക്കണം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സർ, ഇപ്പോഠംതന്നെ മറുപടിപറഞ്ഞാൽകൊള്ളാം.

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എനിക്ക പരിമിതമായ സമയമേയൊള്ളു, എൻെറ പ്രസംഗം കഴിഞ്ഞിട്ട മറുപടിപറയാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം). കഠിവില വ്യത്യാസം ചെയ്യ കാട്ടുള്ള ഈടാക്കിട്ടുണ്ടോ?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഉണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതിൽ ഗവണ്മെൻറിന്' നഷ്ടമില്ലേ?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഉണ്ട്.

ഇതിനെസംബന്ധിച്ച ഞാൻ കൌൺസിലിൽ തന്നെ ചോദിച്ചിട്ടുണ്ട്. കഠിവിലയ്ക്കുവേണ്ടി കേസിനുപോകാൻ നിവൃത്തിയില്ലാത്തവർ നാലിലൊന്നുപോലും കഷ്ടിയാണ്. ഈ യഥാർത്ഥ്യത്തിലെ സ്ഥിതി ഈ വിഷയത്തിൽ ഇത്രകഷ്ടതയിലാണല്ലോ പ്രജാ കഠികഠ വിഷമിച്ചുകൊണ്ടിരിക്കയാണ്. ഗവൺമെൻറുകളുടെ കാലങ്ങളും ഇങ്ങനെ പൊരാതെ കഠിവിലയ്ക്കു പിഴയും മററും കൊടുത്തിട്ടുണ്ട്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മി. കുഞ്ഞിത്തൊമ്മൻെറ പുരയിടത്തിൽ എത്രയാവും രാജകീയവൃക്ഷങ്ങളം ഉണ്ടോ?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എനിക്ക ഒരു പുല്ലും കിട്ടുകയില്ല. എൻെറ പുരയിടത്തിൽ രാജകീയവൃക്ഷങ്ങഠ കുറെകാണുമായിരിക്കാം. എന്നാൽ നന്നാകുന്നുമില്ലാത്ത. എനിക്ക ഈ വിഷയത്തിൽ ഇതുവരെ സങ്കടം തോന്നിട്ടില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): രാജകീയവൃക്ഷങ്ങളുടെ വേലയെന്നാണോ മെമ്പർ പറയുന്നത്?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എല്ലാം രാജകീയംതന്നെ. ഇവിടത്തെ പ്രജകളും, രാജ്യവും എല്ലാം മഹാരാജാവുതിരുമനസ്സിലെ അധീനമാണ്. ഏതായാലും സാധുക്കളായവരുടെ പുരയിടങ്ങളിൽ വളരുന്ന വൃക്ഷങ്ങളെ മുറിക്കുന്നുകാൻ അവർക്ക സ്വാതന്ത്ര്യമുണ്ടാകണം. അല്ലെങ്കിൽ "വിരിഞ്ഞ പൂവിറുത്തുകൊണ്ടുകയേതുവ്യ" എന്നുള്ളതിന വിപരീതമായി കുടികഠ അവരുടെ പുരയിടത്തിൽ ഉണ്ടാകുന്ന രാജകീയവൃക്ഷങ്ങളെ നശിപ്പിച്ചുകളകയും,

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മി. കുഞ്ഞിത്തൊമ്മൻെറ ഉപക്ഷേപം സ്വീകരിക്കയാണെങ്കിൽ ഗവണ്മെൻറിന നഷ്ടമുണ്ടാകയില്ലയോ?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ദയവിലുള്ളതെപ്പോലെ മലയാളത്തിൽതന്നെ ചോദിച്ചുകൂടയോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി); ഇപ്പോഠം മി. കുഞ്ഞിത്തൊമ്മൻെറ അഭിപ്രായം സ്വീകരിക്കുന്നപക്ഷം വനം ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്ന ആദായത്തിൽ വലിയ കുറവു വരികയില്ലേ?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും); വരികയുമില്ല, ആദായം കൂടുകയേയുള്ളു. അതു ഞാൻ ഉപക്ഷേപംകൊണ്ടുവന്നപ്പോഠ വ്യക്തപ്പെടുത്തീട്ടുണ്ട്. മരവില ഈടാക്കുന്നതിന വ്യവസ്ഥചെയ്യുന്നതു വനംഡിപ്പാർട്ടുമെൻറുവഴിയായിട്ടല്ലെങ്കിൽ വേറെ ഡിപ്പാർട്ടുമെണ്ടുവഴിയായിരിക്കും ഗവണ്മെൻറിൻെറ ഇഷ്ടപ്പെട്ടപ്പ. തീരുവ എക്സൈസ് വഴിക്കുവരും, ഏതുവഴിയായാലും ഗവണ്മെൻറിന കൂടുതൽവരവിനെ വഴിയുള്ളു. തരിശുഭൂമികളിലെ തടിവില ഏതാണ്ടും വർഷങ്ങഠക്കുമുമ്പു ഫാറസ്റ്റുകാർ ഈടാക്കിവന്നു. ഇപ്പോഠ റവന്യൂ വകുപ്പുകാരാണ് ഈടാക്കുന്നത്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കുടികളുടെ പുരയിടത്തിൽ ഇരിക്കുന്ന തേക്കും ഈട്ടിയും

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈട്ടിയാധികമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ തടികഠ ഫാറസ്റ്റുകാരെക്കൊണ്ടു മാററിക്കാതെ കുടികഠതന്നെ വിലകൊടുത്തു വാങ്ങിക്കയാണെങ്കിൽ ഗവണ്മെൻറിന ലാഭമുണ്ടാകയില്ലേ?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഉണ്ടാകും. അതുതന്നെയാണ് ഞാൻ ഇതുവരെ പറഞ്ഞത്. ഗവണ്മെൻറു ഡിപ്പോകളിൽ തടിവിലക്കുമ്പോഠ അതിലേക്കുള്ള ചിലവുകഴിച്ചു ഗവണ്മെൻറിന കിട്ടുന്ന ശുദ്ധാദായത്തിന് ആ തടി ജനങ്ങഠക്കുതന്നെ കൊടുക്കണം. തരിശുഭൂമികഠക്ക ക്ലിപ്തകാലംകൊണ്ടു തറവില കെട്ടിവച്ചാൽമതി. എന്നതുപോലെ ഈ തടികളുടെ വിലയും ക്ലിപ്തകാലംകൊണ്ടു അവരിൽനിന്നും ഈടാക്കണം. ഇതാണ് ഞാൻ ഈ കൌൺസിലിനോട്ട അപേക്ഷിക്കുന്നതു. ഒരു പ്രത്യേക സമുദായത്തെയോ പ്രദേശത്തെയോ എൻെറ കാര്യത്തെയോ ലാക്കാക്കിയല്ല ഉപക്ഷേപം. സാധുക്കളായ കൃഷിവലന്മാരുടെ ഗുണത്തിനും രാജ്യത്തിൻെറ ക്ഷേമത്തിനും വേണ്ടി മാത്രമാണ് ഈ ഉപക്ഷേപം. അതുകൊണ്ടു നിങ്ങഠ എല്ലാവരും ഇതിനെ അനുകൂലിക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ഉപക്ഷേപം സ്വീകരിക്കുന്നപക്ഷം വനത്തിൽനിന്നും തടികഠ മോഷ്ടിക്കുന്നതിന ഇപ്പോഠ ഉള്ളതിനേക്കാഠ കൂടുതൽ സൌകര്യമില്ലേ?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരിക്കലും കൂടുതൽ സൌകര്യമുണ്ടാകയില്ലെന്നു മാത്രമല്ല മോഷ്ടിക്കുന്നതി- ഉള്ള സൌകര്യം കുറയുകയുംചെയ്യും, ഞാൻ കുടിപ്പുരയിടങ്ങളിലെ തേക്കുവൃക്ഷം സൂക്ഷിക്കുന്നതിൽ വ്യാപൃതന്മാരായ ഫാറസ്റ്റ് ഗാർഡുകഠക്കുകൂടി റിസർവു വനങ്ങളെ സൂക്ഷിക്കുന്നതിൽ ഏർപ്പെടാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കുടികളുടെ പുരയിടങ്ങളിൽ ഉള്ള രാജകീയ വൃക്ഷങ്ങളിൽ അവർക്ക സ്വാതന്ത്ര്യംകൊടുത്താൽ വനത്തിൽനിന്നും തടി മുറിച്ചിട്ട കുടിവക പുരയിടത്തിൽനിന്നും മുറിച്ചതാണെന്നു പറയുകയില്ലേ?

മി. തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അപ്പോഠ വനത്തിൽ കുററിയും തടിയും കണ്ടുപിടിക്കുകയില്ലേ? തേക്കുതടി ജനങ്ങഠക്കുതന്നെ വിറ്റുകൊടുക്കുന്നപക്ഷം സഹായവിലക്ക മേടിക്കാവുന്നതുകൊണ്ടു ആരും മോഷ്ടിക്കാൻ പോകേണ്ടിവരികയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): "നിയമസഭാ നടപടികൾ ഇംഗ്ലീഷിലായിരിക്കും. എന്നാൽ ഏതെങ്കിലും ഒരു മെംബറിനു ഇംഗ്ലീഷിൽ സംസാരിക്കുവാൻ അറിവാൻപാടില്ലെങ്കിൽ അദ്ദേഹത്തിനു കൌൺസിലിൽ മലയാളത്തിലോ തമിഴിലോ സംസാരിക്കാം" എന്നാണ് നിയമം പറയുന്നതു. വാദപ്രതിവാദസമയത്തു സഭാംഗങ്ങൾ ചോദ്യംചോദിക്കുന്നതിനെ സംബന്ധിച്ചു ഈ ചട്ടം നിർബന്ധിതമല്ല. അതു ചട്ടത്തിന്റെ വ്യാഖ്യാനത്തെമാത്രം ആശ്രയിച്ചാണിരിക്കുന്നതു. സൌകര്യത്തെ ആശ്രയിച്ചു അങ്ങ് ഇന്നലെ ചെയ്ത തീർച്ചയെ സംബന്ധിച്ചു ഒന്നുകൂടി പര്യാലോചിക്കുന്നതിനു ഞാൻ അപേക്ഷിക്കുന്നു.

അദ്ധ്യക്ഷൻ: മലയാളം അറിയാൻപാടില്ലാത്ത അംഗങ്ങളുടെ കാര്യം എന്താണെന്നാണ്?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അദ്ധ്യക്ഷന്റെ അനുമതിയോടെ ഒരംഗത്തിനു മറ്റൊരാളിനോടു ചോദ്യം ചോദിക്കാവുന്നതുകൊണ്ടു ഇംഗ്ലീഷിൽ ചോദ്യംചോദിക്കുന്നതിൽ യാതൊരു തടസ്സവും കാണുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു ചട്ടത്തിന്റെ വ്യാഖ്യാനം മാത്രമാണ്. അതു യാതൊരു ഭാഷകളുടെയും ഉപയോഗത്തെ നിർബന്ധമായി തടയുന്നില്ല. മലയാളം സംസാരിക്കുന്ന അംഗങ്ങളെ ആശ്രയിച്ചു ഞങ്ങളെ മലയാളത്തിൽ ചോദ്യം ചോദിക്കുന്നതിനു അനുവദിക്കുന്നതായാൽ ഒന്നുകൂടി സൌകര്യമായിരിക്കും.

അദ്ധ്യക്ഷൻ: അര ഡസൻ പരിഭാഷകന്മാർക്കു പകരം ഓരോ അംഗത്തിനും ഓരോ പരിഭാഷകന്മാർ ഉണ്ടായിരുന്നാൽ നന്നായിരിക്കും.

മി. എൽ. എ. ലാമ്പാർഡ് (തോട്ടക്കാർ): സർ, എനിക്കു കുറച്ചു സംസാരിച്ചാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (നിയമിതമെംബർ, ഉപാദ്ധ്യക്ഷൻ): ഉപക്ഷേപകൻ അവതരിപ്പിച്ചതിനു മറുപടി പറഞ്ഞുകഴിഞ്ഞു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, നിങ്ങൾ അദ്ദേഹത്തിനു പ്രത്യേക അനുവാദം കൊടുക്കുകയാണെങ്കിൽ അദ്ദേഹത്തിനു സംസാരിക്കാം.

അദ്ധ്യക്ഷൻ: ഞാൻ അദ്ദേഹത്തിനെ സംസാരിക്കാൻ അനുവദിക്കുന്നു.

മി. എൽ. എ. ലാമ്പാർഡ് (തോട്ടക്കാർ): സർ, നിങ്ങൾക്കു നന്ദിപറഞ്ഞുകൊള്ളുന്നു. അതു കുഞ്ഞിരാമന്റെ അവസാനമറുപടിയായിരുന്നുവെന്നു ഞാൻ അറിഞ്ഞില്ല.

തോട്ടക്കാരെ ആശ്രയിച്ചു രാജകീയ വൃക്ഷങ്ങളെപ്പറ്റി നടപ്പിലിരിക്കുന്ന ചട്ടങ്ങൾ ഒരു വലിയതടസ്സമാണ്. ഒരു തോട്ടക്കാരൻ രാജകീയവൃക്ഷങ്ങൾ നില്ക്കുന്ന ഒരു സ്ഥലംവാങ്ങിയാൽ അയാൾക്കു വനംവകുപ്പുകാരുമായുള്ള ഇടപാടു ഒരിക്കലും അവസാനിക്കുന്നില്ല. ആദ്യം മുതൽതന്നെ ഉപദ്രവം തുടങ്ങുന്നു. അവരു തുടർന്നുകൊണ്ടിരിക്കുന്നതല്ലാതെ ഒരിക്കലും അവസാനിക്കുന്നില്ല. തൈമരങ്ങൾ നശിപ്പിക്കുന്നതിൽ തടസ്സംപറയുന്നു. ശാഖകൾ മുറിക്കുന്നതിലും തടസ്സമുണ്ട്. ഉത്തരവനുസരിച്ചു തടികൾവെട്ടി ഇട്ടുകഴിഞ്ഞാൽ തോട്ടവും മറ്റും നശിപ്പിക്കുന്നതുകൊണ്ടു ഞങ്ങൾക്കു വീണ്ടും ഉപദ്രവമുണ്ടാകുന്നു. തോട്ടക്കാരുടെ ആവശ്യത്തിനുവേണ്ടി വനം ഉദ്യോഗസ്ഥന്മാർ ചെയ്യുവാൻ കഴിയുന്നതെല്ലാം അവർ ചെയ്യുന്നുണ്ടെന്നു എനിക്കറിയാം. എന്നാലും ഗവർമ്മെന്റിൽനിന്നും ചട്ടങ്ങളെ മാറ്റുന്നതിനു ആലോചിക്കുകയാണെങ്കിൽ ഗവർമ്മെന്റിനോടു പ്രതിപാദിച്ചിട്ടുള്ള സങ്കടങ്ങളോടുകൂടി തോട്ടക്കാരുടെ അഭിപ്രായവും സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): സർ, മെംബർ സൂചിപ്പിച്ചതായ രാജകീയ വൃക്ഷങ്ങളെപ്പറ്റിയുള്ള റിപ്പോർട്ടു സമർപ്പിക്കുന്നതിനു ഇടയായ സാഹചര്യത്തെക്കുറിച്ചു എനിക്കു പറയാനുള്ളതു, യോഗം വിളിച്ചുകൂട്ടുന്നതിനുള്ള യഥാർത്ഥബുദ്ധിമുട്ടു അതിനുള്ള സൌകര്യക്കുറവാണെന്നാണ്. മെംബറിനു തന്നെ ഞാൻ പലപ്രാവശ്യം നോട്ടീസയച്ചിട്ടുണ്ട്. എന്നാൽ ആ പ്രാവശ്യങ്ങളിലെല്ലാം അദ്ദേഹം യോഗത്തിനു ഹാജരായിട്ടില്ല. പിന്നീടു നടപടികളുടെ അവസാനപകർപ്പുകൂടി അദ്ദേഹത്തിനു അയച്ചുകൊടുത്തു. അദ്ദേഹം അതിനെ കുറിച്ചുപറയേണ്ടതായിട്ടുകൂടി അറിയിച്ചില്ല. ഏതായാലും സഭയുടെ അറിവിനുവേണ്ടി ഞാൻ കാര്യങ്ങൾ പറയാം. മെംബറിന്റെ വാദങ്ങൾ എല്ലാം കമ്മിറ്റിയിൽവച്ചു പരിശോധിച്ചു. കഴിഞ്ഞപ്രാവശ്യം ഞാൻ അദ്ദേഹത്തിനെ കണ്ടപ്പോൾ അദ്ദേഹത്തിനു അതിലുള്ള ഭിന്നാഭിപ്രായങ്ങളെ എഴുതി അയച്ചുതരാമെന്നു വാഗ്ദാനംചെയ്തു. എന്നാൽ ഇതുവരെയായിട്ടും അദ്ദേഹം അതയച്ചുതന്നിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഞാൻ ഒരു ന്യായമായകാലത്തേക്കു അതിനുവേണ്ടി കാത്തിരുന്നു. എന്നാൽ അതിനകമായി അദ്ദേഹത്തിന്റെ അഭിപ്രായവ്യത്യാസങ്ങൾ എനിക്കു എഴുതി അയച്ചുതരാതിരുന്നതുകൊണ്ടു ഞാൻ റിപ്പോർട്ടു ഗവർമ്മെന്റിലേക്കു സമർപ്പിച്ചു.

മെംബരുടെ വാദങ്ങൾ എല്ലാം സമഗ്രമായി പ്രസ്താവിച്ചു അവയെപ്പറ്റി നല്ലതുപോലെ വാദപ്രതിവാദം ചെയ്തു. ഇപ്പോൾ കമ്മിറ്റിയുടെ മുഴുവൻ റിപ്പോർട്ടും ഗവർമ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കമ്മിറ്റിയുടെ റിപ്പോർട്ടു തീരുമാനത്തിൽ ഇരിക്കുന്നതുകൊണ്ടു ഞങ്ങൾക്കു ആ സംഗതിയെപ്പറ്റി വാദപ്രതിവാദംചെയ്യാൻ അവകാശമില്ലെന്നാണോ കൺസർവേറ്റർ അഭിപ്രായപ്പെടുന്നതു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): മറ്റുള്ളവിവരങ്ങളെക്കുറിച്ചു റിപ്പോർട്ടിലുള്ളസംഗതികൾ പുറത്തുപറയുന്നതു ശരിയാണോ എന്നു എനിക്കു തോന്നുന്നില്ല. കമ്മിറ്റിയുടെ റിപ്പോർട്ടു ഗവർമ്മെന്റു ഉത്തരവോടുകൂടി പ്രസിദ്ധംചെയ്യുകയാണെങ്കിൽ, നിശ്ചയമായും അപ്പോൾ നമുക്കു ആ സംഗതിയുടെ എല്ലാം ഭാഗങ്ങളെപ്പറ്റിയും വാദപ്രതിവാദംചെയ്യാം.

മി. കെ. കെ. തോമസ് (കോട്ടയം): മെംബർ അഭിപ്രായപ്പെട്ടതുപോലെ കുടിപ്പുരയിടങ്ങളിൽനിൽക്കുന്ന രാജകീയവൃക്ഷങ്ങൾ, അവയ്ക്കുള്ള വില ഗവർമ്മെന്റിനു കൊടുത്തതിനുശേഷം നിൽക്കുന്ന പുരയിടം ഉടമസ്ഥന്മാർ അവയെ എടുത്തുകൊള്ളുവാൻ അനുവദിക്കുന്നതിനു കൺസർവേറ്റർക്കു എന്തെങ്കിലും വിരോധമുണ്ടോ എന്നു പറയുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ആ സംഗതിയെപ്പററിയും കമ്മിററിക്കാർ ചർച്ചചെയ്തു ആലോചിച്ചു. തടിയുടെ വില കൊടുക്കാൻ യഥാർത്ഥത്തിൽ ശേഷിയുള്ളവർ പണ്ടോ ഇന്നോ കൃഷിക്കാരുടെ കൂട്ടത്തിൽ ചുരുക്കമേ ഉള്ളു. എന്നാൽ അതു കൊടുക്കാൻ നിവൃത്തിയില്ലാത്തവർ ധാരാളം പേരുണ്ട്. അതാണു വിഷമം. കൂടാതെ, രാജകീയ വൃക്ഷങ്ങൾ മിക്കപാറും കൃഷി ഇല്ലാത്ത പ്രദേശങ്ങളിലായി നിൽക്കുന്നതുകൊണ്ട് ഒരു സ്വത്തും മററൊരാളായി മാറിപ്പോയെന്നു വരാം; തർക്കങ്ങൾക്കു പ്രവൃത്തിക്കും ഇടയായേക്കാം.

മി. കെ. കെ. തോമസ്സ് (കോട്ടയം): കൃഷിക്കാരുടെ പുരയിടങ്ങളിൽ നിൽക്കുന്ന രാജകീയ വൃക്ഷങ്ങളെ സംബന്ധിച്ചു അവയുടെ വില ഗവൺമെൻറിലേക്കു കൊടുത്തിട്ടു തോട്ടക്കാർക്കുതന്നെ ആ വൃക്ഷങ്ങൾ എടുക്കാമെന്നുള്ള ഒരു നിബന്ധന തിരുവിതാംകൂറിലുള്ള ചട്ടത്തിൽ ഇല്ലെ എന്നു പറയുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഇരുപതു കൊല്ലംമുമ്പു പാസ്സാക്കിയ അപ്രകാരമുള്ള ഒരു ചട്ടം ഉണ്ടായിരുന്നു. എന്നാൽ അതു ഇതുവരെ ശരിയായി നടപ്പിലില്ല.

മി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ആ ചട്ടം ഉൾപ്പെടുത്തിക്കൂടെന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): മി. ക്യാംപ്‌ബെൽ സൂചിപ്പിച്ചതുപോലെ അങ്ങനെയുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി വേർതിരിച്ചു കാണിക്കയും——

മി. കെ. കെ. തോമസ്സ് (കോട്ടയം): ഞാൻ പറയുന്ന ചട്ടം അനുസരിച്ച്, തടി തോട്ടക്കാർക്കുതന്നെ കിട്ടത്തക്കവണ്ണം എണ്ണി വിലനിശ്ചയിച്ചു അതിൻെറ വില തോട്ടക്കാർ ഗവൺമെൻറിലേക്കു കൊടുക്കണം.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഇങ്ങനെയുള്ള ഒരു ഗവൺമെൻറുത്തരവ് ഏതോ കൊല്ലത്തിനുമുമ്പ് പാസ്സാക്കിയിട്ടുണ്ടായിരുന്നു. അതിപ്പോൾ നടപ്പിലില്ല. ഏതുകാരണവശാലും അതനുസരിക്കുന്നില്ല എന്നു എനിക്കറിയാം. ആ ചട്ടം അനുസരിച്ച് എനിക്കറിയാവുന്നിടത്തോളം ഇതുവരെ ഒരപേക്ഷയും ഉണ്ടായിട്ടില്ല.

മി. കെ. കെ. തോമസ്സ് (കോട്ടയം): ആ ചട്ടമനുസരിച്ചു ഞാൻതന്നെ ഒരപേക്ഷ കൊടുത്തിട്ടുണ്ട്. തടി എണ്ണി അതിൻെറ വില ഞാൻതന്നെ കൊടുത്തു. അഞ്ചു കൊല്ലത്തിനുമുമ്പ് തടി എനിക്കു കിട്ടുകയും ചെയ്തു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ആ ഗവൺമെൻറുത്തരവു ഇടപ്പള്ളക്കാരുടെ വസ്തുക്കളെ മാത്രമേ ബാധിക്കയുള്ളു. അല്ലാതെ വേറെ വസ്തുവിനെയും സംബന്ധിക്കുന്നതല്ല. മി. തോമസ്സിനു, അഞ്ചു കൊല്ലത്തിനുമുമ്പ് തടിയുടെ വില കൊടുത്തശേഷം അതു എടുത്തുകൊള്ളാൻ സമ്മതിച്ചു എങ്കിൽ അതു അദ്ദേഹത്തിൻെറ പ്രത്യേകാപേക്ഷ പ്രമാണിച്ചായിരിക്കും.

മി. കെ. കെ. തോമസ്സ് (കോട്ടയം): അല്ല. അങ്ങനെ അനുവദിച്ചതല്ല. ഞാൻ മുറപ്രകാരം അപേക്ഷിക്കയും, സാധാരണ നടപടിക്രമമനുസരിച്ചു വാങ്ങിയിട്ടുള്ളതാണ്. അതുപോലെതന്നെ മി. പി. ജോണിൻെറ പാമ്പുമ്പാറ എസ്റ്റേറ്റിലെ സംഗതിയിലും തോട്ടക്കാരുടെ കാര്യത്തിലും പ്രവൃത്തിച്ചിട്ടുണ്ട്.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഇതെല്ലാം ഗവൺമെൻറു അവർക്കുവേണ്ടി പ്രത്യേകമായി അനുവദിച്ചിട്ടുള്ളതാണ്. മി. ക്യാംപ്‌ബെൽ അതെപ്പററിയാണ് പറയുകയായിരുന്നു.

മിസ്റ്റർ കുഞ്ഞിത്തൊമ്മൻ കമ്മിററിയുടെ ശുപാർശ എന്തായിരുന്നു എന്നു സഭയെ മനസ്സിലാക്കി.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എസ്റ്റേററിലുള്ളവരോട്, തടി വില വാങ്ങിക്കൊണ്ടു തടി കൊടുക്കുന്നതുപോലെ സാധുക്കളായ കൃഷിക്കാരോടും വില വാങ്ങിക്കൊണ്ടു തടി കൊടുക്കുന്നതിന് എന്താണു തടസ്സം?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഗവൺമെൻറിൻെറ പ്രത്യേകഅവകാശം പത്തു കൊല്ലത്തിനകം അവസാനിപ്പിക്കണമെന്നായിരുന്നു കമ്മിററിയുടെ ശുപാർശയെന്നു മി. കുഞ്ഞിത്തൊമ്മൻ സഭയെ മനസ്സിലാക്കി. യഥാർത്ഥത്തിൽ അങ്ങനെയല്ല. ഇതിനെ അതിനെസംബന്ധിച്ചുള്ള എൻെറ പ്രസ്താവനയിൽ ഞാൻ ചുരുക്കമായിട്ടേ പറഞ്ഞുള്ളു. ഈ ആവശ്യത്തിലേക്കായി രാജ്യത്തിൻെറ മുഴുവൻ ഡിസ്ട്രിക്റ്റും മൂന്നായി വിഭജിക്കണം എന്നാണ് കമ്മിററിയുടെ ശുപാർശ. ഇതു മൂന്നിൽ ഒന്നാമത്തേതു മെയിൻസെൻട്രൽ റോഡിൻെറയും, തെക്കോട്ടുള്ള പ്രധാനറോഡിൻെറയും പടിഞ്ഞാറു ഉള്ള ഭാഗമാണ്. രണ്ടാം ഭാഗം നാഗർകോവിൽനിന്നും ആരംഭിച്ചു, കുലശേഖരം, കള്ളിയൽ, ഈരാററുപേട്ട, പത്തനാപുരം മുതലായ സ്ഥലങ്ങളിലേക്കു പോകുന്ന റോഡിൻെറ പടിഞ്ഞാറേഭാഗംകൂടി ഉൾപ്പെടുന്നു. മൂന്നാമത്തെ ഭാഗം രണ്ടാമത്തേതിനെറ കിഴക്കുവശത്തായിരിക്കും. ആദ്യഭാഗത്തിൽപെട്ട എട്ടു താലൂക്കുകളെ സംബന്ധിച്ചു, കമ്മിററിയുടെ ശുപാർശപ്രകാരം, രണ്ടു കൊല്ലം കഴിയുമ്പോൾ രാജാവിൻെറ പ്രത്യേകഅവകാശം ഇല്ലാതാകും. ഏതാനും ചെറിയ താലൂക്കുകളുടെ അംശങ്ങൾ ഉൾപ്പെടുന്ന രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചു, ആറു വർഷത്തിനകം പ്രത്യേക അവകാശം ഇല്ലാതാകും; പ്രത്യേകഅവകാശത്തെ നശിപ്പിക്കുന്നതിനായിട്ടു പത്തു കൊല്ലം ആവശ്യപ്പെടുന്നതു കിഴക്കേഭാഗത്തെ സംബന്ധിച്ചുമാത്രമാണ്.

മി. കെ. മാധവൻപിള്ള (നെടുമങ്ങാടും-തിരുവനന്തപുരവും): കൺസർവേറ്റർ ഗവൺമെൻറു റിക്കാർഡുകൾ നോക്കിയിട്ടോ കമ്മിററിയുടെ റിക്കാർഡു നോക്കിയിട്ടോ സംസാരിക്കുന്നതു?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): കമ്മിററിയുടെ ശുപാർശകൾ അനുസരിച്ചാണ് ഞാൻ പറയുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എന്നാൽ കമ്മിററിയുടെ ശുപാർശകൾ സഭമുമ്പാകെ കൊണ്ടുവന്നിട്ടില്ലല്ലൊ.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): കമ്മിററിയുടെ ശുപാർശകൾപ്രകാരം രാജകീയാവകാശം ഇല്ലാതാക്കുന്നതിനു പത്തു കൊല്ലം വേണ്ടിവരും എന്നുള്ള മി. കുഞ്ഞിത്തൊമ്മൻെറ പ്രസ്താവനയെ തിരുത്തുന്നതിനുമാത്രം ഞാൻ അതു പറയുകയാണുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എന്നാൽ നിങ്ങൾ കമ്മിററിയുടെ ശുപാർശയെ അനുകൂലിക്കുന്നോ ഇല്ലയോ എന്നു പറയണം?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): എന്റെ ഉപദേശമനുസരിച്ചാണ് ആ റിപ്പോർട്ട് ഗവൺമെന്റിലേക്ക് പോയിട്ടുള്ളത്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കമ്മിററി റിപ്പോർട്ട് സമർപ്പിക്കാൻ ഇത്ര വളരെ കാലതാമസം വരുത്തിയതിനു കാരണമെന്തെന്ന് ഞാൻ ചോദ്യം കൗൺസിലിൽ ചോദിച്ചതിനു ശേഷമല്ലേ, കമ്മിററി റിപ്പോർട്ട് എഴുതിയത്.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): അല്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ കമ്മിററി റിപ്പോർട്ട് സമർപ്പിച്ചിട്ട് ഇപ്പോൾ എത്ര മാസമായി?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): [illegible] അറിഞ്ഞുകൂടാ.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എനിക്ക് മിനററിപ്പോർട്ട് എഴുതാൻ സൌകര്യമില്ലാത്തവിധം ഈ കൗൺസിലിൽ വരുന്നതിനു ഏതാനും ദിവസത്തിനുമുമ്പ് മാത്രമല്ലേ എനിക്ക് കോപ്പി അയച്ചത്? ഞാനും മി. ഡോമനിക്ക് തൊമ്മനുംകൂടി മിനററിപ്പോർട്ട് എഴുതുന്നു എന്ന് നിങ്ങളെ അറിയിച്ചിട്ടില്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): എനിക്കോർമ്മയില്ല, ഞാൻ വളരെ മുമ്പുതന്നെ അയച്ചു. നിങ്ങൾക്ക് എപ്പോൾ കിട്ടിയെന്ന് എനിക്കറിഞ്ഞുകൂടാ.

കുഴിവിള കൊടുക്കുന്നതിലുള്ള താമസത്തെ സംബന്ധിച്ചാണ് മെമ്പറൊരുവാളം പരാതിപ്പെട്ടിട്ടുള്ളത്. എങ്ങനെയാണ് താമസത്തിനു കാരണമാകുന്നതെന്ന് ഞാൻ സഭയിൽ ഒന്നിലധികം പ്രാവശ്യം വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. മി. രാമറാവുവിന്റെ കാലത്ത്, റിസർവിനു വെളിയിൽ നിൽക്കുന്ന അനേകം തേക്കുതടി നിയമവിരോധമായി വെട്ടപ്പെടുത്തുകയും നഷ്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന്, അദ്ദേഹം അറിഞ്ഞു. അപ്പോൾ റിസർവുകളിൽ നിൽക്കുന്ന യാതൊരു തടിയും—

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ബ്രിട്ടീഷ് മലബാർ, കോഴിക്കോട്, മലബാപുരം മുതലായ സ്ഥലങ്ങളിൽ തേക്കുതടി സാധാരണയായി കുടികൾക്ക് ഉപയോഗപ്പെടുത്താം എന്നുള്ളത് അറിയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): അറിഞ്ഞുകൂടാ.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ബ്രിട്ടീഷിൻഡ്യയിലെ ഫോറസ്റ്റ് ചട്ടം കൺസർവേറ്റർ നോക്കിയിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഉണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതിൽ രാജകീയവൃക്ഷങ്ങൾ എന്ന ഒരിനം ഉണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ചന്ദനമരം രാജകീയവൃക്ഷമാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): തേക്കുതടിയുടെ കാര്യം എങ്ങനെയാണ്?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഇവിടെ തേക്കുപോലെയാണ് അവിടെ ചന്ദനം. അവിടെ ചന്ദനവൃക്ഷത്തിനു എന്തെല്ലാം ചട്ടങ്ങൾ ഉണ്ടോ അതെല്ലാം ഇവിടത്തെ തേക്കുതടിയെ സംബന്ധിച്ചിട്ടുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ ചട്ടം ബ്രിട്ടീഷ് മലബാറിൽ തേക്കുതടിയെ ബാധിക്കുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): അറിഞ്ഞുകൂടാ.

സർ, കുഴിവിളയെ സംബന്ധിച്ചു പറയുന്നതായാൽ, ഞാൻ ചില തീരുമാനത്തിൽ എത്തുന്നതുവരെ എന്നെ തടസ്സംകൂടാതെ തുടരുന്നതിനു അനുവദിക്കണം. കുഴിവിള കൊടുക്കാത്തതുകൊണ്ടു ഒരു ദീർഘകാലത്തേക്കു അതു ശേഖരമായിക്കിടന്ന് വർദ്ധിക്കുകയും, തൽഫലമായി ഏകദേശം മൂന്നു കൊല്ലങ്ങൾക്കുമുമ്പ് ആ അവകാശങ്ങൾ ഒരു വൻപിച്ച തുകയായി വർദ്ധിച്ചു മൂന്നുലക്ഷം രൂപയോളം കയറിത്തീരുകയും ചെയ്തു. അതുകൊണ്ടു ഈ സഭയിലും പ്രജാസഭയിലും ഇതേപ്പററി പ്രസ്താവനകൾ ഉണ്ടായി. ആ സംഗതി ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരികയും, കുഴിവിള കൊടുക്കുന്നതിനായി കൂടുതൽ പണവും, അതിനുവേണ്ട ജോലികൾ ചെയ്യുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥന്മാരെയും, ആവശ്യപ്പെടുകയും ഗവൺമെന്റിൽനിന്നും അനുവദിക്കയും ചെയ്തു. ഈ ഏർപ്പാടുകളുടെ എല്ലാം ഫലമായി [illegible], [illegible] ഈ വർഷങ്ങളിലായിട്ട് [illegible] രൂപയോളം കുഴിവിള കൊടുക്കുന്നതിനു ഞങ്ങൾക്കു സാധിച്ചു. അവകാശങ്ങൾ തീർത്ത വളരെ ദീർഘമായ ഒരു ലിസ്റ്റ് എന്റെ പക്കൽ ഉണ്ട്. ഈ രണ്ടു കൊല്ലങ്ങളിലായി ചെയ്ത തീവ്രയത്നത്തിന്റെ ഫലം അതു കാണിക്കും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കുഴിവിള കൊടുക്കുന്നകാര്യത്തിൽ ഈ വലിയ കുടിശ്ശിഖ വന്നതിന്റെ കാരണം എന്താണെന്നു പറയുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): പക്ഷെ ബഹുമതി അവരവർക്കു ലഭിക്കത്തക്കവണ്ണം ഓരോ കൺസർവേറ്ററും ആദായവർദ്ധന കാണിക്കാൻ ആശിച്ചിട്ടാണ്. കാരണം അതായിരിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഇപ്പോഴത്തെ കൺസർവേറ്ററും, അതേ സമ്പ്രദായംതന്നെയാണ് തുടരുന്നതെന്നു പറയുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): [illegible] രൂപായ്ക്കുള്ള അവകാശങ്ങൾ കൊടുത്തുതീർക്കുന്നതിനു എനിക്കു സാധിച്ചു എന്നുള്ള സംഗതി ഉണ്ട്. ഞാൻ ശേഖരമായി കിടക്കുന്ന കുടിശ്ശികകൾ ഇനിയും കൊടുത്തുതീർക്കുന്നതിനായി, കൂടുതൽ പണത്തിനു ആവശ്യപ്പെട്ടതിനെക്കാണിക്കയുമായിരുന്നു. ഞാൻ അതേ സമ്പ്രദായംതന്നെ തുടർന്നുകൊണ്ടിരിക്കയായിരുന്നോ അല്ലയോ എന്നുള്ള സംഗതി ഈ സംഗതികളിൽനിന്നും അറിയാൻ സാധിക്കും.

കയ്യാലക്കിത്തികൾക്കും തേക്കുവൃക്ഷങ്ങളിൽ പടന്നുകേറിയിരുന്ന മുളകുകൊടികൾക്കും നഷ്ടംവന്നതിനായും മി. കുഞ്ഞിത്തൊമ്മൻ പ്രസ്താവിച്ചു. ഈ സംഗതികൾ പ്രത്യേകസംഭവങ്ങളെന്നോ സാധാരണ സംഭവങ്ങളെന്നോ അദ്ദേഹം പറയുന്നതെന്നു എനിക്കറിയാൻ പാടില്ല. എന്നാൽ എന്നെ സംബന്ധിച്ചടത്തോളം, ഈമാതിരി പരാതികൾ അദ്ദേഹത്തിന്റെ അടുക്കൽനിന്നുമാത്രമാണ് ഞാൻ ആദ്യമായി കേൾക്കുന്നതു്. ഏതായാലും ഇപ്രകാരമുള്ള നഷ്ടങ്ങൾക്കു പ്രതിഫലം ആവശ്യപ്പെടുന്നതിനായി ഫോറസ്റ്റ് ചട്ടങ്ങളിൽ അനേകം വകുപ്പുകൾ ഉണ്ട്. വനം ചട്ടങ്ങളനുസരിച്ചു നഷ്ടം സംഭവിച്ചതായ കക്ഷിക്കു ഗവൺമെന്റിൽനിന്നും പ്രതിഫലം കിട്ടാൻ അവകാശമുണ്ട്. മി. കുഞ്ഞിത്തൊമ്മൻ ഇപ്രകാരമുള്ള കേസ്സുകൾ എന്റെ ദൃഷ്ടിയിൽ കൊണ്ടുവരികയാണെങ്കിൽ, അതേപ്പററി നടപടി നടത്തുന്നതായിരിക്കും.

ചുരുക്കിപ്പറയുകയാണെങ്കിൽ, രാജകീയഅവകാശത്തെ നശിപ്പിക്കുന്ന നയം കമ്മിററി സ്വീകരിച്ചിട്ടുണ്ടു. അതു സാധിക്കുന്നതിനുവേണ്ടി അതിന്റെ ഫാറത്തേയും സമയത്തേയും സംബന്ധിച്ചുമാത്രം കുറച്ചു അഭിപ്രായവ്യത്യാസം ഉണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എന്റെ ഉപക്ഷേപം വോട്ടിനിട്ടാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ സംഗതി ഗവൺമെന്റിനു ആദായമുള്ളതുകൊണ്ടു ഉദ്യോഗസ്ഥമെമ്പർമാരെ, അവരുടെ സ്വാതന്ത്ര്യം പോലെ വോട്ടുചെയ്യുന്നതിനു അനുവദിച്ചാൽകൊള്ളാം.

ഉപക്ഷേപം വോട്ടിനിട്ടു തള്ളിപ്പോയി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഞാൻ വോട്ടുഎടുക്കുന്നതിനായി ആവശ്യപ്പെടുന്നു. താഴെപ്പറയുന്ന ഫലത്തോടുകൂടി വോട്ടെടുത്തു.

അനുകൂലിച്ചവർ ഇരുപതു (൨൦)

൧. മി. ഏ. ജെ. ജോൺ
൨. മി. കെ. ഐ. ജോസഫ്
൩. മി. തയ്യിൽകുഞ്ഞിത്തൊമ്മൻ
൪. മി. എക്സ്. ജി. ലോപ്പസ്
൫. മി. കെ. മാധവൻപിള്ള
൬. മി. റി. ജെ. മാത്യു
൭. മി. ജി. നാരായണപിള്ള
൮. മി. പി. കെ. നാരായണപിള്ള
൯. മി. എം. എൻ. പിള്ള
൧൦. മി. ഏ. കെ. പിള്ള
൧൧. മി. എസ്. പിറവിപെരുമാൾപിള്ള
൧൨. മി. ജി. രാമൻമേനോൻ
൧൩. മി. ആർ. രാമൻപിള്ള
൧൪. മി. കെ. ശിവരാമപ്പണിക്കർ
൧൫. മി. എം. ശിവതാണുപിള്ള
൧൬. മി. എസ്. സുബ്രഹ്മണ്യക്കുരയ്യർ
൧൭. മി. സി. പി. തരകൻ
൧൮. മി. സി. പി. തോമസ്
൧൯. മി. കെ. കെ. തോമസ്
൨൦. മി. സി. എൻ. ഉപ്പൻനമ്പൂതിരി

പ്രതികൂലിച്ചവർ ൨൦.

൧. മി. ഐ. സി. ചാക്കോ
൨. മി. ആർ. ധനകോടിപ്പിള്ള
൩. മി. കെ. ജോർജ്
൪. മി. കേരളവർമ്മ കോയിത്തമ്പുരാൻ
൫. മി. പി. എൻ. കൃഷ്ണപിള്ള
൬. ആർ. കൃഷ്ണപിള്ള
൭. മി. ടി. കുമാരപിള്ള
൮. ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൯. മി. എൽ. ഏ. ലാംപാർഡു
൧൦. മി. ആർ. പത്മനാഭൻ
൧൧. മി. കയ്യാലം പരമേശ്വരൻപിള്ള
൧൨. മി. ഡബ്ളിയു. എച്ച്. പിററ്
൧൩. മിസ്സസ്. എ. പുന്നൻ ലൂക്കോസ്
൧൪. മി. ടി. പി. രാമസ്വാമയ്യർ
൧൫. മി. കെ. എൻ. രാമസ്വാമയ്യർ
൧൬. റാവുബഹദൂർ മി. കെ. വി. രങ്കസ്വാമി അയ്യങ്കാർ
൧൭. മി. ജെ. സ്റ്റീഫൻസൺ
൧൮. മി. ഏ. ജെ. വാൻഡാസ്
൧൯. മി. ഏ. വെപ്പൻ
൨൦. മി. എം. ഇ. വാട്ട്സ്

നിഷ്പക്ഷപാതികൾ.

൧. മി. പോൾ ഡാനിയേൽ
൨. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള
൩. മി. എൻ. കുമാരൻ
൪. മി. കെ. പി. നീലകണ്ഠപ്പിള്ള
൫. മി. വി. സുബയ്യർ
൬. എം. സുബ്രഹ്മണ്യപിള്ള

അദ്ധ്യക്ഷൻ: ൨൦ ആളുകൾ ഉപക്ഷേപത്തിനനുകൂലമായും എന്റെ വോട്ടുകൂടി കൂട്ടി ൨൦ പേർ ഉപക്ഷേപത്തിനു വിപരീതമായും ഉണ്ട്.

ഞാൻ എന്റെ കാസ്റ്റിംഗ് വോട്ടു ഉപക്ഷേപത്തിനു വിപരീതമായി ഉപയോഗിക്കുന്നു.

ഉപക്ഷേപം തള്ളപ്പെട്ടു.

ഉപക്ഷേപം ൨൨൧.

മി. റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

൨൨൧. കൺസർവേൻസിക്കും വേലകൾക്കുമായിട്ടുള്ള ൫,൮൨,൮൦൦ രൂപ അനുവദിച്ചിട്ടുള്ളതിൽ ൧ രൂപ കുറയ്ക്കണമെന്ന്.

ഇപ്പോൾ ഉപയോഗത്തിൽ ഇരിക്കുന്ന വനംറഗുലേഷൻ അനുസരിച്ചു പാസാക്കിയിട്ടുള്ള ചട്ടങ്ങൾപ്രകാരം, രാജകീയ വൃക്ഷങ്ങൾ നില്ക്കുന്ന പുരയിടഉടമസ്ഥന്മാർക്കു ആ വൃക്ഷങ്ങൾ അവർക്കുതന്നെ കിട്ടണമെന്നു വിചാരിക്കുന്നപക്ഷം, അവർ പകുതിവില കൊടുത്താൽ ആ തടി അവർതന്നെ എടുത്തുകൊള്ളുന്നതിനു അനുവദിക്കുന്നതാകുന്നു. (ദയവുചെയ്തു കുറേക്കൂടി ഉറക്കെ സംസാരിക്കണം.) വനംവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർ ഈ

ചട്ടങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നതിൽ നിർദ്ദയമായ്ക്കങ്ങൾ സ്വീകരിക്കുന്നുണ്ട് [illegible] ഈ ചട്ടം [illegible] സംബന്ധിച്ചു വളരെ പരാതികൾ ഉണ്ട്. ഇപ്പോൾ അനുഭവിച്ചുവരുന്നതായ വിഷമങ്ങളിൽ [illegible] അധികമായി മാത്രം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒന്നാമത്തേതു, വനം കൺസർവേറ്ററും ഗവർമ്മെന്റും നിബന്ധനകളും ഈ ചട്ടത്തിന്റെ വ്യാപ്തി പുരയിടങ്ങളുടെ ആളുകൾ ഉടമസ്ഥന്മാരുടെ [illegible] ഷിട്ടുണ്ട് എന്നുള്ളതാണ്. ഈ ചട്ടത്തിന്റെ ഗുണം ശിക്ഷ [illegible] പ്രതിനിധികൾക്കു [illegible] അനുഭവി ക്കുന്നില്ല. തടങ്ങൾ അസൗകര്യം, വൃക്ഷങ്ങൾ എന്തിനുമുറിക്കുന്നതിനുള്ള [illegible] കാനുകളിലുള്ള അക്രമങ്ങൾ [illegible] നേരിടുന്ന കാലതാമസവും, [illegible] നസമയവും ആണ്. ചിലപ്പോൾ [illegible] വരുന്നു. [illegible] പുരയിടങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങളെ മുറിക്കുന്നതിന [illegible] മയ [illegible] തള്ളിയതിനു ഞാൻ ഒരു ഉദാഹരണം പറയാം. വൃക്ഷങ്ങൾ മുറിക്കുന്നതിന [illegible] കാണിക്കുന്ന ഒരു നോട്ടീസ്സ് [illegible] മേടയിൽ അയാൾക്കു കിട്ടി. വനം വകുപ്പിന്റെ പ്രധാന ഉദ്ദേശം റി സർവ്വ വനങ്ങളുടെ സംരക്ഷണമാണ്. [illegible] എന്തെങ്കിലും അസൗകര്യമുണ്ടാകുന്നതോ ഗവർമ്മെന്റിലേക്കു വരുമാനം ഉണ്ടാകുന്നതിനോ, ഉദ്ദേശിച്ചിട്ടുള്ളതല്ല. വനങ്ങളുടെ [illegible] രാജ്യക്ഷേമത്തിനു ആവശ്യമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ [illegible] വകുപ്പിൽനിന്നും ഉണ്ടാകുന്ന ആദായം കൊണ്ടുതന്നെ നിറവേറ്റണമെന്നുള്ളതായിരിക്കണം [illegible] നയം. ഗവർമ്മെന്റിന്റെ ഉദ്ദേശം ഈ ഡിപ്പാർട്ടുമെന്റു ഒരു വ്യാപാരസംബന്ധമായ [illegible] ഗവർമ്മെന്റു കരുതരുതു. കിട്ടിയ മുതലിനെ തിരികെ കൊടുക്കുന്നതിനു ഇട [illegible] വനംവകുപ്പിൽനിന്നും ഒരു വർദ്ധിച്ച തുക ആദായം [illegible] ആണിക്കുന്നതിനായി കൺസർവേറ്റർമാർ [illegible] അപേക്ഷകൾ തീരുമാനിക്കുന്നതിനു താമസിപ്പിക്കുന്നു, എന്നു വനം കൺസർവേറ്റർ പറഞ്ഞു [illegible] മനസ്സാകുന്നു സർ, ഈ ഡിപ്പാർട്ടുമെന്റു [illegible] ഒരു പ്രസ്താവനയാണ്. വനംവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ [illegible] ളളവിധത്തിൽ [illegible] വിചാരിച്ചുകൊണ്ടു വ്യാഖ്യാനം [illegible] സംബന്ധിച്ചു, അതായതു, ഈ നിയമത്തിൽനിന്നു വ്യത്യസ്തമായ [illegible] പ്പെടുത്തുകയും [illegible] പ്രതിനിധികൾക്കും [illegible] ഉണ്ട്. ഇതിൽ ഇപ്രകാരം [illegible] വ്യാഖ്യാനം [illegible] എന്നതു എനിക്കു ബോദ്ധ്യമായിരിക്കുന്നു.

ആളില്ലാ [illegible] ഒരു [illegible] സഹായത്തോടുകൂടി [illegible] മറ്റുവാങ്ങുള്ള തടി മാത്രമല്ല. തടി വനം ഡിപ്പോയിൽ വച്ചു വിറ്റാലും, [illegible] പുരയിട ഉടമസ്ഥന്മാരോടു അതിന്റെ വിലവാങ്ങിയാലും, തടി വിൽക്കുന്ന [illegible] രാലും ഒന്നുപോലിരിക്കും. പിന്നെ എന്തിനാണ്, തടി ഡിപ്പോയിൽ [illegible] ഗവർമ്മെന്റു കൂടുതൽ ചിലവു സഹിക്കുന്നതു? [illegible] ഈ ചട്ടത്തിന്റെ വ്യാപ്തി [illegible] ആളുകൾ ഉടമസ്ഥന്മാരിൽ മാത്രം [illegible] പ്രതിനിധികൾക്കും അനുവദിക്കാതിരിക്കുകയും ചെയ്യുന്നതിനു ഗവർമ്മെന്റിന്റെ വനം [illegible] നസിലാക്കാൻ സാധിക്കുന്നില്ല. [illegible] തീരുമാനം [illegible] സംബന്ധിച്ചു, എനിക്കു കാണാൻ കഴിയുന്നത [illegible], കൺട്രാക്ടർമാരെ [illegible] വിചാരിക്കുന്നു, തന്നിമിത്തം അവർ [illegible] ഈ ഡിപ്പാർട്ടുമെന്റു ഇഷ്ടപ്പെടുന്നു എന്നുള്ളതാണ്. അപേക്ഷകളുടെ [illegible] തീരുമാനം [illegible] യും ജോലിക്കുള്ള. എന്നാൽ ഗവർമ്മെന്റിന്റെ ആദായം വർദ്ധിപ്പിക്കുകയും, [illegible] വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഓർക്കുന്നില്ല. ഞാൻ അതുകൊണ്ടു വനം കൺസർവേറ്റരോടും വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാരോടും ആവശ്യപ്പെടുന്നതു എന്തെന്നാൽ അവർ ചട്ടത്തെ സൂക്ഷ്മമായി വ്യാഖ്യാനിക്കണമെന്നും അതുകൊണ്ടുണ്ടാകുന്ന പ്രയോജനം തീറാധാരക്കാർക്കും പ്രതിനിധികൾക്കും അനുവദിച്ചുകൊടുക്കണമെന്നും, അപേക്ഷകൾ കുറഞ്ഞപക്ഷം മൂന്നുമാസക്കാലത്തിനുള്ളിൽ തീരുമാനം ചെയ്യണമെന്നുള്ളതുമാണ്.

മി. സി. പി. [illegible] (നിയമിക്കപ്പെട്ട സഭാംഗം): സർ, ഈ ഉപക്ഷേപം [illegible] അവസരത്തിൽ, കുടിപ്പുരയിടങ്ങളിൽ നിൽക്കുന്ന രാജകീയ വൃക്ഷങ്ങളെ മുറിക്കുന്നതിനു [illegible] നടപടികളെ സംബന്ധിച്ചു മുൻപു ചില അവസരങ്ങളിൽ പരാതിപറയുന്നതിനു എനിക്കും ഇടയായിട്ടുണ്ടു എന്നു ഇവിടെ ആവർത്തിച്ചു പറയേണ്ടിയിരിക്കുന്നു. സർ, ഒരാൾ അയാളുടെ പുരയിടത്തിന്റെ എന്തെങ്കിലും ഒരു ഭാഗത്തിലുള്ള രാജകീയവൃക്ഷങ്ങൾ മുറിക്കുന്നതിനു ആവശ്യപ്പെടുമ്പോൾ അയാൾക്കു ആ പുരയിടത്തിലുള്ള മുഴുവൻ വൃക്ഷങ്ങളും ആവശ്യമുണ്ടോ ഇല്ലയോ എന്നു ഗണിക്കാതെ അതിലുള്ള മുഴുവൻ വൃക്ഷങ്ങളും അയാൾതന്നെ മുറിക്കുന്നതിനു നിർബന്ധിക്കുക എന്നുള്ള നയമാണ് ഗവർമ്മെന്റു ഇപ്പോൾ അനുവർത്തിച്ചുവരുന്നതു [illegible] എനിക്കു തോന്നുന്നു. ഒരു പ്രത്യേക പുരയിടത്തിൽ ഒരാൾക്കു [illegible] വൃക്ഷങ്ങൾ ഉണ്ടായിരിക്കാം. [illegible] ഒരു വത്സരത്തിൽ അയാൾക്കു അതിൽ [illegible] മാത്രമേ ആവശ്യമുള്ളു എന്നുവരാം. അയാൾക്കാവശ്യമുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിനു അനുവാദത്തിനു അപേക്ഷിക്കുമ്പോൾ, ആ പുരയിടത്തിലുള്ള [illegible] വൃക്ഷങ്ങളും അയാൾ മുറിക്കണമെന്നു ഈ ഡിപ്പാർട്ടുമെന്റു ഇപ്പോൾ നിർബന്ധിച്ചുവരുന്നു. അയാൾക്കാവശ്യമുള്ള വൃക്ഷങ്ങൾ മാത്രം ഉപയോഗിക്കുന്നതിനുള്ള സൗകര്യം അയാൾക്കനുവദിച്ചുകൊടുക്കുന്നില്ല. അതു വസ്തു ഉടമസ്ഥനോടു ചെയ്യുന്ന ഒരു വലിയ അനീതിയാണെന്നാണ് എനിക്കു തോന്നുന്നതു. ഇപ്രകാരമുള്ള ഏർപ്പാടു ഇടനിലക്കാരില്ലെങ്കിൽ ഡിപ്പാർട്ടുമെന്റിലേക്കു എന്തുതന്നെ അസൗകര്യം ഉണ്ടാകുമെന്നിരുന്നാലും, ഒരു വസ്തു ഉടമസ്ഥനു ഒരു സമയത്തിൽ അയാളുടെ ആവശ്യമനുസരിച്ചു അയാളുടെ പുരയിടത്തിൽ നിൽക്കുന്ന വൃക്ഷങ്ങൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യം നൽകാത്തപക്ഷം അതു അനീതിയായിത്തീരുന്നതാണ്. ഒരാൾക്കു കുറച്ചു തടികൾ മാത്രം ആവശ്യമുള്ള ഇപ്പോൾ അയാളുടെ പുരയിടത്തിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുഴുവൻ

വിലക്കയോടെ അയാളെ നിർബന്ധിക്കുന്നതു വാസ്തവത്തിൽ ഒരു വലിയ അന്യായമാണ്. ചിലപ്പോഴ് പലക്കം ഒരേസമയത്തു എല്ലാ വൃക്ഷങ്ങളുടേയും വില കൊടുക്കുന്നതിനു നിവൃത്തിയില്ലാത്തവനായേക്കാം. അതു കൊണ്ടു ഗവണ്മെന്റ ഈ സംഗതിയെക്കുറിച്ചാലോചിച്ചു വസ്തുഉടമസ്ഥന്മാർക്ക ഈ സംഗതിയിൽ ചില ക്ഷേമങ്ങൾ ചെയ്തുകൊടുക്കേണ്ടതാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സംഗതി ഉപക്ഷേപകർത്താവു പുറപ്പെടുവിച്ചിട്ടുള്ള എല്ലാംകൂടിയും പാലങ്ങളോടു സാമ്യമുള്ളതാണോ?

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ട സഭാംഗം): ഈ പ്രത്യേകസംഗതിയെക്കുറിച്ചു പ്രസാധികനു പറയേണ്ട എന്നു എനിക്കറിവാൻ പാടില്ല. എന്നാൽ ഇതും ഉപക്ഷേപകർത്താവു പ്രസ്താവിച്ചകാര്യത്തെ സംബന്ധിച്ചുള്ള വിഷയങ്ങളിൽ ഒന്നാണ്.

മി. ആർ. ധനകോടിപിള്ള (വനം കൺസർവേറ്റർ): സർ, കുടിപുരയിടങ്ങളിൽ നില്ക്കുന്ന വൃക്ഷങ്ങൾ മുറിക്കുന്നതിൽ മി. മാത്യു ചൂണ്ടിക്കാണിച്ച വിഷമതപോലെ ഉടമസ്ഥന്മാർ ചില കഷ്ടതകൾ അനുഭവിച്ചു വരുന്നു എന്നു ഞാൻ സമ്മതിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്തിന്റെ ഉടമസ്ഥന്മാർ?

മി. ആർ. ധനകോടിപിള്ള (വനം കൺസർവേറ്റർ): പുരയിടങ്ങളുടെ ഉടമസ്ഥന്മാർ, എന്നാൽ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം, അതു വളരെ കുഴപ്പമുള്ള വിഷയമാണ്. ശരിയായിട്ടുള്ള അവകാശി ആരാണെന്നു നിശ്ചയിക്കുന്നതിനു വളരെ വിഷമം നേരിടത്തക്കവണ്ണം ഇതിൽ ചില വസ്തുക്കളുടെ അവകാശം നിവൃത്തിയില്ലാതെ കുഴപ്പത്തിലുള്ളതാണ്. വൃക്ഷങ്ങളുടെ മേലുള്ള അവകാശം ഞങ്ങൾ സമ്മതിക്കുന്നതിനു മുമ്പായി ഇതും തീരുമാനിക്കേണ്ടതായിട്ടുണ്ട്. ഈ കാര്യത്തിനു ഞങ്ങൾ തഹശീൽദാരുടെ സഹായത്തോടുകൂടി ഒരന്വേഷണം നടത്തുകയും തഹശീൽദാർ അപേക്ഷകന്റെ അവകാശത്തെ സാക്ഷിപ്പെടുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): തഹശീൽദാരുടെ സാക്ഷ്യപത്രങ്ങളോടുകൂടി അപേക്ഷകൾ വന്നിട്ടില്ലയോ?

മി. ആർ. ധനകോടിപിള്ള (വനം കൺസർവേറ്റർ): അങ്ങിനെയുള്ള അപേക്ഷകളും ഉണ്ടായിരിക്കാം.

ഞാൻ മുമ്പേ പ്രസ്താവിച്ചതുപോലെ അവകാശങ്ങളെ അന്വേഷിച്ചു തഹശീൽദാരുടെ സാക്ഷ്യപത്രങ്ങൾ വാങ്ങിക്കുന്നതിനു വളരെ വിഷമമാണ്. അവരുടെ കൈവശത്തിലുള്ള കഴിഞ്ഞ പ്രകൃതത്തെ സംബന്ധിച്ചും വിഷമങ്ങളുണ്ട്. ഈ [illegible] റെവന്യൂ ഡിപ്പാർട്ടുമെന്റിനെ അറിയിക്കുകയും, കുടിയിരുപ്പുകളിൽ [illegible] ഗവണ്മെന്റ ഉദ്യോഗസ്ഥന്മാരെ ഉത്തരവാദികളായി കണക്കാക്കുന്നതു അഭിപ്രായപ്പെടുന്നില്ല. അതുകൊണ്ടു—

മി. എം. [illegible] (തിരുവനന്തപുരം): വസ്തുവിന്റെ വാസ്തവത്തിലുള്ള ഉടമസ്ഥന് [illegible] കോടതി തീരുമാനിച്ചിട്ടുള്ളവയുടെ അവകാശങ്ങളെപ്പറ്റി തിട്ടപ്പെടുത്തുന്നതിന് [illegible] മനസ്സിലാക്കിട്ടുണ്ടോ എന്നു ദയചെയ്തു പറയുമോ?

മി. ആർ. ധനകോടിപിള്ള (വനം കൺസർവേറ്റർ): ഇത്തരത്തിലുള്ള അനേകം [illegible] ഉണ്ടായിട്ടുണ്ടോ എന്നു എനിക്കറിയാൻ പാടില്ല.

മി. മാത്യു കുടികളുടെ ന്യായമായുള്ള ഉപയോഗത്തിനുവേണ്ടി തടിവെട്ടുന്നതിന്റെ പ്രയാസത്തെക്കുറിച്ചു പ്രസ്താവിക്കുകയായിരുന്നു. ഞാൻ അതു സ്വീകരിച്ചു പറയുകയായിരുന്നു. ഞങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതു ഇപ്രകാരമാണ്: ഉടമസ്ഥന്മാരോടു തടിയുടെ തറവിലയോ അല്ലെങ്കിൽ ഞങ്ങൾ നിശ്ചയിക്കുന്ന മറ്റേതെങ്കിലും വിലയോ കൊടുക്കുന്നതിനു പറയുകയും, ഏതെങ്കിലും അത്യാവശ്യമുണ്ടെങ്കിൽ കുടിയാന്റെ അവകാശത്തെപ്പറ്റി പിന്നീടു തിട്ടപ്പെടുത്തുന്നതിനായി വച്ചിട്ടു തടി ഉപയോഗിച്ചുകൊള്ളുന്നതിനു ഞങ്ങൾ അനുമതി നൽകുകയുമാണു ചെയ്യുന്നതു്. മി. മാത്യു പ്രസ്താവിച്ചതും [illegible] തള്ളിയതും ആയുള്ള [illegible]-ലെ അപേക്ഷയുടെയും ഒരു വിശേഷവിധിയായുള്ള കേസ്സാണെന്നു തോന്നുന്നു. അങ്ങനെ ഒരു സംഭവം നടന്നതായി എനിക്കുതന്നെ അറിയാൻ പാടില്ല. എന്നെസംബന്ധിച്ചിടത്തോളം, തഹശീൽദാരുടെ സാക്ഷ്യപത്രം കിട്ടുന്നതിനു പ്രയാസമുണ്ട്. കൂടാതെ വസ്തുവിന്റെ അവകാശിയെപ്പറ്റി എനിക്കു ബോദ്ധ്യം വരേണ്ടതായുംഉണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): പണ്ടാരപ്പാട്ടം വസ്തുക്കളുടെ കാര്യത്തിൽ എന്തെങ്കിലും പ്രയാസമുണ്ടോ?

മി. ആർ. ധനകോടിപിള്ള (വനം കൺസർവേറ്റർ): പ്രയാസമില്ലായിരിക്കാം. ഞങ്ങൾക്കു [illegible] ശീൽദാരുടെ സാക്ഷിപത്രം കിട്ടണമെന്നുമാത്രമേയുള്ളു. ചിലപ്പോൾ പാർട്ടികളുടെ സാക്ഷ്യപത്രങ്ങളോടുകൂടി അപേക്ഷകൾ ഹാജരാക്കാറുണ്ട്, തഹശീൽദാരുടെ ഒപ്പില്ലാത്ത പാർട്ടികളുടെ സാക്ഷ്യപത്രങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നു് ഒരു ഗവണ്മെന്റ ഉത്തരവുള്ളതുകൊണ്ടു് അപ്രകാരമുള്ള അപേക്ഷകൾ ഞങ്ങൾക്കു സ്വീകരിക്കാൻ പാടില്ല. മി. തോമസ്സ് പ്രസ്താവിച്ച സംഗതിയെക്കുറിച്ചു അദ്ദേഹം പറഞ്ഞതു് ആരെങ്കിലും പറയത്തക്കതാണെന്നു തോന്നുന്നു, അതു യഥാർത്ഥത്തിൽ വിഷമമുള്ള ഒരു കാര്യമാണു. അതിനു പരിഹാരമുണ്ടാക്കേണ്ടതു എങ്ങിനെയാണെന്നു എനിക്കുതന്നെ അറിയാൻ പാടില്ല. മി. തോമസ്സിനു [illegible]-ാം [illegible]-ാം വൃക്ഷങ്ങൾ നില്ക്കുന്ന ഒരു പുരയിടത്തിൽനിന്നും അഞ്ചോ ആറോ വൃക്ഷങ്ങൾ വിലക്കവേണം. നിശ്ചയമായും മി. തോമസ്സ് പറഞ്ഞതു ശരിയായിരിക്കാം. എന്നാൽ ഉടമസ്ഥന്റെ പക്കൽനിന്നും കൈവശം അക്ലിപ്തമായ ഒരു ദീർഘകാലത്തേക്ക വിട്ടുപോയിരിക്കെ നൂറോ ഇരുനൂറോ വൃക്ഷങ്ങളുടെ കൂട്ടത്തിൽനിന്നും മൂന്നെണ്ണം മാറുകയോ വെട്ടിയെടുക്കയോ ചെയ്യാൻ അനുവദിക്കുന്നതു എങ്ങിനെയാണെന്നുള്ളതാണു ഞങ്ങൾക്കു വിഷമമായിട്ടുള്ളതു്. അനേകം പാസ്സുമാത്രം കാണിച്ചുകൊണ്ടു ആളുകൾ വളരെ വൃക്ഷങ്ങൾ മുറിച്ചു വർഷങ്ങളോളം കൊണ്ടുപോയിട്ടുള്ളതായ പല കേസുകളും ഞങ്ങളുടെ അറിവിൽപെട്ടിട്ടുണ്ട്. കേസുകൾ കോടതിമുമ്പാകെ വരുമ്പോൾ ഈ വിധമുള്ള പല കേസുകളും ഞങ്ങളുടെ അറിവിൽപെട്ടിട്ടുണ്ട്.

യാർ പാട്ടം ഹാജരാക്കിട്ടുണ്ട് എന്ന കാരണത്തിന്മേൽ ചില കേസുകളിൽ അവരെ വെറുതെ വിട്ടിട്ടുണ്ട്. അതുകൊണ്ടു വളരെ വൃക്ഷങ്ങൾ നില്ക്കുന്ന ഒരു പുരയിടത്തിൽനിന്നു കുറെ വൃക്ഷങ്ങൾ മാത്രം മുറിക്കുന്നതിനു അതിന്റെ ഉത്തമവിശ്വാസമുള്ള ഉടമസ്ഥനെ അനുവദിക്കുന്നതിൽ ഞങ്ങൾക്ക യഥാർത്ഥവിഷമം തോന്നുന്നുണ്ട്. എനിക്ക പരിഹാരമുണ്ടാക്കാൻ സാധിക്കാത്തതായ സംഗതി അതാണ്. അതിനു എന്തെങ്കിലും നിവൃത്തിമാർഗ്ഗം മി. തോമസ്സ് പ്രസ്താവിക്കുമെങ്കിൽ അതേപ്പറ്റി പര്യാലോചിക്കുന്നതിനു ഞാൻ വളരെ സന്തോഷമുള്ളവനായിരിക്കും.

മി. വി. സുബ്ബയ്യർ (നിയമിത മെമ്പർ, ഉപാദ്ധ്യക്ഷൻ): എല്ലാ വൃക്ഷങ്ങളും മുറിക്കുന്നതിനു അനുവദിച്ചാൽ ഇതുതന്നെ സംഭവിക്കയില്ലയോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): അപ്പോൾ ഇനിയും വേറെ വൃക്ഷങ്ങൾ ഇല്ലെന്നു ഞങ്ങൾക്ക അയാളോടു പറയാം. പിന്നീടൊരിക്കൽ വേറൊരുവൃക്ഷം മുറിക്കയാണെങ്കിൽ, ഞങ്ങൾക്ക ഉടനെ കണ്ടുപിടിക്കാം.

മി. വി. സുബ്ബയ്യർ (നിയമിത മെമ്പർ, ഉപാദ്ധ്യക്ഷൻ): പാസ്സിനു ഒരു കാലാവധി ക്ലിപ്തപ്പെടുത്തുന്നതിനു സാധിക്കയില്ലയോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): ഒരു കാലാവധി എപ്പോഴും ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാസ്സിന്റെ കൈവശം തടിയുടെ കൈവശത്തിനു ഒരു സാധുവായ കാരണമല്ല എന്നുള്ളതാണു വിഷമം, അതാണു പ്രായോഗികമായിട്ടുള്ള വിഷമത.

മി. വി. സുബ്ബയ്യർ (നിയമിത മെമ്പർ, ഉപാദ്ധ്യക്ഷൻ): ഈ വൃക്ഷങ്ങൾക്ക നമ്പർ ഇട്ടിട്ടില്ലയോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): ഇല്ല. ഞങ്ങൾ ഈ വൃക്ഷങ്ങൾക്ക നമ്പരിടുകയാണെങ്കിൽ ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോൾ ആ അടയാളങ്ങൾ മാഞ്ഞുപോകും.

മി. വി. സുബ്ബയ്യർ (നിയമിത മെമ്പർ, ഉപാദ്ധ്യക്ഷൻ): ഇവയ്ക്കു നമ്പർഇടാൻ നിങ്ങളാൽ സാധിക്കയില്ലയോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): അതു വളരെ പ്രയാസമേറിയ ഒരു ജോലിയാണ്, പ്രായോഗികമായിട്ടുള്ളതല്ല. അങ്ങനെ ചെയ്യുന്നതാണെങ്കിൽതന്നെ ടാർകൊണ്ടല്ല ചെയ്യേണ്ടതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റോഡിന്റെ ഇരുവശവും നില്ക്കുന്ന വൃക്ഷങ്ങൾക്ക പബ്ലിക്കവർക്ക്സ് ഡിപ്പാർട്ടുമെന്റുകാർ നമ്പർഇടുന്നില്ലയോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): ആ വൃക്ഷങ്ങൾ റോഡുവക്കിലാണ്. അവയെസംബന്ധിച്ചുള്ള സംഗതികൾ ഏതവസരത്തിലും കണ്ടുപിടിക്കാൻ സാധിക്കും. എന്നാൽ ഞങ്ങളുടെ ഉദ്യോഗസ്ഥന്മാർ വളരെ ചുരുക്കമായതുകൊണ്ടു എപ്പോഴെങ്കിലും ക്ലിപ്തമായി ഒരു വൃക്ഷം മുറിച്ചാൽ എത്രതെങ്കിലും ഹാജികിട്ടുന്നതുവരെ ഞങ്ങൾക്ക അതറിയാൻ സാധിക്കയില്ല. അതാണ് ഞങ്ങൾക്കുള്ള വിഷമത.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വൃക്ഷങ്ങളുടെ അവകാശത്തെ കൈമാററം ചെയ്യുന്നതിനുള്ള നിബന്ധനയെപ്പററി എന്തുപറയുന്നു?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): അതു് എനിക്കുതന്നെ അറിയാൻ പാടില്ലാത്തതു കുഴപ്പമേറിയതും ആയ ഒരു സംഗതിയാണ്. നിയമസംബന്ധമായിട്ടുള്ള ഒരു വാദമുഖമാണ് അതു്. ആ സംഗതിയിൽ സ്വാതന്ത്ര്യമായി പ്രവൎത്തിക്കുന്നതിനു ഹെഡ് സർക്കാർ വക്കീലിന്റെ ഡിപ്പാർട്ടുമെന്റു ഞങ്ങളെ അനുവദിക്കുന്നില്ല. നിശ്ചയമായും സന്ദേഹത്തോടുകൂടിയാണ് അവർ അങ്ങനെ ചെയ്യുന്നതു്. എന്നാൽ സാധാരണക്കാരായ ഞങ്ങളെസംബന്ധിച്ചേടത്തോളം, പ്രത്യേകിച്ചു അപ്രകാരമുള്ള കേസുകളെപ്പററി തെറവു ചെയ്യുന്ന ഉദ്യോഗസ്ഥൻ അതിനെ ശരിപ്പെടുത്തണമെന്നു അവർ പറയുമ്പോൾ, പ്രയാസമായിട്ടാണു തോന്നുന്നതു്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): കൺസർവേറ്റർ പറഞ്ഞതിനെ തിരുത്തട്ടെയോ? വസ്തുവിന്റെ കൈവശനിലയെക്കുറിച്ചല്ല; തീരുകാരമെസംബന്ധിച്ചാണു പ്രശ്നം.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): രേഖകൾ എല്ലാം വ്യക്തമാണെങ്കിൽ, പ്രത്യേകിച്ചു രജിസ്റ്റർചെയ്ത ഒരു വിലപത്രംകൂടി ഉണ്ടെങ്കിൽ അതിനെപ്പററി യാതൊരു നിബന്ധനയുമില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അതിനെപ്പററിയാണു പ്രതിഷേധിച്ചതു്.

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): വാസ്തവത്തിലുള്ള ഉടമസ്ഥനായ വേറൊരാൾ അതിനാവശ്യപ്പെടുമ്പോഴും, വസ്തുവിന്റെ അവകാശനില കുഴപ്പത്തിലിരിക്കുമ്പോഴുമാണ് ഞങ്ങൾക്ക അതിൽ വിഷമത നേരിടുന്നതു്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സർ പൂണിക്കാണിച്ചിട്ടുള്ള വിഷമതകൾക്ക കൺസർവേറ്റർ കാര്യമായിട്ടുള്ള മറുപടി പറഞ്ഞിട്ടില്ലെന്നാണ് എന്റെ അഭിപ്രായം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): യഥാർത്ഥ ഉടമസ്ഥനെ നിർണ്ണയിക്കുന്നതിനു പ്രയാസമാണെന്നു അദ്ദേഹം പറഞ്ഞില്ലേ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): എല്ലാ പ്രയാസങ്ങളേയും അദ്ദേഹം സമ്മതിച്ചു. എന്നാൽ അവയ്ക്കു നിവൃത്തിമാർഗ്ഗം ഉണ്ടാക്കാൻ അദ്ദേഹത്തിനെക്കൊണ്ടു സാധിക്കയില്ലെന്നും പറഞ്ഞു. വൃക്ഷങ്ങൾ നില്ക്കുന്ന ഭൂമിയുടെ പ്രകൃതത്തെസംബന്ധിച്ചു നിർണ്ണയിക്കുന്നതിലാണ് അദ്ദേഹത്തിന്റെ തടസ്സം, അതുകൊണ്ടു ഉടമസ്ഥനു അദ്ദേഹം ആ വൃക്ഷങ്ങൾ വിട്ടുകൊടുക്കയില്ല. അതിനാൽ കൺസർവേറ്റർക്ക് എന്താണാവശ്യമുണ്ടാകുന്നതു്. വേറൊരാൾക്ക ആ വസ്തുവിലുള്ള അവകാശത്തിനല്ലാ ഗവണ്മെന്റിനു പണം കിട്ടുന്നതു്. പകുതി വൃക്ഷങ്ങൾ ഗവണ്മെന്റിനുള്ളതാണെന്നും ആ പകുതി ഉടമസ്ഥന്മാർ ഗവണ്മെന്റിനു കൊടുക്കണമെന്നും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. അതു വേറൊരാൾക്കും അവകാശമുള്ളതായി പറയാൻ പാടില്ല. വസ്തുവിന്റെ അവകാശനിലകൊണ്ടു എന്തു ബുദ്ധിമുട്ടാണു ഉണ്ടാകുന്നതെന്നു എനിക്ക മനസ്സിലാകുന്നില്ല. കരിവിലയെ സംബന്ധിച്ചു, അവകാശതക്കംനിമിത്തം പ്രയാസങ്ങൾ നേരിട്ടേക്കാം. കൺ-

സർവേറർ വാദമുഖം വിസ്തരിച്ചുപോകുന്നു എന്നു പറയാതിരിക്കാൻ തരമില്ല. ഒരു സംഗതിയെക്കുറിച്ചു വാദപ്രതിവാദം ചെയ്യുമ്പോൾ അദ്ദേഹം മറെറാന്നിന്റെ കാരണമാണു പറയുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കണ്ടെഴുത്തിനുശേഷം ചിററാ തയ്യാറാക്കിയതിൽപിന്നീടു എന്തെങ്കിലും വിഷമത നേരിട്ടിട്ടുണ്ടോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): നിശ്ചയമായും ഇല്ല. അവിടെ ഈ വിഷമതയെക്കുറിച്ചു വിചാരിക്കയെങ്കിലും ചെയ്യാമായിരുന്നു. എന്നാൽ ഇപ്പോൾ അതു വിചാരിക്കുന്നതിനുകൂടി നിവൃത്തിയില്ല.

വൃക്ഷങ്ങൾ കാണപ്പാട്ടംവസ്തുവിലാണു നിൽക്കുന്നതെങ്കിൽ തടിയുടെ പകുതിവില, അതായതു കുടിവില ജന്മിക്കും കുടിയാനവനുംകൂടി ഉള്ളതാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കുടിവില ആരാണു കൊടുക്കേണ്ടതു?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സർക്കാർ കൊടുക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഏതു ഡിപ്പാർട്ടുമെന്റിൽനിന്നു?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): വനം വകുപ്പിൽനിന്നു,

എന്റെ ഉപക്ഷേപത്തിനു കുടിവിലയുമായി യാതൊരു ബന്ധവുമില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കുടിവില ആർക്കാണു കൊടുക്കേണ്ടതു? ആരാണു അതിന്റെ യഥാർത്ഥ അവകാശി? എന്നുള്ള സംഗതി തീരുമാനിക്കുന്നതിൽ അവർക്കു വിഷമത നേരിടുകയില്ലയോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): കുടിവിലയുടെ അവകാശത്തെസംബന്ധിച്ചു എന്തെങ്കിലും വിഷമം ഉണ്ടെങ്കിൽ ചിലവുകഴിച്ചു ബാക്കിയുള്ള തുക അവർക്കു കോർട്ടിൽ നിക്ഷേപിക്കാവുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവർക്കു നിവൃത്തിവ്യവഹാരം കൊടുക്കാൻ പാടില്ലയോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): നിശ്ചയമായും ചിലവുകഴിച്ചു ബാക്കിയുള്ള തുക ഒരു സിവിൽന്യായക്കോടതിയിൽ നിക്ഷേപിച്ചതിന്റെശേഷം അവർക്കു ഒരു പര തർക്കനിവൃത്തിവ്യവഹാരം കൊടുക്കാം. എന്നാൽ ഈ വൃക്ഷങ്ങളിൽ സർക്കാരിനുള്ള അവകാശത്തെസംബന്ധിച്ചു യാതൊരു തർക്കവുമില്ല. യാതൊരു തർക്കത്തിനും ഇടയുമില്ല. നിയമപ്രകാരം സർക്കാരിന്റെ അവകാശത്തെ പകുതിവിലയ്ക്കു വാങ്ങിക്കാമായിരിക്കാം. വസ്തു ഉടമസ്ഥന്മാർക്കു അപ്രകാരം ചെയ്യുന്നതിനു നിയമപ്രകാരം അധികാരം ഉള്ളപ്പോൾ കുടിയാനവന്മാരുടെ ആ മാർഗ്ഗത്തിനു വനം വകുപ്പുകാർ തടസ്സമുണ്ടാക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു. അവർ ആ നിയമത്തെ അനുകമ്പയോടുകൂടി പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യാവു. എന്നാൽ എന്റെ സ്നേഹിതൻ വിഷമതകൾ ഉണ്ടെന്നു വിചാരിക്കയോ അവയെ സൃഷ്ടിക്കയോ ചെയ്യുന്നു. അതു നിഷ്പ്രയാസം ചെയ്യാവുന്നതാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): സർക്കാരിന്റെ ആ അവകാശത്തെ ഉടമസ്ഥനല്ലാത്ത ഒരാൾക്കു വിലയ്ക്കുകൊടുക്കാമോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഗവൺമെന്റിന്റെ അവകാശം ആർക്കും വിലയ്ക്കു കൊടുക്കാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): എന്നാലും ഗവൺമെന്റിനു ബാദ്ധ്യതയില്ലയോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആ അവകാശവും വൃക്ഷങ്ങൾ നിൽക്കുന്ന വസ്തുവിന്റെ ഉടമസ്ഥനു പോയേക്കാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): ഏതുതരത്തിലായാലും ഉടമസ്ഥാവകാശം നിർണ്ണയിക്കേണ്ടതായിട്ടില്ലയോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം വിഭജിച്ചതാണു; പകുതി ഗവൺമെന്റിനും പകുതി കുടിയാനവന്മാർക്കും ആണ്. വിലയ്ക്കുവാങ്ങിയതു സർക്കാരിന്റെ അവകാശമാണ്. അതുകൊണ്ടു മറെറല്ലാം തടിയോ അതിന്റെ വിലയോ കൈവശപ്പെടുത്തുകയാണെങ്കിൽ, കേസ്സു കൊടുക്കുന്നതിനുള്ള അവകാശം കുടിയാനവനു ഉണ്ടായിരിക്കയില്ല. കുടിവില കൊടുക്കുന്നതിനെസംബന്ധിച്ചു അതു വ്യത്യസ്തമാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തൊഴിലും): അയാൾക്കു വസ്തു കൈവശംവച്ചുകൊണ്ടു വൃക്ഷത്തിനുള്ള അവകാശത്തെ ഗവൺമെന്റിനു വിൽക്കാമോ എന്നു പറയുമോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): വിൽക്കാം, പിന്നെ, ഈ അപേക്ഷകളുടെ തീരുമാനങ്ങളെ സംബന്ധിച്ചു.

മി. കെ. ജോർജ്ജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): നിയമം അനുസരിച്ചു ഉടമസ്ഥനല്ലാതെ മററാർക്കെങ്കിലും സർക്കാരിന്റെ അവകാശത്തെ വിലയ്ക്കുവാങ്ങാമോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സർക്കാർ ആ അവകാശം വിലയ്ക്കുകൊടുക്കയാണെങ്കിൽ ആ അവകാശം ആർക്കും വിലയ്ക്കുവാങ്ങാം എന്നാണു എനിക്കു തോന്നുന്നതു. അതിനു നിയമാനുസൃതമായ യാതൊരു തടസ്സവുമില്ല.

മി. കെ. ജോർജ്ജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): ഇതു സർക്കാരിൽനിന്നു ഉടമസ്ഥനുമാത്രം കൊടുക്കുന്ന ഒരു സമ്മതമാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): എന്റെ സ്നേഹിതൻ, ഗവൺമെന്റിൽനിന്നു ചെയ്യുന്ന ഔദാര്യവും നിയമാനുസൃതമായ അവകാശവും തമ്മിൽ തെററിദ്ധരിക്കുന്നു. ദീർഘകാലത്തെ താമസംമേ

ട്ടുള്ള കേസ്സുകൾ ഉണ്ടെന്നു കൺസർവേറ്റർ തന്നെ സമ്മതിക്കുന്നു. താമസത്തിനിടയാകുന്നതു അപേക്ഷക്കാർ ഹാജരാക്കേണ്ട സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതിരിക്കയോ ഹാജരാക്കുന്നതിൽ താമസം വരുത്തുകയോ ചെയ്യുന്നതുകൊണ്ടാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. നിയമപ്രകാരം അപേക്ഷ തന്നെ സാക്ഷ്യപത്രത്തോടുകൂടി ആയിരിക്കണമെന്നല്ലേ, എന്നു ഞാൻ ചോദിച്ചതിനു അദ്ദേഹം, അതേ എന്നു മറുപടി പറഞ്ഞു. അപ്പോൾ ഏതു വിധത്തിലാണ് അപേക്ഷകന്മാർക്ക് താമസം വരുത്താൻ സാധിക്കുന്നതു? അപേക്ഷയോടൊന്നിച്ചു സാക്ഷ്യപത്രത്തോടുകൂടിയാണു അയക്കുന്നതു. വനം ഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പു [illegible] ഞാൻ താഴ്മയായി പറഞ്ഞുകൊള്ളുന്നു: [illegible] ഏററവും [illegible], ആവശ്യമില്ലാത്ത ഉപദ്രവങ്ങൾ, അതായതു, ഗവണ്മെൻറിനു കൂടുതൽ നഷ്ടത്തിനും [illegible] ഉണ്ടാകുന്നതിനും കാരണമാകുന്ന ഡിപ്പാർട്ടുമെൻറുകളിൽ ഒന്നു ഇതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അപ്പോൾ ആരാണു ചാർജ്?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും മീനച്ചലും): എനിക്കു പറയാൻ പാടില്ല. അതിന്റെ [illegible] ഇല്ല. അതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തിനു നിർബന്ധിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, എനിക്കു ഇപ്പോൾ സംസാരിക്കാമോ?

മി. കല്ലറ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): നിങ്ങൾക്ക് അദ്ധ്യക്ഷന്റെ അനുവാദം കിട്ടുകയാണെങ്കിൽ സംസാരിക്കാം.

അദ്ധ്യക്ഷൻ: നിങ്ങൾക്കു സംസാരിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അവിടുത്തെ അനുവാദത്തോടുകൂടി ഞാൻ നാലു വാക്കു പറയാം. ഇപ്പോഴത്തെ അവസ്ഥയെ കുറിച്ചുള്ള സൂക്ഷ്മമാകുന്നതിനു വേണ്ടതെല്ലാം കൂടി പറയേണ്ടതായിട്ടുണ്ട്. രാജകീയവൃക്ഷങ്ങളുടെ ഉടമസ്ഥതയെ സംബന്ധിച്ചിടത്തോളം, അവയുടെ ഉടമസ്ഥാവകാശം പൂർണ്ണ ഉടമസ്ഥനും സർക്കാരിനും ആയി വിഭജിച്ചിരിക്കയാണെന്ന എന്റെ സ്നേഹിതൻ പറഞ്ഞതു അത്ര ശരിയല്ല. ഭൂമികളുടെ പൂർണ്ണഉടമസ്ഥൻ സർക്കാർ ആണെന്നാണ് പ്രമാണം; എന്നാൽ രാജകീയവൃക്ഷങ്ങളുടെ പകുതിവില വാങ്ങുന്നതിനു വസ്തു ഉടമസ്ഥനു അവകാശമുണ്ടു. ഈ വിഷയത്തെ സംബന്ധിച്ചു തൈരെപ്പാർട്ടു വിധി ഇപ്രകാരമാണെന്നാണു എന്റെ ഓർമ്മ. പൂർണ്ണ ഉടമസ്ഥത സർക്കാരിനിരിക്കെ, പകുതിവില വാങ്ങുവാനുള്ള അവകാശം ന്യായാവകാശമുണ്ടു. വസ്തുവയെ മാററത്തെക്കുറിച്ചു എന്റെ സ്നേഹിതൻ കൺസർവേറ്റർ വിചാരിക്കുന്ന വിഷയത്തിലുള്ള വിഷമതകൾ പോന്നുവരുന്നതിൽ ഉണ്ടെന്നുള്ളതു എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഒരു വസ്തു കൈമാററവും രജിസ്റ്റർചെയ്തു അസ്സൽ പ്രമാണത്തോടുകൂടി ഉള്ള പോക്കുവരവു പോറംഭിച്ചു റവന്യൂ ഡിപ്പാർട്ടുമെൻറുകാരെ സാധാരണയായി ചെയ്യപ്പെട്ടുവരുന്നു. വസ്തുവിന്റെ ഉടമസ്ഥതസംബന്ധിച്ചിടത്തോളം, ഏതൊരാൾക്കാണ് ആവശ്യപ്പെടേണ്ടതു എന്നുള്ളതു അവർക്കു എപ്പോഴും മനസ്സിലാക്കാൻ സാധിക്കും. കൈമാററത്തെസംബന്ധിച്ചു, വസ്തു അന്യർക്കു വിലക്കു കൊടുക്കയോ മററുപ്രകാരത്തിൽ പൂർണ്ണമായി അന്യാധീനപ്പെടുത്തുകയോ ചെയ്യുമ്പോൾ ആ കൈമാററത്തെക്കുറിച്ചു ഗ്രഹിക്കുന്നതിനു വനം ഡിപ്പാർട്ടുമെൻറുകാർക്കു യാതൊരു മാർഗ്ഗവുമില്ല എന്നു പറയുന്നതു അത്ര ശരിയല്ല.

മി. കെ. കെ. തോമസ് (കോട്ടയം): വസ്തുവാണോ വൃക്ഷങ്ങളിലുള്ള അവകാശമാണോ കൈമാററം ചെയ്യുന്നതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം, അവയിലുള്ള അവകാശത്തെ കൈമാററംചെയ്യുന്നതിനു യാതൊരുത്തർക്കും അധികാരവുമില്ല. അതിനാണു പൂർണ്ണ ഉടമസ്ഥത സർക്കാരിലാണെന്നു ഞാൻ പറഞ്ഞതു നിയമം അതാണെന്നാണു എന്റെ ഓർമ്മ.

മി. കെ. കെ. തോമസ് (കോട്ടയം): ചെയ്യുന്നതിൽ എങ്ങനെ ചെയ്യിട്ടുണ്ടെന്നു എനിക്കറിയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ നിയമത്തെക്കുറിച്ചാണു സംസാരിക്കുന്നതു. അതു ശരിയാണെങ്കിൽ ഉടമസ്ഥത സർക്കാരിലിരിക്കുന്നതുകൊണ്ടു യാതൊരു കുടിയാനവനും വൃക്ഷങ്ങളിലുള്ള അവകാശത്തെ മററാർക്കും കൈമാററം ചെയ്യുന്നതിനു സാധിക്കയില്ലെന്നാണ് ഞാൻ പറയുന്നതു. ഈ സംഗതികൊണ്ടു ഒരു വസ്തുഉടമസ്ഥൻ വൃക്ഷങ്ങളുടെ പകുതിവിലയ്ക്കു മാത്രമേ ന്യായമായി അർഹനായി തീരുന്നുള്ളു.

മി. എസ്. ഏ. ചാംപാർഡു (തൊഴിലാളർ): കാണപ്പാട്ടം വസ്തുക്കളെ സംബന്ധിച്ചും ഈപ്രകാരമാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ പണ്ടാരപ്പാട്ടം വസ്തുക്കളെക്കുറിച്ചാണു പറയുന്നതു. കാണപ്പാട്ടം വസ്തുക്കളെസംബന്ധിച്ചു ജന്മിയും കുടിയാനവനും തമ്മിൽ ഒരു കീഴ്ക്കയ്യേണനില ഉത്ഭവിക്കുന്നതുകൊണ്ടു, ഈസംഗതി കുഴപ്പത്തിലാണു. ജന്മിക്കു കുടിയാനവനെക്കാൾ പകുതിവിലക്കുമാത്രമേ ന്യായാവകാശമുള്ളു; മററപകുതിയുടെ അവകാശം ഗവണ്മെൻറിനാണ്. അവിടെയും ഉടമസ്ഥാവകാശം എല്ലാപ്പോഴും സർക്കാരിലാണ് ഇരിക്കുന്നതു. അപ്പോൾ കുടിയാനവനും ജന്മിയുംതമ്മിൽ വില വിഭജിക്കുന്നകാര്യത്തിൽ കുഴപ്പം നേരിടുന്നു. പക്ഷേ ജന്മി ഒരാളായിട്ടിരിക്കെ, കാണപ്പാട്ടാവകാശത്തെ വേറെയാർക്കു കൈമാററം ചെയ്യുമ്പോൾ കൂടുതൽ പ്രയാസമുണ്ടാകുന്നു. എന്നാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതു എങ്ങിനെയായാണെന്നുള്ള നിയമസംബന്ധമായുള്ള ധാരണ വനംവകുപ്പുകാർ വിസ്മരിക്കാതിരിക്കുന്നുഎങ്കിൽ ഈ സംഗതികളിലെല്ലാം കൈമാററം ചെയ്യുന്നതിൽ കുഴപ്പമുണ്ടാകുന്നു എന്നു പറയാൻ പാടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ജന്മവസ്തുക്കളെ സംബന്ധിച്ചുപോലും, വൃക്ഷങ്ങളുടെ പകുതിവിലയ്ക്കു അവർക്കുള്ള ന്യായാവകാശത്തെ അന്യാധീനം ചെയ്യുന്നതിനു വസ്തുഉടമസ്ഥനു അവകാശമില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): രാജകീയവൃക്ഷങ്ങൾ അന്യാധീനം ചെയ്യുന്നതിനുള്ള അവകാശം സ്ഥാപിക്കുന്നതിനു യാതൊരുകുടിയാനവനും സ്വാതന്ത്ര്യം ഇല്ലഎന്നുള്ളതു ഞാൻ ഒരു മുഖ്യസിദ്ധാന്തമായി പ്രസ്താവിക്കയായിരുന്നു; എന്തുകൊണ്ടെന്നാൽ അവയുടെ പൂർണ്ണമായ ഉടമസ്ഥത സർക്കാരിനാണ്. ജന്മവസ്തുക്കളിൽ നിൽക്കുന്ന രാജകീയവൃക്ഷങ്ങളെ ഒരു കുടിയാനവനോ ജന്മിയോ കൈമാററം ചെയ്യുന്നുഎങ്കിൽ അതു നടപ്പിൽവരികയില്ല, എന്തെന്നാൽ ആ വൃക്ഷങ്ങൾക്കുള്ള ഏക അവകാശി സർക്കാർ മാത്രമാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അയാൾക്കു പകുതിവിലയ്ക്കുള്ള അവകാശമില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങിനെതന്നെ; കുടിയാനവന്മാരോടുകൂടി—

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ അവകാശത്തെ അയാൾക്കു കൈമാററം ചെയ്യാൻ പാടില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ അവകാശം അവിടെ ഉള്ളതുകൊണ്ടു സാധാരണയായി വസ്തു കൈമാററം ചെയ്യുമ്പോൾ ആ വസ്തുവിന്മേൽ നില്ക്കുന്ന വൃക്ഷങ്ങളെസംബന്ധിച്ച കുടിവിലയുടെ വീതം [illegible] യുണ്ടെന്നതിനുള്ള അവകാശത്തെക്കൂടി കൊടുക്കുന്നു എന്നാണ് ഞാൻ പറയുന്നത്. അതു എന്തുകൊണ്ടെന്നാൽ അയാൾ വസ്തുവുടമസ്ഥനായതുകൊണ്ടാണ്. ആ കൈമാററത്തിൽ വൃക്ഷങ്ങളുടെ കൈമാററംകൂടി ഉൾപ്പെടുന്നില്ലെങ്കിൽപോലും അയാൾ വൃക്ഷം നിൽക്കുന്ന വസ്തുവിൻെറ ഉടമസ്ഥനായിത്തീരുന്നു. അപ്രകാരമായിരുന്നാലും അയാളുടെ അവകാശത്തെ [illegible] യാതൊരു പ്രയാസവും നേരിടുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പൊതുമുതൽ വർദ്ധിക്കുമോ അതോ കുറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വൃക്ഷത്തിൻെറ പകുതിവില സർക്കാരിനു കൊടുക്കണമെന്നുള്ളതുകൊണ്ടു ആ വൃക്ഷം നിൽക്കുന്ന വസ്തുവിൻെറ ഉടമസ്ഥൻ ആ വൃക്ഷത്തിനുള്ള [illegible] ത്തിൽനിന്നും [illegible] വായി സമ്മതിക്കുന്നുഎങ്കിൽ മി. കുഞ്ഞിരാമൻ പ്രതിപാദിച്ചതുപോലെ ആ അവസ്ഥ തിരിഞ്ഞുവരുമെന്നാണ് എനിക്കു തോന്നുന്നത്. എന്നുമാത്രമല്ല അതു പലകുഴപ്പങ്ങൾക്കും നിവൃത്തിമാർഗ്ഗം ഉണ്ടാക്കുകയും [illegible] ഭാഗക്കാരുടെയും ന്യായാവകാശങ്ങളെ തിട്ടപ്പെടുത്തുന്നതിൽ നേരിടുന്ന കുഴപ്പത്തിനു ഇടയാക്കുന്ന വാദപ്രതിവാദങ്ങളെ [illegible] ചെയ്യുന്നതിനു വനംഡിപ്പാർട്ടുമെൻറുകാർ അങ്ങുമിങ്ങും പോകേണ്ട ആവശ്യത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. വസ്തുഉടമസ്ഥനു ഇപ്പോഴും [illegible] ഇല്ല. അയാൾക്കു യാതൊരു പരിഹാരവും ലഭിക്കുന്നില്ല. [illegible] ക്കാരിനു വിപരീതമായി ഒരു കേസ്സു കൊടുക്കയാണെങ്കിൽ [illegible] വളരെ പ്രയാസം നേരിടുന്നതാണ്. ഡിസ്ട്രിക്ട് കോർട്ടുകളിലുള്ള നടപടിയെപ്പററി ആലോചിക്കയാണെങ്കിൽ ഒരു തീരുമാനം ലഭിക്കുന്നതിനുമുമ്പായി [illegible] പക്ഷം മൂന്നോ നാലോ കൊല്ലം കഴിയേണ്ടിവരും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വ്യവസ്ഥ കൂടുതൽ [illegible] പ്രവൃത്തികൾക്കു ഇടകൊടുക്കുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോഴത്തെ ഏർപ്പാടു തുടർന്നുകൊണ്ടുപോയാൽ [illegible] ക്രമക്കേടുകളുണ്ടാകുമെന്നു മി. മാത്യു സൂചിപ്പിച്ചതു ഇതുതന്നെയാണ്. കൺസർവേറററും മററുള്ള [illegible] ൻെറ അന്തർഭാഗത്തിൽ നിശ്ചയമായും എന്തോ പിശകുകൾ [illegible] കിടക്കുന്നുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മി. മാത്യു പറഞ്ഞതിനെ ഞാൻ സമ്മതിക്കുന്നു. [illegible] കൾക്കു കൂടുതൽ [illegible] ലഭിക്കയില്ലയോ? [illegible] വസ്തുക്കളിൽനിന്നും മുറിച്ചതാണെന്നു പറഞ്ഞു റിസർവിൽനിന്നു വൃക്ഷങ്ങൾ മാററിക്കൂടയില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ചോദ്യത്തിനു സമാധാനമില്ല. എന്തുകൊണ്ടെന്നാൽ പാർവത്യകാരുടെ ഒരു സാക്ഷ്യപത്രത്തിൻെറ സഹായമില്ലെങ്കിൽ വനംവകുപ്പുകാർ വൃക്ഷംമുറിക്കുന്നതിനു അനുവദിക്കയില്ല. റവന്യൂ അധികാരികളുടെ അനുമതിയില്ലാതെ വൃക്ഷങ്ങൾ മുറിക്കുന്നസംഗതിയിൽ [illegible] നം ചെയ്തുവരുന്നില്ല.

മി. തയ്യിൽ കുഞ്ഞിരാമൻ (മൂവാററുപുഴയും—തൊടുപുഴയും): തടിമുറിച്ചു ഡിപ്പോവിൽ [illegible] വിററു ഉടമസ്ഥനു പകുതിവില കൊടുക്കുന്നതിനെക്കാൾ അയാൾക്കു തടിയായിട്ടുതന്നെ പകുതി കൊടുക്കുന്നതു [illegible]

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഞാൻ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടാണു മി. കുഞ്ഞിരാമൻെറ പ്രമേയം കൂടുതൽ വിശാലമുള്ള ഒരു പ്രമേയമാണെന്നു ഞാൻ വിചാരിച്ചത്. അതു [illegible] മായിട്ടുള്ള ധാരാളം ഉപദ്രവങ്ങളെ ഇല്ലാതാക്കുന്നു. ഇപ്പോൾ മുറിച്ചിട്ട തടികൾഎങ്കിലും വിലയ്ക്കുകൊടുക്കാനായി സൂക്ഷിക്കേണ്ടതായ ഡിപ്പോവിലേക്കു കരാറുകാരൻ കൊണ്ടുപോകേണ്ടതായിട്ടുണ്ട്. വില്പനയ്ക്കു [illegible] ന്നപണം ഖജനാവിൽ അടക്കണം. അപ്പോൾ, വസ്തുഉടമസ്ഥനുള്ള അവകാശത്തിൻെറ പ്രകൃതത്തേയും [illegible] ൾക്കു അവകാശമുള്ള ഓഹരിയേയും നിർണ്ണയിക്കുന്നതിനു എല്ലാരേഖകളും പരിശോധിക്കാവുന്നതാണ്. [illegible] നേകകൊല്ലങ്ങൾ എടുക്കുന്നതായ ഈ സംഗതികൾ എല്ലാം തീർന്നതിനുശേഷം ക്രമമായ ഒരു [illegible] നിങ്ങളുടെ കുടിവിലയുടെ ഓഹരി ഇതായിരിക്കുന്നു; നിങ്ങൾക്കു മനസ്സുള്ളപക്ഷം എടുക്കാം എന്നു [illegible] പറയുന്നു.

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേടും): ചിലപ്പോൾ ഡിപ്പോകളിൽ വില്ക്കുന്ന [illegible] ടെ നിരക്കുവില താരിപ്പുവിലയെക്കാൾ കുറവായിരിക്കുമെന്നു മെമ്പറിനു അറിയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അറിയാം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഒരാളിൻെറ പുരയിടത്തിൽ ൧൦൦ [illegible] ൽക്കുന്നു. അയാൾക്കു അതിൽ ഒന്നുപകുതി ഉടമസ്ഥാവകാശമുണ്ട്. ആ ഒന്നുപകുതി അവകാശം [illegible] ഉടമസ്ഥൻ മറെറാരാൾക്കു വില്ക്കുന്നു. ആ മൂന്നാമത്തെയാൾ അതനുസരിച്ചു അൻപതുതടി വേണമെന്നു ആവശ്യപ്പെടുമ്പോൾ അതിലേക്കു ഗവണ്മെൻറിൽനിന്നും പാസ്സുകൊടുക്കുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): [illegible] അങ്ങിനെ കൊടുക്കുന്നതിനു നിർവാഹമില്ലാത്തവിധത്തിൽ തടിയുടെ ഉടമസ്ഥാവകാശം ഗവണ്മെൻറിൽ സമർപ്പിച്ചിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഇപ്പോൾ ഈ [illegible] ഉടമസ്ഥനിൽനിന്നും [illegible] ററാരാൾ ആ അവകാശത്തെ വാങ്ങുകയും ആ ആൾ ഗവണ്മെൻറിൽനിന്നും കുടിവില ഈടാക്കുകയും ചെയ്യുന്നതായി അറിയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചിലർ ഈടാക്കുന്നതായി അറിഞ്ഞിട്ടുണ്ട്. [illegible] സ്ഥ അറിഞ്ഞുകൂടാ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ആ വൃക്ഷങ്ങൾ മുറിച്ചതിനു ശേഷമായിരുന്നോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പക്ഷേ പിന്നീടായിരിക്കാം. അതുകൊണ്ടാണ് അവകാശം കളങ്കരഹിതമായിരിക്കണമെന്നു ഞാൻ പറഞ്ഞത്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): എന്റെ ചോദ്യം അതല്ല. ആ പുരയിടത്തിൽ നിൽക്കുന്ന വൃക്ഷമായിരുന്നാൽ വാങ്ങിക്കാമോ എന്നാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റിന്റെ തീരുമാനപ്രകാരമാണെങ്കിൽ സാധിക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അങ്ങിനെ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും അയാൾക്കു കഴിവിലപണം കൊടുത്തുവരുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവർക്കു സൌകര്യമുണ്ടെങ്കിൽ കൊടുക്കാം. നിഷ്കർഷയായ നിയമവ്യവസ്ഥ നോക്കുന്നപക്ഷം കഴിവില കൈമാറ്റം ചെയ്യാൻ അവകാശമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. ഡബ്ലിയു എച്ച്. പിററ് (പോലീസ് കമ്മീഷണർ): മെമ്പർ പ്രസ്താവിച്ച വാദമുഖം എന്താണെന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിവിടെയുള്ള മാന്യന്മാരുടെ ഗ്രഹണത്തിനായി വിട്ടിരിക്കുന്നു.

വൃക്ഷം മുറിക്കുന്നതിനുള്ള അവകാശത്തെ സംബന്ധിച്ചുള്ള നിലയെ ഞാൻ ഒന്നുകൂടി വ്യക്തമാക്കുന്നതാണ്.

മി. കല്ല്യാടം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോൾതോന്നുന്ന വിഷമത എന്താണെന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റു ഈ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം വച്ചുകൊണ്ടിരിക്കയും വൃക്ഷങ്ങൾ നിൽക്കുന്ന ഭൂമിയുടെ കൈവശക്കാരനു അയാൾക്കുള്ള അവകാശത്തെ കൈമാറ്റം ചെയ്യാൻ അനുവദിക്കാതിരിക്കയും ചെയ്യുന്നതാണു വാസ്തവത്തിലുള്ള വിഷമത. അതുകൊണ്ടു മുഖ്യമായി ഗവണ്മെന്റിന്റെ ഉടമസ്ഥാവകാശത്തെപ്പററി, ഉടമസ്ഥനു തങ്ങളുടെ അവകാശത്തെ അന്യാധീനം ചെയ്യുന്നതിനു സൌകര്യപ്രദമാക്കത്തക്കവിധത്തിൽ ആലോചിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ സമ്മുൻപാകെ അവതരിപ്പിച്ചിട്ടുള്ള പലകുഴപ്പങ്ങൾക്കും നിവൃത്തിമാർഗ്ഗം ഉണ്ടാക്കുന്നതിനു കൺസർവേററോടു ആവശ്യപ്പെടുന്നതു വിഷമമാണെന്നാണ് എനിക്കു തോന്നുന്നതു. അദ്ധ്യക്ഷന്റെ കാസ്റ്റിംഗ്‌വോട്ടുകൊണ്ടു തള്ളപ്പെട്ടതായ മി. കുഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തിനു പ്രസ്താവിച്ചതായ മുഖ്യവാദത്തെപ്പററി, പലപ്രമേയങ്ങളിൽനിന്നും ഉൽഭൂതമാകുന്ന പിന്നീടുള്ള പ്രശ്നങ്ങൾക്കു നിവൃത്തിമാർഗ്ഗം ഉണ്ടാക്കുന്നതിനു വീണ്ടും പര്യാലോചിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ ഇത്രമാത്രമെ എനിക്കു ബോധിപ്പിക്കാനുള്ളു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ നിലയിൽ കുറേക്കൂടി കഴിഞ്ഞാൽ ഈ തേക്കുതടി കുടികളുടെ പുരയിടങ്ങളിൽ നാമാവശേഷമാകാൻ ഇടയില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കഴിഞ്ഞദിവസം ഞാൻ കൺസർവേററിൽനിന്നും മനസ്സിലാക്കിയതു അവർ ഇപ്പോൾ നിവൃത്തിയുള്ളെടത്തോളം രാജകീയ വൃക്ഷങ്ങൾ കുടി പുരയിടങ്ങളിൽ നിന്നുമാണ് മുറിക്കുന്നതു എന്നും, അല്ലാതെ ഗവണ്മെന്റു റിസർവുകളിൽനിന്നുമല്ല എന്നുമാണ്. ഈ നയം തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ, കുടികളുടെ പുരയിടങ്ങളിൽനിന്നും രാജകീയ വൃക്ഷങ്ങൾ എല്ലാം നാമാവശേഷമായിപ്പോകുന്നതിനാണ് ഇടയുള്ളതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പകുതിവില കൊടുക്കുന്നതു മതിയായ ആകർഷണമായിരിക്കയില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതായിരിക്കയോ അല്ലാതായിരിക്കയോ ചെയ്യാം. ഓരോരുത്തരും അവനവന്റെ തടിക്കു വയ്ക്കുന്നവില ആകർഷണീയമായിട്ടും അല്ലാതെയുംവരാം.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേററർ): മി. മാത്യു അവതരിപ്പിച്ച വാദമുഖം ഫാറസ്റ്റ് ചട്ടങ്ങളിൽ രണ്ടാമത്തെ റൂളിനെ സംബന്ധിച്ചാണ്. അദ്ദേഹം വിശദമാക്കിയ വിഷമത ഉടമസ്ഥന്മാരുടെ സ്വന്തം വസ്തുവിൽനിന്നും ന്യായമായ സ്വന്ത ഉപയോഗത്തിലേക്കായി രാജകീയ വൃക്ഷങ്ങൾ മുറിക്കുന്നതിനെക്കുറിച്ചുള്ളതാണ്. എന്നാൽ അപേക്ഷകനാണോ ഈ സമ്മതത്തിനു ന്യായവകാശിയായ യഥാർത്ഥ ഉടമസ്ഥൻ എന്നതിനെക്കുറിച്ചു ഡിപ്പാർട്ടുമെന്റിനു തന്നെത്താൻ തൃപ്തിപ്പെടേണ്ടതായിട്ടുണ്ടു. ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതായ വിഷമത അവിടെയാണ് ഉത്ഭവിക്കുന്നതു. ഈ എല്ലാ അപേക്ഷകളും തഹശീൽദാരുടെ സാക്ഷ്യപത്രത്തോടുകൂടിയാണ് കൊടുക്കുന്നതെന്നു മി. മാത്യു പറയുന്നുഎങ്കിൽ തഹശീൽദാരുടെ സാക്ഷ്യപത്രത്തോടുകൂടിയ ഓരോ അപേക്ഷയ്ക്കും അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാത്ത അനേകം അപേക്ഷകൾ ഉണ്ടെന്നു ഞാൻപറയാം. സാക്ഷ്യപത്രത്തോടുകൂടി അയക്കുന്നതിനു അവയെ അപേക്ഷിച്ചിട്ടുള്ളവർക്കു തിരിച്ചയക്കുന്നു. ഇതാണ് താമസത്തിനും വളരെ എതിർവാദത്തിനും ഇടയാക്കുന്നതു. അപേക്ഷകർ ഹാജരാക്കുന്ന എല്ലാ ഡാക്യുമെന്റുകളും സ്പഷ്ടവും രേഖകൾ ശുദ്ധവും ആയിരുന്നാൽ ഞാൻ അറിഞ്ഞെടത്തോളം അനുവാദം നൽകുന്നതിൽ യാതൊരുതാമസവും ഉണ്ടാകാൻ ഇടയില്ല. എന്നാൽ ചില കുടിയാനവന്മാരാണ് സംശയങ്ങൾ കുഴപ്പത്തിലാക്കുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉടമസ്ഥാവകാശത്തെപ്പററി ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും ഇത്ര വളരെ അന്വേഷിക്കേണ്ടയാവശ്യം എന്തു? എന്റെ പുരയിടത്തിൽ നിൽക്കുന്നതടി എന്റെ സ്വന്ത ആവശ്യത്തിനു മുറിക്കണമെന്നപേക്ഷിക്കുമ്പോൾ ഉടമസ്ഥാവകാശത്തെപ്പററി ഇത്ര വിസ്താരമായി അന്വേഷിക്കേണ്ടയാവശ്യമുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): അനുമതി നൽകുന്നതിനുമുമ്പായി അയാൾക്കു അതിനു ന്യായാവകാശം ഉണ്ടോ എന്നു ഞങ്ങൾക്കു നേരത്തേകൂട്ടി അറിയേണ്ടതായിട്ടുണ്ട്. അയാൾ ഒരു കുടിയാനവനാണോ അതോ തൽക്കാലത്തേക്കു മാത്രം വസ്തു കൈവശംവെച്ചുകൊണ്ടിരിക്കുന്ന ആൾ ആണോഎന്നു—

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിന്റെ ആവശ്യം ഇല്ലല്ലോ. അന്യന്മാരുടെ ആളുകളുടെ പുരയിടത്തിൽ കേറി തടിവെട്ടിയാൽ അവർ തടഞ്ഞുകൊള്ളും. അതുകൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകാർ അന്വേഷിക്കേണ്ട ആവശ്യമില്ല. ഇങ്ങനെയുള്ള അന്വേഷണംകൊണ്ട് ഡിപ്പാർട്ടുമെന്റിന് അധികം ജോലിക്കും കാലതാമസത്തിനും ഇടയാകുന്നു. അതിനാൽ ജനങ്ങൾക്കു സങ്കടത്തിനും കാരണമായി തീരുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): ഞങ്ങൾ ഈ അനുമതി തെററായി ഒരാൾക്കു കൊടുത്താൽ യഥാർത്ഥ അവകാശി ആ അവകാശത്തിനായി ആവശ്യപ്പെടുമ്പോൾ ഞങ്ങളുടെ ചീട്ടുകളും അയാൾക്കുണ്ടായ നഷ്ടത്തിന് ആ ഫോറസ്റ്റ് ഉദ്യോഗസ്ഥൻ പരിഹാരം ഉണ്ടാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഹെഡ്ഡ്സക്കാർവക്കീലിന്റെ അഭിപ്രായം അതായിരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കുടിവിലയെസംബന്ധിച്ചല്ല ഞാൻ പറയുന്നതു. എന്റെ സ്വന്ത ആവശ്യത്തിനു എന്റെ പുരയിടത്തിലുള്ള തേക്കുതടിയെ ഞാൻ ആവശ്യപ്പെടുന്നു. അതിലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകാർ തഹസിൽദാരുടെ സർട്ടിഫിക്കെററ് ആവശ്യപ്പെടേണ്ട അവകാശമില്ല. കുടിവില കൊടുക്കുന്നതിനാണെങ്കിൽ, അങ്ങനെയുള്ള അന്വേഷണം ആവശ്യമായിരിക്കും.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): ആ ആളാണ് വാസ്തവത്തിൽ ഉടമസ്ഥൻ എന്നു ഞങ്ങൾക്കു ഒരിക്കൽ തൃപ്തികരമാംവണ്ണം മനസ്സിലായാൽ പിന്നീടു യാതൊരു വിഷമതയും ഉണ്ടാകയില്ല. ഉദാഹരണമായി, മി. കുമാരപിള്ളയാണ് ഒരു പ്രത്യേക സ്ഥലത്തിന്റെ ഉടമസ്ഥൻ എന്നു എനിക്കു മനസ്സിലായാൽ എനിക്കു ഒരു തടസ്സവുമുണ്ടായിരിക്കയില്ല. എന്നാൽ ഒരേസ്ഥലത്തു നിന്നും ഒരു അപേക്ഷ വരികയാണെങ്കിൽ, വാസ്തവത്തിലുള്ള അപേക്ഷകനാരെന്നു അപേക്ഷ കൊടുത്തിരിക്കുന്നു എന്നു ഞങ്ങൾക്കു അറിയാൻ പാടില്ല. ഞങ്ങൾക്കു ഒരു അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്; കാഞ്ഞിരപ്പള്ളിയിൽ ചില അപേക്ഷകന്മാർതന്നെയാണ് വാസ്തവത്തിൽ ഉടമസ്ഥന്മാർ എന്നു എനിക്കു ബോദ്ധ്യമായപ്പോൾ ഞാൻ അതിനു അവർക്കു അനുവാദം കൊടുത്തു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു ഒരു അവകാശമാണോ; അതോ ഒരു സൌജന്യമാണോ എന്നു പറയുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): ചട്ടങ്ങളുടെ പ്രയോഗം സംബന്ധിച്ച് അതു ഒരു സൌജന്യം മാത്രമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വാസ്തവത്തിലുള്ള ഉടമസ്ഥനെ സംബന്ധിച്ചോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): അയാൾ വാസ്തവത്തിൽ ഉടമസ്ഥനാണെന്ന് അറിയുന്നപക്ഷം അതു ഒരു അവകാശസംഗതിയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉടമസ്ഥന്റെ ഈ അവകാശം അന്യാധീനപ്പെടുത്താമോ എന്നു പറയുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): അതു നിയമജ്ഞന്മാരാണു പറയേണ്ടതു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആ ചട്ടത്തിനു ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള വ്യാഖ്യാനം എന്താണെന്നറിഞ്ഞാൽകൊള്ളാം. ഞാൻ നിയമസംബന്ധമായുള്ള അഭിപ്രായമല്ല ചോദിക്കുന്നതു.

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): അതിനവസരം ഉണ്ടായിട്ടില്ല. എന്നാൽ അവകാശസ്ഥാപനത്തിനുശേഷം നാമമാത്രമായ ഒരു പ്രമാണംകൊടുത്തു തടിമാററിയിട്ടു, തന്നിമിത്തം വസ്തു ഉടമസ്ഥന്റെ അടുക്കൽനിന്നും കുടിവില അവകാശത്തെ മററാളുകൾ വാങ്ങേണ്ടതായിട്ടുള്ള കേസുകൾ ഉണ്ടു. അതു നിത്യം നടക്കുന്ന ഒരു കച്ചവടമായി തീർന്നിട്ടുണ്ട്. എന്നുതന്നെയല്ല, ഇതു സംബന്ധിച്ചുള്ള കേസുകളിൽ ഈ വസ്തുക്കളെ സംബന്ധിച്ചു വ്യാജംകൊണ്ടുള്ള കള്ളപ്രമാണങ്ങൾ ഹാജരാക്കുന്നു. ചിലപ്പോൾ ഞങ്ങൾക്കു അവ സൂക്ഷ്മമായി പരിശോധിക്കേണ്ടതായും വന്നിട്ടുണ്ട്. ആ സംഗതി സൂക്ഷ്മമായിപരിശോധിച്ചില്ലെങ്കിൽ ഞങ്ങൾ ഒരു തെററു ചെയ്യുന്നതായിട്ടും വന്നേക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): കുടിവില അവകാശത്തെ അന്യാധീനം ചെയ്യുന്നതായാൽ അതു നിങ്ങൾ സമ്മതിക്കുമോ എന്നാണ് എന്റെ ചോദ്യം?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): വെട്ടുന്നതിനു മുൻപില്ല; വെട്ടിക്കഴിഞ്ഞാൽ സമ്മതിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എന്തിനാണ് ആ വ്യത്യാസം?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): എന്തുകൊണ്ടെന്നാൽ, നിയമം അനുസരിച്ചു രാജകീയവൃക്ഷങ്ങൾ മുറിച്ചിട്ടുള്ളതുവരെ കുടിവില അവകാശം ഉത്ഭവിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പണം വാങ്ങുന്നതിനുള്ള അവകാശം തീർച്ചപ്പെടുന്ന തീയതി പിന്നീടു ഉണ്ടാകുന്നുള്ളു എങ്കിലും ആ അവകാശം മുൻകൂട്ടി വാങ്ങാൻപാടില്ലയോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): നിങ്ങൾക്കു ആ അവകാശം വാങ്ങാം. എന്നാൽ ആ അവകാശം ഉണ്ടാകുന്നതുവരെ ഞങ്ങൾ അതിനെ അംഗീകരിക്കയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡിപ്പാർട്ടുമെന്റിലുള്ള ഏതെങ്കിലും ഒരുദ്യോഗസ്ഥൻ അയാളുടെ പ്രത്യേകഅറിവു അടിസ്ഥാനമാക്കി ഒരാളുടെ ഉടമസ്ഥാവകാശത്തെക്കുറിച്ചു തൃപ്തിപ്പെടുന്നു എങ്കിൽ കുടിവില കൊടുക്കുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറററ്): അതിന്റെ മുഴുവൻ ചുമതലയും ഡിവിഷൻ ആഫീസർ തന്നെ വഹിക്കുന്നു എങ്കിൽ അദ്ദേഹത്തിന്റെ വാക്കിനെ അവസാന തീർച്ചയായി ഗണിക്കുന്നതാണ്. ആ സ്ഥിതിക്കു ഞങ്ങൾ പ്രമാണങ്ങൾ പരിശോധിക്കുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതുകൊണ്ടു ഉടമസ്ഥാവകാശത്തിന്റെ സാക്ഷ്യപത്രം അപേക്ഷകർ ഹാജരാക്കണമെന്നു നിയമമുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): ഉണ്ട്. അതാണ് സാധാരണനിയമം. ഡിവിഷനാഫീസർക്ക് സമ്മതമായാൽ സാക്ഷ്യപത്രം ഹാജരാക്കേണ്ടയാവശ്യമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എല്ലാ കേസുകളിലും സാക്ഷ്യപത്രം ആവശ്യമാണോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): വാസ്തവത്തിലുള്ള ഉടമസ്ഥനെ അറിയാൻ പാടില്ലാത്ത കേസുകളിൽ മാത്രമേ ഞങ്ങൾ സാക്ഷ്യപത്രം ഹാജരാക്കാൻ നിർബന്ധിക്കുന്നുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉടമസ്ഥൻ അവകാശങ്ങൾ കൈമാറ്റം ചെയ്യുന്ന അവസരങ്ങളിൽ വൃക്ഷം നിൽക്കുന്ന ഭൂമിയുടെ കൈമാറ്റം ചെയ്യണമെന്ന ഡിപ്പാർട്ടുമെൻറുകാർ നിർബന്ധിക്കാറുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): തീരെ ഇല്ല.

മി. തയ്യിൽ കുഞ്ഞിക്കണ്ണമേനോൻ (മൂവാററുപുഴയും തൊടുപുഴയും): ഗവൺമെൻറ് ഡിപ്പോയിൽ കൊണ്ടുവന്നു വിററാൽ കണ്ട്രാക്ടർക്കുള്ള ചിലവും ശേഖരിച്ച ചിലവും കഴിച്ചു ബാക്കിയിരിക്കുന്ന ആദായം ഈ മരങ്ങൾ നിന്നിരുന്ന കരകളുടെ ഉടമസ്ഥന്മാരായ സാധുപൌരന്മാർക്ക് ആ തടി കൊടുക്കാൻ പാടില്ലായോ? എന്താണ്?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): സർ, ഏതാണ്ട് എല്ലാ ഡിപ്പോകളിലും ഉണ്ടെന്നുള്ളതാണ് ആ കാര്യത്തിലുള്ള വിഷമത. ഒരു സ്ഥലത്തുള്ള നിവാസികളെ സംബന്ധിച്ച് എന്തെങ്കിലും സൌജന്യം കാണിക്കുന്നതായാൽ ആ ആൾ പ്രത്യേകം അവിടെയുള്ളതിൽ ഏററവും നല്ല തടി തിരഞ്ഞെടുക്കുന്നു. അതുകൊണ്ട് ഒരേ നിരക്ക് ഉപയോഗിക്കാൻ സാധിക്കയില്ല.

മി. തയ്യിൽ കുഞ്ഞിക്കണ്ണമേനോൻ (മൂവാററുപുഴയും തൊടുപുഴയും): തേക്കുതടി ഇവിടെ ഉള്ളവർക്കു കൊടുക്കുന്ന വിലയേക്കാൾ കൂടുതൽ വിലക്കാണ് സ്വദേശികളായ നാട്ടിൻപുറത്തുള്ള ആളുകൾക്ക് കൊടുക്കുന്നതു. ഇതു ന്യായമാണോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): അത് എനിക്കുതന്നെ അറിയാൻ പാടില്ലാത്ത ഒരു സംഗതിയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മെമ്പറിൻെറ പ്രസ്താവന ഗവൺമെൻറിൻെറ ഭാഗത്തുനിന്നും അധികാരപൂർവം പ്രസ്താവിച്ചതായി എനിക്കു ഗണിക്കാമോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): എൻെറ പ്രസ്താവനകൾ എല്ലാ ജനങ്ങൾക്കും അറിയാവുന്നതുമാത്രമായിരുന്നു.

മി. എസ്സ്. ചിദംബരംപിള്ള (കല്ക്കുളവും വിളവങ്കോടും): ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള സമയം എത്രയെന്നു പറയാമോ?

അദ്ധ്യക്ഷൻ: ൧-൨൫-നോടുകൂടി സമയം തീരുന്നു.

മി. പി. സബ്ബയ്യർ (നിയമിത മെമ്പർ, ഉപാദ്ധ്യക്ഷൻ): മി. രാമൻമേനോൻെറ കാലത്തു ൪ ഉദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു കമ്മിററി ഏർപ്പെടുത്തുകയും അവർ ഈ തീരുമാനിക്കേണ്ടവിധത്തെപ്പററി ഐകകണ്ഠ്യേനയുള്ള ഒരു റിപ്പോർട്ടു സമർപ്പിക്കയും ചെയ്തിട്ടില്ലയോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): ആ വിഷയത്തെക്കുറിച്ചു വീണ്ടും വനം ഡിപ്പാർട്ടുമെൻറുകാരോടു ആലോചിച്ചു. അതെപ്പററി നാം രാവിലെ പറഞ്ഞതായ കമ്മിററിയോടും, അതായതു, റായൽ ട്രീ കമ്മിററിയോടും ചോദിച്ചു. കമ്മിററി ഈ സംഗതിയെക്കുറിച്ചു പര്യാലോചിച്ചു രാജകീയവൃക്ഷങ്ങളുടെ കരിവില നൽകുന്നതിനു സൌകര്യപ്പെടുത്തുന്ന അഭിപ്രായങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ടു സമർപ്പിച്ചു.

മി. ററി. എം. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഞാൻ ഈ ഉപക്ഷേപത്തിനുവേണ്ടി നിർബന്ധിക്കുന്നു.

മി. എം. സുബ്രഹ്മണ്യപ്പിള്ള (അഗസ്തീശ്വരം): ഉപക്ഷേപം എന്താണെന്നു ഞങ്ങൾക്കു അറിവാൻ പാടില്ല.

അദ്ധ്യക്ഷൻ: അത് നിങ്ങൾതന്നെ അന്വേഷിച്ചറിയണം.

൧൫ പേർ ഉപക്ഷേപത്തിനു അനുകൂലമായും ൧൯ പേർ വിപരീതമായും വോട്ടുചെയ്തുകൊണ്ടു ഉപക്ഷേപം തള്ളപ്പെട്ടു.

ഉപക്ഷേപം ൨൨൨.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു:—

൨൨൨. വനം സംരക്ഷണത്തിനും വേലകൾക്കും ആയി നീക്കിവച്ചിട്ടുള്ള ൯,൨൨,൨൦൦ രൂപയിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണമെന്ന്.

സർ, എൻെറ ഉപക്ഷേപത്തിൻെറ ഉദ്ദേശം സർക്കാർ തടിയുടെ താരിപ്പുനിരക്കു കുറയ്ക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നതിനാണ്. വനം വകുപ്പിൻെറ ൧൧൦൫-ലെ ഭരണറിപ്പോർട്ടിൽ ഉള്ള വിവരങ്ങൾ മനസ്സിലാക്കാൻ കഴിവില്ലാത്തതും രസാവഹമായിട്ടുള്ളതുമാണ്. എന്നാൽ ഞങ്ങളുടെ കാണിക്കേണ്ടതായ നീതിയെ അപേക്ഷിച്ചു, ആവശ്യമായിട്ടുള്ള ചില ചില്ലറ വിവരങ്ങൾ എനിക്കതിൽനിന്നും ലഭിക്കുന്നതിനു അസാദ്ധ്യമാണ്. ഡിപ്പാർട്ടുമെൻറിൽനിന്നും ലേലത്തിൽ വില്ക്കുന്ന പലമാതിരി തടികളിൽ ചിലതിൻെറഎങ്കിലും താരിപ്പുവിലതമ്മിലുള്ള വ്യത്യാസവും ഒരു ക്യൂബിക്കടിക്കു, ഡിപ്പാർട്ടുമെൻറിൽനിന്നും വില്ക്കുന്നതുകൊണ്ടു ലഭിക്കുന്ന സൂക്ഷ്മമായ ശരാശരിവിലയും എനിക്കറിഞ്ഞാൽകൊള്ളാം. റിപ്പോർട്ടിൻെറ സഹായമെന്നിയേ ഇതു കണ്ടുപിടിക്കാൻ എനിക്കു സാധിച്ചില്ല.

എന്നാൽ ഒരു ക്യൂബിക്കടിക്കു ഡിപ്പാർട്ടുമെൻറു വില്പനയിൽ ലഭിക്കുന്ന സൂക്ഷ്മമായ ശരാശരി നിരക്കുവില പ്രധാനപ്പെട്ട തടിത്തരങ്ങളെസംബന്ധിച്ചു താരിപ്പുവിലയിൽ വളരെ കുറവാണെന്നുള്ളതു മിക്കവാറും എല്ലാവരാലും അറിയപ്പെട്ടതാണ്. തിരുവിതാംകൂറിലെ സാധാരണ ആളുകൾക്കു തടി ആവശ്യമുണ്ടെങ്കിൽ മിക്കവാറും

രങ്ങളിലും ആണ്ടിൽ ശിക്ഷസമയങ്ങളിലും ഡിപ്പാർട്ടുമെൻറിൽനിന്നും ക്ലിപ്തപ്പെടുത്തുന്ന താരിപ്പുവിലയ്ക്കു അവർ വാങ്ങിക്കണമെന്നുള്ളതു യഥാർത്ഥത്തിൽ എനിക്കറിയാവുന്ന ഒരു സംഗതിയാണ്. എന്നാൽ ഭൂരിപക്ഷം തടിയും വലിയ കൂട്ടമായ് ഏതാണ്ടൊരു ചില അവസരങ്ങളിൽ താരിപ്പുനിരക്കിൽ വളരെ കുറഞ്ഞ ഒരു നിരക്കിൽ വഴിയ മുതലാളിമാർക്കു ഡിപ്പാർട്ടുമെൻറിൽനിന്നും സാധാരണയായ വിൽക്കുന്നു. ഈ ഏർപ്പാടുകൊണ്ടു ഗവണ്മെൻറിനാണു ഭൂരിപക്ഷം ജനങ്ങൾക്കോ യാതൊരു പ്രയോജനവുമില്ല, എന്നാൽ ചില മുതലാളിമാർക്കും ഉദ്യോഗസ്ഥന്മാരുടെ ഇഷ്ടന്മാർക്കും സ്വാധീനശക്തിയുള്ള ജനങ്ങൾക്കും മാത്രമേ ഇതുകൊണ്ടു ഗുണം സിദ്ധിക്കുന്നുള്ളു. ഈ അന്യായമായ അവസ്ഥകൾ പരിഹരിക്കേണ്ടതിനായി, ജനങ്ങൾ സാധാരണയായി വാങ്ങിക്കുന്ന ഓരോ പ്രത്യേകമാതിരിത്തടിക്കും ഉള്ള താരിപ്പുനിരക്ക ഗവണ്മെൻറ വില്പനയിൽ ഓരോ പ്രത്യേകമാതിരി തടിക്കും ക്യൂബിക്കടിക്കു കിട്ടുന്ന ശരാശരി വിലയ്ക്കു സമമായി കുറയ്ക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു. ഇപ്പോൾ ഒരു കുടിലം പണിയിക്കുന്നതിനൊ പള്ളം പണിയിക്കുന്നതിനൊ മറ്റൊ തീനെങ്കിലും ആവശ്യത്തിനോ ആയി ഗവണ്മെൻറിൽനിന്നും ഏതെങ്കിലുംമാതിരി തടി വാങ്ങിക്കുന്ന രാജ്യത്തിലുള്ള ഒരു സാധാരണ പൌരൻ, ആ പ്രത്യേകമാതിരി തടിക്കു, ഗവണ്മെൻറിൽനിന്നും വില്ക്കുമ്പോൾ ഒരു ക്യൂബിക്കടിക്കു കിട്ടുന്ന ശരാശരി വിലയേക്കാൾ വളരെ കൂടിയതായ ഒരു വില കൊടുക്കുന്നതിനു നിർബന്ധിതനാകുന്നു. താരിപ്പുവില ഒരു ന്യായമായനിരക്കാക്കി കുറക്കയാണെങ്കിൽ പണം ഡിപ്പാർട്ടുമെൻറിൽ സാധാരണവില്പന കൂടുതലായി തീരുകയും ആണ്ടിൻെറ അവസാനമാസങ്ങളിൽ താരിപ്പുവിലയിൽനിന്നും വളരെ കുറച്ചുകൂടുതലായിട്ടുള്ള ലേലവില്പന കുറയുകയും ചെയ്യും. ഗവണ്മെൻറിൽനിന്നും ഒരുവാവി ഈ സംഗതിയെക്കുറിച്ചു അന്വേഷിക്കയും ഓരോമാതിരി തടിക്കുമുള്ള താരിപ്പുനിരക്കുകൾ ഓരോ മാതിരിതടിയും വിൽക്കുമ്പോൾ ഒരു ക്യൂബിക്കടിക്കു കിട്ടുന്ന ശരാശരിവിലയെ അപേക്ഷിച്ചു ഒരു ന്യായമായനിലയിൽ കുറയ്ക്കുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഞാൻ ഈ സഭയുടെ സ്വീകരണത്തിനായി ഈ ഉപക്ഷേപത്തെ അവതരിപ്പിക്കുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വനം സംരക്ഷണവകുപ്പിലെ ഇക കുറക്കണമെന്ന മി. രാമൻമേനവൻ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ വനം ഇത്ര വളരെ സംരക്ഷിക്കേണ്ട ആവശ്യമില്ല. ജനസംഖ്യ കൂടിവരുന്തോറും കൃഷിക്കുപയോഗിക്കേണ്ട സ്ഥലങ്ങളെ വനമായിട്ട ഒഴിച്ചിടുകയാണു ചെയ്യുന്നതു. കഴിഞ്ഞ ഏഴുവർഷത്തിനുള്ളിൽ ഏതാണ്ടു ചതുരശ്രമൈൽ വിസ്തീർണ്ണസ്ഥലം കൂടുതലായി വനത്തിലേക്കു എടുത്തിരിക്കുന്നു. ഇങ്ങിനെയായാൽ ജനങ്ങൾ കഷ്ടപ്പെടും. വിറകും തടിയും അല്ലല്ലോ ജനങ്ങൾക്കു അധികം ആവശ്യമുള്ളതു വർദ്ധിച്ചുവരുന്ന ജനങ്ങൾ കൃഷിചെയ്യുന്നതിനും കുടിപാർക്കുന്നതിനും സ്ഥലം ആവശ്യപ്പെടുമ്പോൾ റിസർവിൻെറ വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ ശ്രമിച്ചാൽ ഈ സാധു കൃഷിക്കാർ എവിടെ കുടികയറിപാർക്കും? എന്തു ഭക്ഷിക്കും? ഇവിടത്തെ ജനങ്ങൾക്കു കൃഷിയല്ലാതെ മററു തൊഴിലൊന്നുമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഉപക്ഷേപത്തിൽ——

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മററുള്ള ഉപക്ഷേപം എല്ലാം പോകാറായി (ചിരി) അവസാനത്തിൽ ചോദിച്ചാൽ ഉത്തരംപറയാം (ചിരി) എനിക്കു സമയം സ്വല്പമേയുള്ളു.

തടിക്കും മഴക്കും വേണ്ടി വനം സൂക്ഷിക്കണമെന്നു കൺസർവേറർ പറയുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ കാട്ടും കുടികയറിപാർക്കാൻ തയ്യാറുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എവിടെ സ്ഥലം പതിച്ചുകൊടുത്താലും താമസിക്കാൻ ആളുകൾ തയ്യാറുണ്ടു. തറവിലകൂടി വരുന്നതുകൊണ്ടു സ്ഥലമെടുക്കുന്നില്ലെന്നേയുള്ളു. ഒരു സാധനത്തിൻെറ വില കൂടുന്നതുകൊണ്ടു ആവശ്യക്കാർ അധികമാണെന്നു മനസ്സിലാക്കുമല്ലോ.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ സംസാരിക്കുന്നവിഷയം ഉപക്ഷേപത്തോടു സംബന്ധമുള്ളതാണോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫാറസ്റ്റ് വകുപ്പിലെ കൺസർവേൻസി ഇനത്തിൽ ഇക കുറക്കണമെന്നാണു ഉപക്ഷേപം അതിൽ ഈ സംഗതിപറയാം. വനഭരണത്തെ ഉൾപ്പെടുത്തിയാണു ഉപക്ഷേപം. മി. രാമൻമേനവൻ ഒരു സംഗതി പറഞ്ഞു ഞാൻ ഇതിൽ സംബന്ധിക്കുന്ന മററൊരു സംഗതി പറയുന്നു ഇത്രയുള്ള ഭേദം.

മി. എം. ശിവതാണുപിള്ള (തോവാള): താരിപ്പുരേററിനും ഇതിനും തമ്മിൽ സംബന്ധമുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വനഭരണത്തോടു സംബന്ധമുള്ളതാണു ഞാൻ പറയുന്നതു എന്നുമല്ല വനഭരണത്തിൽ മുഴച്ചുനിൽക്കുന്നതും ജനങ്ങൾക്കു അത്യാവശ്യമായ സംഗതിയും ആണ് ഇതു.

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയം തീർന്നുപോയി. ഈ ഡിമാൻഡിനായി അനുവദിച്ചിരുന്നസമയം തീർന്നുപോയി. നാം അടുത്ത ഡിമാൻഡിലേക്കു കടക്കുന്നതിനുമുൻപു ഈ ഉപക്ഷേപത്തെപ്പററി തീരുമാനിക്കേണ്ടതായിട്ടുണ്ടു. മി. രാമൻമേനോൻ, താങ്കൾ നിങ്ങളുടെ ഉപക്ഷേപത്തിനുവേണ്ടി നിർബന്ധിക്കുന്നുണ്ടോ?

മി. ററി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): എന്നാൽ കൺസർവേറർ മറുപടി പറഞ്ഞില്ലല്ലൊ.

അദ്ധ്യക്ഷൻ: സമയം കഴിഞ്ഞുപോയി.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉദ്യോഗസ്ഥന്മാരുടെ മറുപടി കേൾക്കാതെ ഞങ്ങൾക്കു എങ്ങിനെയാണു വോട്ടുചെയ്യാൻ സാധിക്കുന്നതു.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറർ): സർ, മെമ്പർ നിശ്ചയമായും ഒരു തെററുവരുത്തിയിട്ടുണ്ടു. ചില സാമാനങ്ങളുടെ വിൽപനക്കായി ക്ലിപ്തപ്പെടുത്തിയിട്ടുള്ള ഒരു വിലയാണു താരിപ്പുനിരക്കു. ലേലവില്പനയിൽ ഞങ്ങൾക്കു താരിപ്പുനിരക്കിനേക്കാൾ വളരെ കുറവുമാത്രമേ കിട്ടുന്നുള്ളു എന്നു മെമ്പർ പറഞ്ഞു. ഈ ലേലം വില്പനപരസ്യമായിട്ടാണ് നടത്തുന്നതു. എല്ലാമാതിരി തടികളും ഒന്നായി തരംതിരിച്ചു ഒന്നിച്ചുവില്ക്കുകയാകുന്നു ചെയ്യുന്നതു. ഇപ്രകാരമുള്ള ലേലത്തിൽ കിട്ടുന്ന തടിയുടെ ഗുണത്തെയും അപ്പോൾ അടപ്പുള്ള

നിരക്കുവിലയേയും ആശ്രയിച്ചിരിക്കും. എന്നാൽ ഒരു കൂട്ടത്തിൽ നിന്നും ഒരു പ്രത്യേകതരം വേണമെന്നു ഒരാൾ വിചാരിക്കുമ്പോൾ ഈ പരസ്യലേലത്തിൽ കിട്ടുന്നവിലയേക്കാൾ കൂടിയനിരക്കിലുള്ള ഒരു വില സാധാരണയായി അയാൾകൊടുക്കുന്നതിനു ആവശ്യപ്പെടണം. കഴിഞ്ഞകൊല്ലത്തെ രേണറിപ്പോർട്ടിൽ മെംബറിനു വിലക്കു കിട്ടുന്ന തടിയുടെ മാതിരിയുടെ ഒരു ഭാവനരൂപം കാണിക്കുന്ന ഒരു പടം ഉണ്ട്. ഈ സംഗതികൂടാതെ മറ്റു ഡിപ്പാർട്ടുമെൻറുകൾക്കുംവെക്കും അവരുടെ ആവശ്യങ്ങൾക്കായി ഞങ്ങൾ തടി കൊടുക്കേണ്ടതായിട്ടുണ്ട്. അവക്കു ഡിപ്പോവിലുള്ളതിൽ ഏറ്റവും നല്ലതടി തെരഞ്ഞെടുക്കുന്നതിനുള്ള അവകാശംമാത്രം ഉണ്ടായിരുന്നുള്ളു. സാധാരണ ലേലത്തിൽകിട്ടുന്ന വിലയേക്കാൾ കൂടിയനിരക്കിലുള്ള ഒരു വില അതിനിടുകയും ചെയ്യും.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ജനങ്ങൾ കെട്ടിടംപണിയിക്കുന്നതിനായി തേക്കുതടി ആവശ്യപ്പെട്ടാൽ സൌജന്യമായ ഒരു താരിപ്പുവിലയ്ക്കു കൊടുക്കണമെന്നു കൺസർവേറർ മി. രാമൻമേനവൻറെ കാലത്തു ഒരേർപ്പാടു ഉണ്ടായിരുന്നോ?

മി. ആർ. ധനകോടിപ്പിള്ള (വനംകൺസർവേറർ): തടിവിൽക്കാതെ കൂട്ടമായി ശേഖരിച്ചു കിടന്നാൽ ജനങ്ങൾക്കു ആ ശേഖരിപ്പിൻെറ പ്രയോജനം നൽകുന്നതിനായി താരിപ്പുനിരക്കിനെറ ൭ ഉപശമാനം വിലക്കു തടിവിൽക്കണമെന്നുണ്ടായിരുന്നു. അപ്രകാരം ഒരു സൌജന്യം കാണിച്ചിരുന്നു എന്നാണു എനിക്കു തോന്നുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അഞ്ചുവർഷത്തിനുള്ളിൽ ഡിപ്പോവിൽനിന്നും വിററിട്ടുള്ള തടികളുടെ താരിപ്പുവിലയുടെ ശരാശരി കണക്കെടുത്തു ആ വിലയ്ക്കു പൊതുജനങ്ങൾക്കു അവരുടെ സ്വന്തംകെട്ടിടം പണിക്കാവശ്യപ്പെടുമ്പോൾ തേക്കുതടി കൊടുക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനംകൺസർവേറർ): വനംഡിപ്പാർട്ടുമെൻറു ഒരു അർദ്ധവാണിജ്യഡിപ്പാർട്ടുമെൻറാണെന്നുള്ളതു മെംബർ മറന്നുപോകുന്നു. ഒരു സാധാരണ കച്ചവടക്കാരനെപ്പോലെ അതിൻെറ ഫലങ്ങൾക്കു ഏറ്റുമാത്രം വിലവാങ്ങിക്കാമോ അത്രയും വാങ്ങിക്കുന്നതിനു അതിനവകാശമുണ്ടു. അതുകൊണ്ടു തിരുവിതാംകൂറിലെ ആളുകൾക്കു എന്തെങ്കിലും പ്രത്യേക സൌജന്യം കാണിക്കേണ്ടതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. കുറച്ചുകൂടുതൽവില കൊടുക്കുന്നെങ്കിൽ മാത്രമേ ആളുകൾക്കു ഉള്ളതിൽ ഏററവും വലിയ തടി തിരഞ്ഞെടുക്കുന്നതിനു അവകാശമൊള്ളു. അവർക്കു കുറഞ്ഞനിരക്കിനു തടിവേണമെങ്കിൽ അവർ ലേലത്തിൽ വാങ്ങണം. അതുകൊണ്ടു എന്താണു സൌജന്യത്തിൻെറ ആവശ്യമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ കാരണങ്ങളാൽ ഞാൻ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, താരിപ്പുനിരക്കു എന്ന പദംകൊണ്ടു ഗവർണ്മെൻറു പ്രസിദ്ധീകരണങ്ങളിൽ പരസ്യംചെയ്തു പലമാതിരി തടികൾക്കുള്ള വില എന്നാണു ഞാൻ അർത്ഥമാക്കുന്നതു. നിശ്ചയമായും ഇപ്പോൾ തടിയുടെ ആവശ്യം കുറവാകുന്നെന്നു വനം കൺസർവേറർപോലും രേണറിപ്പോർട്ടിൽ സമ്മതിച്ചിട്ടുണ്ടു. അപ്പോൾ ഗവർണ്മെൻറിൽനിന്നും ബുദ്ധിപൂർവ്വകമായി ചെയ്യേണ്ടതു ഒരു ന്യായമായതരത്തിൽ വിലതാഴ്ത്തുകയാണു. അപ്പോൾ ലേലവില്പനയിൽ വിലകുറവുവരുന്നതിനു വനം കൺസർവേറർ സമാധാനംപറഞ്ഞതു തടിയുടെ ഗുണക്കുറവാണെന്നാണു. അതു വിലക്കുറവിനെ ഏറെക്കുറെ സാധൂകരിച്ചേക്കാം. കുറഞ്ഞവില കിട്ടുന്നതായാൽ ചീത്തതടിയുടെ അളവു ഗവർണ്മെൻറിനു തിട്ടമായും വളരെ എളുപ്പം കണ്ടുപിടിക്കാം. ലേലവില്പനയിൽ നല്ലതടികളും വിൽക്കുന്നുണ്ടു. വാസ്തവത്തിൽ അതു എനിക്കറിയാം. ഡിപ്പാർട്ടുമെൻറിൻെറ വില്പനകളെക്കുറിച്ചു റിപ്പോർട്ടുകളിൽനിന്നു മാത്രമല്ല ഞാൻ മനസ്സിലാക്കിയിട്ടുള്ളതു. രാജ്യത്തു നടക്കുന്ന യഥാർത്ഥസംഭവങ്ങളിൽനിന്നും ഇതു ഞാൻ മനസ്സിലാക്കിട്ടുണ്ടു. അവസാനത്തിലുള്ള ലേലവില്പനകളിൽ വലിയമുതലാളിമാർക്കു തടിവാങ്ങിക്കാൻ സാധിക്കുന്ന തരത്തിലുള്ളകാൾ വളരെ കൂടുതലായ നിരക്കുവഴിയായിരുന്നില്ലാത്ത തടിക്കു കൊടുക്കേണ്ടതായിട്ടുണ്ടു. ഞാൻ അതിനാണു തടസ്സംപറയുന്നതു. അതുകൊണ്ടു ഗവർണ്മെൻറു ഈ സംഗതിയെപ്പററി അന്വേഷിക്കയും വലിയ മുതലാളിമാർക്കു കൊടുക്കുന്ന താഴ്ന്നനിരക്കിനെ അപേക്ഷിച്ചു താരിപ്പുനിരക്കുകളെ താഴ്ത്തുകയും ചെയ്യണം. ഇതാണു ഇപ്പോൾ കൺസർവേറർ മറുപടിപറഞ്ഞ എൻെറ വാദമുഖം. അതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തിനുവേണ്ടി നിർബന്ധിക്കുന്നു.

ഉപക്ഷേപം വോട്ടിനിടുകയും തള്ളപ്പെടുകയുംചെയ്തു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒരു പേരുവിവരപ്പട്ടിക എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

താഴെകാണുംപ്രകാരം ഒരു പേരുവിവരപട്ടിക എടുത്തു.

അനുകൂലിച്ചവർ ൧൧.

൧.	മിസ്റ്റർ എ. ജെ. ജാൺ.	൭.	മിസ്റ്റർ ജി. നാരായണപിള്ള.
൨.	,, കെ. ഐ. ജോസഫ്.	൮.	,, പി. കെ. നാരായണപിള്ള.
൩.	,, സി. പി. കൊച്ചുകുഞ്ഞുപിള്ള.	൯.	,, ജി. രാമൻമേനവൻ.
൪.	,, ടി. കുമാരപിള്ള.	൧൦.	,, കുരണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള.
൫.	,, തയ്യിൽ കുഞ്ഞിരാമൻ.		
൬.	,, ടി. ജെ. മാത്യു.	൧൧.	,, കെ. ശിവരാമപണിക്കർ.

പ്രതികൂലിച്ചവർ ൧൮.

൧.	മിസ്റ്റർ ഐ. സി. ചാക്കോ.	൧൧.	മിസ്റ്റർ എ. കെ. പിള്ള.
൨.	,, ആർ. ധനകോടിപ്പിള്ള.	൧൨.	,, ഡബ്ലിയു. എച്ച്. പിററ്.
൩.	,, കെ. ജോർജ്.	൧൩.	മിസ്സസ് പുന്നൻലൂക്കോസ്.
൪.	,, സി. കേരളവർമ്മകോയിത്തമ്പുരാൻ.	൧൪.	മിസ്റ്റർ ററി. പി. രാമസുബ്ബയ്യർ.
		൧൫.	,, കെ. എൻ. രാമസുബ്ബയ്യർ.
൫.	,, പി. എൻ. കൃഷ്ണപിള്ള.	൧൬.	റാവുബഹദൂർ മി. കെ. വി. രങ്കസ്വാമിഅയ്യങ്കാർ.
൬.	,, ആർ. കൃഷ്ണപിള്ള.		
൭.	,, ഡാക്ടർ എൻ. കുഞ്ഞൻപിള്ള.	൧൭.	,, ജെ. സ്റ്റീഫൻസൺ.
൮.	,, എൽ. എ. ബാംപേർവ്.	൧൮.	,, എ. ജെ. വാൻഗോസ്.
൯.	,, ആർ. പത്മനാഭൻ.	൧൯.	,, എ. വേലപ്പൻ.
൧൦.	,, കല്ലാലംപരമേശ്വരൻപിള്ള.		

നിഷ്പക്ഷപാതികൾ ൯.

൧. മിസ്റ്റർ പോൾമാനിശയൽ. ൬. മിസ്റ്റർ എസ്സ്. സുബ്രഹ്മണ്യകരയാളർ.
൨. " എസ്സ്. ജി. ബെയാപ്പ്സ്. ൭. " എം. സുബ്രഹ്മണ്യപിള്ള.
൩. " കെ. മാധവൻപിള്ള. ൮. " കെ. കെ. കരമസ്സ.
൪. " എം. ശിവതാണുപിള്ള. ൯. " സി. എൻ. ഇപ്പൻനമ്പൂതിരി.
൫. " വി. സുബ്ബയ്യർ.

ഉപക്ഷേപം തള്ളപ്പെട്ടു.

അദ്ധ്യക്ഷൻ. ഡിമാൻഡു VI. വനങ്ങൾക്കായി ൬൩൭ രൂ. ൮൧൯ ലക്ഷം അനുവദിക്കുന്നതായി എനിക്കു ഗണിക്കാമോ?

തുക അനുവദിച്ചു

സമയമില്ലാത്തതിനാൽ താഴെ പറയുന്ന ഉപക്ഷേപങ്ങൾ പൊളിയായി,

൬. ബി. ഹാറസ്റ്റ് സിൽബന്ധികൾക്ക—(൧) ഡയറക്ഷൻ—എസ്റ്റാബ്ലിഷ്മെൻറ്.

മി. കെ. ശിവരാമപ്പണിക്കർ.

൨൨൩. തൽക്കാലം രണ്ടു ക്ലാർക്കന്മാരെ നിയമിക്കുന്നതിനു നീക്കിവച്ചു ൧൦൦ രൂപ വിട്ടുകളയുന്നതിനു

മി. എം. ശിവതാണുപിള്ള.

൨൨൪. സിൽബന്ധിച്ചിലവിനു നീക്കിവച്ചു ൧൫,൧൨൦ രൂപയിൽനിന്നും ൧ രൂപ കുറക്കണമെന്നു.

അനുവദിച്ചു തുകകളുടെ കുറക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ.

മി. കെ. മാധവൻപിള്ള.

൨൨൫. നടത്തിപ്പിനുവേണ്ടി നീക്കിവച്ചു ൨൩,൪൭൯ രൂപയിൽനിന്നും ൧൦൦൦ രൂപ കുറക്കണമെന്നു.

മി. കെ. സി. ജോസഫ്.

൨൨൬. നടത്തിപ്പിനുവേണ്ടി നീക്കിവച്ചു ൨൩,൪൭൦ രൂപയിൽനിന്നും ൧൦ രൂപ കുറക്കണമെന്നു.

(൨) ഡിവിഷനൽ ഫാറസ്റ്റ് സിൽബന്ധികൾക്ക,

മി. ജി. നാരായണപിള്ള.

൨൨൭. ഒരു ക്ലാർക്കിനു അലവൻസായി നീക്കിവച്ചു ൫൫ രൂപ വിട്ടുകളയണമെന്നു്.

മി. ജി. നാരായണപിള്ള.

൨൨൮. തൽക്കാലക്ലാർക്കന്മാർക്കായി നീക്കിവച്ചു ൨൦൦ രൂപ വിട്ടുകളയണമെന്നു്.

മി. കെ. ശിവരാമപ്പണിക്കർ.

൨൨൯. വർക്കിംഗ് പ്ലാൻ തയാറാക്കുന്നതിനുള്ള താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റിനു നീക്കിവച്ചു ൧൭ രൂ. ൧൩൯൭ വിട്ടുകളയണമെന്നു്.

അനുവദിച്ചു തുക കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ.

മി. റ്റി. ജെ. മാത്യു.

൨൩൦. ൬. ബി. സിൽബന്ധികൾക്ക നീക്കിവച്ചു ൨൨൧൭൫൫ രൂപയിൽ നിന്നും ൧ രൂപ കുറക്കണമെന്നു.

മി. എ. ജെ. ജോൺ.

൨൩൧. ൬. ബി. സിൽബന്ധിച്ചിലവിനു നീക്കിവച്ചു ൨൨൧൭൫൫ രൂപയിൽ നിന്നും ൫ രൂപ കുറക്കണമെന്നു.

മി. തയ്യിൽ കുഞ്ഞിരാമൻ.

൨൩൨. ൬. ബി. സിൽബന്ധികൾക്ക നീക്കിവച്ചു ൨൨൧൭൫൫ രൂപയിൽ നിന്നും ൫ രൂപ കുറയ്ക്കണമെന്നു്.

മി. ജി. രാമൻമേനവൻ.

൨൩൩. ൬. ബി. സിൽബന്ധികൾക്ക നീക്കിവച്ചു ൨൨൧൭൫൫ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്നു.

൬ സി. ട്രാൻസ്റ്റിനുള്ള ഫാറസ്റ്റർമാം കണ്സർവൻസി.

മി. കെ. മാധവൻപിള്ള.

൨൩൪. ട്രെയിനിംഗിനുള്ള ൩൦ ഗാർഡുമാർക്ക് സ്റ്റൈപെൻഡിനു നീക്കിവച്ചിട്ടുള്ള ൪൪൦൦ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്നു്.

ഡിമാൻഡ് VI -ൽ അനുവദിച്ചു തുകകളുടെ കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ.

മി. റ്റി. ജെ. മാത്യു.

൨൩൫. ഡിമാൻഡ് VI-ൽ ആകെ നീക്കിവച്ചിട്ടുള്ള ൮.൧൯ ലക്ഷം രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്നു.

മി. തയ്യിൽ കുഞ്ഞിരാമൻ:

൨൩൬. ഡിമാൻഡ് VI-ൽ ആകെ നീക്കിവച്ചിട്ടുള്ള ൮.൧൯ ലക്ഷം രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നു.

മി. കെ. ശിവരാമപ്പണിക്കർ:

൨൩൭. ഡിമാൻഡ് VI-ൽ ആകെ നീക്കിവച്ചിട്ടുള്ള ൮.൧൯ ലക്ഷം രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള:

[illegible]. ഡിമാൻഡ് vi-ന് ആകെ നീക്കിവച്ചിട്ടുള്ള [illegible] ലക്ഷം രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

മി. കല്ലൂർ നാരായണപിള്ള:

[illegible]. ഡിമാൻഡ് vi-ന് നീക്കിവച്ചിട്ടുള്ള [illegible] ലക്ഷം രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

മി. എം. എൻ. പിള്ള:

[illegible]. ഡിമാൻഡ് vi-ന് ആകെ നീക്കിവച്ചിട്ടുള്ള [illegible] ലക്ഷം രൂപയിൽനിന്നും [illegible] രൂപ കുറയ്ക്കണമെന്ന്.

ഡിമാൻഡ് VII—സ്റ്റാമ്പുകൾ രൂപ [illegible] ലക്ഷം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): ഡിമാൻഡ് vii സ്റ്റാമ്പുകൾക്കു രൂപ [illegible] ലക്ഷത്തിൽ കവിയാതെ അനുവദിക്കുന്നതിനു ഞാൻ അപേക്ഷപ്പെടുന്നു.

ഉപക്ഷേപം [illegible].

മി. കരുണാകരപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): സർ, താഴെ പറയുന്ന ഉപക്ഷേപം [illegible] അവതരിപ്പിക്കുന്നു.

[illegible]. മാനുഫാക്ചറിംഗ് നീക്കിവച്ച [illegible] രൂപയിൽനിന്നും [illegible] രൂപ കുറയ്ക്കണമെന്ന്.

മി. കരുണാകരപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഈ പ്രമേയത്തിന്റെ ഉദ്ദേശം ഹൈക്കോടതിയിലും ഗവർമെന്റിലും ഫയലാക്കേണ്ടിവരുന്ന വക്കാലത്തു, ഹർജി, ഹൈക്കോർട്ടുഡിക്രി ആവകകളിൽ ഒട്ടിക്കേണ്ടതായ രണ്ടുരൂപ സ്റ്റാമ്പും, ഡിസ്ട്രിക്ട് കോർട്ടിലും മുൻസിഫ് കോർട്ടിലും [illegible] രൂപയ്ക്കു മേലുള്ള ഡിക്രി നടത്തുന്നതിന് ഒട്ടിക്കേണ്ടതായ ഒരുരൂപ സ്റ്റാമ്പും ഏർപ്പെടുത്തണമെന്നുള്ളതാണ്. ഇപ്പോൾ [illegible] സ്റ്റാമ്പും [illegible] സ്റ്റാമ്പും ഇല്ലാത്തതുകൊണ്ട് [illegible] വിഷമങ്ങൾ ഉണ്ട് എന്നുള്ളതു [illegible] അറിയാം. ഇപ്പോൾ സാധാരണ [illegible] രണ്ടുരൂപ [illegible] ഒരുരൂപ [illegible] ചെയ്യുന്നു. രണ്ടുരൂപ സ്റ്റാമ്പുകളായിരുന്നാൽ [illegible] ഒട്ടിച്ചുകൊടുക്കുന്നതിനു [illegible] പത്രത്തിന്റെ ആവശ്യംതന്നെ ഇല്ല. [illegible] ഇപ്പോൾ [illegible] സാധിപ്പിക്കണം [illegible] ഉണ്ട്. [illegible] ഇങ്ങിനെ ഹർജി കൊടുക്കുന്ന [illegible] രൂപയായി പത്രംവാങ്ങിച്ചുകൊണ്ടുവന്നു എഴുതികൊടുക്കേണ്ടിയിരിക്കുന്നു. അതു [illegible] സമയനഷ്ടത്തിനും ഇടയാക്കുന്നു.

അതുപോലെ ഹൈക്കോർട്ടുഡിക്രി ഹാജരാക്കുമ്പോൾ രണ്ടുരൂപയുടെ സ്റ്റാമ്പു അതിൽ [illegible]. ഇപ്പോൾ നാലുഅര രൂപസ്റ്റാമ്പു ഒട്ടിക്കയാണചെയ്യുന്നതു. അങ്ങിനെ ചെയ്യുമ്പോൾ ആ ഡിക്രിയിൽ [illegible] ഭാഗം മറയുന്നുഎന്നു മാത്രമല്ല കോർട്ടുകളിലും [illegible] സൗകര്യമില്ല. [illegible] രണ്ടുരൂപസ്റ്റാമ്പോ ഉണ്ടായിരുന്നാൽ [illegible] വളരെ സൗകര്യമുണ്ട്. അതുകൊണ്ടു ഗവണ്മെന്റിന്നു [illegible] സൗകര്യപ്രദമായ ഈ സംഗതിയെപ്പറ്റി [illegible] ഞാൻ [illegible].

ഉച്ചക്കു രണ്ടുമണിക്കു ഭക്ഷണത്തിനായി [illegible] പിരിഞ്ഞു. [illegible] വീണ്ടുംകൂടി.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റുധനകാര്യദർശി): സർ, [illegible] എതിർക്കേണ്ടതായിട്ടില്ല. ഈ ഉപക്ഷേപം [illegible] മി: രാമൻപിള്ള [illegible] ചൂണ്ടിക്കാണിച്ചിട്ടുള്ളതു. വക്കാലത്തുകളെ സംബന്ധിച്ചും, മറ്റെല്ലാ അപ്പീൽ ഹർജികളെ [illegible] സംബന്ധിച്ചും മൂന്നാമത്തേതു ഡിക്രികളെ സംബന്ധിച്ചുമാണ്. ഇപ്പോഴത്തെ ഏർപ്പാടനുസരിച്ചു സ്റ്റാമ്പുകൾ [illegible] രേഖകളിൽ, ഒന്നുകിൽ സ്റ്റാമ്പുകൾ [illegible] മുദ്രപത്രംവാങ്ങിച്ചു [illegible] ചെയ്യുന്നതെന്ന് അദ്ദേഹംപറഞ്ഞു. ഹർജികളെ സംബന്ധിച്ചു ഹർജികൾ എഴുതാനുള്ള [illegible] മുദ്രപത്രങ്ങൾ വാങ്ങിക്കാതിരിക്കുന്നതു എന്തുകൊണ്ടാണെന്നുള്ളതിനു [illegible] ഞാൻ പറയാം. വക്കാലത്തുകളെ സംബന്ധിച്ചു മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ [illegible] ഒരു മുദ്രപത്രം [illegible] ഇപ്പോൾ [illegible] വരുന്നതു. ഡിക്രികളെ സംബന്ധിച്ചു ആവശ്യമുള്ളടത്തോളം എണ്ണം [illegible] സ്റ്റാമ്പുകൾ ഡിക്രിയിന്മേൽ ഒട്ടിച്ചുവരികയാണ്. സ്റ്റാമ്പുകൾ [illegible] മുദ്രപത്രങ്ങൾ നഷ്ടപ്പെടുത്തുന്നതിനു [illegible] ഇടയാക്കുന്നു. എന്തിനാണെന്നു [illegible], അതു ഏർപ്പെടുത്തുകയാണെങ്കിൽ [illegible] ഗവർമെന്റിനെ അപേക്ഷിച്ചു [illegible]. അതു [illegible] ഇപ്പോഴത്തെ നിയമത്തിന്റെ ഉദ്ദേശം എന്താണെന്നു [illegible]. മുൻപു [illegible] ഈ [illegible] സ്റ്റാമ്പുകൾ മാത്രമാണ് ഉപയോഗിച്ചുകൊണ്ടിരുന്നതു. എന്നാൽ ഒട്ടിക്കുന്നസ്റ്റാമ്പു കൃത്രിമമായി ഉണ്ടാക്കുന്നതിനെ സംബന്ധിച്ചു പ്രത്യേകിച്ചു [illegible] വളരെ അധികം കേസുകൾ ഉണ്ടായിട്ടുള്ളതുകൊണ്ടു നിരപരാധികളായ പലരും അവർ ചെയ്തിട്ടില്ലാത്ത കുറ്റത്തിനു [illegible] അനുഭവിക്കേണ്ടതായി വരുന്നതാണെന്നു ഹൈക്കോർട്ടുകാർ ഗവണ്മെന്റിനെ അറിയിച്ചു. ഒരുരൂപയും അതിൽകൂടുതലും വിലയുള്ളസ്റ്റാമ്പുകൾക്കു പകരം മുദ്രപത്രം ഏർപ്പെടുത്തിയതു ഹൈക്കോർട്ടുകാരുടെ പ്രത്യേക ശുപാർശയനുസരിച്ചാണ്. അരരൂപസ്റ്റാമ്പിനുകൂടി മുദ്രപത്രം ഏർപ്പെടുത്തണമെന്ന [illegible] ത്തിൽ ഹൈക്കോർട്ടുകാർ നിർബന്ധിച്ചതാണ്. എന്നാൽ പിന്നീട [illegible] അരരൂപസ്റ്റാമ്പു തുടർന്നുപയോഗിച്ചുകൊള്ളുന്നതിനു ഹൈക്കോർട്ടുകാർ അനുവദിച്ചു. അങ്ങിനെയാണ ഒരുരൂപയും [illegible] മേലോട്ടു വിലയുള്ള സ്റ്റാമ്പുകൾക്കുപകരം ഇപ്പോൾ മുദ്രപത്രം നടപ്പിലായിരിക്കുന്നതു. സർ, അതുകൊണ്ടു ഇതിനെ പറ്റി അധികനേരം സംസാരിക്കേണ്ട ആവശ്യം ഇല്ലെന്നാണ ഞാൻ വിചാരിക്കുന്നതു. കൂടുതൽവിലയുള്ള

അതായതു, ഒരുരൂപയും അതിലും കൂടുതലും വിലയുള്ള സ്റ്റാമ്പുകൾക്കു പകരം മുദ്രപത്രങ്ങൾ ഏർപ്പെടുത്തിയതു ജനരക്ഷയ്ക്കുവേണ്ടി ഹൈക്കോർട്ടുകാരുടെ ശുപാർശയനുസരിച്ചു മാത്രമാണു. ഗവർമെൻറ ഇതുകൊണ്ടാണു ഇപ്രകാരം പ്രവർത്തിക്കുന്നതിനു ഗവർമെൻറിനു ഇടയായിട്ടുള്ളതെന്നു സഭ മനസ്സിലാക്കണം.

പി. വി. നമ്പ്യാർ (നിയമിക്കപ്പെട്ട സഭാംഗം) (ഉപാദ്ധ്യക്ഷൻ): എനിക്കു ഈ ഉപക്ഷേപത്തെ സംബന്ധിച്ചു രണ്ടുവാക്കു പറയുവാൻ ഉണ്ടായിരിക്കുന്നു. കേസുകൾക്കു മുദ്രപത്രങ്ങളേക്കാൾ ഒരുരൂപയും രണ്ടുരൂപയും വിലയുള്ള ഒട്ടിക്കുന്ന കോർട്ടുഫീസ് സ്റ്റാമ്പുകളാണു കൂടുതൽ സൗകര്യപ്രദമായിരിക്കുന്നതു എന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ ചിലതരം സൗകര്യങ്ങളുണ്ടെങ്കിലും പ്രത്യേകിച്ചു കൊല്ലത്തുനിന്നു ഉത്ഭവിച്ചിട്ടുള്ള കൃത്രിമസ്റ്റാമ്പുകളുടെ ആവിർഭാവത്തോടുകൂടിയാണ് ഇപ്പോഴത്തെ നിയമം നടപ്പിൽ വരുത്തിയതെന്നു തോന്നുന്നു. അനേകം സ്റ്റാമ്പുകൾ അച്ചടിച്ചുണ്ടാക്കി കോർട്ടിൽ കൊടുക്കേണ്ടതായ ഫീസുകളായി കൊണ്ടുപോയി. വളരെ അന്വേഷണങ്ങൾ നടത്തിയതിനുശേഷം ഈ സ്റ്റാമ്പുകൾ നിർത്തൽചെയ്തിട്ടു പകരം മുദ്രയടിച്ച കടലാസുകൾ ഏർപ്പെടുത്തണമെന്നു ഹൈക്കോർട്ടുകാർ ശുപാർശചെയ്തു. ഒട്ടിക്കുന്ന സ്റ്റാമ്പുകളിൽ [illegible] വില്പനക്കാരന്റെ പേരും ഇല്ലായിരുന്നു എന്നുള്ളതു വക്തവ്യമാണ്. അതുകൊണ്ടു അവ കൃത്രിമമായി ഉണ്ടാക്കുന്നതു നിഷ്പ്രയാസമായിരുന്നു, എന്നുമാത്രമല്ല ആ സ്റ്റാമ്പു കൃത്രിമമായി ഉണ്ടാക്കിയതാണോ അല്ലയോ എന്നും ഒരു [illegible] ആരുടെ അടുക്കൽനിന്നോ വെണ്ടറിന്റെ അടുക്കൽനിന്നോ വാങ്ങിച്ചതു എന്നും [illegible] വളരെ പ്രയാസമായിരുന്നു. അതുകൊണ്ടു ആ ഒരുരൂപയുടെ നിയമത്തെ സംബന്ധിച്ചിടത്തോളം ഹൈക്കോർട്ടു [illegible] ഇപ്പോൾ മുദ്രപ്പത്രങ്ങൾ അച്ചടിക്കുന്ന [illegible] എനിക്കു തോന്നുന്നതു. ആ ഏർപ്പാടു ഇപ്പോൾ [illegible] നടപ്പിൽ വരുത്താൻ പാടില്ലയോ എന്ന് ഹൈക്കോർട്ടുകാരോടു ചോദിക്കാമായിരുന്നു എന്നാണ് എന്റെ വിശ്വാസം. അതു ഏർപ്പെടുത്തുകയാണെങ്കിൽ ഗവർമെൻറിനെ സംബന്ധിച്ചിടത്തോളം [illegible] ഉണ്ടാകുകയുള്ളു. കക്ഷികളെ [illegible] അവർക്കു [illegible] ഒരുരൂപയും രണ്ടുരൂപയും വിലയുള്ള സ്റ്റാമ്പുകൾ നടപ്പിലാക്കാമോ എന്നു ഹൈക്കോർട്ടിനോടു [illegible] തീർച്ചപ്പെടുത്തുന്നതു [illegible] അവർ [illegible] ആണെങ്കിൽ, അപ്രകാരം [illegible] സമ്മതിക്കുകയാണെങ്കിൽ ഇപ്പോഴത്തെ [illegible].

[illegible] (അമ്പലപ്പുഴ): സർ, [illegible] ഉപാദ്ധ്യക്ഷന്റെ അഭിപ്രായത്തോടു ഞാൻ [illegible]. [illegible] കൂടുതൽ [illegible] ഒട്ടിക്കുന്ന സ്റ്റാമ്പുകൾ കൂടുതൽ [illegible] യാതൊരു സംശയവുമില്ല. എല്ലായിടത്തും ഉള്ള [illegible] മുദ്രപ്പത്രങ്ങൾ [illegible] വെള്ളക്കടലാസിൽ എഴുതി അതോടുകൂടി രണ്ടുരൂപയുടെ [illegible] ചേർത്തു [illegible] ആണ്. [illegible] മുദ്രപ്പത്രത്തിൽ എഴുതണമെന്നില്ല, ഈ ഏർപ്പാടു നിയമാനുസൃതമാണോ അല്ലയോ എന്നുള്ളതുതന്നെ സംശയാസ്പദമാണ്. എന്നാൽ ഈ ഏർപ്പാടിനെ [illegible] പുറപ്പെടുവിച്ചിട്ടില്ല. ഞാൻ പറഞ്ഞതുപോലെ സാധാരണനടപ്പു [illegible] കക്ഷികളെ സംബന്ധിച്ചിടത്തോളം, വക്കീലന്മാർ വെള്ളക്കടലാസിൽ എഴുതി അതിനോടുകൂടെ രണ്ടുരൂപ [illegible] ചേർക്കുകയാണ്. ഇതുവല്ലതെ അസൗകര്യമാണെന്നുമാത്രമല്ല, ഏതെങ്കിലും അവസാനത്തെ [illegible] ചോദ്യവും ഉണ്ടായേക്കാം. ഈ അവസ്ഥയും, [illegible] പ്രവൃത്തികൾ ഉണ്ടായി എന്നുള്ള സംഗതി ഇപ്പോൾ അതേപ്പറ്റി വീണ്ടും ഗവർമെൻറിൽനിന്നു ആലോചിക്കുന്നതിനു [illegible] തീരണം. കൂടാതെ, ന്യായരഹിതമായ പ്രവൃത്തികൾ [illegible] ഒട്ടുസ്റ്റാമ്പിന്റെ മാതിരിതന്നെ [illegible] ആയിരുന്നു എന്നു ഞാൻ പറയുന്നതു. അരരൂപസ്റ്റാമ്പിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ [illegible] അതു [illegible] നടക്കുന്നുണ്ട്. അതുകൊണ്ടു, ഗവർമെൻറ ഒരുരൂപയും [illegible] വിലയുള്ള ഒട്ടിക്കുന്ന സ്റ്റാമ്പുകൾ ഏർപ്പെടുത്താതെ [illegible] തിനു ഞാൻ ഒരു കാരണവും കാണുന്നില്ല. അതിനാൽ, ഇതു ഗവർമെൻറിൽനിന്നു [illegible] എന്നാണ് എനിക്കു തോന്നുന്നതു. ഈ സന്ദർഭത്തിൽ ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു.

[illegible] (കൊല്ലം): എന്റെ ഉപക്ഷേപത്തെ സംബന്ധിച്ചു [illegible] സെക്രട്ടറി പറഞ്ഞ സമാധാനം തൃപ്തികരമല്ല. ഹൈക്കോടതി ഇക്കാര്യത്തിൽ വിപരീതാഭിപ്രായം [illegible] ഫിനാൻഷ്യൽ സെക്രട്ടറിയുടെ അഭിപ്രായം. എന്നാൽ ഹൈക്കോടതി വിപരീതാഭിപ്രായം പുറപ്പെടുവിക്കാനുള്ള കാരണം കള്ളസ്റ്റാമ്പു [illegible] തടയാൻ [illegible]. ഇപ്പോൾ അരരൂപസ്റ്റാമ്പിൽ, കൊടുക്കുന്ന ആളിന്റെ പേരും വാങ്ങിക്കുന്ന ആളിന്റെ പേരും [illegible] നിർബന്ധിച്ചിട്ടുണ്ട്. [illegible] കള്ളസ്റ്റാമ്പുകൾ ഉണ്ടാകാതെ [illegible] ഈ വിഷയത്തിൽ ജനങ്ങൾക്കു [illegible] ഉണ്ടാക്കണം. അല്ലാതെ ഹൈക്കോടതിയുടെ അഭിപ്രായം മാത്രം [illegible]. അതുകൊണ്ടു എന്റെ ഉപക്ഷേപത്തെ വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. എൻ. രാമസ്വാമയ്യർ (ഗവർമെൻറ ധനകാര്യമന്ത്രി?) [illegible]. സർ, ഞാൻ ഈ [illegible] സംബന്ധിച്ചു സ്വന്തമായി ഒരു [illegible] പറയണമെന്നാഗ്രഹിക്കുന്നു. അരരൂപസ്റ്റാമ്പിൽ ഇപ്പോൾ [illegible] ഏർപ്പാടു [illegible] ആണ്. ഹൈക്കോർട്ടുകാർ ശുപാർശ ചെയ്തതെന്നുള്ളതു വാസ്തവമാണ്. അവർ ഈ പുതിയരീതിയെക്കുറിച്ചു അഭിപ്രായപ്പെട്ടപ്പോഴും കള്ളസ്റ്റാമ്പുകൾ [illegible] തടയുന്നതിനു കൂടുതൽ [illegible] ആയി അരരൂപസ്റ്റാമ്പിൽ നമ്പരും വില്പനക്കാരന്റെ പേരും ഉണ്ടായിരിക്കണമെന്ന് അഭിപ്രായപ്പെട്ടു എന്നുള്ള സംഗതി ഞാൻ ഈ സഭയെ ഓർമ്മപ്പെടുത്തുന്നു. ഈ അവസ്ഥയെക്കുറിച്ചു ഹൈക്കോർട്ടിനു നല്ലബോധമുണ്ടായിരുന്നു എന്നു ഞാൻ പറയാം. ഹൈക്കോർട്ടിൽനിന്നും ആ അഭിപ്രായം പറഞ്ഞതുകൊണ്ടു ഗവർമെൻറിൽനിന്നും ഈ വിഷയത്തെക്കുറിച്ചു ആലോചിക്കുന്നതിനെ തടയുന്നില്ല എന്നു ഞാൻ പറയുന്നു. ഗവർമെൻറിൽനിന്നും ഈ സംഗതിയെക്കുറിച്ചു വീണ്ടും ആലോചിക്കയും ഹൈക്കോടതിയോടു അഭിപ്രായം ചോദിക്കയും കക്ഷികൾക്കു എന്തെങ്കിലും വിഷമമുണ്ടോ എന്നു അറിയുകയും ചെയ്യാം.

മി. കരഞ്ഞിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): എന്റെ പ്രമേയത്തിലടങ്ങിയിരിക്കുന്ന തത്വങ്ങളെല്ലാം പര്യാലോചിക്കാമെന്ന ഫിനാൻഷ്യൽ സെക്രട്ടറി പറഞ്ഞിരിക്കുന്നതുകൊണ്ട് അതിനെ വോട്ടിനിടണമെന്ന എനിക്കഭിപ്രായമില്ല. ഹൈക്കോടതി വിപരീതാഭിപ്രായം പുറപ്പെടുവിച്ചാലും ജനങ്ങളുടെ അസൗകര്യത്തിനുവേണ്ടി ഗവൺമെന്റ ഒരുരൂപസ്റ്റാമ്പും രണ്ടുരൂപസ്റ്റാമ്പും നടപ്പിൽവരുത്താമെന്ന ഗവൺമെന്റിൽനിന്ന പറയുന്നപക്ഷം, ഞാൻ എന്റെ പ്രമേയത്തെ പിൻവലിക്കാം.

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൨൪൨.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി. എം. എൻ പിള്ള:

൨൪൨. ഡിമാൻഡ് VII-ൽ ഒരുകെട്ടിക്കിവച്ചിട്ടുള്ള ൯൦ ലക്ഷം രൂപയിൽനിന്നും ൧൦ രൂപകുറയ്ക്കണമെന്നു.

അദ്ധ്യക്ഷൻ: ഡിമാൻഡു VII-സ്റ്റാമ്പ്സ്— ഞാൻ ഇപ്പോൾ സഭയിൽ വോട്ടിനിടാം. ഡിമാൻഡ് VII ഇനത്തിൽ ൯൦ ലക്ഷം രൂപയിൽ കൂടാത്ത തുക അനുവദിക്കണമെന്നുള്ളതാണ് സംഗതി.

ഗ്രാൻറ അനുവദിച്ചു.

ഡിമാൻഡു VII-രജിസ്ട്രേഷൻ രൂപ ൨൧൧ ലക്ഷം.

മി. കെ. ജോർജ്ജ് (ഗവർമെന്റ ചീഫ് സെക്രട്ടറി): സർ, ഡിമാൻഡു VIII-രജിസ്ട്രേഷൻ ഇനത്തിലേക്ക രൂപ ൨൧൧ ലക്ഷത്തിൽ കൂടാത്തതുക അനുവദിക്കണമെന്ന ഞാൻ അഭിപ്രായപ്പെടുന്നു.

ഉപക്ഷേപം ൨൪൩.

മെമ്പർ ഹാജരില്ലാതിരുന്നതുകൊണ്ട താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ലെന്ന ഗണിക്കപ്പെട്ടു.

മി. വള്ളിക്കുന്നിൽ തൊമ്മൻ:

൨൪൩. സപ്ലൈപടികക നീക്കിവച്ചിട്ടുള്ള ൨,൦൦൦ രൂപയിൽനിന്നും ൫ രൂപകുറയ്ക്കണമെന്നു.

ഉപക്ഷേപം ൨൪൪.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി. എ. ജെ. ജോൺ:

൨൪൪. സപ്ലൈ പടിക നീക്കിവച്ചിട്ടുള്ള ൨,൦൦൦ രൂപയിൽ നിന്നും ൫ രൂപകുറയ്ക്കണമെന്ന്.

ഉപക്ഷേപം ൨൪൫.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു

൨൪൫. ലോ ചാർജ്ജസ്സിനുള്ള ൫൦൦ രൂപ വെട്ടിക്കുറയ്ക്കണമെന്ന്.

സർ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും നിയമസംബന്ധമായി എന്തെല്ലാം ചിലവുകൾ ചെയ്യേണ്ടതുണ്ടെന്ന ഞങ്ങൾക്കറിയാൻ പാടില്ലാത്തതല്ലാതാണ് എന്റെവാദം. ൧൧൦൫-ൽ ഈ ഇനത്തിൽ യാതൊന്നും ചിലവാക്കിട്ടില്ലെന്ന ബഡ്ജറ്റിൽനിന്നും കാണുന്നു. ഇക്കൊല്ലത്തേക്ക ൫൦൦ രൂപ കണക്കാക്കിയിട്ടുണ്ടായിരുന്നു. അതിൽനിന്നും വല്ലതെങ്കിലും തുക ചിലവാക്കിട്ടുണ്ടോ എന്നു എനിക്കറിവാൻ പാടില്ല. എന്നിട്ടും ൧൧൦൭-ലും ഈ ആവശ്യത്തിലേക്കായി ൫൦൦ രൂപ നീക്കിവച്ചിട്ടുള്ളതായി ഞാൻ കാണുന്നു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലേക്ക നിയമസംബന്ധമായി എന്തു ചിലവാണു ഉള്ളതെന്ന് ഇതുവരെ ഞങ്ങളെ അറിയിച്ചിട്ടില്ല. ആരാഞ്ഞിട്ടില്ലെങ്കിൽ ആ തുക ചിലവാക്കുകയില്ലെന്ന വാദിക്കാം. എന്നാൽ എന്റെ അഭിപ്രായം ആ തുക നീക്കിവയ്ക്കയാണെങ്കിൽ ആ തുക ചിലവാക്കുന്നതിനുള്ള ആവശ്യങ്ങൾ സൃഷ്ടിക്കുന്നതിനു അതു ഹേതുവായിത്തീരുന്നതാണ. അതുകൊണ്ടു ഏതെങ്കിലും കേസ്സുകൾ ഉണ്ടാവുകയാണെങ്കിൽ ആ കേസു ചാർജ്ജു ചെയ്യുന്ന പോലീസ് ഡിപ്പാർട്ടുമെന്റുകാരോടു അതിന്റെ ചിലവു വഹിക്കാൻ ആവശ്യപ്പെടുകയാണ ഏറ്റവും ഉത്തമമായ മാർഗ്ഗം. കേസു സമർപ്പിക്കയാണെങ്കിൽ കേസു നടത്തുന്നതിനായി സർക്കാർ വക്കീലന്മാർ ഉള്ളതുകൊണ്ടു ഈ ചിലവിനും യാതൊരു ആവശ്യവും ഞാൻ കാണുന്നില്ല.

മി. കെ. ജോർജ്ജ് (ഗവർമെന്റ ചീഫ് സെക്രട്ടറി): ചിലപ്പോൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനെ ചിട്ടിയും രജിസ്ട്രേഷനും നിയമങ്ങൾ ലംഘിക്കപ്പെട്ട കേസുകൾ നടത്തേണ്ടതായിട്ടുവരും. നിയമസംബന്ധമായ ചിലവിനത്തിൽ അനുവദിച്ചിട്ടുള്ള ഈ ചെറിയതുക കോർട്ടിൽ വരുന്ന അപേക്ഷകൾ അനുസരിച്ചു സ്റ്റാമ്പുകൾക്കായിട്ടാണെന്നാണ എനിക്കു തോന്നുന്നതു. ഏതായാലും മെമ്പറിനു നിർബന്ധമാണെങ്കിൽ ഞാൻ ആ തുക വെട്ടിക്കളയുവാൻ ഒരുക്കമാണ്.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൨൪൬.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല

മി. റ്റി. ജെ. മാത്യു:

൨൪൬. ലയറക്ഷൻ ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൮,൧൦൦ രൂപയിൽനിന്നും ൫ രൂപകുറയ്ക്കണമെന്നു.

ഉപക്ഷേപം ൨൪൭.

മി. എ. ജെ. ജോൺ (മൈക്കാ): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

൨൪൭. നിയന്ത്രണം ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൮,൧൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണമെന്നു.

സർ, ഈ ഉപക്ഷേപം അയച്ചതിൽ എന്റെ ഉദ്ദേശം പല സബ്‌രജിസ്ട്രാർ ആഫീസുകളുടെ പുനഃസ്ഥാപനത്തിലും വീണ്ടുമുള്ള വിഭജനത്തിലും ചില താലൂക്കുകൾക്ക നേരിട്ടിട്ടുള്ള വിഷമത്തേയും അസൗകര്യത്തേയും ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണ്. ഞാൻ ഒരു ഉദാഹരണം പറയാം. തലയാഴം പകുതി

കരവക്കാ സബ്‌രജിസ്ത്രാർ ആഫീസിന്റെ കീഴിലായിരുന്നു. എന്നാൽ ഇപ്പോഴത്തെ ഏർപ്പാടനുസരിച്ചു കടുത്തുരുത്തി സബ്‌രജിസ്ത്രാർ ആഫീസിന്റെ കീഴിലാണ്. തലയാഴത്തുനിന്നും വൈക്കത്തേക്കുള്ള ദൂരം ൩ മൈൽമാത്രമാണ്. എന്നാൽ തലയാഴത്തുനിന്നും കടുത്തുരുത്തിയിലേക്ക ൮ മൈലിൽ കുറയാതെ ദൂരമുണ്ടു. വർഷകാലത്തു ആഫീസിലേക്ക പോകുന്നതു വലിയ വിഷമമാണ്. ജനങ്ങൾ ഗവൺമെന്റിലേക്ക ഒരു ഹർജിയും പലപ്രമേയങ്ങളും അയയ്ക്കുകയും ഗവൺമെന്റിനും രജിസ്ട്രേഷൻഡയറക്ടർക്കും ഓരോ മെമ്മോറിയൽ കൊടുക്കുകയും ചെയ്തു. എന്നിട്ടും യാതൊന്നും പ്രവർത്തിച്ചുകാണുന്നില്ല. അതുകൊണ്ടു ആ പകുതി വീണ്ടും വൈക്കം സബ്‌രജിസ്ത്രാർ ആപ്പീസിന്റെ അധികാരാതൃത്തിയിലേക്ക മാററണമെന്നാണ ഞാൻ പറയുന്നതു.

മി. കെ. ജോർജ്ജ (ഗവൺമെൻറ ചീഫ്സെക്രട്ടറി): സർ, ഓരോ സബ്‌രജിസ്ത്രാർ ആഫീസിന്റെയും അധികാരാതൃത്തിയുടെ വീണ്ടും ഉള്ള വിഭജനം ഇപ്പോൾ ചിങ്ങമാസം ൧൧൧൯-നു മുതലാണ് അനുവദിച്ചതു. ഈ ആവശ്യം നേരിട്ടതു ഇപ്പോൾ സ്ഥാപിച്ചതായ പുതിയ ആപ്പീസുകളിലേക്ക മതിയായ ജോലി കൊടുക്കേണ്ടി വന്നതുകൊണ്ടാണ്. ഈ വീണ്ടുമുള്ള വിഭജനംകൊണ്ടു ചില വിഷമങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ആ സംഗതിയെക്കുറിച്ചു കുറെ മെമ്മോറിയലുകളും ഹർജികളും ഗവൺമെന്റിനു കിട്ടീട്ടുണ്ട്. അവ ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടർക്ക അയക്കുകയും ന്യൂനതകളുള്ളേടത്തോളം ഈ അസൌകര്യങ്ങളെ പരിഹരിക്കത്തക്കവണ്ണമുള്ള അഭിപ്രായങ്ങളോടുകൂടി ഗവൺമെന്റിലേക്ക സമർപ്പിക്കാമെന്ന അദ്ദേഹം വാഗ്ദത്തം ചെയ്കയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം ഗവൺമെന്റിനു ലഭിക്കുമ്പോൾ കഴിയുന്നേടത്തോളം ഈ സംഗതിയിലുള്ള സങ്കടങ്ങളെ പരിഹരിക്കുന്നതിനു അവർ ഏർപ്പാടുചെയ്യും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഒരു പകുതിയിലുള്ള എല്ലാ കരകളും ഒരു സബ്‌രജിസ്ത്രാരുടെ അധികാരാതൃത്തിയിൽ ആയിരിക്കണമെന്ന് എന്തെങ്കിലും നിശ്ചയമുണ്ടോ?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഭരണത്തിന്റെ ഏകാംശമായിരിക്കുന്ന പകുതി വീണ്ടും വിഭജിക്കാൻ പാടില്ല എന്നാണ എനിക്കുതോന്നുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ആവശ്യമുള്ളേടത്തെല്ലാം മാററങ്ങൾ വരുത്തുന്നെങ്കിൽ അതു അസൌകര്യപ്രദമായിരിക്കയില്ലേ?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഒരു പകുതിയെ വിഭജിക്കാൻ വളരെ വിഷമമാണ്. എന്നുതന്നെയല്ല ഒരു കരയ്ക്കു അതൃത്തിസ്ഥാനങ്ങളും ഇല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഉണ്ട്.

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഭരണത്തിന്റെ അംഗീകരിച്ചിട്ടുള്ള ഏകാംശം പകുതിയാണ്. ഇനി ഒരു പുതിയ കണ്ടെഴുത്തു വരുന്നതുവരെ അതു വിഭജിക്കുന്നതു എളുപ്പമാണെന്നു തോന്നുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഒരു കരയ്ക്കു ഭൂമിശാസ്ത്രസംബന്ധമായ അതിരുകൾ ഇല്ലയോ?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഉണ്ടായിരിക്കാം. എന്നാൽ ഭരണത്തിന്റെ ഏകാംശമായി ഗവൺമെൻറ അംഗീകരിച്ചിട്ടുള്ളതു പകുതിയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): കരകൾക്കു ഭൂമിശാസ്ത്രസംബന്ധമായ അതിരുകൾ ഇല്ലയോ എന്നാണ് എന്റെ ചോദ്യം.

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അംഗീകരിച്ചിട്ടുള്ള ഭൂമിശാസ്ത്രസംബന്ധമായ യാതൊരു അതൃത്തിയുമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): പിന്നെ എങ്ങിനെയാണ് ഇലക്ടോറൽ റോളിൽ ഒരാളിന്റെ പേരിന്റെകൂടെ അയാളുടെ കരയുടെപേരുകൂടി കൊടുത്തിരിക്കുന്നതായി നാം കാണുന്നതു?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതു സൌകര്യത്തിനുവേണ്ടിയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഓരോ പകുതിയിലും ഉള്ള സർവ്വേനമ്പരുകൾ ഇടച്ചായിട്ടുള്ളതല്ലയോ?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതെ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സബ്‌രജിസ്ത്രാർ ആഫീസുകളുടെ അധികാരാതൃത്തിയുടെ വീണ്ടും ഉള്ള വിഭജനത്തെ സംബന്ധിച്ച ശരിയായ തീരുമാനം ഉണ്ടാക്കുന്നതിനു ജനങ്ങളോടൊ അവരുടെ പ്രതിനിധികളോടോ ആലോചിക്കുന്നതിനു ഗവൺമെന്റിൽനിന്നും ദയവായി ഇതുസംബന്ധിച്ച ഉദ്യോഗസ്ഥനു വേണ്ട ആജ്ഞകൾ കൊടുക്കുമോ?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതിനുള്ള ഒരു വിഷമത ഒരു പകുതിയിലുള്ള ആളുകൾക്ക ഒരു പ്രത്യേക ആപ്പീസിന്റെ കീഴിൽവരണം. അടുത്ത പകുതിയിലുള്ളവർക്ക വേറൊരു ആപ്പീസിന്റെ കീഴിൽ വരാനാഗ്രഹമുണ്ടു എന്നുള്ളതാണ്. ചിലപ്പോൾ ഇതുകളിരണ്ടിനേയും ഉൾപ്പെടുത്തുന്ന ഒരു തീരുമാനം വരുത്തുന്നതിനു വളരെ പ്രയാസമാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതിനു എന്തെങ്കിലും തർക്കമുണ്ടോ?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഡയറക്ടർ ജനങ്ങളോടു ആലോചിക്കണമെന്ന് എന്നാണ് എനിക്ക തോന്നുന്നതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഉദ്യോഗസ്ഥന്മാർ അപ്രകാരം ചെയ്യുന്നില്ലെന്നു ഞാൻ മെമ്പറിനെ തെര്യപ്പെടുത്തട്ടെയോ?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഡയറക്ടർക്ക ആ സംഗതിയുടെ പല ഭാവങ്ങളെയുംകുറിച്ചു ആലോചിക്കേണ്ടതായിട്ടുണ്ടു. ജനങ്ങളോടു ആലോചിക്കുന്നതിൽനിന്നും അദ്ദേഹത്തെ യാതൊന്നും തടയുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അദ്ദേഹത്തിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിൽ എന്താണ് തരക്കേട്?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അദ്ദേഹം റിപ്പോർട്ടയക്കുന്നതിനുമുമ്പു അദ്ദേഹത്തിനു ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളെക്കുറിച്ചു തൃപ്തികരമായ അറിവുണ്ടായിരിക്കണം. അദ്ദേഹത്തിന്റെ നിഷ്പക്ഷമായ അഭിപ്രായം രേഖപ്പെടുത്തുന്നതിനും അദ്ദേഹം നിർബന്ധിതനാണ്.

മി. എ. ജെ. ജോൺ (വൈക്കം): ഈ സംഗതിയെക്കുറിച്ചു അന്വേഷിക്കുന്നതിനു ഗവൺമെൻറിൽനിന്നും ഔപചാരികമായി ഡയറക്ടരോടു ആവശ്യപ്പെടുമോ?

മി. കെ. ജോർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ആവശ്യപ്പെടാം.

മി. എ. ജെ. ജോൺ (വൈക്കം): ആ തീർച്ചയിന്മേൽ ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുന്നു.

സഭയുടെ അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൨൪൮.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

൨൪൮. നിയന്ത്രണംഇനത്തിൽ വീക്കിവച്ചിട്ടുള്ള ൧൯,൭൦൦ രൂപായിൽനിന്നു ൧൦ രൂപ കുറയ്ക്കണമെന്ന്.

സർ, എന്റെ ഉപക്ഷേപത്തിൽ ഉദ്ദേശം ചില സബ് രജിസ്റ്റർ ആപ്പീസുകളിൽ നടന്നുകൊണ്ടിരിക്കുന്ന ചില അഴിമതികളിലേക്കും, സ്ഥലത്തുവന്നു ഒരു പ്രമാണം രജിസ്റ്ററാക്കുന്നതിനു പ്രമാണത്തിലുള്ള ഓരോ കക്ഷികളും പ്രത്യേകം ഫീസുകൊടുക്കണമെന്നുള്ള വസ്തുതയിലേക്കും, ജനങ്ങളെ അനാവശ്യമായി ഭാരപ്പെടുത്തുന്ന മററു ചില സംഗതികളിലേക്കും ഗവൺമെൻറിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനാണ്. പല സബ് രജിസ്ട്രി ആപ്പീസുകളിലും, പ്രത്യേകിച്ചു നായർറഗുലേഷന്റെയും ഈഴവറഗുലേഷന്റെയും ആവിർഭാവത്തിനുശേഷം—വെള്ളാളറഗുലേഷൻ ശരിയായ ഊർജിതത്തിൽ വന്നിട്ടില്ലെന്നാണ എനിക്കു തോന്നുന്നതു—കക്ഷികളെ വളരെ ബുദ്ധിമുട്ടിക്കുന്നുണ്ട് എന്നുള്ളതു ഒരു സാധാരണ പരാതിയാണ്. അവർ ആപ്പീസിൽ ചെല്ലുന്നദിവസംതന്നെ അവരുടെ പ്രമാണം രജിസ്റ്ററാക്കി കിട്ടണമെങ്കിൽ അവർ മിക്കപ്പോഴും ചില സബ് രജിസ്ട്രാറന്മാർക്കു പണം കൊടുക്കേണ്ടതായിട്ടുണ്ട്. ഒരു കേസ്സിലെങ്കിലും എന്റെ ഓർമ്മ ശരിയാണെങ്കിൽ ൧൧൦൦-ൽ മാവേലിക്കര ഇരുന്ന സബ് രജിസ്ട്രാരുടെ ഗൗരവതരങ്ങളായ ചില അഴിമതികളെക്കുറിച്ച് ഒപ്പിട്ട ഹർജികൾമൂലം പരാതിപ്പെട്ടതായി എനിക്കറിയാം. അപ്പോൾ ഡിസ്ട്രിക്ട് രജിസ്ട്രാർ സ്ഥലത്തുപോയി അന്വേഷണങ്ങൾ നടത്തി—എന്നാൽ അന്വേഷണം നടത്തിയപ്പോൾ—ഡിസ്ട്രിക്ട് രജിസ്ട്രാർ മിക്കവാറും സബ് രജിസ്ട്രാരോടു മമതയായി എന്നാണ് തോന്നുന്നതു—പരാതിക്കാരെ ഒരു വക്കീലിനെക്കൊണ്ടു എതൃവിസ്താരം നടത്തുന്നതിനു അനുവദിച്ചു. എന്നാൽ ഈ ആളുകളെ ഒരു വക്കീൽമുഖാന്തിരം പ്രതിനിധീകരിക്കുന്നതിനു അനുവദിച്ചില്ല. ഈ സംഗതിയിൽ ശ്രദ്ധയുണ്ടായിരുന്ന ആളുകൾ ഡയറക്ടരുടെ അടുക്കലും അപ്പീൽകൊടുത്തു. ഏതായാലും അതിൽനിന്നും യാതൊന്നും ഉണ്ടായില്ല. പരാതിക്കാർ മേലധികാരികളോടു ഈ സംഗതിയെക്കുറിച്ചു നിർബന്ധിക്കുന്നതിനു ത്രാണിയുള്ളവരല്ലാതിരുന്നതിനാൽ ആ സംഗതി വിട്ടുകളയേണ്ടതായിട്ടുവന്നു. വലിയ ഉദ്യോഗസ്ഥന്മാർ ജനങ്ങളോടു അനുകമ്പയില്ലാത്തവരാണെന്ന് ഇതു തെളിയിക്കുന്നു; എന്നാൽ ജനങ്ങളുടെ നന്മയെക്കുറിച്ചു നോക്കേണ്ടതായിട്ടുവരുമ്പോൾ അവർ അവരുടെ കീഴുദ്യോഗസ്ഥന്മാരുടെ രക്ഷയെയാണ് കരുതുന്നതു്. നിശ്ചയമായും മേലധികാരികൾ, അവർക്കു എന്തെങ്കിലും പ്രത്യേകഉദ്ദേശം മനസ്സിലുണ്ടെങ്കിൽ, അവരുടെ കീഴ് സിൽബന്തികളോടു ചിലപ്പോഴും കർശനമായി പെരുമാറും. ഡിപ്പാർട്ടുമെൻറിൽ ഒഴിവുവരുമ്പോൾ, നിയമനകാര്യത്തിൽ, ഒരുപോലെ പരീക്ഷായോഗ്യതയും കൂടുതൽ സർവീസും ഉള്ള കീഴ് സിൽബന്ധികൾ ഡിപ്പാർട്ടുമെൻറിൽ ജോലി നോക്കുന്നുണ്ടെങ്കിലും പുതിയ അപേക്ഷകന്മാരെയാണ് തിരഞ്ഞെടുക്കുന്നതെന്നു ഞാൻ കേട്ടിട്ടുണ്ട്. അവർക്കു കയററം കൊടുക്കുന്നതിനുപകരം പുതിയ ആളുകളെയാണ് സബ് രജിസ്ട്രാറന്മാരായി നിയമിക്കുന്നതു്. ഈ സംഗതികളെല്ലാം കീഴ് സിൽബന്തികളെ നീതിയില്ലാത്തവരാക്കിത്തീർക്കുകയാണ്. ഈ സംഗതികളിൽ ഗവൺമെൻറ ശ്രദ്ധവയ്ക്കണം. കീഴ്ജീവനക്കാരുടെ കയററവും മേൽഗതിയും അവർക്കു പൊതുജനങ്ങളോടുള്ള കടമ നിറവേററുന്നതിലല്ല, എന്നാൽ മേലധികാരികളുടെ സേവപിടിക്കുന്നതിലാണ്, എന്നു കീഴുദ്യോഗസ്ഥന്മാർ കണ്ടാൽ, അപ്പോൾ എല്ലാസംഗതികളിലും ആചാരഭ്രംശം വരികയും ജനങ്ങൾക്കു, അവരുടെ പരാതികളെപ്പററി ശരിയായി ശ്രദ്ധിക്കുമെന്നും, ജോലി നീതിയായി നടക്കുമെന്നും, ആശിക്കാൻ മാർഗ്ഗമില്ലാതെ വരികയും ചെയ്യും. സബ്‌രജിസ്റ്റർ ആപ്പീസുകളിൽ അഴിമതികൾ നടന്നുകൊണ്ടിരിക്കുന്നു എന്ന് ജനങ്ങളുടെ ഇടയിൽ പരക്കെയുള്ള പരാതിയുടെ കാരണങ്ങളിൽ ഒന്ന് ഇതാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. പ്രമാണങ്ങൾ സമയത്തു രജിസ്റ്റർചെയ്യുന്നതിനുപോലും പണം വാങ്ങിക്കുന്നുണ്ട്. അഴിമതികളെ സംബന്ധിച്ചു ഇത്രയും—

പിന്നീട് വാസസ്ഥലത്തുചെന്ന് പ്രമാണങ്ങൾ രജിസ്റ്ററാക്കുന്നതിന്റെ ഫീസ്സിനെ സംബന്ധിച്ചു, ഈ സംഗതികൂടി എനിക്കു ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിന്റെ ഉദ്ദേശം ഗവൺമെൻറിനു ആദായമുണ്ടാക്കുന്നതിനായിരിക്കരുതു്; എന്നാൽ വസ്തുക്കൾ കൈമാററം ചെയ്യുന്നതിൽ ശരിയായ പ്രമാണങ്ങൾ ഉണ്ടാക്കുന്നതിനു എല്ലാ സൌകര്യങ്ങളും കൊടുത്തു ജനങ്ങളുടെ നന്മയെ സൂക്ഷിക്കയും ചതിപ്രവൃത്തി തടയുന്നതിനുള്ള മററു സംഗതികൾ ചെയ്യുകയുമാണ്. അതാണ് അതിന്റെ ഉദ്ദേശം. അതുകൊണ്ടു ഡിപ്പാർട്ടുമെൻറിൽനിന്നും കഴിയുന്നത്ര പണം ഈടാക്കണമെന്നു ഗവൺമെൻറ ആശിക്കരുതു. ഈ സംഗതിയിൽ ഒന്നുകൂടി വിശാലമായ നയമാണ് ആവശ്യമായിട്ടുള്ളതു്. നിശ്ചയമായും ഒരു സബ്‌രജിസ്ട്രാർ ഒരു വാസസ്ഥലത്തുചെന്നു പ്രമാണം രജിസ്റ്ററാക്കുന്നതിനു ൧൦ കക്ഷികൾ ഉണ്ടെങ്കിലും ഒരു പ്രാവശ്യം മാത്രം നടന്നാൽമതി. അപ്രകാരമുള്ള സംഗതികളിൽ ഒന്നിലധികം കക്ഷികൾ ഉണ്ടെങ്കിലും ഒരു പ്രമാണം രജിസ്റ്ററാക്കുന്നതിനു ഒരു ഫീസേ ഈടാക്കാവൂ. ഇത്രയുംപറഞ്ഞു സഭയുടെ ആലോചനയ്ക്കായി എന്റെ ഉപക്ഷേപത്തെ സമർപ്പിച്ചുകൊള്ളുന്നു.

മി. കെ. ജോർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): സർ, ഈ ഉപചോദ്യത്തെ സംബന്ധിച്ച് മി. രാമൻമേനവൻ രണ്ടു സംഗതികൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചില സബ് രജിസ്ട്രാഫീസുകളിൽ അഴിമതികൾ നടക്കുന്നുണ്ടു എന്നുള്ള സംഗതി അദ്ദേഹം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നു. കൂടാതെ, വാസസ്ഥലത്തു ചെന്നു പ്രമാണങ്ങൾ രജിസ്റ്ററാക്കുന്ന കാര്യത്തിൽ ചില അമാന്തങ്ങൾ നേരിടുന്നുണ്ട് എന്നും, കൂടുതൽ നികുതി ഈടാക്കുന്നുണ്ട് എന്നും ഉള്ള സംഗതി അദ്ദേഹം ഗവൺമെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നു. ഞാൻ ആദ്യമായി അഴിമതികളെക്കുറിച്ചു പ്രതിപാദിക്കാം. നായർറീഓർഗനൈസേഷൻെറയും ഈഴവറീഓർഗനൈസേഷൻെറയും ഊർജ്ജിതമായ ആവിർഭാവത്തിനുശേഷം അഴിമതികൾ ധാരാളമായി നടക്കുന്നുണ്ടെന്നു മി. രാമൻമേനവൻ പറഞ്ഞു. എന്നാൽ ഇവിടെ പറഞ്ഞ കേസ് ൧൯൦൦-ൽ നടന്നതാണ്. ആ സമയത്തു നായർറീഓർഗനൈസേഷൻ ഊർജ്ജിതത്തിൽ വന്നിട്ടില്ലെന്നാണു ഞാൻ വിചാരിക്കുന്നതു. ഏതായാലും ൧൯൦൦-ാമാണ്ടിടയ്ക്കു നടന്നതായ ഒരൊറ്റ ഉദാഹരണം മാത്രം പറഞ്ഞു അതിൽനിന്നും ഡിപ്പാർട്ടുമെൻറിനു അനുകൂലമല്ലാത്ത ഒരു അനുമാനം കല്പിക്കുന്നതു അത്ര നീതിയാണോ എന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ അഴിമതികൾ നടക്കുന്നുണ്ടെങ്കിൽ അതു ഗവൺമെൻറിൻെറ ശ്രദ്ധയിലോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറു ഭരിക്കുന്നതിനായി നിയമിച്ചിട്ടുള്ള മേലധികാരികളുടെ ശ്രദ്ധയിലോ വിഷയമാക്കേണ്ടതു, അവയെക്കുറിച്ചു അറിയാവുന്ന ഓരോരുത്തരുടെയും ധർമ്മമാണ്. സർ, കിംവദന്തികളേയും കേൾവികളേയും അടിസ്ഥാനമാക്കി ഇപ്രകാരമുള്ള സാമാന്യകുറ്റാരോപണങ്ങൾ ചെയ്യുന്നതു എളുപ്പമാണ്. ഒന്നാമതായിട്ട ഒരു സബ് രജിസ്ട്രാർ കൈക്കൂലിക്കാരനാണെങ്കിൽ—എനിക്കു കൈക്കൂലിക്കാരൻ എന്നുള്ള വാക്കുതന്നെ ഉപയോഗിക്കാമെന്നാണു തോന്നുന്നതു എന്തുകൊണ്ടെന്നാൽ കുറ്റാരോപണം അത്രത്തോളം വരുന്നുണ്ടു. അയാളുടെ അന്യായമായ ആവശ്യങ്ങൾ നിറവേറ്റാതെ കക്ഷികളുടെ പണം അവരുടെ കയ്യിൽ തന്നെ വച്ചുകൊണ്ടിരിക്കാൻ സാധിക്കയില്ലയോ എന്നാണു ഞാൻ ചോദിക്കുന്നതു. പണംകൊടുത്തിട്ടു പിന്നെ പരാതിപറഞ്ഞതുകൊണ്ടു ഫലമില്ല. അവർ പണംകൊടുക്കരുതു. അതാണു എൻെറ ആദ്യത്തെ വാദം. നിശ്ചയമായും അന്യായമായി പണം വാങ്ങുന്നവരെ ഞാൻ കഠിനമായി വെറുക്കുന്നു. പ്രത്യേകകേസുകൾ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാമെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർക്കു വിപരീതമായി ഗവൺമെൻറിൽനിന്നും ശക്തിമത്തായ ശിക്ഷാവിധികൾ നടത്തുമെന്നു എനിക്കു നിശ്ചയമുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സാധാരണ ആളുകൾക്കു വിഷമതകൾ നേരിടുമ്പോൾ അവർ എന്താണു ചെയ്യേണ്ടതു?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അവർ പരാതിപ്പെടേണ്ടതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അവർ ആരുടെ അടുക്കലാണ് പരാതി പറയേണ്ടതു?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): മേലധികാരികളോടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഒരു പരാതിക്കു തീരുമാനം പറയുന്നതിനു എത്ര മാസം വേണ്ടിവരുമെന്നു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): നിശ്ചയമായും അനേകം മാസങ്ങൾ വേണ്ടിവരികയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതിനു ശരാശരി എത്ര മാസം വേണ്ടിവരും?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അതിനു അനേക മാസങ്ങൾ വേണ്ടിവരികയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എന്നാൽ എത്ര ആഴ്ചകൾ വേണം?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): പരാതി, അന്യായമായി കൈക്കൂലി വാങ്ങിച്ചു എന്നു അയാൾക്കു തെളിയിക്കാമെങ്കിൽ അതു വളരെ എളുപ്പത്തിൽ തീരുമാനിക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഒരാൾ ഒരു സബ് രജിസ്ട്രാരുടെ ആഫീസിൽ പോകുന്നു എന്നു വിചാരിക്കുക. സബ് രജിസ്ട്രാർ മണിനോക്കിയിട്ടു ൪ മണിയായതുകൊണ്ടു ഇന്നു പ്രമാണം എടുക്കാൻ സാധിക്കയില്ലെന്നു പറയുന്നു. മററുള്ള നാഴികമണി അനുസരിച്ചു അപ്പോൾ ൪ മണിയായിക്കാണുകയേ ഇല്ല. എന്നാൽ അയാൾ പിറേറദിവസത്തേയ്ക്കു വേണ്ടി താമസിക്കണോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): സബ് രജിസ്ട്രാർ, അദ്ദേഹത്തിൻെറ ജോലികൾ നടത്തുന്നതു അദ്ദേഹത്തിൻെറ നാഴികമണി അനുസരിച്ചാണ്. ആ ആൾ പിറേറദിവസം വരെ താമസിക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പിറേറദിവസവും അയാൾക്കു ഈ വിഷമത തന്നെ നേരിട്ടാലോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അങ്ങനെ വരാതിരിക്കാൻ അയാൾ ആവശ്യമുള്ളടത്തോളം നേരത്തെ പോകണം. അയാൾ അതുകൊണ്ടു പണം കൊടുക്കണമെന്നാണോ മെംബർ വിചാരിക്കുന്നതു? അനാവശ്യമായി ഇതേ ഉപദ്രവം തന്നെ ഉണ്ടാക്കുകയാണെങ്കിൽ അയാൾക്കു മേലധികാരികളോടു പരാതിപ്പെടാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പരാതിക്കു തീരുമാനം പറയുന്നതിനു പല്ലകദേശം കുറേക്കാലം എടുക്കും. അതുകൊണ്ടു ആ സാധുമനുഷ്യനു പല ബുദ്ധിമുട്ടുകളും ഉണ്ടാകും. അതുകൊണ്ടു അപ്രകാരമുള്ള സംഗതികൾ തടയുന്നതിനു ആവശ്യമുള്ള നടപടികൾ ഗവൺമെൻറിൽനിന്നുംതന്നെ നടത്തുകയല്ലയോ നല്ലതു എന്നാണ് ഞാൻ ചോദിക്കുന്നതു?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഖണ്ഡിതമായുള്ള പരാതികൾ കൊണ്ടുവരികയാണെങ്കിൽ അങ്ങിനെ ചെയ്യാം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): നിയമസഭയിലെ ഒരു ഉത്തരവാദമുള്ള അംഗം ഒരു സംഗതിയെപ്പറ്റി പറയുമ്പോൾ ഗവൺമെന്റ ഉദ്യോഗസ്ഥന്മാർ നീതിയായി പെരുമാറുന്നുണ്ടോ ഇല്ലയോ എന്നന്വേഷിക്കേണ്ടതു ഗവൺമെന്റിന്റെ കടമയല്ലയോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): ഓരോരുത്തരും ന്യായമായനിലയിൽ പെരുമാറണമെന്നാണ് ഗവൺമെന്റ ആശിക്കുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അതു ആശമാത്രമേ ആകുന്നുള്ളോ? മി. രാമൻമേനവന്റെ പ്രസ്താവനയെ ആശ്രയിച്ചു ആ സംഗതിയെക്കുറിച്ചു ഒന്നുകൂടി സൂക്ഷ്മമായി അന്വേഷിക്കേണ്ടകടമ ഗവൺമെന്റിനു ഇല്ലയോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): രജിസ്ത്രേഷൻഡയറക്ടർ പരിശോധനനടത്തുന്ന ഒരു ഉദ്യോഗസ്ഥനാണു. അതുപോലെതന്നെ ഡിസ്ട്രിക്റ്റ്രജിസ്ത്രാരന്മാരും പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാരാണ്. എന്തെങ്കിലും അഴിമതികൾ ഉണ്ടെങ്കിൽ ജനങ്ങൾക്കു ആ ഉദ്യോഗസ്ഥന്മാരോടു പരാതി പറയാം. അവർ അതിനെക്കുറിച്ചു അന്വേഷിക്കയും ചെയ്യും.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): നിയമസഭയിലെ ഒരു ഉത്തരവാദിത്വമുള്ള മെമ്പർ രെക്കാർഡിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞതിനെ ആശ്രയിച്ചു ഒന്നുകൂടി നല്ലതുപോലെ പരിശോധന നടത്തണമെന്നുള്ള കാര്യത്തെപ്പറ്റി ചീഫ്സെക്രട്ടറി അവർകൾ ആലോചിക്കുമില്ലയോ എന്നാണു ഞാൻ ചോദിക്കുന്നതു?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): പരിശോധന അതൃപ്തികരമാണെന്നു ഞാൻ സമ്മതിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മി. രാമൻമേനവൻ പറഞ്ഞതിനെ ആശ്രയിച്ചു ഗവൺമെന്റിൽനിന്നും ആ സംഗതിയെപ്പറ്റി ഒന്നുകൂടി സൂക്ഷ്മാന്വേഷണം ചെയ്യുകയില്ലയോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): എനിക്കതു തീരെ മനസ്സിലാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ചീഫ്സെക്രട്ടറിക്കു എന്റെ ഉദ്ദേശ്യം മനസ്സിലാകുന്നില്ലെങ്കിൽ ഞാൻ ഒന്നുകൂടി വിസ്തരിച്ചുപറയാം. മി. രാമൻമേനവന്റെ പ്രസ്താവനക്കുശേഷവും ഇപ്പോഴും യഥാർത്ഥത്തിൽ നടക്കുന്നതിനെക്കൾ നന്നായിട്ടുള്ളമാതിരി പരിശോധന—ഇപ്പോഴത്തെ പരിശോധന നല്ലതോ ചീത്തയോ എന്നു ഞാൻപറയുന്നില്ല-നടത്തുന്നതിനു അദ്ദേഹത്തിനോടു ആജ്ഞാപിക്കാം.

മി. എ. ജെ. ജാൺ (വയ്ക്കം): ഓരോ സബ്രജിസ്ത്രർ ആഫീസിലെക്കും ഓരോ നാഴികമണി കൊടുത്തിട്ടുണ്ടോഎന്നുപറയുമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി), ഞാൻ എല്ലാ സബ്രജിസ്ത്രർ ആഫീസുകളും കണ്ടിട്ടില്ല.

മി. എ. ജെ. ജാൺ (വയ്ക്കം): എല്ലാ സബ്രജിസ്ത്രർ ആഫീസുകളിലേക്കും ഗവൺമെന്റിൽനിന്നും നാഴികമണികൾ കൊടുത്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): എനിക്കുപറയാൻ നിവൃത്തിയില്ല.

മി. എ. ജെ. ജാൺ (വയ്ക്കം): ഓരോ സബ്രജിസ്ത്രാഫീസിലും ഓരോ നാഴികമണി ഉണ്ടായിരിക്കുന്നതു സൗകര്യപ്രദമായിരിക്കയില്ലയോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): അതെ.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഓരോ സബ്രജിസ്ത്രർ ആഫീസിലും രണ്ടോ മൂന്നോ നാണയങ്ങളുടെ ഒരു ന്യായമായതുക വച്ചുകൊണ്ടിരിക്കുന്നതു സൗകര്യപ്രദമായിരിക്കയില്ലയോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): ഗവൺമെന്റഖജനാവിൽ വളരെ അധികം നാണയങ്ങളുണ്ടു. മെമ്പറിനു രജിസ്ത്രേഷൻഡയറക്ടരോടു ഏർപ്പാടുചെയ്യാവുന്ന ഒരു നിസ്സാരമായ സംഗതിയാണിതു. ആ സംഗതിക്കു ഗവൺമെന്റിൽനിന്നും ഒരു ഗവൺമെന്റുത്തരവയക്കേണ്ട ആവശ്യംഇല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): പിന്നെ ഏതുസംഗതിക്കു ഗവൺമെന്റിൽനിന്നും ഒരു ഗവൺമെന്റുത്തരവയക്കും?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): അതു വളരെ നിസ്സാരസംഗതിയായിട്ടാണ് ഞാൻ ഗണിക്കുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): പിന്നെഅതാരുചെയ്യും? ഞാൻ എന്തിനാണു രജിസ്ത്രേഷൻ ഡയറക്ടരോടു ആവശ്യപ്പെടുന്നതു? ഞാൻ വിവരംഗ്രഹിക്കാൻമാത്രം ചോദിക്കയാണ്. ഗവൺമെന്റിൽനിന്നും നടത്തുന്നതിനായി ഞാൻ ഏതെങ്കിലും അഭിപ്രായം സമർപ്പിക്കയില്ല. ഈചെറിയ നാണയങ്ങൾ സബ്രജിസ്ത്രർ ആഫീസുകളിൽ വച്ചുകൂടാൻ പാടില്ലയോ എന്നുമാത്രം ഞാൻ ചോദിക്കയാണ്.

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): ചെമ്പുനാണയങ്ങളുടെ ഒരു മതിയായതുക അവിടെ കടപ്പക്കൽഉണ്ടു. അതിനു വിപരീതമായി തെളിയിക്കുമാറാണെങ്കിൽ ഞാൻ അതെസംബന്ധിച്ചു മറുപടി പറയും.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഇപ്പോഴത്തേയ്ക്കു ചീഫ്സെക്രട്ടറിയുടെ പ്രസ്താവനയെ ഞാൻ സ്വീകരിക്കുന്നു. ഇപ്പോൾ അതിനു വിപരീതമായി ഒന്നും ഞാൻ പറയുന്നില്ല.

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): കുറ്റാരോപണം അതിനെപ്പറ്റി ശരിയായ നടപടി നടത്താൻ പാടില്ലാത്തവിധത്തിൽ വിശാലമായും സാമാന്യനിലയിൽ ഉള്ളതുമാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ), മി. രാമൻമേനവൻ ഉദ്ധരിച്ച ഒരു പ്രത്യേകസബ്രജിസ്ത്രാഫീസിന്റെ ഉദാഹരണം ചോദിക്കയോ?

മി. കെ. ജോർജ്ജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): അതു രണ്ടുകൊല്ലംമുമ്പു നടന്നതാണ്. ആ സബ്ബ്റജിസ്ത്രാർ പക്ഷെ ഇപ്പോൾ അവിടെ അല്ലായിരിക്കാം.

മി. രാമൻമേനവൻ ചൂണ്ടികാണിച്ച വേറൊരുസംഗതി കീഴ്‌സിൽബന്തികളുടെ കാര്യത്തെ കുറിച്ചാണ്.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കയററങ്ങളെ വിഗണിച്ചു പുതിയ ആളുകളെ നിയമിക്കുന്നു എന്നാണ്.

മി. കെ. ജോർജ്ജ് (ഗവൺമെൻറ്ചീഫ്സെക്രട്ടറി): ഒരു ഗവൺമെൻറുത്തരവനുസരിച്ച്, പുതിയ ആളുകളെ പ്രൊബേഷനറി സബ്ബ്റജിസ്ത്രാറന്മാരായി നിയമിക്കുന്നുണ്ട്. ഇതിന്റെ ഉദ്ദേശം ആ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത കുറയുന്നതിനെ തടയാനും, അവരുടെ പ്രവൃത്തി നന്നാക്കാനാണ്. യോഗ്യതയുള്ള ആളുകൾ താഴ്ന്നനിലകളിൽ ഉണ്ടെങ്കിൽ അവരുടെ കയററം വിഗണിക്കയില്ലെന്നാണ് എനിക്കു തോന്നുന്നത്. കയററംകൊടുക്കുന്ന ഓരോസമയവും അവരുടെ അവകാശങ്ങളെപ്പററി വിചിന്തനം ചെയ്യുന്നുണ്ട്. ഒരാളെ പുതുതായി ഒരു സബ്ബ്റജിസ്ത്രാർസ്ഥാനത്തു നിയമിക്കയാണെങ്കിൽ അയാൾക്കു അതൃപ്തി എങ്കിലും ഉണ്ടായിരിക്കയില്ല. ആ കാരണത്തിന്മേൽ പണം ചോദിക്കുന്നതിനുള്ള മോഹവും കാണുകയില്ല. പുതിയ ആളുകളെ നിയമിക്കുന്നതുകൊണ്ടു ഡിപ്പാർട്ടുമെൻറിൽ കൈക്കൂലി വർദ്ധിക്കുന്നതു എങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

അദ്ദേഹം പ്രസ്താവിച്ച വേറൊരുസംഗതി, വാസസ്ഥലങ്ങളിൽചെന്നു പ്രമാണങ്ങൾ റജിസ്റ്റർചെയ്യുമ്പോൾ ഓരോരുത്തരോടും പ്രത്യേകംഫീസു വാങ്ങിക്കുന്നതിനെകുറിച്ചാണ്. ആ സംഗതിക്കു നിയമങ്ങൾ ഉണ്ട്. റെഗുലേഷൻ അനുസരിച്ചുള്ള ചട്ടങ്ങളുടെ ഉപവകുപ്പിൽ സബ്ബ്റജിസ്ത്രാർ ഒരു വാസസ്ഥലത്തു പോകേണ്ടതു എല്ലാ സന്ദർഭങ്ങളിലുമാണെന്നു പറഞ്ഞിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു. ഒരേ വാസസ്ഥലത്തു തന്നെ ഈ ചട്ടത്തിന്റെ ഗുണാനുഭവത്തിനു അർഹതയില്ലാത്ത ആളുകൾ ഉണ്ടായിരിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. എന്നാൽ ഒരേവീട്ടിൽതന്നെ താമസിക്കുന്ന ആളുകളുടെ വിഷമതയും അസൌകര്യവും അറിഞ്ഞ്—അവരുടെ വാസസ്ഥലങ്ങളിൽ സബ്ബ്റജിസ്ത്രാരെ കൊണ്ടുപോകുന്ന അർഹതയുള്ളവരായ ചില കക്ഷികൾ ഉണ്ട്. അർഹതയില്ലാത്തവരായ വേറെചിലരും ഉണ്ട്. വാസസ്ഥലങ്ങളിൽവച്ചു റജിസ്റ്റർചെയ്യാൻ അർഹതയില്ലാത്തവരായ കക്ഷികൾക്കു കൂടുതലായി രൂപാ ഫീസുകൊടുക്കാമെങ്കിൽ റജിസ്റ്റർചെയ്യാം എന്നു ഗവൺമെൻറിൽനിന്നും നിശ്ചയിച്ചിട്ടുണ്ട്.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ വ്യത്യാസത്തിനുള്ള കാരണം എന്താണെന്നു പറയുമോ?

മി. കെ. ജോർജ്ജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): പരസ്യമായി പൊതുസ്ഥലങ്ങളിൽ പോകാൻ പാടില്ലാത്ത സ്ത്രീകൾക്കും രോഗികൾക്കും വൃദ്ധന്മാർക്കും ഉയർന്നസ്ഥാനങ്ങളിൽ ഉള്ള ആളുകൾക്കും വേണ്ടിയാണു ഇതു സാധാരണയായി ഉദ്ദേശിച്ചിരിക്കുന്നതെന്നു എനിക്കു തോന്നുന്നു. എന്നാൽ സബ്ബ്റജിസ്ത്രാരുടെ ആഫീസിൽ പോകാവുന്നവരായ ആളുകളും അവരോടൊന്നിച്ച് ഉണ്ട്. അവർ ഒരു സബ്ബ്റജിസ്ത്രാരുടെ ആഫീസിൽ പോകുകയാണെങ്കിൽ അവർക്കു ആ കൂടുതൽഫീസു ഭാരമാകാം. അവർക്കു ആ ഉപദ്രവം ഇല്ലാതാക്കുന്നതിനു എന്തുകൊണ്ടു കുറെപണം ഗവൺമെൻറിലേക്കു കൊടുക്കാൻ പാടില്ല എന്നു ഞാൻ കാണുന്നില്ല. ആ സംഗതിയിൽ ഗ്ലാനിയും ഒരു കുറവുചെയ്യുന്നതിനു കാരണം ഇല്ലെന്നാണ് എനിക്കു തോന്നുന്നതു. അതുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പ്രതിഷേധിക്കുന്നു.

മി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മി. രാമൻമേനവൻ പറഞ്ഞ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായിയോജിക്കുന്നു. സബ്ബ്റജിസ്ത്രാർ ആഫീസുകളിൽ പല അഴിമതികളും നടക്കുന്നു എന്നു മി. രാമൻമേനോൻ പറഞ്ഞു. രണ്ടുവർഷത്തിനുമുൻപു നടന്നതായ ഒരു കഥ മി. മേനവൻ പറഞ്ഞതുകൊണ്ടു അതിനു പ്രാമാണ്യം ഇല്ലെന്നും ആ സബ്ബ്റജിസ്ത്രാർ ഇപ്പോൾ അവിടെ ഇല്ലെന്നും ചീഫ്സെക്രട്ടറി അഭിപ്രായപ്പെടുന്നു.

മി. കെ. ജോർജ്ജ് (ഗവൺമെൻറ്ചീഫ്സെക്രട്ടറി): സർ, സ്വന്തസമാധാനമായി ഒരുവാക്കു പറയാനുണ്ട്. ഒരു സാമാന്യനിയമത്തെ ഒരു ഒററ ഉദാഹരണം തെളിയിക്കയില്ലെന്നായിരുന്നു എന്റെ വാദമുഖം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഒരു ഡിപ്പാർട്ടുമെൻറിൽ നടന്നുവരുന്ന അഴിമതികളിൽ ഒരു ദൃഷ്ടാന്തമെടുത്തു പറയുന്നതു ശരിയല്ലെന്നു അദ്ദേഹം പറയുന്നു. ഒരു ഗവൺമെൻറ് മെമ്പറുടെ നിലയിൽ ആ അഭിപ്രായം ശരിയായിരിക്കാം.

ഇപ്പോഴത്തെ നായർറെഗുലേഷൻ പാസ്സായതിൽപിന്നീടു പലനായർകുടുംബങ്ങളും ഭാഗിച്ചു ഉടമ്പടിഎഴുതിവരുന്നുണ്ടു. അപൂർവം ചില സബ്ബ്റജിസ്ത്രാറന്മാർ ഒഴികെ ശേഷമുള്ള ആളുകൾ ഈ ഉടമ്പടികൾ റജിസ്റ്റർ ചെയ്യണമെങ്കിൽ പണംവാങ്ങിക്കണമെന്നു ഒരു നിർബന്ധംവച്ചിട്ടുള്ളതായി എനിക്കു സൂക്ഷ്മമായി അറിയാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മററുള്ള ആധാരങ്ങൾക്കു പണം വാങ്ങിക്കാറില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മററുള്ള ആധാരങ്ങൾക്കു ഒരു രൂപാ വാങ്ങിക്കുന്നെങ്കിൽ ഭാഗആധാരങ്ങൾക്കു ൧൦൦ രൂപയാണു വാങ്ങിക്കുന്നതു. അതിനു പലകാരണങ്ങളുമുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): നായന്മാരുടെ ഭാഗഉടമ്പടിക്കുമാത്രം പണംവാങ്ങിക്കാനുള്ള കാരണമെന്താണ്?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): എന്റെ പ്രസംഗംതീർന്നു ഞാൻ ഇരിക്കുമ്പോൾ ചോദിച്ചാൽ വിസ്തരിച്ചുമറുപടിപറയാം.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇരിക്കുന്നസമയത്തു വീണ്ടും ചോദിപ്പിക്കാതെ ഇപ്പോൾ ചോദിച്ചചോദ്യത്തിനുതന്നെ ഒടുവിൽ മറുപടിപറയരുതോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മി. കുഞ്ഞിത്തൊമ്മനു ഈ അവസ്ഥ സാധാരണ പറയാറില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ ഈ സംഗതി ഇവിടെ പറയുന്നത് എന്റെ സ്വകാര്യ അറിവിൽ കിട്ടിയിട്ടുള്ളതുകൊണ്ടാണ്. ചില രജിസ്ട്രർ ആഫീസുകളുടെ അടുത്ത് [illegible] സ്ഥലങ്ങളിലുള്ള [illegible] അടുത്ത സബ്‌രജിസ്ട്രർ ആഫീസിൽ കൊണ്ടുപോയി പതിപ്പിക്കാറുള്ളതായി എനിക്കറിയാം. [illegible] ഗവണ്മെന്റു പരിശോധിച്ചാൽ ഞാൻ പറഞ്ഞിട്ടുള്ളതിന്റെ വാസ്തവം ബോധ്യപ്പെടുന്നതാണ്. ഒരു വീട്ടിൽനിന്നും വളരെ അടുത്തു രണ്ടോ മൂന്നോ ഫർലോങ്ങ് മാത്രം ദൂരമുള്ള രജിസ്ട്രർ ആഫീസിൽ പതിക്കേണ്ട പ്രമാണങ്ങളെ അവിടെനിന്നും [illegible] ദൂരമുള്ള സബ്‌രജിസ്ട്രാർ ആഫീസുകളിൽ കൊണ്ടുപോയി പതിപ്പിക്കാനിടയുള്ള കാരണം കൈക്കൂലിയുടെ നിർബന്ധമാണ്. [illegible] പാസ്സായതിന്റെ ശേഷം അവരുടെ [illegible] ഉപായത്താൽ [illegible] ചില സബ്‌രജിസ്ട്രാർമാർ [illegible] ഇങ്ങനെ [illegible] ആഫീസുകളിൽ [illegible].

മി. [illegible] (തിരുവനന്തപുരം—[illegible]): [illegible] ഇതുപോലെ [illegible] ലഭിക്കുന്നുവോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ചീഫ് സെക്രട്ടറിയുടെ മറുപടിയിൽ ഒരു സമാധാനം പറയുമായിരിക്കാം. അതായത് ജനങ്ങളുടെ പ്രതിപുരുഷന്മാർ ഈ സംഗതിയിൽ [illegible] കാരണത്തെ ഒരു വീഴ്ചയായി പറയുമായിരിക്കാം. വളരെക്കാലമായി പബ്ളിക്ക് സർവീസിലുള്ള അഴിമതികളെപ്പറ്റി ജനപ്രതിനിധികൾ പറയുന്ന അവസരങ്ങളിൽ ഗവണ്മെന്റു നൽകിയിട്ടുള്ള മറുപടികളെ പര്യാലോചിക്കുമ്പോൾ ഈ വിഷയത്തെപ്പറ്റി പറഞ്ഞ സമയംകളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. (മി. കെ. മാധവൻപിള്ള: ഹീയർ, ഹീയർ) മറ്റൊരു സമാധാനം ചീഫ് സെക്രട്ടറി പറയുന്നതു ജനങ്ങൾ എന്തിനാണു ഇതിലേക്കു പണംകൊടുക്കുന്നതു" എന്നുള്ളതാണ് ഇതു എളുപ്പമായ ഒരു സമാധാനമാണ്. ഗവണ്മെന്റു ഈ സമാധാനത്തോടുകൂടെ ഇരിക്കുകയാണെങ്കിൽ പബ്ളിക്ക് സർവീസിന്റെ സ്ഥിതി എന്തായിത്തീരുമെന്നു മനസ്സുകൊണ്ടു വിചാരിക്കാൻകൂടി സങ്കടം തോന്നുന്നുണ്ട്. എന്നാൽ അവരും ആളുകളാണെന്നും അവർക്കും ചില ചാപല്യങ്ങൾ ഉണ്ടെന്നും അതു സ്വാഭാവികമാണെന്നും മനസ്സിലാക്കുമ്പോൾ ഇങ്ങനെ ഒരു സമാധാനം പറയുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുകയില്ല. ഇന്നയിന്ന സ്ഥലങ്ങളിൽ ഇന്നയിന്ന അഴിമതികൾ നടക്കുന്നു—ഇന്നയിന്നവർ കൈക്കൂലിവാങ്ങിക്കുന്നു എന്നു പ്രതിപുരുഷന്മാർ പറഞ്ഞാൽ ഗവണ്മെന്റു അതിനെ സമ്മതിക്കുന്നില്ല അതിനെപ്പറ്റി അന്വേഷിക്കുന്നില്ല നേരെമറിച്ചു പല അവസരങ്ങളിലും അവരെ രക്ഷിപ്പനിരുത്തുകകൂടി ചെയ്യുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ചില രജിസ്ട്രർകച്ചേരികളിൽ മുന്നണിക്കുമേൽ പ്രമാണങ്ങൾ എടുക്കുന്നില്ല എന്നുള്ള വിവരം മെമ്പർക്കു അറിയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളവുംവിളവങ്കോടും): അറിയാം.

മി. എം. ശിവതാണുപിള്ള (തോവാള): അതിനു വല്ല റൂൾസുംഉണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അപ്രകാരം റൂൾസ് ഇല്ലെന്നാണ് എന്റെ അറിവ്.

ഇപ്പോൾ മി. ശിവതാണുപിള്ള പറഞ്ഞതിൽനിന്നു വേറൊരുസംഗതികൂടി എന്റെ ഓർമ്മയിൽവരുന്നു. [illegible] മണിമുതൽ വരുന്നതായപ്രമാണങ്ങളെ [illegible] രജിസ്ട്രാരുടെ [illegible]. [illegible] അതിൽ പണംകിട്ടുന്നവോ [illegible] പ്രമാണം [illegible] മുതലിൽവരികയും അതിനെ നേരത്തെ രജിസ്റ്ററാക്കിക്കൊടുക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു പതിവുണ്ടെന്നു പറഞ്ഞതിനു ചീഫ് സെക്രട്ടറിയുടെ സമാധാനം [illegible] തൃപ്തികരമായിട്ടുള്ളതല്ല "നിങ്ങൾ പണംകൊടുക്കേണ്ടതില്ല കൊടുത്തിട്ട പരാതിപറയുന്നതു എന്തിനു"? എന്നാണ് അദ്ദേഹം സമാധാനം പറയുന്നതു.

വേറൊരുസംഗതി അദ്ദേഹം പറയുന്നതു തെളിവിനെ അടിസ്ഥാനമാക്കി കൈക്കൂലികാര്യം പറയാൻ പാടില്ലെന്നാണ്. ഇതു ഗവണ്മെന്റ് സാധാരണ പറഞ്ഞുവരുന്ന ഒരു സമാധാനമാണ്. ഈ സമാധാനം [illegible] പറയുന്നതിനു ഗവണ്മെന്റിൽനിന്നും [illegible] എന്നു തോന്നിപ്പോകുന്നു. തെളിവിനെ അടിസ്ഥാനമാക്കി പറയാതെ പിന്നെ എന്തിനെ അടിസ്ഥാനമാക്കിയാണു പറയേണ്ടതു എന്നറിയുന്നില്ല. തെളിവിനെ അടിസ്ഥാനമാക്കിയാണു ലോകത്തിലുള്ള പലകാര്യങ്ങളും അറിയുന്നതു. തെളിവിനെ അടിസ്ഥാനമാക്കി പറയത്തക്ക [illegible] ആണ് ഇന്നത്തെ നിയമം ഗവണ്മെന്റു രൂപീകരിച്ചുവച്ചിരിക്കുന്നതു; കൈക്കൂലികൊടുത്തവനും അതുവാങ്ങിച്ചവനും [illegible] ഇപ്പോഴത്തെ നിയമമനുസരിച്ചു എങ്ങനെ വെളിയിൽ പറയാൻ സാധിക്കും. എനിക്കു ഇന്ന സബ്‌രജിസ്ട്രാർ [illegible] പ്രതിഫലം പറ്റിയതായി [illegible] കൈക്കൂലിവാങ്ങിച്ചു എന്നു സൂക്ഷ്മമായി പറയാൻ സാധിക്കും. അതിലേക്കു ഒരു പട്ടികകൂടി തയ്യാറാക്കാനും എനിക്കു സാധിക്കും. എന്നാൽ അവരെ തെളിയിക്കാൻ [illegible]. നിയമം അതിനനുവദിക്കുന്നില്ല. നിയമം പ്രതികൂലിച്ചു നിൽക്കുന്നകാലത്തോളം പബ്ളിക്ക് സർവീസിലെ അഴിമതികളെ പരിഹരിക്കാൻ ഒരുമാർഗ്ഗവും കാണുന്നില്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്‌സർക്കാർവക്കീൽ): ഈ അഴിമതികൾക്കു വിപരീതമായി പിന്നെ [illegible] ഗവണ്മെന്റിനു നടപടി നടത്താൻ സാധിക്കുന്നതു?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ജനങ്ങളുടെ പ്രതിപുരുഷന്മാർ പറയുന്നതിനെ ഗവണ്മെന്റു [illegible] വിശ്വസിക്കണം. പബ്ളിക്ക് സർവീസിലുള്ള ഉദ്യോഗസ്ഥന്മാരെ അഴിമതിക്കൂടാതെ ശരിയായനിലയിൽവച്ചു പരിപാലിക്കേണ്ടകടമ ഗവണ്മെന്റിനാണ്. ആ കടമയെ നിറവേറ്റുന്നതിനു എന്തെല്ലാം മാർഗ്ഗങ്ങൾ ഉണ്ടോ അതെല്ലാം ഗവണ്മെന്റു ചെയ്യേണ്ടതാണ്. അനേകം ഉദ്യോഗസ്ഥന്മാർക്കുള്ള ഗവണ്മെന്റിനെ കൈക്കൂലിക്കാരൻ ആരാണെന്നു കണ്ടുപിടിക്കാൻ പ്രയാസം നേരിട്ടേക്കാം. അവരിൽ ഇന്നയിന്നവർ കൈക്കൂലിവാങ്ങിക്കുന്നു എന്നു കണ്ടുപിടിക്കാൻ അതാതു ഡിപ്പാർട്ടുമെന്റിലെ അധികൃതന്മാർ പ്രത്യേകം ഏർപ്പെട്ടിട്ടുള്ളവരാണ്. ഇന്നയിന്ന ഡിപ്പാർട്ടുമെന്റുകളിൽ ഇന്നയിന്ന അഴിമതികൾ നടക്കുന്നുവെന്ന് ജനപ്രതിനിധികൾ പറയുന്നതു അതുകണ്ടുപിടിക്കുവാനുള്ള ഉദ്യോഗസ്ഥന്മാരേയും ഗവണ്മെന്റിനേയും സഹാ

ഷിക്കുന്നതിനു മാത്രമാണ്. അങ്ങിനെ അവർ പറയുമ്പോൾ ഗവണ്മെന്റ അതിനെപ്പററി വേണ്ടപോലെ അന്വേഷിക്കണം.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : ഒരു പ്രത്യേകഉദ്യോഗസ്ഥന്റെ സമ്പാദ്യം ആ ഉദ്യോഗസ്ഥന്റെ ശമ്പളവുമായി ഒത്തുയോജിക്കുന്നില്ലെങ്കിൽ ആ ഉദ്യോഗസ്ഥൻ പണം ഉണ്ടാക്കുന്നതിനു അന്യായമാർഗ്ഗങ്ങളിൽ ഏർപ്പെട്ടു എന്നു മെമ്പർ ഊഹിക്കുന്നതോ?

മി. ടി. കുമാരപിള്ള (കുൽക്കുളവും വിളവങ്കോടും) : അതിനെപ്പററി ഈ കൌൺസിലിൽ ഞാൻ തന്നെ പലചോദ്യങ്ങളും ചോദിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ താരതമ്യപ്പെടുത്തി അവരുടെസമ്പാദ്യം തിട്ടപ്പെടുത്തണമെന്നു പലചോദ്യങ്ങളും ചോദിച്ചപ്പോൾ അതിനെപ്പററി അന്വേഷിക്കാതെ, അവ രഹസ്യവൃത്താന്തങ്ങളാണെന്നു സമാധാനംപറഞ്ഞിട്ടുണ്ടു.

ഇവിടത്തെ പബ്ലിക്കസർവീസിലുള്ള ഉദ്യോഗസ്ഥന്മാരുടെ സമ്പാദ്യത്തെയും ശമ്പളത്തെയും തിട്ടപ്പെടുത്തി നോക്കുന്നതായാൽ അതിൽനിന്നും പലരഹസ്യങ്ങളും പുറത്തുവരുന്നതാണ്. ആണ്ടുതോറും ഉദ്യോഗസ്ഥന്മാരുടെ സമ്പാദ്യത്തെ വിവരിക്കുന്ന ഒരു സ്റ്റേറ്റുമെന്റ ഗവണ്മെന്റിനു അയക്കുന്നവയെ വേണ്ടപോലെ പരിശോധിച്ചിരുന്നു എങ്കിൽ ഇതുവരെ അഴിമതികൾക്കു ഇടവരികയില്ലായിരുന്നു. ഇനി സബ്‌രജിസ്ത്രാർആഫീസിനെസംബന്ധിച്ചു പറയാം. നായർറഗുലേഷൻ നടപ്പിൽവന്നതിൽപിന്നീടു സമ്പാദിച്ചിട്ടുള്ള സ്വത്തിന്റെ കണക്കിനെ ഗവണ്മെന്റ പരിശോധിച്ചാൽ ജനപ്രതിനിധികളുടെ സഹായംകൂടാതെതന്നെ ഗവണ്മെന്റിനു അവരെ ശിക്ഷിക്കത്തക്കവണ്ണമുള്ള അനേകം ദൃഷ്ടാന്തങ്ങൾ കിട്ടുമെന്നുള്ളതിനു സംശയമില്ല. ഈ മാതിരിസമ്പാദ്യങ്ങൾ പറഞ്ഞൊഴിയാതെ സബ്‌രജിസ്ത്രാറന്മാർ കൈക്കൂലിവാങ്ങിക്കാതിരിക്കത്തക്കവണ്ണം വേണ്ടനിഷ്കർഷചെയ്യുന്നതിനു ഡയറക്ടരെ ചുമതലപ്പെടുത്തേണ്ടതാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) മി. രാമൻമേനവൻപറഞ്ഞ കരാറസംഗതി വ്യവഹാരത്തിൽ ഇരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നില്ലെന്നു ചീഫ്സെക്രട്ടറിഅവർകൾ പറഞ്ഞതുകൊണ്ടാണു ഞാനും ഉപക്ഷേപത്തെപ്പററി സംസാരിക്കുന്നതിനായി എഴുന്നേററതു. നായർറഗുലേഷനും ഈഴവറഗുലേഷനും ഊർജ്ജിതത്തിൽവന്നതിനുശേഷം മിക്കസബ്‌രജിസ്ത്രാറന്മാരുടേയും നടപടി വളരെ അതൃപ്തികരമായി കാണുന്നുണ്ടു. അവരിൽ മിക്കവരും കൈക്കൂലിക്കാരാണെന്നു യാതൊരുതടസ്സവുംകൂടാതെ ഞാൻ പറയാം. കൂടുതൽ ഉദാഹരണങ്ങൾ ഉദ്ധരിക്കണമെന്നു ചീഫ്സെക്രട്ടറി ആഗ്രഹിച്ചതുകൊണ്ടു ഞാനും ചിലതുപറയാം. എന്റെ അടുത്തുള്ള സബ്‌രജിസ്ത്രാർ ആഫീസുകളിൽ കൈക്കൂലിയുണ്ടെന്നു പ്രസ്താവിച്ചുനിമിത്തം അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതായി എനിക്കറിയാം. ഈ സബ്‌രജിസ്ത്രാർ ആഫീസുകളുടെ പേരുകൾ ഞാൻപറയാം. അപ്രകാരമുള്ള ഒരാഫീസ ചവറയിലാണു. ആ സബ്‌രജിസ്ത്രാരുടെ നടപടിയെപ്പററി ഒരന്വേഷണം നടത്തി. കുണ്ടറയും അട്ടക്കം സബ്‌രജിസ്ത്രാർ ആഫീസുകളുടെ സംഗതിയിലും അപ്രകാരംതന്നെചെയ്തു. അന്വേഷണങ്ങൾ നടത്തിയതായി എനിക്കറിയാം, എന്നാൽ അതുകൊണ്ടു എന്തു ഫലമുണ്ടായിഎന്നു എനിക്കറിയാൻപാടില്ല. എന്നിട്ടും ആ സബ്‌രജിസ്ത്രാറന്മാർ മാസംതോറും ഇല്ലെങ്കിലും ആണ്ടുതോറുംകൂടുതൽകൂടുതൽ പണംസമ്പാദിക്കുന്നുണ്ടു. നിശ്ചയമായും ഈ ഉദ്യോഗസ്ഥന്മാരുടെ പേരുകൾ പറയണമെന്നായിഞാൻ തീരെവിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, എന്റെപ്രസ്താവന ഞാൻതെളിയിക്കാൻ ആവശ്യപ്പെടുന്നെങ്കിൽ പ്രസ്താവനതുടങ്ങണമെന്നു ഞാൻആഗ്രഹിക്കുന്നില്ല. സർ, മി. രാമൻമേനോനും മി. കുമാരപിള്ളയും പറഞ്ഞതിനോടെല്ലാം ഞാൻഹാർദ്ദമായി അനുകൂലിക്കുന്നു. സബ്‌രജിസ്ത്രാറന്മാരുടെ അഴിമതികളെ കുറിച്ചു ഗവണ്മെന്റ എങ്ങിനെയാണു അറിയുന്നതെന്നു ബഹുമെമ്പർ മി. കുമാരപിള്ളയോടുചോദിച്ചു. സർ, ഞാൻപറയുന്നതു ഇതാണ്. ഡിസ്ത്രിക്ട്‌രജിസ്ത്രാറോ, രജിസ്ത്രേഷൻഡയറക്ടരോ, അല്ലെങ്കിൽ ദിവാൻതന്നെയോ, ഒരുപ്രത്യേകസബ്‌രജിസ്ത്രാർ കൈക്കൂലിക്കാരനാണെന്നു അറിയുന്നപക്ഷം ഈ പ്രത്യേകസബ്‌രജിസ്ത്രാരുടെനേരെ ഈ ഉദ്യോഗസ്ഥന്മാർക്കുള്ള ഭാവം ആയാൾ ആ അഴിമതികൾ ഇടയാകാതിരിക്കത്തക്കവിധത്തിലുള്ളതായിരിക്കണമെന്നാണ് ഞാൻപറയുന്നതു്.

മി. കല്ലാപ്പം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) : കൈക്കൂലിയെപ്പററി തെളിവില്ലെങ്കിൽ ഒരു പ്രത്യേകസബ്‌രജിസ്ത്രാരോടു ഗവൺമെന്റിനു എന്തുചെയ്യുവാൻ കഴിയും?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : ഖണ്ഡിതമായ ഉദാഹരണങ്ങൾ ഞാൻ മുമ്പുതന്നെ ഗവണ്മെന്റിന്റെ ദൃഷ്ടിപഥത്തിൽ കൊണ്ടുവന്നിട്ടുണ്ടു. എന്നാൽ ഇതുവരെ അവർയാതൊന്നുംചെയ്തിട്ടില്ല. ആ സബ്‌രജിസ്ത്രാറന്മാരുടെനേർക്ക ഡിപ്പാർട്ടുമെന്റ മേലധികാരികളോ യാതൊരുനടപടിയും നടത്തിട്ടില്ലെന്നു എനിക്കറിയാം.

മി. എം. ശിവരാമൻപിള്ള (തോവാള) : കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിക്കാമെങ്കിൽ അവർക്കു ന്യായമായ കാരണംകാട്ടുക എന്നു ഓരോ ഡിസ്ത്രിക്ട്‌രജിസ്ത്രാറന്മാർക്കും ഗവണ്മെന്റിൽനിന്നും ഒരു സർക്കുലർ അയക്കുകയാണെങ്കിൽ മെമ്പറിനു തൃപ്തിയാകുമോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : ഞാൻ ആ അഭിപ്രായത്തെ ഹാർദ്ദമായി സമ്മതിക്കും.

കൊട്ടാരക്കര മുൻസിപ്പുകോർട്ടിൽ ഒരുപ്രത്യേകകേസ്സിലെ ഒരു പ്രത്യേകപ്രതിയെ അറസ്റ്റ്ചെയ്യുന്നതിനായി വാറണ്ടയയച്ചിട്ടു മൂന്നോ നാലോമാസത്തോളം ഇടർച്ചയായി അറസ്റ്റ് ഒഴിഞ്ഞുനടന്നു എന്നുള്ളതു എനിക്കറിയാം. അപ്പോൾ ആ സ്ഥലത്തു ഒരു പുതിയമുൻസിപ്പുവന്നു. അദ്ദേഹത്തിനോടു ഞാൻ ഈ പ്രത്യേകകേസിനെക്കുറിച്ചു പ്രസ്താവിച്ചു. അപ്പോൾ മുൻസിപ്പു എന്നോടുപറഞ്ഞതു ഈ പ്രകാരമാണു. മി. കൊച്ചുകുഞ്ഞുപിള്ള പിറ്റെന്നാൾ ഒരപേക്ഷകൊടുക്കണം. ആ ആൾ ഉടൻതന്നെ കച്ചേരിയിൽവരുന്നതിനുഞാൻ ഏർപ്പാടുചെയ്യും. അതനുസരിച്ചു ഞാൻ ഒരപേക്ഷകൊടുത്തു. പിറേറദിവസംതന്നെ, എതിർകക്ഷിയെ ഒരു വിധത്തിൽ അയാളെ കച്ചേരിയിൽകൊണ്ടുവന്നു. ഞാൻ ആ സംഗതിയെക്കുറിച്ചു അന്വേഷിച്ചപ്പോൾ, ആ ആളിനെ ഉടൻതന്നെ ഹാജരാക്കാത്തപക്ഷം ശിപായിമാരെ സർവീസിൽനിന്നും പിരിച്ചുവിടുമെന്നു അവർക്കു കർശനമായ ഉത്തരവു മുൻസിഫ്‌കൊടുത്തിട്ടുണ്ടായിരുന്നു എന്നു എനിക്കുമനസ്സിലായി. അതേപ്രകാരംതന്നെ

ഒരു ഡിപ്പാർട്ടുമെൻറ മേലധികാരിക്കു അദ്ദേഹത്തിൻെറ കീഴ്സിൽബന്ധികളിൽ ഒരാഠം കൈക്കൂലിക്കാരനാണെന്നു മനസ്സിലാകുന്നപക്ഷം അദ്ദേഹം അയാളോടു കർശനമായി പെരുമാറണം. ഈ വിധത്തിൽ കൃത്യബോധം വരുത്തുന്നതിനു നടപടികഠം നടത്തുകയാണെങ്കിൽ കൈക്കൂലിയെപ്പററിയുള്ള പരാതികഠം മിക്കവാറും നാമാവശേഷമായിപ്പോകും.

മി. ഡബ്ലിയു. എച്ച്. പീററ (പോലീസ് കമ്മീഷണർ): ശിപായിമാർക്കു അല്പമാത്രം ഉത്തരവാദിത്വം കൊടുത്ത ഒരു ഉദ്യോഗസ്ഥൻ ന്യായമായി പ്രവർത്തിച്ചതാണെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ അപ്രകാരം വിചാരിക്കുന്നു.

മി. കല്ലറ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): താഴെയുള്ള ഡിവിഷൻ ഡയറക്ടർ അദ്ദേഹത്തിൻെറ സിൽബന്ധികഠംക്കു ഉത്തരവാദിയായിരിക്കണമെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു് എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആദ്യമായി ഡിവിഷൻ ഡയറക്ടർ ഒരു വലിയ കൃത്യനിഷ്ഠക്കാരനാണെന്നു തൻെറ കീഴുദ്യോഗസ്ഥന്മാർക്കു മനസ്സിലാകണം. എന്നുമാത്രമല്ല ഒരു പ്രത്യേക ഉദ്യോഗസ്ഥൻ കൈക്കൂലിക്കാരനാണെന്നു നിസ്സാരമായ ഒരു സംശയം ഉണ്ടായാൽതന്നെ അയാഠംക്കു കഠിനമായ ശിക്ഷ ലഭിക്കുമെന്നും അയാഠം ധരിക്കണം.

മി. കല്ലറ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): കൈക്കൂലി വാങ്ങുന്നവരെ ശിക്ഷിക്കുന്നതിനുള്ള നിയമങ്ങഠം ഇപ്പോഠംതന്നെ ഇല്ലേ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ചട്ടങ്ങഠം ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഒരു ഉദ്യോഗസ്ഥനും അവയെ പ്രയോഗിക്കുന്നതായി കാണുന്നില്ല.

വേറൊരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്നതു ഇതാണു്. സാധുക്കഠംക്കു അവരുടെ പ്രമാണങ്ങഠം പതിച്ചുകിട്ടണമെങ്കിൽ അവർ സബ്ബ്രജിസ്ട്രാർക്കു പണം കൊടുക്കുന്നതിനു നിർബന്ധിതരാകുന്നു. നായർറഗുലേഷനും ഈഴവറഗുലേഷനും അനുസരിച്ചുള്ള ഭാഗഉടമ്പടികഠംക്കായി അനേകംപേർ ഈ സബ്ബ്രജിസ്ട്രാറന്മാരുടെ ആഫീസിലേക്കു പോകേണ്ടിവരുന്നു. വടക്കുള്ള കേസ്സുകളിൽ കക്ഷികഠം മടങ്ങിപ്പോവാൻ ഒന്നോ അതിലധികമോ മാസം എടുക്കും. വാദങ്ങഠം തീർത്തശേഷം ശരിയായ നടപടിക്കായി പ്രമാണം അവർ സബ്ബ്രജിസ്ട്രാരുടെ അടുക്കൽ കൊണ്ടുചെല്ലുന്നു. ചിലപ്പോഠം പ്രമാണങ്ങഠം പതിക്കുന്നതിനായി സബ്ബ്രജിസ്ട്രാറന്മാർ അവരുടെ സൌകര്യംപോലെയുള്ള സമയം എടുക്കുന്നു. അവർ അതിലെ കക്ഷികഠംക്കു എല്ലാ തരത്തിലുമുള്ള അസൌകര്യങ്ങളും ഉപദ്രവങ്ങളും ഉണ്ടാക്കുന്നതിനു ശ്രമിക്കുന്നു. ചിലപ്പോഠം കക്ഷികഠം അവിടെ ഉണ്ടെങ്കിൽ പ്രമാണങ്ങഠം സ്വീകരിക്കുന്നില്ല എന്നു കാണാം; അവർ മൂന്നു മണിക്കുശേഷം പോകുകയാണെങ്കിൽ, മററു വിഷമങ്ങഠം നേരിടുന്നു. ഇവ സാധുജനങ്ങഠം വാസ്തവത്തിൽ അനുഭവിച്ചുവരുന്ന ചില വിഷമതകളാണ്. ഈ ഉപദ്രവങ്ങഠം ഒഴിക്കുന്നതിനായി ചില സാധുക്കഠം സബ്ബ്രജിസ്ട്രാർക്കു കൈക്കൂലി കൊടുക്കുന്നു. സംഗതികഠം അങ്ങനെയിരിക്കെ, അവരോടു കൈക്കൂലിയെപ്പററി പ്രസ്താവിച്ചു അതിനാവശ്യമുള്ള തെളിവുകളോടുകൂടി പരാതിപ്പെടുവാൻ ഗവമെണ്ടിൽനിന്നും പറയുന്നതു് ശരിയാണോ? ഈ തെളിവു ഡിപ്പാർട്ടുമെൻറ മേലധികാരിയുടെ, ഉദാഹരണമായി, രജിസ്ട്രേഷൻ ഡയറക്ടരുടെ, അടുക്കൽ ഹാജരാക്കിയാൽ അദ്ദേഹം വിശ്വസിച്ചില്ലെന്നു വരാം. അങ്ങനെയുള്ള സംഗതികളിൽ കക്ഷി എന്താണു ചെയ്യേണ്ടതു്? അയാഠംക്കു മേലധികാരിയുടെ അടുക്കൽ ചെന്നു വേണ്ടുന്ന തെളിവുകഠം ഹാജരാക്കി പരാതിപ്പെടുവാൻ സാധിക്കുമോ? ഈ സന്ദർഭത്തിൽ, സാധുവായ ഒരാഠംക്കു മേലധികാരിയുടെ അടുക്കൽ ചെല്ലുന്നതു വളരെ വല്ലാത്ത പ്രയാസമായിരിക്കുമെന്നു ഞാൻ പറയും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു പ്രത്യേക ഉദ്യോഗസ്ഥൻ അനീതിയായി പെരുമാറുന്നു എന്നു ആ സബ്ബ്രജിസ്ട്രാരുടെ കീഴ്സിൽബന്തികളിൽനിന്നും, ഉദാഹരണമായി, ക്ലാർക്കന്മാരിൽനിന്നും നേരെയുള്ള തെളിവു കിട്ടുന്നതിനു ഏതെങ്കിലും മാർഗ്ഗമുണ്ടോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു അസാദ്ധ്യമാണ്. ഒരു പ്രത്യേക സബ്ബ്രജിസ്ട്രാരെപ്പററിയുള്ള ഒരു അന്വേഷണസമയത്തു് വാസ്തവത്തിൽ ഞാൻ ഹാജരുണ്ടായിരുന്നു. സബ്ബ്രജിസ്ട്രാർ അവരുടെ അടുക്കൽനിന്നും പണം ആവശ്യപ്പെട്ടു എന്നുള്ള സംഗതിയെപ്പററി രണ്ടുപേർ സംസാരിക്കുന്നതു് ഞാൻ കേട്ടു. ഇതു നേരെ തെളിവുള്ള ഒരു സംഗതിയാണ്. സർ, അപ്രകാരമുള്ള സംഗതികഠം മിക്കവാറും ഡിപ്പാർട്ടുമെൻറ മേലധികാരിയെ ആശ്രയിച്ചാണു ഇരിക്കുന്നതു് എന്നാണു ഞാൻ പറയുന്നതു്. യഥാർത്ഥസംഗതികളെക്കുറിച്ചു അവർ അറിയണം. കൃത്യബോധം ഉണ്ടാക്കുന്നതിനു അവർ കർശനമായ നടപടികഠം നടത്തണം. ഡിപ്പാർട്ടുമെൻറുമുഖാന്തിരം അവർ വല്ല അന്വേഷണം നടത്തണം. ഡിപ്പാർട്ടുമെൻറ മേലധികാരി മാന്യന്മാരായ ജനപ്രതിനിധികളിൽനിന്നും ന്യായമായ അഭിപ്രായത്തെ ആദരിക്കണം എന്നുകൂടി ഞാൻ പറയാം. (ചിരി). ഡിപ്പാർട്ടുമെൻറ മേലധികാരി അവരെ വിശ്വസിച്ചു അതനുസരിച്ചു പ്രവർത്തിക്കണം. ഡിപ്പാർട്ടുമെൻറ മേലധികാരികഠംക്കു അവരുടെ കീഴിലുള്ള ഒരു പ്രത്യേക ഉദ്യോഗസ്ഥൻ കൈക്കൂലിക്കാരനാണെന്നുള്ള അഭിപ്രായം ഉണ്ടെങ്കിലും, നടപടി എടുക്കുന്നില്ല എന്നുള്ളതിനു ഉദാഹരണങ്ങഠം, വളരെ അധികം ഉദാഹരണങ്ങഠം, എനിക്കറിയാം. അപ്രകാരമുള്ള സംഗതികളിൽ, അതായതു, യഥാർത്ഥത്തിൽ കൈക്കൂലിക്കാരും എന്നാൽ ന്യായമായ ശിക്ഷ കൊടുത്തിട്ടില്ലാത്തവരും ആയവരുടെ കാര്യത്തിൽ, അപ്രകാരമുള്ള ഡിപ്പാർട്ടുമെൻറ മേലധികാരികളുടെ മനസ്ഥിതിയെപ്പററി എനിക്കൊന്നും പറയാൻ സാധിക്കയില്ല.

മി. കല്ലറ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): മേലാവിൻെറ വിശ്വാസം മാത്രം അടിസ്ഥാനപ്പെടുത്തി കീഴുദ്യോഗസ്ഥന്മാരെ ശിക്ഷിക്കണം എന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു്?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഡിപ്പാർട്ടുമെൻറ മേലധികാരികഠം അവരുടെ കീഴുദ്യോഗസ്ഥന്മാരെ അവരോടുള്ള വിരോധംമാത്രംകൊണ്ടു ശിക്ഷിച്ചിട്ടുള്ളതിനു ഉദാഹരണങ്ങഠം ഞാൻ അറിഞ്ഞിട്ടുണ്ട്. കൂടാതെ ഡിപ്പാർട്ടുമെൻറ മേലധികാരികഠം അവരുടെ കീഴുദ്യോഗസ്ഥന്മാരുടെ പേരിൽ

യഥാൎത്ഥത്തിൽ ചെയ്തിട്ടില്ലാത്ത കുറ്റങ്ങൾക്കും ശിക്ഷിച്ചിട്ടുള്ളതായിട്ടു ഉദാഹരണങ്ങൾ ഉണ്ട്. പരാതി ഉണ്ടാക്കുന്നതിനായി അവർ യഥാൎത്ഥത്തിൽ സന്ദൎഭങ്ങൾ കണ്ടുപിടിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സൎക്കാർവക്കീൽ): എന്നാൽ അതു ശരിയായിട്ടുള്ളതോ ന്യായമായിട്ടുള്ളതോ ആണോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ചില ഡിപ്പാൎട്ടുമെന്റു മേലധികാരികളുടെ കാൎയ്യത്തിൽ അങ്ങനെയും സംഭവിക്കാറുണ്ടെന്നു ഞാൻ പറയുകയായിരുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സൎക്കാർവക്കീൽ): ഏതെങ്കിലും ഒരു ഡിപ്പാൎട്ടുമെന്റു മേലധികാരിയുടെ പക്കൽനിന്നും അപ്രകാരമുള്ള നടപടി ഉണ്ടായാൽ മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള തന്നെ അതിനെ കുറ്റപ്പെടുത്തുകയില്ലയോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഞാൻ ഇതുവരെ പ്രസ്താവിച്ചതിന്റെ താല്പൎയ്യം എന്തെന്നാൽ, ഡിപ്പാൎട്ടുമെന്റു മേലധികാരികൾ അവരുടെ ബോദ്ധ്യം അനുസരിച്ചു പ്രവൃത്തിക്കണം, എന്നുള്ളതാണ്. ഡിപ്പാൎട്ടുമെന്റു മേലധികാരികൾ കീഴുദ്യോഗസ്ഥന്മാരുടെ സകല സംഗതികളും അറിയാമെന്നു അവരെ മനസ്സിലാക്കണം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): മററു പല ഡിപ്പാൎട്ടുമെന്റുകളിലും ഉള്ളതുപോലെ രജിസ്ട്രേഷൻഡിപ്പാൎട്ടുമെന്റിലും പണ്ടത്തെപ്പോലെ (ചിരി) ഇപ്പോഴും ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ധാരാളം അഴിമതികൾ നടക്കുന്നുണ്ട്. രജിസ്ട്രേഷൻഡിപ്പാൎട്ടുമെന്റിലുള്ള അഴിമതികളെയും പറ്റി പറയേണ്ടതു ആവശ്യമാണ്. മററു ഡിപ്പാൎട്ടുമെന്റുകളിൽ നടക്കുന്നതുകൊണ്ട് ഇതിലും നടത്തിക്കൊള്ളട്ടെ എന്നു വയ്ക്കുന്നതു ശരിയല്ല. ഇതിനേക്കാൾ ഉപദ്രവമാണ് മററു വകുപ്പുകളിൽ ഉള്ളത്; അതുകൊണ്ട് ഇതിലെ ഉപദ്രവം സാരമില്ലെന്നുവയ്ക്കാൻ പാടില്ലല്ലോ. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള പറഞ്ഞതുപോലെ നായർറഗുലേഷൻ പാസ്സായതിനുശേഷം ആ സമുദായത്തിൽ അനവധി ഭാഗആധാരങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടു ആ സമുദായത്തിൽപെട്ടവരുടെ പണം ധാരാളമായി കൈക്കൂലിവകയിൽ ചിലവാക്കുന്നതിനും ഇനിമേൽ വളരെ കഷ്ടപ്പെടുന്നതിനും ഇടയാകുന്നുണ്ട്. ആധാരങ്ങൾ രജിസ്റ്റാക്കുന്നതിനെ സംബന്ധിച്ചു മററു വൎഗ്ഗക്കാൎക്കും ഉപദ്രവമുണ്ട്. ഇത്രതന്നെ ഇല്ലായിരിക്കാം. എന്നാൽ ഇതിൽ ഭാഗആധാരങ്ങളെ സംബന്ധിച്ചാണ് അധികം ഉപദ്രവം ഉള്ളത്.

മി. ജി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): തെക്കൻതിരുവിതാംകൂറിൽ ഈഴവസമുദായക്കാർ വളരെ കുറവായതുകൊണ്ടാണു ഈഴവരുടെ ഭാഗആധാരങ്ങളെപ്പററി ഞാൻ ഒന്നും പറയാത്തത്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതു ഒരു ചോദ്യമാണോ?

മി. ജി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അല്ല. തെററിദ്ധാരണയെ നീക്കാനുള്ള വ്യാഖ്യാനമാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇപ്പോഴെങ്കിലും ഈ വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ വിചാരിച്ചതിൽ വളരെ സന്തോഷമുണ്ട്. ഭാഗആധാരങ്ങളെ സംബന്ധിച്ചാണ് വളരെ കുഴപ്പം ഉള്ളത്. ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ ഭാഗിച്ചു വസ്തുക്കളെപ്പററിയും മററും ഉണ്ടാകുമ്പോൾ അയൽപക്കക്കാരും ബന്ധുക്കളുംകൂടി "നിങ്ങൾ ഭാഗഹിതമായി ഭാഗം നടത്തണം" എന്നു പറഞ്ഞു പത്തോ അമ്പതോ അംഗങ്ങൾ ഉള്ളവരെ എല്ലാം ഒരുമിച്ചുചേൎത്ത് ഭാഗഉടമ്പടി എഴുതിച്ചു രജിസ്റ്റാക്കാൻ അയക്കുന്നു. അപ്പോൾ തിരകെ മടങ്ങിപ്പോന്നാൽ പിന്നെയും പണ്ടത്തെപ്പോലെ വഴക്കാണുണ്ടാകുന്നത്. അതുകൊണ്ടു ഇങ്ങനെയുള്ള സംഗതികളിൽ എത്രനഷ്ടം വന്നാലും ഭാഗആധാരം ഉടനെ രജിസ്റ്റാക്കണമെന്നു വിചാരിക്കുന്നുണ്ട്. അപ്പോളാണു ഉദ്യോഗസ്ഥന്മാർ എത്ര പണം വേണമെങ്കിലും കൊടുത്തുകളയാം എന്നു വിചാരിക്കുന്നുണ്ട്. അപ്പോളാണു ചിലർ ആളുകൾ കൊടുക്കേണ്ടിവരുന്നത്. രജിസ്ട്രേഷൻഡിപ്പാൎട്ടുമെന്റിലെ അഴിമതികൾ നിൎത്തൽചെയ്യാൻ ഞാൻ വളരെ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ചിലരുടെ വൎഗ്ഗീയപ്രതിപത്തികൊണ്ടു വളരെ വിഷമം നേരിട്ടു. മററു ഡിപ്പാൎട്ടുമെന്റിലെ അഴിമതികളും നിൎത്തേണ്ടതു ഒരു പ്രധാനപ്പെട്ട സംഗതിയാണ്. അഴിമതികളെ നിൎത്തുന്നതിനുള്ള ഒരു വഴി ഡിപ്പാൎട്ടുമെന്റുകളിൽ വിവിധ വൎഗ്ഗങ്ങളിൽപെട്ട ആളുകൾ പല സ്ഥാനങ്ങളിലും ഉണ്ടായിരിക്കണമെന്നതാണ്. അങ്ങനെയായിരുന്നാൽ ഈ അഴിമതികൾ വളരെ കുറവുവരും. രജിസ്ട്രേഷൻഡിപ്പാൎട്ടുമെന്റു മററുഡിപ്പാൎട്ടുമെന്റുപോലെതന്നെ ചില വൎഗ്ഗക്കാർ മാത്രമുള്ള ഒരു വകുപ്പായിട്ടാണു ഇപ്പോഴും ഇരിക്കുന്നത്. അതായതു ചില തോട്ടങ്ങളിൽ ചില വൎഗ്ഗം ചെടികളോ വൃക്ഷങ്ങളോമാത്രം ഉള്ളതുപോലെ ചില വൎഗ്ഗക്കാരെക്കൊണ്ടു നിറച്ചിട്ടുള്ള ഒരു വകുപ്പാണു ഇത്. ഇതൊന്നു ഭേദപ്പെടുത്തിയാൽ അഴിമതി കുറെ കുറയും. അതുകൊണ്ടു ഈ സംഗതി പ്രത്യേകം ശ്രദ്ധിക്കണം. അഴിമതിയെ ഒഴിക്കാനുള്ള പ്രധാനവഴി ഇപ്പോൾ ഇതാണെന്നു ഞാൻ കാണുന്നുള്ളു.

ഉദ്യോഗസ്ഥന്മാരെപ്പററി ജനങ്ങൾ പരാതിപറയുമ്പോൾ ഗവൺമെന്റു മേലധികാരികൾതന്നെ നിയോഗിച്ച് ജനങ്ങളുടെ ഇടയിൽനിന്നു തെളിവെടുക്കാനും അഴിമതിക്കാരെ ശിക്ഷിക്കാനും ശ്രമിക്കേണ്ടതാണെന്നു ഏവരും സമ്മതിക്കും. എന്നാൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ സ്വവൎഗ്ഗക്കാരായ കീഴുദ്യോഗസ്ഥന്റെ അഴിമതിയെ മൂടുവാൻ ശ്രമിക്കുന്നു. "എന്തെങ്കിലും ചില ചില്ലറ ന്യൂനത ഉണ്ടായിരുന്നാലും നമ്മുടെ സമുദായത്തിൽപ്പെട്ട ആളല്ലേ; നിങ്ങൾ ക്ഷമിക്കേണ്ടതല്ലേ" എന്നു ഈ അന്വേഷണത്തിനുവരുന്ന ഉദ്യോഗസ്ഥൻ സ്വജാതിയിൽപ്പെട്ട പൌരന്മാരോടു ഉപദേശിച്ചുംമററും കീഴുദ്യോഗസ്ഥനെ രക്ഷിക്കും. അതിന്റെ തെളിവിൻപടിയിൽ ചെന്നാൽ അവിടെയും ഫലം അതുതന്നെയാണ്. ഇങ്ങനെയുള്ളതെല്ലാം ഭിവാനോ മറേറാ വന്നു അന്വേഷിക്കാൻ സാദ്ധ്യവുമല്ലല്ലോ. പലപല വൎഗ്ഗങ്ങളിലുംപെട്ട ഉദ്യോഗസ്ഥന്മാർ ഓരോ ഡിപ്പാൎട്ടുമെന്റുകളിലും ഇരുന്നാൽ ഈമാതിരി അഴിമതികൾ നടക്കയില്ല. ഉദ്യോഗസ്ഥന്മാർ സൎക്കീട്ടുചെയ്യുമ്പോൾ കീഴുദ്യോഗസ്ഥന്മാരുടെ നടത്തയെപ്പററി ജനങ്ങളോടു ചോദിച്ചറിയണം. രജിസ്ട്രേഷൻഡിപ്പാൎട്ടുമെന്റിലെ അഴിമതികളെ കണ്ടുപിടിക്കാൻ നല്ല മാൎഗ്ഗങ്ങൾ ഉണ്ട്. അവർ മുന്നറിവുകൊടുക്കാതെ ഡയറക്ടർ രജിസ്ട്രാർകച്ചേരികളെ പരിശോധന നടത്തണം. ആധാരങ്ങളും പണവും തിട്ടപ്പെടുത്തണം.

രജിസ്റ്റർആഫീസ് ഇനത്തിൽനിന്നും കൂടുതൽ പണം ഉണ്ടോ എന്നു എണ്ണിനോക്കണം.

മി. പി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): സബ്ബ്‌രജിസ്ട്രാർ കൂടുതൽ വാങ്ങിക്കുന്ന പണം പരസ്യമായി വയ്ക്കാതെ പോക്കററിൽ ഇട്ടുകളകയില്ലേ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): പോക്കററിൽ ഒന്നുംഇടാതെ നിർഭയമായി മുമ്പിൽ വച്ചുതന്നെവണ്ണം കൈക്കൂലി ചോദിച്ചുവാങ്ങിക്കുന്ന രജിസ്ട്രാറന്മാരും ഉണ്ട്. പോക്കററും പരിശോധിക്കണം. രജിസ്റ്റർകച്ചേരിയിലേക്ക പോക്കററുമണി വേറെ കൊണ്ടുവരേണ്ടതല്ലോ.

രജിസ്റ്റർകച്ചേരിയിൽ ഹാജരാകുന്ന ജനങ്ങളോടും ചോദിച്ചറിയണം. അവരിൽനിന്നു സാമാന്യമായിട്ടുള്ള വിവരങ്ങൾ അറിയാം. സബ്ബ്‌രജിസ്ട്രാർമാർ വാങ്ങിക്കുന്ന കൈക്കൂലി രഹസ്യമായിട്ടുള്ളതല്ല. തുറന്ന കച്ചേരികളിൽനിന്നാണ അവർ മേടിക്കുന്നത്. ഇങ്ങനെ മേലധികാരികൾ നിഷ്കർഷയായിട്ട എല്ലാഭാഗത്തെ സംബന്ധിച്ചും നോക്കണം. താന്താങ്ങളുടെ വർഗ്ഗങ്ങളിൽപ്പെട്ട ആളുകൾ രജിസ്ട്രാർ എങ്കിൽ മൌനാവലംബികളായിട്ടാപോകുന്നു. മിക്കവാറും വർഗ്ഗീയപ്രതിപത്തിയാണ ഉദ്യോഗസ്ഥന്മാരിൽ പലരെയും വഴിതെററിക്കുന്നത്. ജനങ്ങളുടെ ഇടയിലും വർഗ്ഗീയപ്രതിപത്തി വളരെ ഉണ്ട്. ഈ വർഗ്ഗീയപ്രതിപത്തികൊണ്ട് പബ്ലിക്കസർവീസിൽ വിവിധവർഗ്ഗങ്ങൾക്ക പ്രവേശം ഇല്ലാതായി. ഇരുട്ടടഞ്ഞമുറിയിൽ വെളിച്ചവും ശുദ്ധവായുവും കടക്കാത്തതുപോലെ പല ഡിപ്പാർട്ടുമെൻറുകളും ഇരുട്ടടഞ്ഞുകിടക്കുകയാണ്. അവിടെയാണ അധികം അഴിമതികളും. ഇതുമാതിരി കാര്യങ്ങൾ പറയുന്നവർക്ക ഫലം എന്താണെന്നു ഞാൻ പല വകുപ്പുകളിൽനിന്നും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. എന്നാലും ഞാൻ പറയുകതന്നെചെയ്യും. അതെൻറ ധർമ്മമാണെന്നു എനിക്കറിയാം. ഗവമെൻറു ശ്രദ്ധിക്കുന്നതിനാണ ഞാൻ പറയുന്നത്. എനിക്കാരോടും വിരോധമില്ല. ഈ അഴിമതികളെ നിർത്തണമെന്നുള്ള എൻെറ മാന്യസ്നേഹിതൻെറ ഉപക്ഷേപത്തെ ഞാൻ ബലമായി പിന്താങ്ങിക്കൊണ്ടു നിർത്തുന്നു.

മി. പോൾ ഡാനിയൽ (നിയമിതമെമ്പർ): സർ, എൻെറ അറിവിൽ കുറെ കൊല്ലങ്ങൾക്കുമുമ്പ് രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറ് അഴിമതി കടക്കാൻ പാടില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറായിട്ടാണ കരുതിയിരുന്നത്. എന്നാൽ അടുത്തു കുറെ കൊല്ലങ്ങളായി സംഗതികൾക്ക വളരെ അധികം മാററംവന്നിട്ടുണ്ട്. ഇപ്പോൾ ആ ഡിപ്പാർട്ടുമെൻറിൽ അഴിമതി കടന്നുകൂടീട്ടുണ്ടെന്നു മാത്രമല്ല അതു അതിരുകവിഞ്ഞു വർദ്ധിച്ചുവരികയും ചെയ്തിരിക്കുന്നു. രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്മാരോടു ഇടപെടുന്ന സാധുജനങ്ങളെ ഉപദ്രവിക്കുന്നതിനു പല മാർഗ്ഗങ്ങൾ ഉണ്ട്. മിസ്റ്റർ കെ. ഐ. ജോസഫ് ചില ഉദാഹരണങ്ങളെപ്പററി സൂചിപ്പിച്ചു. ഒരു പ്രമാണത്തിൻെറ രജിസ്ട്രേഷൻ ഫീസായിട്ട ഏഴ സക്കാർ രൂപ കൊടുക്കേണ്ട ഒരാൾ ഏഴ ബ്രിട്ടീഷ് രൂപ കൊടുക്കുന്നു. അപ്രകാരമുള്ള സന്ദർഭങ്ങളിൽ ആ 9 ചക്രം കിട്ടേണ്ടതായ കക്ഷിക്ക ഉടനെ അതു തിരിച്ചുകൊടുക്കുന്ന ഒരു കാലമുണ്ടായിരുന്നു. ഈ കാലത്തു ആ പതിവു ഉണ്ടോ എന്നു എനിക്കറിയാൻ പാടില്ല. ആ 9 ചക്രം സബ്ബ്‌രജിസ്ട്രാരുടെ കീശയിലേക്ക പോകുന്നു; അല്ലെങ്കിൽ ദിവസാവസാനത്തിൽ അങ്ങനെയുള്ള ആദായങ്ങൾ എല്ലാം ആ ആഫീസിൽ ജോലിനോക്കുന്ന ആളുകൾ എല്ലാവരുംകൂടി പങ്കിട്ട എടുക്കുന്നു. കൂടാതെ മിസ്റ്റർ കുമാരപിള്ള ചൂണ്ടിക്കാണിച്ചതുപോലെ, രജിസ്റ്റർ ചെയ്യുന്നതിനായി മേൽപ്പറഞ്ഞു വച്ചിരിക്കുന്ന പ്രമാണങ്ങൾ എല്ലാം കൂടക്കൂടെ കൂട്ടിയിളക്കുകയും സാരമായ ഇടകൾ ലഭിച്ചിട്ടുള്ളവയെല്ലാം മററുള്ള പ്രമാണങ്ങളുടെ മുകളിൽ പറികയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ പ്രത്യേകിച്ചു മറെറാരു സംഗതികൂടി എനിക്ക പറയേണ്ടതായിട്ടുണ്ട്. ചിട്ടി മുന്നാളിൻെറ വഞ്ചനപ്രയോഗങ്ങളിൽനിന്നു സാധുക്കളായ ചിററാളന്മാരെ ചിട്ടിക്ക പണം കെട്ടിയിട്ടുള്ളവരെ, രക്ഷിക്കുന്നതിനായി ചിട്ടിനിയമം എന്നു വിളിക്കുന്ന ഒരു നിയമം ഗവമെൻറിൽനിന്നും പാസ്സാക്കിയിട്ടുണ്ട്. ഗവമെൻറിൻെറ ഈ സദുദ്ദേശംകൊണ്ട് സാധുജനങ്ങൾക്ക ഒരു സഹായവും ലഭിക്കുന്നില്ല. എനിക്ക തെററില്ലെങ്കിൽ, ചിട്ടിമുന്നാളിൻെറ കണക്കുകളെ പരിശോധിക്കേണ്ടതു ഡിസ്ട്രിക്ട് രജിസ്ട്രാരുടെ കടമയാണ്. എന്നാൽ എനിക്ക മനസ്സിലായെടത്തോളം, ആ വിഷമതയേറിയ ജോലി മിക്കവാറും സ്ഥലത്തുള്ള സബ്ബ്‌രജിസ്ട്രാറെ ഏല്പിക്കയാണ ചെയ്യുന്നത്; ഈ ജോലിയെ സംബന്ധിച്ചു ധാരാളം അഴിമതി നടന്നുകൊണ്ടിരിക്കുന്നു. ഒരു മുന്നാൾ ഒരു ചിട്ടി രജിസ്റ്റർചെയ്യുമ്പോൾ അതു രജിസ്റ്റർചെയ്യുന്ന ആൾക്ക വ്യത്യാസമില്ലാതെ ഒരു തുക കൊടുക്കേണ്ടതായിട്ടുണ്ട്. പിന്നീട അയാളുടെ മാസക്കണക്ക പരിശോധിക്കേണ്ട അവസരത്തിൽ—ഡിസ്ട്രിക്ട് രജിസ്ട്രാർ ആരെന്നാണ വച്ചിരിക്കുന്നതു—എന്തെങ്കിലും ഒരു കാരണംപറഞ്ഞു മുന്നാൾ ശരിയായസമയത്തു അയാളുടെ കണക്ക ഹാജരാക്കുന്നില്ല. ഒന്നോ രണ്ടോ ദിവസം കഴിഞ്ഞതിനുശേഷം, ഡിസ്ട്രിക്ട് രജിസ്ട്രാർ ഇല്ലാതിരിക്കുമ്പോൾ കണക്ക പരിശോധിക്കുന്നതിനു പ്രത്യക്ഷത്തിൽ അധികാരം ലഭിച്ചിട്ടുള്ള സബ്ബ്‌രജിസ്ട്രാരുടെ അടുക്കൽ അയാൾ അതു കൊണ്ടുചെല്ലുകയും തലവനോ നായകനോ ആയ അയാൾ ചിട്ടിയിൽ ചേർന്നിട്ടുള്ള അനേകം അംഗങ്ങൾക്ക വലിയ നഷ്ടത്തിനോ നാശത്തിനോ ഇടയാക്കുന്ന ഒരു തുകയും സബ്‌രജിസ്ട്രാരെ എല്ലായ്പ്പോഴും ശാന്തപ്പെടുത്തുന്നു. അതുകൊണ്ടു ഗവമെൻറിൽനിന്നു രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറുകളിൽ നടക്കുന്ന ഈ സംഗതികളിൽ ഗൌരവമായ ശ്രദ്ധ പതിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): രാജ്യത്തുള്ള എല്ലാ സബ്ബ്‌രജിസ്ട്രാർ ആഫീസുകളിലും, അതുപോലെതന്നെ മററു ഡിപ്പാർട്ടുമെൻറുകളിൽ ഉള്ള മററു ആഫീസുകളിലും, പ്രത്യേകിച്ചു, ആഫീസിലെ താഴ്ന്ന ജീവനക്കാരുടെ ഇടയിൽ അഴിമതി ധാരാളം വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതിൽ എൻെറ മുമ്പിലത്തെ പ്രാസംഗികന്മാരോടു ഞാനും അനുകൂലിക്കുന്നു. വിദ്വാനായ മാമെമ്പർ പറഞ്ഞതുപോലെ, അവരുടെ പേരിലുള്ള പരാതികളെ തെളിയിക്കുന്നതിനു മതിയായ തെളിവില്ലാത്തതുകൊണ്ട് അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതു വലിയ പ്രയാസമാണ്. എന്നാൽ അങ്ങനെയുള്ള കേസ്സുകളിൽ ജനപ്രതിനിധികളുടെ വാക്കുകളെ ഏറക്കുറെ വിശ്വസിക്കുക എന്ന പരിഹാരം മാത്രമേയുള്ളു, അല്ലെങ്കിൽ, അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെക്കുറിച്ച് സ്ഥിതിയും വലിപ്പവുംഉള്ള ആളുകൾ എന്തെങ്കിലും വിവരങ്ങൾ അറിയിക്കുന്നതിന് തയ്യാറായിരിക്കണം. ജനപ്രതിനിധികളെ വിശ്വസിക്കാൻ ഗവമെൻറു തയ്യാറില്ലെങ്കിൽ ഗവമെൻറിനോ ജനങ്ങൾക്കോ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ കുററക്കാരനായി രേഖപ്പെടുത്താൻ സാധിക്കയില്ല. ഇതുവരെ അംഗങ്ങൾ പല സബ്ബ്‌രജിസ്ട്രാർ ആഫീസുകളിലും ഇപ്പോൾ നടക്കുന്ന നടപടിയെപ്പററി പറഞ്ഞു എന്നുള്ള വസ്തുത കൈക്കൂലിയും അഴിമതിയും ഉണ്ടെന്നു കാണിക്കുന്നതിനു മതിയായ തെളിവാണ്. ഈ സംഗതിയെക്കുറിച്ചു ഈ സഭ

ഗൌരവമായി പര്യാലോചിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കൂടാതെ ഗവണ്മെന്റും ഡിപ്പാർട്ടുമെന്റും അങ്ങനെ ഉള്ള സംഗതികളെ അടുത്ത ഭാവിയിൽതന്നെ നിറുത്തുന്നതിനു ഉടൻ നടപടികൾ നടത്തുമെന്നും വിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഈ സംഗതിയെക്കുറിച്ചു കുറച്ചു സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിദ്വാനായ ലാമെമ്പർ ചില ചോദ്യങ്ങൾ ചോദിച്ചതു ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ ഡിപ്പാർട്ടുമെന്റിൽ വളർന്നുകൊണ്ടിരിക്കുന്ന അഴിമതിയെ ഇല്ലാതാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്ന വിഷയത്തിൽ അദ്ദേഹത്തിനും ഉൽക്കണ്ഠ ഉണ്ടെന്നു അതിൽനിന്നും എനിക്കു മനസ്സിലായി. എന്റെ സ്നേഹിതൻ പോലീസുകമ്മീഷണർ മിസ്റ്റർ പിററം, നേരെ അല്ലെങ്കിലും, ഈ സംഗതിയെ സമ്മതിച്ചു. അദ്ദേഹം ന്യായമല്ല എന്നുപറഞ്ഞ ചില വഴികളെക്കുറിച്ചുമാത്രമെ അദ്ദേഹത്തിനു തടസ്സമുണ്ടായിരുന്നുള്ളു. അതുകൊണ്ടു ഈ സംഗതിയെ സംബന്ധിച്ചു അനുദ്യോഗസ്ഥവിഭാഗം സ്വീകരിച്ചതായ നിലയെ, ഏതായാലും, ഗവണ്മെന്റുഭാഗത്തുള്ള ചില അംഗങ്ങളും സ്വീകരിച്ചു. ഈ ദോഷത്തെ ഇല്ലാതാക്കുന്നതിനു ഒന്നോ രണ്ടോ നിർദ്ദേശങ്ങൾചെയ്തു ഞാൻ തന്നെത്താൻ തൃപ്തിപ്പെടാമെന്നു വിചാരിക്കുന്നു.

ഞാൻ എന്റെ ചോദ്യങ്ങളിൽ ഒന്നിൽ അഭിപ്രായപ്പെട്ടതുപോലെ, കൈക്കൂലിക്കേസ്സുകൾ കണ്ടുപിടിക്കുന്നതിന്റെ സംഖ്യ അനുസരിച്ചു, എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഉള്ളതുപോലെ, ഡിസ്ട്രിക്ട് രജിസ്ട്രാർമാർക്കു ഉദ്യോഗകയററത്തിനു കൂടുതൽ പ്രതിഫലം നൽകുമെന്നു കാണിച്ചു ഒരു സർക്കുലർ അയക്കുന്ന സംഗതിയെപ്പററി ഗവണ്മെന്റിൽനിന്നും ഗൌരവമായി ആലോചിക്കണം. സർ, ഈ ഡിപ്പാർട്ടുമെന്റിലെ അഴിമതികൾ നിറുത്തുന്നതിനു ഇതു വളരെ സഹായിക്കുമെന്നു ഞാൻ വിചാരിക്കുന്നു. മിസ്റ്റർ കുന്തിത്തൊമ്മൻ അഭിപ്രായപ്പെട്ടതുപോലെ, ചില സബ്ബ് രജിസ്ത്രർ ആഫീസുകളിൽ വേഷച്ഛന്നനായി പെട്ടെന്നു ചെന്നു കണക്കുകൾ പരിശോധിക്കുകയും ആ ദിവസം രജിസ്ട്രേഷൻഫീസ് എന്ന നിലയിൽ ശേഖരിച്ചിട്ടുള്ള പണം തിട്ടപ്പെടുത്തുകയും ചെയ്യുന്നതിനു ഉത്തരവാദിത്വമുള്ള ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരിൽ ആരെഎങ്കിലും ഒരാളെ നിയമിക്കുകയാണെങ്കിൽ അതു വളരെ ഗുണകരമായിരിക്കും. എനിക്കതിൽ സന്തോഷമാണുള്ളതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കൈക്കൂലിആയി വാങ്ങിക്കുന്നപണം കണക്കിൽ ചേർക്കുമോ എന്നറിഞ്ഞാൽകൊള്ളാം.

മി. എം. ശിവതാണുപിള്ള (തോവാള): യഥാർത്ഥത്തിൽ രജിസ്ട്രേഷൻഫീസ്സായി വാങ്ങിച്ചിട്ടുള്ളപണം കണക്കുകൊണ്ടുകാണാം; അവിടെകാണുന്നപക്ഷം എണ്ണിനോക്കിയാൽ കൂടുതൽ ഉള്ളതു പേരിൽനിന്നും അന്യായമായി വെറുതെവാങ്ങിച്ചിട്ടുള്ളതെന്നു ഊഹിക്കാം.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഏതെങ്കിലും ഒരുഉദ്യോഗസ്ഥൻ വേഷച്ഛന്നനായി ചെന്നാൽ കണക്കുകൾ പരിശോധിക്കുന്നതിനു അനുവദിക്കുമോ?

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഈസന്ദർഭത്തിൽ ഈസംഗതിയിലുള്ള എന്റെ സ്വന്ത അനുഭവത്തെ സഭയോടു വളരെ വ്യസനസമേതം പറയേണ്ടതായിട്ടുണ്ടു. ഉത്തരവാദിത്വബോധവും യോഗ്യതയുമുള്ള എന്റെ ചില മാന്യസ്നേഹിതന്മാർ ഒരു പ്രത്യേകസബ്‌രജിസ്ത്രർആഫീസിൽ അഴിമതിഉണ്ടെന്നു എന്നോടു പറഞ്ഞു. ഭാഗ്യവശാലൊ നിർഭാഗ്യവശാലൊ ഒരുദിവസം ഉച്ചയ്ക്കു രണ്ടുമണിക്കു എനിക്കു ആ പ്രത്യേകആഫീസിൽപോകേണ്ട ആവശ്യമുണ്ടായി. ആ ആഫീസിലുള്ള കീഴുദ്യോഗസ്ഥന്മാർ എല്ലാവരുംതന്നെ അറിയുന്നതുകൊണ്ടു ഞാൻ ചെന്നപ്പോൾ പുഞ്ചിരിതൂകിത്തുടങ്ങി. മിണ്ടാതിരിക്കുന്നതിനു ഞാൻ അവരോടു രഹസ്യമായിപറഞ്ഞു. ആ സബ്‌രജിസ്ട്രാർ പുതുതായി ആ സ്ഥലത്തു സ്ഥലംമാറിവന്നതുകൊണ്ടു എന്നെഅറിഞ്ഞില്ല. ഞാൻ ഒരു പ്രമാണം ഹാജരാക്കീട്ടു മിണ്ടാതെ അവിടെ ഇരുന്നു. എന്റെദേഹത്തു ഒരുദോത്തിമാത്രമെ ഉണ്ടായിരുന്നുള്ളു. ഞാൻ കുറച്ചുതാമസിച്ചാണു അവിടെഎത്തിയതെന്നു അദ്ദേഹം ആദ്യംപറഞ്ഞു. കൊള്ളാം സർ, അതു നമുക്കു തമ്മിൽ എങ്ങിനെയെങ്കിലുംപറഞ്ഞു ശരിപ്പെടുത്താം. സംഗതിവളരെ അത്യാവശ്യമുള്ളതാണു, അതു കഴിയുന്നത്രയും വേഗത്തിൽ ചെയ്യണം, എന്നെഅവിടെ മുക്കാൽമണിക്കൂറിലധികം താമസിപ്പിച്ചു. അതിനിടയ്ക്കു വളരെ പരിതാപകരമായ ഒരുകാഴ്ചകാണുന്നതിനു എനിക്കു ഇടയായി. സർ, ഞാൻ പറയാൻപോകുന്ന സംഗതിക്കു ഞാൻ ദൃക്സാക്ഷിആയിരുന്നു എന്നുമാത്രമല്ല ഞാൻ ഇവിടെനിൽക്കുന്നു എന്നുള്ളസംഗതിപോലെ അതുവാസ്തവവുമാണ്. നാടാർവർഗ്ഗത്തിലെ അംഗങ്ങളായ കുറെആളുകൾ അവർ സാധുക്കളാണ്, ചിലപ്രമാണങ്ങൾ രജിസ്ട്രാക്കി വാങ്ങിക്കുന്നതിനായി അവിടെവന്നു. അവരിൽചിലർ മോസലിൽ ആയിരുന്നതുകൊണ്ടു കോർട്ടിൽ കുറെ പണം കെട്ടിവയ്ക്കേണ്ടതായിട്ടുണ്ടായിരുന്നു. സർ, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സാധുക്കളായ ആളുകളുടെ ഉൽക്കണ്ഠ നിങ്ങൾക്കു നല്ലതുപോലെ ഊഹിക്കാം. എന്റെഓർമ്മ ശരിയാണെങ്കിൽ രജിസ്ട്രേഷൻഫീസു മൂന്നോ നാലോ രൂപയിൽ കൂടുതൽ ഇല്ലായിരുന്നു. അവിടെനടന്നുകൊണ്ടിരുന്ന സംഗതി ഞാൻ യഥാർത്ഥത്തിൽ കണ്ടുകൊണ്ടിരിക്കയായിരുന്നു. പതിവുപോലെ ആ സാധുക്കൾ ശ്രീ. രൂപകൊടുത്തു. മി. പാറേഡാനിയൽ പ്രസ്താവിച്ചതുപോലെ ഒററസന്ദർഭത്തിൽ എങ്കിലും രൂപയിലുള്ള വ്യ കാശു മടക്കിക്കൊടുക്കേണ്ടതായ കക്ഷികൾക്കു തിരിച്ചുകൊടുത്തില്ല. ആസബ്‌രജിസ്ട്രാർ അയാളുടെ അന്തഃകരണത്തിനു ഏതെങ്കിലും ശല്യമോ പരിഭ്രമമൊ ഉണ്ടാകാതെ സാധുക്കളായ ആനാടാന്മാർക്കു മേശയുടെ ഒതുക്കിവച്ചിരുന്ന പ്രമാണങ്ങൾ കാണിച്ചുകൊടുത്തു. ഞാൻ ഇതു എന്റെകണ്ണുകൾകൊണ്ടുതന്നെകണ്ടു. അവർ അഗസ്തീശ്വരംതാലൂക്കിലുള്ള സാധു നാടാർവർഗ്ഗത്തിൽപെട്ടവരായതുകൊണ്ടു നിരക്ഷരകുക്ഷികളായ ഈ ദരിദ്രന്മാരുടെ ദയനീയമായ അവസ്ഥയെ നമുക്കു വളരെ എളുപ്പത്തിൽ ഊഹിക്കാം.

സർ, അതുകൊണ്ടു ഗവണ്മെന്റിൽനിന്നും സഭയുടെ ഈവശത്തുള്ളവരോടു ഈസംഗതിയിൽ വാഗ്ദാനംചെയ്യുന്നതിനു ശ്രമിക്കാതിരിക്കണം. ഈ ദുഷ്കൃത്യത്തോടു വിജയപ്രദമായിട്ടു പോരാടുന്നതിനു ആവശ്യമുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. വളരെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ അവരുടെകീഴിലുള്ള ചില പ്രത്യേകഉദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരാണെന്നു അവർതന്നെ പറയുന്നതു ഞാൻ യഥാർത്ഥത്തിൽകേട്ടിട്ടുണ്ടു. നിശ്ചയമായും ഇതു വേറെചില ഡിപ്പാർട്ടുമെന്റുകളെ ഉദ്ദേശിച്ചാണ്. എന്നാൽ ഇപ്രകാരം ഉത്തരവാദിത്വംഉള്ള ഉദ്യോഗസ്ഥന്മാർക്കു ഇപ്പോഴുള്ള നിയമത്തിന്റെ സ്ഥിതിയുംനടപടിയും അനുസരിച്ചു കൈക്കൂലിക്കാരുടെപേരിൽ എന്തെങ്കിലും നടപടിനടത്തുന്നതിനു സാധിക്കയില്ല അതാണ്

...ക്ഷമാ. അതുകൊണ്ടു [illegible] യോ എന്നുള്ള തർക്കം. എന്നാൽ ഇപ്പോഴത്തെ നിയമത്തിൽ ഉൾപ്പെട്ട കുററക്കാരെ ശിക്ഷിക്കേണ്ടതു എങ്ങനെയാണെന്നുള്ളതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സമർത്ഥനായ ഒരു രജിസ്ട്രേഷൻഡയറക്ടർക്കു ആ ഡിപ്പാർട്ടുമെന്റിലുള്ള അഴിമതി അമർച്ചചെയ്യാൻ സാധിക്കയില്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ സ്നേഹിതൻ മി. എ. കെ. പിള്ള കൂടെക്കൂടെ [illegible] പ്രസിദ്ധീകരിക്കുന്നതുപോലെ ഒരു [illegible] സഹകരണമാണ് [illegible].

മി. പിററ് ചൂണ്ടിക്കാണിച്ചതുപോലെ മാർഗ്ഗങ്ങൾ എല്ലായ്പോഴും ന്യായമായിരിക്കാം. എന്നാൽ അഴിമതിയെ അമർച്ചചെയ്യുന്നതിൽ ഏതെങ്കിലും ഒരു മാർഗ്ഗം മററുള്ളതുപോലെ നല്ലതായിട്ടുള്ളതാണ്, ഈ ആ മാർഗ്ഗത്തിന്റെ നീതിയേയോ നന്മയേയോകുറിച്ചു നോക്കേണ്ട ആവശ്യമില്ല. ഏതെങ്കിലുംതരത്തിൽ നമുക്കു അഴിമതി ഇല്ലാതാക്കണം. ഗവണ്മെന്റു സ്വീകരിക്കുന്ന മാർഗ്ഗങ്ങളുടെ നന്മയോ മററെന്തെങ്കിലുമോ ഗണിക്കാതെ അഴിമതി ഇല്ലാതാക്കണം എന്നുമാത്രമാണ് ഞാൻ അവരോടു അപേക്ഷിക്കുന്നതു.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): എല്ലാ സബ് രജിസ്ട്രാന്മാരും കൈക്കൂലിക്കാരാണെന്നു മി. ശിവതാണുപിള്ള പറയുകയാകുന്നു. എല്ലാ സബ് രജിസ്ട്രാന്മാരെയും ഉടൻതന്നെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടുന്നതിനായി രജിസ്ട്രേഷൻഡയറക്ടറെ അനുവദിക്കുന്ന ഒരുത്തരവു ഗവണ്മെന്റിൽനിന്നും പുറപ്പെടുവിക്കയാണെങ്കിൽ അതു നീതിയോ ന്യായമോ ആയിരിക്കുമോ?

മി. എം. ശിവതാണുപിള്ള (തോവാള): നിശ്ചയമായും അഴിമതി അമർച്ചചെയ്യുന്ന നടപടിയിൽ നിരപരാധികളായ ചിലരും ഉൾപ്പെട്ടേക്കാം. കളകളെ നശിപ്പിക്കുന്നസംഗതിയിൽ ചെറിയ ചെടികളെയും നശിപ്പിച്ചേക്കാം. ഒരാൾ നിരപരാധിയാണെങ്കിൽപോലും അയാളും ശിക്ഷ അനുഭവിച്ചേക്കാം. അഴിമതി അമർച്ചചെയ്യുന്നതിനു ഗവണ്മെന്റിൽനിന്നും ശക്തിമത്തായമാർഗ്ഗങ്ങൾ ഉപയോഗിച്ചു ശ്രമിക്കേണ്ട നിലയിൽ ഡിപ്പാർട്ടുമെന്റിലെ അഴിമതിയെക്കുറിച്ചുള്ള സംഗതികൾ എത്തീട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഗവണ്മെന്റുപ്രതിനിധികൾ അവരുടെ പേരുകൾ അറിയുന്നകാര്യത്തിൽ നിഷ്പക്ഷമായിരിക്കുന്നു എങ്കിലും അവരുടെ പേരുകൾ പറയുന്നതിനു അദ്ദേഹത്തിനു ഏതെങ്കിലും തടസ്സമുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ സഭയിൽവച്ചു പറയേണ്ട ആവശ്യം ഇല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അവരുടെ പേരുകൾ പറയുന്നതിനു മേമ്പർക്കു എന്തെങ്കിലും തടസ്സമുണ്ടോ എന്നു മാത്രമേ ഞാൻ ചോദിക്കുന്നുള്ളു. ആ പേരുകൾ യഥാർത്ഥത്തിൽ ഇവിടെ വെളിപ്പെടുത്തണമെന്നു ഞാൻ പറഞ്ഞില്ല.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ വാദത്തെ ഗവണ്മെന്റു സ്വീകരിക്കുന്നപക്ഷം അപ്രകാരമുള്ള ആളുകളുടെ പേരു പറയുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഉപക്ഷേപത്തെക്കുറിച്ചു സംസാരിക്കേണ്ട സങ്കടകരമായ ആവശ്യത്തെപ്പററി എനിക്കു ലജ്ജതോന്നുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഈ ഉപക്ഷേപത്തെപ്പററി കുറച്ചെങ്കിലും ധൈര്യത്തോടും സന്തോഷത്തോടുംകൂടി ഈ വിഷയത്തെക്കുറിച്ചു സംസാരിക്കാൻ എനിക്കു സാധിക്കയില്ല. ഞാൻ ഒരു കുററാരോപണം ചെയ്യുകയാണെന്നു എനിക്കു തോന്നുന്നു. എന്നാൽ ഈ രാജ്യത്തെ സന്താനങ്ങളുടെ നേർക്കാണ് ഞാൻ കുററം ആരോപിക്കുന്നതു. സർ, ബാങ്കോയുടെ പ്രേതംപോലെ കൈക്കൂലിയെക്കുറിച്ചു ഉള്ള കുററാരോപണം നമ്മുടെ മുമ്പിൽ വീണ്ടുംവീണ്ടും വന്നിട്ടുണ്ട്.

അഴിമതിയെപ്പററി ചോദ്യങ്ങളും വീണ്ടുംവീണ്ടും ദിവസംപ്രതിയും രാത്രിതോറും [illegible] ആയിരുന്നു. ശക്തിയുണ്ടെങ്കിൽ സർ, നിങ്ങൾക്കുള്ളതിനെ അമർച്ചചെയ്യാൻ കഴിയുമെങ്കിൽ നിങ്ങൾക്കു ചെയ്യാൻ സാധിക്കുന്നതിൽ വെച്ചു ഏററവും ശക്തിമത്തായ പ്രവൃത്തി അതായിരിക്കും. എന്നാൽ [illegible] യംതന്നെ അതായിരിക്കും ഏററവും പ്രയാസപ്പെട്ട ജോലിയെന്നു ഞാൻവിചാരിക്കുന്നു. പക്ഷേ അതു ചെയ്യാൻ ശ്രമിക്കുന്ന മനുഷ്യന്റെ ശിരസ്സുകൂടി നഷ്ടപ്പെട്ടേക്കാം. കുററം ആരോപിക്കുന്ന ആരോപകന്മാർ അതിനു [illegible] അഴിമതി അമർച്ചചെയ്യാൻ ശ്രമിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെയോ അല്ലെങ്കിൽ ഒരു ഏജൻറിന്റെയോ നേർക്കായിരിക്കും ആരോപിക്കുന്നതു. നാം കുററം ആരോപിക്കുന്നതു കുറെ ഉദ്യോഗസ്ഥന്മാരുടെ നേർക്കല്ല. എന്നാൽ ഒരു ഡിപ്പാർട്ടുമെന്റിനു പൊതുവെയാണ് അതു. ഒരു പ്രത്യേക ഉദ്യോഗസ്ഥനു എതിരായിട്ടാണെങ്കിൽ ഞങ്ങൾക്കു യാതൊരു പരാതിയും ഇല്ലെന്നു ഞങ്ങൾ പറയും. നമ്മുടെ സ്വന്തം ആളുകൾക്കു എതിരായിട്ടാണ് നാം പരാതിപ്പെടുന്നതു. കുററാരോപണം സത്യമാണ് എന്നാൽ അതു ലജ്ജാഹേതുകവുമാണ് സങ്കടകരമായ ഒരു ഭാവം അതിനോടു ചേർന്നിട്ടുണ്ട്. അഴിമതി മുഴുത്തിരിക്കുന്നു. യാതൊരു സംശയവുമില്ല. എന്നാൽ അഴിമതിയെന്താണ് [illegible] വന്നതു കഴിഞ്ഞ പത്തോ അതിൽക്കൂടുതലോ കൊല്ലങ്ങളായി കിട്ടീട്ടുള്ള എല്ലാ ഹർജികളും നിങ്ങൾ പരിശോധിച്ചുനോക്കുകയാണെങ്കിൽ യാതൊരു ജനസ്വാധീനമുള്ള മനുഷ്യനും ഒരു ഹർജി അയച്ചിട്ടുള്ളതായി കാണുകയില്ലെന്നു എനിക്കു നിശ്ചയമുണ്ട്. നിഷ്പക്ഷമായ ഒരു ജനപ്രതിനിധിയോ അല്ലെങ്കിൽ അസംബ്ലിയിലെ ഒരു ജനപ്രതിനിധിയായ മി. സി. പി. കൊച്ചുകുഞ്ഞുപിള്ള പ്രസ്താവിച്ചതുപോലെ ഒരു അന്വേഷണം നടത്തുകയാണെങ്കിൽ ഒരു സാക്ഷിയായി നിൽക്കുവാൻ ധൈര്യപ്പെടുകയില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും [illegible]): മെമ്പർ ഇതിൽ ഏർപ്പെട്ടിട്ടുള്ള ആൾ ആരാണെന്നു പറയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവർക്കു പരാതികൾ കൊടുക്കണം; എന്നാൽ സാക്ഷിയായി ഹാജരാകുന്ന അസുഖപ്രദമായ ആ ആവശ്യകതയ്ക്കും, അല്ലെങ്കിൽ എന്തെങ്കിലും ചുമതലവഹിക്കുന്നതിനോ അവർ തയ്യാറല്ല. നാം ബുദ്ധിമുട്ടനുഭവിക്കുന്നതിനു തയ്യാറില്ലെങ്കിൽ ഈ ഉപദ്രവം ഒഴിക്കുന്നതിനു സാധിക്കയില്ല എന്നുള്ള നിലയിൽ, ഇപ്പോൾ സംഗതികൾ എത്തീട്ടുണ്ട്. ചില ദിക്കുകളിലെ ആളുകൾ എന്റെ അടുക്കൽ പരാതികൾ പറഞ്ഞിട്ടുണ്ട് അവരോടു അവർ സാക്ഷികളായി ഹാജരാകുന്നതിനു തയ്യാറാണോ

എന്നു ഞാൻ ചോദിച്ചപ്പോൾ "ഈ കേസിൽ ധൈര്യമായി ഞങ്ങളുടെ പേരുകൾ പറയരുതെന്ന്" അവർ പറഞ്ഞു. അതാണു പ്രകൃതം. നാം വാസ്തവത്തിൽ അതിമതിയായ വിപരീതമാകണമോ? അതോ നമ്മെ ബാധിക്കുന്ന പ്രത്യേക കേസ്സുകളെപ്പററി പരാതിപറയുന്നതേ ഉള്ളുവോ? നാം യഥാർത്ഥത്തിൽ കൈക്കൂലിക്ക വിപരീതമാണെങ്കിൽ പ്രത്യേക ആളുകളുടെ ജാതിയേയോ വർഗ്ഗത്തേയോ ബന്ധുത്വത്തെയോപ്പററി വിചാരിക്കരുത്. എന്നാൽ പരം കൈക്കൂലിമാത്രം ഉള്ള സംഗതിയെ നമുക്ക ശ്രമിക്കാം. ഒരു ഉദ്യോഗസ്ഥൻ ഒരു ഉർമാസ്സിയുടെ കാര്യത്തിലായാലും, അല്ലെങ്കിൽ, ഏതെങ്കിലും ദുഷ്പ്രവൃത്തിയോടുകൂടി അദ്ദേഹം പെരുമാറുന്നതായിട്ടാണെങ്കിലോ അദ്ദേഹം ന്യായസ്ഥനും കാര്യപ്രാപ്തിയുള്ള ആളും ആണെന്നു കാണിക്കാൻ ശ്രമിക്കുന്ന ഒരു കക്ഷിയാകുമായിരിക്കും. (മി. കെ. പി. നീലകണ്ഠപ്പിള്ള: ഹിയർ, ഹിയർ) അതു നാം ദിവസവും കാണുന്ന ഒരു കാര്യമാണ്. നാം ഒരാളെന്നപോലെ കൈക്കൂലി ഉല്ലാതാക്കാൻ യോജിച്ചു ശ്രമിക്കുന്നതിനു തയ്യാറാണോ? അപ്പോൾ ഡിപ്പാർട്ടുമെൻറു മേധാവികൾ വിജയികളാകും, ഗവണ്മെൻറും വിജയിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): നാം തയ്യാറല്ലെന്നു വിചാരിക്കുന്നപക്ഷം, ഈ സംഗതിയിൽ ഗവണ്മെൻറിനു യാതൊരു കടമയും ഇല്ലെന്നു അർത്ഥമാകുന്നുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ജനങ്ങൾക്ക അവരുടെ ഉത്തരവാദിത്വത്തെപ്പററി ബോധമില്ലെങ്കിൽ, അവർക്ക കുറച്ചുകൂടി മെച്ചമായ ഒരു മനഃസ്ഥിതി ഇല്ലെങ്കിൽ ഉദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരായിരുന്നാൽ നിവൃത്തിയില്ലെന്ന എനിക്ക നിശ്ചയമുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ശ്രേഷ്ഠമായ മനഃസ്ഥിതി ഉള്ള ആളുകളെകിട്ടാൻ ഗവണ്മെൻറിനു സാധിക്കയില്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവരുടെ അന്തഃകരണമല്ലാതെ ഗവണ്മെൻറ എന്താണ്? ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർ മററു ദിക്കുകളിൽനിന്നെങ്കിലും നമ്മുടെ മദ്ധ്യത്തിൽ വന്നിരിക്കയാണോ? ഗവണ്മെൻറിനെ അവരുടെ പ്രവൃത്തികൾക്ക ഉത്തരവാദിയായി നാം കരുതുന്നു. അതേസമയംതന്നെ ഏതാണ്ട് ഒരു ഉത്തരവാദിത്വം നമ്മിൽനിന്നും ആശിക്കുന്നതിനു നമ്മുടെ പ്രവൃത്തികൊണ്ടു നമുക്ക കാണിക്കാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അവരും ജനങ്ങളുടെകൂട്ടത്തിൽ ഉൾപ്പെട്ട ആളുകളല്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതുകൊണ്ടുതന്നെയാണ് ദുഃഖകരമായ ഒരു രസം അതോടുചേർന്നിട്ടുണ്ടെന്നു ഞാൻ പറഞ്ഞത്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആവശ്യമുള്ളപ്രകാരം പ്രവർത്തിക്കണമെന്നല്ലയോ അവരിൽനിന്നും ആശിച്ചിരിക്കുന്നത്?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതെ, ജാതിയോ വർഗ്ഗമോ ഏതെങ്കിലും ബന്ധമോ ഗണിക്കാതെ, അനീതിയെ ദൂരീകരിച്ചു അമർച്ചചെയ്യുന്നതിനു ജനങ്ങൾ മുന്നോട്ടുവരണം. അവർ ബുദ്ധിമുട്ടുന്നതിനു മാത്രമല്ല, എന്നാൽ ആ ശ്രമത്തിൽ അവരെക്കൂടെ സഹിപ്പിക്കുന്നതിനു അവർ തയ്യാറായിരിക്കണം. നാം തയ്യാറാണോ?

സർ, ഗവണ്മെൻറിൻെറഭാഗം നോക്കുകയാണെങ്കിൽ, അവർക്ക വളരെ ഗൌരവമേറിയ ഒരു ചുമതല ഉണ്ട്. ജനങ്ങൾ ദിവസംതോറും അപ്രകാരമുള്ള പരാതികൾ പറയുമ്പോൾ, അവർ എല്ലായ്പ്പോഴും ഗവണ്മെൻറിനെ കുററപ്പെടുത്തുകയാണെന്നു അർത്ഥമാകുന്നു. ഗവണ്മെൻറിനു വളരെ ഗൌരവമേറിയ ഒരു ചുമതയുണ്ടു. സീസറിൻെറ ഭാര്യ സംശയിക്കപ്പെടാൻ പാടില്ലാത്തവരായിരിക്കണം. ഗവണ്മെൻറിനു ഒരു നല്ല പേരുവേണമെങ്കിൽ അവർ ഇപ്രകാരമുള്ള സംഗതി അനുവദിക്കാതിരിക്കാൻ നോക്കണം. ഗവണ്മെൻറാ, ഡിപ്പാർട്ടുമെൻറു മേധാവികളോ, എന്തിനെങ്കിലും നഷ്ടപ്പെടുത്തി ജനവിരോധത്തെ വരിക്കാൻ തയ്യാറാണോ? അതിനുതയ്യാറാണെങ്കിൽമാത്രമേ അവർക്ക ചിലതെങ്കിലും ചെയ്യാൻ സാധിക്കയുള്ളൂ. അതുകൊണ്ടു ഞാൻ ജനങ്ങളോടും ഗവണ്മെൻറിനോടും ഇപ്രകാരം അപേക്ഷിക്കുന്നു. വഞ്ചനയിൽ ഇരിക്കുന്ന അനീതിയെ അമർച്ചചെയ്യുന്നതിനു അവർ യോജിച്ചു ശ്രമിക്കണം; ഈ കാര്യത്തിൽ യാതൊരു സംശയവുമില്ല. സന്തോഷത്തോടെ ചെയ്തുതരാമെങ്കിൽ അല്ലെങ്കിലും ഞാൻ മിസ്റ്റർ രമേൻമേനവനെ പൂർണ്ണമനസ്സോടുകൂടി പിൻതാങ്ങുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ സഭയിലെ അംഗങ്ങളുടെ പ്രസ്താവനകൾക്ക എന്തെങ്കിലും വിലകല്പിക്കാമെങ്കിൽ, ഈ രാജ്യത്തുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കൈക്കൂലി നടപ്പുണ്ടെന്നുള്ളതു് ഒരു തീർച്ചയായ സംഗതിയായി ഗണിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു. (മി. പി. കെ. നാരായണപിള്ള: ഹിയർ, ഹിയർ) അതുകൊണ്ടു പ്രത്യേകിച്ചു, ഈ ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന സംഗതികളെക്കുറിച്ചു എന്തെങ്കിലും പറയേണ്ട ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സംഗതിയിൽ ഗവണ്മെൻറിൻെറയും ഡിപ്പാർട്ടുമെൻറിൻെറയും പ്രകൃതത്തെക്കുറിച്ചു ചില റിമാർക്കുകൾ പറയണമെന്നുമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ജനങ്ങൾതന്നെ ശക്തിമത്തായ ഒരു പ്രക്ഷോഭമുണ്ടാക്കുകയോ, അല്ലെങ്കിൽ, അതു് ഉറപ്പായിട്ടു് ആവിഷ്കരിക്കുകയോ, ചെയ്യാത്തപക്ഷം, ഈ കാര്യത്തിൽ ഗവണ്മെൻറു യാതൊന്നും ചെയ്യാൻ സാധിക്കയില്ലെന്നും ചെയ്യുകയില്ലെന്നുമാണ് ചീഫ് സെക്രട്ടറി വിചാരിക്കുന്നതു് എന്നതോന്നുന്നു. അങ്ങിനെയുള്ള ഒരു സ്ഥിതി മനസ്സിലാക്കുന്നതിനോ അതു ഉത്തമമായ ഒരു നയമാണെന്നു ഗണിക്കുന്നതിനോ എനിക്ക സാധിക്കയില്ല. ഗവണ്മെൻറുദ്യോഗസ്ഥന്മാരെ കൈക്കൂലിയിൽനിന്നു വിമുക്തരാക്കണമെന്നു മാത്രമല്ല, എന്നാൽ അവരെ സംശയവലയിൽനിന്നുകൂടി ഉപരിയാക്കണമെന്നുള്ളതു് ഗവണ്മെൻറിൻെറ കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ നല്ല പേരിലാണ് ഗവണ്മെൻറിൻെറ പ്രശസ്തി സ്ഥിതിചെയ്യുന്നതു്. ഗവണ്മെൻറിൻെറ പ്രശസ്തി ആക്ഷേപാർഹമാക്കുന്നതും വർദ്ധിപ്പിക്കുന്നതും കീഴുദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളാണ്. സംഗതികൾ ഇങ്ങനെയിരിക്കെ, ഗവണ്മെൻറിനു ജനങ്ങൾ ഈ കാര്യത്തിൽ തെളിവു തരുന്നില്ല എന്നു പറഞ്ഞു രക്ഷപ്രാപിക്കാൻ സാധിക്കയില്ല. ഈ കാര്യങ്ങളിൽ നയമാനുസൃതമായ ശരിക്കുള്ള തെളിവു ലഭിക്കുന്നതിനു വലിയ ബുദ്ധിമുട്ടാണ്. അതു ഡിപ്പാർട്ടുമെൻറു മേധാവികൾ സൂക്ഷ്മാന്വേഷണംചെയ്തു മനസ്സിലാക്കേണ്ട സംഗതിയാണ്. വെറും സംശയംകൊണ്ടുമാത്രം യോഗ്യനായ ഒരു ഉദ്യോഗസ്ഥനെ ജോലിയിൽനിന്നും പിരിച്ചുവിടുന്നതു നല്ലതല്ലെന്നു മി. പിററ വേറെ ചിലരും അഭിപ്രായപ്പെട്ടു. അതു മേല്പറഞ്ഞ ഉദ്യോഗസ്ഥനെ അപേക്ഷിച്ചു നോക്കേണ്ട

ഒരു സംഗതിയല്ല. അതു ഗവണ്മെന്റിന്റെയും ജനങ്ങളുടേയും പ്രശസ്തിയെസംബന്ധിച്ച കാര്യമാണ്. പൊതു ജനങ്ങളുടെ കാര്യത്തിൽ ഒരു ഉദ്യോഗസ്ഥൻ യോഗ്യനും നിരപരാധിയുമായിരിക്കാമെങ്കിലും, അയാൾ കൈക്കൂലിക്കാരനാണെന്ന ഒരു പേരുസമ്പാദിച്ചിട്ടുണ്ടെങ്കിൽ, അയാളെ ജോലിയിൽനിന്നും പിരിച്ചുവിടുന്നതാണ് വിഹിതമായിട്ടുള്ളത്. ചില രജിസ്ട്രാറന്മാർക്ക എതിരായി ശക്തിമത്തായ പൊതുജനാഭിപ്രായമുണ്ട്. അവരെ മാറ്റുന്നതിന ഗവണ്മെന്റുമാത്രമാണ് ശ്രമിക്കുന്നത്. ഉദ്യോഗസ്ഥന്മാരുടെ ഈമാതിരി പെരുമാറ്റം സബ്‌രജിസ്ട്രാറന്മാർക്കു അവരുടെ ഇഷ്ടംപോലെ മാർഗ്ഗങ്ങളിൽ കൂടി പോകുന്നതിന ധൈര്യംകൊടുക്കുന്നതായി പറഞ്ഞേക്കാം. അതുകൊണ്ട്, ഈ സംഗതിയിൽ ഗവണ്മെന്റിൽനിന്നും ശക്തിമത്തായ നടപടിയെടുക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്; അവർ നടപടിയെടുക്കുകയാണെങ്കിൽ, യഥാർത്ഥകാരണങ്ങളെ കണ്ടുപിടിച്ചു തെളിയിക്കുന്നതിന പ്രയാസമുണ്ടായിരിക്കയില്ല. അതു കേസുകളിൽനിന്നും അവർ തെളിവു എങ്ങനെ എടുക്കുമെന്നുള്ളതു എന്റെ സംഗതിയല്ല തെളിവുശേഖരിച്ചു വേണ്ടതുപോലെ പ്രവർത്തിക്കേണ്ടതു അവരുടെ കടമയാണ്. ഇതാണ് എന്റെ അഭിപ്രായം. ചീഫ്സെക്രട്ടറിയോ മറ്റുമെംബറന്മാരോ ചോദിക്കുന്നതിന ഉദ്ദേശിക്കുന്ന ഏതു ചോദ്യത്തിനും ഉത്തരംപറയാൻ ഞാൻ ഇപ്പോൾ തയ്യാറാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വാസ്തവത്തിൽ എല്ലായിടത്തും സബ്‌രജിസ്ട്രാറന്മാരുടെപേരിൽ പരാതിയുണ്ട്; മിക്കവാറും അവരുടെ സിൽബന്തികളുടെപേരിലും ഉണ്ട്. നിശ്ചയമായും നിയമസഭയിലെ പല അംഗങ്ങളും പ്രസ്താവിച്ചതിനെ വിചാരിക്കയാണെങ്കിൽ, ഈ ഡിപ്പാർട്ടുമെന്റിന എന്തോ ദുഷ്യംസംഭവിച്ചിട്ടുണ്ടെന്ന വിശ്വസിക്കുന്നതിന നല്ല കാരണങ്ങൾ ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): മററുള്ള അംഗങ്ങൾ പുറപ്പെടുവിച്ച വാക്കുകളിൽനിന്നും നിങ്ങൾ ഊഹിച്ചതാണോ അതോ നിങ്ങളുടെ സ്വന്ത പരിചയത്തിൽപ്പെട്ടതാണോ ഇതു്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ സ്വന്ത പരിചയത്തെസംബന്ധിച്ചിടത്തോളം, എനിക്ക ഒരു ഉദാഹരണമെ പറയാനുള്ളു. (ചിരി) അതിന്റെ സന്ദർഭങ്ങളിൽനിന്നും ഒരു പ്രത്യേകസ്ഥലത്തുള്ള സബ്‌രജിസ്ത്രർ ആഫീസിലെ ചില ജോലിക്കാർ ചീത്തയായി പെരുമാറീട്ടുണ്ടെന്ന എനിക്ക ഏകദേശം പറയാൻ സാധിക്കും. (ചിരി) ആ സംഗതിയിൽ എനിക്കു നേരയുള്ള അറിവില്ലാ, എന്നാൽ ഈ ദുഷ്പ്രവൃത്തിക്ക ഇടയാക്കിയ ഇടപാടുകൾക്ക എനിക്കുകൂടി ഒരു പങ്കുള്ളതുകൊണ്ട് സംഗതികൾ മിക്കവാറും സ്പഷ്ടമാണ്. അതു ഒരു സംഘം താഴ്ന്നജാതിക്കാർക്ക ഒരു പ്രത്യേക ഉടമ്പടി രജിസ്ട്രാക്കുന്നതിന ഞാൻപോയ അവസരത്തിലായിരുന്നു. ആ ദേശത്തു എനിക്ക ധാരാളം പണംതന്ന എന്തോ ഒരു കോൾ ഉണ്ടായിരുന്നു എന്നാണ് എനിക്ക തോന്നുന്നതു്; അക്കാരണത്താൽ പ്രമാണം രജിസ്ട്രാക്കാൻ കൊണ്ടുചെന്നപ്പോൾ, ന്യായമല്ലെങ്കിലും, സാധാരണമായിട്ടുള്ള മാർഗ്ഗങ്ങളിൽ പരിഹരിക്കേണ്ട ചില ഉപക്രമങ്ങൾ ഉണ്ടായിരുന്നു. (ചിരി) എന്റെ സാന്നിദ്ധ്യം ഇല്ലായിരുന്നുഎങ്കിൽ ഇത്ര കൂടുതലായി പണംവാങ്ങിക്കുകയില്ലായിരുന്നു. എനിക്ക ധാരാളം പണംതന്ന എന്ന് ഒരു ശ്രുതി അവിടെ പരന്നിരുന്നു. ഒരാൾക്ക ധാരാളം പണംകൊടുക്കാമെങ്കിൽ മററുള്ളവർക്കും ധാരാളം പണം കൊടുക്കണം. ഇതാണ് അവരുടെ തർക്കത്തിന്റെ രീതി. ആ സന്ദർഭത്തിൽ എന്തോ ചിലതു ചെയ്തു എന്നു തീരുമാനിക്കുന്നതിന എനിക്ക യുക്തിയുക്തമായ കാരണങ്ങൾ ഉണ്ടായിരുന്നു. ഒരാനന്ദസംഭവംതന്നെയായിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ സംഗതിയിൽ പൊതുജനങ്ങളുടെ സാധാരണ അഭിപ്രായം എന്താണ്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വളരെ സ്പഷ്ടമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ സഭയ്ക്കു വെളിയിലുള്ള ആളുകളുടെ അഭിപ്രായം എന്താണ്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ മാതിരി പൊതുജനാഭിപ്രായത്തെക്കുറിച്ചു ഞാൻ വിചാരിക്കുന്നില്ല. (ചിരി) ഉത്തരവാദിത്വമുള്ള യോഗ്യന്മാരുടെ പ്രസ്താവനകൾ ഇവിടെ ഉണ്ട്. അവയനുസരിച്ചു പ്രവർത്തിക്കാവുന്നതാണ്.

ഈ പ്രത്യേകപ്രശ്നത്തിന്റെകാര്യത്തിൽ എന്താണു ചെയ്യേണ്ടതു എന്നുള്ളതാണ് ഇപ്പോഴത്തെ സന്ദർഭത്തിൽ ഒന്നാമതു പ്രധാനമായി ചിന്തിക്കാനുള്ളതു. പക്ഷേ നിരാശാധിക്യത്താൽ,—ഈ വകുപ്പുള്ള ചില മന്ത്രിമാരുടെ അഭിപ്രായം അതായിരുന്നു—സംഗതി വളരെ അത്യാവശ്യമായിവന്നിട്ടുള്ളതുകൊണ്ടു കൈക്കൂലിക്കാരുടെ പേരിൽ നടപടി നടത്തുന്നതിൽ തെളിവു വേണമെന്നു ഗണിക്കാതെന്ന അഭിപ്രായപ്പെടുകയുണ്ടായി.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അങ്ങിനെ ആരെങ്കിലും അഭിപ്രായപ്പെട്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. ജോസഫ് അഭിപ്രായപ്പെട്ടതു സൂക്ഷ്മമായിട്ട അതുതന്നെയായിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ അങ്ങിനെ പറഞ്ഞില്ല. എല്ലാ കേസുകളിലും നിയമാനുസൃതമായ തെളിവു ഇല്ലാതിരുന്നേക്കാം എന്നാണ് ഞാൻ പറഞ്ഞതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ പൊതുജനാഭിപ്രായത്തെ വിശ്വസിക്കാമെന്ന് നിങ്ങൾ പറഞ്ഞു. (ചിരി).

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പ്രവർത്തനത്തിന അതു മതിയാകുമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "തെളിവ്" എന്നുള്ള വാക്കിന്റെ അർത്ഥത്തിൽ മാത്രമേ വ്യത്യാസമുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇപ്രകാരം ഡിപ്പാർട്ടുമെന്റുമുഖാന്തിരമുള്ള അന്വേഷണങ്ങളിൽ തെളിവാക്കിയുള്ള എല്ലാ നിബന്ധനകളും അനുസരിച്ചു പ്രവർത്തിക്കണമെന്നാണോ മെംബർ അഭിപ്രായപ്പെടുന്നതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിപ്പാർട്ടുമെന്റൽ അന്വേഷണങ്ങളെ സംബന്ധിച്ച ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച അന്വേഷണനിയമം അനുസരിച്ച ചില ചട്ടങ്ങൾ അനുസരിക്കേണ്ടതായിട്ടുണ്ട്. അവയെ അനുസരിക്കേണ്ടതിനു് യാതൊരു തടസ്സവുമില്ല. അതിലെ നിയമാനുസാരമായ ചട്ടങ്ങളുണ്ട്. ആ പ്രൊസീജ്യറനുസരിച്ച് അന്വേഷണം നടത്തുകയാണെങ്കിൽ യാതൊരു പരാതിക്കും അതു ഇടയാകുകയില്ല. അന്വേഷണം നടത്തുമ്പോൾ സകല ചട്ടങ്ങളും മറന്നുകളയണം എന്നു പറയുന്നതു തെറ്റിദ്ധരിച്ച പ്രവൃത്തിയാണ്. നിശ്ചയമായും ഒരു ഡിപ്പാർട്ടുമെന്റിൽ ദുഷ്കൃത്യം ചെയ്യുന്നതിനു സഹായികൾ ഉണ്ടായിരിക്കാം, എന്നാൽ മറ്റെ വർഗ്ഗക്കാരും കൂടി ഉണ്ടായിരിക്കും. അതുകൊണ്ടു പൊതുജനങ്ങളുടെ കേസുകൾ ഒരു ശക്തിയെമാത്രം അടിസ്ഥാനപ്പെടുത്തി നടപടികൾ തുടരുന്നതു നിശ്ചയമായും ശരിയായ ന്യായമായിട്ടുള്ള ഒരു നടപടിയല്ല. അതുകൊണ്ടു ഞാൻ പറയുന്നതു എന്തെന്നാൽ ഡിപ്പാർട്ടുമെന്റുമേലധ്യക്ഷൻ അപ്രതീക്ഷിതമായി ആഫീസുകളിൽ ചെല്ലുകയും ചെയ്യേണ്ട അന്വേഷണങ്ങൾ നടത്തുകയും ചെയ്താൽ കാണേണ്ട പലതും കാണുവാൻ കഴിയുന്നതാണ്. സാധാരണയായി ഒരു ഡിപ്പാർട്ടുമെന്റിലെ മെജോറിറ്റി പ്രശസ്തമായരീതിയിൽ നടക്കുന്നതു ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്റെ ശേഷിയെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നത്. ഇപ്പോൾ ഈ സംഗതിയിൽ ആവശ്യമുള്ളതെല്ലാം അവർ ചെയ്തിട്ടുണ്ടെന്നു ഗവണ്മെന്റിനു തൃപ്തിയാണെങ്കിൽ സഭയുടെ ഈ വശത്തുനിന്നും വളരെ കുറച്ചുമാത്രമേ അഭിപ്രായപ്പെടാനുള്ളു. ഓരോ ഡിപ്പാർട്ടുമെന്റുമേലധ്യക്ഷന്മാരും സബ്‌രജിസ്ട്രാറന്മാരേയും അവരുടെ സിൽബന്ധികളേയും അപ്രതീക്ഷിതമായി പരിശോധിക്കുന്നതിനു അവർക്കു അധികാരം നൽകണമെന്ന പക്ഷെ വേറൊരു അഭിപ്രായംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്ഥലത്തുള്ള മാന്യന്മാരെക്കൊണ്ടു രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റികളെ ഈ ജോലി ചെയ്യുന്നതിനു അധികാരപ്പെടുത്താൻ പാടില്ലയോ എന്നു പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു് ഒരു മാർഗ്ഗംമാത്രമാണ്. സ്ഥലത്തു വിശ്വാസയോഗ്യന്മാരായ ആളുകൾ ഉണ്ടെങ്കിൽ ഈ ജോലി ചെയ്യുന്നകാര്യത്തിൽ അവരെ വിശ്വസിക്കാവുന്നതാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും കൊട്ടാരക്കരയും): ആരാണ് അധികം ഉത്തരവാദി ഉദ്യോഗസ്ഥന്മാരോ ജനങ്ങളോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചില സന്ദർഭങ്ങളിൽ ജനങ്ങൾക്കു കൂടുതൽ ഉത്തരവാദിത്വമുള്ളതായി ഗണിക്കാൻ പാടില്ല. നായർറഗുലേഷന്റെ സംഗതി മെസ്സേഴ്സ് ടി. കുമാരപിള്ളയും കുഞ്ഞിരാമൻനായരും ഉദാഹരണമായി കാണിച്ചിട്ടുണ്ട്. സബ്‌രജിസ്ട്രാറന്മാർക്കു മാനസികമായുള്ള അപസരങ്ങൾ ഉണ്ട്. ഒരു ആളുകൾക്കു ഒരു പ്രമാണം രജിസ്റ്റർ ചെയ്യാനുള്ളപ്പോൾ പ്രമാണം അവിടെ ഉണ്ടെങ്കിൽ അവരുടെ പ്രമാണം മടങ്ങിക്കിട്ടുമെങ്കിൽ അവർ എന്തുതന്നെയും കൊടുക്കും.

മി. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും കൊട്ടാരക്കരയും): അതു ഉദ്യോഗസ്ഥന്റെ കുറ്റമാണോ അതോ ജനങ്ങളുടെ കുറ്റമാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഉദ്യോഗസ്ഥന്റെ കുറ്റമാണ്.

മി. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും കൊട്ടാരക്കരയും), എന്നാൽ എന്തിനാണ് ജനങ്ങൾ പണം കൊടുക്കുന്നതു്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവർ കൊടുക്കാൻ നിർബന്ധിതരായതുകൊണ്ടു. ഒരാൾ അയാളുടെ മരണശയ്യയിൽ കിടക്കുകയാണെന്നു വിചാരിക്കുക; അയാളുടെ കാര്യം കുട്ടികൾക്കും എന്തെങ്കിലും കൊടുക്കുന്നതിനായിട്ടു ചില ജോലികൾ നടത്തേണ്ടതായിട്ടുണ്ട്. അപ്പോൾ സബ്‌രജിസ്ട്രാർ ഒരു പ്രധാനപുരുഷനാകുന്നു. ഓരോ നിമിഷവും അപകടകരമായിവരുമ്പോൾ സബ്‌രജിസ്ട്രാറുടെ പ്രാധാന്യവും വർദ്ധിക്കുന്നു. അയാൾ വിചാരിക്കുന്നപക്ഷം അയാൾക്കു പ്രമാണം പതിക്കുന്നതിനു താമസിപ്പിക്കാം. ഒരുപക്ഷേ സബ്‌രജിസ്ട്രാർക്കു വളരെ ഉയർന്ന ശമ്പളം കൊടുക്കുന്നില്ലായിരിക്കാം. എന്നാൽ ഏതായാലും സന്ദർഭം അനുസരിച്ചു അയാളുടെ പ്രാധാന്യം വർദ്ധിക്കുന്നു. അതുകൊണ്ടു അങ്ങിനെയുള്ള സന്ദർഭത്തിൽ അവരുടെ സംഗതികൾ നടത്തുന്നതിനായി ജനങ്ങൾ എന്തെങ്കിലും കൊടുക്കയാണെങ്കിൽ നിങ്ങൾ അവരെ കുറ്റപ്പെടുത്താൻ പാടില്ല. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അയാളുടെ ദുഷ്പ്രവൃത്തിക്കു ആ ഉദ്യോഗസ്ഥൻതന്നെയാണ് പ്രധാന ഉത്തരവാദി. ഈ നിലപാടിനോടു പോരാടുന്നതിനു ഡിപ്പാർട്ടുമെന്റു മേധാവിയും പരിശോധനാകർത്താവുമാണുണ്ട് തയ്യാറായിരിക്കേണ്ടതു് എന്നാണ് എന്റെ അഭിപ്രായം. ഡിപ്പാർട്ടുമെന്റുമേലധികാരി അയാളുടെ ആഫീസിൽ ഇരുന്നു ദിവസേനയുള്ള ജോലികൾ നടത്തുന്നതുകൊണ്ടു മതിയാകയില്ല. അദ്ദേഹം ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചു ഓരോ സബ്‌രജിസ്ട്രാറുടേയും പ്രശസ്തിയെ സംബന്ധിച്ചു അറിയേണ്ടതാണ്. അപ്രതീക്ഷിതമായി ചെല്ലുന്നതുകൊണ്ടു അവിടെ നടക്കുന്ന വളരെ സംഗതികൾ അദ്ദേഹത്തിനു ധരിക്കാൻ സാധിക്കും. പരിശ്രമക്കേടിൽ ആദ്യത്തെ പടി അതാണ്. ഇതുകൊണ്ടു ഫലിച്ചില്ലെങ്കിൽ, ഡിപ്പാർട്ടുമെന്റുമേധാവിയായിരിക്കുന്ന ആളിൽ ഒരു വ്യത്യാസം വരുത്തി നോക്കണം. അതിലും തോൽവിയാണെങ്കിൽ അപ്പോൾ അപ്രതീക്ഷിതമായി ചെല്ലുന്നതിനു മറ്റു ഡിപ്പാർട്ടുമെന്റു മേധാവികളെ അധികാരപ്പെടുത്തുകയും പോലീസുകാർ ശേഖരിക്കാവുന്ന തെളിവു ശേഖരിച്ചുകൊണ്ടു പ്രാസിക്യൂഷൻ ആരംഭിക്കയും ചെയ്യുന്നു. പ്രാസിക്യൂഷൻകൊണ്ടും ഫലമില്ലെങ്കിൽ അവയ്ക്കു അനുകൂലമായ ഫലം ഉണ്ടാകും. ഒരു കുറ്റക്കാരൻ വിസ്താരത്തിൽനിന്നും സ്വതന്ത്രനായി രക്ഷപ്പെടുന്നുവെങ്കിൽ അപ്രകാരം രക്ഷപ്പെടുന്നതിലേക്കു അയാൾ വളരെ വലുതായ ഒരു പ്രായശ്ചിത്തം കൊടുക്കേണ്ടിവരും.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): നിരപരാധിയായ ഒരാൾക്കു പലപ്പോഴും കൊടുക്കേണ്ടതായിവരുന്നുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ, ചിലപ്പോൾ അതു സന്ദർഭങ്ങളെ ആശ്രയിച്ചിരിക്കുന്നു.

പ്രാസിക്യൂഷന്റെ ആവശ്യകതയുണ്ടെന്ന് ഒരു ഉദ്യോഗസ്ഥനു അഭിപ്രായമുണ്ടെങ്കിൽ അയാൾ അതു ആരംഭിക്കണം. അവസാനത്തിൽ അയാൾക്കു തോൽവിയാണു വിധിച്ചിരിക്കുന്നതു എന്നുവരികിലും ഈ നടപടിക്കു്

അനന്തരഫലങ്ങൾ ഉണ്ടാകും. ഇതാണ് എനിക്കു പ്രസ്താവിക്കുവാനുള്ള അഭിപ്രായങ്ങൾ. ഗവണ്മെന്റിന്റെ പെട്ടെന്നുള്ള ശ്രദ്ധയെ അർഹിക്കത്തക്കവണ്ണം ഈ സംഗതിക്കു പ്രാധാന്യമുണ്ടെന്നു എനിക്കു തോന്നുന്നു.

മി. പി. കരുണിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഒരു ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥന്മാർ സബ്‌രജിസ്ട്രാർ ആഫീസുകളിൽ അഴിമതി വർദ്ധിച്ചുവരുന്ന എന്നുള്ളതിനു സംശയമില്ല. എന്നാൽ ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരുടെ ഉടനടിയുള്ള പരിശോധന [illegible] പരിഹാരമാർഗ്ഗമാണെന്നുള്ളതിൽ [illegible] പരിഹാരമാർഗ്ഗമാണെന്നുള്ളതിൽ എനിക്കു എതിരഭിപ്രായമാണുള്ളത്. ഈ ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാർ സബ്‌രജിസ്ട്രാർമാരായിരുന്ന കാലങ്ങളിൽ നല്ലപോലെ [illegible] ഉണ്ട്. [illegible] വർ [illegible] കൈക്കൂലിക്കു ഒരു കുറവും ഉണ്ടാകയില്ല. [illegible] കൈക്കൂലി [illegible] പരാതിവരുന്നു. അതിനെപ്പറ്റി മേലുദ്യോഗസ്ഥൻ പരിശോധിക്കും. ഈ പരിശോധനയുടെ [illegible] ആ ഉദ്യോഗസ്ഥൻ [illegible] അഴിമതിക്കാരനായിട്ടുണ്ടായിരുന്നു. [illegible] കൈക്കൂലി വാങ്ങിച്ചതിന്റെ തെളിവുകൾ പരിശോധിക്കാൻ പോകുന്ന ഉദ്യോഗസ്ഥനും [illegible] ആണ്. അതിനാൽ [illegible] പറയാം. ഡിപ്പാർട്ടുമെന്റിലെ [illegible] ഏതെങ്കിലും ഒരു [illegible] കൈക്കൂലി വാങ്ങിക്കൊണ്ടു റിപ്പോർട്ടു കൊടുക്കുന്നു. ഇതിൽ [illegible] മേലുദ്യോഗസ്ഥനു കൊടുക്കുന്നു. ഇങ്ങനെയാണ് ഇപ്പോൾ [illegible]. [illegible] മിസ്റ്റർ പി. കെ. നാരായണപിള്ള അഭിപ്രായപ്പെട്ടതുപോലെ ആ ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാർ പരിശോധിക്കാൻ പോകുന്നതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകയില്ലെന്നാണ് എനിക്കു തോന്നുന്നത്. എന്നാൽ വർത്തമാനപ്പത്രങ്ങളിൽ [illegible] പ്രസ്താവിക്കുന്നതിനാൽ, ഈ അഴിമതിക്കു കുറച്ചൊരു കുറവുണ്ടായിരുന്നു. അതുകൊണ്ടു വർത്തമാനപ്പത്രങ്ങളിൽ [illegible] ഇതിനു ഒരു പരിഹാരമാർഗ്ഗമാണ്.

മി. തയ്യിലുകണ്ടിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): വർത്തമാനപ്പത്രത്തിൽ അങ്ങേടെ വർഗ്ഗത്തിലുള്ള കൈക്കൂലിവാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിനെക്കുറിച്ചു മറുവർഗ്ഗത്തിൽപെട്ട ഉദ്യോഗസ്ഥന്മാർ വാങ്ങിക്കുന്നതിനെപ്പറ്റി പ്രസ്താവിക്കാറില്ല.

മി. കരുണിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): പത്രങ്ങൾ വർഗ്ഗങ്ങളെപ്പറ്റി അല്ല പറയുന്നതു് പേരുതന്നെ പറകയാണ് ചെയ്യുന്നത്.

മി. തയ്യിലുകണ്ടിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ചിലവർഗ്ഗക്കാരെ ആദരിച്ചും മറച്ചും വർഗ്ഗക്കാരെ അനാദരിച്ചും പറയാറില്ലേ?

മി. കരുണിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): എല്ലാവരെയുംപറ്റി പറയാറുണ്ട്.

മി. തയ്യിലുകണ്ടിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും). എല്ലാപത്രങ്ങളും അങ്ങിനെ ആണോ?

മി. കരുണിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): അതെ. അതുകൊണ്ടു ഈ സബ്‌രജിസ്ട്രാറന്മാരെ പരിശോധിക്കുന്നതിനു മറുഡിപ്പാർട്ടുമെന്റിലെ മേലധ്യക്ഷന്മാരെയോ ഒരു കമ്മിറ്റി രൂപീകരിച്ചു അവരെയോ അതാതുസ്ഥലത്തുള്ള മാന്യന്മാരെയോ ഏർപ്പെടുത്തിയാൽമാത്രമേ ഇതിനു പരിഹാരമുണ്ടാകയുള്ളു എന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. റ്റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): സർ, ഈ വിഷയത്തെസംബന്ധിച്ചു ഒരു വ്യത്യാസം വരുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. പ്രത്യേക ഉദാഹരണങ്ങളും അതോടുകൂടി ഇപ്പോഴത്തെ തെളിവുകളും കൊടുക്കണമെന്നു ഗവണ്മെന്റ മെമ്പറന്മാർ പറഞ്ഞിട്ടുണ്ട്. സർ, ഒരു പ്രത്യേകസബ്‌രജിസ്ട്രാരെ ശിക്ഷിക്കണമെന്നു ഞങ്ങൾ ഇവിടെ നിർബന്ധിക്കയില്ല. ഞങ്ങൾ അങ്ങിനെചെയ്തിരുന്നു എങ്കിൽ ഒരു മാന്യന്റെപേരിൽ [illegible] എങ്കിലും വിളുള്ളതിനെ ഞങ്ങൾ തെളിയിക്കയും അതു നിയമാനുസൃതമായ തെളിവുകളാൽ സ്ഥാപിക്കയും ചെയ്തില്ലെങ്കിൽ ഞങ്ങൾക്കു ഇടറപ്പെടാൻ കഴികയില്ലഎന്നു ഗവണ്മെന്റുഭാഗത്തുനിന്നു ഞങ്ങളോടു പറയുമായിരുന്നു. ഇവിടെ രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിലെ സംഗതികൾ തീരെ തൃപ്തികരമല്ലെന്നാണ് [illegible] പൊതുജനാഭിപ്രായമെന്നു തോന്നുന്നു. സർ, ഇപ്രകാരമുള്ള സംഗതികൾ ഇല്ലാതാക്കുന്നതിനുവേണ്ടമാർഗ്ഗങ്ങൾ ആലോചിച്ചു സ്വീകരിക്കേണ്ടതാണ്. ഇതിനെപ്പറ്റി ഇത്രയും പ്രസ്താവിച്ചതുകൊണ്ടു ഗവണ്മെന്റിനു തൃപ്തിയായില്ലയോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഒരുപ്രത്യേകകേസ്സു നിയമാനുസൃതമായ തെളിവുകൊണ്ടു സ്ഥാപിക്കണമെന്നുള്ള സംഗതി ഇവിടെ യോജിക്കുന്നതുമല്ല; അതു സാദ്ധ്യവുമല്ല. ഇപ്പോൾ സബ്‌രജിസ്ട്രാറന്മാരെക്കുറിച്ചു എന്തെങ്കിലും ചെയ്യുന്നതിനു ഗവണ്മെന്റ ശ്രദ്ധയെ നിർബന്ധിക്കുന്നതായി ഉത്തരവാദിത്വമുള്ള നിയമസഭാംഗങ്ങളുടെ പൊതുവെയുള്ള പരാതിയുണ്ടെന്നു ഞാൻ പറയാം. "ഗവണ്മെന്റ എന്തുചെയ്യും?" എന്നചോദ്യം ചോദിച്ചുകഴിഞ്ഞു. മാർഗ്ഗങ്ങൾ ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതു ഗവണ്മെന്റാണെന്നു ഞാൻ വിചാരിക്കുന്നു. നല്ലതുപോലെ പരിചയമുള്ളതോ, അല്ലെങ്കിൽ രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിലെ ജോലിയെക്കുറിച്ചും ഉൽജ്ജിതത്തിൽ വരുത്തേണ്ടതായ ചട്ടങ്ങളെക്കുറിച്ചും, കുറെഎങ്കിലും പരിചയം ഉള്ളതോ ആയ ഒരു രജിസ്ട്രേഷൻഡയറക്ടർഉണ്ട്. അദ്ദേഹത്തിനു ഗവണ്മെന്റിനോടുകൂടി ആലോചിച്ചു, എങ്ങനെ കുറ്റക്കാരനായ ഒരു സബ്‌രജിസ്ട്രാരെ കണ്ടുപിടിക്കാൻ കഴിയുമെന്നുള്ളതു അറിയാൻ സാധിക്കും. വേണ്ടമാർഗ്ഗങ്ങൾ ചിലപ്പോൾ ഞങ്ങൾക്കും കാണിച്ചുകൊടുക്കാമെങ്കിലും സംഗതികളുടെ സ്ഥിതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ മാത്രമെ ഞങ്ങൾക്കു കഴികയുള്ളു. ഞങ്ങളുടെ പരാതികൾഎപ്പോഴും എല്ലാഭാഗത്തും അഭിപ്രായ പ്രസ്താവനകളോടു കൂട്ടിയതായിരിക്കണം എന്നുള്ള ആവശ്യം ഇല്ല. ചീഫ്സെക്രട്ടറി പുറപ്പെടുവിച്ച മെമ്മോയിലടക്കം, ജനങ്ങൾ കുറ്റക്കാരാണെന്നാണ്. അദ്ദേഹംപറഞ്ഞതു, അത്രത്തോളം ശരിയാണെന്നുള്ളതിനു സംശയമില്ല. എന്നാൽ ഗവണ്മെന്റ അതുകൊണ്ടു നിൽക്കുന്നതിനു ഒരു കാരണവുമില്ല. ജനങ്ങൾ ഒരു തരത്തിൽ കുറ്റക്കാരാണെങ്കിൽകൂടിയും ഗവണ്മെന്റ കൃത്യമായി പ്രവർത്തിക്കണം. എന്തുകൊണ്ടെന്നാൽ യഥാർത്ഥത്തിൽ ഉള്ള സന്മാർഗ്ഗനിഷ്ഠയെ അതു കാണിക്കുന്നതാണ്. കുറെ സബ്‌രജിസ്ട്രാറന്മാർ കുറ്റക്കാരായിട്ടുള്ളതാണെന്നുള്ളതിനെ സംബന്ധിച്ചു കേസ്സല്ല ഇതു. എന്നാൽ രാജ്യത്തിൽ എല്ലാസ്ഥലത്തുംഉള്ള ഒരു സംഗതിയാണ് അതുകൊണ്ടു ഇപ്രകാരമുള്ള സംഗതികൾ നടപ്പിലിരിക്കുന്ന സ്ഥലത്തെ ജനങ്ങളുടേയും ഗവണ്മെന്റ ഉദ്യോഗസ്ഥന്മാരുടേയും സന്മാർഗ്ഗത്തെ നന്നാക്കുന്നതിനു ഗവണ്മെന്റുകുറെക്കൂടി ഉൽക്കണ്ഠയോടുകൂടി പ്രവർത്തിക്കേണ്ടതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): ഈ വാദപ്രതിവാദത്തിൽ ഒരുവാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിൽ അഴിമതി വർദ്ധിച്ചിരിക്കുന്നുഎന്നു ഒരു തോന്നൽ ഉണ്ടെന്നു അവർ പ്രസ്താവിക്കുമ്പോൾ അവരുടെവാക്കിനെ സ്വീകരിക്കണമെന്നു അംഗങ്ങൾ പറയുന്നതിനോടുകൂടി ഞാൻ നല്ലതുപോലെ യോജിക്കുന്നു. എന്നാൽ അഴിമതിയുടെ നടപ്പിനെക്കുറിച്ചു ഒരു ധാരണ ഉണ്ടെന്നുള്ളസംഗതി പറയുന്നതിനുപകരം അതിനെ ഒഴിച്ചു യഥാർത്ഥത്തിൽ അഴിമതി നടപ്പുണ്ടെന്നു നിശ്ചയമായി പ്രതിപാദിക്കുന്നതു ന്യായമാണോ? ആ സംഗതി ഓരോരുത്തരും സൂക്ഷ്മമായി ആലോചിക്കേണ്ടതാണ്.

ഇവിടെയുള്ള ആക്ഷേപങ്ങൾ ഗവർമ്മെൻറിനു ഉടൻതന്നെ വിചാരണചെയ്യേണ്ടതാണെന്നു ഉള്ളതിനു എന്തു ക്ലിപ്തമാണുള്ളതു എന്നാണ് അടുത്തചോദ്യം. ഇപ്രകാരംഉള്ളകേസ്സുകളിൽ തെളിവുകൊടുക്കുന്നതു അസാദ്ധ്യമാണെന്നു മിസ്റ്റർ കരയാളർ പ്രസ്താവിച്ചു. പക്ഷെ അദ്ദേഹം പറഞ്ഞതു ശരിയായിരിക്കാം എന്നാൽ ചില സ്പഷ്ടവും സംശയവിഹീനവുമായ തെളിവുകൾകൂടാതെ ഗവർമ്മെൻറിനു ഇതിൽ എന്തുചെയ്യാൻസാധിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ഉദ്യോഗസ്ഥന്മാരുടെ സംഗതിയിൽ അഴിമതി ഇല്ലായ്മചെയ്യാൻ ഗവർമ്മെൻറിനു സാധിക്കയില്ലെന്നാകുന്നു എൻെറ സ്നേഹിതൻെറ അഭിപ്രായം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): രാജ്യത്തു പ്രവൃദ്ധമായിരിക്കുന്ന അഴിമതി ഇല്ലാതാക്കുന്നതിനു സാധിക്കാത്തതുപോലെ അത്ര ശക്തിവിഹീനമാണ് ഗവർമ്മെൻറെന്നു ഗവർമ്മെൻറു സമ്മതിക്കുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): ഡിപ്പാർട്ടുമെൻറുമേലധികാരിക്കു അദ്ദേഹത്തിൻെറകീഴിലുള്ള ആപ്പീസുകൾ പരിശോധിക്കുന്നതിനു ഗവർമ്മെൻറിൽനിന്നും ഉത്തരവുകൾ കൊടുത്തുകഴിഞ്ഞിട്ടുണ്ടു. വീഴ്ചക്കാരനായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിനു നിയമങ്ങളും ഡിപ്പാർട്ടുമെൻറു ചട്ടങ്ങളും ഗവർമ്മെൻറിൽനിന്നും പാസ്സാക്കിയിട്ടുണ്ടു. അവക്കു കൂടുതൽ ചട്ടങ്ങളും ആവശ്യമാണെന്നു തോന്നുന്ന പക്ഷം ഒന്നുകൂടി കർശനമായ ചട്ടങ്ങളും പാസ്സാക്കാൻ കഴിയും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇത്രയുംകാലങ്ങൾ കടലാസ്സിൽ ഗവർമ്മെൻറു ചെയ്തിട്ടുള്ളതുകൊണ്ടു ഇനി ഈ കാര്യത്തിൽ മൗനവ്രതം അനുഷ്ഠിക്കാമെന്നാണോ വിചാരിക്കുന്നതു?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): ഞാൻ അങ്ങനെ തീരെ പറയുന്നില്ല. ഒരു സാമാന്യപരാതിമാത്രം ഉള്ളപ്പോൾ ഈ സംഗതിയിൽ ഈ ചട്ടങ്ങളെ ഒന്നുകൂടി ഊർജ്ജിതത്തിൽ കൊണ്ടുവരികയും ഉത്തരവാദിത്വമുള്ള നിയമസഭാമെംബറന്മാരിൽനിന്നു കൈക്കൂലിയുണ്ടെന്നുള്ളതു വീണ്ടും ഡിപ്പാർട്ടുമെൻറുമേലധികാരിയെ ധരിപ്പിക്കയുംചെയ്യുന്നതിനും ഡിപ്പാർട്ടുമെൻറുകൂടാതെ ഭരണകാര്യത്തിൽ ഒന്നുകൂടി കർശനമായി പ്രവർത്തിക്കുന്നതിനും ഊർജ്ജിതത്തോടുകൂടി ഭരിക്കുന്നതിനും അദ്ദേഹത്തോടു ആജ്ഞാപിക്കയും ചെയ്യുന്നതിനുമാത്രമേ ഗവർമ്മെൻറിനു സാധിക്കയുള്ളു. ഡിപ്പാർട്ടുമെൻറുമേലധികാരിക്കു ഗവർമ്മെൻറിൽനിന്നും അപ്രകാരമുള്ള സാമാന്യആജ്ഞകൾ കൊടുക്കുകയും അദ്ദേഹത്തിനൊടു കഴിയുന്നത്രയും നല്ലതുപോലെപ്രവർത്തിക്കാൻ ആജ്ഞാപിക്കയും ചെയ്യാൻ സാധിക്കും. എന്നാൽ അഴിമതിയുടെ പ്രത്യേകരീതിയെപ്പററിയോ അല്ലെങ്കിൽ വീഴ്ചക്കാരനായ ഉദ്യോഗസ്ഥനെപ്പററിയോ എന്തെങ്കിലും തിട്ടമായ ചില അറിവുകൾ ലഭിച്ചില്ലെങ്കിൽ ഗവർമ്മെൻറിനു എന്തുചെയ്യാൻസാധിക്കും?. അതാണ് ഞാൻ ചോദിക്കുന്നതു. അവക്കു ഇപ്പോഴുള്ള ചട്ടങ്ങളെ ഊർജ്ജിതത്തിൽകൊണ്ടുവരാൻമാത്രമേ സാധിക്കയുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). ഇപ്പോഴത്തെ ചട്ടങ്ങൾ ശരിയായി ഊർജ്ജിതത്തിൽ കൊണ്ടുവന്നിട്ടില്ലെന്നു മെംബർ സമ്മതിക്കുന്നുണ്ടോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): നിയമങ്ങൾഇപ്പോഴും ശരിയായ ഊർജ്ജിതത്തിൽതന്നെയിരിക്കുന്നുണ്ട്. എന്നാൽ സഭയിലെ ചിലഉത്തരവാദിത്വമുള്ള അംഗങ്ങൾ ആ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാണെന്നുള്ള കാര്യം സഭയിൽവച്ചുതന്നെ പറഞ്ഞിട്ടുണ്ടു. എന്നുള്ള സംഗതികൂടി ഗൌനിക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിയമങ്ങളെ ഭേദപ്പെടുത്തുന്നതിനും ബ. മെംബർക്കുമനസ്സുണ്ടോ എന്നുപറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ചില ക്ലിപ്തമായഅഭിപ്രായങ്ങൾ പ്രസ്താവിക്കാത്തപക്ഷം ആ ചോദ്യത്തിനു എനിക്കു ഉത്തരംപറയാൻ സാധിക്കയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിപ്പാർട്ടുമെൻറു മേലധികാരിയെമാററി ഒരുപരിശോധനാകമ്മീഷനെ നിയമിക്കുന്നതിനു മെംബറനു മനസ്സുണ്ടോഎന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ആ സംഗതി ഗവർമ്മെൻറിൻെറ യുക്തം അനുസരിച്ചുമാത്രംപ്രവർത്തിക്കേണ്ടതാണു.

ഇപ്പോൾ ഒരുസാമാന്യ പരാതിമാത്രമേയുള്ളു എങ്കിൽ ആ പരാതിയെക്കുറിച്ചു ഡിപ്പാർട്ടുമെൻറുമേലധികാരിയെ ധരിപ്പിക്കയും, അഴിമതിയെക്കുറിച്ചുള്ള കുററാരോപണം ഡിപ്പാർട്ടുമെൻറു മേലധികാരിയുടെ സാമർത്ഥ്യക്കുറവുകൊണ്ടു ഉണ്ടായിട്ടുള്ളതാണെന്നു ഗവർമ്മെൻറിനു തോന്നുകയും ചെയ്താൽ ഗവർമ്മെൻറിനു അപ്പോൾ അതിനെക്കുറിച്ചു നടപടിനടത്തുകയുംചെയ്യും, എന്നാണു എനിക്കുപറയാനുള്ളതു്

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അഴിമതിയെക്കുറിച്ചുള്ള പ്രത്യേക ഉദാഹരണങ്ങൾ ഈ സഭമുമ്പാകെ പ്രസ്താവിക്കണമെന്നു മെംബർ ആശിക്കുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഞാൻഅത്രയുംപറയുന്നില്ല. അഴിമതി വർദ്ധിച്ചുവരുന്നുണ്ടെന്നു നേരെ അഭിപ്രായപ്പെടാത്തപക്ഷം ഒരു പ്രത്യേകകാരണംകൊണ്ടു യാതൊന്നും ക്ലിപ്തമായി ചെയ്‌വാൻ സാധിക്കയില്ലെന്നു എനിക്കു തോന്നുന്നു. പ്രത്യേക ഉദാഹരണങ്ങളെ സംബന്ധിച്ചു ഇവിടെ പരസ്യമായി പറയേണ്ട ആവശ്യമില്ല. എന്നാൽ അതു ഗവർമ്മെൻറിനെ ബോദ്ധ്യമായിരിക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൈക്കൂലികൊടുക്കുന്ന ആളുകളെയും ശിക്ഷിക്കാമെന്നു നിയമം പ്രസ്താവിക്കുന്നില്ലയോ.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ഉണ്ട്. കൈക്കൂലിക്കേട്ടക്കുന്ന ആളുകളെ ശിക്ഷിക്കാമെന്നു പീനൽകോഡിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) : ആ നിയമം ഊർജ്ജിതത്തിൽ ഇരിക്കുന്നടത്തോളംകാലം ഒരുദ്യോഗസ്ഥൻ കൈക്കൂലിവാങ്ങിച്ചു എന്നു ആരെങ്കിലും സമ്മതിച്ചുപറയുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ഈ വാദപ്രതിവാദത്തിൽ ആ ചോദ്യത്തിനു അവസരംകാണുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) : ആ നിയമം ഭേദപ്പെടുത്തണമെന്നു മെമ്പർ അഭിപ്രായപ്പെടുന്നുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ) ; ആ നിയമത്തിന്റെ നിലനില്പുകൊണ്ടാണ് ആവശ്യമുള്ള തെളിവുകൾ കൊടുക്കുന്നതിനു ആളുകൾ ഒരുമ്പെടാത്തതെന്നു സഭ വിചാരിക്കുന്നെങ്കിൽ ആ സംഗതിയിൽ നിയമനിർമ്മാണത്തെക്കുറിച്ചു വിചാരിക്കേണ്ടതായിരിക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും); പൊതുജനങ്ങൾ മുമ്പോട്ടുവന്നു ഉദ്യോഗസ്ഥൻ കൈക്കൂലിവാങ്ങിക്കുന്നതായി തെളിവോടുകൂടി ഗവണ്മെന്റിന്റെ മുമ്പിൽ സമർപ്പിക്കുമ്പോൾ ഈ അഴിമതി നിറുത്താമെന്നാണോ പറയുന്നതു്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ) : ഞാൻ അങ്ങനെ പറഞ്ഞില്ല. യാതൊരു ഉദ്യോഗസ്ഥന്മാരേയും ശിക്ഷിക്കുന്നില്ലെന്നാണു മെമ്പറിന്റെ വാദമുഖം എങ്കിൽ തെളിവുകൊണ്ടുവരാത്തതുകൊണ്ടു ആണെന്നാണു ഞാൻ മറുപടിപറയുന്നതു്. സാമാന്യമായി അഴിമതി പ്രവൃദ്ധമാണെന്നു മാത്രമാണു പരാതിയെങ്കിൽ ഗവണ്മെന്റിൽനിന്നും ചട്ടങ്ങൾ നിയമിച്ചിട്ടുണ്ടെന്നും അവയെ ഊർജ്ജിതമായി നടത്തിപ്പിൽ കൊണ്ടുവരുമെന്നുമാണു ഞാൻ അപ്പോൾ പറയുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) : ഒരു മജിസ്ട്രേട്ട് കൈക്കൂലിവാങ്ങിക്കുന്നു എന്നു പൊതുജനങ്ങൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ മുമ്പാകെ മൊഴികൊടുക്കുന്നുവെങ്കിൽ അതുകൊണ്ടു മെമ്പർ തൃപ്തിപ്പെടുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : അതു കേസ്സു അന്വേഷണം ചെയ്യുന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ വിധിയെ ആശ്രയിച്ചിരിക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) : അതല്ലാ എന്റെ വാദമുഖം ഒരു മജിസ്ട്രേട്ട് കൈക്കൂലിവാങ്ങിക്കുന്നു എന്നു ബോദ്ധ്യംവന്ന ആളുകൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ മുമ്പാകെ മൊഴികൊടുത്താൽ അതും ശിക്ഷാർഹമല്ലെന്നു പറയുകയാണോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) ; അങ്ങനെ ആയിരിക്കണമെന്നു നിർബന്ധമില്ല. അതു കോടതിയെ ആശ്രയിച്ചിരിക്കും. കോടതികൾ ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുണ്ടു. ചിലപ്പോൾ അവർ ശിക്ഷിക്കുന്നില്ല. അത് എല്ലാം കൊടുത്തിട്ടുള്ള തെളിവിനെ ആശ്രയിച്ചിരിക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) : ഗവണ്മെന്റിന്റെ മുമ്പാകെ കേസ്സുകൾ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്നു മെമ്പർ പറഞ്ഞുതരുമോ? കുറ്റക്കാരൻ ആണെന്നു ബോദ്ധ്യമുള്ള ഒരുദ്യോഗസ്ഥന്റെ പേരിൽ എങ്ങിനെയാണു തെളിവുകൊണ്ടുവരേണ്ടതു. എന്നുള്ളവഴി മെമ്പർ പറഞ്ഞുതന്നാൽ ഇന്നുമുതൽ ജനപ്രതിനിധികൾ ആ വഴിയെ അനുസരിക്കാം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റിൽ ശിക്ഷിക്കുന്നില്ലെന്നാണ് പരാതിയെങ്കിൽ, മതിയായകാരണം കൂടാതെ അങ്ങനെചെയ്യുന്നതിനു സാധിക്കയില്ലെന്നു ഞാൻപറയുന്നു, ഇതാണ് എന്റെ വാദമുഖം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) : ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ യാതൊരു അഴിമതിയും ഇല്ലെന്നാണോ മെമ്പർ വാദിക്കുന്നതു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ഞാൻ അതിനെക്കുറിച്ചു യാതൊന്നും പറയുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) : അപ്പോൾ മെമ്പറിന്റെ വാദം എന്താണു

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : യാതൊരു പ്രത്യേക ഉദ്യോഗസ്ഥന്മാരേയും ഗവണ്മെന്റിൽനിന്നു ശിക്ഷിക്കുന്നില്ല എന്നാണ് പരാതിയെങ്കിൽ, അതിനു വിപരീതമായ സ്പഷ്ടമായ യാതൊരു തെളിവും ഇല്ലാത്തിട്ടാണെന്നാണ് ഞാൻ പറയുന്നതു്. എന്നാൽ അഴിമതിയുണ്ടെന്നു സാമാന്യമായ ഒരു പരാതിയാണെങ്കിൽ കൈക്കൂലിയെതടയുന്നതിനായി ഗവണ്മെന്റിൽനിന്നും ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ ശരിയായിട്ടുള്ളതാണെന്നു ഇതുവരെ തെളിയിച്ചിട്ടില്ലെന്നുമാണു ഞാൻ പറയുന്നതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) : ഇപ്പോഴത്തെ പരിശോധനാരീതി മെമ്പറിനെ സംബന്ധിച്ചിടത്തോളം തൃപ്തികരമാണോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) ; ഞാൻ ഡിപ്പാർട്ടുമെന്റിനു വേണ്ടി പറയുകയല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) : തെളിവു മുമ്പോട്ടുവരുന്നില്ല എന്നുള്ള സംഗതിക്കു നിങ്ങൾ എന്താണു കാരണം പറയുന്നതു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ) : അതു ഒരുപക്ഷേ തീരെ അഴിമതി ഇല്ലാത്തതുകൊണ്ടായിരിക്കാം. ഞാൻ ഇപ്പോൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചല്ല പറയുന്നതു ഞാൻ ആ സംഗതിയുടെ സാമാന്യവശത്തെ കുറിച്ചുമാത്രമാണു പറയുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) : ഈ സഭയിലെ അംഗങ്ങളുടെ ഇടയിലുള്ള സാമാന്യാഭിപ്രായത്തെക്കുറിച്ചു നിങ്ങൾ എന്താണ് പറയുന്നതു്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ) ; ആ അഭിപ്രായം ന്യായമായിട്ടുള്ളതാണെന്നു് സമ്മതിക്കാൻ ഞാൻ തയാറാണ്.

മി. കെ. എം. ജോസഫ് (മീനച്ചിലും ദേവികുളവും) : അങ്ങനെ ആണെങ്കിൽ, ആ സംഗതിയെസംബന്ധിച്ചു ഇപ്പോഴുള്ള ചട്ടങ്ങൾ ഭേദപ്പെടുത്തുന്നകാര്യത്തിൽ പ്രവർത്തിക്കേണ്ടതു ഗവർമെന്റിന്റെ കടമയല്ലയൊ?

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി) : സബ്‌രജിസ്ട്രാർമാരുടെ നേരെയുള്ള കുററാരോപണങ്ങളെ ആശ്രയിച്ചു ഒരുകമ്മിററിയെ നിയമിക്കുന്നതു വിഹിതമായിരിക്കയില്ലയൊ എന്നുള്ളതു ഗവർമെന്റു ആലോചിക്കുമൊ?

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്‌സർക്കാർവക്കീൽ) : അതൊരു പ്രത്യേകവാദപ്രതിവാദത്തിനു കൊണ്ടുവരേണ്ടതാണ.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : ഇപ്പോൾ രഹസ്യപ്പോലീസ് ഉള്ളതുപോലെ ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയെപ്പററി അന്വേഷിക്കാൻ ഒരു പ്രത്യേകവകുപ്പു ഗവർമെന്റിന്റെ കീഴിൽവച്ചാൽ എന്താണു?

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്‌സർക്കാർവക്കീൽ) : അതു് ഒരുപ്രത്യേകഉപക്ഷേപത്തിൽ കൊണ്ടുവരികയും അതിന്റെ എല്ലാവിധങ്ങളെയും പററി വിചിന്തനംചെയ്യുകയും ചെയ്യേണ്ടതാണ്

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : ഈ സംഗതിയെപ്പററി ഈ സഭയിലുള്ള അനുദ്യോഗസ്ഥാംഗങ്ങൾ എല്ലാം യോജിച്ചു പ്രവർത്തിക്കുന്നു എന്നു കാണുന്നതിൽ എനിക്കുവളരെ സന്തോഷമുണ്ടു. (മി. ഡബ്ലിയു. എച്ച്. പിററ്: ഹിയർ, ഹിയർ) ഉദ്യോഗസ്ഥാംഗങ്ങൾ പ്രസ്താവിച്ചിട്ടുള്ള വാദങ്ങളെ മിക്കവാറും ഈ വശത്തുള്ള അനുദ്യോഗസ്ഥാംഗങ്ങൾ ശരിയായി പരിശോധിക്കയും ആക്ഷേപിക്കയും ചെയ്തിട്ടുണ്ടു. അതുകൊണ്ടു എനിക്കുവളരെ കുറച്ചുമാത്രമെ പറവാനുള്ളു. വാദപ്രതിവാദത്തിനിടയിൽ ഭരണമയം സംബന്ധിച്ച ചില പ്രധാനവിഷയങ്ങളെപ്പററിയും ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു. അതുകൊണ്ടു അതിൽ ചില സംഗതികളെ കുറിച്ചുമാത്രം ചുരുക്കത്തിൽ പ്രസ്താവിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ആദ്യമായി എനിക്കു പറയാനുള്ളതു ജനപ്രതിനിധികളോടു ഗവർമെന്റു ചിററമ്മയുടെ മാതിരിയിലും, തൊഴുകാണിക്കുന്ന ഉദ്യോഗസ്ഥന്മാരോടു അമ്മയുടെപ്രകൃതിയിലും പെരുമാറുന്നു എന്നാണ്. ഉദ്യോഗസ്ഥവശത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള ചിലവാദങ്ങളിൽനിന്നു, ജനങ്ങളെ മിക്കവാറും ചിററമ്മയുടെമാതിരിയിലും ഉദ്യോഗസ്ഥന്മാരെ അമ്മയുടെമാതിരിയിലും ആണു കരുതുന്നതെന്നു വിചാരിക്കാൻ എനിക്കു ശക്തിമത്തായകാരണങ്ങൾ ഉണ്ടു. (മി. ഡബ്ലിയു. എച്ച്. പിററ്: വാസ്തവത്തിൽ അങ്ങനെതന്നെ) (ചിരി) നിശ്ചയമായും ഉദ്യോഗസ്ഥാംഗങ്ങളും ചില അനുദ്യോഗസ്ഥാംഗങ്ങളും ഉദ്യോഗസ്ഥന്മാരോടുവലിയ അനുകമ്പ പ്രകടിപ്പിച്ചു. അവർ ഈ സംഗതിയുടെ മറുവശം കൂടി നോക്കാത്തതു എന്തുകൊണ്ടാണ്. ഉദ്യോഗസ്ഥന്മാരിൽനിന്നും അനീതി ലഭിച്ചിട്ടുള്ളവരുടെ സംഖ്യയെക്കാൾ അവരുടെ ക്രമക്കേടുകൾനിന്നും സങ്കടം അനുഭവിക്കുന്നവരുടെ സംഖ്യ വളരെ കൂടുതലാണ്. ഒരു ഉദ്യോഗസ്ഥന്റെ ജോലി തൃപ്തികരമല്ലെങ്കിൽ നിശ്ചയമായും ആ ഉദ്യോഗസ്ഥൻ [illegible]നും ജനപ്രതിനിധികളാൽ കുററംകണ്ടുപിടിക്കപ്പെടുന്നതിനു തയ്യാറായിരിക്കുന്നവനും ആയിരിക്കണം.

ഈ സംഗതിയിൽ അന്തർഭവിച്ചിരിക്കുന്ന [illegible] ഉദ്യോഗസ്ഥന്മാർ മുഖ്യമായി പൊതുജനങ്ങളുടെ സൌകര്യത്തിനായിട്ടുള്ളവരാണെന്നും പൊതുജനങ്ങൾ ഉദ്യോഗസ്ഥന്മാരുടെ സൌകര്യത്തിനായിട്ടുള്ളവരല്ലെന്നും ആണ്. അതുകൊണ്ടു ഒരു ഉദ്യോഗസ്ഥൻ അയാളുടെ ജോലി ശരിയായിട്ടുചെയ്യുന്നില്ലെന്നു ശക്തിമത്തായ ഒരു പൊതുജനാഭിപ്രായം ഉണ്ടെങ്കിൽ, അപ്പോൾ അനുമാനം ആ ഉദ്യോഗസ്ഥനു വിപരീതമായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ശക്തിമത്തായ ഒരു അഭിപ്രായം ഉണ്ടോ ഇല്ലയോ എന്നുള്ളതു ഒരു വാദവിഷയമായിത്തീർന്നേക്കാം. എന്നാൽ അതു ശരിക്കു തെളിയിച്ചാൽ ഗവർമെന്റു ആ ഉദ്യോഗസ്ഥനു അനുകൂലമായിട്ടുള്ളതിനേക്കാൾ പൊതുജനങ്ങൾക്കു അനുകൂലമായിട്ടു അനുമാനിക്കണം. നിശ്ചയമായും ബലപ്പെട്ടുള്ള ഇത്തരം വാദങ്ങൾക്കു ഇടയാകുന്നതു ഇവിടത്തെ ഗവർമെന്റു ജനപ്രതിനിധികളോടു ഉത്തരവാദികളല്ലാത്തതുകൊണ്ടാണ്. അല്ലെങ്കിൽ ഗവർമെന്റുഭാഗത്തുനിന്നും ഒരുകാലത്തും ചിററമ്മയുടെ പെരുമാററം ഉണ്ടാകയില്ല. അതു ഒരു വലിയസംഗതിആയതുകൊണ്ടു സാമാന്യഭരണം വാദപ്രതിവാദത്തിനുവരുമ്പോൾ അതിനെക്കുറിച്ചു പ്രതിവാദിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

എനിക്കു പ്രതിവാദിക്കാനുള്ള മറെറാരു സംഗതി, ഉദ്യോഗസ്ഥന്മാർക്കു നിയമനത്തിലും കൈക്കൂലിയിലും ബന്ധുപക്ഷവും സേവകപക്ഷവും തമ്മിലുള്ള ബന്ധമാണ്. ധാരാളം സാമാന്യയുക്തി അടങ്ങിയിരിക്കുന്ന ഒരു സാധാരണ പഴഞ്ചൊല്ലു മലയാളത്തിൽ ഉണ്ട്. അതു താഴെപറയുംപ്രകാരം ആകുന്നു, കൈക്കൂലി കൊടുത്തവൻ കൈക്കൂലി വാങ്ങു; അതുകൊണ്ടു ഒരു ഉദ്യോഗസ്ഥൻ കൈക്കൂലി കൊടുത്തിട്ടോ അല്ലെങ്കിൽ ന്യായമല്ലാത്ത മാർഗ്ഗങ്ങളിൽക്കൂടിയോ ആണു അയാളുടെ സ്ഥാനത്തിലേക്കു ഉയർന്നതെങ്കിൽ അയാൾ അയാളുടെ ഔദ്യോഗികപ്രവൃത്തികളിൽ ആ മാർഗ്ഗങ്ങൾതന്നെ മിക്കവാറും ഉപയോഗിക്കുന്നതാണ്. അതിനാൽ ഞാൻ ഇവിടെ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നതു അപ്രകാരമുള്ള സംഗതിക്കു ഗവർമെന്റു ഇടകൊടുക്കരുതെന്നാണ്. അതുകൊണ്ടാണ് പുതിയ ആളുകൾക്കു വേണ്ടി ഡിപ്പാർട്ടുമെന്റിലുള്ള ആളുകളുടെ അവകാശങ്ങളെ ഹനിക്കുന്നതിൽ ഡിപ്പാർട്ടുമെന്റിനും പൊതുജനങ്ങൾക്കു പൊതുവേയും ദോഷകരമായ ഫലം ഉണ്ടാകുമെന്നു ഞാൻ പറഞ്ഞതു. അതുകൊണ്ടു, ആ സംഗതിയിൽ ഗവർമെന്റു കർശനമായും നീതിപരമായവിധത്തിലും പ്രവർത്തിക്കേണ്ടതാണ്. ഇതു ഗവർമെന്റിനു പ്രവർത്തിക്കാൻകഴിയുന്ന ഒരു സംഗതിയാണ്.

നിർദ്ദേശങ്ങൾക്കു ആവശ്യപ്പെടുകയുണ്ടായി, ഞങ്ങൾക്കു പ്രസ്താവിക്കാൻകഴിയുന്ന അനേകം നിർദ്ദേശങ്ങൾ ഉണ്ട് അവയിൽ ചിലതു പ്രസ്താവിച്ചുകഴിഞ്ഞു എന്നാണ്, എനിക്കുതോന്നുന്നതു. ഞാൻ ഒരു കാര്യം പറയാം; അനീതിപ്രവർത്തിച്ചിട്ടുണ്ടെന്നു ഗവർമെന്റിനു ബോദ്ധ്യംവന്നാൽ അതിനെ അവർ ശക്തിയായി അമർച്ചചെയ്യണമെന്നാണു ഞാൻ പറയുന്നതു; ഉദ്യോഗസ്ഥന്മാരോടു അമ്മയോടു പെരുമാറുന്നതുപോലെ പെരുമാറാൻ പാടില്ലാത്തതാണ്; എന്നാൽ ഗവർമെന്റിന്റെ യഥാർത്ഥാനുകൂലികളായിരിക്കുന്ന ജനങ്ങളോടു അമ്മയോടുപെരുമാറുന്നവിധത്തിൽ പെരുമാറണം. അതാണ് എനിക്കു പറയാനുള്ള പ്രധാനസംഗതി.

വാസസ്ഥലങ്ങളിൽചെന്നു പ്രമാണങ്ങൾ പതിക്കുന്നതിനുള്ള ഫീസിന്റെ കാര്യത്തിൽ സബ്‌രജിസ്ട്രാർക്കു കൂടുതലായ ജോലി ഒന്നുമില്ലെന്നു മിക്കവാറും സമ്മതിച്ചിട്ടുണ്ട്. എന്റെ ഭഗിനിക്കും ഭാഗിനേയിക്കും മാതാവിനും എനിക്കുംകൂടി ഒരു പ്രമാണം പതിക്കാനുണ്ടെന്നും അതിനായി സബ്‌രജിസ്ട്രാരെ എന്റെ വീട്ടിൽകൊണ്ടുവന്നിട്ടുണ്ടെന്നും വിചാരിക്കുക. അവിടെവച്ചു വീട്ടിലുള്ള സ്ത്രീകൾ ആധാരമെഴുതിക്കൊടുത്തുകഴിഞ്ഞതിനുശേഷം ഞാൻ സബ് രജിസ്റ്റർ ആഫീസിൽവരെ പോകയോ അല്ലെങ്കിൽ കൂടുതൽ പണം കൊടുക്കുകയോ ചെയ്യണം. എന്നുപറയുന്നതു എന്തിനാണ്. അതു സബ്‌രജിസ്ട്രാർക്കു കൂടുതൽ സമയനഷ്ടത്തിനു കാരണമാകുമെന്നാണു എനിക്കുതോന്നുന്നതു. നിശ്ചയമായും ആ ജോലി രണ്ടുതവണ അവസരങ്ങളിലായി ചെയ്യുന്നതിനേക്കാൾ ഇപ്പോൾ തന്നെ ചെയ്യുന്നതു അദ്ദേഹത്തിനും കൂടുതൽ സൗകര്യമായിരിക്കും. അതുകൊണ്ടു ജനങ്ങളിൽനിന്നും കഴിയുന്നത്രയും കൂടുതൽ പണം ഈടാക്കി എടുക്കണമെന്നാണു ഗവൺമെന്റിന്റെ ഉദ്ദേശം എന്നുതോന്നുന്നു. വാസസ്ഥലത്തുചെന്നു പ്രമാണങ്ങൾ രജിസ്റ്റർചെയ്യുന്നതിനുള്ള ഫീസിനെക്കുറിച്ചുള്ള നിയമം മുൻകാലങ്ങളിലേതുപോലെ ആക്കണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതും.

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): സർ, രാജ്യത്തുള്ള സബ്‌രജിസ്ട്രാറന്മാരുടെ തോന്നിയവാസങ്ങളുടേയും ക്രമവിരുദ്ധമായ പ്രവൃത്തികളുടേയും വളരെ പ്രസ്പഷ്ടമായ ഒരു ചിത്രം ഈ സഭയിൽ വരച്ചുകഴിഞ്ഞിരിക്കുന്നു. കൈക്കൂലി ഇല്ലായ്മചെയ്യുന്നകാര്യത്തിൽ നിശ്ചയമായും ഗവൺമെന്റും അതതുദ്യോഗസ്ഥന്മാരും ഒരേ അഭിപ്രായക്കാരാണ്. സർക്കാർ സർവീസിനെ ദോഷരഹിതമായനിലയിൽ സൂക്ഷിക്കേണ്ടുന്ന ആവശ്യത്തെപ്പററി യാതൊരു അഭിപ്രായവ്യത്യാസവുമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതു കേവലം മധുരവാക്കല്ലയോ?

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): ഞാൻ മുഴുവനും പറഞ്ഞുതീരട്ടെ. സഭയുടെ മറെറവശത്തുള്ള പ്രസംഗങ്ങളിൽനിന്നുതന്നേയും ഈ സംഗതിയുടെ വിഷമമേറിയ പലഭാഗങ്ങളെപ്പററിയും പ്രാസംഗികന്മാർ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഒന്നാമത്തെ ചോദ്യം കൈക്കൂലി ഉണ്ടെന്നുള്ള സാമാന്യധാരണ അനുസരിച്ചോ അല്ലെങ്കിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥൻ കൈക്കൂലിക്കാരൻ ആണെന്നുള്ളതുകൊണ്ടോ ഗവൺമെന്റിനു പ്രവർത്തിക്കാൻ സാധിക്കുമോ എന്നുള്ളതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) അവർക്ക് അവരുടെ അന്വേഷണങ്ങൾകൊണ്ടുതന്നെ പരീക്ഷിക്കാം.

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി) ഞാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെക്കുറിച്ചു പറയുകയല്ല. ഒരു ഉദ്യോഗസ്ഥൻ കൈക്കൂലിക്കാരനാണെന്നു ചില ആളുകൾ പ്രസ്താവിച്ചതുകൊണ്ടു ഏതെങ്കിലും പ്രത്യേകഉദ്യോഗസ്ഥനെ കൈക്കൂലിക്കാരനായി ചാർജ്ചെയ്യണമെന്നുള്ളതു ഞാൻ സ്വീകരിക്കുന്നതല്ല. ഇതാണ് എന്റെ അഭിപ്രായം.

മി. കരണ്ടിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): കറപ്ഷൻ ഉണ്ടെന്നു ചീഫ്‌സെക്രട്ടറിക്കു ഇപ്പോൾ ബോദ്ധ്യംവന്നോ?

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): ഈ സഭയിലെ ഉത്തരവാദിത്വമുള്ള അംഗങ്ങളുടെ പ്രസ്താവനകളെ ഞാൻ സ്വീകരിക്കുന്നു. ഗവൺമെന്റിനു നേരിട്ടിട്ടുള്ള വലിയബുദ്ധിമുട്ടിനെക്കുറിച്ചാണ് ഞാൻപറയുന്നതു. സഭ ഇന്നുമാത്രമാണ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ അവസ്ഥകളിൽ ശ്രദ്ധപതിപ്പിച്ചതു. എന്നാൽ ഒരാൾ കൈക്കൂലിക്കാരനാണെന്നുള്ള ഒരു സാമാന്യകേൾവികൊണ്ടുമാത്രം പൊതുവെ അയാളുടെമേൽ നടപടിനടത്തുന്നതു പ്രവൃത്തനത്തിൽ വളരെ ആപൽക്കരമായ ഒരു സംഗതിയാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു പ്രതിവിധി കണ്ടുപിടിക്കേണ്ട വിഷമമല്ലയോ അതു.

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): ഞങ്ങൾ എല്ലാവരും ഒരു പരിഹാരത്തിനായ പരിശ്രമിക്കയാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ കൊല്ലങ്ങൾ എല്ലാം മതിച്ചിട്ടും പരിശ്രമം സഫലമായി ഇല്ലെന്നാണോ മെമ്പർ പറയുന്നതു.

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): ഒരു ശ്രമം ഒരുകാലത്തും പൂർണ്ണമായി സഫലമാകയില്ല; എന്തുകൊണ്ടെന്നാൽ രാജ്യത്തുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും എല്ലാക്കാലത്തും സന്മാർഗ്ഗികനിലയിൽ പ്രവർത്തിക്കയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പബ്ലിക്ക് സർവീസിൽ ആണ്ടിൽ ഒരു കൈക്കൂലിക്കാരൻവീതം എങ്കിലും കുറയുന്നതായാൽപോലും ജനങ്ങൾക്കു സമാധാനംവരുമെന്നാണ് എനിക്കു തോന്നുന്നത്.

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): ഈ സംഗതിയിൽ പ്രവർത്തിക്കുന്നതിലുള്ള വിഷമത ഇതാണ്. ഉദ്യോഗസ്ഥന്മാരുടെ സാന്മതിക്കൂടി ഗൗനിക്കേണ്ടതായിട്ടുണ്ടു.

മി. തയ്യിൽക്കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൈക്കൂലി വാങ്ങിച്ചതിനു കഴിഞ്ഞ പത്തുകൊല്ലത്തിനകം എത്രപേരെ ഗവൺമെന്റിൽനിന്നു ശിക്ഷിച്ചിട്ടുണ്ട്.

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): എനിക്കു വിവരമായിട്ടുള്ള കണക്കു തരാൻ സാധിക്കയില്ല. എന്നാൽ ആളുകളെ ശിക്ഷിച്ചിട്ടുള്ളതായി എനിക്കറിയാം.

മി. എം. ശിവതാണുപിള്ള (തോവാള): ഗവൺമെന്റ നിഷ്പക്ഷതയിൽനിന്നുകൊണ്ടു ഓരോ ഉദ്യോഗസ്ഥന്മാരോടും, അവരുടെ സ്വഭാവത്തെ ആക്ഷേപിച്ചുള്ള പ്രസ്താവനയെ പ്രസിദ്ധംചെയ്യുന്ന വർത്തമാനപത്രങ്ങളെ യാതൊരു വ്യത്യാസവുംകൂടാതെ ഉടൻതന്നെ പ്രോസിക്യൂട്ടുചെയ്യുന്നതിനും, അവർ വിജയികളായിവരുന്നപക്ഷം നഷ്ടപരിഹാരംചെയ്യുന്നതിനും, ആജ്ഞാപിക്കുന്നതിനു ഗവൺമെന്റ ഇപ്പോൾമുതൽ നിശ്ചയിക്കുമോ.

മി. കെ. ജോർജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): അത് വളരെ ആപൽക്കരമായിരിക്കും. സർ, കൂടുതലുള്ള തടസ്സംകൂടാതെ എന്റെ പ്രസംഗത്തെ തുടരുന്നതിനു എന്നെ അനുവദിച്ചാൽകൊള്ളാം. എന്റെ പ്രസംഗത്തിനുശേഷം പ്രശ്നങ്ങൾക്കു മറുപടിപറയാൻ ഞാൻതയ്യാറാണ്. എന്റെ വാദമുഖം ഇതാണ് ഒരുപ്രത്യേക

ഉദ്യോഗസ്ഥനെസംബന്ധിച്ചു ഒരു കിംവദന്തി പരന്നിട്ടുണ്ട്: ആളുകാലങ്ങളിൽ അതു് അല്പാല്പമായി ഭേദപ്പെടുന്ന ഒരു ചെറിയ അരുവിപോലെ ആയിരിക്കും. അതുകടന്നുപോകുംതോറും അതിനെ കണ്ടുപിടിക്കുന്നു. പ്രസ്താവനകൾ രഹസ്യമായവിധത്തിൽ നടക്കുന്നു. പിന്നീടു സ്തുതിപറകയും ചെയ്യുന്നു. ആളുകൾക്കുള്ള കേൾവികളിൽനിന്നും യാതൊരുദ്യോഗസ്ഥനും രക്ഷപെടുകയില്ല. ഇത്തരത്തിലുള്ള കിംവദന്തികളെ മാത്രം അടിസ്ഥാനമാക്കി അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരുടെമേൽ നടപടി നടത്തുന്നതു ഗവണ്മെന്റിന്റെ പക്ഷത്തിൽ ന്യായമായിരിക്കയില്ല

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും); അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ഗവണ്മെന്റിനു ഒന്നുകൂടി സൂക്ഷ്മമായി അന്വേഷിക്കരുതോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രിട്ടറി): അവർനിശ്ചയമായും ചെയ്യും. ഇക്കാര്യത്തിൽ ഒരു വിഷമമുണ്ടു. കേൾവികൾ അടിസ്ഥാനമില്ലാത്തതായിരിക്കാം. അതുവിരോധത്തേയും പക്ഷപാതത്തേയും മററുപല സംഗതികളേയും അടിസ്ഥാനപ്പെടുത്തി ഉണ്ടായതായിരിക്കാം.

ഞാൻമുമ്പൊരവസരത്തിൽ പ്രസംഗിച്ചപ്പോൾ ജനങ്ങൾ കൈക്കൂലി കൊടുക്കരുതെന്നു ഞാൻ പറഞ്ഞു. നിശ്ചയമായും മാതൃകയായിട്ടുള്ള പ്രസ്താവന അതാണ്. എന്നാൽവിഷമതകൾ ഇക്കാര്യത്തിൽ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഉദ്യോഗസ്ഥന്മാരെ നിരപ്പിൽകൂടിയ ഉയരത്തിൽ നിലംപൊങ്ങുകയില്ല. അതുപോലെ ഉദ്യോഗസ്ഥന്മാരുടെ സാന്മാർഗ്ഗികനിലവാരം പൊതുജനങ്ങളുടെ സാന്മാർഗ്ഗികനിലയെക്കാൾ കൂടുതലായി ഉയരുമെന്നു ആശിക്കാൻതരമില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും); കൈക്കൂലിക്കായി ഗവണ്മെന്റിൽനിന്നും ഉദ്യോഗസ്ഥന്മാരെ സൃഷ്ടിച്ചിട്ടുണ്ടോ എന്നുപറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റചീഫ്സെക്രിട്ടറി): ഞാൻപേരുകൾ പറയുകയില്ല. എന്നാൽദൃഷ്ടാന്തങ്ങൾ ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ആ ഉദ്യോഗസ്ഥന്മാരുടെ പരിതസ്ഥിതിയുടെ പ്രകൃതംകൊണ്ടോ അവർ കൈക്കൂലിക്കാരായിതീർന്നതു?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രിട്ടറി): മി. എ. കെ. പിള്ള പ്രസ്താവിച്ചതുപോലെ ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിക്കുള്ള ഉത്തരവാദിത്വം പ്രധാനമായിനമ്മുടെഇടയിലുള്ള സാന്മാർഗ്ഗികനിലയെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നതു എന്നാണ് എന്റെ അഭിപ്രായം.

മി. ററി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇതുഇല്ലായ്മചെയ്യുന്നതിനു അതുമാത്രകാരണമാണോ?

മി. കെ. ജോർജ് (ഗവണ്മെന്റചീഫ്സെക്രിട്ടറി): അല്ല, അല്ല, കൈക്കൂലി ഇല്ലാതാകണം.

മി. എം. ശിവതാണുപിള്ള (തോവാള): അതുകൂട്ടരേയും അല്ലാത്തആളുകളേയും ക്ഷണിച്ചു അവരെ ഉദ്യോഗസ്ഥന്മാരായി നിയമിക്കുന്നനയം ഗവണ്മെന്റിൽനിന്നും സ്വീകരിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റചീഫ്സെക്രിട്ടറി): കൈക്കൂലി മനഃസംസ്കരണംകൊണ്ടും, ഗുണദോഷബോധവും അനുകൂലവും ആയിട്ടുള്ള പൊതുജനാഭിപ്രായ സൃഷ്ടികൊണ്ടും ആണ് നാമാവശേഷമായി തീരേണ്ടതു എന്നാണുഞാൻ പറയുന്നതു. ഈ സംഗതികളാണ് കൈക്കൂലിയെ ഇല്ലാതാക്കേണ്ടതു. ഈ സംഗതിയിൽ എന്തെല്ലാംചെയ്യാൻ കഴിയുമോ അതിലെല്ലാം ഗവണ്മെന്റ നിശ്ചയമായും സഹകരിക്കുന്നതാണ്. മി. സി. പി. കൊച്ചുകുഞ്ഞുപിള്ളയും മററനേകം സാമാജികന്മാരും ദൃഷ്ടാന്തങ്ങൾ അവരുടെമേലിയൽ പെട്ടിട്ടുണ്ടെന്നു പറഞ്ഞു. എന്നാൽ ഒരുപ്രത്യേകഅന്വേഷണം നടത്തിയപ്പോൾ മി. സി. പി. കൊച്ചുകുഞ്ഞുപിള്ളതന്നെ സമ്മതിക്കുന്നതുപോലെ, നിർഭാഗ്യവശാൽ പരാതികൊണ്ടുവന്നവർ പിന്മാറിക്കളഞ്ഞു. അതുകൊണ്ടു പരാതികൾ ആരോപിക്കപ്പെട്ടവരായ ആളുകളുടെമേൽ യാതൊരുപരാതിയും തെളിയിക്കാൻ സാധിക്കയില്ല. ചിലആളുകൾ ഒരാളുടെമേൽ ഒരുപരാതി കൊണ്ടുവന്നുഎന്നുവച്ച്മാത്രം അയാളെ ശിക്ഷിക്കണമെന്നു പറയുന്ന കൂട്ടത്തിൽ ഒരാളല്ലാഞാൻ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു ആ ഉദ്യോഗസ്ഥന്റെ കുററംതന്നെ ആയിരിക്കാൻപാടില്ലയോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രിട്ടറി): മുമ്പോട്ടുവരുന്നതിനു ജനങ്ങൾക്കു ധൈര്യവും പൊതുകാര്യപ്രസക്തിയും ഇല്ലെങ്കിൽ നിശ്ചയമായും ആ അന്വേഷണം വിഫലമായിത്തീരുന്നതാണു.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതിനെല്ലാം വിപരീതമായിട്ടു നിയമം ഗവണ്മെന്റിൽനിന്നും ഉണ്ടാക്കിവച്ചിരിക്കുന്നതുകൊണ്ടു ജനങ്ങൾ മുമ്പോട്ടുവരണം് എങ്ങിനെ ഈ കാര്യംപറയും?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രിട്ടറി): ആ നിയമത്തിന്റെ മൂല്യതത്വങ്ങളെക്കുറിച്ചു വാദപ്രതിവാദംചെയ്യാൻ ഞാൻ ഇപ്പോൾപുറപ്പെടുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ജനങ്ങൾ ഏതുനിലയിൽ ഇരിക്കുന്നോ അതുപോലെ ഗവണ്മെന്റും ഇരിക്കും. എന്നാണോ മെമ്പർ പറയുന്നതു?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രിട്ടറി): അതുഒരുപരമാർത്ഥമാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഡിപ്പാർട്ടുമെന്റ മേലധികാരികളിൽനിന്നും കീഴ് സിൽബന്തികളെക്കുറിച്ചു രഹസ്യ റിപ്പോർട്ടുകൾ വരുന്നുണ്ടല്ലോ ഗവണ്മെന്റിന്റെ ജോലിയല്ലയോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രിട്ടറി): മെമ്പർപറയുന്നതു എനിക്കു കേൾക്കാൻപാടില്ല.

അദ്ധ്യക്ഷൻ: ഗവണ്മെന്റ അവരുടെ ഉദ്യോഗസ്ഥന്മാരെക്കുറിച്ചു രഹസ്യറിപ്പോർട്ടുകൾ വരുത്തുന്നുണ്ടോ എന്നു മെമ്പർ അറിയാൻ ആവശ്യപ്പെടുന്നു.

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രിട്ടറി): ഉണ്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അവർ ആ റിപ്പോർട്ടുകൾ അനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ?

മി. കെ. ജോര്‍ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): ഉണ്ട്, ഡിപ്പാര്‍ട്ടുമെന്‍റിലുള്ള കയറങ്ങളും അല്ല. [illegible]വുള്ള സാംഗതികളും സംബന്ധിച്ച് ഒരു ഉദ്യോഗസ്ഥന്‍ കൈക്കൂലിക്കാരനാണോ എന്നു കണ്ടുപിടിക്കുന്നതിനു ഒരു പരീക്ഷാമാര്‍ഗ്ഗമായി അയാളുടെ പേരിലുള്ള സ്വത്തുക്കളും സമ്പാദ്യങ്ങളും സംബന്ധിച്ച് അന്വേഷണം നടത്തണമെന്നു ബ. [illegible] മെമ്പര്‍ പറഞ്ഞതായി എനിക്കു തോന്നുന്നു. അതു കുറെ സഹായകമായിരുന്നേക്കാം. എന്നാല്‍ അതു ഈ കാര്യത്തില്‍ ഒരു മാര്‍ഗ്ഗദര്‍ശിയായോ ഒരു യഥാര്‍ത്ഥപരിശോധനയായോ ഉതകുകയില്ല, എന്തുകൊണ്ടെന്നാല്‍ അയാള്‍ക്കു പൈതൃകസമ്പാദ്യം ഉണ്ടായിരിക്കാവുന്നതാണ്.

മി. ടി. കുമാരപിള്ള (കല്‍ക്കുളവും വിളവങ്കോടും): പൈതൃകസമ്പാദ്യം ഉള്ളവരെക്കാള്‍ കൂടുതല്‍ സമ്പാദ്യം ഉണ്ടെങ്കില്‍ വിശ്വസിക്കാമല്ലോ?

മി. കെ. ജോര്‍ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): ഒരാള്‍ ശരിയായ മാര്‍ഗ്ഗങ്ങളില്‍ പണം നിക്ഷേപിക്കയും അതില്‍നിന്നു അയാള്‍ക്കു പലിശയും കിട്ടുകയും ചെയ്യാവുന്നതാണ്. അതുകൊണ്ടു ഒരു ഉദ്യോഗസ്ഥന്‍ കൈക്കൂലിക്കാരനാണോ എന്നറിയുന്നതിനു അതു വളരെ തൃപ്തികരമായിട്ടുള്ള ഒരു മാര്‍ഗ്ഗമായിരിക്കയില്ല.

മി. സി. പി. മാത്യു (നിയമിതമെമ്പര്‍): മേല്‍പറഞ്ഞ പ്രസ്താവനകളിലുള്ള മാര്‍ഗ്ഗങ്ങളില്‍ ഒന്നല്ലയോ എന്നു പറയുമോ?

മി. കെ. ജോര്‍ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): അതെ.

മി. സി. പി. മാത്യു (നിയമിതമെമ്പര്‍): അപ്രകാരമുള്ള വിവരങ്ങള്‍ ശേഖരിച്ചു മേലെ ചുമത്തുന്നതിനു എന്തെങ്കിലും വ്യവസ്ഥ ഗവണ്മെന്‍റിലുണ്ടോ എന്നു പറയുമോ?

മി. കെ. ജോര്‍ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): വസ്തുക്കള്‍ സമ്പാദിക്കുന്നതിനെ സംബന്ധിച്ചുള്ള കണക്ക ഗവര്‍മെന്‍റിനു കിട്ടുന്നുണ്ട്. കൈക്കൂലി ഇല്ലായ്മ ചെയ്യുന്നതിനെ സംബന്ധിച്ച് മി. [illegible] അഭിപ്രായം പുറപ്പെടുവിച്ചു. കേസ്സുകള്‍ കണ്ടുപിടിക്കുന്നതിന്‍റെ ചുമതല വഹിച്ച ഉദ്യോഗസ്ഥന്മാര്‍ക്കു [illegible] പ്രതിഫലം കൊടുക്കുന്നതാണെന്നുള്ള ഒരു സര്‍ക്കുലര്‍ അയക്കണമെന്ന് അദ്ദേഹം പറഞ്ഞു. അതിനെക്കാള്‍ ആപല്‍കരമായി മറ്റൊന്നില്ലന്നാണു എനിക്കു തോന്നുന്നത്.

മി. എം. ശിവതാണുപിള്ള (തോവാള): എക്സൈസ് ഡിപ്പാര്‍ട്ടുമെന്‍റില്‍ സംഗതി നടപ്പാക്കിട്ടുണ്ടോ?

മി. കെ. ജോര്‍ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): ഇതു എക്സൈസ് ഡിപ്പാര്‍ട്ടുമെന്‍റല്ല, എന്നാല്‍ രജിസ്ട്രേഷന്‍ ഡിപ്പാര്‍ട്ടുമെന്‍റാണു.

മി. എം. ശിവതാണുപിള്ള (തോവാള): അപ്രകാരമുള്ള ഒരു പരിഹാരമാര്‍ഗ്ഗം ഈ കാര്യത്തില്‍ പ്രയോഗിക്കുന്ന വിധത്തില്‍ ഈ ഡിപ്പാര്‍ട്ടുമെന്‍റില്‍ കൈക്കൂലി അത്ര വര്‍ദ്ധിച്ചിട്ടില്ലെന്നാണ് ചീഫ്സെക്രട്ടറി വിചാരിക്കുന്നതു എന്നാണോ ഞാന്‍ മനസ്സിലാക്കേണ്ടതു?

മി. കെ. ജോര്‍ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): എന്തുകൊണ്ട് ആ നില അവലംബിക്കാന്‍ സാധിക്കയില്ല. കീഴുദ്യോഗസ്ഥന്മാരുടെ പേരില്‍ പരാതികള്‍ കൊണ്ടുവരുന്നതിനു മേലുദ്യോഗസ്ഥന്മാരോടു ആജ്ഞാപിക്കുന്നതിനും ഫലത്തിനനുസരിച്ചു അവര്‍ക്കു പ്രതിഫലം കൊടുക്കുന്നതിനും ഞങ്ങള്‍ക്കു സാധിക്കുന്നില്ല. (ചിരി).

മി. എം. ശിവതാണുപിള്ള (തോവാള): ഈ രാജ്യത്തുള്ള വിവിധസ്ഥലങ്ങളില്‍നിന്നും വരുന്ന ആളുകള്‍ സബ്‌രജിസ്ട്രാര്‍മാരുടെമേല്‍ [illegible] ഒരു കുറ്റം തന്നെ ആരോപിക്കുന്നുവെന്നു ഞാന്‍ മെമ്പറിനെ ധരിപ്പിക്കട്ടെയോ?

മി. കെ. ജോര്‍ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി), [illegible] അഭിപ്രായപ്പെട്ട പരിഹാരം ഈ മേഖലയില്‍ ഫലപ്രദമായിരിക്കുമെന്നു ഞാന്‍ പറയുകയായിരുന്നു. സബ്‌രജിസ്ട്രാര്‍മാരുടെ പേരില്‍ പരാതികള്‍ കൊണ്ടുവരാന്‍ ആവശ്യപ്പെടുന്ന സര്‍ക്കുലര്‍ നിരപരാധികളായ ആളുകളെയും കഷ്ടതയില്‍ ആക്കുമെന്നുള്ളതുകൊണ്ടു അതു ഒട്ടും നീതിപൂര്‍വ്വമായിട്ടുള്ള ഒരു നടപടിയായിരിക്കയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): മറ്റുള്ളവരോടുകൂടി നിരപരാധിയായ ഒരാളിനെക്കൂടി ശിക്ഷിക്കുന്നതു നല്ലതല്ലയോ?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): അല്ല.

മി. കെ. ശിവരാമപ്പണിക്കര്‍ (ചേര്‍ത്തല): എക്സൈസ് കുറ്റകേസ്സുകള്‍ കണ്ടുപിടിച്ചു അവയില്‍പെട്ടവരെ ശിക്ഷിക്കുന്നതിനു എക്സൈസ് കമ്മീഷണര്‍ക്കു സാധിച്ചോ എന്നു പറയുമോ?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): അതു വ്യാജക്കേസുകള്‍ കണ്ടുപിടിച്ചു നടപടി നടത്തുന്ന ഒരു ഡിപ്പാര്‍ട്ടുമെന്‍റാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങിനെയുള്ള കണ്ടുപിടിത്തങ്ങള്‍ നടത്തുന്നതു ആ ഡിപ്പാര്‍ട്ടുമെന്‍റിലുള്ള കീഴുദ്യോഗസ്ഥന്മാരുടെ മേലിലാണോ?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): അതു ആ ഡിപ്പാര്‍ട്ടുമെന്‍റ സില്‍ബന്തികളുടെ പേരില്‍ അല്ല, അതുകൊണ്ടു ഈ കാര്യത്തില്‍ വളരെ വ്യത്യാസമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഡിപ്പാര്‍ട്ടുമെന്‍റ മേലധികാരിയോ അല്ലെങ്കില്‍ ഡിസ്ട്രിക്ട് രജിസ്ട്രാറോ ഓരോ സബ്‌രജിസ്ട്രാര്‍ ആഫീസിലും, നിവൃത്തിയുള്ളപക്ഷം വേഷം മാറി പോകുന്നതുപോലെ അപ്രതീക്ഷിതമായ പരിശോധനകള്‍ നടത്തണമെന്നു അവരോടു ആജ്ഞാപിക്കണം എന്നുള്ള എന്‍റെ അഭിപ്രായത്തെക്കുറിച്ചു മെമ്പര്‍ എന്തു പറയുന്നു?

മി. കെ. ജോര്‍ജ്ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): ഈ ഉദ്യോഗസ്ഥന്മാര്‍ വേഷംമാറി ചെന്നു പരിശോധിക്കണം എന്നു പറഞ്ഞതിനെ സംബന്ധിച്ചിടത്തോളം, ഒരുത്തന്‍ ആഫീസിലുള്ള റിക്കാര്‍ട്ടുകള്‍ പരിശോധിക്കുന്നതിനു യാതൊരുത്തനും അനുവദിക്കയില്ലെന്നു ഞാന്‍ പറയുന്നു. മറ്റെ അഭിപ്രായത്തെ സംബന്ധിച്ചിടത്തോളം, അതായതു, ഈ ആപ്പീസുകളില്‍ അപ്രതീക്ഷിതമായി ചെല്ലണമെന്നുള്ളതു ഒരു വളരെ നല്ല അഭിപ്രായമാകുന്നു എന്നും, അതിനെപ്പറ്റി പര്യാലോചിക്കാമെന്നും ഞാന്‍ വിചാരിക്കുന്നു.

മി. എ. ജെ. ജോൺ (വൈക്കം): മി. കുഞ്ഞിരാമൻമേനോൻ അഭിപ്രായപ്പെട്ട പരിഷ്കാരമാറ്റങ്ങളെക്കുറിച്ചു എന്തുപറയുന്നു?

മി. കെ. ജോർജ്ജു (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഈ പ്രത്യേകസംഗതിയിൽ അതു യോജിച്ചതല്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും മാന്നാറും): ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ രഹസ്യ റിപ്പോർട്ടനുസരിച്ചു ഒരു ഉദ്യോഗസ്ഥൻ കൈക്കൂലിക്കാരനാണെന്നു ബോദ്ധ്യമാകുന്നപക്ഷം, ആ ഉദ്യോഗസ്ഥൻ ശിക്ഷാർഹനാകുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ആ ഉദ്യോഗസ്ഥൻ ശിക്ഷാർഹനല്ല. ആ ഉദ്യോഗസ്ഥന്റെ സ്വഭാവം മെച്ചപ്പെട്ടതല്ലെങ്കിൽ, ആ ഉദ്യോഗക്കയറ്റത്തിന്റെ കാര്യംവരുമ്പോൾ അതിനെപ്പറ്റി ആലോചിക്കയുംചെയ്യും. എന്തെങ്കിലും തെളിവുകൂടാതെ ഒരാളെ ശിക്ഷിക്കാൻ പാടില്ലെന്നു എല്ലാവരും സമ്മതിക്കുന്നതാണ്. എന്നാൽ ഒരു ഉദ്യോഗസ്ഥന്റെമേൽ തെളിയിക്കപ്പെട്ടതായി ഒരു പ്രത്യേക കുറ്റാരോപണം ഉണ്ടെങ്കിൽ, ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കും.

മി. കെ. എ. ജോസഫ് (മീനച്ചിലും തൊടുപുഴയും): ആ ഉദ്യോഗസ്ഥനു വിപരീതമായി സമഗ്രമായ പൊതുജനാഭിപ്രായം ഉണ്ടെങ്കിലോ?

മി. കെ. ജോർജ്ജു (ഗവണ്മെന്റു ചീഫ്സെക്രട്ടറി): പൊതുജനാഭിപ്രായം എന്നു പറയുന്നതുകൊണ്ടു നിങ്ങൾ അർത്ഥമാക്കുന്നതു എന്താണ്? അതു എങ്ങിനെയാണ് നിർണ്ണയിക്കേണ്ടതു?

മി. കെ. എ. ജോസഫ് (മീനച്ചിലും തൊടുപുഴയും): ഒരു സ്ഥലത്തുള്ള അനേകം ആളുകൾ ആ സ്ഥലത്തുള്ള ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ പേരിൽ ഹർജികൾ അയയ്ക്കുകയും, പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ യാതൊരു പ്രത്യേക കേസ്സും തെളിയിക്കാതെ അയാളുടെമേൽ സാമാന്യമായ പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു എന്നു വിചാരിക്കുക. ആ ആളിനെ ഗവണ്മെന്റു ശിക്ഷിക്കുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): എനിക്കു ഇതുവരെ അറിവിൽപെട്ടിട്ടില്ലാത്തതും ഊഹത്തെമാത്രം അടിസ്ഥാനമാക്കിയിട്ടുള്ളതുമായ ഒരു കേസ്സാണ് അതു.

മി. കെ. എ. ജോസഫ് (മീനച്ചിലും തൊടുപുഴയും): ഊഹിച്ചുണ്ടായ ഒരു കേസ്സായതുകൊണ്ടു അതിനു മറുപടി പറകയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജോർജ്ജു (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അപ്രകാരമുള്ള ഒരു കേസ്സ് സംഭവിക്കുമ്പോൾ അതു കൈകാര്യം ചെയ്യാം.

മി. കെ. എ. ജോസഫ് (മീനച്ചിലും തൊടുപുഴയും): അതു ഊഹ്യമായ ഒരു കേസ്സായതുകൊണ്ടു അതിനു മറുപടിപറയാൻ നിഷേധിക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അല്ല. അതിനു മറുപടി ഞാൻ നിഷേധിച്ചില്ല.

മി. കെ. എ. ജോസഫ് (മീനച്ചിലും തൊടുപുഴയും): എന്റെ പ്രശ്നം ഇതായിരുന്നു. ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെപേരിൽ ആ സ്ഥലത്തുള്ള അനേകം ആളുകൾ ഹർജികൾ അയയ്ക്കുകയും പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ അയാൾക്കു വിപരീതമായി പ്രസ്താവനകൾ പുറപ്പെടുവിക്കയും ചെയ്യുന്നു എന്നു വിചാരിക്കുക. ആ പ്രകാരമുള്ള ഒരു കേസ്സിൽ ഉദ്യോഗക്കയറ്റത്തിന്റെ കാര്യത്തിലായിട്ടെങ്കിലും ആ ഉദ്യോഗസ്ഥന്റെ അവകാശം ന്യായീകരിക്കാൻ അദ്ദേഹത്തിനു സാധിക്കുമോ എന്നാണ്.

മി. കെ. ജോർജ്ജു (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അയാളുടെ കയറ്റത്തെ തടയുന്നതിനുമുമ്പു അയാൾക്കു സമാധാനംപറയാൻ അവകാശമുണ്ട്.

പരാതികളുണ്ടാകുമ്പോൾ പലപ്പോഴും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്; ആ അന്വേഷണങ്ങൾ പൊതുജനങ്ങളുടെ സഹകരണക്കുറവുകൊണ്ടു വിഫലമായിട്ടുണ്ട് എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. കൈക്കൂലി ഇല്ലാതാക്കുന്ന കാര്യത്തിൽ മിക്കപ്പോഴും പൊതുജനങ്ങളെക്കാൾ കൂടുതൽ ഉത്സാഹം ഗവണ്മെന്റാണു പ്രദർശിപ്പിക്കുന്നതു എന്നു ഞാൻ പറയുന്നു. ഞാൻ ഒരു ഉദാഹരണം പറയാം; ഒരു പ്രത്യേക മുൻസിപ്പാലിറ്റിയിൽ പൊതുമുതൽ അപഹരിച്ചതിനു ചാർജ്ജുചെയ്ത ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. അയാൾക്കു എതിരായി അതു തെളിയുകയുംചെയ്തു. ആ നഗരസഭാദ്ധ്യക്ഷൻ അയാളെ ജോലിയിൽനിന്നും പിരിച്ചുവിട്ടു. എന്നാൽ അയാളെ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കുന്നതുകൊണ്ടേ അയാൾ അപഹരിച്ച പണം വീണ്ടെടുക്കാൻ സാധിക്കു എന്നുള്ള അസ്വാഭാവികമായ കാരണത്തിന്മേൽ അയാളെ ജോലിയിൽ വീണ്ടും നിയമിക്കുന്നതിനു നിശ്ചയിച്ചു. നിശ്ചയമായും അതു പൊതുജനങ്ങൾക്കു യുക്തമായിട്ടുള്ള നിലയെ കാണിക്കുന്നില്ല. ഇക്കാര്യത്തിൽ ജനങ്ങൾ ഉത്സാഹത്തോടുകൂടി സഹകരിക്കുന്നില്ല എന്നാണു ഞാൻ വിചാരിക്കുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇന്ന സബ് രജിസ്ട്രാർ ഇന്ന ഉടമ്പടി രജിസ്റ്റർ ചെയ്യുന്നതിനു ഇത്ര രൂപാ കൈക്കൂലി വാങ്ങി എന്നു എനിക്കറിയാം. അതിനെപ്പറ്റി ഞാൻ എന്തുചെയ്യണമെന്നു പറയുമോ?

മി. കെ. ജോർജ്ജു (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നിശ്ചയമായും മി. കുമാരപിള്ളയുടെ നിലയിൽ ഉള്ള ഒരാൾക്കു ഗവണ്മെന്റിനെ രഹസ്യമായി ധരിപ്പിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): രഹസ്യമായിട്ടു എഴുതിഅയക്കണമെന്നു പറയുന്നതിന്റെ ഉദ്ദേശമെന്താണ്?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഗവണ്മെന്റു അയാളെസംബന്ധിച്ചു രഹസ്യമായ അന്വേഷണങ്ങൾ നടത്തുന്നതിനാണു; കൂടാതെ അയാളുടെ പ്രവൃത്തികളെപ്പറ്റി മേലിൽ സൂക്ഷിക്കുന്നതിനു രജിസ്ട്രേഷൻ ഡയറക്ടരോടു ആജ്ഞാപിക്കുകയുംചെയ്യാവുന്നതാണു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പണ്ടുപതിനായിരം വോട്ടർമാർ തിരഞ്ഞെടുത്തയച്ച പ്രതിപുരുഷന്മാരിൽ രണ്ടുപേർ അസിസ്റ്റന്റു എക്സൈസ് കമ്മീഷണർ താമരക്കുളത്തു താമസിക്കണമെന്നു പറയുന്നു. എന്നാൽ ആ ഡിപ്പാർട്ടുമെന്റു മേലുദ്യോഗസ്ഥൻ അസിസ്റ്റന്റു കമ്മീഷണർ അവിടത്തന്നെ താമസിക്കണമെന്നു പറയുന്നു. ഇതിൽ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്റെ അഭിപ്രായത്തോടു ഗവണ്മെ

ന്റെ യോജിക്കയും അതു സമ്മതിക്കയുംചെയ്യുന്നു. ഈ സ്ഥിതിയിൽ ജനപ്രതിനിധികൾ ഗവൺമെന്റിനെ രഹസ്യമായി ഇക്കാര്യങ്ങൾ അറിയിക്കുന്നതിൽ എന്തുപ്രയോജനമാണുണ്ടാകുന്നതെന്നു അറിയുന്നില്ല

മി. കെ. ജോർജ്ജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി). മിസ്റ്റർ ശിവതാണുപിള്ള കണ്ടെത്തിയ തെളിവായ ഒരു കൈക്കൂലിക്കേസ്സ് ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിരുന്നെങ്കിൽ നന്നായിരിക്കുമായിരുന്നു.

മി. സി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മി. ശിവതാണുപിള്ളയെക്കാൾ എനിക്കറിയാം. പറയുന്നതുകൊണ്ടു എന്തുപ്രയോജനമാണുള്ളതു?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മി. കുമാരപിള്ളയുടെ പ്രസ്താവനകൾ അനുസരിച്ചു, മി. കുമാരപിള്ളയോടു ആവശ്യമുള്ള വിവരങ്ങൾ ചോദിച്ചറിയുന്നതിനു ഗവൺമെന്റിനു ഒരു കടമയുണ്ടെന്നു ചീഫ്‌സെക്രട്ടറി വിചാരിക്കുന്നില്ലയോ?

മി. കെ. ജോർജ്ജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): ഈ വിഷയത്തെക്കുറിച്ചുള്ള വാദപ്രതിവാദം രജിസ്ട്രേഷൻ ഡയറക്ടറുടെ പക്കൽ അയക്കുന്നതിനും, ഈ സന്ദർഭത്തിൽ സഭയുടെ നില അദ്ദേഹത്തെ ചൂണ്ടിക്കാണിക്കുന്നതിനും ഗവൺമെന്റ തയ്യാറാണ്.

മി. കെ. ശിവരാമപണിക്കർ (ചേർത്തല): ഒരു ഡാക്ടറുടെ പേരിൽ തെളിവായിട്ടുള്ള ചില കൈക്കൂലിക്കേസു ഇയ്യിടയായി ഡാൻററവസ്ത്യക്കമ്മീഷണർക്ക ചൂണ്ടിക്കാണിച്ചുകൊടുക്കയും അതു നടപടിയിൽ ഇരിക്കുന്നു എന്നു അദ്ദേഹം പറയുകയും ചെയ്തതായി ചീഫ്‌സെക്രട്ടറി ഓർമ്മിക്കുന്നുണ്ടോ?

മി. കെ. ജോർജ്ജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): ഈ സഭയിൽ പറഞ്ഞിട്ടുള്ള എല്ലാസംഗതികളെയുംപറ്റി നടപടിനടത്തുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഡിപ്പാർട്ടുമെന്റിലുള്ളവർ ബന്ധുക്കളോടു പ്രത്യേകാനുകൂല്യം കാണിച്ചുവരുന്നു. ഈ കുററത്തിനെസംബന്ധിച്ചു അദ്ദേഹം എന്തുപറയുന്നു?

മി. കെ. ജോർജ്ജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): എന്റെ കൈവശം കണക്കുകൾ ഇല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഡിപ്പാർട്ടുമെന്റിൽ ബന്ധുജനങ്ങളോടു, പതിവായി അനുകൂല്യം പ്രദർശിപ്പിച്ചുവരുന്നു എന്നുള്ളതു കാണിക്കുന്ന കണക്കുകളും വിവരങ്ങളും എന്റെ പക്കൽ ഉണ്ടു. ഞാൻ അതിനെപ്പററി ഇവിടെ വാദപ്രതിവാദം ചെയ്യണമെന്നു വിചാരിക്കുന്നില്ല. അതു തെളിയിക്കുന്നതിനായി എന്റെപക്കൽ ഒരു പട്ടികയുണ്ടു. അതു ഞാൻ ചീഫ്‌സെക്രട്ടറിക്കു തരുന്നതാണ്.

മി. കെ. ജോർജ്ജ് (ഗവൺമെന്റ ചീഫ്‌സെക്രട്ടറി): ഞാൻ അതിനു നിങ്ങളോടു നന്ദിപറയുന്നു.

വൈകിട്ടു ൫-൨൫-നു സഭ പിരിഞ്ഞു.

എൻ. നീലകണ്ഠപ്പിള്ള,
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGOM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭ.

൧൧൦൨-ലെ ൨-ാമത്തെയോഗം.

അഫിഷ്യൽ റിപ്പോർട്ട്.

വ്യാഴാഴ്ച—൧൯൨൭ ആഗസ്റ്റ് ൧൧-ാം/൧൧൦൨ കർക്കടകം ൨൬-ാം.

പതിനൊന്ന് മണിക്കു തിരുവനന്തപുരം വിക്ടോറിയ ജൂബിലിടൌൺഹാളിൽവച്ചു സഭകൂടി ദിവാൻ എം. ഇ. വാട്സ് എസ്ക്വയർ ബി. ഏ., ബാർ, അററ്. ലാ. അദ്ധ്യക്ഷം വഹിച്ചു. മി. കെ. സി. മാമ്മൻമാപ്പിള ഒഴിച്ചുള്ള എല്ലാ അംഗങ്ങളും ഹാജരായിരുന്നു.

ഫൈനാൻഷ്യൽ കമ്മററിക്കും തൊഴിലില്ലായ്മക്കമ്മററിക്കുമുള്ള തിരഞ്ഞെടുപ്പ്.

അദ്ധ്യക്ഷൻ—ഇന്നലെ വൈകിട്ടു ഡെപ്യൂട്ടിപ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന തിരഞ്ഞെടുപ്പിൽ, മി. പി. കെ. നാരായണപിള്ള, മി. കെ. മാധവൻപിള്ള, മി. എസ്. പിറവിപ്പെരുമാൾപിള്ള എന്നിവരെ ഫൈനാൻസുകമ്മിററിയിലേക്കും മി. കെ. പി. നീലകണ്ഠപ്പിള്ളയെ തൊഴിലില്ലായ്മക്കമ്മിററിയിലേക്കും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

ചോദ്യോത്തരങ്ങൾ.

പ്രസ്സ് കമ്മിററി, സാലറിക്കമ്മിററി മുതലായവയുടെ റിപ്പോർട്ടുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ.

൧൪൯. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തക്കല):

൧. പ്രസ്സ്കമ്മിററി, സാലറികമ്മിററി, വക്ഷാപ്പുകമ്മിററി, എക്സൈസ്കമ്മിററി എന്നിവയെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളെപ്പററി താഴെപ്പറയുന്നവിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഗവർമെന്റിൽനിന്നും സഭയും മേശമേൽ വയ്ക്കുമൊ?

(എ) അച്ചടിച്ച പ്രതികളുടെ എണ്ണം.

(ബി) അച്ചടിച്ച തിയതികൾ.

(സി) അവ അയച്ചുകൊടുക്കപ്പെട്ട ആളുകളുടെ പേരുകളും ഓരോരുത്തർക്കും അയച്ചുകൊടുത്ത പ്രതികളുടെ സംഖ്യയും.

൨. റിപ്പോർട്ടുകൾ ഈ സഭയിലെ മെംബർമാരുടെ ഉപയോഗത്തിനായി അവക്കു അയച്ചുകൊടുക്കാത്തതിനുള്ള കാരണം എന്താണെന്നു ഗവർമെന്റു സഭയും പറയുമൊ?

മി. കെ. ജാർജ് (ഗവർമെന്റു ചീഫ്സെക്രട്ടറി):

റിപ്പോർട്ടിന്റെ പേരു.	അച്ചടിച്ച പ്രതികളുടെ എണ്ണം.	അച്ചടിച്ച തീയതി.
(൧) (എയും) (ബിയും)		
പ്രസ്സ്കമ്മിററി റിപ്പോർട്ടു	൨൩൦	൧൧൦൦-ാമാണ്ടു
സാലറികമ്മിററി ടി	൧൨൫	൧൯൨൧ നവംബർ ൩-ാം
വക്ഷാപ്പു കമ്മിററി ടി	൩൦൦	൧൯൨൩ നവംബർ ൨൦-ാം
എക്സൈസ് കമ്മിററി ...	൧൫൦	൧൯൨൫ ജനുവരി

(സി) പ്രസ്സ്കമ്മിററിറിപ്പോർട്ടു ഓരോഡിപ്പാർട്ടുമെന്റു മേലധികാരിക്കും ഹജൂരിലെയും അതാതു ആഫീസിലെയും ഓരോസെക്ഷനിലേക്കും പ്രതികൾ അയച്ചുകൊടുത്തു.

സാലറിക്കമ്മിററി റിപ്പോർട്ടു—കമ്മററി മെംബർമാക്കും ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കും ഓരോ പ്രതിവീതം അയച്ചുകൊടുത്തു.

വക്ഷാപ്പു കമ്മിററിറിപ്പോർട്ടു—എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും സ്ഥാപനങ്ങളുടേയും മേലദ്ധ്യക്ഷന്മാക്കും കമ്മററിമെംബർമാക്കും ഓരോപ്രതിവീതം അയച്ചുകൊടുത്തു.

എക്സൈസ്കമ്മിററിറിപ്പോർട്ടു—സെക്രട്ടറിയററിലെയും എക്സൈസ് ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ചിലപ്രതികൾ വിതരണംചെയ്തു. സംസ്ഥാനത്തിനു വെളിയിൽനിന്നും ആവശ്യപ്പെട്ടചിലക്കും പ്രതികൾ കൊടുക്കപ്പെട്ടു.

(൨) പ്രസ് കമ്മിററിറിപ്പോർട്ടു—പ്രതികൾ അച്ചടിച്ചു കൈവശംകിട്ടിയ അവസരത്തിൽ ഈ സംഗതിയെപ്പററി ആലോചിച്ചില്ലാ. റിപ്പോർട്ടിന്റെപ്രതികൾ ഇപ്പോൾ മേശമേൽവച്ചിട്ടുണ്ടു.

സാലറിക്കമ്മിററി റിപ്പോർട്ടു—റിപ്പോർട്ടു അച്ചടിച്ചപ്പോൾ പരിഷ്കരിച്ച നിയമസഭ ഉണ്ടായിരുന്നില്ല.

വക്ഷാപ്പു കമ്മിററിറിപ്പോർട്ടു—പ്രത്യേകകാരണംഒന്നുംഇല്ലാ. റിപ്പോർട്ടിന്റെപ്രതികൾ ഇപ്പോൾ മേശമേൽ വച്ചിട്ടുണ്ടു.

എക്സൈസ് കമ്മിററിറിപ്പോർട്ടു—പൊതുജനങ്ങളുടെ അഭിപ്രായ നിരൂപണത്തിനായി റിപ്പോർട്ടു ൧൯൨൫ മാർച്ച് ൨൪-ാംതെ ഗവർമെന്റുഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഗവർമെന്റുഗസററിന്റെ പ്രതികൾ നിയമസഭാമെംബർമാക്കും പത്രാധിപന്മാരായ അവകാശങ്ങൾക്ക അർഹതയുള്ളവർക്കും മാനപത്രങ്ങൾക്കും പ്രീസൌജന്യമായി കൊടുക്കുന്നുണ്ടു. അതിനാൽ പ്രത്യേകപ്രതികൾ വിതരണം ചെയ്യേണ്ട ആവശ്യമുണ്ടെന്നു വിചാരിച്ചില്ല.

തിരുവനന്തപുരം നഗരസഭാദ്ധ്യക്ഷന്റെ പ്രത്യേകഅലവൻസു.

൧൫൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) :

(എ) തിരുവനന്തപുരം നഗരസഭാദ്ധ്യക്ഷനു അദ്ദേഹത്തിന്റെ ശമ്പളത്തിന്റെ ഇരുപതുശതമാനം ഗവന്മെന്റിൽനിന്നും സ്പെഷ്യൽഅലവൻസായി കൊടുക്കുന്നതിനെ നഗരസഭക്കാർ പ്രതിരോധിച്ചിട്ടുണ്ടോ എന്നും,

(ബി) അപ്രകാരം ഇരുപതുശതമാനം സ്പെഷ്യൽഅലവൻസായി കൊടുക്കാൻ അനുവദിക്കുന്നതായ ഗവന്മെന്റുത്തരവുകൾ ന്യായരഹിതവും അധികാരത്തിൽ കവിഞ്ഞതും ആകയാൽ അതിനാൽ വേണ്ടതിവൃത്തമാർഗ്ഗം നൽകണമെന്നും ഒരു അന്യായംകൊടുക്കാൻ പോകുന്നതായിട്ടു തിരുവനന്തപുരം മുൻസിപ്പാലിററിയിലെ ഒരു നികുതിദായകൻ ഒരു നോട്ടീസ് അയച്ചതു കിട്ടിയിട്ടുണ്ടോ എന്നും,

(സി) അങ്ങിനെയാണെങ്കിൽ അതിന്മേൽ ഗവന്മെന്റു എന്തു നടപടി നടത്തിയിട്ടുണ്ടെന്നും അഥവാ നടത്താൻ പോകുന്നു എന്നു,

ഗവന്മെന്റിൽനിന്നും സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസിക്രട്ടറി)

(എ) ഉണ്ട്, എന്നാൽ അതിനുശേഷം ൧൧൦൨ ഇടവം ൨൭-ാം-നു കൂടിയ നഗരസഭായോഗത്തിൽ പ്രസിഡണ്ടിനു അനുവദിച്ചിട്ടുള്ള അലവൻസു പാസ്സാക്കിയിട്ടുണ്ട്.

(ബി) (സി) ഉണ്ട്.

(സി) ആ സംഗതി ആലോചനയിൽ ഇരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്)

പ്രസിഡന്റിന്റെ അലവൻസിനെ പ്രതിരോധിച്ച സഭായോഗം കൂടിയതു എന്നാണെന്നു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസിക്രട്ടറി) : ൧൧൦൨ മകരം ൭-ാം-നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : പ്രസിഡന്റിന്റെ അലവൻസു നഗരസഭയിൽനിന്നും ൧൧൦൨ ഇടവം ൨൭-ാം- പാസാക്കിയതിനു മുമ്പായി അലവൻസുവാങ്ങുന്നതിനു പ്രസിഡന്റു വല്ല സമയത്തും പ്രാപ്തനാക്കപ്പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസിക്രട്ടറി) : മെമ്പർ പ്രസ്തുതചോദ്യം ഒരിക്കൽകൂടി സദയം പറയുമോ? ഞാൻ നല്ലപോലെ കേട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : പിന്നീടു മേൽ തീയതിയിൽ പ്രസിഡന്റിന്റെ അലവൻസ് നഗരസഭയിൽനിന്നും പാസ്സാക്കിയതിനു മുമ്പായി, അനുവദിച്ച അലവൻസ് കൈപ്പററുവാൻ പ്രസിഡണ്ടിനെ വല്ലപ്പോഴും പ്രാപ്തനാക്കിയിരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസിക്രട്ടറി) : പ്രാപ്തനാക്കിയിരുന്നോ എന്നു മെമ്പർ പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഇടവം ൨൭-ാം-നു മുമ്പായി പ്രസിഡണ്ടു അലവൻസു വല്ലപ്പോഴും കൈപ്പററിവാങ്ങിയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസിക്രട്ടറി) അതിനു ഉത്തരംപറയാൻ നിവൃത്തിയില്ല.

തിരുവനന്തപുരം നഗരസഭാപ്രസിഡണ്ടിനെ എതിരായുള്ള നിശ്ചയം.

൧൭൬. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) തിരുവനന്തപുരം നഗരസഭാപ്രസിഡന്റിന്റെമേൽ നഗരസഭക്കാർക്കു വിശ്വാസമില്ലെന്നു ഒരു നിശ്ചയം നഗരസഭയിൽനിന്നും പാസായിട്ടുള്ളവിവരം ഗവന്മെന്റിനു അറിയാമോഎന്നും, ഉണ്ടെങ്കിൽ ആ സംഗതിയിൽ ഗവന്മെന്റു എന്തുനടപടി നടത്താൻ നിശ്ചയിച്ചിരിക്കുന്നു എന്നും ഗവന്മെന്റിൽനിന്നും സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റു സിക്രട്ടറി): കൌൺസിലിൽനിന്നും അപ്രകാരം ഒരു നിശ്ചയം പാസ്സാക്കിയിട്ടില്ല.

൧൭൭. പുളിമാത്തു പ്രാഥമിക വിദ്യാലയം കെട്ടിടം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്നസംഗതികൾക്കു ഗവന്മെന്റിൽനിന്നും സദയം മറുപടി തരുമോ?

(എ) ചിറയിൻകീഴുതാലൂക്കിൽപ്പെട്ട പുളിമാത്തു എന്ന ദിക്കിലെ പ്രാഥമിക വിദ്യാലയക്കെട്ടിടം എപ്പോൾ എന്തുകൊണ്ടു നിലംപതിച്ചു?

(ബി) കെട്ടിടം അററകുററം തീർക്കുന്നതിനു വല്ല വേലയും നടത്തിയിട്ടുടങ്ങിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ അഭിവൃദ്ധി ഏതുപ്രകാരം ഇരിക്കുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റു സിക്രട്ടറി): (എ) ഒരു പ്രധാന മുറയും രണ്ടു ചുററുകെട്ടും ഉള്ള ഒരു കെട്ടിടത്തിലാണു പുളിമാത്തു ആൺകുട്ടികൾക്കുള്ള പ്രാഥമിക വിദ്യാലയം നടന്നുവന്നതു്. ഇതിൽ പ്രധാന കെട്ടിടം ൧൧൦൦ ഇടവത്തിലും ചുററുകെട്ടുകൾ ൧൧൦൧ മിഥുനത്തിലും അതിവൃഷ്ടിയും കാററും നിമിത്തം നിലംപതിച്ചു.

(ബി) കെട്ടിടം പുനരുദ്ധാരണം ചെയ്യുന്നതിനു ഇതുവരെ ഒരു പണിയും തുടങ്ങിയില്ല. ഈ സംഗതിയിൽ വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കെട്ടിമേച്ചിൽ നടത്തുന്നതിനു വേണ്ട ഏർപ്പാടു ചെയ്യാതിരുന്നതുകൊണ്ടല്ലയോ കെട്ടിടം മുഴുവനും നിലംപതിക്കാൻ ഇടയായതു എന്നു ഞാൻ തെറ്റിദ്ധരിക്കപ്പെട്ടുകൂടയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റു സിക്രട്ടറി): ഞാൻ പറഞ്ഞ മറുപടിയിൽതന്നെ കാരണംകാട്ടിയിട്ടുണ്ട്. അതായതു മഴയും കാററും നിമിത്തമാണെന്നു്

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പള്ളിക്കൂടം കെട്ടിടങ്ങൾ വർഷം ആരംഭിക്കുന്നതിനു മുമ്പായി കെട്ടിമേയ്ക്കണമെന്നു, വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുകാരെ സംബന്ധിച്ചിടത്തോളം വല്ല വ്യവസ്ഥയും ഉണ്ടോ?

മി. സി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സിക്രട്ടറി): ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർഷം തുടങ്ങുന്നതിനുമുമ്പായി കെട്ടിടംകെട്ടിമേയ്ക്കാൻ ഉപേക്ഷ കാണിച്ചതുകൊണ്ടല്ലയോ കെട്ടിടം നിലംപതിച്ചതു്?

മി. സി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സിക്രട്ടറി): അതുകൊണ്ടുമാത്രമാണോ എന്നു എനിക്കു അറിഞ്ഞുകൂടാ. കഠിനമായ മഴയും കാററുംകൊണ്ടാണെന്നാണു മറുപടിയിൽ പറഞ്ഞിരിക്കുന്നതു്. അതിൽനിന്നു കെട്ടിമേച്ചിൽ നടത്തി എന്നു അർത്ഥമാകുന്നുണ്ടു്.

വണ്ണാക്കലർസ്സും അസിസ്റ്റൻറ ഇൻസ്പെക്ടർമാരേയും അസിസ്റ്റൻറ ഇൻസ്പെക്ട്രസ്സുമാരേയും സ്ഥലംമാററി നിയമിക്കുന്ന സംഗതി.

൧൩൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന സംഗതികൾക്കു ഗവണ്മെൻറിൽനിന്നു സദയം മറുപടി പറയുമോ?

(എ) നാട്ടുഭാഷാ പെൺപള്ളിക്കൂടം അസിസ്റ്റൻറ ഇൻസ്പെക്ട്രസ്സ് ശ്രീമതി ലക്ഷ്മിഅമ്മയെ ഡി-ാം ഡിസ്ട്രിക്റ്റിൽ സ്ഥലംമാററി നിയമിച്ചിട്ടു ഇപ്പോൾ എത്ര കാലമായി?

(ബി) അസിസ്റ്റൻറ ഇൻസ്പെക്ട്രസ്സ്മാരേയും അസിസ്റ്റൻറ ഇൻസ്പെക്ടർമാരേയും ഓരോ ഡിസ്ട്രിക്ട്കളിലേക്കു സ്ഥലംമാററിയിരിക്കുന്നതിനെ സംബന്ധിച്ചു ഡിപ്പാർട്ടുമെൻറിൽനിന്നും അംഗീകരിച്ചിട്ടുള്ളതായി വല്ല ചട്ടമൊ കീഴ്നടപ്പോ ഉണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) ൧൧൨൩ ധനുമുതൽ ഏതായതു ഒന്നര സംവത്സരമായി.

(ബി) ഇൻസ്പെക്ട്രസ്സ് ഉദ്യോഗസ്ഥന്മാരെ സ്ഥലംമാററി നിയമിക്കുന്നതിനെസംബന്ധിച്ചു പ്രത്യേകചട്ടങ്ങൾ ഒന്നും ഇല്ല: ഇങ്ങനെയുള്ള ഓരോ സംഗതിയിലും ഇൻസ്പെക്ട് ചെയ്യാനുള്ള സ്ഥാപനങ്ങളുടെ ഗുണത്തെയും ഇൻസ്പെക്ടിംഗ് ആഫീസർമാരുടെ സൌകര്യത്തെയും നോക്കിത്തീരുമാനിക്കുന്നതാണ് പതിവു്.

൧൩൪. സഹായധനംവാങ്ങുന്ന മിഷ്യൻവക മെഡിക്കൽ സ്ഥാപനങ്ങൾ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ഗവണ്മെൻറിൽനിന്നും സഹായധനംവാങ്ങുന്ന മിഷ്യനുകൾ വകയായ മെഡിക്കൽസ്ഥാപനങ്ങളുടെ പേരുകളും ആ സ്ഥാപനങ്ങളിൽ ചാർജ്ജുവഹിക്കുന്ന ആളുകളുടെ പരീക്ഷായോഗ്യതകളും ഓരോ സ്ഥാപനത്തിനും കൊടുത്തുവരുന്ന സഹായധനത്തിന്റെ തുകയും കാണിക്കുന്നതായ ഒരു പട്ടിക സദയം നൽകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ ഉള്ള ഒരു പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

൧൩൫. തിരുവനന്തപുരം റവന്യൂഡിവിഷനിലെ ജനനമരണ രജിസ്ട്രേഷൻ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു), (എ) (൧) ൧൧൨൨-ലെ ആദ്യത്തെ പത്തുമാസങ്ങൾക്കുള്ളിൽ മേൽത്തരം റവന്യൂഉദ്യോഗസ്ഥന്മാർ കണ്ടുപിടിച്ചിട്ടുള്ള രജിസ്റ്ററാകാത്തജനനമരണ കേസുകളുടെ സംഖ്യയും,

(൨) ടി കാലത്തിനുള്ളിൽ സാനിട്ടറി ഉദ്യോഗസ്ഥന്മാർ കണ്ടുപിടിച്ച മേൽപ്രകാരമുള്ള കേസുകളുടെ സംഖ്യയും എത്രയാണെന്നും,

(ബി) കീഴ്ത്തരം റവന്യൂ ഉദ്യോഗസ്ഥന്മാർ നടത്തിയിട്ടുള്ള ജനനമരണരജിസ്ട്രേഷൻ ജോലിയെസംബന്ധിച്ചു തിരുവനന്തപുരം ദിവാൻപേഷ്കാരുടെ ഇൻസ്പെക്ഷൻ നോട്ട്സുകളിൽ ൧൧൨൨-ലെ ആദ്യത്തെ പത്തുമാസത്തേക്കും വല്ല പ്രസ്താവനകളും അടങ്ങിയിട്ടുണ്ടോ എന്നും,

(സി) ഇല്ലെങ്കിൽ ജനനമരണകണക്കുസംബന്ധമായ ഈ പ്രധാനജോലി അദ്ദേഹത്തിന്റെ ശ്രദ്ധയ്ക്കു അനർഹമായതു എന്തുകൊണ്ടാണെന്നും,

ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

മി. പി. എൻ കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): (എ) (൧) രജിസ്റ്റർചെയ്യാത്ത ഒരു ജനനമരണക്കേസും മേൽത്തരം ഉദ്യോഗസ്ഥന്മാർ കണ്ടുപിടിച്ചിട്ടില്ല.

(൨) സാനിട്ടറിആഫീസർമാർ ൧൧൨൨ മിഥുനം ൧൫-വരെ ൻ൭ ജനനങ്ങളും ൩൭ മരണവും വിട്ടുപോയിട്ടുള്ളതിനെ കണ്ടുപിടിച്ചിട്ടുണ്ട്.

(ബി) ദിവാൻപേഷ്കാർ പകുതിക്കച്ചേരി പരിശോധിക്കുന്ന സമയങ്ങളിൽ ഇതുസംബന്ധമായി പകുതിക്കച്ചേരിയിൽ വച്ചിട്ടുള്ള രജിസ്റ്റർകൾ പരിശോധിക്കുന്നുണ്ട്. ഒരു പകുതിക്കച്ചേരിയിൽ വച്ചിട്ടുള്ള എല്ലാ രജിസ്റ്റർകളുടേയും പേരുവിവരം ഇൻസ്പെക്ഷൻ നോട്ടീസിൽ പ്രസ്താവിക്ക പതിവില്ലാത്തതുകൊണ്ടു ഈവക കണക്കുകളും ഇൻസ്പെക്ട് ചെയ്തതായി പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെന്നു പറയപ്പെട്ടിരിക്കുന്നു.

(സി) ബി ഭാഗത്തിനുള്ള മറുപടിക്കുശേഷം ഈ ചോദ്യത്തിനു ആവശ്യം കാണുന്നില്ല.

൧൩൬. വക്കല ഒരു സബ്‌രജിസ്ട്രർകച്ചേരി തുടങ്ങുന്നതിനെപ്പററി.

മി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ):

താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറിൽനിന്നും സദയം മറുപടി നൽകുമോ?

(എ) വക്കലെ ഒരു സബ്‌രജിസ്ട്രാർ കച്ചേരി സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെപ്പററി വക്കലനിവാസികളായ ജനങ്ങളുടെ വല്ല ഹർജിയോ നിവേദനമോ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

(ബി) വക്കല ഒരു സബ്‌രജിസ്ട്രാരാഫീസ് തുടങ്ങുന്നതിനു ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സിക്രട്ടറി):

(എ) ഉണ്ട്.

(ബി) അതിനെപ്പററി ആലോചിച്ചുവരുന്നു.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ നിയമനങ്ങൾ.

൧൩൭. മി. എം. എൻ. പിള്ള (തിരുവനന്തപുരം): താഴെപ്പറയുന്ന സ്റ്റേറ്റുമെൻറുകൾ ഗവണ്മെൻറിൽനിന്നും സദയം നൽകുമോ?

(എ) പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ സ്ഥിരമായോ ആക്റ്റിംഗായോ താൽക്കാലികമായോ ജോലിയുള്ള ക്ലാർക്കുകൾ, ഡ്രാഫ്ട്സ്മെൻമാർ, ഓവർസീയർമാർ, സൂപ്രവൈസർമാർ, സബ്‌എൻജിനീയർമാർ, അസിസ്റ്റൻറ എൻജിനീയർമാർ എന്നിവരുടെ വകുപ്പു ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെൻറ,

(ബി) ഇപ്പോഴത്തെ ചീഫ് എൻജിനീയർ ചാർജ് എടുത്തശേഷം ചെയ്തിട്ടുള്ള നിയമനങ്ങളുടെ വകുപ്പുള്ള മേൽപ്രകാരമുള്ള സ്റ്റേറ്റുമെൻറ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സിക്രട്ടറി):

(എ) ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ മേശമേൽ വച്ചിട്ടുണ്ട്.

(ബി) ഇപ്പോഴത്തെ ചീഫ്എൻജിനീയർ ചാർജ്ജെടുത്തശേഷം അദ്ദേഹം ശ്രീനിവാസൻപോററി എന്നു പേരായ ഒരു ബ്രാഹ്മണനെ ൧൧൦൫ ഇടവം ൧-നു മുതൽ ഒരു ഏ. ടൈപ്പിസ്റ്റായി നിയമിക്കമാത്രമെ ഉണ്ടായിട്ടുള്ളു.

തേവർകരയും ബ്ലാക്കുബോർഡിന്നു നികുതികരുതിരിവു പിരിവു.

൧൩൭. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം):

൧൧൦൧ മേടം ൧൦-നുയ നിയമസഭാ യോഗത്തിൽവച്ചു ഞാൻ ചോദിച്ച ൩൧൬-ം ൩൧൩-ം നമ്പർ ചോദ്യങ്ങൾക്കു കിട്ടിയ മറുപടികൾ സംബന്ധിച്ചു താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെൻറിൽനിന്നു സദയം നൽകുമോ?

(എ) അഗസ്തീശ്വരം താലൂക്കിലെ വാർഡ്‌റവന്യൂ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു പിരിപ്പിച്ചുകൊടുക്കണമെന്നു ആവശ്യപ്പെട്ടിരുന്ന ൧൦൯൯, ൧൧൦൧ ഈ ആണ്ടുകളിലെ തേരൂർ ജലസേചന ബ്ലാക്ക്ബോർഡു വക പിരിഞ്ഞിടാതെകണ്ട കുടിശിഖനികുതികളുടെ ആകെയുള്ള തുക.

(ബി) അതിൽ ഇതുവരെ പിരിച്ചിട്ടുള്ള തുക,

(സി) ബ്ലാക്കുബോർഡിന്നു ഇതുവരെ അയച്ചുകൊടുത്തിട്ടുള്ള ആകെയുള്ളതുകയും അതിൻെറ ഓരോതവണയുടെതുകയും അയച്ച തീയതിയും,

(ഡി) ൧൦൯൯-ലെയും ൧൧൦൦-ലെയും കുടിശിഖകൾ പിരിച്ചു തീർത്തുകൊടുത്തു ബ്ലാക്കുബോർഡുമായിട്ടുള്ള കണക്കുകൾ അവസാനിപ്പിക്കുന്നതിന്നു റവന്യൂഅധികാരികൾക്കു ഉദ്ദേശം എത്രസമയം വേണ്ടിവരും.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സിക്രട്ടറി):

	ആണ്ടു	തുക ക്രു.	ച.	കാ.
(എ)	൧൦൯൯	൩൬൬	൫൦	൧
	൧൧൦൦	൪൮൩	൫൫	൯
(ബി)	ആകെ	൭൯൯	൧൪	൧൦
	ശ്രേ	൬൧൧	൫൬	൧൬

	തീയ്യതി			തുക ക്രു.	ച.	കാ.
സി	൩൦	൩	൧൧൦൦	൬൯	൧൦	൧൦
	൫൬	൮	ടി	൧൫	൬	൦
	൫൪	൯	ടി	൧൩	൬	൭
	൫൬	൧൧	ടി	൭൧	൭	൦
	൫൬	൪	൧൧൦൧	൪	൬	൫
		ടി		൯൩	൧൧	൭
	൧	൭	ടി	൫൧	൮	൭
	൧൮	൭	ടി	൬൩	൪	൯
	൫൬	൭	ടി	൫൬	൧൫	൭
	൫൭	൭	ടി	൧൭	൧൫	൧൫
	൯	൧൦	ടി	൪	൫	൭
	൧൫	൧൦	ടി	൭൭	൫൫	൩
	൫	൫	൧൧൦൫	൭	൫	൩
	൫൭	൧൧	ടി	൫൦	൦	൪
	ആകെ			൬൦൦	൫൬	൩

(ഡി) ൧൧൦൩ തുലാം ൩൦-നുക്കു മുമ്പു.

പുനലൂർപകുതിവക സർവെ ൩൬൪/൧-ാംനമ്പർ കന്നുകാലിമേച്ചിലിനുള്ള സ്ഥലം പതിച്ചുകൊടുത്തതു.

൧൩൯. മി. എസ്. സുബ്രഹ്മണ്യകയ്യാളർ (പത്തനാപുരം-ചെങ്കോട്ട): (൧) പത്തനാപുരം താലൂക്കിലെ പുനലൂർപകുതിവക സർവെ ൩൬൪/൧-ാംനമ്പരിൽ ഉൾപ്പെട്ട ഭൂമിയിൽ ഒരു വലിയഭാഗം കന്നുകാലിമേച്ചിൽസ്ഥലം ആയി ഒഴിച്ചിടപ്പെട്ടിട്ടില്ലയോ എന്നു ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

(൨) ഈ മേച്ചിൽസ്ഥലത്തു ദീർഘകാലമായി കുടിപാർത്തിരുന്നു കൈവശം വസ്തു ഉടമസ്ഥന്മാരായ പാവപ്പെട്ട ജനങ്ങളെ അവിടെനിന്നും ഇറക്കിവിടുന്നതിനായി പത്തനാപുരംതാലൂക്കു തഹശീൽദാർ നടപടി നടത്തിവരുന്നതു വാസ്തവമാണോ?

(൩) ഇപ്പോഴത്തെ വസ്തുകൈവശക്കാർ ദീർഘകാലമായി വസ്തു അനുഭവിച്ചുവരുന്നതിനെ ആലോചിച്ചു അവരെ ഇറക്കുന്നതിനുള്ള നടപടി നിറുത്തിവച്ചു കൈവശക്കാർക്കു ഭൂമി പതിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറിൽനിന്നും സദയം ഉത്തരവു കൊടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (൧) പുനരുൽപാദകസർവെ നമ്പർ ൧/൧ ൧-ാംനമ്പരിൽനിന്നും ൧൦൪൨ ഏക്കർ ഭൂമി ഒരു മേച്ചിൽസ്ഥലമായി ഒഴിച്ചിട്ടിട്ടുണ്ട്.

(൨) ൩൭൧൧ ഏക്കർസ്ഥലം ഇപ്പോൾ ൨൨ ആളുകളുടെ കൈവശം ഇരിക്കയാണ്. അവരുടെ പേരിൽ ഭൂമിസംരക്ഷണ റെഗുലേഷൻപ്രകാരം നടപടി നടത്തിവരുന്നുണ്ട്. എന്നാൽ അവരെ ഇറക്കിവിടുന്നതിനു നടപടി ഒന്നും നടത്തിയിട്ടില്ല.

൨-ാം ചോദ്യത്തിൽ പറഞ്ഞിട്ടുള്ള ൩൭൧൧ ഏക്കർഭൂമി പതിച്ചുകൊടുക്കുന്ന സംഗതി എഴുത്തുകുത്തിൽ ഇരിക്കുന്നു.

കോട്ടയം ഡിവിഷനിൽ വെടിആയുധങ്ങൾക്കു ലൈസൻസിനുള്ള അപേക്ഷകൾ.

൧൬൨൦. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ):

താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയതായ ഒരു പട്ടിക ഗവണ്മെന്റിൽനിന്നും സഭയുടെ മേശമേൽ വയ്ക്കുമോ?

(എ) വെടിആയുധങ്ങൾക്കുള്ള ലൈസൻസുകൾ പുതുക്കി ൧൧൨൨-ലേക്കു പുതിയ ലൈസൻസുകൾ കൊടുക്കണമെന്ന് അപേക്ഷിക്കുന്നതായി കോട്ടയം ഡിവിഷനിലുള്ള ഓരോ താലൂക്കിൽനിന്നും ൧൧൨൨-ൽ ജനുവരി ൧൨-നു-വരെ കിട്ടിയിട്ടുള്ള അപേക്ഷകളുടെ സംഖ്യ,

(ബി) ൧൧൨൨ വൃശ്ചികംവരെ കൊടുക്കപ്പെട്ട ലൈസൻസുകളുടെ എണ്ണം.

മി. കെ. ജാജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി):

(എ-യും ബി-യും)

ആവശ്യപ്പെട്ട പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

മൂവാററുപുഴ-ആരക്കുഴ-പാലക്കുഴറോഡും മൂവാററുപുഴ-തൊടുപുഴറോഡും തമ്മിൽ ബന്ധിക്കുന്ന റോഡു.

൧൬൨൧. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ):

(എ) മൂവാററുപുഴ-ആരക്കുഴ-പാലക്കുഴറോഡിന്റെ ൧-ാംമൈലിന്റെ ൨-ാം ഫർലാംഗുമുതൽ തുടങ്ങി കിഴക്കോട്ടു പെരുമ്പല്ലൂർപള്ളിയുടെ വടക്കുവശത്തുകൂടി മൂവാററുപുഴ-തൊടുപുഴ റോഡിന്റെ ൪-ാം മൈലിൽ ചെന്നു ചേരുന്നതായി ഒരു റോഡു വെട്ടിക്കണമെന്ന ജനങ്ങളുടെ ഹർജികൾ ഉണ്ടായിട്ടുണ്ടോ എന്നും, ആ റോഡു വേഗത്തിൽ പണികഴിപ്പിക്കുമോ എന്നും ഗവണ്മെന്റിൽനിന്നും സഭയെ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി):

(എ) പ്രസ്തുത റോഡു വേണമെന്നും വേണ്ടാ എന്നും ഹർജികൾ കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല. പ്രസ്താവറോഡു കൊണ്ടുപോകേണ്ടിവരുന്ന സ്ഥലങ്ങൾക്കു സമീപമായി ഇപ്പോൾതന്നെ നല്ല വഴിപ്പാതകൾ ഉള്ളതുകൊണ്ടു, അതു ഒരു അനാവശ്യമായ സൌകര്യമായി വരുമെന്ന ചീഫ്എൻജിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നതിനാൽ ഈ റോഡുകാര്യത്തെപ്പററി ഇപ്പോൾ ആലോചിക്കാൻ ഇടയില്ല. അവക്ക് അവസരം വളരെ അപൂർവ്വമായേ ലഭിക്കയുള്ളു.

മി. കെ. എം. ജോസഫ് (മീനച്ചൽ-ദേവികുളം): അത്തരം സർട്ടിഫിക്കററുകൾ അലഭ്യമായ തെളിവാണെന്നു ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ? അതല്ലാ വയസ്സു നിർണ്ണയിക്കുന്നതിനു രേഖാമൂലമായ വല്ല തെളിവുംകൂടി അവർ വാങ്ങിക്കുന്നുണ്ടോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ധനകാര്യദർശി): അതു ഏററവും അലഭ്യമായ തെളിവല്ല. എന്നിരുന്നാലും ഞാൻ ഇപ്പോൾ പ്രസ്താവിച്ചതായ സംഗതികളിൽ വയസ്സ് തിരുത്തപ്പെടുത്തുന്നതിനു അതു തീരെ ദുർല്ലഭമായ അവസരം കൊടുക്കുകയേയുള്ളു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട മെമ്പർ): പുതിയനിയമനങ്ങളുടെ വിഷയത്തിൽ വയസ്സ് ആദ്യമായിട്ടുതന്നെ നിർണ്ണയിക്കണമെന്നും യാതൊരു ഉദ്യോഗസ്ഥനും വയസ്സ് തിരുത്തപ്പെടുത്താൻ പിന്നീടു അവസരം കൊടുക്കുന്നതല്ലെന്നും ഒരു നിബന്ധനയുണ്ടാക്കി ഈ അനീതിയെ തീരെ ഇല്ലായ്മചെയ്യാൻ സാധിക്കയില്ലയോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ധനകാര്യദർശി): മെമ്പർ നിർദ്ദേശിക്കുന്നതുപോലെ പ്രവർത്തിക്കുന്നതിനു നിവൃത്തിയില്ലെന്നു ഞാൻ വ്യസനിക്കുന്നു. ഞങ്ങൾക്കു ഇത്രമാത്രം ചെയ്യാൻസാധിക്കും. അതായതു വയസ്സു തിരുത്തപ്പെടുത്തുന്നതിനുള്ള അപേക്ഷകളെ പ്രസിദ്ധംചെയ്യുന്ന കാര്യത്തെപ്പററി ഞങ്ങൾ ആലോചിക്കാം. അതിൽക്കൂടുതലായി വല്ലതുംചെയ്യാൻ സാധിക്കുമെന്നു തോന്നുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവീസ്റെഗുലേഷനിൽ നിബന്ധനചെയ്തിട്ടുള്ള ആളിൽനിന്നും ഒഴിയുന്നതിനു വളരെ പ്രയാസമാണെന്നാണ് അക്കൌണ്ടാഫീസർ അഭിപ്രായപ്പെടുന്നത്. എന്നാൽ വല്ലജാതകമോ അതിനുതുല്യമായ വല്ലരേഖയോ ഹാജരാക്കാൻ അത്ര വിഷമമില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഉദ്യോഗസ്ഥന്മാർക്കു സ്വയം ചെറുപ്പക്കാരായിക്കൊള്ളാൻ അവസരം കൊടുക്കപ്പെടുന്ന കേസുകൾ അധികം ഇല്ലെന്നുള്ളതു പരമാർത്ഥമായിരിക്കാം. എന്നാൽ ഈ ചുരുക്കം ചില കേസുകൾതന്നെയും പൊതുജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ട്. എന്തെന്നാൽ ഒരു പ്രത്യേക മാനസിക മുഹൂർത്തത്തിലാണ് ആ ഉദ്യോഗസ്ഥൻ തനിക്കു ഡിപ്പാർട്ടുമെണ്ടു മേലധികാരിയായി തുടരണമെന്നു ആലോചിക്കുന്നതും അതനുസരിച്ചു വയസ്സുതിരുത്താൻ യത്നിക്കുന്നതും. ഇതുകൂടാതെ കൂടുതൽ പെൻഷൻ പററാൻ തങ്ങളെ പ്രാപ്തന്മാരാക്കിത്തീർക്കണമെന്നു ഉദ്യോഗസ്ഥന്മാർ വിചാരിക്കുന്ന സംഗതികളും ഉണ്ട്. അതും ഈവിധമുള്ള യത്നങ്ങൾക്കു അവരെ പ്രേരിപ്പിക്കുന്നു. അതിനാൽ ഇങ്ങനെയുള്ള അപേക്ഷകൾ അനുവദിക്കുന്നതിൽ മതിയായ കാരണത്തിന്മേൽ മാത്രമേ ഗവണ്മെന്റ വല്ല ആക്ഷനും എടുക്കാൻപാടുള്ളു. വളരെ പ്രബലങ്ങളായ കാരണങ്ങളും അലഭ്യങ്ങളായ തെളിവുകളും ഇല്ലാതെ ഗവണ്മെന്റ അത്തരം അപേക്ഷകൾ അനുവദിക്കാൻ പാടുള്ളതല്ല. കൂടുതൽ ജോലിചെയ്യുന്നതിനു പ്രാപ്തിയുള്ള ചെറുപ്പക്കാർ സർവീസ്സിൽ ഉണ്ടായിരിക്കെ വയസ്സന്മാരെ അവരുടെ ഗുണത്തിനുമാത്രമായി സർവീസ്സിൽ വീണ്ടും വച്ചുകൊണ്ടിരിക്കുന്നതെന്തിന്? അത്തരം അപേക്ഷകൾ അനുവദിക്കുന്നതായാൽ മററുവഴിക്കു കാര്യക്ഷമതയ്ക്കും അതു ബാധകമായിരിക്കുന്നതാണ്. അതുകൊണ്ടു കാര്യക്ഷമതയെ ഉദ്ദേശിച്ചുകൂടി അത്തരം അപേക്ഷകൾ അനുവദിക്കുന്നതിനുമുൻപു അവയെ സൂക്ഷ്മമായി പരിശോധിക്കയും അലഭ്യങ്ങളായ തെളിവുകൾ ഹാജരാക്കണമെന്നു നിർബന്ധിക്കയും ചെയ്യേണ്ടതാണ്.

ഇത്രയും പറഞ്ഞുകൊണ്ടു പ്രസ്തുത ഉപക്ഷേപം പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ.—ഹാജരാകാത്ത അംഗങ്ങളുടെ പേരിൽ ഇനത്തിൽ ... ഉപക്ഷേപങ്ങൾ അവതരിപ്പിക്കേണ്ടുന്നതുള്ള ... നമ്പർ അഭ്യർത്ഥന ഞാൻ സഭയിൽ വോട്ടിനായി ഇടുന്നു.

അഭ്യർത്ഥന അനുവദിച്ചു.

അഭ്യർത്ഥന ... —നീതിന്യായഭരണം.

മി. കല്ലുമല പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): അഭ്യർത്ഥന ..., നീതിന്യായഭരണം എന്ന ഇനത്തിൽ ... ലക്ഷം രൂപാ അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഉപക്ഷേപം ...

മെമ്പർ ഹാജരില്ലായിരുന്നതുകൊണ്ടു താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിചിട്ടില്ല എന്നു തീരുമാനിച്ചു.

... മി. റ്റി. ജെ. മാത്യു ഹൈക്കോടതിയുടെ വകയ്ക്കു നീക്കിവച്ചിട്ടുള്ള ... രൂപായിൽനിന്നും ... രൂപാ കുറയ്ക്കണമെന്ന്.

ഉപക്ഷേപം ...

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

..., ഹൈക്കോടതിവകയ്ക്കു നീക്കിവച്ചിട്ടുള്ള ... രൂപായിൽനിന്നും ... രൂപാ കുറയ്ക്കണമെന്ന്.

ഈ ഉപക്ഷേപം ഹാജരാക്കുന്നതിൽ എന്റെ ഉദ്ദേശം ഇപ്പോൾ സ്ഥാപിക്കാൻ നിശ്ചയിച്ചിരിക്കുന്ന രണ്ടു അഡീഷണൽ ടെമ്പററി ജില്ലാക്കോടതികളെപ്പറ്റി വിമർശിക്കുന്നതിനാണ്. ഹൈക്കോടതിയുടെ ശുപാർശപ്രകാരമാണ് ഈ കോടതികൾ സ്ഥാപിക്കുന്നതിനു ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ടാണു ഈ ഇനത്തിൽ എന്റെ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളത്. ഈ രണ്ടു ടെമ്പററി ജില്ലാക്കോടതികൾ ഇപ്പോൾ സ്ഥാപിച്ചിട്ടാവശ്യമില്ലെന്നാണ് ഞാൻ പറയുന്നതിന്റെ സാരം. കേസുകളുടെ തീരുമാനത്തിനു വളരെ താമസം നേരിടുന്നു എന്നുള്ളതു പരമാർത്ഥം ആകുന്നു. ഈ താമസത്തെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ ഇടയിൽ വലുതായ പരാതിയുണ്ടെന്നുള്ളതും പരമാർത്ഥമാണ്. ഈ താമസത്തെപ്പറ്റി അന്വേഷണം നടത്തുന്നതിനും അതിനു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ആയി ഒരു കമ്മിറ്റിയെ നിയമിക്കുന്നതിനു ഗവണ്മെന്റു കഴിഞ്ഞയാണ്ടിൽ ആലോചിച്ചു എന്നുള്ള സംഗതിയും എനിക്കു ഓർമ്മവരുന്നു. എന്നാൽ കമ്മിറ്റിമെമ്പർമാർക്കു പ്രസിഡന്റിനും ആവശ്യത്തിലധികം ഒരു പ്രതിഫലമായി കൊടുക്കണമെന്നു നിർദ്ദേശിക്കപ്പെട്ടതിനാൽ ഈ സഭയിൽനിന്നും ആ നിർദ്ദേശത്തെ നിരസിച്ചിട്ടുള്ളതാകുന്നു. അതുകൊണ്ടു കമ്മിറ്റിയെ നിയമിക്കാൻ ഇടയായില്ല. കേസുകൾ തീർച്ചചെയ്യുന്നതിലുണ്ടാകുന്ന കാലതാമസത്തെ നിവാരണം ചെയ്യുന്നതിനായി കൂടുതൽ കോടതികൾ നിർമ്മിക്കുന്നതല്ലാ ശരിയായമാർഗ്ഗം. പരിഹാരമാർഗ്ഗങ്ങൾ അന്വേഷിക്കുന്നതിനു മുമ്പായി താമസത്തിനുള്ള ശരിയായകാരണം അന്വേഷിച്ചു അറിയേണ്ടതാണ്. എന്റെ സ്വന്തഅഭിപ്രായം പറയുന്നതായാൽ, ജഡ്ജിമാരുടേയോ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടേയോ എണ്ണക്കുറവുകൊണ്ടല്ലാ ഈ പരാതിയുണ്ടാകുന്നത്. നേരെമറിച്ചു അവർ ശരിയായ കൃത്യബോധത്തോടുകൂടി ജോലിചെയ്യാത്തതാണ് അതിന്റെകാരണം. ഒരുവേള അവരിൽചിലർ ജോലിതീർക്കാൻ പ്രാപ്തന്മാരല്ലെന്നും വരാവുന്നതാണ്. ഈ സംഗതികളാൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാർക്കു കർത്തവ്യബോധം ഉണ്ടാക്കിക്കൊടുത്തു അവരെക്കൊണ്ടു കൂടുതൽ ജോലി ചെയ്യിക്കണമെന്നാണ് ഞാൻ പറയുന്നതു. പല കീഴ്ക്കോടതികളിലും ജഡ്ജിമാർ താമസിച്ചു ഹാജരാവുകയും നേരത്തെകൂട്ടി പോകയുംചെയ്യുന്നു എന്നുള്ളതു പരസ്യമായ സംഗതിയാകുന്നു. കേസുകൾ തീരുമാനിക്കുന്നവിഷയത്തിലും അവർ അലസരായിരിക്കുന്നുണ്ട്. പ്രയാസവും വിഷമവും ഉള്ള കേസുകൾ മാററിവച്ചുംവച്ചു ലഘുവായകേസുകൾ എടുത്തുതീരുമാനിച്ച് തീർച്ചചെയ്ത കേസുകളുടെ എണ്ണം അവർ വലിപ്പിക്കുന്നു.

ഇനി എനിക്കു പറയാനുള്ളതു ജഡ്ജിമാരെ നിയമിക്കുന്നതിൽ അനുവർത്തിക്കേണ്ട നയത്തെപ്പററിയാണ്. മുൻസിഫന്മാരെ ജഡ്ജിമാരാക്കുന്ന വിഷയത്തിൽ അവരുടെ സർവീസ്സിനെമാത്രം അടിസ്ഥാനമാക്കി അപ്രകാരം ചെയ്യാൻ പാടുള്ളതല്ല. സർവീസ്സിനെ മാത്രംനോക്കി മുൻസിഫന്മാർക്കു പ്രമോഷൻ കൊടുക്കുന്നനയം നീതിന്യായവകുപ്പിലെ കാര്യക്ഷമമായ കാര്യനിർവഹണത്തിനു അനുകൂലമല്ലെന്നുള്ള സംഗതി ഞാൻ ഗവണ്മെന്റിനെ ബലമായി ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ഇവരെ നിയമിക്കുമ്പോൾതന്നെ അവരുടെ മേലാവുള്ള പ്രമോഷന കാര്യക്ഷമതയെ അല്ലാതെ സർവീസിനെ ഗണിക്കുന്നതല്ലെന്നു അവരെ മനസ്സിലാക്കുന്നതിൽ യാതൊരു നീതികേടും ഉണ്ടായിരിക്കുന്നതല്ലാ.

... ചിറയിൻകീഴ് ഇംഗ്ലീഷ് മിഡിൽസ്കൂൾ നിൽക്കുന്ന വളപ്പു വ്യാപ്തമാക്കുക.

മി. കരുണാകരപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം):

(എ) ചിറയിൻകീഴ് ഇംഗ്ലീഷ് മിഡിൽസ്കൂൾ വളപ്പിനുള്ള വിസ്തീർണ്ണം എത്രയാകുന്നു,

(ബി) വളപ്പിനെ വ്യാപ്തമാക്കുന്നതിനുവേണ്ടി കൂടുതൽ സ്ഥലം നിർബന്ധപൂർവമായി പൊന്നുംവിലകൊടുത്തു ഏറെടുപ്പിച്ചുകൊടുക്കണമെന്നും മാനേജർ അപേക്ഷിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആ അപേക്ഷ വന്നതു ഏതു തീയതിക്കാണെന്നും,

(സി) പൊന്നുംവിലക്കുള്ള പണം കെട്ടിവയ്ക്കണമെന്നു മാനേജരോടു ആവശ്യപ്പെട്ടിരുന്നോ എന്നും മാനേജർ അതനുസരിച്ചു പണം കെട്ടിവച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അപ്രകാരം കെട്ടിവച്ചതു ഏതു തീയതിയിലാണെന്നും,

(ഡി) ഗവണ്മെന്റു വല്ല സ്ഥലവും പൊന്നുംവിലകൊടുത്തു ഒഴിപ്പിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും, ഗവണ്മെന്റിൽ നിന്നും സമയം പറയുമോ?

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി):

(എ) ൩൫ സെന്റ.

(ബി) പൊന്നുംവില റെഗുലേഷൻ അനുസരിച്ചു ഭൂമികൾ പൊന്നുംവിലയും കൊടുത്തു ഒഴിപ്പിക്കുന്നതിനു മാനേജർ അപേക്ഷിച്ചു. അതു ൧൧൦൦ വൃശ്ചികം ൯-നു ആണ്.

(സി) ഉണ്ട്. ൧൧൦൧ ചിങ്ങം ൩൧-നു ഭൂമികൾ ഒഴിപ്പിച്ചു എടുക്കുന്നതിനു തടങ്ങൽ കണ്ടുവിച്ച മാനേജർ കെട്ടിവച്ചു.

(ഡി) ഇല്ല. ഈ ഗവർമ്മെന്റു പ്രവേശനം ആവശ്യമുള്ള സംഗതിയായി ഗവർമ്മെന്റു വിചാരിച്ചില്ല.

൧൬൩. മീനച്ചൽ ആററിൽനിന്നും ഇല്ലിസ്കൂളിനു സമീപം മുതൽ ഒരു തോട്ടംവെട്ടുക.

മി. കെ. കെ. താമസ് (മീനച്ചൽ):

(എ) മീനച്ചൽ ആററിൽനിന്നും ഇല്ലിസ്കൂൾ സമീപം മുതൽ ഇടങ്ങി കുമരകത്തു മുത്തകന്റെ കോൺ എന്ന സ്ഥലത്തേയ്ക്കു ഒരു തോട്ടംവെട്ടേണ്ടതായ കാര്യത്തെപ്പററി വല്ല ഉത്തരവും പാസായിട്ടുണ്ടോ എന്നും,

(ബി) തോടിനുള്ള ഇൻവെസ്റ്റിഗേഷൻ ഏതു പതനത്തിൽ എത്തിയിട്ടുണ്ടെന്നും ഗവർമ്മെന്റിൽനിന്നും സദയം പറയുമോ?

(സി) ഈ സംഗതിയെപ്പററി ചുമതലക്കാരനായ ഉദ്യോഗസ്ഥൻ അയച്ചിട്ടുള്ള റിപ്പോർട്ട മേശമേൽ വയ്ക്കുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി):

(എ) ഇല്ല.

(ബി) ഈ സംഗതിയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ ഫലമായി ഡിവിഷൻ ആഫീസരിൽനിന്നും ചീഫ്ഇഞ്ചിനിയർക്കു ഒരു റിപ്പോർട്ട കിട്ടിയിട്ടുള്ളതും അതിലേയ്ക്കു ഒരു കരട്ട എസ്റ്റിമേററു അയക്കുന്നതിനു ചീഫ് ഇഞ്ചിനീയർ ഡിവിഷൻ ആഫീസരോട്ട ആവശ്യപ്പെട്ടിട്ടുള്ളതും ആകുന്നു.

(സി) റിപ്പോർട്ടു ഗവർമ്മെന്റിന്റെ അടുക്കൽവന്നുചേർന്നിട്ടില്ല.

അനുബന്ധം ൧.

൧൭൪-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

ഗവർമ്മെന്റിൽനിന്നും സഹായധനം വാങ്ങുന്ന മിഷ്യനറി മെഡിക്കൽ സ്ഥാപനങ്ങളുടെ പേരുവിവരം പട്ടിക.

നമ്പർ	സ്ഥാപനത്തിന്റെ പേരു	ചാർജ്ജ് വഹിക്കുന്ന ഡാക്കുരുടെ പേരും യോഗ്യതയും	സഹായ ധനത്തിന്റെ തുക രൂ.	ച.	കാ.
൧	കാത്തറയിൻ ബൂത്ത് ഹാസ്പററൽ, വടശ്ശേരി	ഡാക്ടർ എ. സി. ഗെൻഡിൽ, എം. ബി., ബി. സി., എം. ഡി., എം. ആർ. സി. എസ്., എൽ. ആർ. സി. പി., ഡി. പി. എച്ച്.	൭൫	...	...
൨	ആരുവാമൊഴി ഗ്രാന്റ ഡിസ്പെൻസറി	മി. പി. നോവാ, (നാഗർകോവിൽ പരിശീലിതൻ)	൨൫	...	...
൩	കുളത്തുമ്മേൽ ടി	മി. എ. പി. മോക്ഷകണ്ണ് (നാഗർകോവിൽ പരിശീലിതൻ	൫൦	...	...
൪	ഗ്രാന്റ ഇൻ എയിഡ് ഹാസ്പിററൽ, നെയ്യൂർ	ഡാക്ടർ ടി. എച്ച്. സാമർവെൽ, എം. എ., എം. ബി., ബി. എച്ച്., എഫ്. ആർ. സി. എസ്. (ഇംഗ്ലീഷ്)	൧൦൦	...	...
൫	ടി മാർത്താണ്ഡം	എസ്. ജി. മാനുവൽ, (നെയ്യൂർപരിശീലിതൻ)	൫൦	...	...
	മിഷ്യൻ ഹാസ്പിററൽ ആററങ്ങൽ	മി. ജെ. ജെ. കമലം, ടി	൩൦	൧൫	....
൬	ഗ്രാന്റ ഡിസ്പെൻസറിമഞ്ഞുമ്മൽ	മി. തളിയത്തു വി. ജേക്കബ്ബ്, എം. ബി., ബി. എസ്.	൫൦	...	...
൭	മിഷ്യൻ കുഷ്ഠരോഗാശുപത്രി നെയ്യൂർ	മി. സാം വില്യംസ്, എൽ. സി. പി. എസ്.	*൨൪൬	...	...
൮	ടി ആലപ്പുഴ	മി ഇ. ജെ. ജോസഫ്കുഞ്ഞു, എൽ. സി. പി. എസ്.	൧൫൬	...	....

* ശരാശരി സ്ഥിരഗ്രാന്റില്ല.

അനുബന്ധം ൨.

൧൬൭-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

൧൧൦൨-൧൧-൧-നു സ്ഥിരമായോ ആക്റ്റിംഗ് ആയോ താൽക്കാലികമായോ ഉള്ള ക്ലാർക്കുകൾ, ഡ്രാഫ്റ്റ്സ്മൻമാർ, ഓവർസീയർമാർ, സൂപ്രവൈസർമാർ, സബ് എഞ്ചിനീയർമാർ, അസിസ്റ്റൻറു എഞ്ചിനിയർമാർ, എന്നീ ജീവനക്കാരുടെ ജാതിതിരിച്ചുള്ള കണക്കു.

നിയമനങ്ങൾ		ബ്രാഹ്മണർ	നാടാർ	ഈഴവർ	ക്ഷത്രിയർ	നായർ	വെള്ളാളർ	മററു ഹിന്ദു	മുസൽമാൻ	ക്രിസ്ത്യാനി	ഒഴിവുള്ള ജോലികൾ
അസിസ്റ്റൻറു എൻജിനിയർമാർ എണ്ണം	൧൧	൪	...	...	...	൨	...	...	...	൪	...
സബ് എൻജിനിയർമാർ	ടി ൫	൧	...	...	...	൧	...	...	...	൧	൨
സൂപ്രവൈസർമാർ	ടി ൫൪	൨൫	...	...	൧	൮	...	൩	൧	൪	൮
ഓവർസീയർമാർ	ടി ൮	൪	...	...	...	൪	...	...	...	...	...
ഡ്രാഫ്റ്റ്സ്മാൻമാർ	ടി ൨൦	൯	...	...	൧	൩	൪	...	...	൬	൧
ക്ലാർക്കുകൾ എല്ലാഗ്രേഡിലും കൂടി	ടി ൨൦൨	൮൪	...	൧	൪	൬൮	൮	൧൦	൨	൧൬	൰
ആകെ		൧൨൭	...	൧	൬	൮൬	൧൨	൧൩	൩	൩൧	൨൧
എ. താൽക്കാലിക സബ് എൻജിനീയർമാർ, ആക്റ്റിംഗുംടെ വേറിയും സൂപ്രവൈസർമാർ		൪	...	...	...	൪	...	...	...	൪	...
ബി. ആക്റ്റിംഗുംടെ വേറിയും ക്ലാർക്കുകൾ		൩	൧	...	...	൪	൧	൨	൧	൧	...
സി. ആക്റ്റിംഗ് സബ് ഓവർസീയർമാരും ഡ്രാഫ്റ്റ്സ്മൻമാരും		൩	...	൧	...	൨	...	...	...	...	...

നോട്ടു—(൧) എക്സിക്യൂട്ടിവ് സ്റ്റാഫിൽ ൧൧ സ്ഥിരജോലികളും, ഒരു താൽക്കാലിക സബ് എൻജിനിയർ ജോലിയും, ജലസേചനംവക സർവെ മുതലായ ജോലികളുള്ള ൬ ടെംപൊററി സൂപ്രവൈസർമാരും ഉണ്ടായിരിക്കെ, പട്ടിക എ, ഭാഗത്തു കാണിച്ചിട്ടുള്ളപ്രകാരം ൧൨ പേർ ആക്റ്റ്ചെയ്യുന്നതു കൂടാതെ സബ് ഓവർസീയറും ഡ്രാഫ്റ്റ്സ്മനും (൩൦ മുതൽ ൩൫ രൂപായുള്ളതു) വേലയിൽ ൬ ആളുകളും ആക്റ്റ്ചെയ്യുന്നുണ്ട്. ആക്റ്റിംഗ് സൂപ്രവൈസർമാരും, ഓവർസീയർമാരും മററുമായി പ്രമോഷൻചെയ്തു ഒഴിവുകൾ കുറച്ചുവരുന്നുണ്ട്.

(൨) ൰ സ്ഥിരം ക്ലാർക്കുകളുടെ ഒഴിവുകൾക്കും മൂന്നു ടെംപൊററി സൂപ്രവൈസർമാരുടെ ക്ലാർക്കുകളായ മൂന്നു ടെംപൊററി ക്ലാർക്കുകൾക്കും എതിരായി ൧൨ ആളുകൾ ക്ലാർക്കുകളായി ആക്റ്റ്ചെയ്യുന്നുണ്ട്. ഡ്രാഫ്റ്റ്സ്മാന്റെ യോഗ്യതയുള്ള ഒരു ക്ലാർക്ക് ഡ്രാഫ്റ്റ്സ്മാനായി ആക്റ്റ്ചെയ്യുന്നതിനു പകരം ഒരാൾ ക്ലാർക്കായി ആക്റ്റ്ചെയ്യുന്നു.

അനുബന്ധം ൩.

൧൩൦-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

കോട്ടയം ഡിസ്ത്രിക്ടിലെ ലൈസൻസുകൾക്കുള്ള അപേക്ഷകളുടെ എണ്ണവും കൊടുത്തിട്ടുള്ള ലൈസൻസുകളുടെ എണ്ണവും കാണിക്കുന്ന സ്റ്റേറ്റുമെന്റു.

താലൂക്കിന്റെ പേരു	ആയുധങ്ങൾക്കും വെടിമരുന്നുകൾക്കും ഉള്ള ലൈസൻസുകൾ പുതുക്കുന്നതിനായും അവകൾക്കു ലൈസൻസു കിട്ടുന്നതിനായും ൧൧൦൨-ൽ കന്നി ൩൦-നു വരെ കിട്ടിയ അപേക്ഷകളുടെ എണ്ണം	൧൧൦൨ വൃശ്ചികം ൩൦-നു വരെ കൊടുത്തിട്ടുള്ള ലൈസൻസുകളുടെ എണ്ണം
൧	൨	൩
ചേർത്തല	൮൪	൮൯
ചങ്ങനാശേരി	൧൫൦	൧൪൧
വൈക്കം	൧൧൦	൬൯
കോട്ടയം	൨൫൦	൨൦൨
മീനച്ചൽ	൧൨൨	൧൦൧
തൊടുപുഴ	൨൭൭	൨൫൭
മൂവാറ്റുപുഴ	൩൩൨	൨൯൫
കുന്നത്തുനാട്ടു	൧൭൪	൧൪൨
പറവൂർ	൧൧൦	൧൦൮

ഡിമാൻഡ് നമ്പർ ൮. രജിസ്ത്രേഷൻ.

ഗ്രാന്റുകൾക്കുള്ള അഭ്യർത്ഥനകൾ (തുടർച്ച).

ഡിമാൻഡ് നമ്പർ ൮. രജിസ്ത്രേഷൻ (തുടർച്ച).

അദ്ധ്യക്ഷൻ: ൮-ാംനമ്പർ ഡിമാൻഡിനു (രജിസ്ത്രേഷൻ) ഇനി ൧൦ മിനിട്ടുകൂടിയുണ്ട്.

മി. കെ. ജാജ് (ഗവമ്മെന്റു ചീഫ്സെക്രട്ടറി): ഇന്നലെ വൈകുന്നേരം സഭ പിരിഞ്ഞപ്പോൾ എന്റെ പ്രസംഗം മിക്കവാറും ഞാൻ അവസാനിപ്പിച്ചിരുന്നു. അവസാനമായി, എനിക്കു ഒരു സംഗതിമാത്രമെ ഇന്നു സഭമുമ്പിൽ പ്രസ്താവിക്കാനുള്ളു. അതായതു്, രജിസ്ത്രേഷൻഡിപ്പാർട്ടുമെന്റിനു എതിരായി പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപവാദങ്ങൾ ഒക്കെയും രജിസ്ത്രേഷൻ ഡയറക്ടർക്കു അയച്ചുകൊടുക്കുന്നതുകൂടാതെ, ആ ഡിപ്പാർട്ടുമെന്റിലെ കൈക്കൂലി മുതലായതിനെ നിശ്ശേഷം ഉന്മൂലനംചെയ്യുന്നതിനു അഭിലഷണീയമായും പ്രയോജ്യമായും ഉള്ള നടപടി നടത്തുന്നതിനു അദ്ദേഹത്തോടു ആവശ്യപ്പെടുന്നതും ആകുന്നു. പ്രസ്തുത സംഗതിയിൽ ഇതുവരെ എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടെന്നും ഇനി എന്തെല്ലാം ചെയ്യാൻപോകുന്നു എന്നും റിപ്പോർട്ടു ചെയ്യുന്നതിനും അദ്ദേഹത്തോടു ആവശ്യപ്പെടുന്നതാണ്. ഗവമ്മെന്റിന്റെ ഈ വാഗ്ദാനത്തെ അടിസ്ഥാനമാക്കി മെംബർ ഉപക്ഷേപത്തെ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): തന്നിട്ടുള്ള സമാധാനങ്ങളുടെ ആകപ്പാടെയുള്ള സ്വഭാവവും ഉദ്യോഗസ്ഥകക്ഷിയിൽനിന്നും സിദ്ധമായിട്ടുള്ള സ്റ്റേറ്റുമെന്റുകളുംകൊണ്ടു, പ്രസ്തുത പരാതികളിന്മേൽ ഗവമ്മെന്റു കഴിവുള്ളതൊക്കെയും ചെയ്തിട്ടുണ്ടെന്നോ അഥവാ തൃപ്തികരമായി ചെയ്തിട്ടുണ്ടെന്നോ എനിക്കു ബോദ്ധ്യമാകുന്നില്ല.

മി. കണ്ണാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): മെംബറിനു ഇപ്പോൾ സംസാരിക്കാൻ അവകാശമില്ല. മിസ്റ്റർ ജാജ് അദ്ദേഹത്തിന്റെ രണ്ടാമത്തെ മറുപടി പറഞ്ഞുകഴിഞ്ഞു. മെംബർ അദ്ദേഹത്തിന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നോ ഇല്ലയോ എന്നുമാത്രമെ അദ്ദേഹത്തിനു പറയുവാനുള്ളു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): മോഷൻ വോട്ടിനു ഇടണമെന്നു ഞാൻ നിർബ്ബന്ധിക്കുന്നു.

മോഷൻ വോട്ടിനു ഇട്ടതിൽ തള്ളിപ്പോയി.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): മോഷൻ പോളിനു ഇടണം.

പോളിന്റെ ഫലം താഴെപ്പറയുന്നതാണ്:—

അനുകൂലിച്ചവർ ൧൦.

൧.	മിസ്റ്റർ പി. ഹബീബ് മഹമ്മദ്.	൬.	മിസ്റ്റർ തയ്യിൽകുഞ്ഞിരാമൻ.
൨.	,, എ. കെ. ജാൺ.	൭.	,, എസ്. പിറവിപ്പെരുമാൾപിള്ള.
൩.	,, കെ. ഐ. ജോസഫ്.	൮.	,, ജി. രാമൻമേനോൻ.
൪.	,, സി. കേരളവർമ്മകോയിത്തമ്പുരാൻ.	൯.	,, കരങ്ങിപ്പള്ളി ആർ. രാമൻപിള്ള.
൫.	,, സി. പി. കൊച്ചുകുഞ്ഞുപിള്ള.	൧൦.	,, എം. സുബ്രഹ്മണ്യപിള്ള.

പ്രതികൂലിച്ചവർ ൧൮.

൧.	മിസ്റ്റർ ഐ. സി. ചാക്കോ.	൧൦.	മിസ്റ്റർ ഡബ്ലിയു. എച്ച്. പിറ്റ്.
൨.	,, പാൾ ഡായസ്.	൧൧.	മിസ്സിസ്സ്. എം. ഇ. ഗാൻ ലൂക്കോസ്.
൩.	,, ആർ. ധനകോടിപ്പിള്ള.	൧൨.	മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ.
൪.	,, കെ. ജോർജ്.	൧൩.	,, കെ. എൻ. രാമസുബ്ബയ്യർ.
൫.	,, പി. എൻ. കൃഷ്ണപിള്ള.	൧൪.	,, റാവുബഹദൂർ സി. വി. രങ്കസ്വാമി അയ്യങ്കാർ.
൬.	,, ആർ. കൃഷ്ണപിള്ള.	൧൫.	,, ജെ. സ്റ്റീഫൻസൺ.
൭.	,, ഡാക്ടർ എൻ. കുഞ്ഞൻപിള്ള.	൧൬.	,, വി. സുബ്ബയ്യർ.
൮.	,, എൽ. എ. ലാമ്പാർഡ്.	൧൭.	,, എ. ജെ. വാൻറോസ്സ്.
൯.	,, കല്ലറ പരമേശ്വരൻപിള്ള.	൧൮.	,, എ. തേവപ്പൻ.

നിഷ്പക്ഷകന്മാർ

൧.	മിസ്റ്റർ എൻ. കുമാരൻ.	൭.	മിസ്റ്റർ എം. എൻ. പിള്ള.
൨.	,, ടി. കുമാരപിള്ള.	൮.	,, ആർ. പത്മനാഭൻ.
൩.	,, കെ. മാധവൻപിള്ള.	൯.	,, കെ. ശിവരാമപ്പണിക്കർ.
൪.	,, ടി. ജെ. മാത്യു.	൧൦.	,, എൻ. സുബ്രഹ്മണ്യഅയ്യർ.
൫.	,, ജി. നാരായണപിള്ള.	൧൧.	,, കെ. കെ. തോമസ്സ്.
൬.	,, കെ. പി. നീലകണ്ഠപ്പിള്ള.		

ഉപക്ഷേപം തള്ളപ്പെട്ടുപോയി.

അദ്ധ്യക്ഷൻ: ൮-ാംനമ്പർ ഡിമാൻഡ് (രജിസ്ട്രേഷൻ) വകയ്ക്കുള്ള ൨.൭൭ ലക്ഷം രൂപായിൽ ൧൦൦ രൂപ നീക്കി ബാക്കിയുള്ളതു അനുവദിച്ചിരിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

ഗ്രാൻറു അനുവദിച്ചു.

ഡിമാൻഡ് നമ്പർ ൯. പൊതുഭരണം രൂപ ൨.൦൧ ലക്ഷം.

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ്സെക്രട്ടറി): ൯-ാംനമ്പർ ഡിമാൻഡ്, അതായതു സാമാന്യഭരണം. ഹജൂർകച്ചേരിവകയ്ക്കു ൨.൦൧ ലക്ഷത്തിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപം—൨൫൭.

താഴെപ്പറയുന്ന ഉപക്ഷേപം മെമ്പർ ഹാജരില്ലാതിരുന്നതുകൊണ്ടു ഹാജരാക്കിയിട്ടില്ലാത്തതായി ഗണിക്കപ്പെട്ടു.

മി. പി. കെ. നാരായണപിള്ള:

൨൫൭. എസ്റ്റാബ്ലിഷ്മെൻറുവകയ്ക്കുള്ള ൫൧൩൧൯ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നു.

ഉപക്ഷേപം—൨൫൮.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു:—

൨൫൮. മോട്ടോർകാറുകളുടെ സംരക്ഷണത്തിനുള്ള ൪൫൦൦ രൂപയിൽനിന്നും ൨൦൦൦ രൂപ കുറയ്ക്കണമെന്നു.

രാജകീയാലയംവക മോട്ടോർകാറുകളോടൊന്നിച്ചു ദിവാൻജിയുടെ കാറുകളുംകൂടി സംരക്ഷിക്കുന്നതായാൽ ദിവാൻജിയുടെ കാറോ കാറുകളോ സംരക്ഷിക്കുന്നതിനുള്ള ചിലവു കുറയ്ക്കാമെന്നു സൂചിപ്പിക്കുന്നതിനാണ് ഞാൻ ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിക്കുന്നത്. സർക്കാർ കാര്യങ്ങളിൽ എന്നപോലെ രാജാവിന്റെയും രാജകുടുംബത്തിന്റെയും ഗാർഹികകാര്യങ്ങളിലും ദിവാൻജി വിശ്വസ്തനായിരിക്കുന്നതുകൊണ്ടു രാജകീയാലയത്തിൽ അദ്ദേഹത്തിനു നിയന്ത്രണം ഉണ്ടെന്നുള്ളതു നിസ്സംശയമാണല്ലോ. ദിവാൻജിക്കു അദ്ദേഹത്തിന്റെ ജോലികൾ സുകരമായി നടത്തത്തക്കവണ്ണം അദ്ദേഹത്തിനു ഒന്നോ അധികമോ കാറുകൾ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യവും ആവശ്യകവുംകൂടിയാണെന്നു എനിക്കു നല്ല ബോദ്ധ്യമുണ്ട്. ഞാൻ നിർദ്ദേശിക്കുന്ന വ്യവസ്ഥകൊണ്ടു ഇതിനു ഒരു പ്രതിബന്ധവും ഉണ്ടാകുന്നതല്ല. ഞാൻ പറയുന്നതു ഇത്രമാത്രമേയുള്ളു. അതായതു, രാജകീയാലയത്തിലെ മോട്ടോർകാറുകളും ദിവാൻജിയുടെ മോട്ടോർകാറും അഥവാ കാറുകളും ഒന്നായി സംരക്ഷിക്കാമെന്നാകുന്നു. ഇപ്രകാരം ചെയ്താൽ ഗവർമ്മെൻറുവക മോട്ടോറുകൾ സംരക്ഷിക്കുന്നതിനുള്ള ചിലവു കുറയ്ക്കുന്നതിനും പൂർവാധികം കാര്യക്ഷമമായി സംഗതികൾ നിർവഹിക്കാനും കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. ഞാൻ പറഞ്ഞിട്ടുള്ള സംഖ്യ മുഴുവനും തുല്യമായി കുറയ്ക്കണമെന്നു എനിക്കു നിർബന്ധമില്ല. അതു അത്ര അനിവാര്യമായിരിക്കുന്നില്ല. രാജകീയാലയത്തിലുള്ള മോട്ടോർകാറുകളും ദിവാൻജിയുടെ കാറും (അഥവാ കാറുകളും) കൂടി ഒന്നായി സൂക്ഷിക്കുന്നതിനു ഏർപ്പാടുചെയ്തു ചിലവു കുറയ്ക്കുന്നതിനു ഗവർമ്മെൻറു ശ്രമിക്കണമെന്നാണ് എന്റെ വാദമുഖം.

മി. കെ. ജാർജ് (ഗവണ്മെൻറചീഫ്സെക്രട്ടറി): മിഷൻജിയുടെ കാറുകൾ രാജകീയ ലായത്തിൽ വച്ചുകൊണ്ട ചെലവു കുറയ്ക്കുവാൻ കഴിയുമെന്ന മെമ്പർ വിചാരിക്കുന്നതു എങ്ങിനെയാണെന്ന എനിക്ക മനസ്സിലാകുന്നില്ല. ഏതുവിധത്തിൽ ചിലവുകുറയുമെന്ന അദ്ദേഹം വിവരപ്പെടുത്തിപ്പറഞ്ഞിട്ടില്ല. ഓരോ കാറിനും അതിൻെറ ജീവനക്കാർ വേണ്ടതായുണ്ട്. അതായതു ഒരു ഡ്രൈവറും ഒരു ക്ലീനറും വേണം. കാറു രാജകീയ ലായത്തിൽ കൊണ്ടുചെന്നുവച്ചാലും ഹെഡ്ക്വാർട്ടേഴ്സിൻെറ സംരക്ഷണത്തിൽ വച്ചാലും ഈ ജോലിക്കാർ ആവശ്യമാണ്. ഒരു കാറിൻെറ ചിലവു അതിനെ ഉപയോഗപ്പെടുത്തുന്നതു അനുസരിച്ചിരിക്കും. അതു ഡ്രൈവർ ഉപയോഗിക്കുന്ന ആളുടെ മേൽനോട്ടത്തിലല്ലാതെ വേറൊരു ഏജൻസിയുടെ നിയന്ത്രണത്തിൽ വച്ചുകൊണ്ട ചെലവു എങ്ങിനെ കുറയുമെന്ന എനിക്ക മനസ്സിലാകുന്നില്ല. മെമ്പറിൻെറ നിർദ്ദേശങ്ങൾ സൂക്ഷ്മമായി എന്താണെന്ന എനിക്ക ഗ്രഹിക്കാൻ അശക്യമായിരിക്കുന്നു കൂടാതെയും ഈ ഒരു ആക്ഷേപവും ഉണ്ട.

മി. വി. സബ്ബയ്യർ (നിയമിക്കപ്പെട്ടമെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ): ഈ വ്യവസ്ഥ മിഷൻജിക്ക അസൗകര്യപ്രദമാകുന്നതല്ലയോ?

മി. കെ. ജാർജ് (ഗവണ്മെൻറചീഫ്സെക്രട്ടറി): അതുതന്നെയാണ് ഞാൻ പറയാൻപോയത്. കാറുകൾ മിഷൻജിക്ക ആവശ്യപ്പെടുമ്പോൾ എല്ലാം ഉപയോഗപ്പെടേണ്ടവയാണല്ലോ. അതല്ലാതെ, ആവശ്യപ്പെടുമ്പോൾ മുന്നാഴികമുമ്പെ നിന്നും ആളയച്ചു വരുത്തേണ്ടതല്ല. ഇതുകൂടാതെ വേറൊരു സംഗതികൂടി ഈ സഭയിൽനിന്നും ആലോചിക്കേണ്ടതാണ്. അതായതു കാറുകളും അവയെ സംബന്ധിച്ച ചിലവുകളും രാജകീയ ലായം വക ചിലവായിത്തീരുമ്പോൾ അതു ഈ സഭയ്ക്കു അധികാരമില്ലാത്ത ഒരു ചിലവായിത്തീരുന്നു എന്നുള്ളതാണ്. കാറുകളെ സംബന്ധിച്ച ചിലവുകൾ പെട്രോളും അററകുററം തീർക്കലും ആകുന്നു. പെട്രോൾ, ടയർ മുതലായവയെ സംബന്ധിച്ചടത്തോളം, ആ വക സാമാനങ്ങൾ വിൽക്കുന്ന കമ്പനിക്കാരോട ടെൻഡർ വിളിക്കയോ വിലവിവരം ആവശ്യപ്പെടുകയോ ചെയ്തശേഷം വേണ്ട ഏർപ്പാടുകൾ ചെയ്യുകയാകുന്നു. ആ സംഗതിക്ക ഈ വക സാമാനങ്ങൾ വിലയ്ക്കുവാങ്ങുന്നവിഷയത്തിൽ വേണ്ടമിതവ്യയം ചെയ്യുന്നുണ്ട, ഞാൻ ആദ്യമായി പറഞ്ഞതുപോലെ ജീവനക്കാരെ കുറക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ ഓരോ കാറിനും കുറഞ്ഞപക്ഷം ഇതുജോലിക്കാർ വേണമെന്നുള്ളതു ഒരു അത്യാവശ്യമാണ്. ഈ കാരണത്താൽ ഈ വക കാറുകൾ രാജകീയലായത്തിൽ കൊണ്ടുചെന്നിരുത്തുകയും രാജകീയലായം വക ബഡ്ജററിൽകൂടി ഇവയുടെ ചിലവുകൾ കൊള്ളിക്കയും ചെയ്യുന്നതുകൊണ്ട എന്തുലാഭം ആണ് ഉണ്ടാകുന്നതു എന്ന എനിക്ക മനസ്സിലാകുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): രണ്ടു എസ്റ്റാബ്ലിഷ്മെൻറുകളും ഒന്നാക്കുന്നതിൽവച്ചു വിദഗ്ദ്ധജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ നിവൃത്തിയില്ലയോ

മി. കെ. ജാർജ് (ഗവണ്മെൻറചീഫ്സെക്രട്ടറി): വിദഗ്ദ്ധജീവനക്കാർ ഇല്ലാ. ഒരു ഡ്രൈവറും ഒരു ക്ലീനറും മാത്രം ഓരോകാറിനുമുണ്ട.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): അററകുററം തീർക്കുന്നതിനു വിദഗ്ദ്ധജീവനക്കാരും ക്ലീനർമാരും ഭൃത്യന്മാരും ആവശ്യമാണ്.

മി. കെ. ജാർജ് (ഗവണ്മെൻറചീഫ്സെക്രട്ടറി): ഒരു ഡ്രൈവറും ഒരു ക്ലീനറുമേയുള്ളു. അററകുററങ്ങൾ ഉണ്ടെങ്കിൽ അതു ഗവണ്മെൻറ വർക്ക്ഷാപ്പു മുഖാന്തരം നടത്തും. പ്രൈവററു ഏജൻസി മുഖേന ഒരു അററകുററവും നടത്തുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ സംഗതി ഗവണ്മെൻറിൽനിന്നും ആലോചിക്കണമെന്ന സൂചിപ്പിക്കണമെന്നേ എനിക്ക ആഗ്രഹം ഉണ്ടായിരുന്നുള്ളു. ആ സ്ഥിതിക്ക ഈ ഉപക്ഷേപത്തെ നിർബന്ധപൂർവ്വം തുടരണമെന്ന ഞാൻ വിചാരിക്കുന്നില്ല. അതിനെ പിൻവലിക്കുന്നതിനു അനുവാദത്തിനായി അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നു എന്ന ഞാൻ വിചാരിച്ചുകൊള്ളട്ടെയോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ലാ.

൧൯൯-ം ൨൦൦-ം

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ൧൯൯. ഹെഡ്ക്വാർട്ടേഴ്സ് ചാർജ്ജ്, ൨൦൦൦ രൂപയിൽനിന്നും ൪൦൦൦ രൂപാ കുറയ്ക്കണമെന്നു.

൨൦൦. ഹെഡ്ക്വാർട്ടേഴ്സ് ചാർജ്ജ്, ൨൧൨ രൂപയിൽനിന്നും ൭൫൦ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൨൦൧.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൨൦൧. ഹെഡ്ക്വാർട്ടേഴ്സിൽ വച്ചിട്ടുള്ള ൨൦൦,൨൦൦ രൂപയിൽനിന്നും ഒരു രൂപാകുറയ്ക്കണമെന്നു.

ജനങ്ങളുടെ അത്യാവശ്യകങ്ങളായ സംഗതികളെപ്പററി മേലാധികാരികൾ ശ്രദ്ധിക്കാത്തനിമിത്തം ജനങ്ങൾക്കുണ്ടായിട്ടുള്ള സങ്കടങ്ങളെ പ്രകാശിപ്പിക്കാൻവേണ്ടി ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നതാകുന്നു. അതു ഏതൊരവസരത്തിൽ തന്നെയും, വിശിഷ്യാ ഒരു ബഡ്ജററ് സെഷ്യനിൽ, ഗവണ്മെൻറിൻെറ ശ്രദ്ധക്ക വിഷയീഭവിക്കേണ്ടതായ ഏററവും പ്രാധാന്യമുള്ള സംഗതിയാണെന്ന ഞാൻ വിചാരിക്കുന്നു. ഇക്കാര്യത്തിൽ എനിക്കു ഗാഢമായ ഔത്സുക്യമുണ്ട്, എന്നുതന്നെയല്ലാ എൻെറ ജീവിതത്തിൻെറ പകുതികാലത്തിലും എനിക്ക സിദ്ധമായിട്ടുള്ള എൻെറ അനുഭവത്തെ ഞാൻ സഭയുടെയും അദ്ധ്യക്ഷൻ അവർകളുടേയും മുമ്പിൽ സവിനയം സമർപ്പിക്കയും ചെയ്തുകൊള്ളുന്നു. എൻെറ നിർദ്ദേശങ്ങളേയും ഞാൻ ചൂണ്ടിക്കാണിക്കുന്ന വസ്തുതകളേയും സാവധാനമായും ശ്രദ്ധയോടും കേൾക്കണമെന്ന ഞാൻ ആദ്യമായി അപേക്ഷിച്ചുകൊള്ളുന്നു.

ജനങ്ങളുടെ പ്രഥമവും പ്രധാനവും ആയ ആവശ്യം സകല പബ്ലിക് കാര്യത്തിലും നീതി ലഭിക്കണം എന്നുള്ളതാകുന്നു. നീതി എന്ന വാക്കിനെ അതിന്റെ സാങ്കേതികമോ നൈയ്യായികമോ ആയ അർത്ഥത്തിൽ മാത്രമല്ലാ ഞാൻ ഉപയോഗിക്കുന്നതു. നീതി എന്ന പദത്തിന്റെ സാങ്കേതികവും നൈയ്യായികവും ആയ അർത്ഥം അതിന്റെ വിസ്തൃതമായ അർത്ഥത്തിന്റെ ഒരു അംശം മാത്രമായിരിക്കുന്നതേയുള്ളു. ശ്രേഷ്ഠനീതിയിലുൾപ്പെട്ട എല്ലാതരം സമുദായവും നീതിലഭിക്കണമെന്നു ആഗ്രഹിക്കുന്നു. ഈ ആഗ്രഹം അറിഞ്ഞോ അറിയാതെയോ അവരിൽ വർത്തിക്കുന്നുണ്ടു. ഈ ആഗ്രഹം മനുഷ്യജീവിതത്തിന്റെ ബാഹ്യോല്പന്നങ്ങളിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായിട്ടാണു ഗവൎമ്മെന്റും മററു സാമുദായികഘടനകളും ഉൽഭവമാകുന്നതു. പ്രാഥമികമായ അപരിഷ്കൃതസ്ഥിതിയിൽനിന്നും സ്വല്പമെങ്കിലും പുരോഗതിയെ പ്രാപിച്ചിട്ടുള്ള എല്ലാതരം സമുദായത്തോടും സംബന്ധിച്ചിടത്തോളവും ആ സമുദായത്താൽ മനഃപൂർവമായോ അമനഃപൂർവമായോ സംരക്ഷിക്കപ്പെടുന്ന എല്ലാററിലുംവ്യാപ്തിയും വൈപുല്യവും ആയ ഘടന ഗവൎമ്മെന്റാകുന്നു.

തിരുവിതാംകൂറിലെ സ്ഥിതി ഈ പ്രകാരമാണെന്നുള്ളതിൽ യാതൊരു സംശയവും ഇല്ല. എക്സിക്യൂട്ടീവ് ഗവൎമ്മെന്റ് എന്നു പറയുന്ന ഘടനയെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവും ന്യായവും എക്സിക്യൂട്ടീവ് ഗവൎമ്മെന്റിന്റെ ചാൎജ്ജ്‌വഹിക്കുന്ന ആളുകളും പൊതുജനപ്രതിനിധികളും എല്ലാസമയത്തും മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു. ധർമ്മത്തെ നോക്കുന്നതായാൽ എക്സിക്യൂട്ടീവ് ഗവൎമ്മെന്റിനെ നിയന്ത്രിക്കുന്നവർ ജനപ്രതിനിധികൾ തന്നെ ആയിരിക്കണം. നീതി എന്നതു അതിന്റെ വിസ്തൃതമായ അർത്ഥത്തിൽ സാമാന്യം ഉത്തമരീതിയിലും ദീർഘകാലത്തേക്കും ലബ്ധമാകണമെങ്കിൽ എക്സിക്യൂട്ടീവ് ഗവൎമ്മെന്റു ശരിയായ ജനപ്രതിനിധികളുടെ നിയന്ത്രണത്തിൽ ഇരിക്കേണ്ടതു ആവശ്യമാണ്. കഴിഞ്ഞ കുറെക്കാലമായി അതായതു ഇരുപത്തിഅഞ്ചു വർഷത്തിൽ കുറയാത്ത കാലമായി ജനങ്ങൾ ഇതിനുവേണ്ടി മനഃപൂർവ്വമായും അപ്രമത്തമായും നിലവിളിക്കുന്നുണ്ടു. എന്നാൽ ഈ നിലവിളി വ്യക്തമായും ഉറച്ച സ്വരത്തിലും കേട്ടുതുടങ്ങീട്ട ഇപ്പോൾ ചില കൊല്ലങ്ങളാവുകയേ ഉള്ളു. ഏകദേശം നൂറു കൊല്ലങ്ങൾക്കുമുമ്പുതന്നെയും തിരുവിതാംകൂർ ജനങ്ങൾ രാജ്യത്തിലെ പ്രധാന മന്ത്രി ഒരു തിരുവിതാംകൂർകാരനായിരിക്കണമെന്നുള്ള ഒരു പ്രക്ഷോഭം വിജയപ്രദമായി നടത്തിയിട്ടുണ്ടു. തിരുവിതാംകോട്ടും കേരളം ഒട്ടുക്കും പൂർവകാലത്തു രാജ്യഭരണം ജനപ്രതിനിധികളുടെ നിയന്ത്രണത്തിൽതന്നെ ഇരുന്നിരുന്നു. പക്ഷെ അക്കാലങ്ങളിൽ രാജ്യങ്ങൾ ഇപ്പോഴത്തേക്കാൾ വിസ്തീർണ്ണം കുറഞ്ഞവയായിരുന്നു. അക്കാലത്തു അവർക്കു വേണ്ട കരബലം ഉണ്ടായിരുന്നു എന്നുമാത്രമല്ലാ ആവശ്യമുള്ളപ്പോൾ അവർ അതിനെ ഉപയോഗിക്കയുംചെയ്തിരുന്നു. അപ്രകാരം അവർ കൂടക്കൂടെ ഉപയോഗിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ ഇപ്പോൾ മാറിയിരിക്കുന്നു. അതനുസരിച്ചു നമ്മുടെ പ്രക്ഷോഭണസമ്പ്രദായവും മാറിയിട്ടുണ്ടു.

എന്നാൽ ജനങ്ങളുടെ ഈ മുറവിളിക്കു സാമാന്യം തൃപ്തികരമായിട്ടല്ലെങ്കിലും ഒരു മറുപടി അധികാരസ്ഥന്മാരിൽനിന്നും ഇതുവരെ കിട്ടിയിട്ടില്ലാ. സാമാന്യജനങ്ങളുടെ ജീവിതം ഇപ്പോഴത്തെ അവസ്ഥക്കു മിക്കവാറും അസഹ്യമായിത്തീർന്നിരിക്കുന്നു.

നമ്മുടെ ഗവൎമ്മെന്റു യന്ത്രം അതിന്റെ രൂപത്തിലും അതിന്റെ വ്യയത്തിലും ൨൦-ാം നൂററാണ്ടിൽ യൂറോപ്പിലുണ്ടായിരുന്ന ഗവൎമ്മെന്റു യന്ത്രംപോലെയാണ ഇന്നിരിക്കുന്നതു. എന്നാൽ അതിന്റെ മനോവൃത്തിയിലും അതിന്റെ പ്രവർത്തനത്തിലും അതു യൂറോപ്യൻ ചരിത്രത്തിൽ ൧൮-ാം നൂററാണ്ടിലേയോ ൧൯-ാം നൂററാണ്ടിലേയോ പോലെയിരിക്കുന്നുണ്ടു. ഈ അവസ്ഥ ആപല്ക്കരമാകുന്നു. നമ്മുടെ സകല ജീവിതപദ്ധതികളിലും ദോഷഫലങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ജനങ്ങളുടെ അത്യാവശ്യമായ സംഗതികളെ വിഗണിച്ചുവരുന്നു. എക്സിക്യൂട്ടീവ് ഗവൎമ്മെന്റിനും ഉദ്യോഗസ്ഥന്മാർക്കും ജനങ്ങളുടെ ആവശ്യങ്ങൾ അറിയുന്നതിനുള്ള കണ്ണോ ചെവിയോ ഹൃദയമോ ഇല്ലാ. എന്നാൽ ഇപ്പോഴത്തെ സ്ഥിതികൾ നോക്കുമ്പോൾ ഞാൻ അവരെ കുററം പറയാൻ ഒരുങ്ങുന്നില്ല. സന്യാസിയുംജിതേന്ദ്രിയനും ആയിരിക്കുന്ന ഒരാൾക്കല്ലാതെ ഇപ്പോഴത്തെ അവസ്ഥയിൽ ഇതിൽകൂടുതൽ ചെയ്യാൻ സാധിക്കുന്നതല്ലാ. ഈ കാരണത്താൽ രാജ്യത്തിന്റെയും ഉദ്യോഗസ്ഥന്മാരുടേയും ഗുണത്തെക്കരുതി ഭരണസമ്പ്രദായത്തിൽ ഒരു മാററം ഉണ്ടാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ജനങ്ങളുടെ വാസ്തവമായും അത്യാവശ്യമായും ഉള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥന്മാർക്കു ചെവിയോ ഹൃദയമോ ഇല്ലെന്നു കാണിപ്പാനായി ഞാൻ ഒന്നു രണ്ടു ഉദാഹരണങ്ങൾ എടുത്തുപറയാം. കഴിഞ്ഞ കൊല്ലങ്ങളിലെ വിശിഷ്യ ൧൧൦൮-ലെ ബഡ്ജററു ഇനങ്ങളെ നോക്കുന്നതായാൽ ഈ വസ്തുത സുവ്യക്തമാകുന്നതാണ്. തിരുവനന്തപുരം നഗരം ആദിയായി ചില സ്ഥലങ്ങൾ പ്രത്യേകമായി തിരഞ്ഞെടുത്തു അവയ്ക്കുവേണ്ടി ഒട്ടധികം പണങ്ങൾ ചെലവുചെയ്യാൻ ബഡ്ജററിൽ വ്യവസ്ഥചെയ്തിട്ടുണ്ടു. എന്നാൽ ഉത്തരതിരുവിതാംകൂറിലെയും മദ്ധ്യതിരുവിതാംകൂറിലെയും ജനങ്ങളുടെ അത്യാവശ്യകാര്യങ്ങളെ അവഗണിച്ചിരിക്കുന്നു. കട്ടിത്തോട്ടുവിൽനിന്നും കൃഷ്ണപുരത്തേക്കുള്ള റോഡ് പുതുപ്പള്ളിവരെ നീട്ടണമെന്നു ഞാൻ സഭയിൽ ഒരു പ്രശ്നം ചോദിച്ചതിനു എനിക്കു തന്ന മറുപടി താഴെപ്പറയുന്നതാണ്. അതായതു, പ്രസ്തുത റോഡിൽനിന്നും ഒരുമയിൽ അകലെയായും അതിൽനിന്നും ശരാശരി സമാന്തരമായും വേറൊരു റോഡ് വെട്ടിവരുന്നതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ടുചെയ്തിട്ടുണ്ടെന്നും ആസ്ഥിതിക്കു കൃഷ്ണപുരത്തുനിന്നും പുതുപ്പള്ളിക്കു ഒരു പാത ഇപ്പോൾതന്നെ ഉള്ളതുകൊണ്ടു ഈ റോഡ് ആവശ്യമില്ലെന്നും ആകുന്നു. ഇതിനെപ്പററി ചുരുക്കിപ്പറയാമെല്ലോ. ഒരു നല്ലമഴയുണ്ടായതിനുശേഷം ഈ പാതയെ ദിവാൻജിയും ചീഫ്സെക്രട്ടറിയും ചീഫ് എഞ്ചിനീയരും നേരിട്ടുചെന്നു പരിശോധിക്കുന്നതിനു മഹാറാണി റീജന്റു തിരുമനസ്സുകൊണ്ടു കല്പനകൊടുത്താൽ മതിയെന്നു മാത്രമെ എനിക്കു അപേക്ഷയുള്ളു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ ഡിപ്യൂട്ടിപ്രസിഡന്റ): നാം ഇപ്പോൾ സാമാന്യഭരണത്തെപ്പററി പ്രതിവാദിക്കയാകുന്നു. അതല്ലാതെ പൊതുമരാമത്തുവകുപ്പിനെപ്പററിയല്ല: പൊതുമരാമത്തുവക ബഡ്ജററിനെപ്പററി വാദപ്രതിവാദങ്ങൾ നടന്നപ്പോൾ ഓരോരോ പ്രത്യേക റോഡുകളെപ്പററി പ്രതിവാദിക്കുകയുണ്ടായി.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഗവൎമ്മെന്റിനു ജനങ്ങളുടെ അത്യാവശ്യകാര്യങ്ങളിൽപ്പോലും അവരോടു അനുഭാവമില്ലെന്നുള്ളതിലേക്കു ഒരു ഉദാഹരണമായിട്ടാണ് ഈ സംഗതി ചൂണ്ടി

പ്പറഞ്ഞു, ഒരു പാത അവിടെ ഉണ്ടെങ്കിൽതന്നെയും മഴകഴിഞ്ഞാൽ തോടുകളിലും ചാലുകളിലും ഒഴുകുന്ന ജലപ്രവാഹംനിമിത്തം അതു ഇടിഞ്ഞുകിടന്നും കുഴിയുംകൊണ്ടു നിറഞ്ഞിരിക്കുകയേയുള്ളു. ഈ പാതയിൽ കാൽനടയ്ക്കുള്ള പാലംപോലും ഇല്ലാ. ഇപ്രകാരമുള്ള പാതകൾ എല്ലാടത്തിലും ഉണ്ട്. വിശേഷിച്ചും എന്റെ നിയോജകമണ്ഡലമായ കാർത്തികപ്പള്ളി മാവേലിക്കര എന്നീ താലൂക്കുകളിലും അതിനുംപുറമെ കരുനാഗപ്പള്ളിയിലും ധാരാളം ഉണ്ട്. ഈ സംഗതികൾ ഒന്നും അധികാരസ്ഥന്മാരുടെ ശ്രദ്ധക്കു വിഷയമാകുന്നില്ല. അതിനുള്ള കാരണം ജനപ്രതിനിധികളോടു അവർക്കു ഉത്തരവാദിത്വമില്ലാത്തതാകുന്നു. നാട്ടുംപുറങ്ങളിലുള്ള ഞങ്ങൾ റോഡുകളും പാതകളും പാലങ്ങളും കലിങ്കുകളും ആവശ്യപ്പെടുന്നതു ഞങ്ങളുടെ സുഖസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനല്ല, നേരെമറിച്ചു ഞങ്ങൾക്കു ആവശ്യമുള്ള വള്ളങ്ങളും വൻചുമടുകളായി ചുമക്കുന്ന കാഞ്ചികോലങ്ങളുമായ തൊണ്ട്, മരച്ചീനി മുതലായവയും കയററിക്കൊണ്ടു വന്നും മററും ഉപജീവനമാർഗ്ഗങ്ങൾ നേടുന്നതിനാണ്; ഈ സംഗതികൾ സാധിക്കുന്നതിനു ഒരു മൈലിനകത്തും റോഡുകൾ ആവശ്യമാണല്ലോ. പ്രസ്തുത റോഡിന്റെ കാര്യത്തിൽ റോഡും പാതയും തമ്മിലുള്ള ദൂരം ഒരു മൈലിനുമേലാണെന്നു എനിക്കുതന്നെ അറിയാം. കാർത്തികപ്പള്ളിതാലൂക്കിൽപ്പെട്ട മുതുകുളം, ചിങ്ങോലി, ചെറുതന മുതലായ മററനേകം സ്ഥലങ്ങളിലേയും സ്ഥിതി ഇതുതന്നെയാകുന്നു. ഞാൻ ഇതിനുമുമ്പു ഒരിക്കൽ പറഞ്ഞതുപോലെ മദ്ധ്യതിരുവിതാംകൂറിലെ പല സ്ഥലങ്ങളും തെങ്ങു വ്യാധിനിമിത്തവും കയററിന്റെയും കൊപ്രായുടേയും വില ഇടിവു ഹേതുവായും പല കഷ്ടതകളും അനുഭവിക്കുന്നുണ്ട്. ഈ കഷ്ടതകളെ കുറയ്ക്കുന്നതിനു ഗവണ്മെന്റു അവർക്കായിട്ടു എന്താണ് ചെയ്തിട്ടുള്ളത്. ഇപ്രകാരമുള്ള കഷ്ടതകൾ സംസ്ഥാനത്തിൽ മററു ഭാഗങ്ങളിലും ഉണ്ടെന്നുള്ളതിനു സംശയം ഇല്ലാ. ജനങ്ങളുടെ ഈ ആവശ്യങ്ങളെ നിറവേററുന്നതിനായി എന്റെ അറിവിൽപ്പെട്ടിടത്തോളം ഗവണ്മെന്റു ഒന്നുംതന്നെ ചെയ്തിട്ടില്ല. നേരെമറിച്ചു പ്രതിവർഷം ൨൦ മുതൽ ൨൫ വരെ ലക്ഷം രൂപാ നീക്കിയിരിപ്പുണ്ടാകുന്നതിനെ ചിലവഴിക്കുന്നതിനു അവർക്കു സാദ്ധ്യമാകുന്നുണ്ട്. ജനങ്ങളുടെ നികുതിഭാരത്തെ കുറയ്ക്കുന്നതിനുവേണ്ടി യാതൊന്നുംചെയ്യാതെ ഗവണ്മെന്റിന്റെ ചെലവുകൾ എന്നു ലക്ഷം രൂപയ്ക്കുമേൽ പെട്ടെന്നു വർദ്ധിപ്പിക്കയും ചെയ്തിട്ടുണ്ട്. ടോൾഗേററുകൾ നിറുത്തണമെന്നു ഈ സഭയിൽനിന്നും നിർബന്ധപൂർവ്വം ആവശ്യപ്പെട്ടു. അതിനെപ്പററി ഗവണ്മെന്റു ആലോചിച്ചുവരുന്നു എന്നു മറുപടിയും പറഞ്ഞു. ഈ സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടു ഇപ്പോൾ ഒരു വർഷത്തിനുമേലായി എങ്കിലും ഇതുവരെയും ഒന്നും ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ എല്ലാ സംഗതികളിലും ഇപ്പോൾ എനിക്കു പറയുവാൻ സമയം ഇല്ലാത്ത മററനേക സംഗതികളിലും നിന്നു ജനങ്ങളുടെ ദുരവസ്ഥയെ സംബന്ധിച്ചു ഗവണ്മെന്റു ന്യായമായ യാതൊരു ചുമതലാബോധവും കാണിക്കുന്നില്ലെന്നു പ്രത്യക്ഷമാകുന്നു. ഇതിനെല്ലാമുള്ള ഒരു ഒററ പരിഹാരമാർഗ്ഗം ഉത്തരവാദിത്വമുള്ള ഭരണം ഏർപ്പെടുത്തുന്നതാകുന്നു. അതിനാൽ ജനങ്ങളിൽ ഭൂരിഭാഗം ആളുകളും വിശിഷ്യ ഗ്രാമീണജനങ്ങളും ദീർഘകാലമായി അനുഭവിക്കുന്ന അനീതിയെ ശരിപ്പെടുത്തുന്നതിനും വേണ്ട മററു പ്രവൃത്തികൾ നടത്തുന്നതിനും ആയിട്ടു ജനപ്രതിനിധികളിൽനിന്നും തിരഞ്ഞെടുക്കുന്ന ഒരു മന്ത്രിസഭ നിയമിക്കണമെന്നുള്ള ഞങ്ങളുടെ അപേക്ഷയെ മഹാറാണിറീജന്റു തിരുമനസ്സിലെ തിരുമുമ്പിൽ സമർപ്പിക്കുന്നതിനു അദ്ധ്യക്ഷനവർകളോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഞാൻ മി. രാമൻമേനോന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഓരോ ഡിപ്പാർട്ടുമെന്റിൽനിന്നും ഗവണ്മെന്റുദ്ദേശിക്കുന്നതോ ജനങ്ങൾ പ്രതീക്ഷിക്കുന്നതോ ആയ ഗുണങ്ങൾ ഉണ്ടാകുന്നില്ലെന്നു മാത്രമല്ലാ ജനങ്ങൾക്കു വളരെ സങ്കടങ്ങൾ ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. അതിനു പരിഹാരം ഉണ്ടാകേണ്ടതു കേന്ദ്രസ്ഥാനമായി നിൽക്കുന്ന ഹജൂർക്കച്ചേരിയിൽനിന്നാണ്. എല്ലാ ഡിപ്പാർട്ടുമെന്റിനേയും ഭരിച്ചു നടത്തിക്കുന്നതു ഹജൂർക്കച്ചേരിയാണല്ലോ. എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ആജ്ഞകൾ കൊടുക്കുന്നതും അവരുടെ പ്രവൃത്തികളിന്മേൽ ശാസിക്കേണ്ടവരെ ശാസിക്കുന്നതും പ്രോത്സാഹിപ്പിക്കേണ്ടവരെ പ്രോത്സാഹിപ്പിക്കുന്നതും എല്ലാം ഹജൂർ വകുപ്പാണ്. ജനക്ഷേമത്തെ മുൻനിറുത്തി പ്രവൃത്തിക്കുന്നവരെ പ്രോത്സാഹിപ്പിച്ചു ഉയർന്ന പദത്തിൽ കയററുകയും ജനക്ഷേമത്തിനു വിപരീതമായി പ്രവൃത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ തരംതാഴ്ത്തുകയോ ബഹിഷ്കരിക്കയോ ചെയ്തു കാര്യങ്ങൾ ശരിപ്പെടുത്തുകയും ചെയ്യേണ്ടതു ഹജൂർവകുപ്പാണ്. രാഷ്ട്രീയശരീരത്തിന്റെ ശിരസ്സെന്നപോലെ സ്ഥിതിചെയ്യുന്ന ഹജൂർവകുപ്പു സൂര്യൻ ഗ്രഹങ്ങളെ തന്റെ ആകർഷണപരിധിയിൽ നിറുത്തി അതതിന്റെ പദ്ധതിയിൽക്കൂടി നയിക്കുന്നതുപോലെ മററു ഡിപ്പാർട്ടുമെന്റുകളെ അതതിന്റെ പദ്ധതിയിൽക്കൂടി നയിച്ചുകൊണ്ടിരിക്കണം.

ഇപ്പോൾ എന്റെ മാന്യസ്നേഹിതൻ പ്രസ്താവിച്ചതുപോലെ പബ്ലിക്കുസർവീസിൽ വളരെ അഴിമതികൾ ഉണ്ട്. പ്രധാന ഉദ്യോഗസ്ഥന്മാരിൽ പലരും പ്രായേണ അഴിമതികൾ നിറുത്തുന്നതിൽ അലസന്മാരോ അശക്തന്മാരോ ആയിട്ടാണു കാണപ്പെടുന്നത്. ഇവരെ കൃത്യബോധമുള്ളവരായി നയിപ്പിക്കേണ്ടതു ഹജൂരിൽനിന്നാണ്. ഇപ്പോൾ ഓരോ വകുപ്പുകളിലും നിന്നുണ്ടാകുന്ന ഓരോവിധമായ സങ്കടങ്ങൾക്കും ഹജൂർവകുപ്പുതന്നെയാണ് ഉത്തരവാദി.

എന്നാൽ പബ്ലിക്കുസർവീസിൽ പ്രാതിനിധ്യമില്ലാത്ത വർഗ്ഗങ്ങൾക്കാണ് അധികം സങ്കടമുള്ളത്. (ചിരി) ഹജൂർവകുപ്പുതന്നെ പല വർഗ്ഗങ്ങൾക്കും പ്രാതിനിധ്യമില്ലാതിരിക്കുന്നതു. പിന്നെ മററു വകുപ്പുകളുടെ സ്ഥിതി പറയാനില്ലല്ലോ. എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും മാതൃകയായിരിക്കേണ്ട ഹജൂർവകുപ്പിൽ സിക്രട്ടറിമാരായിട്ടും സൂപ്രണ്ടുമാരായിട്ടും വളരെ ആളുകളുള്ളതിൽ രാജ്യത്തിന്റെ വമ്പിച്ച പല ജനവിഭാഗങ്ങളിൽനിന്നും ആരുംതന്നെ ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): കത്തോലിക്കരുണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): കത്തോലിക്കരില്ലാ. ഈഴവരില്ല, മഹമ്മദീയരില്ലാ. ഇതുപോലെ ഓരോ ഡിപ്പാർട്ടുമെന്റിലുംനോക്കിയാൽ ക്രിസ്ത്യാനികൾ, ഈഴവർ, മുഹമ്മദീയർ മുതലായ വർഗ്ഗങ്ങൾക്കു ഗണ്യമായ യാതൊരു സ്ഥാനവുമില്ലെന്നു കാണാം. ഇപ്പോൾ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽനിന്നും പൊതുജനങ്ങൾക്കു എന്തെങ്കിലും കാര്യം സാധിക്കേണ്ടിവരികയോ ഏതെങ്കിലും സങ്കടത്തിനു

പരിഹാരം നേടേണ്ടതായി വരികയോ ചെയ്യുമ്പോൾ ഓരോ ദേശക്കാരും ജനപ്രതിനിധിസഭകളിലും പബ്ലിക്ക സർവീസിലും അധിക പ്രാതിനിധ്യമുള്ള വർഗ്ഗത്തിൽപ്പെട്ടവരുടെ പേരുകൾ മുമ്പിൽവച്ചു ഹർജികൾ കൊടുത്താലേ സാധിക്കൂ എന്നു ജനസാമാന്യം അനുഭവംകൊണ്ടു ധരിച്ചുകഴിഞ്ഞിരിക്കുന്നു. ഇങ്ങനെ ഭൂരിപക്ഷം ജനങ്ങൾ അടങ്ങുന്ന വർഗ്ഗങ്ങൾക്കു രാജ്യത്തു ഒരു വിലയുമില്ലാതെയാണ് വരുന്നതു. എന്നു ഈ കൌൺസിലിലെ നടപടിതന്നെയും തെളിയിക്കുന്നുണ്ട്. പ്രജാസഭയിലെ നടപടിയും ഇതുപോലെതന്നെ ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങൾ അടങ്ങുന്ന വർഗ്ഗങ്ങളുടെ അഭിപ്രായങ്ങളേയും അവകാശങ്ങളേയും നിരസിച്ചു ഭരണം നടത്തുന്ന നയം ഒരു പരിഷ്കൃത ഗവണ്മെന്റിന്റെ ചിഹ്നം ആണെന്നു ആരെങ്കിലും പറയുമോ. രാജ്യത്തിന്റെ പല ഭാഗങ്ങളിലും സ്കൂളുകളില്ലാ, ആശുപത്രികളില്ലാ, റോഡുകളില്ലാ മററു പല സൌകര്യങ്ങളും ഇല്ല. അവ ഉണ്ടാക്കിത്തരണം എന്നിങ്ങനെ പ്രജാസഭയിലും നിയമസഭയിലും തുടന്നു ജനപ്രതിനിധികൾ വാദിക്കുന്നുണ്ട്. ഗവണ്മെന്റിൽനിന്നു ഓരോ ഡിപ്പാർട്ടുമെന്റുകാരോടും ഇതാവശ്യമാകുന്നോ എന്നു ചോദിക്കാറുണ്ട്. എന്നാൽ ഇതാരുടെ ആവശ്യമാണ്? ആരാണ് ചോദിക്കുന്നതു? ഏതു സമുദായത്തിൽപ്പെട്ട മെമ്പറാണ് ആവശ്യപ്പെട്ടിരിക്കുന്നതു? ഏതു പ്രദേശത്തിലുള്ളവർക്കാണ് ആവശ്യം? എന്നെല്ലാം നല്ലവണ്ണം ആലോചിച്ചാണ് കീഴുദ്യോഗസ്ഥന്മാർ മറുപടി അയക്കുന്നതു എന്നു അനുഭവംകൊണ്ടറിയാം. മേലുദ്യോഗസ്ഥന്മാരുടെ ഓരോ ആഫീസുകളിലും ഇരിക്കുന്നവരും, ഇതെല്ലാം നോക്കുന്നുണ്ടെന്നു അനുഭവം വിളിച്ചുപറയുന്നു. ഒരു ഡിപ്പാർട്ടുമെന്റ അദ്ധ്യക്ഷൻ തീരുമാനിക്കുമെന്നു പറഞ്ഞാൽ സാധാരണ അദ്ദേഹത്തിന്റെ ആഫീസിലെ ക്ലാർക്കോ മാനേജരോ തീരുമാനിക്കുമെന്നായിരിക്കും പലപ്പോഴും അർത്ഥമാക്കേണ്ടതു. ഗവണ്മെന്റിൽനിന്നു തീരുമാനിക്കുമെന്നുപറഞ്ഞാൽ ഹജൂരിലെ ഒരുവകുപ്പിലെ സൂപ്രണ്ടോ സെക്രട്ടറിയോ തീരുമാനിക്കുമെന്നു അർത്ഥമാക്കാനും ചിലപ്പോൾ പാടില്ലായ്കയില്ലാ, ഒരു ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷനോ ദിവാൻതന്നെയോ അതിസമർത്ഥനായിരുന്നാൽതന്നെയും എല്ലാ കടലാസും സ്വയം പരിശോധിച്ചു തീർച്ചചെയ്യാൻ ഒരിക്കലും സാദ്ധ്യമല്ലാ. പലപ്പോഴും കീഴിലുള്ളവരുടെ നോട്ടുകളെ വിശ്വസിക്കേണ്ടിവരും. അവർ ഉൾപ്പെട്ട വർഗ്ഗീയപ്രതിപത്തിയോടെയോ പ്രതികാരചിന്തയോടെയോ പ്രേരിതരായി പ്രവർത്തിച്ചാൽ ഫലം എന്തായിരിക്കും? പല വർഗ്ഗക്കാർ പല പടിയിലുമുണ്ടായിരുന്നാലെ ദോഷകരമായ ഈ കൂട്ടുകെട്ടു തീരുകയുള്ളു. ഓരോ ഡിപ്പാർട്ടുമെന്റിലേയും അടിമുതൽ മുകളിൽ പ്രാതിനിധ്യമില്ലാത്ത വർഗ്ഗങ്ങൾക്കു ദോഷകരവും പ്രാതിനിധ്യം ഉള്ളവർക്കു ഗുണകരവുമായിട്ടാണ് കാണുന്നതു. ജാതിത്തണലിൽ അഴിമതികൾ തഴച്ചുവളരുന്നു.

ഹജൂരിൽനിന്നും ഉദ്യോഗസ്ഥന്മാരുടെ കൂട്ടുകെട്ടുകളേയും ജനമർദ്ദനസമ്പ്രദായങ്ങളേയും മനസ്സിലാക്കി അവയെ അടിച്ചുതകർക്കണം. എല്ലാഡിപ്പാർട്ടുമെന്റിലും ഭൂരിപക്ഷം ജനങ്ങൾ അടങ്ങുന്ന വർഗ്ഗങ്ങളെ അകററിനിർത്തിയാണ് ഭരണംനടക്കുന്നതു. ഇതിന്റെ ഫലമായി രാജ്യത്തിനു വളരെ ദോഷം നേരിട്ടുകൊണ്ടിരിക്കുന്നു. ഈ സമ്പ്രദായം രാജ്യത്തിനു ഒരു ആപൽക്കരമായ ഭാവിയെ ക്ഷണിച്ചുവരുത്തുകയാണ്. ന്യായരഹിതവും രാജ്യക്ഷേമത്തിനു ഹാനികരവുമായ ഈ ഗതിയെ മാററുന്നതിനു ദേശാഭിമാനികളായ എല്ലാ പൌരന്മാരും അത്യുത്സാഹം ചെയ്യേണ്ടതാണ്. രാജ്യത്തിലെ ഭൂരിപക്ഷക്കാരെ അധികാരമണ്ഡലത്തിൽനിന്നും അകററിനിറുത്തി ചവിട്ടിത്താഴ്ത്തി മറിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തിനു അഭിവൃദ്ധി എങ്ങിനെ ഉണ്ടാകും? ഇന്നല്ലെങ്കിൽ നാളെ ഈ ദോഷകരമായ ഭരണഗതി അധഃപതിപ്പിക്കുമെന്നതിനു ലോകത്തിലെ ഓരോ രാജ്യങ്ങളുടെ ചരിത്രങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ടു. ഭൂരിപക്ഷക്കാർക്കു മുന്നണിയിലേക്കു വരാനും അവരുടെ അവകാശങ്ങളെ സ്ഥാപിക്കാനും ഇപ്പോൾ യാതൊരു സൌകര്യവും നൽകിയിട്ടില്ലാ. ഈ സ്ഥിതിതന്നെ തുടന്നുകൊണ്ടുപോവുകയാണെങ്കിൽ ഭാവിയിൽ രാജ്യത്തു പ്രജകളുടെഇടയിൽ വലിയ കലാപങ്ങൾതന്നെ ഉണ്ടാകയുമെന്നുള്ളതിനു സംശയംഇല്ലാ. മുന്നണിയിൽനിൽക്കുന്നവർ പിറകിലുള്ളവരേയുംകൂടി കൈക്കൊണ്ടു പിടിച്ചു സമഭാവനയോടുകൂടി മുന്നോട്ടു കൊണ്ടുവന്നില്ലെങ്കിൽ അതു രാജ്യത്തിനു വലിയ ആപത്തായിട്ടുതീരും, ഈ ആപത്തിൽനിന്നും അവരെ രക്ഷിക്കേണ്ടതു യഥാർത്ഥ ജനപ്രതിനിധികളുടേയും ഗവണ്മെന്റിന്റേയും കടമയാണ്. ആറുലക്ഷത്തിൽ അധികം ജനങ്ങളുടെ പ്രതിനിധികളാണ് ഈ പ്രതിനിധിസഭയിൽ അധികംഉള്ളതു. ഗവണ്മെന്റ അവരുടെ ഹിതത്തിനു യോജിച്ചു ഭൂരിപക്ഷത്തിന്റെ മുമ്പോട്ടുള്ള ഗതിയെ തടയുന്നകാര്യം എത്രയോ കഷ്ടതരമാണ്. രാജ്യത്തിലെ എല്ലാഭാഗങ്ങളിലേക്കും പ്രജകളുടെ എല്ലാ വിഭാഗങ്ങളിലേക്കും ഹജൂരിലെ ശ്രദ്ധ സമഭാവനയോടു പതിയണം. എല്ലാവർഗ്ഗക്കാർക്കും അധികാരമണ്ഡലത്തിൽ പ്രവേശിക്കുവാൻ ചില വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതായ ഒരു ഗവണ്മെന്റ ആർഡർ ദിവാൻ മി. രാഘവയ്യായുടെകാലത്തു പുറപ്പെട്ടിട്ടുണ്ടു. അതു സമസ്തസമുദായങ്ങൾക്കും ആശ്വാസകരമായിരുന്നു. ആ ആർഡറിലെ താല്പര്യംഅനുസരിച്ചുനടക്കുവാൻ എല്ലാ ഡിപ്പാർട്ടുമെന്റുകാരെയും നിഷ്കർഷയായി ചട്ടംകെട്ടണമെന്നുകൂടി പ്രസ്താവിച്ചുകൊണ്ടു ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): മി. രാമൻമേനോന്റെ വിഷയം ഉത്തരവാദിത്വമുള്ള ഗവണ്മെന്റ എന്നതാകുന്നു. ഗവണ്മെന്റ ജനങ്ങളുടെ ആവശ്യങ്ങളെസംബന്ധിച്ചു ശരിയായ ഉത്തരവാദിത്വമുള്ളവരായി പ്രവർത്തിക്കുന്നില്ലെന്നു അദ്ദേഹംപറഞ്ഞു. ബഡ്ജററിന്റെ സാമാന്യ വാദപ്രതിവാദസമയത്തും ഈ സംഗതിയെപ്പററി അദ്ദേഹം പറകയുണ്ടായി. ഗവണ്മെന്റ ജനക്ഷേമത്തെസംബന്ധിച്ചു അനുത്തരവാദിത്വം ഉള്ളവരല്ലെന്നും, എന്നാൽ നാൾക്കുനാൾ അവർ കൂടുതൽ ഉത്തരവാദിത്വം പ്രദർശിപ്പിച്ചുവരുന്നു എന്നും ഞാൻ വേണ്ടവിധം ആ അവസരത്തിൽ തെളിയിച്ചുതന്നിട്ടുണ്ട്. മി. രാമൻമേനോന്റെ വാദമുഖം തെളിയിക്കുന്നതിനായി, ഒരു പ്രത്യേക റോഡുസംബന്ധമായുള്ള ഗവണ്മെന്റിന്റെ പ്രവൃത്തിയെ അദ്ദേഹം എടുത്തുപറകയുണ്ടായി. എന്നാൽ ഒരു ഒറററോഡു മതിയായ കാരണത്താൽ അനുവദിച്ചിട്ടില്ലാ എന്നുള്ളതു വാസ്തവംതന്നെ.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സംഗതിയെ ഒരു ഉദാഹരണമായിട്ടു ഞാൻ പറഞ്ഞിട്ടുള്ളു.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഞാൻ ആ ഉദാഹരണത്തെ മാത്രമല്ലാ മററു ഉദാഹരണങ്ങളേയുംപററി പറയുന്നുണ്ടു. ഒരു ഒറററോഡു മതിയായ കാരണത്താൽ അനുവദിക്കയുണ്ടായില്ലാ. എ

ന്നാൽ എത്രയോ നൂറു റോഡുകൾ ആണ്ടുതോറും പണിതീർക്കാൻ ഗവണ്മെന്റു ഉദ്ദേശിച്ചിട്ടുണ്ടു. കൂടാതെയും ജനക്ഷേമത്തെക്കരുതിയുള്ള ഒട്ടേറെ പദ്ധതികൾ ഗവണ്മെന്റു തന്നെ സ്വയമേ ഉദ്യമിച്ചിട്ടുള്ളതായും പല ഉദാഹരണങ്ങൾ പറയാനുണ്ടു. കെട്ടിടങ്ങൾ പണിക്കുള്ള വസ്തുക്കൾ ചുമക്കുകയും അവയെക്കൂടി റോഡു പണിക്കുള്ള തുകയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതായി കുറെക്കാലങ്ങളായി അനുവർത്തിച്ചുവരുന്ന പ്രത്യേകനയംതന്നെ, ഈ വിഷയത്തിലുള്ള ഗവണ്മെന്റിന്റെ നില എന്താണെന്നു തെളിയിക്കുന്നതിനു ഒരു വിശദമായ ഉദാഹരണമാണ്. രാമൻമേനോൻ കൊണ്ടുവന്നിട്ടുള്ള വേറൊരുവാദം നമ്മുടെ നാട്ടിൽനിന്നും ഉണ്ടാകുന്ന ഉൽപ്പന്നങ്ങളുടെ വില നാൾക്കുനാൾ ഇടിഞ്ഞുവരുന്നു എങ്കിലും അതിനെ ശരിപ്പെടുത്തുന്നതിനു ഗവണ്മെന്റു യാതൊന്നും ചെയ്തില്ല എന്നുള്ളതാണ്. നമ്മുടെ ഉൽപ്പന്നങ്ങളുടെ വിലകൾ പ്രായേണ നമുക്കു ബാഹ്യമായുള്ള ശക്തികളാൽ ആണ് നിയന്ത്രിതമാകുന്നതു എന്നുള്ള വസ്തുത മിസ്റ്റർ രാമൻമേനോനുതന്നെ അറിവുള്ളതാണല്ലോ. ആ സ്ഥിതിക്കു നമ്മുടെ ഉൽപ്പന്നങ്ങളുടെ വിലകൾ പൂർവസ്ഥിതിയിൽ കൊണ്ടുവരുന്നതിനു ഗവണ്മെന്റു വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു പറയുന്നതു ഒരു അസാദ്ധ്യസംഗതി ചെയ്യുന്നതിനു ഗവണ്മെന്റിനോടു ഏറക്കുറെ ആവശ്യപ്പെടുകയാണ്. ലോകമൊട്ടുക്കുള്ള വിലകൾ അനുസരിച്ചാണ് നമ്മുടെ ഉൽപ്പന്നങ്ങൾക്കും വിലകൾ ഉണ്ടാകുന്നതു. ആ ക്രമത്തിനു നാം ഇവിടെ എന്തുതന്നെ ചെയ്താലും പ്രയോജനമുണ്ടാകുന്നതല്ലാ. എന്തെന്നാൽ സംഗതികൾ നമുക്കു നിയന്ത്രിക്കാൻ സാധിക്കാത്ത ശക്തികളെയാണ് അവലംബിച്ചിരിക്കുന്നതു. ജനങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ ഗവണ്മെന്റിനു ഉത്തരവാദിത്വം ഇല്ലെന്നു ഈ ഉദാഹരണങ്ങൾ തെളിയിക്കുന്നില്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. പിന്നീടു മിസ്റ്റർ രാമൻമേനോൻ ഉത്തരവാദിത്വമുള്ള ഭരണത്തെപ്പറ്റി പ്രസ്താവിക്കയുണ്ടായി. ഇതു ഒരു വിപുലമായ വിഷയമാകുന്നു. അതിനെ സംബന്ധിച്ചു ഒരു അഭിപ്രായംതന്നെയും പറയാൻ സാദ്ധ്യമല്ല. ൧൧൦൮-ാമാണ്ടു നടന്ന കഴിഞ്ഞ ശ്രീമൂലം പ്രജാസഭായോഗത്തിൽവച്ചു ഈ വിഷയംസംബന്ധിച്ചു ദിവാൻജി അവർകളിൽനിന്നും ഉണ്ടായ ഗൌരവമേറിയ അഭിപ്രായപ്രകടനത്തിലേക്കു മി: രാമൻമേനോന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതിൽ കൂടുതലായി എനിക്കു ഒന്നും പറയാൻ നിവൃത്തിയില്ലാ. മി: രാമൻമേനവനെ അനുകൂലിച്ച പ്രാസംഗികനായ മി. കുഞ്ഞിത്തൊമ്മൻ ആ വിഷയത്തെ വിട്ടുവച്ചു പബ്ലിക്കുസർവീസിൽ ഉള്ള ജനപ്രാതിനിധ്യത്തെപ്പറ്റിയാണ് സംസാരിച്ചതു. ഈ സംഗതിയിൽ ഞാൻ ഒരു മറുപടിപറയേണ്ട ആവശ്യം കാണുന്നില്ലാ. എന്തെന്നാൽ ആ സംഗതിയെപ്പറ്റി ഈ സഭയിൽ പലപ്പോഴും വാദപ്രതിവാദങ്ങൾ ഉണ്ടായിട്ടുണ്ടു. എന്നുമാത്രമല്ല ഗവണ്മെന്റിന്റെ അഭിപ്രായങ്ങൾ എന്താണെന്നു മെമ്പർമാർക്കു അറിവുള്ളതും ആകുന്നു. എനിക്കു ഇത്രമാത്രമേ പറയാനുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവംകോടും): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ൩൫ ലക്ഷം ജനങ്ങൾ അടങ്ങിയിട്ടുള്ള ഭൂരിപക്ഷക്കാർക്കു ഉദ്യോഗം കൊടുക്കുന്നില്ലെന്നും ൮ ലക്ഷം ജനങ്ങൾ അടങ്ങിയ ന്യൂനപക്ഷക്കാരോടു ഗവണ്മെന്റു അനുഭാവം കാണിക്കുന്നുഎന്നും അതിനാൽ ഭാവിയിൽ വലിയ കലാപം ഉണ്ടാകുമെന്നും വാദിച്ചതിനു ചീഫ് സെക്രിട്ടറിയുടെ മറുപടി എന്താണ്?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രിട്ടറി): അതിനു മറുപടിപറയേണ്ട ആവശ്യം ഇല്ല. ഗവണ്മെന്റു ആ ഭാഗം സമ്മതിക്കുന്നില്ലാ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): ഭൂരിപക്ഷംജനങ്ങൾക്കു ഉദ്യോഗം കൊടുക്കുന്നില്ലാഎന്നുള്ള അഭിപ്രായത്തിൽ ഗവണ്മെന്റു യോജിക്കുന്നോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രിട്ടറി): അതിലേക്കു പല കാരണങ്ങളും ഉണ്ടായിരിക്കാം.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): കാരണം എന്തായാലും വാസ്തവം അതാണെന്നു സമ്മതിക്കുന്നോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രിട്ടറി): ചില ഡിപ്പാർട്ടുമെന്റിൽ കുറവുണ്ടായിരിക്കാം.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈഴവർ, കത്തോലിക്കർ, മുഹമ്മദീയർ ഇവർക്കു ഉദ്യോഗം തീരെകൊടുക്കുന്നില്ലെന്നു സമ്മതിക്കുന്നോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രിട്ടറി): തീരെ കൊടുത്തിട്ടില്ലെന്നു സമ്മതിക്കുന്നില്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഉപയോഗിക്കേണ്ട ഭാഷയെപ്പററിയുള്ള അദ്ധ്യക്ഷന്റെ ഉത്തരവിനെ ചീഫ്സെക്രിട്ടറിക്കു ഉല്ലംഘിക്കാമോ?

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോടു): ഇപ്രകാരം ഗവണ്മെന്റു വർത്തിക്കുന്നതുകൊണ്ടു രാജ്യത്തു അടുത്തകാലത്തു ഒരു വലിയ കലാപത്തിനു ഇടവരുമെന്നു ഒരു ഭയപ്പെടുത്തലോടുകൂടി മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതിനെ സംബന്ധിച്ചു ഗവണ്മെന്റിലെ ഒരു അംഗമായ ചീഫ് സെക്രിട്ടറിക്കു എന്താണ് അഭിപ്രായം?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രിട്ടറി): ഈ ചോദ്യത്തിനു ഉത്തരം പറയേണ്ട ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ലാ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഞാൻ എന്താണ് ഇവിടെ പ്രസ്താവിച്ചതു എന്നു മി: കുമാരപിള്ളയുടെ വ്യാഖ്യാനംകൂടാതെ ചീഫ് സെക്രട്ടറിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ലേ?

മി. സി. പി. താമസ്സ് (നിയമിക്കപ്പെട്ട അംഗം): ഗവണ്മെന്റിന്റെ മുമ്പിൽ തീരുമാനത്തിനായി വരുന്ന റിപ്പോർട്ടുകളും വ്യവസ്ഥകളും ഉടനടൻ തീരുമാനിക്കാതെ, ഗവണ്മെന്റു, നീതീകരിക്കത്തക്കതല്ലാഹത്ത താമസം വരുത്തുന്നതായി ഞങ്ങൾക്കു തോന്നിയിട്ടുള്ളതു നിമിത്തം ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഇച്ഛാഭംഗത്തെപ്പററി സ്വല്പം സംസാരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി ഗ്രാമപഞ്ചായത്തു റെഗുലേഷനെപ്പററിയാണു ഞാൻ പറയാൻപോകുന്നതു. ഈ റെഗുലേഷൻ പാസ്സാക്കിയിട്ടു ഇപ്പോൾ അനേകസംവത്സരങ്ങൾ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതു ഇതുവരെ രാജ്യത്തിൽ ഒരേടത്തും നടപ്പിൽ വരുത്തിയിട്ടില്ലാ. ഇതിനെപ്പററി ഞാൻ ചോദിച്ചിരുന്ന ഒരു ചോദ്യത്തിനു എനിക്കു കിട്ടിയ മറുപടി, ചട്ടങ്ങൾ ഉണ്ടാക്കാനുണ്ടെന്നും ഹെഡ് സർക്കാർവക്കീൽ ഈയിടെ ചട്ടങ്ങൾ ഉണ്ടാക്കി

അയച്ചിട്ടുള്ളതു ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നാകുന്നു. ഗ്രാമീണജനങ്ങളുടെ അഭിവൃദ്ധിക്കും ക്ഷേമത്തിനും ആവശ്യമാണെന്നുകണ്ടു പാസ്സാക്കിയിട്ടുള്ള ഒരു നിയമം, ഗവൺമെന്റിന്റെ കൈവശം യാതൊരു നടപടിയുംകൂടാതെ ദീർഘകാലമായി കിടക്കുന്നതിനെപ്പറ്റി ജനപ്രതിനിധികൾ സ്വല്പം അക്ഷമത കാണിക്കുന്നുഎങ്കിൽ അതിനു അവരെ കുറ്റപ്പെടുത്താൻ പാടില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇതു വേണ്ടിടത്തോളം ശ്രദ്ധയും ഔൽസുക്യവും പതിയേണ്ടതും ചട്ടങ്ങൾ ഉണ്ടാക്കേണ്ടതും ആയ ഒരു സംഗതിയാണെങ്കിലും, ഇത്ര ദീർഘകാലമായി അതിനെ താമസിപ്പിക്കുന്നതിനുള്ള കാരണം എന്താണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഇതുകൂടാതെ ഗവൺമെന്റിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ സമർപ്പിച്ചിട്ടില്ലാത്തതോ അഥവാ ആലോചിച്ചു തീരുമാനം ഗവൺമെന്റിൽനിന്നും ചെയ്തിട്ടില്ലാത്തതോ ആയ മററനേകം റിപ്പോർട്ടുകളും ഉണ്ട്. ഇങ്ങനെയുള്ള സംഗതികളിൽ ഗവൺമെന്റിന്റെ ശ്രദ്ധ കൂടുതലായി പതിയണമെന്നും കൂടുതൽ ത്വരിതഗതിയിൽ കാര്യങ്ങൾ തീരുമാനിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. അങ്ങിനെ ചെയ്യുന്നതായാൽ ഗവൺമെന്റു നടപ്പാക്കാൻ നിശ്ചയിക്കുന്ന പരിഷ്കാരങ്ങളുടെ ഗുണങ്ങൾ കഴിയുന്നതും മുൻകൂട്ടി ജനങ്ങൾക്കു ലഭ്യമാകാൻ ഇടയുള്ളതാണ്. പാർവത്യകാരന്മാരായി, കീഴ്ജീവനക്കാരെ പ്രമോഷൻചെയ്യാതെ, നേരിട്ടു നിയമിക്കുന്നതിനുള്ള ഒരു പദ്ധതിയെപ്പററി ആലോചിക്കുന്നതാണെന്നു ഗവൺമെന്റിനുവേണ്ടി ഡിപ്പാർട്ടുമെന്റു മേലധ്യക്ഷൻ കുറച്ചുമുമ്പു വാഗ്ദാനം ചെയ്യുകയുണ്ടായി. എന്നാൽ അതിന്റെശേഷം ഇപ്പോൾ ഒരു വർഷം മുഴുവൻ കഴിഞ്ഞിരിക്കുന്നു എന്നിരിക്കിലും, അതിനെപ്പററി ഗവൺമെന്റു വല്ല റിപ്പോർട്ടു ആവശ്യപ്പെടുകയോ ഡിപ്പാർട്ടുമെന്റു മേലധ്യക്ഷൻ വല്ല റിപ്പോർട്ടും സമർപ്പിക്കയോ ചെയ്തിട്ടുള്ളതായി കാണുന്നില്ലാ. ഈ സഭയിൽവച്ചു ഗവൺമെന്റു നൽകിയ ഒരു പ്രത്യക്ഷമായ വാഗ്ദാനത്തെ നിറവേററുന്ന കാര്യത്തിൽ ഗവൺമെന്റു കാണിക്കുന്ന അവജ്ഞയ്ക്കു എന്തു നീതീകരണമാണ് ഉള്ളതു എന്നു എനിക്കു മനസ്സിലാകുന്നില്ല.

വേറെയും ദൃഷ്ടാന്തങ്ങൾ ചൂണ്ടി പറയാവുന്നതാണ്. എന്നാൽ മേല്പറഞ്ഞവകൊണ്ടു മതിയാകുന്നതാണ്. അതിനാൽ ജനങ്ങളുടെ പൊതുക്ഷേമത്തെ സംബന്ധിക്കുന്നതായ സംഗതികളിൽ ഗവൺമെന്റു പൂർവാധികം ഔൽസുക്യവും സമയനിഷ്ഠയും പുലർത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെംബർ): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ സംഗതിയെ സംബന്ധിച്ചടത്തോളം വല്ല ഊടുവഴിയിലും പ്രവേശിക്കണമെന്നു ആഗ്രഹമില്ല. മി: രാമൻമേനോന്റെ ഉപക്ഷേപം, ഉത്തരവാദിത്വമുള്ള ഭരണം എന്ന വിഷയത്തെപ്പററിയാണ്. ഗവൺമെന്റു ജനങ്ങളെസംബന്ധിക്കുന്ന കാര്യങ്ങൾ പരിചിന്തിക്കുന്ന സ്വഭാവം നോക്കുമ്പോൾ ഗവൺമെന്റിന്റെമേൽ ഒരു ബലവത്തായ ദോഷാരോപണത്തിനു വകയുണ്ടെന്നു എനിക്കു തോന്നുന്നു. ഇതിലേയ്ക്കു ഉദാഹരണമായി ഞാൻ വിദ്യാഭ്യാസവകുപ്പിനെ എടുത്തുപറയാൻ പോകുന്നു.

അദ്ധ്യക്ഷൻ: ഉറച്ചുസംസാരിക്കണം. നിങ്ങൾ പറയുന്നതു കേൾക്കാൻ പാടില്ല.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെംബർ): വിദ്യാഭ്യാസവകുപ്പിലെ ഭരണറിപ്പോർട്ടിനെപ്പററി എനിക്കു താഴെപ്പറയുന്ന സംഗതിയാണ് പറയാനുള്ളത്. അതായതു മഹാരാജാവുതിരുമനസ്സിലെ പ്രജകളിൽ എല്ലാവിഭാഗക്കാരെയും പഠിപ്പിക്കാൻ അനുവദിക്കാത്തതായ ചില പള്ളിക്കൂടങ്ങൾ ഇപ്പോഴും ഉണ്ടെന്നുള്ളതാകുന്നു. ഈ പള്ളിക്കൂടങ്ങൾ എത്രയോ കൊല്ലങ്ങളായി ഇതേനിലയിൽ വർത്തിക്കുന്നുണ്ട്. എന്നാൽ ഈ പ്രതിബന്ധത്തെ മാററിക്കൊടുക്കണമെന്നു അതുമൂലം കഷ്ടത അനുഭവിക്കുന്ന ജനങ്ങൾ എല്ലാവർഷവും ചെന്നു പ്രക്ഷോഭണം നടത്തുന്നുണ്ടെങ്കിലും ആ കഷ്ടത മാററണമെന്നുള്ള സംഗതിയെപ്പററി ഗവൺമെന്റു ആലോചിക്കുന്നില്ലാ. ഈ വക ജനങ്ങൾക്കു ഈ വിദ്യാലയങ്ങളിൽ പ്രവേശനം കൊടുക്കുന്നില്ലാ. ഉത്തരവാദിത്വമുള്ള ഭരണം ഉണ്ടായിരിക്കയും, ഇപ്പോഴത്തെ നടപ്പു അനീതിയാണെന്നു അവർ കാണുകയുംചെയ്താൽ, ഈ പള്ളിക്കൂടങ്ങൾ സകലവിഭാഗത്തിലുംപെട്ട ജനങ്ങൾക്കും പ്രവേശനാർഹമാക്കിത്തീർക്കുമായിരുന്നു എന്നുള്ളതു നിശ്ചയമാണ്. ഉത്തരവാദിത്വമുള്ള ഭരണം അനുഭവിക്കുന്ന ഒരു രാജ്യത്തു ഇപ്രകാരമുള്ള ഒരു അവസ്ഥ ഉണ്ടായിരിക്കുന്നതല്ലാ.

ശുചീന്ദ്രത്തു നടന്ന സംഗതിയും ഞാൻ ഇവിടെ ഉദാഹരണമായി പറഞ്ഞുകൊള്ളുന്നു. ഈ സംഗതികളിൽ അനേക വർഷങ്ങളായി ഗവൺമെന്റു തട്ടുകയിൽ ഇട്ടിരിക്കയാണ്. ഉത്തരവാദിത്വഭരണമുള്ള ഒരു രാജ്യത്തു പ്രസ്തുത സംഗതി ഒരുവാരംകൊണ്ടു തീരുമാനിക്കുന്നതായിരിക്കും. ഇതുകൂടാതെ കോട്ടയത്തിനു അടുത്തുള്ള തിരുവാർപ്പ് എന്ന സ്ഥലത്തും ഈയിടെ ചില സംഭവങ്ങൾ ഉണ്ടായി. അവിടെ ഒരു ക്ഷേത്രവും അതിനടുത്തു ഒരു റോഡുമുണ്ട്. ചില ജാതിക്കാരുടെ അവകാശം സ്ഥാപിക്കുന്നതിനായി ഈ സ്ഥലങ്ങളിൽ പ്രവേശിക്കണമെന്നു, ഇപ്രകാരമുള്ള പ്രതിബന്ധങ്ങൾ നീക്കുന്നതിനു ഉൽസുകരായ ആളുകൾ ആവശ്യപ്പെട്ടു. ഈ റോഡു സമസ്തജാതിക്കാർക്കും ഗതാഗതത്തിനായി തുറന്നിടണമെന്നു ഗവൺമെന്റിനോടും ദേവസ്വം കമ്മീഷണരോടും മി. ടി. കെ. മാധവൻ മുതലായവർ ആവശ്യപ്പെട്ടു. ഈ സംഗതിയും രണ്ടുവത്സരക്കാലമായി താളത്തിൽ ഇട്ടിരിക്കുന്നു. ഇതിന്മേൽ യാതൊരു തീരുമാനവും ചെയ്തിട്ടില്ല. തന്നിമിത്തം ചുററിവളഞ്ഞു നടക്കേണ്ടതായി വരുന്നു എന്നുമാത്രമല്ലാ മലവെള്ളപ്പൊക്കം തുടങ്ങുന്നകാലത്തുതന്നെയും കടന്നുപോകുന്നതിനു അവർക്കു അസൌകര്യങ്ങൾ നേരിടുന്നു. ഉത്തരവാദിത്വമുള്ളഭരണമുള്ള ഒരു രാജ്യത്തു ഈ സംഗതി രണ്ടുദിവസംകൊണ്ടു തീരുമാനിക്കാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നതു. ഈ റോഡിൽകൂടി ഈ അടുത്ത ഞായറാഴ്ച ജനങ്ങൾ യാത്രചെയ്യാൻ നിശ്ചയിച്ചിരിക്കുന്നവിവരം ഗവൺമെന്റു അറിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ ദിവസത്തിനുമുമ്പായി ഗവൺമെന്റു എന്തെങ്കിലും ഒരു തീരുമാനം ഉണ്ടാക്കുമെന്നും ജനങ്ങൾ അതിൽകൂടി നിർബാധം നടന്നുകൊള്ളാൻ അനുവദിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങളേയും അവരുടെ സങ്കടങ്ങളേയുംപററി ജാഗരൂകരായിരിക്കുന്ന ഒരു ഗവൺമെന്റുള്ള ഏതൊരു രാജ്യത്തും ഇത്രയും ദീർഘമായ കാലവിളംബനം ഉണ്ടാകുന്നതല്ലാ. ഈ കാരണങ്ങളാൽ പബ്ലിക്കസർവീസിൽ ജനപ്രാതിനിധ്യം ഉണ്ടായിരിക്കണമെന്നുള്ള സംഗതിക്കു മാത്രമല്ലാ, എന്നാൽ ജനങ്ങളുടെ ചില്ലറസങ്കടങ്ങളുടെ നിവാരണത്തിനുതന്നെയും അതായതു, ഏതൊരു ഗവൺമെന്റും നിവാരണം ചെയ്യുന്നതിനു സന്നദ്ധരായിരിക്കേണ്ട സങ്കടങ്ങളുടെ പരിഹാരത്തിനുതന്നെയും ഉത്തരവാദിത്വമുള്ള ഭരണം ഏററവും അത്യാവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ഇനി ഞാൻ അഡ്മിനിസ്ട്രേഷൻസംബന്ധിച്ച് എനിക്കു പറവാനുള്ളതു ചില ഡിപ്പാർട്ടുമെൻറുകളിൽനിന്നും ജനങ്ങൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകളെപ്പററിയാണ്.

ജനങ്ങൾക്കു പലപ്പോഴും പല ഡിപ്പാർട്ടുമെൻറുകളിലും ഹർജി കൊടുക്കേണ്ടതായിവരുന്നുണ്ട്. ആ ഹർജികളിൽ ഒട്ടധികം വിലയുള്ള സ്റ്റാമ്പു പതിക്കാറുണ്ട്. ഇങ്ങിനെ ഹർജി അയച്ചാൽ അതു അയച്ചു എന്നു ഉദ്യോഗസ്ഥനു കിട്ടിയോ എന്നറിവാൻ പ്രത്യേകം ഒരു നിവൃത്തിയുമില്ല. ആ ഹർജികളെ പററി കയ്യറിച്ചു. അതിന്മേൽ യാതൊരു നടപടിയും ഉണ്ടാവാറില്ല. അതിനു മറുപടിയും കൊടുക്കാറില്ല. ആ ഹർജികൊടുത്താൽ നാലും അഞ്ചും വർഷം കഴിഞ്ഞിട്ടും ആ സംഗതിക്കു ഒരു തീരുമാനവും ഉണ്ടാകുന്നില്ലെന്നു പറയപ്പെടുന്നതിൽ നിവൃത്തിയില്ല. പൊതുജനങ്ങൾക്കു പലവിധമായ കാര്യങ്ങളും ഓരോ ഡിപ്പാർട്ടുമെൻറിൽനിന്നും അറിവാനുണ്ട്. അതിനു ലക്ഷ്യം ഇപ്പോഴത്തെസ്ഥിതിയിൽ വളരെ ബുദ്ധിമുട്ടു നേരിടുന്നു. ഇതാണ് ഒന്നാമത്തെ സംഗതി.

ഇനി പൊതുജനങ്ങൾ കൊടുക്കുന്നതായ ഹർജികൾ എന്തുനടപടിനടത്തി അല്ലെങ്കിൽ നടപടിനടത്തിയില്ലാ എന്നവിവരം ജനങ്ങളെ അറിയിക്കത്തക്ക വണ്ണം ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരോടു ഗവർമ്മെൻറു നിർബന്ധമായി ചട്ടംകെട്ടണം. ഇപ്പോൾതന്നെ ഈ നിർബന്ധവും അതിലേക്കവേണ്ട വ്യവസ്ഥയും ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അതു ശരിപ്രകാരം നടക്കുന്നില്ല. അതുകൊണ്ടു ഗവർമ്മെൻറു നിഷ്കർഷമായി അതിനെ നടപ്പിൽവരുത്താൻ വേണ്ട ഏർപ്പാടുചെയ്യണം.

ഓരോ ഡിപ്പാർട്ടുമെൻറിലും ഓരോരുത്തരുടെ ഓരോ ഉദ്യോഗസ്ഥനെ ഏൎപ്പെടുത്തിയിട്ടുണ്ട്. അവർക്കു ചെയ്യേണ്ട ജോലികൾ പലതുമുണ്ടെങ്കിലും അവ ശരിയായിട്ടും നിഷ്കർഷയായിട്ടും ചെയ്യിക്കുന്നതിനു ഗവർമ്മെൻറു വേണ്ട ഏർപ്പാടു ചെയ്യണം. പക്ഷേ ഞാൻ ഇങ്ങിനെ പൊതുവേ പറഞ്ഞാൽ ചീഫ്സെക്രട്ടറി മറുപടിപറയാൻ എഴുന്നേൽക്കുമ്പോൾ എന്നെ വീഴ്ത്തുവാനായിട്ടു, അതായതു ഗവർമ്മെൻറു നിബന്ധനകൾ എല്ലാം വച്ചിട്ടുണ്ട്. നിങ്ങൾ ഇങ്ങനെ പറഞ്ഞാൽ ഗവർമ്മെൻറു എന്താണ് ചെയ്യേണ്ടതു" എന്നു ചോദിക്കും. ഇതിനെക്കാൾ കൂടുതലായിട്ടു ഞങ്ങൾക്കു പറവാനും നിവൃത്തിയില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉദ്യോഗസ്ഥന്മാർ പല ജോലികളുംഇരിക്കെ സ്വജാതിക്കാൎക്ക് ഉദ്യോഗം കൊടുക്കാനും പ്രമോഷൻ പതിച്ചുകൊടുക്കാനുംമാത്രം സമയം വിനിയോഗിച്ചാൽ മതിയോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഗവർമ്മെൻറു ജോലികൾ പലതുണ്ട് അതെല്ലാം നിർവ്വഹിച്ചുകഴിഞ്ഞതിനുശേഷം സ്വജനങ്ങൾക്കു ഉദ്യോഗംകൊടുക്കയാണെങ്കിൽ ഞങ്ങൾക്കു വലിയ പരാതിയില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇങ്ങനെ സ്വജാതിക്കാരെ സഹായിച്ചു വർഗ്ഗീയപ്രതിപത്തികാണിക്കുന്ന ഉദ്യോഗസ്ഥന്മാർ പലരുമുണ്ടെന്നു മി. കുമാരപിള്ളക്കു ഇപ്പോൾ ബോധ്യമായോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സ്വജാതിക്കാരെ പ്രോത്സാഹിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിലും അതിൻെറ ഡിഗ്രിക്കു കുറച്ചു വ്യത്യാസംകാണും. എല്ലാവരും മനുഷ്യരാണ്. സ്വജാതിസ്നേഹവും അവൎക്കു ഉദ്യോഗംകൊടുക്കണമെന്നുള്ള വിചാരവും ഉള്ളതു എല്ലാ സമുദായത്തിലും സ്വാഭാവികമായിട്ടു കാണുന്നതാണ്. എന്നാൽ അതിൽ ചിലർ അപരിമിതമായി പ്രവർത്തിച്ചുവരുന്നുണ്ട് അവർ അങ്ങനെചെയ്തുകൊള്ളട്ടെ. അതിൽ വിരോധമില്ല. പക്ഷേ ആ ഉദ്യോഗസ്ഥൻ നിയമിച്ചിട്ടുള്ള ജോലികൾ എല്ലാം ശരിയായിട്ടു നിർവഹിച്ചിട്ടു ഇങ്ങനെ ചെയ്കയാണെങ്കിൽ കുറച്ചു സമാധാനപ്പെടാമായിരുന്നു. താൻ വാങ്ങിക്കുന്ന ശമ്പളം ഗവർമ്മെൻറുദ്യോഗം ശരിയായി വഹിക്കുന്നതിനാണെന്നുള്ള വിചാരം എല്ലാ ഉദ്യോഗസ്ഥനിൽ കാണുന്നില്ലയോ ആ ഉദ്യോഗസ്ഥനെ ഗവർമ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം.

ഇനി എനിക്കു പറയാനുള്ള സംഗതി വളരെ പ്രധാനമായ ഒന്നാണ്. ശ്രീമൂലംപ്രജാസഭയിലും നിയമസഭയിലും പല അവസരങ്ങളിലും ഉദ്യോഗസംബന്ധമായ വഴക്കുകളിൽ പലവിധമായ വാക്കുകൾ ഉപയോഗിച്ചുവരുന്നതായികാണുന്നു. അതായതു എൻെറ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ ഇന്നു പറഞ്ഞതുതന്നെ എന്താണെന്നുനോക്കാം. ഇവിടത്തെ ഗവർമ്മെൻറിൻെറ ഭരണഭാരംവഹിക്കുന്ന ദിവാൻജിതന്നെ പ്രസിഡണ്ടായിരിക്കുന്ന ഈ നിയമസഭയിൽ ദിവാൻജിയുടെ മുഖത്തുനോക്കി ഇങ്ങനെപറഞ്ഞു, "ഇവിടെ മുപ്പതുലക്ഷം ജനങ്ങളുള്ള ക്രിസ്ത്യാനികൾക്കു ശരിയായ ഉദ്യോഗം കൊടുക്കുന്നില്ല. ഈ നിയമസഭയിൽ വലക്ഷം ജനങ്ങൾഅടങ്ങിയ ന്യൂനപക്ഷക്കാരുടെ പ്രതിപുരുഷന്മാരാണ് അധികമുള്ളതു. അവരോടു ഗവർമ്മെൻറു പക്ഷപാതംകാണിക്കുന്നു അതൊരിക്കലും ശരിയല്ല. ഇതിൻെറ ഫലമായി രാജ്യത്തു അടുത്തകാലത്തു വലിയ കലാപംവരാൻ ഇടയാകും" എന്നാണു അദ്ദേഹം പറഞ്ഞതു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ പറഞ്ഞതു "അടുത്തകാലത്തു" എന്നല്ല. "ഭാവിയിൽ" എന്നാണെന്നു മി. കുമാരപിള്ള ഓർക്കുന്നില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഭാവിയിൽ എന്നുതന്നെ ഉപയോഗിക്കാം. ഞാൻ ഉപയോഗിച്ച വാക്കിൻെറ അർത്ഥം "കുറച്ചുകാലംകഴിഞ്ഞു" എന്നാണ്. എന്നാൽ അദ്ദേഹംതന്നെ ഉപയോഗിച്ച ഭാവി എന്നപദം ഒരു മിനിട്ടുകഴിഞ്ഞാലും ബാധിക്കുന്നതാണ്. വളരെനാൾകഴിഞ്ഞാലും ബാധിക്കുന്നതാണ്. പക്ഷേ ഈമാതിരിയുള്ള ഭാഷ ഇങ്ങനെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു രാജ്യത്തിനും ഗവർമ്മെൻറിനും നല്ലതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉദ്യോഗസ്ഥന്മാർ സ്വജാതിക്കാൎക്കു ഉദ്യോഗവും പ്രമോഷനും കൊടുക്കുന്നു എന്നു മി. കുമാരപിള്ള സമ്മതിക്കുന്നുണ്ടല്ലോ. ഈ സമ്പ്രദായം ഒരു വർഗ്ഗക്കാർതന്നെ വച്ചു അനുഭവിച്ചുകൊണ്ടിരുന്നാൽ ഭാവിയിൽ കലാപമുണ്ടാകയില്ലെന്നാണോ മി. കുമാരപിള്ള വിചാരിക്കുന്നതു?

മി. ജി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതുകൊണ്ടു ഈമാതിരിഭാഷകൾ പ്രയോഗിക്കുന്നതിനു ഇടകൊടുക്കാതെ ഗവൺമെന്റു ശ്രദ്ധിക്കണം. ഇതിലേക്കു പല ദൃഷ്ടാന്തങ്ങളും പറയാൻ സാധിക്കും. ഞാൻതന്നെ ഈ കൌൺസിലിൽ പല ചോദ്യങ്ങളും സർവ്വേഡിപ്പാർട്ടുമെന്റിനെപ്പററി ചോദിച്ചിട്ടുണ്ടു. ആ വകുപ്പിൽ ധാരാളം ആളുകൾ ഉദ്യോഗസ്ഥന്മാരായിട്ടുണ്ട്. അവരെല്ലാം ഒരു ജാതിയിൽപ്പെട്ടവരാണെന്നു വിവരിച്ചു എന്റെ ചോദ്യത്തിനു ഒരു സ്റ്റേറ്റുമെന്റുതന്നു. അതുനോക്കിയാൽ ആ ഡിപ്പാർട്ടുമെന്റിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും ഒരേസമുദായത്തിൽപ്പെട്ടവരാണെന്നു ബോദ്ധ്യപ്പെടും.

ചില അവസരങ്ങളിൽ മി. കുഞ്ഞിത്തൊമ്മൻ പറയുന്നതിൽ യാതൊരു കാര്യവുമില്ലെന്നു തോന്നിപ്പോകും. മി. തയ്യിൽ കുഞ്ഞിത്തൊമ്മനെ (ഹിയർ ഹിയർ) പലപ്പോഴും ഇപ്രകാരം പറയിക്കുന്നതിനു സഹായിക്കുന്ന ഏകസംഗതി ഈ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിദോഷമാണ്. (മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ: ഹിയർ ഹിയർ) ഇതിനു ഒരു ദൃഷ്ടാന്തംപറയാം. എൽ. ആർ. എം. കമ്മിററിയുടെ റിപ്പോർട്ടു [illegible] കമ്പ്യൂട്ടർഡ്രാഫ്ട്സ്മൻമാരെയും ഡ്രാഫ്ട്സ്മൻമാരെയും ആവശ്യമുണ്ടെന്നു പറഞ്ഞു. ഈ സംഗതി മി. [illegible]ർമാർക്കും സർവ്വേസൂപ്രണ്ടിനും ലാൻഡ്‌റവന്യൂകമ്മീഷണർക്കും നല്ലപോലെ അറിയാം. പത്തു പതിനാലുവർഷം സർവ്വീസുള്ളവരെ ഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചുവിട്ടിട്ടുവേണം അവരെ അതിലേക്കു നിയമിക്കേണ്ടതെന്നും കമ്മിററി അഭിപ്രായപ്പെട്ടപ്പോൾ ഈ ഡ്രാഫ്ട്സ്മാൻമാർ ആവശ്യമില്ലെന്നു സർവ്വേസൂപ്രണ്ടുപറഞ്ഞു. ഇതാ ഇപ്പോൾ അത്യാവശ്യമാണെന്നു ബഡ്ജറ്റിൽ ചേർത്തിരിക്കുന്നു. അതനുസരിച്ചുള്ള നിയമനംകഴിയുമ്പോൾ ഗവൺമെന്റു പരിശോധിച്ചാൽ ഇതിന്റെ രഹസ്യം മനസ്സിലാകുന്നതാണ്. ഇപ്രകാരമുള്ള വർഗ്ഗീയമത്സരം ഉണ്ടാകാതിരിക്കത്തക്കവണ്ണം ഗവൺമെന്റു നിഷ്കർഷയായി വേണ്ട ഏർപ്പാടുകൾ ചെയ്യണം. മി. കുഞ്ഞിത്തൊമ്മൻ ഇപ്രകാരമുള്ളഭാഷ ഉപയോഗിക്കുന്നതിനു കാരണമിതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മലയാളഭാഷയാണോ ഉപയോഗിക്കുന്നതെന്നു പറയുന്നതു?

മി. ജി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മലയാളഭാഷയല്ല. അതിലുള്ള നീചമായപദം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നീചമായപദം എന്താണ്. കലാപം ഉണ്ടാകുമെന്നു പറഞ്ഞതാണോ?

മി. ജി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മി. കുഞ്ഞിത്തൊമ്മൻ ഉപയോഗിച്ചസ്വരം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വ്യക്തമായിട്ടു ഉറക്കെ എല്ലാവർക്കും കേൾക്കത്തക്കവണ്ണം പറയുന്നതാണോ നീചമായസ്വരം?

മി. ജി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഈ അബദ്ധത്തിനു മറുപടിപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ ചോദിച്ച ചോദ്യത്തിനു അബദ്ധംപറയാതെ മറുപടിപറയാമല്ലോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉത്തരവാദിത്വമുള്ള ഭരണം ആവശ്യപ്പെടുന്നതായ മി. രാമൻമേനോന്റെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. പ്രസ്തുതസംഗതിയെപ്പററി അതിനു അർഹമായ ഗൌരവത്തോടുകൂടി ചീഫ്സെക്രട്ടറി പ്രതിപാദിച്ചതായി തോന്നുന്നില്ല. അദ്ദേഹം നിരന്ന പരിഹാസത്തിന്റെ മാതിരിയിലാണ് അതിനെപ്പററി പറഞ്ഞതു. അതിനുള്ള കാരണം മി. രാമൻമേനോന്റെ അഭ്യർത്ഥനയ്ക്കു മതിയായ പിൻതാങ്ങൽ ഇല്ലെന്നു ഗവൺമെന്റു ധരിച്ചിട്ടുള്ളതാകുന്നു. പ്രസ്തുതസംഗതിയിൽ നമുക്കു വേണ്ട പിൻബലം ഉണ്ടായിരുന്നുഎങ്കിൽ അതായതു ഗവൺമെന്റിനെ നിർബന്ധിക്കത്തക്കവിധത്തിൽ നമുക്കു വേണ്ടിടത്തോളം ശക്തിയുണ്ടായിരുന്നുഎന്നുവരികിൽ ഗവൺമെന്റിൽനിന്നും അവർ കുറച്ചുമാസങ്ങൾക്കുമുമ്പ പറഞ്ഞ വാക്കുകൾ എടുത്തുപറകയോ ഇനിയും നാം കാത്തുനിൽക്കേണ്ടതായിവരുമെന്നു ആവശ്യപ്പെടുകയോ ചെയ്യാൻ ഇടവരികയില്ലായിരുന്നു. നമ്മുടെ ഇന്നത്തെ പ്രഥമമായ ആവശ്യം ഉത്തരവാദിത്വമുള്ള ഗവൺമെന്റാകുന്നു. ഗവൺമെന്റിന്റെ ഗുണത്തിനെ ഓർത്താലും അതു ഏററവും ആവശ്യമാകുന്നു. നമ്മുടെ ആവശ്യങ്ങളെ സാധിച്ചുതരുന്നതിനു ഗവൺമെന്റു അപ്രാപ്തരാണെന്നു നാം കാണുന്നു. നമ്മുടെ ചോദ്യങ്ങൾക്കു ശരിയായ സമാധാനം പറയുന്നതിനു അവർ അശക്തരായിരിക്കുന്നു. എന്നുമാത്രമല്ല, നമ്മുടെ സങ്കടങ്ങൾ ഏതുനേരമെങ്കിലും നിവർത്തിച്ചുതരുന്നതിനു അവർ അപ്രാപ്തരായിരിക്കുന്നു. ഈ സംഗതികൾ എല്ലാം സംഭവ്യമാകുന്നതു ഉദ്യോഗസ്ഥന്മാരുടെ മനസ്സുകേടോ അഥവാ അവരുടെ അനൌത്സുക്യമോ ഉപേക്ഷയോകൊണ്ടല്ല. എന്നാൽ അവർക്കു പല പ്രയാസങ്ങൾ ഉള്ളതുകൊണ്ടാണ്. ഗവൺമെന്റിനു അവരുടെ ആലോചനകളിൽ നമ്മെ വിശ്വസിക്കാൻ നിവൃത്തിയില്ലാത്തതു എന്തുകൊണ്ടാണ്? ഈ ഉപക്ഷേപത്തെപ്പററി സംസാരിക്കുന്നതിനു എനിക്കു മടിയുണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതിഗതികളുടെ അസംതൃപ്തന്മാരായിരിക്കുന്ന ഏതാനും ജനങ്ങളിൽനിന്നും ഉത്തരവാദിത്വമുള്ള ഭരണം വേണമെന്നുള്ള ആവശ്യമുണ്ടായിട്ടുള്ള കാരണംതന്നെ ഉത്തരവാദിത്വമുള്ള ഗവൺമെന്റിന്റെ അഭാവംആകുന്നു. ഉത്തരവാദിത്വമുള്ള ഭരണം വേണമെന്നു നാം കൂടക്കൂടെ ചോദിച്ച സമയം പാഴാക്കിക്കളയുന്നതുകൊണ്ടു ഒരു പ്രയോജനവുമില്ല. ഈ വിഷയത്തെപ്പററി വാദപ്രതിവാദം നടത്തേണ്ടുന്ന അവസരം ഇതല്ലെന്നു ഞാൻ അദ്ധ്യക്ഷനോടു പറഞ്ഞുകൊള്ളട്ടെ. മഹാറാണി റീജന്റു തിരുമനസ്സുകൊണ്ടു ഉൽകൃഷ്ടാശയയായ ഒരു മഹതിയാകുന്നു. ആ സ്ഥിതിക്കു രാജ്യകാര്യവിഷയത്തിൽ ജനങ്ങൾക്കു ന്യായമായി ആവശ്യമുള്ള അധികാരങ്ങൾ പ്രദാനംചെയ്യുന്നതിനു തിരുമനസ്സിലേക്കു സന്തോഷമായിരിക്കുകയേയുള്ളു. ഇപ്പോഴത്തെ രാജ്യഭരണത്തിന്റെ സ്ഥിതി ഏതുവിധമാണിരിക്കുന്നതു? ഇപ്പോഴത്തെ രാജ്യഭരണം ഉദ്യോഗങ്ങൾ ക്രമീകരിക്കുന്നതിലും ഉദ്യോഗംവേണമെന്നുള്ള മുറവിളിയെ ശമിപ്പിക്കുന്നതിലും പുതുവൽ പതിച്ചുകൊടുക്കുന്നതിലും മററുമാണു സ്ഥിതിചെയ്യുന്നതു. നമ്മുടെ ഗവൺമെന്റു ഒരു വാസ്തവഗവൺമെന്റാണോ? ഒരു ഗവൺമെന്റു എന്ന നിലയിൽ ജീവിക്കുന്നതിനുള്ള യോഗ്യത നമുക്കുണ്ടോ? ഇടക്കാലംവരെ അത്ര മുന്നണിയിൽ വന്നിട്ടില്ലാത്ത ഒരു രാജ്യത്തെയും അതായതു മൈസൂർ രാജ്യത്തെയും ഭൌതികമായും സാന്മാർഗ്ഗികമായും രാഷ്ട്രീയമായും മററെല്ലാവിധമായും കഴിഞ്ഞ കുറെക്കാലമായി വലുതായ അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്നുണ്ട്. നമുക്കു അവരുടെ നിലയിൽ എത്തുന്നതിനുതന്നെയും സാധിക്കുമോ?

മി. പി. ജെ. ജാൺ ([illegible]): മൈസൂർ ജനസഭയിൽ സമുദായപ്രാതിനിധ്യം വേണമെന്നുള്ള ഒരു നിശ്ചയം പാസ്സായതു മി. എ. കെ. പിള്ളയ്ക്കു അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ ചോദ്യത്തിനു ഇവിടെ സാംഗത്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. ജെ. ജാൺ ([illegible]): അപ്രകാരം ഒരു നിശ്ചയം പാസ്സായതായി അദ്ദേഹത്തിനു അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കു പല സംഗതികളും അറിവുണ്ടായിരിക്കാം. എന്നാൽ ആ ചോദ്യത്തിനു ഇവിടെ കാരണമില്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇപ്പോഴത്തെ അവസ്ഥയിൽ ഉത്തരവാദിത്വമുള്ള ഗവൺമെന്റു വേണമെന്നു മി. എ. കെ. പിള്ള ആവശ്യപ്പെടുന്നുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): തീർച്ചയായും.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇപ്പോഴത്തെ നഗരസഭകൾ ചെയ്യുന്ന ജോലിയെപ്പറ്റി അദ്ദേഹത്തിനു എന്താണ് പറയാനുള്ളതു?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉത്തരവാദിത്വമുള്ള ഭരണംകൊടുക്കണം, അതിനെ സർവ്വവ്യാപ്തമാക്കണം. എല്ലാവർക്കും വോട്ടുചെയ്വാൻ അവകാശംവേണം. എല്ലാ മനുഷ്യനേയും ഉത്തരവാദിത്വമുള്ളവനാക്കിത്തീർക്കണം. അതല്ലാതെ അവിടവിടെനിന്നു ഒന്നോ രണ്ടോ പേരെ തിരഞ്ഞെടുത്തു ഉദ്യോഗദാനംചെയ്യാനുള്ള അവകാശംകൊടുത്താൽപോരാ.

മി. കണ്ണാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ അദ്ധ്യക്ഷനിൽനിന്നും ഒരു റൂളിംഗ് ആവശ്യപ്പെട്ടുകൊള്ളുന്നു. "ജനങ്ങളുടെ അത്യാവശ്യസംഗതികളെപ്പറ്റി ഭരണാധികാരികൾ ശ്രദ്ധിക്കാത്തതുനിമിത്തം ജനങ്ങൾക്കുണ്ടായിട്ടുള്ള സങ്കടങ്ങളെ പ്രകാശിപ്പിക്കാൻവേണ്ടി ഹജൂർകച്ചേരിക്കായി വച്ചിട്ടുള്ള [illegible] രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണമെന്നാണ്" മിസ്റ്റർ രാമൻമേനോന്റെ ഉപക്ഷേപം.

നാം ഇപ്പോൾ വാദപ്രതിവാദം നടത്തുന്നതു ഹജൂർക്കച്ചേരിയേയും അതിലെ ജീവനക്കാരായ സെക്രട്ടറിയേറ്റ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെപ്പറ്റിയുമാണ്. ചീഫ്സെക്രട്ടറി അനുവർത്തിച്ചിരിക്കുന്ന നയവും ദിവാൻജിയുടെ ജോലിയും തൃപ്തികരമല്ലെന്നു കാണിക്കാനായിട്ടാണ് അദ്ദേഹം ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. എന്നാൽ ഇപ്പോൾ 'ഉത്തരവാദിത്വഭരണം' എന്ന വിഷയത്തിലേക്കാണ് വാദപ്രതിവാദം തിരിഞ്ഞിരിക്കുന്നതു. ഉത്തരവാദിത്വമുള്ള ഭരണം മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രദാനംചെയ്യേണ്ടതാണ്. ഇതു സഭയിൽനിന്നു വോട്ടുചെയ്യേണ്ട സംഗതിയല്ല. ഇതു നാട്ടുവാഴിയിൽനിന്നും നേരിട്ടു പുറപ്പെടേണ്ട ഒരു വിഷയമാകുന്നു. ആ സ്ഥിതിക്കു ഈ സഭയുടെ നിരൂപണപരിധിയിൽ ഉൾപ്പെടാത്ത ഒരു വിഷയത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല. അതിനാൽ ഉത്തരവാദിത്വമുള്ള ഗവൺമെന്റിനെപ്പറ്റി മി. എ. കെ. പിള്ള പ്രതിപാദിച്ചതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെമ്പർ): റൂൾ എന്താണെന്നു പറഞ്ഞുതരുമോ?

അദ്ധ്യക്ഷൻ: അങ്ങിനെ സംസാരിക്കേണ്ട മുറയല്ല. ഉത്തരവാദിത്വമുള്ള ഭരണം ഈ സഭയുടെ നിരൂപണത്തിനു അതീതമായ ഒരു സ്ഥാനത്തുനിന്നു പുറപ്പെടേണ്ടതാകയാൽ ഇവിടെ അതു വാദപ്രതിവാദവിഷയമായിക്കൂടാ എന്ന അഡീഷണൽ ഹെഡ്സർക്കാർവക്കീൽ കൊണ്ടുവന്നിരിക്കുന്ന വാദം എനിക്കു സ്വീകരിക്കാതെ നിവൃത്തിയില്ല.

മി. എസ്സ്. ശിവരാമപ്പണിക്കർ (ചേർത്തല): മി. രാമൻമേനോന്റെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു രാജ്യത്തിലെ ഭരണയന്ത്രത്തിനു കൂടുതൽ ഉണർച്ചയും നിഷ്കർഷയും ഉണ്ടാക്കണമെന്നാണ്. ബഡ്ജറ്റിനെ സംബന്ധിച്ച വാദപ്രതിവാദത്തിൽനിന്നും ഒരു സംഗതി വ്യക്തമാകുന്നതു രാജ്യത്തിൽ നികുതി ചുമത്താവുന്ന എല്ലാ പദാർത്ഥങ്ങളും ക്രമിച്ചുകഴിഞ്ഞിരിക്കുന്നു എന്നും ഇതിൽകൂടുതലായി നികുതി വർദ്ധിപ്പിക്കാൻ ഇനി നിവൃത്തിയില്ലെന്നും ആകുന്നു. നികുതിവർദ്ധനവിനു അനുസരിച്ചു രാജ്യത്തിലെ വ്യക്തിപരമായ ധനത്തിനു വർദ്ധന ഉണ്ടാകുന്നില്ലെന്നും നാം കണ്ടു. ഇന്നലത്തെ വാദപ്രതിവാദങ്ങളിൽനിന്നും സബ്‌രജിസ്ട്രാർകച്ചേരികളിൽ ക്രമാതീതമായ അഴിമതികളും കൈക്കൂലികളും നടക്കുന്നുണ്ടെന്നും നമുക്കു മനസ്സിലായി. ഇനി നാം മററുള്ള കച്ചേരികളിൽ നോക്കുന്നതായാൽ അവിടെയും ഈവക ദോഷങ്ങൾ ഇതിലും കൂടുതലായി കാണുന്നുണ്ട്. താഴ്ന്നതരം ജീവനക്കാരുടെ ഇടയിലാണു ഇതു വിശേഷിച്ചും പ്രത്യക്ഷമാകുന്നതു്. ഉദാഹരണമായി ഒരു മുൻസിഫ്കോടതിയെ എടുത്തു നോക്കാം. അവിടെ ഉണ്ടാപോലും കൈക്കൂലി വാങ്ങിക്കുന്നു" എന്നതു ഒരു പഴഞ്ചൊല്ലായി തീർന്നിട്ടുണ്ട്. നീതിനടത്തുന്നതു വളരെ വളരെ താമസിച്ചാണ്. തന്നിമിത്തം ജനങ്ങൾക്കു ഗൌരവമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഭരണസംബന്ധമായ ചിലവിലേക്കു ഓരോരുത്തനും അവനവന്റെ വീതം കൊടുക്കണം. ഇതിനുപുറമെ അവനു വിധിനടത്തി കിട്ടുന്നതിനു അവന്റെ വരുമാനത്തിൽനിന്നും ഒരു വലിയഭാഗം കൈക്കൂലിയായും കൊടുക്കേണ്ടിവരുന്നു. എക്സൈസ്, പോലീസ്, പൊതുമരാമത്തു എന്നീ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചും ഈ സംഗതി വാസ്തവമാണ്. പൊതുമരാമത്തിനെ സംബന്ധിച്ചിടത്തോളം കൈക്കൂലി വാങ്ങിക്കയല്ല പണം എടുത്തുകൊള്ളുകയാണ്. ചില വേലകൾക്കായി എട്ടുലക്ഷം രൂപ അനുവദിക്കുന്നതിൽ ൧൫ ശതമാനം കണ്ട്രാക്ടറുടെ ലാഭത്തിനായും ൧൫ ശതമാനം മേസ്തിരികളുടെ ശമ്പളത്തിനായും പോകുന്നതുകഴിച്ചു ൭൦ ശതമാനം മാത്രമേ ആ വേലക്കുവേണ്ടി ചിലവാക്കുന്നുള്ളു. ഈ ൭൦ ശതമാനത്തിൽതന്നെയും എത്രമാത്രമാണ് വേലക്കായിട്ടു വാസ്തവത്തിൽ ചിലവാക്കുന്നതു് എന്നു അറിയാൻ മാർഗ്ഗമില്ല. ഇപ്രകാരമുള്ള സങ്കടങ്ങൾ എല്ലാ ഡിപ്പാർട്ടുമെന്റിലും സാധാരണ നടക്കുന്നുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നതു കൂടുതൽ നിഷ്കർഷ ആവശ്യമാണെന്ന്. ചീഫ്സെക്രട്ടറിയും അഫിഷ്യൽബ്ലോക്കിലുള്ള മററു മെമ്പർമാരും ഇന്നലെ ചെയ്ത പ്രസംഗത്തിൽനിന്നും ഈവക തടപ്പുകൾ നിറുത്തുന്നതിനു അവർക്കു വളരെ ഉൽക്കണ്ഠ ഉണ്ടെന്നു കാണുന്നുണ്ട്. എന്നാൽ അതു വളരെ പ്രയാസമായിട്ടാണിരിക്കു

ന്നത്. ഈ വിഷമതയെ പരിഹരിക്കുന്നതിന [illegible] ശ്രമിക്കുന്ന [illegible] പരിഹാര [illegible] കാൻ സാധിക്കുന്നില്ലെന്നും അവർതന്നെ പറഞ്ഞുവല്ലോ. [illegible] ഗവണ്മെൻറിനെ [illegible] ഗവണ്മെൻറ [illegible] ഒരു ഇഷ്ടാനുസരണ നടപടി അല്ല [illegible] അഴിമതി [illegible] കൊണ്ടു സർവ്വത്ര [illegible] എന്നുള്ളത് [illegible] ഈ അഴിമതികൾ നിവൃത്തനത്തിന ഉദ്യോഗസ്ഥന്മാർ [illegible] മാത്രമായ നടപടി അല്ല. [illegible] ആകുന്നു. അതിനാൽ വല്ല നിവൃത്തിമാർഗ്ഗവും കണ്ടുപിടിക്കണമെന്ന ഞാൻ [illegible] ഈ അവസ്ഥ [illegible] ഉദ്യോഗസ്ഥന്മാർ [illegible] മിത്രമാണെന്ന ഞാൻ ധൈര്യമായി പറഞ്ഞുകൊള്ളുന്നു. [illegible] സാമ്പത്തിക [illegible] നടവിരുന്നവരെന്ന മാത്രമല്ലാതെ പൊതുജനസമ്പത്തും പൊതുജനക്ഷേമത്തിന ഉത്തരവാദികളും ആണെന്ന കൂടി ഇവർ മനസ്സിലാക്കേണ്ടതാണ്. ഈ വിവരം ഈ ഉദ്യോഗസ്ഥന്മാരുടെ മനസ്സിൽ കടന്നുകൂടിയിട്ടില്ല. ചില ഉദ്യോഗസ്ഥന്മാർ അവരുടെ സ്വന്തകാര്യം നോക്കുന്നുണ്ട്. ഗവണ്മെൻറിൻറെ [illegible] ക്ഷേമവും തമ്മിൽ വ്യത്യാസമുണ്ടെന്ന ഇവർ വിചാരിക്കുന്നു. ഈ വിചാരത്തെ [illegible] ഗവണ്മെൻറും ജനങ്ങളും രണ്ടാണെന്നുള്ള വിചാരം ഒരു രാജ്യത്തിൽ ഉണ്ടായിരിക്കാൻ പാടില്ല. രണ്ടും ഒന്നാണെന്നുള്ള വിചാരം ആവശ്യമാണ്. എന്നാൽ മാത്രമേ രാജ്യത്തിൽ പൊതുക്ഷേമം ശരിയായി നടക്കുകയുള്ളു. ഒന്നാണെന്നുള്ളതായിരിക്കണം നമ്മുടെ ഉന്നമായിരിക്കേണ്ടത്.

വേറൊരുദാഹരണമായിട്ട് ബ്രൂക്ക്ബോണ്ട് കാര്യത്തെ ഗവണ്മെൻറിൻറെ ശ്രദ്ധയിൽ [illegible] കൊള്ളുന്നു. ബ്രൂക്ക്ബോണ്ട് കമ്പനിക്കാരുടെ ചാറർ വായിച്ച അവസരത്തിൽ നമ്മുടെ ഉദ്യോഗസ്ഥന്മാർ സംസ്ഥാന കാര്യത്തിൽ പ്രവർത്തിപ്പിക്കുന്ന കൃത്യബോധവും ബ്രൂക്ക്ബോണ്ട് ഏജൻറ അദ്ദേഹത്തിൻറെ [illegible] കാണിച്ചിട്ടുള്ള കൃത്യബോധവും മനസ്സിലാക്കാൻ എനിക്ക ഇടയായി. സർവ്വ പാർട്ടിയുടെ റിപ്പോർട്ട് വായിച്ചതിൽ വാലും തലയും തിരിച്ചറിവാൻ പ്രയാസമായി തോന്നി. അവിടെ എന്തു നടന്നു എന്നുള്ളതിനെപ്പററി ഒരു വ്യക്തമായ അറിവു നൽകുന്നതിന അവർക്ക് കഴിഞ്ഞിട്ടില്ല. വസ്തുവസ്ഥിതി മനസ്സിലാക്കുന്നതിന എനിക്ക ഏജൻറിൻറെ ചാറർ നോക്കേണ്ടിവന്നു. അദ്ദേഹം വിശദമായ ഒരു വിവരണം കൊടുത്തിട്ടുണ്ട്. അതു [illegible] യില്ലാ [illegible] ഉള്ള അദ്ദേഹത്തിൻറെ മുതലാളന്മാർക്കാണ്. നമ്മുടെ ഉദ്യോഗസ്ഥന്മാർ പൊതുജനങ്ങളോട് സ്വല്പമെങ്കിലും ഉത്തരവാദിത്വമുള്ളവരാണ് എന്നു കാണിക്കാത്തതു കഷ്ടംതന്നെയാണ്. ഏജൻറ പറഞ്ഞിരിക്കുന്നതു വാസ്തവമാണെങ്കിൽ അദ്ദേഹത്തിന വേണ്ടുന്ന സാമാനങ്ങൾ കൊടുക്കയോ വേണ്ട ഒരുക്കങ്ങൾ ചെയ്തുകൊടുക്കയൊ ചെയ്യാതിരുന്നതു കുറച്ചിലാകുന്നു. വിശിഷ്യാ, അദ്ദേഹം നമ്മുടെ അതിഥിയും, ഒരു വലിയ കച്ചവടസംഘത്തിൻറെ പ്രതിനിധിയും ആണല്ലോ. ഈ സംഗതികളിൽനിന്നും നമ്മുടെ ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിനോടും പൊതുജനങ്ങളോടും തീരെ കൃത്യബോധമുള്ളവരല്ലെന്ന സ്പഷ്ടമാകുന്നുണ്ട്.

ഇനി വേറൊരുദാഹരണമായിട്ട് ഇന്നലെ ഡി.സി കൌൺസിലിൽ ചോദിച്ച ചോദ്യങ്ങൾക്ക നൽകിയിട്ടുള്ള ഉത്തരങ്ങൾ നോക്കാം. ഒട്ടനവധി ചോദ്യങ്ങൾ ചോദിക്കയും ഗവ. സമ്പ്രതി പതിനഞ്ചിലും ഇരുപതിലും കുറയാതെയുള്ള ചോദ്യങ്ങൾക്ക മറുപടികൊടുക്കയും ചെയ്തിട്ടുണ്ട്. [illegible] ൧൧൦–൧൨൦ ചോദ്യത്തിന എങ്ങിനെ മറുപടി കൊടുക്കുമെന്ന എനിക്ക സംശയമായിരിക്കുന്നു. [illegible] ചോദ്യങ്ങൾക്ക ഉത്തരംപറയുന്നതിന ചുമതലക്കാരായ ഉദ്യോഗസ്ഥന്മാർ ആവശ്യപ്പെടുന്ന വിവരങ്ങൾ കൊടുക്കുന്നില്ല. ആവശ്യപ്പെടുന്ന വിവരങ്ങൾ കൊടുക്കാതെ കഴിക്കത്തക്കവിധത്തിലാണ് ചോദ്യങ്ങൾക്ക ഉത്തരംപറയുന്നത്. ഇതിലേക്ക ഉദാഹരണമായി മി. കുരങ്ങിപ്പള്ളിൽ ആർ. രാമൻപിള്ള ചോദിച്ച ചോദ്യത്തിന കൊടുത്ത മറുപടിതന്നെ എടുത്തുപറയാം.

മി. രാമൻപിള്ള താഴെപ്പറയുന്ന ചോദ്യം ചോദിച്ചു.— അതായതു

(എ) ചിറയിൻകീഴ് ഇംഗ്ലീഷ്സ്കൂൾ വളപ്പിൻറെ വിസ്തീർണ്ണം എന്തെന്നും,

(ബി) വളപ്പിനെ വ്യാപ്തമാക്കുന്നതിന തൊട്ടുകിടക്കുന്ന ഭൂമികൾ പൊന്നുംവിലകൊടുത്തു എടുക്കുന്നതിന മാനേജർ ഗവണ്മെൻറിനോട് അപേക്ഷിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതു ഏതു തീയതിക്കാണെന്നും,

(സി) അപ്രകാരം ഭൂമികൾ പൊന്നുംവില കൊടുത്തെടുക്കുന്നതിന ആവശ്യമുള്ളവില കെട്ടിവയ്ക്കണമെന്ന മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും, അയാൾ ആ തുക കെട്ടിവച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അപ്രകാരം കെട്ടിവച്ച തീയതി ഏതാകണമെന്നും.

(ഡി) ഗവണ്മെൻറിൽനിന്നും അപ്രകാരം വല്ല ഭൂമിയും ഒഴിപ്പിച്ചെടുത്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്താണെന്നു, ഗവണ്മെൻറിൽനിന്നും സമയം പറയുമോ എന്നായിരുന്നു.

അതിലേക്ക കൊടുത്ത മറുപടികൾ താഴെപ്പറയുന്നതാണ്.

(എ) ൩.൫ സെൻറ

(ബി) ഭൂമിസമ്പാദനറഗ്ഗുലേഷൻ അനുസരിച്ച ഭൂമി പൊന്നുംവിലകൊടുത്തു എടുപ്പിക്കണമെന്ന മാനേജർ അപേക്ഷിച്ച അതു ൧൧൦൦ വൃശ്ചികം ൯–നു ആയിരുന്നു.

(സി) ഭൂമിഒഴിപ്പിച്ച എടുക്കുന്നതിനുള്ള വില മാനേജർ ൧൧൦൧ ധനു ൩–നു കെട്ടിവച്ചു.

(ഡി) ഇല്ല, ഇതു ഗവണ്മെൻറിൽനിന്നും പ്രവേശിക്കേണ്ട ഒരു കാര്യമാണെന്നു ഗവണ്മെൻറ വിചാരിച്ചില്ല?

ഗവണ്മെൻറിൽനിന്നും പ്രവേശിക്കേണ്ടകാര്യം അല്ലെന്ന ഗവണ്മെൻറ വിചാരിക്കുന്നുഎങ്കിൽ മാനേജരോട് പണംതുക കെട്ടിവയ്ക്കാൻ ആവശ്യപ്പെട്ടതു എന്താണ്? ഇതു ഒരു ഡിപ്പാർട്ടുമെൻറിൽ സംഗതിയാണ്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും തമ്മിലുള്ള ഒരു വ്യത്യസ്തത ഗവണ്മെൻറ എന്തിനാണു ഉണ്ടാക്കുന്നതു? മെമ്പർമാർ ആവശ്യപ്പെട്ട വിവരം അറിവുകൊടുത്തിട്ടില്ലാത്തതിലേക്ക ഇതു ഒരു ഉദാഹരണമാണ്. ഇപ്രകാരമുള്ള തെററായനടപടികൾ അപ്പഴപ്പോൾ തടയേണ്ടതാണ്. അതുകൊണ്ടാണ ഗവണ്മെൻറ ഭരണചക്രത്തിന ഒരു നിഷ്പക്ഷമായ പ്രചോദന ആവശ്യമുണ്ടെന്ന ഞാൻ പറയുന്നത്. ഈ സംഗതികളിൽ ഗവണ്മെൻറ മനഃപൂർവ്വം ശ്രദ്ധിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ പ്രമേയത്തെപ്പററി രണ്ടുവാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. പ്രമേയത്തിൻെറ ഫുട്ടുനോട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ജനങ്ങൾ സങ്കടം അനുഭവിക്കുന്നു എന്നുമാത്രമല്ലാ ജനങ്ങളുടെ സങ്കടങ്ങളെ ഗവണ്മെൻറുദ്യോഗസ്ഥന്മാർ കേൾക്കുന്നില്ലെന്നൊരു സങ്കടവുംകൂടിയുണ്ടെന്നുള്ളതാകുന്നു. ജനങ്ങൾ സങ്കടങ്ങൾ അനുഭവിക്കുന്നു എന്നുമാത്രമല്ലാ ആ സങ്കടങ്ങളെ പരിഹരിക്കേണ്ട ആളുകൾ അവരുടെ സങ്കടങ്ങളെ കേൾക്കാത്തതുനിമിത്തം ഈവക സങ്കടങ്ങൾ നിലനിന്നുപോരുന്നു എന്നുള്ള പരാതി ഏറെക്കുറെ സാർവ്വത്രികമായി തീർന്നിട്ടുണ്ട്. ഈ പരാതി ഇപ്പോൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. പുരാണകാലങ്ങളിലെ സ്ഥിതി നോക്കുന്നതായാൽ അതായതു പുരാണങ്ങൾ വായിച്ചുനോക്കുന്നതായാൽ അക്കാലത്തു പൊതുജനസങ്കടങ്ങൾ ഉണ്ടായിരുന്നില്ലാ എന്നുമാത്രമല്ല ജനങ്ങളെ ഭരിക്കുന്നതിനു നിയമിച്ചിട്ടുള്ള ആളുകളുടെമേൽ ഔത്സുക്യപൂർവ്വമായും ജാഗ്രതയായും ഉള്ള ഒരു കാവൽകൂടി വച്ചിരുന്നതായും കാണുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അക്കാലത്തു ഭരണസമ്പ്രദായം ഇത്ര വിഷമമുള്ളതായിരുന്നോ?

മി. എം. ശിവതാണുപിള്ള (തോവാള): അക്കാലത്തു വിഷമക്കാരായ ആളുകൾ ഇല്ലാതിരുന്നതുകൊണ്ടു ജനഭരണം എളുപ്പമായിരുന്നു. ഒരു രാജാവിൻെറപുത്രൻ തേരിൽകയറി സവാരിചെയ്യുന്നമദ്ധ്യേ തേർചക്രംകയറി ഒരു പശുക്കിടാവു മരിച്ചുപോയി എന്നു ഞാൻ ഒരു പുരാണകഥ വായിച്ചിട്ടുണ്ട്. രാജകുമാരൻ ഇതു അറിഞ്ഞിട്ട സംഗതി ആരെയും ഗ്രഹിപ്പിക്കാതെ നേരെ കൊട്ടാരത്തിലേക്കു തിരിച്ചു എഴുന്നെള്ളുകയാണ് ചെയ്തതു്. കിടാവിൻെറ തള്ളപ്പശു കൊട്ടാരവാതുക്കൽചെന്നു വിവരം ഉണർത്തിക്കുന്നതിനുള്ള മണിഅടിച്ചു. മണികേട്ടു രാജാവുതന്നെ വെളിക്കിറങ്ങിവന്നു സംഗതി എന്താണെന്നു അന്വേഷിച്ചു. രാജകുമാരൻെറ തേരാണു പശുക്കിടാവിനെ കൊന്നതുഎന്നു രാജാവിനു മനസ്സിലായപ്പോൾ തൻെറ കിരീടാവകാശിയായ രാജകുമാരനെ തേർചക്രത്തിനു അടിയിൽ ഇട്ടു അദ്ദേഹം ഞെരുക്കി കൊന്നുകളഞ്ഞു. ജനങ്ങളുടെ യോഗക്ഷേമങ്ങളും സങ്കടങ്ങളും അറിയുന്നതിനായിട്ടു രാജാക്കന്മാർതന്നെ രാത്രികാലങ്ങളിൽ ചുററി സഞ്ചരിക്കുന്നതായി നാം കേട്ടിട്ടുണ്ടല്ലോ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): പുരാണകാലത്തെ ഈ കൃത്യങ്ങൾ മെമ്പർ നീതീകരിക്കുന്നുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ നീതീകരിക്കുന്നു. ഇപ്പഴത്തെ ഭരണസമ്പ്രദായം ആ നിലയിൽ ഇരിക്കണമെന്നു എനിക്കു ആഗ്രഹമുണ്ട്.

മി. കെ. ജോർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി): തൻെറ സ്വന്തപുത്രനെ തേരുരുളിൽ ഇട്ടു ഞെരുക്കി കൊന്നതിനെ മെമ്പർ സാധൂകരിക്കുന്നോ?

മി. എം. ശിവതാണുപിള്ള (തോവാള): തീർച്ചയായും ഇല്ല.

ഉദ്യോഗസ്ഥന്മാർ ചുമതലബോധമുള്ളവരാണെങ്കിൽ ഈ അധികാരം അവർക്കു കൊടുക്കുന്നതിനു ഞാൻതന്നെ ഒന്നാമനായിരിക്കും. എന്നാൽ അപ്രകാരമുള്ള മനഃസ്ഥിതി നമ്മുടെ ഇടയിൽ കാണുന്നില്ല. ഈ മനഃസ്ഥിതി പുരാണങ്ങളിൽ മാത്രമേ കാണുന്നുള്ളു.

ഇന്നത്തെ അവസ്ഥ എന്താണ്? നമുക്കു സങ്കടങ്ങൾ ഉണ്ടു. അതിനെപ്പററി ഗവണ്മെൻറിൽ ബോധിപ്പിച്ചാൽ അതിനു ഒരു മറുപടിയും ഇല്ല. ഇതാണു ഇപ്പോഴത്തെ അവസ്ഥ. ഈ സഭയിലെ ജനപ്രതിനിധി കക്ഷിയോടു ഉദ്യോഗകക്ഷി പെരുമാറുന്നസമ്പ്രദായം എൻെറ സ്നേഹിതൻ മി. ശിവരാമപ്പണിക്കർ ചൂണ്ടിക്കാണിച്ചുവല്ലോ. ഇതു ഒരു സങ്കടകരമായ അവസ്ഥയാകുന്നു. ജനപ്രതിനിധികൾ എന്തെങ്കിലും പറഞ്ഞാൽ അതിനെ എതിർക്കാൻ മാർഗ്ഗമുണ്ടോ എന്നുള്ള മനഃസ്ഥിതിയോടുകൂടിയാണ് ഗവണ്മെൻറുദ്യോഗസ്ഥന്മാർ സഭയിൽ വരുന്നതു. ജനപ്രതിനിധികളോടു പോരാടുന്നതിനാണ് അവരുടെ ശ്രമം. ഈ വാസ്തവം ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. ഈ മനഃസ്ഥിതി അശേഷം ആശാസ്യമായതല്ല. ഇതു മററുസ്ഥലങ്ങളിൽനിന്നും ഉണ്ടായിട്ടുള്ള ഒരു രോഗപ്പകർച്ച ആയിരിക്കാം. പുറമേരാജ്യങ്ങളിലുള്ള നിയമസഭകളിൽ വല്ല ചോദ്യമോ ഉപചോദ്യമോ ഉണ്ടാകുന്നസമയത്തു ഗവണ്മെൻറുദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥമെമ്പർമാരും തമ്മിൽ ഒരു മല്ലയുദ്ധം നടക്കുന്നതായി കണ്ടുവരുന്നുണ്ടു. എന്നാൽ ഈ സഭയിൽ അതിനു അശേഷം ആവശ്യം ഇല്ല. ആ രാജ്യങ്ങളിൽ രണ്ടുകക്ഷികളുടെയും യോഗക്ഷേമങ്ങൾ തമ്മിൽ വിരുദ്ധമാണ്. എന്നാൽ ഇവിടെയാകട്ടെ രണ്ടുകൂട്ടരുടേയും യോഗക്ഷേമം ഒന്നുതന്നെ. ഉദ്യോഗസ്ഥന്മാരുടെ ബുദ്ധിക്കുറവുകൊണ്ടാണ് അവർ അനുദ്യോഗസ്ഥന്മാരോടു് മല്ലുപിടിക്കുന്നതിനായിവന്നിരിക്കുന്നതു എന്നു ഒരു അഭിപ്രായം ജനിപ്പിക്കുന്നുണ്ട്. ഈ മനസ്ഥിതി അവരുടെ ഹൃദയത്തിൽനിന്നും ഒന്നാമതായിട്ടു അവർ മാററിവയ്ക്കേണ്ടതാണ് എന്നാൽ മി. പിററ് ഈ ദേഹത്തിൻെറ നിരന്തരമായ തടസ്സങ്ങൾകൊണ്ടു ഞങ്ങളുടെ ഹാർദ്ദമായി സഹകരിക്കുന്നതെന്നു ഈ അവസരത്തിൽ എനിക്കു സമ്മതിക്കാതെ നിവൃത്തിയില്ല. (ചിരി) ഞാൻ പറഞ്ഞതു എന്തെന്നാൽ ഉദ്യോഗസ്ഥകക്ഷികൾ അനുദ്യോഗസ്ഥമെമ്പർമാരോടു സഹകരിക്കേണ്ടുന്നവരാകുന്നു. അങ്ങനെചെയ്യുന്നതു അവർക്കു എത്ര ഗുണപ്രദമാണ്. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഒരു ഏകയോഗക്ഷേമമായ കുടുംബത്തിലെ അംഗങ്ങളും സഹോദരങ്ങളുംആണെന്നു ഉദ്യോഗസ്ഥന്മാർ മനസ്സിലാക്കേണ്ടതു മഹാറാണിതിരുമനസ്സിലേക്കു് പൊതുജനങ്ങളോടും അവർ ചെയ്യേണ്ട ഒരു കർത്തവ്യം ആകുന്നു. അതല്ലാതെ ഇരുകൂട്ടരും തമ്മിൽ മല്ലയുദ്ധം നടത്തുന്നതു ഉചിതമല്ല.

ഈ അവസരത്തിൽ ഒരു പരിതാപകരമായ സംഗതി എൻെറ ഓർമ്മയിൽ വരുന്നുണ്ടു. അതു് ഓരോ അവസരംകിട്ടുമ്പോൾ എല്ലാം എടുത്തുപറയുന്ന ഒരു കാര്യമാണ്. അതായതു കക്കാട്ടുറോഡിൻെറ സുപ്രസിദ്ധമായ ചരിത്രംആകുന്നു. ഈ റോഡിൻെറ വകക്കു ഒരു ഗ്രാൻറവേണമെന്നു ഒരുമെംബർ ആവശ്യപ്പെട്ടതായ ഒരു അവസരം ഈ സഭയിൽതന്നെ ഉണ്ടായിട്ടുണ്ടു. സർക്കാർപണംകൊണ്ടു സംരക്ഷിച്ചുപോരുന്ന റോഡുകളിൽകൂടി ജാതിമതഭേദമെന്യേ മഹാറാണിതിരുമനസ്സിലെ സകലപ്രജകളും സഞ്ചരിക്കേണ്ടുന്ന അവകാശത്തെ ആയ ഇപ്പോഴത്തെ പതിവിനെ സംബന്ധിച്ചു ഒരു വാദപ്രതിവാദം ഉണ്ടായി. സർക്കാർഖജനാവിലേക്കു അയിത്തജനങ്ങളും പണം കൊടുക്കുന്നുണ്ടെന്നുള്ള സംഗതി ആലോചിക്കുമ്പോൾ ഇങ്ങനെ നടപ്പു ആക്ഷേപാർഹമാണെന്നു പറയുന്നതു

സ്വാഭാവികമാണല്ലോ. ഈ സംഗതിയെപ്പററിയുണ്ടായ വാദപ്രതിവാദത്തിൽ പ്രമേയം തള്ളപ്പെടുകയും ഗവൺമെൻറ് [illegible] നയ നിരാകരിക്കയും ചെയ്തു. ഇപ്പോഴും വീണ്ടും അതിലേക്ക പണം അനുവദിക്കണമെന്നുള്ള ഗവൺമെൻറിൻെറ നില എനിക്ക മനസ്സിലാകുന്നില്ല. സഭയിലെ മെമ്പർമാർക്ക മുഴുവനും വഴിതെററിപ്പോയിയെന്നും സംഗതിയുടെ സൂക്ഷ്മസ്ഥിതിയിൽ മനസ്സിനെ ഏകാഗ്രമാക്കുന്നതിനുപകരം അവർ സംഗതിയെ തെററി ധരിച്ചുപോയി എന്നും ഗവൺമെൻറ വിചാരിക്കുന്നതായി ഞാൻ സമ്മതിക്കാം. ഈ സംഗതിയെപ്പററി ഗവൺമെൻറ ഗൗരവമായി ആലോചിക്കുമെന്നും വേറൊരു റോഡു ആവശ്യമാണെന്നു അവർ കരുതുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. വാസ്തവത്തിൽ അവിടെ ഒരു റോഡുണ്ട്. എന്നാൽ ആ റോഡിൽക്കൂടി നടക്കുന്നതിന അധഃകൃതവർഗ്ഗക്കാരെ അനുവദിക്കുന്നില്ലെന്നുള്ളതേയുള്ളു. ഇതുതന്നെയാണ് വൈക്കത്തെ സത്യാഗ്രഹസമരത്തിൽ ഉൾഭൂതമായത്. ആ സംഗതിയിൽ സർക്കാരിൽനിന്നും സംരക്ഷിച്ചുവരുന്ന റോഡുകളെ മഹാറാണിതിരുമനസ്സിലെ സകല പ്രജകളുടെയും ഉപയോഗത്തിനായി തുറന്നിടണമെന്നുള്ള ജനങ്ങളുടെ വാദം ന്യായമാണെന്നു ഗവൺമെൻറ അംഗീകരിച്ചിട്ടുണ്ട്. വൈക്കം റോഡിനെസംബന്ധിച്ച ഗവൺമെൻറ അംഗീകരിച്ചിട്ടുള്ള തത്വം കക്കാട്ടുറോഡിൻെറ കാര്യത്തിൽ സംബന്ധിപ്പിക്കുന്നതിന ഗവൺമെൻറിനുണ്ടാകുന്ന പ്രയാസം എന്താണെന്നു എനിക്ക മനസ്സിലാകുന്നില്ല. ഈ സംഗതി കഴിഞ്ഞ [illegible] ഗവൺമെൻറ തീരുമാനിക്കാതെ [illegible]. ഇപ്രകാരം ഉദാഹരണങ്ങൾ ധാരാളമുണ്ട്. ഇതിൽനിന്നും ജനങ്ങളുടെ ഇടയിലുണ്ടാകുന്ന ഒരു അഭിപ്രായം, പൊതുജനസങ്കടങ്ങൾ കേൾക്കുന്നതിനുള്ള ഗവൺമെൻറ ഇല്ലാ എന്നുള്ളതാകുന്നു. പൊതുജനസങ്കടങ്ങളെ കേൾക്കുന്നതിന ഗവൺമെൻറ തയ്യാറായിരിക്കേണ്ടതാണ്. ആ സങ്കടങ്ങളെ പരിഹാരംചെയ്യുന്നതിന അവർ ശ്രമിക്കയും ചെയ്യണം. ഉദ്യോഗസ്ഥന്മാർ ഇതിന തയ്യാറാകാതെ ഇരിക്കയും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളെ തടയുകയും ചെയ്യുന്നതായാൽ ജനങ്ങൾ തന്നെ പ്രബലമായ പ്രതിരോധം നടത്തി അവരുടെ അവകാശങ്ങളെ സിദ്ധിക്കുന്നതായ ഒരു സമയം ഉണ്ടാകുമെന്നാണ് എനിക്കതോന്നുന്നത്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ വാദപ്രതിവാദമദ്ധ്യേ പ്രതിപാദ്യമായ ചില സംഗതികളെപ്പററി ഏതാനും ചില നിരൂപണങ്ങൾ ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി, ഈ സഭയിൽ സമർപ്പിക്കുന്ന സകല നിവേദനങ്ങളും അവസാനമായി ഗവൺമെൻറിൽ സമർപ്പിക്കുന്നതാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. അതായത്, നാടുവാഴുന്ന രാജാവിൻെറ തിരുമുമ്പിൽ സമർപ്പിക്കുന്നതാണ്. ഇപ്പോഴത്തെ സ്ഥിതിക്ക മഹാരാജാവു തിരുമനസ്സിലെ പ്രതിനിധീകരിക്കുന്ന തിരുവിതാംകൂർ മഹാറാണി തിരുമനസ്സിലെ തിരുമുമ്പിൽ സമർപ്പിക്കുന്നതാകുന്നു. ആ മുറക്ക നാട്ടുകാരുടെ സകല സങ്കടങ്ങളെയും ആ വന്ദ്യപാദങ്ങളിൽ സമർപ്പിക്കുന്നതു ന്യായമാണെന്നു ഞാൻ വിചാരിക്കുന്നു. ഗവൺമെൻറുതന്നെ സ്വയമേ റോഡുകളും മററു പൊതുമരാമത്തു പണികളും നടത്തുന്നുണ്ടെന്നു ഉദ്യോഗസ്ഥപക്ഷത്തുനിന്നും പറകയുണ്ടായി. അതിനെ ഞാൻ സമ്മതിക്കുന്നു. എൻെറ വാദംതന്നെ ഗവൺമെൻറിൽനിന്നും റോഡുകൾ ഉണ്ടാക്കുന്നു എന്നും എന്നാൽ അതു അവർ ന്യായമായനിലയിൽ ചെയ്യുന്നില്ലെന്നുമാണ്. അവർ അവരുടെ സ്വന്തമനസ്സാലെയോ മററുവല്ലവരുടേയും രഹസ്യമായ പ്രേരണനിമിത്തമോ ചെയ്യുന്നതാകുന്നു. ഉദാഹരണമായിട്ട ജനങ്ങൾ ആവശ്യപ്പെടാത്ത കക്കാട്ടുറോഡിനെത്തന്നെ എടുത്തുപറയാം. ഞാൻ ആ വഴിയെ എൻെറ വാദത്തെ തുടങ്ങണമെന്നു വിചാരിക്കുന്നില്ല. നാട്ടുമ്പുറത്തെ ജനങ്ങളെ അവഗണിച്ചും അവരെ പട്ടിണിയിട്ടും ചില പ്രത്യേകസ്ഥലങ്ങളോട പ്രതിപത്തി കാണിക്കുന്നു എന്നാണു പൊതുവേയുള്ള പരാതി.

"ഉത്തരവാദിത്വമുള്ള ഭരണം" എന്ന വിഷയത്തെപ്പററി പറഞ്ഞപ്പോൾ ശ്രീമൂലംപ്രജാസഭയിൽ ദിവാൻ ചെയ്ത ഒരു പ്രസംഗത്തെ മി. ജാർജ് ചൂണ്ടിപ്പറകയുണ്ടായി. എൻെറ താൽപര്യം [illegible] ദിവാൻ പറഞ്ഞതിൻെറ സാരം രാജ്യത്തിൻെറ സ്ഥിതിക്കുത്തകുന്ന പുരോഗതി അശാസ്യമായിരിക്കയില്ലാ എന്നാകുന്നു.

മി. സി. പി. താമസ്സ് (നിയമിക്കപ്പെട്ട മെമ്പർ): ആ സംഗതിയെപ്പററിയുള്ള വാദപ്രതിവാദം പാടില്ലെന്നു വിരോധിച്ചിട്ടുള്ളതല്ലയോ?

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇപ്പോഴത്തെ [illegible] രാജ്യഭരണത്തിപ്പിന്നെ അനുചിതമായിരിക്കുന്നു എന്നു എനിക്ക പറയാതെ നിവൃത്തിയില്ലാ. ഞാൻ ഒരു [illegible] പ്രചാരത്തെ തുടർന്നു പറയുന്നതല്ലാ. അപ്രകാരം പറയുന്നതിൽ അത്രത്തോളം വാസ്തവമോ അതിൽ കൂടുതൽ വാസ്തവമോ ഉണ്ട്. കഴിഞ്ഞ മുപ്പതുമുപ്പത്തഞ്ചു കൊല്ലങ്ങളിലെ ഭരണഫലങ്ങളെ പരിചിന്തിക്കുന്നതായാൽ രാജ്യത്തിന [illegible] ഗുണവും ഉണ്ടായിട്ടില്ലെന്നു കാണാൻകഴിയും. ഗവൺമെൻറിൻെറ ഭരണം നാൾക്കുനാൾ അധഃപതിച്ച പ്രാപിച്ചുകൊണ്ടിരിക്കയാണ്. ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലികളേയും ജനങ്ങളോട കാണിക്കുന്ന [illegible]കളേയും പററി പൊതുജനങ്ങൾ കൂടുതൽ കൂടുതലായി പരാതിപറയുന്നുണ്ട്. ഈ സന്ദർഭത്തിൽ ഉത്തരവാദിത്വമുള്ള ഭരണത്തിന ആവശ്യമായ സംഗതികൾ ഇന്നവയാണെന്നു ഞാൻചൂണ്ടിക്കാണിക്കാം.

മി. പി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ): ഈ വിഷയത്തെപ്പററി വാദപ്രതിവാദം പാടില്ലെന്നു തീർമാനിക്കപ്പെട്ടിട്ടില്ലയോ?

അദ്ധ്യക്ഷൻ: ഉണ്ട്. അതുപാടില്ലെന്നു തീരുമാനിച്ചിട്ടുണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഉത്തരവാദിത്വഭരണത്തിനു ആവശ്യമുള്ള സംഗതികൾ ഭരണവിഷയത്തിൽ ജനങ്ങളെക്കൂടി ഭാഗഭാക്കുകളാക്കുന്നതിനാൽ സാധിക്കുന്നതാണ്.

ബഡ്ജററിലും ധനകാര്യമെമ്പരുടെ പ്രസംഗത്തിലും ചൂണ്ടിപ്പറഞ്ഞിട്ടുള്ള വിശേഷതയെ നിക്ഷേപിച്ച മററു പ്രദേശങ്ങളെ അപേക്ഷിച്ച അധികവും നാട്ടുമ്പുറങ്ങളുടെ വകയാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ, അതിനാൽ വലിയതോതിലുള്ള പണികൾക്കായി പണംചെലവുചെയ്യുന്നു എങ്കിൽ അതു [illegible] പ്രത്യേകതകാണിച്ചുവന്നിരുന്ന മററുജനങ്ങളെ അപേക്ഷിച്ച നാട്ടുമ്പുറങ്ങളിലെ ജനങ്ങളുടെ [illegible] ഉദ്ദേശിച്ച വേണ്ടതാണ്. ഗവൺമെൻറിനെപ്പററിയും ഉദ്യോഗസ്ഥന്മാരെപ്പററിയും ഈ സഭയിൽ ഉണ്ടായിട്ടുള്ള സകല പരാതികളുടേയും ചുരുക്കം ഉദ്യോഗദാനവിഷയത്തിലും പൊതുമരാമത്തു പണികളുടെ വിതരണത്തിലും [illegible]ങ്ങളോട അനീതികാണിക്കുന്നു എന്നുള്ളതാകുന്നു.

എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യത്തിൽ 'കലാപം' എന്നൊരു വാക്കു ഉപയോഗിച്ചു. അതിനെപ്പറ്റി ഒരു മറുവാക്കു പറയേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതിൽ ഭയങ്കരമായിട്ടൊന്നും ഇല്ലെന്നാണു ഞാൻ മനസ്സിലാക്കിയതു. പൊതുജനയോഗങ്ങളിൽ കൂക്കിവിളിക്കുക മുതലായ കലാപങ്ങളെ നാം ഈ രാജ്യത്തു കണ്ടിട്ടുണ്ടു. മലയാളഭാഷയെപ്പറ്റി എനിക്കുള്ള സ്വല്പമായ പരിജ്ഞാനംകൊണ്ടു ഇതുകളെല്ലാം കലാപങ്ങളാണെന്നു ഞാൻ വിചാരിക്കുന്നു. ഇതിൽ കൂടുതലായ യാതൊരു സംഗതിയും മി. കുഞ്ഞിത്തൊമ്മന്റെ പ്രസംഗത്തിൽ ഉദ്ദേശിച്ചിട്ടുള്ളതായി എനിക്കു തോന്നുന്നില്ല. നമ്മുടെ യോഗങ്ങളിൽ ഇതൊക്കെ വളരെ ഗൌരവമേറിയവയാണ്. മറ്റൊരു സംഗതി എനിക്കു പറയാനുള്ളതു ഈ പ്രകാരമുള്ള പദങ്ങളോ ഇതിൽ കൂടുതൽ ഗൌരവമുള്ള വാക്കുകളോ ജനപ്രതിനിധിസഭകളിൽ ഉപയോഗിക്കാറുണ്ടെന്നുള്ളതാണ്. ഇംഗ്ലണ്ടിലെ കാമൺസ് സഭയിലെ വല്ല ഡിബേറ്റുകളുടെയും നടപടികൾ പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാകുന്നതാണ്. ആ സ്ഥിതിക്കു എന്റെ സ്നേഹിതൻ മി. കുമാരപിള്ള വിചാരിക്കുന്നതുപോലെ ഈ സംഗതികളെ അത്ര ഗൌരവമായി എടുക്കേണ്ട ആവശ്യമില്ല. അവസാനമായി എനിക്കു പറയാനുള്ളതു ഏതൊരു സംഗതിയിലും അവസാനതീർച്ച ചെയ്യുന്നതിനു മുമ്പായി ഗവർമ്മെന്റു അവരുടെ നയനിശ്ചയം ചെയ്യുന്നതിൽ പൊതുജനങ്ങളെക്കൂടി വിശ്വാസനിലയിൽ ഭാഗഭാക്കുകളാക്കണമെന്നാകുന്നു. ഈ വക സംഗതികൾ ചിലപ്പോൾ കാര്യങ്ങൾ നടന്നശേഷമാണ് ജനങ്ങൾ അറിയുന്നതു. അപ്പോൾ അതുകൊണ്ടു യാതൊരു പ്രയോജനമില്ലാതെയും വരുന്നു. മഹാറാണി റീജന്റ് തിരുമനസ്സാകെ എനിക്കു സമർപ്പിക്കാനുള്ള എന്റെ താഴ്മയായ നിർദ്ദേശം താഴെപ്പറയുന്നതാണ്:—അതായതു ജനങ്ങളെ ബാധിക്കുന്നതായ ഏതൊരു പ്രധാനപദ്ധതിയും തുടങ്ങുന്നതിനു മുമ്പായി ജനങ്ങളോടു ആലോചിക്കയോ അല്ലെങ്കിൽ ഒരു ജനപ്രതിനിധിയെ തിരഞ്ഞെടുത്തു പ്രധാനകാര്യങ്ങളിൽ അയാളുമായി ആലോചിക്കയോ ചെയ്യണം എന്നുള്ളതാകുന്നു. ഒരു പ്രതിനിധി മതിയാകയില്ലെന്നു കണ്ടാൽ ഗവർമ്മെന്റിനു ഒന്നിലധികം പ്രതിനിധികളെ നിയമിക്കാവുന്നതാണ്. എന്നാൽ ഇവരിൽ പൊതുജനങ്ങൾക്കു വിശ്വാസം ഉണ്ടായിരിക്കേണ്ടതു ആവശ്യമായിരിക്കുന്നതുകൂടാതെ അവർ തന്നെ ഉത്തരവാദിത്വമുള്ളവരും ആയിരിക്കണം. ഈ വാക്കുകളോടുകൂടി എന്റെ ഈ അപേക്ഷയെ മഹാറാണി റീജന്റു തിരുമനസ്സിലെ കരുണാപുരസ്സരമായ അംഗീകരണത്തിനായി [illegible] ഞാൻ സവിനയം സമർപ്പിച്ചുകൊള്ളുന്നു. ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

മി. കെ. ജാജ് (ഗവർമ്മെന്റ് ചീഫ് സെക്രട്ടറി): ചില പായിന്റുകളെപ്പറ്റി എനിക്കു സ്വല്പം പറയാനുണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മി. രാമൻമേനോൻ ഉപക്ഷേപത്തെ പിൻവലിച്ചിരിക്കയാണല്ലൊ.

മി. കെ. ജാജ് (ഗവർമ്മെന്റ് ചീഫ് സെക്രട്ടറി). എന്നാൽ മെമ്പർമാർ പറഞ്ഞിട്ടുള്ള പല സംഗതികളെപ്പറ്റിയും മറുപടി പറയുന്നതിനു എനിക്കു അവകാശം ഉണ്ടു.

അദ്ധ്യക്ഷൻ. നിങ്ങൾക്കു സംസാരിക്കാം.

മി. കെ. ജാജ് (ഗവർമ്മെന്റ് ചീഫ് സെക്രട്ടറി): "സാമാന്യഭരണം" എന്നതു പല വിഷയങ്ങളെപ്പറ്റിയും സംസാരിക്കുന്നതിനു സൌകര്യമായ ഒരു ബഡ്ജറ്റ് ഹെഡാണ്. ഈ സൌകര്യത്തെ മെമ്പർമാർ വേണ്ടപോലെ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. നാം ഒട്ടനവധി വിഷയങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പർമാർ പ്രതിപാദിച്ച എല്ലാ സംഗതികളെയുംപ്പറ്റി പറയുന്നതിനും അതിലേക്കു പൂർണ്ണമായും തൃപ്തികരമായും ഉള്ള മറുപടികൾ കൊടുക്കുന്നതിനും ഗവർമ്മെന്റു മെമ്പറിനു അനുവദിച്ചിട്ടുള്ള സ്വല്പസമയത്തിനകത്തു സാദ്ധ്യമാകുന്നതല്ല. അതിനാൽ പ്രാസംഗികന്മാരുടെ നിരൂപണത്തിൽ അടങ്ങിയിട്ടുള്ള പ്രധാന ആക്ഷേപങ്ങളെ സംബന്ധിച്ചു മാത്രമേ ഞാൻ ഇവിടെ പ്രതിപാദിക്കുന്നുള്ളൂ.

മി. സി. പി. താമസ്സിന്റെ പ്രസംഗത്തിൽ ചില സംഗതികൾ തീർച്ചചെയ്യുന്നതിനു നേരിടുന്ന അസാധാരണമായ കാലവിളംബനത്തെപ്പറ്റി പ്രസ്താവിച്ചു. ഗ്രാമപ്പഞ്ചായത്തു റെഗുലേഷനെപ്പറ്റി അദ്ദേഹം പ്രത്യേകിച്ചു പറകയുണ്ടായി. ആ റെഗുലേഷൻ പാസ്സായിട്ടു ഒട്ടുവളരെ വർഷമായിഎന്നു അദ്ദേഹം വിചാരിക്കുന്നതായിതോന്നുന്നു. ഗ്രാമപ്പഞ്ചായത്തു റെഗുലേഷൻ പാസ്സായതു ൧൧൦൦-ൽ ആണ്. അതിൽപിന്നെ ആവശ്യമുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിനു ചില ആഫീസർമാരുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കയായിരുന്നു. ചട്ടങ്ങൾ ഇപ്പോൾമാത്രമേ വന്നുചേർന്നിട്ടുള്ളൂ. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഒട്ടധികംസമയം വേണ്ടിവരുമെന്നും ഞാൻ പറയേണ്ടതില്ലല്ലോ. റൂളുകൾ എഴുതിഉണ്ടാക്കുന്നതിനു മുമ്പായി മറുരാജ്യത്തിലുള്ള ഈവകനിയമങ്ങൾ സംബന്ധിച്ച ചട്ടങ്ങൾകൂടി നോക്കേണ്ടതുണ്ടു. റൂളുകൾ എല്ലാം തയ്യാറായി ഗവർമ്മെന്റിൽ വന്നുചേർന്നതു ഈയിടെയാണ്. ഈ റൂളുകളെ സവിസ്തരം പരിശോധിക്കേണ്ടതായുണ്ടു. അതിനുശേഷമേ അവയെ പാസ്സാക്കി നടപ്പിൽ വരുത്താൻ പാടുള്ളൂ. പ്രധാനകാര്യങ്ങളെ സംബന്ധിച്ചിടത്തോളം സ്വല്പമായ കാലവിളംബം വരെ അനുവദിക്കേണ്ടതാണ്. എന്തെന്നാൽ ഹജൂർകച്ചേരിയുടെ ഇപ്പോഴത്തെ ഘടനയനുസരിച്ചു ഈ സംഗതികളെപ്പറ്റി ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാർക്കും മറ്റും എഴുതിഅയച്ചു അവരുടെ മറുപടികൾ വരുത്തേണ്ടതുണ്ട്. അവ വന്നുചേർന്നതിനുശേഷവും ആലോചിച്ചുമാത്രമേ അവസാനതീർച്ച ചെയ്വാൻ പാടുള്ളൂ. ഇതിനെല്ലാം സമയം വേണ്ടിവരുമെന്നു പറയേണ്ടതില്ലല്ലോ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-തൊടുപുഴ): അടിയന്തിരകാര്യങ്ങൾ സംബന്ധിച്ചു വല്ല വ്യവസ്ഥയും ഉണ്ടോ? മി. രാമൻമേനോൻ അടിയന്തിരകാര്യങ്ങളെപ്പറ്റി പറകയുണ്ടായി.

മി. കെ. ജാജ് (ഗവർമ്മെന്റ് ചീഫ് സെക്രട്ടറി): ജനങ്ങളുടെ നിലയിൽനിന്നോ ഗവർമ്മെന്റിനെ സംബന്ധിച്ചോ അടിയന്തിരമായിതോന്നുന്ന എല്ലാകാര്യങ്ങളും കഴിയുന്നതുംവേഗത്തിൽ തീരുമാനിക്കുന്നുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-തൊടുപുഴ): അടിയന്തിരസംഗതികളിലുള്ള ഹർജികൾ തീരുമാനിക്കുന്നതിനു ഗവർമ്മെന്റിനു ശരാശരി എത്രനാൾ വേണ്ടിവരും?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): പ്രധാനപ്പെട്ട കാര്യങ്ങൾക്കു ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർക്കു എഴുതി അയച്ചു മറുപടി വരുത്താറുണ്ട്. അവരുടെ റിപ്പോർട്ടുകൾ വന്നാൽ കഴിയുന്നതും വേഗത്തിൽ തീരുമാനിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): എല്ലാ സംഗതിയിലും ഈ വക കാര്യങ്ങൾ ഡിപ്പാർട്ടുമെൻറ മേലധികാരികളുടെ റിപ്പോർട്ടിനായി അയക്കുന്നുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): പലപ്പോഴും അപ്രകാരം ചെയ്യേണ്ടതായി വരുന്നുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ; പ്രധാനപ്പെട്ട ഹർജികളുടെ വിഷയത്തിൽ, കഴിയുന്നതും വേഗത്തിൽ, അതായതു കമ്പികൾ അയച്ചുതന്നെയും മറുപടികൾ വരുത്തുന്നതിനു ഗവണ്മെൻറ വേണ്ട വ്യവസ്ഥ ചെയ്യുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) : അതുകൊണ്ടു വിശേഷം ഉണ്ടാവുകയില്ല. അസൽഹർജികൾതന്നെ അയച്ചുകൊടുക്കേണ്ടതുണ്ട്. അപ്രകാരം ചെയ്താൽമാത്രമേ സംഗതിയുടെ സ്വഭാവം അവർക്കു മനസ്സിലാക്കാൻ കഴികയുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ; ഹർജിയിന്മേലുള്ള ഉത്തരവു വിവരമെങ്കിലും കമ്പിമാർഗ്ഗം അറിയിച്ചുകൂടയോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) : അപ്രകാരം ഇപ്പോൾ ചെയ്തുവരുന്നുണ്ട്. പലപ്പോഴും ഹർജിക്കാരൻതന്നെ കമ്പിയുടെ ചിലവുകൂടി അയച്ചുകൊടുക്കുന്നു. അങ്ങിനെയുള്ള സംഗതികളിൽ മറുപടികൾ കമ്പിമാർഗ്ഗംതന്നെ അയച്ചുകൊടുക്കുന്നുണ്ട്.

ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരുടെ ആപ്പീസുകളിൽ ഉണ്ടാകുന്ന കാലതാമസങ്ങളെപ്പറ്റി മി. കുമാരപിള്ള പറഞ്ഞ എന്നതു ശരിതന്നെ. അതിലേക്കു റൂളുകൾ ഉണ്ട്. ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥന്മാർ ഹർജിക്കാർക്കു ഇണ്ടാസുകൊടുക്കുന്നില്ല എന്നു അദ്ദേഹം പറഞ്ഞു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്) : എൻെറ പ്രസംഗത്തിൽതന്നെ ചീഫ് സിക്രട്ടറി ഇങ്ങനെ പറയുമെന്നു പറഞ്ഞിരുന്നല്ലോ.

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) ; ഹർജിക്കാർക്കു ഇണ്ടാസുകൊടുക്കണമെന്നു വ്യക്തമായ ഉത്തരവുകൾ ഉണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവംകോട്) : ഗവണ്മെൻറ ആർഡർ ഉണ്ട്. പക്ഷെ അതിനെ കീഴുദ്യോഗസ്ഥന്മാർ ശരിയായി നടത്താത്തതിൻെറ രഹസ്യം എവിടെയാണു ഇരിക്കുന്നതു എന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) : ഇതിലേക്കുള്ള ഒരു ഒററ ഉപശാന്തി ഗവണ്മെൻറ ആർഡർ അനുസരിച്ചു നടത്താത്ത ഉദ്യോഗസ്ഥൻെറമേൽ പരാതിപറയുക എന്നുള്ളതാണു. അല്ലെങ്കിൽ ഗവണ്മെൻറിനു അവയെപ്പററി അറിയാൻനിവൃത്തിയുള്ളതല്ലല്ലോ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) : ഹർജികൾ തീർച്ചചെയ്യുന്നതിനു മുമ്പായി ഗവണ്മെൻറ കക്ഷികളുടെ വാദങ്ങൾ കേൾക്കുന്നുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) ; കക്ഷികളുടെ വാദങ്ങൾ കേൾക്കണമെന്നു റഗുലേഷനും ചട്ടവും ഉള്ള സംഗതികളിലെല്ലാം കേൾക്കുന്നുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) : റഗുലേഷൻെറയും ചട്ടങ്ങളുടേയും കാര്യം ഏതുവിധം ഇരുന്നാലും, കക്ഷികൾ അവരുടെ വാദങ്ങൾ കേൾക്കണമെന്നു അപേക്ഷിക്കുന്നെങ്കിൽ കേൾക്കേണ്ടതു ന്യായമല്ലയോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) ഈ റൂളുകളെ ഭേദപ്പെടുത്തുന്നതിനെ സംബന്ധിച്ചതാണു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ഇപ്പോഴത്തെ റൂളുകൾ ന്യൂനതയുള്ളതാണെങ്കിൽ, ഗവണ്മെൻറിൽനിന്നും ആ കാര്യത്തെപ്പററി പര്യാലോചിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) റൂളുകൾ ഭേദപ്പെടുത്തേണ്ട സംഗതിയെപ്പററി ഗവണ്മെൻറ ആലോചിക്കുന്നതാണു.

പിന്നീടു മി. ശിവരാമപ്പണിക്കർ ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിവിഷയത്തെപ്പററി പറകയുണ്ടായി. മി. ശിവരാമപ്പണിക്കർ പ്രത്യേകിച്ചു ചൂണ്ടിപ്പറഞ്ഞ ഒരു സംഗതിയെപ്പററി സമാധാനം പറയേണ്ട ആവശ്യം ഉണ്ട്. അതായതു പ്രശ്നങ്ങൾക്കു മറുപടികൊടുക്കുന്ന സമ്പ്രദായത്തെപ്പററിയാണ്. മെമ്പർമാർ ആവശ്യപ്പെടുന്നതായ വിവരങ്ങൾ കൊടുക്കാതിരിക്കുന്നതിനു ഗവണ്മെൻറ ബദ്ധശ്രദ്ധരായിരിക്കുന്നു എന്നു അദ്ദേഹം പറഞ്ഞു. ഇതു വാസ്തവമല്ലെന്നു എനിക്കു പറയാതെ നിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്) ചോദ്യത്തിനു ഉത്തരം നൽകുന്ന വിഷയത്തിൽ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർ ഗവണ്മെൻറിനെ തെററിദ്ധരിപ്പിച്ചു പല അവാസ്തവങ്ങളും ഗവണ്മെൻറിനെക്കൊണ്ടു പറയിക്കുന്നു എന്നുള്ളതിനു ഏതെങ്കിലും ദൃഷ്ടാന്തം ഗവണ്മെൻറിൻെറ അറിവിൽ എത്തിയിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) : ഇല്ല. അപ്രകാരം വ്യക്തമായ യാതൊരു സംഗതിയും എൻെറ അറിവിൽ എത്തിയിട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്) : വല്ല മെമ്പറും ഈ വിവരം ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി) : ഉണ്ടായിരിക്കാം. ഞാൻ കേട്ടില്ല. പ്രശ്നങ്ങൾക്കു ഉത്തരം നൽകുന്ന വിഷയത്തെപ്പററി ഞാൻ പറകയായിരുന്നുവല്ലോ. ഇതിലുള്ള ഒരു വിഷമത പ്രശ്നങ്ങളും അസംഖ്യമായി വന്നുചേരുന്നു എന്നുള്ളതാണ്. അതുകൂടാതെ ആവശ്യപ്പെടുന്ന വിവരങ്ങൾ മിക്കതും ഹജൂർകച്ചേ

തിയിൽനിന്നു തന്നെ ലഭിക്കാൻ സാധിക്കാത്തവയുമാണ് എന്നുള്ളതും ആകുന്നു. ഈ ചോദ്യങ്ങളെല്ലാം ഡിപ്പാർട്ട്മെൻറ മേലധികാരികൾക്കു അയച്ചുകൊടുത്തു അവരോട് മറുപടി വരുത്തേണ്ടതായുണ്ട്. പലപ്പോഴും ആവശ്യപ്പെട്ട വിവരങ്ങൾ അവരുടെ ആഫീസുകളിൽ ഇല്ലാത്തതുനിമിത്തം അവർക്കു കീഴാഫീസുകളിലേക്കു എഴുതിഅയക്കേണ്ടതായും വരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സംവത്സരത്തിലധികമായിട്ടും ഉത്തരം പറയാത്ത ചോദ്യങ്ങളെ സംബന്ധിച്ചു ചീഫ്സെക്രട്ടറിക്കു വല്ല സമാധാനവും പറയാനുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആ ചോദ്യങ്ങൾ ലാപ്സായിപ്പോയിരിക്കാം. അഥവാ ആവശ്യപ്പെട്ടവിവരങ്ങൾ ഡിപ്പാർട്ടുമെൻറ മേലധ്യക്ഷന്മാരിൽനിന്നും കിട്ടിയിട്ടില്ലെന്നും വരാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ചോദ്യങ്ങൾ ആദ്യത്തിലു ചോദിച്ചിട്ടുള്ളസംഗതികളെ സംബന്ധിച്ചു അദ്ദേഹത്തിനു എന്താണു പറവാനുള്ളതു?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതിലേക്കുള്ള പ്രത്യേക ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുതരുന്നപക്ഷം അതിനെപ്പററി അന്വേഷിക്കാം. അല്ലെങ്കിൽ, ചീഫ്സെക്രട്ടറിയുടെ പേർക്കു മെമ്പർക്കു എഴുതിഅയക്കുകയും ചെയ്യാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യങ്ങൾ എഴുതി ഉണ്ടാക്കുന്നതിനു തന്നെ ശ്രമമുണ്ട്. അതിനുപുറമെ പ്രൈവററ ലെററർകൂടി അയക്കാൻ സാധിക്കുന്നതല്ല.

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഓരോ ചോദ്യത്തെസംബന്ധിച്ചും ഉണ്ടാകുന്ന കാലതാമസം കണ്ടുപിടിക്കുന്നതു സാധിക്കുന്നതല്ല. ഏതെങ്കിലും ഒരു ചോദ്യത്തിനു ഉത്തരംപറയുന്നതിൽ എന്തെങ്കിലുംതാമസം ഉണ്ടാകുന്നെങ്കിൽ അതു മനഃപൂർവമായിഉണ്ടാക്കുന്നതല്ലെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): നോട്ടീസുതന്ന അവസരത്തിൽ ചില പോയിൻറുകളെപ്പററി സംശയങ്ങൾ തീർക്കേണ്ടതായിവരും. അങ്ങിനെയുള്ള സംഗതികളിൽ, ആവശ്യമുള്ള കൂടുതൽവിവരങ്ങൾ ഡിപ്പാർട്ട്മെൻറ മേലധ്യക്ഷന്മാർ എഴുതിഅയച്ചു വരുത്തേണ്ടതാണ്. ഞങ്ങൾ സഭയിൽ ഹാജരാകുമ്പോൾ ഉപചോദ്യങ്ങൾക്കു ശരിയായ സമാധാനം പറയത്തക്കവിധത്തിൽവേണ്ട വിവരങ്ങൾ എല്ലാം ഞങ്ങളുടെ കൈവശം ഉണ്ടായിരിക്കണം. ഇതും ഉത്തരങ്ങൾപറയാൻ താമസിക്കുന്നതിനുള്ള ഒരു കാരണമാണ്. നൽകുന്ന ഉത്തരങ്ങൾ അപൂർണ്ണമായിരിക്കുന്നതിനെപ്പററി എനിക്കു പറയാനുള്ളതു, മെമ്പർമാർക്കു ഉപചോദ്യങ്ങൾചോദിച്ചു വേണ്ട വിവരങ്ങളെല്ലാം വരുത്താമെന്നുള്ളതാകുന്നു. അപ്പോൾ ഗവണ്മെൻറിൻെറകൈവശമുള്ള സകലവിവരങ്ങളും മെമ്പർമാർക്കു ലഭിക്കുന്നതാണ്. മി. ശിവരാമപ്പണിക്കർ ചൂണ്ടിപ്പറഞ്ഞ ചോദ്യത്തിൻെറ വിഷയത്തിൽ മെമ്പർ ഉപചോദ്യം ചോദിച്ചില്ല. ഉദ്യോഗസ്ഥമെമ്പറിൻെറകൈവശം വേണ്ട വിവരങ്ങൾഎല്ലാം ഉണ്ടായിരുന്നു. എന്നാൽ ഉപചോദ്യം ചോദിക്കാത്തതുകൊണ്ടു മെമ്പറിനു കൂടുതൽ അറിവുതരാൻ ഇടയുണ്ടായില്ല. ഞാൻ മുൻപു പറഞ്ഞതുപോലെ, ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പലപ്പോഴും ഡിപ്പാർട്ടുമെൻറ മേലധ്യക്ഷന്മാരിൽനിന്നും വരേണ്ടതാണ്. അവ കിട്ടിക്കഴിഞ്ഞാൽ അവയെ എപ്പോഴും അടിയന്തിരകാര്യമായി വിചാരിക്കുന്നുണ്ട്. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തയ്യാറാക്കുന്നതും അയക്കുന്നതും എല്ലാപ്രകാരത്തിലും അടിയന്തിരകാര്യമായി ഗണിക്കണമെന്നു ഈയ്യിടെയാണ് ഒരു സർക്കുലർ ഗവണ്മെൻറിൽനിന്നും അയച്ചതു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ—ദേവികുളം): അതാതു ഡിപ്പാർട്ടുമെൻറിനെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്കു അതാതുഡിപ്പാർട്ടുമെൻറ മേലധ്യക്ഷന്മാർതന്നെ ഉത്തരങ്ങൾ പറയുന്നതായാൽ നന്നായിരിക്കയില്ലയോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഈ ചോദ്യത്തിനു ആലോചിക്കാതെ ഉത്തരംപറയാൻ നിവൃത്തിയില്ല. ഇപ്പോൾ നടപ്പിലിരിക്കുന്ന റൂളുകളെപ്പററിയാണ് നാം പ്രതിപാദിക്കുന്നതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായം, ദക്ഷിണം): സെക്രട്ടേറിയററിനകത്തുള്ള റിക്കാർഡുകൾമാത്രംനോക്കി ഉത്തരംപറയേണ്ടുന്ന ചോദ്യങ്ങളുടെ വിഷയത്തിൽ ക്രമാതീതമായ കാലതാമസം വന്നുകൂടുന്നതിനെപ്പററി ചീഫ്സെക്രട്ടറിക്കു എന്തുസമാധാനമാണ് പറയാനുള്ളതു? തന്നിട്ടുള്ള ഉത്തരങ്ങളെപ്പററി പറയുന്നതായാൽ അവ സ്പഷ്ടമായും പൂർണ്ണമായും ഉള്ളവയാകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): കഴിഞ്ഞ കുറെ സംവത്സരങ്ങളായി വിശിഷ്യ, കഴിഞ്ഞ അഞ്ചാറു കൊല്ലങ്ങൾക്കിടയിൽ, രാജ്യത്തിൻെറ വിവിധഭാഗങ്ങളിലും കൂടിയിട്ടുള്ള എല്ലാ മഹത്തായ പൊതുജനയോഗങ്ങളിലുംവച്ചു ഗവണ്മെൻറുകാര്യങ്ങളിൽ ജനപ്രതിനിധികളെ കൂടുതൽ കാര്യക്ഷമമായവിധത്തിൽ ഭാഗഭാക്കുകളാക്കണമെന്നു നിശ്ചയങ്ങൾ പാസ്സാക്കുകയും അവ ഗവണ്മെൻറിലേക്കു അയക്കുകയും ചെയ്തിട്ടില്ലയോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): വല്ല നിശ്ചയങ്ങളും കിട്ടിയിട്ടുണ്ടോഎന്നു എനിക്കു ഇപ്പോൾ ഓർമ്മയില്ലാ. ഉത്തരവാദിത്വമുള്ള ഭരണത്തെപ്പററിയല്ലാ ഇവിടെ വാദപ്രതിവാദം നടക്കുന്നതു. കൂടാതെയും ഭരണകാര്യങ്ങളിൽ ഈ സഭയെക്കൂടി ഗവണ്മെൻറ ഭാഗഭാക്കാക്കുന്നുണ്ട്. ആ സ്ഥിതിക്കു ജനപ്രതിനിധികളെ ഗവണ്മെൻറ് ഭാഗഭാക്കുകളാക്കുന്നില്ലെന്നു പറയാവുന്നതല്ല. ശ്രീമൂലംപ്രജാസഭയിലും—

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): യാതൊരുനിശ്ചയങ്ങളും ഗവണ്മെൻറിൽ കിട്ടിട്ടില്ലയോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): യാതൊരു നിശ്ചയവും ഗവണ്മെൻറിൽ കിട്ടിയതായി ഞാൻ ഓർക്കുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതാണോ ഞങ്ങൾക്കു മേലിൽ പ്രതീക്ഷിക്കാവുന്നതിൽ ഏററവും പരമാവധിയായ ഉത്തരവാദിത്വമുള്ള ഭരണം?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): വിവിധകാര്യങ്ങളിലും ജനങ്ങളെ ഭരണവിഷയത്തിൽ ഭാഗഭാക്കുകളാക്കുന്നില്ലെന്നാണ് മി. രാമൻമേനോൻ പറഞ്ഞതു. രാജ്യകാര്യങ്ങളിൽ ഗവണ്മെൻറിനോടു ജനപ്രതിനിധികളെ ഭാഗഭാക്കുകളാക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞു.

ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കു സമയംവിൽ പറയാനുള്ളതു ഈ സംഗതിയിൽ ഗവൺമെന്റു മെമ്പർമാരുടെ ഉത്തരവിശ്വാസത്തെ സഭ അംഗീകരിക്കണം എന്നാകുന്നു. ചോദ്യങ്ങൾക്കു ഉത്തരം പറയാതിരിക്കണമെന്നോ അല്ലെങ്കിൽ ശരിയായ ഉത്തരം നൽകാതിരിക്കണമെന്നോ ഗവൺമെന്റിനു ഉദ്ദേശം ഇല്ലാ.

മെമ്പർ ചൂണ്ടിപ്പറഞ്ഞ എല്ലാ പ്രധാനസംഗതികൾക്കും ഞാൻ സമാധാനം പറഞ്ഞു എന്നു ഞാൻ വിശ്വസിക്കുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): ചില പള്ളിക്കൂടങ്ങൾ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും തുറന്നിടണമെന്നുള്ള കാര്യത്തെപ്പറ്റി മെമ്പർ എന്താണ് പറയുന്നത്?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ്‌സെക്രട്ടറി): ഇതുവരെ കുറേക്കാലംകൊണ്ടു തുടങ്ങി ഇട്ടിട്ടുള്ള സ്കൂളുകൾ സകലജാതിക്കാർക്കും ഒന്നൊന്നായി തുറന്നുകൊടുത്തുവരുന്ന വിവരം മെമ്പർക്കു അറിയാമല്ലോ. ചില സ്കൂളുകൾ ഇനിയും തുറന്നിടാനുണ്ടെങ്കിൽ, അതു അപ്രകാരം ചെയ്യുന്നതിനുള്ള പ്രത്യേക പ്രയാസങ്ങൾമൂലമാണ്. എല്ലാ സ്കൂളുകളും എല്ലാ ജാതിക്കാർക്കും പ്രവേശനത്തിനായി തുറന്നിടുന്ന വിഷയത്തിൽ ഡിപ്പാർട്ടുമെന്റു ഉത്സുകം പ്രദർശിപ്പിച്ചുവരുന്നു. ചില സംഗതികളിൽ സ്കൂളുകൾ സ്ഥിതിചെയ്യുന്നതു ലഹളകൾമൂലം ഉപദ്രവങ്ങൾക്കിടയാകാവുന്ന സ്ഥലങ്ങളിലാണ്. അങ്ങിനെയുള്ള സ്കൂളുകൾ അധിക ഉപദ്രവങ്ങൾ നേരിടാത്ത സ്ഥലങ്ങളിലേക്കു മാറുന്നതിനു ഏർപ്പാടു ചെയ്തുവരുന്നുണ്ട്.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): എന്തെല്ലാം ഏർപ്പാടുകളാണ് ചെയ്തിട്ടുള്ളതു്?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ്‌സെക്രട്ടറി): ചില സംഗതികളിൽ എല്ലാജാതിക്കാർക്കും പ്രവേശനമുള്ള സ്ഥലങ്ങളിൽ സ്കൂളുകൾ മാറേണ്ടതായിവരും.

മി. എം. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): അതിനു എന്താണു വിഷമം എന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ്‌സെക്രട്ടറി): ധനവിഷയമായ ചെലവും കാലതാമസവും മറ്റും ഉണ്ടാകും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉദ്യോഗസംബന്ധമായ നടപടികളിൽ ഗവൺമെന്റിൽനിന്നും ജാതിവ്യത്യാസത്തെ ഗണിക്കുന്നതു എന്തിനാണ്?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ്‌സെക്രട്ടറി): ചിലസ്ഥലങ്ങളിൽ പള്ളിക്കൂടം സ്ഥിതിചെയ്യുന്നതു ഒരു ക്ഷേത്രത്തിനു അടുത്താണെങ്കിൽ പുലയർക്കും പറയർക്കും പള്ളിക്കൂടത്തിനകത്തു കടന്നുപോകാൻ പാടില്ലാതെവരും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതുകൾ പബ്ലിക്കുസ്ഥലങ്ങളിൽ ആയിരുന്നാൽതന്നെയും?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ്‌സെക്രട്ടറി): എന്നാലും ഈ വിഷമതയുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇവിടെ ക്രിസ്ത്യാനികൾ, നായന്മാർ, മഹമ്മദീയർ എന്നിങ്ങനെയുള്ളവർക്കു പ്രത്യേക പുരകൾ കെട്ടിയിരിക്കുന്നതു എന്തിനായിട്ടാണ്?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ്‌സെക്രട്ടറി): മെമ്പർമാരുടെ സൌകര്യത്തിനായിട്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): പ്രത്യേകപന്തലുകൾ എന്തിനായിട്ടാണ്?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ്‌സെക്രട്ടറി): അതു മെമ്പർമാരുടെ സൌകര്യത്തിനുവേണ്ടിയാണ്.

എല്ലാ സ്കൂളുകളിലും എല്ലാ ജാതികാർക്കും പ്രവേശനം അനുവദിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റു ഉത്സുകരായിരിക്കുന്നുണ്ട്. ഒരൊന്നായി അവർ എല്ലാസ്കൂളുകളും എല്ലാ ജാതിക്കാർക്കായും തുറന്നിട്ടുവരുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നതു. എല്ലാ ജാതിക്കാർക്കും പ്രവേശനം ഇല്ലാത്ത സ്കൂളുകളുടെ എണ്ണം ആണ്ടുതോറും കുറഞ്ഞുവരുന്നു എന്നും കാണപ്പെടാവുന്നതാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം വന്നവ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപത്തെ ഹാജരാക്കുന്നു.

വന്നവ. ഹജൂർക്കച്ചേരിക്കായിവച്ചിട്ടുള്ള ൧,൭൭,വൻ രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണമെന്നു.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം, അതോടു അനുബന്ധിച്ചിട്ടുള്ള വിവരക്കുറിപ്പിൽ പറയുന്നതുപോലെ വർത്തമാനപത്രറെഗുലേഷന്റെ പ്രവർത്തനത്തെപ്പറ്റി പര്യാലോചിക്കുന്നതിനും ഒരു പ്രബലതരമായ നയത്തെ സ്വീകരിക്കുന്നസംഗതിയെപ്പറ്റി ആലോചിക്കുന്നതിനും ആകുന്നു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ-ഡെപ്യൂട്ടി പ്രസിഡന്റു): ഏതു കാര്യത്തിൽ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എല്ലാകാര്യത്തിലുംതന്നെ. കുറേക്കൂടി വിശദമാക്കുന്നപക്ഷം ഈ ഉപക്ഷേപത്തിന്റെ രാജ്യോപയോഗത്തെപ്പറ്റി എനിക്കു പറയാനുള്ളതു ശക്തിമത്തായും നിയമാനുസൃതമായും ഉള്ള നയം സ്വീകരിക്കുന്നതിന്റെ അത്യാവശ്യകതയെ ഗവൺമെന്റിന്റെയും ഈ സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ഉദ്ദേശിക്കുന്നു എന്നാകുന്നു. തിരുവിതാംകൂർ ഇപ്പോൾ സ്വാതന്ത്ര്യപ്രഭുത്വമുള്ളതാണെങ്കിലും ദുർബലമായ ഒരു ഭരണത്തിന്റെ ദോഷങ്ങൾ അനുഭവിച്ചുവരുന്നു എന്നു എനിക്കു പറയാതെ നിവൃത്തിയില്ല. സർവ്വജ്ഞവും പരക്കെ അംഗീകൃതവും ആയ തത്വങ്ങളെ അടിസ്ഥാനമാക്കിയും പൊതുജനാഭിപ്രായങ്ങളെ ഗണിച്ചും ഭരണം നടത്താത്തതുകൊണ്ടാണ് സ്വാതന്ത്ര്യപ്രഭുത്വം വന്നുചേർന്നിരിക്കുന്നതു്. ചുമതലയില്ലാത്ത സൂത്രധാരന്മാർ വഴിപ്പെട്ടു ഭരണം നടത്തുന്നതുകൊണ്ടു ഭരണം ദുർബലമായും തീർന്നിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): "ചുമതലയില്ലാത്ത സൂത്രധാരന്മാർ" എന്നിത്യാദി പദങ്ങൾ ഈ സഭയിൽ അനുവദിക്കത്തക്കതാണോ?

അദ്ധ്യക്ഷൻ: ഇതെല്ലാം കേവലം അസ്പഷ്ടമായ പറച്ചിലും അതിന്റെ അർത്ഥത്തെമാത്രം അവലംബിക്കുന്നതും ആകുന്നു. ഇപ്പോൾ ഇരിക്കുന്ന ക്രമത്തിനു അതു തീരെ അർത്ഥരഹിതവും ആയിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒന്നാമത്തെ സംഗതി എടുത്തുപറയുന്നതായാൽ, അതായതു, വർത്തമാനപ്പത്രങ്ങളെപ്പററി പറയുന്നതായാൽ അതിൽനിന്നുതന്നെ ഗവണ്മെന്റിന്റെ ശക്തിക്ഷയവും സ്വേച്ഛാപ്രഭുത്വവും വ്യക്തമാകുന്നതാണ്. കീഴ്‌നടത്തയെ സംബന്ധിച്ചിടത്തോളം ഉള്ള റിക്കാർഡുകൾ ഉദ്യോഗസ്ഥന്മാരാണെങ്കിലും അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്ന ജനങ്ങളെപ്പററി സ്തുതിപാടുന്നതായ പത്രങ്ങൾക്കു കുറഞ്ഞ നിരക്കിലും, എന്നാൽ യാതൊരു ചീത്ത റിക്കാർഡും ഇല്ലാതെയും നിർഭയമായും സ്വാതന്ത്ര്യമായും അഭിപ്രായങ്ങൾ പറയുന്ന പത്രങ്ങൾക്കു കൂടുതൽ നിരക്കിലും അഥവാ ഏററവും കൂടുതൽ നിരക്കിലും ലൈസൻസ് ഫീസ് ചുമത്തിയിരുന്ന സ്വേച്ഛാപ്രഭുത്വപരമായ നയം പൊതുജനാഭിപ്രായത്തെ ബഹുമാനിക്കുന്ന യാതൊരു ഗവണ്മെന്റും അനുവദിക്കാവുന്നതല്ല. വർത്തമാനപ്പത്ര റെഗുലേഷൻ പാസ്സാക്കി ഇപ്പോഴത്തെ ദിവാൻ ആണെങ്കിലും ലൈസൻസ് ഫീസ് നിശ്ചയിച്ചപ്പോൾ അദ്ദേഹം ഇവിടെയില്ലായിരുന്നു എന്നുള്ള വസ്തുത എനിക്കു അറിയാം. നവശക്തി എന്ന പത്രത്തെ താഴ്ത്തിക്കെട്ടിയും വന്ദ്യസ്മരണീയ പത്രാധിപരെന്നും ഇന്നും ജനങ്ങൾ ഓർത്തു വിളിക്കുന്ന പുണ്യാത്മാവും ആയ ശ്രീമൂലം തിരുനാൾ തിരുമനസ്സിലെ ഭരണയശസ്സിനു കളങ്കം ആരോപിച്ചു മലബാറിലേക്കു നാടുകടത്തിയ പത്രത്തെ അതിന്റെ മേൽ നടത്തിയ ദീർഘകാലത്തേക്കുള്ള ദീർഘമായ ആലോചനകൾക്കു ശേഷം നിർദ്ദോഷിയെന്നു വിധിക്കുകയും ചെയ്ത ഗവണ്മെന്റിന്റെ സ്വേച്ഛാപ്രഭുത്വവും അനീതികരവും ആയ നയവും ആ സംഗതിയെപ്പററി ഞാൻ ചോദിച്ച ചോദ്യത്തിനു നൽകിയിട്ടുള്ള സമാധാനവും നോക്കുന്നതായാൽ എന്നും എത്രമാത്രം ദോഷകരമായിട്ടുണ്ടെന്നു പ്രത്യക്ഷപ്പെടാവുന്നതാണ്. നിയമപുസ്തകത്തിന്റെ ഭാഗങ്ങളെ മലിനപ്പെടുത്തുന്നതായ വർത്തമാനപത്രറെഗുലേഷനെ പ്രതിഷേധിച്ചുകൊണ്ടു സംസ്ഥാനത്തുനിന്നും പൊതുജനാഭിപ്രായപ്രകടനം ഉണ്ടായിട്ടുണ്ടെങ്കിലും ആ റെഗുലേഷനെ റദ്ദ്ചെയ്യുന്നതിനു ഭരണാധികാരി ലേശംപോലും ശ്രമിക്കുന്നതായി കാണുന്നില്ല. കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മിസ്റ്റർ മാത്തൻ ജനങ്ങളുടെ അധികാരാവകാശങ്ങളേയും രക്ഷയേയും ഹനിക്കപ്പെടുത്തുന്നതിനു യഥേഷ്ടം അനുവദിച്ചുകൊടുത്തിരുന്ന സ്വാതന്ത്ര്യവൈഭവം, ഗവണ്മെന്റിന്റെ ഭരണദൌർബ്ബല്യത്തെ സാക്ഷീകരിക്കുന്നതിനു വേറൊരു തെളിവും ആവശ്യമില്ല.

മി. ജെ. കെ. താമസ്സ് (കോട്ടയം): ഇതു ഉപക്ഷേപത്തിനു സാംഗത്യമുള്ളതാണോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏററവും സാംഗത്യം ഉണ്ടെന്നു ഞാൻ പറയുന്നു. എന്റെ സംഗതി തെളിയിക്കുന്നതിനാണ് ഞാൻ ഇതിനാൽ നിർദ്ദേശിക്കുന്നതു.

മി. പിററ് (പോലീസ് കമ്മീഷണർ): തന്റെ പ്രവൃത്തിയെ സാധൂകരിക്കുന്നതിനു സഭയിൽ ഹാജരില്ലാത്ത ഒരു ഉദ്യോഗസ്ഥനെ ഇപ്രകാരം എതിർക്കുന്നതു സാധുവാണോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഉദ്യോഗസ്ഥനെ എതിർക്കയല്ലാ. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവൃത്തിയെ ആക്ഷേപിക്കയാണ്. അദ്ദേഹം ഗവണ്മെന്റിന്റെ കീഴിൽ ഉദ്യോഗം വഹിക്കയാകുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തിയെ നിയന്ത്രിക്കേണ്ടതു ഗവണ്മെന്റാകുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രവൃത്തിയെ ആക്ഷേപിക്കുന്നതു. ഇതാണ് എന്റെ പോയിന്റു. ഇതിനെപ്പററി ഒരു ചോദ്യംകൂടി ഞാൻ ചോദിച്ചുകൊള്ളട്ടെ. എന്തിനായിട്ടാണ് ഇതു ചെയ്തതു? തിരുവിതാംകൂറിലെ ജനങ്ങളുടെ ഒരു പ്രത്യേക വിഭാഗത്തിനുണ്ടായ സങ്കടങ്ങളെപ്പററി ബഹുമാനപ്പെട്ട വൈസ്രായിയുടെ സമക്ഷത്തിൽ പരാതിപറഞ്ഞതിനാണ് ഇപ്രകാരം ചെയ്തതു. യാതൊരു ഉത്തരവാദിത്വമുള്ള ഗവണ്മെന്റാ അഥവാ യാതൊരു പരിഷ്കൃതഗവണ്മെന്റോ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഇപ്രകാരമുള്ള കഠിനമായ പ്രവൃത്തിക്കുന്നതിനു അനുവദിക്കുന്നതാണെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഇപ്രകാരം തെററുകാണിച്ച ഉദ്യോഗസ്ഥനെ ശിക്ഷിക്കുന്നതിനു ഭരണാധികാരി എന്തുചെയ്തു? ഈ ചോദ്യത്തിനു ഒരു സമാധാനം പറയേണ്ടതാണ്.

സർക്കാരുദ്യോഗങ്ങൾ വിതരണംചെയ്യുന്ന വിഷയത്തിൽ പൊതുജനങ്ങൾക്കു മുൻകൂട്ടി അറിവുള്ള യാതൊരു അംഗീകൃതതത്വങ്ങളേയും അനുവർത്തിച്ചുവരുന്നില്ല. സർവീസ്, യോഗ്യത എന്നിവകളെ തുണവൽക്കരിക്കുന്നു. മി. എ. ആർ. സുബ്രഹ്മണ്യയ്യരുടെ നിയമനം ഇതിലേയ്ക്കു ഒരു ദൃഷ്ടാന്തമാകുന്നു. ഗവണ്മെന്റിന്റെ വല്ല പ്രവൃത്തിമൂലവും വല്ല ഡിപ്പാർട്ടുമെന്റിലും ജോലിചെയ്യുന്ന വല്ല ഉദ്യോഗസ്ഥനും പ്രമോഷൻമൂലമൊ തന്നനിയമംമൂലമൊ വല്ല മനസ്താപത്തിനും ഇടയാകുകയും അതിനെപ്പററി വല്ല ചോദ്യവും ഈ സഭയിലുണ്ടാകയൊ വല്ല സമാധാനം ചോദിക്കപ്പെടുകയൊ ചെയ്യുകയും ചെയ്യുമ്പോൾ സർവീസിനെയല്ല ഗവണ്മെന്റു ഗണിക്കുന്നതു എന്നു ഒരു അവസരത്തിലും കാര്യക്ഷമതയെ നോക്കേണ്ടതാണെന്നു വേറൊരു അവസരത്തിലും ഒഴികഴിവുകൾ പറയാറുണ്ടു. മൂന്നാമതൊരു അവസരത്തിൽ ഗവണ്മെന്റിന്റെ നില വേറൊന്നായിരിക്കും; അതായതു, പ്രസ്തുത ഉദ്യോഗത്തിനു ആളെ നിയമിക്കുന്നതു തിരഞ്ഞെടുപ്പുമൂലം ആകയാൽ തിരഞ്ഞെടുപ്പു നടത്തിയിട്ടുള്ളതാണെന്നു പറയും. ഉദ്യോഗനിയമനവിഷയത്തിലൊ അല്ലെങ്കിൽ ഉദ്യോഗകയററവിഷയത്തിലൊ ഗവണ്മെന്റു ആളുകളെസംബന്ധിച്ചും അനുവർത്തിക്കേണ്ടതായ ഒരു നയം ഇല്ലാത്തതുകൊണ്ടാണ് ഇപ്രകാരമുള്ള മനോവേദനകൾക്കു ഇടയാകുന്നതു. ഞാൻ ഈ ഉദാഹരണത്തെ ചൂണ്ടിപ്പറയുന്നതു എന്തിനെന്നുവെച്ചാൽ മി. എ. ആർ. സുബ്രഹ്മണ്യയ്യരുടെ നിയമനത്തിൽ സർവ്വീസൊ, കാര്യക്ഷമതയൊ, തിരഞ്ഞെടുപ്പൊ ഉണ്ടായിട്ടില്ലാ എന്നുള്ളതുകൊണ്ടാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ—ദേവികുളം): ഏതു ഉദ്യോഗത്തിനുള്ള നിയമനം ആണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഹജൂർകച്ചേരിയിൽ അസിസ്റ്റന്റു സെക്രട്ടറി ഉദ്യോഗം.

മി. ജി. രാമൻമേനോൻ (മാവേലിക്കര—കാർത്തികപ്പള്ളി): മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ ഇപ്പോഴത്തെ ഉദ്യോഗം എന്താണെന്നു സദയം പറയുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെന്റു അസിസ്റ്റന്റു സെക്രട്ടറി.

മി. കെ. ഐ. ജോസഫ് (മീനച്ചൽ—ദേവികുളം): മുൻപു അദ്ദേഹത്തിനുണ്ടായിരുന്ന ഉദ്യോഗം എന്തായിരുന്നു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഒരു രണ്ടാംഗ്രേഡ് തഹശീൽദാരായിരുന്നു. എന്നു മാത്രമല്ലാ ആ ഗ്രേഡിൽ ഏഴാമനും ആയിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] കമ്മിറ്റിയിലുള്ള ഏക [illegible] ഒരു അപവാദമായി നിന്നിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ എന്തുചെയ്യുന്നുവെന്നറിയാൻ ഞാൻ ചോദിച്ചുകൊള്ളട്ടെ? ഈ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ശരിയായി ജോലി ചെയ്യിക്കുന്നതിനു സാധ്യതയില്ലാത്ത [illegible] എന്നതുകൊണ്ടും ഞാൻ ചോദിച്ചുകൊള്ളട്ടെ. സിക്രട്ടേറിയറ്റിൽ [illegible], ഒരു ഡയറക്ടറുടെ ആഫീസിലും ജോലികൾ ധാരാളം കെട്ടിക്കിടക്കുന്ന അവസ്ഥയിൽ ചില ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരുടെ ആഫീസുകളിൽ ജോലികുടിശ്ശിക വരുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. ഇപ്പോഴത്തെ ഭരണാധികാരികളുടെ കയ്യിൽ തങ്ങളുടെ കാര്യങ്ങൾ സുരക്ഷിതമല്ലെന്നു ജനങ്ങൾ ന്യായമായി പരാതിപ്പെടുന്നു. തിരുവിതാംകൂറിലെ ജനങ്ങൾ പരിഷ്കരിക്കുന്നതിൽ തിരുവിതാംകൂർകാർക്കു പ്രാധാന്യം കൊടുക്കാത്ത [illegible] ഒരു ഗവൺമെന്റിനെപ്പറ്റി ആരെങ്കിലും ചിന്തിച്ചുകൂടുമോ? തിരുവിതാംകൂറിലെ ജനങ്ങൾ ഗവൺമെന്റ് [illegible] തിരുവിതാംകൂർകാർക്കു കൂടുതൽ അവകാശമില്ലെന്നു ഗവൺമെന്റ് വിചാരിക്കുന്നു. തിരുവിതാംകൂർ പ്രജകൾക്കു പ്രതികൂലമായി തിരുവിതാംകൂറുകാരല്ലാത്തവരുടെ കാര്യത്തെപ്പറ്റി വാദിക്കുന്ന ഒരു ഭരണാധികാരിയെ ആരെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുമോ? നിയമസഭാറഗുലേഷന്റെ പ്രവർത്തനത്തിൽതന്നെയും ജനങ്ങളെ അവിശ്വസിക്കുന്നതിനു ദിവാൻജിക്കു ഉൾക്കണ്ഠയുണ്ടെന്നു ജനങ്ങൾക്കു കാണാൻ കഴിയും. നിയമസഭയെ മുമ്പു വിളിച്ചുകൂട്ടാറുള്ളതുപോലെ അത്ര അധികം തവണ ഇപ്പോൾ വിളിച്ചുകൂട്ടുന്നില്ല. സഭയുടെ അഭിപ്രായങ്ങൾ നിശ്ചയങ്ങൾമൂലം പാസ്സാക്കുന്നതിനെ വേണ്ടിടത്തോളം വേഗത്തിൽ നിർവ്വഹിക്കുന്നില്ല. സഭയുടെ ആദ്ധ്യക്ഷം നിർബന്ധ്യവശാൽ ദിവാൻജി വഹിക്കയും സഭാകാര്യങ്ങളിൽ അദ്ദേഹം ആദ്ധ്യക്ഷം വഹിച്ചുകൊണ്ടിരിക്കുമ്പോൾ താൻ ദിവാനാണെന്നുള്ള വിചാരം അദ്ദേഹം കളയാതിരിക്കയും ചെയ്യുന്നതുകൊണ്ടു സഭയുടെ അധികാരങ്ങൾ ദിവാൻജിയുടെ കയ്യിൽ സുരക്ഷിതമായിരിക്കുന്നില്ല.

അവസാനമായി എനിക്കു പറയാനുള്ളതു ഒരു നയമാറ്റം ആവശ്യമായിരിക്കുന്നു എന്നുള്ളതാണ്. ഭരണാധികാരിയെ നിയമിച്ചിട്ടുള്ളതു ജനങ്ങളുടെ യോഗക്ഷേമങ്ങളും അവരുടെ അധികാരാവകാശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി പബ്ലിക്ക്ഫണ്ടിൽനിന്നും ശമ്പളം കൊടുത്താണെന്നു അദ്ദേഹം മനസ്സിലാക്കേണ്ടതാകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം വർത്തമാനപ്പത്രറഗുലേഷന്റെ വാസ്തവമായ പ്രവർത്തനത്തെപ്പറ്റിയും ഗവൺമെന്റ് ഒരു ശക്തിമത്തായ നയം അവലംബിക്കേണ്ടതിനെപ്പറ്റിയും വാദപ്രതിവാദം നടത്തുന്നതിനാണ്. ഈ സംഗതികളെപ്പറ്റി ചില നിരൂപണങ്ങൾ ചെയ്യണമെന്നു ഞാനും ആഗ്രഹിക്കുന്നു. എന്റെ സ്നേഹിതൻ അദ്ദേഹത്തിന്റെ പ്രസംഗം അവസാനിക്കുന്നതിനുമുമ്പായി പറഞ്ഞിട്ടുള്ള സംഗതികൾ മുഴുവൻ എനിക്കു ഗ്രഹിക്കാൻ സാധിക്കാത്തതിൽ അദ്ദേഹം എനിക്കു മാപ്പുതരുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ അദ്ദേഹം കൊണ്ടുവന്നിട്ടുള്ള പോയിന്റുകളെപ്പറ്റി മാത്രം ഞാൻ പറയുന്നുള്ളു. ഒന്നാമതായി വർത്തമാനപ്പത്രറഗുലേഷൻ പാസ്സാക്കിയതിൽ ഗവൺമെന്റു ബുദ്ധിപൂർവ്വമല്ലാത്ത ഒരു പ്രവൃത്തി ചെയ്തിരിക്കുന്നു എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. ഗവൺമെന്റിനെപ്പറ്റി അനാവശ്യമായും അകാരണമായും കുറ്റംപറയുന്നതിനെ നിവാരണം ചെയ്യണമെന്നു ഉദ്ദേശിച്ചാണ് റഗുലേഷൻ പാസ്സാക്കിയിട്ടുള്ളതു എന്നു ഊഹിക്കാവുന്നതാണല്ലോ. എന്നാൽ അതിന്റെ ഫലം നേരെ മറിച്ചായിരിക്കുന്നു. ഈവക ഉദ്ദേശ്യങ്ങൾ പ്രവൃത്തിച്ചുകൊണ്ടിരുന്ന പത്രങ്ങൾ എല്ലാം തിരുവിതാംകൂർ അതൃത്തിയിൽനിന്നും ഒരു മൈൽ ദൂരമുള്ള ഒരു സ്ഥലത്തു ചെന്നു പാർത്തുകൊണ്ടു മുൻപിലത്തേതിനേക്കാൾ കഠിനതരമായി ഗവൺമെന്റിനെ അധിക്ഷേപിച്ചുവരുന്നു. ഇതു വാസ്തവമാണെന്നുള്ളതു ഏവർക്കും അറിയാവുന്ന കാര്യമാണ്. അതിനാൽ നാം ഇപ്പോൾ ഒരു ബുദ്ധിഹീനമായ നിലയിൽ ഇരിക്കയാണ്. നാം ഒരു റഗുലേഷൻ പാസ്സാക്കുകയും അതിനാൽ വിപരീതഫലം സിദ്ധമാകയും ചെയ്യുമ്പോൾ ഗവൺമെന്റിന്റെ ഏറക്കുറെ അംശങ്ങളാകുന്ന നമുക്കു ലജ്ജകൊണ്ടു തല താഴ്ത്തേണ്ടിവരുന്നു. അതിനാൽ ബ്രിട്ടീഷിൻഡ്യയിൽ ഇപ്രകാരം യാതൊരു നിയമവും ഇല്ലാതിരിക്കുന്നിടത്തോളം കാലം ആവിധം ഒരു റഗുലേഷൻ തിരുവിതാംകൂറിൽ പാസ്സാക്കുന്നതു ആശാസ്യമായിട്ടുള്ളതല്ല.

രണ്ടാമതായി, ഗവൺമെന്റ് ഒരു ശക്തിമത്തായ ഒരു നയം സ്വീകരിക്കണമെന്നുള്ള ചോദ്യത്തെപ്പറ്റി എനിക്കു പറയാനുള്ളതു താഴെപ്പറയുന്നതാണ്. ഗവൺമെന്റിന്റെ രഹസ്യങ്ങൾ എനിക്കു അറിഞ്ഞുകൂട. മി. നീലകണ്ഠപ്പിള്ള ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രത്യേക ഉദാഹരണങ്ങളെപ്പറ്റി പരിചിന്തിക്കുന്നതിനു നിർഭാഗ്യവശാൽ എനിക്കു സമയം കിട്ടിയില്ല. ഏതായാലും പ്രസ്തുത റഗുലേഷൻപ്രകാരം ഗവൺമെന്റിനു മുമ്പു നടത്താവുന്നതായിരുന്നതിൽ കൂടുതലായി വല്ല നടപടിയും എടുക്കുന്നതായാൽ ഗവൺമെന്റിന്റെ പൂർണ്ണമായ അപജയത്തിനു കാരണമാകുമെന്നുള്ളതുകൊണ്ടു കൂടുതലായി യാതൊന്നും ചെയ്യാതിരിക്കുന്നതാണ് നല്ലതെന്നു എനിക്കു തോന്നുന്നു. അതിനാൽ ഗവൺമെന്റിന്റെ മാനത്തെ സംരക്ഷിക്കുകയും നിയമത്തെ ഇപ്പോൾ ഇരിക്കുന്നതുപോലെ ഉപയോഗരഹിതമായി വച്ചുകൊണ്ടിരിക്കയും ചെയ്യുന്നതു നന്നായിരിക്കും. എനിക്കു ഇത്രമാത്രമേ പറയുവാനുള്ളു. ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുകയോ എതിർക്കുകയോ ചെയ്യുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഉപക്ഷേപത്തിൽ ഞാൻ അവലംബിക്കേണ്ടനില എന്താണെന്നു എനിക്കുതന്നെ അറിഞ്ഞുകൂട. എന്നാൽ തെക്കൻതിരുവിതാംകൂറിൽ ഭൂരിപക്ഷക്കാരെ സംബന്ധിച്ചുള്ള അഭിപ്രായത്തെ ഞാൻ ഇവിടെ പ്രതിദ്ധ്വനിപ്പിക്കാം. വർത്തമാനപ്പത്രറഗുലേഷനെപ്പറ്റി എനിക്കു അധികമൊന്നും പറയാനില്ല. എന്തെന്നാൽ എന്റെ പ്രദേശത്തു വിശിഷ്യ ദക്ഷിണതിരുവിതാംകൂറിൽ പ്രതിവാരമോ ദൈനികമോ ആയ യാതൊരു പത്രവും ഇല്ല. സംഗതികൾ ഗ്രഹിക്കേണ്ടതുപോലെ ഗ്രഹിക്കാത്തതിനുള്ള കാരണം ഒരുവേള അതുതന്നെ ആയിരിക്കാം. ഞാൻ ഒരു ഉദാഹരണം ഇവിടെ എടുത്തു പറയുകയാണെങ്കിൽ എന്റെ സ്നേഹിതന്മാർ ഈ സംഗതിയെപ്പറ്റി തെറ്റിദ്ധരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതു ഒരു പ്രത്യേക ഉദാഹരണമാണെന്നു മാത്രമല്ല ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ തമിഴ് സമുദായത്തിൽപ്പെട്ട രണ്ടാളുകളെ നിയമിക്കുന്നതിനെ സംബന്ധിച്ചതും ആണ്. അവർ രണ്ടുപേർക്കും ആവശ്യമുള്ള കാലപ്പഴക്കം ഉണ്ട്. അതുകൊണ്ടു അവരെ മാറ്റിനിർത്തിക്കളയണമെന്നു ആർക്കും പരാതി പറയാനില്ല. സന്ദർഭംവന്ന-

മ്പോൾ അതിൽ ഒരാളിനു ഹൈക്കോർട്ടിൽ ജഡ്ജിയായി ഇരിക്കുന്നതിനു അവസരം കൊടുത്തില്ല. അതു ഏതു വിധമായാലും അപ്രകാരം ചെയ്തതു ഞങ്ങളുടെ പ്രദേശത്തു വർത്തമാനപ്പത്രങ്ങൾ ഇല്ലാത്തതുകൊണ്ടാകണമെന്നു എനിക്കു തോന്നുകയും ഞാൻ വിശ്വസിക്കാൻ നിർബന്ധിതനാകയും ചെയ്യുന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ദക്ഷിണഭാരതിയും ട്രാവങ്കോർ ടൈംസും ഭാഷകൻ തിരുവിതാംകൂറിലുള്ള പത്രങ്ങൾ അല്ലേ?

മി. എം. ശിവതാണുപിള്ള (തോവാള): ഒരുവേള അവ തിരുവിതാംകൂറിൽ ഭൂരിഭാഗത്തും ഉള്ള പത്രങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുകയില്ലായിരിക്കാം. (ചിരി) വർത്തമാനപ്പത്രറെഗുലേഷനെപ്പററി എൻെറ സ്നേഹിതൻ മി. രാമൻമേനോൻ ഇത്രമാത്രം എതിർക്കുന്നതും അതു പത്രങ്ങളെ ഇല്ലായ്മചെയ്യുന്നതിനുള്ള സൂത്രമാണെന്നുള്ള വിശ്വാസം ജനിപ്പിക്കയും ചെയ്യുന്നതു എന്താണെന്നു ഞാൻ ആശ്ചര്യപ്പെടുന്നു. ഈ നില എനിക്കു മനസ്സിലാകുന്നില്ല. ഒന്നാമതായി തിരുവിതാംകൂറിലെ പത്രങ്ങളെ തരംതിരിക്കുകയാണെങ്കിൽ ചില പത്രങ്ങളെ അത്ര ഗൌരവമായി എടുത്തിട്ടു കാര്യമില്ലാതാകുന്നു. എന്തെന്നാൽ ആവക പത്രങ്ങൾ അവരുടെ പ്രതികാരം കാണിക്കുന്നതു 'ഝടതം' എന്നു പറഞ്ഞുകൊണ്ടാണ്. വല്ല ഉദ്യോഗസ്ഥനേയും പററി അതു കഠിനമായി ആക്ഷേപിക്കയും ഒടുവിൽ ഝടതം എന്ന അർത്ഥവത്തായ വാക്കുകൊണ്ടു ആ ലേഖനത്തെ ഉപന്യാസം അവസാനിപ്പിക്കയും ചെയ്യും. ഈ 'ഝടതം' എന്നവാക്കു ചില ഉദ്യോഗസ്ഥന്മാരുടെ മനസ്സിൽ അത്ഭുതമായ പ്രയോജനം തന്നെ ഉണ്ടാക്കുന്നു.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഈ നയം ഈ സഭയിലെ ചില മെമ്പർമാരും അനുവർത്തിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെയോ?

മി. എം. ശിവതാണുപിള്ള (തോവാള): എൻെറ സ്നേഹിതൻ പറഞ്ഞതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ആളുകൾ ഇത്രമാത്രം ഭയപ്പെടുന്നതിൻെറ കാര്യം എനിക്കു മനസ്സിലാകുന്നില്ല. ആക്ഷേപിക്കപ്പെടുന്ന ഉദ്യോഗസ്ഥനു ഉത്തമമായ മനഃസാക്ഷി ഉണ്ടെങ്കിൽ "ഝടതം" എന്ന വാക്കിനെക്കണ്ടു അദ്ദേഹം ഭയപ്പെടുന്നതു എന്തിനായിട്ടാണ്? അതിനാൽ ഇതിലേക്കുള്ള ഉപശാന്തി വർത്തമാനപ്പത്രത്തെ നിഗ്രഹിക്കയല്ലാ ഉദ്യോഗസ്ഥന്മാരുടെ കുററകരമായ മനഃസാക്ഷിയെ നിഗ്രഹിക്കുന്നതാകുന്നു. ഉദ്യോഗസ്ഥന്മാരുടെ നടത്തയേയും മനോവൃത്തിയേയും ശരിപ്പെടുത്തുന്നതാണ് ഇതിലേക്കു ഉപശാന്തിയായിരിക്കുന്നതു്. അവരുടെ സ്വന്തനിലയ്ക്കു ന്യൂനത ഇല്ലെങ്കിൽ "ഝടതം" എന്നുള്ള പദപ്രയോഗത്തെപ്പററി അവർ ഭയപ്പെടേണ്ട ആവശ്യം ഇല്ല. ജനങ്ങൾ ഇരിക്കുന്ന വിധമനുസരിച്ചു ഗവണ്മെൻറും ഇരിക്കുമെന്നുള്ള അഭിപ്രായമല്ലയോ നിങ്ങൾക്കുള്ളതു് എന്നു ഞാൻ ചീഫ്സെക്രട്ടറിയോടു ചോദിച്ചു. അതിനു ചീഫ്സെക്രട്ടറി പറഞ്ഞ മറുപടി 'ജനങ്ങളുടെ നടത്ത ഉദ്യോഗസ്ഥന്മാരുടെ നടത്തയിലും ഒട്ടുമുക്കാലും പ്രതിഫലിക്കും' എന്നായിരുന്നു. ന്യൂസ്പേപ്പർ റെഗുലേഷനെത്തന്നെ വീണ്ടും ഉദാഹരണമായി പറഞ്ഞുകൊള്ളുന്നു. എന്തെന്നാൽ ഒരു പത്രം ൫൦൦ രൂപ കെട്ടിവയ്ക്കണം, വേറൊരു പത്രം ൨൦൦ രൂപ കെട്ടിവയ്ക്കണം എന്നു തീർച്ചചെയ്തിട്ടുണ്ട്. ഞാൻ പറയുന്നതിൻെറ അർത്ഥം ഇതാകുന്നു. അതായതു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ അധികമായി ശകാരിച്ച പത്രത്തിനു കെട്ടിവയ്ക്കേണ്ട തുക കൂട്ടുകയും ആ ഉദ്യോഗസ്ഥനെ സ്തുതിച്ച പത്രത്തിനു തുക കുറയ്ക്കയും ചെയ്തിട്ടുണ്ട് എന്നുള്ളതാകുന്നു. അതുകൊണ്ടു ഞാൻ പറയുന്നതു ഈ ഉദ്യോഗസ്ഥന്മാർ തീരെ സംശയരഹിതന്മാർ അല്ലെന്നാണ്. വർത്തമാനപ്പത്രങ്ങളിൽ അവരെ ശകാരിക്കുന്നതിനെ ഈ ഉദ്യോഗസ്ഥന്മാർ ഭയപ്പെടുന്നതു എന്തിനായിട്ടാണ്? സംഗതികൾ എല്ലാം ആലോചിച്ചുനോക്കുമ്പോൾ ഗവണ്മെൻറു ഈ നില കൈക്കൊള്ളുന്നതു ശരിയാണോ? ലേബർഗവണ്മെൻറു നാത്ത്ക്ലിഫ് പത്രങ്ങളെ ഭയപ്പെടുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ ഇവിടത്തെ സ്ഥിതിയാണ് എനിക്കു മനസ്സിലാക്കാൻ കഴിയാതിരിക്കുന്നതു. പത്രങ്ങളെ അവയുടെ ഗതിക്കു വിടുന്നതിനു അനുവദിച്ചാൽ അവർ പരസ്പരം ശകാരിച്ചു സ്വയംനാശത്തെ പ്രാപിച്ചുകൊള്ളും. അതു ഗവണ്മെൻറിനു രസകരമായിരുന്നു കാണുകയും ചെയ്യും. ഞാൻ മുമ്പു ഒരിക്കൽ പറഞ്ഞതുപോലെ ചില പത്രങ്ങൾ ഒന്നിച്ചുചേർന്നു ന്യായമായ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുമെന്നുള്ളതാണ്. ഈ നയം സ്വീകാര്യയോഗ്യമാണെന്നു മിസ്റ്റർ പിററം ഒരിക്കൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ രാജ്യത്തിൽ വർത്തമാനപ്പത്രറെഗുലേഷൻെറ പ്രയോഗം നിമിത്തം അതിൻെറ അഭാവത്തിൽ പത്രങ്ങൾ ന്യായമായി ചെയ്യേണ്ട ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതിനെയും ഭയപ്പെടുന്നു. റെഗുലേഷനെത്തന്നെ ബോധിച്ചവണ്ണം ഒരു ഉദ്യോഗസ്ഥൻ പ്രയോഗിക്കുക എന്നുവന്നാൽ ആ ഉദ്യോഗസ്ഥനെ സംബന്ധിച്ചു വർത്തമാനപ്പത്രങ്ങൾക്കു സ്നേഹം ഉണ്ടാകാൻ ഇടയില്ലല്ലോ.

ഇനി, ഗവണ്മെൻറു അനുവർത്തിക്കേണ്ടതായ ശക്തിമത്തായ നയത്തെപ്പററി പറയുമ്പോൾ ഞാൻ മുമ്പു പറഞ്ഞതിനെത്തന്നെ വീണ്ടും പറയുന്നതിനെപ്പററി എനിക്കു മാപ്പുതരേണ്ടതാണ്. എനിക്കു അതു പറയാതെ നിവൃത്തിയില്ല. ശുചീന്ദ്രത്തുള്ള റോഡുകൾ എല്ലാ ജാതിക്കാരുടേയും ഗതാഗതത്തിനായി തുറന്നിടുന്നതിനു ചില സജാതീയ ഹിന്ദുക്കളുടെ തടസ്സം ഉണ്ടെന്നു ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ഈ തടസ്സം ഉണ്ടാകുന്നതു റോഡിൻെറ ഒരററംമുതൽ മറെറ അററംവരെ വണ്ടി അടിച്ചുകൊണ്ടുപോയി നാലോ അഞ്ചോ ചക്രം പിടിച്ചുപറിക്കുന്നതിനുള്ള അവസരം നഷ്ടമായിപ്പോകുന്ന ചില സജാതീയ ഹിന്ദുക്കളിൽനിന്നും ആകുന്നു. ഈ സജാതീയ ഹിന്ദുക്കളുടെ തടസ്സത്തെ കാര്യമായി വിശ്വസിച്ചു ഈ സംഗതിയെ ഗവണ്മെൻറു തീരുമാനിക്കാതെ ഇടാൻപോകുന്നോ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഈ റോഡുകളുടെ അററകുററപ്പണികൾ സർക്കാരിൽനിന്നും നടത്തപ്പെടുന്നു എന്നു സകല ജനങ്ങളും അംഗീകരിക്കുന്ന നിലയുടെ ന്യായത്തേയും ആശാസ്യതയേയുംപററി ഗവണ്മെൻറിനു തൃപ്തിവന്നിട്ടുണ്ടെങ്കിൽ അപ്രകാരം ആശാസ്യമായിട്ടുള്ളതെന്നു മാത്രമല്ലാ അപ്രാവശ്യകവുംകൂടി ആയുള്ള ഈ സംഗതിയിൽ പൊതുജനങ്ങളുടെ അഭിപ്രായപ്രകാരം പ്രവർത്തിക്കുന്നതിനു ഗവണ്മെൻറിനു ധൈര്യമുണ്ടാകേണ്ടതാണ്. നിയമപ്രകാരമുള്ള തെളിവോ അഥവാ ശരിയായ വല്ല തെളിവുതന്നെയോ ഇല്ലെന്നിരുന്നാലും, കൈക്കൂലി, കോഴ മുതലായതു നടക്കുന്നു എന്നറിഞ്ഞാൽ അതിനെ നിറുത്തുന്നതിനു ഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാർ ശക്തന്മാരായി ഭവിക്കണമെന്നുള്ള അഭിപ്രായം ഇന്നലെ ഞാൻ ഈ സഭമുമ്പിൽ പറഞ്ഞിട്ടുള്ളതാകുന്നു. ഒരു ഉദ്യോഗസ്ഥൻ കൈക്കൂലിക്കാരനാണെന്നു ഡിപ്പാർട്ടുമെൻറുമേലധ്യക്ഷനു തോന്നിയാൽ അതിനെ ഉടനടി നിറുത്തണമെന്നുള്ള മനഃസാക്ഷി ആ മേലധികാരിക്കു ഉണ്ടാകേണ്ടതാണ്. അപ്രകാരം ചെയ്യുന്നതു വല്ല ജാതിക്കാർക്കും സന്തോഷമോ സന്തോഷക്കേടോ ഉണ്ടാക്കുമെന്നുള്ള സംഗതിയെപ്പ

റി അദ്ദേഹം [illegible]. [illegible] ഈ സഭയിൽ വച്ചുണ്ടായ [illegible] സംബന്ധിച്ചു ഗവണ്മെന്റു ഒരു [illegible] ഈ സഭകളിലെ ജനപ്രതിനിധികളിൽനിന്നും ഒരു [illegible] ഉണ്ടാകേണ്ടതാണു. അതിനെ പ്രയോജകീഭവിപ്പിക്കുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്യേണ്ടതു ഗവണ്മെന്റിന്റെയും ഈ സഭയുടെ [illegible] മെമ്പർമാരുടെയും കൃത്യമായിരിക്കുന്നു.

സഭ ലഘുഭക്ഷണത്തിനായി [illegible] പിരിഞ്ഞു. [illegible] വീണ്ടും കൂടി.

മി. തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): സർ, നിഷേധം ഉപയോഗിച്ച ഏതു മിസ്റ്റർ [illegible] പിള്ള ഇവിടെ പ്രസ്താവിക്കുകയുണ്ടായി. [illegible] അദ്ദേഹത്തിനോടു പറയണം.

പ്രസിഡെന്റ്: മിസ്റ്റർ [illegible] പിള്ള ഇവിടെ ഹാജരില്ല.

മി. തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): നിഷേധം എന്നു പറയുന്നത് [illegible] പ്രയോഗം. [illegible] 'ശാപം' എന്നുള്ളതു നിഷേധ പ്രയോഗമല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തിന്റെ ഉദ്ദേശം വർത്തമാനപ്പത്രറെഗുലേഷൻ [illegible] ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നാണെങ്കിൽ, ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഉപക്ഷേപത്തിന്റെ [illegible]ത്തെ സംബന്ധിച്ചിടത്തോളമേയുള്ളു.

മി. കെ. കെ. തോമസ് (കോട്ടയം): കഴിഞ്ഞ കൊല്ലത്തിൽ നിയമസഭയിൽവച്ചു അധ്യക്ഷൻ ചെയ്തിട്ടുള്ള റൂളിംഗ് അനുസരിച്ചു വർത്തമാനപ്പത്രറെഗുലേഷൻ റദ്ദ് ചെയ്യുന്നതിനെപ്പറ്റിയുള്ള [illegible] ചോദ്യവും ക്രമമായുള്ളതല്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനെ ഉടനടി റദ്ദുചെയ്യണമെന്നല്ല ഞാൻ പറയുന്നതു, അതിനെ റദ്ദ്ചെയ്യുന്നതിനു [illegible].

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വർത്തമാനപ്പത്രറെഗുലേഷൻ റദ്ദ്ചെയ്യേണ്ടതിന്റെ ആവശ്യകതയെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ശക്തിമത്തായി കൊണ്ടുവരണമെന്ന മാത്രമാണ് മി. നീലകണ്ഠപ്പിള്ളയുടെ ശ്രമത്തിന്റെ ഉദ്ദേശം. അതിനെ റദ്ദ്ചെയ്യണമെന്നല്ലാ അദ്ദേഹം ആവശ്യപ്പെടുന്നതു.

വർത്തമാനപ്പത്രറെഗുലേഷൻ ഉണ്ടാക്കിയതു തിരുവിതാംകൂറിന്റെ ആധുനികചരിത്രത്തിൽ ഒരു നിർഭാഗ്യമായ സംഭവം ആകുന്നു. ഗവണ്മെന്റിന്റെ ന്യായമായ പ്രവൃത്തി നടത്തുന്നതിനു ഇപ്രകാരം ഒരു റെഗുലേഷൻ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല; തന്നെയുമല്ല, പ്രസ്തുതറെഗുലേഷൻ നടപ്പാക്കിയതിൽവച്ചു അതു നടപ്പാക്കിയ വിധത്തെ മാത്രമല്ലാ, നടപ്പാക്കിയസമയത്തെയുംകൂടി ആലോചിക്കുമ്പോൾ ഗവണ്മെന്റു [illegible] അതുകൊണ്ടു സ്വയം [illegible]യാണ് ചെയ്തതെന്നു ഞാൻ വിചാരിക്കുന്നു. ഇതിലേക്കുവേണ്ടി ചിലവാക്കിയ സമയമെല്ലാം [illegible] ആയ വല്ല പദ്ധതികളിലെങ്കിലും ചിലവാക്കാവുന്നതായിരുന്നു. ഇതിൽ എനിക്കു വളരെ മനസ്താപമുണ്ട്. എനിക്കു ഗവണ്മെന്റിന്റെ പ്രവൃത്തിയെക്കുറിച്ചും ജനങ്ങളുടെ നിലയെപ്പറ്റിയും വ്യസനമുണ്ട്. ഞാൻ ഒരു വർത്തമാനപ്പത്രപ്രവർത്തകനാണ്. മിക്കപത്രങ്ങളുടേയും സ്ഥിതിനോക്കിയാൽ ഗവണ്മെന്റു ചെയ്തതു അനീതിയാണെന്നു ഒരു വർത്തമാനപത്രക്കാരന്റെ നിലയിൽ മനസാക്ഷിയോടുകൂടി എനിക്കു പറയാൻ നിവൃത്തിയില്ല. മിക്കപത്രങ്ങളും അവരുടെ പ്രവൃത്തിമൂലം ഗവണ്മെന്റിന്റെ പ്രവൃത്തിയെ സാധൂകരിക്കയാണ് ചെയ്തതു; ഇപ്രകാരം ഒരു റെഗുലേഷൻ പാസ്സായല്ലോ എന്നുള്ളതിൽ എനിക്കു മനസ്താപമുണ്ട്. ഇതു ഒരു വർത്തമാനപത്രക്കാരന്റെ നിലയിൽ പറയുന്നതാണ്. എന്നാൽ ആ റെഗുലേഷൻ പാസ്സാക്കിയതുകൊണ്ടു ഗവണ്മെന്റിനു എന്തു ലാഭമാണ് ഉണ്ടായതു. ഗവണ്മെന്റിനു ഒരു വിശേഷഗുണവും ഉണ്ടായില്ലെന്നു മിസ്റ്റർ രാമൻമേനോൻ പറഞ്ഞതുപോലെ എനിക്കും പറയേണ്ടതായിരിക്കുന്നു. വർത്തമാനപ്പത്രങ്ങളെ [illegible] അവർ [illegible] ചെയ്തിട്ടുള്ളൂ. വർത്തമാനപ്പത്രറെഗുലേഷൻ മൂലം ഉള്ളതു ഗവണ്മെന്റിനോടു ജനങ്ങൾക്കു കുറച്ചിലാണെന്നു ഞാൻ വിചാരിക്കുന്നു. അതു ഗവണ്മെന്റിനു കുറച്ചിലാകുന്നു എന്നു ഞാൻ പറയുന്നു. ഇവിടെ നാം വിദ്യാഭ്യാസവിഷയത്തിൽ ഒട്ടധികം പുരോഗതിയെ പ്രാപിച്ചിട്ടുണ്ടെന്നു നാം അഭിമാനിക്കുന്നു. കൃതവിദ്യരായ ജനങ്ങൾ അവർക്കു ഇന്നതെഴുതാൻ പാടുള്ളൂ എന്നും ഇന്നതു എഴുതിക്കൂടാ എന്നും മനസ്സിലാക്കേണ്ടതല്ലയോ? നമ്മുടെ കൃതവിദ്യരായ ജനങ്ങൾ ശരിയായി എഴുതുന്നില്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസം ആക്ഷേപകരമായിരിക്കുന്നു എന്ന സ്വയമേ ഘോഷിക്കയല്ലയോ ചെയ്യുന്നതു. വർത്തമാനപ്പത്രറെഗുലേഷൻ പാസ്സാക്കിയപ്പോൾ ഞങ്ങൾ വാദിച്ചതു അപ്രകാരം യാതൊരു റെഗുലേഷനും ആവശ്യമില്ലെന്നും ഉന്നടപടിയോടുകൂടിയ വല്ലപത്രവുമുണ്ടെങ്കിൽ അതിനോടു എങ്ങിനെ പെരുമാറണമെന്നു ജനങ്ങൾതന്നെ അറിഞ്ഞുകൊള്ളുമെന്നും ആയിരുന്നു. എന്നാൽ അതിൽ ഞങ്ങൾക്കു ഒരു തെറ്റിദ്ധാരണയുണ്ടായിട്ടുണ്ട്. അതു നമ്മുടെനാട്ടിൽ നടപ്പുള്ള വിദ്യാഭ്യാസത്തിന്റെ ദോഷത്തെമാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ഈ ദുരവസ്ഥയെപ്പറ്റി അധികം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അപ്രകാരമുള്ള [illegible] സഭയെ അറിയിക്കാതെയും ജനാഭിപ്രായത്തിനു വിരോധമായും പാസ്സാക്കിയിട്ടുള്ള റെഗുലേഷനെ റദ്ദ്ചെയ്യുന്നതിനുള്ള ആവശ്യം ഗവണ്മെന്റു മനസ്സിലാക്കണമെന്നു മാത്രം ഞാൻ പറഞ്ഞുകൊള്ളുന്നു. ഈ ബോധം അവർക്കുണ്ടാകുന്നില്ലെങ്കിൽ അവർ അതിനെപ്പറ്റി ആലോചിച്ചുനോക്കേണ്ടതാണ്. ഈ ബുദ്ധിയെ അവർ അവഗണിക്കരുതെന്നുമാത്രം ഞാൻ ഗവണ്മെന്റിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

മി. പി. സുബ്ബയ്യർ (നാമനിർദ്ദേശം ചെയ്യപ്പെട്ട മെംബർ): ഡെപ്യൂട്ടിപ്രസിഡന്റു.

സർ, മി. എ. കെ. പിള്ളയുടെ നില എന്താണെന്നു മനസ്സിലാക്കാൻ പ്രയാസമാകുന്നു. എന്തെന്നാൽ ഉന്നടപ്പുകാരായ പത്രങ്ങൾ ഉണ്ടെന്നു അദ്ദേഹം സമ്മതിക്കുന്നുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു റെഗുലേഷന്റെ ഫലമായിട്ടാണെന്നാണ് ഞാൻ പറഞ്ഞതു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ): ഡെപ്യൂട്ടിപ്രസിഡൻറ,

ഞാൻ അപ്രകാരം വിചാരിക്കുന്നില്ല. ഉന്നതപ്പെട്ടതായ പത്രങ്ങൾ ഉണ്ടായിരിക്കാം. ഈ ദിവസം ഒരു റഗുലേഷൻ ഉണ്ടാക്കിയും ചെയ്തിട്ടുള്ളതാണെങ്കിൽ അതുമൂലം അതിൻെറ വാദത്തിൻെറ ന്യായം എന്തിനെ മാറ്റി ചാക്കുന്നില്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഉന്നതനിലയെ അവലംബിക്കുന്ന പത്രങ്ങളെ തടയാൻ വേറെ നിയമവ്യവസ്ഥകൾ ഇല്ലയോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ): ഡെപ്യൂട്ടിപ്രസിഡൻറ,

ഉണ്ട്. എന്നാൽ ഉന്നതങ്ങൾ പ്രവർത്തിച്ചു കഴിഞ്ഞതിനുശേഷമേ അവയെ പ്രയോഗിക്കാൻ നിവൃത്തിയുള്ളൂ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉന്നതങ്ങളെ തടയാൻ റെഗുലേഷനാൽ സാധ്യമായിട്ടില്ലെന്നാണ് എൻെറ വാദം. ആ വിവരം എൻെറ സ്നേഹിതൻ മി. സുബ്ബയ്യരെ ഞാൻ ധരിപ്പിച്ചുകൊള്ളട്ടെയോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ): ഡെപ്യൂട്ടിപ്രസിഡൻറ,

മി. എ. കെ. പിള്ള പറഞ്ഞവാക്കുകളെ അടിസ്ഥാനമാക്കിയാണ് ഞാൻ പറയുന്നത്. ഇപ്പോൾ ഉണ്ടായിവന്നിട്ടുള്ള വാദത്തിൻെറ ആദ്യവും അവസാനവും തമ്മിൽ യോജിക്കാൻ പ്രയാസമാണ്. പത്രസ്വാതന്ത്ര്യങ്ങളും അവരുടെ തോന്ന്യാസങ്ങളും കണക്കനുസരിച്ചായിക്കാണിക്കാതിരിക്കുന്നതിനു എന്തെങ്കിലും വല്ല വഴിയോ ഒരു നിയമം ആവശ്യമാണ്. ഇപ്പോഴത്തെ നിയമങ്ങൾ അവരുടെ ഉന്നതങ്ങളെ തടയുന്നതിനു ഒരു നിയമംവേണം. എന്നാൽ എൻെറ അറിവിൽപ്പെട്ടിടത്തോളം വർത്തമാനപ്പത്രറെഗുലേഷൻ യാതൊരു പത്രത്തെയും നിഗ്രഹിക്കുന്നതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ലാ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്രറെഗുലേഷൻ പാസായതിൽ പ്രസിദ്ധപ്പെടുത്തിയതിൽപ്പിന്നെ ഏഴു പത്രങ്ങൾ പ്രസിദ്ധീകരണം നിറുത്തിവച്ചിട്ടുണ്ടെന്നു ചീഫ് സെക്രട്ടറിതന്നെ പറഞ്ഞിട്ടുള്ളവിവരം ഞാൻ ഡെപ്യൂട്ടിപ്രസിഡൻറിനെ ഗ്രഹിപ്പിച്ചുകൊള്ളട്ടെയോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ): ഡെപ്യൂട്ടിപ്രസിഡൻറ്,

അതിനെ ഞാൻ സമ്മതിക്കുന്നു. എന്നാൽ പ്രസിദ്ധീകരണം നിറുത്തിവച്ചതു ഈ കാരണത്താലാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനു മറ്റു പല കാരണങ്ങളും ഉണ്ടായിരിക്കാം. ഉദാഹരണമായിട്ടു പത്രത്തിനു വരിക്കാരില്ലാതെയായെന്നോ അല്ലെങ്കിൽ പണമില്ലാതെവന്നെന്നോ വരാവുന്നതാണ്.

റെഗുലേഷൻ നടപ്പായതിൻെറശേഷം പത്രങ്ങൾക്കു സ്വാതന്ത്ര്യം വളരെ കുറഞ്ഞിട്ടുണ്ടെന്നാണ് തോന്നുന്നതു. ഒരു പത്രം ഒരു ഉദ്യോഗസ്ഥൻെറ പ്രവൃത്തികളെയോ അയാൾ ചെയ്തിട്ടുള്ള ഏർപ്പാടുകളെയോ പറ്റി ആക്ഷേപിക്കുന്നതിനു യാതൊരു തടസ്സവുമില്ലാ. എന്നാൽ ഒരു ഉദ്യോഗസ്ഥനെ ഉദ്യോഗസംബന്ധമായപ്രവൃത്തികളെക്കൂടാതെ സ്വകാര്യനിലയിൽ ആക്ഷേപിക്കയും ആ ആളുടെ ദോഷങ്ങളെ ആരോപിക്കയും മററുതരത്തിൽ ഉപദ്രവിക്കയും ചെയ്യുമ്പോഴാണ് റെഗുലേഷൻ ആ പത്രത്തിന്മേൽ പ്രയോഗിക്കപ്പെടുന്നതു. ഒരു ഉദ്യോഗസ്ഥനെ അയാളുടെ സ്വാതന്ത്ര്യത്തിൽ അല്ലാതെ ന്യായമായിചെയ്യുന്ന ആക്ഷേപങ്ങളെപ്പററി യാതൊരു ഗവർമ്മെൻറിനും വിരോധം തോന്നുമെന്നു തോന്നുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ക്ഷേത്രപ്രവേശനസംബന്ധമായ കാര്യത്തെപ്പററി ഇവിടെ വാദപ്രതിവാദങ്ങൾ നടന്നപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ഉൾനടപ്പുകൾ സ്വജാതിസ്നേഹനിമിത്തം ഉണ്ടാകുന്നതാണെന്നു ജനപ്രതിനിധികൾ പറഞ്ഞതിനെ ഡെപ്യൂട്ടിപ്രസിഡൻറ കേട്ടില്ലയോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ) (ഡെപ്യൂട്ടിപ്രസിഡൻറ): എൻെറ വാദത്തെ എൻെറ സ്നേഹിതൻ മനസ്സിലാക്കുന്നില്ല. വല്ല ഉദ്യോഗസ്ഥനും അയാളുടെ ഉദ്യോഗനിലയിൽ ചെയ്ത വല്ല പ്രവൃത്തികളും ജനങ്ങൾക്ക ഹിതമല്ലെന്നു വിമർശിച്ചു പറയാം. അയാളെ ഒരു തോന്ന്യാസക്കാരനെന്നോ ദുർബുദ്ധിയെന്നോ ജോലിക്കു കൊള്ളാത്തവൻ എന്നോ പറയാം. എന്നാൽ അയാളുടെ ഉദ്ദേശം അന്യായമായതാണെന്നു പറയുന്നതു അയാൾക്കു അപമാനകരമാണ്. ഒരു ഉദ്യോഗസ്ഥനെ ഉദ്യോഗസ്ഥൻെറനിലയിൽ ആക്ഷേപിക്കുന്നതു ശരിതന്നെ. പക്ഷേ അയാളെപ്പററി ചീത്തപറഞ്ഞുകൂടാത്തതാണ്. ഞാൻ ഒരു ഉദാഹരണം എടുത്തുപറയാം. ഈയിടെ ഒരു പത്രം ഗവർമ്മെൻറ നയത്തെ ആക്ഷേപിച്ചിരിക്കുന്നതു ഞാൻ കണ്ടു. ആ പത്രത്തിൽ പറഞ്ഞിരിക്കുന്നതിനെക്കാൾ തീവ്രമായ ഒരു ആക്ഷേപം നമുക്ക കാണാൻ കഴികയില്ല. ഗവർമ്മെൻറ ഏർപ്പാടുകളെസംബന്ധിച്ചുമാത്രവും അവകളെ ചുണ്ടിപ്പറയാതെയും ആക്ഷേപിച്ചിരുന്നാൽ അതിനെപ്പററി ആക്ഷേപിക്കുന്നതിനു കാരണമില്ല. ഒരു ഉദ്യോഗസ്ഥനെപ്പററി ആക്ഷേപം പറയണമെന്നുണ്ടെങ്കിൽ അയാളുടെ സ്ഥാനനിലയിൽ അല്ലാതെ എന്തു കുററവും പറഞ്ഞുകൊള്ളട്ടെ. അതിനു വിരോധമില്ലാ. എന്നാൽ അപ്രകാരമല്ലാതെ അയാളുടെ സ്വന്തനിലയിൽ അയാളെ ശകാരിക്കുകയാണെങ്കിൽ അതിനെ നിരോധിക്കുന്നതിനു എന്തെങ്കിലും ഒരു മാർഗ്ഗം ഉണ്ടായിരിക്കേണ്ടതു ആവശ്യമാണ്. അപ്രകാരം ഒരു മാർഗ്ഗം ഉണ്ടായിട്ടുള്ളസ്ഥിതിക്കു ഈ റെഗുലേഷൻ ഹിതാവഹമാണെന്നാണ് ഞാൻ വിചാരിക്കുന്നതു. ഈ റെഗുലേഷൻകൊണ്ടു ഉദ്യോഗസ്ഥന്മാരുടെ സ്വന്തനിലയെ സൂക്ഷിക്കുന്നതിനും അവർക്കു ഉപദ്രവങ്ങൾ കല്പിക്കാതിരിക്കുന്നതിനും ഉതകുമെങ്കിൽ അതു ഉപയോഗപ്രദമാണെന്നു ഞാൻ വിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു ഉദ്യോഗസ്ഥൻെറ ജാതിസ്വഭാവം അയാളിൽനിന്നും വേർതിരിക്കത്തക്കതാണോ എന്നു മിസ്റ്റർ സുബ്ബയ്യർ പറഞ്ഞുതന്നാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ) (ഡെപ്യൂട്ടിപ്രസിഡൻറ): വേർതിരിക്കാവുന്നതായിരിക്കാം. ഞാൻ ഓരോ പ്രത്യേകസംഗതിയെപ്പററി പ്രതിപാദിക്കുന്നില്ല. അതാണ് സാമാന്യതത്വം. അധികസംഗതികൾ ഉണ്ടായിട്ടില്ലെന്നുള്ളതുകൊണ്ടു റെഗുലേഷൻ ആവശ്യമില്ലെന്നു അർത്ഥമാകുന്നില്ലാ. പിന്നെ ഒരു പ്രത്യേകവകുപ്പിൻപ്രകാരം യാതൊരുകുററവും ചെയ്യപ്പെട്ടിട്ടില്ലാത്തതുകൊണ്ടു ആ വകുപ്പിനെത്തന്നെ എടുത്തു കളയണമെന്നു നിങ്ങൾക്കു വാദിക്കാമല്ലോ. എന്നാൽ റെഗുലേഷനിലെ ആ വകുപ്പു ഉള്ളതുകൊണ്ടാണ് അതിൻെറ സാന്മാർഗ്ഗികപ്രയോജനം ബലവത്തായിരിക്കുന്നതു. ഓരോ പത്രങ്ങളും അടക്കണമെ ഫീസിലെ സം

ബന്ധിച്ചിടത്തോളം അതു ഉദ്യോഗസ്ഥന്മാർ നിശ്ചയിക്കേണ്ടതാണ്. അതുകൊണ്ടു ഒരു ദോഷം ഉണ്ടാകുന്നില്ല. ലിസ്റ്റിരക്കു നിശ്ചയിച്ചതിൽ അക്കാലത്തുള്ള സംഗതികളെ അവർ പരിചിന്തിച്ചിരിക്കാം. ഈ വകുപ്പു നിയമത്തിൽ കിടക്കുന്നതുകൊണ്ടു ഒരു ഉദ്യോഗസ്ഥന്റെ ഉദ്യോഗസംബന്ധമായ പ്രവൃത്തികളേയോ അല്ലെങ്കിൽ ഗവണ്മെന്റിന്റെ നയത്തെയാവന്നവരുടെ പ്രവൃത്തികളേയോ പററിയുള്ള ന്യായമായ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതിനു അതു ബാധകമായിനിൽക്കുന്നില്ല. റഗുലേഷൻ റദ്ദുചെയ്യുന്നതിനു യാതൊരു ന്യായമായ കാരണവും ഉണ്ടായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഞാൻ ഒരു സംഗതിയിൽ മി. നീലകണ്ഠപ്പിള്ളയോടു യോജിക്കുന്നു. ഉദ്യോഗങ്ങൾക്കു ആളെ നിയമിക്കുന്നതിലും കൊടുക്കുന്നതിലും നല്ല സമ്പ്രദായങ്ങളല്ല ഉണ്ടാകുന്നതു. ഉദ്യോഗത്തിനു ആളെ നിയമിക്കുന്നതിൽ ഗവണ്മെന്റിനു യാതൊരു വ്യവസ്ഥിതനിയമവും ഇല്ലെന്നു മി. നീലകണ്ഠപ്പിള്ള പറഞ്ഞുവല്ലോ. അതിനാൽ രാജ്യദ്രോഹികളല്ല അപേക്ഷകന്മാർക്കു ഗവണ്മെന്റു സർവീസിൽ അവർക്കു പ്രവേശനം ലഭിക്കുമോ ഇല്ലയോ എന്നു മുൻകൂട്ടി നിശ്ചയിക്കാൻ നിവൃത്തിയില്ല. ഇപ്രകാരം യാതൊരു വ്യവസ്ഥിതനിയമവും ഇല്ലാതിരിക്കുന്നിടത്തോളംകാലം, ജോലിക്കു ആശിക്കുന്നവർ ഭരണത്തെയും അധികാരികളെയും പററി പരാതിപറയുന്നതു സ്വാഭാവികമാണ്. ഈ അവസ്ഥയിലാണ് വർത്തമാനപ്പത്രങ്ങൾ ഓരോ അപവാദങ്ങൾ പ്രവൃത്തിച്ചുതുടങ്ങിയതു. അതുകൊണ്ടാണ് വർത്തമാനപ്പത്രറഗുലേഷൻ ഉണ്ടാക്കാൻ ഗവണ്മെന്റു നിർബന്ധിതരായതു. ഉദ്യോഗനിയമനവിഷയത്തിൽ ഒരു വ്യവസ്ഥിതമായനിയമം ഉണ്ടെങ്കിൽ ഗവണ്മെന്റിന്റെ നേരെ ഈ മുറവിളി കൂട്ടുകയില്ലായിരുന്നു. അതിനാൽ അതു ഗവണ്മെന്റു ഗൌരവമായി ആലോചിക്കേണ്ട ഒരു വിഷയമാകുന്നു. ഗവണ്മെന്റു ശക്തിമത്തായി പ്രവൃത്തിക്കേണ്ടതായ ഒരു സംഗതിയുമാണ് ഇതു. ഇപ്പോഴത്തെ ഗവണ്മെന്റിനു വേണ്ടിടത്തോളം ശക്തിയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. വർത്തമാനപ്പത്രറഗുലേഷൻ പാസ്സാക്കിയതുകൊണ്ടുതന്നെ ഗവണ്മെന്റിനു ഒട്ടും ധൈര്യക്കുറവില്ലെന്നു പ്രത്യക്ഷമാകുന്നുണ്ടു. വിശിഷ്യാ ആ റഗുലേഷൻ പാസ്സാക്കിയതു ഈ സഭയുടെ അനുമതി വാങ്ങാതെയും ആണല്ലോ. സർക്കാർസർവീസിൽ പ്രവേശനത്തിനെ സംബന്ധിച്ചു വിശദമായ നിയമങ്ങൾ ഉണ്ടായിരുന്നു എങ്കിൽ ഈ ഉപദ്രവങ്ങൾ പലതും നിവാരണം ചെയ്യാമായിരുന്നു. ഗവണ്മെന്റിനു എതിരായി ആർക്കും പരാതി പറയാൻ ഇടയാവുകയില്ലായിരുന്നു. കാര്യക്ഷമതയാണ് സർക്കാർസർവീസിൽ പ്രവേശനത്തിനുള്ള ഒരു ഒററനിയമം എന്നു ഗവണ്മെന്റു വിശ്വസിക്കുന്നുഎങ്കിൽ ജനങ്ങൾ സാമുദായിക പ്രാതിനിധ്യം വേണമെന്നു മുറവിളികൂട്ടിയാലും അതാണ് അവരുടെ നിയമം എന്നു വ്യക്തമായി പ്രഖ്യാപനം ചെയ്യണം. ഞാൻ പറയുന്നതു ഇതാണ് അതായതു ഈ സംഗതിയിൽ ഗവണ്മെന്റു വിശദമായ ചട്ടങ്ങൾ ഉണ്ടാക്കണം എന്നാണ്.

മി. എം. ശിവതാണുപിള്ള (തോവാള): സഭയെ അറിയിക്കാതെ വർത്തമാനപ്പത്രറഗുലേഷൻ ഉണ്ടാക്കിയതു ഗവണ്മെന്റിന്റെ സന്മാർഗ്ഗികശക്തിയെ കാണിക്കുന്നു എന്നാണോ മെംബർ പറയുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): അപ്രകാരമാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സാന്മാർഗ്ഗികശക്തി എന്നതിന്റെ അർത്ഥം മെംബർ ദയവുചെയ്തു വിശദമാക്കുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഗവണ്മെന്റിനു വേണ്ടുവോളം സാന്മാർഗ്ഗികശക്തി ഇല്ലെങ്കിൽ റഗുലേഷൻ പാസാക്കുകയില്ലായിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സാന്മാർഗ്ഗികശക്തി എന്നുള്ള വാക്കിന്റെ അർത്ഥം കുറെക്കൂടി വിശദമാക്കുന്നതിനു മെംബർക്കു ദയവുണ്ടാകുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഇതിനെപ്പററി കൂടുതൽ ഒന്നും പറയണമെന്നു തോന്നുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഏതെങ്കിലും ഒരു വ്യവസ്ഥയ്ക്കു അനുകൂലമായോ പ്രതികൂലമായോ പറഞ്ഞ ആളുകളുടെ എണ്ണത്തെ നോക്കി സന്മാർഗ്ഗികാഭിപ്രായം നിർണ്ണയിക്കണമെന്നാണോ മെംബർ പറഞ്ഞതു?

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അതു, അനുകൂലമോ പ്രതികൂലമോ ആയിപ്പറയുന്ന ആളുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കണമെന്നില്ല. അല്പപക്ഷക്കാരുടെ അഭിപ്രായം ശരിയാണെന്നും ഭൂരിപക്ഷക്കാരുടെ അഭിപ്രായം തെററാണെന്നും ഗവണ്മെന്റിനു തോന്നിയാൽ ഗവണ്മെന്റു അല്പപക്ഷക്കാരുടെ അഭിപ്രായത്തെ സ്വീകരിക്കുന്നതു ന്യായമായിരിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെ ഏതെങ്കിലും ഒരു സംഗതിയിൽ ഗവണ്മെന്റു സന്മാർഗ്ഗികശക്തി കാണിച്ചിട്ടുണ്ടെന്നു മെംബർ സദയം പറയുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഓരോസംഗതിയുടെയും യഥാർത്ഥയോഗ്യതയെപ്പററി ഗവണ്മെന്റിനുള്ള അഭിപ്രായം അനുസരിച്ചിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): വർത്തമാനപ്പത്രറഗുലേഷൻ നടപ്പാക്കിയതു നന്നാണെന്നു ഈ സംഗതിയാൽ മെംബർ വിചാരിക്കുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അപ്പോഴത്തെ അവസ്ഥകൾ ആലോചിച്ചതിൽ ഈ റഗുലേഷൻ അത്യാവശ്യമാണെന്നു ഗവണ്മെന്റിനു തോന്നിയിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): അതു നല്ലതാണോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അതു അപ്പോഴത്തേക്കു പററിയതായി തോന്നിയ ഒരു റഗുലേഷനാണ്. നിയമതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ അതു അത്ര നല്ല റഗുലേഷൻ അല്ല. വിശേഷിച്ചും ഈ സഭയോടു ആലോചിച്ചിട്ടില്ലാത്തതുകൊണ്ടു അതു നല്ലതല്ല. ഈ സഭയുടെ അനുമതിയോടുകൂടി ഗവണ്മെന്റു പ്രവർത്തിച്ചിരുന്നു എങ്കിൽ നന്നായിരുന്നേനേ. വർത്തമാനപ്പത്രറഗുലേഷനെപ്പററി ഈ അവസരത്തിൽ ഇതിൽക്കൂടുതൽ പറയേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല.

ഈ ഉപക്ഷേപത്തെപ്പററിമാത്രം എനിക്കു ഒരു വാക്കുപറയാനുണ്ടു. ഒരു സംഗതിയിൽ ഞാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയെ അനുകൂലിക്കുന്നു എന്നുവരികിലും അദ്ദേഹം ഉപയോഗിച്ച ഭാഷയിലും അദ്ദേഹത്തിന്റെ അ

ഭിപ്രായത്തില്ല ഞാൻ അദ്ദേഹത്തോടു യോജിക്കുന്നില്ല. അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ള അഭിപ്രായം അനുസരിച്ച് ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു എനിക്കു നിവൃത്തിയില്ല.

മി. കെ. ജാജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): മറു ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള പ്രസംഗങ്ങളിൽനിന്നും മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തിനു സഭയുടെ ആനുകൂല്യം അത്ര ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ പ്രസംഗത്തെ സംബന്ധിച്ചു വിവരമായ ഒരു മറുപടി കൊടുക്കേണ്ട ആവശ്യം കാണുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവൺമെൻറിനു മറുപടി കൊടുക്കാൻ മനസ്സുള്ളപക്ഷം അപ്രകാരം ചെയ്യുന്നതിനു ഞാൻ അനേകം ഉദാഹരണങ്ങൾ എടുത്തുപറയാം. മിസ്റ്റർ മാത്തന്റെ പ്രവൃത്തിയേയും മിസ്റ്റർ എം. ആർ. സുബ്രഹ്മണ്യയ്യരുടെ നിയമനത്തേയും ഞാൻ ഉദാഹരണമായി പറഞ്ഞു. ഈ സംഗതികളെപ്പററി ഗവൺമെൻറിനു മനസ്സുള്ളപക്ഷം മറുപടി തരാവുന്നതാണ്. അവർക്കു മനസ്സില്ലെങ്കിൽ അവർ തന്നെ തീരു എന്നു നിർബന്ധമില്ല.

മി. കെ. ജാജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അദ്ദേഹം മുഖ്യവിഷയമായിക്കൊണ്ടുവന്നതു രണ്ടു സംഗതികളാണ്. അതിൽ ഒന്നു വർത്തമാനപ്പത്രറെഗുലേഷന്റെ പ്രവർത്തനത്തെപ്പററി വാദപ്രതിവാദം നടത്തുക എന്നും മറെറതു ഗവൺമെൻറു പൂർവ്വാധികം ശക്തിമത്തായ ഒരു നയം സ്വീകരിക്കേണ്ടതിനെപ്പററി വാദപ്രതിവാദം നടത്തുക എന്നുള്ളതും ആകുന്നു. ഈ സാമാന്യവിഷയങ്ങളെപ്പററിമാത്രമെ എനിക്കു സംസാരിക്കാൻ നിവൃത്തിയുള്ളു. വർത്തമാനപ്പത്രറെഗുലേഷനെപ്പററിയുള്ള ജനപ്രതിനിധി മെമ്പർമാരുടെ പ്രസംഗങ്ങളിൽ ഒരു നൂതനസംഗതിയും ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതുകൊണ്ടു അതിനെപ്പററി അധികമൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. വർത്തമാനപ്പത്രറെഗുലേഷനെപ്പററി കഴിഞ്ഞ കൊല്ലത്തിൽ ഈ സഭയിൽ സൂക്ഷ്മംകഷമായി പ്രതിവാദിച്ചു എന്നുമാത്രമല്ല അന്നു ഗവൺമെൻറിന്റെ പ്രവൃത്തിയെ ഈ സഭയിൽനിന്നും ഗാഢമായി അനുവദിക്കയുംചെയ്തിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം തെററായ ഒരു പോയിൻറിന്മേൽ പുറപ്പെടുകയാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെയോ? ഞാൻ റെഗുലേഷന്റെ ആവശ്യത്തെപ്പററിയല്ല പറഞ്ഞതു; അതിന്റെ പ്രവർത്തനത്തെപ്പററിയാണ് പറകയുണ്ടായതു. അതിന്റെ ആവശ്യത്തെപ്പററി ഞാൻ ഒന്നുംതന്നെ പറഞ്ഞില്ല.

മി. കെ. ജാജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഞാൻ ആവശ്യത്തെപ്പററിയാണു പറയുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ആവശ്യത്തെപ്പററി ഒന്നും പറഞ്ഞില്ല.

മി. കെ. ജാജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): വർത്തമാനപ്പത്രറെഗുലേഷൻ ഉപദ്രവത്തെ ചെയ്യുന്നു എന്നു മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാകാൻകഴിയുന്നില്ല. റെഗുലേഷൻ വർത്തമാനപ്പത്രങ്ങൾക്കു സങ്കടം ഉണ്ടാക്കുന്നു എന്നുവരികിൽ അവയുടെ എണ്ണത്തിൽ കുറവുണ്ടാകേണ്ടതായിരുന്നു. നേരെമറിച്ചു റെഗുലേഷനുശേഷം വർത്തമാനപ്പത്രങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ടു. [illegible]-ലെ മീനം മുതൽ [illegible]-ാംവകുപ്പു [illegible]-ാംചട്ടപ്രകാരവിൽനിന്നും വർത്തമാനപ്പത്രങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെന്നു കണക്കുകളിൽ കാണുന്നു. [illegible]-ലെ മീനത്തിനുശേഷം പ്രസിദ്ധപ്പെടുത്തിയതിനുശേഷം അവയുടെ എണ്ണം വീണ്ടും വർദ്ധിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഒരു ചോദ്യത്തിനു തന്നിട്ടുള്ള മറുപടിയിൽ വർത്തമാനപ്പത്രങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെന്നു പറകയുണ്ടായ വിവരം ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളട്ടെയോ?

മി. കെ. ജാജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഏഴു പത്രങ്ങൾ അവയുടെ പ്രസിദ്ധീകരണം നിറുത്തിവച്ചു എന്നു പറഞ്ഞിട്ടുള്ള മറുപടി അടിസ്ഥാനമാക്കി അദ്ദേഹം പറയുന്നതായിരിക്കാം. എന്നാൽ വർത്തമാനപ്പത്രറെഗുലേഷനുശേഷം ൧൫ പത്രങ്ങൾ പുതുതായി ഉണ്ടായിട്ടുണ്ടെന്നു ഞാൻ അദ്ദേഹത്തെ ഗ്രഹിപ്പിച്ചുകൊള്ളുന്നു. ഏതെങ്കിലും ഒരു പത്രം പ്രസിദ്ധീകരണം നിറുത്തിയിട്ടുണ്ടെങ്കിൽ അതിനു വേറെകാരണങ്ങളും ഉണ്ടായിരിക്കാമെന്നു മി. സുബ്ബയ്യർതന്നെ ഉത്തരം പറഞ്ഞിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്രങ്ങൾ ഉണ്ടാകുന്നതിനും വേറെ കാരണങ്ങൾ ഉണ്ടായിരിക്കാവുന്നതാണ്.

മി. കെ. ജാജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): റെഗുലേഷന്റെ പ്രവർത്തനം ദോഷകരമാണെന്നുള്ളതിലേക്കു യാതൊരു തെളിവും ഉണ്ടായിട്ടില്ല. നേരെമറിച്ചു അതിന്റെ പ്രവർത്തനഫലം ഏററവും ഗുണകരമാണെന്നു കാണിക്കുകയും ചെയ്തിട്ടുണ്ട്.

മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതുപോലെ ഗവൺമെൻറിന്റെ പ്രവൃത്തികളെപ്പററി ആക്ഷേപിക്കുന്ന ഒരു പത്രത്തിനും ഗവൺമെൻറിൽനിന്നും യാതൊരു ഭയത്തിനും അവകാശം ഇല്ലാ. കഴിഞ്ഞ ഒരു കൊല്ലത്തിനിടയിൽ യാതൊരു പത്രത്തിന്റെ മേലും ഒരു നടപടിയും നടത്തിയിട്ടില്ലെന്നുള്ളതുകൊണ്ടുതന്നെ ഗവൺമെൻറിന്റെ ഔദാര്യബുദ്ധി വെളിവാകുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): പല പത്രങ്ങളിൽനിന്നും പലവിധമായ തുകകൾ ലൈസൻസ്ഫീസായി പിരിപ്പിച്ചിട്ടുള്ളതിന്റെ നിയമതത്വം എന്താണെന്നു ചീഫ്സിക്രട്ടറി സമയം പറയുമൊ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഈ ചോദ്യംതന്നെ ഈ സഭയിൽ കഴിഞ്ഞതവണ ചോദിക്കയും അതിനു മറുപടി പറകയും ചെയ്തിട്ടുണ്ടു. ആ സ്ഥിതിക്കു ആ സംഗതിയെപ്പററി കൂടുതൽ സമാധാനങ്ങൾ ഒന്നും ആവശ്യമായിരിക്കുന്നില്ലാ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അന്നുകൊടുത്ത മറുപടി, അപ്രകാരം ചെയ്യേണ്ടതു ആവശ്യമാണെന്നു ഗവൺമെൻറ് വിചാരിച്ചു എന്നാണ്.

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഉപക്ഷേപകർത്താവു കൊണ്ടുവന്നിട്ടുള്ള മററു സംഗതികളെപ്പററി എനിക്കു മറുപടിപറയാൻ നിവൃത്തിയില്ല. ആ സംഗതികളെപ്പററി മററു മെമ്പർമാർ ഒരു

അഭിപ്രായവും പറഞ്ഞിട്ടുള്ളതായി കാണുന്നില്ലാത്ത സ്ഥിതിക്ക് അതിലേക്ക് മറുപടി പറയേണ്ട ആവശ്യവും കാണുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉപക്ഷേപത്തെ മററുള്ള അംഗങ്ങളും അനുകൂലിച്ചതായിട്ടാണോ അതല്ലാ പ്രതികൂലിച്ചതായിട്ടാണോ ഗവന്മെന്റു വിചാരിക്കുന്നതു എന്നു അറിഞ്ഞാൽകൊള്ളാം.

മി. എം. ശിവതാണുപിള്ള (തോവാള): ശുചീന്ദ്രംറോഡ് തുറന്നിടുന്നതിനെപ്പററി ഗവന്മെന്റിനു എന്താണ് പറയാനുള്ളത് എന്ന് അറിഞ്ഞാൽകൊള്ളാം.

പ്രസിഡന്റ: മിസ്റ്റർ ജാർജ് ആ സന്ദർഭം കഴിഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപ്പത്ര റഗുലേഷന്റെ പ്രവർത്തനത്തെപ്പററി യാതൊരു പരാതിയും ഉണ്ടായിട്ടില്ലെന്ന ചീഫ്സിക്രട്ടറി പറഞ്ഞതിനെ സംബന്ധിച്ച് എനിക്ക താഴെപ്പറയുന്ന സംഗതികൾ പറവാനുണ്ട്. ഞാൻ ചൂണ്ടിപ്പറഞ്ഞ പത്രത്തെ അതായതു നവശക്തിയെ സംബന്ധിച്ചിടത്തോളം എനിക്കു പറവാനുള്ളതു, "വാട്സ് വരുന്നോ" എന്ന തലവാചകത്തിൽ ൧൧൦൨ ജൂൺ ൨൩-ാം- ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തി. ആ പത്രത്തെ ജൂലായി ൨൩-ാം- അതായതു ഒരുമാസത്തിനകത്തു താക്കീതു ചെയ്തു. മലബാർ അഡ്വക്കേററ് ൧൧൦൨ ജൂൺ ൧൧-ാം- യേതായ ഉപന്യാസം പ്രസിദ്ധപ്പെടുത്തി. അതായതു നവശക്തിയിലെ ഉപന്യാസത്തിനു രണ്ടുവാരം മുമ്പായിട്ടാണ്. മലബാർ അഡ്വക്കേററിലെ മുഖപ്രസംഗത്തിൽ താഴെപ്പറയുന്ന വാചകങ്ങളുംകൂടി അടങ്ങിയിട്ടുണ്ടു:—"നാടുനീങ്ങിയ മഹാരാജാവിന്റെ കാലത്തു കൊട്ടാരത്തിൽ ഒരു സേവകൻ ഉണ്ടായിരുന്നു എന്നും അദ്ദേഹം സർക്കാർ ഉദ്യോഗങ്ങളും മുതലായതു കിട്ടാവുന്നിടത്തോളം കൂടുതൽ വിലക്കു വിററിരുന്നുഎന്നും ഉള്ളതു കുപ്രസിദ്ധമായ വാസ്തവമാണ്. ഉദ്യോഗത്തിനു യോഗ്യത ഉണ്ടെങ്കിലും ഇല്ലെങ്കിലും ആരും പണം കൊടുക്കാൻ തയ്യാറുണ്ടെങ്കിൽ അയാൾക്കു ഉദ്യോഗംകിട്ടും"

മലബാർ അഡ്വക്കേററിൽനിന്നും ഉദ്ധരിച്ചിട്ടുള്ള മേൽപ്പറഞ്ഞഭാഗം ഗവന്മെന്റിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ എന്നു ഞാൻ ഒരു ചോദ്യം ചോദിച്ചു. എന്നാൽ ഗവന്മെന്റിന്റെ വിചിത്രതരമായ ഡിപ്പാർട്ടുമെന്റുകാർ ഒരു സംവത്സരത്തിനു മേൽ ഇതിനെപ്പററി ദീർഘമായി പര്യാലോചിച്ചതിനുശേഷം അതിന്മേൽ യാതൊരു നടപടിയും വർത്തമാനപ്പത്രറഗുലേഷൻ പ്രകാരം നടത്താനില്ലെന്നു മറുപടിതന്നു. മേൽ ഉദ്ധരിച്ചിട്ടുള്ള ഭാഗം നോക്കിയാൽ അതു മുമ്പിലത്തെ രാജ്യഭരണത്തെ കളങ്കമാക്കുന്നതിനുവേണ്ടി എഴുതിയിട്ടുള്ളതാണെന്നു വ്യക്തമാകുന്നതാണ്. വർത്തമാനപ്പത്ര റഗുലേഷൻ ൬-ാം-വകുപ്പു ഇപ്രകാരമാകുന്നു:—

"൬. (എ) ഈ റെഗുലേഷൻപ്രകാരം ലൈസൻസ് കൊടുക്കപ്പെടുന്ന വർത്തമാനപ്പത്രത്തിലും, നമ്മുടെ നേരെയോ നമ്മുടെ ഗവന്മെന്റിന്റെ നേരെയോ ഇൻഡ്യാ ചക്രവർത്തി തിരുമനസ്സിലെ നേരെയോ ബ്രിട്ടീഷ് ഇൻഡ്യയിൽ നിയമപ്രകാരം സ്ഥാപിച്ചിട്ടുള്ള ഗവന്മെന്റിന്റെ നേരെയോ വൈരമുള്ള്യം ജനിപ്പിക്കുന്നതിനോ അല്ലെങ്കിൽ നമ്മുടെമേലോ നമ്മുടെ ഗവന്മെന്റിന്റെമേലോ ഇൻഡ്യാചക്രവർത്തി തിരുമനസ്സിലെമേലോ ബ്രിട്ടീഷ് ഇൻഡ്യയിൽ നിയമപ്രകാരം സ്ഥാപിച്ചിട്ടുള്ള ഗവന്മെന്റിന്റെമേലോ വിദ്വേഷമൊ അവമതിയൊ ഉണ്ടാകുന്നതിനോ,

(ബി) തിരുവിതാംകൂറിൽ രാജ്യഭരണംചെയ്യുന്ന രാജകുടുംബത്തിലെ വല്ല അംഗത്തിന്റെമേലും വിദ്വേഷമൊ അവമതിയൊ ഉണ്ടാകുന്നതിനോ നേരിട്ടോ അല്ലാതെയൊ, അനുമാനംമൂലമൊ ഊഹംമൂലമൊ വ്യംഗ്യമായൊ മററുവല്ലവിധേനയൊ കാരണമാക്കാൻ ഇടയാക്കാവുന്നതൊ ഇടയാക്കാവുന്ന സ്വഭാവത്തിലുള്ളതൊ ആയ വല്ല വാക്കുകളൊ അടയാളങ്ങളൊ ദൃശ്യമായ പ്രതിരൂപങ്ങളൊ അടങ്ങിയിരിക്കുന്നതായി നമ്മുടെ ഗവന്മെന്റിനു തോന്നിയാൽ"

ഞാൻ മുകളിൽ ഉദ്ധരിച്ചതും മലബാർ അഡ്വക്കേററ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കാണുന്നതും ആയ വാചകങ്ങളും തിരുവിതാംകൂർ ഭരിക്കുന്ന രാജകുടുംബത്തിലെ ഒരു അംഗത്തിന്മേൽ കളങ്കം ഉണ്ടാക്കുന്നതല്ലെങ്കിൽ തിരുവിതാംകൂർ ഗവന്മെന്റിന്റെ നിയമപരിജ്ഞാനം എനിക്കു മനസ്സിലാക്കാൻ കഴിയുന്നതല്ല. നിയമപരിജ്ഞാനം തിരുവിതാംകൂർ ഗവന്മെന്റിന്റെ ഡിപ്പാർട്ടുമെന്റുകാരുടെ പ്രത്യേക കുത്തകയല്ല. നവശക്തിയിൽ പ്രസിദ്ധപ്പെടുത്തിയ ഉപന്യാസം ഒരു ഏക ഉദ്യോഗസ്ഥനെമാത്രം സംബന്ധിക്കുന്നതാണ്. ആ ഉപന്യാസത്തിന്റെ ചുരുക്കം 'വാട്സ് വരുന്നോ' എന്നായിരുന്നു. വർത്തമാനപ്പത്ര റഗുലേഷൻ പ്രഖ്യാപനം ചെയ്തു മിസ്റ്റർ വാട്സ് ഇംഗ്ലണ്ടിൽ പോയികഴിഞ്ഞ ഉടനെയാണ്. "വാട്സ്വരുന്നോ" എന്ന തലവാചകത്തിൽ പ്രസ്തുതപത്രം, വാട്സ് ഒരു രാജദ്രോഹിയായതുകൊണ്ടു രാജ്യത്തിലേക്കു തിരിച്ചുവരരുതു എന്നുപറഞ്ഞു. എന്നാൽ നമ്മുടെ അത്ഭുതകരമായ ഡിപ്പാർട്ടുമെന്റു ഈ ഉപന്യാസം രാജദ്രോഹം ആണെന്നുപറഞ്ഞു. ആ ഉപന്യാസത്തിൽ രാജദ്രോഹത്തിന്റെ ഒരു ചുവപോലും ഇല്ലെന്നു ഞാൻ സധൈര്യം പറയുന്നു. അതിനാൽ ഇപ്പോഴത്തെ ഗവന്മെന്റു ന്യായംചെയ്യുന്നതിനു പകരം ന്യായക്കേടല്ലയോ ചെയ്യുന്നതു എന്നാണ് ഞാൻ ചോദിക്കുന്നത്.

മി. കെ. ജാർജ് (ഗവന്മെന്റു ചീഫ്സെക്രട്ടറി): ആ പത്രത്തോടു എന്താണ് ചെയ്തതു എന്നു മെമ്പർ പറയുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനെ രാജദ്രോഹത്തിനു താക്കീതുചെയ്തു.

മി. കെ. ജാർജ് (ഗവന്മെന്റു ചീഫ്സെക്രട്ടറി): അതിനെ വർത്തമാനപ്പത്രറെഗുലേഷൻ പ്രകാരം താക്കീതുചെയ്തോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ, വർത്തമാനപ്പത്രറെഗുലേഷൻ ൬-ാം വകുപ്പിൻപ്രകാരം താക്കീതുചെയ്തു.

മി. കെ. ജാർജ് (ഗവന്മെന്റു ചീഫ്സെക്രട്ടറി): അദ്ദേഹം പറഞ്ഞതു തെററാണെന്നു ഞാൻ പറയുന്നു. ക്ഷമായാചനം ചെയ്തില്ലെങ്കിൽ പത്രത്തിന്മേൽ വർത്തമാനപ്പത്രറെഗുലേഷൻ പ്രകാരം നടപടി നടത്തുന്നതാണെന്നു അതിനെ താക്കീതുചെയ്കയാണുണ്ടായതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ശരിയല്ല. ഞാൻ ഗവന്മെന്റിനോടു വീണ്ടും ചോദ്യംചെയ്യുകയും, അതിലേക്കു വർത്തമാനപ്പത്ര റഗുലേഷൻ ൬-ാംവകുപ്പിൻപ്രകാരം നടപടിനടത്തുന്ന

താണെന്നു ചീഫ് സിക്രട്ടറി മറുപടി പറകയുംചെയ്തു. ആ സംഗതി വിശദമാക്കേണ്ടതാണെന്നാണ് എനിക്കു തോന്നുന്നതു. ഞങ്ങൾ പറഞ്ഞ സംഗതികൾ പിന്നീട്ട നിഷേധിച്ചുകൂടാത്തതാകുന്നു.

പ്രസ്തുത ഉപന്യാസത്തിന്റെ സാരം വാട്സ് വരുന്നോ എന്നാണ്. അതിനുള്ള ചീഫ് സെക്രട്ടറി തന്നമറുപടി ഇതാണ്.

"വാട്സ് വരുന്നോ എന്ന തലവാചകത്തിൽ ൧൧൦൧ മിഥുനം ൧൮-നു- നവശക്തിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മുഖപ്രസംഗത്തെ സംബന്ധിച്ചെടത്തോളം, അതു ൧൧൦൧-ലെ ൩-ാം റെഗുലേഷൻ ൩-ാം വകുപ്പ് ൧-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിരോധമാണെന്നു ഗവണ്മെന്റിനു ബോദ്ധ്യമാവുകയാൽ ആ പത്രത്തിന്റെ അച്ചടിക്കാരന്റെയും പ്രസിദ്ധകന്റെയും മേൽ ഗവണ്മെന്റു ഒരു താക്കീതുള്ള ഉത്തരവു അയച്ചു"

മി. കെ. ജാഞ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി) : പ്രസ്തുത ഉപന്യാസം വർത്തമാനപ്പത്ര റെഗുലേഷനു വിരോധമാണ്. എന്നാൽ വർത്തമാനപ്പത്രറെഗുലേഷൻപ്രകാരം ഒരു നടപടിയും നടത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : പ്രസ്തുത ഉപന്യാസം വർത്തമാനപ്പത്രറെഗുലേഷനു വിരോധമാണെന്നു. എന്നാൽ ഗവണ്മെന്റു വേറെ ഏതോ റെഗുലേഷൻപ്രകാരം നടപടിനടത്തി—അതാണ് കപടപ്രയോഗം—ഈ മാതിരിയിലാണ വർത്തമാനപ്പത്രറെഗുലേഷന്റെ പ്രവർത്തനം യഥാർത്ഥത്തിൽ നടത്തുന്നതു, ഗവണ്മെന്റിനു ശക്തിയുണ്ടായിരുന്നു എങ്കിൽ അവർ ഏർപ്പെടുത്തിയ നിയമത്തെ എല്ലാവരുടേയുംനേരെ വ്യത്യാസമന്യേയും നിഷ്പക്ഷപാതമായും പ്രയോഗിക്കേണ്ടതാണ്. അവർക്കു അപ്രകാരം ചെയ്യാൻ സാധിക്കുകയില്ലെങ്കിൽ വർത്തമാനപ്പത്രറെഗുലേഷനെ അവർ റദ്ദ്ചെയ്തുംവച്ചു അവരുടെ സംഘത്തിൽനിന്നും മറയേണ്ടതാകുന്നു. ഇതാണ് ഞാൻപറയുന്നതു. റെഗുലേഷന്റെ യഥാർത്ഥമായ പ്രവർത്തനത്തിൽ യാതൊരു ന്യായക്കേടും ചെയ്തിട്ടില്ലെന്നു പണ്ഡിതനായ ചീഫ്സെക്രട്ടറി പറഞ്ഞതു ഇതു ഒരു അനീതിയാണ്. മററുള്ളസംഗതികളെപ്പററി ചീഫ്സെക്രട്ടറിയിൽനിന്നു ഒരുമറുപടിയും ലഭ്യമായില്ല. എന്തെന്നാൽ എന്റെ പ്രസംഗത്തിൽ ഞങ്ങൾ ചൂണ്ടിപറഞ്ഞിട്ടുള്ള ഓരോസംഗതിക്കും മറുപടിപറയുന്നതിനു അദ്ദേഹത്തിനു പ്രയാസവും അസൌകര്യപ്രദവും ആണെന്നു എനിക്കറിയാം. അദ്ദേഹത്തിനു അവശ്യംശരിയായ സമാധാനം പറയാനില്ല. ആ ഒരുദ്ദേശത്തെ ചീഫ്സെക്രട്ടറിക്കു ഒരു ഒഴികഴിവായിഭവിച്ചു. അതുകൊണ്ടാണു അതിൽ മറുപടിപറയത്തക്ക യാതൊരു പായിന്റും ഇല്ലെന്നു പറഞ്ഞു അദ്ദേഹം ഇരുന്നുകളഞ്ഞതു. അതിൽ ഓരോവാചകത്തിലും ഓരോ പായിന്റു അടങ്ങിയിട്ടുണ്ടു. ചീഫ്സെക്രട്ടറി പ്രസംഗം ശരിയായി വായിക്കുന്നതായാൽ ഓരോവാചകത്തിലും ഓരോവരിയിലും അടങ്ങിയിട്ടുണ്ടെന്നും ഓരോപായിന്റും സാരവത്തായതും മറുപടിക്കു അർഹമായതും ആണെന്നും അദ്ദേഹത്തിനു മനസ്സിലാകും. അതിനാൽ പ്രസ്തുതസംഗതിയെപ്പററി കൂടുതൽ ഒന്നും പറയേണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വാക്കുകളോടുകൂടി ഞാൻവീണ്ടും ഉപവിഷ്ടനായികൊള്ളുന്നു. എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദംചോദിച്ചുകൊള്ളുന്നു.

മി. എ. ജെ. ജാൺ (വൈക്കം) : ഉപക്ഷേപത്തെ പിൻവലിക്കുന്നതിനെ ഞാൻ പ്രതിഷേധിക്കുന്നു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ) : ഞാൻ ഈ അഭിപ്രായത്തെ പിൻവാങ്ങിയിരിക്കുന്നു.

ഉപക്ഷേപം പിൻവലിക്കുന്നതിനുള്ള പ്രമേയം വോട്ടിനിട്ടതിൽ സഭഅനുവദിച്ചു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപത്തെ പിൻവലിച്ചു.

അദ്ധ്യക്ഷൻ ൻ-ാം നമ്പർ അഭ്യർത്ഥന, അതായതു സാമാന്യഭരണം എന്നവകയ്ക്കുള്ള ൨൮൦൧൫൫ രൂപാ സഭഅനുവദിച്ചതായി ഞാൻ ഗണിക്കുന്നു.

ഗ്രാന്റു അനുവദിച്ചു.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഖാസ്സായി.

൨൬൮ മുതൽ ൨൭൦ വരെ ഉപക്ഷേപങ്ങൾ സമയക്കുറവുഹേതുവാൽ താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഖാസ്സായി.

മി. കെ. ശിവരാമപ്പണിക്കർ.

൨൬൮. ഹജൂർകച്ചേരിക്കായി നിശ്ചയിച്ചുവച്ചിട്ടുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦ രൂപാ കുറക്കണമെന്നു.

മി. കെ. ഐ. ജോസഫ്

൨൬൯. ഹജൂർകച്ചേരിക്കായി നിശ്ചയിച്ചുവച്ചിട്ടുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦ രൂപ കുറക്കണമെന്നു.

മി. എ. കെ. പിള്ള.

൨൬൭. ഹജൂർകച്ചേരിക്കുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦ രൂപാകുറക്കണമെന്ന്.

മി. ടി. കുമാരപിള്ള.

൨൬൬. ഹജൂർകച്ചേരിക്കുവച്ചിട്ടുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦൦ രൂപാകുറക്കണമെന്ന്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ.

൨൬൯. ഹജൂർകച്ചേരിക്കുവച്ചിട്ടുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦൦ രൂപാകുറക്കണമെന്ന്.

മി. എ. ജെ. ജാൺ.

൨൬൮. ഹജൂർകച്ചേരിക്കുവച്ചിട്ടുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦൦ രൂപാകുറക്കണമെന്ന്.

മി. സി. പി. തോമസ്.

൨൬൮. ഹജൂർകച്ചേരിക്കുവച്ചിട്ടുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦൦ രൂപാകുറക്കണമെന്ന്.

മി. കല്ലൂർ നാരായണപിള്ള.

൨൭൦. ഹജൂർകച്ചേരിക്കുവച്ചിട്ടുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦൦ രൂപാ കുറക്കണമെന്ന്.

മി. എം. ശിവതാണുപിള്ള.

൨൭൧. ഹജൂർകച്ചേരിക്കുവച്ചിട്ടുള്ള ൧൫൫൨൬ രൂപായിൽനിന്നും ൧൦൦ രൂപാകുറക്കണമെന്ന്.

൧൫. സി. പൊതുഭരണം—നിയമസഭ കണ്ടിൻജെൻസി.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൨൭൨. പുസ്തകങ്ങളും മാസികകളും വാങ്ങുന്നതിനു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപയിൽനിന്നു ൧൦൦ രൂപാ കുറക്കണമെന്നു.

മി. എസ്. പിറവിപെരുമാൾപിള്ള.

൨൭൩. മേശ, കസേര മുതലായ സാമാനങ്ങൾ വാങ്ങുന്നതിനും, നന്നാക്കുന്നതിനുമായി നീക്കിവച്ചിട്ടുള്ള ൪൦൦ രൂപായിൽനിന്നും ൧൦൦ രൂപാകുറക്കണമെന്നു.

മി. എ. ജെ. ജോൺ.

൨൭൪. ഇലക്ഷൻചിലവുകൾക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൫ രൂപാ കുറക്കണമെന്നു.

ആകെയുള്ള ഗ്രാൻറ കുറയ്ക്കുന്നതിലേയ്ക്കുള്ള ഉപക്ഷേപങ്ങൾ.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൨൭൫. നിയമസഭയ്ക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧ രൂപാകുറക്കണമെന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൨൭൬. നിയമസഭയ്ക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧ രൂപാകുറക്കണമെന്നു.

മി. തയ്യുള്ളു കുഞ്ഞിത്തൊമ്മൻ.

൨൭൭. നിയമസഭക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൫ രൂപ കുറക്കണമെന്നു.

മി. കരിഞ്ചിപ്പള്ളി രാമൻപിള്ള.

൨൭൮. നിയമസഭക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧൦ രൂപാകുറക്കണമെന്നു.

മി. എ. കെ. പിള്ള.

൨൭൯. നിയമസഭക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧൦ രൂപാകുറക്കണമെന്നു

മി. കെ. ഐ. ജോസഫ്.

൨൮൦. നിയമസഭക്കുനീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧൦ രൂപാകുറക്കണമെന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപ്പിള്ള

൨൮൧. നിയമസഭക്കുനീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧൦ രൂപാകുറക്കണമെന്നു.

മി. ജി. കുമാരപിള്ള

൨൮൨. നിയമസഭയ്ക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

മി. കെ. മാധവൻപിള്ള.

൨൮൩. നിയമസഭയ്ക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

മി. എ. ജെ. ജോൺ.

൨൮൪. നിയമസഭയ്ക്കു നീക്കിവച്ചിട്ടുള്ള ൫൩,൪൦൦ രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

൧൬. പൊതുഭരണം—ശ്രീമൂലംപ്രജാസഭ—ആകെ ഗ്രാൻറ.

മി. എ. കെ. പിള്ള.

൨൮൫. ശ്രീമൂലംപ്രജാസഭയ്ക്കു നീക്കിവച്ചിട്ടുള്ള ൧൬,൩൦൦ രൂപായിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്ന്.

മി. കെ. ഐ. ജോസഫ്.

൨൮൬. ശ്രീമൂലംപ്രജാസഭയ്ക്കു നീക്കിവച്ചിട്ടുള്ള ൧൬,൩൦൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണമെന്ന്.

മി. തറിയത്തു കുഞ്ഞിത്തൊമ്മൻ.

൨൮൭. ശ്രീമൂലംപ്രജാസഭയ്ക്കു നീക്കിവച്ചിട്ടുള്ള ൧൬,൩൦൦ രൂപായിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

ഡിമാൻറ ൧൫-ാം ഇനത്തിൽ ആകെ ഗ്രാൻറ കുറയ്ക്കുന്നതിലേയ്ക്കുള്ള ഉപക്ഷേപങ്ങൾ.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൨൮൮. ഡിമാൻറ ൧൫-ാം ഇനത്തിൽ ആകെ നീക്കിവച്ചിട്ടുള്ള ൫·൦൧ ലക്ഷം രൂപായിൽനിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. ജി. രാമൻമേനോൻ.

൨൮൯. ഡിമാൻറ ൧൫-ാം ഇനത്തിൽ ആകെ നീക്കിവച്ചിട്ടുള്ള ൫·൦൧ ലക്ഷം രൂപായിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്ന്.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൨൯൦. ഡിമാൻറ ൧൫-ാം ഇനത്തിൽ ആകെ നീക്കിവച്ചിട്ടുള്ള ൫·൦൧ ലക്ഷം രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

ഡിമാൻറ ൧൦. പൊതുഭരണം—അക്കൗണ്ടാഫീസ്.

മി. കെ. എൻ. രാമസ്വാമി അയ്യർ (ഗവർമ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി):

൧൦-ാം നമ്പർ അഭ്യർത്ഥനയിൽ ഉൾപ്പെട്ട സാമാന്യഭരണം അക്കൗണ്ടാഫീസ്—എന്ന ഇനത്തിൽ ൧·൦൧ ലക്ഷം രൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപം ൨൯൧.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. കെ. ഐ. ജോസഫ്.

വൻ ഫ. ഡിമാൻഡു ൧൭-ാം ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൧,൦൧ ലക്ഷം രൂപായിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപം വൻവ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

വൻവ. ഡിമാൻഡു ൧൭-ാം ഇനത്തിൽ ആകെ നീക്കിവച്ചിട്ടുള്ള ൧,൦൧ ലക്ഷം രൂപായിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം ഉദ്യോഗസ്ഥന്മാർക്ക് തങ്ങളുടെ വയസ്സു കുറച്ചുവയ്ക്കുന്നതിനു അനുവാദം നൽകാമോ എന്നുള്ള സംഗതിയെപ്പററി പ്രതിപാദിക്കുന്നതിനാകുന്നു. (ചിരി) സർ, ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ താല്പര്യപ്പെടുന്ന പ്രത്യേക സംഗതി, പെൻഷൻ നൽകി പിരിച്ചുവിടേണ്ട പ്രായം കഴിഞ്ഞതിന്മേൽ ഉദ്യോഗസ്ഥന്മാർക്ക് സർവീസ് നീട്ടിക്കൊടുക്കേണ്ടതില്ലെന്നു കുറെ വർഷങ്ങൾക്കു മുമ്പു ഈ രാജ്യത്തു ഒരു ശക്തിമത്തായ പൊതുജനാഭിപ്രായം ഉണ്ടായിരുന്നു എന്നുള്ളതാണ്. ഏതോ കാരണവശാൽ കുറെക്കാലത്തേയ്ക്കു അതു അത്ര വളരെ നിർബന്ധിതമാക്കിയിരുന്നില്ല. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി അതു കർശനമായി നടപ്പിൽ വരുത്തുകയും പെൻഷൻ പററാൻ കാലമായ ഉദ്യോഗസ്ഥന്മാർക്ക് പ്രായേണ സർവീസ് നീട്ടിക്കൊടുക്കാതിരിക്കയും ചെയ്യുന്നുണ്ട്. സർവീസ് നീട്ടിക്കിട്ടുകയില്ലെന്നു കണ്ടപ്പോൾ, പദത്തിൽനിന്നും ഒഴിഞ്ഞുകിട്ടാൻവേണ്ടി ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഒരു പുതിയ വിദ്യ കണ്ടുപിടിച്ചിരിക്കുന്നു. സമഷ്ടിയായി പറയുന്നതായാൽ ഒരു അനുദ്യോഗസ്ഥനെ സർവീസിൽ ആദ്യമായി നിയമിക്കുകയോ ഒരു ഉദ്യോഗസ്ഥനെ ഉയർന്ന ഗ്രേഡിലേയ്ക്കു പ്രമോഷൻ ചെയ്കയോ അല്ലെങ്കിൽ അയാളെ ഒരു ഡിപ്പാർട്ടുമെന്റു മേധാവിയായി നിയമിക്കുകയോ ചെയ്യുന്ന അവസരത്തിൽ അയാൾ താനിക്കു പ്രായാധിക്യമേറിയിട്ടില്ലെന്നു കാണിക്കുകയും തന്നെ ചെറുപ്പക്കാരനാക്കുന്നതിനു ഒരു അപേക്ഷ കൊടുക്കുകയും ചെയ്യുന്നു. (ചിരി) ഇതിന്റെ ഒരു പൂർണ്ണ താല്പര്യം എന്താണ്. അതായതു ൫൦-ഓ ൫൫-ഓ വയസ്സിന്മേൽ പ്രായമുള്ള ഒരു ഉദ്യോഗസ്ഥൻ ഒരു അപേക്ഷയുമായി മുന്നോട്ടു വന്ന് തന്റെ മുൻപ്രവൃത്തികളെല്ലാം അവഗണിച്ചു തന്നെ വിശ്വസിക്കണമെന്നു ഗവൺമെന്റിനോടു ആവശ്യപ്പെടുന്നു എന്നുള്ളതാണ്. താൻ കുറേക്കൂടി ചെറുപ്പക്കാരനാണെന്നു ഗവൺമെന്റു വിശ്വസിക്കണമെന്ന് അയാൾ പൊതുവെ ആവശ്യപ്പെടുകയും അതനുസരിച്ചു അയാളുടെ ജനനത്തീയതിയും സർവീസും തിരുത്തണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു. എനിക്കു പറയാനുള്ളതു എന്തെന്നാൽ ഇപ്രകാരം ഒരു വൃദ്ധനെ പെട്ടെന്ന് ചെറുപ്പക്കാരനാക്കിത്തീർക്കാനുള്ള ഈ വഴി പലർക്കും മനോവേദനയുണ്ടാക്കുന്നതാണെന്നാണ്.

മി. സി. പി. തരകൻ (നിയമിക്കപ്പെട്ട മെമ്പർ): ഇതിനു ഏതു ഡിപ്പാർട്ടുമെന്റാണ് ഉത്തരവാദികൾ എന്ന് എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജനങ്ങളുടെ സങ്കടങ്ങൾക്കു നിവൃത്തിവരുത്തണമെന്നു മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു; ഏതു ഡിപ്പാർട്ടുമെന്റുമായാലും വേണ്ടില്ല. സർവീസുപുസ്തകങ്ങളും മററും തയാർചെയ്യുന്നതിനെസംബന്ധിച്ചു അക്കൗണ്ടാഫീസിനാണു ചുമതല എന്നു എനിക്കു തോന്നുന്നു. അതുകൊണ്ടു അക്കൗണ്ടാഫീസ് എന്ന ഇനത്തിൽ ഈ ഉപക്ഷേപം കൊണ്ടുവരുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ഞാൻ ഇവിടെ ബോധിപ്പിച്ചുകൊള്ളുന്നതു എന്തെന്നാൽ, പ്രസ്തുത ഉദ്യോഗസ്ഥന്മാർ വയസു കുറച്ചുവയ്ക്കുന്നതിനു അപേക്ഷ അയക്കുമ്പോൾ, അതു സ്വാഭാവികമായി മുൻപേതന്നെ സർവീസിലിരിക്കുന്ന ചിലർക്കു മനോവേദന ഉളവാക്കുന്നു എന്നുള്ളതാണു. എന്നുതന്നേയല്ല, പ്രസ്തുത അപേക്ഷകൾ അനുവദിക്കയോ ത്യജിക്കയോ ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റു നിശ്ചയമായും ആലോചിച്ചു പ്രവൃത്തിക്കേണ്ടതാണ്. അപ്രകാരം ഒരപേക്ഷ അനുവദിക്കുന്നതിൽ ഗവൺമെന്റിൽനിന്നും എന്തെങ്കിലും തെളിവു വാങ്ങുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആ തെളിവിന്റെ സ്വഭാവമെന്തെന്നും പൊതുജനങ്ങളിൽനിന്നോ എന്നെപ്പോലെ ഒരുവനിൽനിന്നോ അതിനെതിരായി വല്ല തെളിവും സ്വീകരിക്കുമോ എന്നുംകൂടി എനിക്കു അറിയേണ്ടിയിരിക്കുന്നു. ഈ സംഗതികളെല്ലാമാണ് എനിക്കു ഗവൺമെന്റിൽനിന്നും അറിയേണ്ടതുള്ളതു. ഈ ഉദ്ദേശത്തോടുകൂടിയാണ് ഈ ഉപക്ഷേപം ഞാൻ അയച്ചിട്ടുള്ളതു. ഇതുപോലെയുള്ള കാര്യങ്ങളിൽ ഗവൺമെന്റു നിർദ്ദാക്ഷിണ്യം പ്രവർത്തിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. കഴിഞ്ഞ ൩൦ കൊല്ലങ്ങളായി ആധാരങ്ങൾ എഴുതിപ്പിടിക്കയും എഴുതിക്കൊടുക്കയും ചെയ്തിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ, തന്റെ പേരിൽ അനവധി ആധാരങ്ങൾ ഇരിപ്പുള്ള ഒരു ഉദ്യോഗസ്ഥൻ, അവയിൽ എല്ലാററിലും താൻ ഇന്നപ്പോഴാണ് ജനിച്ചതു എന്നു പറഞ്ഞിട്ടുണ്ടെങ്കിലും പെട്ടെന്ന് ഒരു അപേക്ഷ അയക്കയും തന്റെ ജനനം വളരെ പിന്നിട്ടാണ് എന്നു ഗവൺമെന്റിനെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു. അത്തരം അപേക്ഷകളെ ഗവൺമെന്റിൽനിന്നും വളരെ കർശനമായി പരിഗണിക്കേണ്ടതാണ്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ഈ ഉപക്ഷേപകർത്താവിന്റെ പ്രസംഗം കേൾക്കുന്നതായാൽ അക്കൗണ്ടാഫീസറോ, ഗവൺമെന്റോ ഒട്ടുവളരെ ഉദ്യോഗസ്ഥന്മാർക്ക് അദ്ദേഹം സൂചിപ്പിച്ചരീതിയിൽ വയസ്സ് കുറെക്കപ്പെടുത്താൻ അനുവാദം നൽകിയിട്ടുണ്ടെന്നു പക്ഷം തോന്നിപ്പോകും.

മി. കെ. ഐ. ജോസഫ് (മീനച്ചില്‍-ദേവികുളവും): അപ്രകാരമുള്ള സന്ദർഭങ്ങൾ ഉണ്ടായിരുന്നില്ലേ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റു ഫിനാൻഷ്യൽസെക്രട്ടറി): എന്തായാലും ഈ കൊല്ലം ഉണ്ടായിട്ടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): കഴിഞ്ഞ അഞ്ചുകൊല്ലങ്ങൾക്കിടയിൽ അത്തരം സംഭവങ്ങൾ വല്ലതും ഉണ്ടായിരുന്നോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റു ഫിനാൻഷ്യൽസെക്രട്ടറി): രണ്ടുകൊല്ലം മുമ്പു നടന്ന ഒരു സംഭവം ഞാൻ ഓർക്കുന്നു. അക്കാലത്തും അത്തരം സംഭവങ്ങൾ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു എന്നും പഴയ റിക്കാർഡുകളിൽനിന്നും അത്തരം യാതൊന്നും കണ്ടുകിട്ടുന്നതിനു സാധിച്ചിട്ടില്ലെന്നു വ്യക്തമായി.

പ്രസ്താവിച്ചിരുന്നു. സർ, ഞാൻ എന്റെ ഓർമ്മയിൽനിന്നും മാത്രം പറയുന്നതാണ്. ഞാൻ അവയെ പരിശോധിച്ച തിട്ടംവരുത്തിയിട്ടില്ല. ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നുകൊണ്ടിരിക്കുന്നതും, ഗവണ്മെന്റ അന്വേഷണം നടത്തി വരുന്നതും ആയ അത്രയധികം കേസുകൾ അടങ്ങിയിട്ടുള്ള ഒരു സംഗതിയല്ലല്ലോ ഇത്.

മി. കെ. എം. ജോസഫ് (മീനച്ചിലും-ദേവികുളവും) : ഏതെങ്കിലും അതിനെ ഒരു പ്രത്യേകസംഗതിയെന്നു നോക്കിയാൽപ്പോരാ അതിൽ അടങ്ങിയിരിക്കുന്ന തത്വത്തെയാണ് പ്രധാനമായി നോക്കേണ്ടത്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) : ഞാൻ ആ സംഗതിയെപ്പററിത്തന്നെയാണ് പറയാൻ പോകുന്നതു. ഇക്കാര്യത്തിൽ അക്കൗണ്ടാഫീസർക്കു വളരെ ഖേദമുണ്ടെന്നുകൂടി എടുത്തുപറയാവുന്നതാണ്. എന്നാൽ ആ വാദത്തിന്റെ തണലിൽ ഉദ്ദേശ്യം സ്ഥാപിച്ചുകളയാമെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രസ്തുതവിഷയം സംബന്ധിച്ചുള്ള റൂൾ സഭയുടെ അറിവിനായി ഞാൻ ഇവിടെ എടുത്തുപറയാം,

"ഒരു ഉദ്യോഗസ്ഥന്റെ വയസ്സു (അയാൾ ഗസററഡോ നാൺഗസററഡോ ഉദ്യോഗസ്ഥനായിക്കൊള്ളട്ടെ, റിക്കാർഡു ചെയ്തേടത്തു തിരുത്തുന്നതു പാടില്ലാത്തതും ഏതെങ്കിലും മതിയായ സാക്ഷ്യം സ്വീകരിച്ചതിനുശേഷം മാത്രമേ പാടുള്ളു. അതായതു ഒരു ജനനസ്ഥാനസർട്ടിഫിക്കററോ ജാതകമോ, വല്ല മജിസ്ട്രേട്ടിന്റെ സർട്ടിഫിക്കററോ അല്ലെങ്കിൽ ആ ഉദ്യോഗസ്ഥൻ ജനിച്ച നഗരത്തിലെയൊ ഗ്രാമത്തിലെയോ സുപ്രസിദ്ധനും വിശ്വാസ്യനും ആയ വല്ലവരുടെയും സർട്ടിഫിക്കററോ സ്വീകരിച്ചശേഷമേ പാടുള്ളു. അപ്രകാരം ഒരിക്കൽ റിക്കാർഡു ചെയ്യപ്പെട്ട വയസ്സിനെ എഴുത്തുകാരന്റെ വീഴ്ചയിന്മേൽ ഒഴിച്ചു യാതൊരു സംഗതിവശാലും ഗവണ്മെന്റ അനുവാദം കൂടാതെ ഭേദപ്പെടുത്താൻ പാടില്ലാത്തതാകുന്നു.

ഈ റൂൾ ഇതുനിഷ്കർഷയായ ഒന്നാണെങ്കിൽ വയസ്സിൽ എങ്ങനെ മാററം സംഭവിക്കാമെന്നു ചോദ്യമുണ്ടായേക്കാം. സിവിൽ സർവീസ് റഗുലേഷൻ നടപ്പിൽ വരുന്നതിനുമുമ്പു സർവീസിൽ ഇരുന്നിരുന്നവരുടെ കാര്യത്തിൽ മാത്രമേ അപ്രകാരം സംഭവിക്കാൻ ഇടയുള്ളു. ഇനിമേലിൽ ഉദ്യോഗത്തിൽ കയറുന്ന ആൾക്കൊ കഴിഞ്ഞ ഇരുപതുകൊല്ലത്തിനകം ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടുള്ള ആൾക്കൊ എഴുത്തിൽവന്നിട്ടുള്ള വീഴ്ചയൊഴിച്ചു യാതൊരു കാരണവശാലും മുമ്പു റിക്കാർഡുചെയ്തവയസ്സു തെററാണെന്നു പറയുന്നതിനു സാധിക്കുന്നതല്ല.

മി. കെ. എം. ജോസഫ് (മീനച്ചിലും-ദേവികുളവും) : അതു ഇപ്പോൾ സർവീസിൽ ഇരിക്കുന്നവരെ മാത്രമേ ബാധിക്കയുള്ളോ. അതോ ഇപ്പോൾ സർവീസിൽ പ്രവേശിക്കുന്നവരെക്കൂടി ബാധിക്കുമൊ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) : അതു ഭേദമെന്യേ എല്ലാവരേയും ഒരുപോലെ ബാധിക്കുന്നതാണ്. കാര്യങ്ങൾ ഇങ്ങനെയിരിക്കെ ഈ സംഗതിയിൽ ഞാൻ ഏതിനെപ്പററിയാണ് എതിർവാദം ചെയ്യേണ്ടതെന്നു എനിക്കു അറിഞ്ഞുകൂടാ. ഞാൻ പറയേണ്ടതു എല്ലാം പറഞ്ഞുകഴിഞ്ഞു എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. എം. ജോസഫ് (മീനച്ചിലും-ദേവികുളവും) : വയസ്സ് ഭേദപ്പെടുത്തുന്നതിനു അപേക്ഷകൾ വരുമ്പോൾ, അതിനെതിരായി തെളിവുകൊടുക്കുന്നതിനു മററുള്ളവർക്കു അവസരം ലഭിക്കത്തക്കവണ്ണം അവയെ ഗവണ്മെന്റ സർവ്വേയസറിൽ പരസ്യംചെയ്യുമൊ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) : അതു ഒരു നല്ല അഭിപ്രായമാണ്. അതിനെപ്പററി ഗവണ്മെന്റ ആലോചിക്കുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) : വയസ്സ് പുറകോട്ട് എഴുതുന്നതിനുള്ള അപേക്ഷകൾ നിങ്ങൾക്കു കിട്ടുന്നുണ്ടോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) : അങ്ങനെ ചില അപേക്ഷകൾ കണ്ടേക്കാം. എന്നാൽ അക്കൗണ്ടുകോഡിന്റെ കഠിനമായ നിബന്ധനകൾമൂലം ജയപ്രാപ്തിക്കു അവസരം ലഭിക്കയെന്നുള്ളതു അപൂർവ്വമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) : വളരെ അധികം അപേക്ഷകളുണ്ടോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) : ഈ അവസരത്തിൽ അതെനിക്കു പറയാൻ സാധിക്കയില്ല. എന്നാൽ രണ്ടോമൂന്നോ അപേക്ഷകൾ ഉണ്ടായിരുന്നു എന്നു എനിക്കു തോന്നുന്നു, എന്നാൽ ഇതുവരെ യാതൊരപേക്ഷകന്റെയും വയസ്സ് ഭേദപ്പെടുത്താൻ അനുവാദം നൽകിയിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) : സിവിൽ സർവീസു റഗുലേഷൻ നടപ്പിൽ വരുത്തിയകാലത്തു സർവീസിൽ ഇരിക്കുന്ന ആരുടെയെങ്കിലും വയസ്സിൽ വല്ല തെററും ഉള്ളപക്ഷം ആയതു ഒരു ക്ലിപ്തതീയതിക്കകം ശരിയാക്കിക്കൊള്ളേണ്ടതാണ് എന്നു പരസ്യംചെയ്തിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) : അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. സർവീസ് ചരിത്രം ഞങ്ങൾ പ്രസിദ്ധംചെയ്യുന്നുണ്ട്. എന്തെങ്കിലും പിശകു കാണുന്നതായാൽ ആയതു അക്കൗണ്ടാഫീസറെ ധരിപ്പിക്കപ്പെടേണ്ടതാണെന്നു അതിൽ ഒന്നാംവശത്തു തന്നെ കാണാവുന്നതാണ്. കൂടാതെ സകലക്കും റൂൾ നിശ്ചയമുണ്ട് എന്നാണ് ഒരുവസ്തു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട മെംബർ) : സർക്കാർ സർവീസിൽ പ്രവേശിക്കാൻ ഇച്ഛിക്കുന്ന ഒരാൾ അയാളുടെ വയസ്സിനെപ്പററി വേണ്ട തെളിവുകൊടുത്തു അധികാരമുള്ളവരെ ആദ്യമെതന്നെ ബോധ്യപ്പെടുത്തിക്കൊള്ളേണ്ടതാണെന്നും മേലിൽ ഒരിക്കലും തീയതി ഭേദപ്പെടുത്താൻ പാടുള്ളതല്ലെന്നും ഒരു പരസ്യം പ്രസിദ്ധംചെയ്യുന്നതും ഗവണ്മെന്റിനു സഹായമായിരിക്കയില്ലേ എന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) സിവിൽ സർവീസ് റഗുലേഷൻ നടപ്പിൽവന്നതിൽപിന്നീടു ഉദ്യോഗത്തിൽ പ്രവേശിക്കുന്നവരുടെ കാര്യത്തിൽ അങ്ങനെ ഒരു സംഗതി തീരെ സംഭാവ്യമല്ലെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞല്ലോ. എന്തെന്നാൽ സർവീസിൽ പ്രവേശിക്കുമ്പോൾ ഒരു സർട്ടിഫിക്കററു ഹാജരാക്കേണ്ടതായിട്ടുണ്ടു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട മെംബർ) ആ തീയതിക്കുശേഷം ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർക്കു അവരുടെ ജനനതീയതി ഭേദപ്പെടുത്താൻ അവസരം ലഭിക്കുന്നതല്ലെന്നാണോ നിങ്ങൾ പറയുന്നതു?

മി. കെ. എൻ. രാമസ്വാമ്യയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): അവരുടെ ജനാധിപത്യത്തിനെപ്പറ്റി ട്ടത്തിൽ കാര്യസാദ്ധ്യമുണ്ടോ. വേറൊരു സംഗതി എനിക്കു പറയാനുള്ളതു്, സ്കെയിൽ വച്ചു ശമ്പളക്കൂടുതൽ കൊടുക്കുന്നതു സംബന്ധിച്ചപ്പറ്റിയാണ്. ശമ്പളക്കൂടുതൽ കൊടുക്കേണ്ടതു കാര്യക്ഷമതയെ അടിസ്ഥാനമാക്കി വേണ്ടതാകുന്നു. ശമ്പളക്കൂടുതൽ കൊടുക്കുന്നതു ഓരോ ഉദ്യോഗസ്ഥനും ചെയ്തിട്ടുള്ള ജോലിയെ അടിസ്ഥാനമാക്കിയായിരിക്കണം. സർവ്വീസുകൂടുതലിനെ അടിസ്ഥാനമാക്കി ശമ്പളക്കൂടുതൽ കൊടുക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതു് ശരിയല്ല. ശമ്പളക്കൂടുതൽ കൊടുക്കുന്നതിനു മുമ്പുള്ള ആളുകൾ, ശമ്പളക്കൂടുതൽ വാങ്ങിക്കുന്ന ആളുകൾ അതിനു അർഹന്മാരാണോ എന്നുള്ളതു നോക്കേണ്ടതാണ്. ഇപ്പോഴത്തെ ടൈംസ്കെയിലിനു പകരം എഫിഷ്യൻസി സ്കെയിൽ വെക്കേണ്ടതാകുന്നു.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): രണ്ടു താൽക്കാലികകോടതികൾ സ്ഥാപിക്കാൻപോകുന്നതു ഏറിനറൻറ് (സർക്യൂട്ട്) കോടതികളായിരിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതു്. അവയുടെ താൽക്കാലിക ഹെഡ് ക്വാർട്ടേർസുകൾ കോട്ടയവും കൊല്ലവും ആയിരിക്കും. കേസുകൾ ക്രമാതീതം കുടിശ്ശികകൾ ഉണ്ടെന്നു മിസ്റ്റർ ജോസഫ് തന്നെ പറയുന്നുണ്ടല്ലോ. ഇപ്പോൾ ഉണ്ടായിരിക്കുന്ന കുടിശ്ശികകൾ തീർക്കുന്നതിനു ഒരു മാർഗ്ഗം മാത്രമേ ഉള്ളൂ. അതായതു കൂടുതൽ കോടതികൾ ഏർപ്പെടുത്തുക എന്നുള്ളതാകുന്നു. ഈ അവസരത്തിൽ കൊല്ലത്തെ രണ്ടു സ്ഥലത്തേയും കുടിശ്ശികവിവരം കണക്ക ഞാൻ എടുത്തുപറഞ്ഞുകൊള്ളട്ടെ. കൊല്ലത്തുതന്നെ ... ആദ്യവ്യവഹാരങ്ങളും ൯൦൦ അപ്പീൽകേസുകളും കുടിശ്ശികകിടപ്പുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ധാരാളം കുടിശ്ശികകൾ ഉണ്ടെന്നുള്ള വിവരം എനിക്കുതന്നെ ബോദ്ധ്യമായിട്ടുണ്ട്. അതിനാൽ ഏതെങ്കിലും സംബന്ധിച്ചിടത്തോളം കുടിശ്ശികവിവരത്തിനുള്ള കണക്കുകൾ ആവശ്യമില്ല.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ൩൦൦ വരെ ആദ്യവ്യവഹാരങ്ങളും ൨൦൦൦ത്തോളം അപ്പീൽകേസുകളും കുടിശ്ശികയുണ്ടെന്നു കാണുമ്പോൾതന്നെ കുടിശ്ശികയുടെ കാഠിന്യം മനസ്സിലാക്കാവുന്നതാണല്ലോ. ഈ കുടിശ്ശികകൾ തീർക്കുന്നതിനു ഞാൻ മുമ്പു പറഞ്ഞതുപോലെ കൂടുതൽ കോടതികൾ സ്ഥാപിക്കേണ്ടതു ആവശ്യമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു കൂടുതൽ ജോലിചെയ്യിക്കാൻ സാധിക്കയില്ലയോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒന്നാമതായി, വീണ്ടും കുടിശ്ശികകൾ വർദ്ധിക്കാതിരിപ്പാൻവേണ്ടി ഇപ്പോഴുള്ള ജോലികൾ അവർ ജാഗ്രതയായി ചെയ്യേണ്ടതുണ്ട്. രണ്ടാമതായി ഞാൻ മുമ്പു പറഞ്ഞതുപോലെ കുടിശ്ശികകൾ തീർക്കുന്നതിനു കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കാതെ നിവൃത്തിയില്ല. വിശേഷിച്ചും കുടിശ്ശികകൾ വളരെ കൂടുതലും ആകുന്നു.

ജഡ്ജിമാരുടെ ജോലിയെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തുള്ള എല്ലാ കോർട്ടുകളിലെയും ജഡ്ജിമാർ കൂടുതൽ കേസുകൾ തീർപ്പുചെയ്യുന്നതിനുവേണ്ടി ഹൈക്കോർട്ടുകാർ കഴിയുന്ന ശ്രമങ്ങൾ എല്ലാം ചെയ്യുന്നുണ്ട്. ഓരോ ജഡ്ജിയും ഓരോ ക്ലിപ്തകാലത്തിനുള്ളിൽ ചുരുങ്ങിയപക്ഷം ഇത്ര കേസുകൾ തീരുമാനിക്കണമെന്നു ഹൈക്കോർട്ടിൽനിന്നും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അതുകൂടാതെ കഴിയുന്നതും വേഗത്തിൽ കേസുകൾ തീർപ്പുചെയ്യണമെന്നു നിഷ്കർഷയായ സർക്കുലറുകളും അയച്ചിട്ടുണ്ട്. കീഴ്ക്കോടതികൾ ശരിയായി ജോലിചെയ്യുന്നുണ്ടോ എന്നു കണ്ടറിയാനായിട്ടു ഹൈക്കോർട്ടു ജഡ്ജിമാർ സർപ്രൈസ് വിസിറ്റുകളും കൊടുത്തുവരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഈ ഇൻസ്പെക്ഷൻ സമയങ്ങളിൽ ശരിയായ ജോലിചെയ്യാത്ത ജഡ്ജിമാരെ കണ്ടുപിടിക്കുന്നതിനു ഹൈക്കോർട്ടിനു സാധിച്ചിട്ടുണ്ടോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഹൈക്കോടതിയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ കാൺഫിഡൻഷ്യൽ ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ജോലികൾ ശരിയായി ചെയ്യാത്ത ജഡ്ജിമാരുടെ സംഗതികൾ അവർ കണ്ടുപിടിച്ചിട്ടുണ്ടോ എന്നു സമഷ്ടിയായി അറിഞ്ഞാൽകൊള്ളാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇപ്പോഴത്തെതിലും കൂടുതൽ ശരിയായി ചെയ്യുന്നതിനുള്ള ചില കാര്യങ്ങൾ അവർ കണ്ടുപിടിച്ചിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): മദ്രാസിലെ നീതിന്യായവിളംബനക്കമ്മിറ്റിയുടെ റിപ്പോർട്ടു അവർ പഠിക്കയും തിരുവിതാംകൂറിൽ ഉപയോഗപ്പെടുത്തത്തക്കവിധത്തിൽ വല്ല നിർദ്ദേശങ്ങളും അവർ സമർപ്പിക്കയും ചെയ്തിട്ടുണ്ടോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ ചോദ്യത്തിനു ഞാൻ ഉടനെ ഉത്തരം പറഞ്ഞുകൊള്ളാം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ശരിയായി ജോലികൾ ചെയ്തില്ലെന്നു കാണപ്പെട്ട ജഡ്ജിമാരുടെമേൽ ഹൈക്കോർട്ടിൽനിന്നും വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ മുമ്പു പറഞ്ഞതുപോലെ ഹൈക്കോടതിയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ കാൺഫിഡൻഷ്യൽ ആകുന്നു. അതു ഗവണ്മെൻറിലേക്കുതന്നെയും അയക്കുന്നതല്ല. റിപ്പോർട്ടു ഞാൻതന്നെ കണ്ടിട്ടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഈ സംഗതിയിൽ ഗവണ്മെൻറിനു യാതൊരു നിയന്ത്രണവും ഇല്ലെന്നും സകല അധികാരവും ഹൈക്കോർട്ടിൽമാത്രം സ്ഥിതിചെയ്യുന്നു എന്നും ആണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഗവണ്മെൻറിനു പ്രവേശിക്കാൻ അധികാരമുണ്ടെന്നു മാത്രമല്ല ആവശ്യമുണ്ടെങ്കിൽ ഗവണ്മെൻറിൽനിന്നും പ്രവേശിക്കയും വേണ്ടതു ചെയ്യുകയും ചെയ്യും. എന്നാൽ നീതിന്യായഭരണജോലിയിൽ സാധാരണയായിട്ടു ഗവണ്മെൻറു ഹൈക്കോർട്ടിൽ എത്തിടനാക്കാറില്ല. ഹൈക്കോർട്ടുകാരുടെ കാര്യത്തിൽ ഗവണ്മെൻറു തലയിടുന്നതു അപൂർവമായിട്ടേ ഉള്ളൂ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഹൈക്കോർട്ടിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളെ വരുത്തിനോക്കുന്നതിനു ഗവൺമെന്റിനു അധികാരം ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ആവശ്യമെങ്കിൽ ഗവൺമെന്റിനു റിപ്പോർട്ടു വരുത്തിനോക്കാം. ആവശ്യമുള്ളപ്പോൾ എല്ലാം ഹൈക്കോർട്ടിൽനിന്നു റിപ്പോർട്ടിന്റെ എക്സ്ട്രാക്റ്റുകൾ തരുന്നതും ഉണ്ട്. എന്നാൽ റിപ്പോർട്ടുകൾ മുഴുവൻ കോൺഫിഡൻഷ്യൽ ആണെന്നു പറയാതെ നിവൃത്തിയില്ല. ചില നിരീക്ഷണങ്ങൾ ആവശ്യമുണ്ടെന്നു ഹൈക്കോർട്ടുകാർ സമഷ്ടിയായി കണ്ടിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): എല്ലാ ജസ്റ്റിസുമാരും അവരുടെ ജോലികൾ ശരിയായി ചെയ്തിട്ടില്ലെന്നു ഗവൺമെന്റു കണ്ടിട്ടുണ്ടോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ മുമ്പു പറഞ്ഞതുപോലെ, പൊതുവിൽ ചില അഭിവൃദ്ധി വരുത്തേണ്ടതാണെന്നു ഹൈക്കോർട്ടുകാർ പറഞ്ഞിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): കഴിഞ്ഞകൊല്ലത്തെ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ വരുത്തി നോക്കുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആലോചിക്കാം. ഹൈക്കോർട്ടുകാർ അനുകാലികമായി കീഴ്ക്കോടതികൾ പരിശോധിക്കയും കേസുകളുടെ ശരിയായും ശീഘ്രമായും ഉള്ള തീരുമാനത്തിനെ ഉദ്ദേശിച്ചു ആവശ്യമുള്ള നിർദ്ദേശങ്ങൾ അയക്കയും ചെയ്യുവരുന്നുണ്ട്.

മി. എ. ജെ. ജോൺ (വയ്ക്കം): കൊല്ലം ജില്ലാക്കോർട്ടിൽ തീർച്ചപ്പെടുത്താതെ കിടപ്പുള്ളതിൽ ഏറ്റവും കാലപ്പഴക്കം ഉള്ള കേസിനു എന്തു കാലപ്പഴക്കം ഉണ്ടെന്നു ദയവായി പറയുമോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഏഴുകൊല്ലത്തിനുമേൽ പഴക്കം ഉള്ള കേസുകൾ ഉണ്ട്.

മി. എ. ജെ. ജോൺ (വയ്ക്കം): അവയുടെ എണ്ണം എത്രയാണെന്നു പറയുമോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഏഴുകൊല്ലത്തിനുമേൽ പഴക്കമുള്ള കേസുകൾ ഇരുപതുണ്ട്.

ഞാൻ മുമ്പു പറഞ്ഞതുപോലെ, കേസുകളുടെ ത്വരിതമായ തീർച്ചയ്ക്കുവേണ്ടി ഹൈക്കോർട്ടുകാർ ആവശ്യമുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. അവർ അനുകാലികമായി കോടതികൾ പരിശോധിക്കയും ആവശ്യമുള്ള നിർദ്ദേശങ്ങൾ അയക്കയും ചെയ്യുന്നു. എന്നാൽ ഇതുവരെയായി വന്നുചേർന്നിട്ടുള്ള കുടിശിഖയെ സംബന്ധിച്ചിടത്തോളം, കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കാതെ ആ കുടിശിഖകൾ തീരുന്നതല്ല.

മി. സി. പി. തോമസ്സ് (നിയമിതൻ): ഇപ്പോൾ ചെയ്തിരിക്കുന്ന വ്യവസ്ഥകളുടെ ഫലമായി മേലാലെങ്കിലും കുടിശിഖകൾ കൂടിവരികയില്ലെന്നു ഹൈക്കോർട്ടുകാർ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): കൂടുതൽ കോടതികൾ വയ്ക്കേണ്ടതു അത്യാവശ്യമാണെന്നു കണ്ടാൽ മാത്രമേ ഹൈക്കോർട്ടുകാർ അപ്രകാരം ചെയ്യണമെന്നു ശിപാർശചെയ്യുകയുള്ളു. കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നു അവർ ശിപാർശചെയ്യുന്നതോടുകൂടെയും അതിനുള്ള കാരണങ്ങളുംകൂടി അവർ പറയാറുണ്ട്.

കാലതാമസത്തെപ്പറ്റി പറയുകയാണെങ്കിൽ, അതിലേയ്ക്കുള്ള അന്തർഭാവമായ കാരണങ്ങളെ കണ്ടുപിടിച്ചു രോഗശാന്തിക്കു ക്ഷമങ്കരമായ പരിഹാരമാർഗ്ഗങ്ങൾ നിർണ്ണയിക്കുന്നതിനായി ഒരു കമ്മിററിയെ നിയമിക്കുന്നതിലേയ്ക്കു കഴിഞ്ഞകൊല്ലത്തിൽ ഒരു അഭ്യർത്ഥന കൊണ്ടുവരപ്പെട്ടു. ഭാഗ്യദോഷത്താൽ ആ നിർദ്ദേശത്തെ സഭയിൽനിന്നും തള്ളിക്കളകയും തന്നിമിത്തം താമസത്തിനുള്ള പ്രത്യേകകാരണങ്ങൾ അറിയാൻ മാർഗ്ഗമില്ലാതിരിക്കയും ചെയ്തിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): കമ്മിററിയുടെ നിയമനവിഷയത്തിൽ സഭയിൽനിന്നും വല്ലതായ പ്രതിബന്ധങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ? അതല്ലാ അതിലെ പ്രസിഡന്റിനും മെംബർമാർക്കും ഉള്ള പ്രതിഫലത്തെപ്പററി മാത്രമാണോ അവർ തടസ്സംപറഞ്ഞതു?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആ ചോദ്യത്തിനു ഇപ്പോൾ ഉത്തരംപറയാൻ നിവൃത്തിയില്ലാ. അതിലേക്കു എനിക്കു അന്നത്തെ എല്ലാ പ്രസംഗങ്ങളും വായിച്ചുനോക്കേണ്ടതുണ്ട്. എന്നാൽ ആ അഭ്യർത്ഥനയെ സഭയിൽനിന്നും അനുവദിച്ചില്ലെന്നുള്ള സംഗതി പരമാർത്ഥമാണ്. അതുകൊണ്ടു ഈ താമസത്തിനുള്ള സൂക്ഷ്മകാരണങ്ങൾ കണ്ടുപിടിക്കാൻ ഞങ്ങൾക്കു സാധിച്ചിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): നീതിന്യായകാര്യവിളംബനകമ്മിററിറിപ്പോർട്ടു അവർ വായിക്കയും അതിൽനിന്നും വല്ല അഭിപ്രായങ്ങളും പ്രകടിപ്പിക്കയും ചെയ്തിട്ടുണ്ടോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അവർ അതിനെ സമഷ്ടിയായി വായിച്ചു. എന്നാൽ അതിന്മേൽ ഒരു അഭിപ്രായവും പ്രകടിപ്പിച്ചിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): മദ്രാസ് കമ്മിററിയുടെ റിപ്പോർട്ടിൽനിന്നും തിരുവിതാംകൂറിനു ഉപയോഗിക്കത്തക്കവിധത്തിൽ അവർ ഒരു അഭിപ്രായവും പ്രകടിപ്പിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ ഇതിനുമുമ്പു പറഞ്ഞതുപോലെ, അവർ സമഷ്ടിയായി വായിച്ചു. എന്നാൽ മദ്രാസ് റിപ്പോർട്ടിനെ ഇവിടത്തെ സ്ഥിതിഗതികൾക്കു ഉപയോഗപ്പെടുത്താൻ പാടില്ലെന്നുകണ്ടു തിരുവിതാംകൂറിലും ഒരു കമ്മിററി ഉണ്ടാകണമെന്നു അവർ ശിപാർശചെയ്തു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): നാം ബ്രിട്ടീഷ് ഇൻഡ്യൻ നിയമങ്ങളെ അതേമാതിരി മുഴുവൻ പകർത്തുന്നുണ്ടെന്നുള്ളതു വാസ്തവമല്ലേ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അവയെ നല്ലപോലെ പഠിച്ചു മനസ്സിലാക്കയും അവ നമ്മുടെ സ്ഥിതിഗതികൾക്കു ഉപയുക്തമാക്കാമെന്നു നിർണ്ണയിക്കയും ചെയ്തശേഷ

തെ നാം അപ്രകാരം ചെയ്യുന്നുള്ളു. ബ്രിട്ടീഷ് ഇൻഡ്യൻ കമ്മിററിയുടെ റിപ്പോർട്ടിനെ സംബന്ധിച്ചു ഹൈക്കോർട്ടുകാർ പറകയുണ്ടായതു ഇവിടത്തെയും ബ്രിട്ടീഷ് ഇൻഡ്യയിലെയും സ്ഥിതിഗതികൾ തമ്മിൽ വ്യത്യാസമുള്ളതുകൊണ്ടു അവരുടെ അഭിപ്രായങ്ങൾ ഇവിടെ ഉപയുക്തമാക്കാൻ നിവൃത്തിയില്ലാ എന്നാണ്. അതുകൊണ്ടു അവർ തിരുവിതാംകൂറിലേക്കു ഒരു പ്രത്യേക കമ്മിററിയെ നിയമിക്കണമെന്നു ശുപാർശചെയ്തു. ബ്രിട്ടീഷിലെ സിവിൽജസ്റ്റിസ് കമ്മിററിയുടെ റിപ്പോർട്ടിനെ അധിക സമയവ്യയംചെയ്തു പഠിക്കണമെന്നു അവർ വിചാരിച്ചില്ലാ. എന്തെന്നാൽ അപ്രകാരം ചെയ്താലും അവരുടെ അഭിപ്രായങ്ങൾ ഇവിടത്തെ സ്ഥിതിഗതികൾക്കു ഉപയോഗമാകയില്ലെന്നു അവർ മനസ്സിലാക്കിയിരുന്നു.

മി. സി. പി. തോമസ് (നിയമിതൻ): ഹൈക്കോർട്ടു ജഡ്ജിമാരുടെ പരിശോധനസമയത്തു കാലവിളംബനത്തിനുള്ള സൂക്ഷ്മകാരണങ്ങളെ കണ്ടുപിടിക്കാൻ അവർക്കു സാധിക്കയില്ലയോ?

മി. കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): നടപ്പിലിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു ശരിയായി നടക്കുന്നുണ്ടോ എന്നു നോക്കുന്നതിനുമാത്രമെ ഹൈക്കോർട്ടു ജഡ്ജിമാർക്കു സാധിക്കയുള്ളു. എന്നാൽ നടപ്പിലിരിക്കുന്ന ചട്ടങ്ങൾ തന്നെ ഭേദപ്പെടുത്തേണ്ടതുണ്ടോ എന്നു കണ്ടുപിടിക്കുന്നതിനു അവരാൽ സാദ്ധ്യമാകുന്നതല്ലാ. ദോഷപരിഹാരത്തിനായിട്ടു നിയമത്തിൽതന്നെയും ഭേദഗതികൾ ചെയ്യേണ്ടതായി വന്നേക്കാവുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്): ഹൈക്കോർട്ടുകാർ മദ്രാസിലെ നീതിന്യായവിളംബനകമ്മിററിയുടെ റിപ്പോർട്ടു വായിച്ചു എന്നും അതു തിരുവിതാംകൂറിലെ സ്ഥിതികൾക്കു തീരെ ഉപയുക്തമാകയില്ലെന്നു അവർ കണ്ടു എന്നും ലാ മെംബർ സഭയോടു ഉറപ്പായി പറയുമോ?

മി. കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): റിപ്പോർട്ടിനെ വായിച്ചു പഠിക്കുന്നതിനും അതിലെ അഭിപ്രായങ്ങൾ തിരുവിതാംകൂറിലെ സ്ഥിതിഗതികൾക്കു ഉപയുക്തമാകുമോ എന്നു നിർണ്ണയിക്കുന്നതിനും അവർക്കു സമയം കിട്ടിയിട്ടില്ലെന്നു അവർ പറയുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അതായതു റിപ്പോർട്ടു അവർ പഠിച്ചു മനസ്സിലാക്കിയിട്ടില്ലെന്നാണോ ഞാൻ ഗ്രഹിക്കേണ്ടതു?

മി. കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): റിപ്പോർട്ടു അവർ പഠിച്ചു. അവർ അതിനെ സമഷ്ടിയായി വായിച്ചതേയുള്ളു. എന്തെന്നാൽ മുഴുവൻ റിപ്പോർട്ടും പഠിക്കുന്നതിനു ഒട്ടുവളരെ സമയം വേണ്ടിവരുന്നതും അപ്രകാരം ചെയ്യുമ്പോൾ കേസുകൾ തീർച്ചചെയ്യുന്നതിനു താമസപ്പെടുന്നതും ആകുന്നു. ഒരുവലിയ റിപ്പോർട്ടു പഠിച്ചതിന്റെശേഷവും തിരുവിതാംകൂറിലേക്കു വേറൊരു കമ്മിററി വേണമെന്നുള്ള ആവശ്യം നേരിട്ടേക്കാവുന്നതാണല്ലോ. അതുകൊണ്ടു ഹൈക്കോർട്ടുകാർ അതിലേക്കായി സമയം വ്യയം ചെയ്യണമെന്നു വിചാരിച്ചില്ലാ. തിരുവിതാംകൂറിലെയും ബ്രിട്ടീഷ് ഇൻഡ്യയിലെയും സ്ഥിതിഗതികൾ തമ്മിൽ വ്യത്യാസമുള്ളതുകൊണ്ടു അവിടത്തെ കമ്മിട്ടിക്കാരുടെ നിർദ്ദേശങ്ങൾ ഇവിടത്തേക്കു ഉപയുക്തമാവുകയില്ലെന്നുള്ള കാരണത്തിന്മേൽ ഇവിടെ ഒരു പ്രത്യേകകമ്മിററി നിയമിക്കണമെന്നു അവർ ശുപാർശചെയ്തു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): ഇപ്പോഴത്തെ ടൈംസ്കെയിലിനുപകരം ഒരു എഫിഷ്യൻസിസ്കെയിൽ വേണമെന്നുള്ള എന്റെ നിർദ്ദേശത്തെപ്പററി എന്തുപറയുന്നു?

മി. കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതിനെപ്പററി എനിക്കു പറയാനുള്ളതു മെംബർ ഈ പ്രമേയത്തെപ്പററിത്തന്നിട്ടുള്ള മുന്നറിയിപ്പിൽ ഇതിനെപ്പററി യാതൊരു സൂചനപോലും ഇല്ലായിരുന്നു എന്നാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): ആ കാര്യം പറയുകയാണെങ്കിൽ ആ മുന്നറിയിപ്പിൽ ഒരു വിവരവും അടങ്ങിയിരുന്നില്ല.

മി. കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): എന്റെ അറിവിൽപ്പെട്ടിടത്തോളവും ടൈംസ്കെയിൽ വേണമെന്നു ആവശ്യപ്പെടുന്നതു നിയമസഭയിൽനിന്നാണ് എന്നുമാത്രമല്ലാ ഗവർമ്മെന്റിൽ അവർ സമർപ്പിച്ച നിവേദനങ്ങളുടെ ഫലമായിട്ടാണ് ടൈംസ്കെയിൽ ഏർപ്പെടുത്തിയിട്ടുള്ളതും. കൂടാതെയും ഒരു ഉദ്യോഗസ്ഥൻ അപ്രാപ്തനും അയോഗ്യനും എന്നു കണ്ടാൽ ഹൈക്കോർട്ടുകാർ അവന്റെപേരിൽ ആക്ഷൻ എടുക്കുമെന്നുമാത്രമല്ലാ അവന്റെ പ്രമോഷൻ തടയുന്നതിനു ശുപാർശ ചെയ്യുകയുംകൂടി ചെയ്യും.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം). ഈ ഊഹം നേരെ മറിച്ചായി വന്നുകൂടയോ? കാര്യശേഷിയും പ്രോത്സാഹനത്തിനു അർഹതയുമുള്ളവർക്കുമാത്രം പ്രമോഷൻ കൊടുക്കുന്നതിനു ഹൈക്കോർട്ടു ജഡ്ജിമാർ ശുപാർശ ചെയ്യട്ടെ.

മി. കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഏതുവിധം ഊഹിക്കണമെന്നുള്ളതു അഭിപ്രായവ്യത്യാസംമാത്രമാണ്. ചുമതലയുള്ള ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥൻ തനിക്കു ക്രമമായ ശമ്പളക്കൂടുതൽ കിട്ടുമെന്നു സ്വാഭാവികമായി പ്രതീക്ഷിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): മുൻസിഫ്മാർക്കു സാധാരണക്രമത്തിലല്ലാതെ ജഡ്ജിയായി പ്രമോഷൻ നൽകുന്നതിനെപ്പററിയുള്ള എന്റെ തടസ്സത്തെപ്പററി എന്തുപറയുന്നു?

മി. കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ ജോസഫിന്റെ നിർദ്ദേശംകൊണ്ടു ജഡ്ജിമാരെ ബാറിൽനിന്നും നിയമിക്കണമെന്നാണ് അദ്ദേഹം ഉദ്ദേശിക്കുന്നതു എന്നുതോന്നുന്നു. ഈ സംഗതിയിൽ ഈ സഭതന്നെ പലതവണയും അതിന്റെ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടു. ഈ സംഗതിയെ ഗവർമ്മെന്റു ആലോചിക്കുന്നതാണെന്നുമാത്രമെ ഇപ്പോൾ എനിക്കു പറവാൻ നിവൃത്തിയുള്ളു. ഇത്രയാളുകളെ മാത്രമെ ഡിപ്പാർട്ടുമെന്റിൽ നിന്നെടുക്കാവൂ: ഇത്രപേരെ ബാറിൽനിന്നെടുക്കണം എന്നൊന്നും ഖണ്ഡിതവ്യവസ്ഥയാൽ ഗവർമ്മെന്റു ബന്ധിതരായിക്കൂടാത്തതാകുന്നു. ഇപ്പോൾതന്നെയും ഗവർമ്മെന്റു യോഗ്യതയുള്ളവരെ നോക്കിയാണ് തിരഞ്ഞെടുക്കുന്നതു. സർവീസിൽഇരിക്കുന്നവരുടെ അവകാശത്തെ സർവദാ ഗണിച്ചു കിട്ടാവുന്നതിൽ ഏററവും യോഗ്യന്മാരെയാണ് അവർ നിയമിക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഒരു ജഡ്ജിയുടെ നിയമനം താൽക്കാലികമായിട്ട് മാത്രമായിരിക്കുന്ന സംഗതിയാകയാൽ ആയാളുടെ നിഷ്പക്ഷമായ നീതിന്യായഭരണത്തിനുള്ള സ്വാതന്ത്ര്യത്തിനു ഏതെങ്കിലും വിധത്തിൽ ന്യൂനതയുണ്ടാകുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനാൽ ഹെഡ്സർക്കാർവക്കീൽ): ഹൈക്കോർട്ടു കീഴ്ക്കോടതികളിൽനിന്നു നല്ലയാളുകളെ തിരഞ്ഞെടുക്കും. സൽസ്വഭാവികളും യോഗ്യന്മാരും ആയ ആളുകളെ തിരഞ്ഞെടുക്കും. അവരുടെ നിയമനം താൽക്കാലികമാണെന്നുള്ളകാരണം ഹേതുവായിട്ടു അവരുടെ സ്വഭാവമോ മനസ്ഥിതിയോ എങ്ങനെയാണ് മാറുന്നതു എന്നു എനിക്കു അറിഞ്ഞുകൂടാ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): സർവീസിനെ നോക്കാതെ കാര്യക്ഷമതയെ മാത്രം പ്രൊമോഷന്റെ ആധാരമാക്കണമെന്നുള്ള എന്റെ നിർദ്ദേശത്തിനു എന്തുപറയുന്നു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരു ഉദ്യോഗസ്ഥനു പ്രൊമോഷൻ കൊടുക്കുമ്പോഴെല്ലാം അയാളുടെ കാര്യശേഷിയെപ്പറ്റി നോക്കാറുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഒരു സാമർത്ഥ്യംകൂടിയ ഉദ്യോഗസ്ഥനെ സാമർത്ഥ്യം കുറഞ്ഞ ഉദ്യോഗസ്ഥന്റെ അവകാശത്തെ ഗണിച്ചു പ്രൊമോഷൻ ചെയ്തിട്ടുള്ളതായി വല്ല ഉദാഹരണവും ഉണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അതിനെപ്പറ്റി ഇപ്പോൾ എനിക്കു പറയാൻ നിവൃത്തിയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്). ഒരു ജഡ്ജിക്കു അയാളുടെ ഉദ്യോഗം സ്ഥിരപ്പെട്ടുകിട്ടുന്നതിനു ഗവണ്മെന്റിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ഇരിക്കുന്ന അവസ്ഥയിൽ അയാളുടെ നീതിനിർവഹണസ്വാതന്ത്ര്യത്തിനു ക്ഷീണം തട്ടുകയില്ലെന്നു ഉറപ്പുതരാൻ പണ്ഡിതനായ മെമ്പർക്കു കഴിയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): എല്ലാനിയമനസംഗതികളും ഗവണ്മെന്റിൽപോകേണ്ടതുണ്ടു. ആയതു ഉദ്യോഗസ്ഥന്റെ സ്വാതന്ത്ര്യത്തേയോ കാര്യക്ഷമതയേയോ ഏതുപ്രകാരം പ്രതികൂലമായി ബാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഒരു ജഡ്ജി ഉന്നതമായ ഒരു ജുഡിഷ്യൽ ഉദ്യോഗം വഹിക്കുന്ന ആളാണ്. ഒരു താൽക്കാലികജഡ്ജിക്കു തന്റെ ഉദ്യോഗം സ്ഥിരപ്പെട്ടു കിട്ടുന്നതിനു ഗവണ്മെന്റിന്റെ ആനുകൂല്യം സർവഥാ ആവശ്യമാകുന്നു. ആ സ്ഥിതിക്കു അയാളുടെ സ്വാതന്ത്ര്യത്തെ പ്രതികൂലമായി ബാധിക്കയില്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): പ്രൊമോഷനെസംബന്ധിച്ചായാലും സ്ഥിരപ്പെടുത്തലിനെ സംബന്ധിച്ചായാലും ഗവണ്മെന്റുഉത്തരവു ആവശ്യമാണ്. ആയതു ഉദ്യോഗസ്ഥസ്വാതന്ത്ര്യഭംഗത്തിനു കാരണമാകുന്നതല്ലാ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഹൈക്കോർട്ടുജഡ്ജിമാർക്കു അതിയുക്തിയ പണങ്ങളിലേക്കു പ്രൊമോഷൻ കൊടുത്തുകൂടാ എന്നുള്ള ഒരു പ്രക്ഷോഭണം ഇവിടെയില്ലെങ്കിലും മറ്റുസ്ഥലങ്ങളിൽ നടക്കുന്നുണ്ടെന്നുള്ള സംഗതി മെമ്പർക്ക് അറിയാമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അറിയാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അവർ കൂടുതൽ പദവികളാഗ്രഹിച്ചു കൂടെന്നല്ലയോ അതിന്റെ സാരം?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): ഹൈക്കോർട്ടുജഡ്ജിമാരെ അന്നും ഗവണ്മെന്റാണ് നിയമിക്കുന്നതു. ആ സംഗതിമാത്രം അടിസ്ഥാനമാക്കി ഉദ്യോഗസ്ഥന്റെ സ്വാതന്ത്ര്യത്തിനു ഹാനിവരുന്നുഎന്നു പറയാൻപാടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ജഡ്ജിമാർ ഏതെങ്കിലും വശത്തേക്കു പ്രതിപത്തികാണിക്കുന്നതു ക്ഷന്തവ്യമല്ലെന്നു നിങ്ങൾ വിചാരിക്കുന്നില്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അപ്രകാരം ഒരു കേസുളളതായി ഞാൻ വിചാരിക്കുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഗവണ്മെന്റിനു ജഡ്ജിമാരുടെ സദ്‌വൃത്തിയെസംബന്ധിച്ചു പൂർണ്ണവിശ്വാസം ഉണ്ടെങ്കിൽ ജഡ്ജിമാരുടെയും മുൻസിഫന്മാരുടെയും ബന്ധുക്കൾ അവരുടെമുമ്പിൽ വക്കീലന്മാരായി ഹാജരായിക്കൂടായെന്നു അവർ ശഠിക്കുന്നതു എന്തിനായിട്ടാണു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനാൽ ഹെഡ്സർക്കാർവക്കീൽ): മനുഷ്യനായാൽ തെറ്റുകൾ വന്നുപോകും. നിഷ്കളങ്കമായ ന്യായം ലഭ്യമാക്കേണ്ടതിനു പുറമെ, ജഡ്ജിമാരുടെ ഖ്യാതിയെ പരിപാലിക്കാനുംഉണ്ടു. കൂടാതെയും വല്ല ഒരുവക്കീലും ജഡ്ജിയുടെ ബന്ധുവായിരിക്കുന്നതുകൊണ്ടു കേസു തീർച്ചചെയ്യുന്നതിൽ വല്ല പ്രാതികൂല്യവും വന്നുപോകുമെന്നുള്ള ഒരുസംശയം വക്കീലിനു ഉണ്ടാവാൻ പാടില്ലല്ലോ.

മദ്രാസിൽ ജഡ്ജിമാരുടെ ബന്ധുക്കളായ വക്കീലന്മാർ അവരുടെമുമ്പാകെ വ്യവഹരിക്കുന്നതിനു അനുവദിക്കുന്നുണ്ടു എന്നുള്ളസംഗതി ഞാൻഇവിടെ പറഞ്ഞുകൊള്ളട്ടെ. മറ്റുരാജ്യങ്ങളിലും ഈനടപടി അനുവദിക്കുന്നുണ്ടെന്നു തോന്നുന്നു. ഇവിടെമാത്രമെ ഈനടപടി അനുവദിക്കാതെയുള്ളൂ. ഇതിന്റെ ഉദ്ദേശം ജഡ്ജിയെപ്പറ്റി യാതൊരുശങ്കയും ഉണ്ടാകാതിരിപ്പാൻ വേണ്ടിയാണു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മറ്റുരാജ്യങ്ങളിൽനിന്നും വ്യത്യസ്തപ്പെട്ട ഒരുനടപടി ഇവിടെ ഏർപ്പെടുത്തുന്നതിനുള്ള കാരണം എന്താണു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): നിയമത്തിലും തത്വത്തിലും ഒരു വ്യത്യാസവുമില്ല. ഇവിടത്തെ ഹൈക്കോർട്ടുജഡ്ജിമാർ തന്നെ ഇവിടെ ഈ പതിവു ഏർപ്പെടുത്തിയതാണു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): തൃപ്തികരമായവിധത്തിൽ ജോലി ചെയ്യാൻ പ്രാപ്തരല്ലെന്നു കണ്ടിട്ടുള്ള ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരെ പെൻഷൻ കൊടുത്തു വേലവിടുർത്തുന്നതിനെസംബന്ധിച്ചു ഗവണ്മെന്റിൽനിന്നോ ഹൈക്കോർട്ടിൽനിന്നോ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനെപ്പററി ഇപ്പോൾ ഒരു മറുപടി തരാൻ നിവൃത്തിയില്ല.

മി. സി. പി. തോമസ് (നിയമിതൻ): കുടിശ്ശികയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ഉദ്യോഗസ്ഥനെ നിയമിക്കുകയോ അതല്ല ഇപ്പോഴുള്ള വല്ല ഉദ്യോഗസ്ഥനെയും കുടിശ്ശികയുള്ള സ്ഥലത്തു സ്ഥലംമാററുകയോ ചെയ്തു ആ വിധം കുടിശ്ശിക തീർപ്പിക്കുന്നതിനാണോ നിശ്ചയിച്ചിരിക്കുന്നതു എന്നു അറിഞ്ഞാൽ കൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനെപ്പററി എനിക്കു വ്യക്തമായ ഒരു മറുപടി തരാൻ നിവൃത്തിയില്ല. ഹൈക്കോർട്ടുകാർ ഈ സംഗതി ആലോചനയ്ക്കായിയെടുത്തുചെയ്തിട്ടുണ്ട്.

മി. സി. പി. തോമസ് (നിയമിതൻ): ഉദ്യോഗസ്ഥന്മാരുടെ ഉദാസീനതകൊണ്ടാണു കുടിശ്ശികകൾ വർദ്ധിച്ചതു എന്നു ഹൈക്കോർട്ടുകാർക്കു മനസ്സിലായിട്ടുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): കുടിശ്ശിക തീർക്കുന്നതിനുള്ള ഉത്തരവാദം സ്വതന്ത്രന്മാരായ ഉദ്യോഗസ്ഥന്മാരെ കുടിശ്ശിക അധികമുള്ളടത്തേക്കു സ്ഥലംമാററുന്നതാണു.

മി. സി. പി. തോമസ് (നിയമിതൻ): പുതിയ ഉദ്യോഗസ്ഥൻ കുടിശ്ശികകൾ എല്ലാം തീർക്കുന്നതായാൽ മുമ്പിരുന്ന ഉദ്യോഗസ്ഥൻ പ്രാപ്തനല്ലെന്നു ലക്ഷ്യമാവുകയില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): മുമ്പിരുന്ന ഉദ്യോഗസ്ഥൻ അപ്രാപ്തനായിരുന്നു എന്നു അതിൽനിന്നും അർത്ഥമാകുന്നില്ല. എന്തെന്നാൽ കാര്യപ്രാപ്തി ഓരോ വ്യക്തിയെയും സംബന്ധിച്ചു വ്യത്യാസപ്പെട്ടിരിക്കുമെന്നു എല്ലാവർക്കും അറിയാവുന്നതാണല്ലോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്ട): തള്ളിവിധിക്കുന്ന വിധികളിൽ ൭൫ ശതമാനവും അപ്പീലിൽ ശരിവയ്ക്കുന്ന മുൻസിഫന്മാർക്കു മാത്രമേ ജഡ്ജിയായി പ്രമോഷൻ കൊടുക്കാവു എന്നുള്ള നിർദ്ദേശത്തെ ഹൈക്കോർട്ടിനെ മെംബർ അറിയിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അപ്രകാരം ചെയ്യുന്നതിനു വിരോധമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ട): പ്രോത്സാഹനത്തിനു മാത്രമായിട്ടാണു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): മുൻസിഫന്മാരെ ജഡ്ജിയായി നിയമിക്കുന്ന സംഗതി വരുമ്പോൾ ഈ അഭിപ്രായത്തെ ഗവണ്മെന്റു ഗൌനിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു.

മി. എൻ. കുമാരൻ (നിയമിതൻ): നീതിവിളംബനക്കമ്മററിയുടെ നിയമനത്തെസംബന്ധിച്ചു ഗവണ്മെന്റിനു ഒരിക്കൽക്കൂടി നിർദ്ദേശങ്ങൾ കൊണ്ടുവന്നുകൂടയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ നിർദ്ദേശം മുഴുവൻ കഴിഞ്ഞാണ്ടു തള്ളപ്പെട്ടുപോയല്ലോ.

മി. എൻ. കുമാരൻ (നിയമിതൻ): ആ അവസരത്തിൽ ചെയ്ത പ്രസംഗങ്ങളുടെ ഗതിയെ അവലോകിച്ചു നീതിവിളംബനക്കമ്മററിയുടെ നിയമനത്തെപ്പററി വീണ്ടും നിർദ്ദേശം ഹാജരാക്കരുതോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): മെംബറന്മാരിൽ ഒരു ഭൂരിപക്ഷംകമ്മററിയുടെ നിയമനത്തിനു പ്രതികൂലികളായിരിക്കയും തൽക്കാരണത്താൽ മുഴുവൻപ്രമേയവും തള്ളപ്പെട്ടുപോകയുംചെയ്തു.

മി. സി. പി. തോമസ് (നിയമിതൻ): അതിലേക്കായി ഒരു വലുതായ തുക ആവശ്യപ്പെട്ടതുകൊണ്ടാണു പ്രമേയം തള്ളപ്പെടാൻ ഇടയായതു എന്നു മെംബറിനു അറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): മുഴുവൻ എസ്റ്റാബ്ലിഷ്മെന്റു തന്നെയും സഭയിൽനിന്നും തള്ളിക്കളഞ്ഞു.

മി. കെ. എം. ജോസഫ് (മീനച്ചൽ-ദേവികുളം): കുടിശ്ശികകൾ വേഗത്തിൽ തീർക്കുന്നതിനു ഹൈക്കോർട്ടിൽനിന്നും വേണ്ട നിർദ്ദേശങ്ങൾ ഡിസ്ട്രിക്ട് ജഡ്ജിമാർക്കു അയച്ചിട്ടുണ്ടെന്നു മെംബർ പറഞ്ഞുവല്ലോ. അതിനെ അടിസ്ഥാനമാക്കി ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

ഉപക്ഷേപം സഭയുടെ അനുമതിയോടു പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ ൨൯൫.

മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): ൨൯൫. താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റിനായി വച്ചിട്ടുള്ള ൧൭,൫൩൭ രൂപയിൽനിന്നും ൧൦ രൂപ കുറക്കണമെന്നു.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം പൊതുജനഗുണത്തെക്കുറിച്ച് ചില നിർദ്ദേശങ്ങൾ ഗവണ്മെന്റിൽ സമർപ്പിക്കുന്നതിനാണു ഈ താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റു സിവിലും സെഷ്യൻസും കോർട്ടുകൾക്കാണു. ഇപ്പോൾതന്നെ കോടതികൾ ഉള്ളസ്ഥലങ്ങളിലാണു താൽക്കാലികജഡ്ജിമാരെ നിയമിക്കാൻ പോകുന്നതെന്നോ ഇപ്പോൾതന്നെ കോടതികൾ ഉള്ളസ്ഥലങ്ങളിലാണു ... ഈ കോർട്ടുകൾ ഇപ്പോൾതന്നെ കോടതികളുള്ള സ്ഥലങ്ങളിൽ ... പൊതുജനഗുണത്തെ പരിഗണിക്കുന്നതായാൽ ഈ കോർട്ടുകൾ ഇപ്പോൾതന്നെ കോടതികളുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കാതെ ഇതരസ്ഥലങ്ങളിൽ സ്ഥാപിക്കുന്നതു ആവശ്യമായിരിക്കും. ചില സിവിലും സെഷ്യൻസും കോർട്ടുകളിൽ കുടിശ്ശികകൾ കിടക്കുന്നുഎന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. ഈ കുടിശ്ശികകൾ തീർക്കുന്നതിനും മേലാൽ കുടിശ്ശികകൾ വരാതിരിക്കുന്നതിനും ഇപ്പോൾ കോടതികൾ ഇല്ലാത്ത നൂതനസ്ഥലങ്ങളിൽ കോടതികൾ സ്ഥാപിച്ചു അവിടെ പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാരെ നിയമിക്കയാണു നല്ലതു. ശേഷിയുള്ള ആളുകളെ നിയമിക്കുന്നതായാൽ കൂടുതൽ ചിലവുകൾതന്നെയും അത്യാവശ്യമായി വരികയില്ലെന്നാണ്

എനിക്കു തോന്നുന്നു. മധ്യതിരുവിതാംകൂറിൽ ഇപ്പോൾ ഈ വക കോടതികൾ ഒന്നും ഇല്ലാതിരിക്കുന്ന സ്ഥിതിക്കു അവിടെ സൗകര്യമായ ഒരു സ്ഥലത്തു കോടതി സ്ഥാപിക്കുന്നതിനെ ഉദ്ദേശിച്ചാണ് ഞാൻ ഉപക്ഷേപം ഹാജരാക്കുന്നതു. ഈ സന്ദർഭത്തിൽ മുമ്പു ഇയ്യിടയ്ക്ക് കോർട്ടുകൾ ഉണ്ടായിരുന്നിട്ടുള്ള സ്ഥലങ്ങളുടെ അവകാശത്തെ ഗവണ്മെന്റു പരിഗണിക്കണം. അതുകൂടാതെ മറ്റുതരം ഉയർന്ന കോടതികൾ ഇല്ലാത്ത സ്ഥലങ്ങളിലെ ജനങ്ങളുടെ അവകാശങ്ങളെയും ചിന്തിക്കേണ്ടതുണ്ടു. ഞാൻ ഇന്ന പ്രത്യേക സ്ഥലമെന്നു പറയുന്നില്ല. എന്നാൽ റിക്കാർഡുകൾ പരിശോധിച്ചും കേസ്സുകളുടെ എണ്ണം നോക്കിയും അവയിൽ ഭൂരിഭാഗം എവിടെനിന്നാണ് വരുന്നതു എന്നു മനസ്സിലാക്കിയും അപ്രകാരമുള്ള സ്ഥലങ്ങളിൽ കോടതി സ്ഥാപിക്കണം. എന്തെന്നാൽ അപ്രകാരം ചെയ്യുന്നതുകൊണ്ടു കോടതികളിൽ കാര്യമുള്ള ജനങ്ങൾക്ക സമയനഷ്ടം നിമിത്തവും അന്യസ്ഥലങ്ങളിൽ പോയി താമസിക്കുന്നതുമൂലവും ഉണ്ടാകുന്ന ദ്രവ്യനഷ്ടവും കഷ്ടപ്പാടും പരിഹരിക്കപ്പെടുന്നതാണ്.

യാതൊരുതരം കോടതികളും ഇല്ലാതിരിക്കുന്ന സ്ഥലങ്ങളിൽ കോടതി സ്ഥാപിക്കുന്നതു അത്യാവശ്യമല്ലെന്നു ചിലർ അഭിപ്രായപ്പെട്ടേക്കാൻ ഇടയുണ്ട്. എന്നാൽ മുൻസിഫ് കോർട്ടോ മജിസ്ട്രേട്ടുകോർട്ടോ ബെഞ്ചുമജിസ്ട്രേട്ടുകോർട്ടോ ഇല്ലാത്തതുകൊണ്ടു വ്യവഹാരകാരണങ്ങൾ അവിടെ ഉണ്ടാകാതിരിപ്പാൻ ഇടയില്ലല്ലോ. മേൽത്തരം കോടതി സ്ഥാപിക്കുന്നതുകൊണ്ടു വ്യവഹാരമനസ്ഥിതിയിൽ ആധിക്യവും കുറവും ആയ ഒരു അവസ്ഥ ഉണ്ടാവാൻ ഇടയുണ്ട്. അതിനാൽ ഈ വക തടസ്സങ്ങൾക്കു കാരണം ഇല്ല. ഈ വാക്കുകളോടു കൂടി ഈ ഉപക്ഷേപത്തെ സഭയുടെ അംഗീകരണത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മി. കണ്ണാടം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോൾ തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ള താൽക്കാലികകോടതികളിൽ ഒന്നുകൊല്ലത്തും ഒന്നു കോട്ടയത്തും സ്ഥാപിക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നതു. ഇവ രണ്ടും താൽക്കാലികകോടതികളാണ്. അതിനാൽ ഇപ്പോൾ കോടതികളുള്ളടത്തുനിന്നും വേറെ സ്ഥലങ്ങളിൽ അവയെ സ്ഥാപിക്കുന്നതിനു നിവൃത്തിയില്ല. മാവേലിക്കരയിലോ മറ്റോ ഒരു കോടതി സ്ഥാപിക്കണമെന്നുള്ള മെമ്പറിന്റെ നിർദ്ദേശത്തെ സംബന്ധിച്ചു ഹൈക്കോർട്ടുകാർ പറയുന്നതു മാവേലിക്കരയിൽ ഒരു പ്രത്യേക കോടതിക്കു ആവശ്യമില്ലെന്നാണ്. എന്തെന്നാൽ മാവേലിക്കരനിന്നും കൊല്ലത്തേക്കു നാലു മൈൽമാത്രമേ ദൂരമുള്ളു. ഇടയാറന്മുളയും കൊല്ലത്തെ കോടതികൾ എറണാകുളം മധ്യസ്ഥലത്താണ് സ്ഥിതിചെയ്യുന്നതു. അതു ജനങ്ങളുടെ ആവശ്യത്തിനു വാസ്തവത്തിൽ മതിയായിരിക്കുകയും ചെയ്യുന്നു. പണച്ചിലവിനെ പരിഗണിച്ചും കൊല്ലത്തു ഇപ്പോൾ ഉള്ള കോടതി മതിയാകുമെന്നു ഹൈക്കോർട്ടുകാർ തീർച്ചപ്പെടുത്തിയിരിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഗവണ്മെന്റു പുതിയ കോടതികൾ സ്ഥാപിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന കാലത്തു പുതിയ സ്ഥലങ്ങളുടെ അവകാശത്തെ പരിഗണിക്കണമെന്നു കാണിപ്പാൻ ഉദ്ദേശിച്ചാണ് ഞാൻ ഉപക്ഷേപം ഹാജരാക്കിയതു. എന്റെ ഉദ്ദേശം സാധിച്ചിരിക്കുന്നതുകൊണ്ടു ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപത്തെ പിൻവലിച്ചു.

ഉപക്ഷേപം ൨൯൩.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല:—

മി. പി. കെ. നാരായണപിള്ള.

൨൯൩. താൽക്കാലിക എസ്റ്റാബ്ലിഷ്മെന്റിനായി വച്ചിട്ടുള്ള ൫൭,൩൩൨ രൂപായിൽനിന്നും ൫൦൦ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൨൯൭.

മി. കരണ്ടിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം):

൨൯൭. സിവിലും സെഷ്യൻസും കോടതികൾക്കായി വച്ചിട്ടുള്ള ൭,൦൪,൫൩൬ രൂപായിൽനിന്നും ൪,൪൪൦ രൂപാ കുറയ്ക്കണമെന്നു.

എന്റെ പ്രമേയം ജില്ലാക്കോടതിയിൽ ഇപ്പോൾ നിയമിച്ചിട്ടുള്ള ഹെഡ്ക്ലാർക്കന്മാർക്ക യാതൊരുജോലിയും നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ടു അവരുടെ ശമ്പളത്തിനായിട്ടു ബഡ്ജറ്റിൽ നിശ്ചയിച്ചിട്ടുള്ള ൪,൪൦൦ രൂപാ കുറയ്ക്കണമെന്നാണ്. ഇപ്പോൾ ആറു ഹെഡ്ക്ലാർക്കന്മാരെ ജില്ലാക്കോടതിയിൽ നിയമിച്ചിട്ടുണ്ട്. അവർ ഇന്നജോലി ചെയ്യണമെന്നു സിവിൽക്കോർട്ടുകോഡിൽ വിവരിച്ചിട്ടില്ല. അങ്ങിനെ നിശ്ചയിച്ചിട്ടില്ലാത്തവർക്കു ശമ്പളം കൊടുക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. എന്നാൽ സിവിൽക്കോർട്ടുകോഡിൽ എവിടെയെങ്കിലും ഒരേടത്തു അവർ ഇന്നഇന്ന ജോലി ചെയ്യണമെന്നു വിവരിച്ചിട്ടുണ്ടെങ്കിൽ ഈ പ്രമേയത്തെ ഞാൻ പിൻവലിച്ചുകൊള്ളാം.

മി. കെ. സി. ജോസഫ് (മീനച്ചൽ-ദേവികുളം): സിവിൽക്കോർട്ടുകോഡിൽ ഹെഡ്ക്ലാർക്കന്മാരുടെ ജോലിയെസംബന്ധിച്ചു യാതൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ടാണൊ അതല്ലാ അവർക്ക ജോലിയൊന്നും ഇല്ലാത്തതുകൊണ്ടാണൊ അവർ ജോലിചെയ്യാതിരിക്കുന്നതു?

മി. കരണ്ടിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഓരോ ഉദ്യോഗസ്ഥന്മാർ അതായതു ശിരസ്തദാർ മുതൽ കീഴ്പ്പോട്ടുള്ള ജോലിക്കാരിൽ ഇന്നാർ ഇന്നജോലിചെയ്യണമെന്നു വിവരിച്ചിട്ടുണ്ടു. ഡിക്രി എക്സിക്യൂഷൻ മുതലായ ഓരോ വകുപ്പുകളിൽ ഓരോ ജോലികൾ ഓരോരുത്തർക്കും കല്പിച്ചിട്ടുണ്ടു. ഹെഡ്ക്ലാർക്ക് ഇന്നജോലിചെയ്യണമെന്നു കോഡിലൊരു സ്ഥലത്തും പറഞ്ഞിട്ടില്ല. ഹൈക്കോടതിയിലെ ആറു ജഡ്ജിമാരും കൂടി തയ്യാറാക്കിയതും ഒന്നര ജഡ്ജിമാരുടെ പരിശ്രമത്തിന്റെ പ്രയത്നഫലമായിട്ടുള്ളതും ആയ ഒരു പ്രമാണമാണ് സിവിൽക്കോർട്ടുകോഡ്. അതിൽ സത്യവാങ്മൂലം അവരെക്കൊണ്ടു സാക്ഷിപ്പെടുത്തണമെന്നുമാത്രം പറഞ്ഞിട്ടുണ്ടു. അതിലേക്കു ഇത്രവലിയ ശമ്പളം കൊടുക്കേണ്ട ആവശ്യമില്ല. അതിനാൽ ഈ തുക കുറയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. എൻ. കുമാരൻ (നിയമിതൻ): ഹെഡ്ക്ലാർക്കന്മാർ ഇപ്പോൾ ഒരു ജോലിയും ചെയ്യുന്നില്ലയോ?

മി. കരണ്ടിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): നാജരുടെജോലിനോക്കുന്നുണ്ട്, പക്ഷെ അതിനു കോഡിൽ അവരെ അധികാരപ്പെടുത്തിയിട്ടില്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സത്യവാങ്മൂലം സാക്ഷ്യപ്പെടുത്തുന്നതു അവൎക്കു ഉപദ്രവമാണൊ?

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): അതു ഉപദ്രവകരമാണെന്നല്ല, അവരെ അധികാരപ്പെടുത്തീട്ടുണ്ടു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതുകൊണ്ടു ഉപദ്രവംഉണ്ടോ?

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം). ...കൊടുക്കുന്നതുകൊണ്ടു അവൎക്കു ഉപദ്രവം ഒന്നുമില്ല. എന്നാൽ അവരെ ഇന്നജോലി നിശ്ചയിക്കുന്നതു എന്നു മാന്യമെംബർ പറഞ്ഞാൽ ഞാൻ പ്രമേയത്തെ പിൻവലിച്ചുകൊള്ളാം.

മി. കല്ലുവാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഹെഡ്ക്ലാൎക്കന്മാർ ആഫീസ്സ് എഴുത്തുകുത്തുജോലികൾ നോക്കുന്നവരെന്നു ഞാൻ വിശ്വസിക്കുന്നു. അവർ കേസുകൾ ഫയൽചെയ്യുക അപ്പീൽഫയൽചെയ്യുക മുതലായ ജോലികൾ ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവൎക്കു ജോലിയുണ്ടെന്നുള്ളതു വാസ്തവമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): മറ്റുള്ള കീഴ്ജീവനക്കാരെ സംബന്ധിച്ചിടത്തോളം സിവിൽകോർട്ടുമാന്വൽ അവരുടെജോലികൾ ഇന്നതു ഇന്നതു ആകുന്നു എന്നു പറയുന്നുണ്ടൊ?

മി. കല്ലുവാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): ഉണ്ട് പറയുന്നുണ്ട്.

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഞാൻ എഴുതിക്കൊടുത്ത മോഷനിൽതന്നെ പറഞ്ഞിട്ടുള്ളതു ഹെഡ്ക്ലാൎക്കന്മാരുടെ ശമ്പളം കുറയ്ക്കണമെന്നാണ്.

മി. കല്ലുവാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): ഞാൻ സിവിൽകോർട്ടുമൈന്വൽ ഓർമ്മിക്കുന്നതായാണ് അതിൽ ഹെഡ്മിനിസ്റ്റീരിയൽ ആഫീസരുടെ ജോലിമാത്രമേ പ്രത്യേകമായി പറഞ്ഞിട്ടുള്ളു.

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): എന്നാൽ ഹെഡ്മിനിസ്റ്റീരിയൽ ആഫീസർ ശിരസ്തദാരാണ് അല്ലാതെ ഹെഡ്ക്ലാർക്കല്ല.

മി. കല്ലുവാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): ഞാൻ പറയുന്നതു അതു തന്നെയാണ് ഹെഡ്മിനിസ്റ്റീരിയൽ ആഫീസരുടെജോലി മാത്രമേ പറയുന്നുള്ളു. സിവിൽകോർട്ടുമൈന്വലിൽ ഹെഡ്ക്ലാൎക്കന്മാരുടെമാത്രമല്ല, മറ്റുക്ലാൎക്കന്മാരുടെയും ശിപായിമാരുടെയും ഡഫേദാരന്മാരുടെയും മറ്റുമുള്ളവരുടെയും ജോലികളും പറഞ്ഞിട്ടില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നതു. എന്റെ സ്നേഹിതൻ എനിക്കു മുന്നറിവു തന്നിരുന്നു എന്നുവരികിൽ ഞാൻ കൂടുതൽ വിവരങ്ങൾ ശേഖരിക്കുമായിരുന്നു.

മി. എൻ. കുമാരൻ (നിയമിതൻ): ഹെഡ്ക്ലാർക്കു ഭാരമേറിയതും ചുമതലയുള്ളതും ആയ നാജരുടെ ജോലിചെയ്യുന്നില്ലയൊ എന്നു ഞാൻ മാന്യമെംബറിനോടു ചോദിച്ചുകൊള്ളട്ടെയൊ?

മി. കല്ലുവാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): പ്രത്യേകനോട്ടീസ്സ് കൂടാതെ ഹെഡ്ക്ലാർക്കുചെയ്യുന്ന ജോലിയുടെ പരിമാണമോ സ്വഭാവമൊ സംബന്ധിച്ചുള്ള വിവരങ്ങൾ പറയാൻ എനിക്കു നിവൃത്തിയില്ലെന്നാണ് ഞാൻ പറയുന്നതു.

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഈ ഹെഡ്ക്ലാൎക്കുകൾ ചെയ്തുവരുന്നതു നാജരുടെ ജോലിയാണ്. പക്ഷേ അവർ എന്തു അധികാരത്തിന്മേലാണ് ഈ ജോലിചെയ്യുന്നതു എന്നാണ് അറിയേണ്ടതു. ഇവർ നാജരുടെജോലി ചെയ്യണമെന്നു മൈന്വലിൽ ഒരേടത്തും പറഞ്ഞുകാണുന്നില്ലം.

മി. കല്ലുവാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഹെഡ്ക്ലാൎക്കിനെ കൂടാതെ നാജർഉണ്ടൊ?

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഇല്ല.

മി. എൻ. കുമാരൻ (നിയമിതൻ); ഈ ജോലി ഡിസ്ത്രിക്ട് കോർട്ടിലെ പല്ലപ്രത്യേക ക്ലാൎക്കിനും നിശ്ചയിച്ചിട്ടുണ്ടോ?

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): നാജർജോലിമാത്രം ഇവർചെയ്യാൻ മതിയെങ്കിൽ അതിലേക്കു ൪൦ മുതൽ ൭൦ വരെ രൂപാ ശമ്പളംകൊടുത്തു ഇവരെ വച്ചുകൊണ്ടിരിക്കേണ്ട ആവശ്യം ഇല്ലെന്നാണ് എന്റെ അഭിപ്രായം.

അദ്ധ്യക്ഷൻ: നിങ്ങൾ പ്രസംഗംചെയ്യുകയൊ അതല്ലാ അന്വേഷണം നടത്തുകയൊ?

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): എനിക്കു മെംബറിൽനിന്നും ഒരു സമാധാനം കിട്ടണം.

മി. കല്ലുവാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) ഹെഡ്ക്ലാർക്കു കുറച്ചെല്ലാം ചെയ്യുന്നുണ്ട് എന്നു മെംബർതന്നെ സമ്മതിക്കുന്നു. ജോലിയുടെ പരിമാണം എത്രയാണെന്നു മാത്രം നിശ്ചയിക്കാനുണ്ടെന്നു തോന്നുന്നു.

അദ്ധ്യക്ഷൻ:—ഇപ്പോൾ നിങ്ങളുടെ മുറയാണോ?

മി. കല്ലുവാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മെംബർ ചില അന്വേഷണങ്ങൾ ചെയ്യുകയേയുള്ളു.

മി. കരങ്ങപ്പള്ളിൽ ആർ രാമൻപിള്ള (കൊല്ലം); എന്റെ പ്രമേയത്തിനു ശരിയായ മറുപടി മാന്യമെംബർ പറഞ്ഞില്ലെങ്കിലും മൈന്വലിൽ ഉള്ള ഈ അബദ്ധത്തെ വെളിപ്പെടുത്തിക്കൊണ്ടു എന്റെ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

ഉപക്ഷേപം ൨൯൭.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. കരങ്ങപ്പള്ളിൽ ആർ. രാമൻപിള്ള ൨൯൭ സിവിലും സെഷ്യൻസും കോടതികളുടെ വകയ്ക്കു ബഡ്ജറ്റിൽ നിശ്ചയിച്ചിട്ടുള്ള ൫൦,൭൧൬൭ രൂപായിൽ നിന്നും മൂന്നുരൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൨ ൯൭.

മെംബർ ഹാജരില്ലാത്തതുകൊണ്ടു അടിയിൽ വിവരിക്കുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ലെന്നു ഗണിക്കപ്പെട്ടു.

മി. ടി. ജെ. മാത്യു:

ഉൻസ്, സിവിലും സെഷൻസും കോടതികളുടെ ബഡ്ജറ്റിൽ നിശ്ചയിച്ചിട്ടുള്ള ൮൦ ലക്ഷം രൂപയിൽ നിന്നും ഹ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം നം ൦ ൦.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): താഴെപ്പറയുന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കുന്നു.

നം ൦ ൦ സിവിലും സെഷൻസും കോർട്ടുകൾക്കായി വച്ചിരിക്കുന്ന ൮ ൦ ലക്ഷം രൂപായിൽനിന്നും ഹ ൦ രൂപാ കുറയ്ക്കണമെന്നു:

അരൂക്കുററിയിൽ ഒരു മുൻസിപ്പുമജിസ്ട്രേട്ടു കോർട്ടു സ്ഥാപിക്കേണ്ട ആവശ്യകതയെ ഗവണ്മെന്റിനെ ധരിപ്പിക്കുന്നതിനായിട്ടാണു ഞാൻ ഈ ഉപക്ഷേപംകൊണ്ടു വന്നിട്ടുള്ളത്. ഈ സംഗതി ഈ സഭയുടേയും പ്രജാസഭയുടേയും അറിവിൽ നിവേദനങ്ങൾ മൂലമായും മറ്റും കൊണ്ടുവന്നിട്ടുള്ളതുകൂടാതെ ഡെപ്യൂട്ടേഷൻ മുഖേന ചീഫ്ജസ്റ്റിസിന്റെ ദൃഷ്ടിയിലും കൊണ്ടുവന്നിട്ടുണ്ട്. എന്നാലും ഞങ്ങൾക്ക് ഒരു തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല. ആ സ്ഥലത്തെ ജനങ്ങൾ സിവിലും ക്രിമിനലും കേസുകൾ നടത്തുന്ന വിഷയത്തിൽ അനുഭവിക്കുന്ന കഷ്ടതകൾ മാന്യമെംബർമാർ അറിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ചേർത്തല താലൂക്കിന്റെ വടക്കെ അററത്തു ഒരു കോടതി സ്ഥാപിക്കുന്നതായാൽ അതു തുറവൂർ വടക്കു, അരൂർ, മററത്തിൽഭാഗം, പാണാവള്ളി, തൈക്കാട്ടുശ്ശേരി എന്നീ പകുതികളിലെ ജനങ്ങൾക്കു വളരെ ഗുണപ്രദമായിരിക്കും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ചേർത്തല മുൻസിഫ്കോർട്ടിൽനിന്നും ഈ പകുതികളിലേക്കു എന്തു ദൂരമുണ്ട്?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്പോൾ സിവിൽകേസുകൾക്കു അരൂക്കുററിയിൽനിന്നു ഹ ഹ നാഴികദൂരമുള്ള വൈക്കത്തേയ്ക്കും ക്രിമിനൽകേസുകൾക്കു ഹ ൯ മൈൽ ദൂരെയുള്ള ചേർത്തലയ്ക്കും പോകേണ്ടതായിരിക്കുന്നു. അതുകൊണ്ടു ജനങ്ങൾക്കു വലിയ കഷ്ടപ്പാടുകൾ ഉണ്ടു. വിശേഷിച്ചും വഴിയുടെ ദുർഘടസ്ഥിതിയും പരിഗണിക്കേണ്ടതാണ്. ഈ സ്ഥലങ്ങളിലേക്കു പോകുന്നതിനു രണ്ടു കായലുകൾ കടക്കാനുണ്ട്. അതായതു വേമ്പനാട്ടുകായലും കൈതപ്പുഴക്കായലും ആകുന്നു. കേസുകൾ കഴിഞ്ഞും പട്ടിണികിടന്നും കുഴങ്ങിക്കഴിഞ്ഞുതാഴ്ന്നും മടങ്ങിവരുന്ന വയസന്മാരെ കാണുന്നതുതന്നെ സങ്കടകരമായ കാഴ്ചയാണ്. അരൂക്കുററിയിൽ ഒരു കോടതി സ്ഥാപിക്കുന്നതിൽവച്ചു അധികചെലവുണ്ടാകുമെന്നു വാദിക്കുമായിരിക്കാം. എന്നാൽ കുറച്ചു സംവത്സരങ്ങൾക്കു മുമ്പേ അരൂക്കുററിയിൽ ഒരു മജിസ്ട്രേട്ടുകോടതി ഉണ്ടായിരുന്നു എന്നും അതിരിക്കുന്ന കെട്ടിടം ഒഴിഞ്ഞുകിടപ്പുണ്ടെന്നും ഞാൻ പറഞ്ഞുകൊള്ളട്ടെ. ഈ കെട്ടിടം ഈ വകക്കായി ഉപയോഗിക്കാമെന്നുള്ളതുകൊണ്ടു ആ ഇനത്തിൽ ചിലവുണ്ടാവുകയില്ല. വൈക്കത്തും ചേർത്തലയിലും കൂടെക്കൂടെ താൽക്കാലിക കോടതികൾ ഏർപ്പെടുത്താറുണ്ട്. ചിലപ്പോൾ മറു സ്ഥലങ്ങളിലും ഏർപ്പെടുത്താറുണ്ടല്ലോ. ഇതിൽ ഒരു കോടതിയെ അരൂക്കുററിയിൽ സ്ഥാപിക്കുന്നതായാൽ അതു അവിടത്തെ ജനങ്ങൾക്കു വലിയ ഉപയോഗപ്രദമായി ഭവിക്കും. രണ്ടുസംവത്സരത്തേക്കു മുമ്പേ ഞാൻ ഈ സംഗതിയെപ്പററി പറഞ്ഞപ്പോൾ അതിനെപ്പററി ആലോചിക്കുന്നതാണെന്നു പണ്ഡിതനായ ഒരു മെംബർ പറയുകയുണ്ടായി. എന്നാൽ ഇതുവരെയും അതിനെപ്പററി ഒരു ആലോചനയും ഉണ്ടായിട്ടില്ല. ഇത്തവണയെങ്കിലും സംഗതിയെപ്പററി ആലോചിച്ചു ഒരു തീർച്ചചെയ്യുമെന്നു വിശ്വസിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന പ്രത്യേക സംഗതിയെക്കുറിച്ചു നേരിട്ടു തന്നിട്ടില്ലാത്തതുകൊണ്ടു അതിലേക്കുള്ള ഫയലുകൾ വരുത്തിനോക്കാൻ സാധിച്ചിട്ടില്ല. ആ നിർദ്ദേശത്തെപ്പററി എന്തുചെയ്യുമെന്നു ഇപ്പോൾ വ്യക്തമായ മറുപടിതരാൻ നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു. എന്നാൽ സംഗതിയെപ്പററി ആലോചിക്കണമെന്നു മാത്രമേ മി. പണിക്കർ പറയുന്നുള്ളു: അപ്രകാരം ചെയ്യുന്നതാണെന്നു ഞാൻ അദ്ദേഹത്തോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതിനെപ്പററി അനുകൂലമായവിധത്തിൽ ആലോചിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നതോടുകൂടി മി. ശിവരാമപ്പണിക്കരുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

തിരുവിതാംകൂറിലുള്ള പല കോടതികളിലും കേസുഫയലാകുന്ന ക്രമം വ്യത്യാസപ്പെട്ടാണ് കാണുന്നത്. ഒരു കോടതിയിൽ ഹ ൮ ൦ ൦ കേസുപതിയുന്നുണ്ടെങ്കിൽ വേറൊരു കോടതിയിൽ ൯ ൦ ൦ കേസുമാത്രമേ പതിയുന്നതു കാണുകയുള്ളു. ഉദാഹരണമായിട്ടു ഒന്നുരണ്ടു സംഗതികൾ പറയാം. കുന്നപ്പുരം മുൻസിപ്പുകോർട്ടിൽ ഒരു മുൻസിഫിനു വേണ്ടജോലിയില്ല. ൫ ൦ ൦ കേസുകൾ മാത്രമേ പതിയുന്നുള്ളു. അടൂർ മുൻസിപ്പുകോർട്ടിൽ ൬ ൦ ൦ കേസുകളിലധികം പതിയുന്നില്ല. ചെങ്ങന്നൂർ മുൻസിപ്പുകോർട്ടിൽ ഹ ൨ ൦ ൦-ം തിരുവല്ലാമുൻസിപ്പുകോർട്ടിൽ ഹ ൬ ൦ ൦-ം ചങ്ങനാശ്ശേരിമുൻസിപ്പുകോർട്ടിൽ ൯ ൦ ൦-ം കേസുകളാണു പതിയുന്നത്. എന്നാൽ ജോലിധാരാളമുള്ള മുൻസിപ്പിനും ജോലി തീരെ ഇല്ലാത്ത മുൻസിപ്പിനും ശമ്പളക്രമം ഒന്നുപോലെയാണ്. മുൻസിപ്പന്മാർക്കു ശമ്പളം കുറവാണ്. അതുകൂട്ടിക്കൊടുക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല.

എന്നാൽ ഇപ്പോഴുള്ള കോടതികളുടെ അധികാരസ്ഥലത്തിനെ ഭേദപ്പെടുത്തി രണ്ടാമതു ഒരു ഭാഗത്തി നിർണ്ണയിക്കയാണെങ്കിൽ മുൻസിഫ്കോടതി അത്യന്താപേക്ഷിതങ്ങളായ പ്രദേശങ്ങളിൽ സ്ഥാപിക്കാൻ സാധിക്കുന്നതിനു പുറമെ അനേകം മുൻസിപ്പുകോർട്ടുകളെ കുറയ്ക്കാവുന്നതുമാണ്. പലസ്ഥലങ്ങളിലും മുൻസിപ്പുകോടതിയുടെ ആവശ്യമുണ്ട് അരൂക്കുററിയിലും പത്തനംതിട്ടയിലും ഓരോ മുൻസിപ്പുകോടതിയുടെ ആവശ്യം ഒഴിച്ചുകൂടാൻ നിവൃത്തിയില്ലാത്തതാണ്. അടൂർ മുൻസിപ്പുകോർട്ടിലും കുന്നപ്പുരം മുൻസിപ്പുകോർട്ടിലും ഒരു മുൻസിപ്പിനു തക്കജോലിയില്ലാത്തതുകൊണ്ടു ഈ രണ്ടുകോടതിയും മാററി പത്തനംതിട്ടയിലും അരൂക്കുററിയിലും സ്ഥാപിച്ചാൽ ജനങ്ങൾക്കു വളരെ സൌകര്യപ്രദമായിരിക്കും. അതിനാൽ കൊട്ടാരക്കര മുതൽ വടക്കോട്ടു പറവൂർ വരെയു

ഇപ്പോഴുള്ള മുൻസിഫ്കോടതികളുടേയും മജിസ്ട്രേട്ടുകോടതികളുടേയും ഗവണ്മെന്റിന്റെ തുടർന്നും നിലനിർത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയേയും ക്ഷണിച്ചുകൊള്ളുന്നു. അതുകൊണ്ടായിട്ടും പ്രധാനം ... മുൻസിഫ്കോടതി സ്ഥാപിച്ചുകൊടുക്കുന്നതു സൌകര്യപ്രദമായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി. ശിവരാമപ്പണിക്കരുടെ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു.

മി. ഒ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

ഡപ്യൂട്ടി സ്പീക്കർ: ഉപക്ഷേപം പിൻവലിക്കുന്നതിനു സഭയുടെ അനുവാദമുണ്ടോ?

ഉപക്ഷേപത്തെ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഉപക്ഷേപം നം. ൧൫.

മി. സി. എൻ. കുഞ്ഞൻനമ്പൂതിരി (ജന്മി): സിവിൽനീതി വകുപ്പിന്മേൽ അനുവദിച്ചിട്ടുള്ള ൫൦ ലക്ഷം രൂപായിൽ നിന്നും ൧൦ രൂപ കുറയ്ക്കണമെന്നാണ് എന്റെ പ്രമേയം. ഈ പ്രമേയത്തെ ഇവിടെ ഹാജരാക്കി അതിനെപ്പറ്റി സംസാരിക്കുന്നതിനു തന്നെ എനിക്കു വളരെ ലജ്ജ തോന്നുന്നുണ്ടു. അതിവർഷകാലത്തു പുഴകളിൽകൂടി ഭയങ്കരമായ നിലയിൽ ഉയർന്നൊഴുകുന്ന വെള്ളം കീഴ്പോട്ട് ഒഴുകിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഒരാൾ അതിന്റെ വക്കത്തു ചെന്നു നിന്നുകൊണ്ടു ഇനിമേൽ ഈ വെള്ളം മേല്പോട്ട് ഒഴുകട്ടെ" എന്നു പറയുന്നതുപോലെയാണ് ഇംഗ്ലീഷ് ഭാഷയിൽ എഴുതിവരുന്ന ജഡ്ജ്മെന്റുകളെ മലയാളത്തിലുംകൂടി ഒരു കാപ്പി എഴുതണം എന്നു പറയുന്നതു. എന്നാൽ ഇതുനിമിത്തം ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളെപ്പറ്റി സ്വല്പം പറയാതിരിപ്പാൻ നിവൃത്തിയില്ല. അതു സാദ്ധ്യമായി കിട്ടുമെന്നുള്ള വിചാരം എനിക്കു ലവലേശം ഇല്ല. എന്നിരുന്നാലും ആ സംഗതിയെ ഈ കൌൺസിലിന്റെ മുമ്പാകെ അവതരിപ്പിക്കേണ്ടതു അത്യാവശ്യമാണെന്നു തോന്നിയതുകൊണ്ടു മാത്രമാണു അതിലേക്കു ഞാൻ ഉദ്യമിച്ചതു.

ഈ രാജ്യത്തു നീതിന്യായകോടതികൾ സ്ഥാപിച്ചിട്ടുള്ളതു മനുഷ്യരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും നീതിന്യായങ്ങളെ പരിപാലിക്കുന്നതിനും ആയിട്ടാണ്. എന്നാൽ ഈ കോടതികളുമായിട്ടു ധാരാളം വ്യവഹാരമാകുന്ന ജനങ്ങളിൽ നൂറിനു തൊണ്ണൂറ്റെട്ടു ശതമാനവും ഇംഗ്ലീഷ്ഭാഷ പരിചയമില്ലാത്തവരാണ്. ഈ കോടതികളിൽ ഫയലാക്കുന്ന കേസുകളും അന്യായങ്ങളും പത്രികകളും എല്ലാം മലയാളവും ആണ്. അപൂർവം ചിലതിൽ വ്യത്യാസം ഉണ്ടായിരിക്കാം. അതു ഞാൻ അത്രവളരെ ശ്രദ്ധിച്ചിട്ടില്ല. ഈ കേസുകൾ നടത്തുന്നതിനെസംബന്ധിച്ചു നോക്കിയാൽ കക്ഷികളുടെ മൊഴിയും സാക്ഷികളുടെ മൊഴിയും വിസ്താരവും മുഴുവൻ മലയാളത്തിലാണ്. ഇങ്ങനെ കേസു ഫയലാക്കിയതുമുതൽ അവസാനംവരെയുള്ള മലയാളത്തിൽ എഴുതിയിട്ടുള്ള കാര്യങ്ങളെ നോക്കി മലയാളത്തിൽ മനസ്സിലാക്കിയിട്ടാണു ഇംഗ്ലീഷിൽ ഒരു ജഡ്ജ്മെന്റ് എഴുതുന്നതു. മലയാളത്തിലുള്ള അന്യായം, സാക്ഷിമൊഴി, പത്രിക ഇവകളെ മലയാളത്തിൽ മനസ്സിലാക്കാമെങ്കിൽ മലയാളത്തിൽതന്നെ ഒരു ജഡ്ജ്മെന്റ് എഴുതുന്നതിനു പ്രയാസമെന്താണുള്ളതു?

ഇങ്ങിനെ ചെയ്യാത്തതുകൊണ്ടു ജനങ്ങൾക്കു സങ്കടം ഉണ്ടാകുന്നുണ്ടോ എന്നു നോക്കിയാൽ അവർക്കു വലുതായ സങ്കടം ഉണ്ടാകുന്നുണ്ടെന്നു കാണാം. എങ്ങിനെയെന്നാൽ ഒരു കേസു വിധിയായതിനുശേഷം അതിലെ കക്ഷി ഇംഗ്ലീഷിൽ എഴുതിയ ജഡ്ജ്മെന്റ് വാങ്ങിക്കുന്നു. കക്ഷിക്കു ഇംഗ്ലീഷ് അറിയാൻ പാടില്ലാത്തതിനാൽ അതിനെ തർജ്ജമചെയ്യുന്നതിനു വക്കീലിന്റെ പക്കൽ കൊടുക്കുന്നു. ഇങ്ങനെ മലയാളത്തിൽ തർജ്ജമചെയ്യുന്നതിനു തന്നെ അവർക്കു വളരെ ബുദ്ധിമുട്ടാണ്. എങ്കിലും തർജ്ജമചെയ്യിക്കാൻ പ്രത്യേകിച്ചു ഒരു ഫീസ് അഞ്ചോ എട്ടോ പത്തോ രൂപ ഫീസ് കൊടുക്കേണ്ടിവരുന്നു. ഇങ്ങനെവരുമ്പോൾ സാധുക്കൾ വിഷമിക്കാതെ നിവൃത്തിയില്ല. ഈവിധത്തിലാണ് ഇതിലുള്ള കുഴപ്പം.

കോർട്ടുഫീസു വകയിലും വക്കീൽഫീസു വകയിലും വലിയ ഒരുസംഖ്യ ചെലവുചെയ്താണ് ഈ കക്ഷികൾ കേസ് നടത്തുന്നതു. ആ കേസ് അവരുടെ പത്തും പന്ത്രണ്ടും വർഷത്തെ അതിപ്രയത്നഫലവുമായിരിക്കും. ഇത്രയും കഷ്ടപ്പെട്ടതിന്റെശേഷവും വിധി പ്രസ്താവിച്ചതു ഗുണമോ ദോഷമോ എന്നു അവർക്കു മനസ്സിലാക്കാൻ നിവൃത്തിയില്ല. അപ്പീൽകോടതികളിൽ പോകാൻ തക്ക ന്യായമുണ്ടോ എന്നു കക്ഷികൾക്കു തനിയെ മനസ്സിലാക്കാൻ സാധിക്കുന്നുമില്ല. വക്കീലന്മാരെക്കൊണ്ടുകാണിച്ചാൽ അപ്പീൽകൊടുക്കാൻ ന്യായമില്ലെങ്കിലും ന്യായമുണ്ടെന്നും കൊടുക്കണമെന്നുംതന്നെ പറയും. അതിനുള്ള ന്യായം എന്താണെന്നുചോദിച്ചാൽ വക്കീലന്മാരും പറകയില്ല. എല്ലാ കേസിലും പറഞ്ഞുകൊള്ളാമെന്നുപറയും. ഈ മാതിരി അനേകംബുദ്ധിമുട്ടുകൾ ജനങ്ങൾക്കു ഉണ്ടാകുന്നുണ്ടു.

അതിനാൽ നീതിന്യായകോടതികളിൽ പ്രസ്താവിക്കുന്ന ജഡ്ജ്മെന്റ് മലയാളത്തിലുംകൂടി എഴുതണമെന്നാണു എന്റെ അഭിപ്രായം. മലയാളത്തിൽമാത്രം മതിയെന്നു പറയുന്നില്ല. അതു സാദ്ധ്യവുമല്ല. എന്നാൽ മലയാളത്തിലും കൂടി ഒരു പകർപ്പു എഴുതണമെന്നാണു എന്റെ അഭിപ്രായം.

മി. കെ. ജെ. തോമസ്സ് (കോട്ടയം): തർജ്ജമചെയ്യുന്നതിനു ഒരു ഫീസ് പോരല്ലോ?

മി. സി. എൻ. കുഞ്ഞൻനമ്പൂതിരി (ജന്മി): കക്ഷികൾ കോർട്ടുഫീസ് പ്രത്യേകം കൊടുക്കുന്നതുകൊണ്ടു ഈ തർജ്ജമക്കു ഫീസ് പ്രത്യേകം കൊടുപ്പിക്കേണ്ട ആവശ്യമില്ലല്ലോ?

മി. ജി. രാമകൃഷ്ണമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): മലയാളത്തിൽ ജഡ്ജ്മെന്റ് എഴുതണമെന്നു വ്യവസ്ഥയുള്ളതു മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

മി. സി. എൻ. കുഞ്ഞൻനമ്പൂതിരി (ജന്മി): ഉണ്ടു.

മി. കല്ലാമ്പം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ജഡ്ജ്മെന്റുകൾ മലയാളം തർജ്ജമകൂടി ഇല്ലാത്തതുകൊണ്ടു ജനങ്ങൾക്കു വലിയ കഷ്ടതകൾ ഉണ്ടാകുന്നു എന്നാണ് മിസ്റ്റർ കുഞ്ഞൻനമ്പൂതിരി പറയുന്നതു. ഫീസ് അടച്ചു അപേക്ഷിച്ചാൽ കോർട്ടിൽനിന്നുതന്നെ ജഡ്ജ്മെന്റിന്റെ തർജ്ജമ തരുന്നതാണെന്നു അദ്ദേഹത്തോടു ഞാൻ പറഞ്ഞുകൊള്ളട്ടെ. നിയമപ്രകാരം, ജഡ്ജ്മെന്റ് കോർട്ടുഭാഷയിലൊ ഇംഗ്ലീഷിലൊ എഴുതാം. ജഡ്ജികൾ മിക്കവരും ഇംഗ്ലീഷിൽ പരിശീലിച്ചിട്ടുള്ളവരാകയാൽ ജഡ്ജ്മെന്റു ഇംഗ്ലീഷിൽ എഴുതുന്നതാണ്.

മി. ഇപ്പൻനമ്പൂതിരി (ജന്മി): മലയാളത്തിൽ ജഡ്ജ്മെൻറ എഴുതുന്നതിനുള്ള വിഷമം എന്താണ്?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ജഡ്ജ്മെൻറ കോർട്ടുഭാഷയിലോ ഇംഗ്ലീഷിലോ എഴുതാമെന്നാണ ഇപ്പോഴത്തെ നിയമം ഉള്ളത്. എന്നാൽ സാധാരണയായിട്ട് ഇംഗ്ലീഷിൽ എഴുതുന്നതാണ സൌകര്യം. എന്തെന്നാൽ ഇംഗ്ലീഷിലായാൽ അഭിപ്രായങ്ങൾ കുറെക്കൂടി വ്യക്തമായി പ്രസ്താപിക്കാൻ എളുപ്പമുണ്ട്.

അദ്ധ്യക്ഷൻ: മിസ്റ്റർ പരമേശ്വരൻപിള്ള ദയവുചെയ്തു മലയാളത്തിൽ സംസാരിക്കണം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ മലയാളത്തിൽതന്നെ പറയാം. ചട്ടങ്ങളനുസരിച്ച് ജഡ്ജ്മെൻറ കോർട്ടുഭാഷയിലോ ഇംഗ്ലീഷിലോ എഴുതാം. എന്നാൽ ഇപ്പോഴും ഇംഗ്ലീഷിൽ എഴുതിവരുന്നതിനുള്ള കാരണം യോജിച്ച പദം മലയാളത്തിൽ കിട്ടാത്തതുകൊണ്ടാണ്.

മി. സി. എൻ. ഇപ്പൻനമ്പൂതിരി (ജന്മി): സിവിൽകോടതികൾ ഉണ്ടായിട്ട് എത്രകാലമായി?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): സിവിൽകോടതികൾ ഏർപ്പെടുത്തിയിട്ട വളരെക്കാലമായി.

മി. സി. എൻ. ഇപ്പൻനമ്പൂരി (ജന്മി): അന്ന നീതിന്യായം നടക്കാറില്ലായിരുന്നോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇംഗ്ലീഷിൽ എഴുതിയാൽ മാത്രമേ നീതിന്യായംനടക്കയുള്ള എന്ന ഞാൻ പറഞ്ഞില്ല. ഇംഗ്ലീഷിൽ എഴുതി ശീലിച്ചവർ ഇംഗ്ലീഷിൽ എഴുതിയാൽ മാത്രമേ മനസ്സിലുള്ള അഭിപ്രായം മുഴുവനും പുറത്തുവരുത്താൻ സാധിക്കയുള്ളു.

മി. കെ. കെ. താമസ്സ് (കോട്ടയം): മുമ്പ് മലയാളത്തിലോ ഇംഗ്ലീഷിലോ ജഡ്ജ്മെൻറ എഴുതിവന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): മലയാളത്തിലാണ്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സംസാരിക്കാൻ ഇപ്പോൾ ആരുടെ മുറയാണ്?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): എൻെറ മുറയാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): തർജ്ജിമയെപ്പററിയും തർജ്ജിമ ചെയ്യേണ്ടതു ആരാകണമെന്നും ഉള്ളതിനെപ്പററി എന്തുപറയുന്നു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): തർജ്ജിമ ഒരു വിദഗ്ദ്ധനാൽ ചെയ്യപ്പെട്ടും, ഒരു ചെറിയ ഫീസുകൊടുത്താൽ ഈവക ഉപദ്രവങ്ങൾ എല്ലാം പരിഹരിക്കാവുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മലയാളത്തിനെ ഔദ്യോഗികഭാഷയായി പ്രഖ്യാപനംചെയ്യേണ്ടതു ആവശ്യമാകുന്നു എന്ന ഞാൻ വിചാരിക്കുന്നു. ചില മെമ്പർമാർക്ക ഇംഗ്ലീഷുസംസാരിക്കാൻ പ്രയാസമാണെന്നും ചിലർക്ക മനസിലാക്കാൻ പ്രയാസമാണെന്നും നാം കണ്ടുവരുന്നുണ്ട്. ഇംഗ്ലീഷു അറിവാൻ പാടില്ലാത്ത മെമ്പർമാർ കുറച്ചുഉള്ളു എങ്കിലും അവരോടു അനീതിയാണ് കാണിക്കുന്നതു. മലയാളത്തിൽ സംസാരിക്കണമെന്നു ഞങ്ങളോടു ആവശ്യപ്പെട്ടാൽ ഞങ്ങളുടെ അഭിപ്രായങ്ങൾ കുറേക്കൂടി വ്യക്തമായി പ്രസ്താവിക്കാൻ കഴിയും.

അദ്ധ്യക്ഷൻ: മി. എ. കെ. പിള്ള പറയുന്നതായതു രണ്ടു മെമ്പർമാർക്കുമാത്രമേ സംബന്ധിക്കുന്നുള്ളു. അതായതു ഇംഗ്ലീഷ് നല്ലപോലെ അറിവാൻ പാടില്ലാത്തവരായ മി. ഇപ്പൻനമ്പൂരിയും, മി. തരിയതു കുഞ്ഞിത്തൊമ്മനും ആണ്. മലയാളത്തിൽ സംസാരിക്കുന്നവരായ മററല്ലാ മെമ്പർമാർക്കും ഇംഗ്ലീഷിൽ സാമാന്യജ്ഞാനം ഉണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ പറയുന്നതു നമുക്ക എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്. അതായതു മലയാളത്തിൽ സംസാരിക്കുന്നതിൽവച്ചുണ്ടാകുന്ന വിഷമമാകുന്നു. കോടതികളിലും നിയമസഭയിലും എല്ലാ ഔദ്യോഗികനടപടികളിലും മലയാളത്തെ ഔദ്യോഗികഭാഷയായി പ്രഖ്യാപനം ചെയ്യാൻ പാടില്ലാത്തതു എന്തുകൊണ്ടാണെന്ന അറിഞ്ഞാൽകൊള്ളാം. ഇതാണ് ഞാൻ പറഞ്ഞുകൊള്ളുന്നതു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ ഉപക്ഷേപത്തിൻെറ തത്വത്തെ അനുകൂലിക്കുന്നു. എനിക്ക മലയാളത്തിൽ സംസാരിക്കാമോ?

അദ്ധ്യക്ഷൻ: പാടില്ലാ.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ജഡ്ജ്മെൻറുകൾ കോർട്ടുഭാഷയിൽ എഴുതാമെന്നു മി. കയ്യാലം പരമേശ്വരൻപിള്ള സമ്മതിച്ചിട്ടുണ്ട്. അതായതു മലയാളത്തിൽ എഴുതാമെന്ന. ചിലപ്പോൾ ഈ ഭാഷ തമിഴായിട്ടുംവരാം. എന്തെന്നാൽ തെക്കൻ തിരുവിതാംകൂറിൽ കോർട്ടുകളിൽ ഉപയോഗിക്കുന്ന ഭാഷ തമിഴാണല്ലോ. മുൻകാലത്തു ജഡ്ജ്മെൻറുകൾ മലയാളത്തിലാണ് എഴുതിവന്നതു്, എന്നാൽ ആ പതിവു നിന്നുപോയതു ശോചനീയമായിരിക്കുന്നു. പഴയ പതിവു വീണ്ടും തുടങ്ങണം. അതിലേക്കു താഴെപ്പറയുന്ന സമ്പ്രദായത്തെ ഞാൻ നിർദ്ദേശിക്കുന്നു. ഒന്നാമതായി ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിൽ നാട്ടുഭാഷാ അറിയാമെന്നുള്ളതിനു പ്രാധാന്യം കൊടുക്കണം. കോടതികൾ ജനങ്ങളുടെ ഗുണത്തിനായി വർത്തിക്കുന്നതാണെന്നും അതല്ലാതെ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടെ സൌകര്യത്തിനായിട്ടല്ലെന്നും ഉള്ളതു നിശ്ചയമാണ്. തങ്ങളുടെ അഭിപ്രായങ്ങൾ വിശദമായിപ്പറയുന്നതിനു ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാർക്ക സൌകര്യംകൊടുക്കുന്നതിനെക്കാൾ ജനങ്ങളുടെ സൌകര്യത്തെ നോക്കുന്നതാണ് പ്രാധാന്യമുള്ളതു എന്ന ഞാൻ വാദിക്കുന്നു. രണ്ടാമതായിട്ടു, പല ഉദ്യോഗസ്ഥന്മാർക്കും മലയാളത്തിൽ ജഡ്ജ്മെൻറ എഴുതുന്നതിന വേണ്ട സാമർത്ഥ്യം ഉണ്ടെങ്കിലും അപ്രകാരംചെയ്യുന്നതു യോഗ്യമല്ലെന്നുകരുതി അവർ എഴുതുന്നില്ല. ഈ മനഃസ്ഥിതിയെ അധൈര്യപ്പെടുത്തണമെന്നുമാത്രമല്ല മലയാളമോ തമിഴോ അറിയാവുന്ന ഉദ്യോഗസ്ഥന്മാർ നാട്ടുഭാഷയിൽതന്നെ ജഡ്ജ്മെൻറ എഴുതണമെന്നു നിർബന്ധിക്കയുംകൂടി ചെയ്യണം. ഈ വാക്കുകളോടുകൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. കെ. കെ. താമസ്സ് (കോട്ടയം): ഒരാളിനു ഗുജറാത്തിമാത്രമേ അറിയാവു എന്നും മലയാളം അറിഞ്ഞുകൂടെന്നുംവരാം. അങ്ങിനെയുള്ളവൻെറ വിഷയത്തിൽ ജഡ്ജ്മെൻറ ഏതു ഭാഷയിൽ എഴുതണം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അയാൾ താമസിക്കുന്ന രാജ്യത്തിലെ പൊതുഭാഷ മലയാളമോ തമിഴോ ആയിരിക്കയും ആ ഭാഷ അയാൾക്ക അറിഞ്ഞുകൂടാ എന്നു വരികയുംചെയ്താൽ അതിൻെറ ദോഷം അയാൾ അനുഭവിക്കണം.

മി. എ. ജെ. ജാൺ (പള്ളം): മലയാളംമാത്രം എഴുതുന്ന ഒരു ദിക്കിൽനിന്നും വരുന്നവന്റെ സംഗതി എങ്ങിനെയായിരിക്കണം?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എനിക്കു കേൾക്കാൻ പാടില്ലാ.

മി. സി. എൻ. ഇട്ടുപ്പൻനമ്പൂതിരി (ജന്മി): ഞാൻ പ്രമേയം പിൻവലിച്ചിരിക്കുന്നു.

പ്രമേയം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം നം ൧൦൨.

മെമ്പർ ഹാജരില്ലാതിരുന്നതുകൊണ്ടു താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയിട്ടില്ലെന്നു ഗണിക്കപ്പെട്ടു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ.

നം ൧൦൨. സിവിലും സെഷ്യൻസും കോർട്ടുകൾക്കായി നിശ്ചയിച്ചു വച്ചിട്ടുള്ള ൪,൦൮,൫൩൯ രൂപായിൽ നിന്നും ൨൦൦ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപങ്ങൾ നം ൧൦൩-ം നം ൧൦൪-ം.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ലാ.

മി. കെ. മാധവൻപിള്ള:

നം ൧൦൩. സിവിലും സെഷ്യൻസും കോർട്ടുകൾക്കായി നിശ്ചയിച്ചുവച്ചിട്ടുള്ള ൪,൦൮,൫൩൯ രൂപായിൽ നിന്നും ൨൦൦ രൂപാ കുറയ്ക്കണമെന്നു.

മി. കെ. ഐ. ജോസഫ്:

നം ൧൦൪. സിവിലും സെഷ്യൻസും കോർട്ടുകൾക്കായി നിശ്ചയിച്ചുവച്ചിട്ടുള്ള ൪,൦൮,൫൩൯ രൂപായിൽ നിന്നും ൨൦൦ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം നം ൧൦൫.

താഴെപ്പറയുന്ന ഉപക്ഷേപം കൊണ്ടുവരാനുള്ള മെമ്പർ ഹാജരില്ലാത്തതിനാൽ ഉപക്ഷേപം ഹാജരാക്കിയിട്ടില്ലെന്നു വിചാരിക്കപ്പെട്ടു.

മി. ടി. ജെ. മാത്യു:

നം ൧൦൫. മജിസ്ട്രേട്ടന്മാൎക്കായി നിശ്ചയിച്ചുവച്ചിട്ടുള്ള ൨,൮൫,൫൦൦ രൂപായിൽനിന്നും ൨ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം നം ൧൦൬.

മി. ജി. നാരായണപിള്ള (തിരുവല്ല):

താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു:—

ക്രിമിനൽകോടതികൾക്കായി നിശ്ചയിച്ചിട്ടുള്ള ൻ൭,൨൦൦ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നു.

ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശത്തെപ്പറ്റി ഞാൻ മുമ്പേതന്നെ അറിവുതന്നിട്ടുണ്ട്. അതായതു്, തിരുവല്ലായിൽ ഒരു മജിസ്ട്രേട്ടുകോടതി വീണ്ടും സ്ഥാപിക്കണം എന്നുള്ളതാകുന്നു. കഴിഞ്ഞ ബഡ്ജറ്റ്‌യോഗത്തിൽവച്ചു ഈ വിഷയത്തിലേക്കു ഗവണ്മെന്റിന്റെ ശ്രദ്ധയെ ഞാൻ ആകർഷിച്ചിട്ടുണ്ട്. ആ സമയത്തു ഗവണ്മെന്റു അതിനെപ്പറ്റി ശ്രദ്ധിക്കുന്നതാണെന്നു എനിക്കു മറുപടിതരികയുംചെയ്തു. അതിന്മേൽ വല്ല തീർച്ചയും ചെയ്തിട്ടുണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. ഞാൻ ഇതിനെപ്പറ്റി ഒരു പ്രശ്നവും അയച്ചിരുന്നു. അതിനും മറുപടി കിട്ടിയിട്ടില്ല. തിരുവല്ലായിൽ ഒരു മജിസ്ട്രേട്ടുകോടതി സ്ഥാപിക്കേണ്ട ആവശ്യകതയെ ഗവണ്മെന്റിൽ ശക്തിമത്തായി ധരിപ്പിക്കാൻവേണ്ടി ഞാൻ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതാകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): സംഗതി ഇപ്പോഴും ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു. ഞാൻ കഴിഞ്ഞ തവണ സഭയിൽ പ്രസ്താവിച്ചതുപോലെ, ഒരു ഡെപ്യൂട്ടേഷൻ ദിവാൻജിയെ കാണുകയും ദുമ്പോരിക്കൽ തിരുവല്ലായിൽനിന്നും മജിസ്ട്രേട്ടുകോടതി മാററി പ്രതിഷ്ഠിച്ച സ്ഥിതിക്കു സംഗതിയെപ്പറ്റി ആലോചിക്കേണ്ടതാണെന്നു അദ്ദേഹം മറുപടി കൊടുക്കുകയും ചെയ്തിട്ടുണ്ട്; കാര്യം തീർച്ചചെയ്യുന്നതിനു മുമ്പായി ദിവാൻജി സ്ഥലം സന്ദർശിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ളതായും അറിയുന്നുണ്ട്.

മി. ജി. നാരായണപിള്ള (തിരുവല്ല): സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നുള്ള ഗവമെമ്പറിന്റെ ഉറപ്പുതരലിനെ അടിസ്ഥാനമാക്കി ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപത്തെ പിൻവലിച്ചു.

ഉപക്ഷേപം—നം ൧൦൭.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല:—

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള:

നം ൧൦൭. ക്രിമിനൽ കോടതികളുടെ വകയ്ക്കായി നിശ്ചയിച്ചുവച്ചിട്ടുള്ള ൻ൭,൪൦൧ രൂപയിൽനിന്നും ൨൦ രൂപ കുറയ്ക്കണമെന്നു.

ഉപക്ഷേപം—നം ൧൦൮.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു:—

നം ൧൦൮. ഈ ഉപക്ഷേപം ഞാൻ കൊണ്ടുവന്നിരിക്കുന്നതിന്റെ ഉദ്ദേശം ക്രിമിനൽ നീതിഭരണം മുഴുവനും ഹൈക്കോടതിയുടെ പൂർണ്ണനിയന്ത്രണത്തിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഏല്പിക്കണമെന്നുള്ളതാകുന്നു. ക്രിമിനൽ നീതിഭരണം സെഷ്യൻസ് ജഡ്ജിമാരുടെയും സബ്‌മജിസ്ട്രേട്ടന്മാരുടെയും ഇടയിലായി വീതിച്ചിരിക്കുന്നതുകൊണ്ടു വളരെ അസൌകര്യങ്ങൾ നേരിടുന്നുണ്ട്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരും സബ്‌മജിസ്ട്രേട്ടന്മാരും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരായിരിക്കുന്നതുകൂടാതെ അവർ ഗവണ്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുമാണ്. ഗവണ്മെന്റിനെ സംബന്ധിച്ച കാര്യങ്ങൾകൂടി ഉൾപ്പെട്ടിരിക്കുന്ന സംഗതികളിൽ ഈ ഉദ്യോഗസ്ഥന്മാ

ത്തിൽനിന്നും ജനങ്ങൾക്കു ശരിയായ ന്യായംകിട്ടാൻ പ്രയാസമായി ഭവിക്കാവുന്നതാണ്. ഭരണനിയന്ത്രണയന്ത്രത്തിന്റെ സൗകര്യത്തെ വിചാരിക്കുന്നപക്ഷവും ക്രിമിനൽ നീതിഭരണം മുഴുവനും ഹൈക്കോർട്ടിന്റെ പൂർണ്ണമായ നിയന്ത്രണത്തിൻകീഴിൽ വയ്ക്കുന്നതു ഉത്തമമാകുന്നു. ഈ ഉദ്ദേശത്തോടുകൂടിയാണ് ഞാൻ പ്രഥമമായിട്ടു ഈ ഉപക്ഷേപത്തെ ഹാജരാക്കിയിട്ടുള്ളതു.

ഇതോടുകൂടി വേറൊരു സംഗതിയുംകൂടി എനിക്കു പറയാനുണ്ട്. അതായതു മജിസ്ട്രേട്ടന്മാരുടെ നിയമനത്തെപ്പററിയാണ്. വക്കീലന്മാരിൽനിന്നോ അല്ലെങ്കിൽ ക്രിമിനൽ നിയമത്തിന്റെ പ്രവർത്തനവുമായി വാസ്തവമായ പരിചയം ഉള്ള മററു ആളുകളിൽനിന്നോ മജിസ്ട്രേട്ടന്മാരെ തിരഞ്ഞെടുക്കുന്നതു നന്നായിരിക്കും. ക്ലാർക്കന്മാരെ മജിസ്ട്രേട്ടന്മാരായി നിയമിക്കുന്ന ഇപ്പോഴത്തെ പതിവു അത്ര തൃപ്തികരമല്ല. ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഈ രണ്ടു സംഗതികളാണ് സഭയുടെ ആലോചനക്കായി ഞാൻ കൊണ്ടുവന്നിട്ടുള്ളതു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ക്രിമിനൽ നീതിഭരണം മുഴുവനും ഹൈക്കോടതിയുടെകീഴിൽ വിടണമെന്നുള്ള സംഗതിയെപ്പററി എനിക്കു പറയാനുള്ളതു അതു ഇപ്പോഴും മുഴുവനും ഹൈക്കോർട്ടുഭരണത്തിൻകീഴിലാണെന്നാണ്. സംസ്ഥാനത്തുള്ള എല്ലാ ക്രിമിനൽകേസുകളും പരിശോധിക്കുന്നതിനു ഹൈക്കോടതിക്കു അധികാരം ഉണ്ട്. ഇപ്പോൾ ഇരിക്കുന്ന ക്രമത്തിനു മജിസ്ട്രേട്ടന്മാരുടെ തീർച്ചയിന്മേൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോ സെഷ്യൻസ് ജഡ്ജിക്കോ അപ്പീൽ എടുക്കാൻ അധികാരം ഉണ്ട്. ഹൈക്കോടതിക്കു പരിശോധനാധികാരവും ഇരിക്കുന്നുണ്ട്. ആ സ്ഥിതിക്കു ഗവണ്മെന്റിനോ എക്സിക്യൂട്ടീവ് ഭരണത്തിനോ ക്രിമിനൽ ഭരണത്തിനെ സംബന്ധിച്ചിടത്തോളം യാതൊരു അധികാരവും ഇല്ലെന്നു പ്രത്യക്ഷമാണ്. പക്ഷെ മിസ്റ്റർ ജോസഫ് ആവശ്യപ്പെടുന്നതു റവന്യൂഡിപ്പാർട്ടുമെന്റും ജുഡിഷ്യൽഡിപ്പാർട്ടുമെന്റും തമ്മിൽ വേർപെടുത്തണമെന്നുള്ള സംഗതിയായിരിക്കാം. സ്റ്റേഷനറി മജിസ്ട്രേട്ടന്മാരുടെ നിയമനംകൊണ്ടു അതു ഇപ്പോൾ കുറെയെല്ലാം നിവൃത്തിച്ചുവരികയാണ്.

മജിസ്ട്രേട്ടുദ്യോഗത്തിനു ബാറിൽനിന്നുതന്നെ ആൾ എടുക്കണമെന്നുള്ള സംഗതി കഴിഞ്ഞ യോഗത്തിൽ വാദപ്രതിവാദത്തിനു വിഷയമാവുകയും സഭ അതിന്റെ അഭിപ്രായത്തെ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സംഗതിയിൽ ഒരു ഉപാബന്ധമായ ചട്ടം ഉണ്ടാക്കാൻ പ്രയാസമാണെന്നും സർവീസിൽ ഇരിക്കുന്നവരെ നിയമിക്കുന്നതിനു രണ്ടു കാരണങ്ങൾ ഉണ്ടെന്നും അന്നു പറഞ്ഞിട്ടുണ്ട്. ഒന്നാമതായി [illegible] രൂപ ശമ്പളത്തിൽ കാര്യശേഷിയുള്ള മജിസ്ട്രേട്ടന്മാരെ കിട്ടുവാൻ പ്രയാസമാണ്. രണ്ടാമതായി ഈ നിയമനങ്ങൾക്കു സർവീസിൽനിന്നും ആളെടുക്കാതിരുന്നാൽ സെക്രട്ടേറിയററിലും മററു ആഫീസുകളിലും ഉള്ള ക്ലാർക്കന്മാർക്കു പ്രൊമോഷൻ ലഭിക്കാനുള്ള അവസരങ്ങൾ കുറഞ്ഞുപോകുമെന്നുള്ളതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): മജിസ്ട്രേട്ടന്മാരിൽനിന്നു റവന്യൂജോലി തീരെ എടുത്തുകളയുന്നതു നന്നായിരിക്കയില്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു ഇപ്പോൾ ചെയ്തുവരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഈവക രണ്ടു ജോലികളും പൂർണ്ണമായി വേർതിരിക്കുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു നടക്കുന്നതുതന്നെ. എന്നാൽ അതു അത്ര ഗുണകരമല്ല. ചില പ്രത്യേകസ്ഥലങ്ങളെ എടുത്തുനോക്കുന്നതായാൽ, അവിടെ ഒരു പ്രത്യേക സ്റ്റേഷനറി മജിസ്ട്രേട്ടുകോടതി സ്ഥാപിക്കത്തക്കവണ്ണം ഒരു മജിസ്ട്രേട്ടിനു വേണ്ട ജോലി ഉണ്ടായിരിക്കയില്ല. പണച്ചിലവു ലാഭിക്കാവുന്നതായ സ്ഥലങ്ങളിലെല്ലാം റവന്യൂജോലിയും മജിസ്ട്രേട്ടുജോലിയും ഒന്നിച്ചുതന്നെ വച്ചിരിക്കുന്നു. എന്നാൽ മജിസ്ട്രേട്ടധികാരം എക്സിക്യൂട്ടീവ് ആഫീസരിൽനിന്നും വേർപെടുത്തുന്നതിനാണ് ഉദ്ദേശം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ അധികാരംകൂടി സെഷ്യൻജഡ്ജികൾക്കു കൊടുക്കുന്നതിനെപ്പററി എന്തുപറയുന്നു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇപ്പോൾ നിയമംഇരിക്കുന്ന ക്രമത്തിനു അപ്പീൽഅധികാരം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിലാണ് സ്ഥിതിചെയ്യുന്നതു. മി. ജോസഫിനു വേണമെങ്കിൽ ഒരു ഭേദപ്പെടുത്തിയനിയമം ഹാജരാക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഞാൻ ഈ സംഗതിയിൽ ഗവണ്മെന്റിന്റെ അഭിപ്രായമാണ് ചോദിക്കുന്നതു. ആവശ്യമുണ്ടെന്നു ഗവണ്മെന്റിനുതന്നെ തോന്നുന്നതായാൽ അവർക്കുതന്നെ വേണ്ടതു ചെയ്യാമല്ലോ.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതിലേയ്ക്കു ഒരു ആവശ്യവും ഉണ്ടായിട്ടില്ല. അപ്പീലുകൾ ഡിസ്ട്രിക്ട്മജിസ്ട്രേട്ടന്മാരോ സെഷ്യൻസ് ജഡ്ജികളോ കേൾക്കുന്നതിൽ ഗവണ്മെന്റിനു വിരോധമില്ല. സെഷ്യൻസ്ജഡ്ജിമാർ കേൾക്കണമെന്നു സഭയിൽനിന്നും വിമർശിക്കുന്നു എങ്കിൽ അതിനെപ്പററി ആലോചിക്കാവുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): കൂടുതൽ മുൻസിഫ്മജിസ്ട്രേട്ടുകോർട്ടുകൾ ഏർപ്പെടുത്തുന്നതിനു വല്ല തടസ്സവുമുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആൾ തിരഞ്ഞെടുക്കുന്ന സംഗതിയിൽ അതു അവലംബിച്ചിരിക്കുന്നു. നിവൃത്തിയുള്ളപ്പോൾ അപ്രകാരം ചെയ്യുന്നുണ്ടു. ഉദാഹരണമായിട്ടു മെമ്പർ സ്നേഹിതൻ പ്രാതിനിധ്യംവഹിക്കുന്ന നെടുമങ്ങാട്ടു അപ്രകാരം ചെയ്തിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അനേക അനൌദ്യോഗസ്ഥസാമാജികന്മാർ ഹാജരില്ലാത്തതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ഓട്ടിനിടണമെന്നു നിർബന്ധിക്കുന്നില്ല. എന്നാൽ ലാമെമ്പറിന്റെ അഭിപ്രായംകേട്ടു ഞാൻ തൃപ്തിപ്പെട്ടിട്ടില്ല.

പ്രമേയം അനുവാദത്തോടുകൂടി പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൩൦൯-ം ൩൧൦-ം.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. കെ. ഐ. ജോസഫ്:

൩൦൯. മാർക്കാളേജിനും ഹോസ്റ്റലിനുംആയി നിശ്ചയിച്ചിരിക്കുന്ന ൧൦൩൮൩ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്നു.

മി. കല്ലൂർ നാരായണപിള്ള:—

൩൧൦. സൂപ്രണ്ടിനായി നിശ്ചയിച്ചുവച്ചിട്ടുള്ള ൧൬൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൩൧൧.

മെംബർ ഹാജരില്ലാത്തതുകൊണ്ടു താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയിട്ടില്ലെന്നു ഗണിക്കപ്പെട്ടു.

മി. പി. കെ. നാരായണപിള്ള:—

എസ്റ്റാബ്ലിഷ്മെൻറുവകയ്ക്കു നിശ്ചയിച്ചിട്ടുള്ള ൭൮൪൩ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്നു.

൩൧൨-ം ൩൧൩-ം ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. കല്ലൂർ നാരായണപിള്ള:—

൩൧൨. ലാ ഉദ്യോഗസ്ഥന്മാർക്കായി നിശ്ചയിച്ചുവച്ചിട്ടുള്ള ൩൩൧൦൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണമെന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള:—

൩൧൩. ലാ ഉദ്യോഗസ്ഥന്മാർക്കായി വച്ചിട്ടുള്ള ൩൩൧൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൩൧൪.

മെംബർ ഹാജരില്ലാത്തതുകൊണ്ടു താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയിട്ടില്ലെന്നു ഗണിക്കപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള:—

൧൧-ാംനമ്പർ ഡിമാൻഡിൽ ഉൾപ്പെട്ട ൭.൮൫ ലക്ഷം രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൩൧൫.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി):

താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൩൧൫. ൧൧-ാംനമ്പർ ഡിമാൻഡിൽപ്പെട്ട ൭.൮൫ ലക്ഷം രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണമെന്നു.

നീതിന്യായഭരണത്തെസംബന്ധിച്ചു ജനങ്ങൾക്കുണ്ടായിട്ടുള്ള സങ്കടങ്ങളെ പ്രസ്താവിക്കുന്നതിനും അതിലേയ്ക്കു പരിഹാരമാർഗ്ഗം തേടുന്നതിനും ഉദ്ദേശിച്ചാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു്. കേസുകൾ തീരുമാനിക്കുന്നതിൽ വളരെ കാലതാമസം ഉണ്ടാകുന്നുഎന്നും കോടതികളിൽ പലേ പിശകുകളും ക്രമക്കേടുകളും നടക്കുന്നുഎന്നും ഉള്ള സംഗതികൾ ഈ സഭയിൽതന്നെ ഗവർമ്മെൻറിൻെറ അറിവിൽ കൊണ്ടുവന്നിട്ടുള്ളതാണല്ലോ. ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരിൽ പലരും അത്ര സ്വഭാവനടത്തക്കാരല്ലെന്നും ജനങ്ങളുടെയിടയിൽ പരാതിയുണ്ടു. ഈ പരാതികളെപ്പററി ഗവർമ്മെൻറിൽനിന്നുതന്നെ വേണ്ടതു ചെയ്യേണ്ടതാണ്. ഒരു ഉദ്യോഗസ്ഥൻെറപേരിലുള്ള കൈക്കൂലിക്കേസു തെളിയിക്കുന്നതു ഇപ്പോഴത്തെസ്ഥിതിക്കു അത്ര എളുപ്പമുള്ളതല്ല. എന്നാൽ ഉദ്യോഗസ്ഥന്മാരെ ബുദ്ധിപൂർവ്വം തിരഞ്ഞെടുക്കുന്നതുമൂലവും ജോലിക്കുകൊള്ളാത്തവരും കൈക്കൂലിക്കാരുമായ ഉദ്യോഗസ്ഥന്മാരുടെമേൽ സമുചിതമായി വേണ്ട നടപടികൾ നടത്തുന്നതുകൊണ്ടും ഈ പരാതികളെ ഗവർമ്മെൻറിനുതന്നെ നീക്കാവുന്നതാണ്. ഒരു ഉദ്യോഗസ്ഥൻെറ സർവീസ് ആവശ്യമില്ലെന്നുവയ്ക്കുന്നതിനെ ഒരു ശിക്ഷയായി വ്യാഖ്യാനിക്കുന്നതിൻെറ ഔചിത്യത്തെക്കുറിച്ചും എനിക്കു ഈ അവസരത്തിൽ സ്വല്പംപറയാനുണ്ടു. അതു ഒരു ശിക്ഷയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു ഉദ്യോഗസ്ഥൻ അയാളെ ചുമതലപ്പെടുത്തിയിട്ടുള്ള ജോലിചെയ്യാൻ അപ്രാപ്തനായിവരികയോ അയാളുടെനടത്ത പൊതുജനങ്ങൾക്കു തൃപ്തികരമല്ലാതിരിക്കയോ ചെയ്യുന്ന സംഗതികളിൽ അയാളെ ജോലിയിൽനിന്നും പറഞ്ഞയക്കുന്നതു ഒരു ശിക്ഷയായിവരുന്നതല്ലാ. ഒരു ഉദ്യോഗസ്ഥനെ പ്രാസിക്യൂട്ടുചെയ്യുകയും ശിക്ഷിക്കയുംചെയ്യുന്നതു വേറൊരുസംഗതിയാണ്. ഈ സംഗതിയിൽ നിയമാനുസൃതമായ ചില നടപടികൾ നടത്താനുണ്ടു്. എന്നാൽ ഒരു ഉദ്യോഗസ്ഥൻെറ സർവീസു വേണ്ടെന്നുവയ്ക്കുന്നതു ഗവർമ്മെൻറിനുതന്നെ ചെയ്യാവുന്ന കാര്യമാണ്. ജനങ്ങളുടെ പരാതികളെ ദൂരീകരിക്കുന്നതിനു ഗവർമ്മെൻറിൽനിന്നു ചെയ്യാവുന്ന ഒരു നടപടി ഇതാണ്. വേറൊരുസംഗതി എനിക്കു നിർദ്ദേശിക്കാനുള്ളതു 'ജൂറിസിസ്റ്റം' ഏർപ്പെടുത്തുന്നതാണ്. ഇതുകൾ പരീക്ഷിച്ചു നോക്കാവുന്നതാകുന്നു. ആദ്യംപറഞ്ഞ സമ്പ്രദായം എല്ലാ പരിഷ്കൃതഗവർമ്മെൻറുകളും അനുവർത്തിക്കുന്നതാകുന്നു.

മി. കെ. ഐ. ജോസ് (മീനച്ചൽ-ദേവികുളം): തിരുവിതാംകൂർ ഗവർമ്മെൻറിലേക്കാണോ മെംബർ ജൂറിസിസ്റ്റം നിർദ്ദേശിക്കുന്നതു്?

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): തിരുവിതാംകൂറിൻെറ ഇപ്പോഴത്തെ നിലയിൽനിന്നും ഇംഗ്ലണ്ടു എത്രയോ പിന്നാക്കമായ നിലയിൽ ഇരുന്നപ്പോഴും ഇംഗ്ലണ്ടിൽ ജൂറിസിസ്റ്റം നടപ്പായിരുന്നു. അതുകൊണ്ടു അതിനൊരു പ്രതിബന്ധവുംഇല്ലാ. ജനങ്ങൾക്കുകിട്ടാൻ അർഹതയുള്ള നീതിയെ അവർക്കു ഏറെക്കുറെ സിദ്ധിക്കാൻ കഴികയുള്ളു. ജൂറിമാരുടെ ജോലിചെയ്യുന്നതിനു ഏറക്കുറെ യോഗ്യന്മാരായ ആളുകൾ നമുക്കുണ്ടു. എന്നാൽ പലപ്പോഴും നമുക്കു അർഹതയുള്ളതിൽ കുറച്ചേ നമുക്കു ലഭിക്കുന്നുള്ളു. അതിനാൽ ജനങ്ങൾക്കു ആ ജോലിചെയ്യുന്നതിനു ഇടകൊടുക്കയും കോർട്ടിൽനടക്കുന്ന കാര്യങ്ങളിൽ അവർക്കു പരിജ്ഞാനം ഉണ്ടാവുകയോ അവരുടെ അഭിപ്രായപ്രകടനത്തിനു ഏറക്കുറെ അവസരംകൊടുക്കുകയോ ചെയ്യുകയും

ചെയ്യുന്നതായാൽ അതു് ഒരു ആരോഗ്യകരമായ കാര്യമായി പരിണമിക്കുന്നതാണ്. ഈ സംഗതികൾ ഗവൺമെന്റിന്റെ ഗാഢമായ ആലോചനക്കു പാത്രീഭവിക്കുന്നതായിട്ടു ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

മി. കണ്ണാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ രാമൻമേനവൻ മൂന്നുസംഗതികളെക്കുറിച്ചാണ് ചോദിച്ചിട്ടുള്ളതു്. അതിൽ ഒന്നു കേസുകൾ തീരുമാനിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തെപ്പറ്റിയാണ്. ആ സംഗതിയെപ്പറ്റി ഹൈക്കോർട്ടുകാർ ആലോചിക്കുന്നുണ്ടെന്നു ഞാൻ മുമ്പെതന്നെ പറഞ്ഞുവല്ലോ. അതിനെസംബന്ധിച്ചു ഇനിയുംവല്ലതും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം രണ്ടാമതായിപ്പറഞ്ഞ സംഗതി കൈക്കൂലിയെപ്പറ്റിയുള്ളതാണ്. കൈക്കൂലിയെ സംബന്ധിച്ചു ധാരാളം വാദപ്രതിവാദം നടന്നു എന്നാണു ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു ആ സംഗതിയെ ഇന്നു കൂടി വാദപ്രതിവാദം നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മൂന്നാമതായി അദ്ദേഹം പറഞ്ഞതു ജൂറി സമ്പ്രദായപ്രകാരമുള്ള കേസു വിചാരണയെസംബന്ധിച്ചതാണ്. ജൂറിസിസ്റ്റം—

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഇന്നലത്തെ വാദപ്രതിവാദത്തിനിടയിൽ ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റിലെ കൈക്കൂലിയെപ്പറ്റി വല്ലപ്പോഴും പറകയുണ്ടായോ?

മി. കണ്ണാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ പൊതുവായി പറയുന്നതേയുള്ളു. ഇന്നലത്തെ വാദപ്രതിവാദമദ്ധ്യേ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ പ്രായേണ കൈക്കൂലി നടപ്പുണ്ടെന്നു പ്രസ്താവിക്കയുണ്ടായി. ജുഡീഷ്യൽഡിപ്പാർട്ടുമെന്റിലെ കൈക്കൂലിയുടെ പ്രത്യേകസ്വഭാവത്തെപ്പറ്റി പറഞ്ഞിരുന്നുഎങ്കിൽ അതിനെപ്പറ്റി ഞാൻ മറുപടി പറയുമായിരുന്നു. ജൂറിസിസ്റ്റത്തിനെ സംബന്ധിച്ചിടത്തോളം ഇരുപതു സംവത്സരത്തേക്കു മുമ്പു ഒരു ബിൽ കൌൺസിലിൽ ഹാജരാക്കുകയും അതു തള്ളപ്പെടുകയും ചെയ്തു. ആ ഏർപ്പാടു അനാവശ്യമാണെന്നു കൌൺസിലിൽനിന്നും തീർച്ചചെയ്തസ്ഥിതിക്കു അതിനെ നടപ്പാക്കുന്നതിൽ ഉപയോഗമുണ്ടെന്നു ഇതിനെസംബന്ധിച്ചിടത്തോളം എനിക്കു തോന്നുന്നില്ല. അതു ആവശ്യമാണെന്നു മെമ്പർ വിചാരിക്കുന്നുഎങ്കിൽ ജൂറിസിസ്റ്റം നടപ്പാക്കുന്നതിനു ഒരു ഭേദഗതിബിൽ മെമ്പറിനു കൊണ്ടുവരാവുന്നതാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സർ, സിവിൽ നീതിഭരണത്തിൽ ജനങ്ങൾക്കു നേരിടുന്ന പല സങ്കടങ്ങളെപ്പറ്റിയും പ്രസ്താവിക്കാനുണ്ടു്. എന്നാൽ മിസ്റ്റർ രാമൻമേനോൻ അഭിപ്രായപ്പെട്ടതുപോലെ ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ 'കറപ്ഷൻ' ഇല്ലെന്നാണു എന്റെ അഭിപ്രായം.

ഈ ഡിപ്പാർട്ടുമെന്റിൽനിന്നും ജനങ്ങൾക്കു നേരിടുന്ന സങ്കടങ്ങളെ ഹൈക്കോടതി നിഷ്കർഷയായി ഉത്തരവുകൊടുത്തു പരിഹരിക്കേണ്ടതാണ്. കോടതികളിൽ സാക്ഷികൾ കൊടുക്കുന്ന മൊഴി കക്ഷിയേയോ വക്കീലിനേയോ വായിച്ചുകേൾപ്പിച്ചിട്ടാണോ ഒപ്പിടുവിക്കുന്നതു എന്ന സംഗതി ഹൈക്കോർട്ടിൽനിന്നും അന്വേഷിക്കണം. "മൊഴി വായിച്ചു കേട്ടു ശരി". എന്നു കടലാസിൽ കാണുന്നതല്ലാതെ അങ്ങനെ നടക്കാറില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതിനു ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റുകാർ ഉത്തരവാദികളല്ലേ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതേ, കോടതികളിൽ കൊടുക്കുന്ന മൊഴി ഏതുപ്രകാരത്തിൽ രേഖപ്പെടുത്തുന്നു എന്നു അതിനു അടയാളസഹിതം പകർപ്പു വാങ്ങിച്ചുനോക്കിയാലല്ലാതെ കക്ഷികൾക്കു മനസ്സിലാക്കാൻ നിവൃത്തിയില്ല. പിന്നീടു അതു തിരുത്തുക എന്നുള്ളതും പ്രയാസമാണ്. അതുകൊണ്ടു എഴുതുന്നതു വായിച്ചു കേൾപ്പിച്ചതിനുശേഷം മാത്രമേ കക്ഷികളെക്കൊണ്ടു ഒപ്പിടുവിക്കാവു എന്നു ചട്ടം കെട്ടണം.

ജഡ്ജ്മെന്റു തുറന്ന കോർട്ടിൽ പ്രസ്താവിക്കണമെന്നു ചട്ടമുണ്ടു്. ഇപ്പോൾ അങ്ങനെ നടക്കുന്നില്ല. പല കേസുകളും എന്നു വിധിപ്രസ്താവിച്ചു എന്നറിയാത്തതുകൊണ്ടു കക്ഷികൾ മുമ്പിൽക്കൂട്ടിത്തന്നെ ജഡ്ജ്മെന്റു പകർപ്പിനു അപേക്ഷിക്കേണ്ടിയിരിക്കുന്നു.

പിന്നീടു പറയാനുള്ളതു വിധിപ്രസ്താവിക്കുന്നതിൽ നേരിടുന്ന കാലതാമസത്തെപ്പറ്റിയാണ്. ഹൈക്കോർട്ടിൽനിന്നും അയച്ചിട്ടുള്ള സർക്കുലർ അനുസരിച്ചു കൃത്യം ൧൧ കാൽ മണിക്കുതന്നെ കോടതി കൂടുന്നതായാൽ ഈ കാലതാമസത്തിനു ഇടവരികയില്ല. ഒരുപക്ഷേ മുൻസിഫ് ൧൨ മണിക്കോ ൧ മണിക്കോ കോടതിയിൽ വന്നിരുന്നാലും ചേമ്പറിൽ ഇരുന്നു് ആഫീസ് റിക്കാർഡുകൾ എല്ലാം പരിശോധിച്ചു ഒപ്പിടേണ്ടതെല്ലാം ഒപ്പിട്ടു് രണ്ടു മണിയോടടുത്തിട്ടാണ് ബെഞ്ചിൽ വരുന്നതു്. ഇതാണ് കുടിശ്ശിക അധികമാകുന്നതിനുള്ള കാരണം. ഹർജികൾക്കു അപ്പപ്പോൾ ബെഞ്ചിൽവച്ചുതന്നെ ഉത്തരവിടുന്നതായാൽ കക്ഷികൾക്കു സൌകര്യവും കുടിശ്ശിക കുറവും ഉണ്ടാകും. ചേമ്പറിൽ ഇരുന്നു സമയംകളയാതെ ൧൧ മണിമുതൽതന്നെ വിസ്താരം ആരംഭിക്കുന്നപക്ഷം ഒരു കോർട്ടിലും കുടിശ്ശിക ഉണ്ടാകുന്നതല്ല.

മി. കെ. കെ. തോമസ് (കോട്ടയം): ൧൧ മണിക്കുതന്നെ ജോലിതുടങ്ങാൻ തടസ്സമുള്ളതു വക്കീലന്മാരുടെ കുറ്റമോ ജഡ്ജിയുടെ കുറ്റമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ജഡ്ജി ൧൧ കാൽ മണിക്കു ബെഞ്ചിൽ വന്നുതുടങ്ങിയാൽ ൧൧ മണിക്കുതന്നെ വക്കീലന്മാർ ഹാജരാകും.

ഇനി കോടതികളിൽ ഹൈക്കോടതിജഡ്ജിമാർ നടത്തുന്ന പരിശോധനയെപ്പറ്റിയാണ് പറയാനുള്ളതു്. ഒരു കോടതി പരിശോധിക്കാൻ ചെന്നാൽ ജഡ്ജി ഒരു സ്ഥലത്തിരുന്നുകൊണ്ടു ക്ലാർക്കിനെയാണ് പരിശോധനയ്ക്കു അയക്കുന്നതു്. ഏതെല്ലാം സംഗതികളാണ് പരിശോധിക്കേണ്ടതെന്നു അവർക്കു അറിഞ്ഞുകൂടാ. എക്സിക്യൂഷൻക്ലാർക്ക്, ഡിക്രിക്ലാർക്ക്, എക്സാമിനർ തുടങ്ങിയുള്ളവർ സൂക്ഷിക്കുന്നതിൽ ചില പുസ്തകംമാത്രം പരിശോധിച്ചു തൃപ്തികരമായിരിക്കുന്നുഎന്നു രേഖപ്പെടുത്തിവയ്ക്കും. അതിനാൽ ഇപ്പോഴത്തെ പരിശോധനരീതി മാറ്റണം. ഒരു ഹൈക്കോടതിജഡ്ജി കോർട്ടുപരിശോധനയ്ക്കു ചെല്ലുമ്പോൾ ഇന്നഇന്ന സംഗതികളെല്ലാം പരിശോധിക്കണമെന്നുള്ളതിനു ഒരു ഫാറം പ്രിന്റുചെയ്തുവച്ചാൽ അതാതുകാലത്തിൽ പരിശോധനയുടെ ഫലം എഴുതുന്ന

തിനും മററും തവണ പരിശോധിക്കാൻ വിട്ടുപോയ സംഗതി അടുത്ത തവണ ക്ലൂട്ടിൽ പരിശോധിക്കുന്നതിനും സാധിക്കുന്നതാണ്.

ഈ സംഗതികളിൽ ഹൈക്കോടതി നിഷ്കർഷചെയ്താൽ ജനങ്ങൾക്കു ഇപ്പോൾ ഉണ്ടായിട്ടുള്ള സങ്കടത്തിനു പരിഹാരമുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കൈക്കൂലി നടപ്പുണ്ടെന്ന സംഗതി എന്റെ സ്നേഹിതൻ മിസ്റ്റർ കല്ലൂർ നാരായണപിള്ള വിശ്വസിക്കുന്നില്ലെന്നു പറയുന്നുണ്ടെങ്കിലും പല ക്രമക്കേടുകളും ഉണ്ടെന്നു അദ്ദേഹം സമ്മതിക്കുകയും അവയെ ചൂണ്ടിക്കാണിക്കയുംചെയ്തു. ക്രമക്കേടുകൾ തുടങ്ങുന്നതും കൈക്കൂലി അവസാനിക്കുന്നതും ആയതോ അല്ലെങ്കിൽ ക്രമക്കേടുകൾ അവസാനിക്കുന്നതും കൈക്കൂലി തുടങ്ങുന്നതും ആയതോ ആയ സൂക്ഷ്മമായ സ്ഥാനം നിർണ്ണയിക്കാൻ പ്രയാസമാണ്. ക്രമക്കേടുകൾ ഒരുവിധം ദുഷിച്ച നടപടികൾ ആണ്. ക്രമക്കേടായ നടപടികൾ നടത്തിക്കൊണ്ടിരിക്കുന്ന ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാർ ദുഷിച്ച നടപടികൾ ഉള്ളവരാണെന്നു സംശയിക്കപ്പെടാവുന്നതാണ്. ക്ലിപ്തപ്പെടുത്തിയിട്ടുള്ള ചട്ടങ്ങൾ അനുസരിക്കാതിരിക്കയും അവയെ അനുവർത്തിക്കുന്നു എന്നു നടിക്കയും ചെയ്യുന്ന ജുഡിഷ്യൽ ഉദ്യോഗസ്ഥൻ, വേണമെങ്കിൽ മററു നടപടികളും പ്രയോഗിക്കുമെന്നുള്ളതാണ്. ഇതുകളെല്ലാം കണ്ടുപിടിക്കാൻ പ്രയാസമാകുന്നു. കൈക്കൂലിസംഗതിയെപ്പററി കൂലംകഷമായി കൌൺസിലിൽ പ്രതിപാദിച്ചു എന്നു ഉദ്യോഗസ്ഥമെമ്പർ പറകയുണ്ടായി. എന്നാൽ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അപ്രകാരം ചെയ്തിട്ടില്ല. നമ്മൾ സബ്‌രജിസ്ട്രാർമാരുടെ ഇടയിലുള്ള കൈക്കൂലിയെപ്പററിയാണ് പ്രതിപാദിച്ചതു. അല്ലാതെ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരെപ്പററിയല്ല. ആ സംഗതി സംഗതിവശാൽ സൂചിപ്പിക്കപ്പെട്ടതേയുള്ളു. ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയതു ഈ സംഗതി ഗവൺമെന്റിന്റെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ്. ഈ വിമർശനങ്ങളോടുകൂടി ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നം. ൧൬.

മി. എൻ. കെ. പിള്ള (കരുനാഗപ്പള്ളി): താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

നം. ൧൬. ൧൪-ാംനമ്പർ ഡിമാൻഡിൽ ഉൾപ്പെട്ട ൭.൪൭ ലക്ഷം രൂപായിൽനിന്നും ൧൦൦ രൂപാ കുറക്കണമെന്നു.

ഇതിനു മുമ്പിലത്തെ ഉപക്ഷേപങ്ങളെ പരാമർശിച്ചു ഉണ്ടായ പ്രസംഗങ്ങളിൽനിന്നും നീതിന്യായഭരണം എല്ലാം ശരിയായി നടക്കുന്നില്ല എന്നു കാണാൻ കഴിയുന്നുണ്ട്. എന്റെ സ്വന്ത അഭിപ്രായത്തിൽ തിരുവിതാംകൂറിൽ നീതിന്യായഭരണം ഇല്ല. എന്നാൽ ഇവിടെ നീതിന്യായം വിലയ്ക്കു വിൽക്കുകയാകുന്നു. ഞാൻ പറഞ്ഞതിന്റെ അർത്ഥം വിശദമാക്കാം. ഇതെല്ലാം പണംകൊണ്ടു സാധിക്കേണ്ട കാര്യമായി തീർന്നിട്ടുണ്ട്. ന്യായം കിട്ടുന്നതിനു ജഡ്ജിമാർക്കു പണം കൊടുക്കണമെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ ന്യായംകിട്ടുന്നതിനുവേണ്ടി ധാരാളംപണം ചിലവാക്കേണ്ടിവരുന്നു എന്നാണ്. ചുരുക്കിപ്പറയുകയാണെങ്കിൽ ന്യായം കിട്ടുന്നില്ല. അതിനുവേണ്ടി ചെലവാക്കേണ്ടിവരുന്ന പണവും കേസിനു ഹേതുവാകുന്ന വസ്തുവിന്റെ വിലയും തമ്മിൽ യാതൊരു താരതമ്യവും ഇല്ല. അതായതു ക്രമാതീതമായി പണം ചിലവാക്കേണ്ടിവരുന്നു. നീതിന്യായഭരണം വളരെ ചിലവുമുള്ളതും ക്രമാതീതം സാങ്കേതികവും ആയി ഭവിച്ചിട്ടുണ്ട്. അതു മിക്കവാറും രണ്ടു വക്കീലന്മാർതമ്മിലുള്ള വാദപ്രതിവാദമായിത്തീർന്നിരിക്കുന്നു എന്നു മാത്രമല്ലാ വക്കീലന്മാർ നീതിസിദ്ധമാക്കുന്നതിനു കോർട്ടിനെ സഹായിക്കുന്നതിനു പകരം വാസ്തവമായ സംഗതികളിൽ നിന്നും കോടതിയെ വിമോഹിപ്പിക്കയും ചെയ്യുന്നു. ഒരു സാക്ഷിയെ ക്രാസ്സ് എക്സാമിൻ ചെയ്യുമ്പോൾ (എതിർവിസ്താരം ചെയ്യുമ്പോൾ) മറുഭാഗം വക്കീൽ എഴുന്നേററു തെളിവിനു ഉതകുന്ന ചോദ്യങ്ങളെ തടയുന്നു. മലയാളത്തിൽ ജഡ്ജിമെന്റു എഴുതുന്നതിനെപ്പററി മിസ്റ്റർ ഇട്ടൂപ്പൻനമ്പൂതിരി സംസാരിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന ഭയം എനിക്കും ഉണ്ട്. ഇപ്പോഴത്തെ സമ്പ്രദായത്തെ ആകപ്പാടെ പരിഷ്കരിക്കണമെന്നാണ ഞാനും നിർദ്ദേശിക്കുന്നതു്. എന്നാൽഗവൺമെന്റിനെ അതിലേക്കു പ്രേരിപ്പിക്കാൻ എനിക്കു സാധിക്കുമോ എന്നു എനിക്കു നിശ്ചയം ഇല്ലാ. എന്തെന്നാൽ ഈ സമ്പ്രദായത്തിന്റെ നിർമ്മാതാക്കൾ നമ്മൾതന്നെയാകുന്നു. നാം ആ സമ്പ്രദായത്തിലാണു പരിശീലിച്ചിരിക്കുന്നതു്, അതിനാൽ അതിനെ ഭേദപ്പെടുത്തുന്നതിനു നമുക്കുതന്നെ ആത്മവിശ്വാസം ഉണ്ടാകുന്നില്ല. നീതിന്യായഭരണം പണച്ചിലവു കുറഞ്ഞതാക്കിത്തീർക്കുന്നതിനു എനിക്കു ചില നിർദ്ദേശങ്ങൾ സമർപ്പിക്കാനുണ്ട്. ഒന്നാമതായി നീതിന്യായം സുഗമമാക്കിത്തീർക്കണം. അതായതു നിയമങ്ങളും ചട്ടങ്ങളും എല്ലാ ജനങ്ങൾക്കും മനസ്സിലാക്കത്തക്കവിധത്തിൽ ലഘുവാക്കണം. തെളിവു ആക്ടിനെ സകലവിധ തെളിവുകളും സ്വീകരിക്കത്തക്കവിധത്തിൽ ഭേദപ്പെടുത്തണം. യാതൊരു ജഡ്ജിയുടേയും ഉദ്യോഗകാലാവധി അഞ്ചുകൊല്ലത്തിൽ കവിഞ്ഞുകൂടാ. ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവർ കേസുകൾ താമസിപ്പിക്കുന്നു എന്നും കൈക്കൂലി വാങ്ങുന്നു എന്നും അവർ കാര്യപ്രാപ്തിയില്ലാത്തവരാണെന്നും മററും നാം കേട്ടുവരുന്നുണ്ട്. കാര്യശേഷിയുള്ള വക്കീലന്മാരെ ജഡ്ജിമാരായി അഞ്ചു സംവത്സരത്തിൽ കവിയാത്ത കാലാവധിക്കു നിയമിച്ചുകൂടയോ? ഹൈക്കോർട്ടുജഡ്ജിമാരെ നിയമിക്കുന്നതുപോലെ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരെ കാര്യശേഷിയുള്ള വക്കീലന്മാരിൽനിന്നും തിരഞ്ഞെടുത്തുകൂടയോ? അവർക്കു ഒരു നല്ല ശമ്പളം കൊടുക്കയും അവർ സത്യസന്ധന്മാരായി ജോലിചെയ്യുകയും ചെയ്യണം. ആ കാലാവധികഴിഞ്ഞു അവരെ പിരിച്ചയക്കയും വേണം. അസംതൃപ്തചിത്തരായ വക്കീലന്മാരെ തൃപ്തിപ്പെടുത്തുന്നതിനു ഗവൺമെന്റിനു സാധിക്കുന്നതുകൂടാതെ ആ കാര്യത്തിനും പരിഹാരം ഉണ്ടാക്കാം. അതേസമയത്തുതന്നെ കാര്യക്ഷമമായി ജോലിചെയ്യിക്കുന്നതിനും നമുക്കു സാധിക്കും. വേറൊരു സംഗതി എനിക്കു പറയാനുള്ളതു സർക്യൂട്ടുകോടതികൾ ഉണ്ടായിരിക്കണമെന്നുള്ളതാണ്. അവർ സ്ഥലങ്ങൾതോറും സഞ്ചരിച്ചുകൊണ്ടിരിക്കണം. നമുക്കു സെഷ്യൻസു കോർട്ടുകൾ എന്ന പേരു മാത്രമേയുള്ളു. അവർ അതാതു സ്ഥലത്തു ചെന്നിരുന്നു സെഷ്യൻസു നടത്തിയാൽ (കേസു വിസ്തരിച്ചാൽ) എന്താണ്. ഇപ്പോൾ

ഉള്ള സ്ഥലങ്ങളിൽ അല്ലാതെ കൂടുതൽ സ്ഥലങ്ങളിൽ കോടതികൾ ഏർപ്പെടുത്തണമെന്ന മിസ്റ്റർ രാമൻമേനോൻ പറഞ്ഞുവല്ലോ. എല്ലാകോടതികളും ചില ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേർകളിൽ സ്ഥാപിക്കുന്നതു എന്തിനായിട്ടാണ്? അവയെ പല സ്ഥലങ്ങളിലായി വിതരണം ചെയ്യുന്നതോ? ഒരു സ്ഥലംതോറും സഞ്ചരിച്ചു കക്ഷികൾക്ക് ചിലവു കുറയുന്നവിധത്തിൽ അതതു സ്ഥലത്തു കോർട്ടുകൾ നടത്തുന്നതോ? അതു കക്ഷികൾക്കു സൌകര്യപ്രദം ആണല്ലോ. ഈ നിർദ്ദേശങ്ങളെ ഗവൺമെന്റ ഗൌരവമായി ആലോചിക്കുന്നതായാൽ അവകാശങ്ങളെ സഹായിക്കുവാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നു. എന്റെ നിർദ്ദേശങ്ങൾ ഇതുകളാണ്. ഇവയെപ്പറ്റി മിസ്റ്റർ പരമേശ്വരൻപിള്ളയുടെ മറുപടി കേൾക്കുന്നതിന്നു ഞാൻ ഉൽകണ്ഠയോടെ കാത്തിരിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): മി: ഏ. കെ. പിള്ള ഈ നിർദ്ദേശങ്ങൾ കൊണ്ടുവന്നതു എനിക്കു അവയെപ്പറ്റി പറയുവാനുള്ള അഭിപ്രായം അറിയാനായിട്ടാണെങ്കിൽ അദ്ദേഹത്തിന്നു ഇച്ഛാഭംഗത്തിന്നു സംഗതിയുണ്ടായേക്കാം. അദ്ദേഹത്തിന്റെ ഉപക്ഷേപത്തിൽ ഈ നിർദ്ദേശങ്ങളെപ്പറ്റിയാതൊരു സൂചനയും ഇല്ലാതിരിക്കുന്നതുകൊണ്ടു അവയെപ്പറ്റി ഒരു അഭിപ്രായവും പറയുന്നതിന്നു ഞാൻ ശക്തനായിരിക്കുന്നില്ല. തിരുവിതാംകൂറിലെ നീതിന്യായഭരണ ക്രമം ബ്രിട്ടിഷ് സാമ്രാജ്യത്തിൽ നടപ്പുള്ള സമ്പ്രദായത്തെ അനുസരിച്ചാണ് രൂപീകരിച്ചിട്ടുള്ളതു്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): നമ്മൾക്കിപ്പോഴുള്ള വിഷമതകളെ ഒക്കെയും ഞാൻ നിർദ്ദേശിച്ചു. ഞാൻ അവയെപ്പറ്റി പറയാതെതന്നെ വരുമെംബർക്ക് അറിയാമല്ലോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): ന്യൂനതകൾ ഉണ്ടായിരിക്കാം. അതുകൊണ്ടാണ ഞാൻ പറഞ്ഞതു നമ്മൾ ബ്രിട്ടിഷ് സാമ്രാജ്യത്തിലെ നടപ്പിനെ ആണ് അനുവർത്തിക്കുന്നതു എന്ന്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വിഷമതകളെ നമുക്കു ദൂരീകരിക്കരുതോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): നമുക്കു കുഴപ്പം ഞാൻ പറയുന്നതു ഇതാണ്. അതായതു വേണ്ട നോട്ടീസ്സുകൂടാതെ അതിനെപ്പറ്റിപ്പറയാൻ എനിക്കു നിവൃത്തിയില്ലെന്നാണ്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ബ്രിട്ടീഷ് ഇൻഡ്യയിലെ എല്ലാ ഏർപ്പാടുകളും നാം അനുവർത്തിക്കുന്നില്ലാ. ദൃഷ്ടാന്തമായിട്ടു ജൂറിസിസ്റ്റംതന്നെ എടുത്തു പറയാം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): ജൂറിസിസ്റ്റത്തെപ്പറ്റി സഭയിൽ ആലോചിക്കയും അതിനെ അംഗീകരിക്കാതെ തള്ളുകയും ചെയ്തു എന്നു ഞാൻ മുമ്പേ പറഞ്ഞുവല്ലോ.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി). നമുക്കു അതു പാടില്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ജൂറിസിസ്റ്റത്തെപ്പറ്റി തിരുവിതാംകൂർ നിയമസഭയിൽ പര്യാലോചിക്കയും ഒടുവിൽ അംഗീകരിക്കാതെ തള്ളുകയുംചെയ്തു.

മി. എ. ജെ. ജാൺ (വയ്ക്കം): ജൂറിസിസ്റ്റം ബ്രിട്ടീഷ് ഇൻഡ്യയിൽ ശരിയായി നടക്കുന്നുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ), ആ സംഗതിയിൽ അഭിപ്രായവ്യത്യാസമുണ്ട്.

മി. എൻ. കമാരൻ (നോമിനേറ്റഡ്): തെളിവുകളെ ചുരുക്കുന്നതിനെപ്പറ്റി മി. ഏ. കെ. പിള്ള പറഞ്ഞ നിർദ്ദേശങ്ങൾക്കു മി. പരമേശ്വരൻപിള്ള എന്തുപറയുന്നു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ദോഷകരമായിരിക്കുമെന്നു എനിക്കു തോന്നുന്നു. മുൻകാലത്തു നടപ്പിലിരുന്നതു ദൈവീകതീർപ്പിനെ ആശ്രയിച്ചുള്ള നടപടി ആയിരുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ സമ്പ്രദായത്തിൽ പാവപ്പെട്ടവർക്കു നീതികിട്ടുവാൻ സാധിക്കുന്നില്ല. എന്തെന്നാൽ അതു അത്രവളരെ സാങ്കേതികമായിരിക്കുന്നു. അതിനെപ്പറ്റി അദ്ദേഹം എന്തുപറയുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇരുകക്ഷികൾക്കും വക്കീന്മാരെ ഏർപ്പെടുത്താമല്ലോ.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരുകക്ഷി ദരിദ്രനും മറ്റേതാൻ സമ്പന്നനുമായി വരിക്കുന്ന സംഗതിയിൽ സമ്പന്നനുമാത്രമേ നീതികിട്ടുകയുള്ളു.

മി. കല്ലാലം പരമേശ്വരൻപിള്ള അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അങ്ങനെ പറയുന്നതു ശരിയല്ല. എല്ലാകക്ഷികൾക്കും ഒന്നുപോലെ നീതിയെ പ്രദാനം ചെയ്യുന്നതിനാണല്ലൊ ജഡ്ജി ഇരിക്കുന്നതു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): വക്കീലന്മാർക്കു ജഡ്ജിയെ പറഞ്ഞു മെരട്ടുവാൻ കഴിയുമെങ്കിൽ സമ്പന്നനു അനുകൂലമായവിധത്തിൽ വിധിസമ്പാദിക്കാൻ കഴിയും. എന്തെന്നാൽ ജഡ്ജിയെ പറഞ്ഞു മെരട്ടുന്നതിനു ഏററവും മിടുക്കനായ വക്കീലിനെ ഏർപ്പെടുത്തുന്നതിനു സമ്പന്നനു കഴിയുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): വക്കീലിന്റെ ജോലി ജഡ്ജിയെ പറഞ്ഞുമിരട്ടുന്നതല്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): തെളിവുശാസ്ത്രപ്രകാരം അപ്രകാരംതന്നെ.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ജഡ്ജിമാർ അങ്ങനെമിരട്ടപ്പെടുമെന്നു ഞാൻ സമ്മതിക്കയില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സഞ്ചാരകോടതികളുടെ കാര്യത്തിൽ മെമ്പർ എന്തു പറയുന്നു?

മി. കല്ലാലം പരമേശ്വരൻപിള്ള അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോൾ കോടതികൾ ഇല്ലാത്ത ഇടങ്ങളിൽ കോടതികൾ ഏർപ്പെടുത്തണമെന്നാണ് മി. ഏ. കെ. പിള്ള പറയുന്നതെങ്കിൽ അതുവളരെ പണച്ചിലവുള്ളതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഓരോസ്ഥലത്തും സഞ്ചരിച്ചു കേസുകൾവിസ്തരിക്കുന്ന കോടതികൾ വേണമെന്നാണ് ഞാൻ പറയുന്നതു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇംഗ്ലണ്ടിലെ അസൈസസ് മാതിരിയിൽ കോർട്ടുവേണമെന്നാണ് പറയുന്നതു. നാം ബ്രിട്ടീഷ്ഇൻഡ്യൻസമ്പ്രദായത്തെയാണ് അനുകരിക്കുന്നതു. മറെറതു പരിശോധിച്ചുനോക്കേണ്ടതായിരിക്കുന്നു. അതിനു ഗുണങ്ങളും ദോഷങ്ങളും ഉണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു കക്ഷികളെ സംബന്ധിച്ചിടത്തോളം ചിലവു കുറച്ചുള്ളതല്ലല്ലൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): രാജ്യത്തിനു ലാഭമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട): നാം ബ്രിട്ടീഷ്നടപടിയാണ് അനുവർത്തിക്കുന്നതെന്നു മെമ്പർപറയുന്നു, എന്നാൽ ഈസമ്പ്രദായംകൂടി അനുവർത്തിച്ചാൽ എന്തു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനു ഗുണങ്ങൾ എന്നപോലെ ദോഷങ്ങളുംഉണ്ടു എന്നാണ് ഞാൻപറയുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): കോടതിയുടെ അനുവാദപ്രകാരം മദ്ധ്യസ്ഥന്മാരെ നിയമിച്ചാൽ എന്തു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ജഡ്ജിമാർ ഇന്നപ്രകാരംചെയ്യണമെന്നു നിർബന്ധിക്കുന്നതു നീതിന്യായഭരണത്തിനു യോജിച്ചതായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഇപ്പോഴത്തെ സമ്പ്രദായംതന്നെ മാററണം. അതു ഒരു ബിൽമൂലമായെ പാടുള്ളു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ജഡ്ജിമാരെ ൫ സംവത്സരത്തിൽ കവിഞ്ഞസമയത്തേക്കു നിയമിച്ചുകൂടെന്നു ഞാൻ പറഞ്ഞതിനെപ്പററി അദ്ദേഹം എന്തുപറയുന്നു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): നമ്മൾ ബ്രിട്ടീഷ്ഏർപ്പാടു അനുകരിക്കുന്നതേയുള്ളു. ഒരുജഡ്ജി ൫ സംവത്സരംകഴിഞ്ഞു ഉടനെ പൊയ്ക്കൊള്ളണമെന്നു പറഞ്ഞാൽ അയാൾ അതുവരെ സമ്പാദിച്ച പരിജ്ഞാനം മുഴുവനും നഷ്ടമാകും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നാം ഹൈക്കോർട്ടിലേക്കു ജഡ്ജിമാരെ വക്കീലന്മാരിൽനിന്നും നേരിട്ടു നിയമിക്കുന്നില്ലയോ? ഇവരെ കുറച്ചുകാലത്തേക്കല്ലയോ നിയമിക്കുന്നതു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അവരെ പതിവുപോലെ അതായതു ൫൫ വയസ്സുതികയുന്നതുവരെക്കും ആണ് നിയമിക്കുന്നതു. ഇപ്പോഴത്തെനടപ്പിനെ മാററണമെങ്കിൽ അതിനു ന്യൂനതയുണ്ടെന്നു തീർച്ചയായി തെളിയിക്കണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ ഏർപ്പാടു മാററുന്നതായാൽ ഗവർമ്മെൻറിനു ലാഭംഉണ്ടു. അവർക്കു പെൻഷൻകൊടുക്കേണ്ടതില്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അങ്ങനെയാകുമ്പോൾ ജഡ്ജിവേലയ്ക്കു നല്ലവക്കീലന്മാരെ കിട്ടുമെന്നു എനിക്കു തോന്നുന്നില്ല. അതും പണത്തെ ആശ്രയിച്ചിരിക്കും.

വൈകിട്ടു ൫-൨൦ നു സഭ പിരിഞ്ഞു.

എൻ. നീലകണ്ഠപ്പിള്ള,
നിയമസഭ സെക്രട്ടറി.

(A true translation)

T. RAMALINGOM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭ,

മി. കുളത്തുങ്കൽ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ജയിൽ അധികാരികളുടെ അനുവാദംകൂടാതെ എന്തെങ്കിലും വിവരങ്ങൾ പുറമെ അറിയിക്കുന്നതു ജയിലിലെ ചട്ടങ്ങൾക്കു [illegible] തമല്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്തെങ്കിലും വിവരങ്ങൾ [illegible] ചട്ടങ്ങൾക്കു വിപരീതമായേക്കാം. എന്നാൽ [illegible] പേരവയ്യാത്തരീതിയിലുള്ള ഹർജി [illegible] ജയിൽചട്ടങ്ങൾ ബലമായി ഭരിക്കപ്പെട്ടതു എങ്ങനെയാണ്. ജയിലിലെ ചട്ടങ്ങൾ [illegible] എഴുത്തും കുററമാണ്. ജയിലിലെ ചട്ടങ്ങളെ അതിക്രമിക്കുന്നതും കുററമാണ്. എന്നാൽ [illegible] പേരവയ്യാത്തരീതിയിലുള്ള ഒരു ഹർജി [illegible] കൂട്ടരെ [illegible] കുന്നതെങ്ങനെ?

മി. കുളത്തുങ്കൽ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): [illegible] അതിന്റെ ജനയിതാവിനെ ഒളിക്കുന്നതിനു ആശിച്ചു. ഈ വസ്തുത ആ കുററം കൂട്ടുവാൻ [illegible] ക്കിതിക്കുന്നില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ പറഞ്ഞതുപോലെ അനുവാദംകൂടാതെ എന്തെങ്കിലും എഴുതുന്നതു ജയിൽ ചട്ടങ്ങൾപ്രകാരം കുററമാണ്. എന്നാൽ പേരവയ്യാത്തരീതിയിലുള്ള ഹർജി അയച്ചിരിക്കുന്നതുകൊണ്ടു ആ കുററത്തിനു കാഠിന്യം ഉണ്ടാകുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). കുററക്കാരൻ ഹർജി എഴുതിയിട്ടി ല്ല. അയാൾ എഴുതിക്കൊണ്ടിരുന്നപ്പോൾ പിടിച്ചു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ സംഗതി [illegible] അറിയുകയാണ്. അധികാരികളുടെ അനുവാദംകൂടാതെ എഴുതുന്നതിനെ നിരോധിക്കുന്ന ചട്ടമുണ്ടായിരുന്നിട്ടും മററ ആളുകൾ കത്തുകൾ എഴുതുകയും അവരോടു അധികാരികൾ ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ [illegible] കയും ചെയ്തിരിക്കണം എന്നുള്ളതാണ് എന്റെ ലക്ഷ്യം. അപ്രകാരമുള്ള എല്ലാ സംഗതികളിലും കുററക്കാർക്കു അടിശിക്ഷ നൽകിയതായി ഗവർമ്മെന്റ ഭാഗത്തുനിന്നും വാദിച്ചിട്ടില്ല. അതുകൊണ്ടു പേരവയ്യാത്തരീതിയിലുള്ള ഹർജി എന്നനിലയിൽ അതിനു നൽകിയിട്ടുള്ള പ്രാധാന്യമാണ് എനിക്കു മനസ്സിലാക്കുവാൻ കഴിയാത്തതു. ജയിൽപുള്ളിയാൽ കുററാരോപണംചെയ്യപ്പെട്ട ജനങ്ങൾ, അതായതു ജയിൽ അധികാരികൾ ഈ സംഗതിയിൽ ഒരു ജഡ്ജിയുടെസ്ഥാനം സ്വയം സ്വീകരിച്ചു എന്നു മിസ്റ്റർ മാധവൻപിള്ള പറഞ്ഞപ്പോൾ, ഈ പ്രത്യേകസംഗതിയുടെ സ്വഭാവം വളരെ ശരിയായി വെളിവാക്കി. ചീഫ് സെക്രട്ടറി പറയുന്നപ്രകാരമാണെങ്കിൽ അടിശിക്ഷകൂടാതെ നമുക്കു നിവൃത്തിയില്ല. അതു ശിക്ഷയെന്നനിലയിൽ സ്വഭാവേന ഭരണതന്ത്രപരമായുള്ളതാണെന്നാണ് ഞാൻ പറയുന്നതു. എന്തുകൊണ്ടെന്നാൽ ശിക്ഷകൾ നൽകുന്ന ഉദ്യോഗസ്ഥന്റെ വിധിയിന്മേൽ അപ്പീൽചെയ്യാൻ ശരിപ്പെടുത്താൻ നിവൃത്തിയില്ലാത്തവിധത്തിലുള്ള ശിക്ഷകളിൽ ഒന്നാണ് അതു. തടവുസംഗതിയിൽ, തടവിൽകിടക്കുന്ന കക്ഷിക്കു മേലധികാരികളോടു അപ്പീൽചെയ്യാവുന്നതും ശിക്ഷ അസ്ഥിരപ്പെടുത്താവുന്നതും ആണ്. എന്നാൽ അടിശിക്ഷയിൽ വിശേഷിച്ചു അതു അനുഭവിപ്പിച്ചാൽ, വിധിയെ അസ്ഥിരപ്പെടുത്തുന്നതുകൊണ്ടു യാതൊന്നും ലഭിക്കാനില്ല. ദ്വേഷഭാവമാണ് അതിനെ പ്രേരിപ്പിക്കുന്നത്. അതു [illegible] വൈപരീത്യശക്തിക്കു അതീതമത്രെ. ഈ കാരണങ്ങളാൽ അതു യോഗ്യമായ ശിക്ഷയാണോ എന്നു എനിക്കു വളരെ സംശയമുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-മൂവാററുപുഴ): അതു തടവുകാരനെ കഠിനചിത്തനാക്കുകയും സംസ്കരണം അസാദ്ധ്യമാക്കിത്തീർക്കുകയും ചെയ്യുകയില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു അപരിഷ്കൃതമാണെന്നു ഞാൻ പറഞ്ഞു. എല്ലാ അപരിഷ്കൃതശിക്ഷകളും തടവുകാരെ കഠിനചിത്തന്മാരാക്കുന്നതിനു പ്രേരിപ്പിക്കും.

സർ, മഹാന്മാരായ ജയിൽ സംസ്കാരകന്മാരിൽ ഒരാൾ ഇംഗ്ലണ്ടിലാണു ഉണ്ടായിട്ടുള്ളതു. മനുഷ്യസ്നേഹിയായ ആ മഹാസംസ്കാരകന്റെ, ഞാൻ ഹവേർഡിനെയാണ സൂചിപ്പിക്കുന്നതു, അഭിപ്രായങ്ങളെ ഇംഗ്ലീഷ് ജനത സ്വീകരിച്ചു അപ്രകാരം പ്രവർത്തിച്ചു. ഇംഗ്ലീഷ് സമുദായത്തിന്റെ അമേരിക്കയിലെ സഹോദരന്മാർ കുററശാസ്ത്രസംബന്ധമായി വേണ്ട സംസ്കാരങ്ങൾ ചെയ്യുന്നതിനു കുറെക്കൂടി മുമ്പോട്ടുപോയി. ഇപ്രകാരമുള്ള ഈ അവസ്ഥയിൽ, ഇംഗ്ലണ്ടിൽ അടിശിക്ഷ വീണ്ടും നടപ്പാക്കിയിരിക്കുന്നു എന്നു ചീഫ്സെക്രട്ടറി പറയു

ബോൾ, ആ വിവരം അല്പം അസ്വാരസ്യത്തോടുകൂടിയേ എനിക്കു സ്വീകരിക്കാവൂ. ഇവിടത്തെ നമ്മുടെ മഹാരാജാവുംപോലെതന്നെയാണ് ബ്രിട്ടീഷ് ഇൻഡ്യയിലെയും, വിശേഷിച്ചു, ജയിൽപരിഷ്കാരണം സംബന്ധമായി, ബോംബാ ഗവൺമെൻറു നിയമിച്ച കമ്മിഷൻറെയും മനോഭാവം എന്നതിനു സംശയമില്ല. തടവുകാരെ സംബന്ധിച്ചിടത്തോളം കൂടുതൽ കഠിനമാക്കപ്പെടണമെന്നാണ കമ്മിഷനിലെ ഭൂരിപക്ഷം അംഗങ്ങളുടേയും അഭിപ്രായമെന്നു തോന്നുന്നു. ഭൂരിപക്ഷത്തിൻെറ ഈ അഭിപ്രായത്തിനു വിപരീതമായി ഒരു ന്യൂനതാഭിപ്രായം മിസ്റ്റർ ചന്ദ്രു പുറപ്പെടുവിച്ചിട്ടുണ്ട്. ദയാപുരസ്സരമായ പെരുമാററമാണ് വേണ്ടത്. അവൻ ഒരു ത്യജിക്കപ്പെട്ട മനുഷ്യനാണെന്നുള്ള ബോധം ഒരു കുററക്കാരന് ഉണ്ടാക്കിക്കൊടുക്കരുതു. കുററക്കാരുടെ മനസ്സിൽ ഈ ഭാവമാണ് ഇപ്പോൾ ഉല്പാദിപ്പിച്ചുവരുന്നതു. ഇതുതന്നെയാണ ത്യജിക്കപ്പെടേണ്ടതും. കുററക്കാരനും ഒരു സാധാരണമനുഷ്യനാണെന്നുള്ള ബോധം അവൻെറ മനസ്സിൽ സംജാതമാക്കുകയും, മററു മനുഷ്യരോടെന്നപോലെ അവനോടു പെരുമാറുകയും വേണം. സാന്മാർഗ്ഗികമായും മതവിഷയകമായും ഉള്ള ബോധനം, സന്ദർശകന്മാർ ക്ലാസ്സുകൾ നടത്തൽ, സന്ദർശനത്തിനുവേണ്ട ഏർപ്പാടു നടപ്പാക്കി, സാധാരണമനുഷ്യരെ എന്നപോലെ തടവുകാരെ കാണുന്നതിനു കുററക്കാരെ അനുവദിക്കുന്ന സമ്പ്രദായം, അവരിൽനിന്നു കാരുണ്യം ലഭിക്കുന്നതിനു തടവുകാരെ അനുവദിക്കുന്ന രീതി, മുതലായുള്ള അത്തരം പെരുമാററംകൊണ്ടു അവരേയും സാധാരണ മനുഷ്യരെ സ്ഥിതിയിൽ ആക്കാൻ സാധിക്കാവുന്നതാണ്. ഇത്തരമാർഗ്ഗത്തിലേക്കാണ് കുററവാസനയെ നയിക്കേണ്ടതിന്റെ ശ്രമം വേണ്ടതു. കൽക്കത്തക്കാരായ ഭിഷഗ്വരന്മാർ പ്രസ്താവിച്ചിട്ടുള്ളതുപോലെ കുററക്കാരുടെ സ്വഭാവത്തിൽ മാനസികമായി എന്തോ ചില ന്യൂനതകൾ ഉണ്ടു. കൂടാതെ മാനസികമായും ശാരീരികമായും ഉള്ള ബന്ധവും ഉണ്ടായിരിക്കാം. ഈ സംഗതിയിൽ മാനസിക വിദഗ്ദ്ധന്മാരും മാനസികശാസ്ത്രജ്ഞന്മാരും ധാരാളം പറയാനുണ്ടാകും. അതുകൊണ്ടു വാസ്തവമായ കാരണങ്ങൾ കണ്ടുപിടിക്കാതെ, ഈ സാധുക്കളിൽ നാനാപ്രകാരേണയുള്ള ശിക്ഷകൾ ചുമത്തുകയും അപരിഷ്കൃതാവസ്ഥയിൽ അവരെ വിട്ടുകളകയും ചെയ്യരുതു.

ഈ തടവുകാരെ ജയിലിൽവച്ചു കാണുന്നതിനു ജഡ്ജിമാരെ അനുവദിക്കണമെന്നു മിസ്റ്റർ മാധവൻപിള്ള നിർദ്ദേശിച്ചു. തടവുകാരെ കാണുന്നതിനു ജഡ്ജിമാരെ അനുവദിക്കുകയാണെങ്കിൽ ഒരു ഗുണം ഉണ്ടായിരിക്കും. നമ്മുടെ ശിക്ഷാസമ്പ്രദായങ്ങൾ കുററങ്ങൾക്കനുരൂപമായുള്ളതല്ലെന്നു അതു തെളിയിക്കുന്നതാണ്. ഉദാഹരണത്തിനു, രണ്ടു സമുദായങ്ങൾ തമ്മിൽ വർഗ്ഗീയമത്സരം ഉണ്ടാക്കിയതിനു ഒരു പത്രാധിപരെ ഒരു വർഷത്തെ കഠിനതടവിനാണു ശിക്ഷിച്ചു. നേരെമറിച്ചു, ബ്രിട്ടീഷ് ഗവൺമെൻറിനു എതിരായി ഒരു പാർലമെൻറു സാമാജികൻ കഠിനമായ ഭാഷയിൽ തൻെറ ആശയങ്ങളെ പ്രകടിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ നേർക്കു നടത്തിയ നടപടികൾ ഒരു ജാമ്യക്കാരനെ അനുവദിച്ചുകൊള്ളുന്നതുമാത്രമായിരുന്നു. രണ്ടുസംഗതിയിലുമുള്ള ശിക്ഷയുടെ വ്യത്യാസത്തിൻെറ ഗൌരവം നോക്കവേ, അവർതന്നെ ശിക്ഷിച്ചതായ തടവുകാർ ജയിലിൽ എങ്ങനെയാണു വർത്തിക്കുന്നതെന്നു ജഡ്ജിമാർക്ക് മനസ്സിലാകുമ്പോൾ ശിക്ഷയെപ്പററിയുള്ള അവരുടെ ധാരണക്കു മാററമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. ക്രിമിനൽ നിയമഭരണത്തിൽ കുററത്തിനു അനുയോജ്യമായ ശിക്ഷ ഏതാണെന്നു അറിയുന്നതു വളരെ പ്രയാസമുള്ള വിഷയമാകുന്നു. നമ്മുടെ ജഡ്ജിമാരെ തടവുകാരെ സന്ദർശിക്കുന്നതിനു അനുവദിക്കുകയാണെങ്കിൽ, ഈ പ്രമേയത്തിനു ഒരു നിവൃത്തി കണ്ടുപിടിക്കുന്നതിനും കുററങ്ങൾക്കു അനുസരണമായി ശിക്ഷ നൽകുന്നതിനും വളരെ സഹായിക്കും. ആജ്ഞക്കു വിധേയരായ തടവുകാരെ അവരുടെ സംസ്കരണത്തിനുവേണ്ടി എങ്ങനെയാണു സൂക്ഷിക്കേണ്ടതെന്നും, ഒടുവിൽ, വിട്ടയക്കപ്പെട്ടാൽ സമുദായത്തിനു ഉപകാരികളായി തീരേണ്ടതെങ്ങനെയെന്നുമുള്ളതാണു പ്രയാസപ്പെട്ട വിഷയം. നാം ആലോചിക്കേണ്ട ഏററവും പ്രധാനപ്പെട്ട വിഷയം അതാണ്. അതിനെ ഉദ്ദേശിച്ചായ ഒരു ജയിൽ സംസ്കാരകൻെറ നിർദ്ദേശം എന്ന നിലയിൽ തന്നെയാണു ഞാൻ പറയുന്നതു. അതുകൊണ്ടു ഗവൺമെൻറു ഈ സംഗതിയെ ഗാഢമായി ചിന്തിക്കണമെന്നും ആ വിഷയത്തിൽ സാരമായ എന്തെങ്കിലും ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്): ഞാൻ ഒരു ജയിൽ പരിഷ്കാരകൻ അല്ലെന്നും, എൻെറ പ്രസംഗത്തിൽ ഞാൻ യാതൊന്നും അതിശയോക്തിയായി പ്രസ്താവിച്ചിട്ടില്ലെന്നും ചീഫ്സെക്രട്ടറിയെ അറിയിച്ചുകൊള്ളുന്നു. ജയിലിൻെറ ആവശ്യത്തിനായി നാം പണം ചിലവാക്കുകയാണെങ്കിൽ അതു ഉപയോഗപ്രദമായവണ്ണം ചെലവാക്കണമെന്നു ഞാൻ ഹൃദയംഗമമായി ആശിച്ചു, ഇപ്പോഴും ആശിക്കയും ചെയ്യുന്നു. തടവുകാരൻ അപരാധങ്ങൾ ചെയ്യുന്നതിനു ആഗ്രഹിക്കുന്നതിൽനിന്നു വിരമിക്കത്തക്കവിധം അവൻെറ മനസ്സിനെ സാന്മാർഗ്ഗികമായോ, മാനസികമായോ, അല്ലെങ്കിൽ കായികമായോ ഉള്ള പ്രേരണകൾക്കു വശംവദമാക്കുന്നതായിരിക്കണം നമ്മുടെ ഉദ്ദേശം. ശിക്ഷയ്ക്കു അനേകം ഉദ്ദേശങ്ങളുണ്ടു. കുററം വീണ്ടും ചെയ്യാതിരിക്കുന്നതിൽനിന്നും ജനങ്ങളെ പ്രതിരോധിക്കുന്നതു ഒരു ഉദ്ദേശമായിരിക്കും. എന്നാൽ അപരാധം ചെയ്യുന്ന മനുഷ്യൻ വീണ്ടും അപരാധം ചെയ്യാതിരിക്കാൻ നോക്കുന്നതായിരിക്കണം പ്രധാനഉദ്ദേശം. അതു സാധിക്കുന്നില്ലെങ്കിൽ തടവുകാരെസംബന്ധിച്ചുള്ള നമ്മുടെ ചെലവു വെറും പാഴ്ചിലവാണ്. ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചസംഗതികളിൽനിന്നും ഗവൺമെൻറിൻെറ ഇപ്പോഴത്തെ ഉദ്ദേശം പ്രതികാരപരമായുള്ളതല്ലെന്നു ചീഫ്സെക്രട്ടറി സമ്മതിക്കുന്നില്ല. എനിക്കു അതു സ്വീകരിക്കാൻ നിവൃത്തിയില്ല. ഗവൺമെൻറു പരിഷ്കരണോല്മുഖമായിരിക്കുന്നില്ലെന്നാണ് എൻെറ അഭിപ്രായം. ഗവൺമെൻറു സംസ്കരണപന്ഥാവിലൂടെ സഞ്ചരിക്കുകയും ജയിലിൽ ഇപ്പോൾ ചെയ്യുന്നതിൽനിന്നും കൂടുതലായി സംസ്കാരകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. എൻെറ അപേക്ഷ വളരെ മിതമായിരുന്നു. അടിശിക്ഷ നൽകപ്പെടുമ്പോൾ മററു തടവുകാരുടെ ദൃഷ്ടിയിൽ താഴ്ത്തപ്പെടുവാനും സ്വയം താഴ്ന്നവനും ആകാതിരിക്കത്തക്കവണ്ണം അതു ഒരു ജയിൽശിക്ഷയെന്ന നിലയിൽ നിറുത്തലാക്കപ്പെടണമെന്നും, മുമ്പു പ്രസ്താവിച്ചതുപോലെ, ശരിപ്പെടുത്താൻ പാടില്ലാത്തവിധം മനുഷ്യദ്വേഷി ആകരുതെന്നും ഞാൻ ആവശ്യപ്പെട്ടു. അടിശിക്ഷ നമ്മുടെ ഉദ്ദേശസാദ്ധ്യത്തിന്, അതായതു കുററക്കാരൻെറ സംസ്കരണത്തിനു പര്യാപ്തമല്ലെന്നാണ് എൻെറ വിശ്വാസം. ജയിൽ അധികൃതന്മാരുടെ നേർക്കുള്ള കഠിനമായ ദേഹോപദ്രവത്തിനല്ലാതെ അടിശിക്ഷ നൽകാൻ പാടില്ലെന്നുള്ള നിശ്ചിതമായ നിർദ്ദേശം കൊടുക്കണം. ഇതു വളരെ യുക്തിയുക്തമായ ആവശ്യമാണ്. ഗവൺമെൻറു അതു സ്വീകരിക്കേണ്ടതാണ്.

ഞാൻ ആവശ്യപ്പെട്ട മറെറാരു സംഗതി ഒരു ഹൈക്കോടതിജഡ്ജിയെ ജയിലിലെ ഉദ്യോഗസ്ഥസന്ദർശകനായി ക്ഷണിക്കണമെന്നുള്ളതാണ്. അതു എത്രത്തോളം പ്രാധാന്യമുള്ളതാണെന്നു കാണിക്കുന്നതിനു അധികാരസ്ഥന്മാർ എഴുതിയിട്ടുള്ള നിർദ്ദേശങ്ങൾ വായിച്ചുകേൾപ്പിച്ചു. മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിച്ചതുപോലെ, ഒരു തടവുകാരനു നൽകിയിട്ടുള്ള ശിക്ഷ അവൻ അനുഭവിക്കുമ്പോൾ അവൻെറ സ്ഥിതി എന്താണെന്നതിനെപ്പററിയും, ശിക്ഷയുടെ ഫലാനുഭവത്തെപ്പററിയും ഉള്ള അറിവു സമ്പാദിക്കുന്നതിനു ഒരു ജഡ്ജിക്കു അവസരം നൽകണം. അവരു നൽകിയിട്ടുള്ള ശിക്ഷയ്ക്കു ഇതു വളരെ പ്രയോജനമുണ്ടായിരിക്കും. സാമാന്യമായി ശിക്ഷയ്ക്കു ഇതു വളരെ പ്രയോജനമുള്ളതാണ്. ഹൈക്കോടതിജഡ്ജിമാർ ശിക്ഷിച്ച, ജയിലിൽ പാർപ്പിക്കുന്നതിനു അയയ്ക്കപ്പെട്ട തടവുകാരുടെകാര്യത്തിൽ അവർ ഇടപെടുകയില്ലെന്നു ... മാറിപ്പോവുകയല്ല. അവർതന്നെ ജയിലിലയച്ച ശിക്ഷായിനന്മാർ ജയിലിൽ എങ്ങനെയാണ് കഴിക്കുന്നതെന്നു അറിയത്തക്കവിധം തടവുകാരുടെ വിഷയങ്ങളിൽ അവർ നിയമമായും ശ്രദ്ധയും പ്രദർശിപ്പിക്കണം. അതുകൊണ്ടു ഈ ഉപദേശത്തെ ഞാൻ സഭയുടെ തീരുമാനത്തിനു വിധേയമാക്കിയിരിക്കുന്നു.

മി. കെ. ജാജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): സാർ, ഈ വിഷയത്തിൽ ... പ്രസ്താവിക്കാനുള്ളു. ചില സംഗതികൾകൊണ്ടുനോക്കിയാലും ഭരണം തൃപ്തികരമാണെന്നു ... ജയിൽഭരണറിപ്പോർട്ടുകൾ തെളിയിക്കുന്നു. ഉദാഹരണത്തിനു, മുൻകൊല്ലങ്ങളെ അപേക്ഷിച്ചു തടവുകാരുടെ രോഗങ്ങൾതന്നെ വളരെ കുറവാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്ട്): എൻെറ ഉപദേശം ... നിർദ്ദേശങ്ങളായി പരിണമിപ്പിച്ചിട്ടുണ്ട്.

മി. കെ. ജാജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): വാർഡന്മാരും മററ അംഗങ്ങൾ മററ നിരീക്ഷണങ്ങൾ ചെയ്യു.

സ്ഥാപനത്തിലെ മരണനിരക്കു വളരെകുറഞ്ഞു. കഴിഞ്ഞആണ്ടിൽ ഒരു മരണമേ ഉണ്ടായുള്ളുവെന്നു ഞാൻ വിചാരിക്കുന്നു. ശിക്ഷാവ്യവസ്ഥിതി ... കർശനമായും ... സംരക്ഷിച്ചുപോരുന്നുണ്ട്. ഇപ്പോൾ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ഒരു പ്രശ്നം ജയിലിൽ അടിശിക്ഷ നൽകുന്നതിനെപ്പററി ആയിരുന്നു. സർ, ... മാണ്ടിൽ മുഴുവൻ ഒരു അടിശിക്ഷമാത്രമേ ഉണ്ടായിട്ടുള്ളു. ജയിൽ ഉദ്യോഗസ്ഥന്മാരുടെ ... ഇതു പ്രതികാരബുദ്ധിയുടെ സൂചനയാണെന്നു പറയപ്പെടാമെന്നു ഞാൻ വിചാരിക്കുന്നില്ല. പേരുവച്ചുകൂടാതെയുള്ള ഹർജികൾ എഴുതിയതിനു അടിശിക്ഷ അനുഭവിപ്പിച്ചസംഗതി ... ൽ നടന്നതാണ്. ആ സംഗതിയിൽപോലും, ജയിൽപുള്ളി പേരുവയ്ക്കാതെയുള്ള ഒരു ഹർജിഎഴുതിയപ്പോഴല്ല അതു സ്വീകരിച്ചത്. കുററക്കാരൻ അങ്ങനെചെയ്യു പതിവായിരുന്നു. അവൻ എഴുതിയ പേരുവയ്ക്കാതെയുള്ള ഒട്ടധികം ഹർജികളുടെ പകർപ്പുകൾ ഉണ്ടായിരുന്നു. കുററക്കാരൻ പതിവായി അങ്ങനെ പ്രവർത്തിച്ചുപോരുന്നതു തെററാണെന്നു ജയിൽസൂപ്രണ്ടു വിചാരിച്ചു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്ട്): ആ രണ്ടുപേർക്കും അടിശിക്ഷയ്ക്കു മുമ്പായി മററ എന്തെങ്കിലും ജയിൽശിക്ഷ നൽകിയിട്ടുണ്ടോഎന്നു പറയുമോ?

മി. കെ. ജാജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഒരുവൻ പതിവായി കുററം ചെയ്യുന്നവനാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്ട്): അയാൾക്കു അടിശിക്ഷ നൽകുന്നതിനു മുമ്പ് എപ്പോഴെങ്കിലും അയാളെ ജയിൽകുററങ്ങൾക്കായി ശിക്ഷ അനുഭവിപ്പിച്ചിട്ടുണ്ടോ എന്നായിരുന്നു എൻെറ ചോദ്യം.

മി. കെ. ജാജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അവൻ വളരെ ദുഷ്ടനായിരുന്നു. അതുകൊണ്ടു അവനോടു കഠിനമായ നിലയിൽ പെരുമാറണമെന്നു ജയിൽസൂപ്രണ്ടു വിചാരിച്ചു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്ട്): അപ്പോൾ ഒരുവൻ ദുഷ്ടനായിരുന്നു. മുമ്പു ജയിലിൽ യാതൊരു കുററവും ചെയ്തിട്ടില്ലാത്ത മററവനെപ്പററി എന്താണു പറയുന്നതു്?

മി. കെ. ജാജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ആ പ്രത്യേക സംഗതിയെപ്പററി, എൻെറ പ്രത്യേകനിലയിൽ പറയുകയാണെങ്കിൽ, അവൻ അർഹിക്കുന്ന നിലയിൽമാത്രമേ അവനോടു പെരുമാറിയിട്ടുള്ളുവെന്നാണു ഞാൻ വിചാരിക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്ട്): അവരെ രണ്ടുപേരെ സംബന്ധിച്ചിടത്തോളവും ചീഫ് സെക്രട്ടറി ഇതാണോ പറയുന്നതു്?

മി. കെ. ജാജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): സാർ, ഈ എല്ലാ സംഗതികളിലും പരിതസ്ഥിതികളെയും ജയിലിലെ മററ തടവുകാർക്ക് ഒരു ഉദാഹരണമായി ഭവിപ്പിക്കുന്നതിനു് ഏററവും ഉപയുക്തമായതിനെയും പററി അറിയുന്ന ആ സ്ഥലത്തുള്ള ആളിൻെറ തീരുമാനത്തിനു വിടുന്നതാണ് നല്ലതു്. കുററക്കാരെ സംസ്കരണം ചെയ്യണമെന്നുള്ള വിചാരത്തോടുകൂടി മാത്രമല്ല ശിക്ഷനൽകുന്നതു്, ജയിലിലെ ശിക്ഷാവ്യവസ്ഥിതിക്കു ഹാനിതട്ടാതെയും സ്ഥാപനം ... നിറയപ്പെടാതെയും ... അതീതമായി ഭവിക്കാതെയും ഇരിക്കത്തക്കവണ്ണവും കുററക്കാരനെ മററുള്ളവർ അനുകരിക്കാതെ ... അതുകൂടിയാണു വിചാരിക്കപ്പെട്ടിട്ടുള്ളതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്ട്): പേരുവയ്ക്കാതെയുള്ള ഹർജികൾ എഴുതിയതിനു രണ്ടുപേരെ അടിച്ചു. ഒരുവൻ കുററംചെയ്തു ശീലിച്ചിട്ടുള്ളവനാണെന്നു ചീഫ്സെക്രട്ടറി പറയുന്നു. മററവനെപ്പററി എന്തുപറയുന്നു? അവനെയും അടിച്ചതെന്തിനാണു്?

മി. കെ. ജാജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): രണ്ടുപേരെ അടിച്ചുഎന്നു ഞാൻ അറിഞ്ഞിട്ടില്ല. അതു ... ൽ നടന്ന സംഭവമായിരുന്നു. എൻെറ കൈവശം റിപ്പോർട്ട് ഇല്ല.

സാർ, ഞാൻ പ്രസ്താവിച്ചതുപോലെ, ...മാണ്ടിൽ ബോംബെ പ്രസിഡൻസിയിൽ അടിശിക്ഷ സ്വീകരിക്കപ്പെട്ട കേസുകളുടെ എണ്ണം കൂടുതലായിരുന്നു. മുമ്പാണ്ടിൽ ... ആയിരുന്നിരിക്കെ അന്നാണ്ടിൽ ... ആയിരുന്നുഎന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു എത്രമാത്രം ഏതെല്ലാം കേസുകളിൽ അടിശിക്ഷ സ്വീകരിക്കപ്പെടാമെന്നുള്ളതിനു് അഭിപ്രായവ്യത്യാസം ഉണ്ട്. എല്ലാത്തരം കുററങ്ങൾക്കും അതൊരു

ശരിയായ ശിക്ഷയല്ലെന്നു നിഷ്പ്രയാസമായും സമ്മതിക്കാം. ആ സ്ഥാപനത്തിൽ പാർപ്പിക്കുന്ന മററുള്ളവർക്കുവേണ്ടിയും, അവിടെ [illegible] ഉള്ള ആ സ്ഥാപനത്തിൽ ഭയങ്കരമായ അപകടാവസ്ഥകളെ നിരോധിക്കുന്നതിനെ ഉദ്ദേശിച്ച് അതു് അത്യാവശ്യമായേക്കാം.

മി. സി. മാധവൻ പിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ജയിൽശിക്ഷ ഒരു നിരോധകസമ്പ്രദായമാണോ എന്നു പറയാമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഇതേതരത്തിലുള്ള കുററം മററുള്ളവർ ചെയ്യുന്നതിനെ പ്രതിരോധിക്കുന്നതിനാണു് വിചാരിക്കപ്പെട്ടിരിക്കുന്നതെന്നു ഞാൻ പറഞ്ഞു. ആ അർത്ഥത്തിൽ മാത്രം അതു നിരോധകമാകുന്നു.

ഇതിപ്രകാരം, ജയിൽശിക്ഷ ഒഴിച്ചിട്ടുള്ളതും വളരെ വളരെ മിതമായിട്ടും ഗൗരവമേറിയ കുററങ്ങൾക്കും മാത്രമേ നല്കാവൂ എന്നു ഗവൺമെൻറ ഉത്തരവു് അയച്ചിട്ടുണ്ട്. അതു ഗവൺമെൻറിന്റെ ഈയിടെ ഉണ്ടായ ഉത്തരവാണു്. മതപരമായിട്ടുള്ള ശിക്ഷകൾ അനുയോജ്യമല്ലാതിരിക്കുന്ന ഗൗരവപ്പെട്ട കുററങ്ങൾക്കുമാത്രമേ ജയിൽശിക്ഷ സ്വീകരിക്കപ്പെടാവൂ എന്നു സൂപ്രണ്ടിനോടു പറഞ്ഞിട്ടുണ്ടു്.

ഒരു ഹെഡ്മാസ്റ്ററെ ഉദ്യോഗസ്ഥസന്ദർശകനായി നിയമിക്കുന്നതിനെ സംബന്ധിച്ച് ഇപ്രകാരമുള്ള സംഗതിയിൽ, ഗവൺമെൻറു ഡൈറക്ടറുടെ തീരുമാനത്തിനു വിടുന്നതാണു നല്ലതെന്നു ഞാൻ വിചാരിക്കുന്നു. ഏതായാലും സാമാജികന്റെ അഭിപ്രായം ഡയറക്ടറെ അറിയിക്കുകയും, പ്രസ്തുത സംഗതിയിൽ അവരുടെ അവധാനപൂർവ്വം ആലോചിച്ചുള്ള അഭിപ്രായം ഒരിക്കൽകൂടി അറിയിക്കുന്നതിനു ആവശ്യപ്പെടുകയും ചെയ്യുന്നതാണു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): തടവുകാർക്ക് അവരുടെ മതസംബന്ധമായ ശുശ്രൂഷകളിൽ ഹാജരാകുന്നതിനു വേണ്ട അവസരം നല്കുന്നുണ്ടോ എന്നു പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): തടവുകാർക്ക് മതസംബന്ധമായ അറിവുനല്കുന്നതിനു വേണ്ട നിബന്ധനകൾ ചട്ടങ്ങളിൽ ഉണ്ടു. ആ ആവശ്യത്തിനായി താന്ത്രികന്മാരുടെ നിയമേനയുള്ള ജയിലിലെ പ്രവേശനത്തിനു സൂപ്രണ്ടു യാതൊരു തടസ്സവും ചെയ്യുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): എന്റെ ചോദ്യം ജയിൽപുള്ളികൾക്ക് അവരുടെ മതസംബന്ധമായ കർമ്മങ്ങളിൽ, ഉദാഹരണത്തിനു കത്തോലിക്കരുടെ വിഷയത്തിൽ ഞായറാഴ്ചതോറും "മാസി"നു, ഹാജരാകുന്നതിനു വേണ്ട അവസരം നല്കുന്നുണ്ടോ എന്നാണു.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതു പള്ളിയിൽ ആയിരിക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): പള്ളിയിൽതന്നെ ആയിരിക്കണമെന്നു നിർബന്ധമില്ല. ജയിലിൽവച്ചു "മാസ്" നടത്തുന്നതിനു പുരോഹിതനെ അനുവദിക്കാവുന്നതാണു.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): പുരോഹിതന്മാർക്ക് അവിടെ പ്രവേശനം അനുവദിച്ചിട്ടുണ്ടു. അവിടെ അതു നടത്തുന്നതിനു സൗകര്യപ്പെടുമോ എന്നു ആലോചിക്കേണ്ടതു പുരോഹിതന്മാരാണു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): വേണ്ട സൗകര്യം നല്കുമെങ്കിൽ പുരോഹിതന്മാർക്ക് യാതൊരു തടസ്സവും ഉണ്ടായിരിക്കയില്ല.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): നിയമം അതു തടയുന്നുവെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അപ്രകാരമുള്ള ഓരോ സന്ദർഭത്തിലും അതു ജയിലിലെ ശിക്ഷാവ്യവസ്ഥിതിക്കു ബാധകമായി ഭവിക്കാതിരിക്കുന്നതിനു സൂക്ഷിക്കേണ്ടിയിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇതു വ്യവസ്ഥിതിയുമായി ഇടപെടുകയില്ല.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഇടപെട്ടേക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഈ വിഷയത്തെപ്പററി ഗവൺമെൻറു ആലോചിക്കുമോ എന്നും, നിവൃത്തിയുണ്ടെങ്കിൽ, വേണ്ട നിബന്ധനകൾ ഉണ്ടാക്കുമോ എന്നും പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഈ സംഗതി ഗവൺമെൻറിനോടു ആരും ആവശ്യപ്പെട്ടിട്ടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഗവൺമെൻറു ഈ സംഗതിയെപ്പററി ആലോചിക്കുമോ എന്നാണു ഞാൻ ചോദിക്കുന്നതു്.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഈ സംഗതിയിൽ ഒരു നിവേദനം സമർപ്പിക്കുന്നതിനു സാമാജികൻ തക്കയാളാണോ എന്നു ആലോചിക്കേണ്ട വിഷയമാണു്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഈ വിഷയത്തെ സംബന്ധിച്ചു നിവേദനം സമർപ്പിക്കുന്നതിനു എനിക്കു അവകാശമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഈ സമുദായങ്ങളുടെ മതപ്രധാനികൾ ഗവൺമെൻറിനോടു അപ്രകാരമുള്ള യാതൊരു നിവേദനവും ചെയ്തിട്ടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): മതപ്രധാനികളിൽ നിന്നല്ലാതെയുള്ള എന്റെ നിവേദനത്തെ ആസ്പദമാക്കി ഗവൺമെൻറു അതിനെപ്പററി ആലോചിക്കുകയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതു് ഈ പള്ളികളുടെ മതാദ്ധ്യക്ഷന്മാരുടെ കാര്യമാണെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): മതാദ്ധ്യക്ഷന്മാർതന്നെ നിവേദനം ചെയ്യണമെന്നുള്ളതിനു ഞാൻ യാതൊരു കാരണവും കാണുന്നില്ല. എന്റെ നിവേദനത്തെ ആസ്പദമാക്കി ഈ സംഗതിയെപ്പററി ആലോചിക്കുന്നതിനു ഗവൺമെൻറു തയ്യാറുണ്ടോ എന്നു എന്നോടു പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി) : മതാദ്ധ്യക്ഷന്മാരിൽനിന്നു അധികാരപരമായനിവേദനം ഗവൺമെൻറിനു കിട്ടണമെന്നു ഞാൻവിചാരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) : അധികാരപരമായ എന്ന പദംകൊണ്ടു ചീഫ്സെക്രട്ടറി അർത്ഥമാക്കുന്നതു എന്താണെന്നുപറയുമൊ?

മി. കെ. ജാർജ (ഗവൺമെൻറു ചീഫസെക്രട്ടറി) : സാമാജികനു അജ്ഞമയസ്സിലാക്കാൻകഴിയും. വിശേഷംവിവരിക്കാൻ എനിക്കുകഴിയുകയില്ല. മതാദ്ധ്യക്ഷൻ എന്നുപറഞ്ഞാൽ എന്താണെന്നു എല്ലാവർക്കുംഅറിയാം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) : അധികാരപരമായ നിവേദനം എന്നാൽ എന്താണെന്നുപറയുമൊ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫസെക്രട്ടറി) : ഒരുമതാദ്ധ്യക്ഷനിൽനിന്നുള്ള നിവേദനം എന്നാണ് ഞാൻവിചാരിക്കുന്നതു, സാധാരണക്കാരനിൽനിന്നുള്ളതല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) : ഗവൺമെൻറു ഒരു മതാദ്ധ്യക്ഷൻെറ അധികാരപരമായ പ്രസ്താവനയെ മാത്രമേ ഗൌനിക്കയുള്ളു എന്നും, ഈ സഭയിലെ ഒരുസാമാജികൻെറനിവേദനം ഗൌനിക്കയില്ലെന്നുമാണോ ഞാൻ മനസ്സിലാക്കേണ്ടതു.

മി. എം. ശിവതാണുപിള്ള (തോവാള) : ഒരു അംഗമായി നിങ്ങൾ നോക്കിയാൽ അർത്ഥം സ്പഷ്ടമാവുകയില്ലയൊ എന്നു പറയുമൊ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി) : മതസംബന്ധമായസംഗതിയിൽ ഒരുപള്ളിയുടെ മേലധികാരിയിൽനിന്നുള്ള നിവേദനം ആവശ്യമാണ്. പ്രസ്തുത വിഷയത്തെപ്പററി ഗവൺമെൻറിൽ യാതൊരു നിവേദനവും കിട്ടിട്ടില്ല.

മി. കെ. ഐ. ജോസഫ (മീനച്ചൽദേവികുളം) : എൻെറ നിവേദനത്തെപ്പററി പര്യാലോചിക്കുമൊ എന്നു ഗവൺമെൻറു പറയുമൊ? (ചീഫ്സെക്രട്ടറി അദ്ദേഹത്തിൻെറ ഇരിപ്പിടത്തിൽ ഇരുന്നു.) ചീഫ് സെക്രട്ടറിമറുപടിപറയുകയില്ലെങ്കിൽ, നിയായമായും, ഞാൻ ഇരിക്കുന്നതിനു നിർബന്ധിതനാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഒരുപോയിൻറ ഓഫ് ഓർഡർ ഉണ്ടു. ആ സംഗതി അദ്ധ്യക്ഷൻെറ ആലോചനയ്ക്കു വിഷയീഭവിച്ചുകഴിഞ്ഞതും അതിനെപ്പററി നടപടിയെടുക്കാത്തതും, മറുപടിതന്നുസമാധാനിക്കുന്നതു ഇനി ആവശ്യമില്ലെന്നു പറയുമൊ?

അദ്ധ്യക്ഷൻ. അദ്ദേഹത്തിൻെറ സമയം ഇതിനുമുമ്പുതന്നെ കഴിഞ്ഞിരിക്കുന്നു. ഭേദഗതി വായിക്കുന്നതിനു ഞാൻ നിർദ്ദേശിച്ചു. (ചിരി) മി. മാധവൻപിള്ള, നിങ്ങളുടെ ഉപക്ഷേപം സഭയുടെ തീരുമാനത്തിനു വിടുന്നുവൊ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു) : ഉവ്വു. അടിയിൽ ഒപ്പിട്ടിട്ടുള്ളസംഗതിയിൽ, സമാധാനം അതൃപ്തികരമായിരുന്നു. അതുകൊണ്ടു അതിനെ സംബന്ധിച്ചുള്ള സഭയുടെഅഭിപ്രായം അറിയാൻ ഞാൻആഗ്രഹിക്കുന്നു.

ഉപക്ഷേപം വോട്ടിനിടുകയും, ൨൩ പേർ അനുകൂലമായും ൧൮ പേർ പ്രതികൂലമായും വോട്ടുചെയ്തതിനാൽ സ്വീകരിക്കപ്പെടുകയുംചെയ്തു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ഞാൻപോൾ ആവശ്യപ്പെടുന്നു.

പോൾഎടുത്തതിൽ താഴെപ്പറയുന്ന വിധമാണ്.

അനുകൂലിച്ചവർ ൨൩.

൧.	മിസ്റ്റർ	പി. ഹബീബ്മഹമ്മദ്	൧൩.	മിസ്റ്റർ	കെ. പി. നീലകണ്ഠപ്പിള്ള
൨.	,,	ഏ. ജെ. ജാൺ	൧൪.	,,	എം. എൻ. പിള്ള
൩.	,,	കെ. ഐ. ജോസഫ്	൧൫.	,,	ആർ. പത്മനാഭൻ
൪.	,,	സി. കേരളവർമ്മ കോയിത്തമ്പുരാൻ	൧൬.	,,	എ. കെ. പിള്ള
			൧൭.	,,	എസ്. ചിറവിളപത്മനാഭപിള്ള
൫.	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	൧൮.	,,	ജി. രാമൻമേനോൻ
൬.	,,	എൻ. കുമാരൻ	൧൯.	,,	കരണിപ്പള്ളിൽ ആർ. രാമൻപിള്ള
൭.	,,	റി. കുമാരപിള്ള			
൮.	,,	എക്സ്. ജി. ലോപ്പസ്	൨൦.	,,	കെ. ശിവരാമപ്പണിക്കർ
൯.	,,	കെ. മാധവൻപിള്ള	൨൧.	,,	എം. ശിവതാണുപിള്ള
൧൦.	,,	ജി. നാരായണപിള്ള	൨൨.	,,	എം. സുബ്രഹ്മണ്യപിള്ള
൧൧.	,,	കല്ലൂർ നാരായണപിള്ള	൨൩.	,,	സി. എൻ. ഇട്ടുപ്പൻനമ്പൂതിരി
൧൨.	,,	പി. കെ. നാരായണപിള്ള			

പ്രതികൂലിച്ചവർ ൧൮.

൧.	മിസ്റ്റർ	ഐ. സി. ചാക്കൊ	൯.	മിസ്സിസ്സ്	എം. പുന്നൻ ലൂക്കോസ്
൨.	,,	ആർ. ധനക്കോടിപ്പിള്ള	൧൦.	മിസ്റ്റർ	റി. പി. രാമസുബ്ബയ്യർ
൩.	,,	കെ. ജോർജ്	൧൧.	,,	കെ. എൻ. രാമസുബ്ബയ്യർ
൪.	,,	പി. എൻ. കൃഷ്ണപിള്ള	൧൨.	റാവുബഹദൂർ	കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൫.	,,	ആർ. കൃഷ്ണപിള്ള			
൬.	ഡാക്ടർ	എൻ. കുഞ്ഞൻപിള്ള	൧൩.	മിസ്റ്റർ	ജെ. സ്റ്റീഫൻസൺ
൭.	മിസ്റ്റർ	കല്ലറ പരമേശ്വരൻപിള്ള	൧൪.	,,	എ. ജെ. വിൻസൊസ്
൮.	,,	ഡബ്ലിയു. എച്ച്. പിററ്	൧൫.	,,	എ. വൈപ്പൻ

നിഷേധക്കാർ ൩.

൧. മിസ്റ്റർ പാറാഡാനിയൽ — ൩. മിസ്റ്റർ സി. പി. തരകൻ.
൨. ,, റ്റി. ജെ. മാത്യു

ഉപക്ഷേപം ൩൨൦.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എന്റെ ഉപക്ഷേപം അല്പം വ്യത്യാസപ്പെട്ടതായിരുന്നുകൊണ്ട്, ഇവിടെ ഇപ്പോൾ സ്വീകരിച്ച ഉപക്ഷേപത്തെ സംബന്ധിച്ചുള്ള സഭയുടെ തീരുമാനംകൊണ്ട് ഞാൻ തൃപ്തിപ്പെട്ടിട്ടില്ല. ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നു.

൩൨൦. മുഴുവൻ തുകയായ ൻ൫,൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

ഇവിടെ നടന്ന പ്രസംഗങ്ങളിൽനിന്നു ജയിൽ പരിഷ്കരണം പാടെ പരിഷ്കരിക്കേണ്ടതാണെന്നു വ്യക്തമായിരിക്കുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ അനുഷ്ഠിച്ചുപോരുന്ന നടപടിയെ ഇവിടെയും അനുകരിക്കുകയാണെന്നു ഗവൺമെന്റിനു ചീഫ്സെക്രട്ടറി മറുപടിപറയുമെന്നു എനിക്കുറപ്പുണ്ട്. അതുകൊണ്ടു, ഏററവും വിസ്തൃതമായ രൂപത്തിൽ പറയുന്നപക്ഷം, എന്റെ ഉദ്ദേശം വിജയപ്രദമായി ഭവിക്കുന്നതാണെങ്കിൽ ഞാൻ ബ്രിട്ടീഷ് ഇൻഡ്യയിലെ നിയമസഭയുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നു പറയുന്നതിനു തുല്യമായിരിക്കും. സാർ, എന്നാൽ നമ്മുടെ ചട്ടങ്ങളെ പരിഷ്കരിക്കുന്നതിനു നാം പ്രാപ്തന്മാരാണെന്നു ഞാൻ വിശ്വസിക്കയും, സാമാജികന്മാരുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്കു ക്ഷണിക്കയും ചെയ്യുന്നു.

വാഗ്മിശ്രേഷ്ഠ നിർദ്ദേശിച്ച അനേകം ചെറു സംഗതികളിൽനിന്നു, ജയിൽ സംബന്ധമായ ചട്ടങ്ങൾ തീരെ തൃപ്തികരമല്ലെന്നു വെളിവായിരിക്കുന്നു. തടവുകാരെപ്പററിയുള്ള വിചാരത്തിലും ശിക്ഷയുടെ സ്വഭാവത്തിലും ഒരു വ്യത്യാസം അപേക്ഷിതമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. തടവുകാരൻ എല്ലാ സംഗതികളിലും നമ്മുടെ ശിക്ഷാവിധിയെ അർഹിക്കുന്നില്ല. പലപ്പോഴും അവൻ ആദർശത്തിലും സമ്പ്രദായത്തിലും ബഹുമാന്യനായ ഒരു പ്രതിയോഗിമാത്രമാണ്. (ചിരി). ജാർജ് വാഷിങ്ടൺ ബ്രിട്ടണിൽ ആയിരുന്നുവെങ്കിൽ അയാളോടു ബ്രിട്ടീഷ് ഗവണ്മെൻറ് എങ്ങനെ പെരുമാറുമായിരുന്നുവെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. അയാളെ ഒരു രാജദ്രോഹിയായി കണക്കാക്കി തൂക്കിലിട്ടുമായിരുന്നു. എന്നാൽ അയാളുടെ പരിശ്രമത്തിൽ അയാൾ വിജയിയായി ഭവിച്ചപ്പോൾ അയാളെ ഒരു യുദ്ധവീരനായി പ്രഖ്യാപനം ചെയ്യുകയും പണ്ടത്തിൽ അയാളുടെ പ്രതിമ സ്ഥാപിക്കുകയും ചക്രവർത്തി തിരുമനസ്സുകൊണ്ട് അയാളെ ബഹുമാനിക്കുകയും ചെയ്തു. അതുകൊണ്ട് അതു ആദർശപരമായ ഒരു ചിന്താവിഷയമാണ്. ഒരുവന്റെ ഭാര്യയും കുട്ടികളും ആഹാരത്തിനു നിലവിളിക്കുമ്പോൾ അയാൾ മറെറാരുവന്റെ മുതലുമായി ഇടപെടുകയാണെങ്കിൽ സാധാരണയായി നാം അയാൾ മോഷ്ടിക്കുന്നു എന്നു പറയുന്നു. എന്നാൽ അതിന്റെ സംഭവാവസ്ഥകളെ നാം കുറെക്കൂടി പരിശോധിക്കുകയാണെങ്കിൽ അതു മോഷണമേ അല്ല.

സാർ, ഇന്നു നടപ്പിലിരിക്കുന്ന നിയമത്തിൽ പ്രവർത്തനവും നിവൃത്തനവും ഇവ രണ്ടും ഉണ്ടെന്നാണ് എന്റെ വസ്തുതാഭിപ്രായം. അനാവശ്യമായി നാം ശിക്ഷിക്കുന്നതുകൊണ്ട് പ്രവർത്തനവും, തക്കതായ പരിതസ്ഥിതികൾ അറിയാതെ ശിക്ഷിച്ച ഒരു മനുഷ്യനെ ആ അവസ്ഥയിൽനിന്നു തിരിച്ചെടുക്കുന്നതിനുവേണ്ട പരിതസ്ഥിതിയേയും അവസ്ഥാഭേദങ്ങളേയും സംരക്ഷിക്കാത്തതുകൊണ്ട് നിവൃത്തനവും ഉണ്ടാകുന്നു. നമ്മുടെ നിയമം പലതരം ന്യൂനതയുള്ളതാകുന്നു. ഉദാഹരണത്തിനു, ഒരു മനുഷ്യൻ മോഷ്ടിക്കുന്നു എന്നു വിചാരിക്കുക. മദ്യപിച്ചു അവൻ താൻ എന്താണു ചെയ്യുന്നതെന്നു ബോധമില്ലാത്ത അവസ്ഥയിൽ, സ്വബോധവാനായി ഭവിക്കുമ്പോൾ പ്രവർത്തിച്ചതിനെപ്പററി പശ്ചാത്തപിക്കുന്ന തരത്തിലുള്ള, ഏതെങ്കിലും അവൻ പ്രവർത്തിക്കുന്നു. എന്നാൽ അവനെ ശിക്ഷിക്കുകയും, തങ്ങളുടെ സംരക്ഷണത്തിന് അവന്റെ പരിശ്രമത്തെ ആശ്രയിച്ചു ജീവിക്കുന്ന അവന്റെ ഭാര്യയും കുട്ടികളും പട്ടിണികിടക്കുമ്പോൾ, അവനെ ജയിലിൽ തൃപ്തികരമാംവണ്ണം തീററിപ്പോററുകയും ചെയ്യുന്നു. അപ്രകാരം മദ്യപിച്ചുകൊണ്ടു ഒരുവൻ ചെയ്യുന്ന ദുഷ്പ്രവൃത്തികൾക്കു അർഹമായ ശിക്ഷ അവനു നൽകുന്നു. അവനെ ജയിലിൽ പൊതുച്ചെലവിന്മേൽ മൃഷ്ടാന്നം തീററിപ്പോററുമ്പോൾ ന്യായമായി അവനെ ആശ്രയിച്ചു ജീവിക്കേണ്ട അവന്റെ ഭാര്യയും കുട്ടികളും പട്ടിണികിടക്കുന്നു. ശരിയായ നിവൃത്തനത്തിന്റെ ഉദാഹരണം അവിടെ നാം കാണുന്നു. തടവുകാരനെ വീണ്ടെടുക്കുന്നതിനും, മനുഷ്യത്വമുള്ളവനാക്കിത്തീർക്കുന്നതിനും വേണ്ട പ്രവൃത്തികൾ ചെയ്യുന്നു എന്നും, അവനെ ജയിലിൽനിന്നും വിടുമ്പോൾ ജോലിചെയ്തു ജീവിതം തുടങ്ങുന്നതിനു വേണ്ട സൌകര്യങ്ങൾ തയാറാക്കിക്കൊടുക്കുന്നു എന്നും വിചാരിക്കുക. എന്നാൽ മാത്രമേ അതിനെ പരിഷ്കൃതരൂപത്തിലുള്ള വേർപാടെന്നോ അല്ലെങ്കിൽ ശിക്ഷയെന്നോ പറയാവൂ. ഉദ്ദേശങ്ങളെ വേർപാടെന്നും, ശിക്ഷയെന്നും, സംസ്കരണമെന്നും ചീഫ്സെക്രട്ടറി പറയുകയായിരുന്നു. കുററക്കാരെ എല്ലാക്കാലത്തേക്കായിട്ടല്ല വേർപെടുത്തിയിരിക്കുന്നത്. ഒരു നിശ്ചിതകാലത്തേക്കാണ്. എന്തുകൊണ്ടെന്നാൽ ആ കാലത്തിനുള്ളിൽ അവനിൽ സംസ്കരണം ഉണ്ടാകുന്നതിനും, അവന്റെ സ്വഭാവം നന്നാക്കുന്നതിനും സമുദായത്തിൽ അവൻ എപ്രകാരം പെരുമാറണമെന്നുള്ളതിനെപ്പററി ബോധം ജനിപ്പിക്കുന്നതിനും നമുക്കു ആശിക്കാം. നേരേമറിച്ചു അവനെപ്പററി വെറുപ്പോടെ സംസാരിച്ചുകൊണ്ടു സാമുദായികമോ അല്ലെങ്കിൽ സാന്മാർഗ്ഗികമോ ആയ സാംക്രമിക രോഗമെന്നപോലെ സൂക്ഷിക്കുകയും കൂടെക്കൂടെ ശിക്ഷിക്കുകയും നിശ്ചിതകാലത്തിനുശേഷം വിട്ടയക്കുകയും ചെയ്യുകയാണെങ്കിൽ അവൻ ലോകത്തെ പൊതുവിൽ അവന്റെ ശത്രുവായും അവനെ ശിക്ഷിക്കുന്നതിനായുള്ള ഏജൻസിയായും വിചാരിക്കുന്നതാണ്. മരത്തിൽനിന്നും ചാടി മരിക്കുമായിരുന്ന എന്നു ചീഫ്സെക്രട്ടറി പറഞ്ഞ ആ ശിക്ഷ നൽകപ്പെട്ടവന്റെ സംഗതിയിൽ അതു മതിയായിരുന്ന ഒരു ശിക്ഷയായി തോന്നും. ആ മനുഷ്യൻ താഴെ വീണു മരിക്കാതിരിക്കുന്നതിനായി അവനെ താഴെ ഇറക്കുന്നതിനും, കൂടെക്കൂടെ ശിക്ഷിക്കുന്നതിനുമായി അയാളിൽ അത്രത്തോളം താല്പര്യം പ്രദർശിപ്പിച്ചു. അയാളിൽ കാണിച്ച താല്പര്യം അയാൾക്കുവേണ്ടിയല്ല. എന്തുകൊണ്ടെന്നാൽ അവനെ താഴെ ഇറക്കി അവനെ പത്തു അടി അടിച്ചു. അപ്രകാരമുള്ള ഒരു ശിക്ഷയ്ക്കു ഞാൻ ദൃക്സാക്ഷിയായിരുന്നു. ഏകദേശം ഇരുപതു വയസ്സായിൽ കൂടുതൽ പ്രായമുള്ളതായി തോന്നിക്കുന്നവനും ഗൌരവ ലക്ഷണത്തോടുകൂടിയവനും ആയ ഒരുവനെ

എന്റെ മുമ്പിൽവച്ചു നിസ്സാരമായ ഒരു കുററത്തിനു പത്ത് അടി അടിച്ചു. എന്റെ സ്നേഹിതൻ മിസ്റ്റർ മാധവൻപിള്ള അഭിപ്രായപ്പെട്ടതുപോലെ ഉത്തരം ശിക്ഷകൾ മനുഷ്യത്വത്തെ ഇല്ലാതാക്കുന്നു. മനുഷ്യന്റെ ചില്ലറ വികാരങ്ങളെ അപഹരിക്കപ്പെടുകയും എന്നെന്നേക്കുമായി നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. അവൻ സ്വതന്ത്രനായി തീരുമ്പോൾ, അവനിൽ ശേഷിച്ചിരുന്ന മനുഷ്യത്വം എടുക്കപ്പെട്ടുപോയതിനാൽ അവന് എന്തുചെയ്യരുത്? അതുകൊണ്ടു ഞാൻ വിചാരിക്കുന്നതു ജയിൽപരിഷ്കരണവിഷയം കേവലം നിസ്സാരമായി വിചാരിക്കാൻ പാടില്ലാത്തതാണ്. അതു വളരെ ഗൗരവമായ വിധത്തിലുള്ള വിചിന്തനവും പരിശോധനയും അർഹിക്കുന്നു. ജയിൽ ഒരു വിസ്തൃതമായ സംസ്കരണശാലയാക്കിത്തീർക്കണമെന്നാണ് എന്റെ ആദർശം. കുട്ടികൾക്കു സംസ്കരണശാല ഉണ്ടായിരിക്കുന്നതുപോലെ പ്രായമുള്ളവർക്ക് വിസ്താരമേറിയ സംസ്കരണശാലകൾ ഉണ്ടായിരിക്കണം. കുട്ടികൾക്കും പ്രായമുള്ളവർക്കും പള്ളിക്കൂടങ്ങൾ ഉണ്ടായിരിക്കുന്നതുപോലെ ജയിൽ പ്രായമുള്ളവരുടെ ഒരു വലിയ പള്ളിക്കൂടം ആയിരിക്കണം. ആ നിലയിലാണ് അതിനെ നാം നോക്കേണ്ടത്. ഒരു ചങ്ങലയുടെ ബലം അതിന്റെ ബലംകുറഞ്ഞ കണ്ണിയെ ആശ്രയിച്ചിരിക്കുന്നു. അപ്രകാരം ഒരു രാജ്യത്തെ പരിഷ്കാരത്തിന്റെ നില വിദ്യാവിഹീനന്മാരായ ജനങ്ങളുടെ, ദൗർഭാഗ്യാവസ്ഥയെ പ്രാപിച്ചിരിക്കുന്ന ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ആസ്പദമാക്കിയാണ് നോക്കേണ്ടത്. അതിനുപകരം മനുഷ്യനെ പരിഷ്കൃതരൂപത്തിൽ ശിക്ഷിക്കുന്നതിനു ബുദ്ധിമാന്മാർ സ്വീകരിച്ചിട്ടുള്ള സമ്പ്രദായം ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഗവണ്മെന്റിനെയും ആ ഗവണ്മെന്റിനെ പ്രതിനിധീകരിക്കുന്ന ജനസമുദായത്തെയും അപമാനിക്കേണ്ടതാണ്. കുററക്കാരൻ സാധാരണയായി നിയമങ്ങളുടെയും, സാമുദായികാവസ്ഥകളുടെയും, പരിതസ്ഥിതികളുടെയും അടിമ ആയിരിക്കുന്നു. അവന്റെ ഭാര്യയും കുട്ടികളും പട്ടിണികിടക്കുമ്പോൾ അവനും പട്ടിണികിടക്കുന്നു. അതു എല്ലായ്പോഴും അവന്റെ കുററംകൊണ്ടല്ല. അവനു തൊഴിലില്ലാതിരുന്നേക്കാം, യാതൊരു തൊഴിലും ഉണ്ടാകാതെയും വന്നേക്കാം, അവൻ പട്ടിണി കിടക്കുമായിരിക്കാം. അവന്റെ ബന്ധുക്കളും പട്ടിണികിടക്കുമായിരിക്കാം. മററുചില സന്ദർഭങ്ങളിൽ നാം പ്രശംസിച്ചേക്കാവുന്ന അവരുടെ പ്രണയം ധനികനായ അയൽക്കാരന്റെ വസ്തുക്കളെ മോഷ്ടിക്കുന്നതിനു അവനെ നിർബന്ധിക്കുന്നു. എന്നാൽ നാം സ്വാർത്ഥത്തിനായി ഏതാനും ചില ധനികന്മാർക്കുവേണ്ടി അവനെ ശിക്ഷിക്കുന്നു. സ്വയംസ്ഥിതിയുടെ പരിപാലനത്തിനായി അവിടെയുള്ളവർക്കുവേണ്ടി ആ മനുഷ്യനെ ശിക്ഷിച്ചു. എന്തുകൊണ്ടെന്നാൽ അസാധാരണമായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ സംഗതികൾ അവരുടെ കയ്യിൽനിന്നു വിട്ടുപോകുമെന്നു അവർ അറിയുന്നു. നേരെമറിച്ചു ആ വിഷയത്തെപ്പററി കുറെക്കൂടി സൂക്ഷ്മമായി നോക്കുകയാണെങ്കിൽ നമുക്കു അതിന്റെ യാഥാർത്ഥ്യം മനസ്സിലാകുന്നതാണ്. ഒരു പക്ഷെ അന്നു അവിടെ ക്ലേശിപ്പിച്ചിരുന്നിരിക്കാം. തെളിവുകൂടാതെ ഹർജി എഴുതിയവൻ അധികാരസ്ഥന്മാരുടെ പ്രവൃത്തികളെപ്പററി എഴുതുകയാണ് ചെയ്തിട്ടുള്ളതിനാൽ പക്ഷെ പ്രതികാരബുദ്ധിയും അവരെ പ്രേരിപ്പിച്ചിരിക്കാം. ജയിൽ പുള്ളികൾക്കു അവരുടെ സങ്കടങ്ങളെ അറിയിക്കുന്നതിനു ഇപ്പോൾ എന്തുസൗകര്യമാണ് ഉള്ളത്. പൊതുജനങ്ങളുടെ ദൃഷ്ടിയിൽ നിന്നും അകലെയായി അവരെ പ്രത്യേക ഒരു സ്ഥലത്തു താമസിപ്പിച്ചിരിക്കുന്നു. അവർക്കു എന്തെങ്കിലും സങ്കടമുണ്ടെങ്കിൽ അധികാരസ്ഥന്മാരെ എങ്ങനെ അറിയിക്കും. അവർക്കു എഴുതി അറിയിക്കാൻ പാടില്ല. തെളിവുകൂടാതെ ആരോപണരീതിയിലുള്ള കത്തുകൾ എഴുതുന്ന സമ്പ്രദായം സ്വീകരിക്കയാണെങ്കിൽ അവരെ കഠിനമായും ക്രൂരമായും അടിക്കും. ഈ തരത്തിലുള്ള ശിക്ഷ ന്യായമാണെന്നു ചീഫ്സെക്രട്ടറി വാദിച്ചു. ഈ വിധത്തിലുള്ള ശിക്ഷ, അടിശിക്ഷയെയാണ് ഞാൻ അർത്ഥമാക്കുന്നതു, പൗരാണിക കാലത്തെ ക്രൗര്യഭാവത്തിന്റെ അവശിഷ്ടമാണെന്നു ഞാൻ വിചാരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇതു സ്വന്തം കുട്ടികളെ ശിക്ഷിക്കുന്ന രക്ഷാകർത്താക്കളേയും സംബന്ധിക്കുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു രക്ഷാകർത്താക്കന്മാരുടെ ത്രാണിയില്ലായ്മയുടെ കേവലമായ സമ്മതമാണെന്നു ഞാൻ വിചാരിക്കുന്നു. അവരെ വെറുക്കുന്നതിനു പകരം അവരുടെ അറിവില്ലായ്മയിൽ ഞാൻ അനുതാപം പ്രദർശിപ്പിക്കും.

ഇംഗ്ലണ്ടിൽ അടിശിക്ഷ അനുവദിച്ചിട്ടുണ്ടോ എന്നു എനിക്കു നല്ല നിശ്ചയമില്ല. അനുവദിച്ചിട്ടുണ്ടെങ്കിൽ ആ രാഷ്ട്രീയസമുദായം അവരുടെ പരിഷ്കാരത്തിൽ നിന്നു അധഃപതിച്ചുപോയി എന്നു വിചാരിച്ചു ഞാൻ വ്യാകുലപ്പെടും. എന്തുകൊണ്ടെന്നാൽ അവരുടെ കുററങ്ങൾ എന്തുതന്നെ ആയിരുന്നാലും അവർക്കു പരിഷ്കൃതരൂപത്തിലുള്ള ഒരു ഗവണ്മെന്റ് ഉണ്ട്.

പ്രതിരോധകസ്വഭാവത്തെപ്പററി വീണ്ടും വീണ്ടും ശക്തിമത്തായി പറഞ്ഞു. എന്നാൽ പ്രതിരോധകമായുള്ള ഏതു ശിക്ഷയും കുററംവെയ്പ്പിക്കുകയാണു ചെയ്യുന്നതെന്നു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഈ കാരണത്താൽ ഏതുതരത്തിലുള്ള മഹാപാപത്തെയും ന്യായമാണെന്നു വാദിക്കാവുന്നതാണ്. ശിക്ഷാധികാരം രക്തസംബന്ധികൾക്കു വിട്ടുകൊടുക്കുകയാണെങ്കിൽ അവർ കൂടുതൽ ഫലപ്രദമായും നല്ല രീതിയിലും ശിക്ഷിക്കുമായിരുന്നു. എന്നാൽ പരിഷ്കൃതസമുദായം അതു നല്ലതല്ലെന്നു വിചാരിച്ചു. തടവുകാരൻ സമുദായത്തിന്റെ അധീനതയിലിരിക്കുന്നതുകൊണ്ടും സമുദായം അതിനോടും അവനെ തടവുകാരനായി സ്വീകരിച്ചപ്പോൾ അവൻ ഏതുപ്രകാരം ആയിരുന്നുവോ അതിനെക്കാളും നല്ലനിലയിലാക്കി സംസ്കരണംചെയ്തു പറഞ്ഞയക്കുന്നതിനു ആ ഉർദ്ധ്വസ്ഥനായ തടവുകാരനോടും, ഉത്തരവാദം വഹിക്കുന്നതിനാലും, അവനെ സംസ്കരണം ചെയ്യുന്നതിനുള്ള ചുമതല സ്വമേധയാതന്നെ സ്വീകരിച്ചു. ആ ചുമതല നാംതന്നെ വഹിക്കുന്നില്ലെങ്കിൽ, ആ പൗരാണിക രക്തതൃഷ്ണയെ പരിഷ്കൃതകരങ്ങളിലൂടെ പരിഷ്കൃതരീതിയിൽ നിവർത്തിച്ചുകൊണ്ടുപോകുന്നതിനല്ലാതെ അതിനെ സംസ്കരണം ചെയ്യുന്നതിനു എന്തെങ്കിലും ചെയ്യുന്നോ എന്നു എനിക്കു നിശ്ചയമില്ല.

ഇനി ഞാൻ വിചാരണചെയ്യാൻ വിചാരിക്കുന്ന രണ്ടാമത്തെ സംഗതിയെപ്പററി പറഞ്ഞുകൊള്ളുന്നു. കഴിഞ്ഞ ആണ്ടിൽ വിചാരണയ്ക്കു അധീനരാകാത്ത തടവുകാരെപ്പററി ഞാൻ ഒരു ഉപക്ഷേപം ഹാജരാക്കി. ആ ഉപക്ഷേപം സ്വീകരിക്കുന്നതിനു ഗവണ്മെന്റിനു കാരുണ്യമുണ്ടായിരുന്നു. അവരുടെ വാഗ്ദാനം നിറവേററുന്നതിനു വേണ്ടനടപടികൾ നടത്തുന്നു എന്നു ഞാൻ വിചാരിക്കുന്നു. സ്ഥലത്തുള്ള എന്റെ അന്വേഷണത്തിൽ

ഈ തടവുകാരുടെ സ്ഥിതി മുമ്പിലത്തേതിൽ നിന്നു അത്രവളരെ ഭേദമല്ലെന്നാണ് എന്റെ അറിവു. അന്നു ഞാൻ ശക്തിയായി വാദിച്ച ഒരു സംഗതി പൊലീസുകാരുടെ സൂക്ഷിപ്പിൽ വിചാരണയ്ക്കു അധീനരാകാത്ത തടവുകാരെ വയ്ക്കുന്നതു അവമാനകരമാണെന്നുള്ളതായിരുന്നു. കുററം ചുമത്തപ്പെട്ടവരെ കുററം ചുമത്തുന്നവരുടെ കയ്യിൽ ഏല്പിച്ചുകൊടുക്കുന്നതുകൊണ്ടാണ് അതു അവമാനകരമാകുന്നതു. ഇതു മറ്റെങ്ങും ഇല്ല. [illegible] സംഗതികളിൽ വാസ്തവത്തിൽ കുററം ചെയ്തവരെ കണ്ടുപിടിക്കുന്നതിനു പൊലീസുകാരെ അധികാരപ്പെടുത്തിയിരിക്കുന്നു.

പ്രെസിഡന്റ്. താം ജയിലിനെപ്പററി പറയുന്നു. നിങ്ങൾ പൊലീസിനെക്കുറിച്ചു പറയുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): വിചാരണയ്ക്കു അധീനരാകാത്ത തടവുകാർ ഈ ഇനത്തിൽ വരുന്നതാണെന്നു ഞാൻ വിചാരിക്കുന്നു.

പ്രെസിഡന്റ്.—ഇല്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): വളരെ നല്ലതു. വിചാരണയ്ക്കധീനരാകാത്ത തടവുകാരെ സൂക്ഷിക്കുന്നതിനു എല്ലാ ഡിസ്ട്രിക്ടുകളിലും സബ് ജയിലുകൾ ഉണ്ടായിരിക്കേണ്ടതു വളരെ അത്യാവശ്യമാണെന്നും അവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനു അധികാരപ്പെടുത്തിയിരിക്കുന്ന പൊലീസുകാരുടെ കയ്യിൽ ഏല്പിച്ചുകൂടാത്തതാണെന്നും പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ് കമ്മീഷണർ): ജയിൽ ഭരണവുമായി ഇതിനു എന്തു സംബന്ധമാണുള്ളതു?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സാർ, എന്റെ അഭിപ്രായം ഞാൻ ഇങ്ങനെ ചുരുക്കുന്നു. ജയിൽപുള്ളികളുടെ സ്ഥിതിയെ നന്നാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ജയിൽ ഭരണത്തെപ്പററി [illegible] അന്വേഷണം നടത്തണം. പരിഷ്കാരം അത്യാവശ്യമായിരിക്കുന്ന സ്ഥലങ്ങളെ വിസ്തൃതമായി നിർദ്ദേശിക്കുമെന്നു ഞാൻ ചെയ്തിട്ടുള്ളു. എന്നാൽ അതു അനേകം കമ്മററി വിചാരണ ചെയ്യേണ്ടതാണ്. [illegible], സബ്ജയിലുകളുടെ സ്ഥാപനമോ, അതു പൊലീസ്സിന്റെ [illegible] ഉൾപ്പെട്ടതാണെങ്കിൽ, പൊലീസ് ബഡ്ജററിനെപ്പററി പ്രതിപാദിക്കുമ്പോൾ, ആ അവസരം ഇതിനെക്കുറിച്ചു വിവാദം ചെയ്യുന്നതിനു ഉപയോഗിച്ചുകൊള്ളാം. ഈ സഭയുടെ ആലോചനയ്ക്കു കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്ന ഒരു വിഷയമാണ് അതു.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): സർ, മിസ്റ്റർ ഏ. കെ. പിള്ളയുടെ പ്രധാന വാദമുഖം ജയിൽ വാസികളുടെ പരിതസ്ഥിതികളുടെയും, [illegible] ജയിൽ ഭരണത്തെ തന്നെ പരിഷ്കരിക്കുന്നതിന്റെയും ആവശ്യകതയാകുന്നു. അദ്ദേഹം പറഞ്ഞ മിക്കതിനോടും എനിക്കു വിപരീതാഭിപ്രായമില്ല. അദ്ദേഹം പ്രസ്താവിച്ചതുകളും, [illegible] കുറേക്കാലത്തോളം [illegible] ഉണ്ടായിരുന്ന [illegible] സംസ്കരണസ്വഭാവത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള [illegible] മിക്കവയും പരിഷ്കൃതഗവണ്മെന്റുകൾ സ്വീകരിച്ചിട്ടുള്ളവയാണെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു ഞാൻ മനസ്സിലാക്കിയ ഒരു സംഗതി ജയിൽ പരിഷ്കരിക്കുന്നതിനാൽ സമുദായത്തെയും മുഴുവൻ പരിഷ്കരിക്കാൻ കഴിയുമെന്നായിരുന്നു. അതു തീർച്ചയായും അസാദ്ധ്യമാണ്, അദ്ദേഹം ചിന്തിച്ചിട്ടുള്ള മാതൃകാപരമായ [illegible] വിധത്തിലുള്ള ജയിൽ പരിഷ്കാരത്തിനാലും നമ്മുടെ ലോകത്തു സ്ഥാപിക്കാൻ കഴിയാത്തതായ [illegible] സമുദായമാകുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ജയിൽ, സാമുദായികസ്ഥിതിയിലെ ന്യൂനതകൾക്കു [illegible] ബലിയായിവിച്ച [illegible] ജനങ്ങളെ ശിക്ഷിക്കുന്നതിനുള്ള ഒരു ആയുധമാകരുതെന്നു മാത്രമേ ഞാൻ അറിയിച്ചിട്ടുള്ളു എന്നു വിവരണത്തിനായി ഞാൻ പറഞ്ഞുകൊള്ളട്ടെ.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): എന്നാൽ ഇവരിൽ മിക്കവരും അവിടെ ആയിരിക്കുന്നതു സ്വതവേ ന്യായമല്ലാത്ത സാമുദായിക നിയമങ്ങളുടെ ന്യൂനതകൾകൊണ്ടാകുന്നു എന്നു അദ്ദേഹം പറഞ്ഞു. കൊള്ളാം. ഈ എല്ലാസംഗതികളിലും അദ്ദേഹം വാസ്തവമായി വാദിച്ചതു ന്യായം പ്രത്യക്ഷത്തിൽ പരിലസിക്കുന്ന ഒരു സുസംഘടിതമായ സമുദായത്തെ ആയിരുന്നു. അതു നിശ്ചയമായും ഒരു പ്രയാസമേറിയ ആദർശമാകുന്നു, എന്നാൽ സംസ്കരണത്തിനായുള്ള ശ്രമങ്ങൾ ചെയ്യേണ്ടതു ജയിലിൽ നിന്നല്ല. [illegible] ജയിലുകൾ [illegible] എന്നു ഞാൻ പറയുന്നില്ല. എവിടെ എല്ലാം പരിഷ്കാരം ആവശ്യമായിരിക്കുന്നുവോ അവിടെ എല്ലാം പരിഷ്കാരം നടപ്പിൽവരുത്തുകയും ഏററവും മാതൃകാപരമായ സമ്പ്രദായം ഉപയോഗിക്കുകയും ചെയ്യണം.

മി. പി. കെ. നാരായണപിള്ള (കേൾക്കുവിൻ, കേൾക്കുവിൻ) എങ്ങനെ ആയാലും ഈ വിഷയത്തിൽ പ്രിസൺ റെഗുലേഷനേയും അതിനെ സംബന്ധിച്ചുള്ള റൂളുകളേയും പററി ഗവണ്മെന്റു പരിഗണിക്കുന്നതാണെന്നു അറിയിക്കുന്നതിനു എന്നെ അധികാരപ്പെടുത്തിയിരിക്കുന്നു. സബ് ജയിലുകളെ സംബന്ധിച്ചിടത്തോളം റൂളുകൾ [illegible] കഴിയുന്നതും വേഗത്തിൽ അവയെ പരിഷ്കരിക്കുന്നതും നടപ്പിൽ കൊണ്ടുവരുന്നതുമാകുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി) എന്റെ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

പ്രസിഡന്റ്. ധനാഭ്യർത്ഥന XII. സെൻട്രൽപ്രിസൺ ഇനത്തിൽ [illegible] രൂപ കുറച്ചു [illegible] ലക്ഷം രൂപ സഭ അനുവദിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

പണം അനുവദിച്ചു.

ധനാഭ്യർത്ഥന XIII പൊലീസ് [illegible] ലക്ഷം രൂപ.

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ് കമ്മീഷണർ): സർ, ധനാഭ്യർത്ഥന XIII. പൊലീസ് ഇനത്തിൽ [illegible] ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക ഞാൻ അപേക്ഷിക്കുന്നു.

എന്നെ അനുവദിക്കുമെങ്കിൽ ഈ ഘട്ടത്തിൽ ഒരു നിർദ്ദേശം ചെയ്യുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. അടുത്ത വ്യാഴാഴ്ച മിസ്റ്റർ രാമൻമേനോൻ മോട്ടോർവാഹനങ്ങളുടെ ഗതാഗതത്തെ സംബന്ധിച്ചു ഒരു പ്രമേയം കൊണ്ടുവരുന്നതായിരിക്കും. അപ്പോൾ മോട്ടോർവാഹനങ്ങളുടെ ഗതാഗതത്തെ സംബന്ധിച്ചും മോട്ടോർ അപകടങ്ങളെപ്പററിയും, മോട്ടോർവാഹനങ്ങളുടെ ഗതാഗതത്തിന്റെ നിയന്ത്രണത്തെക്കുറിച്ചും പൊതുവേയുള്ള വിഷയം

വിചാരണയിൽ വരുന്നതാണ്. അതുവലുതായ പ്രാധാന്യത്തെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരുവലിയ പ്രശ്നവും മിസ്റ്റർ ശിവതാണുപിള്ള അന്നൊരുദിവസം പറഞ്ഞതുപോലെ പൌരാണികകാലം മുതൽക്കേ ഉള്ളതും ആകുന്നു. അതിനു കൂടുതൽസമയം വേണ്ടിവരുമെന്നു ഞാൻവിചാരിക്കുന്നു. അതുകൊണ്ടു സാമാജികന്മാർ യോജിക്കുമെങ്കിൽ അതേരണ്ടിച്ചുള്ള എല്ലാപ്രശ്നങ്ങളും വ്യാഴാഴ്ചവരെ വിട്ടേക്കാം. അതു് ഒരു നിർദ്ദേശം മാത്രമാണു. അതുകൊണ്ടാണ് സാമാജികന്മാർ യോജിക്കുമെങ്കിൽ എന്നുപറയുന്നതു. സാമാജികന്മാർ അതു് ഇപ്പോൾതന്നെ വിചാരണചെയ്യണമെങ്കിൽ അങ്ങനെയാവാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

നം. ൧. എസ്റ്റാബ്ലിഷ്മെന്റിനായുള്ള ൧൩൭ എന്ന തുകയിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

പൊലീസ് ഡിപ്പാർട്ടുമെന്റു ഭരണത്തെപ്പററി ശാന്തമായവിധത്തിൽ ഒരു നിരൂപണംചെയ്യണമെന്നുള്ളതാണ് ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം. ഇപ്പോൾ നമ്മിൽപലരും അറിയുന്നപോലെ നിയമപുസ്തകത്തിലെ പല റെഗുലേഷൻമുഖേനയും പൊലീസിനു അധികാരംനൾകിയിട്ടുണ്ട്. അവയുടെ പ്രധാനഭാഗം മിക്കവാറും പീനൽകോഡും ക്രിമിനൽനടപടിനിയമവും പ്രകാരമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ സംസ്ഥാനത്തിലെ മററുനിയമങ്ങളെനോക്കുമ്പോൾ, ഉദാഹരണത്തിനു മുനിസിപ്പൽറെഗുലേഷൻ, വനംറെഗുലേഷൻ,അബ്കാരിറെഗുലേഷൻ പൊലീസ്റെഗുലേഷൻ തന്നെയും ഒടുവിലത്തേതും എന്നാൽ അപ്രധാനമല്ലാത്തതുമായ കന്നുകാലിപ്രവേശനറെഗുലേഷൻ ഈഎല്ലാ റെഗുലേഷൻപ്രകാരവും പൊലീസിനു അധികാരംസിദ്ധിക്കുന്ന പരിഷ്കൃതജീവിതത്തിന്റെ ആവശ്യത്തെ ലക്ഷ്യമാക്കി ഏതുറെഗുലേഷൻ അനുസരിച്ചു അധികാരംനൾകാമോ അതുംയും റെഗുലേഷൻപ്രകാരവും അവർക്ക് അധികാരംനൽകേണ്ടതു ന്യായമായിട്ടുള്ളതാണ്. ഭരണറിപ്പോർട്ടിൽ അവരുടെ ജോലിപ്രധാനമായിപീനൽകോഡും ക്രിമിനൽനടപടിനിയമവും കൂടാതെ മുനിസിപ്പൽറെഗുലേഷൻപ്രകാരവുമായിട്ടുകാണുന്നുള്ളു. എനിക്കു ഓർമ്മിക്കാവുന്നിടത്തോളം മററു യാതൊരുറെഗുലേഷൻ അനുസരിച്ചുമില്ല. എനിക്കുതെററിപ്പോയിട്ടുണ്ടെങ്കിൽ തിരുത്തുന്നതു എനിക്കുപൂർണ്ണസമ്മതമാണ്. പൊലീസ്ഡിപ്പാർട്ടുമെന്റു മററെന്തെങ്കിലും റെഗുലേഷൻപ്രകാരം നടപടിനടത്തിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള മററുറെഗുലേഷൻ അനുസരിച്ചുള്ള ഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തനങ്ങളും പൊതുജനങ്ങളും അറിഞ്ഞിരിക്കേണ്ടതു ആവശ്യമാണെന്നാണു ഗവണ്മെന്റിനോടുള്ള എന്റെ അപേക്ഷ. ഏതെങ്കിലുംനിയമപ്രകാരം ഏതെങ്കിലും ഒരു പ്രത്യേകഡിപ്പാർട്ടുമെന്റിനോ അല്ലെങ്കിൽ ഒരുദ്യോഗസ്ഥനോ അധികാരംനൾകുമ്പോൾ ആ പ്രത്യേക ഡിപ്പാർട്ടുമെന്റോ അല്ലെങ്കിൽ ഉദ്യോഗസ്ഥനോ ആഅധികാരം എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്നു പൊതുജനങ്ങൾക്കു അറിയുന്നതിനു താല്പര്യമുണ്ടു. നാംഒരുനിയമം പാസ്സാക്കുകയും ഒരു പ്രത്യേകഡിപ്പാർട്ടുമെന്റിനു അധികാരംനൾകുകയും ചെയ്യുമ്പോൾ അപ്രകാരമുള്ള അധികാരം ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെ നൾകിയിരിക്കുന്നു എന്നതു സമ്മതിച്ചേതീരു. ഈപ്രത്യേകാധികാരം പൊലീസ്ഡിപ്പാർട്ടുമെന്റു എത്രത്തോളം ഉപയോഗപ്പെടുത്തുന്നുഎന്നാണ് പൊതുജനങ്ങൾക്കു അറിയേണ്ടതു. പലറെഗുലേഷനുകളിൽ, ഉദാഹരണത്തിനു ഞാൻ സൂചിപ്പിച്ചു ചെറിയറെഗുലേഷനായ കന്നുകാലിപ്രവേശനറെഗുലേഷനിൽ പൊലീസ്ഡിപ്പാർട്ടുമെന്റിന്റെ കൃത്യം സമ്മിളിതമായ ഒന്നുമാത്രമാണ്. ആ റെഗുലേഷൻഅനുസരിച്ചു മുനിസിപ്പൽ സഭകൾക്കുതന്നെ നടപടിനടത്താവുന്നതാകുന്നു. പൊതുമരാമത്തുഡിപ്പാർട്ടുമെന്റിനും അതിൻപ്രകാരം പ്രവൃത്തിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു എന്തുകൊണ്ടെന്നാൽ ആറെഗുലേഷൻഅനുസരിച്ചു സംസ്ഥാനത്തിലെ റോഡുകൾ ആഡിപ്പാർട്ടുമെന്റിനെ ഏല്പിച്ചിരിക്കുന്നു. എന്നാൽ അതു സംശയമാണ്. എന്തുകൊണ്ടെന്നാൽ മുമ്പ് ഒരവസരത്തിൽ റോഡുകൾ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനെ ഏല്പിച്ചിരിക്കുകയാണോ എന്നുഞാൻ ചോദ്യംചെയ്യുകയും ഗവണ്മെന്റു ഉത്തരംപറയുന്നതിനു സന്നദ്ധരല്ലാതിരിക്കുകയും ചെയ്തു. അവ ഏല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നമ്മുടെ പുതിയസ്നേഹിതൻ മിസ്റ്റർ വൈപ്പന്റെ ചൊടിചൊടിപ്പോടുകൂടിയ താല്പര്യത്തേയും തന്റെ ജോലിയെനടത്തിക്കൊണ്ടുപോകുന്നതിനുള്ളസന്നദ്ധതയേയും പുരസ്കരിച്ചു അല്പം സങ്കോചത്തോടെ ആറെഗുലേഷൻപ്രകാരമുള്ള പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്റെ ജോലിയേയും കാണിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഒട്ടധികം മോട്ടാർ അപകടങ്ങളെപ്പററിയും കേൾക്കുന്നുണ്ട്. തിരുവനന്തപുരം പട്ടണത്തിൽതന്നെയും കന്നുകാലികളെ റോഡിൽ സ്വാതന്ത്ര്യമായി അലഞ്ഞുനടക്കുന്നതിനു വിട്ടിട്ടുള്ളതു ഞാൻ കണ്ടിട്ടുണ്ടു. മോട്ടാർഡ്രൈവറന്മാരോടു നാം എല്ലായ്പോഴും അനുകമ്പയില്ലാതെയാണവർത്തിക്കുന്നത്, ജനസാമാന്യം അവരുടെനേരെ വിരോധമായത്തോടെയാണുപെരുമാറപ്പെടുന്നതു. അലഞ്ഞുനടക്കുന്ന കന്നുകാലികളിൽനിന്നും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ വിചാരിച്ചു, റെഗുലേഷൻ പോലീസ്സിന്റേയും മററു ഡിപ്പാർട്ടുമെന്റുകളുടേയും സംയുക്താന്വേഷണത്തിലാണെങ്കിൽ, ആ റെഗുലേഷൻ അനുസരിച്ച് അവർ ചെയ്തിട്ടുള്ള ജോലിയുടെ വിവരം ചൂണ്ടിക്കാണിക്കുന്നതു നന്നായിരിക്കും. ഈ സംഗതി ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നതിനാണ് ഈ ചെറിയ ഉപക്ഷേപം ഞാൻ കൊണ്ടുവന്നിട്ടുള്ളത്.

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ് കമ്മീഷണർ): സർ, പൊലീസ്ഡിപ്പാർട്ടുമെന്റിന് ഏതെല്ലാം റെഗുലേഷൻപ്രകാരം അധികാരം കിട്ടുന്നുവോ ആ എല്ലാറെഗുലേഷൻപ്രകാരവും ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിയിട്ടുള്ള നടപടികളെ ഡിപ്പാർട്ടുമെന്റിന്റെ വാർഷികഭരണറിപ്പോർട്ടിൽ കാണിച്ചിരിക്കണമെന്നാണു നിർദ്ദേശമെന്നുതോന്നുന്നു. ആ വിവരം, അറിയുന്നതിനു യോഗ്യമായിട്ടുള്ളതാണെങ്കിൽ, പ്രസിദ്ധം ചെയ്യുന്നതിൽ ഞാൻ യാതൊരു തടസ്സവും കാണുന്നില്ല. ആ വിവരം പ്രസിദ്ധം ചെയ്യണമോ വേണ്ടയോ എന്നുള്ളതിനെപ്പററി ഗവണ്മെന്റു സാവധാനമായി ആലോചിക്കുമെന്നു ഞാൻ സാമാജികനോടു് ഉറപ്പുപറയുന്നു. ഞാൻ നോക്കിയേടത്തോളം ആ വിവരം നൽകുന്നതിൽ യാതൊരു തടസ്സവും ഇല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉപക്ഷേപം സഭയുടെ തീരുമാനത്തിനു വയ്ക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ലഘുഭക്ഷണത്തിനായി സഭ രണ്ടു മണിക്കു മാററിവെച്ചു.

സഭ ൨-൪൫ മണിക്കു വീണ്ടും കൂടി.

ഉപക്ഷേപം—൩൮൮.

മി. ജി. നാരായണപിള്ള (തിരുവല്ല): താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ ഏറ്റുകൊള്ളുന്നു.

൩൮൮. താൽക്കാലിക എസ്റ്റാബ്ലിഷ്മെൻറിനായുള്ള ൧൫൪൦ രൂപ കൊള്ളിക്കാതിരിക്കുന്നതിന്.

ഉപക്ഷേപം അയച്ചതിലുള്ള എൻെറ ഉദ്ദേശം ഇപ്പോൾ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന ക്ലാർക്കുമാരുടെ ശമ്പളം കുറയ്ക്കുന്നതിനെ നിർദ്ദേശിക്കുന്നതിനായിരുന്നു. എന്നാൽ അബദ്ധത്തിൽ മുഴുവൻ തുകയും ഒഴിവാക്കപ്പെടുന്നതിനു ആവശ്യപ്പെട്ടു. സർ, അതുകൊണ്ടു ഉപക്ഷേപം ഈ വിധത്തിൽ ഭേദപ്പെടുത്തുന്നതിന്, അതായതു ൧൫൪൦ രൂപയിൽനിന്നും ൪൬൦ രൂപ കുറയ്ക്കുന്നതിനു അവിടത്തെ അനുവാദം ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: മററൊരു വിധത്തിൽ പറയുകയാണെങ്കിൽ, നിങ്ങളുടെ ഉപക്ഷേപം ഒരു ചക്രോപക്ഷേപമായി മാററുന്നതിനു ആവശ്യപ്പെടുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ല): ഒരു ചക്രോപക്ഷേപമായി മാററുന്നതിനല്ല. ഉപക്ഷേപം ഇപ്പോൾ ഇരിക്കുന്ന രീതിയിൽ മുഴുവൻ തുകയും തള്ളിക്കളയുന്നതിനാകുന്നു. ഞാൻ ആവശ്യപ്പെടുന്നതു ൪൬൦ രൂപ കുറയ്ക്കണമെന്നാകുന്നു. ഇപ്പോൾ ൭൫ മുതൽ ൧൦൦ രൂപവരെയുള്ള സ്കെയിലിൽ ഒരു ഹെഡ്ക്ലാർക്കിനും, ൪൦ മുതൽ ൭൦ രൂപവരെയുള്ള സ്കെയിലിൽ ഒരു ക്ലാർക്കിനും, ൨൫ മുതൽ ൪൦ രൂപവരെയുള്ള സ്കെയിലിൽ മററൊരു ക്ലാർക്കിനും ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ട്. ഞാൻ ആവശ്യപ്പെടുന്നതു അതിനുപകരം ൪൦ രൂപയിൽ ഒരു ക്ലാർക്കിനെയും ൨൫ രൂപയിൽ രണ്ടുപേരെയുംമാത്രം നിയമിച്ചാൽ മതിയാകുമെന്നാണ്.

പ്രസിഡൻറ്: വലിയ തുകയിൽ ഉൾപ്പെട്ടിരിക്കുന്ന ചെറിയ തുക കുറയ്ക്കുന്നതിനുള്ള ഉപക്ഷേപം ഹാജരാക്കുന്നതിനാണ് നിങ്ങൾ ആവശ്യപ്പെടുന്നതു്. നിങ്ങൾ അപ്രകാരം ചെയ്തുകൊള്ളുക.

മി. ജി. നാരായണപിള്ള (തിരുവല്ല): കമ്മീഷണർആഫീസ്സിലെ ഇപ്പോഴത്തെ മിനിസ്റ്റീരിയൽ എസ്റ്റാബ്ലിഷ്മെൻറിൽ, ഓരോരുത്തർക്കും ൭൫ മുതൽ ൧൦൦ രൂപവരെ ശമ്പളത്തിൽ ഒരു ഹെഡ്ക്ലാർക്കും, ഒരു സ്റ്റോർ കീപ്പറും, ഒരു ഹെഡ് അക്കൌണ്ടൻറും, ൪൦ മുതൽ ൭൦ രൂപവരെ ശമ്പളത്തിൽ ൩ ക്ലാർക്കുകളും, ൨൫ മുതൽ ൪൦ രൂപവരെ ശമ്പളത്തിൽ ൧൨ ക്ലാർക്കുകളും, ൨൦ മുതൽ ൩൦ രൂപവരെ ശമ്പളത്തിൽ ൩ ടൈപ്പിസ്റ്റുമാരും ഉണ്ട്. മോട്ടാർ സെക്ഷനിലേക്കു ൭൫ മുതൽ ൧൦൦ രൂപവരെ ശമ്പളത്തിൽ ഒരു ഹെഡ്ക്ലാർക്കിനെയും, ൪൦ മുതൽ ൭൦ രൂപവരെയും ൨൫ മുതൽ ൪൦ രൂപവരെയും ശമ്പളത്തിൽ രണ്ടു ക്ലാർക്കുകളേയും കൂടെയാണ് നിയമിച്ച് ഈ സ്റ്റാഫ് വർദ്ധിപ്പിക്കുന്നതിനു ആലോചിച്ചിരിക്കുന്നു. ഇവ താൽക്കാലികമായിട്ടാണെന്നു പറയുന്നു. എന്നാൽ താൽക്കാലിക സ്റ്റാഫിൻെറ ശമ്പളത്തോടുകൂടി സ്കെയിൽ നിർദ്ദേശിച്ചിരിക്കുന്നതുകൊണ്ട് അവ വാസ്തവത്തിൽ സ്ഥിരമായിട്ടുള്ളതാണെന്നു തെളിയുന്നു. ആഫീസുജോലി ഇപ്പോൾ പല വകുപ്പുകളായി തരംതിരിച്ചിട്ടുള്ള ഗ്രൂപ്പുകളിലെ പല ക്ലാർക്കുമാർ നിർവഹിക്കപ്പെടുകയും, പല ഗ്രൂപ്പുകളിലെയും ജോലി ഹെഡ് മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥനാൽ മേൽനോട്ടം നടത്തപ്പെടുകയും ചെയ്യുന്നു. ഇപ്പോൾ ഒരു മോട്ടാർ സെക്ഷൻ ഉണ്ട്. താൽക്കാലികമായി ആവശ്യപ്പെട്ടിരിക്കുന്ന ക്ലാർക്കുകൾ ആഫീസിലെ ആ പ്രത്യേകവകുപ്പിനെ വർദ്ധിപ്പിക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. മോട്ടാർ സെക്ഷനിൽ ഇപ്പോൾ എത്ര ക്ലാർക്കുകൾ ജോലി ചെയ്യുന്നുണ്ടെന്നും കൂടുതൽ ക്ലാർക്കുകളെ ആവശ്യപ്പെടേണ്ട ആവശ്യമുണ്ടോ എന്നും എനിക്ക് അറിഞ്ഞുകൂടാ. ഏതു പ്രകാരമായാലും, ഈ സെക്ഷനിലേക്കു മാത്രമായി ഒരു പ്രത്യേക ഹെഡ്ക്ലാർക്കിനെ, അതും ആ ആഫീസിലെ ഹെഡ്ക്ലാർക്കിൻെറ ശമ്പളത്തിലും സ്ഥിതിയിലും തുല്യമായ നിലയിൽ ആവശ്യപ്പെടുന്നതു വേണ്ടതില്ലാത്തതും കൂടുതലും ആകുന്നു. നിയമനങ്ങൾ താൽക്കാലികമായിട്ടുള്ളവയാണെങ്കിൽ ഈ ഉദ്യോഗങ്ങളേച്ചു യോജിപ്പിച്ചു രണ്ടു മൂന്നും ആണ്ടുകൾക്കുശേഷം ശമ്പളക്കൂടുതൽ നൽകുന്നതു് എന്തിനാണെന്ന് എനിക്ക മനസ്സിലാകുന്നില്ല.

ഈ സന്ദർഭത്തിൽ മററൊരു സംഗതികൂടി പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. താൽക്കാലികമായുള്ള ഉദ്യോഗങ്ങൾക്കു നിയമനം നടത്തുമ്പോൾ ഡിസ്ട്രിക്ട് ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങളെ ഗണിക്കുന്നതല്ലെന്നു കമ്മീഷണർ ഒരു സർക്കുലർ അയച്ചിട്ടുള്ളതായി ഞാൻ അറിയുന്നു. ഒരു നിയമനം ആദ്യമായി ഉണ്ടാകുമ്പോൾ താൽക്കാലികമായാണ് പരിഗണിക്കുന്നതെന്നിരുന്നാൽപോലും സ്ഥിരമായിത്തീരാൻ ഇടയുള്ളതും കാലക്രമത്തിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവൻ ഡിസ്ട്രിക്ട് ആഫീസിൽ കുറഞ്ഞ ശമ്പളത്തിൽ ഇരിക്കുന്ന സ്ഥിരജോലിക്കാരൻെറ മുകളിൽ ആവുകയും ചെയ്യുന്നു. കമ്മീഷണർആഫീസിൽ ഒരു ക്ലാർക്കിൻെറ കുറഞ്ഞ ശമ്പളം ൨൫ മുതൽ ൪൦ രൂപവരെ ആയിരിക്കെ ഡിസ്ട്രിക്ട് ആഫീസിൽ അതു ൨൦ മുതൽ ൩൦ രൂപവരെ ആകുന്നു. കമ്മീഷണർആഫീസിൽ ഒരു പുതിയ ക്ലാർക്കിനെ ൨൫ രൂപ മുതൽ ൪൦ രൂപവരെയുള്ള ശമ്പളത്തിൽ നിയമിക്കുമ്പോൾ അയാൾ ഡിസ്ട്രിക്ട് ആഫീസുകളിലെ ൨൦ മുതൽ ൩൦ രൂപവരെ ശമ്പളത്തിലുള്ള ക്ലാർക്കുകളുടെ സീനിയർ ആയിത്തീരുന്നു.

മോട്ടാർവാഹനങ്ങളുടെ ഗതാഗതം സംബന്ധിച്ചുള്ള ജോലി ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർക്ക് വിട്ടുകൊടുക്കാൻ പോകുന്നു എന്നും, ഈ ജോലിക്കായിട്ടു അവരുടെ ആഫീസുകളിൽ താൽക്കാലികമായി ക്ലാർക്കുകളെ നിയമിക്കുന്നതിനു തുക ചേർത്തിട്ടുള്ളതായും ഞാൻ കാണുന്നു. ഈ ഏർപ്പാടു കമ്മീഷണർആഫീസിലെ ജോലിയെ കുറയ്ക്കുകയില്ലയോ എന്നും അപ്രകാരമാണെങ്കിൽ കമ്മീഷണരുടെ ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നും ഞാൻ സംശയിക്കുന്നു. അതുകൊണ്ടു കമ്മീഷണരുടെ ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യയെ കൂട്ടുന്നതിൻെറ ആവശ്യകതയെപ്പററി വിചാരണചെയ്യുന്നതിനും ആരംഭത്തിൽ ഞാൻ നിർദ്ദേശിച്ച രീതിയിൽ അതായതു ഇപ്പോൾ ചേർത്തിട്ടുള്ള തുകയിൽ എന്തെങ്കിലും കുറവുവരുത്താൻ പാടില്ലയോ എന്നു നോക്കുന്നതിനുംവേണ്ടിയായി ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നു.

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ്കമ്മീഷണർ): സർ, ഈ ഉപക്ഷേപത്തിൽ ഒരു ചെറിയകുഴപ്പം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഒരു വിധം കൂടുതൽ സ്റ്റാഫ് ആവശ്യമില്ലെന്നാണെന്നു തോന്നുന്നു; മറെറു നിർദ്ദേശിച്ചിട്ടുള്ള ശമ്പളത്തിൽ കൂടുതൽ സ്റ്റാഫ് അനാവശ്യമാണെന്നാകുന്നു. ഒടുവിൽ പറഞ്ഞതിനെപ്പററി ഞാൻ ആദ്യം പ്രസ്താവിക്കാം. താൽക്കാലികമായി നിയമിക്കുന്ന ക്ലാർക്കുകളെ സ്ഥിരമായി

[illegible] ശമ്പളത്തിൽ നിയമിക്കുന്നതു് എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ആഫീസിൽ ഇപ്പോൾ ഉള്ള [illegible] സ്കെയിലുമായി എന്തോ ബന്ധം ഉണ്ടെന്ന ഞാൻ വിചാരിക്കുന്നു. ക്ലാർക്കന്മാരെ [illegible] കയ്യിൽ നിയമിക്കേണ്ടതാണ്. ആ പക്ഷം തൽക്കാലത്തേക്ക നിയമിക്കേണമെന്ന പറയുന്നത് എന്തുകൊണ്ടാണ്? മോട്ടോർവാഹനങ്ങളുടെ ഗതാഗതത്തിൽ ചടവുണ്ടായാൽ ഈ ക്ലാർക്കന്മാരെ [illegible] ആഫീസിൽ പോകാൻ [illegible] തൽക്കാലികനിയമനങ്ങൾ നടത്തുമ്പോൾ അവയിൽ ഒന്നുതന്നെ ഡിസ്ത്രിക്ട് ആഫീസുകളിലെ ക്ലാർക്കന്മാർക്ക [illegible] മിസ്റ്റർ നാരായണപിള്ള പറഞ്ഞു. ഏതാനും വർഷങ്ങൾക്കുമുമ്പ്, സീനിയോറിറ്റിയെ സംബന്ധിച്ച ഉപദ്രവകരമായ വിഷയത്തെപ്പറ്റി [illegible] ആലോചനക്കുശേഷം, ഏതു ആഫീസിലായാലും [illegible] ഒഴിവുകളിൽ ആ ആഫീസിലുള്ള ക്ലാർക്കന്മാരെമാത്രം നിയമിക്കേണ്ടതാണെന്നും, എന്നാൽ [illegible] എല്ലാ ആഫീസുകളിലേയും എല്ലാ ക്ലാർക്കന്മാരുടെയും സീനിയോറിറ്റിയെപ്പറ്റി ആലോചിക്കേണ്ടതാണെന്നും ഞാൻ ഒരു റൂൾ പാസ്സാക്കിയിട്ടുണ്ട്. ഏറ്റവും സീനിയറായുള്ള ക്ലാർക്ക്, അതു [illegible] ആഫീസിൽ ഉള്ളവനായിരിക്കട്ടെ, ഡിസ്ത്രിക്ട് ആഫീസിൽ ഉള്ളവനായിരിക്കട്ടെ, യോഗ്യതയുള്ളവനാണെങ്കിൽ, അയാളെ ആ ഒഴിവിൽ നിയമിക്കേണ്ടതാണ്. ഒരു ഡിസ്ത്രിക്ട് ആഫീസിൽ തൽക്കാലമായി ഒഴിവുണ്ടാവുകയാണെങ്കിൽ ആ ഉദ്യോഗം എന്റെ ആഫീസിലെ ക്ലാർക്കിന നൽകുന്നതല്ല. അതുപോലെതന്നെ എന്റെ ആഫീസിൽ തൽക്കാലികമായ ഒഴിവു് ഉണ്ടാവുകയാണെങ്കിൽ, ആ ഉദ്യോഗത്തിന് എന്റെ ആഫീസിലെ ക്ലാർക്കുകളെമാത്രമേ നിയമിക്കുകയുള്ളു. അതിൽ യാതൊരു അനൗചിത്യവുമില്ലെന്ന ഞാൻ വിചാരിക്കുന്നു. എന്റെ ആഫീസിലെ ക്ലാർക്കുകളുടെ ശമ്പളം ഡിസ്ത്രിക്ട് ആഫീസിലെ ക്ലാർക്കുകളുടെ ശമ്പളത്തെക്കാൾ കൂടുതലാണ്. അതുകൊണ്ടു മററ ആഫീസുകളിലെ ക്ലാർക്കുകൾ അവിടെ മാറുന്നതിന ഇഷ്ടപ്പെടുന്നു. ഞാൻ അറിയുന്നിടത്തോളം [illegible] സ്ഥിരനിയമനങ്ങളെ സംബന്ധിച്ച യാതൊരു അനൗചിത്യവുമില്ല. അങ്ങനെയുള്ള നിയമനങ്ങൾ നടത്തുമ്പോൾ എല്ലാ ക്ലാർക്കുകളുടേയും സീനിയോറിറ്റിയെപ്പറ്റി ഞാൻ ആലോചിക്കുന്നു. [illegible] ഉദ്യോഗസ്ഥന്മാരെ നിർണ്ണയിക്കുന്നതിൽ [illegible] എന്തെങ്കിലും [illegible] ഡിസ്ത്രിക്ട് ആഫീസുകളിലേക്ക വിട്ടുകൊടുക്കുന്നതിനെപ്പററി യാതൊരു വിചാരവുമില്ല. [illegible] ഈ ഈയിടെ ക്രമാതീതമായി വർദ്ധിച്ചമോട്ടോർവാഹനങ്ങളുടെ ഗതാഗതം [illegible] ഉണ്ടായിരിക്കുന്നു. കൂടുതൽ സ്റ്റാഫ് ആവശ്യമുണ്ടോ എന്ന മിസ്റ്റർ നാരായണപിള്ള ചോദിച്ചു. [illegible] [illegible] കാലങ്ങളിൽ [illegible] കഴിയുന്നിടത്തോളം കാര്യം നടത്തുന്നതിന ഞാൻ ശ്രമിക്കുകയായിരുന്നു. എനിക്കുണ്ടായിട്ടുള്ള [illegible] സമയത്തിനുള്ളിൽ, ചോദ്യത്തിനുമറുപടിയായി [illegible] വിവരം നൽകുന്നതിന എന്നെക്കൊണ്ട് എങ്ങനെ സാധ്യമാകുമെന്ന എനിക്ക് അറിഞ്ഞുകൂടാ. തിരിയാതെ [illegible] [illegible] ആവശ്യപ്പെട്ട മോട്ടോർവാഹനങ്ങളുടെ ഗതാഗതംസംബന്ധിച്ച വർദ്ധനവിനെപ്പററി [illegible] താഴെ കാണുന്ന കണക്കുകളിൽനിന്ന് മനസ്സിലാക്കാം. [illegible]-ൽ രജിസ്റ്റർചെയ്യപ്പെട്ട മോട്ടോർവാഹനങ്ങളുടെ സംഖ്യ [illegible] ആയിരുന്നു; എന്നാൽ [illegible]-ൽ ഇതുവരെ [illegible] വാഹനങ്ങൾ രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ട്. [illegible]-ൽ മോട്ടോർവാഹനങ്ങൾ ഓടിക്കുന്നതിന നൽകിയ ലൈസൻസുകളുടെ എണ്ണം [illegible] ആയിരുന്നു; എന്നാൽ [illegible]-ൽ അതു [illegible] ആകുന്നു. [illegible]-ൽ കൂലിക്ക് ഓടിക്കുന്നതിന കൊടുത്തിട്ടുള്ള അനുവാദങ്ങളുടെ എണ്ണം [illegible] ആയിരുന്നു; എന്നാൽ [illegible]-ൽ അതു [illegible] ആകുന്നു. മോട്ടോർവാഹനറഗുലേഷൻ അനുസരിച്ച് ഈടാക്കിയതുക (വസ്തുക്കളുടെ പരിശോധനയ്ക്കുള്ള ഫീസ് ഒഴിച്ചു) [illegible] ആയിരുന്നു; എന്നാൽ ഈ [illegible] പിരിച്ചിട്ടുള്ളതു [illegible] രൂപ ആകുന്നു. ഇനിയും [illegible] [illegible] കറൻസി ഏർപ്പാടിന്റെ രീതിയിൽ പ്രത്യേകം പ്രത്യേകം ആയി ചെയ്യുവരികയാണ്. [illegible]-ൽ അതനുസരിച്ചുള്ള കറൻസികളുടെ എണ്ണം [illegible] ആയിരുന്നു. എന്നാൽ—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). മററുസ്ഥലങ്ങളിൽ രജിസ്റ്റർചെയ്തിട്ടുള്ള മോട്ടോർവാഹനങ്ങളുടെ ലിസ്റ്റ് മിസ്റ്റർ പിററ സൂക്ഷിക്കുന്നുണ്ടോ എന്ന ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ് കമ്മീഷണർ): ഇവിടെ ഓടുന്നതോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ.

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ് കമ്മീഷണർ): ഉവ്വ്. ഞങ്ങൾ ഒരു ലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്. അ[illegible] പ്രകാരമുള്ള കാറുകൾ [illegible] അൽപംകൂടുതലായി ഉണ്ട്. [illegible]-ൽ മോട്ടോർസൈക്കിളിലെ കറൻസി [illegible] ആയിരുന്നു; എന്നാൽ [illegible]-ൽ നമ്പർ [illegible] ആകുന്നു. അതുകൊണ്ടു [illegible] അസാധാരണമാകുന്നു. ഫീസ് അധികവും പണമായിട്ടാണ് കൊടുക്കുന്നതെന്ന കൌൺസിലിന അറിയാമെന്ന ഞാൻ വിചാരിക്കുന്നു. ഇതു കടലാസുകൾ [illegible] കൂടുതൽ സൂക്ഷ്മമായി നോക്കേണ്ടതാണ്. അടുത്ത [illegible] എന്റെ ആഫീസിൽ ചെറിയതുകകളിൽ പണമായി [illegible] രൂപ പിരിവുണ്ടാകുമെന്ന ഞാൻ വിചാരിക്കുന്നു. [illegible] കണക്കിൽവരവു വയ്ക്കുന്നതിന എനിക്ക ഒരു കാഷിയരെ ആവശ്യമുണ്ട്. ആ ആവശ്യത്തിനാണ് ഒരു ഹെഡ് ക്ലാർക്കിനെ നിർദ്ദേശിച്ചിരിക്കുന്നതു. ഫീസ് [illegible] രൂപ ആയിരിക്കുമ്പോൾ മാത്രമാണ് രണ്ടുസ്റ്റാമ്പ് [illegible] രൂപ കൊടുക്കുന്നതു പതിവാണ്. അതുകൊണ്ട് അവശ്യം [illegible] ചെയ്യേണ്ടതായുണ്ട്. എന്റെ ആഫീസിലെ കണക്കുകൾ ഇന്നത്തേതുപോലെയുള്ളതല്ല. ഈ ക്ലാർക്കുകൾ ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി എന്റെ പ്രധാനവാദം ഇതാണെന്ന ഞാൻ വിചാരിക്കുന്നു. [illegible]-ൽ ഡിപ്പാർട്ടുമെന്റു പരിഷ്കരണത്തിനുശേഷം ഡിപ്പാർട്ടുമെന്റിന്റെ വരവു് കിഴിച്ചുള്ള ചെലവു ഒരു ലക്ഷം രൂപ ആയിരുന്നു. അതുകൊണ്ടു ഞങ്ങൾ വളരെ മിച്ചമായിട്ടു [illegible] രൂപയ്ക്ക അദ്ധ്വാനിക്കുമ്പോൾ അതിനു എന്തൊ [illegible] ഉണ്ടെന്ന കൌൺസിൽ വിചാരിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു. ഇനിവരവുകിഴിച്ചുള്ള ചെലവു മുമ്പുണ്ടായിരുന്നതിനേക്കാൾ ഒരു ലക്ഷം രൂപ കുറവാണ്.

മി. ജി. നാരായണപിള്ള (തിരുവല്ല): കമ്മീഷണർ തന്നിട്ടുള്ള ഉത്തരങ്ങൾ തൃപ്തികരമായി ഗണിച്ചുകൊണ്ട് ഞാൻ എന്റെ ഉപക്ഷേപം പിൻവലിച്ചു കൊള്ളുന്നു.

ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൩൨൩.

മി. റ്റി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): ൩൨൩. വക്കീലന്മാരുടെ ഫീസിനായുള്ള ൩൦൦ രൂപ ഒഴിവാക്കുന്നതിനു.

വക്കീലന്മാർക്കു ഫീസു കൊടുക്കുന്നതു സ്വത്വാർഹമാണെന്നുള്ളതിനു സംശയമില്ല. നിയമോപദേശം നൽകുന്നതിനു വക്കീലന്മാർക്കു ഫീസു കൊടുക്കേണ്ടതിനു പോലീസു കമ്മീഷണർക്കു പണം ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ൧൧൨൦-ാമാണ്ടിലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ ൩൦൦ രൂപ കൊള്ളിച്ചിട്ടുണ്ടായിരുന്നു എങ്കിലും വക്കീലന്മാർക്കു ഫീസു വകയിൽ യാതൊന്നും കൊടുത്തില്ല. ൧൧൨൧-ാമാണ്ടത്തെ ബഡ്ജറ്റിൽ ആ ഇനം കൊടുത്തതായി കാണുന്നില്ല. ഒരു കേസും പോലീസുകമ്മീഷണർ നേരിട്ടുതന്നെ പ്രാസിക്യൂട്ടുചെയ്യുകയോ വക്കീലന്മാർക്കു ഫീസു കൊടുക്കുന്നതിനുള്ള അവസരം അദ്ദേഹത്തിനു ഉണ്ടാവുകയോ ചെയ്യുന്നില്ല. കേസുകൾ ഉണ്ടാകുന്നതു ഡിസ്ത്രിക്ടുകളിലും, ആ കേസുകളുടെ ചാർജു വഹിക്കുന്നതു ഡിസ്ത്രിക്ടു സൂപ്രണ്ടുമാരും, മജിസ്ട്രേട്ടു കോടതികളിൽ കേസുകൾ നടത്തുന്നതു പ്രാസിക്യൂട്ടിങ്ങ് ഇൻസ്പെക്ടർമാരുമാകുന്നു. കേസുകൾ സെഷൻസിലേക്കു കമ്മിറ്റു ചെയ്യപ്പെട്ടാൽ അവിടെ അവ നടത്തുന്നതിനു സർക്കാർ വക്കീലന്മാരുണ്ടു. അതുകൊണ്ടു വക്കീലന്മാർക്കു ഫീസിനായി ൩൦൦ രൂപ നീക്കിവയ്ക്കുന്നതിനു ഞാൻ യാതൊരു കാരണവും കാണുന്നില്ല.

മി. ഡബ്ലിയു. എച്ച്. പിറവ് (പോലീസ് കമ്മീഷണർ): സാർ, ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ൧൧൦൯-ൽ വരെ ബഡ്ജറ്റിൽ ലാചാർജസ് എന്ന ഒരിനം മാത്രമേ ഉണ്ടായിരുന്നുള്ളു. ൧൧൧൦-നു ശേഷം ലാചാർജസ്സും വക്കീൽ ഫീസും ഒരുമിച്ചു കൊള്ളിച്ചുവന്നു. വാസ്തവത്തിൽ പ്രായോഗികമായി യാതൊരു വ്യത്യാസവുമില്ല. അതിന്റെ ഇനം എന്തുകൊണ്ടാണ് മാറിയതെന്നു എനിക്കറിഞ്ഞുകൂടാ. ഫിനാൻസ് ആഫീസിൽ മാറിയതാണെന്നാണ് ഞാൻ വിചാരിക്കുന്നതു. ലാ ചാർജ്സ് ഇനത്തിൽ ഞങ്ങൾക്കു ചെലവുണ്ടു. ൧൧൨൦-ൽ വക്കീൽഫീസ് വകയ്ക്കു ൧൫൦ രൂപയും ലാചാർജസ് വകയിൽ ൧൪൭ രൂപയും ചെലവായി. ആകെ ൩൧൭ രൂപയാണ് ൧൧൨൦-ൽ ലാചാർജസ് ഇനത്തിൽ ൨൧൪ രൂപ ചെലവായി എന്നു കണക്കുകൾ കൊണ്ടു കാണുന്നു. ഈ വർഷത്തേക്കു നീക്കിവച്ചിട്ടുള്ള അത്യാവശ്യച്ചെലവുകളുടെ ഇനത്തിൽനിന്നും ൩൪൦ രൂപ ചെലവായി. ഈ ചെലവു സാധാരണയായി ഉണ്ടാകുന്നതു എങ്ങനെയാണെന്നു, ഔദ്യോഗികനിലയിൽ ചെയ്യുന്ന പ്രവൃത്തികൾക്കു ഒരു പോലീസ് ഉദ്യോഗസ്ഥനെ പ്രാസിക്യൂട്ടുചെയ്യുകയാണെങ്കിൽ, ഡിപ്പാർട്ടുമെന്റു മുഖേനയുള്ള അന്വേഷണം നടത്തുകയും ഉത്തരവിൻപ്രകാരമാണ് ആ പോലീസ് ഉദ്യോഗസ്ഥൻ പ്രവർത്തിച്ചിട്ടുള്ളതെന്നു തെളിയുകയാണെങ്കിലും അയാൾ നടത്തിയിട്ടുള്ള നടപടി നീതീകരിക്കത്തക്കതാണെങ്കിലും, അയാളെ കുറ്റക്കാരനല്ലെന്നു കണ്ടു വിടുകയാണെങ്കിൽ അയാളുടെ ചെലവു കൊടുക്കുന്നതിനു ഗവണ്മെന്റിനോടു സാധാരണയായി ശുപാർശ ചെയ്യാറുണ്ട്. കഴിഞ്ഞ മൂന്നു ആണ്ടുകളിൽ ഈ ഇനത്തിൽ ചെലവു ഉണ്ടായിട്ടുണ്ടു. ഈ വിഷയം ഡിസ്ത്രിക്ടുകളിലല്ലാതെ ഞാൻ നേരിട്ടുതന്നെ നോക്കിവരുന്നതിനാൽ ഈ ചെലവിനും "പി എ കമ്മീഷണർ" എന്നു കൊള്ളിച്ചിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): കേസുകൾ നടത്തുന്നതിനു എന്തുകൊണ്ടു സർക്കാർ വക്കീലന്മാരെ നിയോഗിച്ചുകൂടാ.

മി. ഡബ്ലിയു. എച്ച്. പിറവ് (പോലീസ്കമ്മീഷണർ): പാടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): അപ്രകാരം ചെയ്യുന്നതിനു അവരോടു ആവശ്യപ്പെട്ടുകൂടയോ.

മി. ഡബ്ലിയു. എച്ച്. പിറവ് (പോലീസ്കമ്മീഷണർ): അതിനു തടസ്സമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ എന്താണ് തടസ്സമെന്നു എനിക്കു തല്ലനിശ്ചയമില്ല. യാതൊരു സ്ഥിതിയിലും കുറ്റക്കാരന്റെ ഭാഗം കേസു നടത്തുന്നതിനു സർക്കാർവക്കീലിനെ അനുവദിച്ചുകൂടെന്നു ഡിപ്പാർട്ടുമെന്റു ഉത്തരവുതന്നെയുണ്ട്. ഓരോ കേസിലും രാജാംഗമാണ് വാദി. രാജാംഗംതന്നെ കുറ്റം ചുമത്തുകയും വാദിക്കുകയും ചെയ്യാറുന്നതല്ല.

മി. റ്റി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൩൨൪.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സാർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം പോലീസ്ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു ജനങ്ങൾക്കുള്ള സങ്കടങ്ങൾ അറിയിക്കുന്നതിനും അതിന്റെ നിവാരണമാർഗ്ഗങ്ങളെ നിർദ്ദേശിക്കുന്നതിനും ആകുന്നു. തിരുവിതാംകൂറിലെ ഒരുവലിയ ഭൂരിപക്ഷം ജനങ്ങൾക്കു ഗവണ്മെന്റിന്റെ എല്ലാഡിപ്പാർട്ടുമെന്റുകളുടേയും നേരെ ഗൌരവവും അനുഭവാവലിതവുമായ സങ്കടങ്ങളുണ്ടു. എന്നാൽ പോലീസ് ഡിപ്പാർട്ടുമെന്റു, ഏറെയധികമായ ധനനഷ്ടവും ദേഹോപദ്രവും, ദുരിതവും, അവമാനവും സാധാരണജനങ്ങൾക്കു നൽകുന്നതിൽ അവയിൽ എല്ലാറ്റിനേയുംകാൾ ഉച്ചസ്ഥമായിരിക്കുന്നു. സമയമില്ലാത്തതുകൊണ്ടും മിക്കസഭാംഗങ്ങളുടേയും മനസ്സിൽ അവ തോന്നിക്കുമെന്നുള്ളതിനാലും പ്രത്യേകോദാഹരണങ്ങൾ നൽകണമെന്നു ഞാൻ വിചാരിക്കുന്നില്ല. സാർ, ഗവണ്മെന്റു ദോഷങ്ങളെ പരിഹരിക്കുന്നതിൽ കർശനമായ നടപടികൾ നടത്തുന്നതിനുപകരം അവിചാരിതമായിട്ടെങ്കിലും ജനങ്ങളെ ഉപദ്രവിക്കുന്നതിനും അവമാനിക്കുന്നതിനും പോലീസുകാരെ പ്രോത്സാഹിപ്പിക്കുകയാണെന്നുള്ളതിൽ ഞാൻവളരെ വ്യസനിക്കുന്നു. ഇതുവളരെപ്രാധാന്യമുള്ളതും, പോലീസ്ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന്റെ മനോഭാവത്തേയും നയത്തേയും ബാധിക്കുന്നതും ആയതുകൊണ്ടു ഈ ഭാഗം ഞാൻ ഉദ്ധരിക്കപ്പെടുത്താം. ൧൧൨൦-ാമാണ്ടത്തെ പോലീസ്ഡിപ്പാർട്ടുമെന്റിന്റെ ഭരണറിപ്പോർട്ടിലെ ഒരുഭാഗം വായിക്കാം.

"നീതിന്യായനിക്കുകൾ. ആണ്ടിൽ ജനങ്ങൾ പോലീസ് ഉദ്യോഗസ്ഥന്മാരുടേയും ആളുകളുടേയും പേരിൽ എടുത്തിട്ടുള്ള കേസുകളുടെ എണ്ണത്തിനു കുറവുണ്ടായിരുന്നു. ഈ ആണ്ടിൽ ൪൮ ആയിരുന്നിരിക്കെ ൧൧൨൦-ൽ ൩൭ ആയിരുന്നു. അപ്രകാരമുള്ള കേസുകളിൽ ഉൾപ്പെട്ട ആളുകളുടെ എണ്ണം ൭൩-ൽനിന്നും

ന്നു ആയികുറഞ്ഞു. ഇവരിൽ ൫൦ പേരെ വിട്ടകയും ആണ്ടവസാനത്തിൽ വന്നവരുടെ മേൽ ശിഷ്ടമുള്ള കേസ് വിചാരണയിലിരിക്കകയും ചെയ്തു. ഒരു കേസിലും നിസ്സാരമായി പ്രോസിക്യൂട്ടുചെയ്യപ്പെട്ട പോലീസുകാൎക്കു പ്രതിഫലനഷ്ടം കിട്ടിയില്ല. ആവശ്യപ്പെട്ടതനുസരിച്ചു ആവൎത്തിച്ചു ചെയ്യപ്പെടുന്ന അപേക്ഷകളും കഴിഞ്ഞ ജനുവരി ൨൮-നു-ലെ ആർ. ഡിസ്. നമ്പർ ൨൫൪൫/൧൯ ജുഡിഷ്യൽ ഗവൎമ്മെന്റുത്തരവും ഉണ്ടായിരുന്നിട്ടും ൧൯൨൯-ലെ ഹൈക്കോടതിയുടെ ക്രിമിനൽ സൎക്കുലർ നംമ്പരിന്റെ ഉദ്ദേശത്തെ നടപ്പിൽ വരുത്തുന്നതിനു മജിസ്ട്രേട്ടുമാൎക്കു് ഒട്ടുംതന്നെ ഭാവമില്ല. എന്നാൽ ഡിസ്ചാൎജ്ജുചെയ്യപ്പെടേണ്ട പോലീസുകാരെ പ്രോസിക്യൂട്ടുചെയ്യുന്നതിൽ കേവലമായ ശീഘ്രത കാണിക്കയും, അവരെ വിട്ടകയും, ആണ്ടവസാനത്തിൽ ൧൭ പേർ വിചാരണയിലിരിക്കുകയും ചെയ്തു. ഒരുവന്റെ പേരിലുള്ള കേസു രാജിയായി".

സർ, ഈ ഭാഗത്തിലെ രണ്ടു വാചകങ്ങളിലേക്കു സഭയുടേയും ഗവൎമ്മെന്റിന്റേയും ശ്രദ്ധയെ ആകൎഷിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. അതായതു്, "ഒരു കേസിലും നിസ്സാരമായി പ്രോസിക്യൂട്ടുചെയ്യപ്പെട്ട പോലീസുകാൎക്കു പ്രതിഫലനഷ്ടം കിട്ടിയില്ല" എന്ന ഒന്നും "ആവശ്യപ്പെട്ടതനുസരിച്ചു ആവൎത്തിച്ചു ചെയ്യപ്പെടുന്ന അപേക്ഷകളും കഴിഞ്ഞ ജനുവരി ൨൮-നു-ലെ ആർ. ഡിസ്. നമ്പർ ൨൫൪൫/൧൯ ജുഡിഷ്യൽ ഗവൎമ്മെന്റുത്തരവും ഉണ്ടായിരുന്നിട്ടും ൧൯൨൯-ലെ ഹൈക്കോടതിയുടെ ക്രിമിനൽ സൎക്കുലർ നംമ്പരിന്റെ ഉദ്ദേശത്തെ നടപ്പിൽ വരുത്തുന്നതിനു മജിസ്ട്രേട്ടുമാൎക്കു് ഒട്ടുംതന്നെ ഭാവമില്ല" എന്ന മറ്റേതും ആകുന്നു. ഈ രണ്ടു വാചകങ്ങളിലും പ്രകാശിക്കുന്ന ധ്വനിയും അഭിപ്രായവും അതിശയനീയമാകുന്നു. നിസ്സാരമായി പ്രോസിക്യൂട്ടുചെയ്യപ്പെട്ട പോലീസുകാൎക്കു പ്രതിഫലനഷ്ടം കിട്ടിയില്ലെന്നു റിപ്പോൎട്ടിന്റെ കൎത്താവായ ആക്ടിംഗ് കമ്മീഷണർ പറയുന്നു. ഈ അതിശയകരമായ ആരോപണവും കുറ്റസ്ഥാപനവും ആക്ടിംഗ് കമ്മീഷണർ സ്വമേധയാ ചെയ്യുന്നതല്ല. എന്നാൽ രണ്ടാമൻ തന്റെ പ്രധാനിയും സ്ഥിരമായ കമ്മീഷണറുമായ മിസ്റ്റർ പിററിനെ അനുകരിക്കുകയാണ് ചെയ്തതു്. ആ ആരോപണവും കുറ്റസ്ഥാപനവും മുന്നാണ്ടുകളിലെ പോലീസു ഭരണറിപ്പോൎട്ടുകളിലും കാണുന്നുണ്ടു്. മജിസ്ട്രേസിയുടെ നേൎക്കു് ഈ അത്യുഗ്രമായ കുറ്റസ്ഥാപനം മിസ്റ്റർ പിററ് തന്നെയാണോ അതല്ല അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥമുൻഗാമികളിൽ ആരെങ്കിലുമാണോ നിൎമ്മിച്ചതെന്നു എനിക്കറിഞ്ഞുകൂടാ. അതു് അദ്ദേഹത്തിന്റെ ഉദ്യോഗമുൻഗാമികളിൽനിന്നാണ് ഉത്ഭവിച്ചിട്ടുള്ളതെന്നു ഞാൻ സംശയിക്കുന്നു. ഏതെങ്ങനെയായാലും, ഈ ധിക്കാരശബ്ദത്തിന്റെ ഭാവനാശക്തിയോ അല്ലെങ്കിൽ മറെറന്തും പ്രധാനമായിട്ടുള്ളതല്ല. വാചകങ്ങളെ ഒന്നു പരിശോധിച്ചുകൊള്ളട്ടെ. ആദ്യത്തെ വാചകത്തെസംബന്ധിച്ചിടത്തോളം, ഏതെങ്കിലും ഒരു പോലീസുകാരൻ നിസ്സാരമായിട്ടാണ് പ്രോസിക്യൂട്ടുചെയ്യപ്പെട്ടിരുന്നതെന്നു ആക്ടിംഗ് പോലീസു കമ്മീഷണർ എങ്ങനെയാണ് തീരുമാനിച്ചതു്? ഈ കാൎയ്യം തീരുമാനിക്കുന്നതിനുള്ള ശരിയായ അധികാരികൾ നീതിന്യായക്കോടതികൾ ആകുന്നു. ഒരു കേസിലും കോടതികൾ പ്രതിഫലനഷ്ടം കിട്ടിയില്ലെങ്കിൽ, ചാൎജ്ജുചെയ്യപ്പെട്ടവരിൽ അധികംപേരെയും കുററക്കാരല്ലെന്നുകണ്ടു വെറുതെവിട്ടുവെങ്കിലും, പ്രതിഫലനഷ്ടംകിട്ടുന്നതു ന്യായമല്ലായിരുന്നു എന്നാണ് ഊഹം. ശരിയായ തെളിവില്ലെന്നുള്ളതായിരിക്കണം കാരണം. മിക്കവാറും പോലീസു ഉദ്യോഗസ്ഥന്മാരുടെ അനാശാസ്യമായ സ്വാധീനശക്തിനിമിത്തം തെളിവു് അമൎത്തിയേക്കാം. കുറ്റസ്ഥാപനങ്ങൾ നിസ്സാരങ്ങളായിരുന്നുഎന്നും പോലീസുകാർ കുററക്കാർ അല്ലായിരുന്നു എന്നും തീരുമാനിക്കുന്നതിനു അതു് ഒരു കാരണമല്ല.

മജിസ്ട്രേട്ടുമാരുടെ നടപടികളെപ്പററി പൎയ്യാലോചനചെയ്തു ഒരു വിധി കല്പിക്കുന്നതു് അദ്ദേഹത്തിന്റെ രണ്ടാമത്തെ വാചകത്തിൽ പറയുന്നതുപോലെ പോലീസു കമ്മീഷണരുടേയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ രണ്ടാമന്റേയോ ചുമതലയല്ല. മുകളിൽ സൂചിപ്പിച്ച രണ്ടു വാചകങ്ങളിലും അടങ്ങിയിരിക്കുന്ന അത്യുഗ്രമായ ആരോപണത്തേയും കുറ്റസ്ഥാപനത്തേയും ഹൈക്കോൎട്ടു സൎക്കുലർ പിൻതാങ്ങുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു. വാദവിഷയമായ മജിസ്ട്രേട്ടുമാരുടെ പ്രവൃത്തിയെപ്പററി പൂൎണ്ണമായി പരിശോധനചെയ്യാതെ ഹൈക്കോടതി അപ്രകാരം ചെയ്യുമെങ്കിൽ അങ്ങനെചെയ്ത ജഡ്ജിമാരുടെ പക്ഷത്തിൽ, അവർ നീതിന്യായസ്വാതന്ത്ര്യമില്ലെന്നുകരുതി വിലപിക്കുന്നതിനുമാത്രമേ എനിക്കു നിവൃത്തിയുള്ളു. ഏതായാലും നീതിന്യായസംബന്ധമായ ഔചിത്യബുദ്ധിയേയോ അല്ലെങ്കിൽ പരിശുദ്ധമായ രാജ്യഭരണതത്വങ്ങളേയോപററി അല്പമെങ്കിലും അറിയുന്ന യാതൊരുത്തനും പോലീസു കമ്മീഷണരുടെ ആരോപണത്തേയും കുറ്റസ്ഥാപനത്തേയും അജ്ഞതയും ധിക്കാരവും ആയിട്ടല്ലാതെ ഒരു നിമിഷനേരമെങ്കിലും വിചാരിക്കാൻ കഴിയുന്നതല്ല. കമ്മീഷണർ ഒരു നിയമപണ്ഡിതനായിരിക്കുകയും മജിസ്ട്രേട്ടുമാരുടെ വിവാദവിഷയമായ വിധിന്യായങ്ങളെ സൂക്ഷ്മമായി പരിശോധിക്കുകയുംചെയ്തുഎങ്കിലും അദ്ദേഹത്തിനു തന്റെ സ്വന്തനിലയിൽ, ഗവൎമ്മെന്റു് അപ്രകാരംചെയ്യുന്നതിനു അനുവദിക്കുമെങ്കിൽ, ഒരു വൎത്തമാനപ്പത്രലേഖനത്തിലോ അല്ലെങ്കിൽ മററു പ്രസിദ്ധീകരണത്തിലോ അങ്ങനെ ഒരഭിപ്രായം പ്രസിദ്ധപ്പെടുത്താം. എന്നാൽ ഒരൌദ്യോഗികഭരണറിപ്പോൎട്ടിൽ അത്തരത്തിലുള്ള ആരോപണവും കുറ്റസ്ഥാപനവും കേവലം അസ്ഥാനത്തിലാണ്. സമാധാനസംരക്ഷണത്തിലും ന്യായം നടത്തലിലും നീതിന്യായവകുപ്പിന്റെ ആജ്ഞാനുസരണം പ്രവൎത്തിക്കുന്നതിനാണ് പോലീസിനെ നിയമിച്ചിട്ടുള്ളതു്. അല്ലാതെ അവരുടെ പ്രവൃത്തികളെപ്പററി വിധികല്പിക്കുന്നതിനല്ല. അതു ഗവൎമ്മെന്റിന്റേയും ജനപ്രതിനിധികളുടേയും അധികാരസീമയിൽപെട്ടതാണ്. കമ്മീഷണരേയും ഡിസ്ത്രിക്ട് സൂപ്രണ്ടന്മാരേയുംപോലെയുള്ള ഉയൎന്നതരം പോലീസ് ഉദ്യോഗസ്ഥന്മാരെങ്കിലും കേവലം സാധാരണക്കാരായിരിക്കാതെ ഭരണശാസ്ത്രതത്വങ്ങളേയും നന്മകളേയും പററി ബോധമുള്ളവരായിരിക്കണമെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസു കമ്മീഷണർ): ആ അഭിപ്രായം അവമാനകരമാകുന്നു എന്നു ഞാൻ വിചാരിക്കുന്നു. സാമാജികൻ പറയുന്നതു കമ്മീഷണർ രാജ്യഭരണത്തിന്റെ നന്മകളെപ്പററി അറിഞ്ഞിരിക്കണമെന്നാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): അദ്ദേഹത്തിനു സ്വന്തം നിഗ്രഹങ്ങളെ ചെയ്യുന്നതിനു സ്വാതന്ത്ര്യമുണ്ടു്. പ്രസ്താവിതമായ വാചകങ്ങൾ എഴുതുന്നതിനുമുമ്പു വാദവിഷയമായ എല്ലാ ജഡ്ജിമെന്റുകളേയും പരിശോധിച്ചിട്ടുണ്ടോ എന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം അങ്ങനെ ചെയ്തുഎന്നും ജഡ്ജിമെന്റുകളുടെ ന്യായതയെപ്പററി അഭിപ്രായംപറയുന്നതിനു ത്രാണിയുള്ളവനാണെന്നും നമുക്കു വിചാരിക്കാം. ഈ മട്ടിലത്തെ ഊഹം വാദത്തിനുമാത്രമാണ്. എന്തുകൊണ്ടെന്നാൽ എന്റെ ബോദ്ധമായ

വിശ്വാസം, ഒരു സയുക്തികമായ പരിധിയെ അതിക്രമിക്കുമ്പോഴും, അദ്ദേഹം അതിനു പ്രാപ്തനല്ലെന്നാണ്, ഈ വിസ്തൃതമായ ഊഹങ്ങളെ സമ്മതിച്ചിരുന്നാൽപോലും ഈ അഭിപ്രായങ്ങൾ അസ്ഥാനത്തിലും, ആരുടെ ഉത്തരവുകളെ നടപ്പിൽ വരുത്തുന്നതിന് അവർക്ക് ഉദ്യോഗം കൊടുത്തു നിയമിച്ചിരിക്കുന്നുവോ അവരുടെമേൽ ന്യായാന്യായവിവേചനം ചെയ്യുന്നതു ശരിയല്ലാത്തതും ആയിരിക്കുന്നതുകൊണ്ട് ഇങ്ങനെയുള്ള അഭിപ്രായങ്ങളെ പറയുന്നതിനു ഗവൺമെന്റ കമ്മീഷണരെ അനുവദിക്കാൻ പാടുള്ളതല്ലായിരുന്നു. പോലീസുകാരുടെ ഈ ധിക്കാരത്തിനു തക്കശിക്ഷ നൽകേണ്ടതാകുന്നു. എന്നാൽ ഗവൺമെന്റു കാര്യത്തിന്റെ ഗൗരവത്തെപ്പറ്റി ആലോചിക്കാതെ ശിക്ഷാവിധേയരായ ഗവൺമെന്റുകളുടെ ഇതുപോലെയുള്ള നിരീക്ഷണങ്ങളെ കേവലം ആശ്രയിച്ചുകൊണ്ടു മജിസ്ത്രേട്ടുമാരെയും ജഡ്ജിമാരെയും പോലും നേരിട്ടുള്ള അവമാനത്തിനു പോലീസുകമ്മീഷണരെ ശാസിക്കുകയാണു ചെയ്തത്. ഗവൺമെന്റ ഫൈനാൻസ് സെക്രട്ടറി ... ജുഡിഷ്യൽ ഉത്തരവിൽ ഈ സംഗതിയെപ്പറ്റി താഴെ പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു:—

"ഒരു കേസിലും പ്രോസിക്യൂട്ടുചെയ്യപ്പെട്ട പോലീസുകാർക്ക് പ്രതിഫലം നൽകിയിട്ടുള്ളതായി കാണുന്നില്ല. ആ സംഗതിയെപ്പറ്റി ആവർത്തിച്ചു അപേക്ഷകളും ... ഡിസ്. നമ്പർ ... ജുഡിഷ്യൽ ഗവൺമെന്റുത്തരവും ഉണ്ടായിരുന്നിട്ടും, പോലീസുകാരുടെ പേരിൽ നിസ്സാരമായോ അല്ലെങ്കിൽ ഉപദ്രവകരമായോ കൊണ്ടുവരുന്ന ആവലാതികളിന്മേൽ പോലീസുകാർക്ക് പ്രതിഫലം നൽകേണ്ടതിനെസംബന്ധിച്ച ... നമ്പർ ഹൈക്കോടതിയുടെ ക്രിമിനൽ സർക്കുലറിന്റെ ഉദ്ദേശത്തെ അനുകരിക്കുന്നതിൽ മജിസ്ത്രേട്ടുമാർ യാതൊരു വിചാരവുമില്ലെന്നു ആക്ടിംഗ് കമ്മീഷണർ അഭിപ്രായപ്പെടുന്നു."

പ്രെസിഡന്റ: സമയമായി.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അവസാനിപ്പിക്കുന്നതിനു ഒരു മിനിട്ടുകൂടിവേണം. ഗവൺമെന്റ ഡിസ്ട്രിക്ട് മജിസ്ത്രേട്ടുമാരുടെ ശ്രദ്ധയെ ഈ അഭിപ്രായത്തിലേക്ക് ആകർഷിച്ചു. മജിസ്ത്രേട്ടിനെ അവമാനിച്ചതിനു പോലീസിനെ ഈമാതിരി താലോലിക്കുന്നതു വളരെ ഖേദകരംതന്നെ. ഏറെക്കുറെ ഈ പ്രോത്സാഹനംനിമിത്തമാണ് പോലീസുകാരുടെ ഉപദ്രവവും ഏറെ ജനങ്ങൾ ആവലാതിപ്പെടുന്നതെന്നു ഞാൻ വിചാരിക്കുന്നു.

പ്രെസിഡന്റ: സമയമായി.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എനിക്കു പറയേണ്ട എല്ലാ സംഗതികളേയുംപറ്റി പറയുന്നതിനു സമയമില്ല. പോലീസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി ജനങ്ങൾക്കു ശരിയായ സങ്കടവും പരാതിയും ഉണ്ടെന്നും ഈ ദോഷപരിഹാരത്തിനു ഗവൺമെന്റു കർശനമായ നടപടികൾ നടത്തണമെന്നുംമാത്രമേ ഞാൻ നിർദ്ദേശിക്കുന്നുള്ളു.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): സർ, മിസ്റ്റർ രാമൻമേനോൻ വായിച്ചുകേൾപ്പിച്ചവാക്യങ്ങൾ ശിഥിലമായി എടുത്തെഴുതപ്പെട്ടവയാണെന്നു ഞാൻ സമ്മതിക്കുന്നു. അദ്ദേഹം നിർദ്ദേശിക്കുന്നതുപോലെ ഞാൻ മുന്നാണ്ടുകളിൽ എഴുതപ്പെട്ടിട്ടുള്ളവയിൽനിന്നും പകർത്തപ്പെട്ടിട്ടുള്ളവയാണോ എന്നു എനിക്കറിഞ്ഞുകൂടാ. അങ്ങനെ ആയിരിക്കാം. എന്നാൽ വാസ്തവത്തിൽ ഈ വിഷയം പലസ്ഥലങ്ങളിലെ ഭരണറിപ്പോർട്ടുകളിൽനിന്നു പകർത്തപ്പെട്ടവയാണ്. ഇതു എല്ലാസ്ഥലത്തെയും പോലീസ്ഭരണ റിപ്പോർട്ടുകളിൽപതിവായി കണ്ടുവരുന്ന ഒരു വിഷയമാകുന്നു. പോലീസുകാരെ ദുരുദ്ദേശത്തോടുകൂടി പ്രോസിക്യൂട്ടുചെയ്യുന്ന അനാവശ്യകേസുകളുണ്ട്. അവർ ദുരുദ്ദേശത്തോടുകൂടി പ്രോസിക്യൂട്ടുചെയ്യപ്പെടുന്നവരാണെന്നു പറയേണ്ട ആവശ്യമില്ല. പ്രതിഫലം നൽകപ്പെടാത്ത കേസുകളിൽ പോലീസ്ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിൽ സാധാരണയായി അതിനെപ്പററി പ്രസ്താവിക്കുന്നു. വാസ്തവത്തിൽ, തിരുവിതാംകൂറിൽ ഞങ്ങൾ ചെയ്യുന്നതു അപ്രകാരമുള്ള കേസുകളിൽ പ്രതിഫലം നൽകണമെന്നുള്ള ഹൈക്കോടതിയുടെ സർക്കുലറിനെ സൂചിപ്പിക്കുകയാകുന്നു. ആ സർക്കുലറിനെ എങ്ങനെ നടപ്പിൽ വരുത്തുന്നുഎന്നു ഗവൺമെന്റിലേക്കു റിപ്പോർട്ടുചെയ്യുന്നതിൽ ഞങ്ങൾ ഞങ്ങളുടെ അധികാരസീമയെ അതിലംഘിക്കുകയാണെന്ന് എനിക്കറിഞ്ഞുകൂടാ. ആ വിഷയത്തെപ്പററി സംസാരിക്കുന്നതിനു ഞാൻ വിചാരിക്കുന്നില്ല. എനിക്കു പറയാവുന്നതു ഞാൻ അതു നോക്കിക്കൊള്ളാമെന്നു മാത്രമാണ്. ഈ വിഷയം റിപ്പോർട്ടിൽ ചേർക്കാൻ പാടില്ലെന്നും ഗവൺമെന്റിനെ രഹസ്യമായി അറിയിക്കുകയേ ആകാവു എന്നും തോന്നുകയാണെങ്കിൽ ആയതോടുകൂടി അങ്ങനെ ചെയ്യുന്നതിൽ വിരോധമില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നാളെ ദുരുദ്ദേശത്തിന്മേലാണ് പ്രോസിക്യൂട്ടുചെയ്തതെന്നു ജഡ്ജ്മെന്റിൽ പ്രസ്താവിച്ചിരുന്നാലും പ്രതിഫലം നൽകാതിരിക്കുന്നതു് അനുഭവമാകുന്നു. ആക്ടിംഗ്കമ്മീഷണർ അതു പറയുമ്പോൾ അദ്ദേഹം സൂചിപ്പിക്കുന്നതു കാരണംകൂടാതെ പ്രോസിക്യൂട്ടുചെയ്യപ്പെട്ടതാണെന്നു കോടതിക്കു ബോദ്ധ്യം വന്നിട്ടുള്ള പോലീസുകാരെപ്പററിയാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): പോലീസുകാർ പ്രോസിക്യൂട്ടുചെയ്തു കോടതി കുററക്കാരല്ലെന്നു കണ്ടു വെറുതെവിട്ട ആളുകൾക്കു പ്രതിഫലം നൽകുന്നതിനെപ്പററി കമ്മീഷണർ പരാതിപ്പെട്ടിട്ടുണ്ടോ എന്നു പറയുമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): അതു പാടെ വ്യത്യസ്തമായ ഒരു സംഗതിയാണെന്നു ഞാൻ വിചാരിക്കുന്നു. ഞങ്ങൾ പ്രോസിക്യൂട്ടുചെയ്യുന്നതും കാരണംകൂടാതെയെന്നു എന്റെ സ്നേഹിതൻ പറയുന്നില്ല. കോടതി വെറുതെവിട്ടവരുമായ ആളുകൾക്കു പ്രതിഫലം കൊടുപ്പിക്കുന്നതിനായി ഞങ്ങളുടെ പണ്ഡാവിനെ വിട്ടുപോകണമെന്നു ഞാൻ വിചാരിക്കുന്നില്ല. അവർക്കു പ്രതിഫലം കൊടുപ്പിക്കുന്നതിനു മി. രാമൻമേനോനും മററുള്ളവരുംഉണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ചേവികുളം): റിപ്പോർട്ടിലെ താഴെപ്പറയുന്ന പ്രസ്താവം കേസിന്റെ വസ്തുസ്ഥിതികളാൽ വെളിവായിട്ടുള്ളതാണോ എന്നു കമ്മീഷണർ പറയുമോ?

"ചെത്തുനിറുത്തുന്നതിനുള്ള പ്രചരണവേല മീനച്ചൽ, വൈക്കം, ചങ്ങനാശേരി എന്നീതാലൂക്കുകളിലെ ഏതാനും മദ്യവർജ്ജനപ്രചാരകന്മാരാൽ ആരംഭിക്കപ്പെട്ടു. അതുസംബന്ധമായി ഉണ്ടായേക്കുമെന്നു സംശയിക്കപ്പെട്ട സമാധാനലംഘനത്തെ തടയുന്നതിനു സ്ഥലം പോലീസുകാർ കൂടുതൽ ജാഗ്രത പ്രദർശിപ്പിക്കേണ്ടിവന്നു"

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസുകമ്മീഷണർ): ഞാൻ അപ്പോൾ അവധിയിലായിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): വസ്തുസ്ഥിതികളെക്കൊണ്ടു പരസ്യമായി പറഞ്ഞിട്ടില്ലെങ്കിൽ കമ്മീഷണർ വേണ്ടതിരുത്തൽ വരുത്തുമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസുകമ്മീഷണർ): അങ്ങനെ ചെയ്യാമെന്നു എനിക്കു ഏൽക്കാൻ പാടില്ലെന്നു ഞാൻ ഭയപ്പെടുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ദിവാൻ മീനച്ചൽ സന്ദർശിച്ചതിനുശേഷം അവിടെ സമാധാനലംഘനം ഉണ്ടാകാൻ ഇടയില്ലായിരുന്നുഎന്നു ദിവാൻ തന്നെ പറഞ്ഞിട്ടുള്ളതായി അദ്ദേഹം അറിഞ്ഞിട്ടില്ലയോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസുകമ്മീഷണർ): അദ്ദേഹം സന്ദർശിച്ചതെന്നാണെന്നു പറയുമോ?

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): കഴിഞ്ഞ കൊല്ലത്തിൽ ഫെബ്രുവരിയിലാണെന്നു ഞാൻ വിചാരിക്കുന്നു.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസുകമ്മീഷണർ): അപ്പോൾ ഞാൻ ഇംഗ്ലണ്ടിൽ ആയിരുന്നുഎന്നു എനിക്കു തോന്നുന്നു. (ചിരി) അതിനെപ്പററി എനിക്കറിവില്ലായിരുന്നു എന്നു ഞാൻ ഓർക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇന്നാണിയലറിപ്പോർട്ടിൽ ഈ സംഗതി കമ്മീഷണർ രേഖപ്പെടുത്തുമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസുകമ്മീഷണർ): അതു ചെയ്യാമെന്നു എനിക്കു ഏൽക്കാൻ പാടില്ലെന്നു ഞാൻ ഭയപ്പെടുന്നു.

പ്രെസിഡെൻറ്. ഏതു തരത്തെ റിപ്പോർട്ടിലാണ് അതുള്ളതു?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസുകമ്മീഷണർ): പിന്നെ പിന്നെയുള്ള ഡിപ്പാർട്ടുമെൻറു സംബന്ധമായ റിപ്പോർട്ടിൽ അക്കങ്ങളിൽ ഉണ്ടാകുന്ന തെററുകളെ ഞങ്ങൾ പിന്നീടു തിരുത്തുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റിപ്പോർട്ടു ഗവർമ്മെൻറ് അംഗീകരിച്ചതിനുശേഷം ആ പ്രസ്താവങ്ങളെ പിൻവലിക്കുന്നതിനു കമ്മീഷണർ തയ്യാറാണോ?

പ്രെസിഡെൻറ്. ഒരു ഔദ്യോഗികറിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളതിനെ വീണ്ടും എഴുതുന്നതു പതിവില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഏതാനും വാക്കുകൾ സംസാരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. എൻെറ സ്നേഹിതൻ മിസ്റ്റർ രാമൻമേനോൻെറവാദം പോലീസുകമ്മീഷണർ ശരിയായിമനസ്സിലാക്കിയിട്ടില്ലെന്നു ഞാൻ കരുതുന്നു. അദ്ദേഹം തൻെറ അഭിപ്രായത്തെ ആവശ്യമുള്ളതും ആവശ്യമില്ലാത്തതുമായ വിശേഷണങ്ങളെക്കൊണ്ടു വിശേഷിപ്പിച്ചിട്ടുള്ളതു ശരിതന്നെ. എന്നിരുന്നാലും, അതിനെ അങ്ങനെ വിട്ടുകളയുകയോ വാദത്തിൻെറ കാതലത്തെ ചെറുതാക്കുകയോ ചെയ്യാൻ പാടില്ല. ഒരു സന്ദർഭത്തിൽ എക്സൈസ്ഡിപ്പാർട്ടുമെൻറിനെ സംബന്ധിക്കുന്ന ഒരു വിഷയത്തെപ്പററി വാദം നടന്നപ്പോൾ ഏതോ ഒരു സാമാജികൻ ചേംബറിനോടു സ്ഥലം മജിസ്ട്രേട്ടിൻെറമുമ്പാകെ ചാർജ്ജ്ചെയ്യുന്ന എക്സൈസ്കേസുകളിൽ പിഴയായി നൽകപ്പെടുന്ന ശിക്ഷകൾ പ്രതിരോധകമായിരിക്കുന്നില്ലെന്നും കുററം കണ്ടുപിടിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി പിഴയായി ശിക്ഷിക്കപ്പെടുന്ന തുകകളുടെ കുററസ്ഥാപന വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എക്സൈസ്കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ടോഎന്നു ചോദിച്ചു. ഒരു മെംബർ ചേംബറിനോടു ചോദിച്ചപ്പോൾ കുററം കണ്ടുപിടിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനു പിഴ വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ളവാദം അദ്ദേഹവും സ്വീകരിച്ചു. അനേകംസാമാജികന്മാർ പോലും വിപരീതമായ നിലയാണ് കൈക്കൊണ്ടതു്. യാതൊരുകാരണത്താലും ഗവർമ്മെൻറു മജിസ്ട്രേട്ടിൻെറ നീതിന്യായമനോഭാവത്തോടു ഇടപെടാൻ പാടില്ല. അതുപോലെ തന്നെ അർത്ഥംതന്നെയാണ് എൻെറ സ്നേഹിതൻ മിസ്റ്റർ രാമൻമേനോൻ ഈ ഉപക്ഷേപത്തിലും ബന്ധിക്കപ്പെട്ടിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. സ്ഥലം മജിസ്ട്രേട്ടന്മാരുടെമുമ്പാകെ പോലീസുകാർ ചാർജ്ജുചെയ്യുന്നകേസുകൾ മിക്കവാറും ശിക്ഷയിൽ പര്യവസാനിക്കുകയാണെന്നുള്ളതു് അധികം ജനങ്ങൾക്കും അറിയാവുന്നതാണ്. മജിസ്ട്രേട്ടന്മാർ പോലീസുകാരുടെ സ്ഥിതിയെ മനസ്സിലാക്കുകയോ ബഹുമാനിക്കുകയോ ചെയ്യുന്നില്ലെന്നു ഗവർമ്മെൻറിനോടു പരാതിപറയുന്നതുകൊണ്ടാണ് കൂടുതലും ഇപ്രകാരം സംഭവിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. എൻെറ കുറഞ്ഞ പരിചയം ആസ്പദമാക്കി നോക്കിയിടത്തോളം ഇതിൻെറഫലം സ്ഥലം മജിസ്ട്രേട്ടന്മാരുടെമുമ്പാകെ പോലീസുകാർ തയ്യാറാക്കുന്ന കുററാരോപണങ്ങളും മിക്കവാറും വിജയകരമാംവണ്ണം നടത്തുന്ന കുററസ്ഥാപനങ്ങളും അധികമായും ശിക്ഷയിൽ അവസാനിക്കുന്നു എന്നാണ്. സാർ, ഇനി ഈ വിഷയത്തെ വീക്ഷിക്കുക തിരിയുകയാണെങ്കിൽ പാചാർജസ് പോലീസുകമ്മീഷണർ സമ്മതിച്ചുപോലെ ജനങ്ങൾ പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രാസിക്യൂട്ടുചെയ്യുമ്പോൾ ഫീസ്സ്കൊടുത്തു വക്കീലന്മാരെ ഏർപ്പെടുത്തുന്നതിനും അങ്ങനെ അവരുടെ സ്ഥിതിയെപ്പററി വാദിക്കുന്നതിനു ഒരു നിയമജ്ഞൻെറ സഹായം നൽകുന്നതിനും മാത്രമായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളതു. ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതുകയെ നോക്കിയിടത്തോളം അയാൾക്കു ഒരു നല്ല ഫീസ് കൊടുക്കുന്നുണ്ട്. കുററം ചുമത്തപ്പെട്ട പോലീസു ഉദ്യോഗസ്ഥനു സഹായിക്കത്തക്കവണ്ണം ശരിയായ കേസുണ്ടെങ്കിൽ വക്കീൽ മജിസ്ട്രേട്ടിൽ അതു ബോധിപ്പിക്കുകയും വിജയകരമാംവണ്ണം പ്രതിഫലത്തിനു വാദിക്കുകയും ചെയ്യുമെന്നുള്ളതു ആശിക്കാവുന്നതും വാസ്തവത്തിൽ കേസ് ഉപദ്രവിക്കുന്നതിനായുള്ള കുററസ്ഥാപനമാണെങ്കിൽ പ്രതിഫലം നൽകപ്പെടുന്നതുമാണ്. ആ സംഗതി ഗവർമ്മെൻറിനെ അറിയിച്ചു ഗവർമ്മെൻറിനെക്കൊണ്ടു എന്തെങ്കിലും നടപടിനടത്തിക്കുന്നതു കമ്മീഷണർ അല്ല. ഈ ഭാഗം കമ്മീഷണർ എന്തുകൊണ്ടാണ് സമ്മതിക്കാത്തതെന്നാണ് ഞാൻ ചോദിക്കുന്നതു. ഗവർമ്മെൻറു പോലീസ് ഉദ്യോഗസ്ഥന്മാരെ എതിർവാദം ചെയ്യുന്നു, അതു ഉപദ്രവകരമായ കുററസ്ഥാപനമാണെങ്കിൽ, പ്രതിഫലംകിട്ടുന്നതിൽ വേണ്ട എല്ലാ പ്രവൃത്തികളും ന്യായമായി പ്രതിഫലംവാങ്ങുന്ന ഒരുവക്കീൽ ചെയ്യുമെന്നു നമുക്കു ആശിക്കാവുന്നതാണ്. അതു സമ്മതിക്കുകയാണെങ്കിൽ മജിസ്ട്രേട്ടന്മാർ ഹൈക്കോടതിയുടെ സർക്കുലറിനെ അനുസരിക്കുന്നില്ലെന്നു ഡിപ്പാർട്ടുമെൻറു മേധാവി പറയേണ്ട ആവശ്യമെന്തു്, എന്നാൽ ഗവർമ്മെൻറിൻെറ ഉത്തരവിനെ അനുസരിക്കുന്നതിനാൽ മജിസ്ട്രേട്ടന്മാരുടെ, വിശേഷിച്ചു അവർ തൽക്കാലമായി നിയമിക്കപ്പെട്ട മജിസ്ട്രേട്ടന്മാരായിരിക്കുമ്പോൾ, നീതിന്യായമനോഭാവത്തെ വ്യതിചലി

പ്പിക്കുന്നതിനു ഇടയാകുന്നു. അതുകൊണ്ട്, മിസ്റ്റർ രാമൻമേനോന്റെ ഉപക്ഷേപത്തെസംബന്ധിച്ചുള്ള എന്റെ വിവരണംക്ലിപ്തമാകുമ്പോൾ അദ്ദേഹത്തിന്റെ ഉപക്ഷേപം ശരിയായനിലയിൽ ഈ സഭയിലെ ഭൂരിഭാഗത്തെ ങ്കിലും ഗൌനിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു പോലീസ് ഡിപ്പാർട്ടുമെന്റിനെ സഹായത്തെ അവലംബിച്ചു സ്ഥിതിചെയ്യുന്നതിനു ഗവണ്മെന്റു വിട്ടേക്കണമെന്നും എന്റെ സ്നേഹിതൻ പറയുന്നതു. പോലെ കാലത്തിലും അകാലത്തിലും താലോലിക്കാതിരിക്കേണ്ടതും ഏറ്റവും അത്യാവശ്യമാകുന്നു.

മി. കുട്ടൂർ നാരായണപിള്ള (പത്തനംതിട്ട): മിസ്റ്റർ രാമൻമേനോന്റെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു.

പോലീസ്കമ്മീഷണർ മിസ്റ്റർ പിറ്റ്, തിരുവിതാംകൂറിലുള്ള സകല ജാതിമതസ്ഥർക്കും ഒരുപോലെ സുസമ്മതനായ ഒരു ഉദ്യോഗസ്ഥനാണെന്നുള്ളതിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. എന്നാൽ അദ്ദേഹത്തിന്റെ സിൽബന്തികളിൽനിന്നും ജനങ്ങൾ അനുഭവിച്ചുവരുന്ന സങ്കടങ്ങൾ വിവിധങ്ങളാണ്. മേലാപേക്ഷ്യം ഏൽപ്പിക്കുന്നതിനു വിരുതന്മാരായ കുറെ അധികം ആളുകളുണ്ട്. അതുപോലെതന്നെ വേറെവിധത്തിൽ ജനങ്ങളുടെ ധനത്തെ ക്ഷയിപ്പിക്കുന്നതിനു സാമർത്ഥ്യമുള്ള ആളുകളുംഉണ്ട്. ഇങ്ങനെ ജനോപദ്രവികളായ പല സിൽബന്തികളിൽനിന്നും പലവിധത്തിലുള്ള ഉപദ്രവങ്ങൾ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഈ വിധത്തിൽ ഉപദ്രവം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരാൾ ഒരു പോലീസ് ഉദ്യോഗസ്ഥന്റെമേൽ ഒരു ക്രിമിനൽ കേസു കൊടുക്കുന്നതിനു വിചാരിക്കുന്നതായാൽ അതിനു വേണ്ടവിധം തെളിവുകൊടുക്കാൻ സാധിക്കാതെ ഒരുപക്ഷേ ആ പ്രതി രക്ഷപ്പെട്ടുപോയി എന്നുവരാം. എന്നാൽ പോലീസുകാരിൽനിന്നും സാധാരണ സങ്കടം അനുഭവിക്കുന്ന കക്ഷികൾ മിക്കവാറും പാവപ്പെട്ടവരാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇങ്ങനെ പാവപ്പെട്ട ആളുകൾ പോലീസുകാരുടെമേൽ ഒരു കേസുകൊടുത്തു പ്രതിയെ ശിക്ഷിക്കത്തക്കവണ്ണം വേണ്ടവിധം തെളിവുകൊടുക്കാൻ പ്രാപ്തന്മാരായിരിക്കയില്ല. അഥവാ അങ്ങനെ വല്ലവരും കേസുകൊടുക്കുന്നു എന്നുതന്നെ വിചാരിക്കാം. ആ കേസിൽ പ്രതിയെ വിടുന്നപക്ഷം മജിസ്ട്രേട്ടു കോമ്പൻസേഷൻകൂടി കൊടുക്കണമെന്നുള്ള നിഷ്കർഷയിരിക്കുന്നിടത്തോളംകാലം ജനങ്ങൾ ഇവരിൽനിന്നും എന്തെല്ലാം സങ്കടങ്ങൾ അനുഭവിച്ചാലും ആ സങ്കടങ്ങളെപ്പറ്റി ഒരു കോടതിയെ ധരിപ്പിക്കാൻ ധൈര്യപ്പെടുകയില്ല. കോമ്പൻസേഷൻ നിയമം എന്നുള്ള ഏർപ്പാടു ജനങ്ങളുടെ രക്ഷയെ പാടേ ഹനിക്കുന്നതായ ഒരു വ്യവസ്ഥയാണ്. എന്നാൽ കോടതിയുടെ കഥ നോക്കുന്നപക്ഷം ഇതിനെക്കാൾ പരിതാപകരമാണ്. ഒരു ഫസ്റ്റ്ഗ്രേഡ് ഇൻസ്പെക്ടർക്കു ൨൦൦ം സെക്കൻഡ്ഗ്രേഡ് ഇൻസ്പെക്ടർക്കു ൧൫൦ രൂപയും ഒരു മജിസ്ട്രേട്ടിനു ൧൨൫ രൂപയുംആണ് ശമ്പളംനിശ്ചയിച്ചിരിക്കുന്നതു. അതുകൊണ്ടു ഒരു ഫസ്റ്റ്ഗ്രേഡ് ഇൻസ്പെക്ടർ മജിസ്ട്രേട്ടുകോടതിയിൽചെന്നാൽ മജിസ്ട്രേട്ടു എഴുന്നേൽക്കണമോ വേണ്ടയോ എന്നുകൂടി സംശയിച്ചുപോകുന്നു. അടുത്തകാലത്തു ഒരു പോലീസ് ഉദ്യോഗസ്ഥൻ കണ്ണുരുട്ടികാണിച്ചപ്പോൾ ഒരു മജിസ്ട്രേട്ടു വിറച്ചതായി എനിക്കറിയാം. (ചിരി).

മി. കെ. എം. ജോസഫ് (മീനച്ചൽ-ദേവികുളം): മജിസ്ട്രേട്ടന്മാർ പോലീസിനെ എന്തിനു ഭയപ്പെടുന്നു?

മി. കുട്ടൂർ നാരായണപിള്ള (പത്തനംതിട്ട): ഉദ്യോഗം സ്ഥിരപ്പെടുത്തിക്കിട്ടണമെന്നാഗ്രഹിക്കുന്ന മജിസ്ട്രേട്ടന്മാർ ഇവരെ ഭയപ്പെടാതെകഴിയുകയില്ല. നാല്പതോ അൻപതോ രൂപ ശമ്പളമുള്ള ക്ലാർക്കന്മാരെയാണ് മജിസ്ട്രേട്ടന്മാരായി അയക്കുന്നതു. പോലീസ് ഡിപ്പാർട്ടുമെന്റുകാർ ചാർജ്ചെയ്യുന്ന കേസുകൾ അധികം ശിക്ഷിക്കുന്നില്ലെന്നു ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു റിപ്പോർട്ടുകൊടുത്താൽ ഇയാൾ മജിസ്ട്രേട്ടുദ്യോഗത്തിനു പ്രാപ്തനല്ലെന്നുള്ള അഭിപ്രായത്തോടുകൂടി പഴയ ജോലിക്കു റിവർട്ടുചെയ്യും. അതുകൊണ്ടു മജിസ്ട്രേട്ടന്മാർക്കു പോലീസ്ഉദ്യോഗസ്ഥന്മാരുടെ ഇഷ്ടാനുസരണം പ്രവർത്തിക്കാതെ ഗത്യന്തരമില്ല. പോലീസ്ഉദ്യോഗസ്ഥന്മാർ പ്രതിയായിവരുന്ന കേസുകളിൽ അവർ കുററക്കാരല്ലെന്നുകണ്ടു ഡിസ്ചാർജ്ചെയ്കയോ വിട്ടയക്കുകയോചെയ്യുന്നവിഷയത്തിൽ പ്രതിഫലംകൊടുക്കേണ്ടതാണെന്നു ഗവണ്മെന്റിൽനിന്നും നിഷ്കർഷിക്കുന്നപക്ഷം പോലീസ്കാരുടെ അക്രമങ്ങളെ കോടതിയിൽ ധരിപ്പിക്കുന്നതിനു ആരും മടിക്കുകതന്നെചെയ്യും.

താഴ്ന്നതരം ഉദ്യോഗസ്ഥന്മാരിൽ നിന്നാണ് ജനങ്ങൾ അധികം സങ്കടങ്ങൾ അനുഭവിച്ചുവരുന്നതു്.

൨൫ രൂപ ശമ്പളമുള്ള ഹെഡ്കാൺസ്റ്റബിൾമാരെ പ്രമോഷൻകൊടുത്തു ഇൻസ്പെക്ടർമാരായി നിയമിക്കുന്നനയം സ്വീകാര്യമല്ല. ഒഴിവുവരുന്ന ഇൻസ്പെക്ടർജോലിക്കു ൧൦൦ം ൨൫വീതം ഡിപ്പാർട്ടുമെന്റിൽനിന്നു പ്രമോഷൻകൊടുത്തു നിയമിക്കണമെന്നു ഇപ്പോൾ വ്യവസ്ഥയുണ്ട്. ൨൫ രൂപ ശമ്പളത്തിൽനിന്നും അഞ്ചാറു ഒരു മാസത്തിൽ കൂടുതൽകൂടി സാധിച്ചിട്ടില്ലാത്ത ൯൦ രൂപ ശമ്പളം ഒന്നോടെ കിട്ടുമ്പോൾ എന്തെന്നില്ലാത്ത ഒരു അഹംകാരം ജനിക്കുന്നു. അവരിലാണ് കൈക്കൂലി അധികം കണ്ടുവരുന്നതു്. ഈ തരക്കാരെ ഇൻസ്പെക്ടർജോലിക്കു നിയമിക്കുന്നതു ജനരക്ഷയ്ക്കു നല്ലതല്ല. ഇൻസ്പെക്ടർമാരായി ഗ്രാഡുവേററുകളിൽനിന്നുതന്നെ ആളുകളെ തിരഞ്ഞെടുക്കണം.

(കെ. എം. ജോസഫ്. കേൾക്കുവിൻ, കേൾക്കുവിൻ)

ഉദാഹരണമായിട്ടു ഹെഡ്കാൺസ്റ്റബിൾമാർ ഇൻസ്പെക്ടർജോലിയിൽ ൧൦൦-൧൫൦ കൊല്ലാ ആക്ട് ചെയ്തിട്ടുള്ളവരെ വിശ്വാസമില്ലെന്നുകണ്ടു് തിരിയെ റിവർട്ടുചെയ്തിട്ടുണ്ട്. അവരെത്തന്നെ പിന്നെയും ഇൻസ്പെക്ടർജോലിക്കു നിയമിച്ചുകാണുന്നു.

അടുത്ത അവസരത്തിൽതന്നെ ൧൦൦-൧൫൦ കൊല്ലം ഇൻസ്പെക്ടരായിരുന്ന ഒരു ഹെഡ്കാൺസ്റ്റബിളിനെ, ആൾ ആരാണെന്നു ഞാൻ ഇവിടെ പ്രസ്താവിക്കുന്നില്ല, തിരിച്ചു ഹെഡ്കാൺസ്റ്റബിളായി രണ്ടാഴ്ചക്കുമുമ്പു കമ്മീഷണർ തിരിച്ചയച്ചു. ഇങ്ങനെ ഉദ്യോഗത്തിനു യോഗ്യതയില്ലാത്ത ആളുകളെ വീണ്ടുംവീണ്ടും പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടാണ് ജനങ്ങൾക്കു പലവിധത്തിലുള്ള ബുദ്ധിമുട്ടിനു കാരണമാകുന്നതു്. അതുകൊണ്ടു ഇൻസ്പെക്ടർമാരായി ഗ്രാഡുവേററുകളിൽനിന്നുതന്നെ തിരഞ്ഞെടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ രാമൻമേനോന്റെ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാർ, ആലോചനാവിഷയമായിരിക്കുന്ന ഉപക്ഷേപത്തിന്റെ വാദപ്രതിവാദത്തിൽ എന്തോ ഒരു തീക്ഷ്ണത കാണുന്നതുകൊണ്ടു മററു സാമാജികന്മാരെ സംബന്ധിച്ചിട

ത്തോളം അവരും ഈ വിഷയത്തെപ്പററി ആലോചിക്കേണ്ടതാവശ്യമാണെന്നു തോന്നുന്നു. ഈ സഭയുടെ പര്യേഷണത്തിനായി കൊണ്ടുവരപ്പെട്ട പോലീസ് ഡിപ്പാർട്ടുമെൻറിൻെറ ഭരണറിപ്പോർട്ടിലെ നിർദ്ദിഷ്ടവാക്യസമൂഹങ്ങളിൽ താഴെപ്പറയുന്ന പ്രസ്താവനയും അടങ്ങിയിരിക്കുന്നു.

“ഇവരിൽ ൪൦ പേരെ കുററക്കാരല്ലെന്നുകണ്ടു വിടുകയും അന്വേഷണാവസാനത്തിൽ ൨൬ പേരുടെ പേരിലുള്ള കേസ് വിചാരണയിലിരിക്കുകയും ചെയ്തു. ഒരു കേസിലും കാരണംകൂടാതെ പ്രാസിക്യൂട്ടുചെയ്യപ്പെട്ട പോലീസുകാർക്ക് പ്രതിഫലം നൽകിയില്ല”.

പോലീസ് ആക്ടിംഗ്കമ്മീഷണരുടെ ഈ നിരീക്ഷണം അദ്ദേഹം സൂചിപ്പിക്കുന്ന പല കേസുകളിലെയും ജഡ്ജ്മെൻറുകളെ ആസ്പദമാക്കിയുള്ളതാണെങ്കിൽ അതു നല്ല അടിസ്ഥാനമുള്ളതുതന്നെയാകുന്നു എന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ “കാരണംകൂടാതെ പ്രാസിക്യൂട്ടുചെയ്യപ്പെട്ട” എന്ന വാക്കുകൾ ആക്ടിംഗ്കമ്മീഷണരുടെ അഭിപ്രായം ആയിരുന്നുവെങ്കിൽ അതിനെ വളരെ കഠിനമായി അപലപിക്കേണ്ടതാണ്. പോലീസുകാർക്ക് എന്തോ രക്ഷനൽകേണ്ടതു ആവശ്യമാണെന്നു ഗവണ്മെൻറും നിയമസഭയും വിചാരിച്ചു. ഉദാഹരണത്തിനു പോലീസ്റഗുലേഷനിലെ ൧൦-ാം വകുപ്പിനെയും ക്രിമിനൽനടപടി നിയമത്തിലെ ൧൯൭-ാം വകുപ്പിനെയോ അല്ലെങ്കിൽ അപ്രകാരമുള്ള മററുതോ വകുപ്പിനെയും ഞാൻ സൂചിപ്പിച്ചേക്കാം. ചില പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രാസിക്യൂട്ടുചെയ്യുന്നതിനു ഗവണ്മെൻറിൻെറ അനുവാദം ആവശ്യമുണ്ടു. പോലീസ് റഗുലേഷനിലെ ഈ വകുപ്പ് ചുമത്തപ്പെട്ടിരിക്കുന്ന കർത്തവ്യങ്ങളുടെ പ്രത്യേകതയെ ലക്ഷ്യമാക്കി അവരുടെ കാര്യങ്ങളുടെ സംരക്ഷണത്തിനായിട്ടുള്ള ഒരു പ്രത്യേകനിബന്ധനയാണ്. എന്നാൽ മജിസ്ട്രേട്ടിൻെറ മുമ്പിൽ വിശദീകരിക്കുന്നതിനു ആവശ്യപ്പെടുന്നതു വളരെ വിഭിന്നമായ കാര്യമാകുന്നു. നിയമപുസ്തകത്തിൽ ആദ്യമേതന്നെ അടങ്ങിയിട്ടുള്ളതല്ലാതെ യാതൊരുപുതിയ നിയമവും ഹൈക്കോടതിയുടെ സർക്കുലർകൊണ്ടു നിർദ്ദേശിക്കുന്നില്ല. സർക്കുലർകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു ക്രിമിനൽ നടപടിനിയമത്തിൽ മുമ്പേതന്നെയുള്ള നിയമത്തെത്തന്നെ അതായതു ഉപദ്രവകരമായോ കാരണംകൂടാതെയോ പ്രാസിക്യൂട്ടുചെയ്യപ്പെട്ട ഒരുവൻ മജിസ്ട്രസിയിങ്കൽനിന്നു പ്രതിഫലത്തിനു യോഗ്യനാണെന്നുള്ളതിനെ വിശദപ്പെടുത്തുകയാണെന്നു ഞാൻ ഓർമ്മിക്കുന്നു. അതുകൊണ്ടു മജിസ്ട്രേട്ടു പ്രതിഫലം ഒരേവിധിക്കുന്നതിനുമുമ്പു പ്രതിയുടെ മേൽ ചുമത്തപ്പെട്ട കുററസ്ഥാപനം ഉപദ്രവകരമായോ കാരണംകൂടാതെയോ ഉള്ളതാണെന്നു അയാൾ പരമാർത്ഥമായി കാണണം. അപ്രകാരം ഒരു പോലീസ്ഉദ്യോഗസ്ഥൻ കുററം ചുമത്തപ്പെടുകയും മജിസ്ട്രേട്ടു ആ കുററസ്ഥാപനം ഉപദ്രവകരമാണെന്നോ അല്ലെങ്കിൽ കാരണംകൂടാതെയാണെന്നോ കാണുകയും ചെയ്യുകയാണെങ്കിൽ സംസ്ഥാനത്തിലെ മററു ഏതൊരുവ്യക്തിയെയുംപോലെ അയാൾക്കും പ്രതിഫലം നൽകേണ്ടതാണെന്നുള്ള പോലീസ്ഡിപ്പാർട്ടുമെൻറിൻെറ വാദത്തെ എനിക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ കുററസ്ഥാപനം ഉപദ്രവിക്കുന്നതിനായിട്ടുള്ളതായിരുന്നു എന്നു മജിസ്ട്രേട്ടു അഭിപ്രായപ്പെടാത്ത കേസുകളിൽ തെളിവിൻെറ ന്യൂനതകൊണ്ടു പ്രതിയെ വിടുന്നപക്ഷം പോലീസുകാരനു എന്തു വ്യത്യസ്തമായ പെരുമാററം ആവശ്യപ്പെടാം. ഭരണറിപ്പോർട്ടിൽ പോലീസുകാർ വെറുതെ വിടപ്പെട്ടതായി നല്ലേതുകേസുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കുററസ്ഥാപനങ്ങൾ ഉപദ്രവകരവും കാരണംകൂടാതെയുള്ളതാണെന്നും ഈ കേസുകളിലെ നിയമകോടതികളുടെ ജഡ്ജ്മെൻറിൽ അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നോ എന്നു പോലീസ്കമ്മീഷണരോ അല്ലെങ്കിൽ ആക്ടിംഗ്കമ്മീഷണരോ നോക്കി തിട്ടപ്പെടുത്തിട്ടുണ്ടോ? അപ്രകാരം യാതൊരു അഭിപ്രായവും ഇല്ലെങ്കിൽ ആക്ടിംഗ്കമ്മീഷണർക്കോ അല്ലെങ്കിൽ ആ സംഗതിക്കു സ്ഥിരം കമ്മീഷണർക്കുപോലുമോ എങ്ങനെ അപ്രകാരമുള്ള ദൃഷ്ടാന്തങ്ങളെ ഗവണ്മെൻറിൻെറ ശ്രദ്ധിക്കവിഷയീഭവിപ്പിക്കുന്നതിന് അവകാശപ്പെടാം.

മി. ഡബ്ളിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): അതു ശരിയല്ലെന്നു ഞാൻ പറഞ്ഞു. നിരീക്ഷണങ്ങൾ ശരിയാണ്. കുററസ്ഥാപനം കാരണംകൂടാതെയാണെന്നു കോടതികൾതന്നെ അഭിപ്രായപ്പെട്ടിട്ടുള്ള കേസുകളെയാണ് ആക്ടിംഗ്കമ്മീഷണർ വിചാരിച്ചതു. അതു എനിക്കു നിശ്ചയംതന്നെ

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കുററസ്ഥാപനങ്ങൾ കാരണംകൂടാതെയുള്ളതാണെന്നു മജിസ്ട്രേട്ടന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിൽ നിരൂപണം നിശ്ചയമായും ന്യായമാണ്. എന്നാൽ ജഡ്ജിമെൻറിൽ അപ്രകാരം അഭിപ്രായപ്പെട്ടിട്ടില്ലെങ്കിൽ ഗവണ്മെൻറിൻെറ പര്യേഷണത്തിനു വിഷയീഭവിപ്പിച്ചതു ഒരു ഇതുപോലെ അപലപനീയമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ജഡ്ജ്മെൻറിൽ അപ്രകാരമുള്ള പ്രസ്താവനകൾ അടങ്ങിയിട്ടില്ലെന്നു കാണിക്കുന്നതിനു എന്തെങ്കിലും ഉണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). എനിക്കറിഞ്ഞുകൂടാ. ഞാൻ സന്ദേഹരൂപത്തിലുള്ള പ്രസ്താവനമാത്രമേ ചെയ്യുന്നുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ജഡ്ജ്മെൻറിൻെറ പകർപ്പുകൾ നമ്മുടെമുമ്പിൽ ഉണ്ടായിരിക്കാതെ ഈ വിഷയത്തെ നാം എങ്ങനെയാണ് ചിന്തിക്കേണ്ടതു? ജഡ്ജ്മെൻറുകളിൽ ഈ വാക്കുകൾ വാസ്തവത്തിൽ ഉണ്ടായിരുന്നോ ഇല്ലയോ എന്നു കണ്ടുപിടിക്കുന്നതിനു ഇങ്ങനെയല്ലാതെ നമുക്കു എങ്ങനെ സാധിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരുപക്ഷെ മറുഭാഗത്തുനിന്നും സമ്മതിക്കുന്ന വസ്തുതകളെ നമുക്കു ഉപയോഗിക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ജഡ്ജ്മെൻറുകൾ ഇല്ലാത്തസ്ഥിതിക്കു റിപ്പോർട്ടിലെ പ്രസ്താവന വാസ്തവമാണെന്നു നാം ഊഹിക്കേണ്ടയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വാസ്തവമായും അവാസ്തവമായും വന്നേക്കാം. അതുകൊണ്ടു പ്രസ്താവന ശരിയാണെന്നു തെളിയിച്ചില്ലെങ്കിൽ അതു നിശ്ചയമായും വിമർശനംചെയ്യപ്പെടേണ്ടതാണ്. ഞാൻ ബോധിപ്പിച്ചതുപോലെ ജഡ്ജിമെൻറു സ്വയം അധിക്ഷേപിച്ചുമായിട്ടുള്ളതാണെങ്കിൽ നിരൂപണം യഥാർത്ഥമാണ്. അതു ആക്ടിംഗ്കമ്മീഷണരായിരിക്കട്ടെ സ്ഥിരം കമ്മീഷണരായിരിക്കട്ടെ അദ്ദേഹത്തിനു അപ്രകാരം അഭിപ്രായപ്പെടുന്നതിനു സ്വാതന്ത്ര്യമുണ്ടു. മററൊരുതരത്തിലുമായല്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ കേസുകളിൽ മജിസ്ട്രേട്ടന്മാർ കുററസ്ഥാപനങ്ങൾ ഉപദ്രവകരമായുള്ളതോ അല്ലെങ്കിൽ കാരണംകൂടാതെയുള്ളതോ എന്നു പര്യാലോചിക്കുന്നതിനു ഇനിഷ്യേററീവില്ലന്നുവരാൻ പാടില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മജിസ്ട്രേട്ടന്മാരുടെ പക്ഷത്തിൽ നിശ്ചയമായും അതൊരു ചുമതലയല്ല. പോലീസ് ഉദ്യോഗസ്ഥന്മാർ വക്കീലന്മാരെ ഏർപ്പെടുത്താറുണ്ടെന്നുമാത്രമല്ല, മജിസ്ട്രേട്ടന്മാരുടെ മുമ്പിൽ ഈ കേസുകളെപ്പററി വാദിക്കുന്നവക്കീലന്മാർ "ഇതാ നോക്കണം; ഈ വിഷയത്തെപ്പററി കൂലങ്കഷമാലോചിക്കേണ്ടതുണ്ട്". വക്കീലന്മാർ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതു മജിസ്ട്രേട്ടന്മാരുടെ കുററമല്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): കുററസ്ഥാപനം ഉപദ്രവഹേതുകമായുള്ളതാണോ അല്ലയോ എന്നുള്ളസംഗതി മജിസ്ട്രേട്ടന്മാർ ആലോചിക്കുന്നില്ലെങ്കിൽ പോലീസ്കമ്മീഷണർ ഈ കാര്യം ഗവണ്മെന്റിനോടറിപ്പോർട്ടുചെയ്യുന്നതിൽ എന്തെങ്കിലും അബദ്ധമുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിശ്ചയമായും എന്തോ അബദ്ധമുണ്ട്. ആ സംഗതിയെപ്പററി വാദിക്കേണ്ടതു മജിസ്ട്രേട്ടിന്റെ മുമ്പിലാണ്. നിശ്ചയമായും പോലീസ്കമ്മീഷണർക്കോ കക്ഷിക്കുതന്നെയോ അല്ലെങ്കിൽ വക്കീലിനോ ഈ സംഗതി കോടതിയിൽ ഹജിസമർപ്പിക്കുന്നതിനു സ്വാതന്ത്ര്യമുണ്ടു്. ഹജിയെ ഗൗനിക്കുന്നില്ലെങ്കിൽ മജിസ്ട്രേട്ടിന്റെ നടപടിയെ പരിശോധിക്കുന്നതിനു മേൽകോടതികളിൽ ഹജിബോധിപ്പിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. അപ്രകാരമുള്ള ന്യായസ്ഥാനങ്ങളെ വാദിക്കുന്നതിനുള്ള പന്ഥാക്കളായി സ്വീകരിക്കുന്നതിനു പകരം സംസ്ഥാനത്തിലെ എല്ലാ പൌരന്മാരെയും ഒരുപോലെ കരുതേണ്ട മജിസ്ട്രസിയെ പൊതുജനങ്ങളുടെ മുമ്പിൽ കുററപ്പെടുത്തുന്നതും മജിസ്ട്രേട്ടന്മാരുടെ നടപടി പ്രത്യേകരീതിയിലായിരിക്കണമെന്നു നിർബന്ധിക്കപ്പെടുത്തുന്നതും തീർച്ചയായിട്ടും വളരെ ആക്ഷേപാർഹമായതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഹൈക്കോടതിയിൽ ഒരു പരിശോധനയ്ക്കു ആവശ്യപ്പെടാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പരാതിപ്പെടുന്നതായ അധികാരസ്ഥാനത്തിന്റെ തരംഅനുസരിച്ചു ഹൈക്കോടതിയോടോ അല്ലെങ്കിൽ ഡിസ്ത്രിക്ട്സെഷൻസ് കോടതിയോടോ ആവശ്യപ്പെടാം.

കാരണംകൂടാതെയുള്ള കുററസ്ഥാപനം ആയിരുന്നുഎന്നു മജിസ്ട്രേട്ടുതന്നെ പ്രസ്താവിക്കുകയും അതേസമയത്തു വേണ്ടപ്രതിഫലം നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ മജിസ്ട്രേട്ടിനെ ആർക്കും കുററപ്പെടുത്തുന്നതിനു സ്വാതന്ത്ര്യമുണ്ടു്. ജഡ്ജ്മെന്റു സ്വയം ആക്ഷിപ്തമായിരിക്കുന്നു. അപ്രകാരമല്ലാത്ത അഭിപ്രായമോ, മജിസ്ട്രേട്ടിന്റെ ക്രമവിരുദ്ധതയെപ്പററിയുള്ള തെളിവോ, ഇല്ലെങ്കിൽ ഒരു ഉയർന്ന ന്യായസ്ഥാനത്തോടു ആവശ്യപ്പെടേണ്ടതാണെന്നാണു ഞാൻ പറയുന്നതു്. ഒരു മജിസ്ട്രേട്ടു ഒരു കേസിനെസംബന്ധിച്ചു പ്രത്യേകരീതിയിൽ മനഃപൂർവ്വമായനീതിയിൽ പെരുമാറുകയാണെങ്കിൽ മജിസ്ട്രേട്ടിന്റെ നടപടിയെപ്പററി ഗൗനിക്കേണ്ടതാണ്. കുററസ്ഥാപനം ഉപദ്രവകരമായിട്ടുള്ളതായി മജിസ്ട്രേട്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നു കാണിക്കുന്നതിനു ജഡ്ജ്മെന്റിൽ യാതൊരു പ്രസ്താവവും ഇല്ലെങ്കിൽ കുററസ്ഥാപനത്തിൽ കക്ഷിയല്ലാത്ത പോലീസ് കമ്മീഷണരെപ്പോലെയുള്ള ഒരാളിനു മജിസ്ട്രേട്ടിന്റെവിധി സൂക്ഷ്മമില്ലാതെ ചെയ്തതാണെന്നു പറയാവുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): മജിസ്ട്രേട്ടന്മാർതന്നെ കക്ഷികൾക്കു പ്രതിഫലം നൽകുകയാണെങ്കിൽ മെമ്പർ എന്തുവിചാരിക്കും?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). നിശ്ചയമായും ചുമതലബോധമുള്ള മജിസ്ട്രേട്ടാണെങ്കിൽ അയാൾതന്നെ അതു ചെയ്യും.

മി. എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റിനോടുള്ള സൂചനയെപ്പററി അയാൾ എന്തു വിചാരിക്കും?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മജിസ്ട്രേട്ടിന്റെ നടപടിയിൽ ഗവണ്മെന്റു ഇടപ്പെടുന്നില്ലെങ്കിൽ, മജിസ്ട്രസിയുടെ ജോലിനടത്തിപ്പിനെ സംബന്ധിച്ചു യാതൊരുവിധത്തിലുള്ള വിദ്വേഷവും ഉണ്ടാക്കിത്തീർക്കുന്നതിനു അവർക്കു സ്വാതന്ത്ര്യമില്ല. ഞാൻ നിർദ്ദേശിക്കണമെന്നു വിചാരിക്കുന്നതു പ്രസ്തുതസംഗതിയിലെ ഈ ഭാഗമാണ്. എന്തുകൊണ്ടെന്നാൽ, പോലീസിനു നൽകിയിട്ടുള്ള രക്ഷ എന്തുതന്നെ ആയിരുന്നാലും നിയമത്തിന്റെ ദൃഷ്ടിയിൽ, നീതിന്യായവിഷയത്തിൽ, ഓരോവ്യക്തിയും, അയാൾ പോലീസ് സൈന്യത്തിൽപെട്ടവനായിരിക്കട്ടെ, അബ്കാരി ഡിപ്പാർട്ടുമെന്റിലുള്ളവനായിരിക്കട്ടെ, മററേതെങ്കിലും ഡിപ്പാർട്ടുമെന്റിൽപെട്ടവനായിരിക്കട്ടെ, അല്ലെങ്കിൽ ഗവണ്മെന്റിന്റെകീഴിൽ യാതൊരു ജോലിയുമില്ലാത്ത ഒരു സാധാരണ പൌരനായിരിക്കട്ടെ, തുല്യമായരീതിയിൽ ഗൌനിക്കപ്പെടണം.

മി. ററി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): മജിസ്ട്രേട്ടു പ്രതിഫലം നൽകാതിരിക്കുമ്പോൾ ഉപദ്രവോദ്ദേശത്തോടുകൂടിയല്ല കേസുകൊണ്ടുവന്നിട്ടുള്ളതെന്നു മജിസ്ട്രേട്ടു വിചാരിക്കുന്നതായി നമുക്കു ഊഹിച്ചുകൂടയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിശ്ചയമായും അതുതന്നെ ആയിരിക്കും ഊഹം.

മി. എൻ. കെ. പിള്ള (കരുനാഗപ്പള്ളി): ഭരണറിപ്പോർട്ടിലെ ആ വാക്യസമൂഹം മുഴുവൻ നിയമസ്ഥാനത്തെയും അവമാനിക്കുന്നില്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിയമസ്ഥാനത്തിന്റെ സ്വാതന്ത്ര്യത്തിനു ഹാനികരമാണ്.

മി. ററി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): ഇവിടെ ഇതിനുമുമ്പു പ്രസ്താവിച്ചതുപോലെ മിക്കവാറും അല്പശമ്പളക്കാരായ മജിസ്ട്രേട്ടന്മാർ അവരുടെജോലി ശരിയായവിധത്തിൽ ചെയ്യുന്നില്ലെന്നു കൂടിയശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ ഗവണ്മെന്റിന്റെ തുണയോടുകൂടി അഭിപ്രായപ്പെടുന്നതു നിയമസ്ഥാനത്തിന്റെ സ്വാതന്ത്ര്യത്തോടു ഇടപെടുകയാകുന്നുവെന്നാണ് ഞാൻ ബോധിപ്പിക്കുന്നതു്. സർ, മിസ്റ്റർ രാമൻമേനോൻ ചൂണ്ടിക്കാണിച്ചതുപോലെ പോലീസുകാരെ പ്രതിയാക്കി കൊടുക്കുന്നകേസുകൾ തള്ളിയേക്കാം. അതു പലകാരണങ്ങളെക്കൊണ്ടും ആയിരിക്കും. ആദ്യമായി പ്രതിയെ ശിക്ഷിക്കണമോ വേണ്ടയോ എന്നുള്ളസംശയം മജിസ്ട്രേട്ടി

തോന്നിയേക്കാം. എന്നാൽ കേസ് കാരണംകൂടാതെയുള്ളതാണോ അല്ലയോ എന്നുള്ളത് മറെറാരു വിഷയവും, മജിസ്ട്രേട്ട് പ്രതിഫലം നൽകാതിരിക്കുമ്പോൾ നടപടി ശരിയായിരുന്നുഎന്നും പ്രതിയെ വെറുതെവിട്ട എങ്കിലും കേസ് ഉപദ്രവോദ്ദേശത്തോടുകൂടിയുള്ളതല്ലായിരുന്നു എന്നും നാം ഊഹിക്കേണ്ടതാകുന്നു.

മജിസ്ട്രേട്ടന്മാരെ നിയമിക്കാനുള്ള ഗവണ്മെൻറിൻെറ സഹായത്തോടുകൂടി, അവരുടെ പ്രവൃത്തികളെപ്പററി അപലപിക്കുന്നതായാൽ, മിക്കവാറും അധികം മജിസ്ട്രേട്ടന്മാരും പകരംനോക്കുന്നവരും, അവരുടെ നിയമനംതന്നെ ഗവണ്മെൻറിൻെറ അധീനതയിൽ ഇരിക്കുന്നതും ആകകൊണ്ടു അവർ ഭയന്നിട്ട പോലീസുകാർ പ്രതിയായിട്ടുള്ള എല്ലാകേസുകളിലും പ്രതിഫലം നൽകിയേക്കാം. ഇതു വളരെ ഭയങ്കരമായ ഒരവസ്ഥയാ[illegible] അതുകൊണ്ടു ഞാൻ ബോധിപ്പിക്കുന്നതു മജിസ്ട്രേട്ടന്മാരെ കുററപ്പെടുത്തുന്ന അപ്രകാരമുള്ള പ്രസ്താവനകളും റിപ്പോർട്ടുകളും ശരിയല്ലെന്നാകുന്നു.

മറെറാരു സംഗതികൂടി എനിക്കു നിർദ്ദേശിക്കേണ്ടതുണ്ട്. ജഡ്ജ്മെൻറുകളിൽതന്നെ കേസുകൾ ഉപദ്രവോദ്ദേശത്തോടുകൂടിയുള്ളതാണെന്നു അഭിപ്രായപ്പെട്ടിട്ടുള്ള കേസുകളെ മാത്രമെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുള്ളു എന്നു പോലീസ്കമ്മിഷണർ പറഞ്ഞു.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മിഷണർ): "കാരണംകൂടാതെ പ്രാസിക്യൂട്ടു ചെയ്യപ്പെട്ടതായി കാണപ്പെട്ടു" എന്നു ഞാൻ പറഞ്ഞു.

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേടു): ജഡ്ജ്മെൻറിൽ അങ്ങനെ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിൽ അവശ്യം പ്രതിഫലം നൽകേണ്ടതാണ്.

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അപ്പോൾ ഗവണ്മെൻറിനോടു പരാതിപ്പെട്ടുകൂടയോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേടു): ഗവണ്മെൻറിനോടു യാതൊരു പരാതിയും പറയാൻ പാടില്ല. കാരണംകൂടാതെയുള്ള പ്രാസിക്യൂഷൻ ഉണ്ടായിരുന്നാൽപോലും ജഡ്ജ്മെൻറിൽ അപ്രകാരമൊരഭിപ്രായം ഉണ്ടായിരിക്കുമ്പോൾ ഹൈക്കോടതിയുടെ കൺഫർപരിശോധനയിൽ അതു നിശ്ചയമായും പരിശോധിക്കുന്നതും മജിസ്ട്രേട്ടിൻെറ പ്രവൃത്തിയെ ആക്ഷേപിക്കുന്ന ഏതെങ്കിലും പ്രൊസീഡിംഗ്സ് പാസ്സാക്കുന്നതും ആകുന്നു.

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): മജിസ്ട്രേട്ടിൻെറ നടപടിയെ ഗവണ്മെൻറിൻെറ പര്യേഷണത്തിനു പോലീസ് കമ്മിഷണർക്കു കൊണ്ടുവരാൻകൂടയോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേടു): പരിശോധനയ്ക്കുള്ള ഹർജിമൂലേന ഹൈക്കോടതിയുടെ മുമ്പിൽമാത്രമെ ഈസംഗതി കൊണ്ടുവരാവൂ. ന്യായസ്ഥാനം പൂർണ്ണസ്വാതന്ത്ര്യമുള്ളതായിരിക്കണം. ഹൈക്കോടതി ഒന്നുമാത്രമെ നിയന്ത്രണാധികാരി ആയിരിക്കാവൂ. ഇങ്ങനെയുള്ള കേസുകളിൽ ശരിയായ പരിഹാരവു ഹൈക്കോടതിയാണ്.

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഗവണ്മെൻറു വേണ്ടനടപടി ആരംഭിക്കത്തക്കവണ്ണം ഗവണ്മെൻറിനോടു പരാതിപ്പെട്ടുകൂടയോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേടു): അങ്ങനെയുള്ള കേസുകളിൽ ഗവണ്മെൻറിൽ ഹർജിബോധിപ്പിക്കാം. എന്നാൽ നിയമാനുസരണമല്ലാതെ എന്തെങ്കിലും ഉണ്ടായിരുന്നാൽ ശരിയായ പരിഹാരവു ഹൈക്കോടതി ആയിരിക്കണം.

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അതിനെപ്പററി വാദിക്കുന്നതിനു സർക്കാർവക്കീലിനോടു ഗവണ്മെൻറിനു ആവശ്യപ്പെടാം.

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേടു): അപ്രകാരം ചെയ്യാം. എന്നാൽ റിപ്പോർട്ടു അയച്ചതു ആ ഉദ്ദേശത്തിലല്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി വളരെ നിരൂപണംചെയ്യേണ്ടതായുണ്ട്. അതു അധികവും ന്യായമായ നിരൂപണമാണെന്നു ഞാൻ വിചാരിക്കുന്നു. ജനങ്ങളുടെ ദിവസംപ്രതിയുള്ള ജീവിതത്തിൽ ഇടപെടേണ്ടിയുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഒന്നാണ് പോലീസ്ഡിപ്പാർട്ടുമെൻറ. എന്നാൽ അവരോടു ഇടപെടേണ്ടതു ഭയത്തിൻെറ ഉത്ഭവസ്ഥാനം എന്നനിലയില്ല, പിന്നെയോ, അവരുടെവിഷമാവസ്ഥകളിൽ അവരെ സഹായിക്കുന്നതിനുള്ള സ്നേഹിതന്മാരെന്ന നിലയിലാണ്.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മിഷണർ): മിസ്റ്റർ ഏ. കെ. പിള്ള തന്നെത്താനെ ചെന്നു ഉപദ്രവത്തിൽ ചാടിയപ്പോൾ അയാളുടെ സ്നേഹിതന്മാർ ആരായിരുന്നു എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): പോലീസുകാരുടെ നടത്തയെപ്പററി ഞാൻ എനിക്കു വേണ്ടിയല്ല എന്തെങ്കിലും നിവേദനംചെയ്യുന്നതു. കൊല്ലത്തു ഒരു പ്രധാനവീഥിയിൽ സ്ഥിതിചെയ്യുന്ന ഒരു കടയിൽ ഒരു സംഘം പോലീസുകാർ ബലമായി പ്രവേശിക്കുകയും കടഉടമസ്ഥനെ പട്ടാപ്പകൽ ഉപദ്രവിക്കുകയുംചെയ്തു എന്നു പറഞ്ഞുകൊള്ളട്ടെ.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മിഷണർ): ഈ കേസ് വിചാരണയിലിരിക്കുകയാണെന്നു ഞാൻ വിചാരിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ അതു സ്വീകരിക്കുന്നു. അതുകൊണ്ടു പരമാർത്ഥത്തിൽ എനിക്കു അറിയാവുന്ന ആ സംഗതിയെപ്പററി കൂടുതലായി ഞാൻ യാതൊന്നും പറയുന്നില്ല. അപ്പുറമെ, രണ്ടുമാസങ്ങൾക്കുമുമ്പു ഡിപ്പാർട്ടുമെൻറിലെ മാന്യനായ ഒരു ഉദ്യോഗസ്ഥൻ—ഒരു ഹെഡ്കാൺസ്റ്റബിൾ, ബോട്ടുജട്ടിയിൽ നിന്നിരുന്ന ഒരു വർത്തമാനപ്പത്രപ്രവർത്തകനെ ദേഹോപദ്രവംചെയ്തു. അപ്രകാരമുള്ള ദൃഷ്ടാന്തങ്ങൾ എണ്ണിയെണ്ണിപ്പറയാം. എന്നാൽ ഡിപ്പാർട്ടുമെൻറിൽ പരമാർത്ഥമായി നടക്കുന്നതെന്താണെന്നു സാമാജികന്മാർക്ക് അറിയാമെന്ന് എനിക്കു നിശ്ചയമുണ്ട്. അങ്ങുമിങ്ങും ഏതാനും മാന്യന്മാരായ ഉദ്യോഗസ്ഥന്മാരുണ്ട്. അതു ഡിപ്പാർട്ടുമെൻറ മുഴുക്കെയുള്ള സന്മാർഗ്ഗസ്ഥിതിയെ സ്ഥിരീകരിക്കുന്നില്ല. എവിടെയെങ്കിലും ഒരു മജിസ്ട്രേട്ട് കക്ഷിയെ ഉപദ്രവിച്ചുഎന്നു വാസ്തവത്തിൽ സംഭവിക്കാത്തതായ ഒരു സംഗതിയെപ്പററി നാം എന്തുകൊണ്ടു

പരാതിപറയുന്നില്ല.' എന്നാൽ പോലീസുകാരെപ്പററി നിയമം അവരുതന്നെ നടത്തുന്നു എന്നും നീതീകരിക്കത്തക്കതല്ലാത്ത പ്രവൃത്തികൾ ചെയ്യുന്നു എന്നും നാം പരാതിപറയുന്നു. മജിസ്ട്രേട്ടിൽ തെളിവുകൊടുക്കുന്നതിനും കുററക്കാരെ ശിക്ഷിപ്പിക്കുന്നതിനും സാധിക്കുകയില്ലെന്നുള്ള ഭയംകൊണ്ടു ഈ സംഗതികൾ പോലീസുകമ്മീഷണരെ അറിയിക്കുന്നില്ല. കുററത്തിനു പോലീസുകാർ ശിക്ഷ അപ്പോഴപ്പോൾ അനുഭവിപ്പിക്കുകയാണെങ്കിൽ മിക്കവാറും അതൊരു നല്ല പ്രതിബന്ധമായിരിക്കും. അപ്പോൾ അവർക്ക് നിയമവും നീതിന്യായഭരണത്തിൽ തങ്ങളോടു കർത്തവ്യവും മനസ്സിലാകും. നേരെമറിച്ചു പോലീസ്ഭരണം വളരെ നിരൂപണത്തിനിടവരുന്നു. പൊതുജനങ്ങളുടെ ദൃഷ്ടിയിൽ വളരെ കഠിനമായ അധിക്ഷേപത്തിനുപോലും എന്നു ഞാൻ പറയുന്നു. ഡിപ്പാർട്ടുമെൻറിന്റെ സന്മാർഗ്ഗബോധം നന്നാക്കുന്ന വിഷയത്തിൽ കമ്മീഷണരേയും ഗവൺമെൻറു സാമാജികന്മാരേയും പോലുള്ള പ്രധാനാധികാരികൾ ഞങ്ങളോടു യോജിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഈ സംഗതികൾ പ്രസ്താവിക്കുന്നതിൽ അവർക്ക് സങ്കോചം ഉണ്ടാകുന്നു എന്നു നാം കാണുന്നു. അവർ അപ്രകാരം എന്തിനു വിചാരിക്കുന്നു? അവർ ഞങ്ങളോടു സഹകരിക്കണം. ഡിപ്പാർട്ടുമെൻറു സത്സ്വഭാവത്തിനു ദുഷിപ്പെട്ടിരിക്കുന്നു എന്നു ... ബഹുമാനമാണ്. അവരുടെ ... കഴിയുന്നിടത്തോളം അനപവാദിയായിരിക്കണം. നമ്മിൽ ഓരോരുത്തർക്കും ഒരു വിധത്തിലുള്ള പരാതി അല്ലെങ്കിൽ മറ്റൊന്നു ഉണ്ടായിരിക്കുന്നു.

മറെറാരു ഉദാഹരണം ഉദ്ധരിക്കുകയാണെങ്കിൽ, ഒരു പോലീസ് ഇൻസ്പെക്ടർ ഒരു മിസ്റ്റർ എം. എൻ. നായരെ നല്ല വെയിലിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതിനിടയാക്കി. അത്തരത്തിലുള്ള സംഗതികൾ ദിവസംപ്രതി നടക്കുന്നു. ഉടനെതന്നെ ശിക്ഷിക്കപ്പെട്ടേക്കുമെന്നുള്ള ഭയംകൊണ്ടു ഈ സംഗതികൾ പോലീസ് കമ്മീഷണർ അറിയുന്നില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

ഈയിടെ പോലീസുകാർ ഏതാനും ഭക്തന്മാരായ നമ്പൂരിമാരെ ഉപദ്രവിക്കുകയും അവരുടെ പണം അപഹരിക്കുകയും ചെയ്തു. പോലീസുകാർ ... രൂപായോളം അപഹരിച്ചു എന്ന് എന്നോടു പറഞ്ഞു.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): ഒരു കോടതിയിൽ ആ ഭാഗത്തിനു തെളിവു കൊടുക്കാൻ മെമ്പർ തയാറാവുമോ?

മി. പി. കെ. പിള്ള (കരുനാഗപ്പള്ളി): നമ്പൂരിമാരെ പ്രേരിപ്പിക്കുന്നതിനും വേണ്ട ധൈര്യം നല്കുന്നതിനും കേസ് കൊടുപ്പിക്കുന്നതിനും എനിക്കു കഴിവുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ ശ്രമത്തിൽ ഞാൻ വിജയിയാകുമെന്നും വിശ്വസിക്കുന്നു. പോലീസ് ഡിപ്പാർട്ടുമെൻറിന്റെ പ്രവൃത്തികളുടെ ഒരു സ്വഭാവം ... നാം കാണുന്നതിനു മാത്രമേ ഇത്രയും വാക്കുകൾ കൊണ്ടു ഞാൻ ആഗ്രഹിക്കുന്നുള്ളു.

മി. ടി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സമയമില്ലാത്തതുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു ഞാൻ നിർബന്ധിക്കപ്പെട്ടേക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. അതുകൊണ്ടു എനിക്കു തോന്നുന്ന ഏററവും പ്രധാനപ്പെട്ട ഭാഗങ്ങളെപ്പററി ഞാൻ പ്രസ്താവിക്കാം. ആദ്യമായി മജിസ്ട്രേട്ടിന്റെ ജഡ്ജ്മെൻറിനെപ്പററിയുള്ള മിസ്റ്റർ പിററിന്റെ അശാസ്യമായ ഊഹത്തെപ്പററി പറയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തള്ളപ്പെട്ട നാല്പതു കേസുകളുടെ കൂട്ടത്തിൽ പോലീസ് ഡിപ്പാർട്ടുമെൻറു പ്രാസിക്യൂട്ടു ചെയ്ത രണ്ടു കേസുകളും ഉൾപ്പെടുന്നുണ്ടോ എന്നു മെമ്പർ പറയുമോ?

മി. ടി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇല്ല. അവ ഉൾപ്പെടുന്നില്ല. അങ്ങനെയുള്ള കേസുകളിൽ ഏർപ്പെട്ടിരുന്ന ആളുകളുടെ എണ്ണം ... നിന്നും നൂറു ആയി കാണുന്നു. നിശ്ചയമായും കമ്മീഷണർ ഈ നൂറു കേസുകളേയുംപററിയാണ് പറയുന്നതു. ഇവയിൽ ... പേരെ വിട്ടുകയും ... പേർ വിചാരണ ... ചെയ്തു. അതുകൊണ്ടു ആ നൂറു കേസുകളും തീരുമാനിക്കപ്പെട്ടു. തള്ളപ്പെട്ട ഈ ... കേസുകളും കാരണംകൂടാതെ ഉണ്ടായിട്ടുള്ളതാണെന്നും മജിസ്ട്രേട്ടന്മാർ അവരുടെ ജഡ്ജ്മെൻറുകളിൽ സ്വയം അഭിപ്രായപ്പെട്ടിട്ടുള്ളതായി ... തീരെ അസംഭാവ്യമാകുന്നു. മററുള്ളവർ എന്തുതന്നെ പറഞ്ഞാലും അതിന്റെ ദൃഢതയിൽതന്നെ അതു സംഭാവ്യമല്ല. മിസ്റ്റർ പിററുതന്നെ ഈ എല്ലാ ജഡ്ജ്മെൻറുകളും പരിശോധിച്ചിട്ടില്ലെന്നു ഞാൻ ഊഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ ... റിപ്പോർട്ട് എഴുതിയതു. കാരാഗൃഹവാസവും അശാസ്യമായ ഊഹവും ദൃഢതയിൽ അത്രത്തോളം ശരിയല്ലെന്നാണ് എനിക്കു പറവാനുള്ളതു. അതു അപ്രകാരം ആയിരുന്നാൽപോലും ശരിയായ മാർഗ്ഗം പരിശോധനയ്ക്കു ആവശ്യപ്പെടേണ്ടതായിരുന്നു. മിസ്റ്റർ പി. കെ. നാരായണപിള്ള നിർദ്ദേശിച്ചതുപോലെ സങ്കടക്കാരികൾക്കു ... ചെയ്യാമായിരുന്നെങ്കിലും അപ്രകാരം ചെയ്യാതിരിക്കുന്നകാലത്തോളം ഊഹിക്കാവുന്നതു, ഹൈക്കോടതിയുടെ പരിശോധനയ്ക്കു കേസ് എടുപ്പിച്ചാൽ അവിടത്തെ ഉത്തരവനുസരിച്ചു അയാൾക്കു ശിക്ഷ കിട്ടിയേക്കുമോ എന്നു ഭയപ്പെട്ടിരുന്നു എന്നും ആകുന്നു.

ഈ സംഗതിയിൽ ഗവൺമെൻറു ചെയ്തിട്ടുള്ള റിമാർക്കുകളെസംബന്ധിച്ചിടത്തോളം, അവ പോലീസ് കമ്മീഷണരുടെ റിമാർക്കുകളെക്കാൾ വളരെ ശാന്തമാകുന്നു. എന്നിട്ടും, മിസ്റ്റർ പി. കെ. നാരായണപിള്ള ചൂണ്ടിക്കാണിച്ചതുപോലെ തൃപ്തികരമല്ലാത്ത ഭാഗങ്ങൾ ഉണ്ടെന്നു ഞാൻ കാണുന്നു. ഈ സംഗതിയിൽ പോലീസുകാരെക്കാളും ഗവൺമെൻറിനെയാണ് കുററപ്പെടുത്തേണ്ടതെന്നു ഞാൻ വിശ്വസിക്കുന്നു. അവർ കുറെക്കൂടി അറിയേണ്ടതാണ്. ഗവൺമെൻറു അവലോകനത്തിൽ ഈ നിരീക്ഷണം ചെയ്തതായിരിക്കുമെന്നു ഞാൻ ആശിക്കുന്നു. ഏതായാലും അപ്രകാരമുള്ള പ്രമാണങ്ങൾ ആവർത്തിക്കാതിരിക്കണം. അധികാരമുള്ള ഉദ്യോഗസ്ഥന്മാർ ചെയ്യേണ്ടതിനെ ചെയ്യു് ഉടനടി ... മററു സംഗതികളിലും പോലീസുകാർ ഇതുപോലുള്ള അധികപ്രസംഗവും ധിക്കാരവും കാണിക്കാറുണ്ടെന്നു അറിയുന്നതിനു എനിക്കു ഇടയായിട്ടുണ്ട്. ആ സംഗതികളെപ്പററി തൃപ്തികരമായി പ്രതിപാദിക്കുന്നതിനു എനിക്കു സമയമില്ല. ഗവൺമെൻറിന് ആവശ്യമുള്ള വിവരം എളുപ്പത്തിൽ കിട്ടാൻകഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു, ആവശ്യമുണ്ടെങ്കിൽ വിവരം എനിക്കുതന്നെ തരാൻ കഴിയുന്നതാണ്.

സർ, പോലീസിനെ, ആ നിലയിൽ, നിയമസ്ഥാനത്തിന്റെ കീഴിലുള്ളവരായി കരുതപ്പെടണമെന്നും കോടതികളിൽ നീതിന്യായത്തിനുള്ള പോലീസുകാരുടെ അവകാശങ്ങൾ പൊതുജനങ്ങളുടെ അവകാശങ്ങളെക്കാൾ ഒരുവിധത്തിലും മേന്മയുള്ളതായി ഗണിക്കപ്പെടരുതെന്നും ഞാൻ അപേക്ഷിക്കുന്നു. പോലീസുകാരെ നിയമിച്ചിരിക്കുന്നതും അവർക്ക് ശമ്പളംകൊടുക്കുന്നതും പൊതുജനങ്ങളുടെ രക്ഷയെപ്പററി ശ്രദ്ധിക്കുന്നതിനാണ്. ഈ സന്ദർഭത്തിൽ, ഞാൻ പറയാൻ ആഗ്രഹിക്കുന്നതു് ഏററവും താഴ്ന്ന ഗ്രേഡിലുള്ള പോലീസുകാരന്റെ ശമ്പളം വർദ്ധിപ്പിക്കണമെന്നും അവരുടെ ജോലി ശരിയായി ചെയ്യുന്നതിനു വേണ്ട സൌകര്യങ്ങൾ നൽകണമെന്നും ആകുന്നു. കാരണംകൂടാതെ പ്രാസിക്യൂട്ടുചെയ്യപ്പെടുന്ന വിഷയത്തിൽ പ്രതിഫലത്തിനായുള്ള അവരുടെ അവകാശങ്ങൾ പൊതുജനങ്ങളുടെ അവകാശങ്ങളെക്കാൾ ഒട്ടുംതന്നെ മേന്മയുള്ളതായി വിചാരിക്കാൻ പാടില്ല. ഈ അവസരത്തിൽ പൊതുജനങ്ങളുടെ അവകാശങ്ങൾ പോലീസുകാരുടെ അവകാശങ്ങളെക്കാൾ വളരെ വലുതാണെന്നു ഞാൻ ബോധിപ്പിക്കുന്നു. പോലീസുകാർ പ്രാസിക്യൂട്ടുചെയ്തു വെറുതെ വിടപ്പെട്ടജനങ്ങൾക്ക് എത്രകേസുകളിൽ പ്രതിഫലം നൽകിട്ടുണ്ടെന്നു ഗവൺമെന്റ് അന്വേഷിക്കാതിരുന്നതു് എന്തുകൊണ്ടാണെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. കടലാസിൽ എല്ലാം തൃപ്തികരമായിരിക്കുന്നുവെന്നു തോന്നിപ്പിക്കത്തക്കവണ്ണം പോലീസു അധികാരികൾ വസ്തുതകൾ അമർത്തിവയ്ക്കുന്നു. എന്നു ഞാൻ വീണ്ടും നിർദ്ദേശിക്കുന്നു. ഗവൺമെന്റു എല്ലാവരുടെയും രക്ഷകൻ അല്ലെങ്കിൽ അമ്മയെന്നപോലെ മററുജനങ്ങളുടെ സങ്കടങ്ങളെപ്പററിയും അന്വേഷിക്കേണ്ടതാണ്. ആകപ്പാടെ നോക്കുമ്പോൾ പോലീസിനെതിരെ വളരെ ഗൌരവമേറിയ പരാതികൾ ഉണ്ടെന്നു ഞാൻ കാണുന്നു. അതുകൊണ്ടു ഗവൺമെന്റു മെമ്പർമാരായി ഏതുസമയത്തും പോലീസ്സ്റ്റേഷനുകൾ ഒററയായും കൂട്ടായും സന്ദർശിക്കുന്നതിനും മാജിസ്ട്രേട്ടന്മാരും സൂക്ഷിച്ചിരിക്കേണ്ട സന്ദർശകബുക്കിൽ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും ഗവൺമെന്റിലേക്കു നേരിട്ടു ആ പ്രദേശത്തിലെ പോലീസിന്റെ പ്രവൃത്തിയെപ്പററി റിപ്പോർട്ടുചെയ്യുന്നതിനും ഉള്ള അധികാരത്തോടുകൂടി അനുദ്യോഗസ്ഥന്മാർമാത്രം ഉൾപ്പെട്ട പ്രാദേശികക്കമ്മററികളെ നിയമിക്കണം. പോലീസ്ഡിപ്പാർട്ടുമെന്റിലെ ഉന്നതരും ഉദ്യോഗസ്ഥന്മാരോടും അത്യാവശ്യകാര്യങ്ങളിൽ മജിസ്ട്രേസിയോടും നേരിട്ടു എഴുത്തുകുത്തുകൾ നടത്തുന്നതിനു അവരെ അനുവദിക്കേണ്ടതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്ഥലം പോലീസുകാർ സന്ദർശകബുക്കു നശിപ്പിച്ചുകളഞ്ഞുഎന്നു വിചാരിക്കുക.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ആ പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യാതിരിക്കുന്നതിനു ഗവൺമെന്റിൽനിന്നും നിബന്ധനകൾ ഉണ്ടാക്കണം.

ഇവ എന്റെ നിർദ്ദേശങ്ങൾ മാത്രമാണ്. ഉപക്ഷേപത്താൽ നിർബന്ധിക്കപ്പെടുന്ന കാര്യങ്ങളല്ല. ഞാൻ സഭയുടെശ്രദ്ധക്ക വിഷയീഭവിപ്പിക്കുന്ന പ്രത്യേകസംഗതി പോലീസുകാർ ജനങ്ങളെ സാധാരണയായി അത്യധികം ഉപദ്രവിക്കുകയും അവമാനിക്കുകയും ചെയ്യുന്നുഎന്നും ഡിപ്പാർട്ടുമെന്റിലെ ഉയർന്നഉദ്യോഗസ്ഥന്മാരും ഗവൺമെന്റും ദോഷങ്ങളെ കുറയ്ക്കുന്നതിന് ഇപ്പോൾ ചെയ്തുവരുന്നതിനെക്കാൾ കുറെക്കൂടി ഫലപ്രദമായ നടപടികൾ നടത്തണമെന്നും ആകുന്നു. ഈ വളരെ മിതമായ പ്രസ്താവനയോടു യോജിക്കുന്ന എല്ലാ അനുദ്യോഗസ്ഥ സാമാജികന്മാരും ഈ ഉപക്ഷേപത്തിനുവേണ്ടി സമ്മതാഭിപ്രായം നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു. ആഗ്രഹിക്കത്തക്കതല്ലാത്ത കുഴപ്പങ്ങളും അർത്ഥകല്പനകളും ഉണ്ടാകാതിരിക്കുന്നതിനുള്ള ഒരു കരുതൽനയമായിട്ടാണ് ഞാൻ ഇതിനെ ചൂണ്ടിക്കാണിക്കുന്നതു്. എന്റെ പ്രസംഗത്തിൽ അടങ്ങിയിട്ടുള്ള ഓരോ വാചകത്തെയും ഞാൻ നമ്മുടെ ശ്രദ്ധക്ക കൊണ്ടുവരുന്നില്ല. എന്നാൽ മുൻപ്രസ്താവിച്ച സംഗതികളെ മാത്രമേ ഞാൻ സഭയുടെ തീരുമാനത്തിനു സമർപ്പിക്കുന്നുള്ളു. സംസ്ഥാനത്തിലെ പോലീസ്ഭരണത്തെ സംബന്ധിച്ചുള്ള സഭയുടെ, വിശേഷിച്ച് അനുദ്യോഗസ്ഥ സാമാജികന്മാരുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള ഒരു ലക്ഷ്യോപക്ഷേപം മാത്രമാണ്. ഇതു ഡിപ്പാർട്ടുമെന്റു മേധാവിയുടേയോ അല്ലെങ്കിൽ ഗവൺമെന്റിന്റെയോ നേർക്കുള്ള "അവിശ്വാസോ" പക്ഷേപമല്ല. ഈ സഭയുടെ അധികാരങ്ങളും അവകാശങ്ങളും ബ്രിട്ടീഷ് ജനപ്രതിനിധി സഭയുടെ അധികാരങ്ങളേയും അവകാശങ്ങളേയുംകാൾ വളരെ വ്യത്യസ്തപ്പെട്ടവയാകുന്നു. ഈ സഭയ്ക്കു ആലോചനാപൂർവ്വം ചെയ്തിട്ടുള്ള അതിന്റെ തീരുമാനം രാജസ്ഥാനത്തിൽ സമർപ്പിക്കുകമാത്രമെ ചെയ്യാവൂ. ഈ മിതമായ നടപടിയുടെ നേർക്കിലും ഗവൺമെന്റിന്റെപേരിൽ ഉദ്യോഗസ്ഥന്മാർ യാതൊരു വൈഷമ്യങ്ങളും ഉണ്ടാക്കരുതെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. തിരുവിതാംകൂറിലെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് അപ്രകാരമുള്ള ഉപക്ഷേപങ്ങളുടെകൂട്ടത്തിൽ കൊണ്ടുവരപ്പെടുന്ന സംഗതികളെക്കുറിച്ചു ഗവൺമെന്റുദ്യോഗസ്ഥന്മാർ സംസാരിക്കുകമാത്രമെ ചെയ്യാവുഎന്നും സമ്മതാഭിപ്രായത്തെ സംബന്ധിച്ച് അവർ രഹസ്യമായും പരസ്യമായും നിഷ്പക്ഷതയെ അവലംബിക്കണമെന്നും ആണ് എനിക്കുതോന്നുന്നതു്.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): സാർ, വിരോധജന്യമായ ഖണ്ഡികയെ സംബന്ധിച്ചിടത്തോളം ഞാൻ അതിനു നിർദ്ദേശിച്ച അർത്ഥം വ്യക്തമാക്കിയിട്ടില്ല. മിസ്റ്റർ രാമൻമേനോൻ ചൂണ്ടിക്കാണിച്ചതുപോലെ അത്തരത്തിലുള്ള വാക്കുകൾ ഇവിടെയെന്നല്ല ഇംഗ്ലണ്ടിലും മററു പല സ്ഥലങ്ങളിലും ആണ്ടോടാണ്ടു ആവർത്തിച്ചുപയോഗിച്ചുവരുന്നതും അതിന്റെ അർത്ഥം കാരണംകൂടാതെ പ്രാസിക്യൂട്ടുചെയ്യപ്പെട്ടതാണെന്നു കോടതി അഭിപ്രായപ്പെട്ട ഒരു കേസിലും പോലീസുകാരനു പ്രതിഫലം നൽകിയിട്ടില്ലെന്നും ആകുന്നു. ആ ഖണ്ഡികയുടെ പൊതുവിലുള്ള പ്രതിഫലനം മിക്കവാറും ചീത്തയായിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. വാക്കുകൾ പ്രതിഷേധകങ്ങളല്ലാണെന്നു ഞാൻ കാണുന്നു. ഏതായാലും ൧൧൦൮-ാം ആണ്ടത്തെ റിപ്പോർട്ടിൽ അതു കാണുകയില്ല. ആ ഖണ്ഡിക അതിന്റെ ഉദ്ദേശനിർവഹണത്തിൽ കേവലം കാര്യവിവരണം മാത്രമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ നിർദ്ദിഷ്ടഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്ന നാല്പതു കേസുകളുടെകൂട്ടത്തിൽ പോലീസ്ഡിപ്പാർട്ടുമെന്റിൽനിന്നു പ്രാസിക്യൂട്ടുചെയ്തു പോലീസുകാരെ വെറുതെവിട്ട രണ്ടു കേസുകളും ഉൾപ്പെടുന്നുണ്ടോ എന്നുപറയാമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): ഇവയ്ക്കു തമ്മിൽ യാതൊരു ബന്ധവും ഇല്ല. നൈയാമികമായി പ്രാസിക്യൂട്ടുചെയ്യപ്പെട്ട എല്ലാ പോലീസുകാരെയും പററിയാണ് ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിപ്പാർട്ടുമെൻറ പ്രാസിക്യൂട്ടുചെയ്ത പോലീസുകാരുടെ കേസുകളും ഉൾപ്പെടെ.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): രണ്ടു കേസുകളിൽ പോലീസ് കാരണംകൂടാതെ പ്രാസിക്യൂട്ടുചെയ്തു എന്നു മിസ്റ്റർ രാമൻമേനോൻ നിർദ്ദേശിച്ചു. മിസ്റ്റർ രാമൻമേനോൻ പറഞ്ഞതു മിസ്റ്റർ ഏ. കെ. പിള്ള പറഞ്ഞതുതന്നെയാണ്. പൊതുജനങ്ങളെ കുററപ്പെടുത്തുന്നതിൽ പോലീസുകാർ വഴിപിഴച്ചു പോകുന്നുഎന്നും സൂക്ഷ്മമില്ലാതെ അവരെ പ്രാസിക്യൂട്ടുചെയ്യുന്നു എന്നും അയാൾ പറഞ്ഞു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻപറഞ്ഞത് ഈസഭയിൽ ഞങ്ങൾ ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരെപ്പററി കഠിനമായി നിരൂപണംചെയ്യുമ്പോൾ പോലീസ്കമ്മീഷണരും ഡിപ്പാർട്ടുമെൻറിലെ മററുദ്യോഗസ്ഥന്മാരും ഞങ്ങളുടെ നിരൂപണങ്ങളെ സന്തോഷപൂർവം വീക്ഷിക്കണമെന്നുമാത്രമാണ്.

മി. ഡബ്ലിയു. എച്ച്. പിററ (പോലീസ്കമ്മീഷണർ): ഏവു മാസങ്ങൾക്കുമുമ്പു സംഭവിച്ചതും ബസ്സുകയറുന്നതിനു സാധിക്കാതെപോയതും ആയ ഒരു വർത്തമാനപ്പത്രപ്രവർത്തകൻെറ കാര്യം മിസ്റ്റർ ഏ. കെ. പിള്ള സൂചിപ്പിച്ചു. അതിൻെറവാസ്തവം ഇപ്രകാരമാണ്. അന്നേദിവസം പോലീസ്ഇൻസ്പെക്ടരുടെ ചില സ്നേഹിതന്മാർ അമ്പലപ്പുഴപ്പോകുന്ന വഴിക്കു അയാളുടെ വീട്ടിൽ ചെന്നിരുന്നു. ഇൻസ്പെക്ടർ അയാളുടെ സ്നേഹിതന്മാർക്കു തിരികെപ്പോകുന്നതിനു ഒരു ബസ്സു പ്രത്യേകം ഏർപ്പാടുചെയ്തു. പ്രസ്തുതവർത്തമാനപ്പത്രപ്രവർത്തകൻ ബസ്സിൽകയറണമെന്നു ആവശ്യപ്പെട്ടപ്പോൾ അയാളുടെ സ്നേഹിതന്മാർക്കായി ബസ്സു ഏർപ്പാടുചെയ്തുപോയി എന്നും അതുകൊണ്ടു അതിൽ സ്ഥലമില്ലെന്നും ഇൻസ്പെക്ടർ അയാളോടുപറഞ്ഞു. അതിൻെറ ഫലമായി വർത്തമാനപ്പത്രപ്രവർത്തകൻെറ ബസ്സിലുള്ള യാത്രയ്ക്കു തടസ്സവും അയാൾ ആലപ്പുഴയ്ക്കു തിരിച്ചു നടക്കേണ്ടതായും വന്നു. അന്വേഷണങ്ങൾ നടത്തുകയും ഇൻസ്പെക്ടരെ ശിക്ഷിക്കുകയുംചെയ്തു. ആരെയെങ്കിലും ദേഹോപദ്രവംചെയ്തതായി എന്തെങ്കിലും ഉണ്ടെന്നു ഞാൻവിചാരിക്കുന്നില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മി. പിററ് രണ്ടുകേസുകളേയും തമ്മിൽ കുഴയ്ക്കുകയാണ്. അമ്പലപ്പുഴ നടന്ന ഒരു സംഗതിയും ആലപ്പുഴ നടന്ന മറെറാരുസംഗതിയും ഞാൻ പ്രസ്താവിച്ചു. ആലപ്പുഴവെച്ചാണു വർത്തമാനപ്പത്രപ്രവർത്തകനെ ഉപദ്രവിച്ചതു. മറേറതു ബസ്സിൽ അയാളെക്കൂടി കയററണമെന്നു പോലീസ് ഉദ്യോഗസ്ഥൻ വിചാരിക്കാത്തതുകൊണ്ടു അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതിനിടയായ ദേവസ്വംബോർഡു മെമ്പറായ മി. എം. എൻ നായരെ സംബന്ധിച്ചുള്ളതാണ്.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): അങ്ങോട്ടുമിങ്ങോട്ടും നടക്കേണ്ടകാര്യം ഉണ്ടായിരുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. അയാൾ ഇൻസ്പെക്ടരെ കാണുന്നതിനും ബസ്സിൽ സ്ഥലമില്ലാത്തതിനെപ്പററി പരാതിപറയുന്നതിനുമായി സ്റ്റേഷനിലേക്കുപോയി എന്നുള്ളതാണു വസ്തുതകൾ. അയാൾക്കു കുറച്ചുസമയം നടക്കേണ്ടതായിട്ടുണ്ടായിരുന്നു. അയാൾ പോലീസ്സ്റ്റേഷനിൽ കാത്തുനിൽക്കേണ്ടിവന്നു. അയാൾക്കു സ്റ്റേഷനിൽ നടന്നുപോകയും തിരിച്ചു നടന്നുവരികയും ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. എന്നു ഞാൻ വിചാരിക്കുന്നു. ഞാൻ ഓർമ്മിക്കുന്നതു ഇത്രമാത്രമാണ്. കേസിനെപ്പററിയുള്ള എല്ലാസംഗതികളും എനിക്കു അറിഞ്ഞുകൂടാ. മുഴുവൻകാര്യത്തെയും പററി അന്വേഷണം നടത്തുകയും ഇൻസ്പെക്ടർ തൻെറ സ്നേഹിതന്മാർക്കായി ബസ്സ് പ്രത്യേകം ഏർപ്പാടുചെയ്തതു ശരിയല്ലെന്നു കാണുകയും ആ കാരണത്താൽ അയാളെ ശിക്ഷിക്കുകയുംചെയ്തു.

കൊല്ലത്തെകേസിനെ സംബന്ധിച്ചിടത്തോളം റിപ്പോർട്ടിനായി ഞാൻ പലപ്രാവശ്യവും ആവശ്യപ്പെട്ടു എങ്കിലും ഇതുവരെ എനിക്കു കിട്ടിയില്ല.

നമ്പൂരിമാരുടെ പരാതിയെ സംബന്ധിച്ചു. ആ സംഗതി പോലീസുകാരുടെ അന്വേഷണത്തിൽ ഇരിക്കുകയാണ്. പ്രസ്തുത നമ്പൂരിമാരുടെ പണം അപഹരിച്ചു എന്നുള്ളതിനു യാതൊരു തെളിവും ഇല്ലെന്നു റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. പണംപോയതിനെപ്പററിയുള്ള അന്വേഷണഫലം എന്തായിരുന്നാലും പരമാർത്ഥത്തിൽ ഹെഡ്കാൺസ്റ്റബിളിൻെറ നടത്ത നീതീകരിക്കത്തക്കതല്ലാത്തതും അയാളെ ശിക്ഷിക്കേണ്ടതും ആകുന്നു.

പോലീസ് ഡിപ്പാർട്ടുമെൻറിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ യഥാസ്ഥാനങ്ങളിൽ ശരിയായ നടപടിനടത്തുന്നില്ലെന്നു കാണിക്കുന്നതിനു മി. ഏ. കെ. പിള്ള വ്യക്തിപരമായ കേസുകളെ ഉദ്ധരിക്കുന്നു. അതു തീരെ നിരാധാരമാണെന്നു ഞാൻ വിചാരിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ അപ്രകാരം പറഞ്ഞില്ല. ഡിപ്പാർട്ടുമെൻറിലെ ഉയർന്നഉദ്യോഗസ്ഥന്മാരുടെ സൂക്ഷ്മതയെപ്പററി ഞാൻ ബഹുമാനിക്കുന്നു. ഞാൻ പറയുന്നതു അവർ കുറെക്കൂടി സൂക്ഷ്മമുള്ളവരായിരിക്കണമെന്നും ഞങ്ങളുടെ നിരൂപണങ്ങൾ സന്തോഷപൂർവം സ്വീകരിക്കണമെന്നും മാത്രമാണ്.

(൩) ൧൧൦൮ കർക്കടകം ൧-നു മുതൽക്കു പെൺകുട്ടികൾക്കായുള്ള നാട്ടുഭാഷാപാഠശാലകളിൽ കൂടുതൽ ഡിവിഷൻ ഏർപ്പെടുത്തുന്നതു സംബന്ധിച്ചു പ്രതിമാസം ൧൪ രൂപാവീതം ശമ്പളത്തിൽ ൧൦ കൂടുതൽ അധ്യാപകന്മാരെ നിയമിക്കുന്നതിനും അതിലേക്കു ൧,൩൮൦ രൂപ ൧൧൦൯-ാമാണ്ടത്തെ ബഡ്ജററിൽ കൊള്ളിക്കുന്നതിനും,

൨൦. ജ്യോതിശ്ശാസ്ത്രസംബന്ധമായ ചില പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനു ൫,൦൦൦ രൂപ ജ്യോതിർനിരീക്ഷണഡിപ്പാർട്ടുമെന്റിന്റെ ൧൧൦൪-ാമാണ്ടത്തെ ബഡ്ജററിൽ കൊള്ളിക്കുന്നതിനുള്ള നിർദ്ദേശത്തെ കമ്മിററി സ്വീകരിച്ചു.

൨൧. താഴെ വിവരിച്ചിരിക്കുന്നപ്രകാരം കാർഷിക ഇൻസ്പെക്ടർമാരുടേയും സബ് ഇൻസ്പെക്ടർമാരുടെയും ശമ്പളക്രമം പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശത്തെയും ൧൧൦൯ ചിങ്ങം ൧-നു മുതൽ ആ നിർദ്ദേശം നടപ്പിൽവരുത്തുന്നതിനു ആവശ്യമുള്ള ൫൫ രൂപ കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റിന്റെ ൧൧൦൯-ാമാണ്ടത്തെ ബഡ്ജററിൽ കൊള്ളിക്കുന്നതിനെയും കമ്മിററി സമ്മതിച്ചു.

പരിഷ്കരിക്കപ്പെട്ട സ്റ്റാഫ്.

൧൦൦ രൂപ ശമ്പളത്തിൽ എത്തുമ്പോഴുള്ള കാര്യക്ഷമതാപരിഗണനയോടുകൂടി ൭൫-൫-൧൦൦-൧൦-൧൫൦ രൂപ ശമ്പളക്രമത്തിൽ ഒന്നാംഗ്രേഡ് ഇൻസ്പെക്ടർമാർ ൫.

൫൦-൫/൨-൭൫ രൂപ ശമ്പളക്രമത്തിൽ രണ്ടാംഗ്രേഡ് ഇൻസ്പെക്ടർമാർ ൪.

൩൫-൫/൨-൫൦ രൂപ ശമ്പളക്രമത്തിൽ സബ് ഇൻസ്പെക്ടർമാർ ൯.

൨൨. താഴെവിവരിച്ചിരിക്കുന്നപ്രകാരം വെറററിനറി ഇൻസ്പെക്ടർമാരുടേയും സബ് ഇൻസ്പെക്ടർമാരുടേയും ശമ്പളക്രമം പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശവും ൧൧൦൯ ചിങ്ങം ൧-നു മുതൽക്കു ആ നിർദ്ദേശം നടപ്പിൽവരുത്തുന്നതിനു ൩൦൫ രൂപ കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റിന്റെ ൧൧൦൯-ാമാണ്ടത്തെ ബഡ്ജററിൽ കൊള്ളിക്കലും കമ്മിററി സ്വീകരിച്ചു.

പരിഷ്കരിക്കപ്പെട്ട സ്റ്റാഫ്.

൧൦൦ രൂപ ശമ്പളത്തിൽ എത്തുമ്പോഴുള്ള കാര്യക്ഷമതാപരിഗണനയോടുകൂടി ൭൫-൫-൧൦൦-൧൦-൧൫൦ രൂപ ശമ്പളക്രമത്തിൽ ഒന്നാംഗ്രേഡ് ഇൻസ്പെക്ടർമാർ ൫,

൫൦-൫/൨-൭൫ രൂപ ശമ്പളക്രമത്തിൽ രണ്ടാംഗ്രേഡ് ഇൻസ്പെക്ടർമാർ ൩.

൨൩. പരസ്പരസഹായസംഘങ്ങളുടെ ഇൻസ്പെക്ടർമാരുടെ താൽക്കാലിക സ്റ്റാഫ് ൧൧൦൮-ൽ തുടരുന്നതിനുള്ള നിർദ്ദേശത്തെയും താഴെവിവരിച്ചിരിക്കുന്ന പ്രകാരം ആവശ്യമുള്ള ൧൭,൩൩൦ രൂപ ൧൧൦൯-ാമാണ്ടത്തെ ബഡ്ജററിൽ കൊള്ളിക്കുന്നതിനെയും കമ്മിററി സ്വീകരിച്ചു.

പ്രതിമാസം ൫൦ രൂപ വീതം ശമ്പളത്തിൽ ൧൧ മാസത്തേക്കു ൧൦ ഇൻസ്പെക്ടർമാരുടെ ശമ്പളം
രൂപ ൫,൫൦൦

പ്രതിമാസം ൯ രൂപവീതം ശമ്പളത്തിൽ ൧൧ മാസത്തേക്കു ൧൦ ശിപായിമാരുടെ ശമ്പളം
രൂപ ൯൯൦

പ്രതിമാസം ൩൦ രൂപവീതം ൧൧ മാസത്തേക്കു ൯ ഇൻസ്പെക്ടർമാരുടെ പെർമനൻറ് ട്രാവലിംഗ് അലവൻസ് രൂപ ൨,൯൭൦.

ശിപായിമാരുടെ സഞ്ചാരപ്പടി രൂപ ൫൦൦.

മററുചെലവുകൾ രൂപ ൨൦൦.

൩ മണി ൨൦ മിനിട്ടിനു കമ്മിററി മാററിവച്ചു.

൧൯൩൩ ജൂലായി ൧൮-നു ശരിയായ ൧൧൦൮ കർക്കടകം ൨-നു ചൊവ്വാഴ്ച.

൧൯൩൩ ജൂലായി ൧൮-നു ശരിയായ ൧൧൦൮ കർക്കടകം ൨-നു ചൊവ്വാഴ്ച ൧മണി ൧൦ മിനിട്ടിന് നിയമസഭയുടെ ൧൧൦൮-ലെ സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററിയുടെ ൫-ാമത്തെ യോഗം ഹജൂർകച്ചേരിയിൽ ദിവാന്റെ മുറിയിൽവച്ചുകൂടി. താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു.

എം. ഇ. വാട്ട്സ് എസ്ക്വയർ, ബി. എ., ബാരിസ്റ്റർ അററ്ലാ, ദിവാൻ-പ്രസിഡൻറ്.

പി. കെ. നാരായണപിള്ള എസ്ക്വയർ ബി. എ., ബി. എൽ.,

എം. ശിവതാണുപിള്ള എസ്ക്വയർ.

കെ. ജാർജ് എസ്ക്വയർ ബി. എ.

കെ. എൻ. രാമസ്വാമിഅയ്യർ എസ്ക്വയർ, ബി. എ., ബി. എൽ.,

പി. എൻ. കൃഷ്ണപിള്ള എസ്ക്വയർ, ബി. എ., ബി. എൽ., സംയോജകൻ.

൧. തിരുവിതാംകൂറിൽ തേക്കുകൃഷി നടപ്പിൽവരുത്തുന്നതിനുള്ള പദ്ധതിയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളെ വിശദമായി കമ്മിററിപരിശോധിക്കുകയും പദ്ധതിയുടെ ഉപയോഗയോഗ്യതയെപ്പററി കമ്മിററിക്കു ബോധ്യപ്പെടുകയും താഴെപ്പറയുന്നതുക ൧൧൦൯-ാമാണ്ടത്തെ വനം ഡിപ്പാർട്ടുമെന്റിലെ ബഡ്ജററിൽ കൊള്ളിക്കുന്നതിനും സമ്മതിക്കയുംചെയ്തു.

സ്പെഷ്യൽ ആഫീസ്സർ	രൂപ ൨൦൦ വീതം പ്രതിമാസം.
൧. ഡ്രൈവർ	രൂപ ൬൦ ടി
൨. ഫാരസ്റ്റേഴ്സ്	രൂപ ൨൦ വീതം ടി
൩. ശിപായിമാർ	രൂപ ൯ ടി ടി
പെർമനെൻറ ട്രാവലിംഗ് അലവൻസ്	രൂപ ൩൭
ആഫീസർക്കുള്ള ട്രാവലിംഗ് അലവൻസ്	രൂപ ൫൦൦
മററുചെലവുകൾ	രൂപ ൧൩൨
൧൧൦൩-ൽ ൧൧ മാസത്തേക്കു ആകെ	രൂപ ൪,൬൩൬

൨. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലുവാ എന്നീ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ ഡിവിഷനുകളിൽ മൈനർ ഇറിഗേഷൻ ജോലികളുടെ അന്വേഷണത്തിനും നടത്തിപ്പിനും ആയി ൧൧൦൨-ൽ താഴെ വിവരിച്ചിരിക്കുന്ന പ്രകാരം അനുവദിച്ചിട്ടുള്ള റെമ്പററി സ്റ്റാഫ് ൧൧൦൩-ൽ തുടരുന്നതിനുള്ള നിർദ്ദേശത്തെയും അതിലേക്കു ആവശ്യമുള്ള ൮,൬൩൦ രൂപ ൧൧൦൩-ാമാണ്ടത്തേക്കുള്ള പി. ഡബ്ലിയു. ഡി. ബഡ്ജററിൽ കൊള്ളിക്കുന്നതിനെയും കമ്മിററി സ്വീകരിച്ചു.

(എ) തിരുവനന്തപുരം ഡിവിഷൻ.

൧. സൂപ്പർവൈസർ, രണ്ടാംഗ്രേഡ്—രൂപ ൧൨൫-൫-൧൫൦ (൧൧൦൩ കന്നി ൧൦-നു- മുതൽ ൧൪൫ രൂപയ്ക്കു അവകാശമുണ്ട്).

൨. സൂപ്പർവൈസർമാർ, മൂന്നാംഗ്രേഡ്— രൂപ ൮൦-൫-൧൨൦ (ഒരാൾ ൧൧൦൩ കുംഭം ൧-നു- മുതൽക്കും മറെറയാൾ ൧൧൦൩ മിഥുനം ൧-നു- മുതൽക്കും ൧൦൦ രൂപയ്ക്കു അവകാശപ്പെട്ടും).

൩. ക്ലാർക്കന്മാർ, പ്രതിമാസം ഓരോരുത്തർക്കും ൨൫ രൂപവീതം.

(ബി) കൊല്ലം, കോട്ടയം, ആലുവാ ഡിവിഷനുകൾ.

പ്രതിമാസം ഓരോരുത്തർക്കും ൧൨൫ രൂപ ശമ്പളംവീതം സൂപ്പർവൈസർമാർ ൩.

൩. പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പിലെയും ജനറൽസ്റ്റോറിലെയും സ്റ്റാക്ക് തിട്ടപ്പെടുത്തുന്നതിന ഒരു അസിസ്റ്റൻറ എഞ്ചിനിയരെ ൧൧൦൩-ൽ നിയോഗിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ആവശ്യമുള്ള ൧,൪൦൦ രൂപ ൧൧൦൩-ാമാണ്ടത്തെ പി. ഡബ്ലിയു. ഡി. ബഡ്ജററിൽ കൊള്ളിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൪. സോൾജേഴ്സ് കമ്മിററിക്കായുള്ള എസ്റ്റാബ്ലിഷ്മെൻറ ൧൧൦൩-ൽ തുടരുന്നതിനുള്ള നിർദ്ദേശവും അതിലേക്കു വേണ്ടിവരുന്ന ൨൩൧ രൂപ ൧൧൦൩-ാമാണ്ടത്തെ ബഡ്ജററിൽ കൊള്ളിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

വിദ്യാഭ്യാസഡയറക്ടർ ആഫീസിലെ ഒരു ക്ലാർക്കിനു പ്രതിമാസം		
൧൦ രൂപ അലവൻസ് പ്രകാരം രൂപ		൧൧൦
പ്രതിമാസം ൯ രൂപ ശമ്പളത്തിൽ ഒരു ശിപായിയുടെ ശമ്പളം രൂപ		൯൯
മററു ചെലവുകൾ	രൂപ	൨൨

ഈ സന്ദർഭത്തിൽ, യുദ്ധത്തിൽപോയി തിരിച്ചുവന്നിട്ടുള്ളവർക്കു ഭൂമി പതിച്ചുകൊടുക്കുന്നതിലേക്കു സോൾജേഴ്സ് കമ്മിററി പാസ്സാക്കിയിട്ടുള്ള നിശ്ചയങ്ങളെ ഗവണ്മെൻറ സ്വീകരിക്കേണ്ട ആവശ്യകതയെപ്പററിയും, അല്ലാത്തപക്ഷം ലാൻഡ്റവന്യൂ ഉദ്യോഗസ്ഥന്മാരും ഭൂമിയിൽ താമസം ഉറപ്പിച്ച ജനങ്ങളും തമ്മിൽ പലപ്പോഴും ക്രിമിനൽകേസുകൾക്കു ഇടയാകത്തക്കവിധമുള്ള പല മത്സരങ്ങൾക്കു കാരണമാകുമെന്നും മിസ്റ്റർ എം. ശിവതാണുപിള്ള ചൂണ്ടിക്കാണിച്ചു.

൫. നീണ്ടകരയിലെ മത്സ്യം ഉണക്കുസ്ഥലത്തു ഒരു ഫിഷറി സബ് ഇൻസ്പെക്ടരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നിറുത്തിവച്ചു.

൬. ഇപ്പോൾ ഉള്ള സ്റ്റാഫോടുകൂടി തിരുവനന്തപുരം പോർട്ട് സാൾട്ട് ഡിപ്പോ ൧൧൦൩-ൽ തുടരുന്നതിനുള്ള നിർദ്ദേശത്തെയും, അതു ഭരണത്തിന ൧൧ മാസത്തേക്കു ആവശ്യമുള്ള ൭൨൬ രൂപ ൧൧൦൩-ാമാണ്ടത്തെ എക്സൈസ് ഡിപ്പാർട്ടുമെൻറ ബഡ്ജററിൽ കൊള്ളിക്കുന്നതിനെയും കമ്മിററി സമ്മതിച്ചു.

൭. ൧൦൨൭ സെപ്തംബർ ൧-നു- മുതൽക്കു ഏഴുകോണിൽ പരിശോധനാർത്ഥം ഒരു റെയിൽവെ സ്റ്റേഷൻ ഏർപ്പെടുത്തിയതുനിമിത്തം അവിടെ ഒരു ചവുക്കമന്ദിരം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തെയും അതിലേക്കു താഴെപ്പറയുന്ന സ്റ്റാഫിനെ നിയമിക്കുന്നതിനെയും കമ്മിററി സമ്മതിച്ചു.

പ്രതിമാസം ൧൫ രൂപ ശമ്പളത്തിൽ	പൊറിആഫീസർ	൧
പ്രതിമാസം ൧൨ രൂപ ശമ്പളത്തിൽ	ശിപായി	൧
പ്രതിമാസം ൯ രൂപ ശമ്പളത്തിൽ	ശിപായി	൧
ആകെ രൂപ ൩൬.		

അതിലേക്കു ആവശ്യമുള്ള ൩൭൮ രൂപ ൧൧൦൩-ാമാണ്ടത്തെ എക്സൈസ് ഡിപ്പാർട്ടുമെൻറ ബഡ്ജററിൽ കൊള്ളിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൮. കമ്മിററി പിന്നീടു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ ജോലികൾ ഇനത്തിലുള്ള സവിസ്തരമായ ബഡ്ജററ താഴെപ്പറയുന്ന ഭേദഗതികളോടുകൂടി പരിശോധിച്ചു.

(൧) മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ അഭിപ്രായപ്രകാരം ആലപ്പുഴ—ചങ്ങനാശേരി തോടു കെട്ടുന്നതിന "രണ്ടാംഭാഗം പുതിയജോലികൾ" ഇനത്തിൽ ൧൫,൦൦൦ രൂപ കൊള്ളിക്കുകയും "൧൦—തോടുകൾ" ഇനത്തിലുള്ള ആകെത്തുക ൨൬,൪൦൦ രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു.

(൨) മാവേലിക്കര ഡിസ്ട്രിക്ട് ആസ്പത്രിയുടെ കാമ്പൌണ്ടിനു ചുററും മതിൽ കെട്ടുന്നതിനുള്ള രൂപ ബഡ്ജററിൽ കൊള്ളിക്കുകയും രണ്ടാംഭാഗം പുതിയജോലികൾ ൬൩-ാമത് ഇനത്തിലുള്ള തുക ൬,൯൫൦ രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു.

(൩) പള്ളിവാസൽ—നേരിയമംഗലം റോഡു വെട്ടുന്നതിനു രണ്ടാംഭാഗം—പുതിയ ജോലികൾ ൧൧൦൩-ാമതു ഇനത്തിൻപ്രകാരം കൊള്ളിച്ചിട്ടുള്ള മുഴുവൻ തുകയും ൧൧൦൩-ൽ ചെലവാക്കാൻ സാധിക്കുകയില്ലെന്നു വിചാരിച്ചതുകൊണ്ടു ആ തുക ൨൭,൦൦൦ രൂപയായി കുറച്ചു.

൯. ഗവൺമെൻറ ഉദ്യോഗസ്ഥന്മാർ സർക്കീട്ടുചെയ്യുന്ന അവസരങ്ങളിൽ സത്രങ്ങളിൽ താവളംചെയ്യുന്നതുകൊണ്ടു യാത്രക്കാർ നേരിടുന്ന ഉപദ്രവങ്ങളേയും അസൗകര്യങ്ങളേയുംപററിയും താവളസ്ഥലങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വാടകനിമിത്തം മുസാവരികൾക്കു പകരം താവളസ്ഥലങ്ങളെ അവർ സ്വീകരിക്കുന്നതിനെപ്പററിയും മിസ്റ്റർ എം. ശിവതാണുപിള്ള പരാതിപറഞ്ഞു. മുസാവരികളുടേയും താവളസ്ഥലങ്ങളുടേയും വാടകനിരക്കു തുല്യപ്പെടുത്തുന്നതിനെപ്പററി ആലോചിക്കാമെന്നു ദിവാൻ പറഞ്ഞു.

൧൦. മെയിൻ കേപ്പ് റോഡിൽനിന്നു ശുചീന്ദ്രത്തുവച്ചു കക്കാട്ടുഗ്രാമത്തിലേക്കു ഒരു പുതിയ റോഡു് ഏർപ്പെടുത്തുന്നതിനു ഒരു തുക കൊള്ളിച്ചിട്ടുള്ളതിനെപ്പററി മിസ്റ്റർ എം. ശിവതാണുപിള്ള തടസ്സംപുറപ്പെടുവിച്ചു. റോഡു് ഇല്ലാത്തനിമിത്തം കക്കാട്ടുഗ്രാമക്കാർക്കുള്ള ബുദ്ധിമുട്ടുകളെ ദിവാൻ വിവരിച്ചു. മിസ്റ്റർ ശിവതാണുപിള്ളയുടെ തടസ്സംനിമിത്തം സങ്കടം അനുഭവിക്കുന്നതു കക്കാട്ടിലെ ജനങ്ങളാണെന്നു മിസ്റ്റർ പി. കെ. നാരായണപിള്ള ചൂണ്ടിക്കാണിക്കുകയും അതുകൊണ്ടു കൊള്ളിച്ചിട്ടുള്ള തുക അതേ നിലയിൽ നിർത്തുന്നതു സമ്മതമാണെന്നു പറയുകയുംചെയ്തു. ഈ സംഗതി സഭയിൽ ഹാജരാക്കുന്നതിനു കമ്മിററി സമ്മതിച്ചു. മിസ്റ്റർ ശിവതാണുപിള്ള വിസമ്മതിച്ചു.

൧൧. പള്ളിയംകോട്ടുനിന്നും വീരനാരായണമംഗലത്തേക്കു ഒരു റോഡു് ഉണ്ടാക്കുന്നതു സംബന്ധിച്ചു അന്വേഷണം നടത്തുന്നതിനു ൧൧൦൨-ാമാണ്ടത്തെ ബഡ്ജററിൽ ഒരു തുക കൊള്ളിച്ചിരുന്നു എന്നും എന്നാൽ ൧൧൦൩-ാമാണ്ടത്തെ ബഡ്ജററിൽ അതിനു പണം കൊള്ളിച്ചിട്ടില്ലെന്നും മിസ്റ്റർ എം. ശിവതാണുപിള്ള ചൂണ്ടിക്കാണിച്ചു. ആ സംഗതിയെപ്പററി അന്വേഷിക്കാമെന്നു ദിവാൻ സമ്മതിച്ചു.

൧൨. അമ്പലപ്പുഴ—കരുമാടി റോഡിൽനിന്നും ആമയടഗ്രാമത്തിലേക്കു പോകുന്ന ഇടവഴിയിൽ ഒരു കലുങ്കിന്റെ ആവശ്യകതയെപ്പററി മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിച്ചു. അതൊരു ചെറിയ വേലയാണെന്നും ബഡ്ജററിൽ പ്രത്യേകം തുക കൊള്ളിക്കേണ്ട ആവശ്യമില്ലെന്നും ചീഫ്എഞ്ചിനീയരുടെ കൈവശമുള്ള തുകകൊണ്ടു ആ ജോലി ചെയ്യിക്കുന്നതിനു അദ്ദേഹത്തിനോടു ആവശ്യപ്പെടാമെന്നും ചീഫ് സെക്രട്ടറി പറഞ്ഞു.

൧൩. ൧൧൦൩-ാമാണ്ടത്തെ രണ്ടാംഭാഗം ബഡ്ജററിൽ അടങ്ങിയിട്ടുള്ള കൂടുതൽ നിർദ്ദേശങ്ങളുടെ പര്യാലോചനയ്ക്കു കമ്മിററി തിരിഞ്ഞു. താൽക്കാലികമായി ഒരാണ്ടത്തേക്കു അരൂക്കുററി, പിറവം എന്നീ ഡിവിഷനുകളിൽ രണ്ടു പെററിആഫീസർമാരേയും ൩ ശിപായിമാരേയും ആലുവാ ഡിവിഷനിലേക്കു രണ്ടു പെററി ആഫീസർമാരേയും ൨ ശിപായിമാരേയും നിയമിച്ചു എക്സൈസ് ഡിപ്പാർട്ടുമെൻറിലെ നിരോധകസ്റ്റാഫിനെ പരിപുഷ്ടമാക്കുന്നതിനും ൧൧൦൩ ചിങ്ങം ൧-നു മുതൽക്കു ആ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമുള്ള ൭,൨൭൨ രൂപ ൧൧൦൩-ാമാണ്ടത്തെ ബഡ്ജററിൽ കൊള്ളിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൧൪. ഹജൂർ ഇംഗ്ലീഷ് റിക്കാർഡിലെ പഴക്കമുള്ളതും പ്രധാനപ്പെട്ടതുമായ റിക്കാർഡുകളെ അച്ചടിപ്പിക്കുന്നതിനും ഇൻഡെക്സ് ചെയ്യുന്നതിനും ഉള്ള സ്പെഷ്യൽ ആഫീസരും സ്റ്റാഫും ൧൧൦൩-ൽ തുടരുന്ന വിഷയം തീരുമാനിക്കപ്പെടേണ്ടിയിരുന്നെന്നു ചീഫ്സെക്രട്ടറി ദിവാന്റെ ആലോചനയ്ക്കു കൊണ്ടുവന്നു. സ്റ്റാഫ് തുടർന്നു കൊള്ളട്ടെ എന്നു ദിവാൻ പറഞ്ഞു. കമ്മിററി യാതൊരു തടസ്സവും പുറപ്പെടുവിച്ചില്ല.

ഹജൂർകച്ചേരി—ജനറൽ അഡ്മിനിസ്ട്രേഷൻ ൧൭ എ. ഇനത്തിൽ ൧൧൦൩-ാമാണ്ടത്തെ ബഡ്ജററിൽ താഴെപ്പറയുന്ന തുക അനുസരിച്ചു കൊള്ളിച്ചു.

സ്പെഷ്യൽ ആഫീസർ	രൂപ	൨൧൦	പ്രതിമാസം
൨ ഗ്രാഡ്വേററ ക്ലാർക്കുകൾ	ടി	൪൦ വീതം	ടി
൨ റൈട്ടർമാർ	ടി	൨൭ ടി	ടി
൨ ശിപായിമാർ	ടി	൯ ടി	ടി
ക്ലാർക്കുകൾക്കുള്ള ഡെപ്യൂട്ടേഷൻ അലവൻസ്	ടി	൯൧൩	
൩ രൂപപ്രകാരം ൨ ക്ലാർക്കുകൾക്കും ൨ ശിപായിമാർക്കും അലവൻസ്	ടി	൧൩൨	
൧൧൦൩-ാമാണ്ടിൽ ൧൧ മാസത്തേക്കു ആകെ	ടി	൪൯൨൩	

കമ്മിററി ൩ മണി ൪൦ മിനിട്ടിനു പിരിഞ്ഞു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൨൮ ജൂലായി ൩൧-നു.

ററി. പി. രാമസുബ്ബയ്യർ,
സംയോജകൻ,
സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററി.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭ.

൧൧൧൨-ാമാണ്ടത്തെ രണ്ടാമത്തെയോഗം ൧൯൩൬ ആഗസ്റ്റ് ൧൩-ാം-.

വ്യാഴാഴ്ച/൧൧൧൨ ചിങ്ങമാസം ൨൯-ാം-.

(ഔദ്യോഗികറിപ്പോർട്ട)

ദിവാൻ, മിസ്റ്റർ എം. ഇ. വാട്ട്സ് ബി. എ. ബാരിസ്റ്റർഅററ്ലായുടെ അദ്ധ്യക്ഷതയിൽ ൧൧-ാം-൧-ാം-നു തിരുവനന്തപുരം വിക്ടോറിയജൂബിലിടൌൺഹാളിൽവച്ചു സഭ വീണ്ടുംകൂടി.

പുതിയ സാമാജികൻ.

താഴെപറയുന്ന പുതിയ സാമാജികൻ സത്യംചെയ്തു.

മ. രാ. രാ. എൻ. കെ. കൃഷ്ണപിള്ള അവർകൾ ബി. എ., ബി. എൽ. (നെയ്യാററിങ്കര)

ചോദ്യോത്തരങ്ങൾ.

സിവിൽകോടതികളിൽ വ്യാജമായി സർട്ടിഫിക്കേററ് ഫയൽചെയ്യുന്നത്.

൧൪൯. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(എ) സംസ്ഥാനത്തുള്ള സിവിൽകോടതികളിൽ വിധിയുടെ കീഴിൽ തിനെക്കുറിച്ചു വ്യാജമായി സർട്ടിഫിക്കേററുകൾ കൊടുക്കുന്നതിനെപ്പററിയും അവയെ റിക്കാർട്ടുചെയ്യുന്നതിനെപ്പററിയും അനേകം പരാതിഹർജികൾ ഉണ്ടായിട്ടുണ്ടോഎന്നു അന്വേഷിച്ചു അറിയിക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(ബി) ഇങ്ങനെയുള്ള സർട്ടിഫിക്കേററുകൾ ഒപ്പിടുന്നവരിൽനിന്നും അവയുടെ ഏകത്വത്തെപ്പററി വല്ലമൊഴിയോ സത്യവാങ്മൂലമോ വാങ്ങിക്കൊണ്ടല്ല അവയെ കോടതികളിൽനിന്നും സാധാരണയായി റിക്കാർട്ട് ചെയ്യുന്നതെന്നു ഗവൺമെൻറിനു അറിയാമോ?

(സി) സർട്ടിഫിക്കേററു ഒപ്പിടുന്നവരുടെ ഏകത്വത്തെ തെളിയിക്കുന്നതിനായി തക്കമൊഴിയോ സാക്ഷിപ്പെടുത്തിയ സത്യവാങ്മൂലമോ വാങ്ങിച്ചുകൊണ്ടുമാത്രമേ അവയെ റിക്കാർട്ടുചെയ്യാവൂ എന്നു ആജ്ഞാപിക്കുന്നതിനായി വേണ്ടതു പ്രവൃത്തിക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി) (എ) സാമാജികൻപറയുന്നതുപോലെ അനേകം പരാതിഹർജികൾ വന്നിട്ടുള്ളതായി അറിയുന്നില്ലെന്നു ഹൈക്കോടതി പറയുന്നു.

(ബി) ഇല്ല.

(സി) സിവിൽക്കോർട്ടു കോഡിൽ ഇപ്പോഴുള്ള വ്യവസ്ഥകൾ ധാരാളം മതിയാകുമെന്നു ഹൈക്കോടതി പറയുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): എൻെറ ചോദ്യത്തിൻെറ രണ്ടാംഭാഗം ഇങ്ങനെ ആകുന്നു:—

"ഇങ്ങനെയുള്ള സർട്ടിഫിക്കേററുകൾ ഒപ്പിടുന്നവരിൽനിന്നും അവയുടെ. ഏകത്വത്തെപ്പററി വല്ലമൊഴിയോ സത്യവാങ്മൂലമോ വാങ്ങിക്കൊണ്ടല്ല അവയെ കോടതികളിൽനിന്നും സാധാരണയായി റിക്കാർട്ടുചെയ്യുന്നതു എന്നു ഗവൺമെൻറിനു അറിയാമോ?" അതിനു "ഇല്ല എന്നുത്തരം".

ഗവൺമെൻറിനു ഇതേപ്പററി അറിഞ്ഞുകൂടെന്നു അർത്ഥമാക്കണമെന്നാണോ ഈ ഉത്തരംകൊണ്ടു മനസ്സിലാക്കേണ്ടതു്?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഹൈക്കോടതിയിൽനിന്നും താഴെ പറയുന്നതുപോലെ റിപ്പോർട്ടുചെയ്യുന്നു:—

"അങ്ങനെയുള്ള സർട്ടിഫിക്കേററുകൾ അവ ഒപ്പിടുന്നവരിൽനിന്നും അവയുടെ ഏകത്വത്തെപ്പററി ഏതെങ്കിലും സത്യവാങ്മൂലമോ മൊഴിയോ വാങ്ങാതെ കോടതികളിൽനിന്നും സാധാരണയായി റിക്കാർട്ടുചെയ്യുന്നില്ല"

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): കോടതികളിൽനിന്നും സാധാരണയായി മൊഴിവാങ്ങിക്കുന്നു എന്നാണോ ഇതുകൊണ്ടു അർത്ഥമാക്കുന്നതു?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഹൈക്കോടതിയിൽനിന്നും തന്നിട്ടുള്ള അറിവാണ് ഇതു്.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): അങ്ങിനെ ചെയ്യാതെയുള്ള ചില ഉദാഹരണങ്ങൾ എൻെറ അറിവിൽപെട്ടിട്ടുള്ളതിനെ ഞാൻ പ്രസ്താവിക്കട്ടെയോ? വേറെപലസ്ഥലങ്ങളിലും ഇതുപോലെ നടക്കുന്നുണ്ട്.

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): വിവരം ആവശ്യപ്പെടുന്നതിനുള്ള ഒരുചോദ്യമല്ലിതു.

തിരുവനന്തപുരം മുൻസിപ്പാലിററി അദ്ധ്യക്ഷൻെറ നിയമനം.

൧൫൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം മുൻസിപ്പാലിററി അദ്ധ്യക്ഷൻെറ നിയമനത്തെപ്പററിയുള്ള ൧൯൩൬ ആഗസ്റ്റ്മാസം ൩൧-ാംനു-യിലെ ൧൯൮-ാംനമ്പർ ഗവൺമെൻറുത്തരവിനെപ്പററി ഗവൺമെൻറിൽനിന്നും താഴെകാണിക്കുന്ന സംഗതികൾ പറയുന്നതിനു ദയവുണ്ടാകുമോ?

(എ) ഈ ഉത്തരവുതന്നെയാണോ ഇപ്പോഴും ഊർജിതത്തിലിരിക്കുന്നത്? അതല്ല വേറെ ഏതെങ്കിലും ഉത്തരവു ഇതിൽ പിന്നീടു ഉണ്ടായിട്ടുണ്ടോ?

(ബി) ഈ ഉത്തരവിൻെറ നേരെയുള്ളതും പരോക്ഷമായുള്ളതും ആയ അർത്ഥമനുസരിച്ചാണോ മി. രാമചന്ദ്രറാവുവിനെ തിരുവനന്തപുരം മുൻസിപ്പാലിററിയിലെ അദ്ധ്യക്ഷനായി നിയമിച്ചതു;

(സി) മി. രാമചന്ദ്രറാവുവിനെ തിരുവനന്തപുരം മുൻസിപ്പാലിററിയിലെ അദ്ധ്യക്ഷനായി നിയമിച്ചപ്പോൾ അദ്ദേഹം ഒന്നാംഗ്രേഡ് തഹശിൽദാരന്മാരുടെ ശ്രേണിയിലായിരുന്നോ എന്ന്,

(ഡി) ഈ ഉദ്യോഗത്തിനു സർവീസ് ഏററവും കൂടുതലുള്ള തഹശിൽദാരന്മാരല്ലയോ ന്യായമായ ട്ടുള്ള അവകാശി എന്ന്,

(ഇ) അദ്ദേഹത്തിനെ മുൻസിപ്പൽ അദ്ധ്യക്ഷനായി നിയമിച്ചപ്പോൾ അദ്ദേഹത്തിന്റെ അക്കൌണ്ടാഫീസിലെ ഉദ്യോഗം എന്തായിരുന്നു എന്ന്.

(എഫ്) ഇപ്പോഴുള്ള അസിസ്റ്റൻറ് അക്കൌണ്ടാഫീസരന്മാരിൽ ഏററവും കൂടുതൽ സർവീസുള്ളതാരാണ് ആരുകൊണ്ടാണെന്ന്;

(ജി) തിരുവനന്തപുരം മുൻസിപ്പാലിററി അദ്ധ്യക്ഷസ്ഥാനത്തിനു വേറെ അപേക്ഷകന്മാരുണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ, അവർ ആരെല്ലാമായിരുന്നുഎന്ന്,

(എ) മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): തിരുവനന്തപുരം മുൻസിപ്പാലിററിയിലെ ഔദ്യോഗികസാമാജികനെ നിയമിക്കുന്നതിനെപ്പററി വ്യത്യസ്തപ്പെടുത്താൻ പാടില്ലാത്ത യാതൊരു നടപടിക്രമത്തെയും ഈ ഉത്തരവുവിധിച്ചിട്ടില്ല. മുൻസിപ്പാലിററിയുടെ നന്മയ്ക്കു ആവശ്യമാണെന്നു തോന്നുന്നപക്ഷം ഇതിൽനിന്നും വ്യതിചലിക്കുന്നതിനു ഈ ഉത്തരവു ഗവണ്മെൻറിനെ തടയുകയുമില്ല.

(ബി) 'എ' ഭാഗത്തിനുകൊടുത്തിട്ടുള്ള ഉത്തരംനിമിത്തം ഇതിനെപ്പററി പറയേണ്ട ആവശ്യമില്ല.

(സി) ഇല്ല.

(ഡി) ഈ ഉദ്യോഗത്തിനു ആർക്കും അവകാശമില്ല.

(ഇ) പകരംജോലിനോക്കുന്ന അസിസ്റ്റൻറ് അക്കൌണ്ട്സ്ആഫീസർ.

(എഫ്) മി. രാമചന്ദ്രറാവു.

(ജി) ആരുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രത്യേകഉത്തരവു ഇപ്പോഴും ഊർജിതത്തിൽ ഇരിക്കുന്നുവോ എന്നു എ. ഭാഗത്തിനെസംബന്ധിച്ചു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): സാധാരണസംഗതികളിൽ ഈ ഉത്തരവു ഊർജിതത്തിലിരിക്കുന്നതായി വിചാരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെവല്ല ഉത്തരവും ഈ ഉത്തരവിനെ ദുർബല പ്പെടുത്തിട്ടുണ്ടോഎന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു അറിയേണ്ട ആവശ്യമില്ല. എന്തെന്നാൽ എന്റെ മറുപടിയിൽ പറഞ്ഞിട്ടുള്ളതുപോലെ, ഈ ഉത്തരവു ഒരു വ്യത്യസ്തമല്ലാത്തരീതിയിൽ വിധിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉത്തരവിനെ ദുർബലപ്പെടുത്തിട്ടുണ്ടോഎന്നു മുൻപറഞ്ഞ വിവരണത്തിന്റെ സഹായംകൂടാതെ എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): വേറെ ഒരുത്തരവും ഉണ്ടായിട്ടില്ല.

ദളവാപുരവും ചിറയിൻകീഴ്—വെഞ്ഞാറംമൂട് വഴികൾ.

൧൪൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദളവാപുരവും ചിറയിൻകീഴ്—വെഞ്ഞാറംമൂട വഴികളേയും വണ്ടിപോകത്തക്ക വഴികളാക്കി രൂപാന്തരപ്പെടുത്തുന്നതിനായി ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള അടങ്കലുകൾ കിട്ടീട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ദളവാപുരംവഴിക്കു മൂന്നു വിഭാഗങ്ങളുണ്ട്.

(൧) കൊല്ലമ്പുഴനിന്നും നിലയ്ക്കാമുക്കിലേക്കുള്ളത്;

(൨) നിലയ്ക്കാമുക്കിൽനിന്നും മൂങ്ങോട്ടുപള്ളിയിലേക്കുള്ളത്;

(൩) മൂങ്ങോട്ടുപള്ളിയിൽനിന്നും ദളവാപുരത്തേക്കുള്ളത്.

രണ്ടാമത്തെ ഭാഗത്തേയ്ക്കു ൪൦,൭൦൦ രൂപയുടെ അടങ്കൽ അനുവദിക്കുകയും ൨൦൦൦ രൂപ ൧൧൩൭-ലെ പി. ഡബ്ലിയു. ഡി. അയവ്യയക്കണക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. മററുള്ള ഭാഗങ്ങളിലേക്കുള്ള അടങ്കലുകൾ തയ്യാറാക്കിവരുന്നുഎന്നു റിപ്പോർട്ടു കിട്ടിയിരിക്കുന്നു. ചിറയിൻകീഴ്—വെഞ്ഞാറംമൂട്ടുവഴിയെ സംബന്ധിച്ചു, ൩൦൦൦ രൂപയോളംവരുന്ന ഒരു അടങ്കൽ ചീഫ്എഞ്ചിനീയരുടെ പരിശോധനയിലിരിക്കുന്നു. അതു വേഗത്തിൽ അയക്കാമെന്നു അദ്ദേഹം പറയുന്നു.

ചിറയിൻകീഴ്താലൂക്കിലെ മരാമത്തുപണിയെപ്പററിയുള്ള ചിലവ്.

൧൪൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൩൬, ൧൧൩൭, ൧൧൩൮ ഈ ആണ്ടുകളിൽ ചിറയിൻകീഴ്താലൂക്കിലേക്കു താഴെപ്പറയുന്ന ഇനങ്ങളിൽ എന്തു ചിലവുചെയ്തിട്ടുണ്ടെന്നു ഗവണ്മെൻറിൽനിന്നും പ്രസ്താവിക്കുമോ?

(എ) പുതിയറോഡുകൾ വെട്ടുന്നതിന്;

(ബി) ഇപ്പോഴുള്ള ഗതാഗതമാർഗ്ഗങ്ങളെ നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിഷ്കരിക്കുന്നതിനുള്ള ചിലവ്;

(സി) ജലസേചനകാര്യങ്ങൾക്കുള്ള ചിലവ്,

(ഡി) ഗതാഗതമാർഗ്ഗത്തിനും ജലസേചനകാര്യങ്ങൾക്കുമായി പി. ഡബ്ലിയു. ഡി.—യിലേയ്ക്കു അനുവദിച്ചിട്ടുള്ള തുകയിൽ എ—ബി-സി എന്നുള്ള ഇനങ്ങളുടെ ആകെയുള്ളതുക എത്ര ശതമാനമാണ്.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി):

(എ) ഒന്നുമില്ല.

(ബി) യഥാക്രമം ൨൪,൩൭൭ രൂപയും ൨൨,൪൭൭ രൂപയും ൨൭,൦൮൭ രൂപയുംവീതം;

(സി) യഥാക്രമം ൮൮൭ രൂപയും ൭൩൨൪ രൂപയും ൪൨൯൬ രൂപയുംവീതം;

(ഡി) (എ) ഒന്നുമില്ല;

(ബി) യഥാക്രമം ൧൭൨ ശതമാനവും ൧൨൫ ശതമാനവും ൧൩൭ ശതമാനവുംവീതം;

(സി) യഥാക്രമം ൧൦൫ രൂപ ൩൯ വീതം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ഡി) ഭാഗത്തെപ്പറ്റി, ൩൯ എന്നുള്ള ശതമാനം ശരിതന്നെയാണെന്ന് ചോദിക്കട്ടെയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ൩൯ എന്നുള്ള പ്രത്യക്ഷത്തിൽതന്നെയുള്ള ഒരു അച്ചടിപ്പിശകാണ്.

വടശ്ശേരിയിലെ മോട്ടാർഅപകടം.

൧൭൩. മി. എസ്. ചിറവിളപ്പുരമാധവപിള്ള (കച്ചവടവും വ്യവസായവും, തെക്ക): വടശ്ശേരി മത്സ്യച്ചന്തയുടെ അടുത്തു ൧൧൨൫ നവംബർ ൨൨-ാം൯ മണിക്ക ഒരു മോട്ടാർബസ്സ് ഒരു ചാന്നാന്റെ ദേഹത്തിൽകയറുകയും അയാൾ അതുനിമിത്തം ഉടനെ മരിക്കകയുംചെയ്ത വിവരം ഗവണ്മെൻറിന അറിയാമോ?

(൨) അറിഞ്ഞുകൂടാ എന്നാണുത്തരമെങ്കിൽ ഇതിനെപ്പറ്റി അന്വേഷിച്ച് ഇതു പരമാർത്ഥമാണോ എന്നറിയുന്നതിന ഗവണ്മെൻറിന ദയവുണ്ടാകുമോ?

(൩) 'ബ്രേക്ക' ഈ സമയം ശരിയായി പ്രവർത്തിച്ചില്ലെന്നും അതുനിമിത്തമാണ് ഈ ആളിന മരണംസംഭവിച്ചതെന്നും ഉള്ളതു് വാസ്തവംതന്നെയോ?

(൪) ഗവണ്മെൻറിൽനിന്നും ദയവായി താഴെപ്പറയുന്ന സംഗതികൾക്ക മറുപടി പറയുമോ?

(എ) ഈ വണ്ടി പരിശോധിച്ച തീയതി;

(ബി) ഈ വണ്ടി പരിശോധിച്ച ഉദ്യോഗസ്ഥന്റെ പേര്;

(സി) അദ്ദേഹത്തിന്റെ യോഗ്യതകൾ;

(ഡി) അദ്ദേഹത്തിന മോട്ടോർയന്ത്രപ്പണിയിൽ വല്ല പരിശീലനവും ഉണ്ടോ? ഉണ്ടെങ്കിൽ, ഏതു സ്ഥലത്തെന്നും എത്രനാളത്തേക്കെന്നും പറയുമോ?

(ഇ) മോട്ടാർപണിയിൽ അദ്ദേഹത്തിനുള്ള പ്രായോഗികപരിചയത്തിന്റെ കാലം; ഏതുസ്ഥലത്തു എത്രകാലത്തേക്ക്;

(എഫ്) അദ്ദേഹം ഏതെങ്കിലും മോട്ടാർതൊഴിൽശാലയിൽ വേലചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ; എത്രകാലത്തേക്ക്.

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി):

(൧) ഇല്ല എന്നുത്തരം;

(൨) ൧-ാം ഭാഗത്തിനുള്ള ഉത്തരംനിമിത്തം ഇതിനെപ്പറ്റി പറഞ്ഞിട്ട ആവശ്യമില്ല;

(൩) ഇല്ല. കൈപ്പിടി പ്രയോഗിച്ചപ്പോൾ അതു പ്രവർത്തിച്ചില്ലെന്നും അതുനിമിത്തം മരണം ഉണ്ടായെന്നും ഉള്ളതു് വാസ്തവമല്ലെന്ന് അന്വേഷണത്തിൽ അറിയുന്നു.

(൪) (എ) ൧൧൨൫ സെപ്റ്റംബർ ൧-ാം൹.

(ബി) അസിസ്റ്റൻറ എഞ്ചിനിയരായ മി. കെ. രാജരാജവർമ്മ.

(സി) (൧) മദ്രാസ് സർവകലാശാലയിലെ 'ബാച്ച്ലർ ഓഫ് ഇഞ്ചിനിയറിംഗ്' എന്ന പരീക്ഷ.

(൨) മദ്രാസിലെ എഞ്ചിനിയറിംഗ് കാളേജിലെ എം. ഇ. (ഓണേഴ്സ്) എന്ന പരീക്ഷ.

(ഡി) മോട്ടാർ യന്ത്രങ്ങളെപ്പറ്റിയുള്ള പഠിത്തവും കാളേജിൽപഠിക്കേണ്ട വിഷയങ്ങളുടെകൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ഇ & എഫ്) പ്രത്യേകിച്ചു ഒരു മോട്ടാർവകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സൌത്തു് മഹാരാഷ്ട്ര റെയിൽവെയിലും മദ്രാസിലെ തൊഴിൽശാലകളിലുംവച്ച് അദ്ദേഹത്തിന പ്രായോഗിക പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

മോട്ടാർ ഇഞ്ചിനിയറന്മാരെപ്പറ്റിയുള്ള വിവരങ്ങൾ.

൧൭൪. മി. എസ്സ്. ചിറവിളപ്പുരമാധവപിള്ള (കച്ചവടവും വ്യവസായവും തെക്ക്): താഴെ പറയുന്ന സംഗതികളെകാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറിൽനിന്നും നൾകുമോ?

(൧) ഇപ്പോൾ സർക്കാർസർവീസിലുള്ള ഇഞ്ചിനിയറന്മാരുടെ പേരുകൾ.

(൨) അവരുടെ യോഗ്യതകൾ,

(൩) ഓരോരുത്തരുടേയും ശമ്പളം,

(൪) ൧൧൨൫ മേടം ൧-ാം൹വരെയുള്ള അവരുടെ ജോലിക്കാലം.

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (൧ മുതൽ ൪ വരെ) മോട്ടാർ ഇഞ്ചിനിയറന്മാർഎന്ന ഉദ്യോഗസ്ഥന്മാർ സർക്കാർസർവീസിൽ ഇല്ല. മോട്ടോർവാഹനങ്ങളുടെ സംഘടനയുടേയും സൂത്രപ്പണിയുടേയും രക്ഷയെ പരീക്ഷിക്കുന്നതിന യോഗ്യതകളുള്ള കുറെ ഉദ്യോഗസ്ഥന്മാർ മരാമത്തു ഡിപ്പാർട്ടമെൻറിൽ ഉണ്ട്. അവരുടെ ശമ്പളം സർവീസ് യോഗ്യതകൾ ഇവകളുടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

മി. എസ്. ചിറവിളപ്പുരമാധവപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ൧-ാംഭാഗത്തെപ്പറ്റിയുള്ള എന്റെ ചോദ്യത്തിന തന്നഉത്തരം ശരിതന്നെയോ എന്ന സാമാജികൻ പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): മോട്ടാർ ഇഞ്ചിനിയറന്മാർ ഇല്ലാതിരിക്കുന്ന സ്ഥിതിക്ക അതു ശരിതന്നെ.

മി. എസ്. ചിറവിളപ്പുരമാധവപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അഡ്വൈസറുടെ ൧൧-ാംപത്രത്തിലും സിവിൽലിസ്റ്റിന്റെ ൩൧-ാംപേജിലും ഒരു മോട്ടാർഉദ്യോഗസ്ഥന്റെ പേരുചേർത്തിരിക്കുന്നു, ഇതിനെ ഞാൻ സാമാജികനെ അറിയിക്കട്ടെയോ?

മി. കെ. ജോർജ് (ഗവർമ്മെന്റ് ചീഫ്സെക്രട്ടറി): കച്ചിരവായത്തിലുള്ള ഒരു ഉദ്യോഗസ്ഥന്റെ പേരാകുന്നു അത്, അത് സക്കാർസർവീസ് അല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അതും സക്കാർ സർവീസ് അല്ലേ?

മി. കെ. ജോർജ് (ഗവർമ്മെന്റ ചീഫ്സെക്രട്ടറി): അതു സക്കാർസർവീസ് തന്നെ.

N. P. ൧൧൨൩-ാമാണ്ടിൽ സയൻസ്കാളേജിലെ ജൂനിയർ ഇന്റർമീഡിയെററ ക്ലാസിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം.

൧൯൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സയൻസ്കാളേജിലെ ജൂനിയർഇൻറർമീഡിയററ്ക്ലാസിലെ പ്രകൃതിശാസ്ത്രവകുപ്പിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തെപ്പററി താഴെപ്പറയുന്ന സംഗതികൾ ഗവർമ്മെന്റിൽനിന്നും പറയുമോ?

(എ) കാളേജ് അധികൃതന്മാരാൽ പരസ്യപ്പെടുത്തിയിട്ടുള്ള ആദ്യത്തെ ലിസ്റ്റിലൊ അനുബന്ധത്തിലൊ ഉൾപ്പെടാതെ കാളേജിൽ ചേർക്കപ്പെട്ടിട്ടുള്ളവർ ആ ലിസ്റ്റിലുള്ളവരെക്കാൾ വിശിഷ്ടന്മാരാണെന്ന കാരണത്താലാണൊ അവർക്ക് പ്രവേശനം അനുവദിക്കപ്പെട്ടത്. അങ്ങനെയാണെങ്കിൽ അപ്രകാരം വിചാരിക്കാനുള്ള കാരണമെന്താണ്.

(ബി) ഇ. എസ്. എൽ. സി. പരീക്ഷയ്ക്കു പ്രകൃതിശാസ്ത്രം ഐച്ഛികവിഷയമായി എടുത്തിട്ടുള്ളവർക്ക് പ്രവേശനം നൽകിയിട്ടുള്ളത് കണക്ക ഐച്ഛികവിഷയമായി എടുത്തിട്ടുള്ളവരോടപേക്ഷിച്ചു, അവർക്കു പ്രാഥമികത്വം കല്പിച്ചിട്ടുള്ളതിനാലാണൊ? അങ്ങിനെയാണെങ്കിൽ, അതിനുള്ള കാരണമെന്താണ്?

(സി) പ്രവേശനം നൽകപ്പെടേണ്ട ആളുകളുടെ നമ്പരിനെ ക്ലിപ്തപ്പെടുത്തുന്നതായ വിദ്യാഭ്യാസ മേലദ്ധ്യക്ഷന്റെ വല്ല ഉപദേശങ്ങളും ഉണ്ടായിട്ടുണ്ടൊ?

(ഡി) (സി) ഭാഗത്തിന്റെ ഉത്തരം "ഉണ്ട്" എന്നാണെങ്കിൽ, അപ്രകാരം ക്ലിപ്തപ്പെടുത്തിയ നമ്പരിൽ കൂടുതലായി പ്രവേശനം നൽകപ്പെട്ടിട്ടുണ്ടൊ? അങ്ങിനെയുണ്ടെങ്കിൽ, എത്രപേരെ ചേർത്തു? എന്തുകൊണ്ടാണ് അങ്ങിനെ ചെയ്തത്;

(ഇ) മഹമ്മദീയസമുദായത്തിൽനിന്നും എത്ര അപേക്ഷകന്മാരുണ്ടായിരുന്നു.

മി. കെ. ജോർജ് (ഗവർമ്മെന്റ ചീഫ്സെക്രട്ടറി): എ) ഇല്ല.

(ബി) പ്രാഥമികത്വം കല്പിച്ചിട്ടുണ്ട്, എന്തെന്നാൽ സസ്യശാസ്ത്രത്തിനും പ്രാണിശാസ്ത്രത്തിനും പുറമെ, പഠിപ്പിക്കുന്നതിനു ഏർപ്പാടുചെയ്തിട്ടുള്ള ഇംഗ്ലീഷ്, രസതന്ത്രം പ്രകൃതിശാസ്ത്രം ഈ വിഷയത്തിൽ അഭ്യസനം നടത്തുന്നതിനു അവരുടെ സർട്ടിഫിക്കേററിൽനിന്നും അവർ ഉത്തമന്മാരാണെന്നു കണ്ടു.

(സി) പ്രവേശനം നൽകപ്പെടാവുന്ന കുട്ടികളുടെ നമ്പരിനെ ക്ലിപ്തപ്പെടുത്തിക്കൊണ്ടു വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ യാതൊരുപദേശങ്ങളും നൽകിയിട്ടില്ല. എന്നാൽ സ്ഥലമുള്ളതിൽ കൂടുതലായി ഒരു ക്ലാസിലും കുട്ടികളെ ചേർക്കാതിരിക്കണമെന്നു പൊതുവായി ഉപദേശിച്ചിട്ടുണ്ട്.

(ഡി) 'സി' ഭാഗത്തിന്റെ ഉത്തരത്തിനിന്നും ഈ പ്രശ്നത്തിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

(ഇ) അപേക്ഷകന്മാരുടെ നമ്പർ ൪൦ ചേർക്കപ്പെട്ടവർ ൩൦ ആകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇൻറർമീഡിയററ്ക്ലാസിൽ കണക്ക ഐച്ഛികവിഷയമായി എടുത്തിട്ടുള്ളവർക്ക പ്രകൃതിശാസ്ത്രം എടുത്തിട്ടുള്ളവരെക്കാൾ പ്രാഥമികത്വം നൽകിയതെന്താണെന്നു 'ബി' ഭാഗത്തിനു നൽകിയ ഉത്തരത്തിനെപ്പററി ഞാൻ ചോദിക്കട്ടെയൊ?

മി. കെ. ജോർജ് (ഗവർമ്മെന്റ് ചീഫ്സെക്രട്ടറി): സർട്ടിഫിക്കേററുകൾ ആകപ്പാടെയാണ് നോക്കുന്നത്. എല്ലാ വിഷയങ്ങളിലുമുള്ള മാർക്കുകളെപ്പററി ഗൌനിച്ചിട്ടില്ല. പ്രവേശനം നൽകപ്പെടുന്നതു ഈ ക്ലാസിൽ കണക്കിനു പ്രാധാന്യം കൂടുതൽ നൽകുന്നു. എന്തെന്നാൽ രസതന്ത്രം പ്രാണിശാസ്ത്രം പ്രകൃതിശാസ്ത്രം ഇവയെ അപേക്ഷിച്ചു, അതിനു മാർക്കിന്റെ ശതമാനം കുറവാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇൻറർമീഡിയററ്ക്ലാസിലെ പ്രകൃതിശാസ്ത്രവിഷയത്തെ സംബന്ധിച്ചടത്തോളം, കണക്ക സസ്യശാസ്ത്രത്തിനെക്കാൾ കൂടുതൽ പ്രാധാന്യം ഉള്ളതായി ഇതിൽനിന്നും ഞാൻ മനസിലാക്കട്ടെയൊ?

മി. കെ. ജോർജ് (ഗവർമ്മെന്റ ചീഫ്സെക്രട്ടറി): സസ്യശാസ്ത്രത്തിനു ആകെയുള്ളതിൽ ൫൦ ശതമാനം മാർക്കുമാത്രവും രസതന്ത്രത്തിനും പ്രകൃതിശാസ്ത്രത്തിനും ൫൦ വീതവും മൃഗശാസ്ത്രത്തിനു ബാക്കി ൫൦-ം ആകുകകൊണ്ട്, ഇൻറർമീഡിയററ്ക്ലാസിൽ രണ്ടാംഭാഗം രണ്ടാംഗ്രൂപ്പിനു സസ്യശാസ്ത്രം പ്രായേണ ഒരു അപ്രധാനവിഷയമായി സർവകലാശാലക്കാർ കരുതുന്നു.

സയൻസുകാളേജിൽ കുട്ടികൾക്കുള്ള പ്രവേശനം.

൧൯൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സയൻസുകാളേജിലെ ബി. എസ്. ക്ലാസിലും ആണേഴ്സ്ക്ലാസിലും വിദ്യാർത്ഥികളെ ചേർക്കുന്നതിനെ സംബന്ധിച്ചു, താഴെപ്പറയുന്ന വിവരങ്ങൾ ഗവർമ്മെന്റ് അറിയിക്കുമോ?

(എ) ൧൧൨൨-൨൩ ഈ കൊല്ലത്തിൽ ഓരോശാഖകളിലും പ്രവേശനത്തിനു കിട്ടിയിട്ടുള്ള അപേക്ഷകൾ,

(ബി) ൧൧൨൨-൨൩ ഈ കൊല്ലത്തിൽ ഓരോ ശാഖയിലും ചേർക്കപ്പെട്ടവരുടെ നമ്പര്.

(സി) ൧൧൨൫-ാമാണ്ടു ഈ ആണ്ടിൽ ഓരോ ശാഖകളിലും പ്രവേശനത്തിനു കിട്ടിയിട്ടുള്ള അപേക്ഷകൾ;

(ഡി) ഈ കൊല്ലത്തിൽ ഓരോ ശാഖകളിലും ചേർക്കപ്പെട്ടവരുടെ നമ്പർ;

(ഇ) സയൻസ് കാളേജിലുള്ള അനേകം വകുപ്പുകളിലേക്കു പ്രവേശനം നൽകുന്നതിനു ഒരു തിരഞ്ഞെടുപ്പുസഭ ഉണ്ടോ;

(എഫ്) സയൻസുകാളേജിലുള്ള അനേകം വകുപ്പുകളിലേക്കു പ്രവേശനം അനുവദിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള പ്രമാണമോ പ്രമാണങ്ങളോ എന്തെല്ലാം;

(ജി) ൧൧൨൫-ാമാണ്ടു ഈ ആണ്ടിൽ സസ്യശാസ്ത്രവകുപ്പിലേക്കും ബി. എ ഓണേഴ്സ് (പ്രകൃതിശാസ്ത്രവകുപ്പിലേക്കും) പ്രവേശനത്തിനു അപേക്ഷകന്മാരായി വിദ്യാർത്ഥികളുടെ പേരുകളും ഓരോവിഷയത്തിനു അവർക്കു ലഭിച്ചിട്ടുള്ള മാർക്കുകളുടെ വിവരമുള്ളതും ഈ വകുപ്പുകളിലേക്കു പ്രവേശനം കിട്ടിയവരുടെ പേരുകളും അവർക്കു ഓരോവിഷയത്തിൽ കിട്ടിയിട്ടുള്ള മാർക്കുകളുമായ ഒരു ലിസ്റ്റ് ഗവണ്മെന്റു മേശമേൽ വയ്ക്കുമോ;

(എച്ച്) ൧൧൨൫-ാമാണ്ടു ഈ ആണ്ടിൽ സയൻസുകാളേജിൽ പ്രവേശനത്തിനു അപേക്ഷിച്ചവരുടെ നമ്പരിനെ ക്ലിപ്തപ്പെടുത്തി വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ വല്ല ഉപദേശവും അയച്ചിട്ടുണ്ടോ; അങ്ങിനെയുണ്ടെങ്കിൽ, അതിന്റെ ഉദ്ദേശവും കാരണങ്ങളും പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ—ബി-സി—ഡി) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരുപത്രിക മേശമേൽ വച്ചിരിക്കുന്നു.

(ഇ) ഇല്ല; ഓരോവകുപ്പിന്റെ അദ്ധ്യക്ഷന്മാരോടു ആലോചിച്ചു പ്രിൻസിപ്പാൾ തിരഞ്ഞെടുക്കുന്നു.

(എഫ്) പ്രവേശനത്തിനു അനുസരിച്ചിട്ടുള്ള പ്രമാണങ്ങൾ താഴെപ്പറയുന്നവയാകുന്നു.

(൧) ചേർക്കപ്പെടുന്ന അപേക്ഷകന്മാർ തിരുവിതാംകൂറുകാരായിരിക്കണം.

(൨) അപേക്ഷകന്മാർ എടുത്തിട്ടുള്ളവിഷയത്തിനു അവർക്കുള്ള യോഗ്യതകൾ അനുസരിച്ചു പ്രവേശനം നൽകപ്പെടണം. കൂടുതൽ യോഗ്യതയുള്ളവരുടെ കാര്യം ആദ്യമായി ഗണിക്കുന്നതാണ്. ജൂനിയർ ഇന്റർമിഡിയേററ്ക്ലാസിലെ രണ്ടാംഗ്രൂപ്പിൽ അപേക്ഷിച്ചിട്ടുള്ള എല്ലാ സ്ത്രീവിദ്യാർത്ഥികൾക്കും പ്രവേശനം നൽകിയിട്ടുണ്ടു.

(ജി) ഇന്റർമിഡിയേററിൽ വിജയികളായിട്ടുള്ളവരുടെ മാർക്കു സർവകലാശാല രഹസ്യമായ വിധത്തിൽ വച്ചിരിക്കുന്നതാകയാൽ ബി. എ ക്ലാസിൽ ൨-ാം വകുപ്പിലേക്കുള്ള അപേക്ഷകന്മാരുടെ മാർക്കുതരുന്നതിനു നിവൃത്തിയില്ല. മാർക്കുകൂടാതെ പേരുകൾകൊണ്ടുമാത്രം അധികംസംഗതികൾ സാധിക്കയില്ലാത്തതിനാൽ അപേക്ഷകന്മാരുടെ പേരും പറയുന്നില്ല. ജൂനിയർ ഇന്റർമിഡിയേററ ക്ലാസിൽ ൨-ാംഗ്രൂപ്പിനു അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് നിയമനിർമ്മാണസഭ സെക്രട്ടറിയുടെ ആപ്പീസിലുണ്ടു. അതു സാമാജികനു നോക്കാവുന്നതാണ്.

(എച്ച്) ൧൧൨൫ ആഗസ്റ്റ് ൭-നു നടന്ന സഭയിൽ സാമാജികന്റെ ൩൭-ാംനമ്പർ ചോദ്യത്തിനു കൊടുത്തിട്ടുള്ള ഉത്തരം സാമാജികൻ നോക്കുക.

വൈക്കംതാലൂക്കിലെ ജലസേചന വേലകൾ.

൧൭൯. മി. എ. ജെ. ജാൺ (വൈക്കം): ഗവണ്മെന്റിൽ നിന്നും മേൽവായി താഴെപ്പറയുന്ന സംഗതികൾ പറയുമോ?

(എ) ൧൧൨൦ മുതൽ ൧൧൨൫ വരെ വൈക്കംതാലൂക്കിലേക്കു ജലസേചനവേലയിൽ ചിലവായിട്ടുള്ള തുക.

(ബി) വൈക്കംതാലൂക്കിലേക്കു നിയമിച്ചിട്ടുള്ള ഇറിഗേഷൻ സ്പെഷ്യൽ ഉദ്യോഗസ്ഥൻ എന്തെങ്കിലും റിപ്പോർട്ടു അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ ഒരുപകർപ്പു മേശമേൽ വയ്ക്കുമോ?

മി. റി. പി. രാമസ്വാമി അയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ) ഉണ്ടു; ആകെയുള്ള തുക ൧൫൪൦൦ രൂപയാകുന്നു.

(ബി) ഇല്ല; ൧൧൨൫ ആഗസ്റ്റ് ൧൪-നു നടന്ന സഭയിൽ ൧൭൪-ാംനമ്പർ ചോദ്യത്തിന്റെ എ ഭാഗത്തിനു നൽകിയിട്ടുള്ള ഉത്തരം സാമാജികൻ നോക്കുക.

വർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർ ചെയ്തിട്ടുള്ള നിയമനങ്ങൾ.

൧൮൦. മി. പി. ഹബീബുമുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): വർണാക്കുലർസ്കൂൾ ചീഫ ഇൻസ്പെക്ടർ അദ്ദേഹം ആ ജോലി സ്വീകരിച്ചതുമുതൽ ചെയ്തിട്ടുള്ള നിയമനങ്ങളുടെ ജാതി അനുസരിച്ചുള്ള ഒരുപത്രിക ഗവണ്മെന്റിൽനിന്നും മേശമേൽ വയ്ക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ആവശ്യപ്പെട്ട പത്രിക മേശമേൽ വച്ചിരിക്കുന്നു.

ചില മുൻസിപ്പുകോടതികളുടെ അധികാരാതൃത്തിയുടെ ഭേദഗതികൾ.

൧൮൧. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മാവേലിക്കര, ചെങ്ങന്നൂർ, അടൂർ, കൊട്ടാരക്കര ഈ താലൂക്കുകളിലുള്ള മുൻസിപ്പുകോടതികളുടെ അധികാരാതൃത്തികളെ സംബന്ധിച്ചു ഒരു ഭേദഗതി ഗവണ്മെന്റു ആലോചനയിൽ ഇരിക്കുന്നു എന്നുള്ളതു വാസ്തവംതന്നെയോ? ഇതു വാസ്തവമാണെങ്കിൽ അതിനെപ്പററി പൊതുജനങ്ങളുടെ അഭിപ്രായം പ്രജാസഭയിലും നിയമസഭയിലും ഉള്ള അവരുടെ പ്രതിനിധികളുടെയും ക്ഷണിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ചോദ്യത്തിന്റെ ഒന്നാമത്തെ ഭാഗത്തിനു ഇല്ലാ എന്നതാകുന്നു; ഈ ഉത്തരംനിമിത്തം രണ്ടാംഭാഗത്തിനു ഉത്തരംപറയേണ്ട ആവശ്യമില്ല.

മലയാളം ടെപ്പ്റൈററർ-യന്ത്രം.

൧൮൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെന്റിൽനിന്നു മേൽവായി താഴെ പറഞ്ഞിരിക്കുന്ന സംഗതികൾക്കു മറുപടി നൽകുമോ?

(എ) മി. പരമേശ്വര കണ്ടുപിടിച്ച മലയാളം ടെപ്പ്റൈററിനു ഗവണ്മെന്റനുമതി നൽകിയിട്ടുണ്ടോ?

(ബി) യന്ത്രം പൂർത്തിയാക്കുന്നതിനു വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ? ചെയ്തിട്ടുണ്ടെങ്കിൽ, അതു ഇപ്പോഴും ഏതുനിലയിൽ ഇരിക്കുന്നു.

(സി) ജനങ്ങളുടെയിടയിൽ അതിനെ പ്രചരിപ്പിക്കുന്നതിനു ഗവണ്മെന്റിൽനിന്നും വല്ല ഏർപ്പാടുകളും ചെയ്യുന്നതിനു ആലോചിക്കുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): മി. പണ്ടാല ഒരു മലയാളം ടൈപ്പ്റൈറ്റർ യന്ത്രം സൃഷ്ടിച്ചിട്ടില്ല. സൃഷ്ടിക്കുന്നതിനായി ഒരു ടൈപ്പ്റൈറ്റർയന്ത്രം അദ്ദേഹത്തിനു നൽകുന്നതിനും പുറമെ ചില സൌകര്യങ്ങളും അദ്ദേഹത്തിനു അനുവദിച്ചിട്ടുണ്ട്.

(ബി) ഉം (സി) ഈ ചോദ്യങ്ങൾക്കു ഇപ്പോൾ ഉത്തരം പറഞ്ഞിട്ടാവശ്യമില്ല.

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ മഹമ്മദീയരുടെ നിയമനം.

… മി. പി. ഹബീബു മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): താഴെ ആവശ്യപ്പെടുന്ന സംഗതികൾ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

… മുതൽ … വരെ വർണ്ണാക്കുലർസ്ക്കൂൾലീവിംഗ് സർട്ടിഫിക്കേറ്റുപരീക്ഷയിൽ ജയിച്ചിട്ടുള്ളവരായി വർണ്ണാക്കുലർ സ്ക്കൂളുകളിൽ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുള്ളവരുടെയും അവരിൽ ഉദ്യോഗം കിട്ടിയിട്ടുള്ളവരുടെയും സംഖ്യ എത്രയാണ്.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): … വിവരം ശേഖരിക്കുന്നു.

സയൻസ്കാളേജിലെക്കുള്ള പ്രവേശനം.

… മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): താഴെപറയുന്ന സംഗതികൾ കാണിക്കുന്ന ഒരുപട്ടിക ഗവണ്മെന്റു സദയം മേശമേൽവയ്ക്കുമോ?

(എ) സയൻസ്കാളേജിൽ ജൂനിയർ ഇന്റർമീഡിയറ്റുക്ലാസിൽ …പ്പിൽ പ്രവേശനത്തിനു … ഈ ആണ്ടുകളിൽ എത്ര അപേക്ഷകൾ വന്നിട്ടുണ്ട്;

(ബി) ഓരോകാലങ്ങളിലും ചേർന്നിട്ടുള്ള ആളുകളുടെ എണ്ണം എത്ര?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ-ബി)	കൊല്ലം	അപേക്ഷകരുടെ എണ്ണം	ചേർക്കപ്പെട്ടവരുടെ എണ്ണം.
	…	…	…
	…	…	…
	…	…	…

മി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): …ൽ ചേർക്കപ്പെട്ട ആളുകളുടെ സംഖ്യ ഇത്ര കുറഞ്ഞതെന്താണെന്നുള്ളതിനെ ബി ഭാഗത്തിന്റെ ഉത്തരത്തിനെ സംബന്ധിച്ച സപ്ലിമെന്ററി ചോദ്യമൊ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സ്ഥലത്തിന്റെ സംഖ്യ നിശ്ചയിച്ചിട്ടുള്ളതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നു ഇതിനുമുമ്പിൽതന്നെ പറഞ്ഞിട്ടുണ്ട്.

മൂവാറ്റുപുഴ തൊടുപുഴ ഈ താലൂക്കുകളിലേക്കു പുതിയറോഡുകൾ.

… മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഗവണ്മെന്റിൽ നിന്നും ദയവായി താഴെ ആവശ്യപ്പെടുന്ന സംഗതികൾ പറയുമൊ?

(എ) …മാണ്ടു തൊടുപുഴ മൂവാറ്റുപുഴ താലൂക്കുകളിൽ പുതിയറോഡുകൾക്കായി മാറിവച്ചിരുന്ന തുകയിൽ ചെലവിടാതെയുള്ള മിച്ചം തള്ളപ്പെട്ടുപോയതു;

(ബി) …മാണ്ടു തൊടുപുഴ, മൂവാറ്റുപുഴയും പുതിയറോഡുകൾ വെട്ടുന്നതിനായി അനുവദിച്ചിരുന്ന തുകയിൽ മിഥുനമാസം …-നു വരെ ചിലവുചെയ്ത തുകയുടെ അനുമാനം.

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി):

(എ) … രൂപാ;

(ബി) … ശതമാനം;

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): …ൽ മൂവാറ്റുപുഴ തൊടുപുഴ ഈ താലൂക്കുകളിലേക്ക പുതിയറോഡുകൾക്കായി അനുവദിച്ചിട്ടുള്ള … രൂപ ലാപ്സായി പോയതായികാണുന്നു. ഇതിനുള്ളകാരണമെന്തു? ആ വേലകൾ അവിടെ ആവശ്യമില്ലാത്തതുകൊണ്ടോ, അവിടെയുള്ള ഉദ്യോഗസ്ഥന്മാരുടെ ഉദാസീനതകൊണ്ടോ? എന്തുകൊണ്ടാണ ചെയ്യിക്കാത്തതു?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): വേലകൾ നടത്തിക്കുന്നതിനുള്ള അടങ്കൽ ഡിപ്പാർട്ടുമെന്റിൽനിന്നും അനുവദിച്ചുകിട്ടാത്തതുകൊണ്ടു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എസ്റ്റിമേറ്റു യഥാകാലത്തു തയ്യാറാക്കി ഗവണ്മെന്റു അനുവാദത്തിന് അയക്കാതിരുന്നതു സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരുടെ ഉദാസീനതകൊണ്ടല്ലേ ഗവണ്മെന്റിനു കാലതാമസമായതു.

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): രണ്ടുവിധത്തിലുമുണ്ട്. പലസ്ഥലങ്ങളിൽ കൂടി എസ്റ്റിമേറ്റു പോകേണ്ടതുണ്ട്. എസ്റ്റിമേറ്റു സമയത്തിനു അനുവദിച്ചുകിട്ടിയിട്ടില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എസ്റ്റിമേറ്റു യഥാകാലത്തു തയ്യാറാക്കി അയക്കാതിരുന്നതു സ്ഥലത്തെ ഉദ്യോഗസ്ഥന്മാരുടെ കാലതാമസവും ഉദാസീനതയും കൊണ്ടാകുന്നു?

മി. ടി. പി രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): അങ്ങനെ തെളിച്ചുപറയാൻ നിവൃത്തിയില്ല. എസ്റ്റിമേറ്റു അനുവദിച്ചുകിട്ടിയതിനുശേഷം മാത്രമെ വേലചെയ്യുവാൻ സാധിക്കയുള്ളു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): …ലെ വേലകൾക്കു അനുവദിച്ചിട്ടുള്ള തുകയിൽ നാലിൽ മൂന്നുഭാഗവും ലാപ്സായിപ്പോയി. ഇതിനുള്ളകാരണം സ്ഥലത്തെ ഉദ്യോഗസ്ഥന്മാരുടെ ഉദാസീനതയാണെങ്കിൽ മേലാൽ അങ്ങനെ വരാതിരിക്കാൻ വേണ്ടവിധം ചട്ടംകെട്ടുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതിലേക്കു കാരണം സ്ഥലം ഉദ്യോഗസ്ഥന്മാരുടെ ഉദാസീനതയാണെന്നു തോന്നുന്നില്ല. എസ്റ്റിമേറ്റു അനുവദിച്ചുകിട്ടിയിരുന്നാൽ അവർ വേല ചെയ്യുമായിരുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എസ്റ്റിമേററ അയക്കാൻ കാലതാമസം വരുത്തിയതിനെപ്പററി ഡിപ്പാർട്ടുമെൻറ മേലുദ്യോഗസ്ഥന്മാരോടു ചോദിക്കാമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട്സെക്രട്ടറി): ചോദിക്കാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പാർട്ട് ബി, ൧൧൨൫-ലെ വേലകൾക്കനുവദിച്ചിരുന്നതുകയിൽ ൨൨ ശതമാനം മാത്രമെ മിഥുനം ൧൦-ാം-വരെ ചിലവായിട്ടുള്ളു എന്നു കാണുന്നു. ബാക്കി ലാപ്സായിപ്പോകുന്നതിനുള്ള കാരണമെന്ത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട്സെക്രട്ടറി): ൧൧൨൫-ൽ അഞ്ചു വേലകൾക്കാണ പണം അനുവദിച്ചിരുന്നതു. അതിൽ മൂവാററുപുഴ തൊടുപുഴമുതൽ കുമാരമംഗലംവഴി കല്ലൂർവരെയും വാഴക്കുളം ചന്തമുതൽ വഴിത്തലവരേയും ഉള്ള റോഡുകൾ മാത്രമാണ പൊന്നുംവില കോട്ടത്തിട്ടുള്ളതു. സ്ഥലം ഇനിയും ഒഴിഞ്ഞുകിട്ടിയിട്ടില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ റോഡുകൾ ൧൧൨൪-ൽ അനുവദിച്ചിട്ടുള്ളതാണെന്നു അറിയാമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട്സെക്രട്ടറി): അറിയാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൧൧൨൪-ലും ൧൧൨൫-ലും ഈ വേലകൾ നടത്തുന്നതിനു ധാരാളം സമയമുണ്ടായിരുന്നിരിക്കെ അപ്രകാരം നടത്താഞ്ഞതുകൊണ്ടല്ലേ ലാപ്സായിപ്പോകാൻ ഇടയായതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട്സെക്രട്ടറി): സ്ഥലം ഒഴിഞ്ഞുകിട്ടിയില്ല. സ്ഥലം ഒഴിഞ്ഞുകിട്ടാതെ വേലചെയ്യാൻ നിവൃത്തിയില്ലല്ലൊ.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): രണ്ടുവർഷക്കാലം സമയമുണ്ടായിരുന്നിട്ടും സ്ഥലം ഒഴിച്ചു വേലചെയ്യാൻ സാധിക്കാഞ്ഞതു എന്തുകൊണ്ടു? ഉദ്യോഗസ്ഥന്മാരുടെ ഉദാസീനത അല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട് സെക്രട്ടറി): ഓരോ ആണ്ടിലും ഇന്നയിന്ന വേലകൾ ചെയ്യണമെന്നു നിശ്ചയിച്ചു അതിലേക്ക വേണ്ട തുക ബഡ്ജററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ശരിയായകാലത്തു തുകകൾ അനുവദിച്ചുകിട്ടായിരുന്നതുകൊണ്ടു വേലചെയ്യിക്കാൻ സാധിച്ചിട്ടില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തല്ക്കാലം ഈ തുകകൾ ലാപ്സായിപ്പോയതുപോലെ മേലും ലാപ്സായിപ്പോകാതിരിക്കാൻ നിഷ്കർഷയായി ചട്ടംകെട്ടുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട് സെക്രട്ടറി): പൊന്നുംവിലയ്ക്കെടുത്തു വസ്തു ഒഴിപ്പിക്കുന്നതിനു ഉറിശമായി ഉറിശമായി നടപടിനടക്കുകയാണ്. വസ്തു ഒഴിഞ്ഞുകിട്ടിയാൽ തുകകൾ ലാപ്സാകാതിരിക്കാൻ എളുപ്പമുണ്ട്.

സെൻട്രൽ ജയിലിലുള്ള രണ്ടു തടവുകാരെ പ്രത്യേകമായി ഓരോ മുറിയിലുള്ള ബന്ധനം.

൯൦൪. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവമെണ്ടിൽനിന്നും ദയവായി താഴെ പറയുന്ന സംഗതികൾ പറയുമൊ?

(എ) നാരായണപിള്ള എന്നും സാധാരണയായി കാൺസ്റ്റബിൾ എന്നു വിളിക്കപ്പെടാറുള്ള കാശിചെട്ടി എന്നും പേരുള്ള സെൻട്രൽ ജയിലിലെ രണ്ടു തടവുകാരെ കഴിഞ്ഞ ൧൦ മാസത്തിൽ കൂടുതലായി ഓരോ പ്രത്യേകമുറിയിൽ അടക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു വാസ്തവംതന്നെയൊ;

(ബി) ഏതുകൂള്ള ഉത്തരം അനുകൂലത്തിലാണെങ്കിൽ അതു ഏതു നിയമം അനുസരിച്ചാണെന്നും അവർ എന്തു കുററംചെയ്തിട്ടാണെന്നു പറയുന്നതിനും;

(സി) ഈ രണ്ടു തടവുകാർക്ക വിരോധമായി സൂപ്രണ്ടും ജയിലധം അയച്ചിട്ടുള്ള റിപ്പോർട്ടിനെ വരുത്തുന്നതിനും ഒരു പകർപ്പു മേശമേൽ വയ്ക്കുന്നതിനും ദയവുണ്ടാകുമൊ?

മി. കെ. ജാർജ് (ഗവമെണ്ട ചീഫ് സെക്രട്ടറി):

(എ) അതെ എന്നുത്തരം.

(ബി) ജയിൽ നിയമങ്ങൾ ൧൫൨ സി. അനുസരിച്ചു സെൻട്രൽജയിലിലെ സൂപ്രണ്ടിനുള്ള വിവേചനാധികാരം പ്രയോഗിച്ചു ഇവരെ പ്രത്യേകമുറികളിൽ സൂക്ഷിച്ചിരിക്കുന്നു. ഇവർ രണ്ടുപേരും ആലോചനാപൂർവമായും ദുഷ്ടമായും ആപൽക്കരമായും പ്രവർത്തിക്കുന്നവരാണെന്നും കൂടാതെ, മററുള്ളവരുമായുള്ള ഇവരുടെ സഹവാസം ദോഷകരമായ ഫലത്തെ ഉണ്ടാക്കുന്നതാണെന്നും തോന്നുകയാൽ അപ്രകാരം ചെയ്യുന്നതിനിടയായി. ഇതു ശമിപ്പിക്കുന്നതിനായി വിലങ്ങുവച്ചതിനു ഉദ്ദിഷ്ടഫലം ലഭിക്കാതികയാലും ഇവർ അന്യർക്കുപദ്രവകരമായിതീരുമെന്നുവിചാരിച്ചും ഇവരെ പ്രത്യേകം മുറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

(സി) റിപ്പോർട്ടിന്റെ പകർപ്പു മേശമേൽ വച്ചിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അനുബന്ധം ൪ എ അനുസരിച്ചു എത്രദിവസത്തേക്ക അവരെ ഏകാന്തമുറിയിൽ താമസിപ്പിച്ചു എന്നറിഞ്ഞാൽകൊള്ളാം

മി. കെ. ജാർജ് (ഗവമെണ്ട ചീഫ് സെക്രട്ടറി): അതു ഇവിടെ പറഞ്ഞുകാണുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ സാമാജികനു ഇതു അറിയാമൊ?

മി. കെ. ജാർജ് (ഗവമെണ്ട ചീഫ് സെക്രട്ടറി): ഇപ്പോൾ ഇതു അറിയാൻ സാധിക്കുകയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവമെണ്ടിൽനിന്നും ദയവായി ഇതിനെവരുത്തി മേശപ്പുറത്തു വയ്ക്കുമൊ?

മി. കെ. ജാർജ്. (ഗവമെണ്ട ചീഫ് സെക്രട്ടറി): വയ്ക്കാം.

സെൻട്രൽ ജയിലിലേക്ക ഉണങ്ങിയ മത്സ്യം നൽകുക.

൯൦൫. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സെൻട്രൽ ജയിലിലുള്ള തടവുകാർക്ക കൺട്രാക്ടർമാർ ഉണങ്ങിയമത്സ്യം സംഭരിച്ചുകൊടുക്കുന്നതിനെപ്പററി താഴെപ്പറയുന്ന ചോദ്യങ്ങൾക്ക ഗവമെണ്ടു സദയം മറുപടിപറയുമൊ?

(എ) കൺട്രാക്ടർമാരുടെ കരാറനുസരിച്ചുള്ളതും ജയിലിലേക്ക സാമാനം സംഭരിച്ചുകൊടുക്കുന്നതിനുള്ള ബില്ലവൗച്ചറിൽ പറഞ്ഞിട്ടുള്ളതുമായ മത്സ്യം ഉണക്കുന്നസ്ഥലത്തെ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ ഓരോ തവണ നൽകുന്ന സാമാനത്തെസംബന്ധിച്ച സൂപ്രണ്ടു ആവശ്യപ്പെടുന്നുണ്ടോ?

(ബി) ഏതെങ്കിലും ഉത്തരം ഉണ്ട് എന്നാകുന്നു എങ്കിൽ, ഈ കൊല്ലത്തിലെ കഴിഞ്ഞ നു മാസങ്ങളിൽ ഹാജരാക്കിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ സൂപ്രണ്ടിനോട് ആവശ്യപ്പെടുകയും അവയെ മേശമേൽ വയ്ക്കുകയും ചെയ്യുമോ?

മി. കെ. ജാർജ് (ഗവമെണ്ടു ചീഫ് സെക്രട്ടറി):

(എ) ഉണ്ട് എന്നാകുന്നു.

(ബി) ജയിലിലേക്ക ചരക്കു കടത്തിവിടുന്നതിനുമാത്രമാണ് സർട്ടിഫിക്കറ്റിന്റെ ആവശ്യമെന്നും അതുകൊണ്ടു അവയെ സൂക്ഷിക്കാറില്ലെന്നും സൂപ്രണ്ടു പറയുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സർട്ടിഫിക്കറ്റെങ്കിലും സാമാജികന്മാർക്ക കൊടുക്കുന്നതിനു സാധിക്കുമോ?

മി. കെ. ജാർജ് (ഗവമെണ്ടു ചീഫ് സെക്രട്ടറി): ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ നശിപ്പിക്കപ്പെട്ടതായി സൂപ്രണ്ട് റിപ്പോർട്ടുചെയ്തിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർട്ടിഫിക്കറ്റുകളെ മനഃപൂർവ്വം നശിപ്പിച്ചതാണെന്നു പറയുമോ?

മി. കെ. ജാർജ് (ഗവമെണ്ടു ചീഫ് സെക്രട്ടറി): ഒരുപക്ഷെ ചട്ടപ്രകാരം അവയെ സൂക്ഷിക്കേണ്ട ആവശ്യമില്ലായിരിക്കാം. അവയുടെ ഉപയോഗം തൽക്കാലത്തേക്കമാത്രമേ ഉള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സർട്ടിഫിക്കറ്റുപോലും ഇപ്പോൾ സൂപ്രണ്ടിന്റെ കൈവശം ഇല്ലെന്നാണോ മനസ്സിലാക്കേണ്ടത്?

മി. കെ. ജാർജ് (ഗവമെണ്ടു ചീഫ് സെക്രട്ടറി): ഞാൻ അതിനെപ്പററി അന്വേഷിക്കാം.

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ ഉപയോഗത്തിനുള്ള തിരുവിതാംകൂർ പടം.

൨൦൬. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവമെണ്ടിൽനിന്നു താഴെപറയുന്ന സംഗതികൾ അറിയിക്കുമോ?

(എ) വർണ്ണാക്കുലർ പള്ളിക്കൂടങ്ങളിലെ ചീഫ് ഇൻസ്പെക്ടരായ മിസ്റ്റർ ചെറിയാൻ ടെക്സ്റ്റ്ബുക്ക കമ്മിററിയുടെ ശുപാർശയും ആലോചനയും അനുമതിയും ഇടയാകാതെ ഒരു തിരുവിതാംകൂർ പടം അദ്ദേഹത്തിന്റെ കീഴിലുള്ള പള്ളിക്കൂടങ്ങളുടെ ഉപയോഗത്തിനായി നിശ്ചയിച്ചിട്ടുണ്ടോ?

(ബി) ഏതിന്റെ ഉത്തരം ഉണ്ടെന്നാണെങ്കിൽ, പടത്തിന്റെ കർത്താവിന്റെ പേരും മിസ്റ്റർ ചെറിയാൻ ടെക്സ്റ്റ്ബുക്ക കമ്മിററിയുടെ അനുവാദംകൂടാതെ പടത്തിനെ ഉപയോഗിക്കുന്നതിനു അനുജ്ഞ നൽകുവാൻ കാരണം എന്നും പറയുമോ?

മി. കെ. ജാർജ് (ഗവമെണ്ടു ചീഫ് സെക്രട്ടറി):

(എ) ഇല്ല; എന്നാൽ ടെക്സ്റ്റ്ബുക്ക കമ്മിററി അനുവദിക്കുകയോ ആലോചിക്കുകയോ ചെയ്തിട്ടില്ലാത്തതും കേരളത്തിന്റെ ചരിത്രസംബന്ധമായതും ആയ ഒരു പടം അദ്ദേഹത്തിന്റെ കീഴിലുള്ള ചില സർക്കാർ പള്ളിക്കൂടങ്ങളിലേയ്ക്കു വാങ്ങിച്ചു പ്രദാനംചെയ്തിട്ടുണ്ട്. സാധാരണയായി പടത്തെപ്പററി ടെക്സ്റ്റ്ബുക്ക കമ്മിററി ശ്രദ്ധിക്കുന്നില്ല.

(ബി) പടത്തിന്റെ കർത്താവു മി. ററി. നെല്ലപ്പയ്യർ ആകുന്നു.

അദ്ദേഹത്തിന്റെ അധികാരത്തിലുള്ള ഫണ്ട അനുവദിക്കുന്നിടത്തോളം തൃപ്തികരമെന്ന് അദ്ദേഹത്തിനു തോന്നുന്ന വിദ്യാഭ്യാസസാമഗ്രികൾ വാങ്ങിച്ചു കീഴിലുള്ളസർക്കാർപള്ളിക്കൂടങ്ങളിൽ കൊടുക്കുന്നതിനു ഇൻസ്പെക്ടർക്ക അധികാരമുണ്ട്.

സ്ത്രീകൾക്കുള്ള കാളേജ് ഒന്നാംഗ്രേഡായി ഉയർത്തുന്നതിനെപ്പററി.

൨൦൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ത്രീകൾക്കുള്ള കാളേജിനെ ഒന്നാംഗ്രേഡാക്കി മദ്രാസ് സർവ്വകലാശാലയോട് സംഘടിപ്പിക്കുന്നതിനെപ്പററിയുള്ള സിൻഡിക്കേററിന്റെ റിപ്പോർട്ടു വരുത്തി മേശമേൽ വയ്ക്കുന്നതിനു ഗവമെണ്ടിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവമെണ്ടു ചീഫ്സെക്രട്ടറി): സിൻഡിക്കേററിന്റെ റിപ്പോർട്ടിനെപ്പററി ഗവമെണ്ടിനു യാതൊരു അറിവുമില്ല. സ്ഥലത്തുവന്ന് അന്വേഷണംചെയ്യുന്നതിനായി അയച്ച കമ്മീഷന്റെ റിപ്പോർട്ടിൽനിന്നും ഒരുസംക്ഷേപം രജിസ്ട്രാർ അയച്ചുതന്നിട്ടുണ്ട്. അതിന്റെ ഒരുപകർപ്പു മേശമേൽവച്ചിരിക്കുന്നു. ഇപ്പോഴത്തെസ്ഥിതിക്ക സംഘടിപ്പിക്കുന്നതിനു അനുമതിനൽകാൻ സിൻഡിക്കേററിനു നിവൃത്തിയില്ലെന്ന് രജിസ്ട്രാർ പറയുന്നു.

തിരുവമ്പാടിയിലേക്കുള്ള കരിവക റോഡിന്റെ സങ്കടം.

൨൦൮. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): താഴെപറയുന്ന സംഗതികൾ ഗവമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ?

(എ) മെയിൻറോഡിന്റെ ൭൬-ാംമൈൽകുററിയുടെ സമീപത്തുനിന്നും തിരുവമ്പാടി എന്നസ്ഥലത്തേക്ക് ഒരുറോഡുള്ളതു്;

(ബി) ഇൻജിനീയർ ഡിപ്പാർട്ടുമെന്റിലേക്ക ഈ റോഡു വിട്ടുകൊടുക്കുന്നതിനായി ജനങ്ങൾ പ്രജാസഭയിൽ പ്രസ്താവിച്ചിട്ടുള്ളതു;

(സി) മി. കൃഷ്ണൻനായരുടെ കാലംമുതൽ ഇതുകൊടുക്കുന്നതിനായി ഈ സ്ഥലത്തുള്ള ജനങ്ങൾ ബോധിപ്പിച്ചിട്ടുള്ള ഹർജികൾ;

(ഡി) അഞ്ചു കലുങ്കുകൾ പണിചെയ്യുന്നതുകൊണ്ടു മാത്രം അതു വണ്ടിപോകത്തക്ക ഒരുറോഡായി തീരുകയില്ലെന്നുള്ളതു;

(ഇ) വണ്ടിപോകത്തക്ക ഒരു റോഡു് ഇല്ലാത്തതിനാൽ ജനങ്ങൾക്കുള്ള കഷ്ടതകൾ;

(എഫ്) ഇപ്പോഴത്തെ ഇൻജിനിയരുടെ ഈ സ്ഥലത്തേക്കുള്ള സന്ദർശനവും ഈ സ്ഥലം ഇൻജനിയർഡിപ്പാർട്ടുമെൻറിലേക്കു് എടുക്കാമെന്നു അദ്ദേഹം ചെയ്തിട്ടുള്ള വാഗ്ദാനവും;

(ജി) ഈ റോഡു വണ്ടിപോകത്തക്ക ഒരു റോഡ് ആക്കിത്തീർക്കുന്നതിനായി ഉത്തരവുണ്ടാകുന്നതിനു ഗവൺമെൻറിൽനിന്ന് തയ്യാറാണോ എന്നുള്ളതു.

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി):

(എ) അറിയാം.

(ബി) അറിയാം.

(സി) അറിയാം.

(ഡി) കലുങ്കുകൾ ഉൾപ്പെടെ റോഡിനെ പുനഃസംഘടനമാക്കുന്നതിനു ഒരു അടങ്കൽ ചീഫ് ഇൻജിനിയർക്കു കിട്ടിയിട്ടുണ്ടു്.

(ഇ) ഈ കാര്യം ഗവൺമെൻറു നോട്ടുചെയ്യുന്നു.

(എഫ്) ഇല്ല, ചീഫ് ഇൻജിനിയർ അങ്ങിനെ ഒരു വാഗ്ദാനം ചെയ്തില്ലെന്നും അദ്ദേഹം ഗവൺമെൻറിനോടു ഇതിനെപ്പറ്റി ശുപാർശചെയ്യാമെന്നും മാത്രമേ കക്ഷികളോടു അദ്ദേഹം പറഞ്ഞിട്ടുള്ളു എന്നു പറയുന്നു.

(ജി) ഇതിനെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

ചെങ്ങന്നൂർ-ആറന്മുളറോഡു്.

൨൦൯. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ചെങ്ങന്നൂർ ആറന്മുളറോഡിന്റെ പുത്തൻകാവു ഭാഗത്തിനു വിസ്താരമില്ലാതിരിക്കുന്നതിനെപ്പറ്റിയും അതുനിമിത്തം അവിടെ യാതായാതം ഉപദ്രവം നേരിടത്തക്കവിധത്തിൽ വർദ്ധിച്ചിട്ടുള്ളതിനെപ്പറ്റിയും ഗവൺമെൻറിനു വല്ല പരാതികളും കിട്ടിയിട്ടുണ്ടോ?

(൨) ഈ സ്ഥലത്തു റോഡിന്റെ വീതി കൂട്ടുന്നതു സാദ്ധ്യമല്ലെന്നുള്ള സംഗതി ഇൻജിനിയർ ഡിപ്പാർട്ടുമെൻറു അധികാരികൾക്കു അറിയാമോ?

(൩) വർഷകാലത്തു ഈ സ്ഥലം വെള്ളത്തിനടിയിലായിരിക്കുമോ എന്നു് ഗവൺമെൻറു അന്വേഷിച്ചിട്ടുണ്ടോ?

(൪) ചെങ്ങന്നൂർ-ആറന്മുള റോഡിൽനിന്നും ചെങ്ങന്നൂർ പെൺപള്ളിക്കൂടത്തിന്റെ സമീപത്തിൽവച്ചു പിരിഞ്ഞു പുത്തൻകാവിൽനിന്ന് ആഞ്ഞിലിക്കാലേക്കു പോകുന്ന ഗ്രാമവീഥിയെ വലുതാക്കി മുൻപറഞ്ഞ അസൗകര്യത്തെ ഇല്ലാതാക്കണമെന്നു കഴിഞ്ഞ ൨൩-ാം നമ്പർ പ്രജാസഭാസമ്മേളനത്തിൽ തിരുവല്ലാ സാമാജികനായ മി. കെ. ആർ. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതു ഗവൺമെൻറിനു അറിയാമോ?

(൫) ചെങ്ങന്നൂർ ആറന്മുളറോഡിന്റെ ഈ മാറ്റം ഗവൺമെൻറു അനുവദിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി).

(൧) ഉണ്ടു്.

(൨) ചീഫ് ഇൻജിനിയർ ഇതിനെപ്പറ്റി അന്വേഷിക്കുന്നു.

(൩) അന്വേഷിച്ചിട്ടുണ്ടു്.

(൪) അറിയാം.

(൫) ചീഫ് ഇൻജിനിയരുടെ റിപ്പോർട്ടുകിട്ടിയതിന്റെശേഷം ഇതിനെപ്പറ്റി ആലോചിക്കുന്നതാണു.

വൈക്കം താലൂക്കിലെ നെൽകൃഷിയുടെ അഭിവൃദ്ധി.

൨൧൦. മി. എ. ജെ. ജാൺ (വൈക്കം): വൈക്കംതാലൂക്കിലുള്ള ഉദയംപേരൂർ, പറവൂർ ഈ സ്ഥലങ്ങളിലെ നെൽകൃഷി നന്നാക്കുന്നതിനു ഒരു വരമ്പും തോട്ടും അത്യാവശ്യമാണെന്നു കാണിച്ചുകൊണ്ടു മുൻപറഞ്ഞ സ്ഥലങ്ങളിലുള്ള പൌരന്മാരിൽനിന്നും വല്ല അപേക്ഷയോ മറ്റുവല്ല നിവേദനങ്ങളോ കിട്ടിയിട്ടുണ്ടോ എന്നു ഗവൺമെൻറിൽനിന്നും ദയവായി പറയുമോ? അങ്ങിനെ കിട്ടിയിട്ടുണ്ടെങ്കിൽ അവയെപ്പറ്റി നടത്തിയിട്ടുള്ള നടപടികൾ എന്തെല്ലാം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): അപേക്ഷകൾ കിട്ടിയിട്ടുണ്ടു്. ഈ വിഷയം ചീഫ് ഇൻജിനിയരുടെ ആലോചനയിൽ ഇരിക്കുന്നു, അദ്ദേഹം ഇയിടെ സ്ഥലത്തുപോയി പരിശോധന നടത്തി. കൊച്ചി ഗവൺമെൻറിന്റെ സഹകരണം ഇതിൽ അത്യാവശ്യമാകയാൽ തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരുടെ ഒരുമിച്ചുള്ള ഒരു പരിശോധന നടത്തണമെന്നു് വിചാരിക്കുന്നു. ഈ കൂടിആലോചന ചെയ്തശേഷമെ ഇനിയും ഇതിനെപ്പറ്റി എന്തെങ്കിലും പ്രവർത്തിക്കുകയുള്ളു.

മി. എ. ജെ. ജാൺ (വൈക്കം): ഇതു വേഗത്തിൽ തീർക്കുന്നതിനു ചീഫ് ഇഞ്ചിനീയരോടു ഗവൺമെൻറിൽനിന്നും ഏർപ്പാടുചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ചീഫ് ഇഞ്ചിനീയർ സ്ഥലത്തുപോയി പരിശോധിക്കുകയും വേണ്ടതു ചെയ്യുന്നതിനു ഡിവിഷൻ ആഫീസർക്കു എഴുതുകയും ചെയ്തിട്ടുണ്ടു്.

മി. എ. ജെ. ജാൺ (വൈക്കം): ഇതു വേഗത്തിൽ തീർക്കുന്നതിനു ഗവൺമെൻറു ചീഫ് ഇഞ്ചിനീയരോടു ആജ്ഞാപിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അപ്രകാരം ചെയ്യാം.

മോണപ്പള്ളി പിറവം റോഡു്.

൨൧൧. മി. എ. ജെ. ജാൺ (വൈക്കം): (എ) മോണപ്പള്ളിയിൽനിന്നും പിറവത്തേക്കുള്ള റോഡു് വണ്ടിപോകത്തക്കതാണോ എന്നും;

(ബി) വണ്ടിപോകത്തക്കവണ്ണം വേണ്ട ഉത്തരവുചെയ്യുമോ എന്നും ഗവൺമെൻറിൽനിന്നും ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) അല്ല, ദൈർഘ്യം മുഴുവനും അല്ല.

(ബി) ചെയ്യാം.

അരൂർ-കുത്തിയതോടും അരൂക്കുറ്റി-ചേർത്തല റോഡും.

൨൭൫. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (എ) അരൂരിൽനിന്നും കുത്തിയതോടുവരെയും അരൂക്കുറ്റിയിൽനിന്നും ചേർത്തലയ്ക്കും ഉള്ള റോഡുകളിൽ ചല്ലിയിടുന്നതിന് ൧൧൩൩-ലെ ആയവ്യയക്കണക്കിൽ ചേർത്തിട്ടുള്ള തുക എത്രയാണെന്നും;

(ബി) ഈ തുക ഈ കാര്യത്തിനായി ചിലവുചെയ്തോ എന്നും;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും മറുപടി പറയുന്നതിന് ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) അരൂർനിന്നും കുത്തിയതോടുവരെയുള്ള റോഡിൽ ചല്ലിയിടുന്നതിനു ൧൧൩൩-ലെ ആയവ്യയക്കണക്കിൽ പണം വകകൊള്ളിച്ചിട്ടില്ലായിരുന്നു; അരൂക്കുറ്റി-ചേർത്തല റോഡിൽ ൪ മുതൽ ൭ വരെയുള്ള മൈൽ ഭാഗങ്ങളിൽ ചരലിടുന്നതിനു ൧൧൩൩-ലെ ബഡ്ജററിൽ ൩൦൦൦ രൂപ അനുവദിച്ചിരുന്നു.

(ബി) രണ്ടാമതു പറഞ്ഞ പണിക്ക് അനുവദിച്ചിട്ടുള്ളതിൽനിന്നും ൨,൭൭൪ രൂപ അതിലേയ്ക്കായി ചിലവിടുകയും ബാക്കി മററുള്ള അത്യാവശ്യജോലികൾക്കായി ചിലവിടുകയുംചെയ്തു.

(സി) ആയവ്യയക്കണക്കിൽ വ്യവസ്ഥചെയ്തപ്പോൾ അനുവദിച്ച അടങ്കൽ ഉണ്ടായിരുന്നില്ല. അടങ്കൽ തയാറാക്കുകയും ഗവൺമെൻറിന്റെ അനുമതി ലഭിക്കുകയും ചെയ്ത അവസരത്തിൽ ആ കൊല്ലത്തിൽ മുഴുവൻതുക ചിലവുചെയ്യുന്നതിനു സമയമില്ലായിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ബി ഭാഗത്തിനെപ്പററി, ഈ തുക ഏതു കാര്യത്തിനായി ചിലവുചെയ്തു എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): നീക്കിവച്ച പണം റോഡിൽ ചല്ലിയിടുന്നതിനു ചിലവുചെയ്തിരിക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അരൂർ മുതൽ കുത്തിയതോടുവരെ ചല്ലിയിട്ടിട്ടുള്ള ഒരു റോഡെങ്കിലും ഉള്ളതായി സാമാജികനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അരൂക്കുറ്റി മുതൽ ചേർത്തലവരെയുള്ള റോഡിൽ ൪ മുതൽ ൭ വരെയുള്ള മൈൽസ്ഥലത്തിൽ ചല്ലിയിടുന്നതിനു ഒരു തുക നീക്കിവച്ചിരുന്നു. അതിൽ ൨,൭൭൪ രൂപ ഈ കാര്യത്തിലേക്കായി ചിലവുചെയ്തിട്ടുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചല്ലിയിടുന്നതിനു മാത്രമാണോ ഇത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതു ഇപ്പോൾ എനിക്കു പറയുന്നതിനു നിവൃത്തിയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എപ്പോഴാണ് അടങ്കൽ തയ്യാറാക്കിയതെന്നും അതിനു അനുമതി കിട്ടിയതെന്നും അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതിനെപ്പററിയുള്ള അറിവു എനിക്കു ഇപ്പോൾ ഇല്ല.

ആലപ്പുഴ-ചേർത്തല റോഡ്.

൨൭൬. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (എ) ആലപ്പുഴ-ചേർത്തല റോഡു എപ്പോൾ വണ്ടിപോകുന്നതിനു തക്കതാകുമെന്നും,

(ബി) ഈ റോഡിലുള്ള ഏകപാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോ എന്നും ഗവൺമെൻറിൽനിന്നും ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ആലപ്പുഴ-ചേർത്തല റോഡിലെ ചല്ലിയിടുന്ന ജോലി കഴിഞ്ഞ ആഗസ്റ്റുമാസം അവസാനംകൊണ്ടു തീരുമെന്നും വലിയ വാഹനങ്ങളുടെ സഞ്ചാരത്തിനു തയ്യാറാകുമെന്നും പ്രതീക്ഷിച്ചിരുന്നു.

ചേർത്തല-അർത്തുങ്കൽ റോഡ്.

൨൭൭. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (എ) ചേർത്തല-അർത്തുങ്കൽ റോഡിനു അനുവദിച്ചിട്ടുള്ള പണത്തിന്റെ പരിമാണം,

(ബി) അതിനു അനുവദിച്ചിട്ടുള്ള വിസ്തീർണ്ണം,

(സി) ചീഫ് ഇഞ്ചിനീയർ ഈ റോഡ് പരിശോധിച്ചിട്ടുണ്ടോ?

(ഡി) എക്സിക്യൂട്ടീവ് ഇഞ്ചിനീയർ ൧൧൩൨-ൽ ഏതെങ്കിലും ഒരു അവസരത്തിൽ ഈ റോഡ് പരിശോധിച്ചിട്ടുണ്ടോ,

(ഇ) ഈ റോഡിന്റെ ശോചനീയമായ സ്ഥിതിയെപ്പററി ചീഫ് ഇഞ്ചിനീയർക്കു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയിട്ടുണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) ൪ അംഗുലം.

(ബി) ൧൦ അടി.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇതിന്റെ സംരക്ഷണത്തിനു പണം അനുവദിച്ചിട്ടുണ്ട്. അതു നല്ല നിലയിൽ സൂക്ഷിക്കപ്പെടുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചീഫ് ഇഞ്ചിനീയർ റോഡ് പരിശോധിച്ചപ്പോൾ അതിന്റെ സ്ഥിതിയെപ്പററി അദ്ദേഹത്തിനു തൃപ്തിതോന്നിയോ എന്നു സി ഭാഗത്തെപ്പററി ഞാൻ ചോദിക്കട്ടെയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): റോഡ് നല്ല നിലയിലാണെന്നു വാദിക്കുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): റോഡ് ചീത്തയാണെന്നു അദ്ദേഹത്തിനു ബോദ്ധ്യംവന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രിട്ടറി): എന്നാണ് അദ്ദേഹം പറയുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എക്സിക്യൂട്ടീവ് ഇഞ്ചിനീയർ ചീഫ് ഇഞ്ചിനീയരോടുകൂടി പോകുന്നതിനുമുമ്പായി അദ്ദേഹം ഒരു പ്രാവശ്യമെങ്കിലും ഇതിനെപ്പററി പരിശോധിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രിട്ടറി): അതു എനിക്കു പറയാൻസാധിക്കുകയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കഴിഞ്ഞതവണയിൽ എത്രപ്രാവശ്യം ചീഫ് ഇഞ്ചിനീയർ ഈ റോഡു് പരിശോധിച്ചിട്ടുണ്ടു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറുസെക്രിട്ടറി): ഇതിനെപ്പററി യാതൊരു അറിവും കിട്ടിയിട്ടില്ല. എന്നുമാത്രമല്ല ഇതു ഈ സന്ദർഭത്തിൽ ഒരു ചോദ്യമായി അവതരിക്കാമെന്നും തോന്നുന്നില്ല.

ഉത്തരതിരുവിതാംകൂറിലെ ശിക്ഷാക്രമ പാഠശാല.

൨൧൪. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (൧) നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു ഈ രാജ്യത്തു എത്രശിക്ഷാക്രമപാഠശാലകൾ ഉണ്ടെന്നും;

(൨) ഉത്തരതിരുവിതാംകൂറിലുള്ള സ്ത്രീകൾക്കു തിരുവനന്തപുരംവരെ ശിക്ഷാക്രമപരിശീലനത്തിനായി പോകാൻ ഉള്ളതുകൊണ്ടു അവർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നും ഉള്ള സംഗതികൾ ഗവർമ്മെൻറിന് അറിയാമോ എന്നും,

(൩) ഉത്തരതിരുവിതാംകൂറിൽ എവിടെയെങ്കിലും സ്ത്രീകൾക്കുള്ള ഒരു ശിക്ഷാക്രമപാഠശാല സ്ഥാപിക്കുന്നവിഷയം ഗവർമ്മെൻറു ആലോചിക്കുമോ എന്നും ദയവായി ഗവർമ്മെൻറു പറയുമോ?

മി. കെ. ജാജ് (ഗവർമ്മെൻറുചീഫ്സെക്രിട്ടറി):

(൧) ൨൦. അവയിൽ ൧൧ സർക്കാർവകയും ൯ ജനങ്ങളുടെ വകയും ആകുന്നു.

(൨) ഉത്തരതിരുവിതാംകൂറിലുള്ള സർക്കാർ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപികന്മാർക്കു ഒരു സർക്കാർ ശിക്ഷാക്രമപാഠശാല അവിടെ ഇല്ലാത്തതുകൊണ്ടു അവർക്കു കുറെ അസൌകര്യം അനുഭവിക്കേണ്ടിവരുന്നു എന്നുള്ളതു ഗവർമ്മെൻറിനു അറിയാം.

(൩) ആലോചിക്കുന്നതാണ്.

ഇ. എസ്സ്. എൽ. സി. പരീക്ഷയിൽ ചരിത്രത്തിനു വിജയികളായവരുടെ ശതമാനം,

(എ) ൧൧൨൫ മുതൽ ൧൧൨൭ വരെയുള്ള ഇ. എസ്. എൽ. സി. പരീക്ഷയുടെ ഐച്ഛികചരിത്രവിഷയങ്ങളിൽ വിജയികളായ വിദ്യാർത്ഥികളുടെ ശതമാനം എത്രയെന്നും;

(ബി) ഈ ശതമാനം വേണ്ടിടത്തോളം തൃപ്തികരമാണെന്നു ഗവർമ്മെൻറിൽ നിന്നും വിചാരിക്കുന്നുണ്ടോ എന്നും;

(സി) ഇൻഡ്യയും ഇംഗ്ലീഷും ചരിത്രങ്ങളെ സംബന്ധിച്ച പരാജയം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നു ഗവർമ്മെൻറു അന്വേഷിച്ചിട്ടുണ്ടോ എന്നും ഗവർമ്മെൻറു ദയവായി പറയുമോ?

മി. കെ. ജാജ് (ഗവർമ്മെൻറുചീഫ്സെക്രിട്ടറി):

(എ) ഇൻഡ്യാചരിത്രത്തിലും ഇംഗ്ലണ്ടിൻേറയും ഐർലണ്ടിൻേറയും ചരിത്രത്തിലും പരീക്ഷിക്കപ്പെട്ടവരിൽ ഈ മൂന്നുകൊല്ലങ്ങളിലും നല്ല ശതമാനം മാർക്കുകിട്ടിയിട്ടുള്ളവരുടെ ശതമാനം താഴെകൊടുത്തിരിക്കുന്നു.

	൧൧൨൫	൧൧൨൬	൧൧൨൭
ഇൻഡ്യാചരിത്രം	൪൮.൭	൫൪.൪	൩൨.൬
ഗ്രേറബ്രിട്ടൻേറയും ഐർലണ്ടിൻേറയും ചരിത്രം	൪൭.൩	൫൫.൨	൪൨.൭

(ബി) ശതമാനം അത്ര തൃപ്തികരമല്ല. എന്നാൽ ഇൻഡ്യാചരിത്രത്തിന് ൧൧൨൬—൧൧൨൭ ഈ കൊല്ലങ്ങളിൽ ഉള്ള ശതമാനം ബീജഗണിതം ക്ഷേത്രഗണിതത്തിനും (മുറക്കു ൫൧–൫൩–൫) പ്രകൃതിശാസ്ത്രത്തിനും (൫൧–൫൭–ൻ) ഉള്ളതിനെക്കാൾ കൂടുതലാകുന്നു. ഇംഗ്ലീഷ്ചരിത്രത്തിനെ സംബന്ധിച്ചതു അത്രയും തൃപ്തികരമല്ല. എന്നാൽ ൧൧൨൬—ൽ അതു് ബീജഗണിതം ക്ഷേത്രഗണിതത്തിനെക്കാളും പ്രകൃതിശാസ്ത്രത്തിനെക്കാളും കൂടുതലാകുന്നു.

(സി) ക്രമമല്ലാത്തവിധത്തിൽ സംഭവിച്ച പരാജയത്തിന്റെ കാരണങ്ങളെക്കുറിച്ചു അന്വേഷണം നടത്തുകയുണ്ടായി.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അന്വേഷണത്തിന്റെ ഫലമെന്തായിരുന്നു എന്നുള്ളതിനെന്റെ ഉത്തരത്തിനെപ്പററി ഞാൻ ചോദിക്കട്ടെയോ?

മി. കെ. ജാജ് (ഗവർമ്മെൻറുചീഫ്സെക്രിട്ടറി): ചരിത്രവകുപ്പിലേക്കു പ്രവേശനം ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾ കണക്കിനും മററുള്ളവിഷയത്തിനും പ്രവേശനം ആവശ്യപ്പെടുന്നവരോളം ത്രാണിയും സമർത്ഥ്യവും ഉള്ളവരല്ലാ എന്നുള്ളതാണ് തോൽവിക്കുള്ള കാരണമെന്ന് വിദ്യാഭ്യാസമേലദ്ധ്യക്ഷൻ റിപ്പോർട്ടുചെയ്യുന്നു. ഇതും പ്രധാനമായകാരണങ്ങളിൽ ഒന്നാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ മാത്രമാണോ ഇപ്രകാരം കാണുന്നതു്.

മി. കെ. ജാജ് (ഗവർമ്മെൻറുചീഫ്സെക്രിട്ടറി): ഒരു പക്ഷെ കുറെനാളായി ഇങ്ങനെ നടന്നുകൊണ്ടിരിക്കണം. ഫലം ഇതാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ കൊല്ലങ്ങൾക്കു മുമ്പു ചരിത്രത്തിന്റെ ഫലം ഇതിലും വളരെ നന്നായിരുന്നു എന്നുള്ളതു് സാമാജികനു് അറിയാമോ?

മി. കെ. ജാജ് (ഗവർമ്മെൻറു് ചീഫ്സെക്രിട്ടറി): ചരിത്രത്തിനെ സംബന്ധിച്ചിടത്തോളം, അതു് ശരിയായിരുന്നിരിക്കണം. മററുള്ളവിഷയങ്ങളിൽ വിദ്യാർത്ഥികൾ വളരെ മോശമായിരുന്നിരിക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ചോദ്യംചെയ്തിട്ടുള്ളതു് ചരിത്രത്തിൽ തോൽക്കുന്നതിനെക്കുറിച്ചല്ലയോ?

മി. കെ. ജാജ് (ഗവർമ്മെൻറുചീഫ്സെക്രിട്ടറി): പരീക്ഷഫലം വളരെ നന്നായിരുന്നു എന്നു സാമാജികൻ പറയുന്നതല്ലാ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചരിത്രത്തിൽ ജയിച്ചവരുടെ ശതമാനത്തെപ്പററിയാണ് ഞാൻ സംസാരിക്കുന്നത്.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അങ്ങിനെയാണെങ്കിൽ അസാധാരണമായ തോൽവിയെപ്പററി പരാതിപ്പെട്ടിട്ട ആവശ്യമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മുന്നുകൊല്ലങ്ങൾക്കുമുമ്പ് എന്തായിരുന്നു സ്ഥിതി.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഒരുപക്ഷെ സാവധാനത്തിലുള്ള ഒരു അധഃപതനമായിരിക്കാം ഇത്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ അധഃപതനത്തിനുത്തരവാദികൾ ആരാണെന്നു പറയുമോ? വിദ്യാർത്ഥികളും അദ്ധ്യാപകന്മാരൊ, പരീക്ഷകന്മാരോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): പ്രത്യേകിച്ചു ഒരു വ്യക്തിയെ നമുക്കു ഇതിൽ കുററപ്പെടുത്താൻ നിവൃത്തിയില്ല. എന്തെന്നാൽ കണക്കും പ്രകൃതിശാസ്ത്രവും എടുക്കുന്ന വിദ്യാർത്ഥികൾ കൂടുതൽ സാമർത്ഥ്യമുള്ളവരായിരിക്കാം. അതുകൊണ്ടു ഇതു കുട്ടികളുടെ കുററംതന്നെ ആയിരിക്കാം. വേണ്ട അവർ വേണ്ട യോഗ്യതകളില്ലാത്തവരായിരിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മുന്നുകൊല്ലങ്ങൾക്കു മുമ്പുള്ള അവസ്ഥയും ഇപ്രകാരമല്ലായിരുന്നോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഉത്തമന്മാരായ കുട്ടികളുടെ വാസന ശാസ്ത്രീയ വിഷയങ്ങളിലേക്കാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചരിത്രംഎടുക്കുന്ന കുട്ടികളുടെ ബുദ്ധിശക്തി കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നാണോ സാമാജികൻെറ അഭിപ്രായം.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഞാൻ അതു പറയുന്നില്ല. ബുദ്ധിമാന്മാരായ കുട്ടികളുടെ വാസ്ന ശാസ്ത്രീയവകുപ്പുകളിലേക്കാകുന്നു

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർവകലാശാല പരീക്ഷാഫലങ്ങളിൽ ഈ അധഃപതനം കാണുന്നുണ്ടൊ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതിനെപ്പററി എനിക്കറിഞ്ഞുകൂട.

പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ് ചെയ്തിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

൨൭൭. മി. തറിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ് ജോലിയിൽ പ്രവേശിച്ചതുമുതൽ ൧൧൨൫ മിഥുനം ൧൯-ാംവരെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക തരുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഇപ്പോഴത്തെ പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ് ഉദ്യോഗം ചാർജ്ജെടുത്തതു ൧൦൧൯ മുതൽക്കാണ്. അതിനാൽ ആവശ്യപ്പെട്ട പട്ടിക ൧൦ കൊല്ലങ്ങളിൽ കവിയുന്ന ഒരു കാലം വ്യാപിക്കുന്നതാകുകകൊണ്ടു അതു തരുന്നതിന് പ്രയാസമാകയാൽ ഗവൺമെൻറ വ്യസനിക്കുന്നു.

സയൻസ്കാളേജിലെ ജൂനിയർ ഇൻറർമീഡിയെററ ക്ലാസിലേക്കും ബി. എ. ക്ലാസിലേക്കും ഉള്ള പ്രവേശനം.

൨൭൮. മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈക്കൊല്ലത്തിൽ ജൂനിയർ ഇൻറർമീഡിയെററ ക്ലാസിലേക്കും ജൂനിയർ ബി. എ. ക്ലാസിലേക്കും പ്രവേശനത്തിനു ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണം;

(ബി) ഈ ക്ലാസുകളിലേക്കു ചേർക്കപ്പെട്ട കുട്ടികളുടെ എണ്ണം;

(സി) ഇൻറർമീഡിയെററ ബി. എ. ക്ലാസുകളിൽ ൧൧൨൫-ൽ ചേർക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ എണ്ണം;

(ഡി) ഈ കൊല്ലം ചേർക്കപ്പെട്ടിട്ടുള്ള വിദേശികളുടെ എണ്ണം;

(ഇ) ഗവൺമെൻറിൽനിന്നും സംഖ്യ ക്ലിപ്തപ്പെടുത്തുന്നതിനെപ്പററി എന്തെങ്കിലും ഉപദേശങ്ങൾ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഓരോക്ലാസിലും അങ്ങിനെ ക്ലിപ്തപ്പെടുത്തിയിട്ടുള്ള സംഖ്യ എത്ര?

(എഫ്) സയൻസ് കാളേജിൽനിന്നും ഇൻറർമീഡിയെററ പരീക്ഷക്കുചേർന്നിരുന്ന കുട്ടികൾക്കു ബി. എ. ക്ലാസിൽ പ്രവേശനം നിഷേധിക്കപ്പെട്ടുഎന്നുള്ളതു വാസ്തവമാണോ? അങ്ങിനെയാണെങ്കിൽ എത്ര വിദ്യാർത്ഥികൾക്കു അങ്ങിനെ പ്രവേശനം അനുവദിക്കാതെയുണ്ട്.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): (എ-ബി-സി) മി. കെ. പി. നീലകണ്ഠപ്പിള്ള ചോദിച്ച ൧൯൨-ാം ചോദ്യത്തിൻെറ എ-ബി-സി-ഡി ഭാഗങ്ങൾക്കു കൊടുത്തിട്ടുള്ള ഉത്തരം സാമാജികൻ നോക്കുക.

(ഡി) ൧൧൨൬ ആഗസ്റ്റ്മാസത്തിൽ മി. കെ. പി. നീലകണ്ഠപ്പിള്ള ചോദിച്ച ൬൮-ാംനമ്പർ ചോദ്യത്തിനു കൊടുത്ത ഉത്തരം സാമാജികൻ നോക്കുക.

(ഇ) ൧൧൨൬ ആഗസ്റ്റ്മാസം ൩-ാം നടന്ന സമ്മേളനത്തിൽ മി. കെ. പി. നീലകണ്ഠപ്പിള്ളചോദിച്ച ൬൯-ാംനമ്പർ ചോദ്യത്തിനു കൊടുത്ത ഉത്തരം സാമാജികൻ നോക്കുക.

(എഫ്) ഇല്ല.

സർവകലാശാല കമ്മിറ്റിയുടെ റിപ്പോർട്ട.

൨൭൯. പി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ):

(എ) സർവ്വകലാശാലകമ്മിറ്റി എപ്പോഴാണ് അവരുടെ റിപ്പോർട്ട അയച്ചതുഎന്നും,

(ബി) റിപ്പോർട്ടിൻെറപകർപ്പു സാമാജികന്മാർക്കു കൊടുക്കുമൊഎന്നും ഗവൺമെൻറിൽനിന്നും ദയവായി പറയുമൊ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി):

(എ) ൧൧൨൬ ജനവരിമാസം ൯-ാം.

(ബി) ഇല്ല എന്നുത്തരം.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): ഈ സഭയുടെ അഭിപ്രായമനുസരിച്ചാണ് കമ്മിറ്റിയെ നിയമിച്ചതെന്നു സാമാജികന്മാർ അറിയാമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അറിയാം.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): എന്നാൽ എന്തുകൊണ്ടാണ് ഈ സഭാസാമാജികന്മാർക്ക് റിപ്പോർട്ടിൻെറ പകർപ്പു കൊടുക്കാത്തത്?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഈ വിഷയം ആലോചനയ്ക്കെടുക്കുമ്പോൾ സാമാജികന്മാർക്ക് പകർപ്പുകൾ കൊടുക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ട്.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): അതായതു ഈ വിഷയം സഭയിൽ ആലോചനക്കെടുക്കുമ്പോൾ പകർപ്പു കൊടുക്കാമെന്നുദ്ദേശിച്ചു അതിനായി അവർ കാത്തുകൊണ്ടിരിക്കുകയാണെന്നാണോ പറയുന്നത്?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതെ.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): അതിനുമുൻപു അതു കൊടുക്കുകയില്ലേ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഇല്ല.

കനാലും ഫിഷറിയും ചട്ടത്തിൻെറ പ്രവർത്തനത്തിൽനിന്നും കുട്ടനാട്ടിലെ ആവിബോട്ടുകളേയും വള്ളങ്ങളേയും ഒഴിവാക്കുന്നതിനെക്കുറിച്ച്.

൨൨൦. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

(എ) കനാലും ഫിഷറിയും ചട്ടങ്ങളുടെ പ്രവർത്തനംമൂലം കുട്ടനാട്ടിലുള്ള കുടിയാനവന്മാർക്ക് കഷ്ടതയും അസൗകര്യവും സംഭവിക്കുന്നുഎന്നുള്ളത് ഗവൺമെൻറിനു അറിയാമോ?

(ബി) അങ്ങിനെ അറിയാമെങ്കിൽ, ഈ പ്രദേശങ്ങളിൽ ഉപയോഗത്തിലുള്ള ബോട്ടുകളേയും വള്ളങ്ങളേയും ഈ റെഗുലേഷൻെറ പ്രവർത്തനത്തിൽനിന്നു ഒഴിവാക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി):

(എ) അറിയാം. ദിവാൻെറ കുട്ടനാട്ടിലുള്ള സഞ്ചാരസമയത്തു അദ്ദേഹത്തിനു നൽകിയ മംഗളപത്രങ്ങളിൽനിന്നും കനാൽഫിഷറിചട്ടങ്ങളുടെ പ്രവർത്തനംകൊണ്ടു അവിടെയുള്ള ജനങ്ങൾക്കു കുറെ അസൗകര്യം ഉണ്ടാകുന്നുണ്ടെന്നു അറിയുന്നു.

(ബി) ഈ വിഷയത്തെപ്പറ്റി ശ്രദ്ധയോടുകൂടി ആലോചിക്കുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദിവാൻെറ കുട്ടനാട്ടുയാത്രയിൽ അദ്ദേഹത്തിനു ഒരു മംഗളപത്രം മാത്രമെ നൽകിയുള്ള എന്നാണൊ ഇതിൽനിന്നു ഞാൻ മനസ്സിലാക്കേണ്ടതു്

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഒന്നിലധികം ഉണ്ടായിരിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ പ്രത്യേകസങ്കടം ഏകമംഗളപത്രംമൂലമേ മാത്രമാണൊ ദിവാൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതു്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ആയിരിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) എനിക്കറിയേണ്ടതു് എന്തെന്നാൽ, എല്ലാ സ്ഥലങ്ങളിലും ഈ സങ്കടമുണ്ടായിരുന്നില്ലയോ എന്നും സമർപ്പിച്ച എല്ലാ മംഗളപത്രങ്ങളിലും ഇതിനെപ്പററി പറഞ്ഞിട്ടില്ലായിരുന്നോ എന്നുമാകുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ചെയ്തിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതിനെസംബന്ധിച്ചു എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഈ സംഗതി ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു. ഗവൺമെൻറ ഇതിനെപ്പററി ചീഫ് ഇൻജിനീയരോടു ചോദിക്കണമെന്നു വിചാരിക്കുകയാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവൺമെൻറ ഈ വിഷയം ആലോചനയ്ക്കെടുത്തിട്ടുണ്ടു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതെ.

ലാൻഡ്റിക്കാർഡു ആഫീസിൽനിന്നും പിരിച്ചുവിട്ട കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാൻമാർ.

൨൨൧. മി. കരുണാപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം). (എ) പിരിച്ചുവിടപ്പെട്ട ലാൻഡു് റിക്കാർഡു ആഫീസിലെ കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാന്മാരെ സർവെ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ടോ എന്നും,

(ബി) ലാൻഡ് റിക്കാർഡു ജോയിൻറ സർവെ ആഫീസിൽ കുറെ കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാന്മാരെ പുതിയതായി നിയമിക്കുന്നുണ്ടോ എന്നും;

(സി) അങ്ങിനെ ഉണ്ടെങ്കിൽ ഈ നിയമനത്തിൽ പിരിച്ചുവിടപ്പെട്ട കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാന്മാർക്ക് മുൻ അവകാശം അനുവദിക്കുമോ എന്നും ഗവൺമെൻറിൽനിന്നും ദയവായി പറയുമോ?

(എ) മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): പിരിച്ചുവിടപ്പെട്ട ചില കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാന്മാരെ ചില ഒഴിവുകളിൽ നിയമിക്കപ്പെട്ടിട്ടുണ്ട്.

(ബി) ൧൧൦൮-ലെ പ്രാരംഭആയവ്യയകണക്കിൽ ഇതിനു അനുവദിച്ചിട്ടുണ്ട്.

(സി) പിരിച്ചുവിടപ്പെട്ട കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാന്മാരുടെ അവകാശങ്ങളെപ്പററി അപ്പോൾ പരിഗണിക്കപ്പെടും.

൧൧൭. മീനടം-പാമ്പാടി റോഡിലെ തണ്ടുകളിലുള്ള പാലം.

(൧) (എ) കെ. കെ. താമസ് (കോട്ടയം): മീനടം-പാമ്പാടി റോഡിന്റെ പടിഞ്ഞാറെ ഭാഗത്തിന്റെ ശോച്യമായ സ്ഥിതിയേയും,

(ബി) തണ്ടുകളും എന്ന സ്ഥലത്തു ഒരു ചെറിയപാലം ഇല്ലാതിരിക്കുന്നതുകൊണ്ടുള്ള ആളുകളുടെ കഷ്ടതയേയും പറ്റി ഗവർമ്മെന്റിനു അറിയാമോ.

(൨) പാലം കഴിയുന്നത്ര വേഗത്തിൽ പൂർത്തിയാക്കുന്നതിനു ഗവർമ്മെന്റിൽനിന്നും ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റുകാരോടു ആവശ്യപ്പെടുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഗവർമ്മെന്റുസംരക്ഷണയിൽ എടുത്തിട്ടുള്ളതും എന്നാൽ അതിനു താല്പര്യമുള്ളവരെ ഭരമേല്പിച്ചിട്ടുള്ളതുമായ ഒരു റോഡാകുന്നു ഇത്. ഇതു വേനൽക്കാലങ്ങളിൽ വണ്ടിക്കു പോകാൻ മാത്രം സൗകര്യമുള്ള ഒരു റോഡാണെന്നു റിപ്പോർട്ടു വന്നിരിക്കുന്നു.

(ബി) ഈ കാര്യം ഗവർമ്മെന്റു നോട്ടുചെയ്യുന്നു.

(൨) ഒരു പാലം ആവശ്യപ്പെടാം

പുഞ്ചകൃഷിക്കാർക്കുള്ള ജലസേചനസൗകര്യങ്ങൾ.

൧൧൮. (൧) കെ. കെ. തോമസ് (കോട്ടയം): (എ) വിസ്താരമുള്ള പാടങ്ങളിൽ ജലം ഒഴുകിപ്പോകുന്നതിനു തക്കതായ തോടുകൾ ഇല്ലാതിരിക്കുന്നതിനാൽ പുഞ്ചകൃഷിക്കാർ പൊതുവെ സഹിക്കുന്ന കഷ്ടതകളെപ്പറ്റി ഗവർമ്മെന്റിനു അറിയാമോ?

(ബി) വെള്ളം കടത്തിക്കൊണ്ടുപോകുന്നതിനുള്ള അവകാശത്തെ സംബന്ധിച്ചു അനേകം ക്രിമിനൽ കേസുകൾ എല്ലാ കൊല്ലങ്ങളിലും തുലാമാസം മുതൽ മകരമാസംവരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളതു ഗവർമ്മെന്റിനു അറിയാമോ?

(൨) ഉത്തര മദ്ധ്യതിരുവിതാംകൂറിന്റെ പശ്ചിമഭാഗങ്ങളിലുള്ള ഈ അനേകം ചെറിയ തോടുകളെപ്പറ്റി അന്വേഷിച്ചറിഞ്ഞു റിപ്പോർട്ടു ചെയ്യുന്നതിനു ഒരു പ്രത്യേക പരിശോധന ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന്റെ ഔചിത്യത്തെപ്പറ്റി അവർ ഗൌനിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): (൧) (എ) ഉം (ബി) അറിഞ്ഞുകൂടാ എന്നുത്തരം.

(൨) പ്രത്യേക ദൃഷ്ടാന്തങ്ങൾ അറിയിച്ചാൽ ചീഫ് ഇഞ്ചിനീയരോടു അതിനെപ്പറ്റി അന്വേഷിക്കുന്നതിനു പറയാം.

മി. കെ. കെ. താമസ് (കോട്ടയം): തുലാം മകരമാസങ്ങളിൽ ഫയലാകുന്ന കേസുകളുടെ ഒരു ലിസ്റ്റു ആവശ്യപ്പെടുന്നതിനു ഗവർമ്മെന്റിനു ഭാവമുണ്ടോ എന്നു ബി ഭാഗത്തിന്റെ ഉത്തരത്തിനെപ്പറ്റി ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഏതു കൊല്ലത്തിലുള്ള കേസുകളുടെ ലിസ്റ്റാകുന്നു?

മി. കെ. കെ. താമസ് (കോട്ടയം): എല്ലാ കൊല്ലങ്ങളിലേയും.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): കഴിഞ്ഞ എത്ര കൊല്ലങ്ങളിലെ?

മി. കെ. കെ. താമസ് (കോട്ടയം): കഴിഞ്ഞ ൫ കൊല്ലങ്ങളിലെ കേസുകളുടെ എണ്ണങ്ങൾ നോക്കുകയാണെങ്കിൽ കൃഷിക്കാർ അനുഭവിക്കുന്ന കഷ്ടതകൾ ഗവർമ്മെന്റിനു മനസ്സിലാകും.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി). ഇതു ഒരു പുതിയ ചോദ്യമാകുന്നു.

മി. കെ. കെ. താമസ് (കോട്ടയം): ഇതു ഒരു പുതിയ ചോദ്യമല്ല. 'ബി' പ്രശ്നം ഫയൽചെയ്തിട്ടുള്ള കേസുകളുടെ നമ്പരിനെ കുറിച്ചാകുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): കേസുകളുടെ സംഖ്യ ആവശ്യപ്പെടണമെന്നു അഭിപ്രായപ്പെടുന്നില്ലല്ലോ. സാമാജികനു കേസിന്റെ സംഖ്യ അറിയണമെന്നുണ്ടെങ്കിൽ അതിനെപ്പറ്റി നോട്ടീസ് കൊടുക്കണം.

൧൧൦൨-ലെ മോട്ടാർ അപകടങ്ങൾ.

൧൧൯. മി. സി. പി. തോമസ് (നിയമിക്കപ്പെട്ട സാമാജികൻ): ഈ രാജ്യത്തു ൧൧൦൨-ൽ ഉണ്ടായിട്ടുള്ള മോട്ടാർ അപകടങ്ങളുടെ താഴെപറയുന്ന സംഗതികളെ കാണിക്കുന്ന കണക്കു തരുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ.

(എ) അപകടങ്ങളുടെ സ്വഭാവം.

(ബി) എത്രമാത്രം ഉപദ്രവം ഉണ്ടായിട്ടുണ്ടെന്നും, അതിനെ സംബന്ധിച്ചു എത്രപേർ മരിച്ചുപോയിട്ടുണ്ടെന്നും;

(സി) അപകടങ്ങൾ ഉണ്ടാകുന്നതിനു കാരണം ആരാണെന്നുള്ളതു കണ്ടുപിടിച്ചിട്ടുണ്ടോ എന്നും;

(ഡി) ഓരോ കുറ്റത്തിനു നൽകപ്പെട്ട ശിക്ഷയുടെ സ്വഭാവം എന്തെന്നും ഉള്ളതു;

(൨) താഴെപറയുന്ന സംഗതികളെ കാണിക്കുന്ന ഒരു പത്രിക തരുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ,

(എ) തിരുവിതാംകൂർ വാഹനനിയമമനുസരിച്ചു പോലീസ്കാർ ചാർജ്ജുചെയ്തിട്ടുള്ള കേസുകൾ;

(ബി) കുറ്റത്തിന്റെ സ്വഭാവം;

(സി) ഓരോ കുറ്റത്തിനും ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളുകളുടെ എണ്ണം;

(ഡി) ഓരോ കുറ്റത്തിനും നൽകിയിട്ടുള്ള ശിക്ഷകളുടെ സ്വഭാവം;

൩. കൂടുതൽ ആളുകളെ കയറ്റുന്നവിഷയത്തിലും കൂടുതൽ വേഗത്തിൽ ഓടിക്കുന്നവിഷയത്തിലും മാത്രമാണ ഇപ്പോൾ അധികം വരുന്നതു. എന്നാൽ യന്ത്രത്തിന്റെ ഉപയോഗത്തിലും ഡ്രൈവർമാരുടെ സ്വഭാവത്തിലും അവർ വേലയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അവരെ അധികം ജോലിചെയ്യിക്കാതെ വേണ്ടപോലെ ഉറങ്ങുന്നതിനു അവർക്കു സമയം കൊടുക്കുന്ന വിഷയത്തിലും കൂടി ശ്രദ്ധ പതിപ്പിക്കണം. ജോലിചെയ്യുന്നതിനും

സംബന്ധിച്ച അവരുടെ യോഗ്യതയെപ്പററിയും പ്രത്യേകം ശ്രദ്ധിക്കണം. ഇപ്രകാരം തിരുവിതാംകൂർ വാഹനത്തിന്റെ ചട്ടങ്ങളുടെ പ്രവർത്തനത്തിൽ വേണ്ട വ്യത്യാസം ഗവണ്മെന്റ വരുത്തുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി):

൧. (എ) ൧൧൨൨-ൽ ൧൦൩ മോട്ടോർ അപകടങ്ങൾ ഉണ്ടായിരുന്നു. ഓരോന്നിന്റെയും സ്വഭാവത്തെപ്പററി പറയുകയാണെങ്കിൽ വലിയവിവരണംകൂടാതെ സാധിക്കയില്ല.

(ബി) ൧൧൦ പേർക്ക് മുറിവു പററുകയും ൭ പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ൭൧ കേസിൽ ചുമതല ആരോപണംചെയ്യുന്നതിനുപോലീസ്കാർക്കു കഴിഞ്ഞിട്ടുണ്ട്.

(ഡി) ൧൨ കേസുകളിൽ ശിക്ഷ നൽകിട്ടുണ്ട്. ൧ കേസിൽ വെറുംതടവും പ്രായശ്ചിത്തവും ൧൧ കേസുകളിൽ പ്രായശ്ചിത്തം മാത്രവുമാകുന്ന ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളൂ.

൨. (എ) ൨൯ ആണ്.

(ബി) + (സി) ആവശ്യപ്പെട്ട സംഗതികൾ ഉള്ള ഒരു പത്രിക മേശമേൽ വച്ചിരിക്കുന്നു.

(സി) വാഹനനിയമമനുസരിച്ചുള്ള കുററങ്ങൾക്കു പ്രായശ്ചിത്തശിക്ഷയാണ വിധിച്ചിട്ടുള്ളൂ.

൩. യാത്രക്കാരെ കൊണ്ടുപോകുന്ന മോട്ടോർവാഹനങ്ങളെ സംബന്ധിച്ചിടത്തോളം സാമാജികന്റെ ഉദ്ദേശം സാധിക്കുന്നതിനു വാഹനനിയമത്തിൽ ഇതേവരെ പരിഷ്കരിച്ചിട്ടുള്ളതിനു കൂടുതലായി എന്തെങ്കിലും ഭേദഗതിചെയ്യേണ്ട ആവശ്യമില്ല. കൂടുതൽ ആളുകളെ കയററുന്നതിലും കൂടുതൽ വേഗത്തിൽ വിടുന്നതിലും മാത്രമല്ല പോലീസുകാരുടെ ശ്രദ്ധ ഏകോപിച്ചു കാണിച്ചുവരുന്നത്. മോട്ടോർ ഉണ്ടാക്കുന്നവർ ഉറപ്പു തന്നിട്ടുള്ളതിനു കൂടുതലായി ആളുകളെ കയററുന്ന വണ്ടിയും കൂടുതൽ വേഗത്തിൽ ഓട്ടുന്ന വണ്ടിയും വേഗത്തിൽ ചീത്തയാകുന്നു എന്നും ഉദ്ദേശിച്ചിട്ടുള്ളതിൽ കൂടുതലായ പ്രവൃത്തിചെയ്യുന്നതുകൊണ്ടു അതിന്റെ ഭാഗങ്ങൾക്കു ദൂഷ്യംവരികയും തന്മൂലം അവ ആപത്തിനു കാരണമാകുകയുംചെയ്യുന്നു എന്നുള്ള സംഗതി ഗവണ്മെന്റ അറിയുന്നു.

ഇൻജിനിയറന്മാർ ആറുമാസത്തിലൊരിക്കൽ നടത്തുന്ന പരിശോധനകൊണ്ടും ഇടക്കാലങ്ങളിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടേയും മജിസ്ട്രേട്ടന്മാരുടേയും പരിശോധനകൊണ്ടും മോട്ടോർ ബസ്സുകളുടെ നന്മയും രക്ഷയും നിലനിറുത്തിപോരുന്നു. (മോട്ടോർ വാഹനചട്ടങ്ങളിൽ ഫയർ ഹർമിററിന്റെ ജി. ഫാറത്തിലുള്ള തുടർച്ചയായി ഓടിക്കുന്നതിനുള്ള കരാറുകളിൽ ൧-ാം ൪-ാം നോക്കുക) ഈ ചട്ടങ്ങളെ കർശനമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ഇതിൽ എട്ടാമത്തെ നിശ്ചയമനുസരിച്ചു പോലീസ് കമ്മീഷണരുടെ സർട്ടിഫിറേറുകൾ ഉള്ളവർ മാത്രമെ മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനു അനുവദിക്കപ്പെടുന്നുള്ളു. വേണ്ട അന്വേഷണങ്ങൾ നടത്തിയതിനുശേഷം അപേക്ഷകന്മാർ സുബോധവും സൽസ്വഭാവവും ത്രാണിയും ഉള്ളവരാണെന്നു തോന്നിയതിനുശേഷവും മാത്രമേ ഈ സർട്ടിഫിക്കേററുകൾ കൊടുക്കുകയുള്ളു. അപകടസ്ഥിതിയിലാകുന്നതുവരെ വേലചെയ്യാതിരിക്കുന്നതിനു ൧൧ നാഴികയിൽ കൂടുതലായി ഒരു ബസ്സു ഓടിക്കാൻ പാടില്ലെന്നു നിയമമുണ്ട്.

(൪) തന്നെത്താനേ ഉടമസ്ഥന്മാരുടെ വണ്ടിയിന്മേലും ബസ്സുകൂടാതെ കൂലിക്കു കൊടുക്കുന്ന വണ്ടിയിന്മേലും ഉള്ള മേൽനോട്ടം അത്ര കർശനമായിട്ടുള്ളതല്ല. ഇങ്ങനെയുള്ള വാഹനങ്ങളെ ഇപ്പോളുള്ളതിൽ കൂടുതലായി പോലീസുകാരുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനു യോജിച്ചവിധത്തിൽ മോട്ടോർ വാഹനചട്ടങ്ങളെ ഭേദപ്പെടുത്തണമെന്നു മെമ്പർ അനുഗ്രഹിക്കുന്നു എങ്കിൽ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ ഗവണ്മെന്റിലേക്കോ പോലീസ് കമ്മീഷണർക്കോ അയച്ചുകൊടുക്കണമെന്നു ഞാൻ അദ്ദേഹത്തിനോടപേക്ഷിക്കുന്നു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട സാമാജികൻ): ൧൦൩ മോട്ടോർ അപകടങ്ങൾ ഉണ്ടായതിൽ ൭൧ കേസുകളിൽമാത്രമെ ഗവണ്മെന്റിനു ചുമതലനിശ്ചയിക്കാൻ കഴിഞ്ഞൊള്ളു. ഇതു ആശാസ്യമായ ഒരുകണക്കാണെന്നു ഗവണ്മെന്റ വിചാരിക്കുന്നുവോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഏതുഭാഗത്തെക്കുറിച്ചാണു സാമാജികൻ പറയുന്നതു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട സാമാജികൻ): ൧-ാം ഭാഗത്തിന്റെ എ. ബി. സി. ഡി. ഉപഭാഗങ്ങൾ. ൧൦൩ അപകടങ്ങൾ സംഭവിച്ചതിൽ ൭൧ കേസിലാണ് ആരുടെപേരിലാണ് കുററമെന്നു ആരോപിക്കാൻ കഴിഞ്ഞതു. ഇതിൽ ൧൨ കേസ്സിലേ ശിക്ഷ നൽകിയുള്ളു, ഇതു നല്ല ഒരു വിതരണക്കണക്കാണെന്നു ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ശേഷമുള്ളകേസുകൾ അപകടങ്ങളായി ഗണിക്കപ്പെട്ടു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട സാമാജികൻ): ശിക്ഷ നൽകിയ കേസുകളുടെസംഖ്യ ഇത്ര കുറഞ്ഞതിനുള്ള കാരണമെന്താണെന്നു ഗവണ്മെന്റിൽനിന്നും അന്വേഷിച്ചോ? വേണ്ടതെളിവുകൾ കിട്ടാഞ്ഞിട്ടോ കിട്ടാനുള്ള പ്രയാസംകൊണ്ടോ ഇങ്ങനെ സംഭവിച്ചതു?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതു എനിക്കു അറിഞ്ഞുകൂടാ.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട സാമാജികൻ): ഏതെങ്കിലും ഒരു വണ്ടിക്കാരനെ സുബോധരാഹിത്യത്തിനു ശിക്ഷിച്ചിട്ടുണ്ടെന്നുള്ളതു ൧-ാം ഭാഗത്തെപ്പററി ഞാൻ ചോദിക്കട്ടെയോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ടസാമാജികൻ): ഒരു സർട്ടിഫിക്കേററു കൊടുക്കുന്നതിനുമുമ്പിൽ അന്വേഷണം നടത്തണമെന്നും അപേക്ഷകന്മാർ സൽസ്വഭാവികളും സുബോധമുള്ളവരും ആയിരിക്കണമെന്നും ഉത്തരംകൊണ്ടു മനസ്സിലാകുന്നു. അവർ വണ്ടി ഓടിക്കുമ്പോൾ മേൽപ്പറഞ്ഞ സ്വഭാവം പരിപാലിക്കാതിരുന്നതിനു ഒരു വണ്ടിക്കാരനേയും ശിക്ഷിച്ചിട്ടില്ലെന്നോ ഞാൻ മനസ്സിലാക്കേണ്ടതു.

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): സുബോധമില്ലെന്നുള്ള കാരണം നിയമപ്രകാരം ഒരു കുററമല്ല.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട സാമാജികൻ): ഡ്രൈവർമാർ അവരുടെ ജോലിചെയ്യുമ്പോൾ സുബോധമുള്ളവരായിരിക്കണമെന്നും അല്ലാത്തപക്ഷം അതു ചട്ടപ്രകാരം ഒരു ശിക്ഷയായിരിക്കുമെന്നും നിയമത്തിനെ പരിഷ്കരിക്കുന്നതിനു ഗവണ്മെന്റിനു ഭാവമുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഇതിനെപ്പററി ആലോചിക്കാം.

അനുബന്ധം ൧,

൧൯൪-ാമത്തെ പ്രശ്നത്തിനുള്ള ഉത്തരാനുബന്ധം.

മോട്ടോർവാഹനങ്ങൾ പരിശോധിക്കുന്നതിനു യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരും, യോഗ്യതകളും ശമ്പളവും കാണിക്കുന്ന പട്ടിക.

നമ്പർ	ഉദ്യോഗസ്ഥന്റെ പേര്	യോഗ്യത	ശമ്പളത്തുക	൧൧൦൨ മേടമാസം ൧-നു വരെയിലെ സർവീസ്			റിമാർക്സ്
				കൊല്ലം	മാസം	ദിവസങ്ങൾ	
൧	മിസ്റ്റർ എച്ച്. ഇ. പാരറ	എം. ഐ. എം. ഇ.	൮൦൦	൧൫	൩	...	വർക്ക്ഷാപ്പു സ്റ്റോർ ഡിവിഷനിലെ ഡിവിഷൻ ആഫീസർ
൨	,, വി. അരുണാചലയ്യർ	ബി. എ. ബി. ഇ. എം. ഇ	൭൦൦	൨൦	൧൦	...	കോട്ടയം ഡിവിഷനിലെ ഡിവിഷൻ ആഫീസർ
൩	,, എം. പി. മാണി	ബി. ഇ. എം. ഇ.	൭൦൦	൧൭	൧	...	തിരുവനന്തപുരം ഡിവിഷനിലെ ഡിവിഷൻ ആഫീസർ
൪	,, എസ്. എസ്. കൃഷ്ണയ്യങ്കാർ	ബി. എ., ബി. ഇ. എം. ഇ.	൫൦൦	൨൦	൭	...	കൊല്ലം പ്രോജക്ട് ഡിവിഷനിലെ ഡിവിഷൻ ആഫീസർ
൫	,, വി. ഹരിഹരയ്യർ	ബി. എ., ബി. ഇ. എം. ഇ.	൪൦൦	൧൪	൨	...	തിരുവനന്തപുരം ടൗൺ ഈസ്റ്റ് സബ്ഡിവിഷനിലെ സബ്ഡിവിഷൻ ആഫീസർ
൬	,, ജി. കൃഷ്ണപിള്ള	,,	൨൦൦	൨൩	൩	...	വർക്ക്ഷാപ്പു സബ് ഡിവിഷനിലെ സബ് ഇൻജിനീയർ
൭	,, എം. എസ്. ധനസ്വാമി അയ്യങ്കാർ	ബി. എ., ബി. ഇ. എം. ഇ.	൪൦൦	൧൬	...	...	മൂന്നാറിലെ സബ് ഡിവിഷൻ ആഫീസർ
൮	,, എം. എൻ. പരമേശ്വരക്കുറുപ്പ്	എൽ. എം. ഇ. എ. എം. ഇൻസ്റ്റ്. ഏ. ഇ.	൪൦൦	൧൨	൩	...	ആറ്റിങ്ങൽ ടി
൯	,, എസ്. ശേഷയ്യർ	ബി. എ., ബി. ഇ. എം. ഇ.	൩൫൦	൧൩	...	...	മൂവാറ്റുപുഴ ടി
൧൦	,, കെ. രാജരാജവർമ്മ	ബി. ഇ. എം. ഇ.	൨൦൦	൬	൧൦	...	നാഗർകോവിൽ ടി
൧൧	,, എസ്. രാമകൃഷ്ണൻ	ബി. ഇ. എം. ഇ.	൧൫൦	൬	൪	...	ആലപ്പുഴ ടി
൧൨	,, എസ്. നാരായണയ്യർ	ബി. എ., ബി. ഇ. എം. ഇ.	ആ. അ. ൧൭൦	൨	...	...	ആലുവ ടി
൧൩	,, വരദരാജൻ	എം. ഇ.	ആ. അ. ൧൨൫	൩	൭	...	തിരുവനന്തപുരം മരാമത്തുസർക്കിൾ ആഫീസർ

നോട്ട്— ഈ ഉദ്യോഗസ്ഥന്മാർ മോട്ടോർവാഹന പരിശോധനാർത്ഥം മാത്രം നിയമിക്കപ്പെട്ടിട്ടുള്ളവരല്ല. സ്വന്തം ജോലിയായ എക്സിക്യൂട്ടീവ് ഇൻജിനീയരുദ്യോഗത്തിനോ സബ്ഡിവിഷൻ ആഫീസർ ഉദ്യോഗത്തിനോ വിഘ്നം കൂടാതെ മോട്ടോർവാഹനങ്ങളെ ഇവർ പരിശോധിക്കുന്നു.

അനുബന്ധം ൨.

൧൯൬-ാമത്തെ പ്രശ്നത്തിനുള്ള ഉത്തരം നോക്കുക.

൧൯൨൬-൨൭ ൧൯൨൭-൨൮ ഈ ആണ്ടുകളിൽ സയൻസ് കാളേജിലുള്ള വിവിധശാഖകളിൽ വിദ്യാർത്ഥികൾ ചേർക്കപ്പെട്ടിട്ടുള്ളതിനെ കാണിക്കുന്ന പട്ടിക.

ക്രമ നമ്പർ	ക്ലാസ്സ്	൧൯൨൬—൨൭		൧൯൨൭—൨൮		
		അപേക്ഷക്കാരുടെ എണ്ണം	ചേർക്കപ്പെട്ടവരുടെ എണ്ണം	അപേക്ഷക്കാരുടെ എണ്ണം	ചേർക്കപ്പെട്ടവരുടെ എണ്ണം	
൧	(കടനക്ക) ആനേഴ്സ് പ്രാഥമിക ക്ലാസിൽ	൬൪	൨൦	൩൯	൧൧	
൨	ജൂനിയർ ബി. ഏ. ക്ലാസിലെ ൧-ാം ഗ്രൂപ്പിൽ	൪൫	൫൯	൩൯	* ൪൦	* രണ്ടാമതായോ മൂന്നാമതായോ ഈ ഗ്രൂപ്പിനെ സ്വീകരിച്ചിട്ടുള്ളവരും ഇതിൽ ഉൾപ്പെടുന്നു.
൩	,, ൨-ാം ഗ്രൂപ്പ് എ-യിൽ	൪൯	൨൪	൪൨	൨൪	
൪	,, ൨-ാം ഗ്രൂപ്പ് ബി-യിൽ	൧൩൩	൫൯	൭൬	൩൯	
൫	,, ൩-ാം ഗ്രൂപ്പ് എ-യിൽ	൮൧	൩൫	൭൪	൨൭	
൬	ജൂനിയർ ഇന്റർമീഡിയേറ്റ് ക്ലാസിൽ ൧-ാം ഗ്രൂപ്പിൽ	൧൪൪	൧൨൫	൧൬൩	൧൩൨	
൭	,, ൨-ാം ഗ്രൂപ്പിൽ	൧൬൬	൧൨൮	൧൩൬	൧൦൨	

അനുബന്ധം ൩.

൧൯൮-ാം ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

വർണാക്കുലർ സ്കൂളുകളിലെ ചീഫ് ഇൻസ്പെക്ടർ ചെയ്തിട്ടുള്ള സ്ഥിരനിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

	ജാതി	എണ്ണം.
I.	ഹിന്ദുക്കൾ.	
൧	മലയാളബ്രാഹ്മണർ	൩
൨	മറ്റുള്ളബ്രാഹ്മണർ	൨൦
൩	നാടാർ	൧
൪	ഈഴവർ	൨൧
൫	കമ്മാളർ	൩
൬	ക്ഷത്രിയർ	...
൭	നായർ	൬൧
൮.	പുലയർ	൧
൯	മറ്റുമുള്ള താഴ്ന്നജാതിക്കാർ	൫
൧൦	വെള്ളാളർ	൯
൧൧	മറ്റുഹിന്ദുക്കൾ	൧൬
II.	മുഹമ്മദിയർ	൫
III.	ക്രിസ്ത്യാനികൾ	
൧	പ്രോട്ടസ്റ്റന്റു	൫
൨	റോമൻകത്തോലിക്കർ	൮
൩.	സിറിയൻ ക്രിസ്ത്യൻ	
(എ)	ജാക്കോബയിറ്റ്സ	൯
(ബി)	പുതിയ	൧൦
(സി)	റോമൻകത്തോലിക്കർ	൧
VI.	മറ്റുള്ളവർ	൧
	ആകെ	൧൭൯

അനുബന്ധം ൪ എ.

൨൦൪-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

തടവുകാരനായ കാശിചെട്ടി മധുരക്കാരനായ ഇയാൾ അനേകംനാൾ മുമ്പ് സിലോണിൽ കുടിയേറിപ്പാർത്തു. അയാൾ അവിടെ ഏതോ ഒരു ജോലിയിലിരുന്നപ്പോൾ അയാൾക്കു ചിത്തഭ്രമത്തിന്റെ ലക്ഷണങ്ങൾ തുടങ്ങി. അയാളെ ഈരാജ്യത്തേക്കു കൊണ്ടുവരികയും ഭ്രാന്താശുപത്രിയിൽ താമസിപ്പിക്കുന്നതിനു ഉത്തരവിടുകയുംചെയ്തു. ആശുപത്രിയിൽ അയാൾ മറ്റുള്ള താമസക്കാർക്കും സിൽബന്തികൾക്കും ഉപദ്രവകരമായിത്തീർന്നു; അതിനാൽ അയാളെ ഏകാന്തമായ ഒരുമുറിയിൽ അടച്ചു. ഒരുദിവസം ഈസ്ഥാപനത്തിലെ ഒരുവാർഡൻ അയാൾക്കു ആഹാരം കൊടുക്കുന്നതിനായി വാതിൽ അല്പംതുറന്നു. കാശി ബലാൽ വാതിൽതുറന്നു മുറിയിൽനിന്നു വെളിയിലേക്കു ഇറങ്ങി വഴിയിൽനിന്നും വാർഡനെ ഉന്തിയിട്ടു നെയ്ത്തുശാലയിൽകടന്നു അതിനു തീവയ്പാൻ ശ്രമിക്കുകയും ഒരു ഹെഡ്‌വാർഡരെ കുത്തിക്കൊല്ലുകയുംചെയ്തു.

൧൧൦൧ മകരം ൨൯-നു വിസ്താരത്തിലിരിക്കുന്ന ഒരു തടവുകാരനെന്ന നിലയിൽ അയാളെ ചേർത്തു. ൧൧൦൨ മകരം ൨൪-നു ശിക്ഷിക്കപ്പെട്ട തടവുകാരനായി. കുററം തിരുവിതാംകൂർ പീനൽകോഡിലെ ൩൭൧-ാം വകുപ്പു.

ശിക്ഷ. ജീവപര്യന്തം കഠിനതടവു.

ജയിലിലെ കുററങ്ങൾ.

തീയതി.	കുററം.	ശിക്ഷ.
൬-൬-൧൧൦൨.	വിലക്കപ്പെട്ടിരുന്ന സാമാനങ്ങൾ വെച്ചുകൊണ്ടിരുന്നതിനു	൧ മാസത്തെ ബാർ ചങ്ങലകൊണ്ടു പൂട്ടി
൧൦-൮-൧൧൦൨.	അധികാരമില്ലാത്ത വിധം ചവുക്കാളും കൊടുത്തതിനു	൨ മാസത്തെ ബാർ ചങ്ങലകൊണ്ടു പൂട്ടി

തടവുകാരൻ കാശിച്ചെട്ടിയെപ്പററിയുള്ള ജെയിലറുടെ റിപ്പോർട്ടു.

യു. ററി. കാശിച്ചെട്ടി വളരെ ഉപദ്രവങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കുളിക്കുക, മലമൂത്രവിസർജ്ജനം ചെയ്യുക മുതലായ ആവശ്യങ്ങൾക്കുപോലും അയാളെ വെളിയിൽ കൊണ്ടുപോകുന്നതു വലിയ ഉപദ്രവമായി തീർന്നിരിക്കുന്നു. കഴിഞ്ഞ വെള്ളിയാഴ്ചദിവസം അയാൾ മൂത്രച്ചട്ടി മനഃപൂർവ്വമായി പൊട്ടിക്കുകയും മുറിവൃത്തികേടാക്കുകയും ചെയ്തു. കിടക്കയിലും വസ്ത്രത്തിലും മൂത്രവിസർജ്ജനം ചെയ്തു. ചോദ്യംചെയ്തപ്പോൾ അറിയാതെ ചെയ്തതാണെന്നു പറഞ്ഞു. കഴിഞ്ഞ രാത്രിയിലും അയാൾ ഇപ്രകാരംതന്നെ ചെയ്തു. കവാത്തുസമയത്തു ഇതിനെപ്പററി ചോദിച്ചപ്പോൾ അയാൾ ഇതു എല്ലാ രാത്രിയിലും ചെയ്യുമെന്നു പറഞ്ഞു. ഒരിക്കൽ അഴിച്ചുവിട്ടാൽ പിന്നെ അകത്തുകടക്കുന്നതിനു വിസമ്മതിക്കുന്നു. സാധാരണയായി അയാളെ മുറിയിൽ കയററുന്നതിനു ഒരുവാർഡന്റെ സഹായംമാത്രം മതിയാകുന്നില്ല. ജയിലിലെ അധികാരികളെ ഒരു പാഠം പഠിപ്പിക്കുന്നതിനു പിച്ചാത്തിയെക്കുറിച്ചും ചുരുട്ടിയ കൈയ്യെപ്പററിയുമാണു എപ്പോഴും സംസാരിക്കുന്നതു. അയാൾ തോന്ന്യാസക്കാരനും ഉപദ്രവംചെയ്യുന്നവനും ആയിരിക്കുന്നസ്ഥിതിക്കു സ്വഭാവത്തിൽ ആകപ്പാടെ ഒരു മാററംവരുന്നതുവരെ അയാളെ ചങ്ങലയിൽ ഇട്ടു സൂക്ഷിക്കേണ്ടതാണെന്നു ഞാൻ ബോധിപ്പിക്കുന്നു.

ഇ. രാമകൃഷ്ണയ്യർ, (ഒപ്പു)
ജയിലർ.

ഇതിന്മേലുള്ള സൂപ്രണ്ടിന്റെ ഉത്തരവു.

യു. ററി. ഒരു സിദ്ധാന്തിയും ദുഷ്ടനുമായി കാണപ്പെട്ടു. അവനു പലപ്രാവശ്യം മുന്നറിവുകൊടുത്തിട്ടും യാതൊരു ഫലവുമുണ്ടായിട്ടില്ല. ഒരു പ്രതിബന്ധമാർഗ്ഗമായി അവനെ ചങ്ങലയിൽ ഇടുക. അവൻ യാതൊരു അനാവശ്യവും ചെയ്യാതിരിക്കുന്നതിനു സൂക്ഷിക്കുക.

എം. പി. (ഒപ്പു)
സൂപ്രണ്ടു.
൧൮-൧൦-൧൧൦൧.

യു. ററി. ഉപദ്രവിയായിത്തീർന്നിരിക്കുന്നു. അയാൾ ഞായറാഴ്ചരാത്രിയിൽ ആഹാരംകഴിച്ചില്ല. തിങ്കളാഴ്ച ഞാൻ അയാളെ ആഹാരംകഴിക്കുന്നതിനും നല്ലനടത്തക്കാരനായിരിക്കുന്നതിനും പറഞ്ഞു. അയാൾ അതു വകവച്ചില്ല. അതിനാൽ ആഹാരം വായിൽക്കൂടി കടത്തുന്നതിനുള്ള സൂത്രംകൊണ്ടു ശക്തിപ്രയോഗിച്ചും അയാൾക്കു ആഹാരം കൊടുക്കുകയായിരുന്നു. വീണ്ടും രാത്രിയിൽ ആഹാരംകഴിക്കുന്നതിനു വിസമ്മതിച്ചു. രാവിലെ വേണ്ട ആഹാരം ബലംപ്രയോഗിച്ചു കൊടുത്തതുകൊണ്ടു രാത്രിയിൽ ഇപ്രകാരംചെയ്തില്ല.

ഇ. രാമകൃഷ്ണയ്യർ, (ഒപ്പു).
ജയിലർ.

(സൂപ്രണ്ടിന്റെ അതിന്മേലുള്ള ഉത്തരവു.)

തടവുകാരനെ ക്രമമായി സൂക്ഷിക്കുകയും അയാളുടെ നടത്തയെക്കുറിച്ചു അപ്പോഴപ്പോൾ റിപ്പോർട്ടുചെയ്യുകയും ചെയ്യുക.

എം. പി. (ഒപ്പു)
സൂപ്രണ്ടു.
൯-൩-൧൧൦൨.

ഡാക്ടർ ബലംപ്രയോഗിച്ചു യു. ററി. കാശിക്കു ഉദരകുഴൽമാർഗ്ഗം ചോറുകൊടുത്തു. അവനു കഴിയുന്നേടത്തോളം പ്രതിബന്ധം അവൻ ഉണ്ടാക്കി.

൧-൯ നും ൨-൯ നും മദ്ധ്യേ രാത്രിയിൽ ജയിൽ സന്ദർശിച്ചു. കാശിച്ചെട്ടിക്കു വളരെ വിശക്കുന്നു എന്നു പറഞ്ഞു. കുറെ പാൽ വേണമെന്നുപറയുകയാൽ ആശുപത്രിയിൽനിന്നും കുറേ പാൽകൊണ്ടുവന്നു എന്റെമുൻപിൽവച്ചു കൊടുത്തു.

ഇ. രാമകൃഷ്ണയ്യർ. (ഒപ്പു)
ജയിലർ,

ഇന്നലെമുതൽ യു. ററി. കാശി സ്വയമേവ ആഹാരംകഴിക്കാൻ തുടങ്ങിയിരിക്കുന്നു.

ഇ. രാമകൃഷ്ണയ്യർ, (ഒപ്പു)
ജയിലർ.

അനുബന്ധം ൯ ബി.

൨൦൯-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൯൪൯-ാംനമ്പർ കുററക്കാരൻ നാരായണപിള്ള മാതേവൻപിള്ള.
കുററം. തിരുവിതാംകൂർ പീനൽകോഡിന്റെ ൩൦൩-ാംവകുപ്പിന്റെ ഒടുവിലത്തെ ഭാഗം.
ശിക്ഷ. ൭ കൊല്ലത്തെ കഠിനതടവു. ൧൨-൩-൧൧൦൧.
ജയിലിൽ ചേർന്ന തീയതി ൧൧൦൧ മകരം ൨൨.

ജയിൽ കുററങ്ങൾ.

തിയതി.	കുററം.	ശിക്ഷ.
൧൧൦൧ കർക്കടകം ൧	ഹെഡ്‌വാർഡനെ ആക്ഷേപിച്ചതിനും വാർഡിൽ അങ്ങുമിങ്ങും നടന്നതിനും	൧൫ ദിവസത്തേക്ക ചങ്ങലകളും ൩ മണിക്കൂറനേരത്തേക്ക കൈവിലങ്ങും
൧൧൦൧ കർക്കടകം ൧൧	വേറൊരു തടവുകാരനെ അടികലശൽചെയ്തതിന്ന	ഒരുമാസത്തെ പ്രത്യേകമായി ഒരു മുറിയിൽ സൂക്ഷിപ്പ്.
൧൧൦൨ ചിങ്ങം ൧൭	ഒരു മൂർച്ചയുള്ള ഇരിമ്പു ഒളിച്ചുവച്ചതിനും ഹെഡ്‌വാർഡനെ അതുകൊണ്ടു ഭയപ്പെടുത്തിയതിനും വയ്ക്കാൻപറഞ്ഞിട്ട കേൾക്കാത്തതിന്ന	൨൪ അടി.
൧൧൦൨ കന്നി ൧൯	അയാളുടെ കത്തി എറിഞ്ഞുകളഞ്ഞതിന്ന	൭ ദിവസം വേറെമുറിയിൽ സൂക്ഷിപ്പ്.
൧൧൦൨ വൃശ്ചികം ൯	മേസ്ത്രിയെ അനുസരിക്കാതെയിരുന്നതിനും അധിക്ഷേപിച്ചതിന്ന	൩ ദിവസത്തെ ശിക്ഷാഹാരവും ൭ ദിവസത്തെ ഏകാന്തതടവും.

൧൧൦൨ വൃശ്ചികം ൧൩-ന്- ൯൯൮൮-ാംനമ്പർ കുററക്കാരനെപ്പററിയുള്ള ജയിലരുടെ റിപ്പോർട്ടിന്റെ പകർപ്പ്.

'സി' തോട്ടത്തിലെ ൯-ാംനമ്പർ വാർഡൻ രാവിലെയും ൩൪-ാംനമ്പർ വാർഡൻ ൧൧-൩-൦-നും ഞാൻതാമസിക്കുന്ന സ്ഥലത്തുവരികയും ൯൯൮൮-ാംനമ്പർ കുററക്കാരൻ രണ്ടാമതുപറഞ്ഞ വാർഡനെ ഒരുമൺവെട്ടികൊണ്ടു വെട്ടാൻഭാവിച്ചു എന്ന തെററിനെക്കുറിച്ചു പറയുകയുംചെയ്തു. എന്റെ അന്വേഷണത്തിൽ താഴെപ്പറയുന്ന സംഗതികൾ വെളിവായി. തോട്ടത്തിലെ ജോലി മിക്കവാറുംകഴിഞ്ഞത് ൧൦-൧൭ തോട്ടത്തിൽ ൩൪-ാംനമ്പർ വാർഡൻ ഗാർഡനിൽചെന്നു സി തോട്ടത്തിലുള്ള ചെറിയകുളത്തിന്റെ മുകളിലുള്ള കാട്ടിനെ മാററുന്നതിനായി ൮ പുള്ളികളെ വിളിച്ചു. ഈ കൂട്ടത്തിൽ ൯൯൮൮-ാംനമ്പർ കുററക്കാരനും ഉണ്ടായിരുന്നു. ഈകുററക്കാരൻ അയാൾക്ക ഈ ജോലിചെയ്യുവാൻപാടില്ലെന്നു പറഞ്ഞു. വാർഡൻ നിർബന്ധിച്ചു. അപ്പോൾ പുള്ളി അവൻ അതു ചെയ്യുകയില്ലെന്നും റിപ്പോർട്ടുചെയ്തുകൊള്ളുന്നതിനും പറഞ്ഞു. ഈ തടവുകാരന്റെ പൂർവചരിത്രത്തെ അറിഞ്ഞിരുന്നസ്ഥിതിക്ക വാർഡൻ അവിടെഅവസാനിപ്പിക്കയായിരുന്നുനല്ലത്. വാർഡൻ തടവുകാരന്റെനേരെ അടുത്തു, ഇതുഅവനെ ഉപദ്രവിക്കാനാണെന്നു അവൻമനസ്സിലാക്കിയിരിക്കാം. "അടിച്ചെങ്കിൽ പല്ല് ഉള്ളഇളകിയും" എന്നുതടവുകാരൻപറഞ്ഞു. ൩൪-ാംനമ്പർ വാർഡൻ ഇതുകൊണ്ടു പേടിക്കുന്നതുമല്ല. അയാൾപിന്നെയുംഅടുത്തു. അപ്പോൾ തടവുകാരൻ തന്റെ അടുക്കലുണ്ടായിരുന്ന മൺവെട്ടിയെ വാർഡനെഅതുകൊണ്ടു വെട്ടുന്നതിനെന്നു തോന്നിക്കുമാറു അടുത്തു. വാർഡൻസാമർത്ഥ്യത്തോടെ കുറച്ചു പുറകോട്ടുമാറി. ഒരുനിമിഷംകഴിഞ്ഞു വാർഡൻവീണ്ടും അടുക്കുന്നതിനുശ്രമിച്ചു. അപ്പോൾ ൨൦൩-ാംനമ്പർ തടവുകാരൻ പുറകിൽനിന്നു വന്നു ൯൯൮൮-ാംനമ്പർ തടവുകാരന്റെ കൈയ്യിൽനിന്നും മൺവെട്ടിയെ വാങ്ങിക്കയാൽ അയാളുടെ സ്ഥാനംതെററുകയും അയാൾ മറിഞ്ഞുവീഴുകയുംചെയ്തു. അതിനുശേഷം അയാളെഅവിടെനിന്നും മാററി ഒരുമുറിയിൽ അടച്ചു എത്രഉപദേശിച്ചിട്ടും അയാളെസംബന്ധിച്ചു ഒരുഫലവുംഉണ്ടായില്ല. അയാൾക്ക എളുപ്പത്തിൽകോപംവരും. അപ്പോൾ അയാൾ ഭയങ്കരനാകുകയും അപ്പോൾഎന്തെങ്കിലും പ്രവർത്തിക്കുകയുംചെയ്യും ഇതിനുമുൻപിൽ കയ്യിൽ ആയുധത്തോടുകൂടി ധിക്കാരം കാണിച്ചതിന് ശിക്ഷിച്ചിട്ടുണ്ട്. ഇയ്യാളെകഠിനമായി ശിക്ഷിക്കേണ്ടതാണ്.

ഇയ്യാളുടെ ദുർസ്വഭാവം അറിഞ്ഞിട്ടുണ്ടായിരുന്ന ൩൪-ാംനമ്പർ വാർഡൻ ചങ്ങലയില്ലാതിരുന്ന വേറെതടവുകാർ ഉണ്ടായിരുന്നപ്പോൾ ഇയ്യാളെകാട്ടു തെളിക്കുന്നതിന്ന തിരഞ്ഞെടുത്തതു തെററായിപ്പോയി. ആ സ്ഥലത്തു കാലിൽചങ്ങല ഇട്ടുകൊണ്ടു പോകുന്നതു പ്രയാസമാണെന്നുകാണാം. അയാളെ ആ സ്ഥലത്തേക്ക പോകുന്നതിന്ന ശക്തിപ്രയോഗിച്ചു നിർബന്ധിച്ചതു ആപത്തിനെ ഉളവാക്കുന്ന സംഗതി ചെയ്യുന്നതിന്ന നിർബന്ധിക്കുന്നതിൽ ഒട്ടുംകുറവല്ലായിരുന്ന ഒരുപ്രവൃത്തിയായിരുന്നു.

ഈ. രാമകൃഷ്ണയ്യർ, (ഒപ്പ്)
ജെയിലർ.

ഇതിന്മേലുള്ള സൂപ്രണ്ടിന്റെ ഉത്തരവു.

ധിക്കാരത്വം ഉള്ളഒരാളാകുന്നു തടവുകാരൻ. അയാൾ ഒരുദുഷ്ടനും മുൻകോപിയും ആണെന്ന് തെളിഞ്ഞുകഴിഞ്ഞു. മററുള്ളവരോടുകൂടി അയാളെഅയക്കുന്നതു ആപൽക്കരമാണെന്ന് കാണപ്പെട്ടിട്ടുണ്ട്. അയാളുടെകാലിൽ ചങ്ങലകളോടുകൂടി എപ്പോഴും അയാളെ ഒരുമുറിയിൽ സൂക്ഷിക്കണം. അയാൾക്ക വേലകൊടുക്കണം ജയിലർ അയാളുടെ ജോലിദിവസേന പരിശോധിക്കണം ആപത്തൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ ഈപ്രാവശ്യം ദേഹദണ്ഡം ശിക്ഷവിധിക്കുന്നില്ല. എല്ലാഉദ്യോഗസ്ഥന്മാരും ഇയ്യാളെ ശ്രദ്ധയായിസൂക്ഷിക്കണം. ഒരുവാർഡൻഎപ്പോഴും അയാളുടെ കൂടെഉണ്ടായിരിക്കണം.

ഇത്രഅപകടമുള്ള ഒരുപുള്ളിയുമായി പെരുമാറുന്നതിൽ ൩൪-ാംനമ്പർ വാർഡൻ ആലോചനാപൂർവ്വം പ്രവർത്തിച്ചിട്ടില്ല.

൧൧൦൨ വൃശ്ചികം ൧൭-ന്-.

എം. പി. ഒപ്പ്).
സൂപ്രണ്ടന്റ.

അനുബന്ധം ജ.

൨൦൭-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

തിരുവനന്തപുരത്തെ സ്ത്രീകൾക്കുള്ള കാളേജിൽ ഇന്റർമീഡിയേററ ക്ലാസിൽ രണ്ടാംവകുപ്പും ബി. എ. ക്ലാസിൽ ൩-ാംവകുപ്പും അനുവദിക്കുന്നതിനായി അപേക്ഷിച്ചപ്പോൾ സ്ഥലത്തുചെന്നു അന്വേഷണംനടത്തുന്നതിനു സിൻഡിക്കേററു നിയമിച്ചകമ്മിഷന്റെ റിപ്പോർട്ടിന്റെ സംക്ഷിപ്തം.

൧. തിരുവനന്തപുരത്തെ സ്ത്രീകൾക്കുള്ള കാളേജിൽ ജൂനിയർ ഇന്റർമീഡിയേററ ക്ലാസിൽ ൨-ാംവകുപ്പും ജൂനിയർ ബി. എ. ക്ലാസിൽ ൩-ാംവകുപ്പും അനുവദിക്കുന്നതിനുള്ള അപേക്ഷ അനുസരിച്ചു സ്ഥലത്തുചെന്നു അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനായി ൧൯൨൭ ഏപ്രിൽ ൨-നു-യിലെ ൪൧൧൪-ാംനമ്പർ എഴുത്തനുസരിച്ചു ഞങ്ങൾ താഴെപറയുന്ന വിധം റിപ്പോർട്ടുചെയ്തുകൊള്ളുന്നു,

൨. ൧൯൨൭ ഏപ്രിൽ ൨൫-നു ഞങ്ങൾകാളേജു സന്ദർശിച്ചു ഉച്ചക്കു ൨ മണിമുതൽ ൪ മണിക്കൂർ ഞങ്ങൾ ഇതിനായി വിനിയോഗിച്ചു. രാവിലെ കമ്മിഷന്റെ അംഗങ്ങൾഎല്ലാപേരും ഒന്നിച്ചുകൂടുകയും സന്ദർശനത്തിന്റെ പ്രാരംഭമായി കൺവീനറും പ്രിൻസിപ്പാളും സർവകലാശാലക്കു വിദ്യാഭ്യാസ ഡയറക്ടരും അയച്ചുകൊടുത്തിട്ടുള്ള അടിസ്ഥാനങ്ങളേയും ഉപയുക്തങ്ങളായ മററുള്ള പ്രമാണങ്ങളേയും ഞങ്ങൾ സൂക്ഷ്മം നോക്കി. ഈ ആലോചന മൂന്നുമണിക്കൂറോളം ഉണ്ടായിരുന്നു.

൩. പ്രിൻസിപ്പാൾ മിസ്സ്. ഡി. എച്ച്. വാട്സ് ബി. എ. യും തിരുവിതാംകൂർ വിദ്യാഭ്യാസമേലദ്ധ്യക്ഷനായ മിസ്റ്റർ ജെ. സ്റ്റീഫൻസൺ ബി. എസ്. സി. യും ഞങ്ങളെസ്വീകരിക്കുകയും കാളേജുസ്ഥലങ്ങളും കെട്ടിടങ്ങളും ഞങ്ങൾക്കു കാണിച്ചുതരികയുംചെയ്തു. പ്രിൻസിപ്പാളിന്റെ മേൽനോട്ടത്തിലുള്ള കാളേജ്‌വക വിദ്യാർത്ഥിമന്ദിരവും അവർ ഞങ്ങൾക്കുകാണിച്ചുതന്നു.

൪. ഇതിനുമുമ്പു ഒരുതീയതി ഞങ്ങൾ അഭിപ്രായപ്പെട്ടപ്പോൾ പ്രിൻസിപ്പാളിനു അതു സൌകര്യമല്ലായ്കയാൽ ഇതിനുമുമ്പു ഇതിനെസന്ദർശിക്കുന്നതിനു ഞങ്ങൾക്കുകഴിഞ്ഞില്ല.

൫. ഞങ്ങളുടെ അന്വേഷണത്തിന്റെ പ്രധാനഫലങ്ങൾ താഴെചേർക്കുന്നു.

൬. പൂർവചരിത്രം ഞങ്ങളുടെറിപ്പോർട്ടിനെ ശരിയായിട്ടു മനസിലാക്കുന്നതിനും ശ്ലാഘ്യകരമായി ഒരുപരിശോധന നടത്തേണ്ടതായി ഞങ്ങൾക്കുതോന്നിയ കാരണം കാണിക്കുന്നതിനും ആയി ഈ കാളേജിന്റെ പൂർവ്വചരിത്രത്തിന്റെ ഏതാനുംസംഗതികൾ പറയേണ്ടതു അത്യാവശ്യമാകുന്നു. ഈ സ്ഥാപനം ൧൮൯൯-ൽ ആദ്യമായി ഒരു ൨-ാംഗ്രേഡ് കാളേജായി സർവകലാശാലയോടു സംഘടിപ്പിക്കപ്പെട്ടു. ൧൯൦൪-ലെ ഇൻഡ്യൻ സർവകലാശാലനിയമം പാസായതിന്റെശേഷം പുതിയതായി രൂപീകരിച്ച ഇന്റർമീഡിയേററ ക്ലാസിൽ ൧-ാംഗ്രൂപ്പിലും ൩-ാംഗ്രൂപ്പിലും (മലയാളം, രണ്ടുചരിത്രങ്ങൾ. തർക്കശാസ്ത്രം) ഈ കാളേജ് മദ്രാസ്‌സർവകലാശാലയോടു സംഘടിപ്പിക്കപ്പെട്ടതായി വിചാരിക്കപ്പെടുമെന്നു ആ സമയത്തു കൊടുത്ത അനുമതിഅനുസരിച്ചു തിരുവിതാംകൂർ ദിവാൻ സർവകലാശാലക്കു എഴുതിഅയച്ചു. കലാശാല ഇതുസമ്മതിക്കുകയും മുൻപറഞ്ഞ ഗ്രൂപ്പുകളിൽ അപ്പോഴോ അതിനുമുമ്പോ വേണ്ടപരിശോധനചെയ്യാതെ അനുവാദം നൽകുകയുംചെയ്തു. ൩-ാംഗ്രൂപ്പുവച്ചുകൊണ്ടുമാത്രം കാളേജുനടത്തിക്കൊണ്ടിരുന്നു. ൧൯൨൩-ാമാണ്ടുവരെ ൧൬ കൊല്ലത്തോളം ൧-ാംവകുപ്പുണ്ടായില്ല. ൧൯൦൭-ലെ അനുമതി അനുസരിച്ചു ൧൯൨൩ ജൂൺമുതൽ ഈ വകുപ്പിൽ അദ്ധ്യയനം തുടങ്ങുമെന്നു ൧൯൨൩ ഫെബ്രുവരിമാസത്തിൽ രജിസ്ട്രാർക്കു എഴുതി. അപ്രകാരം ക്ലാസു തുടങ്ങുകയും ചെയ്തു സർവകലാശാല വിസമ്മതിച്ചുമില്ല. അടുത്തകാലത്തു ൩-ാംഗ്രൂപ്പിൽ സംസ്കൃതത്തിൽ അദ്ധ്യയനം നടക്കുന്നതിനു തയ്യാറാണെന്നു കാളേജ് അറിയിച്ചകാലത്തു ഇപ്പോൾ ഞങ്ങളിൽ ഒരാളായ ഒരു കമ്മിഷൻമുഖാന്തരമായിട്ടുള്ള ഒരു സ്ഥലപരിശോധനയല്ലാതെ ഒരു കമ്മിഷനും ഇന്നുവരെ യാതൊരു ഘട്ടത്തിലും ഈ കാളേജുസന്ദർശിച്ചിട്ടില്ല. സർവകലാശാലയുമായി സംഘടിപ്പിക്കുന്നതിനു അനാവശ്യമായ സംഗതികൾ ഉണ്ടോ എന്നു പരിശോധിക്കുന്നതിനു സർവകലാശാലയ്ക്കു ഇതേവരെ ഈ വിധത്തിൽയാതൊരുസൌകര്യവും സിദ്ധിച്ചിട്ടില്ല.

൭. അഞ്ചുവർഷത്തിലൊരിക്കലുള്ള സർവകലാശാലക്കമ്മിഷൻ ഈ കാളേജിനെ ൧൯൧൮ സെപ്തംബർമാസത്തിൽ സന്ദർശിക്കുകയും അതിന്റെ റിപ്പോർട്ടു കൊടുക്കുകയും അതിനെ കാളേജ് അധികാരികൾക്കു അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ൧൯൧൮-ൽ പ്രത്യക്ഷമായ കുറവുകൾ മാററമില്ലാതെയിരുന്നു. അവയെ കാളേജ് ഭരണാധികാരികൾ ശരിയാക്കിയില്ല എന്നു കാണിക്കുന്നതിനായി ഞങ്ങളുടെ ഈ റിപ്പോർട്ടിന്റെ പല ഭാഗങ്ങളിലും ൧൯൧൮-ലെ ഈ റിപ്പോർട്ടിനെപ്പററി പ്രസ്താവിക്കേണ്ടതായിവരും.

൮. ഭരണം. ഈ കാളേജ് ഒരു ഗവർമ്മെന്റു സ്ഥാപനമാകുന്നു. ഇതിന്റെ ഭരണം തിരുവനന്തപുരത്തുള്ള വിദ്യാഭ്യാസ മേലദ്ധ്യക്ഷന്റെ മേൽനോട്ടത്തിലാകുന്നു നടത്തുന്നതു. പ്രിൻസിപ്പാളിന്റെ ചുമതല ഇദ്ദേഹത്തിനോടാകുന്നു. അന്തർഭരണത്തിൽ പ്രിൻസിപ്പലിനു പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നു ഞങ്ങൾ അറിയുന്നു. കാളേജ്‌വകയായി ഒരു സഭ ഇല്ല. തിരുവിതാംകൂർ ഗവർമ്മെന്റിനാൽ നടത്തപ്പെടുന്ന സയൻസുകാളേജിലും ആർട്ട്സു കാളേജിലും ഉള്ളതുപോലെ ഒരു സഭ ഈ കാളേജ് ഒന്നാംഗ്രേഡായി ഉയർത്തുമ്പോൾ നിശ്ചയമായും സ്ഥാപിക്കേണ്ടതായിട്ടുണ്ട്, അങ്ങിനെ സ്ഥാപിക്കുകയുംചെയ്യും.

൯. കെട്ടിടവും സ്ഥലസൌകര്യവും ൧൯൧൮-ലെ കമ്മിഷൻ അഭിപ്രായപ്പെട്ടിട്ടുള്ളതു "ഇപ്പോൾ വേണ്ടിടത്തോളം സ്ഥലമുണ്ടെന്നു പറയാൻ തൃപ്തിയില്ലെന്നാണ്. അദ്ധ്യാപകന്മാരുടെ സ്വന്ത ഉപയോഗത്തിനായി മുറികൾ ഇല്ല പൊതുവായി ഒരു മുറിയില്ല. അദ്ധ്യാപകന്മാർ പുരുഷന്മാരും സ്ത്രീകളും അവരുടെ സ്വസ്ഥ സമയങ്ങളിൽ വായനശാല മുറിയിൽ ഇരിക്കുന്നു. ഈ ഏർപ്പാടു നിശ്ചയമായും ആക്ഷേപാർഹമാകുന്നു. ൧൯൧൮-ൽ ഇപ്പോഴത്തെ സയൻസുകാളേജ് സ്ഥിതിചെയ്യുന്നതിനടുത്തുള്ള ഒരു കെട്ടിടത്തിൽ സ്ത്രീകൾക്കുള്ള ഹൈസ്കൂളുമൊന്നിച്ചായിരുന്നു കാളേജ് നടത്തിവന്നതു. അതിൽപിന്നീടു കാളേജും ഹൈസ്കൂളും വേർതിരിക്കപ്പെട്ടു. "തെക്കോട്ടു സ്ഥിതിചെയ്യുന്നതും ആർട്ട്സകാളേജിൽനിന്നു അധികം ദൂരമല്ലാത്തതും ആയ ഇപ്പോഴത്തെ കെട്ടിടങ്ങളിലേക്കു കാളേജ് മാററിയിരിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സ്ഥലസൌകര്യത്തെ സംബന്ധിച്ചടത്തോളം വലിയ വിശേഷം ഒന്നുംഇല്ല. ഇപ്പോൾ കാളേജു ഇരിക്കുന്ന കെട്ടിടം ഈ കാളേജു അതിലേക്കു മാററുന്നതുവരെ ഡർബാർഫിസിഷ്യന്റെ ബംഗ്ലാവായിരുന്നു, ശബ്ദവും ധൂളിയും ഏൽക്കാത്ത മദ്ധ്യഭാഗ

ത്തുള്ള അതിന്റെ സ്ഥിതികൊണ്ടു കാളേജിനു ഗുണം സിദ്ധിക്കുന്നുണ്ട്. എങ്കിലും ഒരു കാളേജിന്റെ ആവശ്യങ്ങൾക്കു അതു് ഒട്ടും തന്നെ മതിയാകുന്നില്ല.

൨൦. ഇപ്പോഴത്തെ സ്ഥലത്തേക്കു മാറിയതിന്റെശേഷം ഗ്രാഡുവേറ്റുക്ലാസ്സിൽ വേണ്ട ക്ലാസ്സുകളും തുടങ്ങിയിട്ടുണ്ടു്. വിദ്യാർത്ഥികളുടെ സംഖ്യയും മുമ്പിലത്തേതിനേക്കാളും വർദ്ധിച്ചിട്ടുണ്ട്.

ഈ കാരണത്താലും ക്രമേണ ക്ലാസ്സുകൾ ഇവിടെ തുടങ്ങണമെന്നു ആലോചിക്കുന്നതിനാലും കെട്ടിടങ്ങളും മുറികളും ഞങ്ങൾ സൂക്ഷ്മമായി പരിശോധിച്ചു. ഇപ്പോൾ അനുമതി ലഭിച്ചിട്ടുള്ള ഒന്നും, മൂന്നും ഗ്രൂപ്പുകൾക്കു വേണ്ടതായ ആവശ്യങ്ങൾക്കുതന്നെ ഇപ്പോഴുള്ള സ്ഥലം മതിയാകയില്ലെന്നു പറയേണ്ടിവരുന്നതിനാൽ ഞങ്ങൾ വ്യസനിക്കുന്നു. ഉപയോഗത്തിനു ലഭ്യമായിട്ടുള്ള മുറികളുടെ എണ്ണത്തെയും അവയുടെ യോഗ്യതയേയുംപറ്റി ചിന്തിക്കുമ്പോൾ ഇന്നത്തെ ഇതിന്റെ അവസ്ഥ ഇക്കാലത്തെ ആവശ്യത്തിനു യോജിച്ചതല്ലെന്നു കാണാവുന്നതാണ്. താഴെപറയുന്ന സംഗതികൾകൊണ്ടു ഇതു വെളിവാകും.

(൧) ജൂനിയർ ഇൻഡർമീഡിയെററ ക്ലാസിൽ ഇപ്പോൾ ൭൦ വിദ്യാർത്ഥികൾ ഉണ്ടു. ഇടുങ്ങിയതും വായുസഞ്ചാരമില്ലാത്തതും ൩൩ അടിനീളം ൨൦ അടിവീതിയുള്ളതും ആയ ഒരു മുറിയിലാണ് ഇംഗ്ലീഷ് ചരിത്ര ക്ലാസുകൾ നടത്തപ്പെടുന്നതു്.

(൨) സീനിയർ ഇൻറർമീഡിയററിന്റെ ഇംഗ്ലീഷ് ചരിത്രക്ലാസുകളുടെ സ്ഥിതി ഒട്ടും മെച്ചമല്ല, ഇതു മുൻപിലത്തതിലും ചെറുതാകുന്നു. ൪൨ അടി നീളവും ൨൦ അടി വീതിയും മാത്രമേ ഇതിനൊള്ളൂ. മറേറതിനെപ്പോലെ ഇതും വായുസഞ്ചാരമില്ലാത്ത മുറിയാകുന്നു. കാർമേഘശൂന്യവും പ്രസന്നവുമായ ഏപ്രിൽ മാസത്തിലെ പകൽ രണ്ടു മണിക്കപോലും ക്ലാസിന്റെ ആവശ്യത്തിനു വേണ്ട വെളിച്ചം ഉണ്ടായിരുന്നില്ല. സാധാരണ സമയങ്ങളിലും കാലവർഷങ്ങൾ ഉള്ളപ്പോളും അവ ഞങ്ങൾ കണ്ടതിനേക്കാളും കൂടുതൽ ഇരുട്ടുള്ളവയായിരിക്കുന്നതാണ്. അവയെ ക്ലാസുമുറികളായി വച്ചുകൊണ്ടിരിക്കുന്നതു ആക്ഷേപാർഹമാകുന്നു.

(൩) ൨൭ അടി നീളം ൧൪ അടി വീതിയുമുള്ള ഒരു താണ മുറിയിലാണ് സംസ്കൃതക്ലാസുകൾ നടത്തപ്പെടുന്നതു്. ൧൯ അടി നീളം ൮ അടി വീതിയുമുള്ള ഒരു വരാന്തയിലാണ് തമിഴ് ക്ലാസ് ഇരുത്തിരിക്കുന്നതു്. സംഖ്യാബലമുള്ള മലയാളക്ലാസുകൾ ൨൦ അടിനീളവും ൨൪ അടി വീതിയുമുള്ള അടുത്തുള്ള ഒരു ചെറിയകെട്ടിടത്തിൽ ഇരുത്തിരിക്കുന്നു. വെളിച്ചത്തിന്റെ കാര്യത്തിൽ ഈ മുറികൾക്കും വലുതായ പോരായ്മയുണ്ട്.

(൪) നീളമുള്ളതും ഇടുങ്ങിയതുമായ ഒരു പ്രത്യേക കെട്ടിടത്തിലാണ് കെമിസ്റ്ററി ലാബറേററി സ്ഥിതിചെയ്യുന്നതു്, ഈ വിഷയത്തെസംബന്ധിച്ച പ്രസംഗമുറിയും അതുതന്നെയാണ്. ൨൦ അടിനീളവും ൨൪ അടി വീതിയുമുള്ള ഒരു മുറിയിലാണ് ഫിസിക്സ് ലാബറേററി സ്ഥിതിചെയ്യുന്നതു്. ഇതിന്റെസമീപത്തുള്ള രണ്ടു ചെറിയ മുറികളിലാണ് ഫിസിക്സ് ക്ലാസ്സും ഗണിതക്ലാസ്സും നടത്തപ്പെടുന്നതു്.

(൫) ൨൭ അടി സമചതുരമുള്ളതും ചെറിയതും സൂര്യരശ്മി തട്ടാത്തതെന്നു പറയേണ്ടതുമായ ഒരു ചെറിയമുറിയിലാണ് ഗ്രന്ഥശാല. അടുത്തുള്ള ഒരു വരാന്ത വായനശാലയായി ഉപയോഗിക്കുന്നു. ഇതു് അദ്ധ്യാപകന്മാരുടെ വിശ്രമത്തിനുള്ള മുറിയായി അവർക്കും, അദ്ധ്യേതാക്കളുടെ വിശ്രമസമയങ്ങളിൽ അവർക്കും ഉപയോഗിക്കേണ്ടതായിട്ടുണ്ട്.

(൬) പ്രാസംഗികന്മാർക്ക സ്വന്തമായും പൊതുവായും മുറികൾ ഇല്ലാത്തതിനെപ്പററി ൧൯൧൪-ലെ കമ്മീഷൻ ആക്ഷേപം പുറപ്പെടുവിച്ചിട്ടുണ്ട്. പുരുഷന്മാരായ പ്രാസംഗികന്മാർക്ക പ്രത്യേകമായോ പൊതുവായോ ഇപ്പോൾ മുറിയില്ല. അദ്ധ്യാപികമാർക്കും പ്രത്യേകം മുറിയില്ല. എന്നാൽ എല്ലാവർക്കുംകൂടി പൊതുവായി ഉപയോഗിക്കുന്നതിനു ചെറിയ ഒരു മുറിയുണ്ട്. അതിൽ മൂന്നു കസേരമാത്രമേ ഇടാൻ സാധിക്കയുള്ളൂ.

(൭) സ്ഥലസൌകര്യം ഇത്ര ദുർലഭമായിരിക്കുന്ന സ്ഥിതിക്ക വിദ്യാർത്ഥികൾക്ക പൊതുവായ മുറിയില്ലെന്നു പറയേണ്ട ആവശ്യമില്ല. വിശ്രമസമയങ്ങളിൽ വിദ്യാർത്ഥിനികൾക്ക അദ്ധ്യാപകന്മാരോടും അദ്ധ്യാപികമാരോടുംകൂടി ഒന്നിച്ചു ചുരുങ്ങിയനിലയിൽ മാത്രം ഇപ്പോഴുള്ള പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുപോലും സ്ഥലമില്ലാത്ത വായനശാലയിലേക്കു തിങ്ങിക്കയറേണ്ടിയിരിക്കുന്നു.

൨൧. ഇപ്പോഴുള്ള ആവശ്യങ്ങൾക്കുപോലും സ്ഥലസൌകര്യം ദുർലഭമാണെന്നു ഇതുകൊണ്ടു വെളിവാകുന്നതാണു. ഇത്ര ക്ലിഷ്ടമായ സ്ഥലസൌകര്യങ്ങളോടുകൂടി ആദ്യമായി അനുവാദത്തിനു അപേക്ഷിക്കയായിരുന്നവെങ്കിൽ ഏതെങ്കിലും ഒരു കമ്മീഷൻ ആ അപേക്ഷയോടു യോജിക്കുമായിരുന്നോ എന്നു സംശയമായിരുന്നു. വാസ്തവം ഈവിധമാണെങ്കിലും ബി. എ.യ്ക്കു രണ്ടു ഗ്രൂപ്പുകൾക്കും ഇൻറർമീഡിയേററ രണ്ടാംഗ്രൂപ്പിനും അനുമതി നൽകുന്നതിനു ഈ അടിസ്ഥാനത്തിൽ അപേക്ഷ അയച്ചിരിക്കുന്നു. രണ്ടാംഗ്രൂപ്പ് തുടങ്ങുകയാണെങ്കിൽ പ്രകൃതിശാസ്ത്രത്തിന്റെയും രസതന്ത്രത്തിന്റെയും ക്ലാസ്സുകൾ അവയെ ഇപ്പോൾ നടത്തിവരുന്ന ക്ലാസ്സുകളിലും ലാബറേററി നടത്താൻ പ്രയാസമായിരിക്കും. കൂടാതെ ബോട്ടണിക്ലാസ്സിനും സുവോളോജിക്ലാസ്സിനുംകൂടി കൂടുതൽ രണ്ടു മുറികൾ ആവശ്യപ്പെട്ടു അടുത്ത ജൂൺമാസത്തിലേയ്ക്കു ഇവ എങ്ങിനെയാണ് ഉണ്ടാക്കുന്നതെന്നു ഞങ്ങൾ ചോദിച്ചപ്പോൾ പ്രിൻസിപ്പാളിന്റെ ആഫീസ് മുറി പ്രകൃതിശാസ്ത്ര ഗ്രൂപ്പിനു കൊടുക്കാൻ അവർ ഉദ്ദേശിക്കുന്നുഎന്നും അവർ ഞങ്ങളോടു മറുപടിപറഞ്ഞു. പക്ഷെ ആ മുറി ആവശ്യത്തിനു ഉതകുന്ന ഒന്നല്ല. കാളേജിൽ ഇപ്പോഴുള്ളതിൽ വലിയതും ഏററവും വിസ്താരമുള്ളതും ഭംഗിയുള്ളതും ഇപ്പോൾ കാളേജിലെ എല്ലാവരും ഒന്നിച്ചു കൂടുന്നതിനും സംഗീതത്തിനും ഡ്രില്ലിനും ഉപയോഗിക്കുന്നതുമായ ഏക മുറിയെ ഈ കാര്യത്തിലേക്കു വിട്ടുകൊടുക്കാമെന്നായിരുന്നു അഭിപ്രായമെങ്കിൽ സസ്യശാസ്ത്രത്തിന്റെയും മൃഗശാസ്ത്രത്തിന്റെയും ആവശ്യം മാത്രം ആലോചിക്കുമ്പോൾ ഈ അഭിപ്രായത്തിനു വലിയ ആക്ഷേപം ഉണ്ടാകുകയില്ലായിരുന്നു. എന്നാൽ കാളേജിലുള്ള എല്ലാപേരും ഒന്നിച്ചുകൂടുന്നതിനു ഒരു മുറി വേറെയില്ലാതിരിക്കുന്ന സ്ഥിതിക്ക ഈ മുറി ഒഴിയാൻ പ്രയാസം. ഇപ്പോൾ ആ മുറി നിർവഹിക്കുന്ന ആവശ്യങ്ങൾക്ക ഉടനെ ഇത്രയുംതന്നെ വലിപ്പമുള്ള ഒരു മുറി ഉണ്ടാക്കാൻ കഴിഞ്ഞാൽ മാത്രമേ ഇതു പ്രകൃതിശാസ്ത്രത്തിന്റെ ആവശ്യത്തിലേക്കായി കൊടുക്കാൻ നിവൃത്തിയുള്ളു.

൨൨. പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന ബി. എ. ക്ലാസ്സുകൾക്ക പ്രിൻസിപ്പാൾ ഇപ്പോൾ സ്വകാര്യങ്ങൾക്കായും വിശ്രമത്തിനായും ഉപയോഗിച്ചുവരുന്നതും ൨൦ അടി നീളം ൨൪ അടി വീതി വരുന്നതുമായ

രണ്ടു മുറികളെ വിട്ടുകൊടുക്കണമെന്നു പറയുന്നു. പൊതുവായി ഒരു മുറിയോ വിശ്രമമുറിയോ ഇല്ലാത്തതിനാലുള്ള അദ്ധ്യാപകന്മാരുടെ അസൌകര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അവരാണ് ഏതെങ്കിലും മുറി കിട്ടുമെങ്കിൽ അതിനു അവകാശികൾ എന്നു ഞങ്ങൾ വിചാരിക്കുന്നു. പുതിയതായി ക്ലാസ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നതിനുമുമ്പു വാദ്ധ്യാന്മാരുടെ ആവശ്യങ്ങൾ നിറവേററണ്ടിയിരിക്കുന്നു; എന്നുമാത്രമല്ല, ഞങ്ങളെ കാണിച്ച രണ്ടു മുറികളും ബി. ഏ. ക്ലാസ്സിന്റെ ആവശ്യത്തിനു മതിയാകുന്നവയല്ല. ന്യൂ-ാംഗ്രൂപ്പിനു കൂട്ടമായി രണ്ടു മുറികൾ കൂടി ആവശ്യമുണ്ടു—ഒന്നു സംസ്കൃതത്തിനും മറെറാന്നു മലയാളത്തിനും—ഇതുപ്രകാരം നാലുമുറികളെങ്കിലും മുറികൾ അധികം വരുമെന്നു ഞങ്ങൾ കണ്ടതിൽനിന്നും ഞങ്ങൾക്കു തോന്നിയില്ല. പുതിയതായി പണി ചെയ്യുന്ന കെട്ടിടങ്ങളെക്കുറിച്ചു ഞങ്ങളോടു പറയുകയുണ്ടായി. ൧൦൯൮ ഇടവ മാസം—ഇതുവരെ ഒരു കെട്ടിടത്തിനും— മുതൽക്കു ഈ പുതിയ കെട്ടിടത്തിലുള്ള രണ്ടുമൂന്നു മുറികൾ ഉപയോഗിക്കാവുന്നവിധമായിരിക്കുമെന്നു പറയുന്നു. ൧൦൯൦-ാമാണ്ടിനുമുമ്പു ഈ കെട്ടിടം പൂർത്തിയാകയില്ലെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. പുതിയ ക്ലാസ്സുകൾ തുടങ്ങുന്നതിനെ സാധ്യമാക്കുന്നതിന് ഏററവും അത്യാവശ്യമായി വേണ്ടതിൽ ഒരു അംശമെങ്കിലും പ്രിൻസിപ്പാൾ ബി. ഏ. ഇന്റർമീഡിയേററ ക്ലാസ്സുകൾ തുടങ്ങണമെന്നുദ്ദേശിക്കുന്ന അടുത്ത ഇടവമാസത്തിൽ ഉണ്ടായിരിക്കയില്ലെന്നുള്ളതു പ്രത്യക്ഷമാകുന്നു.

൫൩. പഠിപ്പിക്കുന്നവർ. ൧൯൧൪-ലെ സർവകലാശാല കമ്മീഷൻ കാരെ അദ്ധ്യാപകന്മാർ ഈ സ്കൂളിൽ ജോലിനോക്കിക്കൊണ്ടിരിക്കുന്നതു കാണുകയും ഈ സമ്പ്രദായത്തെ അധിക്ഷേപിക്കുകയും ചെയ്തു. അവർ പറഞ്ഞതാവിതു "അദ്ധ്യാപകന്മാരെ പെൺപള്ളിക്കൂടത്തിൽ ജോലിചെയ്യിപ്പിക്കുന്ന ഏർപ്പാടിനെ ഞങ്ങൾ ആക്ഷേപിച്ചാലും കൂടുതലായിപ്പോകയില്ല. ഇപ്പോഴത്തെ ഏർപ്പാടിനെ മാററുന്നതിനു വേണ്ടതു ഉടൻ പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു" ഈ ആക്ഷേപം ന്യായമായിട്ടുള്ളതാണ്. എന്നാൽ സ്ത്രീകൾക്കു ഒരു പ്രത്യേക കാളേജ് വേണമെന്നുള്ളതിന്റെ സാധൂകരണവും രണ്ടുകൂട്ടരും ഒരു സ്കൂളിൽ അദ്ധ്യാപനവൃത്തി ചെയ്യുന്നതിൽ ശക്തിയില്ലാതെയിരുന്നു. ഇതിനുപിന്നിട്ടുള്ള ൯ കൊല്ലങ്ങൾക്കിടയിൽ മിക്കവാറും എല്ലാ ശാഖകളിലും സ്ത്രീകൾ എം. ഏ. പരീക്ഷയിലും ബി. ഏ. പരീക്ഷയിലും ജയിച്ചിട്ടുണ്ട്. പഠിപ്പിക്കുന്നതിനു തക്ക യോഗ്യതയുള്ളവരെയും ലഭിക്കുന്നതാണ്. കാര്യങ്ങൾ ഈ സ്ഥിതിയിൽ ഇരുന്നിട്ടും പ്രിൻസിപ്പാളിനെ ഒഴിച്ച് ഫാ. ജോലികൾ പഠിപ്പിക്കാനുള്ളവരിൽ ഏകദേശം പേരോളം പുരുഷന്മാരാകുന്നു. എന്നുമാത്രമല്ല ഇവരിൽ ചിലർ തമിഴും മലയാളവും പഠിക്കുന്നവർ അവരുടെ വിഷയങ്ങളിൽ ബി. ഏ. ബിരുദധാരികളോ അവരുടെ ഭാഷയിൽ പൊതുസ്ഥപരീക്ഷാബിരുദമോ സമ്പാദിച്ചിട്ടുള്ളവരോ അല്ല. യോഗ്യതയുള്ള സ്ത്രീകളെ ഇവരുടെ സ്ഥാനം നിഷ്പ്രയാസം നിയമിക്കാം; എന്നാൽ അങ്ങിനെ ചെയ്തിട്ടില്ലെന്നുള്ളതു പരമാർത്ഥമാണ്.

൫൪. അംഗീകരണത്തിനുള്ള അപേക്ഷയോടുകൂടി അയച്ചിരിക്കുന്ന മെമ്മോറാണ്ഡത്തിൽ പ്രൊഫസർ നിയമിക്കാനുദ്ദേശിക്കുന്ന ആളുകളുടെ വിവരങ്ങൾ അടങ്ങിയിട്ടുണ്ടു. അതിൽ ഗുണകരമായ ചില നിർദ്ദേശങ്ങൾ ചെയ്യാൻ സാധിക്കുന്നതാണ്. ഇപ്പോൾ അദ്ധ്യാപകവൃത്തി ചെയ്യുന്ന സ്ത്രീകളുടെ യോഗ്യതകൾ നോക്കുമ്പോൾ വിശേഷിച്ചും അപ്രകാരം ചെയ്യേണ്ടുന്നതാണ്. എന്തെന്നാൽ, അവരിൽ രണ്ടുപേർ മാത്രമെ രണ്ടാംക്ലാസിൽ ആണേഴ്സ് ഡിഗ്രി സമ്പാദിച്ചിട്ടുള്ളു. പ്രിൻസിപ്പാൾ ഉൾപ്പെടെ അവരിൽ ആരുംതന്നെ ബി. ഏ. ക്ലാസിൽ ഒരിക്കലും പഠിപ്പിക്കാത്തവരാണ്. എങ്കിലും രണ്ടുസംഗതികളെ ഉദ്ദേശിച്ചിട്ടുള്ളതായ നിയമങ്ങളെ പ്രത്യേകമായി ചെയ്തിട്ടുള്ള നിയമത്തെ സ്വീകരിക്കുന്നതിനു ഞങ്ങൾ തയ്യാറാണ്. ഒന്നാമതായി അദ്ധ്യാപകന്മാരുടെ ഒഴിവിലോ ആൺ പ്രസംഗികരെ നീക്കി പെൺപ്രസംഗികളെ നിയമിക്കുമ്പോഴോ പുതിയതായി നിയമിക്കപ്പെടുന്ന ആൾ നിവൃത്തിയുണ്ടെങ്കിൽ ബി. ഏ. ക്ലാസിലോ അല്ലെങ്കിൽ വല്ല കാളേജു ക്ലാസുകളിലോ പഠിപ്പിച്ചു പരിചയം സമ്പാദിച്ചിട്ടുള്ളവരും ഉന്നതനിലയിൽ ആണേഴ്സ് പരീക്ഷ ജയിച്ചവരും ആയിരിക്കണം (൨) പഠിപ്പിക്കുന്നതിലും കാളേജ് ഭരിക്കുന്നതിലും സ്ത്രീകളെമാത്രമെ നിയമിക്കാവൂ. തിരുവിതാംകൂർ വിദ്യാഭ്യാസ സർവീസ് പെൻഷൻ ഉള്ളതാകുന്നു. ഡയറക്ടർ ക്ലിപ്തനിലയിൽ ശമ്പളത്തിന്റെ ക്രമം നിശ്ചയിച്ചിട്ടുണ്ടു. ആയതുകൊണ്ടു കാളേജിലുള്ള എല്ലാ ഉദ്യോഗത്തിനും യോഗ്യതയുള്ള സ്ത്രീകളെ കിട്ടുന്നതിനു വിഷമം കാണുന്നില്ല. മലയാളത്തിന്റെയും തമിഴിന്റെയുംകാര്യത്തിൽ ആണേഴ്സ് ഡിഗ്രികളുള്ളവർ ഉടനെ ലഭ്യമാകാത്തപക്ഷം, ബി. ഏ. ബിരുദധാരികളെ നിയമിക്കാം. എന്നാൽ എം. ഏ. പരീക്ഷ ജയിക്കുന്നതുവരെ അവരെ താൽക്കാലികമായി മാത്രമേ നിയമിക്കാൻ പാടുള്ളു.

* * * *

൫൫. വ്യായാമസ്ഥലങ്ങൾ. ടെനിസിനും ബാഡ്മിന്റനും ഏർപ്പാടുചെയ്തിട്ടുണ്ടു. എന്നാൽ ഇപ്പോഴുള്ള കളിസ്ഥലങ്ങൾ മതിയാകാത്തതുകൊണ്ടു അവ കൂടുതലായി ഉണ്ടാക്കേണ്ടിയിരിക്കുന്നു.

൫൬. കാളേജ് വായനശാലകൾക്കു തൃപ്തികരമായ സ്ഥലമില്ലാത്തതിനെക്കുറിച്ചു ഞങ്ങൾ പറഞ്ഞുകഴിഞ്ഞു. അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും കൂടി പൊതുവായി ഉപയോഗിക്കാവുന്നവിധമുള്ള ഒരു മുറിയിൽ ഇട്ടിരിക്കുന്ന ഒരു വായനശാല അതിന്റെ ന്യായമായ ഉപയോഗങ്ങളെ നിറവേററുന്നതിനു പര്യാപ്തമാകുന്നില്ല. അച്ചടിച്ച പുസ്തകപട്ടിക ഇല്ല. എഴുതിയ പട്ടിക തന്നെ ഞങ്ങൾ നല്ലവണ്ണം പരിശോധിച്ചു. മലയാളവും തമിഴുമൊഴിച്ചുള്ള ഇപ്പോഴുള്ള ഇന്റർമീഡിയേററുക്ലാസിലെ വിഷയങ്ങൾക്കു ഇതു ഒട്ടും മതിയാകുന്നില്ല. ഒരു ഒന്നാംഗ്രേഡ് കാളേജിന്റെ ആവശ്യങ്ങളനുസരിച്ചു വായനശാലയെ പരിഷ്കരിക്കുന്നതിനു ഈ കൊല്ലത്തിൽ ൫൦൦൦ രൂപയ്ക്കു പുസ്തകം വാങ്ങിക്കണമെന്നു ഡയറക്ടർ ഉദ്ദേശിച്ചിരിക്കുന്നു. ഈ തുക വളരെ കുറഞ്ഞുപോയി എന്നാണു ഞങ്ങൾ വിചാരിക്കുന്നതു. ൯ ഏ-യിലും ന്യൂ-ം (മലയാളവും സംസ്കൃതവും) വകുപ്പുകളിൽ ആദ്യസന്നാഹമായി ഒരു ഒന്നാംഗ്രേഡ് കാളേജ് സ്ഥാപിക്കുന്നതിനു ൧൫൦൦൦ രൂപയിൽ കുറയാതെ വായനശാലക്കായി ചിലവുചെയ്യേണ്ടിവരും എന്നാണു ഞങ്ങളുടെ അഭിപ്രായം.

൫൭. ലാബറട്ടറി ഉപകരണങ്ങൾ, ഇപ്പോഴുള്ളതും സ്ഥാപിക്കാനുദ്ദേശിക്കുന്നതുമായ ലാബറട്ടറിയുടെ അതൃപ്തികരമായ അവസ്ഥയെക്കുറിച്ചു ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു. ഇപ്പോഴുള്ള ആവശ്യത്തിനുതക്ക അവയെ ഉപകരിക്കുന്നതിനു കുറച്ചു പണം ചിലവാക്കേണ്ടിവരും. ൨-ാംഗ്രൂപ്പു തുടങ്ങുന്നതിനു മുമ്പു ൩൦൦൦ രൂപയോളം ആദ്യംതന്നെ ചിലവാക്കുകയും ആണ്ടുതോറും ആവർത്തിച്ചുകൊണ്ടിരിക്കുന്ന ൫൦൦ രൂപയ്ക്കു ഗ്രാൻറു കൊടുക്കണമെന്നു ഏൽക്കുകയുംചെയ്യണം. പ്രകൃതിശാസ്ത്രത്തിന്റെയും രസതന്ത്രശാസ്ത്രത്തിന്റെ

യും ലാബറട്ടറികളും ഉടനെ നന്നാക്കണം. ഇത്രയും പറഞ്ഞതു ൨-ാംവകുപ്പിന്റെ ആവശ്യത്തിനുമല്ല, പിന്നെയോ ഇപ്പോഴുള്ള ൧-ാം വകുപ്പിനുള്ള ആവശ്യത്തെ നിറവേററുന്നതിനാണു.

൨൦. കോളജ്‌സമിതി. ഈ കാളേജ തിരുവിതാംകൂർ ഗവണ്മെന്റ വകയാകയാൽ ഇതിനെപ്പററി ഒന്നും പറയേണ്ട ആവശ്യമില്ല.

൨൧. ഫീസ്. ഇന്റർമിഡിയേററ ക്ലാസിൽ ആണ്ടിൽ ൪൦ രൂപ ചുമത്തുകയും ഒന്നു രൂപ ബി. ഏ. ക്ലാസിൽ ചുമത്തണമെന്ന് വിചാരിക്കുകയുംചെയ്യുന്നു. സ്ത്രീകൾക്കുള്ള മററു കാളേജിനോടു മത്സരിക്കത്തക്ക വിധത്തിലല്ല ഫീസിന്റെ തുക നിശ്ചയിച്ചിട്ടുള്ളതെന്നു ഞങ്ങൾ വിചാരിക്കുന്നു.

൨൨. ഉപസംഹാരം. ഈ കാളേജിൽ അഭ്യസനം നടക്കുന്ന വിഷയങ്ങളിൽ ഇതുവരെ വിദ്യാർത്ഥികൾ പഠിച്ചു. സ്ത്രീകൾക്കായി മദ്രാസിലുള്ള കാളേജുകളിലും ഒരു കൂട്ടർക്കും പ്രവേശനം അനുവദിച്ചിട്ടുള്ള തിരുവനന്തപുരത്തുള്ള സയൻസുകാളേജിലും ആകുന്നു. തൃപ്തികരമായ സാമഗ്രികളുള്ളതും പ്രാപ്തിയുള്ളതുമായ ഒരു ഒന്നാംഗ്രേഡ് കാളേജ് സ്ത്രീവിദ്യാഭ്യാസം വളരെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു രാജ്യത്തു വളരെ ഗുണപ്രദമായിരിക്കുന്നതാണ്. ഈസ്ഥിതിക്കു സ്ത്രീകൾക്കുള്ള കാളേജിനെ ഒരു ഒന്നാംഗ്രേഡാക്കി ഉയർത്തുക എന്നുള്ളതാണ് തിരുവിതാംകൂർ സർക്കാരിന്റെ കമ്മിററിയുടെ ഉദ്ദേശങ്ങളിൽ ഒന്നു എന്നുള്ളതു ഒരു അത്ഭുതമല്ല. തിരുവിതാംകൂറുകാരുടെ ഈ ഉദ്ദേശത്തോടു ഞങ്ങൾക്കു വളരെ അനുഭാവമുണ്ടു. അവരുടെ അഭിപ്രായത്തെ സാധിക്കുന്നതിനു സഹായിച്ചാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടു. എന്നാൽ ഞങ്ങളുടെ അന്വേഷണത്തിൽ വെളിവായ സംഗതികൾ ആലോചിക്കുമ്പോൾ അനുമതി കൊടുക്കുന്നതിനുള്ള സമയം ഇനിയും ആയിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു; കൂടാതെ ഇപ്പോഴത്തെ മാനേജ്‌മെന്റിനുള്ള സ്വാതന്ത്ര്യത്തെയും വേണ്ടവണ്ണം തയ്യാർ ചെയ്തിട്ടില്ലാത്ത ലാബറട്ടറിയെയും വായനശാലയെയുംപററി ചിന്തിക്കുമ്പോഴും ഇതിനെ ഒരു ഒന്നാംഗ്രേഡ് കാളേജ് ആക്കുന്നതിനുള്ള യോഗ്യത ഇപ്പോൾ ഇതിനില്ലെന്നും ഞങ്ങൾക്കു റിപ്പോർട്ടുചെയ്യേണ്ടിയിരിക്കുന്നു.

ഇന്റർമിഡിയേററ ക്ലാസിൽ ൨-ാംവകുപ്പും ബി. ഏ. ക്ലാസിൽ ൫-ം ൬-ം ഗ്രൂപ്പുകളും വരുന്ന ജൂലായിമാസത്തിൽ തുടങ്ങുന്നതിനു ഇതുവരെ ചെയ്തിട്ടുള്ള ഏർപ്പാടുകൾ ശുഷ്കവും അതൃപ്തികരവും ആകുന്നു. കൂടാതെ, അവയെസംബന്ധിച്ചു അനുവാദം നൽകുന്നതിനു സർവകലാശാലയോടു ആവശ്യപ്പെടുന്നതിനു നിവൃത്തിയില്ലാതെയുമിരിക്കുന്നു. അവർ പഠിക്കുന്നതൊ അവർക്കു പഠിക്കാവുന്നതൊ ആയ തൃപ്തികരങ്ങളായ സ്ഥാപനങ്ങളിൽനിന്നും, ഇപ്പോഴത്തെ സ്ഥിതികളെ പരിഷ്കരിക്കാതെ ഈ കാളേജിലേക്കു വിദ്യാർത്ഥിനികളെ മാററുന്നതു ഈ രാജ്യത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു യോജിച്ചതായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അതിനാൽ ഇന്റർമീഡിയേററ ക്ലാസിൽ ൨-ാം ഗ്രൂപ്പോ ബി. ഏ. ക്ലാസിൽ ൫-ം ൬-ം ഗ്രൂപ്പുകളോ അനുവദിക്കാനുള്ള അപേക്ഷയെപ്പററി ശുപാർശചെയ്യുന്നതിനു നിവൃത്തിയില്ലാത്തതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഈ വിദ്യാലയത്തിൽ ഇതുവരെ എന്തുചെയ്തിട്ടുണ്ടെന്നും ഇനിയുള്ള ഏതാനും മാസങ്ങൾകൊണ്ടു എന്തുചെയ്യാൻ സാധിക്കുമെന്നും ഉള്ള സംഗതികളും ഞങ്ങൾ ആലോചിച്ചു. ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനമായ ആക്ഷേപങ്ങളെ ആദ്യമായി നീക്കാതെ ക്ലിപ്തങ്ങളനുസരിച്ചുള്ളതിലും അനുമതി നൽകുന്നതിനു ശുപാർശ ചെയ്യുന്നതിനു ഞങ്ങൾക്കു നിവൃത്തിയില്ലാതിരിക്കുന്നു.

അനുബന്ധം ൬.

൨൨൪-ാംനമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

൧൧൦൨-ലെ മോട്ടോർ വാഹന നിയമമനുസരിച്ചു കേസെടുക്കുകയും ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ള കുററങ്ങളെകാണിക്കുന്ന പട്ടിക.

ക്രമ നമ്പർ	കുററത്തിന്റെ സ്വഭാവം	മോട്ടോർവാഹന നിയമമനുസരിച്ചു പോലീസുകാർ എടുത്തിട്ടുള്ള കേസുകൾ	ശിക്ഷിക്കപ്പെട്ടതിന്റെ എണ്ണം	നടപ്പാക്കപ്പെട്ട ശിക്ഷയുടെ സ്വഭാവം
൧	വിളക്കു, മണി, കാഹളം, ബ്രേക്കു, കണ്ണാടി, വേഗമാപിനി മുതലായ സാമഗ്രികളെക്കുറിച്ചുള്ള ചട്ടങ്ങൾ അനുസരിക്കാതിരുന്നതിനു (൬-൧൭-൧൮ ഈ ചട്ടങ്ങൾ)	൧൦൮	൮൦	പ്രായശ്ചിത്തം
൨	ലൈസൻസുകൂടാതെ ഓടിക്കുക—(൧൦൯൪ ൬-ാം റഗുലേഷന്റെ ൭-ാം വകുപ്പനുസരിച്ച്)	൩൬	൩൧	ടി
൩	കൂടുതൽ ആളുകളെ കയററിയതിനു—(൧൦൯൬-ലെ മോട്ടോർ വാഹനനിയമമനുസരിച്ചു കൊടുത്തിട്ടുള്ള (ജി) പെർമിററിൽ പറഞ്ഞിട്ടുള്ള ഓട്ടുന്നതിനുള്ള കരാറുകളിൽ രണ്ടാമത്തെ)	൮൮൮	൬൨൦	ടി
൪	ബാഡ്ജ് കൂടാതെ ഓടിച്ചതിനു—(൧൦൯൬-ലെ മോട്ടോർ വാഹനനിയമമനുസരിച്ചുള്ള ൩൧ എഫ് ചട്ടം)	൧൫൦	൧൦൯	ടി
൫	യോഗ്യതാ സർട്ടിഫിക്കേററുകൂടാതെ ഓടിച്ചതിനു—(ജി. പെർമിററിലെ തുടർച്ചയായുള്ള സർവീസിന്റെ ൬-ാം കരാറു)	൪൪൪	൩൧൬	ടി
൬	വിധിക്കപ്പെട്ടിട്ടുള്ള സമയത്തേയും വഴിയേയും അനുസരിക്കാത്തതിനു—(൧൫-ാം ചട്ടം)	൨൮൯	൧൫൦	ടി
൭	വണ്ടികളുടെ ഓട്ടത്തെ ക്രമപ്പെടുത്തുന്നതിനുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ വരുതി അനുസരിക്കാതിരുന്നതിനു	൯൭	൬൪	ടി
൮	വഴി ചട്ടം അനുസരിക്കാതിരുന്നതിനു (൨൭-ാം ചട്ടം)	൨	൧	ടി
൯	നിശ്ചിത വേഗത്തിൽ കൂടുതലായി ഓടിക്കുക—(൧൦൯൪-ലെ ൬-ാം റഗുലേഷനിലെ ൧൨-ാം വകുപ്പു ൨ ബി. എച്ച്. ക്ലാസുകൾ അനുസരിച്ചും ൧൪-ഉം ൨൬-ഉം ചട്ടങ്ങൾ അനുസരിച്ചും	൩൨	൧൬	ടി
൧൦	നമ്പരിനെ വേണ്ടവിധം പ്രദർശിപ്പിക്കാതിരിക്കുക—(൧൧-ാം ചട്ടം)	൭	൪	ടി
൧൧	൬ മാസത്തിൽ ഒരിക്കലുള്ള പരിക്ഷാസർട്ടിഫിക്കേററ അയക്കാതിരിക്കുക—(ജി-പെർമിററിലെ 'തുടർച്ചയായ സർവീസിലെ' ൧-ാം കരാറു)	൧൬൦	൭൧	ടി
൧൨	ഫയർ പെർമിററിനെ പുതുക്കാത്തതിനു (൩൧-ാം ചട്ടം)	൧൬൨	൩൮	ടി
൧൩	അപകടത്തിനെ കുറിച്ച് അറിവുകൊടുക്കാതിരിക്കുക	൬	൬	ടി
൧൪	ഉടമസ്ഥരേയും കൈവശക്കാരേയും പററിയുള്ള മാററത്തിനെപ്പററി റിപ്പോർട്ടുചെയ്യാതിരിക്കുക—(൬-ാം ചട്ടം)	൩	൨	ടി
൧൫	മേൽവിലാസത്തിന്റെ മാററത്തിനെക്കുറിച്ചു റിപ്പോർട്ടു ചെയ്യാതിരിക്കുക—(൭-ാം ചട്ടം)	൩	൩	ടി
൧൬	കണ്ടക്ടരുടെ ചുമതലകളെ നിർവഹിക്കാതിരിക്കുക—(൩൧ സി-ചട്ടം)	൮൦	൬൧	ടി
൧൭	വണ്ടിയിൽ ആളില്ലാതെ ഇട്ടതിനും വഴി തടസ്സത്തിനും	൧	൧	ടി
	ആകെ	൨൪൬൮	൧൫൭൩	

മോട്ടോർവണ്ടിയുടെ വേഗത്തെക്കുറിച്ചുള്ള പ്രമേയം.

അദ്ധ്യക്ഷൻ. മി. രാമൻമേനോൻ, ഒന്നാമത്തെപ്രമേയം നിങ്ങളുടെപേരിൽ ഉള്ളതാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സർ, ഞാൻ താഴെപറയുന്നപ്രമേയം ഹാജരാക്കുന്നു.

മോട്ടോർവാഹനങ്ങളുടെ ഏറ്റവും കൂടുതലായ വേഗം പബ്ളിക്ക്റോഡുകളിലും പട്ടണങ്ങളിലുമുള്ള മാർഗ്ഗങ്ങളിലും പള്ളിക്കൂടങ്ങളുടേയോ ചന്തയുടേയോ പബ്ളിക്ക് ആഫീസുകളുടേയോ ആരാധനാസ്ഥലങ്ങളുടേയോ പാന്ഥന്മാരോ വാഹനങ്ങളോ ധാരാളം അധികം വന്നുചേരുന്ന സ്ഥലങ്ങളുടേയോ അടുക്കലുള്ള സ്ഥലങ്ങളിലും ഒരു മണിക്കൂറിനു 8 നാഴികയും ഈ വിധത്തിലുള്ളതല്ലാത്ത പബ്ളിക്ക്റോഡുകളിലും മാർഗ്ഗങ്ങളിലും ഒരു മണിക്കൂറിന് 20 നാഴികവീതവുമായി ക്ലിപ്തപ്പെടുത്തണമെന്ന് ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നു.

ഈ രാജ്യത്തിലെ മോട്ടോർവാഹനങ്ങളുടെ ഓടിപ്പിനെപ്പറ്റിയുള്ള വിഷയത്തിന് ശരിയായ ശ്രദ്ധയെ എത്രയും അടിയന്തിരമായി ആലോചിക്കേണ്ടതായിരിക്കുന്നു. ഹാജരാക്കിയിട്ടുള്ള നിശ്ചയത്തിന്റെ ഉദ്ദേശത്തെയും അതിൽ അടങ്ങിയിരിക്കുന്ന സംഗതികളെയും സംബന്ധിച്ച ഞാൻ പ്രസ്താവിക്കാം. മോട്ടോർവാഹനങ്ങളുടെ ദൂരം ക്ലിപ്തപ്പെടുത്തുമ്പോൾ ഏറ്റവും കൂടുതലായ വേഗത്തെക്കുറിച്ചു ഈ നിശ്ചയം പ്രസ്താവിക്കുന്നുള്ളു. മോട്ടോർ വാഹനങ്ങളുടെ വേഗം തീർച്ചയാക്കേണ്ടതു ജനങ്ങളുടെ ക്ഷേമത്തിൽ ഒരു പ്രധാനമായ സംഗതിയാണു. ജനങ്ങളുടെ വിശേഷിച്ച്, കുട്ടികളുടെ ജീവരക്ഷക്ക ഇപ്പോഴത്തെപ്പോലെ വിവേകശൂന്യമായി മോട്ടോർവാഹനങ്ങളെ ഓടിക്കുന്നതിനെ അനുവദിക്കാതിരിക്കേണ്ടതു അത്യാവശ്യമാകുന്നു. ഇപ്പോഴത്തെ രീതിയിലക്ക് മനുഷ്യരുടേയും വിലയേറിയ അനേകം മൃഗങ്ങളുടേയും ജീവൻ അനാവശ്യമായി ആപത്തിലാകുകയും, ചിലപ്പോൾ ബലികഴിക്കേണ്ടിവരികയും ചെയ്യുന്നു. ഇതിനെസംബന്ധിച്ചു ചെറുതായ വേറൊരുപദ്രവംകൂടിയുണ്ട്. പാന്ഥന്മാരുടെ വസ്ത്രവും വൃത്തിയും മനസമാധാനവും ആലോചനാശൂന്യമായവിധത്തിൽ ഇപ്പോൾ വണ്ടി ഓടിക്കുന്നതുകൊണ്ടു അപകടത്തിലാകുകയും മിക്കവാറും നശിക്കുകയും ചെയ്യുന്നു. ഒരു ചെറിയ മഴപെയ്താൽ നമ്മുടെ ചില റോഡുകളിലും കുറെനേരത്തേക്കു ചളിപൂണ്ടതായിരിക്കും. മോട്ടോർവരുന്നസമയങ്ങളിൽ പാന്ഥന്മാർവിശേഷിച്ചും വൃത്തിയായിവസ്ത്രംധരിച്ചിട്ടുള്ളവർ ചെളിയും വെള്ളവും തെറിക്കാതെ റോഡിന്റെവക്കത്തുള്ള വൃക്ഷങ്ങളുടെ മറവിലോ കുന്നിൻപുറങ്ങളിലോ രക്ഷപ്രാപിക്കാൻ പരിശ്രമിച്ചു ഓടേണ്ടതുകാണാൻ രസമുണ്ട്. നോക്കുന്നവർക്കു കുറേ ദൂരത്തിൽ നിൽക്കുകയോ അല്ലാത്തപക്ഷം വേഗത്തിൽ ഒരു ചെളിവെള്ളത്തിൽ ചാടുകയോ അവരുടെ വസ്ത്രത്തെക്കുറിച്ചും കാര്യത്തെക്കുറിച്ചും കുട്ടികളുംമറ്റും പ്രദർശിപ്പിക്കാവുന്ന ആക്ഷേപങ്ങളും ചിലർക്കും ബുദ്ധിമുട്ടുകൂടാതെ നടന്നുപോകാൻ തയ്യാറാണെങ്കിലോ മാത്രമേ കാഴ്ചകാണുന്നതിനു രസമുള്ളു. അല്ലാത്തപക്ഷം അവയൊക്കെ രസിക്കാൻ കഴിയാത്തവിധം ഗൗരവമായിരിക്കാം. അയാൾക്കും അപ്പോഴത്തെക്കഴപ്പത്തിൽ കൂടേണ്ടിവരും. മോട്ടോർ വണ്ടിയുടെ വേഗം മിതമാണെന്നുവരുകിൽ ചെളി ഇത്രശക്തിയായിത്തെറിച്ചു തെറിക്കുകയില്ല. അവയുടെ നികൃഷ്ടതകളും വളരെ കുറഞ്ഞിരിക്കും.

മി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ചെളി ഉണ്ടാകുന്നസാധനങ്ങളെ വഴികളിൽനിന്നുമാറ്റുന്നതിന് സാമാജികൻ എന്താണ് നിർബന്ധിക്കാത്തത്?

മി. ജി. രാമൻമേനവൻ (മാവേലിക്കര-കാർത്തികപ്പള്ളി) : ഞാൻ അതുചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ അതു ഇവിടെപറയേണ്ടതല്ല.

വേഗം കുറക്കുകയാണെങ്കിൽ, എന്തെങ്കിലും അപകടത്തിൽനിന്നും ഒഴിയുന്നതിനും മോട്ടോറിനെ നിറുത്തുന്നതിനും കുറച്ചുസമയം മതിയാകുന്നതാണ്. കണക്കും പ്രകൃതിശാസ്ത്രവും അറിയാവുന്നവർ നമ്മോടു പറയുന്നസംഗതികൾ ആണ് ഇത്. വേഗതയുടെ നിയന്ത്രണത്തെക്കുറിച്ചു കണക്കുകൂട്ടാൻ വിദഗ്ദ്ധരല്ലാത്തവർ അസുഖകരമായ അവരുടെ അനുഭവത്തിൽനിന്നും ഈ സംഗതി മനസ്സിലാക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ സ്നേഹിതൻ ഇതിന്റെ മറുവശം നോക്കുന്നതായാൽ കേസുകൾ ഒന്നുംതന്നെയില്ല എന്നു അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിയും. വേഗത്തെസംബന്ധിച്ചു നിശ്ചയപ്പെടുത്തുന്നതിലും വേഗത്തിൽ ഓടിക്കുന്ന വണ്ടിക്കാരെ കണ്ടുപിടിക്കുന്നതിലും അവരെ ശിക്ഷിക്കുന്നതിലും ഉള്ള വൈഷമ്യത്തെപ്പറ്റി മി. പിററ് പറഞ്ഞിട്ടുണ്ട്. ഒരു സ്റ്റോപ്പ്‌വാച്ച്‌കൊണ്ടു ആ ദൂരം ഓടുന്നതിനുവേണ്ടിവരുന്ന സമയം നിശ്ചയിക്കുന്നു. ഇതു ഒരു പ്രത്യേകിച്ച സ്ഥലത്തോ സമയത്തോ ഉള്ള ശരാശരിവേഗംമാത്രമാകുന്നു. ഇതു വണ്ടിപുറപ്പെടുന്ന സ്ഥലവും തമ്മിലുള്ള ദൂരം കണ്ടുപിടിച്ചാൽ അറിയാം.

മി. ഡബ്ല്യു. എച്ച്. പിററ് (പോലീസുകമ്മീഷണർ): ഈ ശരാശരി ദൂരം കല്പിക്കപ്പെട്ടതിലും [illegible] വേഗത്തെക്കാൾ കൂടുതലാണെങ്കിൽ ആകെയുള്ള ദൂരത്തെസംബന്ധിച്ചിടത്തോളവും കല്പിതവേഗത്തിന്റെ അതിരിനെ കവിഞ്ഞിട്ടുണ്ടെന്നു സാമാജികൻ മനസ്സിലാക്കുന്നില്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): ഈ മാറ്റംതന്നെയും വേഗം കൂടുതലായി ഓടിക്കുന്നുണ്ടോ എന്നറിയുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗമാകുന്നില്ല. എല്ലാത്തിനും പുറമെ, നമുക്കു വല്ലവണ്ടിക്കാരും [illegible].

ട്ടം ഉണ്ടെങ്കിൽ കൂടുതൽ വേഗം ഒരു ഉപദ്രവത്തെചെയ്യുകയില്ല. അമേരിക്കായിലുണ്ടാകുന്ന അപകടത്തിന്റെ ശരാശരി കണക്ക വളരെക്കുറവാണെന്നു മി. എ. കെ. പിള്ള പറഞ്ഞു. ചിക്കാഗോ പട്ടണത്തിൽതന്നെ മോട്ടോർ അപകടങ്ങൾകൊണ്ടു ദിവസംപ്രതി ൫൦ മരണങ്ങൾ ഉണ്ടാകുന്നുണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്നാൽ ഈ രണ്ടു രാജ്യങ്ങളിലുമുള്ള ജനസംഖ്യയുമായി വലിയ വ്യത്യാസമുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): എങ്ങനെതന്നെയായാലും, വേഗം കുറയ്ക്കേണ്ട കാര്യത്തെക്കുറിച്ചു അധികം ഗൗരവമായി ആലോചിക്കേണ്ടതായിട്ടുണ്ടു. അവർ വേഗം കൂടുതൽചെയ്യുന്നു. പാദചാരികൾക്കു ഉപയോഗത്തിനായി പട്ടണത്തിന്റെ എല്ലാഭാഗങ്ങളിലും നടപ്പാതയില്ലെങ്കിലും, ബോംബെ പട്ടണത്തിന്റെ ചിലഭാഗങ്ങളിൽ വേഗം മണിക്കൂറിനു ൨൦ മൈൽ ആകുന്നു. മി. കുമാരപിള്ള പറഞ്ഞതുപോലെ, വേഗം കൂട്ടുന്നതെന്ന ആളുകൾ ബഹുമാനിക്കുന്നില്ല. വേഗത്തിന്റെ പരിധിനിയമിക്കാത്തതുകൊണ്ടു കാൽനടയായി പോകുന്നവർക്കു യാതൊരുപദ്രവവുംകൂടാതെ യാത്രചെയ്യാമെന്നുള്ള സമയങ്ങളിൽ ഈ നിയമം വളരെ ഉപദ്രവത്തെ ചെയ്യുന്നു. മി. വെപ്പൻ ഈ അവസരത്തിൽ തോന്നിയ നല്ലതായ അഭിപ്രായത്തെ കേട്ടിട്ട എനിക്കു വളരെ സന്തോഷം തോന്നുന്നു. തെക്കൻതിരുവിതാംകൂറിലുള്ള പ്രധാനപ്പെട്ട റോഡുകളിൽ ഒരു പരിഷ്കാരംചെയ്തിട്ടുണ്ടു. റോഡിന്റെ മൂലകളിലുള്ള ഉയർന്ന തറ മാററി റോഡിനു വളരെ വീതികൂട്ടിയിട്ടുണ്ടു. ഇങ്ങനെയുള്ള ബുദ്ധിപൂർവകമായ പ്രവൃത്തികൾകൊണ്ടു കൂടുതൽവേഗത്തിൽനിന്നുണ്ടായേക്കാവുന്ന അപകടം ഇല്ലാതെയാക്കാം.

ഈ രാജ്യത്തു ധാരാളമായി ഉപയോഗിക്കുന്നതു ഫോർഡ്‌വണ്ടികളാകുന്നു. എന്നാണ് എനിക്കു ഈ സഭയെ ധരിപ്പിക്കാനുള്ള രഹസ്യസംഗതി; ആളുകളെ കയററിക്കൊണ്ടുപോകുന്ന വണ്ടികളിൽ അധികവും മി. ഫോർഡിന്റെ തൊഴിൽശാലയിൽനിന്നുവരുന്നവയാകുന്നു. രണ്ടോമൂന്നോകൊല്ലം സൂക്ഷ്മമില്ലാതെ ഉപയോഗിച്ചാൽ പിന്നീട് ഇതിൽ സുഖമായി യാത്രചെയ്യുന്നതിനു സാധിക്കയില്ല. അതു തീരെ ചീത്തയായി തീരുന്നു. ഇത്രവേഗം അതിനു കാണുകയില്ല. ഒരു 'ആസ്റ്റിൻ' വണ്ടിയോ 'ഡെയിംലർ'വണ്ടിയോ സുഖമായി പിന്നേയും യാത്രചെയ്യും. എന്നാൽ ഫോർഡ് ഉളിപ്പുസ്ഥലത്തു നിയമവും ചെയ്യേണ്ടതാണെന്നു ഞാൻ നിങ്ങളോടു ഉറപ്പുപറയാം. ഈ പ്രമേയത്തെ നാം സ്വീകരിക്കുകയാണെങ്കിൽ, ഫോർഡ്‌വണ്ടികൾ ഇവിടെ വന്നുകൂടാ എന്നും കൂടുതൽ തരങ്ങൾ വണ്ടികളെ ആകാവു എന്നും ഉള്ള സംഗതി ഒരുവിധത്തിൽ നാം നിർബന്ധിക്കുകയായിരിക്കും. അതുകൊണ്ടുചെയ്യുന്നതു അതായതു ഫോർഡിനെ നാം അന്യായമായി വഞ്ചിക്കുകയാകുന്നു. ഇതു അഭിമാനീയമല്ല. ഒരു മണിക്കൂറിൽ അഞ്ചോ ആറോ മൈൽ വേഗം വർദ്ധിപ്പിക്കുന്നതു് ആഗ്രഹിക്കത്തക്കതല്ല. വേഗം ക്ലിപ്തപ്പെടുത്തണമെന്നുള്ളതിന്റെ ഉദ്ദേശ്യം മനസ്സിലാക്കാൻ എനിക്കു നിശ്ചയമായിട്ട് കഴിയും. എന്നാൽ വേഗത്തിൽ പോകുന്നതുകൊണ്ടുമാത്രം ആപത്തുണ്ടാകുമെന്നു എനിക്കു വിശ്വാസമില്ല. ജനക്കൂട്ടം അധികമുള്ളസ്ഥലങ്ങളിൽ വേഗത്തിന്റെ അളവു കുറയുമ്പോഴാണ് ആപത്തുണ്ടാകുന്നത്. പട്ടണത്തിൽ വേഗംകൂട്ടുന്നതിൽ ഞാൻ വിരോധിയാകുന്നു. എന്നാൽ ആളുകൾ അധികം ഇല്ലാത്ത സ്ഥലത്തു വേഗത്തെ ക്ലിപ്തപ്പെടുത്തുന്നതു നന്നല്ല. നേരെമറിച്ചു അങ്ങിനെയുള്ള സ്ഥലങ്ങളിൽ നാം കൂടുതൽ വേഗം അനുവദിക്കണം, അല്ലാത്തപക്ഷം മോട്ടോർ വണ്ടിയുള്ളതുകൊണ്ടുപ്രയോജനമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരിക്കനകാര്യത്തിൽ ആളുകൾക്കു സന്തോഷമില്ലെന്നു ഞാൻ പറയട്ടെയോ?

മി. എം. ശിവതാണുപിള്ള (തോവാള): അവർക്കു വേണ്ടടത്തോളം ശ്രദ്ധിക്കാമല്ലോ. പൊതുജനങ്ങൾക്കുള്ള വഴിയാകുന്നു ഇവ. വണ്ടിക്കുപോകുന്നതിനു വേണ്ടസ്ഥലം അവർക്കുകൊടുക്കട്ടെ. സാധുവായ വണ്ടിക്കാരനെ അവർ എന്തിനാണ് ഉപദ്രവിക്കുന്നത്.

മി. ജി. രാമൻമേനോൻ (മാവേലിക്കര–കാർത്തികപ്പള്ളി): വേഗത്തിന്റെ അളവിനെ കൂട്ടണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നതുപോലെ അദ്ദേഹത്തിനു അനുവദിച്ചിട്ടുള്ള സമയത്തെയും കൂട്ടണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നതായി ഞാൻ ഭയപ്പെടുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സർ, ഞാൻ മി. രാമൻമേനോന്റെ നിവേദനത്തെ എതിർക്കുന്നു. പട്ടണത്തിൽ മണിക്കൂറിനു അഞ്ചുമൈൽ വീതവും മററുള്ള സ്ഥലങ്ങളിൽ മണിക്കൂറിനു ൧൨ മൈൽവീതവും ആയി വേഗം ക്ലിപ്തപ്പെടുത്തണമെന്നുള്ള അദ്ദേഹത്തിന്റെ നിവേദനം ഒരു പ്രായോഗികമായ വിധത്തിലുള്ള ഒരു ഏർപ്പാടല്ല. അങ്ങിനെ ഒരു ചട്ടം ഉണ്ടാക്കിയാലും അതു തൃപ്തികരമായി നടപ്പിലാക്കാൻ പ്രയാസമാണ്. പഴയകാലത്തു ഉണ്ടായിരുന്ന കാളവണ്ടികൾക്കുണ്ടായിരുന്നതിലും സാവകാശമായ ചലനമാണ് എന്റെ സ്നേഹിതൻ ആഗ്രഹിക്കുന്നതു എങ്കിൽ നമുക്കു മോട്ടോർ വണ്ടികൾ വേണ്ടെന്നുവയ്ക്കാം. ഒരു മണിക്കൂറിനു ൩൦-൪൦ മൈൽ ആയി വേഗംകൂട്ടുന്നതിനു ഞാൻ വാദിക്കുകയാണെന്നു മനസ്സിലാക്കരുത്. മോട്ടോർവണ്ടികളുടെ ഉദ്ദേശം ഗതിയാകുന്നു. തൊഴിലാളികൾക്കു ലഭിക്കുന്നിട്ടുള്ള സമയം ഒരു ധനമാകുന്നു. നിവേദനം ഹാജരാക്കിയ ആളിന്റെ ഉദ്ദേശം വഴിക്കുണ്ടാകാവുന്ന അപകടത്തെ കുറയ്ക്കണമെന്നാണെങ്കിൽ കാറിന്റെയും ബസ്സിന്റെയും വണ്ടിക്കാരെ ശരിയായി പഠിപ്പിക്കുന്നതിനു തക്ക വഴികണ്ടുപിടിക്കുന്നതിന് പോലീസുകാർ ശ്രമിക്കുകയാണ് വേണ്ടതു. ഇപ്പോഴത്തെ മേൽനോട്ടം ഒട്ടും തൃപ്തികരമല്ല. വണ്ടിയുടെ വേഗത്തെ പരിശോധിക്കുന്നതിന് പലസ്ഥലങ്ങളിൽ ആളുകളെ നിറുത്തുന്നതുകൊണ്ടു യാതൊരു ഫലവുമില്ല. ഉദാഹരണമായി, വേഗത്തെ പരിശോധിക്കുന്നതിനു കരമനയിൽ ഒരു സ്റ്റേഷൻ ഉണ്ട്. ഒരു പരാതിയുംകൂടാതെ ൧൦-൧൫ രൂപാ ഈ കാൺസ്റ്റബിളിനു ഒരു ദിവസം കിട്ടുമെന്നു വണ്ടിക്കാർ എന്നോടു പറഞ്ഞിട്ടുണ്ടു. ആ വഴിയെപോകുന്ന എല്ലാ യാത്രക്കാരുടെ വണ്ടിയിലും രണ്ടണവീതം ഒരു ദിവസംപ്രതി അയാൾക്കു കൊടുക്കണം.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മിഷണർ): ഇങ്ങനെയാണെങ്കിൽ ചട്ടങ്ങളെ വണ്ടിക്കാർ ലംഘിക്കേണ്ട ആവശ്യമില്ല. ഏതുവണ്ടിക്കാരനോട് ചോദിച്ചാലും ഇങ്ങനെ പറയും. പോലീസുകാർ ഇത്രമാത്രം ദാക്ഷിണ്യം പ്രദർശിപ്പിക്കുന്നു എങ്കിൽ വേഗത്തിന്റെക്ലിപ്തം എങ്ങനെയാണ് ഊർജിതപ്പെടുത്തുന്നതു. കൂടുതൽ ആളുകളെകൊണ്ടുപോകുന്നതു എങ്ങനെയാണ തടയുന്നതു. യാത്രക്കാർ അധികം ഉള്ളപ്പോൾ നിയമപ്രകാരമാകാവുന്നതിൽ ഇരട്ടി ആളുകളെ അവർ കയററും. ചെക്കുചെയ്യുന്ന സ്റ്റേഷന്റെ അടുത്തുവരുമ്പോൾ കൂട

തലുള്ള ആളുകളെ ഇറക്കുന്നു. നമുക്കു സൂക്ഷിക്കാനുള്ളതു നാം ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിക്കത്തക്കവിധമായിരിക്കണമെന്നുള്ളതാണ്. ഒരു വണ്ടിയോ അഞ്ചോ പത്തോ മൈൽ വീതം ഓടിക്കുന്നതിനു പ്രായേണ പ്രയാസം തന്നെയാകുന്നു. ഈ സാവധാനത്തിൽ ഓടിക്കുമ്പോൾ എണ്ണ കൂടുതൽ ചിലവുണ്ട്. വഴിക്കു വഴിയെ ചുങ്കം കൊടുക്കാനുള്ള സ്ഥിതിക്കു വണ്ടിയുടമസ്ഥന്മാർക്കു ഇതു കൂടുതൽ ഉപദ്രവകരമാകുന്നു. പോരെങ്കിൽ വേഗത്തിൽ പോകണമെന്നാഗ്രഹിക്കുന്നവരാണ് യാത്രക്കാരും. എന്നുമാത്രവുമല്ല വണ്ടിയുടെ വേഗം ഒരു മണിക്കൂറിൽ പന്ത്രണ്ടു മൈൽ ആയി കൂട്ടണമെന്നാണ ജനങ്ങൾ ആവശ്യപ്പെടുന്നതു. ചെക്കിംഗ് സ്റ്റേഷൻ കഴിഞ്ഞാൽപിന്നെ സാധാരണ ബസ്സുകളെല്ലാം ഇരുപതോ ഇരുപത്തഞ്ചോ മൈൽ വീതം ഓടുന്നു. നിശ്ചയിച്ചിട്ടുള്ള സമയത്തു ചെന്നുചേരുന്നതിനായി എല്ലാവണ്ടികളും ഇടയ്ക്കുള്ള സ്റ്റേഷനിൽ അര മണിക്കൂറോ അതിൽ കൂടുതലായിട്ടോ താമസിക്കുന്നു. ഇതുനിമിത്തം യാത്രക്കാർക്കു ഉപദ്രവമുണ്ടാകുന്നു. ഒരു വണ്ടിയും ഇടയ്ക്കുള്ള സ്റ്റേഷനിൽ പത്തു മിനിട്ടിൽ കൂടുതലായി താമസിക്കരുതെന്നു നിർബന്ധമാക്കണം. ഈ അഭിപ്രായങ്ങളെ പുറപ്പെടുവിച്ചു ഞാൻ നിയമത്തെ എതിർക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ വിഷയത്തിനെ ഇവിടെ പ്രതിപാദിച്ചപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളതായ ചില അഭിപ്രായങ്ങളെപ്പററി എനിക്കു ചില വിമർശനങ്ങൾ ചെയ്യാനുണ്ട്. ആദ്യമായി വേഗത്തിന്റെ പരിമാണത്തെക്കുറിച്ചാകുന്നു. ഇതിനെക്കുറിച്ചു ചിലർ വിപരീതാഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതായി എനിക്കറിയാം. ഉദ്ദിഷ്ടഫലം ഇതുകൊണ്ടു സിദ്ധിക്കയില്ലെന്നും ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ചട്ടങ്ങളെ ലംഘിക്കുന്നതിനു അതു പര്യാപ്തമാകുകയൊള്ളു എന്നും ഇവിടെ പ്രസ്താവിച്ചതു ഞാൻ കേട്ടു. ഈ സന്ദർഭത്തിൽ ഈ സംഗതികളെല്ലാം വിശാലമനസ്സോടെ ഒന്നു ആലോചിച്ചു നോക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഭൂരിപക്ഷമാളുകളുടെ രക്ഷയേക്കാൾ ചുരുക്കം ചിലരുടെ സൌകര്യമാണ് പ്രധാനമായി കരുതേണ്ടതു. ജീവിതവ്യവസായസൌകര്യങ്ങളെസംബന്ധിച്ചിടത്തോളം തിരുവിതാംകൂറും സാമാന്യമായി ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും യൂറോപ്പിലെ പതിന്നാലും പതിനഞ്ചും ശതവർഷങ്ങളിലെ സ്ഥിതിയിലെത്തിട്ടുള്ളവരാണുള്ളതു നിശ്ചയമാകുന്നു. നമ്മളിൽ ചിലർ ഉപയോഗിക്കുന്ന ഉപകരണങ്ങളും സാമഗ്രികളും എന്റെ ഭർണ്ണയന്ത്രംപോലെ ഇരുപതാം നൂറ്റാണ്ടിലുള്ളതായും വരാം. മോട്ടോർ വാഹനവും ഇരുപതാംനൂറ്റാണ്ടിലേതാകുന്നു. ഇപ്രകാരമുള്ള സംയോഗം വലിയ സൌകര്യങ്ങളെ ജനിപ്പിക്കത്തക്കതാണെങ്കിൽ നമ്മുടെ വിധിമിതമായ ഒന്നായിരിക്കണം. അതിന്റെ ദോഷഫലങ്ങളെ കഴിയുന്നതും കുറയ്ക്കേണ്ടതും ആകുന്നു.

ഇംഗ്ലണ്ട് മുതലായരാജ്യങ്ങളിലെ വേഗക്ലിപ്തയെ സംബന്ധിച്ചിടത്തോളം എന്റെ ആദ്യത്തെ പ്രസംഗത്തിൽ ഞാൻ പ്രതിപാദിച്ചതുപോലെ അവിടത്തെ സ്ഥിതികൾ വളരെ വ്യത്യാസപ്പെട്ടതാകുന്നു. ഇവിടെ നമ്മുടെ റോഡുകൾ വളഞ്ഞവയും നിമ്നോന്നതങ്ങൾ ഇടകലർന്നവയും ആകുന്നതുകൊണ്ടു ഇംഗ്ലണ്ടിലെ വേഗക്ലിപ്തം ഇവിടെ സ്വീകാര്യമല്ല. ജനങ്ങളുടെ സാമാന്യജീവിതത്തിലുള്ള എന്റെ അനുഭവംകൊണ്ടാണ ഞാൻ പറയുന്നതു. മററു പരിതസ്ഥിതികളിൽ ജീവിക്കുന്ന എന്റെ സ്നേഹിതന്മാർ ഒരു സാധാരണ പാവപ്പെട്ട മനുഷ്യനു ഉണ്ടാകുന്ന വലിയകഷ്ടതയെ മനസ്സിലാക്കുന്നില്ലെന്നു കാണുന്നതിനാൽ ഞാൻ വ്യസനിക്കുന്നു. വേഗത്തിൽ കുറെ സമയം യാത്രചെയ്യുന്നതിനുള്ള സൌകര്യം പാവപ്പെട്ട ജനങ്ങളുടെ പ്രത്യേകിച്ചും കുട്ടികളുടെരക്ഷയേക്കാളും ജീവനും ഹാനികരമാക്കുന്നതിൽ നമ്മെ പ്രേരിപ്പിക്കരുത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വണ്ടി ഓടിക്കുന്നവരും വണ്ടിയുടമസ്ഥരും അവരുടെ ജീവനെ സൂക്ഷിക്കുന്നില്ല.

മി. ജി. രാമൻമേനോൻ(മാവേലിക്കര കാർത്തികപ്പള്ളി): സമയം ഇല്ലാത്തതുകൊണ്ടു ഇതിനു ഉത്തരം പറയുന്നതിനു എനിക്കു നിവൃത്തിയില്ല. എനിക്കു അധികം സംസാരിക്കാനുണ്ട്. ചോദ്യങ്ങൾക്കു അവസാനത്തിൽ ഉത്തരം പറയാം. ഞാൻ തന്നെ മോട്ടോർ വാഹനങ്ങളിൽ സഞ്ചരിച്ചിട്ടുള്ളതും നാം ഏർപ്പെടുത്തുന്ന വേഗത്തിലാണ് പോകുന്നതെന്നു എന്റെ സ്നേഹിതന്മാരിൽ ചിലർ എന്നോടു പരാതിപ്പെട്ടിട്ടുള്ളതും ആകുന്നു. എന്തെന്നാൽ മോട്ടോർവാഹനത്തിൽ സഞ്ചരിക്കുമ്പോളെല്ലാം ക്ലിപ്തപ്പെടുത്തിട്ടുള്ള വേഗത്തെ അനുസരിക്കുന്നതിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടു എന്റെ അഭിപ്രായഗതിയെ ഞാൻ അവരെ ധരിപ്പിച്ചപ്പോൾ അവർ ലജ്ജാധീനരായി സ്വയം ശിരോനമനംചെയ്തുപോയി. ഇപ്രകാരം പരാതിപ്പെടുന്നവർ സംഗതിയുടെ നാനാ മുഖങ്ങളേയുംപററി ചിന്തിച്ചിട്ടില്ലെന്നാണ ഞാൻ പറയുന്നതു. അവരുടെമനസ്സിൽ തോന്നുന്നതിനെ അവർ പറയുന്നുവെന്നേ ഉള്ളു. അപകടങ്ങളുടെ കാരണത്തെ സംബന്ധിച്ചിടത്തോളം അതു ഒരു വെറും ഊഹം മാത്രമല്ലെന്നും ശാസ്ത്രീയമായ തത്വത്തിന്മേൽ പ്രതിഷ്ഠാപിതമായിട്ടുള്ളതാണെന്നും, ഈ സഭയേയും, ഗവണ്മെൻറിനേയും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. വേഗം കുറയുംതോറും, മററുള്ളവർക്ക്, തെല്ലിത്തെറിപ്പിന്റെ രൂപത്തിലുള്ള അപമാനലക്ഷണയും കുറഞ്ഞുവരുന്നു. വേഗം കുറയുന്തോറും, അപകടത്തിൽനിന്ന് ഒഴിയുന്നതിനുവേണ്ടി കാറ് നിറുത്തുന്നതിനു ആവശ്യമായ സമയവും കുറയുന്നുണ്ട്. ഇവ ശാസ്ത്രീയമായുള്ള വാസ്തവതത്വങ്ങളാകുന്നു. ഒരു ആസന്നമായ അപകടമുള്ളപ്പോഴും ഒരു ഡ്രൈവർ സാധാരണയായി അശ്രദ്ധനാണെന്ന് ഞാൻ വിചാരിക്കുന്നില്ല. കുറഞ്ഞവേഗത്തിൽ പോകുകയാണെങ്കിൽ, ഉടൻതന്നെ വണ്ടിനിറുത്തുന്നതിനും അയാൾക്കു കഴിയുന്നതാണ്. മററുപ്രകാരത്തിലാണെങ്കിൽ സാധിച്ചില്ലെന്നും വരാം.

തടസ്ഥപ്പെടുത്തപ്പെട്ട എന്റെ പ്രസംഗത്തിന്റെ ബാക്കിഭാഗം ഞാൻ ഇപ്പോൾ തീർത്തുകൊള്ളാം. ഈ സ്ഥിതികളെ നന്നാക്കേണ്ട ചുമതല ഗവണ്മെൻറിനാണുള്ളതു. കടലാസിലുള്ള ചട്ടങ്ങൾ സാരമായ എന്തെങ്കിലും നന്മയെ ചെയ്യുമെന്നു തോന്നുന്നില്ല. ചട്ടങ്ങളിൽ പലതും, നന്നായിട്ടുള്ളവയും, പ്രായേണ ജനങ്ങളുടെ രക്ഷയെ ഉദ്ദേശിച്ചു സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയും ആകുന്നു. ആ ചട്ടങ്ങളെ അനുസരിക്കുന്നില്ലെന്നുള്ളതു ശോചനീയമായിട്ടുള്ളതാണ്. പൊതുജനങ്ങൾക്കു നന്മ ചെയ്യുന്നതിനുള്ള ബുദ്ധി, സർക്കാരുദ്യോഗസ്ഥന്മാരുടെ ഇടയിലും, ഉയർന്ന ഉദ്യോഗം വഹിക്കുന്നവർക്കും ഉണ്ടായിരിക്കേണ്ടതാണ. ഇതു അവസാനംവരെ സംപ്രാപ്തമാകുന്നതിന്, ജനപ്രതിനിധികളോടു ചുമതലയുള്ള ഒരു ഭരണപദ്ധതികൊണ്ടേ സാധിക്കൂ. (ചിരി). എന്നാൽ, ഉയർന്ന ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരിൽ ചിലർക്ക് ജനങ്ങളുടെ പ്രത്യേകിച്ചു കുട്ടികളുടെ ജീവനേയും, അവയവ.

അങ്ങളെയും രക്ഷിക്കുന്നതിൽ ഔൽസുക്യമുണ്ടായാൽ, അല്പം നന്മചെയ്യുന്നതിനും അന്തരം മനസ്ഥിതിയെ തങ്ങളുടെയിടയിൽ വ്യാപരിപ്പിക്കാൻ കഴിയുന്നതുമാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉത്തരവാദിത്വഭരണം ഇവിടെ ഒരു വാദവിഷയമല്ലാതിരിക്കുന്ന സ്ഥിതിക്ക് സാമാജികന്മാർ പുതിയതായി വാദമുഖങ്ങൾ അവതരിപ്പിക്കാവുന്നതാണോ എന്നുള്ളതു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഞാൻ ഇടക്കു അതിനെക്കുറിച്ച് ഒന്ന് പറഞ്ഞുപോയി എന്നേയുള്ളു. അന്യശക്തികളാൽ പ്രേരിതരായിട്ടന്നെ നിസ്സംശയം ഉപേക്ഷിച്ചു പരപുരുഷനെ സ്വീകരിച്ച തന്റെ പ്രേമഭാജനത്തിനു ഒരു ശിശു ജാതയായ വാർത്തയെ ഗ്രഹിച്ചപ്പോൾ അനുരാഗമഗ്നതയാൽ പരുഷമായിത്തീർന്ന നായകന്റെ ഹൃദയം തൽക്കാലത്തേക്കെങ്കിലും അലിഞ്ഞുപോകുന്നതിനെ വർണ്ണിക്കുന്ന ടെനിസ്സന്റെ ലോക്സ്ലിഹാൾ എന്ന കവിതയിലെ ചില ഭാഗം നമ്മിൽ ചിലർ ഓർക്കുന്നുണ്ടായിരിക്കാം. കഥാനായകൻ തിങ്ങിവിങ്ങുന്ന കാലുഷ്യത്തെയും പാരുഷ്യത്തേയും അവളിൽ വർഷിച്ചതിന്റെശേഷം, ശ്രേഷ്ഠമായ എല്ലാ ആദർശങ്ങളേയും അദ്ദേഹം അടിച്ചുടക്കുന്നു. പിന്നീട് അവൾക്കുതന്നെ നിർജ്ജീവവും പരുഷവുമായ ഒരു ജീവിതത്തെ കഥാനായിക നയിക്കുമെന്ന് അദ്ദേഹം ദീർഘദർശിത്വം ചെയ്തശേഷം ആ നായകൻ പൊട്ടുന്നനവെ ഇപ്രകാരം പറയുന്നു:—

"അതല്ലാ; എന്നാൽ പ്രകൃതി നിനക്കു സാന്ത്വനത്തെ പ്രദാനംചെയ്യുന്നു. എന്തെന്നാൽ നീ ഒരു കുഞ്ഞും കരയുന്നതു കേൾക്കും. അതു നിന്റെ ജീവിതത്തെക്കാൾ പരിശുദ്ധമേറിയതാകുന്നു. അതു നിന്റെ ക്ലേശവാരിധിയെ പാനംചെയ്തു ശുഷ്കമാക്കും. അതിന്റെ അധരത്തിൽനിന്നും പുറപ്പെടുന്ന ചിരി എന്നെ നിശ്ശബ്ദനാക്കുന്നു. എന്റെ ഇപ്പോഴത്തെ പ്രതിഛായ നിനക്കു വിശ്രമത്തെ തരുന്നു. കുഞ്ഞിന്റെ മെഴുകുപോലെയുള്ള കൈവിരലുകൾ അമ്മയുടെ മാറിടത്തിൽനിന്നും എന്നിൽ പതിക്കുന്നു—".

നാം എല്ലാവരും നമ്മിൽ ജാതരായ കുട്ടികൾ ഇല്ലാത്തവർപോലും ഏതുതരത്തിലുള്ള ആളുകൾക്കും കുട്ടികൾ ജീവിതത്തിലെ ഏറ്റവും വലിയ ആശ്വാസമാണെന്നു സമ്മതിക്കും. സ്വന്തമായി കുട്ടികളില്ലാത്തവർ നമ്മുടെ ഉററബന്ധുക്കളുടെയും സ്നേഹിതന്മാരുടേയും കുട്ടികളെ സ്നേഹിക്കുന്നു. അങ്ങനെയുള്ള ഒരു കുട്ടിയുടെ വിയോഗം പ്രതിവിധിയില്ലാത്ത മനോവേദനയേയും ശൂന്യതയേയും ഉണ്ടാക്കുന്നു. അപ്പോൾ സാധുക്കളായ മാതാപിതാക്കന്മാരുടെ ഹൃദയഭേദകമായ താപത്തിനെപ്പററി എന്തുപറയുന്നു. ആലോചനാശൂന്യമായ വണ്ടിയോടിക്കൽപോലെ ഒഴിയാൻ കഴിവുള്ള അപകടത്തിൽനിന്നു ഈ വിയോഗം നേരിടുന്നുഎങ്കിൽ ഈ വ്രണം എത്രമാത്രം കഠിനവും ദുഃഖദായകവുമായിരിക്കണം. ഈ വിധത്തിൽ വണ്ടിയോടിക്കുന്നതുകൊണ്ടു സാധാരണയായി അപകടമുണ്ടാകുന്നതു വണ്ടിയുടെ ആകർഷണശക്തിയെ തടുക്കുന്നതിനു കഴിയാത്ത പ്രായത്തിലുള്ള കുട്ടികൾക്കാകുന്നു. അർത്ഥവത്തു് എന്നാൽ അലങ്കാരശൂന്യവുമായ അവരുടെ ഭാഷയിൽ അവർ അതിനെ 'ഭൂതം വണ്ടി' എന്നു വിളിക്കുന്നു. അതിന്റെ വിനാശഫലങ്ങളെ അറിഞ്ഞിരുന്നുഎങ്കിൽ അവർ അതിനെ 'ഉന്മാദി വണ്ടി'യെന്നു വിളിക്കുമായിരുന്നു. വണ്ടി അതിവേഗത്തിൽ ഓടുമ്പോൾ ഉണ്ടാകുന്ന വായുവിന്റെ ക്ഷോഭം നിമിത്തം കുട്ടികൾ നിലത്തുപതിക്കുന്നതിനു ഇടയാകുന്നതാകുന്നു. തന്റെ കുട്ടിയുടെ മരണംമൂലം ഒരു സാധുവായ സ്ത്രീയെ വ്യസനിപ്പിക്കുന്നതിനു ഇടവരുത്തുന്നതു എത്ര കഠിനമാണ്. ജോൺ മഹാരാജാവു തടവിൽ പാർപ്പിച്ചിട്ടുള്ള തന്റെ കുട്ടി ആർതറിനെക്കുറിച്ച് കാൺസ്റ്റൻസിനു തോന്നുന്ന സങ്കടം, ഷേക്സ്പിയരുടെ 'കിങ്ജോൺ' എന്നുള്ള നാടകത്തിൽ വിവരിച്ചിരിക്കുന്നു. ഇതിൽനിന്നും ഒരു മാതാവിനു അവളുടെ കുട്ടിയോടുള്ള സ്നേഹം എത്ര സ്ഥായിയും പരിശുദ്ധവും ആയിട്ടുള്ളതാണെന്നും മനുഷ്യവർഗ്ഗത്തിൽപെട്ട എല്ലാവർക്കും കുട്ടികൾ എത്രത്തോളം നിധിയാണെന്നും ഉള്ളതു മനസ്സിലാക്കാം. ഷേക്സ്പിയർ അതിനെ വിവരിക്കുന്നതു നോക്കുക.

"എന്റെ കുഞ്ഞിന്റെ അഭാവത്തിൽ അതിന്റെസ്ഥാനത്തു എന്റെ സങ്കടം സ്ഥിതിചെയ്യുന്നു. കുഞ്ഞിന്റെ കിടക്കയിൽ ശയിക്കുന്നു; എന്റെകൂടി സദാ സഞ്ചരിക്കുന്നു; കുഞ്ഞിന്റെ മനോഹരമായ കാഴ്ചയെ ധരിക്കുന്നു, അതിന്റെ മൊഴികളെ ആവർത്തിക്കുന്നു. സന്തോഷപ്രദമായി അവന്റെ ഗുണങ്ങളെ എന്നെ ഓർമ്മിപ്പിക്കുന്നു, അതിന്റെ രൂപം സ്വീകരിച്ചു അതിന്റെ വസ്ത്രം ധരിക്കുന്നു. ഈ സ്ഥിതിക്കു സന്താപത്തിനോടു എനിക്ക് സന്തോഷം തോന്നുകയല്ലേ? നിങ്ങൾക്ക് മംഗളം ഭവിക്കട്ടെ! "ഇതുപോലെയുള്ള ദുഃഖം അവിടത്തേക്കുണ്ടായിരുന്നു എങ്കിൽ ഇതിനെക്കാൾ ഭംഗിയായി ഞാൻ സമാധാനപ്പെടുത്തുമായിരുന്നു. എന്റെ മനസ്സു ഈ വിധത്തിൽ ഇളകിയിരിക്കുമ്പോൾ എന്റെശിരസ്സിൽ ഈ രൂപത്തിനെ ഞാൻസൂക്ഷിക്കുന്നില്ല. അല്ലയൊ ജഗദീശ! എന്റെകുഞ്ഞേ! എന്റെആർതറേ! എന്റെ ഓമനക്കുട്ടനായ എന്റെ ജീവൻ എന്റെ ആനന്ദം ആഹാരം എന്റെ ജീവസർവസ്വം. ഒരു കുട്ടിയുടെ മരണത്തിൽനിന്നും ഉളവാകുന്ന അനിർവാച്യമായ സങ്കടത്തിന്റെ അഗാധതയെ കുട്ടികൾ ഇല്ലാത്തവർക്കും കുട്ടികളുടെമരണം നിമിത്തം ദുഃഖം അനുഭവിച്ചിട്ടില്ലാത്തവർക്കും പോലും ഇതിൽനിന്നും അറിയാം. താഴെ തർജ്ജമചെയ്തുകാണിച്ചിട്ടുള്ള ഭാരതത്തിലെ രണ്ടുമഹാകവികളായ കാളിദാസൻ ഭവഭൂതി എന്നിവരുടെ ശ്ലോകത്തിൽനിന്നു ചിക്കലുകളും സ്നേഹസംപൂർണ്ണവും നയനാനന്ദകരവുമായ കുട്ടികളുടെ ലീലകളെക്കുറിച്ചു ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ മനസ്സിൽ ഉളവാകുന്ന വികാരങ്ങൾ എത്രമാത്രം മാഹാത്മ്യമുള്ളതും അനുഗ്രഹീതവുമാണെന്നു അറിയാം.

ദന്തുരമാം മുകുളങ്ങൾകാട്ടി യനിമിത്തോത്ഥിതമാനസ്മിതാൻ
ചെന്താരിൻ മധുവർഷിണം വചനയോരവ്യക്തവർണ്ണോക്തിഭി:
സന്താനാഭരണാനി ബാലതനയാനങ്കാശ്രയപ്രാപ്തനോ
ഹന്താലേയതമംഗമേണ പണിയുന്നിൽകൃഷ്ടപുണ്യാഢ്യനാം
ചിരിക്കും മധ്യത്തിൽ കരയുമതിനോളം ചടുലമി-
ല്ലുരസ്സും കരേറിക്കൊണ്ടുതനസമസ്പഷ്ടമൊഴിയെ,
സ്ഫുരിച്ചുള്ളംകുണ്ണും ചിലചെറിയപല്ലിങ്ങനെയസി-
ച്ചിരിക്കും ബാല്യത്തിൻമുഖകമലമേൽക്കുന്നിഹ ഞാൻ

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസുകമ്മീഷണർ) സാമാജികൻ ഇതിന്റെ അർത്ഥം പറയുമോ?

മി. ജി. രാമൻമേനോൻ (മാവേലിക്കര—കാർത്തികപ്പള്ളി) ഇപ്പോൾ എനിക്കു ഇതുപറയാൻ നിവൃത്തിയില്ല.

മി. എം. ശിവതാണുപിള്ള (തോവാള) സാമാജികൻ സഭയുടെ നിബന്ധനയെ ലംഘിച്ചിട്ടില്ലേ?

അദ്ധ്യക്ഷൻ. ഇതുവരെയില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി) മോട്ടോർ അപകടംകൊണ്ടു മുറിവേററതായ കുട്ടിയെ ശസ്ത്രക്രിയചെയ്യുന്നതിനുള്ള മേശയുടെമുകളിലായി ബോധംവരാതെ കണ്ണുകൾ അടച്ചുകൊണ്ടു മുൻപിൽ കിടത്തിയിരിക്കുന്നതു ഞാൻ കാണുകയുണ്ടായി. ആ കാഴ്ചയെപ്പററി വിചാരിക്കുമ്പോൾ എനിക്കു സങ്കടം വന്നുപോകുന്നു. കുഞ്ഞുങ്ങൾക്കു ആപത്തുസംഭവിച്ചിട്ടുള്ള മററുപല സംഭവങ്ങളെപ്പററിയും ഞാൻ കേട്ടിട്ടുണ്ട്. കൊല്ലംഡിവിഷൻപേഷ്കാരുടെ മോട്ടോർകയറി കൊല്ലപ്പെട്ട എന്റെ ഒരു സ്നേഹിതന്റെ കുട്ടിയുടെ കാര്യം ഉദാഹരണമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) പേഷ്കാർ സമയപരിധി ലംഘിച്ചിരുന്നോ?

മി. ജി. രാമൻമേനോൻ (മാവേലിക്കര—കാർത്തികപ്പള്ളി) അതു എനിക്കറിഞ്ഞുകൂടാ. ഇങ്ങനെയുള്ള അപകടങ്ങളുടെഫലം എത്രമാത്രം അനാശാസ്യവും അസഹ്യവുമാകുന്നു എന്നു പറയണമെന്നേ എനിക്കു ആഗ്രഹമുള്ളു. അതുകൊണ്ടു ഇങ്ങനെയുള്ള നഷ്ടത്തിനു ഇടയാക്കുന്ന അവസരങ്ങളെ ശാസ്ത്രദൃഷ്ട്യാ കുറക്കണം. ഇതായിരിക്കണം നമ്മുടെ ഉദ്ദേശം. ഒഴിക്കാവുന്ന ആപത്തുകളിൽനിന്നു സംഭവിക്കാവുന്ന നഷ്ടത്തെ കുറയ്ക്കുകയെന്നുള്ളതു ദൈവത്തിനോടും ജനസമുദായത്തിനോടും നമുക്കുചെയ്യാനുള്ള ഒരു കടമയാകുന്നു. മനുഷ്യപ്രകൃതിയുടെ ഉത്തമവും അത്യന്തം പരിപാവനവുമായ വികാരങ്ങളും ശിശുക്കളോടുള്ള നമ്മുടെ വാത്സല്യവും അന്യോന്യം ബന്ധിക്കപ്പെട്ടിരിക്കുന്നു, ഏതു സ്ഥിതിയിലുമുള്ള ആളുകൾക്കും ഇപ്രകാരമുള്ള സ്നേഹസ്വഭാവം പൊതുസ്വത്താകുന്നു.

ആ സ്നേഹത്തിന്റെ നാമധേയത്തിൽ ഗവന്മെന്റിനോടും സാമാജികസഹോദരന്മാരോടും നമ്മുടെ ശിശുക്കൾക്കുണ്ടാകാവുന്ന ഈ വിപത്തിനെ ഒഴിക്കുന്നതിനു തങ്ങളുടെ ശക്തിയിൽ പെട്ടിടത്തോളം പ്രയത്നിക്കുന്നതിനു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഈ വിഷയത്തിന്റെ നാനാമുഖങ്ങളെപ്പററി പരിചിന്തനംചെയ്യുന്നതിനു സന്ദർഭം കിട്ടാതിരുന്നതുകൊണ്ടു വേണ്ടതുപോലെ ഗൗരവമായി ചിന്തിക്കാതെയും, എന്റെ നിവേദനത്തെ എതിർത്ത സ്നേഹിതന്മാരിൽ ചിലരെങ്കിലും ഉദ്യോഗസ്ഥസാമാജികൻ എന്റെ നിവേദനത്തിന്റെ ഉദ്ദേശ്യത്തോടു അനുഭാവം പ്രകടിപ്പിച്ചിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു, എന്റെ പ്രസംഗമദ്ധ്യത്തിൽ ചിലഭാഗങ്ങളിൽനിന്നും ഉൽഭൂതമായ ചിരി കണ്ണീരിൽ പരിണമിച്ചിട്ടുണ്ടെന്നു നിശ്ചയമാണ്.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസുകമ്മീഷണർ) ഉത്തരം പറയേണ്ടതായി എന്തെങ്കിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു പ്രസ്താവനമാത്രം ചെയ്യണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഇംഗ്ലണ്ടിൽ ചെയ്യപ്പെടുന്നതിനെപ്പററി ഞാൻ ഇവിടെ ഉദ്ധരിച്ചപ്പോൾ അതു ഇവിടെ നടപ്പിലാക്കണമെന്നുള്ള ഒരു ഉദാഹരണമായല്ല അതിനെപ്പററി ഇവിടെ പ്രസ്താവിച്ചതു. പിന്നെയോ പൊതുജനങ്ങൾക്കു അകാരണവും അസാദ്ധ്യവുമെന്നുതോന്നിയ വേഗക്ലിപ്തതയെ നിർണ്ണയിക്കുന്നതിനെ സംബന്ധിച്ചുള്ള എന്റെ വാദത്തെ ദൃഢമാക്കാനാണ് ഞാൻ അപ്രകാരം ചെയ്തിട്ടുള്ളത്. വേഗക്ലിപ്തത ൨൦ മൈലിൽ കൂടരുതെന്നു ഞാൻ പറയുന്നതു അതുകൊണ്ടു മാത്രമാണ്. കൂടുതലായി എനിക്കു യാതൊന്നും പറയാനില്ല.

മി. ജി. രാമൻമേനോൻ (കാർത്തികപ്പള്ളി-മാവേലിക്കര) എന്റെ ഉദ്ദേശം സാധിച്ചതുകൊണ്ടു പ്രമേയത്തെ ഞാൻ സസന്തോഷം പിൻവലിച്ചുകൊള്ളുന്നു. അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കുക.

മി. സി. പി. തരകൻ (കുന്നത്തുനാട്) സർ, ഞാൻ താഴെകാണുന്ന പ്രമേയം ഹാജരാക്കുന്നു.

തിരുവിതാംകൂറിൽ എല്ലാസ്ഥലങ്ങളിലും പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനു വേഗത്തിൽ വേണ്ടപ്രവൃത്തികൾ ചെയ്യുന്നതിനു ഈ സഭ ഗവന്മെന്റിനോടു ശുപാർശചെയ്യുന്നു.

സർ, സംസ്ഥാനത്തുള്ള എല്ലാ ബാലികാബാലന്മാർക്കും വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയേയോ ആ വിഷയത്തിൽ ഗവന്മെന്റിനുള്ള ചുമതലകളേയോ സാർവ്വത്രികമായ വിദ്യാപ്രചാരം നിമിത്തം സംസ്ഥാനത്തിനു പൊതുവെ ഉണ്ടാകുവാനുള്ള അഭിവൃദ്ധിയേയോപ്പററി ഈ സഭയോടു എന്തെങ്കിലും പ്രസംഗിക്കേണ്ടതായ ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വിദ്യാപ്രചാരം മൂലമായി സിദ്ധിക്കുവാനുള്ള ഗുണങ്ങളെപ്പററിയുള്ള ബോധം ഗവന്മെന്റു അധികാരികളുടെയിടയിലും ജനസാമാന്യത്തിന്റെ ഇടയിലും വ്യാപിച്ചുകഴിഞ്ഞിട്ടു വളരെക്കാലമായിഎങ്കിലും ഒരു ശതാബ്ദത്തിനു മേലായുള്ള നമ്മുടെ വിദ്യാപ്രചാരപരിശ്രമം ഇന്നിയും പൂർണ്ണമായി ഫലപ്പെട്ടിട്ടില്ലഎന്നു പ്രത്യക്ഷമാണല്ലോ. നിർബന്ധനിയമം നടപ്പാക്കാതെ കാര്യത്തിലും സാർവ്വത്രികമായ വിദ്യാപ്രചാരം സാധിക്കുന്നതല്ല. നിർബന്ധനിയമം ഏർപ്പെടുത്തിയതിനു ശേഷമല്ലാതെ ലോകത്തിൽ ഒരിടത്തും എല്ലാ ബാലികാബാലന്മാരെയും വിദ്യാലയങ്ങളിലേക്കു ആകർഷിക്കുവാൻ സാധിച്ചിട്ടില്ല. ഇംഗ്ലീഷ്കാരുടെ സ്വാതന്ത്ര്യബോധത്തിന്റെ തള്ളിച്ചനിമിത്തം അവർ നിർബന്ധനിയമത്തെ ൧൮൭൦ വരെ തടഞ്ഞുനിർത്തിഎങ്കിലും അവസാനത്തിൽ ഗത്യന്തരമില്ലായ്കയാൽ അവർ നിർബന്ധനിയമം നടപ്പാക്കി. പ്രസ്തുതനിയമം ഇംഗ്ലണ്ടിൽ നടപ്പിൽവരുത്തിയതു സ്വാതന്ത്ര്യമാനസന്മാരുടെ മുന്നണിയിൽ നിന്നിരുന്ന മിസ്റ്റർ ഫാസ്റ്റർ ആണെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണ്. നിർബന്ധവിദ്യാഭ്യാസം നടപ്പിൽവരുത്തുന്നതിനു എതിരായി ഗവന്മെന്റുഭാഗത്തുനിന്നും പറഞ്ഞുകേട്ടിട്ടുള്ള ഒരഭിപ്രായം ഇവിടെ നിർബന്ധത്തിന്റെ ആവശ്യമില്ലെന്നു ആവശ്യമുള്ളടത്തോളം സ്കൂളുകൾ ഉണ്ടാക്കിക്കൊടുക്കുകമാത്രം ചെയ്താൽ എല്ലാവരും താനേതന്നെ സ്കൂളിൽ വന്നുചേർന്നുകൊള്ളുമെന്നുമാണ്. ഉയർന്നജാതിക്കാരെ സംബന്ധിച്ചിടത്തോളം ഈ സമാധാനത്തിനു കുറെ ഒക്കെ അർത്ഥമുണ്ടെന്നു ഞാനും സമ്മതിക്കാം. എന്നാൽ താണജാതിക്കാരുടെയിടയിൽ നിർബന്ധംകൂടാതെ എല്ലാവരെ ഒരിക്കലും വിദ്യാഭ്യാസം ചെയ്യിക്കുവാൻ സാധിക്കുകയില്ലെന്നു നിസ്സംശയം പറയാം. ഉയർന്നജാതിക്കാരു

കടയിലെയിൽപോലും നിർബന്ധ [illegible] ഉണ്ടായിരിക്കും. ഇംഗ്ലണ്ട്, ജർമ്മനി, അമേരിക്ക, ജപ്പാൻ മുതലായ പരിഷ്കൃതരാജ്യങ്ങളിൽപോലും സാധിക്കാത്ത [illegible] ഇവിടെ സാധിക്കാമെന്നു നാം അന്ധവിശ്വാസത്തിൽ [illegible]. നിർബന്ധംകൂടാതെ സാർവ്വത്രികവിദ്യാഭ്യാസം [illegible] നിർബന്ധപ്പെടുത്തി [illegible] ചെയ്തിട്ടുള്ളത്. ഗ്രേറ്റ്ബ്രിട്ടൻ, അയർലണ്ട്, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലണ്ട്, നാർവെ, ആസ്ട്രിയാ-ഹംഗറി, ഇറ്റലി, ബെൽജിയം, ഡെൻമാർക്ക്, സ്വീഡൻ, യുണൈറ്റഡ് സ്റ്റേറ്റ്സ്, കാനഡാ, ആസ്ത്രേലിയ, ജപ്പാൻ, ഫിലിപ്പൈൻസ്, സിലോൺ മുതലായ അനേകം രാജ്യങ്ങളിൽ നിർബന്ധവിദ്യാഭ്യാസം നടപ്പിൽ വരുത്തിക്കഴിഞ്ഞു. ബറോഡാ, മൈസൂർ, കാശ്മീർ എന്നീ നാട്ടുരാജ്യങ്ങളിലും നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുകയാണ്. ബ്രിട്ടീഷ് ഇൻഡ്യയിലും പരിമിതമായ തോതിൽ നിർബന്ധനിയമം ഏർപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലണ്ടിൽ നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തിയകാലത്ത് അവിടത്തെ കുട്ടികളിൽ [illegible] ശതമാനം മാത്രമേ സ്ക്കൂളുകളിൽ പഠിച്ചുവന്നിരുന്നുള്ളു. പത്തുസംവത്സരംകൊണ്ട് [illegible] സ്ക്കൂളുകളിൽ പോയിത്തുടങ്ങി. ജപ്പാനിൽ നിർബന്ധനിയമം ഏർപ്പെടുത്തിയകാലത്ത് അവിടത്തെ കുട്ടികളിൽ നൂറ്റിന് [illegible] ശതമാനം മാത്രമേ സ്ക്കൂളുകളിൽ പോകുന്നവരായിരുന്നുള്ളു. [illegible] സംവത്സരംകൊണ്ട് അവിടെയുള്ള എല്ലാ കുട്ടികളെയും സ്ക്കൂളുകളിലേക്ക് ആകർഷിക്കുവാൻ സാധിച്ചു. ഇവിടെ പ്രാഥമികവിദ്യാഭ്യാസം [illegible]. ഗവർമ്മെണ്ട് വിദ്യാപ്രചാരവിഷയത്തിൽ വളരെ ഉത്സാഹത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെന്നുള്ള വാസ്തവം വിസ്മരിക്കുവാൻ നിവൃത്തിയില്ല. എങ്കിലും പഠിക്കുവാൻ പ്രായമായ ബാലികാബാലന്മാരിൽ നൂറ്റിന് [illegible] ശതമാനം മാത്രമേ ഇതുവരെ സ്ക്കൂളുകളിൽ പോയിക്കൊണ്ടിരിക്കുന്നുള്ളു [illegible] വ്യത്യാസപ്പെടുന്നതാണ്. [illegible] ബാലന്മാരിൽ നൂറ്റിന് [illegible] ശതമാനവും [illegible] ബാലികമാരിൽ നൂറ്റിന് [illegible] ശതമാനവും മാത്രമേ ഇപ്പോൾ സ്ക്കൂളുകളിൽ പോകുന്നുള്ളു. ഇതു നമുക്ക് അഭിമാനത്തോടുകൂടി സ്മരിക്കാവുന്ന ഒരു സംഗതിയല്ല. നിർബന്ധ [illegible] ഈ നിലയെ [illegible] സാധിക്കുന്നതല്ലെന്നുള്ളതു നിസ്സംശയമാണ്.

ഈ സംഗതിയെ സംബന്ധിച്ച് ഇന്നാട്ടിൽ [illegible] പൊതുജനാഭിപ്രായം [illegible] കഴിഞ്ഞിട്ടു വളരെ കാലമായിരിക്കുന്നു. നമ്മുടെ പ്രജാസഭയുടെ രണ്ടാമത്തെ യോഗത്തിൽ സുസമ്മതനായ കെ. ജി. ശേഷയ്യർ അവർകളാണ് ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ ആദ്യമായി കൊണ്ടുവന്നത്. അതിനുശേഷം സുപ്രസിദ്ധനായ സി. കൃഷ്ണപിള്ള അവർകൾ തുടങ്ങി പല മാന്യന്മാരും പ്രജാസഭയുടെ പല യോഗങ്ങളിലും ഈ വിഷയത്തെപ്പറ്റി വളരെ [illegible] വാദിക്കുകയുണ്ടായിട്ടുണ്ട്. അനന്തരം [illegible] മി. കെ. കേശവപിള്ള അവർകൾ നിയമസഭയിൽ നിർബന്ധിത പ്രാഥമികവിദ്യാഭ്യാസനിയമം ഹാജരാക്കി [illegible] കെ. വി. [illegible], എം. കുമാരപിള്ള, കെ. ജി. പരമേശ്വരമേനോൻ, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, സി. പി. തോമസ് എന്നീ [illegible] സാമാജികന്മാരെല്ലാവരും ബില്ലിനെ അനുകൂലമായി [illegible] നടത്തുകയുണ്ടായി. ഉദ്യോഗസ്ഥ [illegible] ബില്ല് തള്ളിപ്പോയി എങ്കിലും ഇവിടത്തെ പൊതുജന [illegible] പ്രസ്തുത ബില്ലിനെ അനുകൂലിക്കുകയാണു ചെയ്തത്.

മി. സി. എൻ. ഇല്ലത്തുനമ്പൂതിരി (നോമി): ഈ പ്രാഥമികവിദ്യാഭ്യാസം ഇംഗ്ലീഷ്ഭാഷയിൽതന്നെ നിർബന്ധമാക്കുന്നതല്ല [illegible] നല്ലത്.

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): അത്യാവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

[illegible], അദ്ധ്യാപകൻ, [illegible], മലയാളി, വെസ്റ്റ്കോസ്റ്റ് സ്പെക്ടേറ്റർ, മലയാളമനോരമ, [illegible], [illegible], വിജ്ഞാനരത്നാകരം, [illegible], [illegible] ഹിന്ദു, [illegible], [illegible], യുണൈറ്റഡ് ഇൻഡ്യ ആന്റ് നേറ്റീവ് സ്റ്റേറ്റ്സ്, മലബാർ ഹെറാൾഡ്, [illegible], സുജനമിത്രം, മുതലായ പത്രങ്ങളും ബില്ലിനെ അനുമോദിച്ചു മുഖപ്രസംഗങ്ങൾ പ്രസിദ്ധപ്പെടുത്തുകയും കേരളീയനായർസമാജം, കേരളീയ ബ്രാഹ്മണസമാജം, [illegible] പരിപാലനസമാജം മുതലായ [illegible] പല പൊതുയോഗങ്ങളും ബില്ലിനെ അനുകൂലമായി നിശ്ചയങ്ങൾ പാസ്സാക്കുകയും ചെയ്തു. ഇങ്ങനെ [illegible] ഈ സംഗതിയെ സംബന്ധിച്ച് പൊതുജനാഭിപ്രായം [illegible] ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നിയമസഭ പ്രസ്തുത ബിൽ തള്ളിക്കളഞ്ഞതിന്റെ ശേഷവും പല സന്ദർഭങ്ങളിലും പൊതുജനപ്രതിനിധികൾ ഈ വിഷയം ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. തിരുവിതാംകൂറിലെ പൊതുജനാഭിപ്രായം നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തിന് അനുകൂലമാണെന്നുള്ളതിനു ഇതിൽകൂടുതൽ തെളിവുകൾ ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ നാം ഇപ്പോൾ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കത്തക്ക പതനത്തിൽ എത്തിയിട്ടുണ്ടോ എന്നു നോക്കാം.

ഇംഗ്ലണ്ടിലും ജപ്പാനിലും നിർബന്ധനിയമം നടപ്പാക്കിയ അവസരത്തിൽ അവിടത്തെ പള്ളിക്കൂടത്തിൽ പോകുവാൻ പ്രായമായ കുട്ടികളിൽ നാല്പത്തിമൂന്നും ഇരുപത്തെട്ടും ശതമാനം മാത്രമേ പഠിക്കുന്നുണ്ടായിരുന്നുള്ളു എന്നും ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ബഹുമാനപ്പെട്ട ഗോഖലെ അവർകൾ സാമ്രാജ്യനിയമസഭയിൽ അദ്ദേഹത്തിന്റെ നിർബന്ധ പ്രാഥമിക വിദ്യാഭ്യാസനിയമം ഹാജരാക്കിയസമയം കുട്ടികളിൽ മുപ്പത്തിമൂന്നു ശതമാനം സ്കൂളുകളിൽ പോയിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങൾ തിരഞ്ഞെടുത്തു അങ്ങിനെയുള്ള സ്ഥലങ്ങളിൽ മാത്രം ആ നിയമം നടപ്പിലാക്കിയാൽ മതിയെന്നും അല്ലാത്ത സ്ഥലങ്ങളിൽ ആവശ്യമില്ലെന്നാണ് അഭിപ്രായപ്പെട്ടത്. നമ്മുടെ സ്ഥിതി അതിനേക്കാൾ എത്രയോ ഭേദമായിരിക്കുന്നു. നമ്മുടെ കുട്ടികളിൽ നൂറ്റിന് [illegible] ശതമാനം ഇപ്പോൾതന്നെ പാഠശാലകളിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ ഇവിടെ നിർബന്ധനിയമം നടപ്പാക്കുവാൻ നാം ഒട്ടുംതന്നെ മടിച്ചു വിചാരിക്കേണ്ടതായ ആവശ്യമില്ല. നമുക്ക് ഉള്ളടത്തോളം അനുകൂലമായ സാഹചര്യങ്ങളോടുകൂടി ഇതിനുമുമ്പു ഒരു രാജ്യവും ഈ പ്രസ്ഥാനത്തെ സ്വീകരിച്ചിട്ടുണ്ടായിരിക്കയില്ലെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. ഒന്നോടെ എല്ലാ സ്ഥലങ്ങളിലും എല്ലാ വർഗ്ഗങ്ങളുടെയിടയിലും നിർബന്ധനിയമം നടപ്പാക്കണമെന്നു എനിക്കു അഭിപ്രായമില്ല. ആ വിഷയത്തിൽ നാം വളരെ [illegible]

സാവകാശത്തിലും മുന്നോട്ടുപോയാൽ മതിയാകുന്നതാണ്. നിയമം പാസ്സാക്കുമ്പോൾതന്നെ അതു എപ്പോൾ എങ്ങനെ എവിടെ ഏതെല്ലാം വർഗ്ഗക്കാരുടെയിടയിൽ നടപ്പിൽ വരുത്തണമെന്നു തീർച്ചയാക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഗവർമ്മെൻറിനു ഉണ്ടായിരിക്കത്തക്കവിധത്തിൽ നിയമത്തെ നമുക്കു പ്രാവർത്തികമാക്കാവുന്ന സാഹചര്യങ്ങളെപ്പറ്റി വേണ്ടപോലെ അന്വേഷണം നടത്തിയതിനുശേഷം മാത്രം ഗവർമ്മെൻറിനു തങ്ങളുടെ അധികാരത്തെ പ്രയോഗിക്കേണ്ടതുള്ളതാണ്.

ക്രമേണയായി ഇപ്പോഴുള്ള വിദ്യാലയങ്ങളിൽ എല്ലാം സ്ഥലം ഉള്ളിടത്തോളം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കത്തക്കവിധത്തിൽ നിയമത്തെ പ്രയോഗിക്കേണ്ടതാകുന്നു. പുതിയ വിദ്യാലയങ്ങൾ സ്ഥാപിക്കുന്ന കാര്യം അതിനുശേഷം ആലോചിച്ചാൽ മതിയാകുന്നതാണ്. വർഷംതോറും ഒരു നിശ്ചിത സംഖ്യയിലുള്ള വിദ്യാലയങ്ങൾ കൂടുതലായി ഉണ്ടാകുന്നതായാൽ കുറിയതു എട്ടു സംവത്സരംകൊണ്ടു ആവശ്യമുള്ളേടത്തോളം വിദ്യാലയങ്ങൾ കൂടുതലായി ഉണ്ടാകുന്നതിൽ ഗവർമ്മെൻറിനു യാതൊരു പ്രയാസവും നേരിടുന്നതല്ല. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നപക്ഷം ഒട്ടേറെ അധികമായി വിദ്യാലയങ്ങൾ ഉണ്ടാക്കേണ്ടതായും അതിലേക്കു അത്യന്തം ഭീമമായ ഒരു സംഖ്യ ചിലവിടേണ്ടതായും വരുമെന്നു തെറ്റായ ധാരണ ചിലരുടെ ഇടയിൽ വ്യാപരിച്ചിട്ടുണ്ട്. അല്പം മനസ്സിരുത്തി ആലോചിച്ചാൽ അങ്ങിനെ നാം ഭയപ്പെടേണ്ടതില്ലെന്നു നിഷ്പ്രയാസം മനസ്സിലാക്കാം. നമ്മുടെ സംസ്ഥാനത്തിൽ പഠിക്കുവാൻ പ്രായമായ കുട്ടികളുടെ സംഖ്യ ആറു ലക്ഷമാണെന്നു വിദ്യാഭ്യാസറിപ്പോർട്ട് ൭-ാം പേജിൽനിന്നും നമുക്കു കാണാം.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): ഈ ആറുലക്ഷം കുട്ടികളെ ഉള്ളു എന്നു എങ്ങിനെ അറിഞ്ഞു?

മി. സി. പി. തരകൻ (കുന്നത്തുനാട്): വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ റിപ്പോർട്ട് ൭-ാം പേജു നോക്കിയാൽ അറിയാം. ഈ ആറുലക്ഷത്തിൽ നാലുലക്ഷത്തി ഒൻപതിനായിരം കുട്ടികൾ ഇപ്പോൾതന്നെ പ്രാഥമിക വിദ്യാലയങ്ങളിൽ പഠിച്ചുവരുന്നുണ്ട്. നിർബന്ധനിയമം നടപ്പാക്കുന്നപക്ഷം ഒരുലക്ഷം വിദ്യാർത്ഥികളെക്കൂടി ഇപ്പോഴുള്ള സ്കൂളുകളിൽതന്നെ നിഷ്പ്രയാസം പഠിപ്പിക്കുവാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്. ഇപ്പോൾ ഉള്ള വിദ്യാലയങ്ങളിൽ എത്ര വിദ്യാർത്ഥികളെ കൂടുതലായി പഠിപ്പിക്കുവാൻ സൗകര്യമുണ്ടെന്നു വിദ്യാഭ്യാസറിപ്പോർട്ടിൽനിന്നും മനസ്സിലാക്കുവാൻ നിവൃത്തിയില്ല. എങ്കിലും എൻെറ ഊഹത്തിനു വലിയ പിശകുവരാൻ മാർഗ്ഗമില്ലെന്നാണു എൻെറ വിശ്വാസം. ആ തോതുവച്ചു ആകെ അഞ്ചുലക്ഷം വിദ്യാർത്ഥികൾക്കു ഇപ്പോൾ ഉള്ള സ്കൂളുകളിൽതന്നെ പഠിക്കുവാൻ സൗകര്യമുണ്ട്. പ്രാഥമിക വിദ്യാഭ്യാസം വകക്കു നാം ഇപ്പോൾ ഇരുപത്തിനാലു ലക്ഷം രൂപാ ചിലവിടുന്നുണ്ടെന്നു മിസ്റ്റർ സ്റ്റീഫൻസൺ ഏതാനും ദിവസങ്ങൾക്കുമുമ്പു പ്രസ്താവിക്കയുണ്ടായി. അദ്ദേഹത്തിനു ആ തുക എങ്ങിനെ കിട്ടിയെന്നു എനിക്കു ശരിയായി മനസ്സിലായില്ല. എങ്കിലും നമുക്കു അദ്ദേഹത്തിൻെറ തുകയെ തന്നെ സ്വീകരിക്കാം. എന്നാൽപോലും അഞ്ചുലക്ഷം വിദ്യാർത്ഥികൾക്കു പഠിക്കുവാൻ വേണ്ടതായ സൗകര്യം ഉണ്ടാക്കുന്നതിലേക്കു വേണ്ടിവരുന്ന ചിലവു ഇരുപത്തിനാലു ലക്ഷം രൂപായാണ്. ഇനിയും നാം ഒരു ലക്ഷം വിദ്യാർത്ഥികൾക്കു പഠിക്കുവാനുള്ള വിദ്യാലയങ്ങൾകൂടെ ഉണ്ടാക്കിയാൽ നമ്മുടെ ആവശ്യത്തിനു ധാരാളം മതിയാകും. അതിലേക്കു അഞ്ചുലക്ഷം രൂപാ കൂടുതലായി ചിലവിടേണ്ടിവരുമെന്നു കണക്കാക്കുക. നാലുകൊല്ലംകൊണ്ടു മാത്രമേ ഒരു വിദ്യാർത്ഥി നാലാംക്ലാസ്സിൽ എത്തുകയുള്ളു. പുതിയതായി ഉണ്ടാക്കുന്ന വിദ്യാലയങ്ങളിൽ ആദ്യത്തെ കൊല്ലം ഒന്നാംക്ലാസ്സും പിന്നീടു ഓരോ കൊല്ലത്തിലും ഓരോ ക്ലാസ്സുകൾ കൂടുതലായും ഏർപ്പെടുത്തിയാൽ ധാരാളം മതിയാകുന്നതാണ്. നമുക്കു കൂടുതലായി ആവശ്യമുള്ള സ്കൂളുകൾ എല്ലാംതന്നെ ഉടനെ ഉണ്ടാക്കുക എന്നു തീർച്ചയാക്കിയാൽപോലും ഒരു കൊല്ലത്തിൽ നമ്മുടെ വിദ്യാഭ്യാസചിലവു ഒന്നേകാൽ ലക്ഷം രൂപാ വീതമുള്ള ക്രമത്തിനു വർദ്ധിപ്പിച്ചാൽ മതിയാകുന്നതാണ്. നമ്മുടെ ധനസ്ഥിതിയുടെ ഇപ്പോഴത്തെ നിലക്കു ഈ തുക നമുക്കു സാധിക്കാത്ത ഒരു സംഗതിയാണെന്നു പറയുവാൻ നിവൃത്തിയില്ല. എങ്കിലും അത്ര വേഗത്തിൽ സംഗതികൾ ചെയ്തുതീർക്കണമെന്നു എനിക്കഭിപ്രായമില്ല. എട്ടു സംവത്സരംകൊണ്ടു നമുക്കു കൂടുതലായി ആവശ്യമുള്ളേടത്തോളം സ്കൂളുകൾ പുതിയതായി ഉണ്ടാക്കത്തക്കവിധത്തിൽ ഒരു സ്കീം തയ്യാറാക്കി നാം ഈ വിഷയത്തിൽ പ്രവേശിക്കുന്നപക്ഷം യാതൊരു പ്രയാസവുംകൂടാതെ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഇവിടെ പൂർണ്ണമായ അളവിൽ നടപ്പാക്കുവാൻ നമുക്കു സാധിക്കുന്നതാണ്. ഈ വിഷയം സംബന്ധിച്ചു ഞാൻ ഒരു ബിൽ ഗവർമ്മെൻറ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടു രണ്ടു സംവത്സരം കഴിഞ്ഞിരിക്കുന്നു. ഇതുവരെ നിഷേധിച്ചോ അനുവദിച്ചോ മറുപടി തരാതിരിക്കുന്നതിൻെറ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. ഞാൻ തയ്യാറാക്കിയിരിക്കുന്ന ബിൽ ഗവർമ്മെൻറിനു തൃപ്തികരമായി തോന്നിയിട്ടില്ലെങ്കിൽ ഗവർമ്മെൻറുതന്നെ ഒരു പുതിയ ബിൽ തയ്യാറാക്കി ഈ സഭമുമ്പാകെ അവതരിപ്പിച്ചാൽ മതിയാകുന്നതാണ്. ഏതാനും സംവത്സരങ്ങൾക്കുമുമ്പു ഗവർമ്മെൻറ് നിർബന്ധിതപ്രാഥമികവിദ്യാഭ്യാസബിൽ എഴുതുവാനായി ഒരു കമ്മിററിയെ നിയമിക്കയും ആ കമ്മിററി ഒരു നക്കൽബിൽ എഴുതി ഗവർമ്മെൻറിൽ ഏൽപ്പിക്കുകയും ചെയ്തിട്ടുള്ളതായി കേട്ടിട്ടുണ്ട്. ആ നക്കൽബില്ലിനു പിന്നീടു എന്തുസംഭവിച്ചു എന്നു അറിയുന്നില്ല. ഈ വിഷയത്തിൽ ഇത്രയും പ്രവർത്തിച്ച ഗവർമ്മെൻറ് ഇനിയും പുറകോട്ടുപോകുവാൻ ശ്രമിക്കയില്ലായിരിക്കുമല്ലൊ. ഗവർമ്മെൻറ് ഈ പ്രമേയത്തെ സന്തോഷത്തോടുകൂടി അംഗീകരിക്കയും ഈ സഭയിലെ സാമാജികന്മാർ എല്ലാപേരും അനുകൂലിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അറുപത്തെട്ടു ശതമാനമെന്നു ഏതു പേജിലാണ് പറഞ്ഞിരിക്കുന്നതു?

മി. സി. പി. തരകൻ (കുന്നത്തുനാട്): ആ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ റിപ്പോർട്ടിൽ ൭-ാമത്തെ പേജിൽതന്നെ ഉണ്ട്.

അദ്ധ്യക്ഷൻ: കാൽ മണിക്കൂറിനകമായി നമുക്കു വാഗ്വാദം അവസാനിപ്പിക്കേണ്ടതായിട്ടുള്ളതുകൊണ്ടു ഇപ്പോൾ നമുക്കു പിരിയുകയും ൨-൧൫-നു വീണ്ടും കൂടുകയും ചെയ്യാം.

൧-൭-ന് ലഘുഭക്ഷണത്തിനായി സഭ പിരിയുകയും ൨-൧൫-നു വീണ്ടും കൂടുകയുംചെയ്തു.

മി. കെ. കെ. തോമസ് (കോട്ടയം): മി. തരകൻ ഹാജരാക്കിയ പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. എന്നാൽ എനിക്കു ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. അധഃകൃതവർഗ്ഗക്കാർക്കു ധർമ്മമായും നിർബന്ധമായും വിദ്യാഭ്യാസം നൽകേണ്ട ആവശ്യകതയെ കാണിക്കുന്നതിനായി മി. തരകൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങളെ തിരുവിതാംകൂർകാർ ധാരാളമായി ഉപയോഗിച്ചുവരുന്നു എന്നുള്ള സംഗതി ഓർക്കുമ്പോൾ, ഉയർന്നജാതിക്കാർക്കു നിർബന്ധവിദ്യാഭ്യാസം ഒരു ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നത്. ചില സമുദായങ്ങൾക്കു മാത്രമാണ് ധർമ്മമായും നിർബന്ധമായും വിദ്യാഭ്യാസം നൽകേണ്ടതെന്നു നാം കരുതുന്നു എങ്കിൽ ഫീസുകൊടുക്കുന്നതിനു ശേഷിയുള്ളവരും, താഴെത്തന്ന പള്ളിക്കൂടത്തിൽ പോകുന്നവരുമായ ആളുകളും ഈ സമുദായങ്ങളിലുംതന്നെ ഉണ്ടെന്നുവരാം. ഫീസിൽനിന്നു ഒഴിവുചെയ്യപ്പെട്ടാൽ ധനസമ്പന്നരായ അധഃകൃതവർഗ്ഗത്തിലുൾപ്പെട്ട കുട്ടികളെ എനിക്കറിയാം. മാസംപ്രതി ൨൦൦, ൩൦൦ രൂപ ശമ്പളമുള്ള പിതാക്കന്മാർ കണ്ടേക്കാം. മറ്റുള്ള വിദ്യാർത്ഥികളെപ്പോലെ ഇവരേയും ഫീസുകൊടുക്കാൻ അനുവദിക്കുന്നതു ഉചിതമാണ്. ഈ സ്ഥിതിക്കു ഏതുസമുദായത്തിലുള്ളവരായാലും വേണ്ടില്ല, ധർമ്മമായും നിർബന്ധമായും ഉള്ള വിദ്യാഭ്യാസം തീരെ സാധുക്കളായിട്ടുള്ളവർക്കുമാത്രമേ കൊടുക്കാവൂ എന്നാകുന്നു ഞാൻ അഭിപ്രായപ്പെടുന്നതു. ഒരു വിദ്യാർത്ഥി ബ്രാഹ്മണനോ, നായരോ, ക്രിസ്ത്യാനിയോ ആണെന്നുള്ളതല്ല നോക്കേണ്ടതു. തീരെ സാധുക്കളായ എല്ലാ വിദ്യാർത്ഥികൾക്കും ഗവൺമെന്റിൽനിന്നു ഉതവിചെയ്യുകയും വിദ്യാഭ്യാസം നിർബന്ധവും ധർമ്മവുമാക്കുകയും ചെയ്യേണ്ടതാകുന്നു. കൊയ്ത്തുകാലങ്ങളിൽ അവരുടെ മാതാപിതാക്കന്മാരെ സഹായിക്കാനുള്ളതുകൊണ്ടു ആ കാലങ്ങളിൽ അടച്ചിട്ടിരിക്കുന്ന പല സ്കൂളുകൾ വടക്കൻതിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും കൂടാതെ തെക്കൻതിരുവിതാംകൂറിലും ഉള്ളതായി എനിക്കറിയാം. സർ, അവർക്കു പള്ളിക്കൂടങ്ങളിൽ പോകുന്നതിനു നിവൃത്തിയില്ല. ഈ സ്ഥിതിക്കു വിദ്യാഭ്യാസം നിർബന്ധവും ധർമ്മവുമാകുന്നു എങ്കിൽ ഈ കുട്ടികൾക്കു ആഹാരത്തിനും വസ്ത്രത്തിനും പുസ്തകങ്ങൾക്കുമായി പണം ഉണ്ടാക്കേണ്ടതായി വരുന്നതാണ്. ഇപ്പോൾതന്നെയും ൭൫ ലക്ഷം രൂപയോളം ചിലവാക്കിയിരിക്കുന്ന സ്ഥിതിക്കു—

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിവേദനം ഹാജരാക്കിയ ആൾ വിദ്യാഭ്യാസം ധർമ്മമായിരിക്കണമെന്നു ആവശ്യപ്പെട്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. കെ. തോമസ് (കോട്ടയം): നിർബന്ധവിദ്യാഭ്യാസം എന്നുള്ളതു നിശ്ചയമായും ധർമ്മവിദ്യാഭ്യാസവുമായിരിക്കണമല്ലോ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിർബന്ധവിദ്യാഭ്യാസം എന്നാൽ ധർമ്മവിദ്യാഭ്യാസം എന്നാണോ അർത്ഥം.

മി. കെ. കെ. തോമസ് (കോട്ടയം): നാം വിദ്യാഭ്യാസം നിർബന്ധമാക്കാൻ ആരംഭിച്ചാൽ നിശ്ചയമായും അതു ധർമ്മവിദ്യാഭ്യാസവുമായിരിക്കണം. കൂടാതെ പ്രാഥമികവിദ്യാഭ്യാസം ഇപ്പോൾതന്നെയും ധർമ്മമാണെന്നുള്ള കാര്യം മി. ശിവരാമപ്പണിക്കർ മറക്കുന്നോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രമേയത്തെ പിൻതാങ്ങുന്നതായി പറഞ്ഞപ്പോൾ സാമാജികനു ചില വ്യത്യാസങ്ങൾ ഉണ്ടെന്നുപറഞ്ഞതു എന്താകുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): നിവേദനം ഹാജരാക്കിയ ആളിൽനിന്നും എനിക്കുള്ള വ്യത്യാസം നിർബന്ധവും ധർമ്മമായുമുള്ള വിദ്യാഭ്യാസം അധഃകൃതവർഗ്ഗക്കാർക്കു മാത്രമല്ല, സാധുക്കളായ എല്ലാപേർക്കും അവർ ബ്രാഹ്മണരായാലും, നായന്മാരായാലും, ക്രിസ്ത്യാനികളായാലും കൊടുക്കണമെന്നുള്ളതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു, ചില അഭിപ്രായവ്യത്യാസങ്ങളോടുകൂടി സാമാജികൻ പ്രമേയത്തെ പിൻതാങ്ങുന്നു എന്നാണോ?

മി. കെ. കെ. തോമസ് (കോട്ടയം): അതേ. എന്റെ പ്രസംഗം തുടങ്ങിയപ്പോൾ ഞാൻ തെളിവായി പറഞ്ഞതും ഇതുതന്നെയാകുന്നു. സർ, ഞാൻ മുൻപു പറഞ്ഞതുപോലെ നാം വിദ്യാഭ്യാസത്തിനായി ൭൫ ലക്ഷം രൂപ ചിലവാക്കുന്നുണ്ട്. ഇതിൽ കൂടുതലായ ഒരു തുക ഇതിലേക്കു ചിലവാക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല.

മി. കെ. ഐ. തോമസ് (മീനച്ചൽ–ദേവികുളം): സാമാജികൻ ചില വ്യത്യാസങ്ങളോടുകൂടി നിവേദനത്തെ പിൻതാങ്ങുന്നു എന്നു പറയുന്നു. ഇങ്ങനെ ചെയ്യുന്നതു പിൻതാങ്ങുക ആകുമോ?

അദ്ധ്യക്ഷൻ: മിസ്റ്റർ തോമസ്, നിങ്ങൾ നിവേദനത്തെ പിൻതാങ്ങുകയാകുന്നെങ്കിൽ അവതരിപ്പിച്ച രൂപത്തിൽതന്നെ ചെയ്യണം.

മി. കെ. കെ. തോമസ് (കോട്ടയം): അതിന്റെ എല്ലാകാര്യങ്ങളിലും ഞാൻ അതിനെ പിൻതാങ്ങണമെന്നാണോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സാമാജികനു അതു ചെയ്യാൻ നിവൃത്തിയില്ലെങ്കിൽ, അദ്ദേഹത്തിനു ഒരു ഭേദഗതി ഹാജരാക്കാം.

മി. കെ. കെ. തോമസ് (കോട്ടയം): പ്രമേയം ഹാജരാക്കിയ ആൾ വിദ്യാഭ്യാസം ധർമ്മവുമായിരിക്കണമെന്നുദ്ദേശിച്ചിട്ടില്ലയോ എന്നു ഞാൻ അറിഞ്ഞില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): ധർമ്മവിദ്യാഭ്യാസത്തെക്കുറിച്ചു ഞാൻ ഒന്നും സംസാരിച്ചില്ല.

മി. കെ. കെ. തോമസ് (കോട്ടയം): വിദ്യാഭ്യാസം ധർമ്മമാക്കാതെ എങ്ങനെയാണു നിർബന്ധമാക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം–നാട്ടകങ്ങൾ): പ്രമേയത്തെ ചില വ്യത്യാസങ്ങളോടുകൂടി പിൻതാങ്ങുന്നു എന്നു സാമാജികൻതന്നെ പറഞ്ഞിട്ടുണ്ട്.

അദ്ധ്യക്ഷൻ: പിൻതാങ്ങിയാലും ഇല്ലെങ്കിലും സാമാജികനു പ്രമേയത്തെക്കുറിച്ചു സംസാരിക്കാവുന്നതാണ്.

മി. കെ. എം. ജോസഫ് (മീനച്ചിൽ-[illegible]): വിരോധമൊന്നും പിൻവലിക്കുകയില്ലെങ്കിൽ, പിൻതാങ്ങപ്പെടുന്നതിനുമുമ്പായി അദ്ദേഹത്തിനു അതിനെക്കുറിച്ചു സംസാരിച്ചുകൂടാ.

മി. എൻ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രമേയം നിർബന്ധവ്യത്യാസത്തെപ്പററിയാകയാൽ, ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം അഭിപ്രായവ്യത്യാസമുണ്ടായ പ്രമേയത്തെ പിൻതാങ്ങുകയാണു.

മി. കെ. കെ. തോമസ് (കോട്ടയം): പ്രമേയം നിർബന്ധ വ്യത്യാസത്തെക്കുറിച്ചുള്ളതാണെങ്കിൽ [illegible] യല്ല. [illegible] യത്നമാണെന്നു ഞാൻ മനസ്സിലാക്കുന്നു. [illegible] എല്ലാ [illegible] അതുതന്നെ വിവേചനത്തെ പിൻതാങ്ങുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രമേയം [illegible] വിദ്യാഭ്യാസം [illegible] ആയിരിക്കുന്നതിനെക്കുറിച്ചു നിർബന്ധമില്ലെന്നു പറഞ്ഞിട്ടുണ്ടല്ലോ?

മി. കെ. കെ. തോമസ് (കോട്ടയം): [illegible] മാത്രമാകുന്നു ഇത്.

മി. കെ. എം. ജോസഫ് (മീനച്ചിൽ): പ്രമേയം അവതരിപ്പിച്ച രൂപത്തിൽ അതിനെ പിൻതാങ്ങുന്നുണ്ടോ യാതൊ അദ്ദേഹം ചെയ്യുന്നത്?

മി. കെ. കെ. തോമസ് (കോട്ടയം): ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

അദ്ധ്യക്ഷൻ: അവതരിപ്പിച്ച പ്രമേയത്തിന്റെ രൂപം ഇതാകുന്നു. "തിരുവിതാംകൂറിലെ എല്ലാ [illegible] അളിയും പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനു വേഗത്തിൽ വേണ്ട പ്രവൃത്തികൾ ചെയ്യുന്നതിനു ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്യുന്നു".

മി. തോമസ്, നിങ്ങൾ ഈ രൂപത്തിൽ പ്രമേയത്തെ പിൻതാങ്ങുന്നുണ്ടോ?

മി. കെ. കെ. തോമസ് (കോട്ടയം): അതെ; ഞാൻ അതിനെ പിൻതാങ്ങുന്നു. കുറച്ചു സംസാരിക്കേണ്ടതുള്ളു.

അദ്ധ്യക്ഷൻ: നിങ്ങൾ അവതരിപ്പിച്ച രൂപത്തിൽ പ്രമേയത്തെ പിൻതാങ്ങുന്നു എങ്കിൽ നിങ്ങൾക്കു പ്രസംഗിക്കാം.

മി. സി. പി. [illegible] ([illegible]): അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചു കഴിഞ്ഞു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഞാൻ പ്രമേയം അവതരിപ്പിച്ച രൂപത്തിൽ അതിനെ പിൻതാങ്ങുന്നതിനല്ല എഴുന്നേറ്റത്; പിന്നെയോ, ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതിനു മാത്രമാകുന്നു. ആലോചനയ്ക്കിരിക്കുന്ന വിഷയം രാജ്യത്തിലെ വിദ്യാഭ്യാസത്തിനോടു ഉററബന്ധമുള്ളതാകുന്നതുകൊണ്ടു അതിനെപ്പററി ആലോചിക്കുമ്പോൾ അതിന്റെ നാനാമുഖങ്ങളും നമുക്ക പര്യാലോചിക്കേണ്ടതായിട്ടുണ്ടു. ഒന്നാമതായി ഇപ്പോൾ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കേണ്ട ആവശ്യമുണ്ടോ എന്നു നമുക്ക ആലോചിക്കേണ്ടതായിട്ടുണ്ടു. അതിന്റെ ശേഷം രാജ്യത്തിലെ കോശസ്ഥിതിയെപ്പററി ആലോചിക്കണം. വിദ്യാഭ്യാസ വിഷയത്തെ പൊതുവായി ആലോചിക്കുന്നതിനു, ഇതായത് ഇപ്പോഴത്തെ വിദ്യാഭ്യാസ രീതിയെ തന്നെ തുടരുകയാണോ വേണ്ടതു, അതല്ല അതിൽ വല്ല മാററങ്ങളും ചെയ്യണോ എന്നുള്ളതിനെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മിററിയെ നിയമിക്കുന്നതിനു [illegible] സാമാജികന്മാർ ഒരു നിശ്ചയം കഴിഞ്ഞ ഒരു ദിവസം ഹാജരാക്കി ഗവൺമെന്റു ഏതാണ്ടു ഈ അഭിപ്രായത്തെ സ്വീകരിക്കയുംചെയ്തു. അതിനാലാണു നാം അഭിപ്രായപ്പെട്ടിട്ടുള്ള കമ്മിററിയെ രൂപീകരിക്കുന്നതുവരെ ഈ വിഷയത്തെക്കുറിച്ചു വാദിച്ചു് സമയം പാഴാക്കിക്കളയാതെ നാം മൗനം അവലംബിക്കുകയാണു നല്ലതെന്നും പ്രമേയം ഹാജരാക്കിയ ആൾ പുറപ്പെടുവിച്ചു അഭിപ്രായങ്ങളെ അനുസരിച്ചു വേണ്ട പ്രവർത്തിക്കുന്ന കാര്യം കമ്മിററിക്ക വിട്ടുകൊടുക്കുകയാണു നല്ലതെന്നും എനിക്കു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ വിഷയം കമ്മിററിയുടെ ആലോചനക്കായി മാററിവയ്ക്കുകയാണു നല്ലതെന്നാണോ സാമാജികൻ അഭിപ്രായപ്പെടുന്നതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): എനിക്കു അതിനു വിരോധമില്ല.

മി. ജെ. സ്റ്റീവൻസൺ (വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ): സർ, ഞാൻ പ്രമേയത്തെ എതിർക്കുന്നു.

അവതാരകന്റെ ഉദ്ദേശത്തിനോടു-അതായതു, തിരുവിതാംകൂറിലുള്ള എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കഴിയുന്നതും വേഗത്തിൽ പൂർണ്ണമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനോടു-ഗവൺമെന്റു യോജിക്കുന്നു എന്നു ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. നമ്മുടെ ആലോചനയിൽപ്പെടേണ്ട സംഗതികൾ താഴെ പറയുന്നവയാണു: മേൽപറഞ്ഞ ഉദ്ദേശസാദ്ധ്യത്തിനായി നിർബന്ധം സ്വീകാര്യമാണോ എന്നും സ്വീകരിക്കേണ്ടതാണോ എന്നും ഇപ്പോളോ അടുത്തകാലത്തിലോ നിർബന്ധം സ്വീകരിക്കുന്നതു നന്നായിരിക്കുമോ എന്നുമുള്ളതാകുന്നു.

തിരുവിതാംകൂറിൽ പ്രാഥമികവിദ്യാഭ്യാസം വളരെ അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ടു. എങ്കിലും വളരെ ഇനിയും ചെയ്യേണ്ടതായിരിക്കുന്നു. വിദ്യാഭ്യാസത്തെപ്പററി ആലോചിക്കുമ്പോൾ എപ്പോഴും അനിവാര്യമാകുന്നതുപോലെ ഇവിടെയും പ്രധാനമായ പ്രതിബന്ധം പണത്തിനെസംബന്ധിച്ചുള്ളതുതന്നെയാകുന്നു. ഈ ഭാഗത്തെപ്പററി ഞാൻ ആദ്യമായി ആലോചിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

വിദ്യാഭ്യസിക്കാൻ പ്രായമുള്ള തിരുവിതാംകൂറിലെ എല്ലാ കുട്ടികൾക്കും ൧ മുതൽ ൪ വരെ ക്ലാസുകളിൽ വിദ്യാഭ്യാസം നൽകുന്നതിനു ആവശ്യമുള്ള വ്യയത്തിനെപ്പററി വിദ്യാഭ്യാസച്ചിലവിനെപ്പററി ആലോചിക്കാനായി നിയമിക്കപ്പെട്ട കമ്മിററി ൧൧൦൦ ഡിസംബറിൽ സമർപ്പിച്ചറിപ്പോർട്ടിൽ ഒരു അടങ്കൽകൊടുത്തിരിക്കുന്നു. അടങ്കൽ തയ്യാറാക്കിയപ്പോൾ ചിലസങ്കല്പങ്ങൾ ചെയ്യുന്നതായിരുന്നു. ആവർത്തിച്ചുകൊണ്ടിരിക്കുന്ന ആകെയുള്ളചിലവു ഉദ്ദേശം ൩൧ ലക്ഷം വരുമെന്നു കണക്കാക്കിയിരുന്നു. ആകെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ചിലവിൽ ഇപ്പോൾ ആവശ്യമുള്ള ഉദ്ദേശം ൨൧ ലക്ഷം രൂപയാണെന്നും കാണിച്ചു അവർ അടങ്കൽ തയ്യാറാക്കി.

ചിലവിനെപ്പററി നിർണ്ണയിച്ചപ്പോൾ ജനസംഖ്യയിൽ ൧൫ ശതമാനത്തിനുമാത്രമേ വിദ്യാഭ്യാസം നൽകേണ്ടിവരികയുള്ളു എന്നുള്ള ഒരു അനുമാനം അവർ ചെയ്തു. രണ്ടാമത്തെ അനുമാനം എന്തെന്നാൽ പള്ളിക്കൂടത്തിൽ പോകുന്നതിനുള്ള പ്രായമായ എല്ലാകുട്ടികളും ൧ മുതൽ ൪ വരെയുള്ള ക്ലാസുകളിലെ അവരുടെ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കുമെന്നായിരുന്നു. ഇപ്പോഴത്തെ അവസ്ഥ ഇതുപോലെയല്ലല്ലോ. ൧-ാംക്ലാസിലെ കുട്ടികളുടെ എണ്ണം രണ്ടാംക്ലാസിലുള്ളതിനേക്കാളും രണ്ടാംക്ലാസിലെ കുട്ടികളുടെ എണ്ണം മൂന്നാംക്ലാസിലുള്ളതിനേക്കാളും കൂടുതൽ ആകുന്നു. നാലാംക്ലാസിലാകുന്നു ഏററവും കുറവു. എന്നാൽ എല്ലാകുട്ടികളും അവരുടെ പ്രാഥമികവിദ്യാഭ്യാസത്തെ പൂർത്തിയാക്കുമെന്നു അവർ അനുമാനിച്ചു. എല്ലാം പെൺകുട്ടികളും പെൺപള്ളിക്കൂടങ്ങളിൽ പോകുന്നതായും അവർ സങ്കല്പിച്ചു. പെൺപള്ളിക്കൂടങ്ങൾക്കുള്ള ഗ്രാൻറും ഉപാദ്ധ്യായനികളുടെ ശമ്പളവും കൂടുതലാകയാൽ ഈ വക പള്ളിക്കൂടങ്ങൾക്കുള്ള ചിലവു മററുള്ള പള്ളിക്കൂടങ്ങളെ അപേക്ഷിച്ചു കൂടുതലാണ്. നാലാമത്തെ സങ്കല്പം എന്തെന്നാൽ ൩൦ വിദ്യാർത്ഥികൾക്കു ഒരു അദ്ധ്യാപകൻ മതിയെന്നായിരുന്നു. ഈ അനുപാതം ഇപ്പോഴും ഉള്ളതിനേക്കാൾ കൂടുതലാകുന്നു. സർക്കാർവക ആൺപള്ളിക്കൂടങ്ങൾ [illegible]-ൽനിന്നു [illegible] ആയും പെൺപള്ളിക്കൂടങ്ങൾ [illegible]-ൽനിന്നു [illegible] ആയും വർദ്ധിപ്പിക്കണമെന്നും ആവശ്യംനേരിട്ടാൽ മാത്രം പ്രാഥമികവിദ്യാഭ്യാസത്തിനു പൊതുജനങ്ങൾ ഏർപ്പാടുചെയ്യണമെന്നും പിന്നീടു അവർ അനുമാനിച്ചു. കൂടാതെ, സർക്കാർപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം ഇപ്പോഴത്തെപോലെ മതിയെന്നും അവർ സങ്കല്പിച്ചു എന്നാൽ അദ്ധ്യാപകന്മാരുടെ ശമ്പളം അതിൽപിന്നിട്ടു വർദ്ധിച്ചിട്ടുണ്ടു. ഇനിയും ശമ്പളം കൂട്ടണമെന്നുള്ള വിഷയത്തെപ്പററി ആലോചിക്കുന്നതിനായി നിയമിക്കപ്പെട്ട കമ്മിററിയുടെ അഭിപ്രായം ഗവൺമെൻറിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടു. ഗ്രാൻറുപള്ളിക്കൂടത്തിലുള്ള വാദ്ധ്യാന്മാരുടെ ശമ്പളം അവർ അഭിപ്രായപ്പെട്ടതോതിൽ ഇരിക്കണമെന്നാണ് അവരുടെ വേറൊരു സങ്കല്പം.

ഗ്രാൻറിനെ സംബന്ധിച്ചടത്തോളം, കമ്മിററിറിപ്പോർട്ടു ചെയ്തതിന്റെശേഷം ഗ്രാൻറുകൂട്ടിയിട്ടുണ്ടു. പക്ഷെ കമ്മിററിയുടെ ഏതെങ്കിലും ശുപാർശയനുസരിച്ചല്ല അപ്രകാരം ചെയ്തിട്ടുള്ളതു. ആവർത്തിച്ചുകൊണ്ടിരിക്കുന്ന തരത്തിലുള്ള ചിലവിന്റെ അടങ്കലിനെപ്പററിയാണ് ഇത്രയും പറഞ്ഞതു.

[illegible]-ൽ പ്രാഥമികവിദ്യാഭ്യാസത്തിനായി വന്നിട്ടുള്ളചിലവു [illegible] ലക്ഷം രൂപയാകുന്നു. എന്നാൽ ഈ സംഖ്യ എങ്ങിനെകിട്ടിയെന്നു കമ്മിററിപറയുന്നില്ല. [illegible] വരെ അനുവദിച്ചിട്ടുള്ളതുകയിൽ നിന്നാണിതുകിട്ടിയതു എന്നു പറയപ്പെട്ടിരിക്കുന്നു. എന്നാൽ മദ്ധ്യമവിദ്യാഭ്യാസത്തിനുവേണ്ടി [illegible]-ൽ ആകപ്പാടെയുള്ള ചിലവു—ഒരുപക്ഷെ ഈ സംഗതികമ്മിററിക്കു അറിയുവാനിടയായിട്ടില്ലായിരിക്കാം—നിയന്ത്രണവകുപ്പുകളിലെ ചിലവുകൾ ഒഴിച്ചു [illegible] രൂപ ആകുന്നു; അതായതു, ഉദ്ദേശം [illegible] ലക്ഷം രൂപയാണെന്നു ഡിപ്പാർട്ടുമെൻറു റിപ്പോർട്ടിന്റെ പരിശോധനയിൽ നിന്നു കാണാവുന്നതാകുന്നു. രണ്ടാമതുപറഞ്ഞ ഈ തുകയിൽ വർണ്ണാക്കുലർമിഡിൽസ്കൂളും ഹൈസ്കൂളും സംബന്ധിച്ച വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ചിലവും ഉൾപ്പെടുന്നു. എന്നാൽ ഇതിൽ പന്ത്രണ്ടുലക്ഷത്തിനുമേൽ പ്രാഥമികക്ലാസുകൾക്കുവേണ്ടി ചിലവായിട്ടുണ്ടെന്നു വിചാരിക്കാൻ കാരണംകാണുന്നുണ്ടു. അവക്കു ശരിയായി കണക്കുകൾ കിട്ടാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു സ്പഷ്ടമാകുന്നു. പ്രാഥമികവിദ്യാഭ്യാസം എല്ലാവർക്കും നൽകുന്നതിനു ഇതു ചിലവായി അടങ്കൽപ്പെടുത്തിയ തുകയായ [illegible] ലക്ഷം രൂപയിലോ അപ്പോഴത്തെചിലവുകൾക്കായുള്ള അടങ്കലിലോ വിദ്യാലയങ്ങളിലെ ചിലവുവഴികൾപോലെ തദനുരൂപമായി ആവശ്യംവർദ്ധിച്ചുവരുന്ന നിയന്ത്രണത്തിന്റെയും പരിശോധനയുടെയും ചെയ്യുന്നവകുപ്പുകളുടെ ചിലവിനെ ഉൾപ്പെടുത്തിട്ടില്ലെന്നു ഉള്ള പ്രത്യേകം ശ്രദ്ധാർഹമാകുന്നു. കമ്മിററിയുടെ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ളരീതിയിലും എന്നാൽ (എ) [illegible] മുതൽ [illegible] വരെയുള്ള ആറുകൊല്ലങ്ങളിൽ വ്യത്യാസമുള്ളവർദ്ധനയെ വകവെച്ചു [illegible]-ലെ കണക്കുകളനുസരിച്ചു ഓരോ വിദ്യാലയങ്ങളിൽ പഠിക്കുന്നതിനുപ്രായമുള്ള ബാലന്മാരുടെ വർദ്ധനയേയും (ബി) നിലയിൽ ഇരിക്കുന്ന ശമ്പളങ്ങളെയും ട്രെയിനിങ്ങ് കഴിഞ്ഞ അദ്ധ്യാപകന്മാർക്ക് അനുവദിച്ചിട്ടുള്ള ഗ്രാൻറിന്റെ നിരക്കിനേയും കണക്കാക്കിയും എന്റെ ആഫീസിൽ തയ്യാറാക്കിയകണക്കിൻപ്രകാരം അടങ്കൽപ്പെടുത്തിയ ആണ്ടുതോറുമുള്ളചിലവു ഏകദേശം [illegible] ലക്ഷം രൂപയാകുന്നു. അവതരിപ്പിക്കാൻപോകുന്ന പ്രമേയത്തിന്റെ പകർപ്പുലഭിച്ചതിന്റെ ശേഷമുള്ളസമയംകൊണ്ടു പ്രാഥമികവിദ്യാഭ്യാസത്തിന്റെ ഇപ്പോഴത്തെചിലവു കണക്കാക്കാനും [illegible] ലക്ഷംരൂപയിൽനിന്നു വ്യാപകമാക്കി വിദ്യാലയത്തിൽ പോകാൻപ്രായമായ ബാലന്മാർക്കെല്ലാവർക്കും തന്നെ അഭ്യാസം നൽകുന്നതിനു കൂടുതലായി എന്തുചിലവു വേണ്ടിവരുമെന്നു നിർണ്ണയിക്കാനും കഴിഞ്ഞിട്ടില്ല. മദ്ധ്യഭാഷയിൽ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിമാത്രം ഏറിയതുക ചിലവായിവരുന്നു. നിയന്ത്രണത്തിനും പരിശോധനക്കും വേണ്ടിയുള്ള ചിലവായ [illegible] ലക്ഷം രൂപകൂടിയും കണക്കാക്കാതെതന്നെ പ്രാഥമികം മിഡിൽസ്കൂളും ഹൈസ്കൂളും ഉൾപ്പെടെയുള്ള മാതൃഭാഷാവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ആണ്ടുതോറുമുള്ളചിലവും [illegible]-ൽ ഏകദേശം [illegible] ലക്ഷം രൂപയായിരുന്നു.

എല്ലാവർക്കും പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ആണ്ടുതോറും കുറഞ്ഞതു [illegible] ലക്ഷം ആവശ്യമുണ്ടായിരിക്കുമെന്നു നമുക്കു സകാരണം ഊഹിക്കാവുന്നതാകുന്നു. ഒരുപക്ഷെ ചിലവു അതിൽകൂടിയേക്കാവുന്നതുമാകുന്നു. മിഡിൽ സ്കൂളും ഹൈസ്കൂളും വിദ്യാഭ്യാസത്തിനായി എത്രമാത്രം ചിലവാകുന്നുണ്ടെന്നും, പ്രാഥമികവിദ്യാഭ്യാസത്തിനായി എന്തുചിലവാകുന്നുണ്ടെന്നും കണക്കുകൂട്ടുവാൻ നാലുമുമ്പു പറഞ്ഞതുപോലെ സമയമില്ലായിരുന്നു. അതുകൊണ്ടു വിവാദവിഷയമല്ലാത്ത മറ്റൊരുപ്രകാരത്തിലാണ് ഞാൻ വിശകലനം ചെയ്തതു്.

[illegible]-ൽ പ്രാഥമികവിദ്യാലയങ്ങളിൽ പോകാൻ പ്രായമായിരുന്നവർ ആകെയുള്ള ജനസംഖ്യയുടെ [illegible] ശതമാനമായി കണക്കാക്കുന്നപക്ഷം അവരുടെഎണ്ണം ഏകദേശം [illegible] ലക്ഷം ആയിരുന്നു. ഈ സംഖ്യയിൽ പ്രാഥമികക്ലാസുകളിൽ അദ്ധ്യയനം കഴിച്ചുകൊണ്ടിരുന്ന [illegible] ലക്ഷംപേരെ ഒഴിച്ചാൽ ബാക്കി [illegible] ലക്ഷംപേർക്കുകൂടി സൌകര്യം നൽകേണ്ടതായിട്ടാണ് ഇരിക്കുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രാഥമികവിദ്യാലയങ്ങളിൽപോകുന്ന ബാലന്മാർ ഏതു വയസ്സുകൾക്കു മദ്ധ്യേയുള്ളവരാണെന്നു ഡയറക്ടർ പറയുമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഏതേതുവയസ്സുകാർക്കു മദ്ധ്യേയാണ് അവർ പ്രാഥമികവിദ്യാലയങ്ങളിൽ പോകുന്നതെന്നു പറയാൻ എനിക്കു കഴിവില്ല. ൬-നും ൧൧-നും മദ്ധ്യേയുള്ള ബാലന്മാർ പ്രാഥമികവിദ്യാലയങ്ങളിൽ അഭ്യസനംചെയ്തുവരുന്നു എന്നുവച്ചാൽ അവരുടെ ജനസംഖ്യ ആകെയുള്ളതിന്റെ എന്തു ശതമാനമാണെന്നു ഡെപ്യൂട്ടിഡയറക്ടരുടെ ആപ്പീസിൽ നടത്തിയ അന്വേഷണങ്ങളെല്ലാം മിക്കവാറും... അതു ൧൫ ശതമാനമെന്നു നമുക്കു കരുതാം, എന്തെന്നാൽ അതു ബ്രിട്ടീഷ് ഇൻഡ്യയിലും മറ്റുനാട്ടുരാജ്യങ്ങളിലും ഉപയോഗിച്ചുവരുന്നതും ശാസ്ത്രവിവേചനത്തിനു സൗകര്യപ്രദമായതും ആയിരിക്കും. ഈ അധികം ഒരു ഭാരമാണെന്നു എനിക്കു തോന്നുന്നില്ല. ഇനിയും അഭ്യസനം നടത്തേണ്ട ൨ ലക്ഷം ബാലന്മാരും കൂടി ബാധികമാകുന്നു. ഇപ്പോൾ നൽകപ്പെട്ടുപോരുന്ന രീതിയിലും ഒരു ... ഏറെക്കുറെ ... പരിശോധിച്ചതിലും ഈ രണ്ടുലക്ഷംപേർക്ക് ... വിദ്യാഭ്യാസം നൽകുന്നതിനു കുറഞ്ഞതു ൧൦ ലക്ഷം രൂപ കൂടുതൽ ചിലവു വേണ്ടിവരുന്നതാണ്. നാം ഇപ്പോൾ ... യിൽ ഏർപ്പെടാത്ത മിഡിൽസ്കൂൾ വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ എല്ലാറ്റിനുംപുറമേ പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിനു നാം ആലോചിക്കുമ്പോൾ, പ്രാഥമികവിദ്യാഭ്യാസം ചെയ്യുന്നതിനു വരുന്നതുപോലെ ഒരു വലിയശതമാനം മിഡിൽസ്കൂൾ വിദ്യാഭ്യാസത്തിനും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും പോകുമെന്നും കൂടുതലായി ചിലവുചെയ്യുന്നതിനു ഗവൺമെന്റു തയാറായിരിക്കണമെന്നും നാം കരുതണം. "ഇതുവരമതി ഇനിവേണ്ട" എന്നു പ്രാഥമികവിദ്യാഭ്യാസത്തിന്റെ അവസാനത്തിൽ പറയുന്നതിനു ഒരു ഗവൺമെന്റിനു കഴിയുകയില്ല. പ്രാഥമികവിദ്യാഭ്യാസത്തിനു ഒരിക്കൽ അഭിരുചിതോന്നിയാൽപിന്നെ ആളുകൾ തൃപ്തിവരാതെ മാറുകയില്ല. ഉദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്കും ... അദ്ധ്യാപകന്മാർക്കു പരിശീലനം നൽകാനും മറ്റുള്ള അനേകം ഇനങ്ങളിലേക്കും വേണ്ടിവരുന്നപണം ഈ ൧൦ ലക്ഷത്തിൽ കൊള്ളിച്ചിട്ടില്ല. അതുപോലെതന്നെ ഒന്നോ രണ്ടോ മൂന്നോ കൊല്ലങ്ങൾ പഠിച്ചതിനുശേഷം പള്ളിക്കൂടങ്ങൾ വിട്ടുപോകുന്നവരെ സംബന്ധിച്ചു പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ പഠിക്കുന്നതിനു പ്രോത്സാഹിപ്പിക്കപ്പെടുകയോ ചെയ്യേണ്ടതാണ്. കൂടുതലായി അഭ്യസനം നടക്കപ്പെടേണ്ടവരിൽ മിക്കവാറും പെൺകുട്ടികളാണെന്നും പെൺപള്ളിക്കൂടങ്ങളുടെഎണ്ണം ആൺപള്ളിക്കൂടങ്ങളുടെ എണ്ണത്തെക്കാൾ കൂടുതലായി വർദ്ധിക്കുമെന്നുള്ളതും ആലോചിച്ചിട്ടില്ല. ഈ സംഗതി ... ഞാൻ ... എന്തെന്നാൽ, പെൺപള്ളിക്കൂടം നടത്തുന്നതിനു ആൺപള്ളിക്കൂടം നടത്തുന്നതിനെക്കാൾ കൂടുതൽ ചിലവു ആവശ്യമുണ്ട്.

ഞാൻ ഇതുവരെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ചിലവിനെപ്പറ്റിമാത്രമേ പറഞ്ഞിട്ടുള്ളു. വിദ്യാഭ്യാസകമ്മിറ്റി ഓരോ സർക്കാർപള്ളിക്കൂടവകയ്ക്കും ൧൫൦൦ രൂപ ചിലവുവരുമെന്നും കണക്കാക്കിയിരിക്കുന്നു. ൩൪൭ പള്ളിക്കൂടങ്ങൾ പണിയുന്നതിനു അവർ അഭിപ്രായപ്പെട്ടസ്ഥിതിക്കു ഇത്രയും പള്ളിക്കൂടങ്ങൾ പണിയുന്നവകയ്ക്കു ഉദ്ദേശം ൫ ലക്ഷം രൂപ വേണ്ടിവരും. പള്ളിക്കൂടങ്ങൾ ഉടനെ തുടങ്ങണമെന്നു ആളുകൾ ആഗ്രഹിക്കുന്നു എങ്കിൽ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഇവ പണിചെയ്യപ്പെടുന്നതിനു സാധിച്ചേക്കാം.

ഈ സംഗതിയെപ്പറ്റി ആലോചിക്കുമ്പോൾ വളരെ പ്രധാനമായ ഒരു സംഗതിയെപ്പറ്റി വിചാരിക്കാനുണ്ട്. ആവർത്തിച്ചുകൊണ്ടിരിക്കുന്ന ചിലവിനെപ്പറ്റിയുള്ള എന്റെ കണക്കുകൾ, നടപ്പാക്കപ്പെടേണ്ട വിദ്യാഭ്യാസത്തിന്റെ ഏറിയഭാഗവും ഗ്രാന്റുപള്ളിക്കൂടങ്ങളെക്കൊണ്ടു വഹിക്കാമെന്നുള്ള സങ്കല്പത്തെ ആശ്രയിച്ചിട്ടുള്ളതാണ്. ഓരോപള്ളിക്കൂടത്തിലുമായി ൧൨൦ കുട്ടികൾക്കു പഠിക്കത്തക്കവിധം ൩൪൭ പള്ളിക്കൂടങ്ങൾ പണിയുന്നതിനു അതായതു ആകെ അഞ്ചു ലക്ഷം രൂപ ചിലവുചെയ്തു അരലക്ഷത്തോളം കുട്ടികൾക്കു വിദ്യാഭ്യാസം നൽകേണ്ടതിനെപ്പറ്റിയേ മുൻപറഞ്ഞ കമ്മിറ്റി ആലോചിച്ചുള്ളു. ഇതിനെ അടിസ്ഥാനപ്പെടുത്തിയാകുന്നു ഞാൻ മേൽകാണുന്നകണക്കു കൂട്ടിയിട്ടുള്ളതും. പ്രാഥമികവിദ്യാഭ്യാസത്തിനു പോകുന്ന കുട്ടികളുടെ സംഖ്യ രണ്ടുലക്ഷമാകണമെന്നു വിചാരിക്കുന്നപക്ഷം ൨ ലക്ഷത്തിൽ കൂടുതൽ കുട്ടികൾക്കു പ്രൈവറ്റ്സ്കൂളുകൾ വിദ്യാഭ്യാസം നൽകേണ്ടതായിട്ടാണിരിക്കുന്നതു. ൧൭൭൩ എണ്ണം വരുന്ന ഈ തരത്തിലുള്ള സ്കൂളുകൾ മുൻപറഞ്ഞനിരക്കിൽ തന്നെ ൨൭ ലക്ഷം രൂപ ആവശ്യപ്പെടും. ഗവൺമെന്റിനെ ഒഴിച്ചുള്ള മറ്റുമാർഗ്ഗങ്ങളിൽകൂടി ഇതിനുള്ള ചിലവു വഹിക്കുന്നതാണെന്നാണ് സങ്കല്പിച്ചിട്ടുള്ളതു.

എന്നാൽ നാം ഇപ്പോൾ വാദത്തിനെടുത്തിരിക്കുന്ന പ്രമേയം പ്രാഥമികവിദ്യാഭ്യാസം രാജ്യത്തെല്ലാം നിർബന്ധമാക്കുന്നതിനെപ്പറ്റി വേണ്ടതു ഉടൻ പ്രവർത്തിക്കണമെന്നുള്ളതാകുന്നു. പള്ളിക്കൂടങ്ങൾ ഇപ്പോൾ ധാരാളമുണ്ട്. പള്ളിക്കൂടത്തിൽ പോകുന്നതിനു കുട്ടികളെ നിർബന്ധിക്കുന്നതു അത്ര എളുപ്പമല്ലെന്നിരുന്നാലും, അതു സാധിച്ചുഎന്നും വരാം. എന്നാൽ പള്ളിക്കൂടങ്ങൾ പണിയിക്കുന്നതിനും അവയുടെ നടത്തിപ്പിനു വേണ്ടപണം ഉണ്ടാക്കുന്നതിനും ആളുകളെ നിർബന്ധിക്കുന്നതു അത്ര സാദ്ധ്യമല്ല. ഞാൻ മുമ്പിൽ പറഞ്ഞതുപോലെ ആവശ്യമുള്ള പള്ളിക്കൂടങ്ങൾ പണിയിക്കുന്നതിനു വേണ്ടതുക ൩൫ ലക്ഷമാകുന്നു. എല്ലാപള്ളിക്കൂടങ്ങളും ആൺകുട്ടികൾക്കു ആൺപള്ളിക്കൂടങ്ങളും പെൺകുട്ടികൾക്കു പെൺപള്ളിക്കൂടങ്ങളും ഗവൺമെന്റ് ഇപ്പോഴത്തെ ... നടത്തുകയാണെന്നു വരികിൽ ൫ അര ലക്ഷംരൂപ ആൺപള്ളിക്കൂടം വകയ്ക്കു ൧൭ ലക്ഷം രൂപ പെൺപള്ളിക്കൂടം വകക്കുമായി രണ്ടു ഇനത്തിലുമായി ൨൨ അര ലക്ഷംരൂപയോളം ചിലവാകുന്നതാണ്. പള്ളിക്കൂടം പണിയുന്നതിനും നടത്തുന്നതിനുമായി പൊതുജനങ്ങൾ തയ്യാറാകാതിരിക്കുകയോ, അവരുടെസ്വന്തപണം കൊണ്ടോ ഗവൺമെന്റിന്റെ സഹായത്തോടുകൂടിയോ നടത്തുന്നതിനു അവർക്ക് വല്ലകാരണത്താലും സാധിക്കാതെ വരികയോ ആണെങ്കിൽ കെട്ടിടം പണിയുന്നതിനു ആവശ്യമുള്ള ൩൫ ലക്ഷംരൂപയ്ക്കുപുറമേ, ഗവൺമെന്റിൽനിന്ന് ആണ്ടുതോറും ഈ തുകയുണ്ടാക്കേണ്ടിവരുന്നതാണ്.

സർ, എന്റെ കണക്കുകൾകൊണ്ടു ഈ വിഷയത്തിന്റെ വലിപ്പം മനസ്സിലാക്കാവുന്നതാണ്. ആവശ്യമുള്ളപണം ഉണ്ടാക്കേണ്ടമാർഗ്ഗങ്ങളെക്കുറിച്ചു സൂചിപ്പിക്കുന്നതിനു പോലും എനിക്കുസമയമില്ല.

ഒരുപ്രത്യേക ഉദ്ദേശത്തെ [illegible] സംസ്ഥാനത്തെ വിദ്യാഭ്യാസനയത്തിൽ ഒരുമാറ്റം വരുത്തി തുടങ്ങണമെന്ന് വിചാരിക്കുമ്പോൾ ഇതുകൂടാതെ തന്നെ വിദ്യാഭ്യാസം എത്രമാത്രം അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ടെന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നതു സഹായമായിരിക്കുമല്ലോ.

ഒരു അനൗദ്യോഗസ്ഥസാമാജികൻ ഹാജരാക്കിയ ബില്ലിനെ സംബന്ധിച്ചു [illegible]-ാമാണ്ടു [illegible] എന്ന കൊല്ലവർഷം മുമ്പു പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനെപ്പററി ഒരു വാദപ്രതിവാദം [illegible] നിയമസഭയിൽ നടന്നു. ബിൽഹാജരാക്കിയ ആളിന്റെ ഒരു വാദമുഖം സ്വമേധയായി നടത്തിവന്ന വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു തൃപ്തികരമായ അഭിവൃദ്ധി ഉണ്ടാകുന്നില്ലെന്നുള്ളതായിരുന്നു. [illegible]-നു മുമ്പു [illegible]-മാണ്ടു [illegible]-ാമാണ്ടുവരെയുള്ള [illegible] കൊല്ലങ്ങൾക്കിടയിൽ പ്രാഥമികവിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന വിദ്യാർത്ഥികളുടെ എണ്ണം [illegible]-ൽനിന്നും [illegible] ആയിവർദ്ധിച്ചു. അതായതു ആകെ വർദ്ധിച്ചതു [illegible] ആകുന്നു. ആണ്ടിൽ [illegible] വീതം കുട്ടികളുടെസംഖ്യവർദ്ധിച്ചിട്ടുണ്ട്.

[illegible] മുതൽ [illegible] വരെയുള്ള [illegible] കൊല്ലങ്ങൾക്കിടയിൽ ഇവരുടെ എണ്ണം [illegible]-ൽ നിന്നും [illegible] ആയി വർദ്ധിച്ചു. അതായതു ആകെ [illegible] ആണ്ടിൽ [illegible] വീതം വർദ്ധിച്ചിട്ടുണ്ടു.

ഈ കഴിഞ്ഞ [illegible] കൊല്ലങ്ങളിൽ അതിനു മുമ്പുള്ള കൊല്ലങ്ങളിലുണ്ടായിരുന്നതിനേക്കാൾ [illegible] ഇരട്ടിവിദ്യാഭ്യാസത്തിനു അഭിവൃദ്ധിയുണ്ടായിട്ടുണ്ടു. ആദ്യമുള്ള [illegible] കൊല്ലങ്ങൾക്കിടയിൽ ആൺകുട്ടികളുടെ എണ്ണം [illegible] ഇരട്ടിയായി വർദ്ധിച്ചിരിക്കെ പെൺകുട്ടികളുടെ എണ്ണം [illegible] ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു എന്നുള്ളതു [illegible] അഭിമാനത്തിനു മാകുന്നു. [illegible]-ലെ വാദപ്രതിവാദത്തിൽ പണത്തിനെ സംബന്ധിച്ചു ബിൽ ഹാജരാക്കിയ ആൾ അഭിപ്രായപ്പെട്ടതു പ്രാഥമിക വിദ്യാഭ്യാസം അതിന്റെ പൂർണ്ണതയിൽ അതിന്റെ ആവശ്യത്തിനു അനുസരിച്ചു പണം വിദ്യാഭ്യാസവകുപ്പിന്റെ അയവ്യയകണക്കിൽ കൊള്ളിച്ചിട്ടില്ലെന്നായിരുന്നു. ഈ വാദം വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ അയവ്യയകണക്കിനെപ്പററിയുള്ള ഒരു തെററിദ്ധാരണയിൽ നിന്നു് ഉണ്ടായിട്ടുള്ളതായിരിക്കണം. [illegible]-ാമാണ്ടിനു മുമ്പുള്ള [illegible] കൊല്ലങ്ങൾക്കിടയിൽ ഈ വിഷയത്തിനു [illegible] ഇരട്ടിയിൽ അധികമായിട്ടുണ്ടു്. വിദ്യാഭ്യാസവകുപ്പിലെ [illegible] വിദ്യാഭ്യാസത്തിനുള്ള ചിലവു [illegible] ശതമാനത്തിൽ നിന്നും [illegible] ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നു് കണക്കുകളിൽ നിന്നു ചിലവിന്റെ [illegible] ശതമാനത്തിൽനിന്നും [illegible] ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്ന് [illegible] മനസ്സിലാക്കാം. [illegible]-ാമാണ്ടു കഴിഞ്ഞുള്ള [illegible] കൊല്ലങ്ങൾക്കിടയിൽ ഈ വിഷയത്തിലുള്ള [illegible] ഇരട്ടിയിൽ [illegible] ശതമാനത്തിൽനിന്നും [illegible] ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നു കാണാം.

ഈ കൊല്ലത്തിലെ അയവ്യയകണക്കിനെപ്പററി പൊതുവെ നടന്ന വാദപ്രതിവാദത്തിനിടക്കു നാട്ടുഭാഷാവിദ്യാഭ്യാസത്തിനുള്ള ചിലവിൽ ഉപരിഭാഗവും പ്രാഥമിക വിദ്യാഭ്യാസത്തിനായി ചിലവാക്കുന്നു എന്നു പറഞ്ഞിട്ടുണ്ടു. മുൻപറഞ്ഞ കണക്കുകൾകൊണ്ടു പ്രാഥമികവിദ്യാഭ്യാസത്തിനെ സംബന്ധിച്ചേടത്തോളം തൃപ്തികരമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നു് കാണാം. എന്നാൽ ഇത്രയും ഈ വിഷയത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിനു അഭിവൃദ്ധി ഉണ്ടായിരിക്കുന്ന ഏതു രാജ്യങ്ങളിലും വേണ്ടുന്നവിധത്തിൽ ഇക്കാര്യത്തിൽ അഭിവൃദ്ധിഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ നിർബന്ധം ആവശ്യമാണെന്നും വാദിച്ചേക്കാം. ഇവിടത്തെ ഇന്നത്തെ വാദമുഖം അതുതന്നെ എന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനെപ്പററി എനിക്കു പറയാനുള്ളതു എന്തെന്നാൽ തങ്ങളുടെ കുട്ടികളെ പള്ളിക്കൂടത്തിലയക്കുന്നതിൽ ജനങ്ങൾക്കുള്ള വൈമനസ്യമല്ല, പിന്നെയോ പണദൌർലഭ്യമാണു ഇവിടെ മുഖ്യപ്രതിബന്ധമായിരിക്കുന്നതു എന്നാകുന്നു. നിർബന്ധരീതിയിലുള്ള വിദ്യാഭ്യാസമായാലും ഈ സംഗതിക്കു വ്യത്യാസം വരുന്നതല്ല എന്നാൽ ആ പദ്ധതിഅനുസരിച്ചു പണം ഉണ്ടാക്കുന്നതിനു ഇപ്പോളുള്ളതിനു പുറമെ പുതിയമാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതായിട്ടുണ്ടു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദ്യത്തെ രണ്ടു ക്ലാസുകളുള്ള എത്രപള്ളിക്കൂടങ്ങൾ ഉണ്ടെന്നുള്ളതിനു വല്ല കണക്കുകളുമുണ്ടോ എന്നു സാമാജികൻ പറയുമോ.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): കണക്കുകൾ ഉണ്ടു. എന്നാൽ അവയെ വേണ്ടരൂപത്തിൽ ശേഖരിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനു ഗ്രാൻറുപള്ളിക്കൂടങ്ങളെ ഗവൺമെൻറു പള്ളിക്കൂടങ്ങളാക്കേണ്ടതു അവശ്യമായി ചെയ്യേണ്ടതായ ഒരു പ്രവൃത്തിയാണെന്നു ഡയറക്ടർ വിചാരിക്കുന്നുണ്ടോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു അവശ്യം ചെയ്യേണ്ടതായ പ്രവൃത്തിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. കൂടാതെ അതുമൂലം വളരെ ചിലവുവരുന്നതാണു,

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാര്യക്ഷമതയെ സംബന്ധിച്ചേടത്തോളം, ഗ്രാൻറു പള്ളിക്കൂടങ്ങൾ ഗവൺമെൻറു പള്ളിക്കൂടങ്ങൾക്കു തുല്യമായിരിക്കുമോ എന്നു ചോദിക്കട്ടയോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): വ്യക്തമായി ഒരു അഭിപ്രായം പറയുവാൻ സാധിക്കയില്ല. ചില ഗ്രാൻറുപള്ളിക്കൂടങ്ങൾ സർക്കാർ പള്ളിക്കൂടങ്ങളെക്കാൾ ഉപരിയാകുന്നു. ചിലതു നേരെ മറിച്ചുള്ളവയുമാണു്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): പണം സംബന്ധിച്ചുള്ള വിഷമതകൊണ്ടാണോ ഡയറക്ടർ ഈ പ്രമേയത്തെ എതിർക്കുന്നതു ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): അതെ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ആ കാരണംകൊണ്ടു മാത്രമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഈ കാരണംകൊണ്ടു മാത്രമല്ല. നിർബന്ധവിദ്യാഭ്യാസം ഒരു നയമായി ഗവൺമെൻറു അംഗീകരിച്ചാൽ ആവശ്യമുള്ള പള്ളിക്കൂടങ്ങൾ ഉണ്ടാക്കുകയും അവയെ പുലർത്തുകയും ചെയ്യേണ്ട ആവശ്യം ഗവൺമെൻറിനോ പൊതുജനങ്ങൾക്കോ നേരിടും. ഏതുവിധമായാലും ഇതു വളരെ ചിലവുവരുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): വിദ്യാഭ്യാസം നിർബന്ധമാക്കണമെന്നുള്ള തത്വത്തിനെ സ്വീകരിക്കുന്നതിനു അദ്ദേഹത്തിനു വിരോധമുണ്ടോ ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): നിർബന്ധവിദ്യാഭ്യാസതത്വം എല്ലാ സംഗതികളിലും യോജിക്കുകയില്ല. ഒരു സ്ഥലത്തു നിർബന്ധവിദ്യാഭ്യാസം വേണമോ എന്നുള്ളതു ആ സ്ഥലത്തെ സ്ഥിതിഗതികളെ അനുസരിച്ചിരിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ—ദേവികുളം): ഗവൺമെൻറിൽനിന്നു നിയമിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ള കമ്മിററിയുടെ ആലോചനയ്ക്കു ഈ വിഷയത്തെ വിട്ടുകൊടുക്കുന്നതിനു ഡയറക്ടർക്കു വിരോധം ഉണ്ടോ ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഗവൺമെൻറിൽനിന്നു ഒരു കമ്മിററിയെ നിയമിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടെന്നു സാമാജികൻ വിചാരിക്കുന്നതിനെ ഞാൻ അഭിനന്ദിക്കുന്നു. ഇതു ഏതിനെയാണോ സ്ഥാപിക്കാനുള്ളതു അതിനെ സ്ഥാപിച്ചെന്നു വിചാരിക്കുന്നതുപോലെയുള്ളതാണ്. ഇതിനെ സംബന്ധിച്ചു ഒരു അന്വേഷണം നടത്തുന്നതാണെന്നു ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. പക്ഷേ ഇതിനു ഒരു കമ്മിററിയെ നിയമിക്കേണ്ട ആവശ്യമുണ്ടോ എന്നുള്ള സംഗതി തീർച്ചയാക്കേണ്ടിയിരിക്കുന്നു. സാമാന്യമായിട്ടുള്ള വാഗ്ദപ്രതിവാദത്തിൽ ഞാൻ സത്യമായും പറഞ്ഞതു ഇപ്രകാരമാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ—ദേവികുളം): ഒന്നുകിൽ ഒരു കമ്മിററിയോ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ മററുവല്ല സംഘമോ നിയമിക്കപ്പെടുമെന്നു സർക്കാർ വാഗ്ദാനം ചെയ്തതായി ഡയറക്ടർക്കു അറിയാമോ ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): അതോ മററുവല്ല സംഘമോ നിയമിക്കുന്നതിൽ ഞാൻ സമ്മതിക്കുന്നു

മി. കെ. ഐ. ജോസഫ് (മീനച്ചിൽ—ദേവികുളം): ഈ വിഷയം ആ സംഘത്തിനു വിട്ടുകൊടുക്കുന്നതിൽ ഡയറക്ടർക്കു വല്ല വിരോധവുമുണ്ടോ ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഇതു ഒരു നല്ല അഭിപ്രായമായി ഞാൻ വിചാരിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ആദ്യമായി ചുരുങ്ങിയ സ്ഥലങ്ങളിലും പിന്നീടു അതിനോടു ചേർന്ന സ്ഥലങ്ങളിലേയ്ക്കും പണത്തെ സംബന്ധിച്ചുള്ള പ്രതിബന്ധം നീക്കത്തക്കവിധത്തിൽ പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കാമെന്നു ഞാൻ വിചാരിക്കുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): മി. തോമസിൻെറ അഭിപ്രായം എനിക്കു മനസ്സിലാകുന്നില്ല.

മി. സി. പി. കരുകൻ (കുന്നത്തുനാട്ടു): ബറോഡായിൽ എങ്ങനെയാണ് നിർബന്ധവിദ്യാഭ്യാസം നടത്തപ്പെടുന്നതു ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ബറോഡായിൽ നിർബന്ധവിദ്യാഭ്യാസവിഷയം ഗവൺമെൻറിൻെറ പുനരാലോചനയിൽപെട്ടിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി. സി. പി. കരുകൻ (കുന്നത്തുനാട്ടു): താണവർഗ്ഗക്കാരുടെ നില എന്താണ് ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): വിദ്യാഭ്യാസം നിർബന്ധമാക്കുകയെങ്കിൽ അതിൻെറ മാർഗ്ഗം വളരെ വിശാലമായിരിക്കണം. ഒരു സമുദായത്തിലുള്ള കുട്ടികളെ പള്ളിക്കൂടത്തിൽ പോകുന്നതിനു നിർബന്ധിക്കുകയും അന്യസമുദായത്തിൽപെട്ട കുട്ടികളെ അവരുടെ ഇഷ്ടംപോലെ നടക്കുന്നതിനു അനുവദിക്കുന്നതും ന്യായമായിരിക്കയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിർബന്ധവിദ്യാഭ്യാസപദ്ധതിയെ സ്വീകരിക്കുന്നതിനു മുമ്പായി സാധുക്കളായും താണവർഗ്ഗത്തിൽപെട്ടവരായും ഉള്ള ആളുകളുടെ വിദ്യാഭ്യാസത്തിനായി കുറെ പണം മാററിവയ്ക്കുന്നതിനു ഡയറക്ടർക്കു മനസ്സുണ്ടോ എന്നു ഞാൻ ചോദിക്കട്ടയോ ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): സാധുക്കളുടെ വിദ്യാഭ്യാസത്തിനായി ഒരു തുക മാററിവയ്ക്കുകയെന്നുള്ളതു ഒരു നല്ല അഭിപ്രായമായി തോന്നുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): താഴ്ന്ന ജാതിക്കാരുടെ വിദ്യാഭ്യാസവിഷയത്തിലെങ്കിലും അവർക്കു ആഹാരത്തിനും വസ്ത്രത്തിനും പുസ്തകംവാങ്ങുന്നതിനുമായി ഒരു തുക മാററിവയ്ക്കണമെന്നാണ് ഞാൻ പറഞ്ഞതു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): അതിനെക്കുറിച്ചു ഒന്നും പറയാതിരിക്കുന്നതാണ് നല്ലതെന്നു എനിക്കു തോന്നുന്നു. ഒരു സൂക്ഷ്മമായ അന്വേഷണം കഴിച്ചതിനുശേഷം തീർച്ചയാക്കേണ്ട സംഗതികളിൽ ഒന്നാകുന്നു ഇതു. താഴ്ന്ന ജാതിയിലുൾപ്പെടാത്ത ഒരു കുട്ടിയുടെ അച്ഛനമ്മമാർ സാധുക്കളായിരുന്നേക്കാം. അവരെ പള്ളിക്കൂടത്തിൽ അയക്കുന്നതിൽ ഇവർക്കും മററുള്ളവരെപ്പോലെ വിഷമത തോന്നിയേക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നൂറു ശതമാനമോ മററോ വിദ്യാഭ്യാസം ലഭിക്കാതെ ഉള്ളവരിൽ എത്രശതമാനം താഴ്ന്നജാതിക്കാരിൽപ്പെട്ടവരാണ്.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): എനിക്കു അറിഞ്ഞുകൂടാ. ഞാൻ കണക്കുകളെ ഈ വിധം പരിശോധിച്ചിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): താഴ്ന്നജാതിക്കാരുടെ കുട്ടികൾക്കു വസ്ത്രം, പുസ്തകങ്ങൾ, ആഹാരം ഇവ നൽകുന്നതുപോലെയുള്ള വല്ല ഏർപ്പാടും ചെയ്യുന്നതായാൽ ഇവർ പള്ളിക്കൂടത്തിൽ ധാരാളം പോകുമെന്നും അങ്ങനെ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുടെ ശതമാനം കൂടുമെന്നതാണെന്നും ഡയറക്ടർ വിചാരിക്കുന്നുണ്ടോ ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): കെട്ടിടങ്ങൾ പണിയുന്നതിനും അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നതിനും മാത്രമായിത്തന്നെ എത്ര വലിയ തുക ആവശ്യപ്പെടുമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ആഹാരത്തിനും വസ്ത്രത്തിനുംകൂടി ഉൾപ്പെടുത്തുകയാണെങ്കിൽ ഇതു ചിലവിനെ വളരെ വർദ്ധിപ്പിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സംസ്ഥാനത്തിലുള്ള ചില പള്ളിക്കൂടങ്ങൾ വളരെ പഴക്കം ചെന്നിട്ടുള്ളവയാകുന്നെന്നും അവയെ വീണ്ടും നന്നാക്കേണ്ട ആവശ്യമുണ്ടെന്നു ഡയറക്ടർക്കു അറിയാമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസമേലദ്ധ്യക്ഷൻ): അതു് എനിക്കറിയാം.

മി. എം. ശിവതാണുപിള്ള (തോവാള): സ്വയമായിത്തന്നെ ആളുകൾ വിദ്യാഭ്യാസം ചെയ്യുന്നതാകകൊണ്ടാണോ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ട ആവശ്യമില്ലാത്തതു്.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): കഴിഞ്ഞ കാലകൊല്ലങ്ങളിലെ കാര്യം ആലോചിച്ചാൽ ശരാശരി രാജ്യത്തിലെ ധനസ്ഥിതി അനുസരിക്കുന്നടത്തോളം അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നു എനിക്കു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മേൽപ്പറഞ്ഞതു് എല്ലാവക്കും നിർബന്ധ പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിനു ഒരു കൂടുതൽ കാരണമാകുകയില്ലേ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): പ്രാഥമികവിദ്യാഭ്യാസത്തിനു കുറെ അധികവും ഉന്നതവിദ്യാഭ്യാസത്തിനു കുറച്ചും പണം ചിലവാക്കുക എന്നുള്ളതു് ഒരു വലിയ വിഷയമാകുന്നു. ഇക്കാര്യവും അതുകൊണ്ടുള്ള ചിലവിനെയും സംബന്ധിച്ചു, കൊല്ലംതോറും നാട്ടുഭാഷാ വിദ്യാഭ്യാസത്തിനു വിനിയോഗിച്ചുവരുന്ന പണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

മി. സി. എസ്. ഇപ്പൻനമ്പൂതിരി (ജന്മി): സർ, മി. തരകൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതും പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കണമെന്നുള്ളതായ പ്രമേയത്തെ എനിക്കു തൽക്കാലം അനുകൂലിക്കാൻ നിവൃത്തിയില്ല. എന്നാൽ ഈ വിദ്യാഭ്യാസം ജനങ്ങളിൽ സാർവത്രികമായി ഉണ്ടാക്കണമെന്നുള്ള മനഃസ്ഥിതിയെപ്പറ്റി നോക്കുന്നതായാൽ അതു് മഹാശയന്മാരുടെ മനഃസ്ഥിതിയാണ് എന്നു കാണാവുന്നതാണ്. അതുകൊണ്ടു അങ്ങിനെയുള്ള ഒരു മനഃസ്ഥിതിയെ അഭിനന്ദിക്കേണ്ടതാണ്. ഇങ്ങിനെയിരിക്കുന്ന അവസരത്തിൽ ഞാനിപ്പോൾ സാർവത്രികമായി വ്യാപിക്കുന്ന ഒരു വിദ്യാഭ്യാസം ആവശ്യമില്ലെന്നുപറഞ്ഞു പ്രതിഷേധിക്കുന്നതിന്റെ കാരണം എന്താണെന്നുപറയാം. എന്റെ ഉദ്ദേശം ജനങ്ങൾക്കു വിദ്യാഭ്യാസം നൽകണമെന്നും അവർ അതിനെ സ്വീകരിച്ചു അവർക്കു ഗുണം സിദ്ധിക്കണമെന്നുമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ നമ്മുടെ ഗവർമ്മെന്റിന്റെ നിലയ്ക്കു നിർബന്ധപ്രാഥമികവിദ്യാഭ്യാസം എന്നുപറഞ്ഞാൽ മലയാളവിദ്യാഭ്യാസം നാട്ടുഭാഷാവിദ്യാഭ്യാസം എന്നാണ് സങ്കല്പിച്ചിട്ടുള്ള അർത്ഥം. ആ നാട്ടുഭാഷയെ ഇന്നത്തെ രാജ്യത്തിന്റെ നിലയ്ക്കു നിർബന്ധമാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതിനുള്ളകാരണം ഈ രാജ്യത്തു രണ്ടുഭാഷകളെ നിർബന്ധമാക്കിവയ്ക്കുന്നതു ഇവിടത്തെ ജനങ്ങൾക്കു വളരെ സങ്കടകരമെന്നുള്ളതാണ്. ഇന്നു സാധാരണയായി കോടതികളിലും ഗവർമ്മെന്റിലും സ്വീകരിച്ചിട്ടുള്ളതു ഇംഗ്ലീഷുഭാഷയാണ്. ഈ നിലയ്ക്കു മലയാളത്തിനേക്കാൾ ഇംഗ്ലീഷിനാണല്ലൊ നിർബന്ധഭാഷയാകേണ്ടതു്. ഇന്നു കോടതികളിലും ഈ കൌൺസിലിലും ഗവർമ്മെന്റ സ്വീകരിച്ചിട്ടുള്ളതു മുഴുവൻ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയാണ്. എന്നാൽ ഈ കൌൺസിലിൽ വരുന്ന പ്രതിനിധികളെ വോട്ടുചെയ്തു തിരഞ്ഞെടുക്കുന്നവരിൽ മുക്കാലേമുണ്ടാണിഭാഗവും മലയാളഭാഷമാത്രം പരിചയിച്ചിട്ടുള്ളവരാണ്. ഈ പ്രതിനിധികൾ ഇവിടെ എന്തെല്ലാം പറയുന്നുഎന്നും പ്രവർത്തിക്കുന്നുഎന്നും ആ തിരഞ്ഞെടുത്തയക്കുന്ന ആളുകൾ അറിയുന്നതു മലയാളപത്രക്കാരുടെ സഹായംകൊണ്ടുമാത്രമാണ്. ഈ മലയാളം പത്രക്കാർ ഇല്ലായിരുന്നുഎങ്കിൽ ഈ പ്രതിനിധികൾ ഈ കൌൺസിലിൽ എന്തെല്ലാം സംഗതികൾ പ്രവർത്തിക്കുന്നു എന്നുള്ളതു അറിയുവാൻ സാധിക്കാതെപോയേനെ. ഇവിടെ ഇംഗ്ലീഷിൽപറയുന്ന സംഗതികളെ മുഴുവൻ മലയാളമാക്കി ജനങ്ങളെ അറിയിക്കാൻവേണ്ടി മലയാളപത്രക്കാർ അദ്ധ്വാനിക്കുന്നതുകൊണ്ടു അവർക്കു ഒരു നല്ല സംഖ്യ കൊടുക്കേണ്ടതാണ്.

ഒരവസരത്തിൽ മി. പി. കെ. നാരായണപിള്ള ഇവിടെവച്ചു മലയാളത്തിൽ സംസാരിക്കാൻ ഭാവിച്ചപ്പോൾ No, No, No, എന്നു ചിലർ പറയുന്നതും ഞാൻ കേട്ടു. (ചിരി) അപ്പോൾ ഈ ഭാഷ ഇങ്ങനെ മിണ്ടാൻപോലും പാടില്ലാത്ത ഒന്നാണോഎന്നു് എനിക്കു തോന്നിപ്പോയി.

അഞ്ചൽ ഡിപ്പാർട്ടുമെന്റിൽനിന്നു പലസംഗതികളും ജനങ്ങൾക്കു അറിയേണ്ടതുണ്ട്. എന്നാൽ അഞ്ചൽഡിപ്പാർട്ടുമെന്റിലെ ഒരു ഫാറത്തിൽ ഞാൻ ഒരു പ്രത്യേകത കണ്ടു. അതു് അഞ്ചൽമാസ്റ്റർ എഴുതേണ്ട ഭാഗം മുഴുവനും മലയാളവും ജനങ്ങൾ എഴുതേണ്ടഭാഗം മുഴുവനും ഇംഗ്ലീഷ് എഴുതേണ്ട ഒരു ഫാറമാണ്. ഇതിന്റെ അർത്ഥം ഇംഗ്ലീഷ്ഭാഷയെ ജനങ്ങൾക്കു നിർബന്ധമാക്കിവച്ചിരിക്കുന്നുഎന്നാണ്. അതുപോലെ ജനങ്ങൾക്കു ധാരാളമായി പെരുമാറേണ്ട ഒരു സ്ഥലമാണ് കോടതികളും. നമ്മുടെരാജ്യത്തുള്ള പ്രജകൾക്കു ഗവർമ്മെന്റുമായി ഇടപെടേണ്ടതായി യാതൊന്നുമില്ലെന്നു വിചാരിക്കാൻ ഒരുവിധത്തിലും നിവൃത്തിയില്ല. അങ്ങിനെ ഗവർമ്മെന്റുമായി ഇടപെടുന്നതെങ്കിൽ ഇംഗ്ലീഷിന്റെ സഹായമില്ലാതെ നിവൃത്തിയില്ലാഎന്നുള്ള നില ഗവർമ്മെന്റ ഉണ്ടാക്കിത്തീർത്തിട്ടുണ്ടു. അങ്ങിനെ ഇംഗ്ലീഷ് വിദ്യാഭ്യാസം നിർബന്ധമാക്കിയിരിക്കുന്നനിലയ്ക്കു മലയാളത്തിലുള്ള ഒരു പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കേണ്ടയാവശ്യമില്ല. രണ്ടുവിദ്യാഭ്യാസം നിർബന്ധമാക്കിവയ്ക്കുന്നതു യാതൊരു രാജ്യത്തും നടപ്പില്ലാത്തതാണ്. എന്റെ സ്നേഹിതൻ മി. തരകൻ പറയുന്നതു യൂറോപ്പുമുതലായ രാജ്യങ്ങളിൽ പ്രാഥമികവിദ്യാഭ്യാസം നടപ്പാക്കിട്ടുള്ളതിനാൽ അതുപോലെ ഇവിടെയും നടപ്പാക്കണമെന്നാണ്. എന്നാൽ ആ രാജ്യങ്ങളിൽ അവിടത്തെ ഭാഷയെത്തന്നെയാണ് ഗവർമ്മെന്റ സ്വീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു അങ്ങിനെയുള്ള രാജ്യങ്ങളിൽ അതു് അത്യാവശ്യമാകുന്നു. ഇവിടെ ഗവർമ്മെന്റ സ്വീകരിച്ചിരിക്കുന്ന ഭാഷയും, ജനങ്ങളിൽ നിർബന്ധമാക്കണമെന്നു വിചാരിക്കുന്ന ഭാഷ വേറെയാണ്. രണ്ടും ഒരേഭാഷയാകുന്നെങ്കിലേ ജനങ്ങൾക്കു പ്രയോജനമുള്ളു. മറ്റുരാജ്യത്തു അങ്ങിനെ കണ്ടതുകൊണ്ടു അതുപോലെ ഇവിടെയും നടപ്പാക്കണമെന്നുമാത്രം പറഞ്ഞാൽപോരാ. അവിടത്തെ ജനങ്ങൾക്കു പ്രയോജനപ്പെടുന്നതുപോലെ ഇവിടെയും പ്രയോജനപ്പെടുമോ എന്നുകൂടി നോക്കണം.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഇവിടത്തെജനങ്ങൾ എല്ലാപേരും മലയാളം പഠിച്ചുകഴിഞ്ഞതിനുശേഷം എല്ലാവർക്കുംകൂടി ഗവർമ്മെന്റിനെക്കൊണ്ടു മലയാളത്തിൽതന്നെ എഴുത്തുകുത്തുനടത്തണമെന്നു നിർബന്ധിച്ചു സമ്മതിപ്പിക്കരുതോ?

മി. സി. എൻ. ഉപ്പൻനമ്പൂതിരി (ജന്മി): ഇപ്പോൾതന്നെ ഇവിടെ നൂറു ശതമാനം മലയാളവിദ്യാഭ്യാസം സിദ്ധിച്ചിരിക്കുന്നു എന്നു കണക്കുകൊണ്ടു കാണുന്നു. ആ സ്ഥിതിക്കു ഇപ്പോൾതന്നെ ഗവൺമെന്റിനോടു അപ്രകാരം നിർബന്ധിക്കാൻ സാധിക്കാതെ വരിക. നൂറു ശതമാനംപേരും മലയാളം പഠിച്ചുവന്നതിനുശേഷം മാത്രമെ അതു പാടുള്ളു എന്നു പറയുന്നതിൽ യാതൊരു സാംഗത്യവും കാണുന്നില്ല.

അതിനാൽ രണ്ടുഭാഷയേയും നിർബന്ധമാക്കുക എന്നുള്ളതു ഒരിക്കലും ഉചിതമായിട്ടുള്ളതല്ല.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഈ രാജ്യവാസികളിൽ നൂറു ശതമാനം വിദ്യാഭ്യാസം സിദ്ധിച്ചവരാണ് എന്നു പറഞ്ഞതിൽ ഈ രാജ്യത്തെ പുലയരിൽ എത്രശതമാനം വിദ്യാഭ്യാസം ഉള്ളവരുണ്ട്.

മി. സി. എസ്. ഉപ്പൻനമ്പൂതിരി (ജന്മി): ഏതുസമുദായക്കാരുടെ ഇടയിൽ എത്രയെങ്കിലുമായിക്കൊള്ളട്ടെ. അതു എങ്ങിനെയായാലും ഗവൺമെന്റു സ്വീകരിച്ചിട്ടുള്ള ഭാഷയെത്തന്നെ നിർബന്ധമാക്കണമെന്നുമാത്രമെ ഞാൻ പറയുന്നുള്ളു.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): വിദ്യാഭ്യാസം കുറഞ്ഞ ആളുകളുടെ ഇടയിലല്ലെ അതു അധികം പ്രവർത്തിക്കേണ്ടതു്.

മി. സി. എൻ. ഉപ്പൻനമ്പൂതിരി (ജന്മി) പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കുന്നു എങ്കിൽ അതു ഇംഗ്ലീഷിനെത്തന്നെ വേണമെന്നാണു എന്റെ അഭിപ്രായം. അല്ലാതെ പ്രമേയകർത്താവു സങ്കല്പിച്ചിട്ടുള്ള മലയാളഭാഷയെ നിർബന്ധമാക്കേണ്ടയാവശ്യമില്ല. ഇംഗ്ലീഷ്‌വിദ്യാഭ്യാസം നിർബന്ധമാക്കണമെന്നുള്ള ഒരു ഭേദഗതി ഈ ഉപക്ഷേപത്തിനു അത്യാവശ്യമാണെന്നു ഞാൻ ഇതുവരെ പറയാതിരുന്നതു അങ്ങിനെ പറഞ്ഞാൽ ഇവിടെ ചിലർ ബഹളംകൂട്ടിയേക്കുമോ എന്നു വിചാരിച്ചിട്ടാണ്. മലയാളം പള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാർക്കു ശമ്പളംകൂട്ടി കൊടുക്കുന്നതിനു ഒരുകമ്മററി ഇവിടെയുണ്ട്. ആ കമ്മററിക്കാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ അവർക്കു പോലീസുകാരുടെ ശമ്പളം കൊടുക്കണമെന്നുള്ള നിലയിലാണു അഭിപ്രായപ്പെട്ടിരിക്കുന്നതു്. അതു് ഒരു അധികച്ചിലവായിട്ടാണു ഇപ്പോൾ കരുതിയിരിക്കുന്നതു. എന്നാൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിനു എത്രയോവലുതായ സംഖ്യ ചിലവുചെയ്തുകൊണ്ടിരിക്കുന്നതു്. ഈ വിദ്യാഭ്യാസംകൊണ്ടു നാട്ടിൽ തൊഴിലില്ലായ്മ വർദ്ധിച്ചുവരികയായിട്ടും അതിലേക്കു ചിലവുചെയ്തുകൊണ്ടിരിക്കുന്ന വഴിയുമുകളെക്കുറിച്ചു അതിനെ മലയാളം വിദ്യാഭ്യാസത്തിലേക്കു വേണ്ടി ചിലവുചെയ്തു നിർബന്ധമാക്കണമെന്നു പറഞ്ഞുഎങ്കിൽ അതു പ്രയോജനമുള്ളതാണെന്നുതന്നെ പറയാമായിരുന്നു. ഈ രാജ്യത്തിന്റെ ദേശഭാഷയായുള്ള വിദ്യാഭ്യാസത്തെ പാടെ നശിപ്പിച്ച ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തെ ഈ നാട്ടിൽ നിർബന്ധമാക്കിത്തീർക്കണമെന്നുള്ള ഭേദഗതിയോടുകൂടി മി. തരകന്റെ പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സർ, എന്റെ സ്നേഹിതൻ മി. തരകൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്റെ തത്വത്തിനോടു ഞാൻ യോജിക്കുന്നു. ഈ സന്ദർഭത്തിൽ എന്റെ മനസ്സിലുദിച്ച ചില അഭിപ്രായങ്ങളെ ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു. എനിക്കു ആദ്യമായി പറയാനുള്ളതു പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കണമെന്നുമാത്രമെ നിവേദനത്തിൽ ആവശ്യപ്പെടുന്നുള്ളു എന്നുള്ളതാണ്. ഏതുഭാഷയിലാണു് ഇതുചെയ്യേണ്ടതെന്നു നിവേദനത്തിൽനിന്നും വെളിവാകുന്നില്ല. നാലാമതായി എന്റെ സ്നേഹിതൻ മി. നമ്പൂതിരിയുടെ ഭേദഗതിയേയും അതിനെപ്പററിയുള്ള പ്രതിബന്ധങ്ങളേയും പററിയുള്ള ആക്ഷേപം നിസ്സാരമാണെന്നു എനിക്കുതോന്നുന്നു. വിദ്യാഭ്യാസത്തിനു ഭാഷ അത്യാവശ്യമാണെന്നുള്ളതു നിശ്ചയംതന്നെ. ഏതുഭാഷയിലാണ് വേണ്ടതെന്നുള്ളതു് അതു പ്രധാനമല്ല. ഉപയോഗിക്കേണ്ടഭാഷ നമ്മുടെ മാതൃഭാഷയായിരിക്കണമെന്നാകുന്നു എന്റെ അഭിപ്രായം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഹിന്ദുസ്ഥാനി പ്രാഥമിക വിദ്യാഭ്യാസമാക്കാനുള്ള ഏതെങ്കിലുംമാറ്റം സാമാജികനു ഇഷ്ടംതന്നെയോ?

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): നിശ്ചയമായിട്ടും അല്ല. ഞാൻഅതിനുവിപരീതക്കാരനാകുന്നു.

എനിക്കുപറയാനുള്ള വേറൊരുകാര്യം നിർബന്ധവിദ്യാഭ്യാസവും പള്ളിക്കൂടത്തിൽ നിന്നുലഭിക്കുന്ന നിർബന്ധവിദ്യാഭ്യാസവും തമ്മിലുള്ള വ്യത്യാസത്തെപ്പററിയാണ്. കണക്കുകൂട്ടുക, വായിക്കുക, എഴുതുക ഈ വിദ്യകളിൽ എല്ലാകുട്ടികളും അഭ്യസനംനടത്തണമെന്നുള്ളതു ഗവൺമെന്റു നിർബന്ധമാക്കുന്നതു ആഭിനന്ദനീയംതന്നെ.

പത്തോ ഇരുപതോ മുപ്പതോ കൊല്ലങ്ങൾക്കുമുമ്പു നമുക്കുണ്ടായിരുന്ന പ്രതിപത്തിപോലെ ഇപ്പോൾ നമുക്കു വിദ്യാഭ്യാസം എന്നവാക്കിനോടുതോന്നുന്നില്ല. ഹീനസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസത്തിന്റെ അനാരോഗ്യമായ ഫലങ്ങൾ നാം ധാരാളം അനുഭവിച്ചുകഴിഞ്ഞു. എന്നാൽ കണക്കുകൾകൂട്ടുക, എഴുതുക, വായിക്കുക ഇവകൾ എല്ലാവരും അറിഞ്ഞിരിക്കണം. ഈ കാര്യത്തിൽ നാം എല്ലാവരും ഒരു അഭിപ്രായക്കാരാകുന്നു. ചില വിദ്യാഭ്യാസരീതികൾ കൊണ്ടുളവാകുന്ന തൊഴിലില്ലായ്മനിമിത്തം ഉണ്ടാകുന്ന പ്രതിബന്ധങ്ങൾ ഇതുകൊണ്ടു സംഭവിക്കുകയില്ല. എന്തെന്നാൽ ഈ അറിവു എല്ലാവർക്കും വേണ്ടതാണ്. മി. തരകന്റെ പ്രമേയം ഈ വിഷയത്തെക്കുറിച്ചുണ്ട്. തങ്ങളുടെകുട്ടികളെ വിദ്യാഭ്യാസംചെയ്യിക്കാൻ ശക്തിയുള്ളവരായ ഉയർന്നജാതിക്കാർക്കു ഗവൺമെന്റിൽനിന്നും പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യം ഇല്ല. അവരെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതു നിർബന്ധമാകുന്നതിൽ വിരോധമില്ല. എന്നാൽ അവർ പള്ളിക്കൂടത്തിൽ പോകണമെന്നു നിർബന്ധമാകുന്നതു നല്ലതല്ല. പള്ളിക്കൂടത്തിൽ കുട്ടികളെ അയച്ചു വിദ്യാഭ്യാസിപ്പിക്കുന്നതിനെക്കാളും വിശേഷമായി കുട്ടികളെവിദ്യാഭ്യാസം ചെയ്യിക്കാം എനിക്കു ഒരുകുട്ടിയുണ്ടെന്നുവിചാരിക്കുക. എനിക്കു സമയമുണ്ടെങ്കിൽ പള്ളിക്കൂടങ്ങളുടെ സഹായംകൂടാതെ ആ കുട്ടിയെ എനിക്കു വിദ്യാഭ്യാസം ചെയ്യിക്കാൻസാധിക്കും. ഈ സ്ഥിതിയിലുള്ള ആളുകൾ വളരെയുണ്ടു. അതിനാൽ മറവിധത്തിൽ തങ്ങളുടെകുട്ടികളെ വിദ്യാഭ്യാസംചെയ്യിക്കാൻ സാധിക്കാത്ത സാധുക്കളായ കുട്ടികളുടെ കാര്യത്തിൽ മാത്രമേ വിദ്യാഭ്യാസം നിർബന്ധമാക്കാവു. ഈസംഗതി മനസ്സിലാക്കുന്നുഎങ്കിൽ പള്ളിക്കൂടത്തിൽപോകാതെ കുട്ടികളെ

വിദ്യാഭ്യസിക്കുന്നതിനു കഴിയുമെന്നു തോന്നുന്നു. ഗവൺമെന്റു ചിലവുചെയ്യേണ്ട സംഖ്യ വളരെ കുറക്കുകയും ചെയ്യാം. ഈ തുക ഗവൺമെന്റു പള്ളിക്കൂടങ്ങൾ കൂടാതെ വിദ്യാഭ്യാസം ചെയ്യിക്കാൻ സാധിക്കാത്ത സാധുകുട്ടികളുടെ വകക്കായി ഉപയോഗിക്കുകയും ചെയ്യാം. അതുകൊണ്ടു പണത്തെപ്പറ്റിയുള്ള പ്രതിബന്ധം കാണുന്നതുപോലെ അത്ര വലുതായി തോന്നുന്നില്ല. ഗവൺമെന്റിന്റെ നിലയിൽ അദ്ധ്യക്ഷൻ പറഞ്ഞതുപോലെ ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ രീതിയെപ്പറ്റി പൊതുവെ ആലോചിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ഇതിനെപ്പറ്റിയും ആലോചിക്കാം. ഇപ്പോൾ വിദ്യാഭ്യാസം ഇല്ലാത്ത സാധുക്കളുടെ കാര്യത്തിൽ വിദ്യാഭ്യാസം നിർബന്ധമാക്കേണ്ടതു അത്യാവശ്യമാകുന്നു എന്നു എല്ലാവരും സമ്മതിക്കും. ഈ സാധുക്കളുടെ കാര്യത്തിൽ വിദ്യാഭ്യാസം നിർബന്ധമാക്കുന്നു എങ്കിൽ ഗവൺമെന്റിൽനിന്നു അവർക്കു ആഹാരം കൊടുക്കുന്നതിനു ഏർപ്പാടു ചെയ്യണം. വിദ്യാഭ്യാസ സമ്പ്രദായത്തിനെ ആകെ ഉടച്ചുവാർക്കേണ്ടതായി വരുമ്പോൾ ഈ വിഷയത്തെപ്പറ്റി ആലോചിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഇത്രയും പറഞ്ഞു മി. തരകനെ പിന്താങ്ങുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ല): മി. തരകന്റെ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തിന്റെ പ്രധാനോദ്ദേശത്തെ ഞാൻ പിന്താങ്ങുന്നു. രാജ്യത്തിലുള്ള എല്ലാപ്രജകളും എഴുതുന്നതിനും വായിക്കുന്നതിനും കണക്കുകൂട്ടുന്നതിനും അറിഞ്ഞിരിക്കണമെന്നുള്ളതിൽ യോജിക്കേണ്ടതു എല്ലാപരിഷ്കാരാഭിമാനികളുടെയും ഉള്ള ഒരു ചുമതലയാകുന്നു. രാജ്യത്തിലുള്ള പള്ളിക്കൂടത്തിൽപോകുന്ന കുട്ടികളെ എല്ലാം ഉൾപ്പെടുത്തക്കവണ്ണം ചാപ്പിയുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം സ്വീകരിക്കുകയാണുള്ളതു ഒരു വിശിഷ്ടാശയം തന്നെ ആകുന്നു. പല ഏതദ്ദേശീയരാജ്യങ്ങൾ നിർബന്ധവിദ്യാഭ്യാസത്തെ പരീക്ഷിച്ചുനോക്കുകയാകുന്നു. യത്നമായും എന്നാൽ നിർബന്ധമല്ലാത്തതും ആയവിധത്തിലുള്ള പ്രാഥമിക വിദ്യാഭ്യാസതത്വം സ്വീകരിച്ചതിന്റെ ഫലമായി നമ്മുടെരാജ്യം മറ്റുരാജ്യങ്ങളേയും പ്രസിഡൻസികളേയുംകാളും വിദ്യാഭ്യാസകാര്യത്തിൽ മുന്നണിയിൽനിൽക്കുന്നതിനു കഴിഞ്ഞിട്ടുണ്ടു. ൨.൧൨ ചതുരശ്രമൈലിനും ൧,൪൧ ആളുകൾക്കും അംഗീകരിച്ചിട്ടുള്ള ഒരു പള്ളിക്കൂടം ഉള്ളവണ്ണം നമ്മുടെ പള്ളിക്കൂടങ്ങൾ അടുത്തകാലത്തു വർദ്ധിച്ചിട്ടുണ്ടു. വിദ്യാഭ്യാസം സമ്പാദിക്കണമെന്നാവശ്യമുള്ള ഏവനും അവന്റെ അടുത്തുള്ള ഒരു സ്കൂളിൽ പ്രവേശനം ലഭിക്കാൻ പ്രയാസമില്ലാത്തവിധം ഈ പള്ളിക്കൂടങ്ങളിൽ എല്ലാജാതിക്കാർക്കും പ്രവേശനം അനുവദിച്ചിട്ടുമുണ്ടു. വിദ്യാഭ്യാസാഭിവൃദ്ധിക്കായി അടുത്തകാലത്തുള്ള നമ്മുടെ ചിലവു് വളരെ വർദ്ധിച്ചിട്ടുണ്ടു. ൧൦൮൦-ാമാണ്ടു ചിലവു് ഏതാണ്ടു ൨ ലക്ഷമായിരുന്നതിൽ നിന്നും ൧൦൯൦-മാണ്ടു ഉദ്ദേശം ൮ ലക്ഷമാകുകയും ൧൧൦൧-മാണ്ടു ൨൨ ലക്ഷമായിരിക്കത്തക്കവണ്ണം പ്രാഥമികവിദ്യാഭ്യാസത്തിന്റെ ചിലവു വളരെ വർദ്ധിച്ചിട്ടുണ്ടു. (വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ റെണറിപ്പോർട്ടിന്റെ ൧൯-ാംവശം നോക്കുക). വിദ്യാലയങ്ങളിൽപോകാൻ തക്കപ്രായമുള്ളവർ ആകെയുള്ള ജനസംഖ്യയുടെ ൧൫ ശതമാനം ആണെന്നും ഇതിന്റെ ൧൨.൧ ശതമാനം വിദ്യാലയങ്ങളിൽ പഠിച്ചുവരുന്നെന്നും കണക്കുകളിൽനിന്നു കാണാവുന്നതാകുന്നു. വിദ്യാലയങ്ങളിൽപോകാൻ പ്രായമായ ബാലന്മാരിൽ ൯൨.൧൯ ശതമാനവും പ്രാഥമികക്ലാസുകളിൽ അഭ്യസനം ലഭിച്ചുവരുന്നവരാണ്.

ഒരുപരിധികൂടി കടന്നു എല്ലാ മാതാപിതാക്കന്മാരേയും തങ്ങളുടെ കുട്ടികളെ വിദ്യാലയത്തിൽ അയക്കുവാൻ നിർബന്ധിക്കുകയെന്നുള്ള പൊതുകാര്യത്തെ കൂട്ടമായി ശേഖരിപ്പിക്കുന്നതാകുന്നു. അതിനാൽ പൊതുജനങ്ങൾ അങ്ങിനെയുള്ള ഒരു പദ്ധതിയെ അനുഗമിക്കുന്നതിനു അനുവദിക്കുന്നതാണോ എന്നു നോക്കേണ്ടതു നമ്മുടെ കടമയാകുന്നു. നിർബന്ധിതവിദ്യാഭ്യാസമെന്നുവച്ചാൽ സ്കൂൾകെട്ടിടങ്ങളുടേയും അദ്ധ്യാപകന്മാരുടേയും സംഖ്യാവർദ്ധനക്കുപുറമെ, അന്നവസ്ത്രഗ്രന്ഥാദികൾ അവരെകൊടുക്കാൻ ശക്തരല്ലാത്ത മാതാപിതാക്കന്മാരുടെ കുട്ടികൾക്കു അവ നൽകണമെന്നുകൂടി അർത്ഥമാകുന്നുവെന്നു ഞാൻ വിചാരിക്കുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ കഷ്ടസ്ഥിതിയെ നന്നാക്കുന്നതിനു നമുക്കിതുവരെ സാധിച്ചിട്ടില്ലാത്തസ്ഥിതിക്കു ആ അർദ്ധപട്ടിണി അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ ആളുകളെ ചേർക്കുന്ന സംഗതി വളരെ ആലോചിച്ചതിന്റെ ശേഷമേ നടപ്പിൽവരുത്താൻ പാടുള്ളു. പുതിയ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി തൽക്കാലത്തേക്കുമാത്രമുള്ള ഷെഡ്ഡുകൾ പണിചെയ്യുന്നതിനു ഓരോസ്ഥലങ്ങളിലെ ജനങ്ങളോടു ഡിപ്പാർട്ടുമെന്റു വിദ്യാലയങ്ങൾ വർദ്ധിപ്പിക്കുന്നതിനു ഗവൺമെന്റിനും ജനങ്ങൾക്കുമുള്ള അതിയായ ഉൽക്കണ്ഠനിമിത്തം ആവശ്യപ്പെട്ടിട്ടുണ്ടു; ഈ ഷെഡ്ഡുകൾ പ്രായേണ ഉറപ്പില്ലാത്തവയായതുകൊണ്ടു നിലംപതിക്കുകയോ വളരെജീർണ്ണമായസ്ഥിതിയിൽ ആയിരിക്കുകയോ ചെയ്തിട്ടുണ്ടു. ഈ ഷെഡ്ഡുകൾ മാറ്റി വേണ്ടകെട്ടിടങ്ങൾ കെട്ടുകയെന്നുള്ളതു ഒരു വൈഷമ്യമേറിയസംഗതിയാകുന്നു. അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നകാര്യത്തിൽ ഗവൺമെന്റു എന്തു ചെയ്യാൻപോകുന്നുവെന്നു നമുക്കിനിയും അറിഞ്ഞുകൂടാ. ഒരു നിർബന്ധപദ്ധതി നാം ഇപ്പോൾ നടപ്പിൽവരുത്തുകയാണെങ്കിൽ രാജ്യഭണ്ഡാരത്തിന്റെ എന്തുമാത്രമുള്ള കൂടുതലായ ശോഷണമാണ് സഹിക്കേണ്ടതെന്നു അറിയാൻപാടില്ല. നമ്മുടെ നില എവിടെയായിരിക്കുമെന്നു ഏകദേശമെങ്കിലും ഗ്രഹിക്കാതെ അന്ധകാരത്തിലേക്കു കാലെടുത്തുവയ്ക്കുന്നതു ബുദ്ധിപൂർവ്വകമാണെന്നു തോന്നുന്നില്ല. ഗവൺമെന്റിൽനിന്നും വിദ്യാഭ്യാസകരമോ ആരോഗ്യപരമായുള്ള മറ്റേതെങ്കിലുമോ ഏർപ്പെടുത്തുവാൻ നിർബന്ധിതരാകുന്ന നിലയേക്കാൾ സംഗതികൾ അവയുടെ ഇപ്പോഴത്തെനിലയിൽ ഇരുന്നുകൊള്ളുവാൻ അനുവദിക്കുകയേ ഞാൻ ചെയ്യുകയുള്ളു. ആ കാര്യത്തിൽ ഗവൺമെന്റിനോടു അനുകൂലിച്ചു വോട്ടുചെയ്യുന്ന ഏറ്റവും സങ്കടകരമായ ആവശ്യത്തെ നാം നിറവേറേണ്ടതായിവന്നുകൂടും.

മറ്റൊന്നു ഒഴിച്ചുകൂടായ്മയാകുന്ന വിഷമതയുടെ നിശിതമായ ഒരവസ്ഥയുടെ സംഭാവ്യതയെ ദർശനം ചെയ്യേണ്ടാകുന്ന പ്രതിബന്ധമാണ്. ഇപ്പോഴത്തെ വിദ്യാലയങ്ങളിലേക്കു ഗമിക്കുന്ന നമ്മുടെ കുട്ടികൾ തങ്ങളുടെ പഴയതാഴ്ചകളിലേക്കു ചേർക്കപ്പെടുന്നതിൽ ഒരു വൈമുഖ്യം കാണിക്കുന്നു. എന്നാൽ പ്രാഥമികവിദ്യാഭ്യാസം മാത്രമേ നാം നിർബന്ധിതമാക്കുന്നുള്ളുവെന്നും വാദിച്ചേക്കാം. ഒരിക്കൽ പള്ളിക്കൂടത്തിൽ ചേർക്കപ്പെട്ട ഒരു കുട്ടി തുടർന്നുകൊണ്ടുപോകുന്നതിനു ആഗ്രഹമുള്ളവരായി വരാവുന്നതുകൊണ്ടു ഉയർന്നക്ലാസ്സുകളിൽ പഠിക്കുന്നകുട്ടികളുടെ സംഖ്യയിലും ഗണ്യമായ വർദ്ധനവുണ്ടായിരിക്കാനിടയുണ്ട്. വിദ്യാലയത്തിനു വെളിയിൽവന്നാൽപിന്നെ അദ്ധ്യാപകവൃത്തിയോ ക്ലാർക്കുപണിയോ ഗവൺമെന്റിന്റെ കീഴിൽ മറ്റേതിലും പണിയോ അല്ലാതെ

[illegible] കൊണ്ടുകൊള്ളുകയില്ല. ഇതുകൾ കാലക്രമത്തിൽ അവർക്ക് കിട്ടിയെന്നും പ്രശ്നമല്ല. സ്. [illegible] യും അസംതൃപ്തിയും ആയിതിക്കും അതിന്റെ ഫലങ്ങൾ. ചെറുപ്പക്കാർക്കും, രാജ്യത്തിനും ഒരു ദൂഷ്യഫലത്തെ [illegible] വിഷമത തൽക്ഷണം നമുക്ക നേരിട്ടുണ്ടാകുന്നു.

[illegible] യത്തിലുള്ളതും ബുദ്ധിപൂർവ്വം ഉദ്ദേശിച്ചിട്ടുള്ളതുമായ ഒരു രീതിയിൽ പരിശീല[illegible] വിദ്യാഭ്യാസ സമ്പ്രദായവും നിർബന്ധവിദ്യാഭ്യാസവും ഒന്നിച്ചു[illegible] എന്റെ അഭിപ്രായം. പുതിയതായി കെട്ടിടം പണിയുന്നതിന [illegible] ഗ്രാമീണവിദ്യാലയങ്ങളെ വെയിലത്തും ഇല്ലാതാക്കാനായും [illegible] പുനഃസംഘടനം ചെയ്യുക, [illegible] സെർക്കുലർ ചെയ്യുക, ഇംഗ്ലീഷ് മിഡിൽസ്കൂൾ സ്കൂളുകൾ [illegible] [illegible] ഉപയോഗിച്ച് സംയോജിപ്പിച്ചുകൂടെ എന്നു ആലോചിക്കുക, [illegible] [illegible] കാലമോ എന്നു നോക്കുക, ഇവയും മറ്റുപലകാര്യങ്ങളും പ്രാഥമികവിദ്യാഭ്യാസത്തിന്റെ ചിലവുവർദ്ധിക്കാതെ ക്രമീകരിക്കുന്നതിനോടുകൂടി ആലോചിക്കേണ്ടതാണ്.

കഴിഞ്ഞ ദിവസം വിദ്യാഭ്യാസവകുപ്പിന്റെ ആവശ്യങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തി[illegible] സംസ്ഥാനത്തിലെ വിദ്യാഭ്യാസനയം ആകപ്പാടെ ഒന്നു ഉടച്ചുവാർക്കാൻ [illegible] സാധിക്കുമെന്നുള്ള [illegible] ആലോചിക്കുന്നതിനായി ഒരു ആലോചനനടത്താമെന്നു ഗവൺമെന്റിൽനിന്നും പറഞ്ഞിട്ടുണ്ട്. പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കേണ്ട വിഷയത്തെപ്പറ്റിയും രാജ്യത്തിന്റെ നന്മക്ക് ഏറ്റവും ഉതകുന്ന [illegible] അതിനെ വിതരണം ചെയ്യുന്നതിനു ഒരു പദ്ധതി തയ്യാറാക്കുന്നതിനെപ്പറ്റിയും ഉള്ള സംഗതി ഈ ആലോചനാസമിതിയുടെ തീരുമാനത്തിനു വിട്ടുകൊടുക്കുന്നതു നല്ലതെന്നു എനിക്കുതോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ രാജ്യത്തെ വിദ്യാഭ്യാസനയത്തെ പറ്റി [illegible] ഗവൺമെന്റിൽനിന്നു നിയമിക്കാമെന്നു വാഗ്ദത്തം ചെയ്തിട്ടുള്ള ഒരു ആലോചനാ [illegible] വിട്ടുകൊടുക്കാവുന്നതാണെന്നു ഗവൺമെന്റ പ്രസ്താവിച്ചിട്ടുണ്ട്. [illegible] കാര്യത്തിൽ അനുകൂലിക്കുന്നവരെന്നുള്ളതു ഈ പക്ഷത്തിൽപെട്ട [illegible] പ്രസംഗത്തിൽ നിന്നും വെളിവായിരിക്കുന്നു. അതുകൊണ്ട്, പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കണമെന്നതിൽ ഏ[illegible] അഭിപ്രായവ്യത്യാസമില്ല. ഈ സ്ഥിതിക്ക് ഈ നിശ്ചയം ആലോചിക്കുന്നതിനും പാസ്സാക്കു[illegible] സമയമായിട്ടില്ലാ എന്നാകുന്നു എനിക്കുതോന്നുന്നതു. കൂടാതെ ഈ നിശ്ചയം ഇപ്പോഴത്തെ [illegible] പാസ്സാക്കപ്പെടുന്നതിനു മുമ്പായി ഇടയ്ക്കു പല പ്രവൃത്തികളും ചെയ്യേണ്ടതായിട്ടുണ്ട്. കണക്കുകളി[illegible] ചതുരശ്രമൈയിലിനു ഒരു പള്ളിക്കൂടമുള്ളതായികാണാം. ഇതു ഒരു നല്ലലക്ഷണം [illegible] ഇതു വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിൽ വളരെ സഹായിക്കുന്നുണ്ട്. എന്നാൽ ഈ പള്ളിക്കൂടങ്ങളെല്ലാം വേണ്ടപോലെയാണോ വിതരണം [illegible] വീണ്ടും ഇവയെ ഒന്നു വിതരണം ചെയ്യേണ്ട ആവശ്യമുണ്ടോ എന്നു എനിക്കും സംശയമുണ്ട്. ഇപ്പോഴുള്ളത്തെ ഏർപ്പാടു തൃപ്തികരമല്ലെന്നും വീണ്ടും ഒരു പുനർവിതരണം ചെയ്യണമെന്നും ഞാൻ വിചാരിക്കുന്നു. ഇതാണ് ഒന്നാമതായി ചെയ്യേണ്ടതു. പ്രമേയത്തെ സ്വീകരിക്കുന്നതിനു മുമ്പായി അനേകം സംഗതികൾ ആലോചിക്കേണ്ടിയിരിക്കുന്നതിനാൽ ഈ സഭയുടെ സ്വീകരണത്തിനായി ഒരു ഭേദഗതി ഹാജരാക്കുന്നതിനു എന്നെ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു. എനിക്കു ചെയ്യാനുള്ള ഭേദഗതി ഇതാകുന്നു:—

"രാജ്യത്ത് പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്ന വിഷയം വിദ്യാഭ്യാസ വിഷയത്തിൽ ഗവൺമെന്റിന്റെ നയം പുനരാലോചിക്കുന്നതിനു ഗവൺമെന്റ നിയമിക്കാമെന്നു അഭിപ്രായപ്പെട്ടിട്ടുള്ള ആലോചനാസമിതിക്കു വിട്ടുകൊടുക്കണം."

പ്രമേയത്തിനു ഞാൻ ഹാജരാക്കുന്ന ഭേദഗതി ഇതാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): ഈ കാര്യത്തെ കുറിച്ചു അദ്ധ്യക്ഷന്റെ അഭിപ്രായം അറിയേണ്ടതായുണ്ട്. മുന്നറിവുകൊടുക്കാതെ ഇപ്രകാരമൊരു ഭേദഗതി സാമാജികന്മാർക്കു കൊണ്ടുവരാവുന്നതാണോ എന്നറിയേണ്ടിയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഭേദഗതി ഹാജരാക്കുന്നതു നിയമസഭാചട്ടം [illegible] അനുസരിച്ചാണ്. ആ ചട്ടപ്രകാരം ഭേദഗതി ഹാജരാക്കുന്നതിൽ ചട്ടലംഘനം യാതൊന്നുമില്ല. ഒരു സാമാജികൻ അതിനെ വിരോധിക്കുമ്പോൾ മുന്നറിവിനെക്കുറിച്ചുള്ള ചട്ടത്തെ [illegible] അദ്ധ്യക്ഷന്റെ അനുവാദത്തിനു ഞാൻ അപേക്ഷിക്കേണ്ടതാണ്. സാമാജികന്മാരിൽ ആരും അതിനെ വി[illegible] ഭാവിക്കാത്തപക്ഷം അദ്ധ്യക്ഷന്റെ അനുവാദത്തിനു ഞാൻ ആവശ്യപ്പെടണമെന്നില്ല.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): നിലവിലിരിക്കുന്ന [illegible] ഉത്തരവിൻപ്രകാരം [illegible] ദിവസത്തെ മുന്നറിവു കൊടുക്കേണ്ടതായിട്ടുണ്ട്.

മി. ഏ. പി. [illegible] പിള്ള (തെക്കൻ വ്യവസായവാണിജ്യം): നിലവിലിരിക്കുന്ന [illegible] ഉത്തരവു [illegible] സാമാജികൻ ഭേദഗതികൊണ്ടുവരുന്നതിനെ വിരോധിക്കുന്ന ഘട്ടത്തിൽമാത്രമേ സംബന്ധിക്കുന്നുള്ളൂ. എന്നാൽ ഇവിടെ ആരും പ്രതിഷേധം പ്രകടിപ്പിക്കുകയുണ്ടായില്ല.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): നിലവിലിരിക്കുന്ന [illegible] ഉത്തരവുപ്രകാരം [illegible] ദിവസത്തെ മുന്നറിവു ആവശ്യമാണ്. ആ ഉത്തരവു ഇപ്രകാരമാണ്.

"പ്രമേയം വാദപ്രതിവാദത്തിനു നിശ്ചയിച്ചിരിക്കുന്ന ദിവസത്തിനു പൂർണ്ണമായി [illegible] മുമ്പു [illegible] യുടെ ഒരു പകർപ്പു സിക്രട്ടറിക്കു അയച്ചുകൊടുത്തിട്ടില്ലെങ്കിൽ ഭേദഗതി ഹാജരാക്കുന്നതിനെ സാമാജികന്മാരിൽ ആരെങ്കിലും വിരോധിക്കാവുന്നതും അങ്ങനെയുള്ള പ്രതികൂലസ്ഥിതി ഈ ഉത്തരവിനെ തൽക്കാലത്തേക്കു [illegible] അധികാരത്തെ അധികരിച്ചു ഭേദഗതി ഹാജരാക്കാൻ അദ്ധ്യക്ഷൻ അനുവദിക്കാത്തപക്ഷം നടപ്പിൽ ഇരിക്കേണ്ടതുമാകുന്നു."

അതുകൊണ്ടു സാമാജികന്മാരിലാരെങ്കിലും പ്രതികൂലിക്കുന്നപക്ഷം, നിലവിലിരിക്കുന്ന ഉത്തരവിനെ കാൽക്കാലത്തേക്കെങ്കിലും റദ്ദുചെയ്യുന്നതോ എന്നാലോചിക്കേണ്ടതു അദ്ധ്യക്ഷനാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ പ്രശ്നം ഇപ്പോൾ വന്നിട്ടില്ല. ഭേദഗതി ഹാജരാക്കുന്നതിനെ ആരെങ്കിലും പ്രതികൂലിക്കുന്നെങ്കിൽ മാത്രമേ അദ്ധ്യക്ഷൻ തന്റെ വിവേചനാധികാരത്തെ പ്രയോഗിക്കേണ്ടതായുള്ളു.

മി. വി. സുബ്ബയ്യർ (ഗവർമ്മെന്റു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡന്റ്): ൩൬-ാം ചട്ടപ്രകാരം ഒരു പ്രമേയം അവതരിപ്പിക്കുന്നതിനു സാമാജികൻ ൧൫ ദിവസത്തെ മുന്നറിവു കൊടുക്കണം. ഈ നിലവിലിരിക്കുന്ന ൪൯-ാം ഉത്തരവിൽനിന്നു ൧൫ ദിവസത്തെ മുന്നറിവു ഭേദഗതി ഹാജരാക്കുന്നതിൽ ആവശ്യമില്ലെന്നും, രണ്ടു ദിവസത്തെ മുന്നറിവുമാത്രം മതിയെന്നും കാണാവുന്നതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രാതികൂല്യമില്ലാതിരിക്കുമ്പോൾ പൂർണ്ണമായ രണ്ടു ദിവസത്തെ മുന്നറിവു ചട്ടപ്രകാരം വേണ്ടതാണെന്നുദ്ദേശിച്ചിട്ടില്ല.

അദ്ധ്യക്ഷൻ: ൩൬-ാം ചട്ടവും, നിലവിലിരിക്കുന്ന ൪൯-ാം ഉത്തരവുപ്രകാരമുള്ള സ്ഥിതി ഇതാണ്. സാധാരണയായി പൂർണ്ണമായ രണ്ടു ദിവസത്തെ മുന്നറിവു കൊടുക്കണം. അങ്ങനെ പൂർണ്ണമായ രണ്ടു ദിവസത്തെ മുന്നറിവു കൊടുത്തിട്ടില്ലെങ്കിൽ സാമാജികന്മാരിൽ ആരെങ്കിലും പ്രാതികൂല്യം പ്രകടിപ്പിക്കാം. അങ്ങനെ പ്രതികൂലിക്കാത്തപക്ഷം സാമാജികനു ഭേദഗതി അവതരിപ്പിക്കാം. പ്രതികൂലിക്കുന്നപക്ഷം അദ്ധ്യക്ഷനു അദ്ദേഹത്തിന്റെ ഇഷ്ടാനുസരണം പ്രവർത്തിക്കാവുന്നതാണ്.

ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): എന്നെ സംബന്ധിച്ചിടത്തോളം വിരോധം യാതൊന്നുമില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): എന്നെ സംബന്ധിച്ചിടത്തോളം ഭേദഗതിയെ ഞാൻ സ്വീകരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു സംഗതി അറിയണമെന്നാഗ്രഹമുണ്ട്. പ്രസ്തുത പ്രമേയം വിദ്യാഭ്യാസ പരിഷ്കാരത്തെപ്പറ്റി വിചിന്തനം ചെയ്യുന്നതിനു നിയുക്തമാകുന്ന ആലോചനാസമിതിയുടെ അഭിപ്രായത്തിനായി വിടണമെന്ന ഭേദഗതിയെ സ്വീകരിക്കാമെന്നാണ് മി. നീലകണ്ഠപ്പിള്ള പറയുന്നതു. എന്നാൽ ഈ ഭേദഗതി നാം സ്വീകരിച്ചാൽ ഈ സഭ നിർബന്ധിത വിദ്യാഭ്യാസ തത്വത്തെ അംഗീകരിച്ചുവെന്നോ ആലോചനാസമിതിയുടെ വിചിന്തനാർത്ഥം അതു വിട്ടിരുന്നുവെന്നോ ഏതാണു അർത്ഥമാകുന്നതു്?

അദ്ധ്യക്ഷൻ: ആലോചനാസമിതിയുടെ പരിചിന്തനത്തിനായി ഈ സംഗതി മുഴുവനും വിടുകയെന്നാണു ഞാൻ മനസ്സിലാക്കുന്നതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ സംഗതിയിൽ ഒരു വൈഷമ്യം നേരിടാവുന്നതിനെ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെയോ? ഭേദഗതി സ്വീകരിക്കുന്നതിന്റെ അർത്ഥം ഈ സഭ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ തത്വം സ്വീകരിച്ചിരിക്കുന്നു എന്നല്ലതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരമല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയാണെങ്കിൽ അതിനെസംബന്ധിച്ച സഭയുടെ അഭിപ്രായം എന്താണ്?

അദ്ധ്യക്ഷൻ: അതിന്റെ ചുരുക്കമായ അർത്ഥം ഈ സംഗതിയെപ്പറ്റി വേണ്ടതു ആലോചിക്കേണ്ട ഭാരം ഈ സഭയിൽനിന്നു ആലോചനാസമിതിക്കായി വിട്ടിരുന്നു എന്നാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): പ്രമേയകർത്താവും ഗവർമ്മെന്റും ഭേദഗതി സ്വീകരിക്കുന്നപക്ഷം ഇനി വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ല.

അദ്ധ്യക്ഷൻ: സഭ ഭേദഗതി സ്വീകരിച്ചിരിക്കുന്നതായി വിചാരിക്കട്ടെയോ?

ഭേദഗതിയോടുകൂടി പ്രമേയം സ്വീകരിക്കപ്പെട്ടു.

മുൻസിപ്പുകോടതികളിലെ വക്കീലന്മാർ.

അദ്ധ്യക്ഷൻ: മി. കല്ലൂർ നാരായണപിള്ള അടുത്ത പ്രമേയം നിങ്ങളുടെ പേരിലുള്ളതാകുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): താഴെ പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

“അഞ്ചുകൊല്ലമോ അതിൽ കൂടുതലോ കാലത്തേക്കു മുൻസിപ്പുകോടതികളിൽ വ്യവഹരിച്ചുകൊണ്ടിരിക്കുന്ന രണ്ടാംഗ്രേഡ് പ്ലീഡർമാരെല്ലാവരേയും ഡിസ്ട്രിക്ട് കോടതികളിൽ വ്യവഹരിക്കുന്നതിനു അനുവദിക്കണമെന്നു ഈ കൌൺസിൽ ഗവർമ്മെന്റിനോടു ശുപാർശ ചെയ്യുന്നു.”

സർ, മട്രിക്കുലേഷൻ പരീക്ഷയിലോ സ്കൂൾഫൈനൽ പരീക്ഷയിലോ വിജയം സിദ്ധിച്ച രണ്ടാം പ്ലീഡർഷിപ്പ് പരീക്ഷക്കു ചേർന്ന ആകെയുള്ള മാർക്ക്സിൽ ൫൦ ശതമാനം വാങ്ങുന്നപക്ഷം ഡിസ്ട്രിക്ട് കോർട്ടിൽ വ്യവഹരിക്കുന്നതിനുള്ള അവകാശം ഉണ്ടായിരുന്നു. ൫൦ മാർക്ക്സ് കിട്ടാത്തവർക്ക് മുൻസിഫ് കോടതിയിൽ വ്യവഹരിച്ചു ൫ കൊല്ലത്തെ പരിശീലനം സിദ്ധിച്ചിരുന്നാൽ അവർക്ക് ഡിസ്ട്രിക്ട് കോടതിയിൽ വ്യവഹരിക്കുന്നതിനു സന്നതു കൊടുത്തുവന്നിരുന്നു.

ഈ വ്യവസ്ഥ അവരുടെ ശ്രേയസ്സിനേയും ഉന്നമനത്തേയും സഹായിക്കുകയും തൊഴിൽവ്യവഹാരത്തിൽ വേണ്ട പ്രോത്സാഹനം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്തു. ഈ വ്യവസ്ഥയെ ൧൧൦൫-മാണ്ടിടയ്ക്കു ഭേദപ്പെടുത്തി. തന്നിമിത്തം ഒരു സെക്കൻഡ്ഗ്രേഡ് പ്ലീഡർ എത്രതന്നെ നിയമപാണ്ഡിത്യവും സാമർത്ഥ്യവും സിദ്ധിച്ച ആളായിരുന്നാലും അയാളുടെ ആയുഷ്കാലം മുഴുവനും സെക്കൻഡ്ഗ്രേഡ് പ്ലീഡരായിട്ടുതന്നെ കഴിച്ചുകൂട്ടേണ്ടിവരുന്നു.

ഈ സെക്കൻഡ്ഗ്രേഡ് പ്ലീഡർമാർ ഏതുതരത്തിലുള്ള കേസുകളേയും ആദ്യംമുതൽക്കേ ചരടുപിടിച്ചു ലവലേശം തെറ്റാതെയും തെററിക്കാതെയും സൂക്ഷിച്ചു വിധിന്യായം കല്പിക്കത്തക്കവണ്ണം കോടതികളെ സഹായിച്ചുപോരുന്നവരാണ്.

മുൻസിഫ്കോടതികളിലെ വ്യവഹാരസല ഒരു കാലത്തു ൫൦൦ രൂപ ആയിരുന്നു. മുൻസിഫന്മാർക്ക് ൨൦൦൦ രൂപ സലയുള്ള കേസുകളിൽ വിധികല്പിക്കുന്നതിനുള്ള അധികാരവും കൂട്ടമായിട്ടും ഈ സെക്കൻറ ഗ്രേഡ് പ്ലീഡരന്മാർക്കുതന്നെ ആദ്യ വ്യവഹാരം നടത്തുന്നതിനു അവകാശംസിദ്ധിച്ചിട്ടുണ്ട്.

ഇനിയും ഒരു കൊല്ലത്തെ വ്യവഹാരസംഖ്യയെ കണക്കാക്കുന്നതായാൽ ൧൧൦൧-ലെ റിപ്പോർട്ടു കൊണ്ടു എല്ലാ കോടതികളുമായി ആ കൊല്ലത്തിൽ ൩൪,൩൯൧ കേസുകളാണു ഫയൽചെയ്തിട്ടുള്ളത്. ഇവയിൽ ൩൩൨ കേസുകൾ ഒഴികെ ൩൪,൦൫൯ കേസുകളും മുൻസിഫ്കോടതിയിൽ ഫയൽചെയ്തിട്ടുള്ളതും സെക്കൻറ ഗ്രേഡ് പ്ലീഡർ വ്യവഹാരം നടത്തിയിട്ടുള്ളതുമാകുന്നു.

ഇവയിൽ ൩,൨൯൧ കേസുകൾമാത്രമെ ഡിസ്ട്രിക്ട് കോർട്ടിലേയ്ക്കു അപ്പീൽ വിഷയമായി തീർന്നിട്ടുള്ളു. ആ സ്ഥിതിയ്ക്കു ൩൦,൭൩൨ കേസുകൾ സെക്കൻറ ഗ്രേഡ് വക്കീലന്മാർനടത്തി അവരുടെ സഹായംകൊണ്ടു സിദ്ധിച്ചിട്ടുള്ള വിധി കല്പനയിൽ കക്ഷികൾ സംതൃപ്തന്മാരായിരിക്കുന്നു എന്നു വ്യക്തമാണ്.

മി. എ. ജെ. ജാൺ (വൈക്കം): മുൻസിഫ്കോടതിയിൽ ബി. എൽ. പാസായവക്കീലന്മാർ കേസുനടത്തിവരുന്നതായി അറിയാമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): നല്ലവണ്ണം അറിയാം.

മി. എ. ജെ. ജാൺ (വൈക്കം: അവരുടെ സംഖ്യ എത്രയുണ്ടെന്നു അറിയാമോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ൩൦ പേരിൽ അധികം കാണുകയില്ല. ഉള്ളവർക്കു തന്നെ കേസു ഇല്ല. (ചിരി)

ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു ൨,൦൦൦ സർക്കാർ രൂപാ സലയുള്ള ഒരു കേസു മുൻസിഫ്കോടതിയിൽ ആയതു ബ്രിട്ടീഷ് രൂപയായിപോയാൽ ജില്ലാകോടതിയിലുമാണ് അന്യായം ഫയൽ ചെയ്യേണ്ടതു.

മി. എ. ജെ. ജാൺ (വൈക്കം): ജില്ലാക്കോടതിയിൽ പ്രാക്ടീസ്ചെയ്യുന്ന ബി. എൽ. പാസായ വക്കീലന്മാർ മുൻസിഫ്കോർട്ടിൽ കേസു നടത്തുന്നുണ്ടെന്നറിയാമോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അപൂർവംചിലരെ അറിയാം.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-കുന്നത്തുനാട്ടു): അധികം കേസില്ലെ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): മുൻസിഫ്കോർട്ടിൽ അവർക്കു സെക്കൻറഗ്രേഡ് പ്ലീഡർമാരെ അപേക്ഷിച്ചു വളരെ കുറവായിട്ടാണുള്ളത്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ): കുറച്ചെങ്കിലുമുണ്ടോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): കുറച്ചു കാണും.

ഒരു സെക്കൻറഗ്രേഡ് പ്ലീഡർ ൨,൦൦൦ സർക്കാർരൂപാ സലയുള്ള ഒരു കേസ് മുൻസിഫ്കോടതിയിൽ കക്ഷിക്കുവേണ്ടി ഹാജരായിവ്യവഹാരം നടത്തത്തക്കതാണെങ്കിൽ അതേവാദമുഖങ്ങളോടുകൂടിയ വേറൊരുകേസ് ൨,൦൦൦ ബ്രിട്ടീഷ് രൂപ സല വന്നുപോയതുകൊണ്ടു ആ സെക്കൻറ ഗ്രേഡ് പ്ലീഡറിനു വ്യവഹാരം നടത്തുവാൻ അധികാരമില്ലെന്നു കല്പിച്ചിരിക്കുന്നതിൽ അശേഷം യുക്തികാണുന്നില്ല.

ഡിസ്ട്രിക്ട്കോടതിയിൽ ബി. എൽ. പാസ്സായ വക്കീലന്മാർ വ്യവഹരിക്കുന്നപക്ഷം അവസാനവിധി കല്പിക്കേണ്ടതായ ഹൈക്കോടതിക്കു കൂടുതൽസൌകര്യംവല്ലതും ഉളവായിട്ടുണ്ടോ എന്നു നോക്കുന്നതായാൽ അതൊന്നും ഇല്ലെന്നുതന്നെ കാണുന്നു.

എന്തുകൊണ്ടെന്നാൽ ൫,൦൦൦ രൂപയ്ക്കു മേൽ സലയുള്ളകേസ്സുകളിൽ മുൻസിഫന്മാരുടെ വിധിയിന്മേൽ ബോധിപ്പിക്കുന്ന അപ്പീലധികാരം ഹൈക്കോടതിയിലാണ്. ഡിസ്ട്രിക്ട് ജഡ്ജിമാർക്കു ഈ കേസ്സുകളിന്മേൽ അപ്പീലധികാരമില്ല. അതുകൊണ്ടു സെക്കൻറഗ്രേഡുവക്കീലന്മാരുടെ സ്ഥാനം ബി. എൽ. വക്കീലന്മാരിലും താഴെയായി ഹൈക്കോടതി ഗണിച്ചിട്ടില്ലെന്നും വ്യക്തമാകുന്നു.

ഹൈക്കോടതിയിലോ മററു കോടതിയിലോ ക്ലർക്കന്മാരായിട്ടും ശിരസ്തദാരന്മാരായിട്ടും ഇരുന്ന വക്കീൽ ജോലിമാത്രം പരിശീലിച്ചിട്ടുള്ള ബി. എൽ. ബിരുദധാരികളെ പലപ്പോഴും മുൻസിഫന്മാരായി നിയമിച്ചിട്ടുണ്ട്. ഇപ്പോഴും അപ്രകാരം നിയമിച്ചുവരുന്നുണ്ട്. സെക്കൻറഗ്രേഡ് വക്കീലന്മാരുടെ വാദമുഖങ്ങളെ കേട്ടു പരിശീലനം സിദ്ധിച്ചു യോഗ്യന്മാരായി തീരുന്ന മുൻസിഫന്മാരെ സീനിയാറിട്ടി അനുസരിച്ചു ഡിസ്ട്രിക്ട് ജഡ്ജിയായി നിയമിക്കുന്നു. അവരുടെ ആ കോടതിയിൽ വ്യവഹരിക്കുന്നതിനു സെക്കൻഗ്രേഡ് പ്ലീഡന്മാർക്കു അവകാശമില്ലെന്നു വച്ചിരിക്കുന്നതും യുക്തിഹീനമാകുന്നു.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): സെക്കൻറ്ഗ്രേഡ് പ്ലീഡർമാരുടെ വാദമുഖങ്ങളെകേട്ടു പരിചയമുള്ള മുൻസിഫന്മാരെ ജഡ്ജിമാരാക്കുന്നതുപോലെ സെക്കൻറ്ഗ്രേഡ് വക്കീലന്മാരെയും ജഡ്ജിയായി നിയമിച്ചാൽ എന്തു?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ആ നയംകൊള്ളാം. അതിലേയ്ക്കു യോഗ്യതയുള്ളവരും സെക്കൻറ്ഗ്രേഡ് പ്ലീഡർമാരുടെയിടയിൽ ധാരാളം ഉണ്ട്.

കേവലം സാഹിത്യപരമായ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ബി. എ. പരീക്ഷാവിജയം സിദ്ധിച്ചശേഷം നിയമപരിജ്ഞാനം സിദ്ധിച്ചെങ്കിൽ മാത്രമെ ഒരു ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹരിക്കാൻ സാധിക്കയുള്ളൂ എന്നു വരുന്നതു സാഹസമാകുന്നു. തിരുവിതാംകൂറിൽ ഈ വ്യവസ്ഥയുള്ളതുകൊണ്ടു എന്റെ സ്നേഹിതന്മാരായ രണ്ടു സെക്കൻറ് ഗ്രേഡ്വക്കീലന്മാർ (ഒ. കെ. ആർ. പത്മനാഭപിള്ള എൻ. പത്മനാഭപിള്ള ഇവർ അയർലാൻഡ്വരെ യാത്രചെയ്തു പതിനായിരമോ പതിനഞ്ചായിരമോ രൂപാ ചെലവുചെയ്തു ബാരിസ്റ്റർ എന്നുള്ളസ്ഥാനവുമായി തിരുവിതാംകൂറിൽ തിരിച്ചെത്തിയപ്പോൾ ഹൈക്കോർട്ടിൽതന്നെ വ്യവഹരിക്കുന്നതിനുള്ള അവകാശം അവർക്കു സിദ്ധിച്ചു.

മി. കണ്ണമ്പലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): നിയമവിദ്യാലയങ്ങളിൽ ചേർക്കപ്പെടുന്നതിനു ബി. എ. ക്കാർ ആയിരിക്കണമെന്നു നിയമമില്ലേ?

മി. കല്ലൂർ നാരായണപിള്ള പത്തനംതിട്ട): മി. പത്മനാഭപിള്ള തിരുവനന്തപുരം വരെ ഉണ്ടായിരുന്നു. ഇപ്പോൾ എങ്ങിനെയാണെന്നു എനിക്കറിഞ്ഞുകൂടാ. സർ, വക്കീൽജോലി ഒരു പ്രായോഗികതൊഴിലാണ്. ആ തൊഴിലിനു നിയമപരിജ്ഞാനത്തിനുപുറമെ പരിശീലനമാണു പ്രധാനമായി വേണ്ടതു്. ബി. എൽ. പരീ

ക്ഷാവിജയം ഒന്നുകൊണ്ടുമാത്രം ഒരു വക്കീൽ നല്ല വക്കീലായി പ്രശോഭിക്കയില്ല. അതു പ്രത്യേക സാമർത്ഥ്യത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. സെക്കൻഡ്ഗ്രേഡ് പരീക്ഷാവിജയികളിൽ അതിസമർത്ഥന്മാരായ വക്കീലന്മാർ നിയമവിദഗ്ദ്ധന്മാർ ഇന്നു നമ്മുടെ പല കോടതികളിലും വ്യവഹരിക്കുന്നുണ്ട്. അവരെ തടഞ്ഞു നിർത്താതെ പ്രോത്സാഹിപ്പിക്കേണ്ടതു ഗവൺമെന്റിന്റെ കടമയാണ്.

ഇതു് ആ വക്കീലന്മാരുടെ ഒരു പ്രത്യേകാവശ്യം മാത്രമല്ല. ബാക്കി ജനങ്ങളുടെ ക്ഷേമത്തെക്കൂടി പര്യാലോചിച്ചു പ്രസ്താവിക്കുന്നതാണ്. കീഴ്ക്കോടതിയിൽ വ്യവഹാരംനടത്തിയ വക്കീലിനുതന്നെ അതിന്മേലുള്ള അപ്പീൽകേസ്സിനു ഡിസ്ട്രിക്ട് കോടതിയിലും വാദിക്കുവാൻ അവകാശം കിട്ടുന്നപക്ഷം ആ കേസിലെ ന്യായവാദങ്ങൾ വേണ്ടുംവിധം അപ്പീൽകോടതിയെ ധരിപ്പിക്കുന്നതിനും വിധി ന്യായത്തിൽ സംഭവിച്ചുപോയ തെററുകളിൽ അതിനെ പരിഹരിക്കത്തക്കവണ്ണം അപ്പീൽകോടതിയിൽ വാദിക്കുന്നതിനും ആ നിലയിൽ ആ കോടതിയെ സഹായിക്കുന്നതിനും ആ വക്കീലിനാണ് കൂടുതൽ പ്രാപ്തിയുള്ളത്. കക്ഷികൾക്കും അതൊരു രക്ഷാമാർഗ്ഗമായിരിക്കും.

മി. തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): സെക്കൻഡ്ഗ്രേഡ് വക്കീലന്മാരെ ഡിസ്ട്രിക്ട് കോടതിയിൽ വ്യവഹരിക്കുന്നതിനു അനുവദിക്കുന്നപക്ഷം ഡിസ്ട്രിക്ട്കോടതിയുടെ എഫിഷ്യൻസിക്കു ഹാനിയാകയില്ലേ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ഡിസ്ട്രിക്ട്കോടതിയുടെ എഫിഷ്യൻസി എന്നുപറഞ്ഞതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

മി. തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): എഫിഷ്യൻസി ഗവൺമെന്റുപോലെയുള്ള ചില ഡിപ്പാർട്ടുമെന്റിനെ മാത്രമേ സംബന്ധിക്കുകയുള്ളോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): എല്ലാഡിപ്പാർട്ടുമെന്റിനേയും ബാധിക്കും.

രണ്ടുതരം പരീക്ഷാവിജയികളും അഭിഭാഷകവൃത്തിയിൽ പ്രവേശിക്കുന്നതായാൽ രണ്ടുകൂട്ടരും നടത്തേണ്ട തൊഴിൽ ഒന്നുതന്നെയാണ്. വക്കീൽതൊഴിലിലുള്ള സാമർത്ഥ്യം പരീക്ഷായോഗ്യതയെമാത്രം അനുസരിച്ചു നിൽക്കുന്നില്ല. സാമർത്ഥ്യമുള്ള തൊഴിൽക്കാരുടെ ജീവിതമത്സരത്തിനു പിന്നോട്ടടിക്കുന്നതു ശരിയല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ധാരാളംജോലിയുള്ള മുൻസിഫ്കോർട്ടു വക്കീലിനു ജില്ലാക്കോടതിയിൽ വ്യവഹരിക്കാൻ സൗകര്യംകാണുമോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അധികം ആളുകൾക്കും സൗകര്യം കിട്ടുകയില്ല. ബി. എൽ. പരീക്ഷാവിജയിയായ വക്കീലന്മാർ ഹൈക്കോടതിയിൽനിന്നും നടത്തപ്പെട്ടുള്ള സ്പെഷ്യൽ പരീക്ഷ പാസാകുന്നപക്ഷം ഹൈക്കോട്ടിൽ വ്യവഹരിക്കാവുന്നതാണ്. ആ പരീക്ഷക്കു വിഷയമായ നിയമങ്ങൾ നമ്മുടെ രാജ്യത്തെ പ്രത്യേകനിയമങ്ങളാണ്. ആ പരീക്ഷയിൽചെന്നു ജയിച്ചില്ലെങ്കിലും ഡിസ്ട്രിക്ട്കോർട്ടിൽ അഞ്ചുകൊല്ലം പരിശീലനം സിദ്ധിച്ചാൽ അവർക്കു ഹൈക്കോട്ടിൽ സന്നതു വാങ്ങാവുന്നതാണ്.

അതുപോലെതന്നെ അഞ്ചോ അതിലധികമോ കൊല്ലം മുൻസിഫ്കോടതിയിൽ വ്യവഹാരം നടത്തി പരിശീലനം സിദ്ധിച്ചിട്ടുള്ള സെക്കൻഡ്ഗ്രേഡ് പ്ലീഡന്മാർക്കു ഡിസ്ട്രിക്ട്കോർട്ടിലേക്കു കൂടി സന്നതുകൊടുക്കുന്നതുകൊണ്ടു യാതൊരു പ്രതിബന്ധവുംവരുന്നില്ല. ഈതത്വത്തെ മദ്രാസ്ഹൈക്കോടതിയുംഅംഗീകരിച്ചു. ൧൯൨൬-ആണ്ടു മദ്രാസ് ഫോർട്ടുസെന്റ് ജാർജ് ഗസററിൽ പരസ്യം ചെയ്തിരിക്കുന്നു.

സെക്കൻഡ്ഗ്രേഡു വക്കീലന്മാരെ ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹരിക്കുന്നതിനു കൂടി അനുവദിച്ചുകൊടുക്കേണ്ടതാണെന്നും അതു പൊതുജനങ്ങൾക്കു ഏററവും രക്ഷാമാർഗ്ഗമായിട്ടുള്ളതാണെന്നും ൧൧൦൧-ൽ ശ്രീ മൂലം പ്രജാസഭയിലെ എല്ലാ ജനപ്രതിനിധികളും സാമാജികന്മാരും ഒപ്പിട്ടു ഗവൺമെന്റു സമക്ഷം മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): പൊതുജനക്ഷേമത്തിനു എങ്ങനെയാണ് അതു സഹായിക്കുന്നതു ത്രാണിയുള്ള ബി. എൽ. വക്കീലന്മാർ വേണ്ടടത്തോളം ഇല്ലെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നില്ലേ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): എന്നു അഭിപ്രായമില്ല. മുൻസിഫ്കോടതിയിൽ കേസു നടത്തിയ ആ വക്കീൽതന്നെ ജില്ലാക്കോടതിയിൽ ആ ഭാഗം വാദിക്കുന്നതു ഏററവും നന്നായിരിക്കും.

മി. തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ആ ഭാഗം ആ വക്കീൽതന്നെ ഹൈക്കോടതിയിലും വാദിച്ചാൽ നന്നായിരിക്കയില്ലേ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): നന്നായിരിക്കും അതിനു ശേഷിയുള്ളവർ ഉണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇങ്ങനെയുള്ള അപ്പീൽകേസുകൾമാത്രം നടത്തുന്നതിനും മാത്രവും അല്ലാതെ അപ്പീൽകേസുകൾ നടത്തുന്നതിനു അനുവാദം കൊടുക്കാതെയുമിരിക്കുന്നതിനാണോ ഇദ്ദേഹം അഭിപ്രായപ്പെടുന്നതു?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അസൽകേസുകൾക്കുമെല്ലാം, ൨,൦൦൦ സക്കാർരൂപാവരെ വാദിക്കാൻ ആ വക്കീലിനുതന്നെ അധികാരംനൽകിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ചില മുൻസിഫ്കോർട്ടു വക്കീലന്മാരെ മുൻസിഫിലും ജില്ലയിലും കേസു വാദിക്കുന്നതിനു അനുവദിച്ചാൽ എങ്ങനെ പൊതുജനക്ഷേമം കൂടുന്നതെന്നാകുന്നു എന്റെ ചോദ്യം.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അതിനെസംബന്ധിച്ചു പറയാം. നെല്ലൂർകാരൻ ഒരാൾ ബി. എൽ. പാസായി ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്നതിനു സന്നതു വാങ്ങിക്കുന്ന ജന്മികുടിയാൻ റഗുലേഷനോ, സ്റ്റാമ്പു ആക്റ്റോ സിവിൽപ്രോസീഡർ കോഡോ ഒന്നും അയാൾക്കു അറിഞ്ഞുകൂടാ. അങ്ങിനെയുള്ള ഒരു വക്കീലിനു ഒരു കേസു കൊണ്ടുകൊടുത്താൽ ആ കക്ഷിയുടെ നില എന്തായിരിക്കുമെന്നു നല്ലവണ്ണം ആലോചിക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): എന്റെ ചോദ്യത്തിനുള്ള ഉത്തരമല്ല അതു്. എന്റെ ചോദ്യം എന്തെന്നാൽ ആവശ്യമുള്ളടത്തോളം സമർത്ഥരായ ബി. എൽ. വക്കീലന്മാർ ഇല്ലയോ എന്നാണ്.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ഏകദേശം പത്തോ നാല്പതോ വക്കീലന്മാരുടെ യിടയിൽ രണ്ടോ നാലോ കണ്ടേക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): ഇപ്പോഴുള്ള ബി. എൽ. വക്കീലന്മാരുടെ എണ്ണം വേണ്ടടത്തോളമില്ലെന്നാണോ അദ്ദേഹം പറയുന്നതു്?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): ഫസ്റ്റ്ഗ്രേഡ് വക്കീലന്മാർ ജില്ലാക്കോടതിയിൽമാത്രമെ പോകാവൂ എന്നൊരുവ്യവസ്ഥ നല്ലതല്ലേ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അതു വളരെ നല്ലതാണു്. അങ്ങിനെയുള്ള വ്യവസ്ഥയുണ്ടായിരുന്നകാലത്തു സബ്‌കോടതി ജഡ്ജിമെൻറുകൾ വായിച്ചാൽ നല്ലവണ്ണം മനസ്സിലാകും.

മി. എം. ശിവതാണുപിള്ള (തോവാള): തെക്കൻതിരുവിതാംകൂറിലുള്ള സെക്കൻറുഗ്രേഡ് വക്കീലന്മാർ വടക്കൻതിരുവിതാംകൂറിൽ പോകുന്നതുകൊണ്ടു അദ്ദേഹത്തിനു വല്ല വിരോധവുമുണ്ടോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): യാതൊരു ആക്ഷേപവുമില്ല. (ചിരി)

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പ്രജാസഭയിൽ ഇതിനെപ്പററി പ്രതിവാദിച്ചിട്ടുണ്ടെന്നു സാമാജികൻ പറഞ്ഞു. ഏതു സെഷനിലാകുന്നു എന്നു അറിയാമോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ൧൧൦൯-ൽ ആണുപോലെതന്നെ സെക്കൻറുഗ്രേഡ്പ്ലീഡർമാരുടെ തിരുവിതാംകൂർ അസോസിയേഷനിൽനിന്നും പാസാക്കിയിട്ടുള്ള നിശ്ചയങ്ങളേയും ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു പൊതുജനങ്ങളുടെ താല്പര്യവും സെക്കൻറ്ഗ്രേഡ് പ്ലീഡർമാരുടെ അപേക്ഷയും എൻെറ പ്രമേയത്തെ അനുകൂലിക്കുന്നു എന്നു വ്യക്തമാകുന്നതാണു്.

ഇനിയും ഈ സെക്കൻറ്ഗ്രേഡ് പ്ലീഡർമാർക്കു ഈ പ്രമേയമനുസരിച്ചു ഒരവകാശം സിദ്ധിച്ചുപോയാൽ അവരെല്ലാം ഡിസ്ട്രിക്ട്കോർട്ടിൽ പോയ്പോകുമെന്നും മുൻസിഫ്കോർട്ടുബാറിൽ വക്കീലന്മാർ ഇല്ലാതെ തീർന്നുപോയേക്കുമോ എന്നും സംശയിക്കുവാനില്ല. തിരുവിതാംകൂറിലെ വ്യവഹാരക്കക്ഷികൾ കാര്യബോധമില്ലാത്തവരല്ല. യോഗ്യതാനുസരണം വക്കീലന്മാരെ നിശ്ചയിക്കുന്നതിനും അവർക്കു പ്രാപ്തിയുണ്ടു്. ഡിസ്ട്രിക്ട്കോർട്ടിൽ കേസുനടത്തുന്നതിനു പ്രാപ്തിയുണ്ടെന്നു കാണുന്ന സെക്കൻറ്ഗ്രേഡ് വക്കീൽ മുൻസിഫ്കോടതിയിലെ പ്രധാനവക്കീലായിരിക്കാനെ തരമുള്ളു. ഒരു കോടതിയിലെ ലീഡർ മററൊരു കോടതിയിലേക്കു തൻെറ പ്രാക്ടീസിനെ സ്ഥിരമായി മാററാൻ ശ്രമിക്കുകയില്ല. ചില പ്രത്യേകകേസുകൾക്കോ ചില സന്ദർഭങ്ങളിലോ ഡിസ്ട്രിക്ട്കോർട്ടിൽ വ്യവഹരിക്കുന്നതിനുണ്ടാകുന്ന ആവശ്യത്തെ തടയുന്നതു യുക്തമല്ലെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു അഞ്ചോ അതിലധികമോ കൊല്ലം മുൻസിഫ്കോടതിയിൽ വ്യവഹാരംനടത്തി പരിശീലനം സിദ്ധിച്ച സെക്കൻറ്ഗ്രേഡ് വക്കീലന്മാർക്കു അവരുടെ അപേക്ഷാനുസരണം ഡിസ്ട്രിക്ട്കോർട്ടിലേക്കു കൂടി സനദു കൊടുക്കുന്നതു യുക്തമായിരിക്കുമെന്നുള്ള എൻെറ ഈ അഭിപ്രായത്തോടു എൻെറ മാന്യസ്നേഹിതന്മാർ പൂർണ്ണമായി യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. പ്രമേയസാരത്തെ രണ്ടു ദൃഷ്ടിപഥങ്ങളിൽനിന്നുകൊണ്ടു നമുക്കു വീക്ഷിക്കാം. ഭവനത്തിനു കൂടുതൽ സൌകര്യത്തെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന മുൻ ആ ചെറിയ സെക്കൻറുഗ്രേഡ്വക്കീൽസംഘത്തിൻെറ ദൃഷ്ടിപഥത്തിൽക്കൂടെയും.

മി. എം. ശിവതാണുപിള്ള (തോവാള): അതു് ഒരു ചെറിയ സംഘമാണോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): അതേ മറേറതു ആരുടെകാര്യവും ക്ഷേമവും വക്കീൽ സ്നേഹിക്കുന്നോ ആ വൻപിച്ച ജനസാമാന്യത്തിൻെറ ദൃഷ്ടിപഥത്തിൽനിന്നും നാം വീക്ഷിക്കണം. രണ്ടാമത്തെ ദൃഷ്ടിപഥം അതായതു ജനസാമാന്യത്തിൻെറ ദൃഷ്ടിപഥമാണു് അധികം പ്രാധാന്യത്തെ അർഹിക്കുന്നതു്. ആ ദൃഷ്ടിപഥത്തിൽനിന്നുമാത്രം ഈ സഭ ഈ പ്രമേയത്തെ വീക്ഷിച്ചാൽ മതിയെന്നാണു് എനിക്കു തോന്നുന്നതു. അഭിഭാഷകവൃത്തിവളരെ പ്രാധാന്യമുള്ളതാണെന്നുള്ളതിനു വാദമില്ല. നീതിന്യായപരിപാലനമാകുന്ന യന്ത്രത്തിൻെറ ഒരു പ്രധാനഭാഗമാകുന്ന അതു, കോടതിയോടുള്ള അവരുടെ കടമ കൂടാതെ, പൊതുജനങ്ങളോടുള്ള അവരുടെ കടമകൾ വിഷമതയുള്ളതും ഗൌരവമുള്ളതും ആകുന്നു. ജനസാമാന്യത്തിലെ ഒരു വ്യക്തിയുടെ ജീവനും വസ്തുവകകളും ഈ വക്കീലന്മാരുടെ സൂക്ഷിപ്പിലാക്കപ്പെടുന്നു. അവർ ജനസാമാന്യത്തിൻെറ ക്ഷേമത്തെ ഉൻമുഖീകരിച്ചു കോടതിസമക്ഷം കാര്യങ്ങൾബോധിപ്പിക്കേണ്ടതാണു്. മററസംഗതി അതായതു കോടതി തീർച്ചപറയേണ്ടതിൽ സഹായിക്കുന്നതിനു വക്കീലന്മാരായിരിക്കേണ്ട ആളുകൾ എന്തുതരക്കാരും എന്തു സ്വഭാവമുള്ളവരും ഏതെല്ലാംകാര്യങ്ങൾ ഗ്രഹിച്ചവരും ആയിരിക്കണമെന്നുള്ളതു മേൽപറഞ്ഞതിൽനിന്നും നമുക്കു എളുപ്പത്തിൽ അറിയാൻ കഴിയുന്നതാണു്. ഈ വിചാരമുണ്ടെങ്കിൽ, വക്കീലന്മാരായിരിക്കേണ്ട ആളുകൾക്കു എന്തൊരു വാസനാവൈഭവവും, സ്വഭാവനന്മയും പഠിപ്പുംഉണ്ടായിരിക്കണമെന്നുള്ളതു നമുക്കു എളുപ്പത്തിൽ മനസ്സിലാൻകഴിയും. വാസ്തവത്തിൽ വക്കീലന്മാരും നിയമജ്ഞന്മാരും വിദ്യാസമ്പന്നന്മാരും, സ്വഭാവഗുണമുള്ളവരും ആയിരിക്കേണ്ടതാണു്. അവർ, തങ്ങളുടെമുമ്പിൽ നിക്ഷിപ്തമാകുന്ന യഥാർത്ഥസംഗതികളിന്മേൽ ഏകാഗ്രചിന്തനംചെയ്യാൻ തക്കനിലയിൽ പ്രത്യേകമായും പരിശീലനംസിദ്ധിച്ചിട്ടുള്ളവരും, ആവശ്യത്തെ അനാവശ്യത്തിൽനിന്നും വിവേചനംചെയ്തു വേഗത്തിലും ബുദ്ധിപൂർവകമായും ഒരു തീരുമാനത്തിൽ എത്താൻതക്കവണ്ണം കോടതിയുടെ സമക്ഷം സംഗതികൾ മുഴുവനും ഹാജരാക്കാൻ ത്രാണിയുള്ളവരായിരിക്കത്തക്കവിധം വിഷയവിശകലനംചെയ്യുന്ന ബുദ്ധിശക്തിസമ്പാദിച്ചിട്ടുള്ളവരും ആയിരിക്കേണ്ടതാണു്. എല്ലാരാജ്യങ്ങളിലും അഭിഭാഷകവൃത്തിയിലേക്കുള്ള പ്രവേശനം നിയന്ത്രിതമായിരിക്കുന്നതുകൊണ്ടു ഇതിനെപ്പററി അധികംപറയേണ്ടആവശ്യമുണ്ടെന്നു തോന്നുന്നില്ല. പ്രസ്തുതതൊഴിലേക്കു പ്രത്യേകയോഗ്യതകളുള്ള ആളുകൾക്കുമാത്രമെ പ്രവേശനം നൽകുന്നുള്ളു. ഇതു ഒരു വ്യാപാരമോ, മറേറതെങ്കിലും തൊഴിലോ പോലെയല്ല. ഇതു പാണ്ഡിത്യം ആവശ്യമുള്ള തൊഴിലുകളിലൊന്നും പ്രത്യക്ഷകാരണങ്ങളാൽ പ്രത്യേകം യോഗ്യതയുള്ളവർക്കുമാത്രം പ്രവേശനാനുമതി നൽകിയിട്ടുള്ളതും നിയമസമിതികളാൽ സ്വീകൃതമായ ചട്ടങ്ങളാൽ

നിയന്ത്രിതമായിരിക്കുന്നു. ഈ തൊഴിലിനു അനുവദിക്കപ്പെടാവുന്ന ജനവിഭാഗമിന്നതെന്നു വ്യവസ്ഥപ്പെടുത്തിയുള്ള ഒരു നിയമം പണ്ടുണ്ടായിരുന്നില്ല. എന്നാൽ ൧൦൮൦-ാമാണ്ടു വക്കീൽവ്യാപാരത്തു ചിലയോഗ്യതകൾ ഉള്ളവർക്കുമാത്രം അനുവദിച്ചുള്ള ഒരു റഗുലേഷൻ ഉണ്ടായിട്ടുണ്ട്. ൧൦൯൭-ൽ അതു ഭേദഗതിചെയ്യപ്പെടുകയും അവസാനമായി ൧൦൯൯-ൽ ഇപ്പോഴും നിലവിലിരിക്കുന്നതും പ്രസ്തുതതൊഴിലിൽ പ്രവേശിക്കണമെന്നുള്ളവരുടെ സാമാന്യയോഗ്യതകളെ നിർണ്ണയിക്കുന്നതിനു ഹൈക്കോടതിയെ അധികാരപ്പെടുത്തിയുമുള്ള ഒരു നിയമം നടപ്പാക്കുകയും ചെയ്തു. ഒരു വക്കീലിനു അത്യന്താപേക്ഷിതമായ സാമാന്യയോഗ്യതകളെ അതായതു് വിദ്യാസമ്പത്ത്, സ്വഭാവനൽകൃഷ്ടത, സുശിക്ഷിതമായബുദ്ധി ഇവകളെപ്പറ്റി ചിന്തിക്കുന്നതായാൽ ഏറ്റവും ഉൽകൃഷ്ടനിലയിലുള്ളവരെമാത്രമേ ഈ സംഘത്തിലേക്കു ചേർക്കാവു എന്നു കാണുന്നതാണ്. ഒരു നിരോധനിയമം രാജ്യത്തിൽ പ്രാബല്യത്തിൽവരുമ്പോൾ താരതമ്യേന യോഗ്യതകൾ ഉള്ളവരായി അധികം ആളുകൾ ഉണ്ടാകാനിടയില്ല. അതുകൊണ്ടു തിരുവിതാംകൂറിൽ മൂന്നുതരം വക്കീലന്മാർ രംഗപ്രവേശനം ചെയ്തിട്ടുണ്ട്. ഒരു പക്ഷേ മറ്റുരാജ്യങ്ങളിൽ, ഉദാഹരണമായി ഇംഗ്ലണ്ടിൽ ഇങ്ങനെയുള്ള വ്യത്യാസങ്ങൾ പടപ്പിച്ചില്ലെങ്കിലും ഈ അഭിഭാഷകവൃത്തിസ്വീകരിച്ചിട്ടുള്ളവരുടെ സംഖ്യ കൂട്ടുന്നതിനു ആവശ്യമായ സംഗതികളുടെ അഭാവംകൊണ്ടായിരിക്കണം ഈ അന്തരം ഇവിടെ ഉണ്ടാകാനിടയായിട്ടുള്ളതു. ഇവിടെ ഉണ്ടായിട്ടുള്ള മൂന്നുതരംവക്കീലന്മാർ (൧) ഏറ്റവുംഉയർന്ന യോഗ്യതസമ്പാദിച്ചിട്ടുള്ള ഹൈക്കോടതിവക്കീലന്മാർ (൨) രണ്ടാംതരത്തിൽ യോഗ്യതസമ്പാദിച്ചിട്ടുള്ള ഡിസ്ട്രിക്ട്കോടതിവക്കീലന്മാർ അഥവാ ഒന്നാംഗ്രേഡ് പ്ലീഡർമാരും (൩) രണ്ടാംഗ്രേഡ് പ്ലീഡർമാരുമാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യാഭ്യാസയോഗ്യതകളോ അതോ മറ്റുവല്ലയോഗ്യതകളോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): വിദ്യാസമ്പത്ത്, സ്വഭാവഗുണം, നിയമപരിശീലനം, വാസന ഇവതന്നെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഡിസ്ട്രിക്ട്കോടതിവക്കീലിനേക്കാൾ കൂടുതലായി എന്തുയോഗ്യതയാണു് ഹൈക്കോടതിവക്കീലിനുള്ളതു്?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അവർക്കു നിയമവിഷയത്തിൽ ഉന്നതമായ പരിശീലനം സിദ്ധിച്ചിട്ടുണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): തഴക്കംകൊണ്ടല്ലേ ഹൈക്കോടതിവക്കീലിനു ഡിസ്ട്രിക്ട്കോടതിവക്കീലിനേക്കാൾ കൂടുതൽയോഗ്യതയുണ്ടാകുന്നതു?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അല്ല. ഡിസ്ട്രിക്ട് കോടതീവക്കീലിനു ബിരുദ് ഉണ്ടായിരിക്കേണ്ടആവശ്യമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിയമപരീക്ഷകൾ ജയിച്ചിട്ടുള്ള ഡിസ്ട്രിക്ട്കോടതിവക്കീലന്മാരുണ്ടെന്നു സാമാജികനു അറിയാമോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അറിയാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവർതമ്മിൽ എന്തെങ്കിലും അന്തരമുള്ളതായി സാമാജികനു തോന്നുണ്ടോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ). ഉണ്ടു്. ൧-ാംഗ്രേഡ് പ്ലീഡർമാർക്കുള്ള പരീക്ഷയാണ് ഡിസ്ട്രിക്ട്കോടതിവക്കീലിനു ആവശ്യമായുള്ളതെന്നും അദ്ദേഹം നിയമബിരുദ്സമ്പാദിച്ചിട്ടുള്ള ആളായിരിക്കണമെന്നു നിർബന്ധമില്ലെന്നും നിയമം പ്രസ്താവിക്കുന്നുവെന്നു ഞാൻ പറയാൻ ആരംഭിക്കുകയായിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) അതുകൊണ്ടു സാമാജികൻപറയുന്നതു ൧-ാംഗ്രേഡ്പ്ലീഡർമാരെമാത്രമേ ബാധിക്കയുള്ളോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അതു ശരിയാകുന്നുള്ള.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ൧-ം ൨-ം ഗ്രേഡുകൾക്കും പരീക്ഷ ഒന്നുതന്നെയല്ലേ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അതെ, എന്നാൽ അവർ സമ്പാദിക്കുന്ന യോഗ്യതക്കുവ്യത്യാസമുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതുപട്ടികയിലാണ് ക്രിമിനൽകോടതിയിൽ വ്യവഹരിക്കുന്നവരെ ഉൾപ്പെടുത്തിയിരിക്കുന്നതു?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): അവർ പ്രത്യേകിച്ചു വേറെ വിഭാഗമാണ്. ഇപ്പോൾ ക്രിമിനൽവക്കീലന്മാരാകാൻ ആഗ്രഹിക്കുന്നവർ മുൻപറഞ്ഞ മൂന്നാംതരത്തിൽ ഉൾപ്പെട്ടവരാണ്. മുമ്പു നിർദ്ദിഷ്ടയോഗ്യതകൾഉള്ളവക്കീലന്മാരുടെ അഭാവംകൊണ്ടു ഒരു മജിസ്ട്രേട്ടു ടെസ്റ്റ് പരീക്ഷഏർപ്പെടുത്തുകയും അതിൽ ജയിച്ചവരെ ക്രിമിനൽവക്കീലന്മാരായി അംഗീകരിക്കപ്പെടുകയും ചെയ്തു. ആ പരീക്ഷ ഇനിമേൽ ആവശ്യമില്ലെന്നുകണ്ടപ്പോൾ നിറുത്തലാക്കുകയുംചെയ്തു. ഞാൻ പറഞ്ഞതുപോലെ, ഇപ്പോൾ മൂന്നുതരം വക്കീലന്മാരാണുള്ളതു്. അവരുടെ യോഗ്യതകൾ വ്യത്യസ്തങ്ങളാകുന്നു. ഹൈക്കോടതിവക്കീലിനു കലാബിരുദ, നിയമബിരുദ ആവശ്യമാകുന്നു. ഡിസ്ട്രിക്ട്കോടതി വക്കീലിനു സർവകലാശാലാബിരുദം അത്യന്താപേക്ഷിതമല്ല; അയാൾ നിയമബിരുദംഉള്ള ആളായിരിക്കണമെന്നില്ല. ൧-ാംഗ്രേഡ് പ്ലീഡർഷിപ്പു പരീക്ഷജയിച്ചാൽ മതിയാകും. ൨-ാംഗ്രേഡു പ്ലീഡർമാരെസംബന്ധിച്ചിടത്തോളവും, സർവകലാശാലാപരീക്ഷ ഏതെങ്കിലും ജയിച്ചിരിക്കണമെന്നു നിർബന്ധമില്ല. സ്കൂൾ ഫൈനൽ ജയിച്ചിട്ടുള്ളവർക്കും, പ്ലീഡർഷിപ്പ്പരീക്ഷ ജയിക്കുന്നപക്ഷം ൨-ാംഗ്രേഡു പ്ലീഡർ ആകാവുന്നതാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ൧-ാംഗ്രേഡു വക്കീലന്മാർക്കു യൂനിവേർസിററി പരീക്ഷായോഗ്യതയുണ്ടായിരിക്കണമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനാൽ ഹെഡ്സർക്കാർ വക്കീൽ): അദ്ദേഹം കരഞ്ഞാൽ വി. എ. ക്കാരൻ ആയിരിക്കണം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സ്കൂൾഫൈനൽ പാസ്സായവർ പോരാ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനാൽ ഹെഡ്സർക്കാർ വക്കീൽ): പോരാ. ഇപ്പോഴത്തെ ചട്ടപ്രകാരം അയാൾ ബി. എ. ക്കാരൻ ആയിരിക്കണം. ബ്രിട്ടീഷ് ഇൻഡ്യയിലും, ഒരു ഡിസ്ട്രിക്ട്കോടതിവക്കീൽ ബി. എ. ബിരുദധാരി ആയിരിക്കണമെന്ന ചട്ടം ആവശ്യപ്പെട്ടിരുന്നു. തിരുവിതാംകൂറിലെ നീതിന്യായവകുപ്പിൽ ഡിസ്ട്രിക്ട്കോടതി ഒരു പ്രധാനപ്പെട്ട ന്യായസ്ഥാപനമാകുന്നു എന്നുള്ളതാണ് അതിനുള്ള പ്രത്യക്ഷമായുള്ള കാരണം. രാജ്യത്തിലെ സിവിലും, ക്രിമിനലുമായുള്ള അപ്പീൽ വ്യവഹാരങ്ങളുടെ ഉന്നതമായ അധികാരസ്ഥാനം ഈ കോടതിയാകുന്നു. അപ്പീൽവ്യവഹാരങ്ങൾ സ്വീകരിക്കുന്നതിനായി ഈ കോടതിക്കുപരിയായി മറ്റ യാതൊരു ന്യായാധിപസ്ഥാനങ്ങളുമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുൻസിപ്പുകോടതി വക്കീലിനെ [illegible] അധികൃത ഏജൻറായി ഏല്ല കേസു നടത്താനും നിയമിച്ചുകൂടേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനാൽ ഹെഡ്സർക്കാർ വക്കീൽ): കക്ഷി [illegible] ഇല്ലാതിരിക്കുമ്പോൾ നിയമിക്കാമെന്നു എനിക്കു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങിനെയാണെന്നു വിചാരിക്കുന്നപക്ഷം ഒരു അംഗീകൃതനായ ഏജൻറിനു കക്ഷിയുടെ കേസു നടത്താവുന്നതല്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനാൽ ഹെഡ്സർക്കാർ വക്കീൽ): അതെ, ഒരു കക്ഷിക്കു അതേ കേസു നടത്താമോ അതുപോലെയാകാം. എന്നാൽ അതു ഉദാഹരണമായെടുക്കാൻ പാടില്ല.

ഡിസ്ട്രിക്ട്കോടതിക്കു നിർദ്ധനന്മാരായ കക്ഷികൾ ഉൾപ്പെട്ട വ്യവഹാരങ്ങളും ഗാർഡിയൻ ആൻഡ് വാർഡ്സ് റെഗുലേഷനിൽ ഉൾപ്പെടുന്ന വ്യവഹാരങ്ങളും, കൂടാതെ പ്രാധാന്യമേറിയ മറ്റു പല കൃത്യങ്ങളും നിർവഹിക്കേണ്ടതായിട്ടുണ്ട്.

മി. കരമിപ്പുള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഇപ്പോഴത്തെ പബ്ലിക് സർവീസ് നോട്ടിഫിക്കേഷൻ അനുസരിച്ചു പ്ലീഡർഷിപ്പ ജയിച്ചവർ മുൻസിഫ്ജോലിക്കു യോഗ്യന്മാരാണെന്നറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനാൽ ഹെഡ്സർക്കാർ വക്കീൽ): ആയിരിക്കാം. സാമാജികൻ പറയുന്നതിനെ ഞാൻ വിശ്വസിക്കാം. ഒരു ഡിസ്ട്രിക്ട്കോടതി വക്കീലിനു പ്രാരംഭമായുണ്ടായിരിക്കേണ്ട യോഗ്യത അദ്ദേഹം ഗ്രാഡുവേററായിരിക്കണമെന്നുള്ളതാണ്. ഡിസ്ട്രിക്ട്കോടതി സിവിലും, ക്രിമിനലുമായി വളരെ പ്രാധാന്യമുള്ള കേസുകൾ വിസ്തരിക്കുന്നതുകൊണ്ട്, നിയമപരിശീലനത്തിനുമുമ്പു ആരംഭയോഗ്യത ഒരു വക്കീലിനു ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ടു, സ്കൂൾഫൈനലും, മെട്രിക്കുലേഷനും ജയിച്ചിട്ട് പ്ലീഡർഷിപ്പ പരീക്ഷാവിജയംമാത്രം സിദ്ധിച്ചിട്ടുള്ളവരാകകൊണ്ടു, ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കണമെന്നാവശ്യപ്പെടുന്നതുകൊണ്ടും, സർവകലാശാല പരിശീലനം ഇല്ലാത്തവരെ ഡിസ്ട്രിക്ട് കോടതികളിൽ കേസു നടത്താൻ അനുവദിക്കണമോയെന്നാണ് ഈ സഭ തീരുമാനിക്കേണ്ടതായുള്ളത്. പ്രസ്തുത പ്ലീഡർമാരിൽ വളരെ സമർത്ഥന്മാരായ വക്കീലന്മാരുണ്ടെന്നു മിസ്റ്റർ കല്ലൂർ നാരായണപിള്ള പറകയുണ്ടായി. 2-ാം ഗ്രേഡു പ്ലീഡർമാരിൽ അപ്രകാരമുള്ളവർ ഉണ്ടായേക്കാമെന്നു ഞാനും സമ്മതിക്കുന്നു. അതു സാധാരണനിയമമല്ല; ഇതു ഒരു വ്യത്യസ്തംമാത്രമാണ്. പ്രമേയം വ്യത്യസ്തമോ അധികരിച്ചുമല്ല. വളരെക്കുറച്ചു പരിശീലനംമാത്രം നിയമശാസ്ത്രത്തിൽ ലഭിച്ചിട്ടുള്ള മട്രിക്കുലേഷൻ പരീക്ഷാവിജയികളും ഗ്രാഡുവേററുകളല്ലാത്ത മററുള്ളവരും ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹരിക്കുവാൻ യോഗ്യതയുള്ളവരാണോ എന്നും, ഉയർന്ന നിയമപരീക്ഷായോഗ്യതക്കുപുറമേ, പ്രാരംഭത്തിൽതന്നെയുള്ള സർവകലാശാലാ ബിരുദം അത്യന്താപേക്ഷിതമായ യോഗ്യതയാണോ എന്നുമാണ് സഭ ആലോചിക്കേണ്ടതായുള്ള വിഷയം. 2-ാംഗ്രേഡു പ്ലീഡർഷിപ്പ പരീക്ഷ ജയിച്ചിട്ടുള്ളവരായ മട്രിക്കുലേഷൻപരീക്ഷാവിജയികളെ, മുൻസിപ്പുകോടതിയിൽ അഞ്ചു കൊല്ലം വ്യവഹരിച്ചിട്ടുണ്ടെങ്കിൽ ഡിസ്ട്രിക്ട്കോടതി വക്കീലന്മാരാകാനനുവദിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നുഎന്നു മിസ്റ്റർ കല്ലൂർ നാരായണപിള്ള ചൂണ്ടിക്കാണിക്കയുണ്ടായി. ഇതാണദ്ദേഹം സൂക്ഷ്മമായി പറഞ്ഞതെങ്കിൽ ഇതു അത്ര ശരിയാണെന്നു എനിക്കു തോന്നുന്നില്ല. അങ്ങനെയുള്ള പ്ലീഡർ 1-ാംഗ്രേഡുപരീക്ഷക്കു ചെന്നിരിക്കയും, ഡിസ്ട്രിക്ട്കോടതിവക്കീലാകുന്നതിനുമുമ്പു പാസ്സായിരിക്കയുംചെയ്യണം. വളരെമുമ്പുതന്നെ [illegible] നിറുത്തുകയാണുണ്ടായത്. എന്തുകൊണ്ട്? ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹരിക്കാനനുവാദം നൽകപ്പെടേണ്ട ആളുകൾക്കു ഉയർന്നതരം ഒരു [illegible] വേണമെന്നു നാം ആശംസിക്കുന്നു.

വക്കീൽ സമിതിയിലേക്കു സന്നാഹം ചെയ്യപ്പെടേണ്ടതിനു അത്യുൽകൃഷ്ടമായ സാമഗ്രികളുണ്ടാവശ്യമുള്ളതെന്നു ഞാൻ മുമ്പേ പറഞ്ഞിട്ടുണ്ട്. ആദ്യമൊക്കെ ആളുകളെ കിട്ടാൻ ദൌർലഭ്യമായിരുന്നതുകൊണ്ട്, 2-ാം ഗ്രേഡുപരീക്ഷ ജയിച്ചിട്ടുള്ള എല്ലാത്തരം ആളുകളേയും ഡിസ്ട്രിക്ട്കോടതിയിൽ വ്യവഹരിക്കാനനുവദിച്ചു. വളരെമുമ്പുതന്നെ, പരിതസ്ഥിതികൾ മാറിപ്പോയി; ബിരുദധാരികളല്ലാത്തവരായ, 2-ാം ഗ്രേഡു പ്ലീഡർഷിപ്പ പരീക്ഷാവിജയികൾ, അഞ്ചു കൊല്ലം മുൻസിപ്പുകോടതിയിൽ വ്യവഹരിച്ചിട്ടുണ്ടെങ്കിൽ ജില്ലാക്കോടതിയിൽ വക്കീലന്മാരായിരിക്കാൻ അവരെ അനുവദിക്കുന്ന പഴയചട്ടം ഇനിയും സ്വീകരിക്കുന്നതു ന്യായമോ ആവശ്യമോ ആയിട്ടുള്ളതാണോ എന്നാണ് ഇപ്പോഴത്തെ പ്രശ്നം. എൻ എ. ൽ ഏർപ്പാടു നിറുത്തിയിട്ടാണെന്നു തോന്നുന്നു. അതുകഴിഞ്ഞു ഇപ്പോൾ 20 കൊല്ലമായിരിക്കുന്നു. അങ്ങനെയുള്ള ചട്ടത്തെ റദ്ദുചെയ്യുന്നതിനുണ്ടായ പ്രത്യക്ഷമായകാരണം താഴ്ന്നതരമായ ഒരു തരക്കാരെ ജില്ലാക്കോടതിയിലെ അഭിഭാഷകവൃന്ദത്തോടു ചേർക്കേണ്ട ആവശ്യമില്ലാത്തതാകുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): യൂണിവേർസിററിഡിഗ്രി ഇല്ലാത്തവർ ഇപ്പോൾ ജില്ലാക്കോടതിവക്കീലന്മാരായിട്ടിരിക്കുന്നില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനാൽ ഹെഡ്സർക്കാർ വക്കീൽ): പഴയ ചട്ടപ്രകാരം വ്യവഹരിക്കാനനുവദിക്കപ്പെട്ട വക്കീലന്മാരിപ്പോളും അങ്ങനെ വ്യവഹരിക്കുന്നുണ്ട്. സമ്പാദിതമായ അവകാശം തിരിച്ചെടുക്കാൻ കഴിവുള്ളതല്ലല്ലോ.

വക്കീൽവർഗ്ഗത്തിലേക്ക ഉത്തമന്മാരായ ആളുകളെയാണ് നമുക്കാവശ്യമുള്ളത്. അങ്ങനെ യോഗ്യതയുള്ള ആളുകഠം ആ വശ്യമുള്ളേടത്തോളം കിട്ടാതിരുന്നതുകൊണ്ട്, മട്രിക്കുലേഷൻ ജയിച്ചിട്ട്, അഞ്ചുകൊല്ലം വ്യവഹാര പരിചയവും, ഫസ്റ്റ്ഗ്രേഡു പരീക്ഷാവിജയവും സിദ്ധിച്ചിട്ടുള്ളവരെ ഫസ്റ്റ്ഗ്രേഡു പ്ലീഡർമാരായി സന്നതുവാങ്ങുന്നതിനു അനുവദിച്ചുവന്നിരുന്ന അതിയായതരത്തിലുള്ള ആളുകഠം ധാരാളമായി ഉണ്ടായിത്തുടങ്ങിയപ്പോഠം, ആ ചട്ടം ദുർബ്ബലമാക്കുകയുംചെയ്തു.

മി. എം. ശിവതാണുപിള്ള (തോവാള): വ്യവഹരിക്കാൻ യോഗ്യതയുള്ള ആളുകളുടെ അഭാവമുണ്ടെന്നു ഒരു സാമാജികൻ പ്രതിപാദിച്ചുവല്ലോ. അങ്ങനെയുള്ള ആളുകളുടെ സംഖ്യാവർദ്ധന ആവശ്യത്തിനു കൂടുതലാണെങ്കിൽ സാമാജികന്റെ അഭിപ്രായം എന്താണ്?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു ഈ പ്രമേയത്തിൽ വിചിന്തനീയമാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ—മേവിളകളം): ഒരു സാമാജികനു മറ്റൊരു സാമാജികനിൽനിന്നു അദ്ദേഹത്തിന്റെ അഭിപ്രായമെന്താണെന്നു ചോദിക്കാനർഹതയുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ആവശ്യത്തിൽ കൂടുതലായി ആളുകളുണ്ടെങ്കിൽ സാമാജികന്റെ അതിനെപ്പറ്റിയുള്ള അഭിപ്രായം എന്താണ്?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): എവിടെ?

മി. എം. ശിവതാണുപിള്ള (തോവാള): ജില്ലാക്കോടതികളിൽ.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): അവരും കോടതികളിൽ വ്യവഹരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു പരീക്ഷണം നടത്തിയാലെന്താണ്?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): ബ്രിട്ടീഷ് ഇൻഡ്യയിൽ ഇപ്പോഠം ധാരാളം നിയമബിരുദധാരികഠം ഉള്ളതുകൊണ്ടു ഫസ്റ്റ്ഗ്രേഡ് പ്ലീഡർഷിപ്പ് പരീക്ഷ നിറുത്തലാക്കിയാലെന്താണെന്നുള്ള നിർദ്ദേശത്തെ അവധാനപൂർവ്വം ചിന്തിക്കപ്പെട്ടുവെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളട്ടെ.

മി. എം. ശിവതാണുപിള്ള (തോവാള): രണ്ടുകൂട്ടരും തമ്മിൽ മാത്സര്യം ഉണ്ടാകയില്ലേ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ഉണ്ടാകാം.

പതിനഞ്ചിലധികം കൊല്ലങ്ങഠംക്കുമുമ്പുതന്നെ സ്കൂഠം ഫൈനൽ, മട്രിക്കുലേഷൻ ഈ പരീക്ഷകഠം ജയിച്ചിട്ടുള്ളവരെ ഡിസ്ട്രിക്ട് കോടതികളിൽ പ്ലീഡർമാരായി വ്യവഹരിക്കാൻ അനുവദിക്കേണ്ട ആവശ്യം ഇല്ലാതായിത്തീർന്നിട്ടുണ്ടു. അതുകഴിഞ്ഞു കാലവും കുറെ ആയി. പ്രവേശനം നിരസിച്ചതുകൊണ്ടു, പൊതുജനങ്ങളിൽനിന്നു യാതൊരു സങ്കടപ്രബോധനവും ഉണ്ടായിട്ടില്ല. അസൌകര്യവും ഉണ്ടായിട്ടില്ല. അന്വേഷിച്ചാൽ കാരണവും വിളംബമല്ലന്നു കാണാവുന്നതാണ്. തിരുവിതാംകൂറിൽ ഇപ്പോഠം ൧൮൮ ബിരുദധാരികളായ വക്കീലന്മാരുണ്ടെന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. ഇവയിൽ ഏകദേശം ന്‍൦ പേർ ജില്ലാക്കോടതികളിൽ വ്യവഹരിക്കുന്നവരാണ്. ൩൩൨ പേർ ഹൈക്കോടതിയിലേക്കു സന്നതെടുത്തിട്ടുണ്ട്. ജില്ലാക്കോടതി വക്കീലന്മാരായി ബാക്കി ൯൧൬ പേർ ഉണ്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): എത്രപേർ മുൻസിഫ് കോടതികളിൽ വ്യവഹരിക്കുന്നുണ്ടു?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ബിരുദധാരികളല്ലാത്ത ൧൮൮ വക്കീലന്മാർ ൧൧൭൨ കർക്കടകം ൩൧-നു- വരെയുള്ള സംഖ്യ അതാണ്. ഇങ്ങിനെയുള്ള പരിതഃസ്ഥിതികളിൽ ഒരു പിൻധതിയിലുള്ള നയത്തിനു ആവശ്യമുണ്ടോയെന്നാണു വാദവിഷയമായുള്ളതു്. അതാണു ഈ സഭക്കു തീരുമാനിക്കാനുള്ള വിഷയം. ബിരുദധാരികളെ അപേക്ഷിച്ചു സ്കൂഠം ഫൈനൽമാത്രം ജയിച്ചിട്ടുള്ളവർ എത്ര മോശമാണെന്നു ദയവുചെയ്തു നോക്കുവിൻ.

മി. കരുനാഗപ്പള്ളി ആർ. രാമൻപിള്ള (കൊല്ലം): കഴിഞ്ഞ പതിനഞ്ചുകൊല്ലത്തിനിപ്പുറമായിട്ടു ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റിലെ കാര്യക്ഷമത വളരെ മോശമായ നിലയിലാണെന്നു അറിയാമോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): എനിക്കു അതു അറിഞ്ഞുകൂടാ. ബീ.എ.ക്കാരെ അപേക്ഷിച്ചു സ്കൂഠംഫൈനൽ ജയിച്ചിട്ടുള്ളവർ വളരെ മോശമാകുന്നു. സ്കൂഠംഫൈനൽ ജയിച്ചിട്ടുള്ളവർ നിയമപരിജ്ഞാനത്തിനു അയോഗ്യന്മാർ ആയിരിക്കുന്നതുകൊണ്ടു പ്ലീഡർഷിപ്പു ക്ലാസുകഠം നിറുത്തേണ്ടതാകുന്നു അഥവാ തുടർന്നുപോകണമെന്നാണെങ്കിൽ തന്നെയും, ആ ക്ലാസിൽ ചേരുന്നതിനു കുറഞ്ഞ പരീക്ഷായോഗ്യത ഇന്റർമീഡിയേറ്റോ എഫ് യേ ആയിരിക്കണമെന്നും കാണിച്ചു ആ കൊല്ലംമുമ്പു ലാകാളേജ് പ്രിൻസിപ്പാൾ ഹൈക്കോടതിയിലേക്കു ശുപാർശചെയ്യുന്നതിനിടയായി. സ്കൂഠംഫൈനൽ ജയിച്ചിട്ടുള്ളവർ ബി. എ. ക്കാരെ അപേക്ഷിച്ചു വളരെ മോശമാകുന്നു. അവർ മോശമായ നിലയാണു പ്രിൻസിപ്പാൾ മേൽപറഞ്ഞപ്രകാരം ശുപാർശചെയ്യുന്നതിനിടയായിട്ടുള്ളത്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മുൻസിപ്പന്മാരായിരുന്നു പ്രമോഷൻ കിട്ടിയിട്ടുള്ള ജഡ്ജിമാരോടു സെക്കൻഡ്ഗ്രേഡ് പ്ലീഡർമാരുടെ യോഗ്യതയെപ്പറ്റി അന്വേഷിച്ചു അവരുടെ അഭിപ്രായം അറിഞ്ഞിട്ടുണ്ടോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ഈ പ്രമേയം ഹാജരാക്കിയതിൽപിന്നീടു ഇല്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): വല്ലകാലത്തും അന്വേഷിച്ചിട്ടുണ്ടോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): എനിക്കു നിശ്ചയമില്ല; എന്നാൽ ഹൈക്കോടതി ജഡ്ജിമാർ അവരുടെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. വ്യത്യാസങ്ങഠം ഉണ്ടായിരിക്കാമെന്നു എനിക്കറിയാം. സമർത്ഥന്മാരായ ആളുകഠം ഉണ്ടായിരുന്നിട്ടുള്ളതായും ഉള്ളതായും അറിയാം. എന്നാൽ പേർ ഇവ ആളുകളെ ഇതു ബാധിക്കുന്നില്ല. ഈ പ്രമേയം പൊതുവെയുള്ള ആളുകളെ സംബന്ധിക്കുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): വാസ്തവത്തിൽ സമർത്ഥന്മാരായ ആളുകളുടെ കാര്യത്തിൽ വ്യത്യാസം ചെയ്യുന്നതിനു സാമാജികനു സമ്മതമാകുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഈ വ്യത്യാസങ്ങളെക്കുറിച്ചു നമുക്കു ഇവിടെ ആലോചിക്കാനുള്ളു. പൊതുവായിട്ടുള്ള ഒരു പ്രമേയമാകുന്നു ഇത്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ വിഷയം അടങ്ങുന്ന ഒരു ഭേദഗതിയെപ്പറ്റി പര്യാലോചിക്കുന്നതിനു അദ്ദേഹം സന്നദ്ധനാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അതിനെ ഒരു സ്വതന്ത്രമായ രൂപത്തിൽ ഹാജരാക്കുന്നു എങ്കിൽ പര്യാലോചിക്കുന്നതിനു ഞാൻ തയ്യാറാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഹൈക്കോടതിയുടെ അഭിപ്രായം എന്തായിരുന്നു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ പറഞ്ഞ അഭിപ്രായംതന്നെ ആയിരുന്നു ഹൈക്കോടതിയും പറഞ്ഞതു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഏതുതരം വ്യത്യാസങ്ങൾ ഉണ്ടെന്നു സാമാജികൻ പറയുന്നതിന്റെ അർത്ഥമെന്താകുന്നു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): വ്യത്യസ്തപ്പെട്ട സ്വഭാവവും സാമർത്ഥ്യവും ഉള്ള ആളുകൾ ഉണ്ടായിരിക്കുമെന്നാണ ഞാൻ അർത്ഥമാക്കുന്നതു്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സെക്കൻറ്ഗ്രേഡ് വക്കീലന്മാരെ ൫ കൊല്ലം കഴിഞ്ഞാൽ ഡിസ്ട്രിക്ട്കോർട്ട് വക്കീലന്മാരാക്കണമെന്ന പ്രമേയം അംഗീകരിക്കപ്പെടുന്നില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): പറയുന്നുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): എപ്പോഴാണ ഒരാൾക്കു സ്വഭാവഗുണവും പരിശീലനവും ഉണ്ടാകുന്നതു എന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു പറഞ്ഞിട്ടാവശ്യമില്ലാത്തവണ്ണം വിഷമമായിരിക്കുന്ന സ്ഥിതിക്കു ഞാൻ അതിനെപ്പറ്റി വിവരിക്കണമെന്നു ഉദ്ദേശിക്കുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തക്കല): സർവ്വകലാശാലാബിരുദംകൊണ്ടു മാത്രമേ സ്വഭാവഗുണവും സാമർത്ഥ്യവും സമ്പാദിക്കാൻ കഴികയുള്ളുവെന്നാണോ സാമാജികൻ അർത്ഥമാക്കുന്നതു്?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അങ്ങനെ ഞാൻ പറഞ്ഞില്ല. ഞാൻ പറഞ്ഞതിൽ നിന്നു അങ്ങനെ ഒരർത്ഥം ഉളവാകുന്നതുമില്ല. എന്നാൽ സർവ്വകലാശാലാ ബിരുദ് ഒരു നല്ല തെളിവാകുന്നു. സർവ്വകലാശാലാ ബിരുദ്കൊണ്ടേ സ്വഭാവവും സാമർത്ഥ്യവും സമ്പാദിക്കാൻ കഴികയുള്ളുവെന്നു ഞാൻ പറഞ്ഞില്ല. ഞാൻ മുമ്പുപറഞ്ഞതുപോലെ, പ്ലീഡർഷിപ്പുക്ലാസ്സ നിറുത്തുന്നതിനോ അതല്ലാത്തപക്ഷം ആളുകൾക്കു ആവശ്യമുള്ള യോഗ്യതകൾ കൂട്ടുന്നതിനോ ചെയ്യുന്നതിനായി ലാകാളേജ് പ്രിൻസിപ്പാൾ ഗവണ്മെൻറിലേക്കു ശുപാർശചെയ്തു. അങ്ങിനെയുള്ള അനേകം ആളുകൾക്കു മുൻസിഫ്കോർട്ടു വക്കീലന്മാരായി ഒരു തൊഴിലിൽ ഏർപ്പെടാമെന്നുള്ളതുകൊണ്ടു, ഈ വിഷയത്തിൽ നിർബന്ധം പ്രദർശിപ്പിച്ചില്ല. ബ്രിട്ടീഷ് ഇൻഡ്യയിൽ സെക്കൻറ ഗ്രേഡ് പ്ലീഡർഷിപ്പു പരീക്ഷ ൧൫ കൊല്ലത്തിനുമുമ്പു നിറുത്തി. ൧-ാം ഗ്രേഡ് പ്ലീഡർഷിപ്പു നിറുത്തേണ്ട വിഷയത്തെപ്പറ്റി അവിടെ ഗൌരവമായി ആലോചിച്ചുവരുന്നു.

മി. കരിപ്പള്ളിൽ ആർ. രാമൻപിള്ള (കൊല്ലം): ഇപ്പോൾ ബ്രിട്ടീഷിൻഡ്യയിൽ സെക്കൻഡ്ഗ്രേഡ് പ്ലീഡർമാർ ഇല്ലെന്നറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇതിനുമുമ്പിൽ സന്നതു എടുത്തിട്ടുള്ളവരേ ഉള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): ലാകാളേജ്തന്നെ നിറുത്തുന്നവിഷയത്തെക്കുറിച്ചു ബ്രിട്ടീഷ് ഇൻഡ്യയിൽ ഗവണ്മെൻറിൽനിന്നും ഗൌരവമായി ആലോചിച്ചുവരുന്നു എന്നുള്ള കാര്യം സാമാജികനു അറിഞ്ഞുകൂടയോ എന്നു ചോദിക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): എനിക്കതറിഞ്ഞുകൂട.

മി. എം. ശിവതാണുപിള്ള (തോവാള): ഒന്നാംഗ്രേഡ് പ്ലീഡർഷിപ്പു പരീക്ഷ നിറുത്തുന്ന കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നും വല്ല തടസ്സവും ബ്രിട്ടീഷ് ഇൻഡ്യയിൽ ഉണ്ടായിരുന്നോ എന്നു ഞാൻ ചോദിക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): എന്റെ അറിവിൽപെട്ടിടത്തോളം ഇല്ല. ഒന്നാംഗ്രേഡ് പ്ലീഡർഷിപ്പുക്ലാസിൽ ചേരുന്നതിനുള്ള യോഗ്യത ബി. എ. പരീക്ഷയാണെന്നുവരികിലും ഈ വിഷയം ആലോചിച്ചുവരുന്നു. ഇതാണ സംഗതിയെങ്കിലും പ്ലീഡർഷിപ്പു പരീക്ഷ നിറുത്തുന്നതിനു അവർ ആലോചിച്ചുവരുന്നു. തീർച്ചപ്പെടുത്തിട്ടുള്ള സംഗതിയെ വീണ്ടും സ്വീകരിക്കുന്നതിനെപ്പറ്റിയാണ നമുക്കു ആലോചിപ്പാനുള്ളതു്. ഒന്നാം ഗ്രേഡ് പ്ലീഡർഷിപ്പു ക്ലാസിൽ ബി. എ-ക്കാരല്ലാതെയുള്ളവരെ ചേർക്കാതിരിക്കാൻ തുടങ്ങീട്ടു പതിനഞ്ചുകൊല്ലം കഴിഞ്ഞിട്ടുണ്ടു. ഇതിനെപ്പറ്റി ഒരുപ്രതിഷേധവും ഇതേവരെ കേട്ടിട്ടില്ല. ൧൦൯൧-ാമാണ്ടു ശ്രീമൂലപ്രജാസഭയിൽ ഒരു ഉൽബോധനംചെയ്തു. രണ്ടാംഗ്രേഡ വക്കീലന്മാർ അടുത്തകാലത്തു ഒരു സമ്മേളനം കൂടുകയും ജില്ലാക്കോർട്ടിൽ അവരെ വക്കീൽപണിക്കു അനുവദിക്കണമെന്നു അവർ ആവശ്യപ്പെടുകയുംചെയ്തു. ഈ വിഷയം ഹൈക്കോടതിയുടെ അഭിപ്രായത്തിനായി അയച്ചുകൊടുത്തു. രണ്ടാംഗ്രേഡ് വക്കീലന്മാരെ ജില്ലാക്കോടതിയിൽ വ്യവഹരിക്കാൻ അനുവദിക്കേണ്ട ആവശ്യമൊന്നും ആഗ്രഹിക്കത്തക്കതോ അല്ലെന്നു അവർ അഭിപ്രായപ്പെട്ടു.

മി. എം. ശിവതാണുപിള്ള (തോവാള): ഹൈക്കോടതിയിൽനിന്നും ഗവണ്മെൻറിലേക്കു ഇതിനെപ്പറ്റി ഒരു റിപ്പോർട്ടു അയച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കട്ടെ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഉണ്ടു. അവർ ഗവണ്മെൻറിലേക്കു ഒരു റിപ്പോർട്ടു അയച്ചിട്ടുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ—ദേവികുളം): എന്തു കാരണത്താലാണു ഗവർമ്മെൻറിൽനിന്നും ഇങ്ങനെ തീർച്ചപ്പെടുത്തിയതെന്നു അറിഞ്ഞാൽകൊള്ളാം.

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അവർ ഒരു കാരണവും പറഞ്ഞിട്ടില്ല. അവർ ഇതിനെപ്പററി ആലോചിച്ചു എന്നു പറഞ്ഞിട്ടുണ്ടു. കാരണം ഒന്നും പറഞ്ഞിട്ടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): അവർ ഒരു കാരണവും പറഞ്ഞിട്ടില്ലേ?

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): റിപ്പോർട്ടിൽ അവർ ഒരു കാരണവും പറഞ്ഞിട്ടില്ല.

മി. നാരായണപിള്ളയുടെ പ്രമേയത്തെക്കുറിച്ചു പറയട്ടെ. എൻ. എ.-യെ നിബന്ധന രണ്ടാംഗ്രേഡു വക്കീലന്മാർ അഞ്ചുകൊല്ലം കഴിഞ്ഞു ഒന്നാംഗ്രേഡ് പരീക്ഷ ചേരണമെന്നും പാസ്സായതിനുശേഷം അവർ ഡിസ്ത്രിക്ട്കോർട്ടു വക്കീലന്മാരാകാമെന്നും ആയിരുന്നു. മി. നാരായണപിള്ളയുടെ പ്രമേയമെന്തെന്നാൽ രണ്ടാം ഗ്രേഡു വക്കീലായി അഞ്ചുകൊല്ലംകഴിഞ്ഞാൽമാത്രം അവർ ഡിസ്ത്രിക്ട്കോർട്ടുവക്കീലന്മാരാകണം എന്നാകുന്നു. ഗവർമ്മെൻറിനു യാതൊരുവിധത്തിലും സ്വീകരിക്കാൻപാടില്ലാത്ത ഒരു നിശ്ചയമാകുന്നു ഇതു.

മി. എം. ശിവതാണുപിള്ള (തോവാള): ഡിസ്ത്രിക്ട്കോർട്ടിൽ പണിചെയ്യുന്ന വക്കീലന്മാർ ഹൈക്കോടതിയിൽ ● കൊല്ലം കഴിഞ്ഞാൽ വ്യവഹരിക്കാൻ യോഗ്യതയുള്ളവരാണെന്നു ഒരു ചട്ടമില്ലയോ?

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): ഈ രണ്ടു വിഷയങ്ങൾ തമ്മിൽ സംബന്ധം ഇല്ല. കാലത്തെക്കുറിച്ചു മാത്രമേയുള്ള സംബന്ധം. ഇവിടെ ആലോചിക്കുന്ന വിഷയം വക്കീൽപണിക്കു ആദ്യമായിവേണ്ട യോഗ്യതയെപ്പററിയാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാടു): ബി. എൽ. പരീക്ഷക്കും പ്ലീഡർഷിപ്പുപരീക്ഷക്കും പഠിക്കേണ്ട പാഠവിഷയ പട്ടികയുടെ വ്യത്യാസം എന്താണെന്നു അറിയാമോ?

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): നിയമശാസ്ത്രത്തിന്റെ തത്വങ്ങളെ പഠിക്കുന്നതുകൊണ്ടു ബി. എൽ.-കാർക്കു കൂടുതലായ പരിജ്ഞാനം ഉണ്ടു. അവർ നിയമത്തെ ശാസ്ത്രീയരീത്യാ പഠിക്കുന്നു. പ്ലീഡർഷിപ്പു വിദ്യാർത്ഥികളെ ഇങ്ങനെ പഠിപ്പിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): നിത്യനടപടിയിൽ റോമൻ നിയമങ്ങൾ ഉപയുക്തമായിട്ടുള്ളതാണോ എന്നു ചോദിക്കട്ടെയോ?

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): നേരിട്ടു ഒരുപയോഗവും ഇതിനില്ലായിരിക്കാം. എന്നാൽ വിദ്യാർത്ഥികൾ നിയമശാസ്ത്രമാണു് പഠിക്കുന്നതു്. റോമൻനിയമം പഠിക്കുന്നതുകൊണ്ടു നിയമസംബന്ധമായും വിജ്ഞാനപരമായും വളരെ ഉപയോഗമുണ്ടു്.

അതുകൊണ്ടു ബിരുദധാരികളല്ലാത്തവരെ പ്രവേശിപ്പിക്കുന്നതുകൊണ്ടു, നമ്മുടെ രാജ്യത്തിനു ഒരു നന്മയും ചെയ്യുകയില്ല. നേരെമറിച്ചു അപരിഹാര്യമായ ഒരു ദോഷം ചെയ്യുകയേയുള്ളു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ബി. എൽ. പാസ്സായ വക്കീലന്മാർ മുൻസിഫ്കോടതി വക്കീലന്മാരോടുകൂടിയിരുന്നു കേസു പരിശീലിച്ചുവരുന്നതായി അറിയാമോ?

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ഉണ്ടായിരിക്കാം. അദ്ദേഹം പറയുന്നതിനെ ഞാൻ സ്വീകരിക്കുന്നതിനും തയ്യാറാകുന്നു. എന്നാൽ എന്റെ വാദത്തിനെ ഇതു് ഭേദിക്കുന്നില്ല. കുറച്ചുകാലത്തിനുള്ളിൽ രണ്ടാംഗ്രേഡ് പരീക്ഷ നിറുത്തേണ്ടതായിട്ടു വരും.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): രണ്ടാംഗ്രേഡ് വക്കീലന്മാരോടുകൂടിച്ചു ബി. എൽ. ജയിച്ച വക്കീലന്മാർ ഇരുന്നു കേസ് നടത്തുന്നുണ്ടു.

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): സാമാജികന്റെ ഈ ഉപ്പിനെ സ്വീകരിക്കാൻ ഞാൻ തയ്യാറാകുന്നു. എന്നാൽ ഇപ്പോഴത്തെവിഷയത്തിൽ അതുകൊണ്ടു ഫലമില്ല തോന്നുന്നില്ല. ഇതു് ഹൈക്കോടതിയുടെ അധികാരത്തിൽ ഉൾപ്പെട്ട ഒരു സംഗതിയാണെന്നും മഹാറാണി റീജന്റ് തിരുമനസ്സിലേക്കു ഹൈക്കോടതി ഉണ്ടാക്കുന്ന ചട്ടങ്ങളെ അനുസരിക്കുന്നതിനു മാത്രമേ കഴികയുള്ളുവെന്നു ഞാൻ അവസാനത്തിൽ പറഞ്ഞുകൊള്ളട്ടെ. ഗവർമ്മെൻറിനു പുതിയതായി ഇതു് ഇടപെടുന്നതിനു നിവൃത്തിയില്ല. ഗവർമ്മെൻറിനു ചെയ്യാൻകഴിയുന്നതു ഇവിടുത്തെ വാദത്തിന്റെ ചുരുക്കത്തെ ഹൈക്കോടതിയെ അറിയിക്കുകമാത്രമാകുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): നിയമസഭയുടെ അഭിപ്രായം ഹൈക്കോടതിക്കു എഴുതി അയയ്ക്കുമോ?

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): അങ്ങനെ ആഗ്രഹിക്കുന്നപക്ഷം നിശ്ചയമായും ചെയ്യാം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും തെക്ക്): ഞാൻ ഈ വാദത്തിൽ പങ്കുകൊള്ളണമെന്നു ആദ്യമായി വിചാരിച്ചിരുന്നില്ല. എന്നാൽ സർവകലാശാല ബിരുദങ്ങളെ വളരെ വിലമതിക്കുകയും, അപ്രധാനമായുള്ളവയിൽ നിന്നു പ്രധാനമായവയെ വേർതിരിച്ചു പ്രധാനമായവയെ ശരിയായി ഗ്രഹിപ്പിക്കുകയും ചെയ്യുന്നതിനു ഒരുബിരുദ സമ്പാദിക്കാതെ സാധിക്കുകയില്ലെന്നും സ്വഭാവവും വിജ്ഞാനവും സർവകലാശാല ബിരുദമാണ് സമ്പാദിക്കാവൂഎന്നും നിയമസാമാജികൻ പറഞ്ഞു കേട്ടശേഷം ഒന്നുരണ്ടു വാക്കുകൾ പറയണമെന്നു വിചാരിക്കുന്നു. ഞാൻ അദ്ദേഹത്തിനോടു അശേഷം യോജിക്കുന്നില്ല. കണ്ണൻ ഇങ്കർസോളിന്റെ അഭിപ്രായത്തിൽ "ജനത്തിന്റെ ശോഭയെ ഇല്ലാതാക്കുന്നതും നിസ്സാരമായുള്ളതിനെ തിളക്കുന്നതും ആയ ഒരു സ്ഥലമാകുന്നു സർവകലാശാല. ഷേക്സ്പീയർ ഒരു സർവകലാശാലയിൽ ആയിരുന്നു എങ്കിൽ അദ്ദേഹം ഒരു കൌശലമായ വക്കീലോ ഒരു കപടസന്യാസിയായ മനുഷ്യനോ ആയിത്തീരുമായിരുന്നു."

അതുകൊണ്ടു സർവകലാശാല ബിരുദങ്ങൾക്കു നിയമസാമാജികൻ കല്പിക്കുന്ന പ്രാധാന്യം അസാധുവാകുന്നു വരുന്നുണ്ടു. സർവകലാശാല ബിരുദങ്ങൾകൂടാതെ സ്വഭാവവും വിദ്യയും അഭ്യസിക്കാം. സർവകലാശാല ബിരുദങ്ങൾ നമുക്കുള്ള സ്വഭാവത്തേയും വിദ്യയേയും വർദ്ധിപ്പിക്കുന്നതിനു സഹായിച്ചേക്കാം. ഒരു മനുഷ്യനു ആ ബിരുദങ്ങൾ വസ്തുവുള്ളതു വെറും സാമാന്യബുദ്ധി മാത്രമാകുന്നു. സർവകലാശാല ബിരുദങ്ങൾക്കു നിയമസാമാജികൻ കല്പിക്കുന്ന അതിയായ പ്രാധാന്യം അവയ്ക്കു നൽകേണ്ട ആവശ്യമില്ല. അതുകൊണ്ടു പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): വക്കീലന്മാർക്ക് എന്തെങ്കിലും യോഗ്യതതന്നെ വേണമെന്ന സാമാജികനു അഭിപ്രായമുണ്ടോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): അവർക്ക് സാമാന്യയോഗ്യതകൾ ഉണ്ടായിരിക്കണം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതു സാമാന്യബുദ്ധി കൊണ്ടു സമ്പാദിക്കാവുന്നതായിട്ടുള്ളതല്ലേ?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സെക്കൻഡ്ഗ്രേഡ് വക്കീലന്മാരെ സംബന്ധിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുമ്പോൾ ജില്ലാക്കോടതികളുടെ അന്തസ്സിനെ ... ബി. എൽ. ബിരുദധാരികളായ വക്കീലന്മാരെക്കൊണ്ടു സാധിക്കുന്നതുള്ളതായി പറഞ്ഞ നിയമസാമാജികന്റെ അഭിപ്രായം മനസ്സിലാക്കാൻ പ്രയാസം. (മി. എം. ശിവരാമപിള്ള ഹിയർ, ഹിയർ). ... പറഞ്ഞതുപോലെ ഇപ്പോൾ ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്ന വക്കീലന്മാർ ... നിയമബിരുദധാരികളും രാജ്യത്തിലെ ചട്ടങ്ങളെയും റഗുലേഷനുകളെയും കുറിച്ചു അറിവില്ലാത്തവരാകുന്നു; അഞ്ചു കൊല്ലം കഴിഞ്ഞു ഹൈക്കോടതിയിൽ വ്യവഹരിക്കുന്നതിനു അവരെ അനുവദിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ അഞ്ചുകൊല്ലവും അതിൽ കൂടുതലുമുള്ള രണ്ടാംഗ്രേഡ് വക്കീലന്മാരെ ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്നതിനു അനുവദിക്കപ്പെടരുതോ? ഇതു അർത്ഥമില്ലാത്ത ഒരു ഏർപ്പാടാണെന്നും ഇതിനെ മാറേണ്ടതാണെന്നും ഞാൻ അഭിപ്രായപ്പെടുന്നു. ഇത്രയും പറഞ്ഞു പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. നിയമസാമാജികൻ പറഞ്ഞതുപോലെ സെക്കൻഡ് ഗ്രേഡ് വക്കീലന്മാർ കുറെ പ്രാബല്യം ഉള്ളവരാകുന്നു. അവർ ജില്ലാക്കോടതിയിലേക്കു പോകുമെങ്കിൽ ... വളരെ നഷ്ടമായിരിക്കും. ഒരു കനപ്പകാലം മുൻസിപ്പുകോടതികളിൽ വ്യവഹരിച്ചിട്ടുള്ള രണ്ടാംഗ്രേഡ് വക്കീലന്മാരെ ജില്ലാക്കോർട്ടിൽ വ്യവഹരിക്കുന്നതിനു അനുവദിക്കണമെന്ന പ്രമേയകർത്താവു നമ്മെ മനസ്സിലാക്കുകയുണ്ടായിട്ടുണ്ട്. അദ്ദേഹം പ്രസ്താവിച്ചിട്ടുള്ള ന്യായങ്ങൾക്കു ബഹുമാനപ്പെട്ട സാമാജികൻ ന്യായമായ മറുപടി പറഞ്ഞു കാണാത്തതിൽ ഞാൻ വ്യസനിക്കുന്നു. എന്റെ വലതുഭാഗത്തിരിക്കുന്ന പുതിയ സാമാജികൻ പറഞ്ഞതുപോലെ ജില്ലാക്കോടതിയിൽ വ്യവഹരിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു കൂട്ടം ആളുകളുണ്ട്. ... പഠിച്ചുവന്നിട്ടില്ലാത്ത ബി. എൽ. കാരെയാണ് രണ്ടാംഗ്രേഡ് പ്ലീഡർമാർ ഈ ... ബി. എൽ. കാരേക്കാൾ കക്ഷികൾക്കു ഗുണം ചെയ്യുന്നവരാണെന്നുള്ളതിനു പ്രമേയകർത്താവിനോടും എന്റെ വലതുവശത്തിരിക്കുന്ന സ്നേഹിതനോടും ഞാൻ യോജിക്കുന്നു. സിവിൽ പ്രൊസീഡ്യുവർ കോഡ്, കൈവശം നിയമം, കോർട്ടുഫീസ് ആക്ട് നാഗർ റഗുലേഷൻ അതുപോലെയുള്ള മറ്റു റഗുലേഷനുകൾ മുതലായ വിഷയങ്ങൾ ഇവർ പഠിച്ചിട്ടില്ലെന്നു മാത്രമല്ല അവയെ സംബന്ധിച്ചു അറിവും അവർക്കില്ലാതിരിക്കുന്നു. കാളേജിൽ നിന്നും പുറത്തിറങ്ങിയാലുടൻ ഡിസ്ട്രിക്ട് കോടതിയിൽ ഹാജരാകുന്നതിനും കേസുകൾ ചിതിക്കുന്നതിനും അവർ തയ്യാറാണെന്നുള്ളത് വാസ്തവമാകുന്നു. മറ്റൊരു തരത്തിൽപെട്ടവരെ ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്നതിനു അനുവദിക്കുന്നു. ഇവർ ബാരിസ്റ്റർമാരാണ്. രണ്ടാംഗ്രേഡ് വക്കീലന്മാർ ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പരീക്ഷ ജയിച്ചാൽ അവരെ ഉടൻതന്നെ ജില്ലയിലും ഹൈക്കോടതിയിലും വ്യവഹരിക്കാൻ അനുവദിക്കപ്പെടുന്നു. ഇംഗ്ലണ്ടിൽവച്ചു ഒരു ബാരിസ്റ്റർ നടത്തുന്ന നിയമപഠനക്രമം വിദേശീയമായ ഹൈക്കോടതിയിലൊ ജില്ലാക്കോടതിയിലൊ തീരെ ആവശ്യമില്ലാത്തതുമാകുന്നു. ഞാൻ ഇത്രയും പറഞ്ഞതിൽനിന്നു നമ്മുടെ നിയമങ്ങളെയും റഗുലേഷനെയും നടപടിക്രമത്തെയും അറിയാൻ പാടില്ലാത്ത ആളുകളെ ഇവിടെയുള്ള ഹൈക്കോടതിയിലും ജില്ലാക്കോടതിയിലും വ്യവഹരിക്കുന്നതിനു അനുവദിക്കുകയും എന്നാൽ ഈ വിഷയങ്ങളിൽ സർക്കാർപരീക്ഷ ജയിച്ചിട്ടുള്ള രണ്ടാംഗ്രേഡ് വക്കീലന്മാരെ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു എന്നുള്ളതാകുന്നു അതായതു അവരെ ഉയർന്ന കോടതികളിൽനിന്നും അകറ്റിയിരിക്കുന്നു. ഈ സംഗതിയെക്കുറിച്ചു ഒന്നുകൂടി നിയമസാമാജികൻ വ്യക്തമാക്കേണ്ടതായിരുന്നു.

കൂടാതെ മുൻസിഫ്കോർട്ടിന്റെ പണത്തെ സംബന്ധിച്ചുള്ള അധികാരത്തെ ൫൦൦൦ രൂപയായി കൂട്ടിയിരിക്കുന്നു. കൂടാതെ ഇവിടെ നടത്തപ്പെടുന്ന കേസുകളുടെ സ്വഭാവം ജില്ലയിൽ നടത്തപ്പെടുന്ന കേസുകളുടെ സ്വഭാവങ്ങൾക്കു തുല്യമായിട്ടുള്ളതാണ്.

൫൦൦൦ രൂപ വരെയുള്ള കേസുകളിന്മേൽ അപ്പീൽ നേരെ ഹൈക്കോർട്ടിലേക്കാകുന്നു. രണ്ടാംഗ്രേഡ് പ്ലീഡർമാർ മുൻസിപ്പുകോടതികളിൽ നടത്തുന്ന കേസുകളെസംബന്ധിച്ചു ജില്ലാക്കോടതികളിൽ ഒന്നാംഗ്രേഡ് പ്ലീഡർമാർ നടത്തുന്ന കേസുകൾക്കു തുല്യമായി ഹൈക്കോടതി ഗണിച്ചിട്ടുണ്ടെന്നു ഇതിൽനിന്നും വെളിവാകുന്നതാണ്. ഒന്നാംഗ്രേഡ് പ്ലീഡന്മാർക്കും രണ്ടാംഗ്രേഡ് പ്ലീഡന്മാർക്കും ഉള്ള അന്തരം ഒന്നാകുന്നു. ഉദ്യോഗസ്ഥന്മാർ ഇതിനു വിരോധം പ്രകടിപ്പിക്കുന്നതിനുള്ള കാരണം എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു ഇവിടെ പ്രസ്താവിച്ചിട്ടുള്ള രണ്ടാംഗ്രേഡ്പ്ലീഡന്മാരുടെ അവകാശങ്ങൾ ന്യായമായിട്ടുള്ളതാണെന്നും ഈ സഭ അവയെ സ്വീകരിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

മി. വി. സ്വെട്ട്സർ (നിയമിക്കപ്പെട്ട സാമാജികൻ ഡെപ്യൂട്ടി അദ്ധ്യക്ഷൻ): സഭയിലെ അനേകം ബഹുമാന്യന്മാർ എന്റെ അഭിപ്രായം പറയുന്നതിനു എന്നെ നിർബന്ധിക്കുന്നതുകൊണ്ടു ഞാൻ രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു. വിദ്യകൊണ്ടും സ്വഭാവംകൊണ്ടും വ്യത്യസ്തമായ നിലയിലുള്ള ചില മുൻസിപ്പുകോർട്ടു വക്കീലന്മാരുണ്ടെന്നും ഇവരെ ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്നതിനു അനുവദിക്കണമെന്നും നിയമസാമാജികൻ ഇവിടെ പറയുകയുണ്ടായി. വക്കീലന്മാർ ഇപ്പോൾ വളരെയുണ്ടെന്നും ബാറിൽ സ്ഥലം തികയുന്നില്ലെന്നും അവരുടെ ഇടയിൽ വളരെ മത്സരമുണ്ടെന്നുമുള്ള സംഗതി നാം അറിഞ്ഞിട്ടുണ്ട്. ഈ ബി. എൽ. കാറായ ജില്ലാക്കോർട്ടു വക്കീലന്മാർക്കും മുൻസിപ്പുകോർട്ടു വക്കീലന്മാർക്കും പറയുന്നതാകുന്നു. നിയമസാമാജികന്റെ കണക്കുകളിൽനിന്നും ബി. എൽ. കാരായി ൩൦൦-ൽ കൂടുതലും മുൻസിപ്പുകോർട്ടുവക്കീലന്മാരായി ൭൦ പേരിൽ കൂടുതലും ഉണ്ടെന്നു മനസ്സിലാക്കാം. സംഗതി ഇപ്രകാരം ഇരിക്കുന്നസ്ഥിതിക്കു വളരെ മത്സരം ഇപ്പോൾ തന്നെ ഉണ്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും മന്ത്രി): ലാകാളേജ് നിറുത്തുന്നതിനു ഡപ്യൂട്ടിപ്രസിഡണ്ടു വാദിക്കുമോ എന്നു ചോദിക്കട്ടെയോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടസാമാജികൻ ഡപ്യൂട്ടിപ്രസിഡണ്ടു): ഞാൻ ഈവിഷയത്തെക്കുറിച്ചു ആലോചിച്ചിട്ടില്ല. ഒരുപക്ഷേ ബി. എ. കാളേജ് ബി. എൽ. കാളേജ് നിറുത്തുന്നതായാൽ ഭയങ്കര തൊഴിലില്ലായ്മയെ നിറുത്തുന്നതിനു ഒരു വഴിയായേക്കാം. കാളേജുകൾ അടയ്ക്കുന്നതിനു വളരെ ഉൽക്കണ്ഠപ്രദർശിപ്പിക്കുന്ന എന്റെ സ്നേഹിതൻ മി. പിറവിപ്പെരുമാൾപിള്ളയോടു മറുപടിയായിട്ടു ഇത്രയും പറഞ്ഞതാണു. എന്നാൽ അതു പ്രായോഗികമായ വിധത്തിലുള്ള രാജ്യകാര്യസംബന്ധമായ ഒരു പ്രവൃത്തി ആയിരിക്കയില്ല.

ഇതിനെ അവഗണിച്ചു ചിന്തിക്കുന്നതായാൽ വക്കീലന്മാരുടെ മൽസരത്തിനെ സംബന്ധിച്ചിടത്തോളം നമുക്ക ഭയപ്പെടേണ്ടതായിട്ടു ഒന്നുമില്ലെന്നു തോന്നുന്നു. എന്നാൽ നമുക്കു മറക്കാൻപാടില്ലാത്ത ഒരു പ്രധാനവിഷയം എന്തെന്നാൽ കഴിവുള്ളടത്തോളം പ്രാപ്തിയുള്ളവൻ ശേഖരിക്കുന്നതിനു നാം പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു. (ഹീയർ ഹീയർ) അസാധാരണയായ സാമർത്ഥ്യമുള്ളവരും ഹൈക്കോടതിയിൽപോലും വാദിക്കുന്ന കുഴപ്പമുള്ള കേസുകളെ വാദിക്കുന്നതിനു ത്രാണിയുള്ളവരുമായ മുൻസിപ്പുകോർട്ടു വക്കീലന്മാരുണ്ടെങ്കിൽ ഒരു പരീക്ഷയും കൂടാതെ അവർക്കു ജില്ലാക്കോടതിയിൽ വ്യവഹരിക്കാൻ അനുവദിക്കാതിരിക്കുന്നതിനു ഞാൻ ഒരുകാരണവുംപറയുന്നില്ല. മുൻസിപ്പുകോർട്ടിൽ 5 കൊല്ലം വ്യവഹരിച്ചാൽ മതിയാകുമോ എന്നുള്ളതാണു പ്രധാനവിഷയം. വ്യവഹരിക്കുക എന്നുപറയുന്നതിന്റെ അർത്ഥം കോടതികളിൽ വ്യവഹരിക്കുക എന്നാകുന്നു; അല്ലാതെ ഒരു വക്കാലത്തുപോലും ഫയൽചെയ്യാതെ സന്നതുഎടുക്കുന്നതു മാത്രമല്ല. ഞാൻ വളരെ ബലമായി വാദിക്കുന്നതു എന്തെന്നാൽ അസാധാരണരായ ആളുകൾ ഉണ്ടെങ്കിൽ അവർക്കു ഒരുസൗകര്യം കൊടുക്കണമെന്നാകുന്നു. അവർക്കു മുൻസിഫന്മാരുടെകോർട്ടിൽ വ്യവഹരിച്ചും ആ മുൻസിപ്പന്മാരുടെയോ ഹൈക്കോർട്ടിൽനിന്നു ഉചിതമെന്നു തോന്നുന്ന കൂടുതലായ ഏതെങ്കിലും ക്ലിപ്തം അനുസരിച്ചോ എന്തൊരു ക്ലിപ്തം കൂടി ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതായതു ഒരു ക്ലിപ്തകാലത്തേക്കു വ്യവഹരിച്ചതിന്റെ ശേഷവും ഹൈക്കോടതിയിൽനിന്നു നിശ്ചയിക്കാവുന്ന ക്ലിപ്തങ്ങൾക്കുവിധേയപ്പെട്ടും മുൻസിഫ്കോടതി വക്കീലിനു ഒരു ജില്ലാക്കോടതി വക്കീലായി സന്നതു നൽകപ്പെടാവുന്നതും ആകുന്നു. എന്നാൽ അഞ്ചു കൊല്ലം കഴിയുന്നതുകൊണ്ടുമാത്രം ആ കാലത്തു വ്യവഹാരം ഉണ്ടാകാനിടയില്ലാത്തതുകൊണ്ടു, മതിയാകുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ത്രാണിയുള്ള വക്കീലന്മാർ ഉണ്ടെങ്കിൽ അവരെ ജില്ലാക്കോടതിയിൽ വ്യവഹരിക്കാൻ അനുവദിക്കപ്പെടാതിരിക്കാൻ കാരണം കാണുന്നില്ല. മുൻസിഫ്കോർട്ടിൽ ധാരാളം വ്യവഹാരം ഉള്ള ഒരു മുൻസിഫ്കോർട്ടു വക്കീൽ അതുപേക്ഷിച്ചിട്ടു, ജില്ലാക്കോടതിയിൽ തന്റെ ഭാഗ്യം പരീക്ഷിക്കുന്നതിനായി പോകാൻ ഇടയാകുന്നതു സുരക്ഷിതമായ ഒരു നയമായിരിക്കയില്ല. ധാരാളം ജോലിയുള്ള ഒരു മുൻസിഫ്കോടതി വക്കീൽ അങ്ങനെ ഒരിക്കലും ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഡിസ്ട്രിക്ട്കോടതികളിൽ ഉള്ളതുപോലെ സ്വാധീനതയും ജോലിയും ഹൈക്കോടതിയിൽ ലഭിക്കുവാനിടയില്ലാത്ത ഒറ്റക്കാരണം കൊണ്ടുമാത്രം ഹൈക്കോടതിയിൽ വ്യവഹരിക്കാത്ത വളരെ സമർത്ഥന്മാരായ ധാരാളം ജില്ലാക്കോടതി വക്കീലന്മാരുണ്ടു. അതുപോലെതന്നെ മുൻസിഫ്കോടതിയിൽ കേസു നടത്തുന്ന മുൻസിഫ്കോടതി വക്കീലന്മാരും ജില്ലാക്കോടതിയിലും ആ കേസു വാദിക്കാവുന്നതും, കക്ഷി ആഗ്രഹിക്കുന്നപക്ഷം മുൻസിഫ്കോടതിയിൽ കേസുനടത്തിയ ഒരു വക്കീലിനു ആ കേസു ജില്ലാക്കോടതിയിലും വാദിക്കാൻ പാടില്ലാത്തതിനു കാരണം കാണുന്നില്ലാത്തതും ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-മേയിക്കൽ): മുൻസിഫ കോടതികളിൽ അധികം പണിയില്ലാത്ത വക്കീലന്മാരുടെ പക്ഷമാണോ സാമാജികൻ വാദിക്കുന്നതു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ-ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ത്രാണിയുള്ളവരാണെങ്കിൽ ഒരു മുൻസിഫ്കോടതിവക്കീലിനെ ജില്ലാക്കോടതിയിൽ വ്യവഹരിക്കാൻ അനുവദിക്കണമെന്നാണു ഞാൻ പറയുന്നതു. വ്യവഹരിക്കാൻ ആരംഭിച്ചു അഞ്ചു കൊല്ലം കഴിയുന്നതിന്റെശേഷവും ജോലിയില്ലാത്ത മുൻസിഫ്കോടതി വക്കീലന്മാർക്കു ജില്ലാക്കോടതിയിലും പണി കിട്ടുകയില്ല. വേറൊരു ഇരുപതു കൊല്ലത്തേക്കു കേസുകിട്ടുന്നതിനായി പ്രതീക്ഷിച്ചുകൊണ്ടിരിക്കേണ്ടതായിവരും. അതുകൊണ്ടു മുൻസിഫ്കോടതികളിൽ വ്യവഹരിക്കുന്നവരെപ്പററി വാസ്തവത്തിൽ ആലോചിക്കേണ്ട വിഷയം അവർക്കു ധാരാളം ജോലിയുണ്ടോ എന്നുള്ളതാണു. അങ്ങനെയുള്ളവരുടെ കാര്യത്തിൽ ഒരു വ്യത്യാസം വരുത്താതിരിക്കുന്നതിനു കാരണം കാണുന്നില്ല. അതുകൊണ്ടു ഹൈക്കോടതിയിൽ നിന്നു നിശ്ചയിക്കുന്നതും അവർക്കു ഉചിതമെന്നു തോന്നുന്നതുമായ ക്ലിപ്തങ്ങൾക്കു വിധേയപ്പെട്ടും മുൻസിഫ്കോടതിയിൽ വ്യവഹരിക്കുന്ന ഏതൊരു രണ്ടാം ഗ്രേഡ് അഭിഭാഷകനും ഡിസ്ട്രിക്ട് കോടതിയിൽ സന്നതെടുക്കാവുന്നതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): അവരെ എങ്ങനെയാണു തിരഞ്ഞെടുക്കുന്നതു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ-ഡിപ്യൂട്ടി അദ്ധ്യക്ഷൻ): അതു എളുപ്പമാണെന്നാകുന്നു എനിക്കു തോന്നുന്നതു. എന്തെന്നാൽ ഒന്നാമതായി പരിശോധനാജഡ്ജിക്കു ഒരു മുൻസിഫ്കോടതി വക്കീലിനു പണിയുണ്ടോ എന്നു നിഷ്പ്രയാസം തീരുമാനിക്കാൻ കഴിയുന്നതാണു. രണ്ടാമതായി, പ്രശസ്തികൊണ്ടും അവലോകനംകൊണ്ടും അതു അറിയാൻ കഴിയും.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): ഹൈക്കോടതി ജഡ്ജിമാരാണോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ-ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ഞാൻ മുൻസിഫ്കോടതിയിൽ വ്യവഹരിക്കാൻ പോയിട്ടു ഇപ്പോൾ ഇരുപതു കൊല്ലത്തിൽ കൂടുതലായിട്ടുണ്ടു എന്നു തോന്നുന്നു. എന്നിരുന്നാലും, ഏതെങ്കിലും വക്കീലന്മാർക്കാണു കോടതികളിൽ ധാരാളം കേസുള്ളതെന്നു എനിക്കറിയാം. അതിനു ഏതെങ്കിലും ഒരു ജഡ്ജിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സാമാജികൻ): ഈ ന്യായേന അവർക്കു ഹൈക്കോടതി വക്കീലന്മാരാകാനും അർഹതയില്ലേ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ ഡിപ്യൂട്ടി അദ്ധ്യക്ഷൻ): എന്നു അർത്ഥമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): മുൻസിഫ്കോടതികളിലെ നായകന്മാരായ വക്കീലന്മാർ ജില്ലാക്കോടതികളിൽ പോയി വ്യവഹരിപ്പാൻ ഇടയില്ലെങ്കിൽ, ഇങ്ങനെ ഒരു വ്യവസ്ഥ ചെയ്യുന്നതിന്റെ ആവശ്യമെന്ത്?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ-ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ചില അസാധാരണാവസരങ്ങളിൽ ജില്ലാക്കോടതികളിൽ വ്യവഹരിക്കുന്ന എങ്കിലും ഹൈക്കോടതി വക്കീലന്മാരായി സന്നതെടുക്കുന്ന ബി. എൽ. വക്കീലന്മാരെപ്പോലെ അവർക്കു ജില്ലാക്കോടതിയിൽ വ്യവഹരിക്കാവുന്നതാണല്ലോ? വിപുലമായ പരിചയമുള്ള ഒരു നിർദ്ദിഷ്ട മുൻസിഫ്കോടതി വക്കീലിൽ ഒരു കക്ഷിക്കു വിശ്വാസം ഉണ്ടെങ്കിൽ ആ വക്കീലിനെ ജില്ലാക്കോടതിയിൽ ഹാജരായി തന്റെ കേസ് വ്യവഹരിക്കുന്നതിനു അനുവദിക്കാതിരിക്കാൻ കാരണം കാണുന്നില്ല. അതുകൊണ്ടു ന്യായാധിപന്മാരുടെ സമ്മതം ലഭിച്ചിട്ടുള്ള രണ്ടാംഗ്രേഡ് വക്കീലന്മാരെ ഹൈക്കോടതിയിൽ നിന്നു നിശ്ചയിക്കാവുന്ന ചട്ടങ്ങളിൽ ഉൾപ്പെട്ട ജില്ലാക്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): പ്രമേയത്തിനെ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽതന്നെ മിസ്റ്റർ സുബ്ബയ്യർ പിൻതാങ്ങുന്നുവോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ഡിസ്ട്രിക്ട്കോടതി വക്കീലന്മാരാകാൻ ത്രാണിയുള്ളവരും മുൻസിഫ്കോടതിവക്കീലന്മാരുമായ ബഹുമാന്യരായ പല സാമാജികന്മാരും ഈ സഭയിൽ ഉണ്ട്. അതുകൊണ്ടു ഹൈക്കോടതി നിശ്ചയിക്കാവുന്ന ക്ലിപ്തങ്ങൾക്കുൾപ്പെട്ട അവരെ ജില്ലാക്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): സാമാജികൻ നിർദ്ദേശിക്കുന്ന ക്ലിപ്തങ്ങൾ എന്തെല്ലാമാകുന്നു എന്നു പറയുമോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ-ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ധാരാളം കേസുള്ള ഒരു വക്കീൽ.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഡിസ്ട്രിക്ട്കോടതികളിൽ വ്യവഹരിക്കുന്നതിനു അവകാശം സിദ്ധിക്കുന്നതിലേക്കു ഒരു വക്കീൽ കുറഞ്ഞപക്ഷം എത്ര കേസുകൾ ഫയൽ ചെയ്തിരിക്കണം.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ-ഡിപ്യൂട്ടി അദ്ധ്യക്ഷൻ): അതു ഹൈക്കോടതിയിൽ നിന്നു തീരുമാനിക്കേണ്ടതാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (തെക്കൻ വ്യവസായ വാണിജ്യം): ആദായ നികുതി അനുസരിച്ചോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സാമാജികൻ-ഡിപ്യൂട്ടി അദ്ധ്യക്ഷൻ): അതനുസരിച്ചു ജില്ലാക്കോടതിവക്കീലായി സന്നതെടുക്കുന്നതിനു അല്പമെങ്കിലും തടസ്സമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സർ,

അദ്ധ്യക്ഷൻ: സഭ 5-മണിക്കു അവസാനിപ്പിക്കുന്നതാകുന്നു. അഞ്ചു മിനിട്ടു കൂടിയെ ബാക്കിയുള്ളു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഇതിനെ നിഷ്പക്ഷദൃഷ്ട്യാ അഭിവീക്ഷണം ചെയ്യുന്നതിൽ ഞാൻ ശക്തനാണെന്നു പറയുന്നതിൽ എനിക്കു അഭിമാനമുണ്ട്. വിവാദവിഷയത്തെപ്പറ്റി ഖണ്ഡിതമായ ഒരു അഭിപ്രായം ഞാൻ രൂപീകരിച്ചിട്ടില്ല. പ്രതിപാദ്യവിഷയങ്ങളായ വാദമുഖങ്ങളെപ്പറ്റി സൂക്ഷ്മമായി ചർച്ചചെയ്യണമെന്നു ഞാൻ വിചാരിക്കുന്നു. എന്റെ സ്നേഹിതന്മാരായ മി. കല്ലൂർ നാരായണപിള്ളയും മി. പെരുമാൾപിള്ളയും, ഡെപ്യൂട്ടി പ്രസിഡന്റുതന്നെയും പുറപ്പെടുവിച്ച വാദങ്ങളെ സ്വീകരിക്കുന്നതായാൽ, പ്രകൃത്യാ അനർത്ഥങ്ങളാകുന്ന രണ്ടു പരിണാമങ്ങളെ സമ്മതിക്കേണ്ടിവരുന്നതാണ്. കേസ്സുകൾ മനസ്സിലാക്കുന്നതിനും നടത്തുന്നതിനും രൂപീകരിക്കുന്നതിനും തക്കതായ പരിചയവും കാര്യക്ഷമതയും ഉണ്ടായിരിക്കുകയും ഈ യോഗ്യതകൾ ജില്ലാക്കോടതിയിൽ വ്യവഹരിക്കുന്നതിനു മതിയായിരിക്കുകയും ചെയ്യുന്നപക്ഷം അങ്ങിനെയുള്ള വക്കീലന്മാരെ ജില്ലാക്കോടതികളിൽ വ്യവഹരിക്കുന്നതിനു അനുവദിക്കുന്നതിനു നാം തയ്യാറാകുന്നു. ബി. എൽ. കാരും, സുസമ്മതമായ കാര്യക്ഷമതയും ത്രാണിയും ഉള്ള മുൻസിഫ്കോടതി വക്കീലന്മാരും തമ്മിൽ അന്തരം ഒന്നും ഉണ്ടായിരിക്കേണ്ട എന്നു പ്രതിവാദിക്കപ്പെട്ടു. സർ, ഈ വാദസരണിയെ പിന്തുടർന്നു വക്കീലന്മാരും വക്കീൽ ഗുമസ്തന്മാരും തമ്മിലുള്ള വ്യത്യാസവും നിരത്തുന്നതിനു അഭ്യർത്ഥിച്ചുകൊള്ളുന്നു. പരീക്ഷായോഗ്യതകളെ ആസ്പദമാക്കിയുള്ള വ്യത്യാസങ്ങളെ നിരാകരണമെന്നു വാദിക്കുന്നതായാൽ ഗുമസ്താക്കളുമായുള്ള വ്യത്യാസം അവർക്കു വേണ്ടി മാറ്റുന്നതിൽ എന്തു വിരോധമാണുള്ളത്.

മി. കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): വക്കീലന്മാരേക്കാൾ കൂടുതൽ സമർത്ഥന്മാരായ വക്കീൽ ഗുമസ്താക്കളില്ലേ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉണ്ടു. ഞാൻ അതിനെക്കുറിച്ചു തന്നെയാണ് പറയുന്നതു. തടസ്സപ്പെടുത്താതിരുന്നാൽ കുറച്ചുസമയംകൊണ്ടു എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളാം.

മുൻസിഫ്കോടതി വക്കീലന്മാർ കേസു നടത്തുന്നതിൽ, ജില്ലാക്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കപ്പെടുന്ന പുതിയ ബി. എൽ. കാരേക്കാൾ, കൂടുതൽ പരിചയം ഉള്ളതുകൊണ്ടു അവരെ ജില്ലാക്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കാമെന്നു എന്റെ സ്നേഹിതന്മാർ അഭിപ്രായപ്പെടുകയുണ്ടായി. മുൻസിഫ്കോടതി വക്കീലന്മാരുടെ കീഴിൽ പരിശീലനംചെയ്യുന്ന ബി. എൽ. കാർ ഇല്ലേ എന്നു ഒരു പ്രശ്നവും ഇവിടെ ചെയ്യുകയുണ്ടായി. വളരെ തഴക്കമുള്ള ഗുമസ്തന്മാരിൽനിന്നും പരിശീലനപരമായും നടപടിപരമായുമുള്ള മുഖ്യതത്വങ്ങളെ അഭ്യസിക്കുന്ന വക്കീലന്മാർ ഉണ്ടെന്നു ഞാൻ സവിനയം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. പ്രായേണ ഈ ഗുമസ്താക്കളാകുന്നു കേസ്സു രൂപീകരിക്കുന്നതിലും അതിനെ കോടതിമുമ്പാകെ അവതരിപ്പിക്കത്തക്കവിധത്തിൽ തയ്യാർചെയ്യുന്നതിലും ആവശ്യമായ ജോലികൾ നിർവഹിക്കുന്നതു. അതുകൊണ്ടു എന്റെ സ്നേഹിതന്മാർ അംഗീകരിച്ചു വാദമാർഗ്ഗങ്ങളെ സ്വീകരിച്ചാൽ രണ്ടു പരിണാമങ്ങൾ സ്വയം സ്വീകൃതങ്ങളായി വരുന്നു. ഒന്നു, സമർത്ഥന്മാരും തഴക്കവും പഴക്കവും ഉള്ള ഗുമസ്തന്മാരെ കോടതികളിൽ വ്യവഹരിക്കാൻ അനുവദിച്ചാൽ എന്താണ് എന്ന്; രണ്ടാമതായി, ആ ന്യായത്തെതന്നെ വിസ്തൃതമാക്കി, തഴക്കവും കാര്യക്ഷമതയും ഉള്ള മുൻസിഫ്കോട

ത്തി വക്കീലന്മാരെ ഹൈക്കോടതിയിൽ വ്യവഹരിപ്പാൻ അനുവദിച്ചാൽ എന്താണ് എന്നുള്ളതു് നാം കാര്യകാരണസഹിതം വാദിക്കുന്നതായാൽ, വക്കീലന്മാരോടുകൂടിതന്നെ, സമർത്ഥന്മാരായ വക്കീൽ ഗുമസ്താക്കളേയും കുറെ കാലങ്ങൾ കഴിഞ്ഞതിന്റെശേഷം വ്യവഹരിക്കുന്നതിനനുവദിക്കേണ്ടതാണ്. ഹൈക്കോടതികളിൽ വ്യവഹരിപ്പാൻ മുൻസിഫ്കോടതി വക്കീലന്മാരേയും അനുവദിക്കേണ്ടതാണ്. പരിചയവും കാര്യക്ഷമതയും അടിസ്ഥാനപ്പെടുത്തി വാദിക്കുന്നതായ നമ്മുടെ സ്നേഹിതന്മാരുടെ വാദത്തെ പിൻതുടരുന്നതായാൽ വ്യത്യസ്തങ്ങളാണെങ്കിലും കോടതികളിൽ വ്യവഹരിപ്പാൻ അനുവദിക്കപ്പെടേണ്ട ചില വക്കീൽഗുമസ്തന്മാരുണ്ട്. (ഹീയർ, ഹീയർ)

പ്രമേയത്തെ പിൻതാങ്ങിയ സാമാജികന്മാർ പുറപ്പെടുവിച്ച വാദത്തെ സമ്മതിക്കുന്നതിനു നാം തയ്യാറാണെങ്കിൽ വക്കീൽ ഗുമസ്തന്മാരുടെ ഭാഗം പിടിച്ചു എനിക്കു വാദിക്കേണ്ടതായുണ്ട്. ചിന്താക്രമത്തിനും ഒരു രീതി വേണം. നാം കാര്യകാരണസഹിതം വാദിക്കുന്നു എങ്കിൽ ആദ്യന്തം അങ്ങനെതന്നെ ചെയ്യണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഏതെങ്കിലും സന്ദർഭത്തിൽ ഒരു വക്കീൽ ഗുമസ്തനാൽ രൂപീകൃതമായി ഒരു വക്കീലിനാൽ നടത്തപ്പെട്ട ഏതെങ്കിലും കേസു സാമാജികനറിവായിട്ടുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല; അതു എന്റെ വാദത്തെ സ്പർശിക്കുന്നില്ല. കേസുകൾ രൂപവൽക്കരിക്കുന്നതിനും, കുഴപ്പമുള്ള പല വ്യവഹാരങ്ങളും നടത്തുന്നതിനും വക്കീലന്മാരേക്കാൾ സാമർത്ഥ്യമുള്ള ചില വക്കീൽ ഗുമസ്തന്മാരുണ്ടെന്നുള്ള സംഗതി എന്റെ സ്നേഹിതൻ മി. കൊച്ചുകുഞ്ഞുപിള്ളതന്നെയും ഈ സഭമുമ്പാകെ സമ്മതിക്കുന്നതാണ്. ആയതുകൊണ്ടു സമർത്ഥന്മാരായ മുൻസിഫ് കോടതി വക്കീലന്മാരെ ജില്ലാക്കോടതികളിൽ വ്യവഹരിക്കാൻ അനുവദിക്കുന്നതായാൽ യോഗ്യന്മാരായ വക്കീൽ ഗുമസ്താക്കളേയും ജില്ലാക്കോടതികളിൽ വ്യവഹരിക്കാനനുവദിക്കണമെന്നാണ് ഞാൻ പറയുന്നതു. മറ്റുരാജ്യങ്ങളിൽ നടന്നുവരുന്ന പതിവും അപ്രകാരമാണ്. ബാരിസ്റ്ററും സോളിസിറ്ററും തമ്മിൽ എന്തെങ്കിലും ഗണ്യമായ വ്യത്യാസമുണ്ടോ? ഗണ്യമായ ഒരു വ്യത്യാസവുമില്ല. ബാരിസ്റ്ററന്മാരിൽ പലരേയുംകാൾ നന്നായി കേസുകൾ നടത്തുന്നതിനും അവയെ രൂപീകരിക്കുന്നതിനും ഒരു സോളിസിറ്റർക്കു സാധിച്ചു എന്നു വന്നേക്കാം. അദ്ദേഹം കേസു രൂപീകരണം ചെയ്യുകയും തെളിവു തയ്യാറാക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ എല്ലാം അദ്ദേഹം ചെയ്യുന്നു. എങ്കിലും, കോടതിയിൽ ഹാജരാകാൻ ബാരിസ്റ്ററെ മാത്രമേ അനുവദിക്കുന്നുള്ളു. മറ്റു സ്ഥലങ്ങളിൽ ഈ വ്യത്യാസം എന്തിനു പരിപാലിച്ചുകൊണ്ടുപോകുന്നു?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഇവയൊന്നും തിരുവിതാംകൂറിൽ നടക്കുന്ന സംഗതികളല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വേറെയുള്ള രാജ്യങ്ങളിൽ ഈ വ്യത്യാസം പരിഗണിച്ചുപോരുന്നുണ്ടെന്നാണ് ഞാൻ പറയുന്നതു്. നാം അവലംബിക്കുന്ന നിലയ്ക്കു ഒരു കാര്യകാരണബന്ധമുണ്ടായിരിക്കണം. മറ്റു രാജ്യങ്ങളിലെ നടപടിയെ നാം പിന്തുണക്കുകയാണെങ്കിൽ എനിക്കു വിരോധമൊന്നുമില്ല. എന്നാൽ എന്റെ ഉദ്ദേശ്യം, നാം മനഃപൂർവ്വം വിദ്യാസമ്പത്തിന്റെയും, കാര്യക്ഷമതയുടേയും മാനദണ്ഡത്തെ കുറയ്ക്കുകയാണെന്നാണ്. ബിരുദധാരികൾക്കു കൂടുതലായ പരീക്ഷായോഗ്യതയൊന്നുമില്ലെന്നോ, കൂടുതലായ വിദ്യയും അറിവും അവർ സമ്പാദിച്ചിട്ടില്ലെന്നോ വാദിക്കുന്നപക്ഷം, എനിക്കു യാതൊരു വഴക്കുമില്ല. എന്നാൽ അങ്ങനെ ധൈര്യസമേതം വാദിക്കാൻ നിങ്ങൾ തയ്യാറാണോ. എന്നെ സംബന്ധിച്ചേടത്തോളം, അതിനെ അവലംബിക്കുന്നതിനു നാം ധൈര്യമുള്ളവരായിരിക്കുമോ എന്നുള്ളതിൽ എനിക്കു ബലമായ സംശയമുണ്ട്. ഒരു സംഘം ആളുകളെക്കുറിച്ചു നാം കാര്യകാരണസഹിതം വാദിക്കുമ്പോൾ, എല്ലാകാര്യത്തിലും, ക്ഷടാതെ അവസാനംവരെയും ന്യായമായവിധത്തിൽ നാം പ്രവർത്തിക്കേണ്ടതാണ്. ഏതാനും കാര്യങ്ങളെ സംബന്ധിച്ചു മാത്രം നാം കാര്യകാരണസഹിതം പ്രവർത്തിച്ചാൽ മതിയാകുന്നതല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്നെപ്പോലെയുള്ള ഒരു സാധാരണക്കാരനു ഇതിനെക്കുറിച്ചു ഒരു അഭിപ്രായം പറയുന്നതിനു കുറെ ശങ്കയുണ്ടായിരിക്കുന്നതാണ്. എങ്കിലും ഒന്നു രണ്ടു വാക്കുകൾ പറയാമെന്നു ഞാൻ വിചാരിക്കുന്നു. രണ്ടാംഗ്രേഡ് വക്കീലന്മാർക്കു സർവ്വകലാശാലാ ബിരുദങ്ങൾ ഇല്ലാത്തതിനാൽ അവർക്കു അത്യാവശ്യമായ സ്വഭാവഗുണമോ അറിവോ ഇല്ലെന്നാണ് മി. കല്ല്യാണം പരമേശ്വരൻപിള്ളയുടെ പ്രധാനമായ വാദം. സർവ്വകലാശാലാ ബിരുദങ്ങൾ അറിവും സ്വഭാവഗുണവും സമ്പാദിക്കുന്നതിൽ ഒരു മനുഷ്യനെ സഹായിക്കുന്നു എന്നുള്ളതിനെ വിസ്മരിക്കാൻ പാടില്ല. എന്നാൽ സാരമായ ഭാഗത്തെ സാരമല്ലാത്തതിൽനിന്നു വേർതിരിക്കുന്നതിനും, ധാന്യത്തിൽനിന്നു പതിരിനെ മാറ്റുന്നതിനും അങ്ങിനെയുള്ള ഒരാൾക്കേ കഴിയുകയുള്ളു എന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല. ഇതു കോടതികളിൽ ഇപ്പോഴുള്ള നടപ്പിനു വിപരീതമാകുന്നു. മുൻസിഫ്കോടതികളിൽ വളരെ വിഷമതയുള്ള കേസുകൾ ഫയൽചെയ്തുവരുന്നുണ്ട്. ഇപ്രകാരമുള്ള കേസുകൾ വളരെ ഭംഗിയോടുകൂടി രണ്ടാംഗ്രേഡ് വക്കീലന്മാർ നടത്തുന്നുണ്ടെന്നുള്ളതു നമ്മുടെ പരിചയത്തിൽപെട്ട സംഗതിയാകുന്നു. മുൻസിഫ് കോടതികളിൽ ഫയൽചെയ്യുന്ന കേസുകൾ ജില്ലാക്കോടതികളിൽ ഫയൽചെയ്യുന്ന കേസുകളേക്കാൾ ഒട്ടും പ്രയാസം കുറഞ്ഞവയല്ല. ചില അവസരങ്ങളിൽ ജില്ലാക്കോർട്ടിൽ ഫയൽചെയ്യുന്ന കേസുകളേക്കാൾ ഇവ പ്രയാസം കൂടിയവയാകുന്നു. അതിനാൽ മറ്റുള്ള കാര്യങ്ങളിൽ ഉള്ളതുപോലെതന്നെ ഈ സംഗതിയിലും പരിചയമാകുന്നു കാര്യമായിട്ടുള്ളതു്. മെട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചവരെ ജഡ്ജിമാരായി നിയമിച്ചിട്ടുണ്ടെന്നുള്ളതു നമുക്കറിയാവുന്നതാണ്. അവർ അവരുടെ ജോലി ചെയ്യുന്നതിനു സമർത്ഥന്മാരല്ലെന്നോ ജോലിചെയ്യേണ്ടതിനാവശ്യമായ ഗുണം അവർക്കില്ലെന്നോ വന്നിട്ടില്ല. എന്നാൽ ഈ സന്ദർഭത്തിൽ ഒരു സംഗതിയെപ്പറ്റി നാം ചിന്തിക്കേണ്ടതാണ്. പഴയകാലങ്ങളിൽ ഉണ്ടായിരുന്നതിനെക്കാൾ വളരെ കൂടുതലായി ബി. എൽ. ജയിച്ചവർ ഇപ്പോൾ നമ്മുടെ ഇടയിൽ ഉണ്ട്.

അദ്ധ്യക്ഷൻ: സഭയുടെ ഈ യോഗം ഇപ്പോൾ അവസാനിപ്പിച്ചിരിക്കുന്നു.

സഭ ഉച്ചയ്ക്കു ൪-൩൫-നു അവസാനിപ്പിച്ചു.

എൻ. നീലകണ്ഠപ്പിള്ള,
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government

TPE
STOCK VERIFIED
1995

1	കർക്കടകം 13, 1102-പുതിയ മെമ്പർമാർ
2	കർക്കടകം 13, 1102-രജിസ്ട്രേഷൻ ഡയറക്ടർമാരുടെ നിയമനങ്ങൾ
3	കർക്കടകം 13, 1102-പുറവൽ ഭൂമികളുടെ പതിവ്
3	കർക്കടകം 13, 1102-ഗവൺമെന്റും ഗസറ്റും വർത്തമാനപ്പത്ര റഗുലേഷനും
4	കർക്കടകം 13, 1102-ഉപ്പ് ലൈസൻസികളുടെ കുടിശ്ശിക
6	കർക്കടകം 13, 1102-കേപ്പ് കോമറിൻ കമ്പനിയുമായുള്ള ഉടമ്പടി
9	അനുബന്ധം
16	കർക്കടകം 13, 1102-തിരുവിതാംകൂർ ഗവൺമെന്റ് സഹായ ബാങ്ക് ക്ലിപ്തം
16	കർക്കടകം 13, 1102-തിരുവനന്തപുരം നഗരത്തിലെ ജലവിതരണ പദ്ധതി
17	കർക്കടകം 13, 1102-നിയമനിർമ്മാണം
19	കർക്കടകം 13, 1102-കൃഷിപരാമത്ത് റെഗുലേഷൻ ഭേദഗതി ബിൽ
30	കർക്കടകം 13, 1102-ഗവൺമെന്റ് പ്രസ്സിന്റെ നടത്തിപ്പിലുള്ള ചെലവുകൾ
31	കർക്കടകം 13, 1102-ജുഡീഷ്യറിയിലേക്കുള്ള നിയമനവും വെള്ളാളരും
31	കർക്കടകം 13, 1102-ഗോവധം സംബന്ധിച്ച നിയമ നിർമ്മാണം
34	കർക്കടകം 13, 1102-അഞ്ചൽ വിതരണ ശിപായിമാരുടെ ശമ്പള കൂടുതൽ
37	കർക്കടകം 13, 1102-ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ യോഗ്യതയുള്ള ആഫീസർമാരുടെ പേരുകളും പരീക്ഷായോഗ്യതകളുടെ വിവരങ്ങളും ഉള്ള പട്ടിക
38	കർക്കടകം 13, 1102-വിവിധ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന വെള്ളാള ലാഗ്രാഡ്യുവേറ്റുകളുടെ ലിസ്റ്റ്
40	കർക്കടകം 13, 1102-മുൻസിഫന്മാരുടെ സ്റ്റേറ്റ്മെന്റ്
43	കർക്കടകം 13, 1102-ബഡ്ജറ്റിനെപ്പറ്റിയുള്ള വാദപ്രതിവാദം
85	കർക്കടകം 17, 1102-ചോദ്യോത്തരങ്ങൾ
85	കർക്കടകം 17, 1102-മംഗലാപുരത്തെ കടികളുടെ സങ്കടങ്ങൾ
87	കർക്കടകം 17, 1102-വിഷൂചിക നിവാരണം
88	കർക്കടകം 17, 1102- ജയിൽ റഗുലേഷൻ
88	കർക്കടകം 17, 1102-തെങ്ങിന്റെ ഉൽപന്നങ്ങളുടെ വില ഇടിവ്
88	കർക്കടകം 17, 1102-മോട്ടോർ അപകടങ്ങൾ
92	കർക്കടകം 17, 1102-മെഡിക്കൽ സ്ഥാപനങ്ങളിലെ പേ വാർഡുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ
92	അനുബന്ധം
93	കർക്കടകം 17, 1102-ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യ നിരൂപണം
201	കർക്കടകം 21, 1102-ചോദ്യോത്തരങ്ങൾ
201	കർക്കടകം 21, 1102-വൈക്കം വെച്ചൂർ റോഡ്
202	കർക്കടകം 21, 1102-നെയ്ത്തു പാഠശാല
208	അനുബന്ധം
253	കർക്കടകം 21, 1102-പ്രമേയങ്ങൾ
325	കർക്കടകം 24, 1102-ചോദ്യോത്തരങ്ങൾ
326	കർക്കടകം 24, 1102-എക്സൈസ് കമ്മിറ്റി റിപ്പോർട്ട്
327	കർക്കടകം 24, 1102-വർത്തമാനപത്ര റഗുലേഷൻ
328	കർക്കടകം 24, 1102-വില്ലേജ് പഞ്ചായത്ത് റഗുലേഷൻ
379	കർക്കടകം 24, 1102-ഹോസ്റ്റലുകൾ
380	കർക്കടകം 24, 1102-ഗവൺമെന്റ് അച്ചുകൂടത്തിലെ കൂടുതൽ ജോലി
387	കർക്കടകം 24, 1102-ഷെറസ്തർ തസ്താവാക്കൽ
389	കർക്കടകം 24, 1102-സഭാംഗങ്ങളും കൃഷി വായ്പകളും
392	അനുബന്ധം
397	കർക്കടകം 24, 1102-വനം
416	കർക്കടകം 24, 1102-സ്റ്റാമ്പുകൾ
443	കർക്കടകം 24, 1102-ഫിനാൻഷ്യൽ കമ്മറ്റിക്കും തൊഴിലില്ലായ്മ കമ്മറ്റിക്കുമുള്ള തിരഞ്ഞെടുപ്പ്
447	കർക്കടകം 24, 1102-കോട്ടയം ഡിവിഷനിൽ വെടി ആയുധങ്ങൾക്ക് ലൈസൻസിനുള്ള അപേക്ഷകൾ
448	കർക്കടകം 24, 1102-നീതിന്യായഭരണം
449	കർക്കടകം 24, 1102-ഗവൺമെന്റിൽ നിന്നും സഹായധനം വാങ്ങുന്ന മിഷ്യനറി മെഡിക്കൽ സ്ഥാപനങ്ങളുടെ പേര് വിവര പട്ടിക
451	കർക്കടകം 24, 1102-ഗ്രാന്റുകൾക്കുള്ള അഭ്യർത്ഥനകൾ-രജിസ്ട്രേഷൻ
478	കർക്കടകം 24, 1102-ശ്രീമൂലം പ്രജാസഭ-ഗ്രാന്റ് കുറയ്ക്കുന്നതിലേയ്ക്കുള്ള ഉപേക്ഷകൾ
478	കർക്കടകം 24, 1102-അക്കൗണ്ടാഫീസ്-ഗ്രാന്റ് കുറയ്ക്കുന്നതിലേയ്ക്കുള്ള ഉപേക്ഷകൾ
499	കർക്കടകം 25, 1102-ചോദ്യങ്ങളും ഉത്തരങ്ങളും
500	കർക്കടകം 25, 1102-പരസ്പരസഹായ സംഘങ്ങളുടെ വ്യവസ്ഥാപനം
501	കർക്കടകം 25, 1102-സംസ്ഥാനത്തിലെ പട്ടുനൂൽ കൃഷി സംബന്ധിച്ചുള്ള വിവരങ്ങൾ
502	കർക്കടകം 25, 1102-സഹായധനം വാങ്ങുന്ന ആയുർവേദ പാഠശാലകൾ
502	കർക്കടകം 25, 1102-മാനസികരോഗങ്ങൾക്കായുള്ള വിദ്യാലയം
503	കർക്കടകം 25, 1102-അക്കൗണ്ട് ആഫീസിലെ നിയമനം
505	കർക്കടകം 25, 1102-രാജകീയ വൃക്ഷങ്ങളെ സംബന്ധിച്ചുള്ള കമ്മിറ്റി
507	അനുബന്ധം
508	കർക്കടകം 25, 1102-ഡിപ്പാർട്ടുമെന്റൽ ഇംഗ്ലീഷ് ഹൈസ്കൂളുകളെ സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റ്
509	കർക്കടകം 25, 1102-സഹായധനം വാങ്ങുന്ന ഇംഗ്ലീഷ് ഹൈസ്കൂളുകളെ സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റ്
510	കർക്കടകം 25, 1102-കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക
512	കർക്കടകം 25, 1102-കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്ന് ജനങ്ങളുടെ ഇടയിൽ പ്രചരിക്കപ്പെട്ട പുതിയമാതിരിയിലുള്ള ആദായകരമായ കൃഷി
515	കർക്കടകം 25, 1102-ധനാഭ്യർത്ഥനകൾ
559	കർക്കടകം 25, 1102-കൃഷിയും മത്സ്യവ്യവസായവും-ധനാഭ്യർത്ഥനകൾ
562	കർക്കടകം 25, 1102-സ്റ്റേഷനറിയും അച്ചടിയും-ധനാഭ്യർത്ഥനകൾ
563	കർക്കടകം 25, 1102-ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ-ധനാഭ്യർത്ഥനകൾ
563	കർക്കടകം 25, 1102-അഞ്ചൽ ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥനകൾ
565	മിഥുനം 31, 1102-സ്റ്റാന്റിംഗ് ഫിനാൻസ് കമ്മിറ്റി-1102
567	മിഥുനം 31, 1102-സ്റ്റാഫ്
581	ചിങ്ങം 18, 1102-പുതിയ സാമാജികർ
581	ചിങ്ങം 18, 1102-ചോദ്യോത്തരങ്ങൾ
596	അനുബന്ധം